# 1

# ദൈവം നമ്മോടുകൂടെ

"അവനു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനൂവേൽ എന്നു പേർ വിളിക്കും." "ദൈവപരിജ്ഞാനത്തിന്റെ തേജസ്സ്" യേശുക്രിസ്തുവിന്റെ മുഖത്തു പ്രതിഫലിച്ചു. അനാദികാലം മുതൽ യേശുക്രിസ്തു ദൈവവുമായി ഏകത്വത്തിൽ കഴിഞ്ഞിരുന്നു. യേശു "ദൈവത്തിന്റെ പ്രഭയും" "തത്വത്തിന്റെ മുദ്ര"യുമായിരുന്നു. ദൈവതേജസ്സു മനുഷ്യരുടെ ഇടയിൽ വെളിപ്പെടുത്തുന്നതിനായിരുന്നു യേശു ലോകത്തിൽ വന്നത്. അതുകൊണ്ടു യേശുവിനെക്കുറിച്ചു പ്രവാചകൻ എഴുതി: "അവനു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനൂവേൽ എന്നു പേർ വിളിക്കും."

നമ്മോടുകൂടെ പാർക്കുവാൻ വന്നതിലൂടെ യേശു, ദൈവത്തെ മനുഷ്യർക്കും ദൂതന്മാർക്കും വെളിപ്പെടുത്തുകയായിരുന്നു. യേശു ദൈവവചനവും, ദൈവചിന്തയുടെ സ്വരവുമായിരുന്നു. ശിഷ്യന്മാർക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ യേശു പറഞ്ഞു: "ഞാൻ അവർക്കു നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു." "നിന്റെ നാമം കൃപയും കരുണയുമുള്ളവൻ; ദീർഘ

ക്ഷമയും വിശ്വസ്തതയുമുള്ളവൻ... എന്നാകുന്നു.” “നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും, ഞാൻ അവരിൽ ആകുവാനും, ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു.” ഈ വെളിപ്പെടുത്തൽ ഭൂമിയിലുള്ള തന്റെ മക്കൾക്കുവേണ്ടി മാത്രമായിരുന്നില്ല. പ്രപഞ്ചത്തിന്റെ പാഠപുസ്തകമാണു നാം അധിവസിക്കുന്ന ഈ കൊച്ചുലോകം. ദൈവത്തിന്റെ അത്ഭുതകരമായ കൃപ, മനുഷ്യനെ വീണ്ടെടുക്കുവാൻ ദൈവം നല്കിയ വില, ഇവയെല്ലാം ദൂതന്മാർക്കും താൽപര്യജനകമായ വിഷയങ്ങളാണ്. നിത്യതയിൽ ഇത് അവരുടെ പഠനവിഷയമായിരിക്കും. വീണ്ടെടുക്കപ്പെട്ട ദൈവജനവും, വീഴ്ച ഭവിക്കാത്ത മറ്റു ഗോളങ്ങളിലെ സൃഷ്ടിജാലങ്ങളും ക്രിസ്തുവിന്റെ കുരിശിൽ തങ്ങളുടെ ശാസ്ത്രവും ഗാനവും കണ്ടെത്തും. യേശുവിന്റെ മുഖത്തു വിളങ്ങുന്ന തേജസ്സ്, ആത്മത്യാഗത്തിന്റെ തേജസ്സായിരിക്കും. കാൽവരിയിൽ ദൃശ്യമാക്കപ്പെട്ട ആത്മത്യാഗത്തിന്റെ നിയമം സ്വർഗ്ഗത്തിനും ഭൂമിക്കുമുള്ള ജീവന്റെ നിയമമാണ്. സ്വാർത്ഥത അന്വേഷിക്കാത്ത സ്നേഹത്തിന്റെ ഉറവിടമാണു ദൈവത്തിന്റെ ഹൃദയം. “വെളിച്ചത്തിൽ വസിക്കുന്നവനും, ആരും കാണാത്തവനും, ആർക്കും കാൺമാൻ കഴിയാത്തവനുമായ” ദൈവത്തിന്റെ ദിവ്യസ്വഭാവം, താഴ്മയും സൗമ്യതയുമുള്ളവനായ കർത്താവു വെളിപ്പെടുത്തിയിരിക്കുന്നു.

ആദിയിൽ എല്ലാ സൃഷ്ടിയിലും ദൈവം വെളിപ്പെട്ടിരുന്നു. ആകാശത്തെ വിരിച്ചതും, വയലിലെ പൂക്കളെ അണിയിച്ചൊരുക്കിയതും ദൈവത്തിന്റെ കരങ്ങളായിരുന്നു. “അവൻ ബലം അരയ്ക്കു കെട്ടിക്കൊണ്ടു തന്റെ ശക്തിയാൽ പർവ്വതങ്ങളെ ഉറപ്പിക്കുന്നു.” “സമുദ്രം അവനുള്ളത്; അവൻ അതിനെ ഉണ്ടാക്കി” (സങ്കീ. 65:6; 95:5). ക്രിസ്തുവിന്റെ കരങ്ങൾ ഭൂതലത്തെ സൗന്ദര്യംകൊണ്ടു നിറയ്ക്കുകയും അന്തരീക്ഷത്തെ സംഗീതസാന്ദ്രമാക്കുകയും ചെയ്തു. ദൈവം സ്നേഹമാകുന്നു എന്ന നിത്യസത്യം എല്ലാ സൃഷ്ടിയിന്മേലും അവൻ എഴുതി.

പൂർണ്ണതയുള്ള ദൈവസൃഷ്ടിയെ സാത്താൻ പങ്കിലമാക്കി. എങ്കിലും അതിന്മേലുള്ള ദൈവത്തിന്റെ കയ്യെഴുത്ത് ഇപ്പോഴും മായാതെ നില്ക്കുന്നു. പാപാവസ്ഥയിൽപ്പോലും എല്ലാ സൃഷ്ടിജാലങ്ങളും ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. മനുഷ്യന്റെ സ്വാർത്ഥത നിറഞ്ഞ ഹൃദയമൊഴികെ മറ്റൊന്നും തങ്ങൾക്കുവേണ്ടി ജീവിക്കുന്നില്ല. അന്തരീക്ഷത്തിൽ പറന്നുകളിക്കുന്ന പക്ഷികളും ഭൂതലത്തിൽ ചരിക്കുന്ന മൃഗങ്ങളും തങ്ങൾക്കുവേണ്ടി മാത്രം ജീവിക്കുന്നില്ല. വനത്തിലെ വൃക്ഷലതാദികളും, നിലത്തെ പുൽക്കൊടികളും തങ്ങൾക്കുവേണ്ടി മാത്രം ജീവിക്കാതെ മറ്റു ജീവജാലങ്ങൾക്കുവേണ്ടി ജീവിക്കുന്നു. മനുഷ്യനും പക്ഷിമൃഗാദികൾക്കും നിലനില്ക്കുന്നതിനു സസ്യജാലങ്ങൾ അനുപേക്ഷണീയമാണ്. അതുപോലെ മനുഷ്യനും പക്ഷിമൃഗാദികളും സസ്യജാലങ്ങളുടെ നിലനില്പിനും സഹായിക്കുന്നു. കുസുമങ്ങൾ നറുമണം പരത്തി ലോകത്തെ അനുഗൃഹീതമാക്കുന്നു. സൂര്യൻ അനേക ഗോളങ്ങളെ പ്രകാശമാനമാക്കുന്നു. എല്ലാ നീരൊഴുക്കുകളുടെയും ഉറവിടമായ സമുദ്രം എല്ലാ നദികളെയും തന്നിലേക്കു സ്വീകരിക്കുന്നതു പിന്നെയും നല്കുന്നതിനുവേണ്ടിയാണ്. സമുദ്ര

ത്തിൽനിന്നുയരുന്ന നീരാവി വീണ്ടും ജലധാരയായി ഭൂതലത്തിൽ പതിച്ചു ജീവന്റെ തുടിപ്പുകൾക്കു കരുത്തേകുന്നു.

ദൈവദൂതന്മാർ സന്തോഷം കണ്ടെത്തുന്നതു സേവനത്തിൽക്കൂടെയാണ്. പാപത്തിൽ പതിച്ച മനുഷ്യർക്കുവേണ്ടി തളർച്ചയെന്യേ സ്നേഹശുശ്രൂഷ നല്കിക്കൊണ്ടിരിക്കയാണവർ. അവർ സ്വർഗ്ഗത്തിൽനിന്നു പ്രകാശത്തെ ഭൂമിയിലേക്കു കൊണ്ടുവരുന്നു. സ്നേഹത്തോടും ആർദ്രതയോടുംകൂടെ അവർ മനുഷ്യഹൃദയങ്ങളിൽ പ്രവർത്തിച്ച്, കർത്താവിന്റെ കൂട്ടായ്മയിലേക്കു മനുഷ്യരെ ആകർഷിക്കുന്നു. എന്നാൽ ആ കൂട്ടായ്മയുടെ മാധുര്യം അവരുടെ അറിവിനും അപ്പുറമാണ്.

ഏവരിലും ഉന്നതനായ ക്രിസ്തുവിനെ നോക്കുമ്പോൾ, ദൈവത്തെയാണു നാം ദർശിക്കുന്നത്. സ്വയത്യാഗമാണു ദൈവത്തിന്റെ മഹത്വം എന്നു നാം ക്രിസ്തുവിലൂടെ മനസ്സിലാക്കുന്നു. യേശുക്രിസ്തു പറഞ്ഞു: “ഞാൻ സ്വയമായിട്ട് ഒന്നും ചെയ്യാതെ ജീവനുള്ള പിതാവ് എന്നെ അയച്ചിട്ടു ഞാൻ പിതാവു മൂലം ജീവിക്കുന്നു. ഞാൻ എന്റെ മഹത്വം അന്വേഷിക്കുന്നില്ല. എന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നു” (യോഹ. 8:28; 6:57; 8:50; 7:18). പ്രപഞ്ചത്തിലെ ജീവന്റെ അടിസ്ഥാനനിയമം ഈ വാക്കുകളിലൂടെ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. പിതാവായ ദൈവത്തിൽനിന്ന് എല്ലാം ക്രിസ്തുവിനു ലഭിച്ചു. മറ്റുള്ളവർക്കു ദാനംചെയ്യുന്നതിനുവേണ്ടിയാണു കർത്താവ് അതു സ്വീകരിച്ചത്. എല്ലാ സൃഷ്ടികൾക്കുവേണ്ടിയും കർത്താവു സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിൽ ശുശ്രൂഷചെയ്യുന്നു. പുത്രനിൽക്കൂടെ പിതാവിൽനിന്നു ജീവൻ മറ്റുള്ളവരിലേക്ക് ഒഴുകുന്നു. അതു സ്തോത്രമായി, ആനന്ദകരമായ ആരാധനയായി, സ്നേഹത്തിന്റെ അലമാലകളായി പുത്രനിൽക്കൂടെ പിതാവിങ്കലേക്കു തിരികെ ചെല്ലുന്നു. ഇപ്രകാരം ക്രിസ്തുവിലൂടെ നന്മയുടെ ഒഴുക്കു പൂർത്തീകരിക്കപ്പെടുന്നു. നാം മുമ്പു കണ്ട ജീവന്റെ നിയമവും വ്യക്തമാകുന്നു.

സ്വർഗ്ഗത്തിൽവച്ചുതന്നെ ഈ നിയമം ലംഘിക്കപ്പെട്ടു. സ്വാർത്ഥത അന്വേഷിച്ചതോടെ പാപം ആരംഭിച്ചു. മറയ്ക്കുന്ന കെരൂബായിരുന്ന ലൂസിഫർ സ്വർഗ്ഗത്തിൽ ഒന്നാമനാകാൻ ആഗ്രഹിച്ചു. സ്വർഗ്ഗീയഗണങ്ങളുടെ ആരാധനാപാത്രമാകുവാനും, അവരെ സ്രഷ്ടാവിൽനിന്ന് അകറ്റി, അവരുടെമേൽ ആധിപത്യം ഉറപ്പിക്കുവാനും അവൻ മോഹിച്ചു. ദൈവം സ്വേച്ഛാധികാരം കാംക്ഷിക്കുന്ന വ്യക്തിയാണെന്നു മറ്റു ദൂതന്മാരെ തെറ്റിദ്ധരിപ്പിച്ചു. തന്നിലുള്ള ദുർഗുണങ്ങൾ സ്നേഹവാനായ ദൈവത്തിന്മേൽ ആരോപിക്കുവാൻ ലൂസിഫർ ശ്രമിച്ചു. ഇങ്ങനെ അവൻ ദൂതന്മാരെയും മനുഷ്യരെയും വഞ്ചിച്ചു. ദൈവവചനത്തെ സംശയിക്കുവാനും, ദൈവത്തിന്റെ നന്മയെ അവിശ്വസിക്കുവാനും സാത്താൻ അവരെ പ്രേരിപ്പിച്ചു. ക്ഷമിക്കാത്തവനും, കഠിനഹൃദയമുള്ളവനുമായി ദൈവത്തെ സാത്താൻ ചിത്രീകരിച്ചു. ദൈവത്തിന്റെ നീതിനിഷ്ഠയെയും പ്രഭാവത്തെയും സാത്താൻ ഹൃദയകാഠിന്യമായും അധികാരഹുങ്കായും തെറ്റായി വ്യാഖ്യാനിച്ചു. ഇങ്ങനെ മനുഷ്യരെ വഞ്ചിച്ചുകൊണ്ടു സാത്താൻ ദൈവത്തോട് എതിർത്തു. തൽഫലമായി ഭൂമിയിൽ തിന്മയുടെ കരിനിഴൽ വീണു.

ദൈവത്തിന്റെ യഥാർത്ഥ സ്വഭാവം മനുഷ്യർ മനസ്സിലാക്കാതിരുന്നതു കൊണ്ടു ലോകത്തിൽ പാപാന്ധകാരം പടർന്നു. ഈ അന്ധകാരം തുടച്ചു നീക്കുന്നതിനും ലോകത്തെ തിരികെ ദൈവസന്നിധിയിൽ കൊണ്ടുവരുന്ന തിനും സാത്താന്റെ കാപട്യത്തെ തകർക്കേണ്ടത് ആവശ്യമായിത്തീർന്നു. അധികാരവും ശക്തിയുമുപയോഗിച്ചു സാത്താനെ നശിപ്പിക്കുവാൻ ദൈവം ആഗ്രഹിച്ചില്ല. ദൈവിക നിയമത്തിനു വിരുദ്ധമാണത്. സ്നേഹത്തിൽനിന്നു ഉവാകുന്ന ശുശ്രൂഷയാണു ദൈവം ആഗ്രഹിക്കുന്നത്. അതു നിർബന്ധി ക്കുന്നില്ല. അധികാരമോ ശക്തിയോ ഉപയോഗിച്ചു സ്നേഹത്തെ ആർജ്ജി ക്കാവുന്നതുമല്ല. സ്നേഹംകൊണ്ടു മാത്രമേ സ്നേഹത്തെ ഉളവാക്കുവാൻ സാധിക്കുകയുള്ളു. ദൈവത്തെ അറിയുക എന്നത്, അവനെ സ്നേഹിക്കുക എന്നതാകുന്നു. സാത്താന്റെ സ്വഭാവം ദൈവത്തിന്റെ സ്വഭാവത്തോട് ഒരിക്കലും നിരക്കുന്നതല്ല. ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തേണ്ടത് ആവശ്യ മായിത്തീർന്നു. ഒരാൾക്കു മാത്രമേ മഹത്തായ ഇക്കാര്യം നിറവേറ്റാൻ കഴിയു മായിരുന്നുള്ളു. ദൈവസ്നേഹത്തിന്റെ ആഴവും ഉയരവും അറിഞ്ഞ ആളിനു മാത്രമേ അതു വിളംബരം ചെയ്യാൻ സാധിക്കുമായിരുന്നുള്ളു. ലോകം ദുഷ്ടതയുടെ നിശാവസ്ത്രം അണിഞ്ഞപ്പോൾ “നീതിസൂര്യൻ രോഗോപ ശാന്തിയോടുകൂടെ ഉദിക്കേണ്ടതാവശ്യമായി” (മലാഖി 4:2).

ആദാമിന്റെ വീഴ്ചയ്ക്കുശേഷം ആവിഷ്കരിച്ചതായിരുന്നില്ല വീണ്ടെടു പ്പിന്റെ പദ്ധതി. “പൂർവ്വകാലങ്ങളിൽ മറഞ്ഞിരുന്നിട്ട് ഇപ്പോൾ വെളിപ്പെടു ത്തപ്പെട്ട” (റോമർ 16:24) ഒന്നായിരുന്നു ദൈവം തയ്യാറാക്കിയ രക്ഷാമാർഗ്ഗം. ദൈവസിംഹാസനത്തിന്റെ അടിസ്ഥാനമായ മഹനീയ തത്വങ്ങളുടെ പ്രകാ ശനമായിരുന്നു അത്. സാത്താന്റെ വിശ്വാസത്യാഗത്തെക്കുറിച്ചും അവന്റെ ചതിയിൽപ്പെട്ട മനുഷ്യനു ഭവിക്കുന്ന വീഴ്ചയെക്കുറിച്ചും സർവ്വശക്തനായ ദൈവം അറിഞ്ഞിരുന്നു. പാപത്തിന്റെ ഉത്ഭവത്തിനു ദൈവമല്ല കാരണ ഭൂതൻ. എന്നാൽ പാപം ഉണ്ടാകുമെന്നു ദൈവത്തിനു മുൻകൂട്ടി അറിയാമാ യിരുന്നു. പാപത്തിന്റെ ഭയാനകമായ പരിണിതഫലത്തെ നേരിടുവാൻ ദൈവം മുൻകൂട്ടി പരിഹാരമാർഗ്ഗവും തയ്യാറാക്കിയിരുന്നു. “തന്നിൽ വിശ്വ സിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്, തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം” വലുതായിരുന്നു ദൈവ ത്തിനു ലോകത്തോടുള്ള സ്നേഹം (യോഹ. 3:16).

ലൂസിഫർ അഹങ്കരിച്ചു പറഞ്ഞു: “എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുമീതെ വയ്ക്കും... ഞാൻ അത്യുന്നതനോടു സമനാകും” (യെശ. 14:13,14). എന്നാൽ ക്രിസ്തുവാകട്ടെ, “ദൈവരൂപത്തിൽ ഇരിക്കെ, ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരി ക്കാതെ, ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി, തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി” (ഫിലി. 2:6-8).

ഇതു ക്രിസ്തു സ്വമേധയാ സ്വീകരിച്ച ഒരു ത്യാഗമായിരുന്നു. യേശു വിനു പിതാവോടൊത്തു സ്വർഗ്ഗത്തിൽ കഴിയാമായിരുന്നു; സ്വർഗ്ഗീയ മഹ

ത്വവും, ദൂതന്മാരുടെ ആരാധനയും ആസ്വദിച്ചുകൊണ്ടു സ്വർഗ്ഗത്തിൽത്തന്നെ ഇരിക്കാമായിരുന്നു. എന്നാൽ അന്ധകാരത്തിൽ ജനിച്ചവർക്കു പ്രകാശവും, മരിക്കാൻ വിധിക്കപ്പെട്ടവർക്കു ജീവനും നല്കാൻ ക്രിസ്തു തന്റെ രാജത്വത്തിന്റെ ചെങ്കോൽ പിതാവിനെ ഏല്പിച്ചശേഷം സ്വർഗ്ഗസിംഹാസനം വിട്ടിറങ്ങി.

ഏതാണ്ടു രണ്ടായിരം ആണ്ടുകൾക്കുമുമ്പു സ്വർഗ്ഗത്തിൽ ഒരു ശബ്ദം കേട്ടു. "ഇതാ, ഞാൻ വരുന്നു... ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല; എന്നാൽ ഒരു ശരീരം നീ എനിക്ക് ഒരുക്കിയിരിക്കുന്നു... ഇതാ, ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു; ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു" (എബ്രാ. 10:5–7). പൂർവ്വകാലം മുതൽ മറഞ്ഞിരുന്ന ദിവ്യോദ്ദേശ്യം ഈ വാക്കുകളിൽക്കൂടി പ്രഖ്യാപിക്കപ്പെട്ടു. ക്രിസ്തു ഈ ലോകത്തിൽ അവതരിക്കാൻ പോകുന്നു. ക്രിസ്തു പറയുന്നു: "ഒരു ശരീരം എനിക്ക് ഒരുക്കിയിരിക്കുന്നു." ലോകം ഉണ്ടാകുന്നതിനു മുമ്പു താൻ പിതാവോടൊത്തു വസിച്ചിരുന്നപ്പോഴുണ്ടായ തേജസ്സോടെ ക്രിസ്തു പ്രത്യക്ഷപ്പെട്ടിരുന്നുവെങ്കിൽ, നമുക്ക് അവന്റെ മുമ്പിൽ നില്ക്കുവാൻ സാധ്യമാകുമായിരുന്നില്ല. അവന്റെ മുമ്പിൽ നാം നശിച്ചുപോകാതിരിക്കേണ്ടതിന്, അവന്റെ തേജസ്സു മറയ്ക്കപ്പെട്ടു. മനുഷ്യവേഷത്താൽ അവന്റെ ദിവ്യത്വം ആച്ഛാദനം ചെയ്യപ്പെട്ടു. ദൃശ്യമായ മാനുഷവേഷം അദൃശ്യമായ തേജസ്സിനെ മറച്ചു.

നിഴലുകളാലും അടയാളങ്ങളാലും ഈ ദിവ്യോദ്ദേശ്യം വെളിപ്പെടുത്തിയിരുന്നു. എരിഞ്ഞുകൊണ്ടിരുന്ന മുൾപടർപ്പിൽ ക്രിസ്തു മോശെയ്ക്കു പ്രത്യക്ഷനായി. ബാഹ്യമായി യാതൊരു ആകർഷകത്വവുമില്ലാത്ത മുൾപടർപ്പായിരുന്നു ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായി തെരഞ്ഞെടുത്തത്. നിത്യനായ ദൈവത്തെ സ്വീകരിപ്പാൻ ആകർഷകമല്ലാത്ത ഒരു മുൾപടർപ്പിനെ ദൈവം കണ്ടെത്തി. മോശെ ദൈവസാന്നിദ്ധ്യത്താൽ നശിച്ചുപോകാതിരിക്കേണ്ടതിനു കൃപാലുവായ ദൈവം അപ്രധാനമായ ഒരു മുൾച്ചെടിയിൽക്കൂടെ തന്റെ മഹത്വത്തെ മറച്ചു. ദൈവം തന്റെ കൃപയും ഹിതവും യിസ്രായേൽമക്കളെ അറിയിച്ചതു പകൽക്കാലത്തു മേഘസ്തംഭത്തിൽക്കൂടെയും, രാത്രികാലങ്ങളിൽ അഗ്നിസ്തംഭത്തിൽക്കൂടെയുമായിരുന്നു. മർത്യനു നാശം ഭവിക്കാതെ ദൈവത്തെ ദർശിക്കേണ്ടതിന്, ദൈവം തന്റെ പ്രഭയെയും തേജസ്സിനെയും മറച്ചിരുന്നു. അതുകൊണ്ട്, കർത്താവ് താഴ്ചയുള്ള ശരീരം സ്വീകരിച്ചു മനുഷ്യവേഷം എടുക്കേണ്ടത് ആവശ്യമായിരുന്നു. അവന് "കണ്ടാലാഗ്രഹിക്കത്തക്ക സൗന്ദര്യമില്ലായിരുന്നു"വെങ്കിലും, മനുഷ്യനായിത്തീർന്ന ദൈവമായിരുന്നു ക്രിസ്തു. അവൻ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും വെളിച്ചമായിരുന്നു. അവന്റെ തേജസ്സും, മഹത്വവും, പ്രഭാവവും മറയ്ക്കപ്പെട്ടിരുന്നു. ദുഃഖിതനും പരിക്ഷീണനുമായ മനുഷ്യനെ സമീപിക്കുവാൻ അതാവശ്യമായിരുന്നു.

"ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്ക് ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കേണം" എന്നു യഹോവ മോശെയോട് ആജ്ഞാപിച്ചു (പുറ.

25:8). തന്റെ ജനത്തിന്റെ നടുവിൽ വിശുദ്ധമന്ദിരത്തിൽ യഹോവ വസിച്ചു. മരുഭൂമിയിലൂടെയുള്ള യിസ്രായേൽജനത്തിന്റെ പ്രയാണത്തിൽ യഹോവയുടെ സാന്നിദ്ധ്യത്തിന്റെ അടയാളം അവരോടുകൂടെ ഉണ്ടായിരുന്നു. അതുപോലെ ക്രിസ്തു തന്റെ വിശുദ്ധമന്ദിരം മനുഷ്യരുടെ ഇടയിൽ സ്ഥാപിച്ചു. മനുഷ്യകൂടാരങ്ങൾക്കിടയിൽ തന്റെ കൂടാരം ഉറപ്പിച്ചു. തന്റെ ദിവ്യസ്വഭാവവും ജീവിതവും മനുഷ്യർക്കു പരിചിതമാകുന്നതിനു മനുഷ്യരുടെ ഇടയിൽ ക്രിസ്തു പാർത്തു. “വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ്, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു” (യോഹ. 1:14).

യേശുക്രിസ്തു മനുഷ്യനായിത്തീർന്നതുകൊണ്ടു നമ്മുടെ ശോധനകളെ അടുത്തറിയുവാനും നമ്മുടെ ദുഃഖങ്ങളിൽ നമ്മോടു മനസ്സലിവു കാണിപ്പാനും കഴിയുമെന്നു നമുക്കറിയാം. രക്ഷകന്റെ ഭൗമിക ജീവിതത്തിൽ പ്രകടമായിരുന്ന കൃപയും, ആർദ്രതയും, സ്നേഹപ്രവൃത്തികളും “ദൈവം നമ്മോടുകൂടെ” എന്ന നാമം സാർത്ഥകമാക്കി.

ദൈവത്തിന്റെ സ്നേഹകല്പനയെ, സ്വാർത്ഥതയുടെ കല്പനയായി സാത്താൻ ചിത്രീകരിച്ചു. ദൈവകല്പന പ്രമാണിപ്പാൻ അസാദ്ധ്യമാണെന്നു സാത്താൻ പറഞ്ഞു. ആദിമാതാപിതാക്കളുടെ വീഴ്ചയ്ക്കും അതിന്റെ ഫലമായുണ്ടായ കഷ്ടതകൾക്കും കാരണം ദൈവമാണെന്നു സാത്താൻ ആരോപിച്ചു. മരണത്തിന്റെയും കഷ്ടതയുടെയും പാപത്തിന്റെയും ഉത്തരവാദിത്വം വഹിക്കേണ്ടതു ദൈവമാണെന്ന് അവൻ മനുഷ്യരെ തെറ്റിദ്ധരിപ്പിച്ചു. ഈ വഞ്ചനയെ തുറന്നുകാട്ടുവാൻ കർത്താവു തീരുമാനിച്ചു. കർത്താവ് അനുസരണത്തിന്റെ മാതൃക കാട്ടുന്നതിന്, നമ്മിലൊരുവനെപ്പോലെ ആയിത്തീരേണ്ടത് ആവശ്യമായിരുന്നു. ഇതിനുവേണ്ടി നമ്മുടെ പ്രകൃതി അവൻ സ്വീകരിച്ചു. നമ്മുടെ അനുഭവങ്ങളിൽക്കൂടി അവൻ കടന്നുപോയി. “സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശനായിത്തീരുവാൻ ആവശ്യമായിരുന്നു” (എബ്രാ. 2:17). യേശുക്രിസ്തു സഹിച്ചിട്ടില്ലാത്ത ഏതെങ്കിലും പരീക്ഷ നമുക്കു വഹിക്കേണ്ടതായി വന്നുവെങ്കിൽ, ആ ഒറ്റക്കാരണത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട്, ദൈവശക്തി നമുക്ക് അപര്യാപ്തമെന്നു സാത്താൻ പറയുമായിരുന്നു. അതുകൊണ്ട് “പാപം ഒഴികെ സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്” (എബ്രാ. 4:15). നമുക്കു വരാവുന്ന എല്ലാ ശോധനയെയും അവൻ സഹിച്ചു. നമുക്കു നല്കപ്പെടാത്ത ഒരു ശക്തിയും തനിക്കുവേണ്ടി കർത്താവ് ഉപയോഗിച്ചില്ല. ഒരു മനുഷ്യനെന്ന നിലയിൽ കർത്താവു പരീക്ഷകളെ നേരിട്ടു. ദൈവം നല്കിയ ശക്തിയാൽ അവയെ ജയിച്ചു. യേശു പറഞ്ഞു: “എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു; നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു” (സങ്കീ. 40:8). സാത്താന്റെ ശക്തിക്ക് അടിമപ്പെട്ടവരെ സൗഖ്യമാക്കിയും നന്മപ്രവർത്തിച്ചുംകൊണ്ടു കർത്താവ് എല്ലായിടത്തും സഞ്ചരിച്ചപ്പോൾ, ദൈവകല്പനയുടെ സ്വഭാവവും കർത്താവിന്റെ സേവനത്തിന്റെ ആത്മാർത്ഥതയും എല്ലാവർക്കും മനസ്സിലാക്കുവാൻ കഴിഞ്ഞു. ദൈവകല്പന പ്രമാണിക്കുവാൻ നമുക്കും കഴിയുമെന്നു ക്രിസ്തുവിന്റെ ജീവിതം തെളിയിച്ചു.

മനുഷ്യാവതാരം എടുത്തതുകൊണ്ടു ക്രിസ്തുവിനു മനുഷ്യരുമായി സമ്പർക്കം പുലർത്തുവാൻ കഴിഞ്ഞു. തന്റെ ദിവ്യസ്വഭാവത്താൽ സ്വർഗ്ഗവുമായി ബന്ധം പുലർത്തുവാനും കർത്താവിനു സാധിച്ചു. മനുഷ്യപുത്രനെന്ന നിലയിൽ അനുസരണത്തിന്റെ നല്ല മാതൃക കർത്താവു നമുക്കു കാണിച്ചുതന്നു. ദൈവപുത്രനെന്ന നിലയിൽ അവൻ നമുക്കു ദൈവത്തെ അനുസരിപ്പാനുള്ള ശക്തി പ്രദാനം ചെയ്തു. "ഞാനാകുന്നവൻ ഞാനാകുന്നു" എന്നു ഹോരേബ് പർവ്വതത്തിൽവച്ചു മോശെയോടു സംസാരിച്ചതു ക്രിസ്തുവായിരുന്നു. "ഞാനാകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽമക്കളോടു പറയേണം എന്നു കല്പിച്ചു" (പുറ. 3:14). യിസ്രായേലിന്റെ വിമോചനത്തിനുള്ള ഉറപ്പായിരുന്നു ഇത്. മനുഷ്യവേഷത്തിൽ കർത്താവു വന്നപ്പോൾ തന്നെക്കുറിച്ചു പറഞ്ഞത് "ഞാൻ ആകുന്നു" എന്നായിരുന്നു. ബെത്ലേഹെമിലെ ശിശു സൗമ്യനും എളിമ ധരിച്ചവനുമായ രക്ഷകൻ "ജഡത്തിൽ വെളിപ്പെട്ട ദൈവമായിരുന്നു" (1 തിമൊ. 3:16). "ഞാൻ നല്ല ഇടയനാകുന്നു", "ഞാൻ ജീവന്റെ അപ്പമാകുന്നു", "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു", "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കിയിരിക്കുന്നു" – കർത്താവു തന്നെക്കുറിച്ചു പറഞ്ഞ സാക്ഷ്യങ്ങളാണു മേലുദ്ധരിച്ചത് (യോഹ. 10:11; 6:51; 14:6; മത്തായി 28:18). എല്ലാ വാഗ്ദത്തത്തിന്റെയും ഉറപ്പ് "ഞാൻ ആകുന്നു" എന്നു ദൈവത്തിനു മാത്രം അവകാശപ്പെടാവുന്ന അസ്തിത്വമത്രേ. "ഞാൻ ആകുന്നു, ഭയപ്പെടേണ്ടാ." പാപത്തിൽനിന്നുള്ള വിടുതലിന്റെ ഉറപ്പും, ദൈവകല്പന അനുസരിക്കുന്നതിനുള്ള ശക്തിയുടെ വാഗ്ദാനവും ദൈവം നമ്മോടുകൂടെ ആയിരിക്കുന്നതുകൊണ്ടാണ്.

ക്രിസ്തു മനുഷ്യവേഷം സ്വീകരിച്ച്, താഴ്മ പ്രകടമാക്കി. സാത്താന്റെ സ്വഭാവം ഇതായിരുന്നില്ല. ക്രിസ്തു, "ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി, തന്നെത്താൻ ഒഴിച്ച്, വേഷത്തിൽ മനുഷ്യനായി വിളങ്ങി, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളംതന്നെ അനുസരണമുള്ളവനായിത്തീർന്നു" (ഫിലി. 2:8). മഹാപുരോഹിതൻ തന്റെ സ്ഥാനമഹിമയെക്കുറിക്കുന്ന വസ്ത്രങ്ങൾ മാറ്റിവച്ചു വെള്ള ശണവസ്ത്രം ധരിച്ചു ശുശ്രൂഷചെയ്യുന്നതുപോലെ, ക്രിസ്തു ദാസന്റെ വേഷമെടുത്ത്, ഒരേസമയംതന്നെ പുരോഹിതനായും യാഗവസ്തുവായും തീർന്നു. "എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും, നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേലായി" (യെശ. 53:5).

ക്രിസ്തുവിനു ലഭിക്കേണ്ടതായ ശുശ്രൂഷ നമുക്കു ലഭിക്കേണ്ടതിനു നാം അർഹിക്കുന്ന ശിക്ഷ ക്രിസ്തു വഹിച്ചു. നമുക്ക് അർഹമല്ലാത്ത ക്രിസ്തുവിന്റെ നീതിയാൽ നാം നീതീകരിക്കപ്പെടേണ്ടതിനു തനിക്കു പങ്കില്ലാത്ത കുറ്റത്തിന്റെ ശിക്ഷാവിധി ഏല്ക്കുവാൻ ക്രിസ്തു തന്നെത്താൻ വിട്ടുകൊടുത്തു. ക്രിസ്തുവിന്റെ വിലയേറിയ ദാനമായ നിത്യജീവൻ നാം പ്രാപിക്കേണ്ടതിന്, നാം അനുഭവിക്കേണ്ട മരണം കർത്താവു വരിച്ചു. "അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു."

തന്റെ ജീവിതവും മരണവുംകൊണ്ട്, ക്രിസ്തു നമുക്കുവേണ്ടി സമ്പാദിച്ച നേട്ടം, നമ്മുടെ പാപത്തിൽനിന്നുള്ള വിടുതൽ മാത്രമായിരുന്നില്ല. ദൈവവും മനുഷ്യനും തമ്മിൽ നിത്യമായ ഒരു വേർപാട് ഉണ്ടാക്കുക എന്നതായിരുന്നു സാത്താന്റെ ലക്ഷ്യം. പാപം പ്രവേശിക്കുന്നതിനു മുമ്പുണ്ടായിരുന്നതിനെക്കാൾ ഈടാർന്ന ഒരു ബന്ധമാണു ക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിനു ലഭിച്ചിരിക്കുന്നത്. മനുഷ്യവർഗ്ഗം ഇനി ഒരിക്കലും ദൈവത്തിൽനിന്ന് അകന്നുപോകുവാൻ ഇടയില്ലാത്തവിധം ദൈവവും മനുഷ്യനുമായുള്ള ബന്ധം കർത്താവു പുനഃസ്ഥാപിച്ചു. കർത്താവു നമ്മുടെ പ്രകൃതി സ്വീകരിച്ചതുകൊണ്ട് ഇതു സാദ്ധ്യമായി. ഇനി ഒരിക്കലും ഈ ബന്ധം അറ്റുപോവുകയില്ല. "തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16). നമ്മുടെ പാപങ്ങൾ വഹിക്കുവാനും നമുക്കുവേണ്ടി മരിക്കുവാനും മാത്രമല്ല, പിതാവു പുത്രനെ നല്കിയത്. ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തത്തെ ഉറപ്പിക്കുന്നതിനായി ദൈവം സ്വപുത്രനെ മനുഷ്യവർഗ്ഗത്തിലെ ഒരംഗമാകുവാനും, എന്നെന്നേക്കും മനുഷ്യപ്രകൃതി നിലനിർത്തുവാനും നമുക്കായി വിട്ടുതന്നു. ദൈവം വാഗ്ദത്തത്തിൽ വിശ്വസ്തനാണെന്നുള്ളതിന്റെ ഉറപ്പായിരുന്നു ഈ ത്യാഗം. "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു." ദൈവം തന്റെ പുത്രനിൽക്കൂടെ മനുഷ്യവർഗ്ഗത്തെ സ്വീകരിക്കുകയും സ്വർഗ്ഗീയ കുടുംബത്തിലേക്കു ദത്തെടുക്കുകയും ചെയ്തിരിക്കുന്നു. സ്വർഗ്ഗസിംഹാസനത്തിൽ 'മനുഷ്യപുത്രൻ' പിതാവിനോടുകൂടെ ഇരിക്കുന്നു. ആ മനുഷ്യപുത്രനെയാണ്, "അത്ഭുതമന്ത്രി", "വീരനാം ദൈവം", "നിത്യപിതാവ്", "സമാധാനപ്രഭു" എന്നു വിളിക്കുന്നത്. "ഞാൻ ആകുന്നവൻ" ദൈവത്തിനും മനുഷ്യനും ഇടയിൽ നിന്നുകൊണ്ട് ഇരുവരെയും ബന്ധിപ്പിക്കുന്നു. "പവിത്രനും, നിർദ്ദോഷനും, നിർമ്മലനും, പാപികളോടു വേർപെട്ടവനുമായ" കർത്താവു നമ്മെ "സഹോദരന്മാർ" എന്നു വിളിപ്പാൻ ലജ്ജിക്കുന്നില്ല (എബ്രാ. 7:26; 2:11). ക്രിസ്തുവിൽക്കൂടെ സ്വർഗ്ഗീയ കുടുംബവും ഭൗമിക കുടുംബവും സംയോജിപ്പിക്കപ്പെട്ടിരിക്കുന്നു. തേജസ്കരിക്കപ്പെട്ട ക്രിസ്തു നമ്മുടെ സഹോദരനാകുന്നു. സ്വർഗ്ഗം മനുഷ്യവർഗ്ഗത്തിൽ കുടികൊള്ളുകയും, മനുഷ്യവർഗ്ഗം സ്വർഗ്ഗീയ സ്നേഹത്തിന്റെ മാർവ്വിൽ അണയ്ക്കപ്പെടുകയും ചെയ്തിരിക്കുന്നു.

തന്റെ ജനത്തെക്കുറിച്ചു ദൈവം അരുളിച്ചെയ്യുന്നത്: "അവർ അവന്റെ ദേശത്ത് ഒരു കിരീടത്തിന്റെ രത്നംപോലെ പൊങ്ങി ശോഭിക്കും. അതിന് എത്ര ശ്രീത്വവും അതിന് എത്ര സൗന്ദര്യവുമുണ്ട്" (സെഖ. 9:16,17). ദൈവകരുണയുടെ നിത്യസാക്ഷ്യമായിരിക്കും വീണ്ടെടുക്കപ്പെട്ടവർക്കു ലഭിക്കുന്ന പുകഴ്ച. "ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കർത്താവു കാണിച്ചുതരും. ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം, അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദിനിർണ്ണയപ്രകാരം സഭ മുഖാന്തരം അറിയായ്വരുന്നു" (എഫെ. 2:6; 3:10,11).

യേശുക്രിസ്തുവിന്റെ വീണ്ടെടുപ്പിൻക്രിയയിലൂടെ ദൈവത്തിന്റെ ഭരണ കൂടം ശരിയെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. സർവ്വശക്തനായ ദൈവം സ്നേഹവാനായ ദൈവവും ആകുന്നുവെന്നു വ്യക്തമാക്കപ്പെട്ടു. സാത്താന്റെ ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്നു ദൈവം തെളിയിച്ചു. ദൈവ ത്തിന്റെ സ്വഭാവശ്രേഷ്ഠത മനുഷ്യർക്കു വെളിപ്പെടുത്തപ്പെട്ടു. ഇനിമേൽ ദൈവത്തിനെതിരായി ഒരു മത്സരവും ഉണ്ടാകയില്ല. പാപം ഇനി പ്രപഞ്ച ത്തിൽ പ്രവേശിക്കുകയുമില്ല. നിത്യതയിൽ പാപം ഇനി ആവർത്തിക്കുമെന്നു ശങ്കിക്കേണ്ടതില്ല. ഭൂമിയും സ്വർഗ്ഗവും ഇനി ഒരിക്കലും വേർപാടിന്റെ ദുഃഖം അനുഭവിക്കേണ്ടിവരികയില്ല. ഇതിനെല്ലാം നിദാനമായിരിക്കുന്നതു കാൽവരി യിൽ പ്രദർശിപ്പിക്കപ്പെട്ട സ്വയത്യാഗവും അതുല്യ സ്നേഹവുമാണ്.

ക്രിസ്തുവിന്റെ വീണ്ടെടുപ്പു പൂർണ്ണതയുള്ളതത്രേ. പാപം നിലനിന്നിരു ന്നിടത്തു ദൈവകൃപ സമൃദ്ധിയായി ഉണ്ടായിരിക്കും. തന്റേതെന്നു സാത്താൻ അവകാശപ്പെടുന്ന ഭൂമി ദൈവത്തിന്റേതായിത്തീരുകയും, ശ്രേഷ്ഠമായ പദവി അതിനു ലഭിക്കുകയും ചെയ്യും. ദൈവത്തിന്റെ മഹത്വ കരമായ സൃഷ്ടിയിലെ ഒരു കറുത്ത പൊട്ടായിത്തീർന്ന കൊച്ചു ഭൂഗോളം പ്രപഞ്ചത്തിലുള്ള എല്ലാ ഗോളങ്ങളെക്കാളും തേജസ്സുള്ളതായിത്തീരും. ദൈവപുത്രൻ വന്നുപാർക്കുകയും, ക്രൂശിക്കപ്പെടുകയും, മരിച്ചുയിർ ക്കുകയും ചെയ്ത ഈ ഭൂമി പുതുതാക്കപ്പെടുമ്പോൾ 'ഇമ്മാനൂവേൽ' തന്റെ ജനത്തോടൊപ്പം വസിക്കും. "ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായി രിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും" (വെളി. 21:3). വീണ്ടെടുക്കപ്പെട്ടവർ നിത്യതയിൽ അവരുടെ വെളിച്ചമായ കർത്താവിനോടുകൂടെ നടക്കുമ്പോൾ, "പറഞ്ഞുതീരാത്ത ദാനത്തെ"ക്കുറിച്ച് അവർ ഇപ്രകാരം പറയും: "ഇമ്മാനൂവേൽ - ദൈവം നമ്മോടുകൂടെ."

# 2

# തെരഞ്ഞെടുക്കപ്പെട്ട ജനം

ഏതാണ്ട് ആയിരത്തിൽപ്പരം വർഷങ്ങൾ വീണ്ടെടുപ്പുകാരന്റെ ആഗമനത്തെ യെഹൂദജനം കാത്തിരുന്നു. അവരുടെ ഏറ്റവും തിളങ്ങുന്ന പ്രതീക്ഷകൾ ഉറപ്പിച്ചിരുന്നത് ഈ സംഭവത്തിന്മേലായിരുന്നു. അവരുടെ പാട്ടിലും പ്രവചനങ്ങളിലും ദൈവാലയശുശ്രൂഷകളിലും ഭവനപ്രാർത്ഥനകളിലും വീണ്ടെടുപ്പുകാരന്റെ നാമത്തെ വാഴ്ത്തിയിരുന്നു. എങ്കിലും വീണ്ടെടുപ്പുകാരൻ വന്നപ്പോൾ അവർ അവനെ അറിഞ്ഞില്ല. സ്വർഗ്ഗത്തിന്റെ പ്രിയൻ, അവർക്ക് "വരണ്ട നിലത്തെ തൈ പോലെ"യായിരുന്നു. അവനിൽ "രൂപഗുണമോ, കോമളത്വമോ" അവർക്കു കണ്ടെത്തുവാൻ കഴിഞ്ഞില്ല. അവരുടെ ദൃഷ്ടിയിൽ അവന് "കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യമില്ലായിരുന്നു" (യെശ. 53:2). "അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല" (യോഹ. 1:11).

എങ്കിലും യിസ്രായേൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നു. വീണ്ടെടുപ്പുകാരനെ ചൂണ്ടിക്കാട്ടിയിരുന്ന ചട്ടങ്ങളും, പ്രതീകങ്ങളും,

പ്രവചനങ്ങളും മറ്റുള്ളവർക്കു വ്യക്തമാക്കിക്കൊടുക്കാൻ ദൈവം തെരഞ്ഞെടുത്തവരായിരുന്നു അവർ. യിസ്രായേൽ ലോകജനതയ്ക്കു രക്ഷയുടെ സ്രോതസ്സ് ആയിത്തീരുവാൻ ദൈവം ആഗ്രഹിച്ചിരുന്നു. അബ്രാഹാം അന്യജാതിക്കാരുടെ ഇടയിലും, യോസേഫ് ഈജിപ്തിലും, ദാനീയേൽ ബാബിലോണ്യകൊട്ടാരത്തിലും ജീവിച്ചതുപോലെ യിസ്രായേല്യർ ജാതികളുടെ ഇടയിൽ സാക്ഷികളായിരിപ്പാൻ ദൈവം ആഗ്രഹിച്ചു. അവർ സത്യദൈവത്തെ മറ്റുള്ളവർക്കു വെളിപ്പെടുത്തേണ്ടവരായിരുന്നു.

അബ്രാഹാമിനെ ദൈവം വിളിച്ചപ്പോൾ ഇപ്രകാരം അരുളിച്ചെയ്തു: "ഞാൻ നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും... നിന്നിൽ ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും" (ഉല്പത്തി 12:2,3). പ്രവാചകന്മാരിൽക്കൂടെ ഈ ഉപദേശം ആവർത്തിക്കപ്പെട്ടു. യുദ്ധങ്ങളും, പ്രവാസജീവിതവുംമൂലം യിസ്രായേൽ ക്ഷീണിച്ചിരുന്ന അവസ്ഥയിലും ദൈവവാഗ്ദത്തം നിലനിന്നിരുന്നു. "യാക്കോബിൽ ശേഷിപ്പുള്ളവർ പല ജാതികളുടെയും ഇടയിൽ യഹോവയിങ്കൽ നിന്നുള്ള മഞ്ഞുപോലെയും, മനുഷ്യനായി താമസിക്കുകയോ മനുഷ്യപുത്രർക്കായി കാത്തിരിക്കുകയോ ചെയ്യാതെ പുല്ലിന്മേൽ പെയ്യുന്ന മാരിപോലെയും ആകും" (മീഖാ 5:7). യെരൂശലേം ദൈവാലയത്തെക്കുറിച്ചു യഹോവ യെശയ്യാപ്രവാചകനിലൂടെ അരുളിച്ചെയ്തു: "എന്റെ ആലയം സകലജാതികൾക്കും ഉള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും" (യെശ. 56:7).

എന്നാൽ യിസ്രായേല്യർ ലോകത്തിന്റെ പ്രൗഢിയിൽ ആശ്രയിച്ചു. കനാൻനാട്ടിൽ പ്രവേശിച്ച നാൾമുതൽ അവർ ദൈവകല്പനകളെ വിട്ടുതിരിഞ്ഞു ജാതികളുടെ വഴി അന്വേഷിച്ചു. പ്രവാചകന്മാരിൽക്കൂടെ ദൈവം നല്കിയ മുന്നറിയിപ്പുകളെ അവർ അവഗണിച്ചു. ജാതികൾ അവരെ പീഡിപ്പിച്ചപ്പോഴും അവർ ദൈവത്തിങ്കലേക്കു തിരിവാൻ ശ്രമിച്ചില്ല. വിശ്വാസത്യാഗത്തിലേക്ക് അവർ നീങ്ങിക്കൊണ്ടിരുന്നു.

യിസ്രായേൽ ദൈവത്തോടു വിശ്വസ്തരായിരുന്നുവെങ്കിൽ അവർക്കു ബഹുമതിയും ഉയർച്ചയും ഉണ്ടാകുകയും ദൈവേഷ്ടം അവരിൽക്കൂടെ നിറവേറപ്പെടുകയും ചെയ്യുമായിരുന്നു. അവർ അനുസരണത്തിന്റെ പാതയിൽ നടന്നിരുന്നുവെങ്കിൽ "സകലജാതികൾക്കുംമീതെ അവർ പുകഴ്ചയ്ക്കും കീർത്തിക്കും മാനത്തിനും" പാത്രവാന്മാരാക്കപ്പെടുമായിരുന്നു. മോശെ പറഞ്ഞു: "യഹോവയുടെ നാമം നിന്റെമേൽ വിളിച്ചിരിക്കുന്നുവെന്നു ഭൂമിയിലുള്ള സകലജാതികളും കണ്ടു നിന്നെ ഭയപ്പെടും." ജാതികൾ "ഈ കല്പനകളൊക്കെയും കേട്ടിട്ട്, ഈ ശ്രേഷ്ഠജാതി ജ്ഞാനവും വിവേകവും ഉള്ള ജനം തന്നെയെന്നു പറയും" (ആവ. 26:19; 28:10; 4:6). എന്നാൽ തങ്ങളുടെ അവിശ്വസ്തതമൂലം തുടർച്ചയായി അപമാനിതരാവുന്നതിനും, കഷ്ടതകൾ അനുഭവിക്കുന്നതിനും അവർക്കിടയായി.

ബാബിലോണിലേക്കു യിസ്രായേൽ പ്രവാസികളായി പോകേണ്ടിവന്നു. ജാതികളുടെ ഇടയിൽ അവർ ചിതറിപ്പാർക്കുവാൻ ഇടയായി. കഷ്ടതയുടെ തീച്ചൂളയിൽക്കൂടി അവർക്കു കടക്കേണ്ടതായി വന്നപ്പോൾ, അവരിൽ

അനേകർ ദൈവത്തോട് അടുത്തു. പ്രവാസദേശത്ത് അവർ ആയിരുന്നപ്പോൾ, തകർന്നുകിടന്നിരുന്ന യെരൂശലേമിനെ ഓർത്ത് അവർ കരഞ്ഞു. അവിടെയുണ്ടായിരുന്ന അലരിവൃക്ഷങ്ങളിന്മേൽ അവരുടെ കിന്നരങ്ങളെ തൂക്കിയിട്ടു. അവരിൽക്കൂടെ സത്യത്തിന്റെ പ്രകാശം ജാതികളിലേക്കു വ്യാപിച്ചു. ദൈവം സ്ഥാപിച്ച ആരാധനാക്രമത്തിന്റെ വികലമായ ഒരു പ്രകടനമായിരുന്നു ജാതികളുടെ യാഗകർമ്മാദികൾ. തുറന്ന മനസ്സോടെ ദൈവം സ്ഥാപിച്ച ശുശ്രൂഷകളെ പഠിച്ചവർ അവയുടെ അർത്ഥം ഗ്രഹിക്കുകയും രക്ഷകനിലുള്ള വിശ്വാസം പ്രാപിക്കുകയും ചെയ്തു.

പ്രവാസികളായി കൊണ്ടുവരപ്പെട്ട യിസ്രായേല്യരിൽ അനേകർ ഭയങ്കര പീഡനങ്ങളിൽക്കൂടെ കടന്നുപോയി. ജാതികളുടെ ഉത്സവങ്ങളിൽ പങ്കുചേരാതിരിക്കുക, വിശുദ്ധശബ്ബത്തിനെ നിഷ്കർഷമായി ആചരിക്കുക തുടങ്ങിയ കാരണങ്ങളാൽ അനേകം പേർക്കു ജീവൻ ത്യജിക്കേണ്ടതായിവന്നു. വിഗ്രഹാരാധികൾ സത്യത്തെ ചവിട്ടിമെതിപ്പാൻ എഴുന്നേറ്റപ്പോൾ ദൈവം തന്റെ ദാസന്മാരെ രാജസന്നിധിയിൽ കൊണ്ടുവരുവാനും അവരിൽക്കൂടെ സത്യദൈവത്തെക്കുറിച്ചു മറ്റുള്ളവർ അറിവാനും ഇടയായി. എബ്രായർ ആരാധിച്ച ദൈവം സത്യദൈവമെന്നു ശക്തരായ രാജാക്കന്മാർ സാക്ഷീകരിച്ചു.

ബാബിലോണിലെ അടിമജീവിതം യിസ്രായേല്യരെ വിഗ്രഹാരാധനയിൽ നിന്നു പിന്തിരിപ്പിച്ചു. തുടർന്നുള്ള സംവത്സരങ്ങളിൽ ജാതികളായ ശത്രുക്കളിൽനിന്ന് അനവധി കഷ്ടങ്ങൾ അവർക്കു സഹിക്കേണ്ടിവന്നു. ദൈവകല്പന അനുസരിക്കുന്നതിന്റെ ഫലമായി തങ്ങൾക്കു വലുതായ അനുഗ്രഹം പ്രാപിക്കാൻ കഴിയുമെന്ന് അവർ അനുഭവത്തിൽക്കൂടെ പഠിച്ചു. എങ്കിലും അനേകർ സ്നേഹത്തിന്റെ പ്രേരണയിലായിരുന്നില്ല ദൈവകല്പന അനുസരിച്ചിരുന്നത്. അവരുടെ ലക്ഷ്യം സ്വാർത്ഥപരമായ നേട്ടങ്ങളായിരുന്നു. ഒരു ഭൗതിക രാഷ്ട്രം സ്ഥാപിച്ച്, ലോകത്തിൽ ഔന്നത്യം പ്രാപിക്കുവാൻ അവർ ആഗ്രഹിച്ചു. അവർ ലോകത്തിന് ഒരു വെളിച്ചമായിരിക്കുവാനാണു ദൈവം ആഗ്രഹിച്ചത്. എന്നാൽ അവർ ജാതികളോടു തങ്ങളുടെ കടമ നിർവ്വഹിക്കാതെ അവരെ അകറ്റിനിർത്തി. യിസ്രായേൽ ലോകത്തിന് ഒരു പ്രകാശമായി വർത്തിച്ചില്ല. ജാതികളോടുള്ള സമ്പർക്കത്തിൽ ചില നിരോധനങ്ങൾ മോശെ യിസ്രായേല്യർക്കു നൽകിയിരുന്നു. നല്ല ഉദ്ദേശ്യത്തിൽ നൽകിയ ഈ നിർദ്ദേശങ്ങളെ അവർ തെറ്റായി വ്യാഖ്യാനിച്ചു. ജാതികളുടെ ആചാരത്തിൽ വീണുപോകാതിരിക്കുന്നതിനാണു മോശെ ഈ നിരോധനം ഏർപ്പെടുത്തിയിരുന്നത്. എന്നാൽ യിസ്രായേൽ തങ്ങൾക്കും ജാതികൾക്കുമിടയിൽ വേർപാടിന്റെ ഒരു മതിൽ കെട്ടിപ്പടുക്കുന്നതിനു മോശെയുടെ കല്പനകളെ ഉപയോഗിച്ചു. യെരൂശലേമിനെ അവർ സ്വർഗ്ഗത്തോടു തുല്യമാക്കി. ജാതികളെ ദൈവം തിരസ്കരിക്കുമെന്ന് അവർ വിചാരിച്ചു.

ബാബിലോണിൽനിന്നു തിരിച്ചെത്തിയപ്പോൾമുതൽ മതപഠനത്തിനു യിസ്രായേല്യർ പ്രാമുഖ്യം നല്കി. ദേശത്തെമ്പാടും ദൈവാലയങ്ങൾ പണിതുയർത്തി. ശാസ്ത്രിമാരും, പുരോഹിതന്മാരും ജനത്തിനു മതശാസനങ്ങൾ നല്കി. ധാരാളം വിദ്യാലയങ്ങൾ അവർ സ്ഥാപിക്കുകയും ശാസ്ത്രവും

കലകളും അതോടൊപ്പം നീതിയുടെ പാഠങ്ങളും അഭ്യസിപ്പിക്കുകയും ചെയ്തു. എന്നാൽ കാലാന്തരത്തിൽ ഈ വിദ്യാഭ്യാസകേന്ദ്രങ്ങൾ അഴിമതിയുടെ കൂത്തരങ്ങായി മാറി. പ്രവാസകാലങ്ങളിൽ ജാതികളിൽനിന്നു കരസ്ഥമാക്കിയ ദുരാചാരങ്ങൾ അവർ മതശുശ്രൂഷകളിൽ കലർത്തി.

ദൈവത്തിൽനിന്നു യിസ്രായേല്യർ അകന്നപ്പോൾ അവർ അനുഷ്ഠിച്ചിരുന്ന മനോഹരങ്ങളായ മതകർമ്മങ്ങളുടെ അർത്ഥം അവർക്കു നഷ്ടമായി. ഈ ആചാരങ്ങളൊക്കെയും നൽകിയിരുന്നതു ക്രിസ്തുവായിരുന്നു. കർമ്മാചാരങ്ങൾ ക്രിസ്തുവിന്റെ പാപപരിഹാരത്തെ ചൂണ്ടിക്കാട്ടുന്നവയായിരുന്നു. ആത്മീയ സൗന്ദര്യം നിറഞ്ഞതും ജീവസ്സുറ്റതുമായിരുന്നു ഈ ശുശ്രൂഷകളൊക്കെയും. ഈ ശുശ്രൂഷകളുടെ ആത്മീയ അർത്ഥം യിസ്രായേല്യർ വിസ്മരിച്ചു. അവയുടെ ബാഹ്യമായ ചടങ്ങുകൾക്ക് അവർ അമിത പ്രാധാന്യം നല്കി. അവർ കൊണ്ടാടിയ ആചാരങ്ങളും ശുശ്രൂഷകളും ഏതൊരു വ്യക്തിയെ ചൂണ്ടിക്കാട്ടിയോ, ആ വ്യക്തിയെ വിസ്മരിച്ചുകൊണ്ട്, ആചാരങ്ങളെ അവർ ആശ്രയിച്ചു. തങ്ങൾക്കു നഷ്ടപ്പെട്ട വിടവു നികത്താൻ പുരോഹിതന്മാർ ആചാരാനുഷ്ഠാനങ്ങളെ വർദ്ധിപ്പിച്ചു ജനങ്ങളെ ഭാരപ്പെടുത്തി. ആചാരാനുഷ്ഠാനങ്ങളുടെ ഭാരം വർദ്ധിക്കുന്തോറും ജനത്തിന്റെ ദൈവഭക്തി കുറഞ്ഞുകൊണ്ടിരുന്നു. ആചാരങ്ങളുടെ ബാഹുല്യം വിശുദ്ധിയുടെ നിറവായി അവർ കരുതി. കപടഭക്തിയും അഹങ്കാരവും അവരുടെ ഹൃദയങ്ങളിൽ വളർന്നുകൊണ്ടിരുന്നു.

ബാഹ്യാചാരങ്ങളുടെ ബഹുലത ദൈവകല്പന അനുസരിക്കുന്നതിനെ ദോഷമായി ബാധിച്ചു. ദൈവത്തെ സേവിക്കുവാൻ ആഗ്രഹിച്ചവർക്കു പുരോഹിതന്മാർ ഏർപ്പെടുത്തിയ ഭാരമേറിയ നുകങ്ങൾ അസഹനീയമായി തോന്നി. മനസ്സാക്ഷിയുടെ കുറ്റപ്പെടുത്തലുകളിൽനിന്നു മോചനം നേടുവാൻ അവർക്കു കഴിഞ്ഞില്ല. അങ്ങനെ ജനങ്ങൾ നിരാശരായിത്തീർന്നു. അവരുടെ ഹൃദയങ്ങൾ സാത്താന്റെ പണിപ്പുരകളായി മാറി. ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചു ശരിയായ ധാരണ ജനത്തിനില്ലാതെവന്നു. യിസ്രായേലിന്റെ വിശ്വാസത്തെ പരിഹാസ്യമാക്കുവാൻ സാത്താൻ ശ്രമിച്ചു. ദൈവത്തിന്റെ കല്പനകൾ അനീതിയുള്ളവയാണെന്നും, അനുസരിപ്പാൻ അസാദ്ധ്യമാണെന്നും സാത്താൻ വാദിച്ചു. സ്വർഗ്ഗത്തിൽ കലഹം ഉണ്ടാക്കിയപ്പോഴും സാത്താൻ ഇതാണു ചെയ്തത്. ദൈവജനമായ യിസ്രായേല്യർ പോലും കല്പന അനുസരിച്ചില്ലായെന്നു സാത്താൻ പറഞ്ഞു.

യിസ്രായേല്യർ മശീഹയെ കാത്തിരുന്നപ്പോഴും മശീഹയുടെ വരവിന്റെ ഉദ്ദേശ്യത്തെക്കുറിച്ചു ശരിയായ ധാരണ അവർക്കില്ലായിരുന്നു. പാപത്തിൽനിന്നുള്ള വിടുതൽ അല്ല അവർ ആഗ്രഹിച്ചത്. നേരേമറിച്ചു റോമാക്കാരിൽനിന്നുള്ള മോചനമായിരുന്നു അവരുടെ താൽപര്യം. റോമാക്കാരെ തോല്പിച്ച്, യിസ്രായേലിനെ ഒരു ശക്തിയുള്ള ഭൗമിക രാഷ്ട്രമായി ഉയർത്താൻ കഴിവുള്ള ഒരു നേതാവിനെയാണു യിസ്രായേല്യർ പ്രതീക്ഷിച്ചിരുന്നത്. പാപത്തിൽനിന്നു തങ്ങളെ രക്ഷിപ്പാനായി വരുന്ന ലോകരക്ഷകനെ ത്യജിക്കുവാൻ യിസ്രായേൽ തയ്യാറായിക്കഴിഞ്ഞു.

ആഭ്യന്തരകലഹത്താലും വൈദേശികഭരണത്താലും യിസ്രായേൽ ജനത നട്ടംതിരിയുന്ന അവസരത്തിലായിരുന്നു യേശുവിന്റെ ജനനം. യെഹൂദന്മാർക്കു നാമമാത്രമായി സ്വയംഭരണം നല്കിയിരുന്നുവെങ്കിലും റോമാക്കാരുടെ ഭരണനുകത്തിൻ കീഴിലായിരുന്നു അവർ. മഹാപുരോഹിതനെ നിയമിക്കുവാനും നീക്കംചെയ്യുവാനുമുള്ള അധികാരം റോമൻ ഗവൺമെന്റിനുണ്ടായിരുന്നു. പലപ്പോഴും ഈ സ്ഥാനങ്ങൾ കരസ്ഥമാക്കുവാൻ വഞ്ചനയും, കൈക്കൂലിയും, കൊലപാതകങ്ങളും സർവ്വസാധാരണമായിരുന്നു. പൗരോഹിത്യം ഏറ്റവും കളങ്കപങ്കിലമായി. പുരോഹിതന്മാർ അധികാരദുർമ്മോഹികളാവുകയും സ്വാർത്ഥപരമായ കാര്യങ്ങൾക്കുവേണ്ടി അവരുടെ സ്ഥാനങ്ങൾ ഉപയോഗിക്കുകയും ചെയ്തു. പുരോഹിതന്മാർ ജനത്തെ കഠിനമായി പീഡിപ്പിച്ചു. റോമൻ ഗവൺമെന്റ് ജനങ്ങളുടെമേൽ അമിതകരം ചുമത്തി. അസംതൃപ്തി എങ്ങും പടർന്നു. ജനങ്ങളുടെ പ്രതിഷേധങ്ങൾ അങ്ങിങ്ങായി പൊട്ടിപ്പുറപ്പെട്ടിരുന്നു. അക്രമവും, അത്യാഗ്രഹവും, ആത്മീയത്തകർച്ചയും യിസ്രായേലിന്റെ നിലനില്പുതന്നെ അപകടത്തിലാക്കി.

റോമാക്കാരോടുള്ള വിദ്വേഷവും, ആത്മീയവും ദേശീയവുമായ അഹങ്കാരവും തങ്ങളുടെ മതാനുഷ്ഠാനങ്ങളെ ഉയർത്തിക്കാണിക്കാനുള്ള വ്യഗ്രതയിലേക്കു യിസ്രായേല്യരെ നയിച്ചു. ആചാരങ്ങളെ അക്ഷരത്തിൽ അനുഷ്ഠിച്ചുകൊണ്ടു വിശുദ്ധിയുടെ ഒരു പരിവേഷം ഉളവാക്കുവാൻ പുരോഹിതന്മാർ ശ്രമിച്ചു. അന്ധകാരത്തിലും പീഡനത്തിലും കഴിഞ്ഞിരുന്ന ജനതയും അധികാരത്തിനുവേണ്ടി ദാഹിച്ചിരുന്ന യെഹൂദാനേതാക്കന്മാരും തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഒരു മശീഹയ്ക്കുവേണ്ടി കാത്തിരുന്നു. ആത്മീയ ദർശനം ഇല്ലാതെ അവർ പ്രവചനങ്ങൾ പഠിച്ചു. ക്രിസ്തുവിന്റെ ഒന്നാമത്തെ വരവിൽ, താൻ അനുഭവിക്കേണ്ട അപമാനത്തെയും കഷ്ടതകളെയും അവർ ഗൗനിക്കാതെ, രണ്ടാമത്തെ വരവിൽ പ്രകടമാകാൻ പോകുന്ന മഹത്വത്തെയും വിജയത്തെയും തെറ്റായി ധരിച്ച് അതിനുവേണ്ടി കാത്തിരുന്നു. അവരുടെ അഹങ്കാരം അവരുടെ കാഴ്ചയെ മറച്ചു. സ്വന്തതാൽപര്യമനുസരിച്ച് അവർ പ്രവചനത്തെ വ്യാഖ്യാനിച്ചു.

# 3

# കാലസമ്പൂർണ്ണത വന്നപ്പോൾ

“എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻകീഴു ജനിച്ചവനായി നിയോഗിച്ചയച്ചത്, അവൻ ന്യായപ്രമാണത്തിൻകീഴിലുള്ളവരെ വിലയ്ക്കു വാങ്ങീട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിനുതന്നെ” (ഗലാ. 4:4,5).

ഏദെനിൽവച്ചുതന്നെ, രക്ഷകന്റെ വരവിനെക്കുറിച്ചു മുന്നറിയിപ്പു നല്കപ്പെട്ടിരുന്നു. ആദാമും ഹവ്വായും ഈ വാഗ്ദത്തം കേട്ടപ്പോൾ, അതു വേഗത്തിൽ നിറവേറപ്പെടുമെന്നു കരുതി അവർ കാത്തിരുന്നു. അവർക്ക് ഒരു മകൻ ജനിച്ചപ്പോൾ, അവൻ വീണ്ടെടുപ്പുകാരനായിരിക്കുമെന്നു വിചാരിച്ച് ഏറെ സന്തോഷിച്ചു. എന്നാൽ വാഗ്ദത്തനിവൃത്തിക്കു വിളംബം നേരിട്ടു. വാഗ്ദത്തം ലഭിച്ചവർ അതിന്റെ പൂർത്തീകരണം കാണാതെ കടന്നുപോയി. ഹാനോക്കിന്റെ കാലംമുതൽ പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും ദൈവത്തിന്റെ ഈ വാഗ്ദത്തത്തെ ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ടിരുന്നു. എങ്കിലും വാഗ്ദത്തമശീഹ വന്നില്ല. ദാനീയേലിന്റെ പ്രവചനം

മശിഹയുടെ വരവിന്റെ സമയത്തെ സൂചിപ്പിച്ചുവെങ്കിലും കൃത്യമായി വ്യാഖ്യാനിക്കുവാൻ എല്ലാവർക്കും കഴിഞ്ഞില്ല. നൂറ്റാണ്ടുകൾ കഴിഞ്ഞു പൊയ്ക്കൊണ്ടിരുന്നു. പ്രവാചകശബ്ദം നിലച്ചു. യിസ്രായേൽ കഷ്ടകാലത്തിലൂടെ കടന്നുപോകുകയായിരുന്നു. "മനുഷ്യപുത്രാ, കാലം നീണ്ടു പോകും; ദർശനമൊക്കെയും ഒക്കാതെപോകും" (യെഹെ. 12:22). അനേകർ നിരാശരായി മേല്പറഞ്ഞപ്രകാരം വിലപിക്കാൻ ഒരുങ്ങി.

എന്നാൽ നിർണ്ണയിക്കപ്പെട്ടിരിക്കുന്ന ഭ്രമണപഥങ്ങളിലൂടെ സഞ്ചരിക്കുന്ന ഗോളങ്ങളെപ്പോലെ, ദൈവത്തിന്റെ പരിപാടികൾ നിർണ്ണയിക്കപ്പെട്ട സമയത്തു നിറവേറും. അവ വേഗത്തിലാവുകയോ, താമസിക്കുകയോ ചെയ്യുകയില്ല. യിസ്രായേൽജനതയുടെ മിസ്രയീമിലെ അടിമത്തത്തെക്കുറിച്ച്, യഹോവ കൂരിരുട്ടും പുകയുന്ന തീച്ചൂളയുമാകുന്ന പ്രതീകങ്ങളിലൂടെ അബ്രാഹാമിനു വെളിപ്പെടുത്തി. യിസ്രായേല്യരുടെ അടിമജീവിതം നാനൂറു വർഷമായിരിക്കുമെന്നും യഹോവ അരുളിച്ചെയ്തു. "അതിന്റെ ശേഷം അവർ വളരെ സമ്പത്തോടുകൂടെ പുറപ്പെട്ടുപോരും" (ഉല്പത്തി 15:14). ദൈവത്തിന്റെ ഈ പ്രഖ്യാപനത്തിനെതിരായി ഫറവോനും അവന്റെ സകല സാമ്രാജ്യവും നിഷ്പ്രയോജനമായ പോരാട്ടം നടത്തി. ദൈവം നിശ്ചയിച്ച "ആ ദിവസംതന്നെ, യഹോവയുടെ ഗണങ്ങൾ ഒക്കെയും മിസ്രയീംദേശത്തു നിന്നു പുറപ്പെട്ടു" (പുറ. 12:41). അതുപോലെ സ്വർഗ്ഗീയ സഭയിൽ, കർത്താവു ഭൂമിയിലേക്കു വരുന്ന നാഴിക നിർണ്ണയിക്കപ്പെട്ടിരുന്നു. ദൈവത്തിന്റെ ഘടികാരം നിർണ്ണയിക്കപ്പെട്ട സമയം ചൂണ്ടിക്കാട്ടിയപ്പോൾ ക്രിസ്തു ബെത്‌ലേഹെമിൽ പിറന്നു.

''കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവത്തിന്റെ പുത്രനെ അയച്ചു.'' കർത്താവിന്റെ വരവിനുവേണ്ടി ലോകം ഒരുങ്ങുന്നതിനു ദൈവം രാഷ്ട്രങ്ങളെ നിയന്ത്രിച്ചു. അതുപോലെ മനുഷ്യമനസ്സുകളെയും ദൈവം ഒരുക്കി. പല രാജ്യങ്ങൾ, ശക്തമായ ഒരു രാഷ്ട്രത്തിന്റെ കുടക്കീഴിലായിരുന്നു. ഒരു ഭാഷ വ്യാപകമായി ഉപയോഗിക്കപ്പെട്ടു. ആ ഭാഷ അക്കാലത്തെ സാഹിത്യഭാഷയായിരുന്നു. പല സ്ഥലങ്ങളിൽ ചിതറിപ്പോയ യെഹൂദന്മാർ യെരൂശലേമിൽ വർഷന്തോറുമുള്ള പെരുന്നാളുകൾക്കായി ഒന്നിച്ചുകൂടുക പതിവായിരുന്നു. അവർ തിരിച്ചുപോകുമ്പോൾ മശിഹയുടെ വരവിനെക്കുറിച്ചു മറ്റുള്ളവരെ അറിയിച്ചിരുന്നു.

ഈ കാലഘട്ടത്തിൽ അന്യമതങ്ങളുടെ സ്വാധീനശക്തി കുറഞ്ഞുവരികയായിരുന്നു. അവരുടെ സങ്കല്പകഥകളും മറ്റും ജനത്തിനു മടുപ്പുവരുത്തിയിരുന്നു. തങ്ങൾക്ക് ആത്മീയ സംതൃപ്തി നല്കുന്ന ഒരു മതത്തിനുവേണ്ടി ജനം ദാഹിച്ചു. മനുഷ്യരുടെ ഇടയിൽനിന്നു സത്യവെളിച്ചം നഷ്ടപ്പെട്ടിരിക്കുന്നുവെന്നു കരുതിയിരുന്ന ഈ കാലഘട്ടത്തിലും, ആത്മാർത്ഥമായി ആത്മീയപ്രകാശത്തിനുവേണ്ടി കാത്തിരുന്നവർ ഉണ്ടായിരുന്നു. അവർ ദുഃഖിതരും അസംതൃപ്തരുമായിരുന്നു. ജീവനുള്ള ദൈവത്തെക്കുറിച്ചറിയുവാനും ശവക്കല്ലറയ്ക്കപ്പുറത്തെ ജീവിതത്തെക്കുറിച്ച് ഉറപ്പു ലഭിക്കുവാനും അവർ ആഗ്രഹിച്ചു.

യിസ്രായേല്യർ ദൈവത്തിൽനിന്നും പിന്മാറിയതോടുകൂടി അവരുടെ വിശ്വാസം മങ്ങുകയും പ്രത്യാശ നഷ്ടപ്പെടുകയും ചെയ്തു. പ്രവാചകന്മാരുടെ മുന്നറിയിപ്പുകൾ വിവേചിച്ചറിയുവാനുള്ള കഴിവ് അവർക്ക് ഇല്ലാതെയായി. മരണത്തെ അവർ ഭയപ്പെട്ടു. മരണത്തിനപ്പുറം അവർക്ക് അജ്ഞാതമായിരുന്നു. ബെത്‌ലേഹെമിലെ അമ്മമാരുടെ വിലാപത്തെക്കുറിച്ചു പ്രവാചകൻ രേഖപ്പെടുത്തിയപ്പോൾ, അതു മനുഷ്യകുലത്തിന്റെ മുഴുവൻ വിലാപത്തെയാണ് അർത്ഥമാക്കിയത്. "റാമയിൽ ഒരു ശബ്ദം കേട്ടു, കരച്ചിലും വലിയ നിലവിളിയും തന്നെ; റാഹേൽ മക്കളെച്ചൊല്ലിക്കരഞ്ഞു; അവർ ഇല്ലായ്കയാൽ ആശ്വാസം കൈക്കൊള്ളാൻ മനസ്സില്ലാതിരുന്നു" (മത്തായി 2:17). ആശ്വാസരഹിതനായി മരണത്തിന്റെ നിഴലിൽ മനുഷ്യൻ പാർത്തു. അത്യാകാംക്ഷയോടെ അവർ രക്ഷകന്റെ വരവിനായി കാത്തിരുന്നു. എപ്പോൾ അന്ധകാരം നീങ്ങും? ഭാവിയുടെ രഹസ്യം എപ്പോൾ വെളിപ്പെടും? അവർ ആകാംക്ഷയോടെ കാത്തിരുന്നു.

ദിവ്യരക്ഷകന്റെ വരവിനെക്കുറിച്ചു യിസ്രായേല്യരെക്കൂടാതെ, മുന്നറിവ് ഉണ്ടായിരുന്ന മറ്റ് ആളുകളും ഉണ്ടായിരുന്നു. ഇവർ സത്യാന്വേഷികളായിരുന്നതുകൊണ്ടു ദൈവം അവർക്കു പ്രവചനത്തിന്റെ ആത്മാവിനെ നൽകി. അന്ധകാരാവൃതമായ ആകാശത്തിൽ അങ്ങിങ്ങായി മിന്നിത്തെളിയുന്ന നക്ഷത്രങ്ങളെപ്പോലെ ഇപ്രകാരമുള്ള ജ്ഞാനികൾ ഓരോരുത്തരായി ലോകത്തിൽ വന്നുകൊണ്ടിരുന്നു. സത്യദൈവത്തെ അറിയാത്ത അനേകം ജാതികളിൽ ഈ വിദ്വൽജനങ്ങളുടെ സൂക്തങ്ങൾ പ്രത്യാശയുടെ കിരണങ്ങൾ ചൊരിഞ്ഞു.

നൂറ്റാണ്ടുകളായി റോമാസാമ്രാജ്യത്തിൽ വ്യാപകമായി ഉപയോഗിച്ചിരുന്ന ഗ്രീക്കുഭാഷയിലേക്കു തിരുവെഴുത്തുകൾ പരിഭാഷപ്പെടുത്തി. യെഹൂദന്മാർ എല്ലായിടത്തും പാർത്തിരുന്നതുകൊണ്ട്, മശീഹയുടെ ആഗമനത്തെക്കുറിച്ച് അവർ വിശ്വസിച്ചിരുന്നതു മറ്റു ജനങ്ങൾക്കും സുപരിചിതമായിരുന്നു. "ജാതികൾ" എന്നു യെഹൂദന്മാർ വിവക്ഷിച്ചുപോന്ന പലരും മശീഹയുടെ വരവിനെ സംബന്ധിച്ച തിരുവെഴുത്തുകളിലെ പ്രവചനങ്ങൾ നല്ലതുപോലെ ഗ്രഹിച്ചിരുന്നു. മനുഷ്യനെ പാപത്തിൽനിന്ന് ഉദ്ധരിക്കുന്ന വിമോചകനായിരിക്കും മശീഹയെന്നു ചിലർ വിശ്വസിച്ചിരുന്നു. എബ്രായമതവിശ്വാസങ്ങൾ ആഴമായി ഗ്രഹിപ്പാൻ പല തത്വചിന്തകന്മാർ ആഗ്രഹിച്ചു. എന്നാൽ യെഹൂദന്മാരുടെ ഇടുങ്ങിയ മതഭക്തി സത്യത്തിന്റെ പ്രകാശം പരത്തുന്നതിനു വിലങ്ങുതടിയായിരുന്നു. മറ്റുള്ളവരിൽനിന്ന് അകന്നുനില്ക്കുന്നതിനു തങ്ങൾ പടുത്തുയർത്തിയ വേർപാടിന്റെ മതിലുകൾ, യിസ്രായേല്യരുടെ വിശ്വാസങ്ങളെ മറ്റുള്ളവർക്ക് അപ്രാപ്യമായ ഒന്നാക്കിത്തീർത്തു. അതുകൊണ്ട് അവയെ മറ്റുള്ളവർക്കും പകർന്നുകൊടുക്കുന്ന ഒരു വ്യാഖ്യാതാവു വരേണ്ടത് ആവശ്യമായി. യെഹൂദമതാചാരങ്ങൾ ഏതൊരാളെ ചൂണ്ടിക്കാട്ടിയോ ആ മഹത്വ്യക്തിതന്നെ വന്ന് അവയെ വെളിപ്പെടുത്തേണ്ടത് ആവശ്യമായിത്തീർന്നു.

പ്രകൃതി, വാസ്തവമായതിന്റെ നിഴലുകൾ, പ്രതീകങ്ങൾ, പ്രവാചകന്മാർ, ഗോത്രപിതാക്കന്മാർ തുടങ്ങിയ മാധ്യമങ്ങളിലൂടെ ദൈവം ലോകത്തോടു

സംസാരിച്ചു. മനുഷ്യന് അവന്റേതായ ഭാഷയിൽക്കൂടെ വേണമായിരുന്നു ഉപദേശങ്ങൾ നല്കേണ്ടിയിരുന്നത്. തന്റെ ജനവുമായി ഉടമ്പടി സ്ഥാപിച്ച ദൂതൻതന്നെ സത്യത്തെ അവർക്കു വെളിപ്പെടുത്തിക്കൊടുക്കേണ്ടത് ആവശ്യമായിരുന്നു. ദൂതന്റെ ശബ്ദം ദൈവാലയത്തിൽനിന്നു മുഴങ്ങാൻ സമയമടുത്തുകൊണ്ടിരുന്നു. സ്വർഗ്ഗീയഭരണകൂടത്തിന്റെ തത്വങ്ങളും വീണ്ടെടുപ്പിന്റെ മാർഗ്ഗവും മനുഷ്യർക്കു വ്യക്തമാക്കേണ്ടത് ആവശ്യമായിരുന്നു. പഴയനിയമത്തിന്റെ അർത്ഥവും മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കേണ്ടതുണ്ടായിരുന്നു.

യെഹൂദന്മാരുടെ ഇടയിൽ സത്യദൈവത്തെ സംബന്ധിച്ച പരിജ്ഞാനം കാത്തുസൂക്ഷിച്ച, സ്ഥിരമാനസരായ ഒരു ചെറിയ കൂട്ടം ആളുകൾ എല്ലാ കാലത്തും ഉണ്ടായിരുന്നു. തങ്ങളുടെ പിതാക്കന്മാർക്കു നല്കപ്പെട്ട വാഗ്ദത്തങ്ങളിൽ പ്രത്യാശയുള്ളവരായി അവർ രക്ഷകനുവേണ്ടി കാത്തിരുന്നു. മോശെയിൽക്കൂടെ നല്കപ്പെട്ട വാഗ്ദത്തത്തിൽ അവരുടെ വിശ്വാസം ഉറപ്പിച്ചിരുന്നു. “ദൈവമായ കർത്താവു നിങ്ങളുടെ സഹോദരന്മാരിൽനിന്ന് എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്ക് എഴുന്നേല്പിച്ചുതരും; അവൻ നിങ്ങളോടു സംസാരിക്കുന്ന സകലത്തിലും നിങ്ങൾ അവന്റെ വാക്കു കേൾക്കണം” (അപ്പൊ. 3:22). “എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാനും” “ഹൃദയം തകർന്നവരെ മുറികെട്ടുവാനും” “തടവുകാർക്കു വിടുതൽ അറിയിപ്പാനും” “യഹോവയുടെ പ്രസാദവർഷം പ്രസിദ്ധമാക്കുവാനും” ദൈവം തന്റെ പരിശുദ്ധനെ അഭിഷേകം ചെയ്തിരിക്കുന്നതിനെക്കുറിച്ചും അവർ തിരുവെഴുത്തുകളിൽനിന്നു വായിച്ചു (യെശ. 61:1,2). അവൻ ഭൂമിയിൽ ന്യായം സ്ഥാപിക്കുന്നതും അവന്റെ ഉപദേശത്തിനായി ദ്വീപുകൾ കാത്തിരിക്കുന്നതും ജാതികൾ അവന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ അവന്റെ ഉദയശോഭയിലേക്കും വരുന്നതും അവർ പഠിച്ചു (യെശ. 42:4; 60:3).

യാക്കോബിന്റെ മരണസമയത്തെ വാക്കുകൾ അവർക്കു പ്രത്യാശ നല്കി. “അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽനിന്നും രാജദണ്ഡ് അവന്റെ കാലുകളുടെ ഇടയിൽനിന്നും നീങ്ങിപ്പോകയില്ല” (ഉല്പത്തി 49:10). യിസ്രായേലിന്റെ ക്ഷയോന്മുഖമായ സ്ഥിതി, മശീഹയുടെ വരവ് ആസന്നമെന്നു സാക്ഷീകരിച്ചു. എല്ലാ ഭൗമികരാഷ്ട്രങ്ങളുടെയും അന്ത്യത്തിൽ സ്ഥാപിക്കപ്പെടുന്ന ദൈവരാജ്യത്തിന്റെ മഹത്വത്തെക്കുറിച്ചു ദാനീയേൽ തന്റെ പ്രവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ രാജത്വം എന്നേക്കും നിലനില്ക്കും (ദാനീ. 2:44). ക്രിസ്തുവിന്റെ വരവിന്റെ ഉദ്ദേശ്യം മനസ്സിലാക്കിയവർ വളരെ വിരളമായിരുന്നു. എങ്കിലും ശക്തനായ ഒരു പ്രഭു വന്നു യിസ്രായേലിൽ ആ രാജ്യം സ്ഥാപിക്കുമെന്നും, ഒരു പ്രഭു രാഷ്ട്രങ്ങളുടെ വിമോചകനായിരിക്കുമെന്നും പരക്കെ വിശ്വാസം ഉണ്ടായിരുന്നു.

കാലത്തിന്റെ സമ്പൂർണ്ണത തികഞ്ഞു. തലമുറതലമുറയായി നിലനിന്നിരുന്ന പാപത്തിന്റെ ഫലമായി മനുഷ്യവർഗ്ഗം അധഃപതിച്ചപ്പോൾ ഒരു രക്ഷകനുവേണ്ടി എല്ലാവരും കാംക്ഷിച്ചു. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള വിടവു വർദ്ധിപ്പിക്കുന്നതിനും, സ്വർഗ്ഗത്തിലേക്കുള്ള വഴി അടയ്ക്കുന്നതിനും

സാത്താൻ നിരന്തരം പ്രയത്നിച്ചുകൊണ്ടിരുന്നു. അവന്റെ വ്യാജോപദേശങ്ങൾ ദൈവത്തിനെതിരായി പാപം ചെയ്യുവാൻ മനുഷ്യനെ ധൈര്യമുള്ളവനാക്കി. ദൈവത്തിന്റെ ക്ഷമ പരീക്ഷിച്ചു മനുഷ്യനോടുള്ള ദൈവസ്നേഹം ഇല്ലായ്മ ചെയ്തു ലോകത്തെ അവന്റെ ആധിപത്യത്തിലേക്കു കൊണ്ടുവരുവാൻ സാത്താൻ ആഗ്രഹിച്ചു.

മനുഷ്യനു ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം ഇല്ലാതാകുകയും, ദൈവസന്നിധിയിൽനിന്ന് അവനെ അകറ്റി തന്റെ രാജ്യം സ്ഥാപിക്കുക എന്നതുമായിരുന്നു സാത്താന്റെ ലക്ഷ്യം. ആധിപത്യം കൈക്കലാക്കാനുള്ള ശ്രമത്തിൽ താൻ വിജയം നേടുമെന്നു സാത്താൻ വിശ്വസിച്ചു. എല്ലാ തലമുറയിലും ദൈവഹിതം നിറവേറ്റാൻ പ്രതിജ്ഞാബദ്ധരായ ഒരു കൂട്ടം വിശ്വസ്തജനം ഉണ്ടായിരുന്നു. ജാതികളുടെ ഇടയിലും സത്യദൈവത്തെ ബഹുമാനിച്ചിരുന്നവർ ജീവിച്ചിരുന്നു. അവരിൽക്കൂടെയും മനുഷ്യരെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുവാൻ ക്രിസ്തു പ്രവർത്തിച്ചു. ഈ നല്ല ആളുകൾക്കും ശത്രുക്കൾ ധാരാളമുണ്ടായിരുന്നു. അനേകർ ക്രൂശുമരണത്തിനു വിധേയരായി. സാത്താന്റെ ആധിപത്യത്തിന്റെ കരിനിഴൽ ലോകത്തിന്റെമേൽ വ്യാപിച്ചുകൊണ്ടിരുന്നു.

ജാതികളുടെ വിശ്വാസാചാരങ്ങളെ മറ്റുള്ളവർക്കു പകർന്നുകൊടുത്തതിലൂടെ അനേകരെ സത്യദൈവത്തിൽനിന്നും അകറ്റി. എന്നാൽ യിസ്രായേലിന്റെ വിശ്വാസത്തെ ഹനിക്കുവാൻ കഴിഞ്ഞതായിരുന്നു സാത്താന്റെ വിജയം. സ്വന്ത ഇഷ്ടങ്ങൾക്ക് അധീനരായി തെറ്റായ ആരാധന നടത്തിയതുകൊണ്ടു ജാതികൾക്കു സത്യദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം നഷ്ടപ്പെട്ടു. തൽഫലമായി അവർ കൂടുതൽ പാപം ചെയ്തു. യിസ്രായേലും ഈ അവസ്ഥയിലേക്കു പൊയ്ക്കൊണ്ടിരുന്നു. എല്ലാ അജ്ഞാനമതങ്ങളുടെയും അടിസ്ഥാനോപദേശം സ്വന്ത പ്രവൃത്തികളാൽ മോക്ഷം നേടാൻ കഴിയുമെന്നാകുന്നു. യെഹൂദമതത്തിലും ഈ ഉപദേശം കടന്നുകൂടി. സാത്താനായിരുന്നു ഈ ഉപദേശത്തിന്റെ ഉപജ്ഞാതാവ്. ഈ ഉപദേശം നിലനില്ക്കുന്നിടത്തു പാപം സ്വതന്ത്രമായി വാഴുന്നു.

മനുഷ്യരിൽക്കൂടെയാണു രക്ഷയുടെ ദൂത് എല്ലാവർക്കും നല്കപ്പെടേണ്ടത്. രക്ഷ തങ്ങളിൽക്കൂടെ മാത്രമേ മറ്റുള്ളവർക്കു ലഭിക്കുകയുള്ളു എന്ന അവകാശവാദം തങ്ങളുടെ സ്വന്തമെന്നു കരുതി യിസ്രായേല്യർ ജീവമന്നാ ഒളിച്ചുവച്ചു. തൽഫലമായി അതു കൃമിച്ചു നാറി. തങ്ങൾ ഒളിച്ചുവയ്ക്കുവാൻ ആഗ്രഹിച്ച മതം തങ്ങൾക്കുതന്നെ ഇടർച്ചയായി ഭവിച്ചു. ദൈവതേജസ്സിനെയും മഹത്വത്തെയും അവർ ദുർവ്വിനിയോഗം ചെയ്തു. സുവിശേഷത്തിന്റെ വ്യാജനാണയത്താൽ അവർ ലോകത്തെ വഞ്ചിച്ചു. ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി ദൈവസന്നിധിയിൽ സ്വയം കീഴ്പ്പെടാൻ അവർ ഇഷ്ടപ്പെട്ടില്ല. ലോകത്തിന്റെ നാശത്തിനായി അവർ സാത്താന്റെ പിണിയാളുകളായിത്തീർന്നു.

സത്യത്തിന്റെ തൂണും വെളിച്ചവുമായിരിപ്പാൻ ദൈവം തെരഞ്ഞെടുത്ത യിസ്രായേൽജനത പിശാചിന്റെ പ്രതിനിധികളായി പ്രവർത്തിച്ചു. സാത്താൻ

ഏതാഗ്രഹിച്ചുവോ, അത് അവൻ പ്രവർത്തിച്ചുകൊണ്ടിരുന്നു. ദൈവത്തെ ഒരു സ്വേച്ഛാധിപതിയായി ചിത്രീകരിക്കുന്നതിനും ദൈവത്തിന്റെ സ്വഭാവം വികലമായി പ്രതിഫലിപ്പിക്കുന്നതിനും യെഹൂദന്മാരുടെ പ്രവൃത്തി കാരണമായിത്തീർന്നു. പുരോഹിതന്മാർ പോലും തങ്ങളുടെ പൗരോഹിത്യ ശുശ്രൂഷയുടെ പ്രാധാന്യം മനസ്സിലാക്കിയില്ല. തങ്ങളുടെ ശുശ്രൂഷ ചൂണ്ടിക്കാട്ടിയിരുന്ന ക്രിസ്തുവിങ്കലേക്കു നോക്കുവാൻ അവർക്കു മനസ്സായില്ല. യാഗശുശ്രൂഷകൾ ഒരു പ്രഹസനംപോലെ അവർ നടത്തി. ഈ ശുശ്രൂഷകൾ അവരുടെ കണ്ണുകളെ കുരുടാക്കുകയും ഹൃദയങ്ങളെ കഠിനപ്പെടുത്തുകയും ചെയ്തു. പ്രസ്തുത ശുശ്രൂഷകളിൽക്കൂടെ മനുഷ്യർക്കുവേണ്ടതു ചെയ്യുവാൻ അവർക്കു കഴിഞ്ഞില്ല. തെറ്റായ ഈ ആചാരക്രമങ്ങൾ മാറേണ്ടത് ആവശ്യമായിത്തീർന്നു.

പാപത്തിന്റെ വഞ്ചന അതിന്റെ പാരമ്യത്തിലെത്തി. മനുഷ്യമനസ്സിനെ അധഃപതിപ്പിക്കുന്നതിനുവേണ്ടിയുള്ള എല്ലാ വഴികളും സാത്താൻ തുറന്നു. ദൈവപുത്രൻ ലോകത്തിലെ കഷ്ടതയും വേദനകളും കണ്ടു. പൈശാചികന്റെ ക്രൂരതയ്ക്കു വിധേയരായ മനുഷ്യരെ കർത്താവ് അനുകമ്പാപൂർവ്വം നോക്കി. സാത്താന്റെ കൊടുംക്രൂരതകൾക്കു വിധേയരായവർ കർത്താവിന്റെ ദൃഷ്ടിയിൽപ്പെട്ടു. തങ്ങളെ അടിമകളാക്കി മർദ്ദിക്കുന്ന ഒരു ശത്രുവിനെയാണു മനുഷ്യർ തങ്ങളുടെ ഭരണകർത്താവായി തെരഞ്ഞെടുത്തത്. ഒരിക്കലും പ്രഭാതം വന്നണയാത്ത അന്ധകാരത്തിലേക്ക് - നിത്യമരണത്തിലേക്ക് - മനുഷ്യവർഗ്ഗം നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. സാത്താന്യശക്തികൾ മനുഷ്യരുമായി ഒത്തുചേർന്നു പ്രവർത്തിച്ചു. ദൈവത്തിന്റെ മന്ദിരമായ മനുഷ്യശരീരത്തെ അവർ എല്ലാ തരത്തിലുമുള്ള ജഡികമോഹങ്ങളുടെ കേളീരംഗമാക്കിത്തീർത്തു. മനുഷ്യന്റെ മുഖരൂപംതന്നെ പൈശാചികന്റേതുപോലെ വികൃതമായിത്തീർന്നു. സാത്താന്യശക്തികളുടെ സാന്നിദ്ധ്യം മനുഷ്യന്റെ മുഖത്തു പ്രതിഫലിച്ചു. ലോകരക്ഷകന്റെ ദൃഷ്ടിയിൽപ്പെട്ട കാഴ്ചകളായിരുന്നു ഇവയൊക്കെയും. ദൈവത്തിനു ദർശിക്കേണ്ടിവന്ന എന്തൊരു ദുഃഖകരമായ കാഴ്ച!

പാപം ഒരു ശാസ്ത്രവും, തിന്മ, മതത്തിന്റെ പ്രതിഷ്ഠിക്കപ്പെട്ട ഒരു ഭാഗവുമായിത്തീർന്നു. അനുസരണക്കേടിന്റെ വേരുകൾ മനുഷ്യഹൃദയത്തിൽ ആഴത്തിൽ ഇറങ്ങി. ദൈവത്തെക്കൂടാതെ മനുഷ്യവർഗ്ഗത്തിന്റെ ഉദ്ധാരണം സാദ്ധ്യമല്ലെന്നു പ്രപഞ്ചത്തിനു ബോധ്യമായി. ലോകസൃഷ്ടികർത്താവുതന്നെ ലോകത്തിന് ഒരു പുതുജീവനും ശക്തിയും നല്കേണ്ടത് ആവശ്യമായിത്തീർന്നു.

വീഴ്ച ഭവിക്കാത്ത മറ്റു ഗോളങ്ങൾ, പാപപങ്കിലമായ ഈ ലോകത്തിന്റെ ശിക്ഷാവിധി എപ്രകാരമായിരിക്കുമെന്നു കാണുവാൻ ഉത്കണ്ഠാഭരിതരായിരുന്നു. ദൈവം ഈ ഭൂമിയെ നശിപ്പിച്ചിരുന്നെങ്കിൽ, സ്വർഗ്ഗീയ ഗണങ്ങളുടെ പിന്തുണ നേടുവാൻ സാത്താൻ കൗശലപൂർവ്വം ശ്രമിക്കുമായിരുന്നു. പാപം ക്ഷമിച്ചുകൊടുക്കുക എന്നതു ദൈവത്തിന്റെ ഭരണത്തിൽ ഇല്ലാത്ത ഒന്നാണെന്നു സാത്താൻ പ്രഖ്യാപിച്ചു. ലോകത്തെ ദൈവം നശിപ്പിച്ചിരുന്നെങ്കിൽ,

തന്റെ അവകാശവാദം ശരിയായിരുന്നുവെന്നു സാത്താൻ വിജയഭേരി മുഴക്കു മായിരുന്നു. അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ ദൈവത്തെ കുറ്റം വിധിക്കു വാനും, പാപത്തിൽ വീണുപോകാത്ത മറ്റു ലോകങ്ങളിലെ സൃഷ്ടികളെയും തന്റെ പക്ഷത്തേക്കു ചേർക്കുവാനും സാത്താൻ ഒരുങ്ങിയിരിക്കയായിരുന്നു. എന്നാൽ ലോകത്തെ നശിപ്പിക്കുന്നതിനു പകരം അതിനെ രക്ഷിപ്പാൻ തന്റെ പുത്രനെ, ദൈവം ലോകത്തിലേക്കയച്ചു. ദൈവത്തെ വിട്ട് അകന്നുപോയ ഈ ലോകത്തിൽ എങ്ങും തിന്മയും, ദൈവത്തോടുള്ള മാത്സര്യവും കാണാ മായിരുന്നുവെങ്കിലും, അതിനെ വീണ്ടെടുക്കുവാൻ ദൈവം ശാശ്വതമായ ഒരു വഴി തുറന്നു. ആത്യന്തികമായ വിജയം സാത്താൻ നേടുമെന്നു തോന്നിയ ഭയാനകമായ സന്ദർഭത്തിൽ, ദൈവത്തിന്റെ അളവില്ലാത്ത കൃപ യുടെ സ്ഥാനപതിയായി ദൈവപുത്രൻ വന്നു. പാപത്തിൽ നിപതിച്ചുപോയ മനുഷ്യവർഗ്ഗത്തിനു കാലഭേദമില്ലാതെ ദൈവകൃപയിലൂടെ രക്ഷാവഴി തുറന്നുകൊടുത്തു. പാപവഴിയിലേക്കു തിരിഞ്ഞ മനുഷ്യന് അത്ഭുതകരമായ ദൈവകൃപ സൗജന്യമായി നൽകപ്പെട്ടു. കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവകൃപ മനുഷ്യവർഗ്ഗത്തിന്മേൽ ചൊരിഞ്ഞു. ദൈവകൃപ മനുഷ്യനെ സൗഖ്യപ്പെടുത്തുന്നതും ഒരിക്കലും വറ്റിപ്പോകാത്തതുമാകുന്നു. ഈ കൃപ മനുഷ്യനു നല്കിയതുമൂലം ദൈവനാമം മഹത്വീകരിക്കപ്പെട്ടു.

മനുഷ്യവർഗ്ഗത്തിനു ദൈവം നല്കിയിരുന്ന ദൈവസ്വരൂപം ഇല്ലായ്മ ചെയ്യുന്നതിൽ താൻ വിജയിച്ചുവെന്നു സാത്താൻ അവകാശപ്പെട്ടു. എന്നാൽ മനുഷ്യനിൽ ആ സ്വരൂപം പുനഃസ്ഥാപിക്കുന്നതിനു യേശു ഭൂമിയിൽ അവ തരിച്ചു. പാപംമൂലം നഷ്ടമായ ദിവ്യസ്വരൂപത്തെ മനുഷ്യനിൽ വീണ്ടും കൊണ്ടുവരുവാൻ ക്രിസ്തുവിനല്ലാതെ മറ്റാർക്കും സാദ്ധ്യമല്ലായിരുന്നു. മനുഷ്യമനസ്സുകളെ കീഴടക്കിയ പൈശാചികശക്തികളെ പുറത്താക്കാനായി കർത്താവു വന്നു. പൊടിയിൽനിന്നു നമ്മെ ഉയർത്തുന്നതിനും, തന്റെ ദിവ്യ സ്വഭാവത്തിന്റെ പങ്കാളികളാക്കുന്നതിനും, തന്റെ മഹത്വംകൊണ്ടു നമ്മുടെ ജീവിതത്തെ സൗന്ദര്യപൂർണ്ണമാക്കുന്നതിനും കർത്താവ്, കാലസമ്പൂർണ്ണത വന്നപ്പോൾ ഈ ഭൂമിയിൽ ആഗതനായി.

# 4

# നിങ്ങൾക്ക് ഒരു രക്ഷകൻ

അവലംബം: ലൂക്കൊസ് 2:1–20

മഹത്വത്തിന്റെ രാജാവു മനുഷ്യനായി പിറക്കുന്നതിന് ഏറ്റവും എളിമയിലേക്കു താണിറങ്ങി. യേശുവിന്റെ ഭൗമികമായ ചുറ്റുപാടുകൾ എല്ലാം തന്നെ പ്രതികൂലമായവയായിരുന്നു. ദാരിദ്ര്യവും ജീവിതക്ലേശങ്ങളും തനിക്കു ചെറുപ്പംമുതലേ നേരിടേണ്ടതായിവന്നു. മറ്റുള്ളവരുടെ ശ്രദ്ധാകേന്ദ്രമായിത്തീരാതിരിപ്പാൻ സ്വർഗ്ഗീയതേജസ്സു തന്നിൽനിന്നും മറച്ചിരുന്നു. ബാഹ്യമായ ആകർഷകത്വങ്ങൾ ഒന്നും തനിക്കില്ലായിരുന്നു. മനുഷ്യനെ നിത്യനാശത്തിൽനിന്നു രക്ഷിപ്പാൻ ലോകമഹിമയ്ക്കോ, സമ്പത്തിനോ, മനുഷ്യന്റെ പ്രൗഢിക്കോ സാധ്യമല്ല. ബാഹ്യമായ യാതൊരു ആകർഷണത്താലും തന്നിലേക്ക് ആരും വരണമെന്നു കർത്താവാഗ്രഹിച്ചില്ല. പ്രത്യുത, സത്യത്തിന്റെ സൗന്ദര്യത്താൽ ആകൃഷ്ടരായി തന്റെ അടുക്കലേക്ക് ആളുകൾ വരണമെന്നു കർത്താവാഗ്രഹിച്ചു. കർത്താവിന്റെ സ്വഭാവത്തെക്കുറിച്ചു പ്രവാചകന്മാർ മുന്നമേ അറിയിച്ചിരുന്നു. ദൈവവചനമാകുന്ന സാക്ഷ്യത്താൽ തന്നിലേക്ക് ആളുകൾ ആകൃഷ്ടരാകണമെന്നു കർത്താവ് ആഗ്രഹിച്ചു.

ദൈവത്തിന്റെ അത്ഭുതകരമായ വീണ്ടെടുപ്പിന്റെ മാർഗ്ഗം ദൂതന്മാരെ ആശ്ചര്യഭരിതരാക്കി. മനുഷ്യനായി പിറന്ന ദൈവപുത്രനെ മനുഷ്യർ എപ്രകാരം സ്വാഗതം ചെയ്യുമെന്നു കാണുവാൻ ദൂതന്മാർ ആകാംക്ഷയോടിരുന്നു. ദൈവജനമായ യെഹൂദന്മാരുടെ നാട്ടിൽ ദൈവദൂതന്മാർ പ്രത്യക്ഷരായി. ജാതികൾ സാങ്കല്പിക കഥകളിലാശ്രയിച്ചു വ്യാജദേവന്മാരെ ഭജിച്ചിരുന്നു. ദൈവത്തിന്റെ തേജസ്സു പ്രത്യക്ഷമായ, പ്രവചനത്തിൽ സൂചിപ്പിച്ചിരുന്ന സ്ഥലത്തു ദൈവദൂതർ പ്രത്യക്ഷപ്പെട്ടു. ദൂതന്മാരുടെ സാന്നിദ്ധ്യം ദൈവത്തിന്റെ അരുളപ്പാടുകൾ പഠിക്കുന്നവരുടെ ഇടയിലും ദൈവത്തിന്റെ ശുശ്രൂഷകന്മാരുടെ ഭവനങ്ങളിലും ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ ആഗമനത്തെക്കുറിച്ചു പുരോഹിതനായ സെഖര്യാവോടു ദൈവദൂതൻ പറഞ്ഞിരുന്നു. ക്രിസ്തുവിന്റെ പാത ഒരുക്കേണ്ടവൻ ഭൂമിയിൽ പിറന്നു. യോഹന്നാന്റെ സാക്ഷ്യത്തിനു ദൈവത്തിന്റെ അംഗീകാരം ഉണ്ടെന്ന് അവന്റെ ജീവിതവും പ്രവർത്തനവും തെളിയിച്ചു. ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചും അവന്റെ ദൗത്യത്തെക്കുറിച്ചുമുള്ള വാർത്ത എങ്ങും വ്യാപിച്ചിരുന്നു. എങ്കിലും യെരൂശലേം, അവളുടെ രക്ഷകനെ സ്വീകരിക്കാൻ ഒരുങ്ങിയില്ല. ദൈവം തെരഞ്ഞെടുത്ത ജനത്തിന്റെ നിസ്സംഗത ദൈവദൂതന്മാരെ അത്ഭുതപ്പെടുത്തി. ക്രിസ്തു, അബ്രാഹാമിന്റെ സന്തതിയായി ദാവീദിന്റെ വംശത്തിൽ പിറക്കുമെന്ന സത്യം ലോകത്തോടു വിളംബരം ചെയ്യുവാനായിരുന്നു യെഹൂദവംശത്തെ ദൈവം തെരഞ്ഞെടുത്തത്. ക്രിസ്തുവിന്റെ വരവു സമീപമായിരിക്കുന്നുവെന്ന വസ്തുത യെഹൂദന്മാർ അറിഞ്ഞിരുന്നില്ല. രാവിലെയും വൈകിട്ടും യെരൂശലേം ദൈവാലയത്തിൽ നിർവ്വഹിക്കപ്പെട്ടിരുന്ന യാഗങ്ങൾ ദൈവകുഞ്ഞാടിനെ ചൂണ്ടിക്കാട്ടിയിരുന്നു. ദൈവാലയത്തിലും വരുവാനുള്ള മശീഹയെ എതിരേല്ക്കാൻ ഒരുക്കമുണ്ടായിരുന്നില്ല. ലോകചരിത്രത്തിലെ ഏറ്റവും വലിയ സംഭവം ഉടനെ നടക്കാൻ പോകുന്നുവെന്നു യിസ്രായേലിലെ ഗുരുക്കന്മാരോ പുരോഹിതന്മാരോ അറിഞ്ഞിരുന്നില്ല. നിരർത്ഥകമായ പ്രാർത്ഥനകളും ആരാധനകളും മനുഷ്യർ കാണുന്നതിനുവേണ്ടി അവർ നടത്തിയിരുന്നുവെങ്കിലും, അവരുടെ താൽപര്യം മുഴുവനും ഇഹലോക സമ്പത്തുകൾ വർദ്ധിപ്പിക്കുന്നതിലും അധികാരം പിടിച്ചുപറ്റുന്നതിലുമായിരുന്നു. മശീഹയുടെ വരവിനുവേണ്ടി അവർ ഒരുങ്ങിയിരുന്നില്ല. യിസ്രായേലിൽ എങ്ങും ഈ ഒരുക്കമില്ലായ്മ പ്രകടമായിരുന്നു. ലോകമോഹങ്ങളിൽ മുഴുകിയിരുന്നവർക്കു സ്വർഗ്ഗീയസന്തോഷം ആകർഷകമായി തോന്നിയില്ല. അദൃശ്യനായ ദൈവപുത്രനുവേണ്ടി ചുരുക്കം ചിലർ കാത്തിരുന്നു. അവർക്കുവേണ്ടി സ്വർഗ്ഗത്തിന്റെ പ്രതിനിധിയായ ക്രിസ്തു വന്നു.

മറിയയും യോസേഫും നസ്രേത്തിൽനിന്നു ദാവീദിന്റെ നഗരത്തിലേക്കു യാത്രചെയ്തുകൊണ്ടിരുന്നപ്പോൾ ദൈവദൂതന്മാർ അവർക്ക് അകമ്പടി ഉണ്ടായിരുന്നു. ജനങ്ങൾ അവരുടെ ജന്മസ്ഥലത്തുപോയി പേരു കൊടുക്കേണ്ടതാണെന്നുള്ള റോമൻ ചക്രവർത്തിയുടെ ആജ്ഞ ഗലീലനാട്ടിലും ബാധകമായിരുന്നു. ദൈവജനത്തെ വിമുക്തരാക്കുന്നതിനു പുരാതനകാലത്തു

കോരെശിനെ ചക്രവർത്തിപദത്തിലേക്കുയർത്തിയ ദൈവം, യോസേഫിനെയും മറിയയെയും ബെത്‌ലേഹെമിൽ കൊണ്ടുവരുന്നതിനും അങ്ങനെ ദൈവവചനം നിറവേറുന്നതിനും ഔഗുസ്തോസ് കൈസരിനെ ഉപയോഗിച്ചു. മറിയ ദാവീദുഗൃഹത്തിൽ ജനിച്ചവളായിരുന്നു. ദാവീദിന്റെ പുത്രൻ ദാവീദിന്റെ നഗരത്തിൽത്തന്നെ ജനിക്കുവാൻ ദൈവം ഇടയാക്കി. മീഖാപ്രവാചകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "നീയോ, ബെത്‌ലേഹെം എഫ്രാത്തേ, നീ യെഹൂദസഹസ്രങ്ങളിൽ ചെറുതായിരുന്നാലും, യിസ്രായേലിന് അധിപതിയായിരിക്കേണ്ടവൻ എനിക്കു നിന്നിൽനിന്ന് ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ" (മീഖാ 5:2). എന്നാൽ രാജകീയവംശത്തിൽപ്പെട്ട യോസേഫും മറിയയും, തങ്ങളുടെ പൂർവ്വികൻ സ്ഥാപിച്ച നഗരത്തിൽ, ആരാലും അറിയപ്പെടാതെ ഇരുന്നു. അവരെ സ്വീകരിപ്പാനോ ബഹുമാനിപ്പാനോ ആരും ഉണ്ടായിരുന്നില്ല. ക്ഷീണിതരായ അവർ രാപാർക്കുവാൻ ഒരു വിശ്രമസ്ഥലം അന്വേഷിച്ചു നഗരവീഥിയുടെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ നടന്നു. ജനബാഹുല്യത്താൽ സത്രത്തിൽ അവർക്ക് ഇടംകിട്ടിയില്ല. കാലികളെ കെട്ടിയിരുന്ന ഒരു തൊഴുത്തിൽ അവർ ഇടംകണ്ടെത്തി. അവിടെ ലോകരക്ഷകൻ ഭൂജാതനായി.

എന്നാൽ ലോകം അതറിഞ്ഞില്ല. പക്ഷേ സ്വർഗ്ഗത്തിൽ ഈ വാർത്ത വലിയ സന്തോഷം ഉളവാക്കി. അത്യാഹ്ലാദത്തോടെ ദൂതഗണങ്ങൾ ഭൂമിയിലേക്കു വന്നു. ക്രിസ്തുവിന്റെ അവതാരത്താൽ ഭൂമി പ്രഭാപൂരിതമായി. ബെത്‌ലേഹെമിലെ കുന്നിൻപുറത്ത് അസംഖ്യം ദൈവദൂതർ പ്രത്യക്ഷപ്പെട്ടു. ഈ സുവാർത്ത ലോകത്തെ അറിയിക്കാനുള്ള ആജ്ഞയ്ക്കായി അവർ നോക്കിപ്പാർത്തിരുന്നു. യിസ്രായേലിലെ ശ്രേഷ്ഠപുരോഹിതർ ദൈവത്തോടു വിശ്വസ്തരായിരുന്നുവെങ്കിൽ, യേശുവിന്റെ ജനനം ലോകത്തെ അറിയിക്കുന്നതിൽ അവർക്കും പങ്കുണ്ടാകുമായിരുന്നു. പക്ഷേ അവർക്ക് ആ പദവി നഷ്ടമായി.

ദൈവം കല്പിച്ചു: "ദാഹിച്ചിരിക്കുന്നേടത്തു ഞാൻ വെള്ളവും വരണ്ട നിലത്തു നീരൊഴുക്കുകളും പകരും." "നേരുള്ളവർക്ക് ഇരുട്ടിൽ വെളിച്ചം ഉദിക്കുന്നു" (യെശ. 44:3; സങ്കീ. 112:4). വെളിച്ചത്തെ അന്വേഷിക്കുന്നവർക്കും, അതു സന്തോഷത്തോടെ സ്വീകരിക്കുന്നവർക്കും ദൈവസിംഹാസനത്തിൽ നിന്നു ശോഭയേറിയ പ്രകാശം നല്കപ്പെടും.

ബാലനായിരുന്ന ദാവീദ് ആടുകളെ മേയിച്ചിരുന്ന സ്ഥലത്ത്, അന്നും ഇടയന്മാർ രാക്കാലത്ത് ആടുകളെ സൂക്ഷിച്ചിരുന്നു. രാത്രിയുടെ നിശ്ശബ്ദതയിൽ അവർ വാഗ്ദത്തമശീഹയെക്കുറിച്ചു സംസാരിച്ചുകൊണ്ടിരുന്നു. ദാവീദിന്റെ സിംഹാസനത്തിൽ ഇരിപ്പാനുള്ള രാജാവിനുവേണ്ടി അവർ പ്രാർത്ഥിച്ചു. "ഒരു ദൂതൻ അവരുടെ അരികെ നിന്നു. കർത്താവിന്റെ തേജസ്സ് അവരെ ചുറ്റിമിന്നി. അവർ ഭയപരവശരായിത്തീർന്നു. ദൂതൻ അവരോട്: ഭയപ്പെടേണ്ടാ; സർവ്വജനത്തിനും ഉണ്ടാകുവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു."

ഈ വാക്കുകൾ കേട്ടപ്പോൾ, ആട്ടിടയന്മാരുടെ ഉള്ളം തേജസ്സിന്റെ ദർശനത്താൽ നിറഞ്ഞു. വീണ്ടെടുപ്പുകാരൻ യിസ്രായേലിൽ വന്നിരിക്കുന്നു! ശക്തിയും പുകഴ്ചയും വിജയവും അവന്റെ വരവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ തങ്ങളുടെ രക്ഷകനെ ദാരിദ്ര്യത്തിന്റെയും എളിമയുടെയും ചുറ്റുപാടിൽ തിരിച്ചറിയേണ്ടതിന് ആട്ടിടയരെ ഒരുക്കേണ്ട ചുമതല ദൈവദൂതന്മാർക്ക് ഉണ്ടായിരുന്നു. ദൂതൻ പറഞ്ഞു: "നിങ്ങൾക്ക് അടയാളമോ: ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും."

ദൈവദൂതൻ ആട്ടിടയന്മാരുടെ ഭയാശങ്കകളെ നീക്കി. യേശുവിനെ കണ്ടെത്തുവാനുള്ള മാർഗ്ഗം അവൻ അവരോടു പറഞ്ഞു. മനുഷ്യരോട് അനുകമ്പയുള്ള ദൂതൻ, ആട്ടിടയർക്കു സ്വർഗ്ഗീയ പ്രഭയുമായി പൊരുത്തപ്പെടുവാനുള്ള സമയം നല്കി. അതിനുശേഷം സ്വർഗ്ഗീയ സന്തോഷവും തേജസ്സും ദർശിക്കുവാൻ അവരെ അനുവദിച്ചു. ദൈവദൂതന്മാരുടെ പ്രഭയാൽ ആ പ്രദേശം മുഴുവൻ പ്രശോഭിച്ചു. ഭൂമി നിശ്ശബ്ദമായി. സ്വർഗ്ഗം ആ മനോഹര ഗാനം ആലപിച്ചു:

**"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം;<br>ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം."**

മനുഷ്യവർഗ്ഗം ഈ ഗാനത്തെ അന്നു മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നല്ലതായിരുന്നു! അന്നു മുഴങ്ങിയ ആ ഗാനം കാലത്തിന്റെ അന്ത്യത്തോളം ഭൂമിയിൽ എങ്ങും അലയടിച്ചുകൊണ്ടിരിക്കും. നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടെ ഉദിക്കുമ്പോൾ, പെരുവെള്ളത്തിന്റെ ഇരച്ചൽപോലെയുള്ള ജനകോടികളുടെ ശബ്ദത്തിൽ ഈ ഗാനം പ്രതിധ്വനിക്കും. "ഹല്ലേലൂയ്യാ! സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു രാജത്വം ഏറ്റിരിക്കുന്നു" (വെളി. 19:6).

ദൂതന്മാർ അപ്രത്യക്ഷരായപ്പോൾ, അവിടെയുണ്ടായിരുന്ന പ്രഭാപൂരം ക്രമേണ മാഞ്ഞുപോയി. ഒരിക്കൽക്കൂടെ ബെത്ലേഹെമിലെ കുന്നിൻപുറങ്ങൾ അന്ധകാരാവൃതമായി. എന്നാൽ മനുഷ്യദൃഷ്ടികൾക്കു ഗോചരമായ ആ ദിവ്യശോഭ ആട്ടിടയന്മാരുടെ മനോമുകുരങ്ങളിൽ തങ്ങിനിന്നു. "ദൂതന്മാർ അവരെ വിട്ടു സ്വർഗ്ഗത്തിൽ പോയശേഷം ഇടയർ: നാം ബെത്ലേഹെമോളം ചെന്നു കർത്താവു നമ്മോടറിയിച്ച ഈ സംഭവം കാണേണം എന്നു തമ്മിൽ പറഞ്ഞു. അവർ ബദ്ധപ്പെട്ടു ചെന്നു മറിയയെയും യോസേഫിനെയും പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു."

മഹാസന്തോഷത്തോടെ അവർ മടങ്ങിവന്നു തങ്ങൾ കണ്ടതും കേട്ടതുമായ കാര്യങ്ങൾ എല്ലാവരോടും പറഞ്ഞു. "കേട്ടവർ എല്ലാവരും ഇടയന്മാർ പറഞ്ഞതിനെക്കുറിച്ച് ആശ്ചര്യപ്പെട്ടു." മറിയ ഈ വാർത്ത ഒക്കെയും ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു. തങ്ങളോട് അറിയിച്ചതുപോലെ ഇടയന്മാർ കണ്ടതും കേട്ടതുമായ എല്ലാറ്റിനുംവേണ്ടി ദൈവത്തെ മഹത്വപ്പെടുത്തി, കടന്നുപോയി.

ആട്ടിടയന്മാർ സ്വർഗ്ഗീയവൃന്ദങ്ങളുടെ മാധുര്യഗാനം കേട്ട നാളിൽ സ്വർഗ്ഗം എത്രമാത്രം ഭൂമിയോട് അടുത്തുവോ ആ അടുപ്പം ഇന്നും നിലനില്ക്കുന്നു. മനുഷ്യവർഗ്ഗം ഇന്നും സ്വർഗ്ഗത്തിന്റെ സ്നേഹഭാജനമാകുന്നു. ദൈവദൂതന്മാർ മുന്തിരിത്തോപ്പുകളിലും വയലിലുംവച്ചു സാധാരണക്കാരായ മനുഷ്യരോടു സംസാരിച്ചതുപോലെ ഇന്നും മനുഷ്യരെത്തേടി സ്വർഗ്ഗം എത്തുന്നു. സാധാരണക്കാരായ നമുക്ക് ഇന്നും സ്വർഗ്ഗം അകലെ അല്ല. ദൈവത്തിന്റെ ആജ്ഞ അനുസരിക്കുന്നവരുടെ ശുശ്രൂഷയ്ക്കായി ഇന്നും സ്വർഗ്ഗീയമന്ദിരത്തിൽനിന്നു ദൂതന്മാർ വന്നുകൊണ്ടിരിക്കുന്നു.

ബെത്‌ലേഹെമിലെ കഥ ഒരിക്കലും അവസാനിക്കുന്നില്ല. “ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ്” (റോമർ 11:33) എന്നിവ ആ കഥയിൽ അടങ്ങിയിരിക്കുന്നു. ഒരു പുൽത്തൊട്ടിയെ പൂകുന്നതിനുവേണ്ടി സ്വർഗ്ഗസിംഹാസനം വെടിഞ്ഞ രക്ഷകന്റെ ത്യാഗം നമ്മെ അത്ഭുതപ്പെടുത്തുന്നു. തന്നെ ആരാധിക്കുന്ന ദൂതന്മാരുടെ സേവനം വെടിഞ്ഞു സ്വർഗ്ഗത്തിലെ രാജകുമാരൻ പശുശാലയെ തെരഞ്ഞെടുത്തത് അത്ഭുതകരംതന്നെ. മനുഷ്യന്റെ ‘ഞാൻ’ എന്ന ഭാവവും തന്നിൽത്തന്നെയുള്ള ആശ്രയവും ക്രിസ്തുവിന്റെ ശാസനയ്ക്ക് എപ്പോഴും പാത്രമായിരുന്നു. തന്റെ അത്ഭുതകരമായ മനസ്സൊരുക്കത്തിന്റെ ആരംഭമായിരുന്നു അത്. വീഴ്ചയ്ക്കു മുമ്പ് ആദാമിനുണ്ടായിരുന്ന നിഷ്കളങ്കാവസ്ഥയിലുള്ള മനുഷ്യപ്രകൃതം സ്വീകരിച്ചാൽപ്പോലും ദൈവപുത്രന് അത് അപമാനകരമായിരുന്നേനേ. എന്നാൽ ആദാമിനുശേഷം നാലായിരം വർഷത്തെ പാപത്താൽ പങ്കിലമാക്കപ്പെട്ട തലമുറയിലാണു യേശു പിറന്നത്. ആദാമ്യകുലത്തിൽ പിറന്ന ഏതൊരു വ്യക്തിയെയും പോലെ പാരമ്പര്യനിയമത്തിന്റെ പരിണിതഫലങ്ങളെ ക്രിസ്തു സ്വീകരിച്ചു. തന്റെ മുൻഗാമികളുടെ ചരിത്രം പാരമ്പര്യനിയമത്തിന്റെ ഫലങ്ങൾ എന്തെന്നു കാണിച്ചുതരുന്നു. നമ്മുടെ ദുഃഖങ്ങളിലും പരീക്ഷകളിലും പങ്കുചേരാൻ പാപരഹിതമായ ജീവിതത്തിന്റെ മാതൃക കാട്ടുവാനും, ബലഹീനമായ മനുഷ്യവർഗ്ഗത്തിലേക്കു ക്രിസ്തു വന്നു.

ദൈവത്തിന്റെ അരമനയിൽ ക്രിസ്തുവിനുണ്ടായിരുന്ന സ്ഥാനത്തിൽ അസൂയ പൂണ്ടു സ്വർഗ്ഗത്തിൽവച്ചുതന്നെ സാത്താൻ ക്രിസ്തുവിനെ വെറുത്തിരുന്നു. സ്വർഗ്ഗത്തിൽനിന്നു സാത്താൻ നിഷ്കാസിതനായപ്പോൾ, അവൻ ഏറ്റവും ക്രുദ്ധനായിത്തീർന്നു. അവന്റെ വഞ്ചനയിൽ പതിച്ച മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാനായി കർത്താവു സ്വയം അർപ്പിച്ചപ്പോൾ അവന്റെ ക്രോധം വർദ്ധിച്ചു. സാത്താന്റെ ആധിപത്യമുള്ള ഈ ലോകത്തിലേക്കു മനുഷ്യനായി പിറക്കുന്നതിനു തന്റെ പുത്രനെ ദൈവം അയച്ചു. മനുഷ്യവർഗ്ഗം അഭിമുഖീകരിക്കേണ്ട എല്ലാ പ്രതിസന്ധികളെയും നേരിടുവാനും, മനുഷ്യനു പോരാടേണ്ടിവരുന്ന എല്ലാ പോരാട്ടങ്ങളെയും ഏറ്റെടുക്കുവാനും, പരാജയത്തിന്റെയും, നിത്യമായ തീരാനഷ്ടത്തിന്റെയും അപകടസാധ്യതകൾ മുന്നിൽ കണ്ടുകൊണ്ടുതന്നെ, പിതാവു തന്റെ പുത്രനെ ഭൂമിയിലേക്കു വരുവാൻ അനുവദിച്ചു.

ഒരു ഭൗമിക പിതാവു തന്റെ പുത്രൻ ഒരു അപകടസന്ധിയിലാവുമ്പോൾ എത്രമാത്രം നൊമ്പരപ്പെടുന്നു! ഒരു ഞെട്ടലോടുകൂടി മാത്രമേ തന്റെ മകന്റെ അപകടാവസ്ഥയെക്കുറിച്ച് അദ്ദേഹത്തിനു ചിന്തിക്കുവാൻ കഴിയുകയുള്ളു. ആ പിതാവ് അനുഭവിക്കുന്നതിനെക്കാൾ എത്ര വലിയ വേദനയാണു സ്വർഗ്ഗീയ പിതാവ് അനുഭവിക്കുന്നത്! നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്റെ ഏകജാതനായ പുത്രനെ, സാത്താനുമായുള്ള കഠിന പോരാട്ടത്തിനും, ഭയാനകമായ അപകടസാധ്യതയിലേക്കും അയച്ചതിൽക്കൂടെ ദൈവത്തിനു നമ്മോടുള്ള സ്നേഹം വെളിപ്പെടുത്തുന്നു. ആകാശമേ, അത്ഭുതപ്പെടുക! ഭൂമിയേ, അതിശയിക്കുക!



ശിമ്യോൻ രക്ഷകനെ തിരിച്ചറിയുന്നു

# 5

# പ്രതിഷ്ഠ

അവലംബം: ലൂക്കൊസ് 2:21–38

ക്രിസ്തുവിന്റെ ജനനത്തിനുശേഷം, ഏതാണ്ടു നാല്പതുനാൾ കഴിഞ്ഞു യോസേഫും മറിയയും തങ്ങളുടെ ശിശുവിനെ ദൈവത്തിനു പ്രതിഷ്ഠിപ്പാനും, അവനുവേണ്ടി യാഗം കഴിപ്പാനുമായി യെരൂശലേമിലേക്കു പോയി. യെഹൂദനിയമപ്രകാരമുള്ള ഒരാചാരമായിരുന്നു അത്. മനുഷ്യന്റെ പ്രതിപുരുഷനെന്ന നിലയിൽ എല്ലാ കല്പനകളും ക്രിസ്തു അനുസരിക്കേണ്ടത് ആവശ്യമായിരുന്നു. കല്പനപ്രകാരം ഇതിനു മുമ്പുതന്നെ യേശുവിനെ പരിച്ഛേദന കഴിപ്പിച്ചിരുന്നു.

അമ്മയുടെ വഴിപാടായി നിർദ്ദേശിക്കപ്പെട്ടിരുന്നത്, ദഹനയാഗത്തിനുവേണ്ടി ഒരു വയസ്സുള്ള ഒരാട്ടിൻകുട്ടിയെയും പാപയാഗമായി ഒരു പ്രാക്കുഞ്ഞിനെ അഥവാ ഒരു കുറുപ്രാവിനെയും ആയിരുന്നു. എന്നാൽ മാതാപിതാക്കൾ സാധുക്കളായിരുന്നതിനാൽ ദഹനയാഗമായി രണ്ടു പ്രാക്കുഞ്ഞുങ്ങളെയും, പാപയാഗമായി രണ്ടു കുറുപ്രാക്കളെയും കൊണ്ടുവന്നാൽ മതിയാകുമായിരുന്നു.

കർത്താവിനുവേണ്ടി അർപ്പിക്കപ്പെടേണ്ട വസ്തുക്കൾ കുറ്റമറ്റതായിരിക്കണം. ഈ യാഗങ്ങൾ ക്രിസ്തുവിനെ സൂചിപ്പിച്ചിരുന്നു. യേശുക്രിസ്തു ശാരീരിക ന്യൂനതകൾ ഇല്ലാത്തവനായിരുന്നുവെന്ന് ഇതു വെളിപ്പെടുത്തുന്നു. ക്രിസ്തു "നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടായിരുന്നു" (1 പത്രൊസ് 1:19). തന്റെ ശാരീരിക ഘടനയ്ക്ക് ഒരു ന്യൂനതയുമില്ലായിരുന്നു. ആരോഗ്യവും, ശക്തിയുമുള്ള ഒരു ശരീരമായിരുന്നു കർത്താവിന്റേത്. പ്രകൃതിനിയമങ്ങൾ അനുസരിച്ചാണു കർത്താവു ജീവിച്ചത്. ദൈവകല്പന അനുസരിച്ചാൽ ലഭിക്കുന്ന അനുഗ്രഹത്തിന് ഒരു നല്ല മാതൃകയായിരുന്നു കർത്താവിന്റെ ജീവിതം.

ആദ്യജാതനെ ദൈവത്തിനു പ്രതിഷ്ഠിക്കുന്ന പതിവു പുരാതനകാലം മുതല്ക്കേ ഉണ്ടായിരുന്നു. പാപികളെ രക്ഷിപ്പാൻ സ്വർഗ്ഗത്തിലെ ആദ്യജാതനെ നല്കുമെന്നു ദൈവം വാഗ്ദാനം ചെയ്തു. ഓരോ ഭവനത്തിലെയും ആദ്യജാതനെ ദൈവത്തിനു പ്രതിഷ്ഠിക്കുന്നതിലൂടെ, ദൈവത്തിന്റെ വിലതീരാത്ത ദാനത്തെ ദൈവജനം സ്വീകരിച്ചു. പുരോഹിതപദവിയിലേക്ക്, ക്രിസ്തുവിന്റെ പ്രതിപുരുഷനായി ആദ്യജാതനെ പ്രതിഷ്ഠിച്ചുപോന്നു.

മിസ്രയീമിൽനിന്നു യിസ്രായേൽ പുറപ്പെട്ടുപോന്നതിനുശേഷം ആദ്യജാതശിശുവിന്റെ പ്രതിഷ്ഠ പുനഃസ്ഥാപിക്കപ്പെട്ടു. യിസ്രായേൽ മിസ്രയീമിൽ അടിമകളായിരുന്നപ്പോൾ ഫറവോനോട് ഇപ്രകാരം കല്പിക്കുവാൻ മോശെയോടു ദൈവം ആജ്ഞാപിച്ചു: "യിസ്രായേൽ എന്റെ പുത്രൻ, എന്റെ ആദ്യജാതൻ തന്നെ. എനിക്കു ശുശ്രൂഷ ചെയ്യുവാൻ എന്റെ പുത്രനെ വിട്ടയക്കേണമെന്നു ഞാൻ നിന്നോടു കല്പിക്കുന്നു; അവനെ വിട്ടയപ്പാൻ സമ്മതിക്കുന്നില്ലെങ്കിൽ ഞാൻ നിന്റെ പുത്രനെ, നിന്റെ ആദ്യജാതനെത്തന്നെ കൊന്നുകളയും" (പുറ. 4:22,23).

മോശെ ഈ ദൂതു ഫറവോനു നല്കി. എന്നാൽ അഹങ്കാരിയായ ഫറവോന്റെ ഉത്തരം ഇപ്രകാരമായിരുന്നു: "യിസ്രായേലിനെ വിട്ടയപ്പാൻ തക്കവണ്ണം ഞാൻ യഹോവയുടെ വാക്കു കേൾക്കേണ്ടതിന് അവൻ ആർ? ഞാൻ യഹോവയെ അറിയുന്നില്ല; ഞാൻ യിസ്രായേലിനെ വിട്ടയക്കയുമില്ല" (പുറ. 5:2). അത്ഭുതങ്ങളാലും അടയാളങ്ങളാലും ഫറവോന്റെമേൽ ഭയങ്കര ന്യായവിധി നടത്തി യഹോവ തന്റെ ജനത്തിനുവേണ്ടി പ്രവർത്തിച്ചു. അവസാനം മിസ്രയീമിലെ മനുഷ്യരിലും മൃഗങ്ങളിലുമുള്ള കടിഞ്ഞൂൽപ്രജയെ സംഹരിപ്പാൻ സംഹാരദൂതനോടു ദൈവം കല്പിച്ചു. എന്നാൽ യിസ്രായേൽജനം നശിക്കാതിരിക്കേണ്ടതിന് അവരുടെ വീടുകളുടെ കട്ടിളപ്പടിയിൽ കുഞ്ഞാടിന്റെ രക്തം തളിക്കുവാൻ ദൈവം അവരോടു കല്പിച്ചിരുന്നു. സംഹാരദൂതൻ ഈ രക്തയടയാളം കാണുമ്പോൾ അവിടംവിട്ടു കടന്നുപോകുമായിരുന്നു.

ഈ ന്യായവിധി മിസ്രയീമ്യരുടെമേൽ വരുത്തിയശേഷം, യഹോവ മോശെയോട് ഇപ്രകാരം കല്പിച്ചു: "യിസ്രായേൽമക്കളുടെ ഇടയിൽ മനുഷ്യരിലും മൃഗങ്ങളിലും കടിഞ്ഞൂലായി പിറക്കുന്നതിനെ ഒക്കെയും എനി

ക്കായി ശുദ്ധീകരിക്ക; അത് എനിക്കുള്ളതാകുന്നു എന്നു കല്പിച്ചു." "ഞാൻ മിസ്രയീംദേശത്തു കടിഞ്ഞൂലിനെ ഒക്കെയും കൊന്ന നാളിൽ യിസ്രായേലിൽ മനുഷ്യന്റെയും മൃഗത്തിന്റെയും കടിഞ്ഞൂലിനെയെല്ലാം എനിക്കായിട്ടു ശുദ്ധീകരിച്ചു; അത് എനിക്കുള്ളതായിരിക്കേണം; ഞാൻ യഹോവയാകുന്നു" (പുറ. 13:2; സംഖ്യാ. 3:13). സമാഗമനകൂടാരശുശ്രൂഷ സ്ഥാപിച്ചപ്പോൾ, ശുശ്രൂഷ ചെയ്യുന്നതിനായി യിസ്രായേൽഗോത്രത്തിലെ ആദ്യജാതനു പകരമായി ലേവിഗോത്രത്തെ തെരഞ്ഞെടുത്തു. എങ്കിലും ആദ്യജാതൻ ദൈവത്തിന്റെ വകയായി കരുതപ്പെട്ടിരുന്നു. ആദ്യജാതനെ മറുവില കൊടുത്തു വീണ്ടെടുക്കുവാൻ യിസ്രായേൽ കടപ്പെട്ടിരുന്നു.

ആദ്യജാതനെ ദൈവത്തിനു പ്രതിഷ്ഠിക്കുന്ന നിയമം ഇപ്രകാരം പ്രാധാന്യമുള്ള ഒരു ശുശ്രൂഷയായി ദൈവം യിസ്രായേൽമക്കൾക്കു നല്കി. യിസ്രായേലിനെ അത്ഭുതകരമായി വീണ്ടെടുത്തതിന്റെ സ്മാരകമായിട്ടാണ് ഈ നിയമം സ്ഥാപിക്കപ്പെട്ടതെങ്കിലും, ദൈവത്തിന്റെ ഏകജാതൻ മനുഷ്യകുലത്തെ വീണ്ടെടുത്തതിനെ ചൂണ്ടിക്കാണിക്കുന്ന ഒരു മുൻകുറികൂടി ആയിരുന്നു അത്. കട്ടിളപ്പടിമേൽ തളിക്കപ്പെട്ട രക്തം യിസ്രായേലിലെ ആദ്യജാതനെ രക്ഷിച്ചതുപോലെ കർത്താവായ യേശുവിന്റെ രക്തത്തിനു ലോകത്തെ രക്ഷിപ്പാനുള്ള ശക്തിയുണ്ട്.

ക്രിസ്തുവിന്റെ പ്രതിഷ്ഠ എത്ര അർത്ഥസമ്പുഷ്ടമായിരുന്നു! പുരോഹിതനു തിരശ്ശീലയ്ക്കപ്പുറമൊന്നും കാണുവാൻ കഴിഞ്ഞില്ല. അതിനപ്പുറമുള്ള മർമ്മം ഗ്രഹിക്കാൻ സാധിച്ചില്ല. ശിശുപ്രതിഷ്ഠ സാധാരണ നടത്താറുള്ള ശുശ്രൂഷയായിരുന്നു. ഓരോ ശിശുവും പ്രതിഷ്ഠിക്കപ്പെടുമ്പോൾ പുരോഹിതനു പണം ലഭിച്ചിരുന്നു. പുരോഹിതൻ, ഒരു ചടങ്ങുപോലെ ദിനം തോറും ഈ ശുശ്രൂഷ നടത്തിയിരുന്നപ്പോൾ ശിശുവിനെയോ, മാതാപിതാക്കളെയോ ശ്രദ്ധിക്കാറേയില്ലായിരുന്നു. പണവും പ്രതാപവുമുള്ള മാതാപിതാക്കൾക്കു പ്രത്യേക പരിഗണന ലഭിച്ചിരുന്നു. യോസേഫും മറിയയും സാധുക്കളായിരുന്നു. അവർ, തങ്ങളുടെ ശിശുവിനെ കൊണ്ടുവന്നപ്പോൾ, പാവപ്പെട്ടവരായ ഗലീലക്കാർ എന്നു മാത്രമേ പുരോഹിതൻ കരുതിയുള്ളു. അവരിൽ ആകർഷകമായി ഒന്നുംതന്നെ ഇല്ലായിരുന്നു. സാധുക്കൾ നല്കാറുള്ള വഴിപാടായിരുന്നു അവർ കൊണ്ടുവന്നത്.

പുരോഹിതൻ തന്റെ ഔദ്യോഗിക കർമ്മം നിർവ്വഹിച്ചു. പുരോഹിതൻ ശിശുവിനെ കൈയിലെടുത്തു യാഗപീഠത്തിന്റെ മുമ്പാകെ കൊണ്ടുവന്നു. പിന്നീട് അമ്മയുടെ കൈയിൽ തിരിച്ചേല്പിച്ചതിനുശേഷം 'യേശു' എന്നു ചുരുളിൽ എഴുതി. തന്റെ കരങ്ങളിൽ ആ ശിശു കിടന്നപ്പോൾ, സ്വർഗ്ഗത്തിലെ രാജകുമാരനെയാണു താൻ വഹിച്ചിരുന്നതെന്ന് ആ പുരോഹിതൻ തെല്ലും മനസ്സിലാക്കിയില്ല. ഈ ശിശുവിനെക്കുറിച്ചാണു മോശെ താഴെപ്പറയും പ്രകാരം പറയുന്നതെന്ന് അയാൾ ചിന്തിച്ചില്ല. "ദൈവമായ കർത്താവു നിങ്ങളുടെ സഹോദരന്മാരിൽനിന്ന് എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്ക് എഴുന്നേല്പിച്ചുതരും; അവൻ നിങ്ങളോടു സംസാരിക്കുന്ന സകലത്തിലും നിങ്ങൾ അവന്റെ വാക്കു കേൾക്കണം" (അപ്പൊ. 3:22). മോശെ ആരുടെ

തേജസ്സു കാണുവാൻ ആഗ്രഹിച്ചിരുന്നുവോ, ആ വ്യക്തിയാണു തന്റെ കൈകളിൽ കിടക്കുന്ന ശിശു എന്ന് ആ പുരോഹിതൻ അറിഞ്ഞില്ല. മോശെയെക്കാൾ വലിയവൻ ആയിരുന്നു ആ പുരോഹിതന്റെ കരങ്ങളിൽ കിടന്ന ശിശു. ആ ശിശുവിന്റെ പേർ ചുരുളിൽ രേഖപ്പെടുത്തിയപ്പോൾ, യെഹൂദന്മാരുടെ ശുശ്രൂഷകൾ ആരെ കേന്ദ്രമാക്കിയിരുന്നുവോ, ആ മഹൽവ്യക്തിയുടെ പേരാണ് അവിടെ കുറിക്കപ്പെട്ടത്. ആ നാമം പൗരോഹിത്യശുശ്രൂഷകളുടെ അന്ത്യം കുറിച്ചു. യാഗശുശ്രൂഷകളുടെ കാലം കഴിയാറായിരുന്നു. നിഴൽ അതിന്റെ പൊരുളിനെ കണ്ടെത്തി. പ്രതീകം യഥാർത്ഥമായതിനെ കണ്ടു.

യഹോവയുടെ തേജസ്സു ദൈവാലയത്തിൽനിന്നു നീങ്ങിപ്പോയി. എന്നാൽ ദൂതന്മാർ വണങ്ങിയിരുന്ന ദൈവതേജസ്സ്, ബെത്ലേഹെമിലെ ശിശുവിൽ മറഞ്ഞിരുന്നു. ഈ ശിശു വാഗ്ദത്തസന്തതിയായിരുന്നു. ഏദെൻതോട്ടത്തിന്റെ കവാടത്തിൽ കെട്ടിപ്പടുത്ത ഒന്നാമത്തെ യാഗപീഠം ഈ ശിശുവിനെയായിരുന്നു ചൂണ്ടിക്കാണിച്ചത്. സമാധാനപ്രഭുവായ ശീലോ (അവകാശമുള്ളവൻ) ഈ ശിശു ആയിരുന്നു. 'ഞാൻ ആകുന്നവൻ' എന്നു മോശെയോട് അരുളിച്ചെയ്തവനും, അഗ്നിസ്തംഭത്തിൽക്കൂടെയും മേഘസ്തംഭത്തിൽക്കൂടെയും യിസ്രായേൽമക്കളെ വഴിനടത്തിയവനും ഈ ശിശുവായി പിറന്നവൻ തന്നെ. അവൻ ജാതികളുടെ പ്രത്യാശയും, ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമായിരുന്നു. യിസ്രായേലിന്റെ ചുരുളിൽ പേര് എഴുതപ്പെട്ട ആ ശിശു, വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയും, സഹോദരനുമായിരുന്നു. മാതാപിതാക്കൾ മറുവില കൊടുത്തു വീണ്ടെടുത്ത ഈ ശിശു, മുഴുലോകത്തിനുംവേണ്ടി സ്വജീവൻ മറുവിലയായി കൊടുക്കുവാൻ വന്ന ദൈവകുഞ്ഞാടായിരുന്നു. അവൻ ദൈവാലയത്തിലെ യഥാർത്ഥ മഹാപുരോഹിതനും, മാറാത്ത പൗരോഹിത്യത്തിന്റെ തലവനും, "ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത്" നമ്മുടെ മദ്ധ്യസ്ഥനും ആകുന്നു (എബ്രാ. 10:21; 7:24; 1:3).

ആത്മീയ കാര്യങ്ങൾ ആത്മീയമായി വിവേചിച്ചറിയുന്നു. ദൈവപുത്രനായ യേശു, ദൈവാലയത്തിൽ തന്റെ ഭൗമിക ശുശ്രൂഷയ്ക്കുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടു. എന്നാൽ ഒരു സാധാരണ ശിശു എന്നപോലെ മാത്രമേ പുരോഹിതൻ ഈ ശിശുവിനെ കരുതിയുള്ളു. പുരോഹിതൻ ഈ ശിശുവിൽ അസാധാരണമായി ഒന്നും കണ്ടില്ലെങ്കിലും ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചതു ചിലർ തിരിച്ചറിഞ്ഞു. ലോകരക്ഷകനെ തിരിച്ചറിഞ്ഞ ചില സംഭവങ്ങൾ ദൈവാലയത്തിൽ നടന്നു. "യെരൂശലേമിൽ ശിമ്യോൻ എന്നു പേരുള്ളൊരു മനുഷ്യൻ ഉണ്ടായിരുന്നു; ഈ മനുഷ്യൻ നീതിമാനും, യിസ്രായേലിന്റെ ആശ്വാസത്തിനായി കാത്തിരിക്കുന്നവനും ആയിരുന്നു; പരിശുദ്ധാത്മാവും അവന്റെമേൽ ഉണ്ടായിരുന്നു. കർത്താവിന്റെ ക്രിസ്തുവിനെ കാണുംമുമ്പേ മരണം കാൺകയില്ലായെന്നു പരിശുദ്ധാത്മാവിനാൽ അവന് അരുളപ്പാടുണ്ടായിരുന്നു" (ലൂക്കൊസ് 2:25,26).

ശിമ്യോൻ ദൈവാലയത്തിൽ പ്രവേശിച്ചപ്പോൾ ഒരു ആദ്യജാതനെ മാതാപിതാക്കൾ പുരോഹിതന്റെ കരങ്ങളിൽ ഏല്പിക്കുന്ന കാഴ്ചയാണു കണ്ടത്.

അവരുടെ വേഷങ്ങൾ ദാരിദ്ര്യത്തെ വിളിച്ചറിയിക്കുന്നതായിരുന്നു. ദൈവ ത്തിനായി സമർപ്പിക്കപ്പെട്ട ഈ ശിശു, യിസ്രായേലിന്റെ ആശ്വാസപ്രദനും താൻ കാൺമാൻ കാത്തിരുന്നവനുമായ ശിശുവാണെന്നു ശിമ്യോനു ശക്ത മായ ബോധ്യം ഉണ്ടായി. ശിമ്യോൻ ആനന്ദതുന്ദിലനായി. പുരോഹിതൻ ശിശുവിനെ മറിയയുടെ കരങ്ങളിൽ തിരിച്ചേല്പിച്ചപ്പോൾ, ശിമ്യോൻ ശിശു വിനെ അമ്മയിൽനിന്നു വാങ്ങി സ്വർഗ്ഗത്തിലേക്കുയർത്തി. ശിമ്യോന്റെ അന്ത രാത്മാവ് ആനന്ദത്താൽ നിറഞ്ഞു. അവൻ ദൈവത്തെ പുകഴ്ത്തി: "ഇപ്പോൾ നാഥാ, തിരുവചനംപോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയയ് ക്കുന്നു. ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും, നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ എന്നു പറഞ്ഞു."

പ്രവചനത്തിന്റെ ആത്മാവ് ഈ ദൈവമനുഷ്യന്റെമേൽ ഉണ്ടായിരുന്നു. തന്റെ വാക്കുകേട്ട് അത്ഭുതം കൂറിനിന്ന യോസേഫിനോടും മറിയയോടും ശിമ്യോൻ പറഞ്ഞു: "അനേക ഹൃദയങ്ങളിലെ വിചാരം വെളിപ്പെടേണ്ടതിന് ഇവനെ യിസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും എഴുന്നേല്പിനും മറുത്തുപറയുന്ന അടയാളത്തിനുമായി വച്ചിരിക്കുന്നു. നിന്റെ സ്വന്ത പ്രാണ നിൽക്കൂടിയും ഒരു വാൾ കടക്കും."

പ്രവാചകിയായ ഹന്നായും ക്രിസ്തുവിനെ സംബന്ധിച്ചുള്ള ശിമ്യോന്റെ പ്രവചനത്തെ ഉറപ്പിച്ചു. ശിമ്യോൻ സംസാരിച്ചപ്പോൾ ദൈവതേജസ്സ് അവ ളുടെ മുഖത്തെ പ്രകാശിപ്പിച്ചു. കർത്താവായ യേശുവിനെ കാൺമാൻ ഭാഗ്യം ലഭിച്ചതിൽ അവൾ സന്തോഷിച്ചു ദൈവത്തിനു സ്തോത്രം പറഞ്ഞു.

നിഷ്കളങ്കരായ ഈ ഭക്തർ പഠിച്ച പ്രവചനം വ്യർത്ഥമായില്ല. എന്നാൽ പ്രവചനം ലഭ്യമായിരുന്നിട്ടും യിസ്രായേലിലെ പുരോഹിതന്മാരും ശ്രേഷ്ഠ ന്മാരും യഹോവയുടെ വഴിയിൽ നടന്നില്ല. ജീവന്റെ വെളിച്ചം അവർ പ്രയോ ജനപ്പെടുത്തിയില്ല.

ഇന്നും ഇതാവർത്തിക്കപ്പെടുന്നു. സ്വർഗ്ഗം വിലകല്പിക്കുന്ന കാര്യങ്ങളെ ഇന്നത്തെ മതനേതാക്കളും മതഭക്തരും വിവേചിച്ച് അറിയുകയോ അവയെ ഗണ്യമാക്കുകയോ ചെയ്യുന്നില്ല. ചരിത്രത്തിലെ ക്രിസ്തുവിനെ അവർ അറി യുന്നു. എന്നാൽ ജീവിക്കുന്ന ക്രിസ്തുവിനോട് അവർ അകലുവാൻ ആഗ്ര ഹിക്കുന്നു. സ്വയത്യാഗത്തിനുവേണ്ടി ആഹ്വാനം ചെയ്യുന്ന ക്രിസ്തുവിനെ, കഷ്ടപ്പെടുന്നവരുടെ ഭാരം ലഘൂകരിക്കുന്ന ക്രിസ്തുവിനെ, നല്ല കാര്യ ങ്ങൾക്കുവേണ്ടി കഷ്ടതയും, പട്ടിണിയും, പരിഹാസവും സഹിക്കുവാൻ വിളിക്കുന്ന ക്രിസ്തുവിനെ, രണ്ടായിരം വർഷങ്ങൾക്കുമുമ്പു സ്വീകരിപ്പാൻ മനുഷ്യർ എപ്രകാരം വൈമനസ്യം കാട്ടിയോ അതുപോലെ ഇന്നും വൈമനസ്യം കാട്ടുന്നു.

ശിമ്യോന്റെ ദൂരവ്യാപകമായ പ്രവചനത്തെക്കുറിച്ചു മറിയ ചിന്തിച്ചു. അവ ളുടെ കരങ്ങളിൽ കിടന്ന ശിശുവിനെ നോക്കി ബെത്ലേഹെമിലെ ആട്ടിടയ

ന്മാർ പറഞ്ഞ കാര്യങ്ങളെ അവൾ ഓർത്തു. മറിയ പ്രത്യാശയും, നന്ദിയും, സന്തോഷവും ഉള്ളവളായിരുന്നു. ശിമ്യോന്റെ വാക്കുകൾ യെശയ്യാവിന്റെ വാക്കുകളെ അനുസ്മരിപ്പിച്ചു. "എന്നാൽ യിശ്ശായിയുടെ കുറ്റിയിൽനിന്ന് ഒരു മുള പൊട്ടിപ്പുറപ്പെടും; അവന്റെ വേരുകളിൽനിന്നുള്ള ഒരു കൊമ്പു ഫലം കായിക്കും. അവന്റെമേൽ യഹോവയുടെ ആത്മാവ് ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്... പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവു തന്നെ... നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയുമായിരിക്കും." "ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെമേൽ പ്രകാശം ശോഭിച്ചു." "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും" (യെശ. 11:1–5; 9:2–6).

എങ്കിലും മറിയയ്ക്കു കർത്താവിന്റെ വരവിന്റെ ഉദ്ദേശ്യം മനസ്സിലായില്ല. ശിമ്യോൻ ക്രിസ്തുവിനെക്കുറിച്ചു പ്രവചിച്ചത് "ജാതികളെ പ്രകാശിപ്പിക്കുന്ന വെളിച്ചവും യിസ്രായേലിന്റെ മഹത്വവു"മെന്നാണ്. "സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷ"മെന്നായിരുന്നു ദൂതന്മാരുടെ പ്രഖ്യാപനം. മശീഹയുടെ വേലയെക്കുറിച്ചു യെഹൂദന്മാർക്കുണ്ടായിരുന്ന ഇടുങ്ങിയ ധാരണ മാറ്റുവാൻ ദൈവം ആഗ്രഹിച്ചു. യിസ്രായേലിന്റെ വിമോചകനായിട്ടല്ല, ലോകരക്ഷിതാവായി ക്രിസ്തുവിനെ എല്ലാവരും ദർശിക്കുവാൻ ദൈവം ആഗ്രഹിച്ചു. എന്നാൽ യേശുക്രിസ്തുവിന്റെ യഥാർത്ഥ ദൗത്യം എന്തെന്നു ഗ്രഹിക്കുവാൻ യേശുവിന്റെ അമ്മയ്ക്കുപോലും ഏറെ വർഷങ്ങൾ വേണ്ടിവന്നു.

ദാവീദിന്റെ സിംഹാസനത്തിൽ മശീഹ വാണരുളുന്നതു കാൺമാൻ മറിയ നോക്കിപ്പാർത്തു. എന്നാൽ അതിനു മുമ്പായി കഷ്ടതയുടെ സ്നാനം മശീഹയ്ക്ക് ഏല്ക്കേണ്ടതുണ്ടെന്ന് അവൾ ഗ്രഹിച്ചിരുന്നില്ല. മശീഹയുടെ ജീവിതം ഒരു പട്ടുമെത്തയല്ലെന്നു ശിമ്യോൻ വെളിപ്പെടുത്തിയിരുന്നു. "ഒരു വാൾ നിന്റെ സ്വന്തപ്രാണനിൽക്കൂടെ കടക്കു"മെന്ന ശിമ്യോന്റെ പ്രസ്താവന, തന്റെ മകനുവേണ്ടി മറിയ അനുഭവിപ്പാൻ പോകുന്ന ഹൃദയവ്യഥയെക്കുറിച്ചുള്ള ദൈവത്തിന്റെ മുന്നറിയിപ്പായിരുന്നു.

ശിമ്യോൻ പറഞ്ഞു: "ഇവനെ യിസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും എഴുന്നേല്പിനും മറുത്തുപറയുന്ന അടയാളത്തിനുമായി വച്ചിരിക്കുന്നു." എഴുന്നേല്ക്കുന്നവൻ വീഴേണ്ടിവരും. ക്രിസ്തുവിൽ നാം ഉയർത്തപ്പെടുന്നതിനു മുമ്പായി നമ്മുടെ സ്വയം ആ നിത്യപാറമേൽ വീണു തകരേണ്ടതായിട്ടുണ്ട്. സ്വയചിന്തയെ നമ്മിൽനിന്നു നിഷ്കാസനം ചെയ്യേണ്ടിയിരിക്കുന്നു. അഹങ്കാരത്തിനു പകരം നാം താഴ്മ ധരിക്കണം. ആത്മീയ രാജ്യത്തിലെ മഹത്വം നമുക്കു സ്വായത്തമാക്കണമെങ്കിൽ നാം അപ്രകാരം ചെയ്തേ മതിയാവൂ. താഴ്മയിൽക്കൂടെ ലഭിക്കുന്ന ബഹുമതി സ്വീകരിപ്പാൻ യെഹൂദന്മാർ ഒരുക്കമായിരുന്നില്ല. അതുകൊണ്ട് അവരുടെ രക്ഷകനെ സ്വീകരിപ്പാൻ അവർ തയ്യാറല്ലായിരുന്നു. "മറുത്തുപറയുന്ന അടയാളമായിരുന്നു" ക്രിസ്തു.

"അനേക ഹൃദയങ്ങളിലെ വിചാരം വെളിപ്പെടേണ്ടതിന്" ക്രിസ്തു വന്നു. രക്ഷകന്റെ ജീവിതത്തിൽ എല്ലാ ഹൃദയങ്ങളും - സ്രഷ്ടാവായ ദൈവത്തിന്റേതു മുതൽ അന്ധകാരപ്രഭുവായ സാത്താന്റേതു വരെ - വെളിപ്പെടുത്തപ്പെട്ടു. സാത്താൻ ദൈവത്തെ തെറ്റായി ചിത്രീകരിച്ചിരുന്നു. സ്വാർത്ഥമതിയും, എല്ലാം തന്റേതെന്ന് അവകാശപ്പെടുകയും മറ്റുള്ളവർക്ക് ഒന്നും നല്കാതിരിക്കുകയും ചെയ്യുന്ന, സ്വയമഹത്വത്തിനുവേണ്ടി സൃഷ്ടികളുടെ ശുശ്രൂഷ ആവശ്യപ്പെടുന്ന, മറ്റുള്ളവർക്കുവേണ്ടി ഒരു ത്യാഗവും ചെയ്യാത്ത ഒരു വ്യക്തിയായി ദൈവത്തെ മറ്റു സൃഷ്ടികളുടെ മുമ്പാകെ സാത്താൻ വരച്ചുകാട്ടി. എന്നാൽ തന്റെ ഏകജാതനെ ലോകത്തിനുവേണ്ടി നല്കിയതിൽക്കൂടെ ദൈവം തന്റെ സ്വഭാവത്തെ വെളിപ്പെടുത്തി. ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തെയും കരുതലിനെയും അതു വെളിവാക്കുന്നു. "ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മയ്ക്കല്ല, നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്" (യിരെ. 29:11). ദൈവത്തിനു പാപത്തോടുള്ള വെറുപ്പു മരണത്തെപ്പോലെ ശക്തിയുള്ളതാണെങ്കിലും, പാപിയോടുള്ള തന്റെ സ്നേഹം മരണത്തെക്കാൾ ബലമുള്ളതാണ്. നമ്മുടെ വീണ്ടെടുപ്പിനായി ഒരുങ്ങിയ ദൈവം തന്റെ വേല പൂർത്തീകരിക്കുന്നതിന് എന്തു ത്യാഗവും ചെയ്വാൻ ഒരുക്കമുള്ളവനായിരുന്നു. നമ്മുടെ രക്ഷയ്ക്കാവശ്യമായ ഒരു സത്യവും ദൈവം മറച്ചുവച്ചിട്ടില്ല. നമ്മുടെ രക്ഷയ്ക്കായി തന്റെ ബലവും ശക്തിയും ദാനം ചെയ്തിരിക്കുന്നു. അവന്റെ കൃപ നമ്മുടെമേൽ അളവില്ലാതെ ചൊരിഞ്ഞിരിക്കുന്നു. സ്വർഗ്ഗത്തിന്റെ അമൂല്യ ഭണ്ഡാരം രക്ഷയിലേക്കു കടന്നുവരുന്നവർക്കായി തുറന്നിരിക്കുന്നു. പ്രപഞ്ചത്തിലെ സകല സമ്പത്തും, അനന്തമായ ശക്തിയും എല്ലാം സ്വർഗ്ഗീയപിതാവ് തന്റെ പുത്രനെ ഏല്പിച്ചിരിക്കുന്നു. ദൈവം പുത്രനോടു പറയുന്നു: "ഇതെല്ലാം മനുഷ്യനുവേണ്ടിയാണ്. ഈ സമ്പത്തുകളെ മനുഷ്യൻ വിനിയോഗിച്ചശേഷം എന്റെ സ്നേഹത്തെക്കാൾ വലുതായ സ്നേഹം സ്വർഗ്ഗത്തിലും ഭൂമിയിലും ഇല്ലായെന്നു പറയുക. എന്നെ സ്നേഹിക്കുന്നതിൽക്കൂടെ യഥാർത്ഥ സന്തോഷം മനുഷ്യനു കണ്ടെത്താം."

കാൽവരിയിൽ, ദിവ്യസ്നേഹവും പിശാചിന്റെ സ്വാർത്ഥതയും അഭിമുഖമായി കണ്ടു. ദൈവവും സാത്താനും തമ്മിലുള്ള പോരാട്ടത്തിന്റെ നിർണ്ണായക നിമിഷമായിരുന്നു അത്. അനുഗ്രഹിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനുംവേണ്ടി ക്രിസ്തു ജീവിച്ചു. ക്രിസ്തുവിനെ മരണത്തിനേല്പിച്ചുകൊണ്ടു സാത്താൻ ദൈവത്തോടുള്ള തന്റെ ഹീനമായ വെറുപ്പു പ്രകടിപ്പിച്ചു. സാത്താന്റെ മത്സരത്തിന്റെ ഉദ്ദേശ്യം ദൈവത്തെ സിംഹാസനഭ്രഷ്ടനാക്കുവാനും ദൈവസ്നേഹം വെളിപ്പെടുത്തിയ ദൈവപുത്രനെ നശിപ്പിക്കുവാനുമായിരുന്നു.

ക്രിസ്തുവിന്റെ ജീവിതവും മരണവും മനുഷ്യന്റെ രഹസ്യനിരൂപണങ്ങളെ വെളിച്ചത്തു കൊണ്ടുവന്നു. പുൽത്തൊട്ടി മുതൽ കാൽവരി വരെയുള്ള ക്രിസ്തുവിന്റെ ഭൗമിക ജീവിതം സ്വയത്യാഗത്തിന്റെയും പങ്കപ്പാടുകളുടെയും മുദ്രപതിഞ്ഞതായിരുന്നു. മനുഷ്യഹൃദയത്തിന്റെ ഉള്ളറകളെ

അതു തുറന്നുകാട്ടി. സ്വർഗ്ഗത്തിലെ സത്യവുമായി ക്രിസ്തു വന്നു. പരിശുദ്ധാത്മാവിന്റെ ശബ്ദത്തിനു ചെവികൊടുത്തവർ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെട്ടു. സ്വയത്തെ സ്നേഹിച്ചവർ സാത്താന്റെ കുടുംബത്തിലെ അംഗങ്ങളായിരുന്നു. ക്രിസ്തുവിനോടുള്ള പ്രതികരണത്തിൽക്കൂടെ തങ്ങൾ ആരുടെ പക്ഷത്താണു നിലകൊള്ളുന്നതെന്നു വ്യക്തമാക്കി. അങ്ങനെ മനുഷ്യർ സ്വയം ന്യായം വിധിക്കുന്നു.

അന്ത്യന്യായവിധിദിവസത്തിൽ ദൈവത്തിൽനിന്ന് അകന്നുപോയ ഓരോരുത്തരും സത്യത്തെ പരിത്യജിച്ചതിന്റെ ഫലം മനസ്സിലാക്കും. പാപത്താൽ അന്ധത പിടിച്ച മനസ്സുകൾ ക്രൂശിന്റെ ശരിയായ അർത്ഥം അന്നു ഗ്രഹിക്കും. കാൽവരിയിലെ കുരിശിൽ യാഗമായിത്തീർന്ന രക്ഷിതാവിനെ കാണുമ്പോൾ ഓരോ പാപിയും തന്റെ കുറ്റത്തിനു വിധിക്കപ്പെട്ടിരിക്കും. മനുഷ്യന്റെ ഒഴികഴിവുകൾക്കൊന്നും നിലനില്ക്കാൻ കഴിയില്ല. മനുഷ്യന്റെ വിശ്വാസത്യാഗം ഏറ്റവും ഹീനമായ രൂപത്തിൽ പ്രത്യക്ഷപ്പെടും. മനുഷ്യന്റെ തെരഞ്ഞെടുപ്പു ശരിയോ തെറ്റോ എന്ന് അന്നു വ്യക്തമാകും. നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തിലെ എല്ലാ പ്രശ്നങ്ങൾക്കും അന്ന് ഉത്തരം കണ്ടെത്തും. പ്രപഞ്ചത്തിന്റെ ന്യായവിധിനാളിൽ, പാപത്തിന്റെ ഉത്ഭവത്തിനും അതിന്റെ വാഴ്ചയ്ക്കും കാരണഭൂതൻ ദൈവമായിരുന്നില്ല എന്നു വ്യക്തമാകും. ദൈവത്തിന്റെ ഭരണകൂടത്തിൽ ഒരു ന്യൂനതയുമില്ലായിരുന്നു. സാത്താന്റെ എതിർപ്പിന് ഒരു കാരണവുമില്ലായിരുന്നു. എല്ലാ ഹൃദയങ്ങളും ഒരുപോലെ തുറക്കപ്പെടുമ്പോൾ വീണ്ടെടുക്കപ്പെട്ടവരും അല്ലാത്തവരും ഒരുമിച്ചു പാടും, “സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ. കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും... നിന്റെ ന്യായവിധികൾ വിളങ്ങിവരുന്നു” (വെളി. 15:3,4).



കിഴക്കുനിന്നു മൂന്നു വിദ്വാന്മാർ

# 6

# ഞങ്ങൾ അവന്റെ നക്ഷത്രം കണ്ടു

അവലംബം: മത്തായി 2

"ഹെരോദാരാജാവിന്റെ കാലത്തു യേശു യെഹൂദ്യയിലെ ബെത്ലേഹെമിൽ ജനിച്ചശേഷം, കിഴക്കുനിന്നു വിദ്വാന്മാർ യെരൂശലേമിൽ എത്തി: യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ട് അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു."

കിഴക്കുനിന്നു വന്ന വിദ്വാന്മാർ തത്വചിന്തകന്മാരായിരുന്നു. കുലീനജാതരിൽപ്പെട്ട, ബൃഹത്തും സ്വാധീനശക്തിയുള്ളതുമായ ഒരു വർഗ്ഗത്തിൽപ്പെട്ടവരായിരുന്നു അവർ. തങ്ങളുടെ രാജ്യത്തിലെ ഉന്നതവിദ്യാഭ്യാസവും സമ്പത്തും ഈ വിദ്വാന്മാർക്കു ലഭിച്ചിരുന്നു. ഇവരുടെ കൂട്ടത്തിൽപ്പെട്ട പലരും സാധാരണക്കാരായ, എന്തും വിശ്വസിക്കുന്ന ആളുകളുടെമേൽ ആധിപത്യം പുലർത്തിയിരുന്നു. എന്നാൽ അവരിൽ ചിലർ സത്യസന്ധരും പ്രകൃതിയിലൂടെ ദൈവത്തിന്റെ പ്രവർത്തനങ്ങളെ പഠിക്കുന്നവരും ആയിരുന്നു.

അവരുടെ സത്യസന്ധതയും ജ്ഞാനവും അവർക്കു ബഹുമാനം നേടി ക്കൊടുത്തു. യേശുവിനെ കാൺമാൻ വന്ന വിദ്വാന്മാർ ഇക്കൂട്ടത്തിൽപ്പെട്ടവ രായിരുന്നു.

വ്യാജമതങ്ങളുടെ അന്ധതമസ്സിലൂടെ സത്യദൈവത്തിന്റെ പ്രകാശം എപ്പോഴും ശോഭ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. ഈ വിദ്വാന്മാർ വാനവീഥി യിലെ താരഗണങ്ങളെക്കുറിച്ചും, അവയുടെ പ്രഭാപൂരിതമായ പാതകളുടെ അത്ഭുതത്തെക്കുറിച്ചും പഠിച്ചുകൊണ്ടിരുന്നപ്പോൾ, സൃഷ്ടികർത്താവിന്റെ തേജസ്സ് അവർ കണ്ടു. കൂടുതൽ വ്യക്തമായ അറിവിനുവേണ്ടി അവർ എബ്രായ തിരുവെഴുത്തുകളിലേക്കു തിരിഞ്ഞു. ഒരു ദിവ്യഗുരുവിന്റെ അവ താരത്തെക്കുറിച്ചുള്ള അമൂല്യപ്രവചനം പഠിച്ചവർ അവരുടെ നാട്ടിലും ഉണ്ടാ യിരുന്നു. ബിലെയാം ഇക്കൂട്ടത്തിൽപ്പെട്ട ആളായിരുന്നു. ഒരിക്കൽ അവൻ സത്യദൈവത്തിന്റെ പ്രവാചകനായിരുന്നു. മശീഹയുടെ പ്രത്യക്ഷതയെ ക്കുറിച്ചും യിസ്രായേലിന്റെ ഐശ്വര്യത്തെക്കുറിച്ചും പരിശുദ്ധാത്മനിയോഗ ത്താൽ ബിലെയാം പ്രവചിച്ചു. നൂറ്റാണ്ടുകളായി ബിലെയാമിന്റെ പ്രവചന ങ്ങൾ പിൻതലമുറകളിലേക്കു കൈമാറിക്കൊണ്ടിരുന്നു. എന്നാൽ പഴയനിയമ ത്തിൽ രക്ഷകന്റെ വരവിനെക്കുറിച്ചു കൂടുതൽ വ്യക്തമായി വെളിപ്പെടുത്തി യിട്ടുണ്ട്. മശീഹയുടെ വരവ് ആസന്നമായിരിക്കുന്നുവെന്ന് അറിഞ്ഞപ്പോൾ വിദ്വാന്മാർ സന്തോഷിച്ചു. കർത്താവിന്റെ തേജസ്സിന്റെ പരിജ്ഞാനത്താൽ മുഴുലോകവും നിറയേണ്ടതാണെന്ന് അവർ ഗ്രഹിച്ചു.

ദൈവതേജസ്സു ബെത്‌ലേഹെമിലെ കുന്നിൻപുറങ്ങളെ പ്രകാശമാക്കിയ അതേ രാത്രിയിൽ, വിദ്വാന്മാർ അത്ഭുതപൂർവ്വമായ ഒരു പ്രകാശം ആകാശ ത്തിൽ കണ്ടു. ആ പ്രകാശം മാഞ്ഞുപോയപ്പോൾ ശോഭയേറിയ ഒരു നക്ഷത്രം ആകാശത്തിൽ പ്രത്യക്ഷമായി. അതവിടെത്തന്നെ നിന്നു. അത് ഒരു നക്ഷത്രമോ ഗ്രഹമോ ആയിരുന്നില്ല. വിദ്വാന്മാർ ഈ കാഴ്ചയിൽ ആകൃ ഷ്ടരായി. നക്ഷത്രംപോലെ കാണപ്പെട്ട ഈ പ്രഭാപൂരം ശോഭയുള്ള ദൂത ന്മാരുടെ ഒരു കൂട്ടമായിരുന്നു. വിദ്വാന്മാർക്ക് അതെന്തെന്നു മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഈ നക്ഷത്രം പ്രാധാന്യം അർഹിക്കുന്ന ഒന്നാണെന്ന് അവർക്കു ബോധ്യമായി. പുരോഹിതന്മാരോടും തത്വജ്ഞാനികളോടും അവർ ഈ പ്രതിഭാസത്തെക്കുറിച്ച് അന്വേഷിച്ചു. പുരാതന ലിഖിതങ്ങളട ങ്ങിയ ചുരുളുകൾ അവർ പരിശോധിച്ചു. ബിലെയാമിന്റെ പ്രവചനം ഇപ്ര കാരമായിരുന്നു: “യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും; യിസ്രായേ ലിൽനിന്ന് ഒരു ചെങ്കോൽ ഉയരും” (സംഖ്യാ. 24:17). ഈ നക്ഷത്രം വാഗ്ദത്തമശീഹയ്ക്കു മുന്നോടിയായി അയച്ചതായിരിക്കുമോ? സ്വർഗ്ഗ ത്തിൽനിന്നു നല്കിയ സത്യത്തിന്റെ പ്രകാശത്തെ വിദ്വാന്മാർ നേരത്തേ തന്നെ സ്വാഗതം ചെയ്തിരുന്നു. ഇപ്പോൾ അതു കൂടുതൽ പ്രകാശത്തോടു കൂടി അവർക്കു നല്കപ്പെട്ടിരിക്കുന്നു. നവജാതനായ രാജകുമാരനെ തേടി പ്പോകുവാൻ അവർക്കു ദർശനത്തിൽക്കൂടെ നിർദ്ദേശങ്ങൾ ലഭിച്ചു.

ദൈവത്തിന്റെ ക്ഷണം ലഭിച്ചപ്പോൾ എവിടേക്കു പോകുന്നുവെന്നറി യാതെ (എബ്രാ. 11:8) വിശ്വസിച്ച് അബ്രാഹാം പോയതുപോലെ, യിസ്രാ യേൽ വിശ്വാസത്താൽ മേഘസ്തംഭത്തെ അനുഗമിച്ചു വാഗ്ദത്തഭൂമിയി

ലേക്കു പോയതുപോലെ, ഈ അന്യജാതിക്കാരായ വിദ്വാന്മാർ വാഗ്ദത്ത മശീഹയെ തേടി പുറപ്പെട്ടു. പൗരസ്ത്യരാജ്യങ്ങൾ സമ്പൽസമൃദ്ധമായിരുന്നു. വിദ്വാന്മാർ വെറുങ്കൈയായി യാത്ര തിരിച്ചില്ല. ഉന്നതസ്ഥാനീയർക്കും രാജകുമാരന്മാർക്കും ബഹുമാനസൂചകമായി സമ്മാനങ്ങൾ നല്കുക അക്കാലത്തു സാധാരണമായിരുന്നു. "ഭൂമിയിലെ വംശങ്ങൾക്ക് അനുഗ്രഹമായി"ത്തീരേണ്ട ശിശുവിനു നല്കാനായി ഏറ്റവും വിലയേറിയ കാഴ്ചവസ്തുക്കളുമായിട്ടാണു വിദ്വാന്മാർ പുറപ്പെട്ടത്. നക്ഷത്രത്തെ അനുഗമിപ്പാൻ രാത്രിയിൽ യാത്രചെയ്യേണ്ടത് ആവശ്യമായിരുന്നു. യാത്രയുടെ വിഷമതകൾ മറക്കേണ്ടതിന് അവർ വാഗ്ദത്തമശീഹയെക്കുറിച്ചുള്ള പ്രവചനവാക്യങ്ങളും പഴമൊഴികളും ആവർത്തിച്ച് ഉരുവിട്ടുകൊണ്ടിരുന്നു. വിശ്രമവേളകളിലെല്ലാം അവർ പ്രവചനം പരിശോധിച്ചുകൊണ്ടിരുന്നു. ദൈവം തങ്ങളെ നയിക്കുന്നുയെന്ന പൂർണ്ണവിശ്വാസം അവർക്കുണ്ടായിരുന്നു. നക്ഷത്രം അവർക്കു ബാഹ്യമായ ഒരടയാളമായിരുന്നപ്പോൾ, പരിശുദ്ധാത്മാവ് ഒരു ആന്തരിക അടയാളമായി അവരോടുകൂടെ ഉണ്ടായിരുന്നു. പരിശുദ്ധാത്മാവ് അവരെ പ്രത്യാശയിൽ വഴിനടത്തി. യാത്ര സുദീർഘമായിരുന്നുവെങ്കിലും അതവർക്ക് ആനന്ദകരമായിരുന്നു.

ഒടുവിൽ അവർ യിസ്രായേലിന്റെ നാട്ടിൽ എത്തിച്ചേർന്നു. ഒലിവുമലയുടെ താഴ്‌വാരങ്ങളിലേക്ക് അവർ ഇറങ്ങിക്കൊണ്ടിരുന്നപ്പോൾ യെരൂശലേം നഗരം അവർക്കു കാണാമായിരുന്നു. ഇതുവരെയും അവരെ നയിച്ച നക്ഷത്രം യെരൂശലേം ദൈവാലയത്തിനു മുകളിൽ അല്പസമയം പ്രകാശം ചൊരിഞ്ഞശേഷം അദൃശ്യമായി. മശീഹയുടെ ജനനവാർത്ത യെരൂശലേമിൽ എല്ലാവരുടെയും നാവിൽ ഒരു സന്തോഷഗാനമായിരിക്കുമെന്ന ഉത്തമബോധ്യത്തോടെ വിദ്വാന്മാർ മുന്നോട്ടുപോയി. എന്നാൽ അവരുടെ അന്വേഷണങ്ങൾ വ്യർഥാവായി. വിശുദ്ധനഗരത്തിൽ പ്രവേശിച്ചശേഷം അവർ ദൈവാലയത്തിലേക്കു ചെന്നു. നവജാതനായ രാജാവിനെക്കുറിച്ച് അറിവുള്ള ആരെയും അവിടെ കാണാഞ്ഞതിൽ അവർ അത്ഭുതപ്പെട്ടു. വിദ്വാന്മാരുടെ ചോദ്യങ്ങൾക്ക് അവിടെയുള്ള ആരിലും സന്തോഷത്തിന്റെ സ്ഫുരണങ്ങൾ ഉണർത്തുവാൻ കഴിഞ്ഞില്ല. നേരേമറിച്ച് അത്ഭുതവും ഭയവും വെറുപ്പുമാണ് അവർക്കു കാണുവാൻ കഴിഞ്ഞത്.

യെഹൂദപുരോഹിതന്മാർ പാരമ്പര്യങ്ങളിൽ മുഴുകിയിരുന്നു. തങ്ങളുടെ മതത്തെയും മതഭക്തിയെയുംകുറിച്ചു യെഹൂദന്മാർ അഹങ്കരിച്ചിരുന്നു. റോമാക്കാരും യവനരും കുറഞ്ഞവരെന്ന്, അധഃസ്ഥിതരെന്നു യെഹൂദന്മാർ കരുതി. വിദ്വാന്മാർ വിഗ്രഹാരാധികൾ ആയിരുന്നില്ല. സത്യദൈവത്തെ ആരാധിക്കുന്നുവെന്ന് അവകാശവാദം മുഴക്കിയവരെക്കാൾ ഈ വിദ്വാന്മാർ ദൈവത്തിന്റെ ദൃഷ്ടിയിൽ നല്ലവരായിരുന്നു. എങ്കിലും യെഹൂദന്മാർ അവരെ ജാതികളായി പരിഗണിച്ചു. വിശുദ്ധരേഖകളിൽ പ്രാവീണ്യം നേടിയിരുന്നവർപോലും വിദ്വാന്മാരുടെ ആത്മാർത്ഥമായ അന്വേഷണങ്ങൾക്കു തൃപ്തികരമായ ഉത്തരം നല്കിയില്ല.

യെരൂശലേമിലെല്ലായിടത്തും വിദ്വാന്മാരുടെ ആഗമനം സംസാരവിഷയമായി. അത്യപൂർവ്വമായ അവരുടെ സന്ദർശനം ജനങ്ങളിൽ ജിജ്ഞാസ ജനി

പ്പിച്ചു. ഹെരോദാവിന്റെ കൊട്ടാരത്തിലും ഈ വാർത്ത എത്തിച്ചേർന്നു. തനിക്ക് ഒരു എതിരാളി ജനിച്ചിരിക്കുന്നുവെന്ന വാർത്ത ദുഷ്ടനായ ഏദോമ്യന് (ഹെരോദാവിന്) അസ്വസ്ഥത ജനിപ്പിച്ചു. സിംഹാസനത്തിലേക്കുള്ള തന്റെ വഴിത്താര രക്തപങ്കിലമായ ഒന്നായിരുന്നു. ഹെരോദാവ് ഒരു യിസ്രായേല്യൻ അല്ലാത്തതിനാൽ യിസ്രായേല്യർ അവനെ വെറുത്തിരുന്നു. റോമിന്റെ സഹായമായിരുന്നു ഹെരോദാവിന്റെ ഏക സുരക്ഷിതത്വം. എന്നാൽ നവജാതരാജകുമാരൻ, യിസ്രായേല്യനായി ജനിച്ചവനാകയാൽ കൂടുതൽ അവകാശമുണ്ടായിരുന്നു.

അന്യരുമായി ഗൂഢാലോചന നടത്തി ഒരു ജനകീയ വിപ്ലവത്തിൽക്കൂടെ തന്നെ സ്ഥാനഭ്രഷ്ടനാക്കുവാൻ പുരോഹിതന്മാർ തയ്യാറെടുക്കുന്നുവെന്നു ഹെരോദാവ് സംശയിച്ചു. എങ്കിലും സംശയങ്ങളെ ഉള്ളിൽ ഒതുക്കി, കൂടുതൽ കൗശലം പ്രയോഗിച്ച് അവരുടെ പരിപാടികളെ തുരങ്കം വയ്ക്കുവാൻ ഹെരോദാവ് തീരുമാനിച്ചു. ഹെരോദാവ് മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും വിളിച്ചുകൂട്ടി മശീഹയുടെ ജനനം എവിടെ നടക്കുമെന്നു തിരുവെഴുത്തുകൾ പറയുന്നുവെന്നു ചോദിച്ചു. അവയെ പരിശോധിക്കുവാൻ അവൻ ആവശ്യപ്പെട്ടു.

രാജസിംഹാസനം അന്യായമായി കയ്യടക്കിയവനും പ്രത്യേകിച്ച് അന്യജാതിക്കാരനുമായ ഹെരോദാവ് തങ്ങളോടു തിരുവെഴുത്തുകളെ ശോധന ചെയ്യുവാൻ ആവശ്യപ്പെട്ടതു യെഹൂദപ്രമാണികളുടെ അഹന്തയെ മുറിപ്പെടുത്തി. വലിയ താൽപര്യമൊന്നും കാട്ടാതെയുള്ള യെഹൂദമതനേതാക്കളുടെ തിരുവചന പരിശോധന അസൂയാലുവായ ഹെരോദാവിൽ ക്രോധം ജനിപ്പിച്ചു. തന്നിൽനിന്ന് അവർ എന്തോ മറയ്ക്കുന്നുവെന്നു ഹെരോദാവിനു തോന്നി. തങ്ങൾ കാത്തിരിക്കുന്ന രാജാവ് എവിടെ ജനിക്കുമെന്നു തിരുവെഴുത്തുകളിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്നു കണ്ടുപിടിക്കുവാൻ യിസ്രായേൽ പുരോഹിതന്മാരോടു ഹെരോദാവ് കല്പിച്ചു. "അവർ അവനോട്: യെഹൂദ്യയിലെ ബെത്ലേഹെമിൽ തന്നെ:

> 'യെഹൂദ്യദേശത്തിലെ ബെത്ലേഹെമേ, നീ
> യെഹൂദ്യപ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല;
> എന്റെ ജനമായ യിസ്രായേലിനെ മേയ്പാനുള്ള
> തലവൻ നിന്നിൽനിന്നു പുറപ്പെട്ടുവരും'

എന്നിങ്ങനെ പ്രവാചകൻ മുഖാന്തരം എഴുതിയിരിക്കുന്നുവെന്നു പറഞ്ഞു."

ഹെരോദാവ് ഒരു രഹസ്യകൂടിക്കാഴ്ചയ്ക്കായി വിദ്വാന്മാരെ ക്ഷണിച്ചു. അയാളിൽ കോപത്തിന്റെയും ഭയത്തിന്റെയും കൊടുങ്കാറ്റു വീശിയടിക്കുന്നുണ്ടായിരുന്നു. എങ്കിലും പുറമേ അവൻ ശാന്തത ഭാവിച്ചു. വിദേശീയരായ വിദ്വാന്മാരെ മാന്യമായി സ്വീകരിച്ച്, നക്ഷത്രം എപ്പോൾ അവർക്കു പ്രത്യക്ഷമായി എന്നു ചോദിച്ചു. ക്രിസ്തുവിന്റെ ജനനത്തിൽ താൻ അതീവ സന്തുഷ്ടനാണെന്ന് അവരോടു പറഞ്ഞു. "നിങ്ങൾ ചെന്നു ശിശുവിനെക്കുറിച്ചു

സൂക്ഷ്മമായി അന്വേഷിപ്പിൻ; കണ്ടെത്തിയാൽ ഞാനും ചെന്ന് അവനെ നമസ്കരിക്കേണ്ടതിന്, വന്ന് എന്നെ അറിയിപ്പിൻ" - ഇപ്രകാരം പറഞ്ഞു ഹെരോദാവ് അവരെ ബെത്‌ലേഹെമിലേക്കുള്ള വഴിക്ക് അയച്ചു.

യെരൂശലേമിലെ പുരോഹിതന്മാരും മൂപ്പന്മാരും ക്രിസ്തുവിനെക്കുറിച്ചു തീരെ അറിവില്ലാത്തവരായിരുന്നില്ല. ആട്ടിടയർക്കു ദൂതന്മാർ പ്രത്യക്ഷരായ വാർത്ത യെരൂശലേമിൽ എത്തിയിരുന്നു. എന്നാൽ അവർ അതിനെ അഗണ്യമാക്കിക്കളഞ്ഞു. അവർക്കു സ്വയമായി യേശുവിനെ കണ്ടെത്തുവാൻ കഴിയുമായിരുന്നു. വിദ്വാന്മാരെ അവർക്കു യേശുവിന്റെ അരികിലേക്കു നയിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ദൂരെനിന്നുള്ള വിദ്വാന്മാർക്കു യേശുവിന്റെ ജനനത്തെക്കുറിച്ച്, യിസ്രായേൽ പുരോഹിതന്മാരെ ഓർമ്മിപ്പിക്കേണ്ടതായി വന്നു. "യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ട് അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു."

യെഹൂദന്മാരുടെ അഹംഭാവവും അസൂയയും അവരെ അന്ധകാരത്തിലാഴ്ത്തി. ആട്ടിടയന്മാരും വിദ്വാന്മാരും കൊണ്ടുവന്ന വാർത്തകൾ സ്വീകരിച്ചാൽ തങ്ങളുടെ അജ്ഞത പുറത്താകയും സ്ഥാനമഹിമ നഷ്ടപ്പെടുകയും ചെയ്യുമെന്നു പുരോഹിതന്മാരും ശാസ്ത്രിമാരും ഭയപ്പെട്ടു. ജാതികളുടെ പക്കൽനിന്ന് അറിവു സമ്പാദിക്കുവാൻ പണ്ഡിതരായ യെഹൂദപ്രമാണികൾക്കു മനസ്സില്ലായിരുന്നു. തങ്ങളെ ഒഴിവാക്കിക്കൊണ്ടു പരിച്ഛേദന ഏല്ക്കാത്ത ജാതികളോടും പാമരരായ ആട്ടിടയരോടും ദൈവം ഒരിക്കലും ഇടപെടുകയില്ലായെന്നു യെഹൂദപ്രമാണികൾ പറഞ്ഞു. യെരൂശലേമിനെയും ഹെരോദാരാജാവിനെയും ഇളക്കിമറിച്ച വാർത്തകളെ അവഗണിക്കുവാൻ അവർ തീരുമാനിച്ചു. ഇക്കാര്യങ്ങൾ വാസ്തവമാണോ എന്നന്വേഷിക്കാൻപോലും അവർക്കു തോന്നിയില്ല. ക്രിസ്തുവിനെക്കുറിച്ച് ഉണ്ടായിരിക്കുന്ന താൽപര്യം ഒരുതരം മതവിഭ്രാന്തിയാണെന്ന് അവർ ജനങ്ങളോടു പറഞ്ഞു. ഇവിടെയാണു ക്രിസ്തുവിനെ നിരാകരിക്കുവാൻ പുരോഹിതന്മാരും റബ്ബിമാരും തുടക്കമിട്ടത്. ഈ ഘട്ടംമുതൽ അവരുടെ അഹങ്കാരവും നിഷേധാത്മകത്വവും ക്രമേണ വളർന്നു. ഒടുവിൽ അവർ ക്രിസ്തുവിന്റെ ബദ്ധശത്രുക്കളായി മാറി. ദൈവം ജാതികൾക്കു രക്ഷയുടെ വാതിൽ തുറന്നുകൊടുത്തപ്പോൾ, യെഹൂദപ്രമാണികൾ തങ്ങൾക്കുതന്നെ വാതിൽ അടയ്ക്കുകയായിരുന്നു.

വിദ്വാന്മാർ യെരൂശലേമിൽനിന്നു തനിയേ യാത്രയായി. നഗരവാതിലുകൾ അവർ പിന്നിട്ടപ്പോൾ അന്ധകാരം വ്യാപിക്കുകയായിരുന്നു. എന്നാൽ വീണ്ടും അതേ നക്ഷത്രം മിന്നിത്തിളങ്ങുന്നത് അവർ കണ്ടു. ആ നക്ഷത്രം അവരെ ബെത്‌ലേഹെമിലേക്കു നയിച്ചു. യേശുവിന്റെ എളിമ നിറഞ്ഞ ചുറ്റുപാടുകളെക്കുറിച്ച് ആട്ടിടയന്മാർക്കു ലഭിച്ചതുപോലെയുള്ള അറിവു വിദ്വാന്മാർക്കു ലഭിച്ചിരുന്നില്ല. ഇത്ര സുദീർഘമായ ഒരു യാത്രയ്ക്കുശേഷം കണ്ടുമുട്ടിയ യെഹൂദപ്രമാണികളുടെ നിസ്സംഗതയും വിദ്വാന്മാരെ നിരാശപ്പെടുത്തി. യെരൂശലേംനഗരം വിട്ടപ്പോൾ, അവിടെ പ്രവേശിച്ചപ്പോൾ ഉണ്ടായിരുന്ന

ആത്മവിശ്വാസം അവർക്കുണ്ടായിരുന്നില്ല. നവജാതനായ രാജാവിനെ പരിരക്ഷിക്കുവാൻ ഒരു രാജകീയസേനയോ മറ്റു സന്നാഹങ്ങളോ അവർ ബെത്‌ലേഹെമിൽ കണ്ടില്ല. പുൽത്തൊട്ടിയിലാണു ശിശു കിടന്നിരുന്നത്. വിദ്യാവിഹീനരും പാവപ്പെട്ടവരുമായ ഗ്രാമീണരായിരുന്നു അവന്റെ രക്ഷാകർത്താക്കൾ. "യാക്കോബിന്റെ ഗോത്രങ്ങളെ എഴുന്നേല്പിക്കേണ്ട"വനും "യിസ്രായേലിൽ സൂക്ഷിക്കപ്പെട്ടവരെ തിരിച്ചുവരുത്തേണ്ട"വനും "രക്ഷ ഭൂമിയുടെ അറ്റത്തോളം എത്തേണ്ടതിനു ജാതികൾക്കു പ്രകാശമായിരിക്കേണ്ട"വനും (യെശ. 49:6) ഇവൻ തന്നെ ആയിരിക്കുമോ?

അവർ "ആ വീട്ടിൽ ചെന്ന്, ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ട്, വീണ് അവനെ നമസ്കരിച്ചു." യേശുവിന്റെ എളിമയുടെ വേഷത്തിനുള്ളിൽ ദിവ്യത്വത്തിന്റെ സാന്നിദ്ധ്യം അവർ തിരിച്ചറിഞ്ഞു. തങ്ങളുടെ രക്ഷകനായി ആ ശിശുവിനെ അവർ കൈക്കൊണ്ടു. തങ്ങളുടെ ഹൃദയങ്ങൾ അവർ അവനു സമർപ്പിച്ചു. പിന്നീടു തങ്ങൾ കൊണ്ടുവന്ന പൊന്ന്, കുന്തുരുക്കം, മൂര് എന്നിവ അവർ കാഴ്ചയായി അർപ്പിച്ചു.

അവരുടെ വിശ്വാസം എത്ര വിലയേറിയതായിരുന്നു! "യിസ്രായേലിൽക്കൂടെ ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല" എന്നു റോമൻ ശതാധിപനെക്കുറിച്ചു പില്ക്കാലത്തു പറഞ്ഞതു കിഴക്കുനിന്നു വന്ന വിദ്വാന്മാർക്കും അന്വർത്ഥമായിരുന്നു.

യേശുവിനെ നശിപ്പിക്കുവാനുള്ള ഹെരോദാവിന്റെ ശുദ്ധമായ ഉദ്ദേശ്യങ്ങളെക്കുറിച്ചു വിദ്വാന്മാർ തികച്ചും അറിവില്ലാത്തവരായിരുന്നു. തങ്ങളുടെ വരവിന്റെ ലക്ഷ്യം നേടിക്കഴിഞ്ഞപ്പോൾ യെരൂശലേമിൽച്ചെന്നു തങ്ങളുടെ വിജയത്തെക്കുറിച്ചു ഹെരോദാവിനെ ധരിപ്പിക്കാമെന്ന് അവർ കരുതി. എന്നാൽ ഒരു ദർശനത്തിൽക്കൂടെ, ഇനി ഹെരോദാവുമായി സമ്പർക്കം പുലർത്തിക്കൂടാ എന്ന ദൈവിക നിർദ്ദേശം അവർക്കു ലഭിച്ചു. വേറൊരു വഴിയായി അവർ തങ്ങളുടെ ദേശത്തേക്കു മടങ്ങിപ്പോയി.

ഇതേ രീതിയിലായിരുന്നു മറിയയെയും ശിശുവിനെയുംകൊണ്ട് ഈജിപ്തിലേക്ക് ഓടിപ്പോകുവാൻ യോസേഫിനു മുന്നറിയിപ്പു ലഭിച്ചത്. "ഞാൻ നിന്നോടു പറയുംവരെ അവിടെ പാർക്കുക. ഹെരോദാവ് ശിശുവിനെ നശിപ്പിക്കേണ്ടതിന് അവനെ അന്വേഷിപ്പാൻ ഭാവിക്കുന്നു" എന്നു ദൂതൻ യോസേഫിനോടു പറഞ്ഞു. രാത്രിയിൽത്തന്നെ, ദൂതന്റെ വാക്കനുസരിച്ചു ജീവരക്ഷയ്ക്കുവേണ്ടി അവർ യാത്രതിരിച്ചു.

വിദ്വാന്മാരിൽക്കൂടെ ദൈവം തന്റെ പുത്രന്റെ ജനനത്തെക്കുറിച്ചു യെഹൂദജനതയെ അറിയിച്ചു. യെരൂശലേമിൽ അവർ നടത്തിയ അന്വേഷണങ്ങളും തൽഫലമായി ജനത്തിനിടയിലുണ്ടായ താൽപര്യവും, ഹെരോദാവിന്റെ അസ്വസ്ഥതയുമെല്ലാം മശീഹയെക്കുറിച്ചുള്ള പ്രവചനങ്ങളിലേക്കും ബെത്‌ലേഹെമിൽ നടന്ന സംഭവത്തിലേക്കും ജനശ്രദ്ധ ആകർഷിക്കുവാൻ പര്യാപ്തമായ കാരണങ്ങളായിരുന്നു.

സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്കുള്ള ദിവ്യപ്രകാശം തടയുവാൻ കുടില നായ സാത്താൻ ദത്തശ്രദ്ധനായിരുന്നു. രക്ഷകനെ നശിപ്പിക്കുവാൻ അവന്റെ സകല കൗശലവും പ്രയോഗിച്ചു. എന്നാൽ ഒരിക്കലും മയങ്ങാത്തവനും ഉറങ്ങാത്തവനുമായ യഹോവ, തന്റെ പ്രിയപുത്രനെ കാവൽ ചെയ്തു കൊണ്ടിരുന്നു. സ്വർഗ്ഗത്തിൽനിന്നു യിസ്രായേലിനു മന്നാ വർഷിപ്പിച്ചുകൊടു ത്തവനും, ക്ഷാമകാലത്ത് ഏലീയാവിനെ പോഷിപ്പിച്ചവനുമായ ദൈവം, മറിയയ്ക്കും ശിശുവായ യേശുവിനും അന്യദേശത്ത് ഒരഭയസ്ഥാനം ഒരുക്കി. അന്യദേശക്കാരായ വിദ്വാന്മാർ നല്കിയ സമ്മാനങ്ങൾ ഈജിപ്തിലേക്കുള്ള യാത്രയ്ക്കും അന്യദേശത്ത് അപരിചിതരായി കഴിഞ്ഞ നാളുകളിലെ ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്തുവാൻ ദൈവം ഇടയാക്കി.

രക്ഷകനെ സ്വാഗതം ചെയ്വാൻ ആദ്യം എത്തിയവരിൽപ്പെട്ടവരായിരുന്നു വിദ്വാന്മാർ. ക്രിസ്തുവിന്റെ പാദങ്ങളിൽ അർപ്പിക്കപ്പെട്ട ആദ്യത്തെ കാഴ്ച വസ്തുക്കൾ വിദ്വാന്മാരുടേതായിരുന്നു. ആ സമർപ്പിക്കപ്പെട്ട കാഴ്ചദ്രവ്യ ങ്ങളിലൂടെ അവർക്കു ലഭിച്ച പദവി എത്ര അഭികാമ്യമായിരുന്നു. സ്നേഹി ക്കുന്ന ഹൃദയത്തിൽനിന്നു പുറപ്പെടുന്ന സ്തോത്രാർപ്പണങ്ങളെ ദൈവം ആദരിക്കുന്നു. ദൈവിക വേലയ്ക്കുവേണ്ടി ആ കാണിക്കകൾ ദൈവം പ്രയോജനപ്പെടുത്തുന്നു. നമ്മുടെ ഹൃദയങ്ങൾ യേശുവിനു നൽകിയാൽ ദൈവവേലയ്ക്കുവേണ്ടി സന്തോഷത്തോടുകൂടി കൊടുപ്പാൻ നാമും മുന്നോ ട്ടിറങ്ങും. നമ്മുടെ പൊന്ന്, വെള്ളി, നമ്മുടെ വിലയേറിയ ഭൗമികവസ്തു ക്കൾ, നമ്മുടെ മാനസികവും ആത്മികവുമായ കഴിവുകൾ എല്ലാംതന്നെ നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി എല്ലാം നല്കിയ രക്ഷകനുവേണ്ടി നാം സന്തോഷത്തോടെ സമർപ്പിക്കും.

വിദ്വാന്മാരുടെ തിരിച്ചുവരവിനായി യെരൂശലേമിൽ ഹെരോദാവ് അക്ഷമ നായി കാത്തിരുന്നു. അവർ വരുവാൻ വൈകിയപ്പോൾ ഹെരോദാവിൽ സംശയ ങ്ങൾ നാമ്പിട്ടു. മശീഹയുടെ ജനനസ്ഥലം കാണിച്ചുകൊടുക്കുവാനുള്ള യെഹൂദയിലെ ഗുരുക്കന്മാരുടെ വൈമുഖ്യം തന്റെ ഗൂഢപദ്ധതികൾ അവർ മനസ്സിലാക്കിയിട്ടായിരിക്കുമെന്നു ഹെരോദാവ് സംശയിച്ചു. വിദ്വാന്മാർ ബോധ പൂർവ്വം തന്നെ ഒഴിവാക്കിയതായിരിക്കുമെന്നു ഹെരോദാവ് കരുതി. ഇമ്മാ തിരി ചിന്തകൾ അവനെ കോപാന്ധനാക്കി. കൗശലങ്ങൾ പരാജയപ്പെട്ട പ്പോൾ ശക്തി പ്രയോഗിക്കാമെന്ന് അവൻ തീരുമാനിച്ചു. യെഹൂദന്മാരെ ഒരു പാഠം പഠിപ്പിക്കുവാൻ ഹെരോദാവ് ഉറച്ചു. രാജാവായി പിറന്ന ശിശുവിനെ താൻ എന്തുചെയ്യുമെന്നു മറ്റുള്ളവരെ അറിയിക്കാൻ ഹെരോദാവ് ആഗ്ര ഹിച്ചു. തന്നെ ധിക്കരിച്ചുകൊണ്ടു വേറൊരു രാജാവിനെ വാഴിക്കാൻ ഒരു മ്പെട്ടാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് എന്തായിരിക്കുമെന്നു യെഹൂദന്മാർ മനസ്സി ലാക്കണമെന്നു ഹെരോദാവ് നിശ്ചയിച്ചു.

രണ്ടു വയസ്സും താഴേയുമുള്ള എല്ലാ ആൺകുട്ടികളെയും കൊന്നുകളയു വാനുള്ള ആജ്ഞയുമായി ഹെരോദാവ് പടയാളികളെ ബെത്ലേഹെമിലേക്ക് അയച്ചു. ദാവീദിന്റെ നഗരത്തിലെ, സമാധാനത്തിൽ കഴിഞ്ഞിരുന്ന ഭവന ങ്ങളിൽ അന്നുണ്ടായ ഭീകരസംഭവങ്ങളെക്കുറിച്ച് അറുനൂറു വർഷം മുമ്പു

തന്നെ പ്രവാചകനു ദൈവം വെളിപ്പെടുത്തിക്കൊടുത്തിരുന്നു. "റാമയിൽ ഒരു ശബ്ദം കേട്ടു, കരച്ചിലും വലിയ നിലവിളിയും തന്നെ; റാഹേൽ മക്കളെച്ചൊല്ലി കരഞ്ഞു; അവർ ഇല്ലായ്കയാൽ ആശ്വാസം കൈക്കൊൾവാൻ മനസ്സില്ലാതിരുന്നു."

ഈ ദുരന്തം യെഹൂദന്മാർ സ്വയമേവ അവരുടെമേൽ വരുത്തിവച്ച തായിരുന്നു. അവർ വിശ്വസ്തതയോടും താഴ്മയോടുംകൂടെ ദൈവമുമ്പാകെ നടന്നിരുന്നുവെങ്കിൽ രാജാവിന്റെ ക്രോധം അവർക്കു ദോഷകരമല്ലാത്ത രീതി യിൽ ദൈവം മാറ്റുമായിരുന്നു. അവരുടെ പാപങ്ങളുടെ ഫലമായി അവർ ദൈവത്തിൽനിന്ന് അകന്നു. അവരുടെ പരിചയായിരുന്ന പരിശുദ്ധാത്മാവിനെ അവർ ത്യജിച്ചു. ദൈവയിഷ്ടത്തിന് അനുരൂപരാകുവാനുള്ള ആഗ്രഹ ത്തോടുകൂടെ അവർ തിരുവചനം പഠിച്ചില്ല. സ്വയംപുകഴ്ചയ്ക്കുവേണ്ടി യത്രേ അവർ പ്രവചനം ശോധന ചെയ്തു പഠിച്ചത്. മറ്റു ജനതകളെ ദൈവം സ്നേഹിക്കുന്നില്ലായെന്ന് അവർ കരുതി. മശീഹയെക്കുറിച്ച് അവർക്കുണ്ടാ യിരുന്ന ധാരണ തെറ്റായിരുന്നു. ശത്രുക്കളെ സംഹരിച്ച്, വിജയഭേരി മുഴക്കി ക്കൊണ്ടു മശീഹ വരുമെന്നു യെഹൂദന്മാർ വിചാരിച്ച്, ഇപ്രകാരം തങ്ങ ളുടെ ഭരണാധികാരികളുടെ വിദ്വേഷം അവർ സമ്പാദിച്ചു. ക്രിസ്തുവിന്റെ ദൗത്യത്തെക്കുറിച്ചു യെഹൂദന്മാർക്കുണ്ടായിരുന്ന അജ്ഞതയെ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ടു ക്രിസ്തുവിനെ നശിപ്പിക്കുവാൻ സാത്താൻ ശ്രമിച്ചു. എന്നാൽ ക്രിസ്തുവിന്റെ നാശത്തിനുവേണ്ടിയുള്ള ശ്രമം യെഹൂദ ന്മാരുടെ നാശത്തിനു കാരണമായിത്തീർന്നു.

ഹെരോദാവിന്റെ ഭരണത്തെ അന്ധകാരാവൃതമാക്കിയ ക്രൂരപ്രവൃത്തി കളിൽ അവസാനത്തേതായിരുന്നു നിരപരാധികളായ ശിശുക്കളുടെ വധം. നിരപരാധികളെ കൊലചെയ്തതിനുശേഷം മറ്റാർക്കും തടയാൻ സാധി ക്കാത്ത അന്ത്യത്തിലേക്കു ഹെരോദാവിനു പതിക്കേണ്ടതായി വന്നു. ഭയാനകമായ ഒരന്ത്യമായിരുന്നു ഹെരോദാവിന്റേത്.

ഈജിപ്തിലായിരുന്ന യോസേഫിനു ദൈവദൂതൻ പ്രത്യക്ഷനായി യിസ്രായേലിലേക്കു മടങ്ങിപ്പോകുവാൻ കല്പിച്ചു. ദാവീദിന്റെ സിംഹാസ നാവകാശി എന്ന നിലയ്ക്കു ബെത്ലേഹെമിൽത്തന്നെ വാസമുറപ്പിക്കാൻ യോസേഫ് ആഗ്രഹിച്ചു. എന്നാൽ യെഹൂദ്യയിൽ അർക്കെലയൊസ് തന്റെ അപ്പനായ ഹെരോദാവിനു പകരം വാഴുന്നു എന്നു കേട്ടതുകൊണ്ടു പിതാ വിന്റെ ആഗ്രഹം സാധിക്കാൻ പുത്രനും ഒരുമ്പെട്ടേക്കുമെന്നു യോസേഫ് ഭയപ്പെട്ടു. ഹെരോദാവിന്റെ മക്കളിൽ അർക്കെലയൊസ് പിതാവിന്റെ സ്വഭാവ ക്കാരനായിരുന്നു. അവൻ ഭരണാധികാരിയായി സ്ഥാനമേറ്റപ്പോൾത്തന്നെ യെരൂശലേമിൽ വലിയ ഒരു കലഹം ഉണ്ടായി. അനേകായിരം യെഹൂദന്മാർ റോമൻ പടയാളികളാൽ കൊല്ലപ്പെട്ടു. വീണ്ടും ഒരു സുരക്ഷിതസ്ഥാന ത്തേക്കു യോസേഫ് പോയി. തന്റെ ആദ്യഭവനം സ്ഥിതിചെയ്തിരുന്ന നസ്രേ ത്തിൽ യോസേഫും കുടുംബവും എത്തിച്ചേർന്നു. ഇവിടെയാണ് ഏതാണ്ടു മുപ്പതു സംവത്സരക്കാലം യേശു വളർന്നത്. "അവൻ നസ്രായൻ എന്നു വിളിക്കപ്പെടും" എന്നു പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തി

യാകുവാൻ ഇടയായി. ഗലീല അർക്കെലയൊസിന്റെ ഭരണത്തിൻകീഴിൽ ആയിരുന്നുവെങ്കിലും യെഹൂദ്യയിലേതിനെക്കാൾ കൂടുതൽ വിദേശികളുടെ സാന്നിദ്ധ്യം ഇവിടെ ഉണ്ടായിരുന്നതിനാൽ യെഹൂദന്മാരെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ഗലീലക്കാർക്കു താൽപര്യം കുറവായിരുന്നു. യേശുവിന്റെ അവകാശവാദങ്ങൾക്കു ഭരണതലങ്ങളിൽ ഇരിക്കുന്നവരിൽ അസൂയ ജനിപ്പിക്കുവാനുള്ള സാദ്ധ്യതകൾ വിരളമായിരുന്നു.

കർത്താവു ഭൂമിയിൽ ആഗതനായപ്പോൾ തനിക്കു ലഭിച്ച സ്വീകരണം ഇപ്രകാരമായിരുന്നു. ശിശുവായിരുന്ന വീണ്ടെടുപ്പുകാരനു വിശ്രമിക്കുവാൻ സുരക്ഷിതമായ ഒരു സ്ഥലവും ഭൂമിയിൽ ഉണ്ടായിരുന്നില്ല. മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി ഭൂമിയിലേക്കു വന്ന ദൈവപുത്രനെ സംരക്ഷിക്കുന്ന ചുമതല മനുഷ്യരെ ഏല്പിക്കുവാൻ ദൈവം തുനിഞ്ഞില്ല. യേശുവിന്റെ ദൗത്യം നിറവേറ്റുന്നതുവരെ, ദൈവം ആ ചുമതല ദൈവദൂതന്മാരെ ഏല്പിച്ചു.

# 7

# ശൈശവത്തിൽ

അവലംബം: ലൂക്കൊസ് 2:39,40

യേശുവിന്റെ ശൈശവകാലവും യൗവനകാലവും ചെലവഴിച്ചത് ഒരു കൊച്ചു മലയോരഗ്രാമത്തിലായിരുന്നു. കർത്താവിന്റെ സാന്നിദ്ധ്യത്താൽ ഏതൊരു പ്രദേശവും അനുഗൃഹീതമായിത്തീരുന്നു. രാജകൊട്ടാരങ്ങൾ പോലും യേശുവിനെ ഒരതിഥിയായി ലഭിക്കുവാനാശിച്ചു. എന്നാൽ ധനികരുടെയും പ്രഭുക്കളുടെയും വിദ്യാസമ്പന്നരുടെയും സ്ഥാനങ്ങൾ വെടിഞ്ഞ്, അവഗണിക്കപ്പെട്ടതും അറിയപ്പെടാത്തതുമായ നസ്രേത്തിലെ ഒരു കൊച്ചു വീടു കർത്താവു തെരഞ്ഞെടുത്തു.

യേശുവിന്റെ ബാല്യകാലത്തെക്കുറിച്ചുള്ള ചെറുവിവരണം വളരെ പ്രാധാന്യം അർഹിക്കുന്നു. "പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടുപോന്നു; ദൈവകൃപയും അവന്റെമേൽ ഉണ്ടായിരുന്നു." ദൈവത്തിന്റെ മുഖപ്രകാശത്തിൽ "യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു" (ലൂക്കൊസ് 2:52). പ്രായത്തിൽ കവിഞ്ഞ ജ്ഞാനവും ചിന്താശക്തിയും

യേശുവിനുണ്ടായിരുന്നു. യേശുവിന്റെ മനസ്സ് ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നതും ചൈതന്യപൂർണ്ണവുമായിരുന്നു. സന്തുലിതമായ ഒരു സൗന്ദര്യം യേശുവിന്റെ സ്വഭാവത്തിനുണ്ടായിരുന്നു. ശാരീരികമായും, ശാരീരിക വളർച്ചയുടെ നിയമമനുസരിച്ചു യേശു മാനസികമായും വളർന്നുകൊണ്ടിരുന്നു.

ചെറുപ്പം മുതലേ യേശുവിന്റെ സ്വഭാവം ആകർഷണീയമായിരുന്നു. എല്ലാവരോടും കർത്താവു സ്നേഹം പ്രകടിപ്പിച്ചു. മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ യേശുവിന്റെ കരങ്ങൾ എപ്പോഴും ഒരുക്കമായിരുന്നു. അത്ഭുതാവഹമായ ക്ഷമാശീലം യേശുവിനുണ്ടായിരുന്നു. സത്യസന്ധതയെ ബലികഴിക്കാത്ത സ്വഭാവദൃഢത അവൻ ചെറുപ്പത്തിലേ പ്രകടമാക്കിയി രുന്നു. പാറപോലെ ഉറച്ചതായിരുന്നു തത്വങ്ങളോടുള്ള യേശുവിന്റെ നിലപാട്. നിസ്വാർത്ഥമായ ഔദാര്യമനഃസ്ഥിതിയും വിനയശീലവും യേശുവിൽ വിളങ്ങി.

തന്റെ സ്വഭാവത്തിലുണ്ടായിരുന്ന പൂർണ്ണതയും സ്വതസ്സിദ്ധമായ കഴിവുകളുടെ വികാസവും വളരെ താൽപര്യത്തോടുകൂടി യേശുവിന്റെ അമ്മ വീക്ഷിച്ചുകൊണ്ടിരുന്നു. ബുദ്ധികൂർമ്മതയും അനിതരസാധാരണമായ ഗ്രഹണശക്തിയുമുണ്ടായിരുന്ന യേശുവിനെ പ്രോത്സാഹിപ്പിക്കുവാൻ അവന്റെ അമ്മയ്ക്ക് അതിരറ്റ സന്തോഷമുണ്ടായിരുന്നു. സ്വർഗ്ഗസ്ഥനായ ദൈവമാണു തന്റെ പിതാവ് എന്ന് അവകാശപ്പെടാൻ കഴിയുന്ന ഈ ശിശുവിന്റെ വളർച്ചയിൽ സ്വർഗ്ഗീയ ശക്തികളുമായി സഹകരിക്കുവാൻ ആ അമ്മയ്ക്കു പരിശുദ്ധാത്മാവു ജ്ഞാനം പകർന്നുകൊടുത്തു.

യുവജനങ്ങളുടെ വിദ്യാഭ്യാസത്തിനു യിസ്രായേലിലെ വിശ്വസ്തരായ ആളുകൾ പുരാതനകാലംമുതൽതന്നെ വളരെ പ്രാധാന്യം കല്പിച്ചിരുന്നു. ശൈശവകാലംതൊട്ട്, കുട്ടികളെ ദൈവകല്പനയിലും യിസ്രായേലിന്റെ ചരിത്രത്തിലും ദൈവം വെളിപ്പെടുത്തിയിട്ടുള്ള ദൈവത്തിന്റെ നന്മയും മഹിമയും അഭ്യസിപ്പിക്കണമെന്നു മാതാപിതാക്കൾക്കു നിർദ്ദേശം നല്കിയിരുന്നു. വികസിതമായിക്കൊണ്ടിരിക്കുന്ന മനസ്സിനു യോജിച്ച രീതിയിൽ പാട്ടുകളും പ്രാർത്ഥനകളും തിരുവെഴുത്തുകളും നല്കേണ്ടതാണ്. ദൈവത്തിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുന്ന ഒന്നാണു ദൈവകല്പന എന്നു മാതാപിതാക്കൾ കുഞ്ഞുങ്ങളെ പഠിപ്പിക്കേണ്ടതാണെന്നു ദൈവം കല്പിച്ചിരുന്നു. ദൈവകല്പനയുടെ തത്വങ്ങളെ ഹൃദയങ്ങളിൽ പകർത്തുമ്പോൾ ദൈവസാദൃശ്യം മനസ്സിലും ആത്മാവിലും പതിയുമായിരുന്നു. അക്കാലത്തു വാമൊഴിമൂലമായിരുന്നു പഠനം നല്കിയിരുന്നത്. എബ്രായഭാഷ വായിക്കുവാനും യുവാക്കൾ അഭ്യസിച്ചിരുന്നു. പഴയനിയമത്തിന്റെ ചുരുളുകൾ അവരുടെ പഠനത്തിനായി നല്കപ്പെട്ടിരുന്നു.

ക്രിസ്തുവിന്റെ കാലത്തു കുട്ടികൾക്കു മതപഠനം നല്കാത്ത പ്രദേശം ശപിക്കപ്പെട്ടത് എന്നു കരുതപ്പെട്ടിരുന്നു. എങ്കിലും മതപഠനം ക്രമേണ ഔപചാരികമായിത്തീർന്നു. പാരമ്പര്യത്തിനു തിരുവെഴുത്തുകളെക്കാൾ കൂടുതൽ പ്രാമുഖ്യം യെഹൂദന്മാർ നല്കി. യഥാർത്ഥ വിദ്യാഭ്യാസം യുവാക്കളെ ദൈവത്തെ "കണ്ടെത്തുവാനും" "അന്വേഷിപ്പാനും" പ്രാപ്തരാക്കിത്തീർക്കുന്നു (അപ്പൊ. 17:27). എന്നാൽ യെഹൂദഗുരുക്കന്മാർ കർമ്മാചാര

ങ്ങൾക്കു മുഖ്യസ്ഥാനം നല്കി. പ്രയോജനമില്ലാത്ത കാര്യങ്ങളെക്കൊണ്ടു വിദ്യാർത്ഥികളുടെ മനസ്സു നിറച്ചു. ഇപ്രകാരമുള്ള പഠനം സ്വർഗ്ഗത്തിലെ ഉന്നതവിദ്യാലയത്തിൽ അംഗീകരിക്കപ്പെട്ടതല്ലായിരുന്നു. ദൈവവചനത്തെ വ്യക്തിപരമായി സ്വീകരിക്കുമ്പോഴുണ്ടാകുന്ന അനുഭവത്തിനു യെഹൂദപാഠ്യ പദ്ധതിയിൽ സ്ഥാനമില്ലായിരുന്നു. ബാഹ്യമായ കാര്യങ്ങളിൽ മനസ്സു മുഴു കിയിരുന്നപ്പോൾ, വിദ്യാർത്ഥികൾക്കു ദൈവത്തിൽനിന്ന് അറിവു നേടുവാ നുള്ള ശാന്തമായ സന്ദർഭങ്ങൾക്കു സമയം കണ്ടെത്തുവാൻ കഴിഞ്ഞില്ല. അറിവിനുവേണ്ടിയുള്ള തെരച്ചിലിനിടയിൽ യഥാർത്ഥ ജ്ഞാനത്തിന്റെ ഉറവിടത്തിൽനിന്ന് അവർ പിന്തിരിഞ്ഞുപോയി. ദൈവത്തെ സേവിക്കുന്ന തിനുവേണ്ട അപരിത്യാജ്യമായ കാര്യങ്ങളെ അവർ തിരസ്കരിച്ചുകളഞ്ഞു. ദൈവകല്പനയുടെ തത്വങ്ങൾ അവർക്കു മറവായിരുന്നു. ശ്രേഷ്ഠമായ വിദ്യാഭ്യാസമെന്നു കരുതിയിരുന്നതു യഥാർത്ഥ വികസനത്തിനു വിലങ്ങു തടിയായിത്തീർന്നു. റബ്ബിമാരുടെ പരിശീലനം യുവാക്കളുടെ സ്വതസ്സിദ്ധ മായ കഴിവുകളെ അടിച്ചമർത്തുന്നതിനു കാരണമായി. വിദ്യാർത്ഥികളുടെ മനസ്സ് ഇടുങ്ങിയതും വികസിക്കാൻ കഴിവില്ലാത്തതുമായിത്തീർന്നു.

ശിശുവായ യേശുവിന്റെ വിദ്യാഭ്യാസം നടന്നതു ദൈവാലയത്തിൽ ഉണ്ടാ യിരുന്ന പള്ളിക്കൂടത്തിൽനിന്നുമായിരുന്നില്ല. യേശുവിന്റെ അമ്മയായിരുന്നു അവന്റെ ഒന്നാമത്തെ അദ്ധ്യാപിക. അവളുടെ അധരങ്ങളിൽനിന്നും പ്രവാ ചകന്മാരുടെ എഴുത്തുകളിൽനിന്നും സ്വർഗ്ഗീയകാര്യങ്ങളെക്കുറിച്ചു യേശു പഠിച്ചു. മോശെയോടു താൻ കല്പിച്ച അതേ വാക്കുകൾ അമ്മയുടെ അരികിൽ ഇരുന്നു യേശു പഠിച്ചു. ശൈശവത്തിൽനിന്നു യുവത്വത്തിലേക്കു കടന്നപ്പോൾ യേശു റബ്ബിമാരുടെ പള്ളിക്കൂടങ്ങളെ അന്വേഷിച്ചുപോയില്ല. അപ്രകാരമുള്ള സ്ഥാനങ്ങളിൽനിന്നു യേശുവിനു പരിശീലനം ആവശ്യ മായിരുന്നില്ല. കാരണം ദൈവമായിരുന്നു യേശുവിന്റെ അദ്ധ്യാപകൻ.

"വിദ്യാഭ്യാസം ചെയ്യാത്ത ഇവൻ ശാസ്ത്രം അറിയുന്നത് എങ്ങനെ" (യോഹ. 7:15) എന്നു ക്രിസ്തുവിനെക്കുറിച്ചു ചോദിച്ചിരുന്നതുകൊണ്ട്, യേശു വിനു വായിക്കാനറിവില്ലായിരുന്നുവെന്നു കരുതരുത്. റബ്ബിമാരുടെ അടു ക്കൽനിന്നു യേശു വിദ്യ അഭ്യസിച്ചിരുന്നില്ല എന്നേ അർത്ഥമാക്കേണ്ട തുള്ളു. നമ്മെപ്പോലെയാണു യേശുക്രിസ്തുവും അറിവു സമ്പാദിച്ചത്. തിരു വെഴുത്തുകളെക്കുറിച്ചുള്ള തന്റെ അറിവു തെളിയിക്കുന്നത്, എന്തുമാത്രം ശ്രദ്ധയോടെ തന്റെ ബാല്യകാലത്തു തിരുവചനം പഠിച്ചിരുന്നുവെന്നാണ്. ദൈവത്തിന്റെ സൃഷ്ടിയായ പ്രകൃതി എന്ന വലിയ ഗ്രന്ഥം ശ്രദ്ധയോടെ യേശു തന്റെ പഠനവിഷയമാക്കി. എല്ലാറ്റിന്റെയും സ്രഷ്ടാവായ ക്രിസ്തു, തന്റെ കരങ്ങളാൽ ഭൂമിയിലും സമുദ്രത്തിലും ആകാശത്തിലും ആലേഖനം ചെയ്തിട്ടുള്ള പാഠങ്ങൾ മനുഷ്യനെന്ന നിലയിൽ പഠിച്ചു. ലോകത്തിന്റെ പാപവഴികളെ വിട്ടുമാറിയിട്ടു പ്രകൃതിയിലെ അനവധി ശാസ്ത്രീയ വിജ്ഞാനം യേശു കരസ്ഥമാക്കി. മനുഷ്യന്റെയും മൃഗത്തിന്റെയും സസ്യ ത്തിന്റെയും ജീവിതം യേശു പഠിച്ചു. ബാല്യകാലംമുതൽ തന്റെ ജീവിത ത്തിനൊരു ലക്ഷ്യമുണ്ടായിരുന്നു. മറ്റുള്ളവർക്ക് ഒരനുഗ്രഹമായിത്തീരാൻ യേശു ജീവിച്ചു. പ്രകൃതിയിൽനിന്ന് ഇതിന് ഉപോൽബലകമായി പല കാര്യ

ങ്ങളും കണ്ടെത്തി. സസ്യലോകത്തിൽനിന്നും ജന്തുലോകത്തിൽനിന്നും യേശു പാഠങ്ങൾ പഠിച്ചപ്പോൾ പുതിയ ആശയങ്ങൾ തന്റെ മനസ്സിലേക്കു കടന്നുവന്നു. ദൈവത്തിന്റെ ജീവനുള്ള വചനങ്ങളെ വിശദമാക്കുവാൻ ഉപമകളും ഉദാഹരണങ്ങളും കണ്ടെത്തുന്നതിനായി ചുറ്റുപാടും കാണുന്ന കാര്യങ്ങളെ സൂക്ഷ്മമായി യേശു നിരീക്ഷിച്ചിരുന്നു. തന്റെ പരസ്യശുശ്രൂഷയിൽ സത്യം പഠിപ്പിക്കുവാനായി ക്രിസ്തു ഉപയോഗിച്ചിരുന്ന ഉപമകൾ നമ്മെ മനസ്സിലാക്കുന്നത്, പ്രകൃതിയുടെ സ്വാധീനശക്തിക്കു തന്റെ മനസ്സ് എപ്രകാരം തുറന്നിരുന്നുവെന്നും തന്റെ ദൈനംദിന ജീവിതാനുഭവങ്ങളിൽനിന്ന് ആത്മീയ പാഠങ്ങൾ എപ്രകാരം ശേഖരിച്ചു എന്നുമത്രേ.

കാര്യങ്ങളെ വിവേചിച്ചറിയുവാനായി യേശു പരിശ്രമിച്ചപ്പോൾ തനിക്കു ദൈവവചനത്തെക്കുറിച്ചും ദൈവസൃഷ്ടിയെക്കുറിച്ചും ഗ്രഹിക്കുവാൻ കഴിഞ്ഞു. സ്വർഗ്ഗീയദൂതന്മാർ തന്റെ ശുശ്രൂഷകരും, വിശുദ്ധചിന്തകളും വിശുദ്ധസമ്പർക്കവും തന്റെ സ്വന്തവുമായിത്തീർന്നു. ബുദ്ധിയുടെ ആദ്യത്തെ ഉദയംമുതൽ സത്യത്തിന്റെ പരിജ്ഞാനത്തിലും ആത്മീയ കൃപയിലും ക്രിസ്തു അനുദിനം വളർന്നുകൊണ്ടിരുന്നു.

യേശുവിനു ലഭിച്ചതുപോലെ ഓരോ ശിശുവിനും അറിവു സമ്പാദിക്കാവുന്നതാണ്. തിരുവചനപഠനത്തിലൂടെ നാം സ്വർഗ്ഗീയപിതാവുമായി പരിചയപ്പെടാൻ ശ്രമിക്കുമ്പോൾ ദൂതന്മാർ നമ്മുടെ അരികെ എത്തുകയും, നമ്മുടെ മനസ്സുകൾ ബലം പ്രാപിക്കുകയും, നമ്മുടെ സ്വഭാവങ്ങൾ ശുദ്ധീകരിക്കപ്പെടുകയും, ശ്രേഷ്ഠമായിത്തീരുകയും ചെയ്യും. നാം അപ്പോൾ രക്ഷകനെപ്പോലെ ആയിത്തീരും. പ്രകൃതിയിലെ സൗന്ദര്യം നാം ദർശിക്കുമ്പോൾ നമ്മുടെ താൽപര്യങ്ങൾ സ്വർഗ്ഗീയകാര്യങ്ങളിലേക്കു തിരിയും. ദൈവസൃഷ്ടിയിലൂടെ ദൈവവുമായി നാം സമ്പർക്കം പുലർത്തുമ്പോൾ നമ്മുടെ ആത്മാവു ഭയഭക്തിയുള്ളതായിത്തീരുകയും നമ്മുടെ മനസ്സു ചൈതന്യമാർജ്ജിക്കുകയും ചെയ്യും. പ്രാർത്ഥനയിൽക്കൂടിയുള്ള ദൈവസംസർഗ്ഗം മാനസികവും സാന്മാർഗ്ഗികവുമായ കഴിവുകളെ വികസിപ്പിക്കുകയും ആത്മീയമായി നാം ബലം പ്രാപിക്കുകയും ചെയ്യും.

യേശുവിന്റെ ജീവിതം ദൈവവുമായി നിരന്തരസമ്പർക്കത്തിലായിരുന്നു. ഒരു ശിശുവായിരുന്നപ്പോൾ യേശു ഒരു ശിശുവിനെപ്പോലെ ചിന്തിക്കുകയും സംസാരിക്കുകയും ചെയ്തു. എന്നാൽ തന്നിലുള്ള ദൈവികത്വത്തിനു മങ്ങലേല്പിക്കത്തക്ക ഒരു കുറവും തന്നിലില്ലായിരുന്നു. എങ്കിലും പരീക്ഷകളിൽനിന്നു യേശു ഒഴിവാക്കപ്പെട്ടിരുന്നില്ല. "നസ്രേത്തിൽനിന്നു വല്ല നന്മയും വരുമോ" (യോഹ. 1:46) എന്ന നഥനയേലിന്റെ ചോദ്യം നസ്രേത്തുകാരെ എത്ര മോശക്കാരായിട്ടാണു കരുതിയിരുന്നതെന്നു തെളിയിക്കുന്നു. തന്റെ സ്വഭാവം പരീക്ഷിക്കപ്പെടുന്ന ഒരു സ്ഥലത്തായിരുന്നു യേശു ജീവിച്ചത്. തന്റെ പരിശുദ്ധി കാത്തുസൂക്ഷിപ്പാൻ എപ്പോഴും ജാഗ്രതയുള്ളവനായിരിക്കേണ്ടതിന്റെ ആവശ്യകത യേശുവിനുണ്ടായിരുന്നു. നാം അഭിമുഖീകരിക്കുന്ന എല്ലാ പോരാട്ടങ്ങളെയും യേശുവിനും അഭിമുഖീകരിക്കേണ്ടതായി വന്നു. ശൈശവത്തിലും യുവത്വത്തിലും പുരുഷത്വം പ്രാപിച്ച

പ്പോഴും നമുക്കു മാതൃകയായിരിക്കേണ്ടതിനു നമുക്കു തുല്യമായി അവൻ പരീക്ഷിക്കപ്പെട്ടു.

നസ്രേത്തിലെ ശിശുവിനെ കീഴ്പ്പെടുത്തുവാനായി സാത്താൻ അക്ഷീണ പരിശ്രമം ചെയ്തുകൊണ്ടിരുന്നു. സ്വർഗ്ഗീയദൂതന്മാരാൽ ശൈശവകാലം മുതൽ യേശു പരിരക്ഷിക്കപ്പെട്ടുവെങ്കിലും അന്ധകാരശക്തികളുമായുള്ള ഒരു നീണ്ട പോരാട്ടമായിരുന്നു കർത്താവിന്റെ ജീവിതം. പാപത്തിന്റെ മ്ലേച്ഛത യിൽനിന്ന് ഒരൊറ്റ ജീവിതമെങ്കിലും ഈ ഭൂമുഖത്തു സ്വതന്ത്രമായിരുന്നെ ങ്കിൽ അന്ധകാരപ്രഭുവിന് അത് ഒരു ഇടർച്ചയും അസ്വാസ്ഥ്യം ഉളവാക്കു ന്നതുമായിരുന്നു. യേശുവിനെ കുരുക്കിലാക്കുവാൻ എല്ലാ തന്ത്രങ്ങളും സാത്താൻ പ്രയോഗിച്ചു. ഇത്രമാത്രം പരീക്ഷകളുടെ നടുവിൽ ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ യേശുവിനെപ്പോലെ വിളിക്കപ്പെട്ട ഒരു മനുഷ്യനും ഉണ്ടാകയില്ല.

യേശുവിന്റെ മാതാപിതാക്കൾ സാധുക്കളും ദിനന്തോറുമുള്ള വേല യിൽനിന്നു കിട്ടുന്ന ആദായംകൊണ്ട് ഉപജീവനം കഴിക്കുന്നവരുമായിരുന്നു. ദാരിദ്ര്യവും, ഇല്ലായ്മയും തനിക്കു പരിചിതമായിരുന്നു. ഈ അവസ്ഥ ഒരു വിധത്തിൽ യേശുവിനു സുരക്ഷിതത്വം നൽകി. തിരക്കുപിടിച്ച തന്റെ ജീവിത ത്തിൽ പരീക്ഷയെ ക്ഷണിച്ചുവരുത്തുന്ന അലസനിമിഷങ്ങൾ തനിക്കില്ലാ യിരുന്നു. ജീവിതത്തെ മലിനപ്പെടുത്തുന്ന കൂട്ടുകെട്ടിനു തനിക്കു നേര മില്ലായിരുന്നു. കഴിവതും പരീക്ഷകന് അവൻ വാതിൽ അടച്ചിരുന്നു. തെറ്റായ ഒരു പ്രവൃത്തി ചെയ്യുന്നതിനു ലാഭചിന്തയോ, ആനന്ദമോ, പ്രോത്സാഹനമോ, കുറ്റപ്പെടുത്തലോ പ്രേരകമായിത്തീരാൻ യേശു അനുവദിച്ചില്ല. തിന്മയെ വിവേചിച്ചറിയുവാനുള്ള ജ്ഞാനവും അതിനോടെതിർക്കാനുള്ള ധാർമ്മിക കരുത്തും യേശു ആർജ്ജിച്ചു.

ഭൂമിയിൽ ജീവിച്ചിരുന്നു പാപത്തിനടിമപ്പെടാത്ത ഏക വ്യക്തി ക്രിസ്തു മാത്രമായിരുന്നു. മുപ്പതു സംവത്സരം നസ്രേത്തിലെ തിന്മ നിറഞ്ഞ ആളു കളുടെ ഇടയിൽ യേശു പാർത്തു. കളങ്കരഹിതമായ ഒരു ജീവിതം നയി ക്കുന്നതു ധനത്തെയും സ്ഥലത്തെയും ഒക്കെ ആശ്രയിച്ചാണ് എന്നു വാദി ക്കുന്നവർക്ക് ഒരു നല്ല തിരിച്ചടിയായിരുന്നു യേശുവിന്റെ ജീവിതം. ജീവിത വിശുദ്ധിയും സുസ്ഥിരതയും വികസിപ്പിച്ചെടുക്കുന്നതിന് അത്യന്താപേക്ഷിത മായ ശിക്ഷണമാണു പരീക്ഷയും ദാരിദ്ര്യവും ജീവിതത്തിലെ ദൗർലഭ്യ ങ്ങളും നല്കുന്നത്.

യേശു ഒരു സാധു ഗ്രാമീണകുടുംബത്തിൽ ജീവിച്ചു. കുടുംബഭാരം വഹി ക്കുന്നതിൽ മാതാപിതാക്കളെ താൻ വളരെ സഹായിച്ചു. സ്വർഗ്ഗീയസേന യുടെ അധിപനായിരുന്ന ക്രിസ്തുവിന്റെ ആജ്ഞ അനുസരിപ്പാൻ ദൂതന്മാർ എപ്പോഴും ഒരുക്കമായിരുന്നു. എന്നാൽ ആ അധികാരമെല്ലാം വെടിഞ്ഞ് ഒരു സാധാരണ മനുഷ്യനായി യേശു ഈ ഭൂമിയിൽ ജീവിച്ചു. മനസ്സൊരുക്ക മുള്ള ഒരു ദാസനായി, അനുസരണയുള്ള ഒരു മകനായി അവൻ ജീവിച്ചു. യേശു ഒരു തൊഴിൽ അഭ്യസിച്ചു. യേശു യോസേഫിനോടുകൂടെ ആശാരി

പ്പണി ചെയ്തു ജീവിച്ചു. സാധാരണക്കാരനായ ഒരു തൊഴിലാളിയെപ്പോലെ ആ ചെറുപട്ടണത്തിലെ തെരുവീഥികളിലൂടെ തന്റെ എളിയ ജോലിസ്ഥല ത്തേക്കു യേശു പോവുകയും വരികയും ചെയ്തിരുന്നു. തന്റെ ഭാരങ്ങൾ ലഘൂകരിക്കാനും വേലയുടെ കാഠിന്യം കുറയ്ക്കാനും തന്റെ ദിവ്യശക്തിയെ ഒരിക്കലും യേശു ഉപയോഗിച്ചില്ല.

ശൈശവദശയിലും യൗവനകാലത്തും യേശു വേലചെയ്തു. യേശുവിന്റെ ശരീരവും മനസ്സും ഒരുപോലെ വളർന്നുകൊണ്ടിരുന്നു. അവൻ ഒരിക്കലും തന്റെ കായികശക്തിയെ ദുർവ്വിനിയോഗം ചെയ്തില്ല. തന്റെ പ്രവർത്തന രംഗത്തു കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുവേണ്ടി ആരോഗ്യത്തെ നല്ല രീതിയിൽ അവൻ കാത്തുസൂക്ഷിച്ചു. ഉപകരണങ്ങൾ കൈകാര്യം ചെയ്ത പ്പോൾ സൂക്ഷ്മതയോടെ അവയെ ഉപയോഗിച്ചു. ഒരു തൊഴിലാളി എന്ന നിലയിൽ തന്റെ വേലയിൽ യേശു പൂർണ്ണതയുള്ളവനായിരുന്നു. സ്വഭാവ ത്തിലും അവൻ പൂർണ്ണതയുള്ളവനായിരുന്നു. വേല മാന്യതയുള്ളതാ ണെന്നും, അതു കൃത്യവിലോപം കൂടാതെയും പൂർണ്ണതയോടുകൂടിയും ചെയ്യണമെന്നും നാം കർമ്മോന്മുഖരായിരിക്കണമെന്നും മാതൃക കാട്ടി ക്കൊണ്ടു കർത്താവു നമ്മെ പഠിപ്പിച്ചു. നമ്മുടെ കരങ്ങൾക്കു പ്രയോജനമുള്ള കാര്യങ്ങൾ ചെയ്യാൻ ശക്തി നൽകുന്ന വ്യായാമത്തിന്റെ ആവശ്യകതയെയും യേശു പഠിപ്പിച്ചു. വ്യായാമം ശരീരാവയവങ്ങളെ വികസിപ്പിക്കുകയും ജീവിത ഭാരങ്ങൾ വഹിപ്പാൻ ഒരുവനെ ഒരുക്കുകയും കായികശക്തി പ്രദാനം ചെയ്യു കയും ചെയ്യുന്നു. തങ്ങൾക്കും മറ്റുള്ളവർക്കും പ്രയോജനം ചെയ്യുന്ന എന്തെ ങ്കിലും കായികപ്രവർത്തനങ്ങളിൽ എല്ലാവരും ഏർപ്പെടേണ്ടതാണ്. മനുഷ്യന് ഒരു അനുഗ്രഹമായിട്ടാണ് ദൈവം വേല നല്കിയത്. ഊർജ്ജ സ്വലനായ ഒരു വേലക്കാരൻ ജീവിതത്തിന്റെ മഹത്വവും സന്തോഷവും കണ്ടെത്തുന്നു. മാതാപിതാക്കളുടെ ജീവിതഭാരങ്ങൾ വഹിക്കുവാൻ മനസ്സു കാണിക്കുകയും, വീട്ടിലെ തങ്ങളുടെ ചുമതലകൾ വിശ്വസ്തതയോടെ നിർവ്വഹിക്കുകയും ചെയ്യുന്ന പുത്രീപുത്രന്മാരുടെമേൽ ദൈവം അനു ഗ്രഹങ്ങൾ വർഷിക്കും. അങ്ങനെയുള്ള മക്കൾ സമൂഹത്തിലെ ശ്രേഷ്ഠന്മാ രായിത്തീരുന്നു.

തന്റെ ഭൗമിക ജീവിതത്തിലുടനീളം യേശുക്രിസ്തു ഉത്സാഹവും സ്ഥിരതയുമുള്ള ഒരു വേലക്കാരനായിരുന്നു. കൂടുതൽ കാര്യങ്ങൾ താൻ പ്രതീക്ഷിച്ചു. അതുകൊണ്ടു കൂടുതൽ പ്രവർത്തിക്കുകയും ചെയ്തു. തന്റെ പരസ്യശുശ്രൂഷയിൽ പ്രവേശിച്ചശേഷം യേശു ഇപ്രകാരം പറഞ്ഞു: "എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളിടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു" (യോഹ. 9:4). തന്റെ ശിഷ്യ ന്മാരെന്ന് അവകാശപ്പെടുന്ന പലരും ചെയ്യുന്നതുപോലെ യേശു തന്റെ ചുമ തലയിൽനിന്നോ മറ്റുള്ളവരോടുള്ള കടമ നിർവ്വഹിക്കുന്നതിൽനിന്നോ വ്യതി ചലിച്ചില്ല. ശിക്ഷണത്തിൽനിന്ന് ഒഴിഞ്ഞുമാറുവാൻ ശ്രമിക്കുന്നതുകൊണ്ടു പലരും ബലഹീനരും പ്രാപ്തിയില്ലാത്തവരുമായിത്തീരുന്നു. അവർക്കു സമ്പന്നവും ആകർഷകവുമായ സ്വഭാവസവിശേഷതകൾ ഉണ്ടായിരുന്നേ ക്കാമെങ്കിലും പ്രയാസഘട്ടങ്ങൾ വരുമ്പോൾ അവർ ഭയചകിതരും നിസ്സ

ഹായരുമായിത്തീരുന്നു. യേശുക്രിസ്തുവിനുണ്ടായിരുന്ന സ്വഭാവദാർഢ്യവും ശക്തിയും ഊർജ്ജസ്വലതയും നമ്മിൽ വികസിപ്പിച്ചെടുക്കണമെങ്കിൽ യേശു ക്രിസ്തു കടന്നുപോയ അതേ ശിക്ഷണത്തിൽക്കൂടെ നാമും കടന്നു പോകേണ്ടിയിരിക്കുന്നു. യേശുവിനു ലഭിച്ച ദൈവകൃപ നമുക്കും സ്വായത്ത മാക്കാം.

യേശുക്രിസ്തു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ സാധുക്കളുടെ ജീവി താനുഭവങ്ങളിൽ പങ്കുചേരുമായിരുന്നു. അവരുടെ ഭാരങ്ങളും കഷ്ടങ്ങളും അനുഭവിച്ചറിഞ്ഞ കർത്താവിനു പാവപ്പെട്ടവരായ ആളുകളെ ധൈര്യ പ്പെടുത്തുവാനും ആശ്വസിപ്പിക്കുവാനും കഴിഞ്ഞിരുന്നു. യേശുവിന്റെ ഉപദേശ ങ്ങൾ സ്വീകരിക്കുന്നവർ ഒരിക്കലും വർഗ്ഗവിവേചനം കാണിക്കുകയില്ല.

പ്രസന്നതയും ബുദ്ധികൂർമ്മതയും തന്റെ ശുശ്രൂഷയിൽ യേശു പ്രദർശി പ്പിച്ചു. വേദപുസ്തകമതം ജീവിതത്തിൽ പകർത്തുന്നതിനും ലൗകിക ഇട പാടുകളുടെ പിരിമുറുക്കം സഹിക്കുകയും, അതേസമയം ദൈവത്തിൽ ആശ്രയിച്ചു നില്ക്കുന്നതിനും വളരെയധികം സഹിഷ്ണുതയും ആത്മീയ തയും ആവശ്യമാണ്. ക്രിസ്തുവിന്റെ സഹായം ഇങ്ങനെയുള്ള അവസര ത്തിലാണ് ഏറ്റവും കൂടുതൽ ആവശ്യമാകുക. സ്വർഗ്ഗീയകാര്യങ്ങൾ വിസ്മരി ക്കുവാൻ കാരണമാകുമാറു യേശു ഒരിക്കലും ലൗകികകാര്യങ്ങളിൽ ഇട പെട്ടിരുന്നില്ല. സങ്കീർത്തനങ്ങളാലും ആത്മീയഗാനങ്ങളാലും തന്റെ ഹൃദയ സന്തോഷം കർത്താവു പ്രകടിപ്പിച്ചു. ദൈവത്തിനു സ്തോത്രം ആലപി ക്കുന്ന ക്രിസ്തുവിന്റെ ശബ്ദം നസ്രേത്തിലെ ആളുകൾ കേട്ടിരുന്നു. ഗാനാ ലാപനത്തിൽക്കൂടെ യേശു സ്വർഗ്ഗവുമായി ബന്ധം പുലർത്തി. യേശുവിന്റെ കൂട്ടുകാർ വേല ചെയ്തു ക്ഷീണിതരായിരുന്നപ്പോൾ തന്റെ ഗാനം കേട്ടു നിർവൃതി അടഞ്ഞിട്ടുണ്ട്. യേശുവിന്റെ സ്തോത്രഗീതങ്ങൾ ദുഷ്ടദൂത സേനകളെ ആട്ടിപ്പായിക്കുകയും സൗരഭ്യം പരത്തുന്ന ധൂപംപോലെ എല്ലായി ടത്തും പരക്കുകയും ചെയ്തു. ഈ പ്രവാസഭൂമിയിൽനിന്ന്, സ്വർഗ്ഗീയതീര ങ്ങളിലേക്കു മനുഷ്യമനസ്സുകളെ ഉയർത്തുവാൻ കർത്താവിന്റെ ഗാന ങ്ങൾക്കു കഴിഞ്ഞു.

ലോകത്തിനു രോഗശാന്തി നല്കുന്ന കൃപയുടെ ഉറവിടമായിരുന്നു യേശു. നസ്രേത്തിൽ ഒതുങ്ങിജീവിച്ച കാലഘട്ടത്തിൽ തന്റെ ജീവിതം ആർദ്രതയും അനുകമ്പയും നിറഞ്ഞ ഒരു നദിപോലെ ഒഴുകി. പ്രായംചെന്ന വരും, ദുഃഖിതരും, പാപഭാരത്താൽ വലഞ്ഞവരും, നിഷ്കളങ്കരായ ശിശു ക്കളും, പക്ഷിമൃഗാദികളുമെല്ലാം യേശുവിന്റെ അരികിൽ സന്തോഷം കണ്ടെത്തി. ഈ പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവായ യേശു നിസ്സാരമായ ഒരു പറവയെപ്പോലും അഗണ്യമായി കരുതിയില്ല. യേശുവിന്റെ കരുണാർദ്ര മായ നോട്ടത്തിൽപ്പെടാത്ത ഒന്നുമില്ലായിരുന്നു. ഏവരെയും ശുശ്രൂഷിപ്പാൻ അവൻ ഒരുക്കമായിരുന്നു.

ഇങ്ങനെ യേശു "ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനു ഷ്യരുടെയും കൃപയിലും മുതിർന്നുവന്നു." എല്ലാവരോടും കർത്താവ് അനു

കമ്പയോടെ പെരുമാറി. എല്ലാവരുടെയും ബഹുമാനം യേശു ആർജ്ജിച്ചു. കർത്താവിന്റെ സാന്നിദ്ധ്യം ഏതൊരു ഭവനത്തിനും അനുഗ്രഹമായിരുന്നു. അവനിൽ വിശ്വസിച്ച ഏവർക്കും പ്രത്യാശയും ധൈര്യവും പകർന്നു കൊടുത്തു. ശബ്ബത്തുനാളിൽ യേശു ദൈവാലയത്തിലായിരിക്കുമ്പോൾ പലപ്പോഴും തിരുവെഴുത്തുകളിൽനിന്നു വായിപ്പാനായി വിളിക്കപ്പെടുമായി രുന്നു. തിരുവചനത്തിലെ പരിചിതമായ ഭാഗങ്ങളിൽനിന്നു പുതിയ ആശയ ങ്ങൾ യേശുവിന്റെ വായനയിൽക്കൂടി ശ്രവിച്ചപ്പോൾ, ശ്രോതാക്കളുടെ ഹൃദയ ങ്ങൾ പുളകംകൊണ്ടു.

എങ്കിലും തന്റെ കഴിവു പ്രദർശിപ്പിക്കുവാനായി യേശു ഒന്നും ചെയ്തില്ല. തന്റെ അത്ഭുതശക്തികളെ നസ്രേത്തിൽ താമസിച്ചിരുന്ന കാലത്തൊരി ക്കലും പ്രകടമാക്കിയില്ല. ഉയർന്ന സ്ഥാനമോ ബഹുമതിയോ താൻ കാംക്ഷി ച്ചില്ല. ലളിതവും ശാന്തവുമായ തന്റെ ജീവിതവും, തന്റെ ബാല്യകാലത്തെ ക്കുറിച്ചുള്ള തിരുവെഴുത്തുകളുടെ മൗനവും ഒരു പ്രധാന പാഠം നമ്മെ പഠി പ്പിക്കുന്നു. ഒരു ശിശുവിന്റെ ജീവിതം എത്രമാത്രം ശാന്തവും ലളിതവു മായിരിക്കുമോ അത്രകണ്ട് ആ ശിശു കൃത്രിമത്വമുള്ള ജീവിതശൈലിയിൽ നിന്നു വിമുക്തമായിരിക്കും. പ്രകൃതിയുമായി ആ ശിശു ഇണങ്ങിച്ചേരുകയും, ശാരീരികവും മാനസികവുമായ വളർച്ച അവൻ പ്രാപിക്കുകയും ചെയ്യും.

യേശു നമ്മുടെ മാതൃകയാണ്. അനേകം ആളുകൾ യേശുവിന്റെ പരസ്യ ശുശ്രൂഷയിൽ താൽപര്യം കാണിക്കുകയും, അതേസമയം യേശുവിന്റെ ആദ്യകാലമാതൃകകളെ അവഗണിക്കുകയും ചെയ്യുന്നു. എല്ലാ യൗവന ക്കാർക്കും മാതൃകയാക്കാവുന്നതാണു ക്രിസ്തുവിന്റെ ഭവനജീവിതം. രക്ഷ കൻ ദാരിദ്ര്യത്തെ പുൽകിയതു ദരിദ്രരായ നാം ദൈവത്തോട് ഏറ്റവും അടുത്തു നടക്കുന്നതിനു മാതൃക കാട്ടുവാനായിരുന്നു. ജീവിതത്തിലെ ചെറുതും വലുതുമായ കാര്യങ്ങളിൽക്കൂടി സ്വർഗ്ഗീയപിതാവിനെ ബഹുമാനി പ്പാനും മഹത്വപ്പെടുത്തുവാനും പ്രസാദിപ്പിക്കുവാനും യേശു മറന്നില്ല. ദിനംതോറുമുള്ള അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുന്ന ഒരു തൊഴിലാളിയുടെ എളിമയുള്ള വേല ചെയ്തുകൊണ്ടു യേശു തന്റെ ശുശ്രൂഷ ആരംഭിച്ചു. മറ്റുള്ളവർക്കുവേണ്ടി അത്ഭുതം പ്രവർത്തിച്ചപ്പോൾ താൻ എത്രമാത്രം ദൈവശുശ്രൂഷ ചെയ്തുവോ, അതുതന്നെയാണു തച്ചന്റെ പണിശാലയിലി രുന്നു പണിയെടുത്തപ്പോഴും യേശു ചെയ്തത്. തന്റെ എളിയ ഭവനത്തിൽ ക്രിസ്തു കാണിച്ച വിശ്വസ്തതയും അനുസരണവും മാതൃകയാക്കുന്ന ഏതൊരു യുവാവിനും സ്വർഗ്ഗസ്ഥ പിതാവു പരിശുദ്ധാത്മാവിൽക്കൂടെ തന്റെ പുത്രനെക്കുറിച്ചു പറഞ്ഞത് അവകാശമാക്കാം: “ഇതാ, ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ” (യെശ. 42:1).

# 8

# പെസഹാസന്ദർശനം

അവലംബം: ലൂക്കൊസ് 2:41–51

യെഹൂദന്മാരുടെ ഇടയിൽ പന്ത്രണ്ടാം വയസ്സ് ശൈശവവും യുവത്വവും തമ്മിലുള്ള വേർപിരിവിന്റെ ഒരു രേഖയായിരുന്നു. ഒരു എബ്രായശിശുവിനു പന്ത്രണ്ടു വയസ്സു പൂർത്തിയാകുമ്പോൾ അവൻ ന്യായപ്രമാണത്തിന്റെയും ദൈവത്തിന്റെയും പുത്രൻ എന്ന സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു. അവന് അപ്പോൾ മുതൽ മതാഭ്യസനം തുടങ്ങുകയും വിശുദ്ധപെരുന്നാളുകളിലും മറ്റും കൃത്യമായി പങ്കെടുക്കുവാൻ അവൻ പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഈ പതിവനുസരിച്ചാണു യേശുവിനെ പന്ത്രണ്ടാം വയസ്സിൽ പെസഹാസന്ദർശനത്തിനായി യോസേഫും മറിയയും യെരൂശലേമിൽ കൊണ്ടുപോയത്. എല്ലാ പെസഹാപ്പെരുന്നാളിനും യെരൂശലേമിലേക്കു പോയിരുന്നു. യേശുവിനു പ്രായമെത്തിയപ്പോൾ അവർ അവനെയുംകൊണ്ടു യെരൂശലേമിലേക്കു പോയി.

മൂന്നു പെരുന്നാളുകളിൽ എല്ലാ യിസ്രായേൽ പുരുഷന്മാരും യെരൂശലേമിൽ, യഹോവയുടെ മുമ്പാകെ നില്ക്കാൻ കല്പിക്കപ്പെട്ടിരുന്നു. ആ

പെരുന്നാളുകൾ പെസഹ, പെന്തെക്കൊസ്ത്, കൂടാരപ്പെരുന്നാൾ എന്നിവ യായിരുന്നു. ഇതിൽ പെസഹാപ്പെരുന്നാളിലായിരുന്നു കൂടുതൽ ആളുകൾ പങ്കെടുത്തിരുന്നത്. യെഹൂദന്മാർ ചിതറിപ്പാർത്തിരുന്ന വിവിധ പ്രദേശങ്ങളിൽ നിന്ന് ഈ പെരുന്നാളിൽ പങ്കെടുക്കുവാൻ ധാരാളം ആളുകൾ വന്നെത്തു മായിരുന്നു. ഗലീലയിൽനിന്നുള്ള യാത്ര സുദീർഘമായിരുന്നു. സുരക്ഷിതത്വ ത്തിനും കൂട്ടിനുമായി യാത്രക്കാർ കൂട്ടുചേർന്ന, സംഘങ്ങളായി യാത്ര ചെയ്തിരുന്നു. പാറക്കെട്ടുകളും ദുർഘടങ്ങൾ നിറഞ്ഞതുമായ പാതയിൽ സ്ത്രീകളും പ്രായംചെന്നവരും സാധാരണ മൃഗങ്ങളുടെ പുറത്തുകയറി സഞ്ചരിച്ചിരുന്നു. ബലിഷ്ഠരായ പുരുഷന്മാരും യുവാക്കളും കാൽനടയായി പോയിരുന്നു. പെസഹാപ്പെരുന്നാൾ ഏതാണ്ടു മാർച്ച് അവസാനത്തോടും ഏപ്രിൽ ആരംഭത്തോടുംകൂടെയാണ്. ആ മാസങ്ങളിൽ പ്രകൃതിഭംഗി എങ്ങും കാണാമായിരുന്നു. പക്ഷികളുടെ കളകൂജനത്താൽ അന്തരീക്ഷം മുഖരിതമായിരുന്നു. മനോഹരങ്ങളായ പുഷ്പങ്ങൾ നയനങ്ങൾക്ക് ആനന്ദം നല്കി. യിസ്രായേലിന്റെ ചരിത്രപ്രസിദ്ധങ്ങളായ സ്ഥലങ്ങളിൽക്കൂടെ കടന്നു പോകുമ്പോൾ, മാതാപിതാക്കൾ, തങ്ങളുടെ കുഞ്ഞുങ്ങൾക്കു പൂർവ്വകാല ങ്ങളിൽ പിതാക്കന്മാർക്കു ദൈവം ചെയ്ത നന്മകളെക്കുറിച്ചും അത്ഭുതങ്ങളെ ക്കുറിച്ചും പറഞ്ഞുകൊടുക്കുമായിരുന്നു. അവരുടെ യാത്രയിൽ നേരം പോകു ന്നതിനുവേണ്ടി സംഗീതവും പാട്ടുകളും ആലപിച്ചിരുന്നു. ദൂരത്തുനിന്നു യെരൂശലേമിന്റെ ഗോപുരങ്ങൾ ദൃഷ്ടികൾക്കു വിഷയീഭവിക്കുമ്പോൾ എല്ലാവരും ഒത്തുചേർന്ന് ഇപ്രകാരം പാടുമായിരുന്നു:

“യെരൂശലേമേ, ഞങ്ങളുടെ കാലുകൾ
നിന്റെ വാതിലുകൾക്കകത്തു നില്ക്കുന്നു...
നിന്റെ കൊത്തളങ്ങളിൽ സമാധാനവും
നിന്റെ അരമനകളിൽ സ്വൈരവും ഉണ്ടാകട്ടെ” (സങ്കീ. 122:2,7).

എബ്രായരാഷ്ട്രത്തിന്റെ ആവിർഭാവത്തോടുകൂടി പെസഹായനുഷ്ഠാനം ആരംഭിച്ചു. ഈജിപ്തിലെ അടിമജീവിതത്തിന്റെ അവസാനരാത്രിയിൽ, വിടുതലിന്റെ സാദ്ധ്യത അസാദ്ധ്യമെന്നു കരുതപ്പെട്ടപ്പോൾ, പെട്ടെന്നുള്ള യാത്രയ്ക്കായി ഒരുങ്ങുവാൻ ദൈവം അവരോടു കല്പിച്ചു. ഈജിപ്തിന്റെ മേൽ നടത്തുവാൻ പോകുന്ന അന്ത്യന്യായവിധിയെക്കുറിച്ചു ഫറവോനു ദൈവം മുന്നറിയിപ്പു നല്കി. യിസ്രായേല്യകുടുംബങ്ങൾ അവരവരുടെ വീട്ടി നുള്ളിൽ അഭയം തേടിക്കൊള്ളാൻ ദൈവം കല്പിച്ചു. ഓരോ വീട്ടിലും ഒരു കുഞ്ഞാടിനെ അറുത്ത് അതിന്റെ രക്തം കട്ടിളപ്പടിമേൽ പുരട്ടിയതിനുശേഷം അതിന്റെ മാംസം തീയിൽ ചുട്ടു കൈപ്പുചീരയോടും പുളിപ്പില്ലാത്ത അപ്പ ത്തോടുംകൂടെ അവർ തിന്നണമായിരുന്നു. “അര കെട്ടിയും കാലിനു ചെരി പ്പിട്ടും കയ്യിൽ വടി പിടിച്ചുംകൊണ്ടു നിങ്ങൾ തിന്നേണം... അതു യഹോവ യുടെ പെസഹയാകുന്നു” (പുറ. 12:11). അർദ്ധരാത്രിയിൽ മിസ്രയീമിലെ ആദ്യജാതന്മാർ കൊല്ലപ്പെട്ടു. “അപ്പോൾ ഫറവോൻ മോശെയെയും അഹ രോനെയും രാത്രിയിൽ വിളിപ്പിച്ചു: നിങ്ങൾ യിസ്രായേൽമക്കളുമായി എഴു ന്നേറ്റ് എന്റെ ജനത്തിന്റെ നടുവിൽനിന്നു പുറപ്പെട്ട്, നിങ്ങൾ പറഞ്ഞതു പോലെ പോയി യഹോവയെ ആരാധിപ്പിൻ” (പുറ. 12:31). ഒരു സ്വതന്ത്ര

ജനതയായി യിസ്രായേൽ ഈജിപ്തിൽനിന്നു പുറപ്പെട്ടു. ഈ വിടുതലിനെ ഓർമ്മിപ്പിക്കുന്ന പെസഹ വർഷംതോറും ആചരിക്കണമെന്നു ദൈവം കല്പിച്ചു. “ഈ കർമ്മം എന്തെന്നു നിങ്ങളുടെ മക്കൾ നിങ്ങളോടു ചോദിക്കുമ്പോൾ: മിസ്രയീമ്യരെ ദണ്ഡിപ്പിക്കയിൽ മിസ്രയീമിലിരുന്ന യിസ്രായേൽ മക്കളുടെ വീടുകളെ ഒഴിഞ്ഞു കടന്നു നമ്മുടെ വീടുകളെ രക്ഷിച്ച യഹോവയുടെ പെസഹായാഗം ആകുന്നു ഇത് എന്നു നിങ്ങൾ പറയേണം” (പുറ. 12:26,27). ഇങ്ങനെ പെസഹ തലമുറതലമുറയായി അത്ഭുതകരമായ വിടുതലിന്റെ കഥ ആവർത്തിക്കുന്ന ഒരു ആചാരമായിത്തീർന്നു.

പെസഹയെ തുടർന്ന് ഏഴുദിവസം നീണ്ടുനില്ക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആയിരുന്നു. ഈ പെരുന്നാളിന്റെ രണ്ടാം ദിവസം ദേശത്തിലെ ആദ്യഫലമായി ഒരു യവക്കറ്റ യഹോവയുടെ മുമ്പാകെ അർപ്പിച്ചിരുന്നു. പെരുന്നാളുകളിലെ എല്ലാ കർമ്മങ്ങളും ക്രിസ്തുവിന്റെ വേലയുടെ ഒരു പ്രതിബിംബം ആയിരുന്നു. മിസ്രയീമിൽനിന്നുള്ള യിസ്രായേൽമക്കളുടെ വിടുതൽ വീണ്ടെടുപ്പിന്റെ ഒരു പ്രതീകമായിരുന്നു. മനുഷ്യന്റെ വീണ്ടെടുപ്പിനെ സ്മരണയിൽ കൊണ്ടുവരിക എന്നതായിരുന്നു പെസഹാപ്പെരുന്നാൾകൊണ്ട് ഉദ്ദേശിച്ചത്. കൊല്ലപ്പെട്ട കുഞ്ഞാടും, പുളിപ്പില്ലാത്ത അപ്പവും, ആദ്യഫലമായ കറ്റയും രക്ഷകനായ ക്രിസ്തുവിനെ ചൂണ്ടിക്കാണിച്ചു.

ക്രിസ്തുവിന്റെ കാലത്ത് അനേക ആളുകളെ സംബന്ധിച്ചിടത്തോളം ഈ കർമ്മാനുഷ്ഠാനങ്ങൾ ഒരു ചടങ്ങായി അധഃപതിച്ചു. എന്നാൽ ദൈവപുത്രന് ഈ കർമ്മം എത്രയോ പ്രാധാന്യമേറിയതായിരുന്നു!

ശിശുവായ യേശു ആദ്യമായി യെരൂശലേം ദൈവാലയം കണ്ടു. വെള്ളനിലയങ്കി ധരിച്ച പുരോഹിതന്മാർ അവരുടെ പാവനമായ ശുശ്രൂഷ നിർവ്വഹിക്കുന്നതു യേശു വീക്ഷിച്ചു. യാഗപീഠത്തിന്മേൽ രക്തം വാർന്നൊലിച്ചു കിടക്കുന്ന യാഗമൃഗവും തന്റെ കാഴ്ചയിൽപ്പെട്ടു. ധൂപവർഗ്ഗം മേഘംപോലെ ദൈവസന്നിധിയിലേക്കുയർന്നപ്പോൾ മറ്റ് ആരാധകരോടൊപ്പം യേശുവും പ്രാർത്ഥനാനിരതനായി. പെസഹയുടെ, മനസ്സിൽത്തങ്ങുന്ന ശുശ്രൂഷകൾ കർത്താവു താൽപര്യപൂർവ്വം കണ്ടു. ഓരോ ദിവസവും അതിന്റെ അർത്ഥം കൂടുതൽ വ്യക്തമായി മനസ്സിലാക്കി. സ്വജീവിതവുമായി ഏറെ ബന്ധപ്പെട്ടതാണ് എല്ലാ കർമ്മങ്ങളും എന്നു യേശു ഗ്രഹിച്ചു. പുതിയ പ്രചോദനങ്ങൾ തന്നിൽ ഉണർത്തപ്പെടുന്നതായി യേശുവിന് അനുഭവവേദ്യമായി. യേശു ചിന്താധീനനായി, ഏതോ ഗഹനമായ കാര്യത്തെക്കുറിച്ചു പഠിക്കുന്നതായി കാണപ്പെട്ടു. തന്റെ ദൗത്യത്തിന്റെ മർമ്മം ക്രമേണ തുറക്കപ്പെടുകയായിരുന്നു.

ദൈവാലയ ശുശ്രൂഷകളിൽ ആകൃഷ്ടനായ യേശു മാതാപിതാക്കളുടെ സമീപത്തുനിന്നു മാറിപ്പോയി. യേശു ഏകാന്തത ആഗ്രഹിച്ചു. പെസഹാ ശുശ്രൂഷ അവസാനിച്ചിട്ടും യേശു ദൈവാലയത്തിന്റെ പ്രാകാരങ്ങളിൽത്തന്നെ നിലകൊണ്ടു. പെരുന്നാളിൽ പങ്കെടുക്കാൻ വന്നവർ യെരൂശലേമിനോടു വിടപറഞ്ഞപ്പോഴും യേശു ദൈവാലയത്തിൽ നില്ക്കുകയായിരുന്നു. അവന്റെ മാതാപിതാക്കളും ദൈവാലയത്തിൽനിന്നു പൊയ്ക്കഴിഞ്ഞിരുന്നു.

യെരൂശലേമിൽ യോസേഫും മറിയയും യേശുവിനോടൊപ്പം എത്തിച്ചേർന്നപ്പോൾ യിസ്രായേലിലെ ശ്രേഷ്ഠഗുരുക്കന്മാരുമായി യേശുവിനെ പരിചയപ്പെടുത്തുവാൻ ആഗ്രഹിച്ചു. ദൈവകല്പനകൾ വിശ്വസ്തതയോടെ അനുസരിച്ചിരുന്ന യേശുവിന്, റബ്ബിമാരുടെ ആശയങ്ങളുമായി പൊരുത്തപ്പെടുവാൻ കഴിഞ്ഞില്ല. പണ്ഡിതരായ റബ്ബിമാരെ ബഹുമാനിക്കാനും അവരുടെ ഉപദേശങ്ങൾ താൽപര്യപൂർവ്വം കേൾപ്പാനും യേശു ഔത്സുക്യം കാട്ടുമെന്നു യോസേഫും മറിയയും ആശിച്ചു. എന്നാൽ യേശുവിനു ജ്ഞാനം ലഭിച്ചതു സ്വർഗ്ഗത്തിൽനിന്നുമായിരുന്നു. ദൈവത്തിൽനിന്നു ലഭിച്ച ജ്ഞാനം മറ്റുള്ളവർക്കു പകർന്നുകൊടുക്കുവാനും യേശു ആരംഭിച്ചു.

പ്രവാചകന്മാരുടെ കാലത്തുണ്ടായിരുന്നതുപോലെ ദൈവാലയത്തിലെ ഒരു മുറി വേദപഠനത്തിനായി യേശുവിന്റെ കാലത്തും വേർതിരിച്ചിരുന്നു. ഇവിടെ പ്രാമാണികരായ റബ്ബിമാർ അവരുടെ വിദ്യാർത്ഥികളുമായി വന്നു തിരുവെഴുത്തുകൾ പഠിക്കുമായിരുന്നു. യേശുവും ഈ വന്ദ്യഗുരുക്കന്മാരുടെ ഉപദേശങ്ങൾ ശ്രദ്ധിച്ചു. ജ്ഞാനാന്വേഷിയായ ഒരാളെപ്പോലെ യേശു പ്രവചനങ്ങളെ സംബന്ധിച്ച് ഈ ഗുരുക്കന്മാരോടു ചോദ്യങ്ങൾ ചോദിച്ചു. മശീഹയുടെ വരവിനെ ചൂണ്ടിക്കാട്ടിയിരുന്ന പ്രവചനങ്ങളെക്കുറിച്ച് അവൻ ആരാഞ്ഞു.

ദൈവവിഷയമായ പരിജ്ഞാനം ലഭിക്കാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തി എന്ന നിലയിലാണു യേശു ചോദ്യങ്ങൾ ചോദിച്ചത്. അനേക നാളുകളായി മറഞ്ഞുകിടന്നിരുന്ന ആഴമേറിയ സത്യത്തെക്കുറിച്ചായിരുന്നു യേശുവിന്റെ ചോദ്യങ്ങൾ. അവ മനുഷ്യന്റെ രക്ഷയ്ക്ക് അതീവ പ്രാധാന്യമർഹിക്കുന്നവയുമായിരുന്നു. ഈ ജ്ഞാനികളുടെ ജ്ഞാനം എത്രമാത്രം ഉപരിപ്ലവവും ഇടുങ്ങിയതുമായിരുന്നുവെന്നു യേശുവിന്റെ ചോദ്യങ്ങൾ തെളിയിച്ചു. മാത്രമല്ല, യേശുവിന്റെ ഓരോ ചോദ്യവും ഓരോ വിലയേറിയ പാഠം അവർക്കു നല്കുകയും സത്യത്തെ ഒരു പുതിയ കാഴ്ചപ്പാടിൽ സ്ഥാപിക്കുകയും ചെയ്തു. മശീഹ വരുന്നതുകൊണ്ടു യെഹൂദരാഷ്ട്രത്തിനുണ്ടാകാൻ പോകുന്ന പ്രശസ്തിയെക്കുറിച്ചു റബ്ബിമാർ പറഞ്ഞു. യെശയ്യാപ്രവാചകന്റെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ടു ദൈവകുഞ്ഞാടിനു വരാൻപോകുന്ന കഷ്ടപ്പാടുകളെയും മരണത്തെയും വിവരിക്കുന്ന തിരുവചനഭാഗത്തിന്റെ അർത്ഥമെന്തെന്നു യേശു റബ്ബിമാരോടു ചോദിച്ചു.

വേദപണ്ഡിതരായ റബ്ബിമാർ യേശുവിനോടു ചോദ്യങ്ങൾ ചോദിക്കുവാൻ ആരംഭിച്ചു. യേശുവിന്റെ ഉത്തരങ്ങൾ അവരെ ആശ്ചര്യപ്പെടുത്തി. ഒരു ശിശുവിന്റെ വിനയത്തോടുകൂടി തിരുവെഴുത്തുകൾ യേശു ഉദ്ധരിച്ചു. ഗുരുക്കന്മാർ ഗ്രഹിച്ചിട്ടില്ലാത്ത ആഴമേറിയ അർത്ഥങ്ങൾ അവൻ അവർക്കു നല്കി. അവർ അതു ജീവിതത്തിൽ പ്രായോഗികമാക്കിയിരുന്നെങ്കിൽ അവരുടെ ഇടയിൽ ഒരു നവീകരണം ഉണ്ടാകുമായിരുന്നു; ആത്മീയകാര്യങ്ങളിൽ ആഴമായ താൽപര്യം അവരിൽ ഉണർത്തപ്പെടുമായിരുന്നു; യേശു പരസ്യശുശ്രൂഷ ആരംഭിച്ചപ്പോൾ വളരെപ്പേർ അവനെ സ്വീകരിപ്പാൻ ഒരുങ്ങുമായിരുന്നു.

പുരോഹിതന്മാരാൽ നടത്തപ്പെടുന്ന സ്കൂളുകളിലല്ല യേശു വിദ്യാഭ്യാസം ചെയ്തതെന്നു റബ്ബിമാർ മനസ്സിലാക്കി. പ്രവചനങ്ങളെക്കുറിച്ചുള്ള യേശുവിന്റെ അറിവു തങ്ങളുടെ അറിവിനെക്കാൾ വളരെ മടങ്ങു വലുതെന്നു റബ്ബിമാർ ഗ്രഹിച്ചു. ഗലീലക്കാരനായ ഈ ബാലനിൽ മഹാനായ ഒരു വ്യക്തിയെ ദർശിക്കുവാൻ റബ്ബിമാർക്കു കഴിഞ്ഞു. യേശുവിനെ തങ്ങളുടെ ഒരു ശിഷ്യനായി കിട്ടിയിരുന്നെങ്കിൽ എന്ന് അവർ ആശിച്ചു. അവൻ യിസ്രായേലിലെ ഒരു ഗുരുവായിത്തീരുമെന്ന് അവർ പ്രതീക്ഷിച്ചു. ഇത്രമാത്രം സിദ്ധികളുള്ള ഒരു മനസ്സു തങ്ങളുടെ ഹിതപ്രകാരം വാർത്തെടുക്കുവാൻ റബ്ബിമാർ ആഗ്രഹിച്ചു.

ഇതിനുമുമ്പ് ഒരിക്കലും തങ്ങൾക്ക് അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു അനുഭൂതി യെഹൂദനേതാക്കൾക്കു യേശുവിന്റെ വാക്കുകൾ കേട്ടപ്പോൾ അനുഭവവേദ്യമായി. യിസ്രായേലിലെ ഗുരുക്കന്മാർക്കു സ്വർഗ്ഗീയപ്രകാശം നല്കുവാൻ ദൈവം ഒരവസരം നല്കുകയായിരുന്നു. അവരെ സമീപിക്കുവാനുള്ള ഏകമാർഗ്ഗം ഇതുമാത്രമായിരുന്നു. മറ്റുള്ളവരിൽനിന്നു ബോധനം സ്വീകരിക്കുവാൻ വൈമനസ്യം കാട്ടിയിരുന്ന അവർ ദുരഭിമാനികളായിരുന്നു. അവരെ പഠിപ്പിക്കുവാനെന്ന ഭാവത്തിൽ യേശു അവരെ സമീപിച്ചിരുന്നെങ്കിൽ അവർ യേശുവിനെ ശ്രദ്ധിക്കുകയില്ലായിരുന്നു. തങ്ങൾ യേശുവിന് അറിവു പകർന്നുകൊടുക്കുന്നുവെന്നാണ് അവർ വിചാരിച്ചത്. തിരുവെഴുത്തുകളിലുള്ള യേശുവിന്റെ ജ്ഞാനത്തെ അവർ അളക്കുകയായിരുന്നു. യേശുവിന്റെ വിനയസമ്പന്നമായ പെരുമാറ്റം അവരെ നിരായുധരാക്കി. അവരുടെ മുൻവിധികൾ തകർന്നു. അവരറിയാതെത്തന്നെ അവരുടെ മനസ്സുകൾ ദൈവവചനത്തിനായി തുറക്കപ്പെട്ടു. പരിശുദ്ധാത്മാവു തത്സമയം അവരോടു വാദിച്ചു.

മശീഹയെക്കുറിച്ചു തങ്ങൾ വച്ചുപുലർത്തിയിരുന്ന ധാരണ പ്രവചനാടിസ്ഥാനമല്ല എന്ന് അവർക്കു സമ്മതിക്കേണ്ടിവന്നു. എങ്കിലും ദുരഭിമാനികളായ അവർക്കു തങ്ങളുടെ നിലപാടു പാടേ മാറ്റുവാൻ മനസ്സില്ലായിരുന്നു. യിസ്രായേലിലെ പണ്ഡിതശ്രേഷ്ഠരായ റബ്ബിമാർക്കു തെറ്റു സമ്മതിക്കുവാനുള്ള മനോവിശാലത ഇല്ലായിരുന്നു. വിദ്യാഭ്യാസമില്ലാത്ത ഈ യുവാവ് ഇത്ര അറിവ് എങ്ങനെ നേടി എന്ന് അവർ ആശ്ചര്യപ്പെട്ടു. “വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല” (യോഹ. 1:5).

യേശു കൂടെയില്ലായെന്നു യോസേഫും മറിയയും മനസ്സിലാക്കിയപ്പോൾ അവർ വളരെ ഭയപ്പെട്ടു. യെരൂശലേമിൽനിന്നു പുറപ്പെട്ട വേളയിൽ യേശുവിനെ അവർ കണ്ടില്ല. യേശു തങ്ങളോടുകൂടെയില്ലായെന്ന് അവർ അറിഞ്ഞില്ല. വളരെ തിരക്കുപിടിച്ച സമയമായിരുന്നു അപ്പോൾ. ഗലീലയിൽനിന്നു ധാരാളം സന്ദർശകരുണ്ടായിരുന്നു. മറിയയും യോസേഫും നഗരം വിട്ടു പോന്നപ്പോൾ ആകെ ബഹളമായിരുന്നു. പരിചയക്കാരോടും സ്നേഹിതരോടുംകൂടെ പെട്ടെന്നു പുറപ്പെട്ടപ്പോൾ യേശുവിന്റെ അസാന്നിദ്ധ്യം അവർ അറിഞ്ഞിരുന്നില്ല. രാത്രിയിൽ വിശ്രമത്തിനായി ഒരുങ്ങിയപ്പോൾ യേശു കൂടെയില്ലായെന്ന് അവർ ഗ്രഹിച്ചു. അതുവരെയും യേശു തങ്ങളോടൊപ്പം കൂട്ടത്തിലുണ്ടായിരിക്കുമെന്നാണ് അവർ കരുതിയിരുന്നത്. അതുകൊണ്ട് ആരംഭ

ത്തിൽ അവർ ഉത്കണ്ഠാകുലരായിരുന്നില്ല. അവൻ ബാലനായിരുന്നുവെങ്കിലും മാതാപിതാക്കൾ അവനിൽ പൂർണ്ണമായി ആശ്രയിച്ചിരുന്നു. തങ്ങളുടെ ആഗ്രഹം അറിഞ്ഞു യേശു പ്രവർത്തിച്ചിരുന്നതുകൊണ്ടു മറിയയുടെയും യോസേഫിന്റെയും പ്രതീക്ഷകൾ യേശുവിലായിരുന്നു. യേശുവിനെ കാണാതായപ്പോൾ അവർ വളരെ ഉത്കണ്ഠാഭരിതരായി. അവർ ഉടനേ അന്വേഷണമാരംഭിച്ചു. അവർക്ക് അവനെ കണ്ടെത്താനായില്ല. യേശുവിനെ നശിപ്പിക്കുവാൻ ഹെരോദാവ് ശ്രമിച്ച കാര്യം അവർ ഓർത്തു. തങ്ങൾക്കുണ്ടായ വീഴ്ചയെ അവർ പഴിച്ചു.

അവർ ഒട്ടും താമസിയാതെ യെരൂശലേമിലേക്കു തിരിച്ചുപോയി. ദൈവാലയത്തിലെത്തിയപ്പോൾ ഇമ്പകരമായ യേശുവിന്റെ ശബ്ദം കേട്ടു. അവരുടെ ഊഹം തെറ്റിയില്ല. യേശുവിന്റെ ശബ്ദംപോലെ വേറൊരു ശബ്ദവും ഇല്ലായിരുന്നു. അതു ഗാംഭീര്യമുള്ളതും ശ്രവണസുഖം നല്കുന്നതുമായിരുന്നു.

റബ്ബിമാരുടെ പള്ളിക്കൂടത്തിൽ യേശുവിനെ മാതാപിതാക്കൾ കണ്ടെത്തി. അവർ അവനെ കണ്ടെത്തിയപ്പോൾ വളരെ സന്തോഷിച്ചുവെങ്കിലും അവർക്കുണ്ടായ ഉത്കണ്ഠയും പ്രയാസവും പെട്ടെന്നു മറക്കാൻ കഴിഞ്ഞില്ല. യേശു റബ്ബിമാരോടു കൂടെ നില്ക്കുന്നതു കണ്ടപ്പോൾ മറിയ ശകാരരൂപേണ പറഞ്ഞു: “മകനേ, ഞങ്ങളോട് ഇങ്ങനെ ചെയ്തത് എന്ത്? നിന്റെ അപ്പനും ഞാനും വ്യസനിച്ചുകൊണ്ടു നിന്നെ തിരഞ്ഞു.”

“എന്നെ തിരഞ്ഞത് എന്തിന്? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്നു നിങ്ങൾ അറിയുന്നില്ലയോ?” അവന്റെ വാക്കുകൾ അവർ ഗ്രഹിക്കുന്നില്ലായെന്നു കണ്ടപ്പോൾ അവൻ കൈകൾ മുകളിലേക്കു ചൂണ്ടി. അവന്റെ മുഖം ശോഭിക്കുന്നതു കണ്ട് അവർ ആശ്ചര്യപ്പെട്ടു. ദൈവികത്വം മാനുഷികത്വത്തിൽക്കൂടി മിന്നി പ്രകാശിക്കുകയായിരുന്നു. തങ്ങളുടെ മകൻ റബ്ബിമാരുമായി സംവാദിച്ചുകൊണ്ടിരുന്ന കാഴ്ച ആ മാതാപിതാക്കളെ അത്ഭുതപ്പെടുത്തി. ഒരിക്കലും തങ്ങൾക്കു മറക്കുവാൻ കഴിയാതിരുന്ന ഒരു രംഗമായിരുന്നു മറിയയും യോസേഫും ദൈവാലയത്തിൽവച്ചു കണ്ടത്.

“എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടതല്ലയോ” എന്ന യേശുവിന്റെ ചോദ്യം ആ മാതാപിതാക്കൾക്ക് ഒരു പാഠം കൂടിയായിരുന്നു. തന്റെ ഭൗമിക ദൗത്യനിർവ്വഹണത്തിൽ യേശു ഏർപ്പെട്ടിരിക്കുകയായിരുന്നു; എന്നാൽ യോസേഫും മറിയയും തങ്ങളുടെ കർത്തവ്യം മറന്നുകളഞ്ഞു. ദൈവം തന്റെ പുത്രനെ യോസേഫിനും മറിയയ്ക്കും നല്കിയത് അവർക്കു ലഭിച്ച വലിയ പദവിയായിരുന്നു. യേശുവിന്റെ ജീവൻ സംരക്ഷിക്കാൻ ദൂതന്മാർ യോസേഫിനെ നയിച്ചുകൊണ്ടിരുന്നു. എപ്പോഴും ജാഗ്രത പുലർത്തേണ്ടിയിരുന്ന യോസേഫും മറിയയും ഏതാണ്ട് ഒരു ദിവസം കഴിഞ്ഞാണു മകന്റെ അസാന്നിദ്ധ്യത്തെ മനസ്സിലാക്കിയത്. യേശുവിനെ തിരികെക്കിട്ടിയപ്പോൾ തങ്ങളുടെ തെറ്റിനെ സമ്മതിക്കുന്നതിനു പകരം അവർ യേശുവിന്റെമേൽ പഴി ചാരുകയായിരുന്നു.

യേശുവിനെ സ്വന്തം മകനായി കരുതിയിരുന്നത് ആ മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം തികച്ചും സ്വാഭാവികമായിരുന്നു. അവൻ എല്ലായ്പോഴും അവരോടുകൂടെ ഉണ്ടായിരുന്നു. യേശു എല്ലാക്കാര്യങ്ങളിലും സാധാരണ കുട്ടിയെപ്പോലെ പെരുമാറി. യേശു ദൈവപുത്രനാണ് എന്നു ഗ്രഹിപ്പാൻ മാതാപിതാക്കൾക്കു പ്രയാസം തോന്നി. തങ്ങൾക്കു ലഭിച്ചിരുന്ന അതിവിശിഷ്ടമായ പദവിയെ വിസ്മരിച്ചുപോകാനുള്ള അപകടസാദ്ധ്യത യോസേഫിനും മറിയയ്ക്കും ഉണ്ടായിരുന്നു. യേശു തങ്ങളിൽനിന്നു വേർപെട്ടതിലുള്ള ദുഃഖവും യേശുവിന്റെ വാക്കുകളിൽ നിഴലിച്ച മാർദ്ദവമായ ശകാരവും തങ്ങളുടെ ചുമതലകളെക്കുറിച്ച് ആഴത്തിൽ മനസ്സിൽപ്പതിപ്പിക്കുന്നതിനു യോസേഫിനും മറിയയ്ക്കും ഇടയായി.

അമ്മയ്ക്കു നല്കിയ ഉത്തരത്തിൽക്കൂടെ ദൈവവുമായുള്ള തന്റെ ബന്ധമെന്തെന്നു യേശു വ്യക്തമാക്കി. യേശുവിന്റെ ജനനത്തിനു മുമ്പേ ദൂതൻ മറിയയോട് ഇപ്രകാരം പറഞ്ഞിരുന്നു: “അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിന് എന്നേക്കും രാജാവായിരിക്കും” (ലൂക്കൊസ് 1:32,33). ഈ വാക്കുകളെ മറിയ ഹൃദയത്തിൽ സംഗ്രഹിച്ചു. യിസ്രായേലിന്റെ മശീഹയാണു തന്റെ പുത്രൻ എന്നു മറിയ വിശ്വസിച്ചിരുന്നെങ്കിലും യേശുവിന്റെ ദൗത്യത്തെക്കുറിച്ച് അവൾ ഗ്രഹിച്ചിരുന്നില്ല. യേശു പറഞ്ഞ വാക്കുകൾ മറിയയ്ക്കും പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിലും, താൻ ദൈവത്തിന്റെ പുത്രനാണ് എന്നു യേശു പറഞ്ഞത് അവർ ഗ്രഹിച്ചു.

തന്റെ ഭൗമിക മാതാപിതാക്കളോടുള്ള കടമകൾ യേശു ഒരിക്കലും അവഗണിച്ചിരുന്നില്ല. യെരൂശലേമിൽനിന്ന് അവരോടൊന്നിച്ചു യേശു വീട്ടിലേക്കു മടങ്ങിപ്പോയി, അവരുടെ ജോലികളിൽ അവരെ സഹായിച്ചു. തന്റെ സ്വർഗ്ഗീയദൗത്യത്തിന്റെ മർമ്മം ഹൃദയത്തിൽ സംഗ്രഹിച്ചുകൊണ്ട്, അത് ആരംഭിക്കുന്ന നാളിനുവേണ്ടി യേശു ക്ഷമയോടെ കാത്തിരുന്നു. താൻ ദൈവത്തിന്റെ പുത്രനാണ് എന്നു ബോധ്യപ്പെട്ടതിനുശേഷം പതിനെട്ടു വർഷം നസ്രേത്തിലെ തന്റെ വീടുമായി ബന്ധപ്പെട്ടു യേശു കഴിഞ്ഞു. മകൻ, സഹോദരൻ, സ്നേഹിതൻ, പൗരൻ എന്നീ നിലകളിലുള്ള തന്റെ കർത്തവ്യങ്ങൾ നിറവേറ്റിക്കൊണ്ടു യേശു നസ്രേത്തിൽ ജീവിച്ചു.

യെരൂശലേം ദൈവാലയത്തിൽവച്ചു തന്റെ ദൗത്യത്തെക്കുറിച്ചു ബോധ്യമായ ശേഷം യേശു ഏകാന്തതയിലേക്കു പോകുവാൻ ആഗ്രഹിച്ചു. തന്റെ ഏറ്റവും അടുത്തവരോടൊന്നിച്ച് അവൻ യെരൂശലേമിൽനിന്നു വീട്ടിലേക്കു തിരിച്ചുപോയി. പെസഹാശുശ്രൂഷയിൽക്കൂടെ ദൈവം തന്റെ ജനത്തെ തന്നിലേക്ക് ആകർഷിക്കുകയായിരുന്നു. മിസ്രയീമിൽനിന്നു യിസ്രായേലിനെ അത്ഭുതകരമായി വിടുവിച്ചതിനെ അനുസ്മരിപ്പിക്കുന്ന ഒന്നായിരുന്നു പെസഹ. പാപത്തിൽനിന്നുള്ള വിടുതലിന്റെ ദൈവവാഗ്ദത്തം കൂടെ ഈ ശുശ്രൂഷയിലൂടെ ജനം ദർശിക്കുവാൻ ദൈവം ആഗ്രഹിച്ചു. യാഗമായി അർപ്പിക്കപ്പെട്ട കുഞ്ഞാടിന്റെ രക്തം എപ്രകാരം യിസ്രായേലിൽ ഭവനങ്ങളെ

രക്ഷിച്ചുവോ, അതുപോലെ ക്രിസ്തുവിന്റെ രക്തം അനുതപിക്കുന്ന പാപിയെ രക്ഷിക്കുന്നു. ക്രിസ്തുവിന്റെ ജീവിതം വിശ്വാസത്താൽ തന്റേതാക്കിത്തീർത്താൽ മാത്രമേ ഒരുവനു രക്ഷയുടെ അനുഭവത്തിലേക്കു കടക്കാൻ സാധിക്കുകയുള്ളു. ക്രിസ്തുവിനെ തങ്ങളുടെ സ്വന്ത രക്ഷിതാവായി അംഗീകരിക്കുന്നവർക്കു മാത്രമേ പെസഹയുടെ പ്രയോജനം ലഭിക്കുന്നുള്ളു. പെസഹാചരണംകൊണ്ടു ദൈവം ആഗ്രഹിച്ചത്, ക്രിസ്തുവിന്റെ ദൗത്യത്തെക്കുറിച്ചു പ്രാർത്ഥനാപൂർവ്വമായ പഠനവും ധ്യാനവും വിശ്വാസികൾ നടത്തുക എന്നതായിരുന്നു. എന്നാൽ ജനം ഈ ശുശ്രൂഷയിൽ പങ്കെടുത്ത ശേഷം യെരൂശലേം വിട്ടുകഴിയുമ്പോൾ അതിന്റെ പ്രാധാന്യം മറന്നുകളഞ്ഞിരുന്നു. യാത്രയുടെ തിരക്കിലും ഉത്സാഹത്തിലും അവർ മുഴുകി. ഈ തിരക്കു യേശുവിന് ഇഷ്ടമായിരുന്നില്ല.

യോസേഫും മറിയയും യെരൂശലേമിൽനിന്നു മടങ്ങുമ്പോൾ, താൻ അനുഭവിക്കേണ്ട കഷ്ടതയെക്കുറിച്ചുള്ള പ്രവചനത്തിലേക്കു അവരുടെ ശ്രദ്ധ തിരിക്കുവാൻ യേശു ആഗ്രഹിച്ചു. കാൽവരിയിൽ തന്റെ അമ്മ അനുഭവിക്കാൻ പോകുന്ന ദുഃഖം ലഘൂകരിക്കാൻ യേശു ഇച്ഛിച്ചു. അമ്മ അനുഭവിക്കാൻ പോകുന്ന വേദനയെക്കുറിച്ചു യേശു ചിന്തിച്ചു. തന്റെ അന്ത്യവേദന ആ അമ്മയ്ക്കു കാണേണ്ടിവരുമെന്നു യേശുവിനറിയാമായിരുന്നു. തന്റെ ജീവിതദൗത്യം എന്തെന്ന് അമ്മ മനസ്സിലാക്കുവാൻ യേശു ആഗ്രഹിച്ചു. “അമ്മയുടെ ഹൃദയത്തിൽക്കൂടെ ഒരു വാൾ കടക്കേണ്ട” സന്ദർഭത്തെ നേരിടുവാൻ അവർ ഒരുങ്ങിയിരിക്കേണ്ടത് ആവശ്യമായിരുന്നു. യേശു തന്നിൽനിന്നു വേർപെട്ടപ്പോൾ മൂന്നുദിവസം മറിയ ദുഃഖപരവശയായി മകനെ അന്വേഷിച്ചു. അതുപോലെ യേശു ലോകത്തിന്റെ പാപത്തിനുവേണ്ടി യാഗമായിത്തീരുമ്പോൾ വീണ്ടും മൂന്നുദിവസം തന്റെ അമ്മയിൽനിന്ന് അകറ്റപ്പെടും. മകൻ കല്ലറയിൽനിന്നു പുറത്തുവരുമ്പോൾ അമ്മയുടെ ദുഃഖം സന്തോഷമായി മാറും. യേശു തന്റെ അമ്മയുടെ സമാധാനത്തിനുവേണ്ടി ചൂണ്ടിക്കാട്ടിയ തിരുവെഴുത്തുകളെ ആ അമ്മ ശരിയായി ഗ്രഹിച്ചിരുന്നുവെങ്കിൽ, കാൽവരിയിൽ നേരിടുവാൻ പോകുന്ന കഠിന ദുഃഖത്തെ താങ്ങുവാനുള്ള ശക്തി സംഭരിക്കുവാൻ കഴിയുമായിരുന്നു.

യോസേഫും മറിയയും തങ്ങളുടെ മനസ്സുകളെ ധ്യാനത്തിലും പ്രാർത്ഥനയിലുംകൂടെ ദൈവത്തിൽ കേന്ദ്രീകരിച്ചിരുന്നുവെങ്കിൽ അവരെ ഭരമേല്പിച്ചിരുന്ന വിശുദ്ധ ഉത്തരവാദിത്വം മറന്നുപോകുകയില്ലായിരുന്നു. യേശുവിനെ അവർക്കു നഷ്ടമാകയില്ലായിരുന്നു. ഒരു ദിവസത്തെ സൂക്ഷ്മതയില്ലായ്മ നിമിത്തം അവർക്കു രക്ഷകനെ താല്ക്കാലികമായിട്ടെങ്കിലും നഷ്ടപ്പെട്ടു. യേശുവിനെ തിരിച്ചുകിട്ടുവാനായി മൂന്നുദിവസത്തെ ഉത്കണ്ഠ നിറഞ്ഞ അന്വേഷണം വേണ്ടിവന്നു. നമുക്കും ഇതുപോലെയുള്ള അനുഭവങ്ങൾ ഉണ്ടാവാം. അലസസംഭാഷണം, ദുർവാക്കുകൾ, പ്രാർത്ഥനാരഹിതമായ ജീവിതം ഇവയെല്ലാംകൊണ്ടു നമ്മുടെ രക്ഷകനെ ഒറ്റദിവസംകൊണ്ടു നമുക്കു നഷ്ടമാകാൻ ഇടയാകുന്നു. നമുക്കു നഷ്ടമായ സമാധാനം വീണ്ടും ലഭിക്കണമെങ്കിൽ അനേക ദിവസം കണ്ണുനീരോടുകൂടി നമുക്കു രക്ഷകനെ തേടേണ്ടതായി വരും.

മറ്റുള്ളവരുമായി ഇടപെടുമ്പോൾ നമ്മുടെ രക്ഷകനെ മറന്നുകളയാതിരിപ്പാൻ നാം ശ്രദ്ധിക്കണം. നാം ലൗകികകാര്യങ്ങളിൽ ഏർപ്പെടുമ്പോൾ നമ്മുടെ രക്ഷയുടെ അടിസ്ഥാനമായ യേശുവിനെ വിസ്മരിക്കുന്നുവെങ്കിൽ യേശുവുമായും സ്വർഗ്ഗീയദൂതന്മാരുമായുള്ള ബന്ധം അറ്റുപോകയാണു ചെയ്യുന്നത്. രക്ഷകന്റെ സാന്നിദ്ധ്യം നാം ആഗ്രഹിക്കാത്തിടത്തു സ്വർഗ്ഗീയ ദൂതന്മാർക്കു നില്പാൻ കഴികയില്ല. ക്രിസ്തുവിന്റെ അനുഗാമികൾ എന്ന് അവകാശപ്പെടുന്നവർക്കു നിരാശയിൽ കഴിയേണ്ടിവരുന്നതിന്റെ കാരണമിതാണ്.

അനേകം ആളുകൾ മതശുശ്രൂഷയിൽ സംബന്ധിച്ചു തിരുവചനങ്ങളാൽ പോഷിപ്പിക്കപ്പെടുകയും ആശ്വാസം നേടുകയും ചെയ്യാറുണ്ട്. എന്നാൽ പ്രാർത്ഥനയുടെയും, ജാഗ്രതയുടെയും, ധ്യാനത്തിന്റെയും അഭാവത്താൽ അവർക്കു ലഭിച്ച അനുഗ്രഹം നഷ്ടമാകുന്നു. അവരുടെ അവസ്ഥ മുമ്പിലത്തേതിൽ കൂടുതൽ ദയനീയമായിരിക്കും. ദൈവം തങ്ങളോടു കഠിനമായി പ്രവർത്തിച്ചു എന്ന് അവർക്കു തോന്നും. തങ്ങളുടെ ഭാഗത്താണു തെറ്റ് എന്ന് അവർ മനസ്സിലാക്കുകയുമില്ല. യേശുവിൽനിന്നു വേറിട്ടു നില്ക്കുമ്പോൾ അവന്റെ സാന്നിദ്ധ്യമാകുന്ന പ്രകാശത്തെ അവർ മറച്ചുകളയുന്നു.

യേശുവിന്റെ ജീവിതത്തെക്കുറിച്ച് എല്ലാ ദിവസവും ഒരു മണിക്കൂർ ധ്യാനിക്കുന്നത് അഭിലഷണീയമായിരിക്കും. യേശുവിന്റെ ജീവിതകാലത്തെ ഘട്ടംഘട്ടമായി തിരിച്ച്, പ്രത്യേകിച്ച് അന്ത്യരംഗങ്ങളെ നമ്മുടെ ധ്യാനത്തിൽ കൊണ്ടുവരുന്നത് ഏറ്റവും അനുഗ്രഹപ്രദമായിരിക്കും. നമുക്കുവേണ്ടി ക്രിസ്തു സഹിച്ച വലിയ ത്യാഗത്തെക്കുറിച്ചു നാം ധ്യാനിക്കുമ്പോൾ, അവനിലുള്ള നമ്മുടെ സ്നേഹം ചൈതന്യപൂർണ്ണമാകയും നാം ആത്മനിറവുള്ളവരായിത്തീരുകയും ചെയ്യുന്നു. നമ്മുടെ രക്ഷയ്ക്കു നാം ക്രൂശിന്റെ നിഴലിൽ നിന്നുകൊണ്ട് അനുതാപത്തിന്റെയും താഴ്മയുടെയും പാഠങ്ങൾ പഠിക്കേണ്ടത് ആവശ്യമാണ്.

നാം അന്യോന്യം സ്നേഹിക്കുമ്പോൾ, മറ്റുള്ളവർക്കു നാം ഒരനുഗ്രഹമായിത്തീരുന്നു. നാം ക്രിസ്തുവിനുള്ളവരാണെങ്കിൽ നമ്മുടെ മാധുര്യമേറിയ ചിന്തകൾ അവനെക്കുറിച്ചായിരിക്കും. യേശുവിനെക്കുറിച്ചു സംസാരിക്കുവാൻ നാം ഇഷ്ടപ്പെടും. അവന്റെ സ്നേഹത്തെക്കുറിച്ചു നാം സംസാരിക്കുമ്പോൾ, ദൈവത്തിന്റെ സാന്നിദ്ധ്യം നമ്മുടെ ഹൃദയങ്ങളെ ശാന്തതയുള്ളതാക്കിത്തീർക്കുന്നു. അവന്റെ സ്വഭാവത്തിന്റെ സൗന്ദര്യം നാം ദർശിക്കുമ്പോൾ, “നാം എല്ലാവരും... തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു” (2 കൊരി. 3:18).



ശത്രുക്കൾ യേശുവിനെ ഭീഷണിപ്പെടുത്തുന്നു

# 9

# പോരാട്ടത്തിന്റെ നാളുകൾ

ഒരു യെഹൂദശിശു തന്റെ ശൈശവകാലം മുതൽ റബ്ബിമാരുടെ നിബന്ധനകളാൽ ചുറ്റപ്പെട്ടിരുന്നു. ജീവിതത്തിന്റെ എല്ലാ രംഗങ്ങളെയും ബാധിക്കുന്ന കർശന നിയമങ്ങൾ യെഹൂദജനതയ്ക്കു നല്കപ്പെട്ടിരുന്നു. യിസ്രായേല്യൻ അനുഷ്ഠിക്കേണ്ട മതശാസനങ്ങൾ ദൈവാലയത്തിൽവച്ചു റബ്ബിമാരുടെ ഉപദേശങ്ങളിൽ ആകൃഷ്ടനായില്ല. ബാല്യം മുതൽ അവയെ അവൻ അവഗണിച്ചുകൊണ്ടു സ്വതന്ത്രനായി പ്രവർത്തിച്ചു. എന്നാൽ തിരുവെഴുത്തുകളെ യേശു അതിശ്രദ്ധയോടെ പഠിച്ചു. "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു" എന്ന വാക്കുകൾ യേശുവിനു പ്രിയംകരമായിരുന്നു.

ജനങ്ങളുടെ അവസ്ഥ യേശു കണ്ടപ്പോൾ ഒരു വസ്തുത വ്യക്തമായി മനസ്സിലാക്കി. ദൈവത്തിന്റെ കല്പനകളും മനുഷ്യനിർമ്മിതമായ പ്രമാണങ്ങളും തമ്മിൽ നിരന്തര പോരാട്ടം നടക്കുന്നുവെന്നു യേശു കണ്ടു. മനുഷ്യൻ ദൈവകല്പനകളിൽനിന്ന് അകന്ന്, സ്വയം നിർമ്മിച്ച ആശയങ്ങൾക്കും തത്വങ്ങൾക്കും പ്രാധാന്യം കൊടുത്തു. പ്രയോജനരഹിതങ്ങളായ പാരമ്പര്യ

ങ്ങളെ മതനേതാക്കൾ മുറുകെ പിടിച്ചു. അവരുടെ ആരാധന, ചടങ്ങുകളുടെ യാന്ത്രികമായ ഒരു നിർവ്വഹണം മാത്രമായിരുന്നു. ഈ ചടങ്ങാചാരങ്ങളുടെ മദ്ധ്യേ വിശുദ്ധതിരുവചനസത്യങ്ങൾ ആരാധകർക്കു മറയ്ക്കപ്പെട്ടിരുന്നു. പൊള്ളയായ ആചാരങ്ങളിലൂടെ ജനത്തിന് ആത്മനിർവൃതി അടയുവാൻ കഴിഞ്ഞില്ല. ദൈവത്തെ സത്യത്തിൽ ആരാധിക്കുമ്പോൾ ലഭ്യമാകുന്ന ആത്മ സ്വാതന്ത്ര്യം അവർക്കു അപരിചിതമായിരുന്നു. ആരാധനയുടെ അർത്ഥം മനസ്സിലാക്കിക്കൊടുക്കുവാനാണു ക്രിസ്തു ഭൂമിയിൽ അവതരിച്ചത്. മനുഷ്യ നിർമ്മിതമായ ചട്ടങ്ങൾ ദൈവത്തിന്റെ നിയമങ്ങളുമായി കൂട്ടിക്കലർത്തു വാൻ യേശു ഇഷ്ടപ്പെട്ടില്ല. യെഹൂദനേതാക്കളുമായി നേരിട്ടൊരു സംഘട്ടന ത്തിനു യേശു തുനിഞ്ഞില്ല. എന്നാൽ തന്റെ ലളിതമായ ജീവിതത്തെ വിമർശിച്ചവരോടു തിരുവചനം എന്തു പറയുന്നുവെന്നു യേശു ചൂണ്ടി ക്കാണിച്ചു.

ശാന്തതയുള്ളവനും വിനയാന്വിതനുമായി യേശു മറ്റുള്ളവരോട് ഇടപെട്ടു. ഈ സ്വഭാവവിശേഷതകളെ യേശുവിന്റെ ബലഹീനതയായി യെഹൂദ നേതാക്കൾ തെറ്റിദ്ധരിച്ചു. തങ്ങളുടെ ആശയങ്ങൾ, യേശുവിന്റെമേൽ നിഷ് പ്രയാസം അടിച്ചേല്പിക്കാമെന്ന് അവർ കരുതി. റബ്ബിമാർ വളരെക്കാലമായി പഠിപ്പിച്ചുകൊണ്ടിരുന്ന ഉപദേശങ്ങളും പാരമ്പര്യങ്ങളും കൈക്കൊള്ളാൻ തന്നെ നിർബ്ബന്ധിച്ചവരോട്, തിരുവചനം അവയെക്കുറിച്ച് എന്തു പറയുന്നു വെന്നു യേശു ചോദിച്ചു. ദൈവത്തിന്റെ വായിൽനിന്നു വരുന്ന എല്ലാ കല്പന കളും അനുസരിപ്പാൻ യേശു ദൃഢനിശ്ചയം ചെയ്തിരുന്നു. എന്നാൽ മനുഷ്യ നിർമ്മിതമായ ചട്ടങ്ങളെ അംഗീകരിപ്പാൻ യേശു ഒരുക്കമായിരുന്നില്ല. തിരുവെഴുത്തുകൾ കർത്താവിനു ഹൃദിസ്ഥമായിരുന്നു. അതിന്റെ പ്രാധാന്യ ത്തോടെ കർത്താവ് അവയെ അവതരിപ്പിച്ചു. ഒരു ബാലന്റെ ഉപദേശം സ്വീകരിക്കാൻ റബ്ബിമാരുടെ അഹന്ത അവരെ സമ്മതിച്ചില്ല. തിരുവെഴുത്തു കൾ വ്യാഖ്യാനിക്കുവാനുള്ള അവകാശം തങ്ങളിൽ നിക്ഷിപ്തമായിരിക്കു മെന്ന് അവർ വാദിച്ചു. അവയെ ചോദ്യം ചെയ്യാതെ അനുസരിക്കുകയാണു വേണ്ടതെന്ന് അവർ യേശുവിനെ ഓർമ്മിപ്പിച്ചു. തങ്ങളുടെ ഉപദേശം യേശു അംഗീകരിച്ചില്ലായെന്നു കണ്ടപ്പോൾ യെഹൂദപ്രമാണികൾക്കും യേശുവി നോട് അടങ്ങാത്ത രോഷം ഉണ്ടായി.

തങ്ങൾ ഉയർത്തിപ്പിടിക്കുന്ന പാരമ്പര്യാധിഷ്ഠിതമായ ആചാരങ്ങൾക്കു തിരുവെഴുത്തുകളിൽ അടിസ്ഥാനം കണ്ടെത്തുവാൻ കഴികയില്ലായെന്നു റബ്ബിമാർക്ക് അറിയാമായിരുന്നു. ആത്മീയമായി വിവേചിക്കുന്നതിൽ യേശു തങ്ങളെക്കാൾ വളരെ മുമ്പിലായിരുന്നുവെന്നു പുരോഹിതന്മാർ മനസ്സി ലാക്കി. എങ്കിലും അവരുടെ ആജ്ഞകളെ യേശു അനുസരിക്കാത്തതു കൊണ്ട് അവർ അസൂയ നിറഞ്ഞവരായിത്തീർന്നു. അവർ മറിയയെയും യോസേഫിനെയും സമീപിച്ചു തങ്ങളുടെ നിർദ്ദേശങ്ങൾ യേശു അംഗീകരി ക്കുന്നില്ലായെന്നു പരാതിപ്പെട്ടു.

വളരെ ബാല്യം മുതൽ തന്നെ തന്റെ സ്വഭാവരൂപീകരണത്തിൽ യേശു സ്വയം പരിശ്രമിച്ചിരുന്നു. തന്റെ ഭൗമിക മാതാപിതാക്കളോടുള്ള സ്നേഹ ത്തിനുപോലും ദൈവവചനം അനുസരിക്കുന്നതിൽനിന്നു തന്നെ വ്യതി

ചലിപ്പിക്കുവാൻ സാധ്യമായിരുന്നില്ല. തിരുവെഴുത്തുകളായിരുന്നു യേശുവിന്റെ ജീവിതത്തിന്റെ വഴികാട്ടി. മറ്റുള്ളവരിൽനിന്നു വ്യത്യസ്തമായി നില കൊള്ളുവാൻ തന്നെ പ്രേരിപ്പിച്ചതും തിരുവെഴുത്തുകളായിരുന്നു. റബ്ബിമാർ യേശുവിന്റെ ജീവിതത്തെ കയ്പു നിറഞ്ഞതാക്കിത്തീർത്തു. യുവാവായിരിക്കുമ്പോൾതന്നെ യേശു അതുല്യമായ സഹനശക്തിയും ക്ഷമയും പ്രകടമാക്കി.

യോസേഫിന്റെ മക്കളായ തന്റെ സഹോദരന്മാരും റബ്ബിമാരുടെ പക്ഷം ചേർന്നു. പാരമ്പര്യ ആചാരങ്ങളെ ദൈവിക ശാസനകളായി അനുഷ്ഠിക്കേണ്ടതാണെന്ന് അവർ വാദിച്ചു. ദൈവവചനത്തെക്കാൾ കൂടുതൽ പ്രാമുഖ്യം അവർ മനുഷ്യനിർമ്മിതമായ ചട്ടങ്ങൾക്കു നല്കി. സത്യത്തെയും വ്യാജത്തെയും തമ്മിൽ വേർതിരിക്കുന്നതിൽ യേശു കാണിച്ച താൽപര്യം യേശുവിന്റെ സഹോദരന്മാർക്ക് ഈർഷ്യ ഉളവാക്കി. ദൈവകല്പന പ്രമാണിക്കുന്നതിൽ യേശു കാണിച്ച തീക്ഷ്ണതയെ ധിക്കാരമെന്ന് അവർ കുറ്റപ്പെടുത്തി. റബ്ബിമാരുമായുള്ള വാദപ്രതിവാദത്തിൽ യേശു പ്രകടിപ്പിച്ച ജ്ഞാനത്തിലും അറിവിലും യെഹൂദനേതാക്കൾ അത്ഭുതപ്പെട്ടു. റബ്ബിമാരിൽനിന്നു യേശുവിനു വിദ്യാഭ്യാസം ലഭിച്ചിട്ടില്ലായെന്ന് അവർക്കറിയാമായിരുന്നു. എങ്കിലും അവൻ വളരെ ജ്ഞാനത്തോടെ സംസാരിച്ചു. യേശുവിന്റെ സഹോദരന്മാരും അവന്റെ ജ്ഞാനത്തിൽ അത്ഭുതപ്പെട്ടു. എങ്ങനെ ഇത്ര അറിവ് അവനു ലഭിച്ചു എന്നവർ ചിന്തിച്ചു. അവർക്ക് അജ്ഞാതമായ ജീവന്റെ വൃക്ഷത്തിൽനിന്നുമായിരുന്നു യേശു ജ്ഞാനം പ്രാപിച്ചിരുന്നതെന്നു യേശുവിന്റെ സഹോദരർ മനസ്സിലാക്കിയിരുന്നില്ല.

പരീശന്മാരുടെ കഠിനമായ നിയമാവലികളെ യേശു കാര്യമായിട്ട് എടുക്കാത്തതിനാൽ അവൻ അവരുടെ അപ്രീതിക്കും പാത്രമായി. ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ സാധിക്കാത്ത കഠിനനിയമങ്ങൾകൊണ്ടു തങ്ങളുടെ മതത്തിനു ചുറ്റും പരീശന്മാർ കെട്ടിപ്പൊക്കിയ വേർപാടിന്റെ ചുവർ യേശു കണ്ടു. ഈ വേർപാടിന്റെ നടുച്ചുവർ യേശു പൊളിച്ചുകളഞ്ഞു. ജനങ്ങളുമായി ഇടപെട്ടപ്പോൾ 'നിന്റെ വിശ്വാസപ്രമാണം എന്ത്' എന്നു യേശു ചോദിച്ചില്ല. 'നീ ഏതു മതവിഭാഗത്തിൽ പെട്ടവൻ' എന്നും അന്വേഷിച്ചില്ല. സഹായം ആവശ്യമുള്ളവർക്ക് അവൻ എപ്പോഴും സമീപസ്ഥൻ ആയിരുന്നു. തന്റെ വിശുദ്ധി മറ്റുള്ളവരെ കാണിക്കുന്നതിനായി ഏകാന്തനായ ഒരു സന്യാസിയെപ്പോലെ മനുഷ്യരിൽനിന്ന് ഒറ്റപ്പെട്ടു കഴിയുവാൻ യേശു ആഗ്രഹിച്ചില്ല. പ്രത്യുത മനുഷ്യരെ സേവിക്കുവാൻ അവൻ വളരെ താൽപര്യം കാണിച്ചു. മനുഷ്യശരീരങ്ങളെ പീഡിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതല്ല വേദപുസ്തകമതമെന്നു യേശു പഠിപ്പിച്ചു. ശുദ്ധവും നിഷ്കളങ്കവുമായ മതം ചില പ്രത്യേക സന്ദർഭങ്ങളിലേക്കും പ്രത്യേക കാലങ്ങളിലേക്കുമുള്ളതല്ലായെന്നും യേശു പഠിപ്പിച്ചു. യേശു മനുഷ്യരെ സ്നേഹിച്ചു. യേശുവിന്റെ ഭക്തി സന്തോഷം നിറഞ്ഞതും മറ്റുള്ളവർക്കു പ്രിയങ്കരവുമായിരുന്നു. പരീശന്മാർക്ക് ഇതു സഹിക്കാവതായിരുന്നില്ല. മതഭക്തിയിൽ സ്വാർത്ഥത അശേഷം പാടില്ലായെന്നു യേശു പഠിപ്പിച്ചു. രോഗഗ്രസ്തമായ പരീശന്മാരുടെ ഭക്തിയും യഥാർത്ഥ ദൈവഭക്തിയും തമ്മിൽ

ഒരു ബന്ധവും ഇല്ലായിരുന്നു. യേശുവിനോടു പരീശന്മാർക്കു വിദ്വേഷം വർദ്ധിക്കുന്നതിന് ഇതു കാരണമായി. ഏതുവിധമെങ്കിലും യേശുവിനെ കീഴ്പ്പെടുത്തുന്നതിന് അവർ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരുന്നു.

ദുഃഖിതരുടെ വേദനയകറ്റുവാൻ യേശു ശ്രമിച്ചു. ദരിദ്രർക്കു ധനസഹായം ചെയ്യാൻ യേശുവിന്റെ കയ്യിൽ പണമില്ലായിരുന്നു. പലപ്പോഴും തന്റെ ആഹാരം വെടിഞ്ഞു മറ്റുള്ളവർക്കു കർത്താവു സഹായം ചെയ്തിരുന്നു. യേശുവിനു ജനങ്ങളുടെ ഇടയിൽ കൂടുതൽ സ്വാധീനം ഉണ്ടാകുന്നുവെന്നു യേശുക്രിസ്തുവിന്റെ സഹോദരന്മാർ മനസ്സിലാക്കി. തങ്ങൾക്കില്ലാത്ത അനേകം നല്ല ഗുണങ്ങൾ യേശുവിനുള്ളതായി അവർ കണ്ടു. എല്ലാവരോടും ആത്മാർത്ഥതയോടുകൂടി കർത്താവ് ഇടപെട്ടു. തങ്ങൾക്കും അപ്രകാരം ചെയ്യുവാൻ സാധിച്ചിരുന്നുവെങ്കിൽ എന്നു യേശുവിന്റെ ശിഷ്യന്മാർ ആഗ്രഹിച്ചു. പരീശന്മാർ പരുഷമായി സംസാരിച്ചപ്പോൾ യേശുവിന്റെ ഉത്തരം സ്നേഹത്തോടുകൂടിയായിരുന്നു. പാവപ്പെട്ടവരോടു സഹാനുഭൂതിയോടെ ഇടപെട്ടു സ്നേഹവും ആശ്വാസവും പകർന്നുകൊണ്ടു യേശു സ്വർഗ്ഗീയ സത്യങ്ങൾ പഠിപ്പിച്ചപ്പോൾ അവരുടെ ഹൃദയങ്ങൾ സത്യം സ്വീകരിപ്പാൻ ഒരുക്കമായിരുന്നു.

യേശുവിന്റെ ജനസമ്മതി അവന്റെ സഹോദരന്മാരെ അസൂയാലുക്കളാക്കി. യേശുവിനെക്കാൾ അവർ പ്രായം കൂടിയവരായിരുന്നതുകൊണ്ട് അവർ പറയുന്നതു യേശു അനുസരിക്കണമെന്നായിരുന്നു അവരുടെ പക്ഷം. യേശുവിനെ അകാരണമായി സഹോദരർ കുറ്റപ്പെടുത്തി. യേശുവിനു പലപ്പോഴും പുരോഹിതന്മാരെക്കാളും ഗുരുക്കന്മാരെക്കാളും കൂടുതൽ ആദരവു ലഭിച്ചതു യേശുവിന്റെ സഹോദരന്മാർക്ക് ഇഷ്ടമായില്ല. അവർ പലപ്പോഴും അവനെ ഭയപ്പെടുത്തുവാൻ ശ്രമിച്ചു. എന്നാൽ യേശു തിരുവെഴുത്തുകളെ ആശ്രയിച്ചു ധീരമായി മുമ്പോട്ടുപോയി.

യേശു തന്റെ സഹോദരന്മാരെ നിർവ്യാജം സ്നേഹിച്ചിരുന്നു. അവരോടുള്ള അവന്റെ ദയ വറ്റിപ്പോകാത്തതായിരുന്നു. എന്നാൽ അവരാകട്ടെ അസൂയ നിറഞ്ഞവരായിരുന്നു. അവിശ്വാസവും വിദ്വേഷവും അവരിൽ കുടികൊണ്ടിരുന്നു. യേശുവിന്റെ പെരുമാറ്റം അവർക്കു മനസ്സിലായില്ല. യേശുവിൽ വലിയ വൈരുദ്ധ്യങ്ങൾ അവർ ദർശിച്ചു. അവൻ, ദൈവപുത്രനായിരുന്നുവെങ്കിലും ശിശു ആയിരുന്നപ്പോൾ മറ്റു ശിശുക്കളെപ്പോലെ നിസ്സഹായനായിരുന്നു. സ്രഷ്ടാവെന്ന നിലയിൽ ഈ ഭൂമി അവന്റെ വകയായിരുന്നു. എങ്കിലും അവന് ഈ ഭൂമിയിൽ സ്വന്തമായിട്ടൊന്നുംതന്നെയില്ലായിരുന്നു. ലോകരുടെ ഇടയിൽ കാണാറുള്ള നാട്യമോ അഹങ്കാരമോ യേശുവിൽ ഇല്ലായിരുന്നു. നേരേമറിച്ചു ശ്രേഷ്ഠതയും വ്യക്തിത്വവും അവനിൽ കളിയാടി. സ്വയമഹത്വത്തിനുവേണ്ടി യേശു ശ്രമിച്ചില്ല. തന്റെ എളിമയിൽ താൻ സംതൃപ്തനായിരുന്നു. യേശുവിന്റെ സഹോദരന്മാർക്ക് ഇതു സഹിച്ചുകൂടായിരുന്നു. കഠിനമായ യാതനയിലും ദാരിദ്ര്യത്തിലും എപ്രകാരം മനഃശാന്തി നിലനിർത്തുവാൻ യേശുവിനു കഴിയുന്നുവെന്ന് അവർ അത്ഭുതപ്പെട്ടു. “അവന്റെ ദാരിദ്ര്യത്താൽ നാം സമ്പന്നരാകേണ്ടതിന്” ആയിരുന്നു

യേശു ദരിദ്രനായിത്തീർന്നതെന്നു യേശുവിന്റെ സഹോദരന്മാർ അറിഞ്ഞില്ല. ഇയ്യോബിന്റെ സ്നേഹിതന്മാർക്ക് ഇയ്യോബിനുണ്ടായ കഷ്ടതകളും താഴ്ചയും മനസ്സിലാക്കാൻ കഴിയാഞ്ഞതുപോലെ യേശുവിന്റെ ദൗത്യത്തെക്കുറിച്ച് അവന്റെ സഹോദരന്മാർക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

തന്റെ സഹോദരന്മാരെപ്പോലെ താൻ അല്ലാതിരുന്നതിനാലാണ് അവർ യേശുവിനെ തെറ്റിദ്ധരിക്കുവാൻ ഇടയായത്. യേശുവിന്റെ ജീവിതതത്വം ആയിരുന്നില്ല അവർ പ്രായോഗികമാക്കിയത്. അവർ ലോകത്തെ സ്നേഹിച്ചതുകൊണ്ടു ദൈവത്തിൽനിന്ന് അകന്നു. അവർക്ക് ആത്മീയമായ ശക്തി ലഭിക്കാതെ പോയി. തങ്ങൾ അഭിമാനംകൊണ്ട മതത്തിന്റെ ബാഹ്യരൂപങ്ങൾക്ക് അവരുടെ സ്വഭാവത്തെ രൂപാന്തരപ്പെടുത്താൻ കഴിഞ്ഞില്ല. അവർ "തുളസി, ചതകുപ്പ, ജീരകം എന്നിവയിൽ പതാരം കൊടുക്കുകയും ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവയെ ത്യജിച്ചുകളയുകയും ചെയ്തു" (മത്തായി 23:23). യേശുവിന്റെ ജീവിതം അവർക്ക് ഇടർച്ചയായിരുന്നു. യേശു ലോകത്തിൽ വെറുത്തതു പാപജീവിതം മാത്രമായിരുന്നു. പാപത്തെ ഒരിക്കലും യേശു നിസ്സാരമായി കരുതിയില്ല. പാപത്തെ മൂടിവച്ചുകൊണ്ടു ഭക്തിയുടെ വേഷം ധരിച്ച ഒരു കൂട്ടം നാമധേയഭക്തർ ഒരു വശത്തും ദൈവതേജസ്സു പ്രതിഫലിപ്പിക്കുന്ന ദിവ്യസ്വഭാവത്തിന്റെ ഉടമ മറുവശത്തും നിലകൊണ്ടപ്പോൾ നന്മതിന്മകളുടെ വൈരുദ്ധ്യം വളരെ വ്യക്തമായി കാണപ്പെട്ടു. യേശു തിന്മയെ ശാസിച്ചിരുന്നതുകൊണ്ടു തിന്മയുടെ എല്ലാ ശക്തികളും അവനെതിരായി നിലകൊണ്ടു. ഭവനത്തിലും വെളിയിലും ആ വെറുപ്പു യേശുവിന് അനുഭവമായി. യേശുവിന്റെ സ്വാർത്ഥതയില്ലാത്ത ജീവിതവും വിശ്വസ്തതയും മറ്റുള്ളവർക്കും അസഹനീയമായിരുന്നു. യേശുവിന്റെ ക്ഷമാശീലവും ദയയോടു കൂടിയ പെരുമാറ്റവും ഭീരുത്വമായി അവർ വ്യാഖ്യാനിച്ചു.

മനുഷ്യവർഗ്ഗത്തിന്റെ ഭാഗധേയമായി ലഭിച്ച കയ്പുനിറഞ്ഞ പാനപാത്രം യേശു രുചിച്ചറിഞ്ഞു. അവന്റെ ജനനത്തെ സംബന്ധിച്ചു മോശമായി സംസാരിച്ചവർ ഉണ്ടായിരുന്നു. തന്റെ ചെറുപ്പകാലത്തു മറ്റുള്ളവരുടെ പരിഹാസദ്യോതകമായ നോട്ടവും കുശുകുശുക്കലും തനിക്കു നേരിടേണ്ടതായിവന്നു. അസഹിഷ്ണുതയോടുകൂടിയ ഒരു നോട്ടമോ, വാക്കോ തന്നിൽനിന്നു പുറപ്പെട്ടിരുന്നെങ്കിൽ അതു യേശുവിന്റെ പൂർണ്ണതയ്ക്ക് ഒരു കുറവായിത്തീരുമായിരുന്നു. അപ്രകാരം സംഭവിച്ചിരുന്നെങ്കിൽ നമ്മുടെ വീണ്ടെടുപ്പിന്റെ വേല പൂർത്തീകരിക്കുന്നതിൽ താൻ പരാജിതനാകുമായിരുന്നു. പാപത്തിന്റെനേരേ ഒരിക്കലെങ്കിലും യേശു കണ്ണടച്ചിരുന്നെങ്കിൽ ശത്രു വിജയം വരിക്കുമായിരുന്നു. അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ ഈ ലോകം നിത്യനാശത്തിൽ നിപതിക്കുമായിരുന്നു. ഇതറിയാമായിരുന്നതുകൊണ്ടായിരുന്നു സാത്താൻ എല്ലാ തന്ത്രങ്ങളുമുപയോഗിച്ചു യേശുവിനെ കീഴ്പ്പെടുത്തുവാൻ ശ്രമിച്ചത്.

എന്നാൽ എല്ലാ പരീക്ഷകളെയും യേശു അഭിമുഖീകരിച്ചത് ഈ ഉത്തരം കൊണ്ടായിരുന്നു: "ഇപ്രകാരം എഴുതിയിരിക്കുന്നു." തന്റെ സഹോദരന്മാരുടെ തെറ്റുകളെ വളരെ അപൂർവ്വമായിട്ടേ യേശു ശാസിച്ചിരുന്നുള്ളു.

എന്നാൽ അവർക്കു നല്കുവാൻ ദൈവത്തിൽനിന്നുള്ള ദൂത് എപ്പോഴും യേശുവിനുണ്ടായിരുന്നു. വിലക്കപ്പെട്ട കാര്യങ്ങളിൽ സഹോദരന്മാരുമായി സഹകരിക്കാതിരുന്നപ്പോൾ, യേശുവിനെ ഒരു ഭീരുവായി അവർ ചിത്രീകരിക്കുമായിരുന്നു. എന്നാൽ യേശുവിന്റെ ഉത്തരം ഇപ്രകാരമായിരുന്നു: "കർത്താവിനോടുള്ള ഭക്തി തന്നെ ജ്ഞാനം" (ഇയ്യോബ് 28:28).

ചിലർ യേശുവിന്റെ സാന്നിദ്ധ്യം ഇഷ്ടപ്പെട്ടിരുന്നു. അവന്റെ സന്നിധിയിൽ അവർ സമാധാനം കണ്ടെത്തി. എന്നാൽ അനേകർ യേശുവിനെ സ്വീകരിച്ചില്ല. യേശുവിന്റെ വിശുദ്ധജീവിതം അവരെ കുറ്റം വിധിച്ചുകൊണ്ടിരുന്നു. യുവാക്കൾ യേശുവിനെ തങ്ങളുടെ കൂട്ടുകെട്ടിലേക്കു ക്ഷണിച്ചു. യേശു എപ്പോഴും സന്തോഷവാനും ജ്ഞാനത്തിൽ വളർന്നുകൊണ്ടിരുന്നവനും ആയിരുന്നു. യേശുവിന്റെ സഖിത്വം കൂട്ടുകാർ ഇഷ്ടപ്പെട്ടിരുന്നു. യേശുവിന്റെ അഭിപ്രായങ്ങളെ അവർ മാനിച്ചിരുന്നു. യേശുവിന്റെ ജീവിതതത്വങ്ങളിലുള്ള സൂക്ഷ്മതയുമായി ഇണങ്ങിപ്പോകുവാൻ അവർക്കു കഴിഞ്ഞില്ല. അവർ യേശുവിനെ സങ്കുചിതമാനസൻ എന്നു കുറ്റപ്പെടുത്തി. യേശു അവരോട് ഉത്തരം പറഞ്ഞു: "ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ." "ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു" (സങ്കീ. 119:9,11).

പലപ്പോഴും ആളുകൾ യേശുവിനോടു ചോദിച്ചിരുന്നു: "എന്തുകൊണ്ടു നീ ഏകനായി ഇരിക്കുവാൻ ആഗ്രഹിക്കുന്നു?" "എന്തുകൊണ്ടു ഞങ്ങളിൽ നിന്നൊക്കെയും നീ പ്രത്യേകത ഉള്ളവൻ ആയിരിക്കുന്നു?" യേശു മറുപടി പറഞ്ഞു: "യഹോവയുടെ ന്യായപ്രമാണം അനുസരിച്ചു നടപ്പിൽ നിഷ്കളങ്കരായവർ ഭാഗ്യവാന്മാർ. അവന്റെ സാക്ഷ്യങ്ങളെ പ്രമാണിച്ചു പൂർണ്ണ ഹൃദയത്തോടെ അവനെ അന്വേഷിക്കുന്നവർ ഭാഗ്യവാന്മാർ. അവർ നീതികേടു പ്രവർത്തിക്കാതെ അവന്റെ വഴികളിൽ തന്നെ നടക്കുന്നു" (സങ്കീ. 119:1–3).

നസ്രേത്തിലെ യുവാക്കളുടെ വിനോദങ്ങളിൽ എന്തുകൊണ്ടു താൻ ചേരുന്നില്ല എന്നു ചോദിച്ചപ്പോൾ യേശു പറഞ്ഞു: "ഞാൻ സർവ്വസമ്പത്തിലുമെന്നപോലെ നിന്റെ സാക്ഷ്യങ്ങളുടെ വഴിയിൽ ആനന്ദിക്കുന്നു. ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കുകയും നിന്റെ വഴികളെ സൂക്ഷിക്കുകയും ചെയ്യുന്നു. ഞാൻ നിന്റെ ചട്ടങ്ങളിൽ രസിക്കും; നിന്റെ വചനത്തെ മറക്കുകയുമില്ല" (സങ്കീ. 119:14–16).

അവകാശങ്ങൾക്കുവേണ്ടി യേശു പോരാടിയില്ല. ഒന്നിനെക്കുറിച്ചും പരാതിപ്പെടാതിരുന്നതിനാൽ പലപ്പോഴും യേശുവിനു കഷ്ടങ്ങൾ സഹിക്കേണ്ടതായിവന്നു. എങ്കിലും യേശു പരാജയപ്പെടുകയോ, നിരാശനാകയോ ചെയ്തില്ല. ഈ പ്രയാസങ്ങൾക്കെല്ലാം ഉപരിയായി ദൈവത്തിന്റെ മുഖപ്രകാശത്തിൽ യേശു ജീവിച്ചു. മറ്റുള്ളവർ തന്നോടു ക്രൂരമായി പെരുമാറിയപ്പോൾ പ്രതികാരം ചെയ്യാതെ, ക്ഷമയോടെ പരിഹാസത്തെ സഹിച്ചു.

നിന്റെ സഹോദരന്മാരിൽനിന്നുപോലുമുള്ള പരിഹാസത്തെ നീ എന്തിനു സഹിക്കുന്നുവെന്ന് ആളുകൾ പല പ്രാവശ്യം യേശുവിനോടു ചോദിച്ചപ്പോൾ

യേശു പറഞ്ഞത്: "മകനേ, എന്റെ ഉപദേശം മറക്കരുത്; നിന്റെ ഹൃദയം എന്റെ കല്പനകളെ കാത്തുകൊള്ളട്ടെ. അവ ദീർഘായുസ്സും ജീവകാലവും സമാധാനവും നിനക്കു വർദ്ധിപ്പിച്ചുതരും. ദയയും വിശ്വസ്തതയും നിന്നെ വിട്ടുപോകരുത്; അവയെ നിന്റെ കഴുത്തിൽ കെട്ടിക്കൊൾക; നിന്റെ ഹൃദയത്തിന്റെ പലകയിൽ എഴുതിക്കൊൾക. അങ്ങനെ നീ ദൈവത്തിനും മനുഷ്യർക്കും ബോധ്യമായ ലാവണ്യവും സൽബുദ്ധിയും പ്രാപിക്കും" (സദൃശ. 3:1-4).

യേശുവിന്റെ പ്രവർത്തനരീതി പലപ്പോഴും മാതാപിതാക്കൾക്കു ഗ്രഹിപ്പാൻ കഴിയാത്ത തരത്തിലുള്ളതായിരുന്നു. യേശു ഒരിക്കലും വാദപ്രതിവാദത്തിൽ ഏർപ്പെട്ടിരുന്നില്ല. അവന്റെ മാതൃകാപരമായ ജീവിതം മാതാപിതാക്കൾക്കും ഒരു പാഠമായിരുന്നു. മറ്റുള്ളവരിൽനിന്നു വ്യത്യസ്തനായ ഒരു വ്യക്തിയാണു തങ്ങളുടെ മകനെന്നു മറിയയ്ക്കും യോസേഫിനും ബോധ്യമായി. തനിയേ, ദൈവത്തോടും പ്രകൃതിയോടുംകൂടെ ഇടപഴകികഴിയുമ്പോഴായിരുന്നു യേശു യഥാർത്ഥ ആനന്ദം അനുഭവിച്ചത്. സന്ദർഭം കിട്ടുമ്പോഴൊക്കെയും യേശു, പച്ചപ്പുൽത്തകിടിയിലോ, കുന്നിൻമുകളിലോ, മരക്കൂട്ടങ്ങളിലോ പോയി സ്വർഗ്ഗീയപിതാവുമായി സമ്പർക്കം പുലർത്തിയിരുന്നു. അവൻ അതിരാവിലെ എഴുന്നേറ്റ് ഏകാന്തമായ സ്ഥലത്തു ചെന്നു പ്രാർത്ഥനയിലും, വേദപുസ്തകപഠനത്തിലും, ധ്യാനത്തിലും സമയം ചെലവഴിച്ചു. അതിനുശേഷം ഭവനത്തിൽ മടങ്ങിവന്നു മാതാപിതാക്കളെ അവരുടെ ജോലികളിൽ സഹായിച്ചിരുന്നു.

യേശുവിന്റെ ജീവിതത്തിലെ പ്രത്യേകത, തന്റെ അമ്മയോടുണ്ടായിരുന്ന സ്നേഹബഹുമാനങ്ങളായിരുന്നു. തന്റെ പുത്രൻ വാഗ്ദത്തമശീഹ ആയിരുന്നുവെന്നു മറിയ പൂർണ്ണമായി വിശ്വസിച്ചു. എങ്കിലും തന്റെ വിശ്വാസം മറ്റുള്ളവരോടു മറിയ പറഞ്ഞില്ല. യേശുവിന്റെ ജീവിതകാലം മുഴുവനും അവന്റെ അമ്മ, അവന്റെ കഷ്ടങ്ങളിൽ പങ്കാളിയായിരുന്നു. യേശുവിന്റെ ശൈശവകാലത്തും, യൗവനകാലത്തും അഭിമുഖീകരിക്കേണ്ടിവന്ന കഷ്ടതയും പരീക്ഷകളും മറിയ കണ്ടു. മകനുവേണ്ടി ആ അമ്മ ജീവിച്ചതുകൊണ്ടു മകന്റെ കഷ്ടതകളിലും പരീക്ഷകളിലും അവൾ പങ്കാളിയായി. വീട്ടിലെ കൂട്ടായ ജീവിതത്തിൽ, അമ്മമാരുടെ ആർദ്രതയേറിയ പരിചരണം കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിൽ വലിയ പങ്കുവഹിക്കുന്നുയെന്നു മറിയ മനസ്സിലാക്കി. യോസേഫിന്റെ മക്കൾ മറിയയുടെ ഹൃദയനിരൂപണം ഗ്രഹിച്ചു. യേശുവിന്റെ ദൗത്യത്തിൽനിന്ന് അവനെ പിന്തിരിപ്പിക്കുവാൻ അവർ വീണ്ടും ശ്രമിച്ചു.

മറിയ അനേകം പ്രാവശ്യം യേശുവിനോടൊപ്പം റബ്ബിമാരുടെ എതിർപ്പും നേരിട്ടനുഭവിച്ചിട്ടുണ്ട്. അതിൽ അവൾ പരിക്ഷീണയായി. റബ്ബിമാർക്കു കീഴ്പ്പെടുവാൻ മറിയ യേശുവിനോട് അഭ്യർത്ഥിച്ചു. എന്നാൽ യേശുവിന്റെ ഭക്തിജീവിതത്തിൽനിന്നു തന്നെ വ്യതിചലിപ്പിക്കുവാൻ ആർക്കും സാദ്ധ്യമല്ലായിരുന്നു. യേശുവിന്റെ പ്രവർത്തനങ്ങൾക്കു കടിഞ്ഞാണിടുവാൻ മറിയയുടെ സഹായം ആവശ്യപ്പെട്ടപ്പോൾ മറിയ വിഷമിച്ചു. തന്റെ പ്രവൃത്തി

കൾ തിരുവചനാനുസൃതമെന്നു യേശു തെളിയിച്ചപ്പോൾ മറിയയ്ക്കു സമാധാനമായി.

ചില സന്ദർഭങ്ങളിൽ യേശുവും സഹോദരങ്ങളുമായി അഭിപ്രായ വ്യത്യാസമുണ്ടാവുമ്പോൾ മറിയയ്ക്കു തീരുമാനം എടുക്കാൻ കഴിയാതെ വന്നിട്ടുണ്ട്. ദൈവത്താൽ അയയ്ക്കപ്പെട്ടവനായിരുന്നു യേശു എന്നു യോസേഫിന്റെ മക്കൾ വിശ്വസിച്ചിരുന്നില്ല. എന്നാൽ യേശുവിന്റെ ദൈവികത്വത്തെ വ്യക്തമാക്കുന്ന അനേക തെളിവുകൾ ഉണ്ടായിരുന്നു. മറ്റുള്ളവർക്കുവേണ്ടി യേശു സ്വയത്യാഗത്തോടുകൂടി പ്രവർത്തിക്കുന്നതു മറിയ കണ്ടിട്ടുണ്ട്. യേശുവിന്റെ സാന്നിദ്ധ്യം വീട്ടിൽ വിശുദ്ധിയുടെ അന്തരീക്ഷം പ്രദാനം ചെയ്തു. അല്പം പുളിച്ചമാവ്, കലത്തിലെ മാവിനെ മുഴുവൻ പുളിപ്പിക്കുന്നതുപോലെ ക്രിസ്തുവിന്റെ സ്വാധീനശക്തി സമൂഹത്തിനാകമാനം രൂപാന്തരം വരുത്തി. ചിന്താശൂന്യരും വിനയമില്ലാത്തവരുമായ ആളുകളുടെ ഇടയിൽ മാലിന്യമേശാതെ, നിർദ്ദോഷിയായി ക്രിസ്തു ജീവിച്ചു. നീതിപ്രവർത്തിക്കാതിരുന്ന ചുങ്കക്കാരും, അനിയന്ത്രിതമായ ജീവിതം നയിച്ചവരും, ദുഷ്ടത പ്രവർത്തിച്ച ശമര്യക്കാരും, ജാതികളായിരുന്ന പടയാളികളും, പരുക്കൻ ജീവിതം നയിച്ച കൃഷിക്കാരും, സമ്മിശ്ര ജാതികളും യേശു ജീവിച്ചിരുന്ന സമൂഹത്തിൽ ഉൾപ്പെട്ടിരുന്നു. യേശുവിന്റെ വാക്കുകൾ എപ്പോഴും കരുണാർദ്രമായിരുന്നു. ക്ഷീണിതരോടും ഭാരം ചുമക്കുന്നവരോടും യേശു അനുകമ്പയുള്ളവനായിരുന്നു. മാത്രമല്ല അവരുടെ ഭാരങ്ങൾ വഹിപ്പാൻ അവൻ അവർക്കു കൈത്താങ്ങൽ കൊടുത്തു. ദൈവത്തിന്റെ അളവില്ലാത്ത സ്നേഹവും പ്രകൃതിയിലെ മനോഹര പാഠങ്ങളും യേശുവിന്റെ സംസാരവിഷയങ്ങളായിരുന്നു.

ദൈവം മനുഷ്യർക്കു ദാനമായി കൊടുത്തിരിക്കുന്ന കഴിവുകളെ വികസിപ്പിച്ചെടുക്കുവാനും യേശു തന്റെ ശ്രോതാക്കളെ ഉദ്ബോധിപ്പിച്ചു. അവയെ ശരിയായി വിനിയോഗിച്ചാൽ നിത്യമായ ധനം അവർക്കു ലഭിക്കുമെന്നു യേശു അവരെ പഠിപ്പിച്ചു. മനുഷ്യജീവിതത്തിൽനിന്നു വ്യർത്ഥമായ കാര്യങ്ങളെ യേശു വേരോടെ പിഴുതുകളഞ്ഞു. നാം ചെലവഴിക്കുന്ന ഓരോ നിമിഷവും നിത്യമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നതാണെന്നു സ്വജീവിതത്തെ മാതൃകയായി കാട്ടിക്കൊണ്ടു യേശു പഠിപ്പിച്ചു. സമയത്തെ വിലയേറിയതായി കരുതാനും അതു വിശുദ്ധകാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാനും യേശു ഉപദേശിച്ചു. ഒരു മനുഷ്യനെപ്പോലും വിലകുറഞ്ഞവനായി യേശു കണ്ടില്ല. എല്ലാവർക്കും രക്ഷ ദാനമായി നല്കുവാൻ യേശു ഒരുക്കമായിരുന്നു. യേശു എല്ലായ്പ്പോഴും ഉപദേശങ്ങൾ നല്കിയിരുന്നു. പാപസ്വഭാവത്തിനടിമയായി കഴിയുന്നവരെ രൂപാന്തരം വരുത്തി പ്രത്യാശയുള്ളവരാക്കിത്തീർക്കാൻ കർത്താവ് ആഗ്രഹിച്ചു. അവർക്കു ജീവിതത്തിൽ ആത്മവിശ്വാസവും ഉറപ്പും പ്രത്യാശയും വാഗ്ദാനം ചെയ്തു. സാത്താന്റെ ബന്ധനത്തിൽ കഴിയുന്ന അനേകരെ യേശു കണ്ടു. രോഗികളും, പരീക്ഷിതരും, വീണുപോയവരുമായ ആളുകളോടു സ്നേഹത്തോടും ദയയോടുംകൂടെ അവർക്കു മനസ്സിലാകുന്ന ഭാഷയിൽ യേശു സംസാരിച്ചു. സാത്താനോടു പോരാടിക്കൊണ്ടിരിക്കുന്നവരെയും യേശു കണ്ടു. അങ്ങനെയുള്ളവരെ

കർത്താവു ധൈര്യപ്പെടുത്തി. തങ്ങളുടെ പോരാട്ടത്തിൽ അവർ വിജയം വരിക്കുമെന്നു കർത്താവു അവർക്ക് ഉറപ്പുനല്കി. അവരെ സഹായിപ്പാൻ ദൈവദൂതർ എപ്പോഴും തയ്യാറായി നില്പുണ്ട്. അവർക്കു ദൈവം വിജയം നല്കുകയും ചെയ്യും. ക്രിസ്തുവിന്റെ വാക്കുകൾ വിശ്വസിച്ചവർക്കു പൂർണ്ണ മായും ഉറപ്പു ലഭിച്ചു. അവരുടെ സ്വകാര്യപ്രശ്നങ്ങൾ കർത്താവിന്റെ സന്നിധി യിൽ കൊണ്ടുവന്നു. അവൻ അവരെ കൈവിടുകയില്ലെന്ന് അവർക്കു നിശ്ചയമുണ്ടായിരുന്നു.

യേശു ആത്മാവിനു സൗഖ്യം നല്കുന്നതുപോലെ ശരീരത്തിനും സൗഖ്യം നല്കി. തന്റെ മുമ്പാകെ വന്ന എല്ലാ രോഗികളെയും കർത്താവു സൗഖ്യമാക്കി. യേശുവിന്റെ വാക്കുകൾ ആശ്വാസം നല്കുന്ന തൈലം പോലെ ആയിരുന്നു. പ്രസിദ്ധിക്കുവേണ്ടിയോ പേരിനുവേണ്ടിയോ ആയി രുന്നില്ല യേശു രോഗികളെ സൗഖ്യമാക്കിയത്. യേശുവിൽനിന്നു പുറപ്പെട്ട സ്നേഹപ്രവാഹം രോഗികൾക്കു സൗഖ്യം നല്കി. ചെറുപ്പം മുതൽ അന്യരെ ശുശ്രൂഷിക്കുന്നതിൽ യേശു താല്പര്യം കാണിച്ചിരുന്നു. കർത്താവു പരസ്യ ശുശ്രൂഷ ആരംഭിച്ചപ്പോൾ അനേകർ തന്റെ അരികിലേക്കു വന്നത് ഇക്കാരണ ത്താലായിരുന്നു.

എങ്കിലും യേശു ഏകാന്തതയിൽ ജീവിച്ചു. തന്റെ വിശുദ്ധിയിലും വിശ്വ സ്തതയിലും അവൻ ഏകനായിരുന്നു. "അവൻ തനിയേ മുന്തിരിച്ചക്കു ചവിട്ടി." അവനോടു കൂടെ കഷ്ടം സഹിപ്പാൻ ആരും ഉണ്ടായിരുന്നില്ല. ലോകത്തെ വീണ്ടെടുക്കുന്നതിനുവേണ്ടി ലോകത്തിന്റെ പാപം അവൻ ചുമന്നു. മനുഷ്യവർഗ്ഗത്തിന്റെ ജീവിതത്തിൽ സമൂലമായ പരിവർത്തനം വരു ന്നില്ലായെങ്കിൽ എല്ലാവരും നാശത്തിൽ നിപതിക്കുമായിരുന്നുവെന്നു കർത്താവിനറിയാമായിരുന്നു. ലോകത്തിന്റെ രക്ഷ യേശുവിന്റെ ഹൃദയ ത്തിലെ ഭാരമായിരുന്നു. അവൻ വഹിച്ച ഭാരം അളക്കുവാൻ ആർക്കും സാധി ച്ചില്ല. താൻതന്നെ മനുഷ്യന്റെ പ്രകാശമായിരിക്കണമെന്ന ദൃഢനിശ്ചയ ത്തോടെ തന്നെത്താൻ ലോകത്തിനു സമർപ്പിച്ചു.

# 10

# മരുഭൂമിയിലെ ശബ്ദം

അവലംബം: ലൂക്കൊസ് 1:5–23, 57–80; 3:1–18;
മത്തായി 3:1–12; മർക്കൊസ് 1:1–8

മശീഹയുടെ വരവിനുവേണ്ടി ദീർഘനാൾ കാത്തിരുന്ന വിശ്വസ്തരായ യിസ്രായേല്യരിൽനിന്നു ക്രിസ്തുവിന്റെ മുന്നോടി എഴുന്നേറ്റു. വൃദ്ധനായ സെഖര്യാപുരോഹിതനും ഭാര്യ എലീശബെത്തും "ദൈവസന്നിധിയിൽ നീതിയുള്ളവരായിരുന്നു." പാപാന്ധകാരം ലോകത്തെ മൂടിയിരുന്ന അക്കാലത്തു വിശ്വാസത്തിന്റെ ശോഭ, ഒരു നക്ഷത്രത്തെപ്പോലെ അവരുടെ ശാന്തവും ഭക്തിനിർഭരവുമായ ജീവിതത്തിൽ പ്രകാശിച്ചു. ദൈവഭയമുള്ള ഈ ദമ്പതികൾക്ക് ഒരു മകനെ ദൈവം വാഗ്ദത്തം ചെയ്തു. അവൻ "കർത്താവിന്റെ വഴി ഒരുക്കേണ്ട"വനും, "അവനു മുമ്പായി നടക്കേണ്ട"വനുമായിരുന്നു.

സെഖര്യാവ് യെഹൂദ്യയിലെ ഒരു മലനാട്ടിൽ പാർത്തിരുന്നു. അവനു യെരൂശലേം ദൈവാലയത്തിൽ ഒരാഴ്ച ശുശ്രൂഷ നടത്തേണ്ടതുണ്ടായിരുന്നു. കൂറിന്റെ ക്രമപ്രകാരം ഒരു പുരോഹിതനു വർഷത്തിൽ രണ്ടുതവണ

ശുശ്രൂഷ ചെയ്യണമായിരുന്നു. "അവൻ കൂറിന്റെ ക്രമപ്രകാരം ദൈവസന്നിധിയിൽ പുരോഹിതനായി ശുശ്രൂഷ ചെയ്തുവരുമ്പോൾ, പൗരോഹിത്യമര്യാദപ്രകാരം കർത്താവിന്റെ മന്ദിരത്തിൽ ചെന്നു ധൂപം കാട്ടുവാൻ അവനു നറുക്കുവന്നു."

തിരുനിവാസത്തിലെ വിശുദ്ധമന്ദിരത്തിൽ സുവർണ്ണധൂപപീഠത്തിന്റെ മുമ്പാകെ സെഖര്യാവ് നില്ക്കുകയായിരുന്നു. യിസ്രായേലിലെ ജനസമൂഹത്തിന്റെ പ്രാർത്ഥന ധൂപത്തോടുകൂടെ ദൈവസന്നിധിയിലേക്ക് ഉയർന്നു. പെട്ടെന്നു സെഖര്യാവിനു ദൈവികമായ ഒരു സാന്നിദ്ധ്യത്തെക്കുറിച്ചു ബോധമുണ്ടായി. "കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്നതായി കണ്ടു." ദൂതൻ നിന്ന സ്ഥാനം അനുഗ്രഹം നല്കാൻ പോകുന്നു എന്നതിന്റെ സൂചന നല്കുന്നതായിരുന്നു. എന്നാൽ സെഖര്യാവ് അതു കാര്യമായി എടുത്തില്ല. വീണ്ടെടുപ്പുകാരന്റെ വരവിനായി അനേക വർഷങ്ങളായി അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവന്റെ പ്രാർത്ഥനയ്ക്കുത്തരം നല്കാനായി സ്വർഗ്ഗത്തിൽനിന്നു ദൂതൻ അയയ്ക്കപ്പെട്ടിരിക്കുകയാണ്. എന്നാൽ ദൈവത്തിന്റെ കൃപ പ്രാപിക്കുവാൻ താൻ അയോഗ്യനാണെന്നു സെഖര്യാവിനു തോന്നി. അവന് അവിശ്വസനീയമായ വിധത്തിൽ ദൈവകൃപ അനുഭവവേദ്യമായി. സെഖര്യാവ് ഭയംകൊണ്ടു നിറഞ്ഞു.

എന്നാൽ ദൂതൻ അവന് ഉറപ്പു നല്കിക്കൊണ്ടു സംസാരിച്ചു: "സെഖര്യാവേ, ഭയപ്പെടേണ്ടാ; നിന്റെ പ്രാർത്ഥനയ്ക്കുത്തരമായി. നിന്റെ ഭാര്യ എലീശബെത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും; അവനു യോഹന്നാൻ എന്നു പേരിടേണം. നിനക്കു സന്തോഷവും ഉല്ലാസവും ഉണ്ടാകും; അവന്റെ ജനനത്തിങ്കൽ പലരും സന്തോഷിക്കും. അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവൻ ആകും; വീഞ്ഞും മദ്യവും കുടിക്കയില്ല; അമ്മയുടെ ഗർഭത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറയും. അവൻ യിസ്രായേൽ മക്കളിൽ പലരെയും അവരുടെ ദൈവമായ കർത്താവിങ്കലേക്കു തിരിച്ചു വരുത്തും. അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിച്ചുംകൊണ്ട് ഒരുക്കമുള്ളൊരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാൻ അവനു മുമ്പായി ഏലീയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും. സെഖര്യാവ് ദൂതനോട്: ഇതു ഞാൻ എന്തൊന്നിനാൽ അറിയും? ഞാൻ വൃദ്ധനും എന്റെ ഭാര്യ വയസ്സു ചെന്നവളുമല്ലോ എന്നു പറഞ്ഞു."

അബ്രാഹാമിനു വാർദ്ധക്യകാലത്ത് എപ്രകാരം ഒരു ശിശുവിനെ നല്കി എന്ന കാര്യം സെഖര്യാവിനു നല്ലതുപോലെ അറിയാമായിരുന്നു. വാഗ്ദത്തം നല്കിയവനെ അബ്രാഹാം വിശ്വസിച്ചു. എന്നാൽ വൃദ്ധനായ സെഖര്യാ പുരോഹിതൻ ഒരു നിമിഷം മനുഷ്യന്റെ ബലഹീനതയെ ഓർത്തുപോയി. വാഗ്ദത്തം നിറവേറ്റാൻ ദൈവത്തിനു കഴിയുമോ എന്ന് ഒരു നിമിഷം സെഖര്യാവ് സംശയിച്ചു. സെഖര്യാവിന്റെ ഈ അവിശ്വാസവും നസ്രേത്തിലെ കന്യകയായ മറിയയുടെ നിഷ്കളങ്ക വിശ്വാസവും തമ്മിൽ എന്തൊരന്തരം! ദൂതൻ അവളോട് അത്ഭുതകരമായ സത്യം പറഞ്ഞപ്പോൾ അവളുടെ മറു

പടി: “ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ” (ലൂക്കൊസ് 1:38).

അബ്രാഹാമിന്റെ മകന്റെ ജനനംപോലെയും മറിയയ്ക്ക് ഒരു ശിശു ജനിച്ചതുപോലെയും സെഖര്യാവിന് ഒരു മകനെ നല്കിയത് ഒരു വലിയ ആത്മീയ സത്യം പഠിപ്പിക്കുന്നതിനായിരുന്നു. നാം പഠിക്കുവാൻ സമയമെടുക്കുന്നതും പെട്ടെന്നു മറന്നുപോകുന്നതുമായ ഒരു സത്യമാണത്. യാതൊരു നന്മയും പ്രവർത്തിപ്പാൻ നാം പ്രാപ്തിയുള്ളവരല്ല. എന്നാൽ നമുക്കു ചെയ്യുവാൻ കഴിയാത്തത്, താഴ്മയും വിശ്വാസവുമുള്ള ഒരുവനു ദൈവശക്തിയിലാശ്രയിച്ചു ചെയ്യുവാൻ കഴിയും. വിശ്വാസത്താലത്രേ വാഗ്ദത്തശിശുവിനെ നല്കിയത്. വിശ്വാസത്താലത്രേ ആത്മീയജീവൻ നമ്മിൽ സംജാതമാകുന്നത്. നീതിപ്രവൃത്തികൾ ചെയ്യാൻ നാം പ്രാപ്തരാകുന്നതും വിശ്വാസത്താലാകുന്നു.

സെഖര്യാവിന്റെ ചോദ്യത്തിനുത്തരമായി ദൂതൻ പറഞ്ഞു: “ഞാൻ ദൈവസന്നിധിയിൽ നില്ക്കുന്ന ഗബ്രീയേൽ ആകുന്നു; നിന്നോടു സംസാരിപ്പാനും ഈ സദ്വർത്തമാനം നിന്നോട് അറിയിപ്പാനും എന്നെ അയച്ചിരിക്കുന്നു.” ഈ സംഭവത്തിന് അഞ്ഞൂറുവർഷം മുമ്പു ക്രിസ്തുവിന്റെ അവതാരംവരെ നീണ്ടുനില്ക്കുന്ന ഒരു പ്രവചനകാലഘട്ടത്തെക്കുറിച്ചു ഗബ്രീയേൽ, ദാനീയേലിനു വെളിപ്പെടുത്തിക്കൊടുത്തിരുന്നു. ഈ കാലഘട്ടത്തിന്റെ സമാപനം വന്നെത്തിയിരിക്കുന്നു എന്ന അറിവു സെഖര്യാവിനെ മശീഹയുടെ വരവിനുവേണ്ടി പ്രാർത്ഥിപ്പാൻ പ്രേരിപ്പിച്ചിരുന്നു. ദാനീയേലിനു പ്രവചനം നല്കിയ അതേ ദൂതൻ തന്നെ ആ പ്രവചനത്തിന്റെ നിറവേറലിനെക്കുറിച്ച് അറിയിക്കുവാനായി സെഖര്യാവിന്റെ അടുത്തുവന്നു.

‘ഞാൻ ദൈവസന്നിധിയിൽ നില്ക്കുന്ന ഗബ്രീയേലാകുന്നു’ എന്ന പ്രസ്താവന, സ്വർഗ്ഗത്തിൽ അവൻ പ്രധാനപ്പെട്ട സ്ഥാനം വഹിക്കുന്നു എന്നു കാണിക്കുന്നു. ദാനീയേലിന് ഒരു ദൂതുമായി ഗബ്രീയേൽ വന്നപ്പോൾ ഇപ്രകാരം പറഞ്ഞു: “നിങ്ങളുടെ പ്രഭുവായ മീഖായേൽ അല്ലാതെ ഈ കാര്യങ്ങളിൽ എന്നോടുകൂടെ ഉറച്ചുനില്ക്കുവാൻ ആരുമില്ല” (ദാനീ. 10:21). ഗബ്രീയേലിനെക്കുറിച്ചു കർത്താവു വെളിപ്പാടുപുസ്തകത്തിൽ ഇപ്രകാരം പറയുന്നു: “അവൻ അതു തന്റെ ദൂതൻ മുഖാന്തരം അയച്ചു തന്റെ ദാസനായ യോഹന്നാനു പ്രദർശിപ്പിച്ചു” (വെളി. 1:1). യോഹന്നാനോടു ദൂതൻ പറഞ്ഞത്: “ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും സഹഭൃത്യനത്രേ” (വെളി. 22:9). എത്ര അത്ഭുതകരമായ ചിന്താവിഷയം! പാപിയായ മനുഷ്യനെ ദൈവഹിതമെന്തെന്ന് അറിയിക്കുവാൻ തെരഞ്ഞെടുത്ത് അയച്ചിരിക്കുന്നതു ദൈവപുത്രന്റെ അടുത്ത സ്ഥാനം അലങ്കരിക്കുന്ന ദൈവദൂതനെയാണ്.

ദൂതന്റെ വാക്കുകളെ സെഖര്യാവ് അവിശ്വസിച്ചു. അതുകൊണ്ട് അവ നിറവേറുന്നതുവരെ അവനു സംസാരിപ്പാനുള്ള ശക്തി ഇല്ലാതായി. ദൂതൻ പറഞ്ഞു: “തക്കസമയത്തു നിവൃത്തിവരുവാനുള്ള എന്റെ ഈ വാക്കു വിശ്വസിക്കായ്കകൊണ്ട്, അതു സംഭവിക്കുംവരെ നീ സംസാരിപ്പാൻ കഴിയാതെ

മൗനമായിരിക്കും." ജനത്തിന്റെ പാപപരിഹാരത്തിനുവേണ്ടിയും മശീഹയുടെ വരവിനുവേണ്ടിയും പ്രാർത്ഥിക്കേണ്ട ചുമതല ശുശ്രൂഷ നടത്തുന്ന പുരോഹിതന്റേതായിരുന്നു. ഇതു ചെയ്‌വാൻ സെഖര്യാവ് ശ്രമിച്ചപ്പോൾ ഒരു വാക്കും ഉച്ചരിപ്പാൻ കഴിഞ്ഞില്ല.

ജനത്തെ ആശീർവ്വദിപ്പാനായി പുറത്തുവന്ന സെഖര്യാവിനു സംസാരിപ്പാൻ കഴിഞ്ഞില്ല. "അവൻ അവർക്ക് ആംഗ്യംകാട്ടി ഊമനായി പാർത്തു." ജനം വളരെ നേരം കാത്തിരുന്നു. ദൈവത്തിന്റെ ന്യായവിധി അവന്റെമേൽ വന്ന് അവൻ കൊല്ലപ്പെട്ടിരിക്കാമെന്ന് അവർ കരുതി. എന്നാൽ വിശുദ്ധസ്ഥലത്തുനിന്നു പുറത്തുവന്നപ്പോൾ സെഖര്യാവിന്റെ മുഖം ദൈവതേജസ്സിനാൽ പ്രകാശിക്കുകയായിരുന്നു. "അവൻ മന്ദിരത്തിൽ ഒരു ദർശനം കണ്ടു എന്ന് അവർ അറിഞ്ഞു." താൻ കണ്ടതും കേട്ടതുമായ കാര്യങ്ങളെ സെഖര്യാവ് ജനത്തെ അറിയിച്ചു. സെഖര്യാവിന്റെ ശുശ്രൂഷാകാലം കഴിഞ്ഞപ്പോൾ അവൻ വീട്ടിലേക്കു പോയി.

വാഗ്ദത്തശിശു ജനിച്ചുകഴിഞ്ഞ ഉടനേ അപ്പന്റെ "വായും നാവും തുറന്നു, അവൻ സംസാരിച്ചു ദൈവത്തെ സ്തുതിച്ചു. ചുറ്റും പാർക്കുന്നവർക്കെല്ലാം ഭയമുണ്ടായി; യെഹൂദ്യമലനാട്ടിൽ എങ്ങും ഈ വാർത്ത പരന്നു. കേട്ടവർ എല്ലാം അതു ഹൃദയത്തിൽ നിക്ഷേപിച്ചു: ഈ പൈതൽ എന്താകുമെന്നു പറഞ്ഞു." ഇതെല്ലാം മശീഹയുടെ വരവിലേക്കുള്ള ശ്രദ്ധ ക്ഷണിക്കൽ ആയിരുന്നു. അതിനു വഴി ഒരുക്കേണ്ടതു യോഹന്നാനായിരുന്നു.

പരിശുദ്ധാത്മാവു സെഖര്യാവിന്റെമേൽ ആവസിച്ചു. തന്റെ മകന്റെ ദൗത്യത്തെക്കുറിച്ചു സെഖര്യാവ് പ്രവചിച്ചു:

"നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിന്റെ വഴി ഒരുക്കുവാനും നമ്മുടെ ദൈവത്തിന്റെ ആർദ്രകരുണയാൽ അവന്റെ ജനത്തിനു പാപമോചനത്തിൽ രക്ഷാപരിജ്ഞാനം കൊടുപ്പാനുമായി നീ അവനു മുമ്പായി നടക്കും. ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ച്, നമ്മുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിന് ആ ആർദ്രകരുണയാൽ ഉയരത്തിൽനിന്ന് ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു."

"പൈതൽ വളർന്നു ആത്മാവിൽ ബലപ്പെട്ടു; അവൻ യിസ്രായേലിനു തന്നെത്താൻ കാണിക്കുംനാൾവരെ മരുഭൂമിയിൽ ആയിരുന്നു." യോഹന്നാന്റെ ജനനത്തിനു മുമ്പുതന്നെ ദൂതൻ പറഞ്ഞിരുന്നു: "അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവൻ ആകും; വീഞ്ഞും മദ്യവും കുടിക്കയില്ല; അമ്മയുടെ ഗർഭത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറയും." സെഖര്യാവിന്റെ മകനെ ഒരു വലിയ വേലയ്ക്കായി ദൈവം വിളിച്ചു. മനുഷ്യനു നല്കിയിട്ടുള്ളതിലേക്കും വലിയ വേലയായിരുന്നു അത്. ഈ വേല പൂർത്തീകരിക്കാൻ ദൈവത്തിന്റെ സഹകരണം അവനാവശ്യമായിരുന്നു. ദൂതൻ നല്കിയ ഉപദേശം അവൻ ശ്രദ്ധിക്കുന്നുവെങ്കിൽ ദൈവാത്മാവ് അവനോടുകൂടെ ഉണ്ടായിരിക്കും.

ദൈവത്തിന്റെ പ്രകാശം മനുഷ്യർക്കു കൊണ്ടുവരുവാൻ യഹോവയുടെ ദൂതുവാഹകനായി യോഹന്നാൻ പോകേണ്ടതാവശ്യമായിരുന്നു. ജനങ്ങളുടെ ചിന്തകൾക്ക് ഒരു പുതിയ പാത വെട്ടിത്തുറന്നുകൊടുക്കേണ്ടതു യോഹന്നാന്റെ ചുമതലയായിരുന്നു. ദൈവത്തിന്റെ കല്പനകളുടെ പരിശുദ്ധിയെക്കുറിച്ചു ജനങ്ങളുടെ മനസ്സിൽ ആഴത്തിൽ പതിപ്പിച്ചുകൊടുക്കേണ്ടതിനും യോഹന്നാൻ വേണമായിരുന്നു. ദൈവത്തിന്റെ തികവുറ്റ നീതി (കല്പന) മനുഷ്യർക്ക് എത്രമാത്രം ആവശ്യമാണെന്നു ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതും യോഹന്നാനായിരുന്നു. ഇപ്രകാരമുള്ള ഒരു ദൂതുവാഹകൻ വിശുദ്ധി ഉള്ളവനായിരിക്കണം. ദൈവാത്മാവു വസിക്കുന്ന ഒരു മന്ദിരമായിരിക്കണം ആ വ്യക്തി. തന്റെ ദൗത്യം നിർവ്വഹിക്കുന്നതിന് ആരോഗ്യമുള്ള ഒരു ശരീരവും, മാനസികവും ആത്മീയവുമായ ശക്തിയും ഉണ്ടായിരിക്കണം. അതുകൊണ്ട് അവന്റെ എല്ലാ ജഡിക അഭിലാഷങ്ങളും വികാരങ്ങളും നിയന്ത്രിക്കേണ്ടതാവശ്യമായിരുന്നു. വനാന്തരങ്ങളിലെ പാറകളെയും കുന്നുകളെയും പോലെ അചഞ്ചലനായി മനുഷ്യരുടെ ഇടയിൽ നിലകൊള്ളേണ്ടതിനു യോഹന്നാന്റെ എല്ലാ ശക്തികളെയും നിയന്ത്രണവിധേയമാക്കേണ്ടതുണ്ടായിരുന്നു.

യോഹന്നാൻ സ്നാപകന്റെ കാലത്ത് ആളുകൾക്കിടയിൽ ധനസമ്പാദനത്തിനുള്ള മോഹവും, ആഡംബരപ്രിയവും, മറ്റുള്ളവരുടെ മുമ്പിൽ സ്വയമഹത്വം പ്രദർശിപ്പിക്കുവാനുള്ള താൽപര്യവും വ്യാപകമായി പടർന്നിരുന്നു. ജഡികസുഖത്തിനുള്ള അഭിനിവേശവും ഭക്ഷണപ്രിയവും മദ്യപാനവും ശാരീരിക രോഗങ്ങൾക്കും ശാരീരിക ബലഹീനതകൾക്കും കാരണമായിത്തീർന്നിരുന്നു. കൂടാതെ അവ ആത്മീയ കാഴ്ചപ്പാടിനെ മന്ദീഭവിപ്പിക്കുകയും പാപം ചെയ്യാനുള്ള പ്രവണത വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. യോഹന്നാൻ ഒരു നവീകരണകർത്താവായി പ്രവർത്തിക്കാനായിരുന്നു വിളിക്കപ്പെട്ടത്. തന്റെ കാലഘട്ടത്തിലെ നിയന്ത്രണരഹിതമായ ജീവിതരീതിക്ക് ഒരു നല്ല ശാസനയായിരുന്നു, യോഹന്നാന്റെ ഋഷിതുല്യമായ ജീവിതവും ലളിതമായ വസ്ത്രധാരണവും. സ്വർഗ്ഗത്തിൽനിന്ന് അയയ്ക്കപ്പെട്ട ദൂതൻ യോഹന്നാന്റെ മാതാപിതാക്കൾക്കു വർജ്ജനത്തിന്റെ പാഠം നല്കി. അതനുസരിച്ചായിരുന്നു യോഹന്നാനെ വളർത്തിക്കൊണ്ടുവരേണ്ടിയിരുന്നത്.

ശൈശവദശയിലും യൗവനകാലത്തുമാണു സ്വഭാവം രൂപപ്പെടുത്തുവാൻ പറ്റിയ സമയം. ആത്മനിയന്ത്രണം അപ്പോഴാണ് ആർജ്ജിക്കേണ്ടത്. കുടുംബാംഗങ്ങളുടെ കൂടിവരവിലും, തീൻമേശയിലുമാണ് ഓരോ ശീലങ്ങൾ പഠിക്കുന്നത്. അവയുടെ ഫലങ്ങൾ നിത്യതയോളം നിലനില്ക്കുന്നതുമാണ്. ജീവിതായോധനത്തിൽ ഒരുവൻ വിജയം കൈവരിക്കുമോ അഥവാ പരാജയപ്പെടുമോ എന്നു തീരുമാനിക്കപ്പെടുന്നത്, സ്വതസ്സിദ്ധമായ കഴിവുകളെക്കാൾ ബാല്യകാലത്ത് അഭ്യസിക്കുന്ന ശീലങ്ങളെ ആശ്രയിച്ചായിരിക്കും. വിത്തുകൾ വിതയ്ക്കപ്പെടുന്ന സമയമാണു യൗവനകാലം. ഈ ജീവിതത്തിലും വരുവാനുള്ള ജീവിതത്തിലും എപ്രകാരമുള്ള വിളവെടുപ്പു നടത്തുന്നുവെന്നത് എന്തു വിതച്ചു എന്നതിനെ ആശ്രയിച്ചായിരിക്കും.

ഒരു പ്രവാചകനെന്ന നിലയിൽ യോഹന്നാന്റെ ദൗത്യം "അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും, വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിച്ചുകൊണ്ടു കർത്താവിനുവേണ്ടി ഒരു ജനത്തെ ഒരുക്കുക" എന്നതായിരുന്നു. കർത്താവിന്റെ ഒന്നാം വരവിനുവേണ്ടി ജനത്തെ ഒരുക്കുന്നതിലൂടെ, കർത്താവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി ജനത്തെ ഒരുക്കുന്നവരെ യോഹന്നാൻ പ്രതിനിധീകരിക്കുന്നു. സ്വാഭിലാഷങ്ങൾക്കു കീഴ്പ്പെടുന്നവരെക്കൊണ്ടു ലോകം നിറഞ്ഞിരിക്കുന്നു. തെറ്റുകളും വ്യാജോപദേശങ്ങളും വർദ്ധിക്കുന്നു. ആത്മാക്കളെ നശിപ്പിക്കാനുള്ള സാത്താന്റെ കെണികൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ദൈവഭയത്തിൽ, വിശുദ്ധിയെ തികയ്ക്കുവാൻ ആഗ്രഹിക്കുന്ന ഏവരും ആത്മനിയന്ത്രണത്തിന്റെയും വർജ്ജനത്തിന്റെയും പാഠങ്ങൾ പഠിക്കേണ്ടതാണ്. മനസ്സിന്റെ ശ്രേഷ്ഠശക്തികൾക്കു കീഴ്പ്പെടുത്തേണ്ടിയിരിക്കുന്നു, മാംസേച്ഛകളും അധമവികാരങ്ങളുമെല്ലാം. ദൈവവചനത്തിലടങ്ങിയിരിക്കുന്ന വിശുദ്ധസത്യത്തെ ഗ്രഹിക്കുന്നതിനും പ്രായോഗികമാക്കുന്നതിനും നമ്മെ ശക്തരാക്കുന്ന മാനസിക ശക്തിയും ആത്മീയ ഉൾക്കാഴ്ചയും രൂപപ്പെടുത്തുന്നതിന് ഈ സ്വയശിക്ഷണം ആവശ്യമാകുന്നു. ഇക്കാരണത്താൽ, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി ഒരുങ്ങുന്ന വേലയിൽ വർജ്ജനത്തിന് അതിന്റേതായ സ്ഥാനമുണ്ട്.

സ്വാഭാവികമായും സെഖര്യാവിന്റെ മകൻ പൗരോഹിത്യശുശ്രൂഷയ്ക്കുവേണ്ടി പരിശീലിപ്പിക്കപ്പെടുമായിരുന്നു. എന്നാൽ റബ്ബിമാർ നടത്തുന്ന വിദ്യാലയത്തിലെ പരിശീലനം യോഹന്നാന്റെ വേലയ്ക്കു യോജിച്ചതായിരുന്നില്ല. വേദപുസ്തകവ്യാഖ്യാനത്തിനും പഠനത്തിനുമായി ദൈവം യോഹന്നാനെ ദൈവശാസ്ത്രം അറിയാവുന്ന ഗുരുക്കന്മാരുടെ അടുത്തേക്കയച്ചില്ല. പ്രകൃതിയെക്കുറിച്ചും പ്രകൃതിയുടെ സ്രഷ്ടാവായ ദൈവത്തെക്കുറിച്ചും പഠിക്കുന്നതിനു ദൈവം യോഹന്നാനെ മരുഭൂമിയിലേക്കു വഴിനടത്തി. മൊട്ടക്കുന്നുകളുടെയും മലയിടുക്കുകളുടെയും പാറപ്പിളർപ്പുകളുടെയും ഇടയിൽ യോഹന്നാൻ തന്റെ വാസസ്ഥലം കണ്ടെത്തി. വളരെ ഏകാന്തമായ ഒരു പ്രദേശമായിരുന്നു അത്. ആഡംബരവും ലോകയിമ്പങ്ങളും ത്യജിച്ചു മരുഭൂമിയിലെ കാഠിന്യമേറിയ ജീവിതരീതി യോഹന്നാൻ സ്വീകരിച്ചു. ഇവിടത്തെ ചുറ്റുപാടുകൾ സ്വയവർജ്ജനശീലത്തിനും ലളിതജീവിതത്തിനും അനുയോജ്യമായിരുന്നു. ലോകത്തിന്റെ കോലാഹലങ്ങളിൽനിന്ന് അകന്നു പ്രകൃതിയെയും ദൈവത്തെയും വെളിപ്പാടുകളെയും കുറിച്ചുള്ള പാഠങ്ങൾ പഠിക്കുവാൻ യോഹന്നാനു ധാരാളം സമയം ലഭിച്ചു. സെഖര്യാവിനോടു ദൈവദൂതൻ പറഞ്ഞ കാര്യങ്ങൾ ആ മാതാപിതാക്കൾ പലപ്പോഴും യോഹന്നാന് ആവർത്തിച്ചു പറഞ്ഞുകൊടുത്തിരുന്നു. ശൈശവകാലം മുതൽ താൻ ഏറ്റെടുക്കേണ്ട ദൗത്യം യോഹന്നാന്റെ മുമ്പിൽ ഉണ്ടായിരുന്നു. തന്നിലർപ്പിച്ച ചുമതല യോഹന്നാൻ സ്വീകരിച്ചു. സംശയവും അവിശ്വാസവും അശുദ്ധിയും നിറഞ്ഞുനിന്ന ഒരു സമൂഹത്തിൽനിന്ന് അകന്നുനില്ക്കുവാനുള്ള ഒരു സുരക്ഷിതസങ്കേതമായിരുന്നു മരുഭൂമിയിലെ ഏകാന്തത. പരീക്ഷയെ ചെറുത്തുനില്പാൻ ഒരിക്കലും സ്വന്തശക്തിയിൽ യോഹന്നാൻ ആശ്രയിച്ചിരുന്നില്ല. പാപത്തിന്റെ ഭയാനകമായ സ്വഭാവത്തെക്കുറിച്ചു ലാഘവമായി കരുതാതിരിപ്പാൻ പാപവുമായി ഒരു അടുപ്പവും യോഹന്നാൻ ആഗ്രഹിച്ചില്ല.

ജനനം മുതൽ ഒരു നാസീർവ്രതക്കാരനായി പ്രതിഷ്ഠിക്കപ്പെട്ട യോഹന്നാൻ, ജീവിതകാലം മുഴുവൻ നീണ്ടുനില്ക്കുന്ന സമർപ്പണത്തിലൂടെ ആ വ്രതം തന്റെ സ്വന്തമാക്കിത്തീർത്തു. പുരാതനകാലത്തെ പ്രവാചകന്മാരെപ്പോലെ ഒട്ടകരോമംകൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറുമായിരുന്നു യോഹന്നാന്റെ വസ്ത്രം. വെട്ടുക്കിളിയും കാട്ടുതേനും അവൻ ഭക്ഷിച്ചു. മലയിൽനിന്നുള്ള നീരൊഴുക്കിൽനിന്ന് അവൻ ശുദ്ധജലം പാനം ചെയ്തു.

യോഹന്നാൻ തന്റെ ജീവിതം അലസതയിലോ, ലോകവിരക്തി മൂലമുണ്ടാകുന്ന മ്ലാനതയിലോ, സ്വാർത്ഥചിന്തയിലൂടെ രൂപം പ്രാപിക്കുന്ന ഏകാന്തതയിലോ കഴിച്ചുകൂട്ടിയില്ല. പലപ്പോഴും അവൻ മറ്റുള്ളവരുമായി ഇടപഴകി. ലോകത്തിൽ എന്തു സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നു താൽപര്യപൂർവ്വം യോഹന്നാൻ നിരീക്ഷിച്ചുകൊണ്ടിരുന്നു. ശാന്തത കളിയാടിയിരുന്ന തന്റെ താമസസ്ഥലത്തുനിന്നു ലോകസംഭവഗതികളെ താൻ വീക്ഷിച്ചിരുന്നു. സ്വർഗ്ഗീയദൂതുമായി മനുഷ്യഹൃദയങ്ങളെ എങ്ങനെ സമീപിക്കാമെന്നുള്ള അറിവു ലഭിക്കുന്നതിനു പരിശുദ്ധാത്മാവു നല്കിയ ദർശനങ്ങളിലൂടെ മനുഷ്യസ്വഭാവങ്ങളെ യോഹന്നാൻ പഠിച്ചു. തന്റെ ദൗത്യത്തെക്കുറിച്ച് ഒരു ഹൃദയഭാരം യോഹന്നാനുണ്ടായിരുന്നു. തന്റെ ദൗത്യനിർവ്വഹണത്തിനുവേണ്ടി ഏകാന്തതയിലും പ്രാർത്ഥനയിലും ധ്യാനത്തിലുംകൂടെ യോഹന്നാൻ സ്വയം ഒരുങ്ങി.

മരുഭൂമിയിലാണു യോഹന്നാൻ ജീവിച്ചതെങ്കിലും താൻ പരീക്ഷകളിൽനിന്നു വിമുക്തനായിരുന്നില്ല. സാത്താൻ പ്രവേശിക്കാവുന്ന എല്ലാ വാതായനങ്ങളും, കഴിയുന്നത്ര യോഹന്നാൻ അടച്ചു ഭദ്രമാക്കിയിട്ടുപോലും സാത്താൻ അവനെ ആക്രമിച്ചിരുന്നു. എങ്കിലും അവന്റെ ആത്മീയ ദർശനങ്ങൾ വളരെ വ്യക്തമായിരുന്നു. സംശുദ്ധമായ സ്വഭാവവും, തീരുമാനങ്ങൾ എടുക്കുവാനുള്ള കഴിവും യോഹന്നാൻ വികസിപ്പിച്ചെടുത്തു. പരിശുദ്ധാത്മാവിന്റെ സഹായത്തോടുകൂടെ സാത്താന്റെ സമീപനങ്ങളെ കണ്ടുപിടിക്കാനും, അവനോട് എതിർത്തുനില്പാനുമുള്ള ശക്തി അവൻ സമ്പാദിച്ചു.

മരുഭൂമിയിൽ യോഹന്നാൻ, തന്റെ പരിശീലനകേന്ദ്രവും ആരാധനാകേന്ദ്രവും കണ്ടെത്തി. മിദ്യാന്യപർവ്വതങ്ങളിൽ മോശെ എപ്രകാരം ദൈവത്തിന്റെ സംരക്ഷണയിലായിരുന്നുവോ, അതുപോലെ യോഹന്നാനും ദൈവിക സാന്നിദ്ധ്യത്താൽ ചുറ്റപ്പെട്ടിരുന്നു. ദൈവിക ശക്തിയുടെ തെളിവുകൾ അവനു ചുറ്റുമുണ്ടായിരുന്നു. യിസ്രായേലിന്റെ ശ്രേഷ്ഠനേതാവിനെപ്പോലെ, ഗാംഭീര്യമാർന്ന പർവ്വതങ്ങളുടെ ഏകാന്തതയിൽ യോഹന്നാനു കഴിയേണ്ടിവന്നില്ലായെങ്കിലും യോർദ്ദാനപ്പുറത്തു സ്ഥിതിചെയ്യുന്ന മോവാബ്യമലകൾ, "മലകളെ നിർമ്മിച്ചവനും അവയെ ബലം അരയ്ക്കു കെട്ടിക്കൊണ്ട് ഉറപ്പിച്ചവ"നുമായ ദൈവത്തെക്കുറിച്ച് അവനോടു സംസാരിച്ചു. മരുഭൂമിയിലെ ഭയാനകമായ അവസ്ഥ, യിസ്രായേൽമക്കളുടെ യഥാർത്ഥ അവസ്ഥയെ ചിത്രീകരിച്ചു. കർത്താവിന്റെ ഫലസമ്പന്നമായ മുന്തിരിത്തോപ്പു നിർജ്ജനഭൂമിയായിത്തീർന്നു. എന്നാൽ മരുഭൂമിയുടെ മുകളിലെ ആകാശം തെളിവുള്ളതും മനോഹരവുമായിരുന്നു. കൊടുങ്കാറ്റ്

അടിച്ചപ്പോൾ ആകാശവീഥിയിൽ തടിച്ചുകൂടിയ കാർമേഘങ്ങൾക്കു മീതെ, വാഗ്ദത്തത്തിന്റെ മഴവില്ലു പ്രകാശിച്ചു. യിസ്രായേലിന്റെ അധഃപതനത്തിന്റെ മുകളിലായി മശീഹയുടെ വാഴ്ചയെക്കുറിച്ചുള്ള വാഗ്ദത്തം പ്രശോഭിച്ചു. ദൈവക്രോധത്തിന്റെ കാർമേഘങ്ങളിൽ കൃപയുടെ മഴവില്ലു പ്രകാശിച്ചു.

നക്ഷത്രങ്ങളെപ്പോലെ അസംഖ്യം സന്തതികൾ ഉണ്ടാകുമെന്ന് അബ്രാഹാമിനോടു ദൈവം ചെയ്ത വാഗ്ദത്തം മരുഭൂമിയിലെ നിശ്ശബ്ദമായ രാത്രികളിൽ യോഹന്നാൻ ഓർത്തു. മോവാബ്യപർവ്വതങ്ങളിൽ ഉദയസൂര്യൻ പ്രഭാതകിരണങ്ങളെക്കൊണ്ടു വർണ്ണപ്പകിട്ടു ചാർത്തുമ്പോൾ "മേഘമില്ലാത്ത പ്രഭാതകാലത്തു സൂര്യോദയത്തിങ്കലെ പ്രകാശത്തിനു തുല്യനായവനെ" (2 ശമൂ. 23:4) യോഹന്നാൻ അനുസ്മരിച്ചു. ഉച്ചവെയിലിലെ സൂര്യശോഭയിൽ "യഹോവയുടെ മഹത്വം വെളിപ്പെടു"മ്പോഴുള്ള (യെശ. 40:5) അതുല്യമായ പ്രഭ യോഹന്നാൻ കണ്ടു.

ഭയത്തോടും, എന്നാൽ അതീവ സന്തോഷത്തോടും കൂടെ യോഹന്നാൻ മശീഹയുടെ വരവിനെ സംബന്ധിച്ചുള്ള പ്രവചനരേഖകൾ പരിശോധിച്ചു. "പാമ്പിന്റെ തല തകർക്കുന്ന സന്തതി", "ദാവീദിന്റെ സിംഹാസനത്തിൽ ഇരിപ്പാൻ ഒരു രാജാവില്ലാതെ വരുന്നതിനു മുമ്പായി അവകാശമുള്ളവൻ (ശീലോ) വരും" തുടങ്ങിയ മശീഹയെ സംബന്ധിച്ച പ്രവചനങ്ങൾ യോഹന്നാൻ പഠിച്ചു. മശീഹയുടെ വരവിന്റെ സമയം വന്നെത്തിയിരിക്കുന്നു എന്നു യോഹന്നാൻ മനസ്സിലാക്കി. സീയോനിലുള്ള ദാവീദിന്റെ അരമനയിൽ ഒരു റോമൻ ഭരണാധികാരി വാണുകൊണ്ടിരിക്കുന്നു. അപ്പോൾ, ക്രിസ്തു ദൈവത്തിന്റെ വചനത്തിനു മാറ്റമില്ലായെന്ന് ഉറപ്പിച്ചുകൊണ്ടു ബെത്‌ലേഹെമിൽ ജാതനായി.

മശീഹയുടെ മഹത്വത്തെക്കുറിച്ചുള്ള യെശയ്യാവിന്റെ ആകർഷകമായ ചിത്രീകരണങ്ങൾ രാവും പകലും യോഹന്നാന്റെ പഠനവിഷയങ്ങളായിരുന്നു. "യിശ്ശായിയുടെ കുറ്റിയിൽനിന്നൊരു മുള", "നീതിയോടെ വാഴുന്ന രാജാവ്", "ദേശത്തിലെ സാധുക്കൾക്കു നേരോടെ വിധി കല്പിക്കുന്നവൻ", "ക്ഷീണമുള്ള ദേശത്ത് ഒരു വൻ പാറയുടെ തണൽ", "നിന്നെ ഇനി അസൂബാ (ത്യക്ത) എന്നു വിളിക്കയില്ല", "നിന്റെ ദേശത്തെ ശെമാമാ (ശൂന്യം) എന്നു പറയുകയുമില്ല", "നിനക്കു ഹെഫ്സീബാ (ഇഷ്ട) എന്നും നിന്റെ ദേശത്തിനു ബെയൂലാ (വിവാഹസ്ഥ) എന്നും പേർ ആകും" (യെശ. 11:1,4; 32:1,2; 62:4). ഏകാന്തതയിൽ വസിച്ചിരുന്ന യോഹന്നാന്റെ ഹൃദയം മഹത്വപൂർണ്ണമായ ദർശനത്താൽ നിറഞ്ഞു.

യോഹന്നാൻ, "രാജാവിനെ അവന്റെ സൗന്ദര്യത്തോടെ" കണ്ടു. ആ ദർശനം അവനെ സ്വയം മറക്കുവാൻ ഇടയാക്കി. യഥാർത്ഥ വിശുദ്ധിയുടെ വല്ലഭത്വം യോഹന്നാൻ ദർശിച്ചു. അപ്പോൾ താൻ അപ്രാപ്തനും അയോഗ്യനുമെന്നു യോഹന്നാനു തോന്നി. ദൈവിക ദർശനം ലഭിച്ചതുകൊണ്ടു നിർഭയനായി, സ്വർഗ്ഗീയദൂതുവാഹകനായി പോകുവാൻ യോഹന്നാനു ധൈര്യം ലഭിച്ചു. രാജാധിരാജാവിന്റെ മുമ്പാകെ സ്വയം വിനയപ്പെട്ടുകൊണ്ടു ഭൗമിക രാജാക്കന്മാരുടെ മുമ്പിൽ ചങ്കൂറ്റത്തോടെ നില്പാൻ യോഹന്നാനു കഴിഞ്ഞു.

മശീഹയുടെ രാജ്യത്തെക്കുറിച്ചു യോഹന്നാൻ പൂർണ്ണമായി മനസ്സിലാക്കിയിരുന്നില്ല. ശത്രുക്കളിൽനിന്നു യിസ്രായേൽ മോചിതയായി കാണുവാൻ അവൻ ആഗ്രഹിച്ചിരുന്നു. നീതിയിൽ ഭരണം നടത്തുന്ന ഒരു രാജാവിന്റെ ആഗമനവും യിസ്രായേൽ ഒരു വിശുദ്ധ രാഷ്ട്രമായിത്തീരുന്നതും യോഹന്നാന്റെ പ്രത്യാശയായിരുന്നു. തന്റെ ജനനസമയത്തു നല്കപ്പെട്ട പ്രവചനം നിറവേറുമെന്നു യോഹന്നാൻ വിശ്വസിച്ചു.

"നമ്മുടെ പിതാക്കന്മാരോടു കരുണ പ്രവർത്തിക്കേണ്ടതിനും, നമ്മുടെ ശത്രുക്കളുടെ കയ്യിൽനിന്നു രക്ഷിക്കപ്പെട്ടു നാം ആയുഷ്ക്കാലമൊക്കെയും ഭയംകൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിപ്പാൻ നമുക്കു കൃപ നല്കുമെന്ന് അവൻ നമ്മുടെ പിതാവായ അബ്രാഹാമിനോടു ചെയ്ത സത്യവും തന്റെ വിശുദ്ധനിയമവും ഓർത്തതുകൊണ്ടും ആകുന്നു."

തന്റെ ജനം വഞ്ചിക്കപ്പെട്ടും സ്വയം സംതൃപ്തിയിലും പാപജീവിതത്തിലും വീണു മയങ്ങിയിരിക്കുന്നതും യോഹന്നാൻ കണ്ടു. ഒരു വിശുദ്ധജീവിതത്തിലേക്ക് അവരെ ഉണർത്തുവാൻ അവൻ ആഗ്രഹിച്ചു. ദൈവം യോഹന്നാനെ ഭരമേല്പിച്ച ദൗത്യം യിസ്രായേൽജനതയെ അവരുടെ മയക്കത്തിൽനിന്ന് ഉണർത്തുവാനും തങ്ങളുടെ പാപജീവിതത്തെക്കുറിച്ച് അനുതാപം ഉളവാക്കുവാനുമുള്ള ഒന്നായിരുന്നു. സുവിശേഷത്തിന്റെ വിത്തു വിതറുന്നതിനുമുമ്പായി അവ പതിക്കേണ്ട ഹൃദയമാകുന്ന മണ്ണ് ഉഴുതിളക്കേണ്ടതാണ്. യേശുവിൽനിന്നു സൗഖ്യം തേടുന്നതിനുമുമ്പ്, പാപജീവിതത്തിന്റെ അപകടത്തെക്കുറിച്ചു ജനം ബോധമുള്ളവരായിത്തീരേണ്ടതുണ്ട്.

പാപിയെ പ്രീണിപ്പിക്കുവാനും അവനു മുഖസ്തുതി പറയുവാനുമായി ദൈവം തന്റെ ദൂതുവാഹകരെ അയയ്ക്കുന്നില്ല. വിശുദ്ധീകരണം പ്രാപിച്ചിട്ടില്ലാത്തവരെ വേദനിപ്പിക്കാതെ, അവരെ നാശത്തിലേക്കു തള്ളിവിടുന്ന സാന്ത്വനത്തിന്റെ ദൂതു ദൈവം ആർക്കും നല്കുന്നില്ല. അവരുടെ അന്തരംഗത്തിനു കഠിനമായ ഭാരം നല്കുകയും, കുറ്റബോധത്തിന്റെ ശരങ്ങളാൽ അവരുടെ മനസ്സാക്ഷിയെ കുത്തിത്തുളയ്ക്കുകയുമാണു ദൈവം ചെയ്യുന്നത്. സേവകാത്മാക്കളായ ദൈവദൂതന്മാർ പാപത്തിൽ ജീവിക്കുന്നവർക്കു തങ്ങളിൽ ആവശ്യബോധം ജനിപ്പിക്കുവാനായി ദൈവത്തിന്റെ ഭയങ്കരമായ ന്യായവിധിയെക്കുറിച്ചു ബോധം വരുത്തുകയും "രക്ഷപ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം" എന്നു വിലപിക്കുന്നതിനുവേണ്ടി അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. വെറും പൊടിയിൽനിന്നു മനുഷ്യനെ ഉരുവാക്കാനായി താണിറങ്ങിയ ദൈവം, അനുതപിക്കുന്ന പാപിയെ ഉയർത്തുന്നു. പാപത്തെ ശകാരിക്കുകയും, അഹങ്കാരത്തെയും ദുർമ്മോഹത്തെയും ലജ്ജിപ്പിക്കുകയും ചെയ്ത അതേ ശബ്ദം കാരുണ്യത്തോടെ ചോദിക്കുന്നു: "നിനക്കുവേണ്ടി ഞാൻ എന്തു ചെയ്യണമെന്നു നീ ആഗ്രഹിക്കുന്നു?"

യോഹന്നാന്റെ ശുശ്രൂഷ ആരംഭിച്ചപ്പോൾ യെഹൂദരാഷ്ട്രവും റോമൻ മേൽക്കോയ്മയ്ക്കെതിരെ അസംതൃപ്തിയും വിദ്വേഷവും നിറഞ്ഞ് ഒരു

വിപ്ലവത്തിന്റെ വക്കോളം എത്തിയിരിക്കയായിരുന്നു. അർക്കെലയൊസ് നിഷ്കാസിതനായപ്പോൾ മുതൽ യെഹൂദ്യ റോമിന്റെ നേരിട്ടുള്ള നിയന്ത്രണ ത്തിൻകീഴിൽ ആയി. ധീരന്മാരായ ആയിരക്കണക്കിനു യിസ്രായേല്യരുടെ രക്തം ചൊരിയേണ്ടിവന്ന വിപ്ലവത്തിന്റെ ജ്വാലയെ ആളിക്കത്തിച്ചതു റോമാഗവർണറുടെ ഭീകരവാഴ്ചയും, ജനങ്ങളെ പീഡിപ്പിക്കുന്ന തരത്തി ലുള്ള കരം ചുമത്തലും, യിസ്രായേല്യർക്കു നിഷിദ്ധങ്ങളായ ആചാരങ്ങളുടെ അടിച്ചേല്പിക്കലും ആയിരുന്നു. റോമൻ ഭരണത്തോടു വിദ്വേഷം വർദ്ധി ക്കുന്നതിനും അവളുടെ ആധിപത്യത്തിൽനിന്ന് എങ്ങനെയെങ്കിലും മോചനം നേടുന്നതിനും യിസ്രായേൽ ആഗ്രഹിച്ചു.

ഈ കലഹത്തിനും പൊരുത്തക്കേടിനുമിടയിൽ മരുഭൂമിയിൽനിന്ന് ഒരു ശബ്ദം കേൾക്കാറായി. ആ ശബ്ദം ഞെട്ടലുണ്ടാക്കുന്നതും കാർക്കശ്യം ധ്വനിപ്പിക്കുന്നതുമായിരുന്നെങ്കിലും, പ്രത്യാശ നല്കുന്നതായിരുന്നു. "സ്വർഗ്ഗ രാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ." പുതുമയുള്ളതും അസാധാരണവുമായ ഒരു ശക്തിയാൽ ആ ശബ്ദം ജനത്തെ ഇളക്കി. ക്രിസ്തുവിന്റെ വരവു വിദൂരഭാവിയിൽ നടക്കാനിരിക്കുന്ന ഒരു സംഭവ മായിട്ടാണു പ്രവാചകന്മാർ മുന്നറിയിപ്പു നല്കിയിരുന്നത്. എന്നാൽ അതു വാതില്ക്കൽ എത്തിയിരിക്കുന്നുവെന്നുള്ള പ്രസ്താവനയായിരുന്നു യോഹ ന്നാന്റേത്. യോഹന്നാന്റെ വിചിത്രമായ വേഷംതന്നെയും പൂർവ്വകാല ങ്ങളിലെ ദാർശനികന്മാരെ അനുസ്മരിപ്പിക്കുന്ന വിധത്തിലായിരുന്നു. വേഷ ത്തിലും ഭാവത്തിലും യോഹന്നാൻ ഏലീയാപ്രവാചകനെപ്പോലെ ആയി രുന്നു. ഏലീയാവിന്റെ ആത്മാവോടും ശക്തിയോടുംകൂടെ ദേശത്തിൽ നട മാടിയിരുന്ന പാപത്തെ യോഹന്നാൻ അപലപിച്ചു. യോഹന്നാന്റെ വാക്കു കൾ ഋജുവും പാപബോധം വരുത്തുന്നതുമായിരുന്നു. അവൻ മരിച്ചവ രിൽനിന്ന് എഴുന്നേറ്റ പ്രവാചകന്മാരിൽ ഒരുവനാണെന്ന് അനേകംപേർ വിശ്വ സിച്ചു. രാഷ്ട്രം മുഴുവൻ ഇളകി, പുരുഷാരം മരുഭൂമിയിൽ തടിച്ചുകൂടി.

മശീഹയുടെ വരവായിരുന്നു യോഹന്നാന്റെ പ്രസംഗവിഷയം. അവൻ ജനത്തെ അനുതാപത്തിലേക്കു ക്ഷണിച്ചു. പാപത്തിൽനിന്നു ശുദ്ധീകരണം പ്രാപിക്കുന്നതിന്റെ പ്രതീകമായി അവൻ ആളുകളെ യോർദ്ദാൻ നദിയിൽ സ്നാനം കഴിപ്പിച്ചു. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമെന്ന് അവ കാശവാദം മുഴക്കിയവർ പാപത്താൽ മലിനരാണെന്നും, ഹൃദയവിശുദ്ധീ കരണവും ജീവിതവിശുദ്ധിയും കൂടാതെ അവർക്കു മശീഹയുടെ രാജ്യ ത്തിൽ ഒരു പങ്കുമില്ലായെന്നും സ്നാനം കഴിപ്പിക്കുന്നതിലൂടെ യോഹന്നാൻ പ്രഖ്യാപിച്ചു.

പ്രഭുക്കന്മാർ, റബ്ബിമാർ, പടയാളികൾ, ചുങ്കക്കാർ, കർഷകർ ഇങ്ങനെ വിവിധ തുറകളിൽപ്പെട്ടവർ യോഹന്നാന്റെ പ്രസംഗം കേൾപ്പാനായി വന്നു. ദൈവത്തിൽനിന്നുള്ള ഗൗരവമായ മുന്നറിയിപ്പ് അവരെ ഭയചകിതരാക്കി. അനേകം ആളുകൾ അനുതപിച്ചു സ്നാനം ഏറ്റു. സ്നാപകൻ പ്രഖ്യാപിച്ച രാജ്യത്തിലെ അംഗങ്ങളായിത്തീരുവാൻ എല്ലാ തലങ്ങളിൽനിന്നുമുള്ള ആളു കളും അവന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു.

അനേക ശാസ്ത്രിമാരും പരീശന്മാരും തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞു കൊണ്ടു സ്നാനത്തിന് ഒരുങ്ങി. മറ്റുള്ളവരെക്കാൾ തങ്ങൾ ശ്രേഷ്ഠരെന്ന് അവർ സ്വയം പുകഴ്ത്തിയിരുന്നു. തങ്ങളുടെ ഭക്തിജീവിതത്തെക്കുറിച്ചു മറ്റുള്ളവരിൽ മതിപ്പുണ്ടാകുന്നതിനുവേണ്ടി അവർ ആഗ്രഹിച്ചു. അവരുടെ ജീവിതത്തിലെ രഹസ്യപാപങ്ങൾ യോഹന്നാൻ വെളിച്ചത്തുകൊണ്ടുവന്നു. എന്നാൽ ഇവരിൽ അനേകർക്കും യഥാർത്ഥ പാപബോധം ഉളവായിട്ടില്ലാ യെന്നു യോഹന്നാനെ പരിശുദ്ധാത്മാവു ബോധ്യപ്പെടുത്തി. അവർ അവ സരവാദികൾ ആയിരുന്നു. പ്രവാചകന്റെ സ്നേഹിതരെന്ന നിലയിൽ, വരു വാനുള്ള മശീഹയുടെ പ്രീതി നേടാമെന്ന് അവർ ആശിച്ചു. ജനസമ്മത നായ ഈ യുവഗുരുവിൽനിന്നു സ്നാനം സ്വീകരിച്ചാൽ ജനങ്ങളുടെമേൽ അവരുടെ സ്വാധീനം ശക്തിപ്പെടുത്താമെന്ന് അവർ കരുതി.

തുളച്ചുകയറുന്ന ചോദ്യശരങ്ങളുമായി യോഹന്നാൻ അവരെ നേരിട്ടു. “സർപ്പസന്തതികളേ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞ് ഓടിപ്പോകുവാൻ നിങ്ങൾക്ക് ഉപദേശിച്ചുതന്നത് ആർ? മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പിൻ. അബ്രാഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ട് എന്ന് ഉള്ളംകൊണ്ടു പറവാൻ തുനിയരുത്. ഈ കല്ലുകളിൽനിന്ന് അബ്രാഹാമിന് മക്കളെ ഉള വാക്കാൻ ദൈവത്തിനു കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു.”

യിസ്രായേലിനോടുള്ള ദൈവത്തിന്റെ നിത്യമായ സ്നേഹത്തെ യെഹൂദ ന്മാർ തെറ്റായി വ്യാഖ്യാനിച്ചു. “സൂര്യനെ പകൽ വെളിച്ചത്തിനും ചന്ദ്ര ന്റെയും നക്ഷത്രങ്ങളുടെയും വ്യവസ്ഥയെ രാത്രി വെളിച്ചത്തിനും നിയമി ച്ചിരിക്കുന്നവനും കടലിലെ തിരകൾ അലറുവാൻ തക്കവണ്ണം അതിനെ ഇള ക്കുന്നവനും സൈന്യങ്ങളുടെ യഹോവ എന്നു നാമമുള്ളവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഈ വ്യവസ്ഥ എന്റെ മുമ്പിൽനിന്നു മാറിപ്പോ കുന്നുവെങ്കിൽ, യിസ്രായേൽസന്തതിയും സദാകാലം എന്റെ മുമ്പിൽ ഒരു ജാതിയാകാതവണ്ണം മുടിഞ്ഞുപോകും എന്നു യഹോവയുടെ അരുളപ്പാട്. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: മീതെ ആകാശത്തെ അളക്കുവാനും താഴെ ഭൂമിയുടെ അടിസ്ഥാനങ്ങളെ ശോധന ചെയ്‌വാനും കഴിയുമെങ്കിൽ, ഞാനും യിസ്രായേൽസന്തതിയെ ഒക്കെയും അവർ ചെയ്ത സകലവും നിമിത്തം തള്ളിക്കളയുമെന്നു യഹോവയുടെ അരുളപ്പാട്” (യിരെ. 31:35–37). അബ്രാഹാമിൽനിന്നു ജനിച്ചവരാകകൊണ്ട് ഈ വാഗ്ദത്തം പ്രാപിപ്പാൻ തങ്ങൾ അവകാശികളെന്നു യെഹൂദന്മാർ കരുതി. എന്നാൽ ദൈവം ഊന്നൽ കൊടുത്തു പറഞ്ഞ വ്യവസ്ഥകളെ അവർ അഗണ്യകോടിയിൽ തള്ളി. വാഗ്ദത്തം നല്കുന്നതിനുമുമ്പു ദൈവം ഇപ്രകാരം കല്പിച്ചു: “ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും... ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കുകയുമില്ല” (യിരെ. 31:33,34).

ദൈവകല്പന ഹൃദയങ്ങളിൽ എഴുതപ്പെട്ടവർക്കു മാത്രമേ ദൈവത്തിന്റെ പ്രീതി ലഭിക്കുകയുള്ളു. അവർ ദൈവവുമായി ഏകീഭവിച്ചവരാണ്. എന്നാൽ

യെഹൂദന്മാർ ദൈവത്തിൽനിന്നു തങ്ങളുടെ ബന്ധം വിച്ഛേദിച്ചു. അവരുടെ പാപങ്ങൾ നിമിത്തം ദൈവത്തിന്റെ ന്യായവിധി അവരുടെമേൽ പതിച്ചു. സത്യദൈവത്തെ സേവിക്കാത്ത ഒരു രാഷ്ട്രത്തിന്റെ ഭരണത്തിൻകീഴിൽ അവർ ആയിത്തീരുവാൻ ഇതായിരുന്നു കാരണം. അവരുടെ അകൃത്യങ്ങ ളാൽ അവരുടെ ഹൃദയങ്ങൾ അന്ധകാരത്തിലാണ്ടു. കഴിഞ്ഞ കാലങ്ങളിൽ ദൈവം അവർക്കു നന്മ ചെയ്തതുകൊണ്ട് അവരുടെ പാപങ്ങളെ അവർ ഗൗരവമായി എടുത്തില്ല. തങ്ങൾ മറ്റുള്ളവരെക്കാൾ വിശിഷ്ടരെന്ന് അവർ സ്വയം പുകഴ്ത്തി. ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് അവർ അർഹരെന്നു സ്വയം കരുതി.

"ഇതു ദൃഷ്ടാന്തമായിട്ട് അവർക്കു സംഭവിച്ചു, ലോകാവസാനം വന്നെ ത്തിയിരിക്കുന്ന നമുക്കു ബുദ്ധിയുപദേശത്തിനായി എഴുതിയുമിരിക്കുന്നു" (1 കൊരി. 10:11). എത്ര തവണ നാം ദൈവത്തിന്റെ അനുഗ്രഹങ്ങളെ തെറ്റായി വ്യാഖ്യാനിച്ചിരിക്കുന്നു! നമ്മിലുള്ള ഏതോ നന്മകൊണ്ടാണു ദൈവം നമ്മെ അനുഗ്രഹിക്കുന്നതെന്നു നാം സ്വയം പുകഴ്ത്തുന്നു. നമുക്കു വേണ്ടി ദൈവം ചെയ്വാൻ ആഗ്രഹിക്കുന്നതു ദൈവത്തിനു ചെയ്വാൻ കഴിയാതെ പോകുന്നു. ദൈവത്തിന്റെ ദാനങ്ങളെ നമ്മുടെ സ്വാർത്ഥതാൽപര്യ ങ്ങൾക്കുവേണ്ടി നാം വിനിയോഗിക്കുന്നു. അവിശ്വാസത്തിലും പാപത്തിലും നമ്മുടെ ഹൃദയങ്ങളെ നാം കഠിനപ്പെടുത്തുന്നു.

യിസ്രായേല്യ റബ്ബിമാരുടെ അഹന്തയും, സ്വാർത്ഥതയും, ക്രൂരതയും യെഹൂദന്മാരെ സർപ്പസന്തതികളാക്കിത്തീർത്തിരിക്കുന്നുവെന്നു യോഹ ന്നാൻ പ്രഖ്യാപിച്ചു. നീതിമാനും അനുസരണശീലമുള്ളവനുമായിരുന്ന അബ്രാഹാമിന്റെ സന്തതികൾ എന്ന പദവിക്ക് അവർ യോഗ്യരായിരുന്നില്ല. ദൈവം യിസ്രായേലിനു നല്കിയ വെളിച്ചം കണക്കിലെടുക്കുമ്പോൾ തങ്ങളെ ക്കാൾ വളരെ താണവരെന്നു യിസ്രായേൽ കരുതിയിരുന്ന ജാതികളെ ക്കാൾ അവർ അധഃപതനം സംഭവിച്ചവരായിരുന്നു. തങ്ങളെ വെട്ടിയെടുത്ത പാറയെയും, കുഴിച്ചെടുത്ത ഖനിഗർഭത്തെയും യിസ്രായേൽ മറന്നുകളഞ്ഞു. തന്റെ ഉദ്ദേശ്യം നിവൃത്തിയാക്കുന്നതിനുവേണ്ടി ദൈവം യിസ്രായേലിനെ ആശ്രയിച്ചില്ല. ജാതികളിൽനിന്ന് അബ്രാഹാമിനെ ദൈവം എപ്രകാരം വിളി ച്ചുവോ, അതുപോലെ യിസ്രായേല്യരല്ലാത്തവരെയും തന്റെ വേലയ്ക്കായി ദൈവത്തിനു വിളിക്കുവാൻ കഴിയുമായിരുന്നു. ഒരുപക്ഷേ അവരുടെ ഹൃദയ ങ്ങൾ മരുഭൂമിയിലെ ജീവനില്ലാത്ത പാറകളെപ്പോലെ കാണപ്പെട്ടേക്കാം. എങ്കിലും ദൈവത്തിന്റെ ആത്മാവിന്, അവർക്കു ജീവൻ നല്കി ദൈവേഷ്ടം പ്രവർത്തിക്കുന്നവരാക്കിത്തീർക്കുവാൻ കഴിയും. അങ്ങനെ അവർക്കു ദൈവ ത്തിന്റെ വാഗ്ദത്തം പ്രാപിക്കുവാൻ കഴിയും.

യോഹന്നാൻ പറഞ്ഞു: "ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവട്ടിനു കോടാലി വച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടു കളയുന്നു." പേരുകൊണ്ടല്ല, ഫലത്താലത്രേ ഒരു വൃക്ഷ ത്തിന്റെ മൂല്യം നിർണ്ണയിക്കപ്പെടുന്നത്. ഫലം പ്രയോജനമില്ലാത്തതായി പ്പോയാൽ, ആ വൃക്ഷത്തെ രക്ഷിപ്പാൻ സാദ്ധ്യമല്ല. തങ്ങളുടെ സ്വഭാവവും

ജീവിതവും ആയിരിക്കും, ദൈവത്തിന്റെ മുമ്പാകെയുള്ള തങ്ങളുടെ നിലപാട് എപ്രകാരമായിരിക്കുമെന്നു തീരുമാനിക്കുന്നത് എന്നു യോഹന്നാൻ യെഹൂദന്മാരോടു പറഞ്ഞു. തങ്ങൾ വലിയവരാണ് എന്ന് അവകാശപ്പെടുന്നതുകൊണ്ട് ഒരർത്ഥവുമില്ലായെന്ന് അവൻ അവരോടു പറഞ്ഞു. അവരുടെ ജീവിതവും സ്വഭാവവും ദൈവകല്പനയ്ക്കു യോജിച്ചതല്ലെങ്കിൽ അവർക്കു ദൈവത്തിന്റെ ജനമായിരിക്കുവാൻ കഴിയുകയില്ല. യോഹന്നാന്റെ വാക്കുകൾ അവരുടെ ഹൃദയങ്ങളിലേക്കു കടന്നുചെന്ന് അവരെ പാപബോധമുള്ളവരാക്കി. യെഹൂദന്മാർ യോഹന്നാനോടു ചോദിച്ചു: "ഞങ്ങൾ എന്തു ചെയ്യേണം?" യോഹന്നാൻ അവരോടു പറഞ്ഞു: "രണ്ടു വസ്ത്രമുള്ളവൻ ഇല്ലാത്തവനു കൊടുക്കട്ടെ; ഭക്ഷണസാധനങ്ങൾ ഉള്ളവനും അങ്ങനെതന്നെ ചെയ്യട്ടെ." ചുങ്കക്കാരോട് അനീതി ചെയ്യരുതെന്നും പടയാളികളോട് അക്രമം പ്രവർത്തിക്കരുതെന്നും യോഹന്നാൻ ഉപദേശിച്ചു.

ക്രിസ്തുവിന്റെ രാജ്യത്തിലെ പ്രജകളായിത്തീർന്നവർ വിശ്വാസത്തിന്റെയും അനുതാപത്തിന്റെയും തെളിവുകൾ കാണിക്കുമെന്നു യോഹന്നാൻ പറഞ്ഞു. ദയ, വിശ്വസ്തത, ആത്മാർത്ഥത എന്നീ സൽഗുണങ്ങൾ അവരുടെ ജീവിതത്തിൽ ഉണ്ടായിരിക്കും. അവർ ദരിദ്രരെ ശുശ്രൂഷിക്കുകയും ദൈവത്തിനു സ്തോത്രക്കാഴ്ചകൾ കൊണ്ടുവരികയും ചെയ്യും. നിസ്സഹായരെ അവർ സംരക്ഷിക്കുകയും ജീവിതത്തിൽ സൽപ്രവൃത്തികളും കരുണയുമുള്ളവരായിരിക്കുകയും ചെയ്യും. മനുഷ്യനെ രൂപാന്തരപ്പെടുത്തുവാൻ കഴിയുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയെ ക്രിസ്തുവിന്റെ അനുയായികൾ ജീവിതത്തിൽക്കൂടെ കാണിച്ചുകൊടുക്കും. അവരുടെ ദൈനംദിന ജീവിതത്തിൽ ന്യായവും കരുണയും ദൈവസ്നേഹവും പ്രകടമാകും. അങ്ങനെ ചെയ്യുന്നില്ലായെങ്കിൽ അവർ തീയിൽ ഇട്ട പതിർപോലെ ആകും.

യോഹന്നാൻ പറഞ്ഞു: "ഞാൻ നിങ്ങളെ വെള്ളംകൊണ്ടു സ്നാനം കഴിപ്പിക്കുന്നു; എന്നാൽ എന്നിലും ബലവാനായവൻ വരുന്നു; അവന്റെ ചെരിപ്പിന്റെ വാറ് അഴിപ്പാൻ ഞാൻ യോഗ്യനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും സ്നാനം കഴിപ്പിക്കും" (ലൂക്കൊസ് 3:16). യിസ്രായേലിനോടുള്ള ദൈവത്തിന്റെ അരുളപ്പാട്: "കർത്താവു ന്യായവിധിയുടെ കാറ്റുകൊണ്ടും ദഹനത്തിന്റെ കാറ്റുകൊണ്ടും" തന്റെ ജനത്തെ അകൃത്യത്തിൽനിന്നു ശുദ്ധീകരിക്കും. "ഞാൻ എന്റെ കൈ നിന്റെ നേരെ തിരിച്ചു നിന്റെ കീടം തീരെ ഉരുക്കിക്കളകയും നിന്റെ വെള്ളീയം ഒക്കെയും നീക്കിക്കളകയും ചെയ്യും" (യെശ. 4:3; 1:25). എവിടെ പാപം കാണപ്പെട്ടാലും, പാപത്തോടുള്ള ദൈവത്തിന്റെ നിലപാട് ഇപ്രകാരമാണ്. "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ" (എബ്രാ. 12:29). ദൈവശക്തിക്കു കീഴ്പ്പെടുന്നവരിൽനിന്നു സകല പാപത്തെയും പരിശുദ്ധാത്മാവു ദഹിപ്പിച്ചുകളയും. എന്നാൽ മനുഷ്യർ പാപത്തോടു പറ്റിച്ചേർന്നതിനാൽ അവർ പാപവുമായി ഒന്നായിത്തീരുന്നു. അപ്പോൾ പാപത്തെ നശിപ്പിക്കുന്ന ദൈവതേജസ്സ് അവരെയും നശിപ്പിച്ചുകളയും. ദൂതനുമായുള്ള മല്പിടിത്തത്തിനുശേഷം യാക്കോബ് പറഞ്ഞു: "ഞാൻ ദൈവത്തെ മുഖാമുഖമായി കണ്ടിട്ടും എനിക്കു ജീവഹാനി വന്നില്ല" (ഉല്പത്തി 32:30). ഏശാവിനോടുള്ള പെരുമാറ്റത്തിൽ

യാക്കോബ് വലിയ കുറ്റക്കാരനായിരുന്നു. എന്നാൽ യാക്കോബ് അനുതപിച്ചു. അവന്റെ അകൃത്യം ക്ഷമിക്കപ്പെട്ടു. അവന്റെ പാപം കഴുകി വെടിപ്പാക്കി. അതുകൊണ്ട് അവൻ ദൈവസന്നിധിയിൽ നില്പാൻ യോഗ്യതയുള്ളവനായിത്തീർന്നു. എന്നാൽ പാപത്തെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാതെ ബോധപൂർവ്വം അവയെ ഉള്ളിൽ സൂക്ഷിച്ചുകൊണ്ടു ദൈവസന്നിധിയിൽ ഏതൊരാൾ കടന്നുവന്നാലും അയാൾ നശിപ്പിക്കപ്പെടും. ക്രിസ്തുവിന്റെ രണ്ടാം വരവിങ്കൽ ദുഷ്ടന്മാരെ "തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും" (2 തെസ്സ. 2:8). നീതിമാന്മാർക്കു ജീവൻ നല്കുന്ന ദൈവതേജസ്സിന്റെ പ്രകാശം ദുഷ്ടന്മാരെ നശിപ്പിക്കും.

ദൈവത്തിന്റെ സ്വഭാവത്തെ മറ്റുള്ളവർക്കു വെളിപ്പെടുത്തുന്ന ആൾ എന്ന നിലയിൽ, യോഹന്നാൻ സ്നാപകന്റെ കാലത്തു ക്രിസ്തു പ്രത്യക്ഷമാകാൻ പോകയായിരുന്നു. ക്രിസ്തുവിന്റെ സാന്നിദ്ധ്യംതന്നെ മനുഷ്യർക്കു തങ്ങളുടെ പാപങ്ങളെ ബോധ്യപ്പെടുത്തുവാൻ പര്യാപ്തമായിരുന്നു. തങ്ങളുടെ പാപത്തിൽനിന്നു ശുദ്ധീകരണം പ്രാപിക്കുവാൻ അവർ മനസ്സു വയ്ക്കുമ്പോൾ മാത്രമേ, ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ പ്രവേശിപ്പാൻ അവർക്കു കഴിയുമായിരുന്നുള്ളു. ഹൃദയശുദ്ധിയുള്ളവർക്കു മാത്രമേ അവന്റെ സന്നിധിയിൽ വസിപ്പാൻ സാധിക്കുകയുള്ളു.

ഇപ്രകാരം ദൈവത്തിന്റെ ദൂതു യോഹന്നാൻ സ്നാപകൻ യിസ്രായേലിൽ പ്രഖ്യാപിച്ചു. അനേകം പേർ അവന്റെ ഉപദേശം ശ്രദ്ധിച്ചു. അനേകം പേർ ദൈവത്തെ അനുസരിക്കുന്നതിനുവേണ്ടി തങ്ങളുടെ എല്ലാം ത്യാഗം ചെയ്തു. അനേകം പേർ ഈ പുതിയ ഗുരുവിനെ എല്ലായിടത്തും അനുഗമിച്ചു. അവൻ മശീഹ ആയിരിക്കും എന്ന പ്രത്യാശ ഹൃദയത്തിൽ സൂക്ഷിച്ചവരും അനവധിയായിരുന്നു. എന്നാൽ ജനം തന്നിലേക്കു തിരിയുമെന്നു യോഹന്നാനു മനസ്സിലായപ്പോൾ, വരുവാനുള്ളവങ്കലേക്കു ജനത്തിന്റെ വിശ്വാസത്തെ തിരിക്കുവാൻ യോഹന്നാൻ എല്ലാ സന്ദർഭവും ഉപയോഗിച്ചു.

# 11

# സ്നാനം

അവലംബം: മത്തായി 3:13-17; മർക്കൊസ് 1:9-11; ലൂക്കൊസ് 3:21,22

മരുഭൂമിയിലെ പ്രവാചകനെയും അവന്റെ അത്ഭുതകരമായ ദൂതിനെയും സംബന്ധിച്ച വാർത്ത ഗലീലയിലെങ്ങും പരന്നു. അകലെയുള്ള മലയോരങ്ങളിലെ കർഷകരുടെ ഇടയിലും സമുദ്രതീരത്തെ മത്സ്യബന്ധനം നടത്തുന്നവരുടെ ഇടയിലും യോഹന്നാന്റെ ദൂത് എത്തിച്ചേർന്നു. നിഷ്കളങ്കരും തൽപരരുമായ ഇവരുടെ ഇടയിൽനിന്ന് അതിനു നല്ല പ്രതികരണം ലഭിച്ചു. നസ്രേത്തിൽ യോസേഫിന്റെ പണിശാലയിലും ഈ ദൂത് എത്തി. അവിടെ ഒരാൾ ആ വിളിയെ തിരിച്ചറിഞ്ഞു. അവന്റെ സമയം എത്തിക്കഴിഞ്ഞു. തന്റെ ദിനംപ്രതിയുള്ള ജോലിയോടു വിടപറഞ്ഞു. അമ്മയോടു യാത്രാവന്ദനം ചൊല്ലിയശേഷം യോർദ്ദാനിലേക്കു യേശു മറ്റുള്ളവരോടൊപ്പം പോയി.

യേശുവും യോഹന്നാനും അടുത്ത ചാർച്ചക്കാരായിരുന്നു. അവരുടെ ജനനത്തിന്റെ പ്രത്യേക സാഹചര്യങ്ങളാലും അവർ അടുത്ത ബന്ധമുള്ളവരായിരുന്നു. എങ്കിലും അവർ തമ്മിൽ നേരിട്ടു പരിചയം ഇല്ലായിരുന്നു.

ഗലീലയിലുള്ള നസ്രേത്തിലായിരുന്നു യേശു തന്റെ ജീവിതം നയിച്ചിരുന്നത്. യോഹന്നാനാവട്ടെ യെഹൂദ്യമരുഭൂമിയിലും. വ്യത്യസ്തമായ ചുറ്റുപാടുകളിൽ കഴിഞ്ഞിരുന്ന ഇവർക്കു പരസ്പര സമ്പർക്കം പുലർത്താൻ കഴിഞ്ഞില്ല. അതു ദൈവത്തിന്റെ ഉദ്ദേശ്യമായിരുന്നു. തങ്ങളുടെ അവകാശപ്പെടലുകളെ പിന്തുണയ്ക്കുന്നതിനുവേണ്ടി അവർ ഒത്തുചേർന്നു പ്രവർത്തിച്ചുവെന്ന ആരോപണം ഉന്നയിക്കുവാൻ ഒരു പഴുതും ഉണ്ടാകാൻ പാടില്ലായിരുന്നു.

യേശുവിന്റെ ജനനത്തോടു ബന്ധപ്പെട്ട സംഭവങ്ങളെക്കുറിച്ചു യോഹന്നാന് അറിവുണ്ടായിരുന്നു. ശൈശവത്തിൽ യേശു യെരൂശലേമിൽ പോയതിനെക്കുറിച്ചു യോഹന്നാൻ കേട്ടിരുന്നു. യേശുവും റബ്ബിമാരും തമ്മിൽ നടന്ന സംവാദത്തെക്കുറിച്ച് അവൻ അറിഞ്ഞിരുന്നു. യേശുവിന്റെ പാപരഹിതമായ ജീവിതത്തെക്കുറിച്ചും അവന് അറിയാമായിരുന്നു. അവൻ മശീഹ ആയിരിക്കുമെന്നു യോഹന്നാൻ വിശ്വസിച്ചു. എങ്കിലും യോഹന്നാന് അതിനെക്കുറിച്ചു വ്യക്തമായ ഉറപ്പില്ലായിരുന്നു. അനേക വർഷങ്ങൾ യേശു ആരാലും അറിയപ്പെടാതെ ജീവിച്ചതും, തന്റെ ദൗത്യത്തെക്കുറിച്ചു പ്രത്യേക തെളിവുകൾ നല്കാതെയിരുന്നതും, അവൻ തന്നെയാണോ വാഗ്ദത്തമശീഹ എന്ന സംശയം ഉണ്ടാകുന്നതിനു കാരണമായി. എങ്കിലും യോഹന്നാൻ സ്നാപകൻ വിശ്വാസത്തോടെ കാത്തിരുന്നു. ദൈവം യഥാകാലം എല്ലാം വെളിപ്പെടുത്തുമെന്നു യോഹന്നാൻ വിശ്വസിച്ചു. യോഹന്നാനാൽ സ്നാനം ഏല്ക്കുന്നതിനായി മശീഹ വരുമെന്നു ദൈവം യോഹന്നാന് അറിവു നല്കിയിരുന്നു. അപ്പോൾ മശീഹയുടെ ദൈവികത്വത്തെ വെളിവാക്കുന്ന അടയാളം നല്കപ്പെടുമെന്നും അവന് അറിവു കൊടുത്തിരുന്നു. അങ്ങനെ യേശുവിനെ ജനങ്ങൾക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നതിനു ദൈവം തന്നെ പ്രാപ്തനാക്കുമെന്നു യോഹന്നാൻ വിശ്വസിച്ചു.

യേശു സ്നാനത്തിനായി വന്നപ്പോൾ മറ്റാരിലും മുമ്പു കണ്ടിട്ടില്ലാത്ത സ്വഭാവപരിശുദ്ധി അവനിൽ യോഹന്നാൻ കണ്ടു. അവന്റെ സാന്നിദ്ധ്യം തന്നെ പരിശുദ്ധിയും ഭയബഹുമാനങ്ങൾ ഉണർത്തുന്നതുമായിരുന്നു. തന്റെ ചുറ്റിലും കൂടിവന്നിരുന്ന ജനങ്ങളിൽനിന്നു യോഹന്നാൻ കേട്ടിരുന്നത്, ഭയങ്കരമായ കുറ്റകൃത്യങ്ങളുടെ ഞെട്ടിപ്പിക്കുന്ന കഥകളായിരുന്നു. പാപഭാരത്താൽ കുനിഞ്ഞ തലകളുമായി നിന്നവരെയാണു യോഹന്നാൻ കണ്ടത്. എന്നാൽ ഇത്ര വിശുദ്ധി നിറഞ്ഞുനില്ക്കുന്ന ഒരു മനുഷ്യനെ യോഹന്നാൻ ഇതുവരെ കണ്ടിരുന്നില്ല. ഈ തെളിവുകളെല്ലാം മശീഹയെ സംബന്ധിച്ചു യോഹന്നാനു വെളിപ്പെടുത്തപ്പെട്ട കാര്യങ്ങളുമായി വളരെ യോജിക്കുന്നതായിരുന്നു. എങ്കിലും യേശുവിന്റെ അപേക്ഷ സ്വീകരിപ്പാൻ യോഹന്നാൻ പ്രയാസപ്പെട്ടു. പാപരഹിതനായ ഒരുവനെ പാപിയായ തനിക്കു സ്നാനപ്പെടുത്തുവാൻ എങ്ങനെ സാധിക്കും? പാപത്തെ കഴുകിക്കളയുന്ന അടയാളമായ സ്നാനം, പാപത്തെക്കുറിച്ച് അനുതപിക്കേണ്ട ആവശ്യമില്ലാത്ത ഒരാൾ എന്തിനു സ്വീകരിക്കണം?

യേശു സ്നാനം ആവശ്യപ്പെട്ടപ്പോൾ യോഹന്നാൻ പിന്നോട്ടുമാറി അത്ഭുതം കൂറിക്കൊണ്ടു പറഞ്ഞു: "നിന്നാൽ സ്നാനം ഏല്ക്കുവാൻ

എനിക്ക് ആവശ്യം; പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ?" ദയ കലർന്ന ആജ്ഞാസ്വരത്തിൽ യേശു പറഞ്ഞു: "ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നതു നമുക്ക് ഉചിതം." യോഹന്നാൻ യേശുവിനെ യോർദ്ദാൻ നദിയിലേക്കു നയിച്ചു. നദിയിൽ യേശുവിനു മുഴുകൽ സ്നാനം നല്കി. "യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽനിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നത് അവൻ കണ്ടു."

യേശു സ്നാനം ഏറ്റതു തന്റെ പാപങ്ങൾക്കുവേണ്ടിയായിരുന്നില്ല. പാപിയുടെ സ്ഥാനത്തു കർത്താവു നിന്നു. നാം ചെയ്യേണ്ടതു നമുക്കു മാതൃകയായി കർത്താവു ചെയ്തു. തന്റെ കഷ്ടത നിറഞ്ഞ ജീവിതവും, സ്നാനശേഷം അനുഭവിച്ച പീഡകളും നമുക്കു മാതൃകയായിട്ടായിരുന്നു.

വെള്ളത്തിൽനിന്നു കരയ്ക്കു വന്ന ഉടനെ യേശു നദിക്കരയിൽ തല കുനിച്ചു പ്രാർത്ഥിച്ചു. പുതിയതും പ്രാധാന്യം അർഹിക്കുന്നതുമായ ഒരു യുഗം തന്റെ മുമ്പിൽ ആരംഭിക്കുകയായിരുന്നു. ജീവിതപോരാട്ടത്തിലേക്കു പ്രവേശിച്ച യേശു, വിസ്തൃതമായ ഒരു വേദിയിലേക്കു കടന്നുവന്നു. യേശു സമാധാനപ്രഭുവായിരുന്നെങ്കിലും അവന്റെ വരവ് ഒരു വാൾ ഉറയിൽനിന്ന് എടുക്കുന്നതിനു തുല്യമായിരുന്നു. താൻ സ്ഥാപിക്കുവാനായി വന്ന രാജ്യം യെഹൂദന്മാർ പ്രതീക്ഷിച്ചതുപോലെ ആയിരുന്നില്ല. യിസ്രായേല്യരുടെ ആചാരക്രമങ്ങൾ ചൂണ്ടിക്കാണിച്ചിരുന്ന വ്യക്തി അവയുടെ ശത്രുവും സംഹാരകനുമായി വീക്ഷിക്കപ്പെടാൻ പോവുകയായിരുന്നു. സീനായ്മലയിൽവച്ചു ദൈവത്തിന്റെ കല്പനകൾ മോശെക്കു നല്കിയ വ്യക്തിയെ, കല്പന ലംഘനക്കാരൻ എന്നു ചിത്രീകരിക്കുന്ന നാഴിക അടുത്തുവരികയായിരുന്നു. സാത്താന്യശക്തിയെ തകർക്കുവാൻ വന്നവനെ ബെയൽസെബൂൽ എന്ന് അധിക്ഷേപിക്കുന്ന സമയം അടുത്തിരുന്നു. ഭൂമിയിൽ ഒരു മനുഷ്യനും യേശുവിനെ മനസ്സിലാക്കിയില്ല. തന്റെ പരസ്യശുശ്രൂഷയിലും താൻ ഏകനായി നടക്കേണ്ടവനായിരുന്നു. തന്റെ ദൗത്യത്തെ തന്റെ അമ്മയോ സഹോദരന്മാരോ മനസ്സിലാക്കിയിരുന്നില്ല. തന്റെ ശിഷ്യന്മാർപോലും ക്രിസ്തുവിനെ ശരിയായി അറിഞ്ഞിരുന്നില്ല. നിത്യതയിൽ പിതാവിനോടുകൂടെ വസിച്ചിരുന്ന ക്രിസ്തു ഭൂമിയിൽ ഏകാകിയായിരുന്നു.

നമ്മിലൊരുവനെപ്പോലെ ആയിത്തീർന്നതുകൊണ്ടു നമ്മുടെ പാപത്തിന്റെയും കഷ്ടതയുടെയും ഭാരം ക്രിസ്തു വഹിക്കേണ്ടതാവശ്യമായിരുന്നു. പാപം തീണ്ടിയിട്ടില്ലാത്ത ദൈവപുത്രൻ പാപത്തിന്റെ അപമാനം അനുഭവിച്ചു. സമാധാനപ്രഭുവിനു പലപ്പോഴും അസ്വസ്ഥതയുടെ അന്തരീക്ഷത്തിൽ കഴിയേണ്ടിവന്നു. സത്യം വ്യാജത്തിന്റെ ഇടയിലും, വിശുദ്ധി മ്ലേച്ഛതയുടെ ഇടയിലും പാർക്കേണ്ടിവന്നു. എല്ലാ പാപവും, എല്ലാ പൊരുത്തക്കേടും പാപത്തിന്റെ ഫലമായ മോഹങ്ങളും യേശുവിന്റെ ആത്മാവിനു നിരന്തരപീഡ നല്കിക്കൊണ്ടിരുന്നു.

ഭൂമിയിൽ യേശു ഏകനായി നടന്നു. ഭാരം അവൻ തനിയേ വഹിച്ചു. താൻ ധരിച്ചിരുന്ന തേജസ്സ് വെടിഞ്ഞ്, മനുഷ്യവർഗ്ഗത്തിന്റെ ബലഹീനത

സ്വീകരിച്ച ദൈവപുത്രന്റെ മേലായിരുന്നു ലോകത്തിന്റെ രക്ഷ ഉറപ്പി ക്കേണ്ടിയിരുന്നത്. യേശു ഈ അനുഭവങ്ങളിൽക്കൂടെ കടന്നുപോയി. പാപ ത്തിൽ നിപതിച്ച മനുഷ്യവർഗ്ഗത്തിന്റെ രക്ഷ തന്റെ കരങ്ങളിൽ ആശ്രയിച്ചി രുന്നു. സർവ്വശക്തനും സ്നേഹവാനുമായ പിതാവിന്റെ കരങ്ങളെ ഗ്രഹി ക്കുവാനായി യേശു തന്റെ കരങ്ങളെ നീട്ടി.

പ്രാർത്ഥനയിൽ തന്റെ ആത്മാവിനെ പകരുമ്പോൾ കർത്താവിന്റെ ദൃഷ്ടി കൾ സ്വർഗ്ഗത്തേക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്നു. പാപം മനുഷ്യഹൃദയങ്ങളെ എത്ര കഠിനമാക്കിയിരിക്കുന്നുവെന്നു യേശു കണ്ടു. തന്റെ ദൗത്യം തിരിച്ച റിഞ്ഞു ദൈവത്തിന്റെ രക്ഷയെ സ്വന്തമാക്കുവാൻ മനുഷ്യന് എത്ര പ്രയാസ മാണെന്നു യേശു മനസ്സിലാക്കി. തങ്ങളുടെ അവിശ്വാസത്തെ തോല്പി ക്കുന്നതിനും, മനുഷ്യർക്കു ശക്തി ലഭിക്കുന്നതിനും, സാത്താന്യബന്ധന ങ്ങളെ തകർക്കുന്നതിനും, സാത്താനെ പരാജയപ്പെടുത്തുന്നതിനും ക്രിസ്തു പിതാവിനോടു പ്രാർത്ഥിച്ചു. പിതാവ്, തന്നിൽക്കൂടെ മനുഷ്യവർഗ്ഗത്തെ സ്വീകരിച്ചിരിക്കുന്നുവെന്ന സാക്ഷ്യത്തിനുവേണ്ടിയും യേശു അപേക്ഷിച്ചു.

ഇപ്രകാരമൊരു പ്രാർത്ഥന ദൈവദൂതന്മാർ ഇതിനുമുമ്പു കേട്ടിരുന്നില്ല. തങ്ങളുടെ പ്രിയങ്കരനായ അധിപന് ഉറപ്പും ആശ്വാസവും നല്കുന്ന ഒരു ദൂതു പിതാവിങ്കൽനിന്നു കൊണ്ടുവരുവാൻ അവർ ആഗ്രഹിച്ചു. എന്നാൽ ദൈവോദ്ദേശ്യം അതായിരുന്നില്ല. പിതാവുതന്നെ പുത്രന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുവാൻ പോകയായിരുന്നു. ദൈവമഹത്വത്തിന്റെ രശ്മികൾ സ്വർഗ്ഗസിംഹാസനത്തിൽനിന്നു നേരിട്ടു പുറപ്പെട്ടു. സ്വർഗ്ഗം തുറന്നു പരി ശുദ്ധാത്മാവു പ്രാവു രൂപത്തിൽ യേശുവിന്റെ മേൽ ആവസിച്ചു. സൗമ്യനും താഴ്മയുള്ളവനുമായ രക്ഷകന് ഏറ്റവും യോജിച്ച ഒരു ചിഹ്നമായിരുന്നു അത്.

യോർദ്ദാൻ നദിക്കരയിൽ സന്നിഹിതരായിരുന്ന ജനാവലിയിൽ യോഹ ന്നാനെപ്പോലെ വളരെ കുറച്ചുപേർ മാത്രമേ ഈ സ്വർഗ്ഗീയദർശനം കണ്ടുള്ളു. എങ്കിലും ദൈവിക സാന്നിദ്ധ്യം അവിടെ കൂടിയിരുന്നവർക്ക് അനു ഭവപ്പെട്ടു. ക്രിസ്തുവിനെ നിശ്ശബ്ദരായി വീക്ഷിച്ചുകൊണ്ടു ജനം നിന്നു. ദൈവസിംഹാസനത്തെ ചുറ്റിയിരിക്കുന്ന ദിവ്യപ്രകാശത്തിൽ യേശു നിമഗ്നനായി. സ്വർഗ്ഗത്തേക്കു നോക്കിയിരിക്കുന്ന രക്ഷകന്റെ മുഖം തേജോ മയമായി. ഇത്ര തേജസ്സുറ്റ മുഖം ജനം ഒരിക്കലും കണ്ടിട്ടുണ്ടായിരുന്നില്ല. തുറന്ന സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദം പറയുന്നതായി കേട്ടു: "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു."

ഉറപ്പുനല്കുന്ന ഈ വാക്കുകൾ നല്കിയത്, ഈ രംഗം കണ്ടുനിന്നവ രുടെ വിശ്വാസത്തെ ദൃഢമാക്കുന്നതിനും, യേശുവിന്റെ ദൗത്യനിർവ്വഹണ ത്തിനു തന്നെ ഒരുക്കുന്നതിനും വേണ്ടിയായിരുന്നു. ലോകത്തിന്റെ പാപ ഭാരം മുഴുവനും യേശുവിന്റെ മേൽ ചുമത്തപ്പെടുകയും പാപക്കറയാൽ മലിന നായ മനുഷ്യന്റെ സ്ഥാനം താൻ ഏറ്റെടുക്കുകയും ചെയ്തുവെങ്കിലും യേശുവിനെ "നിത്യനായ ദൈവത്തിന്റെ പുത്രൻ" എന്നു സ്വർഗ്ഗത്തിൽ നിന്നുള്ള ശബ്ദം സാക്ഷീകരിച്ചു.

പിതാവിന്റെ അംഗീകാരത്തിനുവേണ്ടി യേശു കണ്ണുനീരോടെ തലകുനിച്ചു ദൈവസന്നിധിയിൽ അർപ്പിച്ച യാചന യോഹന്നാനെ ഗാഢമായി സ്പർശിച്ചു. ദൈവത്തിന്റെ തേജസ്സു യേശുവിനെ ചുറ്റിയിരിക്കുന്നതു കാണുകയും, സ്വർഗ്ഗത്തിൽനിന്നുള്ള ശബ്ദം കേൾക്കുകയും ചെയ്തപ്പോൾ ദൈവം നേരത്തേ വാഗ്ദത്തം ചെയ്തിരുന്ന അടയാളം യോഹന്നാൻ തിരിച്ചറിഞ്ഞു. ലോകരക്ഷകനായ മശീഹയെയാണു താൻ സ്നാനം കഴിപ്പിച്ചതെന്നു യോഹന്നാനു മനസ്സിലായി. പരിശുദ്ധാത്മാവ് അവന്റെമേൽ ആവസിച്ചു. യേശുവിനെ ചൂണ്ടിക്കൊണ്ടു യോഹന്നാൻ പറഞ്ഞു: "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്."

യോഹന്നാനെ കേട്ടവരോ, യോഹന്നാൻ തന്നെയോ "ദൈവത്തിന്റെ കുഞ്ഞാട്" എന്ന പദങ്ങളുടെ അർത്ഥം ശരിക്കും ഗ്രഹിച്ചിരുന്നില്ല. മോറിയാ മലയിൽവച്ച് അബ്രാഹാമിനോട് "ഹോമയാഗത്തിന് ആട്ടിൻകുട്ടി എവിടെ?" എന്നു യിസ്ഹാക് ചോദിച്ചപ്പോൾ, "ദൈവം തനിക്കു ഹോമയാഗത്തിന് ഒരാട്ടിൻകുട്ടിയെ നോക്കിക്കൊള്ളും മകനേ" എന്ന് അബ്രാഹാം ഉത്തരം പറഞ്ഞു (ഉല്പത്തി 22:7,8). യിസ്ഹാക്കിനു പകരമായി ദൈവം നല്കിയ ആട്ടിൻകുട്ടിയിൽ മനുഷ്യവർഗ്ഗത്തിനുവേണ്ടി മരിക്കാൻ പോകുന്ന രക്ഷകന്റെ പ്രതീകം അബ്രാഹാം കണ്ടു. ഈ സംഭവത്തെ ആസ്പദമാക്കിക്കൊണ്ടു പരിശുദ്ധാത്മപ്രേരിതനായി യെശയ്യാവ് രക്ഷകനെക്കുറിച്ചു പ്രവചിച്ചു: "കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ... അവൻ വായെ തുറക്കാതെയിരുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി" (യെശ. 53:6,7). എന്നിട്ടും യിസ്രായേൽ ജനത ഇതു മനസ്സിലാക്കിയില്ല. ജാതികൾ തങ്ങളുടെ ബലികൾ കഴിച്ച അതേ രീതിയിലാണു യിസ്രായേല്യരിൽ അനേകരും യാഗത്തെ കരുതിപ്പോന്നത്. ദൈവത്തെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി നല്കപ്പെടുന്ന ഒരു ദാനമായിട്ടാണ് അവർ യാഗങ്ങളെ കരുതിയിരുന്നത്. എന്നിരുന്നാലും മനുഷ്യനെയും തന്നെയും തമ്മിൽ നിരപ്പിക്കുന്ന, തന്റെ സ്നേഹത്തിൽനിന്നു വരുന്ന ദാനമാണു യാഗം എന്നു മനുഷ്യനെ പഠിപ്പിക്കുവാൻ ദൈവം ആഗ്രഹിച്ചു.

"ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന ദൈവത്തിന്റെ സംബോധനയിൽ മനുഷ്യവർഗ്ഗം മുഴുവനും ഉൾപ്പെട്ടിരിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധി എന്ന നിലയിൽ യേശുവിനെ കണ്ടുകൊണ്ടായിരുന്നു ദൈവം യേശുവിനോടു സംസാരിച്ചത്. നാം പാപികളും ബലഹീനരുമായിരിക്കുന്ന അവസ്ഥയിൽ പോലും ദൈവം നമ്മെ അഗണ്യമാക്കുന്നില്ല. "അവൻ പ്രിയനായവനിൽ നമ്മെ ദത്തെടുത്തിരിക്കുന്നു" (എഫെ. 1:6). യേശുവിന്റെമേൽ ആവസിച്ച തേജസ്സ്, ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ വാഗ്ദത്തമായിരുന്നു. പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് അതു നമ്മോടു പറയുന്നു. മനുഷ്യന്റെ നിലവിളി എപ്രകാരം ദൈവസന്നിധിയിൽ എത്തുന്നു എന്ന് അതു നമ്മെ അറിയിക്കുന്നു. നമ്മുടെ യാചനകൾ എപ്രകാരം സ്വർഗ്ഗത്തിൽ സ്വീകരിക്കപ്പെടുന്നുവെന്നും അതു നമ്മെ ഗ്രഹിപ്പിക്കുന്നു. പാപത്തിന്റെ ഫലമായി ഭൂമി, സ്വർഗ്ഗത്തിൽനിന്നു

വിച്ഛേദിക്കപ്പെട്ടു. സ്വർഗ്ഗവുമായുള്ള സമ്പർക്കം ഇല്ലാതെയായി. എന്നാൽ യേശു ഭൂമിയെ സ്വർഗ്ഗവുമായി ബന്ധിപ്പിച്ചിരിക്കുന്നു. അവന്റെ സ്നേഹം മനുഷ്യനെ വലയംചെയ്തിരിക്കുന്നു. സ്വർഗ്ഗത്തോളം അത് എത്തിയിരിക്കുന്നു. സ്വർഗ്ഗത്തിന്റെ തുറന്ന വാതായനങ്ങളിൽക്കൂടെ രക്ഷകന്റെമേൽ പതിച്ച പ്രകാശം, നമ്മുടെമേലും പതിക്കും. ഒരു കാര്യം നാം ചെയ്താൻ മതി. ശക്തിക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുക. യേശുവിനോടു സംസാരിച്ച അതേ ശബ്ദം, വിശ്വസിക്കുന്ന ഏവരോടും പറയുന്നു: "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു."

"പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകും എന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെതന്നെ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാർ ആകുമെന്നു നാം അറിയുന്നു" (1 യോഹ. 3:2). സ്വർഗ്ഗസ്ഥനായ പിതാവിന്റെ സന്നിധിയിലേക്ക്, ഏറ്റവും വലിയ പാപിക്കും, ദൈവകൃപ ഏറ്റവും ആവശ്യമായ വ്യക്തിക്കും, മനുഷ്യരാൽ നിന്ദിക്കപ്പെട്ട ഏതൊരാളിനും കടന്നുചെല്ലുവാനുള്ള വഴി രക്ഷകൻ തുറന്നുതന്നിരിക്കുന്നു. ഇച്ഛിക്കുന്ന ഏതൊരുവനും, യേശു ഒരുക്കുവാൻ പോയിരിക്കുന്ന ഭവനത്തിൽ സ്ഥാനം ഉണ്ടായിരിക്കും. "വിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോലുള്ളവനുമായി ആരും അടയ്ക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നത്: ...ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവച്ചിരിക്കുന്നു; അത് ആർക്കും അടച്ചുകൂടാ" (വെളി. 3:7,8).

# 12

# പരീക്ഷ

അവലംബം: മത്തായി 4:1–11; മർക്കൊസ് 1:12,13; ലൂക്കൊസ് 4:1–13

“യേശു പരിശുദ്ധാത്മാവു നിറഞ്ഞവനായി യോർദ്ദാൻ വിട്ടു മടങ്ങി; ആത്മാവ് അവനെ മരുഭൂമിയിലേക്കു നടത്തി.” മർക്കൊസിന്റെ വാക്കുകൾ കൂടുതൽ പ്രാധാന്യമുള്ളതാണ്. “അനന്തരം ആത്മാവ് അവനെ മരുഭൂമിയിലേക്കു പോകുവാൻ നിർബ്ബന്ധിച്ചു. അവിടെ അവൻ സാത്താനാൽ പരീക്ഷിക്കപ്പെട്ടു നാല്പതു ദിവസം മരുഭൂമിയിൽ കാട്ടുമൃഗങ്ങളോടുകൂടെ ആയിരുന്നു; ദൂതന്മാർ അവനെ ശുശ്രൂഷിച്ചുപോന്നു.” “ആ ദിവസങ്ങളിൽ അവൻ ഒന്നും ഭക്ഷിച്ചില്ല.”

മരുഭൂമിയിൽ പരീക്ഷിക്കപ്പെടുവാനായി യേശു പോയപ്പോൾ, ദൈവത്തിന്റെ ആത്മാവായിരുന്നു അവനെ നയിച്ചത്. പരീക്ഷയെ അവൻ ക്ഷണിച്ചു വരുത്തിയില്ല. മരുഭൂമിയിലേക്കു യേശു പോയത് ഏകാന്തതയിൽ തന്റെ ദൗത്യത്തെക്കുറിച്ചു ചിന്തിക്കുന്നതിനും ധ്യാനിക്കുന്നതിനുമായിരുന്നു. അവൻ തരണംചെയ്യേണ്ടിയിരുന്ന രക്തപങ്കിലമായ പാതയെ അഭിമുഖീ

കരിക്കേണ്ടതിനു പ്രാർത്ഥനയാലും ഉപവാസത്താലും തന്നെത്താൻ ഒരുക്കേണ്ടതുണ്ടായിരുന്നു. യേശുവിനെ പരീക്ഷിക്കുന്നതിനു പറ്റിയ സമയമെത്തിയെന്നു സാത്താൻ കരുതി.

പ്രകാശത്തിന്റെ രാജകുമാരനും അന്ധകാരലോകത്തിന്റെ പ്രഭുവും തമ്മിലുള്ള പോരാട്ടത്തിൽ ഈ ലോകത്തിന്റെ ഭാവി തുലാസിൽ തൂങ്ങുകയായിരുന്നു. മനുഷ്യനെ പരീക്ഷയിൽ വീഴ്ത്തിയതിനുശേഷം ഈ ഭൂമി തന്റേതെന്നു സാത്താൻ അവകാശപ്പെട്ടു. ഈ ലോകത്തിന്റെ പ്രഭു താനാണെന്നും സാത്താൻ വാദിച്ചു. നമ്മുടെ ആദിമാതാപിതാക്കളെ തന്റെ സ്വഭാവത്തിന് അനുരൂപമാക്കിയ സാത്താൻ, തന്റെ സാമ്രാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കണമെന്നു വിചാരിച്ചു. തന്നെ മനുഷ്യർ പരമാധികാരിയായി തെരഞ്ഞെടുത്തിരിക്കുന്നുവെന്ന് അവൻ പ്രഖ്യാപിച്ചു. മനുഷ്യനെ തന്റെ നിയന്ത്രണത്തിനു വിധേയനാക്കിക്കൊണ്ട്, ഭൂമിയുടെ ഭരണം സാത്താൻ കൈക്കലാക്കി. സാത്താന്റെ അവകാശം തെറ്റെന്നു തെളിയിക്കുവാനാണു ക്രിസ്തു വന്നത്. മനുഷ്യപുത്രനെന്ന നിലയിൽ ക്രിസ്തു ദൈവത്തോടു വിശ്വസ്തനായി നിലകൊള്ളും. അങ്ങനെ മനുഷ്യവർഗ്ഗത്തിന്മേൽ മുഴുവൻ നിയന്ത്രണവും സാത്താനു കിട്ടിയിട്ടില്ലായെന്നു തെളിയിക്കും. ലോകം തന്റേതാണെന്നുള്ള സാത്താന്റെ അവകാശവാദം തെറ്റെന്നും തെളിയിക്കും. സാത്താന്റെ പിടിയിൽനിന്നു മോചനം ആഗ്രഹിക്കുന്ന ഏവരും സ്വതന്ത്രരാക്കപ്പെടും. പാപത്താൽ ആദാമിനു നഷ്ടമായ അധികാരം വീണ്ടെടുക്കപ്പെടും.

“ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും” (ഉല്പത്തി 3:15) എന്ന് ഏദെൻതോട്ടത്തിൽവച്ചു ദൈവം പാമ്പിനോടു പറഞ്ഞ നാൾ മുതൽ സാത്താനു പൂർണ്ണ അധികാരം ലോകത്തിന്റെമേൽ ഇല്ലെന്ന് അറിയാമായിരുന്നു. പിശാചിന്റെ അധികാരത്തെ എതിർത്തുനില്ക്കുന്ന ഒരു ശക്തി മനുഷ്യരിൽ പ്രവർത്തിക്കുന്നതു വളരെ പ്രത്യക്ഷമായിരുന്നു. ആദാമും പുത്രന്മാരും അർപ്പിച്ച യാഗങ്ങളെ സാത്താൻ താൽപര്യപൂർവ്വം വീക്ഷിച്ചു. ഭൂമിയും സ്വർഗ്ഗവുമായുള്ള സമ്പർക്കം ഈ ചടങ്ങിലൂടെ സാത്താൻ കണ്ടു. ഈ സമ്പർക്കം തകർക്കുവാൻ അവൻ ആഗ്രഹിച്ചു. സാത്താൻ, ദൈവത്തെക്കുറിച്ചു തെറ്റിദ്ധാരണ ഉണ്ടാകത്തക്കവിധം ചിത്രീകരിച്ചു. കർത്താവിനെ ചൂണ്ടിക്കാണിച്ചിരുന്ന ബലികളെ അവൻ തെറ്റായ വിധത്തിൽ വ്യാഖ്യാനിച്ചു. മനുഷ്യന്റെ നാശത്തിൽ സന്തോഷിക്കുന്ന ഒരാളായി ദൈവത്തെ സാത്താൻ അവതരിപ്പിച്ചു. ദൈവത്തിങ്കൽനിന്ന് അകലുവാൻ സാത്താൻ പ്രേരണ നല്കി. ദൈവത്തിന്റെ അതുല്യ സ്നേഹത്തെ വെളിപ്പെടുത്തേണ്ട യാഗങ്ങൾ കോപാകുലനായ ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള ഒരു ചടങ്ങാക്കിത്തീർക്കുവാൻ പിശാചു മനുഷ്യരെ ഉപദേശിച്ചു. തന്റെ സ്വാധീനവും അധികാരവും മനുഷ്യരുടെമേൽ ഉറപ്പിക്കുന്നതിന് അവരുടെ ഹൃദയങ്ങളെ മ്ലേച്ഛതയിലേക്കു നയിച്ചു. ദൈവത്തിന്റെ തിരുവെഴുത്തുകളിൽനിന്നു സാത്താൻ ക്രിസ്തുവിന്റെ വരവിനെ സംബന്ധിച്ച പ്രവചനങ്ങൾ പഠിച്ചു. മനുഷ്യർ തലമുറകളിലായി ഈ പ്രവചനങ്ങൾ അഗണ്യമാക്കിക്കളയുന്നതിനുവേണ്ടി അവരുടെ കണ്ണുകളെ

അവൻ അന്ധത പിടിപ്പിച്ചു. ക്രിസ്തു ഭൂമിയിൽ അവതരിക്കുമ്പോൾ, അവനെ നിരസിക്കുന്നതിനു മനുഷ്യരെ ഒരുക്കുകയായിരുന്നു സാത്താന്റെ തന്ത്രം.

തന്റെ അധികാരത്തെ ചോദ്യം ചെയ്യുവാനായി ദൈവിക ദൗത്യവുമായി ഒരാൾ വന്നിരിക്കുന്നുവെന്നു യേശുവിന്റെ ജനനത്തിൽ സാത്താൻ മനസ്സിലാക്കി. നവജാതശിശുവായ രാജകുമാരന്റെ അധികാരത്തെ സാക്ഷ്യപ്പെടുത്തിയ ദൂതന്റെ പ്രഖ്യാപനം കേട്ടപ്പോൾ സാത്താൻ വിറച്ചു. സ്വർഗ്ഗീയപിതാവിന്റെ പ്രിയങ്കരനെന്ന നിലയിൽ ക്രിസ്തുവിനു സ്വർഗ്ഗത്തിലുണ്ടായിരുന്ന സ്ഥാനത്തെപ്പറ്റി സാത്താൻ നല്ലവണ്ണം അറിഞ്ഞിരുന്നു. ദൈവപുത്രൻ ഒരു മനുഷ്യനായി ലോകത്തിൽ വരുന്നുവെന്ന വാർത്ത സാത്താനു ഭയവും അത്ഭുതവും ഉളവാക്കി. ഈ വലിയ ത്യാഗത്തിന്റെ മർമ്മം ഗ്രഹിക്കുവാൻ അവനു കഴിഞ്ഞില്ല. വഞ്ചിക്കപ്പെട്ട മനുഷ്യവർഗ്ഗത്തോടുള്ള ദൈവസ്നേഹത്തെ മനസ്സിലാക്കുവാൻ സ്വാർത്ഥത നിറഞ്ഞ സാത്താനു സാദ്ധ്യമായില്ല. സ്വർഗ്ഗത്തിലെ തേജസ്സും, സമാധാനവും, ദൈവത്തോടുള്ള സമ്പർക്കത്തിൽ നിന്നു ലഭിക്കുന്ന സന്തോഷവും മനുഷ്യനു വളരെ അവ്യക്തമായി മാത്രമേ ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. എന്നാൽ മറയ്ക്കുന്ന കെരൂബായിരുന്ന ലൂസിഫറിന് ഇവ സുപരിചിതമായിരുന്നു. സ്വർഗ്ഗം സാത്താനു നഷ്ടമായതു മുതൽ തനിക്കുണ്ടായ അനുഭവം മറ്റു സൃഷ്ടികൾക്കും ഉണ്ടാകുന്നതിനും അങ്ങനെ ദൈവത്തോടു പ്രതികാരം ചെയ്യുന്നതിനും സാത്താൻ തീരുമാനിച്ചു. സ്വർഗ്ഗീയമൂല്യങ്ങൾക്കു പ്രാധാന്യം കൊടുക്കാതിരിക്കുന്നതിലൂടെ മനുഷ്യനെ തന്റെ ആജ്ഞാനുവർത്തിയാക്കുവാൻ സാത്താൻ തീരുമാനിച്ചു.

തന്റെ രാജ്യത്തിലേക്കു മനുഷ്യരെ നേടുവാനായി വന്ന സ്വർഗ്ഗീയ സൈന്യാധിപനായ യേശുവിനു തടസ്സങ്ങൾ ധാരാളം ഉണ്ടായിരുന്നു. ബെത്ലേഹെമിൽ ഒരു ശിശുവായിരുന്നപ്പോൾ മുതൽ പിശാചു തുടർച്ചയായി യേശുവിനെ അക്രമിച്ചുകൊണ്ടിരുന്നു. ലോകത്തിനു ദൈവത്തെ വെളിപ്പെടുത്തിക്കൊടുത്തതു ക്രിസ്തുവായിരുന്നു. യേശുവിനെ കീഴ്പ്പെടുത്തുന്നതിനു സാത്താൻ തന്റെ സഹപ്രവർത്തകരുമായി ആലോചിച്ചു. ഈ ഗോളത്തിൽ ജനിച്ച ഒരു മനുഷ്യനും സാത്താന്റെ ശക്തിയിൽനിന്നു രക്ഷപ്പെട്ടിട്ടില്ലായിരുന്നു. സാത്താനും അവന്റെ എല്ലാ സേനകളും ക്രിസ്തുവിനെതിരായി അണിനിരന്നു.

യേശുവിന്റെ സ്നാനസമയത്തു സാത്താൻ കാണികളുടെ ഇടയിൽ ഉണ്ടായിരുന്നു. പിതാവിന്റെ തേജസ്സു യേശുവിനെ ആവരണം ചെയ്യുന്നതു സാത്താൻ കണ്ടു. യേശു ദൈവത്തിന്റെ പുത്രൻ ആകുന്നുവെന്ന യഹോവയുടെ സാക്ഷ്യം അവൻ കേട്ടു. ആദാമിന്റെ വീഴ്ചയ്ക്കുശേഷം ദൈവവുമായി നേരിട്ടുള്ള സമ്പർക്കം മനുഷ്യനു നഷ്ടപ്പെട്ടിരുന്നു. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള സംസർഗ്ഗം പിന്നീടു ക്രിസ്തുവിലൂടെയായിരുന്നു. എന്നാൽ യേശു "പാപജഡത്തിന്റെ സാദൃശ്യത്തിൽ" (റോമർ 8:3) ഭൂമിയിൽ ആയിരുന്നതുകൊണ്ടു സ്വർഗ്ഗത്തിൽനിന്നു പിതാവു സംസാരിച്ചു. ഇതിനുമുമ്പു ദൈവം മനുഷ്യരോട് ഇടപെട്ടിരുന്നതു ക്രിസ്തു മുഖാന്തരമായിരുന്നു.

എന്നാൽ ക്രിസ്തു ഭൂമിയിൽ ജീവിച്ചപ്പോൾ ക്രിസ്തുവിലൂടെ ദൈവം മനുഷ്യനോടു സമ്പർക്കം തുടർന്നു.

ദൈവം പാപത്തെ ഏറ്റവും അധികം വെറുക്കുന്നതുകൊണ്ടു പാപത്തിൽ നിപതിച്ച ഭൂമിയെ ദൈവത്തിൽനിന്ന് എന്നേക്കുമായി അകറ്റാമെന്നു സാത്താൻ കരുതി. എന്നാൽ ക്രിസ്തുവിലൂടെ മനുഷ്യനും ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നുവെന്ന് ഈ സന്ദർഭത്തിൽ വ്യക്തമാക്കപ്പെട്ടു.

സാത്താന് ഒരു കാര്യം ബോധ്യമായി. ഒന്നുകിൽ ക്രിസ്തുവുമായുള്ള പോരാട്ടത്തിൽ വിജയം നേടുക, അതല്ലെങ്കിൽ പരാജയം സമ്മതിക്കുക. ഇതിനിടയിൽ വേറൊന്നില്ലായെന്നു സാത്താൻ മനസ്സിലാക്കി. താൻ നേരിട്ടു പോരാട്ടം നടത്തേണ്ടതാവശ്യമാണെന്നു സാത്താനു ബോധ്യമായി. അത്രയ്ക്കു ഗൗരവമേറിയ ഒന്നാണു ക്രിസ്തുവുമായുള്ള പോരാട്ടമെന്നു സാത്താൻ ഗ്രഹിച്ചു. ദൈവപുത്രനെതിരായി തിന്മയുടെ ശക്തികളെ മുഴുവൻ സാത്താൻ അഴിച്ചുവിട്ടു.

ക്രിസ്തുവും സാത്താനും തമ്മിലുള്ള ഈ പോരാട്ടത്തിനു തങ്ങളുടെ ജീവിതത്തിൽ വലിയ പ്രാധാന്യമില്ലായെന്ന് അനേകർ കരുതുന്നു. അപ്രകാരം ചിന്തിക്കുന്നവർക്ക് ഈ പോരാട്ടത്തിൽ താൽപര്യം കാണുകയില്ല. എന്നാൽ ഈ പോരാട്ടം എല്ലാ മനുഷ്യഹൃദയങ്ങളിലും ആവർത്തിക്കുന്നു. ശത്രുവിന്റെ പാളയത്തിൽനിന്നു ദൈവശുശ്രൂഷയിലേക്കു കടന്നുവരുന്ന ഏതൊരുവനും ശത്രുവിന്റെ ആക്രമണത്തെ അഭിമുഖീകരിക്കാതെയിരിപ്പാൻ സാദ്ധ്യമല്ല. ക്രിസ്തു നേരിട്ട പരീക്ഷകളെ നാം അഭിമുഖീകരിക്കുമ്പോൾ അതിനെ എതിർത്തുനില്ക്കാൻ നമുക്കു പ്രയാസമായി തോന്നും. നമ്മുടെ സ്വഭാവത്തെക്കാൾ വളരെ ശ്രേഷ്ഠമായ സ്വഭാവം കർത്താവിനുള്ളതിനാൽ കർത്താവിനു നേരിട്ട പരീക്ഷകൾ, നാം നേരിട്ടതിനെക്കാൾ വളരെ തീവ്രതയുള്ളതായിരുന്നു. ലോകത്തിന്റെ മുഴുവൻ പാപഭാരവും വഹിച്ചുകൊണ്ടു ക്രിസ്തു ജഡത്തിന്റെയും, ലോകമോഹത്തിന്റെയും, ജീവനപ്രതാപത്തിന്റെയും പരീക്ഷകളെ വിജയപൂർവ്വം നേരിട്ടു. ആദാമിനെയും ഹവ്വായെയും പരാജിതരാക്കിയ പരീക്ഷകൾ ഇവയായിരുന്നു. നമ്മെയും വളരെ വേഗം കീഴ്പ്പെടുത്തുന്ന ശോധനകളാണിവ.

ദൈവത്തിന്റെ കല്പനകൾ ന്യായരഹിതമാണെന്നും അവയെ അനുസരിപ്പാൻ അസാദ്ധ്യമാണെന്നും ഉള്ള തന്റെ വാദം തെളിയിക്കുന്നതിന്, സാത്താൻ ആദാമിന്റെ വീഴ്ചയെ ചൂണ്ടിക്കാട്ടി. അതുകൊണ്ട്, ക്രിസ്തു മനുഷ്യനായിത്തീർന്നപ്പോൾ, ആദാം പരാജയമടഞ്ഞ സ്ഥാനത്തു വിജയിക്കേണ്ടത് ആവശ്യമായിരുന്നു. സാത്താൻ ആദാമിനെ പരീക്ഷിച്ച വേളയിൽ, ആദാം പാപത്തിന്റെ യാതൊരു ബലഹീനതകളും ഇല്ലാത്ത ആളായിരുന്നു. പൂർണ്ണതയുള്ള ഒരു ശരീരത്തിന്റെയും മനസ്സിന്റെയും ഉടമയായിരുന്നു ആദാം. ഏദെൻതോട്ടത്തിന്റെ പരിപാവനമായ അന്തരീക്ഷത്തിന്റെ ചുറ്റുപാടിൽ ആദാം വസിച്ചിരുന്നു. സ്വർഗ്ഗവുമായി അവനു നിരന്തരസമ്പർക്കം

ഉണ്ടായിരുന്നു. എന്നാൽ യേശു സാത്താനുമായി മരുഭൂമിയിൽവച്ച് ഏറ്റു മുട്ടിയപ്പോൾ ഈ അവസ്ഥയിൽ ആയിരുന്നില്ല. മനുഷ്യവർഗ്ഗത്തിന് ഏതാണ്ടു നാലായിരം വർഷത്തെ ശാരീരികവും മാനസികവുമായ ശക്തിക്ഷയം സംഭ വിച്ചിരുന്നു. ധാർമ്മികമൂല്യവും മനുഷ്യവർഗ്ഗത്തിനു നഷ്ടപ്പെട്ടിരുന്നു. അധഃപതനം ഭവിച്ച മനുഷ്യവർഗ്ഗത്തിന്റെ ബലഹീനത കർത്താവു സ്വയം ഏറ്റെടുത്തു. ഇപ്രകാരം മാത്രമേ മനുഷ്യനെ അവന്റെ വീഴ്ചയിൽനിന്നു രക്ഷിപ്പാൻ സാദ്ധ്യമാകുമായിരുന്നുള്ളു.

പരീക്ഷയാൽ യേശു തോല്പിക്കപ്പെടുക എന്നത് അസാദ്ധ്യമായിരുന്നു വെന്നു വാദിക്കുന്നവർ ധാരാളമുണ്ട്. അവർ പറയുന്നതു ശരിയെങ്കിൽ, യേശുവിനെ ആദാമിന്റെ സ്ഥാനത്തു നിർത്തുക സാദ്ധ്യമല്ല. അങ്ങനെ വരു മ്പോൾ ആദാമിന്റെ പരാജയത്തെ വിജയമാക്കി മാറ്റുവാൻ യേശുവിനു കഴിയാതെ വരുമായിരുന്നു. ഏതെങ്കിലുമർത്ഥത്തിൽ ക്രിസ്തുവിനു നേരി ടേണ്ടിവന്നതിനെക്കാൾ കഠിനമായ പോരാട്ടം നമുക്കുണ്ടായാൽ, യേശുവിനു നമ്മെ സഹായിപ്പാൻ കഴിയാതെ വരുമായിരുന്നു. നമ്മുടെ കർത്താവു മനു ഷ്യത്വത്തെ തെരഞ്ഞെടുത്തത് അതിന്റെ എല്ലാവിധമായ ബാധ്യതകളോടു കൂടെയത്രേ. പരീക്ഷയിൽ തോറ്റുപോകാവുന്ന അപകടസാദ്ധ്യതയെ മുന്നിൽ കണ്ടുകൊണ്ടാണു നമ്മുടെ കർത്താവു മനുഷ്യപ്രകൃതം സ്വീകരിച്ചത്. യേശു സഹിക്കാത്ത യാതൊന്നും നമുക്കു വഹിക്കേണ്ടതായിട്ടില്ല.

ആദാമിനും ഹവ്വായ്ക്കും നേരിട്ടതുപോലെ ക്രിസ്തുവിനെ അഭിമുഖീ കരിച്ച ആദ്യത്തെ വലിയ പരീക്ഷ വിശപ്പായിരുന്നു. വീഴ്ച എവിടെ ആരംഭി ച്ചുവോ, അവിടെ രക്ഷയുടെ വേല തുടങ്ങേണ്ടതാണ്. ആദാമിന്റെ പതന ത്തിനു കാരണം വിശപ്പായിരുന്നതുകൊണ്ട്, വിശപ്പിന്റെമേൽ യേശുവിനു വിജയം നേടേണ്ടതാവശ്യമായിരുന്നു. “അവൻ നാല്പതു പകലും നാല്പതു രാവും ഉപവസിച്ചശേഷം അവനു വിശന്നു. അപ്പോൾ പരീക്ഷകൻ അടുത്തു വന്നു: നീ ദൈവപുത്രനെങ്കിൽ ഈ കല്ല് അപ്പമായിത്തീരാൻ കല്പിക്ക എന്നു പറഞ്ഞു. അതിന് അവൻ: ‘മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവ ത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു’ എന്ന് എഴുതിയിരിക്കുന്നു എന്നുത്തരം പറഞ്ഞു.”

ആദാമിന്റെ കാലം മുതൽ ക്രിസ്തുവിന്റെ കാലം വരെ ആത്മനിയന്ത്രണ ത്തിന്റെ അഭാവം ജഡേച്ഛകളെ വളർത്തുകയും ഒടുവിൽ അവ മനു ഷ്യനെ അടിമത്തത്തിലേക്കു നയിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ മനു ഷ്യൻ അധഃപതനത്തിലേക്കും രോഗത്തിലേക്കും സ്വയം രക്ഷപ്പെടാനാവാത്ത അവസ്ഥയിലേക്കും നിപതിച്ചു. എന്നാൽ മനുഷ്യനായിത്തീർന്ന ക്രിസ്തു, മനുഷ്യനുവേണ്ടി, ഏറ്റവും വലിയ പരീക്ഷയെ അഭിമുഖീകരിച്ചു വിജയം നേടി. നമുക്കുവേണ്ടി കർത്താവു പ്രദർശിപ്പിച്ച ആത്മനിയന്ത്രണം ജഡേച്ഛ കളെക്കാളും, മരണത്തെക്കാളും ശക്തമായിരുന്നു. അന്ധകാരശക്തികളു മായുള്ള നമ്മുടെ എല്ലാ പോരാട്ടങ്ങളിലും ഉണ്ടാകുന്ന മറ്റു കാര്യങ്ങളും ഈ ഒന്നാമത്തെ വിജയത്തിൽ ഉൾക്കൊണ്ടിരുന്നു.

യേശുക്രിസ്തു മരുഭൂമിയിൽ പ്രവേശിച്ചപ്പോൾ താൻ പിതാവിന്റെ മഹത്വത്താൽ വലയം ചെയ്യപ്പെട്ടിരുന്നു. നാല്പതു ദിവസം സ്വർഗ്ഗീയപിതാവുമായുള്ള സമ്പർക്കത്തിൽ മുഴുകിയിരുന്ന കർത്താവിനു മാനുഷികമായി അനുഭവപ്പെടുന്ന ബലഹീനതകൾ ഒന്നും ഉണ്ടായില്ല. എന്നാൽ ദൈവതേജസ്സു തന്നെ വിട്ടുമാറിയപ്പോൾ, പരീക്ഷകനുമായുള്ള പോരാട്ടത്തിൽ യേശുവിന് ഏകനായി നിലകൊള്ളേണ്ടിവന്നു. ഓരോ നിമിഷം കഴിയുംതോറും നിർണ്ണായകമായ ഘട്ടത്തിലേക്കു യേശു നീങ്ങിക്കൊണ്ടിരുന്നു. താൻ അഭിമുഖീകരിക്കാൻ പോകുന്ന കഠിന പരീക്ഷയുടെ മുമ്പിൽ മാനുഷികമായി ക്രിസ്തു ക്ഷീണാവസ്ഥയിൽ ആയിത്തീർന്നു. വിശപ്പുമൂലം ക്ഷീണിച്ചും, മാനസിക സംഘട്ടനത്താൽ തകർന്നവനുമായ യേശുവിനെക്കുറിച്ചു യെശയ്യാപ്രവാചകൻ ഇപ്രകാരം പറയുന്നു: “അവന്റെ രൂപം കണ്ടാൽ ആളല്ല എന്നും അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറു വിരൂപമായി” (യെശ. 52:14). ഇപ്പോൾ സാത്താന്റെ അവസരമായിരുന്നു. യേശുവിനെ കീഴ്പ്പെടുത്തിക്കളയാമെന്ന് അവൻ വ്യാമോഹിച്ചു.

സാത്താൻ വെളിച്ചദൂതന്റെ വേഷം ധരിച്ച്, ക്രിസ്തുവിനെ സന്ദർശിപ്പാൻ സ്വർഗ്ഗത്തിൽനിന്നു വന്നവനെപ്പോലെ, ക്രിസ്തുവിന്റെ അരികിൽ വന്നു. ക്രിസ്തുവിന്റെ ഉപവാസം അവസാനിച്ചിരിക്കുന്നു എന്ന പ്രഖ്യാപനവുമായി താൻ ദൈവസന്നിധിയിൽനിന്നു വന്നിരിക്കയാണെന്നു സാത്താൻ പറഞ്ഞു. മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി സ്വയത്യാഗം ചെയ്യുവാൻ തയ്യാറായ യേശുവിൽ പ്രസാദിച്ച ദൈവം, അബ്രാഹാം യിസ്ഹാക്കിനെ യാഗമായി അർപ്പിക്കുന്നതു തടയുവാൻ ദൂതനെ അയച്ചതുപോലെ, യേശുവിനെയും യാഗമായിത്തീരുന്നതിൽനിന്നു പിന്തിരിപ്പിക്കുവാൻ തന്നെ അയച്ചിരിക്കുകയാണ് എന്നു സാത്താൻ പറഞ്ഞു. സാത്താൻ യേശുവിന്റെ അടുക്കലെത്തിയപ്പോൾ, കഠിനമായ വിശപ്പു യേശുവിനെ ഗ്രസിച്ചിരിക്കുകയായിരുന്നു. അപ്പത്തിന്റെ രൂപത്തിൽ ചിതറിക്കിടക്കുന്ന കല്ലുകളെ ചൂണ്ടിക്കാട്ടിക്കൊണ്ടു സാത്താൻ പറഞ്ഞു: “നീ ദൈവപുത്രനെങ്കിൽ, ഈ കല്ല് അപ്പമായിത്തീരുവാൻ കല്പിക്ക.”

പ്രകാശത്തിന്റെ ദൂതനെപ്പോലെ സാത്താൻ കാണപ്പെട്ടുവെങ്കിലും, സാത്താന്റെ ആദ്യത്തെ വാക്കുകൾ തന്നെ അവന്റെ സ്വഭാവത്തെ വെളിപ്പെടുത്തി. “നീ ദൈവപുത്രനെങ്കിൽ” എന്ന പ്രയോഗം ക്രിസ്തുവിൽ സംശയം ജനിപ്പിക്കുവാനുള്ള തന്ത്രപൂർവ്വമായ ഒരു നീക്കമായിരുന്നു. സാത്താന്റെ പ്രേരണയ്ക്കനുസൃതമായി യേശു പ്രവർത്തിച്ചിരുന്നുവെങ്കിൽ ആ സംശയത്തെ അംഗീകരിക്കുന്നതിനു തുല്യമാകുമായിരുന്നു. ആദിയിൽ മനുഷ്യകുലത്തെ കീഴ്പ്പെടുത്തുവാൻ താൻ ഉപയോഗിച്ച അതേ തന്ത്രമാണു ക്രിസ്തുവിനെ കീഴ്പ്പെടുത്തുവാൻ സാത്താൻ ഉപയോഗിച്ചത്. എത്ര കൗശലപൂർവ്വമാണ് ഏദെൻതോട്ടത്തിൽവച്ചു ഹവ്വായെ സാത്താൻ സമീപിച്ചത്! “തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു” (ഉല്പത്തി 3:1). സാത്താൻ ഇത്രയും പറഞ്ഞതു സത്യമായിരുന്നു. എന്നാൽ അവന്റെ സംസാരത്തിന്റെ രീതിയിൽ ദൈവകല്പനയോടുള്ള പുച്ഛവും അതൃപ്തിയും

നിഴലിട്ടിരുന്നു. ദിവ്യസത്യത്തെ സംശയിക്കുകയും പരോക്ഷമായി നിഷേധിക്കുകയും ചെയ്യുന്ന ഒരു സമീപനമായിരുന്നു സാത്താന്റേത്. ദൈവം കല്പിച്ചതുപോലെ പ്രവർത്തിക്കുകയില്ല എന്ന ധാരണ ഹവ്വായുടെ മനസ്സിൽ ഉളവാക്കുവാൻ സാത്താൻ ശ്രമിച്ചു. ഇത്രയും മനോഹര മായ വൃക്ഷഫലം മനുഷ്യനിൽനിന്നു തടഞ്ഞുവയ്ക്കുന്നതു ദൈവത്തിനു തങ്ങളോട്, സ്നേഹമില്ലാഞ്ഞിട്ടാണ് എന്നു ചിന്തിക്കുവാൻ ഹവ്വായെ സാത്താൻ പ്രേരിപ്പിച്ചു. യേശുവിന്റെ ചിന്തയെയും സ്വാധീനിക്കുവാൻ സാത്താൻ ശ്രമിക്കുകയായിരുന്നു. "നീ ദൈവപുത്രനെങ്കിൽ"- ദൈവത്തോടുള്ള സാത്താന്റെ കടുത്ത വിദ്വേഷം ഈ വാക്കുകളിൽ ധ്വനിച്ചിരിക്കുന്നു. ദൈവത്തിന്റെ വാക്കുകളെ അവിശ്വസിക്കുന്നതായിരുന്നു സാത്താന്റെ വാക്കുകൾ. സ്വന്തപുത്രനോടു ദൈവം ഇങ്ങനെ പെരുമാറുമോ? മരുഭൂമിയിൽ ആഹാരമില്ലാതെ കാട്ടുമൃഗങ്ങളോടുകൂടെ കഴിയുവാൻ ഏകനായി വിടുമോ? താൻ ഇപ്രകാരമൊരു അവസ്ഥയിൽ കഴിയുവാൻ ദൈവം ആഗ്രഹിക്കുന്നില്ല എന്നു യേശുവിനെ പറഞ്ഞു വിശ്വസിപ്പിക്കുവാൻ സാത്താൻ ശ്രമിച്ചു. "നീ ദൈവപുത്രനെങ്കിൽ" നിന്റെ വിശപ്പിനെ അകറ്റാൻ നിന്നിലുള്ള ദൈവശക്തി ഉപയോഗിക്കുക. ഈ കല്ല് അപ്പമായിത്തീരുവാൻ ആജ്ഞാപിക്കുക.

"ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന സ്വർഗ്ഗീയശബ്ദം സാത്താന്റെ കാതുകളിൽ അപ്പോഴും മുഴങ്ങുന്നുണ്ടായിരുന്നു. എന്നാൽ ദൈവത്തിന്റെ ഈ സാക്ഷ്യത്തിൽ യേശുവിന് അവിശ്വാസം ഉളവാക്കുവാൻ സാത്താൻ ശ്രമിച്ചു. എന്നാൽ യേശുവിന്റെ വിശ്വാസം ദൈവവചനത്തിൽ അധിഷ്ഠിതമായിരുന്നു. യേശു ഒരു പൂർണ്ണ മനുഷ്യനായി മനുഷ്യരുടെ ഇടയിൽ പാർപ്പാൻ വന്നു. സ്വർഗ്ഗവുമായുള്ള തന്റെ ബന്ധത്തെ ഉച്ചൈസ്തരം പ്രഘോഷിച്ചതു ദൈവവചനമായിരുന്നു. ദൈവവചനത്തിൽ യേശുവിനു സംശയം ഉളവാക്കുകയായിരുന്നു സാത്താന്റെ ലക്ഷ്യം. ദൈവത്തിൽ ക്രിസ്തുവിനുണ്ടായിരുന്ന വിശ്വാസത്തെ ഇളക്കുവാൻ സാധിച്ചാൽ, ഈ വൻപോരാട്ടത്തിൽ വിജയം തനിക്കു കരസ്ഥമാക്കാൻ കഴിയുമെന്നു സാത്താനറിയാമായിരുന്നു. യേശുവിന്റെമേൽ വിജയം വരിക്കാമെന്ന് അവൻ കരുതി. അതികഠിനമായ വിശപ്പും നിരാശയുംമൂലം ക്രിസ്തുവിനു പിതാവിലുള്ള വിശ്വാസം നഷ്ടപ്പെടുമെന്നും, സ്വന്ത ആവശ്യത്തിനു വേണ്ടി ക്രിസ്തു അത്ഭുതം പ്രവർത്തിക്കുമെന്നും സാത്താൻ പ്രതീക്ഷിച്ചു. സാത്താന്റെ ആവശ്യപ്രകാരം ക്രിസ്തു പ്രവർത്തിച്ചിരുന്നെങ്കിൽ രക്ഷയുടെ പദ്ധതി തകരുമായിരുന്നു.

ദൈവപുത്രനും സാത്താനും തമ്മിൽ നടന്ന പ്രഥമ യുദ്ധത്തിൽ ക്രിസ്തു സ്വർഗ്ഗീയസേനയുടെ അധിപനായിരുന്നു. സ്വർഗ്ഗത്തിൽ കലാപം നയിച്ച സാത്താൻ അവിടെനിന്നു പുറന്തള്ളപ്പെട്ടു. ഈ സന്ദർഭത്തിൽ സാത്താന്റെയും ക്രിസ്തുവിന്റെയും നില പ്രത്യക്ഷത്തിൽ മുമ്പുണ്ടായിരുന്നതിൽനിന്നു നേരെ തിരിച്ചായിരുന്നു. സാത്താൻ തനിക്കു ലഭിച്ചിരിക്കുന്ന അനുകൂല സാഹചര്യങ്ങളെ മുതലെടുക്കുവാൻ ശ്രമിക്കുകയായിരുന്നു. ഏറ്റവും ശക്തനായ ഒരു ദൂതൻ സ്വർഗ്ഗത്തിൽനിന്നു തള്ളപ്പെട്ടിരിക്കുന്നു എന്നു സാത്താൻ ക്രിസ്തുവിനോടു പറഞ്ഞു. യേശുവായിരുന്നു ആ തള്ള

പ്പെട്ട ദൂതൻ എന്നു സാത്താൻ കൗശലപൂർവ്വം പറഞ്ഞു. മനുഷ്യരാലും ദൈവത്താലും തിരസ്കരിക്കപ്പെട്ടവനാണു താൻ എന്ന തോന്നൽ യേശുവിൽ ഉളവാക്കുവാൻ സാത്താൻ ശ്രമിച്ചു. ദിവ്യസ്വഭാവമുള്ള ആളാണെങ്കിൽ ഒരത്ഭുതം പ്രകടിപ്പിച്ചുകൊണ്ടു തന്റെ അവകാശം ഉറപ്പിക്കാൻ സാധിക്കുമെന്നു സാത്താൻ വാദിച്ചു. യേശു ദൈവപുത്രനെങ്കിൽ തന്റെ അവകാശം സ്ഥാപിക്കുവാൻ ഇപ്രകാരമൊരു സൃഷ്ടി സഹായകരമായിരിക്കുമെന്നു സാത്താൻ ഉപദേശിച്ചു. യേശു തന്റെ ദിവ്യത്വം തെളിയിച്ചാൽ എല്ലാ എതിർവാദങ്ങളുമവസാനിക്കുമെന്നു സാത്താൻ പറഞ്ഞു.

കുടിലതയും വഞ്ചനയും നിറഞ്ഞ ശത്രുവിന്റെ വാദങ്ങൾ കേട്ടുകൊണ്ടിരുന്നപ്പോൾ യേശുവിന്റെ ഹൃദയത്തിൽ ഒരു പോരാട്ടം നടക്കുകയായിരുന്നു. എങ്കിലും സാത്താന്റെ മുമ്പാകെ തന്റെ ദിവ്യത്വം തെളിയിച്ചുകൊടുക്കാനോ, താൻ തെരഞ്ഞെടുത്ത താഴ്ചയുടെ കാരണം വിശദമാക്കുവാനോ ദൈവപുത്രൻ തുനിഞ്ഞില്ല. ശത്രുവിന്റെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതുകൊണ്ടു ദൈവത്തിനു മഹത്വമോ, മനുഷ്യനു പ്രയോജനമോ ലഭിക്കയില്ല എന്നു യേശു ഗ്രഹിച്ചു. സാത്താന്റെ അഭിപ്രായത്തിനു കീഴ്പ്പെട്ടിരുന്നുവെങ്കിൽ, നീ ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കേണ്ടതിന് ഒരു അടയാളം കാട്ടിത്തരിക എന്നു സാത്താൻ പറയുമായിരുന്നു. അവന്റെ ഹൃദയത്തിലെ വിദ്വേഷവും എതിർപ്പും നീക്കുവാൻ എന്തെല്ലാം തെളിവുകൾ നല്കിയാലും അസാദ്ധ്യമായിരുന്നു. സ്വന്ത പ്രയോജനത്തിനുവേണ്ടി തന്റെ ദൈവിക ശക്തി ഒരിക്കലും പ്രയോഗിക്കുവാൻ ക്രിസ്തു ആഗ്രഹിച്ചില്ല. നാം നേരിടേണ്ട പ്രയാസങ്ങൾ വഹിപ്പാനായിരുന്നു ക്രിസ്തു വന്നത്. വിശ്വാസത്തിന്റെയും താഴ്മയുടെയും മാതൃക കാണിപ്പാനായി ക്രിസ്തു വന്നു. ഈ സന്ദർഭത്തിലോ, തന്റെ ജീവിതത്തിന്റെ ഏതെങ്കിലും സമയത്തോ തനിക്കുവേണ്ടി ക്രിസ്തു ഒരത്ഭുതവും പ്രവർത്തിച്ചില്ല. അവൻ ചെയ്ത സകല അത്ഭുതങ്ങളും മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ആയിരുന്നു. ആരംഭത്തിലേ സാത്താനെ യേശു തിരിച്ചറിഞ്ഞെങ്കിലും അവനുമായി ഒരു വാദപ്രതിവാദത്തിലേർപ്പെടുവാൻ ക്രിസ്തു ആഗ്രഹിച്ചില്ല. സ്വർഗ്ഗത്തിൽനിന്നു കേട്ട സാക്ഷ്യത്തിന്റെ സ്മരണ ക്രിസ്തുവിനെ ശക്തീകരിച്ചു. സ്വർഗ്ഗീയ പിതാവിന്റെ സ്നേഹത്തിൽ യേശു സ്വസ്ഥത കണ്ടെത്തി. പരീക്ഷകനുമായി ഒരു അനുരഞ്ജനവും ക്രിസ്തു നടത്തിയില്ല.

തിരുവെഴുത്തുകളാകുന്ന ആയുധവുമായിട്ടാണു പിശാചിനെ ക്രിസ്തു നേരിട്ടത്. ഓരോ പരീക്ഷയെയും “ഇപ്രകാരം എഴുതിയിരിക്കുന്നു” എന്നു പറഞ്ഞുകൊണ്ടു വിജയപൂർവ്വം നേരിട്ടു. എല്ലാ പരീക്ഷകളിലും ദൈവം തന്റെ ശക്തിദുർഗ്ഗമായിരുന്നു. തന്റെ ദിവ്യത്വം തെളിയിക്കുന്നതിന്റെ അടയാളമായി ഒരു അത്ഭുതം പ്രവർത്തിക്കുവാൻ സാത്താൻ യേശുവിനോട് ആവശ്യപ്പെട്ടു. ദൈവവചനത്തിലുള്ള ക്രിസ്തുവിന്റെ അചഞ്ചലമായ വിശ്വാസമായിരുന്നു എല്ലാ അത്ഭുതങ്ങളെക്കാളും ഏറ്റവും മഹത്തരമായിരുന്നത്. അതുകൊണ്ടു പരീക്ഷകനു ക്രിസ്തുവിനെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞില്ല.

ശാരീരികമായി ഏറ്റവും ക്ഷീണിതനായിരുന്ന സമയത്തായിരുന്നു ഏറ്റവും ഭയങ്കരമായ പരീക്ഷയാൽ യേശു ആക്രമിക്കപ്പെട്ടത്. ഇത്തരുണത്തിൽ യേശുവിന്റെമേൽ വിജയം വരിക്കാമെന്നു സാത്താൻ വിചാരിച്ചു. സാത്താൻ മനുഷ്യരെ പരാജയപ്പെടുത്തിയിരുന്നത് ഇതുപോലുള്ള തന്ത്രം പ്രയോഗിച്ചുകൊണ്ടായിരുന്നു. ബലം ക്ഷയിക്കുമ്പോഴും, ഇച്ഛാശക്തി ക്ഷീണിക്കുമ്പോഴും, ദൈവത്തിലുള്ള വിശ്വാസം തകരുമ്പോഴും സത്യത്തിനുവേണ്ടി ദീർഘകാലം പൊരുതിയിട്ടുള്ളവർപോലും താളടിയായിപ്പോകുന്നു. യിസ്രായേലിന്റെ നാല്പതുവർഷക്കാലത്തെ പ്രയാണത്തിന്റെ ഫലമായി മോശെ ക്ഷീണിതനായപ്പോൾ, ഒരു നിമിഷനേരത്തേക്കു നിത്യനായ ദൈവത്തിൽ സമർപ്പിതമായ തന്റെ വിശ്വാസം തകരുവാൻ ഇടയായി. വാഗ്ദത്തനാടിന്റെ അതിർത്തിയിൽ എത്തിയപ്പോഴാണു മോശെ പരാജയമടഞ്ഞത്. ബാലിന്റെ നാനൂറ്റമ്പതു പ്രവാചകന്മാരുമായി യിസ്രായേലിനെ അഭിമുഖീകരിച്ച ആഹാബ് രാജാവിന്റെ മുമ്പിൽ ധീരനായി നിലകൊണ്ട ഏലീയാവും ഒരു ദുർബലനിമിഷത്തിൽ പരാജയപ്പെട്ടു. കർമ്മേലിൽവച്ചു ബാലിന്റെ പ്രവാചകന്മാരെ നിശ്ശേഷം നശിപ്പിക്കുകയും സത്യദൈവത്തോടുള്ള ജനത്തിന്റെ വിശ്വസ്തത പ്രഖ്യാപിക്കപ്പെടുകയും ചെയ്തശേഷം വിഗ്രഹാരാധിനിയായ ഈസേബെലിന്റെ ഭീഷണിക്കു മുമ്പിൽ ഏലീയാവ് ഭയചകിതനായി ജീവരക്ഷാർത്ഥം ഓടിപ്പോയി. മനുഷ്യന്റെ ബലഹീനതയെ സാത്താൻ ഇപ്രകാരം മുതലെടുത്തുകൊണ്ടിരുന്നു. ഇനിയും ഇതേ വിധത്തിൽത്തന്നെ സാത്താൻ പ്രവർത്തിക്കും. ഒരുവന്റെ ജീവിതത്തിൽ അന്ധകാരം വ്യാപിക്കുമ്പോഴും, ചുറ്റുപാടുകൾ അവനെ കുഴയ്ക്കുകയോ അഥവാ ദാരിദ്ര്യത്താൽ അവൻ ബാധിക്കപ്പെടുകയോ ചെയ്യുമ്പോഴും, സാത്താൻ അവനെ പരീക്ഷിക്കുവാനും അസഹ്യപ്പെടുത്തുവാനും ഹാജരായിരിക്കും. നമ്മുടെ സ്വഭാവത്തിലെ ബലഹീനവശങ്ങളെയായിരിക്കും അവൻ ആക്രമിക്കുക. നമ്മുടെ ദുഃഖങ്ങളിൽ പങ്കാളിയാവുന്ന നമ്മുടെ ദൈവത്തിലുള്ള വിശ്വാസം തകർക്കുവാൻ അവൻ ശ്രമിക്കും. ദൈവസ്നേഹത്തെ ചോദ്യം ചെയ്യുവാനും ദൈവത്തെ അവിശ്വസിക്കുവാനും നാം പരീക്ഷിതരാവും. ക്രിസ്തുവിന്റെ അടുക്കൽ വന്നതുപോലെ, നമ്മുടെ ബലഹീനതകളെയും കുറവുകളെയും ചൂണ്ടിക്കാണിച്ചുകൊണ്ടായിരിക്കും സാത്താൻ പലപ്പോഴും നമ്മെ സമീപിക്കുന്നത്. നമ്മെ നിരാശയിലേക്കു തള്ളിവിടുവാനും ദൈവത്തിലുള്ള നമ്മുടെ വിശ്വാസം നശിപ്പിക്കുവാനും അവൻ ആഗ്രഹിക്കുന്നു. അപ്രകാരം അവൻ ചെയ്തുകഴിയുമ്പോൾ, ഇര അവനു കിട്ടിക്കഴിഞ്ഞു. യേശു സാത്താനെ നേരിട്ടതുപോലെ നാമും ചെയ്യുകയാണെങ്കിൽ എല്ലാ പ്രതിസന്ധികളെയും തരണം ചെയ്യുവാൻ നമുക്കു സാധിക്കും. ശത്രുവുമായി സന്ധിയിൽ നാം ഏർപ്പെടുകയാണെങ്കിൽ, നാം അവനു സൗകര്യമുണ്ടാക്കിക്കൊടുക്കുകയാകുന്നു.

“മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു” എന്നു ക്രിസ്തു സാത്താനോടു പറഞ്ഞപ്പോൾ ഏതാണ്ട് ആയിരത്തിനാനൂറു വർഷങ്ങൾക്കുമുമ്പു യിസ്രായേലിനോടു താൻതന്നെ അരുളിച്ചെയ്ത വാക്കുകളെ ക്രിസ്തു ആവർത്തിക്കുക മാത്രമാണു ചെയ്തത്. “നിന്നെ ഈ നാല്പതു സംവത്സരം മരുഭൂമി

യിൽ നടത്തിയ വിധമൊക്കെയും നീ ഓർക്കേണം. അവൻ നിന്നെ താഴ്ത്തുകയും, നിന്നെ വിശപ്പിക്കുകയും, മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല, യഹോവയുടെ വായിൽനിന്നു പുറപ്പെടുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു എന്നു നിന്നെ ഗ്രഹിപ്പിക്കേണ്ടതിനു നീയും നിന്റെ പിതാക്കന്മാരും അറിഞ്ഞിട്ടില്ലാത്ത മന്നകൊണ്ടു നിന്നെ പോഷിപ്പിക്കുകയും ചെയ്തു" (ആവ. 8:2,3). മരുഭൂമിയിൽ ഉപജീവനത്തിനുള്ള ഏകമാർഗ്ഗം അടഞ്ഞപ്പോൾ, തന്റെ ജനത്തിനു സ്വർഗ്ഗത്തിൽനിന്നു ദൈവം മന്ന വർഷിപ്പിച്ചുകൊടുത്തു. അവർക്കു മതിയാകുവോളം തുടർച്ചയായി മന്ന കൊടുത്തുകൊണ്ടിരുന്നു. ഇപ്രകാരം ദൈവം ആഹാരം കൊടുത്തത്, തന്നെ ആശ്രയിക്കുകയും, തന്റെ വഴികളിൽ നടക്കുകയും ചെയ്യുമ്പോൾ, താൻ ഒരുനാളും തന്റെ ജനത്തെ ഉപേക്ഷിക്കയില്ലായെന്നു പഠിപ്പിക്കുവാനായിരുന്നു. യിസ്രായേലിനെ പഠിപ്പിച്ച പാഠം രക്ഷകൻ സ്വജീവിതത്തിൽ പ്രായോഗികമാക്കി. ദൈവവചനത്താൽ എബ്രായജനത്തിനു ദൈവം കഷ്ടതയിൽ സഹായം നല്കി. അതേ വചനത്താൽ യേശുവിനും സഹായം ലഭിച്ചു. സഹായം ലഭിക്കുന്നതിനു ദൈവത്തിന്റെ സമയത്തിനായി യേശു കാത്തിരുന്നു. ദൈവത്തോട് അനുസരണമുള്ളവനായി യേശു മരുഭൂമിയിൽ കഴിഞ്ഞു. പിശാചിന്റെ പ്രേരണയ്ക്കു വശംവദനായി ആഹാരം തേടുകയില്ലായെന്നു യേശു തീരുമാനിച്ചു. ദൈവഹിതത്തിൽനിന്നു വ്യതിചലിക്കുന്നതിനെക്കാൾ ഭേദം കഷ്ടതകൾ സഹിക്കുന്നതാണു നല്ലതെന്നു തന്റെ പരീക്ഷയെ വീക്ഷിച്ചുകൊണ്ടിരുന്ന പ്രപഞ്ചത്തിനു യേശു കാണിച്ചുകൊടുത്തു.

"മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു." ലൗകിക കാര്യങ്ങളുമായി മുമ്പോട്ടു പോകുമ്പോൾ, ദൈവത്തെ സേവിപ്പാൻ കഴിയാത്ത അവസ്ഥയിൽ ഒരു ക്രിസ്ത്യാനി പലപ്പോഴും ആയിത്തീരാറുണ്ട്. ദൈവത്തിന്റെ വ്യക്തമായ ചില കല്പനകളെ പ്രമാണിക്കുമ്പോൾ ഒരുവന്റെ ജീവിതമാർഗ്ഗം അടഞ്ഞുപോകുമെന്നു ചിലപ്പോൾ തോന്നിയേക്കാം. അവന്റെ മനസ്സാക്ഷിക്കു ബോധ്യമായ കാര്യങ്ങളെ ത്യജിക്കുവാൻ സാത്താൻ പ്രേരണ ചെലുത്തും. എന്നാൽ ഈ ലോകത്തിൽ നമുക്ക് ആശ്രയിക്കാവുന്ന ഒരേ ഒരു കാര്യം ദൈവവചനമാകുന്നു. "മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും" (മത്തായി 6:33). സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നതിൽനിന്നു വിട്ടുമാറുന്നത് ഈ ലോകജീവിതത്തിൽത്തന്നെ നമുക്കു ശുഭമായിരിക്കയില്ല. ദൈവവചനത്തിന്റെ ശക്തി നാം മനസ്സിലാക്കുമ്പോൾ, നമ്മുടെ ആഹാരസമ്പാദനത്തിനുവേണ്ടിയോ, നമ്മുടെ ജീവനെ രക്ഷിപ്പാനോ നാം ഒരിക്കലും സാത്താന്റെ പ്രലോഭനങ്ങൾക്കു വശംവദരാകയില്ല. നമ്മുടെ താൽപര്യം "ദൈവത്തിന്റെ കല്പന എന്തു പറയുന്നു", "അവന്റെ വാഗ്ദത്തങ്ങൾ ഏവയാണ്" എന്നിവയിലായിരിക്കും. അവ നാം അറിയുമ്പോൾ, ദൈവത്തിന്റെ ആജ്ഞകളെ അനുസരിക്കുകയും അവന്റെ വാഗ്ദത്തങ്ങളെ വിശ്വസിക്കുകയും ചെയ്യും.

സാത്താനുമായുള്ള വൻപോരാട്ടത്തിന്റെ അന്തിമഘട്ടത്തിൽ ദൈവത്തോടു വിശ്വസ്തത കാണിക്കുന്നവർക്കു വലിയ പ്രയാസങ്ങൾ വരും.

ലൗകിക സഹായങ്ങളെല്ലാം അവർക്കു നിഷേധിക്കപ്പെടും. ദൈവകല്പന അനുസരിക്കുന്നവർക്കു വാങ്ങുവാനും വില്ക്കുവാനും കഴിയാത്ത അവസ്ഥ വരും. അന്തിമമായി അവർ മരണത്തിനു വിധിക്കപ്പെടും. (വെളിപ്പാട് 13:11–17 വരെ വായിക്കുക.) എന്നാൽ ഇങ്ങനെയുള്ളവർക്കു നല്കപ്പെട്ടിരിക്കുന്ന വാഗ്ദത്തം: അവർ "ഉയരത്തിൽ വസിക്കും; പാറക്കോട്ടകൾ അവന്റെ അഭയസ്ഥാനമായിരിക്കും; അവന്റെ അപ്പം അവനു കിട്ടും; അവനു വെള്ളം മുട്ടിപ്പോകയുമില്ല" (യെശ. 33:16). ദൈവകുഞ്ഞുങ്ങൾ ഈ വാഗ്ദത്തത്തിൽ ജീവിക്കും. ലോകം ക്ഷാമത്താൽ ക്ഷയിക്കുമ്പോൾ അവർക്ക് ആഹാരം ലഭിക്കും. "ദുഷ്കാലത്ത് അവർ ലജ്ജിച്ചുപോകയില്ല; ക്ഷാമകാലത്ത് അവർ തൃപ്തരായിരിക്കും" (സങ്കീ. 37:19). ഹബക്കൂക് ഇക്കാലത്തെ മുൻകൂട്ടി ദർശിച്ചുകൊണ്ടു ദൈവത്തിന്റെ സഭയുടെ വിശ്വാസത്തെ ഇപ്രകാരം പ്രകടമാക്കുന്നു: "അത്തിവൃക്ഷം തളിർക്കയില്ല; മുന്തിരിവള്ളിയിൽ അനുഭവമുണ്ടാകയില്ല; ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായിപ്പോകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽനിന്നു നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും" (ഹബ. 3:17,18).

നമ്മുടെ കർത്താവിന്റെ ഒന്നാമത്തെ വലിയ പരീക്ഷയിൽനിന്നു പഠിക്കേണ്ട പാഠങ്ങളിൽ ഏറ്റവും പ്രധാനമായതു ജഡികമായ വിശപ്പിന്റെയും വികാരങ്ങളുടെയും മേലുള്ള നിയന്ത്രണത്തെ സംബന്ധിച്ചാണ്. ഏതൊരു കാലഘട്ടത്തിലും മനുഷ്യവർഗ്ഗത്തിന്റെ അധഃപതനത്തിനു പ്രധാന ഹേതുവായിരുന്നതു ജഡികമായ അഭിലാഷങ്ങളെ ഉണർത്തുന്ന പരീക്ഷകളായിരുന്നു. ദൈവം മനുഷ്യനു നല്കിയ അമൂല്യനിധികളായ മാനസികവും ശാരീരികവുമായ കഴിവുകളെ ആത്മനിയന്ത്രണമില്ലായ്മയിൽക്കൂടെ നശിപ്പിക്കുവാൻ സാത്താൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവന്റെ തന്ത്രങ്ങളിൽ വീഴുന്നതുകൊണ്ടു മനുഷ്യനു സ്വർഗ്ഗീയമൂല്യങ്ങളെ ആസ്വദിക്കുവാൻ കഴിയാതെ പോകുന്നു. ഇന്ദ്രിയജയമില്ലായ്മയിൽക്കൂടി ദൈവസാദൃശ്യത്തിന്റെ ലാഞ്ഛനപോലും മനുഷ്യാത്മാവിൽനിന്നു നിർമ്മാർജ്ജനം ചെയ്വാൻ സാത്താൻ പരിശ്രമിക്കുന്നു.

കർത്താവിന്റെ ഒന്നാമത്തെ വരവിൽ മനുഷ്യരുടെ ഇടയിൽ ഉണ്ടായിരുന്ന അനിയന്ത്രിതമായ ഭോഗാസക്തിയും, തൽഫലമായുള്ള രോഗങ്ങളും അധഃപതനവും രണ്ടാമത്തെ വരവിനു മുമ്പും വർദ്ധിച്ച രീതിയിൽ ഉണ്ടായിരിക്കും. ജലപ്രളയകാലത്തും സോദോം ഗോമോറയിലും നിലനിന്നിരുന്ന അവസ്ഥ അന്ത്യകാലത്തും ഉണ്ടാകുമെന്നു കർത്താവു പറഞ്ഞു. മനുഷ്യന്റെ ഹൃദയനിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതായിരിക്കും. ആ ഭയങ്കരമായ നാളുകളുടെ വക്കിൽ നാം വന്നിരിക്കുകയാണ്. കർത്താവിന്റെ ഉപവാസത്തിന്റെ പാഠം നാം ഹൃദിസ്ഥമാക്കേണ്ടതാണ്. ക്രിസ്തു സഹിച്ച അതിവേദനയിൽക്കൂടെ മാത്രമേ, അനിയന്ത്രിതമായ ശാരീരികാവശ്യങ്ങൾക്കു കീഴ്പ്പെടുന്നതു മൂലമുണ്ടാകുന്ന തിന്മയെ നമുക്കു ദർശിക്കുവാൻ കഴിയുകയുള്ളു. ക്രിസ്തുവിന്റെ മാതൃക നമ്മെ പഠിപ്പിക്കുന്നത്, നമ്മുടെ

ജഡികാഭിലാഷങ്ങളും വികാരങ്ങളും ദൈവഹിതത്തിനു വിധേയമാക്കുന്നതിൽക്കൂടി മാത്രമേ നമുക്കു നിത്യജീവനിലുള്ള പ്രത്യാശ ഉണ്ടായിരിക്കുകയുള്ളു എന്നാണ്.

നമ്മുടെ പാപസ്വഭാവത്തിന്റെ വിളികളെ കീഴ്പ്പെടുത്തുവാൻ നമ്മുടെ സ്വന്ത ശക്തി അപര്യാപ്തമാകുന്നു. ഈ വഴിയിലൂടെയാണു സാത്താൻ നമ്മുടെമേൽ പരീക്ഷകളെ കൊണ്ടുവരുന്നത്. മനുഷ്യന്റെ പരമ്പരാഗതമായ ബലഹീനതകളെ മുതലെടുത്തുകൊണ്ട്, ദൈവത്തിൽ പൂർണ്ണാശ്രയം ഇല്ലാത്ത മനുഷ്യരെ കൗശലപൂർവ്വം കുടുക്കിലാക്കാൻ സാത്താൻ വരുമെന്നു ക്രിസ്തുവിനറിയാമായിരുന്നു. നാം കടന്നുപോകേണ്ട പാതയിലൂടെ സഞ്ചരിച്ചുകൊണ്ടു ജയത്തിന്റെ വഴി കർത്താവു നമുക്ക് ഒരുക്കിയിരിക്കുന്നു. സാത്താനുമായുള്ള പോരാട്ടത്തിൽ നമ്മെ അസൗകര്യമായ സ്ഥാനത്തു നിർത്തുവാൻ കർത്താവ് ആഗ്രഹിക്കുന്നില്ല. പഴയ പാമ്പിന്റെ ആക്രമണത്തിൽ നാം ഭയപ്പെടുവാനോ, നിരാശയിൽ പതിക്കുവാനോ ദൈവം ഇഷ്ടപ്പെടുന്നില്ല. "ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹ. 16:33).

വിശപ്പിന്റെ ശക്തിക്കെതിരായി പോരാടുന്നവർ മരുഭൂമിയിൽവച്ചു പരീക്ഷിതനായ രക്ഷകനെ നോക്കട്ടെ. കുരിശിന്മേൽ അതിവേദന സഹിച്ചുകൊണ്ട് "എനിക്കു ദാഹിക്കുന്നു" എന്നു പറഞ്ഞ കർത്താവിനെ കാണട്ടെ. നമുക്കു വഹിക്കുവാൻ കഴിയുന്നതെല്ലാം കർത്താവു സഹിച്ചു. അവൻ നേടിയ വിജയം നമ്മുടേതാകുന്നു.

തന്റെ സ്വർഗ്ഗീയപിതാവിന്റെ ബലത്തിലും ജ്ഞാനത്തിലും യേശു ആശ്രയിച്ചു. "യഹോവയായ കർത്താവ് എന്നെ സഹായിക്കും; അതുകൊണ്ടു ഞാൻ അമ്പരന്നുപോകയില്ല... ഞാൻ ലജ്ജിച്ചുപോകയില്ല എന്നു ഞാൻ അറിയുന്നു... ഇതാ, യഹോവയായ കർത്താവ് എന്നെ തുണയ്ക്കുന്നു." തന്റെ മാതൃകയെ ചൂണ്ടിക്കാട്ടിക്കൊണ്ടു ക്രിസ്തു പറയുന്നു: "നിങ്ങളിൽ യഹോവയെ ഭയപ്പെടുകയും... തനിക്കു പ്രകാശം ഇല്ലാതെ അന്ധകാരത്തിൽ നടന്നാലും അവൻ യഹോവയുടെ നാമത്തിൽ ആശ്രയിച്ചു തന്റെ ദൈവത്തിന്മേൽ ചാരിക്കൊള്ളട്ടെ" (യെശ. 50:7-10).

"ലോകത്തിന്റെ പ്രഭു വരുന്നു," യേശു പറഞ്ഞു, "അവന് എന്നോട് ഒരു കാര്യവുമില്ല" (യോഹ. 14:30). സാത്താന്റെ തന്ത്രങ്ങൾ ഒന്നും യേശുവിനോടു ഫലിച്ചില്ല. യേശു യാതൊരുവിധമായ പാപത്തിനും ഒരിക്കലും വഴങ്ങിയില്ല. വിചാരത്തിൽ പോലും അവൻ സാത്താന്റെ പരീക്ഷയ്ക്കു വിധേയനായില്ല. നാമും അതുപോലെ ആയിരിക്കണം. ക്രിസ്തുവിന്റെ മാനുഷപ്രകൃതി, ദിവ്യത്വവുമായി ബന്ധപ്പെട്ടിരുന്നു. പരിശുദ്ധാത്മാവിനെ ഉള്ളിൽ പാർപ്പിച്ചുകൊണ്ടു പിശാചിനോടു പോരാടുവാൻ കർത്താവ് ഒരുക്കമായിരുന്നു. തന്റെ ദിവ്യസ്വഭാവത്തിൽ നമ്മെ പങ്കാളികളാക്കുന്നതിനുവേണ്ടി കർത്താവു ഭൂമിയിൽ വന്നു. വിശ്വാസത്താൽ നാം അവനുമായി ബന്ധപ്പെട്ടിരിക്കുന്ന കാലത്തോളം പാപത്തിനു നമ്മുടെമേൽ ഒരാധിപത്യവുമില്ല. നാം സ്വഭാവപൂർണ്ണത പ്രാപിക്കുവാൻ ക്രിസ്തുവിന്റെ ദിവ്യസ്വഭാവവുമായി പങ്കു

ചേരേണ്ടിയിരിക്കുന്നു. അതിനായി നമ്മുടെ വിശ്വാസത്തിന്റെ കരങ്ങളെ സ്വർഗ്ഗീയപിതാവു തന്റെ കരങ്ങൾ നീട്ടി പിടിക്കുന്നു.

ഇത് എപ്രകാരം സാധിക്കുന്നുവെന്നു ക്രിസ്തു നമുക്കു കാണിച്ചുതന്നിരിക്കുന്നു. സാത്താനുമായുള്ള പോരാട്ടത്തിൽ ഏതു മാർഗ്ഗത്തിൽക്കൂടെയാണു കർത്താവു ജയിച്ചത്? ദൈവത്തിന്റെ വചനത്താലാണ് അതു സാധിച്ചത്. ദൈവവചനത്തിൽക്കൂടെ മാത്രമാണു പരീക്ഷയെ ക്രിസ്തു ജയിച്ചത്. "ഇപ്രകാരം എഴുതിയിരിക്കുന്നു" എന്നു വചനത്തെ ഉദ്ധരിച്ചുകൊണ്ടു കർത്താവു പരീക്ഷകളെ നേരിട്ടു. "അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു" (2 പത്രൊസ് 1:4). ദൈവവചനത്തിലുള്ള എല്ലാ വാഗ്ദത്തവും നമ്മുടേതാണ്. "ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനംകൊണ്ടു"മാണു നാം ജീവിക്കേണ്ടത്. പരീക്ഷയാൽ നാം ആക്രമിക്കപ്പെട്ട ചുറ്റുപാടുകളെയോ, നമ്മുടെ ബലഹീനതകളെയോ നാം നോക്കരുത്. ദൈവവചനത്തിന്റെ ശക്തിയിൽ ആശ്രയിക്കുക. അതിന്റെ ശക്തി നിങ്ങൾക്കുവേണ്ടിയാണ്. "നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ എന്റെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു." "നിന്റെ അധരങ്ങളുടെ വചനത്താൽ ഞാൻ നിഷ്ഠുരന്റെ പാതകളെ സൂക്ഷിച്ചൊഴിഞ്ഞിരിക്കുന്നു" (സങ്കീ. 119:11; 17:4).



‘നീ ദൈവപുത്രനെങ്കിൽ താഴോട്ടു ചാടുക.’

# 13

# ക്രിസ്തുവിന്റെ വിജയം

അവലംബം: മത്തായി 4:5–11; മർക്കൊസ് 1:12,13; ലൂക്കൊസ് 4:5–13

“പിന്നെ പിശാച് അവനെ വിശുദ്ധ നഗരത്തിൽ കൊണ്ടുപോയി ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിർത്തി അവനോട്: നീ ദൈവപുത്രനെങ്കിൽ താഴോട്ടു ചാടുക.”

“നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാരോടു കല്പിക്കും; അവൻ നിന്റെ കാൽ കല്ലിനോടു തട്ടാതവണ്ണം നിന്നെ കയ്യിൽ താങ്ങിക്കൊള്ളും.”

യേശുവിനെ ഇപ്പോൾ തോല്പിച്ചുകളയാമെന്നു സാത്താൻ കരുതി. തന്ത്രശാലിയായ സാത്താൻ ദൈവത്തിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു യേശുവിനെ നേരിട്ടു. ഒരു പ്രകാശദൂതനെപ്പോലെയാണു യേശുവിന്റെ മുമ്പിൽ അവൻ നിന്നിരുന്നത്. തിരുവെഴുത്തുകൾ നല്ലവണ്ണം അറിയാവുന്ന ഒരുവനെപ്പോലെ അവൻ നിലകൊണ്ടു. തിരുവെഴുത്തുകളുടെ പ്രാധാന്യം താൻ മനസ്സിലാക്കിയിരുന്നുവെന്ന് അവൻ അഭിനയിച്ചു. തന്റെ വിശ്വാസത്തെ

നിലനിർത്തുവാൻ യേശു തിരുവചനം എപ്രകാരം ഉപയോഗിച്ചുവോ അതു പോലെ സാത്താൻ തന്റെ കാപട്യത്തെ മറയ്ക്കുവാൻ ദൈവവചനം ഉപയോഗിച്ചു. യേശുവിന്റെ വിശ്വാസത്തെ പരീക്ഷിക്കുക മാത്രമാണു താൻ ചെയ്യുന്നതെന്നു വെളിച്ചദൂതന്റെ വേഷമണിഞ്ഞ സാത്താൻ പറഞ്ഞു. യേശുക്രിസ്തുവിന്റെ ഉറച്ച നിലപാടിനെ അവൻ ഒട്ടും ആത്മാർത്ഥതയില്ലാതെ പുകഴ്ത്തി. ദൈവത്തിലുള്ള തന്റെ വിശ്വാസം തെളിയിക്കുന്നതിന് ഒരു തെളിവു കൂടെ നല്കുവാൻ ക്രിസ്തുവിനോടു പിശാച് ആവശ്യപ്പെട്ടു.

വീണ്ടും അവിശ്വാസം ജനിപ്പിക്കുന്ന മുഖവുരയുമായാണു സാത്താൻ ക്രിസ്തുവിനെ പരീക്ഷിക്കുന്നത്: "നീ ദൈവപുത്രനെങ്കിൽ." "എങ്കിൽ" എന്ന ദുസ്സൂചനയ്ക്കു മറുപടി നല്കാൻ യേശു തുനിഞ്ഞെങ്കിലും സംശയത്തിന്റെ ഒരു കണികപോലും തന്നിലില്ലെന്നു കാണിക്കുവാൻ വേണ്ടി അതിൽനിന്നു പിന്തിരിഞ്ഞു. സാത്താനെ തൃപ്തിപ്പെടുത്തുന്നതിനു വേണ്ടി തന്റെ ജീവിതത്തെ അപകടപ്പെടുത്തുവാൻ യേശു ഒരിക്കലും തുനിയുകയില്ല.

യേശു മനുഷ്യനായിത്തീർന്നതുകൊണ്ടു തന്റെ അധികാരം ഉപയോഗിച്ചു യേശുവിനെ പാപത്തിലേക്കു നയിക്കാമെന്നു സാത്താൻ കരുതി. പാപം പ്രവർത്തിക്കുന്നതിനു പ്രേരണ നല്കാനേ സാത്താനു കഴിയുകയുള്ളു. ഒരുവന്റെ തീരുമാനത്തിനെതിരായി അവനെക്കൊണ്ടു പാപം ചെയ്യിക്കുവാൻ സാത്താനു കഴിയുകയില്ല. സാത്താൻ യേശുവിനോടു പറഞ്ഞു, "താഴേക്കു ചാടുക." അവനെ തള്ളിയിടുവാൻ സാത്താനു കഴികയില്ലായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ദൈവം തന്റെ പുത്രനെ രക്ഷിക്കുമായിരുന്നു. യേശുവിന്റെ ഇച്ഛയ്ക്കു വിരോധമായി തള്ളിയിടുവാൻ സാത്താനു കഴിവില്ലായിരുന്നു. യേശു സ്വയം കീഴ്പ്പെട്ടില്ലായെങ്കിൽ കീഴ്പ്പെടുത്തുവാനും സാത്താനു കഴിയുമായിരുന്നില്ല. ഭൂമിയിലെയും നരകത്തിലെയും എല്ലാ ദുഷ്ടശക്തികളും വിചാരിച്ചിരുന്നെങ്കിൽപ്പോലും തന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നതിൽനിന്ന് അണുവിട ക്രിസ്തുവിനെ വ്യതിചലിപ്പിക്കുവാൻ സാദ്ധ്യമായിരുന്നില്ല.

പിശാചിന് ഒരിക്കലും നമ്മെ നിർബന്ധിച്ചു പാപം ചെയ്യിക്കുവാൻ കഴിയുകയില്ല. തനിക്കു കീഴ്പ്പെടാത്ത മനസ്സുകളെ തന്റെ നിയന്ത്രണത്തിലാക്കുവാൻ സാത്താനു കഴികയില്ല. ക്രിസ്തുവിലുള്ള ആശ്രയം നാം ത്യജിക്കുകയും, നമ്മുടെ ഇച്ഛാശക്തിയെ പിശാചിനു കീഴ്പ്പെടുത്തുകയും ചെയ്തുവെങ്കിലേ, സാത്താനു നമ്മുടെമേൽ ആധിപത്യം പുലർത്താൻ കഴിയുകയുള്ളു. നാം വച്ചുപുലർത്തുന്ന ഓരോ പാപകരമായ ആഗ്രഹത്തിലും, അവനു പാദമുറപ്പിക്കാനുള്ള സൗകര്യം നാം ഉണ്ടാക്കിക്കൊടുക്കുകയാണ്. ദൈവയിഷ്ടം ചെയ്യുന്നതിൽ വരുത്തുന്ന ഓരോ വീഴ്ചയും നമ്മെ നശിപ്പിക്കുവാൻ വേണ്ടി സാത്താനു വാതിൽ തുറന്നുകൊടുക്കുന്നതിനു തുല്യമാകുന്നു. നമ്മുടെ ഓരോ തോല്‌വിയും യേശുവിനെ അപമാനിക്കുവാൻ ശത്രുവിനു സന്ദർഭം നല്കുകയാകുന്നു.

സാത്താൻ ദൈവത്തിന്റെ വാഗ്ദാനം മുഴുവനും ഉദ്ധരിച്ചില്ല. “അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും.” അത്രയും മാത്രമേ അവൻ പറഞ്ഞുള്ളു. “നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന്” എന്ന ഭാഗം അവൻ വിട്ടുകളഞ്ഞു. അതിന്റെ അർത്ഥം, ദൈവം തെരഞ്ഞെടുത്ത വഴികൾ എന്നാകുന്നു. അനുസരണത്തിന്റെ പാത വിട്ടുമാറുവാൻ യേശു ഒരിക്കലും ഒരുക്കമായിരുന്നില്ല. തന്റെ പിതാവിൽ പരിപൂർണ്ണ ആശ്രയം ക്രിസ്തു പ്രകടിപ്പിച്ചു. ദൈവത്തെ പരീക്ഷിക്കുന്ന ഒരു പ്രവൃത്തിയും ചെയ്യുവാൻ ക്രിസ്തു ഇഷ്ടപ്പെട്ടില്ല. ദൈവാശ്രയത്തിനും ദൈവത്തോടുള്ള കീഴ്പ്പെടലിനും വിരുദ്ധമായ ഒന്നും ചെയ്യുവാൻ ക്രിസ്തു ഒരുക്കമായിരുന്നില്ല. സ്വന്ത താൽപര്യത്തിനുവേണ്ടി ക്രിസ്തു ഒരിക്കലും സ്വർഗ്ഗീയസംരക്ഷണം ഉപയോഗിച്ചില്ല.

യേശു സാത്താനോട്, “നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നു കൂടെ എഴുതിയിരിക്കുന്നു” എന്നു പറഞ്ഞു. യിസ്രായേൽമക്കൾ മരുഭൂമിയിൽവച്ചു വെള്ളത്തിനായി മുറവിളി കൂട്ടിയപ്പോൾ മോശെ പറഞ്ഞ വാക്കുകളാണിത്. “യഹോവ ഞങ്ങളുടെ ഇടയിൽ ഉണ്ടോ ഇല്ലയോ എന്ന് അവർ യഹോവയെ പരീക്ഷിച്ചു” (പുറ. 17:7). ദൈവം അവരെ അത്ഭുതകരമായി നടത്തിയെങ്കിലും പ്രയാസങ്ങൾ നേരിട്ടപ്പോൾ അവർ ദൈവത്തെ സംശയിച്ചു. ദൈവം അവരോടുകൂടെ ഉണ്ടോ ഇല്ലയോ എന്നതിന്റെ തെളിവ് അവർ മോശെയോട് ആവശ്യപ്പെട്ടു. അവരുടെ അവിശ്വാസത്തിൽ അവർ യഹോവയെ പരീക്ഷിച്ചു. അവരെപ്പോലെ പ്രവർത്തിക്കുവാനാണു യേശുവിനോടു സാത്താൻ ആവശ്യപ്പെട്ടത്. യേശു തന്റെ പുത്രനെന്നു ദൈവം നേരത്തെതന്നെ സാക്ഷീകരിച്ചിരിക്കുന്നു. ഇപ്പോൾ താൻ ദൈവപുത്രൻ തന്നെയോ എന്നുള്ളതിന്റെ തെളിവ് ആവശ്യപ്പെടുന്നതു ദൈവത്തെ പരീക്ഷിക്കുന്നതിനു തുല്യമാണ്. ദൈവം വാഗ്ദത്തം ചെയ്തിട്ടില്ലാത്ത കാര്യങ്ങൾക്കുവേണ്ടി നാം യാചിക്കുന്നുവെങ്കിൽ, നാം ദൈവത്തെ പരീക്ഷിക്കുകയാണ്. അത് അവിശ്വാസത്തെ കാണിക്കുന്നു. ദൈവം തന്റെ വാഗ്ദത്തം നിറവേറ്റുമോ എന്നു പരീക്ഷിക്കുന്നതിനുവേണ്ടി നാം തുനിയരുത്. നേരെ മറിച്ചു ദൈവം തന്റെ വാഗ്ദത്തങ്ങൾ നമുക്കുവേണ്ടി നിറവേറ്റുന്നതുകൊണ്ടു നാം പ്രാർത്ഥിക്കണം. അവൻ നമ്മെ സ്നേഹിക്കുന്നുവോ എന്നു പരിശോധിക്കുന്നതിനായിരിക്കരുതു നമ്മുടെ പ്രാർത്ഥന; പ്രത്യുത അവൻ നമ്മെ സ്നേഹിക്കുന്നതുകൊണ്ടു നാം പ്രാർത്ഥിക്കുന്നു. “എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ” (എബ്രാ. 11:6).

വിശ്വാസം ഒരിക്കലും അനുമാനമല്ല. യഥാർത്ഥ വിശ്വാസമുള്ളവർ മാത്രമേ അനുമാനത്തിൽനിന്നു സുരക്ഷിതരായിരിക്കയുള്ളു. അനുമാനമെന്നതു വിശ്വാസത്തിനെതിരായുള്ള സാത്താന്റെ കള്ളനാണയമാണ്. വിശ്വാസം ദൈവത്തിന്റെ വാഗ്ദത്തങ്ങളെ അവകാശമാക്കുകയും അനുസരണത്തിന്റെ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു. അനുമാനം വാഗ്ദത്തങ്ങളെ അവകാശപ്പെടുന്നുണ്ടെങ്കിലും, പാപങ്ങൾക്ക് ഒഴിവുകഴിവു

കണ്ടെത്താൻവേണ്ടി അവയെ (വാഗ്ദത്തങ്ങളെ) ഉപയോഗിക്കുന്നു. വിശ്വാസം നമ്മുടെ ആദിമാതാപിതാക്കളെ ദൈവസ്നേഹത്തിൽ ആശ്രയിപ്പാനും ദൈവ കല്പനകളെ അനുസരിപ്പാനും സഹായിച്ചിരുന്നു. എന്നാൽ അനുമാനം ദൈവകല്പനയെ ലംഘിക്കുവാൻ അവരെ പ്രേരിപ്പിച്ചു. പാപത്തിന്റെ അനന്തരഫലങ്ങളിൽനിന്നു ദൈവസ്നേഹം തങ്ങളെ കാത്തുകൊള്ളുമെന്ന അനുമാനം അവരെ പാപം ചെയ്യുവാൻ പ്രോത്സാഹിപ്പിച്ചു. ദൈവത്തിന്റെ കരുണ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കാതെ സ്വർഗ്ഗത്തിന്റെ അംഗീകാരത്തിനുവേണ്ടി അവകാശം ഉന്നയിക്കുന്നതു വിശ്വാസം അല്ല. യഥാർത്ഥ വിശ്വാസത്തിന്റെ അടിസ്ഥാനം തിരുവെഴുത്തുകളിലെ വാഗ്ദത്തങ്ങളിലും വ്യവസ്ഥകളിലുമത്രേ.

സാത്താൻ അവിശ്വാസം നമ്മിൽ ഉളവാക്കുവാൻ പലപ്പോഴും പരാജയപ്പെടുമ്പോൾ, അനുമാനം നമ്മിൽ ഉളവാക്കുന്നതിൽ അവൻ വിജയിക്കുന്നു. പരീക്ഷയുടെ പാതയിൽ അവൻ നമ്മെ കൊണ്ടെത്തിക്കുമ്പോൾ താൻ വിജയിക്കുമെന്നു സാത്താനറിയാം. അനുസരണത്തിന്റെ പാതയിലൂടെ നടക്കുന്നവനെ ദൈവം കാത്തുകൊള്ളും. എന്നാൽ ആ പാതയിൽനിന്നു വിട്ടുമാറുന്നവൻ സാത്താന്റെ വലയിലേക്കാണു നീങ്ങുന്നത്. അവിടെ നാം നിലം പതിക്കുമെന്നുള്ളതു തീർച്ചയാണ്. കർത്താവു നമ്മോടു പറയുന്നു: "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ" (മർക്കൊസ് 14:38). ധ്യാനവും പ്രാർത്ഥനയും നമ്മെ അപകടത്തിൽ വീണുപോകാതെ സൂക്ഷിക്കുന്നു; അവ നമ്മെ പല പരാജയങ്ങളിൽനിന്നു വിടുവിക്കുന്നു.

പരീക്ഷകളാൽ നാം ആക്രമിക്കപ്പെടുന്ന വേളയിൽ ധൈര്യഹീനരായിത്തീരരുത്. പലപ്പോഴും കഠിനശോധനകളെ നാം അഭിമുഖീകരിക്കുമ്പോൾ ദൈവത്തിന്റെ ആത്മാവായിരുന്നുവോ നമ്മെ അതിലേക്കു നയിച്ചിരിക്കുന്നതെന്നു നാം സംശയിച്ചുപോകുന്നു. സാത്താനാൽ പരീക്ഷിക്കപ്പെടേണ്ടതിനു യേശുവിനെ മരുഭൂമിയിലേക്കു നയിച്ചതു ദൈവത്തിന്റെ ആത്മാവായിരുന്നു. ദൈവം നമ്മെ ശോധന ചെയ്യുമ്പോൾ, നമ്മുടെ നന്മയ്ക്കുവേണ്ടി ദൈവത്തിന് ഒരു ഉദ്ദേശ്യമുണ്ടായിരിക്കും. ദൈവം ആവശ്യപ്പെടാതെ സ്വയം പരീക്ഷയെ അഭിമുഖീകരിച്ചു ദൈവവാഗ്ദത്തങ്ങളെ പരീക്ഷിക്കുവാൻ യേശു തുനിഞ്ഞില്ല. എന്നാൽ പരീക്ഷയെ അഭിമുഖീകരിച്ചപ്പോൾ ക്രിസ്തു നിരാശനായിത്തീർന്നതുമില്ല. നാമും അപ്രകാരമായിരിക്കണം. "ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനുമീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും." കർത്താവു പറയുന്നു: "ദൈവത്തിനു സ്തോത്രയാഗം അർപ്പിക്ക; അത്യുന്നതനു നിന്റെ നേർച്ചകളെ കഴിക്ക. കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും" (1 കൊരി. 10:13, സങ്കീ. 50:14,15).

രണ്ടാമത്തെ പരീക്ഷയിലും യേശു വിജയിയായി. ഈ അവസരത്തിൽ സാത്താൻ തന്റെ തനിനിറം വെളിപ്പെടുത്തി. എന്നാൽ പിളർന്ന കുളമ്പുകളും വാവലിന്റെ ചിറകുകളുമുള്ള ഒരു ഭീകരസത്വത്തെപ്പോലെ അവൻ

പ്രത്യക്ഷപ്പെട്ടില്ല. വീഴ്ച ഭവിച്ചവനെങ്കിലും സാത്താൻ ശക്തനായ ഒരു വ്യക്തിയാണ്. ദൈവത്തോടു പോരാട്ടം നടത്തുന്നവരുടെ നേതാവും ഈ ലോകത്തിന്റെ പ്രഭുവുമാണു താനെന്നു സാത്താൻ അവകാശപ്പെടുന്നു.

സാത്താൻ യേശുക്രിസ്തുവിനെ ഒരു കുന്നിൻമുകളിലേക്ക് ആനയിച്ചു. ലോകസാമ്രാജ്യങ്ങൾ അവയുടെ മഹത്വത്തോടെ യേശുവിന്റെ മുമ്പിൽ ക്കൂടെ ആകർഷകമായ ദൃശ്യങ്ങളായി കടന്നുപോയി. ദേവാലയങ്ങൾ നിറഞ്ഞ നഗരങ്ങൾ, മാർബിൾ കൊട്ടാരങ്ങൾ, ഫലഭൂയിഷ്ഠമായ വയലു കൾ, ഫലങ്ങൾ നിറഞ്ഞ മുന്തിരിത്തോപ്പുകൾ ഇവയൊക്കെയും വളരെ ആകർഷകമായ വിധത്തിൽ തന്റെ മുമ്പിൽ പ്രദർശിപ്പിച്ചു. തിന്മയുടെ ലാഞ്ഛനപോലും എങ്ങും കാണാനില്ലായിരുന്നു. ദുഃഖത്തിലും ഏകാന്തത യിലും കഴിഞ്ഞിരുന്ന യേശുവിന്റെ കണ്ണുകൾ അനുപമമായ സൗന്ദര്യ ത്തെയും ഐശ്വര്യത്തെയും ദർശിച്ചു. അപ്പോൾ പരീക്ഷകന്റെ ശബ്ദം കേൾക്കായി: “ഈ അധികാരമൊക്കെയും അതിന്റെ മഹത്വവും നിനക്കു തരാം; അത് എങ്കൽ ഏല്പിച്ചിരിക്കുന്നു; എനിക്കു മനസ്സുള്ളവനു ഞാൻ കൊടുക്കുന്നു. നീ എന്നെ നമസ്കരിച്ചാൽ അതെല്ലാം നിന്റേതാകും.”

ക്രിസ്തുവിന്റെ ദൗത്യം നിറവേറ്റേണ്ടിയിരുന്നതു കഷ്ടതയിൽക്കൂടെ ആയിരുന്നു; ആഡംബരത്തിലൂടെ അല്ലായിരുന്നു. ദുഃഖവും, കഷ്ടതയും, പോരാട്ടവും, അപമാനവും, ഒടുവിൽ മരണവുമായിരുന്നു ക്രിസ്തു അനു ഭവിക്കേണ്ടിയിരുന്നത്. മുഴുലോകത്തിന്റെയും പാപം താൻ വഹിക്കേണ്ടി യിരുന്നു. സ്വർഗ്ഗീയപിതാവിൽനിന്നുള്ള വേർപാടിന്റെ വേദനയും താൻ അനു ഭവിക്കേണ്ടിയിരുന്നു. സാത്താൻ കയ്യടക്കിയിരുന്ന അധികാരം അവനിൽ നിന്നു വീണ്ടെടുക്കുന്നതിനായിരുന്നു ക്രിസ്തു ഭൂമിയിൽ വന്നത്. എന്നാൽ സാത്താൻ ക്രിസ്തുവിനോടു വഞ്ചന നിറഞ്ഞ ഹൃദയത്തോടുകൂടി പറഞ്ഞു: “എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം.” സാത്താന്റെ പ്രേര ണയ്ക്കു ക്രിസ്തു വശംവദനായിരുന്നുവെങ്കിൽ, സാത്താനുമായുള്ള പോരാട്ട ത്തിൽ ക്രിസ്തു പരാജയപ്പെടുമായിരുന്നു. സാത്താൻ സ്വർഗ്ഗത്തിൽനിന്നു നിഷ്കാസിതനാകാനുള്ള കാരണം ദൈവപുത്രനെക്കാൾ ഉന്നതനാവാൻ കാംക്ഷിച്ചതായിരുന്നു. സ്വർഗ്ഗത്തിൽവച്ചാരംഭിച്ച ആ പോരാട്ടത്തിന്റെ തുടർച്ച യായിരുന്നു ഭൂമിയിൽവച്ചു നടന്ന ഈ പോരാട്ടം. ഇവിടെ സാത്താൻ വിജയി ച്ചിരുന്നുവെങ്കിൽ, അത് അനുസരണക്കേടിന്റെ വിജയമാകുമായിരുന്നു.

“ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും നിനക്കു തരാം. അത് എങ്കൽ ഏല്പിച്ചിരിക്കുന്നു” എന്നു സാത്താൻ ക്രിസ്തുവിനോടു പറഞ്ഞ പ്പോൾ ഭാഗികമായ സത്യം മാത്രമാണ് അവൻ വെളിപ്പെടുത്തിയത്. സാത്താന്റെ കുടിലത നിറഞ്ഞ ഉദ്ദേശ്യം നടപ്പിലാക്കാനാണ് ‘അവൻ സത്യം മറച്ചുവച്ചത്.’ സാത്താൻ അധികാരം ആദാമിൽനിന്നു കവർന്നെടുക്കുക യായിരുന്നു. ആദാം ദൈവത്തിന്റെ പ്രതിനിധി മാത്രമായിരുന്നു. ഭൂമിമേലുള്ള ഉടമസ്ഥാവകാശം ദൈവത്തിന്റേതാണ്. ഈ അവകാശമൊക്കെയും പിതാവു പുത്രനു നല്കിയിരിക്കുന്നു. ക്രിസ്തുവിനു കീഴ്പ്പെട്ടുകൊണ്ടുള്ള ഒരു

ഭരണം നടത്തുവാനാണ് ആദാമിനെ ചുമതലപ്പെടുത്തിയിരുന്നത്. ആദാം തന്റെ ഉത്തരവാദിത്വം സാത്താന് അടിയറവച്ചെങ്കിലും ക്രിസ്തുതന്നെയാണു സകലത്തിന്റെയും ഉടമസ്ഥൻ. ദൈവം നെബൂഖദ്നേസരിനോടു പറഞ്ഞു: "അത്യുന്നതനായവൻ മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുകയും അതിനെ തനിക്കു ബോധിച്ചവനു കൊടുക്കുകയും ചെയ്യുന്നു" (ദാനീ. 4:17). സാത്താൻ കയ്യേറിയിരിക്കുന്ന അധികാരം ദൈവം അനുവദിക്കുമ്പോൾ മാത്രമേ ഉപയോഗിക്കുവാൻ കഴിയുകയുള്ളു.

ക്രിസ്തുവിനു രാജ്യവും അതിന്റെ മഹത്വവും നല്കാമെന്നു സാത്താൻ പറഞ്ഞപ്പോൾ അവൻ ഉദ്ദേശിച്ചത്, ക്രിസ്തുവിനെ തന്റെ ആജ്ഞാനുവർത്തി ആക്കുക എന്നതായിരുന്നു. യെഹൂദന്മാരുടെ പ്രതീക്ഷകൾ ഉറപ്പിച്ചിരുന്നത് ഇഹലോകത്തിലായിരുന്നു. ഐഹികമായ ഒരു രാജ്യമാണ് അവർ പ്രതീക്ഷിച്ചത്. ഇപ്രകാരമൊരു രാജ്യം നല്കാമെന്നു ക്രിസ്തു സമ്മതിച്ചിരുന്നുവെങ്കിൽ യെഹൂദന്മാർ ക്രിസ്തുവിനെ സസന്തോഷം സ്വീകരിക്കുമായിരുന്നു. എന്നാൽ ഈ ലോകരാജ്യത്തിന്റെ മേൽ പാപം വാണിരുന്നു. പാപത്തെ തോല്പിക്കുകയായിരുന്നു ക്രിസ്തുവിന്റെ ദൗത്യം. "സാത്താനേ, എന്നെ വിട്ടു പോ; നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ എന്ന് എഴുതിയിരിക്കുന്നുവല്ലോ" എന്നു ക്രിസ്തു പറഞ്ഞു.

സ്വർഗ്ഗത്തിൽ ദൈവത്തോടു മത്സരിച്ച പിശാച്, ഈ ലോകത്തെ ക്രിസ്തുവിനു നല്കാമെന്നു വാഗ്ദാനം ചെയ്തത്, ക്രിസ്തുവിനെ തന്റെ അടിമയാക്കുവാനായിരുന്നു. യേശു ഈ ലോകത്തിൽ വന്നതു നീതിയുടെ രാജ്യം സ്ഥാപിക്കുവാനായിരുന്നു. ആ ഉദ്ദേശ്യത്തിൽനിന്ന് അവൻ ഒരിക്കലും വ്യതിചലിച്ചിരുന്നില്ല. ഇതേ പരീക്ഷയുമായി സാത്താൻ മനുഷ്യരെ സമീപിക്കുന്നു. മനുഷ്യരെ അവൻ വേഗത്തിൽ തോല്പിക്കുന്നു. തന്റെ മേൽക്കോയ്മയെ അംഗീകരിക്കണമെന്ന വ്യവസ്ഥയിൽ ഈ ലോകരാജ്യം സാത്താൻ മനുഷ്യർക്കു വാഗ്ദാനം ചെയ്തിരിക്കുന്നു. സത്യസന്ധത ബലികഴിക്കുവാനും മനസ്സാക്ഷിയെ മറന്നു സ്വാർത്ഥതയിൽ മുഴുകുവാനും അവൻ മനുഷ്യരെ പ്രേരിപ്പിക്കുന്നു. ക്രിസ്തു ആവശ്യപ്പെടുന്നത്, "മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക" എന്നത്രേ. സാത്താൻ മനുഷ്യരോടു വഞ്ചന മറച്ചുകൊണ്ടു പറയുന്നു: "നിത്യജീവനെ സംബന്ധിച്ച് എന്തെല്ലാം ശരിയായിരുന്നാലും, ഈ ലോകത്തിൽ വിജയം സമ്പാദിക്കുന്നതിന് എന്നെ സേവിച്ചേ മതിയാവൂ. നിങ്ങളുടെ ക്ഷേമം എന്റെ കൈകളിലാണ്. നിങ്ങൾക്കു സമ്പത്തും ആനന്ദവും ബഹുമാനവും തരുവാൻ എനിക്കു കഴിയും. എന്റെ ഉപദേശം കേൾക്കുക. വിശ്വസ്തത, സ്വയത്യാഗം തുടങ്ങിയ മൂഢചിന്തകളിൽ കുടുങ്ങിപ്പോകരുത്. ഞാൻ നിങ്ങൾക്കു വഴി ഒരുക്കാം." സാത്താന്റെ ഇപ്രകാരമുള്ള വാക്കുകളാൽ അനേകായിരം ആളുകളാണു വഞ്ചിതരാകുന്നത്. സ്വാർത്ഥതയ്ക്കു വേണ്ടി ജീവിക്കാൻ മനുഷ്യർ ഒരുമ്പെടുമ്പോൾ സാത്താൻ സംതൃപ്തി അടയുന്നു. ഭൗമിക അധികാരങ്ങൾ നല്കാമെന്നു പറഞ്ഞു മനുഷ്യരെ വ്യാമോഹിപ്പിച്ച് അവരുടെമേൽ അവൻ അധികാരം ഉറപ്പിക്കുകയാണു ചെയ്യുന്നത്. അവന് അവകാശപ്പെടാൻ പാടില്ലാത്ത

തിനെയാണ് അവൻ മറ്റുള്ളവർക്കു ദാനമായി നല്കാമെന്നു പറയുന്നത്. അതോടൊപ്പം മനുഷ്യരെ വഞ്ചിച്ചു ദൈവപുത്രന്മാർ എന്ന പദവി അവൻ അവരിൽനിന്ന് അപഹരിക്കുകയും ചെയ്യുന്നു.

യേശുവിന്റെ ദൈവികത്വത്തെ സാത്താൻ ചോദ്യം ചെയ്തു. ഒടുവിൽ അവൻ പുറത്താക്കപ്പെട്ടപ്പോൾ ദൈവികത്വത്തെക്കുറിച്ചു നിഷേധിക്കാനാ വാത്ത തെളിവ് അവനു ലഭിച്ചു. വേദന അനുഭവിച്ച യേശുവിന്റെ മനുഷ്യത്വ ത്തിൽക്കൂടെ ദിവ്യത്വം പ്രതിഫലിച്ചു. ക്രിസ്തുവിന്റെ ആജ്ഞയെ എതിർത്തു നില്പാൻ സാത്താനു ശക്തിയില്ലായിരുന്നു. അപമാനഭാരവും കോപവും പേറിക്കൊണ്ട് അവൻ ലോകരക്ഷകന്റെ മുമ്പിൽനിന്നു പിൻവാങ്ങി. ആദാം പരാജയപ്പെട്ട സ്ഥാനത്തു ക്രിസ്തു പൂർണ്ണവിജയം നേടി.

നമുക്കും പരീക്ഷയെ എതിർത്തുനിന്നുകൊണ്ടു സാത്താനെ തോല്പിക്കാം. ദൈവത്തിലുള്ള വിശ്വാസത്തിൽക്കൂടെയും കീഴ്പ്പെടലിൽക്കൂടെയുമാണു ക്രിസ്തു വിജയം നേടിയത്. അപ്പൊസ്തലനിൽക്കൂടെ കർത്താവു പറയുന്നു: “ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തു നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. ദൈവത്തോട് അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും” (യാക്കോബ് 4:7,8). പരീക്ഷകന്റെ ശക്തിയിൽനിന്നു നമുക്കു സ്വയം രക്ഷ പ്പെടുവാൻ സാദ്ധ്യമല്ല. മനുഷ്യവർഗ്ഗത്തെ ശത്രു കീഴ്പ്പെടുത്തിയിരിക്കുന്നു. നമ്മുടെ സ്വന്തശക്തിയിലാശ്രയിച്ചു നാം നില്ക്കാൻ ശ്രമിച്ചാൽ അവന്റെ തന്ത്രങ്ങൾക്ക് ഇരയായിത്തീരുന്നു. എന്നാൽ “യഹോവയുടെ നാമം ബല മുള്ള ഗോപുരം; നീതിമാൻ അതിലേക്ക് ഓടിച്ചെന്ന് അഭയം പ്രാപിക്കുന്നു” (സദൃശ. 18:10). ആ ബലമുള്ള നാമത്തിൽ അഭയം പ്രാപിക്കുന്ന ഏതൊരു ബലഹീനനായ ആത്മാവിന്റെ മുമ്പിലും സാത്താൻ വിറയ്ക്കുന്നു.

ശത്രു പലായനം ചെയ്ത ഉടനെ യേശു വൈവശ്യമാർന്ന മുഖത്തോടെ തളർന്നു നിലംപതിച്ചു. നമുക്കു രക്ഷയുടെ മാർഗ്ഗം വെട്ടിത്തുറന്നുതരുന്ന തിന്, പറഞ്ഞുതീരാത്ത കഷ്ടങ്ങളിൽക്കൂടെ കടന്നുപോയ സ്വർഗ്ഗീയ സൈന്യാധിപനെ ദൈവദൂതന്മാർ നിർന്നിമേഷരായി ഈ നേരമത്രയും വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. നാം എപ്പോഴെങ്കിലും സഹിക്കേണ്ട പരിശോധനയെക്കാൾ തീവ്രമായ ശോധന ക്രിസ്തു നമുക്കുവേണ്ടി സഹിച്ചു. മരണാസന്നനായി കിടന്നിരുന്ന ഒരുവനെപ്പോലെ ആയിത്തീർന്ന ദൈവപുത്രനെ ദൂതന്മാർ ശുശ്രൂഷിച്ചു. അവൻ ആഹാരം കഴിച്ചു ബലം പ്രാപിച്ചു. പിതാവിന്റെ സ്നേഹത്തെക്കുറിച്ചു ദൂതന്മാരിൽനിന്നു കേട്ട് ആശ്വസിച്ചു. തന്റെ വിജയത്തിൽ സ്വർഗ്ഗം മുഴുവൻ വിജയിച്ചിരിക്കുന്നു എന്ന ഉറപ്പു യേശുവിനു ലഭിച്ചു. ശക്തി പ്രാപിച്ച ഉടനെ തന്റെ ഹൃദയം മനുഷ്യ നോടുള്ള അനുകമ്പയാൽ നിറഞ്ഞു. താൻ ആരംഭിച്ച വേല പൂർത്തീകരി ക്കുന്നതിനായി യേശു പുറപ്പെട്ടു. വീഴ്ച ഭവിച്ച മനുഷ്യകുലത്തെ വീണ്ടെടു ക്കുകയും, ശത്രുവിനെ എന്നേക്കുമായി തോല്പിക്കുകയും ചെയ്യുക എന്ന വിശ്രമരഹിതമായ പ്രവർത്തനത്തിനുവേണ്ടി യേശു യാത്രയായി.

വീണ്ടെടുക്കപ്പെട്ടവർ രക്ഷകനോടുകൂടെ ദൈവസിംഹാസനത്തിന്റെ മുമ്പിൽ നില്ക്കുന്ന നാൾ വരെ, ക്രിസ്തു മനുഷ്യന്റെ രക്ഷയ്ക്കായി നല്കിയ വിലയെ മനുഷ്യനു മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. യേശുക്രിസ്തു സ്വർഗ്ഗീയമഹിമ വെടിഞ്ഞ് ഈ ഭൂമിയിൽ വന്നു പരാജയത്തിന്റെയും നിത്യ നാശത്തിന്റെയും സാദ്ധ്യതകളുണ്ടായിരുന്ന അപകടപൂർണ്ണമായ ജീവിതം തെരഞ്ഞെടുത്തതു നമുക്കു വേണ്ടിയായിരുന്നുവെന്ന്, സ്വർഗ്ഗീയഭവനത്തിൽ എത്തിച്ചേരുമ്പോൾ നാം ഓർമ്മിക്കും. അപ്പോൾ നാം നമ്മുടെ കിരീടങ്ങൾ അവന്റെ പാദപീഠത്തിൽ സമർപ്പിച്ചുകൊണ്ടു പാടും, “അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും, ധനവും, ജ്ഞാനവും, ബലവും, ബഹുമാനവും, മഹത്വവും, സ്തോത്രവും ലഭിപ്പാൻ യോഗ്യൻ” (വെളി. 5:12).

# 14

# ഞങ്ങൾ മശീഹയെ കണ്ടെത്തിയിരിക്കുന്നു

അവലംബം: യോഹന്നാൻ 1:19-51

യോർദ്ദാനക്കരെ, ബേഥാന്യയിൽ യോഹന്നാൻ പ്രസംഗിക്കുകയും സ്നാനം കഴിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. യോശുവയുടെ കാലത്തു യോർദ്ദാനെ രണ്ടായി ഭാഗിച്ചത് ഇവിടെനിന്ന് അധികം ദൂരെയായിരുന്നില്ല. ഇവിടെനിന്ന് അല്പം മാത്രം പോയാൽ മതി, സ്വർഗ്ഗീയസേനകളാൽ നിലം പരിചാക്കപ്പെട്ട യെരീഹോവിലെത്തിച്ചേരാം. ഈ സ്ഥലങ്ങളുമായി ബന്ധപ്പെട്ട സംഭവങ്ങൾ ഈ സന്ദർഭത്തിൽ സ്മരിക്കപ്പെടുകയും അവ യോഹന്നാൻ സ്നാപകന്റെ പ്രസംഗങ്ങളിൽ കൂടുതൽ താൽപര്യം ജനിപ്പിക്കുവാൻ സഹായകമാവുകയും ചെയ്തു. കഴിഞ്ഞ കാലങ്ങളിൽ അത്ഭുതങ്ങൾ കാണിച്ച ദൈവം യിസ്രായേലിന്റെ വിടുതലിനുവേണ്ടി ശക്തി പ്രകടിപ്പിക്കയില്ലേ? ദിനംതോറും യോർദ്ദാന്റെ തീരത്തു കൂടിയ ജനക്കൂട്ടത്തിന്റെ ഹൃദയത്തെ ഈ വിധത്തിലുള്ള ചിന്തകൾ മഥിച്ചിരുന്നു.

മതാധികാരികളുടെ ശ്രദ്ധയെ പിടിച്ചടക്കുവാൻ പര്യാപ്തമാകുമാറ്, യോഹന്നാന്റെ പ്രസംഗങ്ങൾ ജനങ്ങളുടെ ഇടയിൽ ഗൗരവതരമായ ചലനങ്ങൾ സൃഷ്ടിച്ചു. വിപ്ലവങ്ങളുടെ അപകടങ്ങളെക്കുറിച്ചു റോമൻ അധികാരികൾക്കു ബോധ്യമുണ്ടായിരുന്നതിനാൽ ജനമുന്നേറ്റങ്ങളെ സംശയത്തോടുകൂടിയാണ് അവർ വീക്ഷിച്ചുകൊണ്ടിരുന്നത്. ജനങ്ങളുടെ എതിർപ്പിനെ യെഹൂദനേതാക്കളും ഭയപ്പെട്ടിരുന്നു. തന്റെ വേലയ്ക്ക് അനുമതി ലഭിക്കുന്നതിനുവേണ്ടി സൻഹെദ്രിന്റെ ദാക്ഷിണ്യത്തിനുവേണ്ടി യോഹന്നാൻ കാത്തിരുന്നില്ല. യോഹന്നാൻ സദൂക്യരെയും പരീശന്മാരെയും ജനങ്ങളെയും ഭരണാധികാരികളെയും ഒരുപോലെ വിമർശിച്ചു. എന്നിരുന്നിട്ടും ജനം താൽപര്യത്തോടെ അവനെ അനുഗമിച്ചു. ജനത്തിനു യോഹന്നാനോടുള്ള താല്പര്യം ഓരോ ദിവസവും വർദ്ധിച്ചുകൊണ്ടിരുന്നു. യോഹന്നാൻ സൻഹെദ്രിനു വഴങ്ങിയില്ലെങ്കിലും ഒരു യെഹൂദ ഉപദേശകൻ എന്ന നിലയിൽ താൻ സൻഹെദ്രിന്റെ അധികാരസീമയിൽപ്പെട്ടവനെന്നു സൻഹെദ്രിൻ കരുതിയിരുന്നു.

പുരോഹിതന്മാരിൽനിന്നും, പ്രധാന ഭരണാധികാരികളിൽനിന്നും ഗുരുക്കന്മാരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു ഭരണസമിതിയായിരുന്നു സൻഹെദ്രിൻ. സാധാരണ ഈ സമിതിയുടെ അദ്ധ്യക്ഷപദം വഹിച്ചിരുന്നതു മഹാപുരോഹിതനായിരുന്നു. അതിന്റെ അംഗങ്ങൾ പ്രായം ചെന്നവരും പണ്ഡിതരും ആയിരുന്നു. യെഹൂദമതത്തിലും അവരുടെ ചരിത്രത്തിലും മാത്രമല്ല, പൊതുവിജ്ഞാനത്തിലും അവർ സമർത്ഥരായിരുന്നു. ശാരീരികമായ വൈകല്യങ്ങൾ ഇല്ലാത്തവരും, വിവാഹിതരും, പിതാക്കന്മാരും, മറ്റുള്ളവരോടു ദയയോടും മനുഷ്യത്വത്തോടും കൂടെ പെരുമാറുന്ന ആളുകളെയാണ് ഈ സ്ഥാനത്തേക്കു തെരഞ്ഞെടുത്തിരുന്നത്. യെരൂശലേം ദൈവാലയത്തോടു ചേർന്ന ഒരു മുറിയിലായിരുന്നു അവർ സമ്മേളിച്ചിരുന്നത്. യെഹൂദന്മാർ ഒരു സ്വതന്ത്രജനതയായിരുന്നപ്പോൾ, സൻഹെദ്രിൻ, രാജ്യത്തിന്റെ സുപ്രീം കോടതിയായി പ്രവർത്തിച്ചിരുന്നു. മതപരവും, മതേതരവുമായ അധികാരങ്ങൾ അതിനുണ്ടായിരുന്നു. പില്ക്കാലത്ത് അതു റോമൻ അധികാരികൾക്കു വിധേയമായിത്തീർന്നുവെങ്കിലും, പൊതുകാര്യങ്ങളിലും മതപരമായ വിഷയങ്ങളിലും സൻഹെദ്രിൻ ശക്തമായ സ്വാധീനം പുലർത്തിയിരുന്നു.

യോഹന്നാന്റെ പ്രവർത്തനത്തെ സംബന്ധിച്ച അന്വേഷണം മാറ്റിവയ്ക്കുവാൻ സൻഹെദ്രിനു കഴിയുമായിരുന്നില്ല. സെഖര്യാവിനു ദൈവാലയത്തിൽ വച്ചുണ്ടായ വെളിപ്പാടിനെക്കുറിച്ചും, മശീഹയുടെ മുന്നോടിയായി യോഹന്നാൻ പ്രവർത്തിക്കുമെന്ന സെഖര്യാവിന്റെ പ്രവചനത്തെക്കുറിച്ചും ചിലർ അനുസ്മരിച്ചു. എങ്കിലും നീണ്ട മുപ്പതുവർഷങ്ങളിലുണ്ടായ മാറ്റങ്ങളിൽ ഈവക കാര്യങ്ങൾ വിസ്മൃതിയിലാണ്ടുപോയി. യോഹന്നാന്റെ പ്രവർത്തനത്തിൽ ജനത്തിനുണ്ടായ അത്ഭുതപൂർവ്വമായ താല്പര്യം, പലരിലും പഴയ കാര്യങ്ങളുടെ സ്മരണ പുതുക്കുന്നതിനു കാരണമായിത്തീർന്നു.

അനേക കാലങ്ങളായി യോഹന്നാനെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ ഇല്ലായിരുന്നു. ഇപ്രകാരമൊരു ഉണർവ്വും നവീകരണവും യിസ്രാ

യേൽജനതയുടെ ഇടയിലുണ്ടായതും അനേക വർഷങ്ങൾക്കുശേഷമാണ്. അനുതാപത്തിനു വേണ്ടിയുള്ള യോഹന്നാന്റെ ആഹ്വാനം ജനങ്ങളിൽ ഭയവും ഞെട്ടലും ഉളവാക്കി. തങ്ങളുടെ രഹസ്യപാപങ്ങൾ പുറത്താകുമോ എന്ന ഭയത്താൽ അനേക ജനനേതാക്കന്മാർ യോഹന്നാന്റെ പ്രസംഗം കേൾപ്പാൻ കൂട്ടാക്കിയില്ല. യോഹന്നാന്റെ പ്രസംഗവിഷയം അനുതാപത്തിനു വേണ്ടിയുള്ള ആഹ്വാനവും മശീഹയെ സ്വീകരിപ്പാൻ ഒരുങ്ങുക എന്നതുമായിരുന്നു. ദാനീയേൽ പ്രവാചകൻ നല്കിയിട്ടുള്ള 70 ആഴ്ചവട്ടം നിറവേറുന്ന കാലം സമാഗതമായിരിക്കുന്നുവെന്ന് അന്നു പരക്കെ വിശ്വസിക്കപ്പെട്ടിരുന്നു. യോഹന്നാന്റെ ദൗത്യത്തെ ഒന്നുകിൽ അംഗീകരിക്കുകയോ, അല്ലെങ്കിൽ തിരസ്കരിക്കുകയോ ചെയ്യുവാൻ സൻഹെദ്രിൻ നിർബന്ധിതമായി. അത്രമാത്രം ശക്തമായിരുന്നു യോഹന്നാന്റെ പ്രസംഗങ്ങളിൽ ജനങ്ങൾക്കുണ്ടായിരുന്ന താൽപര്യം. ജനങ്ങളുടെമേൽ സൻഹെദ്രിനുണ്ടായിരുന്ന നിയന്ത്രണം അയഞ്ഞുവരികയായിരുന്നു. അവരുടെ താല്പര്യത്തെ എങ്ങനെ നിലനിർത്താമെന്നത്, ഗൗരവതരമായ ഒരു പ്രശ്നമായി വളർന്നുകൊണ്ടിരുന്നു. ഒരു അന്തിമ തീരുമാനത്തിൽ എത്തിച്ചേരുന്നതിനുവേണ്ടി ഒരു സംഘം പുരോഹിതന്മാരെയും ലേവ്യരെയും യോഹന്നാനുമായി ചർച്ച ചെയ്യുന്നതിനു യോർദ്ദാനിലേക്കു സൻഹെദ്രിൻ അയച്ചു.

ഈ പ്രതിനിധിസംഘം എത്തിയപ്പോൾ ഒരു വലിയ ജനക്കൂട്ടം യോഹന്നാന്റെ പ്രസംഗം കേൾക്കുന്നതിനായി കൂടിയിരുന്നു. ജനങ്ങളിൽ തങ്ങളുടെ അധികാരത്തെപ്പറ്റി ഒരു മതിപ്പ് ഉണ്ടാക്കുന്നതിനും യോഹന്നാനെ ശാസിക്കുന്നതിനും വേണ്ടിയായിരുന്നു റബ്ബിമാർ യോർദ്ദാനിൽ വന്നത്. ഈ നേതാക്കന്മാർ കടന്നുപോകുന്നതിനുവേണ്ടി ഭക്ത്യാദരവുകളോടെ ജനം വഴി മാറിക്കൊടുത്തു. തങ്ങളുടെ അധികാരത്തിനു യോജിച്ച വിധത്തിൽ വസ്ത്രം ധരിച്ചിരുന്ന ഈ മതനേതാക്കൾ മരുഭൂമിയിലെ പ്രവാചകന്റെ മുമ്പാകെ നിന്നു. "നീ ആരാകുന്നു?" അവർ യോഹന്നാനോടു ചോദിച്ചു. അവരുടെ നിരൂപണങ്ങളെ മനസ്സിലാക്കിക്കൊണ്ടു യോഹന്നാൻ പറഞ്ഞു: "ഞാൻ ക്രിസ്തു അല്ല." "പിന്നെ എന്ത്? ഏലീയാവോ?" പുരോഹിതപ്രമാണികൾ ആരാഞ്ഞു. "ഞാൻ ഏലീയാവും അല്ല," യോഹന്നാൻ മറുപടി പറഞ്ഞു. അവർ വീണ്ടും ചോദിച്ചു: "ആ പ്രവാചകനോ?" "അല്ല." "പിന്നെ നീ ആരാകുന്നു? ഞങ്ങളെ അയച്ചവരോട് ഉത്തരം പറയേണ്ടതിനു നീ നിന്നെക്കുറിച്ചു തന്നെ എന്തു പറയുന്നു?" "യെശയ്യാപ്രവാചകൻ പറഞ്ഞതുപോലെ: കർത്താവിന്റെ വഴി നേരെയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു" എന്നു യോഹന്നാൻ പറഞ്ഞു. യോഹന്നാൻ ചൂണ്ടിക്കാണിച്ച വേദഭാഗം യെശയ്യാവിന്റെ മനോഹരമായ പ്രവചനമായിരുന്നു. "എന്റെ ജനത്തെ ആശ്വസിപ്പിപ്പിൻ, ആശ്വസിപ്പിപ്പിൻ എന്നു നിങ്ങളുടെ ദൈവം അരുളിച്ചെയ്യുന്നു. യെരൂശലേമിനോട് ആദരവോടെ സംസാരിച്ചു; അവളുടെ യുദ്ധസേവ കഴിഞ്ഞും അവളുടെ അകൃത്യം മോചിക്കപ്പെട്ടും ഇരിക്കുന്നു... കേട്ടോ, ഒരുത്തൻ വിളിച്ചുപറയുന്നത്: മരുഭൂമിയിൽ യഹോവയ്ക്കു വഴി ഒരുക്കുവിൻ; നിർജ്ജനപ്രദേശത്തു നമ്മുടെ ദൈവത്തിന് ഒരു

പെരുവഴി നിരപ്പാക്കുവിൻ. എല്ലാ താഴ്‌വരയും നികന്നും എല്ലാ മലയും കുന്നും താണും വരേണം; വളഞ്ഞതു ചൊവ്വായും ദുർഘടങ്ങൾ സമമായും തീരേണം. യഹോവയുടെ മഹത്വം വെളിപ്പെടും, സകല ജഡവും ഒരുപോലെ അതിനെ കാണും" (യെശ. 40:1-5).

പുരാതനകാലത്ത്, അപരിചിതമായ ഒരു സ്ഥലത്തുകൂടെ ഒരു രാജാവു യാത്രചെയ്യുമ്പോൾ, രാജകീയരഥത്തിനു മുമ്പായി ഒരുകൂട്ടം ആളുകൾ പോയി താണ പ്രദേശങ്ങൾ നിരപ്പാക്കുകയും, കുഴികൾ നികത്തുകയും ചെയ്യുക സാധാരണമായിരുന്നു. രാജാവു സുരക്ഷിതമായും തടസ്സംകൂടാതെയും യാത്രചെയ്യുന്നതിനു വേണ്ടിയായിരുന്നു ഇപ്രകാരം ചെയ്തുപോന്നത്. സുവിശേഷവേലയെ വിശദീകരിക്കുന്നതിനുവേണ്ടി, ഈ പതിവിനെ ഒരു ഉദാഹരണമായി പ്രവാചകൻ ഉപയോഗിച്ചു. എല്ലാ താഴ്‌വരയും നികന്നും എല്ലാ മലയും കുന്നും താണും വരേണം. പരിശുദ്ധാത്മാവ് ഒരു മനുഷ്യനെ സ്പർശിക്കുമ്പോൾ, അവന്റെ അഹങ്കാരം അവനെ വിട്ടുപോകയും ലൗകികസുഖവും സ്ഥാനവും ശക്തിയും അവനു വിലയില്ലാത്തതായി അനുഭവപ്പെടുകയും ചെയ്യുന്നു. "അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞ്, ഏതു വിചാരത്തെയും, ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി ഒരുങ്ങിയുമിരിക്കുന്നു" (2 കൊരി. 10:5). മനുഷ്യർ വിലകല്പിക്കാത്ത വിനയവും, സ്വത്യാഗത്തിലധിഷ്ഠിതമായ സ്നേഹവും അപ്പോൾ വിലയേറിയതായി ഉയർത്തപ്പെടും. ഇതാകുന്നു സുവിശേഷത്തിന്റെ പ്രവർത്തനം. യോഹന്നാന്റെ ദൂത് ഇതിന്റെ ഭാഗമായിരുന്നു.

റബ്ബിമാർ വീണ്ടും ചോദ്യം തുടർന്നു. "എന്നാൽ നീ ക്രിസ്തുവല്ല, ഏലീയാവല്ല, ആ പ്രവാചകനുമല്ല എന്നു വരികിൽ നീ സ്നാനം കഴിപ്പിക്കുന്നത് എന്ത്?" 'ആ പ്രവാചകൻ' എന്ന് അവർ സൂചിപ്പിച്ചതു മോശെയെക്കുറിച്ചായിരുന്നു. മോശെ മരിച്ചവരിൽനിന്ന് ഉയിർക്കപ്പെടുമെന്നും, സ്വർഗ്ഗത്തിൽ പോകുമെന്നുമുള്ള വിശ്വാസം യെഹൂദന്മാർക്കുണ്ടായിരുന്നു. ദൈവം മോശെയെ നേരത്തേതന്നെ ഉയിർപ്പിച്ചുവെന്ന് അവർ അറിഞ്ഞില്ല. സ്നാപകൻ ശുശ്രൂഷ ആരംഭിച്ചപ്പോൾ, പ്രവചനങ്ങളിലും, യെഹൂദചരിത്രത്തിലുമുള്ള അവന്റെ അവഗാഢമായ പാണ്ഡിത്യം കണ്ടിട്ടു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്ത മോശെ ആയിരിക്കും, ഈ യുവാവെന്നു ജനം വിചാരിച്ചു.

മശീഹയുടെ വരവിനു മുമ്പായി ഏലീയാവ് പ്രത്യക്ഷപ്പെടുമെന്നു യെഹൂദന്മാർ വിശ്വസിച്ചിരുന്നു. ഈ വിശ്വാസത്തെ യോഹന്നാൻ നിഷേധിച്ചു. യോഹന്നാന്റെ വാക്കുകൾക്ക് ആഴമായ അർത്ഥം ഉണ്ടായിരുന്നു. യോഹന്നാനെക്കുറിച്ചു പിന്നീടു യേശു പറഞ്ഞു: "നിങ്ങൾക്കു പരിഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ, വരുവാനുള്ള ഏലീയാവ് അവൻ തന്നെ" (മത്തായി 11:14). ഏലീയാവ് ചെയ്ത വേല ചെയ്യുവാൻ, ഏലീയാവിന്റെ ആത്മാവിലും ശക്തിയിലും യോഹന്നാൻ വന്നു. യെഹൂദന്മാർ അവന്റെ ദൂതു സ്വീകരിച്ചിരുന്നുവെങ്കിൽ, അവർക്കു പ്രയോജനപ്പെടുമായിരുന്നു. എന്നാൽ അവർ

യോഹന്നാന്റെ ദൂതു സ്വീകരിച്ചില്ല. അവർക്ക് അവൻ ഏലീയാവായിരുന്നില്ല. യോഹന്നാന്റെ ദൗത്യം അവർക്കു പ്രയോജകീഭവിച്ചില്ല.

യോർദ്ദാൻ നദീതീരത്തു കൂടിയ അനേകരും യേശുവിന്റെ സ്നാനത്തിന്റെ സാക്ഷികളായിരുന്നു. എന്നാൽ ആ സന്ദർഭത്തിൽ നല്കപ്പെട്ട അടയാളം അവരിൽ കുറച്ചുപേർക്കുമാത്രമേ അനുഭവമായുള്ളു. അതിനുമുമ്പായി യോഹന്നാൻ നല്കിയ മാനസാന്തരത്തിനായുള്ള ആഹ്വാനത്തെ അനേകരും കൈക്കൊണ്ടില്ല. അവർ സ്വന്തഹൃദയങ്ങളെ കഠിനപ്പെടുത്തുകയും, അന്ധകാരത്താൽ നിറയ്ക്കുകയും ചെയ്തു. യേശുവിന്റെ സ്നാനസമയത്തു സ്വർഗ്ഗത്തിൽനിന്നുണ്ടായ സാക്ഷ്യം അവർ തിരിച്ചറിഞ്ഞില്ല. അദൃശ്യനായ ദൈവത്തിങ്കലേക്കു വിശ്വാസത്തോടുകൂടി നോക്കാത്ത കണ്ണുകൾക്കു ദൈവമഹത്വം വെളിപ്പെടുത്തപ്പെട്ടപ്പോൾ ഒന്നും ഗ്രഹിപ്പാൻ കഴിഞ്ഞില്ല. അവന്റെ ശബ്ദത്തിനായി തിരിക്കാത്ത കാതുകൾ അവന്റെ സാക്ഷ്യം കേട്ടില്ല. ഇന്നും ഇതുതന്നെയാണു സംഭവിക്കുന്നത്. പലപ്പോഴും ക്രിസ്തുവിന്റെയും, സേവകാത്മാക്കളായ ദൂതന്മാരുടെയും സാന്നിദ്ധ്യം മനുഷ്യസമൂഹങ്ങളിൽ വെളിപ്പെടാറുണ്ട്. എന്നാൽ അനേകരും അത് അറിയുന്നില്ല. അസാധാരണമായി അവർ ഒന്നും കാണുകയില്ല. എന്നാൽ രക്ഷകന്റെ സാന്നിദ്ധ്യം ചിലർക്കു വെളിപ്പെടുന്നു. സന്തോഷവും സമാധാനവും അവരുടെ ഹൃദയങ്ങളെ ചൈതന്യമുള്ളതാക്കുന്നു. അങ്ങനെയുള്ളവർക്ക് ആശ്വാസം ലഭിക്കുകയും അവർ ധൈര്യവും അനുഗ്രഹവും പ്രാപിക്കുകയും ചെയ്യുന്നു.

യെരൂശലേമിൽനിന്നു വന്ന പ്രതിനിധികൾ യോഹന്നാനോടു ചോദിച്ചു: “നീ സ്നാനം കഴിപ്പിക്കുന്നത് എന്ത്?” അവർ യോഹന്നാന്റെ ഉത്തരത്തിനായി കാത്തിരുന്നു. യോഹന്നാൻ ജനക്കൂട്ടത്തെ നോക്കിയപ്പോൾ അവന്റെ കണ്ണുകൾ പ്രകാശിതമായി; അവന്റെ മുഖം പ്രശോഭിച്ചു. കരങ്ങൾ ഉയർത്തിക്കൊണ്ടു യോഹന്നാൻ പറഞ്ഞു: “ഞാൻ വെള്ളത്തിൽ സ്നാനം കഴിപ്പിക്കുന്നു; എന്നാൽ നിങ്ങൾ അറിയാത്ത ഒരുത്തൻ നിങ്ങളുടെ ഇടയിൽ നില്ക്കുന്നുണ്ട്; എന്റെ പിന്നാലെ വരുന്നവൻ തന്നെ; അവന്റെ ചെരിപ്പിന്റെ വാറ് അഴിപ്പാൻ ഞാൻ യോഗ്യനല്ല” (യോഹ. 1:26,27).

യോഹന്നാന്റെ വാക്കുകൾ വ്യക്തവും സ്ഫുടവുമായിരുന്നു. സൻഹെദ്രിൻസംഘത്തിന്റെ കാതുകളിൽ യോഹന്നാന്റെ വാക്കുകൾ പതിക്കുമെന്നുള്ളതു തീർച്ചയായിരുന്നു. ചിരകാലമായി കാത്തിരുന്ന ക്രിസ്തുവിനെക്കുറിച്ചായിരുന്നു യോഹന്നാൻ പ്രസംഗിച്ചത്. എന്നാൽ ക്രിസ്തു അവരുടെ ഇടയിൽ തന്നെ ഉണ്ടായിരുന്നു. യോഹന്നാൻ പ്രകീർത്തിച്ച വ്യക്തിയെ കാണുവാൻ അത്ഭുതപരതന്ത്രരായി പുരോഹിതന്മാരും പ്രഭുക്കന്മാരും ചുറ്റും നോക്കി. ജനക്കൂട്ടത്തിൽ അവനെ തിരിച്ചറിയുക പ്രയാസമായിരുന്നു.

യേശു സ്നാനം ഏല്ക്കുവാൻ വന്നപ്പോൾ, യോഹന്നാൻ യേശുവിനെ “ദൈവത്തിന്റെ കുഞ്ഞാട്” എന്നു സംബോധന ചെയ്തു. ക്രിസ്തുവിന്റെ ശുശ്രൂഷ എന്തായിരിക്കുമെന്ന ഒരു ധ്വനി ആ സംബോധനയിൽ അടങ്ങി

യിരുന്നു. യെശയ്യാവിന്റെ വാക്കുകൾ യോഹന്നാന്റെ സ്മൃതിപഥത്തിൽ വന്നു. "കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ... അവൻ വായെ തുറക്കാതെയിരുന്നു" (യെശ. 53:7). തുടർന്നുള്ള ആഴ്ചകളിൽ യോഹന്നാൻ വർദ്ധിച്ച താൽപര്യത്തോടെ പ്രവചനങ്ങളെക്കുറിച്ചും യാഗശുശ്രൂഷകളെക്കുറിച്ചും പഠിച്ചു. ക്രിസ്തുവിന്റെ ശുശ്രൂഷയുടെ രണ്ടു വശങ്ങളെ യോഹന്നാൻ വ്യക്തമായി ഗ്രഹിച്ചിരുന്നില്ല. പീഡനം അനുവദിച്ചുകൊണ്ടു സ്വയം യാഗമായിത്തീരുന്നതും, വിജയശ്രീലാളിതനായ ഒരു രാജാവായി വിരാജിക്കുന്നതുമായ രണ്ടവസ്ഥകൾ യോഹന്നാനു പൂർണ്ണമായി ഗ്രഹിപ്പാൻ കഴിഞ്ഞിരുന്നില്ലെങ്കിലും, കർത്താവിന്റെ വരവിനെ സംബന്ധിച്ചു പുരോഹിതന്മാരും ജനങ്ങളും മനസ്സിലാക്കിയിരുന്നതിനെക്കാൾ ആഴമായ പ്രാധാന്യമുണ്ടെന്നു യോഹന്നാന് അറിയാമായിരുന്നു. യേശു മരുഭൂമിയിൽനിന്നു തിരിച്ചെത്തി ജനങ്ങളുടെ ഇടയിൽ നില്ക്കുന്നതു കണ്ടപ്പോൾ അവൻ സ്വയം ജനങ്ങൾക്കു വെളിപ്പെടുത്തുമെന്നു യോഹന്നാൻ പ്രതീക്ഷിച്ചു. തന്റെ വരവിന്റെ ഉദ്ദേശ്യം യേശു വിശദമാക്കുമെന്നും യോഹന്നാൻ കരുതി. എന്നാൽ യേശു നിശ്ശബ്ദത പാലിക്കുകയാണു ചെയ്തത്. യേശു തന്നെത്താൻ വെളിപ്പെടുത്തുന്നതിനായി ഒരടയാളവും നല്കിയില്ല. യോഹന്നാൻ തന്നെക്കുറിച്ചു പ്രസ്താവിച്ചപ്പോൾ ഒരു മറുപടിയും ക്രിസ്തു പറഞ്ഞില്ല. യേശു യോഹന്നാന്റെ ശിഷ്യന്മാരുമായി സംഭാഷിച്ചുകൊണ്ടിരുന്നു. തന്റെ ദൗത്യത്തെ സംബന്ധിക്കുന്ന തെളിവുകളൊന്നും നല്കുവാനോ, ജനശ്രദ്ധ പിടിച്ചുപറ്റുവാനോ യേശു ശ്രമിച്ചില്ല.

പിറ്റേദിവസം യേശു വരുന്നതു യോഹന്നാൻ കണ്ടു. ദൈവതേജസ്സിന്റെ പ്രകാശത്തിൽ നിന്നുകൊണ്ടു യോഹന്നാൻ കൈകളെ നീട്ടി പ്രഖ്യാപിച്ചു: "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. എന്റെ പിന്നാലെ ഒരു പുരുഷൻ വരുന്നു; അവൻ എനിക്കു മുമ്പേ ഉണ്ടായിരുന്നതുകൊണ്ട് എനിക്കു മുമ്പനായിത്തീർന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നെ. ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും അവൻ യിസ്രായേലിനു വെളിപ്പെടേണ്ടതിനു ഞാൻ വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു... ആത്മാവ് ഒരു പ്രാവുപോലെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വരുന്നതു ഞാൻ കണ്ടു; അത് അവന്റെമേൽ വസിച്ചു. ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ എന്നെ അയച്ചവൻ എന്നോട്: ആരുടെമേൽ ആത്മാവ് ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു എന്നു പറഞ്ഞു. അങ്ങനെ ഞാൻ കാണുകയും ഇവൻ ദൈവപുത്രൻ തന്നെ എന്നു സാക്ഷ്യം പറയുകയും ചെയ്തിരിക്കുന്നു" (യോഹ. 1:29–34).

'ഇവൻ ക്രിസ്തുതന്നെയോ?' ദൈവപുത്രൻ എന്നു യോഹന്നാൻ വിളിച്ചവനെ ആശ്ചര്യത്തോടും ആദരവോടുംകൂടെ ജനം നോക്കി. യോഹന്നാന്റെ വാക്കുകൾ അവരെ ആഴമായി സ്പർശിച്ചിരുന്നു. ദൈവനാമത്തിലായിരുന്നു യോഹന്നാൻ ജനത്തോടു സംസാരിച്ചത്. തങ്ങളുടെ പാപങ്ങളെ ദിനംതോറും യോഹന്നാൻ ഭർത്സിച്ചിരുന്നത് അവർ കേട്ടു. യോഹന്നാൻ ദൈവത്താൽ

അയയ്ക്കപ്പെട്ടവൻ എന്ന വിശ്വാസം അവരിൽ ബലപ്പെട്ടു. എന്നാൽ യോഹന്നാനെക്കാൾ വലിയവനായ ഇവൻ ആരാണ്? അവന്റെ വസ്ത്രധാരണത്തിലും ഭാവത്തിലും അവൻ ഒരു ഉന്നതനായി കാണപ്പെട്ടില്ല. സാധാരണ ജനങ്ങളെപ്പോലെ എളിമയുടെ വസ്ത്രം ധരിച്ചു ക്രിസ്തു ഒരു സാധാരണ മനുഷ്യനായി കാണപ്പെട്ടു.

ക്രിസ്തുവിന്റെ സ്നാനസമയത്ത് അവന്റെ മഹത്വം ദർശിക്കുകയും ദൈവശബ്ദം ശ്രവിക്കുകയും ചെയ്ത ചിലർ ഈ ജനക്കൂട്ടത്തിലുണ്ടായിരുന്നു. എന്നാൽ അതിനുശേഷം കർത്താവിന്റെ മുഖത്തിനു വലിയ മാറ്റം സംഭവിച്ചിരുന്നു. സ്നാനസമയത്തു കർത്താവിന്റെ മുഖം സ്വർഗ്ഗീയപ്രകാശത്തിൽ മറുരൂപപ്പെട്ടതുപോലെ ആയിരുന്നു. എന്നാൽ ഈ അവസരത്തിൽ ആ മുഖം വിളറി വിരൂപമായിരുന്നു. യോഹന്നാൻ മാത്രമേ ക്രിസ്തുവിനെ തിരിച്ചറിഞ്ഞുള്ളു.

ജനം കർത്താവിനെ നോക്കിയപ്പോൾ കാരുണ്യവും അധികാരവും ഒരുപോലെ അവന്റെ മുഖത്തു വിളങ്ങുന്നതു കണ്ടു. അവന്റെ നോട്ടവും ഭാവവും വിനയസമ്പന്നവും അവർണ്ണനീയവുമായ സ്നേഹം പ്രതിഫലിപ്പിക്കുന്നതുമായിരുന്നു. ആത്മീയമായ ഒരു പരിവേഷം അവനു ചുറ്റുമുണ്ടായിരുന്നു. ക്രിസ്തുവിന്റെ പെരുമാറ്റം വിനയത്തോടും ശാന്തതയോടുംകൂടെ ആയിരുന്നുവെങ്കിലും അവനിൽ സ്വർഗ്ഗീയമായ ഒരധികാരം നിഴലിച്ചിരുന്നു. യിസ്രായേൽ കാത്തിരുന്നവൻ ഇവൻ തന്നെയോ?

യേശു നമുക്ക് ഒരു മാതൃകാപുരുഷനും നമ്മുടെ രക്ഷകനും ആയിരിക്കേണ്ടതിന്, ദാരിദ്ര്യവും എളിമയും അനുഭവിച്ചിരുന്ന ഒരു ഭവനത്തിൽ ജാതനായി. അവൻ സ്വർഗ്ഗീയപ്രൗഢിയോടുകൂടെ വന്നിരുന്നെങ്കിൽ, താഴ്മയുടെ പാഠം ജനത്തെ പഠിപ്പിക്കുവാൻ സാധിക്കുകയില്ലായിരുന്നു. അധികാരപ്രമത്തതയോടെ വന്നിരുന്നുവെങ്കിൽ ഗിരിപ്രഭാഷണത്തിലെ നിത്യസത്യങ്ങൾ നല്കുവാൻ അവനു കഴിയുമായിരുന്നില്ല.

എന്നാൽ ക്രിസ്തുവിന്റെ വരവിൽ അനേകരുടെ പ്രതീക്ഷകൾ തകർന്നു. യോഹന്നാൻ പരിചയപ്പെടുത്തിയ ഈ വ്യക്തിയെ, തങ്ങൾ പ്രതീക്ഷിക്കുന്ന സ്ഥാനത്ത് എങ്ങനെ ഇരുത്തുവാൻ സാധിക്കും? അനേകം ആളുകൾ നിരാശരാവുകയും കുഴങ്ങുകയും ചെയ്തു.

യിസ്രായേലിനു രാജ്യം പുനഃസ്ഥാപിച്ചുകൊടുക്കുമെന്ന വാഗ്ദാനം യേശുവിൽനിന്നു കേൾക്കുവാൻ റബ്ബിമാരും പുരോഹിതന്മാരും വളരെ ആഗ്രഹിച്ചു. എന്നാൽ യേശു ഐഹികമായ ഒരു രാജ്യം സ്ഥാപിക്കുമെന്ന് ഒരു വാഗ്ദത്തവും നല്കിയില്ല. ഒരു ഭൗമിക രാജാവിനെയാണു ജനം കാത്തിരുന്നത്. ഭൗമിക സ്ഥാനമാനങ്ങൾ ഉള്ള ഒരു രാജാവിനെ സ്വീകരിപ്പാൻ അവർ ഒരുക്കമായിരുന്നു. തങ്ങളുടെ ഹൃദയങ്ങളിൽ നീതിയുടെയും സമാധാനത്തിന്റെയും രാജ്യം സ്ഥാപിക്കുവാൻ ആഗ്രഹിച്ചിരുന്നവനെ സ്വീകരിപ്പാൻ യിസ്രായേല്യർ തയ്യാറല്ലായിരുന്നു.

അടുത്ത ദിവസം യോഹന്നാൻ സ്നാപകന്റെ രണ്ടു ശിഷ്യന്മാർ നിന്നിരുന്നിടത്തേക്കു യേശു കടന്നുവരുന്നതു യോഹന്നാൻ കണ്ടു. അദൃശ്യനായവനിൽനിന്നുമുള്ള തേജസ്സു വീണ്ടും യോഹന്നാന്റെ മുഖത്തു വിളങ്ങി. യോഹന്നാൻ വിളിച്ചുപറഞ്ഞു: "ഇതാ... ദൈവത്തിന്റെ കുഞ്ഞാട്." ശിഷ്യന്മാരുടെ ഹൃദയങ്ങളെ ഈ വാക്കുകൾ ആവേശഭരിതമാക്കി. അവർ ആ വാക്കുകളെ പൂർണ്ണമായി ഗ്രഹിച്ചില്ല. "ദൈവത്തിന്റെ കുഞ്ഞാട്" എന്ന വിശേഷണം യേശുവിനു യോഹന്നാൻ നല്കിയത് ഏത് അർത്ഥത്തിലാണ്? യോഹന്നാൻ അതു വിശദമാക്കിയില്ല.

യോഹന്നാന്റെ രണ്ടു ശിഷ്യന്മാർ യോഹന്നാനെ വിട്ടശേഷം യേശുവിന്റെ പിന്നാലെ പോയി. അവരിൽ ഒരാൾ അന്ത്രെയാസ് ആയിരുന്നു. മറ്റേയാൾ സുവിശേഷകനായ യോഹന്നാൻ ആയിരുന്നു. ഇവരായിരുന്നു ക്രിസ്തുവിന്റെ ഒന്നാമത്തെ ശിഷ്യന്മാർ. അടക്കുവാൻ പാടില്ലാത്ത സന്തോഷത്തോടുകൂടി അവർ യേശുവിനെ അനുഗമിച്ചു. യേശുവിനോടു സംസാരിപ്പാൻ അവർ ആഗ്രഹിച്ചുവെങ്കിലും ഭയബഹുമാനങ്ങളാൽ അവർ നിശ്ശബ്ദരായിരുന്നു. "ഇവൻ മശീഹ തന്നെയോ?" എന്ന് അവർ ഗാഢമായി ചിന്തിച്ചു.

ശിഷ്യന്മാർ തന്നെ അനുഗമിക്കുന്നുവെന്നു യേശു അറിഞ്ഞു. തന്റെ ശുശ്രൂഷയുടെ ആദ്യഫലങ്ങളായിരുന്നു അവർ. ഇവർ തന്റെ കൃപയെ സ്വീകരിച്ചപ്പോൾ യേശുവിന്റെ ഹൃദയം ആനന്ദംകൊണ്ടു നിറഞ്ഞു. എങ്കിലും കർത്താവു തിരിഞ്ഞ് അവരോട്: "നിങ്ങൾ എന്ത് അന്വേഷിക്കുന്നു" എന്നു ചോദിച്ചു. തിരിച്ചുപോകുവാനോ, അല്ലെങ്കിൽ അവരുടെ ആഗ്രഹം പ്രകടിപ്പിക്കുവാനോ ഉള്ള സ്വാതന്ത്ര്യം കർത്താവ് അവർക്കു നല്കി.

ഒരേയൊരു കാര്യം മാത്രമായിരുന്നു ശിഷ്യന്മാരുടെ മനസ്സിൽ ഉണ്ടായിരുന്നത്. അവരുടെ ചിന്തയിൽ ഒന്നേ ഉണ്ടായിരുന്നുള്ളു. "റബ്ബീ... നീ എവിടെ പാർക്കുന്നു?" വഴിയരികിൽവച്ചുള്ള ഒരു ചുരുങ്ങിയ സംഭാഷണത്തിൽക്കൂടെ അവർ ആഗ്രഹിക്കുന്നതു ലഭിക്കുക സാദ്ധ്യമല്ലായിരുന്നു. യേശുവിന്റെ പാദപീഠത്തിൽ തനിച്ചിരുന്ന് അവന്റെ വാക്കുകൾ കേൾക്കാൻ അവർ ആഗ്രഹിച്ചു.

"അവൻ അവരോട്: വന്നു കാണ്മിൻ എന്നു പറഞ്ഞു. അങ്ങനെ അവൻ വസിക്കുന്ന ഇടം അവർ കണ്ടു; അന്ന് അവനോടുകൂടെ പാർത്തു."

യോഹന്നാനും അന്ത്രെയാസും പുരോഹിതന്മാരെപ്പോലെ അവിശ്വാസമുള്ള ആത്മാവോടുകൂടിയവരായിരുന്നുവെങ്കിൽ, യേശുവിന്റെ പാദപീഠത്തിൽ അണയുവാൻ അവർക്കു കഴികയില്ലായിരുന്നു. അവർ യേശുവിന്റെ വിമർശകരായിത്തീരുമായിരുന്നു. അനേകർ തങ്ങളുടെ ഹൃദയകവാടങ്ങളെ ദൈവവിളി കേട്ടിട്ടും തുറക്കുന്നില്ല. എന്നാൽ ഈ ആദിമശിഷ്യന്മാർ അങ്ങനെ ആയിരുന്നില്ല. യോഹന്നാന്റെ പ്രസംഗവേളയിൽ, പരിശുദ്ധാത്മാവിന്റെ ആഹ്വാനത്തിന് അവർ വഴങ്ങി. അവർ സ്വർഗ്ഗീയഗുരുവിന്റെ ശബ്ദം തിരിച്ചറിഞ്ഞു. യേശുവിന്റെ വാക്കുകളിൽ അവർ പുതുമയും സത്യവും സൗന്ദ

ര്യവും കണ്ടെത്തി. പഴയനിയമ തിരുവെഴുത്തുകളിൽ ഒരു ദിവ്യപ്രകാശം അവർ കണ്ടു. സത്യത്തിന്റെ വിവിധ വശങ്ങൾ ഒരു പുതിയ വെളിച്ചത്തിൽ കാണപ്പെട്ടു.

താഴ്മയും വിശ്വാസവും സ്നേഹവുമാണ് ഒരുവനെ സ്വർഗ്ഗത്തിൽ നിന്നുള്ള ജ്ഞാനം കരസ്ഥമാക്കുവാൻ പ്രാപ്തനാക്കുന്നത്. സ്നേഹത്താൽ പ്രവർത്തിക്കുന്ന വിശ്വാസമാണ് അറിവിന്റെ താക്കോൽ. "സ്നേഹിക്കുന്ന വനെല്ലാം... ദൈവത്തെ അറിയുകയും ചെയ്യുന്നു" (1 യോഹ. 4:7).

ശിഷ്യനായ യോഹന്നാൻ ഗാഢമായ സ്നേഹവും, തീക്ഷ്ണതയും, ഉത്സാഹവും ഉള്ളവനായിരുന്നു. അവൻ ചിന്താശീലമുള്ളവനുമായിരുന്നു. ക്രിസ്തുവിന്റെ തേജസ്സ് അവൻ തിരിച്ചറിഞ്ഞു. ലൗകികമായ പ്രൗഢിക്കും അധികാരത്തിനും വേണ്ടി കാത്തിരിക്കുവാനായിരുന്നു താൻ പരിശീലിക്ക പ്പെട്ടിരുന്നതെങ്കിലും, യോഹന്നാൻ ക്രിസ്തുവിൽ ദർശിച്ചത് അതായിരു ന്നില്ല. "ഞങ്ങൾ അവന്റെ തേജസ്സു പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു" (യോഹ. 1:14). ആശ്ചര്യമേറിയ ഈ വിഷയം യോഹ ന്നാന്റെ ചിന്തയെ തട്ടിയുണർത്തി.

തന്റെ ഹൃദയത്തെ കവർന്ന സന്തോഷം മറ്റുള്ളവരുമായി പങ്കിടുവാൻ അന്ത്രെയാസ് ആഗ്രഹിച്ചു. സഹോദരനായ പത്രൊസിനെ കണ്ടപ്പോൾ "ഞങ്ങൾ മശീഹയെ കണ്ടെത്തിയിരിക്കുന്നു" എന്നു പറഞ്ഞു. രണ്ടാമ തൊരു വിളിക്കായി ശിമോൻ കാത്തുനിന്നില്ല. യോഹന്നാൻ സ്നാപകന്റെ പ്രസംഗം ശിമോനും കേട്ടിരുന്നു. ശിമോനും യേശുവിന്റെ സന്നിധിയിൽ എത്തിച്ചേർന്നു. ക്രിസ്തുവിന്റെ കണ്ണുകൾ ശിമോന്റെ മേൽ പതിഞ്ഞു. പത്രൊസിന്റെ ജീവിതം മുഴുവനും രക്ഷകനു തുറന്ന പുസ്തകമായിരുന്നു. അവന്റെ വികാരപൂർണ്ണമായ സ്വഭാവവും, സ്നേഹവും അനുകമ്പയും നിറഞ്ഞ ഹൃദയവും, അവന്റെ ഉൽക്കർഷേച്ഛയും, അതിരുകടന്ന ആത്മ വിശ്വാസവും, പരാജയവും, അനുതാപവും, പ്രയത്നവും, രക്തസാക്ഷിത്വ മരണവുമെല്ലാം രക്ഷകന്റെ കൺമുമ്പിലൂടെ കടന്നുപോയി. ശിമോനെ നോക്കി കർത്താവു പറഞ്ഞു: "നീ യോഹന്നാന്റെ പുത്രനായ ശിമോൻ ആകുന്നു; നിനക്കു കേഫാ എന്നു പേരാകും... അതു പത്രൊസ് എന്നാകുന്നു."

"പിറ്റെന്നാൾ യേശു ഗലീലയ്ക്കു പുറപ്പെടുവാൻ ഭാവിച്ചപ്പോൾ ഫിലി പ്പൊസിനെ കണ്ടു: എന്നെ അനുഗമിക്ക എന്ന് അവനോടു പറഞ്ഞു." ഫിലി പ്പൊസ് കർത്താവിന്റെ ആജ്ഞയെ അനുസരിച്ചു. ഉടനെത്തന്നെ ക്രിസ്തു വിന്റെ ശുശ്രൂഷകനായിത്തീർന്നു.

ഫിലിപ്പൊസ് നഥനയേലിനെ വിളിച്ചു. യോഹന്നാൻ യേശുവിനെ ദൈവ ത്തിന്റെ കുഞ്ഞാട് എന്നു പ്രഖ്യാപിച്ചപ്പോൾ നഥനയേൽ ജനക്കൂട്ടത്തിൽ നില്പുണ്ടായിരുന്നു. നഥനയേൽ യേശുവിനെ നോക്കിയപ്പോൾ നിരാശ നാവുകയാണുണ്ടായത്. ദാരിദ്ര്യത്തിലും കഠിനാദ്ധ്വാനത്തിലും കഴിയുന്ന

ഈ വ്യക്തി മശീഹ ആയിരിക്കുമോ? എങ്കിലും യേശുവിനെ നിരസിക്കുവാൻ നഥനയേലിനു കഴിഞ്ഞില്ല. എന്തെന്നാൽ യോഹന്നാൻ സ്നാപകന്റെ ദൂത് അവന്റെ ഹൃദയത്തിൽ ആഴമായി പതിഞ്ഞിരുന്നു.

ഫിലിപ്പൊസ് നഥനയേലിനെ വിളിക്കുമ്പോൾ നഥനയേൽ ഒരു മരത്തോപ്പിൽ യോഹന്നാന്റെ പ്രഖ്യാപനത്തെക്കുറിച്ചും മശീഹയെ സംബന്ധിച്ചുള്ള പ്രവചനങ്ങളെക്കുറിച്ചും ധ്യാനിച്ചുകൊണ്ടിരിക്കുകയായിരുന്നു. യോഹന്നാൻ പറഞ്ഞ ആൾ വീണ്ടെടുപ്പുകാരനാണെങ്കിൽ അതു വെളിപ്പെടുത്തിത്തരേണമേ എന്നു നഥനയേൽ പ്രാർത്ഥിച്ചു. ദൈവം തന്റെ ജനത്തെ സന്ദർശിച്ചു എന്നും, അവർക്കുവേണ്ടി രക്ഷയുടെ ഒരു കൊമ്പ് ഉയർത്തിയിരിക്കുന്നു എന്നും പരിശുദ്ധാത്മാവു നഥനയേലിനു ബോധം വരുത്തി. തന്റെ സ്നേഹിതൻ പ്രവചനങ്ങളെ ശോധന ചെയ്യുകയാണെന്നു ഫിലിപ്പൊസിന് അറിയാമായിരുന്നു. ഫിലിപ്പൊസ് നഥനയേലിനെ കണ്ടെത്തിയപ്പോൾ, നഥനയേൽ ഒരു അത്തിവൃക്ഷത്തിൻകീഴിൽ ധ്യാനിച്ചുകൊണ്ടിരിക്കുകയായിരുന്നു. വൃക്ഷങ്ങൾ നിറഞ്ഞ ഈ സ്ഥാനത്ത് ഈ സ്നേഹിതന്മാർ പ്രാർത്ഥനയ്ക്കായി കൂടിവരിക സാധാരണമായിരുന്നു.

“ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്നു” എന്ന ഫിലിപ്പൊസിന്റെ പ്രസ്താവന, നഥനയേലിനു തന്റെ പ്രാർത്ഥനയ്ക്കുള്ള ഒരു മറുപടി എന്നപോലെയാണു ലഭിച്ചത്. എന്നാൽ ഫിലിപ്പൊസിന്റെ വിശ്വാസം ഈ അവസരത്തിലും ഉറപ്പുള്ളതായിരുന്നില്ല. “അവൻ യോസേഫിന്റെ പുത്രനായ യേശു എന്ന നസ്രേത്തുകാരൻ തന്നെ” എന്നു ഫിലിപ്പൊസ് പറഞ്ഞപ്പോൾ തന്റെ അവിശ്വാസം ആ വാക്കുകളിൽ പ്രതിഫലിച്ചിരുന്നു. നഥനയേലിന്റെ ഹൃദയത്തിൽ മുൻവിധി തലപൊക്കി. “നസ്രേത്തിൽനിന്നു വല്ല നന്മയും വരുമോ” എന്ന നഥനയേലിന്റെ ചോദ്യം മുൻവിധിയോടുകൂടിയുള്ളതായിരുന്നു. ഫിലിപ്പൊസ് നഥനയേലുമായി ഒരു വാദത്തിനു മുതിർന്നില്ല. “വന്നു കാൺക” എന്ന് അവൻ പറഞ്ഞു. നഥനയേൽ വരുന്നതു യേശു കണ്ടിട്ട്, “ഇതാ, സാക്ഷാൽ യിസ്രായേല്യൻ; ഇവനിൽ കപടം ഇല്ല” എന്നു പറഞ്ഞു. “എന്നെ എവിടെവച്ച് അറിയും” എന്നു നഥനയേൽ ചോദിച്ചതിന്, “ഫിലിപ്പൊസ് നിന്നെ വിളിക്കുംമുമ്പേ നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു” എന്ന് ഉത്തരം പറഞ്ഞു.

നഥനയേലിന് അതു മതിയായിരുന്നു. അത്തിവൃക്ഷത്തിൻ ചുവട്ടിൽ ധ്യാനനിരതനായിരുന്നപ്പോൾ പരിശുദ്ധാത്മാവു നല്കിയ സാക്ഷ്യം ഇപ്പോൾ യേശുവിന്റെ വാക്കുകളിലൂടെ വീണ്ടും നഥനയേൽ കേട്ടു. സംശയത്തോടും മുൻവിധിയോടുംകൂടെ ആയിരുന്നെങ്കിലും സത്യം അറിയാനുള്ള വ്യഗ്രതയോടുകൂടിയാണു നഥനയേൽ ക്രിസ്തുവിന്റെ അരികിൽ വന്നത്. ആ ആഗ്രഹം ഇപ്പോൾ സഫലീകരിക്കപ്പെട്ടിരിക്കുന്നു. യേശുവിന്റെ അടുക്കലേക്കു തന്നെ നയിച്ചവനെക്കാൾ കൂടുതൽ വിശ്വാസം നഥനയേൽ പ്രകടിപ്പിച്ചു. “റബ്ബീ, നീ ദൈവപുത്രൻ; നീ യിസ്രായേലിന്റെ രാജാവ് എന്ന് ഉത്തരം പറഞ്ഞു.”

നഥനയേൽ റബ്ബിമാരെ ആശ്രയിച്ചിരുന്നുവെങ്കിൽ യേശുവിനെ കണ്ടെത്തുകയില്ലായിരുന്നു. സ്വയമായി കാണുകയും തീരുമാനമെടുക്കുകയും ചെയ്തതുകൊണ്ടു നഥനയേലിനു യേശുവിന്റെ ശിഷ്യനായിത്തീരുവാൻ കഴിഞ്ഞു. ഇന്ന് അനേകം ആളുകളും മുൻവിധിമൂലം നല്ലതിനെ തെരഞ്ഞെടുക്കാൻ കഴിവില്ലാത്തവരായിത്തീർന്നിരിക്കുകയാണ്. അവർ "വന്നു കാണുന്നു"വെങ്കിൽ അതിന്റെ ഫലം എത്ര ഫലവത്താകുമായിരുന്നു!

മനുഷ്യന്റെ ശക്തിയിൽ ആശ്രയിക്കുമ്പോൾ സത്യത്തെക്കുറിച്ചുള്ള പരിജ്ഞാനം ഒരുവനു പ്രാപിക്കാൻ കഴികയില്ല. നഥനയേലിനെപ്പോലെ ദൈവവചനം സ്വയമായി പഠിക്കയും പരിശുദ്ധാത്മാവാൽ പ്രകാശിതരായിത്തീരാൻ പ്രാർത്ഥിക്കയും ചെയ്യേണ്ടതു നമുക്കാവശ്യമായിരിക്കുന്നു. നഥനയേലിനെ അത്തിവൃക്ഷത്തിൻ കീഴിൽ ഇരുന്നപ്പോൾ കണ്ട കർത്താവ്, നമ്മെയും നമ്മുടെ രഹസ്യപ്രാർത്ഥനാസമയത്തു കാണുന്നു. ദൈവിക നടത്തിപ്പിനു വേണ്ടി താഴ്മയോടുകൂടെ പ്രാർത്ഥിക്കുന്നവരുടെ സമീപത്തു ദൈവദൂതന്മാർ ഉണ്ടായിരിക്കും.

യോഹന്നാൻ, അന്ത്രെയാസ്, ശിമോൻ, ഫിലിപ്പൊസ്, നഥനയേൽ എന്നിവരെ വിളിച്ചതോടുകൂടി ക്രിസ്തീയ സഭയുടെ അടിസ്ഥാനം ഇട്ടുകഴിഞ്ഞു. യോഹന്നാൻ സ്നാപകൻ തന്റെ രണ്ടു ശിഷ്യന്മാരെ ക്രിസ്തുവിന്റെ സമീപത്തേക്കയച്ചു. അതിലൊരുവനായ അന്ത്രെയാസ് തന്റെ സഹോദരനെ ക്രിസ്തുവിങ്കലേക്കാനയിച്ചു. പിന്നീടു വിളിക്കപ്പെട്ടവനായ ഫിലിപ്പൊസ്, നഥനയേലിനെ അന്വേഷിച്ചുപോയി. ഈ മാതൃകകൾ വ്യക്തിഗതമായ പ്രയത്നത്തിന്റെ പ്രാധാന്യതയെയും, നമ്മുടെ കുടുംബത്തിൽപ്പെട്ടവർക്കും സ്നേഹിതർക്കും അയൽക്കാർക്കും നല്കേണ്ട ക്ഷണത്തെയുംകുറിച്ചു നമ്മെ പഠിപ്പിക്കുന്നു. ക്രിസ്തുവിനോടുകൂടെ ഇടപഴകിയവർ എന്നു ജീവിതകാലം മുഴുവൻ അവകാശപ്പെടുകയും, അതേസമയം ഒറ്റ ആത്മാവിനെപ്പോലും കർത്തൃസന്നിധിയിൽ കൊണ്ടുവരുവാൻ വ്യക്തിപരമായി ശ്രമിക്കാതിരിക്കുകയും ചെയ്യുന്നവർ ഉണ്ട്. അങ്ങനെയുള്ളവർ ജോലി മുഴുവൻ സഭാപ്രവർത്തകനെ ഏല്പിക്കയാണു ചെയ്യുന്നത്. സഭാശുശ്രൂഷകൻ വിശ്വസ്തനായ ഒരു ദൈവദാസനായിരിക്കാം. എന്നാൽ ദൈവം സഭാംഗങ്ങളെ ഭരമേല്പിക്കുന്ന ചുമതല സഭാപാസ്റ്റർക്കു ചെയ്വാൻ കഴിയുകയില്ല.

ക്രിസ്തീയ സ്നേഹത്തോടുകൂടിയുള്ള ശുശ്രൂഷ ആവശ്യമുള്ളവർ നമുക്കുചുറ്റും ധാരാളമുണ്ട്. അനേകർ നാശത്തിലേക്കു പൊയ്പ്പോകുന്നു. നമ്മുടെ സഹായഹസ്തം ഇവർക്കായി നീട്ടിയിരുന്നെങ്കിൽ ഇവരെ രക്ഷയിലേക്കു കൊണ്ടുവരാമായിരുന്നു. വ്യക്തിപരമായ വിളിക്കുവേണ്ടി കാത്തിരിക്കുന്നവർ ധാരാളമുണ്ട്. നമ്മുടെ കുടുംബത്തിൽ, നമ്മുടെ അയൽക്കാരുടെ ഇടയിൽ, നമ്മുടെ പട്ടണത്തിൽ, നാം ജീവിക്കുന്ന സ്ഥലത്തു ക്രിസ്തുവിന്റെ ദൗത്യവാഹകരായി നമുക്കു പ്രവർത്തിക്കുവാൻ സാധിക്കും. നാം ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളാണെങ്കിൽ, ഈ വേല നമുക്കു സന്തോഷം നല്കും. ഒരുവൻ മാനസാന്തരപ്പെടുമ്പോൾ എത്ര നല്ല ഒരു സ്നേഹിത

നാണു താൻ കണ്ടെത്തിയ യേശു എന്നു മറ്റുള്ളവരോടു പറയുവാനുള്ള ആഗ്രഹം അവനുണ്ടാകും. രക്ഷയുടെയും വിശുദ്ധീകരണത്തിന്റെയും സത്യം ഹൃദയത്തിലൊളിച്ചുവയ്ക്കാൻ സാദ്ധ്യമല്ല.

ദൈവത്തിനായി സമർപ്പിക്കപ്പെട്ട ഏവരും വെളിച്ചവാഹകരാണ്. തങ്ങൾക്കു ലഭിച്ച ദൈവകൃപ മറ്റുള്ളവർക്കു പകർന്നുകൊടുക്കേണ്ട ചുമതല ദൈവം തന്റെ മക്കളെ ഭരമേല്പിക്കുന്നു. അവരോടു ദൈവത്തിന്റെ വാഗ്ദത്തം ഇതാണ്: "ഞാൻ അവയെയും എന്റെ കുന്നിനു ചുറ്റുമുള്ള സ്ഥലങ്ങളെയും ഒരു അനുഗ്രഹമാക്കി വയ്ക്കും; ഞാൻ തക്കസമയത്തു മഴ പെയ്യിക്കും; അത് അനുഗ്രഹകരമായ മഴ ആയിരിക്കും" (യെഹെ. 34:26).

"വന്നു കാൺക" എന്നു ഫിലിപ്പൊസ് നഥനയേലിനോടു പറഞ്ഞു. മറ്റൊരാളിന്റെ സാക്ഷ്യം അതേപടി സ്വീകരിക്കണമെന്നു ഫിലിപ്പൊസു പറഞ്ഞില്ല. എന്നാൽ ക്രിസ്തുവിനെ നോക്കുവാൻ അവൻ പറഞ്ഞു. യേശുക്രിസ്തു ഇപ്പോൾ സ്വർഗ്ഗത്തിലേക്കു പോയിരിക്കുകയാണ്. അവന്റെ ശിഷ്യന്മാർ ഭൂമിയിലെ അവന്റെ പ്രതിനിധികളാണ്. യേശുവിനുവേണ്ടി ആത്മാക്കളെ ആദായപ്പെടുത്തുവാനുള്ള ഫലവത്തായ മാർഗ്ഗം നമ്മുടെ ദൈനംദിന ജീവിതത്തിൽ അവന്റെ സ്വഭാവം പ്രതിഫലിപ്പിക്കുന്നതിലൂടെയത്രേ. നാം എന്തു പറയുന്നുവെന്നതല്ല, നേരെമറിച്ചു നാം എന്താകുന്നു എന്നതാണു മറ്റുള്ളവരെ സ്വാധീനിക്കുന്ന ഘടകം. നമ്മുടെ തത്വശാസ്ത്രത്തെ മറ്റുള്ളവർ എതിർത്തേക്കാം. നമ്മുടെ അഭ്യർത്ഥന അവർ തള്ളിക്കളഞ്ഞേക്കാം. എന്നാൽ നിരപവാദ്യമായ സ്നേഹത്തിൽ വേരൂന്നിയ ജീവിതത്തെ എതിർക്കുവാൻ ആർക്കും സാദ്ധ്യമല്ല. ക്രിസ്തുവിന്റെ സൗമ്യതയും സ്ഥിരതയുമുള്ള ജീവിതം ലോകത്തിൽ ഒരു വലിയ ശക്തിയായിരിക്കും.

ഉള്ളിൽനിന്നുമുള്ള ദൃഢമായ വിശ്വാസത്തിന്റെയും അനുഭവത്തിന്റെയും പ്രകാശനമായിരുന്നു ക്രിസ്തുവിന്റെ ഉപദേശം. ക്രിസ്തുവിൽനിന്നു പഠിക്കുന്നവർ ക്രിസ്തുവിനെപ്പോലെ ഗുരുക്കന്മാരായിത്തീരുന്നു. വചനത്താൽ വിശുദ്ധീകരിക്കപ്പെട്ടവൻ നല്കുന്ന ദൈവവചനത്തിനു ജീവദായകമായ ശക്തിയുണ്ട്. കേൾവിക്കാർക്ക് അത് ആകർഷകമായിരിക്കുകയും, ജീവിക്കുന്ന യഥാർത്ഥ്യമെന്ന ഉത്തമബോധ്യം ഉളവാക്കുകയും ചെയ്യുന്നു. ഒരുവൻ സത്യത്തെ സ്വീകരിക്കുമ്പോൾ അത് അവന്റെ നല്ല പെരുമാറ്റത്തിൽക്കൂടിയും സംഭാഷണത്തിൽക്കൂടിയും മറ്റുള്ളവർക്കു ബോധ്യമാവുന്നു. അവൻ "കണ്ടതും, കേട്ടതും, കൈകൊണ്ടു തൊട്ടതുമായ" ദൈവവചനം മറ്റുള്ളവർ അറിയുവാൻ ഇടവരുത്തുന്നു. ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ മറ്റുള്ളവരുമായി കൂട്ടായ്മ ഉണ്ടാകുന്നതിനുവേണ്ടിയാണ് ഇതു ചെയ്യുന്നത്. സ്വർഗ്ഗത്തിലെ കനൽകൊണ്ടു ശുദ്ധീകരിക്കപ്പെട്ട അധരത്തിൽനിന്നു പുറപ്പെടുന്ന സാക്ഷ്യം, സ്വീകരിക്കാൻ കഴിവുള്ള ഹൃദയത്തിന് അതു സത്യം ആയിരിക്കും. കൂടാതെ അതു സ്വഭാവത്തെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു.

മറ്റുള്ളവർക്കു പ്രകാശം നല്കാൻ കാംക്ഷിക്കുന്നവർ അനുഗ്രഹിക്കപ്പെടും. "ഞാൻ തക്കസമയത്തു മഴ പെയ്യിക്കും; അത് അനുഗ്രഹകരമായ

മഴ ആയിരിക്കും" (യെഹെ. 34:26). "തണുപ്പിക്കുന്നവനു തണുപ്പു കിട്ടും" (സദൃശ. 11:25). പാപികളെ രക്ഷിപ്പാനുള്ള ദൈവോദ്ദേശ്യം ആരുടെയും സഹായംകൂടാതെ ദൈവത്തിനു നിറവേറ്റാൻ കഴിയും. എന്നാൽ നമ്മിൽ ക്രിസ്തുവിന്റെ സ്വഭാവം വികസിക്കുന്നതിന് അവന്റെ വേലയിൽ പങ്കാളികളാകേണ്ടത് ആവശ്യമത്രേ. ക്രിസ്തുവിന്റെ യാഗത്താൽ വീണ്ടെടുക്കപ്പെട്ട ജനത്തെ കാണുമ്പോഴുള്ള ക്രിസ്തുവിന്റെ സന്തോഷത്തിൽ നാമും പങ്കാളികളാകണമെങ്കിൽ, അവന്റെ രക്ഷണ്യവേലയിൽ നാമും പങ്കാളിത്വം വഹിക്കേണ്ടതാണ്.

നഥനയേലിന്റെ ആത്മാർത്ഥതയും തീക്ഷ്ണതയുമുള്ള വിശ്വാസത്തിന്റെ ആദ്യപ്രകടനം ക്രിസ്തുവിന്റെ കാതിൽ ആനന്ദസംഗീതം പൊഴിച്ചു. യേശു അവനോട്, "ഞാൻ നിന്നെ അത്തിയുടെ കീഴിൽ കണ്ടു എന്നു നിന്നോടു പറകകൊണ്ടു നീ വിശ്വസിക്കുന്നുവോ? നീ ഇതിനെക്കാൾ വലിയതു കാണും എന്നുത്തരം പറഞ്ഞു."എളിയവരോടു സദ്വർത്തമാനം ഘോഷിക്കുന്നതും, ഹൃദയം തകർന്നവരുടെ മുറിവു കെട്ടുന്നതും, ബദ്ധന്മാർക്കു സ്വാതന്ത്ര്യം അറിയിക്കുന്നതുമായ തന്റെ വേലയെ കർത്താവു സന്തോഷത്തോടെ വിഭാവനം ചെയ്തു. മനുഷ്യനു ദൈവം നല്കുന്ന വിലതീരാത്ത അനുഗ്രഹങ്ങളെ അനുസ്മരിച്ചുകൊണ്ടു കർത്താവു പറഞ്ഞു: "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും."

ഇവിടെ കർത്താവ് അർത്ഥമാക്കിയത്, യോർദ്ദാൻ നദിക്കരയിൽവച്ചു സ്വർഗ്ഗം തുറന്നതും, ആത്മാവു തന്റെ മേൽ ഇറങ്ങിയതുമായിരുന്നു. താൻ ദൈവത്തിന്റെ പുത്രനാണെന്നുള്ള ഒരടയാളമായിരുന്നു അത്. "ഞാൻ ദൈവപുത്രനെന്നു നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങളുടെ വിശ്വാസം ചൈതന്യമുള്ളതായിത്തീരും. സ്വർഗ്ഗം തുറന്നിരിക്കുന്നതു നിങ്ങൾ കാണും. അത് ഒരിക്കലും അടച്ചിരിക്കുന്നതായി കാണപ്പെടുകയില്ല. നിങ്ങൾക്കായി ഞാനതു തുറന്നിരിക്കുന്നു." ദൈവദൂതന്മാർ, പ്രയാസത്തിലും ദുഃഖത്തിലുമിരിക്കുന്ന ദൈവമക്കളുടെ പ്രാർത്ഥന വഹിച്ചുകൊണ്ടു ദൈവസന്നിധിയിലേക്കു കയറുകയും, സ്വർഗ്ഗത്തിൽനിന്ന് അനുഗ്രഹവും പ്രത്യാശ, ധൈര്യം, സഹായം, ജീവൻ ഇവയും ഏറ്റുവാങ്ങിക്കൊണ്ട് അവരുടെ സമീപത്തേക്ക് ഇറങ്ങുകയും ചെയ്യുന്നു.

ദൈവദൂതന്മാർ എപ്പോഴും ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കും, സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. കഷ്ടത അനുഭവിക്കുന്നവർക്കും രോഗബാധിതർക്കുംവേണ്ടിയുള്ള ക്രിസ്തുവിന്റെ അത്ഭുതങ്ങൾ നിർവ്വഹിക്കപ്പെട്ടതു ദൈവിക ശക്തിയാലാണ്. ദൈവദൂതന്മാരുടെ സേവനം ഇതിലുണ്ട്. ദൈവത്തിൽനിന്നു നമുക്കു ലഭിക്കുന്ന എല്ലാ അനുഗ്രഹവും ക്രിസ്തുവിൽക്കൂടെയാണു കൈവരുന്നത്. ഇതിന്റെ നിർവ്വഹണത്തിൽ ദൂതന്മാരുടെ സേവനം ഉണ്ട്. കർത്താവു മനുഷ്യനായിത്തീർന്നതു

മൂലം വീഴ്ച ഭവിച്ച മനുഷ്യവർഗ്ഗത്തിന്റെ താൽപര്യങ്ങളെ തന്റെ താൽപര്യങ്ങളുമായി ഏകീഭവിപ്പിക്കുവാൻ കർത്താവിനു കഴിയും. അതേ കർത്താവു തന്റെ ദിവ്യത്വത്താൽ സ്വർഗ്ഗീയപിതാവുമായി ഏകീഭാവം പുലർത്തുന്നു. മനുഷ്യനും ദൈവവും തമ്മിലുള്ള സമ്പർക്കത്തിന്റെ മദ്ധ്യവർത്തിയാണു ക്രിസ്തു.

# 15

# കല്യാണവിരുന്നിൽ

**അവലംബം: യോഹന്നാൻ 2:1–11**

യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചതു സൻഹെദ്രിൻസംഘത്തിന്റെ മുമ്പാകെ ഒരു വലിയ പ്രവൃത്തി ചെയ്തുകൊണ്ടായിരുന്നില്ല. ഗലീലയിലെ ഒരു കുടുംബത്തിലെ വിവാഹവി രുന്നിൽ, അവരുടെ സന്തോഷം പൂർണ്ണമാക്കുന്നതിനുവേണ്ടിയായിരുന്നു തന്റെ ദിവ്യശക്തി ക്രിസ്തു ആദ്യമായി ഉപയോഗിച്ചത്. മനുഷ്യരോടുള്ള അനുകമ്പയും, അവരുടെ സന്തോഷത്തിൽ അവരെ സഹായിപ്പാനുള്ള താൽപര്യവും ഈ പ്രവൃത്തിയിലൂടെ യേശു പ്രകടമാക്കി. മരുഭൂമിയിലെ പരീക്ഷയിൽ, വേദനയുടെ കൈപ്പുനീർ കുടിച്ച കർത്താവ്, അനുഗ്രഹത്തിന്റെ പാനപാത്രം മനുഷ്യർക്കു നല്കുവാനായി കാനാവിലേക്കു വന്നു. മനുഷ്യബന്ധങ്ങളെ ആശീർവ്വദിക്കുവാൻ യേശു അതീവതൽപരനായിരുന്നു.

യോർദ്ദാനിൽനിന്നു യേശു ഗലീലയിലേക്കു മടങ്ങിപ്പോയി. നസ്രേത്തിൽനിന്ന് അധികം അകലെയല്ലാത്ത കാനാവിൽ ഒരു വിവാഹശുശ്രൂഷ

നടക്കുവാൻ പോകുകയായിരുന്നു. ഈ കുടുംബങ്ങളോടു യോസേഫിനും മറിയയ്ക്കും വളരെ അടുത്ത ബന്ധം ഉണ്ടായിരുന്നു. ഈ കുടുംബസമ്മേളനത്തിൽ പങ്കെടുക്കാനായി യേശു കാനാവിലേക്കു പോയി. വിരുന്നിൽ യേശുവും ശിഷ്യന്മാരും ക്ഷണിക്കപ്പെട്ടിരുന്നു.

കുറച്ചുകാലം അമ്മയിൽനിന്നു യേശു വേർപ്പെട്ടിരുന്നെങ്കിലും, ഈ ഭവനത്തിൽവച്ചു യേശു തന്റെ അമ്മയെ കണ്ടുമുട്ടി. യേശുവിന്റെ സ്നാനസമയത്തുണ്ടായ അത്ഭുതത്തെക്കുറിച്ചു മറിയ കേട്ടിരുന്നു. ഈ വാർത്ത നസ്രേത്തിൽ പ്രസിദ്ധമായി. അനേക വർഷങ്ങളായി അമ്മയുടെ ഹൃദയത്തിൽ മറഞ്ഞുകിടന്നിരുന്ന രംഗങ്ങൾ അവളുടെ സ്മരണയിൽ ഓടിയെത്തി. എല്ലാ യിസ്രായേല്യരെയുംപോലെ മറിയയും യോഹന്നാൻ സ്നാപകന്റെ ദൗത്യത്തിൽ ആകൃഷ്ടയായിരുന്നു. യോഹന്നാന്റെ ജനനസമയത്തു നല്കപ്പെട്ട പ്രവചനം അവൾ ഓർത്തു. യേശുവും യോഹന്നാനും തമ്മിലുണ്ടായ കൂടിക്കാഴ്ച അവളുടെ പ്രതീക്ഷകളെ ജ്വലിപ്പിച്ചു. എന്നാൽ മരുഭൂമിയിലേക്കുള്ള യേശുവിന്റെ പിൻവാങ്ങൽ മറിയയിൽ ഭീതിയും പ്രയാസവും ഉളവാക്കിയിരുന്നു.

നസ്രേത്തിലുള്ള വീട്ടിൽവച്ചു ദൂതന്മാരുടെ പ്രഖ്യാപനം കേട്ട നാൾ മുതൽ തന്റെ മകൻ മശീഹ ആയിരിക്കുമെന്നുള്ള എല്ലാ സൂചനകളും മറിയ ഹൃദയത്തിൽ സംഗ്രഹിച്ചു. യേശുവിന്റെ കളങ്കമറ്റതും നിസ്വാർത്ഥവുമായ ജീവിതം തന്നെ, അവൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനെന്ന ഉറപ്പു നല്കുന്നതായിരുന്നു. എന്നാൽ ചില അവസരങ്ങളിൽ അവളിൽ സംശയങ്ങളും നിരാശകളും കടന്നുകൂടിയിരുന്നു. യേശുവിന്റെ മഹത്വം വെളിപ്പെടുന്നതിനുവേണ്ടി മറിയ ആഗ്രഹിച്ചു. യേശുവിന്റെ ജനനത്തിൽ ദൈവിക ശക്തിയുടെ പ്രവർത്തനം ഉണ്ടായിരുന്നു എന്നറിഞ്ഞ യോസേഫ് മരണത്താൽ മറിയയിൽനിന്നു വേർപിരിക്കപ്പെട്ടു. മറിയയുടെ ഭയാശങ്കകൾ പങ്കിടുവാൻ ഇപ്പോൾ ആരുമില്ലായിരുന്നു. കഴിഞ്ഞുപോയ രണ്ടു മാസങ്ങൾ മറിയയ്ക്കു ദുഃഖപൂരിതമായിരുന്നു. അവൾക്ക് ആശ്വാസം പകർന്നുകൊടുക്കേണ്ട മകനും അകലെയായി. ശിമ്യോന്റെ വാക്കുകൾ മറിയ ഓർത്തു. “നിന്റെ സ്വന്ത പ്രാണനിൽക്കൂടിയും ഒരു വാൾ കടക്കും” (ലൂക്കൊസ് 2:35). തന്റെ മകൻ എന്നേക്കുമായി നഷ്ടപ്പെട്ടു എന്നു ഭയപ്പെട്ട മൂന്നു നാളുകളിലെ ഹൃദയവ്യഥ ആ അമ്മ ഓർത്തു. ഉത്കണ്ഠ നിറഞ്ഞ ഹൃദയത്തോടെ മകന്റെ വരവിനുവേണ്ടി അവൾ കാത്തിരുന്നു.

കാനാവിലെ വിവാഹവിരുന്നിൽ അമ്മ മകനെ വീണ്ടും കണ്ടെത്തി; ഉത്തരവാദിത്വബോധമുള്ളവനും കരുണാസമ്പന്നനുമായ മകൻ; അവനു മാറ്റം വന്നിരിക്കുന്നു. മരുഭൂമിയിൽവച്ചു സാത്താനുമായുണ്ടായ പോരാട്ടത്തിന്റെ അടയാളങ്ങൾ, അവന്റെ മുഖഭാവത്തിൽ കാൺമാനുണ്ടായിരുന്നു. എന്നിരുന്നാലും, സ്വർഗ്ഗീയദൗത്യം തന്നിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നുവെന്നു പ്രകടമാക്കുന്ന കുലീനതയും അധികാരവും യേശുവിൽ വിളങ്ങിയിരുന്നു. യേശുവിനെ ഗുരുവെന്ന് അഭിസംബോധന ചെയ്യുകയോ, ഭക്തിയോടെ അനുധാവനം ചെയ്യുകയോ ചെയ്തിരുന്ന കുറെ യുവാക്കളെയും ആ അമ്മ കണ്ടു.

യേശുവിന്റെ സ്നാനസമയത്തും അതിനുശേഷവും തങ്ങൾ കണ്ടതും കേട്ടതുമായ കാര്യങ്ങളെ യേശുവിന്റെ ശിഷ്യന്മാർ അമ്മയോടു വിവരിച്ചു പറഞ്ഞു. “ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്നു” (യോഹ. 1:45).

വിവാഹവിരുന്നിൽ ക്ഷണിക്കപ്പെട്ടവർ ഓരോരുത്തരായി വന്നെത്തിയതോടെ, അവർക്കു താൽപര്യമുള്ള വിഷയങ്ങളെ സംബന്ധിച്ചു ചർച്ചകളിൽ ഏർപ്പെട്ടു. അവരിൽ പലരും കാര്യങ്ങൾ അറിയുവാൻ താൽപര്യമുള്ളവരായിരുന്നു. യേശു എന്ന വ്യക്തി അവരുടെ ശ്രദ്ധാകേന്ദ്രമായിത്തീർന്നു. എല്ലാവരുടെയും കണ്ണുകൾ യേശുവിന്റെമേൽ പതിയുവാൻ തുടങ്ങി. യേശുവിനെക്കുറിച്ച്, ശിഷ്യന്മാർ പറഞ്ഞ സാക്ഷ്യം മറിയയെ സന്തുഷ്ടയാക്കി. തന്റെ മകനെ സംബന്ധിച്ച പ്രതീക്ഷകൾ മറിയയ്ക്കു സംതൃപ്തി നല്കി. നിഷ്കളങ്കമായ ഈ സന്തോഷത്തിൽ വാത്സല്യനിധിയായ ഒരമ്മയ്ക്കു സ്വാഭാവികമായുണ്ടാകുന്ന അഹങ്കാരത്തിന്റെ ഒരു ചെറിയ അംശംപോലും അലിഞ്ഞുചേർന്നിട്ടില്ലായിരുന്നുവെങ്കിൽ മറിയ അമാനുഷിക സ്വഭാവവിശേഷത്തിന്റെ ഉടമ എന്നു കരുതാമായിരുന്നു. അനേകരുടെ ദൃഷ്ടികൾ യേശുവിന്റെമേൽ പതിഞ്ഞപ്പോൾ അവൻ ദൈവത്താൽ ബഹുമാനിതനാണ് എന്ന് അവിടെ കൂടിയിരുന്നവരെ ധരിപ്പിക്കുവാൻ മറിയ ആഗ്രഹിച്ചു. അവരുടെ മുമ്പാകെ അവന്റെ ദിവ്യത്വം പ്രകടമാക്കുവാൻ ഒരവസരം ഉണ്ടാകണമേ എന്നവൾ ആശിച്ചു.

വിവാഹോത്സവങ്ങൾ പല ദിവസങ്ങളിലേക്കു നീണ്ടുപോകുക എന്നത് അക്കാലത്തു സാധാരണമായിരുന്നു. ഈ ഭവനത്തിൽ വിവാഹം അവസാനിക്കുന്നതിനുമുമ്പു വീഞ്ഞു തീർന്നുപോയി. കുടുംബാംഗങ്ങൾ ഇതിൽ വല്ലാതെ വിഷമിച്ചു. ഇപ്രകാരം ഒരു സ്ഥിതിവിശേഷം ഉണ്ടാവുക അസാധാരണമായ ഒന്നായിരുന്നു. വീഞ്ഞ് ഇല്ലാതെ വരികയെന്നാൽ വലിയ ഒരു കുറവായി പരിഗണിക്കപ്പെട്ടിരുന്നു. ഒരു ബന്ധുവെന്ന നിലയിലാണു മറിയ ആ വീട്ടിലെ സൽക്കാരങ്ങളിൽ സഹായിച്ചിരുന്നത്. “അവർക്കു വീഞ്ഞ് ഇല്ല” എന്ന വസ്തുത അമ്മ മകനെ അറിയിച്ചു. ആ വീട്ടുകാരുടെ ദുർഘടസന്ധിയിൽ അവരെ സഹായിക്കുക എന്ന അഭ്യർത്ഥന മറിയയുടെ വാക്കുകളിൽ നിഴലിട്ടിരുന്നു. “സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല” എന്ന ഉത്തരമാണു യേശു നല്കിയത്.

ബഹുമാനമോ സ്നേഹമോ പ്രകടമാകാത്ത വാക്കുകളാണിതെന്നു തോന്നുമെങ്കിലും, ഈ ഉത്തരത്തിൽ ഒട്ടും സ്നേഹക്കുറവു യേശു കാണിച്ചിട്ടില്ല. ആ നാട്ടിലെ രീതിയനുസരിച്ചു കർത്താവു സംസാരിച്ചു. താൻതന്നെ നല്കിയ കല്പനയായ “നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക” (പുറ. 20:12) എന്ന തത്വത്തിനനുസൃതമായിട്ടായിരുന്നു ക്രിസ്തുവിന്റെ ഭൗമിക ജീവിതത്തിലെ ഓരോ പ്രവൃത്തിയും. ക്രൂശിതനായി കിടക്കുമ്പോൾ, അമ്മയോടുള്ള തന്റെ കടമ നിർവ്വഹിച്ചപ്പോഴും ഇതേ രീതിയിലാണ് അമ്മയെ അഭിസംബോധന ചെയ്തത്. ആ സന്ദർഭത്തിൽ താൻ ഏറ്റവും സ്നേഹിച്ച ശിഷ്യനെ അമ്മയുടെ സംരക്ഷണം ഏല്പിക്കുകയായിരുന്നു. കല്യാണ

സദ്യയുടെ സമയത്തും ക്രൂശിലായിരുന്നപ്പോഴും പ്രകടമാക്കപ്പെട്ട സ്നേഹം, യേശുവിന്റെ വാക്കുകളെ അവയുടെ യഥാർത്ഥ അർത്ഥത്തിൽ വ്യാഖ്യാനിക്കുന്നു.

ശിശുവായിരുന്നപ്പോൾ, യേശു യെരൂശലേം സന്ദർശിച്ച വേളയിൽ, തന്റെ ജീവിതദൗത്യം വെളിപ്പെടുത്തിയപ്പോൾ അമ്മയോടു സംസാരിച്ചത് ഇപ്രകാരമായിരുന്നു. "എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്നു നിങ്ങൾ അറിയുന്നില്ലയോ" (ലൂക്കൊസ് 2:49). ഈ വാക്കുകൾ തന്റെ ദൗത്യത്തിന്റെയും ജീവിതത്തിന്റെയും അടിസ്ഥാനതത്വത്തെ വെളിപ്പെടുത്തി. ലോകത്തെ വീണ്ടെടുക്കുക എന്ന ബൃഹത്തായ വേലയ്ക്കു ക്രിസ്തു പരമപ്രാധാന്യം നല്കി. ക്രിസ്തുവിന്റെ വാക്കുകൾ അതാണു ചൂണ്ടിക്കാണിച്ചത്. ഒരമ്മ എന്ന നിലയിൽ മറിയയ്ക്കു ക്രിസ്തുവിന്റെമേൽ ഉണ്ടായിരുന്ന സ്വാതന്ത്ര്യം ഒരളവുവരെ ക്രിസ്തുവിന്റെ ദൗത്യത്തെ സ്വാധീനിക്കുവാനുള്ള സാദ്ധ്യത നിലനിന്നിരുന്നു. മുപ്പതു വയസ്സുവരെ യേശു തന്റെ വീട്ടിൽ മാതാവിനെ അനുസരിച്ച് ഒതുങ്ങി പാർത്തിരുന്നു. അവന്റെ മാതൃസ്നേഹത്തിന് ഒരിക്കലും മാറ്റമുണ്ടായില്ല. എന്നാൽ തനിക്കു സ്വർഗ്ഗീയപിതാവിന്റെ ജോലി ചെയ്യേണ്ടതുണ്ടായിരുന്നു. അത്യുന്നതന്റെ പുത്രനും ലോകരക്ഷിതാവുമെന്ന നിലയിൽ ഭൗമികമായ യാതൊരു നിയന്ത്രണവും തന്റെ ദൗത്യത്തിൽനിന്നു തന്നെ പിന്തിരിപ്പിക്കുകയോ തന്റെ പ്രവർത്തനത്തെ സ്വാധീനിക്കുകയോ ചെയ്വാൻ പാടുള്ളതല്ല. ദൈവേഷ്ടം നിർവ്വഹിക്കുന്നതിനു താൻ സ്വതന്ത്രനായി നിലകൊള്ളേണ്ടത് ആവശ്യമായിരുന്നു. ഇതു നമുക്കും ഒരു പാഠമത്രേ. മാനുഷിക ബന്ധത്തെക്കാൾ പരമപ്രധാനമാണു ദൈവത്തോടുള്ള നമ്മുടെ കടപ്പാടുകൾ. ദൈവം നമ്മോടാവശ്യപ്പെടുന്ന പാതയിൽനിന്നു നമ്മെ പിന്തിരിപ്പിക്കുവാൻ ഒരു ഭൗമിക ശക്തിക്കും സാദ്ധ്യമായിത്തീരരുത്.

നമ്മുടെ വീണ്ടെടുപ്പിന്റെ ഏക പ്രത്യാശ ക്രിസ്തു മാത്രമാകുന്നു. മറിയയ്ക്കു രക്ഷ കണ്ടെത്താൻ കഴിഞ്ഞത് "ദൈവത്തിന്റെ കുഞ്ഞാടിൽ"ക്കൂടെ മാത്രമായിരുന്നു. ക്രിസ്തുവിനെക്കൂടാതെ രക്ഷ പ്രാപിക്കാനുള്ള അർഹത മറിയയിലില്ലായിരുന്നു. യേശുക്രിസ്തുവിന്റെ മാതാവായിരുന്നതുകൊണ്ട്, മറ്റുള്ളവരിൽനിന്നു ഭിന്നമായ ഒരു ആത്മീയ ബന്ധത്തിൽ മറിയയെ പ്രതിഷ്ഠിച്ചിരുന്നില്ല. രക്ഷകന്റെ വാക്കുകളിൽ ഇതു സൂചിപ്പിച്ചിരുന്നു. മനുഷ്യപുത്രൻ എന്ന നിലയിലും, ദൈവപുത്രൻ എന്ന നിലയിലും തനിക്കു മറിയയോടുള്ള ബന്ധത്തിന്റെ പ്രത്യേകതകളെ യേശു വ്യക്തമാക്കി. അവർ തമ്മിലുള്ള രക്തബന്ധം ഒരു വിധത്തിലും മറിയയെ യേശുവിനു തുല്യമുള്ള ഒരു വ്യക്തി ആക്കിത്തീർത്തില്ല.

"എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല" എന്ന ആശയം വ്യക്തമാക്കുന്നത്, ക്രിസ്തുവിന്റെ ഭൗമിക ജീവിതത്തിലെ ഓരോ പ്രവൃത്തിയും, നിത്യതയിൽ തയ്യാറാക്കപ്പെട്ട ഒരു പദ്ധതിയുടെ നിറവേറൽ ആയിരുന്നുവെന്നതാണ്. ക്രിസ്തു ഭൂമിയിൽ വരുന്നതിനുമുമ്പുതന്നെ, ഈ പദ്ധതി അതിന്റെ എല്ലാവിധമായ വിശദാംശങ്ങളോടുംകൂടെ തന്റെ മുമ്പിലുണ്ടായിരുന്നു. മനുഷ്യരുടെ ഇടയിൽ ക്രിസ്തു ജീവിച്ചിരുന്നപ്പോൾ, താൻ എടുത്ത ഓരോ ചുവടും ദൈവ

ഹിതപ്രകാരമായിരുന്നു. നിശ്ചിത സമയത്തു പ്രവർത്തിക്കുവാൻ അവൻ ഒരു വൈമുഖ്യവും കാട്ടിയില്ല. കാലം സമാഗതമാകുന്നതുവരെ യേശു ദൈവ ത്തിനു കീഴ്പ്പെട്ടു കാത്തിരുന്നു.

"എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല" എന്ന് അമ്മയോടു പറഞ്ഞപ്പോൾ, മറിയയുടെ ഹൃദയത്തിലൊതുക്കിവച്ചിരുന്ന ഒരു ചോദ്യത്തിനുത്തരം നല്ക യായിരുന്നു ക്രിസ്തു. മറ്റുള്ളവരെപ്പോലെ മറിയയും ഒരു പ്രതീക്ഷ ഉള്ളിൽ കാത്തുസൂക്ഷിച്ചിരുന്നു. തന്റെ പുത്രൻ മശീഹ ആണെന്നു വെളിപ്പെടുത്തു കയും, യിസ്രായേലിന്റെ സിംഹാസനം സ്വായത്തമാക്കുകയും ചെയ്യുമെന്നു മറിയ ആശിച്ചിരുന്നു. എന്നാൽ അതിന്റെ കാലം സമാഗതമായിരുന്നില്ല. ക്രിസ്തു ഒരു രാജാവായിട്ടല്ല ഭൂമിയിൽ വന്നത്. പിന്നെയോ, അവൻ "വ്യസന പാത്രമായും രോഗം ശീലിച്ചവനുമായി" മനുഷ്യവർഗ്ഗത്തിന്റെ ഭാഗധേയം തെരഞ്ഞെടുത്തു.

ക്രിസ്തുവിന്റെ ദൗത്യത്തെക്കുറിച്ചു മറിയയ്ക്കു ശരിയായ ധാരണയില്ലാ യിരുന്നുവെങ്കിലും, അവനിൽ അവൾ പൂർണ്ണമായി ആശ്രയിച്ചു. ഈ അച ഞ്ചലമായ വിശ്വാസത്തെ യേശു മാനിച്ചു. മറിയയുടെ വിശ്വാസത്തെ മാനി ക്കുന്നതിനും, തന്റെ ശിഷ്യന്മാരുടെ വിശ്വാസത്തെ ഉറപ്പിക്കുന്നതിനുമായി തന്റെ ഒന്നാമത്തെ അത്ഭുതം ക്രിസ്തു പ്രവർത്തിച്ചു. അവിശ്വാസത്തിന്റെ അനവധി പരീക്ഷകളെ ശിഷ്യന്മാർക്കു നേരിടേണ്ടതായിട്ടുണ്ടായിരുന്നു. താൻ മശീഹയെന്നു തിരുവെഴുത്തിലെ പ്രവചനങ്ങൾ കാണിച്ചുകൊടുത്തും, അവി തർക്കിതമായ തെളിവുകൾ നല്കിയും മതനേതാക്കന്മാരെ യേശു ബോധ്യ പ്പെടുത്തുമെന്നും, അങ്ങനെ അവരും യേശുവിനെ മശീഹയായി അംഗീ കരിക്കുമെന്നും ശിഷ്യന്മാർ പ്രതീക്ഷിച്ചിരുന്നു. യേശുവിന്റെ അത്ഭുത പ്രവൃത്തികളെ ജനങ്ങളോടു പ്രകീർത്തിച്ച്, അവന്റെ ദൗത്യത്തിലുള്ള തങ്ങ ളുടെ വിശ്വാസത്തെ ശിഷ്യന്മാർ പ്രകടമാക്കി. എന്നാൽ പുരോഹിതന്മാരും മതനേതാക്കളും യേശുവിനോടു കാണിച്ച ശത്രുതയും മുൻവിധിയും ശിഷ്യ ന്മാരിൽ അത്ഭുതം ജനിപ്പിച്ചു. അത് അവരെ നിരാശരാക്കി. ക്രിസ്തുവിന്റെ ആദ്യകാല അത്ഭുതങ്ങൾ ശിഷ്യന്മാരിൽ വിശ്വാസം ഉറപ്പിക്കുകയും, പുരോ ഹിതന്മാരുടെ ശത്രുതയെ ചെറുത്തുനില്പാനുള്ള ശക്തി പകരുകയും ചെയ്തു.

യേശുവിന്റെ വാക്കുകൾ മറിയയെ നിരുത്സാഹപ്പെടുത്തിയില്ല. അവൾ വിളമ്പുന്നവരോടു പറഞ്ഞു: "അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ." ക്രിസ്തു അത്ഭുതം പ്രവർത്തിക്കുന്നതിനുവേണ്ടി മറിയ വഴി ഒരുക്കി.

വാതിൽക്കൽ വലിയ ആറു കല്പാത്രങ്ങൾ ഇരുന്നിരുന്നു. ആ പാത്ര ങ്ങളിൽ വെള്ളം നിറയ്ക്കാൻ യേശു ശുശ്രൂഷക്കാരോടു പറഞ്ഞു. അവർ ക്രിസ്തുവിന്റെ ആജ്ഞ അനുസരിച്ചു. വീഞ്ഞ് ഉടനെ ആവശ്യമായിരുന്നതു കൊണ്ടു യേശു പറഞ്ഞു: "ഇപ്പോൾ കോരി വിരുന്നുവാഴിക്കു കൊണ്ടു പോയി കൊടുപ്പിൻ." പാത്രത്തിൽ നിറയ്ക്കപ്പെട്ട വെള്ളം വീഞ്ഞായി രൂപാ

ന്തരപ്പെട്ടു. വിരുന്നുവാഴിയോ, വിരുന്നിനു വന്നിരുന്നവരോ വീഞ്ഞു തീർന്ന വിവരം അറിഞ്ഞിരുന്നില്ല. ശുശ്രൂഷക്കാർ കൊണ്ടുവന്ന വീഞ്ഞു വിരുന്നു വാഴി രുചിച്ചുനോക്കിയപ്പോൾ, ഇത്രയും നല്ല വീഞ്ഞ് ഇതിനു മുമ്പു താൻ കുടിച്ചിട്ടില്ലായെന്നു ബോധ്യമായി. വിരുന്നിന്റെ ആരംഭത്തിൽ വിളമ്പിയ വീഞ്ഞിനെക്കാൾ വ്യത്യസ്തമായിരുന്നു ഈ വീഞ്ഞ്. മണവാളനോടു തിരിഞ്ഞു വിരുന്നുവാഴി പറഞ്ഞു: "എല്ലാവരും ആദ്യം നല്ല വീഞ്ഞും, ലഹരി പിടിച്ച ശേഷം ഇളപ്പമായതും കൊടുക്കുമാറുണ്ട്; നീ നല്ല വീഞ്ഞ് ഇതുവരെ സൂക്ഷിച്ചുവച്ചുവല്ലോ."

മനുഷ്യർ നല്ല വീഞ്ഞ് ആദ്യം കൊടുത്തശേഷം പിന്നീടു മോശമായതു കൊടുക്കുന്നതുപോലെയാണു ലോകം അതിന്റെ സമ്മാനങ്ങൾ കൊടുക്കാറുള്ളത്. ലോകം നല്കുന്ന സമ്മാനങ്ങൾ കാഴ്ചയ്ക്കു നല്ലതും ഇന്ദ്രിയങ്ങളെ ആകർഷിക്കുന്നതുമായിരിക്കും. എന്നാൽ അതു പിന്നീട് അതൃപ്തി ഉളവാക്കും. വീഞ്ഞു കയ്പായിത്തീരുന്നു. ആനന്ദം ദുഃഖമായി മാറുന്നു. പാട്ടോടും ആഹ്ലാദത്തോടുംകൂടെ ആരംഭിച്ചതു ക്ഷീണത്തിലും വെറുപ്പിലും അവസാനിക്കുന്നു. എന്നാൽ യേശുവിന്റെ ദാനങ്ങൾ എപ്പോഴും പുതുമയുള്ളതും ജീർണ്ണിക്കാത്തതും ആകുന്നു. അവൻ നല്കുന്ന വിരുന്ന് ആത്മാവിനു സന്തോഷവും സംതൃപ്തിയും തരുന്നു. കർത്താവിന്റെ ഓരോ ദാനവും, സ്വീകരിക്കുന്നവന് അവയെ ആസ്വദിക്കുവാനും അഭിനന്ദിക്കുവാനുമുള്ള കഴിവു നല്കപ്പെടുന്നു. യേശു കൃപയ്ക്കു പകരം കൃപ നല്കുന്നു. യേശുവിന്റെ കൃപ ഒരിക്കലും വറ്റിപ്പോകയില്ല. നിങ്ങൾ അവനിൽ ആവസിച്ചാൽ, ദിനന്തോറും അവന്റെ കൃപ വർദ്ധിച്ചുകൊണ്ടിരിക്കും. ദൈവം തന്റെ വിശ്വാസികൾക്ക് എത്ര വലിയ കൃപ നല്കുന്നുവെന്ന്, നഥനയേലുമായുള്ള സംഭാഷണത്തിൽ യേശു വെളിപ്പെടുത്തി. യേശു തന്റെ സ്നേഹം ഓരോ പ്രാവശ്യവും പുതുമയോടെ പ്രകടിപ്പിക്കുമ്പോൾ, ഓരോരുത്തരോടും യേശു ചോദിക്കുന്നു: "നീ വിശ്വസിക്കുന്നുവോ? നീ ഇതിനെക്കാൾ വലിയതു കാണും" (യോഹ. 1:50).

കാനാവിലെ വിവാഹസദ്യയിൽ യേശു നല്കിയ ദാനം തന്റെ രക്ഷയുടെ ഒരു പ്രതിരൂപമായിരുന്നു. വെള്ളം, തന്റെ മരണത്തിൽ പങ്കാളിത്വം നല്കുന്ന സ്നാനത്തെ ചൂണ്ടിക്കാട്ടുന്നു. വീഞ്ഞ്, ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി ചൊരിയപ്പെട്ട ക്രിസ്തുവിന്റെ തിരുരക്തത്തെ ചൂണ്ടിക്കാട്ടുന്നു. കല്പാത്രങ്ങൾ നിറയ്ക്കാൻ വെള്ളം മനുഷ്യകരങ്ങളാൽ കൊണ്ടുവരപ്പെട്ടു. എന്നാൽ ക്രിസ്തുവിന്റെ വചനത്തിന് അതിനു രുചിനല്കുവാൻ കഴിഞ്ഞു. ക്രിസ്തുവിന്റെ മരണത്തെ സൂചിപ്പിക്കുന്ന ശുശ്രൂഷകളും ഇതുപോലെയാണ്. വിശ്വാസത്താൽ പ്രവർത്തിക്കുന്ന ക്രിസ്തുവിന്റെ ശക്തിക്കു മാത്രമേ കർമ്മാചാരങ്ങളെ സഫലമാക്കുവാൻ കഴിയൂ.

വിരുന്നിനാവശ്യമായ കാര്യങ്ങൾ നല്കുവാൻ ക്രിസ്തുവിന്റെ വാക്കിനു കഴിഞ്ഞു. മനുഷ്യന്റെ പാപങ്ങളെ കഴുകി ശുദ്ധീകരിപ്പാനും അവന്റെ ആത്മാവിനെ പുതുക്കുവാനും നിലനിർത്തുവാനും ക്രിസ്തുവിന്റെ കൃപാദാനത്തിനു കഴിയുന്നു.

ശിഷ്യന്മാരുമായി പങ്കെടുത്ത ആദ്യത്തെ വിരുന്നിൽ യേശു അവർക്കു നല്കിയ പാനപാത്രം, ക്രിസ്തുവിന്റെ രക്ഷണ്യവേലയെ സാദൃശീകരിക്കുന്ന ഒന്നായിരുന്നു. യേശുവിന്റെ അവസാനത്തെ അത്താഴവിരുന്നിലും ശിഷ്യന്മാർക്കു നല്കിയതു മുന്തിരിച്ചാറു നിറച്ച പാനപാത്രമായിരുന്നു. തന്റെ പിൻഗാമികൾ ആചരിക്കേണ്ട ഈ വിശുദ്ധ ശുശ്രൂഷ, "കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" (1 കൊരി. 11:26). തങ്ങളുടെ ഗുരുവിൽനിന്നു വേർപെടുന്നതിന്റെ ദുഃഖത്തെ ശമിപ്പിക്കുന്നതിനുവേണ്ടി കർത്താവു തന്റെ വീണ്ടും വരവിന്റെ വാഗ്ദത്തം ശിഷ്യന്മാർക്കു നല്കി. "എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കും നാൾവരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽനിന്ന് ഇനി കുടിക്കയില്ല..." (മത്തായി 26:29).

കാനാവിലെ വിവാഹവിരുന്നിൽ ക്രിസ്തു നല്കിയ വീഞ്ഞും, തന്റെ രക്തത്തിന്റെ അടയാളമായി ശിഷ്യന്മാർക്കു നല്കിയ വീഞ്ഞും ശുദ്ധമായ മുന്തിരിച്ചാറായിരുന്നു. മുന്തിരിക്കുലയിലുള്ള പുതുവീഞ്ഞിനെക്കുറിച്ചു യെശയ്യാ പ്രവാചകൻ പറയുമ്പോൾ അതു സൂചിപ്പിക്കുന്നു: "നശിപ്പിക്കരുത്; ഒരനുഗ്രഹം അതിൽ ഉണ്ട്" (യെശ. 65:8).

"വീഞ്ഞു പരിഹാസിയും മദ്യം കലഹക്കാരനും ആകുന്നു; അതിനാൽ ചാഞ്ചാടി നടക്കുന്ന ആരും ജ്ഞാനിയാകയില്ല" (സദൃശ. 20:1) എന്ന മുന്നറിയിപ്പു പഴയനിയമ കാലത്തു യിസ്രായേലിനു നല്കിയതു ക്രിസ്തുവായിരുന്നു. ലഹരി ഉണ്ടാക്കുന്ന പാനീയം അല്ല ക്രിസ്തു നല്കിയത്. ചിന്താശക്തിയെ അന്ധത പിടിപ്പിക്കുകയും ആത്മീയ കാഴ്ചപ്പാടുകളെ ഇരുളാക്കുകയും ചെയ്യുന്ന വസ്തുക്കൾക്കു കീഴ്പ്പെടുവാൻ പ്രേരിപ്പിക്കുന്നതു സാത്താനാകുന്നു. എന്നാൽ എല്ലാ ഹീനവികാരങ്ങളെയും പിടിച്ചടക്കുവാനത്രേ കർത്താവു നമ്മെ പഠിപ്പിക്കുന്നത്. സ്വത്യാഗത്തിന്റെ ഒരു നല്ല മാതൃകയായിരുന്നു ക്രിസ്തുവിന്റെ മുഴുജീവിതവും. വിശപ്പിന്റെ ശക്തിയെ ജയിക്കുവാനായി, മനുഷ്യവർഗ്ഗത്തിനു സഹിക്കാവുന്ന വലിയ കഠിനപരീക്ഷ കർത്താവു നമുക്കുവേണ്ടി സഹിച്ചു. യോഹന്നാൻ സ്നാപകൻ വീഞ്ഞും മദ്യവും കുടിക്കാൻ പാടില്ല എന്നു കല്പിച്ചതും ക്രിസ്തു ആയിരുന്നു. മാനോഹയുടെ ഭാര്യയ്ക്ക് ഈ കല്പന നല്കിയതും ക്രിസ്തു തന്നെയായിരുന്നു. അയൽക്കാരന്റെ വായിൽ മദ്യക്കുപ്പി കൊണ്ടുവയ്ക്കുന്നവനു ശാപം പ്രഖ്യാപിച്ചതും ക്രിസ്തുവായിരുന്നു. ക്രിസ്തു ഒരിക്കലും തന്റെ ഉപദേശങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുകയില്ല. പുളിപ്പിക്കാത്ത വീഞ്ഞായിരുന്നു വിവാഹസദ്യയിൽ പങ്കെടുത്ത വിരുന്നുകാർക്കു ക്രിസ്തു നല്കിയത്. അത് ആരോഗ്യദായകവും ക്ഷീണം അകറ്റുന്നതുമായ പാനീയമായിരുന്നു. ആഹാരത്തോടു താൽപര്യം ജനിപ്പിക്കുന്ന രുചി നല്കുന്ന ഒന്നായിരുന്നു ആ പാനീയം.

വിരുന്നുകാർ വീഞ്ഞിന്റെ ഗുണമഹിമയെക്കുറിച്ചു വർണ്ണിക്കുമ്പോൾ ഇതെവിടെനിന്നു ലഭിച്ചു എന്ന അന്വേഷണം ഉണ്ടായി. യേശു ചെയ്ത അത്ഭുതത്താലാണ് ഇതു സംഭവിച്ചതെന്നു ഭൃത്യന്മാരിൽനിന്ന് അവർ മനസ്സി

ലാക്കി. ഈ അത്ഭുതപ്രവൃത്തിയിൽ വിസ്മയഭരിതരായ ജനം, അത്ഭുതം പ്രവർത്തിച്ച വ്യക്തിയെക്കുറിച്ച് ഓർക്കുവാൻ കുറെ നേരത്തേക്കു വിട്ടുപോയി. ഒടുവിൽ അവർ യേശുവിനെ കാണുവാൻ ആഗ്രഹിച്ചപ്പോഴേക്കും യേശു അവരുടെ ഇടയിൽനിന്നു പൊയ്ക്കഴിഞ്ഞിരുന്നു.

അവിടെ ആഗതരായിരുന്നവരുടെ ദൃഷ്ടി ശിഷ്യന്മാരിലേക്കു പതിഞ്ഞു. ശിഷ്യന്മാർക്കു തങ്ങളുടെ ഗുരുവിലുള്ള വിശ്വാസം പ്രകടമാക്കുവാനുള്ള അവസരം ആദ്യമായി അവിടെവച്ചു ലഭിച്ചു. യോർദ്ദാൻ നദിക്കരയിൽ അവർ കണ്ടതും കേട്ടതുമായ കാര്യങ്ങൾ അവർ സാക്ഷീകരിച്ചു. ദൈവം തന്റെ ജനത്തിന് ഒരു രക്ഷകനെ എഴുന്നേല്പിച്ചിരിക്കുന്നുവെന്ന് ഈ സാക്ഷ്യം കേട്ടവർക്കു ബോധ്യമായി. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തി ദേശത്തെല്ലാടവും പരന്നു. യെരൂശലേമിലും ആ വാർത്ത എത്തി. ക്രിസ്തുവിന്റെ വരവിനെ സംബന്ധിച്ച പ്രവചനങ്ങൾ വർദ്ധിച്ച താൽപര്യത്തോടെ പുരോഹിതന്മാരും മൂപ്പന്മാരും ആരായുവാൻ തുടങ്ങി. ഒട്ടും അഹന്തയില്ലാത്ത, നവാഗതനായ ഈ യുവാവിന്റെ ദൗത്യം എന്തെന്നറിയുവാനുള്ള താൽപര്യം എല്ലാവരിലും ഉണ്ടായി.

യേശുവിന്റെ ശുശ്രൂഷയും ഉപദേശവും യെഹൂദമതനേതാക്കന്മാരുടെ രീതിയിൽനിന്നു വിഭിന്നമായ ഒന്നായിരുന്നു. പാരമ്പര്യത്തിലും ബാഹ്യമായ ആചാരങ്ങളിലും അധിഷ്ഠിതമായിരുന്ന യെഹൂദമതനേതാക്കളുടെ ഉപദേശങ്ങൾ സ്വതന്ത്രചിന്തയെയും പ്രവർത്തനത്തെയും പാടേ ഹനിച്ചുകളഞ്ഞു. തങ്ങൾക്ക് അശുദ്ധി ഭവിക്കുമോ എന്ന ഭയമായിരുന്നു യെഹൂദന്മാർക്ക് എപ്പോഴുമുണ്ടായിരുന്നത്. അശുദ്ധരായ ആളുകളുമായുള്ള സാമീപ്യം ഒഴിവാക്കാൻ അവർ ജാതികളിൽനിന്നു മാത്രമല്ല, സ്വജനത്തിൽനിന്നുപോലും അകന്നുമാറിയിരുന്നു. ഇപ്രകാരമുള്ള അനാചാരങ്ങൾ മൂലം അവർക്കു മറ്റുള്ളവരുമായി സുഹൃത്ബന്ധം സ്ഥാപിക്കുവാനോ സ്വന്ത വളർച്ചയ്ക്കുവേണ്ടി വല്ലതും ചെയ്യുവാനോ കഴിഞ്ഞിരുന്നില്ല. തന്മൂലം അവരുടെ ജീവിതവീക്ഷണങ്ങൾ ഹ്രസ്വമാകുകയും ജീവിതത്തിന്റെ ഭ്രമണപഥം ചെറുതാകുകയും ചെയ്തു. മറ്റുള്ളവരെയും അഹന്തയും അസഹിഷ്ണുതയുമുള്ളവരാക്കിത്തീർക്കുന്നതിന് ഇവരുടെ ജീവിതം കാരണമായിത്തീർന്നു.

യേശു തന്റെ ശുശ്രൂഷ ആരംഭിച്ചതു മറ്റുള്ളവരോട് അനുകമ്പ കാട്ടിക്കൊണ്ടായിരുന്നു. ദൈവത്തെ ഏറ്റവും അധികം ബഹുമാനിച്ചിരുന്ന കർത്താവു പരീശന്മാരുടെ കപടഭക്തിയെ നിഷ്കരുണം ശാസിച്ചു. അവർ അടിച്ചേല്പിച്ച അനാചാരങ്ങളാൽ ബന്ധിതരായിരുന്ന ജനത്തെ സ്വതന്ത്രരാക്കുവാൻ യേശു ആഗ്രഹിച്ചു. ജനങ്ങളെ പല വർഗ്ഗങ്ങളായി വേർതിരിച്ചിരുന്ന വേലിക്കെട്ടുകളെ പൊളിച്ചുമാറ്റുവാനാണു ക്രിസ്തു വന്നത്. എല്ലാവരെയും ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ യേശു കരുതി. ഇതിലേക്കുള്ള ഒരു ചുവടുവയ്പായിരുന്നു കാനാവിലെ വിവാഹാഘോഷത്തിൽ യേശുവിന്റെ സാന്നിദ്ധ്യം.

പുരോഹിതന്മാരുടെയും റബ്ബിമാരുടെയും സ്വാധീനവലയത്തിൽ പെട്ടുപോകാതിരിപ്പാനും, ഒരു പ്രത്യേക ദൗത്യം വഹിപ്പാനുമായിരുന്നു യോഹ

ന്നാൻ സ്നാപകനെ മരുഭൂമിയിലേക്കയച്ചത്. യോഹന്നാൻ സ്നാപകന്റെ കാർക്കശ്യം നിറഞ്ഞതും ഏകാന്തവുമായ ജീവിതം എല്ലാവരും അനുകരിക്കേണ്ട ഒരു മാതൃകയായി ഉദ്ദേശിക്കപ്പെട്ടിരുന്നതല്ല. യോഹന്നാൻ പോലും തന്റെ കേൾവിക്കാരോട് അവരുടെ ഭൗമിക കർത്തവ്യങ്ങളെ ത്യജിക്കണമെന്നാവശ്യപ്പെട്ടില്ല. തങ്ങളെ എവിടെ ദൈവം ആക്കിയിരിക്കുന്നുവോ, അവിടെ മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിച്ച്, ദൈവത്തോടു വിശ്വസ്തരായിരിപ്പാൻ ജനത്തോടു യോഹന്നാൻ പറഞ്ഞു.

എല്ലാ വിധത്തിലുമുള്ള ആസക്തികളെയും യേശു തെറ്റെന്നു പറഞ്ഞു. എങ്കിലും ജനത്തെ യേശു സ്നേഹിച്ചു. എല്ലാ നിലയിലുമുള്ളവരുടെയും സ്നേഹപൂർവ്വമായ ആതിഥ്യം അവൻ സ്വീകരിച്ചു. പാവപ്പെട്ടവന്റെയും ധനികന്റെയും, പാമരന്റെയും പണ്ഡിതന്റെയും വീടുകൾ യേശു സന്ദർശിച്ചു. അവരുടെ ചിന്താസരണിയെ ലൗകികകാര്യങ്ങളിൽനിന്ന് ആത്മീയകാര്യങ്ങളിലേക്കു തിരിച്ചുവിടുവാൻ യേശു ഔത്സുക്യം കാണിച്ചു. ലൗകികത്വത്തിന്റെ അന്തസ്സാരശൂന്യത യേശുവിന്റെ ജീവിതത്തെ അണുവിടപോലും കളങ്കമാക്കിയില്ല. എന്നാൽ നിർദ്ദോഷവും നിഷ്കളങ്കവുമായ സന്തോഷവേളകളെ യേശു ഇഷ്ടപ്പെട്ടിരുന്നു. സാമൂഹ്യമായ കൂടിവരവുകൾക്കു സ്വന്ത സാന്നിദ്ധ്യംകൊണ്ടു യേശു അംഗീകാരം നല്കി. യെഹൂദവിവാഹം ഏറ്റവും ആകർഷകമായ ചടങ്ങായിരുന്നു. അതിൽ പങ്കെടുക്കുന്നതു മനുഷ്യപുത്രന് അനിഷ്ടമായിരുന്നില്ല. വിവാഹത്തെ ദൈവം നിയോഗിച്ച ഒരു വിശുദ്ധ കർമ്മമായി യേശു മാനിച്ചു.

വിവാഹബന്ധത്തെ, ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹനിർഭരവും വിശുദ്ധവുമായ ഐക്യത്തെ സാദൃശീകരിക്കുന്ന ഒന്നായിട്ടാണു വിശുദ്ധ വേദപുസ്തകത്തിൽ വർണ്ണിച്ചിരിക്കുന്നത്. വീണ്ടെടുക്കപ്പെട്ടവർ കുഞ്ഞാടിന്റെ കല്യാണസദ്യയിൽ പങ്കെടുക്കുന്നതും കർത്താവിന്റെ മണവാട്ടിയായ സഭയെ സ്വർഗ്ഗീയപിതാവിന്റെ ഭവനത്തിലേക്കു കൊണ്ടുപോകുന്നതുമായ രംഗങ്ങൾ ഭൗമികമായ ഒരു വിവാഹോത്സവത്തിൽ പങ്കെടുക്കുമ്പോൾ യേശുവിന്റെ മനസ്സിൽ തെളിഞ്ഞുവന്നു. “നിന്നെ ഇനി അസൂബാ (ത്യക്ത) എന്നു വിളിക്കയില്ല... നിനക്കു ഹെഫ്സീബാ (ഇഷ്ട) എന്നും... പേരാകും.” “മണവാളൻ മണവാട്ടിയിൽ സന്തോഷിക്കുന്നതുപോലെ, നിന്റെ ദൈവം നിന്നിൽ സന്തോഷിക്കും.” “അവൻ നിന്നിൽ അത്യന്തം സന്തോഷിക്കും; തന്റെ സ്നേഹത്തിൽ അവൻ മിണ്ടാതിരിക്കുന്നു; ഘോഷത്തോടെ അവൻ നിങ്കൽ ആനന്ദിക്കും” (യെശ. 62:4,5; സെഫ. 3:17). സ്വർഗ്ഗീയകാര്യങ്ങളെക്കുറിച്ചുള്ള ദർശനം യോഹന്നാൻ എഴുതി: “അപ്പോൾ വലിയ പുരുഷാരത്തിന്റെ ഘോഷംപോലെയും പെരുവെള്ളത്തിന്റെ ഇരച്ചൽപോലെയും തകർത്ത ഇടിമുഴക്കംപോലെയും ഞാൻ കേട്ടത്: ഹല്ലേലൂയ്യാ! സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു രാജത്വം ഏറ്റിരിക്കുന്നു. നാം സന്തോഷിച്ച് ഉല്ലസിച്ച് അവനു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. കുഞ്ഞാടിന്റെ കല്യാണസദ്യയ്ക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ...” (വെളി. 19:6,7,9).

തന്റെ രാജ്യത്തിലേക്കുള്ള ക്ഷണം ഓരോ വ്യക്തിക്കും നല്കേണ്ട താണെന്നു യേശുവിന് അറിയാമായിരുന്നു. ജനത്തിനു നന്മ വരുവാൻ ആഗ്ര ഹിക്കുന്ന ഒരാളെന്ന നിലയിൽ യേശു ജനത്തിന്റെ ഇടയിലേക്ക് ഇറങ്ങി ച്ചെന്നു. പൊതുനിരത്തുകളിലും, ഭവനങ്ങളിലും, പടകിലും, പള്ളികളിലും, കടൽത്തീരത്തും, കല്യാണശാലകളിലും ആളുകളെത്തേടി യേശു കടന്നു ചെന്നു. അവരുടെ ഭൗമികാവശ്യങ്ങളിലും യേശു താൽപര്യം കാണിച്ചു. ഭവനങ്ങൾ സന്ദർശിച്ച്, യേശു സ്നേഹദൂതുകൾ നല്കി. തന്റെ സാന്നിദ്ധ്യം ആതിഥേയർക്ക് അനുഗ്രഹപ്രദമായിരുന്നു. അനേക ഹൃദയങ്ങൾ ക്രിസ്തു വിന്റെ അനുകമ്പയാൽ ആകർഷിക്കപ്പെട്ടു. പലപ്പോഴും വിജനപ്രദേശങ്ങ ളിൽ യേശു പ്രാർത്ഥനയിൽ സമയം ചെലവിട്ടിരുന്നു. കർമ്മോന്മുഖരായ ആളുകളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനുവേണ്ട ഒരുക്കം ഇപ്രകാരമുള്ള പ്രാർത്ഥനയിൽക്കൂടെ തനിക്കു ലഭിച്ചു. പ്രാർത്ഥനയ്ക്കുശേഷം രോഗികളെ സൗഖ്യമാക്കുവാനും, അജ്ഞരെ പഠിപ്പിക്കുവാനും, സാത്താന്റെ ബന്ധന ങ്ങളെ അഴിക്കുവാനും ജനങ്ങളുടെ ഇടയിലേക്കു യേശു ഇറങ്ങിവന്നു.

വ്യക്തിപരമായ സമീപനത്തിലും, ഇടപഴകലിലുംകൂടെയാണു യേശു ശിഷ്യന്മാർക്കു പരിശീലനം നല്കിയത്. മലയോരങ്ങളിലും, കടൽത്തീരത്തും, സഞ്ചാരവേളകളിലും ദൈവരാജ്യത്തിന്റെ അത്ഭുതങ്ങളെ അവൻ ശിഷ്യന്മാർക്കു വെളിപ്പെടുത്തിക്കൊടുത്തു. ഇന്ന് ആളുകൾ ചെയ്യാറുള്ളതുപോലെ, പ്രസംഗ രൂപേണയല്ല കർത്താവു ദൂതുകൾ നല്കിയത്. ദിവ്യദൂതുകൾക്കായി ഹൃദയ ങ്ങളെ തുറന്നവർക്കു രക്ഷയുടെ വഴി ചൂണ്ടിക്കാട്ടുന്ന സത്യം വിശദീകരിച്ചു കൊടുത്തു. ശിഷ്യന്മാരോട് അപ്രായോഗികമായ കാര്യങ്ങൾ ചെയ്യുവാൻ ആജ്ഞാപിക്കുന്നതിനു പകരം തന്നെ അനുഗമിക്കുവാൻ യേശു പറഞ്ഞു. ഗ്രാമാന്തരങ്ങളിലൂടെയും പട്ടണങ്ങളിലൂടെയും സഞ്ചരിച്ചപ്പോൾ ശിഷ്യന്മാ രെയും കൂട്ടിക്കൊണ്ടു പോവുക യേശുവിന്റെ പതിവായിരുന്നു. ജനങ്ങളെ എപ്രകാരമാണ് ഉപദേശിക്കേണ്ടതെന്നു ശിഷ്യന്മാർ കണ്ടു മനസ്സിലാക്കുവാ നാണു തന്നോടുകൂടെ കൂട്ടിക്കൊണ്ടുപോയത്. ശിഷ്യന്മാരുടെ താൽപര്യങ്ങൾ തന്റേതുമായി യേശു കോർത്തിണക്കി. അങ്ങനെ ശിഷ്യന്മാർ യേശുവിന്റെ സേവനനിരതമായ ജീവിതവുമായി താദാത്മ്യം പ്രാപിച്ചു.

ക്രിസ്തുവിന്റെ കൃപയുടെ സുവിശേഷം ലഭിച്ചവരും അവന്റെ വചനം പ്രസംഗിക്കുന്നവരും ക്രിസ്തുവിന്റെ മാതൃക - മനുഷ്യനോടുള്ള ഏകീഭാവം - പിന്തുടരേണ്ടതാണ്. നാം ഒരിക്കലും സാമൂഹ്യമായ സമ്പർക്കങ്ങളിൽനിന്ന് ഒഴിഞ്ഞുമാറരുത്. മറ്റുള്ളവരിൽനിന്നു നാം ഒറ്റപ്പെട്ടു നില്ക്കരുത്. വിവിധ തല ങ്ങളിലുള്ള ആളുകളുമായി സമ്പർക്കം പുലർത്തുവാൻ, അവരുടേതായ ചുറ്റു പാടിൽവച്ചു നാം അവരെ കണ്ടെത്തേണ്ടതാണ്. അവർ ഒരിക്കലും നമ്മെത്തേടി വരികയില്ല. പ്രസംഗപീഠത്തിൽക്കൂടെ മാത്രമല്ല, ദൈവിക സത്യത്താൽ മനുഷ്യ ഹൃദയം സ്പർശിക്കപ്പെടുന്നത്. വേറെ ഒരു പ്രവർത്തനരംഗമുണ്ട്. വളരെ എളിയതെന്നു തോന്നാമെങ്കിലും വളരെ പ്രയോജനം നല്കുന്നതാണത്. എളിയവന്റെ ഭവനത്തിലും, ധനികന്റെ മാളികയിലും, സൗഹൃദം നിറഞ്ഞു തുളുമ്പുന്ന കൂടിവരവുകളിലും, നിഷ്കളങ്കവും നിർദ്ദോഷവുമായ സാമൂഹ്യ വിനോദവേളകളിലും ഈ രംഗം നമുക്കു കണ്ടെത്താവുന്നതാണ്.

ലൗകിക ഇമ്പങ്ങൾക്കായോ, ലൗകിക വെറിക്കൂത്തുകളിൽ പങ്കുചേരാനായോ നാം ഒരിക്കലും പോകരുത്. ഇവിടെ ക്രിസ്തുശിഷ്യന്മാരുടെ മാതൃക നാം അനുകരിക്കണം. ലൗകിക കൂട്ടുകെട്ടു നമുക്ക് അപകടം വരുത്തിവയ്ക്കും. നമ്മുടെ വാക്കുകളാലോ, പ്രവൃത്തികളാലോ, നാം മൗനം ദീക്ഷിക്കുന്നതിലൂടെയോ, നമ്മുടെ സാന്നിദ്ധ്യത്താലോ നാം ഒരിക്കലും പാപവുമായി അനുരഞ്ജനത്തിലാവരുത്. നാം എവിടെയായിരുന്നാലും യേശുവിനെ അനുകരിക്കണം. നമ്മുടെ രക്ഷകന്റെ ശ്രേഷ്ഠത നാം മറ്റുള്ളവർക്കു വെളിപ്പെടുത്തണം. എന്നാൽ, നമുക്കു ലഭിച്ചിരിക്കുന്ന സത്യത്തെ മുറിക്കുള്ളിൽ ഭദ്രമായി അടച്ചുപൂട്ടുകയാണെങ്കിൽ നന്മചെയ്യാനുള്ള വിലയേറിയ അവസരങ്ങൾ നാം നഷ്ടപ്പെടുത്തുകയാണു ചെയ്യുന്നത്. സാമൂഹ്യബന്ധങ്ങളിൽക്കൂടി ക്രിസ്ത്യാനിത്വം ലോകത്തിനു വെളിപ്പെടുത്തുവാൻ സാധിക്കും. ദിവ്യപ്രകാശം ലഭിച്ച ഓരോരുത്തരും ജീവന്റെ വെളിച്ചവുമായി ബന്ധമില്ലാത്തവരുടെ പാതയെ പ്രകാശിപ്പിക്കേണ്ടതാണ്.

നാമെല്ലാവരും ക്രിസ്തുവിന്റെ സാക്ഷികൾ ആയിത്തീരണം. ക്രിസ്തുവിന്റെ കൃപയാൽ വിശുദ്ധീകരിക്കപ്പെട്ട നമ്മുടെ കഴിവുകളും പ്രേരണാശക്തിയും, ദൈവത്തിനുവേണ്ടി ആത്മാക്കളെ ആദായപ്പെടുത്തുവാൻ നാം ഉപയോഗിക്കണം. നാം സ്വന്ത താൽപര്യങ്ങൾക്കുവേണ്ടി നില്ക്കുന്ന സ്വാർത്ഥതൽപരരല്ല എന്നു ലോകം കാണട്ടെ. നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങളും പദവികളും, മറ്റുള്ളവർക്കും പങ്കുവയ്ക്കാനുള്ള ഔദാര്യമനസ്സു നമുക്കുണ്ടായിരിക്കണം. നമ്മുടെ മതം നമ്മെ അനുകമ്പയില്ലാത്തവരും കഠിനഹൃദയരും ആക്കുന്നില്ലായെന്നു ലോകം കാണട്ടെ. ക്രിസ്തുവിനെ കണ്ടെത്തി എന്നഭിമാനിക്കുന്നവൻ, ക്രിസ്തു മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിച്ചതുപോലെ ശുശ്രൂഷ ചെയ്യട്ടെ.

ക്രിസ്ത്യാനികൾ മ്ലാനവദനരും, സന്തോഷമില്ലാത്തവരുമാണെന്ന ധാരണ നാം ലോകത്തിനു കൊടുക്കരുത്. നമ്മുടെ കണ്ണുകൾ നാം യേശുവിൽ ഉറപ്പിക്കുകയാണെങ്കിൽ ആർദ്രവാനായ ഒരു രക്ഷകനെ നമുക്കു കാണുവാൻ സാധിക്കും. അവന്റെ മുഖപ്രകാശം നമ്മുടെ മേൽ പതിക്കും. അവന്റെ ആത്മാവു ഭരണം നടത്തുന്നിടത്തെല്ലാം സമാധാനം ഉണ്ടായിരിക്കും. അവിടെ ആനന്ദവുമുണ്ടായിരിക്കും. അതിന്റെ ഉറവിടം ദൈവത്തിലുള്ള ആശ്രയമാണ്.

ക്രിസ്തുവിന്റെ അനുയായികൾ മാനുഷിക സ്വഭാവങ്ങൾ ഉള്ളവരാണെങ്കിൽ തന്നെയും, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളാണെന്നു കാണുമ്പോൾ ക്രിസ്തു സന്തോഷിക്കുന്നു. അവർ നിർജ്ജീവങ്ങളായ പ്രതിമകൾ അല്ല; നേരെമറിച്ചു ജീവിക്കുന്ന വ്യക്തികളത്രേ. ദിവ്യകൃപയാൽ പുതുക്കപ്പെട്ട അവരുടെ ഹൃദയം, നീതിസൂര്യന്റെ ദർശനത്താൽ വികസിതമാവുന്നു. ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രകാശിതമായ അവരുടെ പ്രവർത്തനങ്ങളിൽക്കൂടി അവരുടെമേൽ പതിക്കുന്ന വെളിച്ചം, മറ്റുള്ളവരുടെമേൽ അവർ ചൊരിയുന്നു.

# 16

# ദൈവാലയത്തിൽ

അവലംബം: യോഹന്നാൻ 2:12–22

"അനന്തരം അവനും അവന്റെ അമ്മയും സഹോദരന്മാരും ശിഷ്യന്മാരും കഫർന്നഹൂമിലേക്കു പോയി; അവിടെ ഏറെനാൾ പാർത്തില്ല. യെഹൂദന്മാരുടെ പെസഹ സമീപമാകകൊണ്ടു യേശു യെരൂശലേമിലേക്കു പോയി."

തലസ്ഥാനനഗരിയിലേക്കു പോകുന്ന വലിയ ജനക്കൂട്ടത്തിൽ യേശുവും സഹയാത്രികനായിരുന്നു. തന്റെ ദൗത്യത്തെ ഇതുവരെയും യേശു പ്രസിദ്ധമാക്കിയിരുന്നില്ല. ആരാലും ശ്രദ്ധിക്കപ്പെടാതെ യേശു ജനക്കൂട്ടത്തോടുകൂടെ യാത്ര ചെയ്തു. മശീഹയുടെ വരവിനെ സംബന്ധിച്ചു യോഹന്നാൻ സ്നാപകൻ നല്കിയ ദൂതു ജനങ്ങളെ ഏറെ സ്വാധീനിച്ച വിഷയമായിരുന്നതിനാൽ ഈ യാത്രയിൽ അതൊരു ചർച്ചാവിഷയമായിരുന്നു. തങ്ങളുടെ രാഷ്ട്രീയ മഹത്വത്തെക്കുറിച്ചുള്ള ചിന്ത യെഹൂദന്മാരുടെ ഹൃദയങ്ങളെ പ്രതീക്ഷാനിർഭരമാക്കിയിരുന്നു. തിരുവെഴുത്തുകളെ അവർ ശരിയായി ഗ്രഹിക്കാത്തതു മൂലം അവരുടെ പ്രതീക്ഷ സഫലമാകയില്ലായെന്നു യേശുവിനറിയാമായി

രുന്നു. തന്നോടുകൂടെ യാത്രചെയ്തവർക്കു യേശു പ്രവചനങ്ങളെ ഭംഗിയായി വിവരിച്ചുകൊടുത്തു. ദൈവവചനം ഏറ്റവും ശ്രദ്ധയോടെ പഠിക്കുവാനുള്ള താൽപര്യം തന്റെ ശ്രോതാക്കളിൽ ജനിപ്പിക്കുവാൻ കർത്താവു ശ്രമിച്ചു.

ദൈവത്തെ ആരാധിക്കേണ്ടതു യെരൂശലേമിലായിരിക്കണമെന്നു യെഹൂദശ്രേഷ്ഠന്മാർ ജനത്തെ പഠിപ്പിച്ചിരുന്നു. വിദൂരദേശങ്ങളിൽനിന്നും പലസ്തീൻ നാടിന്റെ വിവിധ ഭാഗങ്ങളിൽനിന്നും പെസഹ ആചരിപ്പാൻ യെരൂശലേമിലേക്കു ജനം പ്രവഹിച്ചു. ദൈവാലയത്തിന്റെ പ്രാകാരം സമ്മിശ്രമായ ജനക്കൂട്ടത്താൽ നിറയപ്പെട്ടു. പാവപ്പെട്ടവരായ ജനങ്ങളിൽ പലരും യാഗങ്ങൾക്കു വേണ്ട മൃഗങ്ങളെയോ മറ്റു വസ്തുക്കളെയോ കൊണ്ടുവരുവാൻ അപ്രാപ്തരായിരുന്നു. ഈ യാഗങ്ങൾ ഒരിക്കലായി അവരുടെ പാപങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെടേണ്ട വലിയ യാഗത്തിന്റെ നിഴലുകളായിരുന്നു. ജനത്തിന്റെ ആവശ്യത്തെ മുതലെടുക്കാൻ വേണ്ടി ദൈവാലയത്തിന്റെ പ്രാകാരത്തിൽ യാഗമൃഗങ്ങളെ ക്രയവിക്രയം ചെയ്തിരുന്നു. വഴിപാടുകൾ അർപ്പിക്കുന്നതിനുവേണ്ടി യാഗമൃഗങ്ങളെ വാങ്ങുവാൻ ധാരാളം ആളുകൾ ദൈവാലയാങ്കണത്തിൽ കൂടുമായിരുന്നു. മറ്റു ദേശങ്ങളിലെ നാണയങ്ങൾ, ദൈവാലയത്തിലെ നാണയവുമായി ഇവിടെ കൈമാറ്റം ചെയ്തുപോന്നു.

ഓരോ യെഹൂദനും വർഷംതോറും താന്താന്റെ ജീവനുവേണ്ടി വീണ്ടെടുപ്പുവിലയായി അര ശേക്കെൽ അർപ്പിച്ചിരുന്നു. ഈ തുക സമാഗമനകൂടാരത്തിന്റെ ശുശ്രൂഷയുടെ ചെലവിലേക്ക് ഉപയോഗിച്ചു (പുറ. 30:12–16). ഇതു കൂടാതെ സ്വമേധാദാനമായി വലിയ തുകകൾ ദൈവാലയഭണ്ഡാരത്തിൽ നിക്ഷേപിക്കപ്പെടുമായിരുന്നു. ദൈവാലയത്തിൽ കൊണ്ടുവരപ്പെട്ട വിദേശനാണ്യങ്ങളും ദൈവാലയത്തിൽ ഉപയോഗിച്ചിരുന്ന ശേക്കെൽ നാണയവുമായി കൈമാറ്റം ചെയ്യപ്പെട്ടിരുന്നു. ദൈവാലയത്തിൽ ശേക്കെൽ മാത്രമേ സ്വീകാര്യമായിരുന്നുള്ളു. നാണയകൈമാറ്റം വഞ്ചനയ്ക്കും പണാപഹരണത്തിനും വഴിതെളിച്ചു. പുരോഹിതന്മാർക്കു ലാഭമുണ്ടാക്കാനുള്ള ഈ പദ്ധതി അഴിമതി നിറഞ്ഞതായിരുന്നു.

വ്യാപാരികൾ വില്പനയ്ക്കായി കൊണ്ടുവന്ന മൃഗങ്ങൾക്ക് അന്യായമായ വില ചുമത്തി. അവരുടെ ലാഭത്തിന്റെ ഒരു പങ്കു പുരോഹിതന്മാർക്കും പ്രഭുക്കന്മാർക്കും ലഭിച്ചു. ജനങ്ങളെ വഞ്ചിച്ച് അവർ ധനം സമ്പാദിച്ചു. വഴിപാടുകൾ അർപ്പിച്ചില്ലായെങ്കിൽ തങ്ങളുടെ കുഞ്ഞുങ്ങൾക്കും വസ്തുവകകൾക്കും ദൈവാനുഗ്രഹം കിട്ടുകയില്ലായെന്നു ജനത്തെ പഠിപ്പിച്ചു. ഇത്രയും ദൂരം വന്നശേഷം വഴിപാടു നടത്താതെ ഭവനങ്ങളിലേക്കു തിരിച്ചുപോകുവാൻ അവർ ഒരുക്കമായിരുന്നില്ല.

പെസഹയുടെ കാലഘട്ടത്തിൽ അനവധി യാഗങ്ങൾ അർപ്പിക്കപ്പെട്ടിരുന്നു. ഈ സന്ദർഭത്തിൽ ദൈവാലയത്തിലെ വാണിഭവും വളരെ വർദ്ധിച്ചിരുന്നു. തൽഫലമായുണ്ടായ കോലാഹലങ്ങൾ ദൈവാലയാന്തരീക്ഷത്തിന് ഒരു ചന്തസ്ഥലത്തിന്റെ പ്രതീതി നല്കി. മനുഷ്യരുടെ വിലപേശലുകൾ, പക്ഷിമൃഗാദി

കളുടെ ആരവം, നാണയങ്ങളുടെ കിലുകിലാരവം ഇവയെല്ലാംകൊണ്ടു മുഖരിതമായിരുന്നു ദൈവാലയാന്തരീക്ഷം. ആരാധനയ്ക്കായി വന്നവർക്ക് ഒട്ടും അനുയോജ്യമായിരുന്നില്ല ഈ സ്ഥിതിവിശേഷം. അത്യുന്നതനോടുള്ള ഭക്ത്യാദരവോടുകൂടിയ പ്രാർത്ഥന ഈ ശബ്ദകോലാഹലത്തിൽ നടത്തുക പ്രയാസമായിരുന്നു. യെഹൂദന്മാർ മതഭക്തിയിൽ സംതൃപ്തി കണ്ടെത്തി. അവർ ദൈവാലയത്തിനു സീമാതീതമായ പ്രാധാന്യം നല്കി. ആരെങ്കിലും ദൈവാലയത്തിനെതിരായി ഒരു വാക്കുച്ചരിച്ചാൽ, അതു ദൈവദൂഷണമായി കരുതപ്പെട്ടിരുന്നു. ദൈവാലയത്തോടനുബന്ധിച്ച കർമ്മാനുഷ്ഠാനങ്ങളിൽ അവർക്കു വലുതായ നിഷ്കർഷയുണ്ടായിരുന്നു. എന്നാൽ അവരുടെ ദ്രവ്യാഗ്രഹം, തത്വങ്ങളെ ബലികഴിപ്പാൻ പോന്നതായിരുന്നു. ദൈവത്താൽ സ്ഥാപിതമായ യാഗശുശ്രൂഷകളിൽനിന്നു തങ്ങൾ വളരെ അകലെയായി രുന്നുവെന്ന സത്യം യിസ്രായേൽജനത അറിഞ്ഞിരുന്നില്ല.

യഹോവ സീയോൻപർവ്വതത്തിൽ ആവസിച്ചപ്പോൾ ആ പ്രദേശം പരി പാവനമായിത്തീർന്നു. പർവ്വതത്തിനു ചുറ്റും ദൈവകല്പനപ്രകാരം മോശെ അതിർ തിരിച്ചു. അതിനുശേഷം യഹോവ മുന്നറിയിപ്പു നല്കി: "ജനം പർവ്വതത്തിൽ കയറാതെയും, അതിന്റെ അടിവാരം തൊടാതെയും ഇരിപ്പാൻ സൂക്ഷിക്കേണം. നീ അവർക്കായി ചുറ്റും അതിർ തിരിക്കേണം. പർവ്വതം തൊടുന്നവനെല്ലാം മരണശിക്ഷ അനുഭവിക്കേണം. കൈ തൊടാതെ അവനെ കല്ലെറിഞ്ഞോ എയ്തോ കൊന്നുകളയേണം; മൃഗമായാലും മനുഷ്യനാ യാലും ജീവനോടിരിക്കരുത്" (പുറ. 19:12,13). യഹോവയുടെ സാന്നിദ്ധ്യം പ്രകടമാകുന്ന സ്ഥലം വിശുദ്ധമാണെന്ന് ഇപ്രകാരം പഠിപ്പിച്ചു. ദൈവാലയ ത്തിന്റെ പരിസരം വിശുദ്ധമായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ലാഭേച്ഛ യാൽ ഇതെല്ലാം വിസ്മരിക്കപ്പെട്ടു.

പുരോഹിതന്മാരും പ്രഭുക്കന്മാരും ദൈവത്തിന്റെ പ്രതിനിധികളായിരിപ്പാൻ തെരഞ്ഞെടുക്കപ്പെട്ടവർ ആയിരുന്നു. ദൈവാലയപരിസരത്തെ മാലിന്യപ്പെടു ത്തുന്നതു തടയേണ്ടത് അവരുടെ ചുമതലയായിരുന്നു. സത്യസന്ധത യുടെയും അനുകമ്പയുടെയും മാതൃക അവരായിരുന്നു ജനത്തിനു കാണിച്ചു കൊടുക്കേണ്ടിയിരുന്നത്. സ്വന്തലാഭം നോക്കാതെ, ആരാധനയ്ക്കായി വരു ന്നവരുടെ ആവശ്യങ്ങളും അവരുടെ സ്ഥിതിയും മനസ്സിലാക്കേണ്ട ചുമതല പുരോഹിതന്മാരുടേതായിരുന്നു. യാഗമൃഗങ്ങളെ വാങ്ങി അർപ്പിക്കാൻ കഴി വില്ലാത്തവരെ സഹായിക്കേണ്ട ചുമതല അവർക്കുണ്ടായിരുന്നു. എന്നാൽ അവരുടെ കർത്തവ്യങ്ങളെ അവർ അവഗണിച്ചു. ദ്രവ്യാഗ്രഹം അവരുടെ മനസ്സുകളെ കാഠിന്യമുള്ളതാക്കിത്തീർത്തു.

കഷ്ടതയനുഭവിക്കുന്ന ജനങ്ങളും പെസഹയിൽ സംബന്ധിപ്പാൻ വന്നി രുന്നു. അന്ധനും, ചെകിടനും, മുടന്തനും ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ചിലരെ കിടക്കകളിൽ കൊണ്ടുവന്നു. ഏറ്റവും തുച്ഛമായ ചെലവു വരുന്ന വഴിപാടുകൾ അർപ്പിക്കുവാൻ പോലും കഴിവില്ലാതിരുന്ന ധാരാളം പേരു ണ്ടായിരുന്നു. സ്വന്ത വിശപ്പടക്കാൻ ത്രാണിയില്ലാത്തവർ അവിടെ വന്നി രുന്നു. പുരോഹിതന്മാർ സാധുക്കളോടു ദയാഹീനമായി പെരുമാറി. പുരോ

ഹിതന്മാർ തങ്ങളുടെ മതഭക്തിയെക്കുറിച്ച് അഹംഭാവമുള്ളവരായിരുന്നു. അവർ ജനങ്ങളുടെ രക്ഷകരെന്നു സ്വയം ഭാവിച്ചു. എന്നാൽ അനുകമ്പയോ ദയയോ അവരെ തീണ്ടിയിട്ടില്ലായിരുന്നു. ദരിദ്രന്റെയും രോഗിയുടെയും നില വിളി കേൾപ്പാൻ ആരും ഉണ്ടായിരുന്നില്ല. അവരുടെ രോദനങ്ങൾക്കു പുരോഹിതന്മാരുടെ കരളലിയിപ്പിക്കാൻ കഴിഞ്ഞില്ല. യേശു ഇതെല്ലാം കണ്ടു. അന്യായമായ ക്രയവിക്രയം അവന്റെ ശ്രദ്ധയിൽപ്പെട്ടു. പാവപ്പെട്ടവന്റെ രോദനം അവൻ കേട്ടു. യാഗമർപ്പിക്കാതെ തങ്ങളുടെ പാപങ്ങൾക്കു മോചനം ലഭിക്കയില്ലായെന്ന് അവർ വിശ്വസിച്ചിരുന്നു. ദൈവാലയത്തിന്റെ പ്രാകാരം വഞ്ചനയുടെയും കാപട്യത്തിന്റെയും കേളീരംഗമായിരിക്കുന്നതു യേശു നേരിൽ കണ്ടു. പരിശുദ്ധമായ ദൈവാലയം കച്ചവടകേന്ദ്രമായിരുന്നു.

എന്തെങ്കിലും പ്രവർത്തിച്ചേ മതിയാവൂ എന്നു യേശു തീരുമാനിച്ചു. അനവധി കർമ്മാചാരങ്ങൾ, അവയുടെ പ്രാധാന്യം എന്തെന്നു ഗ്രഹിക്കാത്ത ജനങ്ങളുടെമേൽ അടിച്ചേല്പിക്കപ്പെട്ടിരുന്നു. ഈ യാഗങ്ങളെല്ലാം നിസ്തുലമായ ഒരു വലിയ യാഗത്തിന്റെ പ്രതിരൂപങ്ങൾ മാത്രമാണെന്നു മനസ്സിലാക്കാതെയാണ്, ജനങ്ങൾ വഴിപാടുകൾ അർപ്പിച്ചത്. ഇവ ആരെ സൂചിപ്പിച്ചിരുന്നുവോ, ആ വ്യക്തി ആരാലും അറിയപ്പെടാതെ അവിടെ നിന്നിരുന്നു. വഴിപാടുകളെക്കുറിച്ചുള്ള എല്ലാ നിർദ്ദേശങ്ങളും യിസ്രായേൽമക്കൾക്കു നല്കിയതു ക്രിസ്തു ആയിരുന്നു. യഥാർത്ഥമായതിന്റെ നിഴലുകൾ മാത്രമായിരുന്ന യാഗകർമ്മങ്ങളുടെ പ്രാധാന്യം ക്രിസ്തു അറിഞ്ഞിരുന്നു. ജനം ഈ യാഗങ്ങളുടെ പ്രാധാന്യമെന്തെന്നു ഗ്രഹിക്കാതെയാണ് അർപ്പിക്കുന്നതെന്നു യേശു മനസ്സിലാക്കി. ആത്മീയമായ ആരാധന അപ്രത്യക്ഷമായിക്കൊണ്ടിരുന്നു. മതപുരോഹിതന്മാർക്കു ദൈവവുമായി ഒരു ബന്ധവുമില്ലായിരുന്നു. അവർ പഠിപ്പിച്ചതിൽനിന്നു വിഭിന്നമായ ഒരു ആരാധന ജനത്തെ പഠിപ്പിക്കുവാൻ യേശു ആഗ്രഹിച്ചു.

ദൈവാലയത്തിന്റെ പടികളിൽ നിന്നുകൊണ്ടു കച്ചവടം നടക്കുന്ന സ്ഥലത്തെ യേശു തീക്ഷ്ണതയോടുകൂടി നോക്കി. ഒരു പ്രവാചകന്റേതുപോലെ, യേശുവിന്റെ നോട്ടം ഭാവിയിലേക്കു കടന്നുപോയി. പുരോഹിതന്മാർ പാവപ്പെട്ടവരോട് അന്യായമായി പ്രവർത്തിക്കുന്നതും, അവർക്കു സുവിശേഷം നല്കാൻ വിസമ്മതിക്കുന്നതും യേശു ദർശിച്ചു. പാപികളോടുള്ള ദൈവത്തിന്റെ സ്നേഹം ഇവർ വെളിപ്പെടുത്താതിരിക്കുന്നതും ദൈവകൃപയെ ലാഭേച്ഛയ്ക്കു വിധേയമാക്കുന്നതും യേശു കണ്ടു. ദൈവാലയത്തിലെ രംഗം യേശു വീക്ഷിച്ചപ്പോൾ അവന്റെ മുഖത്തു കോപതാപങ്ങൾ പ്രതിഫലിച്ചു. അതോടൊപ്പംതന്നെ തന്നിലുള്ള ശക്തിയും അധികാരവും മുഖത്തു വിളങ്ങി. ജനങ്ങളുടെ ശ്രദ്ധ യേശുവിങ്കലേക്കു തിരിഞ്ഞു. ജനങ്ങളെ കബളിപ്പിച്ചു വ്യാപാരം നടത്തിയ കച്ചവടക്കാരുടെ കണ്ണുകൾ യേശുവിന്റെ മേൽ പതിച്ചു. തങ്ങളുടെ അന്തരംഗങ്ങളെയും മനസ്സിലെ ചിന്തകളെയും അവൻ വായിക്കുന്നതായി അവർക്ക് അനുഭവപ്പെട്ടു. ചിലർ തങ്ങളുടെ മുഖം മറയ്ക്കുവാൻ ശ്രമിച്ചു. തങ്ങളുടെ ദുഷ്പ്രവൃത്തികൾ തങ്ങളുടെ മുഖത്ത് എഴുതപ്പെട്ടിരിക്കുന്നതുപോലെ അവർക്കു തോന്നി.

പെട്ടെന്നു വ്യാപാരശാലകൾ നിശ്ചലമായി. അവിടെ ഉരുണ്ടുകൂടിയ നിശ്ശബ്ദത പലർക്കും അസഹനീയമായിരുന്നു. ഭയവും യേശുവിനോടുള്ള ആദരവും ജനത്തെ കീഴ്പ്പെടുത്തി. ദൈവത്തിന്റെ ന്യായവിധിസഭയുടെ മുമ്പാകെ കണക്കു ബോധിപ്പിക്കാൻ നില്ക്കുന്നവരെപ്പോലെ കാപട്യം നിറഞ്ഞ വ്യാപാരികൾ യേശുവിന്റെ മുമ്പിൽ നിന്നു. ക്രിസ്തുവിലുള്ള ദൈവികത്വം തന്റെ മനുഷ്യവേഷത്തിലൂടെ മിന്നിത്തെളിഞ്ഞു. അന്ത്യ നാളിൽ സ്വർഗ്ഗീയന്യായവിധിസഭയിലെ ന്യായാധിപനായി വിരാജിക്കുന്നതു പോലെ, സ്വർഗ്ഗത്തിലെ രാജകുമാരൻ, മനുഷ്യഹൃദയങ്ങളിലെ നിരൂപണ ങ്ങളെ വായിക്കുവാൻ കഴിവുള്ള അധികാരത്തോടെ അവരുടെ മുമ്പിൽ നിന്നു. സ്വർഗ്ഗീയമായ തേജസ്സു പൂർണ്ണമായി പ്രകാശിപ്പിച്ചുകൊണ്ടല്ല നിന്ന തെന്നൊരു വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളു. യേശുവിന്റെ തീക്ഷ്ണ മായ നയനങ്ങൾ ഓരോ വ്യക്തിയെയും ശോധന ചെയ്തു. അവരുടെ ഉള്ളി ലേക്ക് ആ നോട്ടം തുളച്ചിറങ്ങി. യേശുവിന്റെ രൂപം തങ്ങളുടെ മുമ്പാകെ ഉയർന്നുനില്ക്കുന്നതുപോലെ കാണപ്പെട്ടു. അവന്റെ മുഖം ദിവ്യപ്രകാശ ത്താൽ വിളങ്ങി. സീനായ്പർവ്വതത്തിൽവച്ചു ദൈവത്തിന്റെ പത്തു കല്പന യിസ്രായേൽമക്കൾക്ക് ഉദ്ഘോഷിച്ച അതേ ശബ്ദം വളരെ വ്യക്തമായി, മുഴക്കത്തോടെ യെരൂശലേം ദൈവാലയത്തിന്റെ വാതായനങ്ങളിൽക്കൂടെ അവിടെ പ്രതിദ്ധ്വനിച്ചു. "ഇത് ഇവിടെനിന്നു കൊണ്ടുപോകുവിൻ; എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാലയാക്കരുത്."

സാവധാനം പടികൾ ഇറങ്ങി കല്ലിലിരുന്നു ചമ്മട്ടി ഉയർത്തി ചലിപ്പിച്ചു കൊണ്ട് അവിടെ കൂടിയിരുന്ന ആളുകളോടു ദൈവാലയപരിസരം വിട്ടു പോകാൻ യേശു ആജ്ഞാപിച്ചു. ഇതിനു മുമ്പൊരിക്കലും പ്രകടിപ്പിച്ചിട്ടി ല്ലാത്ത തീക്ഷ്ണതയോടും ഗൗരവത്തോടുംകൂടെ, വാണിഭക്കാരുടെ മേശകൾ മറിച്ചിട്ടു. നാണയങ്ങൾ കിലുകിലാരവുമുണ്ടാക്കിക്കൊണ്ടു തറയിൽ വീണു രുണ്ടു. അധികാരത്തോടുകൂടെ ചെയ്ത അവന്റെ പ്രവൃത്തിയെ ചോദ്യം ചെയ്വാൻ ആർക്കും ധൈര്യമുണ്ടായില്ല. അന്യായമായി സമ്പാദിച്ച പണം താഴെ ചിതറിവീണപ്പോൾ, അത് എടുക്കാൻ ആരും നിന്നില്ല. ചമ്മട്ടികൊണ്ടു യേശു ആരെയും പ്രഹരിച്ചില്ലെങ്കിലും, തന്റെ കയ്യിൽ എരിഞ്ഞുകൊണ്ടു നില്ക്കുന്ന വാളുപോലെ, അതു കാണപ്പെട്ടു. ദൈവാലയത്തിലെ ജീവന ക്കാരും ലാഭക്കൊതിയന്മാരായ പുരോഹിതന്മാരും, വില്പന നടത്തുന്നവരു മെല്ലാം അവന്റെ സന്നിധിയിൽ നില്പാൻ കഴിവില്ലാതെ പുറത്തേക്ക് ഓടി.

യേശുവിന്റെ ദൈവികപ്രഭ അവിടെ പരന്നപ്പോൾ ജനം പരിഭ്രമിച്ചു. വിള റിയ അവരുടെ അധരങ്ങളിൽനിന്നു ഭയം കലർന്ന നിലവിളി പുറത്തേക്കു വന്നു. ശിഷ്യന്മാരും ഭയത്താൽ നടുങ്ങി. യേശുവിന്റെ അസാധാരണമായ ഭാവമാറ്റമാണു ശിഷ്യന്മാർക്കു ഭയമുളവാക്കിയത്. "നിന്റെ ആലയത്തെ ക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു" (സങ്കീ. 69:9) എന്നു സങ്കീർത്തന പുസ്തകത്തിൽ ക്രിസ്തുവിനെക്കുറിച്ച് എഴുതിയിരിക്കുന്നത് അവർ ഓർത്തു. വളരെവേഗം ദൈവാലയം വാണിഭക്കാരിൽനിന്നു മുക്തമായി. ദൈവാലയത്തിൽ പരിപാവനതയും ശാന്തമായ അന്തരീക്ഷവും പുനഃസ്ഥാ പിക്കപ്പെട്ടു. സീനായ്പർവ്വതം ദൈവത്തിന്റെ സാന്നിദ്ധ്യത്താൽ വിശുദ്ധീ

കരിക്കപ്പെട്ടതുപോലെ യെരൂശലേം ദൈവാലയവും ദൈവിക സാന്നിദ്ധ്യ ത്താൽ ശുദ്ധീകരിക്കപ്പെട്ടു.

ദൈവാലയശുദ്ധീകരണത്തിലൂടെ, മശീഹയെന്ന നിലയിൽ തന്റെ ദൗത്യത്തെ യേശു വെളിപ്പെടുത്തി. ദൈവിക സാന്നിദ്ധ്യത്തിനായി നിർമ്മി ക്കപ്പെട്ട യെരൂശലേം ദൈവാലയം യിസ്രായേലിനും ലോകത്തിനും ഒരു സാധനപാഠമായിരിപ്പാൻ ദൈവം ആഗ്രഹിച്ചു. തേജോമയന്മാരായ സാറാ ഫുകൾ മുതൽ ഭൗമികരായ മനുഷ്യർ വരെയുള്ള തന്റെ സൃഷ്ടികളെല്ലാം തനിക്കു വസിക്കേണ്ട മന്ദിരങ്ങളായിരിപ്പാൻ ദൈവം ആഗ്രഹിച്ചു. എന്നാൽ പാപം ഭൂമിയിൽ പ്രവേശിച്ചതുകൊണ്ടു മനുഷ്യവർഗ്ഗത്തിനു ദൈവത്തിന്റെ ആലയമായി തുടരുവാൻ കഴിഞ്ഞില്ല. ദൈവതേജസ്സു പ്രതിഫലിപ്പിക്കുവാ നുള്ള കഴിവു മനുഷ്യനു നഷ്ടമായി. എന്നാൽ ക്രിസ്തുവിന്റെ അവതാര ത്തോടുകൂടെ സ്വർഗ്ഗത്തിന്റെ ഉദ്ദേശ്യം നിറവേറപ്പെട്ടു. ദൈവത്തിന്റെ കൃപ മുഖാന്തരം മനുഷ്യൻ വീണ്ടും ദൈവം വസിക്കുന്ന മന്ദിരമായിത്തീർന്നു. യെരൂശലേം തന്റെ കൃപയെ വിളിച്ചറിയിക്കുന്ന ഒരു സാക്ഷി ആയിരിപ്പാൻ ദൈവം ആഗ്രഹിച്ചു. തങ്ങളുടെ പ്രശംസാപാത്രമായിരുന്ന യെരൂശലേം ദൈവാലയത്തിന്റെ പ്രാധാന്യം യെഹൂദന്മാർ മനസ്സിലാക്കിയിരുന്നില്ല. പരി ശുദ്ധാത്മാവിനു വസിപ്പാനുള്ള മന്ദിരങ്ങളാണു തങ്ങൾ എന്നും അവർ മനസ്സി ലാക്കിയില്ല. അങ്ങനെ അവർ ദൈവത്തിനു കീഴ്പ്പെട്ടില്ല. മലിനീകരിക്കപ്പെട്ട യെരൂശലേം ദൈവാലയം, അശുദ്ധചിന്തകളാൽ മലിനമാക്കപ്പെട്ട മനുഷ്യ ഹൃദയങ്ങളുടെ പ്രതീകമായിരുന്നു. ലൗകികന്മാരായ വാണിഭക്കാരിൽനിന്നു യെരൂശലേം ദൈവാലയത്തെ ശുദ്ധീകരിച്ചതുപോലെ പാപത്താൽ മലിനമാക്ക പ്പെട്ട മനുഷ്യമനസ്സുകളെ എല്ലാ മ്ലേച്ഛതയിൽനിന്നു ശുദ്ധീകരിക്കുകയാണു തന്റെ ദൗത്യമെന്നു യേശു പറഞ്ഞു. “നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തി ലേക്കു വരും; ഇതാ, അവൻ വരുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനില്ക്കും? അവൻ ഊതിക്കഴി ക്കുന്നവന്റെ തീ പോലെയും അലക്കുന്നവരുടെ ചാരവെള്ളംപോലെയും ആയിരിക്കും. അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധിവരു ത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ടു ലേവിപുത്രന്മാരെ ശുദ്ധീകരിച്ചു പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീകരിക്കും” (മലാഖി 3:1–3).

“നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കു ന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നെ” (1 കൊരി. 3:16,17). ഒരു മനുഷ്യനും, തന്റെ ഹൃദയത്തെ കീഴടക്കിയിരിക്കുന്ന തിന്മയെ പുറത്താക്കാൻ സ്വയം കഴിയുകയില്ല. ക്രിസ്തു വിനു മാത്രമേ ദൈവത്തിന്റെ മന്ദിരത്തെ ശുദ്ധീകരിപ്പാൻ കഴിയുകയുള്ളു. എന്നാൽ നാം ക്ഷണിക്കാതെ ഒരിക്കലും ക്രിസ്തു ശക്തി ഉപയോഗിച്ചു നമ്മിലേക്കു പ്രവേശിക്കയില്ല. യെരൂശലേം ദൈവാലയത്തിൽ പ്രവേശിച്ചതു പോലെയല്ല, ക്രിസ്തു നമ്മുടെ ഉള്ളിലേക്കു കടന്നുവരുന്നത്. യേശു

പറയുന്നു: “ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെല്ലും...'' (വെളി. 3:20). അവൻ ഒരു ദിവസത്തേക്കായി മാത്രം വരികയില്ല. ക്രിസ്തു വീണ്ടും പറയുന്നു: “ഞാൻ അവരിൽ വസിക്കയും അവരുടെ ഇടയിൽ നടക്കുകയും ചെയ്യും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും.” “നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും; അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും” (2 കൊരി. 6:16; മീഖാ 7:19). അവന്റെ സാന്നിദ്ധ്യം ആത്മാവിനെ ശുദ്ധീകരിക്കുകയും നിർമ്മലീകരിക്കുകയും ചെയ്യും. അങ്ങനെ ശുദ്ധീകരിക്കപ്പെട്ട വ്യക്തി, ദൈവം വസിക്കുന്ന ആലയമാകുന്നു. “അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു” (എഫെ. 2:22).

# 17

# നിക്കോദേമൊസ്

അവലംബം: യോഹന്നാൻ 3:1–17

യെഹൂദരാഷ്ട്രത്തിൽ നിക്കോദേമൊസിന് ഉന്നതമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. ഉന്നത വിദ്യാഭ്യാസവും അനിതരസാധാരണമായ കഴിവുകളും ഉണ്ടായിരുന്ന അദ്ദേഹം സൻഹെദ്രിൻസംഘത്തിലെ ബഹുമാന്യനായ ഒരംഗം ആയിരുന്നു. യേശുവിന്റെ ഉപദേശങ്ങളിൽ ആകൃഷ്ടരായവരിൽ ഒരുവനായിരുന്നു നിക്കോദേമൊസ്. ധനികനും, പണ്ഡിതനും, ബഹുമാന്യനുമായിരുന്ന നിക്കോദേമൊസിന് എളിയവനായ നസ്രായനോടു വളരെ ബഹുമാനവും താൽപര്യവും ഉണ്ടായി. യേശുവിന്റെ ഉപദേശങ്ങൾ നിക്കോദേമൊസിന്റെ ഹൃദയത്തിൽ പതിഞ്ഞു. അവനിൽനിന്നു കൂടുതൽ വേദസത്യം പഠിക്കുവാൻ നിക്കോദേമൊസ് ആഗ്രഹിച്ചു.

യെരൂശലേം ദൈവാലയത്തിൽനിന്നു വാണിഭക്കാരെ പുറത്താക്കിയ ക്രിസ്തുവിന്റെ അധികാരത്തോടുകൂടിയ നടപടി പുരോഹിതന്മാരിലും പ്രഭുക്കന്മാരിലും കോപവും അസൂയയും ജനിപ്പിച്ചു. ഈ യുവാവിന്റെ

പ്രഭാവം അവരിൽ ഭയമുളവാക്കി. പേരും പെരുമയും ഇല്ലാത്ത ഈ ഗലീലക്കാരന്റെ പ്രവൃത്തിയെ അവർക്കു പൊറുക്കുവാൻ കഴിഞ്ഞില്ല. അവന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ അവർ തീരുമാനിച്ചു. എങ്കിലും എല്ലാവരും ഈ ആശയത്തോടു യോജിപ്പു പ്രകടിപ്പിച്ചില്ല. ദൈവത്തിന്റെ ആത്മാവു നയിക്കുന്ന ഈ യുവാവിനെ എതിർക്കുവാൻ ചിലർ ഭയപ്പെട്ടു. യിസ്രായേലിലെ നേതാക്കന്മാരെ ശാസിച്ചതുമൂലം മരണം വരിക്കേണ്ടിവന്ന പ്രവാചകന്മാരുടെ ചരിത്രം അവർ ഓർത്തു. ദൈവത്തിന്റെ മുന്നറിയിപ്പുകളെ തള്ളിക്കളഞ്ഞതിന്റെ ഫലമായിട്ടാണു തങ്ങൾക്ക് അടിമനുകം വഹിക്കേണ്ടിവന്നിരിക്കുന്നതെന്ന് അവർക്കറിയാമായിരുന്നു. യേശുവിനെതിരായി ഗൂഢാലോചന നടത്തുന്ന പുരോഹിതന്മാർ, അവരുടെ പിതാക്കന്മാർ ചെയ്തതുപോലെ വീണ്ടും ശാപവും ആപത്തും ക്ഷണിച്ചുവരുത്താൻ പോകയാണെന്നു ചിലർ ഭയപ്പെട്ടു. ഇപ്രകാരം ചിന്തിച്ചവരിൽ ഒരാളായിരുന്നു നിക്കോദേമൊസ്. യേശുവിനെതിരായി എന്തു നടപടിയാണു സ്വീകരിക്കേണ്ടതെന്നു സൻഹെദ്രിൻ ചർച്ചചെയ്തപ്പോൾ വളരെ ചിന്തിച്ചുവേണം തീരുമാനമെടുക്കേണ്ടതെന്നു നിക്കോദേമൊസ് ഉപദേശിച്ചു. യേശുവിനു ദൈവത്തിൽനിന്നുമാണ് അധികാരം കിട്ടിയിട്ടുള്ളതെങ്കിൽ, അവന്റെ ഉപദേശങ്ങളെ ത്യജിക്കുന്നത് അപകടകരമായിരിക്കുമെന്നു നിക്കോദേമൊസ് മുന്നറിയിപ്പു നല്കി. നിക്കോദേമൊസിന്റെ അഭിപ്രായങ്ങളെ പുരോഹിതന്മാർ തീർത്തും അവഗണിക്കുവാൻ തുനിഞ്ഞില്ല. കുറേക്കാലത്തേക്കു യേശുവിനെതിരായി പരസ്യമായി ഒന്നും അവർ പ്രവർത്തിച്ചില്ല.

യേശുവിന്റെ ഉപദേശം കേട്ട നാൾമുതൽ നിക്കോദേമൊസ് മശീഹയെ സംബന്ധിച്ചുള്ള പ്രവചനങ്ങൾ ആരായുവാൻ തുടങ്ങി. നിക്കോദേമൊസ് പ്രവചനങ്ങളെ അവഗാഢം പഠിച്ചപ്പോൾ, ഈ നസ്രായൻ തന്നെയാണു വരുവാനുള്ള മശീഹയെന്ന് അവനു ബോധ്യമായി. യിസ്രായേലിലെ അനേകം നല്ല ആളുകളെപ്പോലെ നിക്കോദേമൊസും ദൈവാലയം അശുദ്ധമായി കിടക്കുന്നതിൽ ഹൃദയവ്യഥ ഉള്ളവനായിരുന്നു. ദൈവാലയത്തിൽ വാണിഭം നടത്തിയവരെ യേശു ആട്ടിപ്പുറത്താക്കുന്നതു നിക്കോദേമൊസും കണ്ടിരുന്നു. ദൈവിക ശക്തിയുടെ പ്രകടനമായിരുന്നു നിക്കോദേമൊസ് കണ്ടത്. യേശു സാധുക്കളെ സ്വീകരിക്കുന്നതും രോഗികളെ സൗഖ്യമാക്കുന്നതും നിക്കോദേമൊസിന്റെ ദൃഷ്ടിയിൽപ്പെട്ടു. വിമോചിതരുടെ സന്തോഷവും നന്ദിപ്രകടനവും അവൻ നേരിൽ കണ്ടു. നസ്രായനായ യേശു ദൈവത്താൽ അയയ്ക്കപ്പെട്ടവൻ എന്നു നിക്കോദേമൊസിനു പൂർണ്ണബോധ്യം വന്നു.

യേശുവുമായി ഒരു കൂടിക്കാഴ്ച നടത്തുവാൻ നിക്കോദേമൊസിന് അതീവ താൽപര്യം ജനിച്ചു. എന്നാൽ പരസ്യമായ ഒരു കൂടിക്കാഴ്ചയ്ക്ക് അവനു ധൈര്യമുണ്ടായില്ല. യിസ്രായേലിലെ ഒരു പ്രമാണി, അപ്രസിദ്ധനായ ഒരു റബ്ബിയുടെ അടുക്കൽ ഉപദേശം തേടിപ്പോകുന്നത് അപമാനകരമായിരിക്കുമെന്നു നിക്കോദേമൊസ് കരുതി. തന്റെ സന്ദർശനത്തെക്കുറിച്ചു സൻഹെദ്രിൻസംഘം അറിയാനിടവന്നാൽ അവരുടെ പരിഹാസത്തിനും അവജ്ഞയ്ക്കും താൻ പാത്രമായിത്തീരുമെന്ന് അവൻ ഭയപ്പെട്ടു. ആരുടെയും ദൃഷ്ടിയിൽ പെടാതെ ക്രിസ്തുവിനെ രഹസ്യത്തിൽ കാണുവാൻ നിക്കോ

ദേമൊസ് തീരുമാനിച്ചു. പരസ്യമായി ഒരു കൂടിക്കാഴ്ച നടത്തിയാൽ തന്റെ വഴി മറ്റുള്ളവരും അനുകരിക്കുമെന്നു നിക്കോദേമൊസ് കരുതി. രക്ഷകന്റെ വിശ്രമസ്ഥലം ഒലിവുമലയിലാണെന്നു മനസ്സിലാക്കിയശേഷം, നഗരം ഗാഢ നിദ്രയിലായപ്പോൾ, നിക്കോദേമൊസ് യേശുവിനെ തേടി പുറപ്പെട്ടു.

ക്രിസ്തുവിന്റെ സന്നിധിയിൽ എത്തിയപ്പോൾ നിക്കോദേമൊസിന് അല്പം പരിഭ്രമമുണ്ടായി. എന്നാൽ തന്റെ മനസ്സിനെ നിയന്ത്രിച്ചുകൊണ്ട്, അന്തസ്സുറ്റ പെരുമാറ്റത്തിലൂടെ തന്റെ പരിഭ്രമം ഒളിക്കുവാൻ നിക്കോദേമൊസ് ശ്രമിച്ചു. അവൻ പറഞ്ഞു: "റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽനിന്ന് ഉപ ദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; ദൈവം നിന്നോടു കൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്‌വാൻ ആർക്കും കഴിയുകയില്ല." ക്രിസ്തുവിന്റെ അപൂർവ്വസിദ്ധികളെക്കുറിച്ചും അവന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ചും ആമുഖമായി പറഞ്ഞുകൊണ്ടു നിക്കോ ദേമൊസ് സംഭാഷണം ആരംഭിച്ചു. തനിക്കു ക്രിസ്തുവിൽ വിശ്വാസമുണ്ട് എന്ന് അറിയിക്കുവാൻ വേണ്ടി തെരഞ്ഞെടുത്ത വാക്കുകൾ അവൻ ഉപ യോഗിച്ചു. എന്നാൽ അവന്റെ വാക്കുകൾ പ്രകടമാക്കിയത് അവന്റെ അവിശ്വാസത്തെയായിരുന്നു. യേശുവിനെ മശീഹ ആയി അംഗീകരിക്കുന്ന തിനു പകരം, ദൈവത്താൽ അയയ്ക്കപ്പെട്ട ഗുരു എന്നാണു നിക്കോദേമൊസ് പറഞ്ഞത്.

നിക്കോദേമൊസിന്റെ അഭിസംബോധനയെ കാര്യമായിട്ടെടുക്കാതെ അവന്റെ അന്തരംഗത്തിലേക്കു യേശു തന്റെ കണ്ണുകളെ അയച്ചു. ഒരു സത്യാന്വേഷകനാണു തന്റെ മുമ്പിൽ ഇരിക്കുന്നതെന്നു യേശു ഗ്രഹിച്ചു. അവന്റെ സന്ദർശനോദ്ദേശ്യവും യേശു മനസ്സിലാക്കിയിരുന്നു. നിക്കോദേ മൊസിന്റെ മനസ്സിൽ കുടികൊണ്ടിരുന്ന അഭിവാഞ്ഛയെ ഉണർത്തി, ദയയോടും ഗൗരവത്തോടുംകൂടെ യേശു പറഞ്ഞു, "ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: പുതുതായി ജനിച്ചില്ലായെങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല" (യോഹ. 3:3).

നിക്കോദേമൊസ് കർത്താവുമായി ഒരു സംഭാഷണത്തിലേർപ്പെടാമെന്നു കരുതിയാണു വന്നത്. എന്നാൽ യേശു സത്യത്തിന്റെ അസ്തിവാരം തുറന്നു കാട്ടി. യേശു പറഞ്ഞു: നിക്കോദേമൊസേ, നിനക്ക് ആവശ്യമായതു താത്വിക മായ ജ്ഞാനമല്ല, പിന്നെയോ ആത്മികമായ പുനർജനനമാണ്. നിനക്ക് അത്യന്താപേക്ഷിതമായി ആവശ്യമുള്ളതു നിന്റെ ജിജ്ഞാസയെ സംതൃ പ്തിപ്പെടുത്തുന്ന കാര്യങ്ങളല്ല, നേരെമറിച്ച് ഒരു പുതിയ ഹൃദയമാണ്. സ്വർഗ്ഗീയകാര്യങ്ങൾ നിനക്കു മനസ്സിലാകണമെങ്കിൽ, ഉയരത്തിൽനിന്നു നീ പുതുജീവൻ പ്രാപിക്കണം. ഈ രൂപാന്തരം പ്രാപിക്കുന്നതുവരെ എന്റെ ദൗത്യത്തെയോ, അധികാരത്തെയോ സംബന്ധിച്ചു ചർച്ച ചെയ്യുന്നതു കൊണ്ടു നിനക്ക് ഒരു പ്രയോജനവുമില്ല.

അനുതാപത്തെയും സ്നാനത്തെയുംകുറിച്ചുള്ള യോഹന്നാന്റെ പ്രസംഗം നിക്കോദേമൊസ് കേട്ടിരുന്നു. യെഹൂദന്മാരുടെ ആത്മീയ ദാരിദ്ര്യത്തെ ക്കുറിച്ചും, മതതീക്ഷ്ണതയെയും ലൗകികതയെയും സംബന്ധിച്ചു നിക്കോദേ

മൊസിന് അറിയാമായിരുന്നു. മശീഹ വരുമ്പോൾ കാര്യങ്ങളൊക്കെ നേരെയാകുമെന്നു നിക്കോദേമൊസ് ആശിച്ചു. എന്നാൽ യോഹന്നാൻ സ്നാപകന്റെ ശക്തമായ ദൂതിനും നിക്കോദേമൊസിൽ പാപബോധം ഉണർത്തുവാൻ കഴിഞ്ഞില്ല. നിക്കോദേമൊസ് കർശനമായി കല്പനകൾ പാലിച്ചിരുന്ന ഒരു പരീശനായിരുന്നു. അവന്റെ സൽപ്രവൃത്തികളിൽ അവൻ അഭിമാനം കൊണ്ടിരുന്നു. അവന്റെ സൽപ്രവൃത്തികൾക്കും ഉദാരമനസ്കതയ്ക്കും അവൻ പേരുകേട്ടവനായിരുന്നു. തന്റെ സൽപ്രവൃത്തികളിൽ ആശ്രയിച്ച് ഒരുതരത്തിലുള്ള സുരക്ഷിതബോധത്തിൽ നിക്കോദേമൊസ് കഴിഞ്ഞിരുന്നു. തന്റെ ഇപ്പോഴത്തെ അവസ്ഥയിൽ ദൈവരാജ്യം കാണ്മാൻ കഴികയില്ലായെന്ന ക്രിസ്തുവിന്റെ പ്രസ്താവന നിക്കോദേമൊസിനെ ഞെട്ടിച്ചു.

വീണ്ടുംജനനത്തെ സംബന്ധിച്ചു ക്രിസ്തു ആലങ്കാരികമായി പറഞ്ഞപ്പോൾ അതു നിക്കോദേമൊസിനു തീർത്തും അപരിചിതമായ ഒന്നല്ലായിരുന്നു. യെഹൂദമതത്തിലേക്കു ജാതികൾ മതപരിവർത്തനം ചെയ്തപ്പോൾ അവരെ നവജാതരായ ശിശുക്കളോടാണു തുലനം ചെയ്തിരുന്നത്. അതുകൊണ്ടു ക്രിസ്തുവിന്റെ വാക്കുകളെ അക്ഷരിക അർത്ഥത്തിൽ എടുക്കേണ്ടതില്ലായെന്നു നിക്കോദേമൊസിന് അറിയാമായിരുന്നു. ഒരു യിസ്രായേല്യനായി ജനിച്ചതുകൊണ്ടു സ്വർഗ്ഗരാജ്യത്തിൽ തനിക്കു നിശ്ചയമായി ഒരു സ്ഥാനമുണ്ടായിരിക്കുമെന്നു നിക്കോദേമൊസിന് ഉറപ്പുണ്ടായിരുന്നു. തനിക്കു രൂപാന്തരത്തിന്റെ ആവശ്യമില്ലായെന്നു നിക്കോദേമൊസ് കരുതി. അതുകൊണ്ടത്രേ അവൻ രക്ഷകന്റെ വാക്കുകൾ കേട്ടപ്പോൾ അത്ഭുതപ്പെട്ടത്. തനിക്കു വീണ്ടുംജനനത്തിന്റെ ആവശ്യമുണ്ടെന്നു കേട്ടപ്പോൾ, നിക്കോദേമൊസിന് അസന്തുഷ്ടി തോന്നി. ഉള്ളിലെ പരീശൻ, സത്യാന്വേഷിയായ അവനോടു പോരാടി. യിസ്രായേലിലെ പ്രഭുവായ തന്നോട് ഒരു വളച്ചുകെട്ടും കൂടാതെ ക്രിസ്തു സംസാരിച്ചപ്പോൾ നിക്കോദേമൊസ് ആശ്ചര്യപ്പെട്ടു.

തന്നിലുണ്ടായിരുന്ന ദുരഭിമാനം ഉള്ളിലൊതുക്കിക്കൊണ്ടു നിക്കോദേമൊസ് കർത്താവിനോടു ചോദിച്ചു: "മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നതെങ്ങനെ?" മനസ്സാക്ഷിയിലേക്കു കടന്നുചെല്ലുന്ന സത്യം നിക്കോദേമൊസിനു നല്കപ്പെട്ടപ്പോൾ, മറ്റാരെയുംപോലെ, ഉടനടി അതിനെ സ്വീകരിപ്പാനുള്ള ഒരുക്കം അവൻ പ്രകടിപ്പിച്ചില്ല. "പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല... ആത്മികമായി വിവേചിക്കേണ്ടതാകയാൽ അത് അവനു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല" (1 കൊരി. 2:14).

രക്ഷകൻ നിക്കോദേമൊസുമായി ഒരു വാഗ്വാദത്തിൽ ഏർപ്പെടാൻ ആഗ്രഹിച്ചില്ല. തന്റെ വിശുദ്ധ കരത്തെ ഉയർത്തി, ഉറപ്പും പ്രത്യാശയും ചൊരിഞ്ഞുകൊണ്ടു സത്യത്തെ വിശദീകരിച്ചു. "ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലായെങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല." ജലസ്നാനത്തെയും, ദൈവാത്മാവിലുള്ള ഹൃദയപുതുക്കത്തെയുമാണു കർത്താവ് അർത്ഥമാക്കുന്നതെന്നു നിക്കോദേമൊസ് മനസ്സിലാക്കി. യോഹന്നാൻ സ്നാപകൻ നേരത്തേ ചൂണ്ടിക്കാട്ടിയ രക്ഷകന്റെ മുമ്പിലാണു താൻ നില്ക്കുന്നതെന്നു നിക്കോദേമൊസ് ഗ്രഹിച്ചു.

യേശു തുടർന്നു: "ജഡത്താൽ ജനിച്ചതു ജഡമാകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു." സ്വാഭാവികമായി മനുഷ്യഹൃദയം തിന്മ നിറഞ്ഞ താകുന്നു. "അശുദ്ധനിൽനിന്നു ജനിച്ച വിശുദ്ധനുണ്ടോ? ഒരുത്തനുമില്ല" (ഇയ്യോബ് 14:4). പാപം ചെയ്യുന്ന ഒരാത്മാവിനു പരിഹാരം കണ്ടെത്തുവാൻ ഒരു മാനുഷിക കണ്ടുപിടുത്തത്തിനും സാദ്ധ്യമല്ല. "ജഡത്തിന്റെ ചിന്ത ദൈവ ത്തോടു ശത്രുത്വം ആകുന്നു; അതു ദൈവത്തിന്റെ ന്യായപ്രമാണത്തിനു കീഴ്പ്പെടുന്നില്ല, കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല." "ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസ്സാക്ഷ്യം, ദൂഷണം എന്നിവ ഹൃദയ ത്തിൽനിന്നു പുറപ്പെട്ടുവരുന്നു" (റോമർ 8:7, മത്തായി 15:19). മനസ്സിൽനിന്നു പുറപ്പെടുന്ന നീരൊഴുക്കുകൾ ശുദ്ധിയായിരിക്കണമെങ്കിൽ മനസ്സിന്റെ ഉറ വുകൾ ശുദ്ധീകരിക്കപ്പെടണം. സ്വന്ത ശക്തികൊണ്ടു ദൈവകല്പനകൾ പ്രമാണിച്ചു സ്വർഗ്ഗത്തിൽ എത്തിച്ചേരാമെന്ന് ആരെങ്കിലും വിചാരിച്ചാൽ അസാദ്ധ്യമായ ഒന്നാണ് അവർ ചിന്തിക്കുന്നത്. നിയമങ്ങളെ അധിഷ്ഠിത മാക്കിയുള്ള ഒരു മതം മാത്രമാണ് ഒരാൾക്കുള്ളതെങ്കിൽ, അയാൾ സുര ക്ഷിതനാണ് എന്നു പറയുക വയ്യ. ക്രിസ്ത്യാനികളുടെ ജീവിതം പഴയ ജീവിതത്തിന്റെ പുതുക്കിയ രൂപം അല്ല, നേരെമറിച്ചു സ്വഭാവത്തിന്റെ ഒരു രൂപാന്തരമാണ്. ഒരുവൻ വീണ്ടും ജനിക്കുമ്പോൾ പഴയ മനുഷ്യൻ മരിക്കു കയും ഒരു പുതിയ സൃഷ്ടി രൂപംകൊള്ളുകയും ചെയ്യുന്നു. പരിശുദ്ധാത്മാ വിന്റെ പ്രവർത്തനംകൊണ്ടാണ് ഈ രൂപാന്തരം ഉണ്ടാകുന്നത്.

നിക്കോദേമൊസിന്റെ സംശയം തീർന്നിരുന്നില്ല. തന്റെ ആശയം വിശദീ കരിക്കുവാൻ യേശു കാറ്റിന്റെ പ്രവർത്തനത്തെ ഉദാഹരണമായി എടുത്തു. "കാറ്റ് ഇഷ്ടമുള്ളേടത്ത് ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അത് എവിടെനിന്നു വരുന്നുവെന്നും എവിടേക്കു പോകുന്നുവെന്നും അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു."

കാറ്റു വൃക്ഷശിഖരങ്ങളിന്മേലും ഇലകളിന്മേലും പൂക്കളിന്മേലും വീശു ന്നതു നമുക്കു കേൾക്കാം. എങ്കിലും അത് അദൃശ്യമാണ്. അത് എവിടെ നിന്നു വരുന്നുവെന്നോ, എങ്ങോട്ടേക്കു പോകുന്നുവെന്നോ ആരും അറിയു ന്നില്ല. മനുഷ്യഹൃദയത്തിൽ പരിശുദ്ധാത്മാവു പ്രവർത്തിക്കുന്നതും ഇതു പോലെയാണ്. കാറ്റിന്റെ പ്രവർത്തനത്തെപ്പോലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും വിശദീകരിക്കുവാൻ പ്രയാസമാണ്. മാനസാന്തരത്തിന്റെ എല്ലാ വിശദാംശങ്ങളും ഒരുവനു വർണ്ണിക്കുവാൻ കഴിഞ്ഞില്ലായെന്നു വന്നേക്കാം. അതുകൊണ്ട് അവൻ മാനസാന്തരപ്പെട്ടവനല്ലായെന്നു പറയുവാൻ സാദ്ധ്യമല്ല. അദൃശ്യമായ കാറ്റുപോലെ കർത്താവു തന്റെ പ്രതിനിധിയിൽ ക്കൂടെ ഒരുവന്റെ ഹൃദയത്തിൽ പ്രവർത്തിക്കുന്നു. ക്രമേണ, ഒരുപക്ഷേ സ്വീകർത്താവിന്റെ ബോധപൂർവ്വമായ അറിവുകൂടാതെ, പരിശുദ്ധാത്മാവ് അവന്റെ ഹൃദയത്തിൽ തന്റെ മായാത്ത മുദ്ര പതിപ്പിക്കുന്നു. അവന്റെ ഹൃദയം ക്രിസ്തുവിലേക്ക് അടുക്കുവാൻ അതു കാരണമായിത്തീരുന്നു. ക്രിസ്തുവിനെ ധ്യാനിക്കുകയും ദൈവവചനം പഠിക്കുകയും ചെയ്യുന്നതു കൊണ്ടും, ദൈവദാസന്മാരുടെ തിരുവചനഘോഷണം കേൾക്കുന്നതിനാലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനു നമ്മുടെ ഹൃദയം ഒരുക്കമുള്ളതായി

ത്തീരുന്നു. പരിശുദ്ധാത്മാവു ഹൃദയത്തോടു നേരിട്ട്  ഇടപെടുമ്പോൾ നാം സന്തോഷത്തോടുകൂടി ക്രിസ്തുവിനു കീഴ്പ്പെടുന്നു. ഈ അനുഭവത്തെ മാനസാന്തരമെന്ന് അനേകർ വിവക്ഷിക്കുന്നു. എന്നാൽ ഇതു പരിശുദ്ധാത്മാവിന്റെ അനേക കാലത്തെ സ്നേഹത്തോടുകൂടിയ പ്രേരണയുടെ ഫലമായിട്ടുണ്ടാകുന്ന ഒരനുഭവമാണ്.

കാറ്റ് അദൃശ്യമാണെങ്കിലും, അതിന്റെ പ്രവർത്തനഫലം കാണുകയും അനുഭവിക്കുകയും ചെയ്യാം. അതുപോലെ പരിശുദ്ധാത്മാവിന്റെ രക്ഷാശക്തി അനുഭവിച്ചിട്ടുള്ളവരുടെ ഓരോ പ്രവർത്തനങ്ങളിലും, തങ്ങളിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തെ അവർ വെളിപ്പെടുത്തും. ദൈവാത്മാവു മനുഷ്യന്റെ ഹൃദയത്തെ സ്വന്തമാക്കുമ്പോൾ, ഒരുവനിൽ പൂർണ്ണമായ രൂപാന്തരം സംഭവിക്കുന്നു. പാപചിന്തകളെ ദൂരത്തെറികയും, പാപപ്രവൃത്തികളെ ത്യജിക്കയും ചെയ്യുന്നു. സ്നേഹവും താഴ്മയും സമാധാനവും നമ്മിൽ കടന്നുവരികയും, കോപവും അസൂയയും ശണ്ഠയും നമ്മിൽനിന്നു നിഷ്കാസിതമാവുകയും ചെയ്യുന്നു. സന്തോഷം സന്താപത്തെ നീക്കംചെയ്യുന്നു. സ്വർഗ്ഗീയ പ്രഭ മുഖത്തെ ശോഭയുള്ളതാക്കിത്തീർക്കുന്നു. നമ്മുടെ ഭാരം എടുത്തുമാറ്റുന്ന കരത്തെ ആരും കാണുന്നില്ല. സ്വർഗ്ഗീയമന്ദിരത്തിൽനിന്നു ഭൂമിയിലേക്കു വരുന്ന പ്രകാശം ഒരുത്തരുടെയും കാഴ്ചയിൽ പെടുന്നില്ല. വിശ്വാസത്താൽ ആത്മാവു ദൈവത്തിനു കീഴ്പ്പെടുമ്പോൾ സ്വർഗ്ഗത്തിൽനിന്ന് അനുഗ്രഹം പൊഴിയുന്നു. മനുഷ്യനേത്രങ്ങൾക്കു കാണാൻ സാധിക്കാത്ത ആ ശക്തി, മനുഷ്യനെ ദൈവസ്വരൂപമുള്ള ഒരു പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുത്തുന്നു.

പരിമിതികളുള്ള മനുഷ്യമനസ്സിനു വീണ്ടെടുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ചു ഗ്രഹിക്കുവാൻ അസാദ്ധ്യമാണ്. അതിന്റെ നിഗൂഢത മനുഷ്യമനസ്സിനും അപ്പുറമാണ്.  എങ്കിലും അതൊരു ദിവ്യമായ യാഥാർത്ഥ്യമാണെന്നു മരണത്തിൽനിന്നു ജീവനിലേക്കു കടന്ന ഒരു വ്യക്തിക്കു മനസ്സിലാക്കാൻ കഴിയും. വ്യക്തിപരമായ അനുഭവത്തിൽക്കൂടെ വീണ്ടെടുപ്പിന്റെ തുടക്കം നാം ഇവിടെ ദർശിക്കുന്നു.  അതിന്റെ ഫലങ്ങൾ നിത്യതവരെ കടന്നുപോകുന്നു.

യേശു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ സത്യത്തിന്റെ ചില പ്രകാശവീചികൾ നിക്കോദേമൊസിന്റെ ഉള്ളിലേക്കു കടന്നുചെന്നു. പരിശുദ്ധാത്മാവിന്റെ ആർദ്രതയുള്ളതും മനുഷ്യഹൃദയത്തെ കീഴ്പ്പെടുത്തുന്നതുമായ പ്രേരണാശക്തി അവനിൽ ആഴമായി പതിഞ്ഞു.  എങ്കിലും രക്ഷകന്റെ വാക്കുകളെ പൂർണ്ണമായി ഗ്രഹിക്കുവാൻ നിക്കോദേമൊസിനു കഴിഞ്ഞില്ല. ഒരു പുതുജനനത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധ്യം നിക്കോദേമൊസിന് ഉണ്ടായില്ല. അതെപ്രകാരം സാധിക്കുമെന്ന് അവൻ സംശയിച്ചു. “ഇതെങ്ങനെ സംഭവിക്കു”മെന്ന് അവൻ ചോദിച്ചു.

“നീ യിസ്രായേലിന്റെ ഉപദേഷ്ടാവായിരുന്നിട്ടും ഇത് അറിയുന്നില്ലയോ?” യേശു ചോദിച്ചു. ഇത്ര പ്രാധാന്യമേറിയ സത്യം ജനത്തിന്റെ ഒരു ഉപദേഷ്ടാവെന്ന നിലയിൽ അറിയേണ്ടതായിരുന്നു. യേശുവിന്റെ വാക്കുകൾ

അവനു മുഷിച്ചിൽ ഉണ്ടാകുവാനല്ല, നേരെമറിച്ചു താൻ പൂർണ്ണതയുള്ളവൻ എന്ന ധാരണ അവനിൽനിന്നു മാറ്റുന്നതിനും തന്റെ ആത്മീയ അജ്ഞതയെക്കുറിച്ചു ബോധം വരുത്തുന്നതിനുമായിരുന്നു. യേശു തനിക്കു യോജിച്ച അന്തസ്സോടും ആത്മാർത്ഥതയുള്ള സ്നേഹത്തോടും കൂടെ നിക്കോദേമൊസിനോടു തന്റെ കുറവിനെക്കുറിച്ചു സംസാരിച്ചപ്പോൾ അവനു ബോധം വരികയും വിശാലമനസ്കനായി അവൻ കർത്താവിന്റെ വചനങ്ങളെ സ്വീകരിക്കുകയും ചെയ്തു.

ഭൗതികമായ ഒരു രാഷ്ട്രം സ്ഥാപിക്കുന്നതിനുവേണ്ടിയല്ല താൻ വന്നതെന്നും പ്രത്യുത ആത്മീയമായ ഒരു രാജ്യം കെട്ടിപ്പടുക്കുകയാണു തന്റെ ജീവിതദൗത്യമെന്നും യേശു പറഞ്ഞപ്പോൾ, നിക്കോദേമൊസിന് അനല്പമായ ദുഃഖം ഉണ്ടായി. ഇതു കണ്ടപ്പോൾ യേശു പറഞ്ഞു: "ഭൂമിയിൽ ഉള്ളതു നിങ്ങളോടു പറഞ്ഞിട്ടു നിങ്ങൾ വിശ്വസിക്കുന്നില്ലായെങ്കിൽ സ്വർഗ്ഗത്തിൽ ഉള്ളതു നിങ്ങളോടു പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും?" ദൈവകൃപ മനുഷ്യന്റെ ഉള്ളിൽ പ്രവർത്തിക്കുന്ന വിധം യേശു സോദാഹരണം തെളിയിച്ചിട്ടും നിക്കോദേമൊസിനു സ്വീകരിപ്പാൻ കഴിയുന്നില്ലായെങ്കിൽ തേജസ്സു നിറഞ്ഞ സ്വർഗ്ഗീയരാജ്യത്തെ എങ്ങനെ ഗ്രഹിപ്പാൻ കഴിയും? ഭൂമിയിൽ യേശു ചെയ്ത പ്രവർത്തനം ഗ്രഹിപ്പാൻ കഴിഞ്ഞില്ലായെങ്കിൽ സ്വർഗ്ഗത്തിലെ അവന്റെ പ്രവർത്തനവും ഗ്രഹിപ്പാൻ കഴികയില്ല.

ദൈവാലയത്തിൽനിന്നു യേശു ആട്ടിപ്പായിച്ച യെഹൂദന്മാർ തങ്ങൾ അബ്രാഹാമിന്റെ സന്തതികൾ എന്ന് അവകാശവാദം മുഴക്കിയിരുന്നു. എന്നാൽ യേശുവിൽക്കൂടെ പ്രസരിച്ച ദൈവതേജസ്സിന്റെ മുമ്പാകെ നില്പാൻ കഴിയാതെ അവർ ഓടിപ്പോകുകയാണു ചെയ്തത്. ദൈവാലയത്തിലെ വിശുദ്ധ ശുശ്രൂഷയിൽ പങ്കാളികളാകാനുള്ള യോഗ്യത തങ്ങൾക്കു ദൈവകൃപയിലൂടെ ലഭിച്ചിട്ടില്ലെന്ന് അവർ തെളിയിച്ചു. വിശുദ്ധിയുടെ ബാഹ്യമായ ഒരു പരിവേഷം നിലനിർത്താൻ മാത്രം അവർ താൽപര്യം കാട്ടി. എന്നാൽ ആന്തരിക വിശുദ്ധിയെ അവർ തിരസ്കരിച്ചു. കല്പനകളുടെ അക്ഷരത്തിൽ അവർ താൽപര്യം കാട്ടുകയും അതിന്റെ അന്തഃസത്തയെ അഗണ്യമാക്കുകയും ചെയ്തു. അവരുടെ ഏറ്റവും വലിയ ആവശ്യം, നിക്കോദേമൊസിനോടു ക്രിസ്തു വിശദീകരിച്ച രൂപാന്തരമായിരുന്നു. ഒരു പുതുജീവൻ; പാപത്തിൽനിന്നുമുള്ള ഒരു ശുദ്ധീകരണം; വിശുദ്ധിയിലും പരിജ്ഞാനത്തിലും ഒരു നവീകരണം; ഇതായിരുന്നു യെഹൂദജാതിക്കാവശ്യമായിരുന്നത്.

പുതുജനനത്തെക്കുറിച്ചു തങ്ങൾക്കുണ്ടായിരുന്ന അജ്ഞതയ്ക്ക് ഒരു ഒഴികഴിവും യിസ്രായേലിനു പറയാനില്ലായിരുന്നു. പരിശുദ്ധാത്മപ്രേരിതനായി യെശയ്യാവ് എഴുതി: "ഞങ്ങളുടെ നീതിപ്രവൃത്തികൾ ഒക്കെയും കറപിരണ്ട തുണിപോലെ." ദാവീദ് പ്രാർത്ഥിച്ചു: "ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുക്കേണമേ." യെഹെസ്കേൽ നല്കിയ ദൂത്: "ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും; പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസ

മായുള്ള ഹൃദയം നിങ്ങൾക്കു തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങ ളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും" (യെശ.64:6, സങ്കീ. 51:10; യെഹെ. 36: 26,27).

നിക്കോദേമൊസ് ഈ തിരുവചനഭാഗങ്ങളെല്ലാം വായിച്ചിരുന്നത് അടഞ്ഞ ഒരു ഹൃദയത്തോടെ ആയിരുന്നു. ഇപ്പോൾ ഈ വചനങ്ങളുടെ പൊരുൾ തനിക്കു മനസ്സിലായിത്തുടങ്ങി. ബാഹ്യമായ ജീവിതത്തെ മാത്രം ബാധി ക്കുന്ന അക്ഷരാർത്ഥത്തിലുള്ള കല്പനാപാലനം, അതെത്ര കഠിനമായി രുന്നാലും ഒരു മനുഷ്യനെയും സ്വർഗ്ഗരാജ്യത്തിനവകാശിയാക്കുന്നില്ല. മാനുഷികനോട്ടത്തിൽ നിക്കോദേമൊസ് ബഹുമാന്യനും നീതിമാനുമായി രുന്നു. എന്നാൽ ക്രിസ്തുവിന്റെ മുമ്പിൽ ഞാൻ നിന്നപ്പോൾ തന്റെ ഹൃദയം പാപപങ്കിലവും ജീവിതം അശുദ്ധി നിറഞ്ഞതായും നിക്കോദേമൊസിന് അനുഭവപ്പെട്ടു.

നിക്കോദേമൊസ് ക്രിസ്തുവിൽ ആകൃഷ്ടനായി. വീണ്ടുംജനനത്തെ ക്കുറിച്ചു കർത്താവു വിശദീകരിച്ചപ്പോൾ ആ അനുഭവം തന്റെ ജീവിതത്തിൽ ഉണ്ടാകുവാൻ നിക്കോദേമൊസ് വാഞ്ഛിച്ചു. അത് എപ്രകാരം നേടി എടു ക്കാമെന്ന് അവൻ ആലോചിച്ചു. യേശുക്രിസ്തു അവനു മറുപടി നല്കി: "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്ര നെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യ ജീവൻ പ്രാപിക്കേണ്ടതിനു തന്നെ."

നിക്കോദേമൊസിനു സുപരിചിതമായ ഒന്നാണു കർത്താവു ചൂണ്ടി ക്കാട്ടിയത്. ഉയർത്തപ്പെട്ട സർപ്പം ഒരു പ്രതീകമെന്ന നിലയിൽ രക്ഷകന്റെ ദൗത്യത്തെ നിക്കോദേമൊസിനു വെളിപ്പെടുത്തിക്കൊടുത്തു. അഗ്നിസർപ്പ ങ്ങളുടെ ദംശനമേറ്റു യിസ്രായേൽജനം നശിച്ചുകൊണ്ടിരുന്നപ്പോൾ അവരുടെ മദ്ധ്യേ ഒരു പിച്ചളസർപ്പത്തെ ഉയർത്തുവാൻ ദൈവം മോശെയോടാജ്ഞാ പിച്ചു. ആ പിച്ചളസർപ്പത്തെ നോക്കുന്നവർ ജീവിക്കുമെന്ന വാർത്ത പാളയ ത്തിലെല്ലാടവും പ്രഖ്യാപിക്കപ്പെട്ടു. ആ സർപ്പത്തിന് ആ ജനത്തെ സഹായി പ്പാനുള്ള ഒരു ശക്തിയും സ്വയമായില്ലായിരുന്നുവെന്നു ജനത്തിനറിയാമായി രുന്നു. അതു ക്രിസ്തുവിന്റെ ഒരു പ്രതീകമായിരുന്നു. കൊല്ലുന്ന സർപ്പത്തെ പ്പോലുള്ള ഒന്നിന്റെ രൂപം ഉണ്ടാക്കി യിസ്രായേലിന്റെ വിടുതലിനുവേണ്ടി ഉയർത്തിയതുപോലെ "ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യ ത്തിലും പാപംനിമിത്തവും അയച്ചു" (റോമർ 8:3). യാഗശുശ്രൂഷകൾക്ക് അവരെ പാപത്തിൽനിന്നു വിമുക്തരാക്കുവാനുള്ള ശക്തി അതിൽത്തന്നെ ഉണ്ടെന്നായിരുന്നു അനേക യിസ്രായേല്യരും കരുതിയിരുന്നത്. പിച്ചളസർപ്പ ത്തെക്കാൾ കൂടുതൽ മേന്മ യാഗശുശ്രൂഷയ്ക്കില്ലായിരുന്നുവെന്ന് അവരെ പഠിപ്പിക്കുവാൻ ദൈവം ആഗ്രഹിച്ചു. അവരുടെ ഹൃദയങ്ങളെ തന്നിലേക്കു നയിക്കുവാനായി ഉപദേശിച്ചുകൊണ്ടുള്ളതായിരുന്നു അവ. തങ്ങളുടെ മുറിവുകളുടെ സൗഖ്യത്തിനോ, അവരുടെ പാപക്ഷമയ്ക്കുവേണ്ടിയോ യിസ്രായേല്യർക്ക് ഒന്നും ചെയ്‌വാൻ കഴിവില്ലായിരുന്നു. ദൈവത്തിന്റെ ദാന ത്തിൽ തങ്ങളുടെ വിശ്വാസം അർപ്പിക്കുക മാത്രമേ അവർക്കു ചെയ്യേണ്ട

തായിരുന്നുള്ളു. “വിശ്വാസത്തോടെ നോക്കി ജീവൻ പ്രാപിക്കുക”– ഇതായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്.

സർപ്പങ്ങളുടെ ദംശനമേറ്റവരിൽ ചിലർ നോക്കുവാൻ വിളംബം വരുത്തിയിരിക്കാം. ഒരു പിച്ചളസർപ്പത്തിന് എന്തു ശക്തിയാണുള്ളതെന്ന് അവർ സംശയിച്ചിരിക്കാം. ശാസ്ത്രീയമായ ഒരു വിശദീകരണം അവർ ആവശ്യപ്പെട്ടിരുന്നിരിക്കാം. എന്നാൽ ഒരു വിശദീകരണവും അവർക്കു ലഭിച്ചില്ല. മോശെയിൽക്കൂടെ ലഭിച്ച ദൈവവചനം അവർ അനുസരിക്കേണ്ടതായിരുന്നു. നോക്കുവാൻ വിസമ്മതം പ്രകടിപ്പിക്കുക എന്നാൽ മരണത്തെ വരിക്കുക എന്നതായിരുന്നു അർത്ഥം.

മനുഷ്യൻ പ്രകാശിതനാകുന്നതു വാഗ്വാദങ്ങളിൽക്കൂടെയോ ചർച്ചകളിൽക്കൂടെയോ അല്ല. നാം വിശ്വാസത്തോടെ നോക്കി ജീവൻ പ്രാപിക്കണം. നിക്കോദേമൊസിന് ആ പാഠം സുഗ്രാഹ്യമായി. അത് അവൻ ഹൃദയത്തിൽ സംഗ്രഹിച്ചു. തിരുവെഴുത്തുകളെ ശോധന ചെയ്തു താത്വിക കാര്യങ്ങളെക്കുറിച്ചു വാദപ്രതിവാദം നടത്തുന്നതിനെക്കാൾ ഉത്തമം, ആത്മീയ ജീവൻ പ്രാപിക്കേണ്ടതിനു തിരുവെഴുത്തുകളെ വിശ്വാസത്തോടെ സ്വീകരിക്കുന്നതാണെന്നു നിക്കോദേമൊസ് മനസ്സിലാക്കി. പരിശുദ്ധാത്മാവിന്റെ പ്രേരണയ്ക്ക് അവൻ വശംവദനായപ്പോൾ സ്വർഗ്ഗരാജ്യം അവനു കാണുവാൻ സാധിച്ചു.

ഉയർത്തപ്പെട്ട പിച്ചളസർപ്പത്തിൽക്കൂടെ പരമമായ സത്യം നിക്കോദേമൊസ് പഠിച്ചതുപോലെ ഇന്ന് അനേകം പേർ ഈ പാഠം പഠിക്കേണ്ടതായിട്ടാണിരിക്കുന്നത്. ദൈവത്തിന്റെ പ്രീതി ലഭിക്കുന്നതിനു തങ്ങൾ യോഗ്യരാണെന്നു കരുതുകയും തങ്ങളുടെ സൽപ്രവൃത്തികളിൽ ആശ്രയിക്കുകയും ചെയ്യുന്നവരുണ്ട്. അപ്രകാരമുള്ളവരോട് ‘യേശുവിനെ നോക്കി രക്ഷപ്രാപിക്കുക; അവന്റെ കൃപയിലൂടെയാണു രക്ഷ എന്ന ദാനം’ എന്നു പരിശുദ്ധാത്മാവു പറയുമ്പോൾ അവർ ചോദിക്കും: ‘ഇതെങ്ങനെ സംഭവിക്കും?’

നിക്കോദേമൊസിനെപ്പോലെ നാമും ജീവനിൽ കടപ്പാൻ താൽപര്യം കാണിക്കേണ്ടതുണ്ട്. ‘പാപികളിൽ ഞാൻ ഒന്നാമൻ’ എന്ന ബോധത്തോടെ വേണം നാം കടന്നുചെല്ലേണ്ടത്. “മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല” (അപ്പൊ. 4:12). വിശ്വാസത്തിൽക്കൂടെ നാം ദൈവത്തിന്റെ കൃപ പ്രാപിക്കുന്നു. എന്നാൽ വിശ്വാസം നമ്മുടെ രക്ഷകനല്ല. അത് ഒന്നും നേടുന്നില്ല. ക്രിസ്തുവിന്റെ കരങ്ങളെ പിടിക്കുന്ന നമ്മുടെ കരമത്രേ വിശ്വാസം. പാപത്തിന്റെ പ്രതിവിധിയായ ദൈവകൃപയെ സ്വന്തമാക്കുന്ന ഒന്നാണു വിശ്വാസം. ദൈവാത്മാവിന്റെ സഹായം കൂടാതെ നമുക്ക് അനുതപിക്കുവാൻപോലും സാദ്ധ്യമല്ല. ക്രിസ്തുവിനെക്കുറിച്ചു തിരുവെഴുത്തു പറയുന്നു: “യിസ്രായേലിനു മാനസാന്തരവും പാപമോചനവും നല്കുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയിരിക്കുന്നു” (അപ്പൊ. 5:31). പാപക്ഷമ കർത്താവിൽനിന്നു വരുന്നതുപോലെ അനുതാപവും കർത്താവു മുഖാന്തരം വരുന്നു.

അപ്പോൾ നാം എങ്ങനെ രക്ഷപ്രാപിക്കും? മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രൻ ഉയർത്തപ്പെട്ടിരിക്കുന്നു. സർപ്പത്താൽ കടിയേറ്റും വഞ്ചിക്കപ്പെട്ടും ഇരിക്കുന്ന ഏവരും ക്രിസ്തുവിനെ നോക്കി ജീവിക്കേണ്ടതാകുന്നു. "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29). ക്രൂശിൽനിന്നു ചൊരിയപ്പെടുന്ന പ്രകാശം ദൈവസ്നേഹത്തെ വെളിപ്പെടുത്തുന്നു. അവന്റെ സ്നേഹം നമ്മെ അവനിലേക്ക് ആകർഷിക്കുന്നു. ഈ ആകർഷണത്തെ നാം എതിർക്കുന്നില്ലായെങ്കിൽ നമ്മുടെ രക്ഷകനെ ക്രൂശിപ്പാൻ കാരണമാക്കിയ നമ്മുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുവാനും, നമ്മെ ക്രൂശിന്റെ അരികിലേക്ക് ആനയിപ്പാനും അതു സഹായിക്കും. അപ്പോൾ ദൈവത്തിന്റെ ആത്മാവു നമ്മിലേക്കു പുതുജീവൻ പകരും. വിശ്വാസത്തിൽക്കൂടെയാണ് ഇതു സാധിതപ്രായമായിത്തീരുന്നത്. അപ്പോൾ നമ്മുടെ ചിന്തകളും ആഗ്രഹങ്ങളും കർത്താവിന്റെ ഇഷ്ടത്തിന് അനുരൂപമായിത്തീരും. നമ്മിൽ പ്രവർത്തിക്കുന്നവനായ ദൈവത്തിന്റെ സ്വരൂപത്തിൽ നമ്മുടെ ഹൃദയവും മനസ്സും പുതുതായി സൃഷ്ടിക്കപ്പെടും. ദൈവത്തിന്റെ കല്പന നമ്മുടെ ഹൃദയപ്പലകമേൽ എഴുതപ്പെടും. അപ്പോൾ ക്രിസ്തുവിനോടുകൂടെച്ചേർന്ന്, "എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു" എന്നു പറയുവാൻ നമുക്കു കഴിയും.

നിക്കോദേമൊസുമായുള്ള കൂടിക്കാഴ്ചയിൽ രക്ഷയുടെ പദ്ധതിയും തന്റെ ദൗത്യവും ഇന്നതെന്നു യേശു വെളിപ്പെടുത്തി. സ്വർഗ്ഗരാജ്യം അവകാശമാക്കുന്നവരുടെ ഉള്ളിൽ നടക്കുന്ന പ്രവർത്തനത്തെക്കുറിച്ച് ഇത്ര സുവ്യക്തമായി ഇതിനുശേഷമുള്ള പ്രഭാഷണങ്ങളിൽ യേശു വിശദീകരിച്ചിട്ടില്ല. തന്റെ പരസ്യശുശ്രൂഷയുടെ തുടക്കത്തിൽ ഈ വിലയേറിയ സത്യം സൻഹെദ്രിനിലെ ഒരംഗത്തിനായിരുന്നു യേശു നല്കിയത്. എന്നാൽ യിസ്രായേലിലെ നേതാക്കൾ ഈ വെളിപ്പെടുത്തലിനെ സ്വാഗതം ചെയ്തില്ല. നിക്കോദേമൊസ് ഈ സത്യം ഹൃദയത്തിൽ ഒളിച്ചുവച്ചു. ഏതാണ്ടു മൂന്നു വർഷത്തോളം പ്രകടമായ ഫലങ്ങൾ ഒന്നും നിക്കോദേമൊസ് പുറപ്പെടുവിച്ചില്ല.

സത്യം വിതയ്ക്കപ്പെട്ട 'മണ്ണി'നെക്കുറിച്ചു യേശുവിനു നല്ല അറിവുണ്ടായിരുന്നു. ഏകാന്തമായ കുന്നിൻപുറത്തുവച്ച് ആ രാത്രിയിൽ നിക്കോദേമൊസിനു നല്കിയ ദൂതു നഷ്ടമായില്ല. കുറച്ചുകാലത്തേക്കു നിക്കോദേമൊസ് യേശുവിനെ പരസ്യമായി സ്വീകരിച്ചില്ല. എന്നാൽ അവന്റെ ജീവിതത്തെയും ഉപദേശങ്ങളെയും നിക്കോദേമൊസ് സസൂക്ഷ്മം നിരീക്ഷിച്ചിരുന്നു. യേശുവിനെ നശിപ്പിക്കുവാനുള്ള സൻഹെദ്രിൻസംഘത്തിന്റെ പല പദ്ധതികളെയും നിക്കോദേമൊസ് നിഷ്ഫലമാക്കി. ഒടുവിൽ യേശു ക്രൂശിൽ ഉയർത്തപ്പെട്ടപ്പോൾ, ഒലിവുമലയിൽവച്ചു യേശു പറഞ്ഞ വാക്കുകൾ നിക്കോദേമൊസ് ഓർത്തു. "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനുതന്നെ." ആ രഹസ്യകൂടിക്കാഴ്ചയിൽക്കൂടി നിക്കോദേമൊസിനു ലഭിച്ച വെളിച്ചം കാൽവരിയിൽ ഉയർത്തപ്പെട്ട ക്രൂശിനെ പ്രകാശിതമാക്കി. ലോകരക്ഷിതാവിനെ യേശുവിൽ നിക്കോദേമൊസ് കണ്ടു.

കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ശിഷ്യന്മാർ പീഡനംമൂലം ചിതറപ്പെട്ടപ്പോൾ നിക്കോദേമൊസ് ധീരതയോടെ മുൻനിരയിലേക്കു വന്നു. ക്രിസ്തുവിന്റെ മരണത്തോടുകൂടി തുടച്ചുനീക്കപ്പെടുമെന്നു യെഹൂദന്മാർ കരുതിയ, ശൈശവദശയിലായിരുന്ന ക്രൈസ്തവസഭയുടെ നിലനില്പിനു നിക്കോദേമൊസ് തന്റെ സമ്പത്തു ചെലവഴിച്ചു. പ്രാരംഭത്തിൽ വളരെ സംശയാലുവും മുന്നോട്ടിറങ്ങാൻ അറച്ചുനിന്നവനുമായ നിക്കോദേമൊസ്, സഭയുടെ കഷ്ടതയുടെ നാളുകളിൽ ശിഷ്യന്മാരുടെ വിശ്വാസത്തെ പ്രോത്സാഹിപ്പിക്കയും, സുവിശേഷവേല മുമ്പോട്ടു കൊണ്ടുപോകുന്നതിനാവശ്യമായ സഹായങ്ങൾ ഉദാരമായി നല്കുകയും ചെയ്തു. മുമ്പു തന്നെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തവരിൽനിന്നു പരിഹാസവും പീഡനവും നിക്കോദേമൊസിനു സഹിക്കേണ്ടിവന്നു. ലോകത്തിന്റെ ദൃഷ്ടിയിൽ താൻ ദരിദ്രനായിത്തീർന്നുവെങ്കിലും ആ രാത്രിയിൽ തനിക്കു യേശുവിൽ നിന്നു ലഭിച്ച വിശ്വാസത്തിൽനിന്നു നിക്കോദേമൊസ് വീണുപോയില്ല.

ആ കൂടിക്കാഴ്ചയുടെ കഥ നിക്കോദേമൊസ് യോഹന്നാനു നല്കി. യോഹന്നാന്റെ തൂലികയിൽക്കൂടെ അനേകായിരങ്ങളുടെ പ്രയോജനത്തിനും ഉപദേശത്തിനും ആ സത്യം പ്രകാശിതമായി. അപ്രശസ്തനായിരുന്ന ആ ഗലീലക്കാരനായ റബ്ബിയിൽനിന്നു പഠിക്കുവാനായി ആ രാത്രിയിൽ ഏകാന്തമായ ഒലിവുമലയിൽ വന്ന യെഹൂദപ്രമാണിക്കു ലഭിച്ച വിശിഷ്ട സത്യം അന്നത്തെപ്പോലെ ഇന്നും പരമപ്രധാനമായി നിലകൊള്ളുന്നു.

# 18

# അവൻ വളരേണം

അവലംബം: യോഹന്നാൻ 3:22-36

കുറേക്കാലത്തേക്കു യോഹന്നാനു ജനത്തിന്റെ ഇടയിലുണ്ടായിരുന്ന സ്വാധീനശക്തി യെഹൂദപ്രഭുക്കന്മാരുടെയും പുരോഹിതന്മാരുടെയും സ്വാധീനശക്തിയെക്കാൾ ശക്തമായിരുന്നു. താൻ മശീഹ ആണെന്ന് അവകാശപ്പെട്ടുകൊണ്ടു റോമിനെതിരായി ഒരു വിപ്ലവത്തിനൊരുമ്പെട്ടിരുന്നുവെങ്കിൽ പുരോഹിതന്മാരും ജനസഞ്ചയവും യോഹന്നാന്റെ പിന്നിൽ അണിനിരക്കുമായിരുന്നു. ലോകചരിത്രത്തിലെ മഹാന്മാരെ എപ്പോഴും മാടിവിളിച്ചിരുന്ന അധികാര ദുർമ്മോഹംകൊണ്ടു യോഹന്നാനെ വശീകരിക്കാൻ സാത്താൻ ഒരുങ്ങിയിരുന്നു. എന്നാൽ യോഹന്നാൻ അവന്റെ വാഗ്ദാനങ്ങളെ പാടേ നിരാകരിച്ചു. തന്റെ മേൽ ജനങ്ങൾക്കുണ്ടായിരുന്ന താൽപര്യത്തെ മറ്റൊരാളിലേക്കു യോഹന്നാൻ തിരിച്ചുവിട്ടു.

ജനങ്ങളുടെ താൽപര്യം ഒരു വേലിയേറ്റംപോലെ തന്നിൽനിന്നു മാറി യേശുവിങ്കലേക്ക് ഒഴുകുന്നതു യോഹന്നാൻ കണ്ടു. ദിവസങ്ങൾ കഴിയു

ന്തോറും യോഹന്നാന്റെ ശ്രോതാക്കൾ കുറഞ്ഞുകൊണ്ടിരുന്നു. യെരൂശ ലേമിൽനിന്നു യോർദ്ദാൻപ്രദേശത്തേക്കു വന്ന യേശുവിന്റെ പ്രഭാഷണം കേൾക്കാൻ ആളുകൾ തിങ്ങിക്കൂടി. യേശുവിനു ശിഷ്യഗണങ്ങൾ വർദ്ധിച്ചു കൊണ്ടിരുന്നു. അനേകം പേർ സ്നാനം ഏല്ക്കുവാനായി മുമ്പോട്ടുവന്നു. യേശു ആരെയും സ്നാനം കഴിപ്പിച്ചില്ലായെങ്കിലും തന്റെ ശിഷ്യന്മാർക്ക് ഈ ശുശ്രൂഷ നടത്തുവാൻ അനുമതി നല്കി. ഇപ്രകാരം തന്റെ മുന്നോടിയുടെ ദൗത്യത്തിനു തന്റെ അംഗീകാരത്തിന്റെ മുദ്ര നല്കി. യേശുവിന്റെ വർദ്ധിച്ചു വരുന്ന ജനപ്രീതിയിൽ യോഹന്നാന്റെ ശിഷ്യന്മാർ അസൂയാലുക്കളായി. യേശുവിന്റെ പ്രവർത്തനത്തെ കുറ്റപ്പെടുത്തുവാൻ അവർ മുതിർന്നു. അവർക്ക് അതിനുള്ള സന്ദർഭവും താമസിയാതെ ലഭിച്ചു. യെഹൂദന്മാരും യോഹന്നാന്റെ ശിഷ്യന്മാരും തമ്മിൽ സ്നാനം മനുഷ്യനു പാപത്തിൽനിന്നു ശുദ്ധീകരണം നല്കുന്നുവോ എന്നതിനെ സംബന്ധിച്ച് ഒരു തർക്കമുണ്ടായി. യേശു നല്കിയ സ്നാനം യോഹന്നാന്റേതിൽനിന്നു വിഭിന്നമാണെന്നു യോഹന്നാന്റെ ശിഷ്യന്മാർ കരുതി. അധികം താമസിയാതെ യോഹന്നാന്റെ ശിഷ്യന്മാരും ക്രിസ്തുവിന്റെ ശിഷ്യന്മാരും തമ്മിൽ സ്നാനസമയത്തു പയോഗിക്കേണ്ട വാക്കുകളെ സംബന്ധിച്ചു തർക്കമുണ്ടായി. തർക്കം വർദ്ധിച്ചു. ഒടുവിൽ യേശുവിനു സ്നാനം കഴിപ്പിക്കാൻ അവകാശം ഉണ്ടോ എന്നുപോലും ചോദ്യമുണ്ടായി.

യോഹന്നാന്റെ ശിഷ്യന്മാർ പരാതിയുമായി യോഹന്നാന്റെ അടുത്തുവന്നു പറഞ്ഞു: “റബ്ബീ, യോർദ്ദാനക്കരെ നിന്നോടുകൂടെ ഇരുന്നവൻ, നീ സാക്ഷീ കരിച്ചിട്ടുള്ളവൻ തന്നെ, ഇതാ, സ്നാനം കഴിപ്പിക്കുന്നു; എല്ലാവരും അവന്റെ അടുക്കൽ ചെല്ലുന്നു.” തന്റെ ശിഷ്യന്മാരുടെ പരാതിയിലൂടെ, സാത്താൻ യോഹന്നാനെ പരീക്ഷിപ്പാൻ വന്നു. യോഹന്നാന്റെ ദൗത്യം ഏതാണ്ട് അവ സാനിക്കാറായി എങ്കിലും അവനു യേശുവിന്റെ പ്രവർത്തനത്തെ തടസ്സ പ്പെടുത്തുവാൻ കഴിയുമായിരുന്നു. യോഹന്നാൻ സ്വയന്യായീകരണത്തിനും സ്വയത്തോടുള്ള അനുകമ്പയിലും അസൂയയിലും വീണുപോയിരുന്നു വെങ്കിൽ, യോഹന്നാനു കലഹത്തിന്റെ വിത്തു വിതയ്ക്കാമായിരുന്നു; അസൂയയും ഈർഷ്യയും വളർത്തി സുവിശേഷവേലയ്ക്കു പ്രതിബന്ധ മുണ്ടാക്കാമായിരുന്നു.

മനുഷ്യനിൽ സർവ്വസാധാരണമായി കാണപ്പെടുന്ന കുറ്റങ്ങളും കുറവു കളും യോഹന്നാനിലും സ്വാഭാവികമായുണ്ടായിരുന്നു. എന്നാൽ ദൈവിക സ്നേഹത്തിന്റെ സ്പർശനം അവനെ രൂപാന്തരപ്പെടുത്തി. സ്വാർത്ഥതയും അധികാരമോഹവും ഇല്ലാത്ത ഒരു അന്തരീക്ഷത്തിലാണ് അവൻ വസിച്ചത്. അസൂയയാകുന്ന മലിനത അവനെ കളങ്കപ്പെടുത്തിയില്ല. തന്റെ ശിഷ്യ ന്മാരുടെ പരാതിപ്പെടലിൽ യോഹന്നാൻ താൽപര്യം കാട്ടിയില്ല. മശീഹയു മായി തനിക്കുള്ള ബന്ധം യോഹന്നാൻ ശിഷ്യന്മാർക്കു വ്യക്തമാക്കി ക്കൊടുത്തു. താൻ വഴിയൊരുക്കിയ മശീഹയെ അവൻ സസന്തോഷം സ്വാഗതം ചെയ്തു. യോഹന്നാൻ പറഞ്ഞു: “സ്വർഗ്ഗത്തിൽനിന്നു കൊടുത്തിട്ട ല്ലാതെ മനുഷ്യന് ഒന്നും ലഭിപ്പാൻ കഴികയില്ല. ഞാൻ ക്രിസ്തു അല്ല, അവനു മുമ്പായി അയയ്ക്കപ്പെട്ടവനത്രേ എന്നു ഞാൻ പറഞ്ഞതിനു നിങ്ങൾ തന്നെ

സാക്ഷികൾ ആകുന്നു. മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു; മണവാളന്റെ സ്നേഹിതനോ നിന്നു മണവാളന്റെ സ്വരം കേട്ടിട്ട് അത്യന്തം സന്തോഷിക്കുന്നു." വിവാഹനിശ്ചയം കഴിഞ്ഞ രണ്ടു വ്യക്തികളുടെ വിവാഹത്തിനു വഴി ഒരുക്കുന്ന ഒരു മദ്ധ്യവർത്തിയെപ്പോലെയാണു യോഹന്നാൻ സ്വയം വിശേഷിപ്പിച്ചത്. മണവാളൻ മണവാട്ടിയെ സ്വീകരിച്ചുകഴിയുമ്പോൾ സ്നേഹിതന്റെ ദൗത്യം പൂർത്തീകരിക്കപ്പെടുന്നു. തന്റെ ദൗത്യനിർവ്വഹണത്തിൽ അവൻ സന്തുഷ്ടനായിത്തീർന്നു. യേശുവിങ്കലേക്ക് ആളുകളെ നയിക്കുവാനാണു യോഹന്നാൻ വന്നത്. രക്ഷകന്റെ ദൗത്യം വിജയിക്കുന്നതു കണ്ടപ്പോൾ യോഹന്നാൻ സന്തോഷിച്ചു. യോഹന്നാൻ പറഞ്ഞു: "ഈ എന്റെ സന്തോഷം പൂർത്തിയായിരിക്കുന്നു. അവൻ വളരേണം; ഞാനോ കുറയേണം."

രക്ഷകനെ വിശ്വാസത്തിൽ സ്വീകരിച്ചുകൊണ്ടു യോഹന്നാൻ സ്വയത്യാഗത്തിന്റെ അത്യുന്നതസോപാനം എത്തിച്ചേർന്നു. മറ്റുള്ളവരുടെ ശ്രദ്ധാകേന്ദ്രം ആയിത്തീരുവാൻ യോഹന്നാൻ ശ്രമിച്ചില്ല. പ്രത്യുത ജനങ്ങളുടെ ചിന്ത ഉത്തുംഗസ്ഥാനത്തെത്തി, ദൈവകുഞ്ഞാടിൽ സ്വസ്ഥത കണ്ടെത്തുവാൻ യോഹന്നാൻ ആവുന്നത്ര ആഗ്രഹിച്ചു. മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം മാത്രമായിരുന്നു യോഹന്നാൻ. ഇപ്പോൾ എല്ലാ കണ്ണുകളും ജീവന്റെ പ്രകാശമായവങ്കലേക്കു തിരിക്കുവാൻ യോഹന്നാൻ ഇച്ഛിച്ചു. അവൻ സന്തോഷപൂർവ്വം നിശ്ശബ്ദതയിലേക്കും അറിയപ്പെടാത്ത അവസ്ഥയിലേക്കും നീങ്ങുവാൻ തീരുമാനിച്ചു.

ദൈവത്തിന്റെ ദൂതുവാഹകർ എന്ന നിലയിൽ വിളിക്കപ്പെടുന്നവർ തങ്ങളുടെ വിളിയോടു സത്യസന്ധരാണെങ്കിൽ ഒരിക്കലും സ്വന്തമഹത്വത്തിനു ശ്രമിക്കയില്ല. ക്രിസ്തുവിനോടുള്ള സ്നേഹം സ്വയസ്നേഹത്തെ നിർമ്മാർജ്ജനം ചെയ്യുന്നു. സുവിശേഷത്തിന്റെ വിലയേറിയ ആദർശത്തെ ഒന്നും കളങ്കപ്പെടുത്തുകയില്ല. "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നു യോഹന്നാൻ സ്നാപകൻ വിളിച്ചുപറഞ്ഞതുപോലെ, ദൈവത്തിന്റെ യഥാർത്ഥ ദൂതുവാഹകർ, ക്രിസ്തുവിനെക്കുറിച്ചു പ്രഘോഷിക്കേണ്ടതു തങ്ങളുടെ ചുമതലയാണെന്നു മനസ്സിലാക്കും. അവർ യേശുവിനെ ഉയർത്തിക്കാട്ടും. യേശുവിനോടൊപ്പം മനുഷ്യകുലവും ഉയർത്തപ്പെടും. "ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു" (യെശ. 57:15).

സ്വയത്തെപ്പറ്റിയുള്ള ചിന്തയിൽനിന്നു വിമുക്തി പ്രാപിച്ച പ്രവാചകന്റെ അന്തരംഗം ദിവ്യപ്രകാശത്താൽ നിറഞ്ഞു. നിക്കോദേമൊസുമായുള്ള സംഭാഷണവേളയിൽ ക്രിസ്തു അരുളിച്ചെയ്ത ആശയങ്ങളുടെ പ്രതിരൂപമാണ്, യോഹന്നാൻ. ക്രിസ്തുവിന്റെ മഹത്വം കണ്ടപ്പോൾ യോഹന്നാൻ പറഞ്ഞു: "മേലിൽനിന്നു വരുന്നവൻ എല്ലാവർക്കും മീതെയുള്ളവൻ; ഭൂമിയിൽനിന്നുള്ളവൻ ഭൗമികനാകുന്നു; ഭൗമികമായതു സംസാരിക്കുന്നു; സ്വർഗ്ഗത്തിൽ

നിന്നു വരുന്നവൻ എല്ലാവർക്കും മീതെയുള്ളവൻ... ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു; അവൻ ആത്മാവിനെ അളവുകൂടാതെയല്ലോ കൊടുക്കുന്നത്" (യോഹ. 3:31-34). കർത്താവിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു: "നീ നീതിയെ ഇഷ്ടപ്പെടുകയും ദുഷ്ടതയെ ദ്വേഷിക്കയും ചെയ്തിരിക്കയാൽ ദൈവമേ, നിന്റെ ദൈവം നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലംകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു" (എബ്രാ. 1:9). പിതാവ് "അളവുകൂടാതെയല്ലോ ആത്മാവിനെ കൊടുക്കുന്നത്."

ആത്മാവിനെ ഇതുപോലെതന്നെയാണു ക്രിസ്തുവിന്റെ അനുയായികൾക്കും ലഭിക്കുന്നത്. സ്വയത്തെ നമ്മിൽനിന്നു നിർമ്മാർജ്ജനം ചെയ്തുവെങ്കിൽ മാത്രമേ സ്വർഗ്ഗീയപ്രകാശം നമുക്കു ലഭിക്കുകയുള്ളു. നമ്മുടെ ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കുന്നുവെങ്കിൽ മാത്രമേ, ദൈവത്തിന്റെ സ്വഭാവത്തെ വിവേചിച്ചറിയുവാനോ, ക്രിസ്തുവിനെ വിശ്വാസത്തിൽ സ്വീകരിപ്പാനോ കഴിയുകയുള്ളു. "അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്... അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു" (കൊലൊ. 2:9,10).

സകല മനുഷ്യരും ക്രിസ്തുവിന്റെ സമീപത്തേക്കു പോകുന്നുവെന്നു യോഹന്നാന്റെ ശിഷ്യന്മാർ യോഹന്നാനോടു പറഞ്ഞു. എന്നാൽ യോഹന്നാൻ കാര്യം ഗ്രഹിച്ചുകൊണ്ടു പറഞ്ഞു: "അവന്റെ സാക്ഷ്യം ആരും കൈക്കൊള്ളുന്നില്ല." പാപത്തിൽനിന്നു മനുഷ്യരെ വീണ്ടെടുപ്പാൻ ക്രിസ്തു ഈ ഭൂമിയിലേക്കു വന്നു എന്ന വസ്തുത അംഗീകരിക്കുന്നതിനു വളരെ കുറച്ചു പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. "അവന്റെ സാക്ഷ്യം കൈക്കൊള്ളുന്നവൻ ദൈവം സത്യവാൻ എന്നുള്ളതിനു മുദ്രയിടുന്നു" (യോഹ. 3:33). "പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്." ക്രിസ്തുവിന്റെ സ്നാനമാണോ അതോ യോഹന്നാന്റെ സ്നാനമാണോ പാപത്തിൽനിന്നു ജനത്തെ ശുദ്ധീകരിക്കുന്നതെന്നു വാഗ്വാദം ചെയ്യേണ്ട ആവശ്യമില്ല. ക്രിസ്തുവിന്റെ കൃപയാണ് ആത്മാവിനു ജീവൻ നല്കുന്നത്. ക്രിസ്തുവിനെ കൂടാതെയുള്ള സ്നാനവും മറ്റേതൊരു ചടങ്ങിനെപ്പോലെ വിലയില്ലാത്ത ഒന്നായിത്തീരുന്നു. "പുത്രനെ അനുസരിക്കാത്തവനോ, ജീവനെ കാണുകയില്ല."

യോഹന്നാൻ സസന്തോഷം സ്വീകരിച്ച സുവിശേഷവേല വിജയിക്കുന്നു എന്ന വാർത്ത യെരൂശലേമിലുള്ള മതനേതാക്കളുടെ കാതുകളിലും എത്തി. യോഹന്നാനു ജനങ്ങളുടെ ഇടയിലുണ്ടായിരുന്ന സ്വാധീനശക്തിയിൽ പുരോഹിതന്മാരും റബ്ബിമാരും അസൂയാലുക്കളായിരുന്നു. ദൈവാലയത്തിൽനിന്നു ജനങ്ങൾ മരുഭൂമിയിൽ ആയിരുന്ന യോഹന്നാന്റെ സമീപത്തേക്കു കൂട്ടം കൂട്ടമായി പോകുന്നത് അവർ കണ്ടു. എന്നാൽ ഇതാ യോഹന്നാനെക്കാൾ ജനസഞ്ചയത്തെ തന്നിലേക്കാകർഷിക്കുവാൻ ശക്തനായവൻ! എന്നാൽ ആ മതനേതാക്കൾക്കു യോഹന്നാനോടു ചേർന്ന്, "അവൻ വളരേണം, ഞാനോ കുറയേണം" എന്നു പറയുവാൻ കഴിഞ്ഞില്ല. തങ്ങളിൽനിന്നു ജനത്തെ അകറ്റുന്ന എല്ലാ ശക്തികളെയും അവസാനിപ്പിക്കുമെന്ന തീരുമാനത്തോടെ മതനേതാക്കൾ എഴുന്നേറ്റു.

തന്റെ ശിഷ്യന്മാർക്കും യോഹന്നാന്റെ ശിഷ്യന്മാർക്കും ഇടയിൽ ഭിന്നത ഉണ്ടാക്കുന്നതിനു സാത്താൻ എല്ലാ തന്ത്രങ്ങളും ഉപയോഗിക്കുമെന്നു യേശുവിനറിയാമായിരുന്നു. ലോകത്തിനു നല്കപ്പെട്ട ഏറ്റവും ശ്രേഷ്ഠന്മാരിൽ ഒരുവനുമായ യോഹന്നാനെ ഹനിക്കുവാൻ ശത്രു കൊടുങ്കാറ്റ് അഴിച്ചുവിടാൻ പോകുന്നുവെന്നു യേശു മനസ്സിലാക്കി. തെറ്റിദ്ധാരണയും ഭിന്നതയും ഒഴിവാക്കുന്നതിനു യേശു ശാന്തമായി തന്റെ വേല ഗലീലയിലേക്കു മാറ്റി. സത്യത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട്, ഭിന്നതയും തെറ്റിദ്ധാരണയും ഉളവാക്കുന്ന ഏതൊരു സാഹചര്യത്തെയും ഒഴിവാക്കുവാൻ നാമും ദത്തശ്രദ്ധാലുക്കളായിരിക്കണം. ഇങ്ങനെയുള്ള സന്ദർഭങ്ങൾ ഉണ്ടാകുമ്പോൾ ആത്മാക്കളുടെ നഷ്ടത്തിന് അതു കാരണമായിത്തീരുന്നു. എപ്പോഴെങ്കിലും ഭിന്നത ഉളവാകുന്ന സാഹചര്യങ്ങൾ ഉണ്ടാവുമ്പോൾ നാം യേശുവിന്റെയും യോഹന്നാന്റെയും മാതൃക പിന്തുടരേണ്ടതാണ്.

ഒരു നവീകരണ കർത്താവായിട്ടാണു യോഹന്നാൻ വിളിക്കപ്പെട്ടത്. യോഹന്നാന്റെ ശിഷ്യന്മാർ തന്മൂലം അവരുടെ നോട്ടം യോഹന്നാന്റെ മേൽ കേന്ദ്രീകരിപ്പിച്ചു. ദൈവത്തിന്റെ ഒരു ഉപകരണം മാത്രമാണു യോഹന്നാൻ എന്ന വസ്തുത അവർ മറന്നു. വേലയുടെ വിജയം സ്ഥിതിചെയ്യുന്നത് അവനിലാണെന്ന് അവർ കരുതി. ക്രിസ്തീയസഭയുടെ അടിസ്ഥാനമിടുവാൻ യോഹന്നാന്റെ വേല മാത്രം മതിയാകുമായിരുന്നില്ല. യോഹന്നാന്റെ ദൗത്യം പൂർത്തീകരിച്ചപ്പോൾ മറ്റൊരു വേല ആരംഭിക്കേണ്ടതായി വന്നു. യോഹന്നാന്റെ ശിഷ്യന്മാർക്ക് ഇതു ഗ്രഹിപ്പാൻ കഴിഞ്ഞില്ല. ക്രിസ്തു ഈ വേല ഏറ്റെടുപ്പാനായി വന്നപ്പോൾ യോഹന്നാന്റെ ശിഷ്യന്മാർ അസൂയാലുക്കളും അസംതൃപ്തരുമായിരുന്നു.

ഈ അപകടം ഇന്നും നിലനില്ക്കുന്നു. ദൈവം ഒരുവനെ പ്രത്യേക വേലയ്ക്കായി വിളിക്കുന്നു. തന്റെ വേല ഒരുവൻ ഭംഗിയായി ചെയ്തുതീർക്കുമ്പോൾ, ആ വേലയെ മുമ്പോട്ടു കൊണ്ടുപോകാനായി മറ്റുള്ളവരെ വിളിക്കുന്നു. എന്നാൽ യോഹന്നാന്റെ ശിഷ്യന്മാരെപ്പോലെ ദൈവവേലയുടെ വിജയം ആദ്യം വിളിക്കപ്പെട്ടവനിൽ സ്ഥിതിചെയ്യുന്നുവെന്ന് അനേകർ ചിന്തിക്കുന്നു. ദൈവിക ചിന്തയിൽനിന്ന് അവർ മാനുഷിക ചിന്തയിലേക്കു കടക്കുന്നു. അപ്പോൾ അസൂയ രംഗപ്രവേശനം ചെയ്യുന്നു. അപ്രകാരം ദൈവത്തിന്റെ വേല പങ്കിലമാക്കപ്പെടുന്നു. അനർഹമായ ഒരാൾ ബഹുമാനിക്കപ്പെടുമ്പോൾ, അതിർ കടന്ന സ്വാശ്രയബോധം അയാളിൽ കടന്നുകൂടുന്നു. ദൈവത്തിൽ ആശ്രയിക്കുന്നതിന്റെ ആവശ്യകത അയാൾ മറന്നുകളയുന്നു. അപ്പോൾ ജനങ്ങൾ, മാർഗ്ഗദർശനത്തിനു മനുഷ്യനെ ആശ്രയിക്കുകയും, ദൈവത്തിൽനിന്ന് അകറ്റപ്പെടുകയും ചെയ്യുന്നു.

മനുഷ്യന്റെ അധികാരവും വ്യക്തിപ്രഭാവവും ഉറപ്പിക്കുകയല്ല ദൈവത്തിന്റെ വേല. കാലാകാലങ്ങളിൽ ദൈവം വ്യത്യസ്ത വ്യക്തികളിലും മാർഗ്ഗങ്ങളിലുംകൂടെ തന്റെ ഉദ്ദേശ്യം നിറവേറ്റും. യോഹന്നാൻ സ്നാപകനെപ്പോലെ "അവൻ വളരേണം, ഞാനോ കുറയേണം" എന്നു പറഞ്ഞുകൊണ്ടു സ്വയം വിനയാന്വിതർ ആകുന്നവർ ഭാഗ്യവാന്മാർ.



ക്രിസ്തുവും ശമര്യക്കാരി സ്ത്രീയും

# 19

# യാക്കോബിന്റെ കിണറിങ്കൽ

**അവലംബം: യോഹന്നാൻ 4:1–42**

ഗലീലയിലേക്കുള്ള യാത്രാമദ്ധ്യേ യേശു ശമര്യയിൽക്കൂടി കടന്നുപോയി. മനോഹരമായ ശെഖേം താഴ്വരയിൽ എത്തിയപ്പോൾ ഉച്ചയായിരുന്നു. ഈ താഴ്വരയുടെ പ്രവേശനകവാടത്തിലായിരുന്നു യാക്കോബിന്റെ കിണർ സ്ഥിതിചെയ്തിരുന്നത്. യാത്രാക്ഷീണം ബാധിച്ചു യേശു വിശ്രമിക്കാനായി അവിടെ ഇരുന്നപ്പോൾ, ശിഷ്യന്മാർ ഭക്ഷണം വാങ്ങുവാനായി പോയി.

യെഹൂദരും ശമര്യരും ശത്രുതയിലാണു കഴിഞ്ഞിരുന്നത്. അവർ തമ്മിൽ സമ്പർക്കങ്ങളൊന്നുമില്ലായിരുന്നു. അത്യാവശ്യത്തിനു ചില വ്യാപാരങ്ങൾ നടത്തിയിരുന്നതൊഴിച്ചു ശമര്യക്കാരുമായുള്ള എല്ലാ സാമൂഹിക ബന്ധങ്ങളെയും റബ്ബിമാർ വിലക്കിയിരുന്നു. യെഹൂദന്മാർ ശമര്യക്കാരിൽനിന്നു കടം വാങ്ങുകയോ, അവരുടെ സഹായങ്ങൾ സ്വീകരിക്കുകയോ, അവരുടെ ആഹാരം ഭക്ഷിക്കുകയോ ചെയ്തിരുന്നില്ല. ദാഹജലം വാങ്ങുന്നതുപോലും നിഷിദ്ധമായി കണക്കാക്കപ്പെട്ടിരുന്നു. ആ കീഴ്വഴക്കം അനുസരിച്ചാണു

ശിഷ്യന്മാർ ഭക്ഷണം വാങ്ങുവാൻ പോയത്. യെഹൂദപാരമ്പര്യത്തെ മറി കടക്കുവാൻ ശിഷ്യന്മാർ തുനിഞ്ഞിരുന്നില്ല. ശമര്യക്കാരന്റെ ഔദാര്യം സ്വീകരിക്കുവാനോ, അവരിൽനിന്നു സഹായം അഭ്യർത്ഥിക്കുവാനോ ശിഷ്യ ന്മാർ ഒരുക്കമായിരുന്നില്ല.

കിണറ്റിനരികെ യേശു വിശപ്പും ദാഹവുംകൊണ്ടു ക്ഷീണിതനായി ഇരുന്നു. കാലത്തേ ആരംഭിച്ച യാത്ര ദീർഘമായ ഒന്നായിരുന്നു. ഉച്ചവെയി ലിന്റെ കാഠിന്യം അസഹനീയമായി അനുഭവപ്പെട്ടു. അരികെ ഉണ്ടായി രുന്നതും എന്നാൽ അപ്രാപ്യവുമായിരുന്ന ശീതളജലത്തെക്കുറിച്ചുള്ള ചിന്ത ദാഹത്തെ ദ്വിഗുണീഭവിപ്പിച്ചു. യേശുവിന്റെ കയ്യിൽ വെള്ളം കോരുവാനുള്ള പാത്രമോ കയറോ ഇല്ലായിരുന്നു. കിണർ വളരെ ആഴമേറിയതുമായിരുന്നു. ഏതൊരു വ്യക്തിക്കും ഉണ്ടാവുന്ന പ്രയാസം അനുഭവിച്ചുകൊണ്ട്, ആരെ ങ്കിലും വെള്ളം കോരാൻ വരുമോ എന്നു യേശു കാത്തിരുന്നു.

ശമര്യക്കാരിയായ ഒരു സ്ത്രീ വെള്ളം കോരുവാനായി വന്നു. അപരി ചിതനായ ഒരാൾ അവിടെ ഇരിക്കുന്നുവെന്നു ശ്രദ്ധിക്കാതെ അവൾ കുട ത്തിൽ വെള്ളം കോരി നിറച്ചു. വെള്ളവുമായി പോകുവാൻ തിരിഞ്ഞപ്പോൾ, യേശു അവളോടു കുടിപ്പാൻ വെള്ളം ചോദിച്ചു. ഇപ്രകാരം ഒരു സഹായം ആവശ്യപ്പെട്ടാൽ, ആ നാട്ടിൽ ആരും സഹായിക്കാതിരിക്കില്ല. വെള്ളം ദൈവ ത്തിന്റെ ദാനമായിട്ടായിരുന്നു കരുതപ്പെട്ടിരുന്നത്. ദാഹപരവശനായ ഒരാൾക്കു ജലം നല്കുക എന്നതു പരിപാവനമായ ഒരു കർത്തവ്യമായിട്ടാണ് അറബി കൾ കണക്കാക്കുന്നത്. ഒരാൾ വെള്ളം ആവശ്യപ്പെട്ടാൽ ദൂരെപ്പോയി കൊണ്ടുവന്നു കൊടുക്കുവാൻ പോലും ഒരുമ്പെടുമായിരുന്നു. ശമര്യക്കാരും യെഹൂദന്മാരും തമ്മിലുള്ള വിദ്വേഷംമൂലം ആ സ്ത്രീക്കു യേശുവിനോടു ദയകാട്ടുവാൻ കഴിഞ്ഞില്ല. പക്ഷേ ആ ഹൃദയത്തിലേക്കു പ്രവേശിക്കുവാൻ ഒരു താക്കോലിനുവേണ്ടി കർത്താവു തെരഞ്ഞു. ദിവ്യസ്നേഹത്തിൽ പൊതിഞ്ഞ ചാതുര്യത്തോടെ കർത്താവ് അവളോട് ഒരു സഹായം അഭ്യർത്ഥി ക്കുകയായിരുന്നു. നേരെമറിച്ച് അവൾക്ക് ഒരു സഹായം ചെയ്വാൻ ഒരു മ്പെടുകയല്ല ചെയ്തത്. അവൾക്ക് ഒരു സഹായം ചെയ്വാൻ ഒരുമ്പെട്ടി രുന്നെങ്കിൽ ഒരുപക്ഷേ അവൾ അതു തിരസ്കരിക്കുമായിരുന്നു. വിശ്വാസം വിശ്വാസത്തെ ഉണർത്തുന്നു. ഹീനയെന്നു കരുതപ്പെട്ട ഈ വ്യക്തിയോടു സ്വർഗ്ഗത്തിലെ രാജാവു സഹായത്തിനുവേണ്ടി അഭ്യർത്ഥിച്ചു. സമുദ്രത്തെ നിർമ്മിച്ചവനും ആഴങ്ങളിലെ പ്രവാഹങ്ങളെ നിയന്ത്രിക്കുന്നവനും ഭൂതല ത്തിലെ നീരുറവകളുടെ സൃഷ്ടികർത്താവുമായവൻ, ഇതാ ദാഹപരവശ നായി, യാക്കോബിന്റെ കിണറ്റിനരികെവച്ച് ഒരപരിചി തയായ വ്യക്തിയോടു ദാഹജലത്തിനായി യാചിക്കുന്നു.

യേശു ഒരു യെഹൂദനെന്ന് ആ സ്ത്രീ കണ്ടു. തന്നോടു വെള്ളം ചോദിച്ച തിൽ അത്ഭുതയായ ആ സ്ത്രീ കുടിപ്പാൻ ജലം നല്കുന്ന കാര്യം മറന്നു കൊണ്ടു യേശുവിനോടു ചോദിച്ചു: "നീ യെഹൂദൻ ആയിരിക്കെ ശമര്യക്കാര ത്തിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ?" യേശു അവളോട്:

“നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞുവെങ്കിൽ നീ അവനോടു ചോദിക്കുകയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു.”

ആ സ്ത്രീ യേശുവിന്റെ വാക്കുകളെ ഗ്രഹിച്ചില്ല. എന്നാൽ അതിന്റെ ഗൗരവവും പ്രാധാന്യവും അവൾ മനസ്സിലാക്കി. യേശുവിന്റെ വാക്കുകൾ അവളുടെ ഹൃദയത്തിൽ ചില പരിവർത്തനങ്ങൾ ഉളവാക്കി. അവിടെ നിന്നിരുന്ന കിണറിനെ ഉദ്ദേശിച്ചാണു യേശു സംസാരിച്ചതെന്നു കരുതി അവൾ പറഞ്ഞു: “യജമാനനേ, നിനക്കു കോരുവാൻ പാത്രം ഇല്ലല്ലോ; കിണറ് ആഴമുള്ളതാകുന്നു; പിന്നെ ജീവനുള്ള വെള്ളം നിനക്ക് എവിടെനിന്ന്? നമ്മുടെ പിതാവായ യാക്കോബിനെക്കാൾ നീ വലിയവനോ? അവനാകുന്നു ഈ കിണർ ഞങ്ങൾക്കു തന്നത്.” ദാഹത്താൽ വലഞ്ഞു ക്ഷീണിതനായ ഒരു യാത്രികനെന്ന നിലയിലാണ് അവൾ യേശുവിനെ കണ്ടത്. ഗോത്രപിതാവായ യാക്കോബുമായി അവനെ അവൾ മനസ്സിൽ തുലനം ചെയ്തു. പിതാക്കന്മാരിൽനിന്നു ലഭിച്ച ആ കിണറിനെക്കാൾ മെച്ചമായ വേറൊരു കിണറും ഉണ്ടായിരിക്കയില്ല എന്നവൾ ചിന്തിച്ചു. അവളുടെ മനസ്സു പിതാക്കന്മാർ ജീവിച്ചിരുന്ന ഭൂതകാലത്തേക്കും മശീഹ വരുന്ന ഭാവിയിലേക്കും യാത്രചെയ്തു. അവളുടെ പിതാക്കന്മാരുടെ പ്രത്യാശയായ മശീഹ, തന്റെ സമീപെ നില്ക്കുന്നതു തിരിച്ചറിവാൻ അവൾക്കു കഴിഞ്ഞില്ല. എത്രയോ ദാഹാർത്തരായ ആളുകളാണു ജീവന്റെ ഉറവിനരികെ നിന്നുകൊണ്ട്, അതിന്റെ സാന്നിദ്ധ്യം മനസ്സിലാക്കാതെ, വിദൂരഭാവിയിലേക്കു നോക്കി, ജീവജലം പ്രതീക്ഷിച്ചു കഴിയുന്നത്! “ക്രിസ്തുവിനെ ഇറക്കേണം എന്നു വിചാരിച്ച് ആർ സ്വർഗ്ഗത്തിൽ കയറുമെന്നോ, ക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽനിന്നു കയറ്റേണം എന്നു വിചാരിച്ച് ആർ പാതാളത്തിൽ ഇറങ്ങുമെന്നോ നിന്റെ ഹൃദയത്തിൽ പറയരുത്.” “വചനം നിനക്കു സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു... യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു വെന്നു ഹൃദയംകൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും” (റോമർ 10:6–9).

തന്നെ സംബന്ധിച്ച ചോദ്യത്തിന് ഉടനടി ഉത്തരം നല്കാതെ യേശു പറഞ്ഞു: “ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും; ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിത്തീരും.”

ഈ ലോകത്തിന്റെ നീരുറവയിൽനിന്നു ദാഹം ശമിപ്പിക്കുവാനാഗ്രഹിക്കുന്നവർക്കു പിന്നെയും ദാഹിക്കും. എല്ലായിടത്തും മനുഷ്യർ അസംതൃപ്തരാണ്. ആത്മാവിന്റെ ആവശ്യങ്ങൾ നിറവേറ്റാനായി എന്തെങ്കിലും ലഭിപ്പാൻ അവർ ആഗ്രഹിക്കുന്നു. ആത്മാവിന്റെ ആവശ്യങ്ങളെ നിറവേറ്റുവാൻ ഒരാൾക്കു മാത്രമേ കഴിയുകയുള്ളു. ലോകത്തിന്റെ ആവശ്യവും, ജാതികളുടെ പ്രത്യാശയും ക്രിസ്തുവാകുന്നു. അവനു മാത്രം നല്കാൻ കഴി

യുന്ന ദിവ്യകൃപ ജീവജലത്തെപ്പോലെ ആത്മാവിനെ ശുദ്ധീകരിക്കുന്നതും, ജീവനും ചൈതന്യവും ഉളവാക്കുന്നതുമാകുന്നു.

ജീവജലം ഒരിക്കൽ മാത്രം പാനം ചെയ്താൽ മതിയാകുമെന്ന ആശയം യേശുക്രിസ്തു നല്കിയില്ല. യേശുവിന്റെ സ്നേഹത്തെ രുചിച്ചറിഞ്ഞവർ അതു തുടർച്ചയായി പാനം ചെയ്വാൻ ആഗ്രഹിക്കും. പിന്നെ അവർക്കു വേറൊന്നിലും ആഗ്രഹമുണ്ടായിരിക്കയില്ല. ലോകയിമ്പവും സമ്പത്തും ബഹുമാനവും അവരെ ആകർഷിക്കയില്ല. കർത്താവിനോടുകൂടെ ആയിരിക്കുക എന്നതായിരിക്കും അവരുടെ ഹൃദയത്തിലെ അഭിലാഷം. ആത്മാവിന്റെ ആവശ്യങ്ങളെക്കുറിച്ചു ബോധമുള്ള ഒരാൾ, അവ നേടിയെടുക്കുവാൻ താൽപര്യം കാണിക്കും. മനുഷ്യന്റെ കഴിവുകൾക്കു പരിധി ഉണ്ട്. ലൗകിക ആശ്രയങ്ങളായ എല്ലാ പൊട്ടക്കിണറുകളും കുളങ്ങളും വറ്റിപ്പോകും. എന്നാൽ നമ്മുടെ രക്ഷകൻ ഒരിക്കലും വറ്റാത്ത ഉറവയാകുന്നു. നാം എത്ര പാനം ചെയ്താലും എപ്പോഴും പുതുതായ ഉറവ നമുക്കു ലഭിച്ചുകൊണ്ടിരിക്കും. ക്രിസ്തു വസിക്കുന്നവനിൽ അനുഗ്രഹത്തിന്റെ ഉറവ ഉണ്ടായിരിക്കും. ആ ഉറവ, നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിരിക്കും. ഈ ഉറവയിൽനിന്നു നമ്മുടെ ആവശ്യത്തിനു മതിയായ ബലവും കൃപയും കോരിയെടുക്കാൻ കഴിയും.

ജീവജലത്തെക്കുറിച്ചു സംസാരിച്ചപ്പോൾ ശമര്യക്കാരി യേശുവിനെ സാകൂതം വീക്ഷിച്ചു. യേശു പറഞ്ഞ ദാനം ലഭിക്കാനുള്ള ഒരു താത്പര്യം അവളിൽ സംജാതമായി. യേശു സൂചിപ്പിച്ച ജലം യാക്കോബിന്റെ കിണറ്റിലെ വെള്ളത്തെക്കുറിച്ചായിരുന്നില്ല എന്നവൾ മനസ്സിലാക്കി. തുടർച്ചയായി ഈ കിണറ്റിലെ ജലം കുടിച്ചുകൊണ്ടിരുന്ന അവൾക്കു വീണ്ടും ദാഹിക്കുകയും ഈ ജലം കുടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന അനുഭവമാണുണ്ടായിരുന്നത്. "യജമാനനേ, എനിക്കു ദാഹിക്കാതെയും ഞാൻ കോരുവാൻ ഇവിടെ വരാതെയുമിരിക്കേണ്ടതിന് ആ വെള്ളം എനിക്കു തരേണം"- അവൾ പറഞ്ഞു.

യേശു അവരുടെ സംഭാഷണത്തെ വേറൊന്നിലേക്കു തിരിച്ചുവിട്ടു. താൻ നല്കുവാൻ ആഗ്രഹിച്ച ദാനം അവൾ സ്വീകരിക്കുന്നതിനു മുമ്പായി അവളുടെ പാപത്തെക്കുറിച്ചും രക്ഷകനെക്കുറിച്ചും ബോധം വരുത്തേണ്ടതാവശ്യമാണെന്നു യേശു അറിഞ്ഞു. യേശു അവളോട്, "പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക" എന്നു പറഞ്ഞു. "എനിക്ക് ഭർത്താവില്ല" എന്ന് ആ സ്ത്രീ ഉത്തരം പറഞ്ഞു. ആ ഭാഗത്തേക്കുള്ള എല്ലാ ചോദ്യങ്ങളും അവസാനിപ്പിക്കുവാൻ വേണ്ടിയായിരുന്നു അവൾ അപ്രകാരം പറഞ്ഞത്. "എനിക്കു ഭർത്താവില്ല എന്നു നീ പറഞ്ഞതു ശരി. അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു; ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല; നീ പറഞ്ഞതു സത്യം തന്നെ"- യേശു പറഞ്ഞു.

ആ ശമര്യക്കാരി സ്ത്രീ ഭയന്നുവിറച്ചു. നിഗൂഢമായ ഒരു കരം അവളുടെ ജീവചരിത്രത്തിന്റെ താളുകൾ മറിക്കുന്നതായി അവൾക്കു ബോധ്യപ്പെട്ടു. അവൾ ഒളിച്ചുവയ്ക്കുവാൻ ആഗ്രഹിച്ചതെല്ലാം തുറന്നുകാട്ടപ്പെട്ടു. തന്റെ

ജീവിതരഹസ്യങ്ങളെ വായിപ്പാൻ കഴിവുള്ള ഈ മനുഷ്യൻ ആരാണ്? എല്ലാ രഹസ്യങ്ങളും വെളിപ്പെടുന്ന ന്യായവിധിനാളിനെക്കുറിച്ചും നിത്യതയെക്കുറിച്ചുമുള്ള ചിന്തകൾ അവളുടെ മനസ്സിലേക്കു കടന്നുവന്നു. അവളുടെ മനസ്സാക്ഷി ഉണർന്നു.

അവൾക്ക് ഒന്നും നിഷേധിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ഇത്രയും അസ്വീകാര്യമായ ഒരു വിഷയത്തെക്കുറിച്ചുള്ള എല്ലാ പരാമർശവും ഒഴിവാക്കുവാൻ അവൾ ആഗ്രഹിച്ചു. ഭയഭക്തിയോടെ അവൾ പറഞ്ഞു: "യജമാനനേ, നീ പ്രവാചകൻ എന്നു ഞാൻ കാണുന്നു." കുറ്റബോധത്താൽ കലങ്ങിയ മനസ്സിനെ ശാന്തമാക്കുവാൻ അവൾ വിശ്വാസപരമായ ചില തർക്കവിഷയങ്ങളിലേക്കു തിരിഞ്ഞു. യേശു ഒരു പ്രവാചകനാണെങ്കിൽ തന്റെ സംശയങ്ങൾക്കു നിവാരണം വരുത്തുവാൻ അവനു കഴിയുമെന്ന് അവൾ വിശ്വസിച്ചു.

അവളുടെ ഹിതാനുസരണം സംഭാഷണഗതിയെ തിരിച്ചുവിടാൻ യേശു സമ്മതിച്ചു. എന്നാൽ സത്യം അവൾക്കു മനസ്സിലാക്കിക്കൊടുക്കുവാനുള്ള സന്ദർഭത്തെ യേശു കാത്തിരുന്നു. "ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്കരിച്ചുവന്നു. നമസ്കരിക്കേണ്ടുന്ന സ്ഥലം യെരൂശലേമിൽ ആകുന്നുവെന്നു നിങ്ങൾ പറയുന്നു"- ശമര്യക്കാരി പറഞ്ഞു. ഗെരിസീംമല ഈ സ്ഥലത്തുനിന്ന് അധികം ദൂരെ അല്ലായിരുന്നു. അവിടെ നശിപ്പിക്കപ്പെട്ട ഒരു ദൈവാലയത്തിന്റെ അവശിഷ്ടങ്ങൾ ഉണ്ടായിരുന്നു. ശമര്യരും യെഹൂദരും ഈ ദൈവാലയത്തെക്കുറിച്ച് അവകാശവാദങ്ങൾ ഉന്നയിച്ചിരുന്നു. ശമര്യരുടെ പൂർവ്വപിതാക്കൾ യിസ്രായേലിൽ ഉൾപ്പെട്ടവരായിരുന്നു. തങ്ങളുടെ പാപങ്ങളുടെ ഫലമായി ശമര്യർ വിഗ്രഹാരാധികളായ ജാതികളുടെ അടിമകളായിത്തീർന്നു. വിഗ്രഹാരാധനയാൽ അവരുടെ മതം കളങ്കപങ്കിലമായി. പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവത്തെ ഓർക്കുവാനുള്ള ഒരു ഉപാധിയായി മാത്രമാണു വിഗ്രഹങ്ങളെ കരുതിയിരുന്നതെങ്കിലും, പില്ക്കാലത്ത് അവർ വിഗ്രഹങ്ങളെ ആരാധിക്കുന്നവരായിത്തീർന്നു.

എസ്രായുടെ കാലത്തു യെരൂശലേം ദൈവാലയം പുതുക്കിപ്പണിയുവാൻ തുടങ്ങിയപ്പോൾ, ദൈവാലയനിർമ്മിതിയിൽ യിസ്രായേല്യരോടുകൂടെ സഹകരിക്കുവാൻ ശമര്യർ ആഗ്രഹിച്ചു. അവരുടെ ആഗ്രഹം യിസ്രായേല്യർ തിരസ്കരിച്ചപ്പോൾ, അവർ യിസ്രായേല്യരുടെ ബദ്ധശത്രുക്കളായി മാറി. ഗെരിസീംമലയിൽ ശമര്യർ വേറൊരു ദൈവാലയം പണികഴിപ്പിച്ചു. വിഗ്രഹാരാധന അവർ പൂർണ്ണമായി തുടച്ചുനീക്കിയില്ലെങ്കിലും, മോശെയുടെ ന്യായപ്രമാണം അനുസരിച്ച് അവർ ആരാധന തുടങ്ങി. എന്നാൽ ആപത്തുകൾ അവരെ പിന്തുടർന്നു. ശത്രുക്കൾ അവരുടെ ദൈവാലയം നശിപ്പിച്ചു. ശാപഗ്രസ്തരായ ആളുകളെപ്പോലെ ആയിരുന്നു ശമര്യർ. എങ്കിലും പാരമ്പര്യങ്ങളെ മുറുകെ പിടിച്ചുകൊണ്ട് അവർ ആരാധന തുടർന്നു. യെരൂശലേമിനെ ഒരു ദൈവാലയമായോ, യെഹൂദമതത്തെ ഒരു ശ്രേഷ്ഠമതമായോ ശമര്യർ കരുതിയില്ല.

ശമര്യക്കാരത്തി സ്ത്രീയുടെ ചോദ്യത്തിനുത്തരമായി ക്രിസ്തു പറഞ്ഞു: "സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക; നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നത് ഈ മലയിലുമല്ല, യെരൂശലേമിലുമല്ല എന്നുള്ള നാഴിക വരുന്നു. നിങ്ങൾ അറിയാത്തതിനെ നമസ്കരിക്കുന്നു; ഞങ്ങളോ അറിയുന്നതിനെ നമസ്കരിക്കുന്നു; രക്ഷ യെഹൂദന്മാരുടെ ഇടയിൽനിന്നല്ലോ വരുന്നത്." ശമര്യക്കാരോടു യെഹൂദന്മാർക്കുള്ള മുൻവിധി തന്നെ ലേശവും ബാധിച്ചിട്ടില്ലായെന്നു യേശു വ്യക്തമാക്കി. യെഹൂദന്മാരോടു ശമര്യർക്കുണ്ടായിരുന്ന വിദ്വേഷം അകറ്റുവാൻ യേശു ശ്രമിച്ചു. ശമര്യരുടെ വിശ്വാസം വിഗ്രഹാരാധനയാൽ മലീമസമായിത്തീർന്നുവെന്നു യേശു പറഞ്ഞു. യെഹൂദന്മാരിലാണു രക്ഷയുടെ ദൂതു ഭരമേല്പിച്ചിരിക്കുന്നതെന്നും അവരിൽനിന്നുമാണു മശീഹ വരേണ്ടതെന്നും യേശു വ്യക്തമാക്കി. തിരുവെഴുത്തിൽ ദൈവത്തിന്റെ സ്വഭാവത്തെയും അവന്റെ ഭരണകൂടത്തിന്റെ തത്വങ്ങളെയും തെളിവായി പ്രതിപാദിച്ചിട്ടുണ്ട്. സത്യദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം യിസ്രായേല്യർക്കായിരുന്നു നല്കിയിട്ടുള്ളതെന്നും താൻ ഒരു യെഹൂദനാണെന്നും യേശു പറഞ്ഞു.

പുറമേയുള്ള ആചാരങ്ങളിൽനിന്നും തർക്കവിഷയങ്ങളിൽനിന്നും തന്റെ ശ്രോതാവിന്റെ ചിന്തയെ ഉന്നതമായ ഒരു മേഖലയിലേക്കു നയിക്കുവാനായി യേശു ആഗ്രഹിച്ചു. "സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കണമെന്നു പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവ് ആകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം."

"പുതുതായി ജനിച്ചില്ലായെങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല" എന്നു നിക്കോദേമൊസിനോടു പറഞ്ഞ അതേ സത്യം കർത്താവു ശമര്യക്കാരി സ്ത്രീയോടും പറഞ്ഞു. ഒരു വിശുദ്ധ പർവ്വതത്തെയോ ഒരു ദൈവാലയത്തെയോ തേടിച്ചെല്ലുന്നതുകൊണ്ടു സ്വർഗ്ഗവുമായി ബന്ധപ്പെടുന്നു എന്ന് അർത്ഥമാക്കേണ്ടതില്ല. ബാഹ്യമായ ചടങ്ങുകളിൽ ഒതുങ്ങുന്നതല്ല മതം. ദൈവത്തിൽനിന്നു വരുന്ന മതം ദൈവത്തിങ്കലേക്ക് ആളുകളെ നയിക്കും. ദൈവത്തെ യഥാർത്ഥത്തിൽ സേവിക്കുന്നതിനു ദൈവാത്മാവാൽ നാം വീണ്ടും ജനിക്കണം. അതു നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കുകയും മനസ്സിനെ പുതുതാക്കുകയും ചെയ്യും. ദൈവത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും നമുക്കു പുതുശക്തി നല്കുകയും ദൈവത്തിന്റെ എല്ലാ കല്പനകളെയും അനുസരിക്കുന്നതിനു നമ്മുടെ മനസ്സിനെ സജ്ജമാക്കുകയും ചെയ്യും. യഥാർത്ഥ ആരാധന ഇതാകുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമാണത്. എല്ലാ ആത്മാർത്ഥമായ പ്രാർത്ഥനയും പരിശുദ്ധാത്മാവിന്റെ പ്രേരണയാലുണ്ടാകുന്നു. അങ്ങനെയുള്ള പ്രാർത്ഥന ദൈവം കേൾക്കുന്നു. എവിടെ ഒരു വ്യക്തി ദൈവത്തോടു ചേരുവാൻ കാംക്ഷിക്കുന്നുവോ, അവിടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നടക്കുന്നു. ആ വ്യക്തിക്കു ദൈവം തന്നെ വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ആരാധകരെ

ദൈവം കാത്തിരിക്കുന്നു. അവരെ തന്റെ പുത്രീപുത്രന്മാരാക്കുവാൻ ദൈവം ഒരുക്കത്തോടെയിരിക്കുന്നു.

യേശു ശമര്യക്കാരത്തി സ്ത്രീയുമായി സംഭാഷിച്ചുകൊണ്ടിരുന്നപ്പോൾ, അവളുടെ ഹൃദയത്തിൽ കർത്താവിന്റെ വാക്കുകൾ ആഴമായി പതിഞ്ഞു. യെഹൂദന്മാരിൽനിന്നോ, ശമര്യാപുരോഹിതന്മാരിൽനിന്നോ, ഇത്ര സ്നേഹാർദ്ര മായ വാക്കുകൾ അവൾ ഇതിനുമുമ്പു കേട്ടിട്ടില്ലായിരുന്നു. അവളുടെ ഭൂത കാലം അവളുടെ മുമ്പിൽ തുറക്കപ്പെട്ടപ്പോൾ, തന്റെ ഏറ്റവും വലിയ ആവശ്യത്തെക്കുറിച്ച് അവൾ ബോധവതിയായി. തന്റെ ആത്മാവിന്റെ ആവശ്യത്തെ അവൾ മനസ്സിലാക്കി. കിണറ്റിലെ ജലത്തിന് അവളുടെ ദാഹം ശമിപ്പിക്കുവാൻ സാധ്യമല്ലായിരുന്നു. തന്റെ ഇതുവരെയുള്ള ജീവിതത്തിൽ ആത്മാവിന്റെ ആവശ്യത്തെ ഇപ്രകാരം ബോധ്യമാക്കിക്കൊടുത്ത വേറൊരു സംഭവമുണ്ടായിട്ടില്ല. അവളുടെ ജീവിതരഹസ്യങ്ങൾ താൻ അറിയുന്നു വെന്നു യേശു അവളെ ധരിപ്പിച്ചു. തന്നോട് അനുകമ്പയും സ്നേഹവും ഉള്ള ഒരു ഉറ്റ സുഹൃത്താണു യേശു എന്ന് ആ ശമര്യക്കാരത്തി സ്ത്രീക്കു മനസ്സി ലായി. യേശുവിന്റെ സാന്നിദ്ധ്യം അവളെ കുറ്റബോധമുള്ളവളാക്കി എങ്കിലും അവളെ കുറ്റപ്പെടുത്തുന്ന ഒരു വാക്കുപോലും യേശു പറഞ്ഞില്ല. അവളുടെ ആത്മാവിനെ നവീകരിക്കുന്ന ദൈവകൃപയെക്കുറിച്ചു മാത്രമാണു യേശു സംസാരിച്ചത്. തന്നോടു സംസാരിക്കുന്നയാൾ മശീഹ തന്നെയല്ലേ എന്ന വൾക്കു തോന്നി. യേശുവിനോട് അവൾ പറഞ്ഞു: “മശീഹ വരുന്നുവെന്നു ഞാൻ അറിയുന്നു; അവൻ വരുമ്പോൾ സകലവും അറിയിച്ചുതരും.” യേശു അവളോട് ഉത്തരം പറഞ്ഞു: “നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെ മശീഹ.”

യേശുവിന്റെ വാക്കുകൾ കേട്ടപ്പോൾ അവളുടെ ഹൃദയത്തിൽ വിശ്വാസം വിടരുകയായിരുന്നു. ആ ദിവ്യ ഗുരുവിൽനിന്നും ഉതിർന്നുവീണ സത്യം അവൾ സ്വീകരിച്ചു.

അവളുടെ മനസ്സു രക്ഷയുടെ ദൂതു സ്വീകരിക്കുന്നതിന് ഒരുക്കമായി രുന്നു. അവൾക്കു ലഭിച്ച ശ്രേഷ്ഠമായ ദൂത് അവൾ സന്തോഷത്തോടുകൂടെ സ്വീകരിച്ചു. ആ ശമര്യക്കാരി തിരുവെഴുത്തുകളിൽ തൽപരയായിരുന്നു. കൂടുതൽ വെളിച്ചം സ്വീകരിപ്പാൻ പരിശുദ്ധാത്മാവ് അവളെ ഒരുക്കി. പഴയ നിയമത്തിലെ വാഗ്ദത്തം അവൾ പഠിച്ചിരുന്നു: “നിന്റെ ദൈവമായ യഹോവ നിനക്ക് എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദര ന്മാരുടെ ഇടയിൽനിന്ന് എഴുന്നേല്പിച്ചുതരും; അവന്റെ വചനം നിങ്ങൾ കേൾക്കേണം” (ആവ. 18:15). ഈ പ്രവചനം മനസ്സിലാക്കുവാൻ അവൾ ആശിച്ചു. അവളുടെ മനസ്സിൽ ദിവ്യപ്രകാശം പരന്നുകൊണ്ടിരുന്നു. ക്രിസ്തു നല്കുന്ന ജീവജലം അവളുടെ ഹൃദയത്തിൽ ഒരു ഉറവപോലെ പ്രവഹിച്ചു. പരിശുദ്ധാത്മാവ് അവളിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു.

ശമര്യക്കാരത്തി സ്ത്രീക്കു ക്രിസ്തു നല്കിയ ദൂതു സ്വന്ത നീതിയിൽ അഹങ്കരിച്ചിരുന്ന യെഹൂദന്മാർക്കു നല്കാവുന്നതായിരുന്നില്ല. അവരോട്

ഇത്ര ഹൃദയം തുറന്നു യേശു സംസാരിച്ചില്ല. സ്വന്ത നീതിയിൽ ആശ്രയിച്ചിരുന്ന യെഹൂദന്മാർക്കു നല്കാതിരുന്നതും, പിന്നീടു ശിഷ്യന്മാരോടു രഹസ്യമായി സൂക്ഷിക്കാൻ കല്പിച്ചിരുന്നതുമായ കാര്യം ശമര്യക്കാരി സ്ത്രീക്കു ക്രിസ്തു വെളിപ്പെടുത്തിക്കൊടുത്തു. അവൾക്കു നല്കിയ സത്യം മറ്റുള്ളവരെയും ദൈവകൃപയിലേക്കു നയിക്കുമെന്നു യേശു കണ്ടു.

ശിഷ്യന്മാർ, തങ്ങളുടെ ദൗത്യം നിർവ്വഹിച്ചശേഷം മടങ്ങിവന്നപ്പോൾ, തങ്ങളുടെ ഗുരു ഒരു ശമര്യക്കാരി സ്ത്രീയുമായി സംസാരിക്കുന്നതു കണ്ട് അത്ഭുതപ്പെട്ടു. യേശു ജലപാനം ചെയ്യുകയോ, ശിഷ്യന്മാർ കൊണ്ടുവന്ന ആഹാരം കഴിക്കുകയോ ചെയ്തില്ല. സ്ത്രീ പോയിക്കഴിഞ്ഞപ്പോൾ ശിഷ്യന്മാർ ഗുരുവിനോട് ആഹാരം കഴിക്കുവാൻ അഭ്യർത്ഥിച്ചു. എന്നാൽ യേശു ധ്യാനനിരതനായതുപോലെ ചിന്തയിൽ മുഴുകി, നിശ്ശബ്ദനായിരുന്നു. അവന്റെ മുഖം പ്രകാശിതമായിരുന്നു. തങ്ങളുടെ ഗുരു സ്വർഗ്ഗവുമായി സമ്പർക്കത്തിലേർപ്പെട്ടിരുന്നപ്പോൾ അതു ഭഞ്ജിക്കുവാൻ ശിഷ്യന്മാർ ആഗ്രഹിച്ചില്ല. എന്നാൽ തങ്ങളുടെ ഗുരു ക്ഷീണിച്ചിരുന്നുവെന്ന് അവർക്കറിയാമായിരുന്നു. ഗുരുവിന്റെ ശാരീരികാവശ്യങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കേണ്ടതു തങ്ങളുടെ കടമയാണെന്നു ശിഷ്യന്മാർ ഓർത്തു. അവരുടെ സ്നേഹപൂർവ്വമായ അഭ്യർത്ഥനയെ നന്ദിപൂർവ്വം സ്വീകരിച്ചുകൊണ്ടു കർത്താവു പറഞ്ഞു: "നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കുണ്ട്."

ഗുരുവിന് ആരു ഭക്ഷണം കൊടുത്തുവെന്നു ശിഷ്യന്മാർ അത്ഭുതപ്പെട്ടു. യേശു പറഞ്ഞു: "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികയ്ക്കുന്നതു തന്നെ എന്റെ ആഹാരം" (യോഹ. 4:34). തന്റെ വാക്കുകൾ ആ സ്ത്രീയുടെ മനസ്സാക്ഷിയെ ഉണർത്തിയതിൽ യേശുവിനു സന്തോഷം ഉണ്ടായി. അവൾ ജീവജലം പാനം ചെയ്തപ്പോൾ തന്റെ വിശപ്പിനും ദാഹത്തിനും ശമനം വന്നു. സ്വർഗ്ഗമഹിമ വെടിഞ്ഞു മനുഷ്യന്റെ നിത്യരക്ഷയ്ക്കായി ഭൂമിയിൽ വന്ന കർത്താവിനു തന്റെ ദൗത്യം വിജയിക്കുന്നതു കണ്ടപ്പോൾ തന്റെ ശരീരത്തിനും ബലം ലഭിച്ചു. സത്യത്തിനു വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന ഒരാളെ ശുശ്രൂഷിക്കുന്നതു ഭക്ഷണവും പാനീയവും കഴിക്കുന്നതിനെക്കാൾ കർത്താവിനു പ്രിയങ്കരമായിരുന്നു. അതു കർത്താവിന് ആശ്വാസവും നവോന്മേഷവും നല്കി. മറ്റുള്ളവർക്കു നന്മ ചെയ്യുക എന്നതു തന്റെ ജീവനായിരുന്നു.

മറ്റുള്ളവർ തന്നെ തിരിച്ചറിയുന്നതിനുവേണ്ടി നമ്മുടെ രക്ഷകൻ ദാഹിക്കുന്നു. തന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരുടെ സ്നേഹത്തിനും സഹതാപത്തിനുംവേണ്ടി കർത്താവ് ഏറ്റവും അധികം ആഗ്രഹിക്കുന്നു. അവർ തന്റെ അടുക്കൽ വന്നു ജീവൻ പ്രാപിക്കണമെന്നാകുന്നു യേശുവിന്റെ ഹൃദയാഭിലാഷം. ഒരു മാതാവു തന്റെ കുഞ്ഞിന്റെ സന്തോഷത്തോടുകൂടെയുള്ള പുഞ്ചിരി കാണ്മാൻ ആഗ്രഹിക്കുന്നതുപോലെ, ക്രിസ്തു തന്റെ ജനത്തിന്റെ നന്ദിപൂർവ്വമായ സ്നേഹം കാണ്മാൻ കാംക്ഷിക്കുന്നു. ഒരു ദൈവ

പൈതൽ ദൈവത്തോടുള്ള സ്നേഹം പ്രകടിപ്പിക്കുമ്പോൾ, തന്നിൽ ആത്മീയ ജീവിതം ആരംഭിച്ചു എന്നതിന്റെ വ്യക്തമായ തെളിവുകൂടെയാണത്.

ക്രിസ്തുവിന്റെ വാക്കുകൾ ശ്രദ്ധിച്ച ശമര്യക്കാരി സ്ത്രീ സന്തോഷ ഭരിതയായിത്തീർന്നു. സത്യം അവൾക്കു വെളിപ്പെട്ടപ്പോൾ തന്റെ ഹൃദയം അവൾ ദൈവത്തിനു സമർപ്പിച്ചു. അവളുടെ പാത്രം കിണറ്റുംകരയിൽ വച്ച ശേഷം അവൾക്കു ലഭിച്ച സദ്വർത്തമാനം മറ്റുള്ളവരെ അറിയിക്കാൻ പോയി. അവൾ പോയതിന്റെ കാരണം യേശുവിനറിയാമായിരുന്നു. ആ പാത്രം അവിടെ വച്ചിട്ട് അവൾ പോയതു ക്രിസ്തുവിന്റെ വാക്കുകളുടെ ശക്തിയെ കാണിക്കുന്നു. ജീവജലം സ്വായത്തമാക്കുവാൻ അവൾ എന്തു തൽപരയായി രുന്നുവെന്നും അതു വ്യക്തമാക്കുന്നു. താൻ കിണറ്റിനരികെ വന്നതിന്റെ ഉദ്ദേശ്യംപോലും അവൾ മറന്നുപോയി. യേശുവിന്റെ ദാഹജലത്തിനുവേണ്ടി യുള്ള അഭ്യർത്ഥനയും അവൾ മറന്നു. സന്തോഷം നിറഞ്ഞ ഹൃദയവുമായി, തനിക്കു ലഭിച്ച വിലയേറിയ വെളിച്ചം മറ്റുള്ളവർക്കു പകർന്നുകൊടുപ്പാനായി, അവൾ വേഗത്തിൽ പട്ടണത്തിലേക്കു പോയി.

“ഞാൻ ചെയ്തത് ഒക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണ്മിൻ; അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ?” ആ സ്ത്രീയുടെ വാക്കു കൾ പട്ടണവാസികളെ സ്പർശിച്ചു. അവളുടെ മുഖത്ത് അത്ഭുതം തുടിച്ചു നിന്നു. അവളുടെ രൂപത്തിനും ഭാവത്തിനും ആകമാനം മാറ്റം സംഭവിച്ചിരുന്നു. യേശുവിനെ കാണ്മാൻ ആ ജനത്തിനു വളരെ താൽപര്യം ഉണ്ടായി. “അവർ പട്ടണത്തിൽനിന്നു പുറപ്പെട്ട് അവന്റെ അടുക്കൽ വന്നു.”

കിണറിന്റെ സമീപെ ഇരുന്ന യേശു തന്റെ മുമ്പാകെ പരന്നുകിടന്നിരുന്ന വയലുകളിലേക്കു നോക്കി. സൂര്യന്റെ സുവർണ്ണരശ്മിയിൽ പച്ചനിറമുള്ള വയൽ മനോഹരമായി കാണപ്പെട്ടു. ശിഷ്യന്മാരെ വയൽ ചൂണ്ടിക്കാണിച്ചു കൊണ്ടു യേശു പറഞ്ഞു: “ഇനി നാലു മാസം കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾത്തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു.” യേശു ശിഷ്യന്മാരോടു സംസാരിച്ചു കൊണ്ടിരുന്നപ്പോൾത്തന്നെ ജനങ്ങൾ കൂട്ടമായി കിണറിന്റെ അരികിലേക്കു വരുന്നത് അവർ കണ്ടു. കൊയ്ത്തിന് ഇനി നാലു മാസം ഉണ്ടായിരുന്നിട്ടും, ഇതാ നല്ല ഒരു കൊയ്ത്തിനു സന്ദർഭമുണ്ടായിരിക്കുന്നു.

വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ചു സന്തോഷിപ്പാൻ തക്കവണ്ണം കൊയ്യുന്നവൻ കൂലിവാങ്ങി നിത്യജീവങ്കലേക്കു വിളവു കൂട്ടിവയ്ക്കുന്നു. “വിതയ്ക്കുന്നത് ഒരുത്തൻ, കൊയ്യുന്നതു മറ്റൊരുത്തൻ എന്നുള്ള പഴഞ്ചൊൽ ഇതിൽ ഒത്തിരിക്കുന്നു.” സുവിശേഷം സ്വീകരിക്കുന്നവർക്കു ദൈവത്തോ ടുള്ള കടപ്പാടിനെയാണു കർത്താവ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. അവർ ദൈവത്തിന്റെ ജീവിക്കുന്ന പ്രതിനിധികളായിരിക്കണം. അവരുടെ വ്യക്തി ഗതമായ സേവനം ദൈവത്തിനാവശ്യമുണ്ട്. നാം വിതയ്ക്കുകയോ കൊയ്യു

കയോ, എന്തു ചെയ്തിരുന്നാലും ദൈവത്തിനു വേണ്ടിയത്രേ ചെയ്യുന്നത്. ഒരാൾ വിതയ്ക്കുന്നു; മറ്റൊരാൾ വിളവു ശേഖരിക്കുന്നു. വിതയ്ക്കുന്നവനും കൊയ്യുന്നവനും പ്രതിഫലം ലഭിക്കുന്നു. അവരുടെ പ്രയത്നഫലത്തിൽ അവർ സന്തോഷിക്കുന്നു.

യേശു ശിഷ്യന്മാരോടു പറഞ്ഞു: “നിങ്ങൾ അദ്ധ്വാനിച്ചിട്ടില്ലാത്തതു കൊയ്യുവാൻ ഞാൻ നിങ്ങളെ അയച്ചിരിക്കുന്നു. മറ്റുള്ളവർ അദ്ധ്വാനിച്ചു; അവരുടെ അദ്ധ്വാനഫലത്തിലേക്കു നിങ്ങൾ പ്രവേശിച്ചിരിക്കുന്നു.” പെന്തെക്കൊസ്തു ദിവസം നടക്കാനിരിക്കുന്ന വലിയ വിളവെടുപ്പിനെ കർത്താവു മുൻകൂട്ടി കാണുകയായിരുന്നു. തങ്ങളുടെ സ്വന്തപരിശ്രമഫലമായാണ് ഈ വിളവെടുപ്പ് എന്നു ശിഷ്യന്മാർ കരുതുവാൻ പാടില്ല. മറ്റുള്ളവരുടെ പ്രയത്നങ്ങളിലേക്ക് അവർ പ്രവേശിക്കുകയായിരുന്നു. ആദാമിന്റെ വീഴ്ച മുതൽ, മനുഷ്യഹൃദയങ്ങളിൽ വിതയ്ക്കുവാൻ, തെരഞ്ഞെടുക്കപ്പെട്ട തന്റെ വേലക്കാർക്കു ദൈവം വചനമാകുന്ന വിത്തു നല്കിക്കൊണ്ടിരിക്കയാണ്. അദൃശ്യനായ സർവ്വശക്തൻ നിശ്ശബ്ദമെങ്കിലും ഫലവത്തായ വിളവെടുപ്പിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദൈവകൃപയാകുന്ന മഴയും സൂര്യപ്രകാശവും സത്യമാകുന്ന വിത്തിനെ പോഷിപ്പിക്കുവാൻ ദൈവം നല്കിക്കൊണ്ടിരിക്കുന്നു. തന്റെ സ്വന്തരക്തത്താൽ വിത്തിനെ നനപ്പാൻ കർത്താവ് ഒരുങ്ങിക്കഴിഞ്ഞിരുന്നു. ദൈവത്തോടു കൂട്ടുവേലക്കാരായിരിപ്പാനുള്ള പദവി ശിഷ്യന്മാർക്കു ലഭിച്ചു. അവർ ക്രിസ്തുവിന്റെയും പൂർവ്വകാലങ്ങളിലെ വിശുദ്ധന്മാരുടെയും കൂട്ടുവേലക്കാർ എന്ന പദവിയിലേക്കുയർന്നു. പെന്തെക്കൊസ്തുനാളിൽ പരിശുദ്ധാത്മവർഷം ഉണ്ടായപ്പോൾ ആയിരങ്ങൾ കർത്താവിനോടു ചേർന്നു. ഇതു കർത്താവു വിത്തു വിതച്ചതിന്റെ ഫലമായിരുന്നു. ആ കൊയ്ത്തു കർത്താവിന്റെ പ്രയത്നഫലമായിരുന്നു.

യാക്കോബിന്റെ കിണറ്റിനരികെവച്ചു യേശു ശമര്യക്കാരത്തിയോടു സംസാരിച്ച വാക്കുകളിൽക്കൂടെ നല്ല വിത്തു വിതച്ചു. എത്ര വേഗത്തിലാണ് അതു ഫലം പുറപ്പെടുവിച്ചത്. ധാരാളം ശമര്യക്കാർ വന്നു യേശുവിനെ ശ്രദ്ധിച്ചു. അവർ യേശുവിൽ വിശ്വസിച്ചു. അവർ അവന്റെ ചുറ്റുംകൂടി അവരുടെ സംശയങ്ങൾക്കു നിവാരണം വരുത്തി. അവർക്കു മനസ്സിലാകാതെയിരുന്ന പല കാര്യങ്ങളും യേശു വിശദീകരിച്ചപ്പോൾ അവർ സംതൃപ്തരായി. അവരുടെ സംശയങ്ങളെല്ലാം നീങ്ങി. ഇരുട്ടിൽ കഴിഞ്ഞിരുന്ന ജനത്തിനു വെളിച്ചം ലഭിച്ചതുപോലെയായി. എന്നാൽ ഹ്രസ്വമായ ഈ കൂടിക്കാഴ്ച അവസാനിച്ചപ്പോൾ അവർ ഖിന്നരായി. യേശുവിൽനിന്ന് ഇനിയും കൂടുതൽ അവർക്കു കേൾക്കുവാനും മറ്റു സുഹൃത്തുക്കളും ഈ ഗുരുവിനെ ശ്രദ്ധിക്കുവാനും അവർ ആഗ്രഹിച്ചു. തങ്ങളുടെ പട്ടണത്തിലേക്കു യേശുവിനെ അവർ ക്ഷണിച്ചു. രണ്ടു ദിവസംകൂടി യേശു ശമര്യയിൽ പാർത്തു. അനവധി ആളുകൾ യേശുവിൽ വിശ്വസിച്ചു.

യേശുവിന്റെ ലാളിത്യത്തെ പരീശന്മാർ വെറുത്തിരുന്നു. യേശു പ്രവർത്തിച്ച അത്ഭുതങ്ങൾ അവർ അവഗണിച്ചു. താൻ ദൈവപുത്രനാണെന്നുള്ളതിന്റെ

അടയാളം അവർ ആവശ്യപ്പെട്ടു. എന്നാൽ ശമര്യക്കാരാവട്ടെ ഒരടയാളവും ചോദിച്ചില്ല. മാത്രമല്ല അവരുടെ ഇടയിൽ യേശു ഒരത്ഭുതവും പ്രവർത്തിച്ചില്ല. ശമര്യക്കാരി സ്ത്രീയുടെ ജീവിതരഹസ്യങ്ങളെ തുറന്നുകാട്ടിയതല്ലാതെ മറ്റൊരത്ഭുതവും യേശു അവിടെ പ്രവർത്തിച്ചില്ല. എന്നിട്ടും അനേകം പേർ യേശുവിനെ സ്വീകരിച്ചു. സന്തോഷഭരിതരായ ശമര്യക്കാർ ആ സ്ത്രീയോടു പറഞ്ഞു: "ഇനി നിന്റെ വാക്കുകൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നത്; ഞങ്ങൾ തന്നെ കേൾക്കുകയും അവൻ സാക്ഷാൽ ലോകരക്ഷിതാവ് എന്നറിയുകയും ചെയ്തിരിക്കുന്നു."

മശീഹ യെഹൂദന്മാർക്കുവേണ്ടി മാത്രമല്ല, മുഴുലോകത്തിന്റെയും രക്ഷകനായി വരുമെന്നു ശമര്യക്കാർ വിശ്വസിച്ചിരുന്നു. അവൻ ദൈവത്തിൽനിന്ന് അയയ്ക്കപ്പെട്ട പ്രവാചകൻ എന്നു മോശെയിൽക്കൂടെ പരിശുദ്ധാത്മാവു പ്രവചിച്ചിരുന്നു. യാക്കോബിൽക്കൂടെ "ജാതികളുടെ അനുസരണം അവനോടാകും" എന്നും അബ്രാഹാമിൽക്കൂടെ "നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" എന്നും പ്രവചിച്ചിരുന്നതു മശീഹയെക്കുറിച്ചായിരുന്നു. ശമര്യക്കാർ ഈ പ്രവചനങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു വരുവാനുള്ള മശീഹയിൽ വിശ്വസിച്ചിരുന്നത്. യെഹൂദന്മാർ പില്ക്കാലങ്ങളിൽ വന്ന പ്രവാചകന്മാരെ തെറ്റായി വ്യാഖ്യാനിച്ചതുകൊണ്ടും കർത്താവിന്റെ രണ്ടാമത്തെ വരവിൽ പ്രത്യക്ഷമാകുവാൻ പോകുന്ന മഹത്വവും തേജസ്സും തന്റെ ഒന്നാമത്തെ വരവിനു നല്കിയതുകൊണ്ടും ശമര്യക്കാർ തിരുവെഴുത്തുകളെ ത്യജിക്കുന്നതിന് ഇടയായിത്തീർന്നു. എങ്കിലും മോശെയെ അവർ അംഗീകരിച്ചിരുന്നു. ഈ തെറ്റായ വ്യാഖ്യാനങ്ങളെ എല്ലാം കർത്താവു ദൂരീകരിച്ചപ്പോൾ അനേകർ പില്ക്കാലപ്രവചനങ്ങളെ സ്വീകരിക്കുകയും ദൈവരാജ്യത്തെക്കുറിച്ചു ക്രിസ്തു പറഞ്ഞതു വിശ്വസിക്കുകയും ചെയ്തു.

യെഹൂദനും മറ്റു ജാതികൾക്കും ഇടയിലുള്ള വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകൊണ്ടു കർത്താവു പ്രവർത്തനം ആരംഭിച്ചു. എല്ലാവരോടും രക്ഷയുടെ ദൂതു കർത്താവു പ്രസംഗിച്ചു. താൻ ഒരു യെഹൂദനായിരുന്നെങ്കിലും പരീശന്മാരുടെ സൃഷ്ടിയായ ചട്ടങ്ങളും പാരമ്പര്യാചാരങ്ങളും യേശു കടപുഴകി എറിഞ്ഞുകൊണ്ടു ശമര്യരോടു സ്നേഹത്തോടെ ഇടപഴകി. യെഹൂദന്റെ ദൃഷ്ടിയിൽ അധഃസ്ഥിതരായിരുന്ന ശമര്യക്കാരുടെ ആതിഥ്യം സകല എതിർപ്പുകളെയും അവഗണിച്ചുകൊണ്ടു യേശു സ്വീകരിച്ചു. യേശു അവരോടുകൂടെ താമസിച്ചു. അവരുടെ ആഹാരം കഴിച്ചു. അവരുടെ തെരുക്കോണുകളിൽ പ്രസംഗിച്ചു. യേശു അവരെ സ്നേഹിച്ചു.

യെരൂശലേം ദൈവാലയത്തിൽ ഉയരം കുറഞ്ഞ ഒരു ഭിത്തി പ്രാകാരത്തെ ദൈവാലയത്തിന്റെ മറ്റുള്ള ഭാഗങ്ങളിൽനിന്നു വേർതിരിച്ചിരുന്നു. യെഹൂദന്മാരല്ലാത്ത മറ്റാരും ഈ ഭിത്തിക്കപ്പുറം പ്രവേശിക്കരുതെന്നു വിവിധ ഭാഷകളിൽ അവിടെ എഴുതിവച്ചിരുന്നു. യെഹൂദനല്ലാത്ത ഒരാൾ ഈ മതിലിനപ്പുറം കടന്നാൽ അയാൾ ദൈവാലയം അശുദ്ധമാക്കിയതായി ഗണിക്കുകയും അയാളെ മരണശിക്ഷയ്ക്കു വിധേയനാക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഈ ദൈവാലയവും അതിലെ ശുശ്രൂഷകളും ആരെ പ്രതിനിധീ

കരിച്ചുവോ, ആ രക്ഷകൻ സകല മനുഷ്യരെയും തന്നിലേക്ക് ആകർഷിക്കുകയും യെഹൂദന്മാർ തിരസ്കരിച്ച രക്ഷ മറ്റുള്ളവർക്കായി തുറന്നുകൊടുക്കുകയും ചെയ്തു.

യെഹൂദന്മാരുടെ അസഹിഷ്ണുത യേശുവിന്റെ ശിഷ്യന്മാർക്കുമുണ്ടായിരുന്നു. അവർക്കും ഒരു അനുഗ്രഹം ഉണ്ടാകുന്നതിനുവേണ്ടിയായിരുന്നു യേശു ശമര്യയിൽ പാർത്തത്. തങ്ങളുടെ രാഷ്ട്രത്തോടുള്ള സ്നേഹം പ്രദർശിപ്പിക്കേണ്ടതു ശമര്യരോടു വിദ്വേഷം വച്ചുപുലർത്തുന്നതിലൂടെയാണെന്നു ശിഷ്യന്മാർ കരുതിയിരുന്നു. എന്നാൽ യേശു ശമര്യക്കാരത്തിയോട് ഇടപെട്ട വിധം യേശുവിന്റെ ശിഷ്യന്മാരെ അത്ഭുതപ്പെടുത്തി. ശമര്യയിൽ യേശു രണ്ടു ദിവസം താമസിച്ചപ്പോൾ കാണിച്ച മാതൃക അവർക്ക് അവഗണിക്കാൻ കഴിഞ്ഞില്ല. ശിഷ്യന്മാർക്കു തങ്ങളുടെ ഗുരുവിനോടുണ്ടായിരുന്ന സ്നേഹം തങ്ങളുടെ ഹൃദയത്തിലുണ്ടായിരുന്ന മുൻവിധികളെ കുറെയൊക്കെ അകറ്റിനിർത്തി. എങ്കിലും ഹൃദയപൂർവ്വം ശമര്യരോട് ഒത്തുചേരുവാൻ അവർക്കു കഴിഞ്ഞില്ല. തങ്ങളിൽ കുടികൊണ്ടിരുന്ന വെറുപ്പും അവജ്ഞയും പാടേ തുടച്ചുനീക്കി അനുകമ്പയും ദയയുമുള്ളവരായിത്തീരാൻ ശിഷ്യന്മാർക്ക് ഉടനടി സാധിച്ചില്ല. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം താൻ പഠിപ്പിച്ച പാഠങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ ശിഷ്യന്മാർക്കു കഴിഞ്ഞു. പരിശുദ്ധാത്മാവു തങ്ങളുടെമേൽ വന്നതിനുശേഷം ശിഷ്യന്മാർക്കു പരിപൂർണ്ണ രൂപാന്തരം വന്നുകഴിഞ്ഞു. ശമര്യയിൽ പത്രൊസ് സുവിശേഷം പ്രസംഗിപ്പാൻ പോയപ്പോൾ പത്രൊസിന്റെ പ്രവർത്തനം കർത്താവിന്റെ അതേ ആത്മാവിൽ ആയിരുന്നു. യോഹന്നാൻ എഫെസൊസിലും സ്മുർന്നയിലും സുവിശേഷം പ്രസംഗിപ്പാൻ പോയപ്പോൾ ശെഖേമിൽ നടന്ന സംഭവങ്ങളെ ഓർത്തു. തന്റെ ശിഷ്യന്മാർ അഭിമുഖീകരിക്കേണ്ട കഷ്ടതകളെ മുൻകൂട്ടി കണ്ട കർത്താവ് അവർക്കു കാണിച്ചുകൊടുത്ത മാതൃക യോഹന്നാന്റെ സ്മൃതിപഥത്തിൽ കടന്നുവന്നു. മനുഷ്യവർഗ്ഗത്തോടുള്ള യേശുവിന്റെ നിസ്തുല സ്നേഹം യോഹന്നാൻ അനുസ്മരിച്ചു.

ശമര്യക്കാരത്തിക്കു ജീവജലം വാഗ്ദാനം ചെയ്ത കർത്താവ് ഇന്നും എല്ലാവർക്കും അതേ വാഗ്ദാനം നല്കിക്കൊണ്ടിരിക്കുന്നു. യേശുവിന്റെ അനുയായികൾ എന്നവകാശപ്പെടുന്നവർ ദരിദ്രരും, അധഃസ്ഥിതരുമായ ആളുകളെ വെറുക്കുകയും അകറ്റുകയും ചെയ്തേക്കാം. എന്നാൽ ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തെ നശിപ്പിക്കുവാൻ ഒന്നിനും സാദ്ധ്യമല്ല. എത്ര പാപപങ്കിലമായ ജീവിതം നയിച്ചവരാണെങ്കിലും തന്റെ സമീപം വരുന്നവരോടു കർത്താവു പറയുന്നത്, “നീ എന്നോടു ചോദിച്ചിരുന്നുവെങ്കിൽ ഞാൻ ജീവജലം നിനക്കു തരുമായിരുന്നു” എന്നത്രേ.

സുവിശേഷത്തിന്റെ ക്ഷണത്തെ ചെറുതായി കാണുവാൻ പാടില്ലാത്തതാണ്. അതു പ്രത്യേകമായി ഒരു സമൂഹത്തിനുവേണ്ടി മാത്രമുള്ളതല്ല. നമ്മെ മാനിക്കുന്നവർക്കുവേണ്ടി നല്കാനുള്ളതുമല്ല. രക്ഷയുടെ ദൂതു സകല

മാനവർക്കുമുള്ളതാണ്. സത്യത്തെ സ്വീകരിപ്പാൻ ഒരുക്കമുള്ളവർ എവിടെയുണ്ടോ അവിടെ കർത്താവിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കും. താൻ പിതാവിനെ വെളിപ്പെടുത്തിക്കൊടുക്കുകയും സകലതും അറിയുന്ന ദൈവത്തിന് ഇമ്പകരമായ ആരാധന അഭ്യസിപ്പിക്കുകയും ചെയ്യും. ഉപമകളിൽക്കൂടി ആയിരിക്കുകയില്ല താൻ അവരോടു സംസാരിക്കുന്നത്. കിണറ്റിനരികെവച്ചു സ്ത്രീയോടു പറഞ്ഞതുപോലെ, കർത്താവ് അവരോടും പറയുന്നു: "നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെ മശീഹ ആകുന്നു."

യേശു യെഹൂദ്യയിൽനിന്നു വരുമ്പോഴായിരുന്നു ശമര്യയിൽ യാക്കോബിന്റെ കിണറ്റിനരികെ എത്തിയത്. യെഹൂദ്യയിൽ കർത്താവിന്റെ പ്രവർത്തനത്തിന് അനുകൂലമായ പ്രതികരണം ലഭിച്ചില്ല. പുരോഹിതന്മാരും റബ്ബിമാരും കർത്താവിനെ അംഗീകരിച്ചിരുന്നില്ല. കർത്താവിന്റെ അനുഗാമികൾ എന്ന വകാശപ്പെട്ടവർപോലും അവന്റെ ദിവ്യസ്വഭാവത്തിന്റെ മഹത്വം കണ്ടില്ല. താൻ ക്ഷീണിച്ചും തകർന്നും ഇരുന്നപ്പോൾപോലും ഒരു സ്ത്രീയോടു ദിവ്യസത്യത്തെക്കുറിച്ചു സംസാരിക്കുവാനുള്ള സന്ദർഭം കർത്താവു പാഴാക്കിയില്ല.

വലിയ ജനക്കൂട്ടത്തിനുവേണ്ടി കർത്താവു കാത്തിരുന്നില്ല. പലപ്പോഴും ഒരു ചെറിയ കൂട്ടത്തോടായിരുന്നു കർത്താവു സംഭാഷണം ആരംഭിച്ചിരുന്നത്. എന്നാൽ ക്രമേണ കടന്നുപോകുന്ന പലരും ആ കൂട്ടത്തിൽ ചേരുകയും അതു വലിയൊരു കൂട്ടമായിത്തീരുകയും ചെയ്തിരുന്നു. അങ്ങനെ അനേകം ആളുകൾ സ്വർഗ്ഗത്തിൽനിന്നു വന്ന ഗുരുവിനെ ശ്രദ്ധിച്ചിരുന്നു. ക്രിസ്തുശിഷ്യന്മാർ ചെറിയ കൂട്ടങ്ങളോടും സംസാരിക്കാൻ വൈമുഖ്യം കാട്ടരുത്. വലിയ സമൂഹത്തോടു സംസാരിക്കുന്ന അതേ തീക്ഷ്ണതയും താൽപര്യവും ചെറുകൂട്ടത്തോടും കാണിക്കണം. ചിലപ്പോൾ ഒരു വ്യക്തി മാത്രമായിരിക്കും ദൂതു കേൾപ്പാൻ ഉണ്ടായിരിക്കുന്നത്. എന്നാൽ അതിന്റെ ഫലം ദൂരവ്യാപകമായിരിക്കുമെന്ന് ഓർത്തിരിക്കേണ്ടതാണ്. ശമര്യക്കാരത്തിയോടു സംസാരിക്കുവാൻ കർത്താവു സമയം ചെലവിടുന്നത് ഒരു ചെറിയ കാര്യമായി ശിഷ്യന്മാർക്കുപോലും തോന്നി. രാജാക്കന്മാരോടും മന്ത്രിമാരോടും പുരോഹിതന്മാരോടും സംവാദിക്കുന്നതിനെക്കാൾ താൽപര്യത്തോടെ ക്രിസ്തു അവളോടു സംസാരിച്ചു. അവൾക്കു നല്കിയ പാഠങ്ങൾ ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും പലവുരു ആവർത്തിക്കപ്പെടുന്നു.

രക്ഷകനെ കണ്ടെത്തിയ ഉടനെത്തന്നെ ശമര്യക്കാരി മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്ക് ആനയിച്ചു. കർത്താവിന്റെ ശിഷ്യന്മാരെക്കാളും ശക്തയായ ഒരു ദൂതുവാഹകയായിരുന്നു അവൾ. ശമര്യയിൽ പ്രോത്സാഹജനകമായ ഒന്നും തന്നെ ശിഷ്യന്മാർ കണ്ടില്ല. ഭാവിയിൽ ചെയ്യേണ്ട വലിയ വേലയെക്കുറിച്ച് അവർ ഭാരപ്പെട്ടിരുന്നു. എന്നാൽ അവർക്കു ചുറ്റും വലിയ ഫലശേഖരം നടത്തേണ്ട ആവശ്യമുണ്ടെന്ന് അവർ അറിഞ്ഞില്ല. അവർ അഗണ്യയായി കണ്ട ആ സ്ത്രീ മുഖാന്തരം ഒരു പട്ടണം മുഴുവൻ യേശുവിന്റെ പ്രസംഗം കേൾപ്പാനായി വന്നു. തനിക്കു ലഭിച്ച വെളിച്ചം അവൾ തന്റെ ജനത്തിനു നല്കി.

ക്രിസ്തുവിൽ ഒരു വ്യക്തിക്കുണ്ടാവുന്ന പ്രായോഗികമായ വിശ്വാസത്തെയാണ് ഈ സ്ത്രീയുടെ വിശ്വാസം ചൂണ്ടിക്കാട്ടുന്നത്. ഓരോ യഥാർത്ഥ ശിഷ്യനും ദൈവരാജ്യത്തിലെ ഒരു ദൂതുവാഹകനായിട്ടാണു ജനിക്കുന്നത്. ജീവജലം പാനം ചെയ്യുന്നവൻ ജീവന്റെ ഉറവയായിത്തീരുന്നു. ആത്മാവിൽ ക്രിസ്തുവിന്റെ കൃപ ലഭിക്കുന്നതു മരുഭൂമിയിൽ നീർച്ചോല കണ്ടെത്തുന്നതുപോലെയാണ്. മരണത്തെ കാത്തിരുന്നവർക്ക് അതു ജീവജലം നല്കിക്കൊണ്ടു ചൈതന്യവും ഉന്മേഷവും ഉളവാക്കുന്നു.

# 20

# വിശ്വസിക്കുന്നതിനു തെളിവന്വേഷിക്കുന്നവർ

**അവലംബം: യോഹന്നാൻ 4:43–54**

പെസഹയിൽ പങ്കെടുത്തശേഷം മടങ്ങിയ ഗലീലക്കാർ യേശുവിന്റെ അത്ഭുതങ്ങളെ നാടെങ്ങും പ്രസിദ്ധമാക്കി. യെരൂശലേമിലെ ഉന്നതരുടെ ശത്രുതാമനോഭാവം യേശുവിനെ ഗലീലയിലേക്കു പോകുവാൻ പ്രേരിപ്പിച്ചു. ദൈവാലയം ദുരുപയോഗപ്പെടുത്തുന്നതിലും പുരോഹിതന്മാരുടെ അഹന്തയിലും ദുരാഗ്രഹത്തിലും മനംനൊന്ത ഒട്ടനവധി ആളുകൾ യെരൂശലേമിൽ ഉണ്ടായിരുന്നു. പരീശപ്രമാണികളെ ദൈവാലയത്തിൽനിന്നു പുറത്താക്കിയ യുവ റബ്ബി, ഒരുപക്ഷേ തങ്ങൾ കാത്തിരിക്കുന്ന മശീഹ ആയിരുന്നേക്കാമെന്ന് അവർ കരുതി. തങ്ങളുടെ പ്രതീക്ഷകളെ ഉറപ്പിക്കുവാൻ പര്യാപ്തമായ വാർത്തകളാണ് അവർക്കു ലഭിച്ചത്. താൻതന്നെ മശീഹയെന്നു യേശു പ്രഖ്യാപിച്ചതായി അവർക്കു വിവരം ലഭിച്ചു.

എന്നാൽ നസ്രേത്തുകാർ യേശുവിൽ വിശ്വസിച്ചില്ല. ഇക്കാരണത്താൽ യേശു കാനാവിലേക്കു പോകുമ്പോൾ നസ്രേത്തു സന്ദർശിച്ചില്ല. "പ്രവാചകനു തന്റെ പിതൃദേശത്തു ബഹുമാനം ഇല്ലാ"യെന്നു യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. മനുഷ്യർ മറ്റുള്ളവരെ അളക്കുന്നതു തങ്ങളുടെ സ്വന്തം അനുഭവങ്ങൾ വച്ചാണ്. ലൗകികരും ഇടുങ്ങിയ മനസ്സിന്റെ ഉടമകളുമായ മനുഷ്യർ യേശുവിന്റെ എളിമത്വവും ദാരിദ്ര്യവും കാരണം അവനെ വിലയില്ലാത്തവനെന്നു കരുതി. പാപത്തിന്റെ യാതൊരു കറയുമില്ലാത്ത ആ പരിശുദ്ധ മനസ്സിനെ മനസ്സിലാക്കുവാൻ അവർക്കു കഴിഞ്ഞില്ല.

ക്രിസ്തു കാനാവിലേക്കു തിരിച്ചുവരുന്നുവെന്ന വാർത്ത ഗലീലയിലെങ്ങും പരന്നു. രോഗികൾക്കും കഷ്ടതയനുഭവിക്കുന്നവർക്കും അതു പ്രത്യാശ നല്കി. കഫർന്നഹൂമിൽ ഉണ്ടായിരുന്ന യെഹൂദപ്രഭുവായിരുന്ന ഒരു രാജഭൃത്യന് ഈ വാർത്ത വളരെ സന്തോഷം നല്കി. ഈ രാജഭൃത്യന്റെ ഒരു മകൻ ഒരു തീരാവ്യാധി പിടിച്ചു കിടപ്പായിരുന്നു. വൈദ്യന്മാർക്ക് ഒന്നും ചെയ്യാൻ കഴിവില്ലാത്ത അവസ്ഥയിലായിരുന്നു അവൻ. എന്നാൽ യേശുവിനെക്കുറിച്ച് ആ പിതാവു കേട്ടപ്പോൾ, യേശുവിന്റെ സഹായം തേടുവാനായി അയാൾ ഉറച്ചു. കുട്ടിക്കു രോഗം മൂർച്ഛിച്ചു. ആ പിതാവു തിരിച്ചു വരുന്നതിനു മുമ്പുതന്നെ കുട്ടി മരിച്ചുപോകുമെന്ന് എല്ലാവരും ഭയപ്പെട്ടു. എങ്കിലും യേശുവിനോട് ഈ വിവരം താൻതന്നെ അറിയിക്കുവാനായി ആ പിതാവു തീരുമാനിച്ചു. ഒരു പിതാവിന്റെ യാചന ശ്രേഷ്ഠവൈദ്യനിൽ സഹതാപത്തിന്റെ തരംഗങ്ങൾ സൃഷ്ടിക്കുമെന്ന് അയാൾ വിശ്വസിച്ചു.

ആ പിതാവു കാനാവിൽ എത്തിയപ്പോൾ യേശു ഒരു ജനാവലിയാൽ ചുറ്റപ്പെട്ടിരിക്കുന്നതായി കണ്ടു. ഉത്കണ്ഠാഭരിതനായ ആ പിതാവു ജനക്കൂട്ടത്തിലൂടെ യേശുവിന്റെ സന്നിധിയിൽ എത്തി. ഏറ്റവും ലളിതമായ വസ്ത്രം ധരിച്ചിരുന്ന, യാത്രാക്ഷീണം ബാധിച്ചിരുന്ന യേശുവിനെ കണ്ടപ്പോൾ രാജഭൃത്യന്റെ വിശ്വാസം അല്പം പതറി. തന്റെ ആഗ്രഹം സഫലമാക്കിത്തരുവാൻ ഈ സാധാരണക്കാരനായ മനുഷ്യനു കഴിയുമോ എന്നവൻ ഒരു നിമിഷം സംശയിച്ചു. എങ്കിലും യേശുവിനോടവൻ സംസാരിച്ചു. തന്റെ വരവിന്റെ ഉദ്ദേശ്യം വെളിപ്പെടുത്തുകയും യേശുവിനെ തന്റെ വീട്ടിലോട്ട് അവൻ ക്ഷണിക്കുകയും ചെയ്തു. ഈ രാജഭൃത്യന്റെ ഹൃദയവ്യഥ യേശു നേരത്തേ തന്നെ മനസ്സിലാക്കിയിരുന്നു. അവൻ വീട്ടിൽനിന്നു തിരിക്കുന്നതിനു മുമ്പു തന്നെ അവന്റെ അരിഷ്ടത യേശു ഗ്രഹിച്ചിരുന്നു.

എന്നാൽ യേശുവിൽ വിശ്വസിക്കുന്നതിന്, ആ രാജഭൃത്യന്റെ മനസ്സിൽ ചില വ്യവസ്ഥകൾ സൂക്ഷിച്ചിരുന്നുവെന്നും യേശുവിനറിയാമായിരുന്നു. തന്റെ യാചനയ്ക്ക് അനുകൂലമായ ഉത്തരം ലഭിച്ചില്ലായിരുന്നെങ്കിൽ ആ രാജഭൃത്യൻ യേശുവിനെ മശീഹയായി അംഗീകരിക്കയില്ലായിരുന്നു. ആകാംക്ഷാഭരിതനായി നിന്നിരുന്ന ആ പിതാവിനോടു യേശു പറഞ്ഞു: "നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കണ്ടിട്ടല്ലാതെ വിശ്വസിക്കയില്ല."

യേശു മശീഹയാണെന്നുള്ള എല്ലാ തെളിവുകളും ഉണ്ടായിരുന്നിട്ടും തന്റെ അപേക്ഷ സാധിച്ചുകിട്ടിയെങ്കിലേ താൻ വിശ്വസിക്കൂ എന്ന വ്യവസ്ഥ

യിൽ അയാൾ ഉറച്ചുനിന്നു. വ്യവസ്ഥകൾ വയ്ക്കുന്ന ഈ അവിശ്വാസത്തെ ശമര്യരുടെ, നിഷ്കളങ്ക വിശ്വാസവുമായി കർത്താവു തുലനം ചെയ്തു. ശമര്യക്കാർ യേശുവിനോട് ഒരു അത്ഭുതപ്രവൃത്തിയും അടയാളമായി ചെയ്വാൻ ആവശ്യപ്പെട്ടില്ല. ക്രിസ്തുവിന്റെ ദൈവികത്വത്തെക്കുറിച്ചു തങ്ങൾക്കു ലഭിച്ച തെളിവുകളും ക്രിസ്തുവിന്റെ പ്രഭാഷണങ്ങളും ശമര്യക്കാരുടെ വിശ്വാസത്തെ ഉറപ്പിച്ചു. ദൈവം തന്റെ പുത്രനിൽക്കൂടെ സംസാരിക്കുന്നതു കേൾപ്പാനുള്ള മനസ്സു ദൈവത്തിന്റെ ജനമായ യിസ്രായേല്യർക്കില്ലാതിരുന്നതു കണ്ടപ്പോൾ യേശുവിന്റെ ഹൃദയം വേദനിച്ചു.

എന്നിരിക്കിലും ഈ രാജഭൃത്യനു സാധാരണ യിസ്രായേല്യരിൽ കവിഞ്ഞ വിശ്വാസം ഉണ്ടായിരുന്നു. ഏറ്റവും വിലയേറിയ അനുഗ്രഹം പ്രാപിപ്പാനാണ് അയാൾ വന്നത്. അവൻ ആഗ്രഹിച്ചതിനെക്കാൾ മെച്ചമായ അനുഗ്രഹം നല്കുവാൻ യേശു തയ്യാറായിരുന്നു. ആ പൈതലിനെ സൗഖ്യമാക്കുക മാത്രമല്ല, ആ പിതാവിനും അവന്റെ കുടുംബാംഗങ്ങൾക്കും രക്ഷയുടെ സന്തോഷം പകർന്നുകൊടുക്കുന്നതിനും, അവർ മുഖാന്തരം കഫർന്നഹൂമിൽ സാക്ഷീകരണം നടക്കുന്നതിനും കർത്താവ് ആഗ്രഹിച്ചു. എന്നാൽ ആ രാജഭൃത്യൻ ക്രിസ്തുവിന്റെ കൃപയ്ക്കുവേണ്ടി യാചിക്കുന്നതിനു മുമ്പായി തന്റെ കുറവ് എന്തായിരുന്നുവെന്നു മനസ്സിലാക്കേണ്ടതായിരുന്നു. അയാൾ യിസ്രായേലിലെ അനേകം ആളുകളെ പ്രതിനിധീകരിക്കുന്നു. സ്വാർത്ഥപരമായ ആഗ്രഹങ്ങളോടെ അവർ ക്രിസ്തുവിനെ സമീപിക്കുന്നു. ക്രിസ്തുവിന്റെ ശക്തിയിലൂടെ തങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിപ്പാൻ അവർ ആഗ്രഹിക്കുന്നു.  ഭൗതികമായ കാര്യസാദ്ധ്യങ്ങൾക്കുവേണ്ടി തങ്ങളുടെ വിശ്വാസത്തെ അവർ അപകടത്തിലാക്കുന്നു. തങ്ങളുടെ ആത്മീയരോഗത്തെ അവർ മനസ്സിലാക്കുന്നില്ല. തങ്ങൾക്കു ദൈവിക കൃപ ആവശ്യമായിരിക്കുന്ന വസ്തുതയും അവർ മനസ്സിലാക്കുന്നില്ല.

യേശുവിന്റെ വാക്കുകൾ ഒരു പ്രകാശധാരപോലെ രാജസേവകന്റെ ഉള്ളിലേക്കു കടന്നുചെന്നു. അത് അവന്റെ അന്തരംഗത്തെ അവനു തുറന്നു കാട്ടിക്കൊടുത്തു. താൻ സ്വാർത്ഥതയോടെയാണു യേശുവിന്റെ സന്നിധിയിൽ വന്നതെന്ന് അവനു ബോധ്യമായി. തന്റെ ഉറപ്പില്ലാത്ത വിശ്വാസത്തിന്റെ യഥാർത്ഥ അവസ്ഥ ആ രാജഭൃത്യനു മനസ്സിലായി. അവിശ്വാസംമൂലം തന്റെ മകന്റെ ജീവൻ നഷ്ടപ്പെടുമോ എന്ന ഭയം ആ രാജഭൃത്യനെ ഗ്രസിച്ചു. ഹൃദയത്തിന്റെ അന്തർഭാഗം കാണുന്ന സർവ്വശക്തന്റെ മുമ്പാകെയാണു താൻ നില്ക്കുന്നതെന്ന് അവൻ അറിഞ്ഞു. വേദനയോടെ അവൻ യാചിച്ചു: “കർത്താവേ, പൈതൽ മരിക്കും മുമ്പേ വരേണമേ.” “നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല” (ഉല്പത്തി 32:26) എന്നു മല്പിടിത്തത്തിലായിരുന്ന ദൂതനോടു യാക്കോബു പറഞ്ഞതുപോലെ ഈ രാജഭൃത്യൻ തന്റെ വിശ്വാസം ക്രിസ്തുവിലർപ്പിച്ചു.

യാക്കോബിനെപ്പോലെ ആ രാജഭൃത്യനും വിജയം കൈവരിച്ചു. തന്റെ സന്നിധിയിൽ സഹായത്തിനെത്തുന്നവരിൽനിന്നു കർത്താവു പിന്തിരിയുകയില്ല. “പൊയ്ക്കൊൾക; നിന്റെ മകൻ ജീവിച്ചിരിക്കുന്നു”വെന്നു കർത്താവ്

അവനോടു പറഞ്ഞു. ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത സന്തോഷത്തോടു കൂടി ആ രാജഭൃത്യൻ കർത്തൃസന്നിധിയിൽനിന്നു തിരികെ പോയി. തന്റെ മകനു ജീവൻ തിരിച്ചുകിട്ടി എന്നു വിശ്വസിക്കുക മാത്രമല്ല, ക്രിസ്തുവിനെ തന്റെ വീണ്ടെടുപ്പുകാരനായി ഹൃദയംകൊണ്ട് ആ മനുഷ്യൻ അംഗീകരിക്കുകയും ചെയ്തു.

അതേ അവസരത്തിൽ, കഫർന്നഹൂമിലെ വീട്ടിൽ മരണാസന്നനായി കിടന്നിരുന്ന പൈതലിനെ നിരീക്ഷിച്ചുകൊണ്ടിരുന്നവർ ആ കുട്ടിയിൽ അത്ഭുതകരമായ മാറ്റം സംഭവിക്കുന്നതു കണ്ടു. മരണത്തിന്റെ നിഴൽ ആ കുട്ടിയിൽനിന്നു നീങ്ങിപ്പോയി. രോഗബാധിതമായിരുന്ന ആ ശരീരം ആരോഗ്യം വീണ്ടെടുത്തു. തളർന്ന അവന്റെ കണ്ണുകൾ പ്രകാശിതങ്ങളായി. ക്ഷീണിച്ചിരുന്ന ആ ശരീരം ബലം പ്രാപിച്ചു. രോഗത്തിന്റെ എല്ലാ ലക്ഷണങ്ങളും അവനിൽനിന്നു വിട്ടുമാറി. പനിയുടെ ചൂടിൽനിന്ന് ആ ശരീരം വിമുക്തമായി. അവൻ ശാന്തമായി ഉറങ്ങി. കുടുംബാംഗങ്ങൾ ഈ കാഴ്ച കണ്ടു സന്തോഷിക്കുകയും അത്ഭുതപ്പെടുകയും ചെയ്തു.

കാനാവ് എന്ന സ്ഥലം കഫർന്നഹൂമിൽനിന്നു വളരെ അകലെയല്ല സ്ഥിതി ചെയ്യുന്നത്. യേശുവുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം സന്ധ്യയോടടുപ്പിച്ച് ആ രാജഭൃത്യനു വീട്ടിൽ എത്താവുന്ന ദൂരം മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ആ രാജഭൃത്യൻ ധൃതഗതിയിൽ വീട്ടിൽ തിരിച്ചെത്തുന്നതായി നാം കാണുന്നില്ല. കഫർന്നഹൂമിൽ രാജഭൃത്യൻ തിരിച്ചെത്തുമ്പോൾ പിറ്റേ ദിവസം പുലർന്നിരുന്നു. വളരെ സന്തോഷകരമായ ഒരു തിരിച്ചുവരവായിരുന്നു അത്. യേശുവിനെ കാണാൻ പോകുമ്പോൾ അവൻ ദുഃഖിതനായിരുന്നു. സൂര്യപ്രകാശം തന്നോടു ക്രൂരത കാട്ടുന്നതായി ആ രാജഭൃത്യന് അനുഭവപ്പെട്ടു. പക്ഷികളുടെ കളകൂജനം തന്നെ പരിഹസിക്കുന്നതുപോലെ അവനു തോന്നിയിരുന്നു. എന്നാൽ ഇപ്പോൾ ആ രാജഭൃത്യന്റെ ചിന്തകൾ എത്ര വ്യത്യസ്തമായിരുന്നു. പ്രകൃതി സൗന്ദര്യം നിറഞ്ഞുനിന്നു. എല്ലാം പുതുമ ധരിച്ചിരിക്കുന്നതുപോലെ കാണപ്പെട്ടു. അതിരാവിലെയുള്ള പ്രശാന്തമായ അന്തരീക്ഷത്തിൽ പ്രകൃതി തന്നോടൊത്തു ദൈവത്തെ സ്തുതിക്കുന്നതായി അവനു തോന്നി. വീട്ടിൽ എത്തിച്ചേരാൻ കുറച്ചു ദൂരംകൂടെ അവശേഷിക്കുമ്പോൾ രാജഭൃത്യന്റെ വേലക്കാർ സുവാർത്തയുമായി തന്നെ ആശ്വസിപ്പിക്കുവാൻ തത്രപ്പെട്ടു വന്നു. അവർ കൊണ്ടുവന്ന സന്തോഷവാർത്ത അവനെ അത്ഭുതപ്പെടുത്തിയില്ല. എന്നാൽ "കുട്ടിക്ക് ഏതു നേരത്താണു സൗഖ്യം വന്നതെ"ന്ന രാജഭൃത്യന്റെ ചോദ്യത്തിന്റെ ഉദ്ദേശ്യം ആ ദാസന്മാർക്കു മനസ്സിലായില്ല. "ഇന്നലെ ഏഴുമണിക്കു പനി വിട്ടുമാറി" എന്നവർ ഉത്തരം പറഞ്ഞു. "നിന്റെ മകൻ ജീവിച്ചിരിക്കുന്നു" എന്നു യേശു പറഞ്ഞ അതേ നാഴികയിൽ ആ കുട്ടിക്കു സൗഖ്യം വന്നു എന്ന് ആ പിതാവു മനസ്സിലാക്കി.

മകനെ കാണാനായി ആ പിതാവു ധൃതഗതിയിൽ നടന്നു. സുഖം പ്രാപിച്ച തന്റെ മകനെ മാർവ്വോടു ചേർത്തുപിടിച്ചു ദൈവത്തിനു വീണ്ടും വീണ്ടും ആ പിതാവു നന്ദി അർപ്പിച്ചു.

ക്രിസ്തുവിനെക്കുറിച്ചു കൂടുതൽ അറിയാൻ ആ രാജഭൃത്യൻ ആഗ്രഹിച്ചു. യേശുവിന്റെ ഉപദേശം കേട്ട ആ രാജഭൃത്യനും കുടുംബവും യേശുവിന്റെ ശിഷ്യന്മാരായി. തങ്ങൾക്കുണ്ടായ കഷ്ടത ആ രാജഭൃത്യന്റെ മുഴു കുടുംബത്തിനും രക്ഷപ്രാപിപ്പാൻ കാരണമായിത്തീർന്നു. ഈ അത്ഭുതത്തെ സംബന്ധിച്ച വാർത്ത എല്ലായിടവും പ്രസിദ്ധമായി. ക്രിസ്തുവിന്റെ അനേക അത്ഭുതപ്രവൃത്തികൾ നടന്ന കഫർന്നഹൂമിലേക്കുള്ള വഴി ഈ സംഭവം മൂലം തുറക്കപ്പെട്ടു.

കഫർന്നഹൂമിലെ രാജഭൃത്യനെ അനുഗ്രഹിച്ച കർത്താവു നമ്മെയും അനുഗ്രഹിപ്പാൻ ഒരുക്കമുള്ളവനാണ്. എന്നാൽ നാമും പലപ്പോഴും ആ രാജഭൃത്യനെപ്പോലെ ഭൗമികാവശ്യങ്ങൾക്കുവേണ്ടി മാത്രമാണു കർത്താവിനെ അന്വേഷിക്കുന്നത്. നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചാൽ അവനെ നാം വിശ്വസിക്കും. നാം ചോദിക്കുന്നതിൽ കൂടുതലായ നന്മകൾ തരുവാൻ കർത്താവു തയ്യാറാണ്. നമ്മിലുള്ള പാപങ്ങൾ ചൂണ്ടിക്കാണിപ്പാനും, തന്റെ കൃപ നമുക്ക് ഏറ്റവും ആവശ്യമുണ്ടെന്നു നമ്മെ ബോധ്യപ്പെടുത്താനുമാണു നമ്മുടെ പ്രാർത്ഥനകൾക്ക് ഉടനടി ഉത്തരം ലഭിക്കാതെ പോകുന്നത്. സ്വാർത്ഥത നിറഞ്ഞ ഹൃദയത്തോടെ തന്നെ അന്വേഷിക്കുന്നതു മനുഷ്യർ മതിയാക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ നിസ്സഹായാവസ്ഥയെക്കുറിച്ചു നാം ബോധവാന്മാരായിത്തീരേണ്ടതും ദൈവസ്നേഹത്തിൽ നമ്മെ പൂർണ്ണമായി സമർപ്പിക്കേണ്ടതും ആവശ്യമത്രേ.

വിശ്വസിക്കുന്നതിനു മുമ്പുതന്നെ തന്റെ പ്രാർത്ഥനയ്ക്കുത്തരം ലഭിക്കുവാൻ ആ രാജഭൃത്യൻ ആഗ്രഹിച്ചു. എന്നാൽ തന്റെ പ്രാർത്ഥന കേട്ടുവെന്ന യേശുവിന്റെ ഉത്തരത്തിനുവേണ്ടി കാത്തിരിക്കേണ്ടത് അവന്റെ ചുമതലയായിരുന്നു. നാമും ഈ പാഠം പഠിക്കേണ്ടതാണ്. ദൈവം നമ്മെ കേൾക്കുന്നുവെന്നു നാം കാണുകയോ നമുക്കു തോന്നുകയോ ചെയ്യുന്നതുകൊണ്ടല്ല നാം വിശ്വസിക്കേണ്ടത്. അവന്റെ വാഗ്ദത്തങ്ങളെയാണു നാം വിശ്വസിക്കേണ്ടത്. വിശ്വാസത്തോടെ ദൈവസന്നിധിയിൽ വരുമ്പോൾ നമ്മുടെ എല്ലാ അപേക്ഷകളും ദൈവം കേൾക്കുന്നു. ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കുവേണ്ടി നാം യാചിക്കുമ്പോൾ അവ നമുക്കു ലഭിക്കുമെന്നു നാം വിശ്വസിക്കണം. അവ ലഭിച്ചതിനു നാം ദൈവത്തിനു സ്തോത്രം പറയണം. അനുഗ്രഹങ്ങൾ നമുക്ക് ഏറ്റവും അധികം ആവശ്യമുള്ളപ്പോൾ നമുക്കു ലഭിക്കുമെന്ന ഉറപ്പോടെ നമ്മുടെ വേലയ്ക്കായി പോകണം. ഇങ്ങനെ നാം ചെയ്യുമ്പോൾ നമ്മുടെ പ്രാർത്ഥനയ്ക്കുത്തരം ലഭിച്ചുവെന്നു നാം അറിയും. എന്നാൽ “നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി തന്റെ മഹത്വത്തിന്റെ ധനത്തിന് ഒത്തവണ്ണം” തന്റെ ബലത്തിന്റെ വ്യാപാരത്താൽ ദൈവം നമുക്കുവേണ്ടി ചെയ്തുതരും (എഫെ. 3:20,16; 1:19).

# 21

# ബേഥെസ്ദായും സൻഹെദ്രിനും

**അവലംബം: യോഹന്നാൻ 5**

“യെരൂശലേമിൽ ആട്ടുവാതില്ക്കൽ, ബേഥെസ്ദാ എന്ന് എബ്രായ പേരുള്ള ഒരു കുളം ഉണ്ട്; അതിന് അഞ്ചു മണ്ഡപം ഉണ്ട്. അവയിൽ വ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ ഇങ്ങനെ വലിയൊരു കൂട്ടം വെള്ളത്തിന്റെ ഇളക്കം കാത്തുകൊണ്ടു കിടന്നിരുന്നു.”

ചില പ്രത്യേക സന്ദർഭങ്ങളിൽ ആ കുളത്തിലെ വെള്ളം ഇളകി കലങ്ങുമായിരുന്നു. ഒരു ദൂതൻ വന്നു കലക്കുന്നുവെന്നും ആ സമയം ഏതു വ്യാധി പിടിച്ച ആളായിരുന്നാലും, അയാൾ ആദ്യം വെള്ളത്തിലിറങ്ങിയാൽ അയാൾക്കു പൂർണ്ണസൗഖ്യം ലഭിക്കുമെന്നും പരക്കെ വിശ്വസിച്ചിരുന്നു. നൂറുകണക്കിനു രോഗികൾ സൗഖ്യം പ്രാപിക്കുവാൻ ഇവിടെ വന്നിരുന്നു. ആളുകൾ വളരെ ഉണ്ടായിരുന്നതിനാൽ വെള്ളം കലങ്ങുമ്പോൾ ആദ്യം ഇറങ്ങു

വാനായി വലിയ തിക്കും തിരക്കും അനുഭവപ്പെട്ടിരുന്നു. പലപ്പോഴും കൂടുതൽ ശക്തരായവർ ശക്തി കുറഞ്ഞവരെ പിന്നിലാക്കി വെള്ളത്തിൽ ഇറങ്ങുവാൻ ധൃതി കൂട്ടിയിരുന്നു. കുഞ്ഞുങ്ങളും സ്ത്രീകളും ബലഹീനരും തിക്കിലും തിരക്കിലും പെട്ടു വലഞ്ഞു. പലർക്കും കുളത്തിന്റെ സമീപത്തുപോലും പോകുവാൻ സാധിച്ചിരുന്നില്ല. ചിലർ കുളത്തിന്റെ തീരത്തുവച്ചു തന്നെ മൃതിയടഞ്ഞു. രോഗികൾ പകലത്തെ ചൂടിൽനിന്നും രാത്രിയിലെ തണുപ്പിൽനിന്നും രക്ഷപ്പെടുവാൻ ചെറിയ കുടിലുകൾ കെട്ടി ഉയർത്തിയിരുന്നു. കുളത്തിൽ ആദ്യമേ ഇറങ്ങി സൗഖ്യം പ്രാപിക്കാമെന്ന ആശയോടെ രാത്രിയിൽ മണ്ഡപത്തിൽ കിടന്നിരുന്നവർ ഇഴഞ്ഞു കുളത്തിന്റെ വക്കുവരെ എത്തുമായിരുന്നു.

യേശു വീണ്ടും യെരൂശലേമിൽ വന്നു. ധ്യാനനിരതനായി താൻ ബേഥെസ്ദാ കുളത്തിനരികെ എത്തി. തങ്ങളുടെ സൗഖ്യത്തിന് ഈ ഒരു വഴി മാത്രമേയുള്ളു എന്നു കരുതിയ, കഷ്ടതയനുഭവിക്കുന്ന രോഗികൾ കുളത്തിനരികെ വെള്ളം കലങ്ങുന്നതു കാത്തു കിടക്കുന്നതു യേശു കണ്ടു. രോഗശാന്തി പ്രദാനം ചെയ്യുന്ന തന്റെ അധികാരം ഉപയോഗിച്ച് എല്ലാവരെയും സൗഖ്യമാക്കുവാൻ യേശു ആഗ്രഹിച്ചു. അന്നു ശബ്ബത്തു ദിവസമായിരുന്നു. വലിയ പുരുഷാരം ദൈവാലയത്തിൽ ആരാധനയ്ക്കുവേണ്ടി പൊയ്ക്കൊണ്ടിരുന്നു. ഈ സന്ദർഭത്തിൽ രോഗികളെ സൗഖ്യപ്പെടുത്തുന്ന ശുശ്രൂഷയിൽ ഏർപ്പെട്ടാൽ യെഹൂദന്മാരുടെ വികാരങ്ങളെ അതു മുറിപ്പെടുത്തുകയും തദ്വാര തന്റെ ശുശ്രൂഷയ്ക്കു വിഘാതമുണ്ടാക്കുമെന്നും യേശു മനസ്സിലാക്കി.

എന്നാൽ ഏറ്റവും കഷ്ടത അനുഭവിച്ചുകൊണ്ടിരുന്ന ഒരു വ്യക്തിയെ യേശു കണ്ടു. മുപ്പത്തിയെട്ടു വർഷം നിസ്സഹായനായി കിടന്ന ഒരു പക്ഷവാതരോഗിയായിരുന്നു അയാൾ. തന്റെ പാപജീവിതത്തിന്റെ തിക്തഫലമായിരുന്നു ആ രോഗം. ദൈവത്തിന്റെ ന്യായവിധി അവന്റെമേൽ വീണിരിക്കുകയാണെന്നു പലരും കരുതി. സ്നേഹിതരില്ലാതെ, ഏകാന്തനായി, ദൈവകൃപയിൽനിന്നു തള്ളപ്പെട്ടവൻ എന്നു കരുതി ആ മനുഷ്യൻ നീണ്ട മുപ്പത്തിയെട്ടു വർഷങ്ങൾ കഴിച്ചുകൂട്ടി. വെള്ളം കലങ്ങുമെന്നു പ്രതീക്ഷിക്കപ്പെടുന്ന നേരങ്ങളിൽ ഇയാളോട് അനുകമ്പ തോന്നിയവർ മണ്ഡപംവരെ ഇയാളെ എടുത്തുകൊണ്ടു പോകുമായിരുന്നു. എന്നാൽ വെള്ളം കലങ്ങുന്ന സമയത്ത് ഇയാളെ കുളത്തിലേക്കിറക്കുവാൻ ആരും ഉണ്ടായിരുന്നില്ല. അവനെക്കാൾ ബലവാന്മാരായവർ അവൻ ഇറങ്ങുന്നതിനു മുമ്പു വെള്ളത്തിൽ ഇറങ്ങുമായിരുന്നു. സ്വാർത്ഥതൽപരരായ ആളുകളോടു മത്സരിക്കുവാൻ അയാൾക്കു ശക്തിയില്ലായിരുന്നു. ഏക ലക്ഷ്യത്തിലേക്കുള്ള നിഷ്ഫലമായ പ്രയത്നവും തൽഫലമായുണ്ടായ ആധിയും നിരാശയും അവനിൽ ശേഷിച്ചിരുന്ന ശക്തിയെയും നിർവീര്യമാക്കിക്കളഞ്ഞു.

രോഗിയായ ഈ മനുഷ്യൻ കുളത്തിലേക്കു കണ്ണും നട്ടുകൊണ്ടു തന്റെ കിടക്കയിൽ പ്രതീക്ഷാനിർഭരനായി കിടന്നപ്പോൾ കരുണ പ്രതിഫലിക്കുന്ന മുഖവുമായി യേശു അവന്റെ അടുത്തേക്കു ചെന്ന്, "നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ?" എന്നു ചോദിച്ചു. ആ പക്ഷവാതക്കാരന്റെ മനസ്സിൽ

ആശയുടെ കുഞ്ഞലകൾ തത്തിക്കളിച്ചു. എന്തെങ്കിലും സഹായം തനിക്കു ലഭിക്കുമെന്ന് അയാൾ പ്രതീക്ഷിച്ചു. എന്നാൽ അടുത്ത നിമിഷത്തിൽ അയാൾ നിരാശയിലേക്കു നിപതിച്ചു. എത്രയോ തവണ ശ്രമിച്ചതാണ് ആ കുളത്തിൽ ഇറങ്ങുവാൻ; ഇനിയും വെള്ളം കലങ്ങുന്നതുവരെ ജീവിച്ചിരിക്കുമോ എന്നയാൾ സംശയിച്ചു. “യജമാനനേ, വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിൽ ആക്കുവാൻ എനിക്ക് ആരുമില്ല; ഞാൻ തന്നെ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്കു മുമ്പായി ഇറങ്ങുന്നു”– അയാൾ പറഞ്ഞു.

കഷ്ടതയിൽ കഴിഞ്ഞ ഈ രോഗിയോടു തന്നിൽ വിശ്വാസം അർപ്പിക്കണമെന്നു യേശു പറഞ്ഞില്ല. “എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക”– യേശു അവനോടു പറഞ്ഞു. എന്നാൽ ആ മനുഷ്യന്റെ വിശ്വാസം ക്രിസ്തുവിന്റെ വാക്കുകളെ മുറുകെ പിടിച്ചു. അവന്റെ ഓരോ ഞരമ്പും, മാംസപേശിയും പുതുജീവൻ പ്രാപിച്ചു. തളർന്ന കാലുകൾ പ്രവർത്തനസജ്ജമായി. ഒരു ചോദ്യവും ചോദിക്കാതെ ക്രിസ്തുവിന്റെ ആജ്ഞയെ അനുസരിപ്പാൻ അവന്റെ മനസ്സ് ഒരുക്കമായി. അവന്റെ മാംസപേശികൾ അവന്റെ ഇച്ഛയ്ക്കു വിധേയമായി പ്രവർത്തനം ആരംഭിച്ചു. അവൻ ചാടി എഴുന്നേറ്റു. തന്നിൽ പുതുശക്തി സംജാതമായി എന്നവൻ അറിഞ്ഞു.

ദൈവിക സഹായം അവനു ലഭിക്കുമെന്നു യേശു മുൻകൂട്ടി ഉറപ്പു കൊടുത്തിരുന്നില്ല. ആ മനുഷ്യനു സംശയാലു ആകുവാനും സൗഖ്യമാകുവാനുള്ള ഏക അവസരം നഷ്ടപ്പെടാനും സാദ്ധ്യതയുണ്ടായിരുന്നു. എന്നാൽ അവൻ യേശുവിന്റെ വാക്കു വിശ്വസിച്ച് അതിനനുസരണമായി പ്രവർത്തിച്ചതുകൊണ്ട് അവനു ശക്തി ലഭിച്ചു.

ഇതേ വിശ്വാസത്താൽ നമുക്കും ആത്മീയസൗഖ്യം പ്രാപിക്കാവുന്നതാണ്. പാപംമൂലം നാം ദൈവത്തിൽനിന്ന് അകന്നിരിക്കുന്നു. നമ്മുടെ ആത്മാക്കൾക്കു പക്ഷവാതം പിടിച്ചിരിക്കുന്നു. രോഗിയായ ആ മനുഷ്യനു നടക്കാൻ കഴിയാത്തതുപോലെ നാമും വിശുദ്ധ ജീവിതം നയിക്കുവാൻ സ്വയം പ്രാപ്തരല്ല. സ്വന്ത നിസ്സഹായാവസ്ഥ മനസ്സിലാക്കുന്ന അനേകരുണ്ട്. ദൈവവുമായി ഏകീഭവിക്കുന്നതിന് ആത്മീയജീവിതം വിശുദ്ധീകരിക്കപ്പെടുവാൻ അവർ കാംക്ഷിക്കുന്നു. സ്വന്ത ശക്തിയാൽ ഇതു നേടിയെടുക്കുവാൻ സാദ്ധ്യമല്ല. നിരാശയിൽ അവർ നിലവിളിക്കുന്നു: “അയ്യോ, ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിനധീനമായ ശരീരത്തിൽനിന്ന് എന്നെ ആർ വിടുവിക്കും?” (റോമർ 7:24). നിരാശയിൽ ആണ്ടുപോയ, ഈ അരിഷ്ട മനുഷ്യർ പ്രത്യാശയോടെ ഉയരത്തിലേക്കു നോക്കട്ടെ. തന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ട ആത്മാവിനെ കരുണയോടും ആർദ്രതയോടും കൂടി നോക്കിക്കൊണ്ടു യേശു പറയുന്നു: “നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ?” ആരോഗ്യവും സമാധാനവുമുള്ളവരായി എഴുന്നേല്ക്കുവാൻ യേശു ആവശ്യപ്പെടുന്നു. സൗഖ്യമായി എന്ന തോന്നലിനുവേണ്ടി കാത്തുനില്ക്കാതെ എഴുന്നേല്ക്കുക. അവന്റെ വചനത്തെ വിശ്വസിക്കുക. അതു നിറവേറ്റപ്പെടും. നിന്റെ ഇച്ഛാശക്തിയെ ക്രിസ്തുവിൽ സമർപ്പിക്ക. ക്രിസ്തുവിനെ സേവിപ്പാനായി തീരുമാനം എടുക്കുക. അവന്റെ വാക്കു കേട്ടനുസരിക്കുമ്പോൾ നാം ശക്തി

പ്രാപിക്കും. എന്തു തെറ്റായ പ്രവൃത്തിയിൽ നാം മുഴുകിയിരുന്നാലും, അതിന്റെ അടിമയായി നാം തീർന്നാലും നമ്മെ അതിൽനിന്നു മോചിപ്പിക്കുവാൻ ക്രിസ്തു ശക്തനാണ്. "പാപത്തിൽ മരിച്ചിരുന്ന" (എഫെ. 2:1) ആത്മാവിനെ പുനരുജ്ജീവിപ്പിക്കുവാനും, പാപച്ചങ്ങലയാൽ ബന്ധിതനായിരുന്നവനെ മോചിപ്പിക്കുവാനും അവനു ശക്തിയുണ്ട്.

സൗഖ്യം പ്രാപിച്ച പക്ഷവാതരോഗി, തന്റെ കിടക്ക എടുപ്പാനായി കുനിഞ്ഞു. അവൻ സന്തോഷത്തോടെ നിവർന്നു തന്നെ സൗഖ്യമാക്കിയവനെ നോക്കി. അപ്പോൾ യേശു അവിടെനിന്നു പൊയ്ക്കഴിഞ്ഞിരുന്നു. ജനക്കൂട്ടത്തിനിടയിൽ അവൻ മറഞ്ഞു. യേശുവിനെ ഇനിയും കാണുമ്പോൾ തനിക്കു തിരിച്ചറിയാൻ കഴിയുമോ എന്ന് അവൻ സംശയിച്ചു. സൗഖ്യം പ്രാപിച്ച മനുഷ്യൻ ദൈവത്തെ സ്തുതിച്ചുകൊണ്ടു സന്തോഷത്തോടെ നടന്നുപോയപ്പോൾ വഴിയിൽ പല പലീശന്മാരെയും കണ്ടു. തനിക്ക് എപ്രകാരം സൗഖ്യം ലഭിച്ചുവെന്ന് അവൻ പരീശന്മാരോടു പറഞ്ഞു. തന്റെ കഥ കേൾക്കാൻ അവർക്കു താൽപര്യമില്ലായെന്നു കണ്ടപ്പോൾ അവൻ അതിശയിച്ചു.

പുരികം ചുളിച്ചുകൊണ്ടു പരീശന്മാർ അവനോടു ചോദിച്ചു: "എന്തുകൊണ്ടു നീ ശബ്ബത്തിൽ നിന്റെ കിടക്കയും എടുത്തുകൊണ്ടു നടക്കുന്നു?" ദൈവത്തിന്റെ വിശുദ്ധദിനത്തിൽ കിടക്കയുമെടുത്തുകൊണ്ടു നടക്കുന്നതു വിഹിതമല്ല എന്നവർ അവനോടു കർശനമായി പറഞ്ഞു. അന്നു ശബ്ബത്തായിരുന്നുവെന്ന് ആ മനുഷ്യൻ തന്റെ സന്തോഷാതിരേകത്താൽ മറന്നുപോയി. ഒരു ദൈവമനുഷ്യന്റെ ആജ്ഞ അനുസരിക്കുന്നതു കുറ്റകരമല്ല എന്നവൻ കരുതി. അവൻ ധൈര്യത്തോടെ മറുപടി പറഞ്ഞു: "എന്നെ സൗഖ്യമാക്കിയവൻ: കിടക്ക എടുത്തു നടക്ക എന്ന് എന്നോടു പറഞ്ഞു." തന്നെ സൗഖ്യമാക്കിയവൻ ആരാകുന്നുവെന്ന് അന്വേഷിച്ചപ്പോൾ, ആരെന്നു വ്യക്തമായി പറയുവാൻ അവനു കഴിഞ്ഞില്ല. ഒരാൾക്കു മാത്രമേ ഇത്തരം അത്ഭുതം പ്രവർത്തിക്കുവാൻ കഴിയുകയുള്ളുവെന്ന് ആ പുരോഹിതപ്രമാണികൾക്ക് അറിയാമായിരുന്നു. എങ്കിലും യേശു ആയിരുന്നു ഈ ശബ്ബത്തുലംഘനത്തിന്റെ പ്രേരകൻ എന്നു കുറ്റം വിധിക്കുവാൻ അവർക്കു തെളിവ് ആവശ്യമായിരുന്നു. അവരുടെ നോട്ടത്തിൽ യേശു രണ്ടു കുറ്റങ്ങൾ ചെയ്തതായി അവർ ആരോപിച്ചു. ശബ്ബത്തിൽ ഒരാളെ സൗഖ്യമാക്കി; രണ്ടാമത് അയാളോടു കിടക്ക എടുത്തു നടക്കുവാൻ പറഞ്ഞ് അയാളെക്കൊണ്ടു ശബ്ബത്തു ലംഘിപ്പിച്ചു.

യെഹൂദന്മാർ ദൈവകല്പനയെ ഏറ്റവും തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചിരുന്നു. അവർ ദൈവകല്പനയെ ഒരു അടിമനുകംപോലെ ആക്കിത്തീർത്തു. അർത്ഥശൂന്യമായ അവരുടെ മതാനുഷ്ഠാനങ്ങൾ അയൽരാജ്യങ്ങളുടെ പരിഹാസത്തിനു കാരണമായി. അർത്ഥമില്ലാത്ത നിരോധനങ്ങൾ മൂലം ശബ്ബത്തിനെ പ്രത്യേകിച്ചും ഒരു വേലിക്കെട്ടിനുള്ളിലാക്കി. യഹോവയുടെ വിശുദ്ധദിവസത്തെ സന്തോഷമെന്നോ, ബഹുമാനയോഗ്യമെന്നോ അവർ കരുതിയില്ല. പരീശന്മാരും ശാസ്ത്രിമാരും ശബ്ബത്തനുഷ്ഠാനത്തെ

അസഹനീയമായ ഒന്നാക്കിത്തീർത്തു. ശബ്ബത്തുദിനത്തിൽ ഒരു യെഹൂദൻ തീ കൂട്ടുകയോ, മെഴുകുതിരി കത്തിക്കയോ ചെയ്യുന്നതു വിലക്കിയിരുന്നു. തൽഫലമായി അവരുടെ ചട്ടങ്ങളാൽ നിരോധിക്കപ്പെട്ടിരുന്ന പല കാര്യങ്ങളും ചെയ്യുന്നതിന് അവർ പുറജാതികളെ ആശ്രയിച്ചിരുന്നു. ഈ പ്രവൃത്തികൾ അരുതാത്തവയാണെങ്കിൽ, അതു ചെയ്വാൻ പ്രേരിപ്പിക്കുന്നവൻ, ചെയ്യുന്നവനെപ്പോലെ തെറ്റുകാരനാണെന്നുള്ള വസ്തുത അവർ ചിന്തിച്ചില്ല. രക്ഷ യെഹൂദനു മാത്രമെന്ന് അവർ വിശ്വസിച്ചിരുന്നതുകൊണ്ടു മറ്റുള്ളവരുടെ കല്പനാലംഘനം അവരുടെ പ്രത്യാശയില്ലാത്ത ജീവിതത്തെ കൂടുതൽ വഷളാക്കുന്നില്ലായെന്ന് അവർ കരുതി. അനുസരിപ്പാൻ പാടില്ലാത്ത ഒരു കല്പനയും ദൈവം മനുഷ്യർക്കു നല്കിയിട്ടില്ല. യുക്തിക്കു നിരക്കാത്തതോ, സ്വാർത്ഥതയിലേക്കു നയിക്കുന്നതോ അല്ല ദൈവത്തിന്റെ കല്പന.

സൗഖ്യം പ്രാപിച്ച മനുഷ്യനെ ദൈവാലയത്തിനുള്ളിൽവച്ചു യേശു കണ്ടു. അവനു ലഭിച്ച ദൈവകൃപയ്ക്കു പകരമായി പാപയാഗവും സ്തോത്രയാഗവും അർപ്പിപ്പാനായി അവൻ വന്നതായിരുന്നു. ആരാധനയ്ക്കായി വന്നവരുടെ ഇടയിൽ അവനെ കണ്ടപ്പോൾ, യേശു സ്വയം അവനു വെളിപ്പെടുത്തിക്കൊടുത്തു. യേശു അവനോടു പറഞ്ഞു: “നോക്കൂ, നിനക്കു സൗഖ്യമായല്ലോ; അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത്.”

തന്നെ സൗഖ്യമാക്കിയ വ്യക്തിയെ കണ്ടപ്പോൾ അയാൾ വളരെ സന്തോഷിച്ചു. പരീശന്മാർക്കു ക്രിസ്തുവിനോടുള്ള വിദ്വേഷം മനസ്സിലാക്കാതെ അവൻ ക്രിസ്തുവിനെ പരീശന്മാർക്കു പരിചയപ്പെടുത്തിക്കൊടുത്തു. “യേശു ശബ്ബത്തിൽ അതു ചെയ്കകൊണ്ടു യെഹൂദന്മാർ അവനെ ഉപദ്രവിച്ചു.”

ശബ്ബത്തുലംഘനത്തിനു കാരണം ബോധിപ്പിക്കുവാൻ യേശുവിനെ സൻഹെദ്രിന്റെ മുമ്പാകെ വരുത്തി. ഈ സന്ദർഭത്തിൽ യിസ്രായേൽ ഒരു സ്വതന്ത്രരാഷ്ട്രമായിരുന്നുവെങ്കിൽ ഈ ഒറ്റക്കാരണത്താൽ യേശു വധശിക്ഷയ്ക്കു വിധിക്കപ്പെടുമായിരുന്നു. എന്നാൽ യെഹൂദന്മാർ റോമിന്റെ ഭരണാധികാരത്തിൻ കീഴിലായിരുന്നതുകൊണ്ടു മരണശിക്ഷ നല്കാൻ അവർക്ക് അധികാരമില്ലായിരുന്നു. യേശുവിനെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്കു റോമൻ നീതിന്യായകോടതിയിൽ ഒരു പ്രസക്തിയുമില്ലായിരുന്നു. എന്നാൽ മറ്റു ചില ലക്ഷ്യങ്ങൾ നേടുവാൻ യെഹൂദന്മാർ ആഗ്രഹിച്ചു. യേശുവിനെതിരായി യെഹൂദന്മാർ പ്രവർത്തിച്ചുവെങ്കിലും യെരൂശലേമിൽപ്പോലും ജനപിന്തുണ യേശുവിനായിരുന്നു. യെഹൂദപുരോഹിതന്മാരുടെ ഉച്ചത്തിലുള്ള പ്രഭാഷണങ്ങളിൽ താൽപര്യമില്ലാതെയിരുന്ന പുരുഷാരം യേശുവിന്റെ ഉപദേശങ്ങളിൽ ആകൃഷ്ടരായി. അവന്റെ പ്രസംഗങ്ങൾ അവർക്കു ഗ്രഹിക്കുവാൻ എളുപ്പമായിരുന്നു. അവന്റെ വാക്കുകൾ അവർക്കു സന്തോഷവും ആശ്വാസവും പ്രദാനം ചെയ്തു. ദൈവസ്നേഹം എന്തെന്നു തന്റെ കേൾവിക്കാർക്കു യേശു വ്യക്തമാക്കിക്കൊടുത്തു. ശിക്ഷ നല്കാൻ കാത്തിരിക്കുന്ന ഒരു ന്യായാധിപതി അല്ല, നേരെമറിച്ചു കരുണയുള്ള ഒരു പിതാവാണു ദൈവമെന്നു യേശു പഠിപ്പിച്ചു. തന്നിൽത്തന്നെ പ്രതിബിംബിക്കുന്ന ദൈവസ്വരൂപത്തെ യേശു അവർക്കു വെളിപ്പെടുത്തി. മുറിവേറ്റ ഒരു

ആത്മാവിനു തൈലംപോലെയായിരുന്നു യേശുവിന്റെ വാക്കുകൾ. തന്റെ വാക്കുകളിലും പ്രവൃത്തിയിലുംകൂടെ മനുഷ്യനിർമ്മിതമായ ചട്ടങ്ങളെയും മനുഷ്യന്റെമേൽ ഭാരമായിരുന്ന പാരമ്പര്യങ്ങളെയും യേശു തകർത്തു. വറ്റാത്ത ദൈവസ്നേഹം അവൻ മനുഷ്യർക്കു പ്രദാനം ചെയ്തു.

ക്രിസ്തുവിനെ സംബന്ധിച്ച ഏറ്റവും പ്രാചീനമായ ഒരു പ്രവചനം ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽനിന്നും, രാജദണ്ഡ് അവന്റെ കാലുകളുടെ ഇടയിൽനിന്നും നീങ്ങിപ്പോകയില്ല" (ഉല്പത്തി 49:10). ജനം യേശുവിന്റെ ചുറ്റും തിങ്ങിക്കൂടി. യേശു നല്കിയ ദയയുടെയും സ്നേഹത്തിന്റെയും പാഠങ്ങൾ ജനം സസന്തോഷം സ്വീകരിച്ചു. പുരോഹിതന്മാരുടെ കർക്കശമായ ചടങ്ങുകൾ അവർക്ക് അസ്വീകാര്യമായിരുന്നു. പുരോഹിതന്മാരും റബ്ബിമാരും വിഘ്നം സൃഷ്ടിച്ചില്ലായിരുന്നുവെങ്കിൽ ലോകം ദർശിച്ചിട്ടില്ലാത്ത ഒരു നവീകരണം യേശുവിന്റെ ഉപദേശങ്ങൾ മുഖാന്തരം ഉണ്ടാകുമായിരുന്നു. തങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി ഈ മതനേതാക്കൾ യേശുവിനു ജനത്തിനിടയിലുണ്ടായിരുന്ന സ്വാധീനത്തെ തകർക്കുവാൻ തീരുമാനിച്ചു. യേശുവിനെ സൻഹെദ്രിന്റെ മുമ്പാകെ കൊണ്ടുവന്നു വിചാരണ ചെയ്തു കുറ്റക്കാരനായി പ്രഖ്യാപിച്ചാൽ ജനപിന്തുണ അവനു നഷ്ടപ്പെടുമെന്ന് അവർ കരുതി. മതനേതാക്കളെ ജനം ഭയപ്പെട്ടിരുന്നു. യെഹൂദപുരോഹിതന്മാരുടെ കല്പനകളെ ആരെങ്കിലും പഴിക്കുകയോ, അവർ ജനങ്ങളുടെമേൽ ചുമത്തിയിട്ടുള്ള ഭാരമേറിയ ചട്ടങ്ങളെ ആരെങ്കിലും ലഘൂകരിക്കുകയോ ചെയ്താൽ അതിന്റെ ഭവിഷ്യത്ഫലങ്ങൾ വലുതായിരുന്നു. അപ്രകാരം ചെയ്ത ആൾ ദൈവദൂഷണം നടത്തിയതായോ രാജ്യദ്രോഹക്കുറ്റം ചെയ്തതായോ കണക്കാക്കപ്പെടുമായിരുന്നു. നിലവിലുള്ള ആചാരങ്ങളെ തകിടംമറിക്കുവാൻ ശ്രമിക്കുന്നവനായി യേശുവിനെക്കുറിച്ച്, പുരോഹിതന്മാർ ആരോപണമുന്നയിച്ചു. അതിനുപുറമേ യെഹൂദന്മാരെ ഭിന്നിപ്പിച്ചു റോമൻ ഭരണം നിലനിർത്തുവാൻ ശ്രമിക്കുന്ന ആളായും യേശുവിനെ ചിത്രീകരിച്ചു.

ഈ വിധമുള്ള ഗൂഢാലോചനകൾ രൂപംകൊണ്ടതു സൻഹെദ്രിൻസംഘത്തിലായിരുന്നില്ല. വേറൊരു സംഘം ഇതിനു പിന്നിൽ പ്രവർത്തിച്ചിരുന്നു. മരുഭൂമിയിൽവച്ചു യേശുവിനെ തോല്പിക്കുവാൻ കഴിയാതെപോയ സാത്താൻ, തന്റെ എല്ലാ സേനകളെയും യേശുവിനെതിരായി ഒന്നിച്ചണിനിരത്തി യേശുവിന്റെ പരസ്യശുശ്രൂഷയെ പരാജയപ്പെടുത്തുവാൻ പരിപാടികൾ ആസൂത്രണം ചെയ്തു. നേരിട്ടു പോരാടി നേടിയെടുക്കുവാൻ സാദ്ധ്യമല്ലാത്ത കാര്യങ്ങൾ തന്ത്രപൂർവ്വം നേടുവാൻ സാത്താൻ തീരുമാനിച്ചു. സമയം ഒട്ടും നഷ്ടപ്പെടുത്താതെ സാത്താൻ തന്റെ കൗൺസിൽ വിളിച്ചുകൂട്ടി യെഹൂദന്മാരെ വഞ്ചിക്കുവാനുള്ള പരിപാടി തയ്യാറാക്കി. തങ്ങളുടെ രക്ഷകനെ തിരിച്ചറിയാതിരിക്കത്തക്കവിധം യെഹൂദന്മാരെ ആത്മീയാന്ധകാരത്തിൽ കഴിയാനിടവരുത്തുകയായിരുന്നു സാത്താന്റെ പരിപാടി. മതത്തിന്റെ മേഖലകളിൽ കാണുന്ന മാനുഷിക ഉപാധികളിലൂടെ പ്രവർത്തിക്കുവാൻ സാത്താൻ തയ്യാറായി. സത്യത്തിന്റെ നായകനോടുള്ള സാത്താന്റെ പക യെഹൂദനേതാക്കന്മാർക്കും പകർന്നുകൊടുക്കുവാൻ അവൻ പദ്ധതി തയ്യാ

റാക്കി. യെഹൂദന്മാർ ക്രിസ്തുവിനെ പരിത്യജിക്കുവാനും തദ്വാരാ യേശുവിന്റെ ജീവിതത്തെ കൈപ്പുനിറഞ്ഞതാക്കിത്തീർക്കുവാനും, യേശുവിനെ നൈരാശ്യത്തിലേക്കു തള്ളിവിടുവാനും സാത്താൻ തീരുമാനിച്ചു. അങ്ങനെ യെഹൂദനേതാക്കൾ യേശുവിനെതിരായി പൊരുതുന്ന സാത്താന്റെ കരുക്കളായി മാറി.

"ദൈവകല്പനയെ മഹത്വീകരിക്കുവാനും അതിനെ ശ്രേഷ്ഠമാക്കുവാനുമാണ്" യേശു വന്നത്. ദൈവകല്പനയെ ഉയർത്തിക്കാട്ടുകയായിരുന്നു യേശുവിന്റെ ലക്ഷ്യം. "ഭൂമിയിൽ ന്യായം സ്ഥാപിക്കുംവരെ അവൻ തളരുകയില്ല; അധൈര്യപ്പെടുകയുമില്ല" (യെശ. 42:4,21). ശബ്ബത്തിനെ ശാപമാക്കിത്തീർത്ത ഭാരമേറിയ മാനുഷിക ചട്ടങ്ങളിൽനിന്ന് അതിനെ സ്വതന്ത്രയാക്കി, അനുഗ്രഹമാക്കിത്തീർക്കുവാൻ കർത്താവു വന്നു.

ഇക്കാരണത്താൽ ബേഥെസ്ദാ കുളത്തിനരികെ ചെയ്യുവാനിരുന്ന രോഗശാന്തി ഒരു ശബ്ബത്തിൽത്തന്നെ ചെയ്യുവാൻ കർത്താവു തീരുമാനിച്ചു. ആഴ്ചയുടെ വേറെ ഏതൊരു ദിവസത്തിലും കർത്താവിന് ഈ രോഗശാന്തി നല്കാമായിരുന്നു. അല്ലെങ്കിൽ കിടക്ക എടുത്തുകൊണ്ടു നടക്കുവാൻ ആജ്ഞാപിക്കാതെ തന്നെ കർത്താവിനു രോഗസൗഖ്യം നല്കാമായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ താൻ ആഗ്രഹിച്ച അവസരം കർത്താവിനു ലഭിക്കയില്ലായിരുന്നു. ക്രിസ്തുവിന്റെ ജീവിതത്തിലെ ഓരോ പ്രവൃത്തിക്കും ഓരോ ഉദ്ദേശ്യം ഉണ്ടായിരുന്നു. താൻ ചെയ്ത ഓരോ പ്രവൃത്തിയും പ്രാധാന്യം അർഹിക്കുന്നതുമായിരുന്നു. ആ കുളത്തിനരികെ ഉണ്ടായിരുന്ന ഏറ്റവും ആശയറ്റ രോഗിയെയാണു തന്റെ അത്ഭുതം പ്രവർത്തിക്കുന്നതിനായി തെരഞ്ഞെടുത്തത്. ആ മനുഷ്യനു ലഭിച്ച അത്ഭുതരോഗശാന്തിയെക്കുറിച്ച് ഏവരും അറിയുന്നതിനുവേണ്ടിയാണു കിടക്കയുമെടുത്തുകൊണ്ടു പട്ടണത്തിൽക്കൂടെ പോകുവാൻ കല്പിച്ചത്. ശബ്ബത്തിൽ ഏതാണു വിഹിതമായിട്ടുള്ളത് എന്ന ചോദ്യം ഉണർത്തുവാനും കർത്തൃദിവസത്തിൽ യെഹൂദന്മാർ ചുമത്തിയിട്ടുള്ള നിരോധനങ്ങളെ തുറന്നുകാട്ടുവാനും അവരുടെ പാരമ്പര്യാചാരങ്ങൾ വ്യർത്ഥമായതെന്നു തെളിയിക്കുവാനും വേണ്ടിയാണു കർത്താവ് ഈ അത്ഭുതം ശബ്ബത്തിൽ പ്രവർത്തിച്ചത്.

ഒരു രോഗിയെ ശബ്ബത്തിൽ സൗഖ്യമാക്കുന്നതു വിഹിതമാണ്. അതു ശബ്ബത്തിനെക്കുറിച്ചു ദൈവം നല്കിയിട്ടുള്ള കല്പനയ്ക്ക് അനുയോജ്യമാണെന്നു കർത്താവു പ്രസ്താവിച്ചു. കഷ്ടപ്പെടുന്ന മനുഷ്യവർഗ്ഗത്തിനുവേണ്ടി എപ്പോഴും ഇറങ്ങുകയും കയറുകയും ചെയ്യുന്ന ദൈവദൂതന്മാരുടെ ശുശ്രൂഷയെപ്പോലെയാണത്. "എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു." മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവോദ്ദേശ്യം നിറവേറ്റുവാൻ ഓരോ ദിവസവും ദൈവം പ്രവർത്തിക്കുന്നു. ദൈവകല്പനയെക്കുറിച്ചു യെഹൂദന്മാരുടെ വ്യാഖ്യാനം ശരിയായിരുന്നുവെങ്കിൽ ഭൂമിയുടെ അടിസ്ഥാനം ഇട്ട നാൾ മുതൽ സർവ്വജീവജാലങ്ങളെയും പരിരക്ഷിക്കുകയും ജീവൻ നല്കുകയും ചെയ്യുന്ന യഹോവയുടെ വാക്കു തെറ്റാകുമായിരുന്നു. യെഹൂദന്മാരുടെ രീതി ദൈവം അവലംബിച്ചിരുന്നുവെങ്കിൽ തന്റെ

വേലയെ നോക്കി “നല്ലത്” എന്ന് അരുളിച്ചെയ്യുകയും സൃഷ്ടിയുടെ പൂർത്തീകരണത്തെ അനുസ്മരിപ്പിക്കുന്ന ശബ്ബത്തിനെ സ്ഥാപിക്കുകയും ചെയ്ത ദൈവം തന്റെ വേലയ്ക്ക് ഒരു പ്രത്യേക സമയം നിർണ്ണയിക്കുകയും, പ്രപഞ്ചത്തിന്റെ ഒരിക്കലും അവസാനിക്കാത്ത പ്രവർത്തനത്തെ നിർത്തിവയ്ക്കേണ്ടതായും വരുമായിരുന്നു.

ശബ്ബത്തിൽ സൂര്യനെ അതിന്റെ വേലയിൽനിന്നു ദൈവം വിലക്കുന്നുവോ? സസ്യജാലങ്ങളെ പോഷിപ്പിക്കുന്ന സൂര്യരശ്മിയെ ദൈവം ശബ്ബത്തിൽ നിരോധിക്കുന്നുവോ? വിശുദ്ധ ദിവസത്തിൽ പ്രപഞ്ചത്തിലെ ഗോളങ്ങൾ പ്രവർത്തനരഹിതമാകുന്നുവോ? വയലുകളെയും വനങ്ങളെയും നനയ്ക്കുന്ന നീർത്തോടുകളുടെ ഒഴുക്കിനെ ദൈവം നിർത്തണമോ? ആഴിയിലെ നിലയ്ക്കാത്ത തിരമാലകളെ ദൈവം നിശ്ചലമാക്കണമോ? ഗോതമ്പും മറ്റു ധാന്യങ്ങളും വളരുന്നതു നിർത്തണമോ? മുന്തിരിക്കുലകൾ പഴങ്ങളായി രൂപാന്തരപ്പെടുന്നതു ശബ്ബത്തുനാളിൽ താമസിപ്പിക്കണമോ? മരങ്ങളും ചെടികളും മുകുളങ്ങൾ പുറപ്പെടുവിക്കുന്നതും വികസിക്കുന്നതും മാറ്റിവയ്ക്കണമോ?

അങ്ങനെ സംഭവിക്കുകയാണെങ്കിൽ മനുഷ്യർക്കു ഭൂമിയിലെ ഫലങ്ങൾ ലഭിക്കാതെ വരും. ജീവിതത്തെ സന്തുഷ്ടമാക്കുന്ന അനുഗ്രഹങ്ങൾ ഇല്ലാതെയാകും. പ്രകൃതി അതിന്റെ മാറ്റമില്ലാത്ത ഗതി അനുസ്യൂതം തുടരേണ്ടതാണ്. ഒരു നിമിഷനേരംപോലും ദൈവത്തിന്റെ കരങ്ങളെ പിൻവലിക്കുവാൻ സാദ്ധ്യമല്ല. അപ്രകാരം ചെയ്താൽ മനുഷ്യജാതി നശിക്കും. ദൈവത്തിന്റെ വിശുദ്ധദിവസത്തിൽ മനുഷ്യനും ചില കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ജീവിതത്തിന്റെ അത്യാവശ്യകാര്യങ്ങൾ അവൻ ശ്രദ്ധിച്ചേ മതിയാവൂ. രോഗികളെ ശുശ്രൂഷിക്കണം. ഞെരുക്കത്തിൽ കഴിയുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റണം. ശബ്ബത്തുദിവസം വേദന അനുഭവിക്കുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റണം. ശബ്ബത്തുദിവസം വേദന അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാൻ വൈമനസ്യം കാട്ടുന്നവരെ ദൈവം നിരപരാധികളായി കണക്കാക്കുകയില്ല. മനുഷ്യനുവേണ്ടിയാണു ദൈവത്തിന്റെ സ്വസ്ഥദിനം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. കാരുണ്യപ്രവൃത്തികൾ ശബ്ബത്തിൽ ചെയ്യുന്നതു വിഹിതം തന്നെ. തന്റെ സൃഷ്ടികൾ ഒരു നിമിഷംപോലും വേദനിക്കുന്നതു കാണ്മാൻ ദൈവം ആഗ്രഹിക്കുന്നില്ല. ഏതൊരു നാളിലും വേദന അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കേണ്ടത് ആവശ്യമാണ്.

മറ്റുള്ള ദിനങ്ങളിലുള്ളതിനെക്കാൾ കൂടുതൽ യാചനകൾ ദൈവസന്നിധിയിലെത്തുന്നതു ശബ്ബത്തുനാളിലാണ്. ദൈവജനം തങ്ങളുടെ സാധാരണ ജോലികൾ വിട്ടശേഷം ശബ്ബത്തുദിനം മുഴുവനും പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവിടുന്നു. ശബ്ബത്തുദിവസത്തിൽ താരതമ്യേന കൂടുതൽ പ്രാർത്ഥനകൾ ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെടുന്നു. ദൈവത്തിന്റെ പ്രത്യേക കരുതലിനുവേണ്ടി ദൈവജനം പ്രാർത്ഥിക്കുന്നു. ഈ പ്രാർത്ഥനകൾക്ക് ഉത്തരം നല്കാൻ ശബ്ബത്തു കഴിയട്ടെ എന്നു ദൈവം പറയുന്നില്ല. സ്വർഗ്ഗം എപ്പോഴും പ്രവർത്തനനിരതമാണ്. നന്മ പ്രവർത്തിക്കുന്നതിൽനിന്നു മനുഷ്യർ ഒരിക്കലും പിന്മാറരുത്. പ്രയോജനരഹിതമായ

നിഷ്ക്രിയത്വത്തിനുവേണ്ടിയല്ല ശബ്ബത്തിനെ ദൈവം മനുഷ്യർക്കു നല്കിയിരിക്കുന്നത്. ദൈവത്തിന്റെ വിശുദ്ധദിനത്തിൽ ലൗകികമായ പ്രവൃത്തികളും സ്വന്തകാര്യാദികളും ചെയ്യുന്നതിൽനിന്നു മാത്രമേ വിലക്കിയിട്ടുള്ളു. ജീവിതസന്ധാരണത്തിനുവേണ്ടിയുള്ള വേലകളൊന്നും ചെയ്വാൻ പാടില്ല. ലൗകിക സുഖത്തിനോ, നേട്ടത്തിനോ അന്നു പ്രവർത്തിക്കുന്നതു കല്പനാലംഘനമാണ്. സൃഷ്ടി എന്ന പ്രവൃത്തിയിൽനിന്നു ദൈവം നിവൃത്തനായതുപോലെ മനുഷ്യനും അവന്റെ ദൈനംദിന പ്രവൃത്തികളിൽനിന്നു സ്വസ്ഥനായി, ശബ്ബത്തിന്റെ വിശുദ്ധ മണിക്കൂറുകളെ ദൈവാരാധനയ്ക്കും, സൽപ്രവൃത്തികൾ ചെയ്യുന്നതിനും, ആരോഗ്യകരമായ വിശ്രമത്തിനും ഉപയോഗിക്കേണ്ടതാണ്. രോഗികളെ ക്രിസ്തു ശബ്ബത്തിൽ സൗഖ്യമാക്കിയതു ദൈവകല്പനയ്ക്ക് അനുസൃതമായിട്ടായിരുന്നു. കർത്താവിന്റെ സൗഖ്യമാക്കുന്ന പ്രവൃത്തി ശബ്ബത്തിനെ ബഹുമാനമുള്ളതാക്കിത്തീർത്തു.

സ്വർഗ്ഗീയപിതാവു ചെയ്തുകൊണ്ടിരിക്കുന്ന വിശുദ്ധ പ്രവർത്തനങ്ങൾ പുത്രൻ ഭൂമിയിൽ ചെയ്തുകൊണ്ടു പിതാവിനോടുള്ള സമത്വം സ്ഥാപിക്കയാണു ചെയ്തത്. പരീശന്മാർ ഇതിങ്കൽ കോപിഷ്ഠരായി, യേശു ദൈവകല്പന ലംഘിക്കുക മാത്രമല്ല, ദൈവം സ്വന്തപിതാവ് എന്നു പറഞ്ഞു ദൈവത്തോടു തന്നെ സമനാക്കിയെന്നും ആരോപിച്ചു (യോഹ. 5:18).

യിസ്രായേൽജനത മുഴുവനും ദൈവത്തെ പിതാവ് എന്നാണു സംബോധന ചെയ്തിരുന്നത്. അതേ അർത്ഥത്തിൽ യേശുവും ദൈവത്തെ പിതാവ് എന്നു വിളിച്ചിരുന്നെങ്കിൽ യെഹൂദന്മാർ കോപിഷ്ഠരാകയില്ലായിരുന്നു. അവർ ധരിച്ചിരുന്നതിനെക്കാൾ ഉപരിയായ ബന്ധം യേശു അവകാശപ്പെട്ടു എന്ന് അവർ കണ്ടപ്പോൾ യേശു ദൈവദൂഷണം നടത്തിയതായി അവർ ആരോപിച്ചു. തങ്ങളുടെ മനസ്സാക്ഷിയെ ഉണർത്തുമാറു സത്യത്തെ വെളിപ്പെടുത്തിയ രക്ഷകനെതിരെ ഒരു കുറ്റവും കണ്ടുപിടിക്കാൻ ഈ ശത്രുക്കൾക്കു കഴിഞ്ഞില്ല. തങ്ങളുടെ പാരമ്പര്യങ്ങളും ആചാരങ്ങളും മാത്രമേ അവർക്ക് ഉയർത്തിക്കാണിപ്പാനുണ്ടായിരുന്നുള്ളു. എന്നാൽ അവരുടെ വാദഗതികളെല്ലാം ദൈവവചനത്തെ അടിസ്ഥാനമാക്കിയുള്ള കർത്താവിന്റെ സംസാരത്തോടെ നിഷ്പ്രഭങ്ങളായി. പ്രകൃതിനിയമങ്ങളും യെഹൂദന്മാരുടെ ഉപദേശങ്ങൾക്കു വിരുദ്ധമായിരുന്നു. റബ്ബിമാർക്കു ക്രിസ്തുവിൽനിന്നു പ്രകാശം ലഭിപ്പാൻ താൽപര്യമുണ്ടായിരുന്നുവെങ്കിൽ ക്രിസ്തുവിന്റെ വാക്കുകൾ അവരുടെ മനസ്സിൽ പതിയുമായിരുന്നു. ക്രിസ്തു ശബ്ബത്തിനെക്കുറിച്ച് ഉപദേശിച്ചപ്പോൾ പരീശന്മാർ അതംഗീകരിക്കാതെ ഒഴിഞ്ഞുമാറി. ക്രിസ്തു ദൈവത്തോടു തന്നെ സമനാക്കിയതുകൊണ്ട് അവർ ജനത്തെ ക്രിസ്തുവിനെതിരായി ഇളക്കിവിടുവാൻ ശ്രമിച്ചു. യെഹൂദനേതാക്കന്മാരുടെ കോപത്തിന് അതിരില്ലായിരുന്നു. ജനത്തെ ഭയപ്പെട്ടില്ലായിരുന്നെങ്കിൽ അവർ യേശുവിനെ അവിടെവച്ചുതന്നെ നശിപ്പിക്കുമായിരുന്നു. എന്നാൽ ജനപിന്തുണ യേശുവിനായിരുന്നു. തങ്ങളുടെ രോഗങ്ങളെ സൗഖ്യമാക്കുകയും ദുഃഖത്തിൽ ആശ്വസിപ്പിക്കുകയും ചെയ്ത യേശുവിനെ അവർ സ്നേഹിതനെപ്പോലെ കരുതി. ബേഥെസ്ദാ കുളത്തിന് അരികെവച്ചു പക്ഷവാതക്കാരനെ സൗഖ്യമാക്കിയതു ജനങ്ങൾക്കു സന്തോഷമായിരുന്നു. അതുകൊണ്ടു തൽക്കാല

ത്തേക്കു യെഹൂദനേതാക്കൾ യേശുവിനോടുള്ള തങ്ങളുടെ എതിർപ്പു പുറത്തുകാട്ടിയില്ല.

മോശെ ദൈവത്തിന് ഒരു തിരുനിവാസം പണിയുവാൻ ആരംഭിച്ചപ്പോൾ താൻ പർവ്വതത്തിൽവച്ചു കാണിച്ചുകൊടുത്ത മാതൃകപ്രകാരം പണിയുവാൻ ദൈവം മോശെയോടാജ്ഞാപിച്ചു. ദൈവവേല ചെയ്‌വാൻ മോശെ വളരെ തീക്ഷ്ണതയുള്ളവനായിരുന്നു. ഏറ്റവും കഴിവും സാമർത്ഥ്യവുമുള്ളവർ മോശെയുടെ ആജ്ഞ അനുവർത്തിക്കുവാനുണ്ടായിരുന്നു. എങ്കിലും ഒരു പൊൻമണിയോ, മാതളപ്പഴമോ, കൊളുത്തോ, വിളുമ്പോ, തിരശ്ശീലയോ, തിരുനിവാസത്തിലെ ഏതെങ്കിലുമൊരു പാത്രമോ മോശെയ്ക്കു നല്കിയ മാതൃകപ്രകാരമല്ലാതെ നിർമ്മിക്കുവാൻ പാടില്ലായിരുന്നു. ദൈവം മോശെയെ പർവ്വതത്തിലേക്കു വിളിച്ചു സ്വർഗ്ഗീയമാതൃകകൾ കാണിച്ചുകൊടുത്തു. മോശെ സ്വർഗ്ഗീയമാതൃക കാണേണ്ടതിന്, യഹോവ തന്റെ പ്രഭയാൽ മോശെയെ പൊതിഞ്ഞു. അതിൻപ്രകാരം എല്ലാ ഉപകരണങ്ങളും ഉണ്ടാക്കി. തനിക്ക് ഒരു തിരുനിവാസം ഉണ്ടാക്കുവാൻ തന്റെ കല്പനപ്രകാരം തുനിഞ്ഞ യിസ്രായേൽമക്കൾക്കു യഹോവ തന്റെ തേജസ്സേറിയ സ്വഭാവം വെളിപ്പെടുത്തി. മോശെ യഹോവയുടെ മുമ്പാകെ നടന്നുകൊണ്ട് "യഹോവ, യഹോവയായ ദൈവം, കരുണയും കൃപയുമുള്ളവൻ; ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ. ആയിരമായിരത്തിനു ദയ പാലിക്കുന്നവൻ" (പുറ. 34:6,7) എന്നു പറഞ്ഞപ്പോൾ സ്വർഗ്ഗത്തിലെ കൂടാരത്തിന്റെ മാതൃക അവനു ദൈവം കാണിച്ചുകൊടുത്തു.

യിസ്രായേൽ സ്വന്തം വഴികളെ തെരഞ്ഞെടുത്തു. ദൈവം നല്കിയ മാതൃക അനുസരിച്ചല്ല അവരുടെ ജീവിതത്തെ കെട്ടിപ്പടുത്തത്. എന്നാൽ ദൈവം വസിക്കുന്ന യഥാർത്ഥ തിരുനിവാസമായ യേശുക്രിസ്തു, ദൈവ ഇഷ്ടപ്രകാരം തന്റെ ഭൗമിക ജീവിതത്തിന്റെ എല്ലാ വിശദാംശങ്ങളും വാർത്തെടുത്തു. യേശു പ്രാർത്ഥിച്ചു: "എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ പ്രിയപ്പെടുന്നു; നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു" (സങ്കീ. 40:8). അതുപോലെ നമ്മുടെ സ്വഭാവങ്ങളും നിർമ്മിക്കപ്പെടേണ്ടത് "ആത്മാവിനാൽ ദൈവത്തിന്റെ നിവാസമാകേണ്ടതിനാണ്" (എഫെ. 2:22). "പർവ്വതത്തിൽ നിനക്കു കാണിച്ച മാതൃകപ്രകാരം" (എബ്രാ. 8:5) വേണം നാം എല്ലാ കാര്യങ്ങളും നിർമ്മിക്കേണ്ടത്. "ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വച്ചേച്ചു പോയിരിക്കുന്നു" (1 പത്രോസ് 2:21). ഈ മാതൃകയത്രേ നാം പിന്തുടരേണ്ടത്.

സ്വർഗ്ഗീയപിതാവിൽനിന്ന് ഒരിക്കലും അകലുവാൻ സാദ്ധ്യമല്ലാത്ത ബന്ധത്തിലാണു നാം നിലനില്ക്കുന്നതെന്ന് എപ്പോഴും ഓർക്കേണമെന്നു യേശു നമ്മെ പഠിപ്പിക്കുന്നു. നാം ആരായിരുന്നാലും, ദൈവത്തിൽ ആശ്രയിക്കുന്നവരായിരിക്കണം. ദൈവം സകലത്തെയും പരിപാലിക്കുകയും നയിക്കുകയും ചെയ്യുന്നു. നമ്മുടെ ചുമതലകളെ ദൈവമാണു നമ്മെ ഭരമേല്പിച്ചിരിക്കുന്നത്. ദൈവമാണ് അവ നിർവ്വഹിപ്പാനുള്ള കഴിവും ശക്തിയും നമുക്കു നല്കുന്നതും. നാം നമ്മുടെ ഇച്ഛയെ ദൈവത്തിനു സമർപ്പിക്കുകയും,

ദൈവത്തിന്റെ ജ്ഞാനത്തിലും ശക്തിയിലും നാം ആശ്രയിക്കുകയും ചെയ്യുമ്പോൾ ദൈവഹിതപ്രകാരം, നമ്മെ ഭരമേല്പിച്ചിരിക്കുന്ന ചുമതല നിർവ്വഹിപ്പാൻ സുരക്ഷിതമായ പാതയിലൂടെ ദൈവം നമ്മെ നടത്തും. എന്നാൽ സ്വശക്തിയിലും ജ്ഞാനത്തിലും ആശ്രയിക്കുന്നവൻ ദൈവത്തിൽനിന്നു സ്വയം അകലുന്നു. ക്രിസ്തുവുമായി ഒന്നുചേർന്നു പ്രവർത്തിക്കുന്നതിനു പകരം ദൈവത്തിന്റെയും മനുഷ്യന്റെയും ശത്രുവിന് അവൻ വിധേയനായിത്തീരുന്നു.

യേശു പറഞ്ഞു: “അവൻ (പിതാവ്) ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണം തന്നെ ചെയ്യുന്നു... പിതാവു മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു.'' ശരീരത്തിനു പുനരുത്ഥാനം ഇല്ലായെന്നു സദൂക്യർ പഠിപ്പിച്ചിരുന്നു. എന്നാൽ യേശു പറയുന്നത്, പിതാവിന്റെ വലിയ പ്രവൃത്തികളിൽ ഒന്നു മരിച്ചവരെ ഉയിർപ്പിക്കുക എന്നതാണ്. അതേ പ്രവൃത്തി ചെയ്യാൻ താനും ശക്തനാണ്. “മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു.” മരിച്ചവരുടെ പുനരുത്ഥാനത്തിൽ പരീശന്മാർ വിശ്വസിച്ചിരുന്നു. മരിച്ചവർക്കു ജീവൻ നല്കുന്ന ശക്തി ഇപ്പോൾത്തന്നെ അവരുടെ ഇടയിലുണ്ടെന്നു ക്രിസ്തു പ്രഖ്യാപിച്ചു. അതിന്റെ പ്രകടനം അവർ കാണേണ്ടവരാണ്. “അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്നവർക്ക്” (എഫെ. 2:1) ജീവൻ നല്കുന്നതും ഇതേ പുനരുത്ഥാനത്തിന്റെ ശക്തിയാണ്. ക്രിസ്തുവിലുള്ള ഈ ജീവന്റെ ആത്മാവ് - പുനരുത്ഥാനത്തിന്റെ ശക്തി - മനുഷ്യനെ “പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നു സ്വതന്ത്രനാക്കിയിരിക്കുന്നു” (ഫിലി. 3:10; റോമർ 8:2). തിന്മയുടെ ആധിപത്യം തകർക്കപ്പെട്ടിരിക്കുന്നു. വിശ്വാസത്തിൽക്കൂടെ ആത്മാവു പാപത്തിൽനിന്നു സുരക്ഷിതമായിത്തീരുന്നു. ക്രിസ്തുവിന്റെ ആത്മാവിനു ഹൃദയത്തെ തുറന്നുകൊടുക്കുന്നവൻ, ഈ വലിയ ശക്തിയുടെ പങ്കാളിയായിത്തീരുന്നു. ഈ ശക്തി അവന്റെ ശരീരത്തെ കല്ലറയിൽനിന്നു പുറത്തുകൊണ്ടുവരും.

താഴ്മ ധരിച്ച നസ്രായൻ തന്റെ യഥാർത്ഥ മഹത്വം ശക്തിയോടെ ഉറപ്പിച്ചു. മനുഷ്യവർഗ്ഗത്തിനു മേലായി അവൻ ഉയർന്നു. പാപത്തിന്റെയും അപമാനത്തിന്റെയും മൂടുപടം അവൻ അനാവരണം ചെയ്തു. ദൂതന്മാരാൽ പരിസേവിതനായിരുന്നവനും, സൃഷ്ടിയിൽ പിതാവിനോടുകൂടെ ഇരുന്നവനുമായ ദൈവപുത്രൻ സ്വയം വെളിപ്പെടുത്തി. അവന്റെ ശ്രോതാക്കൾ ഏതോ മാസ്മരശക്തിയാൽ പിടിക്കപ്പെട്ടതുപോലെ നിന്നുപോയി. അവനെപ്പോലെ ആരും സംസാരിച്ചിട്ടില്ല. ഇത്ര മഹത്വകരമായ രാജകീയപ്രഭാവത്തോടെ ആരും നിന്നിട്ടില്ല. അവന്റെ വാക്കുകൾ വ്യക്തവും ലളിതവുമായിരുന്നു. തന്റെ ദൗത്യം എന്തെന്നും ലോകത്തിന്റെ കർത്തവ്യം എന്തെന്നും യേശു പറഞ്ഞു. “എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിനു പിതാവ് ആരെയും ന്യായം വിധിക്കാതെ, ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു. പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല... പിതാവിനു തന്നിൽ

ത്തന്നെ ജീവനുള്ളതുപോലെ അവൻ പുത്രനും തന്നിൽത്തന്നെ ജീവനുള്ളവൻ ആകുമാറു വരം നല്കിയിരിക്കുന്നു. അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ അവന് അധികാരവും നല്കിയിരിക്കുന്നു."

പുരോഹിതന്മാരും ഭരണാധികാരികളും ക്രിസ്തുവിന്റെ പ്രവൃത്തിയെ കുറ്റം വിധിക്കുവാൻ വിധികർത്താക്കളായി സ്വയം അവരോധിച്ചു. എന്നാൽ സകല ലോകത്തിന്റെയും ന്യായാധിപതി ക്രിസ്തുവാകുന്നു. പാപം പ്രവേശിച്ച ഈ ലോകത്തിനു ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നതും ക്രിസ്തുവിൽക്കൂടെയാണ്. ക്രിസ്തു മനുഷ്യനായി ഈ ഭൂമിയിൽ പിറക്കുന്നതിനു മുമ്പുതന്നെയും വീണ്ടെടുപ്പുകാരനായിരുന്നു. പാപം ഉത്ഭവിച്ചപ്പോൾ വീണ്ടെടുപ്പുകാരനും ഉണ്ടായിരുന്നു. അവൻ മുഖാന്തരം ഏവർക്കും ജീവന്റെ പ്രകാശം നല്കപ്പെട്ടിരിക്കുന്നു. ഓരോരുത്തനും ലഭിച്ച പ്രകാശമനുസരിച്ചായിരിക്കും വിധിക്കപ്പെടുന്നത്. ഓരോ മനുഷ്യനെയും സ്നേഹത്തോടെ ക്ഷണിക്കുകയും, പാപത്തിന്റെ അന്ധകാരത്തിൽനിന്നു വിശുദ്ധിയിലേക്കു നയിക്കുകയും ചെയ്യുന്ന നമ്മുടെ രക്ഷകൻ, നമുക്കുവേണ്ടി വാദിക്കുന്ന നമ്മുടെ സ്നേഹിതനും, അതേസമയം നമ്മുടെ വിധികർത്താവുമാകുന്നു. സ്വർഗ്ഗത്തിൽ ദൈവത്തിനു വിരോധമായി മത്സരം ആരംഭിച്ചതുമുതൽ സാത്താൻ വഞ്ചനയിൽക്കൂടെയാണു തന്റെ തന്ത്രങ്ങൾ നിലനിർത്തിപ്പോന്നത്. അവന്റെ വഞ്ചനയുടെ മൂടുപടവും അവന്റെ അധികാരവും തകർക്കുവാനായി ക്രിസ്തു വന്നു. വഞ്ചകനായ സാത്താനെ യുഗങ്ങളായി നേരിടുന്നതു ക്രിസ്തുവാണ്. സാത്താന്റെ ബന്ധനത്തിൽ അകപ്പെട്ടുപോയവരെ ക്രിസ്തു മോചിപ്പിക്കും. ഓരോരുത്തർക്കു ന്യായവിധി കല്പിക്കുന്നതും ക്രിസ്തുവായിരിക്കും.

എന്നാൽ ക്രിസ്തു ന്യായം വിധിപ്പാനല്ല രക്ഷകനായിട്ടത്രേ ഭൂമിയിലേക്കു വന്നത്. "ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ" (യോഹ. 3:17). സൻഹെദ്രിൻസംഘത്തിന്റെ മുമ്പാകെ കർത്താവു പറഞ്ഞു: "എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്; അവൻ ന്യായവിധിയിലാകാതെ മരണത്തിൽനിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു" (യോഹ. 5:24).

തന്റെ കേൾവിക്കാർ ആശ്ചര്യപ്പെടരുതെന്നു കല്പിച്ചുകൊണ്ടു ഭാവിയുടെ അത്ഭുതങ്ങളെ അവർക്കു മനസ്സിലാക്കിക്കൊടുത്തു. യേശു പറഞ്ഞു: "കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട്, നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു" (യോഹ. 5:28,29).

യിസ്രായേൽ ഇത്രനാളും കാത്തിരുന്നത് ഈ ഭാവിജീവിതത്തെക്കുറിച്ചുള്ള ഉറപ്പിനായിരുന്നു. മശീഹ വരുമ്പോൾ ഈ ആഗ്രഹം സാക്ഷാത്കരിക്കുമെന്ന് അവർ ആശിച്ചിരുന്നു. ശവക്കല്ലറകളെ പ്രകാശിതമാക്കാൻ കഴിവുള്ള ഒരേയൊരു തേജസ്സു മാത്രമായിരുന്നു അവരുടെമേൽ അപ്പോൾ

പ്രകാശിച്ചുകൊണ്ടിരുന്നത്. എന്നാൽ സ്വയചിന്ത അന്ധത വരുത്തുന്നു. യേശു റബ്ബിമാരുടെ പാരമ്പര്യങ്ങളെയും അധികാരങ്ങളെയും ചോദ്യം ചെയ്തതു കൊണ്ട് അവന്റെ വാക്കുകളെ അവർ വിശ്വസിച്ചില്ല.

യേശുവിന്റെ വാക്കുകൾ സൻഹെദ്രിൻസംഘത്തിൽപ്പെട്ടവരുടെ മന സ്സിൽ പതിയുവാൻ ആ സന്ദർഭവും സ്ഥലവും, ആ സംഘത്തിലുണ്ടായി രുന്നവരുടെ മാനസികാവസ്ഥയും വളരെ അനുയോജ്യമായിരുന്നു. യിസ്രായേ ലിന്റെ വീണ്ടെടുപ്പുകാരൻ എന്ന അവകാശം ഉന്നയിച്ച കർത്താവിനെ ഇല്ലായ്മ ചെയ്വാൻ യിസ്രായേലിലെ ഉന്നതനേതാക്കൾ ശ്രമിക്കയായിരുന്നു. ശബ്ബത്തുകല്പന ലംഘിച്ചു എന്ന ആരോപണവുമായി വന്ന ഭൗമിക നീതി ന്യായകോടതിയുടെ മുമ്പാകെ വിശദീകരണം നല്കുവാൻ ശബ്ബത്തിന്റെ കർത്താവായ യേശു നിർബന്ധിക്കപ്പെട്ടു. നിർഭയനായി തന്റെ ദൗത്യത്തെ ക്കുറിച്ചു യേശു പറഞ്ഞപ്പോൾ സൻഹെദ്രിൻസംഘത്തിലെ അംഗങ്ങൾ കോപകലുഷിതരായി അവനെ നോക്കി. യേശുവിന്റെ വാക്കുകളിൽ ഒരു കുറ്റവും കണ്ടുപിടിക്കാൻ അവർക്കു കഴിഞ്ഞില്ല. റബ്ബിമാരും പുരോഹിത ന്മാരും തന്നെ തടസ്സപ്പെടുത്തുവാൻ ശ്രമിച്ചപ്പോൾ അതിനവർക്കവകാശ മില്ലായെന്നു കർത്താവു പറഞ്ഞു. അതിനുള്ള അധികാരം അവർക്കു നല്ക പ്പെട്ടിട്ടില്ലായെന്നും കർത്താവു പറഞ്ഞു. അവരുടെ അഹന്തയും ധിക്കാരവു മായിരുന്നു അവരുടെ അവകാശവാദത്തിന്റെ അടിസ്ഥാനം. അവർ തന്റെ മേൽ ആരോപിച്ച കുറ്റങ്ങളിൽനിന്നു തന്നെ മോചിപ്പിക്കണമെന്ന് അപേക്ഷി ക്കാനോ അവരുടെ താക്കീതുകൾക്കു വഴങ്ങുവാനോ ക്രിസ്തു തുനിഞ്ഞില്ല.

യെഹൂദന്മാർ തന്റെമേൽ ആരോപിച്ച ആരോപണങ്ങൾക്കു ക്ഷമ യാചി ക്കുവാനോ, തന്റെ പ്രവൃത്തിയെ ന്യായീകരിക്കുവാനെന്നവണ്ണം വിശദീ കരണം നല്കുവാനോ കർത്താവു ശ്രമിച്ചില്ല. നേരെമറിച്ച് അവരുടെ കുറ്റ ങ്ങളെ ചൂണ്ടിക്കാണിപ്പാൻ കർത്താവ് ആ സന്ദർഭം ഉപയോഗിച്ചു. അവരുടെ ഹൃദയകാഠിന്യത്തെയും, തിരുവെഴുത്തുകളിലുള്ള അവരുടെ അജ്ഞത യെയും കർത്താവു ചൂണ്ടിക്കാണിച്ചു. ദൈവം അയച്ച തന്നെ നിരാകരിച്ചതിൽ ക്കൂടെ ദൈവവചനത്തെ അവർ നിരാകരിച്ചിരിക്കയാണെന്നു ക്രിസ്തു പറഞ്ഞു. “നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു” (യോഹ. 5:39).

പഴയനിയമ തിരുവെഴുത്തുകൾ ചരിത്രമോ ഉപദേശമോ അഥവാ പ്രവ ചനമോ എന്തുതന്നെ ആയിരുന്നാലും അവ ദൈവപുത്രന്റെ പ്രകാശം പ്രതി ഫലിപ്പിക്കുന്നവയാണ്. അതു യെഹൂദമതത്തിന്റെ മുഴുവൻ സാരാംശവും, സത്യദൈവത്തെ അനുസരിച്ചിരുന്ന കാലംവരെ, സുവിശേഷത്തെ ചൂണ്ടി ക്കാണിക്കുന്ന ഒരു സംക്ഷിപ്ത പ്രവചനവുമായിരുന്നു. “സകല പ്രവാചക ന്മാരുടെയും സാക്ഷ്യം” (അപ്പൊ. 10:43) ക്രിസ്തുവിനെക്കുറിച്ചായിരുന്നു. പില്ക്കാലത്തു സ്ഥാപിതമായ പൗരോഹിത്യ ആചാരക്രമങ്ങളിൽക്കൂടിയും വീണ്ടെടുപ്പുകാരനായ ക്രിസ്തുവിന്റെ പാതയെ സ്വർഗ്ഗീയപ്രഭ പ്രകാശ പൂരിതമാക്കി. ഭാവിയിൽ സംഭവിപ്പാനുള്ള കാര്യങ്ങൾ അത്ഭുതകരമായ രീതി

യിൽ തങ്ങളുടെ മുമ്പിൽക്കൂടെ കടന്നുപോയപ്പോൾ, പ്രവാചകന്മാർ യേശുവിന്റെ ഭൂമിയിലേക്കുള്ള വരവിനെ മുൻകൂട്ടി കണ്ടു. ബെത്ലേഹെമിലെ നക്ഷത്രവും, അവകാശമുള്ളവൻ വരുന്നതും അവരുടെ പ്രത്യാശയായിരുന്നു. ഓരോ യാഗമൃഗവും കൊല്ലപ്പെട്ടപ്പോൾ ക്രിസ്തുവിന്റെ മരണം പ്രദർശിപ്പിക്കപ്പെടുകയായിരുന്നു. ധൂപപീഠത്തിൽനിന്നു പൊങ്ങിയ സൗരഭ്യധൂപം യേശുവിന്റെ നീതിയെ പ്രകീർത്തിച്ചു. യോവേൽ സംവത്സരത്തിൽ മുഴങ്ങിയ കാഹളം യേശുവിന്റെ നാമത്തെ ഉദ്ഘോഷിച്ചു. അതിപരിശുദ്ധസ്ഥലത്തെ പാവനമായ നിഗൂഢതയിൽ ക്രിസ്തുവിന്റെ മഹത്വം വർദ്ധിച്ചു.

യെഹൂദന്മാർ തിരുവെഴുത്തുകളെ തങ്ങളുടെ സ്വന്തമെന്നു കരുതിയിരുന്നു. അവയെക്കുറിച്ചുള്ള ഉപരിപ്ലവമായ അറിവു തങ്ങൾക്കു നിത്യജീവൻ അവകാശമാക്കിക്കൊടുക്കുമെന്നും അവർ വിചാരിച്ചു. യേശു അവരോടു പറഞ്ഞു: “അവന്റെ വചനം നിങ്ങളുടെ ഉള്ളിൽ വസിക്കുന്നതുമില്ല.” യേശുവിന്റെ വചനത്തെ തിരസ്കരിച്ചതിൽക്കൂടെ യേശുവിനെയും അവർ നിരാകരിച്ചു. “ജീവൻ പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല.”

മശീഹയുടെ രാജ്യത്തെ സംബന്ധിച്ചു പ്രവാചകന്മാർ നല്കിയിട്ടുള്ള ഉപദേശങ്ങൾ യെഹൂദമതനേതാക്കൾ പഠിച്ചിരുന്നു. എന്നാൽ സത്യത്തെ അറിവാനുള്ള താൽപര്യംകൊണ്ടായിരുന്നില്ല, നേരെമറിച്ചു സ്വന്ത താൽപര്യങ്ങൾക്കുവേണ്ടിയായിരുന്നു അവർ അവ പഠിച്ചത്. തങ്ങളുടെ പ്രതീക്ഷകൾക്കു എതിരായി ക്രിസ്തുവിനെ നേരിട്ടപ്പോൾ, അവനെ സ്വീകരിപ്പാൻ അവർക്കു മനസ്സായില്ല. യേശുവിനെ ഒരു വഞ്ചകനായി ചിത്രീകരിച്ചു സ്വയം ന്യായീകരിക്കുവാൻ യെഹൂദന്മാർ ശ്രമിച്ചു. ഈ വഴിയിലേക്ക് അവർ തിരിഞ്ഞപ്പോൾ, സാത്താന് അവരെ ക്രിസ്തുവിനെതിരായി അണിനിരത്തുവാൻ പ്രയാസമുണ്ടായില്ല. യേശുവിന്റെ ദൈവികത്വത്തെ സ്ഥാപിക്കുന്ന വചനങ്ങളെ സ്വീകരിക്കുന്നതിനു പകരം അവയെ തെറ്റായി അവർ വ്യാഖ്യാനിച്ചു. ദൈവിക സത്യത്തെ അവർ വ്യാജമാക്കുവാൻ ശ്രമിച്ചു. യേശുവിന്റെ അളവില്ലാത്ത കൃപയോട് അവർ പ്രതികരിച്ചതു പ്രകാശത്തെ നിരസിച്ചുകൊണ്ടായിരുന്നു.

“ഞാൻ മനുഷ്യരോടു ബഹുമാനം വാങ്ങുന്നില്ല”- യേശു പറഞ്ഞു. സൻഹെദ്രിൻസംഘത്തിന്റെ അംഗീകാരമോ, അനുമതിയോ യേശു ആഗ്രഹിച്ചില്ല. അവരുടെ അംഗീകാരത്തിൽക്കൂടെ യേശുവിനു പ്രത്യേകിച്ച് ഒരു ബഹുമതിയും ലഭിക്കുവാനില്ലായിരുന്നു. സ്വർഗ്ഗത്തിന്റെ അധികാരവും ബഹുമാനവും യേശുവിനുണ്ടായിരുന്നു. യേശു ആഗ്രഹിച്ചുവെങ്കിൽ ദൈവദൂതന്മാരുടെ ശുശ്രൂഷ തനിക്കു ലഭിക്കുമായിരുന്നു. തന്റെ ദൈവിക പദവിയെക്കുറിച്ചു പിതാവു വീണ്ടും സാക്ഷിക്കുമായിരുന്നു. എന്നാൽ യിസ്രായേൽ തന്നെ തിരിച്ചറിയുന്നതിനും അങ്ങനെ അനുഗൃഹീതരായിത്തീരുന്നതിനും യേശു ആഗ്രഹിച്ചു.

“ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു; എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല; മറ്റൊരുത്തൻ സ്വന്ത നാമത്തിൽ വന്നാൽ അവനെ

നിങ്ങൾ കൈക്കൊള്ളും." ദൈവത്തിൽനിന്നുള്ള അധികാരത്തോടും ദൈവത്തിന്റെ രൂപം ധരിച്ചുകൊണ്ടും, ദൈവത്തിന്റെ വചനം നിവർത്തിച്ചുകൊണ്ടും അവന്റെ തേജസ്സു പ്രാപിക്കുന്നതിനു വേണ്ടിയുമാണു ക്രിസ്തു വന്നത്. എങ്കിലും യിസ്രായേൽ യേശുവിനെ സ്വീകരിച്ചില്ല. എന്നാൽ ക്രിസ്തുവിന്റെ നാമം ധരിച്ചുകൊണ്ട് അപരർ വരുമ്പോൾ സ്വാർത്ഥതാൽപര്യങ്ങൾക്കും സ്വയപുകഴ്ചയ്ക്കുംവേണ്ടി യെഹൂദന്മാർ അവരെ സ്വീകരിച്ചു. അതിന്റെ കാരണം എന്തായിരുന്നു? സ്വന്തമഹത്വം ആഗ്രഹിക്കുന്നവർ മറ്റുള്ളവരിലും അതേ വികാരം ഇളക്കിവിടാൻ ശ്രമിക്കുന്നു. യെഹൂദനേതാക്കൾ ഈവക ദോഷങ്ങൾക്കു വശംവദരായിരുന്നു. വ്യാജ ഉപദേഷ്ടാക്കന്മാർ യെഹൂദന്മാരുടെ അഭിപ്രായങ്ങളെയും പാരമ്പര്യങ്ങളെയും വാനോളം പുകഴ്ത്തിയപ്പോൾ അവർ യെഹൂദന്മാരുടെ ഇഷ്ടഭാജനങ്ങളായി. എന്നാൽ യേശുവിന്റെ ഉപദേശങ്ങൾ ഈ വ്യാജ ഉപദേഷ്ടാക്കളുടെ ആശയങ്ങളുമായി ഒരിക്കലും പൊരുത്തപ്പെട്ടിരുന്നില്ല. യേശുവിന്റെ ഉപദേശങ്ങൾ ആത്മീയവും സ്വയത്യാഗത്തെ ആവശ്യപ്പെടുന്നതുമായിരുന്നു. അതുകൊണ്ട് അവ യെഹൂദന്മാർക്ക് സ്വീകാര്യമായിരുന്നില്ല. ദൈവത്തോട് അവർ അടുത്തിരുന്നില്ല. അതുകൊണ്ടു ക്രിസ്തുവിൽക്കൂടെ കേട്ട ദൈവശബ്ദം അവർക്ക് അപരിചിതമായിരുന്നു.

ഇക്കാലത്തും ഇതുതന്നെയല്ലേ ആവർത്തിക്കപ്പെടുന്നത്? അനേകർ, മതനേതാക്കൾ ഉൾപ്പെടെ, പരിശുദ്ധാത്മാവിനെതിരായി തങ്ങളുടെ ഹൃദയങ്ങളെ കഠിനപ്പെടുത്തുകയും, ദൈവശബ്ദം തിരിച്ചറിയാതെ ജീവിക്കയും ചെയ്യുന്നില്ലേ? പിതൃപാരമ്പര്യങ്ങളുടെ മുമ്പിൽ ദൈവവചനത്തെ അവർ തിരസ്കരിക്കയല്ലേ ചെയ്യുന്നത്?

"നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു; അവൻ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു. എന്നാൽ അവന്റെ എഴുത്തു നിങ്ങൾ വിശ്വസിക്കുന്നില്ലായെങ്കിൽ എന്റെ വാക്ക് എങ്ങനെ വിശ്വസിക്കും?" മോശെയിൽക്കൂടെ യിസ്രായേൽമക്കളോടു സംസാരിച്ചതു ക്രിസ്തു ആയിരുന്നു. അവരുടെ പ്രധാന നേതാവിൽക്കൂടെ വന്ന ദൈവിക ശബ്ദം യിസ്രായേൽ കേട്ടിരുന്നുവെങ്കിൽ യേശുവിന്റെ ഉപദേശങ്ങളിലൂടെ മുഴങ്ങിയ ശബ്ദം അവർ തിരിച്ചറിയുമായിരുന്നു. അവർ മോശെയെ വിശ്വസിച്ചിരുന്നുവെങ്കിൽ മോശെ ആരെക്കുറിച്ച് എഴുതിയോ ആ വ്യക്തിയെയും അവർ വിശ്വസിക്കുമായിരുന്നു.

തന്റെ ജീവനെ ഹനിക്കുവാൻ പുരോഹിതന്മാരും റബ്ബിമാരും നിശ്ചയിച്ചിരിക്കുകയാണെന്നു യേശു അറിഞ്ഞു. എങ്കിലും സ്വർഗ്ഗീയപിതാവിനോടുള്ള തന്റെ ഐക്യത്തെക്കുറിച്ചും ലോകത്തോടുള്ള ബന്ധത്തെക്കുറിച്ചും യേശു അവർക്കു വിശദമാക്കിക്കൊടുത്തു. യേശുവിനെ തങ്ങൾ പകച്ചതിന് ഒന്നും തങ്ങൾക്കു പറവാനില്ലായെന്നു യെഹൂദനേതാക്കൾക്ക് അറിയാമായിരുന്നു. എങ്കിലും അവരുടെ വിദ്വേഷത്തിന് ഒരു ശമനവും ഉണ്ടായില്ല. യേശുവിന്റെ ശുശ്രൂഷയിൽ വിളങ്ങിയ ശക്തി കണ്ട് അവർക്കു ഭയമുണ്ടായി. യേശുവിന്റെ ക്ഷണം അവർ തിരസ്കരിച്ചു; അന്ധകാരത്തിലേക്ക് അവർ നിപതിച്ചു.

യേശുവിന്റെ അധികാരത്തെ തകർക്കുവാനോ ജനങ്ങളെ യേശുവിൽനിന്ന് അകറ്റുവാനോ കഴിയാതെ യെഹൂദനേതാക്കൾ പാടേ പരാജയപ്പെട്ടു. യേശു അവരുടെ മനസ്സാക്ഷിയെ ചോദ്യം ചെയ്തപ്പോൾ അവർക്ക് അളവില്ലാത്ത കുറ്റബോധം ഉണ്ടായി. എന്നാൽ അവർക്കു യേശുവിനോടു വിദ്വേഷം വർദ്ധിക്കുകയാണ് ഉണ്ടായത്. യേശുവിനെ കൊലചെയ്യുവാൻ അവർ തീരുമാനിച്ചു. രാജ്യമെമ്പാടും തങ്ങളുടെ അനുയായികളെ അയച്ചു യേശുവിനെതിരായി ജനങ്ങൾക്കു മുന്നറിയിപ്പു നല്കി. യേശുവിനെ അനുധാവനം ചെയ്യുവാൻ ചാരന്മാരെ അവർ അയച്ചു. കുരിശിന്റെ നിഴലിലേക്കു കർത്താവു നീങ്ങിക്കൊണ്ടിരുന്നു.

# 22

# യോഹന്നാന്റെ കാരാഗൃഹവാസവും മരണവും

അവലംബം: മത്തായി 11:1-11; 14:1-11;
മർക്കൊസ് 6:17-28; ലൂക്കൊസ് 7:19-28

ക്രിസ്തുവിന്റെ രാജ്യത്തെക്കുറിച്ച് ആദ്യമായി പ്രഖ്യാപിച്ചതു യോഹന്നാൻ സ്നാപകനായിരുന്നു. പീഡനവും ഒന്നാമതായി സഹിച്ചതും യോഹന്നാനായിരുന്നു. മരുഭൂമിയിലെ സ്വതന്ത്രമായ വായു ശ്വസിച്ചിരുന്ന യോഹന്നാൻ തുറുങ്കിലടയ്ക്കപ്പെട്ടു. ഹെരോദാവ് അന്തിപ്പാസിന്റെ കോട്ടയിൽ ആയിരുന്നു യോഹന്നാൻ തടവിലാക്കപ്പെട്ടത്. അന്തിപ്പാസിന്റെ ഭരണസീമയിലുള്ള യോർദ്ദാന്റെ കിഴക്കുഭാഗമായിരുന്നു യോഹന്നാന്റെ പ്രവർത്തനരംഗം. ഹെരോദാവ് യോഹന്നാന്റെ പ്രസംഗം കേട്ടിരുന്നു. മാനസാന്തരത്തിനായുള്ള ആഹ്വാനം കേട്ടപ്പോൾ ദുർവൃത്തനായ രാജാവു നടുങ്ങി. "യോഹന്നാൻ നീതിയും വിശുദ്ധിയുമുള്ള പുരുഷൻ എന്നു ഹെരോദാവ് അറിഞ്ഞ് അവനെ ഭയപ്പെടുകയും... അവന്റെ വചനം കേട്ടിട്ടു വളരെ കലങ്ങിയെങ്കിലും സന്തോഷ

ത്തോടെ കേട്ടുപോന്നു." യോഹന്നാൻ തുറന്ന മനസ്സോടെ രാജാവിനോടു സംസാരിച്ചു. സഹോദരഭാര്യയുമായുള്ള രാജാവിന്റെ അവിഹിതബന്ധത്തെ യോഹന്നാൻ യാതൊരു വിട്ടുവീഴ്ചയും കാണിക്കാതെ, നിശിതമായി വിമർശിച്ചു. തന്നെ ബന്ധനസ്ഥനാക്കിയ, ജഡിക മോഹമാകുന്ന ചങ്ങലയെ തകർക്കുവാൻ ഹെരോദാവ് കുറച്ചുകാലത്തേക്കെങ്കിലും ബലഹീനമനസ്സോടെ ശ്രമിച്ചു. എന്നാൽ അവൻ ദുഷ്ടസ്ത്രീയായ ഹെരോദ്യായുടെ പിടിയിലമർന്നുകഴിഞ്ഞിരുന്നു. യോഹന്നാനെ കാരാഗൃഹത്തിലടയ്ക്കുവാൻ പ്രതികാരമൂർത്തിയായിരുന്ന ഹെരോദ്യാ, രാജാവിനെ പ്രേരിപ്പിച്ചു.

മരുഭൂമിയിലെ യോഹന്നാന്റെ ജീവിതം കർമ്മനിരതമായിരുന്നു. കാരാഗൃഹജീവിതത്തിന്റെ കൂടപ്പിറപ്പായ മ്ലാനതയും നിഷ്ക്രിയത്വവും യോഹന്നാനെ തകർത്തു. മുഷിപ്പനായ ദിനങ്ങൾ ഓരോന്നായി പിന്നിട്ടുകൊണ്ടിരുന്നപ്പോൾ നിരാശയും സംശയവും അവനെ ബാധിച്ചു. എങ്കിലും ശിഷ്യന്മാർ യോഹന്നാനെ കൈവിട്ടിരുന്നില്ല. കാരാഗൃഹത്തിൽ വരുവാനും തങ്ങളുടെ ഗുരുവിനെ കാണുവാനും അവർക്ക് അനുവാദമുണ്ടായിരുന്നു. അവർ യോഹന്നാനോടു യേശുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും യേശുവിന്റെ പ്രഭാഷണങ്ങൾ കേൾക്കുവാൻ തടിച്ചുകൂടുന്ന ജനാവലിയെക്കുറിച്ചും പറഞ്ഞു. ഈ നവാഗതൻ മശീഹയാണെങ്കിൽ എന്തുകൊണ്ടു യോഹന്നാന്റെ മോചനത്തിനുവേണ്ടി പ്രവർത്തിക്കുന്നില്ലായെന്ന് അവർ ചോദിച്ചു. മശീഹയുടെ മുന്നോടിയായി വന്നവനെ തടവിൽ കിടക്കുവാനും ഒരുപക്ഷേ കൊല്ലപ്പെടുവാനും എങ്ങനെ അനുവദിക്കും?

ശിഷ്യന്മാരുടെ ഈ ചോദ്യങ്ങൾക്കു ചില ഫലങ്ങൾ ഉളവാക്കുവാൻ കഴിയാതിരുന്നില്ല. സംശയങ്ങൾക്ക് ഇടംകൊടുക്കാതിരുന്ന യോഹന്നാനിൽ സംശയത്തിന്റെ മുളകൾ നാമ്പിട്ടു. യോഹന്നാന്റെ ശിഷ്യന്മാരുടെ വാക്കുകൾ സാത്താനെ സന്തോഷിപ്പിച്ചു. കർത്താവിൻെറ മുന്നോടിയായി വന്നവന്റെ ഹൃദയത്തിൽ സംശയങ്ങൾ നാമ്പിട്ടപ്പോൾ സാത്താൻ ആഹ്ലാദചിത്തനായി. ഒരു നല്ല മനുഷ്യന്റെ സുഹൃത്തുക്കളെന്ന് അവകാശപ്പെടുന്ന എത്ര പേരാണ് അയാളെ നശിപ്പിക്കുന്ന ശത്രുക്കളായി രൂപാന്തരപ്പെടുന്നത്! തങ്ങളുടെ സുഹൃത്തിനോടു വിശ്വസ്തത പ്രകടിപ്പിക്കുവാനുള്ള വ്യഗ്രതയിൽ അവർ സുഹൃത്തിന്റെ നാശത്തിനു വഴിയൊരുക്കുന്നു. അവരുടെ വാക്കുകൾ ശക്തി പകരുന്നതിനു പകരം ഹൃദയത്തെ ബലഹീനമാക്കുന്നു.

യേശുവിന്റെ ശിഷ്യന്മാരെപ്പോലെ യോഹന്നാനും ക്രിസ്തുവിന്റെ രാജ്യത്തിന്റെ സ്വഭാവത്തെ യഥാർത്ഥമായി ഗ്രഹിച്ചിരുന്നില്ല. ദാവീദിന്റെ സിംഹാസനത്തെ യേശു പുനഃസ്ഥാപിക്കുമെന്നു യോഹന്നാൻ പ്രതീക്ഷിച്ചിരുന്നു. കാലങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്നപ്പോൾ യേശു രാജകീയമായ അധികാരങ്ങൾക്കുവേണ്ടി ഒരു ശ്രമവും നടത്തിയില്ല. ഇതു യോഹന്നാനെ ചിന്താകുലനാക്കി. കർത്താവിനു വഴി ഒരുക്കുന്നതിനു യെശയ്യാവിന്റെ പ്രവചനം നിവൃത്തിയാകേണ്ടതാണെന്നു യോഹന്നാൻ ജനത്തോടു പ്രഖ്യാപിച്ചിരുന്നു. എല്ലാ താഴ്വരയും നികന്നും എല്ലാ കുന്നും താഴ്ന്നും വരേണം. വളഞ്ഞതു

ചൊവ്വായും ദുർഘടങ്ങൾ സമമായും തീരേണം. മനുഷ്യന്റെ അഹംഭാവവും അധികാരവുമാകുന്ന കുന്നുകൾ നീക്കം ചെയ്യപ്പെട്ടോ എന്നു യോഹന്നാൻ നോക്കി. മശീഹയെ ചൂണ്ടിക്കാട്ടിക്കൊണ്ടു യോഹന്നാൻ പറഞ്ഞിരുന്നു: "വീശുമുറം അവന്റെ കയ്യിലുണ്ട്; അവൻ കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പു കളപ്പുരയിൽ കൂട്ടിവയ്ക്കുകയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളയുകയും ചെയ്യും." ഏലീയാവിന്റെ ആത്മാവോടും ശക്തിയോടുംകൂടെ വന്ന യോഹന്നാന്റെ ആഗ്രഹവും പ്രതീക്ഷയും കർത്താവു സ്വയം വെളിപ്പെടുത്തണമെന്നായിരുന്നു.

പാപത്തെ ആരിൽ കണ്ടാലും നിർഭയമായി ശകാരിച്ചുകൊണ്ടു യോഹന്നാൻ തന്റെ ദൗത്യം നിർവ്വഹിച്ചു. ഹെരോദാവിൽ പാപം കണ്ടപ്പോൾ അതിനെ നിശിതമായി വിമർശിക്കുവാനുള്ള ധാർമ്മിക ധീരത യോഹന്നാനുണ്ടായിരുന്നു. തന്റെ ദൗത്യനിർവ്വഹണത്തിൽ യോഹന്നാൻ സ്വന്ത ജീവനെപ്പോലും തൃണവൽഗണിച്ചിരുന്നു. യോഹന്നാൻ കാരാഗൃഹത്തിൽ ആയിരുന്നപ്പോൾ തന്റെ പ്രതീക്ഷ യൂദയിലെ സിംഹമായ യേശു, മർദ്ദകന്റെ പിടിയിൽനിന്നു തന്നെയും തന്നെപ്പോലുള്ള മറ്റു മർദ്ദിതരെയും മോചിതരാക്കുമെന്നായിരുന്നു. എന്നാൽ യേശു അതു ചെയ്യാതെ ജനങ്ങളോട് ഉപദേശിച്ചും, രോഗികളെ സൗഖ്യമാക്കിയും, ശിഷ്യന്മാരെ ചേർത്തുംകൊണ്ടു നടക്കുന്നതിൽ സംതൃപ്തനായിക്കഴിയുന്നുവെന്നു യോഹന്നാനു തോന്നി. ദരിദ്രരും മർദ്ദിതരും വിലപിക്കുകയും, ഹെരോദാവും കാമുകിയും തങ്ങളുടെ സ്വേച്ഛ അനുസരിച്ചു ജീവിക്കുകയും, റോമൻ നുകം യിസ്രായേലിന്റെ മേൽ അനുദിനം ഭാരമായിക്കൊണ്ടിരിക്കുകയും ചെയ്തപ്പോൾ, യേശു ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷണം കഴിച്ചു തങ്ങളെക്കുറിച്ചു ചിന്തിക്കാതെ ജീവിക്കുന്നുവെന്നു യോഹന്നാൻ കരുതി.

മരുഭൂമിയിലെ പ്രവാചകനായിരുന്ന യോഹന്നാന് ഇതെല്ലാം ഗ്രഹിക്കുവാൻ കഴിയുന്നതിനപ്പുറമായിരുന്നു. പീഡിപ്പിക്കപ്പെട്ട അവന്റെ ആത്മാവിനോടു പിശാചു മന്ത്രണം ചെയ്തുകൊണ്ടിരുന്നു. ഭയത്തിന്റെ കരിനിഴൽ യോഹന്നാനെ ആവരണം ചെയ്തു. ഞങ്ങൾ കാത്തിരുന്ന മശീഹ ഇതുവരെയും വന്നുകഴിഞ്ഞില്ലെന്നോ? താൻ വഹിച്ച ദൂതിന്റെ അർത്ഥമെന്താണ്? താൻ ഏറ്റെടുത്ത ദൗത്യത്തിന്റെ ഫലത്തിൽ യോഹന്നാൻ അതീവ നിരാശനായിത്തീർന്നു. യോശീയാവിന്റെയും എസ്രായുടെയും കാലത്ത് (2 ദിന. 34; നെഹെ. 8:9) ന്യായപ്രമാണം ജനത്തെ വായിച്ചു കേൾപ്പിച്ചപ്പോഴുണ്ടായ അതേ പ്രതികരണം താൻ നല്കിയ ദൂതിനു ലഭിക്കുമെന്നു യോഹന്നാൻ പ്രതീക്ഷിച്ചു. ജനങ്ങളിൽ ആഴമേറിയ അനുതാപവും, ദൈവത്തിങ്കലേക്കു തിരിച്ചുവരുവാനുള്ള താൽപര്യവും ഉണ്ടാവുമെന്നു യോഹന്നാൻ കരുതി. ഈ ദൗത്യത്തിന്റെ വിജയത്തിനുവേണ്ടി തന്റെ ജീവിതം യോഹന്നാൻ സമർപ്പിച്ചിരുന്നു. അതു വ്യർത്ഥമായിത്തീർന്നോ?

തന്നോടുള്ള സ്നേഹത്താൽ, തന്റെ ശിഷ്യന്മാർ, യേശുവിനെ അവിശ്വസിക്കുന്നതു കണ്ടപ്പോൾ യോഹന്നാൻ അസ്വസ്ഥനായി. അവർക്കുവേണ്ടി താൻ ചെയ്ത പ്രയത്നവും വൃഥാവായോ? തന്റെ ദൗത്യനിർവ്വഹണത്തിൽ

അവിശ്വസ്തനായതുകൊണ്ടാണോ, താൻ ഇപ്പോൾ തന്റെ വേലയിൽനിന്നു വെട്ടിമാറ്റപ്പെട്ടത്? വാഗ്ദത്ത വിമോചകൻ ഇപ്പോൾ പ്രത്യക്ഷപ്പെടുകയും, തന്റെ വിളിക്കു യോഹന്നാൻ വിശ്വസ്തനായിരിക്കുകയും ചെയ്തിരുന്നു വെങ്കിൽ, യേശു പീഡകനെ തോല്പിക്കയും യേശുവിന്റെ ദൗത്യവാഹകനായ തന്നെ മോചിതനാക്കുകയും ചെയ്യുകയില്ലായിരുന്നുവോ?

എന്നാൽ ക്രിസ്തുവിലുള്ള തന്റെ വിശ്വാസത്തെ യോഹന്നാൻ ഒരിക്കലും നഷ്ടപ്പെടുത്തിയില്ല. സ്വർഗ്ഗത്തിൽനിന്നു കേട്ട ശബ്ദവും, താഴേക്കിറങ്ങിയ പ്രാവും, യേശുവിന്റെ കളങ്കമറ്റ പരിശുദ്ധിയും, താൻ രക്ഷകന്റെ സന്നിധി യിൽ വന്നപ്പോൾ പരിശുദ്ധാത്മാവിന്റെ ശക്തി തന്റെമേൽ ആവസിച്ചതും, പ്രവചനരേഖകളുടെ സാക്ഷ്യവും ഇവയെല്ലാം നസ്രായനായ യേശു വാഗ്ദത്ത മശീഹയെന്നു സാക്ഷീകരിച്ചു.

തന്റെ സംശയങ്ങളും ഉത്കണ്ഠകളും മറ്റുള്ളവരെ അറിയിക്കുവാൻ യോഹന്നാനു മനസ്സില്ലായിരുന്നു. യേശുവിനോടു തന്റെ ചോദ്യം അറിയി ക്കുവാൻ യോഹന്നാൻ തീരുമാനിച്ചു. തന്റെ രണ്ടു ശിഷ്യന്മാരെയാണ് ഈ ചുമതല യോഹന്നാൻ ഭരമേല്പിച്ചത്. രക്ഷകനുമായുള്ള കൂടിക്കാഴ്ച അവ രുടെ വിശ്വാസത്തെ ഉറപ്പിക്കുമെന്നും, തങ്ങളുടെ സഹോദരന്മാർ ആ ഉറപ്പു കൊണ്ടുവരുമെന്നും യോഹന്നാൻ പ്രതീക്ഷിച്ചു. ക്രിസ്തുവിൽനിന്നു നേരിട്ടു തനിക്കുവേണ്ടിയും ചില ഉറപ്പിന്റെ വാക്കുകൾ ലഭിക്കുമെന്നു യോഹന്നാൻ പ്രതീക്ഷിച്ചിരുന്നു.

ആ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു ചോദിച്ചു: "വരുവാനുള്ള വൻ നീയോ? അല്ല, ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കണമോ?"

യോഹന്നാൻ സ്നാപകൻ യേശുവിനെ ചൂണ്ടിക്കാട്ടിക്കൊണ്ട്, "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നു പ്രഖ്യാ പിച്ചിട്ടു കുറച്ചു ദിവസങ്ങൾ മാത്രമേ കഴിഞ്ഞിരുന്നുള്ളു. "അവൻ എനിക്കു മുമ്പേ ഉണ്ടായിരുന്നതുകൊണ്ട് എനിക്കു മുമ്പനായിത്തീർന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നെ" (യോഹ. 1:29,30). എന്നാൽ "വരുവാനുള്ളവൻ നീയോ" എന്ന ചോദ്യം ഏറ്റവും കയ്പേറിയതും മനുഷ്യപ്രകൃതത്തിനു നിരാശ നല്കുന്നതുമായിരുന്നു. ക്രിസ്തുവിന്റെ വിശ്വസ്ത മുന്നോടിയായി രുന്ന യോഹന്നാൻ ക്രിസ്തുവിന്റെ ദൗത്യത്തെ മനസ്സിലാക്കുവാൻ പരാജയ പ്പെട്ടപ്പോൾ, സ്വാർത്ഥത അന്വേഷിക്കുന്ന പുരുഷാരത്തിൽനിന്ന് എന്തു പ്രതീക്ഷിക്കുവാനാണ് ഉള്ളത്?

യോഹന്നാന്റെ ശിഷ്യന്മാരുടെ ചോദ്യത്തിനു കർത്താവ് ഉടനടി ഉത്തരം നല്കിയില്ല. യേശുവിന്റെ നിശ്ശബ്ദതയിൽ അവർ അത്ഭുതംകൂറിനിന്നപ്പോൾ, രോഗികളും കഷ്ടത അനുഭവിക്കുന്നവരും സൗഖ്യം പ്രാപിക്കുവാനായി കർത്താവിന്റെ സന്നിധിയിലേക്കു കടന്നുവരികയായിരുന്നു. അന്ധന്മാർ തപ്പി ത്തടഞ്ഞ് ആൾക്കൂട്ടത്തിലൂടെ കടന്നുവന്നുകൊണ്ടിരുന്നു. എല്ലാ നിലകളി ലുമുള്ള രോഗികൾ - ചിലർ സ്വയം നടന്നും മറ്റു ചിലർ പരസഹായത്തോടു

കൂടെയും - യേശുവിന്റെ സന്നിധിയിൽ തിരക്കിട്ടു വരുന്നുണ്ടായിരുന്നു. ശക്ത നായ ആ ദിവ്യ സൗഖ്യദായകന്റെ ശബ്ദം ബധിരരുടെ കാതുകളിലേക്കു കടന്നുചെന്നു. അവന്റെ ഒരു വാക്ക്, ഒരു സ്പർശനം, അന്ധന്മാരുടെ കണ്ണു കളെ തുറന്നു. അവരുടെ നയനങ്ങൾ പകലിന്റെ പ്രകാശം കണ്ടു. പ്രകൃതി യുടെ സുന്ദരദൃശ്യങ്ങൾ, പ്രിയപ്പെട്ടവരുടെ മുഖങ്ങൾ, തങ്ങൾക്കു സൗഖ്യം നല്കിയ വിമോചകന്റെ മുഖം എന്നിവ അവർ കണ്ടു. യേശു രോഗത്തെ ശാസിക്കുകയും രോഗികൾക്കു പൂർണ്ണസൗഖ്യം നല്കുകയും ചെയ്തു. മരണാസന്നരായവരുടെ കാതുകളിൽ യേശുവിന്റെ ശബ്ദം കേൾക്കുകയും അവർ ആരോഗ്യവും ചൈതന്യവുമുള്ളവരായി എഴുന്നേല്ക്കുകയും ചെയ്തു. പിശാചു ബാധിച്ചവരായി തളർച്ച ബാധിച്ചവർ അവന്റെ ശബ്ദം കേട്ടനുസരിച്ചു. അവരുടെ മാനസിക വിഭ്രാന്തി അവരെ വിട്ടുപോയി. അവർ യേശുവിനെ നമസ്കരിച്ചു. രോഗികളുടെ രോഗങ്ങൾ സൗഖ്യമാക്കുന്നതോ ടൊപ്പം യേശു അവരെ പഠിപ്പിച്ചും പോന്നു. റബ്ബിമാർ അശുദ്ധരെന്നു മുദ്ര യടിച്ചു തള്ളിക്കളഞ്ഞ പാവപ്പെട്ടവരായ കൃഷീവലന്മാരും തൊഴിലാളികളും യേശുവിന്റെ അരികെ വന്നു നിത്യജീവന്റെ വാക്കുകൾ ശ്രദ്ധിച്ചു.

യോഹന്നാന്റെ ശിഷ്യന്മാർ ഇവയെല്ലാം കണ്ടും കേട്ടും കൊണ്ടിരിക്കെ ഒരു പകൽ കടന്നുപോയി. ഒടുവിൽ യേശു ആ ശിഷ്യന്മാരെ വിളിച്ച്, അവർ കാണുകയും കേൾക്കുകയും ചെയ്തതു യോഹന്നാനോടു പോയി അറിയി പ്പാൻ പറഞ്ഞു. "എങ്കൽ ഇടറിപ്പോകാത്തവൻ ഭാഗ്യവാൻ" എന്നുകൂടെ യേശു പറഞ്ഞു (ലൂക്കൊസ് 7:23). കഷ്ടപ്പെടുന്ന മനുഷ്യവർഗ്ഗത്തിന്റെ ആവശ്യ ങ്ങൾക്കായി യേശുവിന്റെ ദൈവികത്വം ഉപയോഗപ്പെടുത്തുന്നത് അവർ കണ്ടു. മനുഷ്യന്റെ താഴ്ച ഭവിച്ച പ്രകൃതി സ്വീകരിച്ച യേശു തന്റെ മഹത്വത്തെ പ്രകടമാക്കി.

ശിഷ്യന്മാർ തങ്ങൾക്കു ലഭിച്ച ദൂതു യോഹന്നാനെ ധരിപ്പിച്ചു. യോഹ ന്നാനു സംതൃപ്തിയായി. മശീഹയെ സംബന്ധിച്ചുള്ള പ്രവചനം യോഹ ന്നാൻ ഓർത്തു: "എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ടു യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും, യഹോവയുടെ പ്രസാദവർഷവും... കൊടുപ്പാനും എന്നെ അയച്ചിരിക്കുന്നു" (യെശ. 61:1-2). തന്റെ പ്രവൃത്തികൾ, താൻ മശീഹയാണെന്നു പ്രഖ്യാപി ക്കുക മാത്രമല്ല ചെയ്തത്, തന്റെ രാജ്യം എപ്രകാരമാണു സ്ഥാപിക്കപ്പെടാൻ പോകുന്നതെന്നും ക്രിസ്തു കാണിച്ചു. മരുഭൂമിയിൽ ഏലീയാവിനു ലഭിച്ച അതേ സത്യം യോഹന്നാനും തുറന്നുകാണിച്ചുകൊടുത്തു. ഏലീയാവിനു യഹോവ വെളിപ്പെട്ട രീതി ഇപ്രകാരമായിരുന്നു: "ഇതാ, യഹോവ കടന്നു പോകുന്നു; ശക്തിയുള്ള ഒരു കൊടുങ്കാറ്റു യഹോവയുടെ മുമ്പിൽ പർവ്വത ങ്ങളെ കീറി പാറകളെ തകർത്തു; എന്നാൽ കാറ്റിൽ യഹോവ ഇല്ലായി രുന്നു. കാറ്റിന്റെ ശേഷം ഒരു ഭൂകമ്പമുണ്ടായി; ഭൂകമ്പത്തിലും യഹോവ ഇല്ലായിരുന്നു. ഭൂകമ്പത്തിന്റെ ശേഷം ഒരു തീ; തീയിലും യഹോവ ഇല്ലാ

യിരുന്നു. തീയുടെ ശേഷം സാവധാനത്തിൽ ഒരു മൃദുസ്വരം ഉണ്ടായി" (1 രാജാ. 19:11,12). അതുപോലെ യേശുക്രിസ്തുവിന്റെ പ്രവൃത്തി ചെയ്യേണ്ടത് ആയുധമെടുത്തുകൊണ്ടുള്ള പോരാട്ടങ്ങൾകൊണ്ടോ, സിംഹാസനങ്ങളെ കീഴ്മേൽ മറിച്ചുകൊണ്ടോ അല്ല; കാരുണ്യം കാട്ടുന്ന ജീവിതംകൊണ്ടും സ്വയ ത്യാഗംകൊണ്ടും മനുഷ്യഹൃദയങ്ങളോടു സംസാരിക്കുന്നതിലൂടെയുമത്രേ.

യോഹന്നാൻ സ്നാപകന്റെ സ്വത്യാഗത്തിലൂന്നിയ ജീവിതതത്വംതന്നെ യായിരുന്നു മശീഹയുടെ രാജ്യത്തിന്റെയും തത്വം. യിസ്രായേലിലെ നേതാക്കന്മാരുടെ തത്വങ്ങൾക്കും പ്രതീക്ഷകൾക്കും കടകവിരുദ്ധമായിരുന്നു ഇതെന്നു യോഹന്നാനു നല്ലവണ്ണം അറിയാമായിരുന്നു. ക്രിസ്തുവിന്റെ ദൈവികത്വത്തെ തെളിയിക്കുന്ന സത്യങ്ങൾ തനിക്കു പൂർണ്ണബോധ്യമായിരുന്നെങ്കിലും റബ്ബിമാർക്ക് അവ തെളിവുകളായിരുന്നില്ല. അവർ കാത്തിരുന്നതു വാഗ്ദത്തമശീഹയെ ആയിരുന്നില്ല. രക്ഷകന്റെ പ്രവർത്തനവും തന്റെ ദൗത്യവും യെഹൂദനേതൃത്വത്തിന്റെ വെറുപ്പും വിദ്വേഷവും മാത്രമേ നേടുകയുള്ളുവെന്നു യോഹന്നാൻ മനസ്സിലാക്കി. ക്രിസ്തു മട്ടോളം കുടിക്കാനിരിക്കുന്ന പാനപാത്രത്തിൽനിന്നുമാണു താനും കുടിക്കുന്നതെന്നു യോഹന്നാൻ ഗ്രഹിച്ചു.

"എങ്കൽ ഇടറിപ്പോകാത്തവൻ ഭാഗ്യവാൻ" എന്ന യേശുവിന്റെ പ്രസ്താവന യോഹന്നാനു ലഭിച്ച ദയ കലർന്ന ഒരു ശാസനയായിരുന്നു. ആ ശാസന യോഹന്നാനു പ്രയോജനം ചെയ്തു. ക്രിസ്തുവിന്റെ ജീവിതദൗത്യം യോഹന്നാൻ ശരിയായി മനസ്സിലാക്കി. ജീവിച്ചാലും മരിച്ചാലും താൻ സ്നേഹിക്കുന്ന സത്യം ഉയർത്തിപ്പിടിക്കുന്നതിനു പൂർണ്ണമായി ദൈവസന്നിധിയിൽ യോഹന്നാൻ കീഴടങ്ങി.

യോഹന്നാന്റെ ശിഷ്യന്മാർ പൊയ്ക്കഴിഞ്ഞതിനുശേഷം യേശു യോഹന്നാനെക്കുറിച്ചു ജനത്തോടു പറഞ്ഞു. ഹെരോദാവിന്റെ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട വിശ്വസ്ത സാക്ഷിയെക്കുറിച്ചു ചിന്തിച്ചപ്പോൾ യേശുവിന്റെ ഹൃദയം അനുകമ്പാപൂർണ്ണമായി. ദൈവം യോഹന്നാനെ ഉപേക്ഷിച്ചുകളഞ്ഞുവെന്നോ, പരീക്ഷണഘട്ടത്തിൽ യോഹന്നാന്റെ വിശ്വാസം തകർന്നുവെന്നോ ജനം ചിന്തിക്കരുതെന്നു യേശു ആഗ്രഹിച്ചു. "നിങ്ങൾ എന്തു കാണ്മാൻ മരുഭൂമിയിലേക്കു പോയി? കാറ്റിനാൽ ഉലയുന്ന ഓടയോ?"

യോർദ്ദാൻകരയിൽ വളർന്നിരുന്ന, കാറ്റിൽ ആടിയുലയുന്ന നീണ്ട ഞാങ്ങണകൾ യോഹന്നാന്റെ ദൗത്യത്തിനെതിരായി നിലകൊണ്ട റബ്ബിമാരെ സാദൃശീകരിക്കാൻ ഉത്തമ ഉദാഹരണമായിരുന്നു. ജനവികാരമാകുന്ന കാറ്റിനനുസരിച്ച് അവർ അങ്ങോട്ടുമിങ്ങോട്ടും ആടിയുലഞ്ഞുകൊണ്ടിരുന്നു. ഹൃദയങ്ങളെ തുളച്ചുചെല്ലുന്ന യോഹന്നാൻ സ്നാപകന്റെ ദൂതുകളെ ചെവിക്കൊള്ളാൻ അവർ വിനയം കാട്ടിയില്ല. അതേസമയം ജനങ്ങളെ ഭയന്ന് അവർ യോഹന്നാന്റെ പ്രവർത്തനങ്ങളെ പരസ്യമായി എതിർക്കുവാനും മടിച്ചു. എന്നാൽ ദൈവത്തിന്റെ ദൂതുവാഹകൻ അങ്ങനെയായിരുന്നില്ല. ക്രിസ്തുവിനു ചുറ്റും കൂടിയിരുന്ന ജനക്കൂട്ടം യോഹന്നാൻ സ്നാപകന്റെ പ്രവർത്തന

ങ്ങൾക്കു സാക്ഷികളായിരുന്നു. പാപത്തെ അവൻ നിർഭയം വിമർശിച്ചിരുന്നത് അവർ കേട്ടിരുന്നു. സ്വനീതിയിൽ ആശ്രയിച്ചിരുന്ന പരീശന്മാരോടും, സദൂക്യരോടും, ഹെരോദാരാജാവിനോടും, രാജാവിന്റെ പരിവാരങ്ങളോടും, പ്രഭുക്കന്മാരോടും, പടയാളികളോടും, സാധാരണ ജനങ്ങളോടും യോഹന്നാൻ വ്യക്തമായ ഭാഷയിൽ സംസാരിച്ചിരുന്നു. മുഖസ്തുതിയിലോ മുൻവിധിയോടുകൂടെയുള്ള പെരുമാറ്റങ്ങളിലോ വീണുപോകുന്ന ഞാങ്ങണയായിരുന്നില്ല യോഹന്നാൻ. മരുഭൂമിയിൽ ദൈവത്തിന്റെ ദൂതു പ്രസംഗിച്ചപ്പോൾ ദൈവത്തോടുണ്ടായിരുന്ന അതേ വിശ്വസ്തതയും നീതിക്കുവേണ്ടിയുള്ള തീക്ഷ്ണതയും കാരാഗൃഹത്തിൽ കിടന്നിരുന്നപ്പോഴും യോഹന്നാനുണ്ടായിരുന്നു. തത്വങ്ങളോടുള്ള വിശ്വസ്തതയിൽ യോഹന്നാൻ പാറയെപ്പോലെ ഉറച്ചവനായിരുന്നു.

യേശു ചോദിച്ചു: "നിങ്ങൾ എന്തു കാണ്മാൻ മരുഭൂമിയിലേക്കു പോയി? മാർദ്ദവവസ്ത്രം ധരിച്ച മനുഷ്യനെയോ? മാർദ്ദവവസ്ത്രം ധരിക്കുന്നവർ രാജഗൃഹങ്ങളിലല്ലോ?" തന്റെ കാലഘട്ടത്തിലുണ്ടായിരുന്ന പാപങ്ങളെയും അതിക്രമങ്ങളെയും ശാസിക്കുന്നതിനത്രേ യോഹന്നാൻ വിളിക്കപ്പെട്ടത്. തന്നെ ഭരമേല്പിച്ച ദൗത്യത്തിനു യോജിച്ചതായിരുന്നു യോഹന്നാന്റെ ലളിതവും സ്വത്യാഗത്തിലധിഷ്ഠിതവുമായ ജീവിതം. വിലപിടിപ്പുള്ള വസ്ത്രവും ജീവിതാഡംബരങ്ങളും ദൈവദാസന്മാർക്കുള്ള ഓഹരിയല്ല. ലോകത്തിന്റെ അധികാരവും ധനവും ഈ ലോകപ്രഭുക്കൾക്കും 'രാജഗൃഹങ്ങളിൽ' വസിക്കുന്നവർക്കുമത്രേ. യോഹന്നാന്റെ വസ്ത്രധാരണരീതിയും പുരോഹിതന്മാരുടെയും പ്രഭുക്കന്മാരുടെയും വസ്ത്രധാരണരീതിയും തമ്മിലുള്ള വ്യത്യാസത്തിലെക്ക് അവരുടെ ശ്രദ്ധ ആകർഷിക്കുവാൻ യേശു ആഗ്രഹിച്ചു. ഈ ശ്രേഷ്ഠ അധികാരികൾ വിലപിടിപ്പുള്ള ആഭരണങ്ങളും വസ്ത്രങ്ങളും അണിഞ്ഞു തങ്ങളെ മോടിപിടിപ്പിച്ചിരുന്നു. അവർ ബാഹ്യാഡംബരത്തിൽ ഏറ്റവും താൽപര്യം കാണിച്ചിരുന്നു. മറ്റുള്ളവരുടെ കണ്ണഞ്ചിപ്പിച്ചുകൊണ്ട് അവരിൽനിന്നു പുകഴ്ച നേടുവാൻ ശ്രമിച്ചിരുന്നു. ദൈവത്തിന്റെ അംഗീകാരം ലഭിക്കുന്നതിനു ഹൃദയവിശുദ്ധിക്കു ശ്രമിക്കുന്നതിനു പകരം മനുഷ്യരുടെ പ്രീതി ലഭിക്കുവാൻ അവർ താൽപര്യം കാണിച്ചു. ദൈവത്തോടു വിശ്വസ്തത കാട്ടുന്നതിനു പകരം ലൗകികസുഖഭോഗങ്ങളോടാണു തങ്ങൾക്കു പ്രതിപത്തി എന്ന് അവരുടെ പ്രവൃത്തികൾ വെളിപ്പെടുത്തി.

"അല്ല, എന്തിനു പോയി? ഒരു പ്രവാചകനെ കാണ്മാനോ? അതേ, പ്രവാചകനിലും മികച്ചവനെത്തന്നെ എന്നു ഞാൻ നിങ്ങളോടു പറയുന്നു." "ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയയ്ക്കുന്നു. അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും എന്ന് എഴുതപ്പെട്ടിരിക്കുന്നവൻ അവൻ തന്നെ. സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല." യോഹന്നാന്റെ ജനനത്തിനുമുമ്പു സെഖര്യാവിനു നല്കിയ മുന്നറിയിപ്പിൽ ദൂതൻ ഇപ്രകാരം പറഞ്ഞിരുന്നു: "അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവനാകും" (ലൂക്കൊസ് 1:15). സ്വർഗ്ഗത്തിന്റെ മാനദണ്ഡംവച്ചു നോക്കുമ്പോൾ മഹത്വം ഏതിൽ സ്ഥിതിചെയ്യുന്നു?

അതു ലോകത്തിന്റെ ദൃഷ്ടിയിൽ ഉള്ള മഹത്വമായിരിക്കയില്ല. ധനമോ, സ്ഥാനമോ, ഉന്നതകുലത്തിൽ ജനിച്ചു എന്ന പ്രശംസയോ, ബുദ്ധിസാമർത്ഥ്യമോ ഒന്നുമായിരിക്കയില്ല സ്വർഗ്ഗത്തിന്റെ ദൃഷ്ടിയിൽ ഉള്ള മഹത്വത്തിന്റെ അളവുകോൽ. ബുദ്ധിശ്രേഷ്ഠത, മഹത്വത്തിന്റെ മാനദണ്ഡമായി കണക്കുകൂട്ടിയാൽ സാത്താനായിരിക്കും നമ്മുടെ ബഹുമാനം ആർജ്ജിക്കുക. എന്തെന്നാൽ ഒരു മനുഷ്യനും സാത്താന്റെ ബുദ്ധിസാമർത്ഥ്യത്തിനു തുല്യനാകയില്ല. സ്വാർത്ഥതയ്ക്കും സ്വയസ്നേഹത്തിനും മനസ്സു വിധേയമാകുമ്പോൾ ദൈവത്തിന്റെ ദാനം ശാപമായിത്തീരും. സാന്മാർഗ്ഗിക മൂല്യങ്ങളാണു ദൈവം വിലമതിക്കുന്നത്. സ്നേഹവും വിശുദ്ധിയും ദൈവം ഇഷ്ടപ്പെടുന്ന സത്ഗുണങ്ങളത്രേ. കർത്താവിന്റെ വിലയിരുത്തലിൽ യോഹന്നാൻ വലിയവനായിരുന്നു. സൻഹെദ്രിൻ അയച്ച ആളുകളുടെ മുമ്പിലും തന്റെ ശിഷ്യന്മാരുടെ മുമ്പാകെയും യോഹന്നാൻ സ്വയം പുകഴ്ത്തുന്നതിനു പകരം, അവരുടെ ശ്രദ്ധയെ വാഗ്ദത്തമശീഹയിലേക്കു തിരിച്ചുവിട്ടു. ക്രിസ്തുവിനെ ഉയർത്തിക്കാട്ടുന്നതിൽ യോഹന്നാനുണ്ടായ നിസ്വാർത്ഥ സന്തോഷം, മറ്റാരിലും ഇല്ലാത്ത ശ്രേഷ്ഠതയെ വെളിപ്പെടുത്തുന്നു.

യോഹന്നാന്റെ മരണശേഷം, ക്രിസ്തുവിനെക്കുറിച്ചു യോഹന്നാൻ പറഞ്ഞിട്ടുള്ളതു കേട്ടവർ ഇപ്രകാരം പ്രസ്താവിച്ചു: "യോഹന്നാൻ അടയാളം ഒന്നും ചെയ്തിട്ടില്ല; എന്നാൽ ഇവനെക്കുറിച്ചു യോഹന്നാൻ പറഞ്ഞതൊക്കെയും സത്യമായിരുന്നു" (യോഹ. 10:41). ഏലീയാവു ചെയ്തതുപോലെ ആകാശത്തുനിന്നു തീ ഇറക്കുവാനോ, മരിച്ചവരെ ഉയിർപ്പിപ്പാനോ യോഹന്നാൻ നിയോഗിതനായിരുന്നില്ല. ദൈവത്തിന്റെ നാമത്തിൽ അധികാരം കയ്യാളുന്നവനോടു മോശെയുടെ വടി എടുക്കുവാനും യോഹന്നാനോടു ദൈവം ആവശ്യപ്പെട്ടിരുന്നില്ല. രക്ഷകന്റെ വരവിനെ ഉദ്ഘോഷിക്കുന്നതിനും, അവന്റെ വരവിനായി ജനത്തെ ഒരുക്കുന്നതിനും വേണ്ടിയായിരുന്നു യോഹന്നാൻ അയയ്ക്കപ്പെട്ടത്. തന്റെ ദൗത്യം വിശ്വസ്തതയോടെ യോഹന്നാൻ നിർവ്വഹിച്ചു. യേശുവിനെക്കുറിച്ചു യോഹന്നാൻ പഠിപ്പിച്ചതു യോഹന്നാന്റെ ശിഷ്യന്മാർ അനുസ്മരിച്ചപ്പോൾ, അവർ പറഞ്ഞു: "എന്നാൽ ഇവനെക്കുറിച്ചു യോഹന്നാൻ പറഞ്ഞതൊക്കെയും സത്യമായിരുന്നു." ക്രിസ്തുശിഷ്യന്മാർ തങ്ങളുടെ ഗുരുവിനെക്കുറിച്ച് ഇതേ സാക്ഷ്യം നല്കുവാനാണു വിളിക്കപ്പെട്ടിരിക്കുന്നത്.

മശീഹയുടെ മുന്നോടി എന്ന നിലയിൽ യോഹന്നാൻ "പ്രവാചകനിലും മികച്ചവനായിരുന്നു. ക്രിസ്തുവിന്റെ വരവു വളരെ വിദൂരതയിൽനിന്നു മറ്റു പ്രവാചകന്മാർ ദർശിച്ചപ്പോൾ, യോഹന്നാനു യേശുവിനെ നേരിട്ടു കാണുവാനും, യേശുവിനെക്കുറിച്ചുള്ള സാക്ഷ്യം സ്വർഗ്ഗത്തിൽനിന്നു കേൾപ്പാനും, യേശു ദൈവത്തിങ്കൽനിന്ന് അയയ്ക്കപ്പെട്ടവൻ എന്ന സാക്ഷ്യം നല്കുവാനും ഉള്ള അവസരം ലഭിച്ചു. എങ്കിലും യേശു പറഞ്ഞു: "സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ, അവനിലും വലിയവൻ എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."

യോഹന്നാൻ പഴയനിയമത്തെയും പുതിയനിയമത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയാണ്. ന്യായപ്രമാണത്തിനും പ്രവാചകന്മാർക്കും

പുതിയനിയമകാലത്തോടുള്ള ബന്ധത്തെ കാണിപ്പാനായി, ദൈവത്തിന്റെ ഒരു പ്രതിനിധി എന്ന നിലയിൽ യോഹന്നാൻ നിലകൊണ്ടു. ഒരു വലിയ വെളിച്ചത്തിന്റെ മുന്നോടിയായ ഒരു ചെറുപ്രകാശമായിരുന്നു യോഹന്നാൻ. മറ്റുള്ളവർക്കു പ്രകാശം പകർന്നുകൊടുപ്പാൻ യോഹന്നാന്റെ മനസ്സിനെ പരിശുദ്ധാത്മാവു പ്രകാശിപ്പിച്ചു. എന്നാൽ പാപത്തിൽ നിപതിച്ച മനുഷ്യവർഗ്ഗത്തിന്റെമേൽ, ക്രിസ്തുവിന്റെ ഉപദേശത്തിൽനിന്നും, ജീവിതമാതൃകയിൽനിന്നും പുറപ്പെടുന്ന വെളിച്ചംപോലെ മറ്റാരിൽനിന്നും ഇതു വരെയോ ഇനി മേലിലോ പുറപ്പെടുകയില്ല. ക്രിസ്തുവിനെയും ക്രിസ്തുവിന്റെ ദൗത്യത്തെയും വളരെ അവ്യക്തമായേ ജനം മനസ്സിലാക്കിയിരുന്നുള്ളു. രക്ഷകൻ നല്കുന്ന നിത്യജീവനെക്കുറിച്ചു യോഹന്നാൻ പോലും പൂർണ്ണമായി ഗ്രഹിച്ചിരുന്നില്ല.

തന്റെ ദൗത്യത്തിൽ യോഹന്നാൻ സന്തോഷം കണ്ടെത്തിയിരുന്നെങ്കിലും ശോകനിർഭരമായിരുന്നു അവന്റെ ജീവിതം. മരുഭൂമിയിലല്ലാതെ മറ്റെങ്ങും യോഹന്നാന്റെ ശബ്ദം വിരളമായിട്ടേ കേട്ടിരുന്നുള്ളു. ഏകാന്തമായ ജീവിതമായിരുന്നു അവന്റേത്. സ്വപ്രയത്നഫലം കാണ്മാൻ അവൻ അനുവദിക്കപ്പെട്ടില്ല. ക്രിസ്തുവിനോടുകൂടെ ആയിരിപ്പാനും, ആ വലിയ പ്രകാശത്തെ ആവരണം ചെയ്തിരിക്കുന്ന അഭൗമശക്തിയെ സാക്ഷീകരിപ്പാനുമുള്ള പദവി യോഹന്നാനു ലഭിച്ചില്ല. അന്ധന്മാർ കാഴ്ച പ്രാപിക്കുന്നതും, രോഗികൾ സൗഖ്യമാക്കപ്പെടുന്നതും, മരിച്ചവർ ഉയിർക്കുന്നതും കാണുന്നതിനുള്ള ഭാഗ്യം യോഹന്നാനില്ലായിരുന്നു. വാഗ്ദത്തങ്ങളോടു കൂടിയ പ്രവചനങ്ങളിന്മേൽ പ്രകാശം തൂവിയ ക്രിസ്തുവിന്റെ വചനങ്ങൾ കേൾപ്പാൻ യോഹന്നാനു കഴിഞ്ഞില്ല. ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികളും ഉപദേശങ്ങളും കാണുകയും, കേൾക്കുകയും ചെയ്ത ഏറ്റവും ചെറിയ ശിഷ്യന്മാർപോലും ഒരർത്ഥത്തിൽ യോഹന്നാനെക്കാൾ കൂടുതൽ പദവി ലഭിച്ചവരാണ്. അതാണു സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ യോഹന്നാനെക്കാൾ വലിയവൻ എന്നു പറയുവാൻ കാരണം.

യോഹന്നാന്റെ പ്രഭാഷണങ്ങൾ ശ്രവിച്ചവരിൽക്കൂടെ യോഹന്നാന്റെ കീർത്തി ദേശമെങ്ങും പരന്നു. അവൻ തടവിലാക്കപ്പെട്ടതോടുകൂടി കൂടുതൽ ആളുകൾ യോഹന്നാനെക്കുറിച്ചു കേൾപ്പാനിടവന്നു. തന്റെ പവിത്രജീവിതം അനേകം ആളുകളുടെ പ്രീതിക്കു പാത്രമായതിനാൽ തനിക്കെതിരെ രാജാവു ക്രൂരമായ നടപടികൾ സ്വീകരിക്കാനിടയില്ലെന്നു പരക്കെ വിശ്വസിച്ചിരുന്നു.

യോഹന്നാൻ ദൈവത്തിന്റെ ഒരു പ്രവാചകനെന്നു ഹെരോദാവ് വിശ്വസിച്ചു. യോഹന്നാനെ സ്വതന്ത്രനാക്കണമെന്ന് അവൻ അതിയായി ആഗ്രഹിച്ചു. എന്നാൽ ഹെരോദ്യായെ ഭയപ്പെട്ട് അവന്റെ തീരുമാനം ദീർഘിപ്പിച്ചു.

നേരെയുള്ള മാർഗ്ഗത്തിൽക്കൂടെ യോഹന്നാന്റെ മരണത്തിനു ഹെരോദാവിന്റെ അനുമതി ലഭിക്കയില്ലെന്നു ഹെരോദ്യായ്ക്ക് അറിയാമായിരുന്നു. അതുകൊണ്ടു തന്ത്രത്തിൽക്കൂടെ തന്റെ ഉദ്ദേശ്യലബ്ധിക്കായി ഹെരോദ്യാ

ശ്രമിച്ചു. രാജാവിന്റെ ജന്മദിനത്തിൽ സംസ്ഥാനത്തിലെ ഭരണാധികാരികൾക്കും പ്രഭുക്കന്മാർക്കും വേണ്ടി ഒരു കലാപരിപാടി നടത്തുവാൻ തീരുമാനിച്ചിരുന്നു. അവിടെ വിരുന്നും മദ്യപാനവും ഉണ്ടാകുമെന്നു ഹെരോദ്യായ്ക്ക് അറിയാമായിരുന്നു. ഈ സന്ദർഭത്തിൽ, രാജാവു വിരുന്നിൽ സന്തോഷിച്ചിരിക്കുമ്പോൾ തന്റെ ഇച്ഛാനുസരണം രാജാവിനെ സ്വാധീനിക്കാമെന്നു ഹെരോദ്യാ തീരുമാനിച്ചു.

ആ വലിയ വിരുന്നിന്റെ ദിനം സമാഗതമായി. രാജാവും പ്രഭുക്കന്മാരും വിരുന്നിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ അതിഥികളെ രസിപ്പിക്കുന്നതിനു വേണ്ടി മകളെ നൃത്തം ചെയ്യുന്നതിനായി ഹെരോദ്യാ വിരുന്നുശാലയിലേക്കയച്ചു. ശലോമി യുവത്വത്തിലേക്കു കാലൂന്നിയ ഒരു സൗന്ദര്യധാമമായിരുന്നു. അവളുടെ മാദകസൗന്ദര്യം വിരുന്നാസ്വദിച്ചുകൊണ്ടിരുന്ന പ്രഭുക്കന്മാർക്കു ഹരമായിത്തീർന്നു. ഇപ്രകാരമുള്ള വിരുന്നിൽ കൊട്ടാരത്തിലെ സ്ത്രീകൾ പങ്കെടുക്കുക സാധാരണമായിരുന്നില്ല. യിസ്രായേലിലെ പുരോഹിതന്മാരുടെയും പ്രഭുക്കന്മാരുടെയും വാത്സല്യഭാജനമായ ശലോമി നൃത്തം ചെയ്ത് ഏവരെയും രസിപ്പിച്ചപ്പോൾ, അതിഥികൾ ഹെരോദാവിനെ പുകഴ്ത്തി.

രാജാവു വീഞ്ഞുകുടിച്ചു മദോന്മത്തനായിരുന്നു. ബുദ്ധിയും സത്ചിന്തകളും വികാരങ്ങൾക്കു വഴിമാറിക്കൊടുത്ത സന്ദർഭമായിരുന്നു അത്. ആനന്ദം നിറഞ്ഞുനിന്ന വിരുന്നുശാലയും, വെറിക്കൂത്തിൽ മുഴുകിയിരുന്ന പ്രഭുവൃന്ദവും, വിരുന്നുമേശയും തിളങ്ങുന്ന വീഞ്ഞും, വെട്ടിത്തിളങ്ങുന്ന പ്രഭാപൂരവും, നൃത്തംചെയ്യുന്ന പെൺകുട്ടിയും മാത്രമായിരുന്നു ഹെരോദാവിന്റെ മനസ്സിൽ നിറഞ്ഞുനിന്നത്. അഴിഞ്ഞാട്ടത്തിന്റെ ആ മുഹൂർത്തത്തിൽ തന്റെ രാജ്യത്തിലെ പ്രമുഖന്മാരുടെ മുമ്പിൽ തന്റെ വങ്കത്തം പ്രകടിപ്പിക്കുവാൻ ഹെരോദാവ് ആഗ്രഹിച്ചു. ഹെരോദ്യായുടെ മകൾക്ക്, അവൾ എന്താവശ്യപ്പെട്ടാലും, രാജ്യത്തിന്റെ പകുതി ചോദിച്ചാൽ തന്നെയും കൊടുക്കാമെന്നു രാജാവു വാഗ്ദാനം ചെയ്തു. ശലോമി അമ്മയുടെ അരികിലേക്കു നീങ്ങി. എന്താണാവശ്യപ്പെടേണ്ടതെന്നു ചോദിക്കാനായിരുന്നു അവൾ പോയത്. ഉത്തരം വേഗത്തിലായിരുന്നു; യോഹന്നാൻ സ്നാപകന്റെ തല. അമ്മയുടെ ഹൃദയത്തിലുണ്ടായിരുന്ന പ്രതികാരദാഹത്തെക്കുറിച്ചു ശലോമി അറിഞ്ഞിരുന്നില്ല. അമ്മയുടെ ആഗ്രഹം രാജാവിനോടറിയിക്കാൻ അവൾ മടിച്ചു. എങ്കിലും ഹെരോദ്യായുടെ തീരുമാനം വിജയിച്ചു. ഭയാനകമായ അപേക്ഷയുമായി ശലോമി രാജസന്നിധിയിലേക്കു തിരിച്ചു. "യോഹന്നാൻ സ്നാപകന്റെ തല ഒരു തളികയിൽ തരേണമെന്നു പറഞ്ഞു" (മർക്കൊസ് 6:25).

ഹെരോദാവ് ഞെട്ടിത്തരിച്ചുപോയി. ആഹ്ലാദത്തിമിർപ്പുകൾ കെട്ടടങ്ങി. ആ വിരുന്നുശാലയിൽ ഭീതിതമായ നിശ്ശബ്ദത തളംകെട്ടിനിന്നു. യോഹന്നാനെ കൊലചെയ്യുന്നതിനെക്കുറിച്ചോർത്തപ്പോൾ ഹെരോദാവ് ഭയചകിതനായി. എങ്കിലും അവൻ വാക്കുകൊടുത്തുപോയി. താൻ ഇരുമനസ്സുള്ളവനായി കാണപ്പെടുവാൻ ഹെരോദാവ് ആഗ്രഹിച്ചില്ല. അതിഥികളുടെ സാന്നിദ്ധ്യത്തിലാണു രാജാവു വാക്കുകൊടുത്തത്. ഏതെങ്കിലും ഒരതിഥി ഈ

വാഗ്ദാനം നിറവേറ്റേണ്ടതില്ല എന്നു പറഞ്ഞിരുന്നുവെങ്കിൽ രാജാവു യോഹന്നാന്റെ ജീവനെ സന്തോഷത്തോടെ രക്ഷിക്കുമായിരുന്നു. തടവുകാരനു വേണ്ടി സംസാരിക്കുവാൻ രാജാവു സമയം നല്കി. യോഹന്നാന്റെ പ്രസംഗം കേൾക്കുവാൻ അനേകം മൈലുകൾ നടന്നവർ ആ സദസ്സിൽ ഉണ്ടായിരുന്നു. ഒരു കുറ്റവും ചെയ്യാത്ത ദൈവദാസനായിരുന്നു യോഹന്നാൻ എന്ന് അവർക്കറിയാമായിരുന്നു. പെൺകുട്ടിയുടെ അപേക്ഷ കേട്ട് അവർ ഞെട്ടിപ്പോയിരുന്നു. എങ്കിലും അവളുടെ ഇംഗിതത്തിനു എതിരായി നില്ക്കുവാൻ, ജഡമോഹത്തിനു വശംവദരായ അവർക്കു കഴിഞ്ഞില്ല. സ്വർഗ്ഗത്തിന്റെ ദൂതുവാഹകനെ രക്ഷിപ്പാൻ ഒരു ശബ്ദവും ഉയർന്നില്ല. അവിടെ കൂടിയിരുന്നവരെല്ലാം ഉന്നതസ്ഥാനീയരായിരുന്നു. അവർ വലിയ ചുമതലകൾ വഹിച്ചിരുന്നു. എങ്കിലും മനസ്സുകൾ മരവിച്ചവരായിരുന്നു അവരെല്ലാവരും. മദ്യപാനവും അമിതഭക്ഷണവും അവരെ കീഴടക്കി. സംഗീതത്തിന്റെയും നൃത്തത്തിന്റെയും മധുരിമയിൽ അവർ മയങ്ങിപ്പോയിരുന്നു. അവരുടെ മനസ്സാക്ഷികൾ മരവിച്ചിരുന്നു. ഉപേക്ഷിക്കപ്പെട്ട ഒരു ദുഷ്ടസ്ത്രീയുടെ പ്രതികാര വാഞ്ഛയെ നിറവേറ്റിക്കൊടുക്കുന്നതിനു ദൈവത്തിന്റെ പ്രവാചകനെ മരണത്തിനേല്പിക്കുവാൻ അവർ മൗനാനുവാദം നല്കി.

ദ്രുതഗതിയിൽ നല്കിപ്പോയ തന്റെ വാഗ്ദത്തത്തിൽനിന്നു മോചനം പ്രാപിക്കുവാൻ ഹെരോദാവ് കാത്തിരുന്നു. പക്ഷേ ആരും യോഹന്നാനുവേണ്ടി വാദിക്കുവാൻ മുമ്പോട്ടുവന്നില്ല. മനസ്സില്ലാമനസ്സോടെ രാജാവു സ്നാപകന്റെ മരണശിക്ഷയ്ക്ക് അനുമതി നല്കി. ഒട്ടും താമസിയാതെ രാജാവിന്റെയും അതിഥികളുടെയും മുമ്പിൽ യോഹന്നാൻ സ്നാപകന്റെ ഛേദിക്കപ്പെട്ട തല കൊണ്ടുവരപ്പെട്ടു. ഹെരോദാവിനോടു പാപത്തിൽനിന്നു പിന്തിരിയണമെന്നു മുന്നറിയിപ്പു നല്കിയ അധരങ്ങൾ എന്നേക്കുമായി അടഞ്ഞിരുന്നു. പുരുഷാരത്തെ മാനസാന്തരത്തിലേക്ക് ആഹ്വാനം ചെയ്ത ആ ശബ്ദം ഇനിമേൽ കേൾക്കയില്ല. ഒരു രാത്രിയിലെ വെറിക്കൂത്തിന്റെ വിലയായി ലോകം കണ്ട ഏറ്റവും വലിയ പ്രവാചകന്റെ ജീവൻ നല്കേണ്ടിവന്നു.

നീതിയുടെ സംരക്ഷകരായി ഇരിക്കേണ്ട ആളുകളുടെ അനിയന്ത്രിതമായ ജീവിതശൈലിമൂലം എത്രയെത്ര നിരപരാധികൾ ഹോമിക്കപ്പെടുന്നു! മദ്യചഷകം ചുണ്ടുകളിൽ കൊണ്ടുവരുന്ന മനുഷ്യൻ, മദ്യപാനത്തിനടിമയായി ചെയ്യുന്ന എല്ലാ അനീതിക്കും ഉത്തരവാദിയാണ്. മദ്യപാനത്തിന്റെ അനന്തരഫലം നന്മയും തിന്മയും തമ്മിലുള്ള വ്യത്യാസം അറിയുവാനുള്ള കഴിവ് ഇല്ലാതാക്കുകയാണ്. നിർദ്ദോഷികളെ ഉപദ്രവിക്കുവാനും നശിപ്പിക്കുവാനും മദ്യപൻ സാത്താനുമായി കൂട്ടുചേരുന്നു. "വീഞ്ഞു പരിഹാസിയും മദ്യം കലഹക്കാരനുമാകുന്നു; അതിനാൽ ചാഞ്ചാടി നടക്കുന്ന ആരും ജ്ഞാനിയാകയില്ല" (സദൃശ. 20:1). "അങ്ങനെ ന്യായം പിന്മാറി, നീതി അകന്നു നില്ക്കുന്നു... ദോഷം വിട്ടകലുന്നവൻ കവർച്ചയായി ഭവിക്കുന്നു" (യെശ. 59:14,15). ഭരണം നടത്തുന്നവർ വർജ്ജനരാഹിത്യം മൂലം ഭരണീയരുടെ ജീവനു ദോഷം വരുത്തുന്നത് അക്ഷന്തവ്യമായ അപരാധമാണ്. നിയമകർത്തൃത്വം നടത്തുന്നവർ നിയമപാലകരായിരിക്കേണ്ടതാണ്. ആത്മനിയന്ത്രണം അവർക്കുണ്ടായിരിക്കണം. ഊർജ്ജസ്വലതയും നീതിനിർവ്വഹണ

ബോധവും ലഭിക്കേണ്ടതിനു ശാരീരികവും മാനസികവും ധാർമ്മികവുമായ ശക്തി കെട്ടിപ്പടുക്കേണ്ടതാണ്.

ഹെരോദ്യായുടെ മുമ്പാകെ യോഹന്നാന്റെ ശിരസ്സു കൊണ്ടുവരപ്പെട്ടു. പൈശാചികമായ സംതൃപ്തിയോടെ അവൾ അതു സ്വീകരിച്ചു. പ്രതികാരം നടത്തിയതിൽ അവൾ സന്തോഷിച്ചു. ഇനിമേൽ ഹെരോദാവിന്റെ മനസ്സാക്ഷിയെ ശല്യം ചെയ്യുവാൻ ആരുമില്ലല്ലോ എന്നവൾ ആശ്വസിച്ചു. എന്നാൽ അവളുടെ പാപപ്രവൃത്തി അവൾക്കു സന്തോഷം പ്രദാനം ചെയ്തില്ല. അവളുടെ പ്രവൃത്തിയെ എല്ലാവരും കുറ്റപ്പെടുത്തുകയും അവൾ സർവ്വരാലും വെറുക്കപ്പെടുകയും ചെയ്തു. ഹെരോദാവ് മുമ്പിലത്തേതിലും അധികം മനഃപീഡയാൽ വലഞ്ഞു. ഈ പ്രവൃത്തിമൂലം യോഹന്നാന്റെ ഉപദേശങ്ങളെ നിശ്ശബ്ദമാക്കുവാൻ കഴിഞ്ഞില്ല. കാലത്തിന്റെ അന്ത്യംവരെ അവന്റെ ശബ്ദം മുഴങ്ങിക്കൊണ്ടിരിക്കും.

ഹെരോദാവിന്റെ പാപം എപ്പോഴും അവനെ വേട്ടയാടിക്കൊണ്ടിരുന്നു. കുറ്റബോധത്താൽ പീഡനം അനുഭവിച്ചുകൊണ്ടിരുന്ന മനസ്സിന്റെ അസ്വാസ്ഥ്യത്തിൽനിന്നു മോചനം നേടുവാൻ ഹെരോദാവ് ആഗ്രഹിച്ചു. യോഹന്നാനിൽ ഹെരോദാവിന് അചഞ്ചലമായ വിശ്വാസമാണുണ്ടായിരുന്നത്. യോഹന്നാന്റെ ത്യാഗസുരഭിലമായ ജീവിതവും, തീക്ഷ്ണതയേറിയ അവന്റെ ആഹ്വാനങ്ങളും നല്ല ഉപദേശങ്ങളും ഹെരോദാവ് ഓർത്തു. യോഹന്നാന്റെ വധത്തിനു താൻ കാരണക്കാരനായതു ഹെരോദാവിനെ വല്ലാതെ ഉലച്ചു. രാജ്യഭരണം നടത്തിയപ്പോഴും മറ്റുള്ളവരിൽനിന്നു പ്രശംസകൾ ലഭിച്ചപ്പോഴും പ്രസന്നവദനനായിരിക്കുവാൻ ഹെരോദാവ് ശ്രമിച്ചുവെങ്കിലും അവൻ പരാജയപ്പെട്ടു. ശപിക്കപ്പെട്ട നിമിഷത്തെയോർത്തു ഹെരോദാവിന്റെ മനസ്സു നീറിക്കൊണ്ടിരുന്നു.

യോഹന്നാന്റെ വാക്കുകൾ ഹെരോദാവിൽ ആഴമായി പതിഞ്ഞിരുന്നു. ദൈവത്തിൽനിന്ന് ആർക്കും ഒന്നും മറച്ചുവയ്പാൻ സാദ്ധ്യമല്ല. ദൈവം സർവ്വവ്യാപിയെന്നും, വിരുന്നുശാലയിൽ നടന്ന വെറിക്കൂത്തും, യോഹന്നാനെ വധിക്കുവാൻ പുറപ്പെടുവിച്ച കല്പനയും, ഹെരോദ്യായുടെ ആഹ്ലാദവും, അവൾ യോഹന്നാന്റെ ഛേദിക്കപ്പെട്ട ശിരസ്സിനെ അവഹേളിച്ചതും ദൈവം കണ്ടിരിക്കുന്നുവെന്നും ഹെരോദാവിനു ബോധ്യമായി. യോഹന്നാനിൽനിന്നു ഹെരോദാവ് കേട്ട അനേക കാര്യങ്ങളും തന്റെ മനസ്സാക്ഷിയോടു കൂടുതൽ വ്യക്തമായി ഇപ്പോൾ സംസാരിക്കുന്നതുപോലെ ഹെരോദാവിന് അനുഭവപ്പെട്ടു.

ക്രിസ്തുവിന്റെ ശുശ്രൂഷയെക്കുറിച്ചു കേട്ടപ്പോൾ ഹെരോദാവ് കൂടുതൽ അസ്വസ്ഥനായി. ദൈവം യോഹന്നാനെ  ഉയിർപ്പിച്ചു വീണ്ടും തന്നെ വിധിക്കുവാനായി അയച്ചിരിക്കുകയാണെന്നു ഹെരോദാവ് വിചാരിച്ചു. തന്നെയും തന്റെ കുടുംബത്തെയും ശാപഗ്രസ്തരാക്കി യോഹന്നാൻ പകരം വീട്ടുമെന്നും ഹെരോദാവ് ഭയപ്പെട്ടു. പാപവഴി തെരഞ്ഞെടുക്കുന്നവർക്ക് ഉണ്ടാകുന്ന ശിക്ഷയെക്കുറിച്ചു ദൈവം അരുളിച്ചെയ്തിരുന്നതു ഹെരോദാവ് തന്റെ

ജീവിതത്തിൽ കൊയ്തുകൂട്ടുകയായിരുന്നു. "നിനക്കു വിറയ്ക്കുന്ന ഹൃദയവും മങ്ങുന്ന കണ്ണും നിരാശയുള്ള മനസ്സും തരും. നിന്റെ ജീവൻ നിന്റെ മുമ്പിൽ തൂങ്ങിയിരിക്കും; രാവും പകലും നീ പേടിച്ചു പാർക്കും; പ്രാണഭയം നിന്നെ വിട്ടുമാറുകയില്ല. നിന്റെ ഹൃദയത്തിൽ നീ പേടിച്ചുകൊണ്ടിരിക്കുന്ന പേടി നിമിത്തവും നീ കണ്ണാലെ കാണുന്ന കാഴ്ച നിമിത്തവും നേരം വെളുക്കുമ്പോൾ: സന്ധ്യയായെങ്കിൽ കൊള്ളായിരുന്നുവെന്നും സന്ധ്യാകാലത്ത്: നേരം വെളുത്തെങ്കിൽ കൊള്ളായിരുന്നുവെന്നും നീ പറയും" (ആവ. 28:65–67). പാപിയുടെ മനസ്സാക്ഷി അവനെ കുറ്റപ്പെടുത്തുന്നു. കുറ്റബോധമുള്ള മനസ്സാക്ഷിയുടെ കുത്തലിനെക്കാൾ കടുത്ത മറ്റൊരു പീഡയുമില്ല. അത് ഒരു പാപിക്കു രാവും പകലും അസമാധാനം നല്കുന്നു.

അനേക മനസ്സുകളിൽ യോഹന്നാനുണ്ടായ ദുരന്തത്തെക്കുറിച്ച് ഒട്ടനവധി സംശയങ്ങൾ പൊന്തിവരാറുണ്ട്. എന്തുകൊണ്ടു യോഹന്നാൻ കാരാഗൃഹത്തിൽ കിടന്നു കഷ്ടത അനുഭവിപ്പാനും ഒടുവിൽ ക്രൂരമായി കൊല്ലപ്പെടുവാനും ഇടയായി? എന്തുകൊണ്ടു ദൈവം ഇതനുവദിച്ചു? മനുഷ്യമനസ്സുകൾക്ക് ഇതു മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. എന്നാൽ, യോഹന്നാൻ, ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ ഒരു പങ്കാളിയായിത്തീർന്നുവെന്നു നാം മനസ്സിലാക്കുമ്പോൾ, ദൈവത്തിന്റെ വഴികളെക്കുറിച്ചു നാം കൂടുതൽ പ്രത്യാശയുള്ളവരായിത്തീരുന്നു. ക്രിസ്തുവിന്റെ അനുയായികൾ സ്വയത്യാഗത്തിന്റെ കിരീടം അണിയേണ്ടതുണ്ട്. അവർ മനുഷ്യരാൽ തെറ്റിദ്ധരിക്കപ്പെടുകയും, സാത്താന്റെ ഭയങ്കര ആക്രമണത്തിനു വിധേയരായിത്തീരുകയും ചെയ്യും. സ്വയത്യാഗമെന്നതു സാത്താന്റെ രാജ്യത്തിന് അന്യമായ ഒന്നാണ്. സാത്താൻ സ്വയത്യാഗമെന്ന തത്വത്തോട് അങ്ങേയറ്റം എതിർക്കുന്നവനാണ്.

ധാർമ്മിക ശക്തിയും ഉറച്ച മനസ്സും യോഹന്നാന്റെ ജീവിതത്തിൽ എല്ലാ കാലത്തും തിളങ്ങിനിന്ന പ്രത്യേകതകളായിരുന്നു. "കർത്താവിന്റെ വഴി ഒരുക്കി അവന്റെ പാത നിരപ്പാക്കുവിൻ" എന്നു യോഹന്നാൻ മരുഭൂമിയിൽ വിളിച്ചുപറഞ്ഞപ്പോൾ തന്റെ രാജ്യത്തിന്റെ നിലനില്പിനെ ഓർത്തു സാത്താൻ ഞെട്ടിവിറച്ചു. പാപത്തിന്റെ ഭീകരമുഖത്തെ യോഹന്നാൻ മറ നീക്കിക്കാണിച്ചപ്പോൾ മനുഷ്യർ ഭയപ്പെട്ടു. അനേകം ആളുകളുടെമേൽ സാത്താനുണ്ടായിരുന്ന ആധിപത്യം തകർന്നു. യോഹന്നാന്റെ സമർപ്പണ ജീവിതത്തെ തകർക്കുവാനായി സാത്താൻ അവിശ്രാന്തം പരിശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ സാത്താൻ പരാജയമടഞ്ഞു. യേശുവിനോടുള്ള പോരാട്ടത്തിലും സാത്താൻ പരാജിതനായി. സാത്താൻ ഉഗ്രകോപം പൂണ്ടു യോഹന്നാനെ കഷ്ടതയ്ക്കു വിധേയനാക്കി, ക്രിസ്തുവിനെ ദുഃഖിപ്പിക്കുവാൻ ശ്രമിച്ചു. പാപത്തിനു വശംവദനാകാത്തവനെ പീഡിപ്പിക്കുകയെന്നതായിരുന്നു സാത്താന്റെ മാർഗ്ഗം.

യോഹന്നാനെ വിടുവിപ്പാനായി യേശു ഇടപെട്ടില്ല. യോഹന്നാൻ പരീക്ഷയെ അതിജീവിക്കുമെന്നു യേശുവിന് അറിയാമായിരുന്നു. തന്റെ സാന്നിദ്ധ്യം കൊണ്ടു യോഹന്നാൻ കിടന്നിരുന്ന കാരാഗൃഹത്തെ പ്രകാശിതമാക്കു

വാൻ യേശു ആഗ്രഹിച്ചിരുന്നു. എന്നാൽ തനിക്കൊരു ദൗത്യം ചെയ്തു തീർക്കുവാനുണ്ടായിരുന്നു. അതിനു മുമ്പായി ശത്രുക്കളുടെ കയ്യിൽപ്പെടുവാൻ യേശു ആഗ്രഹിച്ചില്ല. വിശ്വസ്തനായ തന്റെ ദാസനെ സന്തോഷത്തോടെ യേശു വിടുവിക്കുമായിരുന്നു. എന്നാൽ പില്ക്കാലത്ത് അനേകർ ക്രിസ്തുവിനുവേണ്ടി കാരാഗൃഹവാസവും മരണവും അനുഭവിക്കേണ്ടിയിരുന്നതു കൊണ്ട് അവർക്കുവേണ്ടി യോഹന്നാൽ സ്നാപകൻ രക്തസാക്ഷിത്വത്തിന്റെ പാനപാത്രം കുടിക്കേണ്ടത് ആവശ്യമായിരുന്നു. ദൈവവും തങ്ങളെ കൈവിട്ടുവോ എന്നു തോന്നുമാറ്, ക്രിസ്തുവിന്റെ അനുയായികൾ വാളിനും തീക്കും പീഡനത്തിനും ഇരയാകുമ്പോൾ, യേശുക്രിസ്തുവിന്റെ പ്രിയങ്കരനും, യേശു ഏറ്റവും മാനിച്ചവനുമായ യോഹന്നാന്റെ അനുഭവം അവരെ പ്രചോദിതരാക്കും.

ദൈവത്തിന്റെ ദൂതുവാഹകൻ യൗവനത്തിൽത്തന്നെ കൊല്ലപ്പെടുവാൻ ദൈവം അനുവദിച്ചു. എന്നാൽ അവന്റെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നതിനാൽ അതു സാത്താന് അപ്രാപ്യമാണ് (കൊലൊ. 3:3).

ക്രിസ്തുവിനെ ദുഃഖിപ്പിക്കുവാൻ കഴിഞ്ഞതിൽ സാത്താൻ ആഹ്ലാദിച്ചു. പക്ഷേ യോഹന്നാനെ പരാജിതനാക്കുവാൻ സാത്താനു കഴിഞ്ഞില്ല. മരണം യോഹന്നാനെ എന്നേക്കുമായി സാത്താന്റെ പരീക്ഷയിൽനിന്നു വിമുക്തനാക്കി. ഈ പോരാട്ടത്തിൽ സാത്താൻ തന്റെ തനി സ്വഭാവം വെളിപ്പെടുത്തി. ദൈവത്തോടും മനുഷ്യനോടുമുള്ള തന്റെ ശത്രുതയെ പ്രപഞ്ചത്തിനു സാത്താൻ തുറന്നുകാട്ടി.

യോഹന്നാനെ അത്ഭുതകരമായ മാർഗ്ഗത്തിലൂടെ ദൈവം വിടുവിച്ചില്ലായെങ്കിലും, അവൻ ഒരിക്കലും ത്യജിക്കപ്പെട്ടവനായിരുന്നില്ല. ദൈവദൂതന്മാർ അവന് എപ്പോഴും സഹായകരായിട്ടുണ്ടായിരുന്നു. ക്രിസ്തുവിനെ സംബന്ധിച്ച പ്രവചനങ്ങളും തിരുവെഴുത്തുകളിലെ വാഗ്ദത്തങ്ങളും അവർ യോഹന്നാനു വെളിപ്പെടുത്തിക്കൊടുത്തു. ഇതു യോഹന്നാന് ഉറപ്പും പ്രത്യാശയും നല്കി. വരുവാനുള്ള കാലങ്ങളിലും ദൈവജനത്തിന് ഇതേ ഉറപ്പും പ്രത്യാശയുമാണു ലഭിക്കുവാൻ പോകുന്നത്. യോഹന്നാൻ സ്നാപകനും പിൻതലമുറകൾക്കുമായി യേശു നല്കിയിട്ടുള്ള ഉറപ്പ് “ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട്” (മത്തായി 28:20) എന്നതാണ്.

ദൈവമക്കൾക്ക് ആരംഭംമുതൽ അവസാനംവരെ കാണുവാൻ കഴിയുകയും, ദൈവത്തിന്റെ സഹപ്രവർത്തകർ എന്ന നിലയിൽ തങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന തിരുഹിതത്തിന്റെ മഹത്വം തിരിച്ചറിയുവാനും കഴിഞ്ഞിരുന്നെങ്കിൽ തങ്ങൾ തിരഞ്ഞെടുക്കുന്ന വഴിയിലൂടെയല്ലാതെ, മറ്റൊന്നിലൂടെയും ദൈവം അവരെ നയിക്കുകയില്ല. കാരാഗൃഹത്തിൽ ഏകനായി കിടന്നു മരണത്തെ വരിച്ച യോഹന്നാനെക്കാൾ വലിയവരായിരുന്നില്ല സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ഹാനോക്കും, അഗ്നിരഥങ്ങളിൽ സ്വർഗ്ഗത്തിലേക്കു

പ്രവേശിച്ച ഏലീയാവും. "ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല, അവനു വേണ്ടി കഷ്ടം അനുഭവിപ്പാനുംകൂടെ നിങ്ങൾക്കു വരം നല്കിയിരിക്കുന്നു" (ഫിലി. 1:29). സ്വർഗ്ഗത്തിൽ മനുഷ്യനു നല്കാവുന്ന ഏറ്റവും ഉന്നതമായ ബഹുമതിയും ഘനമേറിയ വിശ്വാസവും ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ അവനോടുകൂടെ പങ്കാളിയാവുക എന്നതാണ്.

# 23

# ദൈവരാജ്യം സമീപിച്ചിരിക്കുന്നു

"യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസം ഗിച്ചു: കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു" (മർക്കൊസ് 1:14,15).

മശീഹയുടെ വരവ് ഒന്നാമതായി പ്രഖ്യാപിക്കപ്പെട്ടതു യെഹൂദ്യയി ലായിരുന്നു. യെരൂശലേം ദൈവാലയത്തിൽവച്ചു സെഖര്യാ പുരോഹിതൻ ധൂപം അർപ്പിക്കുമ്പോൾ മശീഹയുടെ മുന്നോടിയായി വരുന്നവന്റെ ജനനത്തെ ക്കുറിച്ചു ഗബ്രീയേൽ ദൂതൻ അവനോടു പറഞ്ഞു. ബെത്ലേഹെമിലെ കുന്നിൻ മുകളിൽ ദൂതഗണങ്ങൾ ക്രിസ്തുവിന്റെ തിരുവവതാരത്തെ ഘോഷിച്ചു. കിഴക്കു നിന്നു വിദ്വാൻമാർ രാജാവായി പിറന്നവനെ തേടി യെരൂശലേമിൽ വന്നു. ശിമ്യോനും ഹന്നായും യേശുവിന്റെ ദിവ്യാവതാരത്തെ സാക്ഷീകരിച്ചു. യെരൂശലേമിലും യെഹൂദ്യയിലെല്ലായിടവും യോഹന്നാൻ സ്നാപകന്റെ

പ്രസംഗം ശ്രദ്ധിക്കപ്പെട്ടു. യേശുവിനെക്കുറിച്ചു യോഹന്നാൻ നല്കിയ സാക്ഷ്യം, സൻഹെദ്രിൻസംഘം അയച്ച പ്രതിനിധികളും, ജനമൊക്കെയും കേട്ടു. യെഹൂദ്യയിൽവച്ചു യേശു തന്റെ ശിഷ്യന്മാരെ തെരഞ്ഞെടുത്തു. യേശുവിന്റെ പരസ്യശുശ്രൂഷ തുടങ്ങിയതു യെരൂശലേമിലായിരുന്നു. ദൈവാലയത്തെ ശുദ്ധീകരിച്ചപ്പോൾ യേശുവിൽ വിളങ്ങിയ ദിവ്യത്വം, രോഗികളെ സൗഖ്യമാക്കിയത്, തന്നിൽനിന്നു പൊഴിഞ്ഞ ദിവ്യസത്യങ്ങൾ ഇവയെല്ലാം താൻ ദൈവപുത്രനാകുന്നുവെന്നു സൻഹെദ്രിൻസംഘത്തിന്റെ മുമ്പാകെ പറഞ്ഞതിനെ ആവർത്തിക്കുക മാത്രമാണു ചെയ്തത്.

യിസ്രായേലിലെ മതനേതാക്കൾ ക്രിസ്തുവിനെ സ്വീകരിച്ചിരുന്നുവെങ്കിൽ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും സുവിശേഷം എത്തിക്കുന്ന ദൂതുവാഹകർ എന്ന നിലയിൽ കർത്താവ് അവരെ മാനിക്കുമായിരുന്നു. ദൈവത്തിന്റെ കൃപയെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചും ലോകത്തെ അറിയിക്കാനുള്ള ഒന്നാമത്തെ പദവി യെഹൂദന്മാർക്കാണു നല്കിയത്. എന്നാൽ യിസ്രായേൽ അവളുടെ സന്ദർശനകാലം അറിഞ്ഞില്ല. യെഹൂദനേതാക്കളുടെ അസൂയയും അവിശ്വാസവും യേശുവിനോടു പരസ്യമായ വിദ്വേഷത്തിലേക്ക് അവരെ നയിച്ചു. അവരുടെ ഹൃദയങ്ങൾ യേശുവിൽനിന്ന് അകന്നുപോയി.

സൻഹെദ്രിൻസംഘം ക്രിസ്തുവിന്റെ ദൂതിനെ നിരാകരിക്കുകയും ക്രിസ്തുവിനെ വധിക്കുവാൻ ദൃഢനിശ്ചയം എടുക്കുകയും ചെയ്തു. അതുകൊണ്ടു യേശു യെരൂശലേമിൽനിന്നു പിൻവാങ്ങി. മതനേതാക്കളിൽനിന്നും പുരോഹിതന്മാരിൽനിന്നും ന്യായപ്രമാണത്തിൽ അഭ്യസനം ചെയ്തുകൊണ്ടിരുന്നവരിൽനിന്നും എല്ലാം യേശു പിൻവാങ്ങി. തന്റെ ദൂതു നല്കുവാൻ വേറൊരു വിഭാഗത്തിലേക്കു യേശു തിരിഞ്ഞു. സകല ജാതികൾക്കും സുവിശേഷം എത്തിക്കുന്നതിന് ആളുകളെ ശേഖരിക്കുന്നതിനുവേണ്ടിയായിരുന്നു മറ്റുള്ളവരിലേക്കു യേശു തിരിഞ്ഞത്.

ക്രിസ്തുവിന്റെ നാളുകളിൽ സഭാനേതൃത്വം പ്രകാശത്തെയും ജീവനെയും തിരസ്കരിച്ചതുപോലെ ഓരോ പിൻതലമുറയിലും സംഭവിച്ചിട്ടുണ്ട്. യെഹൂദ്യയിൽനിന്നുള്ള ക്രിസ്തുവിന്റെ പിന്മാറ്റത്തിന്റെ ചരിത്രം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. നവീകരണകർത്താക്കൾ ദൈവവചനം പ്രസംഗിച്ചപ്പോൾ തങ്ങൾ ഉൾപ്പെട്ടിരുന്ന സഭയിൽനിന്നു വേർപെടണമെന്നു ചിന്തിച്ചിരുന്നില്ല. എന്നാൽ മതനേതാക്കൾ സഹിഷ്ണുതയുള്ളവർ ആയിരുന്നില്ല. സത്യം ലഭിച്ചവർക്കു സത്യത്തെ കാത്തിരിക്കുന്ന മറ്റുള്ളവരിലേക്കു തിരിയേണ്ടതായി വന്നു. നമ്മുടെ കാലത്തു നവീകരണകർത്താക്കളുടെ അനുയായികൾ എന്ന് അവകാശപ്പെടുന്നവരിൽ പലരും നവീകരണകർത്താക്കളുടെ ആത്മാവാൽ നയിക്കപ്പെടുന്നവരല്ല. ദൈവത്തിന്റെ ശബ്ദം ശ്രവിക്കുന്നവർ വളരെ ചുരുക്കം. അതുപോലെ സത്യത്തെ സ്വീകരിപ്പാനും ചുരുക്കം പേരെയുള്ളു. നവീകരണകർത്താക്കളുടെ പാതയെ അനുഗമിക്കുന്നവർക്ക്, തങ്ങൾ സ്നേഹിക്കുന്ന മാതൃസഭയെ വെടിയേണ്ടതായിവരുന്നു. വേദപുസ്തകത്തെ സ്നേഹിക്കുന്നതുകൊണ്ടാണ് അപ്രകാരം ചെയ്യേണ്ടിവരുന്നത്. സത്യാന്വേഷികൾക്ക്,

തങ്ങൾക്കു ലഭിക്കുന്ന സത്യത്തോടു വിശ്വസ്തത പുലർത്തേണ്ടതിനു തങ്ങളുടെ പിതാക്കന്മാരുടെ സഭയെ വിടേണ്ടതായിവരും.

ഗലീലയിലെ ജനങ്ങളെ യെരൂശലേമിലെ റബ്ബിമാർ അധഃസ്ഥിതരായിട്ടാണു കരുതിയിരുന്നത്. അവർ അപരിഷ്കൃതരും അറിവില്ലാത്തവരുമായ ജനമെന്നു ഗണിക്കപ്പെട്ടു. എങ്കിലും അവർ കർത്താവിന്റെ ശുശ്രൂഷയ്ക്കു യോഗ്യരായിരുന്നു. അവർ ആത്മാർത്ഥത ഉള്ളവരും പഠിക്കുവാൻ തൽപരരുമായിരുന്നു. മതഭ്രാന്ത് അവർക്കില്ലായിരുന്നു. സത്യം സ്വീകരിപ്പാൻ അവരുടെ മനസ്സ് ഒരുക്കമായിരുന്നു. യേശു ഗലീലയിലേക്കു പോയത് ഏകാന്തത ആസ്വദിക്കുവാനോ, മറ്റുള്ളവരിൽനിന്ന് അകന്നുകഴിയുവാനോ ആയിരുന്നില്ല. അക്കാലത്തു ഗലീല ജനസാന്ദ്രത കൂടുതലുള്ള ഒരു പ്രദേശമായിരുന്നു. യെഹൂദ്യയെ അപേക്ഷിച്ചു മറ്റു രാജ്യങ്ങളിൽനിന്നുള്ള ജനങ്ങളുടെ കലർപ്പ് ഇവിടെ കൂടുതലായിരുന്നു.

ഗലീലയിൽ യേശു ആളുകളെ സൗഖ്യമാക്കിയും ഉപദേശിച്ചുംകൊണ്ടു യാത്രചെയ്തപ്പോൾ ഗ്രാമങ്ങളിൽനിന്നും പട്ടണങ്ങളിൽനിന്നും ധാരാളം ആളുകൾ യേശുവിനെ കേൾപ്പാൻ കൂടിവന്നു. യെഹൂദ്യയിൽനിന്നും സമീപ പ്രദേശങ്ങളിൽനിന്നും അനവധി ആളുകൾ കൂട്ടമായി വന്നുകൊണ്ടിരുന്നു. ജനത്തിരക്കുമൂലം ജനക്കൂട്ടത്തിൽനിന്ന് ഒഴിഞ്ഞുനില്പാൻ യേശു പലപ്പോഴും ആഗ്രഹിച്ചു. ജനങ്ങളുടെ ഉത്സാഹം ഭരണകൂടത്തിനെതിരായി ഒരു വിപ്ലവത്തിലേക്കു നയിക്കുമോ എന്ന ശങ്ക റോമൻ അധികാരികളിൽ ഉണ്ടാകാതിരിക്കാൻ ജനത്തെ നിയന്ത്രിക്കേണ്ടത് ആവശ്യമായിരുന്നു. ഇതിനു മുമ്പൊരിക്കലും ഇതുപോലൊരു കാലം ഉണ്ടായിട്ടില്ല. സ്വർഗ്ഗം ഭൂമിയിലേക്കു കടന്നുവന്നു. യിസ്രായേലിന്റെ വീണ്ടെടുപ്പിനായി ദാഹാർത്തരായിരുന്നവർക്കു രക്ഷിതാവിന്റെ കൃപ വിരുന്നൊരുക്കി.

ക്രിസ്തു പ്രസംഗിച്ചു: "കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ." രക്ഷകൻ നല്കിയ സുവിശേഷം പ്രവചനമാകുന്ന അടിസ്ഥാനത്തിൽനിന്നായിരുന്നു. യേശു പറഞ്ഞ "കാലം" ഗബ്രീയേൽ ദൂതൻ ദാനീയേലിനു വെളിപ്പെടുത്തിക്കൊടുത്ത "കാല"മായിരുന്നു. "അതിക്രമത്തെ തടസ്ഥം ചെയ്തു പാപങ്ങളെ മുദ്രയിടുവാനും, അകൃത്യത്തിനു പ്രായശ്ചിത്തം ചെയ്തു നിത്യനീതി വരുത്തുവാനും ദർശനവും പ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുവാനും തക്കവണ്ണം നിന്റെ ജനത്തിനും വിശുദ്ധ നഗരത്തിനും എഴുപത് ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു" (ദാനീ. 9:24). പ്രവചനത്തിൽ ഒരു ദിവസം ഒരു വർഷമായി ഗണിക്കപ്പെടുന്നു (സംഖ്യാ. 14:34, യെഹെ. 4:6). എഴുപത് ആഴ്ചവട്ടം അഥവാ നാനൂറ്റി തൊണ്ണൂറു ദിവസം, നാനൂറ്റി തൊണ്ണൂറു വർഷങ്ങളെ കുറിക്കുന്നു. ഈ കാലഘട്ടത്തിന് ഒരു ആരംഭം കൊടുത്തിരിക്കുന്നു. "അതുകൊണ്ടു നീ അറിഞ്ഞു ഗ്രഹിച്ചുകൊള്ളേണ്ടത് എന്തെന്നാൽ: യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയുവാൻ കല്പന പുറപ്പെടുന്നതു മുതൽ അഭിഷിക്തനായ ഒരു പ്രഭു വരെ ഏഴ് ആഴ്ചവട്ടം; അറുപത്തിരണ്ട് ആഴ്ചവട്ടംകൊണ്ട് അതിനെ വീഥിയും

കിടങ്ങുമായി കഷ്ടകാലങ്ങളിൽത്തന്നെ വീണ്ടും പണിയും" (ദാനീ. 9:25). ആകെ അറുപത്തൊൻപത് ആഴ്ചവട്ടം അഥവാ നാനൂറ്റി എൺപത്തിമൂന്നു വർഷം. അർത്ഥഹ്ശഷ്ടാ രാജാവിന്റെ കല്പനപ്രകാരം യെരൂശലേം ദൈവാലയത്തെ പുതുക്കിപ്പണിയുവാൻ ആരംഭിച്ചതു ബി.സി. 457-ലെ ശിശിരകാലത്തായിരുന്നു (എസ്രാ 6:14; 7:1,9). ഈ വർഷം മുതൽ നാനൂറ്റി എൺപത്തിമൂന്നു വർഷം പൂർത്തീകരിക്കപ്പെടുന്നത് എ.ഡി. 27-ൽ ശിശിരകാലത്താണ്. പ്രവചനപ്രകാരം അഭിഷിക്തനായ പ്രഭു വരെ (മശീഹ) ഈ കാലഘട്ടം എത്തുന്നു. എ.ഡി. 27-ൽ യേശു സ്നാനം ഏല്ക്കുകയും പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാകുകയും ചെയ്തു. അതിനുശേഷം ക്രിസ്തു, തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചു. "കാലം തികഞ്ഞു" എന്നു കർത്താവു പറഞ്ഞത് ഈ പ്രവചനനിറവേറലിനെ സംബന്ധിച്ചാണ്.

ഗബ്രീയേൽ ദൂതൻ ദാനീയേലിനോടു പറഞ്ഞു: "അവൻ ഒരാഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും" (ദാനീ. 9:27). കർത്താവു പരസ്യശുശ്രൂഷയിൽ പ്രവേശിച്ചതിനുശേഷമുള്ള ഏഴു വർഷത്തേക്കു യെഹൂദന്മാർക്കു പ്രത്യേകമായി സുവിശേഷം നല്കി. മൂന്നര വർഷക്കാലം ക്രിസ്തുവും ശേഷമുള്ള മൂന്നര വർഷം അപ്പൊസ്തലന്മാരും യെഹൂദന്മാർക്കുവേണ്ടി പ്രത്യേകം സുവിശേഷം അറിയിച്ചു. "ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും" (ദാനീ. 9:27). എ.ഡി. 31-ൽ വസന്തകാലത്തു യഥാർത്ഥ യാഗമായ ക്രിസ്തു കാൽവരിയിൽ അർപ്പിക്കപ്പെട്ടു. അപ്പോൾ ദൈവാലയത്തിലെ തിരശ്ശീല മുകൾതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി. അതോടുകൂടി ദൈവാലയത്തിൽ നടന്നുവന്നിരുന്ന യാഗശുശ്രൂഷയുടെ പ്രാധാന്യവും പരിശുദ്ധിയും ഇല്ലാതെയായിത്തീർന്നു. ഭൗമിക യാഗശുശ്രൂഷകളുടെ അവസാനം കുറിക്കുന്ന "കാലം" തികഞ്ഞു.

'ഒരു ആഴ്ചവട്ടം' - ഏഴു വർഷങ്ങൾ - എ.ഡി. 34-ൽ അവസാനിച്ചു. സ്തെഫാനൊസിനെ കല്ലെറിഞ്ഞുകൊന്നപ്പോൾ യെഹൂദന്മാർ സുവിശേഷത്തെ പൂർണ്ണമായി തിരസ്കരിക്കുകയായിരുന്നു. പീഡനം ക്രൂരമായി തുടർന്നപ്പോൾ ശിഷ്യന്മാർ പലയിടങ്ങളിലായി ചിതറപ്പെട്ടു. അവർ "വചനം സുവിശേഷിച്ചുകൊണ്ട് അവിടവിടെ സഞ്ചരിച്ചു" (അപ്പൊ. 8:4). അധികം താമസിയാതെ പീഡകനായ ശൗൽ മാനസാന്തരപ്പെട്ടു പൗലൊസ് എന്ന നാമധേയത്താൽ അറിയപ്പെട്ട്, ജാതികളുടെ അപ്പൊസ്തലനായിത്തീർന്നു.

പ്രവചനത്തിൽ, ക്രിസ്തുവിന്റെ ഒന്നാമത്തെ വരവ്, ക്രിസ്തു പരിശുദ്ധാത്മാവാൽ അഭിഷേകം ചെയ്യപ്പെടുന്നത്, ക്രൂശുമരണം, ജാതികളിലേക്കു സുവിശേഷം പ്രവേശിക്കുന്നത്, ഇവ വളരെ വ്യക്തമായും ക്രമമായും നല്കപ്പെട്ടിട്ടുണ്ട്. പ്രവചനങ്ങൾ പഠിക്കുവാനും യേശുവിന്റെ ജീവിതത്തിലൂടെ അവ നിറവേറുന്നതു കണ്ടു പഠിക്കുവാനുമുള്ള സുവർണ്ണാവസരം യെഹൂദന്മാർക്കു ലഭിച്ചിരുന്നു. പ്രവചനം പഠിക്കേണ്ടതിന്റെ പ്രാധാന്യതയെക്കുറിച്ചു ശിഷ്യന്മാരെ ക്രിസ്തു ഉദ്ബോധിപ്പിച്ചു. ദാനീയേലിനു നല്കിയ പ്രവചനങ്ങൾ സംഭവിക്കുന്ന കാലത്തെ സൂചിപ്പിച്ചുകൊണ്ടു ക്രിസ്തു പറഞ്ഞു: "വായിക്കു

ന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15). തന്റെ പുനരുത്ഥാനത്തിനു ശേഷം യേശു ശിഷ്യന്മാർക്ക് "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു" (ലൂക്കൊസ് 24:27). ക്രിസ്തുവായിരുന്നു എല്ലാ പ്രവാചകന്മാരിലുംകൂടെ സംസാരിച്ചത്. "അവരിലുള്ള ക്രിസ്തുവിൻ ആത്മാവു ക്രിസ്തുവിനു വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുമ്പിൽ കൂട്ടി സാക്ഷീകരിച്ചു (1 പത്രൊസ് 1:11).

ദൈവപുത്രൻ കഴിഞ്ഞാൽ അടുത്ത സ്ഥാനം അലങ്കരിച്ചിരുന്ന ഗബ്രീയേൽ ദൂതനായിരുന്നു സ്വർഗ്ഗത്തിലെ ദൂതുമായി ദാനീയേലിന്റെ സമീപം വന്നത്. "തന്റെ ദൂത"നായ ഗബ്രീയേലിനെ ആയിരുന്നു പ്രിയ ശിഷ്യനായ യോഹന്നാനു ഭാവിയെ വെളിപ്പെടുത്തിക്കൊടുക്കുവാൻ ക്രിസ്തു അയച്ചത്. "ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും, കേൾക്കുന്നവരും, അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവർക്കും" പ്രത്യേക അനുഗ്രഹം വാഗ്ദത്തം ചെയ്തിരിക്കുന്നു (വെളി. 1:3).

"യഹോവയായ കർത്താവു പ്രവാചകന്മാരായ തന്റെ ദാസന്മാർക്കു തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്യുകയില്ല." "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളവയത്രേ; വെളിപ്പെട്ടിരിക്കുന്നവയോ... എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു" (ആമോസ് 3:7; ആവ. 29:28). ഈ കാര്യങ്ങൾ ദൈവം നമുക്കു നല്കിയിട്ടുള്ളവയാകുന്നു. ഭയഭക്തിയോടും പ്രാർത്ഥനയോടുംകൂടെ പ്രവചനങ്ങൾ പഠിക്കുമ്പോൾ, ദൈവത്തിന്റെ അനുഗ്രഹവും നമുക്കു ലഭിക്കുന്നു.

ക്രിസ്തുവിന്റെ ഒന്നാമത്തെ വരവു തന്റെ കൃപയുടെ രാജ്യത്തെക്കുറിച്ചു പ്രസ്താവിച്ചുവെങ്കിൽ, രണ്ടാമത്തെ വരവു തന്റെ മഹത്വരാജ്യത്തെക്കുറിച്ചു പ്രസ്താവിക്കുന്നു. ഒന്നാമത്തേതുപോലെ രണ്ടാമത്തെ ദൂതും പ്രവചനങ്ങളിലാണ് അടിസ്ഥാനമുറപ്പിച്ചിരിക്കുന്നത്. അന്ത്യകാലത്തെ സംബന്ധിച്ചു ദൂതൻ ദാനീയേലിനു നല്കിയിട്ടുള്ള വചനങ്ങൾ അന്ത്യകാലത്താണു ഗ്രഹിക്കേണ്ടത്. അപ്പോൾ "പലരും അതിനെ പരിശോധിക്കുകയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും. ദുഷ്ടന്മാരോ, ദുഷ്ടത പ്രവർത്തിക്കും; ദുഷ്ടന്മാരിൽ ആരും അതു തിരിച്ചറികയില്ല" (ദാനീ. 12:4,10). കർത്താവു തന്നെയും തന്റെ വരവിന്റെ അടയാളങ്ങൾ നല്കിയിട്ടുണ്ട്. "അവ്വണ്ണംതന്നെ ഇതു സംഭവിക്കുന്നതു കാണുമ്പോൾ ദൈവരാജ്യം അടുത്തിരിക്കുന്നുവെന്നു ഗ്രഹിപ്പിൻ." "നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും, മദ്യപാനത്താലും, ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്കു പെട്ടെന്നു കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ." "ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞുപോകുവാനും, മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിനു സദാകാലവും ഉണർന്നും പ്രാർത്ഥിച്ചുംകൊണ്ടിരിപ്പിൻ" (ലൂക്കൊസ് 21:31,34,36).

തിരുവചനത്തിൽ മുമ്പുകൂട്ടി പറഞ്ഞിരിക്കുന്ന കാലഘട്ടത്തിൽ നാം എത്തിയിരിക്കുകയാണ്. കാലത്തിന്റെ അന്ത്യം വന്നെത്തിയിരിക്കുന്നു. പ്രവാ

ചകന്മാർക്കു നല്കപ്പെട്ട ദർശനങ്ങൾ ഇപ്പോൾ തുറക്കപ്പെട്ടിരിക്കുന്നു. തന്റെ മഹത്വത്തിൽ കർത്താവു പ്രത്യക്ഷപ്പെടുവാൻ പോകുന്നത് ഏറ്റവും സമീപമായിരിക്കുന്നുവെന്നു പ്രവചനങ്ങളിലെ ഗൗരവമായ മുന്നറിയിപ്പുകൾ നമ്മെ ചൂണ്ടിക്കാണിക്കുന്നു.

യെഹൂദന്മാർ തിരുവെഴുത്തുകളെ തെറ്റായി വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്തു. അവരുടെ "സന്ദർശനകാലം" അവർ ഗ്രഹിച്ചില്ല. ക്രിസ്തുവും ശിഷ്യന്മാരും അവർക്കു നല്കിയ സേവനത്തിന്റെ കാലങ്ങൾ - യിസ്രായേലിനു നല്കിയ കൃപയുടെ കാലങ്ങൾ - യിസ്രായേൽ നഷ്ടപ്പെടുത്തി. അവർ ക്രിസ്തുശിഷ്യന്മാരെ നശിപ്പിക്കുന്നതിന് ആ കാലം ഉപയോഗിച്ചു. ഭൗമിക സ്ഥാനമോഹങ്ങൾ അവരുടെ ഹൃദയങ്ങളെ കീഴ്പ്പെടുത്തി. ആത്മീയരാജ്യത്തിലേക്കു വരുവാനുള്ള ക്ഷണം അവർ നിരസിച്ചുകളഞ്ഞു. അന്നത്തെപ്പോലെ ഇന്നും ഭൗമികചിന്ത മനുഷ്യമനസ്സുകളെ കീഴടക്കുന്നു. പ്രവചനങ്ങൾ അതിവേഗത്തിൽ നിറവേറിക്കൊണ്ടിരിക്കുന്നു എന്ന വസ്തുതയോ, ദൈവരാജ്യം സമീപിച്ചുകൊണ്ടിരിക്കുന്നതിന്റെ അടയാളങ്ങളോ ആരും ഗൗരവമായി എടുക്കുന്നില്ല.

"എന്നാൽ സഹോദരന്മാരേ, ആ നാൾ കള്ളൻ എന്നപോലെ നിങ്ങളെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിൽ ഉള്ളവരല്ല; നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു; നാം രാത്രിക്കും ഇരുളിനുമുള്ളവരല്ല. ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധമായുമിരിക്ക" (1 തെസ്സ. 5:4-6).

# 24

# ഇവൻ തച്ചന്റെ മകൻ അല്ലയോ?

**അവലംബം: ലൂക്കൊസ് 4:16-30**

ക്രിസ്തു ചെയ്ത ശുശ്രൂഷയുടെ ശോഭ ഗലീലയിൽ പ്രകാശിച്ച നാളു കളിൽ നിഴൽ മൂടിയ ഒരു പ്രദേശം അവിടെ ഉണ്ടായിരുന്നു - നസ്രേത്ത്. നസ്രേത്തിലെ ജനം യേശുവിനെ സ്വീകരിച്ചില്ല. "ഇവൻ തച്ചന്റെ മകൻ അല്ലയോ?" അവർ പുച്ഛസ്വരത്തിൽ പറഞ്ഞു.

തന്റെ ശൈശവകാലത്തും യൗവനദശയിലും നസ്രേത്തിലെ ദൈവാലയ ത്തിൽ സഹോദരരോടൊത്തു യേശു ആരാധനയ്ക്കു പോയിരുന്നു. തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചപ്പോൾ മുതൽ യേശു നസ്രേത്തിൽ ഇല്ലായിരുന്നു വെങ്കിലും യേശുവിനെ സംബന്ധിച്ച വിവരങ്ങൾ നസ്രേത്തുകാർ അറിഞ്ഞി രുന്നു. യേശു വീണ്ടും നസ്രേത്തിൽ വന്നപ്പോൾ അവിടത്തെ ജനം പ്രതീക്ഷാ നിർഭരരായിരുന്നു. അവരുടെ ആഹ്ലാദം അത്യുച്ചാവസ്ഥയിൽ എത്തി. ശൈശവ കാലം മുതൽ പരിചിതമായ അനേകം മുഖങ്ങളെ യേശു നസ്രേത്തിൽ കണ്ടു. യേശുവിന്റെ അമ്മ മറിയയും, സഹോദരങ്ങളും നസ്രേത്തിൽ പാർത്തി

രുന്നു. ശബ്ബത്തിൽ യേശു പള്ളിയിൽ ചെന്ന് ആരാധകരുടെ ഇടയിൽ ഇരുന്നപ്പോൾ എല്ലാ കണ്ണുകളും അവന്റെമേൽ പതിഞ്ഞു.

പതിവായുള്ള ആരാധനയിൽ സഭാമൂപ്പൻ പ്രവാചകന്മാരുടെ പുസ്തകത്തിൽനിന്നു വായിച്ചിട്ടു വരുവാനിരിക്കുന്നവനെ കാത്തിരിക്കുവാൻ ജനത്തെ ഉദ്ബോധിപ്പിച്ചു. മശീഹയുടെ ഭരണം സ്ഥാപിതമാകുമ്പോൾ എല്ലാ പീഡനങ്ങൾക്കും അവസാനം ഉണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. മശീഹയുടെ വരവ് അടുത്തിരിക്കുന്നുവെന്നു തെളിവുകൾ കാണിച്ചുകൊണ്ടു കേൾവിക്കാരെ ധൈര്യപ്പെടുത്തി. മശീഹയുടെ വരവിന്റെ മഹത്വത്തെ അദ്ദേഹം വർണ്ണിച്ചു. അധികാരമുള്ള ഒരു സേനാധിപതിയെപ്പോലെ വലിയ സേനാവ്യൂഹത്തോടെ യിസ്രായേലിനെ വിമോചിപ്പിക്കുവാൻ മശീഹ വരുമെന്ന് അയാൾ പറഞ്ഞു.

ഒരു പുരോഹിതൻ ദൈവാലയത്തിലുള്ളപ്പോൾ പ്രസംഗം ചെയ്യേണ്ടത് അദ്ദേഹമാണ്. ഏതൊരു യിസ്രായേല്യനും പ്രവാചകന്മാരുടെ പുസ്തകങ്ങളിൽനിന്നു വായിക്കുകയും ചെയ്യാം. യേശു സന്നിഹിതനായിരുന്ന ശബ്ബത്തിൽ യേശുവിനെ ശുശ്രൂഷയിൽ ഭാഗഭാക്കാകുവാൻ ക്ഷണിച്ചു. "യേശു വായിപ്പാൻ എഴുന്നേറ്റു. യെശയ്യാപ്രവാചകന്റെ പുസ്തകം അവനു കൊടുത്തു" (ലൂക്കൊസ് 4:16,17). യേശു വായിച്ച ഭാഗം മശീഹയെ സംബന്ധിച്ച പ്രവചനമായിരുന്നു.

"ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു."

"പിന്നെ അവൻ പുസ്തകം മടക്കി ശുശ്രൂഷക്കാരനു തിരികെ കൊടുത്തിട്ട് ഇരുന്നു; പള്ളിയിലുള്ള എല്ലാവരുടെയും കണ്ണ് അവങ്കൽ പതിഞ്ഞിരുന്നു... എല്ലാവരും അവനെ പുകഴ്ത്തി, അവന്റെ വായിൽനിന്നു പുറപ്പെട്ട ലാവണ്യവാക്കുകൾ നിമിത്തം ആശ്ചര്യപ്പെട്ടു" (ലൂക്കൊസ് 4:20-22).

തന്നെ സംബന്ധിച്ച പ്രവചനങ്ങളുടെ ജീവിക്കുന്ന വക്താവായി യേശു ജനങ്ങളുടെ മുമ്പാകെ നിന്നു. തിരുവെഴുത്തിൽനിന്നു വായിച്ചശേഷം മശീഹയുടെ വിവിധങ്ങളായ പ്രവർത്തനങ്ങളെ യേശു വിശദീകരിച്ചു. കഷ്ടത അനുഭവിക്കുന്നവർക്ക് ആശ്വാസം പകരുന്നവൻ, ബദ്ധന്മാർക്കു വിടുതൽ നല്കുന്നവൻ, രോഗികൾക്കു വൈദ്യൻ, അന്ധന്മാർക്കു കാഴ്ച നല്കുന്നവൻ എന്നിങ്ങനെ മശീഹയുടെ വൈവിധ്യമാർന്ന വേലയെ യേശു വിശദമാക്കി. യേശുവിന്റെ കുലീനത്വം നിറഞ്ഞ പെരുമാറ്റവും അന്തസ്സുറ്റ വാക്കുകളും കേൾവിക്കാരെ ഹഠാദാകർഷിച്ചു. എല്ലാ എതിർപ്പുകളും നിശ്ശബ്ദമായി. മോശെ ദൈവസന്നിധിയിലായിരുന്നതുപോലെ ജനത്തിനു ദൈവിക സാന്നിദ്ധ്യം അനുഭവവേദ്യമായി. പരിശുദ്ധാത്മാവിന്റെ സ്പർശനം ഏറ്റ ജനം സ്തുതിസ്തോത്രങ്ങൾ മുഴക്കി.

"ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിനു നിവൃത്തി വന്നിരിക്കുന്നു"- യേശു പറഞ്ഞു. യേശുവിന്റെ ഈ വാക്കുകൾ

കേട്ടപ്പോൾ തങ്ങളെക്കുറിച്ചു ജനം ചിന്തിക്കുവാൻ തുടങ്ങി. യേശുതന്നെ ആയിരിക്കുമോ മശീഹ എന്നും അവർ ചിന്തിച്ചു. സാക്ഷാൽ യിസ്രായേല്യരും, അബ്രാഹാമിന്റെ സന്തതികളുമായ നസ്രേത്തുവാസികളെ അടിമത്തത്തിൽ കഴിയുന്നവർ എന്നു യേശു ചിത്രീകരിച്ചു. അന്ധതമസ്സിൽ വെളിച്ചത്തിനു വേണ്ടി കാത്തിരിക്കുന്നവർ എന്നു യേശു അവരെക്കുറിച്ചു പറഞ്ഞത് അവർ ഓർത്തു. അവരുടെ അഭിമാനത്തിനു ക്ഷതം ഏറ്റു. അവരുടെ ഭയങ്ങളും ഉണർത്തപ്പെട്ടു. യിസ്രായേൽമക്കൾ ആഗ്രഹിക്കുന്ന വിധത്തിലല്ല, മറ്റൊരു വിധത്തിലായിരിക്കും തന്റെ വേലയെന്ന് അവരോടു യേശു സൂചിപ്പിച്ചു. അവരുടെ പ്രവൃത്തികൾ സസൂക്ഷ്മം താൻ പരിശോധിക്കുമെന്നും യേശു പറഞ്ഞു. ബാഹ്യാചാരങ്ങളിൽ യിസ്രായേലിൽ വളരെ നിഷ്കർഷ പാലിച്ചിരുന്നെങ്കിലും അന്തരിന്ദ്രിയങ്ങളെ ശോധന ചെയ്യുന്ന യേശുവിന്റെ മുമ്പിൽ അവർ നടുങ്ങി.

ഈ യേശു ആരാകുന്നു? യെഹൂദന്മാർ ചോദിച്ചു. മശീഹ എന്ന് അവകാശം ഉന്നയിച്ച ഈ മനുഷ്യൻ ഒരു തച്ചന്റെ മകനായിരുന്നു. പിതാവായ യോസേഫിനോടൊന്നിച്ചു പണിശാലയിൽ പണിയെടുത്തിരുന്ന ഒരു തച്ചനായിരുന്നു യേശു. കുന്നുകൾ കയറിയിറങ്ങി അവൻ വേലചെയ്തു. യേശുവിന്റെ സഹോദരന്മാരെയും സഹോദരിമാരെയും അവർക്കറിയാമായിരുന്നു. യേശുവിനെയും അവർക്കു നല്ലവണ്ണം അടുത്തറിയാമായിരുന്നു. യേശുവിന്റെ ശൈശവകാലവും യൗവനകാലവും അവർ കണ്ടിരുന്നു. അവൻ പുരുഷപ്രായമെത്തിയതും അവർക്കറിയാമായിരുന്നു. യേശുവിന്റെ ജീവിതത്തിൽ ഒരു കളങ്കവുമില്ലായിരുന്നുവെങ്കിലും യേശുവിനെ മശീഹയായി അംഗീകരിക്കുവാൻ യെഹൂദന്മാർക്കു കഴിഞ്ഞില്ല.

വരുവാനുള്ള രാജ്യത്തെക്കുറിച്ചു റബ്ബിമാർ നല്കിയ ഉപദേശവും യേശുവിന്റെ ഉപദേശവും തമ്മിൽ വലിയ അന്തരമുണ്ടായിരുന്നു. റോമൻ ആധിപത്യത്തിൽനിന്നു യിസ്രായേല്യരെ മോചിപ്പിക്കുന്ന കാര്യങ്ങളൊന്നും യേശു പറഞ്ഞില്ല. യേശുവിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ചു യെഹൂദന്മാർ കേട്ടിരുന്നു. അത്ഭുതം പ്രവർത്തിപ്പാനുള്ള യേശുവിന്റെ കഴിവു തങ്ങളുടെ സ്വാർത്ഥലാഭത്തിനുവേണ്ടി പ്രയോജനപ്പെടുത്തുവാൻ കഴിയുമെന്നു യെഹൂദന്മാർ ആശിച്ചു. എന്നാൽ അതിനൊന്നും യേശു തുനിഞ്ഞില്ല.

സംശയത്തിന്റെ വാതിൽ അവർ തുറന്നപ്പോൾ, താല്ക്കാലികമായി മാനസാന്തരം ഉണ്ടായ അവരുടെ ഹൃദയങ്ങൾ കൂടുതൽ കഠിനമായി. അന്ധത ബാധിച്ച കണ്ണുകളൊന്നും അന്നു തുറക്കാതിരിപ്പാനും അടിമത്തത്തിലാണ്ട ആത്മാക്കളെ സ്വതന്ത്രരാക്കാതിരിപ്പാനും സാത്താൻ കരുതലോടിരുന്നു. അവിശ്വാസത്തിൽ അവരെ തളച്ചിടുവാൻ സാത്താൻ അതീവ ശ്രദ്ധയോടെ പരിശ്രമിച്ചു. യേശു മശീഹയാണെന്നു നേരത്തെ ലഭിച്ച അടയാളങ്ങളെ യെഹൂദന്മാർ ഗണ്യമാക്കിയില്ല. തങ്ങളോടു സംസാരിച്ചവൻ ലോകരക്ഷകനായിരുന്നുവെന്ന് അന്തരംഗത്തിൽ ബോധ്യമായിട്ടും യെഹൂദന്മാർ എല്ലാ തെളിവുകളെയും നിരാകരിച്ചു.

എന്നാൽ അവരുടെ രഹസ്യനിരൂപണങ്ങളെ വെളിച്ചത്തു കൊണ്ടുവന്നു കൊണ്ടു തന്റെ ദിവ്യത്വത്തെ യേശു തെളിയിച്ചു. യേശു അവരോടു പറഞ്ഞു: “വൈദ്യാ, നിന്നെത്തന്നെ സൗഖ്യമാക്കുക എന്നുള്ള പഴഞ്ചൊല്ലും കഫർന്നഹൂമിൽ ഉണ്ടായി കേട്ടതെല്ലാം ഈ നിന്റെ പിതൃനഗരത്തിലും ചെയ്ക എന്നും നിങ്ങൾ എന്നോടു പറയും നിശ്ചയം. ഒരു പ്രവാചകനും തന്റെ പിതൃനഗരത്തിൽ സമ്മതനല്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. ഏലീയാവിന്റെ കാലത്ത് ആകാശം മൂവാണ്ടും ആറുമാസവും അടഞ്ഞിട്ടു ദേശത്തെങ്ങും മഹാക്ഷാമം ഉണ്ടായപ്പോൾ യിസ്രായേലിൽ പല വിധവമാർ ഉണ്ടായിരുന്നുവെന്നു ഞാൻ യഥാർത്ഥമായി നിങ്ങളോടു പറയുന്നു. എന്നാൽ സീദോനിലെ സരെപ്തയിൽ ഒരു വിധവയുടെ അടുക്കലേക്കല്ലാതെ അവരിൽ ആരുടെയും അടുക്കലേക്ക് ഏലീയാവിനെ അയച്ചില്ല. അവ്വണ്ണം എലീശാപ്രവാചകന്റെ കാലത്തു യിസ്രായേലിൽ പല കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. സുറിയക്കാരനായ നയമാൻ അല്ലാതെ അവരാരും ശുദ്ധമായില്ല എന്നും അവൻ പറഞ്ഞു” (ലൂക്കൊസ് 4:23-27).

പ്രവാചകന്മാരുടെ ജീവിതത്തിലെ ഈ സംഭവങ്ങളെ ഉദ്ധരിച്ചുകൊണ്ടു യേശു തന്റെ വിമർശകർക്കു മറുപടി നല്കി. ദൈവത്തിന്റെ പ്രത്യേക വേലയ്ക്കുവേണ്ടി ദൈവം തെരഞ്ഞെടുത്ത പ്രവാചകന്മാരെ കഠിനഹൃദയരും അവിശ്വാസികളുമായ ആളുകൾക്കുവേണ്ടി പ്രവർത്തിക്കുവാൻ ദൈവം അനുവദിച്ചില്ലായെന്നു യേശു ചൂണ്ടിക്കാട്ടി. എന്നാൽ നിർമ്മലമനസ്സും വിശ്വസിപ്പാൻ ഒരുക്കവുമുള്ളവർക്കു ദൈവം തന്റെ ശക്തിയെ പ്രവാചകരിൽക്കൂടെ പ്രദർശിപ്പിച്ചു. അങ്ങനെ അവരെ അനുഗ്രഹിച്ചു. ഏലീയാവിന്റെ കാലത്തു യിസ്രായേൽ ദൈവത്തിൽനിന്ന് അകന്നുപോയി. അവർ പാപങ്ങളിൽ മുഴുകി. ദൈവത്തിന്റെ ദൂതുവാഹകരിൽക്കൂടെ നല്കപ്പെട്ട പരിശുദ്ധാത്മാവിന്റെ മുന്നറിയിപ്പുകളെ അവർ തിരസ്കരിച്ചു. ദൈവകൃപ തങ്ങളിലേക്ക് ഒഴുകാതിരിക്കുന്നതിനു കാരണമാകുമാറു ദൈവകൃപയുടെ സ്രോതസ്സുകളെ അവർ കെട്ടിയടച്ചു. ദൈവം യിസ്രായേലിന്റെ ഭവനങ്ങളെ വിട്ടു കടന്നുപോയി. ഇതേ കാരണത്താലാണ്, സ്വന്തജനമല്ലായിരുന്ന, അന്യജാതിക്കാരിയായ ഒരു സ്ത്രീയുടെ ഭവനത്തിൽ ദൈവദാസനായ ഏലീയാവിനു പാർപ്പാൻ ഇടം ഒരുക്കിയത്. തനിക്കു ലഭിച്ച വെളിച്ചം സ്വീകരിച്ചതുകൊണ്ട് അന്യജാതിക്കാരിയായ ഈ സ്ത്രീ അനുഗ്രഹം പ്രാപിച്ചു. പ്രവാചകനിൽനിന്നു ലഭിച്ച സത്യം സ്വായത്തമാക്കുവാൻ അവൾ തന്റെ ഹൃദയം തുറന്നു.

എലീശായുടെ കാലത്ത് അനവധി കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. അവരെല്ലാവരും സുഖം പ്രാപിച്ചില്ല. ഒരു അന്യജാതിക്കാരനായ നയമാൻ എന്ന സേനാനായകൻ അത്ഭുതകരമായ രീതിയിൽ സുഖം പ്രാപിച്ചു. സത്യമെന്നു തനിക്കു ബോധ്യമായ കാര്യങ്ങളിൽ നയമാൻ വിശ്വസ്തത കാണിച്ചു. തന്റെ നിസ്സഹായാവസ്ഥയിൽ ദൈവകൃപ പ്രാപിപ്പാൻ നയമാൻ ആഗ്രഹിച്ചു. അവൻ അതിനുവേണ്ടി ഒരുങ്ങി. തൽഫലമായി നയമാൻ കുഷ്ഠരോഗത്തിൽനിന്നു മോചനം പ്രാപിക്കുക മാത്രമല്ല ചെയ്തത്, സത്യദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനവും അവനു ലഭിച്ചു.

നമുക്കു വെളിച്ചം ലഭിച്ചു എന്ന കാരണത്താൽ നാം ദൈവത്തോടു വിശ്വസ്തരായിത്തീർന്നുവെന്നർത്ഥമില്ല. വെളിച്ചത്തെ നാം എപ്രകാരം പ്രയോജനപ്പെടുത്തുന്നുവെന്നതിനെ ആശ്രയിച്ചാണു നമ്മുടെ വിശ്വസ്തത അളക്കപ്പെടുന്നത്. കൂടുതൽ വെളിച്ചം ലഭിച്ചിട്ടും അതു പ്രയോജനപ്പെടുത്താതെ നാമധേയക്രിസ്ത്യാനികളായി കഴിയുന്നവരെക്കാൾ ദൈവം അംഗീകരിക്കുന്നതു സത്യം ലഭിക്കുമ്പോൾ അതു ജീവിതത്തിൽ പകർത്തുന്ന ഒരു വ്യക്തിയെയത്രേ!

ദൈവാലയത്തിൽവച്ചു യേശുവിനെ ശ്രദ്ധിച്ചവർക്ക്, അവന്റെ ഓരോ വാക്കും യിസ്രായേൽജനതയുടെ അഹംഭാവത്തെയും സ്വയനീതിയെയും വേരോടെ പിഴുതുകളയാൻ ആഹ്വാനം നല്കുന്നവയായിരുന്നുവെന്നു ബോധ്യമായി. തങ്ങളുടെ ദൈവത്തോടുള്ള അകൽച്ചയും തങ്ങൾക്കു ലഭിച്ച പ്രത്യേക പദവിയെ അലക്ഷ്യമായി കരുതിയതും യിസ്രായേല്യർ മനസ്സിലാക്കി. തങ്ങളുടെ യഥാർത്ഥ ആത്മീയാവസ്ഥയെ തുറന്നുകാണിച്ചപ്പോൾ അവരുടെ ഹൃദയം നുറുങ്ങി. എങ്കിലും അവർ ദൈവസന്നിധിയിൽ സ്വയം താഴ്ത്തിയില്ല. തങ്ങളെ ഉണർത്തിയ വിശ്വാസത്തെ സ്വീകരിച്ചില്ല. എളിമയും ദാരിദ്ര്യവും നിറഞ്ഞ ചുറ്റുപാടിൽനിന്നു വന്ന യേശുവിനെ മശീഹയായി അംഗീകരിപ്പാൻ യെഹൂദന്മാർ ഒരുക്കമായിരുന്നില്ല.

യെഹൂദന്മാരുടെ അവിശ്വാസം യേശുവിനെതിരെയുള്ള വിദ്വേഷമായി മാറി. സാത്താൻ അവരെ പൂർണ്ണമായി കീഴ്പ്പെടുത്തി. യേശുവിനെതിരായി യെഹൂദന്മാർ അട്ടഹാസം മുഴക്കി. കഷ്ടതയനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാനും തകർച്ച ഭവിച്ചവരെ യഥാസ്ഥാനപ്പെടുത്തുവാനുമായി വന്ന രക്ഷകനെതിരെ അവർ അണിനിരന്നു. പിശാചിന്റെ സ്വഭാവം അവർ പ്രകടമാക്കി. ജാതികൾക്കു ലഭിച്ച അനുഗ്രഹത്തെക്കുറിച്ചു യേശു പറഞ്ഞപ്പോൾ യെഹൂദന്മാർ അസൂയാകലുഷിതരായി. കോപാന്ധന്മാരായ ജനത്തിന്റെ അട്ടഹാസത്തിൽ യേശുവിന്റെ ശബ്ദം മുങ്ങിപ്പോയി. തങ്ങൾ ന്യായപ്രമാണം അക്ഷരംപ്രതി അനുസരിക്കുന്നുവെന്ന് അവർ സ്വയം അഭിമാനിച്ചിരുന്നു. എന്നാൽ അഭിമാനത്തിനു ക്ഷതം ഏറ്റു യെഹൂദന്മാർ യേശുവിനെ കയ്യേറ്റം ചെയ്യുവാൻ ഒരുമ്പെട്ടു. അവർ യേശുവിനെ ബലം ഉപയോഗിച്ചു ദൈവാലയത്തിൽനിന്നു പട്ടണത്തിനു വെളിയിലേക്കു കൊണ്ടുപോയി. കിഴുക്കാംതൂക്കായ ഒരു മലയിൽനിന്നു താഴെ തള്ളിയിട്ടു യേശുവിനെ കൊല്ലുവാൻ ശ്രമിച്ചു. അവരുടെ ശബ്ദകോലാഹലത്താൽ അന്തരീക്ഷം മുഖരിതമായി. ചിലർ കല്ലുകളെടുത്തു യേശുവിനെ എറിയുവാൻ തുടങ്ങി. യേശു തൽക്ഷണം അവരുടെ ഇടയിൽനിന്നു മറഞ്ഞു. കോപാന്ധരായ ആളുകൾ വളഞ്ഞപ്പോഴും യേശുവിനെ ദൂതന്മാർ അവരിൽനിന്നു കാത്തുസൂക്ഷിച്ചു. ദൂതന്മാർ യേശുവിനെ സുരക്ഷിതമായ ഒരു സ്ഥലത്തേക്കു മാറ്റി.

ലോത്തിനെ ദൂതന്മാർ സംരക്ഷിച്ചതുപോലെയായിരുന്നു. ദൂതന്മാരാണു ലോത്തിനെ സോദോമിൽനിന്നു സുരക്ഷിതമായ ഒരു സ്ഥലത്തേക്കു കൊണ്ടുപോയത്. ഇതേ രീതിയിൽത്തന്നെയാണ് എലീശാപ്രവാചകനെ മലമ്പ്രദേശത്തുണ്ടായിരുന്ന ഒരു പട്ടണത്തിൽനിന്നു രക്ഷിച്ചത്. അരാംരാജാവിന്റെ

രഥങ്ങളും കുതിരകളും കാലാൾസൈന്യവും എലീശായെ പിടിക്കുന്നതിനായി പട്ടണം വളഞ്ഞപ്പോൾ ദൈവത്തിന്റെ അഗ്നിമയരഥങ്ങളും കുതിരകളും ചുറ്റുമുള്ള കുന്നുകളിലും താഴ്വരകളിലും സ്ഥാനമുറപ്പിച്ചിരിക്കുന്നത് എലീശാ കണ്ടു.

ഇതുപോലെ എല്ലാ കാലങ്ങളിലും ക്രിസ്തുവിന്റെ വിശ്വസ്ത അനുയായികൾക്കു സമീപം ദൈവദൂതന്മാർ ഉണ്ടായിരുന്നു. ജയിക്കുന്നവർക്കെതിരായി ദുഷ്ടതയുടെ കൂട്ടമെല്ലാം അണിനിരന്നിരിക്കയാണ്. എന്നാൽ നാം അദൃശ്യമായ ദൈവകരങ്ങളിലേക്കു നോക്കുവാൻ ക്രിസ്തു ആഗ്രഹിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവർക്കു ചുറ്റും പാളയമിറങ്ങിയിരിക്കുന്ന ദൈവദൂതഗണങ്ങളെ നാം കണ്ടിരുന്നെങ്കിൽ എന്നു ക്രിസ്തു വാഞ്ഛിക്കുന്നു. ദൈവം നമ്മെ എത്ര അത്ഭുതകരമായി വഴിനടത്തിയെന്നു നാം നിത്യതയിൽ മനസ്സിലാക്കുന്നതുവരെ ദൂതന്മാർ നമുക്കു നല്കിയിട്ടുള്ള സംരക്ഷണങ്ങളെക്കുറിച്ചു നാം അറിയുകയില്ല. സ്വർഗ്ഗീയകുടുംബം എത്ര സ്നേഹവായ്പോടെയാണു ഭൂമിയിലെ കുടുംബങ്ങളെ കാത്തുസൂക്ഷിക്കുന്നതെന്ന് അപ്പോൾ മാത്രമേ നാം പൂർണ്ണമായി ഗ്രഹിക്കുകയുള്ളു. നമ്മുടെ ഓരോ ചുവടും എത്ര കരുതലോടെ സ്വർഗ്ഗീയദൂതന്മാർ കാത്തുസൂക്ഷിക്കുന്നുവെന്ന് അന്നു നാം മനസ്സിലാക്കും.

ക്രിസ്തു ദൈവാലയത്തിൽവച്ചു തിരുവെഴുത്തുകളിൽനിന്നു വായിച്ചുകൊണ്ടിരുന്നതു തന്റെ ഭൗമികവേലയെക്കുറിച്ചു വ്യക്തമായി എഴുതിയിരിക്കുന്ന ഭാഗമായിരുന്നു. അതിന്റെ അവസാനഭാഗം ക്രിസ്തു വായിച്ചില്ല. "യഹോവയുടെ പ്രസാദവർഷവും... പ്രസിദ്ധമാക്കുവാൻ" എന്ന ഭാഗം വരെ കർത്താവു വായിച്ചു. എന്നാൽ "നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാൻ" എന്ന ഭാഗം ക്രിസ്തു വായിച്ചില്ല. ആദ്യഭാഗത്തെപ്പോലെ ഈ ഭാഗവും സത്യപ്രവചനമാണ്. എങ്കിലും ആ ഭാഗം ക്രിസ്തു വായിക്കാതിരുന്നതുകൊണ്ട് ആ സത്യത്തെ ക്രിസ്തു നിഷേധിക്കുകയായിരുന്നില്ല. ക്രിസ്തുവിന്റെ പ്രസംഗം കേട്ടവർതന്നെ ഈ ഭാഗം നിർവ്വഹിക്കാൻ ഉദ്യമിച്ചു. യെഹൂദന്മാർ ജാതികളെ പാപികളെന്നു വിധിച്ചു. എന്നാൽ ജാതികൾ ചെയ്ത പാപത്തെക്കാൾ വലുതായിരുന്നു തങ്ങളുടെ പാപം എന്നു യെഹൂദന്മാർ മനസ്സിലാക്കിയില്ല. ജാതികൾക്കു ദൈവകൃപ പകർന്നുകൊടുക്കേണ്ട യെഹൂദന്മാർക്കുതന്നെയായിരുന്നു ദൈവകൃപ ഏറ്റവും കൂടുതൽ ആവശ്യമായിരുന്നത്. യേശു അന്നു തിരുവെഴുത്തുകളിൽനിന്നു യെഹൂദന്മാരെ വായിച്ചു കേൾപ്പിച്ചപ്പോൾ, സ്വർഗ്ഗത്തിന്റെ സ്നേഹക്ഷണം ഒരിക്കൽക്കൂടി സ്വീകരിപ്പാനുള്ള ഒരു അസുലഭ സന്ദർഭമായിരുന്നു യെഹൂദന്മാർക്കു ലഭിച്ചത്. ആ ക്ഷണം അവർ സ്വീകരിച്ചിരുന്നുവെങ്കിൽ "ദയയിൽ പ്രസാദ"(മീഖാ 7:18)മുള്ള ദൈവം അവരെ സന്തോഷത്തോടെ രക്ഷിക്കുമായിരുന്നു.

വീണ്ടുമൊരവസരംകൂടെ യെഹൂദന്മാർക്കു നല്കാതെ രക്ഷയുടെ വാതിൽ അടയ്ക്കുവാൻ യേശു ആഗ്രഹിച്ചില്ല. ഗലീലയിലെ തന്റെ വേല അവസാനിക്കാറായപ്പോൾ, തന്റെ ശൈശവകാലത്തെ ഭവനം വീണ്ടും സന്ദർശിച്ചു. നസ്രേത്തിലെ ആളുകൾ തന്നെ സ്വീകരിക്കാതെ തള്ളിയതിനുശേഷം

യേശുവിന്റെ കീർത്തി എല്ലായിടവും പരന്നു. യേശുവിന്റെ അത്ഭുതപ്രവൃത്തികൾ ആർക്കും നിഷേധിക്കാനാവാത്ത വിധം പ്രസിദ്ധി ആർജ്ജിച്ചു കഴിഞ്ഞു. യേശു നന്മ പ്രവർത്തിച്ചും ഭൂതബാധിതരെ സൗഖ്യമാക്കിയും കൊണ്ട് എല്ലാടവും സഞ്ചരിച്ചു. യേശു കടന്നുപോയ സ്ഥലങ്ങളിലെങ്ങും രോഗികളുടെ നിലവിളിയോ നെടുവീർപ്പുകളോ കേൾക്കാനില്ലായിരുന്നു. യേശുവിന്റെ ഓരോ പ്രവൃത്തിയിലും പ്രകടമായ കരുണ, തന്റെ ദൈവികത്വത്തെ തെളിയിക്കുന്നതായിരുന്നു.

യേശുവിന്റെ വചനം ശ്രവിച്ചവർ പരിശുദ്ധാത്മാവിന്റെ സ്പർശനം അനുഭവിച്ചു. എങ്കിലും തങ്ങളുടെ ഇടയിൽ വളർന്ന യേശു തങ്ങളെക്കാൾ ശ്രേഷ്ഠനാണെന്ന് അംഗീകരിക്കുവാൻ നസ്രേത്തുകാർക്കു മനസ്സില്ലായിരുന്നു. തങ്ങൾ ജാതികളെക്കാൾ ദൈവകൃപ പ്രാപിക്കുവാൻ യോഗ്യതയുള്ളവരല്ലെന്നു യേശു പറഞ്ഞതു നസ്രേത്തുകാരിൽ കയ്പായ സ്മരണകളുണർത്തി. കൂടാതെ വാഗ്ദത്തമശീഹ താൻതന്നെയാണെന്നുള്ള അവകാശപ്പെടലും അവരിൽ വെറുപ്പുളവാക്കി. “ഇവനു കിട്ടിയ ഈ ജ്ഞാനവും ഇവന്റെ കയ്യാൽ നടക്കുന്ന വീര്യപ്രവൃത്തികളും എന്ത്?” എന്ന് അവർ ആശ്ചര്യപ്പെട്ടു ചോദിച്ചുവെങ്കിലും അവർ യേശുവിനെ ക്രിസ്തുവായി സ്വീകരിപ്പാൻ തയ്യാറായിരുന്നില്ല. അവരുടെ അവിശ്വാസം മൂലം രക്ഷകനു വളരെ വീര്യപ്രവൃത്തികൾ അവരുടെ ഇടയിൽ ചെയ്യുവാൻ സാധിച്ചില്ല. വളരെ കുറച്ചു പേർ മാത്രമേ തങ്ങളുടെ ഹൃദയങ്ങൾ അവനു തുറന്നുകൊടുത്തുള്ളു. യേശുവിനു പിന്നീടൊരിക്കലും നസ്രേത്തിൽ ചെല്ലുവാനിടവന്നില്ല. യേശു ദുഃഖത്തോടെയാണ് അവരെ വിട്ടു പോയത്.

ഒരിക്കൽ ഹൃദയത്തിലേക്കു കടന്നുവരാൻ അനുവദിച്ച അവിശ്വാസം നസ്രേത്തിലെ ആളുകളെ പൂർണ്ണമായി കീഴടക്കി. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ നിരാകരിച്ചതുമൂലം അവർക്കു രക്ഷ എന്നേക്കുമായി നഷ്ടപ്പെടുകയായിരുന്നു. തങ്ങൾ ക്രിസ്തുവിനെ തിരസ്കരിച്ചതു ന്യായീകരിക്കുന്നതിനുവേണ്ടി വീണ്ടും വീണ്ടും യേശുവിനെ പരിഹസിച്ചുകൊണ്ടിരുന്നു. യിസ്രായേൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ നിരാകരിച്ചതുമൂലം അവർക്കു കാണേണ്ടിവന്നതു കാൽവരിയിൽ ഉയർത്തപ്പെട്ട കുരിശായിരുന്നു. മറ്റു തിക്തഫലങ്ങൾ, യെരൂശലേം നഗരത്തിന്റെ നാശവും യിസ്രായേൽജനതയുടെ ഓടിപ്പോക്കുമായിരുന്നു.

സത്യമാകുന്ന അമൂല്യനിധി യിസ്രായേലിനെ ഭരമേല്പിക്കുവാൻ ക്രിസ്തു വളരെ ആശിച്ചിരുന്നു. എന്നാൽ യിസ്രായേലിന് അതു സൂക്ഷിപ്പാൻ കഴിയാത്ത വിധത്തിൽ ആത്മികത അന്ധത പിടിച്ചിരുന്നു. സ്വർഗ്ഗീയ സത്യം അവരെ കാത്തിരുന്നപ്പോൾ അവർ പ്രയോജനരഹിതമായ ആചാരാനുഷ്ഠാനങ്ങളിലും ചടങ്ങുകളിലും ആശ്രയിച്ചു. ജീവന്റെ അപ്പം അവർക്കു കൈയെത്താവുന്ന ദൂരത്തിൽ ആയിരുന്നപ്പോൾ, അവരുടെ ദ്രവ്യം വ്യർത്ഥമായ കാര്യങ്ങൾക്കു ചെലവഴിച്ചു. തിരുവെഴുത്തുകളിലേക്ക് എന്തുകൊണ്ട് അവർ തിരിഞ്ഞില്ല? തങ്ങൾ തെറ്റായ പാതയിലാണോ എന്ന് എന്തുകൊണ്ട് അവർ അന്വേഷിച്ചില്ല? ക്രിസ്തുവിന്റെ വേല എന്തായിരിക്കുമെന്നു തിരു

വെഴുത്തുകളിൽ വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവാചകന്മാരുടെ വാക്കുകളെ യേശു പലതവണ ആവർത്തിച്ചുപറഞ്ഞു. യേശു പറഞ്ഞു: “ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിനു നിവൃത്തി വന്നിരിക്കുന്നു.” തിരുവെഴുത്തുകളെ ആത്മാർത്ഥതയോടെ അവർ ശോധന ചെയ്തിരുന്നുവെങ്കിൽ, പ്രവാചകന്മാരുടെ ഉപദേശങ്ങളെ തിരുവെഴുത്തുകളുടെ വെളിച്ചത്തിൽ യിസ്രായേൽ പഠിച്ചിരുന്നുവെങ്കിൽ, അവരുടെ കഠിനഹൃദയങ്ങളെക്കുറിച്ചു യേശുവിനു ദുഃഖിക്കേണ്ടിവരികയില്ലായിരുന്നു. “നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും” (ലൂക്കൊസ് 13:35) എന്നു പറയേണ്ട ആവശ്യം ഉണ്ടാകയില്ലായിരുന്നു. അവർ തിരുവെഴുത്തുകളെ പഠിച്ചിരുന്നുവെങ്കിൽ യേശുവിന്റെ ദൗത്യത്തെ അവർ ഗ്രഹിക്കുകയും അവരുടെ പ്രശംസയായ നഗരത്തിനു വരാനിരിക്കുന്ന നാശത്തെ ഒഴിവാക്കുകയും ചെയ്യാമായിരുന്നു. എന്നാൽ മതഭ്രാന്ത് അവരെ ഇടുങ്ങിയ മനസ്സുള്ളവരാക്കിത്തീർത്തു. അവരുടെ തെറ്റുകളെ യേശു ചൂണ്ടിക്കാണിച്ചുകൊടുത്തു. അനുതാപം അവർക്ക് ഏറ്റവും അധികം ആവശ്യമാണെന്നു യേശു വ്യക്തമാക്കി. യേശുവിന്റെ ഉപദേശങ്ങൾ യെഹൂദന്മാർ സ്വീകരിച്ചിരുന്നുവെങ്കിൽ അവരുടെ പ്രവർത്തനങ്ങൾക്കു മാറ്റം വരികയും അവരുടെ തെറ്റായ ആശയങ്ങൾ ഉപേക്ഷിക്കയും ചെയ്യുമായിരുന്നു. സ്വർഗ്ഗത്തിന്റെ അംഗീകാരം ലഭിക്കണമെങ്കിൽ മനുഷ്യരുടെ ബഹുമാനം ത്യജിക്കേണ്ടതാവശ്യമാണ്. യേശുവിനെ യെഹൂദന്മാർ സ്വീകരിച്ചിരുന്നുവെങ്കിൽ അന്നുണ്ടായിരുന്ന പ്രമാണിമാരുടെ ഉപദേശങ്ങൾക്കു വിരുദ്ധമായി അവർ പ്രവർത്തിക്കുമായിരുന്നു.

ക്രിസ്തുവിന്റെ കാലത്തു സത്യത്തിനു ജനപ്രീതി ലഭിച്ചില്ല. ഇന്നും അതേ സ്ഥിതിതന്നെ നിലനില്ക്കുന്നു. സാത്താൻ സത്യത്തെ അരുചിയുള്ളതാക്കിത്തീർത്ത നാൾമുതൽ സത്യത്തിനു ജനപിന്തുണയില്ലാതായിത്തീർന്നു. ദൈവവചനത്തിൽ അടിസ്ഥാനമുറപ്പിക്കാത്ത തത്വങ്ങളെയും ഉപദേശങ്ങളെയും നാം ഇന്നു കാണുന്നില്ലേ?

യെഹൂദപ്രമാണികൾ ആത്മീയമായ അഹങ്കാരത്തിനടിമകളായിരുന്നു. ദൈവാലയത്തിൽ നടന്നിരുന്ന ശുശ്രൂഷകളിൽ പോലും സ്വന്തപുകഴ്ചയ്ക്കുവേണ്ടി ഓരോ കാര്യങ്ങൾ ചെയ്യുന്നതു പ്രകടമായിരുന്നു. പള്ളികളിൽ മുഖ്യാസനം അവർ ആഗ്രഹിച്ചു. ചന്തസ്ഥലങ്ങളിൽവച്ചു മറ്റുള്ളവരുടെ വന്ദനം ലഭിപ്പാൻ പുരോഹിതശ്രേഷ്ഠന്മാർ വ്യഗ്രത കാട്ടി. മറ്റുള്ളവരുടെ മുഖസ്തുതി അവർക്കു വളരെ ഇമ്പകരമായിരുന്നു. യഥാർത്ഥ ഭക്തി ഇല്ലാതിരുന്ന അവർ പാരമ്പര്യ അനുഷ്ഠാനങ്ങളിലും ചടങ്ങുകളിലും തീക്ഷ്ണത കാണിച്ചു.

സ്വാർത്ഥപരമായ മുൻവിധി യെഹൂദന്മാരുടെ ബുദ്ധിയെ ഇരുളാക്കിക്കളഞ്ഞു. തന്മൂലം അനുതാപം ഉളവാക്കുവാൻ കഴിവുള്ള ക്രിസ്തുവിന്റെ വാക്കുകളെയും ക്രിസ്തുവിന്റെ താഴ്മയെയും ഗ്രഹിക്കുവാൻ അവർക്കു കഴിഞ്ഞില്ല. യഥാർത്ഥ മഹത്വം എല്ലാ കാപട്യങ്ങളെയും ഹനിക്കുമെന്ന് അവർ മനസ്സിലാക്കിയിരുന്നില്ല. യേശു ഒരു ദരിദ്രനായിരിക്കെ എപ്രകാരം മശീഹ ആയിരിക്കും എന്നു യെഹൂദന്മാർ സംശയിച്ചു. താൻ മശീഹ ആയിരുന്നുവെങ്കിൽ എന്തുകൊണ്ട് ഇത്ര ദരിദ്രമായ അവസ്ഥയിൽ വന്നുവെന്ന്

അവർ തമ്മിൽ ചോദിച്ചു. സായുധശക്തി തനിക്കാവശ്യമില്ലെന്ന് ഈ വ്യക്തി കരുതുന്നുവെങ്കിൽ തങ്ങളുടെ രാഷ്ട്രത്തിന്റെ ഭാവി എന്തായിരിക്കുമെന്നു യെഹൂദന്മാർ ശങ്കിച്ചു. ശക്തിയും പ്രഭാവവുമില്ലാതെ മറ്റു രാഷ്ട്രങ്ങളെ യെഹൂദരാഷ്ട്രത്തിന്റെ കീഴിൽ എങ്ങനെ കൊണ്ടുവരുവാൻ കഴിയും? ലോകത്തെ ഭരിക്കേണ്ടതു യിസ്രായേൽ രാഷ്ട്രമാണെന്നല്ലേ, പുരോഹിതന്മാർ പഠിപ്പിച്ചിട്ടുള്ളത്? അവർക്കു തെറ്റുപറ്റാൻ ഇടയുണ്ടോ?

യേശുവിന്റെ ജീവിതത്തിൽ പുറമോടികളൊന്നും ഇല്ലാഞ്ഞതുകൊണ്ടായിരുന്നില്ല യെഹൂദന്മാർ യേശുവിനെ ത്യജിക്കുവാനുള്ള കാരണം. യേശു പരിശുദ്ധിയുടെ മൂർത്തിമദ്ഭാവമായിരുന്നു. എന്നാൽ യെഹൂദന്മാർ എല്ലാവിധ അശുദ്ധിയും നിറഞ്ഞവരായിരുന്നു. കളങ്കരഹിതമായ സത്യസന്ധതയുടെ ഉത്തമമാതൃകയായിരുന്നു ക്രിസ്തു. യേശുവിന്റെ പാവനജീവിതം മറ്റുള്ളവരുടെ ജീവിതത്തിൽ പ്രകാശം പരത്തി. യേശുവിന്റെ സത്യസന്ധത മറ്റുള്ളവരുടെ കാപട്യത്തെ തുറന്നുകാട്ടി. യെഹൂദന്മാരുടെ കപടഭക്തിയെ അതു വെളിച്ചത്തുകൊണ്ടുവന്നു. പാപം എത്ര നിഷിദ്ധമാകുമെന്നു യേശു അവർക്കു കാണിച്ചുകൊടുത്തു. എന്നാൽ ഈ പ്രകാശം യെഹൂദന്മാർക്കു സ്വീകാര്യമായിരുന്നില്ല.

യേശു പരീശന്മാരുടെ പാണ്ഡിത്യത്തെയും ഭക്തിയെയും പുകഴ്ത്തിയിരുന്നെങ്കിൽ അവർ സന്തോഷത്തോടെ യേശുവിനെയും പുകഴ്ത്തുമായിരുന്നു. എന്നാൽ സ്വർഗ്ഗരാജ്യം സകല മനുഷ്യവർഗ്ഗത്തിനും വേണ്ടിയുള്ള കൃപാദാനമെന്നു യേശു പറഞ്ഞപ്പോൾ അങ്ങനെയൊരു ആശയത്തെ സ്വീകരിപ്പാനുള്ള മനോവിശാലത യെഹൂദന്മാർക്കില്ലായിരുന്നു. യെഹൂദന്മാരുടെ മാതൃകയും, ജീവിതവും, ഉപദേശങ്ങളും ദൈവസ്നേഹത്തെ ആകർഷകമായി അവതരിപ്പിക്കുന്നതിനു പര്യാപ്തമായിരുന്നില്ല. തങ്ങൾ വെറുത്തിരുന്നവരെ യേശു സ്നേഹത്തോടെ സ്വീകരിക്കുന്നതു കണ്ടപ്പോൾ യെഹൂദന്മാർ വളരെ ക്രുദ്ധരായി. “യെഹൂദഗോത്രത്തിലെ സിംഹ”(വെളി. 5:5)ത്തിന്റെ കീഴിൽ ഭൂമിയിലെ ഏറ്റവും ശ്രേഷ്ഠരായ ജനതയാണു തങ്ങൾ എന്നു യിസ്രായേൽ അഹങ്കരിച്ചിരുന്നുവെങ്കിലും, ക്രിസ്തുവിന്റെ ശാസനകളെ സ്വീകരിക്കുകയും തങ്ങളുടെ തെറ്റുകളെ തിരുത്തുകയും ചെയ്തിരുന്നുവെങ്കിൽ, യിസ്രായേലിനു തങ്ങൾക്കുണ്ടായ നിരാശയെ വിജയകരമായി നേരിടുവാൻ കഴിയുമായിരുന്നു.

# 25

# കടൽക്കരയിലെ വിളി

അവലംബം: മത്തായി 4:18–22; മർക്കൊസ് 1:16–20; ലൂക്കൊസ് 5:1–11

ഗലീലക്കടലിൽ പ്രഭാതം വിടർന്നു. രാത്രിയിലെ ഫലശൂന്യമായ പ്രയത്നത്തിനുശേഷവും, ക്ഷീണിതരായ ശിഷ്യന്മാർ തങ്ങളുടെ പടകുകളിൽത്തന്നെ ഇരുന്നു. പ്രഭാതവേളയിലെ ശാന്തസുന്ദരമായ നിമിഷങ്ങൾ ചെലവിടുവാൻ യേശു കടൽക്കരയിലേക്കു പോയി. ജനക്കൂട്ടത്തിൽനിന്ന് അല്പ സമയം മാറി ഏകാന്തത ആസ്വദിക്കുവാനായിരുന്നു അതിരാവിലെ യേശു കടൽത്തീരത്തേക്കു പോയത്. എന്നാൽ യേശു കടൽത്തീരത്തുണ്ടെന്നറിഞ്ഞു ജനം അവിടെ തടിച്ചുകൂടി. യേശുവിനു സ്വതന്ത്രമായി നില്ക്കാൻപോലും ഇടമില്ലാത്ത വിധത്തിൽ ജനത്തിരക്കു വർദ്ധിച്ചു. ഈ സമയത്തിനുള്ളിൽ ശിഷ്യന്മാർ കരയിലെത്തി. ജനത്തിരക്കിൽനിന്നു രക്ഷപ്പെടുവാൻ യേശു പത്രൊസിന്റെ പടകിൽ കയറി. പടകു കരയിൽനിന്ന് അല്പം നീക്കുവാൻ പത്രൊസിനോടാവശ്യപ്പെട്ടു. പടകിൽ ഇരുന്നുകൊണ്ടു യേശു സംസാരിക്കുമ്പോൾ ആളുകൾക്കു കൂടുതൽ നന്നായി കേൾക്കുവാനും കാണുവാനും കഴിഞ്ഞു. ദൈവദൂതന്മാർക്ക് ഈ കാഴ്ച അത്ഭുതജനകമായിരുന്നു.

സ്വർഗ്ഗീയസേനയുടെ അധിപൻ, ഗലീലക്കടലിലെ കൊച്ചോളങ്ങളിൽ ഇളകിയാടുന്ന പടകിൽ ഇരുന്നുകൊണ്ടു കടലിന്റെ ഓരംവരെ നിറഞ്ഞുനിന്ന ജനത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിക്കൊണ്ടു സ്വർഗ്ഗീയദൂതു പകർന്നുകൊടുക്കുന്നു. സ്വർഗ്ഗത്തിന്റെ സ്നേഹഭാജനം സാധാരണക്കാരായ ആളുകളോടു തന്റെ രാജ്യത്തിന്റെ ശ്രേഷ്ഠതത്വങ്ങൾ വിശദീകരിക്കുന്നു! യേശുവിന്റെ ശുശ്രൂഷയ്ക്ക് ഇതിനെക്കാൾ അനുയോജ്യമായ വേറൊരു രംഗവുമില്ലായിരുന്നു. നീലിമ കലർന്ന പളുങ്കുപോലെ കിടന്നിരുന്ന തടാകം, മനോഹരമായ കുന്നിൻപുറങ്ങൾ, നോക്കെത്താത്തതുപോലെ പരന്നുകിടക്കുന്ന വയലേലകൾ, സൂര്യപ്രകാശത്തിൽ കുളിച്ചുനില്ക്കുന്ന ഭൂമി, ഇവയെല്ലാം യേശുവിന്റെ സാധനപാഠങ്ങളായിരുന്നു. ശ്രേഷ്ഠമായ സ്വർഗ്ഗീയദൂതുകൾ സാധാരണക്കാരായ ആളുകൾക്കു സുഗ്രാഹ്യമാക്കുവാൻ ഈ സാധനപാഠങ്ങൾ സഹായിച്ചു. ക്രിസ്തു ഉപയോഗിച്ച സാധനപാഠങ്ങൾ വളരെ ഫലവത്തായിരുന്നു. ക്രിസ്തുവിന്റെ അധരങ്ങളിൽനിന്നു പൊഴിഞ്ഞ വാക്കുകൾ ജീവൻ നല്കുന്ന വാക്കുകളായിരുന്നു.

ഗലീലക്കടൽത്തീരത്തു യേശുവിനെ കേൾക്കുവാനും കാണുവാനും വളരെ പുരുഷാരം തടിച്ചുകൂടിക്കൊണ്ടിരുന്നു. ഊന്നുവടികളിൽ ചാരിനില്ക്കുന്ന വയോവൃദ്ധർ, മലയോരത്തുനിന്നു വന്ന ബലിഷ്ഠരായ കർഷകർ, കടലിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികൾ, കച്ചവടക്കാർ, പുരോഹിതന്മാർ, ധനികർ, ദരിദ്രർ, രോഗികളോടുകൂടെ വന്നവർ ഇങ്ങനെ വിവിധതരത്തിലുള്ള ആളുകൾ യേശുവിന്റെ പ്രഭാഷണം കേൾക്കുവാൻ കൂടിവന്നുകൊണ്ടിരുന്നു. ഈ ജനക്കൂട്ടത്തെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ മുൻകൂട്ടിക്കണ്ടതുകൊണ്ടു പ്രവാചകന്മാർ എഴുതി:

“സെബൂലൂൻദേശവും നഫ്താലിദേശവും കടൽക്കര
യിലും യോർദ്ദാനക്കരെയുമുള്ള നാടും ജാതി
കളുടെ ഗലീലയും ഇങ്ങനെ ഇരുട്ടിൽ ഇരിക്കുന്ന
ജനം വലിയൊരു വെളിച്ചം കണ്ടു; മരണത്തിന്റെ ദേശത്തിലും
നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം ഉദിച്ചു.”

ഗന്നേസരെത്ത്തടാകത്തിന്റെ കരയിൽ കൂടിയിരുന്ന ജനാവലിയെ യേശു ദർശിച്ചപ്പോൾ, ഭാവിയിൽ തന്നെ അനുഗമിപ്പാൻ പോകുന്ന തലമുറകളെക്കുറിച്ചു യേശു ഓർത്തു. അവർ കാരാഗൃഹങ്ങളിലും, ന്യായവിസ്താരസഭകളിലും, ഏകാന്തതയിലും ജീവിതം കഴിച്ചുകൂട്ടുന്ന രംഗങ്ങൾ തന്റെ ദിവ്യനയനങ്ങൾകൊണ്ടു കണ്ടു. അവരുടെ സന്തോഷവും ദുഃഖവും തനിക്കു കാണുവാൻ സാധിച്ചു. തന്റെ പ്രസംഗം കേട്ടവർക്കും, വരുംതലമുറകൾക്കും, മുഴുലോകത്തിനും കഷ്ടങ്ങളിൽ പ്രത്യാശയും, ദുഃഖത്തിൽ ആശ്വാസവും, ഇരുളിൽ വെളിച്ചവും യേശു പ്രദാനം ചെയ്തു. ഗലീലക്കടലിലെ പടകിലിരുന്നു സംസാരിച്ച വചനങ്ങൾ ലോകാന്ത്യംവരെ സകലർക്കും സമാധാനവും ആശ്വാസവും പരിശുദ്ധാത്മാവു മുഖാന്തരം നല്കുന്നു.

യേശുവിന്റെ പ്രസംഗം അവസാനിച്ചു. യേശു പിന്നീടു പത്രൊസിനോട് ആഴത്തിലേക്കു പടകു നീക്കിയശേഷം വലയിറക്കാൻ കല്പിച്ചു. പത്രൊസ്

നിരാശപ്പെട്ടിരിക്കയായിരുന്നു. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒരു മത്സ്യ ത്തെപ്പോലും പിടിപ്പാൻ കഴിഞ്ഞില്ല. രാത്രിയുടെ യാമങ്ങളിൽ പത്രൊസ് കാരാഗൃഹത്തിൽ കിടന്നിരുന്ന യോഹന്നാൻ സ്നാപകനെ ഓർത്തു. തങ്ങളു ടെയും യേശുവിന്റെയും ഭാവിയെക്കുറിച്ച് ഓർത്തു പത്രൊസ് വ്യാകുല പ്പെട്ടു. യെഹൂദ്യയിലെ ദൗത്യപരാജയം, റബ്ബിമാരുടെ വിദ്വേഷം, ഇവയെല്ലാം പത്രൊസിന്റെ മനസ്സിൽക്കൂടെ കടന്നുപോയി. പരാജയം എല്ലായിടത്തും തന്നെ കീഴ്പ്പെടുത്തുന്നതായി പത്രൊസിനു തോന്നി. ശൂന്യമായ വലകളി ലേക്കു പത്രൊസ് നോക്കി. എങ്ങും പരാജയം തന്നെ തുറിച്ചുനോക്കുന്ന തായി പത്രൊസിന് അനുഭവപ്പെട്ടു. "നാഥാ," പത്രൊസ് പറഞ്ഞു, "ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല; എങ്കിലും നിന്റെ വാക്കിനു ഞാൻ വലയിറക്കാം."

തടാകത്തിലെ തെളിവുള്ള വെള്ളത്തിൽ വലകൊണ്ടു മീൻ പിടിക്കുവാൻ ഏറ്റവും പറ്റിയ സമയം രാത്രിയായിരുന്നു. രാത്രി മുഴുവനും അദ്ധ്വാനിച്ച ശേഷം ഒന്നും കിട്ടാതെയിരിക്കുന്ന അവസ്ഥയിൽ പകൽ വലയിറക്കുന്നതു ബുദ്ധികേടെന്നു പത്രൊസിനു തോന്നി. എങ്കിലും യേശു ആജ്ഞാപിച്ചത്, "വലയിറക്കുക" എന്നായിരുന്നു. യേശുവിന്റെ ആജ്ഞ അനുസരിക്കുവാൻ യേശുവിനോടുള്ള സ്നേഹം പത്രൊസിനെ നിർബ്ബന്ധിച്ചു. പത്രൊസും അന്ത്രെയാസും ചേർന്നു വലയിറക്കി. അവർ വല വലിച്ചുകയറ്റുവാൻ ശ്രമിച്ച പ്പോൾ മീനിന്റെ ഭാരംകൊണ്ടു വല പൊട്ടുമെന്നു തോന്നി. അവർ യാക്കോബി നെയും യോഹന്നാനെയും സഹായത്തിനു വിളിച്ചു. മത്സ്യം രണ്ടു പടകു കളിലും നിറഞ്ഞു. ഭാരംകൊണ്ടു പടകുകൾ മുങ്ങുമെന്ന നിലയിലായി.

പത്രൊസ് മീനിന്റെ ആധിക്യത്തെക്കുറിച്ചോ, പടകുകളുടെ ഭദ്രതയെ ക്കുറിച്ചോ ആയിരുന്നില്ല ചിന്തിച്ചത്. ക്രിസ്തുവിന്റെ ഈ അത്ഭുതപ്രവൃത്തി പത്രൊസിനെ സംബന്ധിച്ചിടത്തോളം ദൈവകൃപയുടെ ഒരു നിസ്തുല പ്രകടനമായിരുന്നു. യേശുവിൽ, സർവ്വശക്തനായ സ്രഷ്ടാവിനെ പത്രൊസ് കണ്ടു. താൻ എത്ര അശുദ്ധനും അയോഗ്യനുമെന്നു ക്രിസ്തുവിന്റെ മുമ്പിൽ നിന്നപ്പോൾ പത്രൊസിന് അനുഭവപ്പെട്ടു. തന്റെ ഹൃദയത്തിലെ നന്ദി പ്രകടിപ്പിക്കാനറിയാതെ പത്രൊസ് കുഴങ്ങി. യേശുവിന്റെ പരിശുദ്ധിയും തന്റെ അയോഗ്യതയും പത്രൊസിനു വ്യക്തമായി ബോധ്യപ്പെട്ടു. മറ്റുള്ള വർ പടകിൽ മീൻ നിറച്ചുകൊണ്ടിരുന്നപ്പോൾ പത്രൊസ് കർത്താവിന്റെ കാൽക്കൽ വീണു പറഞ്ഞു: "കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകയാൽ എന്നെ വിട്ടു പോകണമേ."

ഇതേ അനുഭവമായിരുന്നു ദാനീയേൽ പ്രവാചകനുണ്ടായത്. ദാനീയേൽ മരിച്ചവനെപ്പോലെ ദൈവദൂതന്റെ മുമ്പിൽ വീണു. സ്വർഗ്ഗത്തിന്റെ പരി ശുദ്ധി ദാനീയേലിന് അനുഭവപ്പെട്ടപ്പോൾ ദാനീയേൽ പറഞ്ഞു: "എന്റെ മുഖ ശോഭ ക്ഷയിച്ചുപോയി; എനിക്ക് ഒട്ടും ബലമില്ലാതെയും ആയി." അതു പോലെ യെശയ്യാവ് ദൈവതേജസ്സു കണ്ടപ്പോൾ നിലവിളിച്ചു പറഞ്ഞു: "എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളൊരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ

വസിക്കുന്നു; എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ" (ദാനീ. 10:8; യെശ. 6:5). ദൈവികത്വത്തിന്റെ പരിശുദ്ധിയും മനുഷ്യന്റെ പാപസ്വഭാവവും തമ്മിലുള്ള അന്തരം പത്രൊസ് മനസ്സിലാക്കിയപ്പോൾ, തന്റെ അശുദ്ധിയെക്കുറിച്ചു ബോധവാനായി. ദൈവമഹത്വവും ശക്തിയും കാണുവാൻ ഭാഗ്യം ലഭിച്ചിട്ടുള്ളവരെല്ലാം ഇതേ അനുഭവത്തിലൂടെയാണു കടന്നുപോയിട്ടുള്ളത്.

പത്രൊസ് ഉച്ചത്തിൽ നിലവിളിച്ചു: "കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ട് എന്നെ വിട്ടു പോകണമേ." ഇങ്ങനെ പ്രാർത്ഥിച്ചുവെങ്കിലും യേശുവിന്റെ സാമീപ്യം പത്രൊസ് ഏറ്റവും അധികം ആഗ്രഹിച്ചു. യേശു പറഞ്ഞു: "ഭയപ്പെടേണ്ടാ; ഇന്നുമുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും." ദൈവത്തിന്റെ പരിശുദ്ധിയും തന്റെ അയോഗ്യതയും കണ്ടുകഴിഞ്ഞതിനുശേഷമാണു യെശയ്യാവിനു ദൈവത്തിന്റെ ദൂതു ലഭിച്ചത്. സ്വയത്തെ ത്യജിക്കുവാനും ദൈവത്തിൽ ആശ്രയിപ്പാനും പത്രൊസിനെ പഠിപ്പിച്ചശേഷം മാത്രമാണു ദൈവവേലയ്ക്കു പത്രൊസ് വിളിക്കപ്പെട്ടത്.

ഇതുവരെയും ശിഷ്യന്മാരാരുംതന്നെ ക്രിസ്തുവിന്റെ കൂട്ടുവേലക്കാർ എന്ന നിലയിലേക്കുയർന്നില്ല. അവർ ക്രിസ്തുവിനോടുകൂടെ നടക്കുകയും ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികൾ കാണുകയും ഉപദേശം കേൾക്കുകയും ചെയ്തിരുന്നുവെങ്കിലും അവരുടെ തൊഴിൽ അവർ ഉപേക്ഷിച്ചിരുന്നില്ല. യോഹന്നാൻ സ്നാപകൻ തുറുങ്കിലടയ്ക്കപ്പെട്ടതു നിരാശാജനകമായ ഒരു സംഭവമായിരുന്നു. യോഹന്നാന്റെ അനുഭവം ഇതായിരുന്നുവെങ്കിൽ അനേകം ശത്രുക്കളുള്ള യേശുവിന്റെ ശിഷ്യന്മാരായ തങ്ങളുടെ നില വളരെ അപകടകരമായ ഒന്നാണെന്ന് അവർക്കറിയാമായിരുന്നു. ഈ സന്ദർഭത്തിൽ മീൻപിടുത്തത്തിലേക്കു മടങ്ങുന്നത് ആശ്വാസകരമായി അവർക്കു തോന്നി. എന്നാൽ യേശു അവരെ ധൈര്യപ്പെടുത്തി. പത്രൊസ് കർത്താവിന്റെ ആഹ്വാനം സ്വീകരിച്ചു. കരയിൽ എത്തിയപ്പോൾ മറ്റു മൂന്നു പേരോടു യേശു പറഞ്ഞു. "എന്നെ അനുഗമിക്ക; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും." അവർ തൽക്ഷണം യേശുവിനെ അനുഗമിച്ചു.

തങ്ങളുടെ ഭൗമിക സമ്പത്തുകൾ ഉപേക്ഷിച്ചശേഷം ക്രിസ്തുവിനെ പിന്തുടരുവാൻ തുടങ്ങുന്ന ശിഷ്യന്മാരോടു ക്രിസ്തു പറഞ്ഞു: "നിങ്ങളുടെ ബുദ്ധിമുട്ടുകൾ ദൈവം തീർത്തുതരും." സുവിശേഷവേലയ്ക്കായി തന്റെ പടകു നല്കിയ പത്രൊസിനു നല്ല പ്രതിഫലം ലഭിച്ചു. "തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നല്കുവാൻ തക്കവണ്ണം സമ്പന്ന"നായ കർത്താവു പറഞ്ഞു: "കൊടുപ്പിൻ; എന്നാൽ നിങ്ങൾക്കും കിട്ടും; അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും" (റോമർ 10:12; ലൂക്കൊസ് 6:38). ശിഷ്യന്മാർക്ക് ഈ വാഗ്ദത്തപ്രകാരമുള്ള പ്രതിഫലം ലഭിച്ചു. യേശുവിനു നല്കുന്ന എല്ലാ ത്യാഗങ്ങൾക്കും പകരമായി "തന്റെ കൃപയുടെ അത്യന്തധനത്തിനൊത്തവണ്ണം അവൻ നല്കും" (എഫെ. 3:20; 2:7).

ഗലീലക്കടലിൽ ശിഷ്യന്മാർ ചെലവഴിച്ച ആ ഏകാന്തരാത്രി അവരുടെ അവിശ്വാസം പ്രകടമായ രാത്രി ആയിരുന്നു. തങ്ങളുടെ നാഥൻ അവരോടൊപ്പമില്ലായിരുന്നു. വൃഥാവിലായ തങ്ങളുടെ പ്രയത്നം അവരെ ക്ഷീണിതരാക്കി. എന്നാൽ യേശുവിന്റെ സാന്നിദ്ധ്യം അവർക്കു ധൈര്യവും പ്രത്യാശയും നല്കി. യേശു അവരുടെ പ്രവർത്തനത്തെ വിജയത്തിലെത്തിച്ചു. നമ്മുടെ ജീവിതവും ഇതുപോലെയത്രേ. ക്രിസ്തു നമ്മുടെ ജീവിതത്തിലില്ലെങ്കിൽ നാം പരാജയമടയും. ക്രിസ്തു നമ്മോടുകൂടെയുള്ളപ്പോൾ നാം സന്തുഷ്ടരാണ്. സാത്താൻ നമ്മെ നിരാശരാക്കുന്നു. ക്രിസ്തു നമ്മിൽ പ്രത്യാശയും വിശ്വാസവും ജനിപ്പിക്കുന്നു.

ക്രിസ്തു ശിഷ്യന്മാർക്കു നല്കിയ പാഠം നമുക്കും പ്രയോജനപ്പെടുത്തുവാനുള്ളതാണ്. കടലിലെ മത്സ്യത്തെ പിടിക്കുവാൻ സഹായിച്ച ആ ശബ്ദം മനുഷ്യഹൃദയങ്ങളെയും തന്റെ സ്നേഹവലയത്തിനുള്ളിൽ കൊണ്ടുവരുന്നു. യേശുവിന്റെ ശിഷ്യന്മാർ അങ്ങനെ മനുഷ്യരെ പിടിക്കുന്നവരായിത്തീരുന്നു.

ഗലീലക്കടലിലെ മീൻപിടുത്തക്കാർ വിദ്യാവിഹീനരും സാധുക്കളുമായിരുന്നു. എന്നാൽ ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിന് ആ സാധുക്കളെ തന്റെ ശ്രേഷ്ഠവേലക്കാരായി രൂപാന്തരപ്പെടുത്തുവാൻ കഴിയുമായിരുന്നു. വിദ്യാഭ്യാസം ആവശ്യമില്ലായെന്നു കർത്താവു പറഞ്ഞിട്ടില്ല. ദൈവസ്നേഹത്താൽ ഭരിക്കപ്പെട്ടതും ദൈവവേലയ്ക്കായി സമർപ്പിക്കപ്പെട്ടതുമായ വിദ്യാഭ്യാസം ഒരനുഗ്രഹമാണ്. എന്നാൽ അക്കാലത്തുണ്ടായിരുന്ന ജ്ഞാനികളെ തന്റെ ശിഷ്യന്മാരായി യേശു തെരഞ്ഞെടുത്തില്ല. അവർ മറ്റുള്ളവരോട് അനുകമ്പയില്ലാത്തവരും അഹംഭാവമുള്ളവരുമായിരുന്നു. അവർക്കു ക്രിസ്തുവിന്റെ കൂട്ടുവേലക്കാരായിരിപ്പാൻ കഴിയുകയില്ലായിരുന്നു. മതമൗലികവാദികളായ അവർ ക്രിസ്തുവിന്റെ സ്നേഹദൂതിനെ അപഹസിച്ചു. തന്റെ കൃപയുടെ ചാലുകളായിത്തീരുന്നവരെയാണു ക്രിസ്തു അന്വേഷിക്കുന്നത്. ക്രിസ്തുവിന്റെ കൂട്ടുവേലക്കാരായിത്തീരാൻ ആഗ്രഹിക്കുന്ന ഏതൊരുവനും പഠിക്കേണ്ട ഒന്നാമത്തെ പാഠം സ്വയത്തെ ആശ്രയിക്കാതിരിക്കുക എന്നതാണ്. 'അഹം' എന്ന ചിന്തയില്ലാത്തവനിൽ ക്രിസ്തുവിന്റെ സ്വഭാവം പകർത്തുവാൻ കഴിയും. വലിയ വിദ്യാഭ്യാസകേന്ദ്രങ്ങളിൽ ക്രിസ്തു നല്കുന്ന പാഠം ലഭ്യമല്ല. യഥാർത്ഥ ജ്ഞാനം ക്രിസ്തുവിൽനിന്നു ലഭിക്കുന്നു.

സാധുക്കളായ മീൻപിടുത്തക്കാരെ ശിഷ്യന്മാരായി യേശു തെരഞ്ഞെടുക്കുവാനുള്ള പ്രധാന കാരണം അവർ അന്നുണ്ടായിരുന്ന വിദ്യാഭ്യാസകേന്ദ്രങ്ങളിൽ പഠിക്കാതിരുന്നതുകൊണ്ടായിരുന്നു. തെറ്റായ ആചാരങ്ങളും പാരമ്പര്യങ്ങളും അന്നത്തെ വിദ്യാലയങ്ങളെ ഗ്രസിച്ചിരുന്നു. അവർക്കു ദൈവദത്തമായ കഴിവുകൾ ഉണ്ടായിരുന്നു. യേശുവിന്റെ ശിഷ്യർ വിനയശീലരും പഠിക്കുവാൻ മനസ്സൊരുക്കമുള്ളവരുമായിരുന്നു. ക്രിസ്തുവിന്റെ വേലക്കാരാകാനുള്ള യോഗ്യതകൾ അവർക്കുണ്ടായിരുന്നു. സ്വന്ത കഴിവുകളെക്കുറിച്ച് അറിവില്ലാതെ ജീവിതക്ലേശങ്ങളിൽ മുഴുകിക്കഴിയുന്ന അനേകം ആളുകൾ സാധാരണക്കാരുടെ ഇടയിലുണ്ട്. അവരുടെ കഴിവുകളെ കണ്ടെത്തി

പ്രോത്സാഹനം നല്കുകയും, വളർച്ചയ്ക്കുള്ള മാർഗ്ഗം കാട്ടിക്കൊടുക്കുകയും ചെയ്താൽ അവർ വളരെ പ്രയോജനമുള്ളവർ ആയിത്തീരും. സുഷുപ്തിയിലാണ്ടിരിക്കുന്ന അവരുടെ കഴിവുകളെ ഉണർത്താൻ വിദഗ്ദ്ധമായ ഒരു കരത്തിന്റെ സ്പർശനം ആവശ്യമാകുന്നു. യേശു തെരഞ്ഞെടുത്ത ശിഷ്യന്മാർ ഇപ്രകാരം കഴിവുള്ള സാധാരണക്കാരായിരുന്നു. ക്രിസ്തുവിന്റെ കൂട്ടുവേലക്കാരായി, ക്രിസ്തുവിനോടുകൂടെ നടക്കുവാനുള്ള പദവിയും സൗകര്യവും അവർക്കു ലഭിച്ചു. ലോകത്തിലെ മഹാന്മാർക്കാർക്കുംതന്നെ ഇപ്രകാരം ഒരു ഗുരുവിനെ ലഭിച്ചിട്ടില്ല. കർത്താവിന്റെ അഭ്യസനം ലഭിച്ച ശിഷ്യന്മാർ ജ്ഞാനവും സംസ്കാരവും ഉള്ളവരായിത്തീർന്നു. ക്രിസ്തുവിന്റെ സ്വഭാവം അവരിൽ വിളങ്ങി. മറ്റുള്ളവർക്കു ജ്ഞാനം പകർന്നുകൊടുക്കുവാൻ അവർക്കു കഴിഞ്ഞു.

അറിവു നല്കുക എന്നു മാത്രമല്ല ഉന്നതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മനസ്സും മനസ്സും തമ്മിലുള്ള സമ്പർക്കത്തിൽനിന്നു സംജാതമാകുന്ന ചൈതന്യവത്തായ ഊർജ്ജശക്തിയെ പ്രദാനം ചെയ്യുകയാണു യഥാർത്ഥ വിദ്യാഭ്യാസം. ജീവനു മാത്രമേ ജീവനെ സൃഷ്ടിക്കുവാൻ കഴിയുകയുള്ളു. ലോകസ്രഷ്ടാവായ യേശുക്രിസ്തുവിനോടൊന്നിച്ചു മൂന്നര വർഷക്കാലം ഇടപഴകുവാൻ ശിഷ്യന്മാർക്കു ലഭിച്ച പദവി എത്ര ശ്രേഷ്ഠമായിരുന്നു! ആ ദിവ്യാത്മാവിനു തന്റെ ഹൃദയത്തെ പൂർണ്ണമായി കീഴ്പ്പെടുത്തിക്കൊടുത്തതു പ്രിയ ശിഷ്യനായ യോഹന്നാനായിരുന്നു. യോഹന്നാൻ പറയുന്നു: “ജീവൻ പ്രത്യക്ഷമായി, ഞങ്ങൾ കണ്ടു സാക്ഷീകരിക്കുകയും പിതാവിനോടുകൂടെയിരുന്നു ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോട് അറിയിക്കുകയും ചെയ്യുന്നു.” “അവന്റെ നിറവിൽനിന്നു നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു” (1 യോഹ. 1:2; യോഹ. 1:16).

തങ്ങൾ ശ്രേഷ്ഠന്മാർ എന്ന് അവകാശപ്പെടാൻ ഒന്നുംതന്നെ നമ്മുടെ കർത്താവിന്റെ ശിഷ്യന്മാർക്കില്ലായിരുന്നു. അവർക്കു ലഭിച്ച വിജയങ്ങളെല്ലാം ദൈവത്തിന്റെ കൃപ ഒന്നുമാത്രമായിരുന്നു. ശിഷ്യന്മാരുടെ ജീവിതവും, അവരുടെ സ്വഭാവമഹിമയും, അവരിൽക്കൂടി ദൈവം പ്രവർത്തിച്ച അത്ഭുതങ്ങളും തെളിയിക്കുന്നത്, ദൈവത്തെ അനുസരിക്കയും, ദൈവവചനം പഠിപ്പാൻ മനസ്സൊരുക്കം കാട്ടുകയും ചെയ്യുന്ന ഏതൊരു വ്യക്തിയിലുംകൂടെ ദൈവം വലിയ അത്ഭുതം പ്രവർത്തിക്കും എന്ന വസ്തുതയാണ്.

ക്രിസ്തുവിനെ കൂടുതൽ സ്നേഹിക്കുന്ന വ്യക്തി കൂടുതൽ നന്മ പ്രവർത്തിക്കും. “ഞാൻ” എന്ന ഭാവം കളഞ്ഞ്, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനുവേണ്ടി ഹൃദയം തുറന്നുകൊടുക്കുകയും ദൈവനാമമഹത്വത്തിനായി പരിപൂർണ്ണ സമർപ്പണബോധത്തോടെ ജീവിക്കുകയും ചെയ്യുന്ന ഒരുവന്റെ മൂല്യത്തിനു പരിമിതി നിർണ്ണയിക്കുക അസാദ്ധ്യമാണ്. ദൈവത്തിന്റെ ശാസനയെ സന്തോഷത്തോടെ സ്വീകരിക്കുന്നവനെ ദൈവം നയിക്കും. ദൈവം തന്റെ കൃപ കാണിപ്പാൻ എപ്പോഴും ഒരുക്കമുള്ളവനാണ്. ദൈവജനം വിഘ്നാതം സൃഷ്ടിക്കാതിരുന്നാൽ കൃപാജലം ദൈവം അവരിൽക്കൂടെ ഒഴുകുവാൻ അനുവദിക്കും. വിനയവും താഴ്മയുമുള്ള ദൈവജനം

തങ്ങൾക്കാവുന്ന സൽപ്രവൃത്തികൾ ചെയ്‌വാൻ അനുവദിക്കപ്പെട്ടാൽ ഇന്ന് ഒരാൾ പ്രവർത്തിക്കുന്ന സ്ഥലത്തു നൂറുപേർ ക്രിസ്തുവിനുവേണ്ടി പ്രവർത്തിപ്പാൻ ഉണ്ടായിരിക്കും.

ദൈവം തങ്ങളിൽ പ്രവർത്തിക്കുന്നതിന് ആരെങ്കിലും തങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിച്ചാൽ അയാൾ ഏതു നിലയിലായിരുന്നാൽത്തന്നെയും ദൈവം അവനെ സ്വീകരിക്കും. ദൈവത്തിനായി പൂർണ്ണമായി സമർപ്പിച്ച വ്യക്തി പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെ വളർച്ച പ്രാപിക്കുകയും, ദൈവത്തിന്റെ ആജ്ഞകളെ നിറവേറ്റാൻ ശക്തി ആർജ്ജിക്കുകയും ചെയ്യും. ബലഹീനമനസ്സുള്ളവർ ശക്തിയും സ്ഥിരതയുമുള്ളവരായിത്തീരും. ക്രിസ്തുവിന്റെ ശിഷ്യൻ വിശ്വസ്തതയോടെ ക്രിസ്തീയ ജീവിതം നയിക്കുമ്പോൾ ക്രിസ്തുവുമായുള്ള ബന്ധം സുദൃഢമാകുകയും ശിഷ്യന്റെ മനസ്സും സ്വഭാവവും ക്രിസ്തുവിന്റേതുപോലെ ആയിത്തീരുകയും ചെയ്യുന്നു. അവന്റെ കാഴ്ചപ്പാടു വ്യക്തവും തെളിവുള്ളതുമായിരിക്കും. കാര്യങ്ങളെ അപഗ്രഥിച്ചറിയുവാനുള്ള കഴിവ് ആ വ്യക്തിക്കു ലഭിക്കും. അവൻ എടുക്കുന്ന തീരുമാനങ്ങൾ ശരിയായിട്ടുള്ളതുമായിരിക്കും. ക്രിസ്തുസേവയിൽ ഇറങ്ങുവാൻ ആഗ്രഹിക്കുന്ന ഒരാൾക്കു ദൈവമഹത്വത്തിനായി ധാരാളം ഫലം പുറപ്പെടുവിപ്പാൻ കഴിയും. നീതിസൂര്യനാകുന്ന ക്രിസ്തുവിന്റെ ജീവദായകമാകുന്ന ശക്തി അവന്റെമേൽ ചൊരിയപ്പെടും.

വലിയ ജ്ഞാനികൾ, എളിയവരെന്നു ലോകം കരുതുന്ന ആളുകളിൽ നിന്നു വിലയേറിയ പാഠങ്ങൾ പഠിച്ചിട്ടുണ്ട്. പ്രശസ്തി ലഭിച്ചിട്ടില്ലാത്ത ഇവർ ദൈവത്തിന്റെ പാഠശാലയിൽനിന്നു ബിരുദം നേടിയവരാണ്. ആരും ഒരു നാളും സംസാരിക്കാത്തതുപോലെ സംസാരിച്ചിട്ടുള്ളവന്റെ പാദാന്തികത്തിലിരുന്നു പഠിച്ചിട്ടുള്ളവരായിരുന്നു അവർ.

# 26

# കഫർന്നഹൂമിൽ

യാത്രകളുടെ ഇടവേളകളിൽ യേശു കഫർന്നഹൂമിൽ പാർത്തിരുന്നതു കൊണ്ട് അത് "തന്റെ സ്വന്തനഗരമെന്ന്" അറിയപ്പെട്ടിരുന്നു. ഗലീല കടൽത്തീരത്തുള്ള ഗന്നേസരെത്ത് സമതലത്തിന്റെ അതിർത്തിക്കു സമീപമായിരുന്നു ഈ നഗരം നിലനിന്നിരുന്നത്.

തടാകത്തിന്റെ സാമീപ്യം ചുറ്റും വ്യാപിച്ചുകിടന്നിരുന്ന സമതലപ്രദേശത്തിന്റെ കാലാവസ്ഥ സുഖശീതളമാക്കിയിരുന്നു. ഈന്തപ്പനകളും, ഒലിവു മരങ്ങളും, മുന്തിരിത്തോപ്പുകളും, പച്ചവിരിച്ച ഗോതമ്പുവയലുകളും, നിറപ്പകിട്ടുള്ള പൂന്തോപ്പുകളും, ഈ പ്രദേശത്തെ ഏറ്റവും ആകർഷകമാക്കി. തടാകത്തിന്റെ ചുറ്റുമുള്ള സമതലവും തീരപ്രദേശങ്ങളും ജനനിവാസ കേന്ദ്രങ്ങളായിരുന്നു. ഗലീലക്കടലിൽ മത്സ്യബന്ധനത്തിനുള്ള പടകുകൾ അങ്ങോട്ടുമിങ്ങോട്ടും പൊയ്ക്കൊണ്ടിരുന്നു. എങ്ങും ജീവിതത്തിന്റെ തിരക്കു കാണാമായിരുന്നു.

യേശുവിന്റെ പ്രവർത്തനകേന്ദ്രമായിരിക്കാൻ കഫർന്നഹൂം എല്ലാ വിധത്തിലും സൗകര്യപ്രദമായ ഒരു സ്ഥലമായിരുന്നു. ദമസ്കൊസിൽനിന്നു മധ്യധരണിക്കടലിലേക്കും, യെരൂശലേമിലേക്കും ഈജിപ്തിലേക്കുമുള്ള രാജപാത കഫർന്നഹൂമിൽക്കൂടെയാണു കടന്നുപോയിരുന്നത്. നിരവധി യാത്രക്കാർ ഈ നഗരത്തിൽക്കൂടെ കടന്നുപൊയ്ക്കൊണ്ടിരുന്നു. ധാരാളംപേർ ഈ നഗരത്തിൽ താമസിക്കാറുണ്ടായിരുന്നു. തന്മൂലം അനവധി ആളുകളെ കാണുന്നതിനു യേശുവിനു കഴിഞ്ഞു. മാത്രമല്ല യേശുവിന്റെ ഉപദേശങ്ങൾ അന്യനാടുകളിലേക്കു വ്യാപരിക്കുന്നതിനും ഇടയായി. അങ്ങനെ അനേകം പേർക്കു പ്രവചനം പഠിക്കുന്നതിനും പ്രവചനത്തിലെ മുഖ്യഘടകമായ ക്രിസ്തുവിനെക്കുറിച്ച് അറിയുന്നതിനും ഇതുമൂലം ഇടയായി.

സൻഹെദ്രിൻസംഘം യേശുവിനെതിരായി നിലകൊണ്ടെങ്കിലും, ജനം യേശുവിന്റെ ഉപദേശങ്ങൾ സന്തോഷത്തോടെ ശ്രദ്ധിച്ചുപോന്നു. യേശുവിന്റെ പ്രവർത്തനം സ്വർഗ്ഗം അതീവ താൽപര്യത്തോടെ വീക്ഷിച്ചിരുന്നു. യേശുവിനെ സ്വീകരിപ്പാനുള്ള താൽപര്യം മനുഷ്യഹൃദയങ്ങളിൽ ഉളവാക്കുന്നതിനു ദൈവദൂതന്മാർ പരിശ്രമിച്ചു.

കഫർന്നഹൂമിൽ യേശു സൗഖ്യമാക്കിയ പ്രഭുവിന്റെ മകൻ ക്രിസ്തുവിന്റെ അധികാരത്തിന് ഒരു നല്ല സാക്ഷ്യമായിരുന്നു. ആ രാജഭൃത്യനും കുടുംബവും യേശുവിനെ സ്വന്തരക്ഷകനായി സ്വീകരിച്ചിരുന്നു. യേശു കഫർന്നഹൂമിൽ എത്തിയിരിക്കുന്നുവെന്ന വാർത്ത എല്ലാടവും പരന്നപ്പോൾ പട്ടണം മുഴുവൻ ഇളകി. ജനം യേശുവിനെ കാണുവാൻ വന്നുകൂടി. ശബ്ബത്തുനാളിൽ തിരക്കുമൂലം ദൈവാലയത്തിനകത്ത് എല്ലാവർക്കും പ്രവേശിപ്പാൻ കഴിയാതെ വന്നു.

രക്ഷകന്റെ ദൂതു കേട്ടവർ "അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു" (ലൂക്കൊസ് 4:32). "അവരുടെ ശാസ്ത്രിമാരെപ്പോലെയല്ല, അധികാരമുള്ളവനായിട്ടത്രേ അവൻ അവരോട് ഉപദേശിച്ചത്" (മത്തായി 7:29). ശാസ്ത്രിമാരുടെയും മൂപ്പന്മാരുടെയും ഉപദേശം അർത്ഥമില്ലാത്തതും ഔപചാരികവുമായിരുന്നു. അർത്ഥരഹിതമായ ജല്പനങ്ങൾ പോലെയായിരുന്നു അവരുടെ ഉപദേശങ്ങൾ. ദൈവവചനത്തിന്റെ ചൈതന്യം അവർക്ക് അനുഭവപ്പെട്ടിരുന്നില്ല. സ്വന്തമായ ആശയങ്ങളും പാരമ്പര്യാചാരങ്ങളുമായിരുന്നു ദൈവവചനത്തിനു പകരം അവർ ഉപയോഗിച്ചത്. ദൈവകല്പനകളെ സ്വന്തതാൽപര്യത്തിനനുസരിച്ച് അവർ പഠിപ്പിച്ചു. എന്നാൽ പരിശുദ്ധാത്മനിറവില്ലാത്ത അവരുടെ ഉപദേശങ്ങൾ ശ്രോതാക്കളെ ലേശവും സ്പർശിച്ചില്ല.

യെഹൂദന്മാരുടെ തർക്കവിഷയങ്ങളിലൊന്നും യേശു ഇടപെട്ടില്ല. സത്യം മറ്റുള്ളവർക്കു പകർന്നുകൊടുക്കുകയായിരുന്നു യേശുവിന്റെ പ്രവൃത്തി. പ്രവാചകന്മാരുടെയും ഗോത്രപിതാക്കന്മാരുടെയും ഉപദേശങ്ങൾക്കു യേശു പ്രകാശം നല്കി. തിരുവെഴുത്തുകളെ ജനങ്ങൾക്കു സുഗ്രാഹ്യമാക്കിക്കൊടുത്തു. ഇതിനു മുമ്പൊരിക്കലും ദൈവവചനത്തിന്റെ ആഴമേറിയ അർത്ഥങ്ങൾ അവർ കേട്ടിരുന്നില്ല.

യേശു ജനത്തിന്റെ യഥാർത്ഥ നില മനസ്സിലാക്കി. അവരുടെ പ്രയാസങ്ങളെ യേശു നേരിട്ടറിഞ്ഞു. സത്യത്തെ ജനങ്ങൾക്കു മനസ്സിലാകുന്ന തരത്തിൽ പറഞ്ഞുകൊടുത്തപ്പോൾ അതു സൗന്ദര്യമുള്ളതായിത്തീർന്നു. യേശുവിന്റെ വാക്കുകൾ പരിശുദ്ധമായ ഒരു കാട്ടരുവിയെപ്പോലെ ശുദ്ധവും ലാവണ്യമാർന്നതുമായിരുന്നു. റബ്ബിമാരുടെ അരോചകമായ ശബ്ദം കേട്ടു പഴകിയിരുന്ന കാതുകൾക്കു യേശുവിന്റെ ശബ്ദം സംഗീതസാന്ദ്രമായിരുന്നു. യേശുവിന്റെ ഉപദേശം ലളിതവും അതേസമയം അധികാരം നിഴലിക്കുന്നതുമായിരുന്നു. "അവൻ അധികാരമുള്ളവനായിട്ടത്രേ അവരെ ഉപദേശിച്ചത്" (മർക്കൊസ് 1:22). മറ്റുള്ളവരുടെ ഉപദേശങ്ങളിൽനിന്നു യേശുവിന്റെ ഉപദേശത്തിനുണ്ടായിരുന്ന പ്രത്യേകത ഈ വ്യത്യാസം ആയിരുന്നു. തങ്ങൾക്കു തന്നെ നിശ്ചയദാർഢ്യവും താൽപര്യവും ഇല്ലാത്ത കാര്യങ്ങളായിരുന്നു റബ്ബിമാർ ഉപദേശിച്ചിരുന്നത്. അവയുടെ ശരിയായ അർത്ഥവും അവർ ഗ്രഹിച്ചിരുന്നില്ല. അതുകൊണ്ടു ശ്രോതാക്കൾക്ക് അവ ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. യേശു തിരുവെഴുത്തുകളെ സംശയരഹിതമായി പഠിപ്പിച്ചു. ഏതൊരു വിഷയത്തെക്കുറിച്ചും ആധികാരികമായി യേശു ഉപദേശിച്ചു.

യേശു ഒരിക്കലും തന്റെ ഉപദേശങ്ങളെ മറ്റുള്ളവരുടെമേൽ അടിച്ചേല്പിച്ചില്ല. സ്നേഹത്തോടും ലളിതമായും യേശു പഠിപ്പിച്ചു. യേശു ഒരു ലക്ഷ്യത്തോടുകൂടെയാണു പഠിപ്പിച്ചത്. സ്വർഗ്ഗത്തിന്റെ യാഥാർത്ഥ്യങ്ങൾ യേശു ജനങ്ങൾക്കു വെളിപ്പെടുത്തിക്കൊടുത്തു. തന്റെ പിതാവിനെ ജനങ്ങൾക്കു പരിചയപ്പെടുത്തിക്കൊടുക്കുകയാണു യേശു മുഖ്യമായും ചെയ്തത്. ലൗകിക മോഹങ്ങളാണു മനുഷ്യനെ പരാജയപ്പെടുത്തുന്നതെന്നു യേശു പഠിപ്പിച്ചു. സ്വർഗ്ഗീയതാൽപര്യങ്ങൾക്കു യേശു പ്രഥമസ്ഥാനം നല്കി. ഭൗതിക കാര്യങ്ങൾക്കും അവ അർഹിക്കുന്ന സ്ഥാനം യേശു നല്കുകയും ചെയ്തു. സ്വർഗ്ഗവും ഭൂമിയും തമ്മിൽ പരസ്പരബന്ധമുണ്ടെന്നു യേശു പഠിപ്പിച്ചു. സ്വർഗ്ഗീയസത്യങ്ങളെ സംബന്ധിച്ച ശരിയായ ജ്ഞാനം ഭൗമിക ജീവിതത്തിലെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാൻ ഒരുവനെ പ്രാപ്തനാക്കുന്നുവെന്നു യേശു പറഞ്ഞു. സ്വർഗ്ഗത്തിന്റെ പ്രതിനിധിയായി യേശു ഉപദേശിച്ചു. ദൈവത്തോടു തനിക്കുള്ള ബന്ധത്തെക്കുറിച്ചു നല്ല അറിവുള്ളവനായും, ജനത്തോടുള്ള തന്റെ കർത്തവ്യങ്ങളെ വിസ്മരിക്കാതെയും യേശു ഉപദേശിച്ചു.

വിവിധ ആവശ്യങ്ങളുമായി തന്റെ സന്നിധിയിൽ വരുന്നവർക്കു സംതൃപ്തി നല്കുന്ന വിധത്തിലായിരുന്നു യേശുവിന്റെ കാരുണ്യം നിറഞ്ഞ ഉപദേശങ്ങൾ. "തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ" (യെശ. 50:4) കഴിവുള്ളവനായിരുന്നു നമ്മുടെ കർത്താവ്. സ്വർഗ്ഗീയദൂതുകൾ മനുഷ്യരുടെ ശ്രദ്ധയെ പിടിച്ചുപറ്റുന്ന രീതിയിൽ യേശു നല്കി. തന്റെ കരുണ മനുഷ്യഹൃദയങ്ങളെ ആകർഷിച്ചു. മുൻവിധിയുമായി വന്ന ആളുകളെ നിശ്ശബ്ദരാക്കുവാനുള്ള കഴിവു യേശുവിനുണ്ടായിരുന്നു. കേൾവിക്കാരുടെ ഹൃദയങ്ങളെ ആകർഷിക്കുന്ന ഉദാഹരണങ്ങൾ യേശു നല്കിയപ്പോൾ അവർ അത്ഭുതപ്പെട്ടു. ജനത്തിന്റെ അന്തരാത്മാവിലേക്കു കടന്നുചെല്ലുവാൻ യേശുവിനു കഴിഞ്ഞു. യേശുവിന്റെ സുപ്രസിദ്ധമായ ഉപമകൾ മനുഷ്യരുടെ

ദൈനംദിന ജീവിതത്തിൽനിന്ന് അടർത്തിയെടുത്തിട്ടുള്ളവയായിരുന്നു. ലളിത സുന്ദരങ്ങളായ ആ ഉപമകൾക്ക് അഗാധമായ അർത്ഥം ഉണ്ടായിരുന്നു. ആകാശത്തിലെ പറവകൾ, വയലിലെ താമര, വിതയ്ക്കാൻ പുറപ്പെട്ടവന്റെ കഥ, ഇടയനും ആടുകളും തുടങ്ങിയ ഉപമകളിലൂടെ സ്വർഗ്ഗീയസത്യം യേശു വിശദമാക്കി. ഈ ഉപമകൾ യേശുവിൽനിന്നു കേട്ടവർ, അവർ പഠിച്ച സത്യം ഒരിക്കലും മറന്നുപോകയില്ല. പ്രകൃതിയിലെ ഈ ദൃശ്യങ്ങൾ കാണുമ്പോൾ അവർ പഠിച്ച പാഠങ്ങൾ വീണ്ടും ഓർമ്മയിലെത്തുമായിരുന്നു.

ക്രിസ്തു ഒരിക്കലും ഒരു സ്തുതിപാഠകനായിരുന്നില്ല. ഒരുവനെയും സ്വന്ത താൽപര്യത്തിനുവേണ്ടി പുകഴ്ത്തിയിരുന്നില്ല. മനുഷ്യരുടെ നേട്ടങ്ങളിൽ അതിർവിട്ട് ആരെയും യേശു വാഴ്ത്തിയിരുന്നില്ല. നിഷ്പക്ഷരായ ആളുകൾ യേശുവിന്റെ ഉപദേശങ്ങൾ ശ്രദ്ധിച്ചു. ഏവർക്കും സുഗ്രാഹ്യമായി പ്രതിപാദിക്കപ്പെട്ട ആത്മീയസത്യങ്ങളിൽ അവർ ആകൃഷ്ടരായി. വിദ്യാസമ്പന്നരും വിദ്യാവിഹീനരും യേശുവിന്റെ വചനങ്ങൾ താൽപര്യത്തോടെ കേട്ടു. എല്ലാ നിലകളിലുള്ളവരെയും യേശുവിന്റെ ദൂത് ആകർഷിച്ചു. ജാതികളായിരുന്നവർപോലും യേശുവിന്റെ ദൂതു ശ്രദ്ധയോടെ കേട്ടു.

ക്ഷീണിതരും മനസ്സു കലങ്ങിയവരുമായ ആളുകൾക്കു യേശു ആശ്വാസം പകർന്നുകൊടുത്തു. ശത്രുക്കൾ തനിക്ക് അപകടം വരുത്തുവാൻ ശ്രമിച്ചപ്പോഴും യേശു സമാധാനചിത്തനായിരുന്നു. ശാന്തത കളിയാടിയിരുന്ന യേശുവിന്റെ മുഖവും, സ്വഭാവനൈർമ്മല്യവും, നിഷ്കളങ്കസ്നേഹവും ജനത്തെ തങ്കലേക്ക് അടുപ്പിച്ചു. സ്നേഹത്തോടുകൂടിയ യേശുവിന്റെ പെരുമാറ്റമായിരുന്നു ജനത്തെ തന്നിലേക്കാകർഷിച്ചത്. യേശുവിന്റെ സന്നിധിയിൽ കടന്നുവന്ന എല്ലാ അശരണരും ഒരു നല്ല സ്നേഹിതനെ യേശുവിൽ കണ്ടു. തങ്ങളുടെ ആവശ്യങ്ങളെ മനസ്സിലാക്കുന്ന കരുണാമയനായ ഒരു പ്രിയ സഖിയാണു യേശുവെന്ന് അവർ മനസ്സിലാക്കി. യേശു പഠിപ്പിച്ച സത്യങ്ങളെപ്പറ്റി കൂടുതൽ അറിയുവാൻ അവർ ആഗ്രഹിച്ചു. യേശുവിന്റെ സന്നിധിയിൽ എപ്പോഴും ആയിരിപ്പാൻ അവർ ആഗ്രഹിച്ചു. തന്റെ ഉപദേശം കേട്ടവരുടെ സംതൃപ്തമായ മുഖങ്ങൾ യേശുവിനു സന്തോഷം നല്കി. സത്യത്തിന്റെ മൂർച്ചയേറിയ അമ്പുകൾ പാപത്താൽ കളങ്കപ്പെട്ട ഹൃദയങ്ങളിലേക്കു തുളച്ചുകയറി. പാപികളാണു തങ്ങൾ എന്നു ബോധ്യം വന്ന് അനുതാപ ഹൃദയങ്ങളോടെ തന്റെ സന്നിധിയിലേക്കു കടന്നുവന്നവരെ കണ്ടപ്പോൾ യേശുവിന്റെ ഹൃദയം സന്തോഷിച്ചു. പരിചിതമുഖങ്ങൾ യേശുവിനു സന്തോഷം നല്കി. പലരും സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളായിത്തീരാൻ പോകുന്നവരായിരുന്നു. വേദപുസ്തകസത്യങ്ങൾ യാതൊരു മൂടുപടവുമില്ലാതെ യേശു നല്കി. അതു ശ്രദ്ധിച്ചുകൊണ്ടിരുന്നവരുടെ മുഖങ്ങൾ യേശു പരിശോധിക്കുന്നുണ്ടായിരുന്നു. ചിലർ നിർവ്വികാരരായിരുന്നു. അവരിൽ അത് ഒരു മാറ്റവും വരുത്തിയില്ല. അവരുടെ സ്ഥിതി യേശുവിനെ ദുഃഖിപ്പിച്ചു.

തന്റെ രാജ്യത്തെക്കുറിച്ചും, സാത്താന്റെ പിടിയിലമർന്നവരെ രക്ഷിപ്പാനുള്ള തന്റെ പരിപാടിയെക്കുറിച്ചും യേശു ദൈവാലയത്തിൽവച്ചു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ബുദ്ധിസ്ഥിരതയില്ലാത്ത ഒരു മനുഷ്യൻ അലറിവിളിച്ചു

കൊണ്ട് ഓടിയെത്തി. “നസ്രായനായ യേശുവേ, ഞങ്ങൾക്കും നിനക്കും തമ്മിൽ എന്ത്? ഞങ്ങളെ നശിപ്പിക്കാൻ വന്നുവോ? നീ ആർ എന്നു ഞാൻ അറിയുന്നു. ദൈവത്തിന്റെ പരിശുദ്ധൻ തന്നെ.”

ഈ മനുഷ്യന്റെ ശബ്ദം കേട്ട് എല്ലാവരും ഭയപ്പെട്ടു. എല്ലാവരുടെയും ശ്രദ്ധ യേശുവിൽനിന്നു തിരിക്കപ്പെട്ടു. ഇതു സാത്താന്റെ ഒരു തന്ത്രമായിരുന്നു. യേശു പിശാചിനെ ശാസിച്ചു: “മിണ്ടരുത്; അവനെ വിട്ടു പോ എന്നു പറഞ്ഞു. അപ്പോൾ അശുദ്ധാത്മാവ് അവനെ ഇഴച്ച്, ഉറക്കെ നിലവിളിച്ച് അവനെ വിട്ടു പോയി.”

പിശാച് ഈ നിർഭാഗ്യവാനായ മനുഷ്യന്റെ മനസ്സിനെ അന്ധകാരമയമാക്കിയിരുന്നു. എന്നാൽ യേശു അവന്റെ മനസ്സിനെ സ്വതന്ത്രമാക്കി. അവനു വെളിച്ചം പകർന്നുകൊടുത്തു. പിശാചു കർത്താവിനോടെതിർത്തു നില്പാൻ നോക്കി. അരിഷ്ടനായ ആ മനുഷ്യൻ യേശുവിനോടു സഹായമഭ്യർത്ഥിച്ചപ്പോൾ, പിശാച് അവന്റെ വായിലെ വാക്കുകളെ മാറ്റിമറിച്ചു. തന്നെ വിടുവിപ്പാൻ കഴിവുള്ളവന്റെ മുമ്പിലാണു താൻ നില്ക്കുന്നതെന്ന് ആ ഭൂതബാധിതന് അല്പമായിട്ടെങ്കിലും അറിവുണ്ടായിരുന്നു. ക്രിസ്തുവിന്റെ ശക്തമായ കരങ്ങൾക്കു സമീപം വരുവാൻ ആ മനുഷ്യൻ ആഗ്രഹിച്ചപ്പോൾ മറ്റൊരു ആജ്ഞാശക്തി അവനെ നിരോധിച്ചു. ആ അന്ധകാരശക്തിയുടെ വാക്കുകൾ ഈ രോഗിയിലൂടെ പുറത്തുവന്നു. സാത്താന്റെ അധീശത്വവും സ്വതന്ത്രനാകാനുള്ള ആ മനുഷ്യന്റെ ആഗ്രഹവും തമ്മിലുള്ള പോരാട്ടം ഭയാനകമായിരുന്നു.

മരുഭൂമിയിൽവച്ചു സാത്താനെ നേരിട്ട കർത്താവു വീണ്ടും അവനെ അഭിമുഖീകരിച്ചു. തന്റെ ഇരയുടെമേൽ ശക്തി ഉറപ്പിക്കാൻ സാത്താൻ എല്ലാ മാർഗ്ഗങ്ങളും പ്രയോഗിച്ചു. ഇവിടെ പിന്മാറേണ്ടിവന്നാൽ യേശുവിന്റെ ആധിപത്യം ഉറപ്പാകുമെന്നു സാത്താനറിയാമായിരുന്നു. തന്റെ വ്യക്തിത്വത്തെ താറുമാറാക്കിയ സാത്താനുമായുള്ള പോരാട്ടത്തിൽ തന്റെ ജീവൻതന്നെ അപകടത്തിലാണെന്നു ഭൂതബാധിതനായ ആ മനുഷ്യനറിയാമായിരുന്നു. ഈ അവസരത്തിൽ ആ മനുഷ്യനെ വിട്ടുപോകാൻ യേശു അധികാരത്തോടെ സാത്താനോടു കല്പിച്ചു. സാത്താൻ ആ മനുഷ്യനെ വിട്ടുപോയപ്പോൾ, അയാൾ മോചനം പ്രാപിച്ചതിലുള്ള സന്തോഷത്തോടെ അത്ഭുതപരതന്ത്രരായ ജനക്കൂട്ടത്തിന്റെ മുമ്പാകെ നിന്നു. പിശാചുപോലും യേശുവിന്റെ ദിവ്യത്വത്തെ സാക്ഷീകരിച്ചു.

പിശാചിൽനിന്നു മോചിതനായ ആ മനുഷ്യൻ നന്ദിപൂർവ്വം ദൈവത്തെ സ്തുതിച്ചു. ബുദ്ധിഭ്രമം നിഴലിട്ടിരുന്ന അയാളുടെ കണ്ണുകൾ ചൈതന്യമുള്ളതും നന്ദി പ്രതിഫലിക്കുന്നതുമായി കാണപ്പെട്ടു. ഇതെല്ലാം കണ്ട് അത്ഭുതപ്പെട്ട ജനം നിർന്നിമേഷരായ നിന്നു. സംസാരിപ്പാനുള്ള ശക്തി ലഭിച്ചപ്പോൾ അവർ തമ്മിൽ പറഞ്ഞു: “ഇതെന്ത്? ഒരു പുതിയ ഉപദേശം; അവൻ അധികാരത്തോടെ അശുദ്ധാത്മാക്കളോടും കല്പിക്കുന്നു; അവ അവനെ അനുസരിക്കുകയും ചെയ്യുന്നു” (മർക്കൊസ് 1:27).

ആ പിശാചുബാധിതന്റെ നിർഭാഗ്യകരമായ രോഗത്തിന്റെ കാരണം തന്റെ ജീവിതത്തിൽ വന്നുപോയ പരാജയങ്ങളായിരുന്നു. പാപജീവിതം നയിച്ചവ നായിരുന്നു അയാൾ. ജീവിതത്തെ തെറ്റായ മാർഗ്ഗത്തിലേക്ക് അവൻ തിരിച്ചു വിട്ടു. മറ്റുള്ളവർക്കു ഭയം ജനിപ്പിക്കുന്ന ഒരാളായിത്തീരുമെന്നോ, സ്വഭാവ ത്തിന് അപമാനം വരുത്തിവയ്ക്കുമെന്നോ അവൻ സ്വപ്നേപി ചിന്തിച്ചി രുന്നില്ല. വിലയേറിയ സമയത്തെ അവൻ നഷ്ടമാക്കി. അവന്റെ അധഃപതനം അതിവേഗത്തിലായിരുന്നു. ആത്മനിയന്ത്രണം ഇല്ലാത്ത ജീവിതവും അപഥ സഞ്ചാരവും അവനെ നശിപ്പിച്ചു. സാത്താൻ അവന്റെമേൽ ആധിപത്യം ഉറപ്പിച്ചു.

പശ്ചാത്താപം വളരെ താമസിച്ചാണുണ്ടായത്. അവനു നഷ്ടമായ ജീവിതം വീണ്ടുകിട്ടുവാൻ അവൻ എന്തു ത്യാഗവും സഹിപ്പാൻ സന്നദ്ധനായ പ്പോഴേക്കും പിശാച് അവനിൽ പിടിമുറുക്കിക്കഴിഞ്ഞിരുന്നു. ശത്രുപാളയത്തി ലേക്കു സ്വയം കടന്നുചെന്ന അവൻ ശാരീരികവും മാനസികവുമായ തന്റെ എല്ലാ കഴിവുകളും സാത്താന് അടിയറവച്ചു. സാത്താന്റെ മോഹനവാഗ് ദാനങ്ങൾ അവൻ വിശ്വസിച്ചു. സാത്താന്റെ പൂർണ്ണ നിയന്ത്രണത്തിൽ അവൻ വീണുകഴിഞ്ഞപ്പോൾ, സാത്താന്റെ നിഷ്ഠുര പീഡനം ആരംഭിച്ചു. സാത്താന്റെ കീഴിൽ വരുന്നവർക്കെല്ലാം ഇതേ അനുഭവമാണുണ്ടാകുന്നത്. ജീവിതത്തിന്റെ തുടക്കത്തിലുണ്ടായിരിക്കുന്ന ആഹ്ലാദമെല്ലാം നിരാശയുടെ അന്ധതമസ്സിൽ പതിക്കുകയോ ബുദ്ധി നഷ്ടപ്പെടുകയോ ആയിരിക്കും സാത്താന്റെ വഞ്ചനയിൽപ്പെടുന്നവർക്കു ലഭിക്കുന്ന പ്രതിഫലം.

മരുഭൂമിയിൽവച്ചു കർത്താവിനെ പരീക്ഷിച്ച പിശാചു തന്നെയായിരുന്നു കഫർന്നഹൂമിലെ നിർഭാഗ്യവാനായ മനുഷ്യനെയും ബാധിച്ചത്. അതേ പിശാചു തന്നെയാണ് അവിശ്വാസികളായ യെഹൂദന്മാരെയും ബാധിച്ചിരു ന്നത്. എന്നാൽ പിശാചു തന്ത്രപൂർവ്വമാണു യെഹൂദന്മാരെ വഞ്ചിച്ചത്. ഭക്തി യുടെ വേഷം ധരിച്ചുകൊണ്ടു രക്ഷകനെ അവർ പരിത്യജിക്കുന്നതിന് ഇട യായി. ഭൂതബാധിതനെക്കാൾ കഷ്ടമായിരുന്നു യെഹൂദന്മാരുടെ അവസ്ഥ. രക്ഷിതാവിന്റെ ആവശ്യം അവർക്കു തോന്നിയില്ല. സാത്താൻ അവരെ അത്ര മാത്രം നിയന്ത്രിച്ചിരുന്നു.

കർത്താവിന്റെ പ്രവർത്തനകാലത്തായിരുന്നു സാത്താനും ഏറ്റവും ശക്തിയോടെ പ്രവർത്തിച്ചിരുന്നത്. സാത്താനും മറ്റു ദുഷ്ടാത്മസേനകളും മനുഷ്യരെ വഞ്ചിക്കുവാൻ അനേക നൂറ്റാണ്ടുകളായി പ്രവർത്തിച്ചുകൊണ്ടിരി ക്കുകയായിരുന്നു. ലോകത്തിലെ എല്ലാ പ്രശ്നങ്ങൾക്കും ദൈവമാണു കാരണ ക്കാരൻ എന്നു പിശാച് ആരോപിച്ചു. ദൈവത്തിന്റെ സ്വഭാവം ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുവാനായി യേശുക്രിസ്തു വന്നു. യേശു പിശാചിനെ തോല്പിച്ച് അവന്റെ അടിമത്തത്തിൽ കഴിഞ്ഞവരെ വിടുവിച്ചു. യേശു ക്രിസ്തു മനുഷ്യർക്കു നവജീവനും സ്നേഹവും ശക്തിയും പ്രദാനം ചെയ്തു. പിശാചു തന്റെ അധികാരം സ്ഥാപിക്കാനായി രംഗത്തിറങ്ങി. സാത്താൻ തന്റെ അനുയായികളെ ക്രിസ്തുവിനെതിരായി അണിനിരത്തി.

നീതിയും ദുഷ്ടതയും തമ്മിലുള്ള അന്തിമ പോരാട്ടം ഇതേ രീതിയിലായിരിക്കും. ക്രിസ്തുവിന്റെ ശിഷ്യന്മാരുടെമേൽ ഉയരത്തിൽനിന്നു ജീവനും ശക്തിയും ചൊരിഞ്ഞപ്പോൾ സാത്താനും ദുഷ്ടശക്തികളും അവർക്കെതിരായി ശക്തി സംഭരിക്കയായിരുന്നു. എല്ലാ പൈശാചിക സൈന്യവും അവർക്കെതിരായി അണിനിരന്നു. യുഗങ്ങളായി സാത്താൻ ദൈവത്തോടു മത്സരിച്ചുകൊണ്ടിരിക്കുന്നു. ഒരു സ്വർഗ്ഗീയദൂതനെപ്പോലെ സാത്താൻ ലോകത്തെ തെറ്റിലേക്കു നയിപ്പാനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അനേകം ജനങ്ങൾ "വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിക്കുന്നു" (1 തിമൊ. 4:1).

ക്രിസ്തുവിന്റെ കാലത്തുണ്ടായിരുന്ന യെഹൂദനേതാക്കന്മാർക്കു സാത്താനെ എതിർത്തുനില്പാനുള്ള ശക്തി ഇല്ലായിരുന്നു. ദുഷ്ടാത്മാക്കളോട് എതിർത്തുനില്ക്കാൻ ശക്തി നല്കുന്ന മാർഗ്ഗത്തെ അവർ തിരസ്കരിച്ചു. ക്രിസ്തു പിശാചിനെ ജയിച്ചതു തിരുവചനത്തിന്റെ സഹായത്തോടെയായിരുന്നു. യെഹൂദനേതാക്കൾ തിരുവചനത്തിന്റെ വ്യാഖ്യാതാക്കൾ എന്നു സ്വയം അവകാശപ്പെട്ടു. എന്നാൽ ആചാരാനുഷ്ഠാനങ്ങളെ മറ്റുള്ളവരുടെമേൽ അടിച്ചേല്പിക്കാനും പാരമ്പര്യങ്ങളെ നിലനിർത്തുന്നതിനും വേണ്ടിയായിരുന്നു അവർ തിരുവചനങ്ങൾ പഠിച്ചത്. ദൈവം ഒരിക്കലും നല്കിയിട്ടില്ലാത്ത മാനുഷികാലോചനകളെ ഉയർത്തിക്കാട്ടുക മാത്രമാണ് അവരുടെ തിരുവചനവ്യാഖ്യാനംകൊണ്ടു സാധിച്ചത്. ദൈവം വളരെ വ്യക്തമായി കല്പിച്ചിട്ടുള്ള കല്പനകളെ അവർ അവ്യക്തമാക്കിത്തീർത്തു. അപ്രധാനമായ കാര്യങ്ങൾക്ക് ആവശ്യത്തിലധികം പ്രാധാന്യം നല്കുകയും അവശ്യമായ കാര്യങ്ങളെ അവർ അവഗണിക്കുകയും ചെയ്തു. ഇങ്ങനെ അവിശ്വാസത്തിന്റെ വിത്തുകൾ അവർ എല്ലായിടവും വിതറി. ദൈവവചനത്തിന്റെ ശക്തിയെ അവർ ത്യജിച്ചു. പൈശാചിക ശക്തികൾക്കു തങ്ങളുടെ മനസ്സ് അവർ വിട്ടുകൊടുത്തു.

ചരിത്രം ആവർത്തിക്കുന്നു. ഇന്നും അനേകം മതമേലദ്ധ്യക്ഷന്മാർ ചെയ്യുന്നതു തിരുവചനങ്ങളെ ബഹുമാനിക്കുന്നുവെന്നവകാശപ്പെടുകയും അവയിലുള്ള വിശ്വാസത്തെ തകർക്കുകയുമാണ്. തങ്ങളുടെ ഭാവനയ്ക്കനുസൃതമായി തിരുവചനത്തെ അവർ വ്യാഖ്യാനിക്കുകയും കീറിമുറിക്കുകയും ചെയ്യുന്നു. ഏറ്റവും ലളിതമായ വേദസത്യങ്ങൾപോലും അവർ വളച്ചൊടിക്കുന്നു. ദൈവവചനത്തിന്റെ ജീവൻ നല്കുന്ന ശക്തിയെ അവർ നഷ്ടപ്പെടുത്തുന്നു. തന്മൂലം ദൈവത്തിലുള്ള വിശ്വാസം ജനങ്ങൾക്കു നഷ്ടമാവുകയും അകൃത്യങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു.

വേദപുസ്തകത്തിലുള്ള വിശ്വാസത്തെ തകർത്തശേഷം സാത്താൻ അടുത്തതായി ചെയ്യുന്നത്, ജനത്തെ പ്രകാശത്തിനും ശക്തിക്കുമായി മറ്റ് ഉറവുകൾ തേടിപ്പോകാൻ പ്രേരിപ്പിക്കുകയാണ്. ഈ സമയം സാത്താൻ കൗശലപൂർവ്വം രംഗപ്രവേശം ചെയ്യുന്നു. തിരുവെഴുത്തുകളുടെ ഉപദേശത്തെ ബോധപൂർവ്വം തിരസ്കരിക്കുകയും പരിശുദ്ധാത്മാവിന്റെ ശബ്ദത്തിനു ചെവി കൊടുക്കാതെയുമിരിക്കുന്നവർ സ്വയം പിശാചിന് അടിമപ്പെടുകയാണു

ചെയ്യുന്നത്. വേദപുസ്തകത്തെ വിമർശിക്കുകയും അതിന്റെ ശക്തിയെ ത്യജിക്കുകയും ചെയ്യുന്നവർ, തെറ്റായ ഉപദേശങ്ങളെ സഭയിലേക്കു കൊണ്ടുവരുന്നതിനു കാരണഭൂതരായിത്തീരുന്നു. പ്രേതാത്മവാദം, ദൈവത്തെ സംബന്ധിച്ച തത്വചിന്ത മുതലായ ആശയങ്ങൾക്കു പ്രചാരം സിദ്ധിച്ചതു മേല്പറഞ്ഞ കാരണങ്ങളാലായിരുന്നു.

സുവിശേഷം പ്രചരിക്കുന്നതോടൊപ്പം വ്യാജാത്മാക്കളുടെ പ്രവർത്തനവും നടന്നുകൊണ്ടിരിക്കുന്നു. അനേകം ആളുകൾ ദൈവവചനത്തെ തങ്ങൾക്കു ബോധിച്ചതുപോലെ വ്യാഖ്യാനിക്കുന്നു. അവർ ഒടുവിൽ സാത്താന്റെ അടിമകളായിത്തീരുന്നു. അവന്റെ ശക്തിയിൽനിന്ന് അവർക്കു മോചനം പ്രാപിപ്പാൻ കഴിയുന്നില്ല.

അവർ രക്ഷാസങ്കേതങ്ങൾ എന്നു കരുതിയിരുന്ന കോട്ടകൾ തകർന്നു വീഴുന്നു. പാപത്തിന്റെ കടന്നാക്രമണത്തെ തടഞ്ഞുനിർത്തുവാൻ അവർ അശക്തരായിത്തീരുന്നു. ഒരിക്കൽ ദൈവവചനത്തിന്റെയും പരിശുദ്ധാത്മാവിന്റെയും അഭ്യർത്ഥനകളെ ഒരുവൻ നിരസിച്ചാൽ അവന്റെ അധഃപതനം എത്ര ആഴത്തിലേക്കായിരിക്കുമെന്ന് ഒരുവനും പറയുവാൻ സാദ്ധ്യമല്ല. ഏതെങ്കിലുമൊരു രഹസ്യപാപം, അഥവാ ആത്മാവിനെ കീഴടക്കുന്ന ഒരു ബലഹീനത ഒരുവനിലുണ്ടെങ്കിൽ ആ മനുഷ്യൻ കഫർന്നഹൂമിലെ നിസ്സഹായനായ ഭൂതബാധിതനെപ്പോലെ നിർഭാഗ്യനായ ഒരു തടവുകാരനായിത്തീരുകയാണ്. എങ്കിലും ആ വ്യക്തി നിരാശനാവേണ്ടതില്ല.

ദുഷ്ടനെ (പിശാചിനെ) കീഴ്പ്പെടുത്തുവാനുള്ള ഏകമാർഗ്ഗം തിരുവചനത്തിന്റെ ശക്തിയിലാശ്രയിക്കുകയാണ്. വചനം ഉപയോഗിച്ചുകൊണ്ടാണു ക്രിസ്തു വിജയം കൈവരിച്ചത്. ദൈവം ഒരിക്കലും നിർബ്ബന്ധിച്ചു നമ്മുടെ മനസ്സിനെ കൈവശമാക്കുന്നില്ല. എന്നാൽ ദൈവഹിതം അറിഞ്ഞു പ്രവർത്തിക്കുവാൻ നാം താൽപര്യം കാണിക്കുന്നുവെങ്കിൽ ദൈവത്തിന്റെ വാഗ്ദത്തം നമുക്ക് അവകാശമാക്കാം. “നിങ്ങൾ... സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും.” “അവന്റെ ഇഷ്ടം ചെയ്‌വാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം... അറിയും” (യോഹ. 8:32; 7:17). ഈ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുന്നവർ തെറ്റായ ഉപദേശങ്ങളാൽ വഞ്ചിതരാവുകയില്ല.

തന്റെ ജീവിതഭാഗധേയം നിയന്ത്രിക്കുന്നതിനു ദൈവത്തെയോ, പിശാചിനെയോ തെരഞ്ഞെടുക്കുവാൻ മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. ക്രിസ്തു നല്കുന്ന സ്വാതന്ത്ര്യം മനസ്സിലാക്കാൻ കഴിവില്ലാത്തവരാരുമില്ല. കഫർന്നഹൂമിലെ ഭൂതബാധിതനു പ്രാർത്ഥിക്കാൻ കഴിവുണ്ടായിരുന്നില്ല. നേരെമറിച്ചു സാത്താന്റെ വാക്കുകളെ ഉച്ചരിക്കാനേ കഴിഞ്ഞുള്ളു. എങ്കിലും അവന്റെ ഹൃദയത്തിന്റെ തേങ്ങൽ ദൈവം കേട്ടു. ഹൃദയം തകർന്ന ഒരു ആത്മാവിന്റെ കരച്ചിൽ, അതു വാക്കുകളാൽ ഉച്ചരിക്കപ്പെട്ടില്ലെങ്കിലും ദൈവം ശ്രദ്ധിക്കുന്നു. ദൈവവുമായി ഉടമ്പടി ചെയ്യുന്ന ഏതൊരു വ്യക്തിയും സാത്താന്റെ നിയന്ത്രണത്തിൻകീഴിൽ വീഴുകയില്ല. യേശു അങ്ങനെയുള്ളവരെ ക്ഷണിക്കുന്നു. “അവൻ എന്നെ അഭയം പ്രാപിച്ച് എന്നോടു സമാധാനം ചെയ്തുകൊള്ളട്ടെ; അതേ, അവൻ എന്നോടു സമാധാനം ചെയ്തുകൊള്ളട്ടെ”

(യെശ. 27:5). ഒരിക്കൽ തങ്ങളുടെ നിയന്ത്രണത്തിൽ കഴിഞ്ഞിരുന്ന ഒരു വ്യക്തിക്കുവേണ്ടി പൈശാചികശക്തികൾ കഠിനമായി പോരാടും. എന്നാൽ ദൈവദൂതർ അവനെ ശത്രുവിന്റെ കയ്യിൽനിന്നു രക്ഷിക്കും. യഹോവ അരുളിച്ചെയ്യുന്നു: "ബലവാനോട് അവന്റെ കവർച്ച എടുത്തുകളയാമോ? അല്ല, നിഷ്കണ്ടകന്റെ ബദ്ധന്മാരെ വിടുവിക്കാമോ?... നിന്നോടു പോരാടുന്നവനോടു ഞാൻ പോരാടുകയും നിന്റെ മക്കളെ രക്ഷിക്കുകയും ചെയ്യും" (യെശ. 49:24,25).

ദൈവാലയത്തിൽ കൂടിയിരുന്ന ജനം വിസ്മയാധീനരായിരിക്കുമ്പോൾ യേശു പത്രൊസിന്റെ വീട്ടിൽ അല്പം വിശ്രമിക്കേണ്ടതിനു പോയി. എന്നാൽ അവിടെയും അസ്വസ്ഥതയാണുണ്ടായിരുന്നത്. പത്രൊസിന്റെ അമ്മായിയമ്മയ്ക്കു കഠിനജ്വരം ബാധിച്ചു കിടപ്പായിരുന്നു. യേശു പനിയെ ശാസിച്ചു. രോഗിയായി കിടന്നിരുന്നവൾ എഴുന്നേറ്റു യേശുവിനും, ശിഷ്യന്മാർക്കും ശുശ്രൂഷചെയ്തു.

കഫർന്നഹൂമിലെല്ലായിടവും ക്രിസ്തുവിനെപ്പറ്റിയുള്ള വാർത്ത പരന്നു. എന്നാൽ റബ്ബിമാരെ ഭയപ്പെട്ടു ശബ്ബത്തുനാളിൽ സൗഖ്യം പ്രാപിപ്പാനായി ആളുകൾ വന്നില്ല. സൂര്യൻ അസ്തമിച്ചുകഴിഞ്ഞപ്പോൾ നാനാരോഗബാധിതരുടെ തിരക്ക് അനുഭവപ്പെട്ടു. ഭവനങ്ങളിൽനിന്നും കടകളിൽനിന്നും ചന്തസ്ഥലത്തുനിന്നും ധാരാളം ആളുകൾ യേശു പാർത്തിരുന്ന സ്ഥലത്തേക്കു വന്നുകൊണ്ടിരുന്നു. ഊന്നുവടികളുടെ സഹായത്തോടുകൂടെയും, സ്നേഹിതന്മാരാൽ അനുഗതരായും, കിടക്കകളിൽ താങ്ങിയെടുക്കപ്പെട്ടും വന്ന ആളുകളെക്കൊണ്ട് ആ സ്ഥലം നിറഞ്ഞു.

ഇടതടവില്ലാതെ ആളുകൾ വന്നുംപൊയ്ക്കൊണ്ടുമിരുന്നു. യേശു പിറ്റേദിവസം അവിടെ ഉണ്ടായിരിക്കുമോ എന്നാർക്കും അറിവില്ലായിരുന്നു. കഫർന്നഹൂമിൽ ആഹ്ലാദം തിരതല്ലി. യേശുവും സന്തോഷവാനായിരുന്നു. രോഗികളെ കണ്ടപ്പോൾ യേശുവിന്റെ മനസ്സലിഞ്ഞു. അവർ രോഗവിമുക്തരായപ്പോൾ യേശുവും അവരുടെ സന്തോഷത്തിൽ പങ്കുചേർന്നു.

തന്റെ സന്നിധിയിൽ വന്ന ഒരുവനെപ്പോലും യേശു നിരാശനാക്കി അയച്ചില്ല. പുരുഷാരം പൊയ്ക്കഴിഞ്ഞപ്പോൾ രാത്രി വളരെയായി. പത്രൊസിന്റെ ഭവനം ശാന്തമായി. അല്പം വിശ്രമം ലഭിപ്പാൻ യേശു ആഗ്രഹിച്ചു. നഗരം ഉറങ്ങിക്കഴിഞ്ഞപ്പോൾ യേശു "അതികാലത്ത് ഇരുട്ടോടെ... എഴുന്നേറ്റു പുറപ്പെട്ട് ഒരു നിർജ്ജനസ്ഥലത്തു ചെന്നു പ്രാർത്ഥിച്ചു."

യേശു ദിവസങ്ങൾ ചെലവഴിച്ചത് ഇപ്രകാരമായിരുന്നു. പലപ്പോഴും ശിഷ്യന്മാരെ യേശു അവരുടെ വീടുകളിലേക്കു പോകുവാൻ അനുവദിച്ചിരുന്നു. യേശുവും വിശ്രമിക്കുന്നതിനു ശിഷ്യന്മാർ പ്രേരിപ്പിച്ചുവെങ്കിലും അവരുടെ ശ്രമങ്ങളെ നന്ദിപൂർവ്വം നിരസിച്ചു. പകൽസമയം യേശു ജനങ്ങൾക്ക് ഉപദേശങ്ങൾ നല്കി; രോഗികളെ സൗഖ്യമാക്കി; അന്ധർക്കു കാഴ്ച നല്കി; വിശപ്പുള്ളവർക്ക് ആഹാരം കൊടുത്തു. വൈകുന്നേരമോ, അതികാലത്തോ സ്വർഗ്ഗീയപിതാവുമായി സമ്പർക്കം പുലർത്താൻ വിജനപ്രദേശങ്ങളിലേക്കു

പോയിരുന്നു. ചിലപ്പോൾ രാത്രി മുഴുവനും പ്രാർത്ഥനയിൽ ചെലവഴിച്ച ശേഷം രാവിലെ ജനത്തെ ശുശ്രൂഷിപ്പാൻ യേശു വരുമായിരുന്നു.

യേശു കഫർന്നഹൂമിൽ ആയിരുന്ന അവസരത്തിൽ അതിരാവിലെ പത്രൊസും മറ്റു ശിഷ്യന്മാരുംകൂടി യേശുവിന്റെ അരികിൽ വന്ന്, ജനം ഗുരുവിനെ കാത്തിരിക്കുന്നുവെന്നു പറഞ്ഞു. ഇതുവരെയും കർത്താവിനു ലഭിച്ച സ്വീകരണങ്ങളിൽ ശിഷ്യന്മാർ പൂർണ്ണതൃപ്തരായിരുന്നില്ല. യെരൂശലേമിലെ അധികാരികൾ യേശുവിനെ നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. സ്വന്ത നഗരത്തിൽപ്പോലും യേശുവിനു ശത്രുക്കൾ ഉണ്ടായിരുന്നു. എങ്കിലും കഫർന്നഹൂമിൽ യേശുവിനു നല്ല സ്വാഗതം ലഭിച്ചു. ശിഷ്യന്മാരുടെ പ്രതീക്ഷകൾ ചിറകുവിരിച്ചു പറന്നുയർന്നു. സ്വാതന്ത്ര്യപ്രേമികളായ ഈ ഗലീലക്കാർ യേശുവിന്റെ രാജ്യസ്ഥാപനത്തിന് എല്ലാ പിന്തുണയും നല്കുമെന്നു ശിഷ്യന്മാർ ആശിച്ചു. എന്നാൽ യേശുവിന്റെ വാക്കുകൾ ശിഷ്യന്മാരെ അത്ഭുതപ്പെടുത്തി: “ഞാൻ അടുത്ത ഊരുകളിലും പ്രസംഗിക്കേണ്ടതിനു നാം അവിടേക്കു പോക; ഇതിനായിട്ടല്ലോ ഞാൻ പുറപ്പെട്ടുവന്നിരിക്കുന്നത്.”

കഫർന്നഹൂമിൽ എങ്ങും അലയടിച്ച ആഹ്ലാദത്തിൽ, യേശുവിന്റെ ദൗത്യത്തിന്റെ പ്രധാന ഉദ്ദേശ്യം ജനങ്ങൾ മറന്നുകളയുവാനുള്ള സാദ്ധ്യത ഉണ്ടായിരുന്നു. ശാരീരിക രോഗങ്ങളെ സൗഖ്യമാക്കുന്ന, അത്ഭുതം പ്രവർത്തിക്കുന്ന ഒരാളായി ജനങ്ങളുടെ പ്രീതി സമ്പാദിക്കുവാൻ യേശു ആഗ്രഹിച്ചില്ല. ജനത്തിന്റെ ആത്മീയ രക്ഷയ്ക്കു കാരണഭൂതനായ ഒരു രക്ഷകനായി ജനത്തെ തന്നിലേക്കാകർഷിക്കാൻ യേശു ആഗ്രഹിച്ചു. ഭൗമിക രാഷ്ട്രത്തിൽ ജനം താൽപര്യം കാട്ടിയപ്പോൾ, താൻ ആഗ്രഹിച്ചത് അവർ സ്വർഗ്ഗീയമായ കാര്യങ്ങളിലേക്കു ശ്രദ്ധ തിരിക്കുവാനായിരുന്നു. ഭൗമിക ഉയർച്ചയായിരുന്നില്ല യേശുവിന്റെ ലക്ഷ്യം.

ആത്മീയകാര്യങ്ങളെ സംബന്ധിച്ചു ജനത്തിന്റെ താൽപര്യക്കുറവും ഭൗതികകാര്യങ്ങളെക്കുറിച്ച് അവർക്കുണ്ടായിരുന്ന അമിതമായ താൽപര്യവും യേശുവിനെ ഭാരപ്പെടുത്തി. പദവിക്കും, സമ്പത്തിനും, കഴിവിനും ലോകം നല്കുന്ന മാന്യത യേശുവിനു സ്വീകാര്യമായിരുന്നില്ല. മറ്റുള്ളവരുടെ പ്രീതി ലഭിക്കുന്നതിനുവേണ്ടി ലോകം ഉപയോഗിക്കുന്ന മാതൃക യേശു സ്വീകരിച്ചില്ല. യേശുവിനെക്കുറിച്ചു പുരാതനകാലത്തെ പ്രവാചകൻ പറഞ്ഞത്: “അവൻ നിലവിളിക്കയില്ല, ഒച്ചയുണ്ടാക്കുകയില്ല, തെരുവീഥിയിൽ തന്റെ ശബ്ദം കേൾപ്പിക്കയുമില്ല. ചതഞ്ഞ ഓട അവൻ ഒടിച്ചുകളയുകയില്ല; പുകയുന്ന തിരി കെടുത്തുകളകയില്ല. അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും. ഭൂമിയിൽ ന്യായം സ്ഥാപിക്കുംവരെ അവൻ തളരുകയില്ല; അധൈര്യപ്പെടുകയുമില്ല” (യെശ. 42:2–4).

ആഡംബരപൂർവ്വമായ ആരാധനയിലും, ദാനധർമ്മം ചെയ്യുന്നതിലും, പരമ്പരാഗതമായ ആചാരങ്ങൾ അനുഷ്ഠിക്കുന്നതിലും തങ്ങൾ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരെന്നു കാണിപ്പാൻ പരീശന്മാർ ആഗ്രഹിച്ചു. തങ്ങൾ വലിയ മതഭക്തരെന്നു സംഭാഷണത്തിലൂടെ അവർ പ്രകടമാക്കി. മതസംബന്ധമായ തർക്കങ്ങൾ അവരുടെ ഇടയിൽ സാധാരണമായിരുന്നു.

ഇതിൽനിന്നെല്ലാം വിഭിന്നമായിരുന്നു യേശുവിന്റെ ജീവിതം. ശബ്ദായമാനമായ തർക്കങ്ങളോ, പ്രകടനത്തിനുവേണ്ടിയുള്ള ആരാധനയോ, മറ്റുള്ളവരുടെ അഭിനന്ദനം നേടുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളോ യേശുവിനില്ലായിരുന്നു. ക്രിസ്തു ദൈവത്തിൽ മറഞ്ഞിരുന്നു. ദൈവത്തെ വെളിപ്പെടുത്തുന്നതായിരുന്നു ക്രിസ്തുവിന്റെ ജീവിതം. ജനങ്ങൾ സത്യദൈവത്തെ അറിയുന്നതിനും, ആദരിക്കുന്നതിനുംവേണ്ടി യേശു പ്രവർത്തിച്ചു.

നീതിസൂര്യനായ ക്രിസ്തു തനിക്കു സ്വായത്തമായുള്ള പ്രകാശം ജനത്തെ കാണിച്ചില്ല. അതു കാണുവാനുള്ള വിശുദ്ധി അവർക്കില്ലായിരുന്നു. ക്രിസ്തുവിനെക്കുറിച്ച് എഴുതിയിരിക്കുന്നത്: "അവന്റെ ഉദയം പ്രഭാതം പോലെ നിശ്ചയമുള്ളത്" (ഹോശേയ 6:3). നിശ്ശബ്ദമായിട്ടാണു പ്രഭാതം വിരിയുന്നത്. അത് ഇരുളിനെ നീക്കി ലോകത്തെ ജീവനിലേക്ക് ഉണർത്തുന്നു. അതുപോലെ "നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും" (മലാഖി 4:2).

# 27

# നിനക്ക് എന്നെ ശുദ്ധമാക്കുവാൻ കഴിയും

അവലംബം: മത്തായി 8:2–4; 9:1–8; 32–34;
മർക്കൊസ് 1:40–45; 2:1–12; ലൂക്കൊസ് 5:12–28

പൗരസ്ത്യരാജ്യങ്ങളിൽ, കുഷ്ഠരോഗത്തെ ഏറ്റവും ഭീതിയോടെയാണു കണ്ടിരുന്നത്. അതിന്റെ പകരുന്ന സ്വഭാവവും തീരാവ്യാധിയെന്ന അതിനെക്കുറിച്ചുള്ള ധാരണയും, രോഗികളുടെമേൽ ആ രോഗം വരുത്തിവയ്ക്കുന്ന ഫലങ്ങളും ഏതൊരു ധീരനെപ്പോലും ഭയപ്പെടുത്തിയിരുന്നു. പാപിയായ ഒരുവനു നല്കുന്ന ദൈവത്തിന്റെ ശിക്ഷയെന്നായിരുന്നു, യെഹൂദന്മാർ കുഷ്ഠരോഗത്തെക്കുറിച്ചു കരുതിയിരുന്നത്. മാരകവും, സുഖപ്പെടുത്താൻ പ്രയാസവും, ആഴത്തിൽ വ്യാപിക്കുന്നതുമായ ഈ രോഗത്തെ പാപത്തിന്റെ പ്രതീകമായി ഗണിക്കപ്പെട്ടിരുന്നു. മതത്തിന്റെ നിയമദൃഷ്ടിയിൽ കുഷ്ഠരോഗി അശുദ്ധനായ ഒരു വ്യക്തിയായിരുന്നു. മരിച്ച ഒരു വ്യക്തിയെപ്പോലെ കരുതപ്പെട്ടിരുന്ന കുഷ്ഠരോഗിക്കു മനുഷ്യവാസകേന്ദ്രങ്ങളിൽ പ്രവേശനമില്ലായി

രുന്നു. അവന്റെ ഉച്ഛ്വാസത്താൽ വായുപോലും മലിനപ്പെട്ടതായി ഗണിക്കപ്പെട്ടു. ഈ രോഗം ബാധിച്ചു എന്നു സംശയിക്കപ്പെട്ട ആൾ പുരോഹിതനെക്കണ്ട് അദ്ദേഹമെടുക്കുന്ന തീരുമാനമനുസരിച്ചു പ്രവർത്തിക്കേണ്ടിയിരുന്നു. പുരോഹിതൻ അയാളെ കുഷ്ഠരോഗി എന്നു വിധിച്ചാൽ, അയാൾ സ്വഭവനത്തെയും യിസ്രായേൽസഭയെയും വിട്ട്, കുഷ്ഠരോഗികൾ പാർക്കുന്ന സ്ഥലത്തേക്കു പോകേണ്ടതായിരുന്നു. ഇക്കാര്യത്തിൽ ചട്ടത്തിന് ഒരു വിട്ടുവീഴ്ചയുമില്ലായിരുന്നു. രാജാക്കന്മാരും പ്രഭുക്കന്മാരും ഈ ചട്ടത്തിനു വിധേയരായിരുന്നു. ഈ രോഗം ബാധിച്ച ഒരു രാജാവുപോലും ഈ നിയമത്തിനപ്പുറമല്ലായിരുന്നു.

സ്നേഹിതന്മാരിൽനിന്നും സ്വന്തഭവനത്തിൽനിന്നും അകന്നു കുഷ്ഠരോഗി തന്റെമേൽ വന്ന ശാപം സ്വയം വഹിച്ചു. തനിക്കു നേരിട്ടിരിക്കുന്ന ദുരന്തം മറ്റുള്ളവരെ വിളിച്ചറിയിക്കുവാനും, സ്വന്തവസ്ത്രം കീറി ശബ്ദമുണ്ടാക്കി മറ്റുള്ളവർ തന്നെ വിട്ട് അകന്നു പൊയ്ക്കൊള്ളുന്നതിനു മുന്നറിയിപ്പു നല്കുവാനും ഒരു കുഷ്ഠരോഗി ബാധ്യസ്ഥനായിരുന്നു. “അശുദ്ധൻ, അശുദ്ധൻ” എന്ന വിലാപശബ്ദം ഒരു കുഷ്ഠരോഗി പുറപ്പെടുവിക്കുമ്പോൾ ഭയത്തോടും വെറുപ്പോടുംകൂടെ ആളുകൾ ഓടിമറഞ്ഞിരുന്നു.

ക്രിസ്തുവിന്റെ ശുശ്രൂഷ നടന്നിരുന്ന പ്രദേശത്തു ധാരാളം കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. ക്രിസ്തുവിനെ സംബന്ധിച്ച വാർത്ത കുഷ്ഠരോഗികളുടെ ഇടയിൽ പ്രത്യാശയുടെ തിരിനാളം ഉജ്ജ്വലിപ്പിച്ചു. എന്നാൽ എലീശായുടെ നാളുകൾക്കുശേഷം ഒരു കുഷ്ഠരോഗി സൗഖ്യമായ കഥ ആരും കേട്ടിട്ടില്ലായിരുന്നു. യേശു ഇതുവരെയും ഒരു കുഷ്ഠരോഗിയെയും സൗഖ്യപ്പെടുത്താതിരുന്നതുകൊണ്ട് അതു പ്രതീക്ഷിക്കുവാൻ അവർ ധൈര്യപ്പെട്ടില്ല. എങ്കിലും ഒരു കുഷ്ഠരോഗിക്കു യേശുവിൽ വിശ്വാസം വളർന്നു. യേശുവിന്റെ സമീപം എങ്ങനെ എത്തിച്ചേരണമെന്ന് അവനറിയില്ലായിരുന്നു. എല്ലാവരാലും നിഷിദ്ധനെന്നു കരുതപ്പെട്ട്, സമൂഹത്തിൽ സ്ഥാനമില്ലാതിരുന്ന കുഷ്ഠരോഗിക്ക് എങ്ങനെ യേശുവിന്റെ അടുത്തു ചെല്ലാനാകും? യേശു തന്നെ സൗഖ്യമാക്കുമോ എന്നവൻ സംശയിച്ചു. ദൈവത്തിന്റെ ശിക്ഷ അനുഭവിക്കുന്ന ഒരുവനെ യേശു സൗഖ്യമാക്കുമോ? പരീശന്മാരെപ്പോലെയും മറ്റു വൈദ്യന്മാരെപ്പോലെയും ശാപവാക്കുകൾ അവൻ ഉച്ചരിക്കുകയില്ലേ? യേശുവിന്റെ സ്വഭാവത്തെപ്പറ്റി മറ്റുള്ളവർ പറഞ്ഞത് അവൻ ഓർത്തു. യേശുവിനോടു സഹായം അഭ്യർത്ഥിച്ച ആരെയും അവൻ നിരാശരാക്കി വിട്ടില്ല. ആ അരിഷ്ടനായ മനുഷ്യൻ രക്ഷകനെ കാണുവാൻതന്നെ തീരുമാനിച്ചു. പട്ടണത്തിനു പുറത്തു കഴിഞ്ഞിരുന്ന കുഷ്ഠരോഗി, യേശു ആ വഴിക്കെങ്ങാനും വരുമെന്നു പ്രതീക്ഷിച്ചു. വലിയ പ്രയാസങ്ങൾ അവനു നേരിടേണ്ടതായി വന്നു. എങ്കിലും യേശുവിനെ കാണുക മാത്രമായിരുന്നു അവന്റെ ഏക പ്രത്യാശ.

കുഷ്ഠരോഗി രക്ഷിതാവിന്റെ സമീപമെത്തി. യേശു കടൽത്തീരത്തു ജനത്തെ ഉപദേശിച്ചുകൊണ്ടിരുന്നു. ദൂരെ നിന്നുകൊണ്ടു കുഷ്ഠരോഗി യേശുവിന്റെ ചില വാക്കുകൾ ശ്രദ്ധിച്ചു. രോഗികളുടെമേൽ യേശു കൈവയ്ക്കുന്നത്

അവൻ കണ്ടു. മരണത്തെ കാത്തിരുന്ന അവർ സുഖം പ്രാപിക്കുന്നതും ദൈവത്തെ മഹത്വപ്പെടുത്തുന്നതും അവൻ കണ്ടു. അവന്റെ വിശ്വാസം ബല പ്പെട്ടു. അവൻ യേശുവിനോടു കൂടുതൽ അടുത്തു. വിലക്കുകൾ എല്ലാം അവൻ മറന്നു. ദൈവത്താൽ സുഖം പ്രാപിക്കുക എന്ന ഏക ലക്ഷ്യം മാത്രം അവന്റെ മനസ്സിൽ മുന്നിട്ടുനിന്നു.

ആ കുഷ്ഠരോഗി കാഴ്ചയ്ക്കു വിരൂപനായിരുന്നു. രോഗം അവനിൽ ബീഭത്സമായ രൂപത്തെയാണ് അവശേഷിപ്പിച്ചത്. അവനെ കാണുന്നവർ ഭയ പ്പെട്ടു പിൻമാറി. അവന്റെ സാമീപ്യത്തിൽനിന്നു രക്ഷനേടുവാൻ ആളുകൾ തിക്കിത്തിരക്കി നാലുപാടും ഓടി. യേശുവിന്റെ സമീപത്തേക്ക് അവൻ അടുക്കാ തിരിക്കാൻ ചിലർ വ്യർത്ഥശ്രമം നടത്തി. എന്നാൽ അവൻ ഇതൊന്നും ശ്രദ്ധിച്ചില്ല. ജനങ്ങളുടെ വെറുപ്പ് അവൻ കാര്യമാക്കിയില്ല. അവൻ ദൈവ പുത്രനെ മാത്രം നോക്കി. അവന്റെ ശബ്ദം – മരിച്ചവരെ ഉയിർപ്പിക്കുന്ന ശബ്ദം – മാത്രം അവൻ കേട്ടു. യേശുവിന്റെ ഏറ്റവും അടുത്തുചെന്നു നമസ്കരിച്ച് “കർത്താവേ, നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും” എന്നു പറഞ്ഞു.

യേശു മറുപടി പറഞ്ഞു: “എനിക്കു മനസ്സുണ്ട്; നീ ശുദ്ധമാക” (മത്തായി 8:3). കർത്താവ് അവന്റെമേൽ കൈവച്ചു.

പെട്ടെന്ന് ആ കുഷ്ഠരോഗിക്ക് ഒരു മാറ്റം സംഭവിച്ചു. അവന്റെ ത്വക്ക് ആരോഗ്യമുള്ളതായിത്തീർന്നു. മാംസം ഉറപ്പുള്ളതും നാഡിഞരമ്പുകൾക്കു ജീവനും ലഭിച്ചു. കുഷ്ഠരോഗത്തിന്റെ വടുക്കൾ ശരീരത്തിൽനിന്ന് അപ്രത്യക്ഷ മായി. ആരോഗ്യമുള്ള ഒരു ശിശുവിന്റേതുപോലുള്ള തൊലി അവനു ലഭിച്ചു.

തനിക്ക് ആർ സൗഖ്യം നല്കി എന്നു പരസ്യപ്പെടുത്തരുതെന്നു യേശു ആ കുഷ്ഠരോഗിയോടു പറഞ്ഞു. ഉടനെ പോയി പുരോഹിതനെ കാണു വാനും ദൈവാലയത്തിൽ കാണിക്ക ഇടുവാനും യേശു അയാളോടു പറഞ്ഞു. പുരോഹിതൻ ഒരു കുഷ്ഠരോഗിയായിരുന്ന ആളെ പരിശോധിച്ച് അയാൾക്കു കുഷ്ഠരോഗം മാറി എന്നു പ്രസ്താവിച്ചുവെങ്കിൽ മാത്രമേ അയാൾക്കു വഴിപാട് അർപ്പിക്കുവാൻ പാടുള്ളു. ഇമ്മാതിരിയുള്ള കാര്യങ്ങ ളിൽ പുരോഹിതന്മാർ ശുശ്രൂഷ ചെയ്യാൻ വിമുഖത കാണിച്ചാലും അവർ തന്നെ തീരുമാനം എടുക്കേണ്ടിയിരുന്നു.

സൗഖ്യം പ്രാപിച്ച ആ മനുഷ്യൻ ഉടനടി ചെയ്യേണ്ട കാര്യത്തെക്കുറിച്ചും, നിശ്ശബ്ദത പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും യേശു എത്ര നിഷ്കർഷയോടെയായിരുന്നു കല്പിച്ചതെന്നു തിരുവെഴുത്തുകളിൽ നാം വായിക്കുന്നു. “യേശു അവനെ അമർച്ചയായി ശാസിച്ചു: നോക്കൂ, ആരോടും ഒന്നും പറയരുത്; എന്നാൽ ചെന്നു പുരോഹിതനു നിന്നെത്തന്നെ കാണിച്ച്, നിന്റെ ശുദ്ധീകരണത്തിനുവേണ്ടി മോശെ കല്പിച്ചത് അവർക്കു സാക്ഷ്യ ത്തിനായി അർപ്പിക്ക.” ആ കുഷ്ഠരോഗി എപ്രകാരം സൗഖ്യം പ്രാപിച്ചുവെന്നു പുരോഹിതന്മാർ അറിഞ്ഞിരുന്നുവെങ്കിൽ, ക്രിസ്തുവിനോടുള്ള വിരോധം മൂലം വേറൊരു തരത്തിലുള്ള വിധി പ്രസ്താവിക്കുമായിരുന്നു. പുരോഹിത ന്മാർക്ക് എന്തെങ്കിലും വിവരം ലഭിക്കുന്നതിനുമുമ്പ്, സൗഖ്യം പ്രാപിച്ച മനു

ഷ്യൻ, അവരുടെ അടുത്തു ചെന്നിരിക്കണമെന്നു ക്രിസ്തു ആഗ്രഹിച്ചു. തന്മൂലം നിഷ്പക്ഷമായ ഒരു വിധി ലഭിക്കുന്നതിനും, സൗഖ്യം പ്രാപിച്ച മനുഷ്യനു തന്റെ കുടുംബാംഗങ്ങളുമായി ഒത്തുചേരുന്നതിനും സാധിക്കുമായിരുന്നു.

ഈ മനുഷ്യൻ നിശ്ശബ്ദത പാലിക്കുവാൻ ക്രിസ്തു നിഷ്കർഷിച്ചതിനു വേറെയും ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നു. തന്റെ ശത്രുക്കൾ തന്റെ പ്രവർത്തനത്തെ ഏറ്റവും പരിമിതപ്പെടുത്തുവാൻ ശ്രമിക്കുന്നുവെന്നു ക്രിസ്തുവിനറിയാമായിരുന്നു. ആ കുഷ്ഠരോഗി സൗഖ്യമായ വിവരം പുറത്തറിഞ്ഞാൽ അനേക കുഷ്ഠരോഗികൾ തന്റെ ചുറ്റും കൂടുകയും, അതു മുഖാന്തരം പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകുമെന്ന പരാതി ഉയരുകയും ചെയ്യുമായിരുന്നു. കൂടാതെ അനേക കുഷ്ഠരോഗികളെ സംബന്ധിച്ചിടത്തോളം തങ്ങൾക്കു ലഭിക്കുന്ന രോഗസൗഖ്യം തങ്ങളുടെ അനുഗ്രഹത്തിനോ മറ്റുള്ളവരുടെ അനുഗ്രഹത്തിനോവേണ്ടി പ്രയോജനപ്പെടുത്തുകയില്ലായെന്നു ക്രിസ്തുവിനറിയാമായിരുന്നു. കുഷ്ഠരോഗികളെ തനിക്കു ചുറ്റും കൂടുവാൻ അനുവദിച്ചാൽ ശുദ്ധീകരണനിയമത്തിനെതിരായി പ്രവർത്തിക്കുന്നുവെന്ന ആരോപണം തനിക്കെതിരായി ഉയരുമെന്നും ക്രിസ്തുവിനറിയാമായിരുന്നു. ഇങ്ങനെ സുവിശേഷം എല്ലായിടത്തും പ്രസംഗിക്കുന്നതിനു വിഘാതം ഉണ്ടാകുമായിരുന്നു.

ഈ സംഭവം ക്രിസ്തുവിന്റെ മുന്നറിയിപ്പിനെ ന്യായീകരിച്ചു. കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നതു വലിയ ജനക്കൂട്ടം കണ്ടിരുന്നു. പുരോഹിതന്മാർ എന്തു തീരുമാനമെടുക്കുമെന്നറിവാൻ ജനം കാത്തിരുന്നു. സൗഖ്യം പ്രാപിച്ച മനുഷ്യൻ തന്റെ സ്നേഹിതരുടെ അടുത്തു ചെന്നപ്പോൾ വലിയ സന്തോഷം അവർക്കുണ്ടായി. യേശുവിന്റെ വിലക്ക് ഉണ്ടായിരുന്നിട്ടും, ആ മനുഷ്യൻ താൻ എപ്രകാരം സൗഖ്യം പ്രാപിച്ചുവെന്ന വിവരം പ്രസിദ്ധപ്പെടുത്തി. ആ വസ്തുത മറയ്ക്കുവാൻ പ്രയാസമായിരുന്നിരിക്കാം. ഏതായാലും സൗഖ്യം പ്രാപിച്ച മനുഷ്യൻ അത് എല്ലായിടവും പരസ്യപ്പെടുത്തി. ഒരു പക്ഷേ യേശുവിന്റെ വിനയമായിരിക്കാം അപ്രകാരം വിലക്കുവാനുള്ള കാരണം എന്ന് അയാൾ ഊഹിച്ച്, ആ മഹാവൈദ്യന്റെ ശക്തിയെ എല്ലായിടവും പ്രസിദ്ധപ്പെടുത്തി. ഇങ്ങനെ ചെയ്താൽ പുരോഹിതന്മാർക്കും മൂപ്പന്മാർക്കും ക്രിസ്തുവിനെ ഇല്ലായ്മചെയ്യുവാൻ പ്രേരണ നല്കുമെന്ന വസ്തുത ഈ മനുഷ്യൻ മനസ്സിലാക്കിയിരുന്നില്ല. തനിക്കു ലഭിച്ച ആരോഗ്യം ഏറ്റവും വലിയ അനുഗ്രഹമെന്നയാൾ കരുതി. തനിക്ക് ആരോഗ്യം വീണ്ടു കിട്ടിയതിലും, കുടുംബത്തിലും സമൂഹത്തിലും തിരിച്ചുവരുവാൻ കഴിഞ്ഞതിലും വളരെ സന്തോഷിച്ച ആ മനുഷ്യനു തന്നെ സൗഖ്യമാക്കിയ വലിയ വൈദ്യനു മഹത്വം നല്കാതിരിപ്പാൻ കഴിഞ്ഞില്ല. എന്നാൽ പ്രസിദ്ധമാക്കൽ കർത്താവിന്റെ വേലയ്ക്കു തടസ്സമായി ഭവിച്ചു.

ക്രിസ്തുവിന്റെ ശുശ്രൂഷയിലെ ഓരോ സംഭവങ്ങളും ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കി. ഓരോ സംഭവങ്ങളുടെയും ഫലം ആ സംഭവങ്ങളെക്കാൾ വലുതായിരുന്നു. കുഷ്ഠരോഗിയെ സൗഖ്യമാക്കിയതിലും ഇതു തന്നെയാണു സംഭവിച്ചത്. തന്റെ സമീപം വന്ന ഓരോരുത്തർക്കും യേശു

ശുശ്രൂഷ ചെയ്ത വേളയിൽത്തന്നെ വരാതിരുന്നവരെയും അനുഗ്രഹിപ്പാൻ അദ്ദേഹം ആഗ്രഹിച്ചു. ചുങ്കക്കാരെയും ജാതികളെയും ശമര്യക്കാരെയും ആകർഷിച്ച യേശു, തന്നോടുള്ള മുൻവിധികൊണ്ടു വരാതിരുന്ന പുരോഹിത ന്മാരെയും മൂപ്പന്മാരെയും കാണുവാനും അതിയായി ആഗ്രഹിച്ചു. അവരെ സമീപിക്കുവാനുള്ള എല്ലാ മാർഗ്ഗവും യേശു സ്വീകരിച്ചു. പുരോഹിതന്മാരുടെ മുൻവിധിയെ മാറ്റുവാനായിരുന്നു യേശു സുഖം പ്രാപിച്ച കുഷ്ഠരോഗിയെ അവരുടെ അടുത്തേക്ക് അയച്ചത്.

മോശെയിൽക്കൂടെ നല്കപ്പെട്ട ന്യായപ്രമാണത്തിനെതിരായിട്ടാണു ക്രിസ്തു പഠിപ്പിക്കുന്നതെന്നു പരീശന്മാർ വാദിച്ചു. എന്നാൽ മോശെയുടെ ന്യായപ്രമാണമനുസരിച്ചു വഴിപാടു സമർപ്പിക്കുവാൻ സൗഖ്യമായ കുഷ്ഠ രോഗിയോടു യേശു നല്കിയ ഉപദേശം ആ ആരോപണത്തെ നിശ്ശബ്ദമാക്കി. എല്ലാ നിഷ്പക്ഷമതികൾക്കും അതു തൃപ്തി നല്കുന്ന തെളിവായിരുന്നു.

യേശുവിനെ മരണശിക്ഷയ്ക്കു വിധിക്കേണ്ടതിന് എന്തെങ്കിലും കാരണം കണ്ടുപിടിക്കാൻ യെരൂശലേമിലെ മതനേതാക്കൾ ചാരന്മാരെ അയച്ചു. മനുഷ്യവർഗ്ഗത്തോടുള്ള തന്റെ സ്നേഹത്തെ പ്രദർശിപ്പിച്ചുകൊണ്ടും നിയമ ത്തോടു ബഹുമാനം കാട്ടിയും പാപത്തിൽനിന്നും മരണത്തിൽനിന്നും മനുഷ്യവർഗ്ഗത്തെ മോചിപ്പിക്കുവാനുള്ള തന്റെ അധികാരം പ്രകടമാക്കിയും കൊണ്ടു യേശു തന്റെ ശത്രുക്കൾക്കു നല്ല മറുപടി കൊടുത്തു. അവരെ ക്കുറിച്ചു യേശു ഇപ്രകാരം പറഞ്ഞിരിക്കുന്നു: "നന്മയ്ക്കു പകരം തിന്മയും സ്നേഹത്തിനു പകരം ദ്വേഷവും അവർ എന്നോടു കാണിച്ചിരിക്കുന്നു" (സങ്കീ. 109:5). "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ" എന്നു കല്പിച്ച കർത്താവു "ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ... അനുഗ്രഹിക്കുന്നവരായിരിപ്പിൻ" എന്ന ശ്രേഷ്ഠതത്വത്തെ സ്വന്ത ജീവിതത്തിൽ പകർത്തിക്കാണിച്ചു (മത്തായി 5:44; 1 പത്രൊസ് 3:9).

ആ കുഷ്ഠരോഗിയെ നാടുകടത്തിയ ആ പുരോഹിതന്മാർക്കു തന്നെ അവൻ സൗഖ്യം പ്രാപിച്ചിരിക്കുന്നുവെന്നു സമ്മതിക്കേണ്ടിവന്നു. അവർ നടത്തിയ പരസ്യപ്രസ്താവന ക്രിസ്തുവിന് എപ്പോഴും അനുകൂലമായ ഒരു സാക്ഷ്യം തന്നെയായിരുന്നു. സൗഖ്യം പ്രാപിച്ച മനുഷ്യൻ യിസ്രായേൽ സഭയിൽ പുനഃപ്രവേശം ചെയ്തപ്പോൾ, രോഗത്തിന്റെ കണികപോലും തന്നിൽ അവശേഷിക്കാതിരുന്ന ആ മനുഷ്യൻ ജീവിക്കുന്ന ഒരു സാക്ഷി ആയിരുന്നു. സന്തോഷത്തോടെ അവൻ തന്റെ വഴിപാട് അർപ്പിച്ചശേഷം യേശുവിന്റെ നാമത്തെ മഹത്വീകരിച്ചു. രക്ഷകന്റെ ദൈവിക ശക്തിയെ ക്കുറിച്ചു പുരോഹിതന്മാർക്കു പൂർണ്ണബോധ്യമായി. സത്യം അറിയുവാനുള്ള സന്ദർഭം അവർക്കു നല്കപ്പെട്ടു. സത്യത്തെ തിരസ്കരിച്ചാൽ പിന്നീടൊരി ക്കലും തിരികെ വരാതെ അതു മടങ്ങിപ്പോകും. അനേകം ഹൃദയങ്ങൾ സ്പർശിക്കപ്പെട്ടുവെങ്കിലും അവ പ്രത്യക്ഷത്തിൽ ഒരു അടയാളവും കാണി ച്ചില്ല. കർത്താവിന്റെ ജീവിതകാലത്തു തന്റെ ദൗത്യം, യെഹൂദനേതാക്കളിൽ വലിയ പ്രതികരണം സൃഷ്ടിച്ചതായി പ്രത്യക്ഷത്തിൽ കാണാനില്ലായിരുന്നു. എന്നാൽ കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം "പുരോഹിതന്മാരിലും വലിയൊരു കൂട്ടം വിശ്വാസത്തിനധീനരായിത്തീർന്നു" (അപ്പൊ. 6:7).

ആ കുഷ്ഠരോഗിക്കു നല്കിയ സൗഖ്യം, പാപരോഗത്തിൽനിന്ന് ആത്മാവിനെ സൗഖ്യമാക്കുന്നതിനെ ചൂണ്ടിക്കാട്ടുന്ന ഒരു ഉത്തമ ഉദാഹരണമാണ്. യേശുവിന്റെ അരികിൽ വന്ന ആ മനുഷ്യൻ ശരീരം മുഴുവൻ കുഷ്ഠം ബാധിച്ചവനായിരുന്നു. അവനെ തൊടുന്നതിൽനിന്നു ഗുരുവിനെ പിന്തിരിപ്പിക്കുവാൻ ശിഷ്യന്മാർ ശ്രമിച്ചു; എന്തുകൊണ്ടെന്നാൽ ഒരു കുഷ്ഠരോഗിയെ സ്പർശിക്കുന്നവൻ അശുദ്ധനായിത്തീരുമായിരുന്നു. എന്നാൽ ആ കുഷ്ഠരോഗിയുടെ തലമേൽ കൈവച്ച കർത്താവ് ഒരിക്കലും അശുദ്ധനായില്ല. യേശുവിന്റെ സ്പർശനം ജീവൻ നല്കുന്നതായിരുന്നു. അയാളുടെ രോഗം സൗഖ്യമായി. പാപമാകുന്ന കുഷ്ഠരോഗവും ഇതുപോലെയാണ്. അത് ആഴത്തിൽ വ്യാപിച്ചിട്ടുള്ളതും, മാരകവും, മാനുഷശക്തിയാൽ ഇല്ലായ്മ ചെയ്യാൻ അസാദ്ധ്യവുമായ ഒന്നാണ്. "തല മുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടിതൊട്ടു മുടിവരെ ഒരു സുഖവും ഇല്ല; മുറിവും ചതവും പഴുത്ത വ്രണവും മാത്രമേ ഉള്ളു" (യെശ. 1:5,6). എന്നാൽ മനുഷ്യവർഗ്ഗത്തിനിടയിൽ പാർക്കുവാൻ വന്ന യേശുവിന് ഒരു അശുദ്ധിയും ഭവിച്ചില്ല. യേശുവിന്റെ സാന്നിദ്ധ്യത്താൽ പാപിക്കു രോഗസൗഖ്യം വരുന്നു. ആരെങ്കിലും യേശുവിന്റെ പാദാന്തികത്തിൽ വീണ് "നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും" എന്നു പറഞ്ഞാൽ യേശു തീർച്ചയായും "എനിക്കു മനസ്സുണ്ട്, നീ ശുദ്ധമാക" എന്നു പറയും (മത്തായി 8:2,3).

ചില സന്ദർഭങ്ങളിൽ യേശു ഉടനടി പ്രാർത്ഥനയ്ക്ക് ഉത്തരം നല്കിയില്ല. എന്നാൽ കുഷ്ഠരോഗത്തെ സംബന്ധിച്ചിടത്തോളം ചോദിച്ച മാത്രയിൽത്തന്നെ പ്രാർത്ഥനയ്ക്കുത്തരം നല്കി. ഭൗമികാനുഗ്രഹങ്ങൾക്കുവേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം താമസിച്ചേക്കാം. അല്ലെങ്കിൽ നാം ചോദിക്കുന്ന കാര്യം നല്കാതെ മറ്റെന്തെങ്കിലും നല്കിയേക്കാം. എന്നാൽ പാപത്തിൽനിന്നുള്ള വിടുതലിനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ദൈവം ഉടനടി ഉത്തരം നല്കുന്നു. നമ്മെ പാപത്തിൽനിന്നു ശുദ്ധീകരിക്ക എന്നതു ദൈവത്തിന് ഏറ്റവും ഇഷ്ടമുള്ള കാര്യമാണ്. നമ്മെ ദൈവമക്കളാക്കുന്നതിനും നാം വിശുദ്ധജീവിതം നയിക്കുന്നതും ദൈവം ഏറെ ഇഷ്ടപ്പെടുന്നു. "നമ്മുടെ ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം ഇപ്പോഴത്തെ ദുഷ്ടലോകത്തിൽനിന്നു നമ്മെ വിടുവിക്കേണ്ടതിനു നമ്മുടെ പാപങ്ങൾ നിമിത്തം തന്നെത്താൻ ക്രിസ്തു ഏല്പിച്ചുകൊടുത്തു" (ഗലാ. 1:3).

"അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്തപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു" (1 യോഹ. 5:14,15). "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹ. 1:9).

കഫർന്നഹൂമിൽവച്ചു പക്ഷവാതക്കാരനെ സൗഖ്യമാക്കിക്കൊണ്ടു യേശു അതേ സത്യംതന്നെ വീണ്ടും പഠിപ്പിച്ചു. പാപത്തെ ക്ഷമിപ്പാൻ തനിക്ക് അധി

കാരം ഉണ്ടെന്നു പഠിപ്പിക്കുവാൻ വേണ്ടിയായിരുന്നു കർത്താവ് ആ അത്ഭുതം പ്രവർത്തിച്ചത്. പക്ഷവാതക്കാരനു ലഭിച്ച രോഗസൗഖ്യം മറ്റ് അമൂല്യസത്യങ്ങളെയും മനസ്സിലാക്കിത്തരുന്നു. അനുതപിക്കുന്ന ഏതൊരു പാപിക്കും ആ അറിവു പ്രത്യാശയും പ്രോത്സാഹനവും നല്കുന്നു. പരിഹാസികളായ പരീശന്മാർക്ക് അത് ഒരു മുന്നറിയിപ്പുകൂടിയാണ്.

കുഷ്ഠരോഗിയെപ്പോലെ പക്ഷവാതക്കാരനും സുഖം പ്രാപിക്കുമെന്ന ആശ നഷ്ടപ്പെട്ടിരുന്നവനായിരുന്നു. പാപജീവിതം നയിച്ചതിന്റെ പ്രത്യാഘാതമായിരുന്നു അയാളുടെ രോഗം. അയാൾ വളരെ വേദന അനുഭവിച്ചു. അയാളുടെ രോഗശമനത്തിനുവേണ്ടി യെഹൂദപ്രമാണികളെ സമീപിച്ചിരുന്നു. എന്നാൽ അവർ ഒരു സഹായവും നൽകാതെ, അയാളെ ഗ്രസിച്ചിരിക്കുന്നതു തീരാവ്യാധിയെന്നു വിധിക്കയാണു ചെയ്തത്. ദൈവശിക്ഷയാണ് അയാളുടെ മേൽ വന്നിരിക്കുന്നതെന്നു പറഞ്ഞ് അവർ ഒഴിഞ്ഞുമാറി. എന്നാൽ സ്വയനീതീകരണം നടത്തിയിരുന്ന ഇവർ ഏറ്റവും വലിയ കുറ്റക്കാർ ആയിരുന്നു.

പക്ഷവാതം പിടിച്ച ആ മനുഷ്യൻ തികച്ചും നിസ്സഹായനായിരുന്നു. എങ്ങുനിന്നും സഹായം ലഭിക്കുകയില്ലായെന്നറിഞ്ഞപ്പോൾ അയാൾ വളരെ നിരാശനായി. അപ്പോഴാണ് അയാൾ യേശുവിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ചു കേട്ടത്. തന്നെപ്പോലെ നിസ്സഹായാവസ്ഥയിൽ കഴിഞ്ഞിരുന്ന പലരും സൗഖ്യമായി എന്നയാൾ അറിഞ്ഞു. കുഷ്ഠരോഗികൾപോലും സൗഖ്യം പ്രാപിച്ചുവെന്ന് അയാൾ കേട്ടു. യേശുവിന്റെ സമീപത്ത് എങ്ങനെയെങ്കിലും എത്തിച്ചേർന്നാൽ തനിക്കും സൗഖ്യം പ്രാപിക്കാമെന്നു പറഞ്ഞു. അയാളുടെ സ്നേഹിതന്മാർ പ്രോത്സാഹിപ്പിച്ചു. എങ്കിലും തന്റെ പാപപ്രവൃത്തികൾ അയാളെ അധൈര്യപ്പെടുത്തി. തന്നെപ്പോലൊരു പാപിയെ യേശു സ്വീകരിക്കുമോ എന്നയാൾ സംശയിച്ചു.

പാപത്തിൽനിന്നുള്ള മോചനമാണു ശാരീരിക സൗഖ്യത്തെക്കാൾ കൂടുതൽ അയാൾ ആഗ്രഹിച്ചത്. യേശുവിൽനിന്നു പാപക്ഷമയും, അസ്വസ്ഥമായ തന്റെ മനസ്സിനു ശാന്തിയും ലഭിച്ചിരുന്നെങ്കിൽ, മരിക്കുന്നതിനോ ജീവിക്കുന്നതിനോ - ഏതു ദൈവഹിതമെങ്കിൽ അതു സ്വീകരിപ്പാൻ - അയാൾ ഒരുക്കമായിരുന്നു. ഏതു വിധമെങ്കിലും യേശുവിന്റെ സന്നിധിയിൽ അണയാൻ അയാൾ ആഗ്രഹിച്ചു. സമയം വളരെ കഴിഞ്ഞിരുന്നു. അവന്റെ ശരീരം ക്രമേണ മരിച്ചുകൊണ്ടിരുന്നു. കിടക്കയോടെ തന്നെ എടുത്തുകൊണ്ടു യേശുവിനരികിലേക്കു പോകുവാൻ സ്നേഹിതരോട് അവൻ അഭ്യർത്ഥിച്ചു. അവർക്ക് അവനെ സഹായിപ്പാൻ സന്തോഷമേയുണ്ടായിരുന്നുള്ളു. യേശു സന്നിഹിതനായിരുന്ന ആ ഭവനത്തിൽ ജനത്തിരക്കു വളരെയായിരുന്നു. അതുകൊണ്ട്, ആ രോഗിയെയുംകൊണ്ട് അകത്തേക്കു പ്രവേശിക്കുക എളുപ്പമായിരുന്നില്ല.

യേശു വന്നിരുന്ന വീടു പത്രൊസിന്റേതായിരുന്നു. പതിവുപോലെ യേശുവിന്റെ ചുറ്റും ശിഷ്യഗണങ്ങൾ കൂടിനിന്നു. "ഗലീലയിലും യെഹൂദ്യയിലുമുള്ള സകല ഗ്രാമങ്ങളിൽനിന്നും യെരൂശലേമിൽനിന്നും വന്ന പരീശന്മാരും ന്യായശാസ്ത്രിമാരും അവിടെ ഇരുന്നിരുന്നു." യേശുവിൽ കുറ്റം കണ്ടുപിടിക്കാൻ വന്ന ചാരന്മാരായിരുന്നു ഇവർ. ഇവർക്കു പുറമേ വീടിനു ചുറ്റും

വലിയ ജനക്കൂട്ടം നിന്നിരുന്നു. വിശ്വാസമുള്ളവരും ഇല്ലാത്തവരും അടങ്ങിയ ഒരു ജനക്കൂട്ടമായിരുന്നു അത്. വിവിധ നാട്ടുകാരും വിവിധ നിലകളിലുള്ള വരും അതിൽ അടങ്ങിയിരുന്നു. "സൗഖ്യമാക്കുവാൻ കർത്താവിന്റെ ശക്തി അവനോടുകൂടെ ഉണ്ടായിരുന്നു." പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ആ ഭവന ത്തിൽ വ്യാപരിച്ചിരുന്നു. എന്നാൽ പരീശന്മാരും ശാസ്ത്രിമാരും അതു മനസ്സിലാക്കിയിരുന്നില്ല. അവർക്ക് ഒന്നിന്റെയും ആവശ്യബോധമില്ലായിരുന്നു. അതുകൊണ്ട് അവർക്കു സൗഖ്യമാകാനും സാദ്ധ്യമായിരുന്നില്ല. "വിശന്നിരി ക്കുന്നവരെ നന്മകളാൽ നിറച്ചു; സമ്പന്നരെ വെറുതെ അയച്ചുകളഞ്ഞിരി ക്കുന്നു" (ലൂക്കൊസ് 1:53).

പക്ഷവാതക്കാരനെയും വഹിച്ചുകൊണ്ടു ജനക്കൂട്ടത്തിനിടയിൽക്കൂടെ യേശുവിനരികിലേക്കു പോകുവാൻ അയാളുടെ സ്നേഹിതന്മാർ ശ്രമിച്ചു വെങ്കിലും അവർക്കു സാധിച്ചില്ല. രോഗി ദുഃഖത്തോടെ ചുറ്റും നോക്കി. അനേക കാലമായി താൻ ആഗ്രഹിച്ചിരുന്ന കാര്യം ഇപ്പോൾ നടന്നില്ലായെങ്കിൽ ഇനിയൊരിക്കലും നടക്കുകയില്ലായെന്ന് അയാൾ ഭയപ്പെട്ടു. അയാൾ ആവശ്യ പ്പെട്ടതനുസരിച്ചു കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ച് അയാളെ താഴേ യ്ക്കിറക്കി. അങ്ങനെ അയാൾ യേശുവിന്റെ സന്നിധിയിൽ എത്തി. യേശു വിന്റെ പ്രസംഗം താല്ക്കാലികമായി തടസ്സപ്പെട്ടു. നിസ്സഹായനും ദുഃഖിതനു മായ രോഗിയുടെ മുഖത്തേക്കു യേശു നോക്കി. അപേക്ഷാരീതിയിൽ അവൻ യേശുവിൽ ദൃഷ്ടി പതിപ്പിച്ചു. തന്റെ പാപങ്ങളെക്കുറിച്ച് അനുതപിക്കുകയും യേശുവിനു തന്നെ സൗഖ്യമാക്കാൻ കഴിയുമെന്നു വിശ്വസിക്കുകയും ചെയ്തു. അവന്റെ വിശ്വാസം അനുനിമിഷം വർദ്ധിച്ചുകൊണ്ടിരുന്നു.

വേദനയിൽ കഴിഞ്ഞിരുന്ന ആ പക്ഷവാതക്കാരനു യേശുവിന്റെ വാക്കു കൾ ഒരു സംഗീതമന്ദ്രധ്വനിപോലെ അനുഭവപ്പെട്ടു. രക്ഷകൻ പറഞ്ഞു: "മകനേ, ധൈര്യമായിരിക്ക; നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു."



'മകനേ, ധൈര്യമായിരിക്ക; നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു.'

ആ പക്ഷവാതക്കാരന്റെ നിരാശ അവനെവിട്ടു നീങ്ങിപ്പോയി. പാപം ക്ഷമിച്ചുകിട്ടിയ സന്തോഷം അവൻ ആസ്വദിക്കുകയായിരുന്നു. അവന്റെ മുഖത്ത് അതു പ്രതിഫലിച്ചു. അവന്റെ ശരീരത്തിന് ഒരു രൂപാന്തരമുണ്ടായി. അവൻ പരിപൂർണ്ണ സൗഖ്യം പ്രാപിച്ചവനായിത്തീർന്നു. കുറ്റബോധം ഗ്രസി ച്ചിരുന്ന ആ മനുഷ്യൻ പാപക്ഷമ ലഭിച്ചതിന്റെ സന്തോഷം നുകർന്നു.

യേശുവിന്റെ വാക്കുകളെ വിശ്വാസത്തോടെ അവൻ സ്വീകരിച്ചു. അത് അവന് ഒരു പുതുജീവൻ ലഭിച്ചതുപോലെ ആയിരുന്നു. അവനു വേറൊരു ആവശ്യവുമില്ലായിരുന്നു. സന്തോഷാതിരേകത്താൽ സംസാരിക്കാനാകാതെ ക്രിസ്തുവിന്റെ മുമ്പിൽത്തന്നെ അവൻ കിടന്നു. സ്വർഗ്ഗീയപ്രഭ അവന്റെ മുഖത്തു പ്രതിഫലിച്ചു. ജനം അത്ഭുതസ്തബ്ധരായി ആ രംഗം നോക്കി നിന്നു.

ക്രിസ്തു എപ്രകാരം ഈ മനുഷ്യന്റെ കാര്യം കൈകാര്യം ചെയ്യുമെന്നറി യാൻ പരീശന്മാർ ജിജ്ഞാസയോടെ കാത്തിരുന്നു. ഈ മനുഷ്യൻ തങ്ങ ളോടു സഹായം അഭ്യർത്ഥിച്ചതും, തങ്ങൾ അതു നിർദ്ദയം നിരാകരിച്ചതും പരീശന്മാർ ഓർത്തു. അവർ അവനെ നിരാകരിക്ക മാത്രമല്ല ചെയ്തത്, അവന്റെ പാപത്തിന്റെ ഫലമായ ദൈവശിക്ഷ അവൻ അനുഭവിക്ക യാണെന്നും പ്രഖ്യാപിച്ചു. ആ പക്ഷവാതക്കാരനെ കണ്ടപ്പോൾ പരീശന്മാർ പഴയ കാര്യങ്ങളെല്ലാം ഓർത്തു. മറ്റുള്ളവർ അതീവ തൽപരരായി ഈ രംഗം വീക്ഷിക്കുന്നതും പരീശന്മാർ കണ്ടു. ജനത്തിന്മേൽ തങ്ങൾക്കുണ്ടായിരുന്ന സ്വാധീനം ഇതോടെ തകരുമെന്ന് അവർ ഭയപ്പെട്ടു.

ഈ മതനേതാക്കന്മാർ പരസ്പരം സംസാരിച്ചില്ല. എങ്കിലും അവരുടെ മനസ്സിലെ ആശയങ്ങൾ ഒന്നായിരുന്നുവെന്ന് അവരുടെ മുഖഭാവങ്ങൾ തെളി യിച്ചു. യേശുവിനു ലഭിക്കുന്ന ജനപിന്തുണയെ എങ്ങനെയെങ്കിലും ഇല്ലാ താക്കണമെന്ന് അവർ ചിന്തിച്ചു. ആ പക്ഷവാതക്കാരന്റെ പാപങ്ങൾ മോചിച്ചു കൊടുത്തിരിക്കുന്നുവെന്നു യേശു പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം ഒരു ദൈവ ദൂഷണമായി പരീശന്മാർ എടുത്തു. ഇതു മരണം അർഹിക്കുന്ന ഒരു പാപ മെന്ന് അവർ വിധിച്ചു. “ഇവൻ ഇങ്ങനെ ദൈവദൂഷണം പറയുന്നതെന്ത്? ദൈവം ഒരുവൻ അല്ലാതെ പാപങ്ങളെ മോചിപ്പാൻ കഴിയുന്നവർ ആർ എന്നു ഹൃദയത്തിൽ ചിന്തിച്ചുകൊണ്ടിരുന്നു” (മർക്കൊസ് 2:7).

തന്റെ ദൃഷ്ടികൾ അവരുടെമേൽ ഉറപ്പിച്ചുകൊണ്ടു യേശു പറഞ്ഞു: “നിങ്ങൾ ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കുന്നത് എന്ത്? പക്ഷവാതക്കാര നോടു നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറയുന്നതോ, എഴു ന്നേറ്റു കിടക്ക എടുത്തു നടക്ക എന്നു പറയുന്നതോ, ഏതാകുന്നു എളുപ്പം? എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന് അധികാരം ഉണ്ട് എന്നു നിങ്ങൾ അറിയേണ്ടതിന് – അവൻ പക്ഷവാതക്കാരനോട്: എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിലേക്കു പോക എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു.”

യേശുവിന്റെ സമീപത്തേക്കു കിടക്കയിൽ എടുത്തുകൊണ്ടുവരപ്പെട്ട ആ മനുഷ്യൻ ശക്തിപ്രാപിച്ച് എഴുന്നേറ്റു. ജീവൻ നല്കുന്ന രക്തം അവന്റെ

നാഡിഞരമ്പുകളിലൂടെ ഓടി. അവന്റെ ശരീരം ശക്തി ആർജ്ജിച്ചു. മരണാസന്നനായി കിടന്നിരുന്ന ആ മനുഷ്യൻ ആരോഗ്യവാനായിത്തീർന്നു. "ഉടനെ അവൻ എഴുന്നേറ്റു കിടക്ക എടുത്ത് എല്ലാവരും കാൺകെ പുറപ്പെട്ടു; അതുകൊണ്ട് എല്ലാവരും വിസ്മയിച്ചു: ഇങ്ങനെ ഒരുനാളും കണ്ടിട്ടില്ല എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി."

പാപിയെയും രോഗിയെയും സൗഖ്യപ്പെടുത്തുവാൻ താഴ്മ കാട്ടുന്ന യേശുവിന്റെ അത്ഭുതസ്നേഹം എത്ര വലുത്! കഷ്ടപ്പെടുകയും വേദന അനുഭവിക്കുകയും ചെയ്യുന്ന മനുഷ്യവർഗ്ഗത്തോട് അനുകമ്പ കാട്ടുന്ന ദൈവത്തിന്റെ കരുണ! മനുഷ്യപുത്രന്മാർക്കു ദൈവം കാണിച്ചുകൊടുത്തിരിക്കുന്ന അത്ഭുതശക്തി! രക്ഷയുടെ ദൂതിനെ ആർക്കു സംശയിക്കുവാൻ കഴിയും? അനുകമ്പ കാണിക്കുന്ന ഒരു രക്ഷകന്റെ കരുണയെ ആർക്ക് അവഗണിക്കുവാൻ സാധിക്കും?

മൃതമായിക്കൊണ്ടിരുന്ന ആ ശരീരത്തെ ആരോഗ്യമുള്ളതാക്കിത്തീർക്കുവാൻ സ്രഷ്ടാവായ ദൈവത്തിനു മാത്രമേ കഴിയുകയുള്ളു. മണ്ണിൽനിന്നു ജീവനുള്ള മനുഷ്യനെ നിർമ്മിച്ച ദൈവത്തിന്റെ ശബ്ദത്തിനു മാത്രമേ മരണത്തെ അഭിമുഖമായി കണ്ടുകൊണ്ടിരുന്ന ആ പക്ഷവാതക്കാരനെ ജീവിപ്പിക്കുവാൻ കഴിയുമായിരുന്നുള്ളു. ശരീരത്തിനു ജീവൻ നല്കിയ അതേ ശക്തിതന്നെ ഹൃദയത്തെ നവീകരിച്ചു. "അവൻ അരുളിച്ചെയ്തു; അങ്ങനെ സംഭവിച്ചു" (സങ്കീ. 33:9) എന്ന് ആരെക്കുറിച്ചു പറഞ്ഞിരിക്കുന്നുവോ, ആ ദൈവം, പാപത്തിൽ മരിച്ചിരുന്ന മനുഷ്യനോടു ജീവന്റെ വാക്കുകൾ സംസാരിച്ചു. അവനു ലഭിച്ച ശരീരസൗഖ്യം അവന്റെ ഹൃദയത്തിനു മാറ്റം നല്കിയ ദൈവിക ശക്തിയുടെയും ഒരു തെളിവായിരുന്നു. "ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന് അധികാരം ഉണ്ട് എന്നു നിങ്ങൾ അറിയേണ്ടതിന്" "എഴുന്നേറ്റു നടക്ക" എന്നു യേശു പക്ഷവാതരോഗിയോടു പറഞ്ഞു.

ശരീരത്തിനും ആത്മാവിനും വേണ്ടതായ സൗഖ്യം ആ പക്ഷവാതക്കാരൻ യേശുവിൽ കണ്ടു. ആത്മീയ സൗഖ്യം ലഭിച്ചതോടെ ശാരീരിക സൗഖ്യവും അയാൾക്കു ലഭിച്ചു. ഈ പാഠം ഒരിക്കലും അവഗണിച്ചുകളയരുത്. ഇന്ന് അനേകായിരങ്ങൾ ശാരീരിക രോഗത്താൽ കഷ്ടപ്പെടുകയാണ്. "നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു" എന്ന ആശ്വാസവചനം കേൾപ്പാൻ അവർ ആ പക്ഷവാതരോഗിയെപ്പോലെ കാതോർത്തിരിക്കുകയാണ്. അവരുടെ രോഗങ്ങളുടെ കാരണം പാപഭാരവും അതിന്റെ കൂടപ്പിറപ്പായ അസ്വസ്ഥതയും, പൂർത്തീകരിക്കപ്പെടാത്ത ആഗ്രഹങ്ങളുമാണ്. ആത്മാവിനു സൗഖ്യം നല്കുന്ന വൈദ്യന്റെ സമീപം എത്തുന്നതുവരെ അവർക്ക് ഒരാശ്വാസവും ലഭിക്കയില്ല. കർത്താവിനു മാത്രം നില്കുവാൻ കഴിയുന്ന സമാധാനം മനസ്സിന് ഊർജ്ജസ്വലതയും ശരീരത്തിന് ആരോഗ്യവും നല്കുന്നു.

"പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻതന്നെ ദൈവപുത്രൻ പ്രത്യക്ഷനായി." "അവനിൽ ജീവൻ ഉണ്ടായിരുന്നു." "അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്"

എന്നു യേശു പറഞ്ഞു. അവൻ “ജീവിപ്പിക്കുന്ന ആത്മാവായി” (1 യോഹ. 3:8; യോഹ. 1:4; 10:10; 1 കൊരി. 15:45). താൻ ഭൂമിയിലായിരുന്നപ്പോൾ രോഗികൾക്കു സൗഖ്യം നല്കിയതുപോലെയും, പാപികൾക്കു പാപക്ഷമ നല്കിയതുപോലെയും, അതേ ജീവൻ നല്കുന്ന ശക്തി ഇപ്പോഴും തനിക്കുണ്ട്. “അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു” (സങ്കീ. 103:3).

പക്ഷവാതരോഗിക്കു നല്കിയ രോഗശാന്തിയുടെ ഫലം സ്വർഗ്ഗം തുറന്നു കാട്ടിയതുപോലെ ആയിരുന്നു. സൗഖ്യം പ്രാപിച്ച മനുഷ്യൻ ജനക്കൂട്ടത്തിനിടയിലൂടെ ദൈവത്തെ വാഴ്ത്തിക്കൊണ്ടു നടന്നുപോയപ്പോൾ, അയാൾക്കു വഴികൊടുപ്പാൻ ജനക്കൂട്ടം പിന്നോട്ടുമാറിക്കൊടുത്തു. അത്ഭുതസ്തബ്ധരായ അവർ പറഞ്ഞു: “ഇന്നു നാം അപൂർവ്വകാര്യങ്ങളെ കണ്ടു.”

പരീശന്മാർ മൂകരായി. തങ്ങൾക്കുണ്ടായ പരാജയത്തിൽ അവർ സ്തബ്ധരായിപ്പോയി. ഈ സന്ദർഭത്തിൽ ജനക്കൂട്ടത്തെ യേശുവിനെതിരായി തിരിച്ചുവിടുക അസാദ്ധ്യമാണെന്നവർക്കു മനസ്സിലായി. പിശാചിന്റെ ക്രോധത്തിനിരയായവൻ എന്നു തങ്ങൾ കരുതിയിരുന്ന പക്ഷവാതക്കാരൻ സൗഖ്യമായതോടുകൂടെ ജനങ്ങളുടെ ചിന്ത റബ്ബിമാരിൽനിന്നു മാറി യേശുവിലേക്കായി. ദൈവത്തിനു മാത്രം കഴിയുന്ന പ്രവൃത്തി ചെയ്യുവാനുള്ള കഴിവു ക്രിസ്തുവിനുമുണ്ടെന്നു പരീശന്മാർ മനസ്സിലാക്കി. എന്നിരുന്നാലും തങ്ങളുടെ അഹങ്കാരഭാവത്തിനു കടകവിരുദ്ധമായിരുന്നു യേശുവിന്റെ എളിമത്വം കലർന്ന കുലീനഭാവം. ഒരു ശ്രേഷ്ഠവ്യക്തിയുടെ സാന്നിദ്ധ്യം അവരെ സംഭ്രമചിത്തരും, ലജ്ജിതരും, ബോധവാന്മാരും ആക്കിയെങ്കിലും പാപക്ഷമയുടെ ആവശ്യബോധം അവർക്കുണ്ടായില്ല. യേശുവിനു പാപങ്ങളെ ക്ഷമിപ്പാനുള്ള അധികാരം ഉണ്ടെന്നുള്ള ശക്തമായ തെളിവുണ്ടായിട്ടും തങ്ങളുടെ അവിശ്വാസത്തിൽ പറ്റിപ്പിടിച്ചിരിക്കുവാൻ പരീശന്മാർ ആഗ്രഹിച്ചു. പക്ഷവാതക്കാരൻ സുഖം പ്രാപിച്ചതു പത്രൊസിന്റെ ഭവനത്തിൽവച്ചായിരുന്നു. മനുഷ്യപുത്രനെ മിണ്ടാതാക്കുവാൻ പുതിയ പദ്ധതികൾ കണ്ടുപിടിക്കുന്നതിനു പരീശന്മാർ അവിടെനിന്നു പോയി.

ശാരീരികരോഗം, എത്രമാത്രം ആഴത്തിൽ വേരോടിയതും, മാരകവുമായിരുന്നാലും ക്രിസ്തുവിന്റെ ശക്തിയാൽ സുഖപ്പെട്ടിരുന്നു. എന്നാൽ പ്രകാശത്തിനെതിരെ കണ്ണടച്ചവരുടെമേൽ ആത്മീയരോഗം പിടിമുറുക്കി. കുഷ്ഠരോഗവും, പക്ഷാഘാതവും മതഭ്രാന്തിനെക്കാളോ, അവിശ്വാസത്തെക്കാളോ ഭയാനകമായിരുന്നില്ല. കുറച്ചുസമയത്തിനുമുമ്പു സ്വഭവനത്തിൽനിന്നു കിടക്കയിൽ എടുത്തു കൊണ്ടുപോകപ്പെട്ട വ്യക്തി, അനായാസമായി തന്റെ കിടക്കയും എടുത്തുകൊണ്ടു വീട്ടിലേക്കു തിരികെ നടന്നുവന്നപ്പോൾ ആ വീട്ടിൽ വലിയ സന്തോഷം കത്തിപ്പടർന്നു. സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് അവിശ്വസനീയമായ ആ കാഴ്ച കാണുവാൻ ബന്ധുജനങ്ങൾ ഒത്തുകൂടി. പൂർണ്ണ ആരോഗ്യവാനായി സുഖപ്പെട്ട മനുഷ്യൻ അവരുടെ മുമ്പിൽ നിന്നു. ജീവനില്ലാതിരുന്ന അയാളുടെ കരങ്ങൾ ഇച്ഛാനുസരണം പ്രവർത്തിക്കുന്നത് അവർ കണ്ടു. രോഗം ബാധിച്ചു ശോഷിച്ച കൈകാലുകൾ ഇപ്പോൾ രക്തവർണ്ണത്തോടും ആരോഗ്യം തുടിക്കുന്നതുമായി കാണ

പ്പെട്ടു. ഉറച്ച ചുവടുകൾ വയ്ക്കാൻ അയാൾക്കു കഴിഞ്ഞു. സന്തോഷവും പ്രത്യാശയും അയാളുടെ മുഖത്തു നിഴലിട്ടു. പാപത്തിന്റെയും വേദനയുടെയും പാടുകൾക്കു പകരം വിശുദ്ധിയും സമാധാനവും അയാളിൽ പ്രതിഫലിച്ചു. ആ ഭവനത്തിൽനിന്നു സ്തുതിസ്തോത്രങ്ങൾ കരേറ്റപ്പെട്ടു. തന്റെ പുത്രനിൽക്കൂടെ ദൈവത്തിന്റെ നാമം മഹത്വീകരിക്കപ്പെട്ടു. യേശുവിനുവേണ്ടി തങ്ങളുടെ ജീവൻ നല്കുവാൻ ഈ സുഖംപ്രാപിച്ച രോഗിയും തന്റെ കുടുംബവും ഒരുക്കമായിരുന്നു. തങ്ങളുടെ അന്ധകാരജീവിതത്തിലേക്കു വെളിച്ചം വിതറിയ യേശുവിങ്കൽ അവരുടെ മുഴുവിശ്വാസവും അർപ്പിച്ചു.

# 28

# ലേവി-മത്തായി

അവലംബം: മത്തായി 9:9-17; മർക്കൊസ് 2:14-22; ലൂക്കൊസ് 5:27-39

പലസ്തീനിലുണ്ടായിരുന്ന റോമൻ ജീവനക്കാരിൽ ചുങ്കംപിരിവുകാരെപ്പോലെ വെറുക്കപ്പെട്ടിരുന്നവർ വേറാരുമുണ്ടായിരുന്നില്ല. ഒരു വൈദേശിക ശക്തി അടിച്ചേല്പിച്ച നികുതികൾ യെഹൂദന്മാർക്ക് അതൃപ്തി ഉളവാക്കിയിരുന്നു. അവരുടെ പാരതന്ത്ര്യത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു അവ. റോമൻ മർദ്ദനഭരണത്തിന്റെ ചൂട്ടുപിടുത്തക്കാരായി മാത്രമല്ല ചുങ്കക്കാർ പെരുമാറിയിരുന്നത്. സ്വന്തകീശ നിറയ്ക്കുവാൻ അവർ ജനങ്ങളിൽനിന്നു നികുതികൾ പിഴിഞ്ഞെടുത്തിരുന്നു. ഏതെങ്കിലും ഒരു യെഹൂദൻ ചുങ്കംപിരിവുകാരനായിത്തീർന്നെങ്കിൽ അയാളെ സ്വരാജ്യസ്നേഹമില്ലാത്ത ഒറ്റുകാരൻ എന്നു ഗണിച്ചിരുന്നു. സാമൂഹ്യദ്രോഹിയായും വിശ്വാസത്യാഗിയായും അയാളെ മുദ്രകുത്തിയിരുന്നു.

ലേവി-മത്തായി ഇപ്രകാരമൊരു ചുങ്കക്കാരനായിരുന്നു. ഗലീലക്കടൽത്തീരത്തുനിന്നു നാലു ശിഷ്യന്മാരെ വിളിച്ചശേഷം, ക്രിസ്തു അടുത്തതായി

വിളിച്ചതു ലേവി–മത്തായിയെ ആയിരുന്നു. ലേവി–മത്തായി അസ്പൃശ്യനായ ഒരു വ്യക്തിയായി പരീശന്മാർ കരുതിയത്, അയാളുടെ തൊഴിലിന്റെ അടിസ്ഥാനത്തിലായിരുന്നു. എന്നാൽ ക്രിസ്തു, മത്തായിയിൽ ഒരു സത്യാന്വേഷിയെ കണ്ടെത്തി. യേശുവിന്റെ ഉപദേശങ്ങൾ മത്തായി സശ്രദ്ധം കേട്ടിരുന്നു. പരിശുദ്ധാത്മാവു തന്നിൽ പാപബോധം നല്കിയപ്പോൾ, ക്രിസ്തുവിന്റെ സഹായം തേടുവാൻ അവൻ കാംക്ഷിച്ചു. റബ്ബിമാർ തന്നെ പാപിയായി മുദ്രകുത്തിയിരുന്നതുകൊണ്ട്, ഈ ഗുരു തന്നെ ശ്രദ്ധിക്കുമെന്നു മത്തായി ഒട്ടും തന്നെ പ്രതീക്ഷിച്ചിരുന്നില്ല.

ഒരു ദിവസം ചുങ്കസ്ഥലത്തു മത്തായി ഇരിക്കുമ്പോൾ, യേശു വരുന്നതു കണ്ടു. "എന്നെ അനുഗമിക്ക" എന്നു യേശു മത്തായിയോടു പറഞ്ഞപ്പോൾ അവന്റെ അത്ഭുതത്തിന് അതിരില്ലായിരുന്നു.

അവൻ സകലവും വിട്ട് എഴുന്നേറ്റു യേശുവിനെ അനുഗമിച്ചു. മത്തായി ദൃഢചിത്തനായി യേശുവിനോടുകൂടെ പോയി. അവനിൽ സംശയമോ, ഭയമോ ഒന്നും ഇല്ലായിരുന്നു. യേശുവിന്റെ സാന്നിദ്ധ്യം അവൻ കാംക്ഷിച്ചു. യേശുവിന്റെ ധന്യവചനങ്ങൾ കേൾക്കുവാനും യേശുവിന്റെ ശുശ്രൂഷയിൽ പങ്കാളിയാകുവാനും  അവൻ ആഗ്രഹിച്ചു.

മത്തായിക്കു മുമ്പു വിളിക്കപ്പെട്ട ശിഷ്യന്മാർക്കും ഇതേ ആഗ്രഹങ്ങളാണുണ്ടായിരുന്നത്. പത്രൊസിനെയും സ്നേഹിതരെയും വിളിച്ചപ്പോൾ, തങ്ങളുടെ പടകുകളും വലകളും വിട്ടശേഷം അവർ യേശുവിനെ അനുഗമിച്ചു. ഇവരിൽ പലർക്കും ആശ്രിതർ ഉണ്ടായിരുന്നു. എന്നാൽ കർത്താവിന്റെ ക്ഷണം അവർക്കു ലഭിച്ചപ്പോൾ ഒരു വൈമനസ്യവും കാട്ടാതെ യേശുവിനെ പിന്തുടരുകയാണു ചെയ്തത്. "ഞാൻ എങ്ങനെ ജീവിക്കും? എന്റെ കുടുംബത്തിന്റെ ഭാവി എന്തായിരിക്കും?" എന്നൊന്നും അവർ ചിന്തിച്ചില്ല. അവർ ക്രിസ്തുവിന്റെ വിളിക്ക് അനുസരണമുള്ളവരായിരുന്നു. പിന്നീടു യേശു അവരോട്, "ഞാൻ നിങ്ങളെ മടിശ്ശീലയും പൊക്കണവും ചെരിപ്പും കൂടാതെ അയച്ചപ്പോൾ വല്ല കുറവുമുണ്ടായോ എന്നു ചോദിച്ചതിന്: ഒരു കുറവുമുണ്ടായില്ല എന്നവർ ഉത്തരം പറഞ്ഞു" (ലൂക്കൊസ് 22:35).

ധനവാനായ മത്തായിക്കും, പാവപ്പെട്ടവരായിരുന്ന പത്രൊസിനും അന്ത്രെയാസിനും ഒരേ പരിശോധനയാണു നേരിടേണ്ടിവന്നത്. ഒരേ തരത്തിലുള്ള സമർപ്പണമാണ് അവർ എല്ലാവരും ചെയ്തത്. തങ്ങളുടെ ജീവിതം ആസ്വദിച്ചുകൊണ്ടിരുന്നപ്പോഴാണ്, കടൽജീവിതത്തെ വെടിഞ്ഞു തന്റെ ശിഷ്യരായിത്തീരുവാൻ പത്രൊസിനെയും കൂട്ടരെയും യേശു ക്ഷണിച്ചത്. ഭൗതിക സുഖാന്വേഷണ തൽപരതയാണോ, ക്രിസ്തുവുമായി കൂട്ടായ്മ പുലർത്താനുള്ള താൽപര്യമാണോ ഏതാണ് ഒരുവനിൽ മുന്നിട്ടുനില്ക്കുന്നതെന്നറിയുവാൻ ഓരോ വ്യക്തിയും പരിശോധിക്കപ്പെടും.

ആദർശങ്ങൾ എല്ലായ്പ്പോഴും നമ്മിൽനിന്നു ത്യാഗങ്ങൾ പ്രതീക്ഷിക്കുന്നു. ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ മുതിർന്നുവരുന്നതിനുവേണ്ടി ലോകത്തെ ത്യജിക്കുകയും ഹൃദയം പൂർണ്ണമായി ദൈവത്തിനു സമർപ്പി

ക്കുകയും ചെയ്യുന്നില്ലായെങ്കിൽ ഒരു മനുഷ്യനും ദൈവവേലയിൽ വിജയം നേടാൻ സാദ്ധ്യമല്ല. പൂർണ്ണസമർപ്പണമില്ലാത്ത ഒരുവനെ ക്രിസ്തുവിന്റെ കൂട്ടുവേലക്കാരൻ എന്നു വിളിപ്പാൻ കഴിയുന്നതല്ല. മഹത്വമാർന്ന രക്ഷയെ മനുഷ്യൻ രുചിച്ചറിയുമ്പോൾ, ക്രിസ്തുവിന്റെ ജീവിതത്തിൽ വിളങ്ങിയ സ്വയ ത്യാഗം അവന്റെ ജീവിതത്തിലും പ്രതിഫലിക്കുന്നതു കാണുവാൻ കഴിയും. ക്രിസ്തു നയിക്കുന്ന പാതയിലൂടെ നടക്കുവാൻ അവർ ഒരുക്കമുള്ളവ രായിരിക്കും.

ക്രിസ്തു ചുങ്കക്കാരനായ മത്തായിയെ തന്റെ ശിഷ്യഗണത്തിലേക്കു ക്ഷണിച്ചത്, യെഹൂദപ്രമാണികളിൽ വലിയ കോപം ഉളവാക്കി. ഒരു ചുങ്ക ക്കാരന് അപ്രകാരമൊരു സ്ഥാനം നല്കുക എന്നത് എല്ലാ കീഴ്വഴക്ക ങ്ങൾക്കുമെതിരായിരുന്നു. ചുങ്കക്കാരോടു യെഹൂദജനതയ്ക്കുള്ള വിദ്വേ ഷത്തെ മുതലെടുത്തുകൊണ്ടു ജനവികാരത്തെ യേശുവിനെതിരായി തിരി ക്കാമെന്നു പരീശന്മാർ ആശിച്ചു.

എന്നാൽ മത്തായിയോടുള്ള യേശുവിന്റെ ദയാവായ്പോടെയുള്ള സമീ പനം ചുങ്കക്കാരുടെ ഇടയിൽ വ്യാപകമായ ഒരു താൽപര്യം സൃഷ്ടിക്കു വാൻ കാരണമായി; യേശുവിങ്കലേക്ക് അവരുടെ ഹൃദയങ്ങൾ ആകർഷിക്ക പ്പെട്ടു. തനിക്കു ലഭിച്ച പദവിയിൽ സന്തുഷ്ടനായ ലേവി-മത്തായി തന്റെ പഴയ സുഹൃത്തുക്കളെ യേശുവിന്റെ സന്നിധിയിൽ കൊണ്ടുവരാൻ ആഗ്ര ഹിച്ചു. താൻ വലിയ ഒരു വിരുന്നൊരുക്കി. യെഹൂദസമൂഹത്തിൽ അപ മാനിതരും നിന്ദിതരുമായിട്ടുള്ളവരെയും മത്തായി ഈ വിരുന്നിലേക്കു ക്ഷണിച്ചു.

യേശുവിനോടുള്ള ബഹുമാനം പ്രകടിപ്പിക്കുവാനാണു മത്തായി വിരു ന്നൊരുക്കിയത്. ഈ ക്ഷണം യേശു സസന്തോഷം സ്വീകരിച്ചു. പരീശന്മാർക്ക് ഈ വിരുന്നു വളരെ ഈർഷ്യ ഉളവാക്കുമെന്നു യേശുവിനറിയാമായിരുന്നു. സാധാരണക്കാരായ ആളുകളുടെ സ്നേഹബഹുമാനങ്ങൾ നേടുവാൻ ഇത്തര ത്തിലുള്ള സമ്മേളനങ്ങൾക്കു കഴിയുമെന്നും യേശു മനസ്സിലാക്കിയിരുന്നു. എന്നാൽ യേശു ബാഹ്യമായ സ്നേഹപ്രകടനങ്ങൾക്കോ, ബഹുമതി കൾക്കോ വലിയ വില കല്പിച്ചിരുന്നില്ല. ജീവജലത്തിനുവേണ്ടി ദാഹിക്കുന്ന ഒരാത്മാവായിരുന്നു യേശുവിന്റെ ആകർഷണബിന്ദു.

ചുങ്കക്കാരുടെ ബഹുമാന്യ അതിഥിയായി യേശു വിരുന്നിൽ ഉപവിഷ്ട നായി. മനുഷ്യന്റെ വില എത്ര വലുതാണെന്നു യേശുവിന്റെ പെരുമാറ്റത്തി ലൂടെ വ്യക്തമായിരുന്നു. യേശുവിന്റെ അംഗീകാരവും പ്രോത്സാഹനവും നേടുവാൻ അവിടെ കൂടിയിരുന്നവർ ആഗ്രഹിച്ചു. അവരുടെ ദാഹാർത്തമായ ഹൃദയങ്ങളിൽ യേശുവിന്റെ വാക്കുകൾ അമൃതവർഷമായിരുന്നു. പുതു ജീവൻ അവർക്ക് അനുഭവവേദ്യമായി. സമൂഹത്തിൽ അനഭിമതരായിരുന്ന അവർക്കു പുതിയ ജീവിതപാത വെട്ടിത്തുറക്കപ്പെട്ടു.

അനവധി ആളുകൾ ഇപ്രകാരമുള്ള സമ്മേളനങ്ങളിൽ യേശുവിന്റെ ഉപ ദേശങ്ങൾ കേട്ടിരുന്നു. എന്നാൽ പലരും ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം

കഴിയുന്നതുവരെ പരസ്യമായി മുമ്പോട്ടു വന്നില്ല. പരിശുദ്ധാത്മദാനം പ്രാപിച്ചു മൂവായിരം പേർ ഒരു ദിവസം രക്ഷിക്കപ്പെട്ടപ്പോൾ മത്തായിയുടെ വീട്ടിൽവച്ചു യേശുവിന്റെ പ്രഭാഷണം കേട്ടവർ അക്കൂട്ടത്തിലുണ്ടായിരുന്നു. അവരിൽ ചിലർ സുവിശേഷകന്മാരായിത്തീർന്നു. വിരുന്നുവേളയിൽ യേശു നല്കിയ മാതൃക മത്തായിക്കും ഒരു പാഠമായിരുന്നു. എല്ലാവരും വെറുത്തിരുന്ന ഒരു ചുങ്കക്കാരൻ കർത്താവിന്റെ അനുയായിയായപ്പോൾ നല്ല സുവിശേഷകനായിത്തീർന്നു.

ചുങ്കക്കാരനായ മത്തായിയുടെ ഭവനത്തിൽവച്ചു നടന്ന വിരുന്നിൽ യേശു സംബന്ധിച്ചുവെന്നു കേട്ടപ്പോൾ റബ്ബിമാർക്കു യേശുവിന്റെമേൽ കുറ്റം കണ്ടെത്തുവാനുള്ള ഒരു പഴുതു ലഭിച്ചു. പരീശന്മാർ നേരിട്ടു കുറ്റപ്പെടുത്തുന്നതിനു പകരം, ശിഷ്യന്മാരിൽക്കൂടെ പ്രവർത്തിക്കുവാൻ അവർ തീരുമാനിച്ചു. ചുങ്കക്കാരോടുള്ള വിദ്വേഷം ഉണർത്തിവിട്ടു ശിഷ്യന്മാരെ യേശുവിൽനിന്ന് അകറ്റാമെന്നു പരീശന്മാർ വിചാരിച്ചു. ശിഷ്യന്മാരുടെ മുമ്പിൽവച്ച്, ക്രിസ്തുവിന്റെമേൽ കുറ്റം ആരോപിക്കുന്നതു പരീശന്മാരുടെ ഒരു തന്ത്രമായിരുന്നു. ക്രിസ്തുവിനെ മാനസികമായി മുറിവേല്പിക്കുവാൻ അവർ അസ്ത്രങ്ങൾ തൊടുത്തു. സ്വർഗ്ഗത്തിലെ കലഹത്തിനു കാരണക്കാരനായ സാത്താനും ഇതേ വിധത്തിലാണു പ്രവർത്തിക്കുന്നത്. മനുഷ്യരുടെ ഇടയിൽ ഭിന്നിപ്പും അകൽച്ചയും ഉളവാക്കുന്നവൻ സാത്താന്റെ ആത്മാവിൽ പ്രവർത്തിക്കുന്നു.

“നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ ഭക്ഷിക്കുന്നത് എന്ത്?” അസൂയപൂണ്ടു റബ്ബിമാർ ശിഷ്യന്മാരോടു ചോദിച്ചു.

ഈ ആരോപണത്തിനു ശിഷ്യന്മാർ ഉത്തരം പറയുന്നതിനുവേണ്ടി യേശു കാത്തുനിന്നില്ല. യേശു ഉത്തരം നല്കി: “ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ടാവശ്യമില്ല. യാഗത്തിലല്ല, കരുണയിലത്രേ ഞാൻ പ്രസാദിക്കുന്നു എന്നുള്ളത് എന്ത് എന്നു പോയി പഠിപ്പിൻ. ഞാൻ നീതിമാന്മാരെ അല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നത്.” തങ്ങൾ നീതിമാന്മാർ എന്നു പരീശന്മാർ അവകാശപ്പെട്ടു. അതുകൊണ്ട് അവർക്ക് “വൈദ്യനെ” ആവശ്യമില്ലായിരുന്നു. ചുങ്കക്കാരും പുറജാതികളും പാപരോഗത്താൽ നശിച്ചുകൊണ്ടിരിക്കുന്നവരെന്നു യെഹൂദന്മാർ കരുതി. അങ്ങനെ ചുങ്കക്കാർ പാപികളെങ്കിൽ, വൈദ്യനായ തന്റെ ചുമതലയായിരുന്നു അവരുടെ അടുത്തേക്കു പോകേണ്ടത്.

തങ്ങൾ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരെന്നു യെഹൂദന്മാർ സ്വയം കരുതിയിരുന്നുവെങ്കിലും, തങ്ങളുടെ ദൃഷ്ടിയിൽ ഹീനരായിരുന്നവരെക്കാൾ ശോചനീയമായിരുന്നു അവരുടെ അവസ്ഥ. ചുങ്കക്കാർ യെഹൂദന്മാരെപ്പോലെ സ്വയനീതിയിൽ അഹങ്കരിച്ചില്ല. അതുകൊണ്ട് അവരുടെ മനസ്സു സത്യം സ്വീകരിപ്പാൻ ഒരുക്കമുള്ളതായിരുന്നു. യേശു റബ്ബിമാരോടു പറഞ്ഞു: “യാഗത്തിലല്ല, കരുണയിലത്രേ ഞാൻ പ്രസാദിക്കുന്നുവെന്നുള്ളത് എന്ത് എന്നു പോയി പഠിപ്പിൻ.” ദൈവവചനം വ്യാഖ്യാനിക്കാൻ കഴിവു തങ്ങൾക്കുണ്ടെന്ന് അവകാശപ്പെട്ടിരുന്ന റബ്ബിമാർ അതിന്റെ അന്തഃസത്ത ഗ്രഹിച്ചിരുന്നവരല്ലായെന്നു യേശു കാട്ടിക്കൊടുത്തു.

പരീശന്മാർ തൽക്കാലം നിശ്ശബ്ദരായെങ്കിലും യേശുവിനോടുള്ള ശത്രുത അവർക്കു വർദ്ധിച്ചു. അവർ അടുത്തതായി ചെയ്തത്, യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരെ യേശുവിനെതിരായി അണിനിരത്തുക എന്നതായിരുന്നു. പരീശന്മാർ യോഹന്നാന്റെ ദൂതു സ്വീകരിച്ചിരുന്നില്ല. എല്ലാ ഭൗതികസുഖങ്ങളും വെടിഞ്ഞുകൊണ്ടുള്ള യോഹന്നാന്റെ ജീവിതശൈലിയെ അവർ അപഹസിച്ചു. യോഹന്നാൻ പരീശന്മാരുടെ കപടഭക്തിയെ വിമർശിച്ചതുകൊണ്ട് അവർക്കു യോഹന്നാനോടു കടുത്ത പകയുണ്ടായിരുന്നു. തങ്ങളുടെ പാപപ്രവൃത്തികളെക്കുറിച്ചു പരിശുദ്ധാത്മാവ് അവരെ ഓർമ്മിപ്പിച്ചിരുന്നു. എങ്കിലും അവർ ദൈവാത്മാവിന്റെ ഉപദേശങ്ങളെ ത്യജിച്ചുകളഞ്ഞു. യോഹന്നാൻ ദുരാത്മാവു ബാധിച്ച ഒരുവൻ എന്നു പരീശന്മാർ പറഞ്ഞു.

യേശു സാധാരണക്കാരുമായി ഇടപഴകുകയും അവരോടൊന്നിച്ച് ആഹാരം കഴിക്കുകയും മറ്റും ചെയ്തപ്പോൾ യേശുവിനെ ഭക്ഷണപ്രിയനായും കുടിയനായും പരീശന്മാർ ചിത്രീകരിച്ചു. സാത്താൻ ദൈവത്തെ തെറ്റായി ചിത്രീകരിക്കുകയും തനിക്കു സ്വന്തമായുള്ള സ്വഭാവദോഷങ്ങൾ ദൈവത്തിന്റെ മേൽ ആരോപിക്കുകയും ചെയ്തതുപോലെ ദൈവത്തിന്റെ ദൂതുവാഹകരുടെമേൽ പരീശന്മാർ കള്ള ആരോപണങ്ങൾ ചൊരിഞ്ഞു.

അന്ധകാരത്തിൽ കഴിഞ്ഞിരുന്നവർക്കു വെളിച്ചം പകരുവാനാണു യേശു ചുങ്കക്കാരോടും പാപികളോടുംകൂടെ ഭക്ഷണം കഴിക്കയും ഇടപഴകുകയും ചെയ്തതെന്ന വസ്തുത പരീശന്മാർ സ്വീകരിച്ചില്ല. കർത്താവിന്റെ വചനങ്ങൾ ദൈവമഹത്വത്തിനുവേണ്ടി ഫലം കായ്ക്കുമെന്ന് അവർ വിശ്വസിച്ചില്ല. സ്വർഗ്ഗീയപ്രകാശം ത്യജിക്കുവാൻ പരീശന്മാർ തീരുമാനിച്ചു. യോഹന്നാനെ പരീശന്മാർ അംഗീകരിച്ചിരുന്നില്ലായെങ്കിലും, യേശുവിനെ എതിർക്കുന്നതിനു യോഹന്നാന്റെ ശിഷ്യന്മാരുടെ സഹകരണം കിട്ടുന്നതിനുവേണ്ടി അവരുമായി കൂട്ടുചേരുന്നതിന് അവർ ഒരുക്കമായിരുന്നു. പാരമ്പര്യങ്ങൾക്കെതിരായി യേശു പ്രവർത്തിക്കുന്നെന്നു പരീശന്മാർ യോഹന്നാന്റെ ശിഷ്യന്മാരോടു പറഞ്ഞു. ചുങ്കക്കാരോടും പാപികളോടുംകൂടെ വിരുന്നിൽ പങ്കെടുക്കുന്ന യേശുവും, തീവ്രതാപസനിഷ്ഠയുള്ള യോഹന്നാനും തമ്മിലുള്ള അന്തരത്തെക്കുറിച്ചു പരീശന്മാർ യോഹന്നാന്റെ ശിഷ്യന്മാരോടു പറഞ്ഞു.

യോഹന്നാന്റെ ശിഷ്യന്മാർ ഈ സന്ദർഭത്തിൽ വളരെ ദുഃഖത്തിലൂടെ കടന്നുപോകുകയായിരുന്നു. യോഹന്നാന്റെ ദൂതുമായി യേശുവിന്റെ സമീപത്തു പോകുന്നതിനു മുമ്പായിരുന്നു ഈ സംഭവം. തങ്ങളുടെ പ്രിയങ്കരനായ ഗുരു തടങ്കലിലായിരുന്നു. അവരുടെ ദിവസങ്ങൾ ദുഃഖപൂരിതമായിരുന്നു. യോഹന്നാന്റെ മോചനത്തിനുവേണ്ടി യേശു ഒന്നും ചെയ്യുന്നതായി യോഹന്നാന്റെ ശിഷ്യന്മാർ കണ്ടില്ല. അവന്റെ ഉപദേശത്തിൽ യേശു താൽപര്യം കാട്ടുന്നില്ലായെന്ന് അവർക്കു തോന്നി. യോഹന്നാൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനെങ്കിൽ എന്തുകൊണ്ടു യേശുവും ശിഷ്യന്മാരും വ്യത്യസ്തമായ പാതയിലൂടെ സഞ്ചരിക്കുന്നുവെന്ന് അവർ ചിന്തിച്ചു.

ക്രിസ്തുവിന്റെ ദൗത്യത്തെക്കുറിച്ചു യോഹന്നാന്റെ ശിഷ്യന്മാർക്കു നല്ല അറിവുണ്ടായിരുന്നില്ല. പരീശന്മാർ പറയുന്നതിൽ എന്തെങ്കിലും കഴമ്പുണ്ടാ

യിരിക്കുമെന്ന് അവർ ചിന്തിച്ചു. റബ്ബിമാർ നിഷ്കർഷിച്ചിരുന്ന പല നിയമങ്ങളും അവർ പാലിച്ചു. ന്യായപ്രമാണത്തിന്റെ അനുഷ്ഠാനങ്ങളാൽ രക്ഷ പ്രാപിക്കാമെന്ന് അവർ വിശ്വസിച്ചിരുന്നു. ഒരു സൽക്കർമ്മം ചെയ്യുന്നുവെന്ന വിശ്വാസത്തിലായിരുന്നു യെഹൂദന്മാർ ഉപവാസം അനുഷ്ഠിച്ചിരുന്നത്. വളരെ നിഷ്ഠ പാലിക്കുന്ന അവർ ആഴ്ചയിൽ രണ്ടുദിവസം ഉപവസിച്ചുപോന്നു. പരീശന്മാരും യോഹന്നാന്റെ ശിഷ്യന്മാരും ഉപവസിച്ചുകൊണ്ടിരുന്നപ്പോഴാണ്, യോഹന്നാന്റെ ശിഷ്യന്മാർ യേശുവിന്റെ മുമ്പിലെത്തി ചോദിച്ചത്: "ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു; നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തത് എന്ത്?"

കരുണ തുളുമ്പുന്ന ഹൃദയത്തോടെ യേശു അവരോടു സംസാരിച്ചു. ഉപവാസത്തെക്കുറിച്ചുള്ള അവരുടെ ധാരണയെ തിരുത്തുവാൻ യേശു ശ്രമിച്ചില്ല. എന്നാൽ തന്റെ ദൗത്യത്തെക്കുറിച്ച് അവരെ ബോധവാന്മാരാക്കുവാൻ കർത്താവു ശ്രമിച്ചു. യോഹന്നാൻ തന്നെ സംബന്ധിച്ചു പറഞ്ഞപ്പോൾ ഉപയോഗിച്ച ആലങ്കാരിക ഭാഷ തന്നെ യേശു ഉപയോഗിച്ചു: "മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു; മണവാളന്റെ സ്നേഹിതനോ നിന്നു മണവാളന്റെ സ്വരം കേട്ടിട്ട് അത്യന്തം സന്തോഷിക്കുന്നു; ഈ എന്റെ സന്തോഷം പൂർത്തിയായിരിക്കുന്നു" (യോഹ. 3:29). യോഹന്നാൻ സ്നാപകന്റെ ഈ വാക്കുകൾ തന്റെ ശിഷ്യന്മാർ മറന്നിരുന്നില്ല. ഈ ഉപമയുടെ അനുബന്ധമായി യേശു പറഞ്ഞു: "മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർക്കു ദുഃഖിപ്പാൻ കഴികയില്ല."

സ്വർഗ്ഗത്തിലെ രാജകുമാരൻ തന്റെ ജനത്തോടുകൂടെ ആയിരുന്നു. ലോകത്തിനു ദൈവം നല്കിയ ഏറ്റവും വിശിഷ്ടമായ ദാനമായിരുന്നു യേശു. എളിയവർക്കു സന്തോഷം പകരാനും, അവരെ സ്വർഗ്ഗത്തിന്റെ അവകാശികളാക്കുന്നതിനും യേശു വന്നു. സമ്പന്നർക്കും അവൻ സന്തോഷം പകർന്നുകൊടുത്തു. ഒരിക്കലും നശിച്ചുപോകാത്ത സമ്പത്ത് എപ്രകാരം കരഗതമാക്കാമെന്നു യേശു അവരെ പഠിപ്പിച്ചു. അജ്ഞതയിൽ ആണ്ടുകിടക്കുന്നവർക്കും യേശു സന്തോഷം നല്കി. രക്ഷയെക്കുറിച്ചുള്ള ജ്ഞാനം സ്വായത്തമാക്കുന്നതിന് അവരെ ഒരുക്കുന്നതിനു യേശു വന്നു. വിദ്വൽജനത്തിനും യേശു സന്തോഷം വിളമ്പി. അവർ കടന്നുചെല്ലാത്ത ആഴങ്ങളിലേക്കു യേശു അവരെ നയിച്ചു. ലോകാരംഭം മുതൽ മറയ്ക്കപ്പെട്ടിരുന്ന സത്യങ്ങൾ രക്ഷകന്റെ വരവോടുകൂടെ തുറക്കപ്പെട്ടു.

യോഹന്നാൻ സ്നാപകൻ യേശുവിനെ കണ്ടപ്പോൾ ഏറ്റവും അധികം സന്തോഷിച്ചു. ശിഷ്യന്മാർ യേശുവിനോടുകൂടെ ആയിരുന്നപ്പോൾ വളരെ സന്തുഷ്ടരായിരുന്നു. വിലപിപ്പാനും ഉപവസിപ്പാനുമുള്ള സന്ദർഭമായിരുന്നില്ല അത്. ദൈവപുത്രന്റെ തേജസ്സിന്റെ പ്രഭ സ്വീകരിപ്പാൻ ഹൃദയങ്ങളെ തുറക്കേണ്ട സന്ദർഭമായിരുന്നു. മരണത്തിന്റെ നിഴലിലും അന്ധകാരത്തിലും ഇരുന്നവർക്കു പ്രകാശം പകർന്നുകൊടുക്കേണ്ടതിന്, ശിഷ്യന്മാർക്ക് ആദ്യം പ്രകാശം ലഭിക്കേണ്ടതാവശ്യമായിരുന്നു.

ക്രിസ്തുവിന്റെ വാക്കുകൾ ക്ഷീണിതഹൃദയങ്ങൾക്ക് ആശ്വാസം നല്കി. എന്നാൽ തനിക്കു മാത്രം ഗോചരമായിരുന്ന ഒരു ഇരുണ്ട നിഴൽ എപ്പോഴും തന്നോടുകൂടെ ഉണ്ടായിരുന്നു. "മണവാളൻ പിരിഞ്ഞുപോകേണ്ട നാൾ വരും; അന്ന് അവർ ഉപവസിക്കും." തങ്ങളുടെ കർത്താവു ക്രൂരമരണത്തിനു വിധേയ നാവുമ്പോൾ ശിഷ്യന്മാർ വിലപിക്കുകയും ഉപവസിക്കുകയും ചെയ്യേണ്ട നാൾ വരും. മാളികമുറിയിലിരുന്ന് അന്ത്യപ്രഭാഷണം നടത്തുമ്പോൾ കർത്താവു പറഞ്ഞു: "കുറഞ്ഞോന്നു കഴിഞ്ഞിട്ട് എന്നെ കാണുകയില്ല; പിന്നെയും കുറഞ്ഞോന്നു കഴിഞ്ഞിട്ട് എന്നെ കാണും. ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരഞ്ഞു വിലപിക്കും; ലോകമോ സന്തോഷിക്കും; നിങ്ങൾ ദുഃഖിക്കും; എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷ മായിത്തീരും" (യോഹ. 16:19,20).

യേശു കല്ലറയിൽനിന്നു പുറത്തുവരുമ്പോൾ അവരുടെ ദുഃഖം സന്തോഷ മായി മാറും. യേശുവിന്റെ സ്വർഗ്ഗാരോഹണശേഷം തന്റെ വ്യക്തിപരമായ സാന്നിദ്ധ്യം ശിഷ്യന്മാർക്കു ലഭിക്കയില്ല. എന്നാൽ ആശ്വാസപ്രദനായ പരിശുദ്ധാത്മാവിൽക്കൂടെ യേശുവിന്റെ സാന്നിദ്ധ്യം തുടർന്നു ശിഷ്യന്മാരോടു കൂടെ ഉണ്ടായിരിക്കും. വിലപിച്ചു നഷ്ടപ്പെടുത്താനുള്ളതല്ല, മണവാളൻ കൂടെയുള്ള സമയം. എന്നാൽ സാത്താൻ ആഗ്രഹിച്ചത് അതാണ്. തങ്ങൾ വഞ്ചിതരും, നിരാശയിൽ വീണവരുമാണ് എന്ന ഒരു ചിത്രം ശിഷ്യന്മാർ ലോകത്തിനു പ്രദർശിപ്പിക്കുന്നതു കാണുവാൻ സാത്താൻ ആശിച്ചു. ശിഷ്യ ന്മാർ വിശ്വാസവീരന്മാരായി സ്വർഗ്ഗീയവിശുദ്ധകൂടാരത്തിലേക്കു നോക്കേണ്ടവ രാണ്. യേശു അവിടെ എല്ലാ ജനത്തിനുംവേണ്ടി മദ്ധ്യസ്ഥവേല ചെയ്തു കൊണ്ടിരിക്കും. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനായി സ്വന്തഹൃദയ ങ്ങളെ തുറന്നുകൊടുക്കേണ്ടവരാണു യേശുവിന്റെ ശിഷ്യന്മാർ. പരിശുദ്ധാ ത്മാവിന്റെ പ്രകാശം ലഭിക്കുമ്പോൾ അവർ സന്തോഷിച്ചാനന്ദിക്കേണ്ടവ രായിരുന്നു. എങ്കിലും പരീക്ഷകളുടെയും ശോധനകളുടെയും ദിനങ്ങൾ അവർക്കുണ്ടാകാൻ പോകയായിരുന്നു. അപ്പോൾ ലോകത്തിന്റെ പ്രഭുക്ക ന്മാരോട് എതിരായി നില്ക്കേണ്ടിവരുന്ന സമയം വരും; അന്ധകാരശക്തി കളോടു പോരാടേണ്ടതായി വരും. ക്രിസ്തുവിന്റെ വ്യക്തിപരമായ സാന്നിദ്ധ്യം ഇല്ലാത്ത ആ വേളയിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തെയും തിരിച്ചറി യുക വിഷമമായിരിക്കും. ആ സമയമാണ് ഉപവാസത്തിന് ഏറ്റവും അനു യോജ്യമായ സന്ദർഭം.

മനസ്സിൽ നിറയെ അസൂയയും പകയും കാത്തുസൂക്ഷിച്ചുകൊണ്ട്, മത പരമായ അനുഷ്ഠാനങ്ങൾ നടത്തി മറ്റുള്ളവരുടെ ബഹുമാനം ആർജ്ജി ക്കുവാൻ പരീശന്മാർ ശ്രമിച്ചു. "നിങ്ങൾ വിവാദത്തിനും കലഹത്തിനും ക്രൂര മുഷ്ടികൊണ്ട് അടിക്കേണ്ടതിനും നോമ്പു നോല്ക്കുന്നു... എനിക്ക് ഇഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ? തലയെ വേഴത്തെപ്പോലെ കുനിയിക്കുക, രട്ടും വെണ്ണീരും വിരിച്ചു കിടക്കുക, ഇതാകുന്നുവോ ഉപവാസം? ഇതിനോ നീ നോമ്പെന്നും യഹോവയ്ക്കു പ്രസാദമുള്ള ദിവസമെന്നും പേർ പറയുന്നത്?" (യെശ. 58:4,5).

യഥാർത്ഥ ഉപവാസം വെറും ഔപചാരികമായ അനുഷ്ഠാനമല്ല. ദൈവം അംഗീകരിച്ചിട്ടുള്ള ഉപവാസത്തെ വേദപുസ്തകം വിവരിക്കുന്നു: "അന്യായ ബന്ധനങ്ങളെ അഴിക്കുക, പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്കുക, എല്ലാ നുകത്തെയും തകർക്കുക, വിശപ്പുള്ളവനോടു നീ താൽപര്യം കാണിക്കുകയും കഷ്ടത്തിൽ ഇരിക്കുന്നവനു തൃപ്തി വരുത്തുകയും ചെയ്യുക" (യെശ. 58:6-10). ക്രിസ്തു സേവനത്തിന്റെ ആത്മാവിനെയും, സ്വഭാവത്തെയുമാണ് ഇവിടെ കാണിച്ചിരിക്കുന്നത്. യേശുവിന്റെ മുഴുജീവിതവും ലോകത്തിന്റെ വീണ്ടെടുപ്പിനായി അർപ്പണം ചെയ്തിരുന്നു. മരുഭൂമിയിൽവച്ച് ഉപവാസം അനുഷ്ഠിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്തപ്പോഴും, ചുങ്കക്കാരോടും പാപികളോടുംകൂടെ മത്തായി നല്കിയ വിരുന്നിൽ പങ്കെടുത്തപ്പോഴും നഷ്ട പ്പെട്ടവർക്കുവേണ്ടി തന്റെ ജീവനെ നല്കുകയായിരുന്നു യേശു ചെയ്തത്. അർത്ഥരഹിതമായ വിലാപത്തിലോ, ശാരീരികമായി പീഡിപ്പിക്കുന്നതിലോ, വിവിധങ്ങളായ യാഗാർപ്പണങ്ങളിൽക്കൂടെയോ അല്ല യഥാർത്ഥ ഭക്തി പ്രദർശിപ്പിക്കപ്പെടുന്നത്. യഥാർത്ഥ ഭക്തിയുടെ ഉറവിടം മനുഷ്യർക്കും ദൈവ ത്തിനും പൂർണ്ണമനസ്സോടെ സേവനം ചെയ്യുന്നതിനുവേണ്ടി, സ്വയത്തെ കീഴ്പ്പെടുത്തുന്നതിലാണ്.

യോഹന്നാന്റെ ശിഷ്യന്മാരുടെ ചോദ്യങ്ങൾക്ക് ഉത്തരം നല്കുന്നതിനിട യിൽ യേശു ഒരു ഉപമ പറഞ്ഞു. "ആരും കോടിത്തുണിക്കണ്ടം കീറി യെടുത്തു പഴയ വസ്ത്രത്തോടു ചേർത്തു തുന്നുമാറില്ല. തുന്നിയാലോ പുതി യതു കീറുകയും പുതിയ കണ്ടം പഴയതിനോടു ചേരാതിരിക്കുകയും ചെയ്യും." യോഹന്നാന്റെ ദൂത് അന്ധവിശ്വാസങ്ങളോടും, പരമ്പരാഗതമായ ആചാരങ്ങളോടും ചേർത്തു തുന്നേണ്ടതായിരുന്നില്ല. പരീശന്മാരുടെ കപട ഭക്തിയും യോഹന്നാന്റെ ഭക്തിയും തമ്മിൽ യോജിപ്പിക്കുവാൻ ശ്രമിച്ചാൽ, അവ തമ്മിലുള്ള വ്യത്യാസം കുറേക്കൂടെ വ്യക്തമായി കാണിക്കുക മാത്രമേ ചെയ്യുകയുള്ളു.

അതുപോലെ ക്രിസ്തുവിന്റെ തത്വങ്ങളും പരീശന്മാരുടെ ഉപദേശങ്ങളു മായി ഒത്തുപോകുവാൻ സാദ്ധ്യമല്ലായിരുന്നു. യോഹന്നാന്റെ ഉപദേശം മുഖാന്തരം ഉണ്ടായ വിടവ് അടയ്ക്കുവാൻ ക്രിസ്തു ശ്രമിച്ചില്ല. പഴയതും പുതിയതും തമ്മിലുള്ള വ്യത്യാസം ഒന്നുകൂടെ വ്യക്തമാക്കാൻ യേശു ആഗ്രഹിച്ചു. അതിനു കർത്താവു വേറൊരു ഉപമകൂടി പറഞ്ഞു. "ആരും പുതുവീഞ്ഞു പഴയ തുരുത്തിയിൽ പകരുമാറില്ല, പകർന്നാൽ പുതുവീഞ്ഞു തുരുത്തിയെ പൊളിച്ച് ഒഴുകിപ്പോകും; തുരുത്തിയും നശിച്ചുപോകും." പുതു വീഞ്ഞു സൂക്ഷിക്കുവാനുള്ള തുകലുകൊണ്ടുള്ള തുരുത്തികൾ കുറേക്കാലം കഴിയുമ്പോൾ ഉണങ്ങി പൊട്ടിപ്പോകാൻ സാദ്ധ്യതയുണ്ട്. പിന്നീട് ആ പാത്രം അതേ ആവശ്യത്തിന് ഉപയോഗിക്കാൻ പറ്റാത്തതായിത്തീരുന്നു. സുപരി ചിതമായ ഈ ഉപമയിൽക്കൂടെ യെഹൂദപ്രമാണിമാരുടെ അവസ്ഥയെ യേശു വിശദമാക്കി. പുരോഹിതന്മാരും ശാസ്ത്രിമാരും ഭരണാധികാരികളും പര മ്പരാഗതങ്ങളായ ആചാരാനുഷ്ഠാനങ്ങളിൽ മുഴുകി കഴിയുകയാണ്. തുകൽത്തുരുത്തികൾ പഴകി, ഉണങ്ങി വരളുന്നതുപോലെ, അവരുടെ ഹൃദയ ങ്ങൾ ഉണങ്ങി വരണ്ടിരുന്നു. ആചാരാനുഷ്ഠാനങ്ങളിൽ അധിഷ്ഠിതമായ

ഒരു മതത്തിൽ അവർ സംതൃപ്തരായിരുന്നു. സ്വർഗ്ഗീയസത്യങ്ങൾ അവർ ശ്രദ്ധിച്ചില്ല. സ്വന്തനീതിയിൽ അവർ ആശ്രയിച്ചു. അവരുടെ മതത്തിൽ യാതൊരു പുതുമയും ഇല്ലായിരുന്നു. ദൈവകൃപയെ സ്വീകരിപ്പാൻ അവർ ഒരുക്കമല്ലായിരുന്നു. തങ്ങളിൽനിന്നല്ല, ദൈവകൃപ പുറമേ വരുന്നതാണെന്ന് അവർ ഗ്രഹിച്ചില്ല. സൽപ്രവൃത്തികളിൽക്കൂടെ ദൈവത്തെ പ്രസാദിപ്പിക്കാമെന്ന് അവർ കരുതി. ആത്മാവിനെ ശുദ്ധീകരിക്കുന്നതും, സ്നേഹത്താൽ പ്രവർത്തിക്കുന്നതുമായ വിശ്വാസത്തിനു പരീശന്മാരുടെ മതത്തിൽ യാതൊരു സ്ഥാനവുമില്ലായിരുന്നു. പരീശന്മാരുടെ മതം മാനുഷനിർമ്മിതമായ ചട്ടങ്ങളും ആചാരങ്ങളുംകൊണ്ടു നിറഞ്ഞിരുന്നു. മനുഷ്യരാൽ സ്ഥാപിതമായ ഈ മതവും യേശുവിന്റെ ഉപദേശങ്ങളും തമ്മിൽ പൊരുത്തപ്പെടുത്തുവാനുള്ള ശ്രമം വ്യർത്ഥമാണ്. ദൈവത്തിന്റെ ജീവനുള്ള സത്യം പുതുവീഞ്ഞു പ്രവർത്തിക്കുന്നതുപോലെ പ്രവർത്തിച്ച്, ഉണങ്ങിവരണ്ട തുകൽസഞ്ചിക്കു സമാനമായ പരീശന്മാരുടെ മതത്തെ പൊളിച്ചുകളയുവാൻ പര്യാപ്തമായിരുന്നു.

തങ്ങൾ ജ്ഞാനികളെന്നു പരീശന്മാർ സ്വയം കരുതി. അതുകൊണ്ട് ഉപദേശം കൈക്കൊള്ളാൻ അവർക്കു മനസ്സുണ്ടായിരുന്നില്ല. തങ്ങൾ നീതിമാന്മാരെന്ന് അവർ അവകാശപ്പെട്ടിരുന്നതുകൊണ്ട്, ക്രിസ്തുവിന്റെ നീതിയുടെ ആവശ്യം അവർക്ക് അനുഭവപ്പെട്ടിരുന്നില്ല. തന്നെത്താൻ അവർ പുകഴ്ത്തിയിരുന്നതുകൊണ്ട്, ക്രിസ്തുവിൽനിന്നു ലഭിക്കുന്ന ബഹുമതി കരസ്ഥമാക്കാൻ അവർ ആഗ്രഹിച്ചില്ല. അതുകൊണ്ടു സ്വർഗ്ഗീയദൂതിനുവേണ്ടി കാത്തിരുന്നവരിലേക്കു യേശു തിരിഞ്ഞു. വിദ്യാവിഹീനരായ മീൻപിടുത്തക്കാരിലും, ചന്തസ്ഥലത്തെ ചുങ്കക്കാരിലും, ശമര്യയിലെ സ്ത്രീയിലും, സാധാരണക്കാരായ ആളുകളിലും തന്റെ ഉപദേശമാകുന്ന പുതുവീഞ്ഞു പകരുവാനുള്ള പുതിയ തുരുത്തികളെ യേശു കണ്ടെത്തി. ദൈവം നല്കുന്ന വെളിച്ചത്തെ സന്തോഷത്തോടെ സ്വീകരിക്കുന്നവരാണ്, സുവിശേഷവേലയിൽ ദൈവം ഉപയോഗിക്കുന്ന ഉപകരണങ്ങൾ. സത്യം ലോകത്തിനു പകർന്നുകൊടുക്കേണ്ടവരാണിവർ. ദൈവകൃപയിലാശ്രയിച്ചു തന്റെ ജനം പുതിയ തുരുത്തികളായിത്തീരുന്നുവെങ്കിൽ, ദൈവം അവരെ പുതുവീഞ്ഞുകൊണ്ടു നിറയ്ക്കും.

പുതുവീഞ്ഞിന്റെ ഉപമയിൽക്കൂടെ ക്രിസ്തു തന്റെ ഉപദേശങ്ങളെ വരച്ചുകാട്ടിയെങ്കിലും തന്റെ ഉപദേശങ്ങൾ പുതുതായിരുന്നില്ല. ആദിമുതലേ ദൈവം നല്കിയ പാഠങ്ങളുടെ ഒരു വെളിപ്പെടുത്തൽ മാത്രമായിരുന്നു അവ. എന്നാൽ പരീശന്മാരെ സംബന്ധിച്ചിടത്തോളം ദൈവിക സത്യത്തിന്റെ ആരംഭത്തിലുണ്ടായിരുന്ന സൗന്ദര്യവും പ്രാധാന്യവും അവർക്കു നഷ്ടപ്പെട്ടുപോയിരുന്നു. അവർക്കു ക്രിസ്തുവിന്റെ ഉപദേശങ്ങൾ എല്ലാരീതിയിലും പുതുതായി തോന്നി. അവയെ അവർ അംഗീകരിക്കുകയോ, സ്വീകരിക്കുകയോ ചെയ്തില്ല.

സത്യത്തോടുള്ള താൽപര്യത്തെ ഹനിക്കുന്ന വ്യാജ ഉപദേശങ്ങളെ യേശു ചൂണ്ടിക്കാട്ടി. “പിന്നെ പഴയതു കുടിച്ചിട്ട് ആരും പുതിയത് ഉടനെ ആഗ്രഹിക്കുന്നില്ല; പഴയത് ഏറെ നല്ലത് എന്നു പറയും.” പ്രവാചകന്മാരിലും

ഗോത്രപിതാക്കന്മാരിലും കൂടെ ലോകത്തിനു നല്കിയ എല്ലാ സത്യവും ക്രിസ്തുവിന്റെ വാക്കുകളിലൂടെ പുതിയ സൗന്ദര്യത്തിൽ പ്രകാശിച്ചു. എന്നാൽ പരീശന്മാർക്കും ശാസ്ത്രിമാർക്കും ഈ പുതുവീഞ്ഞിനോടു താൽപര്യം ഉണ്ടായില്ല. പഴയ പരമ്പരാഗതങ്ങളായ ആചാരങ്ങളും, ചട്ടങ്ങളും ഹൃദയങ്ങളിൽനിന്ന് ഒഴിച്ചുമാറ്റുന്നതുവരെ, ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കു ഹൃദയങ്ങളിൽ പ്രവേശിപ്പാൻ ഇടമില്ലായിരുന്നു. നിർജ്ജീവങ്ങളായ ആചാരാനുഷ്ഠാനങ്ങളിൽ അവർ ആശ്രയിച്ചു. ദൈവശക്തിയിൽനിന്നും ജീവനുള്ള സത്യത്തിൽനിന്നും അവർ ഒഴിഞ്ഞുമാറി.

ഇതായിരുന്നു, യെഹൂദന്മാരുടെ വീഴ്ചയ്ക്കു കാരണം. ഇക്കാലത്തും അനേകം പേരുടെ വീഴ്ചയ്ക്കു കാരണം ഇതാകുന്നു. പരീശന്മാർ ചെയ്ത അതേ തെറ്റുതന്നെ ഇന്ന് അനേകായിരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഹൃദയത്തിൽ കാത്തുസൂക്ഷിക്കുന്ന തെറ്റായ ആശയങ്ങളെ നിഷ്കാസനം ചെയ്യുന്നതിനു പകരം, ദൈവത്തിൽനിന്നുവരുന്ന സത്യത്തെ അനേകർ തിരസ്കരിക്കുകയാണു ചെയ്യുന്നത്. അവർ തങ്ങളിൽത്തന്നെ ആശ്രയിക്കുന്നു. സ്വന്ത ജ്ഞാനത്തിൽ അവർ ചാരുന്നു. തങ്ങളുടെ ആത്മീയ ദാരിദ്ര്യത്തെ അവർ മനസ്സിലാക്കുന്നില്ല. സൽപ്രവൃത്തികളിൽക്കൂടെ മോക്ഷം പ്രാപിക്കാമെന്ന് അവർ കരുതുന്നു. സൗജന്യമായി കിട്ടുന്ന രക്ഷയെ അവർ തള്ളിക്കളയുന്നു.

നൈയാമിക സിദ്ധാന്തത്തിൽ അടിസ്ഥാനമുറപ്പിച്ചിരിക്കുന്ന ഒരു മതത്തിന്, ആത്മാക്കളെ ക്രിസ്തുവിങ്കലേക്കു കൊണ്ടുവരുവാൻ സാദ്ധ്യമല്ല. കാരണം അങ്ങനെ പഠിപ്പിക്കുന്ന ഒരു മതത്തിൽ സ്നേഹത്തിനു സ്ഥാനമില്ല. ക്രിസ്തുവിനും അവിടെ സ്ഥാനമില്ല. സ്വയത്തെ ന്യായീകരിച്ചുകൊണ്ടുള്ള ഉപവാസവും പ്രാർത്ഥനയും ദൈവത്തിനു വെറുപ്പാകുന്നു. സ്വയത്തിൽ ആശ്രയിക്കുന്നവൻ, താൻ നീതിമാൻ എന്നു നിരൂപിക്കുകയും സ്വർഗ്ഗം തനിക്കുള്ളതെന്നു കരുതുകയും ചെയ്യുന്നു. നമ്മുടെ പ്രവൃത്തികൊണ്ടു രക്ഷ കരസ്ഥമാക്കാൻ സാദ്ധ്യമല്ല.

ക്രിസ്തുവിന്റെ കാലത്തെപ്പോലെതന്നെ ഇന്നും പരീശന്മാർ ജീവിക്കുന്നു. തങ്ങളുടെ ആത്മീയ ദാരിദ്ര്യം അവർ മനസ്സിലാക്കുന്നില്ല. "ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്ക് ഒന്നിനും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്ന് അറിയാതിരിക്കയാൽ, നീ സമ്പന്നൻ ആകേണ്ടതിന്... വെള്ളയുടുപ്പും... എന്നോടു വിലയ്ക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധിപറയുന്നു" (വെളി. 3:17,18). തീയിൽ ഊതിക്കഴിച്ച പൊന്നു വിശ്വാസത്തെയും, സ്നേഹത്തെയും കുറിക്കുന്നു. എന്നാൽ അനേകരുടെ പൊന്നു മങ്ങിപ്പോയി. അവരുടെ വലിയ സമ്പത്തു നഷ്ടപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ നീതി അവരെ സംബന്ധിച്ചിടത്തോളം ധരിക്കാത്ത അങ്കിപോലെയും ഉപയോഗിക്കാത്ത ഉറവപോലെയും ആകുന്നു. അവരെക്കുറിച്ചു പറയുന്നത്: "നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന് ഒരു കുറ്റം നിന്നെക്കുറിച്ചു പറയാനുണ്ട്. നീ ഏതിൽനിന്നു വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി

ചെയ്ക; അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽനിന്നു നീക്കുകയും ചെയ്യും" (വെളി. 2:4,5).

"ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല" (സങ്കീ. 51:17). ഒരുവൻ യേശുവിൽ വിശ്വസിക്കുന്നുവെന്ന് അതിന്റെ പൂർണ്ണ അർത്ഥത്തിൽ പറയണമെങ്കിൽ, ആദ്യമായി അവനിലുള്ള സ്വയത്തെ നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യണം. സ്വയത്തെ കീഴടക്കുമ്പോൾ, കർത്താവിന്, ഒരുവനെ പുതിയ സൃഷ്ടിയാക്കുവാൻ സാധിക്കും. പുതിയ തുരുത്തികൾക്കു പുതിയ വീഞ്ഞ് ഉൾക്കൊള്ളുവാൻ കഴിയും. യേശുവിന്റെ സ്നേഹം വിശ്വാസിയെ പുതുജീവൻകൊണ്ടു ചൈതന്യപൂർണ്ണനാക്കും. വിശ്വാസത്തിന്റെ നായകനും, പൂർത്തിവരുത്തുന്നവനുമായ യേശുക്രിസ്തുവിലേക്കു നോക്കുന്നവൻ ക്രിസ്തുവിന്റെ സ്വഭാവത്തിന്റെ പങ്കാളിയായിത്തീരും.

# 29

# കർത്തൃദിവസം

സൃഷ്ടിപ്പിൽ ശബ്ബത്ത് വിശുദ്ധീകരിക്കപ്പെട്ടു. "പ്രഭാതനക്ഷത്രങ്ങൾ ഒന്നിച്ചു ഘോഷിച്ചുല്ലസിക്കുകയും ദൈവപുത്രന്മാരെല്ലാം സന്തോഷിച്ചാർക്കുകയും ചെയ്തപ്പോൾ" (ഇയ്യോബ് 38:6) മനുഷ്യനുവേണ്ടി ശബ്ബത്ത് സൃഷ്ടിക്കപ്പെട്ടു. സമാധാനം ഭൂമിയുടെ മേൽ ആവസിച്ചു. "താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അത് എത്രയും നല്ലത് എന്നു കണ്ടു." തന്റെ പൂർത്തീകരിക്കപ്പെട്ട വേലയിൽ സംതൃപ്തനായി, ദൈവം വിശ്രമിച്ചു (ഉല്പത്തി 1:31).

"താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽനിന്ന് അന്നു നിവൃത്തനായതുകൊണ്ട്, ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു." ദൈവം ആദാമിന് ഒരു സ്വസ്ഥദിനമായി ശബ്ബത്തിനെ നല്കി. അതു സൃഷ്ടിപ്പിന്റെ ഒരു സ്മാരകവും, ദൈവശക്തിയുടെയും സ്നേഹത്തിന്റെയും ഒരു അടയാളവുമാകുന്നു. തിരുവെഴുത്തുകൾ പറയുന്നു: "ദൈവം സൃഷ്ടി

ച്ചുണ്ടാക്കിയ സകല പ്രവൃത്തികളും'' ''തന്റെ അത്ഭുതങ്ങൾക്ക് ഒരു ജ്ഞാപക"മായി തന്റെ "നിത്യശക്തിയെയും ദിവ്യത്വത്തെയും" പ്രസ്താവിക്കുന്നു (ഉല്പത്തി 2:3; സങ്കീ. 111:4; റോമർ 1:20).

ദൈവം സകലത്തിന്റെയും സ്രഷ്ടാവാകുന്നു. "ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു... സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല" (യോഹ. 1:1-3). ശബ്ബത്ത് സൃഷ്ടിപ്പിന്റെ ഒരു സ്മാരകമായിരിക്കുന്നതിനാൽ ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും ശക്തിയുടെയും ഒരു അടയാളവും കൂടിയാണ്.

ശബ്ബത്ത് നമ്മുടെ ചിന്തകളെ പ്രകൃതിയിലേക്കു ക്ഷണിക്കുന്നു. സ്രഷ്ടാവുമായി സമ്പർക്കം പുലർത്തുന്നതിന്, അതു നമ്മെ സഹായിക്കുന്നു. പക്ഷികളുടെ കളകൂജനത്തിൽ, മരങ്ങളുടെ മർമ്മരശബ്ദങ്ങളിൽ, കടലിന്റെ സംഗീതത്തിൽ, ഏദെൻപൂങ്കാവനത്തിൽവച്ചു വെയിലാറിയപ്പോൾ ആദാമിനോടും ഹവ്വായോടും സംസാരിച്ച ദൈവത്തിന്റെ ശബ്ദം ഇപ്പോഴും പ്രതിധ്വനിക്കുന്നു. പ്രകൃതിയിൽ ദൈവത്തിന്റെ ശക്തിയെ നാം ദർശിക്കുമ്പോൾ, നമുക്കു ദിവ്യമായ ആശ്വാസം ലഭിക്കുന്നു. സകലത്തെയും സൃഷ്ടിച്ച ദൈവത്തിന്റെ വചനം ആത്മാവിനു ജീവനെ നല്കുന്നു. "ഇരുട്ടിൽനിന്നു വെളിച്ചം പ്രകാശിക്കേണം" എന്നരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു (2 കൊരി. 4:6).

"യഹോവേ, നിന്റെ പ്രവൃത്തികൊണ്ടു നീ എന്നെ സന്തോഷിപ്പിക്കുന്നു; ഞാൻ നിന്റെ കൈകളുടെ പ്രവൃത്തികളെക്കുറിച്ചു ഘോഷിച്ചുല്ലസിക്കുന്നു. യഹോവേ, നിന്റെ പ്രവൃത്തികൾ എത്ര വലിയവയാകുന്നു; നിന്റെ വിചാരങ്ങൾ അത്യന്തം അഗാധമായവ തന്നെ" (സങ്കീ. 92:4,5).

പ്രവാചകനായ യെശയ്യാവിൽക്കൂടെ പരിശുദ്ധാത്മാവു പറയുന്നു: "ആകയാൽ നിങ്ങൾ ദൈവത്തെ ആരോടുപമിക്കും? ഏതു പ്രതിമയെ നിങ്ങൾ അവനോടു സദൃശമാക്കും?... നിങ്ങൾക്ക് അറിഞ്ഞുകൂടയോ? നിങ്ങൾ കേട്ടിട്ടില്ലയോ? ആദിമുതൽ നിങ്ങളോട് അറിയിച്ചിട്ടില്ലയോ? ഭൂമിയുടെ അടിസ്ഥാനങ്ങളാൽ നിങ്ങൾ ഗ്രഹിച്ചിട്ടില്ലയോ? അവൻ ഭൂമണ്ഡലത്തിന്മീതെ അധിവസിക്കുന്നു; അതിലെ നിവാസികൾ വെട്ടുക്കിളികളെപ്പോലെ ഇരിക്കുന്നു. അവൻ ആകാശത്തെ ഒരു തിരശ്ശീലപോലെ നിവർക്കുകയും, പാർപ്പാനുള്ള ഒരു കൂടാരത്തെപ്പോലെ വിരിക്കുകയും... ചെയ്യുന്നു. ആകയാൽ നിങ്ങൾ എന്നെ ആരോടു സദൃശമാക്കും? ഞാൻ ആരോടു തുല്യനാകും എന്നു പരിശുദ്ധനായവൻ അരുളിച്ചെയ്യുന്നു. നിങ്ങൾ കണ്ണു മേലോട്ട് ഉയർത്തി നോക്കുവിൻ; ഇവയെ സൃഷ്ടിച്ചതാർ? അവൻ അവയുടെ സൈന്യത്തെ സംഖ്യാക്രമത്തിൽ പുറപ്പെടുവിക്കയും അവയെ എല്ലാം പേർ ചൊല്ലി വിളിക്കയും ചെയ്യുന്നു; അവന്റെ വീര്യമാഹാത്മ്യം നിമിത്തവും അവന്റെ ശക്തിയുടെ ആധിക്യം നിമിത്തവും അവയിൽ ഒന്നും കുറഞ്ഞുകാണുകയില്ല.

എന്നാൽ എന്റെ വഴി യഹോവയ്ക്കു മറഞ്ഞിരിക്കുന്നു; എന്റെ ന്യായം എന്റെ ദൈവം കാണാതെ കടന്നുപോയിരിക്കുന്നുവെന്ന്, യാക്കോബേ, നീ പറയുകയും, യിസ്രായേലേ, നീ സംസാരിക്കുകയും ചെയ്യുന്നതെന്ത്? നിനക്കറിഞ്ഞു കൂടയോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യദൈവം; ഭൂമിയുടെ അറുതി കളെ സൃഷ്ടിച്ചവൻ തന്നെ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതു മില്ല... അവൻ ക്ഷീണിച്ചിരിക്കുന്നവനു ശക്തി നല്കുന്നു; ബലമില്ലാത്തവനു ബലം വർദ്ധിപ്പിക്കുന്നു." "നീ ഭയപ്പെടേണ്ടാ; ഞാൻ നിന്നോടു കൂടെ ഉണ്ട്; ഭ്രമിച്ചു നോക്കേണ്ടാ; ഞാൻ നിന്റെ ദൈവമാകുന്നു; ഞാൻ നിന്നെ ശക്തീ കരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും." "സകലഭൂസീമാവാസികളുമായുള്ളോരേ, എങ്ക ലേക്കു തിരിഞ്ഞു രക്ഷപ്പെടുവിൻ; ഞാനല്ലാതെ വേറൊരു ദൈവവുമില്ലല്ലോ." ഈ കല്പനകളെല്ലാം സൃഷ്ടിസ്മാരകമായ ശബ്ബത്തിനെ നാം വിശുദ്ധി യോടെ കാക്കുന്നതിനുവേണ്ടി നല്കിയിട്ടുള്ളതാണ്. യിസ്രായേലിന്റെ ദൈവം ശബ്ബത്തുകളെ വിശുദ്ധീകരിപ്പാൻ കല്പിച്ചപ്പോൾ "എന്റെ ശബ്ബത്തുകളെ വിശുദ്ധീകരിപ്പിൻ; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ എന്നു നിങ്ങൾ അറിയേണ്ടതിന് അവ എനിക്കും നിങ്ങൾക്കും ഇടയിൽ അടയാളമായിരി ക്കട്ടെ" (യെശ. 40:18-29; 41:10; 45:22; യെഹെ. 20:20).

സീനായിയിൽവച്ചു നല്കിയ കല്പനയിൽ ശബ്ബത്ത് ഉൾക്കൊണ്ടിരുന്നു. എന്നാൽ ശബ്ബത്ത് സ്വസ്ഥദിനമായി ആദ്യമായി അറിയപ്പെട്ടത് അപ്പോഴായി രുന്നില്ല. സീനായിയിൽ വരുംമുമ്പേ യിസ്രായേൽമക്കൾക്കു ശബ്ബത്തിനെ ക്കുറിച്ച് അറിവുണ്ടായിരുന്നു. സീനായിയിലേക്കുള്ള യാത്രാമദ്ധ്യേ അവർ ശബ്ബത്ത് ആചരിച്ചു. ചിലർ ശബ്ബത്തിനെ അശുദ്ധമാക്കിയപ്പോൾ യഹോവ അവരെ ശാസിച്ചു. "എന്റെ കല്പനകളും ന്യായപ്രമാണങ്ങളും പ്രമാണി പ്പാൻ നിങ്ങൾക്ക് എത്രത്തോളം മനസ്സില്ലാതിരിക്കും?" (പുറ. 16:28).

ശബ്ബത്ത് യിസ്രായേലിനുവേണ്ടി മാത്രമുള്ളതായിരുന്നില്ല. മുഴുലോകത്തിനു വേണ്ടിയായിരുന്നു ശബ്ബത്ത് നിർമ്മിക്കപ്പെട്ടത്. പത്തു കല്പനയിലെ മറ്റു നിയമങ്ങൾക്കു നീക്കംവരാത്തതുപോലെ ശബ്ബത്തും മാറ്റമില്ലാത്ത കല്പന യാണ്. നാലാം കല്പനകൂടെ ഉൾക്കൊണ്ടിരിക്കുന്ന പത്തു കല്പനയെ ക്കുറിച്ചു കർത്താവു പറയുന്നത് "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ... ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല." ആകാശവും ഭൂമിയും നിലനില്ക്കുന്ന നാൾവരെ സ്രഷ്ടാവിന്റെ ശക്തിയുടെ അടയാളമായി ശബ്ബത്ത് തുടരും. ഈ ഭൂമിയിൽ ഏദെൻതോട്ടം പുനഃസ്ഥാപിതമാകുമ്പോൾ ദൈവത്തിന്റെ വിശുദ്ധ ദിനം ഭൂമിയിലെല്ലായിടവും ബഹുമാനിക്കപ്പെടും. മഹത്വീകരിക്കപ്പെട്ട പുതിയ ഭൂമിയിൽ "അമാവാസിതോറും ശബ്ബത്തുതോറും സകലജഡവും എന്റെ സന്നിധിയിൽ നമസ്കരിപ്പാൻ വരുമെന്നു യഹോവ അരുളിച്ചെയ്യുന്നു" (മത്തായി 5:18; യെശ. 66:23).

യിസ്രായേലിനു നല്കപ്പെട്ട സ്ഥാപനങ്ങളിൽ ശബ്ബത്തിനെപ്പോലെ, അവരെ മറ്റു ജനങ്ങളിൽനിന്നു വേർതിരിക്കുന്ന വേറൊന്നില്ലായിരുന്നു. ശബ്ബ

ത്താചരണത്തിൽക്കൂടെ, യിസ്രായേല്യർ സത്യദൈവത്തെ ആരാധിക്കുന്നവരാണെന്നു ലോകം അറിയുവാൻ ദൈവം ആഗ്രഹിച്ചു. ദൈവജനം വിഗ്രഹാരാധനയിൽനിന്നു വേർപെട്ടിരിക്കുന്നുവെന്നും, സത്യദൈവത്തോട് അവർ ബന്ധപ്പെട്ടിരിക്കുന്നുവെന്നും കാണിപ്പാനുള്ള ഒരടയാളമായി ദൈവം ശബ്ബത്തിനെ സ്ഥാപിച്ചു. ശബ്ബത്ത് വിശുദ്ധമായി ആചരിക്കണമെങ്കിൽ, ആളുകൾ വിശുദ്ധരായിരിക്കണം. വിശ്വാസത്താൽ ക്രിസ്തുവിന്റെ നീതിയുടെ പങ്കാളികളായി അവർ തീരണം. "ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക" എന്ന കല്പന ദൈവം നല്കിയപ്പോൾ, "നിങ്ങൾ എനിക്കു വിശുദ്ധന്മാരായിരിക്കേണം" എന്നുകൂടെ കർത്താവു കല്പിച്ചു (പുറ. 20:8; 22:31). യിസ്രായേല്യർ സത്യദൈവത്തെ ആരാധിക്കുന്നവർ എന്നു വേർതിരിച്ചു കാണിപ്പാൻ ശബ്ബത്തു വിശുദ്ധമായി ആചരിക്കേണ്ടത് ആവശ്യമായിരുന്നു.

വിശ്വാസത്താൽ ക്രിസ്തുവിന്റെ നീതി സ്വന്തമാക്കുവാൻ കഴിയാത്ത യെഹൂദന്മാർ ദൈവത്തിൽനിന്ന് അകന്നപ്പോൾ ശബ്ബത്തിന്റെ പ്രാധാന്യം അവർക്കു നഷ്ടപ്പെട്ടു. ക്രിസ്തുവിൽനിന്ന് ആളുകളെ അകറ്റുവാൻ സാത്താൻ മനുഷ്യരുടെ ഹൃദയങ്ങളെ കീഴടക്കി. കൂടാതെ ക്രിസ്തുവിന്റെ അധികാരത്തിന്റെ അടയാളമായ ശബ്ബത്തിനെ ദുഷിപ്പിക്കുവാൻ അവൻ ശ്രമിച്ചു. ദൈവത്തിന്റെ വിശുദ്ധദിവസത്തെ ഭാരമേറിയതാക്കിത്തീർക്കുവാൻ നിയമങ്ങൾ നിർമ്മിച്ചുകൊണ്ടു സാത്താന്റെ ഇഷ്ടം യെഹൂദന്മാർ നിറവേറ്റി. ക്രിസ്തുവിന്റെ കാലത്തു ശബ്ബത്താചരണം വളരെ ദുഷിക്കപ്പെട്ടുകഴിഞ്ഞിരുന്നു. സ്നേഹവാനായ സ്വർഗ്ഗീയപിതാവിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നതിനു പകരം സ്വന്ത ഇഷ്ടം ചെയ്യുന്നവരും സ്വാർത്ഥരുമായ നേതാക്കളുടെ സ്വഭാവത്തെ ശബ്ബത്ത് പ്രതിഫലിപ്പിച്ചു. മനുഷ്യർക്ക് അനുസരിപ്പാൻ അസാദ്ധ്യമായ നിയമങ്ങളെ നിർമ്മിച്ചുകൊണ്ടു റബ്ബിമാർ ദൈവത്തിന്റെ നാമത്തെ ദുഷിച്ചു. ദൈവത്തെ ഒരു സ്വേച്ഛാധിപതിയായി തെറ്റിദ്ധരിക്കുന്നതിന് ഇതു കാരണമാക്കി. റബ്ബിമാരുടെ കർക്കശനിയമങ്ങൾ ജനങ്ങളെ തെറ്റായ ധാരണകൾക്കു വശംവദരാക്കി. ജനത്തിനിടയിലുണ്ടായിരുന്ന തെറ്റായ ധാരണകളെ ഉച്ചാടനം ചെയ്യുന്ന ജോലി ക്രിസ്തുവിന്റേതായിരുന്നു. റബ്ബിമാർ കർത്താവിൽ കുറ്റം കണ്ടുപിടിക്കുവാൻ ശ്രമിച്ചപ്പോൾ, മാനുഷനിർമ്മിതമായ ഭാരമേറിയ ചട്ടങ്ങളെ അവഗണിച്ചുകൊണ്ടു ദൈവകല്പനപ്രകാരമുള്ള ശബ്ബത്തനുഷ്ഠാനം കർത്താവു നടത്തി.

ഒരു ശബ്ബത്തുനാളിൽ കർത്താവും ശിഷ്യന്മാരും ദൈവാലയത്തിൽനിന്നു മടങ്ങുമ്പോൾ ധാന്യങ്ങൾ വിളഞ്ഞുനിന്ന ഒരു വിളഭൂമിയിൽക്കൂടെ അവർ കടന്നുപോയി. ആ ശബ്ബത്തിൽ യേശു തന്റെ ശുശ്രൂഷ വളരെ ദീർഘിപ്പിച്ചതുകൊണ്ടു ശിഷ്യന്മാർ വളരെ വിശപ്പുള്ളവരായിരുന്നു. വിളഭൂമിയിൽക്കൂടെ അവർ കടന്നുപോയപ്പോൾ, ശിഷ്യന്മാർ ധാന്യം പറിച്ചു കയ്യിൽവച്ചു തിരുമ്മി അതു ഭക്ഷിക്കുവാൻ തുടങ്ങി. മറ്റേതൊരു ദിവസമായിരുന്നെങ്കിലും ഇതൊരു വിമർശനവിഷയമാകുമായിരുന്നില്ല. കാരണം ഒരുവൻ ഒരു വിളഭൂമിയിലൂടെയോ, ഒരു പഴത്തോട്ടത്തിൽക്കൂടെയോ നടന്നുപോകുമ്പോൾ, അപ്പോൾ ഭക്ഷിക്കാനായി ഫലം പറിച്ചെടുക്കുന്നത് അനുവദനീയമായിരുന്നു (ആവ. 23:24,25). എന്നാൽ ശബ്ബത്തുനാളിൽ ഇതു ചെയ്കയെന്നാൽ ശബ്ബത്ത് ലംഘി

ക്കുന്നതായി കരുതപ്പെട്ടു. ധാന്യം പറിച്ചെടുത്തതു കൊയ്ത്തിനു തുല്യവും, കയ്യിൽവച്ച് അതിനെ ഞെരുടിപ്പൊളിച്ചതു മെതിക്കലിനു തുല്യവുമായിരുന്നു. റബ്ബിമാരുടെ കാഴ്ചപ്പാടിൽ രണ്ടു ലംഘനങ്ങളാണു നടന്നിരിക്കുന്നത്.

ചാരന്മാർ ഉടൻതന്നെ യേശുവിനോടു പറഞ്ഞു: "ഇതാ, ശബ്ബത്തിൽ വിഹിതമല്ലാത്തതു നിന്റെ ശിഷ്യന്മാർ ചെയ്യുന്നു."

ബേഥെസ്ദായിൽ ശബ്ബത്തുലംഘനത്തെക്കുറിച്ചു തനിക്കെതിരെ ആരോപണമുണ്ടായപ്പോൾ, തന്റെ പുത്രത്വത്തെ ഉറപ്പിച്ചുകൊണ്ടു തന്റെ ഭാഗം ശരിയെന്നു ക്രിസ്തു തെളിയിച്ചു. തന്റെ പിതാവിന്റെ ഇഷ്ടമാണു താൻ ചെയ്യുന്നതെന്നും യേശു പറഞ്ഞു. ഈ അവസരത്തിൽ ശിഷ്യന്മാർക്കെതിരായിട്ടായിരുന്നു ശബ്ബത്തുലംഘനം പരീശന്മാർ ഉന്നയിച്ചത്. ശിഷ്യന്മാർ തെറ്റു ചെയ്തിട്ടില്ല എന്നു തെളിയിക്കുവാൻ യേശു പഴയനിയമത്തിൽനിന്നുള്ള ഉദാഹരണങ്ങൾ കുറ്റം ആരോപിച്ചവരുടെ മുമ്പാകെ നിരത്തി. ദൈവാലയശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർ ശബ്ബത്തിൽ ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ചു യേശു പറഞ്ഞു.

റബ്ബിമാർ തിരുവെഴുത്തുകളിലുള്ള തങ്ങളുടെ പാണ്ഡിത്യത്തെക്കുറിച്ചു വളരെ അഹങ്കരിച്ചിരുന്നു. എന്നാൽ യേശുവിന്റെ ഉത്തരം അവരുടെ അജ്ഞതയെ തുറന്നുകാട്ടി. "ദാവീദ് തനിക്കും കൂടെയുള്ളവർക്കും വിശന്നപ്പോൾ ചെയ്തത് എന്ത്? അവൻ ദൈവാലയത്തിൽ ചെന്നു പുരോഹിതന്മാർ മാത്രമല്ലാതെ ആരും തിന്നരുതാത്ത കാഴ്ചയപ്പം വാങ്ങി തിന്നുകയും കൂടെയുള്ളവർക്കു കൊടുക്കുകയും ചെയ്തു എന്നുള്ളതു നിങ്ങൾ വായിച്ചിട്ടില്ലയോ?" "മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല, ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്." "ശബ്ബത്തിൽ പുരോഹിതന്മാർ ദൈവാലയത്തിൽവച്ചു ശബ്ബത്തിനെ ലംഘിക്കുന്നുവെങ്കിലും കുറ്റമില്ലാതെ ഇരിക്കുന്നുവെന്നു ന്യായപ്രമാണത്തിൽ വായിച്ചിട്ടില്ലയോ? എന്നാൽ ദൈവാലയത്തെക്കാൾ വലിയവൻ ഇവിടെ ഉണ്ട് എന്നു ഞാൻ നിങ്ങളോടു പറയുന്നു." "മനുഷ്യപുത്രൻ, ശബ്ബത്തിനും കർത്താവാകുന്നു" (ലൂക്കൊസ് 6:3,4; മർക്കൊസ് 2:27,28; മത്തായി 12:5,6).

വിശുദ്ധ ആവശ്യങ്ങൾക്കായി മാറ്റിവച്ചിരുന്ന കാഴ്ചയപ്പം വിശപ്പടക്കുവാൻ ദാവീദ് കഴിച്ചതു ശരിയായിരുന്നുവെങ്കിൽ ശബ്ബത്തിന്റെ വിശുദ്ധമണിക്കൂറുകളിൽ ശിഷ്യന്മാർ തങ്ങളുടെ വിശപ്പടക്കുവാൻ കതിർപറിച്ചതും ശരിയായിരുന്നു. മറ്റു ദിവസങ്ങളെക്കാൾ കൂടുതൽ വേല, ദൈവാലയത്തിലെ പുരോഹിതന്മാർ ശബ്ബത്തിൽ ചെയ്തിരുന്നു. ലൗകികാവശ്യങ്ങൾക്കായി ഇതേ വേല ചെയ്യുകയാണെങ്കിൽ പാപകരമാണ്. എന്നാൽ പുരോഹിതന്മാരുടെ വേല ദൈവത്തോടുള്ള ശുശ്രൂഷയാണ്. ക്രിസ്തുവിന്റെ വീണ്ടെടുപ്പിനെ ചൂണ്ടിക്കാട്ടുന്ന ശുശ്രൂഷകളായിരുന്നു അവർ ചെയ്തിരുന്നത്. ശബ്ബത്തിന്റെ ലക്ഷ്യവുമായി പൊരുത്തപ്പെടുന്നതായിരുന്നു അവരുടെ പ്രവൃത്തി. ക്രിസ്തു ആളത്വമായി ആ സന്ദർഭത്തിൽ ശിഷ്യന്മാരോടുകൂടെയുണ്ടായിരുന്നു. ശിഷ്യന്മാർ ക്രിസ്തുവിന്റെ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കയായിരുന്നു. ആ ശുശ്രൂഷയുമായി ബന്ധമുള്ള എന്തും ശബ്ബത്തിൽ ചെയ്യുന്നതു ശരിയായ കാര്യമാണ്.

ദൈവിക ശുശ്രൂഷയാണ് ഏറ്റവും മുഖ്യമെന്നതാണു ക്രിസ്തു തന്റെ ശിഷ്യന്മാരെയും ശത്രുക്കളെയും പഠിപ്പിക്കാനാഗ്രഹിച്ചത്. അതിനെക്കാൾ പ്രാധാന്യം അർഹിക്കുന്ന വേറൊരു വേലയുമില്ല. ലോകത്തിൽ ദൈവ വേലയുടെ ഏക ലാക്കു മനുഷ്യന്റെ വീണ്ടെടുപ്പ് ആകുന്നു. അതുകൊണ്ടു ദൈവവേലയുടെ പൂർത്തീകരണത്തിനുവേണ്ടി എന്തെങ്കിലും ശബ്ബത്തു നാളിൽ ചെയ്‌വാനുണ്ടെങ്കിൽ അതു കല്പനാനുസൃതമാണ്. താൻ ശബ്ബത്തിനും കർത്താവായിരിക്കുന്നുവെന്നു പറഞ്ഞുകൊണ്ടു യേശു തന്റെ വാദം ഉറപ്പിച്ചു. എല്ലാ നിയമങ്ങൾക്കും, എല്ലാ ചോദ്യങ്ങളുടെയും കർത്താവായ യേശു, ദൈവകല്പനകളെ ഉയർത്തിക്കാട്ടിക്കൊണ്ടു തന്റെ ശിഷ്യന്മാർ കല്പന ലംഘിച്ചിട്ടില്ലായെന്നു പ്രഖ്യാപിച്ചു.

തനിക്കെതിരായി നിന്നവരെ ശാസിച്ചുകൊണ്ട് ആ പ്രശ്നം തീർക്കുവാൻ കർത്താവ് ആഗ്രഹിച്ചില്ല. അവർ ശബ്ബത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെ ശരി യായി ധരിച്ചിട്ടില്ലായെന്നു യേശു പറഞ്ഞു. "യാഗത്തിലല്ല, കരുണയിലത്രേ, ഞാൻ പ്രസാദിക്കുന്നു എന്നുള്ളത് എന്ത് എന്നു നിങ്ങൾ അറിഞ്ഞിരുന്നു വെങ്കിൽ കുറ്റമില്ലാത്തവരെ കുറ്റം വിധിക്കയില്ലായിരുന്നു" എന്നു യേശു പറഞ്ഞു (മത്തായി 12:7). ദൈവത്തെ യഥാർത്ഥത്തിൽ ആരാധിക്കുന്ന ഒരു വന്റെ സ്വഭാവവിശേഷങ്ങളായ സത്യസന്ധതയും സ്നേഹവും പരീശന്മാരുടെ കർമ്മാനുഷ്ഠാനങ്ങൾക്കു പ്രദാനം ചെയ്യുവാൻ കഴിഞ്ഞില്ല.

യാഗങ്ങൾക്ക് അതിൽത്തന്നെ യാതൊരു മൂല്യവുമില്ലായെന്ന സത്യം ക്രിസ്തു ആവർത്തിച്ചുപറഞ്ഞു. യാഗങ്ങൾ ഒരു മാർഗ്ഗം മാത്രമായിരുന്നു. അവ ആത്യന്തിക ലക്ഷ്യമായിരുന്നില്ല. യാഗങ്ങൾ രക്ഷകനിലേക്കു നയി ക്കുന്ന ഒരു ഉപാധി മാത്രമായിരുന്നു. മനുഷ്യരെ ദൈവവുമായി നിരപ്പിക്കുക മാത്രമായിരുന്നു അവയുടെ ലക്ഷ്യം. സ്നേഹത്തിൽനിന്ന് ഉത്ഭൂതമാകുന്ന സേവനമാണു ദൈവം വിലമതിക്കുന്നത്. ഇതില്ലാതായിത്തീരുമ്പോൾ ആചാരാനുഷ്ഠാനങ്ങൾ ശുഷ്കമായിത്തീരുന്നു. ശബ്ബത്തിനെ സംബന്ധിച്ചും ഇതാണു സത്യം. ദൈവത്തോടു സംസർഗ്ഗം ചെയ്യുവാനാണു ദൈവം ശബ്ബ ത്തിനെ മനുഷ്യനു നല്കിയത്. എന്നാൽ വെറും ആചാരപരമായി ശബ്ബ ത്തിനെ വീക്ഷിക്കുമ്പോൾ ശബ്ബത്തിന്റെ യഥാർത്ഥ ലക്ഷ്യം നഷ്ടപ്പെട്ടു പോകുന്നു. ബാഹ്യമായ ശബ്ബത്താചാരം പരിഹാസ്യമായിത്തീരുന്നു.

വേറൊരു ശബ്ബത്തുനാളിൽ യേശു ദൈവാലയത്തിൽ പ്രവേശിച്ചപ്പോൾ വരണ്ട കയ്യുള്ള ഒരു മനുഷ്യനെ കണ്ടു. യേശു എന്തു ചെയ്യുമെന്നു കാണു വാൻ പരീശന്മാർ കാത്തിരുന്നു. താൻ ശബ്ബത്തുനാളിൽ ആരെയെങ്കിലും സൗഖ്യമാക്കിയാൽ ശബ്ബത്ത് ലംഘിച്ചുവെന്ന ആരോപണവുമായി പരീശ ന്മാർ വരുമെന്നു യേശുവിനറിയാമായിരുന്നു. ശബ്ബത്തിനു ചുറ്റും യെഹൂദന്മാർ കെട്ടിയുയർത്തിയ ചടങ്ങാചാരങ്ങളായ മതിലുകളെ തകർക്കുവാൻ യേശു വിന് ഒരു പ്രയാസവുമുണ്ടായില്ല. രോഗബാധിതനായ മനുഷ്യനെ മുമ്പിൽ നിർത്തിക്കൊണ്ടു യേശു ചോദിച്ചു: "ശബ്ബത്തിൽ നന്മ ചെയ്യുകയോ, തിന്മ ചെയ്യുകയോ, ജീവനെ രക്ഷിക്കുകയോ, കൊല്ലുകയോ, ഏതു വിഹിതം?" യെഹൂദന്മാരുടെ ഇടയിൽ ഒരു ചൊല്ലുണ്ടായിരുന്നു: "അവസരം ലഭിക്കു

മ്പോൾ നന്മ പ്രവർത്തിക്കാത്തത്, തിന്മ പ്രവർത്തിക്കലാണ്.” ജീവനെ രക്ഷിപ്പാൻ വൈമനസ്യം കാട്ടുന്നതു കൊല്ലുന്നതിനു തുല്യമാണ്. യേശു റബ്ബിമാരെ അവരുടെ കളരിയിൽത്തന്നെ നേരിട്ടു. “അവരോ മിണ്ടാതിരുന്നു. അവരുടെ ഹൃദയകാഠിന്യം നിമിത്തം അവൻ ദുഃഖിച്ചുകൊണ്ടു കോപത്തോടെ അവരെ ചുറ്റും നോക്കി, ആ മനുഷ്യനോട്: കൈ നീട്ടുക എന്നു പറഞ്ഞു; അവൻ കൈ നീട്ടി; അവന്റെ കൈ സൗഖ്യമായി” (മർക്കൊസ് 3:4,5).

“ശബ്ബത്തിൽ സൗഖ്യമാക്കുന്നതു വിഹിതമോ?” എന്ന ചോദ്യത്തിനു യേശു ഉത്തരം പറഞ്ഞത്, “നിങ്ങളിൽ ഒരുത്തന് ഒരു ആട് ഉണ്ടെന്നിരിക്കട്ടെ. അതു ശബ്ബത്തിൽ കുഴിയിൽ വീണാൽ അവൻ അതിനെ പിടിച്ചു കയറ്റുകയില്ലയോ? എന്നാൽ മനുഷ്യൻ ആടിനെക്കാൾ എത്ര വിശേഷതയുള്ളവൻ. ആകയാൽ ശബ്ബത്തിൽ നന്മ ചെയ്യുന്നതു വിഹിതം തന്നെ” (മത്തായി 12:10-12).

ഒറ്റുകാരായ പരീശന്മാർ ജനങ്ങളുടെ വെറുപ്പു സമ്പാദിക്കാതിരിക്കാൻ യേശുവിന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞില്ല. യേശു പറഞ്ഞതു സത്യമെന്ന് അവർക്കു ബോധ്യമായി. പരീശന്മാർ സഹാനുഭൂതിയില്ലാത്തവരായിരുന്നു. ഒരുവനു സുഖം പ്രാപിക്കുന്നതിനെക്കാൾ അവർ തങ്ങളുടെ ആചാരാനുഷ്ഠാനങ്ങളെ മുറുകെപ്പിടിക്കുന്നതിൽ താൽപര്യം കാണിച്ചു. എങ്കിലും സ്വന്തം മൃഗം നഷ്ടപ്പെടുവാൻ അവർക്ക് ആഗ്രഹമില്ലായിരുന്നു. അവിടെ സ്വാർത്ഥതയ്ക്ക് അവർ മുൻതൂക്കം നല്കി. ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട ഒരു മനുഷ്യനെക്കാൾ പ്രാധാന്യം അവർ മൃഗത്തിനു നല്കിയിരുന്നു. എല്ലാ വ്യാജമതങ്ങളുടെയും പ്രവർത്തനത്തെ യേശുവിന്റെ ഈ ഉദാഹരണം വ്യക്തമാക്കുന്നു. ദൈവത്തെക്കാൾ മനുഷ്യനെ ഉയർത്തുവാനുള്ള ശ്രമത്തിൽനിന്നാകുന്നു ഈ അവസ്ഥ ഉണ്ടാകുന്നത്. എന്നാൽ അതിന്റെ പരിണിതഫലം അന്യനെ മൃഗത്തെക്കാൾ താണവനായി ഗണിക്കുക എന്ന അവസ്ഥയുമാകുന്നു. ദൈവത്തിന്റെ പരമാധികാരത്തിനെതിരായി പ്രവർത്തിക്കുന്ന എല്ലാ മതങ്ങളും, മനുഷ്യനു സൃഷ്ടിപ്പിൽ ലഭിച്ച തേജസ്സ് അവനിൽനിന്ന് അപഹരിച്ചെടുക്കുന്നു. മാത്രമല്ല ആ നഷ്ടപ്പെട്ട തേജസ്സു ക്രിസ്തുവിലൂടെ പുനഃസ്ഥാപിച്ചു കിട്ടുവാനുള്ള സാദ്ധ്യതയിൽനിന്ന് അവനെ പിന്തിരിപ്പിക്കുന്നു. തന്റെ സഹജീവിയോടുണ്ടായിരിക്കേണ്ട സഹാനുഭൂതിയും കാരുണ്യവും മനുഷ്യനിൽനിന്നു നിർമ്മാർജ്ജനം ചെയ്യുവാൻ എല്ലാ വ്യാജമതങ്ങളും ശ്രമിക്കുന്നു. ക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ട മനുഷ്യവർഗ്ഗത്തിനു സുവിശേഷം വലിയ വില കല്പിക്കുന്നു. മനുഷ്യന്റെ കഷ്ടതകൾക്കും ആവശ്യങ്ങൾക്കും പ്രതികരിക്കുന്ന മനസ്സുള്ളവരായിരിപ്പാൻ സുവിശേഷം പഠിപ്പിക്കുന്നു. കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: “ഞാൻ ഒരു പുരുഷനെ തങ്കത്തെക്കാളും ഒരു മനുഷ്യനെ ഓഫീർ തങ്കത്തെക്കാളും ദുർലഭമാക്കും” (യെശ. 13:12).

ശബ്ബത്തിൽ നന്മ ചെയ്യുകയോ, തിന്മ ചെയ്യുകയോ, ജീവനെ രക്ഷിക്കയോ, കൊല്ലുകയോ ഏതു വിഹിതം എന്ന ചോദ്യവുമായി യേശു പരീശന്മാരെ അഭിമുഖീകരിച്ചപ്പോൾ അവരുടെ ദുഷ്ടത നിറഞ്ഞ ഉദ്ദേശ്യങ്ങളെ യേശു മനസ്സിലാക്കി. യേശുവിനെ നശിപ്പിക്കുവാനുള്ള കാരണങ്ങൾ കണ്ടുപിടിക്കുവാൻ ശ്രമിക്കുകയായിരുന്നു അവർ. യേശു ഈ സന്ദർഭത്തിലും മറ്റുള്ള

വർക്കു സമാധാനവും രക്ഷയും നല്കിക്കൊണ്ടിരുന്നു. യേശുവിനെപ്പോലെ ശബ്ബത്തിൽ രോഗികളെ സൗഖ്യമാക്കുന്നതോ, പരീശന്മാരുടെ ഹൃദയത്തിൽ ആഗ്രഹിച്ചതുപോലെ ശബ്ബത്തിൽ അവരെ കൊലചെയ്യുന്നതോ, ഏതായിരുന്നു ശരിയായിട്ടുള്ളത്? ദൈവത്തിന്റെ വിശുദ്ധദിവസത്തിൽ ഹൃദയത്തിൽ സ്നേഹം ഇല്ലാതിരിക്കുന്നതോ അഥവാ കരുണയുടെ പ്രവൃത്തികൾ ചെയ്തുകൊണ്ട് ഏവരെയും സ്നേഹിക്കുന്നതോ ഏതാണു കൂടുതൽ അഭികാമ്യം?

വരണ്ട കൈയുള്ള മനുഷ്യനെ സൗഖ്യമാക്കിയതിൽക്കൂടെ യെഹൂദന്മാരുടെ ഇടുങ്ങിയ പാരമ്പര്യങ്ങളെ യേശു വിമർശിക്കുകയായിരുന്നു. ദൈവം നല്കിയ നാലാം കല്പന അതിന്റെ ശരിയായ അർത്ഥത്തിൽ ഉപയോഗിക്കുവാൻ യേശു പഠിപ്പിച്ചു. ശബ്ബത്തിൽ നന്മ ചെയ്യുന്നതു വിഹിതം എന്നു യേശു പ്രസ്താവിച്ചു. യെഹൂദന്മാരുടെ അർത്ഥമില്ലാത്ത നിരോധനങ്ങളെ തുടച്ചുമാറ്റിക്കൊണ്ടു യേശു ശബ്ബത്തിനെ ബഹുമാനയോഗ്യമാക്കിത്തീർത്തു. യേശുവിന്റെമേൽ കുറ്റം ആരോപിച്ചവർ വാസ്തവത്തിൽ ശബ്ബത്തിനെ നിന്ദിക്കുകയായിരുന്നു.

കല്പനകൾ നീക്കപ്പെട്ടുവെന്നു വാദിക്കുന്നവർ യേശു ശബ്ബത്ത് ലംഘിച്ചുവെന്നു പഠിപ്പിക്കുന്നു. തന്റെ ശിഷ്യന്മാർ ചെയ്തതിനെ യേശു ന്യായീകരിച്ചുവെന്നും അവർ പറയുന്നു. അങ്ങനെ കുറ്റാരോപകരായ യെഹൂദന്മാരുടെ സ്ഥാനം അവർ എടുക്കുകയാണ്. "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നു" (യോഹ. 15:10) എന്നു പറഞ്ഞ കർത്താവിന്റെ സാക്ഷ്യത്തെ ഈ ആധുനിക വിമർശകർ എതിർക്കുകയാണ്. കർത്താവോ, കർത്താവിന്റെ ശിഷ്യന്മാരോ ശബ്ബത്തുകല്പന ഒരിക്കലും ലംഘിച്ചില്ല. ക്രിസ്തു ന്യായപ്രമാണത്തിന്റെ ജീവിക്കുന്ന ഒരു പ്രതിനിധി ആകുന്നു. യേശുവിന്റെ ജീവിതത്തിൽ കല്പനാലംഘനം ഒരിക്കലും ഉണ്ടായിട്ടില്ല. തന്നെ കുറ്റത്തിൽ പിടിപ്പാൻ കാത്തുനിന്ന ലോകത്തിനു സാക്ഷികളായിരിക്കേണ്ട ഒരു ജനതയെ നോക്കിക്കൊണ്ടു യേശു പറഞ്ഞു: "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തുന്നു?"

പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും പ്രഖ്യാപിച്ചതിനെ മാറ്റുവാനല്ല യേശുക്രിസ്തു വന്നത്. എന്തുകൊണ്ടെന്നാൽ മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധികളായ അവരിൽക്കൂടെ സംസാരിച്ചതു ക്രിസ്തുവായിരുന്നു. ദൈവവചനത്തിന്റെ എല്ലാ സത്യവും അവനിൽനിന്നുമാണു വന്നത്. എന്നാൽ ഈ വിലയേറിയ രത്നങ്ങൾ തെറ്റായ പശ്ചാത്തലത്തിൽ പതിപ്പിക്കപ്പെട്ടു. അവയുടെ അമൂല്യമായ പ്രകാശവീചികൾ തെറ്റായ ആശയങ്ങളെ പ്രകാശിതമാക്കുവാൻ ഉപയോഗിക്കപ്പെട്ടു. എന്നാൽ അവയെ തെറ്റായ സ്ഥാനങ്ങളിൽനിന്നു മാറ്റി സത്യത്തിന്റെ ചട്ടക്കൂട്ടിൽ പുനഃസ്ഥാപിക്കാൻ ദൈവം ആഗ്രഹിച്ചു. ദൈവകരങ്ങൾക്കു മാത്രമേ ഈ വേല പൂർത്തീകരിപ്പാൻ സാദ്ധ്യമാകൂ. സത്യത്തെ തെറ്റുമായി ബന്ധപ്പെടുത്തിയതുകൊണ്ട്, ദൈവത്തിന്റെയും മനുഷ്യന്റെയും ശത്രുവായവന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റാൻ വേണ്ടി അത് ഉപയോഗിക്കപ്പെട്ടു. ദൈവത്തെ മഹത്വീകരിക്കുന്നതിനും, മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി പ്രവർത്തിക്കുന്നതിനുംവേണ്ടി സത്യത്തെ അതിന്റെ യഥാർത്ഥ സ്ഥാനത്താക്കുവാനായി ക്രിസ്തു വന്നു.

“മനുഷ്യൻ ശബ്ബത്തിനുവേണ്ടിയല്ല, ശബ്ബത്ത് മനുഷ്യനുവേണ്ടിയത്രേ” എന്നു കർത്താവു പറഞ്ഞു. മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്കുവേണ്ടിയാണു ദൈവത്തിന്റെ എല്ലാ സ്ഥാപനങ്ങളും നിലകൊള്ളുന്നത്. “സകലവും നിങ്ങൾ നിമിത്തമല്ലോ.” “പൗലൊസോ, അപ്പൊല്ലോസോ, കേഫാവോ, ലോകമോ, ജീവനോ, മരണമോ, ഇപ്പോഴുള്ളതോ, വരുവാനുള്ളതോ സകലവും നിങ്ങൾക്കുള്ളത്. നിങ്ങളോ ക്രിസ്തുവിനുള്ളവർ; ക്രിസ്തു ദൈവത്തിനുള്ളവൻ” (2 കൊരി. 4:15; 1 കൊരി. 3:22,23). ശബ്ബത്തും ഉൾക്കൊണ്ടിരിക്കുന്ന പത്തു കല്പനകൾ ഒരനുഗ്രഹമായി ദൈവം തന്റെ ജനത്തിനു നല്കിയിരിക്കുന്നു. “എല്ലായ്പോഴും നമുക്കു നന്നായിരിക്കേണ്ടതിനും ഇന്നത്തെപ്പോലെ അവൻ നമ്മെ ജീവനോടെ രക്ഷിക്കേണ്ടതിനുമായി നാം നമ്മുടെ ദൈവമായ യഹോവയെ ഭയപ്പെടുവാനും ഈ എല്ലാ ചട്ടങ്ങളെയും ആചരിപ്പാനും യഹോവ നമ്മോടു കല്പിച്ചു” (ആവ. 6:24). സങ്കീർത്തനത്തിൽ യിസ്രായേലിനു നല്കിയ ദൂത്: “സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ; സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ. യഹോവ തന്നെ ദൈവം എന്നറിവിൻ; അവൻ നമ്മെ ഉണ്ടാക്കി; നാം അവനുള്ളവർ ആകുന്നു; അവന്റെ ജനവും അവൻ മേയിക്കുന്ന ആടുകളും തന്നെ. അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടുംകൂടെ വരുവിൻ” (സങ്കീ. 100:2-4). “ശബ്ബത്തിനെ അശുദ്ധമാക്കാതെ ആചരിക്കുകയും എന്റെ നിയമം പ്രമാണിച്ചു നടക്കുകയും ചെയ്യുന്നവരെയൊക്കെയും തന്നെ, ഞാൻ എന്റെ വിശുദ്ധപർവ്വതത്തിലേക്കു കൊണ്ടുവന്ന്, എന്റെ പ്രാർത്ഥനാലയത്തിൽ അവരെ സന്തോഷിപ്പിക്കും” (യെശ. 56:6,7).

“അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവ് ആകുന്നു.” ഈ വാക്കുകൾ ഉപദേശവും ആശ്വാസവും നിറഞ്ഞതാകുന്നു. ശബ്ബത്ത് മനുഷ്യനുവേണ്ടി നിർമ്മിച്ചതിനാൽ അതു കർത്തൃദിവസമാകുന്നു. അതു ക്രിസ്തുവിന്റെ ഉടമസ്ഥാവകാശത്തിലുള്ളതാകുന്നു. “സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല” (യോഹ. 1:3). ക്രിസ്തു സകലവും സൃഷ്ടിച്ചതിനാൽ അവൻ ശബ്ബത്തിന്റെയും സ്രഷ്ടാവാകുന്നു. സൃഷ്ടിയുടെ സ്മാരകമായി ശബ്ബത്തിനെ വേർതിരിച്ചതു ക്രിസ്തുവായിരുന്നു. ശബ്ബത്ത് ക്രിസ്തുവിനെ സ്രഷ്ടാവായും വിശുദ്ധീകരിക്കുന്നവനായും ചൂണ്ടിക്കാട്ടുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും സൃഷ്ടിച്ചവനും സകലത്തിനും ആധാരമായിരിക്കുന്നവനുമായ ക്രിസ്തു സഭയുടെ തലയായിരുന്നുവെന്നു ശബ്ബത്ത് പഠിപ്പിക്കുന്നു. ക്രിസ്തുവിന്റെ ശക്തിയാൽ മനുഷ്യരായ നാം ദൈവത്തോടു നിരപ്പു പ്രാപിച്ചിരിക്കുന്നു. യിസ്രായേലിനെക്കുറിച്ചു ദൈവം അരുളിച്ചെയ്തു: “ഞാൻ അവരെ വിശുദ്ധീകരിക്കുന്ന യഹോവ എന്ന് അവർ അറിയേണ്ടതിന് എനിക്കും അവർക്കും ഇടയിൽ അടയാളമായിരിപ്പാൻ തക്കവണ്ണം എന്റെ ശബ്ബത്തുകളെയും ഞാൻ അവർക്കു കൊടുത്തു” (യെഹെ. 20:12). നമ്മെ വിശുദ്ധരാക്കാനുള്ള ക്രിസ്തുവിന്റെ ശക്തിയുടെ ഒരടയാളമാണു ശബ്ബത്ത്. ക്രിസ്തു വിശുദ്ധീകരിക്കുന്ന ഏവർക്കും തന്റെ വിശുദ്ധീകരിക്കുന്ന ശക്തിയുടെ ഒരടയാളമായി ശബ്ബത്തിനെ ദൈവം നല്കിയിരിക്കുന്നു.

കർത്താവ് അരുളിച്ചെയ്യുന്നു: “നീ എന്റെ വിശുദ്ധദിവസത്തിൽ നിന്റെ കാര്യാദികൾ നോക്കാതെ ശബ്ബത്തിൽ നിന്റെ കാൽ അടക്കിവച്ച്, ശബ്ബത്തിനെ ഒരു സന്തോഷം എന്നും യഹോവയുടെ വിശുദ്ധദിവസത്തെ ബഹുമാനയോഗ്യം എന്നും പറയുകയും... ചെയ്യുമെങ്കിൽ, നീ യഹോവയിൽ പ്രമോദിക്കും” (യെശ. 58:13,14). ക്രിസ്തുവിന്റെ സൃഷ്ടിപ്പിന്റെയും വീണ്ടെടുപ്പിന്റെയും ശക്തിയുടെ അടയാളമായി ശബ്ബത്തിനെ സ്വീകരിക്കുന്ന ഏവർക്കും ശബ്ബത്ത് ഒരു സന്തോഷമായിരിക്കും. ക്രിസ്തുവിനെ അതിൽ അവർ ദർശിക്കും. അവർ അവനിൽ പ്രമോദിക്കും. ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻശക്തിയുടെ ഒരു തെളിവായി, ശബ്ബത്ത് നിലകൊള്ളുകയും സൃഷ്ടിപ്പിനെ അതു ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ഏദെനിൽ നഷ്ടമായ സമാധാനത്തെ നമ്മുടെ സ്മരണയിൽ കൊണ്ടുവരുന്നതോടൊപ്പം കർത്താവു പുനഃസ്ഥാപിച്ച സമാധാനത്തെ നമ്മുടെ അനുഭവത്തിലേക്കു ശബ്ബത്ത് കൊണ്ടുവരുന്നു. പ്രകൃതി ക്രിസ്തുവിന്റെ ഹൃദയംഗമമായ ക്ഷണത്തെ ഏറ്റുചൊല്ലുന്നു: “അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും” (മത്തായി 11:28).

# 30

# പന്തിരുവരെ നിയമിക്കുന്നു

അവലംബം: മർക്കൊസ് 3:13-19; ലൂക്കൊസ് 6:12-16

"പിന്നെ അവൻ മലയിൽ കയറി തനിക്കു ബോധിച്ചവരെ അടുക്കൽ വിളിച്ചു; അവർ അവന്റെ അരികെ വന്നു. അവൻ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന് അയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിന് അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു."

ക്രിസ്തു പന്തിരുവരെ അപ്പൊസ്തലത്വത്തിലേക്കു വിളിച്ചതും ഗിരി പ്രഭാഷണം നടത്തിയതും ഗലീലക്കടലിൽനിന്ന് അല്പം അകലെ വൃക്ഷ നിബിഡമായിരുന്ന ഒരു മലഞ്ചെരിവിൽവച്ചായിരുന്നു. കുന്നുകളും വയലുകളും ക്രിസ്തുവിനിഷ്ടപ്പെട്ട വിശ്രമസ്ഥലങ്ങളായിരുന്നു. ദൈവാലയങ്ങളിൽ വച്ചു നല്കിയതിനെക്കാൾ കൂടുതൽ ഉപദേശങ്ങൾ നല്കിയത് ഇപ്രകാരമുള്ള തുറസ്സായ സ്ഥലങ്ങളിൽവച്ചായിരുന്നു. യേശുവിനെ അനുഗമിച്ച വലിയ ജനക്കൂട്ടത്തെ ഉൾക്കൊള്ളാൻ ഒരു ദൈവാലയത്തിനും കഴിയില്ലായിരുന്നു. ഈ ഒരു കാരണം മാത്രം വച്ചുകൊണ്ടായിരുന്നില്ല യേശു ജനത്തോടു സംസാ

രിപ്പാൻ വൃക്ഷത്തോപ്പുകളും വയലേലകളും തെരഞ്ഞെടുത്തത്. യേശു പ്രകൃതിയെ വളരെ അധികം സ്നേഹിച്ചിരുന്നു. പ്രകൃതിയിലെ ശാന്തസുന്ദരങ്ങളായ ഓരോ പ്രദേശവും യേശുവിനു ദൈവാലയമായിരുന്നു.

ആദിമാതാപിതാക്കളുടെ ആരാധനാസ്ഥലം ഏദെനിലെ പൂന്തോപ്പുകളായിരുന്നു. അവിടെ യഹോവ ആദാമിനോടും ഹവ്വായോടും സംസാരിച്ചു. പറുദീസയിൽനിന്നു പുറത്താക്കപ്പെട്ടശേഷവും നമ്മുടെ ആദിമാതാപിതാക്കൾ വയലുകളിലും വൃക്ഷത്തോപ്പുകളിലുമാണ് ആരാധന നടത്തിയിരുന്നത്. ആ സന്ദർഭങ്ങളിൽ തന്റെ കൃപയുടെ സുവിശേഷവുമായി ക്രിസ്തു അവരെ സന്ദർശിച്ചിരുന്നു. മമ്രേയുടെ തോപ്പിൽവച്ച് അബ്രാഹാമിനോടു സംഭാഷിച്ചതു ക്രിസ്തു ആയിരുന്നു. വൈകുന്നേരം പ്രാർത്ഥനയ്ക്കായി വെളിമ്പ്രദേശത്തു പോയിരുന്ന യിസ്ഹാക്കിനോടു സംസാരിച്ചതും ക്രിസ്തുവായിരുന്നു. ബേഥേലിലെ മലഞ്ചെരിവിൽവച്ചു യാക്കോബിനോടും മിദ്യാനിലെ പർവ്വതങ്ങളിൽവച്ചു മോശെയോടും ഇടയബാലനായ ദാവീദിനോടും സംസാരിച്ചതു ക്രിസ്തുവായിരുന്നു. ക്രിസ്തുവിന്റെ കല്പനയനുസരിച്ചായിരുന്നു വർഷത്തിലൊരിക്കൽ ഒരാഴ്ച മുഴുവൻ യിസ്രായേല്യർ തങ്ങളുടെ വീടുകളെ വിട്ടു കൂടാരങ്ങളിൽ പാർത്തത്. "ഭംഗിയുള്ള വൃക്ഷങ്ങളുടെ ഫലങ്ങളും ഈത്തപ്പനയുടെ കുരുത്തോലയും തഴച്ചിരിക്കുന്ന വൃക്ഷങ്ങളുടെ കൊമ്പും ആറ്റലരിയും"കൊണ്ട് അവർ കൂടാരങ്ങളെ ചമച്ചു (ലേവ്യ. 23:40).

ശിഷ്യന്മാർക്ക് ഉപദേശം നല്കാൻ യേശു നഗരത്തിന്റെ ശബ്ദായമാനമായ അന്തരീക്ഷത്തിൽനിന്നു മാറി ശാന്തസുന്ദരമായ കുന്നിൻപ്രദേശങ്ങളും പ്രകൃതിരമണീയമായ സമതലപ്രദേശങ്ങളും തെരഞ്ഞെടുത്തു. സ്വാർത്ഥചിന്തകളെ കീഴടക്കി ദൈവിക സ്വഭാവം പകർത്തുവാനുള്ള അന്തരീക്ഷമായിരുന്നു യേശു ശിഷ്യന്മാർക്കു പ്രദാനം ചെയ്തത്. നീലിമയുള്ള ആകാശം മേൽത്തട്ടു വിരിച്ച കുന്നിൻപ്രദേശത്തെ പച്ചപ്പുൽത്തകിടിയും, ഗലീലകടലോരത്തെ മണൽപ്പരപ്പും യേശുവിന്റെ ഉപദേശം കേൾക്കാനെത്തിയ ജനസഞ്ചയത്തിന് ആതിഥ്യമരുളി. തന്റെ കരങ്ങൾ നിർമ്മിച്ച മനോഹര പ്രകൃതിദൃശ്യങ്ങളിലേക്ക്, ലൗകികചിന്തകളിൽ മുഴുകിയിരുന്ന ജനത്തെ തിരിക്കുവാൻ യേശുവിനു കഴിഞ്ഞു. സ്വർഗ്ഗരാജ്യത്തിന്റെ തത്വങ്ങൾ പ്രകൃതിയിൽക്കൂടെ ജനത്തിനു യേശു വെളിപ്പെടുത്തിക്കൊടുത്തു. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയായ പ്രകൃതിയിലേക്കു നോക്കി ദൈവിക സത്യത്തിന്റെ വിലയേറിയ പാഠങ്ങൾ പഠിച്ചു. ക്രിസ്തു പഠിച്ച പാഠങ്ങൾ പ്രകൃതി വീണ്ടും മനുഷ്യരെ അനുസ്മരിപ്പിക്കുന്നു. ക്രിസ്തു ഹൃദയത്തിൽ ഉള്ള ഏതൊരു വ്യക്തിക്കും പ്രകൃതിയിൽനിന്നു ദൈവിക സത്യങ്ങൾ പഠിക്കുവാൻ സാധിക്കും. പ്രകൃതി ശ്രേഷ്ഠചിന്തകൾ നമ്മിലുണർത്തുന്നു. കർത്താവിന്റെ ഉപമകൾ പ്രകൃതിയിൽനിന്നുള്ളവയാകയാൽ, പ്രകൃതിയെ നിരീക്ഷിക്കുന്നവർക്കു കർത്താവിന്റെ ദിവ്യമായ പാഠങ്ങൾ വീണ്ടും ഓർമ്മയിലെത്തും. പ്രകൃതിയെ സ്നേഹിക്കുന്നവർക്കു ദൈവിക സാന്നിദ്ധ്യം അനുഭവവേദ്യമാകുകയും ഹൃദയത്തിന് ആശ്വാസം ലഭിക്കുകയും ചെയ്യുന്നു.

തനിക്കുശേഷം ഭൂമിയിൽ തന്റെ പ്രതിനിധി ആയിരിക്കേണ്ട സഭയുടെ രൂപീകരണമായിരുന്നു കർത്താവിന്റെ മനസ്സിൽ സൂക്ഷിച്ചിരുന്ന ഏറ്റവും പ്രധാന കാര്യം. ശിഷ്യന്മാർക്കു കൂടിവരുവാൻ വലിയ ദൈവാലയങ്ങൾ ഇല്ലായിരുന്നു. എന്നാൽ തനിക്കേറ്റവും ഇഷ്ടപ്പെട്ട പ്രകൃതിരമണീയമായ സ്ഥലത്തേക്കു യേശു ശിഷ്യന്മാരെ കൂട്ടിക്കൊണ്ടുപോയി. ശിഷ്യന്മാർക്കു ലഭിച്ച ആ ദിവസത്തെ ദിവ്യാനുഭൂതികൾ കുന്നുകളുടെയും താഴ്വരകളുടെയും കടലിന്റെയും സൗന്ദര്യവുമായി എന്നേക്കും ബന്ധപ്പെട്ടിരിക്കുന്നു.

തന്നിൽനിന്നു കേട്ടും കണ്ടും പഠിച്ച കാര്യങ്ങൾ ലോകത്തെ അറിയിക്കുന്ന സാക്ഷികളായിത്തീരേണ്ടതിനാണു ശിഷ്യന്മാരെ യേശു വിളിച്ചത്. മനുഷ്യനു ലഭിക്കാവുന്ന ഏറ്റവും ശ്രേഷ്ഠമായ ജോലിയിലേക്കായിരുന്നു യേശു ശിഷ്യന്മാരെ ക്ഷണിച്ചത്. അവരെക്കാൾ ശ്രേഷ്ഠനായി ആരെങ്കിലുമുണ്ടായിരുന്നെങ്കിൽ അതു കർത്താവു മാത്രമായിരുന്നു. ശിഷ്യന്മാർ രക്ഷണ്യവേലയിൽ യേശുവിന്റെ കൂട്ടുവേലക്കാരായിരുന്നു. പഴയനിയമ കാലത്തു പന്ത്രണ്ടു ഗോത്രപിതാക്കന്മാർ യിസ്രായേലിന്റെ പ്രതിനിധികൾ ആയിരുന്നതുപോലെ, പന്ത്രണ്ട് അപ്പൊസ്തലന്മാർ സുവിശേഷസഭയുടെ പ്രതിനിധികളായിരുന്നു.

താൻ തെരഞ്ഞെടുത്ത ശിഷ്യന്മാരുടെ സ്വഭാവം യേശുവിനറിയാമായിരുന്നു. അവരുടെ ബലഹീനതകളും തെറ്റുകളും കർത്താവിന്റെ മുമ്പിൽ നഗ്നമായിരുന്നു. അവർ കടന്നുപോകേണ്ട അപകടങ്ങളെക്കുറിച്ചും കർത്താവ് അറിഞ്ഞിരുന്നു. ശിഷ്യന്മാരുടെമേൽ നിക്ഷിപ്തമാകാൻ പോകുന്ന ചുമതലകളും കർത്താവിനറിയാമായിരുന്നു. താൻ തെരഞ്ഞെടുത്ത ശിഷ്യന്മാരെ കർത്താവു വളരെ സ്നേഹിച്ചു. ഗലീലക്കടലിനു സമീപമുള്ള ഒരു മലയിൽ, ഏകനായി യേശു, തന്റെ ശിഷ്യന്മാർക്കുവേണ്ടി രാത്രിമുഴുവനും പ്രാർത്ഥിച്ചു. ശിഷ്യന്മാർ ആ സമയം സുഖനിദ്രയിലായിരുന്നു. പ്രഭാതത്തിൽ യേശു അവരെ വിളിച്ചുകൂട്ടി ചില പ്രധാനപ്പെട്ട കാര്യങ്ങൾ അറിയിച്ചു.

ശിഷ്യന്മാർ കുറച്ചുകാലം സജീവമായി യേശുവിനോടൊത്തു പ്രവർത്തിച്ചിരുന്നു. യോഹന്നാനും യാക്കോബും, അന്ത്രെയാസും പത്രൊസും ഫിലിപ്പൊസിനോടും നഥനയേലിനോടും മത്തായിയോടുംകൂടെ മറ്റു ശിഷ്യന്മാരെക്കാൾ കൂടുതലായി കർത്താവിനോട് അടുത്തു സഹകരിച്ചിരുന്നു. ക്രിസ്തുവിന്റെ അത്ഭുതങ്ങളെ സാക്ഷീകരിക്കുന്നതിൽ ഈ ശിഷ്യന്മാർ കൂടുതൽ ശുഷ്കാന്തി കാണിച്ചിരുന്നു. പത്രൊസും, യാക്കോബും, യോഹന്നാനും കർത്താവുമായി ഏറ്റവും അധികം അടുത്തു പ്രവർത്തിച്ചിരുന്നു. അവർ എപ്പോഴും കർത്താവിനോടുകൂടെ ആയിരുന്നു. കർത്താവിന്റെ വാക്കുകൾ അവർ ശ്രദ്ധിക്കുകയും, അവന്റെ അത്ഭുതപ്രവൃത്തികൾ അവർ സാക്ഷീകരിക്കുകയും ചെയ്തു. യോഹന്നാൻ യേശുവിനെ വളരെ അധികം സ്നേഹിച്ചിരുന്നു. "യേശുവിനെ സ്നേഹിച്ച ശിഷ്യൻ" എന്ന ബഹുമതി യോഹന്നാനു ലഭിച്ചു. യേശു എല്ലാവരെയും ഹൃദയംഗമമായി സ്നേഹിച്ചു. എന്നാൽ യോഹന്നാന്റെ ഹൃദയം യേശുവിന്റെ സ്നേഹത്തെ ഏറ്റവും അധികം സ്വീകരിച്ചു.

യോഹന്നാൻ മറ്റു ശിഷ്യന്മാരെ അപേക്ഷിച്ചു ചെറുപ്പമായിരുന്നു. അവൻ ഒരു ശിശുവിനെപ്പോലെ തന്റെ ഹൃദയം യേശുവിനു തുറന്നുകൊടുത്തു. യേശുവിന്റെ സ്നേഹം അവനു കൂടുതൽ ലഭിച്ചു. യോഹന്നാനിൽക്കൂടെ രക്ഷകന്റെ ആത്മീയ ഉപദേശങ്ങൾ മറ്റുള്ളവർക്കു ലഭിക്കുവാൻ ഇടയായി.

അപ്പൊസ്തലന്മാർ പല സംഘങ്ങളായി തിരിഞ്ഞപ്പോൾ, അതിൽ ഒരു സംഘത്തിന്റെ നേതൃത്വം വഹിച്ചിരുന്നതു ഫിലിപ്പൊസായിരുന്നു. 'എന്നെ അനുഗമിക്ക' എന്നു യേശുവിങ്കൽനിന്ന് ആദ്യമായി വിളി ലഭിച്ച ശിഷ്യനായിരുന്നു ഫിലിപ്പൊസ്. അന്ത്രെയാസിന്റെയും പത്രൊസിന്റെയും നഗരമായ ബേത്ത്സയിദയിൽനിന്നായിരുന്നു ഫിലിപ്പൊസും വന്നത്. യോഹന്നാൻ സ്നാപകന്റെ പ്രസംഗം ഫിലിപ്പൊസ് കേട്ടിരുന്നു. ക്രിസ്തു ദൈവത്തിന്റെ കുഞ്ഞാടാണ് എന്ന പ്രഖ്യാപനം ഫിലിപ്പൊസ് കേട്ടു. ഫിലിപ്പൊസ് കളങ്കമറ്റ ഒരു സത്യാന്വേഷി ആയിരുന്നെങ്കിലും വിശ്വസിക്കുവാൻ താമസമുള്ളവനായിരുന്നു. ഫിലിപ്പൊസ് യേശുവിനോടുകൂടെ ചേർന്നുവെങ്കിലും, നഥനയേലുമായി സംസാരിക്കുന്ന വേളയിൽ യേശുവിന്റെ ദൈവമഹത്വത്തെക്കുറിച്ചു പൂർണ്ണബോധ്യം വന്നിരുന്നില്ല (യോഹ. 1:45). സ്വർഗ്ഗത്തിൽനിന്നുള്ള ശബ്ദം "ഇവൻ എന്റെ പ്രിയപുത്രൻ" എന്നായിരുന്നു. അയ്യായിരം പേർക്കു ഭക്ഷണം കൊടുക്കുവാൻ യേശു ആവശ്യപ്പെട്ടപ്പോൾ ഫിലിപ്പൊസിന്റെ അവിശ്വാസം വീണ്ടും പ്രകടമാക്കപ്പെട്ടു. അവന്റെ വിശ്വാസത്തെ പരീക്ഷിക്കുന്നതിനുവേണ്ടി യേശു ചോദിച്ചു: "ഇവർക്കു തിന്നുവാൻ നാം എവിടെനിന്ന് അപ്പം വാങ്ങും?" തന്റെ അവിശ്വാസം തെളിയിക്കുന്ന ഉത്തരമാണു ഫിലിപ്പൊസ് നല്കിയത്: "ഓരോരുത്തർക്കും അല്പമല്പം ലഭിക്കേണ്ടതിന് ഇരുനൂറു പണത്തിന് അപ്പം മതിയാകയില്ല" (യോഹ. 6:5,7). യേശു ഫിലിപ്പൊസിന്റെ അവിശ്വാസത്തിൽ ദുഃഖിച്ചു. ഫിലിപ്പൊസ് യേശുവിനോടുകൂടിയായിരുന്നിട്ടും വിശ്വാസമുള്ളവനായിത്തീർന്നില്ല. യേശുവിനെ പരിചയപ്പെടുവാൻ യവനന്മാർ ആഗ്രഹിച്ചപ്പോൾ ആ സന്ദർഭത്തെ ഫിലിപ്പൊസ് ഫലപ്രദമായി ഉപയോഗിച്ചില്ല. അവൻ അതേക്കുറിച്ച് അന്ത്രെയാസിനോടാണു പറഞ്ഞത്. ക്രിസ്തുവിന്റെ ക്രൂശുമരണത്തിനുമുമ്പുള്ള നിമിഷങ്ങളിൽ ഫിലിപ്പൊസിന്റെ വാക്കുകളിൽ പ്രത്യാശ നിഴലിച്ചിരുന്നില്ല. "കർത്താവേ, നീ എവിടെ പോകുന്നുവെന്നു ഞങ്ങൾ അറിയുന്നില്ല; പിന്നെ വഴി എങ്ങനെ അറിയും?" എന്നു തോമസ് ചോദിച്ചപ്പോൾ കർത്താവു പറഞ്ഞു: "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു... നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു." ഉടനെ ഫിലിപ്പൊസ് നല്കിയ മറുപടി അവിശ്വാസം പ്രതിഫലിപ്പിക്കുന്നതായിരുന്നു: "കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം; എന്നാൽ ഞങ്ങൾക്കു മതി" (യോഹ. 14:5–8). യേശുവിനോടുകൂടെ മൂന്നുവർഷം ഉണ്ടായിരുന്ന ആ ശിഷ്യന്റെ വിശ്വാസം വളരെ ബലഹീനവും സത്യത്തെ അംഗീകരിക്കാൻ ഒരുക്കമുള്ളതുമായിരുന്നില്ല. ഫിലിപ്പൊസിന്റെ അവിശ്വാസവും നഥനയേലിന്റെ നിഷ്കളങ്കമായ വിശ്വാസവും അവരുടെ വൈരുദ്ധ്യത്തെ കാണിക്കുന്നു. നഥനയേൽ കാണാത്ത കാര്യങ്ങളെ വിശ്വസിച്ചു. ഫിലിപ്പൊസിന്റെ അവിശ്വാസത്തെ

ക്രിസ്തു സഹിച്ചു. ശിഷ്യന്മാരുടെമേൽ പെന്തെക്കൊസ്തുനാളിൽ പരിശുദ്ധാത്മവർഷം ഉണ്ടായപ്പോൾ, ഫിലിപ്പൊസ്, ക്രിസ്തുവിന്റെ ഹൃദയപ്രകാരമുള്ള ശിഷ്യനായിത്തീർന്നു. താൻ പരിശുദ്ധാത്മാവാൽ നയിക്കപ്പെടുന്നുവെന്ന ബോധത്തോടെ, ശ്രോതാക്കൾക്കു വ്യക്തമായി മനസ്സിലാകത്തക്ക വിധത്തിൽ ഫിലിപ്പൊസ് സംസാരിച്ചു.

യേശു ശിഷ്യന്മാരെ നിയമിച്ചുകൊണ്ടിരുന്നപ്പോൾ ക്ഷണിക്കപ്പെടാത്ത ഒരാൾ അവരുടെ ഇടയിലേക്കു വന്നു. ക്രിസ്തുവിന്റെ അനുഗാമിയാണു താനെന്ന അവകാശവാദം ഉന്നയിച്ച യൂദാ ഈസ്ക്കര്യോത്താവായിരുന്നു അയാൾ. ശിഷ്യന്മാരുടെ ഇടയിൽ ഒരു സ്ഥാനം ലഭിക്കുവാനായിരുന്നു അയാൾ കടന്നുവന്നത്. ആത്മാർത്ഥതയുടെ മൂടുപടം അണിഞ്ഞ് അയാൾ യേശുവിൽ താൽപര്യം കാണിച്ചുകൊണ്ടു പറഞ്ഞു, "ഗുരോ, നീ എവിടെപ്പോയാലും ഞാൻ നിന്നെ അനുഗമിക്കാം." യേശു അവന്റെ വാഗ്ദാനത്തെ നിരസിക്കുകയോ, സ്വാഗതം ചെയ്യുകയോ ചെയ്തില്ല. യേശു അവനോടു പറഞ്ഞു: "കുറുനരികൾക്കു കുഴികളും ആകാശത്തിലെ പറവകൾക്കു കൂടുകളും ഉണ്ട്; മനുഷ്യപുത്രനോ തല ചായ്ക്കാൻ ഇടമില്ല" (മത്തായി 8:19,20). യേശു മശീഹയാണെന്നു യൂദാ വിശ്വസിച്ചു. അപ്പൊസ്തലന്മാരുടെ കൂടെ ചേർന്നാൽ, ക്രിസ്തു സ്ഥാപിക്കുന്ന പുതിയ രാജ്യത്തിൽ ശ്രേഷ്ഠമായ ഒരു സ്ഥാനം ലഭിക്കുമെന്നു യൂദാ ആശിച്ചു. ഈ ദുർമ്മോഹത്തെ ഇല്ലായ്മ ചെയ്യുവാനാണു തനിക്കു ഭൗമിക സമ്പത്തുകളൊന്നുമില്ലായെന്നു യേശു പറഞ്ഞത്. യൂദാ തങ്ങളോടുകൂടെ ചേർന്നു പ്രവർത്തിക്കുന്നതു കാണുവാൻ മറ്റു ശിഷ്യന്മാർക്കു വളരെ താൽപര്യം ഉണ്ടായിരുന്നു. യൂദാ ആജ്ഞാശക്തിയുള്ളവനും, കാര്യങ്ങൾ ഗ്രഹിപ്പാൻ പ്രാപ്തനും, ഭരണശേഷിയുള്ളവനുമാണെന്നു വ്യക്തമായതുകൊണ്ട്, യൂദാ തങ്ങളെപ്പോലെ ക്രിസ്തുവിന്റെ ഒരു ശിഷ്യനാകുവാൻ മറ്റുള്ളവർ വളരെ ആഗ്രഹിച്ചു. എന്നാൽ യൂദയോടുള്ള യേശുവിന്റെ നിലപാടിൽ ശിഷ്യന്മാർ അത്ഭുതപ്പെട്ടു.

യിസ്രായേലിലെ നേതാക്കന്മാരുടെ സഹകരണം ലഭിക്കുന്നതിനായി യേശു ശ്രമിക്കാഞ്ഞതിൽ ശിഷ്യന്മാർ വളരെ നിരാശരായിരുന്നു. തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി സ്വാധീനശക്തിയുള്ള നേതാക്കളുടെ സഹകരണം തേടാതിരിക്കുന്നതു വലിയ ഒരു തെറ്റായി ശിഷ്യന്മാർക്കു തോന്നി. യേശു യൂദയെ പൂർണ്ണമായി നിരസിച്ചിരുന്നുവെങ്കിൽ, യേശു എടുത്ത നിലപാടു ബുദ്ധിപൂർവ്വകമായിരുന്നോ എന്നു ശിഷ്യന്മാർ ചോദിക്കുമായിരുന്നു. ദൈവിക ശുശ്രൂഷയ്ക്ക് ആളുകളെ തെരഞ്ഞെടുക്കുമ്പോൾ ലൗകിക പരിഗണനകൾ നല്കുന്നതിന്റെ അപകടം യൂദയുടെ പില്ക്കാലചരിത്രം തെളിയിച്ചു. ശിഷ്യന്മാരുടെ നോട്ടത്തിൽ യൂദയെ ലഭിക്കുക എന്നത് ഒരു നേട്ടമായിരുന്നു. എന്നാൽ ഇങ്ങനെയുള്ള മനുഷ്യർ ദൈവവേലയെ ശത്രുവിന്റെ കയ്യിലേക്ക് ഏല്പിക്കുകയാണു ചെയ്യുന്നത്.

യൂദാ യേശുവുമായി ഇടപെട്ടപ്പോൾ, യേശുവിന്റെ സ്വഭാവമഹിമ മനസ്സിലാക്കാതെയിരുന്നില്ല. ആത്മാക്കളെ തന്നിലേക്കാകർഷിക്കുവാൻ കഴിയുന്ന ഒരു ദിവ്യശക്തിയുടെ സ്വാധീനവലയത്തിലാണു താനെന്നു യൂദയ്ക്കു മനസ്സി

ലായി. "ചതഞ്ഞ ഓട" ഒടിച്ചുകളയാത്തവനും, പുകഞ്ഞ തിരി കെടുത്തിക്കളയാത്തവനുമായ കർത്താവ്, യൂദയെ, അങ്ങേ അറ്റംവരെ രക്ഷിപ്പാൻ ആഗ്രഹിച്ചു. യൂദയുടെ ഹൃദയം കർത്താവു കണ്ടു. ദൈവകൃപ യൂദാ പ്രയോജനപ്പെടുത്തുന്നില്ലായെങ്കിൽ, അയാൾ നിപതിക്കുവാൻ പോകുന്ന പാപക്കുഴിയുടെ ആഴം എത്ര ഭയാനകമായിരിക്കുമെന്നു യേശുവിനറിയാമായിരുന്നു. ദിനന്തോറും തന്റെ ദിവ്യസ്നേഹം രുചിച്ചറിയുവാനുള്ള അവസരം കർത്താവു യൂദയ്ക്കു നല്കിക്കൊണ്ടിരുന്നു. തന്റെ ഹൃദയത്തെ യേശുവിനു വിട്ടുകൊടുത്തിരുന്നുവെങ്കിൽ യൂദയുടെ ഹൃദയം ശുദ്ധീകരിക്കപ്പെടുകയും, ദൈവരാജ്യത്തിന് ഒരവകാശിയായിത്തീരുകയും ചെയ്യുമായിരുന്നു.

മനുഷ്യൻ ഏതവസ്ഥയിൽ ആയിരുന്നാലും, ദൈവത്തിങ്കലേക്കു തിരിയുന്നവനെ ദൈവം സ്വീകരിക്കുന്നു. ഒരുവൻ ദൈവത്തിന്റെ ശിക്ഷണത്തെ സന്തോഷത്തോടെ സ്വീകരിക്കുകയും, ദൈവത്തിൽനിന്നു പഠിക്കാൻ താൽപര്യം കാട്ടുകയും ചെയ്താൽ ദൈവം അവനെ തന്റെ വേലയ്ക്കായി ഒരുക്കും. അവർ പൂർണ്ണതയുള്ളവരായതുകൊണ്ടല്ല ദൈവം അവരെ തെരഞ്ഞെടുക്കുന്നത്. പ്രത്യുത അവരുടെ അപൂർണ്ണതയിൽ, അവർ സത്യത്തെ സ്നേഹിക്കുന്നതുകൊണ്ടും, സത്യത്തെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതുകൊണ്ടും, ക്രിസ്തുവിന്റെ കൃപയാൽ ക്രിസ്തുവിന്റെ സ്വരൂപത്തിലേക്കു രൂപാന്തരപ്പെടുന്നതുകൊണ്ടുമാണു ദൈവം അവരെ തെരഞ്ഞെടുക്കുന്നത്.

മറ്റു ശിഷ്യന്മാർക്കു ലഭിച്ച അതേ അവസരങ്ങൾ യൂദയ്ക്കും ലഭിച്ചു. അവർ ശ്രദ്ധിച്ച വിലയേറിയ പാഠങ്ങൾ യൂദയും കേൾക്കുവാനിടയായി. എന്നാൽ ക്രിസ്തു ആഗ്രഹിച്ച കാര്യങ്ങൾ യൂദയുടെ താൽപര്യങ്ങൾക്കെതിരായിരുന്നു. സ്വർഗ്ഗീയപരിജ്ഞാനം പ്രാപിക്കുന്നതിനുവേണ്ടി സ്വയത്തെ കീഴ്പ്പെടുത്തുവാൻ യൂദയ്ക്കു മനസ്സില്ലായിരുന്നു.

തന്നെ വഞ്ചിക്കുവാൻ പോകുന്നവനോട് എത്ര ദയയോടുകൂടെ യേശു പെരുമാറി! യേശു നിസ്വാർത്ഥതയുടെ വിലയേറിയ പാഠങ്ങളെ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുവാൻ ആഗ്രഹിച്ചു. ദുരാഗ്രഹം എത്ര നീചമായ ഒന്നാണെന്നു യൂദയുടെ മുമ്പാകെ യേശു പറഞ്ഞു. തന്റെ സ്വഭാവത്തെ യേശു തുറന്നുകാട്ടുന്നതായി യൂദയ്ക്കു പലപ്പോഴും അനുഭവപ്പെട്ടു. യൂദയുടെ പാപം അവനു തുറന്നുകാണിച്ചുകൊടുത്തു. എന്നാൽ തന്റെ പാപങ്ങളെ വിട്ടുതിരിയുവാനോ, ഏറ്റുപറയുവാനോ യൂദാ ഒരുക്കമായിരുന്നില്ല. യൂദാ തന്നെക്കുറിച്ചു വലിയവനെന്നു കരുതി. പരീക്ഷകളെ എതിർത്തു ജയിക്കുന്നതിനു പകരം തെറ്റായ മാർഗ്ഗങ്ങളെ യൂദാ പിന്തുടർന്നു. ക്രിസ്തു തനിക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തി തനിക്കു പ്രയോജനപ്പെടേണ്ടതിനു യൂദാ ക്രിസ്തുവിന്റെ സ്വഭാവം അനുകരിക്കേണ്ടതായിരുന്നു. എന്നാൽ യൂദാ അതു ചെയ്തില്ല.

ഒരു തുറന്ന പുസ്തകംപോലെ താൻ യൂദയുടെ ജീവിതം കണ്ടിട്ടും, യേശു യൂദയോടു ക്ഷമയോടുകൂടെ പെരുമാറുകയാണു ചെയ്തത്. നന്മ ചെയ്താൽ നല്ല പ്രതിഫലം ലഭിക്കുമെന്നു യേശു യൂദയ്ക്കു മനസ്സിലാക്കി

ക്കൊടുത്തു. സ്വർഗ്ഗീയപ്രകാശത്തെ ത്യജിക്കുന്നതിനു യൂദയ്ക്ക് ഒരു ന്യായീകരണവുമില്ലായിരുന്നു.

വെളിച്ചത്തിൽ ജീവിക്കുന്നതിനു പകരം യൂദാ അന്ധകാരത്തിൽ ജീവിച്ചു. തന്റെ ഹൃദയത്തിൽ ദുഷ്ചിന്തകളും പ്രതികാരവും വിദ്വേഷവും മ്ലാനതയും വളരുന്നതിനു യൂദാ അനുവദിച്ചു. സാത്താൻ അവന്റെ ഹൃദയത്തെ മുഴുവനായി കൈവശപ്പെടുത്തുന്നതുവരെ, തിന്മയ്ക്കുവേണ്ടി അവന്റെ ഹൃദയം തുറന്നുകൊടുത്തു. അങ്ങനെ യൂദാ ക്രിസ്തുവിനെ എതിർക്കുന്നവന്റെ ഒരു പ്രതിനിധിയായിത്തീർന്നു.

യൂദയുടെ ജീവിതത്തിൽ, ക്രിസ്തുവുമായി സഹവസിച്ചിരുന്നപ്പോൾ, ചില നല്ല വശങ്ങളുണ്ടായിരുന്നു. അതു പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ ക്രിസ്തുവിന്റെ സഭയ്ക്ക് ഒരു മുതൽക്കൂട്ടാകുമായിരുന്നു. ക്രിസ്തുവിന്റെ നുകം അവൻ ഏറ്റുകൊള്ളുവാൻ മനസ്സുകാണിച്ചിരുന്നുവെങ്കിൽ യൂദാ അപ്പൊസ്തലരിൽ പ്രധാനിയാകുമായിരുന്നു. എങ്കിലും തന്റെ കുറവുകളെ ചൂണ്ടിക്കാട്ടിയപ്പോൾ, അവ തിരുത്തുന്നതിനു പകരം മനസ്സു കഠിനപ്പെടുത്തുകയാണു ചെയ്തത്. ഞാനെന്ന ഭാവവും, ദൈവത്തോടുള്ള അനുസരണക്കേടും അവനെ വീഴ്ചയിലേക്കു നയിച്ചു. അങ്ങനെ ദൈവം യൂദയ്ക്കു നല്കുവാനാഗ്രഹിച്ച സ്ഥാനത്തിന്, അവൻ അയോഗ്യനായിത്തീർന്നു.

യേശു ശിഷ്യന്മാരെ വിളിച്ചപ്പോൾ, അവർക്കെല്ലാവർക്കും വലിയ കുറവുകൾ ഉണ്ടായിരുന്നു. ക്രിസ്തു ഏറ്റവും സ്നേഹിച്ച യോഹന്നാനു പോലും കുറവുകൾ ഉണ്ടായിരുന്നു. യോഹന്നാൻ സൗമ്യതയോ, കീഴ്പ്പെടുന്ന സ്വഭാവമോ ഉള്ളവനായിരുന്നില്ല. യോഹന്നാനും, സഹോദരനായ യാക്കോബും "ഇടിമക്കൾ" എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. അവർ യേശുവിനോടുകൂടെയായിരുന്നപ്പോൾ, തങ്ങളുടെ ഗുരുവിനെ ആരെങ്കിലും പരിഹസിച്ചിരുന്നുവെങ്കിൽ, അവർ യോഹന്നാന്റെയും യാക്കോബിന്റെയും ഉഗ്രകോപത്തിനു പാത്രമാകുമായിരുന്നു. കോപം, പ്രതികാരവാഞ്ഛ, വിമർശനം തുടങ്ങിയ സ്വഭാവങ്ങൾ യോഹന്നാനിൽ കുടികൊണ്ടിരുന്നു. എന്നാൽ യേശുവിനോടുകൂടെ ദിനന്തോറും സഹകരിക്കുകയും, യേശുവിന്റെ സ്നേഹം ദർശിക്കുകയും ചെയ്തപ്പോൾ യോഹന്നാനിൽ വലിയ മാറ്റം ഉണ്ടായി. സ്വർഗ്ഗീയശക്തി തന്നിൽ പ്രവർത്തിക്കുന്നതിനുവേണ്ടി യോഹന്നാൻ ഹൃദയം തുറന്നുകൊടുത്തു. യേശുവിന്റെ ഉപദേശം കേൾക്കുക മാത്രമല്ല പ്രവൃത്തിപഥത്തിലും യോഹന്നാൻ കൊണ്ടുവന്നു. തന്നിലുള്ള സ്വയത്തെ ക്രിസ്തുവിനു സമർപ്പിച്ചു. ക്രിസ്തുവിന്റെ നുകം ഏറ്റുകൊള്ളുവാനും ക്രിസ്തു നല്കുന്ന ഭാരം വഹിപ്പാനും യോഹന്നാൻ പഠിച്ചു.

ശിഷ്യന്മാർക്കു നല്ല ശിക്ഷണം യേശുവിൽനിന്നു ലഭിച്ചു. യോഹന്നാനും യാക്കോബും യേശുവിനെ വിട്ടുപോയില്ല. ശാസനകൾ കേട്ടിട്ടും അവർ യേശുവിനെത്തന്നെ തെരഞ്ഞെടുത്തു. യേശു, തന്റെ ശിഷ്യന്മാർക്കു കുറവുകളും ബലഹീനതകളും ഉണ്ടായിരുന്നിട്ടും, അവരെ ഉപേക്ഷിച്ചില്ല. യേശു

വിന്റെ കഷ്ടങ്ങളിൽ പങ്കാളികളാകുവാനും യേശുവിൽനിന്നു പാഠങ്ങൾ പഠിക്കുവാനും ശിഷ്യന്മാർ അവസാനംവരെ യേശുവിനോടുകൂടെ നിന്നു. അവരുടെ സ്വഭാവങ്ങൾക്കു വലിയ രൂപാന്തരം ഉണ്ടായി.

സ്വഭാവങ്ങളിലും ശീലങ്ങളിലും വൈവിധ്യം ഉള്ളവരായിരുന്നു യേശുവിന്റെ ശിഷ്യന്മാർ. ചുങ്കക്കാരനായ ലേവി-മത്തായി, എരിവുകാരനായ ശിമോൻ – റോമാസാമ്രാജ്യാധികാരത്തോടു ശക്തിയോടെ സന്ധിയില്ലാസമരം നടത്തുവാനൊരുക്കമുള്ള മനുഷ്യനായിരുന്നു ശിമോൻ, ഉദാരമനസ്കനും വികാരജീവിയുമായിരുന്ന പത്രൊസ്, ഹീനമനസ്സിന്റെ ഉടമയായിരുന്ന യൂദാ, ഭയമുള്ളവനും സത്യസന്ധനുമായ തോമസ്, അല്പവിശ്വാസിയായ ഫിലിപ്പൊസ്, സ്ഥാനമോഹികളും ബഹിർമുഖരുമായ സെബെദിമക്കൾ; ഇപ്രകാരം വിഭിന്ന സ്വഭാവങ്ങളുള്ളവരായിരുന്നു ക്രിസ്തുവിന്റെ ശിഷ്യന്മാർ. ജന്മസിദ്ധമായുള്ളതും, പരിചയങ്ങളിലൂടെ നേടിയിട്ടുള്ളതുമായ, തിന്മസ്വഭാവങ്ങളുള്ള വ്യക്തികളെ ആയിരുന്നു ക്രിസ്തു, തന്റെ ശിഷ്യരായി തെരഞ്ഞെടുത്തത്. തന്നിലൂടെ ദൈവത്തിന്റെ കുടുംബത്തിലെ അംഗങ്ങളാക്കിത്തീർക്കുവാനാണു യേശു ഇവരെ ശിഷ്യരാക്കിയത്. ഏക ആത്മാവാൽ നയിക്കപ്പെടുവാനും, ഏക വിശ്വാസത്തിൽ ഒന്നായിത്തീരുവാനും, യേശു തന്റെ ശിഷ്യന്മാർക്കു പരിശീലനം നല്കി. അവർക്കു പരീക്ഷകളും പരാതികളും അഭിപ്രായഭിന്നതകളും ഉണ്ടായിരുന്നിരിക്കാം. എന്നാൽ ക്രിസ്തു അവരിൽ വസിക്കുമ്പോൾ അവരുടെ ഭിന്നതകൾ മാറി അവർ ഏകസ്വഭാവമുള്ളവരായിത്തീർന്നു. ക്രിസ്തുവിന്റെ സ്നേഹം അവരെ പരസ്പരം ബന്ധിച്ചു. അവർ ഏക മനസ്സുള്ളവരും ഏക തീരുമാനം എടുക്കുന്നവരുമായിത്തീരാൻ കർത്താവു നല്കിയ പാഠങ്ങൾ സഹായിച്ചു. അവരുടെ കേന്ദ്രം ക്രിസ്തു ആയിരുന്നു. ആ കേന്ദ്രത്തിലേക്ക് അവർ അടുക്കുന്തോറും, തമ്മിൽത്തമ്മിൽ അടുത്തുകൊണ്ടിരുന്നു.

ശിഷ്യന്മാർക്ക് ഉപദേശം നൽകിയശേഷം, യേശു അവരെ തന്റെ അടുത്തേക്കു വിളിച്ച്, മുട്ടുകുത്തി പ്രാർത്ഥനാനിരതരായി നില്ക്കുവാൻ ആവശ്യപ്പെട്ടു. അവരുടെ തലമേൽ യേശു കൈവച്ചു പ്രാർത്ഥിച്ചു, തന്റെ വിശുദ്ധ ശുശ്രൂഷയ്ക്കായി അവരെ വേർതിരിച്ചു. ഇങ്ങനെ ശിഷ്യന്മാർ സുവിശേഷ വേലയ്ക്കായി നിയമിക്കപ്പെട്ടു.

തന്റെ പ്രതിനിധികളായി മനുഷ്യരുടെ ഇടയിലേക്കു കർത്താവ് അയയ്ക്കുന്നത്, വീഴ്ച ഭവിക്കാത്ത ദൂതന്മാരെയല്ല; നേരെമറിച്ചു സാധാരണക്കാരായ മനുഷ്യരെയാണ്. മനുഷ്യരെ നേടുവാൻ ക്രിസ്തു മനുഷ്യനായിത്തീർന്നു. ലോകത്തിനു രക്ഷ നല്കുവാൻ ദൈവികത്വത്തിന്റെയും മാനുഷികത്വത്തിന്റെയും ആവശ്യമുണ്ടായിരുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള സമ്പർക്കത്തിനു മാനുഷികത്വം ഒരു മാധ്യമമായിത്തീരേണ്ടത് ആവശ്യമായിരുന്നതിനാൽ, ദൈവികത്വം, മാനുഷിക വേഷം ധരിക്കേണ്ടതും ആവശ്യമായിത്തീർന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാരെ സംബന്ധിച്ചും ഇപ്ര

കാരമായിരിക്കേണ്ടതാണ്. പുറമേനിന്ന് ഒരു ശക്തി മനുഷ്യന് ആവശ്യമുണ്ട്. ദൈവത്തിന്റെ സാദൃശ്യത്തിലായിത്തീരുവാനും, ദൈവവേല ചെയ്യുവാൻ മനുഷ്യനെ പ്രാപ്തനാക്കേണ്ടതിനും പുറമേനിന്നുള്ള ശക്തി ആവശ്യമായിരുന്നു. അതിന്റെ അർത്ഥം മനുഷ്യപ്രയത്നം ആവശ്യമില്ലെന്നല്ല. ദൈവിക ശക്തിയിൽ മാനുഷികത്വം ആശ്രയിക്കുന്നു. വിശ്വാസത്തിലാണു ക്രിസ്തു ഒരുവന്റെ ഹൃദയത്തിൽ വസിക്കുന്നത്. ദൈവവുമായി സഹകരിക്കുമ്പോൾ നന്മ ചെയ്‌വാൻ മനുഷ്യൻ പ്രാപ്തനായിത്തീരുന്നു.

ഗലീലയിലെ മീൻപിടുത്തക്കാരെ വിളിച്ച ക്രിസ്തു, ഇപ്പോഴും തന്റെ വേലയ്ക്കുവേണ്ടി ആളുകളെ വിളിച്ചുകൊണ്ടിരിക്കുന്നു. ആദ്യകാലശിഷ്യന്മാരിലൂടെ ക്രിസ്തു തന്റെ ശക്തി എങ്ങനെ പ്രകടമാക്കിയോ അതുപോലെ ഇപ്പോഴും തന്റെ ശക്തി നമ്മിലൂടെ പ്രകടമാക്കാൻ ഒരുക്കമുള്ളവനാണ്. നാം എത്രമാത്രം അപൂർണ്ണതയും, പാപസ്വഭാവവുമുള്ളവരാണെങ്കിൽത്തന്നെയും, താനുമായി പങ്കാളിത്വം വഹിക്കുവാൻ ക്രിസ്തു നമ്മെ വിളിച്ചുകൊണ്ടിരിക്കുന്നു. തന്റെ ശുശ്രൂഷയിൽ പരിശീലനം നേടുവാൻ ക്രിസ്തു നമ്മെ ആഹ്വാനം ചെയ്യുന്നു. ദൈവത്താൽ പരിശീലിക്കപ്പെടുവാനും ക്രിസ്തുവുമായി ഐക്യപ്പെട്ടു ദൈവശുശ്രൂഷയിൽ ഏർപ്പെടുവാനും ക്രിസ്തു നമ്മെ ക്ഷണിക്കുന്നു.

"എങ്കിലും ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്നു വരേണ്ടതിന് ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിലാകുന്നു ഉള്ളത്" (2 കൊരി. 4:7). ഇക്കാരണത്താലാണു സുവിശേഷം ദൈവദൂതന്മാരെ ഭരമേല്പിക്കാതെ, തെറ്റിപ്പോകുന്ന മനുഷ്യനെ ഭരമേല്പിച്ചത്. മനുഷ്യന്റെ ബലഹീനതയിൽക്കൂടെ പ്രവർത്തിക്കുന്ന ശക്തി, ദൈവത്തിന്റെ ശക്തിയാണെന്നു തെളിഞ്ഞിരിക്കുന്നു. നമ്മെപ്പോലെ ബലഹീനരായവരെ സഹായിപ്പാൻ കഴിയുന്ന ശക്തിക്കു നമ്മെയും സഹായിപ്പാൻ കഴിയുമെന്നു നമുക്കു പൂർണ്ണമായി വിശ്വസിക്കാം. "ബലഹീനത പൂണ്ടവരായ"വർ തന്നെ "അറിവില്ലാത്തവരോടും, വഴിതെറ്റിപ്പോകുന്നവരോടും സഹതാപം കാണിപ്പാൻ" (എബ്രാ. 5:2) സന്നദ്ധതയും കഴിവും ഉള്ളവർ ആയിരിക്കണം. തങ്ങൾത്തന്നെ ആപത്തിലകപ്പെടുകയും, വഴിയുടെ പ്രയാസങ്ങളും ആപത്തുകളും മനസ്സിലാക്കാതിരിക്കയും ചെയ്യുന്നതുകൊണ്ട്, അതുപോലെയുള്ള ആപത്തിൽപ്പെട്ടിരിക്കുന്നവരെ രക്ഷയിലേക്കു നയിപ്പാൻ, വിളിക്കപ്പെട്ടിരിക്കയാണ്. സംശയത്താൽ കുഴങ്ങുന്നവരുണ്ട്; അദൃശ്യനായവനെ കൈനീട്ടിപ്പിടിക്കുവാൻ കഴിയാത്തവരുണ്ട്; എന്നാൽ അവർക്കു ദൃശ്യനായ ഒരു സ്നേഹിതൻ, ക്രിസ്തുവിനു പകരമായി വരുമ്പോൾ, ബലഹീനമായ അവരുടെ വിശ്വാസം ക്രിസ്തുവിൽ ഉറപ്പിക്കുവാൻ, കാരണമായിത്തീരും.

യേശുവിനെ ലോകത്തിനു നല്കുന്നതിൽ നാം സ്വർഗ്ഗീയദൂതരുമായി കൂട്ടുവേലക്കാരായിത്തീരണം. നമ്മുടെ സഹകരണത്തിനുവേണ്ടി ദൂതന്മാർ

അക്ഷമരായി കാത്തിരിക്കുന്നു. മനുഷ്യനുമായി സമ്പർക്കം പുലർത്താനുള്ള ചാലുകൾ മനുഷ്യൻ തന്നെ ആയിരിക്കണം. പൂർണ്ണ ഭക്തിയോടെ നാം ക്രിസ്തുവിനായി നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ, ദൂതന്മാർ സന്തോഷിക്കുന്നു. ദൈവസ്നേഹം വെളിപ്പെടുത്തുവാൻ നമ്മുടെ ശബ്ദത്തിലൂടെ അവർക്ക് (ദൂതന്മാർക്ക്) സംസാരിക്കുവാൻ കഴിയുന്നതിലാണ് അവർ സന്തോഷിക്കുന്നത്.

# 31

# ഗിരിപ്രഭാഷണം

അവലംബം: മത്തായി 5,6,7

ശിഷ്യന്മാർക്കു മാത്രമായി യേശു നടത്തിയിട്ടുള്ള പ്രസംഗങ്ങൾ വളരെ അപൂർവ്വമായിരുന്നു. ജീവന്റെ മാർഗ്ഗം അറിഞ്ഞവരെ മാത്രം ഉൾക്കൊള്ളിച്ചു കൊണ്ടല്ല യേശു, തന്റെ പ്രസംഗം കേൾപ്പാൻ ആളുകളെ തെരഞ്ഞെടുത്തത്. അജ്ഞതയിലും തെറ്റിലും കഴിഞ്ഞിരുന്നവരെ കണ്ടെത്തുകയായിരുന്നു യേശുവിന്റെ ലക്ഷ്യം. അന്ധകാരത്തിൽ കഴിയുന്നവർക്കു പ്രകാശം നല്കു ന്നതിനുവേണ്ടി യേശു സത്യം പ്രസംഗിച്ചു. യേശുതന്നെ സത്യമായിരുന്നു. മറ്റുള്ളവർക്ക് അനുഗ്രഹം പകർന്നുകൊടുക്കുവാൻ എപ്പോഴും ഒരുക്ക ത്തോടെ യേശു നിലകൊണ്ടു. മുന്നറിയിപ്പു വേണ്ടവർക്കു മുന്നറിയിപ്പും, പ്രോത്സാഹനം വേണ്ടവർക്കു പ്രോത്സാഹനവും, സ്നേഹമേറിയ ക്ഷണം എല്ലാവർക്കും നല്കിക്കൊണ്ടും, യേശു എല്ലാവരെയും ഉയർത്തുവാൻ ശ്രമിച്ചു.

ഗിരിപ്രഭാഷണം പ്രത്യേകിച്ചു ശിഷ്യന്മാരെ ഉദ്ദേശിച്ചാണു നല്കിയ തെങ്കിലും, വലിയ പുരുഷാരത്തോടാണു യേശു പ്രസംഗിച്ചത്. അപ്പൊസ്തല

ന്മാരെ നിയോഗിച്ചശേഷം, യേശു അവരോടൊന്നിച്ചു കടൽത്തീരത്തേക്കു പോയി. അതിരാവിലെ തന്നെ യേശുവിനെ കാണുവാനും യേശുവിന്റെ പ്രസംഗം കേൾപ്പാനും ആളുകൾ തിങ്ങിക്കൂടി. ഗലീലപട്ടണത്തിൽനിന്നു ള്ളവർക്കു പുറമേ, യെഹൂദ്യയിൽനിന്നും, യെരൂശലേമിൽനിന്നുപോലും ആളു കൾ എത്തിച്ചേർന്നുകൊണ്ടിരുന്നു. പെരയാ, ദെക്കപ്പൊലി, ഇദുമ്യ, സോർ, സീദോൻ എന്നീ പട്ടണങ്ങളിൽനിന്നു പുരുഷാരം വന്നു. "അവൻ ചെയ്ത തൊക്കെയും കേട്ടിട്ട് അവന്റെ വചനം കേൾപ്പാനും, രോഗശാന്തി കിട്ടുവാനും വന്ന ബഹുപുരുഷാരവും ഉണ്ടായിരുന്നു... ശക്തി അവനിൽനിന്നു പുറപ്പെട്ട് എല്ലാവരെയും സൗഖ്യമാക്കി" (മർക്കൊസ് 3:8, ലൂക്കൊസ് 6:17-19).

യേശുവിന്റെ വചനം കേൾപ്പാനാഗ്രഹിച്ച ഏവർക്കും ആ ഇടുങ്ങിയ സമുദ്രതീരത്തു സൗകര്യമായി നില്പാനുള്ള സ്ഥലം പോരായിരുന്നു. അതു കൊണ്ട് അടുത്തുള്ള മലഞ്ചെരിവിലേക്കു യേശു ജനത്തെ നയിച്ചു. ആ വലിയ പുരുഷാരത്തിന് ഇരിക്കാൻ പറ്റിയ സ്ഥലം കണ്ടെത്തിയപ്പോൾ, യേശു പുൽത്തകിടിയിൽ ഇരുന്നു. ശിഷ്യന്മാരും ജനക്കൂട്ടവും യേശുവിന്റെ പ്രസംഗം കേൾപ്പാനായി ഇരുന്നു.

ശിഷ്യന്മാർ എപ്പോഴും യേശുവിനോട് അടുത്ത് ഇരുന്നിരുന്നു. ജനക്കൂട്ടം യേശുവിനു ചുറ്റും തിരക്കുകൂട്ടിക്കൊണ്ടിരിക്കുമ്പോഴും യേശുവിന്റെ സമീ പത്തുനിന്നു മാറിപ്പോകാതിരിപ്പാൻ ശിഷ്യന്മാർ പ്രത്യേകം ശ്രദ്ധിച്ചു. യേശു പറയുന്ന ഒരു വാക്കുപോലും നഷ്ടപ്പെടുത്താതിരിക്കാൻ അതീവ ശ്രദ്ധയോടെ ശിഷ്യന്മാർ ഇരുന്നു. എല്ലാ കാലങ്ങളിലേക്കും ദേശങ്ങളിലേക്കുമുള്ള സ്വർഗ്ഗീയദൂതു യേശുവിൽനിന്നു സ്വീകരിപ്പാൻ ശിഷ്യന്മാർ ഒരുങ്ങി.

സാധാരണയിൽ കവിഞ്ഞതെന്തോ ശിഷ്യന്മാർ പ്രതീക്ഷിച്ചിരുന്നു. മശീഹ യുടെ രാജ്യം അധികം താമസിയാതെ സ്ഥാപിതമാകുമെന്നു ശിഷ്യന്മാർ കരുതി. ക്രിസ്തു സ്ഥാപിക്കുവാൻ പോകുന്ന രാജ്യത്തെക്കുറിച്ച് എന്തെ ങ്കിലും പ്രസ്താവിക്കുമെന്നു ശിഷ്യന്മാർ പ്രതീക്ഷിച്ചു. ജനക്കൂട്ടവും വളരെ പ്രതീക്ഷയോടുകൂടിയാണ് ഇരുന്നത്. അവരുടെ മുഖങ്ങൾ പ്രതീക്ഷാനിർഭര മായിരുന്നു. ഭാവിയെക്കുറിച്ചുള്ള ചിന്തകൾ അവരുടെ മനസ്സിൽ തിങ്ങിനിന്നി രുന്നു. റോമാക്കാരുടെ ആധിപത്യം അവസാനിപ്പിച്ചു സ്വന്ത ഭരണം സ്ഥാപിത മാകുന്ന നാളിനെ കാത്തിരുന്ന യെഹൂദപ്രമാണികളും അക്കൂട്ടത്തിലുണ്ടാ യിരുന്നു. ലോകത്തിലെ ഏറ്റവും വലിയ രാജ്യത്തിന്റെ ധനവും പ്രതാപവും സ്വന്തമാക്കാമെന്ന് അവർ ആശിച്ചു. പാവപ്പെട്ടവരായ കൃഷീവലന്മാരും, കഠിനാദ്ധ്വാനം ചെയ്തിരുന്ന മീൻപിടുത്തക്കാരും തങ്ങൾക്ക് ഒരു സുവർണ്ണ കാലം വരുമെന്നു പ്രതീക്ഷിച്ചു. തങ്ങളുടെ ദാരിദ്ര്യത്തെ വിളിച്ചോതുന്ന വില കുറഞ്ഞ വസ്ത്രങ്ങൾക്കു പകരം വിലകൂടിയ നല്ല വസ്ത്രങ്ങൾ ലഭിക്കു മെന്ന് അവർ വ്യാമോഹിച്ചു. യിസ്രായേൽജനത ഉയർച്ച പ്രാപിക്കുമെന്നും, യെരൂശലേം ലോകത്തിന്റെ തലസ്ഥാനമായിത്തീരുമെന്നും എല്ലാ യിസ്രാ യേല്യരും കരുതി.

എന്നാൽ ഭൗതികമായ ഉയർച്ചയ്ക്കുവേണ്ടിയുള്ള എല്ലാ വ്യാമോഹത്തെയും ക്രിസ്തു നിരുത്സാഹപ്പെടുത്തി. വ്യാജ ഉപദേശങ്ങളെ നിർമ്മാർജ്ജനം ചെയ്യുവാനും തന്റെ രാജ്യത്തെക്കുറിച്ചു ശരിയായ ധാരണ ജനത്തിനു നല്കുവാനും യേശു ശ്രമിച്ചു. ജനം തെറ്റായ ചിന്തകൾ വച്ചുപുലർത്തിയതിനെക്കുറിച്ചു യേശു അവരെ നിഷ്കരുണം കുറ്റപ്പെടുത്തിയില്ല. പാപത്തിന്റെ ഫലമായി ലോകം അനുഭവിക്കുന്ന കഷ്ടതകളെ യേശു കണ്ടു. എങ്കിലും അവർ അനുഭവിക്കുന്ന കഷ്ടതകളുടെ വിശദീകരണം യേശു അവർക്കു നല്കിയില്ല. അവർക്ക് അവശ്യമായ സ്വർഗ്ഗീയസത്യങ്ങൾ യേശു അവരോട് ഉപദേശിച്ചു. ദൈവരാജ്യത്തെക്കുറിച്ച് അവർക്കുണ്ടായിരുന്ന തെറ്റായ ധാരണകളെ വാദിച്ചു ഖണ്ഡിക്കുന്നതിനു പകരം സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കുന്നതിനുള്ള വ്യവസ്ഥകളെ യേശു വിശദീകരിച്ചുകൊടുത്തു. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കണമോ വേണ്ടയോ എന്ന തീരുമാനം എടുക്കുവാനുള്ള സ്വാതന്ത്ര്യം ജനത്തിനു നല്കുകയും ചെയ്തു. യേശുവിനെ അനുഗമിച്ച ജനത്തിനു യേശു നല്കിയ ഉപദേശങ്ങൾ എത്രത്തോളം പ്രാധാന്യം ഉള്ളതായിരുന്നുവോ, അത്രത്തോളം പ്രാധാന്യം ഇന്നു ജീവിക്കുന്ന നമുക്കും ഉണ്ട്. അവരെപ്പോലെ നാമും ദൈവരാജ്യത്തിന്റെ അടിസ്ഥാനതത്വങ്ങൾ പഠിക്കേണ്ടതാണ്.

യേശുവിന്റെ ഉപദേശങ്ങൾ ആരംഭിച്ചത് അനുഗ്രഹവർഷത്തോടെയായിരുന്നു. ആത്മാവിൽ ദരിദ്രരായവരും ക്രിസ്തുവിന്റെ വീണ്ടെടുപ്പു കാംക്ഷിക്കുന്നവരും ഭാഗ്യവാന്മാരാണെന്നു ക്രിസ്തു പറഞ്ഞു. ദരിദ്രന്മാരോടാണു സുവിശേഷം അറിയിക്കേണ്ടത്. 'ഞങ്ങൾ സമ്പന്നർ, ഒന്നിനും മുട്ടില്ല' എന്നു പറയുന്നവരോടും ആത്മീയ അഹംഭാവം വച്ചുപുലർത്തുന്നവരോടും യേശുവിന്റെ സുവിശേഷം അറിയിച്ചാൽ അവർ സ്വീകരിക്കയില്ല. താഴ്മയുള്ളവരും ഹൃദയം നുറുങ്ങിയവരും അതു സ്വീകരിക്കും. പാപനിവാരണത്തിന് ആ ഉറവ മാത്രമേ തുറക്കപ്പെട്ടിട്ടുള്ളു. അതാകുന്നു, ആത്മാവിൽ ദരിദ്രരായവർക്കു വേണ്ടിയുള്ള ഉറവ.

അഹംഭാവം ഉള്ള ഹൃദയം രക്ഷയ്ക്കുവേണ്ടി യാചിക്കുന്നില്ല. സ്വയം നേടിയെടുക്കാൻ ശ്രമിക്കുകയാണു ചെയ്യുന്നത്. സ്വർഗ്ഗത്തിലേക്കു പ്രവേശിപ്പാനുള്ള നമ്മുടെ അവകാശവും, യോഗ്യതയും ക്രിസ്തുവിന്റെ നീതിയിൽക്കൂടെ മാത്രമാകുന്നു. ഒരുവൻ തന്റെ ബലഹീനതകളെക്കുറിച്ചു ബോധമുള്ളവനാകുകയും, സ്വന്ത ശക്തിയിൽ ആശ്രയിക്കാതെ ദൈവികകരങ്ങളിൽ സ്വയം സമർപ്പിക്കുകയും ചെയ്യുന്നതുവരെ കർത്താവിന് അവന്റെ രക്ഷയ്ക്കുവേണ്ടി ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. ഒരുവൻ തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചുകഴിയുമ്പോൾ, ദൈവം അവനു നല്കാൻ ആഗ്രഹിക്കുന്ന ദാനം സ്വന്തമാക്കുവാൻ അവനു കഴിയും. തന്റെ ആവശ്യത്തെക്കുറിച്ചു മനസ്സിലാക്കുന്ന ഒരുവനിൽനിന്നു ദൈവം ഒരു നന്മയും മാറ്റിവയ്ക്കുന്നില്ല. സർവ്വ സമ്പൂർണ്ണതയും തികഞ്ഞ ദൈവവുമായി അവനു സഖിത്വം പുലർത്തുവാൻ കഴിയും. "ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു:

ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയമുള്ളവരോടുകൂടെയും വസിക്കുന്നു" (യെശ. 57:15).

"ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്ക് ആശ്വാസം ലഭിക്കും." കുറ്റബോധം ഒരുവനിൽനിന്നു നീക്കുവാൻ ദുഃഖത്തിന്, അതിൽത്തന്നെ ശക്തിയുണ്ടെന്നു കർത്താവ് ഒരിക്കലും പഠിപ്പിച്ചിട്ടില്ല. കപടദുഃഖത്തിനോ, വ്യാജവിനയത്തിനോ കർത്താവ് ഒരു വിലയും കല്പിച്ചില്ല. യേശു അർത്ഥമാക്കിയ ദുഃഖം വിലാപമോ മ്ലാനതയോ ആയിരുന്നില്ല. പാപത്തെക്കുറിച്ചു നാം ദുഃഖിക്കുമ്പോഴും, നാം ദൈവമക്കൾ ആണെന്ന പദവിയിൽ സന്തോഷിക്കുന്നവരായിരിക്കണം.

നമ്മുടെ തെറ്റായ പ്രവൃത്തികൾ പുറപ്പെടുവിക്കുന്ന ഫലങ്ങളാലാണു നാം പലപ്പോഴും ദുഃഖിതരായിത്തീരാറുള്ളത്. ഈ ദുഃഖം പശ്ചാത്താപമല്ല. പാപത്തെക്കുറിച്ചുള്ള യഥാർത്ഥ ദുഃഖം, പരിശുദ്ധാത്മാവു നമ്മിൽ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്നതാണ്. പരിശുദ്ധാത്മാവു നമ്മുടെ പാപങ്ങളെ വെളിപ്പെടുത്തിത്തരികയും നമ്മിൽ പശ്ചാത്താപം ഉളവാക്കി കുരിശിന്റെ സമീപത്തേക്കു നമ്മെ നയിക്കുകയും ചെയ്യുന്നു. നാം പാപം ചെയ്യുമ്പോൾ വീണ്ടും യേശുവിനെ മുറിപ്പെടുത്തുന്നു. നാം കുത്തിത്തുളച്ചവങ്കലേക്കു നോക്കുമ്പോൾ, നാം യേശുവിനെ വേദനിപ്പിച്ചതിനെ ഓർത്തു ദുഃഖിക്കും. ഇപ്രകാരമുള്ള ദുഃഖം, പാപത്തെ ഉപേക്ഷിക്കുവാൻ നമ്മെ സഹായിക്കും.

ഈ ദുഃഖത്തെ ബലഹീനതയെന്നു ലോകം പറഞ്ഞേക്കാം. എന്നാൽ അനുതപിക്കുന്നവനെ ദൈവവുമായി ബന്ധിക്കുന്ന ശക്തിയാണത്. പാപംമൂലം നഷ്ടമാക്കപ്പെട്ട ദൈവകൃപകൾ തിരികെ ലഭിക്കുന്നത് അനുതാപം മുഖേനയാണ്. വിശുദ്ധിയാകുന്ന സൂര്യപ്രകാശത്തിനു തൊട്ടുമുമ്പുള്ള മഞ്ഞുതുള്ളികളാണ് അനുതപിക്കുന്നവന്റെ കണ്ണുനീർ. പരിശുദ്ധാത്മാവ് ഒരുവനിൽനിന്നു ജീവന്റെ ഉറവ പൊട്ടിപ്പുറപ്പെടുവിക്കാൻ കാരണക്കാരൻ ആകുന്നു. ദൈവഹിതപ്രകാരമുള്ള ദുഃഖം ആ സന്തോഷത്തെ വിളംബരം ചെയ്യുന്നു. "എന്റെ വാക്കു കേട്ടനുസരിക്കാതെ ഇരുന്നതുമായ നിന്റെ അകൃത്യം സമ്മതിക്കമാത്രം ചെയ്യുക." "ഞാൻ നിങ്ങളോടു കോപം കാണിക്കയില്ല; ഞാൻ കരുണയുള്ളവൻ" (യിരെ. 3:12,13). "സീയോനിലെ ദുഃഖിതന്മാർക്കു വെണ്ണീറിനു പകരം അലങ്കാരമാലയും, ദുഃഖത്തിനു പകരം ആനന്ദതൈലവും, വിഷണ്ധമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു" (യെശ. 61:3).

പരീക്ഷയിലും ദുഃഖത്തിലും വിലപിക്കുന്ന ഏവർക്കും ദൈവം ആശ്വാസം നല്കും. പാപത്തിനു കീഴ്പ്പെടുന്നതിനെക്കാൾ എത്രയോ നല്ലതാണു ദുഃഖത്തിന്റെ കൈപ്പുകാടി കുടിക്കുന്നത്. നമ്മെ കഷ്ടതയാകുന്ന തീച്ചൂളയിൽക്കൂടി കടത്തിവിടുമ്പോൾ, നമ്മുടെ സ്വഭാവത്തിലെ രോഗബാധിതമായ ഭാഗത്തെ കാണിച്ചുതരികയാണു ദൈവം ചെയ്യുന്നത്. നമ്മുടെ തെറ്റുകളെ ജയിപ്പാൻ ദൈവം തന്റെ കൃപ നമ്മുടെമേൽ ചൊരിയുന്നു. നമുക്ക് അജ്ഞാത

മായ ഭാഗങ്ങൾ നമുക്കായി തുറക്കപ്പെടുന്നു. ദൈവത്തിന്റെ ശാസനയും ഉപദേശവും നാം സ്വീകരിക്കുമോ എന്ന പരീക്ഷയും നമുക്ക് അഭിമുഖീ കരിക്കേണ്ടതായി വരും. നാം പരിശോധനയിൽക്കൂടി കടക്കുമ്പോൾ പിറു പിറുക്കാനും മുഷിയുവാനും പാടില്ല. നാം ക്രിസ്തുവിനോടു മറുതലിക്കയോ ആകുലചിന്തയ്ക്ക് അടിമപ്പെടുകയോ ചെയ്യരുത്. ദൈവസന്നിധിയിൽ നമ്മുടെ ഹൃദയങ്ങളെ നാം വിനയപ്പെടുത്തണം. സ്വന്തം സുഖത്തിനായി മാത്രം ചിന്തിക്കുന്നവർക്കു ദൈവത്തിന്റെ വഴികൾ അപ്രാപ്യമായിരിക്കും. ജഡസ്വഭാവമുള്ളവർക്കു ദൈവത്തിന്റെ വഴികൾ സന്തോഷം നല്കയില്ല. എന്നാൽ ദൈവത്തിന്റെ വഴികൾ കരുണയുടെ വഴികളാണ്. അതിന്റെ അന്ത്യം നിത്യരക്ഷ ആകുന്നു. ജീവിതം കൈപ്പുനിറഞ്ഞതായി അനുഭവ പ്പെട്ടപ്പോൾ, ഏലീയാവ് മരിക്കുവാനാഗ്രഹിച്ചു. അപ്പോൾ താൻ എന്താണു ചെയ്യുന്നതെന്ന് ഏലീയാവ് അറിഞ്ഞിരുന്നില്ല. എന്നാൽ കൃപാലുവായ ദൈവം ഏലീയാവിന്റെ പ്രാർത്ഥന കേട്ടില്ല. ഒരു വലിയ വേല ഏലീയാ വിനു ചെയ്തുതീർക്കേണ്ടതായിട്ടുണ്ടായിരുന്നു. ഏലീയാവിനെക്കുറിച്ചു ദൈവം ആഗ്രഹിച്ചത്, ഏലീയാവ് നിരാശനായി മരിക്കുവാനായിരുന്നില്ല. അവൻ സ്വർഗ്ഗീയരഥങ്ങളുടെ അകമ്പടിയോടുകൂടി സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുന്നതു കാണുവാനാണു ദൈവം ആഗ്രഹിച്ചത്.

ദുഃഖിക്കുന്നവരോടു ദൈവം അരുളിച്ചെയ്യുന്നതിതാണ്: “ഞാൻ അവരുടെ വഴികളെ കണ്ടിരിക്കുന്നു; ഞാൻ അവരെ സൗഖ്യമാക്കും; ഞാൻ അവരെ നടത്തി അവർക്ക്, അവരുടെ ദുഃഖിതന്മാർക്കുതന്നെ, വീണ്ടും ആശ്വാസം വരുത്തും.” “ഞാൻ അവരുടെ ദുഃഖം മാറ്റി സന്തോഷമാക്കും; ഞാൻ അവരെ ആശ്വസിപ്പിച്ചു സങ്കടം പോക്കി സന്തോഷിപ്പിക്കും” (യെശ. 57:18; യിരെ. 31:13).

“സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ.” ക്രിസ്തുവിൽ മറഞ്ഞിരിക്കുന്ന സൗമ്യത, നമുക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രയാസങ്ങളെ ലഘൂകരി ക്കുന്നു. നമ്മുടെ കർത്താവിന്റെ സൗമ്യത നമുക്കുണ്ടെങ്കിൽ നാം എല്ലാ പരിഹാസങ്ങളെയും ഉപദ്രവങ്ങളെയും അതിജീവിക്കും. നമ്മുടെ ആത്മാ വിന്റെമേൽ ഇരുൾ പരത്തുവാൻ ഇവയ്ക്കൊന്നും സാദ്ധ്യമാവില്ല. ഒരു ക്രിസ്ത്യാനിയുടെ ശ്രേഷ്ഠതയുടെ ഏറ്റവും വലിയ തെളിവ് അവന്റെ സ്വയ നിയന്ത്രണമാണ്. ക്രൂരതയും പരിഹാസവും നേരിടുമ്പോൾ, ശാന്തതയും ദൈവാശ്രയവും നഷ്ടപ്പെട്ടുപോകുന്ന ഒരു വ്യക്തി, ദൈവത്തിന്റെ സ്വഭാവ മഹിമ തന്നിൽക്കൂടെ വെളിപ്പെടുത്തുവാൻ ദൈവത്തെ അനുവദിക്കുന്നില്ല. ഒരു ക്രിസ്ത്യാനിക്കു വിജയം നല്കുന്ന ശക്തിയാണു താഴ്മ. സ്വർഗ്ഗവു മായി തങ്ങൾക്കുള്ള ബന്ധത്തിന്റെ ചിഹ്നമാണ് അത്.

“യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നു” (സങ്കീ. 138:6). ക്രിസ്തുവിന്റെ താഴ്മയും സൗമ്യതയുമുള്ള സ്വഭാവം വെളി പ്പെടുത്തുന്നവരെ ദൈവം ആർദ്രതയോടെ കരുതുന്നു. ഒരുപക്ഷേ ലോക ത്തിന്റെ മുമ്പിൽ അവർ നിന്ദ്യർ ആയേക്കാം. എന്നാൽ ദൈവത്തിന്റെ ദൃഷ്ടി യിൽ അവർ വിലയേറിയവരാകുന്നു. ജ്ഞാനികളും, മഹത്തുക്കളും, ഔദാര്യ

ശീലരും, കഠിനാദ്ധ്വാനം ചെയ്യുന്ന വേലക്കാരും മാത്രമല്ല സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പാനുള്ള യോഗ്യത നേടുന്നത്; പ്രത്യുത ക്രിസ്തുവിന്റെ സാന്നിദ്ധ്യം കാംക്ഷിക്കുന്ന, ആത്മാവിന്റെ ദാരിദ്ര്യത്തെക്കുറിച്ചു ബോധമുള്ളവരാണു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പാനുള്ള യോഗ്യത പ്രാപിക്കുന്നത്. അവരുടെ പരമമായ ലക്ഷ്യം ദൈവയിഷ്ടം ചെയ്യുക എന്നതത്രേ. കുഞ്ഞാടിന്റെ രക്തത്തിൽ വസ്ത്രങ്ങളെ അലക്കി വെളുപ്പിച്ചവരുടെ കൂട്ടത്തിൽ അവർ എണ്ണപ്പെടും. "അവർ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ ഇരുന്ന് അവന്റെ ആലയത്തിൽ രാപകൽ അവനെ ആരാധിക്കുന്നു" (വെളി. 7:15).

"നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ." സ്വന്തം അയോഗ്യതയെക്കുറിച്ചുള്ള ബോധം ഒരുവനെ നീതിക്കു വിശന്നു ദാഹിക്കുവാൻ സഹായിക്കുന്നു. ഈ ബോധം ഹൃദയത്തിൽ കാത്തുസൂക്ഷിക്കുന്ന ഒരുവൻ നിരാശപ്പെടേണ്ടിവരികയില്ല. യേശുവിനു ഹൃദയത്തിൽ സ്ഥാനം കൊടുക്കുന്നവൻ യേശുവിന്റെ സ്നേഹത്തെ മനസ്സിലാക്കും. ദൈവസ്വഭാവം തങ്ങളിലുണ്ടായിക്കാണുവാൻ ആഗ്രഹിക്കുന്നവർ സംതൃപ്തരാകും. യേശുവിങ്കലേക്കു കണ്ണുകൾ ഉയർത്തുന്ന ഒരുവനെ പരിശുദ്ധാത്മാവു നിസ്സഹായനായി വിടുകയില്ല. യേശുവിന്റെ സ്വഭാവം പരിശുദ്ധാത്മാവ് അവർക്കു കാണിച്ചുകൊടുക്കുന്നു. ക്രിസ്തുവിങ്കലേക്കു നോട്ടം ഉറപ്പിക്കുന്ന ഒരുവനിൽ ക്രിസ്തുവിന്റെ സ്വഭാവം വളർത്തിയെടുക്കുവാൻ പരിശുദ്ധാത്മാവ് അങ്ങേയറ്റംവരെ സഹായിക്കും. സ്നേഹം ആത്മാവിനെ വിശാലമാക്കുകയും ഉന്നതമായ വിജയങ്ങൾ നേടുന്നതിന് ഒരുവനെ പ്രാപ്തനാക്കുകയും ചെയ്യുന്നു. മാത്രമല്ല അവനു സ്വർഗ്ഗീയകാര്യങ്ങളെക്കുറിച്ചു പരിജ്ഞാനവും നല്കുന്നു. അപ്രകാരമുള്ള പരിജ്ഞാനം ലഭിക്കുന്ന വ്യക്തി പൂർണ്ണത പ്രാപിക്കും വരെ വിശ്രമിക്കയില്ല. "നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു തൃപ്തി ലഭിക്കും."

"കരുണയുള്ളവർ കരുണ കണ്ടെത്തും; ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും." എല്ലാ അശുദ്ധ ചിന്തകളും ആത്മാവിനെ മലിനപ്പെടുത്തുന്നു; സന്മാർഗ്ഗബോധത്തെ താറുമാറാക്കുന്നു; പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ മായിച്ചുകളയുന്നു. അത് ആത്മീയ ദർശനത്തെ ഇരുളാക്കുകയും ദൈവത്തെ ദർശിക്കുവാൻ മനുഷ്യനെ അപ്രാപ്തനാക്കുകയും ചെയ്യുന്നു. അനുതപിക്കുന്ന ഒരു പാപിയോടു ദൈവം ക്ഷമിക്കുന്നു. അയാൾക്കു പാപക്ഷമ ലഭിക്കുന്നെങ്കിലും, പാപത്തിന്റെ പാട് അയാളുടെ ആത്മാവിൽ കളങ്കം വരുത്തിവയ്ക്കുന്നു. ആത്മീയ സത്യത്തെക്കുറിച്ചു വിവേചനം നടത്തുവാൻ പ്രാപ്തിയുള്ള ഏതൊരാളും സംസാരത്തിലോ, ചിന്തയിലോ ഉള്ള ഏതൊരശുദ്ധിയെയും ദൂരത്തകറ്റണം.

ക്രിസ്തുവിന്റെ വചനം ജഡിക അശുദ്ധിയിൽനിന്നു വിടുതൽ തരുന്നു. യെഹൂദന്മാർ വളരെ നിഷ്ഠയോടുകൂടെ പാലിച്ചിരുന്ന ആചാരപരമായ വിശുദ്ധിയെക്കാൾ കൂടുതൽ വിശുദ്ധി ക്രിസ്തുവിന്റെ വചനത്തിനു നല്കുവാൻ കഴിയും. സ്വാർത്ഥത അഥവാ സ്വയചിന്തയാണ് ഒരുവന്റെ നോട്ടത്തെ ദൈവത്തിൽനിന്നു വ്യതിചലിപ്പിക്കുന്നത്. സ്വാർത്ഥതയുള്ള ഒരു ആത്മാവു

തന്നെപ്പോലുള്ള ഒരു വ്യക്തിയായി ദൈവത്തെയും കാണുന്നു. സ്വാർത്ഥത വെടിഞ്ഞുവെങ്കിൽ മാത്രമേ സ്നേഹവാനായ ദൈവത്തെ നമുക്കു മനസ്സി ലാക്കുവാൻ കഴിയുകയുള്ളു. നിസ്വാർത്ഥതയും, വിനയവും, വിശ്വാസവും ഉള്ള ഒരു വ്യക്തിക്കു മാത്രമേ, 'കരുണയും, കൃപയും, ദീർഘക്ഷമയും, മഹാദയയുമുള്ള' ദൈവത്തെ കാണുവാൻ സാദ്ധ്യമാകൂ (പുറ. 34:6).

"സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ." ക്രിസ്തുവിന്റെ സമാധാനം സത്യത്തിൽനിന്ന് ഉത്ഭവിക്കുന്നു. അതു ദൈവവുമായി ഏകീഭവിച്ചിരിക്കുന്നു. ലോകം ദൈവത്തിന്റെ ന്യായപ്രമാണത്തോടു ശത്രുതയിലാണ്; പാപികൾ സ്രഷ്ടാവുമായി ശത്രുതയിലാണ്. തൽഫലമായി തമ്മിൽ തമ്മിലും അവർ ശത്രുക്കളായിരിക്കുന്നു. സങ്കീർത്തനത്തിൽ നാം വായിക്കുന്നു: "നിന്റെ ന്യായപ്രമാണത്തോടു പ്രിയമുള്ളവർക്കു മഹാസമാധാനം ഉണ്ട്; അവർക്കു വീഴ്ചയ്ക്കു സംഗതി ഏതുമില്ല" (സങ്കീ. 119:165). മനുഷ്യർക്കു സമാധാനം സൃഷ്ടിക്കുവാൻ സാദ്ധ്യമല്ല. മനുഷ്യരെ ഉദ്ധരിക്കുവാനോ, ശുദ്ധീകരിക്കു വാനോ ഉള്ള മനുഷ്യന്റെ പദ്ധതികൾ സമാധാനം ഉണ്ടാക്കുന്നതിൽ പരാജയ മടയും. കാരണം അവ ഹൃദയത്തിലേക്കു കടന്നുചെല്ലുന്നില്ല. യഥാർത്ഥ സമാധാനം സൃഷ്ടിക്കുവാനും നിലനിർത്തുവാനും കഴിയുന്ന ഏകശക്തി ക്രിസ്തുവിന്റെ കൃപ ഒന്നു മാത്രമാണ്. ഇതു ഹൃദയത്തിൽ പാകിക്കഴിയു മ്പോൾ ശണ്ഠയും കലഹവും ഉണ്ടാക്കുന്ന എല്ലാ തിന്മയുടെ ശക്തി കളെയും ഹൃദയത്തിൽനിന്നു ദൂരീകരിക്കും. "മുള്ളിനു പകരം സരളവൃക്ഷം മുളയ്ക്കും; പറക്കാരയ്ക്കു പകരം കൊഴുന്തു മുളയ്ക്കും." കൂടാതെ ജീവിത ത്തിന്റെ "മരുഭൂമിയും വരണ്ട നിലവും ആനന്ദിക്കും; നിർജ്ജനപ്രദേശം ഉല്ലസിച്ചു പനിനീർപുഷ്പംപോലെ പൂക്കും" (യെശ. 55:13; 35:1).

പുരുഷാരം യേശുവിന്റെ ഉപദേശത്തിൽ അതിശയിച്ചു. പരീശന്മാരുടെ ഉപദേശങ്ങളിൽനിന്നും ജീവിതശൈലിയിൽനിന്നും തികച്ചും വ്യത്യസ്ത മായിരുന്നു യേശു നല്കിയ ഉപദേശം. ഇഹലോകസമ്പത്തു കരസ്ഥ മാക്കുന്നതാണു യഥാർത്ഥ സന്തോഷമെന്ന് ആളുകൾ വിചാരിച്ചിരുന്നു. മനുഷ്യർ നല്കുന്ന ബഹുമാനവും കീർത്തിയും അഭികാമ്യമായി അവർ കരുതി. 'റബ്ബീ' എന്ന് ആളുകൾ തങ്ങളെ വിളിക്കുന്നതു കേൾക്കാൻ യെഹൂദ പുരോഹിതന്മാർ ആഗ്രഹിച്ചു. മറ്റുള്ളവർ തങ്ങളെ പുകഴ്ത്തുന്നതു കേൾക്കു ന്നതിനുവേണ്ടി പരീശന്മാർ ചില സൽപ്രവൃത്തികൾ ചെയ്തു. സൽപ്രവൃ ത്തികൾ ചെയ്താൽ യഥാർത്ഥ സന്തോഷം നേടാമെന്ന് അവർ കരുതി. എന്നാൽ അവർക്കുള്ള പ്രതിഫലം ഈ ഭൂമിയിൽ മാത്രം ഒതുങ്ങിനില്ക്കുന്നു വെന്നു യേശു തന്റെ കേൾവിക്കാരോടു പറഞ്ഞു. യേശുവിന്റെ വാക്കു കൾ കേൾവിക്കാരുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങി. ഈ മനുഷ്യന്റെ ഉപ ദേശങ്ങൾ സത്യമെങ്കിൽ ആർ രക്ഷപ്രാപിക്കുമെന്നു ജനം തമ്മിൽ തമ്മിൽ പറഞ്ഞു. യേശുവിന്റെ വാക്കുകൾ അവന്റെ ദൈവികത്വത്തെ പ്രകടമാക്കി.

യഥാർത്ഥ സന്തോഷം എപ്രകാരം ഒരുവനു ലഭിക്കാമെന്നു പറഞ്ഞ ശേഷം, യേശു ശിഷ്യന്മാരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചു സംസാരിച്ചു. ദൈവത്താൽ നിയോഗിക്കപ്പെട്ട ശിഷ്യന്മാർ ജനത്തെ ജീവന്റെ വഴിയിലേക്കു നടത്തേണ്ടവരാണെന്നു യേശു ഉദ്ബോധിപ്പിച്ചു. ശിഷ്യന്മാർക്കു കഠിനമായ

എതിർപ്പുകളും ശോധനകളും നിരാശയുമൊക്കെ അഭിമുഖീകരിക്കേണ്ടി വരുമെന്നു യേശുവിനറിയാമായിരുന്നു. തന്റെ വചനം കേട്ടുകൊണ്ടിരുന്ന സാധുക്കളായ ശിഷ്യന്മാർക്കു നേരിടുവാൻ പോകുന്ന ഭയങ്കര പരീക്ഷകളെ മുന്നിൽ കണ്ടുകൊണ്ടു യേശു തുടർന്നു.

"നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്. എന്റെ നിമിത്തം നിങ്ങളെ പഴിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാക കൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പേ ഉണ്ടായിരുന്ന പ്രവാചക ന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ."

ലോകം പാപത്തെ സ്നേഹിക്കുകയും നീതിയെ വെറുക്കുകയും ചെയ്യുന്നു. യേശുവിനോടുള്ള ശത്രുത്വത്തിന്റെ കാരണം ഇതായിരുന്നു. യേശു വിന്റെ സ്നേഹത്തെ ത്യജിക്കുന്ന ഒരുവന്, യേശുവിന്റെ മാർഗ്ഗം കഷ്ടത നിറഞ്ഞതായിരിക്കും. തങ്ങൾ ഒളിച്ചുവയ്ക്കുവാൻ ആഗ്രഹിക്കുന്ന പാപ സ്വഭാവങ്ങൾ, ക്രിസ്തുവിന്റെ പ്രകാശത്തിൽ വെളിച്ചത്തുവരുന്നു. ക്രിസ്തു വിന്റെ സാമീപ്യം ഒരുവനിൽ നവീകരണത്തിന്റെ ആവശ്യകത സൃഷ്ടിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രേരണയ്ക്കു വഴിപ്പെടുന്ന ഒരുവൻ ഒരു പോരാട്ട ത്തിലേക്കു പ്രവേശിക്കുകയാണ്. എന്നാൽ പാപത്തെ മുറുകെ പിടിക്കുന്ന വർ സത്യത്തോടും അതിന്റെ പ്രതിനിധികളോടും മത്സരിക്കുന്നു.

ക്രിസ്ത്യാനി എപ്പോഴും പോരാട്ടത്തിലായിരിക്കും. മറ്റുള്ളവർക്കു ശല്യം ഉണ്ടാക്കുന്നവൻ എന്ന ആരോപണത്തിന് ഒരു ക്രിസ്ത്യാനി ഇരയായിത്തീരും. ദൈവത്തോടുള്ള കൂട്ടായ്മയാണ്, ദൈവജനത്തെ ലോകത്തിന്റെ ശത്രുക്ക ളായി ഗണിക്കാനുള്ള കാരണം. ലോകം കണ്ടിട്ടുള്ളതിലേക്കും ഏറ്റവും ഉൽക്കൃഷ്ടനായ വ്യക്തി നടന്ന പാതയിലൂടെയാണ് ഓരോ ക്രിസ്ത്യാനിയും നടക്കുന്നത്. പീഡനത്തെ അഭിമുഖീകരിക്കേണ്ടതു ദുഃഖത്തോടുകൂടെയല്ല. അതിൽ സന്തോഷിക്കയത്രേ വേണ്ടത്. ദൈവമക്കളുടെ ശുദ്ധീകരണത്തിനു വേണ്ടിയുള്ള ഉപകരണമാണ് ഓരോ അഗ്നിശോധനയും. അത് ഒരുവനു ദൈവത്തിന്റെ കൂട്ടുവേലക്കാരനാകാൻ ഉള്ള യോഗ്യത നല്കുന്നു. നീതിക്കു വേണ്ടിയുള്ള പോരാട്ടത്തിൽ ഓരോ പരീക്ഷയ്ക്കും അതിന്റേതായ സ്ഥാന മുണ്ട്. ഓരോ പരിശോധനയും അന്തിമ വിജയത്തിന്റെ സന്തോഷത്തെ വർദ്ധിപ്പിക്കുന്നു. ഈ കാഴ്ചപ്പാടു നമുക്കുണ്ടെങ്കിൽ, വിശ്വാസത്തിന്റെ പരി ശോധന നാം സന്തോഷത്തോടെ സ്വീകരിക്കും. പരീക്ഷയെക്കുറിച്ചുള്ള ഭയം നമ്മിൽനിന്നു നീങ്ങിപ്പോകും. ദൈവത്തിന്റെ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി, ലോകത്തോടുള്ള കടപ്പാടു ദൈവമക്കൾ നിറവേറ്റേണ്ടതാണ്. മനു ഷ്യന്റെ പ്രീതിയോ, എതിർപ്പോ അവർ കാര്യമാക്കേണ്ടതില്ല.

"നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു." പീഡനത്തിൽനിന്നു രക്ഷനേടു വാൻ ദൈവമക്കൾ ലോകത്തിൽനിന്നു പിൻവാങ്ങരുതെന്നു യേശു തന്റെ ശ്രോതാക്കളോടു പറഞ്ഞു. ദൈവിക സ്നേഹത്തിന്റെ സ്വാദു നിങ്ങൾ മറ്റു ള്ളവർക്കു നല്കണം. ഉപ്പ് എങ്ങനെ മറ്റു വസ്തുക്കൾ ജീർണ്ണിക്കാതിരിക്കു

വാൻ സഹായിക്കുമോ, അതുപോലെ ദൈവമക്കൾ ലോകത്തെ ജീർണ്ണത യിൽനിന്നു രക്ഷിക്കുവാൻ ശ്രമിക്കണമെന്നു യേശു പഠിപ്പിച്ചു.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനായി തന്നെത്താൻ വിട്ടുകൊടുക്കു ന്നവർ ദൈവകൃപയുടെ ചാലുകളായിത്തീരുന്നു. ദൈവയിഷ്ടം ചെയ്യുന്നവർ ഈ ഭൂമിയിൽനിന്നു മാറ്റപ്പെടുകയും, പരിശുദ്ധാത്മാവിനെ മനുഷ്യരുടെ ഇട യിൽനിന്നു പിൻവലിക്കുകയും ചെയ്താൽ ഈ ലോകം പൂർണ്ണമായി പൈശാ ചികന്റെ പിടിയിലമരുകയും നാശത്തിലേക്കു നിപതിക്കുകയും ചെയ്യും. ദൈവ ജനം ഈ ഭൂമിയിലുള്ളതുകൊണ്ടാണു ദുഷ്ടന്മാർക്കും അനുഗ്രഹം ലഭിക്കാൻ ഇടയാകുന്നത്. അതു ദുഷ്ടജനം ഗ്രഹിക്കുന്നില്ല. ക്രിസ്തു ജീവിതത്തിൽ ഇല്ലാത്ത ക്രിസ്ത്യാനി കാരം നഷ്ടപ്പെട്ട ഉപ്പുപോലെയാണ്. നന്മ പ്രവർത്തി ക്കുന്നതിനുള്ള പ്രേരണാശക്തി അവർക്കു ലഭ്യമല്ല. അവർ ദൈവത്തെ തെറ്റായി പ്രതിനിധീകരിക്കുന്നതുകൊണ്ട് അവിശ്വാസികളെക്കാൾ മോശ മായിത്തീർന്നിരിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു." രക്ഷയുടെ പ്രയോജനം തങ്ങൾക്കായി മാത്രം പരിമിതപ്പെടുത്തുവാൻ യെഹൂദന്മാർ ആഗ്രഹിച്ചു. എന്നാൽ രക്ഷ സൂര്യപ്രകാശംപോലെയാണെന്നു ക്രിസ്തു അവർക്കു കാണിച്ചുകൊടുത്തു. അതു മുഴുലോകത്തിനും വേണ്ടിയുള്ളതാണ്. വേദ പുസ്തകമതത്തെ രണ്ടു പുറംതാളുകൾക്കുള്ളിൽ ഒതുക്കുവാനോ ഒരു ദൈവാലയത്തിന്റെ നാലു ചുമരുകൾക്കുള്ളിൽ തളച്ചിടുവാനോ സാദ്ധ്യമല്ല. നമ്മുടെ പ്രയോജനത്തിനുവേണ്ടി വല്ലപ്പോഴും പുറത്തുകൊണ്ടുവരികയും പിന്നീടു മാറ്റിവയ്ക്കുകയും ചെയ്യേണ്ട ഒന്നല്ല. അതു നമ്മുടെ ജീവിതത്തെ ആകമാനം വിശുദ്ധീകരിക്കേണ്ടതാണ്. നമ്മുടെ സാമൂഹ്യബന്ധത്തിൽ അതു വ്യക്തമായി പ്രതിഫലിക്കേണ്ടതാണ്.

സൽസ്വഭാവം ബാഹ്യമായി രൂപീകരിക്കപ്പെടുന്നതോ ബാഹ്യമായി ധരി ക്കേണ്ടതോ അല്ല. മറ്റുള്ളവരെ നീതിപാതകളിലേക്കു നയിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ നീതിയുടെ തത്വങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ കുടി കൊള്ളേണ്ടതാവശ്യമാണ്. നമ്മുടെ ഉള്ളിൽ അല്ലാതെയുള്ള എല്ലാ അവകാശ വാദങ്ങളും പൊള്ളയായ പ്രഖ്യാപനങ്ങൾ മാത്രമാണ്. നമ്മുടെ യഥാർത്ഥ ജീവിതവിശുദ്ധിയാണു സത്യവചനത്തെ ഉയർത്തിക്കാട്ടുന്നത്. സ്ഥിരതയുള്ള ജീവിതം, വിശുദ്ധ ഭാഷണം, സ്ഥിരമായ സത്യസന്ധത, ഔദാര്യമനസ്സ്, നല്ല മാതൃക എന്നീ സത്ഗുണങ്ങളാണു ദൈവത്തിന്റെ പ്രകാശം ലോകത്തിന് എത്തിച്ചുകൊടുക്കുവാനുള്ള ചാലുകൾ.

ന്യായപ്രമാണത്തിന്റെ വിശദാംശങ്ങളിലേക്കു യേശു കടന്നില്ല. എന്നാൽ ന്യായപ്രമാണത്തെ നീക്കുവാനാണു താൻ വന്നത് എന്ന ധാരണ കേൾവി ക്കാർക്കുണ്ടാകാതിരിപ്പാൻ യേശു പ്രത്യേകം ശ്രദ്ധിച്ചു. തങ്ങളുടെ ഉദ്ദേശ്യ നിവൃത്തിക്കായി യേശുവിന്റെ ഓരോ വാക്കും തെറ്റായി വ്യാഖ്യാനിക്കുന്ന തിന് ഒറ്റുകാർ തയ്യാറായി നില്ക്കുന്ന വിവരം യേശു അറിഞ്ഞിരുന്നു. കേൾവി ക്കാർക്കുണ്ടായിരുന്ന മുൻവിധിയെക്കുറിച്ചും യേശുവിന് അറിയാമായിരുന്നു.

മോശെയിൽക്കൂടി നല്കപ്പെട്ടിരുന്ന ആചാരാനുഷ്ഠാനങ്ങളാൽ ജനത്തിനുണ്ടായിരുന്ന വിശ്വാസത്തെ ഹനിക്കുവാനായി യേശു ഒന്നും പറഞ്ഞില്ല. ചടങ്ങാചാരങ്ങളടങ്ങിയ നിയമങ്ങളും, സാന്മാർഗ്ഗിക ന്യായപ്രമാണമായ പത്തുകല്പനയും നല്കിയതു ക്രിസ്തു തന്നെയായിരുന്നു. താൻ തന്നെ നല്കിയ ഉപദേശങ്ങളിലുള്ള വിശ്വാസത്തെ ഹനിക്കുവാനല്ല ക്രിസ്തു വന്നത്. പ്രവാചകന്മാരിലും, ന്യായപ്രമാണത്തിലും തനിക്കുണ്ടായിരുന്ന ബഹുമാനം കൊണ്ടായിരുന്നു, യെഹൂദന്മാരെ ആവരണം ചെയ്തിരുന്ന പാരമ്പര്യാചാരങ്ങളെ തകർത്തുകൊണ്ടു മുമ്പോട്ടുപോകാൻ ക്രിസ്തു തീരുമാനിച്ചത്. ന്യായപ്രമാണത്തിന്റെ തെറ്റായ വ്യാഖ്യാനങ്ങളെ ക്രിസ്തു അംഗീകരിച്ചില്ലെങ്കിലും, അതിന്റെ ഘനമേറിയ സത്യങ്ങളെ ത്യജിക്കാതിരിപ്പാൻ ശിഷ്യന്മാരെ യേശു പ്രത്യേകം ഉദ്ബോധിപ്പിച്ചിരുന്നു.

തങ്ങൾ കല്പന അനുസരിക്കുന്നവരാണെന്നു പരീശന്മാർ അഹംഭാവത്തോടെ പറയുമായിരുന്നു. എന്നാൽ പ്രായോഗിക ജീവിതത്തിൽ ദൈവകല്പനയെക്കുറിച്ച് അവർ അജ്ഞരായിരുന്നു. അതുകൊണ്ടായിരുന്നു യേശുവിന്റെ വാക്കുകൾ വേദവിരുദ്ധമെന്ന് അവർക്കു തോന്നിയത്. സത്യത്തെ മറച്ചിരുന്ന അഴുക്കുകളെ യേശു തുടച്ചുമാറ്റിയപ്പോൾ, പരീശന്മാർ കരുതിയത്, യേശു സത്യത്തെയും തുടച്ചുമാറ്റുകയായിരുന്നുവെന്നാണ്. യേശു ദൈവകല്പനയെ ഗൗരവമായി എടുക്കുന്നില്ലായെന്നു പരീശന്മാർ തമ്മിൽ പറഞ്ഞു. അവരുടെ വിചാരങ്ങളെ മനസ്സിലാക്കിക്കൊണ്ടു യേശു പറഞ്ഞു:

'ഞാൻ ന്യായപ്രമാണത്തെയോ, പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നുവെന്നു നിരൂപിക്കരുത്. നീക്കുവാനല്ല, നിവർത്തിപ്പാനത്രേ ഞാൻ വന്നത്.' ഇവിടെ പരീശന്മാരുടെ ആരോപണത്തെ കർത്താവു നിഷേധിക്കുന്നു. ദൈവകല്പനയുടെ വിശുദ്ധിയെ യേശു വളരെ ശക്തിയോടെ ഉയർത്തിക്കാട്ടുകയാണു ചെയ്യുന്നത്. അതായിരുന്നു യേശുവിന്റെ ജീവിതദൗത്യം. ദൈവകല്പന മാറ്റപ്പെടുത്തത്തക്കതോ റദ്ദാക്കുവാൻ കഴിയുന്നതോ ആയിരുന്നുവെങ്കിൽ, നമ്മുടെ പാപത്തിനുവേണ്ടി ക്രിസ്തു മരിക്കേണ്ട ആവശ്യമില്ലായിരുന്നു. മനുഷ്യനും കല്പനയും തമ്മിലുള്ള ബന്ധത്തെ വ്യക്തമാക്കുവാനാണു യേശു വന്നത്. യേശു തന്നെ, അനുസരണത്തിൽക്കൂടെ കല്പനയുടെ തത്വങ്ങളെ ജീവിതത്തിൽ പ്രായോഗികമാക്കി.

മനുഷ്യനെ സ്നേഹിക്കുന്നതുകൊണ്ടാണു ദൈവം കല്പനകളെ തന്നത്. പാപത്തിന്റെ അനന്തരഫലങ്ങളിൽനിന്നു നമ്മെ കാത്തുസൂക്ഷിക്കുവാൻ, ദൈവം നീതിയുടെ തത്വങ്ങൾ നമുക്കു വെളിപ്പെടുത്തിത്തന്നിരിക്കുന്നു. ന്യായപ്രമാണം, ദൈവത്തിന്റെ ചിന്തയുടെ വെളിപ്പെടുത്തലാണ്. ക്രിസ്തുവിലൂടെ, ദൈവകല്പനയെ നാം അനുസരിക്കുമ്പോൾ, അതു നമ്മുടെ ചിന്തയായിത്തീരുന്നു. അത്, പാപപരീക്ഷകളിൽനിന്നും, നമ്മുടെ ജഡികവും പ്രാകൃതവുമായ ആഗ്രഹങ്ങളിൽനിന്നും പ്രവണതകളിൽനിന്നും നമ്മെ ഉയർന്ന മണ്ഡലത്തിലേക്ക് ഉയർത്തുന്നു. നാം സന്തുഷ്ടരായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവകല്പന അനുസരിക്കുന്നതിൽക്കൂടെ നാം സന്തോഷം കണ്ടെത്തുവാൻ, ദൈവം നമുക്കു കല്പനകളെ നല്കി. യേശുവിന്റെ ജനനസമയത്തു ദൂതന്മാർ പാടി:

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം" (ലൂക്കൊസ് 2:14). യേശു മഹത്വീകരിക്കുവാനായി ആഗ്രഹിച്ച ദൈവകല്പനയുടെ മാഹാത്മ്യത്തെയാണു ദൂതന്മാർ പ്രഖ്യാപിച്ചത്.

സീനായ്മലയിൽവച്ചു ദൈവകല്പന നല്കിയപ്പോൾ, ദൈവം തന്റെ സ്വഭാവത്തെ മനുഷ്യർക്കു വെളിപ്പെടുത്തുകയായിരുന്നു. അതോടൊപ്പം യിസ്രായേലിന്റെ പാപത്തെയും അതു വ്യക്തമാക്കി. അവരുടെ പാപങ്ങളെക്കുറിച്ചു ബോധം വരുത്തുന്നതിനും, ഒരു രക്ഷകന്റെ ആവശ്യകതയെ മനസ്സിലാക്കുന്നതിനും വേണ്ടിയായിരുന്നു, കല്പന ദൈവം നല്കിയത്. ഒരു മനുഷ്യന്റെ ഹൃദയത്തിൽ പരിശുദ്ധാത്മാവു ദൈവകല്പന എഴുതുമ്പോഴാണ്, അവനു പാപബോധവും, രക്ഷകന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവും ഉണ്ടാകുന്നത്. ഈ പ്രക്രിയ ഇന്നും മനുഷ്യനിൽ നടക്കേണ്ടതാണ്. ക്രിസ്തുവിന്റെ ജീവിതത്തിൽ കല്പനയുടെ തത്വങ്ങൾ വ്യക്തമായി കാണാമായിരുന്നു. പരിശുദ്ധാത്മാവു നമ്മെ സ്പർശിക്കുമ്പോൾ ക്രിസ്തുവിങ്കലേക്കു നമ്മെ നയിക്കുന്ന വഴികാട്ടി ദൈവകല്പനയാണ്. ക്രിസ്തുവിൽനിന്നു ലഭിക്കുന്ന പ്രകാശം നമുക്കു രക്ഷയുടെ ആവശ്യകതയെക്കുറിച്ചു ബോധം വരുത്തുന്നു. അപ്പോൾ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്, ദൈവകല്പന നമ്മെ ക്രിസ്തുവിന്റെ അടുത്തെത്തിക്കാനുള്ള പടികളാണ്. "യഹോവയുടെ ന്യായപ്രമാണം തികവുള്ളത്; അതു പ്രാണനെ തണുപ്പിക്കുന്നു" (സങ്കീ. 19:7).

"ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ, സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല" എന്നു യേശു പറഞ്ഞു. ആകാശത്തിൽ വെട്ടിത്തിളങ്ങുന്ന സൂര്യനും, നാം അധിവസിക്കുന്ന ഭൂമിയും ദൈവകല്പനകൾ മാറ്റമില്ലാത്തതെന്നു പ്രസ്താവിക്കുന്ന ദൈവത്തിന്റെ സാക്ഷികളത്രേ. അവ മാറിപ്പോയാലും ദൈവത്തിന്റെ കല്പനകൾ എന്നേക്കും നിലനില്ക്കും. "ന്യായപ്രമാണത്തിൽ ഒരു പുള്ളി വീണുപോകുന്നതിനെക്കാൾ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നത് എളുപ്പം" (ലൂക്കൊസ് 16:17). ദൈവകുഞ്ഞാടായ യേശുവിന്റെ പ്രതീകങ്ങളായിരുന്ന യാഗകർമ്മാദികൾ യേശുവിന്റെ മരണത്തോടുകൂടി നീക്കംവരേണ്ടവയായിരുന്നു. എന്നാൽ ദൈവത്തിന്റെ പത്തു കല്പനകൾ ദൈവത്തിന്റെ സിംഹാസനംപോലെ എന്നേക്കും സുസ്ഥിരമായിരിക്കുന്നു.

"യഹോവയുടെ ന്യായപ്രമാണം തികവുള്ളത്." അതുകൊണ്ട് അതിൽനിന്നുള്ള വ്യതിയാനം തിന്മയിലേക്കാകുന്നു. ദൈവത്തിന്റെ കല്പനകളെ പ്രമാണിക്കാത്തവരെയും, അപ്രകാരം ചെയ്യുവാൻ മറ്റുള്ളവരെ പഠിപ്പിക്കുന്നവരെയും യേശു കുറ്റക്കാരായി വിധിച്ചു. യേശുവിന്റെ ജീവിതം ദൈവകല്പന അനുസരിച്ചുകൊണ്ടായിരുന്നു. യേശു ദൈവകല്പനാനുസരണത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടി. കല്പന മനുഷ്യന് അനുസരിക്കാൻ കഴിയുമെന്നു യേശു തെളിയിച്ചുകൊടുത്തു. അനുസരണത്തിലൂടെ വളർത്തി

യെടുക്കാവുന്ന സ്വഭാവശ്രേഷ്ഠത യേശുവിന്റെ ജീവിതം കാട്ടിത്തന്നു. യേശുവിനെപ്പോലെ കല്പന അനുസരിക്കുന്നവർക്ക്, 'കല്പന വിശുദ്ധവും ന്യായവും നല്ലതും തന്നെ' എന്നു പൗലൊസ് പറഞ്ഞു (റോമർ 7:12). ദൈവകല്പന ലംഘിക്കുന്നവർ, സാത്താൻ അവകാശപ്പെടുന്നതുപോലെ ന്യായപ്രമാണം അനീതിപരവും അനുസരിപ്പാൻ അസാദ്ധ്യമെന്നും പറയുന്നു. അവർ സാത്താന്റെ വഞ്ചനയെ പിന്താങ്ങുന്നു. അങ്ങനെ അവർ ദൈവത്തെ അപമാനിക്കുന്നു. അവർ, ദൈവകല്പനയെ ആദ്യം ലംഘിച്ച പിശാചിന്റെ സന്തതികളാണ്. അവർ സ്വർഗ്ഗത്തിൽ പ്രവേശിച്ചാൽ വീണ്ടും സ്വർഗ്ഗത്തിൽ പ്രക്ഷോഭം ഉണ്ടാക്കുകയും, പ്രപഞ്ചത്തിന്റെ സന്തോഷം അപകടത്തിലാവുകയും ചെയ്യും. ദൈവകല്പനയിൽ ഏതെങ്കിലും ഒരെണ്ണം അറിഞ്ഞുകൊണ്ടു നിഷേധിക്കുന്ന ഒരുവൻ പോലും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല.

തങ്ങളുടെ നീതിപ്രവൃത്തികൾ, സ്വർഗ്ഗത്തിലേക്കു പ്രവേശിപ്പാനുള്ള അർഹത നേടിക്കൊടുത്തിരിക്കുന്നുവെന്നു യെഹൂദപ്രമാണികൾ കരുതി. എന്നാൽ അവരുടെ നീതി അപര്യാപ്തവും, നിഷ്പ്രയോജനവുമെന്നു കർത്താവു പറഞ്ഞു. ബാഹ്യാചാരങ്ങളിലും, പ്രായോഗികമല്ലാത്ത ജ്ഞാനം നേടുന്നതിലുമായിരുന്നു പരീശന്മാരുടെ മതം നിലകൊണ്ടിരുന്നത്. സ്വപരിശ്രമംകൊണ്ടു കല്പന കാക്കാമെന്നും വിശുദ്ധി നേടാമെന്നും അവർ പഠിപ്പിച്ചു. എന്നാൽ അവരുടെ പ്രവൃത്തികൾ, നീതിപ്രവൃത്തികൾ ആയിരുന്നില്ല. ആചാരാനുഷ്ഠാനങ്ങളിൽ പരീശന്മാർ കൃത്യത പാലിച്ചിരുന്നെങ്കിലും, അവരുടെ ജീവിതം വിശുദ്ധമായിരുന്നില്ല. അവരുടെ ആചാരാനുഷ്ഠാനങ്ങൾ അവരെ സ്വർഗ്ഗരാജ്യത്തിനവകാശികളാക്കുവാൻ പര്യാപ്തമായിരുന്നില്ല.

സത്യത്തെ ജീവിതത്തിൽ പകർത്താതെ, ബുദ്ധിപരമായ അറിവുകൊണ്ടു രക്ഷപ്രാപിക്കാമെന്ന ചിന്താഗതി അക്കാലത്തു നിലവിലിരുന്നു. എന്നാൽ സത്യത്തെക്കുറിച്ചു സിദ്ധാന്തപരമായ അറിവുകൊണ്ടു മാത്രം രക്ഷനേടുക സാദ്ധ്യമല്ലെന്നു തിരുവചനം വ്യക്തമാക്കുന്നു. എന്നാൽ സിദ്ധാന്തപരമായ അറിവു പലപ്പോഴും യഥാർത്ഥ സത്യത്തോടു വിദ്വേഷമാണു കാട്ടിയിട്ടുള്ളത്. മതഭ്രാന്തന്മാർ കാട്ടിയിട്ടുള്ള കൊടുംക്രൂരതകളുടെ കറുത്ത ഏടുകൾ ചരിത്രത്തിന്റെ താളുകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. തങ്ങൾ അബ്രാഹാമിന്റെ സന്തതികളാണെന്നും, ദൈവവചനം തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നും പരീശന്മാർ അവകാശപ്പെട്ടു. എന്നാൽ ഈ പദവികളൊന്നും അവരെ സ്വാർത്ഥതയില്ലാത്തവരോ, സ്നേഹമുള്ളവരോ, കപടഭക്തിയില്ലാത്തവരോ ആക്കിത്തീർത്തില്ല. തങ്ങളാണു ലോകത്തിലെ ശ്രേഷ്ഠരായ മതഭക്തരെന്നു യെഹൂദന്മാർ കരുതി. എന്നാൽ അവരുടെ മതതീക്ഷ്ണത മഹത്വത്തിന്റെ രാജാവിനെ ക്രൂശിക്കുവാനാണ് ഇടയാക്കിയത്.

ഇക്കാലത്തും ഈ അപകടസാദ്ധ്യത നിലനില്ക്കുന്നു. ചില വേദശാസ്ത്രങ്ങളെ പിന്തുടരുന്നതുകൊണ്ടു മാത്രം തങ്ങൾ ക്രൈസ്തവരെന്നു കരുതുന്നവരുണ്ട്. എന്നാൽ പ്രായോഗിക ജീവിതത്തിൽ അവർ സത്യം അനുസരിക്കുന്നില്ല. അവർ സത്യത്തെ വിശ്വസിക്കയോ, സ്നേഹിക്കയോ ചെയ്യുന്നില്ല. അതുകൊണ്ടു സത്യത്തെ ജീവിതത്തിൽ പാലിക്കുന്നവർക്കു ലഭിക്കുന്ന

ശക്തിയും കൃപയും അവർ സ്വന്തമാക്കുന്നില്ല. സത്യത്തെ വിശ്വസിക്കുന്നു വെന്നു ചിലർ പറഞ്ഞേക്കാം. എന്നാൽ അവരുടെ വിശ്വാസം അവരെ ആത്മാർത്ഥതയും, ദയയും, സഹിഷ്ണുതയും, വിശുദ്ധ ചിന്തകളുമുള്ളവ രാക്കുന്നില്ലായെങ്കിൽ അത് അവർക്കു ശാപമായിത്തീരുന്നു. അങ്ങനെ യുള്ളവർ മുഖാന്തരം ലോകത്തിനും ശാപമുണ്ടാകുന്നു.

മനുഷ്യമനസ്സു ദൈവഹിതവുമായി പൊരുത്തപ്പെടുത്തുകയെന്നതാണു ക്രിസ്തു ഉപദേശിച്ച നീതി. ദൈവത്തിൽ അടിയുറച്ച വിശ്വാസം ഉണ്ടാകു കയും ദൈവവുമായി സജീവബന്ധം പുലർത്തുകയും ചെയ്യുമ്പോൾ മാത്രമേ, പാപികളായ മനുഷ്യർക്കു നീതിയുള്ളവരായിത്തീരാൻ കഴിയുകയുള്ളു. അപ്പോൾ യഥാർത്ഥ ദൈവഭക്തി നമ്മുടെ ചിന്തകളെ ശുദ്ധീകരിക്കുകയും ജീവിതത്തെ ശ്രേഷ്ഠമാക്കുകയും ചെയ്യും. അപ്പോൾ ക്രിസ്ത്യാനിയുടെ ആന്തരികവിശുദ്ധിയുമായി അവന്റെ മതത്തിന്റെ ബാഹ്യരൂപങ്ങൾ യോജിക്കും. അപ്പോൾ ദൈവാരാധനയുടെ ബാഹ്യരൂപങ്ങൾ കപടഭക്തിക്കാരായ പരീശ ന്മാരുടേതുപോലെ അർത്ഥശൂന്യമായിരിക്കുകയില്ല.

യേശു ദൈവകല്പനയെ പ്രത്യേകമായി അപഗ്രഥനം ചെയ്തു വിശദീ കരിച്ചു. അവയ്ക്ക് ഒരു മാറ്റവും വരുത്താതെ, അവ എത്ര വ്യാപകമാണെന്നു യേശു തന്റെ ശ്രോതാക്കൾക്കു മനസ്സിലാക്കിക്കൊടുത്തു. യെഹൂദന്മാരുടെ കപടഭക്തിയുടെ മൂടുപടം കർത്താവ് അനാവരണം ചെയ്തു. കാമാർത്ത മായ നോട്ടത്താലോ അശുദ്ധ ചിന്ത മൂലമോ ദൈവകല്പന ലംഘിക്കപ്പെടാ മെന്നു യേശു പറഞ്ഞു. ഒരു ചെറിയ അനീതിയിൽ ഭാഗഭാക്കാകുന്നതിൽ ക്കൂടെ ദൈവകല്പന ലംഘിക്കുകയും, സ്വഭാവത്തെ അധഃപതിപ്പിക്കുകയും ചെയ്യാം. കൊലപാതകം ആദ്യം ജന്മമെടുക്കുന്നതു മനസ്സിലാണ്. വിദ്വേഷ ത്തിനു ഹൃദയത്തിൽ സ്ഥാനം കൊടുക്കുന്നവൻ കൊലയാളിയുടെ പാത യിലൂടെ സഞ്ചരിക്കുകയാണ്. അവന്റെ വഴിപാടുകൾ ദൈവം ഇഷ്ടപ്പെടുന്നില്ല.

പ്രതികാരവാഞ്ഛയുള്ള ആത്മാവിനെ യെഹൂദന്മാർ വളർത്തിയെടുത്തു. റോമാക്കാരെ അവർ വെറുക്കയും ശാപവചനങ്ങൾ അവർക്കെതിരായി ഉച്ച രിക്കയും ചെയ്തു. സാത്താന്റെ സ്വഭാവം അവർ പകർത്തിയതിൽ സാത്താൻ സന്തോഷിച്ചു. സാത്താൻ ആഗ്രഹിച്ച ഹീനപ്രവൃത്തികൾ അവർ ചെയ്തുകൊണ്ടിരുന്നു. പരീശന്മാരുടെ മതപരമായ ജീവിതത്തിൽനിന്നു നല്ല തൊന്നും ജാതികൾക്കു പഠിക്കുവാനില്ലായിരുന്നു. ശത്രുക്കളോടു വിദ്വേഷം വച്ചുപുലർത്തി തങ്ങളെത്തന്നെ വഞ്ചിക്കരുതെന്നു യെഹൂദന്മാരോടു യേശു പറഞ്ഞു.

ധാർമ്മിക രോഷം എന്നു വിളിക്കപ്പെടുന്ന ന്യായീകരിക്കാവുന്ന കോപം ക്രിസ്ത്യാനികളിലും ഉണ്ട്. ദൈവനാമം ദുഷിക്കപ്പെടുമ്പോഴും നിരപരാധികൾ മർദ്ദിക്കപ്പെടുമ്പോഴും ഈ രോഷം അവരുടെ ആത്മാവിനെ ഇളക്കിമറി ക്കുന്നു. സന്മാർഗ്ഗബോധത്തിൽനിന്നു പൊന്തിവരുന്ന ഈ കോപം പാപമല്ല. എന്നാൽ ഏതു നിസ്സാരകാര്യത്തിനും പ്രകോപിതരാവുകയും, മറ്റുള്ളവരോടു വിദ്വേഷം വച്ചുപുലർത്തുകയും ചെയ്യുന്ന ആൾ സാത്താനു കീഴ്പ്പെടുക

യാണു ചെയ്യുന്നത്. സ്വർഗ്ഗവുമായി ഏകീഭവിക്കണമെങ്കിൽ വെറുപ്പും വിദ്വേഷവും ഹൃദയത്തിൽനിന്നു നിഷ്കാസനം ചെയ്യേണ്ടതാവശ്യമാണ്.

എന്നാൽ കർത്താവ് ഇക്കാര്യത്തിൽ വളരെ മുമ്പോട്ടു പോയിരിക്കയാണ്. യേശു പറഞ്ഞു: "ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിൽ കൊണ്ടു വരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെവച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വച്ചേച്ച്, ഒന്നാമതു ചെന്നു നിന്റെ സഹോദരനോടു നിരന്നുകൊൾക. പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക." അനേകം ആളുകൾ മതാനുഷ്ഠാനങ്ങൾ നിർവ്വഹിപ്പാൻ ഉത്സുകരാണ്. എന്നാൽ സഹോദരനോടുള്ള കലഹം അവസാനിപ്പിച്ച് അനുരഞ്ജനപ്പെടുവാനും അവർ താൽപര്യം എടുക്കേണ്ടതാണ്. സഹോദരനുമായി സമാധാനം വീണ്ടെടുക്കുവാൻ കഴിവുള്ളതെല്ലാം ചെയ്യണമെന്നു ദൈവം ആവശ്യപ്പെടുന്നു. ഇതു ചെയ്യുന്നതുവരെ അവരുടെ ആരാധന ദൈവം സ്വീകരിക്കയില്ല. ഇക്കാര്യത്തിൽ ക്രിസ്ത്യാനിയുടെ ചുമതല വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

ദൈവം എല്ലാവരുടെമേലും അനുഗ്രഹം ചൊരിയുന്നു. "അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴപെയ്യിക്കുകയും ചെയ്യുന്നുവല്ലോ." "അവൻ നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ" (ലൂക്കൊസ് 6:35). തന്നെപ്പോലെ ആയിത്തീരുവാൻ ദൈവം നമ്മോടു കല്പിക്കുന്നു. "നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ." "നിങ്ങളെ പകയ്ക്കുന്നവർക്കു ഗുണം ചെയ്വിൻ." "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ പുത്രന്മാരായിത്തീരേണ്ടതിനു തന്നെ." ന്യായപ്രമാണത്തിന്റെ തത്വങ്ങൾ ഇവയാണ്. ജീവന്റെ ഉറവിടവും ഇതത്രേ.

മനുഷ്യന്റെ ഏറ്റവും ശ്രേഷ്ഠമായ ചിന്തയ്ക്ക് എത്തിച്ചേരാവുന്നതിനെക്കാൾ ശ്രേഷ്ഠമാണ്, ദൈവം തന്റെ കുഞ്ഞുങ്ങൾക്കു നല്കിയിരിക്കുന്ന ആദർശം. "ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവു സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ, നിങ്ങളും സൽഗുണപൂർണ്ണർ ആകുവിൻ." ഈ കല്പന ഒരു വാഗ്ദത്തംകൂടിയാണ്. സാത്താന്റെ അധികാരത്തിൽനിന്നുള്ള പൂർണ്ണമായ വിടുതലാണ്, ദൈവത്തിന്റെ രക്ഷാപദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നുറുങ്ങിയ ഹൃദയത്തോടെ വരുന്ന ഒരു അനുതപിക്കുന്ന ആത്മാവിനെ ക്രിസ്തു പാപത്തിൽനിന്നു പൂർണ്ണമായി മോചിപ്പിക്കുന്നു. പിശാചിന്റെ പ്രവൃത്തിയെ നശിപ്പിക്കുവാനാണു കർത്താവു വന്നത്. അനുതപിക്കുന്ന വ്യക്തിക്കു പാപത്തിൽ വീഴാതിരിക്കുന്നതിനു പരിശുദ്ധാത്മാവിനെ ദൈവം നല്കിയിരിക്കുന്നു.

നാം തെറ്റായ ഒരു പ്രവൃത്തി ചെയ്തശേഷം അതിന്റെ കുറ്റം പിശാചിന്റെ മേൽ ചുമത്തിയിട്ടു നമുക്കു മാറിനില്പാൻ സാദ്ധ്യമല്ല. തങ്ങളുടെ സ്വഭാവവൈകല്യങ്ങൾക്ക് ഓരോ ഒഴികഴിവു കണ്ടെത്താൻ ക്രിസ്ത്യാനികളെന്ന് അഭിമാനിക്കുന്നവർ ശ്രമിക്കുമ്പോൾ സാത്താൻ വളരെ സന്തോഷിക്കുന്നു. ഇപ്രകാരമുള്ള ഒഴികഴിവുകൾ പാപത്തിലേക്ക് ഒരുവനെ നയിക്കുന്നു. പാപ

ത്തിന് ഒരു ന്യായീകരണവും ഇല്ല. അനുതപിക്കയും വിശ്വസിക്കയും ചെയ്യുന്ന ഒരു ദൈവപൈതലിനു വിശുദ്ധ സ്വഭാവവും, ക്രിസ്തുവിന്റെ ഉന്നത ലക്ഷ്യം ക്രിസ്തുവിനെപ്പോലെ ആയിത്തീരുക എന്നതാണ്. മനുഷ്യപുത്രൻ തന്റെ ജീവിതത്തിൽ പൂർണ്ണതയുള്ളവനായിരുന്നതുപോലെ, ക്രിസ്തുവിന്റെ അനുയായികളും തങ്ങളുടെ ജീവിതത്തിൽ പൂർണ്ണതയുള്ളവരായിരിക്കണം. എല്ലാ കാര്യത്തിലും യേശു തന്റെ സഹോദരന്മാർക്കു തുല്യനായിരുന്നു. നമ്മെപ്പോലെ യേശുവും "ജഡമായിത്തീർന്നു." യേശുവിനു വിശപ്പും, ദാഹവും, ക്ഷീണവും നമ്മെപ്പോലെ അനുഭവപ്പെട്ടിരുന്നു. തനിക്കു ജീവൻ നിലനിർത്തുവാൻ ആഹാരം ആവശ്യമായിരുന്നു; ക്ഷീണതയകറ്റാൻ ഉറക്കം വേണ്ടിയിരുന്നു. മനുഷ്യന്റെ കഷ്ടതകളിൽ യേശു പങ്കാളിയായിരുന്നു എങ്കിലും യേശു ഒരു കുറ്റവും ചെയ്തിട്ടില്ലാത്ത ദൈവത്തിന്റെ പുത്രനായിരുന്നു. ജഡരൂപമെടുത്ത ദൈവമായിരുന്നു യേശു. യേശുവിന്റെ സ്വഭാവം നാം പകർത്തേണ്ടതാണ്. തന്നിൽ വിശ്വസിക്കുന്നവരെക്കുറിച്ചു കർത്താവു പറയുന്നത്, "ഞാൻ അവരിൽ വസിക്കയും, അവരുടെ ഇടയിൽ നടക്കയും ചെയ്യും; ഞാൻ അവർക്കു ദൈവവും, അവർ എനിക്കു ജനവും ആകും" (2 കൊരി. 6:16).

യാക്കോബ് കണ്ട കോവേണി യേശു ആയിരുന്നു. അതിന്റെ ചുവട് ഭൂമിയിലും, മുകളിലത്തെ അറ്റം മഹത്വത്തിന്റെ പടിവാതിലായ സ്വർഗ്ഗകവാടത്തോളം എത്തിയിരുന്നു. ആ കോവേണിക്കു ഭൂമിയിലെത്താൻ ഒരു പടിയെങ്കിലും കുറഞ്ഞിരുന്നാൽ നാം നഷ്ടപ്പെടുമായിരുന്നു. എന്നാൽ നാം ആയിരിക്കുന്ന സ്ഥാനത്തു കർത്താവു താണിറങ്ങി കർത്താവു നമ്മുടെ സാദൃശ്യത്തിലായി വിജയം വരിച്ചു. നാം യേശുവിന്റെ സാദൃശ്യത്തിലായി വിജയം നേടുന്നതിനുവേണ്ടിയാണു യേശു അപ്രകാരം ചെയ്തത്. "ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും, പാപം നിമിത്തവും അയച്ചു" (റോമർ 8:3). യേശു പാപരഹിതമായ ജീവിതം നയിച്ചു. തന്റെ ദൈവിക സ്വഭാവം തന്നെ സ്വർഗ്ഗസിംഹാസനത്തിലെത്തിക്കുന്നു. അതേസമയം തന്റെ മനുഷ്യത്വത്താൽ യേശു നമ്മിലും എത്തിച്ചേരുന്നു. തന്നിലുള്ള വിശ്വാസത്താൽ നാമും ദൈവികസ്വഭാവത്തിന്റെ തേജസ്സു പ്രാപിക്കുവാൻ കർത്താവു നമ്മോടാവശ്യപ്പെടുന്നു. സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവു സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ, നാമും സൽഗുണപൂർണ്ണരായിത്തീരേണ്ടതാണ്.

നീതി എന്തിൽ ഉൾക്കൊണ്ടിരിക്കുന്നുവെന്നു യേശു നമുക്കു മനസ്സിലാക്കിത്തന്നു. നീതിയുടെ ഉറവിടം ദൈവമാണെന്നു യേശു ചൂണ്ടിക്കാട്ടിയിരിക്കുന്നു. നാം ചെയ്യേണ്ട കർത്തവ്യങ്ങളെക്കുറിച്ചു യേശു ചൂണ്ടിക്കാട്ടിയിരിക്കുന്നു. നാം ചെയ്യേണ്ട കർത്തവ്യങ്ങളെക്കുറിച്ചു യേശു പറഞ്ഞു. ദാനധർമ്മം ചെയ്യുന്നതും പ്രാർത്ഥന, ഉപവാസം തുടങ്ങിയവ കഴിക്കുന്നതും മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയാവരുത്. സ്വയപുകഴ്ചയ്ക്കുവേണ്ടിയുമരുത്. കഷ്ടപ്പെടുന്ന ദരിദ്രരുടെ നന്മയ്ക്കുവേണ്ടി ആത്മാർത്ഥതയോടെ കൊടുക്കുക. പ്രാർത്ഥനയിൽ ആത്മാവു ദൈവവുമായി സംഭാഷിക്കട്ടെ. ഉപവസിക്കുമ്പോൾ, സ്വാർത്ഥചിന്തകൾകൊണ്ടു മനസ്സിനെ നിറയ്ക്കാതിരിക്കുക. മറ്റുള്ളവരെ കാണിപ്പാൻ വേണ്ടിയാവരുത് ഉപവാസം. പരീശന്റെ ഹൃദയം പ്രയോജനമില്ലാത്ത, വന്ധ്യമായ മണ്ണുപോലെയാണ്. അവിടെ ദിവ്യജീവിത

ത്തിന്റെ ചെടിക്കു മുളച്ചുവളരുവാൻ സാദ്ധ്യമല്ല. കലവറ കൂടാതെ ജീവിതത്തെ ദൈവത്തിനു കീഴ്പ്പെടുത്തുന്നവനാണ്, ദൈവത്തിനു സ്വീകാര്യമായ സേവനം കാഴ്ചവയ്ക്കുന്നത്. ദൈവവുമായുള്ള കൂട്ടായ്മയിൽക്കൂടെ ദൈവത്തിന്റെ കൂട്ടുവേലക്കാരനായിത്തീരുന്നു. അവർ ദൈവത്തിന്റെ സ്വഭാവത്തെ ലോകത്തിനു പ്രദാനം ചെയ്യുന്നു.

ആത്മാർത്ഥതയോടു കൂടെ നല്കുന്ന സേവനത്തിനു വലുതായ പ്രതിഫലമുണ്ട്. "രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം നല്കും." ക്രിസ്തുവിന്റെ കൃപയിൽ നാം ജീവിക്കുന്നതിലൂടെ നമ്മുടെ സ്വഭാവം രൂപപ്പെടുന്നു. പാപത്തിനു മുമ്പു മനുഷ്യനു നല്കിയിരുന്ന ആത്മ സൗന്ദര്യം പുനഃസ്ഥാപിക്കപ്പെടുന്നു. ക്രിസ്തുവിന്റെ ദിവ്യസ്വഭാവഗുണങ്ങൾ നമ്മിലേക്കു പകരുന്നു. ദൈവസ്വരൂപം മനുഷ്യനിൽ വിളങ്ങുവാൻ ഇടയാകുന്നു. ദൈവത്തോടുകൂടെ നടക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സ്ത്രീപുരുഷന്മാരിൽ സ്വർഗ്ഗീയസമാധാനം പ്രതിഫലിക്കുന്നു. അവർ സ്വർഗ്ഗീയ അന്തരീക്ഷത്തിൽ കഴിയുന്നു. അവരിൽ സ്വർഗ്ഗരാജ്യം ആരംഭിച്ചു കഴിഞ്ഞു. അവർക്കു ക്രിസ്തുവിന്റെ സന്തോഷം ഉണ്ട്. തങ്ങൾ മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായിത്തീർന്നുവെന്ന സന്തോഷമാണവർക്കുള്ളത്. തങ്ങൾ യജമാനന്റെ ഉപകരണങ്ങളാണെന്നുള്ള ബഹുമതി അവർക്കു ലഭിക്കുന്നു. അവരിലാണു ദൈവത്തിന്റെ വേല ഭരമേല്പിക്കപ്പെടുന്നത്.

"രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല." മറ്റൊരാൾക്കു പങ്കുവച്ച ഹൃദയവുമായി ദൈവത്തെ സേവിപ്പാൻ നമുക്കു സാദ്ധ്യമല്ല. വേദപുസ്തകം നല്കുന്ന മതം മറ്റു മതങ്ങളെപ്പോലെയുള്ള ഒരു പ്രേരക ശക്തിയല്ല. അതിന്റെ ശക്തി ഏറ്റവും ശ്രേഷ്ഠവും മറ്റുള്ളവയെ അതിജീവിക്കുന്നതുമാണ്. ഒരു ക്യാൻവാസിൽ ബ്രഷുകൊണ്ട് അവിടെയും ഇവിടെയും ചായം പൂശുന്നതുപോലെ അല്ല അത്. അതു മുഴുജീവിതത്തെയും ബാധിക്കുന്നു. ക്യാൻവാസ് ചായത്തിൽ പൂർണ്ണമായി നിമജ്ജനം ചെയ്യപ്പെടുമ്പോൾ അതിന്റെ ഓരോ ഇഴകളിലും ചായം മായാതെ പിടിക്കും പോലെയാണത്.

"കണ്ണു ചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം മുഴുവൻ പ്രകാശിതമായിരിക്കും; കണ്ണു കേടുള്ളതെങ്കിലോ നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും." ദൈവത്തിൽനിന്നു പ്രകാശം ലഭിക്കാനുള്ള വ്യവസ്ഥ ജീവിതത്തിൽ വിശുദ്ധിയും നിശ്ചയദാർഢ്യവും ഉണ്ടായിരിക്കുക എന്നതാണ്. സത്യത്തെ അറിയുവാൻ ആഗ്രഹിക്കുന്നയാൾ, സത്യം വെളിപ്പെടുത്തുന്ന എല്ലാ കാര്യങ്ങളും സ്വീകരിപ്പാൻ മനസ്സുള്ളവനായിരിക്കണം. തെറ്റുമായി ഒരു ഒത്തുതീർപ്പും അയാൾക്കു സാദ്ധ്യമല്ല. അർദ്ധമനസ്സോടും ചാഞ്ചല്യഹൃദയത്തോടും കൂടെ സത്യവുമായി യഥാർത്ഥത്തിൽ തെറ്റിന്റെ അന്ധകാരത്തെയും, സാത്താന്റെ വഞ്ചനയെയും തെരഞ്ഞെടുക്കുകയാണ്.

ലൗകിക തത്വങ്ങളും, നീതിയുടെ നേരായ തത്വങ്ങളും ഒരിക്കലും മഴവില്ലിന്റെ വർണ്ണങ്ങളെപ്പോലെ ഒന്നായി ലയിച്ചുചേരുകയില്ല. ഇവയ്ക്കു മദ്ധ്യേ

വിസ്തൃതവും വ്യക്തവുമായ ഒരു രേഖ ദൈവം വരച്ചിട്ടുണ്ട്. അർദ്ധരാത്രിയും നട്ടുച്ചയും തമ്മിൽ വേർപിരിഞ്ഞിരിക്കുന്നതുപോലെ ക്രിസ്തുവിന്റെ സാദൃശ്യം സാത്താനിൽനിന്നു വേർപിരിഞ്ഞു നില്ക്കുന്നതായി കാണാൻ കഴിയും. ക്രിസ്തുവിന്റെ ജീവിതം നയിക്കുന്നവർക്കു മാത്രമേ, ക്രിസ്തുവിന്റെ സഹ ഭൃത്യന്മാരായിരിപ്പാൻ കഴികയുള്ളു. ഏതെങ്കിലുമൊരു പാപം ആത്മാവിൽ കാത്തുസൂക്ഷിച്ചാൽ, ജീവിതമാകമാനം മലീമസമായിത്തീരുന്നു. അപ്രകാര മുള്ളവർ അനീതിയുടെ ഉപകരണമായിത്തീരുന്നു.

ദൈവവേല ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളവർ കർത്താവിന്റെ കാവലിൽ വിശ്രമിക്കേണ്ടതാണ്. ആകാശത്തിൽ പറക്കുന്ന പറവകളെയും വയലിലെ മനോഹരങ്ങളായ പുഷ്പങ്ങളെയും ചൂണ്ടിക്കാണിച്ചുകൊണ്ടു യേശു പറഞ്ഞു: 'അവയെക്കാൾ നിങ്ങൾ ഏറ്റം വിശേഷതയുള്ളവരല്ലയോ?' (മത്തായി 6:26). ഒരു സൃഷ്ടിയുടെ സ്ഥാനത്തിന് ആനുപാതികമായി അതിനു വേണ്ടുന്ന കരുതൽ ദൈവം നല്കുന്നു. ഒരു കൊച്ചു കുരുവിയെ ദൈവം പരിരക്ഷി ക്കുന്നു. വയലിലെ പൂക്കളും, ഭൂമിയെ ഹരിതാഭമാക്കുന്ന പുല്ക്കൊടികളും സ്വർഗ്ഗീയപിതാവിന്റെ ശ്രദ്ധയ്ക്കും കാവലിനും പാത്രമാവുന്നു. വലിയ കലാ കാരനായ ദൈവം വയലിലെ ലില്ലിപുഷ്പങ്ങളെ ശലോമോന്റെ മഹത്വത്തെ ക്കാൾ മനോഹരമായി അണിയിച്ചൊരുക്കുന്നു. എന്നാൽ ദൈവത്തിന്റെ സാദൃ ശ്യത്തിലും മഹത്വത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ എത്ര അധികമായി കാത്തുസൂക്ഷിക്കും? തന്റെ മക്കൾ തന്റെ സ്വഭാവം വെളിപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. സൂര്യരശ്മി പുഷ്പദലങ്ങൾക്കു വൈവിധ്യമാർന്ന വർണ്ണങ്ങൾ നല്കുന്നതുപോലെ, ദൈവം തന്റെ സ്വഭാവത്തിന്റെ സൗന്ദര്യം മനുഷ്യനു പകർന്നു കൊടുക്കുന്നു.

സ്നേഹവും നീതിയും സമാധാനവും കളിയാടുന്ന ക്രിസ്തുവിന്റെ രാജ്യ ത്തെ മറ്റെല്ലാറ്റിനെക്കാളും പ്രാധാന്യം നല്കി തെരഞ്ഞെടുക്കുന്ന ഏവരും സ്വർഗ്ഗവുമായി ബന്ധപ്പെട്ടിരിക്കുകയാണ്. ജീവിതത്തിൽ ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും അവർക്കു ലഭ്യമായിരിക്കും. ദൈവത്തിന്റെ ജീവപുസ്തക ത്തിൽ നമുക്കേവർക്കും ഒരു താൾ ഉണ്ടായിരിക്കും. നമ്മെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ഒരു താളിൽ എഴുതപ്പെട്ടിരിക്കും. നമ്മുടെ തലയിലെ രോമ ങ്ങൾപോലും എണ്ണപ്പെട്ടിരിക്കുന്നു. ദൈവം തന്റെ കുഞ്ഞുങ്ങളെ ഒരിക്കലും മറക്കുകയില്ല.

"അതുകൊണ്ടു നാളെക്കായി വിചാരപ്പെടരുത്" (മത്തായി 6:34). ദിനന്തോറും നാം ക്രിസ്തുവിനെ അനുഗമിക്കണം. നാളത്തേക്കു മാത്രമല്ല ദൈവം സഹായം നല്കുന്നത്. തന്റെ മക്കൾ ചിന്താക്കുഴപ്പത്തിലാകാതിരി പ്പാൻ, ദൈവം ജീവിതയാത്രയ്ക്കാവശ്യമായ എല്ലാ നിർദ്ദേശങ്ങളും ഒരുമിച്ചു നല്കുന്നില്ല. അവർക്കു ഓർക്കുവാനും നിറവേറ്റുവാനും കഴിയുന്ന തരത്തി ലുള്ള കാര്യങ്ങൾ മാത്രമേ ദൈവം നല്കുന്നുള്ളു. അന്നന്നത്തേക്കാവശ്യ മായ ബലവും ജ്ഞാനവും ദൈവം നല്കുന്നു. "നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നുവെങ്കിൽ - ഇന്നത്തേക്കാവശ്യമായ ജ്ഞാനത്തിനു വേണ്ടി - ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവനു ലഭിക്കും" (യാക്കോബ് 1:5).

“നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിനു വിധിക്കരുത്.” നിങ്ങൾ മറ്റുള്ളവരെക്കാൾ നല്ലവരാണ് എന്നു കരുതരുത്. മറ്റുള്ളവരുടെ വിധികർത്താവായി നിങ്ങൾ തീരരുത്. ആന്തരോദ്ദേശ്യങ്ങളെ വിവേചിച്ചറിയുവാൻ നിങ്ങൾക്കു കഴിയാത്തതിനാൽ മറ്റുള്ളവരെ വിധിക്കാൻ നിങ്ങൾക്കു കഴിയുകയില്ല. അന്യരെ നിങ്ങൾ വിമർശിക്കുമ്പോൾ, നിങ്ങളെത്തന്നെ നിങ്ങൾ വിധിക്കുകയാണ്. മറ്റുള്ളവരെ വിധിക്കുമ്പോൾ സഹോദരനെ കുറ്റം വിധിക്കുന്ന സാത്താന്റെ സഹകാരിയാണു നാമെന്ന്, നാം തന്നെ ചൂണ്ടിക്കാട്ടുകയാണു ചെയ്യുന്നത്. ‘നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നെ ശോധന ചെയ്‌വിൻ.’ ഇതാണു നാം ചെയ്യേണ്ട വേല. “നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല” (2 കൊരി. 13:5; 1 കൊരി. 11:31).

നല്ല വൃക്ഷം നല്ല ഫലം കായ്ക്കുന്നു. ഫലം തിന്മാൻ കൊള്ളരുതാത്തതും, പ്രയോജനമില്ലാത്തതുമാണെങ്കിൽ മരം ചീത്തയാണ്. അതുകൊണ്ടു ജീവിതത്തിൽ പുറപ്പെടുവിക്കുന്ന ഫലം ഹൃദയത്തിന്റെ അവസ്ഥയെയും സ്വഭാവമഹിമയെയും പ്രകടമാക്കുന്നു. സൽക്കർമ്മങ്ങൾക്ക് ഒരിക്കലും രക്ഷയെ വിലയ്ക്കു വാങ്ങാൻ കഴികയില്ല. എന്നാൽ അവ ആത്മാവിനെ ശുദ്ധീകരിക്കുകയും സ്നേഹത്താൽ പ്രവർത്തിക്കുകയും ചെയ്യുന്ന വിശ്വാസത്തിന്റെ തെളിവാണ്. നമ്മുടെ കഴിവുകൊണ്ടല്ല ദൈവത്തിൽനിന്നു നിത്യമായ പ്രതിഫലം ലഭിക്കുന്നതെങ്കിലും, ക്രിസ്തുവിന്റെ കൃപമൂലം നാം ചെയ്യുന്ന സൽപ്രവൃത്തികൾക്ക് അനുസൃതമായിട്ടായിരിക്കും ദൈവത്തിൽനിന്നു പ്രതിഫലം ലഭിക്കുക.

ക്രിസ്തുവിന്റെ രാജ്യത്തിന്റെ അടിസ്ഥാനതത്വങ്ങൾ ക്രിസ്തു ഇപ്രകാരം സ്ഥാപിച്ചു. ജീവിതത്തിന്റെ തത്വങ്ങളായി യേശു അതിനെ കാണിച്ചുകൊടുത്തു. ഒരിക്കലും മറന്നുപോകാതിരിപ്പാൻ യേശു ഉപമകളോടെ അവയെ പഠിപ്പിച്ചു. “എന്റെ വാക്കുകൾ കേൾക്കുക മാത്രം പോരാ” എന്നു യേശു പറഞ്ഞു. അതു ജീവിതഭാഗമാക്കുവാൻ യേശു ഉപദേശിച്ചു. സ്വാർത്ഥത ഇളക്കമുള്ള മണൽപോലെയാണ്. അതിൽ അടിസ്ഥാനമിട്ടു പണിയുകയാണെങ്കിൽ നിങ്ങളുടെ വീടു നിലംപതിക്കും. പരീക്ഷകളാകുന്ന കൊടുങ്കാറ്റുകളടിക്കുമ്പോൾ അപ്രകാരം പണിയപ്പെട്ട വീടു വീണുപോകും. യേശുവിന്റെ തത്വങ്ങൾ എക്കാലത്തും നിലനില്ക്കും. ‘എന്നെ സ്വീകരിക്കുക, എന്റെ വചനത്തിന്മേൽ പണിയുക’ എന്നു യേശു പറയുന്നു.

“ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ച് ആ വീട്ടിന്മേൽ അലച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല” (മത്തായി 7:24,25).

# 32

# ശതാധിപൻ

അവലംബം: മത്തായി 8:5-13; ലൂക്കൊസ് 7:1-17

"നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കണ്ടിട്ടല്ലാതെ വിശ്വസിക്കയില്ല." താൻ സൗഖ്യമാക്കിയ യുവാവിന്റെ പിതാവായ രാജഭൃത്യനോടു യേശു പറഞ്ഞു (യോഹ. 4:48). തന്റെ സ്വന്ത ജനമായ യിസ്രായേൽ താൻ മശീഹയാണെന്നു തെളിയിക്കുന്നതിന് ഇപ്രകാരമുള്ള അടയാളങ്ങൾക്കു ശാഠ്യം പിടിച്ചപ്പോൾ യേശു ദുഃഖിച്ചു. അവരുടെ അവിശ്വാസത്തിൽ യേശു അത്ഭുതപ്പെട്ടു. എന്നാൽ തന്റെ അടുക്കൽ വന്ന ശതാധിപന്റെ വിശ്വാസം കണ്ടു യേശു അതിശയിച്ചു. തന്റെ ശക്തിയെക്കുറിച്ചു ശതാധിപന് ഒരു അവിശ്വാസവും ഇല്ലായിരുന്നു. തന്റെ ദാസനു സൗഖ്യം ലഭിക്കേണ്ടതിനു യേശു ഒരു വാക്കു കല്പിച്ചാൽ മതിയാകുമെന്ന് അയാൾ പറഞ്ഞു. "ഒരു വാക്കു മാത്രം കല്പിച്ചാൽ മതി, എന്റെ ബാല്യക്കാരനു സൗഖ്യം വരും."

ആ ശതാധിപന്റെ ദാസൻ പക്ഷവാതം പിടിച്ചു മരണാസന്നനായി കിടക്കുകയായിരുന്നു. റോമാക്കാർ തങ്ങളുടെ ഭൃത്യന്മാരെ അടിമകളായി കരുതി

യിരുന്നു. ചന്തകളിൽ അടിമകളെ മൃഗങ്ങളെപ്പോലെ ക്രയവിക്രയം ചെയ്തിരുന്നു. അവരോടു യജമാനന്മാർ ക്രൂരമായി പെരുമാറിയിരുന്നു. എന്നാൽ ഈ ശതാധിപൻ അങ്ങനെയല്ലായിരുന്നു. ഭൃത്യന്റെ രോഗസൗഖ്യത്തിനു വേണ്ടി ശതാധിപൻ വളരെ ആഗ്രഹിച്ചു. തന്റെ ഭൃത്യനെ സൗഖ്യമാക്കാൻ യേശുവിനു കഴിയുമെന്ന് അയാൾ വിശ്വസിച്ചു. യേശുവിനെ ആ ശതാധിപൻ നേരത്തേ കണ്ടിരുന്നില്ല. എങ്കിലും യേശുവിനെക്കുറിച്ച് അയാൾ കേട്ടിരുന്നു. അത് ആ ശതാധിപന്റെ വിശ്വാസം ശക്തിപ്പെടുത്തി. യെഹൂദമതം ചടങ്ങുകളായി ആചാരാനുഷ്ഠാനങ്ങൾ നടത്തിയിരുന്നിട്ടും, തന്റെ മതത്തെക്കാൾ അതു ശ്രേഷ്ഠമാണെന്ന് ആ ശതാധിപനു ബോധ്യമായിരുന്നു. തങ്ങളാൽ കീഴടക്കപ്പെട്ട ജനതയോടുള്ള മുൻവിധി ആ റോമൻ ശതാധിപന് ഇല്ലായിരുന്നു. ദൈവശുശ്രൂഷയോടുള്ള ആദരവ് ആ ശതാധിപനുണ്ടായിരുന്നു. സത്യദൈവത്തെ ആരാധിക്കുന്നവരെന്ന നിലയിൽ യെഹൂദന്മാരെ ആ ശതാധിപൻ ആദരിച്ചു. ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ അയാൾ ആത്മനിർവൃതി നേടി. തന്നിൽ ഉണ്ടായിരുന്ന ആത്മീയഭാവം ക്രിസ്തുവിന്റെ വചനങ്ങളാൽ ഉണർത്തപ്പെട്ടു. യേശുവിന്റെ സന്നിധിയിൽ നില്പാനുള്ള യോഗ്യത തനിക്കില്ലെന്ന് അയാൾക്കു തോന്നി. തന്റെ ഭൃത്യന്റെ സൗഖ്യത്തിനുവേണ്ടി യേശുവിനോട് അപേക്ഷിക്കുവാൻ അയാൾ യെഹൂദപ്രമാണികളോടപേക്ഷിച്ചു. യേശുവുമായി അവർക്കു പരിചയമുണ്ടായിരുന്നതുകൊണ്ട്, അവർക്കു യേശുവിന്റെ പ്രീതി നേടുവാൻ കഴിയുമെന്ന് അയാൾ കരുതിയിരുന്നു.

യേശു കഫർന്നഹൂമിൽ എത്തിയപ്പോൾ മൂപ്പന്മാരുടെ ഒരു സംഘം യേശുവിനെ സമീപിച്ചു ശതാധിപന്റെ അഭീഷ്ടമറിയിച്ചു. അവർ ഉത്സാഹത്തോടെ പറഞ്ഞു: “നീ അതു ചെയ്തുകൊടുപ്പാൻ അവൻ യോഗ്യൻ; അവൻ നമ്മുടെ ജനത്തെ സ്നേഹിക്കുന്നു; ഞങ്ങൾക്ക് ഒരു പള്ളിയും തീർപ്പിച്ചുതന്നിരിക്കുന്നു.”

യേശു ഉടനെത്തന്നെ ആ ശതാധിപന്റെ ഭവനത്തിലേക്കു പുറപ്പെട്ടു. ജനത്തിരക്കുകൊണ്ടു യേശു സാവധാനത്തിലാണു മുമ്പോട്ടു നീങ്ങിയത്. യേശു വരുന്ന വിവരം ശതാധിപൻ അറിഞ്ഞു. തന്റെ അയോഗ്യതയെക്കുറിച്ചു ബോധവാനായിരുന്ന ശതാധിപൻ തന്റെ സ്നേഹിതരെ ക്രിസ്തുവിന്റെ സന്നിധിയിലേക്ക് അയച്ച് ഇപ്രകാരം പറഞ്ഞു: “കർത്താവേ, പ്രയാസപ്പെടേണ്ടാ; നീ എന്റെ പുരയ്ക്കകത്തു വരുവാൻ ഞാൻ പോരാത്തവൻ.” എങ്കിലും യേശു പിൻവാങ്ങാത്തതു കണ്ടു ശതാധിപൻ യേശുവിനെ സമീപിക്കുവാൻ ധൈര്യപ്പെട്ടു. തന്റെ ആഗ്രഹങ്ങൾ പൂർണ്ണമായും യേശുവിനെ ധരിപ്പിച്ചു: “നിന്റെ അടുക്കൽ വരുവാൻ ഞാൻ യോഗ്യൻ എന്ന് എനിക്കു തോന്നീട്ടില്ല. ഒരു വാക്കു കല്പിച്ചാൽ എന്റെ ബാല്യക്കാരനു സൗഖ്യം വരും. ഞാനും അധികാരത്തിനു കീഴ്പ്പെട്ട മനുഷ്യൻ; എന്റെ കീഴിൽ പടയാളികളുണ്ട്; ഒരുവനോട്: പോക എന്നു പറഞ്ഞാൽ അവൻ പോകുന്നു; മറ്റൊരുവനോട്: വരിക എന്നു പറഞ്ഞാൽ അവൻ വരുന്നു; എന്റെ ദാസനോട്: ഇതു ചെയ്ക എന്നു പറഞ്ഞാൽ അവൻ ചെയ്യുന്നു.” റോമിന്റെ അധികാരം ഞാൻ പ്രതിനിധാനം ചെയ്യുന്നതുകൊണ്ട് എന്റെ പടയാളികൾ എന്റെ അധികാരം ഏറ്റവും ഉന്നതമെന്ന് അംഗീകരിക്കുന്നു. അതുപോലെ അങ്ങ്, നിത്യനായ ദൈവത്തിന്റെ

അധികാരത്തെ പ്രതിനിധീകരിക്കുന്നതുകൊണ്ടു സർവ്വസൃഷ്ടികളും അങ്ങയുടെ വാക്ക് അനുസരിക്കുന്നു. രോഗത്തോടു വിട്ടുപോകാൻ അങ്ങു കല്പിച്ചാൽ അത് അങ്ങയെ അനുസരിക്കും. സ്വർഗ്ഗീയദൂതന്മാരെ അങ്ങേക്കു വിളിച്ചുവരുത്താം. അവർ രോഗിക്കു സൗഖ്യം പകരും. അങ്ങ് ഒരു വാക്കു കല്പിച്ചാൽ എന്റെ ബാല്യക്കാരനു സൗഖ്യം വരും.

"യേശു അതു കേട്ടിട്ട് അവങ്കൽ ആശ്ചര്യപ്പെട്ടു തിരിഞ്ഞുനോക്കി, അനുഗമിക്കുന്ന കൂട്ടത്തോട്: യിസ്രായേലിൽക്കൂടെ ഇങ്ങനെയുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. പിന്നെ യേശു ശതാധിപനോട്: പോക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ എന്നു പറഞ്ഞു. ആ നാഴികയിൽ തന്നെ അവന്റെ ബാല്യക്കാരനു സൗഖ്യം വന്നു."

ക്രിസ്തുവിനു ശതാധിപനെ പരിചയപ്പെടുത്തിക്കൊടുത്ത യെഹൂദമൂപ്പന്മാർ സുവിശേഷത്തിന്റെ ആത്മാവിനെ സ്വായത്തമാക്കുന്നതിൽ തങ്ങൾ ലക്ഷ്യത്തിൽനിന്ന് എത്ര അകലെയാണെന്നു തെളിയിച്ചു. തങ്ങളുടെ ഏറ്റവും വലിയ ആവശ്യം ദൈവകൃപ ഒന്നുമാത്രമാണെന്നു യെഹൂദമൂപ്പന്മാർ ഗ്രഹിച്ചില്ല. തങ്ങളുടെ ജനത്തിനു നന്മചെയ്തതുകൊണ്ട് ആ ശതാധിപനുവേണ്ടി സ്വയനീതിയിൽ പുകഴ്ച കണ്ടിരുന്ന അവർ യേശുവിനോടു സംസാരിച്ചു. എന്നാൽ ആ ശതാധിപൻ തന്നെക്കുറിച്ചു യേശുവിനോടു പറഞ്ഞത്, "ഞാൻ യോഗ്യനല്ല" എന്നത്രേ. ക്രിസ്തുവിന്റെ കൃപ അവന്റെ ഹൃദയത്തെ സ്പർശിച്ചു. തന്റെ അയോഗ്യത അവൻ കണ്ടു. എങ്കിലും യേശുവിന്റെ സഹായം ലഭിക്കുന്നതിനുവേണ്ടി അപേക്ഷിക്കുവാൻ അവൻ ഭയപ്പെട്ടില്ല. സ്വന്ത നന്മയിൽ അയാൾ ആശ്രയിച്ചില്ല. ക്രിസ്തുവിന്റെ കൃപയായിരുന്നു അവന്റെ ഏറ്റവും വലിയ ആവശ്യം. അവന്റെ വിശ്വാസം അവനെ ക്രിസ്തുവിലേക്കടുപ്പിച്ചു. ക്രിസ്തുവിന്റെ ദിവ്യസ്വഭാവം അവൻ ദർശിച്ചു. അത്ഭുതം പ്രവർത്തിക്കുന്ന ഒരാളെന്ന നിലയിലല്ല യേശുവിനെ ആ ശതാധിപൻ കണ്ടത്. മനുഷ്യവർഗ്ഗത്തിന്റെ സ്നേഹിതനായും രക്ഷകനായും യേശുവിനെ അയാൾ സ്വീകരിച്ചു.

ഓരോ പാപിയും ക്രിസ്തുവിങ്കലേക്കു കടന്നുവരേണ്ടത് ഇപ്രകാരമാണ്. "നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചത്" (തീത്തൊസ് 3:5). നിങ്ങൾ ഒരു പാപിയാണെന്നും, ദൈവത്തിൽനിന്ന് അനുഗ്രഹം ലഭിക്കുന്നതു സാദ്ധ്യമല്ലെന്നും സാത്താൻ നിങ്ങളോടു പറയുമ്പോൾ "ക്രിസ്തു പാപികളെ രക്ഷിപ്പാനാണ്" ഭൂമിയിൽ വന്നതെന്ന് അവനോടു പറയുക. നമ്മെക്കുറിച്ചു ദൈവത്തോടു പുകഴ്ത്തിപ്പറയുവാനൊന്നുമില്ല. നമുക്കെന്തെങ്കിലും നമ്മെക്കുറിച്ചു പറയുവാനുണ്ടെങ്കിൽ നമ്മുടെ ദയനീയമായ നിസ്സഹായാവസ്ഥയെക്കുറിച്ചു മാത്രമാണ്. ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻശക്തി അപ്പോൾ നമുക്ക് ആവശ്യമായി അനുഭവപ്പെടും. നമ്മുടെ സ്വയനീതി വെടിഞ്ഞു കാൽവരി ക്രൂശിലേക്കു നോക്കിക്കൊണ്ടു നമുക്കു പറയാം:

"കൈക്കൽ ഏതും കൂടാതെ ക്രൂശിലേക്ക് ഓടുന്നേൻ."

ശൈശവകാലം മുതൽ യെഹൂദന്മാരെ അഭ്യസിപ്പിച്ചിരുന്നതു മശീഹയുടെ പ്രവൃത്തിയെക്കുറിച്ചായിരുന്നു. ഗോത്രപിതാക്കന്മാരുടെയും പ്രവാചകന്മാരുടെയും പരിശുദ്ധാത്മപ്രചോദിതമായ സൂക്തങ്ങളും, പ്രതീകാത്മകങ്ങളായ യാഗശുശ്രൂഷകളും അവർക്കു ഹൃദിസ്ഥമായിരുന്നു. എന്നാൽ അവർ വെളിച്ചത്തെ അഗണ്യമാക്കിക്കളഞ്ഞു. യേശുവിൽ ആഗ്രഹിക്കത്തക്കതായി ഒന്നും അവർ കണ്ടില്ല. എന്നാൽ അജ്ഞാനമതത്തിൽ ജനിക്കുകയും, റോമാ സാമ്രാജ്യത്തിന്റെ വിഗ്രഹാരാധനയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം ലഭിക്കുകയും, ഒരു യോദ്ധാവായി പരിശീലിക്കപ്പെടുകയും, സാഹചര്യത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ഫലമായി ഒരു ആത്മീയനല്ലെന്നു കരുതപ്പെടുകയും, ഒരു റോമാക്കാരനായതുകൊണ്ട് ഒറ്റപ്പെടുകയും ചെയ്ത ഈ ശതാധിപൻ, അബ്രാഹാമിന്റെ സന്തതികൾക്കു മറഞ്ഞിരുന്ന സത്യത്തെ കണ്ടെത്തി. യെഹൂദന്മാർ മശീഹയെ സ്വീകരിക്കുമോ എന്നറിയാൻ അയാൾ കാത്തുനിന്നില്ല. "ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നപ്പോൾ" (യോഹ. 1:9) ആ വെളിച്ചം ശതാധിപന്റെ മേലും പതിച്ചു. ദൈവപുത്രന്റെ മഹത്വം ദൂരത്തുനിന്നുതന്നെ അവൻ തിരിച്ചറിഞ്ഞു.

ജാതികളുടെയിടയിൽ സുവിശേഷം നിർവ്വഹിക്കേണ്ട, ഏറ്റവും താൽപര്യജനകമായ ഒരു സംഭവമെന്ന രീതിയിലാണു കർത്താവ് ഇതിനെ കണ്ടത്. സകല ജാതികളിൽനിന്നു സ്വർഗ്ഗരാജ്യത്തിലേക്ക് ആത്മാക്കൾ കടന്നുവരുന്നതു യേശു സന്തോഷത്തോടെ ദർശിച്ചു. തന്റെ കൃപ നിരസിക്കുന്നതു മൂലം വരുന്ന ദുരന്തത്തെ യേശു ദുഃഖത്തോടെ യെഹൂദന്മാർക്ക് ഉപദേശിച്ചുകൊടുത്തു. "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്ന് അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ പന്തിക്കിരിക്കും. രാജ്യത്തിന്റെ പുത്രന്മാരെയോ ഏറ്റവും പുറത്തുള്ള ഇരുളിലേക്കു തള്ളിക്കളയും; അവിടെ കരച്ചലും പല്ലുകടിയുമുണ്ടാകും." കഷ്ടം! ഈ വിനാശകരമായ നിരാശയിൽ പതിക്കുന്നതിന് എത്രയോ പേർ ഇപ്പോഴും ഒരുങ്ങിക്കൊണ്ടിരിക്കുന്നു. അജ്ഞതയുടെ അന്ധകാരത്തിൽ കഴിയുന്നവർ ദൈവകൃപയെ സ്വീകരിക്കുമ്പോൾ, ക്രൈസ്തവ വെളിച്ചം ലഭിച്ച നാടുകളിൽ കഴിയുന്ന എത്രയോ ആളുകൾ അവരുടെ പ്രകാശത്തെ അഗണ്യമാക്കിക്കളയുന്നു!

കഫർന്നഹൂമിൽനിന്ന് ഏതാണ്ട് 20 നാഴികയ്ക്കപ്പുറത്തു മനോഹരമായ എസ്ദ്രയലോൺ സമതലത്തെ അഭിമുഖീകരിച്ചുകൊണ്ടു പീഠഭൂമി പട്ടണമായ നയിൻ സ്ഥിതിചെയ്തിരുന്നു. ശിഷ്യന്മാരിൽ പലരും മറ്റ് ആളുകളും കർത്താവിനോടുകൂടെ ഉണ്ടായിരുന്നു. കർത്താവിന്റെ അനുകമ്പാപൂർണ്ണമായ വാക്കുകൾ കേൾക്കുവാനും രോഗികൾക്കു സൗഖ്യം ലഭിക്കുവാനും അനേകർ വഴിയിൽ കാത്തുനിന്നിരുന്നു. ഇത്രയും അത്ഭുതപ്രവൃത്തികൾ ചെയ്വാൻ കഴിവുള്ളവൻ യിസ്രായേലിന്റെ രാജാവായി സ്വയം പ്രഖ്യാപിക്കുമെന്ന് അവർ പ്രതീക്ഷിച്ചു. പുരുഷാരം എപ്പോഴും യേശുവിന്റെ ചുറ്റിലുമുണ്ടായിരുന്നു. മലമുകളിൽ സ്ഥിതിചെയ്തിരുന്ന ആ പട്ടണത്തിലേക്കുള്ള,

കല്ലുകളാൽ നിബിഡമായ വഴിത്താരയിൽ, യേശുവിനെ അനുഗമിച്ചിരുന്ന ജനക്കൂട്ടം പ്രതീക്ഷാനിർഭരരും സന്തുഷ്ടമാനസരുമായിരുന്നു.

യേശുവും ജനക്കൂട്ടവും പട്ടണത്തോടടുത്തപ്പോൾ, പട്ടണവാതില്ക്കൽ നിന്നു ശവമഞ്ചം വഹിച്ചുകൊണ്ട് ഒരു കൂട്ടം ആളുകൾ വരുന്നതുകണ്ടു. അവർ ദുഃഖനിമഗ്നരായിരുന്നു. അവർ സാവധാനം ശവസംസ്കാര സ്ഥല ത്തേക്കു നീങ്ങിക്കൊണ്ടിരുന്നു. ശവശരീരം ഒരു തുറന്ന ശവമഞ്ചത്തിൽ കിട ന്നിരുന്നു. വിലപിക്കുന്നവരുടെ കണ്ഠത്തിൽനിന്നു പുറപ്പെട്ട വിലാപം അന്തരീക്ഷത്തെ മുഖരിതമാക്കി. ആ പട്ടണത്തിലെ ആളുകളെല്ലാം മരിച്ച വ്യക്തിയോടുള്ള ആദരവു പ്രകടിപ്പിക്കാനും, കുടുംബാംഗങ്ങളോടു സഹാനു ഭൂതി കാട്ടുവാനുമായി വന്നെത്തിയിരുന്നു.

അനുകമ്പ ഉണർത്തുന്ന ഒരു കാഴ്ചയായിരുന്നു അത്. മരിച്ച വ്യക്തി തന്റെ അമ്മയുടെ ഏക മകനായിരുന്നു. ആ മാതാവ് ഒരു വിധവയുമായി രുന്നു. തന്റെ ഏക അവലംബവും ആശ്വാസവുമായിരുന്ന മകനെ ശവക്കല്ലറയി ലേക്കു കൊണ്ടുപോയപ്പോൾ, ഹൃദയം തകർന്ന ആ അമ്മ അവനെ അനു ഗമിച്ചു. "അവളെ കണ്ടിട്ടു കർത്താവു മനസ്സലിഞ്ഞു." കർത്താവിന്റെ സാന്നിദ്ധ്യം മനസ്സിലാക്കാതെ കണ്ണുനീർ വാർത്തുകൊണ്ടു നടന്നുകൊണ്ടി രുന്ന ആ മാതാവിന്റെ അടുത്തു ചെന്നിട്ടു യേശു പറഞ്ഞു, "കരയേണ്ടാ." യേശു അവളുടെ വിലാപത്തെ സന്തോഷമാക്കിത്തീർക്കുവാൻ പോകുക യായിരുന്നിട്ടും, ആ മാതാവിനു ദുഃഖം താങ്ങുവാൻ കഴിഞ്ഞില്ല.

"അവൻ അടുത്തു ചെന്നു മഞ്ചം തൊട്ടു;" കർത്താവിനു ശവവുമായുള്ള സമ്പർക്കം ഒരശുദ്ധിയും വരുത്തിയില്ല. മഞ്ചം ചുമക്കുന്നവർ നിന്നു. വിലപി ക്കുന്നവർ വിലാപം നിർത്തി. എല്ലാവരും ശവമഞ്ചത്തിനു ചുറ്റും കൂടി. അസാ ധാരണമായതെന്തോ സംഭവിക്കുമെന്ന് എല്ലാവരും പ്രതീക്ഷിച്ചു. രോഗത്തെ സൗഖ്യമാക്കുകയും ഭൂതങ്ങളെ കീഴടക്കുകയും ചെയ്ത ഒരാളുടെ സാന്നിദ്ധ്യം അവിടെ ഉണ്ടായിരുന്നു. മരണത്തെയും അവനു കീഴ്പ്പെടുത്തു വാൻ കഴിയുമോ?

സ്ഫുടമായ, അധികാരം മുറ്റിനിന്ന ശബ്ദത്തോടെ കർത്താവു പറഞ്ഞു: "ബാല്യക്കാരാ, എഴുന്നേൽക്കുക." ആ ശബ്ദം മരിച്ചവന്റെ കാതുകളെ തുളച്ചു ചെന്നു. മരിച്ച ബാല്യക്കാരൻ തന്റെ കണ്ണുകളെ തുറന്നു. യേശു അവനെ കൈപിടിച്ച് എഴുന്നേല്പിച്ചു. തന്റെ സമീപം കണ്ണുനീർ വാർത്തുകൊണ്ടു നിന്നിരുന്ന മാതാവിനെ ദയാവായ്പോടെ യേശു കടാക്ഷിച്ചു. ആ മാതാവു നിറഞ്ഞ സന്തോഷത്തോടെ ജീവൻ തിരിച്ചു കിട്ടിയ തന്റെ മകനെ ആശ്ലേ ഷിച്ചു. അത്ഭുതസ്തബ്ധരായ ജനം ഈ രംഗം വീക്ഷിച്ചു. "എല്ലാവർക്കും ഭയം പിടിച്ചു." ദൈവസന്നിധിയിലെന്നപോലെ ജനക്കൂട്ടം ഭയഭക്തിയോടും നിശ്ശബ്ദമായും നിലകൊണ്ടു. "ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു; ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു എന്നു പറഞ്ഞ് അവർ ദൈവത്തെ മഹത്വീകരിച്ചു." ശവമഞ്ചത്തോടു കൂടെ പോയ ജനം വിജയാഘോഷത്തോടുകൂടി നയിൻ പട്ടണത്തിലേക്കു തിരിച്ചു യാത്ര

യായി. "അവനെക്കുറിച്ചുള്ള ഈ ശ്രുതി യെഹൂദ്യയിലൊക്കെയും, ചുറ്റുമുള്ള നാടെങ്ങും പരന്നു."

നയിൻ പട്ടണവാതിൽക്കൽ ദുഃഖാർത്തയായ ആ മാതാവിന്റെ അരികെ നിന്ന കർത്താവ് ഓരോ ദുഃഖിതനെയും കാവൽ ചെയ്യുന്നു. സഹതപിക്കയും സ്നേഹിക്കയും ചെയ്യുന്ന അവന്റെ ഹൃദയം മാറ്റമില്ലാത്ത ആർദ്രത നിറഞ്ഞതാണ്. മരിച്ചവനെ ജീവിപ്പിച്ച കർത്താവിന്റെ വാക്കിന് ഇന്നും അതേ ശക്തിയുണ്ട്. "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു" (മത്തായി 28:18). വർഷങ്ങൾ കഴിയുന്നതുകൊണ്ടോ, നിറഞ്ഞു കവിയുന്ന അവന്റെ കൃപയുടെ നിലയ്ക്കാത്ത പ്രവർത്തനംകൊണ്ടോ, ആ ശക്തിക്ക് ഒരു കുറവും ഭവിക്കുന്നില്ല. വിശ്വസിക്കുന്ന ഏവർക്കും അവൻ ഇപ്പോഴും ജീവിക്കുന്ന രക്ഷകനാണ്.

മകനെ തിരിച്ചുനല്കിക്കൊണ്ട്, യേശു ആ അമ്മയുടെ ദുഃഖത്തെ സന്തോഷമാക്കി മാറ്റി. എങ്കിലും ആ യുവാവ് ഈ ഭൗമിക ജീവിതത്തിലേക്കാണു വീണ്ടും വിളിക്കപ്പെട്ടത്. ഈ ജീവിതത്തിന്റെ ദുഃഖങ്ങളും കഷ്ടതകളും അപകടങ്ങളും വീണ്ടും അനുഭവിക്കുവാനും, മരണത്തിന്റെ അധികാരത്തിനു വീണ്ടും ഒരിക്കൽക്കൂടി വിധേയനാകുവാനുമാണ് ആ യുവാവ് ഉണർത്തപ്പെട്ടത്. അവസാനമില്ലാത്ത പ്രത്യാശയുടെ ദൂതു നമുക്കു നല്കിക്കൊണ്ടു മരിച്ചവരെക്കുറിച്ചുള്ള ദുഃഖത്തിൽനിന്നു കർത്താവു നമ്മെ ആശ്വസിപ്പിക്കുന്നു. "ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്." "മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആകകൊണ്ട്, അവനും അവരെപ്പോലെ ജഡരക്തങ്ങളോടുകൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു" (വെളി. 1:18; എബ്രാ. 2:14,15).

ദൈവപുത്രൻ മരിച്ചവരോടു ജീവനുള്ളവരായിത്തീരാൻ കല്പിക്കുമ്പോൾ, സാത്താൻ ഒന്നും ചെയ്‌വാൻ കഴിവില്ലാത്തവനായിത്തീരുന്നു. ഒരുവൻ, ക്രിസ്തുവിന്റെ ശക്തിയുള്ള വചനം വിശ്വാസത്തോടെ കൈക്കൊള്ളുമ്പോൾ, സാത്താന്, ആ വ്യക്തിയെ ആത്മീയ മരണത്തിനു വിധേയനാക്കുവാൻ കഴിയുന്നതല്ല. പാപത്തിൽ മരിച്ച ഏവരോടുമായി ദൈവം കല്പിക്കുന്നത്, "ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേല്ക്ക" (എഫെ. 5:14). ആ വചനം നിത്യജീവനാകുന്നു. ഒന്നാമത്തെ മനുഷ്യനോടു ജീവനുള്ളവനാക എന്നു കല്പിച്ച അതേ വചനം ഇന്നു നമുക്കും ജീവൻ നല്കുന്നു. "ബാല്യക്കാരാ എഴുന്നേല്ക്ക" എന്ന ക്രിസ്തുവിന്റെ ശബ്ദം നയിൻ പട്ടണത്തിലെ യുവാവിനു ജീവൻ കൊടുത്തതുപോലെ, "മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേല്ക്ക" എന്ന കല്പന സ്വീകരിക്കുന്ന ആത്മാവിനു നിത്യജീവൻ ലഭിക്കുന്നു. ദൈവം "നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിയിരിക്കുകയാണ്" (കൊലൊ. 1:13). തന്റെ വചനത്തിൽ ഇതെല്ലാം നല്കിയിരിക്കുന്നു. നാം വചനം സ്വീകരിച്ചാൽ നമുക്കു വിമോചനം ഉണ്ട്.

"യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുയേശുവിനെ മരണത്തിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ടു നിങ്ങളുടെ മർത്യ ശരീരങ്ങളെയും ജീവിപ്പിക്കും." "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" (റോമർ 8:11; 1 തെസ്സ. 4:16,17). നാം അന്യോന്യം ആശ്വസിപ്പിപ്പാൻ കർത്താവു നമ്മോട് ആജ്ഞാപിച്ചിരിക്കുന്ന വചനമത്രേ ഇത്.

# 33

# എന്റെ സഹോദരന്മാർ ആർ?

അവലംബം: മത്തായി 12:22–50; മർക്കൊസ് 3:20–35

യോസേഫിന്റെ പുത്രന്മാർ യേശുവിന്റെ വേലയിൽ ഒട്ടും താൽപര്യം കാട്ടിയില്ല. യേശുവിന്റെ ജീവിതവും പ്രവൃത്തിയും സംബന്ധിച്ച് അവർക്കു ലഭിച്ച വാർത്തകൾ അവരെ അത്ഭുതപരതന്ത്രരും ഉത്കണ്ഠാകുലരും ആക്കിത്തീർത്തു. രാത്രി മുഴുവനും യേശു പ്രാർത്ഥനയിൽ ചെലവഴിക്കുന്നതും, പകൽക്കാലത്തു ജനങ്ങളുടെ ഇടയിൽ കഴിയുന്നതും, ആഹാരംപോലും വെടിഞ്ഞു പ്രവർത്തിക്കുന്നതുമെല്ലാം അവർ കേട്ടു. അവിരാമമായ പ്രവൃത്തിയാൽ താൻ ക്ഷീണിതനായിക്കൊണ്ടിരിക്കുകയാണെന്നു യേശുവിന്റെ സ്നേഹിതന്മാർ വിചാരിച്ചു. പരീശന്മാരോടുള്ള യേശുവിന്റെ മനോഭാവത്തിന് അവർക്കു വിശദീകരണം നല്കാൻ കഴിഞ്ഞില്ല. യേശുവിന്റെ മനസ്സ് അസ്ഥിരമായിരിക്കുന്നുവെന്നു ചിലർ വിചാരിച്ചു.

യേശുവിന്റെ സഹോദരന്മാർ ഇതെല്ലാം കേട്ടു. യേശു ഭൂതങ്ങളെ പുറത്താക്കുന്നതു സാത്താന്റെ ശക്തികൊണ്ടാണെന്നുള്ള പരീശന്മാരുടെ ആരോ

പണവും അവരുടെ ചെവിയിലെത്തി. യേശുവിനോട് അവർക്ക് അടുത്ത ബന്ധമുണ്ടായിരുന്നതിനാൽ, തങ്ങളും പരിഹാസിതരായിത്തീരുന്നുവെന്ന് അവർക്കു തോന്നി. യേശുവിന്റെ പ്രസ്താവനകളും, പ്രവർത്തനരീതികളും ഉണ്ടാക്കിയ കോലാഹലത്തെക്കുറിച്ചും അവർ കേട്ടു. യേശു നല്കിയ ധീരമായ പ്രസ്താവനകൾ അവരെ ഭയപ്പെടുത്തുക മാത്രമല്ല ചെയ്തത്. പരീശന്മാരെയും ശാസ്ത്രിമാരെയും പരസ്യമായി കുറ്റപ്പെടുത്തിയത് അവരെ കോപിഷ്ഠരാക്കി. ഇപ്രകാരമുള്ള പ്രവൃത്തിയിൽനിന്നു യേശുവിനെ പിന്തിരിപ്പിക്കുവാൻ അവർ തീരുമാനിച്ചു. തങ്ങളോടുകൂടെ ചേരുവാൻ അവർ മറിയയെയും നിർബന്ധിച്ചു. അമ്മയോടുള്ള തന്റെ ബഹുമാനം യേശുവിൽ മാറ്റം വരുത്തുമെന്നും അങ്ങനെ യേശുവിനെ തങ്ങളുടെ വശത്താക്കാമെന്നും യേശുവിന്റെ സഹോദരന്മാർ കരുതി.

ഈ അവസരത്തിലായിരുന്നു, അന്ധനും ചെകിടനുമായിരുന്ന ഒരു ഭൂതബാധിതനെ യേശു സൗഖ്യമാക്കിയത്. "ഇവൻ ഭൂതങ്ങളുടെ തലവനെക്കൊണ്ടു ഭൂതങ്ങളെ പുറത്താക്കുന്നു" എന്ന ആരോപണം പരീശന്മാർ വീണ്ടും ഉന്നയിച്ചു (മത്തായി 9:34). പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സാത്താന്റേതാണെന്നു പറയുന്നതിൽക്കൂടി തങ്ങളെത്തന്നെ അനുഗ്രഹത്തിന്റെ ഉറവയിൽനിന്നു വിച്ഛേദിക്കുകയാണു ചെയ്യുന്നതെന്നു പരീശന്മാരോടു യേശു വ്യക്തമായ ഭാഷയിൽ പറഞ്ഞു. യേശുവിന്റെ ദൈവികത്വത്തെ ഗ്രഹിക്കാതെ സംസാരിച്ചവർക്കു പാപക്ഷമ കിട്ടിയേക്കാം. അവർക്കു തങ്ങളുടെ തെറ്റിനെ പരിശുദ്ധാത്മാവിൽക്കൂടെ കണ്ടെത്താനും അനുതപിക്കുവാനും സന്ദർഭം ലഭിച്ചേക്കാം. എന്തു പാപമായിരുന്നാലും ഒരുവൻ അനുതപിക്കുകയും വിശ്വസിക്കുകയും ചെയ്യുമെങ്കിൽ ക്രിസ്തുവിന്റെ രക്തത്താൽ അവന്റെ പാപം കഴുകപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനെ ത്യജിക്കുന്നവൻ അനുതാപവും വിശ്വാസവും തന്നിലേക്കു കടന്നുവരുവാൻ സാദ്ധ്യമല്ലാത്ത ഒരു സ്ഥാനത്തേക്കു സ്വയം പ്രതിഷ്ഠിക്കുന്നു. മനുഷ്യഹൃദയത്തിൽ ദൈവം പ്രവർത്തിക്കുന്നതു പരിശുദ്ധാത്മാവിൽക്കൂടിയാണ്. പരിശുദ്ധാത്മാവിനെ തിരസ്കരിക്കയും മനുഷ്യർ ബോധപൂർവ്വം നിന്ദിക്കയും ചെയ്യുമ്പോൾ ദൈവത്തോട് അടുത്തുചെല്ലുവാനുള്ള മാർഗ്ഗത്തെ അവർ അടച്ചുകളയുകയാണു ചെയ്യുന്നത്. പരിശുദ്ധാത്മാവിനെ ത്യജിക്കുന്ന ഒരുവനുവേണ്ടി ഒന്നും ചെയ്വാൻ ദൈവത്തിനു കഴിയുകയില്ല.

യേശുവിൽനിന്നു മുന്നറിയിപ്പു ലഭിച്ച പരീശന്മാർ യേശുവിനെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ വിശ്വസിച്ചിരുന്നില്ല. യേശുവിങ്കലേക്ക് ആകർഷിക്കപ്പെടാത്ത ഒരുത്തൻപോലും ആ പരീശപ്രമാണികളുടെ ഇടയിൽ ഉണ്ടായിരുന്നില്ല. യിസ്രായേലിലെ അഭിഷിക്തൻ ക്രിസ്തുവാണെന്നു പ്രഖ്യാപിക്കുന്ന പരിശുദ്ധാത്മാവിന്റെ ശബ്ദം അവരുടെ ഹൃദയങ്ങളിൽ പതിഞ്ഞിരുന്നു. ക്രിസ്തുവിന്റെ അനുയായികളാണു തങ്ങളെന്നു സാക്ഷീകരിക്കുവാൻ പരിശുദ്ധാത്മാവ് അവരിൽ ശക്തമായ പ്രേരണ ചെലുത്തി. യേശുവിന്റെ സാന്നിദ്ധ്യത്തിൽ തങ്ങളുടെ അശുദ്ധി എത്ര വലുതാണെന്ന് അവർക്കു മനസ്സിലാക്കി. തങ്ങൾക്കു മെനഞ്ഞെടുക്കുവാൻ അസാദ്ധ്യമായ നീതിക്കുവേണ്ടി അവർ കാംക്ഷിച്ചു. എന്നാൽ തങ്ങൾ തിരസ്കരിച്ച യേശുവിനെ

മശീഹയായി അംഗീകരിക്കുന്നതു തങ്ങളുടെ അന്തസ്സിനു നിരക്കുന്നതല്ലെന്ന് അവർക്കു തോന്നി. വിശ്വാസത്തിന്റെ പാതയിലേക്ക് അവരുടെ തെറ്റിനെ ഏറ്റുപറയുവാൻ അവരുടെ ദുരഭിമാനം അവരെ അനുവദിച്ചില്ല. സത്യത്തെ അംഗീകരിക്കാതിരിക്കുന്നതിനായി, കർത്താവിന്റെ ഉപദേശങ്ങൾക്കെതിരെ എന്തും പ്രവർത്തിക്കുന്നതിന് അവർ തയ്യാറായി. യേശുവിന്റെ ദിവ്യ സ്നേഹവും അത്ഭുതപ്രവൃത്തികളും പരീശന്മാരെ കൂടുതൽ പ്രകോപി പ്പിച്ചു. അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിൽനിന്നു യേശുവിനെ പിന്തിരിപ്പി ക്കുവാൻ അവർക്കു സാദ്ധ്യമല്ലായിരുന്നു. എന്നാൽ യേശുവിന്റെ വാക്കുകളെ തെറ്റായി വ്യാഖ്യാനിക്കുവാനും യേശുവിനെക്കുറിച്ചു ജനത്തിന്റെയിടയിൽ തെറ്റിദ്ധാരണ പരത്തുവാനും അവർക്കു കഴിയുന്നതൊക്കെ അവർ ചെയ്തു. പക്ഷേ പരിശുദ്ധാത്മാവ് അവരോടു വാദിച്ചുകൊണ്ടിരുന്നു. പരിശുദ്ധാ ത്മാവിന്റെ പ്രേരണയെ തടസ്സപ്പെടുത്തുവാൻ അവർ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു. പരിശുദ്ധാത്മാവിന്റെ പ്രേരണയ്ക്കു വിധേയരാകുവാൻ അവർക്കു മനസ്സില്ലായിരുന്നു.

മനുഷ്യരുടെ കണ്ണുകളെ കുരുടാക്കുന്നതും ഹൃദയങ്ങളെ കഠിനപ്പെടു ത്തുന്നതും ദൈവത്തിന്റെ പ്രവൃത്തി അല്ല. പ്രത്യുത മനുഷ്യരുടെ അപഥ സഞ്ചാരത്തെ ചൂണ്ടിക്കാണിച്ച് അവയെ തിരുത്തുവാനും ശരിയായ പാതയി ലൂടെ നടത്തുവാനും പരിശുദ്ധാത്മാവു വെളിച്ചം പകരുന്നു. ഈ പ്രകാശ ത്തെ ത്യജിക്കുന്നതുകൊണ്ടു ഹൃദയം കഠിനപ്പെടുകയും ആത്മീയ ദർശനം നഷ്ടമാക്കുകയും ചെയ്യുന്നു. ഇതു വളരെ സാവധാനത്തിലും മനുഷ്യർ അറി യാതെയും നടക്കുന്ന ഒന്നാണ്. ദൈവവചനം, ദൈവദാസന്മാരുടെ ഉപ ദേശം, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എന്നീ മാധ്യമങ്ങളിലൂടെയാണു സ്വർഗ്ഗീയവെളിച്ചം ആത്മാവിലേക്കു കടന്നുചെല്ലുന്നത്. എന്നാൽ പ്രകാശ ത്തിന്റെ ഒരു രശ്മിയെ അവഗണിച്ചാൽ ആത്മീയ അവബോധത്തിന്റെ സ്തം ഭനം അനുഭവപ്പെടും. അപ്രകാരം ആത്മീയ പ്രകാശം നഷ്ടപ്പെട്ട വ്യക്തിക്കു പിന്നീടു പ്രകാശത്തെ തിരിച്ചറിയുക സാദ്ധ്യമല്ല. ആ വ്യക്തി അന്ധകാര ത്തിൽ പതിച്ച് ആത്മാവിനെ മുഴുവൻ അന്ധകാരത്തിലാക്കുന്നു. യെഹൂദ പ്രമാണികൾക്കു ഭവിച്ചത് ഇതായിരുന്നു. ദൈവത്തിന്റെ ശക്തി യേശുവി നോടുകൂടെയുണ്ട് എന്നവർക്കറിയാമായിരുന്നു. എങ്കിലും സത്യത്തെ എതിർ ക്കുന്നതിനു വേണ്ടി പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ സാത്താന്യ പ്രവർത്തനമെന്ന് അവർ ആരോപിച്ചു. അവർ അറിഞ്ഞുകൊണ്ടു വഞ്ചന പ്രവർത്തിച്ചു. സാത്താന് അവർ സ്വയം കീഴ്പ്പെട്ടു. അതുമുതൽ അവർ സാത്താന് അടിമകളായി.

പരിശുദ്ധാത്മാവിന് എതിരായി ചെയ്യുന്ന പാപങ്ങളോടൊപ്പം യേശു മുന്ന റിയിപ്പു നല്കിയ പാപങ്ങളാണ് അലസതയും ദുർഭാഷണവും. മനസ്സിൽ എന്താണു കുടികൊള്ളുന്നത് എന്നതിന്റെ സൂചനയാണു വാക്കുകൾ. "ഹൃദയം നിറഞ്ഞു കവിയുന്നതിൽനിന്നല്ലോ വായ് സംസാരിക്കുന്നത്." വാക്കുകൾ സ്വഭാവത്തെ ചൂണ്ടിക്കാട്ടുക മാത്രമല്ല, സ്വഭാവത്തിന്റെമേൽ അവയ്ക്കു പ്രതിവർത്തിക്കുവാനും കഴിയും. തങ്ങളുടെ സ്വന്തം വാക്കുകളാൽ

മനുഷ്യർ സ്വാധീനിക്കപ്പെടുന്നു. പലപ്പോഴും സാത്താന്റെ പ്രേരണയാലുണ്ടാകുന്ന നൈമിഷിക വികാരാവേശത്താൽ തങ്ങൾപോലും വിശ്വസിക്കാത്ത തിന്മ നിറഞ്ഞ കാര്യങ്ങൾ വിളിച്ചു പറയുന്നവരുണ്ട്. എന്നാൽ അപ്രകാരമുള്ള വാക്കുകൾ മനസ്സിൽ പ്രതിപ്രവർത്തിക്കുന്നു. സ്വന്തം വാക്കുകളാൽ അവർ വഞ്ചിക്കപ്പെടുന്നു. സാത്താൻ പ്രേരിപ്പിച്ചു പറഞ്ഞ കാര്യങ്ങൾ സത്യമെന്ന് അവർ വിശ്വസിക്കുന്നു. സംശയത്തിന്റെ വാക്കുകൾ ഉച്ചരിക്കുന്നതുതന്നെ അപകടകരമാണ്. ദൈവിക വെളിച്ചത്തെ ചോദ്യം ചെയ്യുന്നതും, വിമർശിക്കുന്നതും വിനാശത്തിലേക്കു നയിക്കുന്നു. കരുതലില്ലാത്തതും അഭക്തി നിറഞ്ഞതുമായ വിമർശനശീലം സ്വഭാവത്തിന്റെമേൽ പ്രതിപ്രവർത്തിക്കുകയും അതു ഭക്തിയില്ലായ്മയെയും അവിശ്വാസത്തെയും വളർത്തുകയും ചെയ്യുന്നു. ഈ ദുശ്ശീലത്തിനു വശംവദരായിട്ടുള്ള അനേകർ അതിന്റെ ദൂഷ്യഫലങ്ങളെ മനസ്സിലാക്കാതെ ഒടുവിൽ പരിശുദ്ധാത്മാവിനെതിരായി പ്രവർത്തിക്കുവാൻ ഒരുമ്പെടുന്നു. യേശു പറഞ്ഞു: "മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധിദിവസത്തിൽ കണക്കുബോധിപ്പിക്കേണ്ടിവരും." "നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും."

അനന്തരം തന്റെ വാക്കുകൾ കേൾക്കുകയും എന്നാൽ പരിശുദ്ധാത്മാവിനു ഹൃദയം തുറന്നുകൊടുക്കാതിരിക്കുകയും ചെയ്യുന്നവരോടു യേശു മുന്നറിയിപ്പു നല്കി. എതിർക്കുന്നതിൽക്കൂടി മാത്രമല്ല, ഉപേക്ഷകൊണ്ടും ആത്മാവിനെ നശിപ്പിക്കാം. "അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ടശേഷം നീരില്ലാത്ത സ്ഥലങ്ങളിൽക്കൂടി തണുപ്പ് അന്വേഷിച്ചുകൊണ്ടു സഞ്ചരിക്കുന്നു; കണ്ടെത്തുന്നില്ലതാനും. ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്കു മടങ്ങിച്ചെല്ലും എന്ന് അവൻ പറയുന്നു. ഉടനെ വന്ന്, അത് ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു. പിന്നെ അവൻ പുറപ്പെട്ട്, തന്നിലും ദുഷ്ടതയേറിയ വേറെ ഏഴ് ആത്മാക്കളെ കൂട്ടിക്കൊണ്ടുവരുന്നു; അവരും അവിടെ കയറിപ്പാർക്കുന്നു."

സാത്താന്റെ അടിമത്തത്തിൽനിന്നു സ്വതന്ത്രരായിരിക്കുന്നുവെന്നു തോന്നിപ്പിക്കുന്ന തരത്തിലുള്ള അനവധി ആളുകൾ ഇന്നത്തെപ്പോലെ ക്രിസ്തുവിന്റെ കാലത്തും ഉണ്ടായിരുന്നു. ദൈവകൃപയാൽ അശുദ്ധാത്മാക്കളിൽനിന്ന് അവർ മോചനം പ്രാപിച്ചു; ദൈവസ്നേഹത്തിൽ അവർ സന്തോഷിച്ചു. എന്നാൽ ഉപമയിൽ പറഞ്ഞ പാറസ്ഥലംപോലെയുള്ള കേൾവിക്കാരായ അവർ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിലനിന്നില്ല. ക്രിസ്തു അവരുടെ ഹൃദയത്തിൽ വസിക്കുന്നതിന് അവർ ദിനന്തോറും തങ്ങളെ കീഴ്പ്പെടുത്തിയില്ല. അശുദ്ധാത്മാവു തന്നിലും ദുഷ്ടതയേറിയ വേറെ ഏഴ് ആത്മാക്കളെ കൂട്ടിക്കൊണ്ടു തിരിച്ചുവന്നപ്പോൾ അവർ പൂർണ്ണമായി ദുഷ്ടശക്തിയുടെ കീഴിലായി.

ആത്മാവു ക്രിസ്തുവിനു കീഴ്പ്പെടുമ്പോൾ പുതിയ ഹൃദയത്തിൽ ഒരു പുതുശക്തി സ്ഥാനം പിടിക്കുന്നു. മനുഷ്യനു സ്വയമായി നേടിയെടുക്കുവാൻ സാധിക്കാത്ത ഒരു രൂപാന്തരം വാർത്തെടുക്കപ്പെടുന്നു. അലൗകികമായ

ഒരംശം മനുഷ്യസ്വഭാവത്തിൽ കൊണ്ടുവരുന്ന അലൗകികമായ ഒരു പ്രവർത്തനമാണത്. ക്രിസ്തുവിനു സമർപ്പിക്കപ്പെട്ട ഒരു ഹൃദയം അതിന്റെ തന്നെ ഒരു കോട്ടയായിത്തീരുന്നു. മറുതലിപ്പുള്ള ഒരു ലോകത്തിൽ അതിനെ കർത്താവു സംരക്ഷിക്കുന്നു. തന്റെ അധികാരമല്ലാതെ മറ്റൊരധികാരവും അതിൽ കടന്നുവരാൻ കർത്താവു ആഗ്രഹിക്കുന്നില്ല. സ്വർഗ്ഗീയശക്തികളാൽ ഇപ്രകാരം കാത്തുസൂക്ഷിക്കപ്പെടുന്ന ഒരാത്മാവ് സാത്താന്റെ ആക്രമണങ്ങളിൽനിന്നു സുരക്ഷിതമായിരിക്കും. എന്നാൽ നാം ക്രിസ്തുവിനു കീഴ്പ്പെടുന്നില്ലായെങ്കിൽ, ദുഷ്ടശക്തിയാൽ നാം ഭരിക്കപ്പെടും. ലോകാധിപത്യത്തിനുവേണ്ടി പോരാടിക്കൊണ്ടിരിക്കുന്ന രണ്ടു ശക്തികളിൽ ഏതെങ്കിലുമൊന്നിന്റെ കീഴിൽ നാം ആകുമെന്നുള്ളതു നിശ്ചയമാണ്. അന്ധകാരശക്തിയുടെ കീഴിലായിത്തീരുന്നതിന്, നാം മനഃപൂർവ്വം അതിന്റെ സേവനം തെരഞ്ഞെടുക്കേണ്ടതില്ല. പ്രകാശത്തിന്റെ രാജ്യവുമായി ബന്ധം പുലർത്തുന്നതിൽ ഉപേക്ഷ കാണിച്ചാൽ മാത്രം മതിയാകും. സ്വർഗ്ഗീയശക്തികളുമായി നാം സഹകരിക്കുന്നില്ലായെങ്കിൽ സാത്താൻ നമ്മുടെ ഹൃദയത്തെ കീഴ്പ്പെടുത്തുകയും അത് അവന്റെ വാസസ്ഥലമാക്കിത്തീർക്കുകയും ചെയ്യും. ക്രിസ്തുവിന്റെ നീതിയിൽ നാം വിശ്വാസമർപ്പിക്കുകയും തന്മൂലം ക്രിസ്തു നമ്മിൽ വസിക്കുകയും ചെയ്യുന്നതാണു തിന്മയ്ക്കെതിരെയുള്ള ഏക രക്ഷാമാർഗ്ഗം. ദൈവവുമായി ജീവനാധാരമായ ബന്ധം നാം പുലർത്തുന്നില്ലായെങ്കിൽ സ്വസ്നേഹത്തിന്റെയും സ്വയനിയന്ത്രണമില്ലായ്മയുടെയും പാപത്തിലേക്കു നയിക്കുന്ന പരീക്ഷകളുടെയും അവിശുദ്ധഫലങ്ങളെ തടഞ്ഞുനിർത്തുവാൻ ഒരിക്കലും നമുക്കു കഴിയുന്നതല്ല. അനേകം ദുഷ്പരിചയങ്ങളെ നാം വെടിഞ്ഞിരിക്കാം. സാത്താനുമായുള്ള ബന്ധം വിടർത്തിയിരുന്നിരിക്കാം. എന്നാൽ ഓരോ നിമിഷവും നാം സമർപ്പണത്തിൽക്കൂടെ ദൈവവുമായി സജീവബന്ധം പുലർത്തുന്നില്ലായെങ്കിൽ നാം പരാജിതരാവും. ക്രിസ്തുവുമായി വ്യക്തിപരമായ സഖിത്വം കൂടാതെയും തുടർച്ചയായ സമ്പർക്കമില്ലാതെയുമിരുന്നാൽ നാം ശത്രുവിന്റെ പിടിയിലമർന്നുപോകും. ഒടുവിൽ നാം അവന്റെ ആജ്ഞാനുവർത്തിയായിത്തീരും.

"ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പിലത്തേതിലും വല്ലാതെ ആകും; ഈ ദുഷ്ട തലമുറയ്ക്കും അങ്ങനെ ഭവിക്കും"- യേശു പറഞ്ഞു. കൃപയുടെ ആഹ്വാനത്തെ പുച്ഛിക്കുകയും, കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും ചെയ്യുന്നവനെക്കാൾ ഹൃദയം കഠിനപ്പെട്ടുപോയ ആരുമില്ല. പരിശുദ്ധാത്മാവിനെതിരായുള്ള സർവ്വസാധാരണമായി കണ്ടുവരുന്ന പാപം അനുതപിക്കുന്നതിനുവേണ്ടി സ്വർഗ്ഗം നല്കുന്ന ക്ഷണത്തെ നിരസിക്കുന്നതാണ്. ക്രിസ്തുവിനെക്കൂടാതെയുള്ള ഓരോ ചുവടുവയ്പും രക്ഷയെ നിരസിക്കുന്ന ഓരോ ചുവടുവയ്പാണ്. പരിശുദ്ധാത്മാവിന് എതിരെയുള്ള ഓരോ ചുവടുവയ്പുകൂടിയാണത്.

ക്രിസ്തുവിനെ തള്ളിയതിലൂടെ, ക്ഷമ ലഭിക്കാത്ത പാപമാണു യെഹൂദന്മാർ ചെയ്തത്. കരുണയുടെ ക്ഷണം നാം നിഷേധിക്കുകയാണെങ്കിൽ നാമും അതേ പാപം ആവർത്തിക്കുകയാണ്. ക്രിസ്തുവിൽനിന്നു നമ്മെ

അകറ്റുന്ന സാത്താന്റെ പ്രതിനിധികളെ നാം ബഹുമാനിക്കുകയും ക്രിസ്തുവിന്റെ ദൂതുവാഹികളെ നാം ചെവിക്കൊള്ളാതിരിക്കുകയും ചെയ്യുമ്പോൾ നാം ജീവന്റെ നാഥനെ നിന്ദിക്കുകയും സമസ്ത സൃഷ്ടിയുടെയും സാത്താന്യ സംഘത്തിന്റെയും മുമ്പിൽ ലജ്ജിതനാക്കുകയും ചെയ്യുകയാണ്. ഏതൊരുവനും ഇപ്രകാരം പ്രവർത്തിച്ചുകൊണ്ടിരുന്നാൽ, പാപക്ഷമയോ, പ്രത്യാശയോ പ്രാപിപ്പാൻ കഴിയുകയില്ല. ഒടുവിൽ ദൈവവുമായി നിരപ്പാകാനുള്ള എല്ലാ താൽപര്യവും അവനു നഷ്ടമാകും.

യേശു ജനത്തോട് ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ അമ്മയും, സഹോദരന്മാരും തന്നെ കാണുന്നതിനു താൽപര്യപ്പെട്ടുകൊണ്ടു വെളിയിൽ നില്ക്കുന്നുവെന്നു ശിഷ്യന്മാർ കർത്താവിനോടു പറഞ്ഞു. അവരുടെ ഹൃദയവിചാരങ്ങൾ ഗ്രഹിച്ചുകൊണ്ടു യേശു ചോദിച്ചു: "എന്റെ അമ്മ ആർ? എന്റെ സഹോദരന്മാർ ആർ?" ശിഷ്യന്മാരുടെ നേരെ കൈകൾ നീട്ടിക്കൊണ്ടു യേശു പറഞ്ഞു: "ഇതാ, എന്റെ അമ്മയും എന്റെ സഹോദരന്മാരും! സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു."

വിശ്വാസത്താൽ യേശുവിനെ സ്വീകരിക്കുന്ന ഏവരും മാനുഷിക ബന്ധങ്ങളെക്കാൾ ശ്രേഷ്ഠമായ ഒരു ബന്ധത്തിൽ അവനുമായി ഇഴുകിച്ചേരുകയാണു ചെയ്യുന്നത്. ക്രിസ്തു പിതാവുമായി ഒന്നായിരുന്നതുപോലെ വിശ്വാസി ക്രിസ്തുവുമായി ഒന്നായിത്തീരുന്നു. ഒരു വിശ്വാസിയെന്ന നിലയിലും യേശുവിന്റെ കല്പനകൾ അനുസരിക്കുന്ന വ്യക്തിയെന്ന നിലയിലും യേശുവിന്റെ അമ്മയായ മറിയയ്ക്കു ഭൗമികബന്ധത്തെക്കാൾ ശ്രേഷ്ഠതയേറിയ അലൗകികമായ ആത്മീയബന്ധം ക്രിസ്തുവുമായിട്ടുണ്ടായിരുന്നു. തങ്ങളുടെ സ്വന്ത രക്ഷിതാവായി ക്രിസ്തുവിനെ സ്വീകരിക്കുന്നില്ലായെങ്കിൽ ക്രിസ്തുവിന്റെ സഹോദരന്മാർക്കു ക്രിസ്തുവുമായുള്ള ഭൗമികബന്ധംകൊണ്ട് ഒരു പ്രയോജനവും ഉണ്ടാവുകില്ലായിരുന്നു.

യേശു സ്വർഗ്ഗത്തിൽനിന്നു വന്നുവെന്നു വിശ്വസിച്ചു യേശു ചെയ്ത ദൈവത്തിന്റെ പ്രവൃത്തിയിൽ ആ സഹോദരന്മാർ സഹകരിച്ചിരുന്നുവെങ്കിൽ, തന്റെ ഭൗമികബന്ധുക്കളിൽനിന്ന് എത്ര വലിയ സഹായം യേശുവിനു ലഭിക്കുമായിരുന്നു. യേശുവിന്റെ ഭൗമികജീവിതത്തിൽ സഹോദരന്മാരുടെ അവിശ്വാസം ഒരു കരിനിഴൽ പരത്തിയിരുന്നു. നമുക്കുവേണ്ടി കർത്താവു കുടിച്ച കയ്പുനീരിന്റെ ഒരു ഭാഗമായിരുന്നു അത്.

സുവിശേഷത്തിനെതിരായി മനുഷ്യഹൃദയങ്ങളിൽ തിളച്ചുപൊങ്ങിയ ശത്രുത, ദൈവപുത്രനു നല്ലവണ്ണം അനുഭവപ്പെട്ടു. തന്റെ സ്വന്തഭവനത്തിലെ അനുഭവം കൂടുതൽ വേദനാജനകമായിരുന്നു. എന്തെന്നാൽ യേശുവിന്റെ ഹൃദയം ദയയും സ്നേഹവും നിറഞ്ഞതായിരുന്നു. കുടുംബബന്ധത്തിൽ സ്നേഹവായ്പു യേശു കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു. തങ്ങളുടെ ആശയങ്ങൾക്കനുസൃതമായി യേശു വർത്തിക്കണമെന്നു യേശുവിന്റെ സഹോദരന്മാർ താൽപര്യപ്പെട്ടു. എന്നാൽ യേശുവിന്റെ ശുശ്രൂഷയ്ക്ക് എതിരായിരുന്നു

അവരുടെ മാർഗ്ഗം. യേശു തങ്ങളുടെ ഉപദേശം സ്വീകരിക്കുന്നതാണു നല്ല തെന്ന് ആ സഹോദരന്മാർ കരുതി. മാനുഷിക ചിന്താഗതിക്കനുസൃതമായാണ് അവർ യേശുവിനെ വിലയിരുത്തിയത്. ശാസ്ത്രിമാർക്കും പരീശന്മാർക്കും സ്വീകാര്യമായ രീതിയിൽ യേശു സംസാരിച്ചിരുന്നെങ്കിൽ അവരുടെ പ്രീതി യേശുവിനു സമ്പാദിക്കാമായിരുന്നുവെന്ന് അവർ ചിന്തിച്ചു. തനിക്കു ദൈവിക അധികാരം ഉണ്ടെന്നു പറയുകയും പരീശന്മാരെയും ശാസ്ത്രിമാരെയും ശകാരിക്കുകയും ചെയ്തപ്പോൾ യേശുവിനു ബുദ്ധിഭ്രമം പിടിച്ചിരിക്കുന്നെന്ന് അവർ കരുതി. യേശുവിന്റെ മേൽ കുറ്റാരോപണം ചുമത്തുവാൻ പരീശന്മാർ തക്കം പാർത്തിരിക്കയായിരുന്നുവെന്ന് ആ സഹോദരന്മാർക്കറിയാമായി രുന്നു. യേശുവിന്റെ ശകാരങ്ങൾ പരീശന്മാരെ ചൊടിപ്പിച്ചിരുന്നുവെന്നും അവരറിഞ്ഞിരുന്നു.

യേശുവിന്റെ മഹത്തായ ദൗത്യത്തെ അളക്കുവാൻ തന്റെ സഹോദര ന്മാർക്കു കഴിവുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അവർക്കു യേശുവിന്റെ പരീക്ഷകളിൽ സഹതപിക്കുവാൻ കഴിഞ്ഞില്ല. യേശുവിന്റെ സ്വഭാവത്തെ ശരിയായി മനസ്സിലാക്കുവാനോ, ദൈവത്വവും മനുഷ്യത്വവും ക്രിസ്തുവിൽ അടങ്ങിയിരിക്കുന്നതു ഗ്രഹിക്കുവാനോ അവർക്കു കഴിഞ്ഞില്ലായെന്ന് അവരുടെ പരുഷവും സ്നേഹരഹിതവുമായ വാക്കുകൾ തെളിയിച്ചു. ദുഃഖിത നായിട്ടാണു യേശുവിനെ അവർ പലപ്പോഴും കണ്ടത്. എന്നാൽ യേശുവിനെ ആശ്വസിപ്പിക്കുന്നതിനു പകരം, അവർ തങ്ങളുടെ വാക്കുകൾകൊണ്ടും മനോ ഭാവംകൊണ്ടും, അവനെ മുറിപ്പെടുത്തുകയാണു ചെയ്തത്. അവർ അവന്റെ മൃദുലമായ ഹൃദയത്തെ വേദനിപ്പിക്കയും, ഉദ്ദേശ്യങ്ങളെ തെറ്റിദ്ധരിക്കയും, പ്രവർത്തനങ്ങളെ ഗ്രഹിക്കാതിരിക്കയും ചെയ്തു.

സകല മർമ്മങ്ങളെയും ഗ്രഹിച്ചവനും, എല്ലാ സത്യത്തെയും അറിഞ്ഞ വനുമായ യേശുവിനെ ഉപദേശിക്കുവാൻ യേശുവിന്റെ സഹോദരന്മാർ, പരീശന്മാരുടെ പഴകിയതും ജീർണ്ണിച്ചതുമായ തത്വസംഹിതകളെ യേശു വിന്റെ മുമ്പാകെ കൊണ്ടുവന്നു. തങ്ങൾക്കു ഗ്രഹിപ്പാൻ കഴിയാത്തതിനെ അവർ വിമർശിച്ചു. പാരുഷ്യം നിറഞ്ഞ അവരുടെ വാക്കുകൾ യേശുവിന്റെ ഹൃദയത്തെ മുറിപ്പെടുത്തി. യേശുവിന്റെ മനസ്സു ദുഃഖപൂർണ്ണമായി. തങ്ങൾ ദൈവത്തെ വിശ്വസിക്കുന്നവരാണ് എന്ന് അവർ അവകാശപ്പെട്ടു. ദൈവത്തെ തങ്ങൾ സഹായിക്കുകയാണെന്ന് അവർ ധരിച്ചു. എന്നാൽ ദൈവം ജഡ മായിത്തീർന്നു തങ്ങളോടുകൂടെ വസിച്ചിട്ടും അവർ അറിഞ്ഞില്ല.

യേശുവിന്റെ പാതയെ ദുർഘടപൂരിതമാക്കുന്നതായിരുന്നു ഇവരുടെ പ്രവൃ ത്തികൾ. സ്വഭവനത്തിൽപോലും താൻ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നതിൽ യേശുവിന് അളവറ്റ ദുഃഖമുണ്ടായിരുന്നു. തന്മൂലം വീട്ടിൽനിന്ന് അകന്നിരി ക്കുന്നതു യേശുവിന് ആശ്വാസകരമായിരുന്നു. യേശുവിന് ആശ്വാസം ലഭി ക്കുന്ന ഒരു ഭവനമായിരുന്നു ലാസറിന്റെയും മറിയയുടെയും മാർത്തയുടെയും ഭവനം. സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും അന്തരീക്ഷത്തിൽ യേശു വിന്റെ ആത്മാവു വിശ്രമം കണ്ടെത്തി. മനുഷ്യവർഗ്ഗത്തിനുവേണ്ടി താൻ അനുഭവിച്ച വ്യഥ മനസ്സിലാക്കിയവരോ തന്റെ ദൗത്യം ഗ്രഹിച്ചവരോ ആരും

തന്നെയില്ലായിരുന്നു. ഏകാന്തതയിലായിരിക്കുമ്പോഴും സ്വർഗ്ഗീയപിതാവുമായി സമ്പർക്കം പുലർത്തുമ്പോഴും യേശു യഥാർത്ഥ ആശ്വാസം കണ്ടെത്തിയിരുന്നു.

ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിപ്പാൻ വിളിക്കപ്പെട്ടവരും, സ്വഭവനത്തിൽ പോലും സംശയദൃഷ്ടിയോടെ വീക്ഷിക്കപ്പെടുകയും തെറ്റിദ്ധരിക്കയും ചെയ്യപ്പെടുന്നവരും, തങ്ങൾക്കു മുമ്പേ കർത്താവും ഇതേ അനുഭവത്തിലൂടെ കടന്നുപോയി എന്നോർത്ത് ആശ്വാസം കണ്ടെത്തുന്നു. യേശു അവരോട് ഏറ്റവും സഹതാപമുള്ളവനാണ്. യേശു തന്റെ സ്വർഗ്ഗീയപിതാവുമായി സഖിത്വം പുലർത്തി ആശ്വാസം പ്രാപിച്ചതുപോലെ, അവരും സ്വർഗ്ഗീയ സമാധാനം പ്രാപിക്കുവാൻ യേശു സ്നേഹത്തോടെ വിളിക്കുന്നു.

യേശുവിനെ സ്വന്തരക്ഷകനായി സ്വീകരിക്കുന്നവർക്ക് അനാഥരായി കഴിയേണ്ടിവരികയില്ല. സ്വർഗ്ഗീയകുടുംബത്തിലെ അംഗങ്ങളാണവർ. യേശുവിന്റെ പിതാവായ ദൈവം അവരുടെയും പിതാവു തന്നെയാണ്. അവർ ദൈവത്തിനു പ്രിയങ്കരരായ “ചെറുപൈത”ങ്ങളാണ്. ഏറ്റവും സ്നേഹമേറിയതും നിലനില്ക്കുന്നതുമായ ബന്ധത്താൽ അവർ ഇണയ്ക്കപ്പെട്ടിരിക്കുന്നു. സ്വർഗ്ഗീയമായതു ഭൗമികമായതിനെക്കാൾ ഉയർന്നിരിക്കുന്നതുപോലെ, നമ്മുടെ നിസ്സഹായാവസ്ഥയിൽ നമ്മുടെ ഭൗമിക മാതാപിതാക്കന്മാർക്കു നമ്മോടുള്ള സ്നേഹത്തെക്കാൾ ശക്തമായതാണു യേശുവിനു തന്റെ ഭക്തന്മാരോടുള്ള സ്നേഹം.

ക്രിസ്തുവിന്റെ സ്നേഹത്തെ വിശദീകരിപ്പാനായി, യിസ്രായേല്യർക്കു നല്കിയ കല്പനയിൽ ഒരു നല്ല ഉദാഹരണമുണ്ട്. ദാരിദ്ര്യം മൂലം ഒരു യിസ്രായേല്യൻ തന്റെ പിതൃസ്വത്തു കൈവിടുകയും, തന്നെത്താൻ മറ്റൊരാൾക്ക് അടിമയായി വില്ക്കപ്പെടുകയും ചെയ്യുമ്പോൾ, അവനെയും അവന്റെ പിതൃസ്വത്തിനെയും വീണ്ടെടുക്കേണ്ട ചുമതല അവന്റെ ഏറ്റവും അടുത്ത ചാർച്ചക്കാരന്റേതാണ് (ലേവ്യ. 25:25; 47–49, രൂത്ത് 2:20). അതുപോലെ പാപം നിമിത്തം സ്വാതന്ത്ര്യം നഷ്ടപ്പെട്ടുപോയ നമ്മെയും നമ്മുടെ അവകാശത്തെയും വീണ്ടെടുക്കേണ്ട ചുമതല നമ്മുടെ അടുത്ത ചാർച്ചക്കാരനായ കർത്താവിന്റേതത്രേ. നമ്മെ വീണ്ടെടുക്കുന്നതിനുവേണ്ടിയാണ് അവൻ നമ്മുടെ അടുത്ത ചാർച്ചക്കാരനായിത്തീർന്നത്. നമ്മുടെ കർത്താവും രക്ഷകനുമായവൻ നമ്മുടെ അപ്പനെയും, അമ്മയെയും, സഹോദരനെയും, സ്നേഹിതനെയും, പ്രേമഭാജനത്തെയുംകാൾ അടുത്തവനാണ്. യേശു പറയുന്നു: “ഭയപ്പെടേണ്ടാ, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നെ.” “നീ എനിക്കു വിലയേറിയവനും മാന്യനും ആയി ഞാൻ നിന്നെ സ്നേഹിച്ചിരിക്കയാൽ ഞാൻ നിനക്കു പകരം മനുഷ്യരെയും നിന്റെ ജീവനു പകരം ജാതികളെയും കൊടുക്കുന്നു” (യെശ. 43:1–4).

തന്റെ സിംഹാസനത്തെ ചുറ്റിയിരിക്കുന്ന സ്വർഗ്ഗീയഗണങ്ങളെ ക്രിസ്തു സ്നേഹിക്കുന്നു. എന്നാൽ നമ്മെ സ്നേഹിച്ച വലിയ സ്നേഹത്തെ എപ്ര

കാരമാണു വിവരിക്കേണ്ടത്? അതിനെ ഗ്രഹിപ്പാൻ നമുക്കു സാധിക്കുകയില്ല. എന്നാൽ നമ്മുടെ അനുഭവത്തിൽ അതു സത്യമെന്നു നമുക്കറിയാം. യേശുവുമായി നാം ബന്ധം പുലർത്തുന്നുവെങ്കിൽ നമ്മുടെ സഹോദരങ്ങളോട് എത്ര സ്നേഹത്തോടെ വർത്തിക്കേണ്ടതാണ്. നമ്മുടെ ദിവ്യബന്ധങ്ങളുടെ അവകാശങ്ങളെ തിരിച്ചറിയുവാൻ നാം വേഗതയുള്ളവരായിരിക്കണം. ദൈവകുടുംബത്തിലേക്കു ദത്തെടുക്കപ്പെട്ട നാം, നമ്മുടെ സ്വർഗ്ഗീയപിതാവിനെയും നമ്മുടെ സഹോദരങ്ങളെയും ബഹുമാനിക്കേണ്ടതല്ലേ?

# 34

# ക്ഷണം

അവലംബം: മത്തായി 11:28-30

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും."

തന്നെ അനുഗമിച്ച പുരുഷാരത്തോടു യേശു അരുളിച്ചെയ്തതാണ് ആശ്വാസം പകരുന്ന ഈ വാക്കുകൾ. തന്നിൽക്കൂടെ മാത്രമേ ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം ലഭ്യമാകുകയുള്ളുവെന്നു യേശു പറഞ്ഞു. സ്വർഗ്ഗീയകാര്യങ്ങളെക്കുറിച്ചു പരിജ്ഞാനം പ്രാപിച്ചവരാണു തന്റെ ശിഷ്യന്മാർ എന്നു ക്രിസ്തു പറഞ്ഞു. എങ്കിലും യേശുവിന്റെ സംരക്ഷണത്തിൽ നിന്ന് ഒരുവൻപോലും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് ഏവർക്കും മനസ്സിലായി. അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും യേശുവിന്റെ സന്നിധിയിൽ കടന്നുചെല്ലാം.

വളരെ കൃത്യനിഷ്ഠയോടെ മതാനുഷ്ഠാനങ്ങൾ നിർവ്വഹിച്ചുപോന്ന ശാസ്ത്രിമാർക്കും റബ്ബിമാർക്കും എന്തിന്റെയോ കുറവ് അനുഭവപ്പെട്ടിരുന്നു.

പാപപരിഹാരാർത്ഥം അവർ ചെയ്തിരുന്ന സ്വയം ദണ്ഡനങ്ങൾക്ക് ആ കുറവു നികത്താൻ കഴിഞ്ഞില്ല. ചുങ്കക്കാരും പാപികളും ജഡികവും ഭൗമികവുമായ കാര്യങ്ങളിൽ സംതൃപ്തി കണ്ടെത്തിയവരെന്നു ഭാവിച്ചിരുന്നുവെങ്കിലും അവരുടെ ഹൃദയങ്ങളിൽ അവിശ്വാസവും ഭയവും കൂടിക്കൊണ്ടിരുന്നു. ആശകൾ തകർന്നവരും, ലോകസുഖങ്ങളിൽക്കൂടെ ആത്മാവിന്റെ അഭിവാഞ്ഛകളെ സംതൃപ്തമാക്കുവാൻ ശ്രമിക്കുന്നവരുമായ ദുഃഖിതരായ ആളുകളെ തന്റെ അടുത്തേക്കു വന്ന് ആശ്വാസം പ്രാപിക്കുവാൻ യേശു ക്ഷണിച്ചു.

യേശു കാരുണ്യം ചൊരിഞ്ഞുകൊണ്ടു പറഞ്ഞു: "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും."

ഈ വാക്കുകളിൽക്കൂടെ യേശു എല്ലാ മനുഷ്യരോടും സംസാരിക്കുകയാണ്. മനുഷ്യർ അറിഞ്ഞാലും ഇല്ലെങ്കിലും, എല്ലാവരും ഭാരങ്ങൾ ചുമക്കുന്നവരും ക്ഷീണിതരുമാണ്. ക്രിസ്തുവിനു മാത്രം മാറ്റാൻ കഴിയുന്ന ചുമടുകൾക്കു കീഴെ, എല്ലാവരും ഭാരംകൊണ്ടു വീർപ്പുമുട്ടുകയാണ്. പാപഭാരമാണു നാം വഹിക്കുന്ന ഏറ്റവും വലിയ ഭാരം. നാം ഈ ഭാരം വഹിക്കേണ്ടതായി വരികയാണെങ്കിൽ, അതു നമ്മെ തളർത്തിക്കളയും. എന്നാൽ ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തവൻ നമ്മുടെ സ്ഥാനം ഏറ്റെടുത്തു. "എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി" (യെശ. 53:6). നമ്മുടെ അകൃത്യത്തിന്റെ ഭാരം അവൻ വഹിച്ചു. ക്ഷീണിതരായ നമ്മുടെ തോളിൽനിന്നു യേശു ഭാരം ഏറ്റെടുത്തു. യേശു നമുക്കു സ്വസ്ഥത നല്കും. ദുഃഖത്തിന്റെയും ജീവിതക്ലേശങ്ങളുടെയും ഭാരം യേശു വഹിക്കും. എല്ലാ ഭാരവും അവന്റെമേൽ ഇട്ടുകൊൾവാൻ യേശു നമ്മോടു പറയുന്നു. യേശുവിന്റെ ഹൃദയത്തിൽ നമുക്കു സ്ഥാനമുണ്ട്.

മനുഷ്യവർഗ്ഗത്തിന്റെ ജ്യേഷ്ഠസഹോദരൻ എന്നേക്കുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നു. യേശുവിനെ രക്ഷകനായി സ്വീകരിച്ചുകൊണ്ട് അവങ്കലേക്കു നോക്കുന്ന ഏവരെയും യേശു കാണുന്നു. മനുഷ്യവർഗ്ഗത്തിന്റെ ബലഹീനത യേശു അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. നമ്മുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്നും, പരീക്ഷകളെ അഭിമുഖീകരിക്കുമ്പോൾ നമ്മുടെ ശക്തി എവിടെ സ്ഥിതിചെയ്യുന്നുവെന്നും കർത്താവിനറിയാം. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. ഭയപ്പെടുന്ന ദൈവപൈതലേ, അവൻ നിന്നെ കാത്തുസൂക്ഷിക്കുന്നു. നീ പരീക്ഷിക്കപ്പെടുന്നുവോ? അവൻ നിന്നെ ശക്തീകരിക്കും. നീ അജ്ഞതയിൽ കഴിയുന്നുവോ? അവൻ നിന്നെ പ്രകാശിതനാക്കും. നിനക്കു മുറിവുകളുണ്ടോ? അവൻ നിന്നെ സൗഖ്യമാക്കും. "അവൻ നക്ഷത്രങ്ങളുടെ എണ്ണം നോക്കുന്നു." "മനം തകർന്നവരെ അവൻ സൗഖ്യമാക്കുകയും, അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു" (സങ്കീ. 147:4,3). "എന്റെ അടുക്കൽ വരുവിൻ"- യേശുവിന്റെ ക്ഷണമാണ്. നിങ്ങളുടെ ആകുലങ്ങളും ശോധനകളും എന്തായിരുന്നാലും കർത്താവിന്റെ സന്നിധിയിൽ വയ്ക്കുക. കഷ്ടത

സഹിപ്പാനുള്ള ശക്തി നിങ്ങൾക്കു ലഭിക്കും. വിഷമപ്രശ്നങ്ങളിൽനിന്നു പുറത്തുവരുവാനുള്ള വഴി നിങ്ങൾക്കുവേണ്ടി തുറക്കപ്പെടും. നിങ്ങൾ ക്ഷീണിതനും നിസ്സഹായനുമായിക്കൊള്ളട്ടെ. എന്നാൽ അവന്റെ ബലം നിങ്ങളെ അനേകം മടങ്ങു ശക്തീകരിക്കും. നിങ്ങളുടെ ഭാരങ്ങൾ കഠിന മായിക്കൊള്ളട്ടെ. അവയെ വഹിക്കുവാൻ ഒരുക്കമുള്ളവനായ കർത്താ വിന്റെ മേൽ ഇട്ടാൽ നിങ്ങൾക്ക് അനുഗ്രഹപൂർണ്ണമായ സ്വസ്ഥത ലഭിക്കും. ക്രിസ്തു നല്കുന്ന സ്വസ്ഥതയ്ക്കു ചില വ്യവസ്ഥകൾ ഉണ്ട്. എല്ലാവരും പാലിക്കാവുന്നവയാണ് ആ വ്യവസ്ഥകൾ. യേശു നല്കുന്ന സ്വസ്ഥത എങ്ങനെ അവകാശമാക്കാമെന്നു യേശു നമ്മോടു പറയുന്നു.

"എന്റെ നുകം ഏറ്റുകൊൾക." സേവനത്തിന്റെ പ്രതീകമാണു നുകം. കന്നുകാലികളെ നുകം ധരിപ്പിക്കുന്നത്, അവയെക്കൊണ്ടു ജോലിചെയ്യിപ്പി ക്കുന്നതിനുവേണ്ടിയാണ്. ഫലപ്രദമായ വേല അവയെക്കൊണ്ടു ചെയ്യിക്കുന്ന തിനു നുകം ആവശ്യമാകുന്നു. നമ്മിൽ ജീവൻ നിലനില്ക്കുന്നതുവരെ നാം സേവനം ചെയ്യേണ്ടവരാണെന്ന് ഈ ഉദാഹരണം നമ്മെ പഠിപ്പിക്കുന്നു. യേശുവുമായി കൂട്ടുവേലക്കാർ ആയിത്തീരേണ്ടതിനു യേശുവിന്റെ നുകം നാം ഏറ്റുകൊള്ളണം.

നമ്മെ സേവനത്തിലേക്കു ബന്ധിപ്പിക്കുന്ന നുകം ദൈവകല്പനയാ കുന്നു. ഏദെൻതോട്ടത്തിൽ വെളിപ്പെടുത്തപ്പെട്ടതും, സീനായ്പർവ്വത ത്തിൽവച്ചു വിളംബരം ചെയ്യപ്പെട്ടതും പുതിയ കല്പനയിൽ ഹൃദയത്തിൽ എഴുതപ്പെട്ടതുമായ മഹത്തായ സ്നേഹത്തിന്റെ കല്പന, മനുഷ്യനെ ദൈവ ഹിതവുമായി ബന്ധിപ്പിക്കുന്നു. നമ്മുടെ സ്വന്തഹിതത്തിനു വഴിപ്പെട്ടു സ്വേച്ഛാ നുസരണം നടന്നാൽ, നാം സാത്താന്റെ തന്ത്രത്തിൽ പെടുകയും അവന്റെ സ്വഭാവത്തിനടിമയായിത്തീരുകയും ചെയ്യും. അതുകൊണ്ടു ശ്രേഷ്ഠവും, ഔന്നത്യത്തിലേക്കു നയിക്കുന്നതുമായ ദൈവഹിതം അനുഷ്ഠിക്കുന്നതിനു യേശു നമ്മെ ആഹ്വാനം ചെയ്യുന്നു. നാം ക്ഷമയോടെ ബുദ്ധിപൂർവ്വകമായ സേവനത്തിന്റെ ചുമതലകളെ ഏറ്റെടുക്കുന്നതു കാണുവാൻ കർത്താവ് ആഗ്രഹിക്കുന്നു. സേവനമാകുന്ന നുകം, ക്രിസ്തുതന്നെ മനുഷ്യാവതാരം എടുത്ത്, വഹിച്ചു. യേശു പറഞ്ഞു: "എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്വാൻ ഞാൻ പ്രിയപ്പെടുന്നു; നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരി ക്കുന്നു" (സങ്കീ. 40:8). "ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ട മത്രേ ചെയ്വാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത്" (യോഹ. 6:38). ദൈവസ്നേഹവും, തന്നിൽത്തന്നെയുണ്ടായിരുന്ന തീക്ഷ്ണതയും, വീഴ്ച ഭവിച്ച മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹവുമായിരുന്നു, കഷ്ടം സഹിക്കുന്ന തിനു യേശുവിനെ ഭൂമിയിലേക്കു വരുവാൻ പ്രേരിപ്പിച്ചത്. തന്റെ ജീവിത ത്തെ നയിച്ച ശക്തി ഈ ശ്രേഷ്ഠതത്വങ്ങളായിരുന്നു. ഈ തത്വം നാമും സ്വീകരിപ്പാൻ യേശു നമ്മെ ആഹ്വാനം ചെയ്യുന്നു.

ലോകത്തിന്റെ വഴി തെരഞ്ഞെടുക്കുവാൻ ശ്രമിച്ചതുകൊണ്ടു ജീവിതം ക്ലേശകരമാക്കിത്തീർത്ത അനേകരുണ്ട്. അവർ ലോകവഴികളെ തെരഞ്ഞെ ടുക്കുകയും, തന്മൂലം ഉളവാകുന്ന പ്രശ്നങ്ങളിൽ പതിക്കുകയും ലോകമാർഗ്ഗ

ങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. അങ്ങനെ അവരുടെ സ്വഭാവം കളങ്കപ്പെടുകയും ജീവിതം ദുർവ്വഹമായിത്തീരുകയും ചെയ്യുന്നു. തങ്ങളുടെ ഇച്ഛകളെയും ലൗകികമോഹങ്ങളെയും തൃപ്തിപ്പെടുത്തുന്നതിനു മനസ്സാക്ഷിയെ ചവിട്ടിമെതിക്കുകയും, തങ്ങളുടെമേൽ ദുഃഖഭാരം വരുത്തിവയ്ക്കുകയും ചെയ്യുന്നു. തുടർച്ചയായുള്ള ആകുലചിന്ത ജീവശക്തികളെ ബലഹീനമാക്കുന്നു. ഈ അടിമത്തനുകം നമ്മിൽനിന്ന് എടുത്തുകളയുവാൻ കർത്താവ് ആഗ്രഹിക്കുന്നു. തന്റെ നുകം ഏറ്റുകൊള്ളുവാൻ യേശു ക്ഷണിക്കുന്നു. "എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു." "മുമ്പേ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കാൻ" കർത്താവു നമ്മോടു പറയുന്നു. അതോടുകൂടി ജീവിതത്തിനാവശ്യമായ എല്ലാ നല്ല കാര്യങ്ങളും ലഭിക്കുമെന്നു കർത്താവു വാഗ്ദാനം ചെയ്യുന്നു. ആകുലചിന്തയ്ക്കു ഭാവിയെ വിവേചിപ്പാൻ കഴികയില്ല. അത് അന്ധനെപ്പോലെയാണ്. എന്നാൽ യേശു ആരംഭം മുതൽ അവസാനംവരെ കാണുന്നു. എല്ലാ പ്രയാസഘട്ടങ്ങളിലും ആശ്വാസം പ്രാപിപ്പാനുള്ള വഴി കർത്താവ് ഒരുക്കിയിട്ടുണ്ട്. നമ്മെ സഹായിക്കുന്നതിനു സ്വർഗ്ഗസ്ഥപിതാവിന് ആയിരം വഴികളാണുള്ളത്. അവയെ ഗ്രഹിപ്പാൻ നമുക്കു സാദ്ധ്യമല്ല. ദൈവശുശ്രൂഷയ്ക്കും, ദൈവനാമമഹത്വത്തിനും പ്രഥമസ്ഥാനം നല്കുന്നവരുടെ പ്രശ്നങ്ങൾ അലിഞ്ഞുപോകയും, അവരുടെ മാർഗ്ഗം സുഗമമായിത്തീരുകയും ചെയ്യും.

"ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും." ക്രിസ്തുവിൽനിന്നു സൗമ്യതയും താഴ്മയും പഠിക്കേണ്ടതിന്, നാം അവന്റെ വിദ്യാലയത്തിൽ പ്രവേശിക്കേണ്ടതാണ്. സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുന്നതിനുള്ള പരിശീലനം ആത്മാവിനു ലഭിപ്പാൻ ഈ വിദ്യാലയത്തിൽ പരിശീലിക്കേണ്ടത് ആവശ്യമാകുന്നു. ഇതിന് 'വീണ്ടെടുപ്പ്' എന്നു പറയുന്നു. ക്രിസ്തുവിനെ സംബന്ധിച്ച പരിജ്ഞാനം പ്രാപിക്കലാണ് ഈ പരിശീലനം കൊണ്ടു സാധിക്കുന്നത്. അന്ധകാരപ്രഭുവിന്റെ വിദ്യാലയത്തിൽനിന്നു പരിചയിച്ചിട്ടുള്ള ആശയങ്ങൾ, ശീലങ്ങൾ, പ്രവർത്തനങ്ങൾ തുടങ്ങിയവയിൽനിന്നുള്ള മോചനമാണ് ഇവിടെ നേടിയെടുക്കുന്നത്. ദൈവത്തോട് അവിശ്വസ്തത പുലർത്തുന്ന എല്ലാ തിന്മകളിൽനിന്നും ആത്മാവു മോചനം പ്രാപിക്കേണ്ടതാണ്.

ദൈവവുമായി പരിപൂർണ്ണ ഐക്യം പുലർത്തിയിരുന്ന ക്രിസ്തുവിന്റെ ഹൃദയത്തിൽ പൂർണ്ണസമാധാനം ഉണ്ടായിരുന്നു. മറ്റുള്ളവരുടെ പ്രശംസയിൽ യേശു മതിമറക്കയോ, അവരുടെ വിമർശനത്തിൽ നിരാശനായിത്തീരുകയോ ചെയ്തില്ല. ഭയങ്കരമായ എതിർപ്പുകൾ ഉണ്ടായപ്പോഴും, മറ്റുള്ളവർ തന്നോടു ക്രൂരമായി ഇടപെട്ടപ്പോഴും യേശു ധീരത കൈവെടിഞ്ഞില്ല. എന്നാൽ തന്റെ അനുയായികളായ പലരും ഉത്കണ്ഠാകുലരും ഹൃദയം കലങ്ങിയവരുമായിരുന്നു. അവർ സ്വയം ദൈവത്തിൽ ആശ്രയിക്കുന്നതിനു വിമുഖത കാണിച്ചതുകൊണ്ടായിരുന്നു ഇപ്രകാരം അധൈര്യപ്പെട്ടത്. അവർ സമ്പൂർണ്ണമായി തങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നില്ല. ഇങ്ങനെയുള്ള സമ്പൂർണ്ണ സമർപ്പണം കൂടാതെ സമാധാനം കണ്ടെത്താൻ കഴിയുകയില്ല.

സ്വയംസ്നേഹമാണ് അസ്വസ്ഥത ജനിപ്പിക്കുന്നത്. ഉയരത്തിൽനിന്നു നാം വീണ്ടും ജനിക്കുമ്പോൾ യേശുവിന്റെ അതേ ഭാവം നമുക്കും ലഭിക്കും. നാം രക്ഷിക്കപ്പെടുവാൻ സ്വയം വിനയാന്വിതനായ ക്രിസ്തുവിന്റെ മനസ്സു നമുക്കു ലഭിക്കും. അപ്പോൾ ഉന്നതസ്ഥാനത്തിനുവേണ്ടി നാം മത്സരിക്കയില്ല. യേശുവിന്റെ പാദപീഠത്തിൽ ഇരുന്ന് അവനിൽനിന്നു പഠിക്കാൻ നാം താൽപര്യം കാട്ടും. ബാഹ്യപ്രകടനങ്ങളിലും, ശബ്ദകോലാഹലങ്ങളിലും, സ്വന്തശക്തിയിലൂന്നിക്കൊണ്ടുള്ള ശക്തിപ്രകടനങ്ങളിലുമല്ല, നമ്മുടെ പ്രവൃത്തിയുടെ മാഹാത്മ്യം സ്ഥിതിചെയ്യുന്നതെന്നു നാം മനസ്സിലാക്കും. നാം പരിശുദ്ധാത്മാവിന് എത്രമാത്രം കീഴ്പ്പെട്ടു എന്നതിനെ ആശ്രയിച്ചായിരിക്കും നമ്മുടെ പ്രവർത്തനത്തിന്റെ ശ്രേഷ്ഠത ഗണിക്കപ്പെടുന്നത്. ദൈവത്തിലുള്ള ആശ്രയം ഹൃദയത്തിന്റെ ശ്രേഷ്ഠഗുണങ്ങളെ പ്രകടമാക്കുന്നു. അതും ആത്മാക്കളെ രക്ഷയിലേക്കു നടത്തുന്നു.

ഭാരത്തെ ലഘൂകരിക്കുന്നതിനും, ഭാരം വലിക്കുവാൻ മൃഗങ്ങളെ സഹായിക്കുന്നതിനുമാണു നുകം അവയുടെമേൽ വയ്ക്കുന്നത്. ക്രിസ്തുവിന്റെ നുകവും അതുപോലെയാകുന്നു. ദൈവഹിതത്തിനു നമ്മുടെ മനസ്സുകളെ കീഴ്പ്പെടുത്തുകയും, ദൈവികദാനങ്ങളെ മറ്റുള്ളവർക്കുവേണ്ടി നല്കുകയും ചെയ്യുമ്പോൾ ജീവിതഭാരങ്ങൾ ലഘൂകരിക്കപ്പെട്ടതായി നമുക്ക് അനുഭവമാകും. ദൈവത്തിന്റെ ന്യായപ്രമാണം അനുസരിച്ചു നടക്കുന്നവൻ ക്രിസ്തുവിനോടൊന്നിച്ചു നടക്കുകയാണ്. ക്രിസ്തുവിന്റെ സ്നേഹത്തിൽ ഹൃദയം വിശ്രമം കണ്ടെത്തുന്നു. “നിന്റെ വഴി എന്നെ അറിയിക്കേണമേ,” “ഞാൻ നിന്നെ അറിയുമാറാകട്ടെ” എന്നു മോശെ പ്രാർത്ഥിച്ചപ്പോൾ “എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നല്കും” എന്നു യഹോവ അരുളിച്ചെയ്തു. പ്രവാചകന്മാരിലൂടെ നല്കപ്പെട്ട ദൂത് ഇതായിരുന്നു: “യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾ വഴികളിൽ ചെന്നു നല്ല വഴി ഏതെന്നു പഴയ പാതകളെ നോക്കി ചോദിച്ച് അതിൽ നടപ്പിൻ; എന്നാൽ നിങ്ങളുടെ മനസ്സിനു വിശ്രാമം ലഭിക്കും” (പുറ. 33:13; യിരെ. 6:16). കർത്താവു പറയുന്നു: “അയ്യോ, നീ എന്റെ കല്പനകളെ കേട്ടനുസരിച്ചെങ്കിൽ കൊള്ളായിരുന്നു! എന്നാൽ നിന്റെ സമാധാനം നദിപോലെയും, നിന്റെ നീതി സമുദ്രത്തിലെ തിരപോലെയും ആകുമായിരുന്നു” (യെശ. 48:18).

ക്രിസ്തുവിന്റെ വാക്കിനെ വിശ്വസിക്കയും, ക്രിസ്തുവിന്റെ സംരക്ഷണത്തിനായി ആത്മാക്കളെ ഭരമേല്പിക്കയും, അവന്റെ ആജ്ഞയ്ക്കനുസൃതമായി ജീവിതത്തെ സമർപ്പിക്കയും ചെയ്യുന്നവർ സമാധാനവും ശാന്തിയും പ്രാപിക്കും. യേശു തന്റെ സാന്നിദ്ധ്യത്താൽ അവരെ സന്തുഷ്ടരാക്കുമ്പോൾ ലോകത്തിലുള്ള യാതൊന്നിനും അവരെ അസന്തുഷ്ടരാക്കാൻ സാദ്ധ്യമല്ല. പരിപൂർണ്ണ അനുസരണത്തോടുകൂടെ പരിപൂർണ്ണ സമാധാനവും ഉണ്ട്. കർത്താവു പറയുന്നു: “സ്ഥിരമാനസൻ നിന്നിൽ ആശ്രയം വച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു” (യെശ. 26:3). നമ്മുടെ ജീവിതം കുരുക്കുവീണ ചരടുപോലെയാവാം. എന്നാൽ നമ്മെ ജ്ഞാനിയായ കർത്താവിനു സമർപ്പിക്കുമ്പോൾ തന്റെ മഹത്വത്തിനായി നമ്മുടെ ജീവിതത്തെയും സ്വഭാവത്തെയും ദൈവം രൂപാന്തരപ്പെടുത്തും. ക്രിസ്തുവിന്റെ

സ്വഭാവം അഥവാ മഹത്വം പ്രതിഫലിപ്പിക്കുന്ന ജീവിതത്തെ ദൈവം പറുദീസയിൽ ചേർത്തുകൊള്ളും. വെള്ള ധരിച്ചുകൊണ്ടു പുതുതാക്കപ്പെട്ട ഒരു മനുഷ്യവർഗ്ഗം ദൈവത്തോടുകൂടെ നടക്കും. അവർ അതിനുള്ള യോഗ്യത പ്രാപിച്ചിരിക്കും.

യേശുവിൽക്കൂടെ നാം വിശ്രമത്തിലേക്കു പ്രവേശിക്കുമ്പോൾ സ്വർഗ്ഗം ഇവിടെ ആരംഭിക്കുന്നു. "വരുവിൻ, എന്നോടു പഠിപ്പിൻ" എന്ന ക്ഷണത്തിന് അനുകൂലമായി നമുക്കു പ്രതികരിക്കാം. അങ്ങനെ നാം ചെയ്യുമ്പോൾ നിത്യജീവൻ ഇവിടെ തുടങ്ങുന്നു. ക്രിസ്തുവിൽക്കൂടെ ദൈവവുമായുള്ള ഒരിക്കലും അവസാനിക്കാത്ത സാമീപ്യമാണു സ്വർഗ്ഗം. സന്തോഷത്തിന്റെ സ്വർഗ്ഗീയ മഹത്വം അപ്പോൾ നമുക്കു കൂടുതലായി വെളിപ്പെടുത്തിത്തരും. ദൈവത്തെ കൂടുതലായി നാം അറിയുമ്പോൾ, നമ്മുടെ സന്തോഷം കൂടുതൽ വർദ്ധിക്കും. നമ്മുടെ ജീവിതയാത്രയിൽ, നാം ക്രിസ്തുവിനോടു ചേർന്നു നടക്കുമ്പോൾ, ക്രിസ്തുവിന്റെ സ്നേഹത്താൽ നാം നിറയുകയും, അവന്റെ സാന്നിദ്ധ്യത്താൽ നാം സംതൃപ്തരാകുകയും ചെയ്യും. മനുഷ്യന് ഉൾക്കൊള്ളാവുന്നത്രയും ഈ ഭൂമിയിൽവച്ചുതന്നെ നമുക്കു ലഭിക്കും. എന്നാൽ വരുവാനുള്ള ജീവിതവുമായി തുലനം ചെയ്യുമ്പോൾ ഇത് എന്തുണ്ട്? "അവർ ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പിലിരുന്ന് അവന്റെ ആലയത്തിൽ അവനെ രാപ്പകൽ ആരാധിക്കുന്നു; സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്കു കൂടാരമായിരിക്കും. ഇനി അവർക്കു വിശക്കയില്ല, ദാഹിക്കയുമില്ല; വെയിലും യാതൊരു ചൂടും അവരുടെമേൽ തട്ടുകയുമില്ല. സിംഹാസനത്തിന്റെ മദ്ധ്യേയുള്ള കുഞ്ഞാട് അവരെ മേയിച്ചു ജീവജലത്തിന്റെ ഉറവുകളിലേക്കു നടത്തുകയും ദൈവം താൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീരെല്ലാം തുടച്ചുകളയുകയും ചെയ്യും" (വെളി. 7:15-17).

# 35

# അടങ്ങുക; ശാന്തമാകുക

അവലംബം: മത്തായി 8:23–34; മർക്കൊസ് 4:35–41; 5:1–20; ലൂക്കൊസ് 8:22–39

യേശുവിന്റെ ജീവിതത്തിലെ സംഭവബഹുലമായ ഒരു ദിവസമായിരുന്നു അന്ന്. തന്റെ രാജ്യത്തിന്റെ സ്വഭാവത്തെക്കുറിച്ചും, അതെപ്രകാരമാണു സ്ഥാപിതമാകാൻ പോകുന്നതെന്നതിനെക്കുറിച്ചും സാധാരണക്കാർക്കു പരിചിതമായ ഉദാഹരണങ്ങളിലൂടെ യേശു സംസാരിച്ചു. വിതയ്ക്കാൻ പുറപ്പെട്ട ഒരു മനുഷ്യനോടു തന്റെ പ്രവർത്തനത്തെ യേശു ഉപമിച്ചു. തന്റെ രാജ്യത്തിന്റെ വികസനത്തെ ഒരു കടുകുമണിയുടെ വളർച്ചയോടും, പുളിച്ച മാവിന്റെ പ്രവർത്തനത്തോടും താരതമ്യപ്പെടുത്തി. നീതിമാന്മാരെയും ദുഷ്ടന്മാരെയും അവസാനനാളിൽ വേർതിരിക്കുന്നതു ഗോതമ്പിന്റെയും കളയുടെയും, മീൻപിടിക്കുവാൻ ഉപയോഗിക്കുന്ന വലയുടെയും ഉപമകളിൽക്കൂടെ യേശു വിശദീകരിച്ചു. സത്യത്തിന്റെ അമൂല്യതയെ വിശദീകരിക്കാൻ വയലിൽ ഒളിച്ചുവച്ച നിധിയുടെയും വിലയേറിയ മുത്തിന്റെയും ഉപമകൾ പറഞ്ഞു. തന്റെ പ്രതിനിധികളെന്ന നിലയിൽ ശിഷ്യന്മാർ എപ്രകാരം

കർത്തവ്യനിരതരായിരിക്കണമെന്നു പഠിപ്പിക്കുവാൻ, ദാസന്മാരെ അധികാരം ഏല്പിച്ചിട്ടു പരദേശത്തു പോയ യജമാനന്റെ കഥയും യേശു പറഞ്ഞു.

ദിവസം മുഴുവനും യേശു പഠിപ്പിച്ചും, സൗഖ്യമാക്കിയും ചെലവഴിച്ചു. സന്ധ്യ വന്നെത്തിയിട്ടും പുരുഷാരം യേശുവിന്റെ ചുറ്റും തിക്കിത്തിരക്കി ക്കൊണ്ടിരുന്നു. വിശ്രമമറിയാതെ, ആഹാരംപോലും ഉപേക്ഷിച്ചു യേശു ജനത്തെ ശുശ്രൂഷിച്ചു. വിദ്വേഷത്തോടുകൂടെയുള്ള വിമർശനങ്ങളും, തെറ്റായ പ്രചാരണങ്ങളുംകൊണ്ടു പരീശന്മാർ യേശുവിനെ അനുധാവനം ചെയ്തു കൊണ്ടിരുന്നു. അതു യേശുവിനെ വേദനിപ്പിക്കുന്നതും, തന്റെ പ്രവർത്തന ത്തെ ശല്യപ്പെടുത്തുന്നതും ആയിരുന്നു. നേരം വൈകിയപ്പോൾ കർത്താവ് ഏറ്റവും ക്ഷീണിതനായിരുന്നു. കടലിനക്കരെ വിജനപ്രദേശത്ത് ഏകാന്തത യിൽ വിശ്രമിക്കുവാൻ യേശു ആഗ്രഹിച്ചു.

ഗന്നേസരെത്ത് കടലിന്റെ കിഴക്കേ തീരം പൂർണ്ണമായും വിജനമായിരു ന്നില്ല. കടൽത്തീരത്തോടു ചേർന്നു ചെറുപട്ടണങ്ങൾ ഉണ്ടായിരുന്നു. എന്നാൽ പടിഞ്ഞാറേ തീരവുമായി താരതമ്യപ്പെടുത്തുമ്പോൾ കിഴക്കേ തീരം വിജനമെന്നു പറയാം. അവിടത്തെ ജനസംഖ്യയിൽ ഭൂരിഭാഗവും ജാതിക ളായിരുന്നു. ഗലീലയുമായി വലിയ സമ്പർക്കം ഈ പ്രദേശത്തിനില്ലായിരുന്നു. യേശു ആഗ്രഹിച്ച ശാന്തത ഇവിടെ ലഭ്യമായിരുന്നു. ശിഷ്യന്മാരോടും താൻ പോകുന്നേടത്തേക്കു വരുവാൻ കർത്താവു പറഞ്ഞു.

പുരുഷാരത്തെ പറഞ്ഞയച്ചശേഷം “താൻ പടകിൽ ഇരുന്നപാടെ” ശിഷ്യ ന്മാർ അവനെ കൊണ്ടുപോയി. എന്നാൽ അവർ തനിയേ അല്ല പോയത്. കടൽത്തീരത്തു മറ്റു വള്ളങ്ങളുമുണ്ടായിരുന്നു. യേശുവിനെ കാണുവാൻ വന്നവർ വള്ളങ്ങളിൽ കയറി യേശുവിനെ അനുഗമിച്ചു.

ഒടുവിൽ ജനക്കൂട്ടത്തിന്റെ തിരക്കിൽനിന്നു യേശുവിനു വിടുതൽ ലഭിച്ചു. വിശപ്പും ക്ഷീണവും യേശുവിനെ ബാധിച്ചിരുന്നു. യേശു വള്ളത്തിന്റെ അമരത്തു കിടന്നു; ഗാഢനിദ്രയിൽ പതിച്ചു. കടൽ വളരെ ശാന്തമായി രുന്നു. ആ സന്ധ്യ പ്രശാന്തമായിരുന്നു. എന്നാൽ വേഗത്തിൽ അന്തരീക്ഷ ത്തിന്റെ മട്ടുമാറി. ആകാശം ഇരുണ്ടു. കാറ്റ് അതിശക്തിയോടെ വീശുവാൻ തുടങ്ങി. ഭയങ്കരമായ കാറ്റുമൂലം കടൽ പ്രക്ഷുബ്ധമായി.

സൂര്യൻ അസ്തമിച്ചു കഴിഞ്ഞിരുന്നു. ഇളകിമറിയുന്ന കടൽ അന്ധകാര ത്തിൽ ഭീകരത സൃഷ്ടിച്ചു. ചീറിയടിക്കുന്ന കാറ്റ് അലമാലകളെ ഇളക്കി, ശിഷ്യന്മാരുടെ വള്ളത്തെ മുക്കുമെന്ന നിലയിലായി. കരുത്തന്മാരായ ആ മീൻപിടുത്തക്കാർ ആ തടാകവുമായി വളരെ കാലത്തെ പരിചയമുള്ളവ രായിരുന്നു. എന്നാൽ ഈ അവസരത്തിൽ അവരുടെ ശക്തിയും കഴിവുകളും നിഷ്പ്രയോജനങ്ങളായിരുന്നു. കൊടുങ്കാറ്റിന്റെ മുമ്പിൽ അവർ നിസ്സഹായ രായി. പടകിൽ വെള്ളം നിറയുന്നതു കണ്ടപ്പോൾ, പ്രത്യാശ അവരെ കൈവിട്ടു.

സ്വയരക്ഷയ്ക്കുള്ള ശ്രമത്തിൽ ശിഷ്യന്മാർ ഏർപ്പെട്ടപ്പോൾ, ഗുരു തങ്ങ ളോടുകൂടെ പടകിൽ ഉണ്ടെന്ന കാര്യംപോലും അവർ മറന്നുകളഞ്ഞു. അവ രുടെ പ്രയത്നം നിഷ്ഫലമാണെന്നും, മുമ്പിൽ മരണം നില്ക്കുന്നുവെന്നും അറിഞ്ഞപ്പോഴാണ്, കടൽ കടക്കുവാൻ ആരാണു തങ്ങളോടു കല്പിച്ചതെന്ന കാര്യം ശിഷ്യന്മാർ ഓർത്തത്. യേശുവിൽ മാത്രം അവരുടെ പ്രത്യാശ കേന്ദ്രീ കരിച്ചു. നിസ്സഹായാവസ്ഥയിൽ അവർ നിലവിളിച്ചു: "ഗുരോ, ഗുരോ." എന്നാൽ കനത്ത ഇരുട്ടു യേശുവിനെ അവരുടെ കാഴ്ചയിൽനിന്നു മറച്ചി രുന്നു. അലറിമറിയുന്ന കൊടുങ്കാറ്റിൽ ശിഷ്യന്മാരുടെ നിലവിളി ആർക്കും കേൾക്കാൻ പാടില്ലായിരുന്നു. ഒരു മറുപടിയും അവർക്കു ലഭിച്ചില്ല. ഭയവും സംശയവും അവരെ പിടികൂടി. യേശു അവരെ കൈവെടിഞ്ഞോ? രോഗ ത്തെയും, ഭൂതങ്ങളെയും, മരണത്തെപ്പോലും ജയിച്ച യേശുവിന്, തങ്ങളെ രക്ഷിപ്പാൻ ശക്തിയില്ലയോ? തങ്ങൾ അഭിമുഖീകരിച്ചിരുന്ന കഷ്ടതയെ ക്കുറിച്ചു ഗുരുവിനു ചിന്തയില്ലയോ?

അവർ ഗുരുവിനെ വീണ്ടും വിളിച്ചു. ആർത്തിരമ്പുന്ന കടലിന്റെ ഇരമ്പ ലല്ലാതെ വേറെ ഒരു ശബ്ദവും അവർ കേട്ടില്ല. അവരുടെ പടകു മുങ്ങുവാൻ തുടങ്ങി. നിമിഷനേരംകൊണ്ട് എല്ലാം അവസാനിക്കുമെന്ന് അവർക്കു തോന്നി.

പെട്ടെന്ന് അന്ധകാരത്തെ കീറിമുറിച്ചുകൊണ്ട് ഒരു മിന്നൽപ്പിണർ വീശി. അതിന്റെ വെളിച്ചത്തിൽ ശാന്തമായുറങ്ങുന്ന യേശുവിനെ അവർ കണ്ടു. നിരാശയും അത്ഭുതവും നിറഞ്ഞ ശിഷ്യന്മാർ ചോദിച്ചു: "ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്കു വിചാരമില്ലയോ?" ഞങ്ങൾ മരണത്തെ മുഖാ മുഖമായി കണ്ടുകൊണ്ടിരിക്കുമ്പോൾ, ഗുരുവിന് ഇത്ര സമാധാനത്തോടെ എങ്ങനെ ഉറങ്ങുവാൻ കഴിഞ്ഞു.

അവരുടെ നിലവിളി യേശുവിനെ നിദ്രയിൽനിന്നുണർത്തി. മിന്നൽ പ്പിണരിന്റെ വെളിച്ചത്തിൽ, യേശുവിന്റെ, ദിവ്യസമാധാനം നിറഞ്ഞ മുഖം അവർ കണ്ടു. നിർവ്യാജമായ സ്നേഹം യേശുവിന്റെ മുഖത്തു കളിയാടുന്നതു കണ്ടു. "കർത്താവേ, രക്ഷിക്കേണമേ; ഞങ്ങൾ നശിച്ചുപോകുന്നു"- ശിഷ്യ ന്മാർ മുട്ടിപ്പായി പ്രാർത്ഥിച്ചു.

ഇങ്ങനെയുള്ള പ്രാർത്ഥന ഒരിക്കലും യേശു കേൾക്കാതെ ഇരിക്കയില്ല. അവസാനശ്രമത്തിനായി ശിഷ്യന്മാർ തുഴകളെടുത്തപ്പോൾ യേശു എഴുന്നേറ്റ് അവരുടെ നടുവിൽ നിന്നു. കാറ്റ് അപ്പോഴും ചീറിയടിച്ചുകൊണ്ടിരിക്കുക യായിരുന്നു. തിരമാലകൾ ഇളകിമറിഞ്ഞുകൊണ്ടിരുന്നു. മിന്നൽപ്പിണരുകൾ യേശുവിന്റെ മുഖത്തെ ദീപ്തമാക്കി. കരുണപ്രവൃത്തികൾക്കുവേണ്ടി ഉപ യോഗിച്ചിരുന്ന കരങ്ങൾ ഉയർത്തി കോപാകുലമായ കടലിനോടു പറഞ്ഞു: "അനങ്ങാതിരിക്കുക, അടങ്ങുക."

കൊടുങ്കാറ്റടങ്ങി. തിരമാലകൾ ശാന്തമായി. കാർമേഘാവൃതമായ ആകാശം തെളിഞ്ഞു. നക്ഷത്രങ്ങൾ ആകാശത്തു മിന്നിത്തിളങ്ങുന്നതു

ദൃശ്യമായി. ശാന്തമായ കടലിലൂടെ പടകു മുന്നോട്ടു നീങ്ങി. യേശു ശിഷ്യന്മാരുടെ നേർക്കു തിരിഞ്ഞു ചോദിച്ചു: "നിങ്ങൾ ഇങ്ങനെ ഭീരുക്കൾ ആകുവാൻ എന്ത്?" (മർക്കൊസ് 4:40).

ശിഷ്യന്മാരുടെ ഇടയിൽ നിശ്ശബ്ദത പരന്നു. പത്രൊസുപോലും തന്റെ ഹൃദയത്തിൽ നിറഞ്ഞുനിന്ന ഭയാത്ഭുതങ്ങൾ പ്രകടിപ്പിക്കാൻ തുനിഞ്ഞില്ല. യേശുവിനെ അനുഗമിച്ചിരുന്ന മറ്റു പല പടകുകൾക്കും ഇതേ അനുഭവമാണുണ്ടായത്. ഭയവും നിരാശയും അതിൽ സഞ്ചരിച്ചിരിക്കുന്നവരെയും പിടികൂടി. എന്നാൽ യേശുവിന്റെ ആജ്ഞ കോളിളക്കം ബാധിച്ച ആ രംഗത്തെ ശാന്തമാക്കി. പ്രക്ഷുബ്ധമായ കടൽ, പടകുകളെ പരസ്പരം അടുപ്പിച്ചിരിക്കുന്നതുകൊണ്ട്, മറ്റു പടകുകളിലുണ്ടായിരുന്നവർക്കും ഈ അത്ഭുതം ദർശിക്കുവാൻ സാധിച്ചു. ശാന്തത വന്നപ്പോൾ എല്ലാവരും ഭയവിമുക്തരായി. പടകുകളിലുണ്ടായിരുന്നവർ തമ്മിൽ പറഞ്ഞു: "കാറ്റും കടലും കൂടെ ഇവനെ അനുസരിക്കുന്നുവല്ലോ; ഇവൻ ആർ?"

കൊടുങ്കാറ്റിനെ യേശു ശാന്തചിത്തനായാണ് അഭിമുഖീകരിച്ചത്. യേശുവിന്റെ വാക്കിലോ, പെരുമാറ്റത്തിലോ, ഭയത്തിന്റെ കണികപോലുമില്ലായിരുന്നു. ഭയരഹിതമായ ഒരു ഹൃദയമാണു യേശുവിനുണ്ടായിരുന്നത്. സർവ്വശക്തനാണു താൻ എന്ന വസ്തുതയിൽ യേശു ആശ്രയിച്ചില്ല. കടലിനെയും കരയെയും സൃഷ്ടിച്ചവൻ എന്ന വസ്തുതയുമായിരുന്നില്ല തന്റെ സമാധാനത്തിന്റെ ഉറവിടം. തന്റെ ദൈവികത്വം യേശു ഉപയോഗിച്ചില്ല. യേശു പറഞ്ഞു: "എനിക്കു സ്വതേ ഒന്നും ചെയ്‌വാൻ കഴിയുന്നതല്ല" (യോഹ. 5:30). തന്റെ പിതാവിന്റെ ശക്തിയിൽ യേശു ആശ്രയിച്ചു. ദൈവത്തിന്റെ സ്നേഹത്തിലും സംരക്ഷണത്തിലും യേശു വിശ്വസിച്ചു. വിശ്വാസമായിരുന്നു യേശുവിന്റെ ശക്തിയുടെ ഉറവിടം. കൊടുങ്കാറ്റിനെ ശമിപ്പിച്ച ആ ശക്തി, ദൈവത്തിന്റെ ശക്തിയായിരുന്നു.

യേശു പിതാവിന്റെ സംരക്ഷണയിൽ ആശ്രയിച്ചിരുന്നതുപോലെ നാം രക്ഷകന്റെ സംരക്ഷണത്തിൽ ആശ്രയിക്കണം. ശിഷ്യന്മാർ യേശുവിൽ ആശ്രയിച്ചിരുന്നുവെങ്കിൽ അവർക്കു സമാധാനം ലഭിക്കുമായിരുന്നു. അപകടവേളയിൽ അവർക്കുണ്ടായ ഭയം അവരുടെ അവിശ്വാസത്തെ വെളിപ്പെടുത്തി. സ്വയരക്ഷയ്ക്കുള്ള ശ്രമത്തിനിടയിൽ അവർ യേശുവിനെ മറന്നുകളഞ്ഞു. സ്വാശ്രയം തകർന്നപ്പോഴാണ്, ശിഷ്യന്മാർ യേശുവിങ്കലേക്കു തിരിഞ്ഞത്.

പലപ്പോഴും നമ്മുടെ അനുഭവവും ഈ ശിഷ്യന്മാർക്കുണ്ടായതുപോലെയല്ലേ? ശോധനകളുടെ കൊടുങ്കാറ്റ് അടിക്കുമ്പോൾ നമ്മുടെ ജീവിതസമുദ്രം ഇളകിമറിയുമ്പോൾ, നമ്മുടെ രക്ഷകൻ നമ്മോടുകൂടെയുണ്ടെന്നുള്ള വസ്തുത മറന്നിട്ട്, നാം തനിയേ രക്ഷതേടിപ്പോകുന്നു. നമ്മുടെ ആശ നശിക്കുന്നതുവരെ, നാം നശിക്കുവാനായി തുടങ്ങുന്നതുവരെ, നമ്മുടെ സ്വന്തബലത്തിൽ ആശ്രയിക്കുന്നു. നമ്മുടെ കഴിവു പരാജയപ്പെടുമ്പോൾ, നാം യേശുവിനെ ഓർക്കുന്നു. നമ്മെ രക്ഷിപ്പാനായി നാം യേശുവിനോടു പ്രാർത്ഥിച്ചാൽ, ആ പ്രാർത്ഥന ഒരിക്കലും വൃഥാവിലാകില്ല. നമ്മുടെ അവിശ്വാസത്തെയും സ്വാശ്രയബോധത്തെയും യേശു ശകാരിച്ചാൽത്തന്നെയും,

നമുക്കാവശ്യമായ സഹായം നല്കാൻ അവൻ സദാ ഒരുക്കമുള്ളവനു മാണ്. നമ്മുടെ ഹൃദയത്തിൽ രക്ഷകനു സ്ഥാനം കൊടുത്താൽ നാം എവിടെ ആയിരുന്നാലും ഭയപ്പെടേണ്ടതില്ല. ക്രിസ്തുവിലുള്ള ജീവിക്കുന്ന വിശ്വാസം ജീവിതമാകുന്ന വാരിധിയെ ശാന്തമാക്കും. നമ്മുടെ ജീവിതപന്ഥാവു ക്രിസ്തുവിനു മറവായിരിക്കുന്നില്ല. അതിലുണ്ടാകുന്ന അപകടങ്ങളിൽനിന്നു കർത്താവു നമ്മെ രക്ഷിക്കും.

കൊടുങ്കാറ്റിനെ നിശ്ചലമാക്കിയ ഈ സംഭവത്തിൽ വേറൊരു ആത്മീയ പാഠം അടങ്ങിയിരിക്കുന്നു. എല്ലാ മനുഷ്യരും തിരുവെഴുത്തുകളിലെ സത്യത്തെ പ്രതിനിധീകരിക്കുന്നു. "ദുഷ്ടന്മാരോ കലങ്ങിമറിയുന്ന കടൽ പോലെയാകുന്നു; അതിന് അടങ്ങിയിരിപ്പാൻ കഴിയുകയില്ല... ദുഷ്ടന്മാർക്കു സമാധാനമില്ലായെന്ന് എന്റെ ദൈവം അരുളിച്ചെയ്യുന്നു" (യെശ. 57:20,21). പാപം നമ്മുടെ സമാധാനത്തെ ഇല്ലായ്മ ചെയ്തു. സ്വയത്തെ കീഴ്പ്പെടുത്തി യെങ്കിൽ മാത്രമേ നമുക്കു വിശ്രാമം കണ്ടെത്തുവാൻ കഴിയുകയുള്ളു. ഹൃദയ ത്തിന്റെ ശക്തമായ വികാരങ്ങളെ ഒരുവനും നിയന്ത്രിപ്പാൻ കഴികയില്ല. കട ലിൽ ആഞ്ഞടിച്ച കൊടുങ്കാറ്റിനെ ശാന്തമാക്കാൻ ശിഷ്യന്മാർക്കു കഴിയാതി രുന്നതുപോലെ, നാമും നിസ്സഹായരാണ്. ഗലീലക്കടലിലെ തിരമാലകളോടു ശാന്തമാകുവാൻ കല്പിച്ച അതേ കർത്താവ് ഓരോരുത്തരോടും സമാധാന ത്തിന്റെ വാക്കുകൾ സംസാരിക്കുന്നു. കൊടുങ്കാറ്റ് എത്ര ഭീകരമായിരുന്നാലും "നാഥാ ഞങ്ങളെ രക്ഷിക്കേണമേ" എന്ന പ്രാർത്ഥന ഉരുവിട്ടുകൊണ്ടു യേശുവിങ്കലേക്കു തിരിയുന്ന ഏവർക്കും രക്ഷ ലഭിക്കും. യേശുവിന്റെ കൃപ, നമ്മെ ദൈവവുമായി നിരപ്പിക്കുന്നു. ഹൃദയത്തിന്റെ ഉൽക്കടമായ വികാരത്തെ ശാന്തമാക്കുന്നു. യേശുവിന്റെ സ്നേഹത്തിൽ ഹൃദയം വിശ്രാമം കണ്ടെ ത്തുന്നു. "അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി; തിരമാലകൾ അടങ്ങി. ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു" (സങ്കീ. 107:29,30). "വിശ്വാസ ത്താൽ നീതീകരിക്കപ്പെട്ടിട്ട്, നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്." "നീതിയുടെ പ്രവൃത്തി സമാധാ നവും നീതിയുടെ ഫലം ശാശ്വതവിശ്രാമവും നിർഭയതയും ആയിരിക്കും" (റോമർ 5:1, യെശ. 32:17).

അതിരാവിലെ കർത്താവും ശിഷ്യന്മാരും തീരത്തണഞ്ഞു. സമാധാന ത്തിന്റെ ആശീർവ്വാദമെന്നപോലെ, ഉദയസൂര്യന്റെ പ്രകാശം കടലിനെയും കരയെയും തലോടി. അവർ കരയിലിറങ്ങിയപ്പോൾ അവർക്കു ദൃഷ്ടിഗോചര മായത്, കടലിലുണ്ടായ കൊടുങ്കാറ്റിനെക്കാൾ ഭീതിജന്യമായ ഒന്നായി രുന്നു. ശവക്കല്ലറകളിൽ എവിടെയോ ഉള്ള ഒളിവിടങ്ങളിൽനിന്ന്, സുബോധം നഷ്ടപ്പെട്ട രണ്ടുപേർ, അവരെ ആക്രമിക്കുവാനായി പാഞ്ഞടുത്തു. അവരെ പാർപ്പിച്ചിരുന്ന രക്ഷാസങ്കേതത്തിൽനിന്നു ചങ്ങല പൊട്ടിച്ചുകൊണ്ട് ഓടി യവരായിരുന്നതുകൊണ്ട്, ചങ്ങലയുടെ ഭാഗങ്ങൾ അവരുടെ ശരീരത്തി ലുണ്ടായിരുന്നു. അവരുടെ ശരീരത്തെ മുറിവേല്പിച്ചിരുന്നതിനാൽ രക്തം ശരീരത്തിൽനിന്നു വാർന്നുകൊണ്ടിരുന്നു. അഴുക്കും കട്ടപിടിച്ചുമിരുന്ന തല മുടിയുടെ ഇടയിൽക്കൂടെ അവർ തുറിച്ചുനോക്കിക്കൊണ്ടിരുന്നു. അവരെ

ബാധിച്ചിരുന്ന ഭൂതങ്ങൾ അവരിലുണ്ടായിരുന്ന മനുഷ്യത്വത്തെ തുടച്ചുമാറ്റി. അവർ വന്യമൃഗങ്ങളെപ്പോലെ പെരുമാറി.

ശിഷ്യന്മാരും, യേശുവിനോടുകൂടെയുണ്ടായിരുന്ന മറ്റുള്ളവരും ഭയപ്പെട്ട്, ഭൂതബാധിതരുടെ മുമ്പിൽനിന്ന് ഓടി. തങ്ങളോടൊപ്പം യേശുവില്ലായെന്നു കണ്ടപ്പോൾ, അവർ തിരിഞ്ഞു യേശുവിനെ നോക്കി. യേശു അവിടെത്തന്നെ നില്പുണ്ടായിരുന്നു. കടലിനെ ശാന്തമാക്കുകയും, ഭൂതങ്ങളെ നേരത്തേ തന്നെ ശാസിച്ചു കീഴ്പ്പെടുത്തിയവനുമായ യേശു ഈ ഭൂതബാധിതരെ കണ്ടു ഭയപ്പെട്ട് ഓടിയില്ല. പല്ലുകടിച്ചുകൊണ്ട്, നുരയും പതയും വായിൽനിന്നു പുറപ്പെടുവിച്ചുകൊണ്ടു ഭൂതബാധിതർ യേശുവിനോടടുത്തപ്പോൾ കടലിനെ ശാന്തമാക്കിയ കൈകൾ യേശു ഉയർത്തി. ആ മനുഷ്യരൂപങ്ങൾക്കു പിന്നീട് ഒരു ചുവടു മുമ്പോട്ടു വയ്ക്കുവാൻ സാധിച്ചില്ല. അവർ സ്തബ്ധരായി അവിടെ നിന്നു.

ആ മനുഷ്യരെ വിട്ടുപോകുവാൻ യേശു അധികാരമുള്ളവനായി ഭൂതങ്ങളോടു കല്പിച്ചു. ഹതഭാഗ്യരായ ആ മനുഷ്യരുടെ ഇരുളടഞ്ഞ മനസ്സുകളിലേക്കു യേശുവിന്റെ വാക്കുകൾ കടന്നുചെന്നു. തങ്ങളെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന പൈശാചികശക്തിയിൽനിന്നു വിമോചിപ്പിക്കുവാൻ കഴിവുള്ള വ്യക്തിയുടെ മുമ്പിലാണു തങ്ങൾ നില്ക്കുന്നതെന്ന് അവർക്ക് അവ്യക്തമായിട്ടെങ്കിലും മനസ്സിലാക്കുവാൻ കഴിഞ്ഞു. യേശുവിന്റെ പാദാന്തികത്തിൽ അവർ വീണു. അവർ കരുണയ്ക്കുവേണ്ടി അധരങ്ങൾ തുറന്നപ്പോൾ ഭൂതങ്ങൾ അവരിൽക്കൂടെ സംസാരിച്ചു: "യേശുവേ, മഹോന്നതനായ ദൈവത്തിന്റെ പുത്രാ, എനിക്കും നിനക്കും തമ്മിൽ എന്ത്? ദൈവത്താണ, എന്നെ ദണ്ഡിപ്പിക്കരുതേ."

യേശു ചോദിച്ചു: "നിന്റെ പേരെന്ത്?" "എന്റെ പേർ ലെഗ്യോൻ; ഞങ്ങൾ പലർ ആകുന്നു എന്ന് അവൻ ഉത്തരം പറഞ്ഞു." തങ്ങളെ നാട്ടിൽനിന്ന് അയച്ചുകളയാതിരിപ്പാൻ ആ മനുഷ്യരിൽ കുടികൊണ്ടിരുന്ന ഭൂതങ്ങൾ യേശുവിനോടപേക്ഷിച്ചു. വളരെ അകലെയല്ലാതെ, ഒരു മലയരികെ ഒരു വലിയ പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു. ആ പന്നികളിൽ കടക്കേണ്ടതിന്, തങ്ങളെ അങ്ങോട്ടയക്കേണം എന്നു ഭൂതങ്ങൾ അപേക്ഷിച്ചു. അതിനു യേശു അവരെ അനുവദിച്ചു. പെട്ടെന്നു പന്നികൾ പരിഭ്രാന്തി കാണിച്ചു. അവ കടുന്തൂക്കത്തോടെ മലയുടെ അടിവാരത്തിലേക്കു പാഞ്ഞു കടലിൽ ശ്വാസം മുട്ടി ചത്തു.

ഭൂതങ്ങൾ ബാധിച്ചവരിൽ പെട്ടെന്നു ചില മാറ്റങ്ങൾ സംഭവിച്ചു. അവരുടെ ഇരുളടഞ്ഞിരുന്ന മനസ്സു പ്രകാശിതമായി. അവരുടെ കണ്ണുകളിൽ സുബോധം പ്രതിഫലിച്ചു. സാത്താന്റെ പ്രതിരൂപമായിരുന്ന അവരുടെ മുഖഭാവങ്ങൾ ശാന്തമായി. രക്തക്കറ പുരണ്ടിരുന്ന കരങ്ങൾ സ്വസ്ഥമായി. അവർ ദൈവത്തെ സ്തുതിച്ചു.

മലമുകളിൽ നിന്നുകൊണ്ടു പന്നിയെ മേയിച്ചുകൊണ്ടിരുന്നവർ ഇതെല്ലാം കണ്ടു. അവർ പോയി ഈ വാർത്ത പന്നികളുടെ ഉടമസ്ഥന്മാരെയും മറ്റെ

ല്ലാവരെയും അറിയിച്ചു. എല്ലാവരും അത്ഭുതത്തോടുകൂടി യേശുവിനെ കാണാൻ വന്നെത്തി. ഈ രണ്ടു ഭൂതബാധിതരും നാട്ടിൽ വളരെ ഭീതി ജനിപ്പിച്ചിരുന്നവരായിരുന്നു. അവർ പാർത്തിരുന്ന ഇടങ്ങളിലൂടെ ആരും പോകയില്ലായിരുന്നു. കടന്നുപോകുന്നവരുടെമേൽ അവർ ചാടിവീഴുമായിരുന്നു. അവർ ഇപ്പോൾ വസ്ത്രം ധരിച്ച്, സുബോധമുള്ളവരായി, തങ്ങളെ സൗഖ്യപ്പെടുത്തിയവന്റെ കാൽക്കൽ ഇരുന്ന് ഉപദേശം ശ്രവിക്കുന്ന കാഴ്ച ആയിരുന്നു വന്നവർ കണ്ടത്. എന്നാൽ ഈ അത്ഭുതപ്രവൃത്തികളിൽ അവർ സന്തോഷിച്ചില്ല. തങ്ങളുടെ പന്നികൾ നഷ്ടപ്പെട്ടതായിരുന്നു അവരുടെ ദുഃഖത്തിന്റെ കാരണം.

പന്നികളുടെ ഉടമസ്ഥരെ യേശു സ്നേഹിച്ചതുകൊണ്ടായിരുന്നു, ഈ നഷ്ടം അവർക്കു വരുവാൻ അനുവദിച്ചത്. അവർ ഈ ലോകസമ്പത്തുകളെ ഏറ്റവും വലുതായി കരുതിയിരുന്നു. ആത്മീയ കാര്യങ്ങൾക്ക് അവർ ഒട്ടും പ്രാധാന്യം നല്കിയിരുന്നില്ല. അവരുടെ സ്വാർത്ഥതയിൽനിന്നുണർത്തി, ദൈവകൃപയുടെ ആവശ്യം അവരിൽ സംജാതമാക്കുവാനാണു യേശു ആഗ്രഹിച്ചത്. എന്നാൽ അവരുടെ താൽക്കാലിക നഷ്ടത്തിൽ അവർ കോപാന്ധരാകയും, ക്രിസ്തുവിന്റെ കൃപയെ അവർ ഗണ്യമാക്കാതിരിക്കയും ചെയ്തു.

സ്വർഗ്ഗീയശക്തിപ്രകടനം ആളുകളിൽ ഭയവും സംശയവുമുണർത്തി. ഈ ആൾ തങ്ങളുടെ ഇടയിൽ പാർത്താൽ, കൂടുതൽ നഷ്ടങ്ങൾ ഉണ്ടാകുമെന്നു ദേശവാസികൾ ഭയപ്പെട്ടു. യേശു അവരെ വിട്ടുപോകുവാൻ അവർ ആഗ്രഹിച്ചു. യേശു എപ്രകാരം കടലിനെ ശാന്തമാക്കിയെന്ന വസ്തുതയെല്ലാം അവർ കേട്ടിട്ടും തങ്ങളുടെ ദേശം വിട്ടുപോകുവാനാണ് അവർ ആവശ്യപ്പെട്ടത്. അവരുടെ ആവശ്യം യേശു സ്വീകരിച്ചു. ഉടനെത്തന്നെ പടകിൽ കയറി എതിർദിശയിലേക്കു യാത്രതിരിച്ചു.

എന്നാൽ ക്രിസ്തുവിന്റെ ശക്തിയെയും കാരുണ്യത്തെയും പ്രകടമാക്കുന്ന ജീവനുള്ള സാക്ഷികൾ ഗെരസേന്യരുടെ ഇടയിലുണ്ടായിരുന്നു. സുബുദ്ധി തിരിച്ചുകിട്ടിയ ആ മനുഷ്യർ അവരുടെ ഇടയിൽ പാർത്തു. ഭൗമിക കെട്ടുപാടുകളെ വിട്ടകലുവാൻ ഗെരസേന്യർ വിമുഖരായിരുന്നു. പിശാചിനെ അവരുടെ കൺമുമ്പാകെ ആട്ടിപ്പായിച്ചവനെ സ്വീകരിപ്പാൻ ഒരുക്കമില്ലായിരുന്നു. സ്വർഗ്ഗത്തിന്റെ വിലയേറിയ ദാനത്തെ അവർ നിരസിച്ചു. ഗെരസേന്യരെപ്പോലെ ക്രിസ്തുവെന്ന വ്യക്തിയിൽനിന്നു തിരിഞ്ഞു നില്ക്കാനുള്ള സന്ദർഭം നമുക്കില്ലായിരിക്കാം. എന്നാൽ ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ ചില ഭൗമിക താൽപര്യങ്ങളെ ത്യാഗം ചെയ്യേണ്ടതായി വന്നേക്കാം. യേശുവിന്റെ സാന്നിദ്ധ്യം സാമ്പത്തികമായ നഷ്ടം വരുത്തുമെന്നു ഭയപ്പെട്ട് അനേകർ അവന്റെ കൃപയെ തിരസ്കരിച്ചുകളയുന്നു. പരിശുദ്ധാത്മാവിനെ തങ്ങളിൽനിന്ന് അവർ അകറ്റിക്കളയുന്നു.

സൗഖ്യം പ്രാപിച്ച ഭൂതഗ്രസ്തരുടെ നില തികച്ചും വ്യത്യസ്തമായിരുന്നു. തങ്ങളുടെ രക്ഷകന്റെ സാന്നിദ്ധ്യം അവർ ആഗ്രഹിച്ചു. തങ്ങളുടെ ജീവിത

ത്തെ വ്യഥാവിലാക്കിയ പൈശാചികന്റെ ആക്രമണത്തിൽനിന്നു സുരക്ഷിത രായിരിപ്പാൻ അവർ യേശുവിന്റെ അരികിലിരിപ്പാൻ ആഗ്രഹിച്ചു. യേശു പടകി ലേക്കു കയറുവാൻ തുടങ്ങിയപ്പോൾ അവർ ഇരുവരും യേശുവിനോടു ചേർന്നുനിന്നു. തങ്ങളെയും യേശുവിനോടു കൂടെ കൊണ്ടുപോകണമെന്ന് അവർ ഇരുവരും യാചിച്ചു. യേശുവിന്റെ തിരുമൊഴികൾ കേട്ടുകൊണ്ടിരി പ്പാൻ അവർ വാഞ്ഛിച്ചു. എന്നാൽ താൻ അവർക്കു ചെയ്ത വലിയ കാര്യ ങ്ങളെ വീട്ടിൽ പോയി സാക്ഷീകരിപ്പാൻ യേശു അവരോടു പറഞ്ഞു.

സൗഖ്യം പ്രാപിച്ച ഭൂതഗ്രസ്തർക്ക് ഒരു വലിയ വേല ചെയ്‌വാനുണ്ടായി രുന്നു. യേശുവിൽനിന്നു ലഭിച്ച അനുഗ്രഹത്തെ, തങ്ങളുടെ കുടുംബാംഗ ങ്ങളെ അറിയിക്കുക എന്നതായിരുന്നു അവരുടെ വേല. രക്ഷകനോടുകൂടെ ഇരിപ്പാൻ അവർ ആഗ്രഹിച്ചു. സത്യദൈവത്തെ അറിയാത്ത സ്വന്തജനങ്ങ ളോടു തങ്ങളുടെ അനുഭവം പറയുമ്പോൾ വലിയ പ്രയാസങ്ങൾ നേരിടു മെന്ന് അവർക്കറിയാമായിരുന്നു. സമൂഹത്തിൽനിന്ന് അന്യപ്പെട്ടുപോയ തങ്ങൾക്ക്, യേശു തങ്ങളുടെ കർത്തവ്യം ചൂണ്ടിക്കാട്ടിയ ഉടനെത്തന്നെ അവർ അനുസരിക്കുവാൻ തയ്യാറായി. തങ്ങളുടെ കുടുംബാംഗങ്ങളോടും, അയൽക്കാരോടും മാത്രമല്ല അവർ സംസാരിച്ചത്. അവർ ദെക്കപ്പൊലി നാട്ടിൽ മുഴുവൻ സഞ്ചരിച്ചു യേശുവിന്റെ രക്ഷാശക്തിയെയും, തങ്ങളെ യേശു എപ്രകാരം പൈശാചികന്റെ പിടിയിൽനിന്നു വിടുവിച്ചു എന്നതി നെയും സാക്ഷീകരിച്ചു. തങ്ങളുടെ സ്വന്തനന്മയെക്കരുതി രക്ഷകന്റെ അടു ക്കൽ കഴിയുന്നതിനെക്കാൾ കൂടുതൽ അനുഗ്രഹം ഈ സാക്ഷീകരണത്തി ലൂടെ അവർക്കു ലഭിച്ചു. രക്ഷകന്റെ സുവാർത്ത പ്രചരിപ്പിക്കുന്നതുവഴി നാം രക്ഷകനോടു കൂടുതൽ അടുക്കുന്നു.

ദെക്കപ്പൊലി നാട്ടിൽ സുവിശേഷം പ്രചരിപ്പിക്കുവാൻ കർത്താവ് അയച്ച ആദ്യത്തെ രണ്ടു മിഷനറിമാരായിരുന്നു, സൗഖ്യം പ്രാപിച്ച രണ്ടു ഭൂത ബാധിതർ. ക്രിസ്തുവിന്റെ ഉപദേശങ്ങൾ കേൾക്കുവാനുള്ള അവസരം അവർക്കു കുറച്ചു നിമിഷങ്ങൾ മാത്രമായിരുന്നു. ഒരു പ്രസംഗംപോലും യേശുവിൽനിന്നു കേൾക്കുവാൻ അവർക്കു കഴിഞ്ഞില്ല. യേശുവിനോടുകൂടെ എല്ലാ ദിവസവും സമ്പർക്കം പുലർത്തിയിരുന്ന ശിഷ്യന്മാരെപ്പോലെ, അവർക്കു മറ്റുള്ളവരെ പഠിപ്പിക്കുവാൻ കഴിയുമായിരുന്നില്ല. എന്നാൽ സ്വന്ത അനുഭവത്തിൽ തങ്ങൾക്കു യേശുവിനെ തങ്ങളുടെ മശീഹയായി മനസ്സി ലാക്കുവാൻ കഴിഞ്ഞു. തങ്ങൾക്ക് അനുഭവവേദ്യമായത് അവർ മറ്റുള്ളവ രോടു പറഞ്ഞു. തങ്ങൾ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ ക്രിസ്തുവിന്റെ ശക്തിയെക്കുറിച്ച് അവർ പ്രസ്താവിച്ചു. ദൈവകൃപയാൽ ഹൃദയം സ്പർശിക്കപ്പെട്ട ഏവർക്കും ഇപ്രകാരം ചെയ്‌വാൻ സാധിക്കും. യോഹന്നാൻ ഇപ്രകാരമെഴുതി: "ആദിമുതലുള്ളതും, ഞങ്ങൾ കേട്ടതും, സ്വന്ത കണ്ണുകൊണ്ടു കണ്ടതും, ഞങ്ങൾ നോക്കിയതും, ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ വചനം സംബന്ധിച്ച്... ഞങ്ങൾ കണ്ടും കേട്ടുമുള്ളത്... നിങ്ങളോടും അറിയിക്കുന്നു" (1 യോഹ. 1:1-3). ക്രിസ്തുവിന്റെ സാക്ഷി കളെന്ന നിലയിൽ, നമുക്ക് അറിയാവുന്നതും, നാം കണ്ടതും, കേട്ടതും, അനുഭവിച്ചതുമായ കാര്യങ്ങൾ നാം പറയേണ്ടതാണ്. യേശുവിനെ നാം

ഓരോ ചുവടും അനുഗമിക്കുകയാണെങ്കിൽ, യേശു നമ്മെ നയിച്ചതിനെക്കുറിച്ചു മറ്റുള്ളവരോടു പറയാൻ നമുക്ക് അനവധി കാര്യങ്ങൾ ഉണ്ടായിരിക്കും. യേശുവിന്റെ വാഗ്ദത്തങ്ങൾ നമുക്ക് എത്ര യാഥാർത്ഥ്യമായിരുന്നുവെന്നു പറയുവാൻ കഴിയും. ക്രിസ്തുവിന്റെ കൃപയെക്കുറിച്ചു നമുക്കു സാക്ഷീകരിപ്പാൻ സാധിക്കും. ഈ സാക്ഷ്യത്തിനുവേണ്ടിയാണു കർത്താവു നമ്മെ വിളിക്കുന്നത്. ഇതിന്റെ അഭാവം നിമിത്തമാണു ലോകം നാശത്തിൽ നിപതിക്കുന്നത്.

ഗെരസേന്യയിലെ ജനങ്ങളെ അവരുടെ അജ്ഞതയിൽ വിട്ടിട്ടു പോകുവാൻ യേശുവിനു മനസ്സു വന്നില്ല. തങ്ങളെ വിട്ടുപോകുവാൻ അവർ യേശുവിനോടാവശ്യപ്പെട്ടപ്പോൾ, യേശുവിന്റെ പ്രസംഗം അവർ കേട്ടിരുന്നില്ല. അവർ തിരസ്കരിക്കുന്നതെന്തെന്ന് അവർക്കറിവില്ലായിരുന്നു. അവർ അഗണ്യമായി കരുതിയ ആളുകളിൽക്കൂടി അവർക്കു വെളിച്ചം ലഭിച്ചു.

പന്നികളെ നശിപ്പിച്ചുകൊണ്ടു ജനത്തെ ക്രിസ്തുവിൽനിന്ന് അകറ്റുവാൻ സാത്താൻ ശ്രമിച്ചു. അവിടെ സുവിശേഷം പ്രചരിപ്പിക്കുന്നതു തടയേണ്ടതു സാത്താന്റെ ആവശ്യമായിരുന്നു. എന്നാൽ ഈ സംഭവം, മറ്റൊരു അത്ഭുത പ്രവൃത്തിക്കും കഴിയാത്തവിധം മുഴുവൻ ജനത്തെയും ഉണർത്തുക മാത്രമല്ല ക്രിസ്തുവിനെ അന്വേഷിപ്പാൻ ഇടയാക്കുകയും ചെയ്തു. യേശു അവിടെനിന്നു പോയെങ്കിലും, തന്റെ ശക്തിമൂലം സൗഖ്യമാക്കപ്പെട്ടവർ, തന്റെ ശക്തിയുടെ ജീവിക്കുന്ന സാക്ഷികളായി അവിടെ വസിച്ചു. അന്ധകാരപ്രഭുവിന്റെ ഉപകരണങ്ങളായിരുന്നവർ, പ്രകാശം ചൊരിയുന്ന മാദ്ധ്യമങ്ങളായി രൂപാന്തരപ്പെട്ടു. അവർ യേശുവിന്റെ ദൂതുവാഹകരായി. ഈ അത്ഭുതവാർത്ത കേട്ട് ആളുകൾ അത്ഭുതപ്പെട്ടു. ആ പ്രദേശം മുഴുവനും സുവിശേഷത്തിനായി തുറക്കപ്പെട്ടു. ദെക്കപ്പൊലിയിൽ യേശു വീണ്ടും വന്നപ്പോൾ, ജനം കൂട്ടമായി വന്നു. മൂന്നു ദിവസം ആ നഗരത്തിലുള്ളവർ മാത്രമല്ല, സമീപ പ്രദേശങ്ങളിൽനിന്നുപോലും ആളുകൾ രക്ഷയുടെ സുവാർത്ത കേൾക്കുവാനിടയായി. പിശാചുക്കൾ അടിയറവു പറഞ്ഞു. തിന്മയെ നന്മ ജയിച്ചു.

ഗെരസേന്യയിലെ സംഭവത്തിൽനിന്നു ശിഷ്യന്മാർക്ക് ഒരു പാഠം ലഭിച്ചു. പിശാചു മനുഷ്യനെ എത്രമാത്രം അധഃപതനത്തിലേക്കു നയിക്കുമെന്ന് ആ സംഭവം ശിഷ്യന്മാരെ പഠിപ്പിച്ചു. മനുഷ്യനെ സാത്താന്റെ ശക്തിവലയത്തിൽനിന്നു മോചിപ്പിക്കുകയാണു യേശുവിന്റെ ദൗത്യം. സാത്താനു സ്വയം കീഴ്പ്പെടുത്തിക്കൊടുത്താൽ മനുഷ്യവർഗ്ഗത്തിന്റെ സ്ഥിതി എന്താകുമെന്നു നിർഭാഗ്യരായ ഈ ഭൂതബാധിതർ കാണിച്ചുകൊടുത്തു. മനുഷ്യനെ തെറ്റായ വഴിയിലേക്കു നയിക്കുന്നതിനു സാത്താൻ നിരന്തരമായി പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു. മനുഷ്യന്റെ ശരീരത്തെ ദുർബലമാക്കുകയും ബുദ്ധിയെ ഇരുളാക്കുകയും ആത്മാവിനെ അധഃപതിപ്പിക്കുകയും ചെയ്യുകയാണു സാത്താന്റെ മുഖ്യജോലി. യേശുവിന്റെ ക്ഷണത്തെ മനുഷ്യർ നിരസിക്കുമ്പോൾ, അവർ സാത്താന്റെ മായാവലയത്തിലേക്കു പതിക്കുകയാണു ചെയ്യുന്നത്. ജീവിതത്തിന്റെ എല്ലാ തുറയിലുമുള്ളവർ, ഭവനത്തിലും, ജോലിസ്ഥലത്തും, സഭയിൽ പോലും ഇപ്രകാരം സാത്താന്റെ വഞ്ചനയ്ക്ക് അധീന

രായിത്തീർന്നുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ വാസസ്ഥലം അധാർമ്മികത യുടെ അന്ധകാരത്താൽ ആവരണം ചെയ്യപ്പെടുന്നു, മരണത്തിന്റെ മൂടു ശീലപോലെ. സാത്താന്റെ വഞ്ചന നിറഞ്ഞ പരീക്ഷകൾ മനുഷ്യനെ ഏറ്റവും ഹീനമായ തിന്മയിലേക്കു നടത്തുന്നു. തൽഫലമായി അധഃപതനവും നാശവും വരുന്നു. യേശുവിന്റെ സന്നിധി മാത്രമാണു സാത്താന്റെ ശക്തി ക്കെതിരെയുള്ള സുരക്ഷിതസ്ഥാനം. മനുഷ്യന്റെ ശത്രുവും വിനാശകാരി യായ എതിരാളിയുമായി സാത്താനെ മനുഷ്യർക്കും ദൂതന്മാർക്കും വെളി പ്പെടുത്തിക്കാണിച്ചിരിക്കുന്നു. ക്രിസ്തു മനുഷ്യന്റെ സ്നേഹിതനും, വിമോചകനുമാണ്. നമ്മുടെ സ്വഭാവത്തെ ശ്രേഷ്ഠമാക്കുകയും, നമ്മെ ഉൽക്കൃഷ്ടരാക്കുകയും ചെയ്യുന്ന എല്ലാ സത്ഗുണങ്ങളെയും പരിശുദ്ധാ ത്മാവു നമ്മിൽ വളരുമാറാക്കുന്നു. “ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തി യുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്” (2 തിമൊ. 1:7). “യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനല്ലോ നിങ്ങളെ വിളിച്ചത്.” “അവന്റെ സ്വരൂപത്തോട് അനുരൂപ രാകുവാൻ” നമ്മെ വിളിച്ചിരിക്കുന്നു (2 തെസ്സ. 2:14, റോമർ 8:29).

സാത്താന്റെ ഉപകരണങ്ങളായി അധഃപതിച്ചുപോയ മനുഷ്യർ, ക്രിസ്തു വിന്റെ ശക്തിയാൽ നീതിയുടെ ദൂതുവാഹകരായി ഇപ്പോഴും രൂപാന്തരം പ്രാപിച്ചുകൊണ്ടിരിക്കുന്നു. കർത്താവു ചെയ്തതൊക്കെയും പ്രസ്താവിക്കു വാനായി ദൈവപുത്രൻ അവരെ അയച്ചുകൊണ്ടിരിക്കുന്നു.



മരിച്ച പെൺകുട്ടി കിടന്ന മുറിയിൽ യേശു പ്രവേശിച്ചു.
'ബാലേ, എഴുന്നേല്ക്ക' എന്ന് ഉച്ചത്തിൽ പറഞ്ഞു.
ആ ബാലിക എഴുന്നേറ്റു.

# 36

# വിശ്വാസത്തിന്റെ സ്പർശനം

അവലംബം: മത്തായി 9:18–26; മർക്കൊസ് 5:21–43; ലൂക്കൊസ് 8:40–56

ഗെരസേന്യയിൽനിന്നു പടിഞ്ഞാറേ തീരത്തു തിരിച്ചെത്തിയപ്പോൾ, തന്നെ സ്വീകരിപ്പാനായി ഒരു പുരുഷാരം കാത്തുനില്ക്കുന്നതു യേശു കണ്ടു. സന്തോഷത്തോടുകൂടി അവർ യേശുവിനെ സ്വീകരിച്ചു. യേശു പുരുഷാരത്തോട് ഉപദേശിച്ചും, രോഗികളെ സൗഖ്യമാക്കിയുംകൊണ്ടു കുറെസമയം കടൽത്തീരത്തു ചെലവഴിച്ചു. അതിനുശേഷം ചുങ്കക്കാരോടുകൂടി പന്തിഭോജനം കഴിക്കേണ്ടതിന്, ലേവി-മത്തായിയുടെ വീട്ടിലേക്കു പോയി. ഇവിടെവച്ചു പള്ളിപ്രമാണിയായ യായീറൊസ് യേശുവിനെ കണ്ടു.

ഈ യെഹൂദപ്രമാണി, ഹൃദയവേദനയോടെ യേശുവിന്റെ പാദത്തിൽ വീണുകൊണ്ടു പറഞ്ഞു: "എന്റെ കുഞ്ഞുമകൾ അത്യാസന്നത്തിൽ ഇരിക്കുന്നു; അവൾ രക്ഷപ്പെട്ടു ജീവിക്കേണ്ടതിനു നീ വന്ന് അവളുടെമേൽ കൈവയ്ക്കേണമേ."

യേശു ഉടൻതന്നെ പള്ളിപ്രമാണിയോടൊന്നിച്ചു വീട്ടിലേക്കു പോയി. ശിഷ്യന്മാർ യേശു ചെയ്ത അനവധി അത്ഭുതങ്ങൾ കണ്ടിരുന്നുവെങ്കിലും,

ധാർഷ്ട്യക്കാരനായ ആ പരീശപ്രമാണിയുടെ അഭ്യർത്ഥനയ്ക്കു യേശു വഴങ്ങിയതിൽ അതിശയിച്ചു. എങ്കിലും അവർ യേശുവിനോടുകൂടെ പോയി. എന്തു നടക്കുവാൻ പോകുന്നുവെന്നറിയാൻ തൽപരരായ ഒരു കൂട്ടം ജനവും യേശുവിനെ പിന്തുടർന്നു.

പള്ളിപ്രമാണിയുടെ വീടു സമീപത്തായിരുന്നു. ജനക്കൂട്ടത്തിന്റെ തിരക്കു മൂലം യേശുവിനും ശിഷ്യന്മാർക്കും വളരെ സാവധാനത്തിൽ മാത്രമേ പോകുവാൻ സാധിച്ചുള്ളു. ഉത്കണ്ഠാകുലനായ പിതാവു യേശു ചെന്നെത്താൻ താമസിക്കുന്നതിൽ അക്ഷമത കാണിച്ചു. എങ്കിലും തന്നോടു സംസാരിപ്പാനും ആശ്വാസം നേടുവാനും അടുത്തു വന്നവരോടു യേശു സമയമെടുത്തു സംസാരിച്ചു.

യേശു വഴിമദ്ധ്യേ ആയിരിക്കുമ്പോൾ, യായീറൊസിന്റെ വീട്ടിൽനിന്ന് ഒരുവൻ, ബാലയുടെ മരണവാർത്തയുമായി വന്നു. അയാൾ പറഞ്ഞു: "മകൾ മരിച്ചുപോയി; ഗുരുവിനെ ഇനി അസഹ്യപ്പെടുത്തുന്നത് എന്തിന്?" ആ വാർത്ത യേശുവിന്റെ ചെവിയിൽ എത്തിയപ്പോൾ യേശു പറഞ്ഞു: "ഭയപ്പെടേണ്ടാ; വിശ്വസിക്ക മാത്രം ചെയ്ക; അവൾക്കു സൗഖ്യം വരും." യായീറൊസ് യേശുവിനോടു ചേർന്നുനിന്നു. അവർ ഒരുമിച്ചു യായീറൊസിന്റെ വീട്ടിലേക്കു പോയി. വിലപിക്കുന്നവരും, സംഗീതോപകരണം വായിക്കുന്നവരും എല്ലാംകൂടെ ആ വീട്ടിലെ അന്തരീക്ഷത്തെ ശബ്ദമുഖരിതമാക്കിയിരുന്നു. ജനക്കൂട്ടവും, ആരവാരവും യേശുവിന് ഇഷ്ടപ്പെട്ടില്ല. ആളുകളെ ശാന്തരാക്കുവാൻ ശ്രമിച്ചുകൊണ്ടു യേശു പറഞ്ഞു: "നിങ്ങളുടെ ആരവാരവും കരച്ചിലും എന്തിന്? കുട്ടി മരിച്ചിട്ടില്ല; ഉറങ്ങുന്നത്രേ." ഈ വാക്കുകൾ കേട്ടപ്പോൾ ആളുകൾ കുപിതരായി. ബാലിക മരിച്ചുവെന്നവർ കണ്ടതാണ്. എല്ലാവരും യേശുവിനെ പരിഹസിച്ചു. എല്ലാവരെയും പുറത്താക്കുവാൻ യേശു ഗൃഹനാഥനോടാവശ്യപ്പെട്ടു. കുട്ടിയുടെ അപ്പനെയും അമ്മയെയും, ശിഷ്യന്മാരിൽ പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടി, യേശു ബാലിക മരിച്ചുകിടന്ന മുറിയിലേക്കു പ്രവേശിച്ചു.

യേശു കിടക്കക്കരികെ വന്നു കുട്ടിയുടെ കരം ഗ്രഹിച്ചുകൊണ്ട് അവൾക്കു സുപരിചിതമായ ഭാഷയിൽ പറഞ്ഞു: "ബാലേ, എഴുന്നേല്ക്ക."

അബോധാവസ്ഥയിൽ കിടന്നിരുന്ന ശരീരത്തിനു പെട്ടെന്ന് ഒരു ചലനം ഉണ്ടായി. ജീവന്റെ സ്പന്ദനം വീണ്ടും ആരംഭിച്ചു. അവളുടെ ചുണ്ടിൽ പുഞ്ചിരി വിടർന്നു. ഉറക്കത്തിൽനിന്നെന്നപോലെ ആ കണ്ണുകൾ തുറന്നു. തന്റെ അരികിൽ നില്ക്കുന്നവരെ അത്ഭുതത്തോടുകൂടി അവൾ നോക്കി. അവൾ എഴുന്നേറ്റപ്പോൾ അവളുടെ മാതാപിതാക്കൾ അവളെ പുണർന്നുകൊണ്ട് ആനന്ദാശ്രുക്കൾ പൊഴിച്ചു.

പള്ളിപ്രമാണിയുടെ വീട്ടിലേക്കുള്ള യാത്രയിൽ, പന്ത്രണ്ടു വർഷമായി ഒരു മാരകരോഗത്തിനു വിധേയയായ ഒരു പാവപ്പെട്ട സ്ത്രീയെ പുരുഷാരത്തിനിടയിൽ യേശു കണ്ടു. അവൾക്കുള്ളതെല്ലാം വൈദ്യന്മാർക്കും, മരുന്നുകൾക്കും വേണ്ടി ചെലവഴിച്ചെങ്കിലും രോഗത്തിനു ശമനമുണ്ടാവില്ലെന്ന് എല്ലാവരും വിധിച്ചു. എന്നാൽ യേശുവിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ചു

കേട്ടപ്പോൾ അവളിൽ പ്രത്യാശ മൊട്ടിട്ടു. യേശുവിന്റെ അടുത്ത് ഒന്ന് എത്തിയിരുന്നെങ്കിൽ തന്റെ രോഗത്തിനു ശമനം വരുമെന്ന് അവൾ വിശ്വസിച്ചു. ബലഹീനതയും കഷ്ടപ്പാടും ഉണ്ടായിരുന്നിട്ടും അവൾ യേശുവിന്റെ ഉപദേശം കേൾപ്പാനായി കടൽക്കരെ എത്തി. ആൾക്കൂട്ടത്തിനിടയിലൂടെ യേശുവിന്റെ അരികിൽ എത്താൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. ചുങ്കക്കാരനായ ലേവി-മത്തായിയുടെ കൂടെ വീട്ടിൽനിന്ന് അവൾ യേശുവിനെ അനുഗമിച്ചെങ്കിലും, യേശുവിനോടടുക്കുവാൻ അവൾക്കു കഴിഞ്ഞില്ല. അവൾ നിരാശപ്പെടുവാൻ തുടങ്ങിയപ്പോൾ യേശു അവളുടെ അടുത്തെത്തി.

സുവർണ്ണാവസരം അവൾക്കു കൈവന്നു. ശ്രേഷ്ഠവൈദ്യന്റെ സന്നിധിയിൽ അവൾ നില്ക്കുകയായിരുന്നു. എങ്കിലും ശബ്ദകോലാഹലത്തിനിടയിൽ അവൾക്കു യേശുവിനോടു സംസാരിപ്പാൻ കഴിഞ്ഞില്ല. യേശുവിനെ അവൾക്കു കാണുവാൻ കഴിഞ്ഞു. സൗഖ്യം പ്രാപിപ്പാനുള്ള സന്ദർഭം നഷ്ടപ്പെടുമോ എന്നു ഭയപ്പെട്ടുകൊണ്ട് അവൾ മുമ്പോട്ടു തള്ളിക്കയറി. അവൾ സ്വയം പറഞ്ഞു: "അവന്റെ വസ്ത്രം എങ്കിലും തൊട്ടാൽ ഞാൻ രക്ഷപ്പെടും." യേശു കടന്നുപോകുമ്പോൾ അവൾ മുമ്പോട്ടാഞ്ഞുകൊണ്ട് അവന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ടു. ആ നിമിഷത്തിൽത്തന്നെ താൻ സൗഖ്യം പ്രാപിച്ചെന്ന് അവൾ അറിഞ്ഞു. ആ ഒരൊറ്റ സ്പർശനത്തിൽ അവളുടെ ജീവിതത്തിലെ വിശ്വാസം മുഴുവൻ കേന്ദ്രീകരിച്ചിരുന്നു. തത്സമയംതന്നെ അവളുടെ വേദനയും ബലഹീനതയും പൂർണ്ണാരോഗ്യത്തിനു വഴിമാറിക്കൊടുത്തു.

കൃതജ്ഞതാനിർഭരമായ ഹൃദയത്തോടുകൂടി ജനക്കൂട്ടത്തിൽനിന്നു പിൻവാങ്ങുവാൻ അവൾ ഒരുമ്പെട്ടു. എന്നാൽ യേശു പെട്ടെന്നു നിന്നു. ജനക്കൂട്ടവും അവനോടൊപ്പം നിന്നു. യേശു തിരിഞ്ഞു ചുറ്റും നോക്കിക്കൊണ്ട് എല്ലാവർക്കും കേൾക്കാവുന്ന ശബ്ദത്തിൽ പറഞ്ഞു: "എന്നെ തൊട്ടത് ആർ?" ജനത്തിന്റെ അത്ഭുതത്തോടുകൂടിയ നോട്ടമായിരുന്നു ആ ചോദ്യത്തിനുത്തരമായി ലഭിച്ചത്. തിക്കിലും തിരക്കിലും പെട്ട യേശു ഈ ചോദ്യം ചോദിച്ചതു വിചിത്രമായി തോന്നി.

എപ്പോഴും സംസാരിപ്പാൻ ഒരുക്കമുള്ള പത്രൊസ് പറഞ്ഞു: "ഗുരോ, പുരുഷാരം അങ്ങയെ തിക്കിത്തിരക്കുന്നു. എന്നിട്ടും എന്നെ തൊട്ടത് ആര് എന്നു ചോദിക്കുന്നുവോ?" "ഒരാൾ എന്നെ തൊട്ടു. എങ്കൽനിന്നു ശക്തി പുറപ്പെട്ടതു ഞാൻ അറിഞ്ഞു" എന്നു യേശു പറഞ്ഞു. വിശ്വാസത്തോടുകൂടെയുള്ള സ്പർശനത്തെ മറ്റുള്ള സ്പർശനങ്ങളിൽനിന്നു വേർതിരിച്ച് അറിയുവാൻ കർത്താവിനു കഴിയുമായിരുന്നു. അപ്രകാരമുള്ള വിശ്വാസത്തെ കർത്താവ് അഭിനന്ദിക്കുന്നു. സാധുവായ ആ സ്ത്രീക്കു നല്കിയ ആശ്വാസവചനങ്ങൾ അവളുടെ ഹൃദയത്തിൽ സന്തോഷത്തിന്റെ നീരുറവ ഒഴുകുവാൻ കാരണമായിത്തീർന്നു. കാലത്തിന്റെ അവസാനംവരെ, യേശുവിന്റെ ആ വാക്കുകൾ വിശ്വാസികൾക്ക് ആശ്വാസം പകരുന്നവയായിരിക്കും.

ആ സ്ത്രീയെ നോക്കിക്കൊണ്ട്, തന്നെ തൊട്ടത് ആർ എന്നു ക്രിസ്തു ചോദിച്ചു. മറച്ചുവയ്ക്കുന്നതു വൃഥാവിലാണെന്നു മനസ്സിലാക്കിയ ആ സാധു

വനിത ഭയചകിതയായി മുമ്പോട്ടുവന്നു യേശുവിന്റെ കാൽക്കൽ വീണു. നന്ദിയുടെ കണ്ണുനീർ തൂവിക്കൊണ്ട് അവളുടെ വ്യഥയുടെ കഥ അവൾ പറഞ്ഞു. യേശു അവളോടു പറഞ്ഞു: "മകളേ, ധൈര്യപ്പെടുക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോക." തന്റെ വസ്ത്രത്തിൽ തൊട്ടതുകൊണ്ട് എന്തോ അത്ഭുതം സംഭവിച്ചു എന്ന് അവൾ വിശ്വസിക്കണമെന്നു യേശു ആഗ്രഹിച്ചില്ല. പ്രത്യുത തന്നിലുള്ള വിശ്വാസമാണ് അവൾക്കു സൗഖ്യം നല്കിയത് എന്നവൾ മനസ്സിലാക്കിയിരുന്നു.

യേശുവിനോട് ഏറ്റവും അടുത്തുനിന്നു തിക്കും തിരക്കും കൂട്ടിയ ജനത്തിന്, ജീവൻ നല്കുന്ന ശക്തിയുടെ സാമീപ്യം മനസ്സിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ തനിക്കു സൗഖ്യം ലഭിക്കുമെന്നു വിശ്വസിച്ചുകൊണ്ടു യേശുവിനെ തൊടുവാനായി കൈ നീട്ടിയപ്പോൾ തന്നെ അവൾക്കു രോഗം സൗഖ്യമായി. ആത്മീയകാര്യങ്ങളിലും സംഭവിക്കുന്നത് ഇതുപോലെയാണ്. മതത്തെക്കുറിച്ചു താൽപര്യമില്ലാത്ത ആളുകളുടെ പ്രസംഗവും ആത്മീയമായ അനുഭവമില്ലാത്ത പ്രാർത്ഥനയും ജീവനില്ലാത്ത വിശ്വാസവും പ്രയോജനരഹിതങ്ങളാണ്. ക്രിസ്തുവിൽ യഥാർത്ഥ വിശ്വാസമില്ലാതിരിക്കുകയും, വ്യക്തിപരമായി തങ്ങളുടെ രക്ഷകനായി ക്രിസ്തുവിനെ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവർക്കു ക്രിസ്തുവിൽനിന്നുള്ള സൗഖ്യം ലഭിക്കുകയില്ല. രക്ഷ പ്രദാനം ചെയ്യുന്ന വിശ്വാസം, സത്യത്തെ ബുദ്ധിപരമായി അംഗീകരിക്കുന്നതല്ല. വിശ്വാസം യാഥാർത്ഥ്യമായിത്തീരുന്നതിനു മുമ്പ് എല്ലാറ്റിനെയും കുറിച്ച് അറിവു സമ്പാദിക്കുവാൻ ശ്രമിക്കുന്നവനു ദൈവത്തിൽനിന്ന് അനുഗ്രഹം പ്രാപിപ്പാൻ കഴിയുന്നതല്ല. ക്രിസ്തുവിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ വിശ്വസിച്ചാൽ പോരാ; ക്രിസ്തുവിൽ നാം വിശ്വസിക്കണം. ക്രിസ്തുവിനെ നമ്മുടെ സ്വന്തരക്ഷകനായി സ്വീകരിക്കുന്നതിലൂടെയാണ്, നമ്മുടെ വിശ്വാസം ഫലവത്തായിത്തീരുന്നത്. അപ്പോൾ ക്രിസ്തുവിന്റെ ഗുണങ്ങൾ നമ്മുടേതായിത്തീരുന്നു. വിശ്വാസം ഒരു അഭിപ്രായമല്ല. രക്ഷിക്കുന്ന വിശ്വാസം പരസ്പരം ഒരു ഉടമ്പടി ചെയ്യലാണ്. ക്രിസ്തുവിനെ സ്വന്തരക്ഷകനായി സ്വീകരിക്കുന്നയാൾ, ദൈവവുമായി ഒരു ഉടമ്പടി ചെയ്യുകയാണ്. യഥാർത്ഥ വിശ്വാസം ജീവൻ ആകുന്നു. ജീവിക്കുന്ന വിശ്വാസം വർദ്ധമാനമായ ശക്തിയും, പൂർണ്ണമായ ദൈവാശ്രയവും പ്രകടമാക്കുന്നു. അതിന്റെ ഫലമായി ആത്മാവു വിജയം നേടുന്ന ശക്തിയായിത്തീരുന്നു.

സ്ത്രീയെ സൗഖ്യമാക്കിയതിനുശേഷം, നന്ദിയോടുകൂടെയുള്ള അവളുടെ സാക്ഷീകരണം കേൾക്കുവാൻ യേശു ആഗ്രഹിച്ചു. സുവിശേഷം നല്കുന്ന ദാനങ്ങൾ രഹസ്യത്തിൽ സൂക്ഷിപ്പാനോ, രഹസ്യമായി സന്തോഷിപ്പാനോ ഉള്ളതല്ല. ദൈവം ചെയ്യുന്ന നന്മയെ സാക്ഷീകരിക്കുന്നതിനു കർത്താവു നമ്മെ ആഹ്വാനം ചെയ്യുന്നു. "ഞാൻ, ഞാൻ തന്നെ, യഹോവ; അതുകൊണ്ടു നിങ്ങൾ എന്റെ സാക്ഷികൾ എന്നു യഹോവയുടെ അരുളപ്പാട്" (യെശ. 43:11,12).

ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുവാൻ സ്വർഗ്ഗം തെരഞ്ഞെടുത്തിരിക്കുന്ന ശ്രേഷ്ഠമായ വഴി, നമ്മുടെ സാക്ഷീകരണമാണ്.

വിശുദ്ധന്മാരായ മുൻപിതാക്കന്മാരിൽക്കൂടെ വെളിപ്പെടുത്തപ്പെട്ട ദൈവ കൃപയെ നാം സ്വീകരിക്കേണ്ടതാണ്. എന്നാൽ നമ്മുടെ സ്വന്ത അനുഭവങ്ങ ളുടെ സാക്ഷീകരണമാണ് ഏറ്റവും ഫലവത്തായിട്ടുള്ളത്. ദൈവിക ശക്തി യുടെ പ്രവർത്തനം നമ്മിലൂടെ വെളിപ്പെടുമ്പോൾ നാം ദൈവത്തിന്റെ സാക്ഷി കൾ ആയിത്തീരുന്നു. ഓരോ വ്യക്തിക്കും മറ്റുള്ളവരിൽനിന്നു വ്യത്യസ്ത മായ ഒരു ജീവിതമായിരിക്കും ഉള്ളത്. ഓരോരുത്തരുടെയും അനുഭവങ്ങളും വ്യത്യസ്തമായിരിക്കും. നമ്മുടെ വ്യക്തിമുദ്ര പതിഞ്ഞ സ്തോത്രമാണു സ്വർഗ്ഗത്തിലേക്കുയരുവാൻ ദൈവം ആഗ്രഹിച്ചത്. ക്രിസ്തുവിനെപ്പോലെ ജീവിച്ച്, ദൈവത്തിനു നന്ദിയും സ്തോത്രവും അർപ്പിക്കുമ്പോൾ, മറ്റുള്ളവ രുടെ രക്ഷയ്ക്ക് അത് ഏറ്റവും വലിയ പ്രേരകശക്തിയായിത്തീരുന്നു.

പത്തു കുഷ്ഠരോഗികൾ സൗഖ്യം പ്രാപിപ്പാനായി യേശുവിന്റെ അടു ക്കൽ വന്നപ്പോൾ, യേശു അവരോടു കല്പിച്ചത്, പുരോഹിതന്മാരുടെ അടു ക്കൽ ചെന്നു തങ്ങളെ കാണിക്കുക എന്നായിരുന്നു. പോകുന്ന വഴിയിൽ അവർ ശുദ്ധരായിത്തീർന്നു. എന്നാൽ അവരിൽ ഒരുവൻ മാത്രമേ യേശു വിനു മഹത്വം കൊടുപ്പാൻ തിരികെ വന്നുള്ളു. മറ്റവർ, തങ്ങളെ സൗഖ്യ മാക്കിയവനെ മറന്ന്, താന്താന്റെ വഴിക്കു പോയി. ഇന്നും അനേകർ ഇതു തന്നെ ആവർത്തിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്കുവേണ്ടി കർത്താവ് എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അനുഗ്രഹങ്ങൾ എപ്പോഴും ചൊരിഞ്ഞു കൊണ്ടിരിക്കുന്നു. രോഗികളെ രോഗക്കിടക്കയിൽനിന്ന് എഴുന്നേല്പി ക്കുന്നു. മനുഷ്യർക്ക് അഗോചരമായ അപകടങ്ങളിൽനിന്ന് അവരെ വിടുവി ക്കുന്നു. ആപത്തുകളിൽനിന്നു മനുഷ്യരെ രക്ഷിപ്പാനായി ദൂതന്മാർക്കു കർത്താവ് ആജ്ഞ കൊടുക്കുന്നു. "ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരി"യിൽ നിന്നും, "ഉച്ചയ്ക്കു നശിപ്പിക്കുന്ന സംഹാരത്തിൽ"നിന്നും അവൻ അവരെ കാവൽ ചെയ്യുന്നു (സങ്കീ. 91:6). എങ്കിലും മനുഷ്യരുടെ ഹൃദയങ്ങൾ കാഠിന്യ മുള്ളവയാണ്. സ്വർഗ്ഗത്തിന്റെ ഏറ്റവും വിലയേറിയ ധനം മനുഷ്യരെ വീണ്ടെടു ക്കുന്നതിനായി നല്കപ്പെട്ടു. എങ്കിലും മനുഷ്യൻ ദൈവസ്നേഹത്തെ ഗണ്യ മാക്കുന്നില്ല. മനുഷ്യന്റെ നന്ദിയില്ലായ്മമൂലം അവന്റെ ഹൃദയകവാടങ്ങൾ അടഞ്ഞുകിടക്കുകയാണ്. മരുഭൂമിയിലെ വരണ്ട നിലംപോലെയാണ് അവ രുടെ ഹൃദയങ്ങൾ. നന്മ ലഭിക്കുമ്പോൾ അവർ അറിയുന്നില്ല. മരുപ്രദേശത്തെ വെടിച്ചു കീറിയ സ്ഥലങ്ങളിൽ അവർ പാർക്കുന്നു.

ദൈവം നല്കുന്ന ദാനങ്ങളോരോന്നും നാം കാത്തുസൂക്ഷിക്കേണ്ടതു നമ്മുടെ നന്മയ്ക്കു വേണ്ടിയാണ്. അങ്ങനെ നാം ചെയ്യുമ്പോൾ കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ നമ്മുടെ വിശ്വാസം ശക്തിപ്രാപിക്കും. മറ്റു ള്ളവരുടെ ആത്മീയ വിജയകഥകൾ നല്കുന്ന പ്രോത്സാഹനത്തെക്കാൾ വലുതാണ്, ദൈവത്തിൽനിന്നു നമുക്കു നേരിട്ടു ലഭിക്കുന്ന ചെറിയ ചെറിയ അനുഗ്രഹങ്ങളും അനുഭവങ്ങളും നല്കുന്ന സംതൃപ്തി. ദൈവകൃപ അനു ദിനം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തി, ജലത്താൽ അനുദിനം നന യ്ക്കപ്പെടുന്ന ഒരു തോട്ടംപോലെയാണ്. അയാൾക്ക് ആരോഗ്യം വേഗം ലഭി ക്കുന്നു. അവന്റെ പ്രകാശം എല്ലാടവും ശോഭിക്കുന്നു. ദൈവതേജസ്സ് അവ നിൽ ഉണ്ടായിരിക്കും. ദൈവത്തിന്റെ ദയയെയും അവന്റെ വലിയ കരുണ

യെയും നമുക്ക് ഓർക്കാം. യിസ്രായേൽജനതയെപ്പോലെ നമുക്കു കൽക്കൂമ്പാരം ഉയർത്താം. നമ്മിൽ പ്രവർത്തിച്ച ദൈവസ്നേഹത്തെ അതിൽ ആലേഖനം ചെയ്യാം. നമ്മുടെ വിശ്വാസജീവിതത്തിൽ ദൈവം നമുക്കു ചെയ്തിരിക്കുന്ന കൃപകളെ ഓർക്കുമ്പോൾ നന്ദി നിറഞ്ഞ ഹൃദയത്തോടെ നമുക്കു പറയാം: "യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും. യഹോവയ്ക്കു ഞാൻ എന്റെ നേർച്ചകളെ അവന്റെ സകല ജനവും കാൺകെ കഴിക്കും" (സങ്കീ. 116:12-14).

# 37

# പ്രഥമ സുവിശേഷകർ

അവലംബം: മത്തായി 10; മർക്കൊസ് 6:7–11; ലൂക്കൊസ് 9:1–6

അപ്പൊസ്തലന്മാർ യേശുവിന്റെ കുടുംബത്തിലെ അംഗങ്ങളായിരുന്നു. ഗലീലയിലൂടെയുള്ള യേശുവിന്റെ പദയാത്രയിൽ ഉടനീളം അവർ യേശുവിനെ അനുഗമിച്ചു. യേശുവിന്റെ കഷ്ടപ്പാടുകളിൽ അവർ പങ്കാളികൾ ആയിരുന്നു. യേശുവിന്റെ പ്രഭാഷണങ്ങൾ അവർ കേട്ടു. ദൈവപുത്രനോടുകൂടി അവർ ഒരുമിച്ചു നടക്കുകയും സംഭാഷിക്കുകയും ചെയ്തു. മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിന് എപ്രകാരം പ്രവർത്തിക്കണമെന്നു യേശുവിൽനിന്ന് അവർ പഠിച്ചു. തന്റെ ചുറ്റും കൂടിവന്ന പുരുഷാരത്തിനു യേശു ശുശ്രൂഷ ചെയ്തപ്പോൾ, യേശുവിന്റെ ആജ്ഞകൾ നിറവേറ്റാനും, യേശുവിനെ സഹായിപ്പാനും ശിഷ്യന്മാർ സദാ ഒരുക്കമായിരുന്നു. ജനക്കൂട്ടത്തെ അച്ചടക്കത്തോടെ നിയന്ത്രിക്കുവാനും, രോഗികളെ ക്രമമായി യേശുവിന്റെ മുമ്പിൽ കൊണ്ടുവരുവാനും, ആളുകൾക്ക് ആശ്വാസം പകരുവാനും ശിഷ്യന്മാർ പ്രവർത്തിച്ചു. അങ്ങനെ അവർ യേശുവിനെ സഹായിച്ചു. യേശുവിന്റെ പ്രഭാഷണം കേൾക്കുവാൻ വന്നവരുടെ താൽപര്യങ്ങൾ മനസ്സിലാക്കി, അവർക്കു തിരുവെഴുത്തു

കൾ വിശദീകരിച്ചുകൊടുത്തു. ജനത്തിന്റെ ആത്മീയാവശ്യങ്ങൾ നിറവേറ്റി ക്കൊടുക്കുവാൻ ശിഷ്യന്മാർ ആവുംവിധം പരിശ്രമിച്ചു. യേശുവിൽനിന്നു പഠിച്ച കാര്യങ്ങൾ അവർ മറ്റുള്ളവരെ പഠിപ്പിച്ചു. ദിനംതോറും അവർക്കു വിലയേറിയ അനുഭവങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ തനിയേ വേല ചെയ്യുന്നതിലുള്ള അനുഭവവും അവർക്കാവശ്യമായിരുന്നു. അവർക്കു കൂടുതൽ ഉപദേശങ്ങളും ആവശ്യമായിരുന്നു. അതുപോലെതന്നെ സഹിഷ്ണുതയും, സ്നേഹവും. താൻ അവരോടുകൂടിത്തന്നെയുള്ളപ്പോൾ, തന്റെ പ്രതിനിധി കളായി ശിഷ്യന്മാരെ ജനത്തിനിടയിലേക്കു യേശു അയച്ചു. അവർക്കു ജന ങ്ങളോടിടപെടുവാനുള്ള പ്രായോഗികജ്ഞാനം ലഭിക്കുന്നതിനും, തെറ്റുകൾ തിരുത്തുന്നതിനും, ആവശ്യമായ ഉപദേശങ്ങൾ നല്കുന്നതിനും വേണ്ടി യാണു യേശു അവരെ അയച്ചത്.

പരീശന്മാരുടെയും പുരോഹിതന്മാരുടെയും പഠിപ്പിക്കൽ യേശുവിന്റെ ശിഷ്യന്മാരെ പലപ്പോഴും ചിന്താക്കുഴപ്പത്തിലാക്കി. ശിഷ്യന്മാർ തങ്ങളുടെ സംശയങ്ങൾ യേശുവിന്റെ അടുത്തു കൊണ്ടുവന്നു. യെഹൂദന്മാരുടെ പാര മ്പര്യാചാരങ്ങൾക്ക് എതിരായിരുന്ന വേദസത്യങ്ങളെ യേശു ശിഷ്യന്മാർക്കു കാണിച്ചുകൊടുത്തു. ദൈവവചനത്തിൽ ശിഷ്യന്മാരുടെ വിശ്വാസത്തെ യേശു ഉറപ്പിച്ചു. റബ്ബിമാരിൽനിന്നും, പാരമ്പര്യങ്ങളുടെ തടങ്കലിൽനിന്നും യേശു ശിഷ്യന്മാരെ മോചിപ്പിച്ചു. ശിഷ്യന്മാർക്കു ലഭിച്ച പരിശീലനത്തിൽ, യേശു വിന്റെ ജീവിതമാതൃകയായിരുന്നു വേദതത്വങ്ങളുടെ പഠനത്തെക്കാൾ കൂടു തൽ പ്രയോജകീഭവിച്ചത്.

ശിഷ്യന്മാർ തനിയേ പ്രവർത്തിക്കേണ്ടിവന്നപ്പോൾ, ഗുരുവിന്റെ മാതൃക വളരെ അനുഗ്രഹകരമായി. സുവിശേഷത്തിന്റെ ശത്രുക്കളുമായി നേരിടേണ്ടി വന്നപ്പോഴെല്ലാം, യേശുവിന്റെ വാക്കുകളെ അവർ ഉദ്ധരിക്കുകയും, തന്മൂല മുള്ള വിജയം കണ്ടപ്പോൾ അവർ വലുതായി സന്തോഷിക്കുകയും ചെയ്തു.

യേശു പന്ത്രണ്ടു ശിഷ്യന്മാരെ വിളിച്ച് ഈരണ്ടു പേരായി നഗരങ്ങളി ലേക്കും ഗ്രാമങ്ങളിലേക്കും പോകുവാൻ ആജ്ഞാപിച്ചു. ആരെയും ഏക നായി പോകുവാൻ യേശു അനുവദിച്ചില്ല. സഹോദരനും സഹോദരനും ഒരു മിച്ചോ അഥവാ സ്നേഹിതനും സ്നേഹിതനും ഒരുമിച്ചോ പോകുവാൻ കർത്താവു കല്പിച്ചു. തന്മൂലം ശിഷ്യന്മാർക്കു പരസ്പരം ധൈര്യപ്പെടുത്തു വാനും, ഉപദേശിക്കുവാനും, പ്രാർത്ഥിക്കുവാനും കഴിഞ്ഞു. പരസ്പരം പോരാ യ്മകളെ നികത്തുവാൻ അവർക്കു കഴിഞ്ഞു. പിന്നീട് എഴുപതുപേരെ അയ ച്ചതും ഇതേ മാതൃകയിലായിരുന്നു. സുവിശേഷദൂതുവാഹകർ ഇതുപോലെ കൂട്ടായി പ്രവർത്തിക്കണമെന്നായിരുന്നു കർത്താവിന്റെ ഉദ്ദേശ്യം. ഈ മാതൃക ശരിയായി പിന്തുടരുകയാണെങ്കിൽ ഇക്കാലത്തും സുവിശേഷവേല ഏറ്റവും അധികം വിജയം പ്രാപിക്കും.

ശിഷ്യന്മാർ നല്കിയ ദൂതു യോഹന്നാൻ സ്നാപകനും യേശുക്രിസ്തുവും നല്കിയതുപോലുള്ളതായിരുന്നു. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" എന്ന വർ പ്രസംഗിച്ചു. നസ്രായനായ യേശു മശീഹ തന്നെയോ എന്ന വാദപ്രതി

വാദത്തിൽ ഏർപ്പെടുവാനല്ല ശിഷ്യന്മാർ അയയ്ക്കപ്പെട്ടത്. കർത്താവു ചെയ്ത കാരുണ്യപ്രവൃത്തികൾ, കർത്താവിന്റെ നാമത്തിൽ ചെയ്യുവാനാണ് അവരെ അയച്ചത്. “രോഗികളെ സൗഖ്യമാക്കുവിൻ; മരിച്ചവരെ ഉയിർപ്പിപ്പിൻ; കുഷ്ഠ രോഗികളെ ശുദ്ധമാക്കുവിൻ; ഭൂതങ്ങളെ പുറത്താക്കുവിൻ; സൗജന്യമായി നിങ്ങൾക്കു ലഭിച്ചു, സൗജന്യമായി കൊടുപ്പിൻ”– ഇതായിരുന്നു കർത്താ വിന്റെ കല്പന.

യേശുവിന്റെ ശുശ്രൂഷാകാലയളവിൽ, പ്രസംഗിക്കുന്നതിനേക്കാളേറെ, രോഗികളെ സൗഖ്യമാക്കുന്നതിനാണു കർത്താവു സമയം ചെലവഴിച്ചത്. യേശു നടത്തിയ അത്ഭുതപ്രവൃത്തികൾ, യേശുവിന്റെ വാക്കുകൾ സത്യ മെന്നു തെളിയിച്ചു. നശിപ്പിപ്പാനല്ല, രക്ഷിപ്പാനാണു താൻ വന്നതെന്നു യേശു വിന്റെ പ്രവൃത്തികൾ സാക്ഷ്യം പറഞ്ഞു. അവന്റെ നീതി അവനു മുമ്പായി പോയി. യഹോവയുടെ തേജസ്സ് അവന്റെ പിമ്പിൽ ഉണ്ടായിരുന്നു. യേശു എവിടെയെല്ലാം പോയിരുന്നുവോ, അവിടെയെല്ലാം യേശുവിന്റെ കരുണയുടെ ദൂതും ചെന്നെത്തിയിരുന്നു. യേശുവിന്റെ കരുണയ്ക്കു പാത്രമായവർ തങ്ങൾക്കു ലഭിച്ച സൗഖ്യത്തിൽ സന്തോഷിച്ചു. തങ്ങൾക്കു പുതുതായി ലഭിച്ച ശക്തിയെ അവർ പരീക്ഷിച്ചുനോക്കി. ജനക്കൂട്ടം അവർക്കു ചുറ്റും കൂടി; കർത്താവു ചെയ്ത പ്രവൃത്തികളെ സംബന്ധിച്ച് അവരിൽനിന്നു കേൾക്കു വാൻ ആളുകൾക്ക് ആർത്തിയായിരുന്നു. അനേകം ആളുകൾക്കു തങ്ങളുടെ ജീവിതത്തിൽ ആദ്യമായി കേട്ട ശബ്ദം യേശുവിന്റേതായിരുന്നു. അവർ ആദ്യ മായി ഉച്ചരിച്ച നാമം യേശുവിന്റെ നാമമായിരുന്നു. ചിലർ ആദ്യമായി ദർശിച്ച മുഖം യേശുവിന്റേതായിരുന്നു. എങ്ങനെ അവർക്കു യേശുവിനെ സ്നേഹി ക്കാതിരിക്കാൻ കഴിയും? എങ്ങനെ അവന്റെ സ്തുതിയെ വർണ്ണിക്കാതി രിക്കും? ജീവൻ എല്ലായിടത്തും പ്രദാനം ചെയ്തുകൊണ്ടു ഒഴുകുന്ന ഒരു നദിപോലെയായിരുന്നു, യേശു നഗരങ്ങളിലും പട്ടണങ്ങളിലും കൂടെ കടന്നുപോയത്. യേശു പോയ ഇടങ്ങളിലെല്ലാം ജീവനും സന്തോഷവും പകർന്നു.

യേശുവിന്റെ അനുഗാമികളും യേശുവിനെപ്പോലെ പ്രവർത്തിക്കേണ്ട താകുന്നു. അവർ വിശപ്പുള്ളവർക്ക് ആഹാരം നല്കുകയും, നഗ്നരെ ഉടുപ്പി ക്കയും, പീഡിതരെ ആശ്വസിപ്പിക്കയും ചെയ്യേണ്ടതാണ്. നിരാശരെ ശുശ്രൂഷി ക്കയും ആശയറ്റവർക്കു പ്രത്യാശ പ്രദാനം ചെയ്യുകയും വേണം. അപ്രകാരം ചെയ്യുന്നവർക്കു ദൈവം നല്കുന്ന വാഗ്ദത്തം, “നിന്റെ നീതി നിനക്കു മുമ്പായി നടക്കും; യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും” (യെശ. 58:8).

നിസ്വാർത്ഥമായി ശുശ്രൂഷയിൽക്കൂടെ പ്രകാശിക്കപ്പെടുന്ന ക്രിസ്തു വിന്റെ സ്നേഹം, നീതിപീഠത്തിന്റെ ഖഡ്ഗത്തെക്കാൾ ശക്തമാണ്. എന്തു കൊണ്ടെന്നാൽ ക്രിസ്തുവിന്റെ സ്നേഹം കുറ്റവാളിയിൽ രൂപാന്തരം ഉളവാ ക്കുന്നു. നിയമലംഘിയെ കുറ്റകൃത്യത്തിൽനിന്നു തടയുന്നതിനു ശിക്ഷ ആവശ്യ മായിരിക്കാം. എന്നാൽ ക്രിസ്തുവിന്റെ ഒരു ദൂതുവാഹകന് അതിനെക്കാൾ കൂടുതൽ പ്രവർത്തിക്കുവാൻ കഴിയും. ശകാരം കേൾക്കുമ്പോൾ പലരുടെയും

ഹൃദയം എതിർപ്പിലേക്കു നീങ്ങുന്നു. എന്നാൽ ക്രിസ്തുവിന്റെ സ്നേഹ ത്തിൽ ഹൃദയങ്ങൾ ഉരുകുന്നു. ദൈവത്തിന്റെ ദാസൻ ശാരീരിക രോഗങ്ങൾ സുഖപ്പെടുത്തുക മാത്രമല്ല ചെയ്യുന്നത്; മഹാവൈദ്യനായ ക്രിസ്തുവിന്റെ അരികിലേക്കു പാപിയെ നയിക്കുവാനും അവനു കഴിയും. രോഗികളും, ഭൂത ബാധിതരും, ദൗർഭാഗ്യത്തിന് അടിമകളായി കഴിയുന്നവരും ദൈവത്തിന്റെ ഇമ്പമേറിയ ശബ്ദം ദൈവദാസന്മാരിൽക്കൂടെ ശ്രവിക്കുവാൻ ദൈവം ആഗ്ര ഹിക്കുന്നു. തന്റെ ദാസീദാസന്മാരിൽക്കൂടെ ലോകത്തിന് ആശ്വാസം പകരു വാൻ ദൈവം കാംക്ഷിക്കുന്നു.

യിസ്രായേലിലെ കാണാതെപോയ ആടുകളുടെ ഇടയിലേക്കു മാത്ര മാണു ശിഷ്യന്മാർ തങ്ങളുടെ ഒന്നാമത്തെ മിഷനറിയാത്ര ചെയ്യേണ്ടിയി രുന്നത്. ഈ സന്ദർഭത്തിൽ സുവിശേഷം ജാതികളുടെയോ, ശമര്യക്കാരുടെ ഇടയിലോ പ്രസംഗിച്ചിരുന്നുവെങ്കിൽ യെഹൂദന്മാരുടെ ഇടയിലുണ്ടായിരുന്ന സ്വാധീനം ശിഷ്യന്മാർക്കു നഷ്ടപ്പെടുമായിരുന്നു. പരീശന്മാരുടെ ശത്രുത്വം ആദ്യമേ അഭിമുഖീകരിക്കേണ്ടിവന്നുവെങ്കിൽ, അവരുമായി വാദപ്രതിവാദ ത്തിൽ ഏർപ്പെടേണ്ടിവരുമായിരുന്നു. അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ, പ്രാരംഭദശയിൽതന്നെ അവർ നിരാശരാകുമായിരുന്നു. സുവിശേഷം സർവ്വ ജാതികൾക്കുമെത്തിച്ചുകൊടുക്കേണ്ടതാണെന്ന് അപ്പൊസ്തലന്മാർക്കു പോലും മനസ്സിലാക്കുവാൻ സമയം എടുക്കേണ്ടിവന്നു. ഈ സത്യം ഗ്രഹി ക്കുന്നതുവരെ ജാതികൾക്കുവേണ്ടി പ്രവർത്തിക്കുവാൻ ശിഷ്യന്മാർ ഒരുക്ക മായിരുന്നില്ല. യെഹൂദന്മാർ സുവിശേഷം സ്വീകരിച്ചിരുന്നുവെങ്കിൽ, ജാതി കളുടെ ഇടയിലേക്കു സുവിശേഷവുമായി അയപ്പാൻ ദൈവം അവരെ ഉപ യോഗിക്കുമായിരുന്നു. അതുകൊണ്ടു സത്യദൂത് ആദ്യമായി യിസ്രായേലിനു നല്കി.

ക്രിസ്തുവിന്റെ വയൽപ്രദേശത്തെമ്പാടും, തങ്ങളുടെ ആത്മീയാവശ്യ ങ്ങൾ മനസ്സിലാക്കിയ വ്യക്തികൾ ധാരാളമുണ്ടായിരുന്നു. അവർ സത്യം ലഭി ക്കുന്നതിനുവേണ്ടി വിശന്നും ദാഹിച്ചും ഇരുന്നു. ഇവർക്കു ദൂതു നല്കുവാ നുള്ള സമയം വന്നുചേർന്നു. ഇവരുടെ അടുത്തേക്കായിരുന്നു ശിഷ്യന്മാർ പോകേണ്ടിയിരുന്നത്. ശിഷ്യന്മാർ അവരുടെ അടുക്കൽ ചെല്ലുമ്പോൾ ദൈവ ത്താൽ അയയ്ക്കപ്പെട്ടവരാണു തങ്ങൾ എന്നു ജനം മനസ്സിലാക്കുമായിരുന്നു. കർത്താവ് അവരുടെ ഇടയിൽനിന്നു മാറ്റപ്പെടുമ്പോൾ അവർ ഉപദേശകരില്ലാ ത്തവരായിത്തീരുകയില്ല.

തങ്ങളുടെ ഒന്നാമത്തെ മിഷനറിയാത്രയിൽ ശിഷ്യന്മാർ പോകേണ്ടി യിരുന്നത്, യേശു നേരത്തേ പോയിരുന്ന ഇടങ്ങളിലും സ്നേഹിതന്മാരെ സമ്പാ ദിച്ചിരുന്ന ഇടങ്ങളിലുമായിരുന്നു. യാത്രയ്ക്കുള്ള ഒരുക്കം ഏറ്റവും ലളിത മായിരിക്കുവാൻ ക്രിസ്തു ഉപദേശിച്ചു. തങ്ങളുടെ വേലയിൽനിന്നു മനസ്സു കളെ വ്യതിചലിപ്പിക്കുന്ന ഒന്നും ഉണ്ടായിക്കൂടാ. മാത്രമല്ല തുടർന്നുള്ള വേലയ്ക്കു വിഘാതം വരത്തക്കരീതിയിൽ വാതിലുകൾ അടയ്ക്കുവാനും എതിർപ്പുകളെ ഇളക്കിവിടുവാനും കാരണങ്ങൾ ഉണ്ടാവരുത്. അന്നത്തെ മതനേതാക്കളുടെ വേഷഭൂഷാദികൾ അവർ സ്വീകരിക്കരുതെന്നു കർത്താവു പറഞ്ഞു. സാധാരണക്കാരായ ആളുകളിൽനിന്നു വേർതിരിച്ച് അറിയപ്പെടു

ന്നതിനു പ്രത്യേക വസ്ത്രങ്ങൾ ഉപയോഗിക്കരുതെന്നു കർത്താവു വിലക്കി. ദൈവാലയങ്ങളിൽച്ചെന്നു പരസ്യശുശ്രൂഷ നടത്തുവാനും കർത്താവ് ആവശ്യപ്പെട്ടില്ല. വീടു വീടാന്തരം പോയി വേല ചെയ്യുകയായിരുന്നു അവരെ ഏല്പിച്ച ചുമതല. ആവശ്യമില്ലാത്ത ആർഭാടങ്ങൾക്കുവേണ്ടി സമയം ദുർവ്യയം ചെയ്യാനോ, ഓരോ വീട്ടിലും ആഘോഷപരിപാടികൾ നടത്തുവാനോ ശിഷ്യന്മാർ അനുവദിക്കപ്പെട്ടിട്ടില്ലായിരുന്നു. എന്നാൽ യോഗ്യമായ തരത്തിലുള്ള സ്വീകരണങ്ങൾ കർത്താവ് അനുവദിച്ചിരുന്നു. ക്രിസ്തുവിനു നല്കുന്ന സ്വീകരണം ശിഷ്യന്മാർക്കും നല്കാമായിരുന്നു. “ഈ വീട്ടിന്, സമാധാനം” (ലൂക്കൊസ് 10:5) എന്ന മനോഹരമായ അഭിവാദ്യം തങ്ങളെ സ്വീകരിക്കുന്ന ഭവനത്തിനു നല്കണമെന്നു യേശു ശിഷ്യന്മാരെ പഠിപ്പിച്ചു. ശിഷ്യന്മാർ അർപ്പിക്കുന്ന പ്രാർത്ഥനയും, സ്തോത്രഗാനങ്ങളും, തിരുവെഴുത്തുകളുടെ പഠനവുംകൊണ്ട് ഓരോ ഭവനവും അനുഗ്രഹിക്കപ്പെടണമെന്നായിരുന്നു കർത്താവിന്റെ വാഞ്ഛ.

സത്യത്തിന്റെ മുന്നോടികളായി, ഗുരുവിന്റെ വഴി ഒരുക്കുന്നവരായിരുന്നു ശിഷ്യന്മാർ. അവർ നല്കുന്ന ദൂതു നിത്യജീവന്റെ വചനമായിരുന്നു. ആ ദൂതിനെ സ്വീകരിക്കുകയോ, തിരസ്കരിക്കുകയോ ചെയ്യുന്നതനുസരിച്ചായിരുന്നു ഓരോ വ്യക്തിയുടെയും വിധി നിർണ്ണയിക്കപ്പെടുന്നത്. അതിന്റെ ഗൗരവം ബോധ്യമാക്കുവാൻ, യേശു ശിഷ്യന്മാരോടു പറഞ്ഞു: “ആരെങ്കിലും നിങ്ങളെ കൈക്കൊള്ളാതെയും നിങ്ങളുടെ വചനങ്ങളെ കേൾക്കാതെയുമിരുന്നാൽ, ആ വീടോ, പട്ടണമോ വിട്ടുപോകുമ്പോൾ നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളയുവിൻ; ന്യായവിധിദിവസത്തിൽ, ആ പട്ടണത്തെക്കാൾ സോദോമ്യരുടെയും ഗോമോര്യരുടെയും ദേശത്തിനു സഹിക്കാവതാവും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.”

രക്ഷകന്റെ നോട്ടം ഭാവിയിലേക്കു കടന്നുചെന്നു. തന്റെ മരണശേഷം ശിഷ്യന്മാർ സാക്ഷികളായിത്തീരേണ്ട വിസ്തൃതമായ വയൽപ്രദേശങ്ങളെ യേശു ദർശിച്ചു. തന്റെ പുനരാഗമനംവരെ, തന്റെ ദാസന്മാർ അഭിമുഖീകരിക്കേണ്ട അനുഭവങ്ങളെ ഒരു ദീർഘദർശിയുടെ ദൃഷ്ടിയോടെ യേശു കണ്ടു. തന്റെ അനുഗാമികൾക്ക് ഉണ്ടാവാൻ പോകുന്ന കഷ്ടതകളെ യേശു ശിഷ്യന്മാർക്കു വിശദീകരിച്ചുകൊടുത്തു. പോരാട്ടങ്ങളുടെ സ്വഭാവവും വിശദാംശങ്ങളും അവർക്കു വെളിപ്പെടുത്തി. ആ സന്ദർഭങ്ങളിൽ തങ്ങൾക്കു കാട്ടേണ്ട സ്വയത്യാഗത്തെയും ശിഷ്യന്മാർക്കു യേശു പറഞ്ഞുകൊടുത്തു. തങ്ങൾ നിനയ്ക്കാത്ത നേരത്തു ശത്രു വന്നു കീഴ്പ്പെടുത്താതിരിക്കേണ്ടതിന്, ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകത അവർക്കു മനസ്സിലാക്കിക്കൊടുക്കുവാൻ യേശു ആഗ്രഹിച്ചു. “നമുക്കു പോരാട്ടമുള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ” (എഫെ. 6:12). അഭൗമികമായ ശക്തികളുമായിട്ടാണു ശിഷ്യന്മാർ പോരാടേണ്ടത്. അതുകൊണ്ട് അഭൗമികമായ സഹായം നല്കാൻ യേശു തയ്യാറാണ്. യേശുവിന്റെ സേനയിൽ സ്വർഗ്ഗീയശക്തികളെല്ലാം അടങ്ങിയിട്ടുണ്ട്. ദൂതന്മാർ മാത്രമല്ല

പരിശുദ്ധാത്മാവും ഈ യുദ്ധത്തെ നയിപ്പാൻ വരുന്നുണ്ട്. നമ്മുടെ കുറവുകൾ അനവധിയായിരിക്കാം. അവ വളരെ വലുതായിരിക്കാം. എന്നാൽ നുറുങ്ങിയ ഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുന്ന ഏവർക്കും ദൈവത്തിന്റെ കൃപ ലഭിക്കും. ദൈവത്തിൽ ആശ്രയിക്കുന്നവർക്കു സർവ്വശക്തൻ ശക്തി നല്കുന്നു.

"ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ." സത്യത്തെ യേശു തുറന്നുകാട്ടി. സ്നേഹത്തോടുകൂടി യേശു അവ മനസ്സിലാക്കിക്കൊടുത്തു. ബുദ്ധിയും ദയയും കലർന്ന പെരുമാറ്റമായിരുന്നു യേശുവിന്റേത്. ഒരിക്കലും മര്യാദയില്ലാത്ത പെരുമാറ്റം കർത്താവിൽനിന്നുമുണ്ടായിട്ടില്ല. ആവശ്യമില്ലാതെ ആരെയും കുറ്റപ്പെടുത്തുകയോ വേദനപ്പെടുത്തുകയോ ചെയ്തിട്ടില്ല. മനുഷ്യന്റെ ബലഹീനതയെ ഒരിക്കലും യേശു കുറ്റപ്പെടുത്തിയില്ല. എന്നാൽ കപടഭക്തിയെയും പാപത്തെയും നിർദയം ശകാരിച്ചു. എന്നാൽ യേശുവിന്റെ ശകാരത്തിൽ കണ്ണുനീർ അലിഞ്ഞുചേർന്നിരുന്നു. തന്നെ തിരസ്കരിച്ച യെരൂശലേമിനെ നോക്കി യേശു കരഞ്ഞു. യെരൂശലേം യേശുവിനെ തള്ളിക്കളഞ്ഞു. എന്നാൽ യെരൂശലേമിലെ ജനത്തെ യേശു സ്നേഹിച്ചു. അവരെക്കുറിച്ചോർത്തപ്പോൾ യേശുവിന്റെ ഹൃദയം തകർന്നു. ഓരോ മനുഷ്യനും യേശുവിനു വിലയേറിയവരായിരുന്നു. യേശു ഏറ്റവും ഉന്നതനായിരുന്നെങ്കിലും ദൈവിക കുടുംബത്തിലെ ഓരോ അംഗത്തോടും തനിക്കുണ്ടായിരുന്ന സ്നേഹം അളവറ്റതായിരുന്നു. എല്ലാ മനുഷ്യരിലും വീഴ്ച ഭവിച്ച ആത്മാക്കളെ യേശു കണ്ടു. അവരെ രക്ഷിക്കുക എന്നതായിരുന്നു യേശുവിന്റെ ജീവിതലക്ഷ്യം.

പ്രാകൃത മനസ്സിന്റെ ആജ്ഞകൾക്കു കീഴ്പ്പെടുകയല്ല ക്രിസ്തുവിന്റെ ദാസന്മാർ ചെയ്യേണ്ടത്. അവർ ദൈവവുമായി അടുത്ത സമ്പർക്കം പുലർത്തണം. അങ്ങനെ ചെയ്യുന്നില്ലായെങ്കിൽ സ്വയചിന്ത നമ്മെ കീഴ്പ്പെടുത്തും. അപ്പോൾ നമ്മെ നിയന്ത്രിക്കുവാൻ നമുക്കു കഴിയാതെ വരും. ഉണങ്ങിവരണ്ട ചെടികൾക്ക് ഉണർവ്വു നല്കുന്ന അനുഗ്രഹമാരിയോ ശീതളത്വം നല്കുന്ന തുഷാരബിന്ദുക്കളോ അല്ല അവരുടെ വായിൽനിന്നു പൊഴിയുന്നത്. അവരുടെ വാക്കുകൾ അയോഗ്യമായിരിക്കും. സാത്താൻ ഇതാണു മനുഷ്യരിൽ കാണുവാൻ ആഗ്രഹിക്കുന്നത്. സാത്താന്റെ മാർഗ്ഗം ഇതാണ്. മഹാസർപ്പം കോപിക്കുന്നവനാണ്. കോപിക്കയും കുറ്റപ്പെടുത്തുകയും ചെയ്യുന്നവർ സാത്താന്റെ ആത്മാവിനെയാണു പ്രകടമാക്കുന്നത്. ദൈവത്തിന്റെ ദാസന്മാർ ദൈവത്തിന്റെ പ്രതിനിധികളായിരിക്കണം. സ്വർഗ്ഗത്തിന്റെ നാണയം ദൈവമക്കൾ വിനിമയം ചെയ്യുന്നതു കാണുവാനാണു ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തിന്റെ സ്വരൂപവും മേലെഴുത്തും മുദ്രണം ചെയ്യപ്പെട്ട സത്യമാണ് ആ നാണയം. തിന്മയെ ജയിപ്പാൻ അവർ ഉപയോഗിക്കുന്ന ശക്തി, ക്രിസ്തുവിന്റെ ശക്തിയായിരിക്കും. ക്രിസ്തുവിന്റെ സൗന്ദര്യത്തിന്മേൽ അവർ കണ്ണുപതിപ്പിച്ചിരിക്കും. അപ്പോൾ അവർക്കു ഫലവത്തായി സുവിശേഷവേല ചെയ്യുവാൻ കഴിയും. പ്രകോപിക്കപ്പെടുമ്പോൾ സമ

ചിത്തത പാലിക്കുന്ന വ്യക്തിക്കു വിജയകരമായി സത്യത്തിനുവേണ്ടി സംസാരിപ്പാൻ സാധിക്കും. അത് ഏറ്റവും ശക്തമായ വാദത്തെക്കാളും പ്രയോജനകരമായിരിക്കും.

സത്യത്തിന്റെ എതിരാളികളുമായി വിവാദത്തിൽ ഏർപ്പെടേണ്ടി വരുന്ന വർക്ക്, മനുഷ്യനെ മാത്രമല്ല, സാത്താനെയും അവന്റെ കൂട്ടാളികളെയുമാണു നേരിടേണ്ടിവരുന്നത്. അവർ കർത്താവിന്റെ വാക്കുകളെ ഓർക്കട്ടെ. "ചെന്നാ യ്ക്കളുടെ നടുവിൽ കുഞ്ഞാടുകളെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു" (ലൂക്കൊസ് 10:3). ദൈവസ്നേഹത്തിൽ അവർ ആശ്വാസം കണ്ടെത്തട്ടെ. അവർ അവഹേളിക്കപ്പെടുമ്പോഴും അവരുടെ മനസ്സു ശാന്തസുന്ദരമായിരിക്കും. സ്വർഗ്ഗീയമേലാടകൊണ്ടു ദൈവം അവരെ പൊതിഞ്ഞിരിക്കും. പരിശുദ്ധാ ത്മാവ് അവരുടെ മനസ്സിനെയും ഹൃദയത്തെയും നിയന്ത്രിക്കും. അതുകൊണ്ടു ചെന്നായ്ക്കളുടെ നിലവിളി അവരുടെ ശബ്ദത്തെ ബാധിക്കയില്ല.

യേശു തുടർന്നു പറഞ്ഞു: "മനുഷ്യരെ സൂക്ഷിച്ചുകൊൾവിൻ." ദൈവ ത്തിൽനിന്ന് അകന്നവരിൽ ദൈവമക്കൾ വിശ്വാസം അർപ്പിക്കുവാൻ പാടില്ല. അവരുടെ മുമ്പിൽ ഉപദേശം നല്കാനും പാടില്ല. കാരണം സാത്താന്റെ പക്ഷക്കാർ അതിൽനിന്നു മുതലെടുക്കും. മനുഷ്യന്റെ സൂത്രങ്ങൾ ദൈവ ത്തിന്റെ പദ്ധതിക്ക് എതിരായി പ്രവർത്തിക്കുന്നു. യഹോവയുടെ ആലയം പണിയുന്നവർ ദിവ്യസാദൃശ്യത്തിൽ പണിയണം. മോശെ പർവ്വതത്തിൽവച്ചു സ്വർഗ്ഗത്തിലെ വിശുദ്ധമന്ദിരത്തിന്റെ മാതൃക കണ്ടു ഭൂമിയിൽ വിശുദ്ധമന്ദിരം പണിതതുപോലെ നാം യഹോവയുടെ വേല ചെയ്യണം. പരിശുദ്ധാത്മ നിയോഗമില്ലാത്ത ആളുകളുടെ ഉപദേശങ്ങളെ ദൈവദാസന്മാർ ആശ്രയി ക്കുമ്പോൾ ദൈവം അപമാനിക്കപ്പെടുകയും സുവിശേഷം വഞ്ചിക്കപ്പെടു കയും ചെയ്യുന്നു. ലോകത്തിന്റെ ജ്ഞാനം ദൈവത്തിനു ഭോഷത്വമാണ്. അതിൽ ആശ്രയിക്കുന്നവർ നിശ്ചയമായും തെറ്റിപ്പോകും.

"അവർ നിങ്ങളെ ന്യായാധിപസഭകളിൽ ഏല്പിക്കുകയും... എന്റെ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാർക്കും മുമ്പിൽ കൊണ്ടുപോകുകയും ചെയ്യും; അത് അവർക്കും ജാതികൾക്കും ഒരു സാക്ഷ്യം ആയിരിക്കും" (മത്തായി 10:17,18). പീഡനം അഴിച്ചുവിടുമ്പോൾ സത്യം എല്ലായിടത്തേക്കും വ്യാപിക്കും. ലോകത്തിലെ മഹാന്മാരുടെ മുമ്പിൽ ക്രിസ്തുവിന്റെ ദാസന്മാർ കൊണ്ടുവരപ്പെടും. അവർക്കും സുവിശേഷം കേൾക്കുവാൻ ഇതല്ലാതെ വേറെ മാർഗ്ഗമില്ല. അവർക്കു ശരിയായ രീതിയിൽ സത്യം ലഭിച്ചിട്ടില്ല. ക്രിസ്തുശിഷ്യന്മാരെക്കുറിച്ചു തെറ്റായ വിവരങ്ങളാണ് അവർക്കു ലഭിച്ചി ട്ടുള്ളത്. സത്യത്തിന്റെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ച് അവർക്കു പഠിക്കുവാ നുള്ള ഏകമാർഗ്ഗം, വിചാരണ ചെയ്യപ്പെടുവാനായി അവരുടെ മുമ്പാകെ ആനയിക്കപ്പെടുന്ന ആളുകളുടെ സാക്ഷ്യം മാത്രമാണ്. വിചാരണസമയത്തു ദൈവമക്കൾ നല്കുന്ന ഉത്തരങ്ങൾ ന്യായാധിപന്മാർ ശ്രദ്ധിക്കുന്നു. ഇങ്ങനെ യുള്ള അടിയന്തരഘട്ടങ്ങളിൽ അവർക്കു സാക്ഷീകരിപ്പാനുള്ള ദൈവകൃപ ലഭിക്കും. "പറയുവാനുള്ളത് ആ നാഴികയിൽത്തന്നെ നിങ്ങൾക്കു ലഭിക്കും; പറയുന്നതു നിങ്ങൾ അല്ല, നിങ്ങളിൽ പറയുന്ന നിങ്ങളുടെ പിതാവിന്റെ

ആത്മാവത്രേ.” ദൈവമക്കളുടെ മനസ്സുകളെ ദൈവാത്മാവു പ്രകാശിപ്പിക്കുമ്പോൾ, അവർ സത്യത്തെ അതിന്റെ ദിവ്യശക്തിയിലും അമൂല്യതയിലും കൂടെ വിളംബരം ചെയ്യും. സത്യത്തെ തിരസ്കരിക്കുന്നവർ ദൈവത്തിന്റെ വേലക്കാരെ നശിപ്പിക്കുവാൻ തയ്യാറാവും. എന്നാൽ ദൈവമക്കൾ കഷ്ടതയിലും പീഡനത്തിലും മരണത്തിലും ക്രിസ്തുവിന്റെ സൗമ്യത പ്രദർശിപ്പിക്കും. സാത്താന്റെ അനുയായികളും ക്രിസ്തുവിന്റെ അനുയായികളും തമ്മിലുള്ള വ്യത്യാസം ഇങ്ങനെ പ്രകടമാക്കപ്പെടും. പ്രഭുക്കന്മാരുടെയും ജനത്തിന്റെയും മുമ്പാകെ രക്ഷകൻ ഉയർത്തപ്പെടും.

രക്തസാക്ഷികളുടെ ധീരതയും നിശ്ചയദാർഢ്യവും, അവ ആവശ്യമാകുന്നതുവരെ, ശിഷ്യന്മാർക്കു നല്കപ്പെട്ടിട്ടില്ലായിരുന്നു. അവ ആവശ്യമായി വന്നപ്പോൾ ശിഷ്യന്മാർക്കു നല്കി. സൻഹെദ്രിൻസംഘത്തിന്റെ മുമ്പാകെ പത്രൊസും യോഹന്നാനും സാക്ഷ്യം നല്കിയപ്പോൾ ആ സംഘത്തിലെ അംഗങ്ങൾ “ആശ്ചര്യപ്പെട്ടു.” “അവർ യേശുവിനോടുകൂടെ ആയിരുന്നവർ എന്നും അറിഞ്ഞു” (അപ്പൊ. 4:13). സ്തെഫാനൊസിനെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: “ന്യായാധിപസംഘത്തിൽ ഇരുന്നവർ എല്ലാവരും അവനെ ഉറ്റുനോക്കി. അവന്റെ മുഖം ഒരു ദൈവദൂതന്റെ മുഖംപോലെ കണ്ടു.” അവൻ സംസാരിച്ച ജ്ഞാനത്തോടും ആത്മാവോടും എതിർത്തു നില്പാൻ അവർക്കു കഴിഞ്ഞില്ല” (അപ്പൊ. 6:15,10). കൈസരുടെ മുമ്പാകെ തന്റെ വിചാരണയെക്കുറിച്ച് എഴുതുമ്പോൾ പൗലൊസ് പറയുന്നു: “എന്റെ ഒന്നാം പ്രതിവാദത്തിൽ ആരും എനിക്കു തുണ നിന്നില്ല; എല്ലാവരും എന്നെ കൈവിട്ടു... കർത്താവോ എനിക്കു തുണനിന്നു പ്രസംഗം എന്നെക്കൊണ്ടു നിവർത്തിപ്പാനും, സകല ജാതികളും കേൾപ്പാനും എന്നെ ശക്തീകരിച്ചു; അങ്ങനെ ഞാൻ സിംഹത്തിന്റെ വായിൽനിന്നു രക്ഷ പ്രാപിച്ചു” (2 തിമൊ. 4:16,17).

വിചാരണയ്ക്കായി ആനയിക്കപ്പെടുമ്പോൾ ക്രിസ്തുവിന്റെ ദാസന്മാർ ഒരു പ്രസംഗം തയ്യാറാക്കി കൊണ്ടുവരേണ്ടതില്ല. ദിനന്തോറും ദൈവവചനത്തിലെ വിലയേറിയ സത്യങ്ങളെ ഹൃദയത്തിൽ സംഗ്രഹിക്കയും പ്രാർത്ഥനയിലൂടെ വിശ്വാസത്തെ ബലപ്പെടുത്തുകയും ചെയ്യുമ്പോൾ അവരുടെ ഒരുക്കം നിർവ്വഹിക്കപ്പെടുന്നു. വിസ്തരിക്കപ്പെടുമ്പോൾ, തങ്ങൾക്കാവശ്യമായ സത്യം പരിശുദ്ധാത്മാവ് അവരുടെ ഓർമ്മയിൽ കൊണ്ടുവരും. തിരുവെഴുത്തുകളെ അവഗാഢമായി പഠിച്ചതിന്റെ ഫലമായി ലഭിച്ച പരിജ്ഞാനം തക്കസമയത്തു പ്രയോജകീഭവിക്കും. എന്നാൽ ക്രിസ്തുവിന്റെ വചനങ്ങളെ അവഗണിക്കുകയും, ക്രിസ്തുവിന്റെ കൃപയെ നിരസിക്കുകയും ചെയ്തവരുടെ മനസ്സുകളിൽ ദൈവവചനം തങ്ങിനില്ക്കുമെന്നു പ്രതീക്ഷിക്കേണ്ടതില്ല. ദിനന്തോറും പൂർണ്ണമനസ്സോടുകൂടി നാം ദൈവത്തെ സ്നേഹിക്കുകയും ആശ്രയിക്കുകയും വേണം.

സുവിശേഷത്തോട് ഉണ്ടാകുവാൻ പോകുന്ന എതിർപ്പിന്റെ ഫലമായി ഏറ്റവും അടുത്ത ബന്ധുക്കൾ തമ്മിൽ അകൽച്ച ഉണ്ടാകും. ക്രിസ്തുവിനെ സ്നേഹിക്കുന്ന നിന്റെ പേരിൽ സ്വന്തക്കാർപോലും കടുത്ത ശത്രുക്കളായിത്തീരുകയും മരണത്തിന് ഏല്പിച്ചുകൊടുക്കയും ചെയ്യും. “എന്റെ നാമം

നിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കും; എന്നാൽ അവസാനത്തോളം സഹിച്ചുനില്ക്കുന്നവൻ രക്ഷിക്കപ്പെടും" (മർക്കൊസ് 13:13). തന്റെ ശിഷ്യന്മാർ പീഡനം വിളിച്ചുവരുത്തേണ്ടതിന്റെ ആവശ്യമില്ലായെന്നു ക്രിസ്തു അവരെ ഓർമ്മിപ്പിച്ചു. ശത്രുക്കളുടെ ഉപദ്രവത്തിൽനിന്നു രക്ഷ നേടുന്നതിനു വേണ്ടി യേശു പലപ്പോഴും ഒരു സ്ഥലത്തുനിന്നു മറ്റൊരു വേലസ്ഥലത്തേക്കു മാറിയിരുന്നു. യെരൂശലേമിൽവച്ച് ആളുകൾ തന്നെ കൊല്ലുവാൻ ശ്രമിച്ചപ്പോൾ, യേശു കഫർന്നഹൂമിലേക്കു പോയതായി നാം വായിക്കുന്നു. അവിടെ യേശുവിന്റെ ഉപദേശത്തിൽ ജനം വിസ്മയിച്ചു. എന്തുകൊണ്ടെന്നാൽ യേശു പ്രസംഗിച്ചത് "അധികാരത്തോടെ ആയിരുന്നു" (ലൂക്കൊസ് 4:32). പീഡനം വരുമ്പോൾ ക്രിസ്തുവിന്റെ വേലക്കാർ നിരാശരാകരുത്. മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടി പുതിയ വേലസ്ഥലങ്ങൾ അന്വേഷിക്കയാണു വേണ്ടത്.

ദാസൻ യജമാനനെക്കാൾ വലിയവനല്ല. സ്വർഗ്ഗത്തിലെ രാജകുമാരനായ ക്രിസ്തുവിനെ, ശത്രുക്കൾ ബെയൽസെബൂൽ എന്നു വിളിച്ചു. ശിഷ്യന്മാരും ഇതുപോലെ പരിഹസിക്കപ്പെടും. പക്ഷേ എന്തെല്ലാം സംഭവിച്ചാലും, ക്രിസ്തുവിന്റെ അനുഗാമികൾ അവരുടെ തത്വം മുറുകെപ്പിടിക്കണം. അവർ സത്യത്തെ ഒളിച്ചുവയ്ക്കുവാൻ പാടില്ല. നിർഭയരായി സത്യം സാക്ഷീകരിക്കണം. സത്യത്തിന്റെ കാവൽക്കാരായി അവർ നിയോഗിക്കപ്പെടുകയാണ്. ലോകത്തിനു മുന്നറിയിപ്പു നല്കേണ്ടവരാണു ക്രിസ്ത്യാനികൾ. സൗജന്യമായി തങ്ങൾക്കു ലഭിച്ച സത്യം സൗജന്യമായി മറ്റുള്ളവർക്കു നല്കണം. യേശു പറഞ്ഞു: "ഞാൻ ഇരുട്ടത്തു നിങ്ങളോടു പറയുന്നതു വെളിച്ചത്തു പറയുവിൻ; ചെവിയിൽ പറഞ്ഞുകേൾക്കുന്നതു പുരമുകളിൽ ഘോഷിപ്പിൻ."

ശ്രേഷ്ഠതത്വങ്ങളെ ബലികഴിച്ചുകൊണ്ടു സമാധാനം യേശു ഒരിക്കലും വാങ്ങിയില്ല. മനുഷ്യവർഗ്ഗത്തെ ആകമാനം യേശു സ്നേഹിച്ചു. എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ പാപത്തെ കണ്ണടച്ച് അനുവദിക്കുവാൻ അവൻ ഒരിക്കലും സമ്മതിച്ചില്ല. തങ്ങളുടെ ആത്മാക്കളെ നാശത്തിലേക്കു നയിക്കുന്ന മാർഗ്ഗത്തെ പിന്തുടരുവാൻ മനുഷ്യരെ അനുവദിക്കുവാൻ യേശുവിന് ഒരിക്കലും കഴികയില്ലായിരുന്നു. താൻ വീണ്ടെടുക്കുവാൻ വന്ന മനുഷ്യരെ അത്രമാത്രം യേശു സ്നേഹിച്ചു. മനുഷ്യൻ തന്നോടുതന്നെയും, തന്റെ നിത്യവും ശ്രേഷ്ഠവുമായ താൽപര്യങ്ങളോടും സത്യസന്ധനായിരിക്കുന്നതിനു യേശു പ്രയത്നിച്ചു. അപ്രകാരം പ്രയത്നിക്കുന്നതിനു വേണ്ടിയാണു ക്രിസ്തുവിന്റെ ദാസന്മാരും വിളിക്കപ്പെട്ടിരിക്കുന്നത്. അനൈക്യം തടയുന്നതിനുള്ള ശ്രമത്തിൽ സത്യത്തെ ബലികഴിച്ചുകളയാതിരിപ്പാൻ അവർ ഓർത്തിരിക്കേണ്ടതാണ്. എന്നാൽ ക്രിസ്തുശിഷ്യർ "സമാധാനത്തിനും അന്യോന്യം ആത്മിക വർദ്ധനയ്ക്കും... ശ്രമിച്ചു"കൊള്ളേണ്ടതാകുന്നു (റോമർ 14:19). തത്വങ്ങളെ ബലികഴിച്ചുകൊണ്ടു യഥാർത്ഥ സമാധാനം കൈവരുത്തുവാൻ സാദ്ധ്യമല്ല. അതുപോലെ എതിർപ്പ് അഭിമുഖീകരിക്കാതെ ഒരാൾക്കും തത്വങ്ങൾക്കു വേണ്ടി നിലകൊള്ളാനും സാദ്ധ്യമല്ല. ആത്മീയത നിറഞ്ഞ ക്രിസ്ത്യാനിത്വത്തെ അനുസരണംകെട്ടവർ എതിർക്കും. യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: "ദേഹിയെ കൊല്ലുവാൻ കഴിയാതെ, ദേഹത്തെ കൊല്ലുന്നവരെ

ഭയപ്പെടേണ്ടാ." ദൈവത്തോടു വിശ്വസ്തരായിരിക്കുന്നവർക്കു മനുഷ്യനെയോ, സാത്താന്റെ ശത്രുതയെയോ ഭയപ്പെടേണ്ടതില്ല. ക്രിസ്തുവിൽ അവരുടെ നിത്യജീവൻ സുരക്ഷിതമാണ്. ഭയപ്പെടേണ്ടതായിട്ട് അവർക്ക് ഒന്നുമാത്രമേ യുള്ളു. ദൈവം തങ്ങളിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസത്തെ ത്യജിക്കുകയും, സത്യത്തെ സാത്താനു കീഴ്പ്പെടുത്തുകയും ചെയ്യുമോ എന്ന കാര്യം മാത്രമാണ്.

മനുഷ്യഹൃദയത്തെ സംശയപൂരിതമാക്കുക എന്നതു സാത്താന്റെ വേല യാണ്. ദൈവം കഠിനഹൃദയനായ ഒരു ന്യായാധിപതി എന്ന് അവൻ മനുഷ്യ മനസ്സിൽ സംശയം ഉളവാക്കുന്നു. മനുഷ്യരെ പാപം ചെയ്യുവാൻ അവൻ പ്രേരിപ്പിക്കുന്നു. പാപം ചെയ്തതിനു ശേഷം ദൈവത്തെ സമീപിക്കുവാൻ കഴിയാതെ സ്വയം പഴിച്ചുകൊണ്ട് അവർ ദൈവത്തിൽനിന്ന് അകന്നുകഴി യുവാൻ അവൻ കെണിയൊരുക്കുന്നു. ദൈവത്തിന്റെ കരുണ ഇനിമേൽ തങ്ങൾക്കു ലഭിക്കുകയില്ലെന്ന നൈരാശ്യത്തിലേക്കു മനുഷ്യരെ അവൻ നയി ക്കുന്നു. കർത്താവ് ഇതെല്ലാം അറിയുന്നു. ദൈവത്തിനു മനുഷ്യരോടുള്ള കരുണ ഒരിക്കലും തീർന്നുപോകുന്നില്ലായെന്നു ശിഷ്യന്മാർക്കു യേശു ഉറപ്പു കൊടുത്തു. മനുഷ്യന്റെ നൊമ്പരങ്ങളും നെടുവീർപ്പുകളും ദുഃഖവും ദൈവം നല്ലവണ്ണം അറിയുകയും അതു തന്റെ ഹൃദയത്തെ സ്പർശിക്കുകയും ചെയ്യുന്നു.

ദൈവം സ്വർഗ്ഗത്തിൽ നിഷ്ക്രിയനായി ഇരിക്കുന്നുവെന്നു വേദപുസ്തകം പഠിപ്പിക്കുന്നില്ല. ദൈവം ഏകാന്തതയിൽ കഴിയുകയല്ല. തന്റെ ഇഷ്ടം നിറ വേറ്റുവാൻ തയ്യാറായി നില്ക്കുന്ന കോടാനുകോടി ദൂതന്മാർ തന്നെ ചുറ്റി നില്ക്കുന്നു. ദൈവം പ്രപഞ്ചത്തിന്റെ എല്ലാ ഭാഗങ്ങളുമായി നമ്മുടെ അറിവി നുപരിയായ മാർഗ്ഗത്തിലൂടെ സജീവമായ സമ്പർക്കം പുലർത്തിക്കൊണ്ടിരി ക്കുന്നു. എന്നാൽ മുഴുസ്വർഗ്ഗത്തിന്റെയും താൽപര്യം കേന്ദ്രീകരിച്ചിരിക്കുന്നത് ഈ ചെറുഗോളമായ ഭൂമിയിലാണ്. ഇവിടെ പാർക്കുന്ന മനുഷ്യരിലാണ്. തന്റെ ഏകജാതനായ പുത്രനെ നല്കിയ ഈ ലോകത്തെയാണു ദൈവം ഏറ്റവും അധികം സ്നേഹിക്കുന്നത്. പീഡിതരുടെ നിലവിളി കേൾക്കുവാൻ ദൈവം തന്റെ സിംഹാസനത്തിൽനിന്നു കുനിഞ്ഞുനോക്കുന്നു. മനുഷ്യന്റെ പ്രാർത്ഥനയ്ക്കുള്ള ദൈവത്തിന്റെ ഉത്തരം "ഞാൻ ഇതാ, ഇവിടെയുണ്ട്" എന്നാണ്. ദുഃഖിതരെയും ചവിട്ടിമെതിക്കപ്പെട്ടവരെയും ദൈവം ഉയർത്തുന്നു. നമ്മുടെ കഷ്ടതയുടെ വേദന ദൈവവും അനുഭവിക്കുന്നു. നാം പരീക്ഷിക്ക പ്പെടുമ്പോൾ, ദൈവസന്നിധിയിൽ നില്ക്കുന്ന ദൂതൻ നമ്മുടെ സഹായത്തി നായി നമ്മോടുകൂടെയുണ്ട്.

ദൈവത്തിന്റെ അറിവു കൂടാതെ ഒരു കുരുവിപോലും നിലത്തു വീഴുന്നില്ല. കർത്താവിന്റെ സംരക്ഷണയിലുള്ള എല്ലാറ്റിനെയും വെറുക്കുവാൻ സാത്താനെ പ്രേരിപ്പിക്കുന്നത്, കർത്താവിനോടുള്ള അവന്റെ വിദ്വേഷമാണ്. ദൈവത്തിന്റെ കൈവേലയെ വികലമാക്കുവാൻ സാത്താൻ ശ്രമിക്കുന്നു. മിണ്ടാപ്രാണികളെ പ്പോലും നശിപ്പിക്കുന്നതിൽ അവൻ സന്തോഷം കണ്ടെത്തുന്നു. തങ്ങളുടെ കളകൂജനത്താൽ നമ്മെ സന്തുഷ്ടരാക്കുന്ന പക്ഷിജാലങ്ങളും സംരക്ഷിക്ക

പ്പെടുന്നത്, ദൈവത്തിന്റെ കരുണയിലാണ്. ഒരു കുരുവിയെപ്പോലും ദൈവം മറന്നുകാണുന്നില്ല. "ആകയാൽ ഭയപ്പെടേണ്ടാ; ഏറിയ കുരികിലിനെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലോ."

യേശു തുടർന്നു പറഞ്ഞു: "മനുഷ്യരുടെ മുമ്പിൽ നിങ്ങൾ എന്നെ ഏറ്റു പറയുമ്പോൾ ഞാൻ നിങ്ങളെ ദൈവത്തിന്റെയും ദൂതന്മാരുടെയും മുമ്പാകെ ഏറ്റുപറയും." ഭൂമിയിൽ നിങ്ങൾ എന്റെ സാക്ഷികളാകേണ്ടവരാണ്; ലോകത്തിന്റെ സൗഖ്യത്തിനായി എന്റെ കൃപയെ ഒഴുക്കിവിടേണ്ട ചാലുകളാണു നിങ്ങൾ. സ്വർഗ്ഗത്തിൽ ഞാൻ നിങ്ങളുടെ പ്രതിനിധിയാണ്. ദൈവം നിങ്ങളുടെ അപൂർണ്ണതയെ അല്ല കാണുന്നത്. എന്റെ നീതിയാകുന്ന വസ്ത്രത്താൽ ചുറ്റപ്പെട്ടു പൂർണ്ണരായി അവൻ കാണുന്നു. എന്നിൽക്കൂടെ നിങ്ങൾ സ്വർഗ്ഗീയ അനുഗ്രഹം പ്രാപിക്കുന്നു. എന്നെ ഏറ്റുപറയുന്നവരെ വീണ്ടെടുക്കപ്പെട്ടവരുടെ സന്തോഷവും അനുഗ്രഹവും പങ്കിടുന്ന ഒരുവനായി ഞാനും ഏറ്റുപറയും.

ക്രിസ്തുവിനെ ഏറ്റുപറയുന്നവന്റെ ഉള്ളിൽ ക്രിസ്തു വസിക്കും. ഇല്ലാത്ത ഒന്നിനെ മറ്റൊരാൾക്കു നല്കുവാൻ കഴിയുകയില്ല. വേദസത്യങ്ങളെ ഭംഗിയായി ചിലർ വിശദീകരിച്ചേക്കാം. ക്രിസ്തുവിന്റെ വാക്കുകളെ അവർ ആവർത്തിച്ചേക്കാം. എന്നാൽ ക്രിസ്തുവിന്റെ സൗമ്യതയും സ്നേഹവും അവർ സ്വായത്തമാക്കിയില്ലെങ്കിൽ ക്രിസ്തുവിനെ അവർ ഏറ്റുപറയുകയല്ല ചെയ്യുന്നത്. ഒരുവൻ ആരായിരുന്നാലും, ക്രിസ്തുവിന്റെ സ്വഭാവത്തിനു നിരക്കാത്ത ജീവിതമാണു നയിക്കുന്നതെങ്കിൽ, അവൻ ക്രിസ്തുവിനെ പരിത്യജിക്കുകതന്നെ ചെയ്യും. തിന്മനിറഞ്ഞ സംഭാഷണത്തിൽക്കൂടെയും അവാസ്തവവും, ദയയില്ലാത്തതുമായ വാക്കുകളിൽക്കൂടെയും യേശുവിനെ മനുഷ്യർ തള്ളിപ്പറയുന്നു. പാപവഴികളെ തേടിപ്പോകുന്നവരും യേശുവിനെ പരിത്യജിക്കുകയാണു ചെയ്യുന്നത്. ലോകമോഹങ്ങളിൽ ആകൃഷ്ടരായി അതിന്റെ പിന്നാലെ പോകുന്നതിലൂടെ, ക്രിസ്തീയ സ്നേഹം ഇല്ലാതെയുള്ള ജീവിതത്തിലൂടെ, സ്വന്തതാൽപര്യങ്ങളിൽ മാത്രം ആശ്രയിക്കുന്നതിലൂടെ, സംശയങ്ങൾ വച്ചുപുലർത്തുന്നതിലൂടെ, അന്ധകാരത്തിൽ കഴിയുന്നതിലൂടെ അനേകർ ക്രിസ്തുവിനെ ത്യജിക്കുന്നു. "മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ, എന്റെ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും."

സുവിശേഷത്തോടുള്ള ലോകത്തിന്റെ ശത്രുത്വം ഉടനടി ഇല്ലാതാകുമെന്നും, അതിന്റെ എതിർപ്പു കുറേക്കാലം കഴിയുമ്പോൾ അവസാനിക്കുമെന്നും കരുതരുതെന്നും യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. "ഞാൻ സമാധാനം വരുത്തുവാൻ വന്നുവെന്നു നിരൂപിക്കരുത്; സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്." സുവിശേഷമല്ല ഈ പോരാട്ടത്തിനു കാരണം, അതിനോടുള്ള എതിർപ്പത്രേ. എല്ലാ പീഡനത്തെക്കാളും സഹിപ്പാൻ ഏറ്റവും വിഷമമുള്ളതു ഭവനത്തിലെ എതിർപ്പാണ്. പ്രിയപ്പെട്ടവരുടെ അകൽച്ചയാണു വേദനയുളവാക്കുന്നത്. യേശു പറഞ്ഞു: "എന്നെക്കാൾ അധികം അപ്പനെയോ, അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല."

ക്രിസ്തുവിന്റെ ദൗത്യവാഹകനായിരിക്കുക എന്നതു വലിയൊരു ബഹുമതിയാണ്. നമ്മെ വിശ്വസിച്ചേല്പിച്ചിരിക്കുന്ന പാവനമായ ഒരു നിധിയാണത്. “നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു.” യേശുവിന്റെ നാമത്തിൽ, യേശുവിന്റെ ശിഷ്യന്മാരോടു കാട്ടുന്ന ഏതൊരു ദയാപ്രവൃത്തി പോലും പ്രതിഫലം കിട്ടാതെ പോകയില്ല. അതേ അംഗീകാരംതന്നെ ദൈവിക കുടുംബത്തിലെ ഏറ്റവും എളിയവനും നല്കുന്നു. “ശിഷ്യൻ എന്നുവച്ച് ഈ ചെറിയവരിൽ ഒരുത്തന് ഒരു പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവന്, പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.”

രക്ഷകൻ തന്റെ ഉപദേശം അവസാനിപ്പിച്ചു. ക്രിസ്തുവിന്റെ നാമത്തിൽ, “ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാനും, ബദ്ധന്മാർക്കു വിടുതലും, കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും, പീഡിതരെ വിടുവിച്ചയപ്പാനും, കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും” ക്രിസ്തു പോയതുപോലെ ശിഷ്യന്മാരും പുറപ്പെട്ടു (ലൂക്കൊസ് 4:18,19).

# 38

# വന്ന്, അല്പം ആശ്വസിച്ചുകൊൾവിൻ

അവലംബം: മത്തായി 14:1,2,12,13; മർക്കൊസ് 6:30-32; ലൂക്കൊസ് 9:7-10

സുവിശേഷപ്രവർത്തനങ്ങൾക്കുശേഷം "അപ്പൊസ്തലന്മാർ യേശുവിന്റെ അടുക്കൽ വന്നുകൂടി തങ്ങൾ ചെയ്തതും ഉപദേശിച്ചതും എല്ലാം അറിയിച്ചു. വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ, അവർക്കു ഭക്ഷിപ്പാൻ പോലും സമയം ഇല്ലായ്കകൊണ്ട് അവൻ അവരോട്: നിങ്ങൾ ഒരു ഏകാന്തസ്ഥലത്തു വേറിട്ടുവന്ന് അല്പം ആശ്വസിച്ചുകൊൾവിൻ എന്നു പറഞ്ഞു."

ശിഷ്യന്മാർ, തങ്ങൾക്കുണ്ടായ അനുഭവങ്ങൾ യേശുവിനോടു വിവരിച്ചു പറഞ്ഞു. തങ്ങളുടെ വിജയങ്ങൾ നല്കിയ ആനന്ദം, പരാജയങ്ങൾ നല്കിയ നൈരാശ്യം ഇവയെല്ലാം ഹൃദയതുല്യം സ്നേഹിക്കുന്ന തങ്ങളുടെ ഗുരുവിനെ അറിയിച്ചു. സുവിശേഷകർ എന്ന നിലയിൽ, തങ്ങളുടെ പ്രഥമ സംരംഭത്തിൽ ശിഷ്യന്മാർക്കു വീഴ്ചകൾ ഉണ്ടായി. അവരുടെ അനുഭവങ്ങൾ കേട്ട

പ്പോൾ, അവർക്കു വളരെ പരിശീലനം ആവശ്യമാണെന്നു കർത്താവിനു ബോധ്യമായി. എന്നാൽ അവർ ക്ഷീണിതരാണെന്നും, വിശ്രമം അവർക്കാവശ്യമെന്നും കർത്താവു മനസ്സിലാക്കി.

എന്നാൽ അവർ വന്നുചേർന്ന സ്ഥലത്ത് ഏകാന്തത ലഭിച്ചില്ല. "വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ അവർക്കു ഭക്ഷിപ്പാൻപോലും സമയം ഇല്ലാ"യിരുന്നു. ക്രിസ്തുവിന്റെ വചനം കേൾപ്പാനും, സൗഖ്യം പ്രാപിപ്പാനുമായി ധാരാളം ആളുകൾ വന്നുകൂടിക്കൊണ്ടിരുന്നു. യേശു അനുഗ്രഹങ്ങളുടെ ഒരു ഉറവയായിരുന്നു. സുഖം പ്രാപിക്കാനായി വന്ന പലരും യേശുവിനെ സ്വന്തരക്ഷകനായി സ്വീകരിച്ചു. പരീശന്മാരോടുള്ള ഭയം മൂലം യേശുവിനെ പരസ്യമായി ഏറ്റുകൊള്ളാത്തവർ, പരിശുദ്ധാത്മാവു പ്രാപിച്ചപ്പോൾ മാനസാന്തരപ്പെട്ട് എതിരാളികളുടെ മുമ്പിൽ ക്രിസ്തുവിനെ ദൈവപുത്രൻ എന്നു സാക്ഷീകരിച്ചു.

ശിഷ്യന്മാരുമായി വിശ്രമിക്കുവാൻ ക്രിസ്തു ആഗ്രഹിച്ചു. അവരോടായി മാത്രം ചില കാര്യങ്ങൾ കർത്താവിനു പറയുവാനുണ്ടായിരുന്നു. ശിഷ്യന്മാർ, തങ്ങളുടെ ശുശ്രൂഷയിൽ വലിയ എതിർപ്പുകളെ അഭിമുഖീകരിക്കേണ്ടി വന്നു. ക്രിസ്തുവിനോടുകൂടെയായിരുന്നപ്പോൾ ക്രിസ്തുവിന്റെ ഉപദേശങ്ങൾ അവർക്കു നേരിട്ടു കിട്ടിയിരുന്നു. എന്നാൽ തനിയേ പ്രവർത്തിച്ചപ്പോൾ എതിർപ്പുകളെ എങ്ങനെ കൈകാര്യം ചെയ്യണമെന്നറിയാതെ അവർ കുഴങ്ങി. തങ്ങളുടെ ശുശ്രൂഷയിൽ അവർക്കു പ്രോത്സാഹനം കിട്ടിയിരുന്നു. പരിശുദ്ധാത്മാവ് അവരെ നയിച്ചുകൊണ്ടിരുന്നു. അത്ഭുതങ്ങൾ പ്രവർത്തിക്കാൻ അവർക്കു കഴിഞ്ഞുവെങ്കിലും അവർക്കു ജീവന്റെ അപ്പം ആവശ്യമായിരുന്നു. കർത്താവിങ്കൽനിന്ന് ഉപദേശങ്ങൾ ലഭിപ്പാനും ഭാവിപ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുവാനും കർത്താവിനോടുകൂടെ വിജനമായ സ്ഥലത്തു സമയം ചെലവഴിക്കേണ്ടത് ആവശ്യമായിരുന്നു.

"നിങ്ങൾ ഒരു ഏകാന്തസ്ഥലത്തു വേറിട്ടുവന്ന് അല്പം ആശ്വസിച്ചുകൊൾവിൻ"- യേശു ശിഷ്യന്മാരോടു കല്പിച്ചു. തന്റെ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരോടും യേശുവിനു സ്നേഹവും വാത്സല്യവുമുണ്ട്. യാഗത്തിലല്ല, കരുണയിലത്രേ ദൈവം പ്രസാദിക്കുന്നതെന്നു ശിഷ്യന്മാർ മനസ്സിലാക്കണമെന്നു ക്രിസ്തു ആഗ്രഹിച്ചു. ജനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ശിഷ്യന്മാർ ശാരീരികമായും മാനസികമായും ക്ഷീണിതരായിരുന്നു. അതുകൊണ്ടു വിശ്രമമായിരുന്നു അപ്പോഴത്തെ അവരുടെ ഏറ്റവും വലിയ ആവശ്യം.

തങ്ങൾക്കുണ്ടായ വിജയത്തിന്റെ ഖ്യാതി മുഴുവൻ തങ്ങളുടേതെന്നു കരുതുവാനുള്ള അപകടസാദ്ധ്യത ശിഷ്യന്മാർക്കുണ്ടായിരുന്നു. ആത്മീയ അഹന്ത അവർക്കുണ്ടാകാമായിരുന്നു. അങ്ങനെ സാത്താന്റെ വഞ്ചനയിൽ കുടുങ്ങിപ്പോകാമായിരുന്നു. എന്നാൽ അവർക്ക് ഒരു വലിയ വേല ചെയ്തുതീർക്കുവാനുണ്ടായിരുന്നു. തങ്ങൾക്കു ലഭിച്ചിട്ടുള്ള ശക്തി തങ്ങളുടെ സ്വന്തമല്ല, അതു ദൈവത്തിന്റെ ദാനമാണ് എന്ന വസ്തുതയായിരുന്നു ശിഷ്യന്മാർ പഠിക്കേണ്ട ആദ്യപാഠം. മോശെ മരുഭൂമിയിൽ വിശ്രാമം കണ്ടെത്തിയതുപോലെയും,

ദാവീദ് യെഹൂദ്യമലകളിൽ ഏകാന്തതയിൽ ദൈവത്തോടു സമ്പർക്കം പുലർത്തിയതുപോലെയും, കെരീത്ത് തോട്ടിനരികെ ഏലീയാവ് വിശ്രമിച്ചതു പോലെയും ക്രിസ്തുശിഷ്യന്മാർക്ക്, ദൈവവുമായും പ്രകൃതിയുമായും സമ്പർക്കം പുലർത്തേണ്ടതിന്റെ ആവശ്യകത ഉണ്ടായിരുന്നു.

ശിഷ്യന്മാർ സുവിശേഷപ്രവർത്തനങ്ങളുമായി പോയിരുന്നപ്പോൾ, രാജ്യത്തിന്റെ സുവിശേഷവും പ്രസംഗിച്ചുകൊണ്ടു യേശു മറ്റു പട്ടണങ്ങളും ഗ്രാമങ്ങളും സന്ദർശിച്ചു. ഈ സന്ദർഭത്തിലാണു യോഹന്നാൻ വധിക്കപ്പെട്ടതിനെക്കുറിച്ചു യേശു അറിയുന്നത്. തന്റെ ഓരോ ചുവടുകളും അപ്രകാരമുള്ള അന്ത്യത്തിലേക്കാണു തന്നെ നയിക്കുന്നതെന്നു യേശുവിനറിയാമായിരുന്നു. യേശുവിന്റെ പാതയിൽ കാർമേഘങ്ങൾ ഉരുണ്ടുകൂടുകയായിരുന്നു. പുരോഹിതന്മാരും റബ്ബിമാരും യേശുവിന്റെ മരണത്തിനു കെണിയൊരുക്കി. ചാരന്മാർ യേശുവിനെ പിന്തുടർന്നു. യേശുവിനെ വധിക്കുന്നതിനുവേണ്ടിയുള്ള ഗൂഢാലോചനകൾ എങ്ങും വ്യാപിച്ചിരുന്നു. ഗലീലയിലെമ്പാടും യേശുവിനെയും, യേശുവിന്റെ പ്രവർത്തനങ്ങളെയും കുറിച്ചു ശിഷ്യന്മാർ നടത്തിയ പ്രഭാഷണങ്ങൾ ഹെരോദാവിന്റെ ശ്രദ്ധയിൽപ്പെട്ടു. ഹെരോദാവ് പറഞ്ഞു: "അവൻ യോഹന്നാൻ സ്നാപകൻ; അവൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തു." യേശുവിനെ കാണുവാൻ ഹെരോദാവ് ആഗ്രഹിച്ചു. തന്നെ സിംഹാസനഭ്രഷ്ടനാക്കിയ ശേഷം യെഹൂദരാഷ്ട്രത്തെ റോമൻ ഭരണത്തിൽ നിന്നു വിടുവിക്കുമെന്ന് അവൻ ചിന്തിച്ചു. ഒരു വിപ്ലവം ഉണ്ടായേക്കുമെന്നു ഹെരോദാവ് എപ്പോഴും ഭയപ്പെട്ടിരുന്നു. ജനങ്ങളുടെ ഇടയിൽ അസംതൃപ്തിയും വിപ്ലവാസക്തിയും വളർന്നുകൊണ്ടിരുന്നു. ഗലീലയിൽ ക്രിസ്തുവിന്റെ പരസ്യപ്രവർത്തനങ്ങൾ തുടർന്നുകൊണ്ടു പോവുക ദുഷ്കരമായിരുന്നു. ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ നാളുകൾ വേഗത്തിൽ അടുത്തുകൊണ്ടിരുന്നു. ജനത്തിന്റെ ബഹളങ്ങളിൽനിന്നു കുറച്ചു സമയം വേർപെട്ടു നില്ക്കുവാൻ കർത്താവ് ആഗ്രഹിച്ചു.

ദുഃഖനിമഗ്നരായ യോഹന്നാന്റെ ശിഷ്യന്മാർ, ശിരഃച്ഛേദം ചെയ്യപ്പെട്ട തങ്ങളുടെ ഗുരുവിന്റെ ശരീരത്തെ സംസ്കരിച്ചു. പിന്നെ അവർ വന്നു യേശുവിനെ അറിയിച്ചു. ജനശ്രദ്ധയെ തങ്ങളുടെ ഗുരുവിൽനിന്നു ക്രിസ്തുവിങ്കലേക്കു തിരിക്കുന്നതായി യോഹന്നാന്റെ ശിഷ്യന്മാർക്കു തോന്നിയപ്പോൾ അവർ അസന്തുഷ്ടരായി. ചുങ്കക്കാരോടും പാപികളോടും കൂടെ യേശു മത്തായിയുടെ ഭവനത്തിൽ പന്തിയിലിരുന്നപ്പോൾ, യോഹന്നാന്റെ ശിഷ്യന്മാരും പരീശന്മാരും ചേർന്നു യേശുവിനെ കുറ്റപ്പെടുത്തി. യോഹന്നാന്റെ മോചനത്തിനുവേണ്ടി യേശു ഒന്നും ചെയ്യാത്തതുകൊണ്ട്, യോഹന്നാന്റെ ശിഷ്യന്മാർ യേശുവിന്റെ ദൗത്യത്തെ സംശയിച്ചു. ദുഃഖിതരായിരുന്ന അവർ ആശ്വാസത്തിനായി കാംക്ഷിച്ചു. ഭാവിപ്രവർത്തനങ്ങൾക്ക് ഉപദേശം ആരായേണ്ടതിന്, അവർ യേശുവിനെ സമീപിച്ചു. തങ്ങളുടെ താൽപര്യങ്ങൾ യേശുവിന്റെ താൽപര്യങ്ങളുമായി ബന്ധപ്പെടുത്തി. അനുകൂലമായ അന്തരീക്ഷത്തിൽ കർത്താവുമായി സമ്പർക്കം പുലർത്തുവാൻ അവർ ആഗ്രഹിച്ചു.

ഗലീലക്കടലിന്റെ ഉത്തരഭാഗത്തുള്ള ബേത്ത്സയിദ ഏകാന്തമായ ഒരു പ്രദേശമായിരുന്നു. വസന്തത്തിന്റെ പുതുമയാർന്ന വൃക്ഷലതാദികളാൽ

മനോഹരമാക്കപ്പെട്ട ആ പ്രദേശം യേശുവിനും ശിഷ്യന്മാർക്കും സ്വാഗതം നല്കുന്ന വിശ്രമസ്ഥലമായിരുന്നു. ഈ സ്ഥലത്തേക്ക് അവർ പടകുകളിൽ യാത്രയായി. നഗരത്തിന്റെ തിരക്കിൽനിന്നും ജനക്കൂട്ടത്തിൽനിന്നും വിടുതൽ നല്കുന്ന സ്ഥലമായിരുന്നു അത്. പ്രകൃതിയുടെ ദൃശ്യങ്ങൾ ആസ്വദിക്കുന്നതുതന്നെ ഒരു വിശ്രമമാണ്. ശിഷ്യന്മാർക്കു യേശുവിന്റെ ദൂതുകൾ തടസ്സംകൂടാതെ ശ്രവിക്കാവുന്ന സ്ഥലമായിരുന്നു അത്. ശാസ്ത്രിമാരുടെയും പരീശന്മാരുടെയും ശല്യങ്ങൾ ഇവിടെയില്ലായിരുന്നു. കർത്താവിന്റെ കൂട്ടായ്മയുടെ മാധുര്യം അവർക്കു നിർബാധം നുകരാവുന്ന സ്ഥലമായിരുന്നു ബേത്ത്സയിദ.

ക്രിസ്തുവും ശിഷ്യന്മാരും സ്വന്ത സുഖം തേടിയല്ല ബേത്ത്സയിദയിലേക്കു പോയത്. സുഖലോലുപതയായിരുന്നില്ല അവരുടെ ലക്ഷ്യം. ദൈവവേല ഫലവത്തായി എങ്ങനെ ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് അവർ സംസാരിച്ചു. ക്രിസ്തുവുമായി സമയം ചെലവിട്ടപ്പോൾ ശിഷ്യന്മാർക്കു ക്രിസ്തുവിനെ നല്ലവണ്ണം മനസ്സിലാക്കുവാൻ കഴിഞ്ഞു. ഉപമകളിൽക്കൂടെ ക്രിസ്തുവിന് ഇപ്പോൾ സംസാരിക്കേണ്ടി വന്നില്ല. ശിഷ്യന്മാരുടെ തെറ്റുകളെ യേശു തിരുത്തിക്കൊടുത്തു. ജനങ്ങളോടു സമീപിക്കേണ്ട രീതികൾ യേശു അവരെ പഠിപ്പിച്ചു. സത്യത്തിന്റെ അമൂല്യനിധികളെ യേശു ശിഷ്യന്മാർക്കു തുറന്നുകാട്ടി. ദിവ്യശക്തിയാൽ അവർ ചൈതന്യപൂർണ്ണരായി. അവർക്കു ധൈര്യവും പ്രത്യാശയും വർദ്ധിച്ചു.

യേശുവിനും, യേശുവിന്റെ കൃപയാൽ ശിഷ്യന്മാർക്കും അത്ഭുതപ്രവൃത്തികൾ ചെയ്യുവാനുള്ള വരം ഉണ്ടായിരുന്നിട്ടും, ക്ഷീണിതരായ ശിഷ്യന്മാരോടു വിജനപ്രദേശത്തുപോയി വിശ്രമിക്കുവാൻ കർത്താവു പറഞ്ഞു. “കൊയ്ത്തു വളരെയുണ്ട്; വേലക്കാരോ ചുരുക്കം” എന്നു കർത്താവു പറഞ്ഞപ്പോൾ വിശ്രമമില്ലാത്ത വേല ചെയ്യണമെന്നു ശിഷ്യന്മാരോടു പറയുകയായിരുന്നില്ല. “കൊയ്ത്തിന്റെ യജമാനനോടു കൊയ്ത്തിലേക്കു വേലക്കാരെ അയയ്ക്കേണ്ടതിനു യാചിപ്പിൻ” എന്നത്രേ കർത്താവു പറഞ്ഞത് (മത്തായി 9:38). ഓരോ മനുഷ്യനും അവനവന്റെ കഴിവ് അനുസരിച്ചാണ് അവന്റെ വേല നല്കിയിരിക്കുന്നത് (എഫെ. 4:11-13). കുറച്ചുപേർക്കുമാത്രം ചുമതല നല്കുകയും മറ്റുള്ളവരെ ചുമതലകളിൽനിന്നു വിമുക്തരാക്കുകയുമല്ല കർത്താവു ചെയ്യുന്നത്.

ശിഷ്യന്മാരോടു സ്നേഹപൂർവ്വം സംസാരിച്ച കർത്താവു നമ്മോടും അതുപോലെ സംസാരിക്കുകയാണ്. “നിങ്ങൾ വേറിട്ടുവന്ന് അല്പം ആശ്വസിച്ചുകൊൾവിൻ.” ക്ഷീണിതരോടും അദ്ധ്വാനഭാരത്താൽ ക്ലേശിക്കുന്നവരോടുമാണു യേശു ഇപ്രകാരം പറയുന്നത്. എപ്പോഴും പ്രവർത്തനങ്ങളുടെ പിരിമുറുക്കത്തിലും മാനസിക ഉദ്വേഗത്തിലും കഴിയുന്നതു നല്ലതല്ല. മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടിയാണ് അതു ചെയ്യുന്നതെങ്കിൽ പോലും അതു നല്ലതല്ല. ഇപ്രകാരമുള്ള അദ്ധ്വാനത്തിൽ വ്യക്തിപരമായ ദൈവഭക്തി അവഗണിക്കപ്പെടുന്നു. ശാരീരികവും, മാനസികവും, ആത്മീയവുമായി അമിതഭാരം വഹിക്കേണ്ടിവരുന്നു. ക്രിസ്തുശിഷ്യന്മാർ സ്വയത്തെ ത്യജിക്കേണ്ടവരാണ്. അവരിൽ ത്യാഗമനോഭാവം കാണേണ്ടതുമാണ്. എന്നാൽ അതിരുകടന്ന അദ്ധ്വാനത്താൽ ഉണ്ടാകുന്ന ബലഹീനതയെ സാത്താൻ പ്രയോജനപ്പെടുത്താ

തിരിക്കാനും ദൈവത്തിന്റെ വേല അലങ്കോലമാകാതിരിക്കാനും നാം വളരെ കരുതലോടിരിക്കേണ്ടതാണ്.

റബ്ബിമാർ മതഭക്തിക്കു നല്കുന്ന നിർവ്വചനം വിശ്രമരഹിതമായ പ്രവർത്തനം എന്നാണ്. തങ്ങളുടെ ഭക്തി പ്രകടിപ്പിക്കുവാൻ ബാഹ്യമായ ആചാരങ്ങളിൽ അവർ ആശ്രയിച്ചു. ഇങ്ങനെ അവർ ദൈവത്തിൽനിന്ന് അകന്നു. സ്വപ്രയത്നത്തിന് അവർ പ്രാധാന്യം നല്കി. ഇതേ അപകടങ്ങൾ ഇന്നും നിലനില്ക്കുന്നു. മാനുഷിക പ്രവർത്തനത്തിൽ മാത്രം ഊന്നൽ നല്കുകയും അതിലൂടെ വിജയം കൈവരിക്കയും ചെയ്യുമ്പോൾ, മാനുഷിക പദ്ധതികളിലും മാർഗ്ഗങ്ങളിലും ആശ്രയിക്കുവാനും, ദൈവത്തെ നമ്മുടെ പ്ലാനിൽനിന്ന് അകറ്റിനിർത്തുവാനുമുള്ള അപകടസാധ്യത എപ്പോഴും ഉണ്ട്. അപ്പോൾ പ്രാർത്ഥന കുറയുകയും വിശ്വാസം ക്ഷീണിക്കുകയും ചെയ്യും. ദൈവത്തിലുള്ള ആശ്രയം നഷ്ടപ്പെടുവാനും നമ്മുടെ പ്രവൃത്തിയെ രക്ഷകന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കാനും നാം പരീക്ഷിക്കപ്പെടും. എപ്പോഴും യേശുവിനെ നോക്കുക. യേശുവിന്റെ ശക്തിയാണു നമ്മിൽ പ്രവർത്തിക്കുന്നത് എന്നു നാം മനസ്സിലാക്കണം. നഷ്ടപ്പെട്ട ആത്മാക്കൾക്കുവേണ്ടി നാം ഉത്സാഹത്തോടെ പ്രവർത്തിക്കുന്നതോടൊപ്പം വ്യക്തിപരമായ ധ്യാനത്തിനും, പ്രാർത്ഥനയ്ക്കും, വേദപുസ്തകപഠനത്തിനും നാം സമയം എടുക്കണം. പ്രാർത്ഥനയോടുകൂടെ പൂർത്തീകരിക്കപ്പെടുകയും, ക്രിസ്തുവിന്റെ നീതിയാൽ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്ന വേല മാത്രമേ, പ്രയോജനകരമായിത്തീരുകയുള്ളൂ.

യേശുവിന്റെ ജീവിതംപോലെ ചുമതലാപൂർണ്ണവും, കൃത്യാന്തരബഹുലത നിറഞ്ഞതുമായ വേറൊരു ജീവിതം ഉണ്ടായിട്ടില്ല. എങ്കിലും യേശു പ്രാർത്ഥനയ്ക്കായി എത്ര സമയം ചെലവഴിച്ചിരുന്നു! സ്വർഗ്ഗീയപിതാവുമായി എത്ര സ്ഥിരമായ സമ്പർക്കം പുലർത്തിയിരുന്നു. യേശുവിന്റെ ഭൗമിക ജീവചരിത്രത്തിൽ പലവുരു ആവർത്തിച്ചു രേഖപ്പെടുത്തിയിട്ടുള്ളത്: “അതികാലത്ത് ഇരുട്ടോടെ അവൻ എഴുന്നേറ്റു പുറപ്പെട്ട് ഒരു നിർജ്ജനസ്ഥലത്തു ചെന്നു പ്രാർത്ഥിച്ചു.” “വളരെ പുരുഷാരം വചനം കേൾക്കേണ്ടതിനും, തങ്ങളുടെ വ്യാധികൾക്കു സൗഖ്യം കിട്ടേണ്ടതിനും കൂടിവന്നു. അവനോ, നിർജ്ജന ദേശത്തു വാങ്ങിപ്പോയി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.” “ആ കാലത്ത് അവൻ പ്രാർത്ഥിക്കേണ്ടതിന്, ഒരു മലയിൽ ചെന്നു ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചു” (മർക്കൊസ് 1:35; ലൂക്കൊസ് 5:15,16; 6:12).

മറ്റുള്ളവർക്കുവേണ്ടി ഉഴിഞ്ഞുവച്ച തന്റെ ജീവിതം എത്രമാത്രം തിരക്കുപിടിച്ചതായിരുന്നെങ്കിലും യേശു പ്രാർത്ഥനയ്ക്കായി സമയം കണ്ടെത്തിയിരുന്നു. അവിരാമമായ പ്രവർത്തനത്തിൽനിന്നു പിൻവാങ്ങി സ്വർഗ്ഗീയപിതാവുമായി സമ്പർക്കം പുലർത്തേണ്ടതു കർത്താവിനാവശ്യമായിരുന്നു. നമ്മുടെ ബലഹീനതകളും ആവശ്യങ്ങളും അനുഭവിച്ചറിഞ്ഞ കർത്താവു നമ്മിൽ ഒരുവനെപ്പോലെ ദൈവത്തിൽ പരിപൂർണ്ണ ആശ്രയം പുലർത്തിയിരുന്നു. തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനും, ശോധനകളെ അഭിമുഖീകരിക്കുന്നതിനും പിതാവിനോടു ശക്തിക്കായി അപേക്ഷിച്ചു. പാപം നിറഞ്ഞ ലോകത്തിൽ ആത്മാവിന്റെ പോരാട്ടങ്ങളും യാതനകളും യേശു സഹിച്ചു. തന്റെ

മേൽ ചുമത്തപ്പെട്ട ഭാരങ്ങൾ പിതാവുമായുള്ള സമ്പർക്കം മൂലം വഹിക്കുവാൻ താൻ പ്രാപ്തനായി. അതിലൂടെ യേശു സന്തോഷവും ആശ്വാസവും കണ്ടെത്തി.

സ്നേഹസ്വരൂപനായ ദൈവത്തിന്റെ സന്നിധിയിൽ ക്രിസ്തുവിലൂടെ മനുഷ്യന്റെ നിലവിളി കയറിച്ചെന്നു. ഒരു മനുഷ്യൻ എന്ന നിലയിൽ കർത്താവിനു സ്വർഗ്ഗീയശക്തിയാൽ നിറയേണ്ടതാവശ്യമായിരുന്നു. ആ ശക്തിയാൽ നിറയുന്നതുവരെ യേശു പിതാവിനോടു യാചന കഴിച്ചുകൊണ്ടിരുന്നു. മനുഷ്യത്വത്തെയും ദൈവത്വത്തെയും ഏകീഭവിപ്പിക്കുന്നതായിരുന്നു യേശുവിന്റെ പ്രാർത്ഥന. ദൈവവുമായുള്ള സമ്പർക്കത്താൽ യേശു ചൈതന്യം പ്രാപിച്ചിരുന്നു. ലോകത്തിനു ചൈതന്യം പകർന്നുകൊടുക്കയും ചെയ്തു. യേശുവിന്റെ അനുഭവം നമുക്കും ഉണ്ടാകേണ്ടതാണ്.

“നിങ്ങൾ വേറിട്ടു വരുവിൻ.” യേശുവിന്റെ കല്പന നമുക്കായും നല്കിയിരിക്കയാണ്. ക്രിസ്തുവിന്റെ ആജ്ഞ നാം അനുസരിക്കുകയാണെങ്കിൽ നാം കൂടുതൽ ശക്തരും പ്രയോജനമുള്ളവരും ആയിത്തീരും. ശിഷ്യന്മാർ യേശുവിനെ അന്വേഷിച്ചു. അവരുടെ എല്ലാ ആവശ്യങ്ങളും അറിയിച്ചു. യേശു അവരെ ഉപദേശിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തു. നാമും യേശുവിനെ അന്വേഷിച്ചാൽ നിരാശരാകുകയില്ല. യേശു സഹായം നല്കാൻ എപ്പോഴും ഒരുക്കമുള്ളവനാണ്. നമ്മുടെ ഇന്നത്തെ ആവശ്യം നിഷ്കളങ്കത്വവും, രക്ഷകനിലുള്ള ആശ്രയബോധവും വിശ്വാസവുമാകുന്നു. “വീരനാം ദൈവം”, “നിത്യപിതാവ്”, “സമാധാനപ്രഭു” എന്നീ പേരുകളാൽ അറിയപ്പെടുന്ന ക്രിസ്തു നമുക്ക് എപ്പോഴും ഉപദേശം നല്കുവാൻ മനസ്സുള്ളവനാണ്. “ആധിപത്യം അവന്റെ തോളിന്മേലിരിക്കും” എന്നു ക്രിസ്തുവിനെക്കുറിച്ച് എഴുതിയിരിക്കുന്നു. ജ്ഞാനം പകർന്നുകൊടുക്കാൻ ഒരുക്കമുള്ളവനായ ക്രിസ്തു നമ്മെ ക്ഷണിക്കുന്നു. അവൻ “ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നു” (യെശ. 9:6; യാക്കോബ് 1:5).

ലോകത്തോടും, അതിന്റെ അനുഷ്ഠാനങ്ങളോടും, രീതികളോടും യോജിക്കാത്ത ഒരു ജീവിതമായിരിക്കണം, ദൈവത്തിന്റെ പരിശീലനകളരിയിൽ അഭ്യസിക്കുന്നവർ പ്രദർശിപ്പിക്കേണ്ടത്. ദൈവിക പരിജ്ഞാനം പ്രാപിക്കുന്നതിനു വ്യക്തിപരമായ അനുഭവം ആവശ്യമാണ്. ദൈവം നമ്മോടു സംസാരിക്കുന്നതു നാം വ്യക്തിപരമായി അനുഭവിച്ചറിയേണ്ടിയിരിക്കുന്നു. മറ്റെല്ലാ ശബ്ദവും നിശ്ചലമാവുമ്പോൾ ദൈവത്തിന്റെ ശബ്ദം നമുക്കു വ്യക്തമായി കേൾപ്പാൻ സാധിക്കും.

“മിണ്ടാതിരുന്ന്, ഞാൻ ദൈവമെന്നറിഞ്ഞുകൊൾവിൻ” (സങ്കീ. 46:10). ഇവിടെ മാത്രം യഥാർത്ഥ വിശ്രമം കണ്ടെത്താൻ സാധിക്കും. ദൈവത്തിനു വേണ്ടി അദ്ധ്വാനിക്കുന്നവരുടെ, ഫലവത്തായ ഒരുക്കം ഇപ്രകാരമാണ്. ഇങ്ങനെ ശക്തിപ്രാപിച്ച വ്യക്തി, ജീവിതത്തിന്റെ ക്ലേശങ്ങൾക്കിടയിൽ സമാധാനം ഉള്ളവനും പ്രകാശിതനും ആയിരിക്കും. ആ ജീവിതം ക്രിസ്തുവിന്റെ സൗരഭ്യവാസന എങ്ങും പരത്തുകയും മറ്റുള്ളവരെ വെളിച്ചത്തിലേക്കു നയിക്കുകയും ചെയ്യും.

# 39

# നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ

അവലംബം: മത്തായി 14:13-21; മർക്കൊസ് 6:32-44; ലൂക്കൊസ് 9:10-17; യോഹ. 6:1-13

ശിഷ്യന്മാരുമൊത്തു വിജനമായ സ്ഥലത്തു യേശു വിശ്രമം ആസ്വദിച്ചു. എന്നാൽ വളരെ വിരളമായി ലഭിച്ച ഈ വിശ്രമം വേഗത്തിൽ അവസാനിച്ചു. മറ്റുള്ളവരുടെ ദൃഷ്ടിയിൽ പെടാത്ത സ്ഥലത്താണു തങ്ങൾ വന്നിരിക്കുന്നതെന്നു ശിഷ്യന്മാർ കരുതി. എന്നാൽ യേശുവിനെ കാണാതായപ്പോൾ, അവൻ എവിടെയെന്നു ജനം അന്വേഷിച്ചു. ശിഷ്യന്മാരും യേശുവും പോയ വഴി ചിലർ കണ്ടിരുന്നു. ചിലർ കരയിലൂടെയും ചിലർ പടകുകൾ വഴിയായും യേശുവിനെ തിരഞ്ഞു. പെസഹാപ്പെരുന്നാൾ അടുത്തുവരികയായിരുന്നു. അടുത്തുനിന്നും അകലെനിന്നും വന്ന തീർത്ഥാടകസംഘങ്ങൾ യേശുവിനെ കാണുവാൻ ഒന്നിച്ചുകൂടി. സന്ദർശകരുടെ എണ്ണം കൂടിക്കൊണ്ടിരുന്നു. സ്ത്രീകളും കുട്ടികളും കൂടാതെ അനേകായിരം പുരുഷന്മാർ അക്കൂട്ടത്തിലുണ്ടായിരുന്നു. യേശു കടൽത്തീരത്തു വരുംമുമ്പേ, പുരുഷാരം അവനെ

കാത്തു നില്പുണ്ടായിരുന്നു. അവരുടെ കാഴ്ചയിൽ പെടാതെ യേശു ശിഷ്യ ന്മാരുമായി കരയിലെത്തി അല്പസമയം ചെലവഴിച്ചു.

മലഞ്ചെരിവിൽ നിന്നുകൊണ്ട്, നീങ്ങിക്കൊണ്ടിരുന്ന പുരുഷാരത്തെ യേശു കണ്ടു. പുരുഷാരത്തെ കണ്ടു യേശു അനുകമ്പാപൂർണ്ണനായി. തന്റെ വിശ്രമത്തിനു ഭംഗം വന്നുവെങ്കിലും യേശു അസഹിഷ്ണുത കാണിച്ചില്ല. ജനക്കൂട്ടം വർദ്ധിച്ചുകൊണ്ടിരുന്നപ്പോൾ, തന്റെ ശുശ്രൂഷ അവർക്ക് ഏറ്റവും ആവശ്യമെന്നു കർത്താവിനു ബോധ്യമായി. "അവർ ഇടയൻ ഇല്ലാത്ത ആടു കളെപ്പോലെ ആകകൊണ്ട് അവരിൽ മനസ്സലിഞ്ഞു." താൻ വിശ്രമിച്ചിരുന്ന സ്ഥലം വിട്ട്, പുരുഷാരത്തെ ശുശ്രൂഷിപ്പാൻ സൗകര്യമായ ഒരു സ്ഥലം കണ്ടെത്തി. പുരോഹിതന്മാരിൽനിന്നും പ്രഭുക്കന്മാരിൽനിന്നും ജനത്തിന് ഒരു സഹായവും ലഭിച്ചില്ല. രക്ഷയുടെ മാർഗ്ഗത്തെക്കുറിച്ചു യേശു പുരുഷാര ത്തെ ഉപദേശിച്ചു. ദൈവവചനം, സൗഖ്യമാക്കുന്ന ജീവജലംപോലെ യേശു വിൽനിന്ന് ഒഴുകി.

ദൈവപുത്രന്റെ അധരങ്ങളിൽനിന്നു പൊഴിഞ്ഞ കരുണാർദ്രമായ വാക്കു കൾ ജനം സശ്രദ്ധം കേട്ടു. കർത്താവിന്റെ ലളിതവും വ്യക്തവുമായ വാക്കു കൾ കേൾവിക്കാർക്കു ഗിലെയാദിലെ തൈലംപോലെ സൗഖ്യദായകമായി രുന്നു. മരണവക്ത്രത്തിലായിരുന്നവർക്കു ജീവനും സന്തോഷവും കർത്താവു നല്കി. രോഗികൾക്ക് ആശ്വാസവും സൗഖ്യവും കർത്താവു പ്രദാനം ചെയ്തു. സ്വർഗ്ഗം ഭൂമിയിൽ എത്തിയിരിക്കുന്നുവെന്നു ജനത്തിനു തോന്നി. ഭക്ഷണം കഴിപ്പാൻപോലും അവർ മറന്നുപോയി.

നേരം വളരെ വൈകി. സൂര്യൻ അസ്തമിക്കാറായിരുന്നു. എങ്കിലും ജനം പിരിഞ്ഞുപോയില്ല. പകൽ മുഴുവൻ ആഹാരമോ, വിശ്രമമോ ഇല്ലാതെ യേശു അദ്ധ്വാനിച്ചു. വിശപ്പുകൊണ്ടും തളർച്ചകൊണ്ടും യേശുവിന്റെ മുഖം വാടിയിരുന്നു. അദ്ധ്വാനത്തിൽനിന്നു വിരമിക്കുവാൻ ശിഷ്യന്മാർ യേശുവി നോടപേക്ഷിച്ചു. എന്നാൽ തന്റെ ചുറ്റുമുണ്ടായിരുന്ന ജനക്കൂട്ടത്തിൽനിന്നു പിൻവാങ്ങുവാൻ യേശുവിനു കഴിയുമായിരുന്നില്ല.

ഒടുവിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽച്ചെന്നു ജനത്തെ പറഞ്ഞ യയ്ക്കുവാൻ നിർബന്ധിച്ചുപറഞ്ഞു. വളരെ ദൂരെനിന്നു വന്നവരും രാവിലെ മുതൽ ആഹാരം കഴിക്കാത്തവരും അവരുടെ ഇടയിൽ ഉണ്ടായിരുന്നു. ചുറ്റു വട്ടത്തുള്ള നഗരങ്ങളിൽനിന്നോ ഗ്രാമങ്ങളിൽനിന്നോ അവർക്കു ഭക്ഷണം വാങ്ങുവാൻ, ഒരുപക്ഷേ സാധിക്കുമായിരുന്നു. എന്നാൽ യേശു ശിഷ്യന്മാ രോടു പറഞ്ഞു: "നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ." അതിനുശേഷം ഫിലിപ്പൊസിനോടു കർത്താവു ചോദിച്ചു: "ഇവർക്കു തിന്നുവാൻ എവിടെ നിന്നു നാം അപ്പം വാങ്ങും?" ഫിലിപ്പൊസിന്റെ വിശ്വാസത്തെ പരീക്ഷിപ്പാ നായിരുന്നു ഇതു ചോദിച്ചത്. ഫിലിപ്പൊസ് ജനസമുദ്രത്തിലേക്കു നോക്കി. ഇത്ര വലിയ ഒരു പുരുഷാരത്തെ തൃപ്തിപ്പെടുത്തുവാൻ വേണ്ട ഭക്ഷണം നല്കുക അസാദ്ധ്യമെന്നു ഫിലിപ്പൊസ് ചിന്തിച്ചു. "ഓരോരുത്തന് അല്പ മല്പം ലഭിക്കേണ്ടതിന് ഇരുനൂറു പണത്തിന് അപ്പം മതിയാകയില്ല"- ഫിലി

പ്പൊസ് പറഞ്ഞു. "നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ട്?" യേശു ചോദിച്ചു. അന്ത്രെയാസ് പറഞ്ഞു: "ഇവിടെ ഒരു ബാലകൻ ഉണ്ട്; അവന്റെ പക്കൽ അഞ്ചു യവത്തപ്പവും രണ്ടു മീനും ഉണ്ട്; എങ്കിലും ഇത്ര പേർക്ക് അത് എന്തുള്ളു?" അതു തന്റെ പക്കൽ കൊണ്ടുവരുവാൻ യേശു പറഞ്ഞു. അതിനു ശേഷം ശിഷ്യന്മാരോടു ജനത്തെ അമ്പതുപേരോ, നൂറുപേരോ ഉള്ള പന്തികളായി പുൽത്തകിടിയിൽ ഇരുത്തുവാൻ പറഞ്ഞു. ചിട്ടയും അച്ചടക്കവും പാലിക്കുവാനും, താൻ എന്തു ചെയ്യുന്നുവെന്നു കാണുന്നതിനും വേണ്ടിയുമായിരുന്നു യേശു അപ്രകാരം കല്പിച്ചത്. പിന്നീടു യേശു അപ്പവും മീനുമെടുത്ത് "സ്വർഗ്ഗത്തിലേക്കു നോക്കി, വാഴ്ത്തി, അപ്പം നുറുക്കി ശിഷ്യന്മാരുടെ പക്കലും, പുരുഷാരത്തിനും കൊടുത്തു." എല്ലാവരും തിന്നു തൃപ്തരായി; ശേഷിച്ച കഷണം പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു.

സമാധാനവും സന്തോഷവും കൈവരുത്തുവാനുള്ള വഴി ജനങ്ങളെ പഠിപ്പിച്ചവനായ കർത്താവ്, അവരുടെ ആത്മീയാവശ്യങ്ങളെക്കുറിച്ചു കരുതൽ ഉള്ളവനായിരുന്നതുപോലെ, അവരുടെ ഭൗതികാവശ്യങ്ങളെക്കുറിച്ചും ബോധവാനായിരുന്നു. ജനം വളരെ ക്ഷീണിച്ചിരുന്നു. ശിശുക്കളെ കരങ്ങളിലേന്തിയ അമ്മമാരും, അമ്മമാരുടെ വസ്ത്രങ്ങളിന്മേൽ പിടിച്ചു തൂങ്ങിയ കുഞ്ഞുങ്ങളും അക്കൂട്ടത്തിലുണ്ടായിരുന്നു. മണിക്കൂറുകളായി അവർ നില്ക്കുകയായിരുന്നു. ക്രിസ്തുവിന്റെ വചനങ്ങളിൽ ആകൃഷ്ടരായിരുന്ന അവർ ഇരിക്കുവാൻ പോലും ശ്രമിച്ചില്ല. ജനക്കൂട്ടം വളരെ ആയിരുന്നതിനാൽ തിക്കും തിരക്കും ഉണ്ടാകുവാനുള്ള സാദ്ധ്യതയും ഉണ്ടായിരുന്നു. ജനങ്ങൾക്കു വിശ്രമിക്കുവാൻ ഒരവസരം കൊടുക്കുവാൻ യേശു ആഗ്രഹിച്ചു. ജനത്തെ ഇരുത്തുവാൻ യേശു കല്പിച്ചു. ധാരാളം പുല്ല് അവിടെ ഉണ്ടായിരുന്നതിനാൽ ജനങ്ങൾക്കു സുഖമായി ഇരിക്കുവാൻ സാധിച്ചു.

യഥാർത്ഥ ആവശ്യമുള്ളപ്പോൾ മാത്രമേ യേശു അത്ഭുതം പ്രവർത്തിച്ചിട്ടുള്ളൂ. ജാതികളുടെ രോഗസൗഖ്യത്തിനുതകുന്ന ജീവവൃക്ഷത്തിലേക്ക് ആകർഷിക്കുവാനായിരുന്നു, യേശുവിന്റെ ഓരോ അത്ഭുതപ്രവൃത്തിയും. ശിഷ്യന്മാർ വിളമ്പിയ ലളിതമായ ആഹാരം, മനോഹരങ്ങളായ പാഠങ്ങൾ പഠിക്കുവാൻ സഹായിക്കുന്നതായിരുന്നു. അവിടെ വിളമ്പിയ ആഹാരം വളരെ ലളിതമായ ഒന്നായിരുന്നു. മീനും യവത്തപ്പവും ഗലീലക്കടലിനു ചുറ്റുമുള്ള മീൻപിടുത്തക്കാരുടെ സാധാരണ ആഹാരമായിരുന്നു. വളരെ സമൃദ്ധമായ ആഹാരം യേശുവിനു നല്കാൻ കഴിയുമായിരുന്നു. എന്നാൽ അത്തരത്തിലുള്ള ആഹാരത്തിനു ജനത്തിന്റെ നന്മയ്ക്കുവേണ്ട ഒരു പാഠവും നല്കാൻ കഴിയുകയില്ലായിരുന്നു. ദൈവം മനുഷ്യനു നല്കീട്ടുള്ള പ്രകൃതിദത്തമായ ഭക്ഷണം, മനുഷ്യൻ തെറ്റായ വിധത്തിൽ ആക്കിത്തീർത്തുവെന്നു ക്രിസ്തു ഈ സാധനപാഠത്തിൽക്കൂടെ പഠിപ്പിച്ചു. വിജനമായ സ്ഥലത്തു ക്രിസ്തു നല്കിയ ഒരു സാധാരണ ആഹാരവും വിശ്രമവും പുരുഷാരം സ്വാഗതം ചെയ്തു. മനുഷ്യന്റെ സുഖലോലുപതയ്ക്ക് അനുയോജ്യമായ വിഭവസമൃദ്ധമായ ആഹാരം ഇതുപോലെ ആസ്വാദ്യകരമായിരിക്കുകയില്ല.

മനുഷ്യൻ ലളിതമായ ജീവിതശൈലി പ്രാവർത്തികമാക്കുകയും, ആദാമും ഹവ്വായും ജീവിച്ചതുപോലെ പ്രകൃതിനിയമങ്ങൾ അനുസരിച്ചു ജീവി

ക്കുകയും ചെയ്താൽ മനുഷ്യന് ആവശ്യമായ ഭക്ഷണം ഇന്നും സുലഭമായിരിക്കും. അപ്പോൾ ഭാവനയിൽ മാത്രം ഉള്ള ഞെരുക്കങ്ങൾ ഇല്ലാതെയാകും. ദൈവഹിതമനുസരിച്ചു പ്രവർത്തിക്കുവാൻ കൂടുതൽ സന്ദർഭങ്ങൾ, അപ്പോൾ ലഭിക്കയും ചെയ്യും. എന്നാൽ സ്വയസ്നേഹവും കൃത്രിമമായ ആസ്വാദ്യത അനുഭവിക്കുന്നതിനും വേണ്ടി മനസ്സു ചായുന്നതും, പലവിധമായ പാപങ്ങളെ വിളിച്ചുവരുത്തുന്നു. ഒരു ഭാഗത്ത് ആഡംബരവും മറു ഭാഗത്തു പട്ടിണിയും ഉണ്ടാകുന്നത് ഇതിന്റെ ഫലമായാണ്.

ആരും ആഡംബരതൽപരരായിത്തീരുവാൻ യേശു ആഗ്രഹിച്ചില്ല. സംഭവബഹുലമായ ഒരു ദിവസത്തിന്റെ അന്ത്യത്തിൽ ക്ഷീണിതരും വിശന്നു വലഞ്ഞവരുമായ പുരുഷാരത്തിന്, സാധാരണമായ ലളിത രീതിയിലുള്ള ആഹാരം, ദൈവത്തിന്റെ ശക്തിയെ മാത്രമല്ല, ദൈവത്തിനു തന്റെ മക്കളോടുള്ള കരുതലിനെക്കുറിച്ചും ഉറപ്പു നല്കി. തന്റെ അനുയായികൾക്കു ലോകസുഖമെല്ലാം നല്കാമെന്നു യേശു പറഞ്ഞില്ല. യേശു നല്കുന്ന ഭക്ഷണം വളരെ ലളിതവും ചുരുക്കവുമായേക്കാം. ദൈവകുഞ്ഞുങ്ങൾക്കു ഞെരുക്കമുള്ള ജീവിതം അനുഭവിക്കേണ്ടി വന്നേക്കാം. എന്നാൽ നമുക്ക് അത്യന്താപേക്ഷിതമായ ആവശ്യങ്ങളുടെമേൽ അവൻ എപ്പോഴും കരുതലുള്ളവനാണ്. ലോകസൗഖ്യത്തെക്കാൾ ഏറ്റവും അഭികാമ്യമായ ദൈവിക സാന്നിദ്ധ്യവും, അതിൽനിന്നുളവാകുന്ന ദിവ്യസമാധാനവും ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു.

അയ്യായിരം പേരെ പോഷിപ്പിച്ചതിൽക്കൂടെ, യേശു പ്രകൃതിയെയും, നമ്മുടെ നിലനില്പിനുവേണ്ടി നിഗൂഢമായി പ്രവർത്തിക്കുന്ന ശക്തിയെയും നമുക്കു വെളിപ്പെടുത്തിത്തന്നിരിക്കുന്നു. ദൈവം അത്ഭുതം പ്രവർത്തിക്കുന്നതിലൂടെയാണു നമുക്കു വിളവുകൾ ലഭിക്കുന്നത്. അയ്യായിരം പേരെ പോഷിപ്പിച്ച അത്ഭുതം തന്നെയാണു പ്രകൃതിയിൽ അനുദിനം നടന്നുകൊണ്ടിരിക്കുന്നത്. മനുഷ്യൻ ഭൂമിയെ ഒരുക്കുകയും വിത്തു വിതയ്ക്കുകയും ചെയ്യുന്നു. എന്നാൽ ദൈവത്തിൽനിന്നുള്ള ജീവനാണു വിത്തു മുളയ്ക്കുവാൻ കാരണമാകുന്നത്. ദൈവം നല്കുന്ന മഴയും, വായുവും, സൂര്യപ്രകാശവും "മുമ്പേ ഞാറും, പിന്നെ കതിരും, പിന്നെ കതിരിൽ നിറഞ്ഞ മണിയും" ഉൽപാദിപ്പിക്കുന്നു (മർക്കൊസ് 4:28). ഭൂമിയുടെ വിളയിൽനിന്ന് അനേകായിരങ്ങളെ ദിനന്തോറും പോറ്റിപ്പുലർത്തുന്നതു ദൈവമാകുന്നു. ധാന്യം പരിരക്ഷിക്കുന്നതിലും ആഹാരം തയ്യാറാക്കുന്നതിലും ദൈവത്തോടു സഹകരിക്കുവാൻ മനുഷ്യനെ ദൈവം ക്ഷണിക്കുന്നു. എന്നാൽ മനുഷ്യനാവട്ടെ, ദൈവത്തിന്റെ സാന്നിദ്ധ്യത്തെയും പങ്കാളിത്വത്തെയും മറന്നുകളയുന്നു. ദൈവത്തിന്റെ വിശുദ്ധ നാമത്തിനർഹമായ മഹത്വം മനുഷ്യൻ നല്കുന്നില്ല. ദൈവിക ശക്തി മൂലം ഉണ്ടാകുന്ന ഫലങ്ങൾക്കു മനുഷ്യൻ മഹത്വം കൊടുക്കുന്നതു പ്രകൃതിയുടെ ശക്തിക്കും, മനുഷ്യന്റെ ബുദ്ധിക്കുമാകുന്നു. ദൈവത്തിനു പകരം മനുഷ്യൻ മഹത്വീകരിക്കപ്പെടുന്നു. ദൈവം കരുണയോടുകൂടി നല്കുന്ന ദാനങ്ങളെ മനുഷ്യൻ സ്വാർത്ഥപരമായ ആവശ്യങ്ങൾക്കായി ദുരുപയോഗം ചെയ്യുന്നു. അനുഗ്രഹത്തിനു പകരം അവയെ ശാപങ്ങളാക്കി മാറ്റുന്നു. ഇവയ്ക്ക് ഒരു വിരാമമിടുവാൻ ദൈവം ആഗ്രഹിക്കുന്നു. തന്റെ കൃപകളെ

വിവേചിച്ചറിയുവാൻ കഴിയുന്നതിനു മനുഷ്യന്റെ മന്ദീഭവിച്ചുപോയ ബുദ്ധിയെ ഉണർത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവം നല്കുന്ന ദാനങ്ങളിലൂടെ മനുഷ്യൻ തന്നെ അറിയുവാൻ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ ദാനങ്ങൾ മനുഷ്യന്റെ നന്മയ്ക്കുവേണ്ടിയാണ്. ദൈവത്തിന്റെ ഈ ഉദ്ദേശ്യം നിറവേറ്റുന്ന തിനുവേണ്ടിയാണു യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചത്.

പുരുഷാരം തിന്നു തൃപ്തരായപ്പോൾ ധാരാളം ആഹാരം അവശേഷിച്ചു. അനന്തമായ ശക്തിയുടെ ഉടമയായ യേശു കല്പിച്ചു: "ശേഷിച്ച കഷണം ഒന്നും നഷ്ടമാക്കാതെ ശേഖരിപ്പിൻ." കർത്താവിന്റെ ഈ വാക്കുകൾക്കു വലിയ അർത്ഥമുണ്ടായിരുന്നു. നമുക്കു രണ്ടു പാഠങ്ങൾ ഇതിൽനിന്നു പഠിക്കാം. ഒന്നും നഷ്ടമാക്കരുത് എന്നാണ് ഒന്ന്. ഭൗതികമായി ലഭിക്കുന്ന അനുഗ്രഹങ്ങളെ ഒന്നും നാം നഷ്ടപ്പെടുത്തുവാൻ പാടില്ല. ഭൂമിയിലെ വിശന്നു പൊരിയുന്ന മനുഷ്യരുടെ വിശപ്പകറ്റാനായി നമുക്ക് ആഹാരം ശേഖരിക്കാം. ആത്മീയകാര്യങ്ങളിലും ഇതേ സൂക്ഷ്മത നാം പാലിക്കണം. അപ്പക്കഷണ ങ്ങൾ കൊട്ടയിൽ നിറച്ചപ്പോൾ ഭവനത്തിലുള്ളവരെക്കുറിച്ചു ജനം ഓർത്തു. ക്രിസ്തു അനുഗ്രഹിച്ച ആഹാരം തങ്ങളുടെ പ്രിയപ്പെട്ടവർക്കുകൂടി ലഭി ക്കുവാൻ അവർ ആഗ്രഹിച്ചു. കൊട്ടയിൽ ശേഖരിച്ച അപ്പക്കഷണങ്ങൾ ചുറ്റു പാടുമുള്ള പ്രദേശങ്ങളിലെല്ലാം ആവശ്യക്കാർക്കു വിതരണം ചെയ്യുവാൻ ജന ത്തിനു നല്കി. ആ സദ്യയിൽ പങ്കെടുത്തവർ, തങ്ങൾക്കു സ്വർഗ്ഗത്തിൽനിന്നു ലഭിച്ച അപ്പത്തെ മറ്റുള്ളവരുടെ ആത്മീയ വിശപ്പടക്കുവാൻ നല്കേണ്ട താണ്. തങ്ങൾ പഠിച്ച സ്വർഗ്ഗീയതത്വം മറ്റുള്ളവർക്കും പകർന്നുകൊടുക്കേണ്ട താണ്. ഒന്നും നഷ്ടമാക്കുവാൻ പാടില്ലാത്തതാകുന്നു. തങ്ങളുടെ ആത്മ രക്ഷയെ സംബന്ധിച്ച ഒരു വാക്കുപോലും നിഷ്പ്രയോജനമായി തറയിൽ വീഴുവാൻ പാടുള്ളതല്ല.

ദൈവത്തിന്മേലുള്ള ആശ്രയത്തെക്കുറിച്ചു പ്രകൃതി നമ്മെ പഠിപ്പിക്കുന്നു. ക്രിസ്തു അയ്യായിരത്തെ പോഷിപ്പിച്ചപ്പോൾ തന്റെ കൈവശം ആഹാരം ഇല്ലായിരുന്നു. മരുഭൂമിയിൽ സ്ത്രീകളും കുട്ടികളും കൂടാതെ അയ്യായിരം പുരുഷന്മാർ ക്രിസ്തുവിനരികിൽ നില്ക്കുകയായിരുന്നു. ഇത്ര വലിയ ഒരു പുരുഷാരത്തെ താൻ ക്ഷണിച്ചുവരുത്തിയതല്ല. ക്ഷണമോ, കല്പനയോ കൂടാതെ അവർ വന്നു. അവർക്കു കുറെ കഴിയുമ്പോൾ വിശപ്പും ക്ഷീണവു മുണ്ടാകുമെന്നു യേശുവിനറിയാമായിരുന്നു. കാരണം അവരിൽ ഒരാളെ പ്പോലെയായിരുന്നു യേശുവും. വീട്ടിൽനിന്നു വളരെ അകലെയായിരുന്ന അവ രുടെ കയ്യിൽ പണമില്ലായിരുന്നു. സമയവും ഒട്ടുവളരെ വൈകിയിരുന്നു. മരു ഭൂമിയിൽ നാല്പതു ദിവസം ഉപവസിച്ച യേശുവിന്, ആ പുരുഷാരത്തെ വിശപ്പുള്ളവരായി വീട്ടിലേക്കയയ്ക്കുവാൻ മനസ്സായില്ല. തന്നെ ഈ സ്ഥാന ത്തേക്കു കൊണ്ടുവന്നതു ദൈവമായിരുന്നു. തന്റെ പിതാവിൽ യേശു ആശ്രയിച്ചു.

പ്രതിസന്ധികളെ നാം അഭിമുഖീകരിക്കുമ്പോൾ ദൈവത്തിൽ നാം ആശ്രയി ക്കണം. ജീവിതത്തിൽ നാം പരീക്ഷിതരായിത്തീരാതിരിക്കേണ്ടതിനു നല്ല തീരുമാനങ്ങൾ നാം എടുക്കുകയും ജ്ഞാനത്തോടെ പ്രവർത്തിക്കുകയും ചെയ്യണം. ദൈവത്തിന്റെ വഴികളെ വിട്ടു നാം അപഥസഞ്ചാരം ചെയ്യരുത്.

ദൈവം നമുക്കു നല്കിയിരിക്കുന്ന കഴിവുകളെ നാം ദുരുപയോഗപ്പെടുത്ത രുത്. ക്രിസ്തുവിന്റെ ഉപദേശങ്ങൾ നമ്മുടെ വഴികാട്ടിയാണ്. നാം മറ്റുള്ള വർക്ക് അനുഗ്രഹമായിത്തീരണമെങ്കിൽ, നാം ദൈവത്തിന്റെ വഴി പിന്തുട രണം. ഒരിക്കലും നാം സ്വാർത്ഥതയ്ക്ക് അടിമപ്പെടരുത്. സ്വാർത്ഥതയ്ക്ക് ഒരി ക്കലും ബഹുമാനം ലഭിക്കയില്ല. നാം സ്വാർത്ഥരായി ജീവിക്കയാണെങ്കിൽ കർത്താവു നമ്മോടുകൂടെ ഉണ്ടായിരിക്കയില്ല. എന്നാൽ ദൈവകല്പന അനു സരിച്ചു ജീവിച്ചാൽ ദൈവം നമ്മെ എല്ലാ വഴികളിലും നയിക്കും. നാം നിരാശ രാകേണ്ടിവരില്ല. സർവ്വശക്തനായ ദൈവത്തോട് ഏത് അടിയന്തരഘട്ട ങ്ങളിലും നമുക്കു സഹായത്തിനപേക്ഷിക്കാം. നാം പലപ്പോഴും പരീക്ഷിത രായേക്കാം. എന്നാൽ അപ്പോഴെല്ലാം നമുക്കു ദൈവത്തിൽ ആശ്രയിക്കാം. കർത്താവിനെ പിന്തുടരുന്ന ഓരോ ദൈവപൈതലിനെയും ദൈവം പരി പാലിക്കും.

പ്രവാചകനിലൂടെ ക്രിസ്തു നമ്മോടു പറയുന്നു: “വിശപ്പുള്ളവനു നിന്റെ അപ്പം നുറുക്കിക്കൊടുക്കുക; അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുക; നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുക” (യെശ. 58:7-10). യേശു നമ്മോടു പറയുന്നു: “നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ” (മർക്കൊസ് 16:15). ആവശ്യങ്ങൾ ഏറ്റവും വലുതാണെന്നു കാണുകയും നമ്മുടെ പക്കൽ ഉള്ളത് അപര്യാപ്തമാണെന്നു മനസ്സിലാക്കുകയും ചെയ്യുമ്പോൾ നാം നിരാശ രായിത്തീരുന്നു. അപ്പോൾ നമ്മുടെ വിശ്വാസം നമ്മെ വിട്ടുപോകുന്നു. അന്ത്രെ യാസിനെപ്പോലെ അഞ്ചു യവത്തപ്പത്തെയും രണ്ടു മീനിനെയും കണ്ടു കൊണ്ടു നാം പറഞ്ഞുപോകും, “ഇത്ര പേർക്ക് അതെന്തുള്ളു?” നമുക്കുള്ള തെല്ലാം നല്കുവാൻ നാം വൈമനസ്യം കാട്ടുകയും അറയ്ക്കുകയും ചെയ്യുന്നു. മറ്റുള്ളവർക്കുവേണ്ടി സമർപ്പിക്കപ്പെടുവാനും നല്കുവാനും നാം ഭയ പ്പെടുന്നു. എന്നാൽ യേശു നമ്മോടു പറയുന്നത്, “നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുക്കുക.” യേശുവിന്റെ ആജ്ഞ ഒരു വാഗ്ദത്തം കൂടെ യാണ്. കടല്ക്കരയിൽ പുരുഷാരത്തെ പോഷിപ്പിച്ച ശക്തി ആജ്ഞയ്ക്കു പിന്നിലുണ്ട്.

വിശന്നു വലഞ്ഞ ഒരു പുരുഷാരത്തിന്റെ ശാരീരികാവശ്യങ്ങൾ നിറ വേറ്റിയ ക്രിസ്തുവിന്റെ പ്രവൃത്തിയിൽ വലിയ പാഠം ഉൾക്കൊണ്ടിട്ടുണ്ട്. പിതാവിൽനിന്നു ക്രിസ്തു വാങ്ങി; ശിഷ്യന്മാർക്ക് അവൻ അതു വിതരണം ചെയ്തു; ശിഷ്യന്മാർ അതു പുരുഷാരത്തിനു കൊടുത്തു; പുരുഷാരം അതു പരസ്പരം വിഭാഗിച്ചെടുത്തു. അതുപോലെ ക്രിസ്തുവുമായി ഏകീഭവിക്കുന്ന വർക്കു ജീവന്റെ അപ്പം ക്രിസ്തുവിൽനിന്നു ലഭിക്കും. അവർ അതു മറ്റുള്ള വർക്കു നല്കും.

ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ടു വളരെ പരിമിതമായ അഞ്ച് അപ്പം യേശു കയ്യിൽ എടുത്തു. തന്റെ ശിഷ്യന്മാർക്കുപോലും തികയാത്ത ആ അപ്പം ഭക്ഷിക്കുവാനായി ശിഷ്യന്മാരെ യേശു ക്ഷണിച്ചില്ല. ആ അപ്പം ജനത്തിനു നല്കുവാൻ യേശു ശിഷ്യന്മാരോടു പറഞ്ഞു. യേശുവിന്റെ കര ങ്ങളിൽ അപ്പം വർദ്ധിച്ചു. ജീവന്റെ അപ്പമായ ക്രിസ്തുവിലേക്കു നീട്ടിയ കര

ങ്ങൾ ഒരിക്കലും ഒഴിഞ്ഞതായിരുന്നില്ല. അവിടെ ഉണ്ടായിരുന്ന അല്പം അപ്പം എല്ലാവർക്കും മതിയാകുവാൻ തക്കവിധം വർദ്ധിച്ചു. ജനങ്ങളുടെ ആവശ്യം നിറവേറ്റപ്പെട്ടതിനുശേഷം, ശേഷിച്ച കഷണങ്ങൾ ശേഖരിച്ചു. യേശുവും ശിഷ്യന്മാരും പിന്നീടു സ്വർഗ്ഗത്തിൽനിന്നു ലഭിച്ച ആ വിലയേറിയ ആഹാരം ഭക്ഷിച്ചു.

ക്രിസ്തുവും ജനവും തമ്മിലുള്ള സമ്പർക്കത്തിന്റെ മദ്ധ്യവർത്തികളായിരുന്നു ശിഷ്യന്മാർ. ഇന്നത്തെ ക്രിസ്തുശിഷ്യന്മാർക്കു വളരെ പ്രോത്സാഹനം നല്കുന്ന ഒന്നാണിത്. എല്ലാ ശക്തികളുടെയും ഉത്ഭവവും കേന്ദ്രവുമാണു ക്രിസ്തു. ക്രിസ്തുവിന്റെ ശിഷ്യന്മാർ ക്രിസ്തുവിൽനിന്നുമാണു തങ്ങൾക്കാവശ്യമായ അനുഗ്രഹങ്ങൾ പ്രാപിക്കേണ്ടത്. ഏറ്റവും ബുദ്ധിമാനും, ആത്മീയതയുള്ളവനും തനിക്കു ലഭിക്കുന്ന അളവനുസരിച്ചു മാത്രമേ മറ്റുള്ളവർക്കു നല്കുവാൻ കഴിയുകയുള്ളു. ക്രിസ്തുവിൽനിന്ന് അനുഗ്രഹങ്ങൾ ലഭിക്കാതെ, തങ്ങളുടെ സ്വന്ത ശക്തിയിലാശ്രയിച്ചുകൊണ്ടു മറ്റുള്ളവർക്കു ശക്തി പകർന്നുകൊടുപ്പാൻ സാദ്ധ്യമല്ല. ക്രിസ്തുവിൽനിന്നു ലഭിക്കുന്നതു മാത്രമേ നമുക്കു മറ്റുള്ളവർക്കു നല്കുവാൻ സാധിക്കുകയുള്ളു. നമുക്കു ലഭിച്ചതു മറ്റുള്ളവർക്കു പകർന്നുകൊടുക്കുമ്പോൾ, നമുക്കു വീണ്ടും ക്രിസ്തുവിൽനിന്നു ലഭിച്ചുകൊണ്ടിരിക്കും. നാം ഏറെ കൊടുക്കുമ്പോൾ നമുക്ക് ഏറെ ലഭിക്കും. അങ്ങനെ നാം എപ്പോഴും ദൈവത്തിൽ വിശ്വസിക്കുന്നവരും ആശ്രയിക്കുന്നവരും, ദൈവത്തിൽനിന്നു പ്രാപിക്കുന്നവരും അനുഗ്രഹങ്ങൾ മറ്റുള്ളവർക്കു പകർന്നുകൊടുക്കുന്നവരും ആയിരിക്കും.

ക്രിസ്തുവിന്റെ രാജ്യനിർമ്മിതി അനുസ്യൂതം മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കും. അതു സാവധാനത്തിലാണെന്നു തോന്നിയാലും അതു വളർന്നുകൊണ്ടിരിക്കും. അതിന്റെ പുരോഗതിയെ തടയുവാൻ പല കാര്യങ്ങൾ ഉണ്ടായേക്കാം. എന്നാൽ വേല ദൈവത്തിന്റേതാണ്; ദൈവം അതിന്റെ മാർഗ്ഗങ്ങൾ തുറന്നുതരും. സത്യസന്ധരും ഉത്സാഹികളുമായ സഹായികളെ ദൈവം നല്കും. വിശപ്പുള്ള ജനത്തിനു നല്കുവാൻ അവരുടെ പക്കൽ ആഹാരം ഉണ്ടായിരിക്കും. പാപത്തിൽ പതിക്കുന്നവർക്കു ജീവന്റെ വചനം നല്കുവാൻ വേണ്ടി താൽപര്യത്തോടെ പ്രവർത്തിക്കുന്നവരെ ദൈവം ഒരിക്കലും മറന്നുകളയുകയില്ല. അപ്രകാരമുള്ള വിശ്വസ്തരായ ശിഷ്യന്മാർ വിശപ്പുള്ളവർക്ക് ആഹാരം നല്കുവാനായി ദൈവത്തിങ്കലേക്കു തങ്ങളുടെ കരങ്ങളെ നീട്ടുന്നു.

മനുഷ്യനിൽ കൂടുതൽ ആശ്രയിക്കുവാനുള്ള പ്രവണത ദൈവത്തിനു വേണ്ടി പ്രവർത്തിക്കുന്നവരിൽ ഉണ്ടാകാം. അതിനു കീഴ്പ്പെടുമ്പോൾ വലിയ വേലക്കാരനായ ക്രിസ്തുവിലുള്ള നമ്മുടെ നോട്ടം നഷ്ടപ്പെട്ടുപോകാം. ക്രിസ്തുശിഷ്യൻ പലപ്പോഴും തന്റെ വ്യക്തിപരമായ ഉത്തരവാദിത്വങ്ങൾ മറന്നുപോകുന്നു. അവൻ സംഘടനകളിന്മേൽ തന്റെ ആശ്രയം ഉറപ്പിക്കുന്നു. സർവ്വശക്തനായ ദൈവത്തിൽ ആശ്രയിക്കുന്നില്ല. ദൈവവേലയിൽ വ്യാപൃതരായവർ മാനുഷികശക്തിയിൽ ആശ്രയിക്കുന്നതു തെറ്റാണ്. എണ്ണത്തിലോ കഴിവിലോ അല്ല ദൈവവേലയുടെ വിജയം സ്ഥിതിചെയ്യുന്നത്. നിർവ്യാജവും ലളിതവുമായ വിശ്വാസത്തിലും ഉദ്ദേശ്യശുദ്ധിയിലുമാണു

വിജയം നിലകൊള്ളുന്നത്. ക്രിസ്തുവിനെക്കുറിച്ച് അറിയാത്തവർക്കുവേണ്ടി നമ്മെത്തന്നെ നാം അർപ്പിക്കണം. അവരുടെ വ്യക്തിപരമായ ആവശ്യങ്ങളും ചുമതലകളും നാം നിർവ്വഹിച്ചുകൊടുക്കണം. നമ്മെക്കാൾ കഴിവു കൂടിയ വർ അതു ചെയ്യട്ടെ എന്നു തീരുമാനിക്കുന്നതിനു പകരം, നമ്മുടെ കഴിവ് അനുസരിച്ചു മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിക്കുക.

ഇത്രയും പേർക്കു ഭക്ഷണം നല്കാൻ "നാം എവിടെനിന്ന് അപ്പം വാങ്ങും" എന്ന ചോദ്യം നമ്മിൽ ഉദിക്കുമ്പോൾ, നാം അവിശ്വാസികളാകാതിരിക്കട്ടെ. "നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ" എന്ന ആജ്ഞ കർത്താവിങ്കൽ നിന്നു കേട്ടപ്പോൾ ശിഷ്യന്മാരിൽ പല പ്രശ്നങ്ങളാണു പൊന്തിവന്നത്. "നാം ഗ്രാമങ്ങളിൽ പോയി ഭക്ഷണം വാങ്ങേണമോ?" എന്ന് അവർ ചോദിച്ചു. അതുപോലെ ഇന്നു ജീവന്റെ അപ്പം ലഭിക്കാതെ ജനം വലയുമ്പോൾ, ദൈവ ത്തിന്റെ വേല ചെയ്യേണ്ടവർ ചോദിക്കുന്നത്, "ദൂരത്തുനിന്ന് ആരെങ്കിലും വരുന്നതിന്, ഞങ്ങൾ ആളെ അയയ്ക്കേണമോ?" എന്നാൽ യേശു പറ ഞ്ഞതു ശ്രദ്ധിക്കുക: "പുരുഷാരത്തെ ഇരുത്തുക." അവിടെ യേശു അവർക്ക് ആഹാരം നല്കി. ആവശ്യങ്ങളുമായി ജനം നിങ്ങളെ സമീപിക്കുമ്പോൾ, ക്രിസ്തു നിങ്ങളോടുകൂടെ ഉണ്ട് എന്ന കാര്യം ഓർക്കുക. ക്രിസ്തുവുമായി നിങ്ങൾ സമ്പർക്കം പുലർത്തുക. നിങ്ങളുടെ യവത്തപ്പങ്ങളെ ക്രിസ്തുവിന്റെ അരികിൽ കൊണ്ടുവരിക.

നമ്മുടെ പക്കലുള്ള വിഭവങ്ങൾ ദൈവവേലയ്ക്കു പര്യാപ്തമല്ല എന്നു നമുക്കു തോന്നിയേക്കാം. എന്നാൽ എല്ലാറ്റിനും മതിയായവനായ ദൈവ ത്തിൽ ആശ്രയിച്ചു നാം മുമ്പോട്ടു പോയാൽ ദൈവം നമുക്കു സമൃദ്ധമായ വിഭവ ങ്ങൾ ചൊരിഞ്ഞുതരും. വേല ദൈവത്തിന്റേതാണെങ്കിൽ അതിന്റെ പൂർത്തീ കരണത്തിനായി ദൈവം തന്നെ വാതിലുകൾ തുറന്നുതരും. വിശ്വസ്തത യോടും നിഷ്കളങ്കതയോടും ദൈവത്തിൽ ആശ്രയിക്കുന്നവർക്കു ദൈവം നിശ്ചയമായും പ്രതിഫലം നല്കും. ബുദ്ധിപൂർവ്വമായും മിതമായും ദൈവം നമുക്കു നല്കിയിട്ടുള്ള സമ്പത്തു ദൈവിക കാര്യങ്ങൾക്കായി ഉപയോഗി ച്ചാൽ, നാം അതു നല്കിക്കൊണ്ടിരിക്കുമ്പോൾതന്നെ സ്വർഗ്ഗത്തിലെ ദൈവം അതിനെ വർദ്ധിപ്പിക്കുന്നു. വിശന്നു ക്ഷീണിച്ച ജനം ഭക്ഷിച്ചു തൃപ്തരാകു ന്നതുവരെ ക്രിസ്തുവിന്റെ കയ്യിൽ ലഭിച്ച അല്പമായ ആഹാരം തീരാതി രുന്നു. വിശ്വാസത്തിന്റെ കരങ്ങളെ നീട്ടി, സർവ്വശക്തനായ ക്രിസ്തുവിനെ സമീപിച്ചാൽ ഏറ്റവും ഭയാനകമായ സാഹചര്യങ്ങളിൽപ്പോലും നമ്മുടെ ദൈവം നമ്മെ കാത്തുസൂക്ഷിക്കുകയും മറ്റുള്ളവർക്കു ജീവന്റെ അപ്പം നല്കുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യും.

കർത്താവു പറയുന്നു: "കൊടുപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും." "എന്നാൽ ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും... നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണതൃപ്തിയുള്ളവരായി സകല സൽപ്രവൃത്തിയിലും പെരുകിവരു മാറു നിങ്ങളിൽ സകലകൃപയും പെരുക്കുവാൻ ദൈവം ശക്തനാകുന്നു."

“അവൻ വാരിവിതറി ദരിദ്രന്മാർക്കു കൊടുക്കുന്നു; അവന്റെ നീതി എന്നേക്കും നിലനില്ക്കുന്നു എന്ന് എഴുതിയിരിക്കുന്നുവല്ലോ. എന്നാൽ വിതയ്ക്കുന്നവനു വിത്തും ഭക്ഷിപ്പാൻ ആഹാരവും നല്കുന്നവൻ നിങ്ങളുടെ വിതയും നല്കി പൊലിപ്പിക്കുകയും, നിങ്ങളുടെ നീതിയുടെ വിളവു വർദ്ധിപ്പിക്കുകയും ചെയ്യും. ഇങ്ങനെ ദൈവത്തിനു ഞങ്ങളാൽ സ്തോത്രം വരുവാൻ കാരണമായിരിക്കുന്ന ഔദാര്യം ഒക്കെയും കാണിക്കേണ്ടതിനു നിങ്ങൾ സകലത്തിലും സമ്പന്നന്മാർ ആകും” (ലൂക്കൊസ് 6:38; 2 കൊരി. 9:6–11).



‘അല്പവിശ്വാസിയേ, എന്തിനു സംശയിച്ചു?’

# 40

# തടാകത്തിൽ ഒരു രാത്രി

അവലംബം: മത്തായി 14:22–33; മർക്കൊസ് 6:45–52; യോഹ. 6:14–21

വസന്തകാലത്തിലെ ഒരു മനോഹര സന്ധ്യയിൽ, പച്ചപ്പുല്ലു നിറഞ്ഞ സമതലത്തിൽ ഇരുന്നുകൊണ്ടു ജനം, ക്രിസ്തു നല്കിയ ആഹാരം ഭക്ഷിച്ചു. അന്ന് അവർ കേട്ട വചനം ദൈവിക ശബ്ദംപോലെ അവർക്കു തോന്നി. ദൈവിക ശക്തിക്കു മാത്രം ചെയ്യുവാൻ കഴിയുന്ന രോഗശാന്തിപ്രവർത്തനങ്ങൾ അവർ കണ്ടു. എന്നാൽ അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തൃപ്തരാക്കിയ അത്ഭുതം ഏവരെയും ആകർഷിച്ചു. അവിടെ കൂടിയിരുന്ന എല്ലാവരും അതിന്റെ പ്രയോജനം പങ്കിട്ടു. മോശെയുടെ കാലത്തു ദൈവം മരുഭൂമിയിൽവച്ചു യിസ്രായേൽമക്കൾക്കു മന്ന നല്കി. മോശെ മുൻകൂട്ടി പറഞ്ഞതു യേശുവിനെക്കുറിച്ചായിരുന്നു. അഞ്ചു യവത്തപ്പവും രണ്ടു മീനുംകൊണ്ട് ആയിരക്കണക്കിനാളുകളുടെ വിശപ്പകറ്റാൻ ഒരു മാനുഷിക ശക്തിക്കും സാദ്ധ്യമായിരുന്നില്ല. ജനം തമ്മിൽത്തമ്മിൽ പറഞ്ഞു: “ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു, സത്യം.”

ജനത്തിനിടയിൽ ഈ വിശ്വാസം കൂടുതൽ ബലപ്പെട്ടുകൊണ്ടിരുന്നു. അവർ ദീർഘകാലമായി കാത്തിരുന്ന മശീഹയാണു തങ്ങളുടെ ഇടയിൽ നില്ക്കുന്നതെന്ന ഉറപ്പായിരുന്നു, അന്നത്തെ അത്ഭുതപ്രവൃത്തി നല്കിയത്. ജനത്തിന്റെ പ്രതീക്ഷകൾ വർദ്ധിച്ചുകൊണ്ടിരുന്നു. യെഹൂദ്യയെ പാലും തേനും ഒഴുകുന്ന നാടാക്കി മാറ്റുന്നവൻ ഈ യുവനേതാവായിരിക്കുമെന്ന വർ ചിന്തിച്ചു. തങ്ങളുടെ എല്ലാ പ്രതീക്ഷകളും സഫലീകരിക്കാൻ ഇവനു കഴിയുമെന്നവർ വിശ്വസിച്ചു. തങ്ങളുടെമേൽ അധികാരം ഉറപ്പിച്ചിരുന്ന റോമൻ ഭരണകൂടത്തെ ഇവൻ തകർക്കുമെന്ന് അവർ കരുതി. യെരൂശലേമും യെഹൂദ്യയും സ്വതന്ത്രമാക്കപ്പെടുമെന്ന് അവർ വിശ്വസിച്ചു. യുദ്ധത്തിൽ മുറി വേല്ക്കുന്ന ഭടന്മാരെ ഇവൻ സൗഖ്യമാക്കുകയും എല്ലാവർക്കും സംതൃപ്ത മായി ഭക്ഷണം നല്കുകയും ചെയ്യുമെന്നവർ പ്രതീക്ഷിച്ചു. അയൽരാഷ്ട്ര ങ്ങളെ കീഴ്പ്പെടുത്തി യിസ്രായേലിന് അധികാരം ഉറപ്പാക്കുമെന്ന് അവർ വ്യാമോഹിച്ചു.

ജനത്തിന്റെ ഉത്സാഹത്തിമിർപ്പിൽ യേശുവിനെ ഉടനടി രാജാവായി വാഴി ക്കുവാൻ അവർ തയ്യാറായി. എന്നാൽ മറ്റുള്ളവരെ തന്നിലേക്കാകർഷി ക്കുവാനോ, ബഹുമാനം ആർജ്ജിക്കുവാനോ ഒരു ശ്രമവും യേശു നടത്തി യില്ല. പുരോഹിതന്മാരിൽനിന്നും പ്രഭുക്കന്മാരിൽനിന്നും തികച്ചും വ്യത്യസ്ത മായ ഒരു കാഴ്ചപ്പാടായിരുന്നു യേശുവിനുണ്ടായിരുന്നതെന്നു ജനം മനസ്സി ലാക്കി. ദാവീദിന്റെ സിംഹാസനത്തിനുവേണ്ടി യേശു അവകാശവാദം ഉന്ന യിക്കയില്ലായിരിക്കുമെന്നു ജനം ഭയപ്പെട്ടു. നിർബന്ധപൂർവ്വം യേശുവിനെ രാജാവായി വാഴിക്കാമെന്നു ജനം ചിന്തിച്ചു. തങ്ങളുടെ ഗുരുവിനു ദാവീദിന്റെ സിംഹാസനത്തിന്മേലുള്ള അവകാശം ഉറപ്പിക്കുന്നതിനുവേണ്ടി ശിഷ്യന്മാരും ജനത്തോടു ചേർന്നു. യേശുവിന്റെ വിനയസ്വഭാവമായിരിക്കാം ഈ ബഹു മതി നിഷേധിക്കുവാൻ തന്നെ പ്രേരിപ്പിക്കുന്നതെന്ന് അവർ വിചാരിച്ചു. തങ്ങളുടെ ഗുരുവിനെ എല്ലാവരും വാഴ്ത്തുന്നതു കാണുവാൻ ശിഷ്യന്മാർ ആഗ്രഹിച്ചു.

ജനം ക്രിസ്തുവിനെ രാജാവായി പ്രഖ്യാപിക്കുവാൻ തയ്യാറായി. യേശു ജനത്തിന്റെ നീക്കം മനസ്സിലാക്കി. പുരോഹിതന്മാരും പ്രഭുക്കന്മാരും ഈ അവസരത്തിലും യേശുവിനെ നശിപ്പിക്കുവാൻ ആലോചിച്ചുകൊണ്ടിരി ക്കുകയായിരുന്നു. യേശു ജനത്തെ ഇളക്കുന്നുവെന്ന് അവർ കുറ്റപ്പെടുത്തി. തന്നെ രാജാവാക്കുവാനുള്ള ഏതൊരു ശ്രമവും വലിയ കലാപത്തിലേക്കു നയിക്കുമെന്നു യേശുവിനറിയാമായിരുന്നു. അതു താൻ സ്ഥാപിക്കുവാൻ പോകുന്ന ആത്മീയരാജ്യത്തിനു വിഘാതമുണ്ടാക്കുമെന്നും യേശുവിനറിയാ മായിരുന്നു. അതുകൊണ്ടു പെട്ടെന്നു ജനത്തിന്റെ ഈ സംരംഭത്തെ തടയു വാൻ യേശു തീരുമാനിച്ചു. ശിഷ്യന്മാരോടു തിരികെ കഫർന്നഹൂമിലേക്കു പോകുവാൻ യേശു കല്പിച്ചു. ജനത്തെ താൻ പറഞ്ഞയച്ചുകൊള്ളാമെന്നും യേശു പറഞ്ഞു. ഇത്രയും നിരാശയുളവാക്കുന്ന കല്പന ഇതിനുമുമ്പു യേശു വിൽനിന്നു ശിഷ്യന്മാർ കേട്ടിരുന്നില്ല. യേശുവിനെ രാജാവാക്കുവാനുള്ള ജനത്തിന്റെ താൽപര്യം ശിഷ്യന്മാർ മുമ്പുതന്നെ പ്രതീക്ഷിച്ചിരുന്നതാണ്. തങ്ങളുടെ വ്യാമോഹം വൃഥാവാകുന്നതിനെക്കുറിച്ചു ചിന്തിക്കുവാൻപോലും

ശിഷ്യന്മാർക്കു കഴിവില്ലായിരുന്നു. പെസഹ ആചരിപ്പാൻ വന്ന പുരുഷാരത്തിനു പുതിയ പ്രവാചകനെ കാണുവാൻ വലിയ താൽപര്യം ഉണ്ടായിരുന്നു. തങ്ങളുടെ ഗുരുവിനെ യിസ്രായേലിന്റെ രാജാവായി ഉയർത്തുവാൻ ഇതൊരു സംപൂർണ്ണാവസരമായി ശിഷ്യന്മാർക്കു തോന്നിയിരുന്നു. ഈ ആഗ്രഹം, അതിന്റെ അത്യുച്ചാവസ്ഥയിൽ എത്തിയപ്പോൾ യേശുവിനെ തനിയേ വിട്ടിട്ടു പോകുവാൻ അവർക്ക് ഒട്ടും മനസ്സില്ലായിരുന്നു. എന്നാൽ ശിഷ്യന്മാർ അവിടെനിന്നു പോകുവാൻ വളരെ കർശനമായി കല്പിച്ചതുകൊണ്ട് അവർ മനസ്സില്ലാമനസ്സോടെ പടകുകളിൽ കയറി യാത്രയായി.

യേശു പുരുഷാരത്തോടു പിരിഞ്ഞുപോകാൻ കല്പിച്ചു. യേശുവിന്റെ ധീരമായ നിലപാടു കണ്ടപ്പോൾ അതിനോടെതിർത്തുനില്പാൻ ജനത്തിനു കഴിവില്ലായിരുന്നു. യേശുവിനെ പുകഴ്ത്തിക്കൊണ്ടുള്ള ആക്രോശങ്ങൾ പെട്ടെന്നു നിലച്ചു. യേശുവിനെ നിർബ്ബന്ധിച്ചു രാജാവാക്കുവാൻ മുമ്പോട്ടാഞ്ഞവരുടെ കാലുകൾ നിശ്ചലമായി. അവരുടെ മുഖങ്ങളിൽനിന്നു പ്രതീക്ഷകളും സന്തോഷവും മാഞ്ഞു. ഉറച്ച മനസ്സുള്ളവരും തീരുമാനങ്ങൾ എടുക്കുവാൻ കഴിവുള്ളവരും ജനക്കൂട്ടത്തിൽ ഉണ്ടായിരുന്നു. എന്നാൽ യേശുവിന്റെ ആജ്ഞാശക്തി ജനങ്ങളുടെ ആവേശത്തെ തണുപ്പിച്ചു. അവരുടെ പദ്ധതികളും പരിപാടികളും അവർ ഉപേക്ഷിച്ചു. അഭൗമികമായ ഏതോ ഒരു ശക്തി യേശുവിൽ അവർ കണ്ടു. ഒരു വാക്കുപോലും എതിർത്തുച്ചരിക്കാതെ അവർ യേശുവിന്റെ ആജ്ഞയ്ക്കു വഴങ്ങി.

ഏവരും പൊയ്ക്കഴിഞ്ഞപ്പോൾ, യേശു തനിയേ "പ്രാർത്ഥിപ്പാൻ മലയിൽ കയറിപ്പോയി." മണിക്കൂറുകളോളം യേശു പ്രാർത്ഥനയിൽ ചെലവഴിച്ചു. തനിക്കു വേണ്ടിയായിരുന്നില്ല ആ പ്രാർത്ഥന. അതു മറ്റുള്ളവർക്കുവേണ്ടിയായിരുന്നു. സാത്താൻ ജനത്തെ അന്ധകാരത്തിലാഴ്ത്താതിരിപ്പാനും, തന്റെ ദൗത്യത്തിന്റെ ദിവ്യസ്വഭാവത്തെ വെളിപ്പെടുത്താനുമുള്ള ശക്തിക്കുവേണ്ടിയും യേശു പ്രാർത്ഥിച്ചു. തന്റെ ശുശ്രൂഷയുടെ നാളുകൾ അവസാനിക്കാറായി എന്നു യേശുവിനറിയാമായിരുന്നു. ഒരു ന്യൂനപക്ഷം മാത്രമേ തന്നെ രക്ഷിതാവായി സ്വീകരിക്കയുള്ളുവെന്നും യേശുവിനറിയാമായിരുന്നു. ആത്മനൊമ്പരത്തോടെ യേശു ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു. അവർ നേരിടുവാൻ പോകുന്ന ഭയങ്കര പരീക്ഷകളെ യേശു മുൻകൂട്ടി കണ്ടു. ജനത്തിന്റെ വ്യർത്ഥമോഹങ്ങളിൽ അടിസ്ഥാനമുറപ്പിച്ചിരുന്ന ശിഷ്യന്മാരുടെ അഭിലാഷങ്ങൾ, പൂർത്തീകരിക്കപ്പെടാതെ നിരാശയിലേക്കു നിപതിക്കുന്നതും യേശു ദർശിച്ചു. ദാവീദിന്റെ സിംഹാസനത്തിലേറുന്നതിനു പകരം ക്രൂശിക്കപ്പെട്ടവനായി താൻ കിടക്കുന്ന കാഴ്ച ശിഷ്യന്മാർ കാണാൻ പോകുന്നതിനെക്കുറിച്ചു യേശു ഓർത്തു. ഇതാണു തന്റെ യഥാർത്ഥ കിരീടധാരണം. ശിഷ്യന്മാർക്ക് ഇതു മനസ്സിലാക്കുവാൻ അസാദ്ധ്യമായിരുന്നു. അതിന്റെ ഫലമായി അവർ വലിയ പരീക്ഷകളിൽ അകപ്പെടുവാൻ പോകുകയായിരുന്നു. അതു പരീക്ഷകളാണെന്നുതന്നെ മനസ്സിലാക്കുവാൻ അവർക്കു ബുദ്ധിമുട്ടുണ്ടാകുമെന്നു യേശുവിനറിയാമായിരുന്നു. പരിശുദ്ധാത്മാവിന്റെ സഹായമില്ലെങ്കിൽ ശിഷ്യന്മാർ പരാജയം വരിക്കേണ്ടിവരും. തന്റെ രാജ്യത്തെക്കുറിച്ചു ശിഷ്യന്മാർ ശരിയായി മനസ്സിലാക്കിയിട്ടില്ലെന്നു കണ്ടപ്പോൾ യേശു ദുഃഖിച്ചു.

അവരുടെ കാഴ്ചപ്പാടു ഹ്രസ്വവും ഭൗതികപരവുമായിരുന്നു. യേശു അവരെക്കുറിച്ചു വളരെ ഭാരപ്പെട്ടു. അവർക്കുവേണ്ടി യേശു കണ്ണുനീരോടെ പ്രാർത്ഥിച്ചു.

യേശു കല്പിച്ചതുപോലെ ശിഷ്യന്മാർ ഉടനടി അവിടം വിട്ടുപോയില്ല. തങ്ങളോടുകൂടെ പോരുവാൻ യേശു വരുമെന്ന് അവർ പ്രതീക്ഷിച്ചു. എന്നാൽ രാത്രി സമീപിക്കുന്നതു കണ്ടപ്പോൾ ശിഷ്യന്മാർ "പടകു കയറി കടലക്കരെ, കഫർന്നഹൂമിലേക്കു യാത്രയായി." നിരാശ പൂണ്ടവരായിട്ടാണ് അവർ യേശുവിന്റെ സമീപത്തുനിന്നു പോയത്. തങ്ങളുടെ കർത്താവായി യേശുവിനെ സ്വീകരിച്ചശേഷം യേശുവിന്റെ ആജ്ഞകളിൽ ഇത്രയും നിരാശരായി ഒരിക്കലും തീർന്നിട്ടില്ലായിരുന്നു. തങ്ങളുടെ ഗുരു രാജാവായി സ്ഥാനം ഏറ്റെടുക്കുവാൻ വൈമുഖ്യം കാട്ടിയതുകൊണ്ട് അവർ പിറുപിറുത്തു. യേശുവിന്റെ ആജ്ഞ കേട്ടു പോന്നതിൽ സ്വയം പഴിച്ചു. തങ്ങൾ അവിടെത്തന്നെ നിന്നിരുന്നുവെങ്കിൽ തങ്ങളുടെ ആഗ്രഹം നിറവേറ്റുവാൻ കഴിയുമായിരുന്നുവെന്ന് അവർ വിചാരിച്ചു.

അവിശ്വാസം അവരുടെ ഹൃദയങ്ങളെ കീഴ്പ്പെടുത്തി. പരീശന്മാർ യേശുവിനെ വെറുത്തിരുന്നുവെന്നു ശിഷ്യന്മാർ അറിഞ്ഞിരുന്നു. അതുകൊണ്ടു യേശുവിനെ അവരുടെ മുമ്പാകെ ഉയർത്തുവാൻ ശിഷ്യന്മാർ വ്യഗ്രത കാണിച്ചു. യേശുവിനെ രാജാവായി വാഴിക്കേണ്ടത് ഏറ്റവും മുഖ്യമായ ഒന്നായി അവർ കരുതി. അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ കഴിവുള്ള ഒരു ഗുരുവിന്റെ ശിഷ്യന്മാരായിരിക്കുമ്പോൾ വഞ്ചകരെന്ന് അവഹേളിക്കപ്പെടുന്നതു ശിഷ്യന്മാർക്കു ഗ്രഹിപ്പാൻ കഴിഞ്ഞില്ല. ഒരു വ്യാജ ഉപദേഷ്ടാവിന്റെ അനുയായികൾ എന്ന അപമാനം വഹിക്കേണ്ടിവരുമോ? ക്രിസ്തു രാജാവായി സ്വയം പ്രഖ്യാപിക്കയില്ലയോ? ഇത്രയും ശക്തനായ ഒരാൾ എന്തുകൊണ്ടു തന്റെ ശക്തി വെളിപ്പെടുത്തുന്നില്ല? എന്തുകൊണ്ടു തങ്ങളുടെ വഴി സുഗമമാക്കിത്തീർക്കുന്നില്ല? എന്തുകൊണ്ടു യോഹന്നാനെ കൊല ചെയ്യപ്പെടുവാൻ അനുവദിച്ചു? തങ്ങളുടെ വിശ്വാസം കാർമേഘങ്ങളാൽ ആവൃതമാകുവാൻ കാരണമാകുമാറു ശിഷ്യന്മാർ ചിന്തിച്ചു. പരീശന്മാർ ആരോപിച്ചതുപോലെ യേശു ഒരു കാപട്യക്കാരനാണോ?

അന്നു ശിഷ്യന്മാർ യേശുവിന്റെ അത്ഭുതപ്രവൃത്തികൾ കണ്ടിരുന്നു. സ്വർഗ്ഗം ഭൂമിയിലേക്കു താണിറങ്ങിയോ എന്നവർക്കു തോന്നി. ആ നല്ല ദിവസത്തെക്കുറിച്ചുള്ള ഓർമ്മ അവരെ പ്രത്യാശയും വിശ്വാസവുമുള്ളവരാക്കേണ്ടതായിരുന്നു. അവർ കണ്ട കാര്യങ്ങൾ ഹൃദയങ്ങളിൽ സംഗ്രഹിക്കുകയും, അവയെക്കുറിച്ചു സംസാരിക്കുകയും ചെയ്തിരുന്നുവെങ്കിൽ അവർ സംശയാലുക്കൾ ആവുകയില്ലായിരുന്നു. എന്നാൽ തങ്ങളുടെ മോഹഭംഗങ്ങളെക്കുറിച്ചാണ് അവർ കൂടുതലും ചിന്തിച്ചത്. "ശേഷിച്ച കഷണം ഒന്നും നഷ്ടമാക്കാതെ ശേഖരിപ്പിൻ" എന്ന ക്രിസ്തുവിന്റെ വാക്കുകൾ അവർ ശ്രദ്ധിച്ചില്ല. തങ്ങൾക്കു ലഭിക്കാവുന്ന വലിയ അനുഗ്രഹങ്ങളുടെ സന്ദർഭങ്ങളായിരുന്നു അവ. പക്ഷേ അവയെയെല്ലാം ശിഷ്യന്മാർ വിസ്മരിച്ചുകളഞ്ഞു. ഇളകിമറിയുന്ന കടൽ പോലെയായിരുന്നു അവർ. അവരുടെ ചിന്തകൾ അവരെ മഥിച്ചുകൊണ്ടിരുന്നു. അവരുടെ മനസ്സുകളെ അനുതാപത്തിലേക്കു തിരിക്കു

വാനും, ദൈവത്തിങ്കലേക്ക് അവർ നോക്കുവാനും മറ്റുചിലതു ദൈവം അവർക്കു നല്കി. മനുഷ്യൻ സ്വയം ഭാരങ്ങൾ തലയിലേറ്റുമ്പോൾ ദൈവം ചില കാര്യങ്ങൾ ചെയ്യുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് ഇപ്രകാരം സ്വയഭാരങ്ങൾ വരുത്തേണ്ട ആവശ്യമില്ലായിരുന്നു. അപകടം അവരെ അതിവേഗം സമീപിച്ചുകൊണ്ടിരുന്നു.

ഭയാനകമായ ഒരു കൊടുങ്കാറ്റിനെ അഭിമുഖീകരിക്കാൻ അവർ പോകുകയായിരുന്നു. അതിനെ നേരിടുവാൻ അവർ ഒരുങ്ങിയിരുന്നില്ല. പ്രശാന്തമായ ഒരു പകലിനുശേഷം അന്തരീക്ഷം പെട്ടെന്നു കറുത്തിരുണ്ടു. കൊടുങ്കാറ്റ് ആഞ്ഞുവീശിയപ്പോൾ ശിഷ്യന്മാർ ഭയന്നു. തങ്ങളുടെ ഹൃദയത്തിൽ കടന്നുകൂടിയ അവിശ്വാസവും, ക്രിസ്തുവിന്റെ മനോഭാവത്തോടുള്ള അക്ഷമതയും, അകൽച്ചയും അവർ മറന്നു. പടകു മുങ്ങാതിരിപ്പാൻ അവർ ഉറ്റു ശ്രമിച്ചു. യേശുവുമായി കൂടിക്കാണുവാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് എത്തിച്ചേരുവാൻ ബേത്ത്സയിദയിൽനിന്നു കടൽമാർഗ്ഗം അല്പം ദൂരം മാത്രമേ ഉണ്ടായിരുന്നുള്ളു. അനുകൂലമായ കാലാവസ്ഥയിൽ കുറച്ചു നാഴികകൾ കൊണ്ട് അവിടെ എത്തിച്ചേരാവുന്നതേയുള്ളു. എന്നാൽ കൊടുങ്കാറ്റ് അവരുടെ പടകിനെ ലക്ഷ്യത്തിൽനിന്നു വളരെ അകലത്തേക്കു മാറ്റി. രാത്രിയുടെ നാലാം യാമം വരെ അവർ അതികഠിനമായി പ്രയത്നിച്ചു. ക്ഷീണിതരായ ശിഷ്യന്മാർ ആശയറ്റവരായി. കൊടുങ്കാറ്റിലും അന്ധകാരത്തിലും തങ്ങൾ എത്ര നിസ്സഹായരെന്നു പ്രക്ഷുബ്ധമായ ആ കടൽ അവരെ പഠിപ്പിച്ചു. തങ്ങളുടെ ഗുരുവിന്റെ സാന്നിദ്ധ്യം അവർ കാംക്ഷിച്ചു.

യേശു അവരെ മറന്നില്ല. കരയിലുണ്ടായിരുന്ന രക്ഷകൻ, ഭഗ്നാശരായ തന്റെ ശിഷ്യന്മാരുടെ അവസ്ഥ മനസ്സിലാക്കി. തന്റെ ദൃഷ്ടി അവരുടെമേൽ എപ്പോഴുമുണ്ടായിരുന്നു. ഇളകിമറിയുന്ന കടലിൽ ആടിയുലഞ്ഞുകൊണ്ടിരുന്ന പടകിലുണ്ടായിരുന്ന തന്റെ മക്കളെ ഒരു നിമിഷംപോലും കർത്താവു മറന്നില്ല. ലോകത്തിന്റെ വെളിച്ചങ്ങളായിത്തീരേണ്ടവരായിരുന്നു അവർ. ഒരമ്മ തന്റെ കുഞ്ഞിനെ സ്നേഹത്തോടെ പരിരക്ഷിക്കുന്നതുപോലെ, സ്നേഹവാനായ കർത്താവു തന്റെ ശിഷ്യഗണങ്ങളെ കാത്തുകൊണ്ടിരുന്നു. ശിഷ്യന്മാർ തങ്ങളുടെ ഹൃദയങ്ങളിലെ ദുർമ്മോഹങ്ങൾ വെടിഞ്ഞ്, സഹായത്തിനുവേണ്ടി യാചിച്ചപ്പോൾ, കർത്താവ് ഉടനടി സഹായവുമായെത്തി.

ശിഷ്യന്മാർ നിരാശയിലാണ്ടപ്പോൾ, വെള്ളത്തിന്റെ മുകളിലൂടെ ഒരു രൂപം പ്രകാശം പരത്തിക്കൊണ്ടു നടന്നടുക്കുന്നതു കണ്ടു. യേശുവായിരുന്നു അതെന്ന് അവർ മനസ്സിലാക്കിയില്ല. തങ്ങളെ സഹായിപ്പാനായി വരുന്ന ആളല്ല എന്നാണു ശിഷ്യന്മാർക്ക് അപ്പോൾ തോന്നിയത്. അവർ കൂടുതൽ ഭയചകിതരായിത്തീർന്നു. തുഴകൾ അവരുടെ ബലിഷ്ഠഹസ്തങ്ങളിൽനിന്നു വീണു. പടക് അനിയന്ത്രിതമായി വെള്ളത്തിൽ ഒഴുകിക്കൊണ്ടിരുന്നു. ഇളകിമറിയുന്ന തിരമാലകളുടെ മുകളിലൂടെ നടന്നടുക്കുന്ന മനുഷ്യരൂപത്തെ അവർ നോക്കിക്കൊണ്ടിരുന്നു.

അവരെ നശിപ്പിക്കാനായി വരുന്ന ഒരു ഭൂതമാണതെന്ന് അവർക്കു തോന്നി. അവർ ഭയത്തോടെ നിലവിളിച്ചു. യേശു അവരെ കടന്നുപോകുന്ന ഭാവ

ത്തിൽ നടന്നു. അപ്പോൾ അവർ യേശുവിനെ തിരിച്ചറിഞ്ഞ്, സഹായത്തിനായി യാചിച്ചു. യേശു അവരെ നോക്കി പറഞ്ഞു: "ധൈര്യപ്പെടുവിൻ, ഞാൻ ആകുന്നു; പേടിക്കേണ്ടാ."

യേശുവായിരുന്നു കടലിന്മേൽ നടന്നതെന്ന വസ്തുത മനസ്സിലാക്കിയ അവർ സന്തോഷംകൊണ്ടു മതിമറന്നു. ഇപ്പോഴും പൂർണ്ണബോധ്യം വന്നിട്ടില്ലായെന്ന വിധത്തിൽ പത്രൊസ് പറഞ്ഞു: "നീ ആകുന്നുവെങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കൽ വരേണ്ടതിനു കല്പിക്കേണം." "വരിക" എന്നു യേശു പറഞ്ഞു.

യേശുവിന്റെ മേൽ ദൃഷ്ടിയെ ഉറപ്പിച്ചുംകൊണ്ടു പത്രൊസ് യാതൊരു അപകടവും കൂടാതെ നടന്നു. പെട്ടെന്ന് അഹങ്കാരത്തിന്റെ ചിന്ത പത്രൊസിനെ പിടികൂടി. യേശുവിൽനിന്നു നോട്ടം മാറ്റി സഹപ്രവർത്തകരെ പത്രൊസ് നോക്കി. കാറ്റ് അപ്പോഴും ശക്തമായി അടിക്കുന്നുണ്ടായിരുന്നു. പത്രൊസിന്റെയും കർത്താവിന്റെയും ഇടയിൽ വലിയ തിരമാല ഉയർന്നുപൊങ്ങി. ഒരു നിമിഷം കർത്താവിന്റെ രൂപം പത്രൊസിന്റെ ദൃഷ്ടിപഥത്തിൽനിന്നു മറഞ്ഞു. പത്രൊസിന്റെ വിശ്വാസം തകരുകയും തൽക്ഷണം മുങ്ങുവാൻ തുടങ്ങുകയും ചെയ്തു. മരണചക്രത്തിൽപ്പെട്ടു പത്രൊസ് തന്റെ നോട്ടം കർത്താവിങ്കലേക്കയച്ചുകൊണ്ടു നിലവിളിച്ചു പറഞ്ഞു: "കർത്താവേ, എന്നെ രക്ഷിക്കേണമേ." യേശു കൈനീട്ടി പത്രൊസിനെ പിടിച്ചുകൊണ്ടു പറഞ്ഞു: "അല്പവിശ്വാസിയേ, നീ എന്തിനു സംശയിച്ചു?"

യേശു പത്രൊസിന്റെ കയ്യിൽ പിടിച്ചുകൊണ്ടു വെള്ളത്തിന്മീതെ നടന്നു പടകിൽ കയറി. പത്രൊസ് ആകെ നിശ്ശബ്ദനായിപ്പോയി. തന്റെ കൂട്ടുകാരോടു വീമ്പടിക്കുവാൻ ഒന്നുമില്ലാത്തവനായിത്തീർന്നു. സ്വയപുകഴ്ചയും അവിശ്വാസവും പത്രൊസിന്റെ ജീവൻ മിക്കവാറും നഷ്ടപ്പെടുന്ന പതനത്തിലെത്തിച്ചു. യേശുവിൽനിന്നു പത്രൊസിന്റെ നോട്ടം മാറിയപ്പോൾ അവന്റെ കാൽച്ചുവടുകൾ തെറ്റി. അവൻ വെള്ളത്തിൽ താഴുവാൻ തുടങ്ങി.

പ്രയാസങ്ങളെ അഭിമുഖീകരിക്കുമ്പോൾ നാം പലപ്പോഴും പത്രൊസിനെപ്പോലെയാണ്. ക്രിസ്തുവിൽ നോക്കുന്നതിനു പകരം നാം നമ്മെ വിഴുങ്ങുവാൻ അടുക്കുന്ന തിരമാലകളിലേക്കു നോക്കുന്നു. അപ്പോൾ നമ്മുടെ കാലടികൾ വഴുതുകയും, വെള്ളം നമ്മെ കവിഞ്ഞൊഴുകുകയും ചെയ്യുന്നു. പത്രൊസ് നശിച്ചുപോകുന്നതിനല്ല കർത്താവ്, തന്റെ സമീപത്തേക്കു വിളിച്ചത്. യേശു നമ്മെ വിളിച്ചശേഷം ഒരിക്കലും തള്ളിക്കളകയില്ല. "ഭയപ്പെടേണ്ടാ, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നെ. നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ, ഞാൻ നിന്നോടുകൂടെ ഇരിക്കും; നീ നദികളിൽക്കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല; നീ തീയിൽക്കൂടി നടന്നാൽ വെന്തുപോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല. നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ" (യെശ. 43:1–3).

യേശു ശിഷ്യന്മാരുടെ സ്വഭാവങ്ങൾ വായിച്ചിരുന്നു. അവരുടെ വിശ്വാസം കഠിനശോധനയിലൂടെ കടന്നുപോകുമെന്നു യേശുവിനറിയാമായിരുന്നു.

കടലിലുണ്ടായ ഈ സംഭവത്തിൽ പത്രൊസിന്റെ ബലഹീനതയെ അവനു വെളിപ്പെടുത്തിക്കൊടുക്കുവാൻ യേശു ആഗ്രഹിച്ചു. ദൈവത്തിൽ മാറ്റമില്ലാത്ത ആശ്രയം വയ്ക്കുമ്പോഴാണു രക്ഷ ലഭ്യമാകുന്നതെന്നു പത്രൊസ് മനസ്സിലാക്കുവാൻ കർത്താവ് ആഗ്രഹിച്ചു.

സ്വയത്തിൽ ആശ്രയിക്കാതെ കർത്താവിൽ പൂർണ്ണാശ്രയം അർപ്പിക്കുമ്പോൾ മാത്രമേ ജീവിതത്തിലുണ്ടാകാവുന്ന കൊടുങ്കാറ്റുകളെ സധൈര്യം അഭിമുഖീകരിക്കാൻ സാധിക്കുകയുള്ളുവെന്നു പത്രൊസ് മനസ്സിലാക്കി. സ്വബലത്തിൽ ആശ്രയിക്കുന്നതു തെറ്റാണെന്നു പത്രൊസ് മനസ്സിലാക്കി. തന്റെ ബലഹീനത മനസ്സിലാക്കിയപ്പോൾ മാത്രമാണു ക്രിസ്തുവിൽ ആശ്രയിക്കേണ്ട ആവശ്യകത പത്രൊസിനു ബോധ്യമായത്. കടലിൽവച്ചുണ്ടായ സംഭവത്തിൽ യേശു പഠിപ്പിക്കാനാഗ്രഹിച്ച പാഠം പഠിച്ചിരുന്നെങ്കിൽ പത്രൊസിനു പിൽക്കാലത്തുണ്ടായ പരാജയം ഒഴിവാക്കാമായിരുന്നു.

ദിനന്തോറും ദൈവം തന്റെ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കുന്നു. ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്ന കാര്യങ്ങൾ നാം നിറവേറ്റുന്നതിനു നമ്മെ ഒരുക്കുന്നു. നമ്മുടെ ദൈനംദിനജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന ചെറിയ പരിശോധനകളിൽ നാം എപ്രകാരം വർത്തിക്കുന്നു എന്നതിന്റെ ആകത്തുകയാണു ജീവിതത്തിൽ നമുക്കുണ്ടാകാൻ പോകുന്ന വലിയ പരിശോധനയിൽ ജയാപജയങ്ങളെ നിർണ്ണയിക്കുന്നത്.

നാം ദിനന്തോറും ദൈവത്തിൽ ആശ്രയിക്കുന്നില്ലായെങ്കിൽ വൻപരീക്ഷയിൽ അകപ്പെടും. നമ്മുടെ കാൽ ഉറച്ചുനില്ക്കുന്നുവെന്നും നാം ഒരിക്കലും വീഴുകയില്ലായെന്നും ചിന്തിച്ചേക്കാം. 'ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നുവെന്ന് എനിക്കറിയാ'മെന്നു നാം ധീരതയോടെ പറഞ്ഞേക്കാം. 'ദൈവത്തിലും, ദൈവവചനത്തിലുമുള്ള എന്റെ വിശ്വാസത്തെ ഇളക്കുവാൻ ഒന്നിനും സാദ്ധ്യമല്ല' എന്നു നാം അവകാശപ്പെട്ടേക്കാം. എന്നാൽ സാത്താൻ, പാരമ്പര്യമായും നാം വളർത്തിയെടുത്തതുമായ സ്വഭാവസവിശേഷതകളെ മുതലെടുക്കുവാനും, നമ്മുടെ ആവശ്യങ്ങളെയും ബലഹീനതകളെയും കാണാതിരിപ്പാൻ കണ്ണുകളെ അന്ധത പിടിപ്പിക്കുകയും ചെയ്യുന്നു. നാം നമ്മുടെ ബലഹീനതകളെ മനസ്സിലാക്കുകയും യേശുവിനെ എപ്പോഴും നോക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ, നമുക്കു സുരക്ഷിതരായിരിപ്പാൻ കഴിയുകയുള്ളു.

യേശു പടകിൽ കയറിയ ഉടനെ കാറ്റു ശമിച്ചു. "ഉടനെ പടക് അവർ പോകുന്ന ദേശത്ത് എത്തിപ്പോയി." ഭയാനകമായ രാത്രി കഴിഞ്ഞു. കിഴക്കു സൂര്യൻ ശോഭയോടെ ഉദിച്ചു. ശിഷ്യന്മാരും പടകിലുണ്ടായിരുന്ന മറ്റുള്ളവരും യേശുവിന്റെ പാദത്തിൽ നമസ്കരിച്ചു. "നീ ദൈവപുത്രൻ സത്യം" എന്നവർ പറഞ്ഞു.



രോഗികളെ സൗഖ്യമാക്കുന്നു

# 41

# ഗലീലയിൽ ദുർഘടസന്ധി

അവലംബം: യോഹന്നാൻ 6:22–71

രാജാവായി തന്നെ പ്രഖ്യാപിക്കുന്നതിൽനിന്നു ജനത്തെ വിലക്കിയപ്പോൾ, തന്റെ ചരിത്രത്തിലെ ഒരു വഴിത്തിരിവിലെത്തിയിരിക്കുന്നുവെന്നു ക്രിസ്തു മനസ്സിലാക്കി. തന്നെ സിംഹാസനത്തിലേറ്റി പുകഴ്ത്തുവാൻ ആഗ്രഹിക്കുന്നവർ പിന്നീടു തന്നിൽനിന്നു പിൻവാങ്ങുമെന്നു യേശുവിനറിയാമായിരുന്നു. തങ്ങളുടെ പ്രതീക്ഷകൾ സഫലമാകാതെ വരുമ്പോൾ ഇന്നു പുകഴ്ത്തുന്നവരുടെ സ്നേഹം വിദ്വേഷമായി മാറും. സ്തുതികൾ ശാപങ്ങളായി ത്തീരും. ഇതെല്ലാം അറിഞ്ഞിരുന്നിട്ടും ആസന്നമായ വിപൽസന്ധിയെ ഒഴിവാക്കാനുള്ള ഒരു ശ്രമവും യേശു ചെയ്തില്ല. ആരംഭംമുതൽത്തന്നെ ഭൗമികമായ യാതൊരു പ്രതിഫലവും തന്റെ അനുയായികൾക്കു യേശു നല്കിയിരുന്നില്ല. തന്റെ ശിഷ്യത്വം സ്വീകരിപ്പാൻ വന്ന ഒരാളോടു യേശു പറഞ്ഞു: “കുറുനരികൾക്കു കുഴികളും, ആകാശത്തിലെ പറവകൾക്കു കൂടുകളും ഉണ്ട്; മനുഷ്യപുത്രനോ തലചായിപ്പാൻ ഇടമില്ല” (മത്തായി 8:20). ക്രിസ്തുവിനെയും ലോകത്തെയും ഒരേസമയം സേവിക്കാമായിരുന്നെങ്കിൽ അനേകാ

യിരങ്ങൾ യേശുവിന്റെ സ്നേഹിതർ ആകുമായിരുന്നു. എന്നാൽ അപ്രകാര മുള്ളവരുടെ സേവനം യേശുവിനു സ്വീകാര്യമല്ല. യേശുവിനെ അനുഗമിച്ച വരിൽ ഒരു നല്ല പങ്കു ഭൗതികമായ ആഗ്രഹങ്ങൾ വച്ചുപുലർത്തിയിരുന്നവ രായിരുന്നു. അവർ യേശുവിന്റെ ലക്ഷ്യം മനസ്സിലാക്കിയിട്ടില്ലായിരുന്നു. അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തൃപ്തരാക്കിയ സംഭവത്തിന്റെ ആത്മീയ വശം അവർ ഗ്രഹിച്ചിരുന്നില്ല. ഇത് അവർ മനസ്സിലാക്കുമ്പോൾ അവർ ഒരു സൂക്ഷ്മ പരിശോധനയ്ക്കുകൂടി വിധേയരാവുകയായിരുന്നു.

അഞ്ചപ്പത്താൽ അയ്യായിരത്തെ പോഷിപ്പിച്ച സംഭവം എല്ലായിടത്തും പരന്നു. പിറ്റേദിവസം രാവിലെ അനേകായിരങ്ങൾ യേശുവിനെ കാണാനായി ബേത്ത്സയിദയിൽ വന്നു. തലേരാത്രിയിൽ യേശുവിനെ കണ്ടവർ വീണ്ടും പ്രഭാതമായപ്പോൾ തിരിച്ചെത്തി, ഗലീലക്കടലിന്റെ മറുകരയ്ക്കു പോകുവാൻ പടകുകളില്ലായിരുന്നതിനാൽ യേശു ബേത്ത്സയിദയിൽത്തന്നെ കാണു മെന്ന് ആളുകൾ കരുതി. എന്നാൽ അവർക്കു യേശുവിനെ കാണാൻ കഴി ഞ്ഞില്ല. അതുകൊണ്ട് അവർ കഫർന്നഹൂമിലേക്കു യേശുവിനെ തിരക്കി പ്പോയി.

ഈ സന്ദർഭത്തിൽ യേശു ഗന്നേസരെത്തിൽ എത്തിച്ചേർന്നിരുന്നു. യേശു ഗന്നേസരെത്തിൽ എത്തിയ വാർത്ത കേട്ടവർ അവനെ കാണാനായി കൂട്ടമായി അങ്ങോട്ടു പൊയ്ക്കൊണ്ടിരുന്നു. ജനം “ആ നാട്ടിൽ ഒക്കെയും ചുറ്റി ഓടി, അവൻ ഉണ്ട് എന്നു കേൾക്കുന്ന ഇടത്തേക്കു ദീനക്കാരെ കിടക്കയിൽ എടുത്തുകൊണ്ടു വന്നു” (മർക്കൊസ് 6:55).

കുറേക്കഴിഞ്ഞു യേശു ദൈവാലയത്തിലേക്കു പോയി. ബേത്ത്സയിദയിൽ നിന്നു വന്നവർ യേശു എപ്രകാരം കടൽ കടന്നുവെന്നു ശിഷ്യന്മാരിൽനിന്നു മനസ്സിലാക്കി. കടൽക്ഷോഭമുണ്ടായതും തങ്ങൾക്കുണ്ടായ അനുഭവങ്ങളും, പത്രൊസിന്റെ അനുഭവവും, യേശു കടലിനെ ശാന്തമാക്കിയതുമെല്ലാം ശിഷ്യ ന്മാർ ജനത്തോടു പറഞ്ഞു. അതുകൊണ്ടും തൃപ്തരാകാത്ത ചിലർ യേശുവി നോടു നേരിട്ടു ചോദിച്ചു: “റബ്ബീ, നീ എപ്പോൾ ഇവിടെ വന്നു.” കടലിനെ ശാന്തമാക്കിയ കഥ യേശുവിൽനിന്നു നേരിട്ടു കേൾക്കുവാൻ അവർ ആഗ്ര ഹിച്ചു.

എന്നാൽ യേശു അവരുടെ ജിജ്ഞാസ ശമിപ്പിക്കുവാൻ ശ്രമിച്ചില്ല. യേശു ദുഃഖത്തോടെ പറഞ്ഞു: “നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നത്.” അവരുടെ അന്വേ ഷണോദ്ദേശ്യം ശ്രേഷ്ഠമായ ഒന്നായിരുന്നില്ല. ഭൗതികമായ താൽപര്യങ്ങളാ ലായിരുന്നു അവർ യേശുവിനെ അന്വേഷിച്ചത്. യേശുവിനോടുകൂടെ ആയി രുന്നാൽ തങ്ങളുടെ ഭൗതികാവശ്യങ്ങൾ എല്ലാം നേടാമെന്നവർ കരുതി. ക്രിസ്തു അവരോടു പറഞ്ഞു: “നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനില്ക്കുന്ന ആഹാരത്തിനായിട്ടുതന്നെ പ്രവർത്തി പ്പിൻ.” ഭൗതിക സുഖങ്ങൾക്കായി മാത്രം പ്രവർത്തിക്കരുതെന്നു യേശു

പറഞ്ഞു. ഇപ്പോഴുള്ള ജീവിതത്തെ മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കരുത്. ആത്മീയാഹാരത്തിനുവേണ്ടിയും നിത്യജീവനിലേക്കു നയിക്കുന്ന ജ്ഞാന ത്തിനുവേണ്ടിയും പ്രയത്നിപ്പാൻ യേശു പറഞ്ഞു. തനിക്കു മാത്രമേ അതു നല്കുവാൻ കഴിയുകയുള്ളു. (ദൈവപുത്രനെ) "പിതാവായ ദൈവം മുദ്ര യിട്ടിരിക്കുന്നു."

യേശുവിന്റെ ഉപദേശം കേട്ട ജനം ഉണർന്നു. അവർ ചോദിച്ചു: "ദൈവ ത്തിനു പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിനു ഞങ്ങൾ എന്തു ചെയ്യണം?" ദൈവത്തെ പ്രസാദിപ്പിക്കേണ്ടതിന് അവർ വൈവിധ്യമുള്ളതും, ഭാരമേറിയതുമായ പ്രവൃത്തികൾ ചെയ്തുവരികയായിരുന്നു. കൂടുതൽ ദൈവിക പ്രീതി നേടേണ്ടതിന് എന്ത് അനുഷ്ഠാനങ്ങളാണു നിർവ്വഹിക്കേണ്ടതെന്ന് അവർക്കറിയണമായിരുന്നു. സ്വർഗ്ഗത്തിനവകാശികളായിത്തീരുവാൻ തങ്ങൾ എന്തു ചെയ്യണമെന്നായിരുന്നു അവർക്കറിയേണ്ടിയിരുന്നത്. വരുവാനുള്ള ജീവിതം കരസ്ഥമാക്കുവാൻ എന്തു വിലയാണു തങ്ങൾ കൊടുക്കേണ്ടതെന്ന് അവർ യേശുവിനോടു ചോദിച്ചു.

യേശു ജനത്തോടു പറഞ്ഞു: "ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി, അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ." സ്വർഗ്ഗത്തിന്റെ അമൂല്യസമ്പത്തു ക്രിസ്തു ആകുന്നു. "ലോകത്തിന്റെ പാപം ചുമക്കുന്ന കുഞ്ഞാടി"ൽക്കൂടെ മാത്രമാകുന്നു സ്വർഗ്ഗത്തിലേക്കുള്ള വഴി (യോഹ. 1:29).

എന്നാൽ ഈ സത്യത്തെ ജനം സ്വീകരിച്ചില്ല. മശീഹ വരുമ്പോൾ എന്തെല്ലാം ചെയ്യുമെന്നു പ്രവാചകന്മാർ മുൻകൂട്ടി പറഞ്ഞിരുന്ന കാര്യങ്ങൾ ക്രിസ്തു നിർവ്വഹിച്ചു. എന്നാൽ സ്വാർത്ഥത നിറഞ്ഞ മോഹങ്ങൾ യിസ്രാ യേൽ വച്ചുപുലർത്തിയതുകൊണ്ടു യേശുവിന്റെ പ്രവൃത്തി എന്തെന്ന് അവർക്കു ഗ്രഹിപ്പാൻ സാധിച്ചില്ല. യവത്തപ്പംകൊണ്ടു യേശു പുരുഷാരത്തെ പോഷിപ്പിച്ചു. മോശെയുടെ കാലത്തു യിസ്രായേലിനെ മന്നകൊണ്ടു ദൈവം നാല്പതു സംവത്സരം പോറ്റിപ്പുലർത്തി. ഇതിനെക്കാൾ കൂടുതൽ കാര്യ ങ്ങളാണു മശീഹയിൽനിന്ന് അവർ പ്രതീക്ഷിച്ചത്. അസംതൃപ്തമായ അവരുടെ ഹൃദയങ്ങൾ ചോദിച്ചു: എല്ലാ യിസ്രായേല്യർക്കും ആരോഗ്യവും ബലവും സമ്പത്തും നല്കിക്കൂടെ? മർദ്ദകരുടെ മേൽക്കോയ്മയിൽനിന്നു മോചിപ്പിച്ചും അധികാരവും ബഹുമാനവും നല്കി തങ്ങളെ ഉദ്ധരിക്കുകയില്ലേ? ദൈവത്താൽ അയയ്ക്കപ്പെട്ടവനാണു താനെന്ന് അവകാശപ്പെടുകയും, അതേ അവസരത്തിൽ യിസ്രായേലിന്റെ രാജാവാകുവാൻ വൈമനസ്യം കാട്ടു കയും ചെയ്യുന്നതു മനസ്സിലാക്കുവാൻ യെഹൂദന്മാർക്കു കഴിഞ്ഞില്ല. യേശു രാജാവാകുവാൻ നിരസിച്ചതിനെ അവർ തെറ്റിദ്ധരിച്ചു. തന്റെ ദൗത്യത്തെ ക്കുറിച്ചു യേശു തന്നെ മനസ്സിലാക്കിയിട്ടില്ലാത്തതുകൊണ്ടായിരിക്കാം രാജാ വാകാൻ താൻ വിസമ്മതിക്കുന്നതെന്ന് അനേകർ വിചാരിച്ചു. അങ്ങനെ അവർ യേശുവിനെ വിശ്വസിച്ചില്ല. സാത്താൻ അവരിൽ വിതച്ച വിത്തുകൾ തെറ്റിദ്ധാരണയുടെയും അവിശ്വാസത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിച്ചു.

പരിഹാസപൂർവ്വം ഒരു പുരോഹിതൻ ചോദിച്ചു: "ഞങ്ങൾ കണ്ടു നിന്നെ വിശ്വസിക്കേണ്ടതിനു നീ എന്ത് അടയാളം ചെയ്യുന്നു? എന്തു പ്രവർത്തിക്കുന്നു? നമ്മുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന തിന്നു; അവർക്കു തിന്നുവാൻ സ്വർഗ്ഗത്തിൽനിന്ന് അപ്പം കൊടുത്തുവെന്ന് എഴുതിയിരിക്കുന്നുവല്ലോ?"

മന്ന നല്കിയവൻ എന്ന നിലയിൽ മോശെയെ യെഹൂദന്മാർ ബഹുമാനിച്ചു. എന്നാൽ ആ അത്ഭുതം പ്രവർത്തിച്ചതു യഥാർത്ഥത്തിൽ ആരായിരുന്നു എന്നു മനസ്സിലാക്കാതെ, അതിന്റെ മദ്ധ്യവർത്തിയായി നിന്ന ആളിനെ അവർ പ്രകീർത്തിച്ചു. അവരുടെ പിതാക്കന്മാർ മോശെയുടെ ദൈവിക ദൗത്യത്തെ സംശയിക്കുകയും മോശെക്കെതിരായി പിറുപിറുക്കുകയും ചെയ്തു. ഇപ്പോൾ അതേ ആത്മാവിൽ അവരുടെ മക്കൾ ദൈവത്തിന്റെ ദൂതുമായി അവരുടെ ഇടയിലേക്കു വന്ന ദൈവപുത്രനെ തിരസ്കരിച്ചു. യേശു അവരോടു പറഞ്ഞു: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: സ്വർഗ്ഗത്തിൽനിന്നുള്ള അപ്പം മോശെയല്ല നിങ്ങൾക്കു തന്നത്." സ്വർഗ്ഗയപ്പം നല്കിയതു സാക്ഷാൽ ക്രിസ്തുവായിരുന്നു. അവൻ അവരുടെ ഇടയിൽ ആയിരുന്നിട്ടും അവർ ഗ്രഹിച്ചില്ല. യിസ്രായേല്യരെ മരുഭൂമിയിൽ നയിച്ചതും, ദിനന്തോറും സ്വർഗ്ഗത്തിൽനിന്നുള്ള അപ്പംകൊണ്ട് അവരെ പോഷിപ്പിച്ചതും ക്രിസ്തുവായിരുന്നു. സ്വർഗ്ഗത്തിൽനിന്നുള്ള അപ്പത്തിന്റെ നിഴലായിരുന്നു അന്നു നല്കപ്പെട്ട മന്ന. ദൈവത്തിന്റെ അനന്തമായ പൂർണ്ണതയിൽ നിന്ന് എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്ന ജീവദായകമായ ആത്മാവാണു യഥാർത്ഥ മന്ന. യേശു പറഞ്ഞു: "ദൈവത്തിന്റെ അപ്പമോ, സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നു ലോകത്തിനു ജീവനെ കൊടുക്കുന്നത് ആകുന്നു" (യോഹ. 6:33).

ഭൗതികമായ ആഹാരത്തെക്കുറിച്ചാകുന്നു യേശു പറയുന്നതെന്നു വിചാരിച്ചുകൊണ്ടു കേൾവിക്കാരിൽ ചിലർ വിളിച്ചു പറഞ്ഞു: "കർത്താവേ, ഈ അപ്പം എപ്പോഴും ഞങ്ങൾക്കു തരേണമേ." അപ്പോൾ യേശു വ്യക്തമായി പറഞ്ഞു: "ഞാൻ ജീവന്റെ അപ്പമാകുന്നു."

ക്രിസ്തു ഉപയോഗിച്ച ചിത്രം യെഹൂദന്മാർക്കു വളരെ പരിചിതമായ ഒന്നായിരുന്നു. പരിശുദ്ധാത്മപ്രേരിതനായി മോശെ പറഞ്ഞു: "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, യഹോവയുടെ വായിൽനിന്നു പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു." പ്രവാചകനായ യിരെമ്യാവ് ഇപ്രകാരം എഴുതി: "ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന് ആനന്ദവും ആയി" (ആവ. 8:3; യിരെ. 15:16). അപ്പം ഭക്ഷിക്കുക എന്നാൽ ആത്മീയാർത്ഥത്തിൽ ദൈവത്തിന്റെ ന്യായപ്രമാണം പഠിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയുമാണെന്ന് ഒരു ചൊല്ലു റബ്ബിമാരുടെ ഇടയിൽ ഉണ്ടായിരുന്നു. മശീഹ വരുമ്പോൾ എല്ലാ യിസ്രായേല്യരും സംതൃപ്തരാക്കപ്പെടും എന്നു പരക്കെ വിശ്വസിച്ചിരുന്നു. അഞ്ചപ്പംകൊണ്ടു നിർവ്വഹിച്ച അത്ഭുതപ്രവൃത്തിയിലെ

ആഴമേറിയ ആത്മീയ പാഠത്തെ പ്രവാചകന്മാരുടെ എഴുത്തുകൾ കൂടുതൽ വ്യക്തമാക്കി. ദൈവാലയത്തിൽ, തന്റെ ഉപദേശം കേട്ടുകൊണ്ടിരിക്കുന്നവർക്ക് ഈ പാഠം വ്യക്തമാക്കിക്കൊടുക്കുവാൻ ക്രിസ്തു ശ്രമിച്ചു. തിരുവെഴുത്തുകൾ അവർ ഗ്രഹിച്ചിരുന്നുവെങ്കിൽ, "ഞാൻ ജീവന്റെ അപ്പമാകുന്നു" എന്നു ക്രിസ്തു പറഞ്ഞപ്പോൾ അവർ ഗ്രഹിക്കുമായിരുന്നു. അതു പറയുന്നതിന് ഒരു ദിവസം മുമ്പു മാത്രമാണ് ഒരു വലിയ പുരുഷാരത്തെ ആഹാരം നല്കി യേശു സംതൃപ്തരാക്കിയത്. ആ അപ്പത്തിൽനിന്നു ശാരീരികമായ ശക്തിയും നവോന്മേഷവും ലഭിച്ചതുപോലെ, ക്രിസ്തുവിൽനിന്നു നിത്യജീവനാധാരമായ ആത്മീയ ചൈതന്യം പ്രാപിക്കാമായിരുന്നു. "എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കയുമില്ല." യേശു തുടർന്നു പറഞ്ഞു: "നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസിക്കുന്നില്ല."

പരിശുദ്ധാത്മാവിന്റെ സാക്ഷ്യത്തിൽക്കൂടിയും, തങ്ങൾക്കു ദൈവം വെളിപ്പെടുത്തിയതിൽക്കൂടെയും ജനം യേശുവിനെ കണ്ടിരുന്നു. തന്റെ ശക്തിയുടെ ജീവിക്കുന്ന സാക്ഷികൾ അവരുടെ ഇടയിൽ ഉണ്ടായിരുന്നു. എങ്കിലും വേറൊരു അടയാളത്തിനായി അവർ ആവശ്യപ്പെട്ടു. അതു നല്കിയിരുന്നെങ്കിൽത്തന്നെയും അവർ അവിശ്വാസത്തിൽത്തന്നെ തുടരുമായിരുന്നു. അവർ കണ്ടതും കേട്ടതും വിശ്വസിച്ചില്ലായെങ്കിൽ കൂടുതൽ അത്ഭുതപ്രവൃത്തികളെ കാണിക്കുന്നതു നിഷ്പ്രയോജനമായിരുന്നു. അവിശ്വാസം സംശയത്തിന് എപ്പോഴും ന്യായീകരണം കണ്ടെത്തും. ഏറ്റവും നല്ല തെളിവുകളെയും തള്ളിക്കളയുവാൻ വാദമുഖങ്ങൾ ഉന്നയിക്കയും ചെയ്യും.

ശാഠ്യസ്വഭാവമുള്ള ആ ജനത്തോടു ക്രിസ്തു വീണ്ടും പറഞ്ഞു: "എന്റെ അടുക്കൽ വരുന്നവനെ ഒരുനാളും ഞാൻ തള്ളിക്കളകയില്ല." തന്നിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ലഭിക്കുമെന്നു ക്രിസ്തു പറഞ്ഞു. അവരിൽ ഒരുത്തൻപോലും നഷ്ടപ്പെട്ടുപോകയില്ല. പരീശന്മാരും സദൂക്യരും വരുവാനുള്ള ജീവിതത്തെക്കുറിച്ചു തർക്കിക്കേണ്ട ആവശ്യമില്ല. "പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം. ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും."

എന്നാൽ കോപാകുലരായ പ്രമാണികളും നേതാക്കന്മാരും ചോദിച്ചു: "ഇവൻ യോസേഫിന്റെ പുത്രനായ യേശു അല്ലയോ? അവന്റെ അപ്പനെയും അമ്മയെയും നാം അറിയുന്നുവല്ലോ; പിന്നെ ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നുവെന്ന് അവൻ പറയുന്നത് എങ്ങനെ?" എളിമയിൽ ജനിച്ച യേശുവിന്റെ ജനനത്തെ പരിഹാസദ്യോതകമായി സൂചിപ്പിച്ചുകൊണ്ട്, ജനങ്ങളിൽ മുൻവിധി ഉളവാക്കുവാനാണ് അവർ ശ്രമിച്ചത്. യേശു ഗലീലയിലെ ഒരു തച്ചനെന്നും അവന്റെ മാതാപിതാക്കൾ സമൂഹത്തിലെ താഴേക്കിടയിലുള്ളവരെന്നും പരീശപ്രമാണികൾ പരിഹാസപൂർവ്വം പറഞ്ഞു. വിദ്യാവിഹീനനായ ഈ തച്ചന്റെ അവകാശവാദങ്ങൾ പരിഗണനാർഹമല്ലെന്ന് അവർ

പ്രഖ്യാപിച്ചു. മനുഷ്യബുദ്ധിക്കു ഗ്രഹിപ്പാൻ അസാദ്ധ്യമായ യേശുവിന്റെ ജനനത്തെ അവർ ദുസ്സൂചനയോടെ പരിഹസിച്ചു. യേശുവിന്റെ ഉല്പത്തിയെ സംശയദൃഷ്ട്യാ അവർ വീക്ഷിച്ചു. യേശുവിന്റെ ജനനത്തിൽ മാനുഷിക സാഹചര്യം ഉൾപ്പെടുത്തി യേശുവിന്റെ ചരിത്രത്തിൽ കളങ്കമുണ്ടെന്ന് അവർ ആരോപിച്ചു.

തന്റെ ജനനത്തിന്റെ നിഗൂഢതയെ വിവരിപ്പാൻ യേശു ശ്രമിച്ചില്ല. സ്വർഗ്ഗത്തിൽനിന്നു താൻ വന്നു. സ്വർഗ്ഗത്തിൽനിന്നു താൻ വന്നുവെന്നതിനെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്കു യേശു ഉത്തരം നല്കിയില്ല. അതുപോലെ ഗലീലക്കടൽ കടന്നതിനെ സംബന്ധിച്ച ചോദ്യങ്ങൾക്കും യേശു ഉത്തരം പറഞ്ഞില്ല. തന്റെ ജീവിതത്തെ വ്യക്തമാക്കിക്കാണിച്ച അത്ഭുതങ്ങളിലേക്ക് അവൻ ആരെയും ആകർഷിച്ചില്ല. പ്രസിദ്ധിക്കുവേണ്ടി യേശു ഒന്നും ചെയ്തില്ല. യേശു ഒരു ദാസരൂപമെടുത്തു. എന്നാൽ യേശുവിന്റെ വാക്കുകളും പ്രവൃത്തിയും അവന്റെ സ്വഭാവത്തെ പ്രകടമാക്കി. സ്വർഗ്ഗീയവെളിച്ചം കാംക്ഷിക്കുന്ന ഏവരും യേശുവിനെ “കൃപയും സത്യവും നിറഞ്ഞ”വനായി പിതാവിൽനിന്ന് ഏകജാതനായി തിരിച്ചറിഞ്ഞു (യോഹ. 1:14).

പരീശന്മാരുടെ മുൻവിധി പ്രതിഫലിപ്പിക്കുന്നതായിരുന്നു അവരുടെ ചോദ്യങ്ങൾ. അവയുടെ ആഴത്തിലോടിയ വേരുകൾ അവരുടെ ഹൃദയത്തിൽ കുടികൊണ്ടിരുന്ന കൗടില്യത്തിൽ നല്ലവണ്ണം വ്യാപിച്ചിരുന്നു. യേശുവിന്റെ വാക്കും പ്രവൃത്തിയും അവരിൽ വിദ്വേഷം ജനിപ്പിച്ചു. യേശുവിൽനിന്ന് അവരുടെ സംശയങ്ങൾക്കു നിവൃത്തി ഉണ്ടായില്ല. കാരണം അവരിൽ കുടികൊണ്ടിരുന്ന ആത്മാവ് അത്തരത്തിലുള്ളതായിരുന്നു.

“എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും. എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവർ ആകും എന്നു പ്രവാചകപുസ്തകങ്ങളിൽ എഴുതിയിരിക്കുന്നു. പിതാവിനോടു കേട്ടു പഠിച്ചവർ എല്ലാം എന്റെ അടുക്കൽ വരും.” ദൈവസ്നേഹത്തിന്റെ ആകർഷണവലയത്തിൽ കടന്നുവരാത്തവരൊഴിച്ച് ആരും ക്രിസ്തുവിലേക്കു വരികയില്ല. എന്നാൽ എല്ലാ ഹൃദയങ്ങളെയും ദൈവം തന്നിലേക്ക് ആകർഷിക്കുന്നു. അതിനെ എതിർത്തുനില്ക്കുന്നവർ മാത്രമേ ക്രിസ്തുവിങ്കലേക്കു വരാതിരിക്കുകയുള്ളു. “എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവരാകും” എന്ന വാക്കുകളിൽക്കൂടെ യേശു, യെശയ്യാവിന്റെ പ്രവചനം ഉദ്ധരിക്കുകയായിരുന്നു. “നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും നിന്റെ മക്കളുടെ സമാധാനം വലിയതും ആയിരിക്കും” (യെശ. 54:13). ഈ തിരുവെഴുത്തു തങ്ങൾക്കുള്ളതാണെന്നു യിസ്രായേല്യർ അവകാശപ്പെട്ടു. ദൈവമാണു തങ്ങളുടെ അദ്ധ്യാപകൻ എന്ന് അവർ പുകഴ്ച പറയുമായിരുന്നു. എന്നാൽ അവരുടെ ഈ അവകാശവാദം നിരർത്ഥകമെന്നു യേശു കാണിച്ചുകൊടുത്തു. കർത്താവു പറഞ്ഞു: “പിതാവിനോടു കേട്ടു പഠിച്ചവൻ എല്ലാം എന്റെ അടുക്കൽ വരും.” അവർക്കു ദൈവത്തെക്കുറിച്ച് അറിയുവാൻ കഴി

യുന്ന ഏകമാർഗ്ഗം ക്രിസ്തുവായിരുന്നു. ദൈവതേജസ്സു താങ്ങുവാനുള്ള കഴിവു മനുഷ്യവർഗ്ഗത്തിനില്ല. പിതാവിൽനിന്നു പഠിച്ചവർ, പുത്രന്റെ ശബ്ദം ശ്രവിക്കുകയായിരുന്നു. പ്രകൃതിയിൽക്കൂടെയും, വെളിപ്പെടുത്തലിൽ ക്കൂടെയും പിതാവിനെ അവർക്കു പരിചയപ്പെടുത്തിയതു നസ്രായനായ യേശു ആയിരുന്നു.

"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്." ഈ വാക്കുകളെ ശ്രദ്ധിച്ച പ്രിയങ്കരനായ യോഹന്നാനിൽക്കൂടെ സഭകളോടു പരിശുദ്ധാത്മാവ് അരുളിച്ചെയ്തു: "ആ സാക്ഷ്യമോ ദൈവം നമുക്കു നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളതു തന്നെ. പുത്രനുള്ളവനു ജീവൻ ഉണ്ട്" (1 യോഹ. 5:11,12). യേശു പറഞ്ഞു: "ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും." നാം യേശുവുമായി ഒന്നായിത്തീരേണ്ടതിനു യേശു നമ്മോടുകൂടെ ഒരു ജഡമായിത്തീർന്നു. ഈ ഐക്യത്തിന്റെ ഫലമായിട്ടാണു നാം ശവക്കല്ലറകളിൽനിന്നു പുറത്തുവരാൻ പോകുന്നത്. അതു ക്രിസ്തുവിന്റെ ശക്തിയുടെ ഒരു വെറും പ്രകടനമല്ല; വിശ്വാസത്താൽ യേശുവിന്റെ ജീവൻ നമ്മുടേതായിത്തീരുകയാണ്. ക്രിസ്തുവിനെ, തന്റെ യഥാർത്ഥ സ്വഭാവത്തിൽ കാണുകയും, ഹൃദയത്തിൽ സ്വീകരിക്കുകയും ചെയ്യുന്നവർക്കു നിത്യ ജീവൻ ഉണ്ട്. ക്രിസ്തു നമ്മിൽ വസിക്കുന്നത് ആത്മാവിൽക്കൂടെയാണ്. ദൈവാത്മാവിനെ വിശ്വാസത്താൽ ഹൃദയത്തിലേക്കു സ്വീകരിക്കുമ്പോൾ നിത്യജീവൻ ആരംഭിക്കുന്നു.

ക്രിസ്തു പ്രവർത്തിച്ച അത്ഭുതത്തെക്കാൾ വലിയ അത്ഭുതമായിരുന്നു മന്ന വർഷിക്കപ്പെട്ടതെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട്, തങ്ങളുടെ പിതാക്കന്മാർ ഭക്ഷിച്ച മന്നയെക്കുറിച്ചു യിസ്രായേല്യർ പറഞ്ഞു. എന്നാൽ യേശു നല്കുന്ന ദാനം അതിനെക്കാൾ എത്രയോ ശ്രേഷ്ഠമാകുന്നു. ഭൗമികമായ ജീവിതം നിലനിർത്തുന്നതിനുവേണ്ടിയത്രേ മന്ന നല്കിയത്. മരണത്തെ തടയുവാനോ അമർത്യത നല്കുവാനോ മന്നയ്ക്കു സാദ്ധ്യമല്ല. എന്നാൽ സ്വർഗ്ഗത്തിന്റെ യഥാർത്ഥ അപ്പമായ യേശുവിനു നിത്യജീവങ്കലേക്ക് ആത്മാവിനെ നയിക്കുവാൻ സാധിക്കും. യേശു പറഞ്ഞു: "ഞാൻ ജീവന്റെ അപ്പമാകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന തിന്നിട്ടും മരിച്ചുവല്ലോ. ഇതോ, തിന്നുന്നവൻ മരിക്കാതിരിക്കേണ്ടതിനു സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങുന്ന അപ്പമാകുന്നു. ഈ അപ്പം തിന്നുന്നവനെല്ലാം എന്നേക്കും ജീവിക്കും." ഈ ചിത്രത്തോടു യേശു വേറൊന്നു ചേർക്കുകയാണ്. മരണം ആസ്വദിക്കുന്നതിൽക്കൂടെ മാത്രമേ തനിക്കു മനുഷ്യനു നിത്യജീവൻ നല്കാൻ കഴിയുകയുള്ളു. മനുഷ്യന്റെ രക്ഷയ്ക്ക് ഏകമാർഗ്ഗം തന്റെ മരണമാണെന്നു യേശു പറഞ്ഞു. "ഞാൻ കൊടുക്കാനിരിക്കുന്ന അപ്പമോ, ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസമാകുന്നു."

സംഹാരദൂതൻ മിസ്രയീമിലെ ഭവനങ്ങളെ സന്ദർശിച്ച രാത്രിയിൽ, യിസ്രായേൽമക്കളെ വിടുവിച്ചതിന്റെ ഓർമ്മയ്ക്കായി യെരൂശലേമിൽവച്ചു യെഹൂദ

ന്മാർ പെസഹ ആചരിപ്പാനായി ഒരുങ്ങുകയായിരുന്നു. പെസഹാക്കുഞ്ഞാടിൽക്കൂടെ ദൈവകുഞ്ഞാടിനെ ദർശിക്കുവാനും, ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വന്തജീവൻ നല്കിയ രക്ഷകനെ പെസഹാശുശ്രൂഷയിൽക്കൂടെ ദൈവത്തിന്റെ സ്വന്തജനം സ്വീകരിപ്പാനും ദൈവം ആഗ്രഹിച്ചു. എന്നാൽ യെഹൂദന്മാരുടെ പ്രതീകമായ പെസഹയ്ക്കു പ്രാധാന്യം നല്കുകയും പെസഹ എന്തിനെ ചൂണ്ടിക്കാട്ടിയോ, അതിന്റെ പ്രാധാന്യത്തെ നിസ്സാരമാക്കുകയും ചെയ്തു. കർത്താവിന്റെ ശരീരത്തെ അവർ തിരിച്ചറിഞ്ഞില്ല. പെസഹാപ്പെരുന്നാളിൽ ഉൾക്കൊണ്ടിരുന്ന സത്യമാണു ക്രിസ്തുവിന്റെ വാക്കുകളിൽ അടങ്ങിയിരുന്നത്. എന്നാൽ കർത്താവിന്റെ വാക്കുകൾ അവർ ഗ്രഹിച്ചില്ല.

റബ്ബിമാർ കോപാകുലരായി ചോദിച്ചു: “നമുക്ക്, തന്റെ മാംസം തിന്നേണ്ടതിനു തരുവാൻ ഇവന് എങ്ങനെ കഴിയും?” “മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നതെങ്ങനെ” (യോഹ. 3:4) എന്നു നിക്കോദേമൊസ് ചോദിച്ചപ്പോൾ യേശുവിന്റെ വാക്കുകളെ അക്ഷരികമായി നിക്കോദേമൊസ് എടുത്തതുപോലെ അവരും യേശുവിന്റെ വാക്കുകളെ അക്ഷരികമായി എടുക്കുകയായിരുന്നു. യേശു പറഞ്ഞത് അവർക്ക് അല്പം മനസ്സിലായി എങ്കിലും അതംഗീകരിക്കുവാൻ അവർക്കു മനസ്സില്ലായിരുന്നു. വാക്കുകളെ തെറ്റിദ്ധരിപ്പിക്കാനും ജനങ്ങളിൽ എതിർപ്പുണ്ടാക്കാനും അവർ ശ്രമിച്ചു.

പ്രതീകാത്മകമായ തന്റെ പ്രസംഗം ക്രിസ്തു വേഗത്തിൽ അവസാനിപ്പിച്ചില്ല. കുറേക്കൂടി ശക്തിയേറിയ ഭാഷയിൽ യേശു സത്യത്തെ ആവർത്തിച്ചുറപ്പിച്ചു. “ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും. എന്റെ മാംസം സാക്ഷാൽ ഭക്ഷണവും, എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.”

ക്രിസ്തുവിന്റെ മാംസം തിന്നുകയും അവന്റെ രക്തം കുടിക്കുകയും ചെയ്യുക എന്നാൽ, അവൻ നമ്മുടെ പാപങ്ങളെ ക്ഷമിക്കുന്നു എന്നു വിശ്വസിച്ചുകൊണ്ടു യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുക എന്നതാണ്. നാം ക്രിസ്തുവിൽ പൂർണ്ണതയുള്ളവരായിത്തീരുന്നു. ക്രിസ്തുവിന്റെ സ്നേഹത്തെ ദർശിച്ചുകൊണ്ടു നാം അവന്റെ ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരുകയാണ്. ആഹാരം ശരീരത്തിന് എപ്രകാരം ആവശ്യമായിരിക്കുന്നുവോ, അതുപോലെ ക്രിസ്തു നമ്മുടെ ആത്മാവിന്റെ ഭാഗമായിത്തീരണം. നാം ഭക്ഷണം കഴിക്കാതിരുന്നാൽ അതു നമ്മുടെ ശരീരത്തിന്റെ ഭാഗമായിത്തീരുന്നില്ല. അതുകൊണ്ടു നമുക്ക് ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. അതുപോലെ ക്രിസ്തുവിനെ നമ്മുടെ രക്ഷകനായി നാം സ്വീകരിക്കുന്നില്ലായെങ്കിൽ നമുക്ക് ഒരു പ്രയോജനവുമില്ല. താത്ത്വികമായ അറിവു

നമ്മെ ഗുണപ്പെടുത്തുന്നില്ല. നാം യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കേണ്ടിയിരിക്കുന്നു. അവനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുമ്പോൾ, അവന്റെ ജീവൻ നമ്മുടേതായിത്തീരുന്നു. യേശുവിന്റെ സ്നേഹം, യേശുവിന്റെ കൃപ നമ്മിൽ അലിഞ്ഞുചേരണം.

എന്നാൽ ഒരു വിശ്വാസിക്കു ക്രിസ്തുവിനോടുള്ള ബന്ധത്തെ വിശദമാക്കുന്നതിനു മേല്പറഞ്ഞ പ്രതീകങ്ങൾ അപര്യാപ്തമാണ്. യേശു പറയുന്നു: "ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവിൻമൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എൻമൂലം ജീവിക്കും." ദൈവത്തിന്റെ പുത്രൻ പിതാവിലുള്ള വിശ്വാസത്താൽ ജീവിച്ചതുപോലെ നാമും ക്രിസ്തുവിലുള്ള വിശ്വാസത്താൽ ജീവിക്കണം. തന്റെ ജീവിതത്തിൽ പിതാവു മാത്രം കാണപ്പെടുവാൻ ഇടയാകുമാറു യേശുക്രിസ്തു പൂർണ്ണമായി പിതാവിനു സമർപ്പിച്ചു. നമ്മെപ്പോലെ യേശു എല്ലാറ്റിലും പരീക്ഷിക്കപ്പെട്ടെങ്കിലും ഒരു തിന്മയും തന്നെ ബാധിച്ചില്ല. ക്രിസ്തുവിന്റെ വിജയം നമുക്കൊരു മാതൃകയാണ്.

നിങ്ങൾ ക്രിസ്തുവിന്റെ ഒരനുഗാമിയാണോ? അങ്ങനെയെങ്കിൽ ആത്മീയ ജീവിതത്തെക്കുറിച്ച് എഴുതപ്പെട്ടതെല്ലാം നിങ്ങൾക്കുവേണ്ടി എഴുതപ്പെട്ടതാണ്. നിങ്ങൾ യേശുവുമായി ഈടാർന്ന ബന്ധം പുലർത്തുമ്പോൾ, ആ ആത്മീയ ജീവിതം സ്വായത്തമായിത്തീരുന്നു. നിങ്ങളുടെ ഉത്സാഹം ക്ഷയോന്മുഖമായിരിക്കുകയാണോ? നിങ്ങളുടെ ആദ്യസ്നേഹം തണുത്തുപോയോ? നിങ്ങൾക്കായി ദാനം ചെയ്തിരിക്കുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ സ്വീകരിക്കുക. അവന്റെ മാംസം തിന്നുകയും അവന്റെ രക്തം കുടിക്കുകയും ചെയ്യുക. അങ്ങനെ നിങ്ങൾ പിതാവിനോടും പുത്രനോടും കൂടെ ഒന്നായിത്തീരും.

രക്ഷകന്റെ വാക്കുകളെ അവിശ്വാസികളായ യെഹൂദന്മാർ അക്ഷരികമായി എടുത്തു. അവർക്കു നല്കപ്പെട്ട ന്യായപ്രമാണമനുസരിച്ചു രക്തം ഭക്ഷിക്കുന്നതു വിലക്കപ്പെട്ടിരുന്നു. ക്രിസ്തുവിന്റെ വാക്കുകളിൽ ദൈവദൂഷണം അവർ കണ്ടെത്തി. അതിനെക്കുറിച്ച് അവരുടെ ഇടയിൽ സംസാരം ഉണ്ടായി. ശിഷ്യന്മാരിൽ ചിലർ പറഞ്ഞു: "ഇതു കഠിനവാക്ക്; ഇത് ആർക്കു കേൾപ്പാൻ കഴിയും?"

യേശു അവരോടു ചോദിച്ചു: "ഇതു നിങ്ങൾക്ക് ഇടർച്ചയാകുന്നുവോ? മനുഷ്യപുത്രൻ മുമ്പേ ഇരുന്നേടത്തേക്കു കയറിപ്പോകുന്നതു നിങ്ങൾ കണ്ടാലോ? ജീവിപ്പിക്കുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു."

ലോകത്തിനു ജീവനെ നല്കുന്ന ക്രിസ്തുവിന്റെ ജീവൻ അവന്റെ വചനമാകുന്നു. തന്റെ വചനത്താലത്രേ യേശു രോഗങ്ങൾ സൗഖ്യമാക്കിയതും, ഭൂതങ്ങളെ പുറത്താക്കിയതും. തന്റെ വചനത്താൽ യേശു കടലിനെ ശാന്തമാക്കി; മരിച്ചവരെ ഉയിർപ്പിച്ചു. യേശുവിന്റെ വചനം അധികാരത്തോടു കൂടി

യുള്ളതായിരുന്നുവെന്നു ജനം സാക്ഷ്യം പറഞ്ഞു. പഴയനിയമകാലത്തെ പ്രവാചകന്മാരിൽക്കൂടെയും ഗുരുക്കന്മാരിൽക്കൂടെയും ദൈവവചനം നല്കപ്പെട്ടിട്ടുള്ളതുപോലെ, ക്രിസ്തു ദൈവവചനം ജനത്തിനു നല്കി. തിരുവെഴുത്തുകൾ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു. തന്റെ അനുഗാമികളെ വിശ്വാസവചനത്തിന്മേൽ ഉറപ്പിക്കുവാൻ കർത്താവ് ആഗ്രഹിച്ചു. തന്റെ സാന്നിദ്ധ്യം അവരോടുകൂടെ ഇല്ലാതാവുമ്പോൾ, അവരുടെ ശക്തിയുടെ ഉറവിടം വചനം ആയിരിക്കണം. തന്നെപ്പോലെ അവരും "ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനംകൊണ്ടും" ജീവിക്കേണ്ടവരാണ് (മത്തായി 4:4).

ആഹാരം നമ്മുടെ ജീവൻ നിലനിർത്തുന്നതുപോലെ ദൈവവചനമത്രേ, നമ്മുടെ ആത്മീയജീവൻ നിലനിർത്തുന്നത്. ഓരോ വ്യക്തിയും സ്വന്ത വളർച്ചയ്ക്കു ദൈവവചനത്തിൽനിന്നു ശക്തി പ്രാപിക്കണം. ഓരോരുത്തർക്കും ശാരീരിക പോഷണത്തിന് അവനവൻ ആഹാരം കഴിക്കേണ്ടത് ആവശ്യമായിരിക്കുന്നതുപോലെ ആത്മീയ പരിപോഷണത്തിന് ഓരോ വ്യക്തിയും വചനം ഭക്ഷിക്കണം. മറ്റൊരു വ്യക്തിയുടെ അഭിപ്രായമല്ല നാം സ്വീകരിക്കേണ്ടത്. വചനം ശരിയായി ഗ്രഹിക്കേണ്ടതിനു പരിശുദ്ധാത്മ സഹായത്തിനുവേണ്ടി നാം പ്രാർത്ഥിച്ചുകൊണ്ടു വേദപുസ്തകം പഠിക്കണം. ഒരു വചനം എടുത്തുകൊണ്ട് അതിൽ അടങ്ങിയിരിക്കുന്ന സത്യം നാം ഗ്രഹിക്കണം. നമ്മുടെ മനസ്സിൽ ഓരോ സത്യവും പതിയുന്നതിനു നമ്മുടെ മുഴുശ്രദ്ധയും അതിൽ കേന്ദ്രീകരിക്കണം.

ഓരോ വ്യക്തിക്കും ഉള്ള ദൂതാണു യേശുവിന്റെ വാഗ്ദത്തങ്ങളിലും മുന്നറിയിപ്പുകളിലുമുള്ളത്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന അനുഭവങ്ങൾ ഓരോ വിശ്വാസിയും സ്വായത്തമാക്കേണ്ടതാണ്. പ്രാർത്ഥനയും വാഗ്ദത്തവും ഉപദേശവും മുന്നറിയിപ്പും വ്യക്തിപരമായി ഓരോരുത്തരും സ്വീകരിക്കേണ്ടതാണ്. "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്" (ഗലാ. 2:20). വിശ്വാസത്താൽ സത്യത്തെ നാം ഉൾക്കൊള്ളുമ്പോൾ അതു നമ്മുടെ ഭാഗമായിത്തീരുന്നു. ദൈവവചനം ആത്മാവിലേക്കു കടന്നുചെല്ലുമ്പോൾ, അതു ചിന്തകളെ രൂപപ്പെടുത്തുകയും സ്വഭാവത്തെ വികസിപ്പിക്കുകയും ചെയ്യുന്നു.

വിശ്വാസത്തിന്റെ കണ്ണുകൊണ്ടു യേശുവിനെ നോക്കുമ്പോൾ നാം ശക്തരായിത്തീരും. വിശന്നും ദാഹിച്ചും ഇരിക്കുന്ന തന്റെ ജനത്തിന്, ദൈവം ഏറ്റവും വിലയേറിയ വെളിപ്പാടുകൾ നല്കും. ക്രിസ്തു ആത്മരക്ഷകനെന്നു നാം മനസ്സിലാക്കും. അവന്റെ വചനം ഭക്ഷിക്കുന്നവർക്ക് അത് ആത്മാവും

ജീവനുമെന്നു കാണുവാൻ സാധിക്കും. പ്രാകൃതവും ഭൗമികവുമായ സ്വഭാവത്തെ ദൈവവചനം സംസ്കരിച്ചെടുക്കുന്നു. ക്രിസ്തുയേശുവിൽ അതു പുതുജീവനെ പ്രദാനം ചെയ്യുന്നു. പരിശുദ്ധാത്മാവ് ആശ്വാസപ്രദനായി ആത്മാവിലേക്കു കടന്നുവരുന്നു. രൂപാന്തരപ്പെടുത്തുവാൻ കഴിവുള്ള ദൈവകൃപയാൽ, ദൈവത്തിന്റെ സ്വരൂപം ദൈവപൈതലിൽ പുനഃസ്ഥാപിക്കപ്പെടുന്നു. അവൻ ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു. വിദ്വേഷത്തിനു പകരം സ്നേഹം അവനിൽ സംജാതമാകുന്നു. ഹൃദയം ദിവ്യസാദൃശ്യം പ്രാപിക്കുന്നു. "ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു" എന്നതിന്റെ അർത്ഥം ഇതാണ്. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഭക്ഷിക്കുക എന്നാൽ ഇതാകുന്നു.

ക്രിസ്തുവും അനുയായികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു കർത്താവു സംസാരിച്ചു. തന്റെ ശിഷ്യന്മാർ എന്നവകാശപ്പെട്ടിരുന്നവരുടെ സ്വഭാവം ക്രിസ്തുവിനറിയാമായിരുന്നു. ക്രിസ്തുവിന്റെ വാക്കുകൾ അവരുടെ വിശ്വാസത്തെ ശോധന ചെയ്തു. തന്റെ ഉപദേശങ്ങൾ അവർ സ്വീകരിക്കണമെന്നും പ്രാവർത്തികമാക്കണമെന്നും യേശു പറഞ്ഞു. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർ തന്റെ ദിവ്യസ്വഭാവത്തോടു പങ്കാളികളായിത്തീരേണ്ടതാണ്. അവർ ലോകമോഹങ്ങളെ വെടിയേണ്ടതുമാണ്. പൂർണ്ണസമർപ്പണം അവരിൽനിന്നു കർത്താവു പ്രതീക്ഷിക്കുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ സ്വയത്തെ വെടിയുന്നവരും വിനയവും സൗമ്യതയുള്ളവരുമായിരിപ്പാനും ക്രിസ്തു ആഗ്രഹിക്കുന്നു. യേശു നടന്ന പാതയിലൂടെ നടന്നുവെങ്കിൽ മാത്രമേ ക്രിസ്തുവിന്റെ അനുയായികൾക്കു സ്വർഗ്ഗീയസൗഭാഗ്യത്തിൽ പങ്കുചേരാൻ സാധിക്കുകയുള്ളൂ. ഇടുക്കവും ഞെരുക്കവുമുള്ള വഴിയാണു ക്രിസ്ത്യാനിയുടേത് എന്നു ക്രിസ്തു പറഞ്ഞു.

ക്രിസ്തുവിനെ ബലം പ്രയോഗിച്ചു രാജാവാക്കുവാൻ ശ്രമിച്ചവരുടെ ഉത്സാഹം തണുത്തുപോയി. ദൈവാലയത്തിൽവച്ചു കേട്ട ക്രിസ്തുവിന്റെ പ്രസംഗം അവരുടെ കണ്ണുകളെ തുറന്നു. ക്രിസ്തുവുമായി ബന്ധം പുലർത്തിയാൽ ഭൗമികമായ പ്രതിഫലമൊന്നും കിട്ടുകയില്ലായെന്ന് അവർക്കു ബോധ്യമായി. യേശുവിന്റെ അത്ഭുതങ്ങൾ അവർക്കു ഹിതകരമായിരുന്നു. രോഗദുഃഖാദികളിൽനിന്നു മോചനം ലഭിക്കുന്നതും അവർ സ്വാഗതം ചെയ്തു. എന്നാൽ യേശുവിൽ കണ്ട ത്യാഗമനോഭാവത്തോടു യോജിപ്പാൻ അവർക്കു മനസ്സുണ്ടായിരുന്നില്ല. ക്രിസ്തുവിന്റെ ആത്മീയരാജ്യത്തിൽ അവർ ഒട്ടും തൽപരരായിരുന്നില്ല. സ്വാർത്ഥമതികളും ഭൗതികസുഖങ്ങൾ മാത്രം കാംക്ഷിച്ചവരുമായ ജനങ്ങൾ യേശുവുമായുള്ള സഖിത്വം ആഗ്രഹിച്ചില്ല. റോമാ ഭരണത്തിൽനിന്നു വിടുതൽ കിട്ടുവാൻ തന്റെ ശക്തി ഉപയോഗിക്കുന്നില്ലെങ്കിൽ യേശുവുമായി തങ്ങൾക്ക് ഒരു കാര്യവുമില്ലായെന്ന് അവർ പറഞ്ഞു.

യേശു അവരോടായി പറഞ്ഞു: "എങ്കിലും വിശ്വസിക്കാത്തവർ നിങ്ങളുടെ ഇടയിൽ ഉണ്ട്." "ഇതു ഹേതുവായിട്ടത്രേ ഞാൻ നിങ്ങളോട്: പിതാവു കൃപ നൽകീട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല

എന്നു പറഞ്ഞത്.” പരിശുദ്ധാത്മാവ് അവരുടെ ഹൃദയങ്ങളെ തുറന്നെങ്കിൽ മാത്രമേ, തന്നിലേക്ക് അവർക്കു വരുവാൻ കഴികയുള്ളൂവെന്നു യേശു പറഞ്ഞു. “എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അത് അവനു ഭോഷത്വമാകുന്നു. ആത്മികമായി വിവേചിക്കേണ്ട താകയാൽ അത് അവനു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല” (1 കൊരി. 2:14). വിശ്വാസത്താലത്രേ ആത്മാവു യേശുവിന്റെ മഹത്വം കാണുന്നത്. പരിശുദ്ധാത്മാവിൽക്കൂടെ ഒരുവനിൽ വിശ്വാസം ജ്വലിപ്പിക്കപ്പെടുന്നതുവരെ, ഈ മഹത്വം മറയ്ക്കപ്പെട്ടിരിക്കുകയാണ്.

തങ്ങളുടെ അവിശ്വാസത്തിനു പരസ്യമായ ശകാരം ലഭിച്ചപ്പോൾ യേശുവിനെ അനുഗമിച്ചിരുന്ന ഈ ആളുകൾ യേശുവിൽനിന്ന് അകന്നു. അവർ അസംതൃപ്തരും, അസന്തുഷ്ടരുമായിരുന്നു. അവർ യേശുവിനെ വിട്ടുപോയി. അവരുടെ തീരുമാനത്തിന് അവർ തന്നെ ഉത്തരവാദികളായിരുന്നു. ആത്മാവിനെ ത്യജിച്ചിട്ട്, രൂപത്തെ അവർ തെരഞ്ഞെടുത്തു. കാമ്പ് എടുക്കാതെ പുറന്തോടിനെ അവർ സ്വീകരിച്ചു. പിന്നീടൊരിക്കലും അവരുടെ തീരുമാനം മാറ്റിയില്ല. എന്തുകൊണ്ടെന്നാൽ അവർ പിന്നീടു യേശുവിനോടുകൂടെ നടന്നില്ല.

“വീശുമുറം അവന്റെ കയ്യിലുണ്ട്; അവൻ കളത്തെ മുറ്റും വെടിപ്പാക്കി ഗോതമ്പു കളപ്പുരയിൽ കൂട്ടിവയ്ക്കുകയും, പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളയുകയും ചെയ്യും” (മത്തായി 3:12). വെടിപ്പാക്കലിന്റെ സമയമായിരുന്നു അത്. സത്യവചനത്താൽ ഗോതമ്പിൽനിന്നു പതിർ നീക്കപ്പെടുകയായിരുന്നു. യേശുവിനെ ത്യജിച്ചവർ അഹംഭാവികളും, സ്വയനീതിയിൽ ആശ്രയിച്ചവരും, ശാസന കേൾപ്പാൻ വൈമനസ്യം ഉള്ളവരുമായിരുന്നു. യേശുവിന്റെ താഴ്മയെ സ്വീകരിപ്പാൻ കഴിയാതവണ്ണം അവർ ലോകപ്രിയരായി ത്തീർന്നു. ഇന്നും അനവധി ആളുകൾ അതുപോലെയാണ്. കഫർന്നഹൂമിലെ ദൈവാലയത്തിൽവച്ച് ഈ ആളുകൾ പരീക്ഷിക്കപ്പെട്ടതുപോലെ ഇന്നും പരീക്ഷിക്കപ്പെടുന്നു. സത്യം ഹൃദയത്തിനു വെളിപ്പെടുത്തിക്കൊടുക്കുമ്പോൾ, തങ്ങളുടെ ജീവിതം ദൈവഹിതപ്രകാരമല്ലായെന്ന് അവർക്കു ബോധ്യമാകുന്നു. ഒരു മാറ്റം തങ്ങൾക്കാവശ്യമെന്ന് അവർക്കു മനസ്സിലാകുന്നു. എന്നാൽ ത്യാഗം ചെയ്യുവാൻ അവർ ഒരുക്കമല്ല. തങ്ങൾ തെറ്റുള്ളവരെന്നു തെളിയിക്കപ്പെടുമ്പോൾ അവർ കോപിക്കുന്നു. “ഇതു കഠിനവാക്ക്; ഇത് ആർക്കു കേൾപ്പാൻ കഴിയും” എന്നു പിറുപിറുത്തുകൊണ്ടു പോയ ആളുകളെപ്പോലെ അവരും യേശുവിൽനിന്ന് അകന്നുപോകുന്നു.

മുഖസ്തുതിയും, പുകഴ്ത്തിപ്പറയുന്നതും അവർക്കു കർണ്ണാനന്ദകരമായിരിക്കും. സത്യം അവർക്ക് അസ്വീകാര്യമായിത്തീരുകയും ചെയ്യും. സത്യം കേൾപ്പാൻ അവർക്ക് ഇഷ്ടമില്ല. വലിയ ആൾക്കൂട്ടം ഉണ്ടായിരിക്കുകയും, വിജയധ്വനി കേൾക്കുകയും ചെയ്യുമ്പോൾ അവർ സന്തോഷിക്കുന്നു. എന്നാൽ പരിശുദ്ധാത്മാവ് അവരുടെ പാപങ്ങളെ വെളിപ്പെടുത്തുകയും അവയെ ഉപേക്ഷിപ്പാൻ ആവശ്യപ്പെടുകയും ചെയ്യുമ്പോൾ അവർ സത്യ

ത്തിനു പുറംതിരിഞ്ഞിരിക്കുന്നു. യേശുവിനോടുകൂടെ നടക്കുവാൻ അവർ ഇഷ്ടപ്പെടുന്നില്ല.

അവിശ്വാസംമൂലം യേശുവിനെ ഉപേക്ഷിച്ചുപോയ ജനം ദുരാത്മാവിന്റെ നിയന്ത്രണത്തിലായി. അവർക്കു യേശുവിൽ ആകർഷണീയമായി ഒന്നും കാണുവാൻ കഴിഞ്ഞില്ല. ഒരിക്കൽ അവർക്കു യേശു പ്രിയങ്കരനായിരുന്നു. എന്നാൽ യേശുവിന്റെ ജീവിതദർശനങ്ങൾ രുചിക്കാതെ വന്നപ്പോൾ അവർ യേശുവിന്റെ ശത്രുക്കളോടു കൂടെ ചേർന്നു. യേശുവിന്റെ ശത്രുക്കളുടെ ആദർശങ്ങളോടു യോജിക്കുവാൻ അവർക്ക് ഒരു പ്രയാസവുമില്ലായിരുന്നു. യേശുവിന്റെ വാക്കുകളെ അവർ തെറ്റായി വ്യാഖ്യാനിച്ചു. യേശുവിന്റെ ലക്ഷ്യ ങ്ങളെ അവർ വെല്ലുവിളിച്ചു. യേശുവിനെതിരായി സകല ശക്തികളെയും അവർ അണിനിരത്തി. യേശുവിനെതിരായി വ്യാജങ്ങൾ പരത്തി. യേശുവിന്റെ ജീവന് അവർ ഭീഷണിയായിത്തീർന്നു.

നസ്രായനായ യേശു മശീഹ അല്ലെന്നു സ്വയം പറഞ്ഞതായി അവർ വാർത്ത പ്രചരിപ്പിച്ചു. ഗലീലയിലെ ജനം ക്രിസ്തുവിനെതിരായി തിരിഞ്ഞു. അതിനുമുമ്പു യെഹൂദ്യയിലിതാണു സംഭവിച്ചത്. യിസ്രായേലിന് അയ്യോ കഷ്ടം! അവർ രക്ഷകനെ പരിത്യജിച്ചു. ഭൗമികമായ അധികാരം സ്ഥാപി ക്കുന്ന ഒരു ജേതാവിനെയാണു ജനം ആഗ്രഹിച്ചത്. നശിച്ചുപോകുന്ന അപ്പ ത്തിനുവേണ്ടി അവർ കാംക്ഷിച്ചു. നിത്യജീവനെ അവർ ഗണ്യമാക്കിയില്ല.

മനുഷ്യരുടെ ജീവനും വെളിച്ചവുമായവനെ പരിത്യജിച്ചിട്ടു പോകുന്ന തന്റെ ജനത്തെ യേശു ദുഃഖത്തോടെ നോക്കി. യെഹൂദന്മാർ യേശുവിന്റെ സ്നേഹത്തെ വിലമതിച്ചില്ല; യേശുവിന്റെ കരുണയെ അവർ അവഗണിച്ചു; യേശു നല്കുന്ന രക്ഷയെ അവർ തിരസ്കരിച്ചു; കാരുണ്യവാനായ യേശു വിന്റെ ഹൃദയത്തെ ഇതേറ്റവും മുറിപ്പെടുത്തി.

ദുഃഖിതനായ യേശു തന്റെ പന്ത്രണ്ടു ശിഷ്യന്മാരോടുമായി ചോദിച്ചു: “നിങ്ങൾക്കും പൊയ്ക്കൊൾവാൻ മനസ്സുണ്ടോ?”

ശിമോൻ പത്രൊസ് കർത്താവിനോട്, “കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്. നീ ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു.”

“ഞങ്ങൾ ആരുടെ അടുക്കൽ പോകും?” യിസ്രായേലിലെ ഗുരുക്കന്മാർ ആചാരങ്ങളുടെ അടിമകളായിരുന്നു. പരീശന്മാരും, സദൂക്യരും നിരന്തര വാഗ്വാദത്തിലായിരുന്നു. യേശുവിനെ വിട്ടുപോക എന്നാൽ ആചാരാനുഷ്ഠാന ങ്ങളിൽ മാത്രം താൽപര്യം കാണിക്കുകയും, സ്വന്ത മഹത്വത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ കൈകളിൽ വീഴുക എന്നതായിരുന്നു. തങ്ങളുടെ പഴയ ജീവിതത്തിലുണ്ടായിരുന്നതിനെക്കാൾ സമാധാനവും സന്തോഷവും ക്രിസ്തുവിനെ സ്വീകരിച്ചതിനുശേഷം ശിഷ്യന്മാർ അനു ഭവിച്ചു. പാപികളുടെ സ്നേഹിതനെ പഴിക്കയും പീഡിപ്പിക്കയും ചെയ്തവ

രുടെ അടുത്തേക്ക് എങ്ങനെ തിരിച്ചുപോകാൻ കഴിയും? അനേക നാളുക ളായി അവർ മശീഹയെ കാത്തിരിക്കുകയായിരുന്നു. ഇപ്പോൾ മശീഹ വന്നിരിക്കുന്നു. മശീഹയുടെ സന്നിധി വിട്ട്, അവനെ ഉപദ്രവിക്കുന്നവരുടെ സമീപത്തേക്ക് എങ്ങനെ പോകാൻ കഴിയും?

"ഞങ്ങൾ ആരുടെ അടുക്കൽ പോകും?" ക്രിസ്തുവിന്റെ ഉപദേശ ത്തിൽനിന്ന് അവിശ്വാസത്തിന്റെയും ദുഷ്ടതയുടെയും അന്ധകാരത്തിലേക്കു പോകുവാൻ കഴിയുകയില്ല. ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികൾ കണ്ട അനവധി ആളുകൾ ക്രിസ്തുവിനെ ത്യജിച്ചപ്പോൾ, പത്രൊസ് ശിഷ്യന്മാരുടെ വിശ്വാസത്തെ ഉച്ചത്തിൽ പ്രകാശിപ്പിച്ചു. "നീ ക്രിസ്തുവാകുന്നു." ആത്മാ വിന്റെ നങ്കൂരമായ ഈ വിശ്വാസം നഷ്ടപ്പെടുക എന്ന ചിന്ത ശിഷ്യന്മാരുടെ ഹൃദയത്തെ ഭയത്തിൽ ആഴ്ത്തി. ഒരു രക്ഷകൻ ഇല്ലാത്ത അവസ്ഥ, അന്ധ കാരവും കൊടുങ്കാറ്റുമുള്ള കടലിൽ നിയന്ത്രണമില്ലാതെ ഒഴുകിനടക്കുന്ന ഒരു യാനപാത്രംപോലെ ആയിരുന്നു.

പരിമിതികളുള്ള മനസ്സിന്, യേശുവിന്റെ പല പ്രസ്താവനകളും പ്രവൃത്തി കളും ദുർഗ്രഹമായി അനുഭവപ്പെട്ടേക്കാം. എന്നാൽ യേശുവിന്റെ എല്ലാ വാക്കുകളും പ്രവൃത്തികളും മനുഷ്യന്റെ വീണ്ടെടുപ്പിനുവേണ്ടിയുള്ളതായി രുന്നു. ഓരോ വാക്കും നല്ല ഫലം പുറപ്പെടുവിക്കുവാൻവേണ്ടി ഉച്ചരിക്കപ്പെട്ടു. യേശുവിന്റെ ഉദ്ദേശ്യങ്ങൾ ഗ്രഹിപ്പാൻ നാം പ്രാപ്തരാണെങ്കിൽ അവന്റെ എല്ലാ വാക്കുകളും പ്രവർത്തനങ്ങളും തന്റെ ദൗത്യത്തോടു പൂർണ്ണയോജി പ്പുള്ളതായി നമുക്കു കാണുവാൻ കഴിയും.

ദൈവത്തിന്റെ പ്രവൃത്തികളും വഴികളും നമുക്ക് ഇപ്പോൾ ഗ്രഹിപ്പാൻ കഴിവില്ലെങ്കിലും, ഒരു കാര്യം നമുക്കു വ്യക്തമായി മനസ്സിലാക്കാം. യേശുവു മായി അടുത്തു ജീവിക്കുന്നവർക്കു ദൈവത്തിന്റെ നിഗൂഢതയുടെ നല്ല പങ്കും മനസ്സിലാക്കുവാൻ കഴിയും. മനുഷ്യസ്വഭാവത്തെ മാറ്റുരച്ചു നോക്കു ന്നതും, ഹൃദയവിചാരങ്ങളെ വെളിച്ചത്തു കൊണ്ടുവരുന്നതും, ശാസന നല്കുന്നതുമായ ദൈവത്തിന്റെ കരുണ ദൈവപൈതൽ മനസ്സിലാക്കും.

യേശുവിനെ അനുഗമിച്ച അനേകം പേർ പിന്തിരിഞ്ഞുപോകുവാൻ കാരണ മാക്കിയ സത്യം യേശു പറഞ്ഞപ്പോൾ, അതെന്തു ഫലമുണ്ടാക്കുമെന്നു ക്രിസ്തുവിനറിയാമായിരുന്നു. എന്നാൽ തന്റെ കൃപയുടെ ദൗത്യം പൂർത്തീ കരിക്കേണ്ടതാവശ്യമായിരുന്നു. പരീക്ഷയുടെ നാഴികയിൽ തന്റെ എല്ലാ ശിഷ്യന്മാരും അഗ്നിശോധനയിലൂടെ കടന്നുപോകേണ്ടിവരുമെന്നു ക്രിസ്തു വിനു മുൻകൂട്ടി അറിയാമായിരുന്നു. ഗെത്ശേമനയും, ക്രൂശിതമരണവു മെല്ലാം തന്റെ ശിഷ്യന്മാർക്ക് അഗ്നിപരീക്ഷയായിരിക്കുമെന്നു യേശു കണ്ടു. അതിനു മുമ്പായി അവർ ഒരു ശോധനയിൽക്കൂടെ കടക്കുന്നില്ലായെങ്കിൽ, സ്വാർത്ഥഹൃദയമുള്ള പലരുടെയും സ്വാധീനവലയത്തിൽ അവർ പെട്ടു പോകുമായിരുന്നു. യേശു ന്യായപീഠത്തിന്റെ മുമ്പാകെ കൊണ്ടുവരപ്പെട്ടപ്പോൾ, ഒരിക്കൽ ഹോശന്നാ പാടിയവർ, "ക്രൂശിക്ക, ക്രൂശിക്ക" എന്ന് ആർത്തട്ട ഹസിച്ചു. യേശുവിനോട് അവർക്കുണ്ടായിരുന്ന ഭക്ത്യാദരങ്ങൾ എന്നേ നഷ്ട

പ്പെട്ടുപോയിരുന്നു. ഭഗ്നാശയരായിരുന്ന ശിഷ്യന്മാർക്ക് ഈ ജനത്തിന്റെ പെരുമാറ്റം കഠിനദുഃഖം നല്കി. കർത്താവിന്റെ ജീവിതത്തിലെ അന്ധകാര പൂർണ്ണമായ നാഴികയിൽ തന്റെ യഥാർത്ഥ ശിഷ്യന്മാരുടെ വിശ്വാസം തകർന്നുപോകാതിരിക്കേണ്ടതിനായിരുന്നു മുൻകൂട്ടിത്തന്നെ അവരെ ഒരു ദുർഘടസന്ധിയെ അഭിമുഖീകരിക്കുവാൻ കർത്താവ് അനുവദിച്ചത്.

സ്നേഹവാനായ കർത്താവ്, തന്റെ ഭാവി എങ്ങനെയുള്ളതാണെന്നറിഞ്ഞിട്ടും, തന്റെ ശിഷ്യന്മാരുടെ പാതയെ സുഗമമാക്കിത്തീർത്തു. അവരെ പരിശോധനയ്ക്ക് ഒരുക്കുകയും, ശക്തീകരിക്കുകയും ചെയ്തു.

# 42

# പാരമ്പര്യം

അവലംബം: മത്തായി 15:1–20; മർക്കൊസ് 7:1–23

ശാസ്ത്രിമാരും പരീശന്മാരും യേശുവിനെ പെസഹാനാളിൽ കാണാമെന്ന പ്രതീക്ഷയോടെ അവനായി ഒരു കെണി ഒരുക്കിയിരുന്നു. എന്നാൽ അവരുടെ അന്തർഗ്ഗതം മനസ്സിലാക്കിയ യേശു അവരുടെ കൂട്ടത്തിൽ സന്നിഹിതനായില്ല. "അനന്തരം യെരൂശലേമിൽനിന്നു പരീശന്മാരും ശാസ്ത്രിമാരും യേശുവിന്റെ അടുക്കൽ വന്നു." യേശുവിനെ കാണാത്തതുകൊണ്ടാണു പരീശന്മാർ യേശുവിന്റെ അടുക്കൽ വന്നത്. ഗലീലക്കാർ യേശുവിനെ മശീഹയായി സ്വീകരിക്കുമെന്നു പരീശന്മാർ ഭയപ്പെട്ടു. ആ പ്രദേശത്തു തങ്ങൾക്കുണ്ടായിരുന്ന സ്വാധീനം നഷ്ടപ്പെടുമെന്ന് അവർ കരുതി. ക്രിസ്തുവിന്റെ ശുശ്രൂഷയുടെ പ്രവർത്തനം വ്യാപിക്കുന്നതും ക്രിസ്തുവിന്റെ ശിഷ്യന്മാർ സുവിശേഷദൗത്യവുമായി പലയിടങ്ങളിൽ പോയതുമെല്ലാം അവരിൽ അസൂയ ജനിപ്പിച്ചു. ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ആദ്യനാളുകളിൽ, കഫർന്നഹൂമിൽ ചെന്ന പരീശന്മാരുടെ ചാരന്മാർ ശബ്ബത്തുലംഘനമെന്ന കുറ്റമാണു യേശുവിന്റെമേൽ ചുമത്തിയിരുന്നത്. ചാരന്മാർക്ക് ഒരു കുറ്റവും

യേശുവിനെതിരായി കണ്ടുപിടിക്കാൻ കഴിയാത്തതിൽ കുണ്ഠിതമുണ്ടായി. എന്നാൽ റബ്ബിമാർ ദൃഢനിശ്ചയത്തോടെ യേശുവിനെതിരായി പ്രവർത്തിച്ചു കൊണ്ടിരുന്നു. വേറെ സംഘത്തെ, യേശുവിന്റെ നീക്കങ്ങളെ ശ്രദ്ധിക്കുവാനും യേശുവിനെതിരായി കുറ്റങ്ങൾ കണ്ടുപിടിക്കുവാനും അവർ അയച്ചു.

അങ്ങനെ വന്നവർ ഉന്നയിച്ച മുഖ്യ ആരോപണം, യേശു പിതൃപാരമ്പര്യങ്ങളെ ലംഘിക്കുന്നുവെന്നായിരുന്നു. ദൈവകല്പനയ്ക്കു നിരക്കാത്തതിനാലായിരുന്നു യേശു പാരമ്പര്യചട്ടങ്ങളോട് എതിർപ്പു പ്രകടിപ്പിച്ചത്. ദൈവകല്പനയുടെ അനുഷ്ഠാനങ്ങളെ പരിരക്ഷിക്കുന്നതിനായിരുന്നു, ഈ പാരമ്പര്യചട്ടങ്ങളെ ദൈവകല്പനയെക്കാൾ ബഹുമാനിച്ചത്. പാരമ്പര്യാചാരങ്ങൾ ദൈവകല്പനയ്ക്കു നിരക്കാത്തതായി വരുമ്പോൾ, ദൈവകല്പനയെക്കാൾ പ്രാമുഖ്യം, പരീശന്മാർ അവയ്ക്കു നല്കി.

ഔപചാരികമായ ശുദ്ധീകരണപ്രക്രിയകൾക്ക് അവർ അതിർകടന്ന പ്രാധാന്യം നല്കിയിരുന്നു. ആഹാരത്തിനുമുമ്പ് ഈ ശുദ്ധീകരണത്തിനു വീഴ്ച വരുത്തുന്നത് ഒരു പാപമായി പരീശന്മാർ കരുതി. ഈ ആചാരം ലംഘിക്കുന്നവരെ നശിപ്പിക്കുന്നത് ഒരു സൽക്കർമ്മമായി അവർ വിശ്വസിച്ചു.

ശുദ്ധീകരണ നിയമങ്ങൾ അനവധിയായിരുന്നു. ഇവയെല്ലാം പഠിക്കുന്നതിന് ഒരു ജീവിതകാലം തികയുകയില്ല. പുരോഹിതന്മാർ അനുശാസിച്ചിരുന്ന ചട്ടങ്ങളെല്ലാം അനുഷ്ഠിക്കുവാൻ ശ്രമിച്ചവരുടെ ജീവിതകാലമെല്ലാം ഒരു പോരാട്ടമായിരുന്നു. അവസാനമില്ലാത്ത ശുദ്ധീകരണങ്ങളും കഴുകലും കൊണ്ട് അവരുടെ ജീവിതം നിറഞ്ഞിരുന്നു. അപ്രധാനമായ ഇമ്മാതിരി അനുഷ്ഠാനങ്ങളിൽ ജനം മുഴുകിയപ്പോൾ, ദൈവകല്പനയുടെ ശ്രേഷ്ഠതത്വങ്ങളിൽനിന്ന് അവരുടെ ശ്രദ്ധമാറി.

യേശുവും ശിഷ്യന്മാരും ഈ ഔപചാരിക ശുദ്ധീകരണ നിയമങ്ങൾ പാലിച്ചിരുന്നില്ല. ഒറ്റുകാർക്ക് ആരോപണം ഉന്നയിക്കുവാൻ ഇതൊരു കാരണമായി. എന്തായിരുന്നാലും, ക്രിസ്തുവിന്റെ നേരെ ഈ ആരോപണം ഉന്നയിക്കാതെ, ശിഷ്യന്മാരെ കുറ്റപ്പെടുത്തിക്കൊണ്ടാണ് അവർ ക്രിസ്തുവിനെ നേരിട്ടത്. ജനക്കൂട്ടത്തിനിടയിൽവച്ച് അവർ പറഞ്ഞു: “നിന്റെ ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം ലംഘിക്കുന്നതെന്ത്? അവർ ഭക്ഷിക്കുമ്പോൾ കൈകഴുകുന്നില്ലല്ലോ.”

എപ്പോഴെങ്കിലും സത്യത്തിന്റെ ദൂതു പ്രത്യേക ശക്തിയോടുകൂടെ ജനഹൃദയങ്ങളിലേക്കു കടന്നുവരുമ്പോൾ, സാത്താൻ ഏതെങ്കിലും ചെറിയ കാര്യത്തെക്കുറിച്ചു വാദപ്രതിവാദം ഉണ്ടാക്കുന്നതിനു തന്റെ കിങ്കരന്മാരെ ഇളക്കിവിടുന്നു. ഇങ്ങനെ പ്രാധാന്യമേറിയ കാര്യത്തിൽനിന്നു ജനശ്രദ്ധ അകറ്റാൻ സാത്താൻ ശ്രമിക്കുന്നു. എപ്പോഴെങ്കിലും ഒരു നല്ല പ്രവൃത്തി ആരംഭിക്കുമ്പോൾ, യാഥാർത്ഥ്യങ്ങളിൽനിന്നു മനുഷ്യമനസ്സുകളെ അകറ്റാനായി, ബാഹ്യരൂപങ്ങളെയും, സാങ്കേതികത്വങ്ങളെയും കുറിച്ചു വാദപ്രതിവാദങ്ങളിൽ ഏർപ്പെടുവാൻ താർക്കികർ ഒരുങ്ങിയിരിക്കുന്നു. ദൈവം തന്റെ ജനത്തിനുവേണ്ടി പ്രത്യേക രീതിയിൽ ഒരു പ്രവൃത്തി ചെയ്യാൻ പോകുമ്പോൾ,

ആത്മാക്കളുടെ നാശത്തിനു മാത്രം ഉതകുന്ന വാദപ്രതിവാദങ്ങളിൽ ദൈവ ജനം ഏർപ്പെടാതിരിക്കട്ടെ. "ഞാൻ ദൈവപുത്രനെ എന്റെ രക്ഷകനായി വിശ്വസിക്കുന്നുവോ? ദൈവകല്പനയ്ക്കനുസൃതമായിട്ടാണോ, എന്റെ ജീവിതം?" ഇവയായിരിക്കേണം ഗൗരവമായി നാം ചിന്തിക്കേണ്ട കാര്യങ്ങൾ. "പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്; പുത്രനെ അനുസരി ക്കാത്തവനോ, ജീവനെ കാണുകയില്ല." "അവന്റെ കല്പനകളെ പ്രമാണി ക്കുന്നുവെങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നുവെന്ന് അതിനാൽ അറി യുന്നു" (യോഹ. 3:36; 1 യോഹ. 2:3).

തന്നെയോ, തന്റെ ശിഷ്യന്മാരെയോ ന്യായീകരിക്കുന്നതിനു യേശു ശ്രമി ച്ചില്ല. തന്റെമേലുള്ള ആരോപണങ്ങളെക്കുറിച്ചും യേശു ഒന്നും പറഞ്ഞില്ല. എന്നാൽ മാനുഷിക സമ്പ്രദായങ്ങൾക്കു വേണ്ടി നിലകൊണ്ട ഈ ആരോ പണകർത്താക്കളുടെ മനോഭാവത്തെ യേശു തുറന്നുകാട്ടുകതന്നെ ചെയ്തു. അവർ ആവർത്തിച്ചു ചെയ്തുകൊണ്ടിരുന്ന കാര്യത്തിന്റെ ഒരു മാതൃക തന്നെ യേശു അവർക്കു കാട്ടിക്കൊടുത്തു. യേശുവിനെ അന്വേഷിച്ചു വരുന്ന തിനു തൊട്ടുമുമ്പ് അവർ അതു ചെയ്തിരുന്നു. "നിങ്ങൾ ദൈവകല്പന വിട്ടുകളഞ്ഞു മനുഷ്യരുടെ സമ്പ്രദായം പ്രമാണിക്കുന്നു." പിന്നെ യേശു അവ രോടു പറഞ്ഞത്: "നിങ്ങളുടെ സമ്പ്രദായം പ്രമാണിപ്പാൻ വേണ്ടി നിങ്ങൾ ദൈവകല്പന തള്ളിക്കളയുന്നതു നന്നായി. നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും, അപ്പനെയോ അമ്മയെയോ പ്രാകുന്നവൻ മരിക്കേണം എന്നും മോശെ പറഞ്ഞുവല്ലോ. നിങ്ങളോ, ഒരു മനുഷ്യൻ അപ്പനോടോ അമ്മയോടോ: നിനക്ക് എന്നാൽ ഉപകാരമായി വരേണ്ടതു വഴിപാട് എന്നർത്ഥ മുള്ള 'കൊർബ്ബാൻ' എന്നു പറഞ്ഞാൽ മതി എന്നു പറയുന്നു. തന്റെ അപ്പനോ അമ്മയ്ക്കോ മേലാൽ ഒന്നും ചെയ്‌വാൻ അവനെ സമ്മതിക്കുന്നതുമില്ല." അഞ്ചാമത്തെ കല്പനയ്ക്കു പരീശന്മാർ ഒരു പ്രാധാന്യവും നല്കിയില്ല. എന്നാൽ മതനേതാക്കൾ നിർമ്മിച്ച പാരമ്പര്യസമ്പ്രദായങ്ങളെ കർശനമായി പാലിക്കുകയും ചെയ്തിരിക്കുന്നു. തങ്ങളുടെ വസ്തുസമ്പത്തുകൾ ദൈവാ ലയത്തിനു നിവേദിക്കുന്നത്, മാതാപിതാക്കളെ സംരക്ഷിക്കുന്നതിനെക്കാൾ പാവനമായ ഒരു കർമ്മമാണെന്ന് അവർ ജനത്തെ പഠിപ്പിച്ചു. ഇപ്രകാരം നിവേദിക്കപ്പെട്ട വസ്തുക്കൾ എടുത്തു മാതാപിതാക്കൾക്കു നല്കുന്നത് - അത് എത്ര അത്യാവശ്യമെന്നു തോന്നിയിരുന്നാൽ തന്നെയും - ദൈവദൂഷണ മായി കരുതപ്പെട്ടു. ചുമതലയില്ലാത്തവനായ ഒരു മകൻ, തന്റെ വസ്തുവിനെ സംബന്ധിച്ച് 'കൊർബ്ബാൻ' അഥവാ വഴിപാട് എന്നു പറഞ്ഞു ദൈവത്തിനു നിവേദിച്ചാൽ, തന്റെ ജീവിതകാലത്ത് അതു സ്വന്തമായി വച്ചുകൊണ്ടിരി ക്കുകയും, കാലശേഷം ദൈവാലയത്തിന്റെ സ്വത്തായിത്തീരുകയും ചെയ്യും. അങ്ങനെ ജീവിതകാലത്തും, മരണശേഷവും ദൈവഭക്തിയുടെ പുറംചട്ട ധരിച്ചുകൊണ്ടു മാതാപിതാക്കളെ അപമാനിക്കുവാനും വഞ്ചിക്കുവാനുമുള്ള സ്വാതന്ത്ര്യം മക്കൾക്കുണ്ടായിരുന്നു.

ദൈവത്തിനു മനുഷ്യൻ നല്കേണ്ട വഴിപാടുകളെയും, സ്വമേധാദാനങ്ങ ളെയും യേശുക്രിസ്തു വാക്കിലോ, പ്രവൃത്തിയിലോ ഒരിക്കലും ചെറുതാ

ക്കിയിട്ടില്ല. ദശാംശങ്ങളും സ്തോത്രയാഗങ്ങളും ക്രിസ്തു സഭയ്ക്കു നല്കിയിട്ടുള്ള പദവികളാണ്. തന്റെ മുഴുസമ്പാദ്യവും ഭണ്ഡാരത്തിൽ കാഴ്ചവച്ച സ്ത്രീയെ ക്രിസ്തു വളരെ പ്രശംസിച്ചു. എന്നാൽ പുരോഹിതന്മാരും, റബ്ബിമാരും കാട്ടിയ ബാഹ്യമായ ദൈവഭക്തി, സ്വാർത്ഥതയെ മൂടിവയ്ക്കാനുള്ള ഒരു പ്രഹസനം മാത്രമായിരുന്നു. അവർ ജനങ്ങളെ വഞ്ചിച്ചു. ദൈവം നല്കാത്ത ഭാരമേറിയ ചുമടുകൾ അവർ ജനങ്ങളുടെമേൽ കെട്ടിവച്ചു. ക്രിസ്തുവിന്റെ ശിഷ്യന്മാർപോലും റബ്ബിമാരുടെ സ്വാധീനവലയത്തിൽനിന്നു പൂർണ്ണമായി സ്വാതന്ത്ര്യം പ്രാപിച്ചിരുന്നില്ല. ദൈവത്തെ യഥാർത്ഥത്തിൽ സേവിക്കുവാൻ ആഗ്രഹിക്കുന്ന ഏവരെയും, പാരമ്പര്യ ആചാരാനുഷ്ഠാനങ്ങളുടെ തടവറയിൽനിന്നു മോചിപ്പിക്കുവാൻ ക്രിസ്തു ആഗ്രഹിച്ചു.

"കപടഭക്തിക്കാരേ, നിങ്ങളെക്കുറിച്ചു യെശയ്യാവ് പറയുന്നു: ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ട് അകന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു." പരീശമതത്തിനെതിരെയുള്ള കുറ്റാരോപണമായിരുന്നു അത്. തങ്ങളുടെ ഉപദേശങ്ങളെ ദൈവകല്പനയ്ക്കുപരിയായി വച്ചതുകൊണ്ടു റബ്ബിമാർ തങ്ങളെ ദൈവത്തിനുപരിയായി പ്രതിഷ്ഠിച്ചിരിക്കുകയാണെന്നു ക്രിസ്തു പറഞ്ഞു.

യെരൂശലേമിൽനിന്നു വന്ന പരീശന്മാരുടെ പ്രതിനിധികൾ ക്രിസ്തുവിന്റെ വാക്കുകൾ കേട്ടപ്പോൾ ക്രുദ്ധരായി. ദൈവം സീനായ്പർവ്വതത്തിൽവച്ചു നല്കിയ കല്പനകളെ ഒന്നും ക്രിസ്തു ലംഘിക്കുന്നതായി അവർക്കു കാണാൻ കഴിഞ്ഞില്ല. ക്രിസ്തു ദൈവത്തിന്റെ കല്പനകളെ ഉയർത്തിക്കാട്ടുകയും, മനുഷ്യരുടെ സമ്പ്രദായങ്ങളെ വിമർശിക്കുകയുമാണു ചെയ്തത്. ദൈവകല്പനയും, മനുഷ്യസമ്പ്രദായങ്ങളും തുലനം ചെയ്തപ്പോൾ ദൈവകല്പന മഹത്തരവും മനുഷ്യചട്ടങ്ങൾ ഏറ്റവും ചെറുതുമായി കാണപ്പെട്ടു.

അശുദ്ധി പുറമേനിന്നല്ല, അകമേനിന്നാണു വരുന്നതെന്നു യേശു ജനത്തോടും, പിന്നീടു ശിഷ്യന്മാരോടും പറഞ്ഞു. ശുദ്ധിയും അശുദ്ധിയും ആത്മാവിനെ സംബന്ധിക്കുന്നതാണ്. മനുഷ്യനെ അശുദ്ധമാക്കുന്നത്, മനുഷ്യനിർമ്മിതമായ ബാഹ്യാചാരങ്ങളുടെ ലംഘനമല്ല, പ്രത്യുത ദൈവകല്പന ലംഘിക്കുന്നതും അശുദ്ധ വാക്കുകളും, അശുദ്ധ ചിന്തകളുമാണ്.

തങ്ങളുടെ വ്യാജ ഉപദേശങ്ങളുടെ പൊള്ളത്തരം തുറന്നുകാട്ടിയപ്പോൾ, പരീശന്മാർക്കുണ്ടായ രോഷം ശിഷ്യന്മാർ ശ്രദ്ധിച്ചു. കോപത്തോടുകൂടിയ നോട്ടങ്ങളും, പ്രതികാരമനോഭാവവും, അസംതൃപ്തി സ്ഫുരിക്കുന്ന വാക്കുകളും ശിഷ്യന്മാർ കേട്ടു. ക്രിസ്തുവിന് എല്ലാവരുടെയും ഹൃദയങ്ങളെ വായിക്കുവാൻ കഴിഞ്ഞിരുന്നു. കോപാന്ധരായിരുന്ന പരീശന്മാരെ യേശു സമാധാനിപ്പിക്കുമെന്നാശിച്ചുകൊണ്ട്, ശിഷ്യന്മാർ യേശുവിനോടു ചോദിച്ചു: "പരീശന്മാർ ഈ വാക്കുകേട്ട് ഇറങ്ങിപ്പോയി എന്നറിയുന്നുവോ?"

യേശു ഉത്തരം പറഞ്ഞു: "സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്തതൈ ഒക്കെയും വേരോടെ പറിഞ്ഞുപോകും." റബ്ബിമാർ വളരെ വില കല്പിച്ച

കീഴ്‌വഴക്കങ്ങളും പാരമ്പര്യസമ്പ്രദായങ്ങളും സ്വർഗ്ഗത്തിൽനിന്നുള്ള തായിരുന്നില്ല. നേരെമറിച്ച് ഈ ലോകത്തിന്റേതായിരുന്നു. ജനത്തിന്റെ മേൽ അവർക്കുണ്ടായിരുന്ന അധികാരം എത്ര വലുതായിരുന്നാലും, ദൈവത്തിന്റെ ശോധനയെ നേരിടുവാൻ അവർക്കു കഴിവില്ലായിരുന്നു. ദൈവകല്പനയുടെ സ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ട മനുഷ്യനിർമ്മിതമായ ചട്ടങ്ങൾ എല്ലാം ഒരു നാളിൽ ഒരു വിലയുമില്ലാത്തതായിത്തീരും. ആ നാളിൽ "ദൈവം നല്ലതും തീയതുമായ സകലപ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായ വിസ്താരത്തിലേക്കു വരുത്തുമല്ലോ" (സഭാപ്രസംഗി 12:14).

ദൈവകല്പനകൾക്കു പകരമായി മനുഷ്യകല്പനകളെ സ്ഥാപിക്കുന്നത് ഇന്നും നടന്നുവരുന്നു. ക്രിസ്ത്യാനികളുടെ ഇടയിൽ പോലും പിതാക്കന്മാ രുടെ പരമ്പരാനുഷ്ഠാനങ്ങൾ പോലുള്ള രീതികളും സ്ഥാപനങ്ങളും കണ്ടു വരുന്നു. ഇപ്രകാരമുള്ള സ്ഥാപനങ്ങൾ മാനുഷികാധികാരത്തിന്മേലാണു നിലകൊള്ളുന്നത്. ഈ മാനുഷിക ചട്ടങ്ങൾ ദൈവകല്പനയെ മാറ്റി സ്ഥാപി ച്ചിരിക്കുന്നു. മനുഷ്യർ പാരമ്പര്യസമ്പ്രദായങ്ങളിൽ മുറുകെപ്പിടിച്ചിരിക്കുകയും അവയെ ആദരിക്കുകയും ചെയ്യുന്നു. തെറ്റുകളെ ചൂണ്ടിക്കാണിക്കുന്നവരോട് അവർക്ക് ഒടുങ്ങാത്ത വിദ്വേഷമാണുള്ളത്. ദൈവകല്പന പ്രമാണിക്കുന്ന വരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായ നാം, മറ്റുള്ളവരെയും അതി നായി ആഹ്വാനം ചെയ്യുമ്പോൾ, ക്രിസ്തുവിന്റെ കാലത്തുണ്ടായിരുന്ന അതേ ശത്രുതാമനോഭാവം നാമും അഭിമുഖീകരിക്കേണ്ടിവരുന്നു. ദൈവത്തിന്റെ ശേഷിപ്പുസഭയായ നമ്മെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: "മഹാ സർപ്പം സ്ത്രീയോടു കോപിച്ചു, ദൈവകല്പന പ്രമാണിക്കുന്നവരും യേശു വിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്‌വാൻ പുറപ്പെട്ടു" (വെളി. 12:17).

എന്നാൽ "സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞുപോകും." സഭയുടെ പിതാക്കന്മാർ എന്നു വിളിക്കപ്പെടു ന്നവരുടെ അധികാരത്തിനു കീഴ്പ്പെടുന്നതിനു പകരം ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവായ നിത്യപിതാവിന്റെ വചനം സ്വീകരിപ്പാൻ ദൈവം നമ്മോടാജ്ഞാപിക്കുന്നു. ഇവിടെ മാത്രമാണു തെറ്റിന്റെ കലർപ്പു കൂടാതെ സത്യം നാം കാണുന്നത്. ദാവീദ് പറഞ്ഞു: "നിന്റെ സാക്ഷ്യങ്ങൾ എന്റെ ധ്യാനമായിരിക്കകൊണ്ട് എന്റെ സകലഗുരുക്കന്മാരിലും ഞാൻ ബുദ്ധിമാ നാകുന്നു. നിന്റെ പ്രമാണങ്ങളെ അനുസരിക്കയാൽ ഞാൻ വയോധികന്മാരിലും വിവേകമേറിയവനാകുന്നു" (സങ്കീ. 119:99,100). മാനുഷിക അധികാരവും, സഭയുടെ കീഴ്‌വഴക്കങ്ങളും, പിതാക്കന്മാരുടെ പാരമ്പര്യാചാരങ്ങളും സ്വീകരി ക്കുന്നവർ ക്രിസ്തുവിന്റെ വാക്കുകളിലൂടെ വരുന്ന മുന്നറിയിപ്പു ശ്രദ്ധിക്കുക: "മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു."

# 43

# മതിലുകൾ തകർക്കപ്പെടുന്നു

അവലംബം: മത്തായി 15:21-28; മർക്കൊസ് 7:24-36

പരീശന്മാരുമായി കണ്ടുമുട്ടിയശേഷം, യേശു കഫർന്നഹൂമിൽനിന്നു പിൻവാങ്ങി, ഗലീലക്കടൽ കടന്ന്, ഫൊയ്നീക്യയുടെ അതിർത്തിയോടു ചേർന്നു കിടക്കുന്ന മലനാട്ടിലേക്കു പോയി. പശ്ചിമദിക്കിലേക്കു നോക്കുമ്പോൾ, താഴെ, സമതലത്തിൽ പുരാതനനഗരങ്ങളായ സോരും, സീദോനും കിടക്കുന്നതു കാണാമായിരുന്നു. വാണിജ്യകേന്ദ്രങ്ങളായ ഈ നഗരങ്ങളിൽ ക്ഷേത്രങ്ങൾ ധാരാളമുണ്ടായിരുന്നു. തുറമുഖങ്ങളിൽ കപ്പലുകൾ വന്നും പോയിക്കൊണ്ടുമിരുന്നു. ഈ നഗരങ്ങളെ തഴുകി മധ്യധരണിക്കടൽ നീലപ്പട്ടു വിരിച്ചതുപോലെ കിടന്നു. ലോകത്തിലെ വലിയ സാമ്രാജ്യമായിരുന്ന റോമിന്റെ വിവിധ ഭാഗങ്ങളിലേക്കു സുവിശേഷദൂതുമായി ഈ കടൽ കടന്നാണു പോകേണ്ടിയിരുന്നത്. എന്നാൽ അതിനുള്ള സമയമായിട്ടില്ലായിരുന്നു. അതിനുവേണ്ടി ശിഷ്യന്മാരെ ഒരുക്കുകയായിരുന്നു ക്രിസ്തുവിന്റെ ചുമതല. ബേത്ത്സയിദയിൽ ലഭിക്കാതിരുന്ന വിശ്രമം ഇവിടെ ലഭിക്കുമെന്നു

കർത്താവു പ്രതീക്ഷിച്ചു. എന്നാൽ വിശ്രമം മാത്രമായിരുന്നില്ല ഈ യാത്ര യുടെ ഉദ്ദേശ്യം.

“ആ ദേശത്തുനിന്ന് ഒരു കനാന്യസ്ത്രീ വന്ന്, അവനോട്: കർത്താവേ, ദാവീദുപുത്രാ, എന്നോടു കരുണ തോന്നേണമേ; എന്റെ മകൾക്കു ഭൂതോ പദ്രവം കഠിനമായിരിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു” (മത്തായി 15:22). ഈ പ്രദേശത്തുണ്ടായിരുന്നവർ പഴയ കനാന്യവംശത്തിൽപ്പെട്ടവരായിരുന്നു. അവർ വിഗ്രഹാരാധികളും, യെഹൂദന്മാരാൽ വെറുക്കപ്പെട്ടവരും ആയിരുന്നു. ഈ വംശത്തിൽ പെട്ടവളായിരുന്നു യേശുവിന്റെ അടുക്കൽ വന്ന സ്ത്രീ. അവൾ ജാതിയായി പരിഗണിക്കപ്പെട്ടിരുന്നതിനാൽ യെഹൂദരുമായി ഒരു സമ്പർക്കവുമില്ലായിരുന്നു. ഫൊയ്നീക്യരുടെ ഇടയിൽ ധാരാളം യെഹൂദർ വസിച്ചിരുന്നു. ഇവരിൽ ചിലർ ക്രിസ്തുവിന്റെ വാക്കുകൾ കേൾക്കുകയും അത്ഭുതപ്രവൃത്തികൾ കാണുകയും ചെയ്തിരുന്നു. ഈ സ്ത്രീയും യേശു വിനെക്കുറിച്ചു കേട്ടിരുന്നു. യേശു ചെയ്യുന്ന അത്ഭുതപ്രവൃത്തികളെക്കുറിച്ചു കേട്ടപ്പോൾ അവളിൽ പ്രത്യാശ നാമ്പിട്ടു. മകളുടെ ദയനീയാവസ്ഥയെക്കുറിച്ച് ഉത്കണ്ഠാകുലയായിരുന്ന സ്നേഹവത്സലയായ മാതാവ്, യേശുവിന്റെ അടു ക്കൽ പ്രതീക്ഷയോടെ വന്നെത്തി. തന്റെ ഹൃദയനൊമ്പരം യേശുവിനോടു പറയുവാൻ അവൾ തീരുമാനിച്ചുറച്ചു. അജ്ഞാനദേവന്മാരുടെ സഹായ ത്തിന് അവൾ ശ്രമിച്ചിരുന്നു. “യെഹൂദറബ്ബിക്ക് എനിക്കുവേണ്ടി എന്തു ചെയ്യുവാൻ കഴിയും? യേശുവിന്റെ അടുക്കൽ ചെന്നിരുന്ന ഏവർക്കും സഹായം ലഭിച്ചുകൊണ്ടിരിക്കുന്നു”വെന്ന വാർത്ത അവൾ കേട്ടു. അവൾ പ്രത്യാശയോടെ യേശുവിന്റെ സമീപത്തേക്കു പോയി.

ഈ സ്ത്രീയുടെ സ്ഥിതി യേശു അറിഞ്ഞു. തന്നെ കാണുവാൻ അവൾ ആശയോടെ എത്തിയിരിക്കുകയാണെന്നു യേശു ഗ്രഹിച്ചു. യേശു അവളുടെ ദൃഷ്ടിയിൽപ്പെടത്തക്കവണ്ണം കടന്നുവന്നു. താൻ ശിഷ്യന്മാരെ പഠിപ്പിക്കുവാൻ ആഗ്രഹിച്ച പാഠത്തിന്റെ, സാധനപാഠം ഈ കനാന്യസ്ത്രീയെ സഹായി ക്കുന്നതിൽക്കൂടെ അവർക്കു നല്കുവാൻ യേശു ആഗ്രഹിച്ചു. ഇതിനു വേണ്ടിയായിരുന്നു ശിഷ്യന്മാരെയും ഈ പ്രദേശത്തേക്കു കൊണ്ടുവന്നത്. യിസ്രായേലിനോട് അടുത്തു കിടക്കുന്ന നഗരങ്ങളിലും ഗ്രാമങ്ങളിലും നില നിന്നിരുന്ന അജ്ഞത ശിഷ്യന്മാരും മനസ്സിലാക്കുവാൻ യേശു ആഗ്രഹിച്ചു. സത്യം ഗ്രഹിക്കുവാൻ എല്ലാ സൗകര്യങ്ങളും നല്കപ്പെട്ട ഒരു ജനതയ്ക്ക്, തങ്ങളുടെ ചുറ്റുപാടുമുള്ളവരുടെ ആവശ്യങ്ങളെക്കുറിച്ച് ഒരറിവുമില്ലായി രുന്നു. അന്ധകാരത്തിൽ കഴിഞ്ഞിരുന്നവരെ സഹായിപ്പാൻ അവർ ഒന്നും ചെയ്തിരുന്നില്ല. യെഹൂദന്മാരുടെ അഹന്ത നിർമ്മിച്ച വേർപാടിന്റെ ചുവർ, യേശുവിന്റെ ശിഷ്യന്മാരെപ്പോലും, മറ്റുള്ളവരോടുള്ള സഹതാപത്തിൽനിന്ന് അകറ്റിനിർത്തി. ഈ മതിലുകൾ തകർക്കപ്പെടേണ്ടത് ആവശ്യമായിരുന്നു.

ആ സ്ത്രീയുടെ യാചനയ്ക്കു യേശു ഉടനടി മറുപടി കൊടുത്തില്ല. യെഹൂദന്മാർ, മറ്റുള്ള ജാതികളോട് എപ്രകാരം വർത്തിക്കുമായിരുന്നുവോ, അതുപോലെയായിരുന്നു യേശു ആ സ്ത്രീയോടു സംസാരിച്ചത്. രണ്ടു കാര്യ ങ്ങൾ ശിഷ്യന്മാരെ പഠിപ്പിക്കുവാനാണു യേശു ഇതിൽക്കൂടെ ശ്രമിച്ചത്. ഈ

സ്ത്രീയുടെ കാര്യത്തിൽ താൻ വലിയ താൽപര്യവാനല്ല എന്ന ഭാവേന യേശു പെരുമാറിയതു യെഹൂദന്മാരുടെ മനോഭാവം കാട്ടുവാനായിരുന്നു. ആ സ്ത്രീയുടെ യാചനയെ എത്ര അനുകമ്പയോടും ആർദ്രതയോടും കൂടെ യാണു താൻ സ്വീകരിച്ചതെന്നു പിന്നീടു യേശു കൈക്കൊണ്ടവിധം ചൂണ്ടി ക്കാണിച്ചു. തന്റെ ശിഷ്യന്മാരും അപ്രകാരമായിരിക്കണം കഷ്ടതയനുഭവി ക്കുന്നവരോട് ഇടപെടേണ്ടതെന്നു യേശു പഠിപ്പിച്ചു.

യേശുക്രിസ്തു ഉടനടി അവളുടെ യാചനയ്ക്ക് ഉത്തരം നല്കിയില്ലെ ങ്കിലും, ആ സ്ത്രീയുടെ വിശ്വാസം നഷ്ടപ്പെട്ടില്ല. അവളെ ശ്രദ്ധിക്കാതെ കടന്നു പോകുന്നതുപോലെ യേശു ഭാവിച്ചില്ലെങ്കിലും, അവൾ നിരാശയാകാതെ യേശുവിനെ അനുഗമിച്ചു. അവളുടെ അലട്ടൽ കണ്ടു മുഷിഞ്ഞ ശിഷ്യന്മാർ, ആ സ്ത്രീയെ പറഞ്ഞയയ്ക്കുവാൻ യേശുവിനോടപേക്ഷിച്ചു. ഗുരുവും ആ സ്ത്രീയുടെ അഭ്യർത്ഥനയിൽ താൽപര്യമില്ലാത്തതുപോലെ പെരുമാറിയത് അവർ കണ്ടിരുന്നു. കനാന്യരോടു യെഹൂദർ വിദ്വേഷത്തോടുകൂടി ഇടപെട്ടി രുന്നതു കർത്താവിനു സന്തോഷകരമായിരിക്കുമെന്നു ശിഷ്യന്മാർ വിചാരിച്ചു. എന്നാൽ വേദനപ്പെടുന്നവരോടു കൂടെ സഹതപിക്കുന്ന ഒരു രക്ഷകനോടാണ് അവൾ സങ്കടയാചന നടത്തിയത്. ശിഷ്യന്മാരുടെ അഭ്യർത്ഥനയ്ക്ക് ഉത്തര മെന്നവണ്ണം യേശു അവളോടു പറഞ്ഞു: "യിസ്രായേൽഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല." ഈ ഉത്തരം യെഹൂദന്മാരുടെ മനോഭാവത്തിന് അനുകൂലമായി കാണപ്പെട്ടെങ്കിലും, ശിഷ്യ ന്മാർക്ക് ഒരു ശകാരം അതിലടങ്ങിയിരുന്നു. പിന്നീട് അതു ശിഷ്യന്മാർ മനസ്സി ലാക്കി. തന്നെ സ്വീകരിക്കുന്ന ഏവർക്കും വേണ്ടിയാണു യേശു ലോകത്തിൽ വന്നത്. യേശു ഇതു ശിഷ്യന്മാരോടു പലപ്പോഴും പറഞ്ഞിരുന്നു.

ഒരു സ്ത്രീ യേശുവിന്റെ കാല്ക്കൽ വീണുകൊണ്ട്, "കർത്താവേ, എന്നെ സഹായിക്കേണമേ" എന്നു കേണപേക്ഷിച്ചു. യെഹൂദന്മാരുടെ നിർവ്വികാരത്വം ഭാവിച്ചുകൊണ്ടു യേശു പറഞ്ഞു: "മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടി കൾക്കു കൊടുക്കുന്നതു നന്നല്ല." ദൈവത്തിന്റെ സ്വന്തജനത്തിനു നല്കേണ്ട അനുഗ്രഹങ്ങൾ, യിസ്രായേല്യരല്ലാത്ത പരദേശികൾക്കും അപരിചിതർക്കും എടുത്തുകൊടുക്കുന്നതു നന്നല്ല എന്നാണ് അതുകൊണ്ട് ഉദ്ദേശിച്ചത്. വിശ്വാസം കുറവുള്ള ഏതൊരു വ്യക്തിയെയും നിരാശപ്പെടുത്തുന്ന ഒരു ഉത്തരമായിരുന്നു കർത്താവു നല്കിയത്. എന്നാൽ ആ സ്ത്രീ നിരാശ പ്പെടുന്നവളായിരുന്നില്ല. തന്റെ അവസരം ഇതുതന്നെയെന്ന് അവൾ കരുതി. മറയ്ക്കുവാൻ പാടില്ലാത്ത യേശുവിന്റെ കരുണയെ അവൾ കണ്ടെത്തി. അവൾ പറഞ്ഞു: "അതെ കർത്താവേ, നായ്ക്കുട്ടികളും ഉടയവരുടെ മേശ യിൽനിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ." വീട്ടിലെ കുഞ്ഞു ങ്ങൾ പിതാവിന്റെ മേശയിൽനിന്നു ഭക്ഷിക്കുമ്പോൾ, നായ്ക്കൾക്കും ഭക്ഷണം ലഭിക്കാതെ പോകുന്നില്ല. വളരെ സമൃദ്ധമായി നല്കുന്ന ആഹാര ത്തിന്റെ അവശിഷ്ടങ്ങൾ മേശയിൽനിന്നു താഴെ വീഴുമ്പോൾ, അതിന്റെ അവകാശം നായ്ക്കൾക്കാണ്. യിസ്രായേലിനു ധാരാളം നന്മകൾ നല്കു മ്പോൾ, തനിക്കും ഒരനുഗ്രഹം കിട്ടേണ്ടതല്ലേ? നായയ്ക്കു താഴെ വീഴുന്ന

അപ്പനുറുക്കുകൾക്ക് അവകാശമുള്ളതുപോലെ യേശു നല്കുന്ന സമൃദ്ധമായ അനുഗ്രഹങ്ങളുടെ ഒരു പങ്കു ലഭിപ്പാൻ തനിക്കും അവകാശമില്ലേ എന്ന് ആ കനാന്യസ്ത്രീ ചോദിച്ചു.

പരീശന്മാരും ശാസ്ത്രിമാരും യേശുവിനെ നശിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടു തന്റെ വേലസ്ഥലത്തുനിന്ന് അകന്നുമാറി. പരീശന്മാരും ശാസ്ത്രിമാരും യേശുവിനെതിരായി ശബ്ദം ഉയർത്തിക്കൊണ്ടിരുന്നു. യേശുവിനോടുള്ള അവരുടെ അവിശ്വാസവും വിദ്വേഷവും അവർ പ്രകടിപ്പിച്ചു. യേശുവിന്റെ സൗജന്യമായ രക്ഷയെ അവർ നിരാകരിച്ചു. എന്നാൽ ഇതാ, ഇവിടെ ക്രിസ്തുവിന്റെ മുമ്പാകെ നിർഭാഗ്യയും വെറുക്കപ്പെട്ട ഒരു വർഗ്ഗത്തിൽപ്പെട്ടവളുമായ ഒരു സ്ത്രീ നില്ക്കുന്നു. ദൈവവചനത്തിന്റെ വെളിച്ചം അവൾക്കു ലഭിച്ചിരുന്നില്ല. എങ്കിലും ക്രിസ്തുവിനെ അവൾ രക്ഷിതാവായി സ്വീകരിച്ചു. യേശുവിൽ അവൾക്കു പൂർണ്ണവിശ്വാസം ഉണ്ടായിരുന്നു. യജമാനന്റെ മേശയിൽനിന്നു വീഴുന്ന അപ്പനുറുക്കുകൾക്കുവേണ്ടിയായിരുന്നു അവൾ അപേക്ഷിച്ചത്. ഒരു നായയ്ക്കു ലഭിക്കുന്ന പരിഗണന മാത്രം മതിയായിരുന്നു അവൾക്ക്. ദേശീയമോ, മതപരമോ ആയ അഹംഭാവം അവൾക്കില്ലായിരുന്നു. അവൾ ചോദിക്കുന്നതെന്തും നല്കുവാൻ പ്രാപ്തനാണു യേശുവെന്ന് അവൾ വിശ്വസിച്ചു.

യേശു സംതൃപ്തനായി. അവളുടെ വിശ്വാസത്തെ യേശു പരീക്ഷിച്ചുനോക്കി. ഒരു അന്യജാതിക്കാരത്തിയെന്നു യിസ്രായേൽ മുദ്രകുത്തിയിരുന്ന അവൾ ഇനിമേൽ അന്യയല്ല. ദൈവത്തിന്റെ കുടുംബത്തിലെ ഒരംഗമെന്ന നിലയിലാണു യേശു അവളോട് ഇടപെട്ടത്. ദൈവത്തിന്റെ മകൾ എന്ന നിലയിൽ, ദൈവത്തിന്റെ ദാനങ്ങൾക്ക് അവൾ അവകാശിയായിരുന്നു. ക്രിസ്തു അവൾക്ക് ഉത്തരം നല്കുകയും ശിഷ്യന്മാർക്കു നല്കേണ്ട പാഠം കൊടുക്കുകയും ചെയ്തു. സ്നേഹത്തോടെ ആ സ്ത്രീയെ നോക്കിക്കൊണ്ടു യേശു പറഞ്ഞു: “സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടംപോലെ നിനക്കു ഭവിക്കട്ടെ.” ആ നാഴികയിൽ തന്നെ അവളുടെ മകൾക്കു സൗഖ്യം വന്നു. പിശാചു പിന്നീട് അവളെ ഉപദ്രവിച്ചില്ല. തന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കിയതുകൊണ്ടു സന്തോഷവതിയായി രക്ഷകനു നന്ദി പറഞ്ഞുകൊണ്ട് അവൾ അവിടം വിട്ടുപോയി.

ഈ രാത്രിയിൽ യേശു ചെയ്ത ഒരേയൊരു അത്ഭുതം ഇതുമാത്രമായിരുന്നു. ഈ അത്ഭുതപ്രവൃത്തി ചെയ്യുന്നതിനുവേണ്ടിയായിരുന്നു, സോരിന്റെയും സീദോന്റെയും അതിർത്തിയിലേക്കു യേശു പോയത്. കഷ്ടതയിൽ ആയ ആ സ്ത്രീയെ ആശ്വസിപ്പിക്കുന്നതിനും, വെറുക്കപ്പെട്ട ജനങ്ങളെ താൻ എപ്രകാരം സ്നേഹിക്കുന്നുവെന്നു ശിഷ്യന്മാരെ പഠിപ്പിക്കുന്നതിനും യേശു താൽപര്യപ്പെട്ടു. താൻ പോയിക്കഴിഞ്ഞശേഷവും ശിഷ്യന്മാർ തന്റെ മാതൃക പിന്തുടരണമെന്നു യേശു ആഗ്രഹിച്ചു. മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിക്കുവാനും, യെഹൂദന്മാരുടെ ഇടയിൽ മാത്രം പ്രവർത്തിക്കുകയെന്ന ഇടുങ്ങിയ ചിന്താഗതി ശിഷ്യന്മാരിൽനിന്നു മാറ്റിയെടുക്കുവാനും യേശു പ്രയത്നിച്ചു.

ജാതികൾ യെഹൂദന്മാരുടെ "കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളുമാകേണം" (എഫെ. 3:6) എന്ന ദൈവയിഷ്ടം ശിഷ്യന്മാർക്കു തുറന്നുകാട്ടി. ഈ സത്യം ഗ്രഹിപ്പാൻ ശിഷ്യന്മാർക്കു പ്രയാസമായിരുന്നു. എന്നാൽ സ്വർഗ്ഗത്തിൽനിന്നു വന്ന ഗുരു നല്ല പാഠങ്ങൾ നല്കി. കഫർന്നഹൂമിലെ ശതാധിപന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കിയതിലും, സുഖാറിലെ ജനത്തിനു സുവിശേഷം പകർന്നുകൊടുത്തതിലും കൂടെ യെഹൂദജനതയുടെ അസഹിഷ്ണുതയോടു തനിക്ക് ഒട്ടും യോജിപ്പില്ലായെന്നു യേശു കാണിച്ചുകൊടുത്തു. ശമര്യക്കാർക്കു സത്യദൈവത്തെക്കുറിച്ച് അല്പം ജ്ഞാനമുണ്ടായിരുന്നു. ആ ശതാധിപൻ യിസ്രായേല്യരോടു ദയകാട്ടിയിരുന്നു. എന്നാൽ ഇപ്പോൾ അജ്ഞാനിയായ ഒരു സ്ത്രീയുടെ സമീപത്തേക്കാണു ശിഷ്യന്മാരെ നയിച്ചിരിക്കുന്നത്. ഈ സ്ത്രീക്ക് ഒരനുഗ്രഹം പോലും പ്രാപിക്കാൻ യോഗ്യതയില്ലാത്തവളായിരുന്നുവെന്നു ശിഷ്യന്മാർ വിചാരിച്ചു. എന്നാൽ ഇപ്രകാരമുള്ള ഒരു വ്യക്തിയോട് എങ്ങനെ പെരുമാറണമെന്നു യേശു പ്രായോഗികമായി കാണിച്ചുകൊടുത്തു. തന്റെ കൃപ വളരെ ഉദാരമായി നല്കുന്നുവെന്നു ശിഷ്യന്മാർ കരുതി. വർഗ്ഗത്തിന്റെയും രാഷ്ട്രത്തിന്റെയും പരിധിക്കുള്ളിൽ പിടിച്ചുനിർത്താനുള്ളതല്ല തന്റെ സ്നേഹമെന്നു യേശു മനസ്സിലാക്കിക്കൊടുത്തു.

"യിസ്രായേൽഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല" എന്നു യേശു പറഞ്ഞത് ഒരു വസ്തുതയായിരുന്നു. ആ കനാന്യസ്ത്രീക്കു ചെയ്ത സഹായത്തിൽക്കൂടെ യേശു തന്റെ ദൗത്യം നിർവ്വഹിക്കുകയായിരുന്നു. യിസ്രായേലിന്റെ ചുമതലയായിരുന്നു ആ സ്ത്രീയെ സത്യവെളിച്ചത്തിലേക്കു കൊണ്ടുവരിക എന്നത്. അവൾ യിസ്രായേലിലെ കാണാതെപോയ ഒരാട്ടിൻകുട്ടി ആയിരുന്നു. യിസ്രായേലിനെ ദൈവം ഏല്പിച്ച ജോലിയായിരുന്നു അത്. ആ വേലയാണു ക്രിസ്തു ചെയ്തത്.

ശിഷ്യന്മാർക്ക് ഇതൊരു നല്ല പാഠമായി. യെഹൂദ്യയ്ക്കു വെളിയിൽ വിസ്തൃതമായ ഒരു വയൽപ്രദേശം ശിഷ്യന്മാർ കണ്ടെത്തി. ദൈവത്തെ അറിയാത്ത ജനത്തിന്റെ ദുഃഖം ശിഷ്യന്മാർ ഗ്രഹിച്ചു. യെഹൂദന്മാർ വെറുത്തിരുന്ന ജാതികളിൽ, യേശുവിനെക്കുറിച്ചറിയുവാൻ താൽപര്യമുള്ളവർ ധാരാളമുണ്ടായിരുന്നു. സത്യത്തിനുവേണ്ടി അവർ വിശന്നു. ആ സത്യം യെഹൂദന്മാർക്കു സമൃദ്ധിയായി വിളമ്പിയിരുന്നു.

പില്ക്കാലത്തു യെഹൂദന്മാർ ശിഷ്യന്മാർക്കെതിരായി തിരിഞ്ഞപ്പോൾ, യേശു എല്ലാ വ്യത്യാസങ്ങളുടെയും, വിവേചനങ്ങളുടെയും നടുച്ചുവർ ഇടിച്ചുമാറ്റിയപ്പോൾ, ശിഷ്യന്മാർക്കു ലഭിച്ച ഈ പഠനം, ക്രിസ്തുവിന്റെ ആത്മാവോടുകൂടി എല്ലാറ്റിനെയും കാണുവാനുള്ള കഴിവു ശിഷ്യന്മാർക്കു ലഭിച്ചു.

രക്ഷകന്റെ ഫൊയ്നീക്യ സന്ദർശനത്തിനും അവിടെ ചെയ്ത അത്ഭുതപ്രവൃത്തിക്കും വേറൊരു വലിയ ഉദ്ദേശ്യംകൂടി ഉണ്ടായിരുന്നു. വേദന അനുഭവിച്ചിരുന്ന ആ കനാന്യസ്ത്രീക്കോ, ശിഷ്യന്മാർക്കോ, ശിഷ്യന്മാരിൽനിന്നു

ദൂതു ശ്രവിച്ചവർക്കോ വേണ്ടി മാത്രമായിരുന്നില്ല കർത്താവ് ഈ സന്ദർശനം നടത്തിയത്. "എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും, വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും, ഇത് എഴുതിയിരിക്കുന്നു" (യോഹ. 20:31). 1800 വർഷങ്ങൾക്കു മുമ്പു മനുഷ്യരെ ക്രിസ്തുവിൽനിന്ന് അകറ്റിയ അതേ ശക്തി തന്നെ ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. യെഹൂദനും ജാതികൾക്കുമിടയിൽ വേർപാടിന്റെ നടുച്ചുവർ നിർമ്മിച്ച അതേ ആത്മാവ് ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അഹംഭാവവും മുൻവിധിയുമാണു വിവിധ വർഗ്ഗങ്ങളെ ഭിന്നിപ്പിക്കുന്ന വേർപാടിന്റെ ചുവരുകൾ നിർമ്മിച്ചിട്ടുള്ളത്. ഇതു ക്രിസ്തുവിനെയും ക്രിസ്തുവിന്റെ ദൗത്യത്തെയും തെറ്റായി ചിത്രീകരിപ്പാൻ ഇടയാക്കുന്നു. അനേകായിരങ്ങൾ സുവിശേഷദൗത്യത്തിൽനിന്നു വിലക്കപ്പെട്ടവരായി കരുതുന്നു. എന്നാൽ അവർ ക്രിസ്തുവിൽനിന്ന് അകറ്റപ്പെട്ടിരിക്കുന്നുവെന്നു ധരിച്ചുകൂടാ. വിശ്വാസത്തെ തടഞ്ഞുനിർത്തുവാൻ ഒരു ചുമരു കെട്ടിയുയർത്തുവാൻ സാത്താനോ, അവന്റെ സ്വാധീനതയിലായ മനുഷ്യനോ സാദ്ധ്യമല്ല.

വർണ്ണവർഗ്ഗവ്യത്യാസം ദൈവം വെറുക്കുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ എല്ലാ മനുഷ്യരും ഒരുപോലെ വിലയുള്ളവരാണ്. "ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽനിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി, അവരുടെ നിവാസത്തിന് അതിരുകളും കാലങ്ങളും നിശ്ചയിച്ചു. അവർ ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നുവച്ച് അവനെ അന്വേഷിക്കേണ്ടതിനു തന്നെ. അവൻ നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ല താനും." പ്രായം, പദവി, മതപരമായ ശ്രേഷ്ഠത, ഈ വ്യത്യാസം ഒന്നും ഇല്ലാതെ ഏവരും അവനിലേക്കു കടന്നുവന്നു ജീവിക്കുവാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു. "അവനിൽ വിശ്വസിക്കുന്നവൻ ഒരുത്തനും ലജ്ജിച്ചുപോകയില്ല." "യെഹൂദൻ എന്നും യവനൻ എന്നും വ്യത്യാസമില്ല." "ദാസനും സ്വതന്ത്രനും എന്നില്ല." "ധനവാനും ദരിദ്രനും തമ്മിൽ കാണുന്നു; അവരെ ഒക്കെയും ഉണ്ടാക്കിയവൻ യഹോവ തന്നെ." "എല്ലാവർക്കും കർത്താവ് ഒരുവൻ തന്നെ. അവൻ തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നല്കുവാൻ തക്കവണ്ണം സമ്പന്നൻ ആകുന്നു." "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും" (അപ്പൊ. 17:26,27; ഗലാ. 3:28; സദൃശ. 22:2; റോമർ 10:11-13).

# 44

# യഥാർത്ഥ അടയാളം

അവലംബം: മത്തായി 15:29–39; 16:1–12; മർക്കൊസ് 7:31–37; 8:1–21

“അവൻ വീണ്ടും സോരിന്റെ അതിർ വിട്ട്, സീദോൻ വഴിയായി ദെക്കപ്പൊലി ദേശത്തിന്റെ നടുവിൽക്കൂടി ഗലീലക്കടൽപ്പുറത്തു വന്നു” (മർക്കൊസ് 7:31).

ദെക്കപ്പൊലി പ്രദേശത്തുവച്ചായിരുന്നു ഗെർഗെഹയിലെ ഭൂതബാധിതർ സൗഖ്യം പ്രാപിച്ചത്. തങ്ങളുടെ പന്നികൾ നശിക്കുന്നതു കണ്ടു ഭയചകിതരായ ജനങ്ങൾ യേശുവിനോട് അവരെ വിട്ടുപോകുവാൻ ആവശ്യപ്പെട്ടത് ഇവിടെവച്ചായിരുന്നു. എന്നാൽ യേശു സൗഖ്യമാക്കിയവരെ അവർ ശ്രദ്ധിച്ചു. അവരുടെ ജീവിതസാക്ഷ്യം കണ്ട് അവിടത്തെ ജനങ്ങൾ യേശുവിനെ വീണ്ടും കാണുവാൻ ആഗ്രഹിച്ചു. യേശു അവിടെ തിരിച്ചെത്തിയപ്പോൾ, പുരുഷാരം അവന്റെ ചുറ്റും കൂടി. ബധിരനും, വിക്കുള്ളവനുമായ ഒരുവനെ യേശുവിന്റെ മുമ്പാകെ കൊണ്ടുവന്നു. യേശു സാധാരണ ചെയ്യാറുള്ളതു പോലെ ‘സൗഖ്യമാക’ എന്നു പറഞ്ഞുകൊണ്ട് ആ രോഗിയെ സൗഖ്യ

മാക്കിയില്ല. യേശു അവനെ ജനക്കൂട്ടത്തിൽനിന്നു മാറ്റിനിർത്തി, അവന്റെ ചെവിക്കുള്ളിലേക്കു വിരൽ ഇട്ടു. അവന്റെ നാവിനെ തൊട്ടു. അതിനുശേഷം സ്വർഗ്ഗത്തേക്കു നോക്കിക്കൊണ്ട്, തന്നെ വിശ്വസിക്കാത്ത ജനങ്ങളെ ഓർത്തു നെടുവീർപ്പിട്ടു. "തുറക്കുക" എന്നു കല്പിച്ചതോടെ ആ മനുഷ്യന്റെ സംസാര ശക്തി വീണ്ടെടുത്തു. 'ആരോടും പറയരുത്' എന്ന യേശുവിന്റെ കല്പന യെ മറന്നുകൊണ്ട്, ആ മനുഷ്യൻ, തനിക്കു ലഭിച്ച സൗഖ്യത്തെക്കുറിച്ച് എല്ലായിടവും പ്രസിദ്ധമാക്കി.

യേശു ഒരു മലയിലേക്കു കയറിപ്പോയി. തങ്ങളുടെ രോഗികളെയും, അംഗ വൈകല്യമുള്ളവരെയുംകൊണ്ട് ആളുകൾ യേശുവിന്റെ അടുക്കലേക്കു ചെന്നു. തന്റെ അടുക്കൽ വന്നവരെ യേശു സൗഖ്യമാക്കി. സത്യദൈവത്തെ അറിയാവുന്ന ആ ജനം യിസ്രായേലിന്റെ ദൈവത്തെ മഹത്വപ്പെടുത്തി. മൂന്നു ദിവസം അവർ യേശുവിന്റെ അരികിൽ വന്നുകൊണ്ടിരുന്നു. രാത്രി കാലങ്ങളിൽ അവർ വെളിമ്പ്രദേശങ്ങളിൽ ഉറങ്ങി. പകൽസമയങ്ങളിൽ യേശു വിന്റെ തിരുവായ്മൊഴികൾ കേൾക്കുവാനും യേശുവിന്റെ അത്ഭുതപ്രവൃത്തി കാണുവാനും അവർ തിങ്ങിക്കൂടി. മൂന്നു ദിവസം കഴിഞ്ഞപ്പോൾ അവരുടെ പക്കൽ ഉണ്ടായിരുന്ന ആഹാരസാധനം തീർന്നു. അവരെ വിശപ്പോടെ പറ ഞ്ഞയയ്ക്കുവാൻ യേശു ഇഷ്ടപ്പെട്ടില്ല. ശിഷ്യന്മാരോട് അവർക്ക് ആഹാരം നല്കുവാൻ യേശു കല്പിച്ചു. ശിഷ്യന്മാർ അവരുടെ നിസ്സഹായത പ്രകടി പ്പിച്ചു. ബേത്ത്സയിദയിൽവച്ചു തങ്ങളുടെ പക്കൽ ഉണ്ടായിരുന്ന അഞ്ചു യവത്തപ്പംകൊണ്ടു പുരുഷാരത്തെ പോഷിപ്പിച്ചതു ശിഷ്യന്മാർ കണ്ടതാണ്. എങ്കിലും തങ്ങളുടെ പക്കലുള്ളവയെല്ലാം സർവ്വശക്തനായ യേശുവിന്റെ അരികിൽ കൊണ്ടുവരുവാനുള്ള വിശ്വാസം അവർക്കില്ലാതെ പോയി. മാത്ര മല്ല ബേത്ത്സയിദയിൽവച്ചു ക്രിസ്തു ആഹാരം നല്കിയവരെല്ലാവരും യെഹൂദന്മാരായിരുന്നു. ഇവിടെ കൂടിയിരുന്നവർ ജാതികളിൽനിന്നുള്ളവ രാണ്. ശിഷ്യന്മാരിലും യെഹൂദസ്നേഹം വളരെ ശക്തമായി നിലനിന്നിരുന്നു. ശിഷ്യന്മാർ യേശുവിനോടു പറഞ്ഞു: "ഇത്ര വലിയ പുരുഷാരത്തിനു തൃപ്തി വരുത്തുവാൻ മതിയായ അപ്പം ഈ കാട്ടിൽ നമുക്ക് എവിടെനിന്ന്?" എന്നാൽ യേശുവിന്റെ ആജ്ഞ അനുസരിച്ച് അവരുടെ കൈവശമുള്ളത് അവിടെ കൊണ്ടുവരപ്പെട്ടു; ഏഴ് അപ്പവും രണ്ടു മീനും. പുരുഷാരം തിന്നു തൃപ്ത രായി. ഏഴു കൊട്ട അപ്പക്കഷണങ്ങൾ ശേഷിച്ചു. സ്ത്രീകളും കുഞ്ഞുങ്ങളും കൂടാതെ നാലായിരം പുരുഷന്മാർ തൃപ്തരായ പുരുഷാരത്തിൽ ഉണ്ടായി രുന്നു. സംതൃപ്തരും സന്തുഷ്ടരുമായ ജനത്തെ യേശു പറഞ്ഞയച്ചു.

അനന്തരം യേശു പടകിൽ കയറി ഗന്നേസരെത്ത് സമതലത്തിന്റെ തെക്കേ അറ്റത്തുള്ള മഗ്ദലയ്ക്കു പോയി. സോരിന്റെയും സീദോന്റെയും അതി രിങ്കൽവച്ചു സുറോഫൊയ്നിക്യക്കാരിയുടെ വിശ്വാസം കണ്ടു യേശുവിന്റെ ഹൃദയം സന്തുഷ്ടമായിരുന്നു. ദെക്കപ്പൊലിയിലെ, യെഹൂദരല്ലാത്തവരായ ആളുകളുടെ സ്നേഹപ്രകടനങ്ങൾ യേശുവിന്റെ ഹൃദയം കവർന്നു. എന്നാൽ തന്റെ ശക്തി വളരെ ബോധ്യമാകുംവണ്ണം പ്രകടിപ്പിച്ച ഗലീലയിൽ, യേശു വിനു ലഭിച്ച സ്വീകരണം വളരെ തണുത്തതായിരുന്നു.

യേശുവിനെ കാണുവാൻ പരീശന്മാരുടെ സംഘത്തിൽ പ്രഭുക്കന്മാരായ സദൂക്യരുടെ പ്രതിനിധികളും ഉണ്ടായിരുന്നു. അവർ യുക്തിവാദികളും പ്രഭുക്കന്മാരുമായിരുന്നു. സദൂക്യർ പുരോഹിതവിഭാഗത്തിൽനിന്നുള്ളവരായി രുന്നു. പരീശന്മാരും സദൂക്യരും തമ്മിൽ പല കാര്യങ്ങളിൽ അഭിപ്രായഭിന്നത ഉണ്ടായിരുന്നു. സദൂക്യരാകട്ടെ തങ്ങളുടെ സ്ഥാനവും അധികാരവും ഉറപ്പി ക്കുവാനും ഭരണത്തിലിരിക്കുന്നവരുടെ പ്രീതി നേടുവാനും ശ്രമിച്ചിരുന്നു. എന്നാൽ പരീശന്മാർ റോമൻ ഭരണകൂടത്തിനെതിരായുള്ള പ്രവർത്തന ങ്ങളിൽ ഏർപ്പെട്ടിരുന്നു. വിദേശാധിപത്യം അവസാനിപ്പാൻ അവർ ആഗ്ര ഹിച്ചു. എന്നാൽ ക്രിസ്തുവിനെതിരായി സദൂക്യരും പരീശന്മാരും ഒന്നു ചേർന്നു. ഒരേ ആത്മാവിനാൽ ഭരിക്കപ്പെടുന്നവർ എപ്പോഴും ഒന്നിക്കും. നന്മ യ്ക്കെതിരായി തിന്മയുടെ ശക്തികൾ ഒന്നിച്ചണിനിരക്കും.

ആകാശത്തുനിന്ന് ഒരടയാളം കാണിച്ചുതരണമെന്നാവശ്യപ്പെട്ടുകൊണ്ടു പരീശന്മാരും സദൂക്യരും യേശുവിന്റെ അടുത്തു വന്നു. യോശുവയുടെ കാലത്തു ബേത്ത്ഹോരോനിലുള്ള കനാന്യരുമായി യുദ്ധം ചെയ്വാൻ യിസ്രാ യേൽ പോയപ്പോൾ വിജയം നേടുന്നതുവരെ യോശുവയുടെ ആജ്ഞപ്രകാരം സൂര്യൻ നിശ്ചലമായിനിന്നു. യിസ്രായേല്യരുടെ ചരിത്രത്തിൽ പല അത്ഭുത ങ്ങളും ഉണ്ടായിട്ടുണ്ട്. യേശു ഇതുപോലൊരു അത്ഭുതം പ്രവർത്തിക്കുവാൻ അവർ ആവശ്യപ്പെട്ടു. എന്നാൽ അവർക്കു വേണ്ടിയിരുന്നത് ഇപ്രകാരമുള്ള അടയാളങ്ങളായിരുന്നില്ല. ബാഹ്യമായ തെളിവുകൾ അവർക്ക് ഒരു പ്രയോ ജനവും ചെയ്യുവാൻ പോകുന്നില്ലായിരുന്നു. അവരുടെ ജിജ്ഞാസ ശമിക്കുക യായിരുന്നില്ല, പ്രത്യുത ആത്മീയമായ പുതുക്കമായിരുന്നു അവർക്കു വേണ്ടിയിരുന്നത്.

യേശു അവരോടു പറഞ്ഞു: "ആകാശത്തിന്റെ ഭാവം വിവേചിപ്പാൻ നിങ്ങൾ അറിയുന്നു." ആകാശത്തെ നോക്കിക്കൊണ്ട് എപ്രകാരമൊരു കാലാ വസ്ഥയാണു വരാൻ പോകുന്നതെന്ന് അവർക്കു പറയാമായിരുന്നു. "എന്നാൽ കാലലക്ഷണങ്ങളെ വിവേചിപ്പാൻ കഴികയില്ലയോ?" പരിശുദ്ധാത്മനിറവോടു കൂടി പറയപ്പെട്ട ക്രിസ്തുവിന്റെ വാക്കുകൾ തന്നെ ദൈവം അവർക്കു നല്കിയ അടയാളമായിരുന്നു. ക്രിസ്തുവിന്റെ ദൗത്യം സ്വർഗ്ഗത്തിൽനിന്നുള്ള താണെന്നു സാക്ഷീകരിക്കുന്ന അടയാളം സ്വർഗ്ഗത്തിൽനിന്നുതന്നെ നല്കി. ആട്ടിടയന്മാർക്കു ദൂതന്മാർ പ്രത്യക്ഷമായതും, വിദ്വാന്മാർക്കു നക്ഷത്രം വഴികാട്ടിയതും, ക്രിസ്തുവിന്റെ സ്നാനസമയത്തെ പ്രാവും, സ്വർഗ്ഗത്തിൽ നിന്നു കേട്ട ശബ്ദവും എല്ലാംതന്നെ ക്രിസ്തുവിനുവേണ്ടിയുള്ള അടയാള ങ്ങൾ ആയിരുന്നു.

"അവൻ ആത്മാവിൽ ഞരങ്ങി. ഈ തലമുറ അടയാളം അന്വേഷി ക്കുന്നത് എന്ത്?" "യോനാപ്രവാചകന്റെ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കയില്ല. യോനാ കടലാനയുടെ വയറ്റിൽ മൂന്നുരാവും മൂന്നുപകലും ഇരു ന്നതുപോലെ മനുഷ്യപുത്രനും" "ഭൂമിയുടെ ഉള്ളിൽ ഇരിക്കും." യോന യുടെ പ്രസംഗം നിനെവേക്കാർക്ക് ഒരടയാളമായിരുന്നതുപോലെ, ക്രിസ്തു

വിന്റെ പ്രസംഗം, ആ തലമുറയിലുള്ളവർക്ക് ഒരടയാളമായിരുന്നു. എന്നാൽ വചനം സ്വീകരിക്കുന്നതിൽ എന്തൊരന്തരം! ജാതികൾ വസിച്ചിരുന്ന ആ നഗരത്തിലെ ജനം ദൈവത്തിന്റെ ന്യായവിധികൾ കേട്ടപ്പോൾ വിറച്ചുപോയി. പണ്ഡിതപാമരഭേദമെന്യേ ഏവരും ദൈവത്തോടു നിലവിളിച്ചു. അവർക്കു കരുണ ലഭിച്ചു. "നിനെവേക്കാർ ന്യായവിധിയിൽ ഈ തലമുറയോട് ഒന്നിച്ച് എഴുന്നേറ്റ് അതിനെ കുറ്റംവിധിക്കും; അവർ യോനയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടുവല്ലോ; ഇതാ, ഇവിടെ യോനയിലും വലിയവൻ" (മത്തായി 12:40,41).

ക്രിസ്തു ചെയ്ത ഓരോ അത്ഭുതവും തന്റെ ദൈവിക സ്വഭാവത്തിന്റെ ഓരോ അടയാളമായിരുന്നു. മശീഹയെക്കുറിച്ചു പ്രവാചകന്മാർ മുൻകൂട്ടി പറഞ്ഞിരുന്ന കാര്യങ്ങളാണു യേശു ചെയ്തുകൊണ്ടിരുന്നത്. എന്നാൽ പരീശന്മാർക്കു യേശുവിന്റെ കരുണയുടെ പ്രവർത്തനങ്ങൾ രസിച്ചില്ല. മനുഷ്യരുടെ കഷ്ടതകളെ യെഹൂദമതനേതാക്കൾ ഹൃദയശൂന്യമായ നിസംഗതയോടെയാണു വീക്ഷിച്ചത്. പരീശന്മാരുടെ സ്വാർത്ഥതമൂലം കഷ്ടമനുഭവിച്ച ജനത്തെയായിരുന്നു പലപ്പോഴും യേശു ശുശ്രൂഷിച്ചത്. അതുതന്നെ പരീശന്മാർക്ക് ഒരു കടുത്ത ശിക്ഷയായിട്ടാണ് അനുഭവപ്പെട്ടത്.

യേശുവിന്റെ പ്രവർത്തനങ്ങളെ എതിർക്കുവാൻ യെഹൂദനേതാക്കളെ പ്രേരിപ്പിച്ച വസ്തുത തന്നെ യേശുവിന്റെ ദൈവിക സ്വഭാവത്തിന്റെ ഏറ്റവും വലിയ തെളിവായിരുന്നു. യേശു ചെയ്ത അത്ഭുതപ്രവൃത്തികളെല്ലാം മനുഷ്യന്റെ അനുഗ്രഹത്തിനുവേണ്ടിയുള്ളതായിരുന്നു. യേശുവിന്റെ ജീവിതം ദൈവത്തെ മനുഷ്യർക്കു വെളിപ്പെടുത്തുന്നതായിരുന്നു. അതായിരുന്നു തന്റെ ദൈവികത്വത്തിന്റെ ഏറ്റവും വലിയ തെളിവും. യേശു ദൈവത്തിന്റെ പ്രവൃത്തി ചെയ്തു. ദൈവത്തിന്റെ വചനം സംസാരിച്ചു. യേശുവിന്റെ ജീവിതം ഏറ്റവും വലിയ അത്ഭുതമായിരുന്നു.

ഇന്നും, സത്യത്തിന്റെ ദൂതു നല്കപ്പെടുമ്പോൾ, യെഹൂദരെപ്പോലെ 'ഞങ്ങൾക്ക് ഒരു അടയാളം കാണിച്ചുതരിക' എന്നു പറയുന്ന അനേകരുണ്ട്. ഞങ്ങൾക്കുവേണ്ടി ഒരത്ഭുതം പ്രവർത്തിക്ക. പരീശന്മാരെ തൃപ്തിപ്പെടുത്താൻ യേശു ഒരത്ഭുതവും ചെയ്തില്ല. മരുഭൂമിയിൽവച്ചു സാത്താൻ പരീക്ഷിച്ചപ്പോഴും, അവന്റെ പ്രേരണയ്ക്കു വഴങ്ങി ഒരത്ഭുതവും യേശു കാണിച്ചില്ല. നമ്മുടെ ഭാഗം ശരിയാണെന്നു കാണിപ്പാനോ, അവിശ്വാസത്തെയും അഹങ്കാരത്തെയും സംതൃപ്തമാക്കുവാനോ വേണ്ടി ഒരു അത്ഭുതവും കാണിപ്പാനുള്ള ശക്തി ദൈവം നമുക്കു തന്നിട്ടില്ല. എന്നാൽ സുവിശേഷത്തിന്റെ ദൈവിക ഉത്ഭവത്തെക്കുറിച്ച് അടയാളം ദൈവം നല്കുന്നു. സാത്താന്റെ അടിമത്തനുകത്തെ തകർക്കുവാൻ നമുക്കു കഴിയുന്നത് ഒരത്ഭുതമല്ലേ? മനുഷ്യൻ സ്വാഭാവികമായി സാത്താന്റെ വഴികളോട് എതിർക്കുന്നവനല്ല.

ഒരുവനിൽ ദൈവകൃപ കടന്നുവരുമ്പോൾ മാത്രമാണ് അവൻ പാപത്തെ വെറുക്കുന്നത്. പാപത്തിന്റെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന ഒരുവൻ, ആ

അടിമത്തത്തിൽനിന്നു മോചിതനാവുകയും, ദൈവിക പ്രേരണകൾക്കു സ്വയം കീഴ്പ്പെടുത്തുകയും ചെയ്യുമ്പോൾ വലിയ ഒരത്ഭുതം നടക്കുകയാണ്. അതു പോലെതന്നെയാണു തെറ്റിപ്പോയ ഒരുവൻ ദൈവത്തിങ്കലേക്കു തിരിച്ചുവരുന്നതും. ഒരു മനുഷ്യൻ മാനസാന്തരപ്പെടുകയും ദൈവത്തെ സ്നേഹിച്ച്, ദൈവകല്പനകൾ അനുസരിക്കുകയും ചെയ്യുമ്പോഴൊക്കെയും ദൈവത്തിന്റെ വാഗ്ദത്തം നിറവേറുകയാണ്. "ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും; പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും..." (യെഹെ. 36:26). മനുഷ്യഹൃദയങ്ങളുടെ മാറ്റം, മനുഷ്യസ്വഭാവങ്ങളുടെ രൂപാന്തരം, എന്നേക്കും ജീവിക്കുന്ന ഒരു രക്ഷകനെ വെളിപ്പെടുത്തുന്ന ഒരത്ഭുതമാണ്. ആ രക്ഷകൻ, മനുഷ്യരെ വീണ്ടെടുപ്പാനായി എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിൽ വസിക്കുന്ന ഒരു ജീവിതം വലിയ ഒരത്ഭുതമാണ്. ദൈവവചനം പ്രസംഗിക്കുമ്പോൾ, എല്ലായ്പ്പോഴും കാണേണ്ട അടയാളം പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമാണ്. കേൾവിക്കാർക്കു വചനം പുതുജീവൻ നല്കേണ്ടതിനു പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ആവശ്യമാണ്. തന്റെ പുത്രന്റെ ദൗത്യത്തെ സംബന്ധിച്ചു ലോകത്തിന്റെ മുമ്പാകെ ദൈവത്തിന്റെ സാക്ഷ്യം ഇതാണ്.

യേശുവിൽനിന്ന് ഒരടയാളം ആവശ്യപ്പെട്ടാൽ, അവിശ്വാസത്തിൽ അവരുടെ ഹൃദയം കഠിനപ്പെടുത്തിയതുകൊണ്ടു യേശുവിലുള്ള ദൈവികത്വം തിരിച്ചറിഞ്ഞില്ല. യേശുവിന്റെ ദൗത്യം തിരുവെഴുത്തുകളുടെ നിറവേറലാണെന്ന് അവർ മനസ്സിലാക്കിയില്ല. ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ യേശു പരീശന്മാരോടു പറഞ്ഞു: "അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽനിന്ന് ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല" (ലൂക്കൊസ് 16:31). ആകാശത്തിലോ ഭൂമിയിലോ, എന്തടയാളം കൊടുത്താലും അവർക്ക് അതു പ്രയോജനപ്പെടുകയില്ല.

യേശു ആത്മാവിൽ ഞരങ്ങി. തന്നിൽ കുറ്റം കണ്ടുപിടിക്കുവാൻ മാത്രം ശ്രമിക്കുന്നവരുടെ ഇടയിൽനിന്നു മാറി, ശിഷ്യന്മാരോടൊത്തു യേശു പടകിൽ കയറി. ദുഃഖം തളംകെട്ടിനിന്ന നിശ്ശബ്ദതയിൽ അവർ തടാകം കടന്നു. അവർ തിരിച്ച സ്ഥലത്തേക്കല്ല മടങ്ങിപ്പോയത്. അയ്യായിരം പേർക്ക് അപ്പം നല്കി പോഷിപ്പിച്ച ബേത്ത്സയിദയിലേക്കാണവർ പോയത്. അവർ അക്കരയ്ക്കു പോകുമ്പോൾ യേശു പറഞ്ഞു: "നോക്കുവിൻ, പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവു സൂക്ഷിച്ചുകൊൾവിൻ." മോശെയുടെ കാലം മുതൽ പെസഹ ആചരിക്കുമ്പോൾ, തങ്ങളുടെ ഭവനങ്ങളിൽനിന്നു പുളിച്ച മാവു നീക്കംചെയ്യുന്ന പതിവു യെഹൂദന്മാർക്കുണ്ടായിരുന്നു. പുളിച്ചമാവു പാപത്തെ സാദൃശീകരിച്ചിരുന്നു. എങ്കിലും യേശു പറഞ്ഞതു ശിഷ്യന്മാർ ഗ്രഹിച്ചില്ല. മഗ്ദലയിൽനിന്നു യാത്ര പുറപ്പെടുമ്പോൾ അപ്പം എടുക്കുവാൻ അവർ മറന്നുപോയി. അവരുടെ കയ്യിൽ ഒരു അപ്പം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ സാഹചര്യത്തിൽ അവർ ധരിച്ചതു പരീശന്മാരിൽനിന്നോ, സദൂക്യരിൽനിന്നോ അപ്പം വാങ്ങുന്നതിനെതിരായി ക്രിസ്തു സംസാരിക്കുന്നുവെന്നായിരുന്നു. ശിഷ്യന്മാരുടെ ആത്മീയാവബോധമില്ലായ്മയും വിശ്വാസ

രാഹിത്യവുമായിരുന്നു പലപ്പോഴും യേശുവിന്റെ വാക്കുകളെ ഗ്രഹിപ്പാൻ അവർക്കു കഴിയാതെ പോയത്. കുറച്ചു യവത്തപ്പവും കുറച്ചു മീനുംകൊണ്ട് ആയിരക്കണക്കിനാളുകളെ സംതൃപ്തരാക്കിയ തങ്ങളുടെ ഗുരു, ഇത്രയും ഗൗരവമായ ഒരു മുന്നറിയിപ്പു നല്കിയപ്പോൾ, അതു ഭൗതികമായ ആഹാരത്തെക്കുറിച്ചായിരിക്കും എന്നു കരുതിയ ശിഷ്യന്മാരുടെ ചിന്താശൂന്യതയെ യേശു ശകാരിച്ചു. പരീശന്മാരുടെയും സദൂക്യരുടെയും കൗടില്യം നിറഞ്ഞ നീക്കം, ശിഷ്യന്മാരുടെ വിശ്വാസത്തെ പുളിച്ചമാവിനെപ്പോലെയാക്കിത്തീർക്കുക എന്നതായിരുന്നു. ശിഷ്യന്മാരെ യേശുവിൽനിന്ന് അകറ്റുക എന്നതായിരുന്നു അവരുടെ ലക്ഷ്യം.

പരീശന്മാർ ആകാശത്തിൽ ഒരടയാളം കാട്ടണമെന്നാവശ്യപ്പെട്ടതിൽ ഒരു തെറ്റുമില്ലെന്നായിരുന്നു ശിഷ്യന്മാർ കരുതിയത്. യേശു അവർക്കുവേണ്ടി ഒരടയാളം കാട്ടിയിരുന്നെങ്കിൽ യേശുവിന്റെ ശത്രുക്കൾ നിശ്ശബ്ദരാകുമെന്നു ശിഷ്യന്മാർ വിചാരിച്ചു. ശിഷ്യന്മാർ അവരുടെ കാപട്യം മനസ്സിലാക്കിയില്ല. മാസങ്ങൾക്കുശേഷം "പുരുഷാരം തമ്മിൽ ചവിട്ടുവാൻ തക്കവണ്ണം ആയിരമായിരമായി തിങ്ങിക്കൂടിയപ്പോൾ" യേശു ഇതേ ഉപദേശം ആവർത്തിച്ചു. "അവൻ ആ ശിഷ്യന്മാരോടു പറഞ്ഞു തുടങ്ങിയത്: പരീശന്മാരുടെ പുളിച്ച മാവായ കപടഭക്തി സൂക്ഷിച്ചുകൊൾവിൻ" (ലൂക്കൊസ് 12:1).

മാവിൽ ചേർത്തിട്ടുള്ള പുളിമാവ് അഗോചരമായി പ്രവർത്തിക്കുന്നു. മുഴുവൻ പിണ്ഡത്തെയും അതു പുളിപ്പിക്കുന്നു. അതുപോലെ കപടഭക്തി ഹൃദയത്തിൽ വാഴുവാൻ അനുവദിച്ചാൽ അതു സ്വഭാവത്തെയും ജീവിതത്തെയും ബാധിക്കുന്നു. പരീശന്മാരുടെ കപടഭക്തിയുടെ ഏറ്റവും നല്ല ഉദാഹരണം "കൊർബ്ബാൻ" എന്ന ആചാരത്തിലൂടെ കാണുവാൻ കഴിയും. യേശു ആ ദുരാചാരത്തെ എടുത്തുകാട്ടുകയും ചെയ്തു. ദൈവാലയത്തോട് ഔദാര്യം കാട്ടുന്നു എന്ന ഭാവേന, മാതാപിതാക്കളോടുള്ള കർത്തവ്യം അവഗണിക്കുന്ന ഒരു ഏർപ്പാടായിരുന്നു അത്. ശാസ്ത്രിമാരും പരീശന്മാരും വഞ്ചന മൂടുപൊതിഞ്ഞ തത്വങ്ങൾ തന്ത്രപൂർവ്വം പ്രോത്സാഹിപ്പിച്ചു. കേൾവിക്കാരുടെ ഹൃദയങ്ങളിൽ കൗശലപൂർവ്വം അവ കടത്തിവിടുവാൻ ഓരോ സന്ദർഭവും അവർ ഉപയോഗിച്ചു. ഈ വ്യാജ ഉപദേശങ്ങൾ ഒരിക്കൽ സ്വീകരിച്ചുകഴിഞ്ഞാൽ, പുളിച്ചമാവു പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നതുപോലെ, സ്വഭാവത്തെ മുഴുവൻ ബാധിക്കുകയും, മാറ്റമുള്ളതാക്കിത്തീർക്കുകയും ചെയ്യും. വഞ്ചന നിറഞ്ഞ അവരുടെ ഉപദേശങ്ങൾ ക്രിസ്തുവിന്റെ ഉപദേശങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്നു.

തങ്ങളുടെ സ്വന്ത കീഴ്വഴക്കങ്ങൾക്കനുസരിച്ചു ദൈവകല്പനയെ വിശദീകരിക്കാൻ ശ്രമിക്കുന്നവരിൽക്കൂടെ ഇതേ ശക്തി ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ളവർ ദൈവകല്പനയെ പരസ്യമായി എതിർക്കുകയില്ല. എന്നാൽ ദൈവകല്പനയ്ക്കു പകരം മാനുഷിക ഉപദേശങ്ങളെ അവർ മുമ്പോട്ടു കൊണ്ടുവരുന്നു. അതിനെ ന്യായീകരിക്കുവാനായി അവർ അങ്ങേയറ്റം ശ്രമിക്കുകയും ചെയ്യുന്നു.

സ്വാർത്ഥതയിൽനിന്ന് ഉടലെടുത്തതായിരുന്നു പരീശന്മാരുടെ കപടഭക്തി. സ്വയമഹത്വമായിരുന്നു അവരുടെ ജീവിതലക്ഷ്യം. തിരുവെഴുത്തുകളെ വളച്ചൊടിക്കുവാനും, തെറ്റായി പ്രയോഗിക്കുവാനും അവരെ പ്രോത്സാഹിപ്പിച്ചതിന്റെ കാരണം ഇതായിരുന്നു. ക്രിസ്തുവിന്റെ ദൗത്യം അവർക്ക് അഹിതമായിത്തീർന്നതും ഇതുമൂലമായിരുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ പോലും ഈ പാപത്തിന്റെ സാദ്ധ്യത നിലവിലിരുന്നു. ക്രിസ്ത്യാനി എന്ന് അറിയപ്പെടാൻ ആഗ്രഹിക്കുകയും എന്നാൽ സ്വാർത്ഥത വിട്ടുകളയുവാൻ വിസമ്മതിക്കുകയും ചെയ്തവരെല്ലാം പരീശന്മാരുടെ വ്യാജോപദേശങ്ങളിൽ കുടുങ്ങിപ്പോയി. വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും ഇടയിൽ അവർ ആടിയുലഞ്ഞുകൊണ്ടിരുന്നു. അവർ ക്രിസ്തുവിൽ മറഞ്ഞിരുന്ന ജ്ഞാനത്തിന്റെ നിധി തിരിച്ചറിഞ്ഞില്ല. ശിഷ്യന്മാർ പോലും - അവർ ക്രിസ്തുവിനുവേണ്ടി എല്ലാം ത്യജിച്ചിരുന്നുവെങ്കിൽത്തന്നെയും - സ്വാർത്ഥത പൂർണ്ണമായി തുടച്ചുനീക്കിയിരുന്നില്ല. തങ്ങളിൽ വലിയവൻ ആർ എന്ന കലഹത്തിനു കാരണം ശിഷ്യന്മാരുടെ ഈ മനോഭാവമായിരുന്നു. ശിഷ്യന്മാരുടെ ഈ മനോഭാവമായിരുന്നു ക്രിസ്തുവിന്റെ ദൗത്യം ശരിയായി മനസ്സിലാക്കുന്നതിനു വിഘാതമായി നിന്നിരുന്നത്. വീണ്ടെടുപ്പിൻ മർമ്മം ഗ്രഹിപ്പാൻ ത്രാണിയില്ലാത്തവരും, കർത്താവിന്റെ സ്വയത്യാഗത്തോട് അനുഭാവമില്ലാത്തവരുമായി ശിഷ്യന്മാർ ആദ്യഘട്ടങ്ങളിൽ നിലകൊണ്ടത് ഈ മനോഭാവം വച്ചുപുലർത്തിയതുകൊണ്ടായിരുന്നു. പുളിച്ചമാവു പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നതുപോലെ, സ്വാർത്ഥത നമ്മുടെ ആത്മാവിനെ മുഴുവൻ അശുദ്ധമാക്കുകയും നാശത്തിലേക്കു നയിക്കുകയും ചെയ്യും.

ക്രിസ്തുവിന്റെ അനുയായികൾ എന്നഭിമാനിക്കുന്നവരുടെ ഇടയിൽ, പഴയകാലത്തെന്നപോലെ ഈ പാപം വ്യാപകമായിരിക്കുന്നു. സ്വയത്തെ ഉണർത്തുവാനുള്ള അദമ്യമായ പ്രവണതമൂലം അവരുടെ കർത്തൃശുശ്രൂഷയും, സഹോദരങ്ങളോടുള്ള കൂട്ടായ്മയും മലിനമാകുന്നു. സ്വയപ്രമാണികത്വത്തിന്റെ ചിന്തയും, അംഗീകാരത്തിനു വേണ്ടിയുള്ള ആഗ്രഹവും എത്ര ശക്തമായിരിക്കുന്നു! സ്വയസ്നേഹവും സ്വാർത്ഥചിന്തയുമാണ്, ദൈവകല്പനകൾക്കു പകരം മാനുഷിക കല്പനകളും പാരമ്പര്യങ്ങളും സ്ഥാപിക്കുവാൻ കാരണമായിത്തീർന്നത്. കർത്താവിന്റെ മുന്നറിയിപ്പ് എപ്പോഴും ഓർത്തുകൊൾക: "പരീശന്മാരുടെ പുളിച്ചമാവു സൂക്ഷിച്ചുകൊൾവിൻ."

ക്രിസ്തുമതത്തിന്റെ മതം ആത്മാർത്ഥതയാണ്. ദൈവമഹത്വത്തിനു വേണ്ടിയുള്ള തീക്ഷ്ണത പരിശുദ്ധാത്മാവിന്റെ ദാനമാണ്. പരിശുദ്ധാത്മാവിനു മാത്രമേ ഈ താൽപര്യം നമ്മിൽ ഉളവാക്കുവാൻ സാധിക്കുകയുള്ളൂ. കപടഭക്തിയെയും സ്വാർത്ഥതയെയും നമ്മിൽനിന്നു നീക്കംചെയ്യുവാൻ ദൈവശക്തിക്കു മാത്രമേ കഴിയുകയുള്ളൂ. ഈ രൂപാന്തരം നമ്മിൽ ദൈവാത്മാവു വരുത്തിയെന്നതിന്റെ അടയാളമാണു നാം സ്വീകരിക്കുന്ന വിശ്വാസം. നമ്മിൽ വിശ്വാസം രൂഢമൂലമാകുകയും, സ്വാർത്ഥതയും കാപട്യവും നമ്മിൽനിന്നു നീക്കപ്പെടുകയും ചെയ്യുമ്പോൾ, നാം മനസ്സിലാക്കേണ്ടതു നാം ശരിയായ

പാതയിൽ ചരിക്കുന്നു എന്ന വസ്തുതയത്രേ. “പിതാവേ, നിന്റെ നാമത്തെ മഹത്വപ്പെടുത്തേണമേ” (യോഹ. 12:28), ഇതായിരുന്നു യേശുവിന്റെ ജീവിത ലക്ഷ്യം. നാം യേശുവിനെയാണു പിന്തുടരുന്നതെങ്കിൽ നമ്മുടെ ജീവിത ലക്ഷ്യവും അതായിരിക്കും. “അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു.” “അവന്റെ കല്പനകളെ പ്രമാണിക്കുന്നുവെങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നുവെന്ന് അതിനാൽ അറിയുന്നു” (1 യോഹ. 2:6,3).



കുരിശിന്റെ നിഴലിൽ

# 45

# കുരിശിന്റെ നിഴലിൽ

**അവലംബം: മത്തായി 16:13-28; മർക്കൊസ് 8:27-38; ലൂക്കൊസ് 9:18-27**

ക്രിസ്തുവിന്റെ ഭൂമിയിലെ ശുശ്രൂഷ സമാപ്തിയിലേക്ക് അതിവേഗം നീങ്ങുകയായിരുന്നു. തന്റെ കാലുകൾ എങ്ങോട്ടാണു തന്നെ നയിക്കുന്നതെന്നു യേശുവിനു വ്യക്തമായി അറിയാമായിരുന്നു. മനുഷ്യരൂപം എടുക്കുന്നതിനു മുമ്പുതന്നെ, നഷ്ടപ്പെട്ടുപോയ മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുന്നതിനു താൻ യാത്ര ചെയ്യേണ്ട പാതയുടെ അവസാനംവരെ ക്രിസ്തു കണ്ടിരുന്നു. തീവ്രമായ വേദന യേശുവിന്റെ ഹൃദയത്തെ കീറിമുറിച്ചു. തനിക്കു നേരിടേണ്ട പരിഹാസങ്ങളും സഹിക്കേണ്ടിവരുന്ന കഷ്ടതകളും താൻ സ്വർഗ്ഗമഹിമ വെടിഞ്ഞു ഭൂമിയിലേക്കു വരുന്നതിനു മുമ്പുതന്നെ ക്രിസ്തു കണ്ടിരുന്നു. തന്റെ ദൈവിക സ്വഭാവത്തോടുകൂടി മനുഷ്യത്വവും ധരിക്കുവാൻ ക്രിസ്തു സ്വർഗ്ഗം വിട്ടിറങ്ങി. പുൽക്കൂടു മുതൽ കാൽവരി വരെയുള്ള രംഗങ്ങൾ യേശുവിന്റെ മുമ്പാകെ എപ്പോഴും ഉണ്ടായിരുന്നു. തനിക്കു വരാൻ പോകുന്ന അതിവേദനയെക്കുറിച്ചു യേശു അറിഞ്ഞിരുന്നു. ഇതെല്ലാ

മായിരുന്നിട്ടും ക്രിസ്തു പറഞ്ഞു: "ഇതാ, ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു; എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ പ്രിയപ്പെടുന്നു; നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു" (സങ്കീ. 40:7,8).

തന്റെ ദൗത്യത്തിന്റെ ഫലം എല്ലായ്പോഴും ക്രിസ്തുവിന്റെ മുമ്പിൽ ഉണ്ടായിരുന്നു. താൻ അനുഭവിക്കാൻ പോകുന്ന കഠിനയാതന വ്യർഥാവിലാകയില്ല എന്ന ഉറപ്പായിരുന്നു, കഷ്ടതയും സ്വയത്യാഗവും നിറഞ്ഞ യേശുവിന്റെ ഭൗമിക ജീവിതത്തെ സംതൃപ്തമാക്കിയത്. മനുഷ്യനു നിത്യജീവൻ നല്കുന്നതിനുവേണ്ടി തന്റെ ജീവനെ അർപ്പിച്ച്, മനുഷ്യനെ ദൈവത്തോടുള്ള വിശ്വസ്തതയിലേക്കു വീണ്ടെടുക്കുകയായിരുന്നു യേശുവിന്റെ ജീവിത ദൗത്യം. പാപം അറിയാത്തവനായ തനിക്കു ലോകത്തിന്റെ പാപഭാരം മുഴുവൻ വഹിക്കുകയും, രക്തസ്നാനം സ്വീകരിക്കേണ്ടിവരികയും ചെയ്യുമെന്നറിയാമായിരുന്നിട്ടും, "തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷത്തെ ഓർത്ത്" ക്രൂശിനെ യേശു തെരഞ്ഞെടുത്തു. അപമാനത്തെ യേശു നിസ്സാരമായി കരുതി.

യേശു തന്റെ ശിഷ്യന്മാരിൽനിന്നു വരുവാൻ പോകുന്ന സംഭവങ്ങൾ മറച്ചിരുന്നു. എന്നാൽ യേശു തീവ്രമായ മനോവേദന അനുഭവിക്കാൻ പോകുന്ന സമയം അടുത്തിരുന്നു. തങ്ങളുടെ പ്രിയങ്കരനായ ഗുരു, ശത്രുക്കളുടെ കരങ്ങളിൽ ഏല്പിക്കപ്പെടുന്നതും, അവരാൽ പീഡിപ്പിക്കപ്പെടുന്നതും ശിഷ്യന്മാർ അനതിവിദൂരഭാവിയിൽ ദർശിക്കേണ്ടവരായിരുന്നു. അവരിൽനിന്നു യേശു മാറ്റപ്പെടുവാനുള്ള സമയം അടുത്തുകൊണ്ടിരുന്നു. യേശു പോയശേഷം ശിഷ്യന്മാർ ഏകരായി ലോകത്തെ അഭിമുഖീകരിക്കേണ്ടവർ ആയിരുന്നു. അവർ നേരിടുവാൻ പോകുന്ന ശോധനകളെ യേശു നേരത്തെ കണ്ടിരുന്നു. അതിലേക്കായി ശിഷ്യന്മാരെ ഒരുക്കേണ്ടതുണ്ടായിരുന്നു.

കൈസര്യയിലെ ഫിലിപ്പിയിലുള്ള ഒരു പട്ടണത്തിൽ യേശുവും ശിഷ്യന്മാരുമെത്തി. യെരൂശലേമിൽനിന്ന് അകലെ, വിഗ്രഹാരാധന പ്രബലമായിരുന്ന ഒരു സ്ഥലമായിരുന്നു അത്. ജാതികളുടെ ജീവിതരീതി നേരിട്ടു കണ്ടു മനസ്സിലാക്കുവാനാണ് അവരെ യേശു അവിടെ കൊണ്ടുവന്നത്. ലോകത്തെമ്പാടും നിലനിന്നിരുന്ന അനാചാരങ്ങൾ ഇവിടെയും ഉണ്ടായിരുന്നു. തങ്ങൾക്കു മറ്റുള്ളവരോടുള്ള കടപ്പാടുകളെക്കുറിച്ചു ശിഷ്യന്മാരെ ബോധവാന്മാരാക്കുവാൻ യേശു ആഗ്രഹിച്ചു. ഈ സ്ഥലത്ത് എത്തിയപ്പോൾ, തന്റെ മുഴുവൻ സമയവും ശിഷ്യന്മാർക്കു വേണ്ടിയായിരുന്നു യേശു ചെലവിട്ടത്. ജനങ്ങളോടു യേശു അധികം സംസാരിച്ചില്ല.

താൻ നേരിടുവാൻ പോകുന്ന യാതനകളെക്കുറിച്ചു ശിഷ്യന്മാരോടു പറയുവാൻ യേശു ആഗ്രഹിച്ചു. ശിഷ്യന്മാരുടെ ഹൃദയങ്ങളെ ഒരുക്കുന്നതിനു വേണ്ടി ഏകനായി യേശു പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞു യേശു വീണ്ടും ശിഷ്യന്മാരുടെ ഇടയിൽ വന്നപ്പോൾ, താൻ പറയുവാനാഗ്രഹിച്ച കാര്യങ്ങൾ ഉടനടി അവരോടു പറഞ്ഞില്ല. അതിനുമുമ്പായി തന്നെക്കുറിച്ചു ശിഷ്യന്മാർ

എന്തു വിചാരിക്കുന്നുവെന്ന് ഒരു സാക്ഷീകരണം നടത്തുവാൻ യേശു അവർക്കു സന്ദർഭം നല്കി. "ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു?" യേശു ശിഷ്യന്മാരോടു ചോദിച്ചു.

യേശുവിനെ തങ്ങളുടെ മശീഹയായി യിസ്രായേൽ അംഗീകരിച്ചിട്ടില്ലായെന്നു ശിഷ്യന്മാർ ഖേദത്തോടെ പറഞ്ഞു. യേശുവിന്റെ അത്ഭുതപ്രവൃത്തികൾ കണ്ട ചിലർ യേശുവിനെ "ദാവീദിന്റെ പുത്രൻ" എന്നു വിളിച്ചു. ബേത്ത്സയിദയിൽ അപ്പം തിന്നു തൃപ്തരായവർ യേശുവിനെ രാജാവായി വാഴിക്കുവാൻ ആഗ്രഹിച്ചു. മറ്റുചിലർ യേശുവിനെ ഒരു പ്രവാചകനായി അംഗീകരിപ്പാൻ തയ്യാറായിരുന്നു. എന്നാൽ മശീഹ ആയി ഒരുവനും സ്വീകരിച്ചില്ല.

ശിഷ്യന്മാരോടായി യേശു വീണ്ടും ഒരു ചോദ്യം ചോദിച്ചു: "നിങ്ങളോ എന്നെ ആർ എന്നു പറയുന്നു?" അതിനു മറുപടിയായി ശിമോൻ പത്രൊസ് പറഞ്ഞു: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു."

പത്രൊസ് ആരംഭം മുതൽതന്നെ യേശു, മശീഹയെന്നു വിശ്വസിച്ചിരുന്നു. യോഹന്നാൻ സ്നാപകന്റെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടു ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവർ, യോഹന്നാന്റെ വധത്തോടുകൂടെ യോഹന്നാന്റെ ദൂതിനെ സംശയിച്ചു. ഇതുവരെയും കാത്തിരുന്ന മശീഹ, യേശുവായിരിക്കയില്ലായെന്ന് അവർ കരുതി. യേശു രാജാവായി ദാവീദിന്റെ സിംഹാസനത്തിലിരിക്കുമെന്നു പ്രതീക്ഷിച്ചവർ യേശുവിന്റെ ഉദ്ദേശ്യം അതല്ലെന്നു കണ്ടപ്പോൾ നിരാശരായി അവനെ വിട്ടുപോയി. എന്നാൽ പത്രൊസും കൂട്ടുകാരും അങ്ങനെയായിരുന്നില്ല. അസ്ഥിരരായ ആളുകൾ ആദ്യം യേശുവിനെ പുകഴ്ത്തുകയും പിന്നീടു പരിഹസിക്കുകയും ചെയ്തു. അവരുടെ വഴിയായിരുന്നില്ല പത്രൊസും കൂട്ടരും തെരഞ്ഞെടുത്തത്. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്നു പത്രൊസ് പ്രഖ്യാപിച്ചു. തന്റെ രക്ഷകനെ രാജകീയബഹുമതികൊണ്ടു കിരീടം അണിയിക്കുന്നതു കാൺമാൻ പത്രൊസ് കാത്തുനിന്നില്ല. ക്രിസ്തുവിന്റെ എളിമത്വ അവസ്ഥയിൽ, പത്രൊസ് ക്രിസ്തുവിനെ മശീഹയായി സ്വീകരിച്ചു.

പന്തിരുവരുടെയും വിശ്വാസമാണു പത്രൊസ് പ്രകടിപ്പിച്ചത്. എങ്കിലും ക്രിസ്തുവിന്റെ ദൗത്യം അവർ പൂർണ്ണമായും ഗ്രഹിച്ചിരുന്നില്ല. പുരോഹിതന്മാരുടെയും പ്രഭുക്കന്മാരുടെയും എതിർപ്പും ദുഷ്പ്രചരണങ്ങളും ശിഷ്യന്മാരെ ക്രിസ്തുവിൽനിന്ന് അകറ്റിയില്ലെങ്കിലും, അവർക്കു വലിയ ചിന്താക്കുഴപ്പം ഉണ്ടാക്കി. അവരുടെ ഗമനം എങ്ങോട്ടെന്ന് അവർക്കറിയില്ലായിരുന്നു. ആരംഭകാലങ്ങളിലെ പരിശീലനങ്ങളുടെ സ്വാധീനശക്തിയും, റബ്ബിമാരുടെ ഉപദേശങ്ങളും പാരമ്പര്യാചാരങ്ങളുമെല്ലാം സത്യത്തെ ദർശിക്കുന്നതിനു തടസ്സം സൃഷ്ടിച്ചു. എന്നാൽ യേശുവിൽനിന്ന് അവർക്കു പ്രകാശം ലഭിച്ചുകൊണ്ടിരുന്നു. എങ്കിലും അവർ പൂർണ്ണത പ്രാപിച്ചിരുന്നില്ല. എന്നാൽ യേശു, താൻ ആരെന്ന് അവർ വിശ്വസിക്കുന്നുവെന്നു ചോദിച്ചപ്പോൾ, പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു. "കാണുന്നതിനെ അല്ല, കാണാത്തതിനെ" കാണുന്നതിനായി അവരുടെ കണ്ണുകൾ തുറന്നു (2 കൊരി. 4:18). യേശുവിൽ അവർ ദൈവപുത്രന്റെ മഹത്വം കണ്ടു.

യേശു പത്രൊാസിനോടു പറഞ്ഞു: "ബർയോനാശിമോനേ, നീ ഭാഗ്യവാൻ; ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇതു വെളിപ്പെടുത്തിയത്."

പത്രൊാസ് സാക്ഷീകരിച്ച സത്യം ഒരു ദൈവപൈതലിന്റെ വിശ്വാസത്തിന്റെ അടിസ്ഥാനമാകുന്നു. അതു നിത്യജീവൻ ആകുന്നുവെന്നു ക്രിസ്തു തന്നെയും പ്രസ്താവിച്ചത്, ഈ സ്ത്യത്തെക്കുറിച്ചായിരുന്നു. സ്വയം പുകഴ്ത്തുന്നതിനു വേണ്ടിയല്ലായിരുന്നു പത്രൊാസിന് ഈ അറിവു നല്കിയത്. മനുഷ്യവർഗ്ഗത്തിനു സ്വയമായി ദൈവിക ജ്ഞാനം പ്രാപിപ്പാൻ സാദ്ധ്യമല്ല. "അത് ആകാശത്തോളം ഉയരമുള്ളത്; നീ എന്തു ചെയ്യും? അതു പാതാളത്തെക്കാൾ അഗാധമായത്; നിനക്കെന്തറിയാം?" (ഇയ്യോബ് 11:8). "കണ്ണു കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടില്ലാത്തതുമായ" ദൈവത്തെ സംബന്ധിച്ചിട്ടുള്ള ആഴമേറിയ കാര്യങ്ങൾ പരിശുദ്ധാത്മാവിനു മാത്രമേ വെളിപ്പെടുത്തിത്തരുവാൻ കഴികയുള്ളൂ. "നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു" (1 കൊരി. 2:9,10). "യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്ക് ഉണ്ടാകും." ക്രിസ്തുവിന്റെ മഹത്വം പത്രൊാസ് തിരിച്ചറിഞ്ഞുവെന്നത്, താൻ "ദൈവത്താൽ ഉപദേശിക്കപ്പെട്ടവൻ" ആയിരുന്നു എന്നതിന്റെ തെളിവ് ആയിരുന്നു (സങ്കീ. 25:14; യോഹ. 6:45). "ബർയോനാശിമോനേ, നീ ഭാഗ്യവാൻ; ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇതു വെളിപ്പെടുത്തിയത്."

യേശു തുടർന്നു പറഞ്ഞു: "നീ പത്രൊാസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല." "പത്രൊാസ്" എന്ന പദം ചൂണ്ടിക്കാട്ടുന്നത് 'ഉരുളുന്ന കല്ല്' എന്നാണ്. സഭയെ പണിതുറപ്പിച്ച പാറ പത്രൊാസ് ആയിരുന്നില്ല. ശപിച്ചും, ആണയിട്ടുംകൊണ്ടു തന്റെ കർത്താവിനെ തള്ളിപ്പറഞ്ഞപ്പോൾ, പാതാളഗോപുരങ്ങൾ പത്രൊാസിനെ ജയിക്കതന്നെ ചെയ്തു. പാതാളഗോപുരങ്ങൾക്കു കീഴടക്കുവാൻ സാധിക്കാത്ത ക്രിസ്തുവിന്മേലാണു സഭ പണിയപ്പെട്ടിരിക്കുന്നത്.

യേശുക്രിസ്തുവിന്റെ വരവിനു നൂറ്റാണ്ടുകൾക്കു മുമ്പു യിസ്രായേലിന്റെ രക്ഷയായ പാറയിലേക്കു മോശെ ചൂണ്ടിക്കാട്ടി. "എന്റെ ബലമായ പാറ"യെക്കുറിച്ചു സങ്കീർത്തനക്കാരൻ പാടി. യെശയ്യാവ് എഴുതി: "ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധന ചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ല് ഇട്ടിരിക്കുന്നു" (ആവ. 32:4; സങ്കീ. 62:7; യെശ. 28:16). പരിശുദ്ധാത്മപ്രേരിതനായി പത്രൊാസ് തന്റെ ലേഖനം എഴുതുമ്പോൾ, ഈ പ്രവചനത്തെ യേശുവിനോടാണു ബന്ധപ്പെടുത്തുന്നത്. പത്രൊാസ് പറയുന്നു: "കർത്താവു ദയാലു എന്നു നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ. മനുഷ്യർ തള്ളിയതെങ്കിലും, ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി

യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധപുരോഹിതവർഗ്ഗമാകേണ്ടതിന്, പണിയപ്പെടുന്നു" (1 പത്രൊസ് 2:3–5).

"യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴികയില്ല" (1 കൊരി. 3:11). "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" എന്നു യേശുക്രിസ്തു പറഞ്ഞു. ദൈവത്തിന്റെ സന്നിധിയിലും, സകലദൂതന്മാരുടെ സാന്നിദ്ധ്യത്തിലും, അദൃശ്യരായ ദുഷ്ടാത്മസേനയുടെ മുമ്പാകെയും, ക്രിസ്തു തന്റെ സഭയെ ജീവനുള്ള പാറമേൽ സ്ഥാപിച്ചു. ക്രിസ്തുതന്നെയാകുന്നു ആ പാറ. നമുക്കുവേണ്ടി മുറിവേറ്റതും തകർന്നതുമായ തന്റെ ശരീരമായിരുന്നു ആ പാറ. അതിന്മേൽ പണിയപ്പെട്ടിരിക്കുന്ന സഭയെ പാതാളഗോപുരങ്ങൾ ഒരിക്കലും ജയിക്കയില്ല.

ക്രിസ്തു ഇതു പറയുമ്പോൾ, സഭ ബലഹീനമെന്നു തോന്നുംവിധം കാണപ്പെട്ടിരുന്നു. വളരെക്കുറച്ചു വിശ്വാസികൾ മാത്രം ഉൾപ്പെട്ട ഒന്നായിരുന്നു സഭ. സകല ദുഷ്ടശക്തികളും സഭയ്ക്കെതിരായി അണിനിരക്കുവാൻ പോകുകയായിരുന്നു. എങ്കിലും ക്രിസ്തുവിന്റെ അനുയായികൾ ഭയപ്പെടുവാൻ പാടില്ലായിരുന്നു. ക്രിസ്തുവാകുന്ന പാറമേൽ പണിയപ്പെട്ട സഭ ഒരിക്കലും പരാജയപ്പെടുകയില്ല.

ആറായിരം വർഷങ്ങളായി ക്രിസ്തുവാകുന്നു വിശ്വാസത്തിന്റെ അടിസ്ഥാനം. ആറായിരം വർഷങ്ങളായി സാത്താന്റെ ക്രോധം കൊടുങ്കാറ്റും പ്രളയവും പോലെ നമ്മുടെ രക്ഷയുടെ പാറമേൽ ചീറിയടിച്ചുകൊണ്ടിരിക്കുകയാണ്. എങ്കിലും ആ പാറ അചഞ്ചലമായി നിലകൊള്ളുന്നു.

സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണമാണു പത്രൊസ് പ്രകാശിപ്പിച്ചത്. വിശ്വാസികളുടെ സമൂഹത്തിന്റെ പ്രതിനിധിയായി പത്രൊസിനെ യേശു ആദരിച്ചു. യേശു പറഞ്ഞു: "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു. നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും."

"സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ" ക്രിസ്തുവിന്റെ വചനങ്ങളാണ്. തിരുവെഴുത്തുകളിലെ എല്ലാ വചനങ്ങളും ക്രിസ്തുവിന്റേതാണ്. ക്രിസ്തുവിന്റെ വചനങ്ങൾക്കു സ്വർഗ്ഗം തുറക്കുവാനും അടയ്ക്കുവാനുമുള്ള അധികാരമുണ്ട്. മനുഷ്യരെ സ്വീകരിപ്പാനും, തള്ളുവാനുമുള്ള വ്യവസ്ഥകൾ അവ പ്രഖ്യാപിക്കുന്നു. ഇങ്ങനെ, ദൈവവചനം ഘോഷിക്കുന്നവരുടെ വേല, ഒന്നുകിൽ നിത്യജീവനോ അഥവാ മരണത്തിനോ ഹേതുവായിത്തീരുന്നു. ദൈവവേലക്കാരുടെ പ്രയത്നം നല്കുന്ന ഫലങ്ങൾ നിത്യമായതാണ്. ഒന്നുകിൽ അതു നിത്യജീവങ്കലേക്കു നയിക്കും. അനുസരിക്കാതിരിക്കുന്നവർക്കു നിത്യനാശവും ഭവിക്കും.

സുവിശേഷവേല പത്രൊസിനെ വ്യക്തിപരമായി യേശു ഭരമേല്പിച്ചില്ല. പത്രൊസിനോടു പറഞ്ഞ വാക്കുകൾതന്നെ യേശു ആവർത്തിച്ചുകൊണ്ടു പില്ക്കാലത്ത് ആ ചുമതല സഭയ്ക്കു നേരിട്ടു നല്കുകയാണു ചെയ്തത്. ഇതേ കാര്യം വിശ്വാസികളുടെ പ്രതിനിധികൾ എന്ന നിലയിൽ ശിഷ്യന്മാരോടും യേശു പറഞ്ഞു. ശിഷ്യന്മാരിൽ ഒരുവനു മറ്റുള്ളവരുടെമേൽ എന്തെങ്കിലും പ്രത്യേകാധികാരം നല്കിയിരുന്നുവെങ്കിൽ തങ്ങളിൽ ശ്രേഷ്ഠൻ ആരാണ് എന്ന മത്സരം ഉണ്ടാകുകയില്ലായിരുന്നു. അവർ ഗുരുവിന്റെ ഇഷ്ടത്തിനു കീഴ്പ്പെടുമായിരുന്നു. ഗുരു തെരഞ്ഞെടുത്ത ആളിനെ അവർ അംഗീകരിക്കുമായിരുന്നു.

ഒരാളെ ശിഷ്യന്മാരുടെ തലവനായി എടുക്കുന്നതിനു പകരം യേശു അവരോടു പറഞ്ഞത്, "നിങ്ങളോ റബ്ബീ എന്നു പേർ എടുക്കരുത്... ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നെ" (മത്തായി 23:8,10).

"ഏതു പുരുഷന്റെയും തല ക്രിസ്തു." "സർവ്വവും അവന്റെ കാല്ക്കീഴാക്കിവച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു" (1 കൊരി. 11:3; എഫെ. 1:22,23). ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ സഭ പണിയപ്പെട്ടിരിക്കുന്നു. ക്രിസ്തു സഭയുടെ തലയായിരിക്കുകയാൽ സഭ ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കണം. സഭ മനുഷ്യനെ ആശ്രയിക്കുകയോ മനുഷ്യനാൽ നിയന്ത്രിക്കപ്പെടുകയോ ചെയ്യേണ്ടതല്ല. മറ്റുള്ളവർ എന്തു വിശ്വസിക്കണം, എന്തു പ്രവർത്തിക്കണം എന്നു തീരുമാനിക്കാനുള്ള അധികാരം തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നു ചിലർ കരുതുന്നു. ദൈവം ഈ അവകാശവാദം അംഗീകരിക്കുന്നില്ല. കർത്താവു പറയുന്നു: "നിങ്ങളോ, എല്ലാവരും സഹോദരന്മാർ." എല്ലാവരും പരീക്ഷകൾക്കു വിധേയരും, തെറ്റിപ്പോകാൻ സാദ്ധ്യതയുള്ളവരുമാണ്. നമുക്ക് ഒരു മനുഷ്യനിലും ആശ്രയിപ്പാൻ സാദ്ധ്യമല്ല. ക്രിസ്തുവിന്റെ സാന്നിദ്ധ്യമാണു വിശ്വാസത്തിന്റെ ഉറപ്പുള്ള പാറ. ഏറ്റവും ബലഹീനനും ഇതിന്മേൽ ആശ്രയിക്കാം. ക്രിസ്തുവിനെ തങ്ങളുടെ ബലമായി സ്വീകരിക്കുന്നില്ലായെങ്കിൽ ഏറ്റവും ബലവാൻ എന്നു കരുതുന്നവർ ഏറ്റവും ബലഹീനർ എന്നു തെളിയിക്കപ്പെടും. "മനുഷ്യനിൽ ആശ്രയിച്ചു ജഡത്തെ തന്റെ ഭുജമാക്കി ഹൃദയം കൊണ്ടു യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ." "അവൻ പാറ; അവന്റെ പ്രവൃത്തി അത്യുത്തമം." "അവനെ ശരണം പ്രാപിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ" (യിരെ. 17:5; ആവ. 32:4; സങ്കീ. 2:12).

പത്രൊസിന്റെ സാക്ഷീകരണത്തിനുശേഷം, താൻ ക്രിസ്തുവാണെന്ന് ആരോടും പറയരുതെന്നു ശിഷ്യന്മാരോടു യേശു അമർച്ചയായി കല്പിച്ചു. പരീശന്മാരുടെയും ശാസ്ത്രിമാരുടെയും കഠിനമായ എതിർപ്പുകൊണ്ടായിരുന്നു, യേശു ഇപ്രകാരം ആജ്ഞാപിച്ചത്. മാത്രമല്ല, ജനങ്ങൾക്കും ശിഷ്യന്മാർക്കു പോലും മശീഹയെക്കുറിച്ചു തെറ്റായ ഒരു ധാരണയായിരുന്നു ഉണ്ടായിരുന്നത്. അങ്ങനെയിരിക്കേ, ക്രിസ്തുവിനെ സംബന്ധിച്ചു നല്കുന്ന ഒരു പരസ്യപ്രസ്താവന, ക്രിസ്തുവിന്റെ സ്വഭാവത്തെയും ദൗത്യത്തെയും മനസ്സി

ലാക്കുവാൻ സഹായിക്കുകയില്ലായിരുന്നു. എന്നാൽ താൻ അവരുടെ രക്ഷക നാണെന്നു യേശു വെളിപ്പെടുത്തിക്കൊണ്ടിരുന്നു.

ഒരു ഭൗമിക രാജാവായി തങ്ങളുടെ ഗുരു വാഴുന്നതു കാണുവാൻ ശിഷ്യ ന്മാർ ആഗ്രഹിച്ചു. യേശു എന്നും ദാരിദ്ര്യത്തിലും അറിയപ്പെടാതെയും കഴി യുകയില്ലായെന്നു ശിഷ്യന്മാർ വിചാരിച്ചു. തന്റെ രാജ്യം സ്ഥാപിക്കുന്ന സമയം വന്നെത്തിയെന്ന് അവർ കരുതി. എന്നാൽ പുരോഹിതന്മാരുടെയും റബ്ബി മാരുടെയും വിദ്വേഷം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും, ക്രിസ്തുവിനെ ജനം ത്യജിക്കുകയും, വ്യാജമായ ആരോപണങ്ങൾ കെട്ടിച്ചമച്ചു ക്രൂശി ക്കുകയും ചെയ്യുന്ന സമയം അടുത്തുകൊണ്ടിരിക്കുകയാണെന്നും അവർ വിചാരിച്ചില്ല. അന്ധകാരശക്തിയുടെ നാഴിക അടുത്തുകൊണ്ടിരിക്കുകയാ യിരുന്നു. ശത്രു നടത്തുവാൻ പോകുന്ന പോരാട്ടം യേശു ശിഷ്യന്മാർക്കു വ്യക്തമാക്കുവാൻ പോകുകയായിരുന്നു. വരാൻ പോകുന്ന പരീക്ഷകളെ ക്കുറിച്ചു ചിന്തിച്ചപ്പോൾ, യേശുവിന്റെ മനസ്സു കലങ്ങി.

തനിക്കു നേരിടേണ്ട യാതനകളെയോ, മരണത്തെയോ സംബന്ധിച്ചു യേശു ശിഷ്യന്മാരോട് ഇതുവരെയും പറഞ്ഞിരുന്നില്ല. നിക്കോദേമൊസു മായുള്ള സംഭാഷണവേളയിൽ യേശു പറഞ്ഞു: "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാ കുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ" (യോഹ. 3:14,15). ശിഷ്യന്മാർ ഈ സംഭാഷണം കേട്ടിരുന്നില്ല. കേട്ടിരു ന്നെങ്കിൽത്തന്നെയും അവർക്ക് അതു ഗ്രഹിപ്പാൻ പ്രയാസമാകുമായിരുന്നു. എന്നാൽ യേശുവുമായുള്ള നിരന്തര സമ്പർക്കം മൂലം അവരുടെ ആത്മീയ കണ്ണുകളെ ക്രമേണ തുറന്നുകൊണ്ടിരുന്നു. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്നു പത്രൊസ് പറഞ്ഞ സാക്ഷ്യത്തിൽ മറ്റു ശിഷ്യ ന്മാർക്കും ചേരുവാൻ കഴിയുന്ന വളർച്ച അവർ പ്രാപിച്ചിരുന്നു. ഭാവിയെ ആച്ഛാദനം ചെയ്തിരുന്ന തിരശ്ശീല നീക്കുവാനുള്ള സമയം സമാഗതമായി ക്കഴിഞ്ഞു. "അന്നുമുതൽ യേശു താൻ യെരൂശലേമിൽ ചെന്നിട്ട്, മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ചു കൊല്ല പ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കുകയും വേണ്ടത് എന്നു ശിഷ്യന്മാരോടു പ്രസ്താവിച്ചു തുടങ്ങി."

ദുഃഖവും അത്ഭുതവും നിറഞ്ഞു നിശ്ശബ്ദരായി ശിഷ്യന്മാർ യേശുവിന്റെ വാക്കുകൾ കേട്ടു. പത്രൊസ് തന്നെക്കുറിച്ചു പറഞ്ഞ സാക്ഷ്യം യേശു സ്വീകരിച്ചു. മരണത്തെക്കുറിച്ചും, തനിക്കു വരാൻ പോകുന്ന യാതനകളെ ക്കുറിച്ചും യേശു പറഞ്ഞപ്പോൾ, ശിഷ്യന്മാർക്ക് അതു ദുർഗ്രാഹ്യമായി രുന്നു. പത്രൊസിനു നിശ്ശബ്ദനായിരിക്കുവാൻ കഴിഞ്ഞില്ല. ഗുരുവിനെ നാശ ത്തിൽനിന്നു പിന്തിരിപ്പിക്കുവാനാഗ്രഹിച്ചുകൊണ്ടു പത്രൊസ് യേശുവിനോടു പറഞ്ഞു: "കർത്താവേ, അത് അരുതേ; നിനക്ക് അങ്ങനെ സംഭവിക്കരുതേ."

പത്രൊസ് കർത്താവിനെ ഹൃദയംഗമമായി സ്നേഹിച്ചിരുന്നു. എന്നാൽ, തന്നെ കഷ്ടം അനുഭവിക്കുന്നതിൽനിന്നു പിന്തിരിപ്പിക്കാനുള്ള പത്രൊസിന്റെ

ശ്രമത്തെ കർത്താവു പ്രശംസിച്ചില്ല. യേശുവിന്റെ പരീക്ഷാഘട്ടത്തിൽ പത്രൊസിന്റെ വാക്കുകൾ ഒട്ടും സഹായകരമല്ലായിരുന്നു. പാപത്തിൽ നിപതിച്ച ലോകത്തെ വീണ്ടെടുപ്പാനുള്ള ദൈവകൃപയോടു പൊരുത്തപ്പെടുന്നതായിരുന്നില്ല പത്രൊസിന്റെ വാക്കുകൾ. തന്റെ വ്യക്തിപരമായ മാതൃകയിലൂടെ യേശു ശിഷ്യന്മാരെ പഠിപ്പിക്കുവാനാഗ്രഹിച്ച ത്യാഗത്തിന്റെ പാഠങ്ങളുമായി യോജിക്കുന്നതായിരുന്നില്ല പത്രൊസിന്റെ വാക്കുകൾ. ക്രിസ്തുവിന്റെ ദൗത്യത്തിൽ, ക്രൂശിന്റെ സാന്നിദ്ധ്യം പത്രൊസ് ഇഷ്ടപ്പെട്ടില്ല. തന്റെ അനുഗാമികളെ എന്തു പഠിപ്പിക്കുവാൻ ക്രിസ്തു ആഗ്രഹിച്ചുവോ, അതിനു കടകവിരുദ്ധമായിരുന്നു പത്രൊസ് പറഞ്ഞ വാക്കുകൾ. തന്റെ അധരങ്ങളിൽനിന്നു പുറത്തേക്കു വന്നിട്ടുള്ള ഏറ്റവും കർക്കശമായ ശാസനകളിലൊന്നായിരുന്നു, പത്രൊസിനോടു പറയുവാൻ യേശു നിർബന്ധിതനായത്. “സാത്താനേ, എന്നെ വിട്ടുപോ; നീ എനിക്ക് ഇടർച്ചയാകുന്നു; നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രേ കരുതുന്നത്...”

തന്റെ ദൗത്യത്തിൽനിന്നു യേശുവിനെ പിന്തിരിപ്പിക്കുവാനും നൈരാശ്യമുള്ളവനാക്കിത്തീർക്കുവാനും സാത്താൻ ശ്രമിച്ചു. പത്രൊസ് തന്റെ അന്ധമായ സ്നേഹത്തിലൂടെ സാത്താന്റെ ഒരു മദ്ധ്യവർത്തിയായിത്തീർന്നു. പത്രൊസിനുണ്ടായ ചിന്തയുടെ കാരണഭൂതൻ സാത്താനായിരുന്നു. പത്രൊസിന്റെ വികാരപൂർണ്ണമായ അഭ്യർത്ഥനയ്ക്കു പിന്നിൽ സാത്താന്റെ പ്രേരണയുണ്ടായിരുന്നു. മരുഭൂമിയിൽവച്ചു സാത്താൻ ക്രിസ്തുവിനെ പരീക്ഷിച്ചപ്പോൾ, ക്രിസ്തുവിനു ലോകത്തിന്റെ സർവ്വ അധികാരവും സാത്താൻ വാഗ്ദത്തം ചെയ്തത്, ക്രിസ്തു സ്വയത്യാഗത്തിന്റെയും, ദൈവത്തോടുള്ള അനുസരണത്തിന്റെയും പാത വെടിയണം എന്ന വ്യവസ്ഥയിലായിരുന്നു. അതേ പരീക്ഷയാണു പത്രൊസും അഭിമുഖീകരിച്ചത്. യേശുകർത്താവ് ആഗ്രഹിച്ചതുപോലെ പത്രൊസിന്റെ കണ്ണുകൾ ക്രൂശിനെ നോക്കാതെ, സാത്താന്റെ പ്രേരണയ്ക്കു വശംവദനായി ഭൗമിക മഹത്വത്തിലേക്ക് അവന്റെ കണ്ണുകളെ അയച്ചു. പത്രൊസിൽക്കൂടെ ശത്രു, യേശുവിന്റെ മേൽ സമ്മർദ്ദം പ്രയോഗിച്ചു. എന്നാൽ യേശു അവന്റെ അഭ്യർത്ഥനയെ കൈക്കൊണ്ടില്ല. യേശുവിന്റെ ഹൃദയം പത്രൊസിനുവേണ്ടി വേദനിച്ചു. യേശു അപമാനിതനാവുന്നതു പത്രൊസ് ഗ്രഹിക്കാതിരിക്കാൻ സാത്താൻ യേശുവിനും പത്രൊസിനുമിടയിൽ നിന്നു. ക്രിസ്തു പറഞ്ഞ വാക്കുകൾ യഥാർത്ഥത്തിൽ പത്രൊസിനോടായിരുന്നില്ല. പ്രത്യുത, പത്രൊസിനെ തന്നിൽനിന്ന് അകറ്റാൻ ശ്രമിക്കുന്ന സാത്താനോടായിരുന്നു. യേശു പറഞ്ഞു: “സാത്താനേ, എന്നെ വിട്ടുപോ.” എന്റെയും, ബലഹീനനായ എന്റെ ശിഷ്യന്റെയും മദ്ധ്യേ നീ ഇനിമേലാൽ കടന്നുവരരുത്. എന്റെ സ്നേഹത്തിന്റെ മർമ്മം ഗ്രഹിപ്പാൻ അവൻ എന്നെ നേരിട്ടു കാണട്ടെ.

പത്രൊസ് ഒരു കൈപ്പേറിയ പാഠം പഠിച്ചു. ക്രിസ്തുവിന്റെ പാത സ്വയത്യാഗത്തിന്റെയും വേദനയുടെയും പാതയാണെന്നു പത്രൊസിനു മനസ്സിലായി. കഷ്ടതയിൽ കർത്താവിനോടു കൂട്ടായ്മ പുലർത്തുന്നതിൽ പത്രൊസ് പരാജിതനായി. എന്നാൽ പീഡനത്തിന്റെ തീച്ചൂളയിൽ; അതിന്റെ അനുഗ്രഹത്തെക്കുറിച്ചു പത്രൊസ് പഠിക്കുവാൻ പോകയായിരുന്നു. അനേക

വർഷങ്ങൾക്കുശേഷം, വൃദ്ധനായ പത്രൊസ് എഴുതി: “പ്രിയമുള്ളവരേ, നിങ്ങൾക്കു പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്കു വന്നുകൂടി എന്നുവച്ച് അതിശയിച്ചുപോകരുത്. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും” (1 പത്രൊസ് 4:12,13).

സ്വയത്യാഗത്തിൽ അധിഷ്ഠിതമായ തന്റെ ജീവിതം ശിഷ്യന്മാർക്കു മാതൃകയാക്കാൻ വേണ്ടിയായിരുന്നുവെന്നു യേശു പഠിപ്പിച്ചു. ശിഷ്യന്മാരോടും മറ്റുള്ളവരോടുമായി യേശു പറഞ്ഞു: “ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ.” റോമിന്റെ അധികാരവുമായി ബന്ധപ്പെട്ടതായിരുന്നു കുരിശ്. ഏറ്റവും ക്രൂരവും അപമാനകരവുമായ മരണത്തിന് ഇടയാക്കുന്ന ഒരു ഉപകരണമായിരുന്നു കുരിശ്. കൊടും ക്രൂരരായ കുറ്റവാളികൾ കുരിശു ചുമന്നുകൊണ്ടു വധസ്ഥലത്തേക്കു പോകുവാൻ നിർബന്ധിക്കപ്പെട്ടിരുന്നു. അവർ അതിനെ എതിർത്തിരുന്നാലും ഒടുവിൽ അവർ അതു വഹിച്ചേ മതിയാകുമായിരുന്നുള്ളു. പീഡനത്തിന്റെ ഉപകരണമായ കുരിശു വഹിപ്പാൻ കുറ്റവാളികൾ നിർബന്ധിക്കപ്പെട്ടിരുന്നു. യേശു തന്റെ അനുയായികളോടു പറഞ്ഞതു കുരിശു ചുമക്കുവാനാണ്. ശിഷ്യന്മാർക്ക് അതിന്റെ അർത്ഥം പൂർണ്ണമായി ഗ്രഹിപ്പാൻ കഴിഞ്ഞില്ല. ക്രിസ്തുവിനുവേണ്ടി ഏതു കയ്പേറിയ അനുഭവത്തെയും സഹിക്കുവാനാണു കർത്താവ് ഉദ്ദേശിക്കുന്നതെന്ന് അവർ മനസ്സിലാക്കി. സ്വയത്യാഗത്തിന്റെ പൂർണ്ണതയെ വിശദീകരിക്കുവാനാണു കർത്താവ് ഈ ഉദാഹരണം ഉപയോഗിച്ചത്. മനുഷ്യവർഗ്ഗം സാത്താന്റെ അടിമത്തത്തിൽ കഴിയുമ്പോൾ, യേശുവിനു സ്വർഗ്ഗം അഭികാമ്യമായിത്തോന്നിയില്ല. മനുഷ്യവർഗ്ഗത്തിനുവേണ്ടി ഏറ്റവും ഹീനമായ മരണം വരിക്കുവാൻ സ്വർഗ്ഗമഹിമ യേശു വെടിഞ്ഞു. ദരിദ്രരായിരുന്ന നമ്മെ സമ്പന്നരാക്കുവാൻ സ്വർഗ്ഗീയ സമ്പന്നതയിൽ കഴിഞ്ഞിരുന്ന ക്രിസ്തു ദരിദ്രനായിത്തീർന്നു. ക്രിസ്തുവിന്റെ അനുയായി, ക്രിസ്തു സഞ്ചരിച്ച പാത പിന്തുടരേണ്ടതാണ്.

ക്രിസ്തുവിന്റെ സ്നേഹഭാജനങ്ങളോടു സ്നേഹം കാണിക്കേണ്ടതു സ്വയത്തെ ക്രൂശിക്കുന്നതിലൂടെയാണ്. ഓരോ ക്രിസ്തുശിഷ്യനും ക്രിസ്തുവിന്റെ സ്നേഹമാകുന്ന ചങ്ങലയിലെ കണ്ണിയാണ്. ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ പദ്ധതിയിൽ, ക്രിസ്തുവുമായി ഏകീഭവിച്ച്, നഷ്ടപ്പെട്ടവരെ തേടിയിറങ്ങുന്ന ഒരാളായിട്ടുവേണം ഒരു ദൈവപൈതൽ അറിയപ്പെടേണ്ടത്. താൻ ക്രിസ്തുവിന്റെ വകയാണെന്ന് ഓരോ ദൈവപൈതലും അറിയണം. ഒരു ക്രിസ്ത്യാനി, ക്രിസ്തുവിനുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടവനാണ്. ലോകത്തിനു ക്രിസ്തുവിനെ പരിചയപ്പെടുത്തിക്കൊടുക്കേണ്ട ആളാണു ക്രിസ്ത്യാനി. ക്രിസ്തുവിൽ കണ്ട അനുകമ്പയും സ്നേഹവും ഒരു ക്രിസ്ത്യാനിയിൽ കാണേണ്ടതാണ്.

“ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ

കളഞ്ഞാൽ അതിനെ രക്ഷിക്കും." സ്വാർത്ഥത മരണമാകുന്നു. ശരീരത്തിലെ ഓരോ അവയവത്തിനും, അതാതിന്റെ സേവനം അതിനു മാത്രമായി പരിമിതപ്പെടുത്തുകയാണെങ്കിൽ ശരീരത്തിനു ജീവൻ നിലനിർത്താൻ കഴിയാതെ വരും. കൈകൾക്കും തലയ്ക്കും ജീവരക്തം കൊടുപ്പാൻ ഹൃദയം ഒരുങ്ങുന്നില്ലായെങ്കിൽ വേഗത്തിൽ അവയുടെ ശക്തി ക്ഷയിക്കും. ജീവരക്തം പോലെ, ക്രിസ്തുവിന്റെ സ്നേഹം, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലൂടെ എല്ലാ ഭാഗത്തേക്കും ഒഴുകേണ്ടതാണ്. നാം പരസ്പരം ബന്ധപ്പെട്ട അവയവങ്ങളെപ്പോലെയാണ്. സ്വയത്തെക്കുറിച്ചു മാത്രം ചിന്തിക്കുന്ന ആത്മാവു മരണമടയും. "ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ജീവനെ കളയുകയും ചെയ്താൽ അവന് എന്തു പ്രയോജനം? അല്ല, തന്റെ ജീവനുവേണ്ടി മനുഷ്യൻ എന്തൊരു മറുവില കൊടുക്കും?"

ഇപ്പോഴത്തെ അപമാനത്തിന്റെയും, ദാരിദ്ര്യത്തിന്റെയും അപ്പുറത്തു സംഭവിപ്പാനിരിക്കുന്ന മഹത്വകരമായ തന്റെ പുനരാഗമനത്തെക്കുറിച്ചു യേശു ശിഷ്യന്മാരോടു പറഞ്ഞു. ഒരു ഭൗമിക സിംഹാസനത്തിന്റെ മഹത്വത്തിലല്ല, നേരെമറിച്ച്, ദൈവത്തിന്റെയും സ്വർഗ്ഗീയസേനയുടെയും മഹത്വത്തോടുകൂടി വരുന്നതിനെയാണു ക്രിസ്തു ചൂണ്ടിക്കാട്ടിയത്. യേശു പറഞ്ഞു: "അപ്പോൾ, അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും." യേശു ശിഷ്യന്മാർക്ക് ഒരു വാഗ്ദത്തംകൂടി നല്കി: "മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." എന്നാൽ ശിഷ്യന്മാർക്കു യേശു പറഞ്ഞതു മനസ്സിലായില്ല. മഹത്വപ്രത്യക്ഷത വളരെ വിദൂരതയിൽ നടക്കാൻ പോകുന്ന ഒന്നാണെന്ന് അവർ കരുതി. അവർക്കു വളരെ സമീപമായി അനുഭവപ്പെട്ടതു ദാരിദ്ര്യജീവിതവും അപമാനവും കഷ്ടതയുമായിരുന്നു. മശീഹയുടെ രാജ്യത്തെക്കുറിച്ചുള്ള ശോഭയുള്ള പ്രതീക്ഷകളെ കൈവെടിയണമോ? ദാവീദിന്റെ സിംഹാസനത്തിൽ തങ്ങളുടെ ഗുരു അവരോധിക്കപ്പെടുന്നതു കാണുവാൻ വൈകുമോ? തങ്ങളുടെ ഗുരു എല്ലാവരെക്കാളും വെറുക്കപ്പെട്ട് അന്തിമമായി കൊല്ലപ്പെടുവാൻ പോകുകയാണോ? ശിഷ്യന്മാർ ദുഃഖനിമഗ്നരായി. തങ്ങളുടെ ഗുരുവിനെ അവർ വളരെയധികം സ്നേഹിച്ചിരുന്നു. അവരുടെ മനസ്സിൽ സംശയങ്ങൾ ഒന്നിനുപുറകെ ഒന്നായി ഉയർന്നു. ക്രൂരമായ അപമാനത്തിനു തങ്ങളുടെ എല്ലാമായ ഗുരു എന്തിനു വിധേയനാകുന്നു എന്നു ശിഷ്യന്മാർ ചിന്തിച്ചു. യെരൂശലേമിൽ എന്തിന് അപമാനം ഏറ്റുവാങ്ങാൻ ഗുരു പോകുന്നുവെന്ന് അവരുടെ ഉള്ളിൽ ചോദ്യങ്ങൾ ഉയർന്നു. തങ്ങളെ അന്ധകാരത്തിലാക്കിയിട്ട് എന്തിനു തങ്ങളുടെ ഗുരു ഒരു ദുർവിധിക്കു കീഴടങ്ങുന്നുവെന്നു ശിഷ്യന്മാർ ആകുലചിന്തയോടെ ചോദിച്ചു.

കൈസര്യയിലുള്ള ഫിലിപ്പിയിൽ, ക്രിസ്തു ഹെരോദാവിന്റെയും കയ്യഫാവിന്റെയും അധികാരപരിധിയിൽനിന്നു സുരക്ഷിതനായിരിക്കുമെന്നു ശിഷ്യന്മാർ വിചാരിച്ചു. അവിടെ യെഹൂദന്മാരിൽനിന്നോ, റോമൻ അധികാരികളിൽനിന്നോ അപകടം വരുവാനുള്ള സാദ്ധ്യത കുറവായിരുന്നു. ഈ

സ്ഥലത്തു ഗുരുവിനു നിന്നുകൂടെ? എന്തിനു സ്വയം അപകടത്തിലേക്കു ചെന്നുചാടണം? ഗുരു മരിക്കുകയാണെങ്കിൽ പാതാളഗോപുരങ്ങൾ ജയിക്കാത്ത രാജ്യം എങ്ങനെ സ്ഥാപിക്കാൻ കഴിയും? ശിഷ്യന്മാരുടെ ഹൃദയങ്ങളിൽ അനവധി ചോദ്യങ്ങൾ പൊന്തിവന്നു.

തങ്ങളുടെ പ്രതീക്ഷകൾ ചവിട്ടിമെതിക്കപ്പെടുവാൻ പോകുന്ന നഗരത്തിലേക്ക്, ഗലീലക്കടലിന്റെ തീരത്തൂടെ അവർ യാത്ര ചെയ്തു. ശിഷ്യന്മാർ ക്രിസ്തുവിനെ കുറ്റപ്പെടുത്തിയില്ല. എന്നാൽ സംശയാലുക്കളായ അവർ ഭാവിയെക്കുറിച്ച് ഉത്കണ്ഠാകുലരായിരുന്നു. എങ്കിലും ഏതെങ്കിലും വിധത്തിൽ അപകടം ഒഴിഞ്ഞുപോകുമെന്ന് അവർ പ്രതീക്ഷിച്ചു. അടുത്ത ആ ദിനങ്ങളിൽ ശിഷ്യന്മാർ ഭാവി എന്തെന്നറിയാതെ ഭയചകിതരായി കഴിഞ്ഞു.

# 46

# മറുരൂപമലയിൽ

അവലംബം: മത്തായി 17:1–8; മർക്കൊസ് 9:2–8; ലൂക്കൊസ് 9:28–36

വിജനമായ ഒരു മലയിലേക്കു പത്രൊസ്, യാക്കോബ്, യോഹന്നാൻ എന്നീ മൂന്നു ശിഷ്യന്മാരെയും കൂട്ടി വയലുകൾക്കക്കരെ പരുക്കൻ പാതയിലൂടെ യേശു നടന്നുപോയപ്പോൾ, നേരം എരിഞ്ഞടങ്ങുകയായിരുന്നു. കർത്താവും ശിഷ്യന്മാരും പകൽ മുഴുവനും യാത്ര ചെയ്തും പഠിപ്പിച്ചും സമയം ചെലവഴിച്ചിരുന്നതിനാൽ മലകയറ്റം വളരെ ആയാസകരമായി അനുഭവപ്പെട്ടു. മാനസികവും ശാരീരികവുമായ തളർച്ച അനുഭവപ്പെട്ടു. മാനസികവും ശാരീരികവുമായ തളർച്ച അനുഭവിച്ചിരുന്ന ശിഷ്യന്മാർക്കു യേശു ആശ്വാസം പകർന്നു. മനുഷ്യശരീരം ധരിച്ചിരുന്ന കർത്താവിനും ക്ഷീണം അനുഭവപ്പെട്ടു.

അസ്തമയസൂര്യന്റെ ചെങ്കതിരുകൾ അപ്പോഴും മലമുകളിൽ തങ്ങിനില്പുണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും സഞ്ചരിച്ചിരുന്ന പാതയെ പോക്കുവെയിൽ പ്രകാശിപ്പിച്ചിരുന്നു. എന്നാൽ താമസമെന്യേ മലയിൽ

അന്ധകാരം പരന്നു. സൂര്യൻ പശ്ചിമ ചക്രവാളത്തിൽ മറഞ്ഞു. യേശുവിനെയും ശിഷ്യന്മാരെയും അന്ധകാരം പൊതിഞ്ഞു. ദുഃഖങ്ങൾ പേറുന്ന അവരുടെ ജീവിതത്തിനു തുല്യമായിരുന്നു, അവരെ ആവരണം ചെയ്ത അന്ധകാരം.

എങ്ങോട്ടാണു ഗുരു പോകുന്നതെന്നു ചോദിക്കാനുള്ള ധൈര്യം ശിഷ്യന്മാർക്കുണ്ടായിരുന്നില്ല. പലപ്പോഴും രാത്രി മുഴുവനും പ്രാർത്ഥിപ്പാനായി യേശു മലയിൽ പോയിട്ടുണ്ട്. മലയെയും താഴ്വരയെയും സൃഷ്ടിച്ച കർത്താവു പ്രകൃതിയിലെ ശാന്തത ഇഷ്ടപ്പെട്ടിരുന്നു. കർത്താവു നയിച്ച പാതയിലൂടെ ശിഷ്യന്മാർ പിൻചെന്നു. കർത്താവിനുതന്നെ വിശ്രമം ആവശ്യമായിരിക്കെ, തങ്ങളെ എന്തിന് ഈ മലയിൽ കൊണ്ടുവന്നുവെന്നു ശിഷ്യന്മാർ ആശ്ചര്യപ്പെട്ടു.

ഒരു പ്രത്യേക സ്ഥലത്ത് എത്തിയപ്പോൾ, ഇനിയും മുന്നോട്ടു പോകണ്ടായെന്നു യേശു ശിഷ്യന്മാരോടു പറഞ്ഞു. അവരിൽനിന്ന് അല്പം അകലെ മാറി, ദുഃഖം ശീലിച്ചവനായ കർത്താവു കരച്ചിലോടും കണ്ണുനീരോടും കൂടെ പ്രാർത്ഥന കഴിച്ചു. മനുഷ്യവർഗ്ഗത്തിനുവേണ്ടി താൻ അനുഭവിപ്പാൻ പോകുന്ന പങ്കപ്പാടുകൾ സഹിപ്പാൻ ആവശ്യമായ ശക്തിക്കുവേണ്ടി കർത്താവു പ്രാർത്ഥിച്ചു. പിതാവിൽനിന്നു തനിക്കു ശക്തി ആവശ്യമായിരുന്നു. തനിക്കു നേരിടാൻ പോകുന്ന കഠിന പരിശോധനകളിൽ വിജയം പ്രാപിപ്പാൻ അതുമാത്രമായിരുന്നു ഏകമാർഗ്ഗം. ശിഷ്യന്മാർക്കുവേണ്ടിയും യേശു പ്രാർത്ഥിച്ചു. പ്രാർത്ഥനയിൽ ആമഗ്നനായിരുന്ന യേശുവിനെ ഹിമകണങ്ങൾ ആവരണം ചെയ്തു. എന്നാൽ യേശു അതു ഗണ്യമാക്കിയില്ല. യേശുവിനു ചുറ്റും അന്ധകാരം പടർന്നിരുന്നു. സമയം ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്നു. ശിഷ്യന്മാരും ആദ്യം യേശുവിനോടൊപ്പം പ്രാർത്ഥനയിൽ മുഴുകി. എന്നാൽ അല്പസമയത്തിനുള്ളിൽ ശാരീരിക ക്ഷീണം അവരെ കീഴടക്കി. അവർ ഗാഢനിദ്രയിൽ പതിച്ചു. തന്നോടുകൂടി പ്രാർത്ഥിക്കുന്നതിനായിരുന്നു ശിഷ്യന്മാരെ തന്നോടുകൂടെ കൊണ്ടുപോയത്. യേശു പ്രാർത്ഥിച്ചതു ശിഷ്യന്മാർക്കു വേണ്ടിയായിരുന്നു. അവരെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും ദുഃഖവിമുക്തരാക്കുന്നതിനും യേശു ആഗ്രഹിച്ചു. ആ മലയിൽ നടക്കുവാൻ പോകുന്ന കാഴ്ച എല്ലാവർക്കും – താൻ കൊണ്ടുപോയിരുന്ന ശിഷ്യന്മാർക്കു പോലും – വഹിപ്പാൻ കഴിയുന്നതായിരുന്നില്ല. ഗെത്ശേമനയിൽ തന്റെ വേദനയ്ക്കു സാക്ഷ്യം നില്ക്കാൻ പോകുന്ന മൂവരെയാണു തന്നോടൊത്ത് ഈ മലയിലേക്കു കൊണ്ടുപോകാൻ യേശു തുനിഞ്ഞത്. ലോകം ഉണ്ടാകുന്നതിനു മുമ്പു തനിക്കു പിതാവിനോടൊപ്പം ഉണ്ടായിരുന്ന മഹത്വം അവർക്കു വെളിപ്പെടുത്തിക്കൊടുക്കേണമേ എന്നു കർത്താവു പ്രാർത്ഥിച്ചു. താൻ ദൈവത്തിന്റെ പുത്രനാണെന്നും, താൻ അനുഭവിപ്പാൻ പോകുന്ന ക്രൂശുമരണം രക്ഷാപദ്ധതിയുടെ ഭാഗമാണെന്നും ഈ മൂവരെയും ബോധ്യപ്പെടുത്താനും, അവരെ ധൈര്യപ്പെടുത്താനും പിതാവിനോടു യാചിച്ചു.

യേശുവിന്റെ പ്രാർത്ഥന ദൈവം കേട്ടു. കല്ലുകൾ നിറഞ്ഞ ഭൂമിയിൽ യേശു കുമ്പിട്ടിരുന്നപ്പോൾ സ്വർഗ്ഗം തുറന്നു. സ്വർഗ്ഗീയശോഭ ആ കുന്നിൻ

മുകളിലേക്കു താണിറങ്ങി. കർത്താവിന്റെ ശരീരം തേജസ്കരിക്കപ്പെട്ടു. തന്നിലുള്ള ദൈവമഹത്വം, മനുഷ്യത്വത്തിലൂടെ മിന്നിത്തിളങ്ങി. ഉയരത്തിൽനിന്നു വന്ന ശോഭയെ യേശുവിലെ മനുഷ്യത്വം സ്വീകരിച്ചു. സാഷ്ടാംഗം കിടന്നിരുന്ന യേശു എഴുന്നേറ്റു. ദൈവതുല്യമായ പ്രഭാവത്തോടെ യേശു നിന്നു. തന്നിലുണ്ടായിരുന്ന ദുഃഖം തന്നെ വിട്ടുപോയി. യേശുവിന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു. തന്റെ വസ്ത്രം വെളിച്ചംപോലെ പ്രകാശിച്ചു.

ആ കുന്നിനെ മുഴുവൻ പ്രകാശത്തിൽ മുക്കിയ ശോഭ ശിഷ്യന്മാർ കണ്ടു. അത്ഭുതസംഭ്രമങ്ങളോടെ, ഗുരുവിന്റെ മുഖത്തേക്ക് അവർ നോക്കി. തങ്ങളുടെ കണ്ണുകൾക്ക് ആ പ്രകാശം വഹിക്കാമെന്നായപ്പോൾ, യേശു തനിച്ചല്ല എന്ന് അവർ മനസ്സിലാക്കി. യേശുവിനോടു സംസാരിച്ചുകൊണ്ട് അവിടെ രണ്ടു സ്വർഗ്ഗീയന്മാർ നില്പുണ്ടായിരുന്നു. സീനായിയിൽവച്ചു ദൈവത്തോടു മുഖാമുഖം സംസാരിച്ച മോശെയും മരണം ആസ്വദിക്കാതെ സ്വർഗ്ഗം പൂകിയ ഏലീയാവുമായിരുന്നു അവർ എന്നു ശിഷ്യന്മാർക്കു മനസ്സിലായി.

പതിനഞ്ചു നൂറ്റാണ്ടുകൾക്കു മുമ്പു പിസ്ഗമലയിൽ നിന്നുകൊണ്ടു മോശെ വാഗ്ദത്തഭൂമിയെ നോക്കി കണ്ടു. മെരീബയിൽവച്ചു താൻ ചെയ്ത തെറ്റിന്റെ ഫലമായി മോശെയ്ക്കു വാഗ്ദത്തനാട്ടിൽ പ്രവേശിക്കാനുള്ള പദവി നഷ്ടപ്പെട്ടു. യിസ്രായേല്യഗോത്രങ്ങളെ, അവരുടെ വാഗ്ദത്തഭൂമിയിലേക്കു നയിപ്പാനുള്ള അവകാശം മോശെയ്ക്കു നഷ്ടമായി. "ഞാൻ കടന്നുചെന്നു യോർദ്ദാനക്കരെയുള്ള നല്ല ദേശവും മനോഹരമായ പർവ്വതവും ലെബാനോനും ഒന്നു കണ്ടുകൊള്ളട്ടെ" (ആവ. 3:25). മോശെയുടെ അപേക്ഷ നിരാകരിക്കപ്പെട്ടു. നാല്പതു വർഷം കഷ്ടതയുടെ തീച്ചൂളയിലൂടെ പ്രവർത്തിച്ചതിന്റെ പ്രതിഫലം ഒരു ശവക്കുഴി ആയിരുന്നു. "എന്നാൽ നാം ചോദിക്കുന്നതിലും, നിനയ്ക്കുന്നതിലും അത്യന്തംപരമായി ചെയ്യുവാൻ... കഴിയുന്നവൻ" (എഫെ. 3:20) തന്റെ ദാസന്റെ പ്രാർത്ഥന കേട്ടു. മോശെ മരണത്താൽ തന്റെ ജനത്തിന്റെ ഇടയിൽനിന്നു നീക്കപ്പെട്ടുവെങ്കിലും, തന്റെ മൃതശരീരം ശവക്കുഴിയിൽ കിടത്തുവാനായിരുന്നില്ല ദൈവത്തിന്റെ പ്ലാൻ. ക്രിസ്തു മോശെയ്ക്കു ജീവൻ നല്കി. മോശെയുടെ പാപം നിമിത്തം സാത്താൻ മോശെയുടെ ശരീരത്തിനുവേണ്ടി വാദിച്ചുവെങ്കിലും ജീവനായകനായ ക്രിസ്തു അവനെ ശവക്കല്ലറയിൽനിന്നു പുറത്തേക്കു കൊണ്ടുവന്നു (യൂദാ 9).

പാപത്തിന്മേലും മരണത്തിന്മേലുമുള്ള ക്രിസ്തുവിന്റെ വിജയത്തിന് ഒരു സാക്ഷിയായിരുന്നു മറുരൂപമലയിൽ മോശെ. നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ കല്ലറയിൽനിന്നു പുറത്തുവരുന്നവരെ മോശെ പ്രതിനിധീകരിച്ചു. മരണം കാണാതെ എടുക്കപ്പെട്ട ഏലീയാവ് കർത്താവിന്റെ രണ്ടാം വരവിൽ ജീവനോടെ ഇരുന്നു മറുരൂപപ്പെടുന്നവരെ പ്രതിനിധീകരിക്കുന്നു. അപ്പോൾ "ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കേണം" (1 കൊരി. 15:51–53). ക്രിസ്തു നമ്മുടെ "രക്ഷയ്ക്കായി പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകുമ്പോൾ" സ്വർഗ്ഗീയ തേജസ്സു ധരിച്ചിരിക്കുന്നവനായി കാണപ്പെടും. തിരുവെഴുത്തുകൾ പറയുന്നത്: "തന്റെ പിതാവിന്റെ തേജസ്സിൽ ദൂതരുമായി അവൻ വീണ്ടും വരും"

(എബ്രാ. 9:28; മർക്കൊസ് 8:38). ശിഷ്യന്മാർക്കു ക്രിസ്തു നല്കിയ വാഗ്ദത്തം നിറവേറി. ആ മലയുടെ നെറുകയിൽവച്ചു ഭാവിയിൽ സ്ഥാപിക്കപ്പെടാൻ പോകുന്ന ദൈവത്തിന്റെ മഹത്വരാജ്യത്തെ ഒരു ചെറിയ തോതിൽ കർത്താവു തന്റെ ശിഷ്യന്മാർക്കു കാണിച്ചുകൊടുത്തു. രാജാധിരാജനായ ക്രിസ്തു, മരിച്ച് ഉയിർത്തെഴുന്നേറ്റവരെ സാദൃശീകരിക്കുന്ന മോശെ, രൂപാന്തരപ്പെടുന്ന വിശുദ്ധന്മാരെ പ്രതിനിധീകരിക്കുന്ന ഏലീയാവ് - ഇവർ മൂവരും വരുവാനുള്ള മഹത്വരാജ്യത്തിലെ അംഗങ്ങളാണ്.

ഇപ്രകാരമെല്ലാം പഠിപ്പിച്ചിട്ടും ശിഷ്യന്മാർ യേശുവിന്റെ രാജ്യത്തെ പൂർണ്ണമായി ഗ്രഹിച്ചില്ലായെങ്കിലും, സൗമ്യനും താഴ്മയുള്ളവനും ക്ഷമാശീലനുമായ കർത്താവിനു ലഭിച്ച ബഹുമതിയിൽ അവർ സന്തോഷിച്ചു. ക്രിസ്തുവിന്റെ ഭരണത്തെക്കുറിച്ചു പ്രഖ്യാപിക്കുവാനാണ് ഏലീയാവ് വന്നതെന്നു ശിഷ്യന്മാർ കരുതി. ഉടനെത്തന്നെ മശീഹയുടെ രാജ്യം സ്ഥാപിക്കുമെന്ന് അവർ പ്രതീക്ഷിച്ചു. തങ്ങളിലുള്ള ഭയവും സംശയവും തങ്ങളിൽ നിന്ന് എന്നേക്കുമായി തുടച്ചുമാറ്റപ്പെടുവാനും, ദൈവമഹത്വം അവിടെ തുടർന്നുനില്ക്കുവാനും അവർ ആഗ്രഹിച്ചു. പത്രൊസ് ഉടനെ പറഞ്ഞു: "ഗുരോ, നാം ഇവിടെ ഇരിക്കുന്നതു നല്ലത്. ഞങ്ങൾ മൂന്നു കുടിൽ ഉണ്ടാക്കട്ടെ. ഒന്നു നിനക്കും, ഒന്നു മോശെയ്ക്കും, ഒന്ന് ഏലീയാവിനും." തങ്ങളുടെ ഗുരുവിനെ സംരക്ഷിപ്പാനാണു മോശെയെയും ഏലീയാവിനെയും അയച്ചതെന്നും ശിഷ്യന്മാർ വിശ്വസിച്ചു. മാത്രമല്ല, യേശുവിന്റെ അധികാരം സ്ഥാപിക്കാനാണ് അവർ വന്നതെന്നും അവർ കരുതി.

എന്നാൽ യേശുവിന്റെ കിരീടധാരണത്തിനുമുമ്പേ കുരിശിന്റെ അനുഭവം ഉണ്ടാകേണ്ടിയിരിക്കുന്നു. ക്രിസ്തു രാജാവായി പ്രഖ്യാപിക്കപ്പെടുന്നതിനു മുമ്പ്, യെരൂശലേമിൽവച്ചു മരണത്തിന്റെ കൈപ്പുനീർ കുടിക്കേണ്ടതുണ്ടായിരുന്നു. ഏലീയാവിന്റെയും മോശെയുടെയും വരവിന്റെ ഉദ്ദേശ്യം അതായിരുന്നു. പൂർണ്ണമനുഷ്യനായി മനുഷ്യവർഗ്ഗത്തിന്റെ പാപവും അതിന്റെ ഫലങ്ങളും വഹിച്ചു യേശു മനുഷ്യരുടെ ഇടയിൽ പാർത്തു. വരുവാൻ പോകുന്ന ക്രൂശുമരണത്തിന്റെ നിഴലിൽ യേശു നിന്നപ്പോൾ, യേശു ഏകനായിരുന്നു. ആ ഏകാന്തത അകറ്റുവാനാണു മോശെയും ഏലീയാവും വന്നത്. സ്വർഗ്ഗത്തിൽ വസിക്കുന്ന ദൂതന്മാരെ അല്ല യേശുവിനെ ധൈര്യപ്പെടുത്തുവാൻ അയച്ചത്. ഭൂമിയിൽവച്ചു കഠിനശോധനകൾ അനുഭവിച്ചവരായിരുന്നു മോശെയും ഏലീയാവും. അവർ ഇരുവരും ക്രിസ്തുവിന്റെ കൂട്ടുവേലക്കാരായിരുന്നു. മാനവരക്ഷയ്ക്ക് അവരും ക്രിസ്തുവിനെപ്പോലെ ആഗ്രഹിച്ചു. മോശെ യിസ്രായേലിനുവേണ്ടി ദൈവത്തോടു യാചിച്ചു: "എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ; അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽനിന്ന് എന്റെ പേർ മായിച്ചുകളയേണമേ" (പുറ. 32:32). ഏലീയാവും ആത്മാവിന്റെ ഏകാന്തത രുചിച്ചറിഞ്ഞിട്ടുള്ള ആളായിരുന്നു. മൂന്നര വർഷത്തോളം നീണ്ടുനിന്ന ക്ഷാമകാലത്തു സ്വരാജ്യത്തിന്റെ വെറുപ്പും വിദ്വേഷവും ഏലീയാവ് രുചിച്ചറിഞ്ഞു. കർമ്മേൽ പർവ്വതത്തിൽ ഏലീയാവ് ദൈവത്തിനു വേണ്ടി നിലകൊണ്ടു. ദുഃഖവും പൂണ്ട് ഏലീയാവ് മരുഭൂമിയിലേക്ക് ഓടിപ്പോയി. സ്വർഗ്ഗസിംഹാസനത്തിനു ചുറ്റും നില്ക്കുന്ന ഏതൊരു ദൂതനെ

ക്കാളും മനുഷ്യഹൃദയം നല്ലവണ്ണം അറിയാവുന്ന ഈ രണ്ടു വ്യക്തികളെയാണു ദൈവം തെരഞ്ഞെടുത്തു യേശുവിന്റെ അരികിലേക്കയച്ചത്. ലോകത്തിന്റെ പ്രത്യാശയും മാനവജാതിയുടെ വീണ്ടെടുപ്പുമായിരുന്നു അവരുടെ സംഭാഷണവിഷയം.

ക്രിസ്തുവും, സ്വർഗ്ഗത്തിൽനിന്നു വന്നവരും തമ്മിലുള്ള സംഭാഷണം ഉറങ്ങിപ്പോയ ശിഷ്യന്മാർ കേട്ടില്ല. ക്രിസ്തുവിന്റെ പങ്കപ്പാടുകളെക്കുറിച്ചുള്ള അറിവും, അതിനുശേഷം ക്രിസ്തുവിനു ലഭിക്കാൻ പോകുന്ന മഹത്വത്തെക്കുറിച്ചുള്ള പരിജ്ഞാനവും അവർക്കു നഷ്ടപ്പെട്ടു. ഈ അറിവ് അവർക്കു നല്കുവാൻ ദൈവം ആഗ്രഹിച്ചിരുന്നു. സ്വയത്യാഗത്തിൽക്കൂടി തങ്ങളുടെ സ്വന്തമായിത്തീരുമായിരുന്ന അനുഗ്രഹങ്ങൾ അവർക്കു നഷ്ടപ്പെട്ടു. ഈ ശിഷ്യന്മാർ വിശ്വസിക്കുവാൻ മടികാണിച്ചു. സ്വർഗ്ഗം അവർക്കു നല്കുവാൻ ആഗ്രഹിച്ച സമ്പത്തിനെ അവർ വിലമതിച്ചില്ല.

എങ്കിലും അവർക്കു വെളിച്ചം ലഭിച്ചു. ക്രിസ്തുവിനെ നിരസിച്ച യെഹൂദജനതയുടെ പാപം സ്വർഗ്ഗം മുഴുവൻ അറിഞ്ഞുവെന്നു ശിഷ്യന്മാർ മനസ്സിലാക്കി. യേശുവിന്റെ പ്രവർത്തനത്തെക്കുറിച്ച് അവർക്കു കൂടുതൽ ഗ്രഹിപ്പാൻ കഴിഞ്ഞു. മനുഷ്യന്റെ ഗ്രഹണശക്തിക്ക് അപ്പുറമായ കാര്യങ്ങൾ തങ്ങളുടെ സ്വന്തകണ്ണുകൾ കാണുകയും സ്വന്തകാതുകൾ കേൾക്കുകയും ചെയ്തു. “അവന്റെ മഹിമ കണ്ട സാക്ഷികളാ”(2 പത്രൊസ് 1:16)യിരുന്നു അവർ. പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും സാക്ഷീകരിച്ച മശീഹ യേശുവായിരുന്നുവെന്ന് അവർ മനസ്സിലാക്കി. സ്വർഗ്ഗവും യേശുവിനെ അംഗീകരിച്ചുവെന്നും അവർ ഗ്രഹിച്ചു.

മലമുകളിലെ അത്ഭുതരംഗങ്ങൾ ശിഷ്യന്മാർ വീക്ഷിച്ചുകൊണ്ടിരുന്നപ്പോൾ പ്രകാശധോരണി ചൊരിയുന്ന ഒരു മേഘം അവരുടെ മേൽ വന്നു. “മേഘത്തിൽനിന്ന്: ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു; ഇവനു ചെവികൊടുപ്പിൻ എന്നൊരു ശബ്ദവും ഉണ്ടായി...” മരുഭൂമിയിൽ യിസ്രായേല്യഗോത്രങ്ങൾക്കു മുമ്പായി പോയിരുന്ന മേഘസ്തംഭത്തെക്കാൾ ശോഭയേറിയ മേഘസ്തംഭം അവർ കാണുകയും പർവ്വതങ്ങളെ കുലുക്കുവാൻ തക്കവണ്ണം ശക്തിയുള്ള ദൈവത്തിന്റെ ശബ്ദം ഭയങ്കരപ്രഭാവത്തോടുകൂടി കേൾക്കുകയും ചെയ്തപ്പോൾ ശിഷ്യന്മാർ സാഷ്ടാംഗം വീണു. യേശു അവരുടെ അടുത്തുചെന്ന് അവരെ തൊട്ടു. അവരുടെ ഭയമകറ്റിക്കൊണ്ട് അവർക്കു പരിചിതമായ ശബ്ദത്തിൽ പറഞ്ഞു: “എഴുന്നേല്പിൻ, ഭയപ്പെടേണ്ടാ.” അവർ ധൈര്യം സംഭരിച്ചുകൊണ്ടു കണ്ണുയർത്തി നോക്കിയപ്പോൾ സ്വർഗ്ഗീയശോഭ മാഞ്ഞിരുന്നു. ഏലീയാവിന്റെയും മോശെയുടെയും രൂപങ്ങൾ അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. അവർ യേശുവിനോടുകൂടെ ആ മലമുകളിൽ അവശേഷിച്ചു.

# 47

# ശുശ്രൂഷ

അവലംബം: മത്തായി 17:9–21; മർക്കൊസ് 9:9–29; ലൂക്കൊസ് 9:37–45

യേശുവും ശിഷ്യന്മാരും രാത്രി മുഴുവനും മലയിൽ ചെലവഴിച്ചു. സൂര്യൻ ഉദിച്ചപ്പോൾ അവർ താഴ്‌വാരത്തിലേക്കിറങ്ങി. ചിന്തയിലാണ്ടിരുന്ന ശിഷ്യന്മാർ നിശ്ശബ്ദരും, സ്വർഗ്ഗീയദർശനത്തിന്റെ സ്മരണയിൽ മുഴുകിയവരും ആയിരുന്നു. പത്രൊസിനുപോലും ഒന്നും പറവാനുണ്ടായിരുന്നില്ല. സ്വർഗ്ഗീയ പ്രകാശത്താൽ ശുദ്ധീകരിക്കപ്പെട്ടതും ദൈവപുത്രൻ തന്റെ മഹത്വം വെളിപ്പെടുത്തിയതുമായ വിശുദ്ധസ്ഥലത്തു താമസിക്കുവാൻ അവർക്കു താൽപര്യമുണ്ടായിരുന്നു. എന്നാൽ അവർക്കു ധാരാളം വേല ചെയ്തുതീർക്കുവാനുണ്ടായിരുന്നു.

യേശുവിനോടുകൂടെ മലമുകളിലേക്കു പോകാതിരുന്ന ശിഷ്യന്മാരുടെ സമീപം, ഒരു വലിയ പുരുഷാരം യേശുവിനെ കാത്തിരുന്നു. യേശു മലയടിവാരത്തിലേക്ക് ഇറങ്ങിവരുമ്പോൾ കൂടെയുണ്ടായിരുന്ന മൂന്നു ശിഷ്യന്മാരോട് “മനുഷ്യപുത്രൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുംവരെ

ഈ ദർശനം ആരോടും പറയരുതെന്നു കല്പിച്ചു." ശിഷ്യന്മാർക്കു നല്കിയ ദർശനം പുറത്തുപറയുവാനുള്ളതായിരുന്നില്ല. അത് അവർ ഹൃദയത്തിൽ സൂക്ഷിക്കേണ്ടത് ആയിരുന്നു. ജനത്തോട് അതു വെളിപ്പെടുത്തിയാൽ അതിനെ പരിഹസിക്കുകയോ അഥവാ അതിൽ അത്ഭുതപ്പെട്ടു നിഷ്ക്രിയ ത്വത്തിൽ കഴിയുകയോ ചെയ്യുമായിരുന്നു. ക്രിസ്തു ഉയിർത്തെഴുന്നേല്ക്കും വരെ, മറ്റെ ഒൻപത് അപ്പൊസ്തലന്മാരും അതിന്റെ പ്രാധാന്യം ഗ്രഹിക്കി ല്ലായിരുന്നു. കർത്താവിനോടു കൂടുതൽ അടുത്തിടപെട്ട മൂന്നു ശിഷ്യ ന്മാർപോലും ഗ്രഹണശക്തിയിൽ വളരെ പിമ്പിലായിരുന്നു. തനിക്കു സംഭവി ക്കുവാൻ പോകുന്നതിനെക്കുറിച്ചു വളരെ വിശദമായി യേശു പറഞ്ഞിട്ടും, മരിച്ചവരിൽനിന്ന് എഴുന്നേല്ക്കുക എന്നാൽ എന്താണെന്ന് അവർ തമ്മിൽ ചോദിച്ചു. അതിനെപ്പറ്റി മനസ്സിലാക്കുവാനായി യേശുവിനോട് അവർ ഒന്നും ചോദിച്ചുമില്ല. ഭാവിയെ സംബന്ധിച്ച ക്രിസ്തുവിന്റെ പ്രസ്താവനകൾ ശിഷ്യരെ ദുഃഖിതരാക്കി. ഒരിക്കലും സംഭവിക്കരുത് എന്ന് അവർ ആഗ്രഹി ച്ചിരുന്ന കാര്യങ്ങളെക്കുറിച്ച് ഒരു ചോദ്യവും അവർക്കില്ലായിരുന്നു.

മലയുടെ അടിവാരത്തിൽ കാത്തുനിന്നവർ യേശുവിനെ കണ്ടപ്പോൾ, സന്തോഷത്തോടും ഭയഭക്തിയോടും കൂടെ എതിരേറ്റുചെന്നു. എങ്കിലും അവർ ഉത്കണ്ഠാകുലരായിരുന്നുവെന്നു യേശുവിന്റെ സൂക്ഷ്മനയനങ്ങൾ കണ്ടുപിടിച്ചു. ശിഷ്യന്മാരുടെ മനസ്സ് അസ്വസ്ഥമായിരുന്നു. അവരുടെ അസ്വാ സ്ഥ്യത്തിനു കാരണമായ ഒരു സംഭവം അവിടെ ഉണ്ടായി.

ശിഷ്യന്മാർ യേശുവിനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നപ്പോൾ ഊമനായ ഒരാത്മാവു ബാധിച്ചു കഷ്ടതയിലായ ഒരു മകനെയുംകൊണ്ട് ഒരു പിതാവു സൗഖ്യം പ്രാപിക്കുന്നതിനായി ശിഷ്യന്മാരുടെ അടുത്തുചെന്നു. പന്ത്രണ്ടു പേരെ സുവിശേഷഘോഷണത്തിനു ഗലീലയിലേക്ക് അയച്ചപ്പോൾ അശു ദ്ധാത്മാക്കളെ പുറത്താക്കുവാനുള്ള അധികാരം അവർക്കു നല്കിയിരുന്നു. അവർ വിശ്വാസമുള്ളവരായിരുന്നപ്പോൾ, അശുദ്ധാത്മാക്കൾ അവരുടെ വാക്കു കേട്ട് അനുസരിച്ചു. എന്നാൽ ഈ സന്ദർഭത്തിൽ അശുദ്ധാത്മാവ് അവരുടെ ആജ്ഞയെ അനുസരിച്ചില്ലെന്നു മാത്രമല്ല, അവരെ പരിഹസിക്കുകയും ചെയ്തു. തങ്ങൾ എന്തുകൊണ്ടു പരാജിതരായി എന്നു ശിഷ്യന്മാർ മനസ്സി ലാക്കിയില്ല. തങ്ങൾക്കുണ്ടായ പരാജയം തങ്ങൾക്കും ഗുരുവിനും അപമാനം വരുത്തുന്ന ഒന്നാണെന്ന് അവർക്കു ബോധ്യമായി. ഈ സന്ദർഭത്തെ ശരിക്കും മുതലെടുത്തുകൊണ്ടു ജനക്കൂട്ടത്തിലുണ്ടായിരുന്ന ശാസ്ത്രിമാർ, ശിഷ്യന്മാരെ പരിഹസിച്ചു. അവർ ചോദ്യങ്ങൾ ഉന്നയിച്ചു ശിഷ്യന്മാരെ വിഷമി പ്പിച്ചു. ശാസ്ത്രിമാർ, ക്രിസ്തുവിനെയും ശിഷ്യന്മാരെയും വഞ്ചകരെന്ന് അപഹസിച്ചു. ശിഷ്യന്മാർക്കോ, ക്രിസ്തുവിനു പോലുമോ കീഴടക്കാൻ പാടി ല്ലാത്ത ഒരു ദുരാത്മാവാണ് ആ യുവാവിൽ കുടികൊണ്ടിരിക്കുന്നതെന്നു ശാസ്ത്രിമാർ പറഞ്ഞു. ജനവും ശാസ്ത്രിമാരുടെ വാക്കുകളിൽ കുടുങ്ങി പ്പോയി. അവരും ശിഷ്യന്മാരെ പരിഹസിച്ചു.

വളരെ വേഗത്തിൽ കുറ്റപ്പെടുത്തലുകൾ അവസാനിച്ചു. യേശുവും മൂന്നു ശിഷ്യന്മാരും ജനത്തിനിടയിലേക്കു വരികയായിരുന്നു. അസംതൃപ്തി നിറഞ്ഞ

മുഖങ്ങളോടെ ജനം അവരെ നോക്കി. സ്വർഗ്ഗീയപ്രഭയിൽ കഴിഞ്ഞിരുന്ന കർത്താവിൽനിന്നും ശിഷ്യന്മാരിൽനിന്നും അതിന്റെ ശോഭ പൂർണ്ണമായി മാഞ്ഞുപോയിരുന്നില്ല. കാഴ്ചക്കാരെ അത്ഭുതപ്പെടുത്തുന്ന ഒരു പ്രകാശം അവരുടെ മുഖങ്ങളിൽ അപ്പോഴും ഉണ്ടായിരുന്നു. ശാസ്ത്രിമാർ ഭയത്തോടെ പിമ്പോട്ടു മാറി. ജനം യേശുവിനെ സ്വാഗതം ചെയ്തു.

അവിടെ സംഭവിച്ചതെല്ലാം മനസ്സിലാക്കിയ ഒരാളെപ്പോലെ യേശു ആ പോരാട്ടം നടന്ന രംഗത്തേക്കു വന്നു. ശാസ്ത്രിമാരിൽ നോട്ടം ഉറപ്പിച്ചുകൊണ്ടു യേശു ചോദിച്ചു: "നിങ്ങൾ അവരുമായി തർക്കിക്കുന്നത് എന്ത്?"

കുറച്ചു സമയത്തിനു മുമ്പു തീക്ഷ്ണമായ വാദപ്രതിവാദത്തിലേർപ്പെട്ട വർ നിശ്ശബ്ദരായി. ജനക്കൂട്ടത്തിനിടയിലും നിശ്ശബ്ദത വ്യാപിച്ചു. ഭൂതം ബാധിച്ച ആ യുവാവിന്റെ ദുഃഖിതനായ പിതാവു ജനക്കൂട്ടത്തിനിടയിൽക്കൂടെ മുമ്പോട്ടു വന്നു യേശുവിന്റെ പാദത്തിൽ വീണ്, തന്റെ സങ്കടം ബോധിപ്പിച്ചു.

"ഗുരോ," അയാൾ പറഞ്ഞു, "ഊമനായ ആത്മാവുള്ള എന്റെ മകനെ, ഞാൻ നിന്റെ അടുക്കൽ കൊണ്ടുവന്നു. അത് അവനെ എവിടെവച്ചു പിടി ച്ചാലും അവനെ തള്ളിയിടുന്നു... അതിനെ പുറത്താക്കേണ്ടതിനു ഞാൻ നിന്റെ ശിഷ്യന്മാരോടു പറഞ്ഞിട്ട് അവർക്കു കഴിഞ്ഞില്ല."

യേശു ചുറ്റും നോക്കി. അത്ഭുതാശ്ചര്യങ്ങളോടെ നിന്ന ജനക്കൂട്ടം, പരി ഹസിക്കുവാനും കുറ്റപ്പെടുത്തുവാനും വന്നിരിക്കുന്ന ശാസ്ത്രിമാർ, മനസ്സു കലങ്ങിയ യേശുവിന്റെ ശിഷ്യന്മാർ ഇങ്ങനെയുള്ള ഒരു കൂട്ടം അവിടെ നിന്നി രുന്നു. ഓരോ ഹൃദയത്തിലെയും അവിശ്വാസത്തെ വായിക്കുവാൻ യേശു വിനു കഴിഞ്ഞു. ദുഃഖം കലർന്ന ശബ്ദത്തോടെ യേശു പറഞ്ഞു: "അവിശ്വാസ മുള്ള തലമുറയേ... എത്രത്തോളം ഞാൻ നിങ്ങളെ പൊറുക്കും?" പിന്നീടു ദുഃഖിതനായ പിതാവിനോടു തിരിഞ്ഞു യേശു പറഞ്ഞു: "നിന്റെ മകനെ ഇവിടെ കൊണ്ടുവരിക."

പിതാവ് ആ കുട്ടിയെ യേശുവിന്റെ അരികിൽ കൊണ്ടുചെന്നു. രക്ഷകന്റെ കണ്ണുകൾ ആ യുവാവിന്റെ മേൽ പതിച്ചപ്പോൾ ദുരാത്മാവ് അവനെ നിലത്തു തള്ളിയിട്ടു. അവൻ വേദനയാൽ പുളഞ്ഞു. നുരയും പതയും പുറത്തേക്കു തള്ളി അവൻ നിലത്തുവീണുരുണ്ടു. ഭയം പുറപ്പെടുവിക്കുന്ന അവന്റെ നില വിളി അന്തരീക്ഷത്തിൽ മാറ്റൊലിക്കൊണ്ടു.

ജീവന്റെ നായകനും അന്ധകാരശക്തിയും തമ്മിൽ കടുത്ത പോരാട്ടം നടന്നു. "ബദ്ധന്മാർക്കു വിടുതൽ പ്രസംഗിപ്പാനും, പീഡിതന്മാരെ വിടു വിച്ച"യയ്ക്കാനുമുള്ള തന്റെ ദൗത്യത്തിന്റെ നിറവേറലിനു ക്രിസ്തുവും, തന്റെ ഇരയെ തന്റെ അധികാരത്തിൻ കീഴിൽ നിർത്തുവാൻ സാത്താനും തീരുമാനിച്ചു നിലകൊണ്ടു. സ്വർഗ്ഗീയദൂതന്മാരും, അന്ധകാരശക്തികളായ ദുഷ്ടാത്മസേനകളും ഈ പോരാട്ടം കാണുവാൻ മനുഷ്യർക്ക് അദൃശ്യരായി അണിനിരന്നു. കുറച്ചു സമയത്തേക്കു തന്റെ ശക്തി പ്രകടിപ്പിക്കാൻ ദുരാത്മാ വിനെ യേശു അനുവദിച്ചു. വിടുതലിന്റെ പ്രാധാന്യം കാഴ്ചക്കാർ മനസ്സി ലാക്കുന്നതിന് അതാവശ്യമായിരുന്നു.

പുരുഷാരം നിർന്നിമേഷരായി നിലകൊണ്ടു. ആ യുവാവിന്റെ പിതാവ് ഉത്കണ്ഠയോടെ കാത്തുനിന്നു. ആ പിതാവിനോടു യേശു ചോദിച്ചു: "ഇത് അവനു സംഭവിച്ചിട്ട് എത്ര കാലമായി?" അനേക നാളുകളായി വ്യഥയുടെ നീർച്ചുഴിയിൽ കഴിഞ്ഞിരുന്ന പിതാവ് ആ കദനകഥ വിവരിച്ചു. ഒടുവിൽ അവൻ യാചിച്ചു: "നിന്നാൽ വല്ലതും കഴിയുമെങ്കിൽ മനസ്സലിഞ്ഞു ഞങ്ങളെ സഹായിക്കണമേ." "നിന്നാൽ കഴിയുമെങ്കിൽ." ക്രിസ്തുവിന്റെ ശക്തിയിൽ ആ പിതാവ് അപ്പോഴും അവിശ്വാസം പ്രകടിപ്പിച്ചു.

യേശു പറഞ്ഞു: "നിന്നാൽ കഴിയുമെങ്കിൽ എന്നോ? വിശ്വസിക്കുന്നവനു സകലവും കഴിയും." ക്രിസ്തുവിന്റെ ശക്തിക്ക് ഒരു കുറവുമില്ല. ആ പിതാവിന്റെ വിശ്വാസത്തിന്മേലായിരുന്നു മകന്റെ സൗഖ്യം ആശ്രയിച്ചുനിന്നത്. ആ മനുഷ്യൻ ക്രിസ്തുവിന്റെ കൃപയ്ക്കായി കേണു: "കർത്താവേ, ഞാൻ വിശ്വസിക്കുന്നു. എന്റെ അവിശ്വാസത്തിനു സഹായിക്കേണമേ."

കഷ്ടതയനുഭവിച്ചുകൊണ്ടിരിക്കുന്ന യുവാവിലേക്കു തിരിഞ്ഞു യേശു പറഞ്ഞു: "ഊമനും ചെകിടനുമായ ആത്മാവേ, ഇവനെ വിട്ടുപോ. ഇനി അവനിൽ കടക്കരുത് എന്നു ഞാൻ കല്പിക്കുന്നു." അവിടെ ഒരു നിലവിളി കേട്ടു. വേദനയോടു കൂടിയ നിലവിളി. പിശാച് ആ യുവാവിനെ വിട്ടു പോകുന്ന അവസരത്തിൽ അവന്റെ ജീവനെ അവനിൽനിന്നു ചീന്തിയെറിയുവാൻ ശ്രമിച്ചു. അവൻ നിശ്ചലനായി കിടന്നു. അവന്റെ കിടപ്പുകണ്ടവർ, "അവൻ മരിച്ചു പോയി" എന്നു പറഞ്ഞു. എന്നാൽ യേശു അവനെ കൈപിടിച്ച് എഴുന്നേല്പിച്ചു പൂർണ്ണസുഖം പ്രാപിച്ചവനായി അവനെ പിതാവിന് ഏല്പിച്ചു. ആ പിതാവും പുത്രനും തങ്ങൾക്കു വിടുതൽ നല്കിയ കർത്താവിനെ സ്തുതിച്ചു. എല്ലാവരും ദൈവത്തിന്റെ മഹിമ കണ്ടു വിസ്മയിച്ചപ്പോൾ, ശാസ്ത്രിമാർ ലജ്ജിച്ച് അവിടം വിട്ടു കടന്നുപോയി.

"നിന്നാൽ വല്ലതും കഴിയുമെങ്കിൽ മനസ്സലിഞ്ഞു ഞങ്ങളെ സഹായിക്കേണമേ." പാപഭാരത്താൽ കഴിയുന്ന എത്രയോ പേർ ആ പ്രാർത്ഥന ഉരുവിട്ടുകൊണ്ടിരിക്കുന്നു! എല്ലാവരെയും അകമഴിഞ്ഞു സ്നേഹിക്കുന്ന യേശുവിന്റെ ഉത്തരം എപ്പോഴുമിതാണ്: "നിന്നാൽ കഴിയുമെങ്കിൽ എന്നോ? വിശ്വസിക്കുന്നവനു സകലവും കഴിയും." വിശ്വാസമാണു നമ്മെ സ്വർഗ്ഗവുമായി ബന്ധപ്പെടുത്തുകയും അന്ധകാരശക്തികളോടു പോരാടുവാൻ പ്രാപ്തരാക്കുകയും ചെയ്യുന്നത്. എല്ലാ പാപസ്വഭാവങ്ങളെയും കീഴ്പ്പെടുത്തുവാനും പരീക്ഷകളെ എതിർത്തു നില്പാനുമുള്ള കഴിവു ക്രിസ്തുവിലൂടെ ദൈവം നല്കിയിരിക്കുന്നു. തങ്ങൾക്കു വിശ്വാസം ഇല്ലായെന്നു കരുതി അനേകർ ക്രിസ്തുവിങ്കലേക്കു വരുന്നില്ല. തങ്ങളുടെ നിസ്സഹായാവസ്ഥയിൽത്തന്നെ അവർ യേശുവിന്റെ സന്നിധിയിൽ കടന്നുവരട്ടെ. തങ്ങളിലേക്കു നോട്ടം അയയ്ക്കാതെ ക്രിസ്തുവിങ്കലേക്കു മാത്രം നോട്ടം അയയ്ക്കട്ടെ. രോഗികളെ സൗഖ്യമാക്കുകയും ഭൂതങ്ങളെ പുറത്താക്കുകയും ചെയ്ത കർത്താവ് ഇന്നും രക്ഷിപ്പാൻ ശക്തനാണ്. വിശ്വാസം ദൈവത്തിന്റെ വചനത്താൽ വരുന്നു. "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല" (യോഹ. 6:37) എന്ന യേശുവിന്റെ വാഗ്ദത്തം മുറുകെപ്പിടിച്ചുകൊൾക.

“കർത്താവേ, ഞാൻ വിശ്വസിക്കുന്നു. എന്റെ അവിശ്വാസത്തെ സഹായിക്കേണമേ” എന്നു പ്രാർത്ഥിച്ചുകൊണ്ടു യേശുവിന്റെ പാദാന്തികത്തിൽ വീഴാം. ഇപ്രകാരം ചെയ്യുമ്പോൾ നിങ്ങൾക്ക് ഒരിക്കലും നശിച്ചുപോകാൻ സാദ്ധ്യമല്ല - ഒരിക്കലും.

ചുരുങ്ങിയ സമയത്തിനുള്ളിൽ മൂന്നു ശിഷ്യന്മാർക്കു രണ്ടു വലിയ അനുഭവങ്ങൾ ഉണ്ടായി. ഒന്ന്, സ്വർഗ്ഗീയതേജസ്സു നേരിട്ടു കണ്ടു. രണ്ട്, സഹപ്രവർത്തകർക്കുണ്ടായ പരാജയത്തിന്റെ അപമാനം തങ്ങൾ കൂടി വഹിച്ചു. ക്രിസ്തുവിന്റെ മഹത്വം ദൈവസ്വരൂപത്തിലാകുന്നത് അവരുടെ കണ്ണുകൾക്ക് അനുഭവവേദ്യമായി. അതുപോലെ മനുഷ്യൻ അധഃപതിച്ചു സാത്താന്റെ സ്വരൂപത്തിലായ കാഴ്ചയും അവർ കണ്ടു. മറുരൂപമലയിൽ വച്ചു സ്വർഗ്ഗീയന്മാരുമായി സംഭാഷിച്ച ശേഷം യേശു മലയുടെ താഴ്വാരത്തിലേക്ക് ഇറങ്ങിവന്നതു വേദന നിറഞ്ഞ ഒരു രംഗത്തേക്കായിരുന്നു. ഒരുത്തർക്കും ആശ്വസിപ്പിക്കുവാൻ കഴിയാതെ, പല്ലു ഞെരിച്ചും മുഖം വികൃത ഭാവത്തിലും ആക്കി വേദനയിൽ പുളയുന്ന പിശാചുബാധിതന്റെ സമീപത്തേക്കു യേശു നടന്നടുക്കുന്നതു ശിഷ്യന്മാർ കണ്ടു. കുറച്ചു സമയത്തിനു മുമ്പു സ്വർഗ്ഗീയ അന്തരീക്ഷത്തിൽ കഴിഞ്ഞിരുന്ന കർത്താവ്, ഇപ്പോൾ പൈശാചിക ശക്തിക്കടിമയായിത്തീർന്ന ഒരു മനുഷ്യനെ രക്ഷിക്കുന്നതിനായി താഴേക്കു വന്നിരിക്കുന്നു. യേശു കുനിഞ്ഞ് അവനെ തൊട്ടു. മണ്ണിൽ കിടന്നുരുണ്ട ആ യുവാവിനെ, പൂർണ്ണാരോഗ്യവാനായി അവന്റെ പിതാവിനെ ഏല്പിച്ചു.

മനുഷ്യന്റെ വീണ്ടെടുപ്പിനെ സംബന്ധിച്ച് ഒരു മാതൃകാപാഠമായിരുന്നു ഈ സംഭവം. നഷ്ടപ്പെട്ടവരെ രക്ഷിപ്പാൻ സ്വർഗ്ഗീയമഹിമ വെടിഞ്ഞു ക്രിസ്തു ഈ ഭൂമിയിലേക്കു താണിറങ്ങി. ശിഷ്യന്മാരുടെ ദൗത്യവും ഇതുതന്നെയാണ്. ആത്മീയപ്രകാശധോരണിയിൽ മുഴുകി മലമുകളിൽ മാത്രമല്ല ശിഷ്യന്മാർ അവരുടെ സമയം ചെലവഴിക്കേണ്ടത്. താഴ്വരയിലേക്കു താണിറങ്ങി ശിഷ്യന്മാരും രക്ഷയുടെ ദൂതു പ്രസംഗിക്കേണ്ടവരാണ്. സാത്താന്റെ അടിമത്തത്തിൽ കഴിയുന്നവർ മോചനം പ്രതീക്ഷിച്ചുകൊണ്ടു ദൈവമക്കളുടെ ശബ്ദം കേൾപ്പാൻ കാത്തിരിക്കുന്നു.

തങ്ങൾക്കുണ്ടായ കൈപ്പേറിയ പരാജയത്തെക്കുറിച്ച് ഒൻപതു ശിഷ്യന്മാരും അപ്പോഴും ചിന്തിക്കുകയായിരുന്നു. യേശുവും അവരും തനിച്ചായപ്പോൾ, അവർ യേശുവിനോടു ചോദിച്ചു: “ഞങ്ങൾക്ക് അതിനെ പുറത്താക്കിക്കൂടാഞ്ഞത് എന്ത്?” യേശു അവരോടു പറഞ്ഞു: “നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രേ; നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്: ഇവിടെനിന്ന് അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും; നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാകയുമില്ല. എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല.” ക്രിസ്തുവിനോടുള്ള ഈടാർന്ന ബന്ധത്തിൽനിന്നു തങ്ങളെ അകറ്റുവാൻ ഇടയാക്കിയ അവിശ്വാസവും തങ്ങളുടെ കർത്തവ്യത്തിൽ വരുത്തിയ ഉദാസീനതയുമായിരുന്നു അന്ധകാരശക്തികളുമായുള്ള പോരാട്ടത്തിൽ ശിഷ്യന്മാർ പരാജയമടയുവാൻ കാരണമായത്.

തന്റെ മരണത്തെക്കുറിച്ചു ക്രിസ്തു പറഞ്ഞ വാക്കുകൾ ശിഷ്യന്മാരിൽ ദുഃഖവും ഉത്കണ്ഠയുമാണുളവാക്കിയത്. മറുരൂപമലയിൽ യേശുവിനോടു കൂടെ പോകുവാൻ മൂന്നുപേരെ തെരഞ്ഞെടുത്തതും മറ്റ് ഒൻപതു ശിഷ്യന്മാരിൽ അസൂയ ജനിപ്പിച്ചു. ക്രിസ്തുവിന്റെ വചനങ്ങളെ ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടു വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതിനു പകരം, നിരാശയിലും വ്യക്തിതാൽപര്യങ്ങളിലും ശിഷ്യന്മാർ മുഴുകി. ഈ അന്ധകാരപൂർണ്ണമായ അവസ്ഥയിലാണ് അവർ സാത്താനുമായുള്ള പോരാട്ടത്തിന് ഒരുമ്പെട്ടത്.

ഇപ്രകാരമുള്ള ഒരു പോരാട്ടത്തിൽ വിജയികളാവുന്നതിന്, വ്യത്യസ്തമായ ഒരാത്മാവോടുകൂടിയായിരുന്നു അവർ വരേണ്ടിയിരുന്നത്. തീക്ഷ്ണതയേറിയ പ്രാർത്ഥനയോടും ഉപദേശത്തോടുംകൂടെ അവരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തേണ്ടതുണ്ടായിരുന്നു. കൂടാതെ ഹൃദയത്തെ വിനയപ്പെടുത്തേണ്ടിയിരുന്നു. സ്വയത്തെ ഹൃദയത്തിൽനിന്നു തുടച്ചുമാറ്റേണ്ടിയിരുന്നു. ദൈവത്തിന്റെ ആത്മാവുകൊണ്ടു നിറയേണ്ടിയിരുന്നു. പരിശുദ്ധാത്മശക്തി പ്രാപിക്കേണ്ടിയിരുന്നു. വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനകളോടും ഉള്ള പോരാട്ടത്തിൽ മനുഷ്യർക്കു പരിശുദ്ധാത്മശക്തി ലഭിക്കുന്നതിനുള്ള ഏകമാർഗ്ഗം വിശ്വാസത്തോടുകൂടിയ, തീക്ഷ്ണമായ നിരന്തര പ്രാർത്ഥനയാണ്. ദൈവത്തിലുള്ള പൂർണ്ണാശ്രയവും ദൈവവേലയ്ക്കു കലവറ കൂടാതെയുള്ള സമർപ്പണവുമാണു യഥാർത്ഥ വിശ്വാസം.

“നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്: ഇവിടെനിന്ന് അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും.” കടുകുമണി വളരെ ചെറുതാണെങ്കിലും ഒരു വൻവൃക്ഷത്തിന്റെ വളർച്ചയിൽ കാണുന്ന അതേ ജീവിതതത്വമാണ് അതിന്റെ വളർച്ചയിലും കാണുന്നത്. ഒരു കടുകുമണി നടുമ്പോൾ അതിന്റെ വളർച്ചയ്ക്കാവശ്യമായ എല്ലാ പ്രകൃതിശക്തികളും അതിന്റെ ബീജാങ്കണത്തിനു സഹായിക്കുന്നു. അങ്ങനെ ബലിഷ്ഠമായ ഒരു ചെടിയായി അതു വളരുന്നു. ഇതുപോലുള്ള വിശ്വാസം നിങ്ങൾക്കുണ്ടെങ്കിൽ ദൈവത്തിന്റെ വചനത്തിലും ദൈവം നിയമിച്ചിട്ടുള്ള എല്ലാ മാർഗ്ഗങ്ങളിലും നിങ്ങൾ ആശ്രയിക്കും. ഇങ്ങനെ നിങ്ങളുടെ വിശ്വാസം ശക്തിപ്രാപിക്കുകയും, സ്വർഗ്ഗീയശക്തികളെ പ്രയോജനപ്പെടുത്തുകയും ചെയ്യും. സാത്താന്റെ എല്ലാ പ്രതിബന്ധങ്ങളും എത്ര വലുതായി കാണപ്പെട്ടാലും വിശ്വാസത്തിന്റെ മുമ്പിൽ തോൽവി അടയും. “നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാകയില്ല.”

# 48

# ഏറ്റവും വലിയവൻ ആർ?

അവലംബം: മത്തായി 17:22-27; 18:1-20; മർക്കൊസ് 9:30-50; ലൂക്കൊസ് 9:46-48

കഫർന്നഹൂമിലേക്കു മടങ്ങുന്ന വേളയിൽ, താൻ സാധാരണ ജനങ്ങളോട് ഉപദേശിക്കാറുണ്ടായിരുന്ന വിശ്രമസങ്കേതത്തിലേക്കു യേശു പോയില്ല. തന്റെ താല്ക്കാലിക ഭവനമായിരിക്കുവാൻ പോകുന്ന സ്ഥലത്തേക്കു ശിഷ്യന്മാരുമായി അധികമാരും അറിയാതെ യേശു കടന്നുചെന്നു. ഗലീലയിൽ ചെലവഴിക്കുവാൻ പോകുന്ന ശിഷ്ടസമയം, പുരുഷാരത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനു പകരം ശിഷ്യന്മാരെ ഉപദേശിക്കുവാൻ യേശു തീരുമാനിച്ചു.

ഗലീലയിൽക്കൂടെയുള്ള യാത്രാവേളയിൽ വരുവാൻ പോകുന്ന സംഭവങ്ങളെക്കുറിച്ചു ശിഷ്യന്മാരുടെ മനസ്സുകളെ ഒരുക്കാൻ ക്രിസ്തു വീണ്ടും ശ്രമിച്ചു. താൻ യെരൂശലേമിൽവച്ചു കൊല്ലപ്പെടുകയും വീണ്ടും ഉയിർത്തെഴുന്നേല്ക്കയും ചെയ്യുമെന്നു ശിഷ്യന്മാരോടു പറഞ്ഞു. ശത്രുക്കളുടെ കയ്യിൽ താൻ ഏല്പിച്ചുകൊടുക്കപ്പെടുമെന്ന അപ്രതീക്ഷിതകാര്യംകൂടെ യേശു പറഞ്ഞു. ഈ സന്ദർഭത്തിൽ യേശുവിന്റെ വാക്കുകൾ ശിഷ്യന്മാർ പോലും

ഗ്രഹിച്ചില്ല. വലുതായ ദുഃഖത്തിന്റെ നിഴൽ അവരുടെമേൽ വീണിരുന്നുവെങ്കിലും അവരുടെ ഹൃദയങ്ങളിൽ മാത്സര്യബോധം സ്ഥാനം പിടിച്ചിരുന്നു. സ്വർഗ്ഗരാജ്യത്തിൽ ആരായിരിക്കും പ്രധാനി എന്ന കാര്യത്തെക്കുറിച്ച് അവരുടെ ഇടയിൽ മത്സരം ഉണ്ടായി. യേശുവിൽനിന്ന് ഇതു മറച്ചുവയ്ക്കാമെന്ന് അവർ കരുതി. സാധാരണ ചെയ്യാറുള്ളതുപോലെ യേശുവിനോടു ചേർന്നു നടക്കാതെ അവർ യേശുവിനെ മുമ്പിൽ നടക്കാൻ വിട്ടിട്ട്, പിൻമാറി നടന്നു. കഫർന്നഹൂമിൽ പ്രവേശിച്ചപ്പോൾ, യേശു അവരിൽനിന്നു വളരെ മുമ്പിലായിരുന്നു. അവരുടെ ഹൃദയത്തിൽ ഉണ്ടായിരുന്ന ചിന്തകളെ യേശു ഗ്രഹിച്ചു. തന്റെ ഉപദേശങ്ങൾ നല്കാൻ പ്രശാന്തമായ ഒരു സമയത്തിനുവേണ്ടി യേശു കാത്തിരുന്നു.

അവർ ദൈവാലയത്തിലെത്തിച്ചേർന്ന ഉടനേ ദൈവാലയത്തിലെ കരംപിരിവുകാരൻ പത്രൊസിന്റെ അടുക്കൽ വന്ന്, "നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പണം കൊടുക്കുന്നില്ലയോ" എന്നു ചോദിച്ചു. ഈ കരം ഗവൺമെന്റിനു നല്കുന്ന കരമല്ലായിരുന്നു. ദൈവാലയനടത്തിപ്പിനുവേണ്ടി എല്ലാ യെഹൂദനും നല്കേണ്ട മതപരമായ ഒരു സംഭാവനയായിരുന്നു ഇത്. ഈ കരം കൊടുക്കാതിരുന്നാൽ ദൈവാലയത്തോടു കാണിക്കുന്ന ഒരു അവിശ്വസ്തതയായി കണക്കാക്കപ്പെട്ടിരുന്നു. റബ്ബിമാരുടെ നിയമാവലികളോടുള്ള കർത്താവിന്റെ മനോഭാവവും, പിതൃപാരമ്പര്യങ്ങളെ സംരക്ഷിപ്പാൻ വ്യഗ്രത കാട്ടുന്നവരെ യേശു നിശിതമായി വിമർശിച്ചതുമൊക്കെ, യേശു ദൈവാലയശുശ്രൂഷയെ തകിടംമറിക്കുവാൻ ശ്രമിക്കുന്നുവെന്ന ആരോപണം ഉന്നയിക്കുവാനുള്ള കാരണങ്ങളായി ശത്രുക്കൾ എടുത്തിരുന്നു. ഇപ്പോൾ, കരം നല്കാത്തതിന്റെ പേരിൽ യേശുവിനെ കുറ്റപ്പെടുത്തുവാൻ ശത്രുക്കൾക്ക് ഒരു സന്ദർഭം ലഭിച്ചു. ദ്വിദ്രഹ്മപ്പണം പിരിക്കുന്നവനിൽക്കൂടെ അവർ യേശുവിനെ കുറ്റക്കാരനായി പിടിക്കുവാൻ ശ്രമിച്ചു.

കരംപിരിവുകാരന്റെ ചോദ്യത്തിൽ, യേശുവിനു ദൈവാലയത്തോടുള്ള വിശ്വസ്തതയെപ്പറ്റി ദുസ്സൂചന അടങ്ങിയിരിക്കുന്നതായി പത്രൊസ് മനസ്സിലാക്കി. തന്റെ ഗുരുവിന്റെ സൽപ്പേരു നിലനിർത്തുവാനുള്ള തീക്ഷ്ണതയിൽ ഒട്ടും ചിന്തിക്കാതെ പത്രൊസ് പറഞ്ഞു, തന്റെ ഗുരു ദ്വിദ്രഹ്മപ്പണം കൊടുക്കുമെന്ന്.

എന്നാൽ ചോദ്യകർത്താവിന്റെ ഉദ്ദേശ്യം ഭാഗികമായിട്ടു മാത്രമേ പത്രൊസ് ഗ്രഹിച്ചുള്ളൂ. ഈ കരത്തിൽനിന്നു ചിലർ ഒഴിവാക്കപ്പെട്ടിരുന്നു. മോശെയുടെ കാലത്ത്, ലേവ്യരെ ദൈവാലയശുശ്രൂഷകൾക്കായി വേർതിരിച്ചപ്പോൾ യിസ്രായേല്യരുടെ ഇടയിൽ അവർക്ക് ഒരവകാശവും നല്കപ്പെട്ടിരുന്നില്ല. "അതുകൊണ്ടു ലേവിക്കു തന്റെ സഹോദരന്മാരോടുകൂടെ ഓഹരിയും അവകാശവും ഇല്ല... യഹോവ തന്നെ അവന്റെ അവകാശം" (ആവ. 10:9). ക്രിസ്തുവിന്റെ കാലത്തും ലേവ്യരും പുരോഹിതന്മാരും ദൈവാലയശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരുന്നതിനാൽ, ദൈവാലയ പരിരക്ഷയ്ക്കുള്ള വാർഷിക കരം കൊടുക്കുന്നതിൽനിന്ന് അവർ ഒഴിവാക്കപ്പെട്ടിരുന്നു. പ്രവാചകന്മാരും ഈ കരം കൊടുക്കേണ്ടിയിരുന്നില്ല. യേശുവിനോട് ഈ കരം കൊടുക്കുവാനാവശ്യപ്പെട്ടതിലൂടെ, താൻ ഒരു പ്രവാചകൻ അഥവാ ഒരു

ഗുരുവെന്ന നിലയിൽ അംഗീകരിക്കപ്പെട്ടിട്ടില്ലായെന്നും ഒരു സാധാരണ ക്കാരൻ മാത്രമായിട്ടാണു തന്നെ പരിഗണിക്കുന്നതെന്നും അന്നത്തെ മത ശ്രേഷ്ഠന്മാർ യേശുവിനെക്കുറിച്ചു പറഞ്ഞു. ദ്വിദ്രഹ്മപ്പണം കൊടുക്കാതെയിരുന്നാൽ ദൈവാലയത്തോടുള്ള അവിശ്വസ്തതയായി കണക്കാക്കപ്പെടും. ഈ കരം കൊടുക്കുകയാണെങ്കിൽ കൊടുക്കുന്നയാളിന് ഒരു പ്രവാചക സ്ഥാനമോ, ഗുരുസ്ഥാനമോ ദൈവാലയം കല്പിക്കുമായിരുന്നില്ല.

കുറച്ചു നാൾ മുമ്പു മാത്രമായിരുന്നു, യേശു ദൈവത്തിന്റെ പുത്രനെന്നു പത്രൊസ് സാക്ഷീകരിച്ചത്. തന്റെ ഗുരുവിന്റെ സ്വഭാവത്തെ ഉയർത്തിക്കാട്ടുവാൻ വീണ്ടും ലഭിച്ച അവസരം പത്രൊസ് പാഴാക്കിക്കളഞ്ഞു. യേശു ദ്വിദ്രഹ്മപ്പണം കൊടുക്കുമെന്നു പ്രസ്താവിച്ചതിൽക്കൂടെ പുരോഹിതന്മാരും പ്രഭുക്കന്മാരും പരത്തുവാൻ ആഗ്രഹിച്ചിരുന്ന തെറ്റായ ധാരണയ്ക്കു പത്രൊസ് അംഗീകാരം നല്കുകയായിരുന്നു.

പത്രൊസ് ഭവനത്തിൽ പ്രവേശിച്ചപ്പോൾ സംഭവിച്ചതിനെക്കുറിച്ചു കർത്താവ് ഒന്നും പറഞ്ഞില്ല. പക്ഷേ കർത്താവു പത്രൊസിനോടു ചോദിച്ചു: "ശിമോനേ, നിനക്ക് എന്തു തോന്നുന്നു? ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ, കരമോ ആരോടു വാങ്ങുന്നു? പുത്രന്മാരോടോ, അന്യരോടോ എന്നു ചോദിച്ചതിന് അന്യരോട് എന്ന് അവൻ പറഞ്ഞു. യേശു അവനോട്: എന്നാൽ പുത്രന്മാർ ഒഴിവുള്ളവരല്ലോ?" തങ്ങളുടെ രാജാവിന്റെ ആവശ്യത്തിനായി പ്രജകൾ ചുങ്കം കൊടുക്കുമ്പോൾ, രാജാവിന്റെ മക്കൾ ചുങ്കം കൊടുക്കുന്നതിൽനിന്ന് ഒഴിവുള്ളവരായിരിക്കും. അതുപോലെ ദൈവത്തിന്റെ ജനമായ യിസ്രായേൽ ദൈവശുശ്രൂഷയ്ക്കുവേണ്ടി വഴിപാടുകൾ നല്കുവാൻ ബാധ്യസ്ഥരായിരിക്കുമ്പോൾ, ദൈവത്തിന്റെ പുത്രനായ യേശു അപ്രകാരം ബാധ്യസ്ഥനായിരുന്നില്ല. ദൈവാലയവുമായുള്ള ബന്ധത്തിൽ ലേവ്യരും പുരോഹിതന്മാരും വഴിപാടു നല്കുന്നതിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നെങ്കിൽ തന്റെ പിതാവിന്റെ ഭവനം ഈ ദൈവാലയമായിരിക്കേ, ദൈവാലയനികുതിയിൽനിന്നു യേശു പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരിക്കണം.

ഒരെതിർപ്പും കൂടാതെ യേശു ചുങ്കം കൊടുത്തിരുന്നെങ്കിൽ അവരുടെ അവകാശവാദത്തെ അംഗീകരിക്കുന്നതിനു തുല്യമാകുമായിരുന്നു. തന്റെ ദൈവികത്വത്തെയും നിരാകരിക്കലാകുമായിരുന്നു. ഈ നിയമത്തിൽ തെറ്റുണ്ടെന്നു കർത്താവു പറഞ്ഞില്ല. എന്നാൽ താൻ അതനുസരിക്കുവാൻ അവർ ചൂണ്ടിക്കാട്ടിയ തത്വത്തെ കർത്താവ് എതിർത്തു. ദ്വിദ്രഹ്മപ്പണം കൊടുക്കുന്നതിനു കർത്താവു പണം കണ്ടെത്തിയ വിധത്തിൽക്കൂടെ തന്റെ ദൈവികത്വത്തിനു തെളിവു നല്കി. താൻ ദൈവമാകുന്നുവെന്ന് അതു വെളിപ്പെടുത്തി. രാജ്യത്തിലെ സാധാരണ പ്രജ നികുതി കൊടുക്കുവാൻ കടപ്പെട്ടിരിക്കുന്നതുപോലെയല്ല താൻ എന്നു യേശുവിന്റെ പ്രവർത്തനം തെളിയിച്ചു.

യേശു പത്രൊസിനോടു പറഞ്ഞു: "നീ കടലിലേക്കു ചെന്നു ചൂണ്ടൽ ഇട്ട് ആദ്യം കിട്ടുന്ന മീനിനെ എടുക്ക; അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചതുർദ്രഹ്മപ്പണം കാണും; അത് എടുത്ത് എനിക്കും നിനക്കും വേണ്ടി കൊടുക്കുക."

യേശുവിന്റെ ദൈവികത്വം തന്റെ മാനുഷികത്വത്താൽ മറച്ചിരുന്നെങ്കിലും ഈ അത്ഭുതപ്രവൃത്തിയിൽ തന്റെ മഹത്വം താൻ വെളിപ്പെടുത്തി. "കാട്ടിലെ സകല മൃഗവും, പർവ്വതങ്ങളിലെ ആയിരമായിരം ജന്തുക്കളും എനിക്കുള്ളവയാകുന്നു. മലകളിലെ പക്ഷികളെ ഒക്കെയും ഞാനറിയുന്നു; വയലിലെ ജന്തുക്കളും എനിക്കുള്ളവ തന്നെ. എനിക്കു വിശന്നാൽ ഞാൻ നിന്നോടു പറകയില്ല; ഭൂലോകവും അതിന്റെ നിറവും എന്റേതത്രേ" (സങ്കീ. 50:10–12). ദാവീദിന്റെ വാക്കുകൾ ക്രിസ്തുവിന്റേതായിരുന്നു.

ദൈവാലയത്തിൽ നല്കേണ്ട ചുങ്കം കൊടുക്കുവാൻ യേശു ഒരു വിധത്തിലും കടപ്പെട്ടവനായിരുന്നില്ലെങ്കിലും, ഇതിന്റെ പേരിൽ ഒരു വാദപ്രതിവാദത്തിനു താൻ മുതിർന്നില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ തന്റെ വാക്കുകളെ തെറ്റായി വ്യാഖ്യാനിക്കുകയും തനിക്കെതിരായി അവയെ ഉപയോഗിക്കുകയും ചെയ്യുമായിരുന്നു. താൻ ചുങ്കം നല്കാതെയിരുന്നു മറ്റുള്ളവർക്കു പ്രയാസം ഉണ്ടാകാതിരിക്കേണ്ടതിന്, ന്യായമായി ചുങ്കം കൊടുക്കാൻ താൻ ബാധ്യസ്ഥനല്ലാതിരുന്നിട്ടും, യേശു ചുങ്കം കൊടുത്തു. ശിഷ്യന്മാർക്ക് ഇതു വലിയ ഒരു പാഠമായിരുന്നു. ദൈവാലയശുശ്രൂഷകൾക്കു തങ്ങൾക്കുള്ള ബന്ധത്തിൽ വലിയ മാറ്റം സംഭവിപ്പാൻ പോകുന്നതുകൊണ്ടു വ്യവസ്ഥാപിത നിയമങ്ങളോട് എതിർത്തു കഴിയേണ്ട എന്നു യേശു ശിഷ്യന്മാരെ പഠിപ്പിച്ചു. തങ്ങളുടെ വിശ്വാസം തെറ്റായി ചിത്രീകരിക്കപ്പെടാതിരിക്കാൻ, കഴിയുന്നത്ര അതിനിടയാക്കാവുന്ന സന്ദർഭങ്ങളെ ഒഴിവാക്കുവാൻ കർത്താവു ശിഷ്യന്മാരോടു പറഞ്ഞു. സത്യത്തെ ഒരിക്കലും ക്രിസ്ത്യാനി ബലികഴിക്കാതിരിക്കുന്നതു പോലെ, കഴിയുന്നത്ര വിവാദങ്ങളിൽനിന്ന് അവർ ഒഴിഞ്ഞിരിക്കേണ്ടതാണെന്നു ക്രിസ്തു പഠിപ്പിച്ചു.

പത്രൊസ് കടലിലേക്കു പോയപ്പോൾ, ക്രിസ്തുവും മറ്റു ശിഷ്യന്മാരും ഭവനത്തിലായിരുന്നു. അപ്പോൾ യേശു ശിഷ്യന്മാരെ വിളിച്ചു ചോദിച്ചു: "നിങ്ങൾ വഴിയിൽവച്ചു തമ്മിൽ വാദിച്ചത് എന്ത്?" വഴിയിൽവച്ച് അവർ തമ്മിൽ വാദിച്ചുകൊണ്ടിരുന്നപ്പോൾ ഉണ്ടായിരുന്നതിനെക്കാൾ തികച്ചും വ്യത്യസ്തമായ ഒരു വെളിച്ചത്തിലേക്ക് അവരുടെ തർക്കവിഷയത്തെ യേശു കൊണ്ടുവന്നു. തങ്ങളുടെ നിലപാടു തെറ്റായിരുന്നുവെന്നു ശിഷ്യന്മാർക്കു ബോധ്യമായി. ലജ്ജയും കുറ്റബോധവും അവരെ നിശ്ശബ്ദരാക്കി. താൻ അവർക്കുവേണ്ടി മരിക്കുവാൻ പോകുകയാണെന്നു കർത്താവു പറഞ്ഞു. ക്രിസ്തുവിന്റെ നിസ്വാർത്ഥ സ്നേഹത്തിനു മുമ്പിൽ, ശിഷ്യന്മാരുടെ സ്വാർത്ഥമോഹം വേദനാജനകമായ ഒരു വൈരുദ്ധ്യം ആയിരുന്നു.

താൻ കൊല്ലപ്പെടുകയും മൂന്നാംനാൾ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുമെന്നു യേശു ശിഷ്യന്മാരോടു പറഞ്ഞപ്പോൾ, അവരുടെ വിശ്വാസത്തിന്റെ പരിശോധനയിലേക്ക് അവരെ ഒരുക്കുകയായിരുന്നു. യേശു നല്കുന്ന ഉപദേശങ്ങളെ സ്വീകരിപ്പാൻ അവർ ഒരുക്കമുള്ളവരായിരുന്നുവെങ്കിൽ കടുത്ത നിരാശയും മാനസികവേദനയും ഒഴിവാക്കുവാൻ ശിഷ്യന്മാർക്കു കഴിയുമായിരുന്നു. ദുഃഖത്തിന്റെയും നിരാശയുടെയും സമയത്തു യേശുവിന്റെ വാക്കുകൾ ആശ്വാസപ്രദമാകുമായിരുന്നു. തനിക്കു സംഭവിപ്പാൻ പോകുന്ന കാര്യ

ങ്ങളെക്കുറിച്ചു യേശു ശിഷ്യന്മാരോടു വെളിപ്പെടുത്തിയിരുന്നെങ്കിലും, തന്റെ വേഗത്തിലുള്ള യെരൂശലേം യാത്ര, യിസ്രായേൽരാഷ്ട്രം സ്ഥാപിക്കുവാൻ വേണ്ടിയായിരിക്കുമെന്നു ശിഷ്യന്മാർ വ്യാമോഹിച്ചു. വരുവാൻ പോകുന്ന രാജ്യത്തിലെ ഏറ്റവും വലിയ ആൾ ആരായിരിക്കും എന്നു ചോദിക്കുവാൻ അവരുടെ മനസ്സിലെ ചിന്തകൾ പ്രേരിപ്പിച്ചു. പത്രൊസ് കടലിൽനിന്നു മടങ്ങിവന്നപ്പോൾ മറ്റു ശിഷ്യന്മാർ, യേശുവിന്റെ ചോദ്യത്തെക്കുറിച്ചു പത്രൊസിനോടു പറഞ്ഞു. ഒടുവിൽ ഒരാൾ യേശുവിനോടായി ചോദിച്ചു: "സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ?"

യേശു ശിഷ്യന്മാരോടു പറഞ്ഞു: "ഒരുവൻ മുൻപൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകണം." ശിഷ്യന്മാർ ഗ്രഹിക്കാതിരുന്ന പാവനത്വവും, സ്ഫുടതയും യേശുവിന്റെ വാക്കുകളിലുണ്ടായിരുന്നു. യേശു വിവേചിച്ചറിഞ്ഞത് അവർക്കു കാണുവാൻ കഴിഞ്ഞില്ല. ക്രിസ്തുവിന്റെ രാജ്യത്തിന്റെ സ്വഭാവം ശിഷ്യന്മാർ അറിഞ്ഞിരുന്നില്ല. ഈ അജ്ഞതയായിരുന്നു അവരുടെ കലഹത്തിന്റെ ബാഹ്യകാരണം. എന്നാൽ യഥാർത്ഥ കാരണം ആഴത്തിൽ കിടന്നിരുന്നു. തന്റെ രാജ്യത്തിന്റെ സ്വഭാവം വിശദീകരിച്ചുകൊണ്ടു തല്ക്കാലത്തേക്ക് അവരുടെ മത്സരം യേശുവിനു ശമിപ്പിക്കാമായിരുന്നു. എന്നാൽ ഇതു യഥാർത്ഥ കാരണത്തിനു പരിഹാരമാകയില്ലായിരുന്നു. ശിഷ്യന്മാർ എല്ലാം ഗ്രഹിച്ചിരുന്നാലും, ക്രിസ്തു സ്ഥാപിക്കാൻ പോകുന്ന രാജ്യത്തിലെ പ്രഥമസ്ഥാനത്തെക്കുറിച്ചുള്ള ഏതൊരു ചോദ്യവും അവരുടെ ഇടയിലുള്ള മത്സരത്തെ പുനരുജ്ജീവിപ്പിക്കുമായിരുന്നു. ഇതു ക്രിസ്തുവിന്റെ വേർപാടിനുശേഷം സഭയിൽ വിപത്തു കൊണ്ടുവരുമായിരുന്നു. സ്വർഗ്ഗത്തിൽ പോരാട്ടം ആരംഭിക്കുന്നതിനും, ക്രിസ്തുവിനെ സ്വർഗ്ഗത്തിൽനിന്നു ഭൂമിയിൽ വന്നു മരണം ആസ്വദിക്കുന്നതിനു കാരണമാക്കിയതുമായ, അതേ ആത്മാവിന്റെ പ്രവർത്തനമായിരുന്നു ഉന്നതസ്ഥാനത്തിനു വേണ്ടിയുള്ള മത്സരം. ദൈവപുത്രനോട് ഏറ്റവും അടുത്ത ബന്ധം പുലർത്തുകയും, ദൈവത്തിന്റെ സിംഹാസനത്തെ ചുറ്റിനില്ക്കുകയും ചെയ്യുന്ന തേജോമയന്മാരായ ദൂതന്മാരെക്കാൾ ശോഭയേറിയ അരുണോദയപുത്രനായ ലൂസിഫറിന്റെ രൂപം യേശു കണ്ടു. ലൂസിഫർ പറഞ്ഞു: "ഞാൻ അത്യുന്നതനോടു സമനാകും" (യെശ. 14:12,14). സ്വയത്തെ ഉയർത്തുവാനുള്ള ആഗ്രഹമാണു സ്വർഗ്ഗത്തിൽ കലഹം ഉണ്ടാക്കിയത്. ദൈവദൂതന്മാരിൽ ഗണ്യമായ ഒരു സംഖ്യ സ്വർഗ്ഗത്തിൽനിന്നു പുറത്താക്കപ്പെടുവാനും കാരണമായത് അതായിരുന്നു. യഥാർത്ഥത്തിൽ അത്യുന്നതനെപ്പോലെ ആയിത്തീരാൻ ലൂസിഫർ ശ്രമിച്ചിരുന്നെങ്കിൽ അവന്റെ സ്ഥാനം നഷ്ടമാകയില്ലായിരുന്നു. അത്യുന്നതന്റെ സ്വഭാവം, നിസ്വാർത്ഥമായ സേവനമാണ്. ദൈവത്തിന്റെ സ്വഭാവമല്ല, ദൈവത്തിന്റെ അധികാരമാണു ലൂസിഫർ ആഗ്രഹിച്ചത്. അതിനു വേണ്ടിയാണു പരിശ്രമിച്ചത്. സാത്താന്റെ സ്വഭാവമുള്ള ഏവരും ഇതേ രീതിയിൽ പ്രവർത്തിക്കും. അങ്ങനെ അകൽച്ചയും സ്വരച്ചേർച്ചയില്ലായ്മയും കലഹവും ഉണ്ടാകുന്നു. സാത്താന്റെ രാജ്യത്തിൽ ശക്തിയുള്ളവന്റെ പ്രതിഫലമാണ്, അധികാരം. അവിടെ സ്വന്തപുരോഗതിയുടെ പാതയിൽ അന്യൻ ഒരു തടസ്സമായിത്തീ

രുന്നു. അധികാരത്തിന്റെ പടവുകൾ കയറാൻ മറ്റുള്ളവനെ ദ്രോഹിക്കുന്നതു സാത്താന്റെ രാജ്യത്തിലെ സർവ്വസാധാരണമായ കാഴ്ചയാണ്.

ദൈവത്തോടു സമനായിത്തീരുവാൻ സാത്താൻ ആഗ്രഹിച്ചപ്പോൾ, ദൈവ പുത്രനായ ക്രിസ്തു “ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി, തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ അനുസരണ മുള്ളവനായിത്തീർന്നു” (ഫിലി. 2:7,8). ക്രൂശു ക്രിസ്തുവിന്റെ തൊട്ടുമുമ്പിൽ ഉണ്ടായിരുന്നു. സാത്താന്റെ രാജ്യത്തിന്റെ തത്വമായ സ്വാർത്ഥത ക്രിസ്തു വിന്റെ ശിഷ്യന്മാരിലും കടന്നിരുന്നു. തന്മൂലം ക്രിസ്തുവിന്റെ വ്യഥയിൽ പങ്കു ചേരുവാൻ അവർക്കു കഴിഞ്ഞില്ല. അവർക്കു വേണ്ടി ക്രിസ്തു അനുഭവി പ്പാൻ പോകുന്ന അപമാനം എന്തെന്നു ഗ്രഹിപ്പാൻ അവർക്കു കഴിഞ്ഞില്ല.

യേശു അവരുടെ തെറ്റിനെ തിരുത്തുവാൻ സ്നേഹത്തോടും എന്നാൽ ഗൗരവത്തോടും കൂടെ ശ്രമിച്ചു. സ്വർഗ്ഗരാജ്യത്തിന്റെ അടിസ്ഥാനതത്വം എന്തെന്നു യേശു കാണിച്ചുകൊടുത്തു. സ്വർഗ്ഗത്തിന്റെ ദൃഷ്ടിയിൽ യഥാർത്ഥ മഹത്വം എന്തെന്നു യേശു ശിഷ്യന്മാരെ പഠിപ്പിച്ചു. പ്രശസ്തിക്കുവേണ്ടി കാംക്ഷിക്കുകയും അഹന്തയാൽ നയിക്കപ്പെടുകയും ചെയ്യുന്നവർ തങ്ങൾക്കു ലഭിച്ച ദാനങ്ങൾ ക്രിസ്തുവിനു സമർപ്പിക്കുന്നതിനു പകരം തങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കുന്നു. അങ്ങനെയുള്ളവർക്കു സാത്താനുമായി കൂട്ടുചേർന്നതു കൊണ്ടു സ്വർഗ്ഗരാജ്യത്തിൽ ഒരു സ്ഥാനവുമുണ്ടായിരിക്കുകയില്ല.

താഴ്മ ബഹുമാനത്തിന്റെ മുന്നോടിയാകുന്നു. യോഹന്നാൻ സ്നാപകനെ പ്പോലെ ദൈവമുമ്പാകെ എളിമത്വമുള്ള വേലക്കാരനെ ഉന്നതമായ സ്ഥാന ത്തേക്കു സ്വർഗ്ഗം തെരഞ്ഞെടുക്കുന്നു. ശിശുവിനെപ്പോലെ ആയിത്തീ രുന്ന ഒരു ശിഷ്യനായിരിക്കും ദൈവവേലയിൽ ഏറ്റവും കാര്യക്ഷമതയുള്ള പ്രവർത്തകൻ. സ്വയത്തെ മറന്ന്, ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവനുമായി സ്വർഗ്ഗീയദൂതഗണങ്ങൾ സഹകരിക്കുന്നു. ദൈവ കൃപയുടെ ആവശ്യബോധം ഉള്ള വ്യക്തി അതിനുവേണ്ടി യാചിക്കും. അവ രുടെ ആത്മാവിനെ ഉയർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന്, യേശുവിന്റെ ദർശനം, പരിശുദ്ധാത്മാവ് അവർക്കു നല്കും. യേശുവിനോട് അടുത്ത ബന്ധം പുലർത്തുന്ന ആൾ പാപത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന വർക്കുവേണ്ടി പ്രവർത്തിക്കുവാൻ പോകും. അവൻ തന്റെ ദൗത്യനിർവ്വഹ ണത്തിനു വേണ്ടി, അഭിഷേകം ചെയ്യപ്പെടുന്നു. മഹാന്മാർ പരാജയപ്പെടു മ്പോൾ, യേശുവിന്റെ ദർശനം ലഭിച്ച വ്യക്തി വിജയിക്കുന്നു.

ദൈവത്തിന്റെ പരിപാടിയിൽ തങ്ങൾ അപരിത്യാജ്യരാണെന്നു കരുതി, സ്വയം ഉയർത്തുന്നവരെ ദൈവം നീക്കിക്കളയുന്നു. അങ്ങനെയുള്ളവരെ ദൈവം തെരഞ്ഞെടുക്കുന്നില്ല. അവർ പോയതുകൊണ്ടു ദൈവത്തിന്റെ വേല നിലയ്ക്കുന്നില്ല. അതു കൂടുതൽ ശക്തിയോടുകൂടെ മുമ്പോട്ടു പോകുന്നു.

യേശുവിന്റെ ശിഷ്യന്മാർക്കു യേശുവിന്റെ രാജ്യത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള അഭ്യസനം ലഭിച്ചാൽ മാത്രം പോരായിരുന്നു. ആ രാജ്യത്തിന്റെ തത്വങ്ങൾക്കനുസൃതമായി അവരുടെ ജീവിതങ്ങൾ ആയിത്തീരുന്നതിന് ഒരു ഹൃദയപരിവർത്തനം അവർക്കാവശ്യമായിരുന്നു. യേശു ഒരു ശിശുവിനെ വിളിച്ച് അവരുടെ ഇടയിൽ നിർത്തി. തന്റെ കരങ്ങളിൽ ആ കുഞ്ഞിനെ അണച്ചുകൊണ്ടു കർത്താവു പറഞ്ഞു: "നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയ്‌വരുന്നില്ലായെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല." സ്വർഗ്ഗം വിലമതിക്കുന്ന സ്വഭാവഗുണങ്ങൾ ഒരു ശിശുവിന്റേതുപോലുള്ള ഹൃദയനൈർമ്മല്യവും വിശ്വാസവും സ്നേഹവും നിസ്വാർത്ഥതയും ലാളിത്യവുമാകുന്നു. യഥാർത്ഥ മഹത്വത്തിന്റെ ഗുണവിശേഷങ്ങളാണിവയെല്ലാം.

ഭൗമികമായ അന്തസ്സോ, ബാഹ്യ മോടിയോ, അല്ല തന്റെ രാജ്യത്തിന്റെ സ്വഭാവവിശേഷങ്ങൾ എന്നു കർത്താവു ശിഷ്യന്മാർക്കു വിശദീകരിച്ചുകൊടുത്തു. യേശുവിന്റെ പാദാന്തികത്തിൽ ഈ മോഹങ്ങളെല്ലാം ഇല്ലാതെയാകും. സമ്പന്നനും ദരിദ്രനും പണ്ഡിതനും പാമരനും എന്ന യാതൊരു ഉച്ചനീചത്വങ്ങളും കണക്കാക്കാതെ എല്ലാവരും അവിടെ ഒത്തുചേരുന്നു. എല്ലാവരും യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരായി ദൈവത്തിൽ ആശ്രയിച്ചു കൂടിവരുന്നു.

അനുതാപവും ആത്മാർത്ഥതയുമുള്ള ഒരു വ്യക്തി ദൈവത്തിന്റെ നോട്ടത്തിൽ വിലയേറിയവനാണ്. ദൈവം തന്റെ മുദ്ര മനുഷ്യരുടെമേൽ പതിപ്പിക്കുന്നത് അവരുടെ ഭൗമികനേട്ടത്തെ ആശ്രയിച്ചല്ല. ക്രിസ്തുവിനോടു ചേർന്നിരിക്കുന്നവരുടെമേലാണു ദൈവമുദ്ര പതിയുന്നത്. സൗമ്യതയും മനോവിനയവുമുള്ളവരിൽ ദൈവം പ്രസാദിക്കുന്നു. "നിന്റെ രക്ഷ എന്ന പരിചയെ നീ എനിക്കു തന്നിരിക്കുന്നു; നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു" (സങ്കീ. 18:35).

"ഇങ്ങനെയുള്ള ശിശുക്കളിൽ ഒന്നിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവനോ എന്നെയല്ല, എന്നെ അയച്ചവനെ കൈക്കൊള്ളുന്നു," യേശു പറഞ്ഞു. "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: സ്വർഗ്ഗം എന്റെ സിംഹാസനവും, ഭൂമി എന്റെ പാദപീഠവുമാകുന്നു... എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും" (യെശ. 66:1,2).

കർത്താവിന്റെ ഉപദേശം, തങ്ങളിൽത്തന്നെ ആശ്രയിക്കുവാനുള്ള ശിഷ്യന്മാരുടെ പ്രവണതയെ നിരുത്സാഹപ്പെടുത്തി. ഒരുവനെയും യേശു വ്യക്തിപരമായി പരാമർശിച്ചില്ല. യോഹന്നാൻ തനിക്കുണ്ടായിരുന്ന ഒരു സംശയം ഒരു ശിശുവിന്റെ നിഷ്കളങ്കതയോടെ യേശുവിനോടു ചോദിച്ചു. "ഒരുവൻ നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതു ഞങ്ങൾ കണ്ടു. അവൻ നമ്മെ അനുഗമിക്കായ്കയാൽ ഞങ്ങൾ അവനെ വിരോധിച്ചു."

ഈ മനുഷ്യനെ വിലക്കുന്നതിൽക്കൂടെ യേശുവിന്റെ ബഹുമാന്യത നിലനിർത്താമെന്നു യോഹന്നാനും യാക്കോബും വിചാരിച്ചു. സ്വാർത്ഥചിന്തയാണു

തങ്ങളെ അസൂയാലുക്കളാക്കിയതെന്നു യാക്കോബിനും യോഹന്നാനും മനസ്സിലായി. തങ്ങളുടെ തെറ്റ് അവർക്കു ബോധ്യമായി. കർത്താവിന്റെ ഉപദേശം അവർ സ്വീകരിച്ചു. യേശു പറഞ്ഞു: "അവനെ വിരോധിക്കരുത്; എന്റെ നാമത്തിൽ വീര്യപ്രവൃത്തി ചെയ്തിട്ട്, വേഗത്തിൽ എന്നെ ദുഷിച്ചുപറവാൻ കഴിയുന്നവൻ ആരുമില്ല." തന്നോട് അടുത്തുവരുന്ന ആരെയും ക്രിസ്തു തള്ളിക്കളയുകയില്ല. ക്രിസ്തുവിന്റെ സ്വഭാവത്താൽ ആഴമായി സ്പർശിക്കപ്പെട്ട അനേകരുണ്ട്. അവരുടെ ഹൃദയങ്ങൾ ക്രിസ്തുവിനായി തുറക്കപ്പെടുന്നു. ഇങ്ങനെയുള്ളവരെ നിരാശപ്പെടുത്താതിരിപ്പാൻ ക്രിസ്തുശിഷ്യന്മാർ കരുതലുള്ളവരായിരിക്കണം. ക്രിസ്തുശിഷ്യന്മാർ ഇടുങ്ങിയ മനഃസ്ഥിതി ഉള്ളവരായിരിക്കരുത്. ക്രിസ്തുവിന്റെ വ്യക്തിപരമായ സാന്നിദ്ധ്യം ഇല്ലാത്ത അവസ്ഥ വരുമ്പോൾ ശിഷ്യന്മാർ, ക്രിസ്തുവിന്റെ സ്നേഹത്തോടുകൂടി മറ്റുള്ളവരോടു വർത്തിക്കേണ്ടതാണ്.

നമ്മുടെ ആശയങ്ങളോടു വിയോജിപ്പുള്ളവർ നമ്മുടെ കൂട്ടായ്മയിലുണ്ടാവാം. എന്നാൽ ആ ഒറ്റക്കാരണം വച്ചുകൊണ്ടു അവരെ നമ്മുടെ കൂട്ടായ്മയിൽനിന്ന് ഒഴിവാക്കുന്നതു ന്യായീകരിക്കാവുന്ന ഒന്നല്ല. ക്രിസ്തുവാണു നമ്മുടെ ഏറ്റവും വലിയ ഗുരു. നാം മറ്റുള്ളവരെ കുറ്റം വിധിക്കുവാനോ, മറ്റുള്ളവരുടെ മേൽ കർത്തൃത്വം നടത്തുവാനോ പാടില്ല. നാം യേശുവിന്റെ പാദാന്തികത്തിൽ ഇരുന്നു താഴ്മയോടെ പഠിക്കേണ്ടതാകുന്നു. ദൈവത്തിന്റെ സ്നേഹം ആസ്വദിച്ചിട്ടുള്ളവർ ക്രിസ്തുവിന്റെ സ്നേഹം പകർന്നുകൊടുക്കുന്ന ചാലുകളായിരിക്കണം. ദൈവത്തിന്റെ ദൂതുവാഹകരെ നാം ഒരിക്കലും നിരാശയിലേക്കു തള്ളിവിടരുത്. ദൈവം നല്കുന്ന വെളിച്ചത്തെ നാം ഒരിക്കലും തടസ്സപ്പെടുത്തരുത്.

ക്രിസ്തുവിന്റെ വേലയിൽ ഉൾപ്പെട്ടിരിക്കുന്ന ഒരുവനോടു നാം സ്നേഹരഹിതമായി പെരുമാറിയാൽ അയാളെ ശത്രുവിന്റെ കയ്യിലേക്കു തള്ളിവിടുന്നതിനു തുല്യമാണ്. ക്രിസ്തുവിന്റെ നാമത്തിൽ ഒരുവൻ ഭൂതങ്ങളെ പുറത്താക്കിയപ്പോൾ യോഹന്നാൻ വിരോധിച്ചതു ശരിയായ നടപടിയായിരുന്നില്ല. ഇത് ആത്മാക്കളെ ദൈവരാജ്യത്തിൽനിന്ന് അകറ്റുന്നതിനേ ഉപകരിക്കൂ. "ഈ ചെറിയവരിൽ ഒരുത്തന് ഇടർച്ച വരുത്തുന്നവന്റെ കഴുത്തിൽ വലിയൊരു തിരികല്ലു കെട്ടി അവനെ കടലിൽ ഇട്ടുകളയുന്നത് ഏറെ നന്ന്" എന്നു യേശു പറഞ്ഞു. യേശു വീണ്ടും പറഞ്ഞു: "നിന്റെ കൈ നിനക്ക് ഇടർച്ച വരുത്തിയാൽ അതിനെ വെട്ടിക്കളക; ഊനനായി ജീവനിൽ കടക്കുന്നത്, രണ്ടു കൈകളുമുള്ളവനായി കെടാത്ത തീയായ നരകത്തിൽ പോകുന്നതിനെക്കാൾ നിനക്കു നല്ലത്. നിന്റെ കാൽ നിനക്ക് ഇടർച്ച വരുത്തിയാൽ അതിനെ വെട്ടിക്കളക; മുടന്തനായി ജീവനിൽ കടക്കുന്നത്, രണ്ടു കാലുമുള്ളവനായി കെടാത്ത തീയായ നരകത്തിൽ വീഴുന്നതിനെക്കാൾ നിനക്കു നല്ലത്" (മർക്കൊസ് 9:43-45).

ഇത്ര ശക്തമായ ഭാഷ എന്തുകൊണ്ടു ക്രിസ്തു ഉപയോഗിച്ചു? കാരണം "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്." തങ്ങളുടെ ഗുരു കാണിച്ചതിനെക്കാൾ കുറഞ്ഞ സ്നേഹമാണോ ശിഷ്യന്മാർ

തങ്ങളുടെ സഹജീവികളോടു കാട്ടേണ്ടത്? ഓരോ ആത്മാവിനും കണക്കാക്കാൻ പാടില്ലാത്ത വിലയാണു സ്വർഗ്ഗം നല്കിയിട്ടുള്ളത്. ക്രിസ്തുവിൽ നിന്ന് ഒരാത്മാവിനെ അകറ്റിക്കളയുന്നത് എത്ര വലിയ പാപമാണ്. ഒരാൾ ക്രിസ്തുവിൽനിന്ന് അകറ്റപ്പെടുമ്പോൾ അയാൾക്കുവേണ്ടി ക്രിസ്തു സഹിച്ച അപമാനവും വേദനയും വ്യഥാവിലായിത്തീരുന്നു.

"ഇടർച്ച ഹേതുവായി ലോകത്തിന് അയ്യോ കഷ്ടം! ഇടർച്ച വരുന്നത് ആവശ്യം തന്നെ" (മത്തായി 18:7). സാത്താന്റെ പ്രേരണയ്ക്കു വശംവദരായി ലോകം ക്രിസ്തുവിന്റെ അനുയായികളെ നശിപ്പിക്കാൻ ശ്രമിക്കും. എന്നാൽ ഒരുവൻ ക്രിസ്തുവിന്റെ നാമം എടുക്കുകയും ക്രിസ്തുവിന്റെ അനുയായികൾക്കെതിരായി പ്രവർത്തിക്കുകയും ചെയ്താൽ അവന് അയ്യോ കഷ്ടം. കർത്താവിനെ സേവിക്കുന്നവർ എന്ന് അവകാശപ്പെടുകയും, കർത്താവിന്റെ സ്വഭാവത്തെ തെറ്റായി പ്രതിനിധീകരിക്കുകയും ചെയ്യുന്നവർ മൂലം കർത്താവിന്റെ നാമം ദുഷിക്കപ്പെടുന്നു. തന്മൂലം അനേകം പേർ തെറ്റിലേക്കു നയിക്കപ്പെടുന്നു.

ക്രിസ്തുവിന് അപമാനം വരുത്തുന്ന ഏതൊരു കാര്യവും തീർച്ചയായും വിട്ടുകളഞ്ഞേ മതിയാവൂ. അതു നാം വിടുന്നില്ലായെങ്കിൽ നമ്മുടെ ആത്മാവിനെ നശിപ്പിക്കും. ദൈവത്തിന്റെ സന്മാർഗ്ഗനിയമങ്ങളെ ലംഘിക്കുന്ന ഒരുവന്റെമേലും സ്വർഗ്ഗീയാനുഗ്രഹങ്ങൾ വർഷിക്കപ്പെടുകയില്ല. ഏതെങ്കിലും ഒരു പാപം ഹൃദയത്തിൽ വച്ചുപുലർത്തിയാൽ, അതു നമ്മെ മാത്രമല്ല നശിപ്പിക്കുന്നത്; മറ്റുള്ളവരുടെ വീഴ്ചയ്ക്കും വഴിയൊരുക്കും. ശരീരത്തെ മരണത്തിൽനിന്നു രക്ഷിക്കുന്നതിന് ഒരു കാലോ കയ്യോ വെട്ടിക്കളയുകയോ, ഒരു കണ്ണു ചൂഴ്ന്നെടുത്തുകളയുകയോ ചെയ്യേണ്ടിവരുന്നെങ്കിൽ, ആത്മാവിന്റെ മരണത്തിനു കാരണമാക്കുന്ന പാപങ്ങളെ തുടച്ചുനീക്കുവാൻ നാം എത്ര ശ്രദ്ധാലുക്കളായിരിക്കണം!

ദൈവാലയശുശ്രൂഷകളിൽ ഓരോ യാഗത്തിലും ഉപ്പു ചേർക്കുമായിരുന്നു. ക്രിസ്തുവിന്റെ നീതിയെയാണ് ഉപ്പു പ്രതിനിധാനം ചെയ്തത്. യാഗം ദൈവത്തിനു പ്രസാദകരമാക്കുന്നതിന് ഉപ്പ് ഇടണമായിരുന്നു. ധൂപയാഗവും ഇതു തന്നെയാണു പ്രതിനിധാനം ചെയ്തത്. ഇതിനെ പരാമർശിച്ചു കർത്താവു പറഞ്ഞു: "എല്ലാവനും തീകൊണ്ട് ഉപ്പിടും." "നിങ്ങളിൽ തന്നെ ഉപ്പുള്ളവരും അന്യോന്യം സമാധാനം ഉള്ളവരും ആയിരിപ്പിൻ." തങ്ങളെ ദൈവത്തിന് "ജീവനും വിശുദ്ധിയും പ്രസാദവുമുള്ള യാഗങ്ങളായി സമർപ്പി"ക്കാൻ (റോമർ 12:1) ആഗ്രഹിക്കുന്ന ഏവരും നമ്മുടെ രക്ഷകന്റെ രക്ഷിക്കുന്ന നീതിയായ ഉപ്പു സ്വീകരിക്കണം. അപ്പോൾ മാത്രമേ നാം ഭൂമിയുടെ ഉപ്പായിത്തീരുകയുള്ളൂ. ഉപ്പ് ജീർണ്ണതയിൽനിന്നു സാധനങ്ങളെ കാത്തുസൂക്ഷിക്കുന്നതുപോലെ, ക്രിസ്തുവിന്റെ നീതി ധരിച്ചവർ അശുദ്ധിയെ തടഞ്ഞുനിർത്തുന്നു. എന്നാൽ ഭക്തിയുടെ വേഷം മാത്രം ധരിച്ചു ക്രിസ്തുവിന്റെ സ്നേഹം ഇല്ലാത്തവരായാൽ കാരമില്ലാത്ത ഉപ്പുപോലെയാണ്. അവർക്ക് ഒരു ശക്തിയുമുണ്ടായിരിക്കയില്ല. അവർക്കു ലോകത്തിനു രക്ഷയുടെ അനുഭവം നല്കാൻ സാദ്ധ്യമല്ല. ക്രിസ്തുവിന്റെ ആത്മാവിനെ സ്വീകരിക്കുന്നവർ മാത്രമാണു

ക്രിസ്തുവിന്റെ രാജ്യം പണിതുയർത്തുവാൻ പ്രാപ്തർ. മറ്റുള്ളവർക്കു നമ്മുടെ ജീവിതം അനുഗ്രഹകരമാകണമെങ്കിൽ നാം ക്രിസ്തുവിന്റെ കൃപയുടെ കൂട്ടാളികളായിത്തീരണം. അപ്പോൾ മാത്സര്യബുദ്ധിയും സ്വാർത്ഥതയും നമ്മുടെ ഇടയിൽനിന്നു നീങ്ങിപ്പോകും. സ്ഥാനമോഹവും, സ്വാർത്ഥതയും, സ്വയസ്നേഹവും ഇല്ലാതെയായിത്തീരും. മറ്റുള്ളവരെ നിർവ്യാജം സ്നേഹിപ്പാൻ നമുക്കു കഴിയും.

"ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടി"(യോഹ. 1:29) ലേക്കു മാനസാന്തരപ്പെടുന്ന പാപി നോക്കട്ടെ. നോട്ടം രൂപാന്തരം വരുത്തുന്നു. അവന്റെ ഭയം സന്തോഷമായും, സംശയങ്ങൾ പ്രത്യാശയായും മാറുന്നു. അവൻ നന്ദി ഉള്ളവനായിത്തീരുന്നു. കല്ലായ ഹൃദയം അലിയുന്നു. സ്നേഹത്തിന്റെ വേലിയേറ്റം അവനിൽ ഉണ്ടാകുന്നു. നിത്യജീവങ്കലേക്ക് ഉയരുന്ന നീരുറവ അവനിൽനിന്ന് ഒഴുകുന്നു. യേശു നമുക്കുവേണ്ടി രോഗം ശീലിച്ചവനായിരുന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി യേശു പാടുപെട്ടു. ശത്രുക്കൾ യേശുവിനെ പട്ടണത്തിൽനിന്നു പട്ടണത്തിലേക്ക് അനുധാവനം ചെയ്തു. ഈ യേശുവിനെ നാം കാണുമ്പോൾ, നമുക്കുവേണ്ടി രക്തം ചിന്തിയ, കുരിശിൽ ജീവൻ അർപ്പിച്ച യേശുവിനെ നാം കാണുമ്പോൾ, നമ്മിൽനിന്നു സ്വാർത്ഥത മാഞ്ഞുപോകും. നാം സ്വന്ത അംഗീകാരത്തിനുവേണ്ടി മുറവിളി കൂട്ടുകയില്ല. അപ്പോൾ നമ്മുടെ സ്വഭാവത്തിലെ കുറവുകളെ ഓർത്തു നാം ലജ്ജിക്കും. അപ്പോൾ നമ്മുടെ കർത്താവിനുവേണ്ടി ഏതു ശുശ്രൂഷയും ചെയ്യുവാൻ ഒരുക്കമുള്ളവരായിരിക്കും. നാം എളിമയുള്ളവരുമായിത്തീരും.

"എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കയും നമ്മിൽത്തന്നെ പ്രസാദിക്കാതിരിക്കയും വേണം" (റോമർ 15:1). ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവനെ, അവന്റെ വിശ്വാസം എത്ര ബലഹീനവും അവന്റെ ചുവടുകൾ ഒരു ശിശുവിന്റേതുപോലെ അസ്ഥിരവുമായിരുന്നാൽത്തന്നെയും, നിസ്സാരനായി കരുതുവാൻ പാടില്ല. നമുക്കു മറ്റുള്ളവരെക്കാൾ മെച്ചമായ വിദ്യാഭ്യാസവും, പരിഷ്കാരവും, സ്വഭാവമഹിമയും, ക്രിസ്തീയ പരിശീലനവും, മതപരമായ അനുഭവസമ്പത്തും ഉണ്ടെങ്കിൽ അവയെല്ലാം, നമ്മുടെ അത്രയും ഭാഗ്യം ലഭിക്കാത്തവർക്കു കൂടി പങ്കിടുവാൻ അവ നമ്മെ കടമ്പെട്ടവരാക്കുകയാണു ചെയ്യുന്നത്. നമുക്കു കഴിവുള്ളിടത്തോളം ശുശ്രൂഷ മറ്റുള്ളവർക്കു ചെയ്യണം. നാം ശക്തരെങ്കിൽ ശക്തിഹീനരുടെ കരങ്ങളെ താങ്ങി നിർത്തണം. സ്വർഗ്ഗസ്ഥപിതാവിന്റെ മുഖം കണ്ടുകൊണ്ടിരിക്കുന്ന ദൈവദൂതന്മാർ ബലഹീനരായ ദൈവമക്കളെ സേവിക്കുന്നതിൽ സന്തോഷം അനുഭവിക്കുന്നു. ബലഹീനരായ മനുഷ്യരെ അവർ പ്രത്യേകം കാക്കുന്നു. നിരാശാജനകമായ സാഹചര്യങ്ങളിൽ കഴിയുകയും സ്വയത്തോടു പോരാട്ടത്തിലായിരിക്കയും ചെയ്യുന്നവരോടുകൂടെ ദൂതന്മാരുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കും. ഈ ശുശ്രൂഷയിൽ യഥാർത്ഥ ക്രിസ്ത്യാനികൾ സഹകരിക്കും.

ഈ ചെറിയവരിൽ ഒരുവൻ പിശാചിനടിമയാകുകയും, തെറ്റു പ്രവർത്തിക്കുകയും ചെയ്താൽ അങ്ങനെയുള്ളവരെ യഥാസ്ഥാനപ്പെടുത്തേണ്ട

ചുമതല നമ്മുടേതാണ്. അനുരഞ്ജനത്തിന് അവർ മുൻകൈ എടുക്കുന്നതു വരെ നാം കാത്തുനില്ക്കരുത്. "നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു മനുഷ്യനു നൂറ് ആട് ഉണ്ടെന്നിരിക്കട്ടെ. അവയിൽ ഒന്നു തെറ്റി ഉഴന്നുപോയാൽ, തൊണ്ണൂറ്റി ഒൻപതിനെയും വിട്ടേച്ചു തെറ്റിപ്പോയതിനെ മലകളിൽ ചെന്നു തിരയുന്നില്ലയോ? അതിനെ കണ്ടെത്തിയാൽ, തെറ്റിപ്പോകാത്ത തൊണ്ണൂറ്റി ഒൻപതിലും അധികം അതിനെക്കുറിച്ചു സന്തോഷിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. അങ്ങനെതന്നെ ഈ ചെറിയവരിൽ ഒരുത്തൻ നശിച്ചുപോകുന്നതു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് ഇഷ്ടമല്ല."

സൗമ്യതയുടെ ആത്മാവിൽ, "നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ" (ഗലാ. 6:1) തെറ്റു ചെയ്തവന്റെ അടുക്കൽ ചെന്ന് "നീയും അവനും മാത്രമുള്ളപ്പോൾ കുറ്റം അവനു ബോധം വരുത്തുക." മറ്റുള്ളവരുടെ മുമ്പാകെ അവന്റെ കുറ്റം തുറന്നുകാട്ടി അവനെ അപമാനിക്കരുത്. ക്രിസ്തുവിന്റെ ഒരു പൈതലിന്റെ തെറ്റു പ്രസിദ്ധമാക്കുന്നതു ക്രിസ്തുവിനെ അപമാനിക്കലാണ്. തെറ്റിപ്പോകുന്നവരോടു സത്യം തെളിവായി പറയണം. ഒരുവനെ നവീകരിക്കുന്നതിനുവേണ്ടി അയാളോടു സത്യം തെളിവായി സംസാരിക്കേണ്ടതാണ്. എന്നാൽ മറ്റുള്ളവരെ വിധിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുവാൻ പാടില്ല. അതുപോലെതന്നെ നമ്മെ നീതീകരിച്ചു കാട്ടുവാൻ ശ്രമിക്കരുത്. ഒരാളെ വീണ്ടെടുക്കുന്നതിനുവേണ്ടിയായിരിക്കണം നാം പ്രയത്നിക്കേണ്ടത്. ആത്മാവിന്റെ മുറിവുകളെ കെട്ടുന്നതിനു സ്നേഹത്തോടുകൂടിയ സ്പർശനം ആവശ്യമാണ്. കാൽവരിയിൽനിന്നൊഴുകുന്ന സ്നേഹത്തിനു മാത്രമേ യഥാർത്ഥ ആശ്വാസം നല്കാൻ കഴിയൂ. അനുകമ്പാപൂർണ്ണമായ മനസ്സോടെ ഒരുവൻ മറ്റൊരുവനോടു പെരുമാറണം. നിങ്ങൾ അതിൽ വിജയിക്കുകയാണെങ്കിൽ നിങ്ങൾ ഒരാളെ "മരണത്തിൽനിന്നു രക്ഷിക്കുകയും, പാപങ്ങളുടെ ബഹുത്വം മറയ്ക്കുകയും ചെയ്യുമെന്ന് അറിഞ്ഞുകൊള്ളട്ടെ" (യാക്കോബ് 5:20).

എന്നാൽ ഈ പ്രയത്നം പരാജയപ്പെടാം. യേശു പറഞ്ഞു: "അങ്ങനെ നിന്റെ വാക്കു കേൾക്കാഞ്ഞാൽ, ഒന്നുരണ്ടു പേരെ കൂട്ടിക്കൊണ്ടു ചെല്ലുക." ഒന്നാമത്തേതു പരാജയപ്പെടുമ്പോൾ, ഒരുപക്ഷേ കൂട്ടായ സ്വാധീനം വിജയിച്ചേക്കാം. അവർ പ്രശ്നത്തിൽ ഉൾപ്പെടാത്തവരായതുകൊണ്ട്, കുറേക്കൂടി നിഷ്പക്ഷമായി പ്രവർത്തിക്കുവാൻ സാധിക്കും. ഇക്കാരണത്താൽ അവരുടെ ഉപദേശത്തിനു തെറ്റിപ്പോയ ആളിന്റെമേൽ കൂടുതൽ സ്വാധീനം ചെലുത്തുവാൻ സാധിക്കും.

അവരെയും അവൻ കേൾക്കുന്നില്ലായെങ്കിൽ, മുഴുസഭയുടെയും മുമ്പാകെ ഇക്കാര്യം കൊണ്ടുവരേണം. കൂട്ടായ ശ്രമത്തിന് അയാൾ സഹകരിക്കുന്നില്ലായെങ്കിൽ മാത്രമേ മുഴുസഭയുടെയും മുമ്പാകെ പ്രശ്നം കൊണ്ടുവരാൻ പാടുള്ളൂ. തെറ്റുചെയ്ത വ്യക്തിയെ യഥാസ്ഥാനപ്പെടുത്തുവാൻ ക്രിസ്തുവിന്റെ പ്രതിനിധികൾ എന്ന നിലയിൽ പ്രാർത്ഥനയിൽ ഐക്യപ്പെടേണം. പരിശുദ്ധാത്മാവ്, ദൈവത്തിന്റെ ദാസരിൽക്കൂടെ തെറ്റുപറ്റിയ ആളിനോടു

സംസാരിക്കും. പൗലൊസ് അപ്പൊസ്തലൻ പറയുന്നു: "ആകയാൽ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനാപതികളായി, ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു" (2 കൊരി. 5:20). സഭയുടെ ഈ സമീപനത്തെയും തിരസ്കരിക്കുന്നവൻ, തന്നെ ക്രിസ്തുവിനോടു ബന്ധിപ്പിച്ചിരിക്കുന്ന ചരടിനെ സ്വയം വിച്ഛേദിക്കുകയും സഭയുമായുള്ള കൂട്ടായ്മയിൽനിന്നു മാറുകയും ചെയ്യുന്നു. അതുകൊണ്ടു കർത്താവു പറയുന്നത്, അവൻ നിനക്കു പുറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ. ദൈവത്തിന്റെ കരുണയിൽനിന്ന്, അതുകൊണ്ട്, അവൻ നീക്കപ്പെട്ടു എന്നു കരുതരുത്. അവനെ സഹോദരന്മാർ പരിഹസിക്കുകയോ, ത്യജിക്കുകയോ ചെയ്യരുത്. കർത്താവു തെരഞ്ഞുകൊണ്ടിരിക്കുന്ന നഷ്ടപ്പെട്ടു പോയ ഒരാടിനെപ്പോലെ അവനോടു ദയയോടും അനുകമ്പയോടും കൂടെ വർത്തിക്കേണം.

തെറ്റിപ്പോകുന്നവരോട് എങ്ങനെ വർത്തിക്കണമെന്നു മോശെയിൽക്കൂടെ യിസ്രായേലിനു നല്കിയ പാഠങ്ങളിൽ കർത്താവു പറയുന്നുണ്ട്. "സഹോദരനെ നിന്റെ ഹൃദയത്തിൽ ദ്വേഷിക്കരുത്; കൂട്ടുകാരന്റെ പാപം നിന്റെമേൽ വരാതിരിക്കാൻ അവനെ താൽപര്യമായി ശാസിക്കണം" (ലേവ്യ. 19:17). പാപത്തിൽ വീണുപോയവരെ യഥാസ്ഥാനപ്പെടുത്തുവാൻ കർത്താവു നല്കിയ ഉപദേശത്തെ ഒരുവൻ നിരസിക്കുകയാണെങ്കിൽ അയാളും മറ്റവനെപ്പോലെ കുറ്റക്കാരനാണ്. നാം തടയേണ്ട കുറ്റങ്ങളെ തടയുന്നില്ലെങ്കിൽ ആ കുറ്റത്തിന്റെ ഉത്തരവാദിത്വം നമ്മുടെമേൽ വരുന്നു.

തെറ്റു പ്രവർത്തിച്ച ആളിനോടാണു നാം ആ തെറ്റു ചൂണ്ടിക്കാട്ടേണ്ടത്. അതിനെക്കുറിച്ചു പരസ്യവിമർശനം നടത്തുവാൻ പാടില്ലാത്തതാകുന്നു. ഒരു ക്രിസ്ത്യാനിയുടെ പതനം അവിശ്വാസിക്കു വലിയ ഇടർച്ചക്കല്ലായിത്തീരും. മറ്റുള്ളവരുടെ വീഴ്ചയെക്കുറിച്ചു നാം ചിന്തിച്ചുകൊണ്ടിരിപ്പാൻതന്നെ പാടില്ല. കാരണം കാഴ്ചയിൽക്കൂടെ നമുക്കു രൂപാന്തരം ഭവിച്ചുകൊണ്ടിരിക്കുകയാണ്. ഒരു സഹോദരന്റെ തെറ്റുകളെ തിരുത്തുവാൻ നാം ശ്രമിക്കുമ്പോൾ, മറ്റു സഹോദരന്മാരുടെ വിമർശനങ്ങളിൽനിന്ന് അവനെ സംരക്ഷിക്കുവാൻ പരിശുദ്ധാത്മാവു നമ്മെ സഹായിക്കും. അങ്ങനെയെങ്കിൽ അവിശ്വാസികളുടെ പരിഹാസങ്ങളിൽനിന്ന് എത്ര അധികം സംരക്ഷണം ദൈവം നല്കും! നാം തെറ്റുകൾക്കു വിധേയരായിത്തീരാം. ക്രിസ്തുവിന്റെ കരുണയും പാപക്ഷമയും നമുക്കു വളരെ ആവശ്യമാണ്. കർത്താവു നമ്മോട് എപ്രകാരം പെരുമാറണമെന്നു നാം ആഗ്രഹിക്കുന്നുവോ, അതുപോലെ നാമും മറ്റുള്ളവരോടു പ്രവർത്തിക്കണമെന്നു കർത്താവ് ആഗ്രഹിക്കുന്നു.

# 49

# കൂടാരപ്പെരുന്നാൾ

അവലംബം: യോഹന്നാൻ 7:1–15; 37–39

മതപരമായ കാര്യങ്ങൾക്കു യെഹൂദന്മാർ ആണ്ടിൽ മൂന്നു തവണ യെരൂശലേമിൽ വന്നുകൂടണമെന്നു ഒരു ചട്ടമുണ്ടായിരുന്നു. യിസ്രായേലിന്റെ അദൃശ്യനായ ദൈവം മേഘസ്തംഭത്തിൽ ഇരുന്നുകൊണ്ട് ഇവയെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കി. യെഹൂദന്മാരുടെ പ്രവാസകാലത്ത് ഇവ ആചരിപ്പാൻ കഴിഞ്ഞില്ല. എന്നാൽ യെഹൂദന്മാർ സ്വന്ത നാട്ടിൽ പുനരധിവസിച്ചപ്പോൾ ഈ ആചാരങ്ങൾ പുനരാരംഭിച്ചു. ഈ പെരുന്നാളുകൾ, ദൈവത്തെക്കുറിച്ചുള്ള ഓർമ്മ ജനഹൃദയങ്ങളിൽ നിലനിർത്തുന്നതിനു വേണ്ടിയായിരുന്നു. എന്നാൽ മിക്ക പുരോഹിതന്മാരും ജനനേതാക്കളും ഇതിന്റെ പ്രാധാന്യം വിസ്മരിച്ചുകളഞ്ഞു. എന്നാൽ ഈ ചട്ടങ്ങൾ നല്കുകയും അവയുടെ പ്രാധാന്യം അറിയുകയും ചെയ്തിരുന്ന ദൈവം, യിസ്രായേലിന്റെ വീഴ്ച കണ്ടു.

വർഷത്തിലെ ഒടുവിലത്തെ കൂടിവരവായിരുന്നു കൂടാരപ്പെരുന്നാൾ. ദൈവത്തിന്റെ നന്മകളെയും കരുണയെയും നന്ദിപൂർവ്വം സ്മരിക്കുന്ന ഒരു

പെരുന്നാളായിരുന്നു കൂടാരപ്പെരുന്നാൾ. ദേശം മുഴുവനും ദൈവത്തിന്റെ സംരക്ഷണയിൽ കഴിഞ്ഞിരുന്നു. ഭൂമി സൂര്യപ്രകാശത്താലും മഴയാലും ധാരാളം ഫലം പുറപ്പെടുവിച്ചു. വിളവെടുപ്പു കഴിയുമ്പോഴായിരുന്നു കൂടാരപ്പെരുന്നാൾ. ഒലിവുപഴങ്ങളുടെ കൂമ്പാരം എങ്ങും കാണാമായിരുന്നു. വിലയേറിയ എണ്ണ തുരുത്തികളിൽ നിറച്ചു. ഈന്തപ്പനകൾ സമൃദ്ധിയുടെ പ്രതീകങ്ങളായി വിളഞ്ഞു. മുന്തിരിക്കുലകൾ ചക്കുകളിൽ നിറഞ്ഞു.

ഈ കാലഘട്ടത്തിൽ നടന്നിരുന്ന കൂടാരപ്പെരുന്നാൾ ഏഴു ദിവസം നീണ്ടു നിന്നിരുന്നു. ഈ പെരുന്നാളിൽ ഭാഗഭാക്കുകളാകുന്നതിനു പലസ്തീൻ നാട്ടിൽനിന്നും, മറ്റു പ്രദേശങ്ങളിൽനിന്നും യെഹൂദന്മാർ യെരൂശലേമിലേക്കു വന്നിരുന്നു. അവർ വരുമ്പോൾ ആനന്ദത്തിന്റെ അലയടികൾ എങ്ങും ഉയർന്നു. സംവത്സരത്തെ നന്മകൊണ്ട് അലങ്കരിക്കുകയും പാതകളിൽ പുഷ്ടിപൊഴിക്കുകയും ചെയ്ത ദൈവത്തെ മഹത്വപ്പെടുത്തുവാൻ എല്ലാ തുറകളിലുമുള്ളവർ സ്തോത്രക്കാഴ്ചകളുമായി വന്നു. അനേക വനവിഭവങ്ങൾ ഈ സമയത്തു കാഴ്ചയായി വരുമായിരുന്നു. ചെടികളും ഇലകളും കൊണ്ടു നഗരം അലംകൃതമായിരുന്നു. ഒരു വനത്തിന്റെ പ്രതീതി എങ്ങും പ്രതിഫലിച്ചു.

വിളവെടുപ്പിന്റെ സന്തോഷപ്രകടനം മാത്രമായിരുന്നില്ല ഈ പെരുന്നാൾ. യിസ്രായേൽമക്കളെ ദൈവം മരുഭൂമിയിൽ സംരക്ഷിച്ചതിനെ നന്ദിപൂർവ്വം സ്മരിക്കുക കൂടിയായിരുന്നു. യിസ്രായേൽമക്കൾ കൂടാരങ്ങളിൽ പാർത്തതിനെ ഓർമ്മിക്കുന്നതിനായി മരച്ചില്ലകൾകൊണ്ടുണ്ടാക്കിയ കൂടാരങ്ങളിൽ അവർ ഈ പെരുന്നാൾ കാലങ്ങളിൽ പാർത്തു. തെരുവീഥികളിലും വീടുകളുടെ മുകൾത്തട്ടിലും ദൈവാലയ പരിസരങ്ങളിലും യെരൂശലേമിന്റെ പ്രാന്തപ്രദേശങ്ങളിലും ധാരാളം കൂടാരങ്ങൾ താൽക്കാലികമായി നിർമ്മിച്ച് അതിൽ അവർ പാർത്തു.

വിശുദ്ധഗീതങ്ങൾ, സ്തോത്രാർപ്പണങ്ങൾ തുടങ്ങിയവ അന്തരീക്ഷത്തെ മുഖരിതമാക്കി. കൂടാരപ്പെരുന്നാളിനു കുറച്ചുമുമ്പായി പാപപരിഹാരദിനം ആചരിച്ചിരുന്നു. തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞു പാപക്ഷമ പ്രാപിക്കുന്ന സമയമായിരുന്നു അപ്പോൾ. അതിനുശേഷമായിരുന്നു കൂടാരപ്പെരുന്നാൾ. “യഹോവയെ സ്തുതിപ്പിൻ; യഹോവയ്ക്കു സ്തോത്രം ചെയ്വിൻ; അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളത്” (സങ്കീ. 106:1) എന്ന സ്തോത്രഗാനം എങ്ങും കേൾക്കാമായിരുന്നു. അപ്പോൾ എല്ലാ സംഗീതവാദ്യവും, “ഹോശന്നാ” എന്നാർത്തുവിളിക്കുന്ന ജനത്തിന്റെ ശബ്ദവും, സ്തോത്രഗാനത്തിന് അകമ്പടിയായി. യെരൂശലേം ദൈവാലയം സന്തോഷത്തിന്റെ കേന്ദ്രമായിരുന്നു. യാഗകർമ്മാദികളുടെ ഗാംഭീര്യം ഇവിടെ ഉണ്ടായിരുന്നു. വിശുദ്ധദൈവാലയത്തിലേക്കു നയിക്കുന്ന മാർബിൾ കല്പടവുകളുടെ ഇരുഭാഗത്തും അണിനിരന്നിരുന്ന ലേവ്യരുടെ സംഗീതവൃന്ദം, ഗാനശുശ്രൂഷയ്ക്കു നേതൃത്വം നല്കി. കുരുത്തോലകളും, കൊഴുന്തുകളുടെ ശിഖരങ്ങളും കയ്യിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് ആരാധകർ ഏറ്റുപാടി. ദൂരെയും ചാരെയും ഉള്ളവർ ഗാനാലാപനത്തിൽ പങ്കുചേർന്നു. എങ്ങും സംഗീതമായിരുന്നു.

രാത്രിയിൽ ദൈവാലയവും പരിസരങ്ങളും ദീപാലങ്കാരങ്ങളാൽ പ്രശോഭിതമായിരുന്നു. സംഗീതാലാപനവും, കുരുത്തോലകളുടെ ആന്ദോളനവും, ഹോശന്നാവിളികളും, പുരോഹിതവൃന്ദവും, ആഘോഷങ്ങളുടെ ഗാംഭീര്യവുമെല്ലാം കാഴ്ചക്കാരെ ഹഠാദാകർഷിച്ചു. എന്നാൽ ഈ ആഘോഷത്തിലെ ഏറ്റവും ആകർഷകമായ ഒന്നു മരുഭൂമിയിലെ ഒരു സംഭവത്തെ ഓർമ്മിപ്പിക്കുന്നതായിരുന്നു.

ദിവസാരംഭത്തിൽ, അതിരാവിലെ പുരോഹിതന്മാർ തങ്ങളുടെ വെള്ളിക്കാഹളങ്ങളിലൂടെ, നീണ്ട കാഹളനാദം മുഴക്കി. പ്രതിഗാനം മുഴക്കുന്ന കാഹളങ്ങളും, കൂടാരത്തിൽനിന്നു സന്തോഷശബ്ദം മുഴക്കുന്ന ജനങ്ങളും പെരുന്നാളിനെ സ്വാഗതം ചെയ്തു. അപ്പോൾ ഒരു പുരോഹിതൻ കിദ്രോൻ തോട്ടിൽ ഒരു കുടം മുക്കി വെള്ളം നിറച്ചു. അതു പുരോഹിതൻ ഉയർത്തിപ്പിടിച്ചുകൊണ്ടു സംഗീതത്തിന്റെ താളത്തിനനുസരിച്ചു ദൈവാലയത്തിന്റെ പടവുകളിലൂടെ സാവധാനം കയറിവന്നു. അപ്പോൾ പുരോഹിതന്മാർ പാടി: "യെരൂശലേമേ, ഞങ്ങളുടെ കാലുകൾ നിന്റെ വാതിലുകൾക്കകത്തു നില്ക്കുന്നു" (സങ്കീ. 122:2).

ആ പുരോഹിതൻ വെള്ളം നിറച്ച കുടം യാഗപീഠത്തിനരികത്തേക്കു കൊണ്ടുവന്നു. ആ യാഗപീഠം ഒരു മുഖ്യസ്ഥാനത്തു നിന്നിരുന്നു. അവിടെ രണ്ടു വെള്ളിപ്പാത്രങ്ങൾ ഉണ്ടായിരുന്നു. ഓരോ പാത്രങ്ങളുടെ അടുത്തു പുരോഹിതൻ നിന്നിരുന്നു. കുടത്തിലെ വെള്ളം ഒരു പാത്രത്തിലൊഴിച്ചു. മറ്റേ പാത്രത്തിൽ ഒരു കുടം വീഞ്ഞും ഒഴിച്ചു. ഇരു പാത്രങ്ങളിൽനിന്ന് ഒരു കുഴൽവഴി വെള്ളവും വീഞ്ഞും കിദ്രോൻ തോട്ടിലേക്ക് ഒഴുകി. അതു പിന്നീടു ചാവുകടലിലേക്ക് ഒഴുകിപ്പോയി. വിശുദ്ധീകരിക്കപ്പെട്ട വെള്ളം, യിസ്രായേൽമക്കളുടെ ദാഹം ശമിപ്പിക്കുവാൻ, ദൈവത്തിന്റെ കല്പനപ്രകാരം പാറയിൽനിന്നു പുറപ്പെട്ട ഉറവയെ ചൂണ്ടിക്കാട്ടുന്നു. അപ്പോൾ ഗായകർ പാടി: "യഹോവയായ യാഹ് എന്റെ ബലവും എന്റെ ഗീതവും ആയിരിക്കകൊണ്ടും, അവൻ എന്റെ രക്ഷയായിത്തീർന്നിരിക്കകൊണ്ടും ഞാൻ ഭയപ്പെടാതെ ആശ്രയിക്കും. അതുകൊണ്ടു നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽനിന്നു വെള്ളം കോരും" (യെശ. 12:2,3).

യോസേഫിന്റെ പുത്രന്മാർ കൂടാരപ്പെരുന്നാളിൽ സംബന്ധിക്കുവാനായി ഒരുക്കങ്ങൾ നടത്തിയപ്പോൾ, ക്രിസ്തു ഇതിൽ പങ്കെടുക്കാനുള്ള ഒരുക്കങ്ങൾ നടത്തുന്നതായി അവർ കണ്ടില്ല. അവർ യേശു എന്തു ചെയ്‌വാൻ പോകുന്നുവെന്നു ശ്രദ്ധിച്ചു. ബേഥെസ്ദായിലെ സൗഖ്യപ്പെടുത്തലിനുശേഷം, യിസ്രായേല്യരുടെ കൂടിവരവുകളിലൊന്നും യേശു പങ്കെടുത്തിരുന്നില്ല. യിസ്രായേലിലെ മതനേതാക്കളുമായി പ്രയോജനരഹിതമായ വാഗ്വാദങ്ങൾ ഒഴിവാക്കാൻ, തന്റെ പ്രവർത്തനം ഗലീലയിലേക്കു മാത്രമായി പരിമിതപ്പെടുത്തി. മതപരമായ കൂടിവരവുകളിൽ തനിക്കു വലിയ താൽപര്യമില്ലാത്തതുപോലെയുള്ള ക്രിസ്തുവിന്റെ നിലപാടും, റബ്ബിമാരും പുരോഹിതന്മാരും ക്രിസ്തുവിനോടു കാട്ടിയ ശത്രുതയും കണ്ട ജനം കുഴങ്ങി. യേശുവിന്റെ ബന്ധുക്കൾക്കും ശിഷ്യന്മാർക്കുപോലും ഈ അനുഭവമാണുണ്ടായത്.

ദൈവകല്പന അനുസരിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചു ക്രിസ്തു പഠിപ്പിച്ചു. എങ്കിലും ദൈവം സ്ഥാപിച്ച ദൈവാലയശുശ്രൂഷകളിൽ താൽപര്യമില്ലാത്തവനെപ്പോലെ യേശു കാണപ്പെട്ടു. ചുങ്കക്കാരോടും പാപികളോടുമുള്ള യേശുവിന്റെ മനോഭാവവും റബ്ബിമാരുടെ ആചാരങ്ങളോടു യേശു കാട്ടിയ വിമുഖതയും ശബ്ബത്തനുഷ്ഠാനത്തിൽ യെഹൂദന്മാർ പരമ്പരാഗതമായി കാണിച്ചുപോന്ന രീതികളെ ചോദ്യം ചെയ്തതുമെല്ലാം, താൻ മതനേതാക്കൾക്ക് എതിരായി നില്ക്കുന്നു എന്ന ധാരണ ഉളവാക്കുവാനും, തനിക്കെതിരായി ധാരാളം ചോദ്യങ്ങളുയരുവാനും കാരണമായി. യെഹൂദമതനേതാക്കളുടെ വിരോധം സമ്പാദിക്കുന്നത്, യേശു കാണിക്കുന്ന വലിയ ബുദ്ധിശൂന്യതയാണെന്നു യേശുവിന്റെ സഹോദരന്മാർ വിചാരിച്ചു. എന്നാൽ യേശുവിന്റെ പാവനമായ ജീവിതത്തെക്കുറിച്ച് അവർക്കറിയാമായിരുന്നു. യേശുവിന്റെ സഹോദരന്മാർ ഒരിക്കലും ശിഷ്യന്മാരുടെ സ്ഥാനത്തു വന്നില്ലായെങ്കിലും യേശുവിന്റെ പ്രവൃത്തികൾ അവരെ ആഴമായി സ്പർശിച്ചു. ഗലീലയിൽ യേശുവിനുണ്ടായിരുന്ന ജനസമ്മതി അവരെ സന്തുഷ്ടരാക്കി. യേശു മശീഹയാണെന്നു പരീശന്മാരെ ഒന്നു കാട്ടിക്കൊടുത്തെങ്കിൽ നന്നായിരിക്കുമായിരുന്നുവെന്നവർ കരുതി. യേശു, മശീഹയും യിസ്രായേലിന്റെ പ്രഭുവുമായിരുന്നെങ്കിൽ എന്ന് അവർ ആഗ്രഹിച്ചു.

യേശുവിന്റെ സഹോദരന്മാർ വളരെ പ്രതീക്ഷകൾ ഉള്ളവരായിരുന്നു. അതുകൊണ്ട് അവർ യേശുവിനോടു യെരൂശലേമിൽ പോകുവാൻ നിർബന്ധിച്ചു. "നീ ചെയ്യുന്ന പ്രവൃത്തികളെ നിന്റെ ശിഷ്യന്മാരും കാണേണ്ടതിന് ഇവിടം വിട്ടു യെഹൂദ്യയിലേക്കു പോക. പ്രസിദ്ധൻ ആകുവാൻ ആഗ്രഹിക്കുന്നവൻ ആരും രഹസ്യത്തിൽ ഒന്നും ചെയ്യുന്നില്ലല്ലോ; നീ ഇതു ചെയ്യുന്നുവെങ്കിൽ ലോകത്തിനു നിന്നെത്തന്നെ വെളിപ്പെടുത്തുക." "എങ്കിൽ" എന്ന പദം അവരുടെ സംശയവും അവിശ്വാസവും വെളിപ്പെടുത്തി. ഭീരുത്വവും ബലഹീനതയും അവന്റെ സ്വഭാവങ്ങളായി അവർ കരുതി. യേശു മശീഹയെങ്കിൽ എന്തുകൊണ്ടു മറ്റുള്ളവരിൽനിന്ന് അകന്ന്, നിഷ്ക്രിയത്വത്തിൽ കഴിയുന്നുവെന്ന് അവർ ചിന്തിച്ചു. യേശു മശീഹയാണെങ്കിൽ എന്തുകൊണ്ടു യെരൂശലേമിൽ ചെന്ന് അത്ഭുതപ്രവൃത്തികൾ ചെയ്യുന്നില്ല? സഹോദരന്മാർ യേശുവിനോട് ഉപദേശിച്ചു. നിന്റെ അത്ഭുതപ്രവൃത്തികൾ ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളിലെ പാവപ്പെട്ട കൃഷീവലന്മാരുടെ ഇടയിലും മീൻപിടുത്തക്കാരുടെ ഇടയിലും ചെയ്യരുത്. നിനക്കു പ്രസിദ്ധി ലഭിക്കയില്ല. നീ തലസ്ഥാനനഗരിയിലേക്കു ചെല്ലുക. അവിടെ ചെന്നു പുരോഹിതന്മാരുടെയും പ്രഭുക്കന്മാരുടെയും പ്രീതി സമ്പാദിക്കുക. ഒരു പുതിയ രാജ്യം കെട്ടിപ്പടുത്തു രാഷ്ട്രത്തെ ഏകീകരിക്കുക.

സ്വാർത്ഥപരമായ ലക്ഷ്യങ്ങൾ വച്ചുകൊണ്ടാണു യേശുവിന്റെ സഹോദരന്മാർ, യേശുവിനോടു സംവാദം നടത്തിയത്. ബാഹ്യപ്രകടനങ്ങളിൽ താൽപര്യമുള്ളവരിൽ കണ്ടുവരാറുള്ള ഒരു പ്രത്യേകതയാണത്. ഈ ലോകത്തിൽ എല്ലായിടത്തും ഈ പ്രവണത കാണുന്നു. യേശുവിന്റെ സഹോദരന്മാർക്ക് ഇടർച്ചയ്ക്കു കാരണമായതു യേശു ജീവന്റെ അപ്പമാണ് എന്നു പ്രസ്താവിച്ചതുകൊണ്ടാണ്. നേരെമറിച്ച് ആ ഭൗമിക സിംഹാസനം സ്ഥാപി

ച്ചിരുന്നുവെങ്കിൽ അവർക്കു വളരെ സന്തോഷമുണ്ടാകുമായിരുന്നു. യേശുവിന്റെ ശിഷ്യന്മാരിലധികം പേരും യേശുവിനെ വിട്ടുപോയതിൽ അവർ നിരാശരായി. യേശുവിന്റെ പ്രവൃത്തികൾ, തന്റെ ദൈവികത്വത്തെ തെളിയിക്കുന്നതായിരുന്നു. എന്നാൽ യേശുവിനെ രക്ഷകനായി അംഗീകരിക്കുവാൻ അവർക്കു പ്രയാസമായിരുന്നു. അതുകൊണ്ടു സഹോദരന്മാരും യേശുവിനെ വിട്ടുപോയി.

"യേശു അവരോട്: എന്റെ സമയം ഇതുവരെ വന്നിട്ടില്ല; നിങ്ങൾക്കോ എല്ലായ്പോഴും സമയം തന്നെ. നിങ്ങളെ പകപ്പാൻ ലോകത്തിനു കഴിയുന്നതല്ല; എന്നാൽ അതിന്റെ പ്രവൃത്തികൾ ദോഷമുള്ളവ എന്നു ഞാൻ അതിനെക്കുറിച്ചു സാക്ഷ്യം പറയുന്നതുകൊണ്ട് അത് എന്നെ പകയ്ക്കുന്നു. നിങ്ങൾ പെരുന്നാളിനു പോകുവിൻ; എന്റെ സമയം ഇതുവരെ വന്നിട്ടില്ലായ്കകൊണ്ടു ഞാൻ ഈ പെരുന്നാളിന് ഇപ്പോൾ പോകുന്നില്ല. ഇങ്ങനെ അവരോടു പറഞ്ഞിട്ടു ഗലീലയിൽത്തന്നെ പാർത്തു." യേശുവിനു വഴികാട്ടിക്കൊണ്ട് അധികാരതാൽപര്യത്തിലാണു യേശുവിന്റെ സഹോദരന്മാർ സംസാരിച്ചത്. അവരുടെ വാക്കുകൾ യേശു ഗണ്യമാക്കിയില്ല. സ്വയത്തെ വെടിഞ്ഞ തന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ യേശു തന്റെ സഹോദരന്മാരെ ഉൾപ്പെടുത്തിയിരുന്നില്ല. ലൗകികന്മാരായി യേശു അവരെ ഗണിച്ചു. "നിങ്ങളെ പകപ്പാൻ ലോകത്തിനു കഴിയുന്നതല്ല; എന്നാൽ അതിന്റെ പ്രവൃത്തികൾ ദോഷമുള്ളവ എന്നു ഞാൻ അതിനെക്കുറിച്ചു സാക്ഷ്യം പറയുന്നതുകൊണ്ട് അത് എന്നെ പകയ്ക്കുന്നു." ലൗകികന്മാരായവരെ ലോകം വെറുക്കുന്നില്ല. അവർ ലോകത്തിന്റെ വകയാണ്.

എന്നാൽ ക്രിസ്തുവിനു ലോകം, സുഖം അനുഭവിക്കാനോ, അധികാരം ഉറപ്പിക്കാനോ ഉള്ള സ്ഥലമായിരുന്നില്ല. അതിനുവേണ്ടി യേശു കാത്തുമിരുന്നില്ല. യേശുവിന് അധികാരവും സ്വന്തസുഖവും വിലയുള്ളതായിരുന്നില്ല. മനുഷ്യനെ വീണ്ടെടുക്കുക എന്ന ദൗത്യം നിറവേറ്റാൻ തന്നെ പിതാവു ഭൂമിയിലേക്ക് അയച്ചിരിക്കുകയായിരുന്നു. ഇതിനുവേണ്ടി തന്റെ ജീവൻ അർപ്പിക്കുവാനാണു യേശു വന്നത്. എന്നാൽ ധൃതഗതിയിൽ പ്രവർത്തിച്ച്, ആപത്തു വിളിച്ചുവരുത്തുവാൻ യേശു ആഗ്രഹിച്ചില്ല. തന്റെ പ്രവർത്തനങ്ങൾ, നിശ്ചയിക്കപ്പെട്ട ഒരു പരിപാടി അനുസരിച്ചു നീങ്ങുകയായിരുന്നു. ഓരോന്നിനും ഒരു സമയം ഉണ്ടായിരുന്നു. ലോകത്തിന്റെ ശത്രുത്വം തനിക്കു നേരിടേണ്ടിവരുമെന്നും തന്റെ ദൗത്യത്തിന്റെ പര്യവസാനം കുരിശുമരണമായിരിക്കുമെന്നും യേശുവിനറിയാമായിരുന്നു. എന്നാൽ സമയത്തിനു മുമ്പേ തന്റെ ജീവൻ അർപ്പിക്കേണ്ടതു പിതാവിന്റെ ഇഷ്ടമായിരുന്നില്ല.

യെഹൂദന്മാർ ചെന്നെത്തിയിരുന്ന ഇടങ്ങളിലെല്ലാം യേശുവിനെക്കുറിച്ചും യേശുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും കേട്ടിരുന്നു. അനേക നാളുകളായി പെരുന്നാളുകളിൽ യേശു പോകാതിരുന്നിട്ടും യേശുവിലുള്ള താൽപര്യം മനുഷ്യരിൽനിന്നു പോയിരുന്നില്ല. യേശുവിനെ കാണുവാനുള്ള ആശയോടുകൂടി അനേകർ യെരൂശലേമിലേക്കു വന്നു. പെരുന്നാൾ ആരംഭിച്ചപ്പോൾ അനേകർ യേശുവിനെ അന്വേഷിച്ചു. യേശുവിന്റെമേൽ കുറ്റം ആരോപിക്കുവാൻ പ്രഭുക്കന്മാരും പരീശന്മാരും കാത്തിരുന്നു. അവർ ചോദിച്ചു:

“അവൻ എവിടെ?” എന്നാൽ യേശു എവിടെ ആയിരുന്നുവെന്ന് ആർക്കും അറിഞ്ഞുകൂടായിരുന്നു. എല്ലാവരും യേശുവിനെക്കുറിച്ചായിരുന്നു ചിന്തിച്ചിരുന്നത്. പുരോഹിതന്മാരോടുള്ള ഭയത്താൽ അനേകർ യേശുവിനെ മശീഹയായി അംഗീകരിച്ചില്ല. എന്നാൽ എല്ലായിടത്തും യേശുവിനെക്കുറിച്ച് അന്വേഷണം നടത്തിക്കൊണ്ടിരുന്നു. ചിലർ യേശുവിനെ ദൈവത്തിൽനിന്നു വന്നവൻ എന്നു പറഞ്ഞപ്പോൾ, മറ്റു ചിലർ യേശുവിനെ വഞ്ചകൻ എന്നു പറഞ്ഞു.

ഈ അവസരത്തിൽ യേശു രഹസ്യമായി യെരൂശലേമിൽ എത്തിച്ചേർന്നു. വിജനമായ പാതയിൽക്കൂടെയാണു യേശു വന്നത്. തന്നെ തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ സ്നേഹിക്കുന്നവർ തന്നെ സ്വീകരിക്കുകയും അതു ശത്രുക്കൾക്കു തനിക്കെതിരായി തിരിയുവാനുള്ള സന്ദർഭം ഉണ്ടാക്കുകയും ചെയ്യുമെന്നറിഞ്ഞുകൊണ്ടാണു യേശു രഹസ്യമായി വന്നത്.

പെരുന്നാളിന്റെ മദ്ധ്യത്തിൽ, തന്നെക്കുറിച്ച് ഏവരും അന്വേഷിച്ചുകൊണ്ടിരുന്ന വേളയിൽ, യേശു, യെരൂശലേം ദൈവാലയത്തിന്റെ അങ്കണത്തിൽ പ്രവേശിച്ചു. പെരുന്നാളിൽ യേശു വരാതിരുന്നതുകൊണ്ട് അനേകം പേർ കരുതിയിരുന്നതു യേശു പുരോഹിതന്മാരെയും പ്രഭുക്കന്മാരെയും ഭയപ്പെട്ടതുകൊണ്ടാണെന്നായിരുന്നു. എന്നാൽ യേശു പെട്ടെന്നു ദൈവാലയാങ്കണത്തിൽ പ്രവേശിച്ചപ്പോൾ എല്ലാവരും അത്ഭുതപ്പെട്ടുപോയി. യേശുവിന്റെ ശത്രുക്കൾപോലും യേശുവിന്റെ സാന്നിദ്ധ്യത്താൽ സ്തബ്ധരായി.

വലിയ പുരുഷാരത്തിന്റെ ശ്രദ്ധാകേന്ദ്രമായി നിന്നുകൊണ്ടു യേശു, ജനത്തോടു സംസാരിച്ചു. തന്റെ വേദജ്ഞാനത്തിൽ എല്ലാവരും അതിശയിച്ചു. യിസ്രായേലിന്റെ ചട്ടങ്ങളെയും, യാഗശുശ്രൂഷകളെയും, പ്രവാചകന്മാർ നല്കിയിട്ടുള്ള ഉപദേശങ്ങളെയും ആസ്പദമാക്കി യേശു സംസാരിച്ചു. മനുഷ്യനിർമ്മിതമായ ദുരാചാരങ്ങളെ യേശു നിർദ്ദയം വിമർശിച്ചു. വരുവാനുള്ള ജീവിതം തന്റെ മുമ്പിൽ തുറന്നുവച്ചതുപോലെ യേശു സംസാരിച്ചു. സ്വർഗ്ഗീയമായ കാര്യങ്ങളെക്കുറിച്ചും ഭൗമികമായതിനെക്കുറിച്ചും യേശു പ്രസ്താവിച്ചു. യേശുവിന്റെ വാക്കുകൾ വ്യക്തവും വിശ്വാസ്യവുമായിരുന്നു. യേശുവിന്റെ വാക്കുകൾ കേട്ടവർ അത്ഭുതപ്പെട്ടു. “അവന്റെ വചനം അധികാരത്തോടെ” ആയിരുന്നു (ലൂക്കൊസ് 4:32). താൻ നല്കുവാൻ പോകുന്ന അനുഗ്രഹങ്ങളെ നിരസിക്കുന്നവർക്കു വരുവാൻ പോകുന്ന നാശങ്ങളെക്കുറിച്ചു വിവിധങ്ങളായ ഉദാഹരണങ്ങളിൽക്കൂടി യേശു മുന്നറിയിപ്പു നല്കി. താൻ ദൈവത്തിങ്കൽനിന്നു വന്നവനാകുന്നുവെന്നു സാദ്ധ്യമായ എല്ലാ തെളിവുകളും യേശു തന്റെ ശ്രോതാക്കൾക്കു നല്കി. അവരെ അനുതാപത്തിലേക്കു നയിക്കുവാൻ കഴിവുള്ളതെല്ലാം യേശു ചെയ്തു. തന്നെ നിരസിക്കുകയും കൊലയ്ക്ക് ഏല്പിക്കുകയും ചെയ്യുന്ന കുറ്റകൃത്യത്തിൽനിന്നു തന്റെ ജനമായ യെഹൂദന്മാരെ രക്ഷിക്കുവാൻ യേശുവിനു കഴിയുമായിരുന്നെങ്കിൽ തനിക്ക് അവരുടെ കയ്യാൽ ഹാനി സംഭവിക്കുകയില്ലായിരുന്നു. ന്യായപ്രമാണത്തെക്കുറിച്ചും പ്രവചനങ്ങളെക്കുറിച്ചുമുള്ള യേശുവിന്റെ അറിവിൽ എല്ലാവരും അത്ഭുതപ്പെട്ടു. അവർ ചോദിച്ചു: “വിദ്യാഭ്യാസം

ചെയ്യാത്ത ഇവൻ ശാസ്ത്രം അറിയുന്നത് എങ്ങനെ?" റബ്ബിമാരുടെ പള്ളിക്കൂടങ്ങളിൽ പഠിക്കാത്ത ഒരാളെ ഒരു റബ്ബിയായി ആരും കരുതുകയില്ലായിരുന്നു. യേശുവിനും യോഹന്നാനും ഇത്തരത്തിലുള്ള വിദ്യാഭ്യാസം ലഭിക്കാതിരുന്നതുകൊണ്ടു വിദ്യാഹീനരായിട്ടാണ് അവർ കരുതപ്പെട്ടിരുന്നത്. അവരുടെ പ്രസംഗം കേട്ടിട്ടുള്ളവർ വിദ്യാഭ്യാസം ലഭിക്കാത്ത അവർക്കു തിരുവെഴുത്തുകളിലുണ്ടായിരുന്ന ജ്ഞാനത്തിൽ അതിശയിച്ചു. മനുഷ്യരാലുള്ള വിദ്യാഭ്യാസം അവർക്കു കിട്ടീട്ടില്ല. എന്നാൽ അവരുടെ ഗുരു ദൈവമായിരുന്നു. ഏറ്റവും ശ്രേഷ്ഠമായ വിദ്യാഭ്യാസം അവർക്കു ലഭിച്ചു.

ദൈവാലയത്തിലെ പ്രാകാരത്തിൽനിന്നു യേശു പ്രസംഗിച്ചപ്പോൾ ജനം മാസ്മരശക്തിയാലെന്നപോലെ പ്രസംഗം കേട്ടിരുന്നു. യേശുവിനോടു കടുത്ത വിദ്വേഷം പുലർത്തിയിരുന്നവർ പോലും യേശുവിന് ഒരു ഉപദ്രവം ചെയ്‌വാൻ ശക്തിയില്ലാത്തവരായിത്തീർന്നു. യേശുവിന്റെ പ്രസംഗസമയത്തു മറ്റെല്ലാം വിസ്മരിക്കപ്പെട്ടു.

ഉത്സവത്തിന്റെ ഒടുക്കത്തെ നാൾ വരെ യേശുവിന്റെ പ്രസംഗം ദിവസവും ഉണ്ടായിരുന്നു. പെരുന്നാളിന്റെ ഒടുക്കത്തെ നാളായ മഹാദിനത്തിൽ ജനം ക്ഷീണിതരായിരുന്നു. അപ്പോൾ യേശുവിന്റെ ശബ്ദം ദൈവാലയാങ്കണത്തിൽ മുഴങ്ങി.

"ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു." ജനങ്ങളുടെ അവസ്ഥ ഈ അഭ്യർത്ഥനയെ സാർത്ഥകമാക്കി. തുടർച്ചയായ ഉത്സവാഘോഷങ്ങളും ആകർഷകങ്ങളായ കാഴ്ചകളും ജനത്തെ ആഹ്ലാദഭരിതരാക്കി. നിറപ്പകിട്ടുള്ള ദീപാലങ്കാരങ്ങൾ അവരുടെ കണ്ണുകൾക്കു വിരുന്നൊരുക്കി. സംപുഷ്ടമായ സംഗീതം അവരുടെ കാതുകളെ കുളിർപ്പിച്ചു. എന്നാൽ ആത്മാവിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ഇവയ്ക്കൊന്നും കഴിഞ്ഞില്ല. നശിച്ചുപോകാത്തതിനുവേണ്ടിയുള്ള ആത്മാവിന്റെ ദാഹം ശമിപ്പിക്കുവാൻ അവിടെ ഒന്നുമില്ലായിരുന്നു. ജീവന്റെ ഉറവയിൽനിന്നു കുടിക്കുവാൻ യേശു ജനത്തെ ആഹ്വാനം ചെയ്തു. അതു പാനം ചെയ്യുന്നവന്റെ ഉള്ളിൽനിന്നു നിത്യജീവങ്കലേക്ക് ഒഴുകുന്ന ഒരു ഉറവയായിത്തീരും.

മരുഭൂമിയിലെ പാറയിൽ അടിച്ചതിനെ അനുസ്മരിപ്പിക്കുന്ന ചടങ്ങു പുരോഹിതൻ അന്നു രാവിലെ നിർവ്വഹിച്ചു. ദാഹിക്കുന്ന ഏവരിലേക്കും രക്ഷയുടെ നീരുറവ ഒഴുകുവാൻ തന്റെ മരണത്താൽ സാദ്ധ്യമാക്കിയ കർത്താവിനെ പ്രതിനിധീകരിക്കുന്നതായിരുന്നു ആ പാറ. ക്രിസ്തുവിന്റെ വചനങ്ങളായിരുന്നു ജീവജലം. ജീവജലം ലോകത്തിലേക്ക് ഒഴുകുന്നതിന്, താൻ ജനമുമ്പാകെ അടിക്കപ്പെടുന്നതിനു ക്രിസ്തു സ്വയം അർപ്പിച്ചു. ക്രിസ്തുവിനെ വധിക്കുന്നതിൽ കൂടെ ജീവദായകനെ നശിപ്പിക്കാമെന്നു സാത്താൻ കരുതി. എന്നാൽ അടിക്കപ്പെട്ട പാറയിൽനിന്നു ജീവജലം ഒഴുകി. യേശുവിന്റെ വാക്കുകൾ കേട്ടപ്പോൾ, ജനം ഭയഭക്തിയാൽ നിറഞ്ഞു.

ശമര്യക്കാരത്തിയെപ്പോലെ അനേകർ, "എനിക്കു ദാഹിക്കാതിരിക്കേണ്ടതിന് ആ വെള്ളം എനിക്കു തരേണം" എന്നു പറയുവാൻ തയ്യാറായിരുന്നു (യോഹ. 4:15).

ആത്മാവിന്റെ ആവശ്യങ്ങളെ യേശു അറിഞ്ഞിരുന്നു. ആഡംബരത്തിനും, സമ്പത്തിനും, ലോകത്തിന്റെ ബഹുമാന്യതയ്ക്കും ഹൃദയത്തിന്റെ ദാഹത്തെ സംതൃപ്തിപ്പെടുത്താൻ കഴിയില്ല. "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വരട്ടെ." പണ്ഡിതപാമരഭേദമെന്യേ, കുചേലകുബേരഭേദമെന്യേ ഏവരും ഒരുപോലെ സ്വാഗതം ചെയ്യപ്പെട്ടിരിക്കുന്നു. ഭാരപ്പെട്ടിരിക്കുന്ന ഹൃദയത്തെ വിടുവിക്കുവാനും, ദുഃഖിതരെ ആശ്വസിപ്പിക്കുവാനും, നിരാശയിൽ പതിച്ചവർക്കു പ്രത്യാശ നല്കുവാനും യേശു ഉറപ്പു നല്കുന്നു. യേശുവിന്റെ പ്രസംഗം കേട്ടു വചനങ്ങളെ ശ്രദ്ധിച്ച അനേകം പേരും പ്രത്യാശയില്ലാതെ അഴലുന്നവരും ദുഃഖങ്ങൾ പേറുന്നവരും മോഹഭംഗം ഭവിച്ചവരുമായിരുന്നു. അവർ തങ്ങളുടെ ദാഹം ശമിപ്പിക്കുവാൻ ഇതുവരെയും സമീപിച്ചിരുന്നതു വെള്ളമില്ലാത്ത പൊട്ടക്കിണറുകളെ ആയിരുന്നു. ആ സന്തോഷസുദിനത്തിൽ ഈ മനുഷ്യർ ദുഃഖഭാരത്തോടെ നിന്നു. "ദാഹിക്കുന്നവരേ" എന്ന ക്രിസ്തുവിന്റെ ശബ്ദം അവരെ ഉണർത്തി. യേശുവിന്റെ വചനങ്ങൾ കേട്ടപ്പോൾ അവരിൽ പ്രത്യാശയുടെ ദീപം തെളിഞ്ഞു. രക്ഷയുടെ ദാനം ക്രിസ്തുവിന്റെ പ്രസംഗത്തിൽ കണ്ടെത്തുവാൻ പരിശുദ്ധാത്മാവ് അവരെ സഹായിച്ചു.

ദാഹിക്കുന്നവരോടുള്ള ക്രിസ്തുവിന്റെ ആഹ്വാനം ഇപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഉത്സവത്തിന്റെ ഒടുക്കത്തെ നാളിൽ യെരൂശലേം ദൈവാലയത്തിൽവച്ചു യേശുവിന്റെ പ്രസംഗം കേട്ടവർക്ക് അനുഭവപ്പെട്ടതിനെക്കാൾ കൂടുതൽ ശക്തിയോടെ പരിശുദ്ധാത്മാവു നമ്മോടു സംസാരിക്കുന്നു. നിത്യജീവന്റെ ഉറവ നമുക്കായി തുറക്കപ്പെട്ടിരിക്കുന്നു. ക്ഷീണിച്ചവർക്കും തളർന്നവർക്കും കുളിർമ നല്കുന്ന ജീവജലം സമൃദ്ധിയായി പാനം ചെയ്യാം. യേശു ഇപ്പോഴും വിളിക്കുന്നു: "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ." "ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ." "ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കുകയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിത്തീരും" (വെളി. 22:17; യോഹ. 4:14).

# 50

# കളകൾക്കിടയിൽ

അവലംബം: യോഹന്നാൻ 7:16–36; 40–53; 8:1–11

പെരുന്നാൾ നടക്കുമ്പോൾ യേശുക്രിസ്തു യെരൂശലേമിലായിരുന്നു. യേശുവിനെ പുരോഹിതന്മാരുടെ ചാരന്മാർ നിഴൽപോലെ പിന്തുടർന്നു. യേശുവിനെ നിശ്ശബ്ദനാക്കുവാൻ പുതിയ തന്ത്രങ്ങൾ അവർ മനഞ്ഞു കൊണ്ടിരുന്നു. യേശുവിനെ കെണിയിൽ വീഴ്ത്താൻ അവർ തരംനോക്കി യിരിക്കയായിരുന്നു. അക്രമമാർഗ്ഗത്തിലൂടെ യേശുവിനെ നിരോധിക്കുവാനും അവർ ശ്രമിച്ചു. അവർ അതുകൊണ്ടും തൃപ്തരായില്ല. ജനങ്ങളുടെ മുമ്പിൽ യേശുവിനെ അവഹേളിക്കുവാനും അവർ ശ്രമിച്ചു.

പെരുന്നാളിന്റെ ഒന്നാമത്തെ ദിവസംതന്നെ യെഹൂദനേതാക്കൾ യേശുവി നോട് എന്തധികാരത്തിലാണു താൻ ജനത്തെ പഠിപ്പിക്കുന്നതെന്നു ചോദിച്ചു. ജനത്തിന്റെ ശ്രദ്ധ യേശുവിൽനിന്നു മാറ്റുവാനും, തങ്ങളെ ശ്രേഷ്ഠരെന്നു കാട്ടുവാനുമായിരുന്നു യേശുവിന്റെ അധികാരത്തെ പുരോഹിതന്മാർ ചോദ്യം ചെയ്തത്.

യേശു മറുപടി പറഞ്ഞു: "എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ച വന്റേതത്രേ. അവന്റെ ഇഷ്ടം ചെയ്‌വാൻ ഇച്ഛിക്കുന്നവൻ, ഈ ഉപദേശം ദൈവത്തിൽനിന്നുള്ളതോ, ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്നറിയും" (യോഹ. 7:16,17). തന്നെ പരിഹസിക്കുവാൻ വന്നവരോട്, അവരുടെ ആത്മാവിന്റെ രക്ഷയ്ക്കാവശ്യമായ സത്യത്തെ വെളിപ്പെടുത്തുകയായിരുന്നു യേശു ചെയ്തത്. സത്യത്തെ ദർശിക്കുന്നതും സ്വീകരിക്കുന്നതും ബുദ്ധിയെക്കാൾ, ഹൃദയത്തിന്റെ പ്രവർത്തനമാണ്. സത്യം ആത്മാവിലേക്കു പ്രവേശിക്കണം. മനുഷ്യൻ പൂർണ്ണമായി തന്റെ ഹൃദയത്തെ നല്കണം. ബുദ്ധിപരമായ ഒരംഗീകാരം മാത്രമാണു സത്യത്തിനു നല്കുന്നതെങ്കിൽ, അത് അഹങ്കാരത്തിലേക്കു വഴിനടത്തും. ദൈവകൃപ ഹൃദയത്തിൽ പ്രവർത്തിച്ചതിന്റെ ഫലമായിട്ടു സത്യം ഹൃദയത്തിൽ സ്വീകരിക്കപ്പെടുന്നു. ദൈവാത്മാവു ചൂണ്ടിക്കാട്ടുന്ന എല്ലാ പാപങ്ങളെയും ഉപേക്ഷിക്കുന്ന വ്യക്തിയിൽ സത്യം നിലനില്ക്കുന്നു. സത്യത്തെ സ്വീകരിക്കുന്നതിനു വിഘാതമായി നില്ക്കുന്ന എല്ലാ ബലഹീനതകളെയും ശീലങ്ങളെയും കീഴ്പ്പെടുത്താതിരിക്കുകയും സത്യത്തിനുവേണ്ടി ഹൃദയം തുറന്നുകൊടുക്കാതിരിക്കുകയും ചെയ്താൽ, മനുഷ്യന്റെ കഴിവും പ്രാപ്തിയും – അതെത്ര വലുതാണെങ്കിൽ തന്നെയും – പ്രയോജനരഹിതമാണ്. ദൈവത്തിനു ഹൃദയം തുറന്നുകൊടുക്കുകയും ദൈവഹിതം അറിഞ്ഞു പ്രവർത്തിപ്പാൻ ആത്മാർത്ഥമായ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുന്നവർക്കു രക്ഷയ്ക്കാവശ്യമായ സത്യം, ദൈവശക്തിയായി വെളിപ്പെടും. ഇപ്രകാരം സത്യം ലഭിച്ചവർക്കു മനുഷ്യനെ വിവേചിച്ച് അറിയുവാൻ കഴിയും. പരീശന്മാർ ദൈവസന്നിധിയിൽ തങ്ങളെത്തന്നെ താഴ്ത്തിയില്ല. സത്യം ഗ്രഹിക്കുവാൻ അവർ ആഗ്രഹിച്ചില്ല. അതിനെ ഒഴിവാക്കുവാനാണ് അവർ ശ്രമിച്ചത്. അതുകൊണ്ട് അവർക്കു ക്രിസ്തുവിന്റെ ഉപദേശം കൈക്കൊള്ളുവാൻ കഴിഞ്ഞില്ല.

യഥാർത്ഥ ഉപദേഷ്ടാവിനെ വഞ്ചകനിൽനിന്നു തിരിച്ചറിയുവാനുള്ള മാർഗ്ഗം കർത്താവു കാണിച്ചുതന്നു. "സ്വയമായി പ്രസ്താവിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു; നീതികേട് അവനിൽ ഇല്ല" (യോഹ. 7:18). സ്വന്തമഹത്വം അന്വേഷിക്കുന്നവൻ തനിക്കുവേണ്ടി മാത്രം സംസാരിക്കുന്നു. അതിന്റെ ഉത്ഭവം സ്വാർത്ഥതയിൽനിന്നാണ്. എന്നാൽ ക്രിസ്തു ദൈവത്തിന്റെ മഹത്വം അന്വേഷിച്ചു. ദൈവത്തിന്റെ വാക്കുകൾ യേശു ഉരുവിട്ടു. സത്യം പഠിപ്പിക്കുവാനുള്ള തന്റെ അധികാരത്തിന്റെ തെളിവായിരുന്നു അത്.

റബ്ബിമാരുടെ അന്തർഗതങ്ങളെ യേശു ഗ്രഹിച്ചു. തന്റെ ദൈവികത്വം യേശു മറ്റുള്ളവർക്കു കാണിച്ചുകൊടുത്തു. ബേഥെസ്ദായിലെ സൗഖ്യപ്പെടുത്തലിനുശേഷം, യേശുവിന്റെ ശത്രുക്കൾ തന്റെ മരണത്തിനു കെണി ഒരുക്കുകയായിരുന്നു. ദൈവകല്പനയുടെ സംരക്ഷകരെന്ന് അവകാശവാദം മുഴക്കിയവർ, ദൈവകല്പനയെ ലംഘിച്ചു. യേശു പറഞ്ഞു: "മോശെ നിങ്ങൾക്കു ന്യായപ്രമാണം തന്നിട്ടില്ലയോ? എങ്കിലും നിങ്ങളിൽ ആരും ന്യായപ്രമാണം ആചരിക്കുന്നില്ല. നിങ്ങൾ എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നതെന്ത്?"

തങ്ങൾ നിപതിക്കുവാൻ പോകുന്ന നാശകൂപത്തെ, യേശു തന്റെ വാക്കുകളിലൂടെ യെഹൂദനേതാക്കൾക്കു കാണിച്ചുകൊടുത്തു. അവർ പെട്ടെന്നു ഭയചകിതരായി. തങ്ങളുടെ മത്സരം ദൈവത്തോടാണെന്നവർ മനസ്സിലാക്കി. എങ്കിലും മുന്നറിയിപ്പു സ്വീകരിപ്പാൻ അവർ ഒരുക്കമായിരുന്നില്ല. ജനങ്ങളെ കബളിപ്പിക്കുവാൻ തങ്ങളുടെ ഹീനപദ്ധതികളൊക്കെ മറച്ചുവയ്ക്കേണ്ടി വന്നു. യേശുവിന്റെ ചോദ്യങ്ങൾക്കുത്തരം നല്കാതെ അവർ പറഞ്ഞു: "നിനക്ക് ഒരു ഭൂതം ഉണ്ട്; ആർ നിന്നെ കൊല്ലുവാൻ അന്വേഷിക്കുന്നു?" യേശു ചെയ്ത അത്ഭുതപ്രവൃത്തികളെല്ലാം ഒരു അശുദ്ധാത്മാവിന്റെ സഹായത്തോടെ ചെയ്തതാണെന്നു യെഹൂദപ്രമാണികൾ ആരോപിച്ചു.

യേശു ഈ ആരോപണത്തിന് ഒരു പ്രാധാന്യവും നല്കിയില്ല. ബേഥെസ്ദായിൽവച്ചു താൻ പ്രവർത്തിച്ച അത്ഭുതം ശബ്ബത്തു കല്പനയ്ക്ക് അനുസൃതമായിരുന്നുവെന്നു യേശു സമർത്ഥിച്ചു. യെഹൂദന്മാർ കല്പനയ്ക്കു നല്കിയ വ്യാഖ്യാനം യേശുവിന്റെ പ്രവൃത്തിയെ ന്യായീകരിക്കുകയും ചെയ്തു. യേശു അവരോടു പറഞ്ഞു: "മോശെ നിങ്ങൾക്കു പരിച്ഛേദന നിയമിച്ചിരിക്കയാൽ നിങ്ങൾ ശബ്ബത്തിൽ മനുഷ്യനെ പരിച്ഛേദന കഴിക്കുന്നു." കല്പന അനുസരിച്ച് ഓരോ ശിശുവിനെയും എട്ടാം ദിവസത്തിൽ പരിച്ഛേദന കഴിക്കേണ്ടതാണ്. ഈ നിർണ്ണയിക്കപ്പെട്ട ദിനം ഒരു ശബ്ബത്തുനാളിൽ വരുന്നുവെങ്കിൽ, അന്നുതന്നെ ഈ കർമ്മം നടത്തേണ്ടതാണ്. അതു നടത്താമെങ്കിൽ, ശബ്ബത്തുനാളിൽ ഒരുവനെ പൂർണ്ണാരോഗ്യവാനാക്കുന്നത് എത്രയധികം ദൈവകല്പനയ്ക്ക് അനുസൃതമായിട്ടുള്ളതാണ്. "കാഴ്ചപ്രകാരം വിധിക്കരുത്; നീതിയുള്ള വിധി വിധിപ്പിൻ."

റബ്ബിമാർ നിശ്ശബ്ദരായി. അനേകം പേർ ഇപ്രകാരം ചോദിച്ചു: "അവർ കൊല്ലുവാൻ അന്വേഷിക്കുന്നവൻ ഇവൻ അല്ലയോ? അവൻ ധൈര്യത്തോടുകൂടെ സംസാരിക്കുന്നുവല്ലോ; അവർ അവനോട് ഒന്നും പറയുന്നില്ല; ഇവൻ ക്രിസ്തു ആകുന്നുവെന്നു പ്രമാണികൾ യഥാർത്ഥമായി ഗ്രഹിച്ചുവോ?"

യെരൂശലേമിൽ പാർക്കുന്നവരും, യെഹൂദപ്രമാണികളുടെ ഗൂഢാലോചനയെക്കുറിച്ച് അറിവുള്ളവരുമായ ക്രിസ്തുവിന്റെ ശ്രോതാക്കൾക്ക് ഏതോ ഒരു ശക്തി തങ്ങളെ ക്രിസ്തുവിലേക്ക് ആകർഷിക്കുന്നതായി അനുഭവപ്പെട്ടു. ക്രിസ്തു ദൈവപുത്രനെന്ന് അവർ വിശ്വസിച്ചു. എന്നാൽ അവരിൽ സംശയം ഉളവാക്കുവാൻ പിശാച് ഒരുങ്ങിയിരുന്നു. മശീഹയെക്കുറിച്ചും മശീഹയുടെ വരവിനെക്കുറിച്ചും ആശയക്കുഴപ്പമുണ്ടാക്കുവാൻ പിശാചു ശ്രമിച്ചു. ക്രിസ്തു ബെത്ലേഹെമിൽ ജനിക്കുമെന്നു പൊതുവേ വിശ്വസിച്ചിരുന്നു. എന്നാൽ ക്രിസ്തു കുറച്ചു കഴിഞ്ഞ് അപ്രത്യക്ഷപ്പെടുകയും വീണ്ടും പ്രത്യക്ഷപ്പെടുമ്പോൾ എവിടെനിന്നു താൻ വന്നുവെന്ന കാര്യം അജ്ഞാതമായിരിക്കുകയും ചെയ്യുമെന്ന് അവർ വിശ്വസിച്ചിരുന്നു. മനുഷ്യവർഗ്ഗവുമായി ക്രിസ്തുവിനു സ്വാഭാവികബന്ധമുണ്ടായിരിക്കുകയില്ലായെന്നും അവർ വിശ്വസിച്ചിരുന്നു. മശീഹയെക്കുറിച്ച് ഇപ്രകാരമുള്ള വിശ്വാസങ്ങൾ നിലവിലിരുന്നതുകൊണ്ട്, നസ്രായനായ യേശുവിനെ മശീഹയായി സ്വീകരിപ്പാൻ അവർക്കു വിഷമമായിരുന്നു. അവർ പറഞ്ഞു: "എങ്കിലും ഇവൻ എവിടെ

നിന്ന് എന്നു നാം അറിയുന്നു; ക്രിസ്തു വരുമ്പോഴോ അവൻ എവിടെനിന്ന് എന്ന് ആരും അറികയില്ല."

വിശ്വാസത്തിന്റെയും സംശയത്തിന്റെയും മദ്ധ്യേ അവർ ഇങ്ങനെ ആടി ഉലഞ്ഞുകൊണ്ടിരുന്നപ്പോൾ, യേശു അവരുടെ നിരൂപണങ്ങൾ ഗ്രഹിച്ചു കൊണ്ടു പറഞ്ഞു: "നിങ്ങൾ എന്നെ അറിയുന്നു; ഞാൻ എവിടെനിന്നെന്നും അറിയുന്നു. ഞാൻ സ്വയമായിട്ടു വന്നവനല്ല. എന്നെ അയച്ചവൻ സത്യവാൻ ആകുന്നു. അവനെ നിങ്ങൾ അറിയുന്നില്ല." ക്രിസ്തുവിന്റെ ഉത്ഭവത്തെ ക്കുറിച്ചു തങ്ങൾക്കു പരിജ്ഞാനമുണ്ടെന്ന് അവർ അവകാശപ്പെട്ടുവെങ്കിലും, അവർ അതിനെക്കുറിച്ച് അജ്ഞരായിരുന്നു. ദൈവഹിതത്തിനനുരൂപമായ ഒരു ജീവിതം അവർ നയിച്ചിരുന്നുവെങ്കിൽ ദൈവപുത്രനെ അവർ തിരിച്ചറിയു മായിരുന്നു.

ക്രിസ്തു പറഞ്ഞത് അവർ ഗ്രഹിച്ചില്ല. അനേക മാസങ്ങൾക്കു മുമ്പു സൻ ഹെദ്രിൻസംഘത്തോടു യേശു പറഞ്ഞതു ക്രിസ്തു ആവർത്തിക്കുകയാണു ചെയ്തത്. അന്ന് അവർ യേശുവിനെ നിഗ്രഹിക്കുവാൻ ശ്രമിച്ചതുപോലെ ഇപ്പോഴും ശ്രമിച്ചു. അദൃശ്യമായ ഒരു ശക്തി അവരെ തടഞ്ഞു. അവർക്ക് ഒരു പരിധി കല്പിച്ചു. ഇത്രമാത്രം നിങ്ങൾക്കു പോകാം. അതിനപ്പുറം പാടില്ല.

ജനങ്ങളിൽ അനേകർ യേശുവിനെ ദൈവപുത്രൻ എന്നു വിശ്വസിച്ചു. "ക്രിസ്തു വരുമ്പോൾ ഇവൻ ചെയ്തതിൽ അധികം അടയാളം ചെയ്യുമോ" എന്ന് അവർ ചോദിച്ചു. ഇതൊക്കെയും വീക്ഷിച്ചുകൊണ്ടിരുന്ന പരീശ പ്രമാണികൾ ജനക്കൂട്ടത്തിനു യേശുവിനോടുള്ള ചായ്‌വു മനസ്സിലാക്കി. അവർ മഹാപുരോഹിതന്റെ അടുത്തെത്തി യേശുവിനെ തടയുവാൻ പ്രേരിപ്പിച്ചു. യേശുവിനെ മറ്റാരും അറിയാതെ പിടിക്കുവാൻ അവർ തീരുമാനിച്ചു. ജനസാന്നിദ്ധ്യത്തിൽ അതു ചെയ്യുവാൻ അവർ ധൈര്യപ്പെട്ടില്ല. അവരുടെ ഹൃദയനിരൂപണങ്ങൾ താൻ ഗ്രഹിച്ചതായി യേശു വെളിപ്പെടുത്തി. "ഞാൻ ഇനി കുറെ നേരം നിങ്ങളോടുകൂടെ ഇരിക്കുന്നു. പിന്നെ എന്നെ അയച്ചവന്റെ അടുക്കൽ പോകുന്നു. നിങ്ങൾ എന്നെ അന്വേഷിക്കും; കണ്ടെത്തുകയില്ലതാനും. ഞാൻ ഇരിക്കുന്നേടത്തു നിങ്ങൾക്കു വരുവാൻ കഴിയുകയുമില്ല." അവരുടെ പരിഹാസത്തിനും വിദ്വേഷത്തിനും എത്തിച്ചേരു വാൻ കഴിയാത്ത സങ്കേതം അവൻ വേഗം കണ്ടെത്തും. അവിടെ ദൂതന്മാർ അവനെ ആരാധിക്കും. യേശുവിനെ കൊലപ്പെടുത്തുന്നവർക്ക് അവിടെ ചെല്ലുവാൻ സാദ്ധ്യമല്ല.

റബ്ബിമാർ പരിഹാസത്തോടെ ചോദിച്ചു: "നാം കണ്ടെത്താത്തവണ്ണം ഇവൻ എവിടേക്കു പോകുവാൻ ഭാവിക്കുന്നു? യവനന്മാരുടെ ഇടയിൽ ചിതറിപ്പാർക്കുന്നവരുടെ അടുക്കൽ പോയി യവനരെ ഉപദേശിപ്പാൻ ഭാവമോ?" തങ്ങളുടെ പരിഹാസത്തിലൂടെ, ക്രിസ്തുവിന്റെ യഥാർത്ഥ ദൗത്യത്തെ വിശദീകരിക്കുകയായിരുന്നു. അതവർ മനസ്സിലാക്കിയില്ല. അനുസരണമില്ലാത്ത ഒരു കൂട്ടം ജനത്തിനുവേണ്ടിയാണു യേശു ദിവസവും പ്രയത്നിച്ചത്. എങ്കിലും, "എന്നെ അന്വേഷിക്കാത്തവർ എന്നെ കണ്ടെത്തി; എന്നെ ചോദിക്കാത്തവർക്കു ഞാൻ പ്രത്യക്ഷനായി" (റോമർ 10:20).

യേശു, ദൈവപുത്രനെന്നു ബോധ്യപ്പെട്ട പലരും, റബ്ബിമാരുടെയും പുരോഹിതന്മാരുടെയും വ്യാജോപദേശങ്ങളാൽ വഴിതെറ്റിക്കപ്പെട്ടു. ഈ ഉപദേഷ്ടാക്കന്മാർ മശീഹയെക്കുറിച്ചുള്ള പ്രവചനങ്ങൾ വളരെ ശക്തിയോടു കൂടെ ആവർത്തിച്ചു. "സൈന്യങ്ങളുടെ യഹോവ സീയോൻ പർവ്വതത്തിലും യെരൂശലേമിലും വാഴുകയാലും അവന്റെ മൂപ്പന്മാരുടെ മുമ്പിൽ തേജസ്സുണ്ടാക യാലും" "അവൻ സമുദ്രം മുതൽ സമുദ്രം വരെയും നദി മുതൽ ഭൂമിയുടെ അറ്റങ്ങൾ വരെയും ഭരിക്കട്ടെ" (യെശ. 24:23; സങ്കീ. 72:8). അതിനുശേഷം ഇവിടെ പ്രസ്താവിച്ചിരിക്കുന്ന തേജസ്സിനെയും, യേശുവിന്റെ വിനയാന്വിത മായ രൂപത്തെയും തമ്മിൽ പരിഹാസദ്യോതകമായി തുലനം ചെയ്തു. പ്രവചനങ്ങളെ തെറ്റായി വളച്ചൊടിച്ചു. ദൈവവചനം ജനം ആത്മാർത്ഥത യോടെ സ്വയമായി പഠിച്ചിരുന്നുവെങ്കിൽ വഴിതെറ്റിക്കപ്പെടുകയില്ലായി രുന്നു. യെശയ്യാവിന്റെ 61-ാം അദ്ധ്യായം ക്രിസ്തു ചെയ്ത അതേ പ്രവൃത്തി യെയാണു മുൻകൂട്ടി പറഞ്ഞിരിക്കുന്നത്. യെശയ്യാവ് 53-ാം അദ്ധ്യായം ക്രിസ്തുവിന്റെ കഷ്ടാനുഭവത്തെയും 59-ാം അദ്ധ്യായം പുരോഹിത ന്മാരുടെയും റബ്ബിമാരുടെയും സ്വഭാവത്തെയും വിവരിക്കുന്നു.

ദൈവം ആരെയും നിർബന്ധിച്ചു തന്റെ ഭാഗത്തേക്കു കൊണ്ടുവരുന്നില്ല. മനുഷ്യരുടെ മുമ്പിൽ വെളിച്ചവും ഇരുട്ടും, സത്യവും വ്യാജവും ഉണ്ട്. ഏതു സ്വീകരിക്കാനും ഓരോരുത്തർക്കും സ്വാതന്ത്ര്യമുണ്ട്. തെറ്റും ശരിയും തമ്മിൽ വിവേചിച്ചറിയുവാനുള്ള ശക്തി മനുഷ്യമനസ്സിനു ദൈവം നല്കിയിട്ടുണ്ട്. വികാരത്തിനടിമപ്പെട്ടു തീരുമാനമെടുക്കുവാനല്ല ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. വചനത്തെ സസൂക്ഷ്മം പരിശോധിച്ച്, തെളിവിന്റെ അടിസ്ഥാനത്തിൽ വേണം തീരുമാനം എടുക്കേണ്ടത്. യെഹൂദന്മാർ, തങ്ങളുടെ മുൻവിധികൾ മാറ്റി പ്രവചനങ്ങളെ യേശുവിന്റെ ജീവിതവുമായി തുലനം ചെയ്തു പഠിച്ചിരുന്നുവെങ്കിൽ പ്രവചനങ്ങളുടെ നിറവേറൽ, ക്രിസ്തുവിന്റെ ജീവിതത്തിലും പ്രവൃത്തിയിലും ദർശിക്കുവാൻ ഇടയാകുമായിരുന്നു.

ഇന്ന് അനേകർ പുരാതനകാലത്തെ യെഹൂദരെപ്പോലെ വഞ്ചിക്ക പ്പെടുന്നു. മതോപദേശകർ തങ്ങളുടെ സ്വന്തധാരണയുടെ വെളിച്ചത്തിലും പരമ്പരാഗതമായ രീതിയിലും വേദപുസ്തകം പഠിക്കുന്നു. സ്വയമായി ശോധനചെയ്ത് അവർ സത്യം കണ്ടെത്തുന്നില്ല. ജനം തങ്ങളുടെ ചിന്താശക്തിയെയും സ്വാതന്ത്ര്യത്തെയും മതനേതാക്കൾക്കു പണയ പ്പെടുത്തുന്നു. സത്യത്തിന്റെ പ്രകാശം മറ്റുള്ളവർക്കു പകരുവാൻ ദൈവം നിയോഗിച്ചിരിക്കുന്ന മാർഗ്ഗം പ്രസംഗവും ഉപദേശം നല്കലുമാണ്. എന്നാൽ നാം കേൾക്കുന്ന ഉപദേശം ദൈവവചനത്തോടു യോജിക്കുന്നുവോ എന്നു നാം പരിശോധിക്കണം. നാം പ്രാർത്ഥനാപൂർവ്വം വേദപുസ്തകം പഠിക്കു കയും, വെളിവാക്കപ്പെടുന്ന സത്യം അനുസരിക്കുകയും ചെയ്യുമെങ്കിൽ നമുക്കു കൂടുതൽ സ്വർഗ്ഗീയപ്രകാശം ലഭിക്കും. തിരുവെഴുത്തുകൾ, അപ്പോൾ നമുക്കു സുഗ്രാഹ്യമായിത്തീരും. "അവന്റെ ഇഷ്ടം ചെയ്വാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽനിന്നുള്ളതോ എന്നറിയും" (യോഹ. 7:17).

ഉത്സവത്തിന്റെ ഒടുക്കത്തെ നാളിൽ യേശുവിനെ പിടിക്കുവാൻ പുരോഹിതന്മാരും റബ്ബിമാരും അയച്ച ചേവകർ, യേശുവിനെ കൂടാതെ തിരിച്ചുവന്നു. "നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞത് എന്ത്?" എന്നു കോപാകലുഷിതരായ റബ്ബിമാർ ചോദിച്ചു. ഗൗരവത്തോടെ അവർ മറുപടി പറഞ്ഞു: "ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല."

കാഠിന്യമുള്ള ഹൃദയങ്ങളായിരുന്നു അവർക്കുള്ളതെങ്കിലും കർത്താവിന്റെ വചനങ്ങൾ അവരെ ഉരുക്കി. യേശു ദൈവാലയത്തിന്റെ പ്രാകാരത്തിൽ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, യേശുവിനെതിരായി എന്തെങ്കിലും കണ്ടുപിടിക്കാൻ പുരോഹിതന്മാർ അയച്ച ചാരന്മാർ കാത്തുനിന്നു. അവർ യേശുവിന്റെ വചനം ശ്രദ്ധിച്ചപ്പോൾ, തങ്ങൾ എന്തിന് അയയ്ക്കപ്പെട്ടു എന്നവർ മറന്നുപോയി. ഏതോ മാസ്മരശക്തിക്കടിമപ്പെട്ടതുപോലെ അവർ നിന്നു. ക്രിസ്തുവിന്റെ ദിവ്യരൂപം അവർ ദർശിച്ചു. മനുഷ്യത്വം ദിവ്യത്വത്തിന്റെ തേജസ്സാൽ നിറയപ്പെട്ടിരിക്കുന്നത് അവർ കണ്ടു. ക്രിസ്തുവിന്റെ വാക്കുകൾ അവരെ ആകർഷിച്ചു. അവരുടെ മനസ്സിൽ ക്രിസ്തുവിന്റെ രൂപവും വാക്കുകളും നിറഞ്ഞുനിന്നു. അവരോടായിരുന്നു പുരോഹിതന്മാർ ചോദിച്ചത്: "നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞത് എന്ത്?" അവർക്ക് ഇതല്ലാതെ മറ്റൊന്നും പറയുവാൻ കഴിഞ്ഞില്ല. "ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല."

പുരോഹിതന്മാരും പരീശന്മാരും ആദ്യം ക്രിസ്തുവിന്റെ സന്നിധിയിൽ കടന്നുവന്നപ്പോൾ ഇതേ അനുഭവമാണ് ഉണ്ടായത്. അവരുടെ ഹൃദയം ആഴത്തിൽ സ്പർശിക്കപ്പെട്ടു. "ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല" എന്ന് അവർക്കും ബോധ്യമായി. എന്നാൽ പരിശുദ്ധാത്മാവു നല്കിയ ഉദ്ബോധനം അവർ അഗണ്യമാക്കിക്കളഞ്ഞു. നിയമപാലകർ പോലും ഈ ഗലീലക്കാരനാൽ സ്വാധീനിക്കപ്പെടുന്നുവെന്നു കണ്ടപ്പോൾ പുരോഹിതന്മാർ കോപത്തോടെ ചോദിച്ചു: "നിങ്ങളും തെറ്റിപ്പോയോ? പ്രമാണികളിൽ ആകട്ടെ, പരീശന്മാരിൽ ആകട്ടെ, ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ? ന്യായപ്രമാണം അറിയാത്ത പുരുഷാരമോ, ശപിക്കപ്പെട്ടവരാകുന്നു."

സത്യത്തിന്റെ ദൂതു ലഭിക്കുന്നവർ വളരെ അപൂർവ്വമായിട്ടേ ചോദിക്കാറുള്ളൂ: "അതു സത്യമാകുന്നുവോ?" എന്ന്. പ്രത്യുത അവർ ചോദിക്കും: "ആരാകുന്നു അതു ഘോഷിച്ചത്?" സത്യം എത്ര പേർ സ്വീകരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് അനേകർ അതിനെ വിലയിരുത്തുന്നത്. ഇന്ന് അനേകർ ചോദിക്കുന്ന ചോദ്യം, "മതനേതാക്കളോ, വിദ്യാസമ്പന്നരോ അതു സ്വീകരിച്ചിട്ടുണ്ടോ?"എന്നാണ്. ക്രിസ്തുവിന്റെ കാലത്ത് ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ ദൈവഭക്തി ഇന്നും മനുഷ്യർക്കിടയിലില്ല. നിത്യമായ മൂല്യങ്ങളെ അവഗണിച്ചുകൊണ്ട്, ഇന്നും മനുഷ്യർ ഭൗതികസുഖം തേടുന്നു. ബഹുഭൂരിപക്ഷം ആളുകൾ സത്യത്തെ സ്വീകരിക്കാത്തതും, മതനേതാക്കൾ പോലും അതിനെ അംഗീകരിക്കാതിരിക്കുന്നതും സത്യത്തിനെതിരായി കൊണ്ടുവരാവുന്ന ഒരു വാദമുഖമല്ല.

യേശുവിനെ തടവിലാക്കുന്നതിനുവേണ്ടി പരീശന്മാരും പുരോഹിതന്മാരും കിണഞ്ഞു പരിശ്രമിച്ചു. യേശുവിനെ സ്വതന്ത്രനായി വിട്ടാൽ വ്യവസ്ഥാപിത നേതൃത്വത്തിന് ആപത്തായിരിക്കുമെന്ന് അവർ കരുതി. പെട്ടെന്നു യേശുവിനെ നിശ്ശബ്ദനാക്കുകയാണു സുരക്ഷിതമായ മാർഗ്ഗമെന്ന് അവർ വിശ്വസിച്ചു. അങ്ങനെ അവർ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ ചിന്തയ്ക്കു കടിഞ്ഞാൺ ഇടുന്ന ഒരു ചോദ്യം നിക്കോദേമൊസ് ചോദിച്ചു: "ഒരു മനുഷ്യന്റെ വാമൊഴി ആദ്യം കേട്ട്, അവൻ ചെയ്യുന്നത് ഇന്നത് എന്ന് അറിഞ്ഞിട്ടല്ലാതെ നമ്മുടെ ന്യായപ്രമാണം അവനെ വിധിക്കുന്നുവോ?" ആ ചോദ്യം സംഘത്തിലുണ്ടായിരുന്ന ഏവരെയും നിശ്ശബ്ദരാക്കി. നിക്കോദേമൊസിന്റെ ചോദ്യം അവരുടെ മനസ്സിലേക്ക് ആഴ്ന്നിറങ്ങി. വിചാരണ കൂടാതെ ഒരു മനുഷ്യനെ വിധിക്കുവാൻ പാടില്ല. നീതിക്കുവേണ്ടി ശബ്ദിച്ച നിക്കോദേമൊസിനെ ക്രൂരന്മാരായ പരീശപ്രമാണികൾ തുറിച്ചു നോക്കിയത് ഈ ചോദ്യം ഉന്നയിച്ചതുകൊണ്ടു മാത്രമായിരുന്നില്ല. നിക്കോദേമൊസ് യേശുവിന്റെ സ്വഭാവവൈശിഷ്ട്യത്താൽ ആകർഷിക്കപ്പെട്ടതുകൊണ്ടു മായിരുന്നു. കോപമടക്കിക്കൊണ്ട് അവർ നിക്കോദേമൊസിനോടു ചോദിച്ചു: "നീയും ഗലീലക്കാരനോ? പരിശോധിച്ചു നോക്കുക; ഗലീലയിൽനിന്നു പ്രവാചകൻ എഴുന്നേല്ക്കുന്നില്ലല്ലോ."

സംഘത്തിന്റെ നടപടികൾ നീട്ടിവയ്പ്പിക്കുവാൻ നിക്കോദേമൊസിനു കഴിഞ്ഞു. യേശുവിനെ വിചാരണ കൂടാതെ ശിക്ഷയ്ക്കു വിധേയനാക്കുവാൻ അവർക്കു കഴിഞ്ഞില്ല. പരാജിതരായ പുരോഹിതന്മാർ ഓരോരുത്തൻ താന്താന്റെ വീട്ടിലേക്കു പോയി. യേശുവോ, ഒലിവുമലയിലേക്കു പോയി.

നഗരത്തിന്റെ തിരക്കിൽനിന്നും ജനക്കൂട്ടത്തിൽനിന്നും അകന്നു ദൈവത്തോടുകൂടെ തനിയേ ആയിരിപ്പാൻ യേശു ഒലിവുമലയിലേക്കു പോയി. അതിരാവിലെ യേശു ദൈവാലയത്തിലേക്കു വന്നു; ജനത്തെ പഠിപ്പിച്ചു.

അധികം താമസിയാതെ ഒരു കൂട്ടം പരീശന്മാരും ശാസ്ത്രിമാരും, ഭയത്താൽ വിറച്ചുകൊണ്ടിരുന്ന ഒരു സ്ത്രീയെ യേശുവിന്റെ മുമ്പിലേക്കു വലിച്ചിഴച്ചു കൊണ്ടുവന്നു. ഏഴാം കല്പന ലംഘിച്ചതിന്റെ പേരിൽ നിർദ്ദയമായ രീതിയിൽ അവർ അവളോടു സംസാരിച്ചു. അവളെ യേശുവിന്റെ മുമ്പിൽ നിർത്തിയ ശേഷം, കപടഭവ്യതയോടെ യേശുവിനോട് അവർ ചോദിച്ചു: "ഇങ്ങനെയുള്ളവരെ കല്ലെറിയേണം എന്നു മോശെ ന്യായപ്രമാണത്തിൽ ഞങ്ങളോടു കല്പിച്ചിരിക്കുന്നു. നീ ഇവളെക്കുറിച്ച് എന്തു പറയുന്നു?"

യേശുവിനെ നശിപ്പിക്കാൻ വേണ്ടിയായിരുന്നു അവർ ഈ പദ്ധതി തയ്യാറാക്കിയത്. അവരുടെ ഭക്ത്യാദരവുകളുടെ പ്രകടനം ആത്മാർത്ഥതയില്ലാത്തതായിരുന്നു. യേശുവിന്റെമേൽ കുറ്റം കണ്ടുപിടിക്കാൻ ഇതൊരവസരമായി അവർ കണ്ടു. എന്തു തീരുമാനമെടുത്താലും യേശുവിനെ കുറ്റക്കാരനാക്കുവാനായിരുന്നു അവരുടെ ശ്രമം. ആ സ്ത്രീയെ വെറുതേ വിടണം എന്നു യേശു അഭിപ്രായപ്പെട്ടാൽ മോശെയുടെ ന്യായപ്രമാണത്തെ അവഗണിച്ചു

വെന്ന് അവർക്കാരോപിക്കാം. അവൾ മരണയോഗ്യയെന്നു യേശു പറഞ്ഞാൽ റോമൻ ഭരണത്തിനെതിരായി താൻ കൈകടത്തുന്നുവെന്ന ആരോപണം യേശുവിന്റെമേൽ കൊണ്ടുവരാമായിരുന്നു.

യേശു ഒരു നിമിഷം ആ രംഗം വീക്ഷിച്ചു. അപമാനിതയായ, കുറ്റത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീ ഒരു വശത്ത്; മനുഷ്യസ്നേഹം തൊട്ടുതീണ്ടിയിട്ടില്ലാത്ത ക്രൂരന്മാരായ മതനേതാക്കൾ മറ്റൊരു വശത്ത്; നിഷ്കളങ്കനായ യേശു ഈ കാഴ്ചകണ്ടു വേദനിച്ചു. തന്റെ മുമ്പാകെ ഈ പ്രശ്നം കൊണ്ടുവന്നതിന്റെ ഉദ്ദേശ്യം യേശു മനസ്സിലാക്കി. അവിടെ കൂടിയിരുന്നവരുടെ ഹൃദയനിരൂപണങ്ങൾ യേശു ഗ്രഹിച്ചു. ഓരോരുത്തരുടെയും ജീവിതം യേശുവിന്റെ മുമ്പിൽ തുറന്ന പുസ്തകംപോലെ ആയിരുന്നു. ഈ സ്ത്രീയെ പാപത്തിലേക്കു നയിച്ചത്, നീതിപാലകന്മാർ എന്നു സ്വയം ഘോഷിച്ചവർ തന്നെയായിരുന്നു. പുരോഹിതന്മാർ ഉന്നയിച്ച ചോദ്യം കേട്ടു എന്നുപോലും ഭാവിക്കാതെ, യേശു നിലത്തു മണ്ണിൽ എഴുതിക്കൊണ്ടിരുന്നു. യേശു ഉടനടി ഉത്തരം പറയാത്തതിൽ അസഹിഷ്ണുത പൂണ്ട കുറ്റാരോപകർ യേശുവിനു ചുറ്റും കൂടി. വേഗം ഉത്തരം പറയണമെന്ന് അവർ യേശുവിനോടാവശ്യപ്പെട്ടു. എന്നാൽ അവരുടെ കണ്ണുകൾ നിലത്തു പതിഞ്ഞപ്പോൾ അവരുടെ മുഖഭാവം മാറി. തങ്ങളുടെ രഹസ്യപാപങ്ങൾ തെളിവായി കാണത്തക്കവണ്ണം നിലത്തു യേശു എഴുതിയിരിക്കുന്നു! മതനേതാക്കളുടെ മുഖം വിവർണ്ണമാകുന്നതു കണ്ടു ജനം മുമ്പോട്ടു തള്ളിക്കയറി.

കല്പനയെ ഉയർത്തിപ്പിടിക്കുന്നവരെന്ന് അവകാശപ്പെട്ട റബ്ബിമാർ ഈ സ്ത്രീക്കെതിരേ ആരോപണം ഉന്നയിച്ചതിലൂടെ ന്യായപ്രമാണത്തിലെ വിശദാംശങ്ങളെ നിഷേധിക്കുകയായിരുന്നു. അവൾക്കെതിരായി നടപടി എടുക്കുവാനുള്ള ചുമതല അവളുടെ ഭർത്താവിന്റേതായിരുന്നു. കുറ്റം ചെയ്തവർ തുല്യ ശിക്ഷയ്ക്ക് അർഹരായിരുന്നു. ഇവിടെ ആരും അധികാരപ്പെടുത്തിയിട്ടില്ലാത്തവരായിരുന്നു കുറ്റാരോപണവുമായി വന്നത്. എങ്കിലും യേശു അവരോടു സംസാരിച്ചു. കല്ലെറിഞ്ഞു കൊല്ലുമ്പോൾ മോശെയുടെ നിയമമനുസരിച്ചു സാക്ഷികളായിരിക്കേണം ആദ്യത്തെ കല്ലെറിയേണ്ടത്. യേശു എഴുന്നേറ്റുനിന്നു കുറ്റാരോപണവുമായി വന്നവരോടു പറഞ്ഞു: “നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമതു കല്ലെറിയട്ടെ.” അതിനു ശേഷം യേശു കുനിഞ്ഞു വീണ്ടും നിലത്ത് എഴുതിക്കൊണ്ടിരുന്നു.

മോശെയിൽക്കൂടെ നല്കപ്പെട്ട കല്പന യേശു നീക്കുകയോ, റോമൻ അധികാരത്തിൽ കൈകടത്തുകയോ ചെയ്തില്ല. കുറ്റം കണ്ടുപിടിക്കാൻ വന്നവർ പരാജിതരായി. അവർ അണിഞ്ഞിരുന്ന കാപട്യത്തിന്റെ മേലങ്കി യേശു വലിച്ചുമാറ്റി. ദൈവസന്നിധിയിൽ അവർ കുറ്റവാളികളായി കാണപ്പെട്ടു. തങ്ങളുടെ രഹസ്യപാപങ്ങളെല്ലാം വെളിച്ചത്തുവരുമെന്ന് അവർ ഭയന്നു. അവർ ഓരോരുത്തരായി തലതാഴ്ത്തിക്കൊണ്ടു നിശ്ശബ്ദരായി കടന്നുപോയി. ഒടുവിൽ കരുണാർദ്രനായ യേശുവും പാപിനിയായ സ്ത്രീയും അവിടെ അവശേഷിച്ചു.

യേശു എഴുന്നേറ്റ് ആ സ്ത്രീയോടു ചോദിച്ചു: “സ്ത്രീയേ, അവർ എവിടെ? ആരും നിനക്കു ശിക്ഷ വിധിച്ചില്ലയോ?” “ഇല്ല കർത്താവേ” എന്ന് അവൾ ഉത്തരം പറഞ്ഞു. “ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല; പോക, ഇനി പാപം ചെയ്യരുത്” എന്നു യേശു പറഞ്ഞു.

ഭയത്തോടെ അവൾ യേശുവിന്റെ മുമ്പിൽ നിന്നു. “നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമതു കല്ലെറിയട്ടെ” എന്ന യേശുവിന്റെ വാക്കുകൾ ഒരു മരണശിക്ഷ പോലെയാണ് അവളുടെ കർണ്ണപുടങ്ങളിൽ പതിച്ചത്. അവൾക്കു യേശുവിനെ നോക്കുവാൻ ധൈര്യമില്ലായിരുന്നു. മരണം പ്രതീക്ഷിച്ചുകൊണ്ട് അവൾ നിശ്ശബ്ദയായി നിന്നു. അവളെ കുറ്റം വിധിച്ചവർ നിശ്ശബ്ദരും കുഴങ്ങിയവരുമായി പോകുന്നതു കണ്ട് അവൾ അത്ഭുതപ്പെട്ടു. അപ്പോൾ യേശു അവൾക്കു പ്രത്യാശ നല്കുന്ന വാക്കുകൾ പൊഴിച്ചു: “ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല; പോക, ഇനി പാപം ചെയ്യരുത്.” അവളുടെ ഹൃദയത്തെ യേശുവിന്റെ വാക്കുകൾ ഉരുക്കി. തന്റെ പാപങ്ങളെ അവൾ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചു. അവൾ കണ്ണീരിൽ കുതിർന്ന മുഖവുമായി യേശുവിന്റെ കാൽക്കൽ വീണു.

അവൾക്ക് ഇത് ഒരു പുതുജീവിതത്തിന്റെ ആരംഭമായിരുന്നു. വിശുദ്ധിയും സമാധാനവും സേവനവും അവളുടെ ജീവിതത്തിലേക്കു കടന്നുവന്നു. ഈ പാപിനിയായ മനുഷ്യാത്മാവിനെ രക്ഷിച്ചതിലൂടെ യേശു വലിയ ഒരു അത്ഭുതമാണു പ്രവർത്തിച്ചത്. നിത്യമരണത്തിനിടയാക്കുന്ന ഭയങ്കരമായ ആത്മീയരോഗത്തിൽനിന്ന് അവളെ സൗഖ്യമാക്കി. ഇവൾ യേശുവിന്റെ ഒരു ശിഷ്യയായിത്തീർന്നു. അവളുടെ നിസ്വാർത്ഥവും സേവനനിരതവുമായ ജീവിതത്തിൽക്കൂടെ ആ സ്ത്രീ, തനിക്കു പാപക്ഷമ നല്കിയ കർത്താവിനു പ്രത്യുപകാരം ചെയ്തു.

പാപിനിയായിരുന്ന ഈ സ്ത്രീക്ക് ഒരു നവജീവിതം ലഭിച്ചതിലൂടെ യേശുവിന്റെ നീതിയുടെ സൗന്ദര്യം അവളുടെ സ്വഭാവത്തിൽ വിളങ്ങി. യേശു ഒരിക്കലും പാപത്തെ ലാഘവമായി കണ്ടില്ല. അതേസമയംതന്നെ കുറ്റം ചെയ്തവരെ പുനരുദ്ധരിക്കാൻ ശ്രമിക്കുകയും ചെയ്തു. പാപിനിയായ ആ സ്ത്രീയെ പഴിക്കുവാൻ മാത്രമേ ലോകത്തിനു കഴിഞ്ഞുള്ളൂ. എന്നാൽ യേശു അവളുടെ ജീവിതത്തിനു പ്രത്യാശയും ആശ്വാസവും നല്കി. പാപരഹിതനായ ക്രിസ്തു ബലഹീനയായ സ്ത്രീക്കു സഹായഹസ്തം നീട്ടി. പരീശന്മാർ അവളെ അധിക്ഷേപിച്ചപ്പോൾ, യേശു പറഞ്ഞു: “പോക, ഇനി പാപം ചെയ്യരുത്.”

പാപികളെ വെറുക്കുകയും അവരെ നാശത്തിലേക്കു പോകുവാൻ അനുവദിക്കുകയും ചെയ്യുന്നവൻ ക്രിസ്തുവിന്റെ ശിഷ്യൻ അല്ല. മറ്റുള്ളവരുടെ കുറ്റത്തെ ഉയർത്തിക്കാട്ടുന്നവർ സ്വന്ത ജീവിതത്തിൽ വലിയ കുറവുകൾ ഉള്ളവരായിരിക്കും. ലോകക്കാർ പാപിയെ വെറുക്കുകയും പാപത്തെ സ്നേഹിക്കുകയും ചെയ്യുന്നു. ക്രിസ്തു പാപത്തെ വെറുക്കുകയും പാപിയെ

സ്നേഹിക്കുകയും ചെയ്യുന്നു. ക്രിസ്തുശിഷ്യനും ക്രിസ്തുവിനെപ്പോലെ ആയിരിക്കും. ക്രിസ്തുവിന്റെ സ്നേഹം മറ്റുള്ളവരെ വിധിക്കുന്നില്ല; അത് അനുതപിക്കുന്നവരോടു ദയ കാട്ടുകയും, ഹൃദയം തകർന്നവരെ ഉദ്ധരിക്കയും, അപഥസഞ്ചാരിക്കു വിശുദ്ധിയുടെ വഴി കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

# 51

# ജീവന്റെ വെളിച്ചം

അവലംബം: യോഹന്നാൻ 8:12–59; 9

"യേശു പിന്നെയും അവരോടു സംസാരിച്ചു: ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും എന്നു പറഞ്ഞു."

ഈ വാക്കുകൾ യേശു പറയുമ്പോൾ, കൂടാരപ്പെരുന്നാളിന്റെ ശുശ്രൂഷകൾ നടക്കുന്ന ദൈവാലയത്തിന്റെ പ്രാകാരത്തിൽ നില്ക്കുകയായിരുന്നു. പ്രാകാരത്തിന്റെ മദ്ധ്യത്തിൽ വിളക്കുതണ്ടുകളെ താങ്ങിനിർത്തുന്ന ഉയരമുള്ള രണ്ടു വിളക്കുമരങ്ങൾ ഉണ്ടായിരുന്നു. വൈകുന്നേരത്തെ ശുശ്രൂഷയ്ക്കു ശേഷം എല്ലാ വിളക്കുകളും തെളിയിക്കപ്പെട്ടു. അവയുടെ പ്രകാശം യെരൂശലേമിൽ പതിച്ചുകൊണ്ടിരുന്നു. മരുഭൂമിയിൽ യിസ്രായേൽമക്കളെ വഴി നടത്തിയ അഗ്നിസ്തംഭത്തെ അനുസ്മരിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു ഈ ശുശ്രൂഷ നടത്തിപ്പോന്നത്. മശീഹയുടെ ആഗമനത്തെയും ഇതു സൂചിപ്പിച്ചിരുന്നു. വൈകുന്നേരം ഈ വിളക്കുകൾ തെളിയിക്കപ്പെട്ടപ്പോൾ, എങ്ങും ആഹ്ലാദം തിങ്ങിനിന്നു. വാദ്യോപകരണങ്ങളുടെ അകമ്പടിയോടും

ലേവ്യരുടെ ഗാനാലാപനങ്ങളോടും കൂടെ വയോവൃദ്ധരായ ആളുകളും ദൈവാലയത്തിലെ പുരോഹിതന്മാരും, പരീശന്മാരും ആഹ്ലാദനൃത്തങ്ങളിൽ പങ്കുചേർന്നു.

യിസ്രായേല്യരുടെമേൽ വെളിച്ചം പകരാനായി മശീഹ വരുന്നതിന്റെ പ്രത്യാശയെയാണു യെരൂശലേമിന്റെ ദീപാലങ്കാരങ്ങളിൽക്കൂടെ പ്രകട മാക്കിയത്. എന്നാൽ യേശുവിന് ഈ രംഗം കൂടുതൽ അർത്ഥം നല്കി. ദൈവാലയത്തിലെ ദീപങ്ങൾ ചുറ്റുപാടുമുള്ള പ്രദേശങ്ങളെ ദീപ്തിയുള്ള താക്കിത്തീർത്തതുപോലെ, ആത്മീയ പ്രകാശത്തിന്റെ ഉറവിടമായ ക്രിസ്തു ലോകത്തിന്റെ അന്ധകാരത്തെ നിർമ്മാർജ്ജനം ചെയ്യുന്നു. എങ്കിലും ഈ പ്രതീകം അപൂർണ്ണമായിരുന്നു. ഇതിനെക്കാൾ ഉത്തമമായ പ്രതീകങ്ങ ളായിരുന്നു ക്രിസ്തുവിന്റെ കരങ്ങളാൽ നിർമ്മിക്കപ്പെട്ട ആകാശത്തിലെ പ്രകാശഗോളങ്ങൾ.

അന്നൊരു പ്രഭാതവേളയായിരുന്നു. സൂര്യൻ ഒലിവുമലയുടെ മുകളിൽ ഉദിച്ചുയർന്നു. അതിന്റെ കണ്ണഞ്ചിപ്പിക്കുന്ന പ്രഭ മാർബിൾ പതിച്ച കൊട്ടാര ങ്ങളിൽ പ്രതിഫലിച്ചു. ദൈവാലയത്തിന്റെ സുവർണ്ണഭിത്തികളിൽ അതിന്റെ ദീപ്തി വെട്ടിത്തിളങ്ങി. അവയെ ചൂണ്ടിക്കാട്ടിക്കൊണ്ടു യേശു പറഞ്ഞു: "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു."

ഈ വാക്കുകൾ ശ്രവിച്ച ഒരാൾ പില്ക്കാലത്തു മനോഹരമായി അതു പ്രതിദ്ധ്വനിപ്പിക്കുന്നു: "അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല. ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു" (യോഹ. 1:4,5,9). യേശു സ്വർഗ്ഗാ രോഹണം ചെയ്തു വളരെ നാൾ കഴിഞ്ഞു പത്രൊസ് പരിശുദ്ധാത്മ പ്രചോദിതനായി, ക്രിസ്തു ഉപയോഗിച്ച പ്രതീകങ്ങൾ അനുസ്മരിച്ചുകൊണ്ട് എഴുതി: "പ്രവാചകവാക്യവും അധികം സ്ഥിരമായിട്ടു നമുക്കുണ്ട്. നേരം വെളുക്കുകയും, നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കുകയും ചെയ്യുവോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ കരുതിക്കൊണ്ടാൽ നന്ന്" (2 പത്രൊസ് 1:19).

ദൈവം തന്റെ ജനത്തിനു തന്നെത്താൻ വെളിപ്പെടുത്തിക്കൊടുക്കു മ്പോഴൊക്കെയും, തന്റെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായി വെളിച്ചത്തെ ഉപയോഗിച്ചിരുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ അന്ധകാരത്തിൽനിന്നു വെളിച്ചം പ്രകാശിച്ചു. യിസ്രായേലിന്റെ വലിയ സമൂഹത്തെ നയിച്ചുകൊണ്ടു പോകുമ്പോൾ പകൽസമയത്തു മേഘസ്തംഭത്തിലും രാത്രികാലത്ത് അഗ്നിസ്തംഭത്തിലും വെളിച്ചം പ്രതിഫലിച്ചിരുന്നു. സീനായ്മലയിൽ യഹോവയുടെ ചുറ്റും അത്യധികം ശോഭയോടുകൂടി പ്രകാശം ജ്വലിച്ചു നിന്നു. തിരുനിവാസത്തിൽ, കൃപാസനത്തിനു മുകളിലായി പ്രകാശം എപ്പോഴുമുണ്ടായിരുന്നു. ശലോമോൻ പണികഴിപ്പിച്ച ദൈവാലയത്തിന്റെ പ്രതിഷ്ഠാവേളയിൽ, ആലയത്തിനുള്ളിൽ പ്രകാശം നിറഞ്ഞു. ആട്ടിടയ

ന്മാർക്കു വീണ്ടെടുപ്പിന്റെ ദൂതുമായി ദൂതന്മാർ പ്രത്യക്ഷപ്പെട്ടപ്പോൾ, ബെത്‌ലേഹെമിലെ കുന്നുകൾ പ്രകാശധോരണിയിൽ മുങ്ങി.

ദൈവം വെളിച്ചമാകുന്നു. "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" വെന്നു ക്രിസ്തു പറഞ്ഞപ്പോൾ, ദൈവവുമായി തനിക്കുള്ള അടുത്ത ബന്ധത്തെയും, മനുഷ്യകുലത്തോടുള്ള തന്റെ ബന്ധത്തെയും ക്രിസ്തു പ്രഖ്യാപിക്കുകയായിരുന്നു. ആദിയിൽ "ഇരുട്ടിൽ വെളിച്ചം പ്രകാശിക്കുവാൻ" കല്പിച്ചതു ദൈവമായിരുന്നു (2 കൊരി. 4:6). സൂര്യന്റെയും, ചന്ദ്രന്റെയും, നക്ഷത്രത്തിന്റെയും പ്രകാശത്തിന്റെ ഉറവിടം ദൈവമാകുന്നു. പ്രതീകമായും, നിഴലായും, പ്രവചനത്തിൽക്കൂടെയും യിസ്രായേലിൽ പതിച്ചിരുന്ന ആത്മീയ വെളിച്ചം ക്രിസ്തുവിൽനിന്നായിരുന്നു. യെഹൂദജാതിക്കു മാത്രമായിരുന്നില്ല ഈ പ്രകാശം നല്കപ്പെട്ടത്. ഭൂമിയുടെ അറ്റങ്ങളോളം എത്തിച്ചേരുന്ന സൂര്യപ്രകാശംപോലെ, നീതിസൂര്യന്റെ പ്രകാശം എല്ലാ മനുഷ്യരുടെ മേലും പ്രകാശിക്കുന്നു.

"ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു." ലോകത്തിനു വലിയ ഉപദേഷ്ടാക്കന്മാർ ഉണ്ടായിരുന്നിട്ടുണ്ട്. ചിന്തയെ ഉദ്ദീപിപ്പിക്കുന്ന മഹദ്‌വചനങ്ങൾ പറഞ്ഞിട്ടുള്ളവരും, അറിവിന്റെ വിസ്തൃതമായ മേഖലകൾ തുറന്നവരും ജീവിച്ചിരുന്നിട്ടുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ വഴികാട്ടികളും ഉദ്ധാരകന്മാരും എന്ന നിലയിൽ ഇവർ ബഹുമാനിതർ ആയിരുന്നു. എന്നാൽ ഇവരിൽ എല്ലാം ശ്രേഷ്ഠനായ ഒരുവൻ ഉണ്ട്. "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു" (യോഹ. 1:12,18). ലോകത്തിലെ വലിയ ഉപദേഷ്ടാക്കന്മാരെക്കുറിച്ചു ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവർക്കും മുമ്പേ വെളിച്ചം ഉണ്ടായിരുന്നു. ചന്ദ്രനും, സൗരയൂഥത്തിലെ ഗ്രഹങ്ങളും സൂര്യന്റെ പ്രകാശത്താൽ പ്രകാശിക്കുന്നതുപോലെ ലോകത്തിലെ മഹാരഥന്മാരുടെ ഉപദേശങ്ങൾ സത്യത്തിനു സാക്ഷിയായിരിക്കുമ്പോൾ, നീതിസൂര്യന്റെ കിരണങ്ങളെയാണു പ്രതിഫലിപ്പിക്കുന്നത്. എല്ലാ സത്ചിന്തയും ബുദ്ധിവൈഭവവും ലോകത്തിന്റെ വെളിച്ചമായ ദൈവത്തിൽനിന്നു വരുന്നു. "ഉന്നത വിദ്യാഭ്യാസ"ത്തെക്കുറിച്ച് ഇക്കാലത്തു നാം ധാരാളം കേൾക്കാറുണ്ട്. എന്നാൽ യഥാർത്ഥ 'ഉന്നത' വിദ്യാഭ്യാസം "തന്നിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ടിരിക്കുന്നു" ദൈവത്തിൽനിന്നാണു പുറപ്പെടുന്നത്. "അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു" (കൊലൊ. 2:3; യോഹ. 1:4). "എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും."

"ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്ന യേശുവിന്റെ പ്രസ്താവന, താൻ മശീഹ ആകുന്നു എന്ന വസ്തുത വെളിപ്പെടുത്തി. വയോധികനായ ശിമ്യോൻ ശിശുവായ യേശുവിനെ ദൈവാലയത്തിൽവച്ചു കണ്ടപ്പോൾ

പറഞ്ഞത്, “ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും, നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായവൻ” എന്നായിരുന്നു. യിസ്രായേല്യർക്കു സുപരിചിതമായ ഒരു പ്രവചനത്തെയാണു ശിമ്യോൻ പരാമർശിച്ചത്. യെശയ്യാപ്രവാചകൻ പരിശുദ്ധാത്മപ്രേരിതനായി പറഞ്ഞു: “നീ യാക്കോബിന്റെ ഗോത്രങ്ങളെ എഴുന്നേല്പിക്കേണ്ടതിനും യിസ്രായേലിൽ സൂക്ഷിക്കപ്പെട്ടവരെ തിരിച്ചുവരുത്തേണ്ടതിനും എനിക്കു ദാസനായിരിക്കുന്നതു പോരാ; എന്റെ രക്ഷ ഭൂമിയുടെ അറ്റത്തോളം എത്തേണ്ടതിനു ഞാൻ നിന്നെ ജാതികൾക്കു പ്രകാശമാക്കി വച്ചുമിരിക്കുന്നു” (യെശ. 49:6). ഈ പ്രവചനം മശീഹയെക്കുറിച്ചുള്ള പ്രവചനമെന്നു പൊതുവേ വിശ്വസിച്ചിരുന്നു. “ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു” എന്നു യേശു പറഞ്ഞപ്പോൾ, വാഗ്ദത്ത മശീഹ താനാകുന്നുവെന്നു യേശു പ്രഖ്യാപിക്കുകയായിരുന്നുവെന്നു ശ്രോതാക്കൾക്കു മനസ്സിലായി.

ഇതൊരു ധിക്കാരപരമായ പ്രഖ്യാപനമെന്നു പരീശന്മാർക്കും പ്രഭുക്കന്മാർക്കും തോന്നി. അതവർക്കു സഹിച്ചുകൂടായിരുന്നു. യേശുവിന്റെ വാക്കുകളെ ഗണ്യമാക്കുന്നില്ലായെന്ന ഭാവേന അവർ ചോദിച്ചു: “നീ ആരാകുന്നു?” “ഞാൻ ക്രിസ്തുവാകുന്നു” എന്നു യേശുവിനെക്കൊണ്ടു പറയിപ്പിക്കുവാൻ അവർ ആഗ്രഹിച്ചു. യേശുവിന്റെ രൂപവും വാക്കുകളും ജനങ്ങളുടെ പ്രതീക്ഷയ്ക്ക് എതിരായിരുന്നു. യേശുവിനെപ്പോലുള്ള ഒരാൾ, താൻ മശീഹയാണെന്ന് അവകാശപ്പെട്ടാൽ ജനം അവനെ തിരസ്കരിച്ചുകൊള്ളുമെന്ന് അവർ കണക്കാക്കി.

“നീ ആരാകുന്നു?” എന്ന ചോദ്യത്തിനു യേശു ഇപ്രകാരം ഉത്തരം പറഞ്ഞു: “ആദിമുതൽ ഞാൻ നിങ്ങളോടു സംസാരിച്ചുപോരുന്നതു തന്നെ” (യോഹ. 8:25). യേശുവിന്റെ വചനങ്ങളിൽ വെളിപ്പെടുത്തപ്പെട്ട കാര്യങ്ങൾ തന്റെ സ്വഭാവത്തിലും പ്രകടമായിരുന്നു. തന്റെ ഉപദേശങ്ങളുടെ സാക്ഷാൽക്കാരമായിരുന്നു യേശുവിന്റെ ജീവിതം. “ഞാൻ സ്വയമായിട്ട് ഒന്നും ചെയ്യാതെ പിതാവ് എനിക്ക് ഉപദേശിച്ചുതന്നതുപോലെ ഇതു സംസാരിക്കുന്നു എന്നും അറിയും. എന്നെ അയച്ചവൻ എന്നോടു കൂടെ ഉണ്ട്; ഞാൻ എല്ലായ്പോഴും അവനു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട് അവൻ എന്നെ ഏകനായി വിട്ടിട്ടില്ല.” താൻ മശീഹയാണെന്നു തന്നോടു ചോദിച്ചവരോടു യേശു പറഞ്ഞില്ല. എന്നാൽ സ്വർഗ്ഗീയപിതാവും താനുമായുള്ള ഐക്യത യേശു കാണിച്ചുകൊടുത്തു. ദൈവിക സ്നേഹത്തിനു യെഹൂദന്മാർ, തങ്ങളുടെ ഹൃദയം തുറന്നു കൊടുത്തിരുന്നുവെങ്കിൽ അവർ യേശുവിനെ കൈക്കൊള്ളുമായിരുന്നു.

യേശുവിനെ ശ്രദ്ധിച്ചവരിൽ അനേകർ യേശുവിങ്കലേക്ക് ആകർഷിക്കപ്പെട്ടു. അവരോടായി യേശു പറഞ്ഞു: “എന്റെ വചനത്തിൽ നിലനില്ക്കുന്നുവെങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.”

ഈ വാക്കുകൾ പരീശന്മാർക്ക് അനിഷ്ടമായി. തങ്ങളുടെ രാഷ്ട്രം ഒരു വിദേശശക്തിയുടെ കീഴിൽ കഴിയുന്നുവെന്ന കാര്യം അവർക്കു നിസ്സാരമായി

തോന്നി. കോപാകുലരായി അവർ യേശുവിനോടു പറഞ്ഞു: "ഞങ്ങൾ അബ്രാഹാമിന്റെ സന്തതി; ആർക്കും ഒരുനാളും ദാസന്മാരായി ഇരുന്നിട്ടില്ല. നിങ്ങൾ സ്വതന്ത്രന്മാരാകും എന്നു നീ പറയുന്നത് എങ്ങനെ?" പകയും വിദ്വേഷവും നിറഞ്ഞ പരീശന്മാരോടു യേശു പറഞ്ഞു: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു." ഏറ്റവും ദയനീയമായ അടിമത്തത്തിലായിരുന്നു അവർ. ദുരാത്മാവാൽ അവർ ഭരിക്കപ്പെട്ടിരുന്നു.

ദൈവത്തിനു സ്വയം അർപ്പിക്കാത്ത ഓരോ ആത്മാവും വേറൊരു ശക്തിയുടെ അടിമയാണ്. അവൻ സ്വതന്ത്രനല്ല. സ്വാതന്ത്ര്യത്തെക്കുറിച്ച് അയാൾ സംസാരിച്ചേക്കാം. പക്ഷേ അയാൾ ഏറ്റവും അരിഷ്ടതയാർന്ന അടിമത്തത്തിലാണ്. സത്യത്തിന്റെ സൗന്ദര്യം കാണ്മാൻ അവനു കഴിയില്ല. കാരണം അവന്റെ മനസ്സു സാത്താന്റെ നിയന്ത്രണത്തിലാണ്. തന്റെ സ്വന്ത തീരുമാനങ്ങൾക്കനുസൃതമായിട്ടാണു താൻ ജീവിക്കുന്നതെന്ന് അയാൾ പുകഴ്ച പറയുമ്പോൾ, യഥാർത്ഥത്തിൽ അയാൾ അന്ധകാരപ്രഭുവിന്റെ ഇഷ്ടം അനുസരിക്കുകയാണ്. പാപമാകുന്ന അടിമത്തത്തിന്റെ ചങ്ങലകളെ തകർത്ത് ആത്മാക്കളെ സ്വതന്ത്രമാക്കുവാനാണു ക്രിസ്തു വന്നത്. "പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും." "ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു" (റോമർ 8:2).

ദൈവത്തിന്റെ വീണ്ടെടുപ്പുപദ്ധതിയിൽ മനുഷ്യന്റെ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യത്തെ ധ്വംസിക്കുന്ന ഒന്നുംതന്നെയില്ല. ഒരുവന്റെമേൽ ബാഹ്യമായ യാതൊരു ശക്തിയും ചെലുത്തുന്ന പരിപാടി ദൈവത്തിനില്ല. ദൈവാത്മാവ് ഒരുവനോടു വാദിക്കുമ്പോൾ, താൻ ആരെ സേവിക്കും എന്നു തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ദൈവം മനുഷ്യനു നല്കിയിരിക്കുന്നു. ഒരുവൻ ക്രിസ്തുവിനു കീഴ്പ്പെടുമ്പോൾ ഉണ്ടാവുന്ന പരിവർത്തനത്തിൽ, ശ്രേഷ്ഠമായ സ്വാതന്ത്ര്യം അനുഭവിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മൂലമാണു പാപം പുറന്തള്ളപ്പെടുന്നത്. സാത്താന്റെ നിയന്ത്രണത്തിൽനിന്നു നമുക്കു സ്വയം വിമോചിതരാകുവാൻ കഴികയില്ലെന്നുള്ളതു ശരിയാണ്. പാപത്തിന്റെ ബന്ധനത്തിൽനിന്നു സ്വതന്ത്രരാകുവാൻ നാം ആഗ്രഹിക്കുകയും, ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ, പരിശുദ്ധാത്മാവു നമ്മെ ശക്തരാക്കുന്നു. അപ്പോൾ നമ്മുടെ ഇച്ഛാശക്തി ദൈവഹിതം ചെയ്യുവാൻ ഏറ്റവും താൽപര്യം കാണിക്കും.

നമ്മുടെ സ്വാതന്ത്ര്യം യാഥാർത്ഥ്യമായിത്തീരണമെങ്കിൽ നാം ക്രിസ്തുവുമായി ഏകീഭവിക്കേണ്ടിയിരിക്കുന്നു. യേശു പറഞ്ഞു: "സത്യം നിങ്ങളെ സ്വതന്ത്രരാക്കും." ക്രിസ്തുവാകുന്നു സത്യം. പാപം നമ്മുടെ മേൽ ആധിപത്യം ഉറപ്പിച്ചാൽ അതു നമ്മെ ബലഹീനരാക്കുകയും നമ്മുടെ ആത്മീയ സ്വാതന്ത്ര്യത്തെ ഹനിക്കുകയും ചെയ്യും. നമ്മുടെ ജീവിതത്തെ ദൈവത്തിനു സമർപ്പിച്ചാൽ നാം യഥാർത്ഥ മഹത്വത്തിലേക്കും പദവികളിലേക്കും

ഉയർത്തപ്പെടും. ദൈവിക ന്യായപ്രമാണത്തിലേക്കു നാം അപ്പോൾ വിലയ്ക്കു വാങ്ങപ്പെടുകയാണ്. ആ ന്യായപ്രമാണത്തെ "സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം" (യാക്കോബ് 2:12) എന്നു പറയുന്നു.

തങ്ങൾ അബ്രാഹാമിന്റെ സന്തതികൾ എന്നു പരീശന്മാർ സ്വയം പ്രഖ്യാപിച്ചു. അബ്രാഹാമിന്റെ പ്രവൃത്തി ചെയ്യുന്നവർക്കു മാത്രമേ ഈ അവകാശവാദം ഉന്നയിക്കുവാൻ കഴിയുകയുള്ളൂ. അബ്രാഹാമിന്റെ യഥാർത്ഥ സന്തതികൾ, അബ്രാഹാം ജീവിച്ചതുപോലെ ജീവിക്കും. അബ്രാഹാമിന്റെ ജീവിതം ദൈവത്തിനു സമർപ്പിക്കപ്പെട്ട ഒരു ജീവിതമായിരുന്നു. പരീശന്മാർ അബ്രാഹാമിന്റെ യഥാർത്ഥ സന്തതികളായിരുന്നുവെങ്കിൽ ദൈവത്തിൽ നിന്നു സത്യം സംസാരിക്കുന്ന ഒരുവനെ കൊല്ലുവാൻ മുതിരുകയില്ലായിരുന്നു. ക്രിസ്തുവിനെതിരായി ഗൂഢാലോചന നടത്തിക്കൊണ്ടിരുന്ന റബ്ബിമാർ, അബ്രാഹാമിന്റെ പ്രവൃത്തിയായിരുന്നില്ല ചെയ്തത്. അബ്രാഹാമിന്റെ വംശാവലിയിൽ ജനിക്കുന്നതല്ല പ്രധാനം, അബ്രാഹാമിന്റെ സ്വഭാവം പ്രകടമാക്കുന്നതിലൂടെയാണ് അബ്രാഹാമിന്റെ സന്തതി എന്നറിയേണ്ടത്.

ക്രിസ്തീയ ലോകത്തെ ദീർഘകാലമായി അലട്ടുന്ന ഒരു പ്രശ്നത്തിലേക്ക് ഈ തത്വം വിരൽ ചൂണ്ടുന്നു. അപ്പൊസ്തലിക പിന്തുടർച്ചാ പ്രശ്നം. പേരോ, വംശാവലിയോ ആയിരുന്നില്ല അബ്രാഹാമിന്റെ പിന്തുടർച്ചയെ തെളിയിച്ചത്. പിന്നെയോ, അബ്രാഹാമിന്റെ സ്വഭാവത്തോടുള്ള ഏകീഭാവമായിരുന്നു. അതുപോലെ അപ്പൊസ്തലിക പിന്തുടർച്ച സ്ഥിതിചെയ്യുന്നതു സഭാധികാരത്തിന്റെ കൈമാറ്റത്തിലല്ല, പ്രത്യുത ആത്മീയ ബന്ധത്തിലാണ്. അപ്പൊസ്തലന്മാരുടെ ആത്മാവാൽ പ്രേരിതമായ ഒരു ജീവിതം, അവരുടെ ഉപദേശങ്ങളെ അംഗീകരിക്കുകയും പഠിപ്പിക്കുകയും ചെയ്യുക, ഇതായിരുന്നു അപ്പൊസ്തലിക പിന്തുടർച്ചയുടെ യഥാർത്ഥ തെളിവ്.

യെഹൂദന്മാർ അബ്രാഹാമിന്റെ സന്തതികളാകുന്നുവെന്ന അവകാശവാദത്തെ യേശു അംഗീകരിച്ചില്ല. യേശു പറഞ്ഞു: "നിങ്ങളുടെ പിതാവിന്റെ പ്രവൃത്തി നിങ്ങൾ ചെയ്യുന്നു. നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്‌വാനും ഇച്ഛിക്കുന്നു." യെഹൂദപ്രമാണികൾ പരിഹാസസ്വരത്തിൽ ഇപ്രകാരം മറുപടി പറഞ്ഞു: "ഞങ്ങൾ പരസംഗത്തിൽ ജനിച്ചവരല്ല. ഞങ്ങൾക്ക് ഒരു പിതാവേ ഉള്ളൂ; ദൈവം തന്നെ." ക്രിസ്തുവിനെ വിശ്വസിക്കുവാൻ തുടങ്ങിയിട്ടുള്ളവരുടെ മുമ്പിൽവച്ചു ക്രിസ്തുവിനെ പരിഹസിച്ചുകൊണ്ടുള്ള വാക്കുകളായിരുന്നു ഇവ. ക്രിസ്തു ആ വാക്കുകളെ ഒട്ടും ഗണ്യമാക്കിയില്ല. ക്രിസ്തു പറഞ്ഞു: "ദൈവം നിങ്ങളുടെ പിതാവ് എങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു. ഞാൻ ദൈവത്തിന്റെ അടുക്കൽനിന്നു വന്നിരിക്കുന്നു."

ഭോഷ്ക്കു പറയുന്നവനും കൊലപാതകിയുമായവനോടാണ് അവർക്കുള്ള ബന്ധമെന്ന് അവരുടെ പ്രവൃത്തി സാക്ഷ്യം വഹിച്ചു. "നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്‌വാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കൊലപാതകനായിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ടു സത്യത്തിൽ നില്ക്കുന്നതുമില്ല... ഞാനോ സത്യം

പറയുന്നതുകൊണ്ടു നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല" (യോഹ. 8:44,45). യേശു സത്യം പറഞ്ഞതുകൊണ്ടു യെഹൂദന്മാരുടെ അപ്രീതിക്കു പാത്രവാനായി. സ്വന്തനീതിയിൽ ആശ്രയിച്ചിരുന്ന യെഹൂദനേതാക്കന്മാരെ കോപിഷ്ഠരാക്കിയതു യേശു സത്യം പറഞ്ഞതായിരുന്നു. സത്യം തെറ്റായ വിശ്വാസങ്ങളെ തുറന്നുകാട്ടി. അവർ വച്ചുപുലർത്തിയിരുന്ന അധാർമ്മികങ്ങളായ വിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളെയും തെറ്റെന്നു യേശു പറഞ്ഞു. അതുകൊണ്ടു സത്യം യെഹൂദനേതാക്കൾക്ക് അസ്വീകാര്യമായി. തങ്ങൾക്കു 'തെറ്റു'പറ്റിയെന്നു സമ്മതിക്കാനുള്ള താഴ്മ അവർക്കില്ലായിരുന്നു. അതിനു പകരം അവർ സത്യത്തെ കണ്ടില്ലായെന്നു നടിച്ചു.

"നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തുന്നു? ഞാൻ സത്യം പറയുന്നുവെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തത് എന്ത്?" മൂന്നു വർഷക്കാലമായി യേശുവിന്റെ ശത്രുക്കൾ അവിരാമം യേശുവിൽ എന്തെങ്കിലുമൊരു കുറ്റം കണ്ടുപിടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. സാത്താൻ യേശുവിനെ പരാജയപ്പെടുത്തുവാൻ അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരുന്നു. അവർക്കു യേശുവിൽ ഒരു കുറ്റവും കണ്ടെത്താൻ കഴിഞ്ഞില്ല. പിശാചുക്കൾപോലും ഇപ്രകാരം സാക്ഷീകരിച്ചു: "നീ ദൈവത്തിന്റെ പരിശുദ്ധൻ തന്നെ" (മർക്കൊസ് 1:24). സ്വർഗ്ഗത്തിന്റെ ദൃഷ്ടിയിലും യേശു ദൈവകല്പന അനുസരിക്കുന്നവനായിരുന്നു. യേശു ഇപ്രകാരം സാക്ഷ്യം പറഞ്ഞു: "ഞാൻ എല്ലായ്പോഴും അവനു (ദൈവത്തിനു) പ്രസാദമുള്ളതു ചെയ്യുന്നു." ലോകത്തിൽ മറ്റാർക്കും ഇപ്രകാരം പറയുവാൻ കഴികയില്ല.

ക്രിസ്തുവിൽ ഒരു പാപവും കണ്ടെത്താൻ ആർക്കും കഴിഞ്ഞില്ല. എന്നിരിക്കിലും യെഹൂദന്മാർ യേശുവിനെ സ്വീകരിക്കുവാൻ ഒരുക്കമില്ലായിരുന്നു. ദൈവവുമായി അവർക്കു ബന്ധമില്ലായിരുന്നു എന്ന വസ്തുതയാണ് അതു തെളിയിച്ചത്. ദൈവത്തിന്റെ ശബ്ദം യേശുവിന്റെ ദൗത്യത്തിൽ കേൾക്കുവാൻ യെഹൂദന്മാർക്കു കഴിഞ്ഞില്ല. യേശുവിനെ ന്യായം വിധിക്കുവാൻ ശ്രമിച്ച അവർ സ്വയം ന്യായവിധി നടത്തുകയായിരുന്നു. യേശു പറഞ്ഞു: "ദൈവസന്തതിയായവൻ ദൈവവചനം കേൾക്കുന്നു; നിങ്ങൾ ദൈവസന്തതി അല്ലായ്കകൊണ്ടു കേൾക്കുന്നില്ല."

യേശു പറഞ്ഞതു നിത്യമായ സത്യമായിരുന്നു. ദൈവവചനത്തെ അവിശ്വസിക്കുകയും ദുർവ്യാഖ്യാനം നടത്തുകയും ചെയ്യുന്നവർ വിചാരിക്കുന്നത്, തങ്ങൾ അപ്രകാരം ചെയ്യുന്നതുമൂലം തങ്ങളുടെ ചിന്താസ്വാതന്ത്ര്യവും കഴിവും പ്രകടിപ്പിക്കുകയാണെന്നാണ്. അങ്ങനെ ചെയ്യുന്നവർ സ്വയം വിധി പ്രസ്താവിക്കുകയാണ്. സ്വർഗ്ഗീയസത്യങ്ങളെയും നിത്യതയെ സംബന്ധിച്ച കാര്യങ്ങളെയും ഗ്രഹിപ്പാനും ആസ്വദിപ്പാനും തങ്ങൾക്കു കഴിവില്ല എന്നാണ് അവർ വെളിവാക്കുന്നത്. ദൈവത്തിന്റെ നീതിയാകുന്ന മഹാമേരുവിന്റെ മുമ്പിൽ ഭയാത്ഭുതങ്ങളോടെ നില്പാൻ അവർക്കു കഴിയുന്നില്ല. അവർ വൈക്കോൽത്തുമ്പുകളും ചുള്ളിക്കമ്പുകളും തേടി അലയുന്നു. അവർ പ്രകടമാക്കുന്നത് ഇടുങ്ങിയതും, ലൗകികത്വമുള്ളതും, ദൈവശക്തി ഗ്രഹി

ക്കുവാൻ അപ്രാപ്തവുമായ ഹൃദയങ്ങളെയാണ്. ദൈവിക സ്പർശനത്തിനു പ്രതികരിക്കുന്ന ഒരാൾ, ദൈവത്തെ സംബന്ധിച്ച പരിജ്ഞാനവർദ്ധനയ്ക്കു ശ്രമിക്കുന്നു. അതു സ്വഭാവത്തെ നവീകരിക്കുകയും ഉന്നതമണ്ഡലങ്ങളിലേക്ക് ഉയർത്തുകയും ചെയ്യും. തങ്ങൾക്കു വർണ്ണഭംഗി നല്കുന്ന, സൂര്യകിരണങ്ങളിലേക്കു പൂക്കൾ തിരിയുന്നതുപോലെ, ക്രിസ്തുവിന്റെ സ്വഭാവസൗന്ദര്യത്താൽ സൗന്ദര്യപൂർണ്ണമാകുന്നതിന് ആത്മാവ്, നീതിസൂര്യനായ ക്രിസ്തുവിലേക്കു തിരിയുന്നു.

യെഹൂദനേതാക്കളും, വിശ്വാസികളുടെ പിതാവായ അബ്രാഹാമും തമ്മിലുള്ള അന്തരം തുറന്നുകാട്ടിക്കൊണ്ടു യേശു പറഞ്ഞു: "നിങ്ങളുടെ പിതാവായ അബ്രാഹാം എന്റെ ദിവസം കാണുമെന്നുള്ളതുകൊണ്ട് ഉല്ലസിച്ചു. അവൻ കണ്ടു സന്തോഷിച്ചുമിരിക്കുന്നു."

വാഗ്ദത്തമശീഹയെ കാണുവാൻ അബ്രാഹാം അതിയായി വാഞ്ഛിച്ചു. തന്റെ മരണത്തിനു മുമ്പു മശീഹയെ കാണുന്നതിനു താൽപര്യത്തോടെ അബ്രാഹാം പ്രാർത്ഥിച്ചു. അഭൗമികമായ ഒരു പ്രകാശം അബ്രാഹാമിനു നല്കി. ക്രിസ്തുവിന്റെ ദിവ്യസ്വഭാവം അബ്രാഹാം തിരിച്ചറിഞ്ഞു. മശീഹയുടെ ദിവസം അബ്രാഹാം കണ്ട്, സന്തുഷ്ടനായി. ക്രിസ്തുവിന്റെ പാപപരിഹാരബലിയെക്കുറിച്ച് ഒരു ദർശനം അബ്രാഹാമിനു ലഭിച്ചു. സ്വന്ത അനുഭവത്തിൽ തന്നെ ഈ ബലിയുടെ സാദൃശീകരണം ഉണ്ടായി. ദൈവം അബ്രാഹാമിനോടു കല്പിച്ചു: "നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെത്തന്നെ... ഹോമയാഗം കഴിക്ക" (ഉല്പത്തി 22:2). തന്റെ പ്രത്യാശയുടെ എല്ലാമെല്ലാമായ ഏകമകനെ യാഗപീഠത്തിൽ കിടത്തി ബലി അർപ്പിക്കാൻ കത്തി ഉയർത്തിയപ്പോൾ, സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദം കേട്ടു: "ബാലന്റെ മേൽ കൈവയ്ക്കരുത്; അവനോട് ഒന്നും ചെയ്യരുത്; നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിക്കായ്കകൊണ്ട്, നീ ദൈവത്തെ ഭയപ്പെടുന്നുവെന്നു ഞാൻ ഇപ്പോൾ അറിയുന്നു" (ഉല്പത്തി 22:12). ക്രിസ്തുവിന്റെ ദിവസം അബ്രാഹാം കാണുന്നതിനുവേണ്ടിയായിരുന്നു ഈ അഗ്നിപരീക്ഷ നല്കപ്പെട്ടത്. ദൈവം ലോകത്തെ എത്രമാത്രം സ്നേഹിച്ചുവെന്നും അധോഗതിയിൽനിന്നു ലോകത്തെ രക്ഷിക്കുന്നതിനുവേണ്ടിയുമായിരുന്നു ദൈവം തന്റെ ഏകജാതനായ പുത്രനെ ഈ ഹീനമരണത്തിനേല്പിച്ചതെന്നും അബ്രാഹാം അറിയേണ്ടതുണ്ടായിരുന്നു.

മനുഷ്യവർഗ്ഗത്തിനു നല്കിയിട്ടുള്ളതിലേക്കും ഏറ്റവും വലിയ പാഠം അബ്രാഹാം, ദൈവത്തിൽനിന്നു പഠിച്ചു. തന്റെ മരണത്തിനു മുമ്പു രക്ഷകനെ കാണുമെന്നുള്ള അബ്രാഹാമിന്റെ പ്രത്യാശയ്ക്കു ഫലമുണ്ടായി. അബ്രാഹാം രക്ഷകനെ കണ്ടു. ഒരു മനുഷ്യനു ദൈവത്തെക്കുറിച്ചു ഗ്രഹിപ്പാൻ കഴിയുന്ന അളവോളം അബ്രാഹാം ഗ്രഹിച്ചു. സമ്പൂർണ്ണമായ സമർപ്പണജീവിതമായിരുന്നു അബ്രാഹാമിനെ അതിനു പ്രാപ്തനാക്കിയത്. ഒരു മനുഷ്യനു ചെയ്യാവുന്നതിനെക്കാൾ മഹത്തായ ത്യാഗമാണ്, തന്റെ ഏകജാതനായ പുത്രനെ ലോകത്തിനു നല്കുന്നതിൽക്കൂടെ ചെയ്യുന്നതെന്നു ദൈവം, അബ്രാഹാമിനു മനസ്സിലാക്കിക്കൊടുത്തു.

"എന്തൊന്നുകൊണ്ടു ഞാൻ യഹോവയുടെ സന്നിധിയിൽ ചെന്ന്, അത്യുന്നതദൈവത്തിന്റെ മുമ്പാകെ കുമ്പിടേണ്ടു? ഞാൻ ഹോമയാഗങ്ങളോടും ഒരു വയസ്സു പ്രായമുള്ള കാളക്കിടാക്കളോടും കൂടെ അവന്റെ സന്നിധിയിൽ ചെല്ലണമോ? ആയിരം ആയിരം ആട്ടുകൊറ്റനിലും, പതിനായിരം പതിനായിരം തൈലനദിയിലും യഹോവ പ്രസാദിക്കുമോ? എന്റെ അതിക്രമത്തിനുവേണ്ടി ഞാൻ എന്റെ ആദ്യജാതനെയും, ഞാൻ ചെയ്ത പാപത്തിനുവേണ്ടി എന്റെ ഉദരഫലത്തെയും കൊടുക്കണമോ?" (മീഖാ 6:6,7). ഈ ചോദ്യങ്ങൾക്ക് അബ്രാഹാമിന്റെ അനുഭവം ഉത്തരം നല്കി. "ദൈവം, തനിക്കു ഹോമയാഗത്തിന് ഒരു ആട്ടിൻകുട്ടിയെ നോക്കിക്കൊള്ളും മകനേ" (ഉല്പത്തി 22:8) എന്നു അബ്രാഹാം പറഞ്ഞതും, യിസ്ഹാക്കിനു പകരമായി ഹോമയാഗത്തിന് ഒരു ആട്ടുകൊറ്റനെ ദൈവം നല്കിയതും ഒരു വലിയ സത്യത്തിലേക്കു വിരൽചൂണ്ടുന്നു. പാപപരിഹാരം നടത്തുവാൻ മനുഷ്യന് അസാദ്ധ്യമെന്ന വസ്തുതയാണ് അത്. ജാതികൾ അർപ്പിച്ചിരുന്ന യാഗകർമ്മാദികൾ ദൈവത്തിന് അസ്വീകാര്യമായിരുന്നു. പാപപരിഹാര ബലിയായി ഒരു പിതാവും തന്റെ മകനെയോ മകളെയോ അർപ്പിക്കേണ്ടതില്ല. ലോകത്തിന്റെ പാപം വഹിക്കുവാൻ ദൈവപുത്രനു മാത്രമേ കഴിയുകയുള്ളൂ.

ക്രിസ്തുവിന്റെ ത്യാഗത്തെ മനസ്സിലാക്കുവാൻ സ്വന്ത അനുഭവത്തിലൂടെ അബ്രാഹാമിനു കഴിഞ്ഞു. എന്നാൽ താഴ്മ തൊട്ടുതീണ്ടിയിട്ടില്ലാത്ത യിസ്രായേല്യർക്കു രക്ഷകന്റെ ദൗത്യം ഗ്രഹിക്കുവാൻ മനസ്സൊരുക്കമില്ലായിരുന്നു. അബ്രാഹാമിനെക്കുറിച്ചു ക്രിസ്തു പറഞ്ഞ വാക്കുകൾ യെഹൂദ നേതാക്കൾ ഗൗരവമായി എടുത്തില്ല. പരിഹാസശരങ്ങൾ വീണ്ടും ക്രിസ്തുവിനെതിരെ തൊടുക്കുകയാണവർ ചെയ്തത്. സുബുദ്ധി നഷ്ടപ്പെട്ടവനോടു സംസാരിക്കുന്ന രീതിയിൽ അവർ ക്രിസ്തുവിനോടു ചോദിച്ചു: "നിനക്ക് അൻപത് വയസ്സ് ആയിട്ടില്ല. നീ അബ്രാഹാമിനെ കണ്ടിട്ടുണ്ടോ?"

യേശു അസന്ദിഗ്ദ്ധമായ ഭാഷയിൽ അവരോടു പറഞ്ഞു: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: അബ്രാഹാം ജനിച്ചതിനു മുമ്പേ ഞാനുണ്ട്."

ആ വലിയ ജനക്കൂട്ടം നിശ്ശബ്ദമായി. ഗലീലക്കാരനായ ഈ യുവാവ്, ദൈവത്തിന്റെ നാമം തന്റേതെന്ന് അവകാശപ്പെട്ടിരിക്കുന്നു. മോശെയോടു ദൈവം 'ഞാനാകുന്നവൻ' എന്നു സ്വയം വിശേഷിപ്പിച്ച അതേ നാമമാണു യേശു ഇപ്പോൾ എടുത്തിരിക്കുന്നത്. "അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ" (മീഖാ 5:2) എന്നു പ്രവാചകൻ ആരെക്കുറിച്ചു പറഞ്ഞിരിക്കുന്നുവോ, ആ ആൾ താനാകുന്നുവെന്നു യേശു അവകാശപ്പെട്ടു.

യേശുവിന്റെമേൽ യെഹൂദനേതാക്കൾ ദൈവദൂഷണം പറഞ്ഞുവെന്ന കുറ്റം ആരോപിച്ചു. താനും ദൈവവും ഒന്നാകുന്നുവെന്നു പറഞ്ഞതും യെഹൂദന്മാരെ ചൊടിപ്പിച്ചിരുന്നു. കുറെ മാസങ്ങൾക്കുശേഷം യെഹൂദ പ്രമാണികൾ പറഞ്ഞു: "നല്ല പ്രവൃത്തി നിമിത്തമല്ല, ദൈവദൂഷണം നിമിത്തവും, നീ മനുഷ്യനായിരിക്കെ, നിന്നെത്തന്നെ ദൈവമാക്കുന്നതു

കൊണ്ടുമത്രേ ഞങ്ങൾ നിന്നെ കല്ലെറിയുന്നത്" (യോഹ. 10:33). യേശു ദൈവപുത്രൻ ആയതുകൊണ്ടും, അങ്ങനെ അവകാശപ്പെട്ടതുകൊണ്ടും യേശുവിനെ നശിപ്പിക്കുവാൻ അവർ തീരുമാനിച്ചു. പുരോഹിതന്മാരുടെയും പരീശന്മാരുടെയും പക്ഷം ചേർന്നിരുന്നവർ അവനെ എറിയുവാൻ കല്ലെടുത്തു. എന്നാൽ യേശുവോ മറഞ്ഞ്, ദൈവാലയംവിട്ടുപോയി.

"വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല" (യോഹ. 1:5).

"അവൻ കടന്നുപോകുമ്പോൾ, പിറവിയിലെ കുരുടനായൊരു മനുഷ്യനെ കണ്ടു. അവന്റെ ശിഷ്യന്മാർ അവനോട്: റബ്ബീ, ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു? ഇവനോ, ഇവന്റെ അമ്മയപ്പന്മാരോ? അതിനു യേശു: അവൻ എങ്കിലും, അവന്റെ അമ്മയപ്പന്മാരെങ്കിലും പാപം ചെയ്തിട്ടല്ല. ദൈവപ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിനത്രേ... ഇങ്ങനെ പറഞ്ഞിട്ട് അവൻ നിലത്തു തുപ്പി, തുപ്പൽകൊണ്ടു ചേർ ഉണ്ടാക്കി, ചേറ് അവന്റെ കണ്ണിന്മേൽ പൂശി: നീ ചെന്നു ശിലോഹാംകുളത്തിൽ കഴുകുക എന്ന് അവനോടു പറഞ്ഞു. ശിലോഹാം എന്നതിന് അയയ്ക്കപ്പെട്ടവൻ എന്നർത്ഥം. അവൻ പോയി കഴുകി, കണ്ണുകാണുന്ന വനായി മടങ്ങിവന്നു."

യെഹൂദന്മാർ വിശ്വസിച്ചിരുന്നത്, ഈ ജീവിതത്തിൽ തന്നെ പാപത്തിനു ശിക്ഷ ലഭിക്കുമെന്നായിരുന്നു. രോഗങ്ങളോ, കഷ്ടനഷ്ടങ്ങളോ വരുമ്പോൾ അതു പാപത്തിന്റെ ശിക്ഷയായി കരുതിപ്പോന്നു. യാതന അനുഭവിക്കുവാനോ, അവന്റെ മാതാപിതാക്കളോ ചെയ്ത തെറ്റിന്റെ ശിക്ഷയാവാം അവൻ അനുഭവിക്കുന്നതെന്നു പരക്കെ വിശ്വസിച്ചിരുന്നു. ദൈവകല്പന ലംഘിക്കുന്നതു മൂലമാണ് എല്ലാ കഷ്ടതകളും ഉണ്ടാകുന്നതെന്ന പ്രസ്താവം ശരിയാണ്. എന്നാൽ സത്യം വളച്ചൊടിക്കപ്പെട്ടിരിക്കുകയാണ്. പാപത്തിന്റെയും അതിന്റെ ഫലങ്ങളുടെയും കാരണക്കാരനായ സാത്താൻ, രോഗവും മരണവും ദൈവത്തിൽനിന്നു വരുന്ന ശിക്ഷയായി കാണുവാൻ മനുഷ്യനെ വഴിതെറ്റിച്ചിരിക്കുകയാണ്. ഒരുവന് ഒരു വലിയ രോഗമോ, ആപത്തോ സംഭവിച്ചാൽ, അതോടുകൂടി അയാൾ ഒരു വലിയ പാപിയായി മുദ്രകുത്തപ്പെട്ടിരുന്നു.

ഇങ്ങനെ, യേശുവിനെ ത്യജിക്കുവാനുള്ള വഴി സാത്താൻ യെഹൂദന്മാർക്കു വേണ്ടി ഒരുക്കിയിരുന്നു. "നമ്മുടെ രോഗങ്ങളെ വഹിച്ചവനും, നമ്മുടെ വേദനകളെ ചുമന്നവനുമായ" യേശുവിനെ "ദൈവം ശിക്ഷിച്ചും, അടിച്ചും, ദണ്ഡിപ്പിച്ചും ഇരിക്കുന്നു"വെന്ന് അവർ കരുതി. "അവനെ കാണുന്നവർ മുഖം മറച്ചുകളഞ്ഞു" (യെശ. 53:3,4).

ഈ ധാരണ മാറ്റുവാൻ ദൈവം ഒരു പാഠം ഒരുക്കി. കഷ്ടതകൾ മനുഷ്യവർഗ്ഗത്തിന്റെ മേൽ കൊണ്ടുവരുന്നതു സാത്താനാണ്. എന്നാൽ കരുണാസമ്പന്നനായ ദൈവം സാത്താന്റെ കുടിലതന്ത്രങ്ങളെ പരാജയപ്പെടുത്തുന്നുവെന്ന് ഇയ്യോബിന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. എന്നാൽ യെഹൂദന്മാർ ഈ പാഠം ഗ്രഹിച്ചില്ല. ഇയ്യോബിന്റെ സ്നേഹിതന്മാർ വച്ചുപുലർത്തിയ തെറ്റായ ധാരണ യെഹൂദന്മാരും വച്ചുപുലർത്തിയിരുന്നു. അതുകൊണ്ടാണ് അവർ യേശുവിനെ തള്ളിക്കളഞ്ഞത്.

പാപവും കഷ്ടതയും തമ്മിൽ ഉള്ള ബന്ധത്തെക്കുറിച്ചു യെഹൂദന്മാർക്കുണ്ടായിരുന്ന ധാരണ തന്നെയാണു ക്രിസ്തുവിന്റെ ശിഷ്യന്മാർക്കും ഉണ്ടായിരുന്നത്. യേശു അവരുടെ തെറ്റായ ധാരണയെ തിരുത്തിയെങ്കിലും കഷ്ടതകൾക്കും രോഗങ്ങൾക്കുമുള്ള കാരണം വിശദമാക്കിയില്ല. എന്നാൽ അവയുടെ ഫലം എന്തായിരിക്കുമെന്നു പറഞ്ഞു. അവ മുഖാന്തരം ദൈവത്തിന്റെ പ്രവൃത്തി വെളിപ്പെടുന്നു. "ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ, ലോകത്തിന്റെ വെളിച്ചം ആകുന്നു"വെന്നു യേശു പറഞ്ഞു. അതിന്റെ ശേഷം കുരുടന്റെ കണ്ണിൽ ചേറു പൂശിയിട്ടു ശിലോഹാംകുളത്തിൽ പോയി കഴുകുവാൻ കല്പിച്ചു. കുരുടനായിരുന്ന ആ മനുഷ്യനു കാഴ്ച തിരിച്ചുകിട്ടി. ഇപ്രകാരം പ്രായോഗികമാർഗ്ഗത്തിലൂടെ ശിഷ്യന്മാരുടെ സംശയനിവാരണം വരുത്തി. ജിജ്ഞാസയിൽനിന്ന് ഉരുത്തിരിയുന്ന ചോദ്യങ്ങൾക്കു സാധാരണയായി യേശു ഉത്തരം നല്കിയതിപ്രകാരമായിരുന്നു. ആരു പാപം ചെയ്തു അഥവാ ആരു പാപം ചെയ്തില്ല എന്നതിനെക്കുറിച്ചു ചർച്ച ചെയ്വാൻ യേശു ആഗ്രഹിച്ചില്ല. നേരെമറിച്ച് അന്ധനു കാഴ്ച നല്കുന്ന ദൈവശക്തിയെയും ദൈവകൃപയെയും കുറിച്ചു തന്റെ ശിഷ്യന്മാർ മനസ്സിലാക്കുവാൻ യേശു ആഗ്രഹിച്ചു. ആ ചേറിലും, ആ കുളത്തിലും രോഗശമനത്തിനുള്ള പ്രത്യേക ശക്തികളൊന്നുമില്ലായിരുന്നു. എന്നാൽ കാഴ്ച നല്കുവാനുള്ള ശക്തി ക്രിസ്തുവിനുണ്ടായിരുന്നു.

കുരുടനു കാഴ്ച ലഭിച്ചതു കണ്ട പരീശന്മാർ അത്ഭുതപ്പെട്ടു. എങ്കിലും അവർക്കു യേശുവിനോടു വിദ്വേഷം വർദ്ധിക്കുകയാണുണ്ടായത്. കാരണം ഒരു ശബ്ബത്തുനാളിലായിരുന്നു ഈ അത്ഭുതപ്രവൃത്തി നടന്നത്.

ഈ കുരുടനായിരുന്ന യുവാവിന്റെ അയൽക്കാരും അവനെ അറിഞ്ഞവരും "ഇവനല്ലയോ അവിടെ ഇരുന്നു ഭിക്ഷ യാചിച്ചവൻ?" എന്നു പറഞ്ഞു സംശയത്തോടെ നോക്കി. കാഴ്ച ലഭിച്ചപ്പോൾ അവന്റെ മുഖഭാവം മാറി, കൂടുതൽ പ്രസന്നവദനനായി. അവൻ ആളു മാറിയതുപോലെ കാണപ്പെട്ടു. ഓരോരുത്തരും ഇതേ ചോദ്യം തന്നെ ചോദിച്ചു. "അവൻ തന്നെ എന്നു ചിലരും, അല്ല അവനെപ്പോലെയുള്ളവൻ എന്നു മറ്റുചിലരും പറഞ്ഞു." "ഞാൻ തന്നെ" എന്നു കാഴ്ച ലഭിച്ചവൻ പറഞ്ഞു. ഇതോടെ അനേകരുടെ സംശയങ്ങൾക്കു വിരാമമായി. തനിക്ക് എപ്രകാരം സൗഖ്യം വന്നുവെന്നും സൗഖ്യമാക്കിയത് ആരെന്നും അവൻ അവരോടു പറഞ്ഞു. "അവൻ എവിടെ" എന്നു ചോദിച്ചതിന്, "ഞാൻ അറിയുന്നില്ലാ"യെന്ന് അവൻ പറഞ്ഞു.

പിന്നെ അവനെ പരീശന്മാരുടെ ഒരു സംഘത്തിലേക്കു കൊണ്ടുവന്നു. എപ്രകാരം അവനു കാഴ്ച ലഭിച്ചുവെന്നു വീണ്ടും അവർ അവനോടു ചോദിച്ചു. "അവൻ അവരോട്: അവൻ എന്റെ കണ്ണിന്മേൽ ചേറു തേച്ചു. ഞാൻ കഴുകി, കാഴ്ച പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞു. പരീശന്മാരിൽ ചിലർ: ഈ മനുഷ്യൻ ശബ്ബത്ത് പ്രമാണിക്കായ്കകൊണ്ടു ദൈവത്തിന്റെ അടുക്കൽനിന്നു വന്നവനല്ല എന്നു പറഞ്ഞു." യേശുവിനെ ഒരു പാപിയായി ചിത്രീകരിക്കുവാനും, യേശു മശീഹയല്ലെന്നു സ്ഥാപിക്കുവാനും പരീശന്മാർ ശ്രമിച്ചു.

ശബ്ബത്തിനെ മനുഷ്യർക്കു നല്കുകയും, അത് എപ്രകാരം അനുഷ്ഠിക്കണ മെന്നറിയുന്നവനുമാണ്, ഈ അന്ധനെയും സൗഖ്യമാക്കിയത് എന്നു പരീശന്മാർ മനസ്സിലാക്കിയില്ല. തങ്ങൾ ശബ്ബത്തനുഷ്ഠിക്കുന്നവരെന്നു പരീശന്മാർ ഭാവിച്ചുവെങ്കിലും ശബ്ബത്തുനാളിൽ കൊലനടത്തുവാൻ അവർ തയ്യാറെടുക്കുകയായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ഈ അത്ഭുതപ്രവൃത്തിയെക്കുറിച്ചു കേട്ട അനേകർക്കു ഹൃദയത്തിൽ ചലനം ഉണ്ടാവുകയും, കുരുടനു കാഴ്ച നല്കിയ ആൾ ദൈവമനുഷ്യൻ എന്നു ബോധ്യപ്പെടുകയും ചെയ്തു. യേശു ശബ്ബത്തിൽ സൗഖ്യമാക്കിയതുകൊണ്ട്, ഒരു കല്പനാലംഘനക്കാരൻ എന്ന ആരോപണമുയർന്നപ്പോൾ അവർ പറഞ്ഞു: "പാപിയായൊരു മനുഷ്യന് ഇങ്ങനെയുള്ള അടയാളങ്ങൾ ചെയ്‌വാൻ എങ്ങനെ കഴിയും?"

വീണ്ടും റബ്ബിമാർ കുരുടനായിരുന്നവനോടു ചോദിച്ചു: "നിന്റെ കണ്ണു തുറന്നതുകൊണ്ടു നീ അവനെക്കുറിച്ച് എന്തു പറയുന്നു?" "അവൻ ഒരു പ്രവാചകൻ എന്ന് അവൻ പറഞ്ഞു." ഇവൻ കുരുടനായി പിറന്നവനല്ല; കാഴ്ച വീണ്ടുകിട്ടിയതല്ല എന്നും പരീശന്മാർ വാദിച്ചു. പരീശന്മാർ അവന്റെ മാതാപിതാക്കളെ വിളിച്ചു ചോദിച്ചു: "കുരുടനായി ജനിച്ചുവെന്നു നിങ്ങൾ പറയുന്ന നിങ്ങളുടെ മകൻ ഇവൻ തന്നെയോ?"

തങ്ങളുടെ കണ്ണുകൾകൊണ്ടു കണ്ട തെളിവിനെ അംഗീകരിക്കുവാൻ പരീശന്മാർക്കു മനസ്സില്ലായിരുന്നു. തങ്ങൾക്കു തെറ്റിപ്പോയി എന്നു സമ്മതിക്കുവാൻ അവർക്കു കഴിഞ്ഞില്ല. അവരുടെ വിദ്വേഷം ശക്തവും സ്വയനീതിയും വക്രത നിറഞ്ഞതുമായിരുന്നു.

പരീശന്മാർക്ക് ഒരു പ്രത്യാശകൂടി അവശേഷിച്ചിരുന്നു. അത് അവന്റെ മാതാപിതാക്കളെ ഭീഷണിപ്പെടുത്തുക എന്നതായിരുന്നു. നിഷ്കളങ്കർ എന്ന നാട്യത്തിൽ അവർ ചോദിച്ചു: "അവന് ഇപ്പോൾ കണ്ണു കാണുന്നത് എങ്ങനെ?" മകന് അനുകൂലമായി സംസാരിക്കുവാൻ ആ മാതാപിതാക്കൾ ഭയപ്പെട്ടു. കാരണം യേശുവിനെ ആരെങ്കിലും മശീഹയെന്ന് അംഗീകരിച്ചാൽ ആ വ്യക്തിയെ പള്ളിഭ്രഷ്ടനാക്കുമെന്നു നേരത്തേ പ്രസ്താവിച്ചിരുന്നു. പള്ളിഭ്രഷ്ടനാക്കുക എന്നാൽ മുപ്പതു ദിവസത്തേക്കു പള്ളിയിൽനിന്ന് അകറ്റി നിർത്തുക എന്നതായിരുന്നു. ഈ കാലഘട്ടത്തിൽ പള്ളിഭ്രഷ്ടരാക്കപ്പെട്ട ആളുകളുടെ മക്കളെ പരിച്ഛേദന കഴിപ്പിക്കുകയോ അവരുടെ ഭവനത്തിൽ മരണമുണ്ടായാൽ അവിടെ വിലപിക്കുവാനായി ആരും പോകയോ ചെയ്യുമായിരുന്നില്ല. ഈ ശിക്ഷയെ എല്ലാവരും ഭയപ്പെട്ടിരുന്നു. ഈ ശിക്ഷകൊണ്ടു കുറ്റക്കാരനിൽ മാറ്റമുണ്ടാകുന്നില്ലെങ്കിൽ, ഇതിനെക്കാൾ കടുത്ത ശിക്ഷ നല്കുമായിരുന്നു. തങ്ങളുടെ മകനു ലഭിച്ച സൗഖ്യം ആ മാതാപിതാക്കൾക്കു ബോധ്യമായിരുന്നെങ്കിലും അവർ ഇങ്ങനെ മറുപടി പറഞ്ഞു: "ഇവൻ ഞങ്ങളുടെ മകൻ എന്നും, കുരുടനായി ജനിച്ചവൻ എന്നും ഞങ്ങൾ അറിയുന്നു. എന്നാൽ കണ്ണു കാണുന്നത് എങ്ങനെ എന്ന് അറിയുന്നില്ല. അവന്റെ കണ്ണ് ആരു തുറന്നുവെന്നും അറിയുന്നില്ല. അവനോടു ചോദിപ്പിൻ;

അവനു പ്രായം ഉണ്ടല്ലോ. അവൻ തന്നെ പറയും.'' ഇങ്ങനെ മറുപടി പറയുന്ന ചുമതല അവർ മകന്റെമേൽ ചുമത്തി. എന്തെന്നാൽ അവർക്കു ക്രിസ്തുവിനെ സാക്ഷീകരിക്കുവാൻ ഭയമായിരുന്നു.

പരീശന്മാർ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങിയതും, അവർക്കു ക്രിസ്തുവിനോടുണ്ടായിരുന്ന മുൻവിധിയും, യാഥാർത്ഥ്യങ്ങളുടെ നേരെ അവർ കണ്ണടച്ചതുമെല്ലാം സാധാരണക്കാരായ ജനം മനസ്സിലാക്കി. യേശുവിന്റെ അത്ഭുതപ്രവൃത്തികൾ പരസ്യമായിട്ടാണു നടത്തിയിരുന്നത്. മനുഷ്യന്റെ വേദനകൾ അകറ്റുന്നതിനായിരുന്നു ക്രിസ്തു അത്ഭുതങ്ങൾ പലപ്പോഴും പ്രവർത്തിച്ചത്. അനേക മനസ്സിൽ ഉണ്ടായിരുന്ന ചോദ്യം ഇതായിരുന്നു: ആ വഞ്ചകന് ഇങ്ങനെ പ്രവർത്തിക്കുവാൻ കഴിയുമോ? പരീശന്മാർ യേശുവിനെ വഞ്ചകൻ എന്നായിരുന്നു വിളിച്ചിരുന്നത്. യേശു വിനെ അനുകൂലിച്ചും പ്രതികൂലിച്ചും വാദപ്രതിവാദങ്ങൾ നടന്നു.

തങ്ങളുടെ എതിർപ്പുമൂലം യേശുവിനു വളരെ പ്രസിദ്ധി ലഭിക്കുന്നുവെന്നു പരീശന്മാർക്കു തോന്നി. യേശു ചെയ്ത അത്ഭുതപ്രവൃത്തിയെ നിഷേധി ക്കുവാൻ സാദ്ധ്യമായിരുന്നില്ല. സൗഖ്യം പ്രാപിച്ച മനുഷ്യൻ നന്ദിയും ആഹ്ലാദവും ഉള്ളവനായിരുന്നു. പ്രകൃതിയിലെ അത്ഭുതക്കാഴ്ചകളെ അവൻ കണ്ടാസ്വദിച്ചു. ആകാശത്തിന്റെയും ഭൂമിയുടെയും ഭംഗി അവൻ കണ്ടു. തന്റെ അനുഭവങ്ങളെ അവൻ അവിരാമം സാക്ഷീകരിച്ചുകൊണ്ടിരുന്നു. പരീശന്മാർ അവനെ മിണ്ടാതാക്കുവാൻ ശ്രമിച്ചു. അവർ പറഞ്ഞു: "ദൈവത്തിനു മഹത്വം കൊടുക്ക; ആ മനുഷ്യൻ പാപി എന്നു ഞങ്ങൾ അറിയുന്നു." അതിന്റെ അർത്ഥം: ഈ മനുഷ്യൻ നിനക്കു കാഴ്ച തന്നു എന്നു നീ പറയരുത്. നിനക്കു കാഴ്ച തന്നതു ദൈവമാണ്.

സൗഖ്യം പ്രാപിച്ച കുരുടൻ പറഞ്ഞു: "അവൻ പാപിയോ അല്ലയോ എന്നു ഞാനറിയുന്നില്ല. ഒന്ന് അറിയുന്നു; ഞാൻ കുരുടനായിരുന്നു, ഇപ്പോൾ കണ്ണു കാണുന്നു."

പരീശന്മാർ വീണ്ടും അവനെ ചോദ്യം ചെയ്തു: "അവൻ നിനക്ക് എന്തു ചെയ്തു? നിന്റെ കണ്ണ് എങ്ങനെ തുറന്നു?" അനേക ചോദ്യങ്ങൾ ചോദിച്ച് അവനെ ചിന്താക്കുഴപ്പത്തിലാക്കാൻ അവർ ഉദ്യമിച്ചു. അവൻ വഞ്ചിക്ക പ്പെട്ടിരിക്കുന്നു എന്ന് അവനെ ബോധ്യപ്പെടുത്തുവാൻ അവർ ശ്രമിച്ചു. സാത്താനും, അവന്റെ അനുയായികളും പരീശന്മാരുടെ പക്ഷത്തായിരുന്നു. ക്രിസ്തുവിനെതിരായി പ്രവർത്തിക്കുവാൻ പിശാചുക്കളുടെ കൗശലവും മനുഷ്യന്റെ ചിന്തയും ഒന്നിച്ചുകൂടി. അനേക ഹൃദയങ്ങളിൽ അങ്കുരിച്ച പശ്ചാത്താപമനോഭാവത്തെ പൈശാചികശക്തികൾ നശിപ്പിച്ചുകളഞ്ഞു. കാഴ്ച വീണ്ടുകിട്ടിയ മനുഷ്യനെ ധൈര്യപ്പെടുത്തുവാൻ ദൈവദൂതന്മാരും രംഗത്തുണ്ടായിരുന്നു.

കുരുടനായി പിറന്ന ആ മനുഷ്യനോടു മാത്രമാണു തങ്ങൾ പോരാടുന്നത് എന്നു പരീശന്മാർ വിചാരിച്ചു. അവർ യഥാർത്ഥത്തിൽ ആരോടാണു

പോരാടുന്നത് എന്ന് അറിഞ്ഞില്ല. കുരുടനായിരുന്നവന്റെ ഉള്ളിൽ ദിവ്യ പ്രകാശം വീശിക്കൊണ്ടിരുന്നു. അവനെ അവിശ്വാസിയാക്കിത്തീർക്കുവാൻ പരീശന്മാർ ശ്രമിച്ചപ്പോൾ അവൻ പരാജിതനാകാതിരിപ്പാൻ ദൈവം അവനെ സഹായിച്ചു. പരീശന്മാരുടെ കുത്സിതചോദ്യങ്ങൾക്ക് അവൻ തക്ക മറുപടി നല്കി. അവൻ അവരോടു പറഞ്ഞു: "ഞാൻ നിങ്ങളോടു പറഞ്ഞുവല്ലോ; നിങ്ങൾ ശ്രദ്ധിച്ചില്ല. വീണ്ടും കേൾപ്പാനിച്ഛിക്കുന്നതെന്ത്? നിങ്ങൾക്കും അവന്റെ ശിഷ്യന്മാർ ആകുവാൻ മനസ്സുണ്ടോ?" പരീശന്മാർ കോപത്തോടെ അവനോടു പറഞ്ഞു: "നീ അവന്റെ ശിഷ്യൻ; ഞങ്ങൾ മോശെയുടെ ശിഷ്യന്മാർ. മോശെയോടു ദൈവം സംസാരിച്ചുവെന്നു ഞങ്ങൾ അറിയുന്നു; ഇവനോ എവിടെനിന്ന് എന്നറിയുന്നില്ല."

ആ കുരുടനായിരുന്നവൻ കടന്നുപോയ അഗ്നിപരീക്ഷ യേശു മനസ്സിലാക്കി. ക്രിസ്തുവിന്റെ സാക്ഷിയാകുവാനുള്ള കൃപകളും, ശക്തിയായ ഉത്തരം നല്കാനുള്ള കഴിവും ക്രിസ്തു അവനു നല്കി. തന്നെ ചോദ്യം ചെയ്തവരെ മിണ്ടാതാക്കുവാൻ പറ്റിയ ഉത്തരങ്ങൾ അവൻ നല്കി. തങ്ങൾക്കു തിരുവെഴുത്തുകളിൽ അവഗാഢമായ പാണ്ഡിത്യം ഉണ്ടെന്നു പരീശന്മാർ ഭാവിച്ചെങ്കിലും, ക്രിസ്തുവിന്റെ ദൗത്യത്തെക്കുറിച്ചും വേലയെക്കുറിച്ചും പരീശന്മാർ അജ്ഞരായിരുന്നു. കുരുടനായിരുന്നവൻ പരീശന്മാരോടു പറഞ്ഞു: "എന്റെ കണ്ണു തുറന്നിട്ടും അവൻ എവിടെനിന്ന് എന്നു നിങ്ങൾ അറിയാത്തതു ആശ്ചര്യം. പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ലായെന്നും, ദൈവഭക്തനായിരുന്ന് അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന കേൾക്കുന്നുവെന്നും നാം അറിയുന്നു. കുരുടനായിപ്പിറന്നവന്റെ കണ്ണ് ആരെങ്കിലും തുറന്നപ്രകാരം ലോകമുണ്ടായതുമുതൽ കേട്ടിട്ടില്ല. ദൈവത്തിന്റെ അടുക്കൽനിന്നു വന്നവനല്ലെങ്കിൽ അവന് ഒന്നും ചെയ്‌വാൻ കഴിയുകയില്ല."

ഈ മനുഷ്യൻ അവനെ വിമർശിച്ചവരെ അവരുടെ പാളയത്തിൽ കടന്ന് ആക്രമിച്ചു. യേശുവിൽനിന്നു സൗഖ്യം പ്രാപിച്ച ആ മനുഷ്യന്റെ ചോദ്യങ്ങൾക്കുത്തരം നല്കാൻ ആ പരീശന്മാർക്കു കഴിഞ്ഞില്ല. അവർ അവന്റെ ചോദ്യങ്ങൾക്കു മുമ്പിൽ നിസ്സഹായരായിരുന്നു. കുറെ നേരത്തേക്ക് അവിടെ നിശ്ശബ്ദത പരന്നു. കോപിഷ്ഠരായ പരീശന്മാർ അവരുടെമേൽ വസ്ത്രങ്ങൾ വാരിച്ചുറ്റിക്കൊണ്ട്, ഒരു അശുദ്ധനായ മനുഷ്യന്റെ മുമ്പിലെന്നപോലെ നിന്നു. തങ്ങളുടെ കാലിലെ പൊടി തട്ടിക്കുടഞ്ഞുകൊണ്ടു പരീശന്മാർ അവനെ തിരായി ശാപവചനങ്ങൾ ചൊരിഞ്ഞു. "നീ മുഴുവനും പാപത്തിൽ പിറന്നവൻ; നീ ഞങ്ങളെ ഉപദേശിക്കുന്നുവോ?" അവർ അവനെ പള്ളിയിൽനിന്നു പുറത്താക്കിക്കളഞ്ഞു.

യേശു പരീശന്മാർ ചെയ്ത പ്രവൃത്തി അറിഞ്ഞു. അധികം താമസിയാതെ സൗഖ്യമായ ആ മനുഷ്യനെ യേശു കണ്ടു. യേശു അവനോടു ചോദിച്ചു: "നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ?"

തനിക്കു കാഴ്ച നല്കിയ ദൈവപുത്രന്റെ മുഖത്തേക്ക് അവൻ ആദ്യ മായി നോക്കി. പരീശന്മാരുടെ മുമ്പാകെ ഭയചകിതരായി നില്ക്കുന്ന തന്റെ മാതാപിതാക്കളെയും അവൻ കണ്ടിരുന്നു. കോപാന്ധരായ റബ്ബിമാരുടെ മുഖങ്ങളും അവൻ കണ്ടു. ശാന്തത സ്ഫുരിക്കുന്ന യേശുവിന്റെ മുഖത്തേക്ക് അവൻ കണ്ണുകൾ തറപ്പിച്ചു നോക്കിനിന്നു. വലിയ വില നല്കിക്കൊണ്ടു യേശുവിനെ ദൈവിക ശക്തിയുടെ ഒരു പ്രതിനിധിയായി അവൻ അംഗീ കരിച്ചു. ഇപ്പോൾ കുറേക്കൂടി ഉന്നതമായ വെളിപ്പാട് അവനു നല്കപ്പെട്ടു. "നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ" എന്ന യേശുവിന്റെ ചോദ്യത്തിന്, അവൻ മറുപടി നല്കിയത് ഒരു ചോദ്യം ചോദിച്ചുകൊണ്ടായിരുന്നു. "യജമാനനേ, അവൻ ആരാകുന്നു? ഞാൻ അവനിൽ വിശ്വസിക്കാം. യേശു അവനോട്: നീ അവനെ കണ്ടിട്ടുണ്ട്; നിന്നോടു സംസാരിക്കുന്നവൻ അവൻ തന്നെ എന്നു പറഞ്ഞു." ഉടനെത്തന്നെ അവൻ യേശുവിന്റെ പാദാന്തിക ത്തിൽ വീണു നമസ്കരിച്ചു. അവനു ബാഹ്യമായ കാഴ്ച ലഭിക്കുക മാത്രമായിരുന്നില്ല, അവന്റെ ആന്തരിക കണ്ണുകളും തുറക്കപ്പെട്ടു. അവൻ ക്രിസ്തുവിനെ സ്വന്തരക്ഷകനായി സ്വീകരിച്ചു.

ഒരു കൂട്ടം പരീശന്മാർ യേശുവിന്റെ ചുറ്റും കൂടി. തന്റെ വാക്കുകളും പ്രവർത്തനങ്ങളും വിവിധ ആളുകളിൽ വരുത്തുന്ന വിവിധങ്ങളായ പ്രതികരണങ്ങളെക്കുറിച്ചു യേശു ചിന്തിച്ചു. യേശു അവരോടു പറഞ്ഞു: "കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആകുവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു." കുരുടന്മാരുടെ കണ്ണു കളെ തുറക്കുവാനും, ഇരുട്ടിൽ ഇരിക്കുന്നവർക്കു വെളിച്ചം നല്കുവാനും യേശു വന്നു. "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്നു യേശു തന്നെ ക്കുറിച്ചു സാക്ഷ്യം പറഞ്ഞു. തന്റെ ദൗത്യത്തിന്റെ സാക്ഷ്യപ്പെടുത്ത ലായിരുന്നു ആ കുരുടനെ സൗഖ്യമാക്കിയത്. യേശുവിനെ മുഖാമുഖം കണ്ടവർ ഭാഗ്യവാന്മാർ ആയിരുന്നു. ദൈവിക സാന്നിദ്ധ്യം അനുഭവിപ്പാൻ അവർക്കു മുമ്പുണ്ടായിരുന്നവരെക്കാൾ കൂടുതൽ ഭാഗ്യം ലഭിച്ചു. കർത്താവിന്റെ ആഗമനത്തിൽ ദൈവിക പരിജ്ഞാനം സമ്പൂർണ്ണമായി വെളിപ്പെടുത്തപ്പെട്ടു. എന്നാൽ അതോടൊപ്പംതന്നെ മനുഷ്യന്റെമേൽ ന്യായവിധി വന്നു. അവന്റെ സ്വഭാവം പരിശോധനയ്ക്കു വിധേയമാക്കപ്പെട്ടു. അവന്റെ ഭാവിഭാഗധേയവും വിധിക്കപ്പെട്ടു.

ആ കുരുടന് ആത്മികവും ഭൗമികവുമായ കാഴ്ച നല്കിയ അതേ വെളി പ്പാടു പരീശന്മാരെ കൂടുതൽ അന്ധകാരത്തിലാഴ്ത്തി. അവർ ക്രിസ്തുവി നോടു ചോദിച്ചു: "ഞങ്ങളും കുരുടരോ?" യേശു മറുപടി പറഞ്ഞു: "നിങ്ങൾ കുരുടർ ആയിരുന്നുവെങ്കിൽ നിങ്ങൾക്കു പാപം ഇല്ലായിരുന്നു." സത്യം കാണുവാൻ കഴിയാതവണ്ണം നിങ്ങളെ അജ്ഞരാക്കിയതു ദൈവമായിരുന്നു വെങ്കിൽ, നിങ്ങൾ കുറ്റക്കാരാകയില്ലായിരുന്നു. "എന്നാൽ: ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നു." സ്വന്ത ശക്തിയിൽ ആശ്രയിച്ച്, കാഴ്ച പ്രാപി ക്കാനുള്ള ഏകമാർഗ്ഗത്തെ നിങ്ങൾ തിരസ്കരിക്കുന്നു. എന്നാൽ തങ്ങളുടെ നിസ്സഹായാവസ്ഥയെക്കുറിച്ചു പരിതപിക്കുന്നവർക്കു സഹായം നല്കുവാ

നായി കരുണയുള്ള കർത്താവു വന്നിരിക്കുന്നു. പരീശന്മാർ ഒരിക്കലും തങ്ങളുടെ കുറവിനെക്കുറിച്ചു ബോധമുള്ളവരല്ല. ക്രിസ്തുവിന്റെ കൃപ സ്വീകരിപ്പാൻ അവർ ഒരുക്കമുള്ളവരായിരുന്നില്ല. അതുകൊണ്ട് അവർ കുരുടരായി കഴിയേണ്ടിവന്നു. അവരുടെ അന്ധതയ്ക്ക് അവർ തന്നെയായിരുന്നു കാരണക്കാർ. യേശു അവരോടു പറഞ്ഞു: “നിങ്ങളുടെ പാപം നില്ക്കുന്നു.”

# 52

# നല്ല ഇടയൻ

**അവലംബം: യോഹന്നാൻ 10:1–30**

“ഞാൻ നല്ല ഇടയനാകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു.” “ഞാൻ നല്ല ഇടയൻ; പിതാവ് എന്നെ അറികയും ഞാൻ പിതാവിനെ അറികയും ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറികയും എനിക്കുള്ളവ എന്നെ അറികയും ചെയ്യുന്നു. ആടുകൾക്കു വേണ്ടി ഞാൻ എന്റെ ജീവനെ കൊടുക്കുന്നു.”

കേൾവിക്കാർക്കു പരിചിതമായ കാര്യങ്ങളിലൂടെ യേശു അവരുടെ മനസ്സുകളെ തന്നിലേക്ക് ആകർഷിച്ചു. കുളിർമ്മ നല്കുന്നതും നവോന്മേഷം പ്രദാനം ചെയ്യുന്നതുമായ ജലത്തോടു ദൈവാത്മാവിന്റെ ശക്തിയെ യേശു ഉപമിച്ചു. പ്രകൃതിക്കും മനുഷ്യനും ആനന്ദവും ചൈതന്യവും നല്കുന്ന സൂര്യപ്രകാശത്തോടു യേശു സ്വയം തുലനം ചെയ്തു. തന്നിൽ വിശ്വസി ക്കുന്നവരോട്, തനിക്കുള്ള ബന്ധത്തെ, വിശദീകരിക്കുന്നതിന് ഇടയനും ആടുകളും തമ്മിലുള്ള ബന്ധത്തിന്റെ ചിത്രം യേശു വരച്ചുകാട്ടി. ഇതിനെ ക്കാൾ സമുചിതമായ ഒരു ചിത്രീകരണം തന്റെ കേൾവിക്കാരെ സംബന്ധി

ച്ചിടത്തോളം വേറെ ഇല്ലായിരുന്നു. താൻ മനുഷ്യവർഗ്ഗത്തിന്റെ ഇടയനാകുന്നുവെന്നു യേശു പ്രസ്താവിച്ചു. ശിഷ്യന്മാരുടെ നിത്യജീവിതത്തിൽ സുപരിചിതമായ ഒരു കാഴ്ചയായിരുന്നു ആടുകളും ഇടയനും തമ്മിലുള്ള ബന്ധം. യേശു നല്കിയ പാഠം എപ്പോഴും ഓർക്കുന്നതിന് ഏറ്റവും അനുയോജ്യമായ സാധനപാഠമായിരുന്നു ആടുകളും ഇടയനും. ഓരോ നല്ല ഇടയനെയും കാണുമ്പോൾ, യേശുവിന്റെ രൂപം അവരുടെ മനസ്സിൽ ഓടിയെത്തുമായിരുന്നു. നിസ്സഹായത അനുഭവിക്കുന്ന ഏതൊരാടിനെ കാണുമ്പോഴും, തങ്ങളുടെ നിസ്സഹായതയെക്കുറിച്ചു ശിഷ്യന്മാർക്ക് ഓർമ്മവന്നു.

ക്രിസ്തുവിന്റെ ദൗത്യത്തെ വർണ്ണിക്കുവാൻ യെശയ്യാവ് ഇടയന്റെയും ആടുകളുടെയും ചിത്രമാണുപയോഗിക്കുന്നത്. "സുവാർത്താദൂതിയായ സീയോനേ, നീ ഉയർന്ന പർവ്വതത്തിലേക്കു കയറിച്ചെല്ലുക; സുവാർത്താദൂതിയായ യെരൂശലേമേ, നിന്റെ ശബ്ദം ശക്തിയോടെ ഉയർത്തുക; യെഹൂദനഗരങ്ങളോട്: ഇതാ, നിങ്ങളുടെ ദൈവം എന്നു പറക... ഒരു ഇടയനെപ്പോലെ അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുകയും, കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തു മാർവ്വിടത്തിൽ ചേർത്തു വഹിക്കുകയും, തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും" (യെശ. 40:9-11). ദാവീദ് ഇപ്രകാരം പാടി: "യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല" (സങ്കീ. 23:1). യെഹെസ്കേൽ പരിശുദ്ധാത്മനിറവിൽ എഴുതി: "അവയെ മേയിക്കേണ്ടതിനു ഞാൻ ഒരേ ഇടയനെ അവയ്ക്കായി നിയമിക്കും. അവൻ അവയെ മേയിച്ച് അവയ്ക്ക് ഇടയനായിരിക്കും. കാണാതെപോയതിനെ ഞാൻ അന്വേഷിക്കുകയും, ഓടിച്ചുകളഞ്ഞതിനെ തിരിച്ചുവരുത്തുകയും, ഒടിഞ്ഞതിനെ മുറിവുകെട്ടുകയും, ദീനംപിടിച്ചതിനെ ശക്തീകരിക്കുകയും ചെയ്യും. ഞാൻ അവയോട് ഒരു സമാധാനനിയമം ചെയ്യും. അവർ ഇനി ജാതികൾക്കു കവർച്ചയായിത്തീരുകയില്ല; അവർ നിർഭയമായി വസിക്കും; ആരും അവരെ ഭയപ്പെടുത്തുകയുമില്ല" (യെഹെ. 34:23,16,25,28).

ഈ പ്രവചനങ്ങളെ തന്നോടുതന്നെ യേശു ബന്ധിപ്പിച്ചു. യേശുവിന്റെ സ്വഭാവവും യിസ്രായേല്യനേതാക്കളുടെ സ്വഭാവവും തമ്മിലുള്ള അന്തരം യേശുവിന്റെ ജീവിതത്തിൽ തെളിഞ്ഞുകാണാമായിരുന്നു. ക്രിസ്തുവിന്റെ ശക്തിയെ സാക്ഷീകരിക്കുവാൻ ഒരു യെഹൂദൻ ശ്രമിച്ചപ്പോൾ അവനെ തങ്ങളുടെ കൂട്ടത്തിൽനിന്നു പരീശന്മാർ പുറംതള്ളി. സത്യ ഇടയനെ കണ്ടെത്തിയ ഒരാളിനെയാണ് അവർ തള്ളിയത്. ദൈവവേലയെക്കുറിച്ചുള്ള അജ്ഞതയാണ് അവർ ഈ പ്രവൃത്തിയിലൂടെ പ്രകടമാക്കിയത്. ഇടയന്മാരെന്ന ജോലിക്കു തങ്ങൾ അയോഗ്യരെന്നു പരീശന്മാർ സ്വയം വെളിപ്പെടുത്തി. ഒരു നല്ല ഇടയൻ ഒരിക്കലും അവരെപ്പോലെയല്ല എന്നു യേശു പറഞ്ഞു. തന്നെക്കുറിച്ച് "നല്ല ഇടയൻ" എന്നു യേശു വിശേഷിപ്പിച്ചു. അതിനു മുമ്പായി തന്നെക്കുറിച്ചു വേറൊരു ആലങ്കാരികപദം യേശു ഉപയോഗിച്ചു.

"ആട്ടിൻതൊഴുത്തിൽ വാതിലിലൂടെ കടക്കാതെ വേറെ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു." "വാതിലിലൂടെ കടക്കുന്നവനോ, ആടുകളുടെ ഇടയൻ ആകുന്നു." തങ്ങൾക്കെതിരായിട്ടാണ്

ഈ വാക്കുകൾ പറഞ്ഞതെന്നു പരീശന്മാർ ഗ്രഹിച്ചില്ല. ഇതിന്റെ അർത്ഥ മെന്തെന്ന് അവർ ആലോചിച്ചുകൊണ്ടിരുന്നപ്പോൾ, യേശു അവരോടു പറഞ്ഞു: "ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും; അവൻ അകത്തുവരികയും പുറത്തുപോകയും മേച്ചിൽ കണ്ടെത്തുകയും ചെയ്യും. മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനുമല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമത്രേ ഞാൻ വന്നിരിക്കുന്നത്."

ദൈവത്തിന്റെ ആടുകൾക്കു ക്രിസ്തു വാതിൽ ആകുന്നു. എല്ലാ കാലഘട്ടങ്ങളിലുമുള്ള ദൈവമക്കൾ ദൈവരാജ്യത്തിലേക്കു പ്രവേശനം പ്രാപിച്ചത് ഈ വാതിലിൽക്കൂടെയാണ്. പ്രതീകങ്ങളിൽക്കൂടിയും, പ്രവാചക ന്മാർക്കു നല്കിയിട്ടുള്ള ദർശനങ്ങൾ, അപ്പൊസ്തലന്മാർക്കു ലഭിച്ച ഉപദേശ ങ്ങൾ, യേശുവിന്റെ അത്ഭുതപ്രവൃത്തികൾ തുടങ്ങിയവയിൽക്കൂടെയും "ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവകുഞ്ഞാടിനെ" മനുഷ്യർ കണ്ടു. യേശുവിലൂടെയാണു മനുഷ്യർ സങ്കേതനഗരങ്ങളിലേക്കു വരുന്നത്. അനേകർ മറ്റു വാഗ്ദാനങ്ങൾ നല്കിക്കൊണ്ടു ലോകത്തിലേക്കു വന്നിട്ടുണ്ട്. തങ്ങൾ കണ്ടുപിടിച്ചിരിക്കുന്ന ചടങ്ങുകളും ആചാരങ്ങളുംകൊണ്ടു രക്ഷ നേടാമെന്നു ചിലർ കരുതുന്നു. എന്നാൽ ക്രിസ്തു മാത്രമാണു രക്ഷയി ലേക്കുള്ള ഏകവാതിൽ. ക്രിസ്തുവിനു പകരം മറ്റൊരാളെ സ്ഥാപിക്കുന്ന വരും, ക്രിസ്തുവിനെക്കൂടാതെ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ ശ്രമി ക്കുന്നവരും കള്ളന്മാരും കവർച്ചക്കാരും ആകുന്നു.

യഥാർത്ഥ വാതിലിലൂടെ പരീശന്മാർ പ്രവേശിച്ചില്ല. ക്രിസ്തുവിനെ വെടിഞ്ഞു മറ്റു മാർഗ്ഗങ്ങളിലൂടെ അവർ ആലയങ്ങളിൽ കയറുവാൻ ശ്രമിച്ചു. സത്യ ഇടയന്റെ ചുമതല അവർ നിറവേറ്റിയില്ല. പരീശന്മാരും ശാസ്ത്രിമാരും യെഹൂദപ്രമാണികളും ജീവന്റെ മേച്ചിൽപ്പുറം നശിപ്പിച്ചു. ജീവജലത്തിന്റെ ഉറവുകളെ അവർ മലീമസമാക്കി. ഇപ്രകാരമുള്ള വ്യാജ ഇടയന്മാരെക്കുറിച്ചു തിരുവെഴുത്തുകൾ പറയുന്നു: "നിങ്ങൾ ബലഹീനമായതിനെ ശക്തീ കരിക്കയോ, ദീനംപിടിച്ചതിനെ ചികിത്സിക്കയോ, ഒടിഞ്ഞതിനെ മുറിവുകെട്ടു കയോ, ചിതറിപ്പോയതിനെ തിരിച്ചുവരുത്തുകയോ... ചെയ്യാതെ കഠിനത യോടും ക്രൂരതയോടും കൂടെ അവയെ ഭരിച്ചിരിക്കുന്നു" (യെഹെ. 34:4).

ആത്മീയ സംതൃപ്തി നല്കുന്നതിനുവേണ്ടി ലോകത്തിൽ, വിവിധ കാലഘട്ടങ്ങളിൽ, പല താത്വികചിന്തകന്മാരും ഉപദേഷ്ടാക്കളും എഴുന്നേറ്റി ട്ടുണ്ട്. ക്രൈസ്തവേതര രാജ്യങ്ങളിൽ, ക്രിസ്തുവിനെക്കൂടാതെയുള്ള മോക്ഷപ്രാപ്തിയെക്കുറിച്ച്, വലിയ മതസംഘടനകളും മറ്റും പഠിപ്പിക്കുന്നു. മനുഷ്യർക്കു നന്മമാത്രം ചെയ്യുന്ന ദൈവത്തിൽനിന്നു മനുഷ്യരുടെ ശ്രദ്ധയെ അകറ്റി, ദൈവത്തെക്കുറിച്ചു വികലമായ ധാരണ നല്കുകയാണിവർ ചെയ്യുന്നത്. സ്രഷ്ടാവും വീണ്ടെടുപ്പുകാരനുമായ ദൈവത്തെ അറിയുവാൻ അവർ മനുഷ്യരെ അനുവദിക്കുന്നില്ല. അവർ ദൈവത്തെയും, മനുഷ്യനെയും കവർച്ചചെയ്യുന്നു. ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചു മനസ്സിലാക്കാതെ ഭീതിയിലും നിരാശയിലും മനുഷ്യർ മൃഗതുല്യരായി അവിടെ കഴിയുന്നു.

ദൈവകൃപയുടെ സുവിശേഷത്തിനു മാത്രമേ, മനുഷ്യാത്മാവിനെ ഉദ്ധരിക്കുവാൻ കഴിയൂ. ദൈവപുത്രനിൽക്കൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ സ്നേഹം മനുഷ്യഹൃദയത്തെ സ്പർശിക്കുകയും ആത്മീയ ശക്തി നല്കുകയും ചെയ്യുന്നു. ദൈവത്തിന്റെ സ്വരൂപം മനുഷ്യനിൽ പുനഃസ്ഥാപിക്കുന്നതിനാണു ക്രിസ്തു വന്നത്. ക്രിസ്തുവിൽനിന്ന് ഒരുവനെ അകറ്റുന്നത്, യഥാർത്ഥ വളർച്ചയുടെ ഉറവിങ്കൽനിന്നു മാറ്റുന്നതിനു തുല്യമാണ്. അതു ജീവിതത്തിന്റെ ഉന്നമനത്തെയും ഉദ്ദേശ്യത്തെയും അപഹരിക്കുന്നു.

"വാതിലിലൂടെ കടക്കുന്നവനോ, ആടുകളുടെ ഇടയൻ ആകുന്നു." ക്രിസ്തു വാതിലും, അതേസമയംതന്നെ ഇടയനും ആകുന്നു. തന്നിൽക്കൂടെത്തന്നെ ക്രിസ്തു അകത്തു പ്രവേശിക്കുന്നു. തന്റെ അതുല്യമായ യാഗത്താലത്രേ, യേശു, ആടുകളുടെ ഇടയൻ ആയിത്തീർന്നത്. "അവനു വാതിൽ കാവൽക്കാരൻ തുറന്നുകൊടുക്കുന്നു; ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു; തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ചു പുറത്തുകൊണ്ടുപോകുന്നു. തനിക്കുള്ളവയെ ഒക്കെയും പുറത്തുകൊണ്ടുപോയശേഷം അവൻ അവയ്ക്കു മുമ്പായി നടക്കുന്നു; ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു."

എല്ലാ ജീവികളിലുംവച്ച്, ആട് ഏറ്റവും ഭയമുള്ളവയും നിസ്സഹായയുമാണ്. പൗരസ്ത്യരാജ്യങ്ങളിൽ ആട്ടിടയന്മാർ വിശ്രമരഹിതമായി ആടുകളുടെ സംരക്ഷണയിൽ ഏർപ്പെട്ടിരിക്കുന്നതു സാർവ്വത്രികമായ ഒരു കാഴ്ചയാണ്. പുരാതനകാലങ്ങളിൽ നഗരങ്ങൾക്കു പുറത്തു സുരക്ഷിതത്വം കുറവായിരുന്നു. ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു രക്ഷനേടുവാൻ നഗരങ്ങൾക്കു ചുറ്റും വലിയ മതിലുകൾ പണിതിരുന്നു. നഗരത്തിനുവെളിയിൽ തമ്പടിച്ചിരുന്ന ആട്ടിൻകൂട്ടങ്ങളെ അപഹരിച്ചുകൊണ്ടു പോകുവാൻ കൊള്ളക്കാരും മറ്റും വരുമായിരുന്നു. ഇതിനു പുറമേ ഹിംസ്രജന്തുക്കളിൽനിന്നുള്ള ആക്രമണവും സാധാരണമായിരുന്നു. ഇങ്ങനെയുള്ള അപകടങ്ങൾ അറിഞ്ഞുകൊണ്ടു ജീവനെ പണയപ്പെടുത്തിയായിരുന്നു ഇടയന്മാർ ആടുകളെ കാത്തുസൂക്ഷിക്കുന്നത്. ഹാരാനിലെ മേച്ചിൽപ്പുറങ്ങളിൽ ലാബാന്റെ ആട്ടിൻകൂട്ടത്തെ സംരക്ഷിച്ചിരുന്ന യാക്കോബ്, തന്റെ വേലയുടെ കാഠിന്യത്തെക്കുറിച്ച് ഇപ്രകാരം വിവരിച്ചു: "പകൽ വെയിൽകൊണ്ടും, രാത്രി ശീതംകൊണ്ടും ഞാൻ ക്ഷയിച്ചു; എന്റെ കണ്ണിന് ഉറക്കം ഇല്ലാതെയായി" (ഉല്പത്തി 31:40). തന്റെ അപ്പന്റെ ആടുകളെ കാവൽ ചെയ്തുകൊണ്ടിരുന്നപ്പോഴാണ്, ദാവീദ്, ഏകനായി ഒരിക്കൽ സിംഹത്തോടും വേറൊരിക്കൽ കരടിയോടും പോരാടി അപഹരിക്കപ്പെട്ട ആടിനെ വീണ്ടെടുത്തത്.

പാറകൾ നിറഞ്ഞ മലകളിലും ഘോരവും ദുർഘടം പിടിച്ചതുമായ വനങ്ങളിലും ആടുകളെ നയിച്ച്, അവയെ സ്വച്ഛമായ നദിക്കരയിലേക്കു കൊണ്ടുവരുന്നതു സ്നേഹവാനായ ഇടയനാണ്. ഏകാന്തമായ രാവുകളിൽ അവൻ അവയെ കാവൽ ചെയ്യുന്നു. തളർന്നവയെയും രോഗം ബാധിച്ചവയെയും അവൻ ശുശ്രൂഷിക്കുന്നു. അങ്ങനെ ഇടയന്റെ ജീവിതം ആടുകളുടേതുമായി ഇഴുകിച്ചേരുന്നു. തന്റെ ആടുകളോടുള്ള ഇടയന്റെ സ്നേഹം

സുശക്തവും അഭേദ്യവുമാണ്. ആട്ടിൻപറ്റം എത്ര വലുതായിരുന്നാലും ഓരോ ആടിനെയും ഇടയൻ അറിയുന്നു. ഓരോ ആടിനെയും പേർ ചൊല്ലി വിളിക്കുമ്പോൾ, അവ അവന്റെ ശബ്ദം തിരിച്ചറിയുന്നു.

ഒരു ഇടയൻ തന്റെ ആടിനെ അറിയുന്നതുപോലെ, സ്വർഗ്ഗീയ ഇടയനായ ക്രിസ്തു, തന്റെ ജനത്തെ അറിയുന്നു. "എന്റെ മേച്ചിൽപ്പുറത്തെ ആടുകളായി, എന്റെ ആടുകളായുള്ളോരേ, നിങ്ങൾ മനുഷ്യരത്രേ; ഞാനോ, നിങ്ങളുടെ ദൈവം എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്." "ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നെ." "ഇതാ, ഞാൻ നിന്നെ എന്റെ ഉള്ളംകയ്യിൽ വരച്ചിരിക്കുന്നു" (യെഹെ. 34:31; യെശ. 43:1; 49:16).

യേശു നമ്മെ വ്യക്തിപരമായി അറിയുന്നു. അവൻ നമ്മുടെ ബലഹീനത കളിൽ സഹാനുഭൂതി കാട്ടുന്നു. നമ്മുടെ പേർ അറിയുന്നു. നാം എവിടെ പാർക്കുന്നുവെന്നു കർത്താവ് അറിയുന്നു. തന്റെ ആടുകളിലൊന്നിനെ നേരിട്ടുപോയി കാണുവാൻ, തന്റെ ഭൃത്യന്മാരിലൊരാളെ അറിയിക്കുന്നതിനു വേണ്ടി, ഒരു പ്രത്യേക ഭവനത്തിൽ ചെല്ലുവാൻ സ്വർഗ്ഗസ്ഥനായ യേശു ഒരിക്കൽ ആജ്ഞ നല്കി.

ഓരോ വ്യക്തിയെയും യേശു നന്നായി അറിയുന്നു. ഓരോ വ്യക്തിക്കും, തനിക്കുവേണ്ടി മാത്രമാണു ക്രിസ്തു മരിച്ചതെന്ന അനുഭവം ഉണ്ടാവുന്ന തരത്തിൽ, വ്യക്തികളെ ക്രിസ്തു സ്നേഹിക്കുന്നു. ഓരോ വ്യക്തിയുടെയും വേദന ക്രിസ്തു അറിയുന്നു. സഹായത്തിനുവേണ്ടിയുള്ള നിലവിളി യേശുവിന്റെ കാതുകളിലെത്തുന്നു. എല്ലാവരെയും തന്നിലേക്കാകർഷിക്കു വാനത്രേ ക്രിസ്തു വന്നത്. "എന്നെ അനുഗമിപ്പിൻ" എന്നു കർത്താവു പറയുന്നു. ഓരോ ഹൃദയത്തെയും യേശു തന്നിലേക്കാകർഷിക്കുന്നു. എന്നാൽ അനേകർ ക്രിസ്തുവിന്റെ സ്നേഹത്തെ സ്വാഗതം ചെയ്യുന്നില്ല. അവരെയും യേശു അറിയുന്നു. തന്നെ സന്തോഷത്തോടെ സ്വീകരിക്കുന്നവ രെയും കർത്താവിനറിയാം. യേശു പറയുന്നു: "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ അവയെ അറിയുകയും, അവ എന്നെ അനുഗമിക്കുകയും ചെയ്യുന്നു." മറ്റൊന്നും ലോകത്തില്ലാത്തതുപോലെ, ദൈവം തന്റെ ഓരോ പൈതലിനെയും സ്നേഹിക്കുകയും കാത്തു സൂക്ഷിക്കുകയും ചെയ്യുന്നു.

"തന്റെ ആടുകളെ അവൻ പേർവിളിച്ചു പുറത്തു കൊണ്ടുപോകുന്നു." ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു. പൗരസ്ത്യ ദേശത്തെ ഇടയൻ, തന്റെ ആടുകളെ ഭയപ്പെടുത്തി ഓടിക്കുന്നില്ല. അവയുടെ നേരെ അവൻ തന്റെ ശക്തി കാട്ടുകയോ, ഭയപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇടയൻ ആടുകൾക്കു മുമ്പായി നടന്ന് അവയെ വിളിക്കുന്നു. അവ, അവന്റെ ശബ്ദം കേട്ട് അവനെ അനുസരിക്കുന്നു. യേശുവും തന്റെ ആടുകളോട് അപ്രകാരമാണു ചെയ്യുന്നത്. തിരുവെഴുത്തുകൾ പറയുന്നു: "മോശെയു ടെയും, അഹരോന്റെയും കയ്യാൽ നീ നിന്റെ ജനത്തെ ഒരാട്ടിൻകൂട്ടത്തെ പ്പോലെ നടത്തി." പ്രവാചകനിലൂടെ ക്രിസ്തു പറയുന്നു: "നിത്യസ്നേഹം

കൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു." തന്നെ അനുഗമിപ്പാൻ ഒരു മനുഷ്യനെയും അവന്റെ ഇഷ്ടത്തിനു വിപരീതമായി യേശു നിർബന്ധിക്കുന്നില്ല. "മനുഷ്യ പാശങ്ങൾകൊണ്ട്, സ്നേഹബന്ധനങ്ങൾകൊണ്ടുതന്നെ, ഞാൻ അവരെ വലിച്ചു" (സങ്കീ. 77:20; യിരെ. 31:3; ഹോശേയ 11:4).

ക്രിസ്തുവിനെ അനുഗമിപ്പാൻ, തന്റെ ജനത്തെ പ്രേരിപ്പിക്കുന്നതു ശിക്ഷയെക്കുറിച്ചുള്ള ഭയമോ, പ്രതിഫലേച്ഛയോ അല്ല. ബെത്ലേഹെമിലെ പുൽത്തൊട്ടി മുതൽ കാൽവരി വരെയുള്ള തീർത്ഥാടനത്തിൽ പ്രകടമാക്കപ്പെട്ട യേശുവിന്റെ അവർണ്ണനീയമായ സ്നേഹമാണ്, അതിന്റെ ഏക പ്രേരകഘടകം. യേശുവിന്റെ രൂപം ആത്മാവിനെ ആകർഷിക്കുകയും വിനയമുള്ളതാക്കുകയും ചെയ്യുന്നു. യേശുവിനെ നോക്കുന്നവരിൽ സ്നേഹം ഉണരുന്നു. അവർ യേശുവിന്റെ ശബ്ദം കേൾക്കുകയും അവനെ അനുഗമിക്കുകയും ചെയ്യുന്നു.

ഇടയൻ ആടുകൾക്കു മുമ്പായി നടന്ന്, അപകടങ്ങളെ അഭിമുഖീകരിക്കുന്നു. "തനിക്കുള്ളവയെ ഒക്കെയും പുറത്തുകൊണ്ടുപോയശേഷം അവൻ അവയ്ക്കു മുമ്പായി നടക്കുന്നു." സ്വർഗ്ഗത്തിലേക്കുള്ള വഴി യേശുവിന്റെ പാദമുദ്രകളാൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. വഴി ദുർഘടം പിടിച്ചതും പ്രയാസമേറിയതുമായിരിക്കാം. എന്നാൽ കർത്താവു നമുക്കു മുമ്പായി ഈ വഴിയിലൂടെ നടന്നിരിക്കുന്നു. നമ്മുടെ പാത കൂടുതൽ സുഗമമാക്കുവാൻ ക്രൂരമായ മുള്ളുകളെല്ലാം കർത്താവു ചവിട്ടിത്താഴ്ത്തിയിരിക്കുന്നു. നാം വഹിക്കേണ്ട എല്ലാ ഭാരവും കർത്താവു വഹിച്ചിരിക്കുന്നു.

ഇപ്പോൾ നമ്മുടെ കർത്താവു ദൈവത്തിന്റെ സന്നിധിയിൽ പ്രവേശിക്കുകയും, അഖിലാണ്ഡങ്ങളെ ഭരിക്കുന്ന ചുമതല പിതാവിനോടൊത്തു പങ്കിടുകയും ചെയ്യുന്നുവെങ്കിലും, കർത്താവിന്റെ ദയയോടുകൂടിയ പ്രകൃതത്തിന് ഒരു മാറ്റവും സംഭവിച്ചിട്ടില്ല. ഇന്നും ആർദ്രതയും അനുകമ്പയും നിറഞ്ഞ ഹൃദയം മനുഷ്യവർഗ്ഗത്തിന്റെ അരിഷ്ടതകൾ കേൾപ്പാൻ തുറന്നിരിക്കുന്നു. തന്റെ മുറിവേറ്റ കരങ്ങൾ നീട്ടി തന്റെ ജനത്തെ അനുഗ്രഹിപ്പാൻ കർത്താവ് ആഗ്രഹിക്കുന്നു. "അവ ഒരുനാളും നശിച്ചുപോകയില്ല; ആരും അവയെ എന്റെ കയ്യിൽനിന്നു പിടിച്ചുപറിക്കയുമില്ല." ക്രിസ്തുവിൽ സ്വയം ഭരമേല്പിച്ചിരിക്കുന്ന ഒരാത്മാവ്, ദൈവത്തിനു മുഴുലോകത്തെക്കാൾ വിലയേറിയതാണ്. ഒരു ആത്മാവു രക്ഷ പ്രാപിക്കുന്നതിനു കാൽവരിയുടെ വേദന അനുഭവിപ്പാൻ യേശു ഒരുക്കമായിരുന്നു. മനുഷ്യവർഗ്ഗത്തിനു വേണ്ടി മരിച്ച കർത്താവ് ഒരുവനെപ്പോലും തള്ളിക്കളകയില്ല. യേശുവിനെ ഉപേക്ഷിക്കാത്ത ഏതൊരു വ്യക്തിയെയും യേശു കാത്തുകൊള്ളും.

നമ്മുടെ പരീക്ഷകളിൽ യേശു നമ്മെ ഒരിക്കലും തനിയേ വിടുന്നില്ല. തിന്മയുമായി പോരാടുമ്പോൾ, ദുഃഖഭാരത്താൽ നാം ഞെരിഞ്ഞമർന്നു പോകാതിരിക്കുന്നതിന്, യേശു എപ്പോഴും നമ്മെ കാത്തുകൊള്ളുന്നു. മർത്യമായ നമ്മുടെ ദൃഷ്ടികൾക്ക് അവൻ മറവായിരിക്കുന്നെങ്കിലും,

വിശ്വാസത്തിന്റെ കാതുകൾക്ക് അവന്റെ ശബ്ദം കേൾക്കുവാൻ കഴിയും. "ഭയപ്പെടേണ്ടാ, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു" (വെളി. 1:18). യേശു നമ്മോടു പറയുന്നു: നിങ്ങൾ വഹിക്കുന്ന ദുഃഖം ഞാൻ അനുഭവിച്ചിട്ടുണ്ട്. നിങ്ങൾക്കു നേരിടുന്ന പരീക്ഷകളെ ഞാൻ നേരിട്ടിട്ടുണ്ട്; നിങ്ങളുടെ കണ്ണുനീരിന്റെ ആഴം എനിക്കറിയാം. നിങ്ങൾ ഏകനാണെന്നു കരുതരുത്. നിങ്ങളുടെ വേദന മനസ്സിലാക്കുവാൻ എനിക്കു കഴിയും. എങ്കലേക്കു നോക്കി ജീവിക്ക. "പർവ്വതങ്ങൾ മാറിപ്പോകും, കുന്നുകൾ നീങ്ങിപ്പോകും; എങ്കിലും എന്റെ ദയ നിന്നെ വിട്ടുമാറുകയില്ല; എന്റെ സമാധാനനിയമം നീങ്ങിപ്പോകയുമില്ല എന്നു നിന്നോടു കരുണയുള്ള യഹോവ അരുളിച്ചെയ്യുന്നു" (യെശ. 54:10).

ഒരിടയൻ തന്റെ ആടുകളെ എത്രമാത്രം സ്നേഹിച്ചാലും തന്റെ പുത്രന്മാരെയും പുത്രിമാരെയും അതിൽ കൂടുതലായി സ്നേഹിക്കുന്നു. യേശു നമ്മുടെ ഇടയൻ മാത്രമല്ല, അവൻ നമ്മുടെ നിത്യപിതാവു കൂടെയാണ്. യേശു പറയുന്നു: "പിതാവ് എന്നെ അറികയും, ഞാൻ പിതാവിനെ അറികയും ചെയ്യുന്നതുപോലെ... എനിക്കുള്ളവ എന്നെ അറികയും ചെയ്യുന്നു" (യോഹ. 10:14,15). എത്ര സ്നേഹനിർഭരമായ ഒരു പ്രസ്താവന. "എന്റെ കൂട്ടാളിയായ പുരുഷൻ" (സെഖ. 13:7) എന്നു ദൈവം തന്റെ ഏകജാതനെക്കുറിച്ചു വർണ്ണിച്ചിരിക്കുന്നു. പിതാവായ ദൈവത്തിനു പുത്രനോടുള്ള സ്നേഹവായ്പിനെയാണ്, കർത്താവായ യേശുക്രിസ്തുവിനു മനുഷ്യകുലത്തോടുള്ള സ്നേഹത്തെ വർണ്ണിക്കുവാൻ ഉദാഹരണമായി എടുത്തിരിക്കുന്നത്. നാം ക്രിസ്തുവിന്റെ പ്രതിഫലവും, ദൈവത്തിന്റെ ദാനവുമായിരിക്കയാൽ, ക്രിസ്തു നമ്മെ ഉറ്റു സ്നേഹിക്കുന്നു. പ്രിയ വായനക്കാരാ, യേശു നിന്നെ സ്നേഹിക്കുന്നു. ഒരു പിതാവു മകനെ അഥവാ മകളെ സ്നേഹിക്കുന്നതുപോലെ നമ്മെ കർത്താവു സ്നേഹിക്കുന്നു. ഈ സ്നേഹത്തെക്കാൾ വിലയേറിയതു സ്വർഗ്ഗത്തിലും ഭൂമിയിലുമില്ല. ഇതു വിശ്വസിക്കുക.

വ്യാജ ഇടയന്മാരാൽ വഴിതെറ്റിക്കപ്പെടുന്നവരെക്കുറിച്ചു യേശു ചിന്തിച്ചു. തന്റെ മേച്ചിൽപ്പുറത്തെ, വഴിതെറ്റിപ്പോയ ആടുകളെക്കുറിച്ചു യേശു പറഞ്ഞു: "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്; അവയെയും ഞാൻ നടത്തേണ്ടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻ കൂട്ടവും ഒരിടയനും ആകും" (യോഹ. 10:16).

"എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന്, ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ടു പിതാവ് എന്നെ സ്നേഹിക്കുന്നു." എന്റെ പിതാവു നിങ്ങളെ അളവില്ലാതെ സ്നേഹിച്ചു. നിങ്ങളെ വീണ്ടെടുക്കുന്നതിനു ഞാൻ എന്റെ ജീവനെ നിങ്ങൾക്കുവേണ്ടി തന്നതുകൊണ്ടു പിതാവ് എന്നെ കൂടുതൽ സ്നേഹിക്കുന്നു. ഞാൻ നിങ്ങളുടെ വീണ്ടെടുപ്പുവിലയും പകരക്കാരനുമായിത്തീരുകയും, എന്റെ ജീവനെ നിങ്ങൾക്കുവേണ്ടി അർപ്പിക്കുകയും, നിങ്ങളുടെ കടങ്ങൾ എന്റെമേൽ ചുമത്തുകയും ചെയ്തതുകൊണ്ട്, ഞാൻ എന്റെ പിതാവിനു കൂടുതൽ പ്രിയങ്കരനായിത്തീർന്നിരിക്കുന്നു.

"എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിനു ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ടു പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും അതിനെ എന്നോട് എടുത്തുകളയുന്നില്ല; ഞാൻ തന്നെ അതിനെ കൊടുക്കുന്നു; അതിനെ കൊടുപ്പാൻ എനിക്ക് അധികാരം ഉണ്ട്; വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ട്." മനുഷ്യകുടുംബത്തിലെ ഒരംഗമെന്ന നിലയിൽ യേശു മരണത്തിനധീനനായിത്തീർന്നു. അതേ അവസരം, ദൈവമെന്ന നിലയിൽ ലോകത്തിനു ജീവന്റെ ഉറവിടവുമായിരുന്നു. മരണത്തിന്റെ മുന്നേറ്റങ്ങളെ അവനു തടഞ്ഞുനിർത്താമായിരുന്നു. അതിന്റെ ആധിപത്യത്തിന്റെ കീഴിൽ വരാതെ ഇരിക്കാമായിരുന്നു. എന്നാൽ അമർത്യതയെയും നിത്യജീവനെയും പ്രകാശിതമാക്കുവാൻ, കർത്താവു സ്വയം ജീവൻ അർപ്പിച്ചു. മനുഷ്യൻ നിത്യമരണത്തിൽനിന്നു മോചിതനാകേണ്ടതിന്, യേശു ലോകത്തിന്റെ പാപം വഹിച്ചു; സ്വജീവൻ യാഗമായി അർപ്പിച്ചു. "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു... എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി" (യെശ. 53:4–6).

# 53

# ഗലീലയിൽനിന്ന് അന്ത്യയാത്ര

അവലംബം: ലൂക്കൊസ് 9:51–56; 10:1–24

യേശുവിന്റെ പരസ്യശുശ്രൂഷ അവസാനിക്കാറായപ്പോൾ തന്റെ പ്രവർത്തന ശൈലിയിൽ ഒരു മാറ്റം വരുത്തി. ഇതുവരെയും ജനങ്ങളുടെ വികാരപ്രകടനങ്ങൾ ഉണ്ടാകുമ്പോൾ യേശു ഒഴിഞ്ഞുമാറുകയായിരുന്നു പതിവ്. ജനം നല്കിയ ബഹുമതികൾ സ്വീകരിപ്പാൻ യേശു വൈമനസ്യം പ്രകടിപ്പിച്ചിരുന്നു. തനിക്കനുകൂലമായി ജനങ്ങൾ വികാരപ്രകടനങ്ങൾ നടത്തിയപ്പോൾ, യേശു ആ സ്ഥലം വിട്ടു പോകുമായിരുന്നു. താൻ ക്രിസ്തുവാണെന്നു പരസ്യപ്പെടുത്തുന്നതിനെ യേശു വിലക്കിയിരുന്നു.

കൂടാരപ്പെരുന്നാളിന്റെ സമയത്തു കർത്താവിന്റെ യെരൂശലേമിലേക്കുള്ള യാത്ര വളരെ രഹസ്യത്തിലായിരുന്നു. താൻ മശീഹയാണെന്നു പരസ്യമാക്കുവാൻ യേശുവിന്റെ സഹോദരന്മാർ നിർബന്ധിച്ചപ്പോൾ, ക്രിസ്തു ഉത്തരം പറഞ്ഞത്, “എന്റെ സമയം ഇതുവരെ വന്നിട്ടില്ല” എന്നായിരുന്നു.

ആരാലും ശ്രദ്ധിക്കപ്പെടാതെ യേശു യെരൂശലേമിലേക്കു പോയി. നഗരത്തിൽ പ്രവേശിച്ച യേശുവിനെ ആരും തിരിച്ചറിഞ്ഞില്ല. എന്നാൽ യെരൂശലേമിലേക്കുള്ള ഒടുവിലത്തെ യാത്ര അപ്രകാരമായിരുന്നില്ല. പുരോഹിതന്മാരുടെയും റബ്ബിമാരുടെയും വിദ്വേഷം മൂലം യേശു കുറച്ചുകാലത്തേക്കു യെരൂശലേം വിട്ടുനിന്നു. എന്നാൽ ഒടുവിൽ യെരൂശലേമിലേക്കു തിരിച്ചു വരുവാൻ യേശു തീരുമാനിച്ചു. എല്ലാവരും കാൺകെ, യേശു യെരൂശലേമിലേക്കു യാത്രയായി. യെരൂശലേം യേശുവിന്റെ അന്തിമയാഗത്തിന്റെ രംഗവേദിയാകാൻ പോകുകയായിരുന്നു. അതുകൊണ്ടു ജനശ്രദ്ധ തന്നിലേക്കു തിരിക്കേണ്ടത് ആവശ്യമായിരുന്നു.

"മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു'' (യോഹ. 3:14). യിസ്രായേൽമക്കളെ മരണത്തിൽനിന്നു വിടുവിക്കുന്നതിന്റെ അടയാളമായി ഉയർത്തപ്പെട്ട പിച്ചള സർപ്പംപോലെ ക്രിസ്തു എന്ന കുഞ്ഞാട് ഉയർത്തപ്പെടേണ്ടത് ആവശ്യമായിരുന്നു. യേശുവിങ്കലേക്കു നോക്കുന്നവർ പിച്ചളസർപ്പത്തെ നോക്കി രക്ഷ പ്രാപിച്ചതുപോലെ രക്ഷ പ്രാപിക്കും.

കൂടാരപ്പെരുന്നാൾ നടന്നുകൊണ്ടിരുന്നപ്പോൾ, യേശുവിന്റെ സഹോദരന്മാർ യേശുവിനോടു താൻ മശീഹയാണെന്നു പരസ്യമാക്കുവാൻ ആവശ്യപ്പെട്ടു. അതിന്റെ പ്രധാന കാരണം അവരുടെ അവിശ്വാസവും തെറ്റിദ്ധാരണയുമായിരുന്നു. ഇതേ കാരണമായിരുന്നു യേശു രഹസ്യത്തിൽ യെരൂശലേമിലേക്കു പോകുവാൻ ശിഷ്യന്മാർ നിർബന്ധിച്ചതിന്റെ പിന്നിലുണ്ടായിരുന്നതും. യേശുവിനെ യെരൂശലേമിലേക്കു പോകുന്നതിൽനിന്നു നിരുത്സാഹപ്പെടുത്തുവാൻ ശിഷ്യന്മാർ ശ്രമിച്ചു. അവിടെ തനിക്കു സംഭവിപ്പാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചു യേശു പറഞ്ഞതു ശിഷ്യന്മാർ ഓർത്തു. യെഹൂദനേതാക്കന്മാരുടെ ശത്രുത അവർക്കറിയാമായിരുന്നു. യേശുവിനെ പിന്തിരിപ്പിക്കുവാൻ ശിഷ്യന്മാർ വളരെ ശ്രമിച്ചു.

തന്റെ സ്നേഹഭാജനങ്ങളായ ശിഷ്യന്മാരുടെ ഇഷ്ടത്തിനു വിപരീതമായി പ്രവർത്തിക്കുന്നതു യേശുവിനു പ്രയാസമുണ്ടാക്കുന്ന ഒന്നായിരുന്നു. യെരൂശലേമിൽ അവർ അഭിമുഖീകരിക്കുവാൻ പോകുന്ന പരീക്ഷകളെ ഓർത്തപ്പോൾ യേശു ദുഃഖനിമഗ്നനായി. മനുഷ്യപുത്രന്റെമേൽ പരീക്ഷകളെ വർഷിക്കുന്നതിനു സാത്താൻ അരികിൽ തന്നെ ഉണ്ടായിരുന്നു. അനവധി ചോദ്യശരങ്ങൾ ക്രിസ്തുവിന്റെ മനസ്സിൽ പൊന്തിവന്നു. നിശ്ചയമായ മരണം വരിക്കുന്നതിന് എന്തിന് ഉടനെ യെരൂശലേമിലേക്കു പോകണം? ജീവന്റെ അപ്പത്തിനായി തനിക്കു ചുറ്റും ആത്മാക്കൾ ആർത്തിയോടെ കാത്തിരിക്കുന്നു. രോഗികൾ സൗഖ്യം പ്രാപിക്കുന്നതിന് ആകാംക്ഷയോടെ തന്നെ പ്രതീക്ഷിച്ചിരിക്കുമ്പോൾ എന്തിനു മരണത്തെ ഉടനടി വരിക്കണം? തന്റെ കൃപയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടേ ഉള്ളൂ. തന്റെ ജീവിതത്തിന്റെ സുവർണ്ണ കാലഘട്ടത്തിൽ എന്തിനു മരണത്തെ തെരഞ്ഞെടുക്കണം? തന്റെ ദൗത്യവുമായി എന്തുകൊണ്ടു ലോകമാകുന്ന വയൽപ്രദേശത്തേക്കു പൊയ്ക്കൂടാ? അനേകായിരങ്ങൾക്കു സൗഖ്യവും സന്തോഷവും നല്കുന്ന

സൽപ്രവൃത്തി എന്തുകൊണ്ടു തുടർന്നുകൂടാ? കാര്യക്ഷമതയും ബുദ്ധികൂർമ്മതയും ഇല്ലാത്തവരും കാര്യങ്ങളെ ശരിയായ വിധത്തിൽ ഗ്രഹിക്കുവാൻ അപ്രാപ്തരും വിശ്വാസത്തിൽ ബലഹീനരുമായ ശിഷ്യന്മാരെ എന്തിനു ഫലശേഖരം ഏല്പിക്കണം? സുവിശേഷവേലയെ അതിന്റെ ശൈശവാവസ്ഥയിൽ വിട്ടിട്ട് എന്തിനു ഇപ്പോൾ മരിക്കണം? മരുഭൂമിയിൽ ക്രിസ്തുവിനെ എതിരിട്ട ശത്രു, അതിശക്തമായ പരീക്ഷകളുമായി ക്രിസ്തുവിനെ നേരിട്ടു. ഒരു നിമിഷ നേരം ക്രിസ്തു സാത്താന്റെ കൗശലത്തിനു വശംവദനായിരുന്നുവെങ്കിൽ, സാത്താനും കൂട്ടാളികളും ജയിക്കുകയും ലോകം എന്നേക്കും നഷ്ടപ്പെടുകയും ചെയ്യുമായിരുന്നു.

എന്നാൽ യേശു യെരൂശലേമിലേക്കു പോകുവാൻ തന്നെ തീരുമാനിച്ചു. തന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുക എന്നതായിരുന്നു യേശുവിന്റെ ജീവിത പ്രമാണം. തന്റെ ബാല്യകാലത്ത് അമ്മയോടൊത്തു യെരൂശലേമിലേക്കു പോയപ്പോൾ യേശു പറഞ്ഞു: "എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്നു നിങ്ങൾ അറിയുന്നില്ലയോ?" (ലൂക്കൊസ് 2:49). കാനാവിൽ വച്ചു തന്റെ അത്ഭുതശക്തി പ്രയോഗിപ്പാൻ അമ്മ ആവശ്യപ്പെട്ടപ്പോൾ, യേശുവിന്റെ ഉത്തരം, "എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല" എന്നായിരുന്നു. പെരുന്നാളിനു പോകുവാൻ തന്റെ സഹോദരന്മാർ നിർബന്ധിച്ചപ്പോൾ ഇതേ മറുപടി തന്നെയാണു യേശു അവർക്കും നല്കിയത്. മനുഷ്യന്റെ പാപ പരിഹാരത്തിനുവേണ്ടി സ്വയം യാഗമായിത്തീരുന്നതിനു ദൈവത്തിന്റെ സമയപരിപാടിയിൽ ഒരു പ്രത്യേക സമയം നിർണ്ണയിച്ചിരുന്നു. ആ നാഴിക സമാഗതമാവാൻ പോകുകയായിരുന്നു. ക്രിസ്തു അതിൽനിന്നു വ്യതിചലിക്കുകയോ, മാറുകയോ ഇല്ല. തനിക്ക് ഒരിക്കലും പരാജയം ഉണ്ടാവുകയില്ല. ശത്രുക്കൾ യേശുവിനെ കൊല ചെയ്യുന്നതിനായി യെരൂശലേമിൽ ഗൂഢാലോചന നടത്തിയിരുന്നു. ആ സ്ഥലത്തേക്കു തന്നെ പോകുന്നതിനു യേശു തീരുമാനിച്ചു. യേശു തന്റെ ജീവനെ നല്കുവാൻ തീരുമാനിച്ചു കഴിഞ്ഞു. പീഡനങ്ങളും തിരസ്കാരവും ശിക്ഷാവിധിയും മരണവും അഭിമുഖീകരിക്കാൻ യേശു ഉറച്ചു.

"തനിക്കു മുമ്പായി ദൂതന്മാരെ അയച്ചു. അവർ പോയി അവനായി വട്ടം കൂട്ടേണ്ടതിന്, ശമര്യക്കാരുടെ ഒരു ഗ്രാമത്തിൽ ചെന്നു." യേശു യെരൂശലേമിലേക്കു പോകുവാൻ തീരുമാനിച്ചിരുന്നതുകൊണ്ട്, ശമര്യക്കാർ യേശുവിനെ കൈക്കൊണ്ടില്ല. തങ്ങൾ ഏറ്റവും കൂടുതൽ വെറുത്തിരുന്ന യെഹൂദരോടു യേശു കൂടുതൽ മമത കാണിക്കുന്നുവെന്നു ശമര്യക്കാർക്കു തോന്നി. തങ്ങളുടെ ദൈവാലയത്തെ പുനരുദ്ധരിക്കുകയും, ഗെരസീം കുന്നിൽ തങ്ങളോടൊപ്പം ആരാധിക്കുകയും ചെയ്തിരുന്നുവെങ്കിൽ, ശമര്യക്കാർ സന്തോഷത്തോടെ യേശുവിനെ കൈക്കൊള്ളുമായിരുന്നു. എന്നാൽ യേശു യെരൂശലേമിലേക്കു പോകുവാൻ തന്നെയാണു തീരുമാനിച്ചത്. സ്വർഗ്ഗത്തിൽ നിന്നു വന്ന ഏറ്റവും വലിയ ദാനത്തെയാണു തങ്ങൾ കൈക്കൊള്ളാതിരിക്കുന്നതെന്നു ശമര്യക്കാർ മനസ്സിലാക്കിയില്ല. യേശു ശമര്യക്കാരെ സ്നേഹപൂർവ്വം ക്ഷണിച്ചു. വിലയേറിയ അനുഗ്രഹങ്ങൾ അവർക്കു നല്കുവാൻ യേശു ശമര്യക്കാരെ അടുത്തേക്കു വിളിച്ചു. തന്നെ സ്വീകരിപ്പാൻ യേശു

അവർക്ക് അവസരം നല്കി. ശമര്യക്കാർ ഇതിനു മുമ്പു യേശുവിനു നല്കിയ വരവേല്പിനു പകരമായി, യേശു തന്റെ ദിവ്യകൃപ അവർക്കു പകർന്നു കൊടുത്തിരുന്നു. എന്നാൽ തങ്ങളുടെ മുൻവിധിയും മതഭ്രാന്തും, യേശു വിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനു വിലങ്ങുതടിയായി നിന്നു.

ശമര്യക്കാർ കാട്ടിയ അനാദരവു യേശുവിന്റെ ശിഷ്യന്മാരായ യാക്കോബി നെയും യോഹന്നാനെയും കോപാകുലരാക്കി. യേശു വളരെ അധികം ബഹുമാനിച്ചിരുന്ന ശമര്യക്കാർ, യേശുവിനെ നിഷേധിച്ചത് അവർക്കു സഹിപ്പാൻ പാടില്ലായിരുന്നു. യേശു മറുരൂപമലയിലായിരുന്ന സന്ദർഭത്തിൽ യാക്കോബും യോഹന്നാനും യേശുവിനോടൊപ്പം ഉണ്ടായിരുന്നു. ദൈവം യേശുവിനെ മഹത്വപ്പെടുത്തിയതും, മോശെയും ഏലീയാവും യേശുവിനെ ബഹുമാനിച്ചതും അവർ കണ്ടിരുന്നു. അപ്രകാരം ബഹുമാനിതനായ ഒരു വ്യക്തിയോട് അനാദരവു കാട്ടിയ ശമര്യക്കാർക്കു തക്കതായ ശിക്ഷ ലഭിക്കണമെന്ന് അവർ ആഗ്രഹിച്ചു.

യേശുവിന് ഒരു രാത്രി കഴിച്ചുകൂട്ടുന്നതിനുപോലും ശമര്യക്കാർ അനുവദി ക്കുകയില്ലായെന്നു ജനങ്ങൾ പറയുന്നതായി അവർ ഇരുവരും യേശുവിനെ അറിയിച്ചു. ശമര്യക്കാരുടെ തെറ്റു പൊറുക്കുവാൻ യാക്കോബിനും യോഹ ന്നാനും കഴിഞ്ഞില്ല. ഏലീയാവ് ബാലിന്റെ പ്രവാചകന്മാരെ നിഗ്രഹിച്ച കർമ്മേൽ പർവ്വതത്തെ നോക്കിക്കൊണ്ട് അവർ യേശുവിനോടു ചോദിച്ചു: “കർത്താവേ, ഏലീയാവ് ചെയ്തതുപോലെ ആകാശത്തുനിന്നു തീയിറങ്ങി അവരെ നശിപ്പിപ്പാൻ ഞങ്ങൾ പറയുന്നതു നിനക്കു സമ്മതമോ?” തങ്ങളുടെ വാക്കുകൾ യേശുവിനെ വേദനിപ്പിച്ചതായി കണ്ടപ്പോൾ യാക്കോബും യോഹ ന്നാനും അത്ഭുതപ്പെട്ടു. “നിങ്ങൾ ഏത് ആത്മാവിന് അധീനർ എന്നു നിങ്ങൾ അറിയുന്നില്ല; മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിപ്പാനല്ല രക്ഷിപ്പാനത്രേ വന്നത്'' എന്നു യേശു അവരെ ശകാരിച്ചു. യേശു അവിടെനിന്നു വേറൊരു ഗ്രാമത്തിലേക്കു പോയി.

തന്നെ സ്വീകരിപ്പാനായി മറ്റുള്ളവരെ നിർബന്ധിക്കുക എന്നതു യേശു വിന്റെ സ്വഭാവമല്ലായിരുന്നു. സാത്താനും, സാത്താന്റെ ആത്മാവിനാൽ നയിക്ക പ്പെടുന്നവരുമാണു മറ്റുള്ളവരുടെ ഇച്ഛാശക്തിയെ സ്വാധീനിക്കുവാൻ ശ്രമിക്കുന്നത്. സൽപ്രവൃത്തി ചെയ്യുന്നുവെന്ന ഭാവത്തിൽ ചിലർ ദുഷ്ടാത്മ സേനകളുമായി കൂട്ടുചേർന്നു മറ്റുള്ളവരെ തങ്ങളുടെ മതത്തിലേക്കു നിർബന്ധിച്ചു തിരിപ്പിക്കുന്നു. അവർ സഹജീവികൾക്കു വേദനയും ദുരിതവു മാണു നല്കുന്നത്. എന്നാൽ ക്രിസ്തു എപ്പോഴും കരുണയും നിഷ്കളങ്ക സ്നേഹവുമുപയോഗിച്ചു മറ്റുള്ളവരെ നേടുവാൻ ശ്രമിക്കുന്നു. പകുതി മനസ്സോടെ തന്നെ സേവിക്കാൻ വരുന്നവരെ ക്രിസ്തു സ്വീകരിക്കുന്നില്ല. സ്വമേധയാ നല്കുന്ന സേവനം ക്രിസ്തു സ്വീകരിക്കുന്നു. സ്നേഹത്താൽ നിർബന്ധിക്കപ്പെടുന്ന ഹൃദയത്തിന്റെ സ്വമേധാസമർപ്പണം ക്രിസ്തു ഇഷ്ട പ്പെടുന്നു. നമ്മുടെ ആശയങ്ങളോടു യോജിക്കാത്തവരോടും, നമ്മുടെ സേവന ത്തെ അഭിനന്ദിക്കാതിരിക്കുന്നവരോടും നാം വിദ്വേഷം വച്ചുപുലർത്തുന്നു വെങ്കിൽ, സാത്താന്റെ ആത്മാവു നമ്മിൽ കുടികൊള്ളുന്നുവെന്നതിൽ സംശയിക്കേണ്ടതില്ല.

ഓരോ മനുഷ്യനും പൂർണ്ണമായി ദൈവത്തിന്റെ വകയാണ്. അവന്റെ ശരീരവും, പ്രാണനും, ആത്മാവും ദൈവത്തിന്റേതാണ്. യേശു എല്ലാവരെയും വീണ്ടെടുക്കുന്നതിനു മരിച്ചു. തന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരെ കഷ്ടത്തിലേക്കും ദുരിതത്തിലേക്കും നയിക്കുന്നവർ ദൈവത്തിന്റെ ഇഷ്ടമല്ല ചെയ്യുന്നത്.

"അവിടെനിന്ന് അവൻ പുറപ്പെട്ടു യോർദ്ദാനക്കരെ യെഹൂദ്യദേശത്തിന്റെ അതിരോളം ചെന്നു; പുരുഷാരം പിന്നെയും അവന്റെ അടുക്കൽ വന്നുകൂടി; പതിവുപോലെ അവൻ അവരെ പിന്നെയും ഉപദേശിച്ചു" (മർക്കൊസ് 10:1).

ക്രിസ്തു തന്റെ ശുശ്രൂഷയുടെ അന്ത്യനാളുകളുടെ നല്ല ഒരു ഭാഗം ചെലവഴിച്ചതു യെഹൂദ്യദേശത്തിനക്കരെയുള്ള പെരയ എന്ന പ്രവിശ്യയിലായിരുന്നു. ഗലീലയിൽ തന്റെ ശുശ്രൂഷയുടെ ആരംഭകാലത്തെന്നപോലെ വലിയ ഒരു പുരുഷാരം ഇവിടെയും യേശുവിനെ അനുഗമിച്ചു. ആദ്യകാലത്തു നല്കിയ അനേകം ഉപദേശങ്ങൾ യേശു ഇവിടെ ആവർത്തിച്ചു.

പന്ത്രണ്ടുപേരെ ആദ്യം അയച്ചതുപോലെ "കർത്താവു വേറെ എഴുപതു പേരെ നിയമിച്ചു, താൻ ചെല്ലുവാനുള്ള ഓരോ പട്ടണത്തിലേക്കും സ്ഥലത്തിലേക്കും അവരെ തനിക്കു മുമ്പായി ഈരണ്ടായി അയച്ചു" (ലൂക്കൊസ് 10:1). ശിഷ്യന്മാർ, തങ്ങളുടെ വേലയിൽ പരിചയം ലഭിക്കുന്നതിനു ക്രിസ്തുവിനോടുകൂടി കുറെ നാൾ ഉണ്ടായിരുന്നു. പന്ത്രണ്ടുപേരെ കർത്താവ് അവരുടെ പ്രത്യേക ദൗത്യനിർവ്വഹണത്തിനായി അയച്ചപ്പോൾ മറ്റുള്ളവർ യേശുവിനോടുകൂടെ ഗലീലയിൽ സഞ്ചരിച്ചു പ്രവർത്തനത്തിൽ മുഴുകി. അങ്ങനെ യേശുവുമായി അടുത്ത ബന്ധം പുലർത്തുവാനും നേരിട്ട് ഉപദേശം കേൾപ്പാനുമുള്ള ഭാഗ്യം അവർക്കു ലഭിച്ചു. അപ്രകാരം പരിശീലനം ലഭിച്ച എഴുപതുപേരെയാണു യേശു പ്രത്യേക ദൗത്യവുമായി അയച്ചത്.

എഴുപതുപേർക്കു നല്കിയ നിർദ്ദേശങ്ങൾ പന്ത്രണ്ടുപേർക്കു നല്കിയ നിർദ്ദേശങ്ങൾ പോലെയായിരുന്നു. എന്നാൽ ജാതികളുടെയോ ശമര്യക്കാരുടെയോ പട്ടണങ്ങളിൽ പ്രവേശിക്കരുത് എന്നു പന്ത്രണ്ടുപേരോടു നിർദ്ദേശിച്ചതുപോലെ, എഴുപതുപേരെ അയച്ചപ്പോൾ പറഞ്ഞില്ല. ശമര്യക്കാർ യേശുവിനെ ഒടുവിൽ സ്വീകരിച്ചില്ലായെങ്കിലും അവരോടുള്ള ക്രിസ്തുവിന്റെ സ്നേഹത്തിന് ഒരു മാറ്റവും ഇല്ലായിരുന്നു. എഴുപതുപേർ ആദ്യം സന്ദർശിച്ച പട്ടണവും ശമര്യക്കാരുടേതായിരുന്നു.

ശമര്യയിൽ യേശു സന്ദർശനം നടത്തിയതും, നല്ല ശമര്യക്കാരനെ അഭിനന്ദിച്ചതും, സൗഖ്യം പ്രാപിച്ച കുഷ്ഠരോഗികളിൽ ക്രിസ്തുവിനു നന്ദി പറയുവാനായി വന്ന ശമര്യക്കാരനും എല്ലാം പ്രാധാന്യം അർഹിക്കുന്ന കാര്യങ്ങളായിരുന്നു. അവയെല്ലാം ഈ ശിഷ്യന്മാരുടെ ഹൃദയങ്ങളിൽ ആഴമായി പതിഞ്ഞിരുന്നു. യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പായി, സുവിശേഷം പ്രഘോഷിക്കേണ്ട സ്ഥലങ്ങളെക്കുറിച്ചു ശിഷ്യന്മാരോടു പറഞ്ഞപ്പോൾ യെരൂശലേമിനോടും യെഹൂദ്യയോടും ചേർത്തുപറഞ്ഞതു ശമര്യയെക്കുറിച്ചായിരുന്നു. കർത്താവു നല്കിയ പരിശീലനം ഈ ശിഷ്യ

ന്മാർക്കു വളരെ പ്രയോജനം ചെയ്തു. യേശുവിന്റെ നാമത്തിൽ അവർ ശമര്യയിലെത്തിയപ്പോൾ അവർക്കു നല്ല സ്വീകരണം ലഭിച്ചു. യേശു, തങ്ങളെക്കുറിച്ചു പറഞ്ഞ അഭിനന്ദനത്തിന്റെ വാക്കുകൾ ശമര്യക്കാർ കേട്ടിരുന്നു. തങ്ങൾ പരുഷമായി യേശുവിനോടു പെരുമാറിയെങ്കിലും കർത്താവ് അവരെ സ്നേഹിച്ചു. യേശുവിന്റെ സ്നേഹം അവരുടെ ഹൃദയങ്ങളെ കീഴടക്കി. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം, ക്രിസ്തുവിന്റെ ദൂതുവാഹകരെ ശമര്യക്കാർ സ്നേഹത്തോടെ സ്വീകരിച്ചു. യേശുവിന്റെ ശത്രുക്കളായിരുന്ന ശമര്യക്കാരുടെ ഇടയിൽനിന്നു ശിഷ്യന്മാർ നല്ല ഒരു "ഫലശേഖരം" നടത്തുകയും ചെയ്തു. "ചതഞ്ഞ ഓട അവൻ ഒടിച്ചുകളകയില്ല; പുകയുന്ന തിരി കെടുത്തുകയുമില്ല; അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും." "അവന്റെ നാമത്തിൽ ജാതികൾ പ്രത്യാശ വയ്ക്കും" (യെശ. 42:3; മത്തായി 12:20).

എഴുപതുപേരെ അയച്ചപ്പോൾ, പന്ത്രണ്ടുപേരോടു കല്പിച്ചതുപോലെ, അവർക്കു സ്വാഗതം ലഭിക്കാത്ത ഇടങ്ങളിൽ നിർബന്ധപൂർവ്വം കടന്നു ചെല്ലരുതെന്നു യേശു കല്പിച്ചു. "ഏതു പട്ടണത്തിലെങ്കിലും ചെന്നാൽ, അവർ നിങ്ങളെ കൈക്കൊള്ളുന്നില്ലെങ്കിൽ, അതിന്റെ തെരുക്കളിൽ പോയി: നിങ്ങളുടെ പട്ടണത്തിൽനിന്നു ഞങ്ങളുടെ കാലിനു പറ്റിയ പൊടിയും ഞങ്ങൾ നിങ്ങൾക്കു കുടഞ്ഞേച്ചു പോകുന്നു; എന്നാൽ ദൈവരാജ്യം സമീപിച്ചു വന്നിരിക്കുന്നുവെന്നറിഞ്ഞുകൊൾവിൻ എന്നു പറവിൻ." അവരോടുള്ള വിദ്വേഷത്താലോ, തങ്ങൾക്കേറ്റ അഭിമാനക്ഷതത്താലോ അല്ല ഇതു പറയേണ്ടത്. നേരെമറിച്ച്, ദൈവത്തിന്റെ ദൂതുവാഹകരെയോ, ദൈവത്തിന്റെ ദൂതിനെയോ തിരസ്കരിക്കുന്നത് അനുഗ്രഹമല്ല എന്ന് അവരെ ബോധ്യപ്പെടുത്തുന്നതിനായിരിക്കണം. യേശുവിന്റെ ദാസന്മാരെ പുറന്തള്ളുന്നതു യേശുവിനെ പുറന്തള്ളുന്നതിനു തുല്യമാണ്.

കർത്താവു തുടർന്നു പറഞ്ഞു: "ആ പട്ടണത്തെക്കാൾ സോദോമ്യർക്ക് ആ നാളിൽ സഹിക്കാവതാകും." പിന്നീടു കർത്താവിന്റെ മനസ്സു തിരിഞ്ഞത്, തന്റെ ശുശ്രൂഷക്കാലത്തു കൂടുതൽ സമയം ചെലവഴിച്ച ഗലീലനഗരങ്ങളിലേക്കായിരുന്നു. വളരെ ദുഃഖത്തോടെ യേശു പറഞ്ഞു: "കോരസീനേ, നിനക്ക് അയ്യോ കഷ്ടം! ബേത്ത്സയിദേ, നിനക്ക് അയ്യോ കഷ്ടം! നിങ്ങളിൽ നടന്ന വീര്യപ്രവൃത്തികൾ സോരിലും സീദോനിലും നടന്നിരുന്നുവെങ്കിൽ അവർ പണ്ടുതന്നെ രട്ടിലും വെണ്ണീറിലും ഇരുന്നു മാനസാന്തരപ്പെടുമായിരുന്നു. എന്നാൽ ന്യായവിധിയിൽ നിങ്ങളെക്കാൾ സോരിനും സീദോനും സഹിക്കാവതാകും. നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ പാതാളത്തോളം താണുപോകും."

ഗലീലക്കടലിനു സമീപമുള്ള തിരക്കുപിടിച്ച ആ നഗരങ്ങൾക്കു സ്വർഗ്ഗത്തിന്റെ വിലതീരാത്ത അനുഗ്രഹങ്ങൾ സൗജന്യമായി നല്കപ്പെട്ടിരുന്നു. ദിനംപ്രതി ജീവന്റെ നായകൻ അവരുടെ ഇടയിൽ ഉണ്ടായിരുന്നു. പ്രവാചകന്മാരും രാജാക്കന്മാരും കാണുവാൻ ആശിച്ചിരുന്ന ദൈവത്തിന്റെ തേജസ്സു യേശുവിനെ കാണുവാനെത്തിയ പുരുഷാരത്തിന്റെമേൽ പ്രശോഭിച്ചു. എങ്കിലും അവർ സ്വർഗ്ഗീയദാനത്തെ തിരസ്കരിച്ചുകളഞ്ഞു.

നവാഗതനായ ഈ റബ്ബി പഠിപ്പിക്കുന്ന പുതിയ ഉപദേശങ്ങളെ സ്വീകരിക്കുന്നതിനെതിരായി യെഹൂദപുരോഹിതന്മാർ ജനങ്ങൾക്കു മുന്നറിയിപ്പു നല്കി. എന്തുകൊണ്ടെന്നാൽ യേശുവിന്റെ ഉപദേശങ്ങളും ജീവിതവും അവരുടെ പിതാക്കന്മാരുടേതിൽനിന്നു വ്യത്യസ്തമായിരുന്നു. ദൈവവചനം സ്വയം മനസ്സിലാക്കാൻ ശ്രമിക്കുന്നതിനു പകരം, പരീശന്മാരും പുരോഹിതന്മാരും പഠിപ്പിച്ച പാഠങ്ങൾ ജനം വിശ്വസിച്ചു. ദൈവത്തെ ബഹുമാനിക്കുന്നതിനു പകരം, പരീശന്മാരും പുരോഹിതന്മാരും പഠിപ്പിച്ച പാഠങ്ങൾ ജനം വിശ്വസിച്ച് അവരെ ബഹുമാനിച്ചു. അവർ പാരമ്പര്യത്തെ മുറുകെപ്പിടിക്കുകയും സത്യത്തെ ത്യജിക്കുകയും ചെയ്തു. അനേകരുടെ ഉള്ളിൽ ക്രിസ്തുവിന്റെ വചനം ആഴമായി പതിഞ്ഞിരുന്നു. എങ്കിലും അവരുടെ മനസ്സാക്ഷിക്കനുസൃതമായി അവർ പ്രവർത്തിച്ചില്ല. അവർ ക്രിസ്തുവിനോടുകൂടെ ചേർന്നുനിന്നില്ല. സാത്താൻ അവരെ പരീക്ഷകളിൽ ഞെരുക്കി. വെളിച്ചം അവർക്ക് അന്ധകാരമായി തോന്നി. തങ്ങളെ രക്ഷയിലേക്കു നയിക്കുമായിരുന്ന സത്യത്തെ അനേകർ ത്യജിച്ചുകളഞ്ഞു.

സത്യസാക്ഷിയായ ക്രിസ്തു പറയുന്നു: "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു" (വെളി. 3:20). ദൈവവചനം അഥവാ ദൈവദാസന്മാർ നല്കുന്ന ഓരോ അഭ്യർത്ഥനയും, ശാസനയും, മുന്നറിയിപ്പും ഹൃദയകവാടത്തിൽ നിന്നു മുട്ടുന്ന യേശുവിന്റെ അഭ്യർത്ഥനയും ക്ഷണവുമാണ്. പ്രവേശനം അഭ്യർത്ഥിച്ചുകൊണ്ടു ഹൃദയത്തിന്റെ വാതിൽക്കൽ നില്ക്കുന്ന യേശുവിന്റെ ശബ്ദമാണു കേൾക്കുന്നത്. ഓരോ മുട്ടും അവഗണിക്കുമ്പോൾ തുറക്കുവാനുള്ള മനോഭാവം ക്രമേണ ബലഹീനമായിക്കൊണ്ടിരിക്കും. ഇന്നു നാം പരിശുദ്ധാത്മാവിന്റെ ശബ്ദത്തിനു ചെവികൊടുക്കാൻ വൈമനസ്യം കാണിച്ചാൽ, നാളെ ആ ശബ്ദം ഇന്നത്തെപ്പോലെ ശക്തമായിരിക്കില്ല. ഹൃദയം ക്രമേണ കഠിനപ്പെട്ടുകൊണ്ടിരിക്കും. ഈ ലോക ജീവിതത്തിന്റെ നൈമിഷികതയെക്കുറിച്ചും, ഇതിനപ്പുറത്തുള്ള ജീവിതത്തെക്കുറിച്ചും ഗണ്യമാക്കാത്ത, അപകടാവസ്ഥയിലേക്കു നാം പതിക്കും. ന്യായവിധി നാളിൽ നാം ശിക്ഷിക്കപ്പെടുന്നെങ്കിൽ, അതു തെറ്റായ വിശ്വാസത്തിൽ ജീവിച്ചതുകൊണ്ടായിരിക്കുകയില്ല. പിന്നെയോ, സത്യമെന്തെന്നു പഠിക്കാൻ സ്വർഗ്ഗത്തിൽനിന്നു നല്കപ്പെട്ട സുവർണ്ണാവസരങ്ങളെ നിഷേധിച്ചതുകൊണ്ടായിരിക്കും.

എഴുപതുപേർക്ക്, അപ്പൊസ്തലന്മാരെപ്പോലെ തങ്ങളുടെ ദൗത്യനിർവഹണത്തിന്, സ്വർഗ്ഗീയ കഴിവുകൾ നല്കി. അവരുടെ ദൗത്യം പൂർത്തീകരിച്ചപ്പോൾ, അവർ സന്തോഷത്തോടെ മടങ്ങിവന്നു. അവർ കർത്താവിനോടു പറഞ്ഞു: "കർത്താവേ, നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്കു കീഴടങ്ങുന്നു.'' യേശു അവരോടു പറഞ്ഞു: ''സാത്താൻ മിന്നൽപോലെ ആകാശത്തുനിന്നു വീഴുന്നതു ഞാൻ കണ്ടു."

ഭൂതകാലത്തിന്റെയും ഭാവിയുടെയും ദൃശ്യങ്ങൾ യേശുവിന്റെ മനസ്സിലൂടെ കടന്നുപോയി. സ്വർഗ്ഗത്തിൽനിന്നു ലൂസിഫർ നിഷ്കാസിതനാവുന്ന രംഗം യേശു വീണ്ടും കണ്ടു. ആ വഞ്ചകന്റെ തനിസ്വഭാവത്തെ സകല ലോകങ്ങൾക്കും തുറന്നുകാട്ടുമ്പോൾ, തനിക്കു നേരിടാൻ പോകുന്ന

കഷ്ടങ്ങളുടെ ഭയാനകത യേശു മുൻകൂട്ടി കണ്ടു. പാപത്തിൽ നിപതിച്ച മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പു സാക്ഷാത്കരിച്ചു എന്നു വിളിച്ചറിയിക്കുന്ന "നിവൃത്തിയായി" (യോഹ. 19:30) എന്ന വിജയത്തിന്റെ ശബ്ദം യേശുവിന്റെ കാതിൽ മുഴങ്ങി.

അനുസരണക്കേടുകൊണ്ടു ഭൂമിയെ പാപപങ്കിലമാക്കിയ പിശാച്, എന്നേക്കുമായി നശിക്കുന്ന കാഴ്ച, കാൽവരിയിലെ പങ്കപ്പാടുകൾക്കപ്പുറം യേശു ദർശിച്ചു. സാത്താന്റെ കുടിലതയുടെ പ്രവൃത്തികൾ എന്നേക്കുമായി അവസാനിക്കുന്നതും, ദൈവിക സമാധാനം ഭൂമിയെയും സ്വർഗ്ഗത്തെയും നിറയ്ക്കുന്നതും യേശു കണ്ടു.

തോല്പിക്കപ്പെട്ട ഒരു ശത്രുവാണു സാത്താൻ എന്ന് ഓരോ ക്രിസ്ത്യാനിയും മനസ്സിലാക്കണം. ക്രൂശിന്മേൽവച്ചു ക്രിസ്തു സാത്താന്റെ മേൽ അന്തിമവിജയം വരിക്കും. യേശു നേടിയ വിജയം ഓരോ ക്രിസ്ത്യാനിയുടെയും വിജയം ആയി സ്വീകരിക്കണമെന്നു യേശു ആഗ്രഹിച്ചു. "പാമ്പുകളെയും, തേളുകളെയും, ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു; ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയില്ല."

ഓരോ അനുതാപഹൃദയത്തിന്റെയും ശക്തികേന്ദ്രം, സർവ്വശക്തനായ പരിശുദ്ധാത്മാവ് ആകുന്നു. അനുതാപഹൃദയത്തോടും വിശ്വാസത്തോടും കൂടി പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യപ്പെടുന്ന ഒരു വ്യക്തിപോലും ശത്രുവിന്റെ അടിമയാകാൻ ക്രിസ്തു അനുവദിക്കുകയില്ല. പരിക്ഷീണരും ശോധന കഴിക്കപ്പെട്ടവരുമായ തന്റെ കുഞ്ഞുങ്ങളുടെ സമീപത്തു യേശുവുണ്ട്. യേശുവിനു പരാജയമോ, നഷ്ടമോ, അസാദ്ധ്യമായതോ ഒന്നുമില്ല. നമ്മെ ശക്തനാക്കുന്നവൻ മുഖാന്തരം നാം സകലത്തിനും മതിയായവരാകുന്നു. പരീക്ഷകളും ശോധനകളും വരുമ്പോൾ, നാം സ്വയത്തിൽ ആശ്രയിക്കരുത്. നിങ്ങളുടെ സഹായിയായ യേശുവിനെ നോക്കുക.

സാത്താന്റെ ശക്തിയെക്കുറിച്ചു വളരെ കൂടുതൽ സംസാരിക്കയും ചിന്തിക്കയും ചെയ്യുന്ന ക്രിസ്ത്യാനികൾ ഉണ്ട്. ശത്രുവിനെക്കുറിച്ചാണ് അവർ ചിന്തിക്കുന്നത്. അവനെക്കുറിച്ചു പ്രാർത്ഥിക്കുന്നു. അവനെക്കുറിച്ചു സംസാരിക്കുന്നു. അവരുടെ ഭാവനയിൽ അവൻ വലുതായിത്തീരുന്നു. സാത്താനു ശക്തി ഉണ്ടെന്നുള്ളതു ശരിയാണ്; എന്നാൽ ദൈവത്തിനു സ്തോത്രം! പിശാചിനെ സ്വർഗ്ഗത്തിൽനിന്നു തള്ളിക്കളഞ്ഞ ഒരു രക്ഷകൻ നമുക്കുണ്ട്. സാത്താന്റെ ശക്തിയെ നാം വലുതാക്കുമ്പോൾ അവൻ സന്തോഷിക്കുകയാണു ചെയ്യുന്നത്. എന്തുകൊണ്ടു നമുക്കു യേശുവിനെക്കുറിച്ചു പറഞ്ഞുകൂടാ? യേശുവിന്റെ സ്നേഹത്തെയും ശക്തിയെയും എന്തുകൊണ്ടു പ്രകീർത്തിച്ചുകൂടാ?

"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്, ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16). ഈ വാഗ്ദത്തമാണു

സ്വർഗ്ഗസിംഹാസനത്തെ ചുറ്റിയുള്ള വാഗ്ദത്തത്തിന്റെ മഴവില്ല്. പൈശാചികനുമായുള്ള പോരാട്ടത്തിൽ തന്റെ കുഞ്ഞുങ്ങളെ ദൈവം ഒരിക്കലും കൈവെടിയുകയില്ല എന്ന സത്യത്തെ അതു വിളിച്ചറിയിക്കുന്നു. ആ സിംഹാസനം നിലനില്ക്കുന്നിടത്തോളം ശക്തിയുടെയും സംരക്ഷണത്തിന്റെയും ഉറപ്പ് അതു നല്കുന്നു.

യേശു തുടർന്നു പറഞ്ഞു: "എങ്കിലും ഭൂതങ്ങൾ നിങ്ങൾക്കു കീഴടങ്ങുന്നതിലല്ല, നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ." ദൈവത്തിലുള്ള നിങ്ങളുടെ ആശ്രയം നഷ്ടപ്പെട്ടുപോകാതിരിപ്പാൻ അധികാരലബ്ധിയിൽ നിങ്ങൾ അഹങ്കരിക്കരുത്. നിങ്ങളുടെ നാഥനായവന്റെ ബലത്തിലും ആത്മാവിലും പ്രവർത്തിക്കുന്നതിനു പകരം സ്വന്തശക്തിയിലൂന്നാതിരിപ്പാനും, സ്വയം ഏതിനും മതിയായവനാണ് എന്ന ചിന്ത വരാതിരിപ്പാനും കരുതിക്കൊള്ളണം. നമ്മുടെ പ്രവർത്തനത്തിൽ ഏതിലെങ്കിലും വിജയം നേടുമ്പോൾ, സ്വയം പുകഴുവാനുള്ള പ്രവണത നമ്മിൽ ഉണ്ടാകും. നമ്മിലുള്ള 'ഞാൻ' എന്ന ചിന്ത എല്ലാ പുകഴ്ചയും സ്തുതിയും സ്വന്തമാക്കുവാൻ ആഗ്രഹിക്കുന്നു. ദൈവമാണു നമുക്കു വിജയം നല്കിയതെന്നു നാം വിസ്മരിച്ചുകളയുന്നു. പൗലൊസ് പറയുന്നതു ശ്രദ്ധിക്കുക: "ബലഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ശക്തനാകുന്നു" (2 കൊരി. 12:10). നമ്മുടെ ബലഹീനതയെക്കുറിച്ചു നമുക്കു ബോധമുണ്ടാകുമ്പോൾ, ദൈവത്തിലാശ്രയിപ്പാൻ നാം പഠിക്കുന്നു. ദൈവത്തോടുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് ആഴമായ ബോധം നമുക്കുണ്ടെങ്കിൽ, ഒരു ശക്തിക്കും നമ്മുടെ ഹൃദയത്തെ ചലിപ്പിക്കുവാൻ കഴിയുന്നതല്ല. പാപക്ഷമ നല്കുന്ന ക്രിസ്തുവിന്റെ സ്നേഹംപോലെ, നമ്മുടെ ജീവിതത്തിന്റെ ആഴത്തിലേക്കു കടന്നുചെല്ലുന്ന വേറൊന്നില്ല. ദൈവത്തോടു നാം സമ്പർക്കം പുലർത്തണം. അപ്പോൾ പരിശുദ്ധാത്മാവു നമ്മുടെമേൽ വരും. മറ്റുള്ളവരുമായി നല്ല സമ്പർക്കം പുലർത്തുവാൻ പരിശുദ്ധാത്മാവു നമ്മെ സഹായിക്കുന്നു. ക്രിസ്തുവിൽക്കൂടെ സ്വർഗ്ഗീയ കുടുംബത്തോടു ബന്ധപ്പെട്ടിരിക്കുന്നതിനാൽ സന്തോഷിക്ക. ശ്രേഷ്ഠമായ സ്വർഗ്ഗീയ കാഴ്ച നമുക്കു ലഭിക്കുമ്പോൾ, നമ്മുടെ ബലഹീനതയെക്കുറിച്ച് എപ്പോഴും ബോധവാന്മാരായിരിക്കും. സ്വയചിന്തയെ എത്രത്തോളം കുറയ്ക്കുവാൻ കഴിയുമോ അതിന് ആനുപാതികമായി നിങ്ങൾക്കു രക്ഷകന്റെ മഹത്വത്തെക്കുറിച്ചു ഗ്രഹിപ്പാനാകും. പ്രകാശത്തിന്റെയും ശക്തിയുടെയും ഉറവിടവുമായി അടുത്ത ബന്ധം പുലർത്തുമ്പോൾ, നിങ്ങൾ കൂടുതൽ പ്രകാശിതരായിത്തീരും. ദൈവവുമായി സഹകരിച്ചു പ്രവർത്തിപ്പാൻ നിങ്ങൾക്കു കൂടുതൽ ശക്തി ലഭിക്കും. സ്വർഗ്ഗീയ കുടുംബവുമായി ഏകീഭവിക്കുന്നതിൽ സന്തോഷിക്ക.

ക്രിസ്തുവിന്റെ വചനങ്ങൾ ഈ എഴുപതുപേർ ശ്രദ്ധിച്ചപ്പോൾ, പരിശുദ്ധാത്മാവ് അവയെ, അവരുടെ ഹൃദയങ്ങളിൽ പതിപ്പിച്ചു. അവരുടെ ഹൃദയത്തിന്റെ പലകമേൽ, പരിശുദ്ധാത്മാവു സത്യം എഴുതി. അനേകം ആളുകളുടെ മദ്ധ്യേ അവർ പ്രവർത്തിച്ചെങ്കിലും, അവർ ദൈവത്തോടുകൂടെ ആയിരുന്നു.

എഴുപതുപേരും പരിശുദ്ധാത്മാവാൽ നിറയപ്പെട്ടു എന്നു കണ്ടപ്പോൾ, യേശു പരിശുദ്ധാത്മാവിൽ ആനന്ദിച്ചു പറഞ്ഞു: "പിതാവേ, സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇവ ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ പിതാവേ, ഇങ്ങനെ നിനക്കു പ്രസാദം തോന്നിയല്ലോ. എന്റെ പിതാവു സകലവും എങ്കൽ ഭരമേല്പിച്ചിരിക്കുന്നു. പുത്രൻ ഇന്നവൻ എന്നു പിതാവല്ലാതെ ആരും അറിയുന്നില്ല; പിതാവ് ഇന്നവൻ എന്നു പുത്രനും, പുത്രൻ വെളിപ്പെടുത്തിക്കൊടുപ്പാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും അറിയുന്നതുമില്ല."

ലോകത്തിലെ മഹത്തുക്കളും ജ്ഞാനികളുമായവർക്ക്, അവരുടെ പ്രശംസയായ ജ്ഞാനംകൊണ്ടു ക്രിസ്തുവിന്റെ സ്വഭാവത്തെ ഗ്രഹിപ്പാൻ കഴികയില്ല. ബാഹ്യമായ കാഴ്ചയാലാണ് അവർ യേശുവിനെ വിലയിരുത്തിയത്. ഒരു എളിയ മനുഷ്യൻ എന്ന് അവർ യേശുവിനെ വിലയിരുത്തി. എന്നാൽ മീൻപിടുത്തക്കാർക്കും ചുങ്കക്കാർക്കും, അദൃശ്യനായ ദൈവത്തെ യേശുവിലൂടെ കാണുവാൻ കഴിഞ്ഞു. എന്നാൽ ശിഷ്യന്മാർക്കു പോലും, കർത്താവ് അവർക്കു വെളിപ്പെടുത്തുവാനാഗ്രഹിച്ചതെല്ലാം ഗ്രഹിപ്പാൻ കഴിഞ്ഞില്ല. എന്നാൽ ക്രമേണ, പരിശുദ്ധാത്മാവിന് അവർ കീഴ്പ്പെട്ടപ്പോൾ അവരുടെ മനസ്സു പ്രശോഭിതമായി. സർവ്വശക്തനായ ദൈവം മനുഷ്യവേഷം ധരിച്ചു തങ്ങളുടെ ഇടയിൽ വന്നിരിക്കുന്നുവെന്ന് അവർ മനസ്സിലാക്കി. ഈ അറിവ് അവർക്കു ലഭിച്ചതിൽ യേശു സന്തോഷിച്ചു. പഴയനിയമത്തിൽ തന്നെ പരാമർശിച്ചുകൊണ്ടുള്ള പ്രവചനങ്ങളെക്കുറിച്ചും ലോകത്തിന്റെ പാപപരിഹാരത്തിനായി താൻ അർപ്പിക്കുവാൻ പോകുന്ന യാഗത്തെക്കുറിച്ചും യേശു പറഞ്ഞപ്പോൾ ഈ ശിഷ്യന്മാർ പരിശുദ്ധാത്മാവാൽ ഉണർത്തപ്പെടുകയും സ്വർഗ്ഗീയ അന്തരീക്ഷത്തിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. മുൻകാലത്തു പ്രവാചകന്മാർ രേഖപ്പെടുത്തിയിട്ടുള്ള സത്യങ്ങൾ, അവർക്കു കൂടുതൽ വ്യക്തമായി ഗ്രഹിക്കുവാൻ കഴിഞ്ഞു. ഇതിനുശേഷം പഴയനിയമ തിരുവെഴുത്തുകൾ ശുഷ്കമായ വേദശാസ്ത്രമെന്ന നിലയിലോ, ഗതകാലജ്ഞാനികൾ എഴുതിയ സൂക്തങ്ങൾ എന്ന നിലയിലോ അല്ല അവർ വായിച്ചത്. നേരെ മറിച്ചു ദൈവത്തിൽനിന്നുള്ള സന്ദേശമായി അവർ അതു ഗ്രഹിച്ചു. "ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യായ്കയാൽ അതിന് അവനെ ലഭിപ്പാൻ കഴികയില്ല; നിങ്ങളോ, അവൻ നിങ്ങളോടുകൂടെ വസിക്കയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു" (യോഹ. 14:17). ഇതിന്റെ പൂർണ്ണമായ അർത്ഥത്തിൽ അവർ അവനെ കണ്ടു.

സത്യം പൂർണ്ണമായി ഗ്രഹിക്കാനുള്ള ഏകമാർഗ്ഗം ക്രിസ്തുവിന്റെ ആത്മാവിന്റെ സഹായത്തോടെ ഹൃദയങ്ങളെ ദൈവത്തിനു കീഴ്പ്പെടുത്തിക്കൊടുക്കുന്നതിൽക്കൂടെ മാത്രമാണ്. ഹൃദയത്തെ അഹംഭാവത്തിൽനിന്നും, സ്വയം പുകഴ്ത്തുന്നതിൽനിന്നും വിമോചിപ്പിച്ച്, ക്രിസ്തുവിനെ ഹൃദയത്തിൽ പ്രതിഷ്ഠിക്കണം. മനുഷ്യന്റെ ശാസ്ത്രത്തിനു ക്രിസ്തുവിന്റെ പാപപരിഹാരബലി ഗ്രഹിപ്പാൻ കഴിയുന്നതല്ല. തത്വജ്ഞാനത്തിനു വിശദീകരിപ്പാൻ

പാടില്ലാത്തവണ്ണം അഗാധമായതാണു ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ പദ്ധതി. ഏറ്റവും വലിയ ജ്ഞാനിക്കുപോലും അതിന്റെ മഹത്വത്തെ പൂർണ്ണമായി ഗ്രഹിപ്പാൻ അസാദ്ധ്യമാണ്. രക്ഷയുടെ ശാസ്ത്രത്തെ മനുഷ്യബുദ്ധിക്കു വിശദീകരിപ്പാൻ സാദ്ധ്യമല്ല. എന്നാൽ അനുഭവത്തിലൂടെ അതറിയുവാൻ കഴിയും. തന്റെ സ്വന്തം പാപാവസ്ഥയെ കാണുവാൻ കഴിയുന്നവനു രക്ഷകന്റെ വില ഗ്രഹിപ്പാൻ കഴിയും.

ഗലീലയിൽനിന്നു യെരൂശലേമിലേക്കുള്ള യാത്രയിൽ ക്രിസ്തു പഠിപ്പിച്ച പാഠങ്ങൾ മുഴുവൻ ഉപദേശങ്ങൾ അടങ്ങിയതായിരുന്നു. ജനം വളരെ താൽപര്യത്തോടെ യേശുവിനെ ശ്രദ്ധിച്ചു. ഗലീലയിലെപ്പോലെ പെരയയിലും യെഹൂദമത തീക്ഷ്ണതയുടെ സ്വാധീനശക്തി കുറവായിരുന്നു. എന്നാൽ യെഹൂദ്യയിൽ അപ്രകാരമായിരുന്നില്ല. പെരയയിൽ യേശുവിന്റെ ഉപദേശങ്ങൾക്കു നല്ല പ്രതികരണം ലഭിച്ചു.

യേശുവിന്റെ ഉപമകളിലധികവും നല്കിയത് ഈ അന്ത്യസമയങ്ങളിലായിരുന്നു. വർദ്ധിച്ച ശത്രുതയോടെ പുരോഹിതന്മാരും റബ്ബിമാരും യേശുവിനെ പിന്തുടർന്നു. യേശു അവർക്കു നല്കിയ മുന്നറിയിപ്പുകൾ ഉപമകൾ കൊണ്ടു മറച്ചിരുന്നു. യേശു നല്കിയ ഉപദേശങ്ങൾ തെറ്റായി ധരിക്കുവാൻ സാദ്ധ്യമല്ലായിരുന്നു. യേശുവിന്റെ വാക്കുകളിൽ കുറ്റം കണ്ടെത്താനും അവർക്കു കഴിഞ്ഞില്ല. ചുങ്കക്കാരന്റെയും പരീശന്റെയും ഉപമയിൽ പരീശന്റെ സ്വയനീതിയെ പുകഴ്ത്തുന്ന പ്രാർത്ഥനയും, ചുങ്കക്കാരന്റെ അനുതാപത്തോടെയുള്ള പ്രാർത്ഥനയും (ലൂക്കൊസ് 18:11,13) തമ്മിൽ ഇരുളും പകലും പോലെയുള്ള വ്യത്യാസം ഉണ്ട്. ഈ ഉപമയിലൂടെ യേശു യെഹൂദന്മാരുടെ കപടഭക്തിയെ ശകാരിച്ചു. ഫലം കായ്ക്കാത്ത അത്തിവൃക്ഷത്തിന്റെയും വലിയ അത്താഴവിരുന്നിന്റെയും ഉപമയിൽക്കൂടെ, അനുതപിക്കാത്ത രാഷ്ട്രത്തിനു വരാൻ പോകുന്ന നാശത്തെക്കുറിച്ചു കർത്താവു മുൻകൂട്ടി പറഞ്ഞു. സുവിശേഷവിരുന്നിലേക്കുള്ള ക്ഷണം നിരസിച്ചവർ യേശുവിന്റെ മുന്നറിയിപ്പിന്റെ വാക്കുകൾ കേട്ടു. “ആ ക്ഷണിക്കപ്പെട്ട പുരുഷന്മാർ ആരും എന്റെ അത്താഴം ആസ്വദിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു” (ലൂക്കൊസ് 14:24).

ശിഷ്യന്മാർക്കു നല്കപ്പെട്ട ഉപദേശങ്ങൾ വളരെ അമൂല്യങ്ങളായിരുന്നു. മടുത്തുപോകാത്ത അപേക്ഷയുമായി പോയ വിധവയുടെയും അർദ്ധരാത്രിയിൽ അപ്പം ചോദിക്കുന്ന സ്നേഹിതന്റെയും ഉപമ യേശുവിന്റെ വാക്കുകൾക്കു പുതിയ ശക്തി നല്കി. “യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കും” (ലൂക്കൊസ് 11:9). “ദൈവമോ, രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ, ദീർഘക്ഷമയുള്ളവനായാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു” എന്ന ക്രിസ്തുവിന്റെ വാക്കുകൾ കേൾവിക്കാരുടെ അസ്ഥിരമായ വിശ്വാസത്തെ ഉറപ്പിച്ചു (ലൂക്കൊസ് 18:7,8).

കാണാതെപോയ ആടിന്റെ ഉപമ കർത്താവു വീണ്ടും ആവർത്തിച്ചു. കാണാതെ പോയ ദ്രഹ്മയുടെയും മുടിയനായ പുത്രന്റെയും ഉപമകളിലൂടെ ആ പാഠം കൂടുതൽ വിശദീകരിച്ചു. ഈ പാഠങ്ങളുടെ അന്തസ്സത്ത പൂർണ്ണമായി ഗ്രഹിപ്പാൻ ശിഷ്യന്മാർക്ക് അപ്പോൾ കഴിഞ്ഞില്ല. എന്നാൽ പരിശുദ്ധാത്മ വർഷത്തിനുശേഷം ജാതികൾ ധാരാളമായി ക്രിസ്തീയ സഭയിലേക്കു കടന്നു വരികയും, യെഹൂദന്മാർ അതിൽ രോഷാകുലരാകുകയും ചെയ്യുന്നതു കണ്ടപ്പോൾ, മുടിയനായ പുത്രന്റെ പാഠം ശിഷ്യന്മാർ ശരിയായി മനസ്സിലാക്കി. "നിന്റെ ഈ സഹോദരനോ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെപോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു. ആകയാൽ ആനന്ദിച്ചു സന്തോഷിക്കേണ്ടത് ആവശ്യമായിരുന്നു" (ലൂക്കൊസ് 15:32). ക്രിസ്തുവിന്റെ സന്തോഷം പ്രതിഫലിച്ച ഈ വാക്കുകൾ അതിന്റെ പൂർണ്ണ അർത്ഥത്തിൽ അപ്പൊസ്തലർ ഗ്രഹിച്ചു. തങ്ങളുടെ ഗുരുവിന്റെ നാമത്തിൽ ദാരിദ്ര്യവും, പീഡനങ്ങളും, പരിഹാസവും സഹിച്ചു ശിഷ്യന്മാർ ജീവിച്ചപ്പോൾ, കർത്താവിന്റെ ഈ ഉപദേശങ്ങൾ അവരെ ധൈര്യപ്പെടുത്തി. "ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടരുത്; നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു നല്കുവാൻ പ്രസാദിച്ചിരിക്കുന്നു. നിങ്ങൾക്കുള്ളതു വിറ്റു ഭിക്ഷ കൊടുപ്പിൻ; കള്ളൻ അടുക്കുകയോ, പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾ ഉണ്ടാക്കിക്കൊൾവിൻ. നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും" (ലൂക്കൊസ് 12:32-34).

# 54

# നല്ല ശമര്യൻ

അവലംബം: ലൂക്കൊസ് 10:25–37

യഥാർത്ഥ മതമെന്തെന്ന് ഉദാഹരിക്കുകയാണു നല്ല ശമര്യക്കാരന്റെ കഥയിലൂടെ ക്രിസ്തു ചെയ്യുന്നത്. സ്നേഹപ്രവൃത്തികളിലൂടെയാണ് ഒരുവന്റെ മതം പ്രകടമാക്കപ്പെടേണ്ടത്. വിശ്വാസപ്രമാണങ്ങളിലോ, തത്വസംഹിതകളിലോ ഒതുക്കിനിർത്താവുന്നതല്ല യഥാർത്ഥ മതം.

ക്രിസ്തു ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ "ഒരു ന്യായശാസ്ത്രി എഴുന്നേറ്റ്: ഗുരോ, ഞാൻ നിത്യജീവന് അവകാശിയായിത്തീരുവാൻ എന്തു ചെയ്യേണം എന്ന് അവനെ പരീക്ഷിച്ചു ചോദിച്ചു." ആ വലിയ ജനക്കൂട്ടം യേശുവിന്റെ ഉത്തരം കേൾപ്പാൻ അതിശ്രദ്ധയോടെ കാത്തിരുന്നു. ന്യായശാസ്ത്രിയുടെ ചോദ്യം യേശുവിനെ കുഴയ്ക്കുമെന്നു പുരോഹിതന്മാരും റബ്ബിമാരും കരുതി. എന്നാൽ യേശു ഒരു വാദപ്രതിവാദത്തിൽ ഏർപ്പെട്ടില്ല. ചോദ്യകർത്താവിൽ നിന്നുതന്നെ ഉത്തരം യേശു ആവശ്യപ്പെട്ടു. "ന്യായപ്രമാണത്തിൽ എന്ത് എഴുതിയിരിക്കുന്നു? നീ എങ്ങനെ വായിക്കുന്നു?" സീനായിൽവച്ചു നല്കപ്പെട്ട ദൈവകല്പനയെ യേശു നിസ്സാരമായി കരുതുന്നു എന്ന ആരോപണം യേശുവി

നെതിരായി യെഹൂദന്മാർ ഉന്നയിച്ചിരുന്നു. എന്നാൽ നിത്യജീവനെ സംബന്ധിച്ച ചോദ്യത്തിന്റെ ഉത്തരം ദൈവകല്പന പ്രമാണിക്കുന്നതിലൂടെയാണു ലഭിക്കുന്നതെന്ന വസ്തുതയിലേക്കു യേശു വിരൽ ചൂണ്ടുകയായിരുന്നു.

ന്യായശാസ്ത്രി പറഞ്ഞു: "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം എന്നും, കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്നും." യേശു അവനോട്, "നീ പറഞ്ഞ ഉത്തരം ശരി; അങ്ങനെ ചെയ്ക; എന്നാൽ നീ ജീവിക്കും" എന്നു പറഞ്ഞു.

ന്യായശാസ്ത്രി പരീശന്മാർക്കുണ്ടായിരുന്ന സ്ഥാനമഹിമയിലും അവരുടെ പ്രവർത്തനത്തിലും സംതൃപ്തനായിരുന്നില്ല. തിരുവെഴുത്തുകളുടെ ശരിയായ അർത്ഥം ഗ്രഹിക്കണമെന്ന ആഗ്രഹത്തോടെ അവയെ പഠിക്കുകയായിരുന്നു. ന്യായശാസ്ത്രി സത്യം ഗ്രഹിപ്പാൻ താൽപര്യത്തോടെ പഠിച്ചു. "ഞാൻ എന്തു ചെയ്യണം" എന്ന ചോദ്യം ആത്മാർത്ഥതയോടെയാണു ചോദിച്ചത്. ദൈവത്തിന്റെ പത്തു കല്പനയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണു ന്യായശാസ്ത്രി ഉദ്ധരിച്ചത്. മോശെയ്ക്കു നല്കിയിരുന്ന ആചാരാനുഷ്ഠാനങ്ങളെ സംബന്ധിച്ച ന്യായപ്രമാണം അവൻ ഉദ്ധരിച്ചില്ല. അവയ്ക്ക് അവൻ വലിയ പ്രാധാന്യം കല്പിച്ചില്ല. സകല കല്പനകളും പ്രവാചകന്മാരും അടങ്ങുന്ന രണ്ടു വലിയ തത്വങ്ങൾ ആ ന്യായശാസ്ത്രി പറഞ്ഞു. ന്യായശാസ്ത്രിയുടെ ഉത്തരം കേട്ടപ്പോൾ ക്രിസ്തു അദ്ദേഹത്തെ ശ്ലാഘിച്ചു. ക്രിസ്തുവിന് അനുകൂലമായ ഒരു അന്തരീക്ഷം അവിടെ ഉണ്ടായി. ന്യായശാസ്ത്രി നല്കിയ ശരിയായ ഉത്തരങ്ങളെ ക്രിസ്തു അഭിനന്ദിച്ചപ്പോൾ ആർക്കും ക്രിസ്തുവിനെ കുറ്റം വിധിക്കുവാൻ കഴിയാതെ പോയി.

യേശു അവനോടു പറഞ്ഞു: "നീയും അങ്ങനെ ചെയ്ക; എന്നാൽ നീ ജീവിക്കും." ദൈവകല്പന പരസ്പരബന്ധമുള്ള ഒരു കല്പനയായിട്ടാണു യേശു കണ്ടത്. കല്പനയിലെ ഒന്ന് അനുസരിക്കുകയും മറ്റൊന്ന് അനുസരിക്കാതിരിക്കുകയും ചെയ്യുകയെന്നതു സാദ്ധ്യമല്ല. എല്ലാ കല്പനയിലും ഒരേ തത്വമാണുള്ളത്. കല്പനകൾ മുഴുവൻ അനുസരിക്കുന്നതിനെ ആശ്രയിച്ചാണ് ഒരുവന്റെ വിധി നിർണ്ണയിക്കുന്നത്. ഏറ്റവും മഹത്തായ സ്നേഹം ദൈവത്തിനു നല്കുകയും മുഖപക്ഷം കൂടാതെ സഹജീവികളെ സ്നേഹിക്കയും വേണം. ഇതാണു ജീവിതത്തിൽ വിളങ്ങിക്കാണേണ്ടത്.

ദൈവകല്പന പൂർണ്ണമായി താൻ അനുസരിക്കുന്നില്ലെന്നു ന്യായശാസ്ത്രി മനസ്സിലാക്കി. അന്തർഗതങ്ങളെ ശോധന ചെയ്യുന്ന ക്രിസ്തുവിന്റെ വാക്കുകൾ ന്യായശാസ്ത്രിയിൽ പാപബോധം ഉളവാക്കി. താൻ മനസ്സിലാക്കിയിരുന്നുവെന്നവകാശപ്പെട്ട ദൈവകല്പന തന്റെ ജീവിതത്തിൽ പ്രായോഗികമാക്കിയിരുന്നില്ല. സഹോദരനോട് അവൻ സ്നേഹം പ്രദർശിപ്പിച്ചിരുന്നില്ല. ആ ന്യായശാസ്ത്രിയിൽ അനുതാപം ഉണ്ടാകുവാൻ യേശു ആഗ്രഹിച്ചു. എന്നാൽ അവൻ അനുതപിക്കുന്നതിനു പകരം സ്വയനീതീകരണത്തിനാണു ശ്രമിച്ചത്. സത്യത്തെ സ്വീകരിക്കുന്നതിനു പകരം കല്പന അനുസരിക്കുന്നത്

എത്ര പ്രയാസമാണെന്നു കാണിപ്പാൻ അവൻ തുനിഞ്ഞു. ആ ന്യായ ശാസ്ത്രി തന്നിലുണ്ടായ കുറ്റബോധത്തെ സാന്ത്വനപ്പെടുത്താനും, തന്റെ ഭാഗം ശരിയാണെന്നു മറ്റുള്ളവരെ ബോധ്യപ്പെടുത്താനും ശ്രമിച്ചു. ന്യായ ശാസ്ത്രി തന്നെ സ്വന്തം ചോദ്യത്തിനുത്തരം നല്കിക്കൊണ്ട് ആ ചോദ്യം ഉന്നയിക്കേണ്ട ആവശ്യമില്ലായിരുന്നുവെന്നു കർത്താവിന്റെ വാക്കുകൾ തെളി യിച്ചുകൊടുത്തു. എങ്കിലും ന്യായശാസ്ത്രി വേറൊരു ചോദ്യം ചോദിച്ചു: "എന്റെ കൂട്ടുകാരൻ ആർ?"

യെഹൂദന്മാരുടെ ഇടയിൽ ഈ ചോദ്യം ഉത്തരം ലഭിക്കാത്ത ഒന്നായി രുന്നു. ജാതികളെയും ശമര്യക്കാരെയും വേലികെട്ടി അകറ്റിയിരുന്ന അവർക്ക്, അവർ തങ്ങളുടെ കൂട്ടുകാർ അല്ലെന്നുള്ളതിന് ഒരു സംശയവുമില്ലായിരുന്നു. അവർ യെഹൂദന്മാർക്ക് അന്യരും ശത്രുക്കളുമായിരുന്നു. എന്നാൽ തങ്ങളുടെ ഇടയിൽ കഴിയുന്നവരിൽ ആരെല്ലാമാണു കൂട്ടുകാർ, ആരെല്ലാം അല്ല എന്നുള്ളതിനെക്കുറിച്ചു സംശയം ഉണ്ടായിരുന്നു. പുരോഹിതനും പള്ളി പ്രമാണിയും ആരെയാണ് അയൽക്കാരായി കാണേണ്ടത്? തങ്ങളെ ശുദ്ധീ കരിക്കുവാൻ ജീവിതം മുഴുവൻ ആചാരാനുഷ്ഠാനങ്ങൾ പാലിച്ചിരുന്നവ രാണ് അവർ. അജ്ഞരും സൂക്ഷ്മതയില്ലാത്തവരുമായ ജനങ്ങളുമായി ഇടപഴകിയാൽ, അതു തങ്ങളെ മലിനീകരിക്കുമെന്നും, പിന്നെയും കഠിനമായ പ്രയത്നത്താൽ മാത്രമേ ശുദ്ധീകരണം പ്രാപിക്കുവാൻ കഴികയുള്ളു വെന്നും അവർ മനസ്സിലാക്കിയിരുന്നു. അശുദ്ധരായ മനുഷ്യരെ തങ്ങളുടെ കൂട്ടുകാരായി അവർക്കു സ്വീകരിപ്പാൻ കഴിയുമോ?

ഒരു വാദപ്രതിവാദത്തിൽ ഏർപ്പെടുവാൻ യേശു ഒരുക്കമായിരുന്നില്ല. തന്നെ കുറ്റം വിധിക്കുവാൻ ഒരുമ്പെട്ടവരുടെ മതഭ്രാന്തിനെ കർത്താവു വിമർശിച്ചില്ല. എന്നാൽ എല്ലാ ഹൃദയങ്ങളെയും സ്പർശിക്കുന്ന സ്വർഗ്ഗീയ സ്നേഹത്തിന്റെ മനോഹര ചിത്രം വരച്ചുകാട്ടുവാൻ ഒരു കഥ യേശു തന്റെ ചുറ്റും നിന്നവരോടു പറഞ്ഞു. ആ കഥ കേട്ട ന്യായശാസ്ത്രി കഥയിലുൾ ക്കൊണ്ട സ്വർഗ്ഗീയ സത്യം അംഗീകരിച്ചു.

അന്ധകാരം അകറ്റുവാനുള്ള വഴി പ്രകാശത്തെ സ്വീകരിക്കുന്നതിലാണ്. തെറ്റിനെ നേരിടുവാനുള്ള ഉത്തമമായ മാർഗ്ഗം സത്യത്തെ വെളിപ്പെടുത്തു ന്നതിലാണ്. സ്വാർത്ഥതയിൽ ഉറച്ചിരിക്കുന്ന ഹൃദയത്തിന്റെ പാപവും കോട്ടവും തുറന്നുകാട്ടുന്നതു ദൈവസ്നേഹത്തിന്റെ പ്രകാശനത്തിലാണ്.

യേശു പറഞ്ഞു: "ഒരു മനുഷ്യൻ, യെരൂശലേമിൽനിന്നു യെരീഹോവി ലേക്കു പോകുമ്പോൾ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടു; അവർ അവനെ വസ്ത്രം അഴിച്ചു മുറിവേല്പിച്ചു അർദ്ധപ്രാണനായി വിട്ടേച്ചുപോയി. ആ വഴിയായി യദൃച്ഛയാ ഒരു പുരോഹിതൻ വന്ന് അവനെ കണ്ടിട്ടു മാറി കടന്നു പോയി. അങ്ങനെതന്നെ ഒരു ലേവ്യനും ആ സ്ഥലത്തിൽ എത്തി അവനെ കണ്ടിട്ടു മാറി കടന്നുപോയി" (ലൂക്കൊസ് 10:30-32). ഇതു സാങ്കല്പിക മായ ഒരു കഥയായിരുന്നില്ല. ഒരു സംഭവകഥ യേശു വിവരിക്കുകയായിരുന്നു. മാറി കടന്നുപോയ പുരോഹിതനും ലേവ്യനും ക്രിസ്തുവിന്റെ ശ്രോതാ ക്കളുടെ ഇടയിൽ ഉണ്ടായിരുന്നു.

യെരൂശലേമിൽനിന്നു യെരീഹോവിലേക്കുള്ള യാത്രയിൽ, യെഹൂദ്യയിലെ ഒരു മരുപ്രദേശത്തുകൂടി യാത്രക്കാർ കടന്നു പോകണമായിരുന്നു. പാറക്കൂട്ടങ്ങൾ നിറഞ്ഞ വഴിത്താര കള്ളന്മാരുടെ സങ്കേതമായിരുന്നു. പലപ്പോഴും ഈ പ്രദേശത്ത് അക്രമങ്ങൾ നടന്നിരുന്നു. ഇവിടെവച്ചായിരുന്നു ആ യാത്രക്കാരൻ ആക്രമിക്കപ്പെട്ടത്. അയാളെ അർദ്ധപ്രാണനായി അവിടെ തള്ളിയിട്ട് ആ അപഹർത്താക്കൾ ഓടിമറഞ്ഞു. ഇപ്രകാരം അയാൾ അവിടെ കിടക്കുമ്പോൾ പുരോഹിതൻ അതിലേ വന്നു, മുറിവേറ്റ മനുഷ്യനെ ഒന്നു നോക്കുകമാത്രം ചെയ്തു. പിന്നീടു ലേവ്യൻ അതിലേ വന്നു. എന്താണു സംഭവിച്ചത് എന്നറിയുവാൻ ആ ലേവ്യൻ മുറിവേറ്റുകിടന്ന മനുഷ്യനെ നോക്കി. താൻ ചെയ്യേണ്ട ചുമതലയെപ്പറ്റി അയാൾ ബോധവാനായിയെങ്കിലും അയാൾക്ക് അത് ഇഷ്ടകരമായ ജോലി ആയിരുന്നില്ല. താൻ ആ വഴി വരേണ്ടിയില്ലായിരുന്നുവെന്നു ലേവ്യൻ ആശിച്ചു. മുറിവേറ്റയാളെ സഹായിക്കുന്നതു തന്റെ ജോലിയല്ലായെന്ന് അയാൾ സ്വയമാശ്വസിച്ചു.

ഈ രണ്ടുപേരും വിശുദ്ധ ചുമതലകൾ വഹിച്ചിരുന്നവരായിരുന്നു. തിരുവെഴുത്തുകൾ നല്ലതുപോലെ അറിയാവുന്നവരും ആയിരുന്നു. ദൈവത്തിന്റെ പ്രതിപുരുഷന്മാരായി ജനത്തിന്റെ മുമ്പിൽ നില്ക്കുന്നവരായിരുന്നു അവർ. "അറിവില്ലാത്തവരോടും വഴിതെറ്റിപ്പോകുന്നവരോടും സഹതാപം" കാണിക്കേണ്ടവരായിരുന്നു അവർ (എബ്രാ. 5:2). ദൈവസ്നേഹത്തെ മനുഷ്യർക്കു മനസ്സിലാക്കിക്കൊടുക്കേണ്ടവരായിരുന്നു അവർ. യേശുവിന്റെ വേലയായിരുന്നു അവരും ചെയ്യേണ്ടിയിരുന്നത്. "ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ, അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" (ലൂക്കൊസ് 4:18,19).

ഭൂമിയിലുള്ള ദൈവകുടുംബത്തിനു പ്രയാസങ്ങൾ നേരിടുമ്പോൾ സ്വർഗ്ഗീയ ദൂതന്മാർ ഉറ്റുനോക്കുന്നു. പീഡനങ്ങളും പ്രയാസങ്ങളും അകറ്റുവാൻ മനുഷ്യരോടു സഹകരിച്ചു പ്രവർത്തിപ്പാൻ അവർ ഒരുക്കമാണ്. കള്ളന്മാരാൽ ആക്രമിക്കപ്പെട്ട ആ മനുഷ്യൻ കിടന്നിരുന്ന പാതയിലൂടെ പുരോഹിതനെയും ലേവ്യനെയും കൊണ്ടുവന്നതു ദൈവമായിരുന്നു. സഹായം അർഹിക്കുന്ന ആ മനുഷ്യന്റെ ആവശ്യം മനസ്സിലാക്കി പ്രവർത്തിക്കുവാനായിരുന്നു, ദൈവം, അവരെ ആ വഴിയിലൂടെ കൊണ്ടുവന്നത്. സഹോദരന്റെ അരിഷ്ടതയിൽ ഈ മനുഷ്യരുടെ ഹൃദയങ്ങൾ അനുകമ്പയാൽ സ്പർശിക്കപ്പെടുമോ എന്നു കാണ്മാൻ സ്വർഗ്ഗം മുഴുവനും ഈ രംഗം വീക്ഷിച്ചുകൊണ്ടിരുന്നു. യിസ്രായേല്യർ മരുഭൂമിയിലൂടെ പ്രയാണം ചെയ്തുകൊണ്ടിരുന്നപ്പോൾ, ദൈവമായിരുന്നു അവരുടെ ഉപദേശകനും വഴികാട്ടിയും. പില്ക്കാലത്തു പുരോഹിതന്മാരിൽനിന്നും റബ്ബിമാരിൽനിന്നും ലഭിച്ച പാഠങ്ങളായിരുന്നില്ല കർത്താവു മേഘസ്തംഭത്തിൽനിന്നും അഗ്നിസ്തംഭത്തിൽനിന്നും നല്കിയത്. അവ വ്യത്യസ്തങ്ങളായിരുന്നു. മിണ്ടാപ്രാണികളായ മൃഗങ്ങളോടുപോലും കാരുണ്യത്തോടെ പെരുമാറണമെന്നു യിസ്രായേല്യരെ ദൈവം പഠിപ്പിച്ചിരുന്നു. യിസ്രായേൽമക്കളെ പഠിപ്പിക്കുവാൻ, ദൈവം മോശെയ്ക്കു നല്കിയ നിർദ്ദേശ

ങ്ങളിലൊന്ന് ഇപ്രകാരമായിരുന്നു: “നിന്റെ ശത്രുവിന്റെ കാളയോ കഴുതയോ, വഴിതെറ്റിയതായി കണ്ടാൽ അതിനെ അവന്റെ അടുക്കൽ തിരികെ കൊണ്ടു പോകേണം. നിന്നെ ദ്വേഷിക്കുന്നവന്റെ കഴുത ചുമടിൻകീഴെ കിടക്കുന്നതു കണ്ടാൽ അവനെ വിചാരിച്ച് അതിനെ അഴിച്ചുവിടുവാൻ മടിച്ചാലും, അഴിച്ചുവിടുവാൻ അവനു സഹായം ചെയ്യേണം” (പുറ. 23:4,5). എന്നാൽ കൊള്ളക്കാരാൽ മുറിവേല്പിക്കപ്പെട്ട മനുഷ്യനിൽക്കൂടെ ഒരു സഹോദരന്റെ യാതനയാണു യേശുക്രിസ്തു അവതരിപ്പിച്ചത്. ഭാരം വഹിക്കുന്ന ഒരു മൃഗ ത്തോട് ഉണ്ടാകേണ്ടതിനെക്കാൾ എത്ര അധികം അനുകമ്പ ഈ മനുഷ്യനു വേണ്ടി അവരുടെ ഹൃദയങ്ങളിൽ ഉണ്ടാകേണ്ടതാണ്! മോശെയിൽക്കൂടെ ദൈവം ദൂതു നല്കി: “നിങ്ങളുടെ ദൈവമായ യഹോവ ദേവാധിദൈവവും, കർത്താധികർത്താവുമായി വല്ലഭനും ഭയങ്കരനുമായ മഹാദൈവമല്ലോ; അവൻ അനാഥർക്കും വിധവമാർക്കും ന്യായം നടത്തിക്കൊടുക്കുന്നു; പരദേശിയെ സ്നേഹിച്ച് അവന് അന്നവും വസ്ത്രവും നല്കുന്നു. ആകയാൽ നിങ്ങൾ പരദേശിയെ സ്നേഹിപ്പിൻ; അവനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം” (ആവ. 10:17-19; ലേവ്യ. 19:34).

ഇയ്യോബ് പറഞ്ഞു: “പരദേശി തെരുവീഥിയിൽ രാപാർക്കേണ്ടി വന്നിട്ടില്ല; വഴിപോക്കനു ഞാൻ എന്റെ വാതിൽ തുറന്നുകൊടുത്തു” (ഇയ്യോബ് 31:32). രണ്ടു ദൂതന്മാർ മനുഷ്യരൂപത്തിൽ സോദോമിൽ വന്നപ്പോൾ ലോത്ത് നിലത്തു കുനിഞ്ഞു നമസ്കരിച്ചു പറഞ്ഞു: “യജമാനന്മാരേ, അടിയന്റെ വീട്ടിൽ വന്നു നിങ്ങളുടെ കാലുകളെ കഴുകി, രാപാർപ്പിൻ” (ഉല്പത്തി 19:2). പുരോഹിതനും ലേവ്യനും ഈ പാഠങ്ങളൊക്കെ പരിചിതമായിരുന്നു. എന്നാൽ ഇവയൊന്നും അവർ പ്രായോഗികമാക്കിയിരുന്നില്ല. ദേശീയ മതതീക്ഷ്ണത മാത്രം പരിചയിച്ച അവർ സ്വാർത്ഥരും, മനോവിശാലത യില്ലാത്തവരും, മറ്റുള്ളവരുമായി ബന്ധം പുലർത്താത്തവരുമായിരുന്നു. മുറിവേറ്റു കിടന്നിരുന്ന മനുഷ്യൻ സ്വന്തവർഗ്ഗക്കാരനോ അല്ലയോ എന്ന് അവർക്കു തിരിച്ചറിയുവാൻ കഴിഞ്ഞില്ല. ഒരുപക്ഷേ അവൻ ശമര്യക്കാരനോ മറ്റോ ആയിരിക്കാമെന്നു ധരിച്ച് അവർ മാറിപ്പോയി.

അവരുടെ പ്രവൃത്തിയിൽ, ആ ന്യായശാസ്ത്രി, താൻ പഠിച്ചിരുന്നതിൽ നിന്നു വ്യത്യസ്തമായി ഒന്നും കണ്ടില്ല. എന്നാൽ കർത്താവു വേറൊരു രംഗം അവതരിപ്പിച്ചു.

ഒരു ശമര്യക്കാരനായ മനുഷ്യൻ അതുവഴി കടന്നുവന്നു. മുറിവേറ്റു കിടന്നി രുന്ന മനുഷ്യനെ കണ്ടപ്പോൾ, ശമര്യക്കാരന്റെ മനസ്സലിഞ്ഞു. സഹായം അർഹിച്ചു കിടന്നിരുന്ന മനുഷ്യൻ ഏതു ജാതിക്കാരൻ എന്ന് അയാൾ അന്വേഷിച്ചില്ല. ഒരു യെഹൂദൻ ശമര്യക്കാരന്റെ സ്ഥാനത്തും, മുറിവേറ്റു കിടന്നിരുന്നവൻ ഒരു ശമര്യക്കാരനും ആയിരുന്നുവെങ്കിൽ യെഹൂദൻ, സാധാരണ ഗതിയിൽ, ശമര്യക്കാരനെ തുപ്പിയശേഷം വെറുപ്പോടെ കടന്നുപോകുമായിരുന്നുവെന്ന് ആ ശമര്യക്കാരന് അറിയാമായിരുന്നു. എന്നാൽ അക്കാരണത്താൽ, ആവശ്യക്കാരനു സഹായം നല്കുന്നതിൽ ശമര്യക്കാരൻ മടികാട്ടിയില്ല. അപകടം നിറഞ്ഞ ആ സ്ഥലത്തു സ്വന്ത

സുരക്ഷയെക്കുറിച്ചുപോലും അയാൾ ചിന്തിച്ചില്ല. സഹായം അർഹിച്ചു തന്റെ മുമ്പാകെ നിസ്സഹായനായി കിടക്കുന്ന ആ മനുഷ്യനെക്കുറിച്ചുള്ള ചിന്തയായിരുന്നു ആ ശമര്യക്കാരനുണ്ടായിരുന്നത്. തന്റെ മേലങ്കി ഊരി, മൃതപ്രായനായിരുന്ന മനുഷ്യനെ ചുറ്റി; തന്റെ സ്വന്ത ആവശ്യത്തിനു കരുതിയിരുന്ന എണ്ണയും വീഞ്ഞും അവനു നല്കി. തന്റെ വാഹനമൃഗത്തിന്റെ മേൽ അയാളെ കയറ്റി സാവധാനം കൊണ്ടുപോയി. അവനു യാത്രയിൽ അസ്വസ്ഥതകൾ ഉണ്ടാകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിച്ചു. ഒരു വഴിയമ്പലത്തിൽ അവനെ എത്തിച്ചു. രാവിലെ അവനു സുഖം കണ്ടപ്പോൾ, ശമര്യക്കാരൻ തന്റെ വഴിക്കു പോകുവാൻ ഒരുങ്ങി. അതിനു മുമ്പായി താൻ കൊണ്ടുവന്ന നിസ്സഹായനെ സത്രംസൂക്ഷിപ്പുകാരനെ ഭരമേല്പിച്ചു. അവനുവേണ്ടി ഉണ്ടായ ചെലവുകൾക്കു പണം നല്കി. മാത്രമല്ല അധികച്ചെലവ് ഉണ്ടായാൽ അതിനുള്ള പണവും സത്രംസൂക്ഷിപ്പുകാരനു നല്കി, ശമര്യക്കാരൻ ഇപ്രകാരം പറഞ്ഞു: “ഇവനെ രക്ഷചെയ്യേണം; അധികം വല്ലതും ചെലവിട്ടാൽ, ഞാൻ മടങ്ങിവരുമ്പോൾ തന്നുകൊള്ളാം.”

യേശു കഥ അവസാനിപ്പിച്ചു. അവന്റെ കണ്ണുകൾ ന്യായശാസ്ത്രിയുടെ മേൽ തറച്ചു. ആ കണ്ണുകൾ അവന്റെ ആത്മാവിലേക്കു തുളച്ചിറങ്ങി. യേശു ചോദിച്ചു: “കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടവന് ഈ മൂവരിൽ ഏവൻ കൂട്ടുകാരനായിത്തീർന്നു എന്നു നിനക്കു തോന്നുന്നു?” (ലൂക്കൊസ് 10:36).

ന്യായശാസ്ത്രിക്കു കാര്യം മനസ്സിലായിട്ടും ‘ശമര്യക്കാരൻ’ എന്ന പദം ഉച്ചരിക്കുവാൻ മനസ്സില്ലായിരുന്നു. അയാൾ പറഞ്ഞു: “അവനോടു കരുണ കാണിച്ചവൻ.” യേശു പറഞ്ഞു: “നീയും പോയി അങ്ങനെ തന്നെ ചെയ്ക.”

“എന്റെ കൂട്ടുകാരൻ ആർ” എന്ന ചോദ്യത്തിനു ശാശ്വതമായ ഒരു ഉത്തരം ലഭിച്ചു. നമ്മുടെ സഭയിലോ, വിശ്വാസത്തിലോ ഉള്ള ആളായിരിക്കണമെന്നില്ല നമ്മുടെ അയൽക്കാരൻ എന്നു കർത്താവു പഠിപ്പിച്ചു. വർഗ്ഗ, വർണ്ണ, വംശ വ്യത്യാസം അതിനില്ല. നമ്മുടെ സഹായം അർഹിക്കുന്ന ഏതൊരാളും നമ്മുടെ അയൽക്കാരനാണ്. ദൈവത്തിന്റെ വകയായ മനുഷ്യൻ നമ്മുടെ അയൽക്കാരനാണ്.

നല്ല ശമര്യക്കാരന്റെ കഥയിലൂടെ യേശുക്രിസ്തു, തന്റെ ദൗത്യം വിശദീകരിച്ചു. കള്ളന്മാരാൽ മുറിവേറ്റു കിടക്കുന്ന മനുഷ്യൻ, മനുഷ്യനെ പ്രതിനിധീകരിക്കുന്നു. സാത്താൻ അവനെ മൃതപ്രായനാക്കിയിരിക്കുന്നു. എന്നാൽ രക്ഷകനു നമ്മോട്, നമ്മുടെ നിസ്സഹായാവസ്ഥയിൽ കരുണ തോന്നി. കർത്താവ്, സ്വർഗ്ഗീയ മഹിമ വെടിഞ്ഞു നമ്മെ രക്ഷിപ്പാനായി വന്നു. മൃതപ്രായരായ നമ്മുടെ കാര്യം ഏറ്റെടുത്തു. നമ്മുടെ മുറിവുകളെ സൗഖ്യമാക്കി. തന്റെ നീതിയുടെ വസ്ത്രത്താൽ നമ്മെ ചുറ്റി. നമുക്കു രക്ഷയുടെ വാതിൽ തുറന്നുതന്നു. നമുക്കു വേണ്ടതെല്ലാം താൻ വില കൊടുത്തു വാങ്ങി. നമ്മെ വീണ്ടെടുക്കുവാൻ തന്റെ ജീവനെ നല്കി. താൻ കാണിച്ച മാതൃകയെ ചൂണ്ടിക്കാട്ടി യേശു പറയുന്നു: “നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണ്ടതിനു ഞാൻ ഇതു നിങ്ങളോടു കല്പിക്കുന്നു. ഞാൻ

നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം" (യോഹ. 15:17; 13:34).

ന്യായശാസ്ത്രി യേശുവിനോടു ചോദിച്ചു: "ഞാൻ എന്തു ചെയ്യേണം?" നീതി പ്രവർത്തിക്ക എന്നാൽ ദൈവത്തെയും മനുഷ്യനെയും നിഷ്കളങ്ക മായി സ്നേഹിക്കുക എന്നതാണെന്ന് അറിഞ്ഞ കർത്താവു പറഞ്ഞു: "അങ്ങനെ ചെയ്ക; എന്നാൽ നീ ജീവിക്കും." ദയയും സ്നേഹവും നിറഞ്ഞ ഒരു ഹൃദയമായിരുന്നു ശമര്യക്കാരന്റേത്. അതിന്റെ ശബ്ദം അവൻ ശ്രദ്ധിച്ചു. അങ്ങനെ അവൻ ദൈവകല്പന നിവർത്തിച്ചു. ക്രിസ്തു ആ ന്യായശാസ്ത്രി യോടു പറഞ്ഞു: "നീയും പോയി അങ്ങനെ തന്നെ ചെയ്ക." ദൈവം തന്റെ ജനത്തിൽനിന്നു പ്രതീക്ഷിക്കുന്നത് അനുസരണമാണ്, അല്ലാതെ വെറും പറച്ചിൽ അല്ല. "അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു" (1 യോഹ. 2:6).

ഈ പാഠം എല്ലാ കാലത്തേക്കുമുള്ള ഒന്നാണ്. സ്വാർത്ഥതയും, ബാഹ്യ പ്രകടനങ്ങളും സ്നേഹദീപത്തെ അണച്ചുകളഞ്ഞിരിക്കുന്നു. ജീവിതത്തിനു സൗരഭ്യം പരത്തുന്ന സത്കർമ്മങ്ങളെ ദൂരത്തകറ്റിയിരിക്കുന്നു. തങ്ങൾ ക്രിസ്തുവിന്റെ പ്രതിനിധികളാണെന്ന വസ്തുത അനേക ക്രൈസ്തവർ മറന്നിരിക്കുന്നു. നാം കുടുംബത്തിലും സമൂഹത്തിലും സഭയിലും ക്രിസ്തു വിന്റെ നിസ്വാർത്ഥ സ്നേഹം പ്രകടിപ്പിക്കുന്നില്ലായെങ്കിൽ ക്രിസ്ത്യാനികൾ അല്ല.

മനുഷ്യവർഗ്ഗത്തിനുവേണ്ടി യേശു നിലകൊണ്ടു. മനുഷ്യന്റെ രക്ഷയ്ക്കു വേണ്ടി നാമും യേശുവിനോടുകൂടെ ചേർന്നുനില്പാൻ യേശു നമ്മോടാവശ്യ പ്പെടുന്നു. യേശു പറയുന്നു: "സൗജന്യമായി നിങ്ങൾക്കു ലഭിച്ചു; സൗജന്യ മായി കൊടുപ്പിൻ" (മത്തായി 10:8). പാപം ആകുന്നു ഏറ്റവും വലിയ തിന്മ. പാപികളോടു സഹാനുഭൂതിയും സഹായമനഃസ്ഥിതിയും നമുക്കുണ്ടായിരി ക്കണം. തെറ്റിൽ പതിക്കുന്നവർ അനേകരുണ്ട്. തങ്ങൾക്കു പറ്റിയ തെറ്റിനെ ക്കുറിച്ചു ലജ്ജിക്കുന്നവരും ധാരാളമുണ്ട്. ധൈര്യപ്പെടുത്തലിന്റെ വാക്കുകൾ ക്കായി അവർ കാത്തിരുന്നു. തങ്ങൾക്കുള്ള കുറ്റങ്ങളും കുറവുകളും കണ്ട് അവർ നിരാശയിലേക്കു വീഴുന്നു. ഇങ്ങനെയുള്ളവരെ നാം ഒരിക്കലും ഉപേക്ഷിക്കരുത്. നാം ക്രിസ്തുവിന്റെ അനുയായികളാണെന്നു പറയുന്നു വെങ്കിൽ നമ്മുടെ സഹായം അർഹിക്കുന്നവരുടെ സമീപത്തുനിന്നു നാം കടന്നുപോകരുത്. പാപം മൂലമോ രോഗത്താലോ മനുഷ്യവർഗ്ഗം പ്രയാസ പ്പെടുന്നതു കാണുമ്പോൾ, ഇത് എന്റെ ചുമതലയല്ല എന്നു നാം പറയരുത്.

"ആത്മികരായ നിങ്ങൾ, അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ" (ഗലാ. 6:1). വിശ്വാസത്താലും പ്രാർത്ഥനയാലും ശത്രുവിന്റെ ശക്തിയെ പരാജയപ്പെടുത്തുക. മുറിവേറ്റവന് ആശ്വാസം നല്കുന്ന തൈലംപോലെ, വിശ്വാസത്തിന്റെയും ധൈര്യത്തിന്റെയും വാക്കുകൾ സംസാരിക്കുക. അനേകായിരങ്ങൾ ജീവിത പോരാട്ടത്തിൽ ക്ഷീണിതരും നിരാശരുമായിത്തീർന്നിരിക്കുന്നു. അവരെ പ്രോത്സാഹിപ്പി

ക്കുവാൻ ദയയോടുകൂടിയ ഒരു വാക്കു മതി. കഷ്ടത അനുഭവിക്കുന്ന ഒരു വ്യക്തിയെപ്പോലും നാം വിട്ടു കടന്നുപോകരുത്. ദൈവം നമുക്കു നല്കിയിട്ടുള്ള ആശ്വാസത്തെ അവർക്കും പകർന്നു കൊടുക്കാം.

നല്ല ശമര്യക്കാരന്റെ കഥയിൽ കാണുന്ന തത്വം ദൈവകല്പനയുടെ ഒരു നിറവേറലാണ്. യേശുവിന്റെ ജീവിതത്തിലും ഈ തത്വം നിറവേറപ്പെട്ടു. ദൈവകല്പനയുടെ പ്രാധാന്യം കർത്താവിന്റെ സ്വഭാവം വെളിപ്പെടുത്തുന്നു. നമ്മുടെ അയൽക്കാരനെ നമ്മെപ്പോലെ സ്നേഹിക്കുക എന്നാൽ എന്തെന്നു ക്രിസ്തുവിന്റെ സ്വഭാവം നമ്മെ പഠിപ്പിക്കുന്നു. ദൈവമക്കൾ മറ്റുള്ളവരോടു കരുണയും ദയയും പ്രദർശിപ്പിക്കുമ്പോൾ സ്വർഗ്ഗീയ നിയമങ്ങളെ സാക്ഷീകരിക്കുകയാണ്. "യഹോവയുടെ ന്യായപ്രമാണം തികവുള്ളത്; അതു പ്രാണനെ തണുപ്പിക്കുന്നു" (സങ്കീ. 19:7). ഈ തത്വത്തെ അവർ ഉയർത്തിക്കാണിക്കുന്നു. ആരെങ്കിലും ഈ നിസ്വാർത്ഥ സ്നേഹം കാണിപ്പാൻ പരാജയപ്പെടുന്നെങ്കിൽ, താൻ ബഹുമാനിക്കുന്നുവെന്നവകാശപ്പെടുന്ന ദൈവകല്പനയെ ലംഘിക്കുകയാണു ചെയ്യുന്നത്. നമ്മുടെ സഹോദരങ്ങളോടു നാം കാണിക്കുന്ന മനോഭാവമാണു ദൈവത്തോടും കാട്ടുന്നത്. ഹൃദയത്തിൽ ഉള്ള ദൈവസ്നേഹമാണ്, നമ്മുടെ സഹജീവികളോടു കാണിക്കുന്ന സ്നേഹത്തിന്റെ ഉറവിടം. "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്, കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല." "നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു" (1 യോഹ. 4:20,12).

# 55

# ബാഹ്യപ്രകടനമില്ലാതെ

അവലംബം: ലൂക്കൊസ് 17:20–22

“ദൈവരാജ്യം” എപ്പോൾ വരുമെന്നു ചോദിച്ചുകൊണ്ടു കുറെ പരീശന്മാർ യേശുവിനെ സമീപിച്ചു. “സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു” (മത്തായി 3:2) എന്ന ദൂതു ദേശത്തെല്ലാടവും ഒരു കാഹളധ്വനിപോലെ യോഹന്നാൻ നല്കിയിട്ടു മൂന്നു വർഷത്തിലധികമായിരുന്നു. എങ്കിലും സ്വർഗ്ഗരാജ്യത്തിന്റെ ആഗമനലക്ഷണങ്ങൾ ഒന്നും ഈ പരീശന്മാർ കണ്ടില്ല. യോഹന്നാനെ കൈക്കൊള്ളാത്ത അനേകരും യേശുവിനെ എതിർത്തിരുന്നവരും യേശുവിന്റെ ദൗത്യം പരാജയമടഞ്ഞുവെന്ന് ഏകകണ്ഠമായി പറഞ്ഞു.

“ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നത്; ഇതാ ഇവിടെയെന്നും, അതാ അവിടെയെന്നും പറകയും ഇല്ല. ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടല്ലോ” എന്നു യേശു ഉത്തരം പറഞ്ഞു. ഹൃദയത്തിലാണു ദൈവരാജ്യം ആരംഭിക്കുന്നത്. ബാഹ്യമായ പ്രകടനങ്ങളോടുകൂടെ ആയിരിക്കും ദൈവരാജ്യം സ്ഥാപിതമാകുന്നത് എന്നു കരുതി, അതിനു വേണ്ടി നോക്കരുത്.

ശിഷ്യന്മാരിലേക്കു തിരിഞ്ഞു കർത്താവിങ്ങനെ പറഞ്ഞു: "നിങ്ങൾ മനുഷ്യപുത്രന്റെ ഒരു ദിവസം കാണ്മാൻ ആഗ്രഹിക്കുന്ന കാലം വരും, കാണുകയില്ലതാനും." ഭൗമികമായ പ്രൗഢി അകമ്പടി സേവിക്കാത്തതു കൊണ്ട് എന്റെ ദൗത്യത്തിന്റെ മഹത്വം വിവേചിച്ചറിയുവാൻ കഴിയാത്ത ഒരു അപകടസ്ഥിതിയിലായിരിക്കും നിങ്ങൾ; മനുഷ്യരുടെ ജീവനും പ്രകാശവു മായവൻ മാനുഷിക വേഷത്താൽ മറയ്ക്കപ്പെട്ടിരുന്നാൽ തന്നെയും നിങ്ങ ളുടെ ഇടയിൽ കഴിയുന്നതുകൊണ്ട്, നിങ്ങൾ എത്ര ഭാഗ്യവാന്മാരാണെന്നു നിങ്ങൾ അറിയുന്നില്ല. ദൈവപുത്രനുമായി ഒന്നിച്ചു നടക്കുവാനും സംസാരി ക്കുവാനുമുള്ള നിങ്ങളുടെ ഇപ്പോഴത്തെ അവസരങ്ങൾ തിരിച്ചുകിട്ടണമെന്ന ആഗ്രഹത്തോടെ തിരിഞ്ഞുനോക്കുന്ന കാലം വരും.

സ്വാർത്ഥതയും ഭൗതികചിന്തയും ശിഷ്യന്മാരെയും ബാധിച്ചിരുന്നു. അവർക്കുപോലും യേശു വെളിപ്പെടുത്തുവാനാഗ്രഹിച്ച ആത്മീയമഹത്വം ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ക്രിസ്തു പിതാവിന്റെ സന്നിധിയിലേക്കു കരേറുകയും വിശ്വാസികളുടെ മേൽ പരിശുദ്ധാത്മവർഷം ഉണ്ടാകയും ചെയ്യുന്നതുവരെ, ശിഷ്യന്മാർ, കർത്താവിന്റെ സ്വഭാവത്തെയും ദൗത്യ ത്തെയും പൂർണ്ണമായും മനസ്സിലാക്കിയിരുന്നില്ല. പരിശുദ്ധാത്മസ്നാനം ഏറ്റതിനു ശേഷമാണ്, മഹത്വത്തിന്റെ രാജാവിനോടു കൂടെയായിരുന്നു തങ്ങളെന്നു ശിഷ്യന്മാർ മനസ്സിലാക്കുവാൻ തുടങ്ങിയത്. പരിശുദ്ധാത്മാവു ക്രിസ്തുവിന്റെ ഉപദേശങ്ങൾ ഓർമ്മയിൽ കൊണ്ടുവരുമ്പോഴാണു കർത്താവു ചെയ്ത അത്ഭുതപ്രവൃത്തികളെ മനസ്സിലാക്കുവാനും പ്രവചനങ്ങളെ ഗ്രഹി പ്പാനും ശിഷ്യന്മാർക്കു കഴിഞ്ഞത്. കർത്താവു ചെയ്ത അത്ഭുതങ്ങൾ, അവരുടെ മുമ്പിൽക്കൂടെ കടന്നുപോയി. സ്വപ്നത്തിൽനിന്ന് ഉണർത്തപ്പെട്ടവരെ പ്പോലെയായിരുന്നു ശിഷ്യന്മാർ. "വചനം ജഡമായിത്തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സു പിതാവിങ്കൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു" (യോഹ. 1:14). ഈ സത്യം ശിഷ്യന്മാർ ഗ്രഹിച്ചു. പാപത്തിൽ വീണുപോയ ആദാമിന്റെ സന്തതികളെ വീണ്ടെടുക്കുന്നതിന്, ദൈവത്തിന്റെ സന്നിധിയിൽ നിന്ന്, ക്രിസ്തു പാപം നിറഞ്ഞ ഈ ലോകത്തിലേക്കു വന്നു. ശിഷ്യന്മാർ ഇതു ഗ്രഹിച്ചതോടെ തങ്ങൾ പ്രത്യേക പദവി ഉള്ളവരാണ് എന്ന ചിന്ത വിട്ടുമാറി. കർത്താവിന്റെ വാക്കുകളും പ്രവർത്തനങ്ങളും ആവർത്തിച്ചു പറയുന്നതിൽ അവർ ക്ഷീണിതരായില്ല. മുമ്പു ഗ്രഹിക്കാതിരുന്ന ഉപദേശങ്ങൾ ഒരു പുതിയ വെളിപ്പെടുത്തൽപോലെ അവരുടെ മനസ്സുകളിൽ പതിഞ്ഞു. തിരുവെഴുത്തുകൾ അവർക്കു പുതുമ നിറഞ്ഞ ഒരു ഗ്രന്ഥമായിത്തീർന്നു.

ക്രിസ്തുവിനെ സംബന്ധിച്ച പ്രവചനങ്ങൾ ശിഷ്യന്മാർ പരിശോധിച്ച പ്പോൾ ദൈവവുമായി ഒരു പുതിയ ബന്ധം അവർക്കനുഭവമായി. ഭൂമിയിൽ ആരംഭിച്ച ശുശ്രൂഷ പൂർത്തീകരിപ്പാൻ സ്വർഗ്ഗത്തിലേക്കു പ്രവേശിച്ച രക്ഷകനെ ക്കുറിച്ച് അവർ പഠിച്ചു. സ്വർഗ്ഗീയ സഹായമില്ലാതെ ഒരു മനുഷ്യനും ഗ്രഹി ക്കുവാൻ അസാദ്ധ്യമായ ജ്ഞാനം ക്രിസ്തുവിൽ ഉണ്ടായിരുന്നുവെന്നു ശിഷ്യന്മാർ മനസ്സിലാക്കി. രാജാക്കന്മാരും പ്രവാചകന്മാരും നീതിമാന്മാരും പ്രവചിച്ചിരുന്ന ക്രിസ്തുവിന്റെ സഹായം അവർക്കേറ്റവും ആവശ്യമായി

രുന്നു. കർത്താവിന്റെ ജീവിതത്തെയും ശുശ്രൂഷയെയും കുറിച്ചു പറഞ്ഞിട്ടുള്ള പ്രവചനഭാഗങ്ങൾ അവർ താൽപര്യത്തോടെ പലവുരു വായിച്ചു. പ്രവചനത്തെക്കുറിച്ച് എത്ര മങ്ങിയ ധാരണയായിരുന്നു അവർക്കുണ്ടായിരുന്നത്! ക്രിസ്തുവിനെ സാക്ഷീകരിക്കുന്ന സത്യങ്ങളെ സ്വീകരിക്കുന്നതിൽ അവർ എന്തു വിളംബം കാട്ടി! കർത്താവ് അവരുടെ ഇടയിൽ ജീവിച്ചപ്പോൾ, കർത്താവിന്റെ ദൈവികത്വത്തെക്കുറിച്ച് അവർ ശരിക്കും അറിഞ്ഞിരുന്നില്ല. യേശുവിന്റെ ജീവിതത്തിലെ രണ്ടു സ്വഭാവങ്ങൾ ഗ്രഹിപ്പാൻ അവർക്കു കഴിഞ്ഞില്ല. യേശുവിന്റെ മനുഷ്യത്വത്തിൽ ഉൾക്കൊണ്ടിരുന്ന ദൈവികത്വം കാണുവാൻ കഴിയാതെ ശിഷ്യന്മാരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു. എന്നാൽ പരിശുദ്ധാത്മാവ് അവരെ പ്രകാശിതരാക്കിയപ്പോൾ കർത്താവിനെ വീണ്ടും കാണുവാനും അവന്റെ പാദാരവിന്ദങ്ങളിൽ പ്രണാമം ചെയ്യുവാനും അവർ ആഗ്രഹിച്ചു. കർത്താവിന്റെ സന്നിധിയിലിരുന്നു തങ്ങൾക്കു മനസ്സിലാകാതിരുന്ന തിരുവചനഭാഗങ്ങൾ, കർത്താവിങ്കൽനിന്നു ഗ്രഹിപ്പാൻ അവർ ആശിച്ചു. അവർ ശ്രദ്ധയോടെ ക്രിസ്തുവിന്റെ വാക്കുകൾ കേൾക്കാൻ ആഗ്രഹിച്ചു. “ഇനിയും വളരെ നിങ്ങളോടു പറയുവാനുണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല” (യോഹ. 16:12) എന്നു കർത്താവു പറഞ്ഞപ്പോൾ എന്തായിരുന്നു അർത്ഥമാക്കിയത്? ഇവയെല്ലാം ഗ്രഹിപ്പാൻ ശിഷ്യന്മാർ എത്ര തൽപരരായിരുന്നു! സത്യത്തെ ഗ്രഹിപ്പാൻ കഴിയാതെ, അവരുടെ വിശ്വാസം തളർന്നുപോയതുകൊണ്ടും, അവരുടെ ആശയങ്ങൾ ലക്ഷ്യത്തിൽ നിന്ന് അകലെയായിരുന്നതുകൊണ്ടും അവർ ദുഃഖിച്ചു.

ക്രിസ്തുവിന്റെ ആഗമനത്തെ പ്രഖ്യാപിക്കുന്നതിനു ദൈവം ഒരു ദൂതുവാഹകനെ അയച്ചു. ഈ ദൂതുവാഹകൻ ലോകത്തിന്റെയും പ്രത്യേകിച്ചു യിസ്രായേൽജനതയുടെയും ശ്രദ്ധയെ തന്റെ ദൂതിലേക്കു ക്ഷണിക്കുന്നതിനും, അങ്ങനെ ഏവരെയും ഒരുക്കുന്നതിനുമാണു വന്നത്. യോഹന്നാൻ വന്നു ക്രിസ്തുവിന്റെ പാത ഒരുക്കി. യോഹന്നാൻ ക്രിസ്തുവിനെ പ്രസംഗിച്ചു. ക്രിസ്തു മുപ്പതു വർഷം തങ്ങളോടുകൂടെ ഉണ്ടായിരുന്നിട്ടും, ക്രിസ്തു ദൈവത്തിൽനിന്ന് അയയ്ക്കപ്പെട്ടവൻ എന്നു ശിഷ്യന്മാർ ഗ്രഹിച്ചില്ല. അന്നുണ്ടായിരുന്ന തങ്ങളുടെ അവിശ്വാസം തങ്ങളുടെ അഭിപ്രായങ്ങളെ പുളിപ്പിക്കുകയും, ധാരണകളെ മങ്ങലേല്പിക്കുകയും ചെയ്തതിനാൽ ശിഷ്യന്മാർ പശ്ചാത്തപിച്ചു. ഈ അന്ധകാരലോകത്തിൽ വെളിച്ചം പ്രകാശിച്ചുകൊണ്ടിരുന്നു. അതിന്റെ ഉത്ഭവം എവിടെയെന്ന് അവർ മനസ്സിലാക്കിയില്ല. ക്രിസ്തുവിനെ ദുഃഖിപ്പിക്കുവാൻ എന്തിന് അവിശ്വാസത്തിന്റെ പാതയിലൂടെ സഞ്ചരിച്ചുവെന്നു ശിഷ്യന്മാർ സ്വയം ചോദിച്ചു. യേശുവിന്റെ വാക്കുകളെ അവർ ഓർത്തു. ഭൗമികചിന്തകളും പുരോഹിതപ്രമാണികളുടെ എതിർപ്പും തങ്ങളുടെ വിശ്വാസത്തെ കുഴയ്ക്കുവാൻ എന്തിനനുവദിച്ചുവെന്നു തങ്ങളോടുതന്നെ അവർ ചോദിച്ചു. മോശെയെക്കാൾ വലിയവനും, ശലോമോനെക്കാൾ ജ്ഞാനിയുമായവൻ തങ്ങളോടുകൂടെയിരുന്ന് ഉപദേശങ്ങൾ നല്കിയപ്പോൾ അതു ശ്രദ്ധയോടെ കേട്ടിരുന്നില്ലല്ലോയെന്നവർ ദുഃഖിച്ചു. “നമ്മുടെ കാതുകൾ എത്ര മന്ദമായിപ്പോയി! നമ്മുടെ ഗ്രഹണശക്തി എത്ര ബലഹീനമായിരുന്നു!” അവർ സ്വയം പഴിച്ചു.

റോമൻ പടയാളികൾ യേശുവിലുണ്ടാക്കിയ മുറിപ്പാടിൽ തൊടുന്നതുവരെ തോമസ് വിശ്വസിപ്പാൻ മനസ്സു കാട്ടിയിരുന്നില്ല. ക്രിസ്തു ഏവരാലും അധിക്ഷേപിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്ന വേളയിൽ പത്രൊസ് തന്റെ ഗുരുവിനെ അറിയുന്നില്ലായെന്നു പറഞ്ഞു. വേദന ജനിപ്പിക്കുന്ന ഈ ഓർമ്മകൾ ശിഷ്യന്മാരുടെ ഹൃദയങ്ങളെ മഥിച്ചുകൊണ്ടിരുന്നു. ക്രിസ്തുവിനോടുകൂടെ ശിഷ്യന്മാർ നടന്നിരുന്നു വെങ്കിലും, ക്രിസ്തുവിനെ അവർ അറിയുകയോ, മനസ്സിലാക്കുകയോ ചെയ്തിരുന്നില്ല. തങ്ങളുടെ അവിശ്വാസത്തെക്കുറിച്ചോർത്തപ്പോൾ അവർ പശ്ചാത്താപവിവശരായി.

പുരോഹിതന്മാരും മതനേതാക്കളും തങ്ങളെ ന്യായവിധിസഭകളിലും ജയിലറകളിലും, ക്രിസ്ത്യാനികളായതിന്റെ പേരിൽ കൊണ്ടുവന്നപ്പോൾ ശിഷ്യന്മാർ സന്തോഷിച്ചു. "തിരുനാമത്തിനുവേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ" അവർ അഭിമാനിച്ചു (അപ്പൊ. 5:41). ക്രിസ്തുവിന്റെ മഹത്വം തങ്ങൾ മനസ്സിലാക്കിയെന്നു സ്വർഗ്ഗീയ ദൂതന്മാരെയും മനുഷ്യരെയും ബോധ്യപ്പെടുത്തുവാൻ ശിഷ്യന്മാർ ആഗ്രഹിച്ചു. എന്തു വന്നാലും ക്രിസ്തുവിനെ ഉയർത്തിക്കാട്ടുവാൻ അവർ ഒരുക്കമായിരുന്നു.

പരിശുദ്ധാത്മാവിന്റെ പ്രചോദനം കൂടാതെ മനുഷ്യവർഗ്ഗത്തിനു ക്രിസ്തുവിന്റെ മഹത്വം ഗ്രഹിപ്പാൻ സാദ്ധ്യമല്ല. ലോകത്തെ സ്നേഹിക്കയും എല്ലാറ്റിനോടും അനുരഞ്ജനം പുലർത്തുകയും ചെയ്യുന്നവർക്കു ദൈവ വേലയെയും സത്യത്തെയും സ്വീകരിപ്പാൻ കഴിയുന്നതല്ല. ക്രിസ്തുവിനെ പിന്തുടരുന്നവർ സുഖഭോഗങ്ങളിലും ലൗകികത്വത്തിലും ആകൃഷ്ടരാവുക യില്ല. അവർ "വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും" (എഫെ. 6:12) പൊരുതിക്കൊണ്ടിരിക്കും. കഷ്ടതയുടെയും അപമാനത്തി ന്റെയും പാതയെ അവർ ഭയപ്പെടുകയില്ല. ക്രിസ്തുവിന്റെ കാലത്തെന്ന പോലെ ഇന്നും ദൈവമക്കൾ ലോകജനത്തിന്റെ മുമ്പിൽ പരിഹാസപാത്ര മായിരിക്കും.

ദൈവരാജ്യം വരുന്നതു പുറമോടികളോടെ ആയിരിക്കുകയില്ല. സ്വയ ത്യാഗത്തിന്റെ ആത്മാവാൽ നല്കപ്പെടുന്ന ദൈവകൃപയുടെ സുവിശേഷം ലോകത്തിന്റെ ആത്മാവുമായി ഒരിക്കലും ചേരുകയില്ല. ഈ രണ്ടു തത്വ ങ്ങളും പരസ്പരവിരുദ്ധങ്ങളാണ്. "പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അത് അവനു ഭോഷത്വം ആകുന്നു. ആത്മിക മായി വിവേചിക്കേണ്ടതാകയാൽ അത് അവനു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല" (1 കൊരി. 2:14).

ഇന്നു ക്രൈസ്തവലോകത്തിൽ തന്നെ അനേകായിരങ്ങൾ ആഗ്രഹി ക്കുന്നതു ക്രിസ്തുരാജ്യത്തെ ഭൗമികാധികാരങ്ങളുള്ള ഒരു ഭരണകൂടമായി സ്ഥാപിക്കുന്നതിനാണ്. കർത്താവിനെ ഈ ലോകത്തിന്റെ ഭരണാധിപത്യം ഏല്പിക്കുവാൻ അവർ ആഗ്രഹിക്കുന്നു. ഈ ലോകത്തിന്റെ ന്യായാധിപ സഭകളിലും, നിയമനിർമ്മാണസമിതികളിലും, കൊട്ടാരങ്ങളിലും, പൊതു സ്ഥലങ്ങളിലും ക്രിസ്തുവിന്റെ അധികാരം ഉറപ്പിക്കുവാൻ അവർ താൽപര്യ

പ്പെടുന്നു. മാനുഷിക അധികാരത്താൽ പ്രാബല്യത്തിൽ വരുന്ന നിയമാവലികളെ സ്വീകരിച്ചു കർത്താവു ഭരിക്കുവാൻ അവർ ആഗ്രഹിക്കുന്നു. ക്രിസ്തു വ്യക്തിയെന്ന നിലയിൽ ഇപ്പോൾ ഭൂമിയിൽ ഇല്ലാത്തതുകൊണ്ടു ക്രിസ്തുവിന്റെ രാജ്യത്തിന്റെ നിയമങ്ങൾ, ക്രിസ്തുവിന്റെ പേരിൽ അവർ സ്വയം നിർമ്മിച്ചു നടപ്പിൽ വരുത്തുവാൻ ശ്രമിക്കും. യെഹൂദന്മാർ ആഗ്രഹിച്ചതും അതുതന്നെയായിരുന്നു. യേശു, യെഹൂദന്മാരുടെ അഭീഷ്ടപ്രകാരം, ഒരു ഐഹികരാജ്യം സ്ഥാപിക്കുവാൻ ഒരുമ്പെട്ടിരുന്നുവെങ്കിൽ യെഹൂദന്മാർ സസന്തോഷം ക്രിസ്തുവിനെ സ്വീകരിക്കുമായിരുന്നു. എന്നാൽ യേശു പറഞ്ഞത്, "എന്റെ രാജ്യം ഐഹികമല്ല" എന്നായിരുന്നു (യോഹ. 18:36). ഭൗമിക സിംഹാസനം യേശു ഒരിക്കലും സ്വീകരിക്കുകയില്ല.

യേശുവിന്റെ കാലത്തുണ്ടായിരുന്ന ഭരണകൂടം അഴിമതി നിറഞ്ഞതും, ജനങ്ങളെ പീഡിപ്പിക്കുന്നതുമായിരുന്നു. എല്ലാ രംഗത്തും അധികാര ദുർവിനിയോഗം നടന്നിരുന്നു. ജനങ്ങളിൽ അധികഭാരം ചുമത്തുകയും, ഭയങ്കര ക്രൂരതകൾക്ക് അവരെ വിധേയരാക്കുകയും ചെയ്തിരുന്നു. എങ്കിലും ക്രിസ്തു ഭൗമികഭരണകൂടത്തിനെതിരായി പ്രക്ഷോഭണം ഇളക്കിവിടുകയോ, വിമർശനങ്ങൾ നടത്തുകയോ ചെയ്തില്ല. കർത്താവു ഭൗമിക ഭരണകാര്യങ്ങളിൽ ഇടപെട്ടിരുന്നില്ല. മനുഷ്യന്റെ യാതനകളെക്കുറിച്ചു ചിന്തയില്ലാതിരുന്നതുകൊണ്ടല്ല ഭൗമികകാര്യങ്ങളിൽനിന്നു യേശു മാറിനിന്നത്. ഈ വക പ്രശ്നങ്ങളുടെ പരിഹാരം മാനുഷിക ശക്തിയിലോ മാനുഷിക നടപടിയിലോ പരിഹൃതമാകുന്നതല്ലായിരുന്നു. ഓരോ വ്യക്തിയുടെയും ജീവിതത്തിൽ രൂപാന്തരം ഉണ്ടായെങ്കിലേ രാഷ്ട്രം അഭിവൃദ്ധിപ്പെടുകയുള്ളൂ. എല്ലാ പ്രശ്നപരിഹാരങ്ങളും ഹൃദയത്തെ പുനരുജ്ജീവിപ്പിക്കുന്നതായിരിക്കണം.

ക്രിസ്തുവിന്റെ രാജ്യം സ്ഥാപിതമാകേണ്ടത്, നീതിന്യായകോടതിയുടെ തീരുമാനത്തിലോ, നിയമസഭകളുടെ ആലോചനപ്രകാരമോ അല്ല. ലോകനേതാക്കൾക്കും അതിനൊന്നും ചെയ്‌വാൻ കഴികയില്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ക്രിസ്തുവിന്റെ സ്വഭാവം മനുഷ്യനിൽ പതിയുമ്പോൾ മാത്രമേ അതു സാദ്ധ്യമാകുകയുള്ളൂ. "അവനെ കൈക്കൊണ്ട്, അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽനിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽനിന്നത്രേ ജനിച്ചത്" (യോഹ. 1:12,13). മനുഷ്യവർഗ്ഗത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി പ്രവർത്തിക്കുവാൻ കഴിയുന്ന ഏകശക്തിയെ നാം ഇവിടെ കാണുന്നു. ദൈവവചനം ഉപദേശിക്കുകയും, ജീവിതത്തിൽ പകർത്തുകയുമാണ് ഈ പ്രവൃത്തി പൂർത്തീകരിപ്പാനുള്ള മാനുഷിക ഉപാധി.

ജനസാന്ദ്രത കൂടിയതും സമ്പന്നവും, ജാതികളുടെ മ്ലേച്ഛതകൊണ്ടു മലീമസവുമായിരുന്ന, തിന്മകളുടെ കേന്ദ്രമായ കൊരിന്ത് നഗരത്തിൽ, അപ്പൊസ്തലനായ പൗലൊസ് ദൈവിക ശുശ്രൂഷ ആരംഭിച്ചപ്പോൾ, ഇങ്ങനെ പറഞ്ഞു: "ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണമെന്നു ഞാൻ

നിർണ്ണയിച്ചു" (1 കൊരി. 2:2). ഏറ്റവും ഹീനമായ പാപങ്ങളിൽ വീണുപോയ ചിലർക്ക് എഴുതുമ്പോൾ പൗലൊസ് പറഞ്ഞു: "എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും, നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു." "നിങ്ങൾക്കു ക്രിസ്തുയേശുവിൽ നല്കപ്പെട്ട ദൈവകൃപ നിമിത്തം ഞാൻ എന്റെ ദൈവത്തിനു നിങ്ങളെക്കുറിച്ച് എപ്പോഴും സ്തോത്രം ചെയ്യുന്നു" (1 കൊരി. 6:11; 1:4).

ക്രിസ്തുവിന്റെ കാലത്തെന്നപോലെ ഇന്നും ദൈവരാജ്യത്തിന്റെ പ്രവർത്തനം സ്ഥിതിചെയ്യുന്നത്, ഭൗമിക ശ്രേഷ്ഠന്മാരുടെ അംഗീകാരത്തിനും, സഹായത്തിനും വേണ്ടി മുറവിളി കൂട്ടുന്നവരിലല്ല; നേരെമറിച്ച്, അപ്പൊസ്തലനായ പൗലൊസിനുണ്ടായ അനുഭവം ഉളവാക്കുവാൻ പര്യാപ്തമായ ആത്മീയ സത്യങ്ങൾ, ക്രിസ്തുവിന്റെ നാമത്തിൽ ജനത്തോടു പറയുന്നവരിലാണ്. പൗലൊസ് പറയുന്നു: "ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു" (ഗലാ. 2:20). പൗലൊസിന്റെ അനുഭവം സ്വായത്തമാക്കുമ്പോൾ, അവർ പൗലൊസ് ചെയ്തതുപോലെ മനുഷ്യരുടെ നന്മയ്ക്കു വേണ്ടി പ്രയത്നിക്കും. പൗലൊസ് പറയുന്നു: "ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു" (2 കൊരി. 5:20).

# 56

# ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ

അവലംബം: മത്തായി 19:13-15; മർക്കൊസ് 10:13-16; ലൂക്കൊസ് 18:15-17

യേശു എല്ലായ്പോഴും ശിശുക്കളുടെ സ്നേഹിതൻ ആയിരുന്നു. ശിശുക്കളുടെ നിഷ്കളങ്കതയും, അകൃത്രിമ പെരുമാറ്റങ്ങളും, സ്നേഹവും ക്രിസ്തു ഇഷ്ടപ്പെട്ടിരുന്നു. അവരുടെ നിഷ്കളങ്ക സ്തോത്രാലാപനങ്ങൾ ക്രിസ്തുവിന്റെ കാതുകൾക്കു സംഗീതം പകർന്നു. വക്രതയും കാപട്യവുമുള്ള ആളുകൾ തന്റെ ഹൃദയത്തെ ഭാരപ്പെടുത്തിയപ്പോൾ, കുഞ്ഞുങ്ങളുടെ സാമീപ്യം യേശുവിനെ ചൈതന്യവാനാക്കി. യേശുവിന്റെ കാരുണ്യം തുടിക്കുന്ന മുഖവും ദയയോടും ശാന്തതയോടും കൂടെയുള്ള പെരുമാറ്റവും കുഞ്ഞുങ്ങൾക്ക് ആനന്ദം പകർന്നു.

യെഹൂദമാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ റബ്ബിമാരുടെ അടുത്ത് അനുഗ്രഹം പ്രാപിക്കുന്നതിനായി കൊണ്ടുവരിക പതിവുണ്ടായിരുന്നു. ചില മാതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ തന്റെ അനുഗ്രഹം വാങ്ങുന്നതിനായി

യേശുവിന്റെ അരികിൽ കൊണ്ടുവന്നു. എന്നാൽ ശിഷ്യന്മാർക്ക് അത് ഇഷ്ടമായില്ല. യേശുവിന്റെ വിലയേറിയ സമയം ഇതിനുവേണ്ടി നഷ്ടപ്പെടുത്തുവാൻ പാടില്ലായെന്ന് അവർക്കു തോന്നി. ഒന്നും മനസ്സിലാക്കുവാൻ പ്രായമെത്തിയിട്ടില്ലാത്ത കുഞ്ഞുങ്ങളെ യേശുവിന്റെ അരികിൽ കൊണ്ടുവരുന്നതുകൊണ്ടു പ്രയോജനമില്ലായെന്നു ശിഷ്യന്മാർ വിചാരിച്ചു. എന്നാൽ യേശുവിനു നീരസമുണ്ടായതു ശിഷ്യന്മാരോടായിരുന്നു. തങ്ങളുടെ കുഞ്ഞുങ്ങളെക്കുറിച്ചു ചിന്തയുണ്ടായിരുന്ന മാതാക്കളുടെ ഹൃദയഭാരം യേശു ഗ്രഹിച്ചു. ആ മാതാക്കളെ തന്റെ അടുത്തേക്ക് ആകർഷിച്ചതു യേശു തന്നെയായിരുന്നു.

ഒരു അമ്മ തന്റെ കുഞ്ഞിനെയുംകൊണ്ടു യേശുവിന്റെ അടുത്തേക്കു തിരിച്ചു. വഴിമദ്ധ്യേ അവർ വേറൊരു മാതാവിനെ കണ്ടു തന്റെ യാത്രയുടെ ഉദ്ദേശ്യം അറിയിച്ചു. അവരും തന്റെ കുഞ്ഞിനെയുംകൊണ്ടു യേശുവിന്റെ അടുത്തേക്കു തിരിച്ചു. ഇങ്ങനെ അനേകം മാതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെയുംകൊണ്ടു യേശുവിന്റെ അരികിലേക്കു യാത്രയായി. ചില കുഞ്ഞുങ്ങൾ ശൈശവകാലം കഴിഞ്ഞു ബാല്യകാലത്തേക്കു കാലൂന്നിയിരുന്നു. ആ മാതാക്കളുടെ ചോദ്യങ്ങൾ യേശു സഹാനുഭൂതിയോടെ ശ്രദ്ധിച്ചു. ശിഷ്യന്മാർ യേശുവിനെ സഹായിക്കുന്നു എന്ന മനോഭാവത്തോടെയാണ് ആ മാതാക്കളെ വിലക്കിയത്. അപ്പോൾ യേശു അവരുടെ തെറ്റിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: “ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ.” പിന്നെ യേശു ശിശുക്കളെ തന്റെ കൈകളിലെടുത്ത് അവരുടെമേൽ കൈവച്ച് അനുഗ്രഹിച്ചു.

ആ മാതാക്കൾ സംതൃപ്തരായി. ക്രിസ്തുവിന്റെ വചനങ്ങൾ അവർക്കാശ്വാസവും ശക്തിയും പ്രദാനംചെയ്തു. സന്തുഷ്ടരായി അവർ ഭവനങ്ങളിലേക്കു തിരികെപ്പോയി. പുതിയ തീരുമാനങ്ങളോടെ തങ്ങളുടെ കർത്തവ്യങ്ങൾ നിർവ്വഹിപ്പാനും, തങ്ങളുടെ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രത്യാശയോടെ പ്രവർത്തിക്കാനും ആവശ്യമായ പ്രോത്സാഹനങ്ങൾ അവർക്കു ലഭിച്ചു. ഈ ആത്മാവോടുകൂടെ വേണം ഇന്നത്തെ മാതാക്കളും ക്രിസ്തുവിന്റെ വചനം സ്വീകരിക്കേണ്ടത്. കർത്താവ് ഇന്നും ജീവിക്കുന്ന രക്ഷകനാണ്. യെഹൂദ്യയിൽവച്ചു ശിശുക്കളെ അനുഗ്രഹിച്ച കർത്താവ് ഇന്നുള്ള മാതാക്കളെയും സഹായിപ്പാൻ മനസ്സുള്ളവനാകുന്നു. അന്നത്തെപ്പോലെ ഇന്നുള്ള കുഞ്ഞുങ്ങളും യേശുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്.

ഓരോ മാതാവിന്റെയും ഹൃദയഭാരം കർത്താവറിയുന്നു. ദാരിദ്ര്യദുഃഖങ്ങളറിഞ്ഞ ഒരമ്മയുടെ മകനായി ജനിച്ച യേശുവിന്, ഓരോ അമ്മയുടെയും കഷ്ടതയെന്തെന്ന് അറിയാം. ഒരു കനാന്യസ്ത്രീയുടെ ഹൃദയവ്യഥ അകറ്റുവാൻ, അവരുടെ നാടോളം സഞ്ചരിച്ച കർത്താവ് ഇന്നും ദുഃഖം അനുഭവിക്കുന്നവരെ സഹായിപ്പാൻ സഹായഹസ്തം നീട്ടുന്നു. നയിൻപട്ടണത്തിലെ വിധവയുടെ ഏകമകനെ ഉയിർപ്പിച്ചവനും, ക്രൂശിന്മേൽ മരണാസന്നനായി കിടന്നപ്പോൾ തന്റെ ദുഃഖിതയായ അമ്മയെക്കുറിച്ച് ഓർത്തവനുമായ

കർത്താവ്, ഒരമ്മയുടെ ദുഃഖം കാണുമ്പോൾ ഇന്നും മനസ്സലിവുള്ളവനാണ്. ഓരോ ദുഃഖവേളയിലും കർത്താവു സഹായം അരുളുന്നു.

മാതാക്കൾ തങ്ങളുടെ ദുഃഖഭാരങ്ങളുമായി ക്രിസ്തുവിന്റെ അരികിൽ വരട്ടെ. കുഞ്ഞുങ്ങളെ പാലിക്കുന്നതിനാവശ്യമായ ദൈവകൃപ അവർക്കു ലഭിക്കും. കർത്താവിന്റെ സന്നിധിയിൽ തങ്ങളുടെ ഭാരങ്ങളുമായി കടന്നു ചെല്ലുന്ന മാതാക്കൾക്ക് അനുഗ്രഹത്തിന്റെ വാതിൽ തുറന്നുകിടക്കുകയാണ്. "ശിശുക്കളെ എന്റെ അടുക്കൽ വിടുവിൻ; അവരെ തടുക്കരുത്" എന്ന് അരുളിച്ചെയ്ത കർത്താവ് ഇന്നും തങ്ങളുടെ കുഞ്ഞുങ്ങളുമായി തന്റെ അടുക്കലേക്കു വരുവാൻ അമ്മമാരെ ക്ഷണിക്കുന്നു. പ്രാർത്ഥിക്കുന്ന ഒരമ്മയുടെ വിശ്വാസത്തിന്റെ ഫലമായി അവരുടെ പൈതൽ സർവ്വ ശക്തന്റെ നിഴലിൻകീഴിൽ പാർക്കുന്നു. യോഹന്നാൻ സ്നാപകന്റെ ജനനം മുതൽ അവൻ പരിശുദ്ധാത്മനിറവുള്ളവനായിരുന്നു. നാമും ദൈവവുമായി സമ്പർക്കം പുലർത്തിയാൽ നമ്മുടെ കുഞ്ഞുങ്ങളും ദൈവവുമായി സമ്പർക്കം പുലർത്തും. പരിശുദ്ധാത്മാവു ശൈശവം മുതൽ അവരെ രൂപാന്തരപ്പെടുത്തിയെടുക്കും.

തന്റെ അടുത്തു കൊണ്ടുവരപ്പെട്ട ശിശുക്കളിൽ, ഭാവിയിൽ തന്റെ കൃപ യുടെ അവകാശികളും, തന്റെ രാജ്യത്തിലെ പ്രജകളും ആയിത്തീരാൻ പോകുന്ന സ്ത്രീപുരുഷന്മാരെ യേശു ദർശിച്ചു. അവരിൽ ചിലർ തനിക്കു വേണ്ടി രക്തസാക്ഷികൾ ആകുമെന്നും യേശു കണ്ടു. ലോകത്തിലെ ജ്ഞാനി കളെക്കാൾ ഈ ശിശുക്കൾ തന്റെ അനുയായികളായിത്തീരുമെന്നു യേശുവി നറിയാമായിരുന്നു. കുഞ്ഞുങ്ങളുമായി ഇടപെട്ടപ്പോൾ അവർക്കു മനസ്സിലാ കുന്ന ഭാഷയിൽ യേശു സംസാരിച്ചു. ശിശുക്കളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അവരുടെ സംശയങ്ങൾക്കു യേശു ഉത്തരം നല്കി. സത്യത്തിന്റെ വിത്തുകൾ യേശു അവരുടെ ഹൃദയങ്ങളിൽ വിതച്ചു.

ശിശുക്കൾ സുവിശേഷത്തിന്റെ പാഠങ്ങൾ വേഗത്തിൽ ഗ്രഹിക്കുന്നു. ദൈവികമായ സ്വാധീനശക്തിക്ക് അവരുടെ ഹൃദയങ്ങൾ കീഴ്പ്പെടുന്നു. പുതിയ പാഠങ്ങൾ വേഗത്തിൽ പഠിക്കുവാൻ ശിശുക്കൾക്കു കഴിവുണ്ട്. തങ്ങളുടെ പ്രായത്തിനൊത്തവണ്ണം ക്രിസ്തീയാനുഭവങ്ങൾ അവർക്കു സ്വായത്തമാക്കാം. ആത്മീയകാര്യങ്ങളിൽ ശിശുക്കൾക്ക് അഭ്യസനം ലഭിക്കേണ്ടതാവശ്യമാണ്. ക്രിസ്തീയ സ്വഭാവഗുണങ്ങൾ കുഞ്ഞുങ്ങളിൽ വികസിപ്പിച്ചെടുക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതു മാതാപിതാ ക്കളുടെ ചുമതലയാണ്.

ദൈവം മാതാപിതാക്കൾക്കു നല്കിയിരിക്കുന്ന ദാനമാണു ശിശുക്കൾ. അവരെ ദയയോടും ആർദ്രതയോടും കൂടെ വേണം പരിശീലിപ്പിക്കേണ്ടത്. ക്രിസ്തുവിൽനിന്നു നാം പഠിച്ച പാഠങ്ങൾ അവരെ പഠിപ്പിക്കണം. അവരുടെ കൊച്ചു മനസ്സുകൾക്കു വഹിക്കാവുന്നതേ അവർക്കു നല്കാവൂ. സ്വർഗ്ഗീയ സത്യങ്ങളുടെ സൗന്ദര്യം അവർക്കു തുറന്നുകാട്ടിക്കൊടുക്കണം. ഒരു ക്രിസ്തീയ ഭവനം ഒരു വിദ്യാലയമാകുന്നു. ക്രിസ്തു അവിടത്തെ പ്രധാന അദ്ധ്യാപകനും മാതാപിതാക്കൾ സഹ അദ്ധ്യാപകരുമാകുന്നു.

ശിശുക്കളെ ക്രിസ്തുവിങ്കലേക്കു നയിക്കുമ്പോൾ അവരിൽ മാറ്റമുണ്ടായി എന്നു കാണിക്കുന്നതിന് അവരിൽനിന്നു വികാരപ്രകടനങ്ങളെ പ്രതീക്ഷിക്കരുത്. അവർ മാനസാന്തരപ്പെട്ടതിന്റെ കൃത്യസമയം അറിഞ്ഞിരിക്കേണ്ട ആവശ്യമില്ല. യേശുവിന്റെ സന്നിധിയിൽ പാപങ്ങളുമായി കടന്നുവരുവാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കണം. പാപക്ഷമയ്ക്കുവേണ്ടി പ്രാർത്ഥിപ്പാൻ അവരെ പരിശീലിപ്പിക്കണം. യേശു പാപങ്ങളെ ക്ഷമിക്കുന്നുവെന്നു വിശ്വസിപ്പാനും അവരെ പഠിപ്പിക്കേണ്ടതാണ്.

ശിശുക്കൾ മാതാക്കളെ സ്നേഹിക്കുന്നതുകൊണ്ടാണ് അവർ മാതാക്കളെ അനുസരിക്കുന്നതെന്ന് അവർ മനസ്സിലാക്കണം. അവർ അങ്ങനെ ചെയ്യുമ്പോൾ ക്രിസ്തീയ ജീവിതത്തിലെ ആദ്യപാഠങ്ങൾ പഠിക്കുകയാണ്. അമ്മയാണ് അതു പഠിപ്പിക്കേണ്ടത്. അമ്മയുടെ സ്നേഹം പ്രതിനിധീകരിക്കുന്നതു ക്രിസ്തുവിന്റെ സ്നേഹത്തെയാണ്. അമ്മയെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന കുഞ്ഞുങ്ങൾ കർത്താവിനെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്വാൻ പഠിക്കുന്നു.

കുഞ്ഞുങ്ങൾക്കു മാതൃകയായിരുന്ന കർത്താവു പിതാക്കൾക്കും മാതൃകയായിരുന്നു. അധികാരമുള്ളവനെപ്പോലെ യേശു സംസാരിച്ചു. യേശുവിന്റെ വാക്കുകൾ അധികാരം സ്ഫുരിക്കുന്നവയായിരുന്നു. എങ്കിലും പരുക്കന്മാരും ഉഗ്രന്മാരുമായ ആളുകളോട് ഇടപെടുമ്പോൾ യേശു അവരോടു ദയയില്ലാതെയോ മര്യാദവിട്ടോ സംസാരിച്ചിട്ടില്ല. ക്രിസ്തുവിന്റെ കൃപ ഉള്ളിൽ ഉള്ള ഒരാൾ തന്റെ ഇടപാടിൽ സ്വർഗ്ഗീയമായ അന്തസ്സും മാന്യതയും പ്രതിഫലിപ്പിക്കും. ദൈവകൃപ കഠിനഹൃദയങ്ങളെ അലിവുള്ളതാക്കുകയും, ക്രൂരതയും സംസ്കാരശൂന്യവുമായ ആളുകളെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ദൈവകൃപയിൽ ജീവിക്കുന്ന മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ ആദരിക്കും. മറ്റുള്ളവർ തങ്ങളെയും അപ്രകാരം കരുതണമെന്നാഗ്രഹിക്കുന്നുവെങ്കിൽ അതു തികച്ചും ന്യായമാണ്.

മാതാപിതാക്കളേ, നിങ്ങളുടെ കുഞ്ഞുങ്ങളെ നിങ്ങൾ പരിശീലിപ്പിക്കുമ്പോൾ, പ്രകൃതിയിൽനിന്നു പഠിക്കുക. ഒരു റോസയോ, ലില്ലിയോ നിങ്ങൾക്കു പരിചരിക്കേണ്ടതുണ്ടെങ്കിൽ നിങ്ങൾ അത് എപ്രകാരം ചെയ്യും? ഒരു തോട്ടം സൂക്ഷിപ്പുകാരനോടു ചോദിക്കുക. ഓരോ ശാഖയും ഇലയും തഴച്ചുവളരാൻ ഏതു രീതിയാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്? പരുഷമായ സ്പർശനമോ, ദയാഹീനമായ പെരുമാറ്റമോകൊണ്ട് അതു സാദ്ധ്യമല്ല എന്നദ്ദേഹം പറയും. അപ്രകാരം ചെയ്യുന്നുവെങ്കിൽ ലോലമായ അതിന്റെ തണ്ടുകൾ ഒടിഞ്ഞുപോകും. ശ്രദ്ധയോടുകൂടിയ തുടർച്ചയായ പരിചരണമാണ് അതിന്റെ വളർച്ചയ്ക്കു സഹായിച്ചത്. ആ കൃഷിക്കാരൻ മണ്ണിനെ നനച്ചു. ഭയങ്കരമായ ചൂടിൽനിന്ന് ആ ചെടികളെ കാത്തുസൂക്ഷിച്ചു. ദൈവം അതിനെ വളരുവാനും പുഷ്പിക്കുവാനും കാരണമാക്കി. നിങ്ങളുടെ കുഞ്ഞുങ്ങളോടുള്ള പെരുമാറ്റത്തിൽ ഈ തോട്ടക്കാരന്റെ മാർഗ്ഗം സ്വീകരിക്കുക. മൃദുവായ സ്പർശനത്താലും സ്നേഹത്തോടുകൂടെയുള്ള ശുശ്രൂഷകളാലും അവരുടെ സ്വഭാവത്തെ ക്രിസ്തുവിന്റെ സ്വഭാവത്തെപ്പോലെ രൂപാന്തരപ്പെടുത്താൻ ശ്രമിക്കുക.

ദൈവത്തോടും മറ്റുള്ളവരോടും സ്നേഹം പ്രകടിപ്പിക്കുവാൻ കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കുക. ലോകത്തിൽ ഇത്ര അധികം കഠിനഹൃദയരായ സ്ത്രീപുരുഷന്മാർ ഉള്ളതിന്റെ കാരണം, യഥാർത്ഥ സ്നേഹത്തെ ബലഹീനതയായി കരുതുന്നതുകൊണ്ടും, സ്നേഹപ്രകടനങ്ങളെ നിരുത്സാഹപ്പെടുത്തുകയും നിരോധിക്കുകയും ചെയ്യുന്നതുകൊണ്ടുമാകുന്നു. ഈ വ്യക്തികളിലുള്ള നല്ല അംശത്തെ ശ്വാസം മുട്ടിച്ചു നശിപ്പിച്ചിരിക്കുന്നു. അവരുടെ തണുത്തുറഞ്ഞ സ്വാർത്ഥതയെ ദിവ്യസ്നേഹമാകുന്ന പ്രകാശം ഉരുക്കിനീക്കുന്നില്ലായെങ്കിൽ അവർക്ക് ഒരിക്കലും ദൈവിക സന്തോഷം അനുഭവിപ്പാൻ സാദ്ധ്യമല്ല. നമ്മുടെ കുഞ്ഞുങ്ങൾ യേശുവിന്റെ ആത്മാവിനെ സ്വന്തമാക്കണമെന്നു നാം ആഗ്രഹിക്കുന്നുവെങ്കിൽ, ശൈശവദശയിൽ ഉണ്ടാകുന്ന നല്ല സ്വഭാവവിശേഷങ്ങളെ പ്രോത്സാഹിപ്പിക്കണം.

ക്രിസ്തുവിനെ പ്രകൃതിയിൽക്കൂടെ കാണുവാൻ നാം കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക. അവരെ പൂന്തോട്ടങ്ങളിലേക്കും മരത്തോപ്പുകളിലേക്കും വെളിമ്പ്രദേശത്തേക്കും കൊണ്ടുപോകുക. അത്ഭുതകരമായ പ്രകൃതിയിലൂടെ ദൈവസ്നേഹത്തെ കാണുവാൻ അവരെ പഠിപ്പിക്കുക. സകലത്തിന്റെയും സ്രഷ്ടാവ് ദൈവമാണെന്ന് അവരെ ബോധ്യമാക്കുക. പ്രകൃതിനിയമങ്ങളും കല്പനകളുമെല്ലാം ദൈവം സൃഷ്ടിച്ചതു നമ്മുടെ നന്മയ്ക്കും സന്തോഷത്തിനും വേണ്ടിയാണെന്ന് അവരെ മനസ്സിലാക്കുക. നീണ്ട പ്രാർത്ഥനയാലും മുഷിപ്പുളവാക്കുന്ന ഉപദേശങ്ങളാലും കുഞ്ഞുങ്ങളെ ക്ഷീണിപ്പിക്കരുത്. ദൈവകല്പനയെ അനുസരിപ്പാൻ പ്രകൃതിയിലൂടെയുള്ള ഉദാഹരണങ്ങളാൽ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കുക.

മാതാപിതാക്കളായ നിങ്ങൾ, ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലയിൽ, നിങ്ങളുടെ കുഞ്ഞുങ്ങളുടെ വിശ്വാസം നേടിയെടുക്കണം. അപ്പോൾ ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചു പഠിപ്പിക്കുവാൻ നിങ്ങൾക്ക് എളുപ്പമായിരിക്കും. രക്ഷയെക്കുറിച്ചു നിങ്ങൾ പഠിപ്പിക്കുമ്പോഴും ക്രിസ്തുവിനെ രക്ഷകനായി നിങ്ങൾ ചൂണ്ടിക്കാണിക്കുമ്പോഴും ദൂതന്മാർ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. ലോകത്തിന്റെ പ്രത്യാശയായ ബെത്ലേഹെമിലെ ശിശുവിന്റെ കഥയിൽ നിങ്ങളുടെ കുഞ്ഞുങ്ങൾക്കു താൽപര്യം ഉണ്ടാക്കുവാൻ നിങ്ങൾ ശ്രമിക്കുമ്പോൾ ദൈവകൃപ നിങ്ങളെ നയിക്കും.

“ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്” എന്നു യേശു ശിഷ്യന്മാരോടു കല്പിച്ചപ്പോൾ, എല്ലാ കാലത്തുമുള്ള ക്രൈസ്തവനേതാക്കളോടും, ക്രിസ്തുവിന്റെ അനുയായികളോടും സംസാരിക്കുകയായിരുന്നു. യേശു ശിശുക്കളെ തന്റെ അടുക്കലേക്ക് ആകർഷിക്കുന്നു. യേശു നമ്മോടും കല്പിക്കുന്നു: “ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ.” നാം അവരെ തടയുന്നില്ലെങ്കിൽ അവർ തന്റെ അടുക്കൽ ചെല്ലുമെന്നു യേശു പറയുന്നു.

ക്രിസ്തുവിനു നിരക്കാത്ത നിങ്ങളുടെ സ്വഭാവം യേശുവിനെ തെറ്റായി ചിത്രീകരിക്കാൻ ഇടയാവാതിരിക്കട്ടെ. നിങ്ങളുടെ പരുഷവും, തണുത്തതുമായ സ്വഭാവംമൂലം നിങ്ങളുടെ കുഞ്ഞുങ്ങൾ യേശുവിനു സമീപം വരുന്ന

തിനു നിങ്ങൾ വിലങ്ങുതടിയായിത്തീരരുത്. നിങ്ങളുടെ സാന്നിദ്ധ്യംമൂലം സ്വർഗ്ഗം അനാകർഷകമായ ഒരു സ്ഥലമായിരിക്കും എന്നു നിങ്ങളുടെ കുഞ്ഞുങ്ങൾ ചിന്തിക്കുവാൻ കാരണമാകരുത്. മതത്തെ മനസ്സിലാക്കുവാൻ പാടില്ലാത്ത ഒന്നായി നിങ്ങളുടെ കുഞ്ഞുങ്ങൾ കരുതരുത്. തങ്ങളുടെ ശൈശവകാലത്തു ക്രിസ്തുവിനെ കൂട്ടാളിയായി സ്വീകരിക്കേണ്ട ആവശ്യ മില്ലായെന്നു നിങ്ങളുടെ കുഞ്ഞുങ്ങൾ ചിന്തിപ്പാൻ ഇടയാകരുത്. ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ ജീവിതത്തിലുള്ള എല്ലാ സന്തോഷവും ത്യജിക്കണമെന്ന ധാരണയും കുഞ്ഞുങ്ങൾക്കു നല്കിക്കൂടാ.

പരിശുദ്ധാത്മാവു ശിശുക്കളുടെ ഹൃദയങ്ങളിൽ പ്രവർത്തിക്കുമ്പോൾ, യേശുവിന്റെ വേലയുമായി സഹകരിക്കുക. യേശു അവരെ വിളിക്കുന്നുവെന്ന് അവരോടു പറയുക. തങ്ങളെ ശൈശവകാലത്തുതന്നെ ദൈവത്തിനായി സമർപ്പിക്കുന്നതിനെക്കാൾ കൂടുതൽ സന്തോഷകരമായ കാര്യം കർത്താവി നില്ലായെന്നു കുഞ്ഞുങ്ങളോടു പറയുക.

തന്റെ രക്തത്താൽ വിലയ്ക്കു വാങ്ങിയ വിശ്വാസികളെ കർത്താവു വളരെ സ്നേഹിക്കുന്നു. നല്ല പ്രവൃത്തി ചെയ്യുന്ന കുഞ്ഞുങ്ങളെ മാത്രമല്ല യേശു സ്നേഹിക്കുന്നത്. സ്വഭാവദൂഷ്യങ്ങൾ ഉള്ള കുഞ്ഞുങ്ങളെയും യേശു സ്നേഹിക്കുന്നു. കുഞ്ഞുങ്ങളുടെ സ്വഭാവദൂഷ്യങ്ങൾക്കു ഒരു നല്ല അളവു വരെ മാതാപിതാക്കളാണ് ഉത്തരവാദികൾ. തങ്ങളുടെ തെറ്റുകൾമൂലം വഴി പിഴച്ചുപോയ കുഞ്ഞുങ്ങളെ നേർവഴിക്കു കൊണ്ടുവരുവാനുള്ള ജ്ഞാനമോ, ആർദ്രതയോ ആ മാതാപിതാക്കൾക്കില്ല. എന്നാൽ യേശു അനുകമ്പയോടെ ഈ കുഞ്ഞുങ്ങളെ നോക്കുന്നു. യേശു ഓരോ പ്രശ്നത്തിന്റെ കാരണങ്ങളും, ഫലവും അറിയുന്നു.

കുഞ്ഞുങ്ങളെ ക്രിസ്തുവിന്റെ സന്നിധിയിൽ ആകർഷിക്കുന്നതിൽ ക്രിസ്തുവിന്റെ പ്രതിനിധിയായി ഒരു ക്രിസ്തീയ വേലക്കാരനു പ്രവർത്തിക്കാം. ജ്ഞാനത്തോടും പ്രവർത്തനചാതുര്യത്താലും അദ്ദേഹത്തിനു കുഞ്ഞു ങ്ങളെ തന്റെ ഹൃദയവുമായി ബന്ധപ്പെടുത്തുവാനും അവർക്കു ധൈര്യവും പ്രത്യാശയും നല്കുവാനും കഴിയും. ഇങ്ങനെ പരിശീലനം ലഭിക്കുന്ന കുഞ്ഞുങ്ങൾ രൂപാന്തരം പ്രാപിക്കുവാനും, അവരെക്കുറിച്ച്, “ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ” എന്നു പറയുവാനും ഇടയാകും.

# 57

# ഒരു കുറവു നിനക്കുണ്ട്

അവലംബം: മത്തായി 19:16-22; മർക്കൊസ് 10:17-22; ലൂക്കൊസ് 18:18-23

"അവൻ പുറപ്പെട്ടു യാത്രചെയ്യുമ്പോൾ ഒരുവൻ ഓടിവന്ന് അവന്റെ മുമ്പിൽ മുട്ടുകുത്തി: നല്ല ഗുരോ, നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണമെന്ന് അവനോടു ചോദിച്ചു."

ഈ ചോദ്യകർത്താവു യെഹൂദന്മാരുടെ ഇടയിൽ ഒരു പ്രമാണി ആയിരുന്നു. അവൻ വളരെ സമ്പത്തുള്ളവനും ആയിരുന്നു. ഉത്തരവാദിത്വമുള്ള ഒരു സ്ഥാനവും അവനുണ്ടായിരുന്നു. ശിശുക്കളോടു യേശു പ്രദർശിപ്പിച്ച സ്നേഹം അവൻ കണ്ടു. നിഷ്കളങ്ക സ്നേഹത്തോടെ യേശു ശിശുക്കളെ സ്വീകരിക്കുന്നതും അവരെ കയ്യിൽ എടുക്കുന്നതുമെല്ലാം അയാൾ ശ്രദ്ധിച്ചു. യേശുവിനോട് അയാൾക്ക് അതിരറ്റ സ്നേഹവും ബഹുമാനവും തോന്നി. യേശുവിന്റെ ഒരു ശിഷ്യനായിത്തീരുവാൻ അയാൾ ആഗ്രഹിച്ചു. യേശുവിൽ ആകൃഷ്ടനായ ഈ യുവാവ് ഓടിവന്നു യേശുവിന്റെ അരികിൽ മുട്ടുകുത്തി, ഏറ്റവും പ്രധാനപ്പെട്ട ഒരു ചോദ്യം ചോദിച്ചു. വളരെ ആത്മാർത്ഥതയോടും

താൽപര്യത്തോടും കൂടെയാണ് ഈ ചോദ്യം അയാൾ ചോദിച്ചത്. "നല്ല ഗുരോ, നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യേണം?"

"അതിനു യേശു: എന്നെ നല്ലവൻ എന്നു പറയുന്നത് എന്ത്? ദൈവം ഒരുവനല്ലാതെ നല്ലവൻ ആരുമില്ല." ആ പ്രമാണിയുടെ ആത്മാർത്ഥതയെ അളക്കുവാനാണു യേശു അപ്രകാരം പറഞ്ഞത്. ഏതു തരത്തിലാണു തന്നെ അയാൾ നല്ലവൻ എന്നു കരുതിയിരിക്കുന്നതെന്നറിവാൻ യേശു ആഗ്രഹിച്ചു. തന്നെ ദൈവത്തിന്റെ പുത്രൻ എന്ന് അയാൾ വിശ്വസിക്കുന്നുവോ എന്ന് അവന്റെ സാക്ഷ്യം കേൾപ്പാൻ യേശുവിനു താൽപര്യമുണ്ടായിരുന്നു. അയാളുടെ ഹൃദയത്തിന്റെ യഥാർത്ഥ ചിന്ത എന്തായിരുന്നു?

ഈ യെഹൂദപ്രമാണിക്കു തന്റെ സ്വന്തനീതിയെക്കുറിച്ചു വലിയ മതിപ്പ് ഉണ്ടായിരുന്നു. ഏതെങ്കിലും കാര്യത്തിൽ തനിക്കു കുറവുണ്ടായിരിക്കുമെന്ന് അയാൾ വാസ്തവത്തിൽ ചിന്തിച്ചിട്ടില്ലായിരുന്നു. എങ്കിലും അയാൾ പൂർണ്ണ തൃപ്തനായിരുന്നില്ല. തനിക്ക് എന്തോ ഒന്നിന്റെ കുറവ് അനുഭവപ്പെട്ടിരുന്നു. ആ ശിശുക്കളെ അനുഗ്രഹിച്ചതുപോലെ തന്നെയും അനുഗ്രഹിപ്പാൻ കഴിയു കയില്ലേ? തന്റെ ആത്മാവിനു സമാധാനം കണ്ടെത്താൻ കഴികയില്ലേ?

യേശു അയാളോടു പറഞ്ഞു: "ജീവനിൽ കടപ്പാൻ ഇച്ഛിക്കുന്നുവെങ്കിൽ കല്പനകളെ പ്രമാണിക്ക." മനുഷ്യനു തന്റെ സഹജീവിയോട് അനുവർത്തി ക്കേണ്ട കാര്യങ്ങളെ യേശു ചൂണ്ടിക്കാണിച്ചുകൊടുത്തു. ആ പ്രമാണി സംശയരഹിതമായി പറഞ്ഞു: "ഗുരോ, ഇതൊക്കെയും ഞാൻ ചെറുപ്പം മുതൽ പ്രമാണിച്ചുപോരുന്നു. ഇനി കുറവുള്ളത് എന്ത്?"

അവന്റെ ജീവിതത്തെയും സ്വഭാവത്തെയും വായിക്കുന്നതുപോലെ യേശു അവന്റെ മുഖത്തേക്കു നോക്കി. യേശു അവനെ സ്നേഹിച്ചു. അവന്റെ സ്വഭാവത്തിനു സമൂല പരിവർത്തനം വരുത്തുവാൻ കഴിയുന്ന സമാധാനവും, കൃപയും, സന്തോഷവും നല്കുവാൻ യേശു ആഗ്രഹിച്ചു. യേശു പറഞ്ഞു: "ഒരു കുറവു നിനക്കുണ്ട്; നീ പോയി നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക. എന്നാൽ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്ക."

ഈ യുവാവിനെ യേശു സ്നേഹിച്ചു. "ഇതൊക്കെയും ഞാൻ ചെറുപ്പം മുതൽ പ്രമാണിച്ചുപോരുന്നു"വെന്ന് ആ യുവാവു പറഞ്ഞപ്പോൾ, ആത്മാർത്ഥത യോടെയാണ് അയാൾ അതു പറഞ്ഞതെന്നു യേശു മനസ്സിലാക്കി. ഹൃദയ ത്തിൽനിന്നു വരുന്ന ദൈവഭക്തിയും, ക്രിസ്തീയനന്മയും തനിക്കാവശ്യ മെന്ന് ആ യുവാവു മനസ്സിലാക്കുവാൻ കർത്താവ് ആഗ്രഹിച്ചു. താഴ്മയും അനുതാപവുമുള്ള ഒരു ഹൃദയം അയാൾക്കുണ്ടാകുവാൻ യേശുവിനു താൽപര്യ മുണ്ടായിരുന്നു. ആ യുവാവു ദൈവത്തിനു ജീവിതത്തിൽ പ്രഥമസ്ഥാനം നല്കുകയും ദൈവത്തിന്റെ നീതിയാൽ മറയ്ക്കപ്പെടുകയും ചെയ്യുന്നതു കാണുവാൻ യേശു അതിയായി ആഗ്രഹിച്ചു.

രക്ഷാപ്രവർത്തനത്തിൽ യേശുവിന്റെ കൂട്ടുവേലക്കാരനായിത്തീരുവാൻ ഈ യുവാവു കടന്നുവരുന്നുവെങ്കിൽ, അവന് എന്തു സഹായമാണ് ആവശ്യമുള്ളതെന്നു യേശു കണ്ടു. ക്രിസ്തുവിനു സ്വയം സമർപ്പിച്ചിരുന്നുവെങ്കിൽ ആ യുവാവു നന്മയുടെ ഒരു വലിയ ശക്തി ആയിത്തീരുമായിരുന്നു. ക്രിസ്തുവിന്റെ നല്ല ഒരു സ്ഥാനപതിയായി അവൻ തീർന്നേനെ. അവന് അനവധി യോഗ്യതകൾ ഉണ്ടായിരുന്നു. യേശുവിനോട് അവൻ സഹകരിച്ചിരുന്നെങ്കിൽ അവനു ദൈവത്തിന്റെ നാമം അയാളിലൂടെ മഹിമപ്പെടുത്താമായിരുന്നു. അവന്റെ സ്വഭാവവിശേഷതകളെ കണ്ട കർത്താവ് അവനെ ഏറ്റവും സ്നേഹിച്ചു. ഈ യുവാവിന്റെ ഹൃദയത്തിൽ ക്രിസ്തുവിനോടുള്ള സ്നേഹം ഉണർത്തപ്പെട്ടു. സ്നേഹം സ്നേഹത്തെ ജനിപ്പിക്കുന്നു. തന്റെ ഒരു സഹ പ്രവർത്തകനായി ഈ യുവാവിനെ കാണുവാൻ കർത്താവ് ആഗ്രഹിച്ചു. തന്നെപ്പോലെ ഈ യുവാവിനെയും ആക്കിത്തീർക്കുവാൻ യേശുവിനു താൽപര്യമുണ്ടായിരുന്നു. ദൈവസ്വരൂപം പ്രതിഫലിപ്പിക്കുന്ന ഒരു കണ്ണാടിയായി അവനെ കാണുവാൻ യേശു ഇച്ഛിച്ചു. അവനിലുള്ള സ്വഭാവവൈശിഷ്ട്യം വികസിപ്പിച്ചെടുപ്പാനും, കർത്തൃവേലയ്ക്കായി അവനെ വിശുദ്ധീകരിപ്പാനും യേശു വാഞ്ഛയുള്ളവനായിരുന്നു. ആ യുവാവു തന്നെ ക്രിസ്തുവിനായി സമർപ്പിച്ചിരുന്നുവെങ്കിൽ കർത്തൃസാന്നിദ്ധ്യത്തിൽ അവനു വളരാമായിരുന്നു. അപ്രകാരം ചെയ്തിരുന്നുവെങ്കിൽ അവന്റെ ഭാവി എത്ര വ്യത്യസ്തമാകുമായിരുന്നു.

“ഒരു കുറവു നിനക്കുണ്ട്”- യേശു ആ യുവാവിനോടു പറഞ്ഞു: “സൽഗുണപൂർണ്ണനാകുവാൻ ഇച്ഛിക്കുന്നുവെങ്കിൽ നീ ചെന്നു നിനക്കുള്ളതു വിറ്റു ദരിദ്രർക്കു കൊടുക്കുക; എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്ക.” ക്രിസ്തു ആ പ്രമാണിയുടെ ഹൃദയത്തെ വായിച്ചു. ഒരു കാര്യം മാത്രമായിരുന്നു അവനു കുറവുണ്ടായിരുന്നത്. അതു ജീവൽപ്രശ്നമായ ഒരു തത്വമായിരുന്നു. അവന്റെ ആത്മാവിൽ ദൈവസ്നേഹത്തിന്റെ കുറവുണ്ടായിരുന്നു. ഈ കുറവു പരിഹരിച്ചില്ലായെങ്കിൽ അവന്റെ വീഴ്ചയ്ക്കു കാരണമാകുമായിരുന്നു. അവന്റെ ജീവിതത്തെ മലീമസമാക്കുവാൻ അതു മതിയായിരുന്നു. അതിനു കീഴ്പ്പെടുന്തോറും സ്വാർത്ഥത വർദ്ധിക്കും. ദൈവസ്നേഹം തനിക്കു ലഭിക്കുന്നതിനു സ്വയത്തോടുള്ള അവന്റെ അതിരുകടന്ന സ്നേഹം കീഴ്പ്പെടുത്തേണ്ടതുണ്ടായിരുന്നു.

ക്രിസ്തു ഈ മനുഷ്യന്റെ മുമ്പാകെ ഒരു പരീക്ഷ വച്ചു. സ്വർഗ്ഗീയ ധനമോ അഥവാ ഭൗമിക മഹത്വമോ ഏതു തെരഞ്ഞെടുക്കുന്നുവെന്നു തീരുമാനിക്കുവാൻ യേശു ഈ യുവാവിനോടാവശ്യപ്പെട്ടു. ക്രിസ്തുവിനെ അനുഗമിക്കുവാൻ അവൻ തീരുമാനിക്കുന്നുവെങ്കിൽ സ്വർഗ്ഗീയ ധനം ലഭിക്കുമെന്ന് അവന് ഉറപ്പു നല്കപ്പെട്ടിരുന്നു. പക്ഷേ സ്വയത്തെ അവൻ കീഴ്പ്പെടുത്തേണ്ടതുണ്ടായിരുന്നു. അവന്റെ മനസ്സിനെ ക്രിസ്തുവിനായി സമർപ്പിക്കണമായിരുന്നു. ദൈവത്തിന്റെ വിശുദ്ധി ഈ യുവാവിനു വാഗ്ദത്തം ചെയ്യപ്പെട്ടിരുന്നു. ദൈവത്തിന്റെ കുടുംബത്തിലെ അംഗമായിത്തീരാനുള്ള പദവി അവനുണ്ടായിരുന്നു. ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗീയ ഭണ്ഡാരത്തിന്റെ കൂട്ടവകാശിയായിത്തീരാനുള്ള ഭാഗ്യവും അവനുണ്ടായിരുന്നു.

പക്ഷേ ക്രിസ്തുവിന്റെ ക്രൂശ് എടുത്തു സ്വയത്യാഗത്തിന്റെ പാതയിൽ അവൻ നടക്കേണ്ടതാവശ്യമായിരുന്നു.

“നിങ്ങൾ ആരെ സേവിക്കുമെന്ന് ഇന്നു തെരഞ്ഞെടുത്തുകൊൾവിൻ” (യോശുവ 24:15). ക്രിസ്തു ഈ തെരഞ്ഞെടുപ്പിന്റെ അവസരം ഈ യുവ പ്രമാണിക്കു നല്കി. തീരുമാനം അവൻ എടുക്കേണ്ടതാണ്. ഈ യുവാവു മാനസാന്തരത്തിന്റെ അനുഭവത്തിലേക്കു കടന്നുവരണമെന്നു യേശു ആഗ്രഹിച്ചു. അവന്റെ സ്വഭാവത്തിലെ രോഗഗ്രസ്തമായ ഭാഗം യേശു അവനു ചൂണ്ടിക്കാണിച്ചുകൊടുത്തു. ഈ യുവാവു ജീവൽപ്രധാനമായ ഈ തെരഞ്ഞെടുപ്പിനെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ, അവൻ നല്ല തീരുമാനമെടുക്കുമെന്ന ആഗ്രഹത്തോടെ യേശു അവനെ വീക്ഷിച്ചു കൊണ്ടിരുന്നു. യേശുവിനെ അനുഗമിക്കാൻ അവൻ തീരുമാനിച്ചുവെങ്കിൽ യേശുവിന്റെ ആജ്ഞകളെ അവൻ അനുസരിക്കേണ്ടതാണ്. ഭൗതികനേട്ട ത്തിന്റെയും സ്വാർത്ഥതയുടെയും വഴിയിൽനിന്ന് അവൻ പിന്തിരിയണമായി രുന്നു. ദൈവാത്മാവിന്റെ പ്രേരണയ്ക്ക് അവൻ വഴിപ്പെടുമെന്ന പ്രത്യാശ യോടെ യേശു അവനെ നോക്കിനിന്നു.

ആ ധനികനായ മനുഷ്യനെ ക്രിസ്തീയ സ്വഭാവത്തിന്റെ പൂർണ്ണതയി ലേക്കു നയിക്കുന്ന ഏക വ്യവസ്ഥ നല്കുകയാണു കർത്താവു ചെയ്തത്. കർത്താവിന്റെ വാക്കുകൾ കഠിനവും ദുർവഹവുമെന്നു തോന്നിയേക്കാ മെങ്കിലും അവ ജ്ഞാനത്തിന്റെ വാക്കുകൾ ആയിരുന്നു. ആ യുവാവിന്റെ ഏക പ്രത്യാശ അവയെ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന തിലായിരുന്നു. ആ യുവാവിന്റെ ഉന്നതസ്ഥാനവും സമ്പത്തും അവനെ തിന്മയിലേക്കു നയിച്ചു. അവയെ ഉപേക്ഷിക്കുവാൻ അവൻ മനസ്സുകാട്ടുന്നി ല്ലെങ്കിൽ അവ ദൈവത്തിന്റെ സ്ഥാനം കവർന്നെടുക്കുമായിരുന്നു. നമ്മുടെ ഹൃദയത്തെ പൂർണ്ണമായി നാം ദൈവത്തിനു സമർപ്പിക്കുന്നില്ലായെങ്കിൽ, നമ്മുടെ ധാർമ്മികതയെയും കാര്യക്ഷമതയെയും നശിപ്പിക്കുന്ന കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ പ്രവേശിക്കും. ലൗകികതയ്ക്കു നാം ഹൃദയത്തിൽ പ്രഥമസ്ഥാനം നല്കുന്നുവെങ്കിൽ, അവ നിസ്സാരമെന്നു തോന്നിയാലും, അതു നമ്മുടെ ജീവിതത്തെ മുഴുവൻ കവർന്നെടുക്കും.

ക്രിസ്തുവിന്റെ വാക്കുകൾ അർത്ഥമാക്കിയ എല്ലാ കാര്യങ്ങളും ആ ധനിക യുവാവു വിവേചിച്ചു മനസ്സിലാക്കി. ക്രിസ്തുവിന്റെ വാക്കുകൾ അവനിൽ ദുഃഖമാണുളവാക്കിയത്. അവനു വാഗ്ദാനം ചെയ്യപ്പെട്ട ദാനത്തിന്റെ വില അവൻ മനസ്സിലാക്കിയിരുന്നുവെങ്കിൽ, അവൻ ക്രിസ്തുവിനെ അനുഗമി ക്കുമായിരുന്നു. യെഹൂദന്മാരുടെ ഇടയിൽ ആ യുവാവിനു ബഹുമാന്യമായ ഒരു സ്ഥാനമുണ്ടായിരുന്നു. ഭാവിയിലുണ്ടാവാൻ പോകുന്ന പുരോഗതിയെ ക്കുറിച്ചു സാത്താൻ അവനെ പ്രലോഭിപ്പിച്ചു. അവനു കുറവുണ്ടായിരുന്നതു സ്വർഗ്ഗീയ ധനത്തിലായിരുന്നു. എന്നാൽ അവന്റെ താൽപര്യം ഭൗമിക നേട്ട ങ്ങളിലായിരുന്നു. യേശു നല്കിയ വ്യവസ്ഥകൾ അവനു പ്രയാസമുണ്ടാക്കി. നിത്യജീവൻ അവൻ ഇച്ഛിച്ചു. എന്നാൽ സ്വയത്യാഗത്തിന് അവനു മനസ്സില്ലായിരുന്നു. നിത്യജീവനു നല്കേണ്ട വില അവന് അധികമായി

തോന്നി. "അവൻ വളരെ സമ്പത്തുള്ളവനാകയാൽ ഈ വചനം കേട്ടിട്ടു ദുഃഖിച്ചു പൊയ്ക്കളഞ്ഞു."

അവൻ ദൈവകല്പന അനുസരിച്ചുപോരുന്നു എന്നു പറഞ്ഞതു വാസ്തവമല്ലായിരുന്നു. അവന്റെ സമ്പത്ത് അവന്റെ വിഗ്രഹമായിരുന്നു. ലോകസ്നേഹത്തിനു പ്രഥമസ്ഥാനം നല്കിയിരുന്ന ആ യുവാവിനു ദൈവകല്പന അനുസരിപ്പാൻ സാദ്ധ്യമല്ലായിരുന്നു. ദൈവത്തെക്കാൾ, ദൈവിക ദാനങ്ങളെ അവൻ സ്നേഹിച്ചു. കർത്താവ് അവനു നല്കിയ വാഗ്ദാനം താനുമായുള്ള കൂട്ടായ്മയായിരുന്നു. "എന്നെ അനുഗമിക്ക" എന്നു കർത്താവ് അവനോടു പറഞ്ഞു. എന്നാൽ ഭൗമിക നേട്ടങ്ങൾ കർത്താവിനെക്കാൾ അവനു വലുതായിരുന്നു. കാണപ്പെടുന്ന ഭൗമിക ധനം, കാണപ്പെടാത്ത സ്വർഗ്ഗീയ ധനത്തെക്കാൾ മേന്മയേറിയതായി അവനു തോന്നി. അതിനെ നഷ്ടപ്പെടുത്തുന്നതു ബുദ്ധിശൂന്യതയായി അവൻ കരുതി. നിത്യജീവനെ അവൻ പിന്തള്ളിയശേഷം യേശുവിനെ വിട്ടുപോയി. അവൻ ഭൗമിക സമ്പത്തിനെ ആരാധിച്ചു. ആയിരങ്ങൾ ഈ അഗ്നിപരീക്ഷയിലൂടെ കടന്നുപോകുന്നു. അനേകംപേർ ലോകത്തെ തെരഞ്ഞെടുക്കുന്നു. ഈ യുവാവായ പ്രമാണിയെപ്പോലെ അനേകർ ലോകത്തെ സ്നേഹിച്ചു യേശുവിനെ വിട്ടുപോകുന്നു.

ഈ യുവപ്രമാണിയോടുള്ള ക്രിസ്തുവിന്റെ ഇടപെടൽ ഒരു മാതൃകാപാഠമായി നല്കപ്പെട്ടിരിക്കുന്നു. കർത്താവിന്റെ എല്ലാ ദാസന്മാരും അനുഷ്ഠിക്കേണ്ട ഒരു പെരുമാറ്റച്ചട്ടം കർത്താവു നല്കിയിരിക്കുകയാണ്. ദൈവത്തിന്റെ കല്പന അനുസരിക്കേണ്ടതിന്റെ പ്രാധാന്യം കർത്താവു ചൂണ്ടിക്കാണിച്ചു. അതു ബാഹ്യമായ ഒരു അനുസരണമല്ല. ദൈവരാജ്യത്തിലെ പ്രജകളായിത്തീരുന്നവർക്കു ദൈവത്തിന്റെ സ്വഭാവമാകുന്ന കല്പന നല്കപ്പെട്ടിരിക്കുകയാണ്. 'കർത്താവേ! എനിക്കുള്ളതെല്ലാം മാത്രമല്ല, ഞാനും അങ്ങയുടേതാണ്' എന്നു പറയുന്നവർ മാത്രമേ ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരുമായിത്തീരുകയുള്ളു. സ്വർഗ്ഗത്തെ കാംക്ഷിക്കുകയും ദൈവത്തിന്റെ വ്യവസ്ഥകൾ കാണുമ്പോൾ പിന്തിരിഞ്ഞുപോകുകയും ചെയ്‌വാൻ പാടില്ല. ക്രിസ്തുവിനോടു നിഷേധമായി സംസാരിക്കുവാൻ പാടില്ല. ആ യുവപ്രമാണി പറഞ്ഞതിങ്ങനെയാണ്: "ഇല്ല; എനിക്കുള്ളതെല്ലാം നിനക്കു തരുവാൻ കഴിയുകയില്ല." നാം അങ്ങനെയാണോ പറയുന്നത്? ദൈവം നമുക്കു നല്കിയിട്ടുള്ള ശുശ്രൂഷയിൽ നമ്മുടെ പങ്കാളിയാകുവാൻ രക്ഷകൻ ഒരുക്കമാണ്. ലോകത്തിൽ ദൈവത്തിന്റെ വേല മുമ്പോട്ടു കൊണ്ടുപോകുവാൻ ദൈവം തന്നിട്ടുള്ള ഭൗതിക സമ്പത്തിനെ ഉപയോഗിപ്പാൻ കർത്താവു നമ്മോടാവശ്യപ്പെടുന്നു. ഈ രീതിയിൽക്കൂടെ മാത്രമേ ക്രിസ്തുവിനു നമ്മെ രക്ഷിപ്പാൻ കഴികയുള്ളൂ.

ഒരു വിശ്വസ്തനായ കാര്യവിചാരകനായിരിപ്പാനാണ് ആ പ്രമാണിക്കു ദൈവം സമ്പത്തു നല്കിയത്. ഞെരുക്കത്തിൽ കഴിയുന്നവരുടെ ആവശ്യങ്ങൾക്കുവേണ്ടി ആ ഭൗമിക സമ്പത്തുകൾ അവൻ വിതരണം ചെയ്യേണ്ടതായിരുന്നു. സാധുക്കളെയും കഷ്ടപ്പെടുന്നവരെയും സഹായിക്കുന്നതിനു ദൈവം ഇന്നും ആളുകൾക്കു കഴിവും ധനവും അവസരങ്ങളും നല്കുന്നു.

ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ, തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന സമ്പത്തു വിനിയോഗിക്കുന്നവർ കർത്താവിന്റെ കൂട്ടുവേലക്കാർ എന്ന പദവിക്കു യോഗ്യ രായിത്തീരുന്നു. അവർ കർത്താവിന്റെ സ്വഭാവത്തെ പ്രതിനിധീകരിക്കുന്നതു കൊണ്ട്, കർത്താവിനു വേണ്ടി ആത്മാക്കളെ ആദായപ്പെടുത്തുവാൻ അവർക്കു കഴിയും.

ഈ യുവപ്രമാണിയെപ്പോലെ, ഉന്നതസ്ഥാനീയരും സമ്പത്തുള്ളവരുമായ ആളുകൾക്ക്, ക്രിസ്തുവിന്റെ അനുയായികളായിത്തീരുവാനും എല്ലാം വെടിയുവാനും വലിയ പ്രയാസം തോന്നിയേക്കാം. എന്നാൽ ക്രിസ്തുവിന്റെ ശിഷ്യന്മാരായിത്തീരുന്നതിനുള്ള ഒന്നാമത്തെ പടി ഇതാകുന്നു. അനുസരണ ത്തെക്കാൾ കുറഞ്ഞ യാതൊന്നും ദൈവത്തിനു സ്വീകാര്യമല്ല. ക്രിസ്തു വിന്റെ ഉപദേശങ്ങളുടെ സാരം സ്വയത്തെ വെടിയുക എന്നാണ്. അധികാരം സ്ഫുരിക്കുന്ന ഭാഷയിലാണ് ഇതു നല്കപ്പെടുന്നത്. കാരണം സ്വാർത്ഥത മനുഷ്യനെ നശിപ്പിക്കുന്ന ഒന്നാണ്. അതു വിട്ടുമാറാതെ രക്ഷയുടെ അനു ഭവത്തിലേക്കു കടന്നുവരുവാൻ ആർക്കും സാദ്ധ്യമല്ല.

ദൈവത്തിന്റെ കുഞ്ഞുങ്ങൾ, ദൈവം നല്കിയ ധനത്തെ ദൈവം ആഗ്രഹി ക്കുന്ന തരത്തിൽ ചെലവിടുമ്പോൾ, സ്വർഗ്ഗത്തിൽ നിക്ഷേപം വർദ്ധിക്കുക യാണ്. ദൈവമക്കളുടെ ഏറ്റവും വലിയ പ്രതിഫലം, തങ്ങളുടെ പ്രയത്ന ഫലമായി രക്ഷിക്കപ്പെട്ടവർ, നിത്യജീവങ്കലേക്കു കടക്കുന്നതുകണ്ട് ആനന്ദ മടയുക എന്നതാണ്. ദൈവഹിതപ്രകാരം, തങ്ങളെ ഭരമേല്പിച്ച ധനം ചെല വഴിച്ചവരോടു ദൈവം പറയുന്നു: “നല്ലവനും വിശ്വസ്തനുമായ ദാസനേ... നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക.” “തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത്, അവൻ അപമാനം അലക്ഷ്യമാക്കി, ക്രൂശിനെ സഹിക്കുകയും, ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു” (മത്തായി 25:23; എബ്രാ. 12:2).

# 58

# ലാസരേ പുറത്തുവരിക

അവലംബം: ലൂക്കൊസ് 10:38-42; യോഹ. 11:1-44

ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഏറ്റവും ദൃഢനിശ്ചയമനസ്സുള്ളവൻ ബേഥാന്യയിലെ ലാസർ ആയിരുന്നു. യേശുവുമായുള്ള പ്രഥമ കൂടിക്കാഴ്ചയിൽ തന്നെ ലാസരിനു യേശുവിൽ ശക്തമായ വിശ്വാസം ഉണ്ടായി. ലാസരിനു യേശുവിനോട് ഉണ്ടായിരുന്ന സ്നേഹവും ആഴമേറിയതായിരുന്നു. ക്രിസ്തു ലാസരിനെ വളരെ സ്നേഹിച്ചിരുന്നു. ക്രിസ്തു പ്രവർത്തിച്ച വലിയ അത്ഭുതം ലാസരിനു വേണ്ടിയായിരുന്നു. തന്റെ സഹായം തേടിയ ഏവരെയും കർത്താവ് അനുഗ്രഹിച്ചു. മനുഷ്യവർഗ്ഗത്തെ ആകമാനം യേശു സ്നേഹിക്കുന്നു. എന്നാൽ ചിലരോടു പ്രത്യേക സ്നേഹം യേശുവിനുണ്ടായിരുന്നു. ബേഥാന്യയിലുള്ള ഒരു കുടുംബത്തോടു കർത്താവിന് ഉറ്റ സ്നേഹബന്ധം ഉണ്ടായിരുന്നു. ആ കുടുംബത്തിലെ ഒരംഗത്തിനുവേണ്ടി യേശു ഏറ്റവും വലിയ അത്ഭുതപ്രവൃത്തി ചെയ്തു.

ലാസരിന്റെ ഭവനം യേശുവിന്റെ ഒരു വിശ്രമസങ്കേതം കൂടിയായിരുന്നു. തന്റെ സ്വന്തമെന്നു പറയാൻ കർത്താവിന് ഒരു ഭവനമില്ലായിരുന്നു. തന്റെ

ശിഷ്യന്മാരുടെയും സ്നേഹിതരുടെയും ആതിഥ്യം യേശു സ്വീകരിച്ചിരുന്നു. പലപ്പോഴും ക്ഷീണിതനായി, കൂട്ടായ്മയ്ക്കുവേണ്ടി ആഗ്രഹിച്ചപ്പോൾ ബേഥാന്യയിലെ ഭവനമായിരുന്നു യേശു തെരഞ്ഞെടുത്തിരുന്നത്. അസൂയ നിറഞ്ഞ പരീശന്മാരിൽനിന്ന് ഒഴിഞ്ഞുനില്ക്കാൻ പറ്റിയ സ്ഥലമായിരുന്നു ഈ ഭവനം. ഈ ഭവനത്തിൽ ആത്മാർത്ഥമായ സ്വാഗതം രക്ഷകനു ലഭിച്ചിരുന്നു. തന്റെ ഉപദേശങ്ങൾക്കു വില കല്പിക്കുകയും, അവയെ സശ്രദ്ധം കേൾക്കുകയും ചെയ്തിരുന്നതുകൊണ്ടു യേശു പൂർണ്ണസ്വാതന്ത്ര്യത്തോടും ലാളിത്യത്തോടും കൂടെ അവിടെവച്ചു സംസാരിച്ചിരുന്നു.

ശാന്തത കളിയാടിയിരുന്ന ഭവനങ്ങളെയും തൽപരരായ ശ്രോതാക്കളെയും രക്ഷകൻ ഇഷ്ടപ്പെട്ടിരുന്നു. ആർദ്രതയും സ്നേഹവും മര്യാദയുമുള്ള ആളുകളുടെ സഖിത്വം കർത്താവു കാംക്ഷിച്ചിരുന്നു. സ്വർഗ്ഗീയപാഠങ്ങൾ നല്കുവാൻ കർത്താവ് എപ്പോഴും ഒരുക്കമായിരുന്നു. അതു സന്തോഷത്തോടെ സ്വീകരിച്ചവർ അനുഗൃഹീതരായി. മനോഹരമായ പ്രകൃതിയിൽനിന്ന് അനവധി പാഠങ്ങൾ കർത്താവു പഠിപ്പിച്ചു. ലോകത്തെ ദൈവം എപ്രകാരം പരിപാലിക്കുന്നുവെന്നും യേശു അവർക്കു മനസ്സിലാക്കിക്കൊടുത്തു. നല്ലവരുടെമേലും ദുഷ്ടന്മാരുടെമേലും ഒരുപോലെ ചൊരിയപ്പെടുന്ന മഴയും സൂര്യപ്രകാശവും ഹിമകണങ്ങളുമെല്ലാം യേശു, ജനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. ദൈവം മനുഷ്യനെ എത്രമാത്രം കരുതുന്നുവെന്നു മനുഷ്യർക്കു കാണിച്ചുകൊടുക്കുവാൻ യേശു ആഗ്രഹിച്ചു. എന്നാൽ പുരുഷാരത്തിന് അതു ഗ്രഹിപ്പാൻ എളുപ്പമായിരുന്നില്ല. കഠിനപ്രയത്നത്തിന്റെ ഫലമായ തളർച്ചയിൽനിന്നും ക്ഷീണത്തിൽനിന്നും യേശു വിശ്രമം കണ്ടെത്തിയതു ബേഥാന്യയിലെ ഭവനത്തിലായിരുന്നു. ദൈവത്തിന്റെ കരുതലിനെക്കുറിച്ചു കേൾപ്പാൻ ഈ ഭവനത്തിൽ കേൾവിക്കാർ ഉണ്ടായിരുന്നു. ഇപ്രകാരമുള്ള സ്വകാര്യസംഭാഷണവേളയിൽ സാധാരണ ജനക്കൂട്ടത്തോടു പറയാൻ ഒരുമ്പെടാത്ത കാര്യങ്ങൾ യേശു വിവരിച്ചുപറഞ്ഞു. തന്റെ സ്നേഹിതരോട് ഉപമകളിൽ പറയേണ്ട ആവശ്യമില്ലായിരുന്നു.

ക്രിസ്തുവിന്റെ അത്ഭുതകരമായ ഉപദേശങ്ങൾ കേട്ടുകൊണ്ടു മറിയ അദ്ദേഹത്തിന്റെ പാദപീഠത്തിൽ ഇരുന്നു. ഒരു സന്ദർഭത്തിൽ, ആഹാരം തയ്യാറാക്കുന്ന ചുമതല വഹിച്ചിരുന്ന മാർത്ത, മറിയ തന്നെ സഹായിക്കുന്നില്ലായെന്ന പരാതിയുമായി കർത്താവിന്റെ അടുക്കൽ വന്നു പറഞ്ഞു: "കർത്താവേ, എന്റെ സഹോദരി ശുശ്രൂഷയ്ക്ക് എന്നെ തനിച്ചു വിട്ടിരിക്കുന്നതിൽ നിനക്കു വിചാരമില്ലയോ? എന്നെ സഹായിപ്പാൻ അവളോടു കല്പിച്ചാലും." അന്നു ബേഥാന്യയിലേക്കുള്ള ക്രിസ്തുവിന്റെ ഒന്നാമത്തെ യാത്രയായിരുന്നു. യേശുവും ശിഷ്യന്മാരും യെരീഹോവിൽനിന്നു കാൽനടയായി ക്ലേശകരമായ യാത്ര കഴിഞ്ഞു വന്നെത്തിയിരിക്കുകയായിരുന്നു. അവർക്കുവേണ്ടി ആഹാരം തയ്യാറാക്കുന്ന തിരക്കിലായിരുന്നു മാർത്ത. ആ തിരക്കിനിടയിൽ അതിഥിയോടു കാട്ടേണ്ട മര്യാദ മാർത്ത വിട്ടുപോയി. യേശു ശാന്തതയോടും ദയയോടുംകൂടെ മാർത്തയോടു പറഞ്ഞു: "മാർത്തയേ, മാർത്തയേ, നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു. എന്നാൽ അല്പമേ വേണ്ടൂ; അല്ല ഒന്നു മതി. മറിയ നല്ല അംശം തെരഞ്ഞെടു

ത്തിരിക്കുന്നു; അത് ആരും അവളോട് അപഹരിക്കുകയുമില്ല.” കർത്താവിന്റെ അധരങ്ങളിൽനിന്നു പൊഴിയുന്ന അമൂല്യങ്ങളായ ഉപദേശങ്ങൾ മറിയ ഹൃദയത്തിൽ സംഗ്രഹിക്കുകയായിരുന്നു. ഭൂമിയിലെ വിലയേറിയ രത്നങ്ങളെക്കാൾ വിലപിടിപ്പുള്ളതായിരുന്നു ക്രിസ്തുവിന്റെ ഉപദേശം.

മാർത്തയ്ക്കാവശ്യമായിരുന്ന ‘ഒന്ന്’ ശാന്തമായ ഭക്തിയുടെ ആത്മാവായിരുന്നു. ഭാവിയെക്കുറിച്ചും, നിത്യജീവനെക്കുറിച്ചും, ആത്മികവളർച്ചയ്ക്കാവശ്യമായ കൃപകളെക്കുറിച്ചും ആഴമേറിയ താൽപര്യമായിരുന്നു അവർക്കാവശ്യമായ ഒരേ ഒരു കാര്യം. ഭൗമികകാര്യങ്ങളെക്കുറിച്ചുള്ള ഉത്കണ്ഠ അവളെ വിട്ടുപോകേണ്ടതുണ്ടായിരുന്നു. എന്നേക്കും നിലനില്ക്കുന്ന കാര്യങ്ങളിൽ അവൾ തൽപരയാകേണ്ട ആവശ്യമുണ്ടായിരുന്നു. “രക്ഷയ്ക്കു ജ്ഞാനികളാക്കുന്ന പരിജ്ഞാനം” സ്വന്തമാക്കുവാൻ ലഭിക്കുന്ന അവസരങ്ങളൊന്നും പാഴാക്കാതിരിക്കുവാൻ യേശു തന്റെ ഭക്തന്മാരെ അഭ്യസിപ്പിക്കും. ക്രിസ്തുവിന്റെ വേലയ്ക്ക് ഊർജ്ജസ്വലതയും, സൂക്ഷ്മതയുമുള്ള വേലക്കാരെ ആവശ്യമുണ്ട്. സജീവമായ ദൈവവേലയ്ക്കു മാർത്തമാരെപ്പോലുള്ള തീക്ഷ്ണതയുള്ളവർക്കു വിശാലമായ വയൽപ്രദേശമുണ്ട്. എന്നാൽ ആദ്യമായി അവർ മറിയയെപ്പോലെ കർത്താവിന്റെ പാദപീഠത്തിലിരുന്നു പഠിക്കട്ടെ. ക്രിസ്തുവിന്റെ കൃപമൂലം അദ്ധ്വാനശീലവും കൃത്യനിഷ്ഠയും ഊർജ്ജസ്വലതയും വിശുദ്ധീകരിക്കപ്പെടട്ടെ. ജീവിതം അപ്പോൾ നന്മ പ്രവർത്തിക്കുന്ന, അജയ്യമായ ഒരു ശക്തിയായിത്തീരും.

യേശു വിശ്രമത്തിനു തെരഞ്ഞെടുത്തിരുന്ന, ശാന്തത കളിയാടിയിരുന്ന ആ ഭവനത്തിൽ ദുഃഖം കടന്നുവന്നു. പെട്ടെന്നുണ്ടായ രോഗം ലാസരിനെ കിടപ്പിലാക്കി. അവന്റെ സഹോദരിമാർ യേശുവിനുവേണ്ടി ആളയച്ചു. “കർത്താവേ, നിനക്കു പ്രിയനായവൻ ദീനമായിക്കിടക്കുന്നു” എന്ന അപേക്ഷ യേശുവിന്റെ അരികിലെത്തി. തങ്ങളുടെ സഹോദരനെ ഗ്രസിച്ചിരുന്ന രോഗത്തിന്റെ ഭീകരത മാർത്തയും മറിയയും മനസ്സിലാക്കി. എന്നാൽ ഏതു രോഗത്തെയും സൗഖ്യമാക്കുവാൻ യേശുവിനു കഴിയുമെന്ന് അവർ വിശ്വസിച്ചിരുന്നു. തങ്ങളുടെ ദുഃഖാവസ്ഥയിൽ കർത്താവു തങ്ങളോടു കരുണ കാണിക്കുമെന്ന് അവർ വിശ്വസിച്ചു. അതുകൊണ്ടു കർത്താവിനെ ത്വരിതപ്പെടുത്തുവാൻ അവർ ശ്രമിച്ചില്ല. “നിനക്കു പ്രിയനായവൻ ദീനമായിക്കിടക്കുന്നു” എന്ന് അറിയിക്ക മാത്രമാണ് അവർ ചെയ്തത്. അത്രയ്ക്കു യേശുവിൽ മാർത്തയ്ക്കും മറിയയ്ക്കും വിശ്വാസമുണ്ടായിരുന്നു. അവർക്കു കർത്താവിങ്കൽനിന്നു മറുപടി വേഗം ലഭിക്കുമെന്നു പ്രതീക്ഷയുണ്ടായിരുന്നു. ബേഥാന്യയിൽ കർത്താവ് ഏറ്റവും വേഗം എത്തുമെന്നും അവർ വിശ്വസിച്ചു.

യേശുവിൽനിന്ന് എന്തെങ്കിലും കേൾക്കുവാൻ അവർ ഉത്കണ്ഠയോടെ കാത്തിരുന്നു. ലാസരിൽ ജീവന്റെ തുടിപ്പ് അവസാനിക്കുന്നതുവരെ അവർ യേശുവിനുവേണ്ടി പ്രാർത്ഥനയോടെ കാത്തിരുന്നു. എന്നാൽ വിവരം അറിയിക്കാൻ പോയിരുന്ന ആൾ യേശുവിനെക്കൂടാതെ വന്നു. എങ്കിലും “ഈ ദീനം മരണത്തിനായിട്ടല്ല” എന്ന ദൂത് അയാൾ കൊണ്ടുവന്നു. ലാസർ ജീവിക്കുമെന്ന പ്രത്യാശയിൽ അവർ മുറുകെപ്പിടിച്ചു. അബോധാവസ്ഥ

യിലേക്കു വീണുകൊണ്ടിരുന്ന ലാസരിനു പ്രത്യാശയുടെയും പ്രോത്സാഹന ത്തിന്റെയും വാക്കുകൾ നല്കുവാൻ സ്നേഹം നിറഞ്ഞ ആ സഹോദരിമാർ ശ്രമിച്ചുകൊണ്ടിരുന്നു. ഒടുവിൽ ലാസർ മരിച്ചു. ആ സഹോദരിമാർ കഠിന മായ നിരാശയിലാണ്ടുപോയി. ക്രിസ്തുവിന്റെ കൃപ അവരെ താങ്ങിയതു കൊണ്ട് അവർ ആരെയും കുറ്റം വിധിച്ചില്ല.

ലാസരിന്റെ മരണത്തെക്കുറിച്ചു കേട്ടപ്പോൾ ക്രിസ്തു വലിയ ഭാവ വ്യത്യാസം ഒന്നും കാണിക്കാതെ അതു ശ്രദ്ധിച്ചു. ലാസരിൽ യേശുവിനു താൽപര്യമില്ലേയെന്നു ശിഷ്യന്മാർ സംശയിച്ചുപോയി. ശിഷ്യന്മാർ പ്രതീ ക്ഷിച്ച തരത്തിലുള്ള ദുഃഖപ്രകടനം യേശു കാണിച്ചില്ല. യേശു അവരോടു പറഞ്ഞു: "ഈ ദീനം മരണത്തിനായിട്ടല്ല; ദൈവപുത്രൻ മഹത്വപ്പെടേണ്ടതിന്, ദൈവത്തിന്റെ മഹത്വത്തിനായിട്ടത്രേ." യേശു താമസിച്ചിരുന്ന സ്ഥലത്തു രണ്ടു ദിവസംകൂടി ചെലവഴിച്ചിട്ടാണു ബേഥാന്യയിലേക്കു പോയത്. ശിഷ്യന്മാർക്കു മനസ്സിലാക്കുവാൻ വിഷമമുള്ളതായിരുന്നു ഈ താമസം. ദുഃഖനിമഗ്നരായിരുന്ന കുടുംബാംഗങ്ങൾക്കു യേശുവിന്റെ സാന്നിദ്ധ്യം എത്ര ആശ്വാസം നല്കുമായിരുന്നുവെന്നവർ വിചാരിച്ചു. ബേഥാന്യയിലെ ഈ കുടുംബത്തോടുള്ള യേശുവിന്റെ സ്നേഹത്തെക്കുറിച്ചു ശിഷ്യന്മാർക്കു നല്ലവണ്ണം അറിയാമായിരുന്നു. "നിനക്കു പ്രിയനായവൻ ദീനമായിക്കിട ക്കുന്നു" എന്ന വാർത്ത അറിഞ്ഞിട്ടും പ്രതികരിക്കാതിരുന്ന രക്ഷകന്റെ നിലപാടിൽ അവർ അത്ഭുതപ്പെട്ടു.

രണ്ടു ദിവസത്തോളം ഈ സംഭവം കാര്യമായി യേശു എടുത്തില്ലായെന്നു ശിഷ്യന്മാർക്കു തോന്നി. യേശു ലാസരിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല. യേശുവിന്റെ മുന്നോടിയായിരുന്ന യോഹന്നാന്റെ കഥ ശിഷ്യന്മാർ ഓർത്തു. അത്ഭുതം പ്രവർത്തിപ്പാൻ കഴിവുള്ള കർത്താവ്, എന്തുകൊണ്ടു യോഹ ന്നാൻ സ്നാപകൻ തടവിൽ കിടന്നു ക്രൂരമരണം അനുഭവിപ്പാൻ അനുവദിച്ചു വെന്നവർ ചിന്തിച്ചു. ഇത്ര ശക്തനായ യേശു എന്തുകൊണ്ടു യോഹന്നാനെ മരണത്തിൽനിന്നു വിടുവിച്ചില്ല? യേശു ദൈവപുത്രനാണ് എന്ന സത്യത്തെ ഖണ്ഡിപ്പാനായി പരീശന്മാർ ഈ ചോദ്യം പലതവണ ചോദിച്ചിരുന്നു. കഷ്ടങ്ങളും പ്രയാസങ്ങളും അഭിമുഖീകരിക്കേണ്ടിവരുമെന്നു കർത്താവു ശിഷ്യന്മാർക്കു മുന്നറിയിപ്പു കൊടുത്തിരുന്നു. തങ്ങളുടെ പ്രയാസഘട്ട ങ്ങളിൽ തങ്ങൾ തനിയേ ആയിപ്പോകുമോ എന്നു ശിഷ്യന്മാർ സംശയിച്ചു. സംശയത്തിന്റെ ചോദ്യങ്ങൾ ശിഷ്യന്മാരിൽ ചിലർ ഉന്നയിച്ചു. എല്ലാവരും ഉത്കണ്ഠാകുലരായിരുന്നു.

രണ്ടു ദിവസം കഴിഞ്ഞശേഷം യേശു ശിഷ്യന്മാരോടു പറഞ്ഞു: "നാം വീണ്ടും യെഹൂദ്യയിലേക്കു പോക." യെഹൂദ്യയിലേക്കു പോകുവാനായിരുന്നു ഉദ്ദേശ്യമെങ്കിൽ എന്തിനു യേശു രണ്ടു ദിവസം കാത്തിരുന്നുവെന്നു ശിഷ്യ ന്മാർക്കു സംശയമുണ്ടായി. തങ്ങളുടെയും ഗുരുവിന്റെയും സുരക്ഷിതത്വ ത്തെക്കുറിച്ചുള്ള ഉത്കണ്ഠയായിരുന്നു അവരുടെ മനസ്സിൽ പ്രധാനമായും ഉണ്ടായിരുന്നത്. യേശു പോകുന്ന വഴിയിൽ അപകടം പതിയിരിക്കുന്നതായി അവർ കണ്ടു. ശിഷ്യന്മാർ യേശുവിനോടു പറഞ്ഞു: "റബ്ബീ, യെഹൂദന്മാർ

ഇപ്പോൾ തന്നെ നിന്നെ കല്ലെറിയുവാൻ ഭാവിച്ചുവല്ലോ; നീ പിന്നെയും അവിടെ പോകുന്നുവോ?" യേശു ഉത്തരം പറഞ്ഞു: "പകലിനു പന്ത്രണ്ടുമണി നേരമില്ലയോ?" ഞാൻ, എന്റെ പിതാവിന്റെ സംരക്ഷണത്തിലാണ്; അവന്റെ ഇഷ്ടം ചെയ്യുന്നിടത്തോളം എന്റെ ജീവൻ സുരക്ഷിതമാണ്; എന്റെ പകൽ ക്കാലത്തിന്റെ പന്ത്രണ്ടു മണിക്കൂർ അവസാനിച്ചിട്ടില്ല. അതിന്റെ അവസാനം അടുത്തുകൊണ്ടിരിക്കുന്നു. എന്നാൽ അതവസാനിക്കുന്നതുവരെ ഞാൻ സുരക്ഷിതനാണ്.

"പകൽസമയത്തു നടക്കുന്നവൻ, ഈ ലോകത്തിന്റെ വെളിച്ചം കാണു ന്നതുകൊണ്ട്, ഇടറുന്നില്ല." യേശു തുടർന്നു പറഞ്ഞു: ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവന് അഥവാ ദൈവത്തിന്റെ വഴിയിൽ നടക്കുന്നവനു വീഴ്ച ഭവി ക്കുകയില്ല. വഴിനടത്തുന്ന ദൈവാത്മാവിന്റെ പ്രകാശം ദൈവപൈതലിന്റെ കർത്തവ്യങ്ങളെക്കുറിച്ചു ശരിയായ കാഴ്ചപ്പാടു നല്കുകയും, തന്റെ വേല യുടെ അന്ത്യംവരെ ശരിയായ പാതയിലൂടെ അവനെ നയിക്കുകയും ചെയ്യും. "രാത്രിയിൽ നടക്കുന്നവനോ അവനു വെളിച്ചം ഇല്ലായ്കകൊണ്ട് ഇടറുന്നു." യേശു തുടർന്നു പറഞ്ഞു: ദൈവം വിളിച്ചിട്ടല്ലാതെ സ്വന്തവഴിയിൽ നട ക്കുന്നവൻ വീഴുകതന്നെ ചെയ്യും. അവനു പകൽ രാത്രിപോലെ ആയിരിക്കും. അവൻ എവിടെ ആയിരുന്നാലും സുരക്ഷിതനല്ല.

ഇതു പറഞ്ഞിട്ട് അവൻ: "നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു; എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു." "നമ്മുടെ സ്നേഹിത നായ ലാസർ നിദ്രകൊള്ളുന്നു." എത്ര ഹൃദയസ്പർശകമായ വാക്കുകൾ! അനുകമ്പ, അതിലുടനീളം കാണുവാൻ കഴിയുന്നു. യെരൂശലേമിൽ, തങ്ങളുടെ ഗുരു നേരിടുവാൻ പോകുന്ന അപകടത്തെക്കുറിച്ച് ഓർത്തപ്പോൾ, ബേഥാന്യയിലെ ദുഃഖിതരായ കുടുംബത്തെക്കുറിച്ചുള്ള ചിന്തപോലും ശിഷ്യ ന്മാർ വിട്ടുകളഞ്ഞു. എന്നാൽ ക്രിസ്തു അങ്ങനെയായിരുന്നില്ല. ക്രിസ്തു വിന്റെ വാക്കുകൾ ശിഷ്യന്മാർക്ക് ഒരു ശാസനപോലെ അനുഭവപ്പെട്ടു. ലാസരിന്റെ മരണത്തെക്കുറിച്ചു യേശു ഉടനടി പ്രതികരിക്കാഞ്ഞതുമൂലം ശിഷ്യന്മാർ നിരാശാഭരിതരായിരുന്നു. ലാസരിനോടും അവന്റെ സഹോദരി മാരോടും തങ്ങൾ കരുതിയിരുന്നത്ര സ്നേഹമില്ലെന്നുപോലും ശിഷ്യന്മാർ ചിന്തിച്ചു. അവരോടു യഥാർത്ഥ സ്നേഹമുണ്ടായിരുന്നെങ്കിൽ, ലാസരിന്റെ മരണവാർത്തയുമായി വന്ന ആളോടുകൂടി ഗുരു പോകുമായിരുന്നില്ലേ. എന്നാൽ, "നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു" എന്നു കർത്താവു പറഞ്ഞപ്പോൾ ശിഷ്യന്മാരിൽ നല്ല ചിന്തകളുണർന്നു. കഷ്ടത അനുഭവിക്കുന്ന തന്റെ സ്നേഹിതരെ യേശു ഒരിക്കലും മറക്കുകയില്ലായെന്ന് അവർക്കു ബോധ്യമായി.

"ശിഷ്യന്മാർ അവനോട്: കർത്താവേ, അവൻ നിദ്രകൊള്ളുന്നുവെങ്കിൽ അവനു സൗഖ്യം വരും എന്നു പറഞ്ഞു. യേശുവോ അവന്റെ മരണത്തെ ക്കുറിച്ചായിരുന്നു പറഞ്ഞത്. ഉറക്കം എന്ന നിദ്രയെക്കുറിച്ചു പറഞ്ഞുവെന്ന് അവർക്കു തോന്നിപ്പോയി." വിശ്വസിക്കുന്ന തന്റെ മക്കൾക്കു മരണം ഒരുറക്കംപോലെയാണെന്നു ക്രിസ്തു പറഞ്ഞു. അവരുടെ ജീവൻ ദൈവ

ത്തിൽ, ക്രിസ്തുവിനോടുകൂടെ മറഞ്ഞിരിക്കുന്നു. അന്ത്യകാഹളം കേൾക്കുന്നതുവരെ, മരണമടഞ്ഞവർ, ക്രിസ്തുവിൽ നിദ്രയിലായിരിക്കും.

"അപ്പോൾ യേശു സ്പഷ്ടമായി അവരോട്: ലാസർ മരിച്ചുപോയി. ഞാൻ അവിടെ ഇല്ലാഞ്ഞതുകൊണ്ടു നിങ്ങളെ വിചാരിച്ചു സന്തോഷിക്കുന്നു; നിങ്ങൾ വിശ്വസിപ്പാൻ ഇടയാകുമല്ലോ; എന്നാൽ നാം അവന്റെ അടുക്കൽ പോക എന്നു പറഞ്ഞു." യെഹൂദ്യയിൽ പോയാൽ തന്റെ രക്ഷകനെ കാത്തിരിക്കുന്നതു മരണമല്ലാതെ മറ്റൊന്നുമല്ലായെന്നു തോമസ് ഉറപ്പായി വിശ്വസിച്ചു. തോമസ് ധൈര്യമുള്ളവനായി മറ്റു ശിഷ്യന്മാരോടു പറഞ്ഞു: "അവനോടുകൂടെ മരിക്കേണ്ടതിന്, നാമും പോക." ക്രിസ്തുവിനോടു യെഹൂദന്മാർക്കുണ്ടായിരുന്ന വിദ്വേഷം തോമസ് അറിഞ്ഞിരുന്നു. യേശുവിനെ കൊലപ്പെടുത്തുക എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. എന്നാൽ കർത്താവിന്റെ സമയം വന്നിട്ടില്ലാത്തതിനാൽ അവരുടെ ഉദ്ദേശ്യം വിജയിച്ചില്ല. ഈ സമയം സ്വർഗ്ഗീയ ദൂതന്മാരുടെ കാവൽ യേശു വിനുണ്ടായിരുന്നു. യേശുവിനെ കൊലചെയ്യുന്നതിനു റബ്ബിമാർ ഗൂഢാലോചന നടത്തിയിരുന്ന യെഹൂദ്യപ്രദേശങ്ങളിൽപ്പോലും സുരക്ഷിതനായി നടപ്പാൻ യേശുവിനു കഴിഞ്ഞു.

"ലാസർ മരിച്ചു" എന്നു യേശു പറഞ്ഞപ്പോൾ ശിഷ്യന്മാർ അത്ഭുതപ്പെട്ടു. "ഞാൻ അവിടെ ഇല്ലാഞ്ഞതുകൊണ്ടു നിങ്ങളെ വിചാരിച്ചു സന്തോഷിക്കുന്നു"വെന്നു യേശു പറഞ്ഞു. കഷ്ടത അനുഭവിച്ച തന്റെ സ്നേഹിതരുടെ ഭവനങ്ങളെ കർത്താവ് ഒഴിവാക്കുകയായിരുന്നോ? മറിയയും മാർത്തയും മരണത്തിലേക്കു പതിച്ചുകൊണ്ടിരുന്ന ലാസരും മനുഷ്യരുടെ ദൃഷ്ടിയിൽ ഏകരായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ അവർ ഏകരായിരുന്നില്ല. യേശു അവിടെ നടന്നതെല്ലാം കണ്ടിരുന്നു. ലാസർ മരിച്ച ശേഷവും ദുഃഖിതരായ ആ സഹോദരിമാരെ കർത്താവിന്റെ കൃപയിൽ താങ്ങിയിരുന്നു. തങ്ങളുടെ സഹോദരൻ, ശത്രുവായ മരണത്തോടു പോരാടിക്കൊണ്ടിരുന്നപ്പോൾ, തകർന്ന ഹൃദയങ്ങളോടുകൂടിക്കഴിഞ്ഞ സഹോദരിമാരുടെ ദുഃഖം യേശു അറിഞ്ഞിരുന്നു. "ലാസർ മരിച്ചുപോയി" എന്നു യേശു ശിഷ്യന്മാരോടു പറഞ്ഞപ്പോൾ ആ സഹോദരിമാരുടെ ഹൃദയവേദന താൻ അറിഞ്ഞിരുന്നു. ബേഥാന്യയിലുണ്ടായിരുന്ന തന്റെ പ്രിയ സ്നേഹിതന്മാർ മാത്രമല്ല യേശുവിന്റെ മനസ്സിൽ ഉണ്ടായിരുന്നത്. തന്റെ ശിഷ്യന്മാരുടെ പരിശീലനത്തെക്കുറിച്ചും യേശു ചിന്തിച്ചിരുന്നു. തന്റെ പിതാവിന്റെ സ്നേഹം ഏവർക്കും വേണ്ടിയുള്ളതാണെന്നു ലോകം മുഴുവൻ അറിയേണ്ടതിനു ശിഷ്യന്മാർ ലോകം മുഴുവനും പോകേണ്ടവരാണ്. അവർക്കുവേണ്ടി ലാസർ മരിക്കുവാൻ യേശു അനുവദിച്ചു. ലാസരെ രോഗത്തിൽനിന്നു സൗഖ്യമാക്കിയിരുന്നുവെങ്കിൽ, തന്റെ ദിവ്യസ്വഭാവത്തിന്റെ ഏറ്റവും ശക്തമായ തെളിവു നല്കുന്ന അത്ഭുതം പ്രവർത്തിക്കുവാനുള്ള സന്ദർഭം നഷ്ടമാകുമായിരുന്നു.

ലാസർ രോഗബാധിതനായി കിടന്ന മുറിയിൽ യേശു ഉണ്ടായിരുന്നെങ്കിൽ, ലാസർ മരിക്കയില്ലായിരുന്നു. സാത്താനു ലാസരുടെ മേൽ ഒരധികാരവും ഉണ്ടാകയില്ലായിരുന്നു. ജീവനായകന്റെ മുമ്പിൽവച്ചു മരണത്തിന്, അതിന്റെ

അമ്പ് ലാസരിന്റെ മേൽ അയയ്ക്കാൻ കഴിയുകയില്ലായിരുന്നു. അതുകൊണ്ടു ക്രിസ്തു അവിടെനിന്നു മാറിനിന്നു. ശത്രുവിന്റെ ശക്തി പ്രയോഗിപ്പാൻ ക്രിസ്തു അനുവദിച്ചു. ശത്രുവിനെ അവിടെനിന്നു പുറത്തുചാടിക്കുവാനും കീഴടക്കുവാനും വേണ്ടിയാണു യേശു അപ്രകാരം അനുവദിച്ചത്. മരണ ത്തിന്റെ അധികാരത്തിൻകീഴിലൂടെ കടന്നുപോകാൻ യേശു ലാസരിനെ അനുവദിച്ചു. തങ്ങളുടെ സഹോദരനെ കല്ലറയിൽ വയ്ക്കുന്നത്, ദുഃഖിതരായ സഹോദരിമാർ കണ്ടു. മാർത്തയും മറിയയും ലാസരിന്റെ നിർജ്ജീവമായ മുഖത്തേക്കു നോക്കുമ്പോൾ, അവർക്കു തന്നിലുള്ള വിശ്വാസം അതികഠിന മായി പരീക്ഷിക്കപ്പെടുമെന്നു യേശുവിനറിയാമായിരുന്നു. അവരുടെ വേദന യുടെ ഭാരം യേശു ചുമന്നു. അവരോടുള്ള സ്നേഹത്തിന്റെ കുറവുകൊണ്ടാ യിരുന്നില്ല യേശു വരുവാൻ താമസിച്ചത്. എന്നാൽ അവർക്കും, ലാസരിനും, ശിഷ്യന്മാർക്കും, തനിക്കുംവേണ്ടി ഒരു വിജയം കരസ്ഥമാക്കേണ്ടതുണ്ടാ യിരുന്നുവെന്നു യേശുവിനറിയാമായിരുന്നു.

“നിങ്ങൾ വിശ്വസിപ്പാൻ ഇടയാകുമല്ലോ.” ദൈവത്തിന്റെ സ്നേഹകരത്തെ തൊടുവാനായി കാംക്ഷിക്കുന്ന ഏവർക്കും അതികഠിനമായ നിരാശയുടെ വേളയിൽ, ദൈവത്തിന്റെ സഹായം ഏറ്റവും അടുത്തുണ്ടായിരിക്കും. തങ്ങളുടെ യാത്രയിൽ ഏറ്റവും അന്ധകാരമയമായ ഭാഗത്തേക്കു തിരിഞ്ഞുനോക്കു മ്പോൾ, അവരുടെ ഹൃദയം നന്ദിയാലും സ്തോത്രത്താലും നിറഞ്ഞിരിക്കും. “കർത്താവു ഭക്തന്മാരെ പരീക്ഷയിൽനിന്നു വിടുവിപ്പാനും... അറിയുന്നുവല്ലോ” (2 പത്രൊസ് 2:9). എല്ലാ പരീക്ഷയിൽനിന്നും, എല്ലാ ശോധനയിൽനിന്നും ദൈവം അവരെ കൂടുതൽ ഉറച്ച വിശ്വാസത്തോടും കൂടുതൽ സമ്പന്നമായ അനുഭവത്തോടുംകൂടെ പുറത്തുകൊണ്ടുവരുന്നു.

തന്നെ സ്വീകരിക്കാത്തവരോടു കരുണ കാണിക്കുന്നവനായതുകൊണ്ടാണു ലാസരിന്റെ അടുത്തുവരുവാൻ യേശു താമസിച്ചത്. ലാസരിനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ചതിലൂടെ, ദുർവാശിയും അവിശ്വാസവുമുള്ള ജനത്തിന്റെ മുമ്പാകെ, താൻതന്നെയാണു പുനരുത്ഥാനവും ജീവനും എന്നതിന്റെ വേറൊരു തെളിവുകൂടെ നല്കുന്നതിനാണു യേശു ലാസരിന്റെ അരികിൽ വരുവാൻ താമസിച്ചത്. യിസ്രായേലിലെ ചിന്നിച്ചിതറിയ ആട്ടിൻകൂട്ടത്തെ ക്കുറിച്ചു യേശുവിനു ചിന്തയുണ്ടായിരുന്നു. അവരുടെ അനുതാപമില്ലായ്മ യേശുവിന്റെ ഹൃദയത്തെ വേദനിപ്പിച്ചു. താൻതന്നെയാണു വീണ്ടെടുപ്പു കാരനെന്നും, ജീവനും അമർത്യതയും നല്കുവാൻ കഴിയുന്ന വ്യക്തി താൻ മാത്രമാണെന്നും അവരെ ഒരിക്കൽക്കൂടി മനസ്സിലാക്കിക്കൊടുക്കുവാൻ കൃപാലുവായ യേശു ആഗ്രഹിച്ചു. പുരോഹിതന്മാർക്കു തള്ളിക്കളയുവാൻ വയ്യാത്ത ഒരു തെളിവായിരുന്നു ബേഥാന്യയിലെ യേശുവിന്റെ അത്ഭുതം. ബേഥാന്യയിലേക്കു യേശു പോകുവാൻ താമസിച്ചതിന്റെ കാരണം ഇതായി രുന്നു. ലാസരിനെ ഉയിർപ്പിക്കുന്നതിലൂടെ തന്റെ പ്രവൃത്തിയിലും, ദൈവ പുത്രനെന്ന തന്റെ അവകാശത്തിന്മേലും ദൈവത്തിന്റെ അംഗീകാരമുണ്ടെന്നു തെളിയിക്കുകയായിരുന്നു യേശു.

ബേഥാന്യയിലേക്കുള്ള യാത്രാമദ്ധ്യേ യേശു പതിവുപോലെ രോഗികളെയും ദരിദ്രന്മാരെയും ശുശ്രൂഷിച്ചു. യേശു പട്ടണത്തിലെത്തിയപ്പോൾ തന്നെ, ആ വിവരം അറിയിപ്പാനായി ഒരാളെ സഹോദരിമാരുടെ അടുത്തേക്കയച്ചു. യേശു ഉടനടി വീട്ടിലേക്കു പോയില്ല. യേശു കുറച്ചകലെ ഒരു സ്ഥലത്തു നിന്നു. യെഹൂദന്മാർ തങ്ങളുടെ സ്നേഹിതരുടെയും ബന്ധുജനങ്ങളുടെയും മരണത്തിൽ പാലിച്ചുപോന്ന ബാഹ്യപ്രകടനങ്ങളൊന്നും ക്രിസ്തുവിനു യോജിച്ചതായിരുന്നില്ല. കൂലിക്കു വിലപിക്കുന്ന വിലാപക്കാരുടെ വിലാപ ശബ്ദം യേശു ദൂരത്തുനിന്നു കേട്ടു. ഈ ബഹളത്തിനിടയിൽ ദുഃഖത്തിൽ കഴിയുന്ന സഹോദരിമാരെ യേശു കണ്ടില്ല. വിലപിക്കുന്നവരിൽ ചിലർ ലാസരിന്റെ കുടുംബത്തിൽപ്പെട്ട ബന്ധുജനങ്ങളായിരുന്നു. അവരുടെ ഇടയിൽ ചിലർ യെരൂശലേമിൽ പാർക്കുന്ന ഉന്നതരായ ആളുകൾ ആയി രുന്നു. ചിലർ യേശുവിന്റെ ശത്രുക്കളുമായിരുന്നു. അവരുടെ അന്തർഗതം യേശുവിനറിയാമായിരുന്നതുകൊണ്ടു തന്നെ സ്വയം വെളിപ്പെടുത്തിയില്ല.

യേശു വന്നിരിക്കുന്ന വാർത്ത, മാർത്തയ്ക്കു ലഭിച്ചതു രഹസ്യത്തി ലായിരുന്നതുകൊണ്ട്, മുറിയിലുള്ളവർ അറിഞ്ഞില്ല. ദുഃഖനിമഗ്നയായിരുന്ന മറിയയും വിവരം അറിഞ്ഞില്ല. മാർത്ത വേഗത്തിൽ എഴുന്നേറ്റു കർത്താ വിനെ കാണ്മാൻ പോയി. മാർത്ത കല്ലറയ്ക്കരികിൽ പോയിരിക്കുമെന്നു വിചാരിച്ചു മറിയ അവിടെത്തന്നെ ഇരുന്നു.

മാർത്ത കർത്താവിനെ കാണാൻ ധൃതിയിൽ പോയി. വിഭിന്ന വികാര ങ്ങളുടെ പോരാട്ടത്തിൽ അവളുടെ മനസ്സ് ഇളകിമറിഞ്ഞു. യേശുവിന്റെ നിഷ്കളങ്കമായ മുഖത്ത് എപ്പോഴും കാണാറുണ്ടായിരുന്ന ആർദ്രതയും സ്നേഹവും കളിയാടിയിരുന്നു. മാർത്തയ്ക്കു കർത്താവിലുണ്ടായിരുന്ന വിശ്വാസം ഉറച്ചതായിരുന്നു. എന്നാൽ യേശു സ്നേഹിച്ചിരുന്ന തന്റെ പ്രിയ സഹോദരനെക്കുറിച്ച് അവൾ ഓർത്തു. കർത്താവു നേരത്തേ വരാതിരുന്നതു കൊണ്ട് അവളുടെ ഹൃദയം ദുഃഖനിമഗ്നമായിരുന്നു. തങ്ങളെ ആശ്വസിപ്പി ക്കുവാൻ കർത്താവ് എന്തെങ്കിലും പ്രവർത്തിക്കുമെന്ന പ്രത്യാശ മാർത്തയ് ക്കുണ്ടായിരുന്നു. അവൾ പറഞ്ഞു: "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു വെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു." വിലാപക്കാരുടെ ശബ്ദ കോലാഹലത്തിനിടയിൽ ആ സഹോദരിമാർ ഈ വാക്കുകൾ പലതവണ ഉരുവിട്ടിരുന്നു.

മാനുഷികവും ദൈവികവുമായ അനുകമ്പയാൽ യേശു ദുഃഖവിവശയായ മാർത്തയെ നോക്കി. കഴിഞ്ഞുപോയ കാര്യങ്ങൾ വിവരിക്കുവാൻ മാർത്തയ്ക്ക് ഒരു താൽപര്യവുമില്ലായിരുന്നു. "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു വെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു." തകർന്ന ഹൃദയത്തി ലൂടെ പുറത്തേക്കുവന്ന ആ വാക്കുകളിലൂടെ അവളുടെ ഹൃദയത്തിലെ എല്ലാ വികാരങ്ങളും പ്രകടമാക്കി. കാരുണ്യം തുളുമ്പിനിന്ന രക്ഷകന്റെ മുഖത്തേക്കു നോക്കി അവൾ തുടർന്നു: "ഇപ്പോഴും നീ ദൈവത്തോട് എന്ത് അപേക്ഷിച്ചാലും ദൈവം നിനക്കു തരും എന്നു ഞാൻ അറിയുന്നു."

അവളുടെ വിശ്വാസത്തെ അഭിനന്ദിച്ചുകൊണ്ടു യേശു പറഞ്ഞു: "നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും." ഉടനടി സംഭവിപ്പാൻ പോകുന്ന പുനരുത്ഥാനത്തെക്കുറിച്ച് ഒരു പ്രത്യാശ ഉളവാക്കുവാനല്ല യേശു ഇപ്രകാരം പറഞ്ഞത്. പ്രത്യുത ലാസരിന്റെ ഉടനടി നടക്കുവാൻ പോകുന്ന പുനരുത്ഥാനത്തിനപ്പുറത്തേക്കു മാർത്തയുടെ ചിന്തകളെ നയിക്കുവാനായിരുന്നു യേശു ഇതു പറഞ്ഞത്. ഒടുക്കത്തെ നാളിൽ നീതിമാന്മാർക്കു ലഭിക്കുവാൻ പോകുന്ന പുനരുത്ഥാനത്തിലേക്ക് അവളുടെ മനസ്സിനെ ആനയിക്കുവാൻ യേശു ശ്രമിച്ചു. മരിച്ച എല്ലാ വിശുദ്ധരും ഉയിർക്കുമെന്ന വാഗ്ദത്തം നിറവേറുമെന്ന്, ലാസരിനു ലഭിക്കാൻ പോകുന്ന ഉയിർപ്പിൽക്കൂടെ മാർത്ത മനസ്സിലാക്കുവാനും, തന്റെ ശക്തിയാലാണു നടക്കുവാൻ പോകുന്നതെന്നു മാർത്ത അറിയുവാനുമാണു യേശു ഇതു പറഞ്ഞത്.

മാർത്ത മറുപടി പറഞ്ഞു: "ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേല്ക്കുമെന്നു ഞാനറിയുന്നു."

അവളുടെ വിശ്വാസത്തിനു മാർഗ്ഗദർശനം നല്കിക്കൊണ്ടു യേശു പറഞ്ഞു: "ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു." മറ്റാരിൽനിന്നും ഉത്ഭവിക്കാത്തതും, കടമെടുക്കാത്തതും, തന്നിൽത്തന്നെ ഉള്ളതുമായ ജീവൻ ക്രിസ്തുവിൽ സ്ഥിതിചെയ്യുന്നു. "പുത്രനുള്ളവനു ജീവൻ ഉണ്ട്" (1 യോഹ. 5:12). ക്രിസ്തുവിന്റെ ദൈവത്വമാകുന്നു, വിശ്വാസിക്കു നിത്യജീവൻ ലഭിക്കുമെന്ന ഉറപ്പ്. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും." "ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല. ഇതു നീ വിശ്വസിക്കുന്നുവോ?" യേശു ചോദിച്ചു. തന്റെ രണ്ടാമത്തെ വരവിനെയാണു യേശു ഇവിടെ പ്രതിപാദിക്കുന്നത്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ മരിച്ച വിശുദ്ധന്മാർ അക്ഷയരായി ഉയിർക്കും, ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ മരണം കാണാതെ സ്വർഗ്ഗത്തേക്ക് എടുക്കപ്പെടുകയും ചെയ്യും. ലാസരിനു ലഭിക്കാൻ പോകുന്ന പുനരുത്ഥാനം, മരിച്ച വിശുദ്ധന്മാർക്കു ലഭിക്കുന്ന പുനരുത്ഥാനത്തെ ചൂണ്ടിക്കാട്ടുന്നു. തന്റെ വാക്കും പ്രവൃത്തിയും ഒരു കാര്യത്തിലേക്കു വിരൽ ചൂണ്ടുന്നു. ക്രിസ്തുവിൽക്കൂടെയാണു പുനരുത്ഥാനം യാഥാർത്ഥ്യമാകുന്നത്. അനതിവിദൂരതയിൽ ക്രൂശുമരണം അനുഭവിപ്പാൻ പോകുന്ന കർത്താവു പാതാളത്തിന്റെ (ശവക്കല്ലറയുടെ) താക്കോലുമായി നിന്നു. നിത്യജീവൻ നല്കുവാനുള്ള അധികാരവും ശക്തിയും ഉള്ളവനായി, മരണത്തിന്റെ മേൽ ജയം പ്രഖ്യാപിച്ചുകൊണ്ട്, അജയ്യനായി യേശു നിലകൊണ്ടു.

"ഇതു നീ വിശ്വസിക്കുന്നുവോ" എന്ന കർത്താവിന്റെ ചോദ്യത്തിനുത്തരമായി മാർത്ത പറഞ്ഞു: "ഉവ്വ് കർത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നെ എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു." ക്രിസ്തു പറഞ്ഞ വാക്കുകൾ അതിന്റെ മുഴുപ്രാധാന്യത്തോടെ മാർത്ത ഗ്രഹിച്ചിരുന്നില്ല. എങ്കിലും യേശു ദൈവമാകുന്നു എന്ന അവളുടെ വിശ്വാസം ഏറ്റുപറഞ്ഞു. തനിക്ക് ഇഷ്ടമുള്ളതൊക്കെയും ചെയ്യുവാൻ കഴിവുള്ളവനാണു ക്രിസ്തു എന്നുള്ള വിശ്വാസം മാർത്ത പ്രകടിപ്പിച്ചു.

ഇതിനുശേഷം മാർത്ത പോയി മറിയയെ സ്വകാര്യമായി വിളിച്ചു. "ഗുരു വന്നിട്ടുണ്ട്; നിന്നെ വിളിക്കുന്നു എന്നു പറഞ്ഞു." കഴിയുന്നത്ര രഹസ്യ മായിട്ടാണു യേശു വന്ന വിവരം മാർത്ത, മറിയയെ അറിയിച്ചത്. പുരോഹിത ന്മാരും പ്രമാണികളും സൗകര്യം കിട്ടിയാൽ യേശുവിനെ തടവിലാക്കുവാൻ ഒരുങ്ങിയിരിക്കുകയായിരുന്നു. വിലപിക്കുന്നവരുടെ ശബ്ദം മാർത്തയുടെ ശബ്ദത്തെ, മറ്റുള്ളവർ കേൾക്കാതിരിക്കുവാൻ സഹായിച്ചു.

യേശു വന്നിട്ടുണ്ട് എന്ന വാർത്ത കേട്ടപ്പോൾ മറിയ വേഗത്തിൽ എണീറ്റു മുറി വിട്ടു പുറത്തേക്കുപോയി. അവൾ കല്ലറയ്ക്കൽ കരയാൻ പോകുന്നു വെന്നു വിചാരിച്ചു വിലാപക്കാരും അവളെ അനുഗമിച്ചു. യേശു നിന്നിരുന്ന സ്ഥലത്തു ചെന്നപ്പോൾ മറിയ, യേശുവിന്റെ പാദത്തിനരികെ മുട്ടുകുത്തി വിറയാർന്ന ചുണ്ടുകളോടെ പറഞ്ഞു: "കർത്താവേ, നീ ഇവിടെ ഉണ്ടായി രുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു." വിലാപക്കാരുടെ കരച്ചിൽ അവൾക്കു വേദനയുളവാക്കി. ശാന്തമായ ഒരന്തരീക്ഷത്തിൽ യേശുവിനോടു തനിയേ അല്പം സംസാരിക്കുവാൻ അവൾ ആഗ്രഹിച്ചു. എന്നാൽ അവിടെ കൂടിയിരുന്നവരിൽ ചിലർക്കു യേശുവിനോടുണ്ടായിരുന്ന അസൂയയെയും വിദ്വേഷത്തെയുംകുറിച്ച് അവൾക്കറിയാമായിരുന്നതുകൊണ്ട്, തന്റെ ദുഃഖം മുഴുവൻ പ്രകടമാക്കുന്നതിൽനിന്നു മറിയ പിന്തിരിഞ്ഞു.

"അവൾ കരയുന്നതും അവളോടുകൂടെ വന്ന യെഹൂദന്മാർ കരയുന്നതും യേശു കണ്ടിട്ട് ഉള്ളം നൊന്തു കലങ്ങി." അവിടെ കൂടിയിരുന്നവരുടെ ഹൃദയം യേശു വായിച്ചു. അനേകരുടെ ദുഃഖം വെറും പ്രകടനമായിരുന്നുവെന്നു യേശുവിനറിയാമായിരുന്നു. കാപട്യത്തോടുകൂടെ ദുഃഖം പ്രകടിപ്പിക്കുന്ന വരിൽ ചിലർ താമസംവിനാ തന്നെ മാത്രമല്ല, മരിച്ചവരിൽനിന്നു താൻ ഉയിർപ്പിക്കുവാൻ പോകുന്ന ലാസരിനെയും വധിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമെന്നു യേശുവിനറിയാമായിരുന്നു. കാപട്യം നിറഞ്ഞ അവരുടെ ദുഃഖത്തെ തുറന്നുകാണിക്കുവാൻ യേശുവിനു കഴിയുമായിരുന്നു. എങ്കിലും യേശു അതു ചെയ്തില്ല. അവരുടെ കാപട്യത്തെക്കുറിച്ചു വിളിച്ചു പറയാമായിരുന്നു. പക്ഷേ തന്നെ യഥാർത്ഥത്തിൽ വിശ്വസിച്ചു തന്റെ പാദാന്തികെ ദുഃഖനിമഗ്നരായിരിക്കുന്നവരെക്കരുതി യേശു ഒന്നും പറഞ്ഞില്ല.

"അവനെ വച്ചത് എവിടെ?" എന്നു യേശു ചോദിച്ചു. "കർത്താവേ, വന്നു കാൺക" എന്നു ലാസരിന്റെ അടുത്ത ആളുകൾ പറഞ്ഞു. എല്ലാവരും ഒരുമിച്ചു കല്ലറയ്ക്കലേക്കു പോയി. ദുഃഖകരമായ ഒരു രംഗമായിരുന്നു അത്. ലാസർ വളരെ സ്നേഹിക്കപ്പെട്ടവനായ ഒരു വ്യക്തി ആയിരുന്നു. ഹൃദയം തകർന്നവരായ സഹോദരിമാർ അവനെ ഓർത്തു കരഞ്ഞു. അവരുടെ കരച്ചിൽ കണ്ടു സ്നേഹിതന്മാരും കരഞ്ഞു. അവരുടെ മാനുഷിക വ്യഥയും, നിസ്സഹായതയും യേശുവിനെ സ്പർശിച്ചു. യേശുവും കണ്ണുനീർ വാർത്തു. താൻ ദൈവപുത്രൻ ആകുന്നുവെങ്കിലും പൂർണ്ണ മനുഷ്യനുമാകുന്നു. മാനുഷിക ദുഃഖം തന്റെ ഹൃദയത്തെ ഇളക്കി. മനുഷ്യന്റെ വേദനയും കഷ്ടതകളും കാണുമ്പോൾ കർത്താവിന്റെ അനുകമ്പ നിറഞ്ഞ ഹൃദയം

എല്ലായ്പോഴും അതിൽ പങ്കുചേരുമായിരുന്നു. യേശു കരയുന്നവരോടുകൂടി കരയുകയും സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുകയും ചെയ്യുന്നു.

എന്നാൽ മറിയയോടും മാർത്തയോടുമുണ്ടായിരുന്ന മാനുഷിക സഹ താപംകൊണ്ടു മാത്രമായിരുന്നില്ല യേശു കരഞ്ഞത്. ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ മാനുഷിക ദുഃഖത്തിനുപരിയായിട്ടുള്ള ഒരു ദുഃഖം യേശു അനുഭവിച്ചു. ലാസരിന്റെ മരണത്തിലുള്ള ദുഃഖം കൊണ്ടായിരുന്നില്ല യേശു കരഞ്ഞത്. കാരണം ലാസരിനെ ഉടനെ യേശു ഉയിർപ്പിക്കാൻ പോകുകയായിരുന്നു. എന്നാൽ ലാസരിനുവേണ്ടി കണ്ണുനീർ വാർത്തുകൊണ്ടിരുന്ന പലരും അധികം താമസിയാതെ, "പുനരുത്ഥാനവും ജീവനുമായ" തന്നെ കൊലചെയ്വാൻ പോകുന്നവരാണെന്ന് ഓർത്തു യേശു കരഞ്ഞു. യേശുവിന്റെ കണ്ണുനീരിന്റെ അർത്ഥം അവിശ്വാസികളായിരുന്ന യെഹൂദന്മാർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ബാഹ്യമായ കാര്യങ്ങൾ മാത്രം കാണാൻ കഴിഞ്ഞിരുന്ന ആളുകൾ, യേശു കരയുന്നതു കണ്ടിട്ടു പറഞ്ഞു: "കണ്ടോ, അവനോട് എത്ര പ്രിയം ഉണ്ടായിരുന്നു." അവിടെ കൂടിയിരുന്നവരിൽ അവിശ്വാസം സൃഷ്ടിക്കുന്നതിനുവേണ്ടി ചിലർ പരിഹാസത്തോടെ പറഞ്ഞു: "കുരുടന്റെ കണ്ണു തുറന്ന ഇവന്, ഇവനെയും മരിക്കാതാക്കുവാൻ കഴിഞ്ഞില്ലയോ?"

പരീശന്മാരുടെയും സദൂക്യരുടെയും ശത്രുത്വത്തെ, ഒരു പ്രവാചകൻ കാണുന്നതുപോലെ യേശു കണ്ടു. തന്റെ മരണത്തിനുവേണ്ടി അവർ കെണി ഒരുക്കുകയായിരുന്നുവെന്നു യേശുവിനറിയാമായിരുന്നു. തന്നോടു സഹാനു ഭൂതിയുള്ളവരെന്നു ഭാവിച്ചിരുന്ന പലരും പ്രത്യാശയുടെയും നിത്യരക്ഷ യുടെയും വാതിൽ സ്വയം അടയ്ക്കുവാൻ പോകയാണെന്നും യേശു വിനറിയാമായിരുന്നു. അനതിവിദൂരഭാവിയിൽ യെരൂശലേം കണ്ടിട്ടില്ലാത്ത ഒരു ദുരന്തം അവിടെ അരങ്ങേറുവാൻ പോകുകയായിരുന്നു. ലോകരക്ഷ കനെ പീഡിപ്പിച്ചു കൊല്ലുന്നതിന്റെ ശിക്ഷയായി യെരൂശലേം പൂർണ്ണമായി നശിപ്പിക്കപ്പെടും. അന്നു കൊല്ലപ്പെടുന്നവർക്കുവേണ്ടി വിലപിക്കുവാൻ ആരും ഉണ്ടായിരിക്കയില്ല. യെരൂശലേമിന്റെമേൽ വരുവാൻ പോകുന്ന ശിക്ഷാവിധി യേശുവിനു കാണിച്ചുകൊടുത്തു. റോമൻ പടയാളികൾ യെരൂശ ലേമിനെ വലയംചെയ്യുന്നതും, ലാസരിന്റെ മരണത്തിൽ വിലപിച്ചുകൊണ്ടിരി ക്കുന്ന പലരും, പ്രത്യാശ നഷ്ടപ്പെട്ടവരായി കൊല്ലപ്പെടുന്നതും യേശു ദർശിച്ചു.

ഇവയെ ഓർത്തു മാത്രമല്ല യേശു കണ്ണുനീർ വാർത്തത്. യുഗങ്ങളായി മനുഷ്യൻ അനുഭവിച്ചിരുന്ന ദുഃഖഭാരം താൻ വഹിച്ചു. ദൈവകല്പന മനുഷ്യൻ ലംഘിച്ചതിന്റെ ഭയാനക ഫലങ്ങൾ യേശു കണ്ടു. മനുഷ്യ ചരിത്രത്തിന്റെ ആരംഭം മുതൽ - ഹാബേലിന്റെ മരണം മുതൽ - നന്മയും തിന്മയും തമ്മിൽ നടന്നിരുന്ന നീണ്ട പോരാട്ടം യേശുവിന്റെ പ്രവാചക ക്കണ്ണുകൾക്കു ഗോചരമായി. മനുഷ്യൻ വരുത്തിവച്ച കഷ്ടതയും ദുഃഖവും

മുറവിളിയും മരണവും മനുഷ്യന്റെമേൽ വാഴുന്നതു യേശു ദർശിച്ചു. ലോകമാസകലമുള്ള മനുഷ്യവർഗ്ഗത്തിന്റെ വേദന യേശുവിന്റെ ഹൃദയത്തെ മുറിപ്പെടുത്തി. അതു തനിക്കു ദുർവഹമായ ഭാരം ഉളവാക്കി. ലാസരിന്റെ കുടുംബത്തെ ആശ്വസിപ്പിക്കാൻ ശ്രമിച്ച കർത്താവിനു കരയാതിരിപ്പാൻ കഴികയില്ലായിരുന്നു.

"യേശു പിന്നെയും ഉള്ളം നൊന്തു കല്ലറയ്ക്കൽ എത്തി." പാറയിൽ വെട്ടിയുണ്ടാക്കിയ ഒരു ഗുഹയിലായിരുന്നു ലാസരിന്റെ ശരീരം അടക്കിയിരുന്നത്. അതിന്റെ പ്രവേശനകവാടത്തിൽ ഭീമാകാരമായ ഒരു കല്ലു വച്ചിരുന്നു. "കല്ലു നീക്കുവിൻ" എന്നു യേശു കല്പിച്ചു. മരിച്ചവനെ കാണുവാൻ വേണ്ടി മാത്രമാണു കല്ലു നീക്കുന്നതെന്നു വിചാരിച്ചു മാർത്ത അതിനെ വിലക്കി. അവൾ പറഞ്ഞു: "കർത്താവേ, നാറ്റം വച്ചുതുടങ്ങി; നാലു ദിവസമായല്ലോ എന്നു പറഞ്ഞു." ലാസരിനെ ഉയിർപ്പിക്കുന്നതിനു മുമ്പായി മാർത്ത പറഞ്ഞ ഈ പ്രസ്താവന ശത്രുക്കൾക്കു യേശുവിന്റെ പ്രവൃത്തിയെ കുറ്റപ്പെടുത്തുവാൻ ഒരു സൗകര്യവും നല്കിയില്ല. അല്ലായിരുന്നുവെങ്കിൽ ലാസരിന്റെ ഉയിർപ്പിൽ യേശു വഞ്ചന കാട്ടിയെന്നു പറയുമായിരുന്നു. ഇതിനു മുമ്പു ദൈവശക്തിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചു പരീശന്മാർ വ്യാജം പറഞ്ഞു പരത്തി. ക്രിസ്തു യായിറോസിന്റെ മകളെ ഉയിർപ്പിച്ചപ്പോൾ അവർ പറഞ്ഞു: "കുട്ടി മരിച്ചിട്ടില്ല; ഉറങ്ങുന്നത്രേ" (മർക്കൊസ് 5:39). ആ കുട്ടി രോഗിണിയായി കുറച്ചുകാലം മാത്രം കിടക്കുകയും മരണശേഷം അധികം കഴിയാതെ അവൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തതുകൊണ്ടു ബാല മരിച്ചിരുന്നില്ലായെന്നു പരീശന്മാർ പറഞ്ഞു. "കുട്ടി ഉറങ്ങുകയത്രേ" എന്നു ക്രിസ്തുവും പറഞ്ഞത് അവരുടെ വാദം ഉറപ്പിക്കുവാൻ അവർ ഉദ്ധരിച്ചു. രോഗം സൗഖ്യമാക്കുവാൻ യേശുവിനു കഴിയുകയില്ലായെന്നു സ്ഥാപിക്കുവാൻ പരീശന്മാർ ശ്രമിച്ചു. യേശുവിന്റെ അത്ഭുതപ്രവൃത്തിയിൽ വഞ്ചനയുണ്ടെന്നു കാണിപ്പാനും പരീശന്മാർ ശ്രമിച്ചു. എന്നാൽ ലാസരിന്റെ കാര്യത്തിൽ ലാസർ മരിച്ചുവെന്നത് ആർക്കും നിഷേധിക്കാനാവാത്ത ഒന്നായിരുന്നു.

കർത്താവ് ഒരു പ്രവൃത്തി ചെയ്യുവാൻ ആരംഭിക്കുമ്പോൾ അതിനെ എതിർക്കുവാനായി സാത്താൻ ആരെയെങ്കിലും ഉദ്യമിപ്പിക്കുന്നു. "കല്ലു നീക്കുവിൻ" എന്നു യേശു പറഞ്ഞു. എന്റെ വേല ചെയ്യുവാൻ, കഴിവുള്ളിടത്തോളം വഴി ഒരുക്കുവിൻ എന്നു യേശു അർത്ഥമാക്കിക്കൊണ്ടാണു കല്ലു നീക്കുവിൻ എന്നു യേശു പറഞ്ഞത്. എന്നാൽ മാർത്തയുടെ വിയോജിപ്പ് അവൾ തുറന്നുതന്നെ പറഞ്ഞു. അഴുകിത്തുടങ്ങിയ ശരീരം പുറത്തുകൊണ്ടു വരുന്നതിനെതിരായിരുന്നു മാർത്ത. ക്രിസ്തുവിന്റെ വാക്കുകൾ ഉൾക്കൊള്ളാൻ മനുഷ്യഹൃദയത്തിനു പെട്ടെന്നു സാദ്ധ്യമല്ല. കർത്താവിന്റെ വാഗ്ദത്തത്തിന്റെ യഥാർത്ഥ അർത്ഥം മാർത്തയ്ക്കു ഗ്രഹിപ്പാൻ കഴിഞ്ഞില്ല.

ക്രിസ്തു, മാർത്തയുടെ അവിശ്വാസത്തെ അംഗീകരിച്ചില്ല. എങ്കിലും കർത്താവ് അവളോടു ദയയോടുകൂടി സംസാരിച്ചു. "വിശ്വസിച്ചാൽ നീ ദൈവ

ത്തിന്റെ മഹത്വം കാണും എന്നു ഞാൻ നിന്നോടു പറഞ്ഞില്ലയോ?" എന്റെ ശക്തിയെ നീ എന്തിനു സംശയിക്കുന്നു? എന്റെ ആജ്ഞകൾക്കെതിരായി നീ എന്തിനു ചിന്തിക്കുന്നു? എന്റെ വാഗ്ദത്തം നിനക്കുണ്ടല്ലോ. വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും. പ്രകൃതിയുടെ നിയമങ്ങൾക്കൊന്നും സ്രഷ്ടാവിന്റെ പ്രവൃത്തിയെ തടയാൻ കഴിയുകയില്ല. അവിശ്വാസവും ചോദ്യം ചെയ്യലും വിനയത്തിന്റെ ലക്ഷണങ്ങളല്ല. ക്രിസ്തുവിന്റെ ആജ്ഞകളെ സംശയരഹിതമായി വിശ്വസിക്കുന്നതാണു യഥാർത്ഥ കീഴ്പ്പെടൽ.

"കല്ലു നീക്കുവിൻ." യേശുവിനു വേണമെങ്കിൽ കല്ലിനോടു നീങ്ങുവാൻ കല്പിക്കാമായിരുന്നു. കല്ലു യേശുവിന്റെ ശബ്ദം അനുസരിക്കുമായിരുന്നു. തന്റെ സമീപത്ത് എപ്പോഴുമുള്ള ദൂതന്മാരോടു യേശുവിനു വേണമെങ്കിൽ കല്പിക്കാമായിരുന്നു. അവരുടെ അദൃശ്യമായ കരങ്ങൾ ആ കല്ലു നീക്കുമായിരുന്നു. എന്നാൽ മനുഷ്യകരങ്ങൾകൊണ്ടുതന്നെ ആ കല്ലു നീക്കപ്പെടേണ്ടതാവശ്യമായിരുന്നു. മനുഷ്യൻ ദൈവത്തോടു സഹകരിക്കേണ്ടതാണെന്നു കർത്താവു പഠിപ്പിച്ചു. മനുഷ്യശക്തിക്കു ചെയ്യാവുന്ന കാര്യങ്ങൾക്കു ദൈവിക ശക്തിയെ വിളിച്ചുവരുത്തേണ്ടതില്ല. മനുഷ്യന്റെ പ്രയത്നത്തെ ദൈവം ആവശ്യപ്പെടുന്നു. മനുഷ്യനു നല്കപ്പെട്ടിരിക്കുന്ന കഴിവുകളെ അവൻ ഉപയോഗിക്കുമ്പോൾ ദൈവം അവനെ ശക്തീകരിക്കുന്നു.

യേശുവിന്റെ ആജ്ഞ നിറവേറ്റപ്പെട്ടു. കല്ലു ഗുഹാമുഖത്തുനിന്നു നീക്കി. ഒന്നും മറവായി ക്രിസ്തു പ്രവർത്തിച്ചില്ല. ഒരു വഞ്ചനയും ചെയ്യുന്നില്ലായെന്ന് എല്ലാവർക്കും ബോധ്യമാകത്തക്കവിധം ക്രിസ്തു പ്രവർത്തിച്ചു. പാറയിൽ വെട്ടിയുണ്ടാക്കിയ ശവക്കല്ലറയിൽ ലാസരിന്റെ തണുത്തു മരവിച്ച മൃതശരീരം കിടന്നിരുന്നു. വിലപിക്കുന്നവർ നിശ്ശബ്ദരായി. എന്തു സംഭവിക്കുന്നുവെന്നറിയാൻ അവിടെ കൂടിയവർ എല്ലാവരും ആശ്ചര്യത്തോടും ജിജ്ഞാസയോടും കൂടെ നിന്നു.

ക്രിസ്തു ശാന്തനായി കല്ലറയ്ക്കു മുമ്പിൽ നിന്നു. അവിടെക്കൂടിയ ജനക്കൂട്ടത്തിനു വിശുദ്ധമായ ഒരന്തരീക്ഷം അനുഭവപ്പെട്ടു. കല്ലറയോടു കൂടുതൽ അടുത്തു നിന്നുകൊണ്ടു സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തി യേശു പറഞ്ഞു: "പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു." കുറച്ചുനാൾ മുമ്പായിരുന്നു, യേശുവിന്റെ മേൽ ദൈവദൂഷണക്കുറ്റം ആരോപിക്കപ്പെട്ടത്. തന്നെത്താൻ ദൈവപുത്രൻ എന്നു പറഞ്ഞതുകൊണ്ടു യേശുവിനെ കല്ലെറിയുവാൻ അവർ ഒരുമ്പെട്ടു. സാത്താന്റെ ശക്തി ഉപയോഗിച്ചാണു ക്രിസ്തു അത്ഭുതങ്ങൾ പ്രവർത്തിച്ചതെന്ന് അവർ യേശുവിനെ കുറ്റപ്പെടുത്തി. എന്നാൽ ദൈവം തന്റെ പിതാവാകുന്നുവെന്നും, താൻ ദൈവത്തിന്റെ പുത്രൻ ആകുന്നുവെന്നും യേശു പ്രഖ്യാപിച്ചു.

താൻ ചെയ്ത എല്ലാക്കാര്യത്തിലും പിതാവുമായി സഹകരിച്ചായിരുന്നു യേശു പ്രവർത്തിച്ചത്. സ്വയമായി താൻ ഒന്നും ചെയ്യുന്നില്ലായെന്നു കാണിപ്പാൻ യേശു എല്ലായ്പോഴും നിഷ്കർഷ പാലിച്ചു. പ്രാർത്ഥനയാലും

വിശ്വാസത്താലുമാണു തന്റെ അത്ഭുതപ്രവൃത്തികളെല്ലാം യേശു നിർവ്വഹിച്ചത്. താനും പിതാവുമായുള്ള ബന്ധം ഏവരും അറിയണമെന്നു യേശു ആഗ്രഹിച്ചു. "പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നുവെന്നു ഞാൻ അറിഞ്ഞിരിക്കുന്നു. എങ്കിലും നീ എന്നെ അയച്ചു എന്നു ചുറ്റും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന് അവരുടെ നിമിത്തം ഞാൻ പറയുന്നുവെന്നു പറഞ്ഞു." ക്രിസ്തുവും പിതാവും തമ്മിൽ നിലനിന്നിരുന്ന ബന്ധത്തെക്കുറിച്ചു ശിഷ്യന്മാർക്കും അവിടെ കൂടിയിരുന്ന ജനങ്ങൾക്കും പൂർണ്ണ ബോധ്യം നല്കുന്ന തെളിവു നല്കേണ്ടതുണ്ടായിരുന്നു. ക്രിസ്തുവിന്റെ അവകാശവാദം ഒരു വഞ്ചനയല്ലെന്നു തെളിയിക്കേണ്ടതുണ്ടായിരുന്നു.

"ഇങ്ങനെ പറഞ്ഞിട്ട് അവൻ: ലാസരേ, പുറത്തുവരിക എന്ന് ഉറക്കെ വിളിച്ചു." സ്ഫുടതയുള്ളതും തുളച്ചുകയറുന്നതുമായ യേശുവിന്റെ ശബ്ദം കല്ലറയെയും ഭേദിച്ചു മരിച്ചവന്റെ ചെവികളിലേക്കു തുളച്ചുകയറി. യേശു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ദൈവിക സ്വഭാവം തന്റെ മനുഷ്യസ്വഭാവത്തിൽ മിന്നി ശോഭിച്ചു. ദൈവിക മഹത്വത്താൽ പ്രശോഭിതമായ യേശുവിന്റെ വദനത്തിൽ ദൈവിക അധികാരത്തിന്റെ ഉറപ്പ് ഏവർക്കും കാണാമായിരുന്നു. എല്ലാ കണ്ണുകളും ഗുഹയുടെ പ്രവേശനദ്വാരത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്നു. നേരിയ ശബ്ദമെങ്കിലും കേൾപ്പാനായി എല്ലാ കാതുകളും ശ്രദ്ധയോടെ നിലകൊണ്ടു. ക്രിസ്തുവിന്റെ ദൈവികത്വം പരീക്ഷിക്കപ്പെടുന്നതു കാണ്മാൻ എല്ലാവരും ഉത്കണ്ഠയോടെ കാത്തുനിന്നു. ദൈവപുത്രനെന്ന തന്റെ അവകാശവാദത്തെ തെളിയിക്കുന്ന പരീക്ഷണത്തിന്റെ അന്തിമഫലം കാണ്മാനുള്ള തിടുക്കം എല്ലാവരിലുമുണ്ടായിരുന്നു. യേശു അതിൽ പരാജയമടഞ്ഞാൽ, യേശുവിലുള്ള പ്രതീക്ഷ എന്നേക്കുമായി അണച്ചുകളയാനും അവർ ഒരുക്കമായിരുന്നു.

ആ കല്ലറയ്ക്കുള്ളിൽ ഒരു ചലനമുണ്ടായി. മരണമടഞ്ഞ ആൾ കല്ലറയുടെ വാതിൽക്കൽ നിൽക്കുന്നതു ജനം കണ്ടു. തന്നെ അടക്കിയപ്പോൾ ധരിപ്പിച്ചിരുന്ന തുണികൾ ആ മനുഷ്യന്റെ ചലന സ്വാതന്ത്ര്യത്തിനു തടസ്സമായിരുന്നു. അത്ഭുതസ്തബ്ധരായ ആളുകളോടു ക്രിസ്തു പറഞ്ഞു: "അവന്റെ കെട്ട് അഴിപ്പിൻ, അവൻ പോകട്ടെ." മനുഷ്യൻ ദൈവവുമായി സഹകരിക്കേണ്ടതാവശ്യമാണെന്നു യേശു വീണ്ടും കാണിച്ചുകൊടുത്തു. മനുഷ്യവർഗ്ഗം മനുഷ്യവർഗ്ഗത്തിനുവേണ്ടി പ്രവർത്തിക്കണം. ലാസർ സ്വതന്ത്രനാക്കപ്പെട്ടു. അവൻ ജനക്കൂട്ടത്തിനു മുമ്പിൽ നിന്നു. ഒരു രോഗബാധിതനെപ്പോലെ ക്ഷീണിതനായിട്ടല്ല ലാസർ കാണപ്പെട്ടത്. പിന്നെയോ യുവത്വത്തിന്റെ പ്രസരിപ്പോടും പൗരുഷത്തോടും കൂടെ നില്ക്കുന്ന ഒരു ലാസരിനെയാണു ജനം കണ്ടത്. രക്ഷകനോടുള്ള സ്നേഹം അവനിൽ കാണാമായിരുന്നു. നന്ദിയോടുകൂടെ അവൻ യേശുവിന്റെ പാദാരവിന്ദങ്ങളിൽ പ്രണാമം ചെയ്തു.

കാഴ്ചക്കാർ ആദ്യം അത്ഭുതസ്തബ്ധരായിരുന്നു. പിന്നീടു പറഞ്ഞറിയിക്കുവാൻ പാടില്ലാത്ത സന്തോഷവും നന്ദിപ്രകടനങ്ങളും നടന്നു.

ആ സഹോദരിമാർക്കു തങ്ങളുടെ സഹോദരനെ, ജീവനുള്ളവനായി, ദൈവം ദാനം ചെയ്തു. സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് അവർ രക്ഷകനോടുള്ള നന്ദി വിറയാർന്ന അധരങ്ങളിലൂടെ പുറത്തുവിട്ടു. ആ സഹോദരനും സഹോദരിമാരും സ്നേഹിതരും പുനഃസമാഗമത്തിൽ സന്തോഷിച്ചു നിൽക്കേ, രക്ഷകൻ ആ രംഗത്തുനിന്നു പിന്മാറി. ജീവന്റെ ദായകനെ അവർ അന്വേഷിച്ചപ്പോൾ, അവൻ അവിടെ ഇല്ലായിരുന്നു.

# 59

# പുരോഹിതന്മാരുടെ ഗൂഢാലോചനകൾ

**അവലംബം: യോഹന്നാൻ 11:47–54**

ബേഥാന്യ യെരൂശലേം നഗരത്തിനു വളരെ സമീപമായിരുന്നതുകൊണ്ടു യേശു ലാസരിനെ ഉയിർപ്പിച്ച വാർത്ത വേഗത്തിൽ നഗരത്തിൽ എത്തി. ആ അത്ഭുതം കണ്ട ഒറ്റുകാരിൽക്കൂടെ യെഹൂദനേതാക്കന്മാർക്കു വേഗത്തിൽ വിവരങ്ങൾ അറിയാൻ കഴിഞ്ഞു. യേശുവിനെ സംബന്ധിച്ച് എന്താണു ചെയ്യേണ്ടതെന്നു തീരുമാനിക്കാൻ സൻഹെദ്രിൻസംഘത്തിന്റെ ഒരു യോഗം ഉടനടി വിളിച്ചുകൂട്ടി. മരണത്തിന്മേലും പാതാളത്തിന്മേലുമുള്ള തന്റെ അധികാരം ക്രിസ്തു ലാസരിനെ ഉയിർപ്പിച്ചതിലൂടെ വെളിപ്പെടുത്തി. ലോകത്തിന്റെ രക്ഷയ്ക്കു ദൈവം തന്റെ പുത്രനെ അയച്ചിരിക്കുകയാണെന്നതിന്റെ ഏറ്റവും വലിയ തെളിവായിരുന്നു ലാസരിനെ ഉയിർപ്പിച്ച അത്ഭുതം. യുക്തിവാദത്തിന്റെയും ലോകജ്ഞാനത്തിന്റെയും സ്വാധീനത്തിൽ കഴിയുന്നവരെ ബോദ്ധ്യപ്പെടുത്താൻ മതിയായ ഒരു ദൈവിക ശക്തിപ്രകടനമായിരുന്നു

ലാസരിന്റെ പുനരുത്ഥാനം. ലാസരിന്റെ ഉയിർപ്പു കണ്ട അനേകരും യേശുവിൽ വിശ്വസിച്ചു. എന്നാൽ പുരോഹിതന്മാർക്കു യേശുവിനോടുണ്ടായിരുന്ന വിദ്വേഷം വർദ്ധിക്കുകയാണുണ്ടായത്. യേശുവിന്റെ ദൈവിക സ്വഭാവത്തെ തെളിയിക്കുന്ന ചെറിയ അത്ഭുതങ്ങൾ അവർ തള്ളിക്കളഞ്ഞിരുന്നു. എന്നാൽ ലാസരിന്റെ ഉയിർപ്പിൽ അവർ അസൂയാലുക്കളും കോപകലുഷിതരും ആയി. പകൽവെളിച്ചത്തിൽ വലിയ ആ സാക്ഷികളുടെ സമൂഹത്തിൽവച്ചാണു ലാസരെ കർത്താവ് ഉയിർപ്പിച്ചത്. ഒരാൾക്കും ആ തെളിവിനെ അഗണ്യമാക്കിക്കളയാൻ സാദ്ധ്യമല്ലായിരുന്നു. ഈ ഒറ്റക്കാരണത്താൽ പുരോഹിതന്മാരുടെ ശത്രുത്വം വളരെ വർദ്ധിച്ചു. ക്രിസ്തുവിന്റെ പ്രവർത്തനത്തിന് ഒരു വിരാമമിടുവാൻ അവർ തീരുമാനിച്ചു.

സദൂക്യർ ക്രിസ്തുവിന്റെ സ്നേഹിതർ അല്ലായിരുന്നുവെങ്കിലും പരീശന്മാരെപ്പോലെ അവർ ബദ്ധശത്രുക്കളായിരുന്നില്ല. അവരുടെ വിദ്വേഷം പരീശന്മാരുടേതുപോലെ കയ്പു നിറഞ്ഞതും ആയിരുന്നില്ല. പക്ഷേ സദൂക്യരും ക്രിസ്തുവിന്റെ ജനപ്രീതിയിൽ ഭയപ്പെട്ടു. മരിച്ചവരുടെ പുനരുത്ഥാനത്തിൽ സദൂക്യർ വിശ്വസിച്ചിരുന്നില്ല. മരിച്ച ശരീരത്തെ ജീവനുള്ളതാക്കിത്തീർക്കുക അസാദ്ധ്യമെന്ന് അവർ ശാസ്ത്രത്തെ ഉദ്ധരിച്ചു വാദിച്ചു. എന്നാൽ ക്രിസ്തുവിന്റെ വാക്കുകൾ അവരുടെ തത്വജ്ഞാനത്തെ തൂത്തെറിഞ്ഞു. തിരുവെഴുത്തുകളെ സംബന്ധിച്ചും ദൈവശക്തിയെ സംബന്ധിച്ചും അവർ അജ്ഞരായിരുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തിയുടെ സ്വാധീനശക്തി ജനങ്ങളിൽനിന്നു തുടച്ചുമാറ്റുക അസാദ്ധ്യമെന്ന് അവർക്കു ബോദ്ധ്യമായി. മരിച്ചവരെ ശവക്കല്ലറകളിൽനിന്ന് ഉയിർപ്പിക്കുന്ന ഈ മനുഷ്യനിൽനിന്നു ജനത്തെ എങ്ങനെ അകറ്റാമെന്ന് അവർ ചിന്തിച്ചു. വ്യാജപ്രസ്താവനകൾ അവർ യേശുവിനെതിരായി പറഞ്ഞുപരത്തി. എന്നാൽ ക്രിസ്തു ചെയ്ത അത്ഭുതങ്ങളെ തള്ളിപ്പറവാൻ ആർക്കും കഴിഞ്ഞില്ല. എങ്ങനെ ക്രിസ്തുവിനെതിരായി പ്രവർത്തിക്കാമെന്ന് അവർക്കറിഞ്ഞുകൂടായിരുന്നു. ക്രിസ്തുവിനെ കൊലചെയ്യാനുള്ള പദ്ധതിക്കു സദൂക്യർ ഇതുവരെയും പ്രോത്സാഹനം നൽകിയിരുന്നില്ല. എന്നാൽ ലാസരിന്റെ പുനരുത്ഥാനത്തിനു ശേഷം തങ്ങൾക്കെതിരായി ക്രിസ്തു നിർഭയമായി ചെയ്തുകൊണ്ടിരുന്ന പ്രസ്താവനകളെ നിർത്തലാക്കുന്നതിനു യേശുവിനെ ഇല്ലായ്മ ചെയ്തു വെങ്കിലേ സാധിക്കുകയുള്ളൂവെന്നു സദൂക്യർക്കു ബോദ്ധ്യമായി.

പരീശന്മാർ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നു. മശീഹ തങ്ങളുടെ ഇടയിൽ ജീവിക്കുന്നുവെന്നതിന്റെ തെളിവായി ഈ അത്ഭുതപ്രവൃത്തിയെ അവർ കണ്ടു. എന്നാൽ ക്രിസ്തുവിനെ അവർ എതിർത്തു. തങ്ങളുടെ കപടഭക്തിയെ വെളിച്ചത്താക്കിയതുകൊണ്ടായിരുന്നു പരീശന്മാർ യേശുവിനെ വെറുത്തത്. പരീശന്മാരുടെ അധാർമ്മിക പ്രവൃത്തികളെ മറച്ചിരുന്ന ബാഹ്യമായ മതാചാരങ്ങളുടെ മൂടുപടത്തെ യേശു വലിച്ചു നീക്കി. യേശു പഠിപ്പിച്ച ശുദ്ധമായ മതം പൊള്ളയായ അവരുടെ മതഭക്തിയെ തുറന്നുകാട്ടി. അന്തരാത്മാവിനെ തുളച്ചുചെല്ലുന്ന യേശുവിന്റെ വിമർശനങ്ങൾ പരീശന്മാരെ പ്രതികാരദാഹികളാക്കി മാറ്റി. യേശുവിനെ കുറ്റത്തിൽ പിടിക്കുവാൻ അവർക്ക് ഒരു സന്ദർഭം ലഭിക്കേണ്ടതിനു യേശുവിനെക്കൊണ്ട് എന്തെങ്കിലും

പറയിക്കുന്നതിനോ, ചെയ്യിക്കുന്നതിനോ അവർ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു. യേശുവിനെ കല്ലെറിയുവാൻ അവർ പലപ്രാവശ്യം ശ്രമിച്ചു. പക്ഷേ യേശു അവരുടെ ദൃഷ്ടിയിൽപ്പെടാതെ അവരുടെ ഇടയിൽനിന്നു പിൻവാങ്ങി.

ശബ്ബത്തിൽ കർത്താവു പ്രവർത്തിച്ച അത്ഭുതങ്ങളെല്ലാം രോഗികളായ മനുഷ്യരെ സൗഖ്യമാക്കുന്നതിനുവേണ്ടിയായിരുന്നു. എന്നാൽ പരീശന്മാർ യേശുവിനെ ഒരു ശബ്ബത്തു ലംഘനക്കാരൻ എന്നു കുറ്റം വിധിക്കുവാൻ ശ്രമിച്ചു. ഹെരോദ്യരെ യേശുവിനെതിരായി ഇളക്കിവിടുവാനും അവർ ശ്രമം നടത്തി. ഒരു എതിർരാജ്യം സ്ഥാപിക്കുവാൻ യേശു ശ്രമിക്കയാണെന്നു ഹെരോദ്യരെ അവർ ധരിപ്പിച്ചു. യേശുവിനെ വധിക്കുന്ന വിധത്തെക്കുറിച്ചു ഹെരോദ്യരുമായി അവർ ഗൂഢാലോചന നടത്തി. റോമാക്കാരെയും യേശുവിന്റെ ശത്രുക്കളാക്കുന്നതിനുവേണ്ടി പരീശന്മാർ കുപ്രചരണം നടത്തി. യേശു റോമാക്കാർക്കെതിരായി പ്രവർത്തിക്കയാണെന്ന് അവരെ ധരിപ്പിച്ചു. ജനത്തിനിടയിൽ യേശുവിനുണ്ടായിരുന്ന സ്വാധീനശക്തി പരീശന്മാർക്ക് ഒരു തലവേദനയായിരുന്നു. അത് ഇല്ലായ്മ ചെയ്യുന്നതിനും അവർ എല്ലാ മാർഗ്ഗങ്ങളും നോക്കി. എന്നാൽ പരീശന്മാരുടെ പദ്ധതികളൊന്നും ഇതുവരെ വിജയിച്ചില്ല. യേശുവിന്റെ കാരുണ്യ പ്രവർത്തനങ്ങൾ കാണുകയും, നിർമ്മല ഉപദേശങ്ങൾ കേൾക്കുകയും ചെയ്ത ജനത്തിന്, യേശുവിനെ ഒരു കുറ്റവാളിയായി കാണുവാൻ കഴിഞ്ഞില്ല. പരീശന്മാർ അയച്ച ഒറ്റുകാർക്കുപോലും യേശുവിൽ കുറ്റം കണ്ടെത്താൻ കഴിഞ്ഞില്ല. യേശുവിന്റെ ഉപദേശങ്ങൾ അവരെയും സ്വാധീനിച്ചു. നൈരാശ്യം പൂണ്ട യെഹൂദന്മാർ ഒടുവിൽ ഒരു നിയമം കൊണ്ടുവന്നു. യേശുവിനെ അനുഗമിക്കുന്നവരെ പള്ളിഭ്രഷ്ടരാക്കുക എന്നതായിരുന്നു ആ നിയമം.

എല്ലാവർക്കും നന്മമാത്രം ചെയ്ത യേശുവിനെ നിശ്ശബ്ദനാക്കുവാൻ പുരോഹിതന്മാരും ഭരണനേതാക്കളും തീരുമാനിച്ചു. മുൻപെങ്ങും ചെയ്തിട്ടില്ലാത്തതുപോലെ പരീശന്മാരും സദൂക്യരും ഒത്തുചേർന്നു. നിക്കോദേമൊസും അരിമത്ഥ്യക്കാരനായ യോസേഫും സൻഹെദ്രിൻസംഘങ്ങളിൽ യേശുവിനെ അകാരണമായി കുറ്റംവിധിക്കുന്നതിനെ തടഞ്ഞിരുന്നു. അക്കാരണത്താൽ അവരെക്കൂടാതെയാണു പിന്നീടു സൻഹെദ്രിൻസംഘം കൂടിയത്. യേശുവിൽ വിശ്വസിച്ചിരുന്ന സൻഹെദ്രിൻസംഘാംഗങ്ങൾ സൻഹെദ്രിൻ കൂടിയപ്പോൾ സന്നിഹിതരായിരുന്നു വെങ്കിലും അവർക്കു പരീശന്മാരുടെ മേൽ വിജയം നേടുവാൻ കഴിഞ്ഞില്ല.

ഇതെല്ലാമായിട്ടും സൻഹെദ്രിൻസംഘത്തിന് ഏകാഭിപ്രായം രൂപപ്പെടുത്താൻ കഴിഞ്ഞില്ല. സൻഹെദ്രിനു രാഷ്ട്രീയ നിയമങ്ങൾ നിർമ്മിക്കുവാൻ അധികാരമുണ്ടായിരുന്നില്ല. റോമൻ ഭരണാധികാരികളുടെ ഔദാര്യത്താൽ നിലനിന്നിരുന്ന ഒരു സംഘടനയായിരുന്നു സൻഹെദ്രിൻ. യേശുവിനെ കൊല ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനത്തെ ചോദ്യം ചെയ്യുന്നവർ അതിലുണ്ടായിരുന്നു. ജനങ്ങളുടെ ഇടയിൽ ഭിന്നാഭിപ്രായം ഉണ്ടായിരുന്നതുകൊണ്ട് ഒരു വിപ്ലവം ഉണ്ടായേക്കുമെന്നു യെഹൂദനേതാക്കൾ ഭയപ്പെട്ടു. തന്മൂലം തങ്ങൾക്കുണ്ടായിരുന്ന പ്രത്യേക പദവികൾ നഷ്ടമാകുമോ എന്നു യെഹൂദ

നേതാക്കൾക്ക് ഉത്കണ്ഠയുണ്ടായിരുന്നു. സദൂക്യരും പരീശന്മാരും ഒത്തു ചേർന്നുവെങ്കിലും, സ്ഥാനമാനങ്ങൾ കൈവെടിയുവാൻ ആരും ഒരുക്ക മായിരുന്നില്ല.

ക്രിസ്തുവിനെ കൊലപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങളാരായാൻ കൂടിയ സൻഹെദ്രിൻസംഘത്തിന്റെ ഹൃദയവിചാരങ്ങളെ കാണുന്ന ഒരു സാക്ഷി അവിടെയുണ്ടായിരുന്നു. നെബൂഖദ്നേസരിന്റെ അഹന്ത നിറഞ്ഞ വാക്കുകൾ ഈ സാക്ഷി കേട്ടിരുന്നു. വിഗ്രഹങ്ങളുടെ മുൻപാകെ ബേൽശസ്സർ നടത്തിയ വിരുന്നിൽ സന്ദർശകനായിരുന്നതും ഈ സാക്ഷിതന്നെ ആയിരുന്നു. നസ്രേ ത്തിൽവച്ചു താൻ ദൈവത്തിന്റെ അഭിഷിക്തൻ ആകുന്നു എന്നു ക്രിസ്തു പ്രസ്താവിച്ചപ്പോൾ ഈ സാക്ഷി അവിടെ ഉണ്ടായിരുന്നു. സൻഹെദ്രിൻ സംഘത്തിലെ അംഗങ്ങളോട്, തങ്ങൾ ചെയ്യുന്നതു തെറ്റാണെന്നു വാദിച്ചതും ഈ സാക്ഷിതന്നെയായിരുന്നു. പരിശുദ്ധാത്മാവായിരുന്നു ഈ സാക്ഷി. ക്രിസ്തുവിന്റെ ജീവിതത്തിലെ ചില സംഭവങ്ങൾ പുരോഹിതപ്രമാണി കളുടെ മനസ്സുകളിൽ തെളിഞ്ഞുവന്നു. അത് അവരുടെ മനസ്സിന്റെ സ്വൈരം കെടുത്തി. പന്ത്രണ്ടു വയസ്സുള്ള ഒരു ബാലനായിരുന്നപ്പോൾ യേശു യെഹൂദ നേതാക്കളോടു സംവാദിക്കുന്ന രംഗം അവരുടെ ഓർമ്മയിൽ എത്തി. ലാസരിനെ ഉയിർപ്പിച്ച യേശു, ദൈവപുത്രനാകുന്നുവെന്ന ബോദ്ധ്യം ശക്ത മായി യെഹൂദപ്രമാണികൾക്കനുഭവപ്പെട്ടു. പഴയനിയമ തിരുവെഴുത്തു കളിൽ ക്രിസ്തുവിനെക്കുറിച്ചു നല്കിയിട്ടുള്ള പ്രവചനങ്ങൾ, യാഥാർത്ഥ്യ ങ്ങളായി അവരുടെ കൺമുമ്പിൽ തെളിഞ്ഞുവന്നു. യെഹൂദപ്രമാണികളുടെ മനസ്സു കലങ്ങി. അവർ ചോദിച്ചു: "നാം എന്തു ചെയ്യേണ്ടൂ?" സഭയിൽ രണ്ടഭിപ്രായം പൊന്തിവന്നു. പരിശുദ്ധാത്മാവ് അവരോടു ശക്തിയായി വാദിച്ചു കൊണ്ടിരുന്നു. തങ്ങൾ ദൈവത്തിനെതിരായി പോരാടുകയാണെന്നു യെഹൂദപ്രമാണികൾക്കു തോന്നി.

സൻഹെദ്രിൻസംഘത്തിലെ ഭിന്നത അതിന്റെ പാരമ്യത്തിലെത്തിയ പ്പോൾ മഹാപുരോഹിതനായ കയ്യഫാവ് എഴുന്നേറ്റു. ക്രൂരനും അഹംഭാവിയു മായിരുന്നു കയ്യഫാവ്. സഹിഷ്ണുതയില്ലായ്മയും അഹംഭാവവും അയാ ളുടെ കൂടപ്പിറപ്പുകളായിരുന്നു. ഭക്തിയുടെ വേഷം ധരിച്ചവരും, ക്രൂരന്മാരും, സ്ഥാനമോഹികളും, സ്വേച്ഛയോടെ പ്രവർത്തിക്കുന്നവരും, സദൂക്യ വിഭാഗ ത്തിൽപ്പെട്ടവരുമായ ആളുകൾ കയ്യഫാവിനു ബന്ധുക്കളായുണ്ടായിരുന്നു. കയ്യഫാവ് പ്രവചനങ്ങൾ പഠിച്ചിരുന്നു. അർത്ഥം ശരിയായി ഗ്രഹിച്ചിരുന്നില്ലാ യെങ്കിലും കയ്യഫാവ് അധികാരഭാവത്തോടെ പറഞ്ഞു: "നിങ്ങൾ ഒന്നും അറിയുന്നില്ല; ജനം മുഴുവൻ നശിച്ചുപോകാതവണ്ണം ഒരു മനുഷ്യൻ ജാതിക്കുവേണ്ടി മരിക്കുന്നതു നന്ന് എന്ന് ഓർക്കുന്നതുമില്ല." യേശു നിരപരാധിയായിരുന്നാലും, വധിക്കപ്പെടേണ്ടത് ആവശ്യമായിരുന്നുവെന്നു കയ്യഫാവ് അഭിപ്രായപ്പെട്ടു. യേശു ജനത്തിനിടയിൽ കുഴപ്പം സൃഷ്ടിക്കു കയും പക്ഷവ്യത്യാസം ഉണ്ടാക്കുകയും ചെയ്യുന്നുവെന്നു മഹാപുരോഹിതൻ പറഞ്ഞു. യേശു അധികാരികളെ അവഗണിക്കുകയും ഭരണത്തെ ദുർബല പ്പെടുത്തുകയും ചെയ്യുന്നതുകൊണ്ടു താൻ മരിക്കുന്നതു രാജ്യത്തിനു നന്നായിരിക്കുമെന്നു കയ്യഫാവ് തന്റെ വാദത്തെ ന്യായീകരിച്ചു. ജനത്തിനു

ഭരണാധികാരികളിൽ വിശ്വാസം നശിച്ചാൽ, രാഷ്ട്രം നശിക്കുമെന്നും, റോമാക്കാർ വന്നു ദൈവാലയം അടയ്ക്കുകയും യെഹൂദനിയമങ്ങളും ആചാരങ്ങളും നശിപ്പിക്കുകയും ചെയ്യുമെന്നും കയ്യഫാവ് പറഞ്ഞു. ഒരു രാഷ്ട്രം നശിക്കുന്നതിനെക്കാൾ, രാഷ്ട്രത്തിന്റെ നന്മയ്ക്കു തടസ്സമായി നില്ക്കുന്ന വ്യക്തിയെ ഹനിക്കുന്നതു ദൈവത്തിനു ശുശ്രൂഷ ചെയ്യുന്നതു പോലെയാണെന്നു കയ്യഫാവ് ഉപദേശിച്ചു. ‘‘ജനം മുഴുവൻ നശിച്ചു പോകാതവണ്ണം ഒരു മനുഷ്യൻ ജാതിക്കുവേണ്ടി മരിക്കുന്നതു നന്ന്.”

തനിക്കു പ്രവചനത്തിൽ പരിജ്ഞാനമുണ്ടെന്നു വെളിപ്പെടുത്തുന്നതിനായിരുന്നു, “ജാതിക്കുവേണ്ടി ഒരു മനുഷ്യൻ മരിക്കുന്നതു നന്ന്” എന്നു കയ്യഫാവ് പ്രസ്താവിച്ചത്. എന്നാൽ കയ്യഫാവിന്റെ അറിവു വളരെ പരിമിതമായിരുന്നു. യോഹന്നാൻ ഈ രംഗം വിവരിക്കുമ്പോൾ കയ്യഫാവ് ഉദ്ധരിച്ച പ്രവചനത്തിന്റെ ആഴവും വീതിയും ചൂണ്ടിക്കാട്ടുന്നു. യോഹന്നാൻ പറയുന്നതു ശ്രദ്ധിക്കുക: “ജനത്തിനുവേണ്ടി മാത്രമല്ല, ചിതറിയിരിക്കുന്ന ദൈവമക്കളെ ഒന്നായിട്ടു ചേർക്കേണ്ടതിനു തന്നെ.” അഹന്ത നിറഞ്ഞ കയ്യഫാവ് എത്ര ഹ്രസ്വദൃഷ്ടിയോടെയാണു യേശുവിന്റെ ദൗത്യത്തെ നോക്കിക്കണ്ടത്.

ഒരു വിലയേറിയ സത്യം കയ്യഫാവിന്റെ അശുദ്ധാധരങ്ങളിലൂടെ പുറത്തു വന്നു. കയ്യഫാവ് ഈ സത്യത്തെ വികലമായിട്ടാണു മനസ്സിലാക്കിയിരുന്നത്. ജാതികളിൽനിന്നു കടം വാങ്ങിയ ഒരാശയമായിരുന്നു കയ്യഫാവ് ഉദ്ധരിച്ചത്. മനുഷ്യവർഗ്ഗത്തിനുവേണ്ടി ഒരുവൻ മരിക്കണമെന്ന തത്വം വളരെ മങ്ങിയ കാഴ്ചപ്പാടിൽ ജാതികൾക്കു ലഭിച്ചപ്പോൾ അതു നരബലിയിലേക്ക് അവരെ നയിച്ചു. യേശുവിനെ വധിക്കുന്നതിലൂടെ, കുറ്റവാളികളായ ജനത രക്ഷിക്കപ്പെടുമെന്നു കയ്യഫാവ് പറഞ്ഞതിന്റെ അർത്ഥം അവരുടെ അകൃത്യങ്ങളിൽ നിന്ന് അവരെ രക്ഷിക്കുമെന്നല്ല, പ്രത്യുത അവരുടെ അകൃത്യങ്ങളിൽ അവർ രക്ഷിക്കപ്പെടുമെന്നായിരുന്നു. വേറൊരു തരത്തിൽ പറഞ്ഞാൽ അവരുടെ പാപങ്ങളിൽ അവർ തുടർന്നു ജീവിക്കുമെന്നതായിരുന്നു അതിന്റെ അർത്ഥം. യേശുവിനെ കൊലയ്ക്കു വിധിക്കുന്നതു തെറ്റാണെന്നു പറയുന്നവരെ നിശ്ശബ്ദരാക്കുവാൻ ഈ വാദഗതിക്കു കഴിയുമെന്നു കയ്യഫാവ് വിചാരിച്ചു.

സൻഹെദ്രിൻസംഘത്തിന്റെ യോഗത്തിൽ സംബന്ധിച്ചിരുന്ന ക്രിസ്തുവിന്റെ ശത്രുക്കൾക്ക് ആഴമായ കുറ്റബോധം ഉണ്ടായിരുന്നു. പരിശുദ്ധാത്മാവ് അവരുടെ മനസ്സുകളിൽ ആഴമായി പതിഞ്ഞു. സാത്താൻ അവരെ തന്റെ വശത്താക്കുവാൻ കഠിനമായ പോരാട്ടം തന്നെ നടത്തി. സാത്താൻ അവരെ ക്രിസ്തുവിൽനിന്ന് അകറ്റാൻ പ്രലോഭനങ്ങൾ നല്കി. യേശു അവരെ അംഗീകരിക്കുകയോ, അവരുടെ നീതിപ്രവൃത്തികളെ വിലമതിക്കുകയോ ചെയ്യുകയില്ലായെന്നു സാത്താൻ പറഞ്ഞു. അവരുടെ നീതിപ്രവൃത്തികൾക്കു പകരം യേശു നല്കുന്ന നീതി സ്വീകരിക്കേണ്ടിവരുമെന്നു സാത്താൻ അവരെ ഓർമ്മിപ്പിച്ചു. യെഹൂദന്മാരുടെ ആചാരങ്ങളും കർമ്മാനുഷ്ഠാനങ്ങളുമല്ല ദൈവത്തിങ്കലേക്ക് ഒരുവനെ നയിക്കുന്നതെന്നും തന്നിലൂടെ മാത്രമേ ദൈവത്തിങ്കലേക്കു പോകുവാൻ കഴിയുകയുള്ളൂവെന്നും യേശു

പഠിപ്പിക്കുന്നതായി സാത്താൻ ദുസ്സൂചനയോടെ യെഹൂദപ്രമാണികളോടു പറഞ്ഞു. പുരോഹിതന്മാരുടെ സഹായം കൂടാതെ ജനത്തിനു നേരിട്ടു ദൈവത്തെ സമീപിക്കുവാൻ കഴിയുമെന്നു യേശു പഠിപ്പിക്കുന്നതായും സാത്താൻ അവരെ ഉദ്ബോധിപ്പിച്ചു. പുരോഹിതന്മാരുടെ തിന്മപ്രവൃത്തികളെ യേശു വെളിച്ചത്തുകൊണ്ടുവരികയും അവരുടെ ലംഘനങ്ങളെയും വ്യർത്ഥമായ ആരാധനയെയും യേശു തുറന്നുകാട്ടുകയും ചെയ്തു.

പുരോഹിതപ്രമാണികളെ സാത്താൻ വശീകരിച്ചു. തങ്ങളുടെ അധികാരം നിലനിർത്തുവാൻ യേശുവിനെ വധിക്കേണ്ടത് ആവശ്യമാണെന്നു പുരോഹിതപ്രമാണികൾ തീരുമാനിച്ചു. തങ്ങളുടെ അധികാരം നഷ്ടപ്പെടുന്നത് ഊഹിക്കുവാൻപോലും പുരോഹിതപ്രമാണികൾക്കു കഴിഞ്ഞില്ല. അതുകൊണ്ട് ഒരു തീരുമാനമെടുക്കുവാൻ അവർ നിർബന്ധിതരായിത്തീർന്നു. തങ്ങളുടെ ഇംഗിതമെന്തെന്നു തുറന്നുപറവാൻ വിസമ്മതിച്ച ചിലരൊഴിച്ച്, മറ്റുള്ളവർ കയ്യഫാവിന്റെ വാക്കുകളെ ദൈവത്തിന്റെ വാക്കുകളെന്നപോലെ സ്വീകരിച്ചു. സൻഹെദ്രിൻസഭ ഒരു തീരുമാനത്തിലെത്തി. അടുത്ത സന്ദർഭം വരുമ്പോൾ യേശുവിനെ കൊലചെയ്യണമെന്ന് അവർ തീരുമാനിച്ചു കഴിഞ്ഞു. യേശുവിന്റെ ദൈവിക സ്വഭാവത്തെ ത്യജിച്ച ഈ യെഹൂദനേതാക്കൾ, അന്ധകാരത്തിലേക്കു സ്വയം ചാടുകയാണു ചെയ്തത്. അവർ പൂർണ്ണമായും സാത്താന്റെ നിയന്ത്രണത്തിലായിക്കഴിഞ്ഞു. സ്വന്തനീതിയിൽ സംതൃപ്തരായിരുന്ന അവരുടെ ദുഷ്ടത അതിന്റെ പാരമ്യത്തിലെത്തിയിരുന്നു. തങ്ങൾ ഏറ്റവും വലിയ രാജ്യസ്നേഹികൾ എന്ന് അവർ സ്വയം കരുതി.

യേശുവിനെതിരായി ദ്രുതഗതിയിൽ സൻഹെദ്രിൻ നടപടികളൊന്നും എടുത്തില്ല. അപ്രകാരം ചെയ്താൽ ജനം തങ്ങൾക്കെതിരായി ഇളകുമെന്നു യെഹൂദനേതാക്കൾ ഭയപ്പെട്ടു. അതുകൊണ്ട് അവർ എടുത്ത തീരുമാനം വൈകിച്ചു. പുരോഹിതന്മാരുടെ ഗൂഢാലോചന യേശു മനസ്സിലാക്കി. തന്നെ വധിക്കുവാൻ അവർ ആലോചിക്കുന്നുവെന്നു കർത്താവ് അറിഞ്ഞു. അവരുടെ ഉദ്ദേശ്യം വേഗത്തിൽ നടപ്പാക്കുമെന്നും യേശുവിനറിയാമായിരുന്നു. എന്നാൽ അതു ത്വരിതപ്പെടുത്തുവാൻ തന്റെ ഭാഗത്തുനിന്ന് ഒന്നും തന്നെ ഉണ്ടായില്ല. യേശു ശിഷ്യന്മാരുമൊത്ത് അവിടെനിന്നു പിൻവാങ്ങി. "ഒരു പട്ടണത്തിൽ നിങ്ങളെ ഉപദ്രവിച്ചാൽ മറ്റൊന്നിലേക്ക് ഓടിപ്പോകുവിൻ" (മത്തായി 10:23) എന്ന ഉപദേശം ശിഷ്യന്മാർക്കു നല്കിയ കർത്താവ്, സ്വന്തം മാതൃകയിലൂടെ തന്റെ ഉപദേശത്തെ പ്രാവർത്തികമാക്കി. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിപ്പാൻ വിസ്തൃതമായ ഒരു വയൽപ്രദേശം ഉണ്ടായിരുന്നു. കർത്താവിനോടുള്ള വിശ്വസ്തത ആവശ്യപ്പെടുമ്പോഴല്ലാതെ ദൈവവേലക്കാർ തങ്ങളുടെ ജീവനെ അപകടത്തിൽ ആക്കേണ്ടതില്ല.

മൂന്നു വർഷത്തെ പരസ്യശുശ്രൂഷ കർത്താവു നിർവ്വഹിച്ചുകഴിഞ്ഞു. സ്വയത്യാഗവും നിഷ്പക്ഷതയുമായിരുന്നു യേശുവിന്റെ പ്രവർത്തനത്തിന്റെ അടിസ്ഥാനശിലകൾ. യേശു ഏവരോടും ഔദാര്യമനോഭാവം കാട്ടുകയും സ്നേഹത്തോടെ ഇടപെടുകയും ചെയ്തിരുന്നു. യേശുവിന്റെ ജീവിത

വിശുദ്ധിയും, ദൈവഭക്തിയും, കഷ്ടതകൾ സഹിപ്പാനുള്ള മനസ്സും ഏവർക്കും അറിവുള്ളതായിരുന്നു. ഈ മൂന്നു വർഷക്കാലം ലോകത്തിന്റെ രക്ഷകൻ ഭൂമിയിൽ അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടു പാർത്തു.

യേശുവിന്റെ ജീവിതം പീഡനങ്ങളും കഷ്ടതകളും നിറഞ്ഞതായിരുന്നു. അസൂയാലുവായ ഒരു രാജാവു ശിശുവായ യേശുവിനെ ബെത്ലേഹെമിൽ നിന്നു മാതാപിതാക്കളോടൊപ്പം ഓടിപ്പോകാൻ ഇടയാക്കി. നസ്രേത്തിലെ സ്വന്തജനം യേശുവിനെ തിരസ്കരിച്ചു. യെരൂശലേമിൽവച്ചു നിർദ്ദോഷിയായ കർത്താവിനെ വധശിക്ഷയ്ക്കു വിധിച്ചു. യേശു തന്റെ ശിഷ്യന്മാരുമൊത്ത് അപരിചിതമായ ഒരു നഗരത്തിൽ രക്ഷതേടി. മനുഷ്യവർഗ്ഗത്തെ സ്നേഹിക്കുകയും, രോഗികൾക്കു സൗഖ്യം നല്കുകയും, അന്ധരായവർക്കു കാഴ്ച നല്കുകയും, ബധിരരെയും ഊമരെയും സൗഖ്യമാക്കുകയും, വിശപ്പുള്ളവർക്ക് ആഹാരം നല്കുകയും, ദുഃഖിതരെ ആശ്വസിപ്പിക്കുകയും ചെയ്ത കർത്താവിനെ, ശത്രുക്കൾ പുറന്തള്ളി. തിരമാലകളെ ശാന്തമാക്കിയവനും, കടലിനുമീതെ നടന്നവനും, ഭൂതങ്ങളെ പുറത്താക്കിയവനും, മരിച്ചവരെ ഉയിർപ്പിച്ചവനും ആയ കർത്താവിനെ, ആത്മീയ അന്ധത ബാധിക്കുകയും, അഹന്ത ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്തവർ സ്വീകരിച്ചില്ല.

# 60

# പുതിയ രാജ്യത്തിന്റെ കല്പന

അവലംബം: മത്തായി 20:20-28; മർക്കൊസ് 10:32-45; ലൂക്കൊസ് 18:31-34

പെസഹയുടെ സമയം അടുത്തുകൊണ്ടിരുന്നു. യേശു വീണ്ടും യെരൂശലേമിലേക്കു തിരിഞ്ഞു. പിതാവിനോട് ഏകീഭവിച്ചിരുന്നതിന്റെ സമാധാനം യേശുവിന്റെ ഹൃദയത്തിലുണ്ടായിരുന്നു. ഒട്ടും അധൈര്യം കൂടാതെ യേശുവിന്റെ കാലടികൾ യാഗവേദിയിലേക്കു നീങ്ങി. എന്നാൽ ശിഷ്യന്മാർ ഉത്കണ്ഠാകുലരായിരുന്നു. "യേശു അവർക്കു മുമ്പായി നടന്നു; അവർ വിസ്മയിച്ചു; അനുഗമിക്കുന്നവരോ ഭയപ്പെട്ടു."

ക്രിസ്തു പന്ത്രണ്ടു ശിഷ്യന്മാരെ തന്റെ ചുറ്റും വിളിച്ചുകൂട്ടി താൻ നേരിടുവാൻ പോകുന്ന ഒറ്റിക്കൊടുക്കലിനെയും പീഡനങ്ങളെയും മരണത്തെയും കുറിച്ച് അസാധാരണ ഉറപ്പോടുകൂടെ പറഞ്ഞു. യേശു അവരോട്, "ഇതാ, നാം യെരൂശലേമിലേക്കു പോകുന്നു; മനുഷ്യപുത്രനെക്കുറിച്ചു പ്രവാചകന്മാർ എഴുതിയിരിക്കുന്നത് എല്ലാം നിവൃത്തിയാകും. അവനെ ജാതികൾക്ക് ഏല്പിച്ചുകൊടുക്കുകയും അവർ അവനെ പരിഹസിച്ച്, അവമാനിച്ച്, തുപ്പി, തല്ലീട്ട്, കൊല്ലുകയും, മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേല്ക്കുകയും

ചെയ്യും എന്നു പറഞ്ഞു. അവരോ ഇത് ഒന്നും ഗ്രഹിച്ചില്ല. ഈ വാക്കുകൾ അവർക്കു മറവായിരുന്നു; പറഞ്ഞത് അവർ തിരിച്ചറിഞ്ഞതുമില്ല.''

"സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു'' എന്നു കുറച്ചുനാളുകൾക്കു മുമ്പല്ലോ ശിഷ്യന്മാർ പലയിടങ്ങളിലും പ്രസംഗിച്ചത്? അനേകർ ദൈവരാജ്യത്തിൽ അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ ഇരിക്കുമെന്നു ക്രിസ്തു തന്നെയല്ലേ വാഗ്ദത്തം ചെയ്തത്? തനിക്കുവേണ്ടി ആരെങ്കിലും എന്തെങ്കിലും ത്യജിച്ചാൽ, ഈ ജീവിതത്തിൽ നൂറുമടങ്ങും തന്റെ രാജ്യത്തിൽ അവകാശവും നൽകുമെന്നു ക്രിസ്തു വാഗ്ദത്തം ചെയ്തില്ലേ? പന്ത്രണ്ടു ശിഷ്യന്മാർക്ക്, യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രത്തെ, സിംഹാസനത്തിൽ ഇരുന്നു ന്യായം വിധിക്കുവാനുള്ള അധികാരം പ്രത്യേക പദവിയായി വാഗ്ദാനം ചെയ്തിരുന്നില്ലേ? പ്രവാചകന്മാർ തന്നെക്കുറിച്ച് എഴുതിയിട്ടുള്ള എല്ലാ കാര്യങ്ങളും നിറവേറേണ്ടതാണെന്നു ക്രിസ്തു പറഞ്ഞില്ലേ? തന്റെ വാഴ്ചയുടെ മഹത്വത്തെക്കുറിച്ചു പ്രവാചകന്മാർ മുന്നറിയിച്ചിട്ടില്ലേ? ഇങ്ങനെയെല്ലാമിരിക്കെ, തനിക്കു സംഭവിപ്പാൻ പോകുന്ന മരണത്തെക്കുറിച്ചു ക്രിസ്തു പറഞ്ഞപ്പോൾ ശിഷ്യന്മാർക്കു മനസ്സിലാക്കുവാൻ ബുദ്ധിമുട്ടായിരുന്നു. എന്തെല്ലാം പ്രതിസന്ധികൾ ഉണ്ടായാലും ക്രിസ്തുവിന്റെ രാജ്യം വേഗം നടപ്പാകുമെന്നു ശിഷ്യന്മാർ വിശ്വസിച്ചു.

ക്രിസ്തുവിനെ അനുഗമിച്ച ആദ്യത്തെ രണ്ടു ശിഷ്യന്മാരിൽ ഒരുവൻ, സെബെദിയുടെ മകനായ യോഹന്നാനായിരുന്നു. യാക്കോബും യോഹന്നാനും കർത്താവിനു വേണ്ടി സകലവും ത്യജിച്ച് ഇറങ്ങി. അവർ ക്രിസ്തുവിനോടു കൂടെ നടന്നു. എല്ലായ്പോഴും അവർ യേശുവിനോടുകൂടെ ആയിരുന്നു. യേശു അവരുടെ ഭയങ്ങളെ നീക്കി; അപകടങ്ങളിൽനിന്നു വിടുവിച്ചു; അവരുടെ വേദനകളും ദുഃഖങ്ങളും അകറ്റി; സഹിഷ്ണുതയോടും സ്നേഹത്തോടും കൂടെ ക്രിസ്തു അവരെ പഠിപ്പിച്ചു. അവരുടെ ഹൃദയങ്ങൾ ക്രിസ്തുവിനായി നല്കി. ക്രിസ്തുവിനോടുള്ള സ്നേഹം മൂലം, അവർക്കു ക്രിസ്തുവിന്റെ രാജ്യത്തിൽ, ക്രിസ്തുവിനോട് അടുത്തിരിക്കാനുള്ള പദവി ലഭിക്കാൻ ആഗ്രഹം ഉണ്ടായി. കഴിവുള്ള സന്ദർഭങ്ങളിലെല്ലാം യോഹന്നാൻ ക്രിസ്തുവിനോടു ചേർന്നിരുന്നു. യാക്കോബും അതുപോലെതന്നെ ആയിരുന്നു.

യാക്കോബിന്റെയും യോഹന്നാന്റെയും അമ്മയും ക്രിസ്തുവിന്റെ അനുയായി ആയിരുന്നു. ആ അമ്മയും ക്രിസ്തുവിനെ ഉദാരമായി ശുശ്രൂഷിച്ചുപോന്നു. ക്രിസ്തു സ്ഥാപിക്കുവാൻ പോകുന്ന പുതിയ രാജ്യത്തിൽ ശിഷ്യന്മാർക്കു ലഭിക്കുവാൻ പോകുന്ന സ്ഥാനങ്ങളിൽ ഏറ്റവും ശ്രേഷ്ഠ സ്ഥാനങ്ങൾ തന്റെ രണ്ടു മക്കൾക്കും ലഭിക്കണമെന്ന് ആ അമ്മ ആഗ്രഹിച്ചു. അതു ലഭിക്കുന്നതിനു ക്രിസ്തുവിനോടു ചോദിക്കുവാൻ ആ അമ്മ തന്റെ മക്കളോടും പറഞ്ഞു.

ഇക്കാര്യം യേശുവിനെ അറിയിക്കുന്നതിനു യാക്കോബും യോഹന്നാനും അമ്മയോടുകൂടി യേശുവിന്റെ അടുത്തുവന്നു.

“ഞാൻ നിങ്ങൾക്ക് എന്തു ചെയ്തുതരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു?” യേശു ചോദിച്ചു.

“ഈ എന്റെ പുത്രന്മാർ ഇരുവരും നിന്റെ രാജ്യത്തിൽ ഒരുത്തൻ നിന്റെ വലത്തും, ഒരുത്തൻ ഇടത്തും ഇരിപ്പാൻ അരുളിച്ചെയ്യേണമേ,” ആ അമ്മ യേശുവിനെ ഉണർത്തിച്ചു.

യേശു അവരോടു വളരെ ദയയോടെ ഇടപെട്ടു. മറ്റു ശിഷ്യന്മാരെക്കാൾ ഉന്നതസ്ഥാനം കാംക്ഷിച്ച യോഹന്നാന്റെയും യാക്കോബിന്റെയും സ്വാർത്ഥത യെ യേശു കുറ്റപ്പെടുത്തിയില്ല. അവരുടെ അന്തരംഗം യേശുവിനു കാണാ മായിരുന്നു. യേശുവിനോട് അവർക്കുണ്ടായിരുന്ന സ്നേഹമാണ് ഇതിന് അവരെ പ്രേരിപ്പിച്ചത്. അവർക്കു കുറവുകളുണ്ടായിരുന്നെങ്കിലും യേശുവിന്റെ വീണ്ടെടുക്കുന്ന സ്നേഹത്തിൽ അധിഷ്ഠിതമായിരുന്നു അവരുടെ സ്നേഹം. യേശു തന്റെ ജനത്തെ കുറ്റപ്പെടുത്തിയില്ല. അതിനു പകരം അവരെ ശുദ്ധീ കരിക്കുകയും വെടിപ്പാക്കുകയും ചെയ്യുന്നു. യേശു അവരോടു ചോദിച്ചു: “ഞാൻ കുടിക്കുന്ന പാനപാത്രം കുടിപ്പാനും ഞാൻ ഏല്ക്കുന്ന സ്നാനം ഏല്ക്കാനും നിങ്ങൾക്കു കഴിയുമോ?” താൻ അനുഭവിപ്പാൻ പോകുന്ന കഷ്ടത കളെ സ്പർശിക്കുന്ന വാക്കുകൾ ശിഷ്യന്മാർക്കു ഗ്രഹിപ്പാൻ പ്രയാസ മുണ്ടായിരുന്നു. എങ്കിലും ധൈര്യത്തോടെ യാക്കോബും യോഹന്നാനും പറഞ്ഞു: “കഴിയും.” തങ്ങളുടെ ഗുരുവിന് എന്തു ഭവിച്ചാലും അതിന്റെ പങ്കാളികളാകുക എന്നത് ഒരു ബഹുമതിയായി അവർ കരുതി.

“ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കയും ഞാൻ ഏല്ക്കുന്ന സ്നാനം ഏല്ക്കയും ചെയ്യും, നിശ്ചയം,” യേശു പറഞ്ഞു. യേശുവിനെ കാത്തിരുന്നതു സിംഹാസനത്തിനു പകരം ക്രൂരമായ കുരിശും, തന്റെ കൂട്ടുകാരായി, ഇടത്തും വലത്തും രണ്ടു ദുഷ്കർമ്മികളായിരുന്ന മനുഷ്യരും ആയിരുന്നു. തങ്ങളുടെ ഗുരുവിന്റെ പങ്കപ്പാടുകൾ മറ്റൊരു വിധത്തിൽ അനുഭവിക്കാൻ പോകുന്നവരായിരുന്നു യാക്കോബും യോഹന്നാനും. യാക്കോബ് വാൾകൊണ്ടു കൊല്ലപ്പെടുന്നവരിൽ ഒന്നാമനും യോഹന്നാൻ വളരെക്കാലം ജീവിച്ചിരുന്നു കഷ്ടപ്പാടുകളും പരിഹാസങ്ങളും പീഡനവും അനുഭവിക്കേണ്ടവനുമായിരുന്നു.

യേശു തുടർന്നു: “എങ്കിലും എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നല്കുന്നത് എന്റേതല്ല; എന്റെ പിതാവ് ആർക്ക് ഒരുക്കിയിരിക്കുന്നുവോ, അവർക്കു കിട്ടും.” ദൈവരാജ്യത്തിൽ പദവികൾ ലഭിക്കുന്നത് ആരുടെയെങ്കിലും പ്രീതി നേടുന്നതുകൊണ്ടല്ല; അതു സ്വപ്രയത്നത്താൽ നേടുന്നതല്ല; ആരെ ങ്കിലും ബോധിച്ചതുപോലെ നല്കുന്നതുമല്ല. ഒരുവന്റെ സ്വഭാവം സ്വർഗ്ഗം അംഗീകരിക്കുമ്പോൾ, സ്വർഗ്ഗം നൽകുന്ന ദാനമാണത്. കിരീടവും സിംഹാ സനവും ദൈവത്തിന്റെ ദാനങ്ങളാണ്. കർത്താവായ യേശുക്രിസ്തുവിൽ ക്കൂടെ “സ്വയത്തെ” കീഴ്പ്പെടുത്തുന്നതിന്റെ വിജയചിഹ്നങ്ങളാണവ.

അനേക നാളുകൾക്കുശേഷം, തന്നോട് ഏറ്റവും അടുത്തിരിക്കുന്ന തിന്റെ വ്യവസ്ഥ എന്തെന്ന്, തന്റെ കഷ്ടതയിൽ പങ്കാളിയായ യോഹന്നാനു

ക്രിസ്തു വെളിപ്പെടുത്തിക്കൊടുത്തു. "ജയിക്കുന്നവനു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും; ഞാനും ജയിച്ച് എന്റെ പിതാവിനോടു കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നെ." "ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെനിന്നു പോകയില്ല. എന്റെ ദൈവത്തിന്റെ നാമവും... എന്റെ പുതിയ നാമവും ഞാൻ അവന്റെമേൽ എഴുതും'' (വെളി. 3:21,12). അപ്പൊസ്തലനായ പൗലൊസും അതേ ആത്മാവിൽ എഴുതി: ''ഞാനോ ഇപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നല്കും" (2 തിമൊ. 4:6-8).

ക്രിസ്തുവിന്റെ ഏറ്റവും അടുത്തു നില്ക്കുന്നവൻ, ഭൂമിയിൽവച്ച്, ക്രിസ്തുവിന്റെ ആത്മത്യാഗത്തിൽ വേരൂന്നിയ സ്നേഹത്തെ രുചിച്ചറിഞ്ഞ വ്യക്തികൾ ആയിരിക്കും. ആ "സ്നേഹം, നിഗളിക്കുന്നില്ല; ചീർക്കുന്നില്ല... സ്വാർത്ഥം അന്വേഷിക്കുന്നില്ല; ദേഷ്യപ്പെടുന്നില്ല; ദോഷം കണക്കിടുന്നില്ല" (1 കൊരി. 13:4,5). മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിനുവേണ്ടി എല്ലാം നല്കുവാനും, ജീവിക്കുവാനും, പ്രയത്നിക്കുവാനും, മരണത്തോളം ത്യാഗം ചെയ്യുവാനും കർത്താവിനെ പ്രേരിപ്പിച്ചതുപോലെ, ശിഷ്യനെയും ആഴമായി സ്പർശിക്കുന്ന സ്നേഹമാണ്. ഈ സ്നേഹം പൗലൊസിൽ പ്രകടമായി രുന്നു. പൗലൊസ് പറഞ്ഞു: "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരി ക്കുന്നതു ലാഭവും ആകുന്നു" (ഫിലി. 1:21). ക്രിസ്തുവിനെ മറ്റുള്ളവർക്കു വെളിപ്പെടുത്തുന്ന ഒന്നായിരുന്നു പൗലൊസിന്റെ ജീവിതം. അങ്ങനെയുള്ള ഒരാളിന്റെ മരണം ക്രിസ്തുവിന് ആദായകരമായിരിക്കും. പൗലൊസിന്റെ മരണം ക്രിസ്തുവിന്റെ കൃപയുടെ ശക്തിയെ പ്രകടമാക്കുന്നതായിരിക്കും. പൗലൊസിന്റെ മരണത്തിലൂടെ ക്രിസ്തുവിന്റെ രാജ്യത്തിൽ അനേകം ആത്മാക്കൾ ശേഖരിക്കപ്പെടും. "ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ, മരണത്താൽ ആകട്ടെ, എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകയേ ഉള്ളൂ" (ഫിലി. 1:20).

യാക്കോബിന്റെയും യോഹന്നാന്റെയും അപേക്ഷ മറ്റു ശിഷ്യന്മാർ കേട്ടപ്പോൾ, അവർക്കു നീരസമാണുണ്ടായത്. ക്രിസ്തുവിന്റെ രാജ്യത്തിലെ ഏറ്റവും ഉന്നതമായ സ്ഥാനം യാക്കോബും യോഹന്നാനും കരസ്ഥ മാക്കുവാൻ പോകുന്നുവെന്ന് അവർക്കു തോന്നി. അതിൽ അവർ കോപാ കുലരായി.

സ്ഥാനമോഹം ശിഷ്യന്മാരിൽ അസ്വസ്ഥത ജനിപ്പിക്കുന്നുവെന്നു കണ്ടപ്പോൾ, യേശു അവരെ വിളിച്ചു പറഞ്ഞു: "ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നുവെന്നും, മഹത്തുക്കൾ അവരുടെമേൽ അധികാരം നടത്തുന്നുവെന്നും നിങ്ങൾ അറിയുന്നു. നിങ്ങളിൽ അങ്ങനെ അരുത്."

ഭൗമികമായ കാഴ്ചപ്പാടിൽ ഉന്നതസ്ഥാനം, സ്വയമഹത്വവർദ്ധനയ്ക്കു സഹായകമാണ്. ഭരണീയർ, ഭരിക്കുന്നവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കു വിധേയരായിരിക്കണമെന്നതാണ് അതിലടങ്ങിയിരിക്കുന്ന തത്വം. ജനസ്വാധീനവും, സമ്പത്തും, വിദ്യാഭ്യാസവും എല്ലാം നേതാക്കന്മാരുടെ സ്വാർത്ഥാഭിലാഷങ്ങൾ നേടുവാനും, ജനത്തിന്റെ മേൽ ശക്തി ഉറപ്പിക്കാനുമുള്ള ഉപാധികളായിരുന്നു. ശ്രേഷ്ഠന്മാരായ ആളുകൾ ആയിരിക്കണം ഭരിക്കേണ്ടവർ എന്ന തത്വം എല്ലായിടത്തും പ്രബലമായി. മതത്തിലും ഈ തത്വം കടന്നുകൂടി. മതനേതാക്കളെ കണ്ണുമടച്ച് അനുസരിക്കുവാൻ ജനം പ്രേരിതരായി. സ്വയം ചിന്തിപ്പാനും പ്രവർത്തിപ്പാനുമുള്ള മനുഷ്യാവകാശം ഒരിക്കലും അംഗീകരിക്കപ്പെട്ടിരുന്നില്ല.

ഇതിൽനിന്നെല്ലാം വ്യത്യസ്തമായ ആശയങ്ങളിൽ അടിസ്ഥാനമുറപ്പിച്ചിരുന്ന ഒരു രാജ്യമായിരുന്നു ക്രിസ്തു കെട്ടിപ്പടുത്തുകൊണ്ടിരുന്നത്. അധികാരത്തെ താലോലിക്കുന്നതിനു വേണ്ടിയല്ല, പ്രത്യുത മനുഷ്യവർഗ്ഗത്തെ സേവിക്കുന്നതിനു വേണ്ടിയായിരുന്നു, ക്രിസ്തു തന്റെ ശിഷ്യന്മാരെ വിളിച്ചത്. ബലവാന്മാർ ബലഹീനരുടെ ബലഹീനതകളെ ചുമപ്പാൻ യേശു ആഹ്വാനം ചെയ്തു. ശക്തിയും, അധികാരവും, കഴിവും, വിദ്യാഭ്യാസവുമുള്ളവർ, അശക്തരുടെയും പാവപ്പെട്ടവരുടെയും താൽപര്യങ്ങൾ സംരക്ഷിപ്പാൻ ബാദ്ധ്യസ്ഥരാണ്. ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഏറ്റവും എളിയവരോടുപോലും, സേവനമനോഭാവമുള്ളവരായിരിപ്പാൻ ആവശ്യപ്പെട്ടിരിക്കുന്നു. "സകലവും നിങ്ങൾ നിമിത്തമല്ലോ" (2 കൊരി. 4:15).

"മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെതന്നെ." ശിഷ്യന്മാരുടെ ഇടയിൽ ക്രിസ്തു ഒരു പരിപാലകനും മറ്റുള്ളവരുടെ ഭാരങ്ങൾ വഹിക്കുന്നവനുമായിരുന്നു. ദരിദ്രരുടെ ദാരിദ്ര്യത്തിൽ യേശു ജീവിത പങ്കാളിയായിരുന്നു. യേശു തന്റെ അനുയായികൾക്കു മുമ്പായി നടന്നു ദുർഘടങ്ങളെ നീക്കി. സ്വജീവനെ സമർപ്പിച്ചു തന്റെ ദൗത്യനിർവ്വഹണത്തിനുവേണ്ടി യേശു ഒരുങ്ങിക്കഴിഞ്ഞു. ക്രിസ്തുവിന്റെ ജീവിതശൈലി തന്റെ ശരീരമായ സഭയുടെയും ജീവിതശൈലിയായിരിക്കണം. സ്നേഹമാകുന്നു വീണ്ടെടുപ്പിന്റെ അടിസ്ഥാനം. ക്രിസ്തുവിന്റെ മാതൃകയെ പിന്തുടരുകയും ക്രിസ്തുവിന്റെ കുഞ്ഞാടുകളെ മേയ്ക്കുകയും ചെയ്യുന്നവരാണ്, ക്രിസ്തുവിന്റെ രാജ്യത്തിലെ വലിയവർ.

ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ യഥാർത്ഥ മഹത്വവും ശ്രേഷ്ഠതയും എന്തെന്നു വിശുദ്ധ പൗലൊസിന്റെ വാക്കുകൾ വെളിവാക്കുന്നു: "ഇങ്ങനെ ഞാൻ കേവലം സ്വതന്ത്രൻ എങ്കിലും അധികംപേരെ നേടേണ്ടതിന്, ഞാൻ എന്നെത്തന്നെ എല്ലാവർക്കും ദാസനാക്കി." "പലർ രക്ഷിക്കപ്പെടേണ്ടതിന് അവരുടെ ഗുണം തന്നെ അന്വേഷിച്ചുകൊണ്ട് എല്ലാവരെയും എല്ലാം കൊണ്ടും പ്രസാദിപ്പിക്കുന്നുവല്ലോ" (1 കൊരി. 9:19; 10:33).

മനസ്സാക്ഷിയുടെ കാര്യങ്ങളിൽ ആത്മാവിനെ ബന്ധനത്തിലാക്കരുത്. ഒരുവന്റെ മനസ്സിനെ മറ്റൊരുവൻ നിയന്ത്രിക്കാൻ പാടില്ല. മറ്റൊരാൾക്കു

വേണ്ടി ഒരാൾ തീരുമാനമെടുക്കുവാനോ, മറ്റൊരുവന്റെ ചുമതല നിർദ്ദേശിപ്പാനോ തുനിയരുത്. എല്ലാവർക്കും സ്വതന്ത്രമായി ചിന്തിപ്പാനും, അവനവന്റെ മനോബോദ്ധ്യമനുസരിച്ചു നടപ്പാനുമുള്ള സ്വാതന്ത്ര്യം ദൈവം എല്ലാവർക്കും നല്കിയിട്ടുണ്ട്. "ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും." ഒരാളുടെ വ്യക്തിത്വത്തിന്മേൽ മറ്റൊരാളുടെ വ്യക്തിത്വം അടിച്ചേല്പിക്കുവാൻ പാടില്ല. എല്ലാ കാര്യങ്ങളിലും "ഓരോരുത്തൻ താന്താന്റെ മനസ്സിൽ ഉറച്ചിരിക്കട്ടെ" (റോമർ 14:12,5). ക്രിസ്തുവിന്റെ രാജ്യത്തിൽ യജമാനമനോഭാവത്തോടുകൂടെയുള്ള അടിച്ചമർത്തലോ, നിർബന്ധിക്കലോ ഇല്ല. സ്വർഗ്ഗത്തിലെ ദൂതന്മാർ ഭൂമിയിൽ വരുന്നതു ഭരിക്കുവാനോ, ആദരവു പിടിച്ചുപറ്റുന്നതിനോ അല്ല. പ്രത്യുത കാരുണ്യത്തിന്റെ സേവകരായി മനുഷ്യവർഗ്ഗത്തെ ഉയർത്തുന്ന പ്രവൃത്തിയിൽ മനുഷ്യരോടു സഹകരിക്കുവാനാണ്.

കർത്താവു നല്കിയ ഉപദേശങ്ങൾ, അവയുടെ ദിവ്യസൗന്ദര്യത്തോടെ പ്രിയ ശിഷ്യനായ യോഹന്നാന്റെ മനോമുകുരത്തിൽ തങ്ങിനിന്നു. തന്റെ ജീവിതസായാഹ്നത്തിൽ സഭകളോടുള്ള യോഹന്നാന്റെ സാക്ഷ്യം ഇതായിരുന്നു: "നിങ്ങൾ ആദിമുതൽ കേട്ട ദൂത്, നാം അന്യോന്യം സ്നേഹിക്കേണം എന്നല്ലോ ആകുന്നു. അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്നറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വച്ചുകൊടുക്കേണ്ടതാകുന്നു" (1 യോഹ. 3:11,16).

ആദിമകാലത്തെ സഭയെ സ്വാധീനിച്ചിരുന്ന ആത്മാവ് ഇതായിരുന്നു. പരിശുദ്ധാത്മവർഷത്തിനുശേഷം "വിശ്വസിച്ചവരുടെ കൂട്ടം ഏക ഹൃദയവും ഏക മനസ്സും ഉള്ളവരായിരുന്നു. തനിക്കുള്ളത് ഒന്നും സ്വന്തം എന്ന് ആരും പറഞ്ഞില്ല." "മുട്ടുള്ളവൻ ആരും അവരിൽ ഉണ്ടായിരുന്നില്ല. അപ്പൊസ്തലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യം പറഞ്ഞുവന്നു. എല്ലാവർക്കും ധാരാളം കൃപ ലഭിച്ചിരുന്നു" (അപ്പൊ. 4:32,34,33).

# 61

# സക്കായി

അവലംബം: ലൂക്കൊസ് 19:1–10

യെരൂശലേമിലേക്കുള്ള യാത്രയിൽ യേശു "യെരീഹോവിൽ എത്തി." യോർദ്ദാന്റെ പടിഞ്ഞാറുള്ള സമതലത്തിൽ പണികഴിപ്പിക്കപ്പെട്ടിരുന്ന യെരീഹോപട്ടണം സമശീതോഷ്ണ മേഖലയിലെ സമൃദ്ധമായ സസ്യജാലങ്ങളാൽ അനുഗൃഹീതമായിരുന്നു. ഉറവകൾ ജലസേചനം നടത്തിയിരുന്ന യെരീഹോവിലെ ഈന്തപ്പനത്തോട്ടങ്ങൾ ആ പട്ടണത്തെ ഒരു മരതകദ്വീപുപോലെ മനോഹരമാക്കിയിരുന്നു. യെരൂശലേമിൽനിന്നു യെരീഹോവിലേക്കുള്ള പാത കടന്നുപോയത് അങ്ങിങ്ങായി ഉണ്ടായിരുന്ന വെള്ളാരം കുന്നുകളുടെയും, പാറപ്പിളർപ്പുകളുടെയും ഇടയിലൂടെ ആയിരുന്നു.

യെരൂശലേമിലെ പെരുന്നാളുകളിൽ സംബന്ധിക്കുവാൻ പോയ യാത്രാസംഘങ്ങൾ യെരീഹോവിലൂടെയാണു കടന്നുപൊയ്ക്കൊണ്ടിരുന്നത്. അങ്ങനെയുള്ള കാലഘട്ടം നഗരത്തിന് ഒരു ഉത്സവപ്രതീതി നല്കി. യേശു യെരൂശലേമിൽ എത്തിയിട്ടുണ്ടെന്ന് അറിഞ്ഞ ജനം വളരെ ഉത്സാഹഭരിതരായിരുന്നു. ലാസരിനെ ഉയിർപ്പിച്ച റബ്ബി എത്തിയിരിക്കുന്നുവെന്ന്

എല്ലായിടത്തും അറിഞ്ഞു. പുരോഹിതന്മാർ യേശുവിനെതിരായി നടത്തുന്ന ഗൂഢാലോചനയെക്കുറിച്ചു ജനത്തിന് അറിവുണ്ടായിരുന്നിട്ടും, യേശുവിനോട് അവർക്കുള്ള ആദരവിന് ഒട്ടും കുറവില്ലായിരുന്നു.

പുരാതന കാലം മുതൽ യെരീഹോപട്ടണം പുരോഹിതന്മാർക്കു പ്രത്യേക പരിഗണന നല്കിയിരുന്നു. യെരീഹോവിൽ ധാരാളം പുരോഹിതന്മാർ പാർത്തിരുന്നു. വിവിധ നിലകളിലുള്ള ജനം ആ പട്ടണത്തിന്റെ പ്രത്യേകതയായിരുന്നു. സഞ്ചാരികൾ ധാരാളം ഈ നഗരത്തെ സന്ദർശിച്ചിരുന്നു. റോമാക്കാരായ ഉദ്യോഗസ്ഥന്മാരും സൈനികരും വിദേശികളും ഈ നഗരത്തിലുണ്ടായിരുന്നു. ചുങ്കംപിരിവുകാരും അവിടെ പാർത്തിരുന്നു.

"ചുങ്കക്കാരിൽ പ്രധാനി" ആയിരുന്ന സക്കായി യെരീഹോവിൽ വസിച്ചിരുന്നു. ഒരു യെഹൂദനും, സ്വന്ത ജാതിയാൽ വെറുക്കപ്പെട്ടവനുമായിരുന്ന സക്കായി വളരെ ധനികനായിരുന്നു. ചുങ്കംപിരിവ് അക്രമത്തിന്റെയും അനീതിയുടെയും പര്യായമായി യെഹൂദന്മാർ കരുതി. എന്നാൽ സക്കായി ദൈവത്തെ ഭയപ്പെട്ടു. ലൗകികത്വവും അഹംഭാവവും ഉള്ള വ്യക്തിയെന്നു പുറമേ കാണപ്പെട്ടിരുന്നുവെങ്കിലും, സക്കായിയുടെ ഉള്ള് അങ്ങനെയായിരുന്നില്ല. യേശുവിനെക്കുറിച്ചു സക്കായി കേട്ടിരുന്നു. നിന്ദിതരോടും അവഗണിക്കപ്പെട്ടിരുന്നവരോടും യേശുവിനുണ്ടായിരുന്ന ദയയെയും സ്നേഹത്തെയും കുറിച്ചു സക്കായിക്ക് അറിവുണ്ടായിരുന്നു. സക്കായി ഒരു നല്ല ജീവിതം നയിപ്പാൻ ആഗ്രഹിച്ചു. യോഹന്നാൻ സ്നാപകന്റെ, മരുഭൂമിയിലെ പ്രസംഗങ്ങൾ സക്കായിയെ സ്പർശിച്ചു. "നിങ്ങളോടു കല്പിച്ചതിൽ അധികം ഒന്നും പിരിക്കരുത്" (ലൂക്കൊസ് 3:13) എന്ന യോഹന്നാന്റെ ഉപദേശം സക്കായി ഉടനടി സ്വീകരിച്ചില്ലായെങ്കിലും ആ ദൂത് അവനിൽ ചലനം ഉളവാക്കി. സക്കായി തിരുവെഴുത്തുകളെ ശോധനചെയ്തിരുന്നു. തന്റെ പ്രവർത്തനം തെറ്റാണ് എന്നു സക്കായിക്കു ബോദ്ധ്യമായി. യേശുവിന്റെ ഉപദേശമാണു യോഹന്നാൻ നല്കുന്നതെന്നു സക്കായി കേട്ടപ്പോൾ, ദൈവസന്നിധിയിൽ താൻ ഒരു പാപിയാണെന്നു സക്കായി മനസ്സിലാക്കി. യേശുവിന്റെ വാർത്തകൾ സക്കായിയിൽ പ്രത്യാശ ജനിപ്പിച്ചു. അനുതാപവും ജീവിതനവീകരണവും സക്കായിക്കും സാദ്ധ്യമായിരുന്നു. യേശുവിന്റെ ശിഷ്യന്മാരിൽ ഒരുവൻ ഒരു ചുങ്കക്കാരനായിരുന്നില്ലേ? തന്നിൽ ആഴമായി പതിഞ്ഞ ദൃഢവിശ്വാസത്തെ പിന്തുടരാൻ സക്കായി തീരുമാനിച്ചു. താൻ ആരിൽനിന്നെല്ലാം അപഹരിച്ചെടുത്തിട്ടുണ്ടോ, അവർക്കെല്ലാം നഷ്ടപരിഹാരം ചെയ്യുവാൻ സക്കായി തീരുമാനിച്ചു.

സക്കായിയുടെ തീരുമാനം മാറ്റമില്ലാത്തതായിരുന്നു. ആ സന്ദർഭത്തിലാണു യേശു യെരീഹോവിൽ എത്തിയിരിക്കുന്നുവെന്ന വാർത്ത സക്കായി ശ്രവിച്ചത്. യേശുവിനെ കാണുവാൻ സക്കായി ആഗ്രഹിച്ചു. പാപത്തിന്റെ ഫലങ്ങൾ എത്ര കയ്പേറിയതാണെന്നും, അതിൽനിന്നു പിന്തിരിയാൻ ശ്രമിക്കുന്നത് എത്ര കഠിനമാണെന്നും സക്കായി ഗ്രഹിച്ചു. സ്വന്ത തെറ്റുകൾ തിരുത്തുവാൻ ശ്രമിക്കുമ്പോൾ, മറ്റുള്ളവരാൽ തെറ്റിദ്ധരിക്കപ്പെടുകയും, അവരുടെ സംശയദൃഷ്ടിയോടുകൂടിയുള്ള പെരുമാറ്റം സഹിക്കുകയും

ചെയ്യുക എന്നതു സക്കായിക്കു ദുർവഹമായിരുന്നു. എങ്കിലും തന്റെ ജീവിതത്തിൽ പ്രത്യാശ വിതറിയ യേശുവിനെ കാണുവാൻ സക്കായി അതിയായി വാഞ്ഛിച്ചു.

തെരുവീഥികൾ ജനനിബിഡമായി. പൊക്കം കുറവുള്ളവനായ സക്കായിക്ക് ആൾക്കൂട്ടത്തിൽനിന്നു യേശുവിനെ കാണുവാൻ കഴിഞ്ഞില്ല. ആരും സക്കായിക്കു വഴിമാറിക്കൊടുത്തതുമില്ല. അതുകൊണ്ടു സക്കായി വഴിയരികിൽ പന്തലിച്ചു കിടന്നിരുന്ന ഒരു അത്തിവൃക്ഷത്തിൽ കയറി, സൗകര്യപ്രദമായ ഒരു സ്ഥാനത്ത് ഇരുന്നു. അവിടെ ഇരുന്നുകൊണ്ട്, കടന്നുപോകുന്ന ഘോഷയാത്ര വീക്ഷിക്കാമായിരുന്നു. ഘോഷയാത്ര അടുത്തുവരുന്തോറും ആകാംക്ഷാഭരിതനായിരുന്ന സക്കായി ക്രിസ്തുവിനെ പരതിക്കൊണ്ടിരുന്നു.

പുരോഹിതന്മാരുടെയും റബ്ബിമാരുടെയും ശബ്ദകോലാഹലങ്ങൾക്കും, സ്വാഗതമോതുന്നവരുടെ ഉച്ചത്തിലുള്ള ശബ്ദങ്ങൾക്കും ഉപരിയായി, നിശ്ശബ്ദനായ ആ ചുങ്കക്കാരന്റെ ഹൃദയം യേശുവിനോടു സംസാരിച്ചു. കടന്നുപോകുന്ന ഘോഷയാത്ര പെട്ടെന്നു സക്കായി ഇരുന്നിരുന്ന അത്തിയുടെ ചുവട്ടിൽ നിന്നു. യേശു മുകളിലേക്കു നോക്കി. ആ നോട്ടത്തിനു ഹൃദയത്തെ വായിക്കുവാൻ കഴിയുമായിരുന്നു. “സക്കായിയേ, വേഗം ഇറങ്ങി വാ; ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു” എന്ന ശബ്ദം സക്കായിയുടെ ശ്രവണപുടങ്ങളിൽ പതിച്ചപ്പോൾ, സക്കായിക്ക് അതു വിശ്വസിപ്പാൻ പ്രയാസം തോന്നി.

പുരുഷാരം വഴിമാറിക്കൊടുത്തു. സ്വപ്നം കാണുന്ന ഒരുവനെപ്പോലെ സക്കായി തന്റെ ഭവനത്തിലേക്കുള്ള വഴി യേശുവിനെ കാണിച്ചുകൊണ്ടു നടന്നു. റബ്ബിമാർ ഇതിൽ അസന്തുഷ്ടരായി പിറുപിറുക്കുകയും പരിഹാസവചനങ്ങൾ ഉരുവിടുകയും ചെയ്തു. “അവൻ പാപിയായൊരു മനുഷ്യനോടുകൂടെ പാർപ്പാൻ പോയി” എന്നവർ പറഞ്ഞു.

യോഗ്യനല്ലാത്ത തന്നോട് ഇത്ര സ്നേഹം കാട്ടുകയും തന്റെ വീട്ടിലേക്കു വരുവാൻ ഒരുമ്പെടുകയും ചെയ്ത ക്രിസ്തുവിന്റെ പ്രവൃത്തി സക്കായിയെ വികാരാധീനനാക്കി. തന്നെ കണ്ടെത്തിയ ഗുരുവിനോടുള്ള സ്നേഹവും ബഹുമാനവും സക്കായിയുടെ അധരങ്ങളെ തുറന്നു. തന്റെ തെറ്റുകളെ തുറന്നുപറയുവാൻ സക്കായി ഒരുക്കമായിരുന്നു.

പുരുഷാരത്തിന്റെ സാന്നിദ്ധ്യത്തിൽ സക്കായി പറഞ്ഞു: “കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ട്; വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലു മടങ്ങു മടക്കിക്കൊടുക്കുന്നു.”

യേശു അവനോട്, “ഇവനും അബ്രാഹാമിന്റെ മകനാകയാൽ ഇന്ന് ഈ വീടിനു രക്ഷ വന്നു.”

ധനികനായ യുവപ്രമാണി യേശുവിന്റെ സന്നിധിയിൽനിന്നു പിൻവാങ്ങിയപ്പോൾ, “സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം”

എന്നു ക്രിസ്തു പറഞ്ഞപ്പോൾ ശിഷ്യന്മാർ അത്ഭുതപ്പെട്ടു. “എന്നാൽ രക്ഷ പ്രാപിപ്പാൻ ആർക്കു കഴിയും” എന്നു ശിഷ്യന്മാർ തമ്മിൽ പറഞ്ഞപ്പോൾ, ക്രിസ്തു പറഞ്ഞു: “മനുഷ്യരാൽ അസാദ്ധ്യമായത്, ദൈവത്താൽ സാദ്ധ്യമാകുന്നു.” ക്രിസ്തുവിന്റെ പ്രസ്താവന എത്ര യാഥാർത്ഥ്യമായിരുന്നുവെന്നു സക്കായിയുടെ പ്രവൃത്തി കാണിച്ചുകൊടുത്തു (മർക്കൊസ് 10:24,26; ലൂക്കൊസ് 18:27). ദൈവകൃപ ധനവാനെയും രക്ഷയ്ക്കു യോഗ്യനാക്കുന്നുവെന്നു ശിഷ്യന്മാർ മനസ്സിലാക്കി.

സക്കായി ക്രിസ്തുവിന്റെ മുഖം ദർശിക്കുന്നതിനു മുമ്പുതന്നെ, തന്നിലുണ്ടായ അനുതാപം യഥാർത്ഥമെന്നു തെളിയിക്കുന്ന പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മനുഷ്യർ തന്നെ കുറ്റം വിധിക്കുന്നതിനു മുമ്പുതന്നെ തന്റെ പാപത്തെ സക്കായി ഏറ്റുപറഞ്ഞു. പരിശുദ്ധാത്മാവു തന്നിൽ പ്രവർത്തിച്ചപ്പോൾ സക്കായി ദൈവത്തിനു കീഴ്പ്പെട്ടു. പുരാതന യിസ്രായേല്യർക്കും എക്കാലത്തുമുള്ള ദൈവജനത്തിനും വേണ്ടി എഴുതപ്പെട്ട ഉപദേശങ്ങളെ അനുസരിപ്പാൻ സക്കായി ഒരുങ്ങി. കർത്താവു പുരാതന കാലത്തുതന്നെ കല്പിച്ചിരുന്നു: “നിന്റെ സഹോദരൻ ദരിദ്രനായിത്തീർന്ന്, നിന്റെ അടുക്കൽവച്ചു ക്ഷയിച്ചുപോയാൽ നീ അവനെ താങ്ങേണം; അന്യനും പരദേശിയും എന്നപോലെ അവൻ നിന്റെ അടുക്കൽ പാർക്കേണം. അവനോടു പലിശയും ലാഭവും വാങ്ങരുത്; നിന്റെ ദൈവത്തെ ഭയപ്പെടേണം; നിന്റെ സഹോദരൻ നിന്റെ അടുക്കൽ പാർക്കേണം. നിന്റെ പണം പലിശയ്ക്കു കൊടുക്കരുത്; നിന്റെ ആഹാരം അവനു ലാഭത്തിനായി കൊടുക്കയുമരുത്.” “ആകയാൽ നിങ്ങൾ തമ്മിൽ തമ്മിൽ അന്യായം ചെയ്യരുത്; നിന്റെ ദൈവത്തെ ഭയപ്പെടേണം” (ലേവ്യ. 25:35-37; 17). മേഘസ്തംഭത്തിൽ നിന്നുകൊണ്ടു ക്രിസ്തുതന്നെയാണ് ഈ വാക്കുകൾ അരുളിച്ചെയ്തത്. ക്രിസ്തുവിന്റെ സ്നേഹത്തിനു സക്കായി നല്കിയ പ്രതികരണം സാധുക്കളോടും കഷ്ടതയനുഭവിക്കുന്നവരോടും കരുണ കാണിച്ചുകൊണ്ടായിരുന്നു.

ചുങ്കക്കാരുടെ ഇടയിൽ ഒരു സഖ്യമുണ്ടായിരുന്നു. തന്മൂലം അവർക്കു ജനത്തോട് അന്യായം കാണിപ്പാനും വ്യാജപ്രവൃത്തിയിൽ പരസ്പരം സഹായിക്കുവാനും കഴിഞ്ഞിരുന്നു. ആഗോളവ്യാപകമായിരുന്ന അഴിമതിയിലാണു ചുങ്കക്കാർ ആണ്ടിരുന്നത്. ചുങ്കക്കാരെ വെറുത്തിരുന്ന പുരോഹിതവർഗ്ഗം തങ്ങളുടെ വിശുദ്ധ സ്ഥാനത്തിന്റെ മറവിൽ, അവിശ്വസ്തമായ മാർഗ്ഗങ്ങളിലൂടെ ധനസമ്പാദനം നടത്തുന്നുണ്ടായിരുന്നു. എന്നാൽ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനു വിധേയനായ സക്കായി, സത്യത്തിനു വിരുദ്ധമായ എല്ലാ മാർഗ്ഗത്തിൽനിന്നും പിൻവാങ്ങി.

നവീകരണം കൂടാതെയുള്ള അനുതാപം യഥാർത്ഥ അനുതാപമല്ല. അനുതപിക്കപ്പെടാത്തതും, നീക്കിക്കളയാത്തതുമായ പാപത്തെ മൂടുവാനുള്ള ഒരു വസ്ത്രമല്ല, ക്രിസ്തുവിന്റെ നീതി. സ്വഭാവത്തെ രൂപാന്തരപ്പെടുത്തുകയും, പ്രവൃത്തിയെ വിശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ജീവിത തത്വമാണു ക്രിസ്തുവിന്റെ നീതി. ദൈവത്തിനുവേണ്ടി പൂർണ്ണത പ്രാപി

ക്കുന്നതാണു വിശുദ്ധി. സ്വർഗ്ഗീയ തത്വങ്ങൾ ഹൃദയത്തിൽ കാത്തുസൂക്ഷിക്കേണ്ടതിനു ഹൃദയത്തെയും ജീവിതത്തെയും പൂർണ്ണമായി കീഴ്പ്പെടുത്തിക്കൊടുക്കുന്നതാണു വിശുദ്ധീകരണം.

കർത്താവ് ഒരു വ്യവസായി ആണെങ്കിൽ എപ്രകാരം പ്രവർത്തിക്കുമോ, അതുപോലെയായിരിക്കണം വ്യവസായത്തിൽ ഏർപ്പെടുന്ന ഒരു ക്രിസ്ത്യാനി പ്രവർത്തിക്കേണ്ടത്. തന്റെ എല്ലാ ഇടപാടുകളിലും ദൈവമാണു തന്റെ ഗുരുവെന്ന്, അവൻ വെളിപ്പെടുത്തണം. തന്റെ നാൾവഴി പേരേടിലും കണക്കു ബുക്കുകളിലും പ്രമാണങ്ങളിലും "യഹോവയ്ക്കു വിശുദ്ധം" എന്ന എഴുത്ത് ഉണ്ടായിരിക്കണം. ക്രിസ്തുവിന്റെ അനുഗാമി എന്ന് അവകാശപ്പെടുകയും അനീതിയുള്ള കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവൻ, വിശുദ്ധനും നീതിമാനും കരുണയുള്ളവനുമായ ദൈവത്തിന്റെ സ്വഭാവത്തിനെതിരായി വ്യാജസാക്ഷീകരണം നല്കുകയാണ്. മാനസാന്തരപ്പെട്ട എല്ലാ വ്യക്തികളും സക്കായിയെപ്പോലെ, തന്റെ ജീവിതത്തിലുള്ള എല്ലാ അനീതിപ്രവൃത്തികളെയും ഉപേക്ഷിച്ചു ക്രിസ്തു ഹൃദയത്തിൽ കടന്നുവന്ന വസ്തുത എല്ലായിടത്തും പ്രസ്താവിക്കും. മറ്റുള്ളവർക്കു നഷ്ടം വരുത്തിയിട്ടുണ്ടെങ്കിൽ, സക്കായിയെപ്പോലെ അതിന്റെ പരിഹാരം നല്കിക്കൊണ്ടു തന്റെ ആത്മാർത്ഥത തെളിയിക്കും. യഹോവ അരുളിച്ചെയ്യുന്നു: "പണയം തിരികെക്കൊടുക്കയും, അപഹരിച്ചതു മടക്കിക്കൊടുക്കയും, നീതികേട് ഒന്നും ചെയ്യാതെ ജീവന്റെ ചട്ടങ്ങളെ അനുസരിക്കയും ചെയ്താൽ അവൻ മരിക്കാതെ ജീവിക്കും" (യെഹെ. 33:15,16).

അനീതിയുള്ള വ്യാപാരത്തിലൂടെ നാം ആരെയെങ്കിലും മുറിപ്പെടുത്തിയിട്ടുണ്ടെങ്കിൽ, നമ്മുടെ ഇടപാടിൽ നാം ആരെയെങ്കിലും കബളിപ്പിച്ചിട്ടുണ്ടെങ്കിൽ അതു നിയമത്തിന്റെ മറവിൽ ഒളിക്കാൻ സാധിക്കുമെങ്കിൽത്തന്നെയും, നമ്മുടെ തെറ്റുകളെ ഏറ്റുപറയുകയും, കഴിയുമെങ്കിൽ അത് ഉടമസ്ഥനു തിരികെ കൊടുക്കേണ്ടതുമാണ്. നാം എടുത്തതു മാത്രം തിരികെ കൊടുക്കുകയല്ല ചെയ്യേണ്ടത്. പിന്നെയോ, നമ്മുടെ കൈവശത്തിൽ അത് ഇരുന്ന സമയം, ആ തുക ശരിയായി വിനിയോഗിച്ചിരുന്നുവെങ്കിൽ അത് എത്രമാത്രം വർദ്ധിക്കുമായിരുന്നോ അതുംകൂടെ കൊടുക്കേണ്ടതു ന്യായമായ കാര്യമാണ്.

സക്കായിയോടു കർത്താവു പറഞ്ഞു: "ഇന്ന് ഈ വീടിനു രക്ഷ വന്നു." സക്കായി മാത്രമല്ല അനുഗ്രഹിക്കപ്പെട്ടത്, അവന്റെ കുടുംബം മുഴുവനും അവനോടുകൂടെ അനുഗൃഹീതരായി. സത്യത്തിന്റെ പാഠങ്ങൾ സക്കായിക്കു നല്കുവാനും, ക്രിസ്തുവിന്റെ രാജ്യത്തിന്റെ തത്വങ്ങൾ അവന്റെ കുടുംബത്തെ അഭ്യസിപ്പിക്കുന്നതിനുമായി, യേശു സക്കായിയുടെ വീട്ടിലേക്കു പോയി. യെഹൂദനേതാക്കൾ സക്കായിയുടെ കുടുംബത്തിനു ദൈവാലയത്തിൽ പ്രവേശനം നല്കിയിരുന്നില്ല. എന്നാൽ യേശുവിനു യെരീഹോവിലെ സക്കായിയുടെ ഭവനം ഏറ്റവും സന്തോഷം നല്കുന്ന ഒരു ഭവനമായി ത്തീർന്നു. ജീവന്റെ വചനം യേശു ആ ഭവനത്തിലുള്ളവർക്കു നല്കി.

ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി കൈക്കൊള്ളുമ്പോൾ ആത്മാവു രക്ഷയുടെ അനുഭവത്തിലേക്കു വരുന്നു. സക്കായി ക്രിസ്തുവിനെ സ്വീകരിച്ചു. കടന്നുപോകുന്ന ഒരു വിരുന്നുകാരനെപ്പോലെയല്ല, സ്ഥിരമായി വാസം ചെയ്യുവാൻ വന്ന ഒരാളെപ്പോലെ, ക്രിസ്തു സക്കായിയുടെ ഉള്ളത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു. ശാസ്ത്രിമാരുടെയും പരീശന്മാരുടെയും ദൃഷ്ടിയിൽ സക്കായി ഒരു പാപിയായിരുന്നു. സക്കായിയുടെ ഭവനത്തിൽ ക്രിസ്തു പോയതുകൊണ്ട്, ക്രിസ്തുവിനെതിരായും അവർ പിറുപിറുത്തു. എന്നാൽ ക്രിസ്തു സക്കായിയെ അബ്രാഹാമിന്റെ മകനായി സ്വീകരിച്ചു. “വിശ്വാസികൾ അത്രേ അബ്രാഹാമിന്റെ മക്കൾ” (ഗലാ. 3:7).

# 62

# ശീമോന്റെ വീട്ടിലെ വിരുന്ന്

അവലംബം: മത്തായി 26:6-13; മർക്കൊസ് 14:3-11;
ലൂക്കൊസ് 7:36-50; യോഹ. 11:55-57; 12:1-11

ബേഥാന്യയിലെ ശീമോൻ യേശുവിന്റെ ഒരനുയായി എന്ന നിലയിൽ ഗണിക്കപ്പെട്ടിരുന്നു. ക്രിസ്തുവിന്റെ അനുയായികളോടു പരസ്യമായി ചേർന്ന പരീശന്മാരിലൊരുവനായിരുന്നു ശീമോൻ. യേശുവിനെ തന്റെ ഗുരുവായി ശീമോൻ സ്വീകരിച്ചു. മശീഹ യേശുവായിരിക്കാമെന്ന് അവൻ പ്രത്യാശിച്ചു. എങ്കിലും യേശുവിനെ രക്ഷകനായി അവൻ കൈക്കൊണ്ടില്ല. ശീമോന്റെ സ്വഭാവത്തിനു രൂപാന്തരം വന്നിരുന്നില്ല. അവന്റെ ജീവിതശൈലിക്കു മാറ്റം വരാതെ തുടർന്നുകൊണ്ടിരുന്നു.

കുഷ്ഠരോഗബാധിതനായിരുന്ന ശീമോൻ, ആ രോഗത്തിൽനിന്നു സൗഖ്യം പ്രാപിച്ചു. യേശുവിനോട് അടുക്കുവാനുണ്ടായിരുന്ന കാരണം ഈ രോഗസൗഖ്യമായിരുന്നു. ശീമോൻ യേശുവിനോടുള്ള നന്ദി പ്രകാശിപ്പിക്കുവാൻ ആഗ്രഹിച്ചു. യേശുവിനും ശിഷ്യന്മാർക്കും അവൻ ഒരു വിരുന്നൊരുക്കി. യേശുവിന്റെ, ബേഥാന്യയിലേക്കുള്ള ഒടുവിലത്തെ യാത്ര

യായിരുന്നു ഇത്. അനേക യെഹൂദന്മാർക്ക് ഒന്നിച്ചു കൂടുവാനുള്ള വേദി ഈ വിരുന്ന് ഒരുക്കി. ഈ സന്ദർഭത്തിൽ യെരൂശലേമിലെ ജനം ആവേശ ഭരിതരായിരുന്നു. ക്രിസ്തുവും കൂട്ടാളികളും മുമ്പിലത്തേക്കാളേറെ ജനശ്രദ്ധ പിടിച്ചുപറ്റുന്ന സമയമായിരുന്നു അപ്പോൾ. വിരുന്നിൽ പങ്കെടുത്തവർ യേശു വിനെ വീക്ഷിച്ചുകൊണ്ടിരുന്നു. അവരെല്ലാവരും യേശുവിനെ ആദരിക്കുന്നവ രായിരുന്നില്ല.

പെസഹയ്ക്ക് ആറു ദിവസം മുമ്പു മാത്രമായിരുന്നു യേശു ബേഥാന്യ യിൽ എത്തിച്ചേർന്നത്. തന്റെ പതിവനുസരിച്ചു ലാസരിന്റെ ഭവനത്തിൽ വിശ്രമിപ്പാനായി യേശു വന്നു. യേശുവിനോടുകൂടെ യെരൂശലേമിലേക്കു പുറപ്പെട്ട യാത്രാസംഘങ്ങൾ, യേശു യെരൂശലേം സന്ദർശിക്കുന്നുവെന്നും, ബേഥാന്യയിൽ വിശ്രമിച്ചുകൊണ്ടിരിക്കുക യാണെന്നുമുള്ള വാർത്ത യെരൂശ ലേമിൽ പ്രസിദ്ധമായി. യേശുവിനെ കാത്തിരുന്ന ചിലർ ബേഥാന്യയിലേക്കു തിരിച്ചു. യേശു സ്നേഹിച്ചിരുന്ന വരും, ജിജ്ഞാസമൂലം കാണാൻ ആഗ്രഹിച്ചവരും ഈ സന്ദർശകരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു.

അനേകം പേർ ലാസരിൽനിന്നു മരണത്തിനുശേഷം ഉള്ള അവസ്ഥയെ ക്കുറിച്ചു കേൾപ്പാൻ വന്നവരായിരുന്നു. ലാസർ അതിനെക്കുറിച്ച് ഒന്നും പറയാത്തതിൽ അവർ അതിശയിച്ചു. ലാസരിനു മരണത്തിൽ മനുഷ്യന്റെ അവസ്ഥയെക്കുറിച്ച് ഒന്നും പറയാനില്ലായിരുന്നു. തിരുവചനം മരിച്ചവരെ ക്കുറിച്ചു പറയുന്നതു ശ്രദ്ധിക്കുക: “മരിച്ചവരോ ഒന്നും അറിയുന്നില്ല... അവരുടെ സ്നേഹവും, ദ്വേഷവും, അസൂയയും നശിച്ചുപോയി” (സഭാപ്ര. 9:5,6). എന്നാൽ ക്രിസ്തുവിന്റെ വേലയെക്കുറിച്ചു ലാസരിന് ഏറെ പറയുവാനുണ്ടാ യിരുന്നു. ഇതിനുവേണ്ടിയായിരുന്നു ലാസരിനെ മരിച്ചവരിൽനിന്ന് ഉയിർപ്പി ച്ചത്. യേശു ദൈവത്തിന്റെ പുത്രൻ എന്നു ലാസർ ഉറപ്പോടും ധൈര്യ ത്തോടുംകൂടെ പ്രഖ്യാപിച്ചു.

ബേഥാന്യയിൽനിന്നുള്ള വാർത്ത യെരൂശലേമിലെ സാധാരണക്കാരുടെ ഇടയിൽ ആവേശമുളവാക്കി. ലാസരിനെ ഉയിർപ്പിച്ച യേശുവിനെ കാണുന്ന തിനും, യേശുവിന്റെ പ്രസംഗം കേൾക്കുന്നതിനും ജനങ്ങൾക്കു വലിയ താൽപര്യം ഉണ്ടായിരുന്നു. യേശു ലാസരിനോടുകൂടെ യെരൂശലേമിൽ വരികയും അവിടെ രാജാവായി വാഴിക്കപ്പെടുകയും ചെയ്യുമെന്ന വാർത്ത എല്ലായിടത്തും പരന്നു. ജനസ്വാധീനം തങ്ങൾക്കു നഷ്ടപ്പെടുന്നുവെന്നു മനസ്സിലാക്കിയ പുരോഹിതപ്രമാണിമാർക്കു യേശുവിനോടു വർദ്ധിച്ച വിദ്വേഷം ഉണ്ടായിരുന്നു. യേശുവിനെ കൊലപ്പെടുത്തുവാൻ ഇനി താമസിച്ചുകൂടാ എന്നവർക്കു ബോദ്ധ്യമായി. യെരൂശലേമിലേക്കു വരുവാൻ യേശു താമസിച്ച പ്പോൾ യേശു വരികയില്ലയോ എന്നവർ സംശയിച്ചു. പലതവണ തങ്ങളുടെ കൊലപാതകശ്രമങ്ങളെ യേശു പരാജയപ്പെടുത്തിയതു പുരോഹിത പ്രമാണിമാർ ഓർത്തു. തങ്ങളുടെ ഗൂഢാലോചനകൾ യേശു അറിഞ്ഞു യെരൂശ ലേമിലേക്കു വരാതിരിക്കുമോ എന്നവർ ഭയപ്പെട്ടു. അവരുടെ ഉത്കണ്ഠയെ അവർ മറച്ചുവച്ചില്ല. അവർ തമ്മിൽ പറഞ്ഞു: “എന്തു തോന്നുന്നു, അവൻ പെരുന്നാളിനു വരികയില്ലയോ?”

പുരോഹിതന്മാരും പരീശന്മാരും ഒത്തുചേർന്നു. ലാസരിന്റെ പുനരുത്ഥാനം കഴിഞ്ഞതോടുകൂടി ജനങ്ങൾ യേശുവിനെ കൂടുതൽ അംഗീകരിക്കുവാൻ തുടങ്ങി. യേശുവിനെ പരസ്യമായി തടങ്കലിലാക്കുന്നതു ബുദ്ധിപൂർവ്വകമല്ലായെന്നു പുരോഹിതപ്രമാണികൾക്കു തോന്നി. അതുകൊണ്ടു യേശുവിനെ രഹസ്യമായി പിടിക്കുവാൻ അവർ തീരുമാനിച്ചു. കഴിയുന്നത്ര രഹസ്യമായി വിചാരണ നടത്തുവാനും അവർ ഉറച്ചു. ശിക്ഷാവിധി അറിഞ്ഞുകഴിയുമ്പോഴേക്കു പൊതുജനാഭിപ്രായം തങ്ങൾക്കനുകൂലമാകുമെന്ന് അവർ കരുതി.

ഇപ്രകാരം പുരോഹിതപ്രമാണിമാർ യേശുവിനെ നശിപ്പിക്കുവാൻ ആലോചന കഴിച്ചു. എന്നാൽ ലാസർ ജീവിച്ചിരിക്കുന്നിടത്തോളംകാലം തങ്ങൾ സുരക്ഷിതരല്ലായെന്നു പുരോഹിതപ്രമാണികൾക്കറിയാമായിരുന്നു. നാലു ദിവസം ശവക്കല്ലറയിൽ ആയിരിക്കുകയും യേശുവിന്റെ വചനത്താൽ ജീവൻ പ്രാപിക്കുകയും ചെയ്ത ഒരു മനുഷ്യന്റെ സാന്നിദ്ധ്യം എപ്പോഴെങ്കിലും തിരിച്ചടി നൽകുമെന്ന് അവർ ഭയപ്പെട്ടു. ഇത്ര വലിയ അത്ഭുതം പ്രവർത്തിച്ച ആളിനെ ഇല്ലായ്മ ചെയ്താൽ ജനം വെറുതെ വിടുകയില്ലായെന്ന് അവർക്കറിയാമായിരുന്നു. അതുകൊണ്ടു ലാസർ ജീവിച്ചിരിക്കുന്നതു തങ്ങളുടെ താൽപര്യങ്ങൾക്കു നല്ലതല്ലായെന്നു സൻഹെദ്രിൻ തീരുമാനിച്ചു. അസൂയയും മുൻവിധിയുമായിരുന്നു അവരെ ഇത്രത്തോളം എത്തിച്ചത്.

യെരൂശലേമിൽ ഈ ഗൂഢാലോചന നടന്നുകൊണ്ടിരിക്കുമ്പോൾ, യേശുവും ശിഷ്യന്മാരും ശീമോന്റെ ഭവനത്തിലെ വിരുന്നിൽ പങ്കെടുക്കുന്നതിനായി പോയി. മേശയ്ക്കരികിൽ കർത്താവിന്റെ ഒരു വശത്തു കുഷ്ഠരോഗത്തിൽ നിന്നു വിടുതൽ പ്രാപിച്ച ശീമോനും മറുവശത്തു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിക്കപ്പെട്ട ലാസരും ആസനസ്ഥരായി. മാർത്ത ഭക്ഷണം വിളമ്പുന്നതിൽ വ്യാപൃതയായപ്പോൾ, മറിയ യേശുവിന്റെ പാദാന്തികേ ഇരുന്നു യേശുവിൽനിന്നു വരുന്ന വചനങ്ങൾ സശ്രദ്ധം കേട്ടുകൊണ്ടിരുന്നു. യേശുവിന്റെ കൃപ അവളുടെ പാപങ്ങളെ ക്ഷമിച്ചു. അവളുടെ സഹോദരനു മരണത്തിൽനിന്നു പുനരുത്ഥാനം നൽകിയതിന്റെ നന്ദി അവളുടെ ഹൃദയത്തിൽ നിറഞ്ഞു തുളുമ്പിയിരുന്നു. തനിക്കു നേരിടുവാൻ പോകുന്ന മരണത്തെക്കുറിച്ചു യേശു സംസാരിക്കുന്നതു മറിയ കേട്ട് അവിടെത്തന്നെയിരുന്നു. ദുഃഖിതയായ മറിയയ്ക്കു യേശുവിനോടുള്ള ബഹുമാനം കാട്ടുവാൻ ആഗ്രഹമുണ്ടായി. അവൾ വളരെ ത്യാഗം സഹിച്ച് ഒരു വെൺകൽഭരണി വിലയേറിയ സ്വച്ഛജടാമാംസി പരിമളതൈലം യേശുവിന്റെ ശരീരത്തിൽ പൂശുവാനായി വാങ്ങിയിരുന്നു. യേശു രാജാവായി വാഴിക്കപ്പെടാൻ പോകുകയാണെന്ന് അനേകം പേർ പറയുന്നതു കേട്ടപ്പോൾ മറിയയുടെ ദുഃഖം സന്തോഷമായി മാറി. യേശുവിനെ ബഹുമാനിക്കുന്ന ഒന്നാമത്തെ വ്യക്തി താനായിരിക്കണമെന്നു മറിയ ആഗ്രഹിച്ചു. അവൾ വെൺകൽഭരണി പൊട്ടിച്ച് അതിലുണ്ടായിരുന്ന പരിമളതൈലം യേശുവിന്റെ തലയിലും പാദത്തിലും ഒഴിച്ചു. യേശുവിന്റെ കാല്പാദങ്ങൾ അവളുടെ കണ്ണുനീരിനാൽ കഴുകപ്പെട്ടു. അവളുടെ തലമുടികൊണ്ടു യേശുവിന്റെ കാല്പാദങ്ങൾ തുടച്ചു.

മറ്റുള്ളവരാൽ ശ്രദ്ധിക്കപ്പെടാതിരിക്കാൻ മറിയ ശ്രമിച്ചു. ഒരുപക്ഷേ അവൾ ചെയ്ത പ്രവൃത്തി വിസ്മൃതികോടിയിൽ തള്ളപ്പെടുമായിരുന്നു. എന്നാൽ യേശുവിന്റെ കാലിൽ ലേപനം ചെയ്യപ്പെട്ട സുഗന്ധദ്രവ്യത്തിന്റെ പരിമളം മുറി മുഴുവൻ പരന്നു. അവിടെ കൂടിയിരുന്നവർ എല്ലാം മറിയ ചെയ്ത പ്രവൃത്തി അറിഞ്ഞു. യൂദാ ഇതിൽ അസന്തുഷ്ടി പ്രകടിപ്പിച്ചു. ഈ പ്രവൃത്തിയെക്കുറിച്ചു യേശുവിന്റെ അഭിപ്രായം എന്തെന്നറിയുവാൻ കാത്തുനില്ക്കാതെ, എന്തിന് ഈ പാഴ്ച്ചെലവു ക്രിസ്തു അനുവദിച്ചുവെന്നു പിറുപിറുക്കുവാൻ തുടങ്ങി. മറ്റുള്ളവരിലും അസംതൃപ്തി ജനിപ്പിക്കുമാറു യൂദ തന്ത്രപൂർവ്വം അഭിപ്രായങ്ങൾ പുറപ്പെടുവിച്ചു.

യൂദാ ശിഷ്യന്മാരുടെ പണംസൂക്ഷിപ്പുകാരനായിരുന്നു. സ്വന്തം ആവശ്യ ങ്ങൾക്കായി പൊതുഫണ്ടിൽനിന്നു യൂദ പണമെടുത്തിരുന്നു. അങ്ങനെ ചെയ്തിരുന്നതുകൊണ്ടു തന്നെ ഭരമേല്പിച്ചിരുന്ന പണം വർദ്ധിച്ചില്ല. കിട്ടാവുന്ന പണമെല്ലാം തന്റെ മടിശ്ശീലയിലാക്കുവാൻ യൂദാ ആഗ്രഹിച്ചു. ദരിദ്രന്മാർക്കു വേണ്ടിയായിരുന്നു ശിഷ്യന്മാർ പണം ശേഖരിച്ചിരുന്നത്. യൂദയ്ക്കു താൽപര്യമില്ലാത്ത എന്തെങ്കിലും ചെലവുണ്ടായാൽ, “എന്തിനീ പാഴ്ച്ചെലവ്? പാവപ്പെട്ടവർക്കു കൊടുക്കുന്നതിനുവേണ്ടി എന്തുകൊണ്ട് ഈ പണം മടിശ്ശീലയിൽ ഇട്ടുകൂടാ?”എന്നു ചോദിക്കുമായിരുന്നു. മറിയയുടെ പ്രവൃത്തി യൂദയുടേതിൽനിന്നു വളരെ വ്യത്യസ്തത ഉള്ളതായിരുന്നു. അതു കണ്ടപ്പോൾ യൂദ അസൂയ നിറഞ്ഞവനായി. തന്റെ എതിർപ്പിനു ശ്രേഷ്ഠത യുടെ ഒരു പരിവേഷം നല്കുവാൻ യൂദ ശ്രമിച്ചു. യൂദ തിരിഞ്ഞു മറ്റു ശിഷ്യ ന്മാരോടു പറഞ്ഞു: “ഈ തൈലം മുന്നൂറു വെള്ളിക്കാശിനു വിറ്റു ദരിദ്രന്മാർക്കു കൊടുക്കാഞ്ഞത് എന്ത്? ഇതു ദരിദ്രന്മാരെക്കുറിച്ചു വിചാരം ഉണ്ടായിട്ടല്ല, അവൻ കള്ളൻ ആകക്കൊണ്ടും, പണസഞ്ചി തന്റെ പക്കൽ ആകയാൽ അതിൽ ഇട്ടത് എടുത്തുവന്നതുകൊണ്ടുമത്രേ പറഞ്ഞത്.” യൂദയ്ക്കു ദരിദ്രന്മാരോടു സ്നേഹം ഉണ്ടായിരുന്നില്ല. മറിയയുടെ പരിമളതൈലം വില്ക്കുകയും, ആ തുക യൂദയുടെ കൈവശം വരികയും ചെയ്തിരുന്നു വെങ്കിൽ ദരിദ്രന്മാർക്ക് അതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാക യില്ലായിരുന്നു.

തന്നെക്കുറിച്ചു യൂദയ്ക്ക് അതിരുകടന്ന മതിപ്പുണ്ടായിരുന്നു. തന്റെ സഹജീവികളെക്കാൾ ബുദ്ധിമാനാണു താനെന്നു യൂദ കരുതി. മറ്റുള്ളവരും തന്നെ ബഹുമാനിക്കണമെന്ന് ആഗ്രഹിച്ചു. അതിനു തന്റെ പ്രേരണാശക്തി ഉപയോഗിച്ചതുകൊണ്ടു കുറെയൊക്കെ പ്രയോജനമുണ്ടായി. മറ്റു ശിഷ്യന്മാർ യൂദ, തങ്ങളെക്കാൾ കഴിവുള്ളവൻ എന്നു വിശ്വസിച്ചു. ദരിദ്രരോടു തനിക്ക് അനുകമ്പയുണ്ടെന്നു നടിച്ചു യൂദ മറ്റു ശിഷ്യന്മാരെ വഞ്ചിച്ചു. മറിയയുടെ ഭക്തിയെ സംശയിക്കുവാൻ യൂദ മറ്റു ശിഷ്യന്മാരെ പ്രേരിപ്പിച്ചു. “ഈ വെറും ചെലവ് എന്തിന്?” എന്ന ചോദ്യം മേശയ്ക്കു ചുറ്റും പരന്നു. “ഇതു വളരെ വിലയ്ക്കു വിറ്റു ദരിദ്രർക്കു കൊടുക്കാമായിരുന്നല്ലോ.” ശിഷ്യന്മാർ മറിയയുടെ പ്രവൃത്തിയിൽ അസഹിഷ്ണുത പ്രകടിപ്പിച്ചു.

മറിയയുടെ കാതുകളിലും ഈ വിമർശനം എത്തി. അവൾ ഭയപ്പെട്ടു. തന്റെ സഹോദരിയും ഇതു വെറും ചെലവ് എന്നു പറഞ്ഞു തന്നെ കുറ്റപ്പെടുത്തുമോ എന്നു മറിയ ശങ്കിച്ചു. കർത്താവും ഈ ദുർവ്യയത്തെക്കുറിച്ച് എന്തു ചിന്തിക്കുമെന്ന് അവൾ സംശയാലുവായി. ക്ഷമാപണമോ, ഒഴിവു കഴിവോ പറയാതെ അവിടെനിന്നു പതുക്കെ മാറുവാൻ മറിയ ആഗ്രഹിച്ചു. അപ്പോഴാണു കർത്താവിന്റെ ശബ്ദം അവളുടെ കാതുകളിൽ പതിച്ചത്: "ഇവളെ വിടുവിൻ; അവളെ അസഹ്യപ്പെടുത്തുന്നത് എന്തിന്?" മറിയയ്ക്കു വിഷമവും പ്രയാസവും തോന്നി. അവൾ കർത്താവിനോടുള്ള നന്ദിയെ പ്രകാശിപ്പിക്കുകയായിരുന്നു ആ പ്രവൃത്തിയിലൂടെ ചെയ്തത് എന്നു യേശുവിനറിയാമായിരുന്നു. യേശു അവളെ ആശ്വസിപ്പിച്ചു. യേശു തുടർന്നു: "അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത്. ദരിദ്രർ നിങ്ങൾക്ക് എല്ലായ്പോഴും അടുക്കെ ഉണ്ടല്ലോ. ഇച്ഛിക്കുമ്പോൾ അവർക്കു നന്മ ചെയ്‌വാൻ നിങ്ങൾക്കു കഴിയും. ഞാനോ എല്ലായ്പോഴും നിങ്ങളോടുകൂടെ ഇരിക്കയില്ല. അവൾ തന്നാൽ ആവതു ചെയ്തു. കല്ലറയിലെ അടക്കത്തിനായി എന്റെ ദേഹത്തിനു മുമ്പുകൂട്ടി തൈലം തേച്ചു."

രക്ഷകന്റെ ചൈതന്യമറ്റ ശരീരത്തിന്മേൽ ലേപനം ചെയ്‌വാനായി മറിയ ഉദ്ദേശിച്ചിരുന്ന സമ്മാനം, തന്റെ ജീവനുള്ള ശരീരത്തിന്മേൽത്തന്നെ ആലേപനം ചെയ്തു. ശവസംസ്കാരസമയത്ത് അതിന്റെ സൗരഭ്യവാസന ശവക്കല്ലറയ്ക്കുള്ളിൽ മാത്രം തങ്ങിനില്ക്കും. എന്നാൽ മറിയ ചെയ്ത പ്രവൃത്തി കർത്താവിനെ സന്തോഷിപ്പിച്ചു. മറിയയുടെ വിശ്വാസവും സ്നേഹവും കർത്താവിന്റെ ഹൃദയത്തിനു പ്രസാദകരമായിരുന്നു. അരിമത്യക്കാരനായ യോസേഫും, നിക്കോദേമൊസും നല്കിയ സ്നേഹസമ്മാനങ്ങൾ യേശു മരിച്ചുകഴിഞ്ഞിട്ടായിരുന്നു. അശ്രുപൂജ നല്കിക്കൊണ്ട്, യേശുവിന്റെ മൃത ശരീരത്തിന്മേലായിരുന്നു അവർ കൊണ്ടുവന്ന വിലയേറിയ സുഗന്ധ തൈലം പുരട്ടിയത്. കല്ലറയ്ക്കൽ, മറ്റു സ്ത്രീകൾ കൊണ്ടുവന്ന സുഗന്ധ ദ്രവ്യങ്ങളും പ്രയോജനരഹിതങ്ങളായി. കാരണം അപ്പോഴേക്കും കർത്താവു പുനരുത്ഥാനം ചെയ്തുകഴിഞ്ഞു. എന്നാൽ മറിയയുടെ സ്നേഹത്തിന്റെ പ്രതീകമായ സുഗന്ധദ്രവ്യം നല്കിയത് ഈ ഭൂമിയിൽ ജീവിച്ചിരുന്ന കർത്താവിനായിരുന്നു. മറിയയുടെ ഭക്തിയും ആരാധനയും യേശു മനസ്സിലാക്കി. കർത്താവിന്റെ അടക്കത്തിനായി അവൾ "മുൻപുകൂട്ടി തൈലം തേച്ചു." യേശു തന്റെ ഗെത്ശേമന അനുഭവത്തിലേക്കു പ്രവേശിച്ചപ്പോൾ മറിയ ചെയ്ത സത്പ്രവൃത്തിയുടെ ഓർമ്മയായിരുന്നു മനസ്സിൽ കാത്തുസൂക്ഷിച്ചത്. വീണ്ടെടുക്കപ്പെട്ടവരുടെ സ്നേഹത്തിന്റെ ഒരു മുൻകൂറായിരുന്നു മറിയ പ്രകടിപ്പിച്ച സ്നേഹം. യേശുവിനു നിത്യതയിൽ ഈ സ്നേഹമായിരിക്കും ലഭിക്കുവാൻ പോകുന്നത്.

ഒരാളിന്റെ മരണശേഷം വിലയേറിയ ദാനങ്ങൾ അദ്ദേഹത്തിനു കാഴ്ച വയ്ക്കുന്നവരുണ്ട്. തണുത്തു ചേതനയറ്റു കിടക്കുന്ന ശരീരത്തിന്റെ മുമ്പിൽ നിന്നുകൊണ്ട് അവർ, സ്നേഹത്തിന്റെ വാക്കുകൾ പൊഴിക്കുന്നു. മരിച്ച ആളിനോടുള്ള ബഹുമാനവും ഭക്തിയും പ്രശംസയും യാതൊരു ലോഭവും

കൂടാതെ അവർ പ്രകടിപ്പിക്കുമായിരുന്നു. അവർക്കു കേൾക്കുവാനും ആസ്വദി ക്കുവാനും കഴിഞ്ഞിരുന്നപ്പോൾ ഈ നന്ദിപ്രകടനം ചെയ്തിരുന്നുവെങ്കിൽ അവയുടെ സൗരഭ്യം എത്ര വിലയേറിയതാകുമായിരുന്നു.

താൻ ചെയ്ത സ്നേഹപ്രവൃത്തിയുടെ പ്രാധാന്യം മറിയ മനസ്സി ലാക്കിയിരുന്നില്ല. തന്നെ വിമർശിച്ചവരോടു മറുപടി പറയുവാൻ അവൾക്കു സാധിച്ചില്ല. യേശുവിനെ തൈലംകൊണ്ട് അഭിഷേകം ചെയ്വാൻ ആ സന്ദർഭം തെരഞ്ഞെടുത്തതെന്തുകൊണ്ടെന്നു വിശദീകരിക്കുവാൻ അവൾക്കു കഴിവില്ലായിരുന്നു. പരിശുദ്ധാത്മാവ് അവൾക്കുവേണ്ടി പ്രവർത്തിക്കുക യായിരുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വിശദീകരണത്തിനും അപ്പുറമാണ്. അദൃശ്യമായ ദൈവസാന്നിദ്ധ്യം മനസ്സിനോടും ആത്മാവി നോടും സംസാരിക്കുകയും ഹൃദയത്തെ പ്രവർത്തനോന്മുഖമാക്കുകയും ചെയ്യുന്നു. അതിന്റെ ന്യായീകരണം അതു മാത്രമാണ്.

അവളുടെ പ്രവൃത്തിയുടെ അർത്ഥം ക്രിസ്തു അവളോടു പറഞ്ഞു. അവളുടെ പ്രവൃത്തിമൂലം ലഭിച്ചതിനെക്കാൾ അധികം കർത്താവ് അവൾക്കു നല്കി. “കല്ലറയിലെ അടക്കത്തിനായി എന്റെ ദേഹത്തിനു മുമ്പുകൂട്ടി തൈലം തേച്ചു.” ആ വെൺകൽഭരണി പൊട്ടിച്ചു വീടുമുഴുവൻ സുഗന്ധം പരത്തിയതുപോലെ, ക്രിസ്തുവിന്റെ മരണം മൂലം ക്രിസ്തുവിന്റെ ജീവിത മാകുന്ന സുഗന്ധം എങ്ങും പരക്കേണ്ടതാണ്. വെൺകൽഭരണി പൊട്ടിച്ചതു പോലെ കർത്താവിന്റെ ശരീരം നുറുക്കപ്പെടേണ്ടതാണ്. “ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യ വാസനയായ വഴിപാടും യാഗവുമായി” (എഫെ. 5:2).

“സുവിശേഷം ലോകത്തിൽ ഒക്കെയും പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു” എന്നു ക്രിസ്തു പറഞ്ഞു. ക്രിസ്തുവിന്റെ സുവിശേഷം ലോകത്തെമ്പാടും പ്രസംഗിക്കപ്പെടുമെന്നു ക്രിസ്തുവിന് ഉറപ്പുണ്ടായിരുന്നു. സുവിശേഷം എത്തുന്നിടത്തൊക്കെയും മറിയയുടെ സത്പ്രവൃത്തി അതിന്റെ സൗരഭ്യം പരത്തും. മറിയയുടെ സത്പ്രവൃത്തിയിൽ ക്കൂടെ അനേകർ അനുഗൃഹീതരായിത്തീരും. രാജ്യങ്ങൾ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യും. രാജാക്കന്മാരുടെയും ജേതാക്കളുടെയും പേരുകൾ വിസ്മൃതിയിൽ പതിക്കും. എന്നാൽ വിശുദ്ധചരിത്രത്തിന്റെ താളുകളിൽ മറിയ ചെയ്ത സത്പ്രവൃത്തി എന്നേക്കും ജീവിക്കും. കാലം ഇല്ലാതാകുന്നതുവരെ ഉടയ്ക്കപ്പെട്ട ആ വെൺകൽഭരണി, പാപത്തിൽ നിപതിച്ച മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ അളവറ്റ സ്നേഹത്തിന്റെ കഥ പറഞ്ഞുകൊണ്ടിരിക്കും.

യൂദ ചെയ്വാൻ പോകുന്ന പ്രവൃത്തിയും മറിയ ചെയ്ത പ്രവൃത്തിയും തമ്മിൽ ധ്രുവാന്തരം ഉണ്ടായിരുന്നു. മറ്റു ശിഷ്യന്മാരുടെ ഹൃദയങ്ങളിൽ ദുശ്ചിന്തയും വിമർശനമനോഭാവവും സൃഷ്ടിച്ച യൂദയ്ക്ക് എത്ര നിശിതമായ ശകാരം ക്രിസ്തുവിനു നല്കാമായിരുന്നു. തന്റെമേൽ കുറ്റം ആരോപിച്ച

യൂദയെ ക്രിസ്തുവിന് എത്ര ന്യായമായ രീതിയിൽ കുറ്റം വിധിക്കാമായിരുന്നു. എല്ലാ ഹൃദയങ്ങളെയും അറിയുന്നവനും എല്ലാ പ്രവൃത്തികളെയും ഗ്രഹിക്കുന്നവനുമായ കർത്താവിന്, യൂദയുടെ ജീവിതത്തിലെ കറുത്ത ഏടുകളെ വിരുന്നുശാലയിൽ വന്നിരിക്കുന്നവരുടെ മുമ്പിൽ തുറന്നു കാട്ടാമായിരുന്നു.  ആ വഞ്ചകന്റെ ആത്മാർത്ഥതയില്ലാത്ത വാക്കുകളെ വെളിച്ചത്തുകൊണ്ടുവരാമായിരുന്നു.  യൂദ ദരിദ്രരോട് അനുകമ്പ കാണിക്കുന്നതിനു പകരം അവർക്കുവേണ്ടി സ്വരൂപിച്ചിരുന്ന പണം അവൻ ചൂഷണം ചെയ്തെടുക്കുകയായിരുന്നു.  വിധവമാരെയും അനാഥരെയും അവൻ പീഡിപ്പിച്ചിരുന്നതു പരസ്യമാക്കി പൊതുജനരോഷം അവനെതിരായി തിരിക്കുവാൻ യേശുവിനു കഴിയുമായിരുന്നു. എന്നാൽ, യൂദയുടെ കാപട്യത്തെ പരസ്യമാക്കിയിരുന്നുവെങ്കിൽ, ക്രിസ്തുവിനെ ഒറ്റിക്കൊടുക്കുവാൻ അതൊരു കാരണമായി അവൻ എടുക്കുമായിരുന്നു.  അവന്റെമേൽ എന്തെങ്കിലും ആരോപണം ഉന്നയിച്ചിരുന്നെങ്കിൽ അവൻ ശിഷ്യന്മാരുടെ അനുകമ്പ പിടിച്ചെടുക്കുമായിരുന്നു. കർത്താവ് അവനെ കുറ്റപ്പെടുത്തിയില്ല. അവൻ ചെയ്ത കുറ്റകൃത്യങ്ങൾക്ക് ഒരു ന്യായീകരണവും അവനു പറയുവാനുണ്ടായിരുന്നില്ല.

എങ്കിലും ക്രിസ്തുവിന്റെ തീക്ഷ്ണതയേറിയ നോട്ടം യൂദയുടെ അന്തരാത്മാവിലേക്കു കടന്നുചെന്നു.  തിന്മനിറഞ്ഞ അവന്റെ ഹൃദയം ക്രിസ്തുവിന്റെ മുമ്പിൽ തുറന്നിരുന്നു. മറിയയുടെ പ്രവൃത്തിയെ ശ്ലാഘിച്ചതിലൂടെ ക്രിസ്തു യൂദയെ ശകാരിച്ചു. ഇതിനു മുമ്പായി യൂദയെ യേശു നേരിട്ടു ശകാരിച്ചിരുന്നില്ല. ക്രിസ്തുവിന്റെ വാക്കുകൾ അവന്റെ ഹൃദയത്തിലേക്കു കടന്നു ചെന്നു.  യേശുവിനോടു പ്രതികാരം ചെയ്യുന്നതിന് അവൻ തീരുമാനിച്ചുറച്ചു. അത്താഴവിരുന്നിൽനിന്ന് അവൻ മഹാപുരോഹിതന്റെ അരമനയിലേക്കു പോയി. അവിടെ സൻഹെദ്രിൻസംഘം കൂടിക്കൊണ്ടിരുന്നു. അവർക്കുവേണ്ടി യേശുവിനെ കാണിച്ചുകൊടുക്കാമെന്നു യൂദാ സമ്മതിച്ചു.

പുരോഹിതന്മാർക്കു വളരെ സന്തോഷമായി. യിസ്രായേലിലെ നായകന്മാർക്കു ക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിപ്പാനുള്ള അവസരം നല്കപ്പെട്ടതായിരുന്നു.  ഒരു വിലയും നല്കാതെ സൗജന്യമായി രക്ഷ അവർക്കു കരസ്ഥമാക്കാമായിരുന്നു. എന്നാൽ സ്നേഹമേറിയ ക്ഷണം അവർ നിരസിച്ചുകളഞ്ഞു. സ്വർണ്ണത്തെക്കാൾ അമൂല്യമായ രക്ഷാദാനത്തെ അവർ സ്വീകരിച്ചില്ല. എന്നാൽ മുപ്പതു വെള്ളിക്കാശു കൊടുത്ത് അവർ രക്ഷകനെ  വിലയ്ക്കുവാങ്ങി.

ദ്രവ്യാഗ്രഹത്തിനു വഴങ്ങിക്കൊടുത്ത യൂദാ ഒടുവിൽ അതിന്റെ കരാളഹസ്തങ്ങളിൽ അമർന്നു. അവനിൽ ഉണ്ടായിരുന്ന നല്ല ഗുണങ്ങളെല്ലാം ഈ മാരകപാപത്തിനു കീഴടങ്ങി. യേശു നല്കിയ ദാനത്തെ അവൻ വിലമതിച്ചില്ല. ഭൗമികരാജാക്കന്മാർക്കു ലഭിക്കേണ്ട ബഹുമാനം ക്രിസ്തുവിനു ലഭിച്ചതിൽ യൂദാസ് അസൂയാലുവായി. ആ വെൺകൽഭരണിയിലെ പരിമളതൈലത്തിന്റെ വിലയെക്കാൾ വളരെ കുറഞ്ഞ വിലയ്ക്കു തന്റെ രക്ഷകനെ യൂദാസ്  ഒറ്റിക്കൊടുത്തു.

മറ്റു ശിഷ്യന്മാർ യൂദയെപ്പോലെ ആയിരുന്നില്ല. അവർ തങ്ങളുടെ രക്ഷകനെ സ്നേഹിച്ചു. എങ്കിലും യേശുവിന്റെ ശ്രേഷ്ഠതയെ അവർ ശരിക്കും മനസ്സിലാക്കിയിരുന്നില്ല. തങ്ങളുടെ രക്ഷകൻ തങ്ങൾക്കുവേണ്ടി എന്താണു ചെയ്തത് എന്ന് അവർ മനസ്സിലാക്കിയിരുന്നെങ്കിൽ, അവനുവേണ്ടി എന്തു ത്യാഗം ചെയ്താലും അതു പാഴ്ച്ചെലവ് എന്ന് അവർ പറകയില്ലായിരുന്നു. ശിശുവായ യേശുവിനെക്കുറിച്ച് അല്പം മാത്രം ഗ്രഹിച്ച വിദ്വാന്മാർ, യേശുവിന് അർഹമായ രീതിയിൽ ആദരവു നല്കി. വിലപിടിപ്പുള്ള തിരുമുൽക്കാഴ്ചകൾ ഉണ്ണിയേശുവിന് അവർ അർപ്പിച്ചു.

ഹൃദയംഗമമായ സ്നേഹത്തെ യേശു വിലമതിക്കുന്നു. ആരെങ്കിലും യേശുവിനെ ആദരിച്ചിട്ടുള്ളപ്പോൾ സ്വർഗ്ഗീയമായ വിനയത്തോടുകൂടി യേശു, അയാളെ അനുഗ്രഹിക്കുകയാണു ചെയ്തിട്ടുള്ളത്. സ്നേഹത്തോടെ ഒരു ശിശു കർത്താവിന് ഒരു ചെറുപുഷ്പമാണു നല്കുന്നതെങ്കിൽപ്പോലും, കർത്താവ് ഒരിക്കലും അതു നിരാകരിക്കുകയില്ല. ശിശുക്കളുടെ ദാനങ്ങളും യേശു സ്വീകരിച്ചു. യേശു അവരെ അനുഗ്രഹിച്ചു. ജീവന്റെ പുസ്തകത്തിൽ അവരുടെ പേർ കർത്താവ് എഴുതി. മറ്റു മറിയമാരിൽനിന്നു ലാസരിന്റെ സഹോദരിയായ മറിയയെ വ്യത്യസ്തയായി കാട്ടുന്ന ഒന്നായിട്ടാണു യേശുവിനെ പരിമളതൈലം പൂശിയ പ്രവൃത്തിയെ തിരുവെഴുത്തുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യേശു, ദൈവപുത്രൻ ആകുന്നു എന്ന വിശ്വാസ പ്രഖ്യാപനമാണ്, യേശുവിനുവേണ്ടി ചെയ്യുന്ന ഓരോ സത്പ്രവൃത്തികളും നടത്തുന്നത്. ഒരു ഭക്തയായ സ്ത്രീയുടെ വിശ്വസ്തതയുടെ തെളിവുകളായി തിരുവെഴുത്തുകളിൽ പറഞ്ഞിരിക്കുന്നത്, "അതിഥികളെ സൽക്കരിക്കുകയോ, വിശുദ്ധന്മാരുടെ കാലുകളെ കഴുകുകയോ, ഞെരുക്കമുള്ളവർക്കു മുട്ടുതീർക്കുകയോ, സർവ്വസൽപ്രവൃത്തിയും ചെയ്തുപോരികയോ..." (1 തിമൊ. 5:10) എന്നത്രേ.

തന്റെ ഗുരുവിന്റെ ഇഷ്ടം നിറവേറ്റാനുള്ള മറിയയുടെ അത്യുത്സാഹത്തിൽ ക്രിസ്തു സന്തുഷ്ടനായി. ശിഷ്യന്മാർ മനസ്സിലാക്കാതിരുന്ന, മനസ്സിലാക്കാൻ വൈമനസ്യം കാണിച്ച, നിഷ്കളങ്ക സ്നേഹത്തെ യേശു സ്വീകരിച്ചു. മറിയ കാട്ടിയ സ്നേഹപ്രകടനം യേശുവിന്റെ ഹൃദയത്തെ ആഴമായി സ്പർശിച്ചു. കാരണം ലോകരക്ഷകനോടുള്ള മറിയയുടെ ആദരവായിരുന്നു അത്. ക്രിസ്തുവിന്റെ സ്നേഹം അവളുടെ ഹൃദയത്തിൽ ആ സത്പ്രവൃത്തി ചെയ്യാനുള്ള ആഗ്രഹം ഉളവാക്കി. ക്രിസ്തുവിന്റെ അതുല്യമായ സ്വഭാവശ്രേഷ്ഠത മറിയയുടെ ആത്മാവിനെ സമ്പന്നമാക്കി. അവൾ നല്കിയ പരിമളതൈലം അവളുടെ ഹൃദയനൈർമ്മല്യത്തിന്റെ പ്രതീകമായിരുന്നു. സ്വർഗ്ഗീയ പ്രവാഹത്താൽ നിറഞ്ഞു കവിഞ്ഞ ഒരു സ്നേഹഹൃദയത്തിന്റെ നന്ദിപ്രകടനമായിരുന്നു മറിയ ചെയ്ത സത്പ്രവൃത്തി.

മറിയയുടെ പ്രവൃത്തി ശിഷ്യന്മാർക്ക് ഒരു ഗുണപാഠം നല്കി. തങ്ങളുടെ ഗുരുവിനോടു തങ്ങൾക്കുള്ള സ്നേഹത്തെ പ്രകടിപ്പിച്ചാൽ അതു ഗുരുവിന് ഇഷ്ടമായിരിക്കുമെന്നതായിരുന്നു ആ പാഠം. ക്രിസ്തു, ശിഷ്യന്മാർക്ക് എല്ലാമായിരുന്നു. തങ്ങളുടെ ഗുരു, തങ്ങളെ വിട്ടുപിരിയാൻ പോകുന്നുവെന്നു

ശിഷ്യന്മാർ ഗ്രഹിച്ചില്ല. ഗുരുവിന്റെ സ്നേഹത്തിനു പകരമായി തങ്ങൾക്കു ഗുരുവിന്റെ വേർപാടിനു മുൻപ്, ഒന്നും നല്കുവാൻ ശിഷ്യന്മാർക്കു കഴിയുമായിരുന്നില്ല. സ്വർഗ്ഗീയമഹിമ വെടിഞ്ഞു മനുഷ്യനായിത്തീർന്ന ക്രിസ്തുവിന്റെ സ്വയത്യാഗവും ഏകാന്തതയും മനസ്സിലാക്കുവാനോ, അഭിനന്ദിക്കുവാനോ ശിഷ്യന്മാർക്കു കഴിഞ്ഞില്ല. ശിഷ്യന്മാരിൽനിന്നു ലഭിക്കേണ്ടതു ലഭിക്കാത്തതുകൊണ്ടു ക്രിസ്തു പലപ്പോഴും ദുഃഖിതനായിരുന്നു. ക്രിസ്തുവിനെ അനുഗമിച്ചിരുന്ന സ്വർഗ്ഗീയ ദൂതന്മാരുടെ പ്രേരണയ്ക്കു ശിഷ്യന്മാർ വശംവദരായിരുന്നുവെങ്കിൽ, അവരും, മറിയയെപ്പോലെ, ക്രിസ്തുവിനോടുള്ള തങ്ങളുടെ സ്നേഹത്തെ പ്രദർശിപ്പിക്കാൻ ഏറ്റവും ശ്രേഷ്ഠമായ ദാനം നല്കുവാൻ ഒരുമ്പെടുമായിരുന്നു.

ക്രിസ്തു തങ്ങളോടുകൂടെ ഉണ്ടായിരുന്നപ്പോൾ തങ്ങളുടെ നന്ദിയെയും സ്നേഹത്തെയും പ്രകടിപ്പിക്കുന്നതിനു തങ്ങൾ ചെയ്യേണ്ടിയിരുന്ന കാര്യങ്ങളെക്കുറിച്ചു പിന്നീടു ശിഷ്യന്മാർക്കു ബോദ്ധ്യമായി. യേശു ശിഷ്യന്മാരെ വിട്ടുപിരിഞ്ഞപ്പോൾ അവർ ഇടയനില്ലാത്ത ആടുകളെ പ്പോലെയായി. തങ്ങൾ ചെയ്യേണ്ടിയിരുന്ന ചുമതലകൾ ചെയ്തിരുന്നുവെങ്കിൽ അവ, ഗുരുവിനെ എത്ര സന്തോഷിപ്പിക്കുമായിരുന്നുവെന്നവർ മനസ്സിലാക്കിയതു പിന്നീടായിരുന്നു. അവർ മറിയയെ പിന്നീടൊരിക്കലും കുറ്റപ്പെടുത്തിയില്ല. തങ്ങളുടെ തെറ്റിനെ ശിഷ്യന്മാർ പഴിച്ചു. മറിയയെ അവർ വിമർശിച്ചതു തിരിച്ചെടുക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്നവർ ആശിച്ചു. ക്രിസ്തുവിനു നല്കേണ്ട ദാനം ദരിദ്രന്മാർക്കു നല്കേണ്ടതായിരുന്നുവെന്നു പറഞ്ഞതിനെക്കുറിച്ചു ശിഷ്യന്മാർ ദുഃഖിച്ചു. തങ്ങളുടെ ഗുരുവിന്റെ മൃതശരീരം കുരിശിൽനിന്ന് എടുത്തപ്പോൾ ശിഷ്യന്മാരുടെ ഹൃദയം കുറ്റബോധത്താൽ പിടഞ്ഞു.

ഇന്നും ഈ കുറവു നിലനില്ക്കുന്നു. തങ്ങൾക്കുവേണ്ടി ക്രിസ്തു ചെയ്ത ഉപകാരത്തെ അവർ ഓർക്കുന്നില്ല. അവർ അതു ഗ്രഹിച്ചിരുന്നുവെങ്കിൽ മറിയയെപ്പോലെ അവരും കർത്താവിനോടുള്ള സ്നേഹം പ്രദർശിപ്പിക്കുമായിരുന്നു. അവരും കൈതുറന്നു തൈലം പൂശുമായിരുന്നു. വിലയേറിയ തൈലത്തെ പാഴ്ച്ചെലവ് എന്നു വിളിക്കയില്ല. ക്രിസ്തുവിനുവേണ്ടി നല്കുന്നതു പാഴ്ച്ചെലവ് എന്ന് ആരും കരുതുകയില്ല. അതിന്റെ വിലകൂടിപ്പോയിയെന്നു ക്രിസ്തുവിന്റെ സ്നേഹത്തെക്കണ്ട ഒരുവൻ കരുതുകയില്ല. ക്രിസ്തുവിനുവേണ്ടി സഹിക്കുന്ന ഒരു ത്യാഗവും അധികമായിപ്പോവുകയില്ല.

"എന്തിന് ഈ പാഴ്ച്ചെലവ്?" എന്ന സ്നേഹരഹിതമായ ചോദ്യം, താൻ ചെയ്യുവാൻ പോകുന്ന വലിയ ത്യാഗത്തെ ക്രിസ്തുവിന്റെ ഓർമ്മയിലേക്കു കൊണ്ടുവന്നു. വീഴ്ച ഭവിച്ചതും നഷ്ടപ്പെട്ടതുമായ ഒരു ലോകത്തിനുവേണ്ടി, അതിന്റെ പാപപരിഹാരത്തിനുവേണ്ടിയായിരുന്നു ക്രിസ്തു സ്വജീവനെ നല്കുവാൻ പോകുന്നത്. ഇതിനപ്പുറം ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി ഒന്നും നല്കുവാനില്ലായിരുന്നു. അത്ര വലിയ ത്യാഗമാണു ക്രിസ്തു ലോകത്തിനുവേണ്ടി ചെയ്തത്. തന്റെ ഓമനപ്പുത്രനെ മനുഷ്യവർഗ്ഗത്തിനുവേണ്ടി മരിക്കുവാൻ നല്കിയതിൽക്കൂടെ സ്വർഗ്ഗീയ പിതാവ്, സ്വർഗ്ഗം മുഴുവനും നല്കുകയാണു ചെയ്തത്. ലോകപ്രകാരമുള്ള നോട്ടത്തിൽ ഇതൊരു

പാഴ്ച്ചെലവു തന്നെയായിരുന്നു. മനുഷ്യചിന്തയിൽ ദൈവത്തിന്റെ രക്ഷാ പദ്ധതി ഒരു ദുർവ്യയമാണ്. അളവില്ലാത്ത ദൈവകൃപയുടെയും സ്വർഗ്ഗീയ വിഭവങ്ങളുടെയും പാഴ്ച്ചെലവാണു ദൈവത്തിന്റെ വീണ്ടെടുപ്പിൻപദ്ധതി. മനുഷ്യദൃഷ്ടിയിൽ പൂർണ്ണമനസ്സോടുകൂടെയുള്ള ഒരു ആത്മപരിത്യാഗ മാണു കർത്താവു ചെയ്തത്. ക്രിസ്തു യാതൊരളവും കൂടാതെ മനുഷ്യന്റെ വിമോചനത്തിനുവേണ്ടി ദൈവകൃപ ചൊരിയുമ്പോൾ, അതു സ്വീകരിപ്പാൻ വൈമനസ്യം കാട്ടുന്ന മനുഷ്യനെ ദൈവദൂതന്മാർ അത്ഭുതപരതന്ത്രരായി നോക്കുകയാണ്. എന്തിന് ഈ പാഴ്ച്ചെലവ് എന്നു ദൂതന്മാരും ചോദിച്ചു പോകാം.

എന്നാൽ നഷ്ടപ്പെട്ട ഒരു ലോകത്തിനുവേണ്ടി നടത്തുന്ന പാപപരി ഹാരയാഗം സമ്പൂർണ്ണവും, സമൃദ്ധവും, കുറ്റമറ്റതും ആയിരിക്കണം. ദൈവം സൃഷ്ടിച്ച എല്ലാ മനുഷ്യരെയും രക്ഷിപ്പാൻ പര്യാപ്തമാകുമാറു സമൃദ്ധ മാണു ക്രിസ്തുവിന്റെ ത്യാഗം. ക്രിസ്തു നല്കുന്ന ദാനം സ്വീകരിപ്പാൻ എത്ര പേർ വന്നാലും അതിന്റെ സമൃദ്ധിക്ക് ഒരു കുറവുമില്ല. എങ്കിലും എല്ലാവരും ദൈവത്തിന്റെ ദാനമായ രക്ഷയെ സ്വീകരിക്കയില്ല. ഇത്ര ഔദാര്യപൂർവ്വമായ രക്ഷയെ തിരസ്കരിക്കുന്നവർ ഉണ്ടെങ്കിലും അത് ഒരു പാഴ്ച്ചെലവ് അല്ല. അതിന്റെ സമൃദ്ധിക്ക് ഒരു ലോഭവും ഇല്ല.

യൂദയുടെ വിമർശനം ശീമോനു വളരെ ഹിതകരമായിരുന്നു. യേശുവിന്റെ പെരുമാറ്റത്തിൽ ശീമോന് അത്ഭുതമാണുണ്ടായത്. അവനിലെ പരീശത്വം ഉണർന്നു. ശീമോന്റെ അതിഥികളിൽ പലർക്കും യേശുവിനോടു നീരസ മാണുണ്ടായതെന്ന് അവൻ മനസ്സിലാക്കി. “ഇവൻ പ്രവാചകൻ ആയിരുന്നു വെങ്കിൽ, തന്നെ തൊടുന്ന സ്ത്രീ ആരെന്നും എങ്ങനെയുള്ളവൾ എന്നും അറിയുമായിരുന്നു; അവൾ പാപിയല്ലോ” എന്നു ശീമോൻ ഹൃദയത്തിൽ പറഞ്ഞു.

ശീമോന്റെ കുഷ്ഠം യേശു സൗഖ്യമാക്കിയപ്പോൾ മരണത്തിൽനിന്നു മുള്ള വിടുതലാണ് അവനു ലഭിച്ചത്. എന്നാൽ യേശു യഥാർത്ഥത്തിൽ പ്രവാചകൻ തന്നെയാണോ എന്നു ശീമോൻ സംശയിക്കുകയായിരുന്നു. മൂന്നു കാര്യങ്ങളാണു ശീമോനെ സംശയാലുവാക്കിയത് – ഒന്ന്, മറിയയെ, തന്റെ അടുത്തു വരുന്നതിനു ക്രിസ്തു അനുവദിച്ചു. രണ്ട്, അവളുടെ പാപ ങ്ങൾ ക്ഷമിക്കപ്പെടാൻ പാടില്ലാത്തതാണെന്നു ക്രിസ്തു പറഞ്ഞില്ല. മൂന്ന്, അവളെ പാപിനി എന്നു യേശു വിളിച്ചില്ല. ഇത്ര സ്വതന്ത്രയായി പെരുമാറുന്ന സ്ത്രീയെക്കുറിച്ചു യേശുവിനു ഒന്നുമറിയില്ലായിരിക്കുമെന്നും അറിഞ്ഞിരുന്നു വെങ്കിൽ തന്നെ തൊടുവാൻ യേശു അവളെ അനുവദിക്കുകയില്ലായിരുന്നു വെന്നും ശീമോൻ ചിന്തിച്ചു.

എന്നാൽ ദൈവത്തെക്കുറിച്ചുള്ള അജ്ഞതയാലായിരുന്നു ശീമോൻ അപ്രകാരം ചിന്തിക്കുവാൻ പ്രേരിപ്പിക്കപ്പെട്ടത്. ദൈവപുത്രൻ, ദൈവത്തിന്റെ മാർഗ്ഗത്തിൽക്കൂടെയാണു പ്രവർത്തിക്കുന്നതെന്നു ശീമോൻ മനസ്സിലാക്കിയില്ല. ദൈവത്തിന്റെ മാർഗ്ഗം അനുകമ്പയും, ആർദ്രതയും, കരുണയും, കൃപയും

നിറഞ്ഞതാണ്. മറിയയുടെ പശ്ചാത്താപപൂർണ്ണമായ പ്രവൃത്തി കാണുവാനുള്ള മനസ്സു ശീമോനില്ലായിരുന്നു. ക്രിസ്തുവിന്റെ പാദം ചുംബിക്കുകയും, അവയെ പരിമളതൈലംകൊണ്ടു പൂശുകയും ചെയ്തപ്പോൾ അതു സഹിപ്പാനുള്ള മനസ്സ്, ശീമോന്റെ കഠിന ഹൃദയത്തിനില്ലായിരുന്നു. ക്രിസ്തു ഒരു പ്രവാചകനായിരുന്നുവെങ്കിൽ പാപിനിയായ മറിയയെ, തിരിച്ചറിഞ്ഞ്, ശകാരിക്കുമായിരുന്നുവെന്നു ശീമോൻ ചിന്തിച്ചു.

ശീമോന്റെ ഹൃദയനിരൂപണം ഗ്രഹിച്ച കർത്താവു ശീമോനോടു പറഞ്ഞു: "ശീമോനേ, നിന്നോട് ഒന്നു പറവാനുണ്ട്... കടം കൊടുക്കുന്ന ഒരുത്തനു രണ്ടു കടക്കാർ ഉണ്ടായിരുന്നു; ഒരുത്തൻ അഞ്ഞൂറു വെള്ളിക്കാശും മറ്റവൻ അമ്പതു വെള്ളിക്കാശും കൊടുപ്പാനുണ്ടായിരുന്നു. വീട്ടുവാൻ അവർക്കു വകയില്ലായ്കയാൽ അവൻ ഇരുവർക്കും ഇളച്ചുകൊടുത്തു. എന്നാൽ അവരിൽ ആർ അവനെ അധികം സ്നേഹിക്കും? അധികം ഇളച്ചുകിട്ടിയവൻ എന്നു ഞാൻ ഊഹിക്കുന്നുവെന്നു ശീമോൻ പറഞ്ഞു. അവൻ അവനോട്: നീ വിധിച്ചതു ശരി എന്നു പറഞ്ഞു."

നാഥാൻ പ്രവാചകൻ ദാവീദിനോടു പറഞ്ഞതുപോലെ ക്രിസ്തു ഒരു ഉപമയിലൂടെ വസ്തുത അവതരിപ്പിച്ചു. തന്റെ ആതിഥേയനുതന്നെ സ്വയം വിധി പ്രസ്താവിക്കേണ്ട ചുമതല ക്രിസ്തു നല്കി. താൻ വെറുക്കുന്ന സ്ത്രീയെ പാപത്തിലേക്കു നയിച്ചതു ശീമോനായിരുന്നു. ശീമോൻ മറിയയോടു തെറ്റു ചെയ്തു. രണ്ടു കടക്കാരായിട്ടാണു ശീമോനും മറിയയും ചിത്രീകരിക്കപ്പെട്ടത്. രണ്ടു വ്യക്തികളിലും ഉള്ള കടത്തിന്റെ ഗുരുത്വവും ലഘുത്വവും പഠിപ്പിക്കുകയായിരുന്നില്ല യേശുവിന്റെ ഉദ്ദേശ്യം. രണ്ടു പേർക്കും കൊടുത്തുതീർപ്പാൻ കഴിയാത്ത കടമാണുണ്ടായിരുന്നത്. എന്നാൽ ശീമോൻ മറിയയെക്കാൾ കൂടുതൽ നീതിമാനായിരുന്നുവെന്നു സ്വയം കരുതി. ശീമോന്റെ കുറ്റം എത്ര വലുതായിരുന്നുവെന്ന് അവൻ മനസ്സിലാക്കണമെന്നു യേശു ഇച്ഛിച്ചു. അഞ്ഞൂറു വെള്ളിക്കാശ് അമ്പതു വെള്ളിക്കാശിനെക്കാൾ വലുതായിരിക്കുന്നതുപോലെ, ശീമോന്റെ പാപം മറിയയുടെ പാപത്തെക്കാൾ വലുതായിരുന്നുവെന്നു യേശു ചൂണ്ടിക്കാട്ടി.

ശീമോനു ലഭിച്ച പുതിയ വെളിച്ചത്തിൽ സ്വയം കാണുവാൻ ആരംഭിച്ചു. പ്രവാചകനെക്കാൾ ശ്രേഷ്ഠനായിരുന്ന യേശു, മറിയയെ എപ്രകാരമാണു കണ്ടതെന്നു ശീമോൻ മനസ്സിലാക്കി. മറിയയുടെ തന്നോടുള്ള സ്നേഹത്തെയും ഭക്തിയെയും, ക്രിസ്തു ഒരു പ്രവാചകന്റെ സൂക്ഷ്മദൃഷ്ടിയോടെ വായിച്ചുവെന്നു ശീമോൻ കണ്ടു. അവൻ കുറ്റബോധവും ലജ്ജയുംകൊണ്ടു വിവർണ്ണനായി. താൻ നില്ക്കുന്നത് ഒരു ശ്രേഷ്ഠനായ വ്യക്തിയുടെ മുമ്പിലാണെന്നു ശീമോൻ ഗ്രഹിച്ചു.

യേശു തുടർന്നു പറഞ്ഞു: "ഞാൻ നിന്റെ വീട്ടിൽ വന്നു; നീ എന്റെ കാലിനു വെള്ളം തന്നില്ല;" എന്നാൽ സ്നേഹത്താൽ നിർബന്ധിക്കപ്പെട്ട മറിയ, പശ്ചാത്താപത്തിന്റെ കണ്ണുനീരിനാൽ എന്റെ പാദങ്ങൾ കഴുകി; അവളുടെ തലമുടികൊണ്ടു എന്റെ കാൽ തുടച്ചു. "നീ എനിക്കു ചുംബനം

തന്നില്ല;" എന്നാൽ നീ വെറുക്കുന്ന ഈ സ്ത്രീയാകട്ടെ, "ഞാൻ അകത്തു വന്നതുമുതൽ ഇടവിടാതെ എന്റെ കാൽ ചുംബിച്ചു." തന്റെ രക്ഷകനോടുള്ള സ്നേഹം പ്രദർശിപ്പിക്കുവാൻ ശീമോനു ലഭിച്ച അവസരങ്ങളെ ക്രിസ്തു വീണ്ടും ചൂണ്ടിക്കാണിച്ചു. മറിയ തനിക്കു ചെയ്ത സ്നേഹശുശ്രൂഷയെ ക്രിസ്തു ആദരിക്കുകയും ചെയ്തു. വാക്കിലും പ്രവൃത്തിയിലും കൂടെ തന്റെ ജനം തന്നോടുള്ള നന്ദി കാട്ടുവാൻ ഉപേക്ഷ കാണിക്കുമ്പോൾ തന്റെ ഹൃദയം വേദനിക്കുന്നുവെന്നു യേശു, സ്വതസ്സിദ്ധമായ വിനയത്തോടും സൗമ്യതയോടുംകൂടെ, തുറന്നുപറഞ്ഞു.

മറിയ എന്തുകൊണ്ടു തന്നോടു ബഹുമാനത്തോടെ പെരുമാറിയെന്നു ഹൃദയങ്ങളെ കാണുന്നവനായ ക്രിസ്തു മനസ്സിലാക്കി. യേശു ശീമോനോടു പറഞ്ഞു: "ഈ സ്ത്രീയെ കാണുന്നുവോ?" അവൾ ഒരു പാപിനി ആയിരുന്നു. "ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു ഞാൻ നിന്നോടു പറയുന്നു; അവൾ വളരെ സ്നേഹിച്ചുവല്ലോ. അല്പം മോചിച്ചു കിട്ടിയവൻ അല്പം സ്നേഹിക്കുന്നു."

രക്ഷകനോടുള്ള മനോഭാവത്തിൽ ശീമോന്റെ അവഗണനയും, താൽപര്യക്കുറവും പ്രകടമാക്കിയത്, തനിക്കു ലഭിച്ച ദൈവകൃപയെ അവൻ ആദരിച്ചില്ലയെന്നതാണ്. തന്റെ ഭവനത്തിലേക്കു ക്ഷണിച്ചതുതന്നെ യേശുവിനോടു കാണിച്ച ആദരവാണെന്നു ശീമോൻ കരുതി. എന്നാൽ തന്റെ യഥാർത്ഥ അവസ്ഥയെ ഇപ്പോൾ ശീമോൻ ഗ്രഹിച്ചു. തന്റെ അതിഥിയെ താൻ ശരിക്കും മനസ്സിലാക്കുന്നുവെന്നു ശീമോൻ കരുതിയപ്പോൾ, അതിഥി, ആതിഥേയനായിരുന്ന ശീമോന്റെ ഹൃദയം വായിക്കുകയായിരുന്നു. ക്രിസ്തു, തന്നെക്കുറിച്ചു പറഞ്ഞ അഭിപ്രായം എത്ര ശരിയായിരുന്നുവെന്നു ശീമോനു ബോദ്ധ്യമായി. പരീശത്വത്തിന്റെ ഒരു മേലങ്കിയായിരുന്നു ശീമോന്റെ മതം. യേശുവിന്റെ കാരുണ്യത്തെ അവൻ വിലമതിച്ചില്ല. ദൈവത്തിന്റെ പ്രതിനിധി യുടെ മുമ്പിലാണു താൻ നില്ക്കുന്നതെന്ന് അവൻ ഗ്രഹിച്ചില്ല. മറിയ, ക്ഷമ ലഭിച്ച ഒരു പാപിനിയായിരുന്നുവെങ്കിൽ, ശീമോൻ ക്ഷമ ലഭിക്കാത്ത ഒരു പാപിയായിരുന്നു. മറിയയ്ക്കെതിരായി ഉയർത്തിക്കാണിക്കുവാൻ ശീമോൻ ആഗ്രഹിച്ച അയവില്ലാത്ത നീതിയുടെ ന്യായപ്രമാണം അവനെ കുറ്റം വിധിച്ചു.

അതിഥികളുടെ മുമ്പിൽവച്ചു തന്നെ പരസ്യമായി ശകാരിക്കാതിരുന്ന യേശുവിന്റെ ദയ, ശീമോന്റെ ഹൃദയത്തെ സ്പർശിച്ചു. മറിയയോടു ക്രിസ്തു എപ്രകാരം പെരുമാറണമായിരുന്നുവെന്നു ശീമോൻ ആഗ്രഹിച്ച വിധത്തിൽ, ക്രിസ്തു ശീമോനോടു പെരുമാറിയില്ല. ശീമോന്റെ കുറ്റത്തെ മറ്റുള്ളവരുടെ മുമ്പാകെ തുറന്നുകാട്ടുവാൻ യേശു തുനിഞ്ഞില്ല. അതു ശീമോൻ മനസ്സി ലാക്കി. എന്നാൽ ശീമോനോട്, അവന്റെ അവസ്ഥയെ യേശു തുറന്നുകാട്ടു കയും ചെയ്തു. ശീമോനോട്, അവന്റെ കുറ്റങ്ങളെ ചൂണ്ടിക്കാട്ടിക്കൊടുത്തു വെങ്കിലും, യേശു ദയയോടും കരുണയോടും കൂടെയാണ് ഇടപെട്ടത്. അവനെ രൂപാന്തരപ്പെടുത്തിയെടുക്കുകയായിരുന്നു യേശുവിന്റെ ഉദ്ദേശ്യം. ദയാരഹിതമായ കുറ്റപ്പെടുത്തൽ, ശീമോന്റെ ഹൃദയത്തെ അനുതാപ

ത്തിലേക്കു നയിക്കുകയില്ലായിരുന്നു. എന്നാൽ യേശുവിന്റെ ക്ഷമയോടു കൂടിയുള്ള സമീപനം, ശീമോന്റെ തെറ്റിനെ അവനു ബോദ്ധ്യമാക്കിക്കൊടുത്തു. ക്രിസ്തുവിനോടു താൻ എന്തു കടപ്പെട്ടവനാണ് എന്നു ശീമോൻ മനസ്സിലാക്കി. അവന്റെ അഹംഭാവം അലിഞ്ഞില്ലാതായി. അവന്റെ ഹൃദയം അനുതാപമുള്ളതായിത്തീർന്നു. ഔദ്ധത്യം നിറഞ്ഞുനിന്ന ഒരു പരീശൻ, വിനയവും, സ്വയത്തെ കീഴടക്കിയവനുമായ ഒരു ശിഷ്യനായിത്തീർന്നു.

മറിയയെ ഒരു വലിയ പാപിനിയായി എല്ലാവരും കണ്ടിരുന്നു. എന്നാൽ അവളുടെ ജീവിതത്തെ സ്വാധീനിച്ച ചുറ്റുപാടുകളെ ക്രിസ്തു കണ്ടു. അവളുടെ ആത്മാവിലുണ്ടായിരുന്ന പ്രത്യാശയുടെ സ്ഫുലിംഗങ്ങളെ യേശുവിനു കെടുത്തിക്കളയാമായിരുന്നു. എന്നാൽ യേശു അവളുടെ പ്രത്യാശയെ പ്രോത്സാഹിപ്പിക്കയാണു ചെയ്തത്. നാശത്തിന്റെയും നിരാശയുടെയും ഗർത്തത്തിൽനിന്നു യേശു, മറിയയെ കരകയറ്റി. അവളുടെ മനസ്സിനെ ബാധിച്ചിരുന്ന പിശാചുക്കളെ യേശു ശാസിക്കുന്നത് അവൾ കേട്ടു. അവൾക്കുവേണ്ടി കർത്താവു ദൈവത്തോടു മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നതു മറിയ കേട്ടിട്ടുണ്ട്. കളങ്കം ലേശമില്ലാത്ത യേശുവിന്റെ വിശുദ്ധിയുടെ മുമ്പിൽ, പാപം എത്ര നിഷിദ്ധമായ ഒന്നാണെന്നു മറിയ കണ്ടു. യേശുവിന്റെ ശക്തിയിൽ ആശ്രയിച്ച മറിയ ജയാളിയായിത്തീർന്നു.

മനുഷ്യന്റെ നോട്ടത്തിൽ മറിയ പ്രത്യാശയില്ലാത്ത ഒരു വ്യക്തിയായിരുന്നപ്പോൾ, ക്രിസ്തു, അവളിൽ നന്മ കണ്ടെത്തി. അവളുടെ സ്വഭാവത്തിന്റെ നല്ല വശങ്ങളെ യേശു മനസ്സിലാക്കി. ദൈവത്തിന്റെ രക്ഷയുടെ പദ്ധതിയിൽ, മനുഷ്യന്റെമേൽ വലിയ സാദ്ധ്യതകൾ ദൈവം നല്കിയിരിക്കുകയാണ്. മറിയയിൽക്കൂടെ ഈ കഴിവുകൾ സാക്ഷാത്കരിക്കപ്പെടേണ്ടതുണ്ടായിരുന്നു. ദൈവത്തിന്റെ കൃപയാൽ മറിയ ദൈവിക സ്വഭാവത്തിന്റെ പങ്കാളിയായിത്തീർന്നു. വീഴ്ച ഭവിക്കുകയും, സാത്താന്റെ നിയന്ത്രണത്തിലായിപ്പോകുകയും ചെയ്ത ഒരാൾ, കൂട്ടായ്മയിലും ദൈവശുശ്രൂഷയിലും കൂടെ കർത്താവിന്റെ സന്നിധിയിലേക്ക് ആകർഷിക്കപ്പെട്ടു. മറിയ, കർത്താവിന്റെ പാദപീഠത്തിൽ ഇരുന്നു പഠിച്ചു. മറിയ, കർത്താവിന്റെ കാലുകളെ അനുതാപത്തിന്റെ കണ്ണുനീരാൽ കഴുകുകയും പരിമളതൈലം പൂശുകയും ചെയ്തു. മറിയ കുരിശിന്റെ അരികിൽനിന്ന്, ശവകുടീരംവരെ കർത്താവിനെ അനുഗമിച്ചു. കർത്താവു പുനരുത്ഥാനം ചെയ്തപ്പോൾ, കല്ലറയ്ക്കൽ ആദ്യം എത്തിയതും മറിയയായിരുന്നു. രക്ഷകൻ പുനരുത്ഥാനം ചെയ്തിരിക്കുന്നുവെന്ന് ആദ്യം പ്രസ്താവിച്ചതും മറിയ ആയിരുന്നു.

ഏതൊരു വ്യക്തിയുടെയും ചുറ്റുപാടുകൾ ക്രിസ്തു അറിയുന്നു. 'ഞാൻ പാപിയാകുന്നു; അത്യന്തം പാപസ്വഭാവമുള്ള ആളാണു ഞാൻ' എന്നു നിങ്ങൾ പറഞ്ഞേക്കാം. നിങ്ങൾ യഥാർത്ഥത്തിൽ അപ്രകാരമായിരിക്കാം. എന്നാൽ നിങ്ങളുടെ അവസ്ഥ എത്രത്തോളം മോശമാകുന്നുവോ, അത്ര കൂടുതൽ യേശുവിന്റെ സാമീപ്യം നിങ്ങൾക്കാവശ്യമാകുന്നു. കണ്ണുനീർ തൂകുന്ന, ഹൃദയം നുറുങ്ങിയ ഒരു വ്യക്തിയെയും യേശു നിരസിക്കുകയില്ല. കർത്താവിനു വെളിപ്പെടുത്തുവാൻ കഴിയുന്നതെല്ലാം, എല്ലാവരോടും

പറയുന്നില്ല. എന്നാൽ നിരാശയിൽപ്പതിച്ച ഒരു വ്യക്തിയോടു പ്രത്യാശ യുള്ളവനായിരിപ്പാൻ കർത്താവു കല്പിക്കുന്നു. പാപക്ഷമയും യഥാസ്ഥാന പ്പെടുത്തലും തേടിവരുന്ന ഏതൊരു വ്യക്തിയെയും യേശു സ്വീകരിക്കുകയും ധാരാളമായി ക്ഷമിക്കുകയും ചെയ്യുന്നു.

ദൈവത്തോടു ബഹുമാനവും അനുസരണവും കാട്ടാത്ത ഏവരെയും നശിപ്പിക്കുവാൻ ദൈവക്രോധത്തിന്റെ കലശം ഭൂമിയിലേക്ക് ഒഴിക്കുവാൻ ക്രിസ്തു ദൂതന്മാരോടു കല്പിക്കും. പ്രപഞ്ചത്തിൽനിന്ന് ഈ കറുത്ത പൊട്ടിനെ തുടച്ചുനീക്കും. എന്നാൽ ക്രിസ്തു ഇപ്പോൾ അതു ചെയ്യുന്നില്ല. ഇപ്പോൾ ക്രിസ്തു സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിലെ ധൂപപീഠത്തിന്റെ മുമ്പാകെ നിന്നുകൊണ്ടു തന്റെ സഹായം കാംക്ഷിക്കുന്നവരുടെ പ്രാർത്ഥന ദൈവമുമ്പാകെ സമർപ്പിക്കുകയാണ്.

തന്റെ അടുത്തേക്കു പാപക്ഷമ തേടിവരുന്ന ആളുകളെ ദോഷൈക ദൃക്കുകളായ ആളുകളിൽനിന്നു ക്രിസ്തു രക്ഷിക്കുന്നു. ഇവരെ കുറ്റം വിധി ക്കുവാൻ ആർക്കും കഴിയുകയില്ല. അവരെ ക്രിസ്തുവിന്റെ സ്വഭാവത്തിന്റെ പങ്കാളികളാക്കിത്തീർക്കുന്നു. ഇപ്രകാരം രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിന്റെ സമീപത്താണു നില്ക്കുന്നത്. അവർ ദൈവത്തിന്റെ സിംഹാസനത്തിൽനിന്നു പുറപ്പെടുന്ന ദിവ്യപ്രകാശത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുകയാണ്. "ദൈവം തെരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം; ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നെ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരി ക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു" (റോമർ 8:33,34).

# 63

# നിന്റെ രാജാവു വരുന്നു

അവലംബം: മത്തായി 21:1–11; മർക്കൊസ് 11:1–10;
ലൂക്കൊസ് 19:29–44; യോഹ. 12:12–19

“സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരൂശലേം പുത്രിയേ, ആർപ്പിടുക! ഇതാ നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും, ജയശാലിയും, താഴ്മയുള്ളവനുമായി കഴുതപ്പുറത്തും, പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു” (സെഖ. 9:9).

ക്രിസ്തുവിന്റെ ജനനത്തിന് അഞ്ഞൂറുവർഷം മുമ്പ്, സെഖര്യാപ്രവാചകൻ, യിസ്രായേലിലേക്ക് ഒരു രാജാവു വരുന്നതിനെക്കുറിച്ച് ഇപ്രകാരം പ്രവചിച്ചു. ഈ പ്രവചനം നിറവേറാൻ പോകുകയായിരുന്നു. രാജകീയ ബഹുമതികൾ നിരസിച്ച ക്രിസ്തു, ദാവീദിന്റെ സിംഹാസനത്തിന്റെ അധിപതി എന്ന നിലയിൽ യെരൂശലേമിലേക്കു നീങ്ങിക്കൊണ്ടിരുന്നു.

ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു ക്രിസ്തു യെരൂശലേമിലേക്കു വിജയോത്സവത്തോടുകൂടെ പ്രവേശിച്ചത്. ബേഥാന്യയിൽ യേശുവിനെ

കാണുവാൻ കൂടിയ ജനക്കൂട്ടം, യേശുവോടൊപ്പം യെരൂശലേമിലേക്കു വന്നു. പ്രകൃതിയും യേശുവിന്റെ വരവിനെ സ്വീകരിക്കാനെന്നവണ്ണം ഒരുക്കത്തോടെ നിലകൊണ്ടു. മരങ്ങൾ പച്ചപ്പോടുകൂടി തഴച്ചുനിന്നു. പൂക്കൾ അന്തരീക്ഷ ത്തെ സുഗന്ധപൂരിതമാക്കി. നവോന്മേഷം പ്രാപിച്ച ജനം ആഹ്ലാദഭരിതരായി രുന്നു. പുതിയ രാജ്യത്തെക്കുറിച്ചുള്ള ചിന്ത അവരിൽ പ്രത്യാശ പകർന്നു.

യെരൂശലേമിലേക്കു യാത്ര ചെയ്യുന്നതിനായി ഒരു കഴുതയെയും അതിന്റെ കുട്ടിയെയും കൊണ്ടുവരുവാൻ രണ്ടു ശിഷ്യന്മാരെ യേശു അയച്ചു. ക്രിസ്തുവിന്റെ ജനനസമയത്തു തനിക്കു സ്വന്തമായിട്ടൊന്നുമില്ലായിരുന്നു. തന്നെ കിടത്തിയിരുന്ന പുൽക്കൂടു സ്വന്തമായിരുന്നില്ല. പർവ്വതങ്ങളിലെ ആയിരമായിരം ജന്തുക്കൾ തന്റെ വകയാണെങ്കിലും, യെരൂശലേമിലേക്കുള്ള തന്റെ രാജകീയയാത്രയ്ക്ക് ഒരപരിചിതന്റെ മൃഗത്തെ ഉപയോഗിക്കേണ്ടത് ആവശ്യമായി വന്നു. ഈ യാത്രയുടെ വിശദമായ നിർദ്ദേശങ്ങൾ നല്കു മ്പോൾ, യേശുവിന്റെ ദൈവിക സ്വഭാവം വീണ്ടും വെളിപ്പെട്ടു. "കർത്താവിന് ഇവയെക്കൊണ്ട് ആവശ്യം ഉണ്ട്" എന്നു പറഞ്ഞപ്പോൾ, ആ അഭ്യർത്ഥനയ്ക്ക് ഉടനെ ഫലം ലഭിച്ചു. ആരും ഒരിക്കലും കയറീട്ടില്ലാത്തതായ കഴുതക്കുട്ടിയെ യാണ്, തനിക്കു യാത്ര ചെയ്യുവാനായി യേശു തെരഞ്ഞെടുത്തത്. വർദ്ധിച്ച ഉത്സാഹത്തോടെ ശിഷ്യന്മാർ, തങ്ങളുടെ വസ്ത്രങ്ങൾ കഴുതയുടെമേൽ വിരിച്ചു. യേശുവിനെ അതിന്മേൽ ഇരുത്തി. ഇതുവരെയും യേശു കാൽനട യായിട്ടായിരുന്നു സഞ്ചരിച്ചിരുന്നത്. അങ്ങനെയുള്ള കർത്താവു മൃഗത്തിന്റെ മേൽ കയറി യാത്രചെയ്വാൻ സമ്മതിച്ചതിൽ ശിഷ്യന്മാർ അത്ഭുതപ്പെട്ടു. യേശു, തലസ്ഥാനനഗരിയായ യെരൂശലേമിൽ പ്രവേശിച്ചു താൻ രാജാവാ കുന്നുവെന്നു സ്വയം പ്രഖ്യാപനം നടത്തുകയും, തന്റെ രാജാധികാരം ഉറപ്പി ക്കുകയും ചെയ്യുമെന്നു ശിഷ്യന്മാർ വ്യാമോഹിച്ചു. ശിഷ്യന്മാർ മൃഗത്തെ കൊണ്ടുവരുവാൻ പോയപ്പോൾ, അവരുടെ പ്രതീക്ഷകൾ മറ്റുള്ളവരെ അറിയിച്ചു. എങ്ങും ഉത്സാഹം പടർന്നുപിടിച്ചു. ജനത്തിന്റെ പ്രതീക്ഷ ഉച്ചകോടിയിലെത്തി.

രാജകീയമായ എഴുന്നള്ളത്തിനു യേശു യെഹൂദന്മാരുടെ പതിവു സ്വീകരിച്ചു. യിസ്രായേലിലെ രാജാക്കന്മാർ സഞ്ചരിച്ചിരുന്നതുപോലെ മൃഗത്തിന്മേലായിരുന്നു യേശുവും സഞ്ചരിച്ചത്. പ്രവചനത്തിലും യേശു വിന്റെ യാത്രയെക്കുറിച്ചു പറഞ്ഞിരുന്നു. യേശു കഴുതക്കുട്ടിയുടെമേൽ ഇരുന്നപ്പോൾ വലിയ സന്തോഷത്തിന്റെ ആർപ്പുവിളി അന്തരീക്ഷത്തിൽ മുഴങ്ങി. യേശു തങ്ങളുടെ മശീഹയും രാജാവുമെന്നു ജനം ആർത്തുവിളിച്ചു. ഇതുവരെയും യേശു അനുവദിച്ചിട്ടില്ലാത്ത ഈ ആദരവിന്റെ പ്രകടനം നടത്തുവാൻ യേശുതന്നെ അനുവാദം നൽകി. യേശു സിംഹാസനത്തിൽ ആരൂഢനാകുന്നതോടെ തങ്ങളുടെ ചിരകാല പ്രതീക്ഷ സാഫല്യമടയാൻ പോകുന്നുവെന്നു ശിഷ്യന്മാർ കരുതി. തങ്ങളുടെ വിമോചനത്തിന്റെ നാൾ സമാഗതമായി എന്നു യെഹൂദജനത വിശ്വസിച്ചു. റോമൻ പടയാളികൾ യെരൂശലേം വിട്ടുപോകുന്നത്, അവർ ഭാവനയിലൂടെ കണ്ടു. യിസ്രായേൽ വീണ്ടുമൊരു സ്വതന്ത്രരാഷ്ട്രമായിത്തീരുന്നത് അവർ സങ്കല്പിച്ചു. എല്ലാവരും ആഹ്ലാദഭരിതരായിരുന്നു. യേശുവിനോട് ആദരവു കാട്ടുന്നതിൽ

ഓരോരുത്തർ പരസ്പരം മത്സരിച്ചു. എല്ലാവർക്കും ബാഹ്യമായ മോടിയും പ്രൗഢിയും കാണിപ്പാൻ സാദ്ധ്യമായിരുന്നില്ലെങ്കിലും, സന്തോഷത്തോടെ അവർ ക്രിസ്തുവിനെ ബഹുമാനിച്ചു. വിലപിടിപ്പുള്ള സമ്മാനങ്ങൾ നല്കു വാൻ അവർക്കു കഴിവില്ലായിരുന്നു. അവരുടെ മേലങ്കികൾ യേശു കടന്നു പോകുന്ന പാതയിൽ വിരിച്ചു. ഈന്തപ്പനയുടെയും ഒലിവുമരത്തിന്റെയും കൊമ്പുകൾ അവർ വഴിയിൽ വിതറി. രാജകീയ ആഡംബരങ്ങളോടെ വിജയോത്സവം കൊണ്ടാടുവാൻ അവർക്കു കഴിഞ്ഞില്ലായെങ്കിലും പ്രകൃതി യുടെ വിജയചിഹ്നമായ കുരുത്തോലകൾ കൈകളിലുയർത്തി വീശിക്കൊണ്ട് 'ദാവീദ് പുത്രനു ഹോശന്നാ' എന്ന് അവർ ആർത്തുവിളിച്ചു.

ജനം മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നപ്പോൾ, യേശുവിന്റെ വരവിനെക്കുറിച്ചു കേട്ടിരുന്നവരും വേഗത്തിൽ ഘോഷയാത്രയിൽ പങ്കുചേർന്നു. അങ്ങനെ ജനക്കൂട്ടം വർദ്ധിച്ചുകൊണ്ടിരുന്നു. കാഴ്ചക്കാരും ഘോഷയാത്രയിൽ പങ്കുകൊണ്ടവരും ഇടകലർന്നുകൊണ്ടിരുന്നു. "ഇവൻ ആരാകുന്നു?" "ഈ ആരവാരങ്ങളുടെ അർത്ഥമെന്താണ്?" എന്നെല്ലാം കാഴ്ചക്കാർ ചോദിച്ചു കൊണ്ടിരുന്നു. എല്ലാവരും യേശുവിനെക്കുറിച്ചു കേട്ടിരുന്നു. യേശു യെരൂശ ലേമിൽ വരുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ, തന്നെ സിംഹാസന സ്ഥനാക്കുവാനുള്ള എല്ലാ ശ്രമത്തെയും യേശു നിരുത്സാഹപ്പെടുത്തുന്നു വെന്നാണ് അവർ മനസ്സിലാക്കിയത്. എന്നാൽ കഴുതപ്പുറത്തു കയറിവരുന്നയാൾ യേശുവാണെന്ന് അപ്പോഴാണ് അവർ മനസ്സിലാക്കിയത്. അത് അവരെ അത്ഭുതപരതന്ത്രരാക്കി. തന്റെ രാജ്യം ഐഹികമല്ല എന്നു പ്രസ്താവിച്ച ആളിൽ ഈ മാറ്റം എങ്ങനെയുണ്ടായി എന്ന് അവർ അത്ഭുതപ്പെട്ടു.

ഒരു ജയഭേരി അവരുടെ ചോദ്യങ്ങളെ നിശ്ശബ്ദമാക്കി. ഉത്സാഹഭരിതരായ ജനക്കൂട്ടം വീണ്ടും അതാവർത്തിച്ചു. ദൂരത്തുള്ളവർ അതേറ്റുപാടി. ചുറ്റുപാടു മുള്ള മലകളിൽ അതു പ്രതിദ്ധ്വനിച്ചു. യെരൂശലേമിൽനിന്നു വന്ന ജനവും ഘോഷയാത്രയിൽ പങ്കുചേർന്നു. പെസഹ ആചരിക്കുവാനായി വന്ന ജനക്കൂട്ട ത്തിൽനിന്ന് ആയിരക്കണക്കിനാളുകൾ യേശുവിനെ സ്വീകരിപ്പാനായി പോയി. അവർ കുരുത്തോലകൾ വീശിക്കൊണ്ടും വിശുദ്ധ ഗീതങ്ങൾ മുഴക്കി ക്കൊണ്ടും യേശുവിനെ വരവേറ്റു. സന്ധ്യാശുശ്രൂഷയ്ക്കായി പുരോഹിത ന്മാർ ദൈവാലയത്തിൽ കാഹളങ്ങൾ മുഴക്കി. എന്നാൽ കുറച്ചുപേർ മാത്രമേ അതിൽ സംബന്ധിക്കുവാൻ എത്തിയിരുന്നുള്ളൂ. പുരോഹിതപ്രമാണികൾ ഭയചകിതരായിപ്പറഞ്ഞു: "ലോകം അവന്റെ പിന്നാലെ ആയിപ്പോയി."

തന്റെ ഭൗമിക ജീവിതകാലത്ത്, ഇതിനുമുമ്പ് ഒരിക്കലും ഇപ്രകാരം പ്രകടനം യേശു അനുവദിച്ചിരുന്നില്ല. ഇതിന്റെ ഫലം യേശു മുൻകൂട്ടി കണ്ടു. അതു കുരിശിലേക്കു തന്നെ നയിക്കുകയായിരുന്നുവെന്നു യേശു മനസ്സിലാക്കി. താൻ ലോകരക്ഷിതാവാണെന്നു ലോകം അറിയേണ്ടത് ഇപ്രകാരമായിരുന്നു വെന്നു കർത്താവ് ആഗ്രഹിച്ചിരുന്നു. പാപത്തിൽ വീണുപോയ ലോകത്തിനു വേണ്ടിയുള്ള തന്റെ ദൗത്യത്തിനു മകുടമണിയിക്കുന്ന തന്റെ കുരിശിലെ യാഗത്തിലേക്ക് ഏവരുടെയും ശ്രദ്ധ ആകർഷിക്കുന്നതിനു കർത്താവാ ഗ്രഹിച്ചു. പെസഹ ആചരിക്കുന്നതിനായി ജനം യെരൂശലേമിൽ വന്നു

കൊണ്ടിരിക്കുമ്പോൾ, യഥാർത്ഥ പെസഹാക്കുഞ്ഞാടായ യേശു യാഗമായി അർപ്പിക്കപ്പെടുന്നതു ജനം കാൺമാൻ യേശു ഇച്ഛിച്ചു. വരുവാൻ പോകുന്ന ക്രിസ്തുവിന്റെ സഭയ്ക്ക്, മനുഷ്യന്റെ പാപപരിഹാരത്തിനുവേണ്ടി ക്രിസ്തു അനുഭവിച്ച മരണം, വലിയ ഒരു പാഠ്യവിഷയമായിരിക്കും. അതുമായി ബന്ധപ്പെട്ട എല്ലാ വസ്തുതയും സംശയാതീതമായി തെളിയിക്കപ്പെടേണ്ടതാവശ്യമായിരുന്നു. അതുകൊണ്ട് എല്ലാ കണ്ണുകളും അവങ്കലേക്കു തിരിയേണ്ടതിന്റെ ആവശ്യകത ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ ക്രൂശുമരണത്തിനുമുമ്പു നടക്കുന്ന എല്ലാ സംഭവങ്ങളും ക്രൂശുമരണത്തെപ്പോലെതന്നെ പ്രാധാന്യം അർഹിക്കുന്ന സംഭവങ്ങളായിരുന്നു. ഏവരുടെയും ശ്രദ്ധ ആകർഷിച്ച യെരൂശലേം പ്രവേശനംപോലെയുള്ള ഒരു പ്രകടനത്തിനുശേഷം, അവസാനരംഗത്തേക്കുള്ള ത്വരിതഗമനത്തിൽ എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കേണ്ടതാവശ്യമായിരുന്നു.

യേശുവിന്റെ യെരൂശലേം പ്രവേശനം ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. എല്ലാവരുടെയും ഓർമ്മയിൽ തങ്ങിനിൽക്കത്തക്ക വിധമായിരുന്നു യെരൂശലേമിലേക്കുള്ള ഘോഷയാത്ര നടന്നത്. യേശുവിന്റെ ക്രൂശാരോഹണത്തിനുശേഷം, അനേകർ ഈ സംഭവങ്ങളെ യേശുവിന്റെ വിചാരണയോടും, ക്രൂശുമരണത്തോടുമുള്ള ബന്ധത്തിൽ ഓർക്കും. അവർ പ്രവചനങ്ങളെ പരിശോധിക്കുകയും, യേശു തന്നെയാണു മശീഹയെന്നു മനസ്സിലാക്കുകയും ചെയ്യും. എല്ലാ ദേശങ്ങളിലും വിശ്വാസികളായിത്തീരുന്നവരുടെ എണ്ണം വർദ്ധിക്കും.

യേശുവിന്റെ രാജകീയമായ ഈ യെരൂശലേം പ്രവേശനം, വേണമെന്നുണ്ടായിരുന്നെങ്കിൽ, സ്വർഗ്ഗീയ ദൂതന്മാരുടെ അകമ്പടിയോടെ, പ്രൗഢഗംഭീരമായി നടത്താമായിരുന്നു. എന്നാൽ അപ്രകാരമൊരു പ്രകടനം തന്റെ ദൗത്യത്തിന്റെ ഉദ്ദേശ്യത്തിന് എതിരായിരുന്നു. താൻ സ്വീകരിച്ച എളിമത്വത്തോടു ക്രിസ്തു എപ്പോഴും നീതി പുലർത്തിയിരുന്നു. ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി തന്റെ ജീവൻ നൽകുന്നതുവരെ, മനുഷ്യത്വത്തിന്റെ ഭാരം യേശു വഹിക്കേണ്ടതായിരുന്നു.

ആഹ്ലാദത്തിന്റെയും വിജയോത്സവത്തിന്റെയും ഈ രംഗം തങ്ങളുടെ ഗുരുവിനു വരുവാൻ പോകുന്ന കഷ്ടപ്പാടിന്റെയും മരണത്തിന്റെയും മുൻകുറിയാണെന്നു ശിഷ്യന്മാർ ഗ്രഹിച്ചിരുന്നുവെങ്കിൽ, അവരുടെ സന്തോഷം അന്ധകാരാവൃതമാകുമായിരുന്നു. തന്റെ സുനിശ്ചിതമായ മരണത്തെക്കുറിച്ചു ക്രിസ്തു ശിഷ്യന്മാരോടു പറഞ്ഞിരുന്നുവെങ്കിലും, തങ്ങളുടെ വിജയാഹ്ലാദത്തിൽ, ശിഷ്യന്മാർ അതു മറന്നുകളഞ്ഞിരുന്നു. തങ്ങളുടെ ഗുരു, ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു യിസ്രായേലിനെ വാഴുന്നതാണു ശിഷ്യന്മാർ ഭാവനയിൽക്കൂടെ കണ്ടുകൊണ്ടിരുന്നത്.

ഈ ഘോഷയാത്രയിൽ ആളുകളുടെ എണ്ണം ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്നു. ചിലരൊഴിച്ച്, ഈ ഘോഷയാത്രയിൽ പങ്കെടുത്തവരെല്ലാം ആ സന്തോഷത്തിൽ അലിഞ്ഞുചേർന്നു. അവരുടെ ഹോശന്നാവിളികൾ

കുന്നുകളിലും മലകളിലും തട്ടി പ്രതിദ്ധ്വനിച്ചു. “ദാവീദ് പുത്രനു ഹോശന്നാ; കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ; അത്യുന്നതങ്ങളിൽ ഹോശന്നാ” എന്ന് അത്യുച്ചത്തിൽ ജനം ആർത്തുകൊണ്ടിരുന്നു.

ഇങ്ങനെയൊരു വിജയാഘോഷം ഇതിനുമുമ്പു ലോകം കണ്ടിട്ടില്ല. ലോകത്തിലെ കീർത്തികേട്ട ജേതാക്കളുടെ വിജയാഘോഷംപോലെയായിരുന്നില്ല ഇത്. അവർ വിജയം ഘോഷിക്കുമ്പോൾ, അവർ അടിമകളായി പിടിച്ചവരെ നടത്തിക്കൊണ്ടുപോകുന്ന ദുഃഖകരമായ കാഴ്ച ഇവിടെ ഇല്ലായിരുന്നു. പാപത്തിൽ നിപതിച്ച മനുഷ്യരോടുള്ള കർത്താവിന്റെ സ്നേഹം മൂലം നേടിയ വിലയേറിയ സമ്മാനങ്ങൾ - രക്ഷിക്കപ്പെട്ട പാപികൾ - കർത്താവിന്റെ ചുറ്റും ഉണ്ടായിരുന്നു. സാത്താന്റെ പിടിയിൽനിന്നു മോചനം പ്രാപിച്ച ബദ്ധന്മാരായിരുന്നവർ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഈ ഘോഷയാത്രയിൽ നടന്നിരുന്നു. കാഴ്ച പ്രാപിച്ച കുരുടന്മാർ കർത്താവിനെ സ്തുതിച്ചുകൊണ്ട് ഈ ഘോഷയാത്രയെ നയിച്ചു. കർത്താവു സൗഖ്യമാക്കിയ ചെകിടന്മാർ അത്യുച്ചത്തിൽ ഹോശന്നാ പാടിക്കൊണ്ടു ഘോഷയാത്രയിൽ പങ്കെടുത്തു. കർത്താവിന്റെ വചനത്താൽ സൗഖ്യം പ്രാപിച്ച മുടന്തന്മാർ തുള്ളിച്ചാടി ദൈവത്തെ സ്തുതിച്ചു. അവർ കർത്താവിന്റെ മുമ്പിൽ കുരുത്തോലയും വീശിക്കൊണ്ടു നടന്നു. വിധവമാരും അനാഥരും കർത്താവിന്റെ കരുണയെ പ്രകീർത്തിച്ചുകൊണ്ടു നടന്നു. കർത്താവു സൗഖ്യമാക്കിയ കുഷ്ഠരോഗികൾ തങ്ങളുടെ ശുദ്ധമായ വസ്ത്രങ്ങൾ കർത്താവിന്റെ പാതയിൽ വിരിച്ചുകൊണ്ടു മഹത്വത്തിന്റെ രാജാവിനെ പുകഴ്ത്തി. മരണനിദ്രയിൽനിന്നു കർത്താവ് ഉണർത്തിയവരും ഇക്കൂട്ടത്തിലുണ്ടായിരുന്നു. കർത്താവു സഞ്ചരിച്ചിരുന്ന മൃഗത്തെ നയിച്ചിരുന്നതു പുനരുത്ഥാനം പ്രാപിച്ച ലാസർ ആയിരുന്നു.

അനേകം പരീശന്മാർ ഈ ഘോഷയാത്രയെ വീക്ഷിച്ചു. അസൂയ നിറഞ്ഞ ഇവർ, ജനങ്ങളുടെ സന്തോഷപ്രകടനത്തെ ഒട്ടും ഇഷ്ടപ്പെട്ടില്ല. ഇതിനെ നിശ്ശബ്ദമാക്കുവാൻ അവർ ആഗ്രഹിച്ചു. എന്നാൽ ജനങ്ങളുടെ സന്തോഷം പതിന്മടങ്ങു വർദ്ധിക്കുകയാണു ചെയ്തത്. ഈ പുരുഷാരം യേശുവിനെ രാജാവായി വാഴിക്കുമെന്ന് അവർ ഭയപ്പെട്ടു. അക്ഷമരായ പരീശന്മാർ ജനക്കൂട്ടത്തിന്റെ ഇടയിലൂടെ യേശുവിന്റെ സമീപം ചെന്ന്, ഭീഷണി കലർന്ന സ്വരത്തിൽ പറഞ്ഞു: “ഗുരോ, നിന്റെ ശിഷ്യന്മാരെ വിലക്കുക.” ശബ്ദായമാനമായ ഇത്തരം പ്രകടനങ്ങൾ നിയമവിരുദ്ധ മാണെന്ന് അവർ പറഞ്ഞു. “ഇവർ മിണ്ടാതെ ഇരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും” എന്നു യേശു നല്കിയ പ്രത്യുത്തരം പരീശന്മാരെ നിശ്ശബ്ദരാക്കി. ഈ വിജയാഘോഷം ദൈവത്താൽ നിയോഗിക്ക പ്പെട്ടതായിരുന്നു. പ്രവാചകൻ ഇതിനെക്കുറിച്ചു നേരത്തേ പ്രവചിച്ചിരുന്നു. ദൈവഹിതം മാറ്റുവാൻ മനുഷ്യനു സാദ്ധ്യമല്ല. ദൈവത്തിന്റെ ഹിതം നിറവേറ്റുവാൻ മനുഷ്യൻ സഹകരിക്കാതെയിരുന്നാൽ നിർജ്ജീവങ്ങളായ കല്ലുകൾ ആർത്തുവിളിക്കുമായിരുന്നു. അവ സ്തുതിഗീതങ്ങൾ ആലപിക്കുമായിരുന്നു. പരീശന്മാർ അവിടെനിന്നു പിൻവാങ്ങിയപ്പോൾ, അനേക കണ്ഠങ്ങളിൽനിന്നു സെഖര്യാപ്രവാചകന്റെ

വാക്കുകൾ മുഴങ്ങിക്കേട്ടു. “സീയോൻ പുത്രിയേ, ആർപ്പിടുക; ഇതാ നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു. അവൻ നീതിമാനും, ജയശാലിയും, താഴ്മയുള്ളവനുമായി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറിവരുന്നു.”

ഘോഷയാത്ര കുന്നിൻമുകളിലെത്തിയശേഷം താഴോട്ട് ഇറങ്ങേണ്ട അവസരത്തിൽ യേശു നിന്നു; അതോടൊപ്പം ജനക്കൂട്ടവും നിന്നു. അവരുടെ മുമ്പാകെ, അസ്തമനസൂര്യന്റെ ചെങ്കതിരുകളിൽ കുളിച്ച്, യെരൂശലേം നഗരം നിലകൊണ്ടിരുന്നു. ആ ദൈവാലയം എല്ലാ കണ്ണുകളെയും ആകർഷിച്ചു. മറ്റെല്ലാ മന്ദിരങ്ങളെക്കാളും യെരൂശലേം ദൈവാലയം തലയെടുപ്പോടെ നിന്നു. വഴിപോകുന്നവരെ ജീവനുള്ള ദൈവത്തിങ്കലേക്കു ചൂണ്ടിക്കാട്ടുന്നതു പോലെ ആ ദൈവാലയത്തിന്റെ അംബരചുംബികളായ ഗോപുരങ്ങൾ, ആകാശത്തിലേക്കു തല ഉയർത്തിനിന്നു. യെരൂശലേം ദൈവാലയം യെഹൂദന്മാരുടെ അഭിമാനവും മഹത്വവുമായിരുന്നു. അതിന്റെ മനോഹാരിതയിൽ റോമാക്കാരും സന്തുഷ്ടരായിരുന്നു. റോമാക്കാർ നിയോഗിച്ച ഒരു രാജാവു യെഹൂദന്മാരുമായി ചേർന്ന് ആ ദൈവാലയത്തെ പുതുക്കിപ്പണിയുകയും മോടിപിടിപ്പിക്കുകയും ചെയ്തു. റോമൻ ചക്രവർത്തി അതിനെ സമ്പുഷ്ടമാക്കി. അതിന്റെ ഉറപ്പും, സമ്പന്നതയും, മഹത്വവും അതിനെ ലോകാതിശയങ്ങളിൽ ഒന്നാക്കിത്തീർത്തു.

പടിഞ്ഞാറു ചാഞ്ഞ സൂര്യൻ ആകാശത്തെ വർണ്ണാഭിരാമമാക്കിയപ്പോൾ, അതിന്റെ സുവർണ്ണപ്രഭ ദൈവാലയഭിത്തികളിലെ മാർബിൾ ശിലകളിൽ പ്രതിഫലിച്ച് ഒരു വർണ്ണപ്രപഞ്ചം സൃഷ്ടിച്ചു. അംബരചുംബികളായ ദൈവാലയഗോപുരങ്ങൾ വെട്ടിത്തിളങ്ങി. യേശുവും അനുഗാമികളും നിരന്നിരുന്ന കുന്നിൻമുകളിൽനിന്നു ദൈവാലയത്തെ നോക്കിയപ്പോൾ, ഹിമപാളികൾകൊണ്ടു തീർത്ത ഉന്നത ഗോപുരങ്ങളുള്ള ബൃഹത്തായ ഒരു സൗധംപോലെ അതു കാണപ്പെട്ടു. ദൈവാലയത്തിന്റെ പ്രവേശനകവാടത്തിൽ ഹരിതനിറത്തിലുള്ള ഇലകളും, ഇടതൂർന്നു നില്ക്കുന്ന മുന്തിരിക്കുലകളുമായി മുന്തിരിച്ചെടിയുടെ ഒരു ശില്പം സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടും കലാകാരന്മാർ തീർത്തിരുന്നു. യിസ്രായേൽജനതയെ ഫലപുഷ്ടിയുള്ള ഒരു മുന്തിരിവള്ളിയോടാണുപമിച്ചിരുന്നത്. സ്വർണ്ണവും വെള്ളിയും ഹരിതനിറവും, അനിതരസാധാരണമായ കരകൗശലത്തോടെ സംയോജിപ്പിക്കപ്പെട്ടിരുന്നു. ശ്വേതവർണ്ണത്തിലുള്ള തൂണുകളിൽ ചാരുതയാർന്ന രീതിയിൽ മുന്തിരിവള്ളികൾ ചുറ്റിപ്പടർന്നു കിടക്കുന്നതായി, നിർമ്മിക്കപ്പെട്ടിരുന്ന ശില്പത്തിന്മേൽ, അസ്തമന സൂര്യന്റെ ചെങ്കതിരുകൾ പതിച്ചപ്പോൾ, അവർണ്ണനീയ തേജസ്സുള്ളതായിത്തീർന്നു.

യേശു ദൈവാലയത്തെ ഉറ്റുനോക്കി; പുരുഷാരം തങ്ങളുടെ ആഹ്ലാദാരവങ്ങൾ അവസാനിപ്പിച്ചു സൗന്ദര്യം മുറ്റിനിന്ന ആ കാഴ്ചയിൽ ആകൃഷ്ടരായി, നിർന്നിമേഷരായി നോക്കിനിന്നു. എല്ലാ കണ്ണുകളും രക്ഷകന്റെമേൽ തിരിഞ്ഞു. തങ്ങൾക്കനുഭവപ്പെട്ട അനുഭൂതി കർത്താവിനും ലഭിച്ചുവെന്നവർ കരുതി. എന്നാൽ കർത്താവിന്റെ മുഖത്തു ദുഃഖത്തിന്റെ നിഴൽ പര

ക്കുന്നതായി കാണപ്പെട്ടു. കർത്താവിന്റെ കണ്ണുകൾ അശ്രുപൂർണ്ണമാകുന്നതും, കൊടുങ്കാറ്റിൽപ്പെട്ട ഒരു വൃക്ഷംപോലെ യേശു ഉലയുന്നതും കണ്ടപ്പോൾ ജനങ്ങളിൽ നിരാശ പരന്നു. യേശുവിന്റെ അധരങ്ങളിലൂടെ ദുഃഖത്തിന്റെ തേങ്ങലുകൾ പുറപ്പെട്ടു. ദൂതന്മാർപോലും ഈ കാഴ്ച കണ്ട് അത്ഭുതപ്പെട്ടു. തങ്ങളുടെ നായകനായ കർത്താവു കണ്ണുനീർ തൂകുന്ന കാഴ്ച ദൂതന്മാരെയും ദുഃഖിതരാക്കി. മശീഹയെ രാജാവായി വാഴിക്കുവാൻ, ആഹ്ലാദചിത്തരായി വന്ന ജനത്തിന് എന്തു നിരാശയുളവാക്കുന്ന കാഴ്ചയായിരുന്നു അത്! ലാസരിന്റെ കല്ലറയ്ക്കരികിൽവച്ചു യേശു കണ്ണുനീർ വാർത്തു. എന്നാൽ ആ ദുഃഖം, മനുഷ്യന്റെ നിസ്സഹായതയിൽ സഹതപിക്കുന്ന ദൈവത്തിന്റെ ദുഃഖമായിരുന്നു. എന്നാൽ സന്തോഷാന്തരീക്ഷത്തിൽ കർത്താവിനുണ്ടായ ഈ ദുഃഖം, വിജയഗാനത്തിനിടയിൽ ഒരു ശോകഗാനാലാപനംപോലെ ആയിരുന്നു. എല്ലാവരും ആഹ്ലാദത്തിൽ മുഴുകിയിരുന്നപ്പോൾ, യിസ്രായേലിന്റെ രാജാവായ യേശു കണ്ണുനീർ വാർത്തുകൊണ്ടിരുന്നു. സന്തോഷത്താലുണ്ടാകുന്ന കണ്ണുനീരായിരുന്നില്ല അത്. അത് അടക്കാൻ കഴിയാത്ത ദുഃഖത്തിന്റെ കണ്ണുനീരായിരുന്നു. ജനക്കൂട്ടം പെട്ടെന്നു നിശ്ശബ്ദരായി. തങ്ങൾക്കു മനസ്സിലായില്ലെങ്കിലും, അനേകർ കർത്താവിന്റെ ദുഃഖത്തിൽ പങ്കുചേർന്നു.

യേശുവിന്റെ ദുഃഖം, താൻ അനുഭവിപ്പാൻ പോകുന്ന പങ്കപ്പാടുകളെ ഓർത്തായിരുന്നില്ല. ഗെത്ശേമന തന്നെ മാടിവിളിക്കുന്നുവെന്നു തനിക്കറിയാമായിരുന്നു. തന്റെ ചുറ്റും അന്ധകാരം തിങ്ങിക്കൂടുവാൻ പോകയായിരുന്നു. നൂറ്റാണ്ടുകളായി ബലിമൃഗങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്ന "ആട്ടുവാതിൽ" തന്റെ മുമ്പാകെ ഉണ്ടായിരുന്നു. ക്രിസ്തുവിനു മുമ്പു നടന്നിരുന്ന ബലികൾ ചൂണ്ടിക്കാട്ടിയിരുന്ന ലോകത്തിന്റെ കുഞ്ഞാടായ യേശുക്രിസ്തു ബലിയായിത്തീരുന്നതിനുവേണ്ടി ആ വാതിൽ വേഗത്തിൽ തുറക്കപ്പെടുവാൻ പോകയായിരുന്നു. അധികം താമസിയാതെ താൻ അനുഭവിപ്പാൻ പോകുന്ന തീവ്രവേദനയുടെ രംഗമായ കാൽവരിക്കുന്ന് അടുത്തു കാണാമായിരുന്നു. എന്നാൽ ഇതൊന്നുമായിരുന്നില്ല യേശുവിന്റെ ദുഃഖത്തിന്റെ കാരണം. യെരൂശലേമിനു വരുവാൻ പോകുന്ന ദുരന്തത്തെ ഓർത്താണു യേശു വിലപിച്ചത്. ദൈവപുത്രനായ തന്നെ ഉപേക്ഷിക്കുകയും, തന്റെ സ്നേഹമാർന്ന ക്ഷണത്തെ നിരസിക്കുകയും ചെയ്യുന്ന യെരൂശലേമിന്റെ പാപഭാരം എത്ര വലുതാണെന്നു യേശു കണ്ടു. അവളുടെ പാപരോഗത്തെ ചികിത്സിച്ചു സൗഖ്യമാക്കുവാൻ കഴിവുള്ള ഏക ഭിഷഗ്വരനായ തന്നെ സ്വീകരിച്ചിരുന്നുവെങ്കിൽ യെരൂശലേമിനു ലഭിക്കാമായിരുന്ന ശ്രേയസ്സിനെ യേശു ദർശിച്ചു. യെരൂശലേമിനെ രക്ഷിപ്പാനായിരുന്നു കർത്താവു വന്നത്. അവളെ എങ്ങനെ ഉപേക്ഷിക്കാനാവും?

യിസ്രായേൽ ദൈവത്തിന്റെ ഇഷ്ടജനമായിരുന്നു. അവരുടെ ദൈവാലയം ദൈവത്തിന്റെ വാസസ്ഥലമായിരുന്നു. അത് "ഉയരംകൊണ്ടു മനോഹരവും, സർവ്വഭൂമിയുടെയും ആനന്ദവുമാകുന്നു" (സങ്കീ. 48:2). ഒരു പിതാവു തന്റെ ഏകജാതനെ കയ്യിൽ ഏന്തുന്നതുപോലെ, യെരൂശലേമിനെ ആയിരം വർഷങ്ങളിലേറെ, ദൈവം കൈകളിൽ വഹിച്ചു. പഴയനിയമ കാലത്തെ

പ്രവാചകന്മാർ യെരൂശലേം ദൈവാലയത്തിൽ വച്ചായിരുന്നു ഗൗരവമേറിയ ദൈവത്തിന്റെ മുന്നറിയിപ്പുകൾ നൽകിയിരുന്നത്. അവിടെ വീശിയിരുന്ന ധൂപകലശങ്ങളിൽനിന്നുള്ള സൗരഭ്യം കലർന്ന ധൂപം ഭക്തന്മാരുടെ പ്രാർത്ഥനയോടൊപ്പം ദൈവസന്നിധിയിലേക്കു കരേറിയിരുന്നു. ക്രിസ്തുവിന്റെ രക്തത്തെ ചൂണ്ടിക്കാണിച്ചിരുന്ന മൃഗരക്തവും അവിടെ ഒഴുകിയിരുന്നു. യഹോവയുടെ മഹത്വം യെരൂശലേം ദൈവാലയത്തിലെ കൃപാസനത്തിൽ വെളിപ്പെടുത്തപ്പെട്ടിരുന്നു. പുരോഹിതന്മാർ അവിടെ ശുശ്രൂഷ ചെയ്തിരുന്നു. നൂറ്റാണ്ടുകളായി പുരോഹിതന്മാർ ഈ ആചാരശുശ്രൂഷയുടെ ഗാംഭീര്യം നിലനിർത്തിയിരുന്നു. എന്നാൽ ഇവയെല്ലാം അവസാനിക്കേണ്ടതായിരുന്നു.

രോഗികളെയും കഷ്ടപ്പെടുന്നവരെയും ആശീർവദിച്ച കർത്താവിന്റെ കരങ്ങൾ ഉയർത്തി, നാശോന്മുഖമായിരുന്ന യെരൂശലേം നഗരത്തിന്റെ നേർക്കു വീശിക്കൊണ്ടു ഗദ്ഗദകണ്ഠനായി യേശു പറഞ്ഞു: "ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളതു നീയും അറിഞ്ഞുവെങ്കിൽ കൊള്ളാമായിരുന്നു." ഇവിടെ കർത്താവ് ഒരു അർദ്ധവിരാമം നൽകി. ദൈവം യെരൂശലേമിനു നല്കുവാൻ ആഗ്രഹിച്ച ദൈവത്തിന്റെ ദാനത്തെ യെരൂശലേം സ്വീകരിച്ചിരുന്നുവെങ്കിൽ യെരൂശലേമിനു ലഭിക്കുമായിരുന്ന സ്വർഗ്ഗീയ അനുഗ്രഹങ്ങളെക്കുറിച്ചു കർത്താവു പ്രത്യേകമായി പറഞ്ഞില്ല. യെരൂശലേമിനു ദൈവം നല്കാനിരുന്ന പ്രത്യേക ദാനത്തെ അവൾ സ്വീകരിച്ചിരുന്നുവെങ്കിൽ, അവൾ ഐശ്വര്യസമ്പൂർണ്ണയും, രാജ്യങ്ങളുടെ രാജ്ഞിയും ആകുമായിരുന്നു. അവൾ വിദേശശക്തിയുടെ പാരതന്ത്ര്യത്തിൽനിന്നു വിമോചിതയാകുമായിരുന്നു. അവളുടെ വാതായനങ്ങളിൽ ദ്വാരപാലകന്മാർ കാവൽ നിൽക്കേണ്ടിവരികയില്ലായിരുന്നു. റോമൻ പതാകകൾ അവളുടെ കോട്ടമതിലിന്മേൽ പാറിക്കളിക്കയില്ലായിരുന്നു. യെരൂശലേം, തന്റെ രക്ഷകനെ കൈക്കൊണ്ടിരുന്നുവെങ്കിൽ അവൾക്കു കൈവരിക്കാമായിരുന്ന ഭാഗ്യം എത്ര വലുതായിരിക്കുമായിരുന്നുവെന്നു യേശുവിന് അറിയാമായിരുന്നു. യെരൂശലേം ലോകത്തിന്റെ ശ്രദ്ധാ കേന്ദ്രമായിത്തീരുമായിരുന്നു. യെരൂശലേമിന്റെ തെരുവീഥികളിൽനിന്നു സമാധാനത്തിന്റെ പ്രാവ് മറ്റു രാജ്യങ്ങളിലേക്കു പറക്കുകയും, യെരൂശലേം ലോകത്തിന്റെ മഹത്വമേറിയ രത്നമായി വിരാജിക്കുകയും ചെയ്യുമായിരുന്നു.

യെരൂശലേമിനു കൈവരിക്കാമായിരുന്ന ശോഭാപൂർണ്ണമായ അവസ്ഥയുടെ ചിത്രം ക്രിസ്തുവിന്റെ മനോദർപ്പണത്തിൽനിന്നു മാഞ്ഞു. യെരൂശലേം അഭിമുഖീകരിക്കാൻ പോകുന്ന ദുരന്തങ്ങളുടെ രംഗങ്ങൾ ഓരോന്നോരോന്നായി കർത്താവിന്റെ മനക്കണ്ണിന്റെ മുമ്പിലൂടെ കടന്നുപോയി. യേശുവിന്റെ വിലാപത്തിന്റെ പൊട്ടിപ്പോയ ഇഴകൾ കൂട്ടിച്ചേർത്തു. യേശു പറഞ്ഞു: "ഇപ്പോഴോ അതു നിന്റെ കണ്ണിനു മറഞ്ഞിരിക്കുന്നു. നിന്റെ സന്ദർശനകാലം നീ അറിയാഞ്ഞതുകൊണ്ട്, നിന്റെ ശത്രുക്കൾ നിനക്കു ചുറ്റും വാടകോരി നിന്നെ വളഞ്ഞു നാലു പുറത്തും ഞെരുക്കി നിന്നെയും നിന്നിലുള്ള നിന്റെ മക്കളെയും നിലത്തു തള്ളിയിട്ട്, നിങ്കൽ കല്ലിന്മേൽ കല്ലു ശേഷിപ്പിക്കാതിരിക്കുന്ന കാലം നിനക്കു വരും."

യെരൂശലേമിനെ അവളുടെ മക്കളോടൊപ്പം രക്ഷിക്കുന്നതിനായിരുന്നു ക്രിസ്തു വന്നത്. എന്നാൽ യെരൂശലേമിന്റെ അഹന്തയും, സ്വയനീതിയും, ഗർവ്വവും, കപടഭക്തിയും യേശുവിനെ സ്വീകരിക്കുന്നതിൽ അവൾക്കു തടസ്സമായി നിലകൊണ്ടു. നാശത്തിലേക്കു സ്വയം ചെന്നുചാടിയ ഈ മനോഹര നഗരത്തിനു വരുവാൻ പോകുന്ന ഭയങ്കര ശിക്ഷാവിധിയെ യേശു മുൻകൂട്ടി കണ്ടു. ശത്രുക്കളാൽ നിരോധിക്കപ്പെട്ട നഗരത്തിനുള്ളിൽ, കാളുന്ന വിശപ്പുമൂലം മാതാപിതാക്കളും മക്കളും ഒരുനേരത്തെ ആഹാരത്തിനുവേണ്ടി പരസ്പരം മത്സരിക്കുന്നതു യേശു കണ്ടു. വിശപ്പടക്കുന്നതിനു വേണ്ടി സ്വന്തം പിഞ്ചു പൈതങ്ങളെ ഭക്ഷിക്കുന്ന മാതാക്കളും കഠിന ക്ഷാമത്താൽ വലയുന്ന ജനസമൂഹവും യെരൂശലേം നഗരവീഥികളിലുണ്ടായിരുന്നു. യേശുവിന്റെ സൗജന്യ രക്ഷയെ അവഗണിച്ച യെഹൂദന്മാർ, യെരൂശലേമിൽ നിന്നു രക്ഷപ്പെടുവാനുള്ള അവസരം ലഭിച്ചപ്പോൾ അതു പ്രയോജനപ്പെടുത്താതെ ശക്തനായ ശത്രുവിനെ ആക്രമിക്കുവാൻ ശ്രമിച്ചു. അത് അവരുടെ പരിപൂർണ്ണ നാശത്തിന് ഇടയാക്കി. തനിക്കുവേണ്ടി കാൽവരിയിൽ ഉയർത്തപ്പെടുവാൻ പോകുന്ന കുരിശിനെ യേശു കണ്ടു. അതുപോലെ കാൽവരിയിൽ അനേകം കുരിശുകൾ വനംപോലെ ഉയർത്തിയിരിക്കുന്നതും ദർശിച്ചു. നിർഭാഗ്യവാന്മാരായ അനേകർ ആ കുരിശുകളിൽ വേദന അനുഭവിക്കുന്നത് 'അവൻ തന്നെ ദിവ്യചക്ഷുസ്സുകൾകൊണ്ടു' കണ്ടു. യെരൂശലേമിലെ മനോഹരഹർമ്യങ്ങളും യെരൂശലേം ദൈവാലയവും നശിപ്പിക്കപ്പെട്ടിരിക്കുന്നതു യേശു കണ്ടു. ഭീമാകാരമായ കോട്ടമതിലുകൾ നിലംപരിചായിരിക്കുന്നതും യെരൂശലേം നഗരം ഉഴുതുമറിച്ച നിലംപോലെ ആയിരിക്കുന്നതും അവൻ കണ്ടു.

ഒരു മാതാവു തന്റെ ശിശുവിനെ എപ്രകാരം സ്നേഹിക്കുമോ അതുപോലെ യേശു, യെരൂശലേമിനെ സ്നേഹിച്ചു. വഴിതെറ്റിപ്പോയ ഒരു മകനുവേണ്ടി, സ്നേഹനിധിയായ ഒരു പിതാവു വിലപിക്കുന്നതുപോലെ, യേശു യെരൂശലേമിനെ ഓർത്തു വിലപിച്ചു. എങ്ങനെ നിന്നെ, എനിക്കുപേക്ഷിക്കുവാൻ കഴിയും? നിന്റെ പാപത്തിന്റെ പാനപാത്രം നിറയ്ക്കുവാൻ ഞാൻ നിന്നെ അനുവദിക്കണമോ? ദൈവത്തിന് ഒരു മനുഷ്യാത്മാവു സർവ്വലോകങ്ങളെക്കാളും വിലയേറിയതാണ്. പക്ഷേ യെരൂശലേമിന്റെ നാശത്തോടുകൂടി അനേക മനുഷ്യരാണു നശിക്കുവാൻ പോകുന്നത്. അസ്തമന സൂര്യന്റെ ചെങ്കതിരുകൾ പെട്ടെന്നു മായും. അതോടുകൂടെ യെരൂശലേമിന്റെ കൃപയുടെ കാലവും അവസാനിക്കും. യേശുവിനെ അനുഗമിച്ചുകൊണ്ടുള്ള ഘോഷയാത്ര ഒലിവുമലയുടെ മുകൾപ്പരപ്പിൽ എത്തിച്ചേർന്നു. അപ്പോഴും യെരൂശലേമിന് അനുതപിക്കുവാനുള്ള സമയം ഉണ്ടായിരുന്നു. യെരൂശലേമിനെ സംബന്ധിച്ചിടത്തോളം കൃപയുടെ കാലം അവസാനിക്കുവാൻ നിമിഷങ്ങൾ മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. യെരൂശലേമിന്റെ ന്യായവിധി പ്രഖ്യാപിക്കുവാൻ കൃപയുടെ ദൂതൻ ഒരുങ്ങിക്കഴിഞ്ഞു. യെരൂശലേം ക്രിസ്തുവിനെ സ്വീകരിക്കാതിരുന്നിട്ടും സ്നേഹവാനായ ക്രിസ്തു അവളുടെ രക്ഷയ്ക്കുവേണ്ടി ഹൃദയപൂർവ്വം വാഞ്ഛിച്ചിരുന്നു. സമയം അവസാനിച്ചിട്ടില്ലായിരുന്നു. അസ്തമന സൂര്യന്റെ അന്തിമ കിരണങ്ങൾ യെരൂശലേം ദൈവാലയത്തിന്റെ ഗോപുരത്തിലും, സ്തൂപാഗ്രത്തിലും പതിച്ചുകൊണ്ടിരുന്നപ്പോൾ,

ഏതെങ്കിലുമൊരു ദൂതൻ അവളെ ക്രിസ്തുവിങ്കലേക്കു നയിക്കുകയില്ലേ? പ്രവാചകന്മാരെ കല്ലെറിയുകയും, ദൈവപുത്രനെ നിരസിക്കുകയും ചെയ്ത അവിശുദ്ധയും സൗന്ദര്യവതിയുമായ യെരൂശലേം നഗരത്തിന്റെ അന്തിമ നിമിഷങ്ങൾ അസ്തമിച്ചുകഴിഞ്ഞു.

എന്നിട്ടും ദൈവാത്മാവു യെരൂശലേമിനോടു വാദിക്കുന്നു. ദിവസം അവസാനിക്കുന്നതിനു മുമ്പുതന്നെ വേറൊരു സാക്ഷ്യം അവൾക്കു നല്കപ്പെട്ടു. യെരൂശലേം ആ സാക്ഷ്യം ശ്രദ്ധിച്ചിരുന്നുവെങ്കിൽ, രക്ഷ ഇപ്പോഴും അവൾക്കു കൈവശമാകുമായിരുന്നു.

യേശു പട്ടണത്തിലേക്ക് ഒരു വലിയ ജനാവലിയുമായി വരുന്നുവെന്നു യെരൂശലേം ഭരണാധികാരികൾ കേട്ടു. എങ്കിലും യേശുവിനെ സ്വാഗതം ചെയ്‌വാൻ അവർ തയ്യാറായിരുന്നില്ല. ജനക്കൂട്ടത്തെ എങ്ങനെ പിരിച്ചുവിടണമെന്നായിരുന്നു യെഹൂദനേതാക്കളുടെ ചിന്ത. യേശുവിനെ നോക്കിക്കൊണ്ട് "ഇവൻ ആർ?" എന്ന് അവർ ചോദിച്ചപ്പോൾ, പരിശുദ്ധാത്മപ്രേരിതരായ ശിഷ്യന്മാർ, വേദപുസ്തകത്തിൽ കർത്താവിനെപ്പറ്റിയുള്ള പ്രവചനം വാക്ചാതുര്യത്തോടെ ആവർത്തിച്ചു പറയുന്നു:

ആദാം പറയും, സർപ്പത്തിന്റെ തല തകർക്കുന്ന "സ്ത്രീയുടെ സന്തതി."

അബ്രാഹാമിനോടു ചോദിക്കൂ, അവൻ നിങ്ങളോടു പറയും, ഇത് "ശാലേമിലെ രാജാവായ മല്കിസദേക്ക്" (ഉല്പത്തി 14:18).

യാക്കോബ് നിങ്ങളോടു പറയും: "യെഹൂദാഗോത്രത്തിലെ സിംഹം."

യെശയ്യാവ് നിങ്ങളോടു പറയും: "ഇമ്മാനുവേൽ, അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു" (യെശ. 7:14; 9:6).

യിരെമ്യാവ് പറയും: "ദാവീദിന്റെ മുള;" യഹോവ നമ്മുടെ നീതി (യിരെ. 23:6).

ദാനീയേൽ പറയും: "ദൈവത്തിന്റെ അഭിഷിക്തൻ."

ഹോശേയ പറയും: "യഹോവ സൈന്യങ്ങളുടെ ദൈവം" (ഹോശേയ 12:5).

യോഹന്നാൻ സ്നാപകൻ പറയും: "ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29).

പിതാവായ ദൈവം പറഞ്ഞു: ''ഇവൻ എന്റെ പ്രിയപുത്രൻ'' (മത്തായി 3:17).

ശിഷ്യന്മാരുടെ സാക്ഷ്യം: "ലോകത്തിന്റെ വീണ്ടെടുപ്പുകാരനും, ജീവന്റെ പ്രഭുവും, വാഗ്ദത്തമശീഹയുമായ യേശു."

ഇരുട്ടിന്റെ പ്രഭു ക്രിസ്തുവിനെക്കുറിച്ചു നല്കിയ സാക്ഷ്യം: ''നീ ആർ എന്നു ഞാൻ അറിയുന്നു; ദൈവത്തിന്റെ പരിശുദ്ധൻ തന്നെ'' (മർക്കൊസ് 1:24).

# 64

# വിധി നിർണ്ണയിക്കപ്പെട്ട ഒരു ജനത

അവലംബം: മർക്കൊസ് 11:11–14; 20, 21; മത്തായി 21:17–19

ക്രിസ്തുവിന്റെ യെരൂശലേമിലേക്കുള്ള രാജകീയയാത്ര തന്റെ മഹത്വകരമായ രണ്ടാം വരവിന്റെ ഒരു മുൻകുറി ആയിരുന്നു. പരീശന്മാരോടും പുരോഹിതന്മാരോടും ക്രിസ്തു പറഞ്ഞ വാക്കുകൾ നിറവേറുന്നത് അപ്പോഴായിരിക്കും. "കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ എന്നു നിങ്ങൾ പറയുവോളം നിങ്ങൾ ഇനി എന്നെ കാണുകയില്ല" (മത്തായി 23:39). അന്തിമ വിജയത്തിന്റെ ആ ദിനം, ദർശനത്തിലൂടെ പ്രവാചകനായ സെഖര്യാവിനു കാണിച്ചുകൊടുത്തു. ക്രിസ്തുവിനെ പീഡിപ്പിക്കുകയും നിരാകരിക്കുകയും ചെയ്തവർക്കു വരുന്ന ന്യായവിധിയെക്കുറിച്ചു സെഖര്യാവ് പറയുന്നു: "തങ്ങൾ കുത്തീട്ടുള്ള വങ്കലേക്ക് അവർ നോക്കും; ഏകജാതനെക്കുറിച്ചു വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വിലപിക്കും; ആദ്യജാതനെക്കുറിച്ചു വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വ്യസനിക്കും" (സെഖ. 12:10). യേശു യെരൂശലേമിനെക്കുറിച്ചു വിലപിച്ചപ്പോൾ, യെഹൂദന്മാർക്കു വരുവാൻ പോകുന്ന ന്യായവിധിയെ

ക്കുറിച്ചു മുൻകൂട്ടി കണ്ടു. യെരൂശലേമിന്റെ അക്ഷരിക നാശത്തിലൂടെ തന്നെ തിരസ്കരിച്ചവരുടെ അന്തിമനാശം യേശു ദർശിച്ചു.

തങ്ങളുടെ ഗുരുവിനെ യെഹൂദന്മാർ എത്രമാത്രം ദ്വേഷിച്ചിരിക്കുന്നുവെന്നു ശിഷ്യന്മാർക്കറിയാമായിരുന്നു. അതിന്റെ പരിണിതഫലത്തെക്കുറിച്ച് അവർക്കറിയില്ലായിരുന്നു. യിസ്രായേലിന്റെ യഥാർത്ഥ അവസ്ഥയെ ക്കുറിച്ചും അവർ അജ്ഞരായിരുന്നു. ഒരു മാതൃകാപാഠത്തിലൂടെ യേശു അവർക്ക് അതു വിശദീകരിച്ചുകൊടുത്തു.

യെരൂശലേമിനു നല്കിയ അന്തിമ ക്ഷണവും അവർ തിരസ്കരിച്ചു. "ഇവൻ ആർ" എന്ന ചോദ്യത്തിനു ലഭിച്ച ഉത്തരത്തിൽ, പഴയകാലത്തു നല്കപ്പെട്ട പ്രവചനത്തിന്റെ ശബ്ദം പുരോഹിതന്മാരും ഭരണകർത്താക്കളും കേട്ടു. എങ്കിലും അവർ അവയെ ഗൗരവമായി എടുത്തില്ല. കോപകലുഷിത രായ അവർ ജനത്തെ നിശ്ശബ്ദരാക്കുവാൻ ശ്രമിച്ചു. ജനക്കൂട്ടത്തിൽ റോമൻ ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു. റോമാഗവൺമെന്റിന് എതിരായി യേശു ജനങ്ങളെ ഇളക്കുന്നുവെന്ന് അവരോടു യേശുവിന്റെ ശത്രുക്കൾ പറഞ്ഞു. യെരൂശലേം ദൈവാലയം കൈവശപ്പെടുത്തി സ്വയം രാജാവാകുവാൻ യേശു ശ്രമിക്കയാണെന്ന് അവർ പറഞ്ഞു.

ഒരു ഭൗമിക രാജ്യം സ്ഥാപിക്കുകയല്ല തന്റെ ലക്ഷ്യമെന്നു യേശു പറഞ്ഞപ്പോൾ ഏവരും നിശ്ശബ്ദരായി അതു കേട്ടു. അധികം താമസിയാതെ താൻ പിതാവിന്റെ സമീപത്തേക്കു പോകുമെന്നു യേശുവിനറിയാമായിരുന്നു. താൻ രണ്ടാമതു വീണ്ടും വരുന്നതുവരെ, തന്നെ കുറ്റം വിധിക്കുന്നവർ തന്നെ കാണുകയില്ലായെന്നു യേശുവിനറിയാമായിരുന്നു. എന്നാൽ രണ്ടാമത്തെ വരവിൽ അവർ യേശുവിനെ തിരിച്ചറിയും. പക്ഷേ രക്ഷയ്ക്കുള്ള അവരുടെ സമയം കഴിഞ്ഞിരിക്കും. ഈ വസ്തുത ക്രിസ്തു വളരെ വ്യക്തമായി പ്പറഞ്ഞു. റോമാക്കാരായ ഉദ്യോഗസ്ഥർ നിശ്ശബ്ദരായി യേശുവിന്റെ വാക്കു കൾ കേട്ടു. ദൈവിക പ്രേരണയ്ക്ക് അവർ അപരിചിതർ എങ്കിലും, മുമ്പൊരി ക്കലും അവർ ഇത്രമാത്രം സ്പർശിക്കപ്പെട്ടിരുന്നില്ല. യേശുവിന്റെ ശാന്തഗംഭീര മായ മുഖത്ത് അനുകമ്പയും സ്നേഹവും കുലീനത്വവും വിളങ്ങുന്നത് അവർ കണ്ടു. അത് അവരുടെ ഹൃദയങ്ങളെ ദ്രവീകരിച്ചു. യേശുവിനെ തടവിലാക്കുന്നതിനു പകരം ആദരിക്കുന്നതിന് അവർ ആഗ്രഹിച്ചു. പുരോഹിതന്മാരാണു കുഴപ്പം സൃഷ്ടിക്കുന്നതെന്ന് അവർക്കു മനസ്സിലായി. നിരാശരും പരാജിതരുമായ പുരോഹിതവൃന്ദം ജനത്തിന്റെ നേരെ തിരിഞ്ഞു. കോപകലുഷിതരായ അവർ പരസ്പരം വാദിച്ചുകൊണ്ടിരുന്നു.

യേശു ഈ അവസരത്തിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ ദൈവാലയത്തി നുള്ളിൽ പ്രവേശിച്ചു. ദൈവാലയം അപ്പോൾ ശാന്തമായിരുന്നു. കാരണം ജന മെല്ലാം ഒലിവുമലയിലായിരുന്നു. യേശു കുറച്ചു സമയം ദൈവാലയത്തിൽ ചെലവഴിച്ചശേഷം, ശിഷ്യന്മാരോടൊത്തു ബേഥാന്യയിലേക്കു പോയി. ജനം യേശുവിനെ രാജാവായി അവരോധി ക്കേണ്ടതിന് അന്വേഷിച്ചപ്പോൾ, യേശു അവിടംവിട്ടു പൊയ്ക്കഴിഞ്ഞിരുന്നു.

രാത്രി മുഴുവനും യേശു പ്രാർത്ഥനയിൽ ചെലവഴിച്ചു. രാവിലെ വീണ്ടും യേശു ദൈവാലയത്തിലേക്കു വന്നു. വരുന്ന വഴിയിൽ ഒരു അത്തിമരത്തോട്ടം യേശു കണ്ടു. യേശുവിന് അപ്പോൾ വിശപ്പുണ്ടായിരുന്നു. "അവൻ ഇലയുള്ളൊരു അത്തിവൃക്ഷം ദൂരത്തുനിന്നു കണ്ടു; അതിൽ വല്ലതും കണ്ടു കിട്ടുമോ എന്നുവച്ചു ചെന്നു; അതിനരികെ എത്തിയപ്പോൾ ഇല അല്ലാതെ ഒന്നും കണ്ടില്ല; അത് അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു."

ചില സ്ഥലങ്ങളിലൊഴികെ, ആ സമയം അത്തിപ്പഴത്തിന്റെ കാലമായിരുന്നില്ല. യെരൂശലേമിന്റെ ഉയർന്ന പ്രദേശങ്ങളിൽ അപ്പോൾ "അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു" എന്നു തീർച്ചയായും പറയാമായിരുന്നു. എന്നാൽ യേശു സമീപിച്ച അത്തിമരത്തോട്ടത്തിൽ ഒരു മരം, മറ്റു മരങ്ങളിൽ നിന്നു വ്യത്യസ്തമായി ഫലം കായിക്കുന്നു എന്ന ലക്ഷണങ്ങൾ കാണിച്ചു. അവയിൽ ധാരാളം ഇല ഉണ്ടായിരുന്നു. ഇലകൾ വിരിയുന്നതിനുമുമ്പു ഫലം പുറപ്പെടുവിക്കുക എന്നത് അത്തിവൃക്ഷത്തിന്റെ ഒരു ലക്ഷണമാണ്. അതുകൊണ്ട് ഇലകൾ നിറഞ്ഞ വൃക്ഷത്തിൽ പാകമായ ധാരാളം അത്തിപ്പഴം ഉണ്ടായിരിക്കുമെന്ന പ്രതീതി ആ അത്തിവൃക്ഷം ജനിപ്പിച്ചു. ആ വൃക്ഷത്തിന്റെ പ്രത്യക്ഷരൂപം തെറ്റിദ്ധാരണയുണ്ടാക്കുന്ന വിധത്തിലായിരുന്നു. താഴെനിന്നു മുകളിലത്തെ ചില്ലവരെ യേശു പരിശോധിച്ചപ്പോൾ ഇലയല്ലാതെ ഒരു ഫലം പോലും അതിൽ കണ്ടില്ല. കാപട്യം നിറഞ്ഞ ഇലയുടെ മൂടുപടമല്ലാതെ മറ്റൊന്നും ആ വൃക്ഷത്തിൽ ഉണ്ടായിരുന്നില്ല.

ആ അത്തിവൃക്ഷം ഉണങ്ങിപ്പോകട്ടെ എന്നു യേശു ശപിച്ചു. "ഇനി നിന്നിൽ നിന്ന് ആരും ഫലം തിന്നാതിരിക്കട്ടെ" എന്നു യേശു പറഞ്ഞു. പിറ്റേന്നാൾ രാവിലെ യേശുവും ശിഷ്യന്മാരും നഗരത്തിലേക്കു പോകുന്ന വഴി, വാടി നില്ക്കുന്ന അത്തിവൃക്ഷം അവരുടെ ശ്രദ്ധയെ ആകർഷിച്ചു. പത്രൊസ് പറഞ്ഞു: "നീ ശപിച്ച അത്തിവൃക്ഷം ഉണങ്ങിപ്പോയല്ലോ."

ക്രിസ്തു അത്തിവൃക്ഷത്തെ ശപിച്ചതിൽ ശിഷ്യന്മാർ അത്ഭുതപ്പെട്ടു. തന്റെ മാർഗ്ഗത്തിനും പ്രവൃത്തിക്കും ചേർന്നതായിരുന്നില്ല ആ പ്രവൃത്തി എന്നു ശിഷ്യന്മാർക്കു തോന്നി. "ലോകത്തെ വിധിപ്പാനല്ല, ലോകം തന്നിൽക്കൂടെ രക്ഷിക്കപ്പെടുവാനാണു താൻ വന്നത്" എന്നു യേശു പറയുന്നതു ശിഷ്യന്മാർ കേട്ടിരുന്നു. "മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിക്കാനല്ല, രക്ഷിപ്പാനത്രേ വന്നത്" (ലൂക്കൊസ് 9:56). യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചതു മനുഷ്യനെ രക്ഷിപ്പാനായിരുന്നു. നശിപ്പിക്കുന്ന ഒന്നും തന്നിലില്ലായിരുന്നു. കർത്താവിനെ പുനഃസ്ഥാപകനും, സൗഖ്യദായകനുമായിട്ടാണു ശിഷ്യന്മാർ അറിഞ്ഞിരുന്നത്. എന്നാൽ അത്തിവൃക്ഷത്തെ നശിപ്പിച്ചതു തന്റെ മറ്റു പ്രവൃത്തികളിൽനിന്നു ഭിന്നമായിരുന്നു. അതിന്റെ ഉദ്ദേശ്യമെന്തായിരുന്നുവെന്നു ശിഷ്യന്മാർ ചോദിച്ചു.

"ദയയിലല്ലോ അവനു പ്രസാദമുള്ളത്." "എന്നാണ, ദുഷ്ടന്റെ മരണത്തിലല്ല, ദുഷ്ടൻ തന്റെ വഴിവിട്ടു തിരിഞ്ഞു ജീവിക്കുന്നതിലത്രേ എനിക്ക് ഇഷ്ടമുള്ളത് എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്" (മീഖാ 7:18; യെഹെ. 33:11). നശീകരണവും, ശാപവും ദൈവത്തിന് "അപൂർവ്വക്രിയ"

കളാണ് (യെശ. 28:21). പാപവഴിയുടെ ഫലങ്ങൾ തുറന്നുകാട്ടുകയും, ഭാവിയെ ആവരണം ചെയ്തിരിക്കുന്ന തിരശ്ശീല ദൈവം നീക്കുകയും ചെയ്യുന്നതു സ്നേഹത്തോടുകൂടെയാണ്.

അത്തിവൃക്ഷത്തെ ശപിച്ചത്, പ്രവൃത്തിരൂപത്തിൽ നല്കിയ ഒരു സാധന പാഠമായിരുന്നു. ക്രിസ്തുവിനഭിമുഖമായി കാപട്യത്തിന്റെ ഇലത്തഴപ്പുമായി നിന്ന വന്ധ്യമായ അത്തിവൃക്ഷം യെഹൂദജാതിയെ പ്രതിനിധീകരിച്ചു. യിസ്രായേലിന്റെ പതനത്തിന്റെ സുനിശ്ചിതത്വവും, അതിന്റെ കാരണവും ശിഷ്യന്മാർക്കു വ്യക്തമാക്കിക്കൊടുക്കുവാൻ കർത്താവ് ആഗ്രഹിച്ചു. ഈ ഉദ്ദേശ്യത്തോടുകൂടെ, ആ വൃക്ഷത്തെ, ദിവ്യസത്യത്തെ വെളിപ്പെടുത്തുവാനുള്ള ഒരു ഉപാധി ആക്കിത്തീർത്തു. മറ്റു ജാതികളിൽനിന്നു വിഭിന്നമായി സത്യദൈവത്തോടു ഭക്ത്യാദരവു പ്രകടിപ്പിച്ചുകൊണ്ടു യെഹൂദജാതി നിലകൊണ്ടു. ദൈവം അവരിൽ പ്രത്യേകമായി പ്രസാദിച്ചിരുന്നു. മറ്റുള്ള ജനങ്ങളെക്കാൾ തങ്ങൾ ശ്രേഷ്ഠരെന്നു യിസ്രായേൽ അഭിമാനിച്ചിരുന്നു. എന്നാൽ ലോകസ്നേഹവും ലാഭേച്ഛയും അവരെ കളങ്കപ്പെടുത്തി. തങ്ങളുടെ ശ്രേഷ്ഠതയിൽ അവർ അഹങ്കരിച്ചു. എന്നാൽ ദൈവം അവരിൽനിന്ന് ആഗ്രഹിച്ച കാര്യങ്ങളെക്കുറിച്ച് അവർ അജ്ഞരായിരുന്നു. കപടഭക്തിയിൽ അവർ ആണ്ടിരുന്നു. ഫലം പുറപ്പെടുവിക്കാത്ത അത്തിവൃക്ഷംപോലെ അവരുടെ ഫലശൂന്യമായ ശിഖരങ്ങളെ അവർ ഉയർത്തിക്കാട്ടി. തഴച്ചു വളരുന്ന അത്തിവൃക്ഷം ഫലനിബിഡമാണെന്നു തോന്നിക്കുമായിരുന്നു. പക്ഷേ ഇലയല്ലാതെ മറ്റൊന്നും അതിൽ ഇല്ലായിരുന്നു. യെഹൂദമതം, കമനീയമായ അതിന്റെ ദൈവാലയത്തോടും, ബലിപീഠങ്ങളോടും, മോടിയിൽ വസ്ത്രധാരണം ചെയ്തിരുന്ന പുരോഹിതന്മാരോടും, ആകർഷകമായ ആരാധനാരീതിയോടുംകൂടെ കാഴ്ചയ്ക്കു വളരെ മനോഹരമായിരുന്നു. എന്നാൽ താഴ്മ, സ്നേഹം, ദയ എന്നീ സൽഗുണങ്ങൾ അവർക്ക് അന്യമായിരുന്നു.

ആ അത്തിവൃക്ഷം നിന്നിരുന്ന തോട്ടത്തിലെ ഒരത്തിവൃക്ഷത്തിലും ഫലങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ അധികം ഇലകൾ ഇല്ലാതിരുന്ന അത്തിവൃക്ഷങ്ങൾ പ്രതീക്ഷ ഉണർത്തുകയോ നിരാശ ജനിപ്പിക്കുകയോ ചെയ്തില്ല. ഈ വൃക്ഷങ്ങൾ ജാതികളെയാണു പ്രതിനിധാനം ചെയ്തത്. യെഹൂദന്മാരെപ്പോലെ അവരും ദൈവഭക്തി കുറവുള്ളവരായിരുന്നു. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവരാണു തങ്ങൾ എന്ന് അവർ അവകാശപ്പെട്ടിരുന്നില്ല. നന്മ പ്രവർത്തിക്കുന്നു എന്ന അഹംഭാവം അവർക്കില്ലായിരുന്നു. ദൈവത്തിന്റെ വഴികളെക്കുറിച്ച് അവർ അന്ധരായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം അത്തിപ്പഴം പുറപ്പെടുവിക്കുവാനുള്ള കാലം ആയിട്ടില്ലായിരുന്നു. തങ്ങളുടെ ജീവിതത്തിൽ വെളിച്ചവും പ്രത്യാശയും തെളിയുന്ന നാളിനുവേണ്ടി അവർ അപ്പോഴും കാത്തിരുന്നു. ദൈവത്തിൽനിന്നു കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിച്ചിട്ടുള്ള യെഹൂദന്മാർ ഈ ദാനങ്ങളെ ദുർവിനിയോഗം ചെയ്തതുകൊണ്ട് അതിന്റെ കണക്കു ബോധിപ്പിക്കേണ്ടതായിരുന്നു. അവർ എന്തിനെക്കുറിച്ച് അഹങ്കരിച്ചുവോ, അത് അവരുടെ കുറ്റത്തെ വർദ്ധിപ്പിക്കയാണു ചെയ്തത്.

ആഹാരത്തിനുവേണ്ടിയാണു യേശു അത്തിവൃക്ഷത്തിനു സമീപമെത്തിയത്. നീതിഫലങ്ങൾ യിസ്രായേൽ പുറപ്പെടുവിക്കുന്നതു കാണുവാനുള്ള ആർത്തിയോടെയാണു യേശു അവതരിച്ചത്. ലോകം അവർമൂലം അനുഗ്രഹിക്കപ്പെടേണ്ടതിന്, കർത്താവ്, സ്വർഗ്ഗീയാനുഗ്രഹങ്ങളെ അവരുടെമേൽ വർഷിച്ചു. യിസ്രായേലിനു ദൈവം എല്ലാ അവസരങ്ങളും നല്കി. അവരിൽനിന്ന് അനുസരണവും സഹാനുഭൂതിയും യേശു പ്രതീക്ഷിച്ചു. സ്വയത്യാഗവും കരുണയും, ദൈവിക കാര്യങ്ങളിലുള്ള തീക്ഷ്ണതയും, മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടിയുള്ള താൽപര്യവും യിസ്രായേലിൽ കാണുവാൻ യേശു ആഗ്രഹിച്ചു. ദൈവകല്പന അവർ അനുസരിച്ചിരുന്നുവെങ്കിൽ, ക്രിസ്തു ചെയ്ത നിസ്വാർത്ഥമായ വേല അവരും ചെയ്യുമായിരുന്നു. എന്നാൽ അഹംഭാവവും സ്വയനീതീകരണവും അവരുടെ സ്നേഹത്തെ നശിപ്പിച്ചു. മറ്റുള്ളവരെ ശുശ്രൂഷിപ്പാൻ അവർ വിമുഖത കാണിച്ചതുകൊണ്ടു സ്വയം അവർ നാശം വിതച്ചു. തങ്ങളെ ദൈവം ഭരമേല്പിച്ച സത്യം യിസ്രായേല്യർ ലോകത്തിനു നൽകിയില്ല. ഫലം പുറപ്പെടുവിക്കാത്ത അത്തിവൃക്ഷം യിസ്രായേലിന്റെ പാപത്തെയും അവർക്കു വരുവാൻ പോകുന്ന ശിക്ഷയെയും പ്രതിഫലിപ്പിച്ചു. തങ്ങൾക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾ അന്യർക്കു വിതരണം ചെയ്വാൻ മടികാണിക്കുമ്പോൾ, ദൈവം അനുഗ്രഹങ്ങളെ പിന്നീട് ഒരിക്കലും ചൊരിയുന്നില്ല. “യിസ്രായേലേ, നിന്റെ സഹായമായിരിക്കുന്ന എന്നോടു നീ മറുക്കുന്നത്, നിന്റെ നാശം ആകുന്നു” (ഹോശേയ 13:9).

ഈ മുന്നറിയിപ്പു സകല കാലത്തേക്കുമുള്ളതാണ്. തന്റെ സൃഷ്ടിയായ അത്തിയെ ശപിച്ച ക്രിസ്തുവിന്റെ പ്രവൃത്തി എല്ലാ ക്രൈസ്തവർക്കും ഒരു മുന്നറിയിപ്പാണ്. ശുശ്രൂഷയിൽക്കൂടിയല്ലാതെ ദൈവകല്പന നിറവേറ്റാൻ ആർക്കും കഴികയില്ല. ക്രിസ്തുവിന്റെ കരുണ സ്വായത്തമാക്കാത്ത അനവധി ക്രൈസ്തവരുണ്ട്. നല്ല ക്രിസ്ത്യാനികളെന്ന് അഭിമാനിക്കുന്ന അനേകരും ദൈവത്തെ സ്നേഹിക്കുക എന്നാൽ എന്ത് എന്നു ഗ്രഹിക്കാത്തവരാണ്. അവരുടെ ലക്ഷ്യം സ്വാർത്ഥതാൽപര്യം മാത്രമാണ്. തങ്ങൾക്കുവേണ്ടി ശേഖരിക്കുക എന്ന ലക്ഷ്യം മാത്രമേ അവരുടെ ജീവിതത്തിലുള്ളൂ. തങ്ങൾക്കുവേണ്ടി മാത്രമേ അവർ ശുശ്രൂഷ ചെയ്യുന്നുള്ളൂ. നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുന്ന ഒരു ലോകത്തിൽ ജീവിക്കുവാനാണു ദൈവം അവരെ സൃഷ്ടിച്ചത്. എന്നാൽ സ്വാർത്ഥചിന്ത അവരുടെ കാഴ്ചയെ മങ്ങലുള്ളതാക്കിത്തീർത്തു. മനുഷ്യനോട് അവർക്കു യാതൊരു ബന്ധവുമില്ല. സ്വയത്തിനുവേണ്ടി ജീവിക്കുന്ന ഏവരും ഫലം പുറപ്പെടുവിക്കാത്ത അത്തിവൃക്ഷത്തെപ്പോലെയാണ്. ആരാധനയുടെ ബാഹ്യരൂപം മാത്രം അവർ അനുഷ്ഠിക്കുന്നു. അനുതാപമോ വിശ്വാസമോ അവർക്കുണ്ടായിരിക്കയില്ല. ദൈവകല്പനയെ ബഹുമാനിക്കുന്നുവെന്നവർ പറഞ്ഞേക്കാം. എന്നാൽ യഥാർത്ഥത്തിൽ അവർ ദൈവകല്പന അനുസരിക്കുന്നില്ല. പ്രവൃത്തിയില്ലാത്ത വാക്കുകൾ മാത്രമായിരിക്കും അവരുടേത്. അത്തിവൃക്ഷത്തെ ശപിച്ചതിലൂടെ, കപടഭക്തിയെ കർത്താവ് എന്തുമാത്രം വെറുക്കുന്നുവെന്നു കാണിച്ചുകൊടുത്തു. ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറകയും,

ദൈവമഹത്വത്തിനുവേണ്ടി ഫലം പുറപ്പെടുവിക്കാതെയും ഇരിക്കുന്ന വ്യക്തി പരസ്യമായി പാപം ചെയ്യുന്നവനെക്കാൾ കൂടുതൽ ശിക്ഷ അർഹിക്കുന്നു.

ക്രിസ്തുവിന്റെ യെരൂശലേം സന്ദർശനത്തിനു മുമ്പായി നല്കിയ അത്തിയുടെ ഉപമയും, ക്രിസ്തു ശപിച്ച ഫലമില്ലാത്ത അത്തിവൃക്ഷം നൽകുന്ന പാഠവുമായി അഭേദ്യബന്ധമുണ്ട്. ഉപമയിൽ പറഞ്ഞ ഫലമില്ലാത്ത അത്തിവൃക്ഷത്തിനുവേണ്ടി തോട്ടക്കാരൻ യാചിച്ചു. "കർത്താവേ, ഞാൻ അതിനു ചുറ്റും കിളച്ചു വളമിടുവോളം, ഈ ആണ്ടുംകൂടെ നില്ക്കട്ടെ. മേലാൽ കായിച്ചെങ്കിലോ; ഇല്ലെങ്കിൽ വെട്ടിക്കളയാം." ഫലമില്ലാത്ത വൃക്ഷത്തിനു കൂടുതൽ ശ്രദ്ധ നല്കേണ്ടിയിരുന്നു. അതിനു കൂടുതൽ പരിചരണം ആവശ്യമായിരുന്നു. എന്നിട്ടും അതു ഫലം പുറപ്പെടുവിക്കുന്നില്ലായെങ്കിൽ അതിനെ നാശത്തിൽനിന്നു രക്ഷിപ്പാൻ ഒന്നിനും കഴിവില്ല. തോട്ടക്കാരന്റെ പ്രയത്നഫലം എന്തായിരുന്നുവെന്ന് ഉപമയിൽ പറയുന്നില്ല. ക്രിസ്തുവിന്റെ വാക്കുകൾ ശ്രവിച്ച ആളുകളെ ആശ്രയിച്ചായിരിക്കും അതിന്റെ ഫലം. അവരെ ഫലം പുറപ്പെടുവിക്കാത്ത വൃക്ഷത്തോട് ഉപമിച്ചിരുന്നു. അവരുടെ ഭാവി എന്തായിരിക്കണമെന്നു തീരുമാനിക്കേണ്ടത് അവരാണ്. സ്വർഗ്ഗം അവർക്ക് എല്ലാ അവസരങ്ങളും നല്കി. എന്നാൽ അവർക്കു ലഭിച്ച അവസരങ്ങളെ അവർ പ്രയോജനപ്പെടുത്തിയില്ല. ഫലം പുറപ്പെടുവിക്കാത്ത അത്തിവൃക്ഷത്തെ ശപിച്ച, ക്രിസ്തുവിന്റെ പ്രവൃത്തിയിൽക്കൂടെ അവർക്കു ലഭിക്കുവാൻ പോകുന്ന ഫലമെന്തെന്നും ക്രിസ്തു കാണിച്ചുകൊടുത്തു. അവർ സ്വന്തനാശത്തെ തെരഞ്ഞെടുത്തു.

ഏതാണ്ട് ആയിരം കൊല്ലത്തിലധികം യെഹൂദജാതി ദൈവകൃപയെ ദുരുപയോഗം ചെയ്തു ദൈവത്തിന്റെ ന്യായവിധിയെ ക്ഷണിച്ചുവരുത്തി. ദൈവത്തിന്റെ മുന്നറിയിപ്പുകളെ അവർ അവഗണിക്കുകയും ദൈവത്തിന്റെ പ്രവാചകന്മാരെ കൊല്ലുകയും ചെയ്തു. ഇതേ വഴി പിന്തുടർന്നുകൊണ്ടു ക്രിസ്തുവിന്റെ കാലത്തെ ജനങ്ങളും ഈ പാപങ്ങൾക്കും അവർക്കു ലഭിച്ച മുന്നറിയിപ്പുകൾക്കും ഉത്തരവാദികളായി. അവർക്കു ലഭിച്ച മുന്നറിയിപ്പുകളും, കൃപകളും ത്യജിച്ചതിലൂടെ, മുൻതലമുറയുടെ അകൃത്യം ഇവരുടെ മേലും വന്നു. നൂറ്റാണ്ടുകളായി യെഹൂദജാതി തീർത്തുകൊണ്ടിരുന്ന ചങ്ങല, ക്രിസ്തുവിന്റെ കാലത്തെ യെഹൂദന്മാർ സ്വയം ധരിച്ചു.

എല്ലാ കാലഘട്ടത്തിലും, മനുഷ്യർക്ക് അവരുടെ കാലത്തേക്ക് ആവശ്യമായ വെളിച്ചവും അവസരങ്ങളും ദൈവം നല്കും. ദൈവകൃപ അവർക്കു നല്കപ്പെടുമ്പോൾ, അവർ ദൈവവുമായി നിരന്നുകൊള്ളേണ്ടതാണ്. ദൈവകൃപയ്ക്ക് ഒരു പരിധി ഉണ്ട്. വർഷങ്ങളോളം ദൈവത്തിന്റെ കൃപ മനുഷ്യരോടു വാദിച്ചുകൊണ്ടിരിക്കും. എന്നാൽ മനുഷ്യൻ അതിനെ നിസ്സാരമാക്കുകയും ത്യജിക്കുകയും ചെയ്തേക്കാം. കൃപയുടെ അവസാന ക്ഷണത്തിനും ചെവികൊടുക്കാത്ത ഹൃദയം കഠിനപ്പെടുന്നു. പിന്നീടൊരിക്കലും ദൈവത്തിന്റെ ശബ്ദം മനുഷ്യനോടു വാദിക്കുന്നില്ല. അതോടെ ദൈവത്തിന്റെ ശകാരങ്ങളും മുന്നറിയിപ്പുകളും അവസാനിക്കുന്നു.

യെരൂശലേമിനു ദൈവകൃപയുടെ അവസാനദിവസം വന്നുകഴിഞ്ഞു. വിധി നിർണ്ണയിക്കപ്പെട്ട ആ നഗരത്തെ ഓർത്തു യേശു ഹൃദയം നൊന്തു കരഞ്ഞു. അവളെ രക്ഷിക്കുവാൻ യേശുവിനു കഴിഞ്ഞില്ല. തന്റെ എല്ലാ കഴിവുകളും യേശു യെരൂശലേമിന്റെ രക്ഷയ്ക്കുവേണ്ടി വിനിയോഗിച്ചു. ദൈവാത്മാവിന്റെ ശബ്ദം ത്യജിച്ചതിൽക്കൂടെ സ്വന്തരക്ഷയ്ക്കുള്ള മാർഗ്ഗം യെരൂശലേം അടച്ചുകളഞ്ഞു. രക്ഷ പ്രാപിക്കുവാൻ വേറൊരു മാർഗ്ഗവുമില്ലായിരുന്നു.

ദൈവത്തിന്റെ സ്നേഹത്തെ തുച്ഛീകരിക്കുന്ന ജനത്തിന്റെ ഒരു പ്രതിരൂപമായിരുന്നു യിസ്രായേൽജനത. യെരൂശലേമിനുവേണ്ടി യേശു ചൊരിഞ്ഞ കണ്ണുനീർ എല്ലാ കാലത്തുമുള്ള പാപികൾക്കുവേണ്ടിയുമായിരുന്നു. യിസ്രായേലിന്മേൽ വർഷിച്ച ന്യായവിധികൾ, ദൈവത്തിന്റെ ശകാരങ്ങളെയും മുന്നറിയിപ്പുകളെയും ത്യജിക്കുന്ന ഏവർക്കും വരാൻ പോകുന്ന ശിക്ഷാവിധി എന്തെന്നു ഗ്രഹിക്കുന്നതിനു വേണ്ടിയായിരുന്നു.

അവിശ്വാസികളായ യെഹൂദന്മാർ ചെയ്തതുപോലെ ഈ തലമുറയിലുള്ള അനേകരും ചെയ്യുന്നുണ്ട്. ദൈവശക്തിയുടെ പ്രകടനം അവർ കണ്ടിട്ടുള്ളവരാകുന്നു. പരിശുദ്ധാത്മാവ് അവരുടെ ഹൃദയങ്ങളോടു സംസാരിച്ചിട്ടുണ്ട്. എങ്കിലും അവർ അവിശ്വാസത്തെയും അനുസരണക്കേടിനെയും മുറുകെപ്പിടിച്ചിരിക്കുന്നു. ദൈവം അവർക്കു മുന്നറിയിപ്പുകളും താക്കീതുകളും നല്കുന്നുണ്ട്. എങ്കിലും തങ്ങളുടെ തെറ്റുകളെ ഏറ്റുപറഞ്ഞുപേക്ഷിപ്പാൻ അവർ ഒരുക്കമല്ല. അവർ ദൈവത്തിന്റെ ഉപദേശങ്ങളെ നിരാകരിക്കുന്നു. അവരുടെ രക്ഷയ്ക്കുവേണ്ടി ദൈവം ഉപയോഗിച്ചിരിക്കുന്ന മാർഗ്ഗം അവർക്കു ഇടർച്ചക്കല്ലായി ഭവിക്കുന്നു.

വിശ്വാസത്യാഗിനിയായ യിസ്രായേൽ ദൈവത്തിന്റെ പ്രവാചകന്മാരെ ദ്വേഷിച്ചു. കാരണം അവളുടെ നിഗൂഢമായ പാപങ്ങളെ അവർ പുറത്തുകൊണ്ടുവന്നു. ആഹാബ് രാജാവിന്റെ രഹസ്യപാപങ്ങളെ ഏലീയാ പ്രവാചകൻ ചൂണ്ടിക്കാണിച്ചതുകൊണ്ടു രാജാവ് ഏലീയാവിനെ ശത്രുവായി കരുതി. ഇന്നും അതുപോലെ ക്രിസ്തുവിന്റെ അനുയായികൾക്ക് ഏലീയാവിനുണ്ടായിരുന്നതുപോലെ പല എതിർപ്പുകളെയും പരിഹാസത്തെയും നേരിടേണ്ടതായി വരുന്നു.

ക്രിസ്തുവിന്റെ മതമായ വേദപുസ്തകസത്യം എല്ലാ തിന്മയ്ക്കും എതിരായി നിലകൊള്ളുന്നു. ദൈവിക സത്യത്തോടുള്ള എതിർപ്പു ക്രിസ്തുവിന്റെ കാലത്തെക്കാൾ കൂടുതൽ ശക്തമാണിന്ന്. മനുഷ്യന്റെ ലൗകിക പ്രതീക്ഷകൾ ക്രിസ്തു നിറവേറ്റിയില്ല. മനുഷ്യരുടെ പാപങ്ങളെ തർജ്ജനം ചെയ്യുന്നതായിരുന്നു യേശുവിന്റെ ജീവിതം. അതുകൊണ്ട് അവർ ക്രിസ്തുവിനെ ത്യജിച്ചു. മനുഷ്യന്റെ കീഴ്വഴക്കങ്ങളോടും സ്വാഭാവിക പ്രവണതകളോടും യോജിക്കുന്നതായിരുന്നില്ല ദൈവവചനത്തിലെ സത്യം. അതുകൊണ്ട് അനേകായിരങ്ങൾ ദൈവവചനത്തെ സ്വീകരിക്കുന്നില്ല. സാത്താന്റെ പ്രേരണയ്ക്കു വശംവദരായ ആളുകൾ ദൈവവചനത്തിൽ സംശയം പ്രകടിപ്പിക്കുന്നു. സ്വന്ത ഇഷ്ടമനുസരിച്ചു തീരുമാനങ്ങൾ അവർ എടുക്കുന്നു. വെളിച്ചത്തെക്കാൾ അധികം അവർ ഇരുളിനെ സ്നേഹിക്കുന്നു. അവരുടെ ആത്മാക്കളെ

നഷ്ടപ്പെടുത്തിക്കൊണ്ടാണ് അപ്രകാരം ചെയ്യുന്നത്. ക്രിസ്തുവിന്റെ വചനങ്ങളെ പരിഹസിക്കുന്നവർക്ക്, ദൈവവഴിയിൽനിന്നു മാറുന്നതിനുള്ള ഒഴികഴിവുകൾ എപ്പോഴും കണ്ടുപിടിക്കാൻ കഴിയും. സത്യത്തിൽനിന്നും നിത്യജീവനിൽനിന്നും പൂർണ്ണമായി മാറുന്നതുവരെ അവർ അതു തുടരും. ഇപ്പോഴും അതുതന്നെ നടക്കുന്നു. ജഡിക മനുഷ്യൻ ദൈവിക സത്യത്തിന് എതിരായി കൊണ്ടുവരുന്ന എല്ലാ വിമർശനങ്ങളെയും നിശ്ശബ്ദമാക്കുവാൻ യേശു ഒരുമ്പെടുന്നില്ല. ഇരുളിനെ നിർമ്മാർജ്ജനം ചെയ്ത്, എങ്ങും പ്രകാശധോരണി നൽകുന്ന വെളിച്ചത്തെ നിഷേധിക്കുന്നവർക്ക്, ദൈവവചനത്തിലെ നിഗൂഢതകൾ എന്നും നിഗൂഢങ്ങളായിരിക്കും. സത്യം അവരിൽ നിന്നു മറയ്ക്കപ്പെട്ടിരിക്കുന്നു. അവർക്ക് ആത്മീയ അന്ധത ബാധിച്ച് ഇരുട്ടിൽ തപ്പിനടക്കുന്നു. അവരുടെ മുൻപിലെ അപകടം അവർ അറിയുന്നില്ല.

ഒലിവുമലയുടെ നെറുകയിൽ നിന്നുകൊണ്ടു യേശു ഭാവിയെ ദർശിച്ചു. ദൈവകൃപയെ തുച്ഛീകരിക്കുന്ന ഏവർക്കും കർത്താവിന്റെ വാക്കുകൾ ബാധകമാണ്. ദൈവസ്നേഹത്തെ പരിഹസിക്കുന്നവരേ, ഇന്നു നിങ്ങളോടാണു കർത്താവു സംസാരിക്കുന്നത്. "നിന്റെ സമാധാനത്തിനുള്ളത്, നീയും അറിഞ്ഞിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു." ക്രിസ്തു നിനക്കുവേണ്ടി കണ്ണുനീരൊഴുക്കുന്നു. നിനക്കാകട്ടെ കരയുവാൻ കണ്ണുനീരില്ല. പരീശന്മാരുടെ നാശത്തിനു ഹേതുവായ ഹൃദയകാഠിന്യം നിനക്കും ഉണ്ട്. ദൈവകൃപയും ദൈവിക പ്രകാശവും ഒന്നുകിൽ ഒരുവന്റെ ഹൃദയത്തെ അലിയിക്കുകയും കീഴ്പ്പെടുത്തുകയും ചെയ്യുന്നു. അല്ലെങ്കിൽ അതു ഹൃദയകാഠിന്യത്തിലേക്കു നയിക്കുന്നു.

യെരൂശലേമിന്റെ അനുതാപമില്ലായ്മയെ യേശു മുൻകൂട്ടിക്കണ്ടു. അവളുടെ അപഥസഞ്ചാരത്തിന്റെ ദുരന്തഫലങ്ങൾ അവളുടെ പടിവാതിലിൽ കാത്തുകിടന്നു. ഈ മാർഗ്ഗം പിന്തുടരുന്ന ഏവർക്കും ഇതായിരിക്കും അനുഭവം. കർത്താവു പറയുന്നു: "യിസ്രായേലേ, നിന്റെ സഹായമായിരിക്കുന്ന എന്നോടു നീ മറുക്കുന്നതു നിന്റെ നാശമാകുന്നു." "ഭൂമിയേ, കേൾക്ക, ഈ ജനം എന്റെ വചനങ്ങളെ ശ്രദ്ധിക്കാതെ, എന്റെ ന്യായപ്രമാണത്തെ നിരസിച്ചുകളഞ്ഞതുകൊണ്ട്, ഞാൻ അവരുടെ വിചാരങ്ങളുടെ ഫലമായി അനർത്ഥം അവരുടെ മേൽ വരുത്തും" (ഹോശേയ 13:9; യിരെ. 6:19).



ദൈവാലയം ശുദ്ധീകരിക്കപ്പെടുന്നു

# 65

# ദൈവാലയം വീണ്ടും ശുദ്ധീകരിക്കപ്പെടുന്നു

അവലംബം: മത്തായി 21:12-16, 23-46; മർക്കൊസ് 11:15-19, 27-33; 12:1-12; ലൂക്കൊസ് 19:45-48; 20:1-19

തന്റെ ശുശ്രൂഷയുടെ പ്രാരംഭസമയത്ത്, യെരൂശലേം ദൈവാലയത്തെ കച്ചവടസ്ഥലമാക്കി മാറ്റിയവരെ ക്രിസ്തു പുറത്താക്കി. യേശുവിന്റെ ദൈവികത്വം വിളങ്ങിനിന്ന മുഖം വക്രത നിറഞ്ഞ മനുഷ്യരിൽ ഭയം ജനിപ്പിച്ചു. യേശുവിന്റെ പരസ്യശുശ്രൂഷ അവസാനിക്കാറായപ്പോഴും യേശു യെരൂശലേം ദൈവാലയത്തിലേക്കു വന്നു. മുമ്പിലത്തെപ്പോലെ അപ്പോഴും ദൈവാലയം അശുദ്ധമാക്കപ്പെട്ടിരിക്കുന്നതു യേശു കണ്ടു. ആദ്യത്തേതിനെക്കാൾ സംഗതികൾ കൂടുതൽ വഷളായിത്തീർന്നിരുന്നു. ദൈവാലയത്തിന്റെ പ്രാകാരം വലിയ ഒരു തൊഴുത്തിന്റെ മുറ്റംപോലെ ആയിരുന്നു. കന്നുകാലികളുടെ ശബ്ദവും നാണയങ്ങളുടെ കിലുകിലാരവവും കച്ചവടക്കാരുടെ വാദകോലാഹലങ്ങളും എങ്ങും മുഴങ്ങിയിരുന്നു. ശബ്ദായമാനമായ ആ

അന്തരീക്ഷത്തിൽ ആരാധനയ്ക്കു നേതൃത്വം കൊടുക്കുന്നവരുടെ ശബ്ദവും കേട്ടിരുന്നു. ദൈവാലയത്തിലെ ചുമതലകൾ വഹിച്ചിരുന്നവർ തന്നെ യായിരുന്നു കൊടുക്കൽവാങ്ങലിൽ ഏർപ്പെട്ടിരുന്നത്. അവർ ആദായമുണ്ടാ ക്കുന്നതിൽ അതീവ തൽപരരായിരുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ അവർ ഒട്ടുംതന്നെ ശ്രേഷ്ഠരായിരുന്നില്ല.

തങ്ങളുടെ പരിപാവനമായ കർത്തവ്യങ്ങളെക്കുറിച്ചു പുരോഹിതന്മാരും പ്രഭുക്കന്മാരും തികച്ചും അജ്ഞരായിരുന്നു. ഓരോ പെസഹാപ്പെരുന്നാളിലും കൂടാരപ്പെരുന്നാളിലും ആയിരക്കണക്കിനു മൃഗങ്ങൾ ബലികഴിക്കപ്പെട്ടു പോന്നു. അവയുടെ രക്തം പുരോഹിതന്മാർ ബലിപീഠങ്ങളിൽ ഒഴിച്ചിരുന്നു. രക്തബലികൾ യെഹൂദന്മാരുടെ സർവ്വസാധാരണമായ ഒരു ചടങ്ങായി മാറി. മൃഗങ്ങളുടെ രക്തം ചൊരിയുവാൻ കാരണമായതു തങ്ങളുടെ പാപമായി രുന്നു എന്ന വസ്തുത അവർ മറന്നുപോയിരുന്നു. ലോകത്തിന്റെ രക്ഷയ്ക്കു വേണ്ടി ചൊരിയപ്പെടാൻ പോകുന്ന ദൈവപുത്രനായ യേശുവിന്റെ രക്തത്തെ യാണ് അതു സൂചിപ്പിച്ചിരുന്നതെന്ന് അവർ മനസ്സിലാക്കിയില്ല. ക്രൂശീകരിക്ക പ്പെടുവാൻ പോകുന്ന ഒരു രക്ഷകനിലേക്കാണ് ഈ യാഗങ്ങളെല്ലാം വിരൽ ചൂണ്ടുന്നതെന്നും അവർ മനസ്സിലാക്കിയില്ല.

നിർദ്ദോഷികളായ യാഗമൃഗങ്ങളെ യേശു നോക്കി. ഈ പെരുന്നാളുകളെ രക്തച്ചൊരിച്ചിലിന്റെയും ക്രൂരതയുടെയും രംഗങ്ങളാക്കി യെഹൂദന്മാർ മാറ്റുന്നതു യേശു കണ്ടു. തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപി ക്കുന്നതിനു പകരം യാഗമൃഗങ്ങളെ ബലികഴിക്കുവാൻ അവർ വ്യഗ്രത കാട്ടി. ഹൃദയശൂന്യമായ ശുശ്രൂഷകൊണ്ടു ദൈവത്തെ പ്രസാദിപ്പിക്കാമെന്ന് അവർ കരുതി. സ്വാർത്ഥതയാലും ധനാർത്തിയാലും പുരോഹിതന്മാരും പ്രഭുക്കന്മാരും തങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കി. ദൈവകുഞ്ഞാടിനെ സൂചിപ്പിക്കുന്ന പ്രതീകങ്ങളെ, സ്വന്തലാഭം വർദ്ധിപ്പിക്കാനുള്ള ഉപാധിയാക്കി അവർ രൂപാന്തരപ്പെടുത്തി. ഇങ്ങനെ യാഗകർമ്മങ്ങളുടെ പരിപാവനത പൊതുജനങ്ങളുടെ ദൃഷ്ടിയിൽ വളരെ അധികം നഷ്ടപ്പെട്ടു. ദൈവാലയത്തി നുള്ളിലെ കോലാഹലങ്ങൾ യേശുവിനെ കോപകലുഷിതനാക്കി. പുരോഹിതന്മാരും മൂപ്പന്മാരും ബലിമൃഗങ്ങളുടെ രക്തം ഒഴുക്കിയതുപോലെ, ലോകത്തിന്റെ പാപത്തിനുവേണ്ടി ചൊരിയപ്പെടാൻ പോകുന്ന തന്റെ രക്തത്തിന്റെ വിലയെ യെഹൂദന്മാർ ഗണ്യമാക്കുകയില്ലെന്നു യേശുവിന് അറിയാമായിരുന്നു.

വിശ്വാസമില്ലാതെ നടത്തുന്ന ചടങ്ങാചാരങ്ങൾക്ക് എതിരായി ക്രിസ്തു, പ്രവാചകന്മാരിൽക്കൂടെ നേരത്തെ സംസാരിച്ചിരുന്നു. ശമൂവേൽ പ്രവാചകൻ ശൗൽ രാജാവിനോടു പറഞ്ഞു: യഹോവയുടെ കല്പന അനുസരിക്കുന്നതു പോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവയ്ക്കു പ്രസാദ മാകുമോ? "ഇതാ, അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്." യെഹൂദന്മാരുടെ വിശ്വാസ ത്യാഗത്തെ ദർശനത്തിലൂടെ കണ്ട യെശയ്യാവ്, അവരെ സോദോമിലെയും ഗോമോറയിലെയും പ്രഭുക്കന്മാർ എന്നു സംബോധന ചെയ്തു പറഞ്ഞത്:

“സോദോം അധിപതികളേ, യഹോവയുടെ വചനം കേൾപ്പിൻ; ഗോമോറ ജനമേ, നമ്മുടെ ദൈവത്തിന്റെ ന്യായപ്രമാണം ശ്രദ്ധിച്ചുകൊൾവിൻ. നിങ്ങളുടെ ഹനനയാഗങ്ങളുടെ ബാഹുല്യം എനിക്ക് എന്തിന് എന്നു യഹോവ അരുളി ച്ചെയ്യുന്നു; മുട്ടാടുകളെക്കൊണ്ടുള്ള ഹോമയാഗവും തടിപ്പിച്ച മൃഗങ്ങളുടെ മേദസ്സുംകൊണ്ട് എനിക്കു മതിവന്നിരിക്കുന്നു; കാളകളുടെയോ, കുഞ്ഞാടു കളുടെയോ, കോലാട്ടുകൊറ്റന്മാരുടെയോ രക്തം എനിക്ക് ഇഷ്ടമല്ല. നിങ്ങൾ എന്റെ സന്നിധിയിൽ വരുമ്പോൾ എന്റെ പ്രാകാരങ്ങളെ ചവിട്ടുവാൻ ഇതു നിങ്ങളോടു ചോദിച്ചത് ആർ? നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ; നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിൻമുമ്പിൽനിന്നു നീക്കിക്കളവിൻ; തിന്മ ചെയ്യുന്നതു മതിയാക്കുവിൻ; നന്മ ചെയ്‌വാൻ പഠിപ്പിൻ; ന്യായം അന്വേ ഷിപ്പിൻ; പീഡിപ്പിക്കുന്നവനെ നേർവഴിക്കാക്കുവിൻ; അനാഥനു ന്യായം നടത്തിക്കൊടുപ്പിൻ; വിധവയ്ക്കുവേണ്ടി വ്യവഹരിപ്പിൻ” (1 ശമൂ. 15:22; യെശ. 1:10–12; 16, 17).

ഈ പ്രവചനങ്ങളെ നല്കിയ കർത്താവുതന്നെ, അവയെ വീണ്ടും ആവർത്തിച്ചു. പ്രവചനത്തിന്റെ നിറവേറലായി, യേശുവിനെ യെരൂശലേമിലെ രാജാവായി ജനം പ്രഖ്യാപിച്ചു. ജനങ്ങൾ നൽകിയ ബഹുമാനാദരവുകൾ യേശു സ്വീകരിച്ചു. രാജസ്ഥാനവും യേശു സ്വീകരിച്ചു. രാജാവെന്ന നിലയിൽ യേശു പ്രവർത്തിക്കുവാൻ ഒരുമ്പെട്ടു. അഴിമതി നിറഞ്ഞ പുരോഹിത വർഗ്ഗത്തെ നവീകരിക്കുക എന്നതു വൃഥാപ്രയത്നമെന്നു യേശുവിനറി യാമായിരുന്നു. എങ്കിലും യേശുവിന്റെ വേല പൂർത്തീകരി ക്കേണ്ടതുണ്ടാ യിരുന്നു. വിശ്വസിക്കാത്ത ഒരു കൂട്ടം ജനത്തിനു തന്റെ ദൗത്യം നല്കേണ്ടതു ണ്ടായിരുന്നു.

ആത്മാവിലേക്കു തുളച്ചുകയറുന്ന ക്രിസ്തുവിന്റെ നോട്ടം ദൈവാലയ ത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിച്ചു. എല്ലാ കണ്ണുകളും യേശുവിങ്ക ലേക്കു തിരിഞ്ഞു. രാജാധിരാജനെപ്പോലെ നിലകൊണ്ട ക്രിസ്തുവിനെ പുരോഹിതന്മാരും, പ്രമാണികളും, പരീശന്മാരും, ജാതികളും ഭയാത്ഭുതങ്ങ ളോടെ നോക്കി. ക്രിസ്തുവിൽ ഇതിനുമുമ്പു പ്രകടമാകാത്ത ദൈവികത്വം, മനുഷ്യത്വത്തിലൂടെ മിന്നി ശോഭിച്ചു. യേശുവിന്റെ സമീപം നിന്നവർ ഭയപ്പെട്ടു പിന്നോട്ടു മാറി. ശിഷ്യന്മാരൊഴിച്ചാൽ മറ്റാരും ക്രിസ്തുവിന്റെ സമീപത്തി ല്ലായിരുന്നു. പരിപൂർണ്ണ നിശ്ശബ്ദത അവിടെ തങ്ങിനിന്നു. ആ നിശ്ശബ്ദത അസഹനീയമായി അവിടെ കൂടിനിന്നവർക്കനുഭവപ്പെട്ടു. ഒരു കൊടുങ്കാറ്റു പോലെ യേശുവിന്റെ ശബ്ദം മുഴങ്ങി: “എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതിയിരിക്കുന്നു; നിങ്ങളോ, അതിനെ കള്ള ന്മാരുടെ ഗുഹയാക്കിത്തീർക്കുന്നു.” ഒരു കാഹളശബ്ദംപോലെ യേശുവിന്റെ വാക്കുകൾ എങ്ങും പ്രതിദ്ധ്വനിച്ചു. യേശുവിന്റെ മുഖം, ദഹിപ്പിക്കുന്ന അഗ്നി പോലെ കാണപ്പെട്ടു. അധികാരത്തോടെ യേശു കല്പിച്ചു: “ഇത് ഇവിടെ നിന്നു കൊണ്ടുപോകുവിൻ” (യോഹ. 2:16).

മൂന്നുവർഷം മുൻപു യേശു ആജ്ഞാപിച്ചപ്പോൾ യെഹൂദപ്രമാണികൾ ഓടിയത് ലജ്ജയോടെ അവർ ഓർത്തു. ഒരു സാധാരണക്കാരന്റെ മുൻപിൽ

ഭയന്നുവിറച്ചതും ആജ്ഞാനുവർത്തികളായിത്തീർന്നതും അവർ ഓർത്തു. ഇനിയും ഇതാവർത്തിക്കയില്ലായെന്ന് അവർ കരുതിയിരുന്നു. എന്നാൽ ഇപ്പോൾ മുമ്പിലത്തേതിനെക്കാൾ കൂടുതൽ അവർ ഭയപ്പെട്ടു. യേശുവിന്റെ ആജ്ഞ ഇപ്പോഴും അനുസരിക്കാതിരിക്കാൻ അവർക്കു കഴിഞ്ഞില്ല. യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്വാൻ ആരും ഒരുമ്പെട്ടില്ല. പുരോഹിതന്മാരും കച്ചവടക്കാരും തങ്ങളുടെ മൃഗങ്ങളെയുംകൊണ്ടു യേശുവിന്റെ മുൻപിൽനിന്ന് ഓടിപ്പോയി.

ദൈവാലയത്തിൽനിന്നു പുരോഹിതന്മാരും പ്രഭുക്കന്മാരും തിരക്കുപിടിച്ചു പുറത്തുകടക്കുന്നതിനിടയിൽ, ചിലർ ഒരു രോഗിയുമായി ക്രിസ്തുവിനടുത്തേക്കു വരുന്നതു കണ്ടു. ഓടിപ്പോകുന്നവരിൽനിന്നും ചിലരുടെ സംസാരം കേട്ട്, രോഗിയുമായി വന്നവരിൽ ചിലർ മടങ്ങിപ്പോകുവാൻ തുനിഞ്ഞു. യേശുവിനെ കാണുവാൻ അവർക്കു ഭയമായിരുന്നു. എങ്കിലും ക്രിസ്തുവിൽ പ്രത്യാശ ഉറപ്പിച്ചവർ മുമ്പോട്ടു പോകുവാൻ തന്നെ തീരുമാനിച്ചു. ഓടിപ്പോയവരുടെ കൂട്ടത്തിൽ പെടാതെ ഒരു കൂട്ടം ദൈവാലയത്തിൽ ഉണ്ടായിരുന്നു. പുതുതായി വന്നവരും അവിടെ നിന്നവരും ഒന്നായി ചേർന്നു. അങ്ങനെ ദൈവാലയത്തിന്റെ അങ്കണം രോഗികളാലും യേശുവിനെ കാണുവാൻ വന്നവരാലും നിറഞ്ഞു. യേശു അവരെ ശുശ്രൂഷിക്കുവാൻ ഒരുമ്പെട്ടു.

കുറച്ചു സമയം കഴിഞ്ഞപ്പോൾ പുരോഹിതന്മാരും പ്രമാണികളും ദൈവാലയത്തിലേക്കു വരുവാൻ ധൈര്യം പ്രകടിപ്പിച്ചു. യേശു എന്തു ചെയ്യുവാൻ പോകുന്നുവെന്നറിവാൻ അവർക്കു താൽപര്യം ഉണ്ടായിരുന്നു. ക്രിസ്തു ദാവീദിന്റെ സിംഹാസനത്തിൽ ആരൂഢനാകുമെന്ന് അവർക്കു പ്രതീക്ഷയുണ്ടായിരുന്നു. ദൈവാലയത്തിലേക്ക് അവർ തിരിച്ചുവന്നപ്പോൾ അവർ കണ്ട കാഴ്ച അവർക്ക് അത്ഭുതമുളവാക്കി. എല്ലാവരും ദൈവത്തെ സ്തുതിക്കുന്നതാണ് അവർ കണ്ടത്. ആ രംഗം കണ്ട് അവർ നിർന്നിമേഷരായി നിലകൊണ്ടു. രോഗികൾ സൗഖ്യം പ്രാപിക്കുന്നതും അന്ധർക്കു കാഴ്ച ലഭിക്കുന്നതും ബധിരർക്കു കേൾവി ലഭിക്കുന്നതും മുടന്തർ സന്തോഷത്താൽ തുള്ളിച്ചാടുന്നതും അവർ കണ്ടു. ആഹ്ലാദത്തിൽ മുമ്പന്തിയിൽ നിന്നതു കുഞ്ഞുങ്ങളായിരുന്നു. യേശു അവരെ കൈകളിൽ അണച്ചു. കുഞ്ഞുങ്ങളുടെ നിഷ്കളങ്ക സ്നേഹം യേശുവിനെ സന്തോഷഭരിതനാക്കി. യേശു മുതിർന്നവരെ ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ ചില കുഞ്ഞുങ്ങൾ യേശുവിന്റെ മാർവിൽ ഉറങ്ങി. സന്തോഷഭരിതരായ കുഞ്ഞുങ്ങൾ യേശുവിനെ സ്തുതിച്ചു. തലേദിവസം അവർ വിളിച്ച ഹോശന്നാ അവർ ആവർത്തിച്ചു. അവർ കുരുത്തോലകൾ ഉയർത്തി വീശി. "യഹോവയുടെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ." "ഇതാ, നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും... വരുന്നു" (സങ്കീ. 118:26; സെഖ. 9:9). "ദാവീദുപുത്രനു ഹോശന്നാ" തുടങ്ങിയ ജയാരവങ്ങളാൽ യെരൂശലേം ദൈവാലയം മുഖരിതമായി.

ഈ സന്തോഷപ്രകടനം ദൈവാലയത്തിലെ പ്രമാണികൾക്കു ഹിതകരമായിരുന്നില്ല. അതു തടയുവാൻ അവർ തുനിഞ്ഞു. ദൈവാലയത്തിന്റെ

പരിപാവനതയെ നഷ്ടപ്പെടുത്തുന്നതാണ് ഇത്തരത്തിലുള്ള പ്രകടനങ്ങൾ എന്ന് അവർ ജനത്തോടു പറഞ്ഞു. അവരുടെ വാക്കുകൾ ജനങ്ങളിൽ ഒരു പ്രതികരണവും സൃഷ്ടിക്കാഞ്ഞതുകൊണ്ട് അവർ ക്രിസ്തുവിനോടു പരാതിപ്പെട്ടു. "ഇവർ പറയുന്നതു കേൾക്കുന്നുവോ?" അതിനു യേശു അവരോട് ഉത്തരം പറഞ്ഞത്: "ഉവ്വ്, ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽനിന്നു നീ പുകഴ്ച ഒരുക്കിയിരിക്കുന്നുവെന്നുള്ളതു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ?" ക്രിസ്തു രാജാവായി പ്രഖ്യാപിക്കപ്പെടുമെന്നു പ്രവചനം ഉണ്ട്. അതു നിറവേറപ്പെടേണ്ടതാണ്. ക്രിസ്തുവിന്റെ മഹത്വത്തെക്കുറിച്ചു വിളംബരം ചെയ്യുവാൻ യിസ്രായേലിലെ പുരോഹിതന്മാരും പ്രമാണികളും വൈമനസ്യമുള്ളവരായിരുന്നു. അതുകൊണ്ടു ദൈവം ശിശുക്കളെ ക്രിസ്തുവിന്റെ സാക്ഷികളായി തെരഞ്ഞെടുത്തു. ശിശുക്കളും മൗനമായിരുന്നുവെങ്കിൽ ദൈവാലയത്തിലെ തൂണുകൾ രക്ഷകന്റെ സ്തുതി വർണ്ണിക്കുമായിരുന്നു.

പരീശന്മാർ തീർത്തും കുഴങ്ങിപ്പോയി. ഭീഷണികൊണ്ടു തങ്ങൾക്കു മിണ്ടാതാക്കുവാൻ കഴിയാത്ത വ്യക്തി ഇപ്പോൾ നേതൃത്വം ഏറ്റെടുത്തിരിക്കുന്നു. ദൈവാലയത്തിന്റെ സംരക്ഷകൻ എന്ന സ്ഥാനമാണു യേശു ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്. ഈ രാജകീയ അധികാരം ഇതിനു മുമ്പൊരിക്കലും യേശു എടുത്തിരുന്നില്ല. ഇതിനു മുമ്പ് അവന്റെ വാക്കുകളും പ്രവർത്തനങ്ങളും ഇത്രയും അധികാരം കാണിച്ചിരുന്നില്ല. യെരൂശലേമിൽ എല്ലായിടവും യേശു അത്ഭുതപ്രവൃത്തികൾ ചെയ്തിരുന്നു. എന്നാൽ ഈ സന്ദർഭത്തിൽ ചെയ്തതുപോലെ ഹൃദയത്തിൽ പതിയുന്ന പ്രവൃത്തി ഇതിനു മുമ്പു ചെയ്തിരുന്നില്ല. യേശുവിന്റെ അത്ഭുതങ്ങൾ ദർശിച്ച ജനാവലിയുടെ മുമ്പാകെ, പരീശന്മാരും പള്ളിപ്രമാണികളും യേശുവിനോടു പരസ്യമായി എതിർക്കുവാൻ മുതിർന്നില്ല. ക്രിസ്തു നല്കിയ ഉത്തരം അവരെ കുഴയ്ക്കുകയും, കോപാകുലരാക്കുകയും ചെയ്തുവെങ്കിലും ആ ദിവസത്തിൽ എന്തെങ്കിലും നേടുവാൻ അവർക്കു കഴിയാതെ പോയി.

പിറ്റേന്നു രാവിലെ സൻഹെദ്രിൻസംഘം വീണ്ടും കൂടി, യേശുവിന് എതിരായി എന്തു നടപടിയാണ് എടുക്കേണ്ടത് എന്നു ചിന്തിച്ചു. യേശു തന്നെയാണു മശീഹയെങ്കിൽ, അതു തെളിയിക്കുവാൻ അവർ മൂന്നുവർഷം മുൻപ് ആവശ്യപ്പെട്ടിരുന്നു. അന്നുമുതൽ യേശു ദേശത്തിലെമ്പാടും വലിയ അത്ഭുതപ്രവൃത്തികൾ ചെയ്തുകൊണ്ടിരുന്നു. അവൻ രോഗികളെ സൗഖ്യമാക്കി. വലിയ ഒരു ജനസഞ്ചയത്തിന് ആഹാരം നൽകി തൃപ്തരാക്കി. കടലിനുമീതെ നടന്നു. ഇളകിമറിയുന്ന കടലിനെ ശാസിച്ചു ശാന്തത വരുത്തി. അന്യരുടെ ഹൃദയനിരൂപണങ്ങളെ ഗ്രഹിക്കുവാൻ യേശുവിനു കഴിയുമായിരുന്നു. പിശാചുബാധിതരെ സൗഖ്യമാക്കി. മരിച്ചവരെ ഉയിർപ്പിച്ചു. അങ്ങനെ താൻ മശീഹയാണെന്നു യേശു എല്ലാവർക്കും തെളിയിച്ചുകൊടുത്തു. അതുകൊണ്ട് ഇനിയും കൂടുതൽ അടയാളങ്ങൾ ആവശ്യപ്പെടേണ്ടതില്ലായെന്നു സൻഹെദ്രിൻ തീരുമാനിച്ചു. യേശുവിന്റെ പ്രസ്താവനകളിൽനിന്ന് എന്തെങ്കിലും കുറ്റം കണ്ടുപിടിക്കാൻ സാധിക്കുമോ എന്നു നോക്കുന്നതിന് അവർ ആലോചിച്ചു.

യേശു ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ പരീശന്മാർ പ്രവേശിച്ചു ചോദിച്ചു: “നീ എന്ത് അധികാരംകൊണ്ട് ഇതു ചെയ്യുന്നു? ഈ അധികാരം നിനക്കു തന്നത് ആർ?” ദൈവത്തിൽനിന്നുമാണു തനിക്ക് അധികാരം ലഭിച്ചതെന്നു യേശു പറയുമെന്ന് അവർ പ്രതീക്ഷിച്ചു. അങ്ങനെ പറഞ്ഞിരുന്നുവെങ്കിൽ അതിനെ എതിർക്കുവാൻ പരീശന്മാർ തീരുമാനിച്ചിരുന്നു. മറ്റൊരു വിഷയത്തെ സംബന്ധിക്കുന്നതെന്നു പ്രത്യക്ഷത്തിൽ തോന്നുന്ന വേറൊരു ചോദ്യവുമായി യേശു അവരെ നേരിട്ടു. തന്റെ ചോദ്യത്തിനു പരീശന്മാർ ഉത്തരം നല്കിയെങ്കിലേ, അവരുടെ ചോദ്യത്തിനു താൻ ഉത്തരം നല്കൂ എന്നു യേശു പറഞ്ഞു. യേശു ചോദിച്ചു: “യോഹന്നാന്റെ സ്നാനം എവിടെനിന്ന്? സ്വർഗ്ഗത്തിൽനിന്നോ, മനുഷ്യരിൽനിന്നോ?”

തങ്ങൾ ഒരു കുരുക്കിലായെന്നു പരീശന്മാർക്കു മനസ്സിലായി. ഒരു വിധത്തിലും തങ്ങൾക്കു രക്ഷപ്പെടുവാൻ കഴികയില്ലെന്ന് അവർക്കു ബോധ്യമായി. യോഹന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽനിന്നെന്നു പറഞ്ഞിരുന്നുവെങ്കിൽ, എന്തുകൊണ്ട് അവർ യോഹന്നാനിൽ വിശ്വസിച്ചില്ലായെന്നു യേശു ചോദിക്കുമായിരുന്നു. യോഹന്നാൻ യേശുവിനെക്കുറിച്ചു സാക്ഷ്യം പറഞ്ഞിരുന്നു. “ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്” (യോഹ. 1:29). പുരോഹിതന്മാർ യോഹന്നാന്റെ സാക്ഷ്യം വിശ്വസിച്ചിരുന്നു എങ്കിൽ ക്രിസ്തുവിന്റെ മശീഹത്വം എങ്ങനെ നിഷേധിക്കുവാൻ കഴിയുമായിരുന്നു? യോഹന്നാന്റെ ശുശ്രൂഷ മനുഷ്യരിൽനിന്നുമാണ് എന്നു പറഞ്ഞിരുന്നുവെങ്കിൽ ജനരോഷത്തിന് അവർ ഇരയാകുമായിരുന്നു. കാരണം യോഹന്നാനെ ഒരു പ്രവാചകനായി ജനം അംഗീകരിച്ചിരുന്നു.

പുരോഹിതന്മാർ എന്തുത്തരം നല്കുമെന്നറിയാൻ ജനം കാത്തിരുന്നു. യോഹന്നാന്റെ ശുശ്രൂഷയെ തങ്ങൾ അംഗീകരിക്കുന്നതായി പുരോഹിതന്മാർ പ്രഖ്യാപിച്ചിരുന്നു. യോഹന്നാൻ ദൈവത്താൽ അയയ്ക്കപ്പെട്ടവൻ എന്ന് അവർ പറയുമെന്നു ജനം പ്രതീക്ഷിച്ചു. എന്നാൽ അവർ കൂടിയാലോചിച്ച ശേഷം ഒന്നും പറയേണ്ടതില്ലെന്നു തീരുമാനിച്ചു. അജ്ഞത നടിച്ചുകൊണ്ട് അവർ പറഞ്ഞു: “ഞങ്ങൾക്ക് അറിഞ്ഞുകൂടാ.” “എന്നാൽ ഞാൻ ഇത് എന്ത് അധികാരംകൊണ്ടു ചെയ്യുന്നു എന്നുള്ളതു ഞാനും നിങ്ങളോടു പറയുന്നില്ല” എന്നു ക്രിസ്തു പറഞ്ഞു.

പുരോഹിതന്മാരും പരീശന്മാരും അങ്ങനെ നിശ്ശബ്ദരാക്കപ്പെട്ടു. അവർ ജനത്തിനു മുമ്പാകെ ലജ്ജിതരായി. പിന്നീട് അവർ ക്രിസ്തുവിനോടു കൂടുതലായി ഒന്നും ചോദിച്ചില്ല. തങ്ങളുടെ ഭീരുത്വവും, അസ്ഥിരതയുംമൂലം ജനങ്ങളുടെ ഇടയിൽ തങ്ങൾക്കുണ്ടായിരുന്ന മതിപ്പ് അവർ നഷ്ടമാക്കി. അഹംഭാവികളും സ്വയനീതിയിൽ പുകഴ്ത്തുന്നവരുമായ പുരോഹിതവൃന്ദം പരാജിതരായി നില്ക്കുന്ന കാഴ്ച ദയനീയമായിരുന്നു.

യേശുവിന്റെ പ്രസ്താവനകളും പ്രവൃത്തികളും വളരെ പ്രാധാന്യമർഹിക്കുന്നവയായിരുന്നു. തന്റെ ക്രൂശീകരണത്തിനും, ഉയിർപ്പിനും, സ്വർഗ്ഗാരോഹണത്തിനും ശേഷം അവയുടെ സ്വാധീനം വളരെ വർദ്ധിച്ചു. യേശു

വിന്റെ ഉത്തരം കേട്ട് അനേകരും പിൽക്കാലത്ത് അദ്ദേഹത്തിന്റെ ശിഷ്യ ന്മാരായിത്തീർന്നു. സംഭവബഹുലമായ ആ ദിവസത്തിൽ യേശുവിന്റെ വാക്കുകൾ കേട്ട് അനേകർ അവനിൽ ആകൃഷ്ടരായി. ദൈവാലയാങ്കണ ത്തിലെ ആ രംഗം അവരുടെ മനസ്സിൽ ആഴമായി പതിഞ്ഞു. യേശുവും പുരോഹിതന്മാരുമായുള്ള വൈരുദ്ധ്യം അവരുടെ വാക്കുകളിൽ പ്രകടമായി രുന്നു. ദൈവാലയത്തിലെ മഹാപുരോഹിതൻ തന്റെ വേഷഭൂഷാദികൾ കൊണ്ടു മറ്റുള്ളവരുടെ ഭയബഹുമാനം ആർജ്ജിച്ചിരുന്നു. താൻ മറ്റുള്ള വരെക്കാൾ ശ്രേഷ്ഠൻ എന്ന ഒരു ഭാവം മഹാപുരോഹിതനിലുണ്ടായിരുന്നു. ഈ മഹാപുരോഹിതന്റെ മുൻപിലാണ്, സ്വർഗ്ഗത്തിലെ രാജകുമാരൻ യാതൊരു ബാഹ്യമോടിയും കൂടാതെ നിന്നത്. യേശുവിന്റെ വസ്ത്രങ്ങൾ ആകർഷകമായിരുന്നില്ല. മുഖത്ത് ആർദ്രതയോടുകൂടിയ ശോകഭാവം തളംകെട്ടിനിന്നിരുന്നു. യേശുവിന്റെ മുഖം സ്വർഗ്ഗീയ ശ്രേഷ്ഠതയും ദയയും പ്രതിഫലിപ്പിച്ചു. സ്വയമഹത്വം പ്രകടിപ്പിച്ച ഭൗമിക മഹാപുരോഹിതനിൽ നിന്നു തികച്ചും വിഭിന്നമായ ഒരു മുഖഭാവമായിരുന്നു ക്രിസ്തുവിൽ പ്രതിഫലിച്ചത്. യേശുവിന്റെ വ്യക്തിത്വം അനേകരെ ആകർഷിച്ചു. എന്നാൽ പുരോഹിതന്മാർക്കു യേശുവിനോടുള്ള വൈരം വർദ്ധിക്കുകയാണ് ഉണ്ടായത്. തങ്ങളുടെ കെണിയിൽനിന്നു യേശു തന്റെ ജ്ഞാനം മൂലം രക്ഷപ്പെട്ടതു കണ്ടപ്പോൾ, പുരോഹിതന്മാരുടെ കോപം വളരെ വർദ്ധിച്ചു.

റബ്ബിമാരുമായി ഉണ്ടായ വാഗ്വാദത്തിൽ അവരെ താഴ്ത്തിക്കെട്ടണമെന്ന ഉദ്ദേശ്യം യേശുവിനില്ലായിരുന്നു. അവരെ വിഷമിപ്പിക്കുന്നതിൽ യേശുവിനു സന്തോഷവുമില്ലായിരുന്നു. എന്നാൽ ഒരു പ്രധാനപ്പെട്ട പാഠം അവരെ പഠിപ്പിക്കുവാൻ യേശു ആഗ്രഹിച്ചു. അവർ കർത്താവിനെ അകപ്പെടു ത്തുവാൻ ഒരുക്കിയ കെണിയിൽ അവർ തന്നെ വീണു. യോഹന്നാന്റെ സ്നാനത്തെക്കുറിച്ചുള്ള അവരുടെ അജ്ഞത, ക്രിസ്തുവിനു സംസാരി ക്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തു. പുരോഹിതന്മാരുടെ തെറ്റായ നിലപാടിനെ ചൂണ്ടിക്കാട്ടി അവർക്കു യേശു മുന്നറിയിപ്പു നല്കി.

യേശു അവരോടു പറഞ്ഞു: "നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു മനു ഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അവൻ ഒന്നാമത്തവന്റെ അടുക്കൽ ചെന്ന്: മകനേ, ഇന്ന് എന്റെ മുന്തിരിത്തോട്ടത്തിൽ പോയി വേല ചെയ്ക എന്നു പറഞ്ഞു. എനിക്കു മനസ്സില്ലായെന്ന് അവൻ ഉത്തരം പറഞ്ഞു; എങ്കിലും പിന്നത്തേതിൽ അനുതപിച്ച് അവൻ പോയി. രണ്ടാമത്തവന്റെ അടുക്കൽ ചെന്ന് അങ്ങനെ തന്നെ പറഞ്ഞപ്പോൾ, അവൻ: ഞാൻ പോകാം അപ്പാ എന്ന് അവൻ ഉത്തരം പറഞ്ഞു; പോയില്ലതാനും. ഈ രണ്ടുപേരിൽ ആരാകുന്നു അപ്പന്റെ ഇഷ്ടം ചെയ്തത്?"

പെട്ടെന്നുള്ള യേശുവിന്റെ ഈ ചോദ്യം കേൾവിക്കാർ പ്രതീക്ഷി ച്ചില്ലായിരുന്നു. അവർ യേശുവിന്റെ ഉപമ ശ്രദ്ധിച്ചു കേട്ടു. അവർ വേഗത്തിൽ ഉത്തരം പറഞ്ഞു: "ഒന്നാമത്തവൻ." യേശു അവരുടെമേൽ ദൃഷ്ടികൾ ഉറപ്പിച്ചുകൊണ്ടു ദൃഢമായ സ്വരത്തിൽ പറഞ്ഞു: "ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്കു മുമ്പായി ദൈവരാജ്യത്തിൽ കടക്കുന്നുവെന്നു സത്യമായിട്ടു

ഞാൻ നിങ്ങളോടു പറയുന്നു. യോഹന്നാൻ നീതിമാർഗ്ഗം ഉപദേശിച്ചുകൊണ്ടു നിങ്ങളുടെ അടുക്കൽ വന്നു. നിങ്ങൾ അവനെ വിശ്വസിച്ചില്ല; എന്നാൽ ചുങ്കക്കാരും വേശ്യമാരും അവനെ വിശ്വസിച്ചു; അതു കണ്ടിട്ടും നിങ്ങൾ അവനെ വിശ്വസിപ്പാൻ തക്കവണ്ണം പിന്നത്തേതിൽ അനുതപിച്ചില്ല."

ക്രിസ്തുവിന്റെ ചോദ്യത്തിനു പുരോഹിതന്മാർക്കും പ്രമാണികൾക്കും ശരിയായ ഉത്തരം നൽകാതിരിപ്പാൻ കഴിയില്ലായിരുന്നു. ഒന്നാമത്തെ മകൻ ചെയ്തതു ശരി എന്ന് അവർ പറഞ്ഞു. ഈ മകൻ, പരീശന്മാരും പള്ളി പ്രമാണികളും വെറുത്തിരുന്ന ചുങ്കക്കാരും പാപികളുമായിരുന്നു. ചുങ്കക്കാർ ഭയങ്കരമായ അസാന്മാർഗ്ഗികത്വത്തിൽ കഴിഞ്ഞവരുമായിരുന്നു. അവർ ദൈവകല്പനയെ ലംഘിച്ചിരുന്നു. ദൈവകല്പനയ്ക്ക് അവരുടെ ജീവിതത്തിൽ സ്ഥാനമില്ലായിരുന്നു. നന്ദിയില്ലായ്മയും അശുദ്ധിയും അവരുടെ കൂടപ്പിറപ്പായിരുന്നു. കർത്താവിന്റെ തോട്ടത്തിൽ പോയി വേലചെയ്‌വാനുള്ള ആജ്ഞ അവർ നിന്ദാപൂർവ്വം നിരാകരിക്കുകയാണു ചെയ്തത്. എന്നാൽ യോഹന്നാൻ മാനസാന്തരത്തെയും സ്നാനത്തെയും കുറിച്ചു പ്രസംഗിച്ചപ്പോൾ ചുങ്കക്കാർ അതു ശ്രദ്ധാപൂർവ്വം കേൾക്കുകയും സ്നാനമേൽക്കുകയും ചെയ്തു.

രണ്ടാമത്തെ മകൻ യെഹൂദപ്രമാണികളെ പ്രതിനിധീകരിച്ചു. ചില പരീശന്മാർ മാനസാന്തരപ്പെടുകയും യോഹന്നാൻ നൽകിയ സ്നാനം സ്വീകരിക്കുകയും ചെയ്തു. എന്നാൽ യോഹന്നാൻ ദൈവത്തിൽനിന്നു വന്നുവെന്നു യെഹൂദപ്രമാണികളിൽ ഭൂരിഭാഗവും അംഗീകരിച്ചില്ല. യോഹന്നാന്റെ മുന്നറിയിപ്പുകൾ അവരിൽ നവീകരണമൊന്നും സൃഷ്ടിച്ചില്ല. "പരീശന്മാരും ന്യായശാസ്ത്രിമാരും അവനാൽ സ്നാനമേൽക്കാതെ ദൈവത്തിന്റെ ആലോചന തങ്ങൾക്കു വ്യർത്ഥമാക്കിക്കളഞ്ഞു" (ലൂക്കൊസ് 7:30). യോഹന്നാന്റെ ദൂത് അവർ അവഗണിച്ചുകളഞ്ഞു. പിതാവു വിളിച്ചപ്പോൾ "ഞാൻ പോകാം അപ്പാ" എന്നു പറകയും പിന്നീടു പോകാതിരിക്കയും ചെയ്ത മകനെപ്പോലെ പുരോഹിതന്മാരും പ്രമാണികളും അനുസരിക്കുന്നവർ എന്നു ഭാവിച്ചുവെങ്കിലും പിതാവിന്റെ ആജ്ഞയെ ധിക്കരിക്കുകയാണു ചെയ്തത്. ഭക്തരെന്നു നടിക്കുകയും ദൈവകല്പന അനുസരിക്കുന്നവരെന്നു യെഹൂദ പ്രമാണികൾ അവകാശപ്പെടുകയും ചെയ്തു. കാപട്യം ആയിരുന്നു അവരുടെ മുഖമുദ്ര. ചുങ്കക്കാരെ പരീശന്മാർ വളരെ അവജ്ഞയോടെയാണു കണ്ടിരുന്നത്. അവരെ അവിശ്വാസികൾ എന്നു പരീശന്മാർ വിളിച്ചിരുന്നു. എങ്കിലും അവർ യെഹൂദന്മാരെപ്പോലെ കപടഭക്തിക്കാർ ആയിരുന്നില്ല. യെഹൂദന്മാരാവട്ടെ, തങ്ങൾ ദൈവത്തിൽനിന്നു പ്രകാശം ലഭിച്ചവരെന്നും, ദൈവഭക്തിയിൽ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരുമെന്നു സ്വയം കരുതി. ചുങ്കക്കാർ അനുതാപവും വിശ്വാസവും പ്രകടിപ്പിച്ചതുകൊണ്ടു സ്വർഗ്ഗരാജ്യത്തിലേക്കു കടക്കുവാൻ യോഗ്യരായിരുന്നു.

ഈ യാഥാർത്ഥ്യങ്ങളെ നേരിടുവാൻ യെഹൂദപ്രമാണികൾക്കു വൈമനസ്യമായിരുന്നു. യേശുവിനെ വാക്കിൽ കുടുക്കുവാൻ അവർ തക്കം പ്രതീക്ഷിച്ചു നിന്നു; എന്നാൽ അവർ നിരാശരായിത്തീരുകയാണു ചെയ്തത്.

“മറ്റൊരു ഉപമ കേൾപ്പിൻ” എന്നു ക്രിസ്തു പറഞ്ഞു. “ഗൃഹസ്ഥനായൊരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി, അതിനു വേലികെട്ടി, അതിൽ ചക്കു കുഴിച്ചിട്ടു ഗോപുരവും പണിതു; പിന്നെ കുടിയാന്മാരെ പാട്ടത്തിന് ഏല്പിച്ചിട്ടു പരദേശത്തു പോയി. ഫലകാലം സമീപിച്ചപ്പോൾ തനിക്കുള്ള അനുഭവം വാങ്ങേണ്ടതിന് അവൻ ദാസന്മാരെ കുടിയാന്മാരുടെ അടുക്കൽ അയച്ചു. കുടിയാന്മാരോ അവന്റെ ദാസന്മാരെ പിടിച്ച്, ഒരുവനെ തല്ലി, ഒരുവനെ കൊന്നു, മറ്റൊരുവനെ കല്ലെറിഞ്ഞു. അവൻ പിന്നെയും മുമ്പിലത്തേതിലും അധികം ദാസന്മാരെ അയച്ചു; അവരോടും അവർ അങ്ങനെതന്നെ ചെയ്തു. ഒടുവിൽ അവൻ: എന്റെ മകനെ അവർ ശങ്കിക്കും എന്നു പറഞ്ഞ്, മകനെ അവരുടെ അടുക്കൽ അയച്ചു. മകനെ കണ്ടിട്ടു കുടിയാന്മാർ: ഇവൻ അവകാശി; വരുവിൻ, നാം അവനെ കൊന്ന് അവന്റെ അവകാശം കൈവശമാക്കുക എന്നു തമ്മിൽ പറഞ്ഞു, അവനെ പിടിച്ചു തോട്ടത്തിൽനിന്നു പുറത്താക്കി കൊന്നുകളഞ്ഞു. ആകയാൽ മുന്തിരിത്തോട്ട ത്തിന്റെ ഉടയവൻ വരുമ്പോൾ ആ കുടിയാന്മാരോട് എന്തു ചെയ്യും?”

യേശു അവിടെ ഉണ്ടായിരുന്ന എല്ലാവരോടുമായി ചോദിച്ചു. എന്നാൽ പുരോഹിതന്മാരും പ്രമാണികളും ഉത്തരം പറഞ്ഞു: “അവൻ ആ കുടിയാന്മാരെ നിഗ്രഹിച്ചു തക്കസമയത്ത് അനുഭവം കൊടുക്കുന്ന വേറെ കുടിയാന്മാർക്കു തോട്ടം ഏല്പിക്കും.” ഈ ഉത്തരം നല്കിയവർക്ക് അവർ കേട്ട ഉപമയുടെ ഗൂഢാർത്ഥം ആദ്യം ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ തങ്ങൾക്കു ലഭിക്കേണ്ട വിധി തങ്ങൾ തന്നെ പ്രസ്താവിക്കുകയായിരുന്നു വെന്നു പിന്നീടു യെഹൂദപ്രമാണികൾ ഗ്രഹിച്ചു. ഉപമയിലെ ഗൃഹസ്ഥനായ മനുഷ്യൻ സ്വർഗ്ഗീയ പിതാവിനെ സാദൃശീകരിച്ചു. മുന്തിരിത്തോട്ടം യെഹൂദ ജനതയെ പ്രതിനിധീകരിച്ചു. ദൈവകല്പനയാകുന്ന വേലി അവരുടെ സംരക്ഷണവലയമായിരുന്നു. ഗോപുരം ദൈവാലയത്തിന്റെ അടയാള മായിരുന്നു. തോട്ടത്തിന്റെ ഉടമസ്ഥൻ വേണ്ടുന്നതെല്ലാം ചെയ്തിരുന്നു. “ഞാൻ എന്റെ മുന്തിരിത്തോട്ടത്തിൽ ചെയ്തിട്ടുള്ളതല്ലാതെ, ഇനി അതിൽ എന്തു ചെയ്വാനുള്ളൂ” (യെശ. 5:4). യിസ്രായേലിനോടുള്ള ദൈവത്തിന്റെ വറ്റിപ്പോകാത്ത സ്നേഹത്തെ ഇതു സൂചിപ്പിക്കുന്നു. തോട്ടത്തിലെ ഉല്പന്ന ങ്ങളിൽ ഉടമസ്ഥനു ചെല്ലേണ്ട പങ്കു കുടിയാന്മാർ കൊടുക്കേണ്ടതുപോലെ, തങ്ങൾക്കു ലഭിച്ചിരുന്ന പദവികൾക്കനുസൃതമായി യിസ്രായേൽ ദൈവത്തെ മഹത്വപ്പെടു ത്തേണ്ടതായിരുന്നു. ഫലങ്ങൾ ശേഖരിപ്പാൻ വന്ന ഭൃത്യന്മാരെ കുടിയാന്മാർ കൊന്നതുപോലെ യിസ്രായേലിന്റെ മനംതിരിവിനുവേണ്ടി ദൈവം അയച്ച പ്രവാചകന്മാരെ യെഹൂദന്മാർ കൊന്നുകളഞ്ഞു. അനവധി ദൈവദാസന്മാരെ അവർ വധിച്ചു. ഉപമയിലെ വസ്തുതകൾ അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധം ക്രിസ്തു അവതരിപ്പിച്ചു. ഉപമയിലെ അവസാനഭാഗത്തു വിവരിക്കുന്ന, തോട്ടം ഉടമയുടെ പ്രിയ മകന്റെ കൊലപാതകത്തിലൂടെ, യേശു തന്റെ അന്ത്യത്തെയാണു ചിത്രീകരിക്കുന്നതെന്നു യെഹൂദപ്രമാണികൾക്കു മനസ്സിലായി. യേശുവിനെ വധിക്കുവാൻ അവർ നേരത്തേ പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരിക്കയായിരുന്നു.

യേശു അനുകമ്പാപൂർവ്വം യെഹൂദപ്രമാണികളോടു പറഞ്ഞു: "വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു മൂലക്കല്ലായിത്തീർന്നിരിക്കുന്നു; ഇതു കർത്താവിനാൽ സംഭവിച്ചു; നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവുമായിരിക്കുന്നു എന്നു നിങ്ങൾ തിരുവെഴുത്തുകളിൽ ഒരിക്കലും വായിച്ചിട്ടില്ലയോ? അതുകൊണ്ടു ദൈവരാജ്യം നിങ്ങളുടെ പക്കൽനിന്ന് എടുത്ത് അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഈ കല്ലിന്മേൽ വീഴുന്നവൻ തകർന്നുപോകും. അത് ആരുടെ മേൽ എങ്കിലും വീണാൽ അവനെ ധൂളിപ്പിക്കും."

മശീഹയുടെ ആഗമനത്തെ സൂചിപ്പിച്ചുകൊണ്ട് ഈ പ്രവചനഭാഗം പല തവണ ദൈവാലയത്തിൽവച്ചു വായിച്ചിരുന്നു. യെഹൂദമതത്തിന്റെയും രക്ഷാ വ്യവസ്ഥയുടെയും അടിക്കല്ല് മശീഹ ആയിരുന്നു. എന്നാൽ യിസ്രായേൽ പ്രമാണികൾ ഈ മൂലക്കല്ലിനെ ത്യജിച്ചു. അവരുടെ അപകടത്തെ മനസ്സി ലാക്കിക്കൊടുക്കുന്ന പ്രവചനങ്ങളിലേക്കു യേശു അവരുടെ ശ്രദ്ധയെ ആകർഷിച്ചു. അവരുടെ തെറ്റിനെ ചൂണ്ടിക്കാണിക്കു വാൻ കഴിവുള്ളതെല്ലാം യേശു ചെയ്തു.

കർത്താവിനു വേറൊരു ഉദ്ദേശ്യംകൂടെ ഉണ്ടായിരുന്നു. "ആകയാൽ മുന്തിരിത്തോട്ടത്തിന്റെ ഉടയവൻ വരുമ്പോൾ ആ കുടിയാന്മാരോട് എന്തു ചെയ്യും" എന്ന ചോദ്യത്തിനുത്തരം കർത്താവ് ആഗ്രഹിച്ചതുപോലെതന്നെ യെഹൂദപ്രമാണികൾ നല്കി. തങ്ങളുടെ തെറ്റുകൾക്കു സ്വയം ശിക്ഷ വിധിക്കണമെന്നു യെഹൂദന്മാരെക്കുറിച്ചു യേശു ആഗ്രഹിച്ചു. യേശുവിന്റെ മുന്നറിയിപ്പുകൾ യെഹൂദന്മാർ നിരാകരിച്ചതുകൊണ്ട്, അവർ തന്നെ സ്വന്തനാശത്തിന്റെ വിധിയെഴുത്തു നടത്തി. അതിന് അവർ മറ്റാരെയും പഴിക്കരുതെന്നായിരുന്നു യേശുവിന്റെ ആഗ്രഹം. യെരൂശലേം ദൈവാലയ ത്തിന്റെ നാശത്തിലും, നഗരത്തിന്റെ നാശത്തിലും മാത്രമല്ല, യെഹൂദരാഷ്ട്ര ത്തിന്റെ ശിഥിലീകരണത്തിലും കലാശിക്കുവാൻ കാരണമാക്കിയ തങ്ങളുടെ തെറ്റും, ദൈവത്തിന്റെ അലംഘനീയമായ നീതിയും യെഹൂദന്മാർ മനസ്സി ലാക്കണമെന്നു യേശു ആഗ്രഹിച്ചു. യെഹൂദരാഷ്ട്രത്തിന്റെ ജീർണ്ണത അപ്പോഴെ ആരംഭിച്ചിരുന്നു.

യേശുവിനെ ശ്രദ്ധിച്ചവർ യേശുവിന്റെ മുന്നറിയിപ്പു മനസ്സിലാക്കി. തങ്ങ ളുടെ മേൽ സ്വയം വിധി പ്രഖ്യാപിച്ചെങ്കിലും പരീശന്മാർ, ഉപമയിലെ കുടിയാ ന്മാരെപ്പോലെ, "ഇവൻ അവകാശി; വരുവിൻ, നാം അവനെ കൊന്ന് അവന്റെ അവകാശം കൈവശമാക്കുക" എന്നു പറഞ്ഞ് ആ രംഗം പൂർത്തീകരിപ്പാൻ ഒരുക്കമായിരുന്നു. "അവനെ പിടിപ്പാൻ അന്വേഷിച്ചു; എന്നാൽ പുരുഷാരം അവനെ പ്രവാചകൻ എന്ന് എണ്ണുകകൊണ്ട് അവരെ ഭയപ്പെട്ടു."

തള്ളിക്കളഞ്ഞ മൂലക്കല്ലിന്റെ പ്രവചനത്തിലൂടെ യിസ്രായേലിന്റെ ചരിത്ര ത്തിലെ ഒരു സംഭവത്തെ ക്രിസ്തു പരാമർശിക്കുകയായിരുന്നു. ഒന്നാമത്തെ യെരൂശലേം ദൈവാലയനിർമ്മിതിയുമായി ബന്ധപ്പെട്ട ഒരു സംഭവമായി രുന്നു അത്. ക്രിസ്തുവിന്റെ ഒന്നാമത്തെ വരവിൽ, ഈ സംഭവം നൽകിയ

പാഠത്തിനു പ്രത്യേക പ്രസക്തി ഉണ്ടായിരുന്നു. യെഹൂദന്മാർക്കു വിശേഷിച്ച് അതിലൊരു പാഠം ഉണ്ടായിരുന്നു. നമുക്കും അതിൽനിന്നു വിലയേറിയ പാഠം പഠിക്കാം. യെരൂശലേം ദൈവാലയം കെട്ടി ഉയർത്താൻ ആലോചന ഇട്ടപ്പോൾത്തന്നെ അടിസ്ഥാനമിടുന്നതിനായി ഭീമാകാരമായ കല്ലുകൾ പാറമടയിൽവച്ചുതന്നെ ചെത്തി ഒരുക്കി. കെട്ടിടനിർമ്മാണസ്ഥലത്തു കൊണ്ടുവന്ന കല്ലുകളിൽ ഒരു ആയുധവും ഉപയോഗിച്ചിരുന്നില്ല. പണിക്കാർ അതിനെ നിശ്ചിത സ്ഥാനങ്ങളിൽ ഉറപ്പിക്കുക മാത്രമാണു ചെയ്തത്. അടിസ്ഥാനമിടുന്നതിനുവേണ്ടി പ്രത്യേകം തയ്യാറാക്കപ്പെട്ട കല്ലു കൊണ്ടു വന്നു. എന്നാൽ ആ കല്ല് ഉറപ്പിക്കുവാൻ പറ്റിയ ഒരു സ്ഥലം കാണാഞ്ഞതു കൊണ്ടു ജോലിക്കാർ ആ കല്ലിനെ സ്വീകരിച്ചില്ല. ആ കല്ല് ഉപയോഗിക്കപ്പെടാതെ വഴിയിൽ കിടന്നതു ജോലിക്കാർക്ക് ഒരു ശല്യമായിത്തീർന്നു. കെട്ടിടനിർമ്മാതാക്കൾ മൂലക്കല്ലിടുവാനായി വന്നപ്പോൾ ഒത്ത വലിപ്പവും ബലിഷ്ഠവുമായ ഒരു കല്ലിനുവേണ്ടി അവർ വളരെനേരം അന്വേഷിച്ചു. വലിയ ഭാരം താങ്ങുവാനും, പ്രത്യേക സ്ഥാനത്തു വയ്ക്കുവാനും പറ്റിയ കല്ലായിരുന്നു അവർക്കു വേണ്ടിയിരുന്നത്. ഈ സ്ഥാനത്തേക്കു തെറ്റായ ഒരു തെരഞ്ഞെടുക്കൽ നടത്തിയാൽ മുഴുവൻ കെട്ടിടത്തിന്റെയും സുരക്ഷ താറുമാറായിത്തീരും. കൊടുങ്കാറ്റിന്റെയും മഴയുടെയും വെയിലിന്റെയും ആക്രമണങ്ങളെ തടുത്തുനിർത്തുവാൻ കഴിവുള്ള ഒരു കല്ലായിരുന്നു അവർക്കു വേണ്ടിയിരുന്നത്. അനേക കല്ലുകൾ അവർ പരിശോധിച്ചു. അവയൊന്നും മൂലക്കല്ലായിത്തീരുവാൻ യോജിച്ചതായിരുന്നില്ല. എന്നാൽ ഒടുവിൽ, ആരാലും ഗണ്യമാക്കപ്പെടാതെ കിടന്നിരുന്ന വലിയ കല്ലിലേക്ക് അവരുടെ ശ്രദ്ധ തിരിഞ്ഞു. ഒരു പോറൽപോലുമേൽക്കാതെ, ആ കല്ലു വെയിലും മഴയുമേറ്റ് അവിടെ കിടന്നിരുന്നു. കെട്ടിടനിർമ്മാതാക്കൾ ഈ കല്ലു പരിശോധിച്ചു. കഠിനഭാരം താങ്ങുവാൻ ഈ കല്ലിനു കഴിയുമോ എന്നും അവർ നോക്കി. എല്ലാ പരീക്ഷണങ്ങളും നടത്തിയശേഷം ആ കല്ല് അവർ തെരഞ്ഞെടുത്തു. പണിസ്ഥലത്തേക്ക് ആ കല്ലു കൊണ്ടുവന്നപ്പോൾ, അതു കൃത്യമായി യോജിക്കുന്നതായും കണ്ടു. യെശയ്യാപ്രവാചകൻ ഈ കല്ലിനെ, ക്രിസ്തുവിനോടു താരതമ്യപ്പെടുത്തി.

"സൈന്യങ്ങളുടെ യഹോവയെ ശുദ്ധീകരിപ്പിൻ; അവൻ തന്നെ നിങ്ങളുടെ ഭയവും ഭീതിയും ആയിരിക്കട്ടെ. എന്നാൽ അവൻ ഒരു വിശുദ്ധമന്ദിരമായിരിക്കും; എങ്കിലും യിസ്രായേൽഗൃഹത്തിനു രണ്ടിനും അവൻ ഒരു ഇടർച്ചക്കല്ലും തടങ്ങൽപാറയും, യെരൂശലേം നിവാസികൾക്ക് ഒരു കുടുക്കും കെണിയുമായിരിക്കും. പലരും അതിന്മേൽ തട്ടിവീണു തകർന്നുപോകുകയും കെണിയിൽ കുടുങ്ങി പിടിപെടുകയും ചെയ്യും." ക്രിസ്തുവിന്റെ ഒന്നാം വരവിനെക്കുറിച്ചു ദർശനം ലഭിച്ച പ്രവാചകൻ, ക്രിസ്തു അനുഭവിക്കേണ്ട കഷ്ടതകളെയും ശോധനകളെയും മനസ്സിലാക്കി. ശലോമോൻ പണിത യെരൂശലേം ദൈവാലയത്തിന് ഇട്ട മൂലക്കല്ലിനു ലഭിച്ച ശോധന, ക്രിസ്തു അനുഭവിപ്പാൻ പോകുന്ന കഷ്ടതയുടെ ഒരു പ്രതീകമായിരുന്നു. "അതുകൊണ്ടു യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധന ചെയ്ത

കല്ലും, വിലയേറിയ മൂലക്കല്ലുമായി ഒരു അടിസ്ഥാനക്കല്ലിട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല" (യെശ. 8:13-15; 28:16).

ദൈവത്തിന്റെ അനന്തമായ ജ്ഞാനത്താൽ, ദൈവം തന്നെ അടിസ്ഥാന ശിലയെ തെരഞ്ഞെടുത്തു സ്ഥാപിച്ചു. "ഉറപ്പുള്ള അടിസ്ഥാനം" എന്നു ദൈവം അതിനെ വിളിച്ചു. മുഴുലോകത്തിനും അതിന്റെ ഭാരങ്ങളും വേദനകളും അതിന്മേൽ ചുമത്താം. അതു മുഴുവനും താങ്ങുവാൻ ആ അടിസ്ഥാനക്കല്ലിനു കഴിയും. പൂർണ്ണസുരക്ഷിതത്വത്തിൽ അതിന്മേൽ പണിയും. "ശോധന ചെയ്ത കല്ല്" ക്രിസ്തു ആകുന്നു. അവനിൽ ആശ്രയിക്കുന്നവനെ അവൻ ഒരുനാളും തള്ളിക്കളകയില്ല. എല്ലാ ശോധനകളിലും കൂടെ ക്രിസ്തു കടന്നുപോയി. ആദാമിന്റെ പാപഭാരം ക്രിസ്തു വഹിച്ചു. ആദാമിന്റെ പിൻതലമുറയുടെ മുഴുവൻ അകൃത്യവും ക്രിസ്തുവിന്റെ മേലായി. ദുഷ്ടശക്തിയെ കീഴ്പ്പെടുത്തി ക്രിസ്തു വിജയശ്രീലാളിതനായി പുറത്തുവന്നു. അനുതപിക്കുന്ന ഓരോ പാപിയുടെയും പാപഭാരം ക്രിസ്തു ചുമന്നു. കുറ്റബോധമുള്ള ഹൃദയം യേശുവിൽ ആശ്വാസം കണ്ടെത്തി. യേശു ഉറപ്പും സ്ഥിരതയുമുള്ള അടിസ്ഥാനമാകുന്നു. യേശുവിൽ ആശ്രയിക്കുന്ന ഏവരും പൂർണ്ണമായ രക്ഷപ്രാപിക്കുന്നു.

യെശയ്യാവിന്റെ പ്രവചനത്തിൽ ക്രിസ്തു ഉറപ്പുള്ള അടിസ്ഥാനമായും ഇടർച്ചക്കല്ലായും വർണ്ണിക്കപ്പെട്ടിരിക്കുന്നു. പത്രൊസിന്റെ ലേഖനത്തിൽ ക്രിസ്തു ഒരു കൂട്ടർക്ക് അടിസ്ഥാന പാറയായും, മറ്റൊരു കൂട്ടർക്ക് ഇടർച്ചക്കല്ലുമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

"കർത്താവു ദയാലു എന്നു നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ. മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാൻ തക്ക വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിനു പണിയപ്പെടുന്നു." "ഞാൻ ശ്രേഷ്ഠവും മാന്യവുമായൊരു മൂലക്കല്ലു സീയോനിൽ ഇടുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചു പോകയില്ല എന്നു തിരുവെഴുത്തിൽ കാണുന്നുവല്ലോ. വിശ്വസിക്കുന്ന നിങ്ങൾക്ക് ആ മാന്യതയുണ്ട്; വിശ്വസിക്കാത്തവർക്കോ വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലുതന്നെ മൂലക്കല്ലും ഇടർച്ചക്കല്ലും തടങ്ങൽപ്പാറയുമായി ത്തീർന്നു" (1 പത്രൊസ് 2:3-8).

വിശ്വസിക്കുന്നവർക്കു ക്രിസ്തു ഉറപ്പുള്ള അടിസ്ഥാനമാകുന്നു. പാറമേൽ വീഴുകയും തകരുകയും ചെയ്യുന്നവർ ഇവരാകുന്നു. ക്രിസ്തുവിനോടുള്ള കീഴ്പ്പെടലും വിശ്വാസവുമാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. പാറമേൽ വീഴുകയും തകരുകയും ചെയ്ക എന്നാൽ സ്വയനീതിയെ വെടിഞ്ഞിട്ട്, ഒരു ശിശുവിന്റെ താഴ്മയോടെ, നമ്മുടെ അകൃത്യങ്ങളെക്കുറിച്ച് അനുതപിച്ച്, പാപക്ഷമ നൽകുന്ന ക്രിസ്തുവിന്റെ സ്നേഹത്തിൽ ആശ്രയിച്ചുംകൊണ്ടു

ക്രിസ്തുവിന്റെ സന്നിധിയിലേക്കു പോകുക എന്നതാണ്. അതുപോലെ വിശ്വാസത്താലും അനുസരണത്താലും ക്രിസ്തു എന്ന അടിസ്ഥാന ത്തിന്മേൽ നമ്മുടെ ക്രിസ്തീയ ജീവിതം പണിതുയർത്തുവാൻ കഴിയുന്നു.

ജീവനുള്ള ക്രിസ്തുവാകുന്ന കല്ലിന്മേൽ സകല മനുഷ്യജാതിക്കും പണിയാം. സുരക്ഷിതമായ അടിസ്ഥാനം ക്രിസ്തു മാത്രമാകുന്നു. ഏവരെയും ഉൾക്കൊള്ളുവാനുള്ള വിസ്തൃതി അതിനുണ്ട്. മുഴുലോകത്തിന്റെയും ഭാരം വഹിപ്പാനുള്ള ത്രാണിയും അതിനുണ്ട്. ജീവനുള്ള കല്ലായ ക്രിസ്തുവി നോടുള്ള ബന്ധം മൂലം ഈ അടിസ്ഥാനത്തിൽ പണിയുന്ന ഏവരും ജീവ നുള്ള കല്ലുകളായിത്തീരുന്നു. അനേകർ സ്വന്തപ്രവൃത്തികളാൽ വെട്ടി യെടുക്കപ്പെട്ട്, ചെത്തിമിനുക്കി ആകർഷകത്വമുള്ളവരാകുവാൻ ശ്രമിക്കുന്നു. എന്നാൽ അവർക്കു ജീവനുള്ള കല്ലുകളായിത്തീരാൻ കഴിയുന്നില്ല. കാരണം അവർ ക്രിസ്തുവുമായി ബന്ധമുള്ളവരല്ല. ക്രിസ്തുവിനോടുള്ള ബന്ധം കൂടാതെ രക്ഷപ്രാപിപ്പാൻ കഴിയുന്നതല്ല. ക്രിസ്തു നമ്മിൽ വസിക്കാതെ നമുക്കു പരീക്ഷയെ നേരിടുവാൻ കഴിയുന്നതല്ല. നമ്മുടെ നിത്യരക്ഷ സ്ഥിതി ചെയ്യുന്നത് ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ പണിയുമ്പോൾ മാത്രമാണ്. ശോധന ചെയ്യാത്ത അടിസ്ഥാനങ്ങളിന്മേലാണ് ഇന്ന് അനേകായിരങ്ങൾ തങ്ങളുടെ ജീവിതം പണിതുയർത്തുന്നത്. മഴ പെയ്യുകയും കൊടുങ്കാറ്റ് അടിക്കുകയും പ്രളയം വരുകയും ചെയ്യുമ്പോൾ അവരുടെ സൗധം തകർന്നു വീഴുന്നു. എന്തെന്നാൽ ക്രിസ്തു എന്ന നിത്യകാലപാറയിന്മേലല്ല അവർ അടിസ്ഥാനമുറപ്പിച്ചത്.

വചനം അനുസരിക്കാത്തവർക്കു ക്രിസ്തു ഒരു ഇടർച്ചക്കല്ലാണ്. വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലുതന്നെ മൂലക്കല്ലായിത്തീർന്നു. തള്ളിക്കളഞ്ഞ കല്ലുപോലെ, ക്രിസ്തു തന്റെ ഭൗമിക ജീവിതകാലത്ത് അപമാനവും അവഗണനയും സഹിച്ചു. “അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായുമിരുന്നു... അവൻ നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതും ഇല്ല” (യെശ. 53:3). എന്നാൽ കർത്താവു മഹത്വീകരിക്കപ്പെടേണ്ട സമയം അടുത്തിരുന്നു. മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനം നിമിത്തം “ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടാൻ” പോകുകയായിരുന്നു കർത്താവ് (റോമർ 1:5). തന്റെ രണ്ടാമത്തെ വരവിങ്കൽ, താൻ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താ വായി വെളിപ്പെടും. തന്നെ ക്രൂശിപ്പാൻ പോകുന്നവർ അന്നു തന്റെ മഹത്വം മനസ്സിലാക്കും.

“അത് ആരുടെ മേൽ എങ്കിലും വീണാൽ അവനെ ധൂളിപ്പിക്കും.” ക്രിസ്തുവിനെ നിരാകരിച്ച ജനം, അധികം താമസിയാതെ തങ്ങളുടെ അഭിമാനസ്തംഭമായിരുന്ന യെരൂശലേം നഗരവും, ജനവും നശിക്കുന്നതു കാൺമാൻ പോകുകയായിരുന്നു. അതു തകർക്കപ്പെടുകയും കാറ്റത്തു ധൂളിപോലെ ചിതറുകയും ചെയ്യും. യെഹൂദന്മാരെ നശിപ്പിച്ചത് എന്തായി രുന്നു? അവരുടെ അടിസ്ഥാനമായിരിക്കേണ്ട പാറയത്രേ. ദൈവത്തിന്റെ കരുണയെ അവഹേളിക്കുകയും, ദൈവനീതിയെ തള്ളിക്കളയുകയും, ദൈവ

ത്തിന്റെ ദയയെ തുച്ഛീകരിക്കുകയും ചെയ്തത് അവരുടെ നാശത്തിനു കാരണമായി. ദൈവത്തോടു മനുഷ്യൻ മറുതലിച്ചുനിന്നു. തന്മൂലം അവരുടെ രക്ഷയായിത്തീരേണ്ട സകലതും, അവരുടെ നാശത്തിനു കാരണമായി ത്തീർന്നു. ക്രിസ്തുവിനെ ക്രൂശിച്ചതു യെരൂശലേമിന്റെ നാശത്തിനു വഴിയൊരുക്കി. കാൽവരിയിൽ യെഹൂദന്മാർ ചൊരിഞ്ഞ നിഷ്കളങ്ക രക്തത്തിന്റെ ശിക്ഷ അവർ ഈ ഭൂമിയിൽവച്ച് അനുഭവിക്കുക മാത്രമല്ല, വരുവാനുള്ള ലോകവും അവർക്കു നഷ്ടമാകുവാൻ കാരണമായി. അന്ത്യ ന്യായവിധി, ദൈവകൃപ നിരസിക്കുന്നവരുടെ മേൽ വരുന്നത് ഇതുപോലെ യായിരിക്കും. ക്രിസ്തു അവർക്ക് ഇടർച്ചക്കല്ലായിത്തീരും. ഒടുവിൽ അതു മഹാമേരുപോലെ അവരുടെമേൽ നിപതിക്കും. കർത്താവിന്റെ മുഖതേജസ്സ്, നീതിമാന്മാർക്കു ജീവനും, ദുഷ്ടന്മാർക്കു ദഹിപ്പിക്കുന്ന അഗ്നിയുമായിരിക്കും. ദൈവസ്നേഹത്തെ നിരാകരിക്കുന്നവർ ആത്യന്തികമായി നശിപ്പിക്കപ്പെടും.

പല ഉപമകളിൽക്കൂടെയും മുന്നറിയിപ്പുകളിലൂടെയും, ദൈവപുത്രനെ നിരസിക്കുന്നവർക്കു വരാൻ പോകുന്ന നിത്യശിക്ഷയെ യേശു യെഹൂദ ന്മാർക്കു കാണിച്ചുകൊടുത്തു. ദൈവപുത്രനെ രക്ഷിതാവായി സ്വീകരി ക്കുവാൻ വിസമ്മതം കാട്ടുന്ന എല്ലാ കാലങ്ങളിലുമുള്ളവരോടു യേശു സംസാരിക്കുകയായിരുന്നു. അവർക്കു യേശു എല്ലാ മുന്നറിയിപ്പുകളും നല്കി. അശുദ്ധമാക്കപ്പെട്ട ദൈവാലയം, അനുസരിക്കാത്ത മകൻ, വ്യാജഗൃഹനായകൻ, അസംതൃപ്തരായ വേലക്കാർ തുടങ്ങിയവർ ഓരോ പാപിയുടെയും പ്രതിരൂപങ്ങളാണ്. അവർ അനുതപിച്ചു മാനസാന്തര പ്പെടുന്നില്ലായെങ്കിൽ നിത്യനാശത്തിൽ പതിക്കും.

# 66

# വിവാദം

അവലംബം: മത്തായി 22:15-46; മർക്കൊസ് 12:13-40; ലൂക്കൊസ് 20:20-47

പുരോഹിതന്മാരും പ്രമാണികളും ക്രിസ്തുവിന്റെ നിശിതമായ ശകാരങ്ങളെ നിശ്ശബ്ദരായി നിന്നുകേട്ടു. യേശുവിന്റെ ആരോപണങ്ങളെ നിഷേധിക്കുവാൻ അവർക്കു കഴിഞ്ഞില്ല. എന്നാൽ യേശുവിനെ കുടുക്കിലാക്കുവാൻ അവർ ആലോചിച്ചു. ഈ ലക്ഷ്യത്തോടെ അവർ ഒറ്റുകാരെ അയച്ചു. "അവർ അവനെ നാടുവാഴിയുടെ അധീനതയിലും അധികാരത്തിലും ഏല്പിപ്പാൻ തക്കവണ്ണം അവനെ വാക്കിൽ പിടിക്കേണ്ടതിനു തക്കംനോക്കി നീതിമാന്മാർ എന്നു നടിക്കുന്ന ഒറ്റുകാരെ അയച്ചു." യേശു പലപ്പോഴും കണ്ടിട്ടുള്ള വൃദ്ധരായ പരീശന്മാരെ അല്ല, ഊർജ്ജസ്വലതയും ചുറുചുറുക്കുമുള്ള, യേശുവിന് അപരിചിതർ എന്നു പുരോഹിതന്മാർ കരുതിയ ചെറുപ്പക്കാരെയാണ് ഈ ജോലിക്കയച്ചത്. ക്രിസ്തുവിനെ വിസ്തരിക്കുമ്പോൾ, ക്രിസ്തുവിനെതിരായി സാക്ഷ്യം പറയേണ്ടുന്നതിനു ചില ഹെരോദ്യരെ, ക്രിസ്തുവിന്റെ പ്രസംഗം കേൾക്കുന്നതിനായി ഒറ്റുകാരോടുകൂടെ അയച്ചു. പരീശന്മാരും ഹെരോദ്യരും ബദ്ധവൈരികളായിരുന്നുവെങ്കിലും, ക്രിസ്തുവിനോടുള്ള വിരോധം നിമിത്തം അവർ ഒന്നായി.

റോമാക്കാരുടെ നികുതിപിരിവിൽ പരീശന്മാർ എപ്പോഴും കുപിതരായിരുന്നു. കപ്പം കൊടുക്കുക എന്നതു ദൈവകല്പനയ്ക്കു വിരോധമായിരുന്നുവെന്ന് അവർ വിശ്വസിച്ചു. യേശുവിനെതിരായി ഒരു കെണി ഒരുക്കുവാൻ അവർ സന്ദർഭം കണ്ടെത്തി. ഒറ്റുകാർ യേശുവിന്റെ അടുത്തു വന്നു. പുറമേ അവർ വിശ്വസ്തർ എന്നു ഭാവിച്ചിരുന്നു. തങ്ങളുടെ ചുമതലയെക്കുറിച്ച് അറിവാനുള്ള ആഗ്രഹമുള്ളവർ എന്ന നാട്യത്തിൽ അവർ യേശുവിനോടു ചോദിച്ചു: "ഗുരോ, നീ നേർ പറഞ്ഞ് ഉപദേശിക്കുകയും മുഖപക്ഷം നോക്കാതെ ദൈവത്തിന്റെ വഴി യഥാർത്ഥമായി പഠിപ്പിക്കുകയും ചെയ്യുന്നു എന്നു ഞങ്ങൾ അറിയുന്നു. നാം കൈസർക്കു കരം കൊടുക്കുന്നതു വിഹിതമോ അല്ലയോ എന്നു ചോദിച്ചു."

"നീ നേർ പറഞ്ഞ് ഉപദേശിക്കുകയും മുഖപക്ഷം നോക്കാതെ ദൈവത്തിന്റെ വഴി യഥാർത്ഥമായി പഠിപ്പിക്കുകയും ചെയ്യുന്നുവെന്നു ഞങ്ങൾ അറിയുന്നു" എന്ന പ്രസ്താവന സത്യസന്ധമായിട്ടുള്ള തായിരുന്നെങ്കിൽ അതു മനോഹരമായ ഒരു ഏറ്റുപറച്ചിൽ ആകുമായിരുന്നു. പക്ഷേ, അതിൽ വഞ്ചന പതിയിരുന്നു. എങ്കിലും അവരുടെ സാക്ഷ്യം സത്യം ആയിരുന്നു. ക്രിസ്തു യഥാർത്ഥമായിട്ടുള്ളതു പറയുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു എന്നതു പരീശന്മാർക്ക് അറിയാമായിരുന്നു. അവരുടെ സ്വന്തം സാക്ഷ്യത്താൽ അവർ വിധിക്കപ്പെടാൻ പോകുന്നുവെന്നും, ക്രിസ്തു ഉപദേശിച്ചതും പഠിപ്പിച്ചതും സത്യമായിരുന്നുവെന്നും പരീശന്മാർക്ക് അറിയാമായിരുന്നു.

തങ്ങളുടെ ഉദ്ദേശ്യം ആരും അറിയുന്നില്ലെന്നായിരുന്നു യേശുവിനോടു ചോദ്യം ചോദിച്ചവർ കരുതിയത്. എന്നാൽ ഒരു തുറന്ന പുസ്തകംപോലെ യേശു അവരുടെ ഹൃദയം വായിച്ചു. അവരുടെ കപടഭക്തിയെ യേശു ചൂണ്ടിക്കാട്ടുകയും ചെയ്തു. "എന്നെ പരീക്ഷിക്കുന്നത് എന്ത്?" യേശു അവരോടു ചോദിച്ചു. അവരുടെ നിഗൂഢ ഉദ്ദേശ്യം താൻ മനസ്സിലാക്കി എന്ന് അവരെ ബോദ്ധ്യപ്പെടുത്തുന്നതിലൂടെ അവർ ആവശ്യപ്പെടാതെ അവർക്ക് ഒരടയാളം നൽകുകയായിരുന്നു യേശു. "ഒരു വെള്ളിക്കാശു കാണിപ്പിൻ" എന്നു യേശു ആവശ്യപ്പെട്ടപ്പോൾ അവർ അതു കൊണ്ടുവന്നു. യേശു അവരോടു ചോദിച്ചു: "അതിനുള്ള സ്വരൂപവും മേലെഴുത്തും ആരുടേത്?" "കൈസരുടേത്" എന്ന് അവർ പറഞ്ഞു. നാണയത്തിലുള്ള എഴുത്തു ചൂണ്ടിക്കാണിച്ചുകൊണ്ടു യേശു പറഞ്ഞു: "എന്നാൽ കൈസർക്കുള്ളതു കൈസർക്കും, ദൈവത്തിനുള്ളതു ദൈവത്തിനും കൊടുപ്പിൻ."

തങ്ങളുടെ ചോദ്യത്തിന്, "അതേ" അല്ലെങ്കിൽ "അരുത്" എന്ന ഉത്തരം യേശുവിൽനിന്നു ലഭിക്കുമെന്നായിരുന്നു ഒറ്റുകാർ വിചാരിച്ചത്. കൈസർക്കു കരം കൊടുക്കുന്നതു വിഹിതം അല്ലായെന്നു യേശു പറഞ്ഞിരുന്നെങ്കിൽ, ജനങ്ങളെ റോമൻ ഭരണാധികാരത്തിനെതിരായി പറഞ്ഞിളക്കുന്നുവെന്നു യേശുവിനെക്കുറിച്ച് ആരോപണം ഉന്നയിച്ചു യേശുവിനെ തടങ്കലിൽ വയ്ക്കാമായിരുന്നു. "കരം കൊടുക്കുന്നതു വിഹിതം" എന്നു പറഞ്ഞിരുന്നെങ്കിൽ യേശു ദൈവകല്പന ലംഘിക്കുന്നു എന്നു പറഞ്ഞു യെഹൂദജനതയെ യേശുവിനെതിരായി തിരിക്കാമായിരുന്നു. എന്നാൽ ഒറ്റുകാർ പൂർണ്ണമായി

പരാജിതരായി. അവരുടെ പദ്ധതികളെല്ലാം തകർന്നു. അവരുടെ ചോദ്യ ത്തിനു തക്കതായ ഉത്തരം ലഭിച്ചപ്പോൾ, അവർക്കു കൂടുതലായി ഒന്നും പറവാനില്ലായിരുന്നു.

ക്രിസ്തുവിന്റെ ഉത്തരം ഒരു ഒഴിഞ്ഞുമാറൽ ആയിരുന്നില്ല. നേരെമറിച്ചു തുറന്ന മനസ്സോടെയുള്ള ഒരു ഉത്തരമായിരുന്നു. റോമൻ ഭരണകൂടം, യെഹൂദന്മാരുടെ ശ്രേഷ്ഠമായ ചുമതലകളെ എതിർക്കാതിരിക്കയും, അവർക്കു സംരക്ഷണം നൽകുകയും ചെയ്യുന്നിടത്തോളംകാലം, അധികാരി കൾ ആവശ്യപ്പെടുന്ന പിന്തുണ യെഹൂദൻ അവർക്കു നല്കേണ്ടതാണെന്ന്, കൈസരുടെ രൂപവും പേരും കൊത്തിയിട്ടുള്ള നാണയം കയ്യിൽ ഉയർത്തി ക്കാട്ടിക്കൊണ്ടു യേശു പറഞ്ഞു. രാജ്യത്തിന്റെ നിയമങ്ങൾക്കു വിധേയനാ യിരിക്കുമ്പോഴും ഒരു ദൈവപൈതൽ തന്റെ വിശ്വസ്തതയും ഭക്തിയും ഒന്നാമതായി നല്കേണ്ടതു ദൈവത്തിനായിരിക്കണം.

"ദൈവത്തിനുള്ളതു ദൈവത്തിനു കൊടുപ്പിൻ" എന്നു ക്രിസ്തു പറഞ്ഞ പ്പോൾ, ഗൂഢാലോചനക്കാരായ യെഹൂദന്മാർക്ക് അതൊരു നല്ല പ്രഹര മായിരുന്നു. ദൈവത്തോടുള്ള കടപ്പാടുകൾ അവർ വിശ്വസ്തതയോടെ നിർവ്വഹിച്ചിരുന്നെങ്കിൽ, അവർ വിദേശാധിപത്യത്തിൻകീഴിൽ ഒരിക്കലും ആകയില്ലായിരുന്നു. യെരൂശലേമിനു മുകളിൽ റോമൻ പതാക പാറിക്കളിക്ക യില്ലായിരുന്നു. അവളുടെ പടിവാതിലിൽ റോമൻ പടയാളികൾ കാവൽ നില്ക്കയില്ലായിരുന്നു. ഒരു റോമൻ ഭരണാധികാരി അവളെ ഭരിക്കയില്ലായി രുന്നു. ദൈവത്തിൽനിന്നു യെഹൂദരാഷ്ട്രം അകന്നതിന്റെ ശിക്ഷ അവൾ വഹിക്കുകയായിരുന്നു.

പരീശന്മാർ യേശുവിന്റെ ഉത്തരം കേട്ടപ്പോൾ "ആശ്ചര്യപ്പെട്ട് അവനെ വിട്ടു പൊയ്ക്കളഞ്ഞു." യേശു അവരുടെ കപടഭക്തിയെയും മുൻവിധിയെയും കഠിനമായി ശകാരിച്ചു. മനുഷ്യനു ലോകഭരണകൂടങ്ങളോടുള്ള കർത്തവ്യ ത്തിന്റെ പരിധിയെയും ദൈവത്തോടുള്ള കടമയെയും വ്യക്തമാക്കിക്കാണി ക്കുന്ന മഹത്തരമായ തത്വം ആ ശകാരത്തിലൂടെ വെളിപ്പെടുത്തി. അനേക വ്യക്തികളുടെ ഹൃദയങ്ങളെ അസ്വസ്ഥമാക്കിയിരുന്ന ചോദ്യത്തിന്റെ ഉത്തരം യേശു നൽകി. ഇതിനുശേഷം അവർ ശരിയായ തത്വങ്ങളെ മുറുകെപ്പിടിച്ചു. അനേകർ അസംതൃപ്തരായി കർത്താവിനെ വിട്ടുപോയെങ്കിലും, കർത്താവ് ഉയർത്തിക്കാട്ടിയ വലിയ തത്വം അവർ മനസ്സിലാക്കുകയും, ക്രിസ്തുവിന്റെ അഗാധമായ ജ്ഞാനത്തിൽ അവർ അത്ഭുതപരതന്ത്രരാവുകയും ചെയ്തു.

പരീശന്മാരെ നിശ്ശബ്ദരാക്കിയ ഉടനെ സദൂക്യർ അവരുടെ കൗശല പൂർവ്വമായ ചോദ്യങ്ങളുമായി മുൻപോട്ടുവന്നു. പരീശന്മാരും സദൂക്യരും പരസ്പരം ശത്രുതയിലായിരുന്നു. പരീശന്മാർ പാരമ്പര്യങ്ങളെ കർശനമായി പാലിച്ചുപോന്നവർ ആയിരുന്നു. ബാഹ്യപ്രകടനത്തിനുവേണ്ടിയുള്ള ധർമ്മം കൊടുക്കൽ, ദീർഘമായ പ്രാർത്ഥന, ഉപവാസം, നിഷ്കർഷയോടെ ചെയ്യുന്ന ശുദ്ധീകരണ ശുശ്രൂഷകൾ തുടങ്ങിയ ആചാരങ്ങളിൽ പരീശന്മാർ ദത്തശ്രദ്ധാലുക്കളായിരുന്നു. മനുഷ്യരുടെ നിയമങ്ങളെ പഠിപ്പിക്കുന്നതിൽ

ക്കൂടെ ദൈവകല്പനകളെ അവർ അലക്ഷ്യമാക്കി. ക്രിസ്തു, അവരെ അതിനു കർശനമായി കുറ്റപ്പെടുത്തുകയും ചെയ്തിരുന്നു. പരീശന്മാർ കടുത്ത മതതീവ്രവാദികളും കപടഭക്തിക്കാരുമായിരുന്നു. എന്നാൽ അവരുടെ ഇടയിൽത്തന്നെ ക്രിസ്തുവിന്റെ ഉപദേശങ്ങളെ സ്വീകരിക്കുകയും, ക്രിസ്തുവിന്റെ ശിഷ്യന്മാരായിത്തീരുകയും ചെയ്ത യഥാർത്ഥ ഭക്തിയുള്ള ആളുകൾ ഉണ്ടായിരുന്നു. പരീശന്മാരുടെ പാരമ്പര്യങ്ങളെ സദൂക്യർ നിരാകരിച്ചു. തിരുവെഴുത്തുകളുടെ നല്ല ഒരു ഭാഗം അവർ വിശ്വസിച്ചിരുന്നുവെന്ന് അവകാശപ്പെട്ടു. തിരുവെഴുത്തുകളെ അവരുടെ നിയമാവലിയായി അവർ കരുതിയിരുന്നു എങ്കിലും യഥാർത്ഥത്തിൽ അവർ ഭൗതികവാദികളും അവിശ്വാസികളുമായിരുന്നു.

ദൂതന്മാർ ഉണ്ടെന്നു സദൂക്യർ വിശ്വസിച്ചിരുന്നില്ല. മരിച്ചവരുടെ പുനരുത്ഥാനത്തിലും, മരണാനന്തരജീവിതത്തിലും, മരണാനന്തരമുള്ള ശിക്ഷയിലും പ്രതിഫലത്തിലും അവർ വിശ്വസിച്ചിരുന്നില്ല. ഇക്കാര്യങ്ങളിലെല്ലാം സദൂക്യർ, പരീശന്മാരിൽനിന്നു ഭിന്നാഭിപ്രായക്കാരായിരുന്നു. ഈ രണ്ടു കൂട്ടർക്കും പുനരുത്ഥാനം പ്രത്യേകിച്ചും ഒരു വിവാദവിഷയമായിരുന്നു. പരീശന്മാർ പുനരുത്ഥാനത്തിൽ ഉറച്ച വിശ്വാസികൾ ആയിരുന്നു. എന്നാൽ ഈ ചർച്ചകളിൽ എല്ലാം ഭാവിയെക്കുറിച്ചുള്ള അവരുടെ ആശയങ്ങളെല്ലാം കുഴഞ്ഞുമറിഞ്ഞു കിടന്നിരുന്നു. മരണം, അവരെ സംബന്ധിച്ചിടത്തോളം വിശദീകരിക്കാൻ പാടില്ലാത്ത ഒരു മർമ്മമായിരുന്നു. പരീശന്മാരുടെ വാദഗതികളെ അഭിമുഖീകരിക്കുവാനുള്ള സദൂക്യരുടെ കഴിവുകേടു തുടർച്ചയായുള്ള മുഷിച്ചിലിനു കാരണമായിത്തീർന്നു. ഈ രണ്ടു കക്ഷികളും തമ്മിലുണ്ടായിരുന്ന ചർച്ചകൾ പലപ്പോഴും ശണ്ഠയ്ക്കും കൂടുതൽ അകല്ചയ്ക്കും കാരണമായി.

സംഖ്യയിൽ, സദൂക്യർ, പരീശന്മാരെക്കാൾ കുറവായിരുന്നു. സാധാരണക്കാരുടെമേൽ അവരുടെ സ്വാധീനശക്തി അത്ര കാര്യമായിട്ടുണ്ടായിരുന്നില്ല. എങ്കിലും അവരിൽ അനേകരും വളരെ സമ്പന്നരായിരുന്നു. അവർക്കു ധനം കൂടുതലുണ്ടായിരുന്നതുകൊണ്ടു സ്വാധീനശക്തിയും അതിനനുസരിച്ചുണ്ടായിരുന്നു. അനേക പുരോഹിതന്മാരും സദൂക്യരുടെ ഇടയിൽനിന്നായിരുന്നു. മഹാപുരോഹിതനെ സാധാരണ അവരുടെ ഇടയിൽനിന്നായിരുന്നു തെരഞ്ഞെടുക്കാറുണ്ടായിരുന്നത്. അവിശ്വാസമുളവാക്കുന്ന അവരുടെ ആശയങ്ങൾക്കു പ്രാമുഖ്യം കൊടുക്കുകയില്ലായെന്ന വ്യക്തമായ ഉറപ്പിന്മേലായിരുന്നു അവരെ മഹാപുരോഹിതന്മാരായി തെരഞ്ഞെടുത്തുപോന്നത്. തങ്ങൾ പൗരോഹിത്യസ്ഥാനം വഹിക്കുമ്പോൾ, പരീശന്മാരുടെ തത്വങ്ങൾക്കു ബാഹ്യമായ പിന്തുണ നല്കാമെന്ന് അവർ ഉറപ്പുകൊടുത്തിരുന്നു. പരീശന്മാരുടെ സംഖ്യാബലവും ജനസമ്മതിയുമായിരുന്നു സദൂക്യരെ ഇതിനു പ്രേരിപ്പിച്ചത്. ഇത്ര ശ്രേഷ്ഠമായ സ്ഥാനത്തേക്കു തങ്ങൾ യോഗ്യതയുള്ളവരായിരുന്നുവെന്ന വസ്തുതതന്നെ സദൂക്യരുടെ തെറ്റായ ആശയങ്ങൾ വർദ്ധിക്കുവാൻ ഇടയാക്കി.

സദൂക്യർ യേശുവിന്റെ ഉപദേശത്തെ തിരസ്കരിച്ചു. യേശുവിനെ നയിച്ച ആത്മാവിനെ അവർ അംഗീകരിച്ചില്ല. ദൈവത്തെക്കുറിച്ചും ഭാവിജീവിത

ത്തെക്കുറിച്ചും യേശു നൽകിയ ഉപദേശങ്ങൾ അവരുടെ ആശയങ്ങളോടു വിയോജിക്കുന്നവയായിരുന്നു. മനുഷ്യനെക്കാൾ കുറേക്കൂടി ശ്രേഷ്ഠതയുള്ള വ്യക്തി എന്നു മാത്രമായിരുന്നു ദൈവത്തെക്കുറിച്ച് അവരുടെ ധാരണ. എല്ലാറ്റിനെയും അടക്കിവാഴുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവം മനുഷ്യനെ സ്വതന്ത്രചിന്താഗതിയുള്ള വ്യക്തി എന്ന നിലയിൽനിന്ന് അധഃപതിപ്പിക്കുകയും ഒരടിമയുടെ സ്ഥാനത്തേക്കു തരംതാഴ്ത്തുകയും ചെയ്യുമെന്ന് അവർ പഠിപ്പിച്ചു. ദൈവം മനുഷ്യനെ സൃഷ്ടിച്ചശേഷം മേലിൽനിന്നു യാതൊരു നിയന്ത്രണവുമില്ലാതെ സ്വതന്ത്രനായി വിട്ടു എന്നതായിരുന്നു അവരുടെ വിശ്വാസം. സ്വന്തം ജീവിതത്തെ നിയന്ത്രിപ്പാനും, ലോകസംഭവങ്ങളെ രൂപപ്പെടുത്തുവാനും മനുഷ്യനു കഴിയുമെന്നു സദൂക്യർ വിശ്വസിച്ചു. മനുഷ്യന്റെ ഭാവി അവന്റെ കരങ്ങളിൽത്തന്നെ എന്നായിരുന്നു അവരുടെ വിശ്വാസം. മനുഷ്യന്റെ പ്രയത്നങ്ങളിലൂടെയോ, അഥവാ പ്രകൃതി യുടെ മാർഗ്ഗത്തിലൂടെയോ, ദൈവാത്മാവു പ്രവർത്തിക്കുന്നുവെന്നവർ വിശ്വസിച്ചില്ല. എന്നാൽ പ്രകൃതിദത്തമായി ലഭിച്ചിട്ടുള്ള കഴിവുകളെ ശരിയായി വിനിയോഗിച്ചാൽ മനുഷ്യന് ഔന്നത്യത്തിലേക്കുയരുവാനും പ്രകാശിതനാകുവാനും കഴിയുമെന്ന് അവർ വിശ്വസിച്ചു. കഠിനമായ ലൗകിക വിരക്തികൊണ്ടു ജീവിതശുദ്ധീകരണം നേടാമെന്ന് അവർ കരുതി.

ദൈവത്തെക്കുറിച്ചുള്ള സദൂക്യരുടെ ആശയങ്ങൾ അവരുടെ സ്വഭാ വത്തെ വളരെ സ്വാധീനിച്ചു. അവരുടെ വീക്ഷണത്തിൽ ദൈവത്തിനു മനുഷ്യ രിൽ ഒരു താൽപര്യവുമില്ലായിരുന്നു. അതുകൊണ്ടു സദൂക്യർ, മനുഷ്യർ തമ്മിലുള്ള സ്നേഹത്തിന് ഒരു പ്രാധാന്യവും നല്കിയില്ല. മനുഷ്യന്റെ പ്രവർത്തനത്തിൽ പരിശുദ്ധാത്മാവിന്റെ ശക്തിയെ അംഗീകരിക്കാൻ വൈമനസ്യം കാട്ടിയ സദൂക്യരുടെ ജീവിതത്തിൽ പരിശുദ്ധാത്മശക്തി ഉണ്ടായിരുന്നില്ല. മറ്റു യെഹൂദന്മാരെപ്പോലെ സദൂക്യരും, അബ്രാഹാമിന്റെ സന്തതികളാണു തങ്ങൾ എന്ന ഒരു ഭാവമുള്ളവരായിരുന്നു. കൂടാതെ ദൈവകല്പനകളെ അക്ഷരംപ്രതി പാലിക്കുന്നവരാണു തങ്ങൾ എന്നും അവർ അഹങ്കരിച്ചു. എന്നാൽ കല്പനയുടെയും വിശ്വാസത്തിന്റെയും യഥാർത്ഥ ആത്മാവിൽ സദൂക്യർ ദരിദ്രരായിരുന്നു. അതുപോലെതന്നെ അബ്രാഹാമിന്റെ ഔദാര്യമനസ്കതയും അവർക്കുണ്ടായിരുന്നില്ല. അവരുടെ സൗഹൃദമെല്ലാം ചുരുങ്ങിയ ഒരു വൃത്തത്തിൽ ഒതുങ്ങി. എല്ലാ മനുഷ്യർക്കും ജീവിതത്തിലെ സുഖസൗകര്യങ്ങളും അനുഗ്രഹങ്ങളും പ്രാപിപ്പാൻ കഴിയു മെന്ന് അവർ വിശ്വസിച്ചു. മറ്റുള്ളവരുടെ കഷ്ടതകളും ഇല്ലായ്മയും അവരുടെ ഹൃദയങ്ങളെ സ്പർശിച്ചതേ ഇല്ല. സ്വാർത്ഥതയിൽ കേന്ദ്രീകരിച്ചുകൊണ്ട് അവർ ജീവിച്ചു.

തന്റെ വാക്കിലും പ്രവൃത്തിയിലും കൂടെ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിവുള്ള ദൈവിക ശക്തിയെ ക്രിസ്തു സാക്ഷീകരിച്ചു. വർത്തമാനകാല ത്തിനപ്പുറമുള്ള ഭാവിജീവിതത്തെ യേശു ചൂണ്ടിക്കാട്ടി. മനുഷ്യകുലത്തിന്റെ പിതാവും, മനുഷ്യന്റെ ആവശ്യങ്ങളെക്കുറിച്ചു കരുതലുള്ളവനുമായ ദൈവത്തെ യേശു മനുഷ്യർക്കു കാണിച്ചുകൊടുത്തു. തങ്ങളിൽനിന്നു മറ്റുള്ളവരെ അകറ്റിനിർത്തുന്ന സദൂക്യരുടെ സ്വാർത്ഥതയെ യേശു ഭർത്സിച്ചു.

മനുഷ്യരോടുള്ള ദൈവകൃപയെയും കാരുണ്യത്തെയും യേശു ചൂണ്ടിക്കാട്ടി. മനുഷ്യന്റെ ഭൗതികവും നിത്യവുമായ നന്മയ്ക്കുവേണ്ടി പരിശുദ്ധാത്മാവിലൂടെ ദൈവം പ്രവർത്തിക്കുന്നുവെന്നു യേശു പഠിപ്പിച്ചു. ദൈവാത്മാവിനു മാത്രം സാദ്ധ്യമായ മനുഷ്യനെ രൂപാന്തരപ്പെടുത്തുന്ന പ്രവൃത്തി മനുഷ്യനെക്കൊണ്ടു സാധിക്കുമെന്ന ആശയത്തിന്റെ മൗഢ്യത്തെ യേശു തന്റെ കേൾവിക്കാർക്കു മനസ്സിലാക്കിക്കൊടുത്തു.

സദൂക്യർ യേശുവിന്റെ ഉപദേശത്തെ സ്വീകരിച്ചില്ല. യേശുവിനെ കുറ്റം വിധിപ്പാൻ പഴുതുകളൊന്നും കണ്ടില്ലെങ്കിൽ, അപകീർത്തിപ്പെടുത്തുവാനെങ്കിലും കഴിയും എന്ന ആഗ്രഹത്തോടുകൂടിയാണു സദൂക്യർ വിവാദത്തിൽ ഏർപ്പെട്ടത്. യേശുവിനെ ചോദ്യം ചെയ്വാൻ അവർ തെരഞ്ഞെടുത്ത വിഷയം പുനരുത്ഥാനമായിരുന്നു. അവരുമായി യേശു യോജിച്ചിരുന്നെങ്കിൽ പരീശന്മാരുടെ വിദ്വേഷത്തിനു യേശു പാത്രമാകുമായിരുന്നു. തങ്ങളോടു യേശു വിയോജിപ്പു പ്രകടിപ്പിക്കുന്നുവെങ്കിൽ യേശുവിനെ അപഹസിക്കുവാൻ സദൂക്യർ തീരുമാനിച്ചിരുന്നു.

മരണാനന്തര ജീവിതത്തിലും അതിനു മുമ്പിലത്തെ അവസ്ഥയിൽ ഉണ്ടായിരുന്ന ഘടകങ്ങളാലാണു മനുഷ്യശരീരം നിർമ്മിക്കപ്പെടുന്നതെങ്കിൽ മരണത്തിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുമ്പോഴും ശരീരത്തിൽ രക്തവും മാംസവും ഉണ്ടായിരിക്കേണം. അങ്ങനെയെങ്കിൽ ഭൂമിയിൽവച്ചു വിച്ഛേദിക്കപ്പെട്ട ജീവിതത്തിന്റെ തുടർച്ചയായിരിക്കേണം നിത്യതയിലും ലഭിക്കാൻ പോകുന്നതെന്നു സദൂക്യർ വാദിച്ചു. ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധം മരണാനന്തരവും തുടരുമെന്നും വിവാഹം അതിന്റെ പൂർണ്ണതയിൽ എത്തിച്ചേരുകയും മരണത്തിനുമുമ്പുണ്ടായിരുന്നതുപോലെ കാര്യങ്ങൾ തുടരുമെന്നും, ലോകജീവിതത്തിലുണ്ടായിരുന്ന ചാപല്യങ്ങളും വികാരങ്ങളും വരും ലോകത്തിലും ഉണ്ടായിരിക്കുമെന്നും സദൂക്യർ പറഞ്ഞു.

അവരുടെ ചോദ്യങ്ങൾക്കുത്തരമായി ഭാവിജീവിതത്തിന്റെ തിരശ്ശീല കർത്താവു നീക്കി. "പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല. വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല. സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെയത്രേ ആകുന്നു." സദൂക്യരുടെ വിശ്വാസം തെറ്റാണെന്നു യേശു ചൂണ്ടിക്കാട്ടി. യേശു തുടർന്നു: "നിങ്ങൾ അറിയായ്കകൊണ്ടു തെറ്റിപ്പോകുന്നു." യേശു പരീശന്മാരെ കപടഭക്തിക്കാർ എന്നു വിളിച്ചതുപോലെ സദൂക്യരെ വിളിച്ചില്ല. എന്നാൽ അവരുടെ വിശ്വാസം തെറ്റാണെന്നു യേശു പറഞ്ഞു.

മറ്റുള്ളവരെക്കാൾ, തങ്ങൾ തിരുവചനത്തെ മുറുകെപ്പിടിക്കുന്നവർ എന്നു സദൂക്യർ സ്വയം പുകഴ്ത്തിയിരുന്നു. എന്നാൽ തിരുവെഴുത്തുകളുടെ അർത്ഥം അവർ ഗ്രഹിച്ചിരുന്നില്ലായെന്നു യേശു വ്യക്തമാക്കിക്കൊടുത്തു. പരിശുദ്ധാത്മാവിന്റെ സഹായത്തോടെയാണ് ആ വെളിച്ചം ലഭിക്കുന്നത്. തിരുവെഴുത്തുകളെയും ദൈവശക്തിയെയും കുറിച്ചുള്ള അജ്ഞതയാണ് അവരുടെ കുഴഞ്ഞുമറിഞ്ഞ വിശ്വാസത്തിന്റെയും ഹൃദയത്തിലെ അന്ധകാര

ത്തിന്റെയും കാരണമെന്നു യേശു പറഞ്ഞു. ദൈവത്തിന്റെ നിഗൂഢ കാര്യങ്ങളെ മനുഷ്യബുദ്ധിയുടെ പരിധിക്കുള്ളിൽ കൊണ്ടുവരാനായിരുന്നു സദൂക്യർ ശ്രമിച്ചത്. ബുദ്ധിയെ തെളിയിക്കുകയും, മനസ്സുകളെ വിശാലമാക്കുകയും ചെയ്യുന്ന പരിശുദ്ധ സത്യത്തിലേക്കു മനസ്സുകൾ തുറക്കുവാൻ സദൂക്യരോട്, ക്രിസ്തു ആവശ്യപ്പെട്ടു. ദൈവത്തിന്റെ നിഗൂഢ കാര്യങ്ങളെ തങ്ങളുടെ പരിധിയുള്ള ബുദ്ധികൊണ്ടു ഗ്രഹിക്കുവാൻ കഴിയാത്തതു കൊണ്ട് അനേകായിരങ്ങൾ അവിശ്വാസികളായിത്തീരുന്നു. ദൈവശക്തിയുടെ അത്ഭുതകരങ്ങളായ പ്രവൃത്തികളെ വിശദീകരിപ്പാൻ വയ്യാത്തതു കൊണ്ട് അവർ അതിനെ നിരാകരിക്കുന്നു. ഗ്രഹിക്കുവാൻ എളുപ്പമായ പ്രകൃതിശക്തികൾക്ക് അവർ പ്രാധാന്യം നൽകുന്നു. നമുക്കു ചുറ്റുമുള്ള നിഗൂഢ കാര്യങ്ങളെ മനസ്സിലാക്കുവാനുള്ള ഏക മാർഗ്ഗം ദൈവശക്തിയും ദൈവസാന്നിദ്ധ്യവും അവിടെ ഉണ്ടെന്നു വിശ്വസിക്കുകയാണ്. പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് ദൈവമാണ് എന്നു മനുഷ്യർ വിശ്വസിക്കണം. എല്ലാറ്റിനെയും നയിക്കുകയും നടത്തുകയും ചെയ്യുന്നതു ദൈവമാണ്. ദൈവസ്വഭാവത്തെയും ദൈവത്തിന്റെ നിഗൂഢതയെയും സംബന്ധിച്ചു വിശാലമായ ഒരു കാഴ്ചപ്പാട് ഏവർക്കും ആവശ്യമാണ്.

മരിച്ചവരുടെ പുനരുത്ഥാനം ഇല്ലായെങ്കിൽ തങ്ങൾ വിശ്വസിക്കുന്ന തിരുവെഴുത്തുകൾകൊണ്ട് ഒരു പ്രയോജനവുമില്ലായെന്നു യേശു തന്റെ കേൾവിക്കാരോടു പറഞ്ഞു. “മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചോ ദൈവം അരുളിച്ചെയ്തിരിക്കുന്നതു നിങ്ങൾ വായിച്ചിട്ടില്ലയോ? ഞാൻ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവും, യാക്കോബിന്റെ ദൈവവും ആകുന്നു. അവൻ മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമത്രേ.” ഇല്ലാത്തവയെ, അവ നിലനില്ക്കുന്നതായി ദൈവം എണ്ണുന്നു. ആരംഭത്തിൽ തന്നെ അവസാനവും ദൈവത്തിനു കാണുവാൻ കഴിയും. തന്റെ ക്രിയയുടെ പരിണിതഫലം ഇപ്പോൾ പൂർത്തീകരിക്കപ്പെട്ടതുപോലെ ദൈവം കാണുന്നു. ആദാം മുതൽ മരിച്ചിട്ടുള്ള അവസാനത്തെ വിശുദ്ധൻ വരെ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും, അമർത്യമായ ജീവൻ പ്രാപിച്ചുകൊണ്ടു ശവക്കല്ലറയ്ക്കു പുറത്തേക്കു വരികയും ചെയ്യും. ദൈവം അവർക്കു ദൈവമായിരിക്കുകയും, അവർ അവനു ജനമായിരിക്കുകയും ചെയ്യും. ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാരും ദൈവവും തമ്മിൽ ഏറ്റവും അടുത്ത സ്നേഹബന്ധം ഉണ്ടായിരിക്കും. ദൈവത്തിന്റെ പരിപാടിയിലൂടെ ഭാവിയിൽ നടക്കുവാൻ പോകുന്ന ഈ അവസ്ഥ, ദൈവത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ നിലനില്ക്കുന്നതുപോലെ ആകുന്നു. മരിച്ചവർ ഭാവിയിൽ ദൈവത്തോടുകൂടെ ജീവിക്കുമെന്ന സത്യം, ദൈവത്തെ സംബന്ധിച്ച് ഇപ്പോഴും ജീവിക്കുന്നു എന്നതുപോലെയത്രേ.

ക്രിസ്തു സദൂക്യരെ നിശ്ശബ്ദരാക്കി. യേശുവിനോട് ഉത്തരം പറവാൻ അവർക്കു കഴിഞ്ഞില്ല. യേശുവിന്റെമേൽ ആരോപിക്കുവാൻ ഒരു കുറ്റവും കണ്ടെത്താൻ അവർക്കു കഴിഞ്ഞില്ല. യേശുവിന്റെ ശത്രുക്കൾക്കു ജനത്തിന്റെ അതൃപ്തി നേടാനല്ലാതെ മറ്റൊന്നും കഴിഞ്ഞില്ല.

എങ്കിലും യേശുവിനെക്കൊണ്ടു സംസാരിപ്പിക്കുവാൻ പരീശന്മാർ തുനിഞ്ഞു. എന്തെങ്കിലും യേശുവിൽനിന്നു പിടിച്ചെടുത്തു യേശുവിനെതിരായി പ്രയോഗിക്കാമെന്ന് അവർ കരുതി. പത്തു കല്പനകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന കല്പന ഏതെന്ന് ഒരു ന്യായശാസ്ത്രി യേശുവിനോടു ചോദിച്ചു.

പത്തു കല്പനകളിൽ, മനുഷ്യനു തന്റെ സഹജീവിയോടുള്ള ചുമതലയെ കാണിക്കുന്ന ആറു കല്പനകളെക്കാൾ കൂടുതൽ പ്രാധാന്യം, ദൈവത്തോടു മനുഷ്യന്റെ ചുമതലകളെ ചൂണ്ടിക്കാട്ടുന്ന നാലു കല്പനകൾക്കാണ് എന്നു പരീശന്മാർ ഉച്ചൈസ്തരം ഘോഷിച്ചിരുന്നു. തൽഫലമായി പ്രായോഗിക ദൈവഭക്തി പരീശന്മാർക്കു നഷ്ടപ്പെട്ടു. പരീശന്മാരുടെ കുറവിനെ യേശു ചൂണ്ടിക്കാട്ടി. മനുഷ്യനോടു മനുഷ്യൻ വർത്തിക്കേണ്ട സൽപ്രവൃത്തികളെ യേശു പഠിപ്പിച്ചു. ഒരു വൃക്ഷം അതിന്റെ ഫലത്താൽ അറിയുമെന്നു യേശു പറഞ്ഞു. യേശു പത്തു കല്പനയിൽ, അവസാനത്തെ ആറു കല്പനകൾക്കു മറ്റു നാലു കല്പനകളെക്കാൾ കൂടുതൽ പ്രാധാന്യം കൊടുക്കുന്നുവെന്നു പരീശന്മാർ ആരോപണമുന്നയിച്ചു.

എല്ലാറ്റിലും മുഖ്യകല്പന ഏത് എന്ന ചോദ്യവുമായി ന്യായശാസ്ത്രി യേശുവിനെ സമീപിച്ചു. ക്രിസ്തുവിന്റെ ഉത്തരം വളച്ചുകെട്ടൊന്നുമില്ലാതെ നേരെയുള്ളതും ശക്തവുമായിരുന്നു. യേശു പറഞ്ഞു: “യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം എന്ന് ആകുന്നു.” രണ്ടാമത്തേത് അതിനോടു സമം എന്നു ക്രിസ്തു പറഞ്ഞു. കാരണം ഒന്നാമത്തേതിൽനിന്നു രണ്ടാമത്തേത് ഉത്ഭവിക്കുന്നു. “രണ്ടാമത്തേതോ നിന്റെ കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം എന്നത്രേ. ഇവയിൽ വലുതായിട്ടു മറ്റൊരു കല്പനയും ഇല്ല.” “ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു.”

പത്തു കല്പനയിലെ ആദ്യത്തെ നാലു കല്പനകൾ ഒരു വലിയ കല്പനയായി ചുരുക്കി. “നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കണം.” ഒടുവിലത്തെ ആറു കല്പനകൾ രണ്ടാമത്തെ കല്പനയായി ചുരുക്കി. “നിന്റെ കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം.” ഈ രണ്ടു സംക്ഷിപ്തകല്പനകളും സ്നേഹം എന്ന തത്വത്തിന്റെ പ്രകാശനമാണ്. രണ്ടാമത്തെ കല്പന ലംഘിച്ചുകൊണ്ട് ഒന്നാമത്തെ കല്പന പാലിക്കുവാനോ, ഒന്നാമത്തെ കല്പന ലംഘിച്ചുകൊണ്ടു രണ്ടാമത്തേതു പാലിക്കുവാനോ കഴിയുകയില്ല. ഹൃദയസിംഹാസനത്തിൽ ദൈവത്തിന് അവകാശപ്പെട്ട സ്ഥാനം നല്കുമ്പോൾ, നമ്മുടെ അയൽക്കാരനും ശരിയായ സ്ഥാനം നാം നല്കും. നമ്മെപ്പോലെതന്നെ നാം നമ്മുടെ അയൽക്കാരനെയും അപ്പോൾ സ്നേഹിക്കും. ദൈവത്തിനു നാം പ്രഥമസ്ഥാനം നല്കി, ദൈവത്തെ സ്നേഹിക്കുമ്പോൾ മാത്രമേ നമ്മുടെ അയൽക്കാരനെ നിർവ്യാജമായി നമുക്കു സ്നേഹിക്കുവാൻ കഴിയൂ.

എല്ലാ കല്പനകളും ദൈവത്തോടും, മനുഷ്യരോടുമുള്ള സ്നേഹത്തിൽ സംക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നതുകൊണ്ടു പത്തു കല്പനയിൽ ഏതിനെയെങ്കിലും ലംഘിക്കുമ്പോൾ, ഈ തത്വത്തെ നാം ബലികഴിക്കുകയാണ്. ദൈവത്തിന്റെ കല്പനകൾ എല്ലാം ഒരുപോലെ പ്രാധാന്യമുള്ളതാണ്. ഒന്നുപോലും അവഗണിക്കുവാൻ പറ്റുന്നതല്ല. ദൈവത്തിന്റെ പത്തു കല്പനയിലെ ആദ്യത്തെ നാലു കല്പനകളും ഒടുവിലത്തെ ആറു കല്പനകളും ദിവ്യമായ യോജിപ്പുള്ള ഒരു കല്പനയായി യേശു അവതരിപ്പിച്ചു. ദൈവത്തിന്റെ എല്ലാ കല്പനകളും അനുസരിക്കുന്നതിലൂടെ ദൈവത്തോടുള്ള സ്നേഹം പ്രദർശിപ്പിക്കുവാൻ യേശു പഠിപ്പിച്ചു.

യേശുവിനോടു ചോദ്യം ചോദിച്ച ശാസ്ത്രി ന്യായപ്രമാണം നല്ലവണ്ണം പഠിച്ചിട്ടുള്ള വ്യക്തിയായിരുന്നു. ക്രിസ്തുവിന്റെ വാക്കുകളിൽ അദ്ദേഹം ആശ്ചര്യഭരിതനായി. തിരുവെഴുത്തുകളിൽ ഇത്ര ആഴമേറിയതും, തികവുള്ളതുമായ അറിവു പ്രകടിപ്പിക്കുവാൻ ക്രിസ്തുവിനു കഴിയുമെന്നു ശാസ്ത്രി പ്രതീക്ഷിച്ചിരുന്നില്ല. വിശുദ്ധ കല്പനകളിൽ അന്തർലീനമായിരിക്കുന്ന തത്വങ്ങളെക്കുറിച്ചു വിശാലമായ ഒരു വീക്ഷണം ന്യായശാസ്ത്രിക്കു ലഭിച്ചു. അവിടെ ആഗതരായിരുന്ന പുരോഹിതന്മാരുടെയും പ്രമാണികളുടെയും മുമ്പാകെ, ന്യായപ്രമാണത്തെ സംബന്ധിച്ചു ക്രിസ്തു നല്കിയ വ്യാഖ്യാനം ശരിയായിരുന്നുവെന്നു ശാസ്ത്രി സമ്മതിച്ചു.

“നന്ന്, ഗുരോ, നീ പറഞ്ഞതു സത്യം തന്നെ; ദൈവം ഏകനേയുള്ളൂ; അവനല്ലാതെ മറ്റൊരുത്തനുമില്ല. അവനെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുന്നതും തന്നെപ്പോലെ കൂട്ടുകാരനെ സ്നേഹിക്കുന്നതും സകല സർവ്വാംഗഹോമങ്ങളെക്കാളും യാഗങ്ങളെക്കാളും സാരമേറിയതു തന്നെ.”

ക്രിസ്തുവിന്റെ ദിവ്യജ്ഞാനം, ന്യായശാസ്ത്രിയുടെ മനസ്സിനു കുറ്റബോധം വരുത്തി. ആന്തരികമായ ഭക്തിക്കു പകരം, ബാഹ്യമായ ആചാരങ്ങൾ മാത്രം വച്ചുപുലർത്തുന്ന ഒന്നായിരുന്നു യെഹൂദമതം എന്നു ശാസ്ത്രി മനസ്സിലാക്കി. പാപപരിഹാരത്തിനുവേണ്ടി വിശ്വാസം കൂടാതെയുള്ള രക്തച്ചൊരിച്ചിലിന്റെയും ചടങ്ങാചാരങ്ങളുടെ വ്യർത്ഥതയെയുംകുറിച്ചു ശാസ്ത്രിക്ക് അറിവുണ്ടായിരുന്നു. ഇമ്മാതിരിയുള്ള ചടങ്ങുകളെക്കാൾ, ദൈവത്തോടുള്ള സ്നേഹത്തിനും, അനുസരണത്തിനും, സഹജീവികളോടുള്ള സ്നേഹത്തിനും കൂടുതൽ വിലയുണ്ടെന്നു ശാസ്ത്രിക്കു ബോദ്ധ്യമായി. ക്രിസ്തുവിന്റെ വാദങ്ങളുടെ അപ്രമാദിത്വം അംഗീകരിപ്പാനുള്ള, ന്യായശാസ്ത്രിയുടെ സന്നദ്ധതയും, ജനത്തിന് അയാൾ നല്കിയ സംശയരഹിതമായ സാക്ഷ്യവും, അയാളുടെ സ്വഭാവം യെഹൂദപുരോഹിതന്മാരിൽനിന്നും പ്രമാണികളിൽനിന്നും വ്യത്യസ്തമാണെന്നു വിളിച്ചറിയിച്ചു. പുരോഹിതന്മാരുടെയും പ്രമാണികളുടെയും ഭീഷണിയെ വകവയ്ക്കാതെ സത്യമെന്നു ബോദ്ധ്യപ്പെട്ട കാര്യം തുറന്നുപറയുവാൻ ധീരത കാട്ടിയ ആ ന്യായശാസ്ത്രിയെ കർത്താവു സ്നേഹിച്ചു. “അവൻ ബുദ്ധിയോടെ ഉത്തരം പറഞ്ഞു എന്നു യേശു കണ്ടിട്ട്: നീ ദൈവരാജ്യത്തോട് അകന്നവനല്ല എന്നു പറഞ്ഞു.”

ഹോമയാഗത്തെക്കാളും ബലികളെക്കാളും ദൈവത്തിനു കൂടുതൽ പ്രസാദകരമായിരിക്കുന്നത്, നീതിപ്രവൃത്തികളാണ് എന്നു ശാസ്ത്രി മനസ്സിലാക്കിയതുകൊണ്ടാണ്, അദ്ദേഹം ദൈവരാജ്യത്തിന് അടുത്തവനായത്. എന്നാൽ ക്രിസ്തു ദൈവപുത്രൻ എന്നും അദ്ദേഹം മനസ്സിലാക്കേണ്ടതായിരുന്നു. നീതിപ്രവൃത്തി ചെയ്വാൻ ഒരുവൻ ശക്തിപ്രാപിക്കുന്നത്, ക്രിസ്തുവിലുള്ള വിശ്വാസത്തിൽക്കൂടെയാണ്. ജീവിക്കുന്ന വിശ്വാസത്തോടുകൂടി ക്രിസ്തുവുമായി ബന്ധപ്പെടുന്നില്ലായെങ്കിൽ, ചടങ്ങാചാരങ്ങൾക്ക് ഒരു വിലയുമില്ല. കർത്താവുമായി ബന്ധമില്ലാതെ സാന്മാർഗ്ഗിക നിയമങ്ങൾ മാത്രം ആചരിക്കാൻ ശ്രമിച്ചാൽ അതിന്റെ ലക്ഷ്യത്തിൽ പരാജയപ്പെടുകയാണ്. തന്റെ പിതാവിന്റെ കല്പനകൾ, അധികാരത്തോടുകൂടിയ ആജ്ഞകൾ എന്നതിനെക്കാളുപരി ആഴമേറിയ അർത്ഥങ്ങൾ ഉൾക്കൊണ്ടിട്ടുള്ളതാണെന്നു ക്രിസ്തു പഠിപ്പിച്ചു. സുവിശേഷത്തിൽ വെളിപ്പെടുത്തിയ അതേ തത്വം തന്നെയാണു ദൈവിക കല്പനയിലും ഉൾക്കൊണ്ടിട്ടുള്ളത്. കല്പന മനുഷ്യന്റെ ചുമതലയെ ചൂണ്ടിക്കാണിക്കുകയും പാപത്തെക്കുറിച്ചു ബോധമുളവാക്കുകയും ചെയ്യുന്നു. പാപക്ഷമയ്ക്കുവേണ്ടി ക്രിസ്തുവിങ്കലേക്കു വരികയും ശക്തി പ്രാപിക്കുന്നതിനുവേണ്ടി കല്പന അനുസരിക്കുകയും വേണം.

ശാസ്ത്രിയുടെ ചോദ്യത്തിനു യേശു ഉത്തരം നൽകിയപ്പോൾ പരീശന്മാർ, യേശുവിനു ചുറ്റും കൂടി. യേശു അവരുടെ നേർക്കു തിരിഞ്ഞ് ഒരു ചോദ്യം ചോദിച്ചു: "ക്രിസ്തുവിനെക്കുറിച്ചു നിങ്ങൾക്ക് എന്തു തോന്നുന്നു? അവൻ ആരുടെ പുത്രൻ?" ക്രിസ്തു ഒരു മനുഷ്യൻ മാത്രമോ, അതോ ദൈവത്തിന്റെ പുത്രൻ എന്ന് അവർ അംഗീകരിക്കുന്നുവോ എന്നറിയുന്നതിനുവേണ്ടിയാണ് ഈ ചോദ്യം യേശു ചോദിച്ചത്. അനേകം പേർ ഒരേ ശബ്ദത്തിൽ മറുപടി പറഞ്ഞു: "ദാവീദിന്റെ പുത്രൻ." പ്രവചനം മശീഹയ്ക്കു നല്കിയ പേരായിരുന്നു അത്. യേശു വലിയ അത്ഭുതങ്ങൾ പ്രവർത്തിച്ചപ്പോൾ ജനങ്ങൾ തമ്മിൽ തമ്മിൽ ചോദിച്ചു: "ഇവൻ ദാവീദുപുത്രൻ തന്നെയോ?" കനാന്യസ്ത്രീയും, ബർത്തിമായി എന്ന കുരുടനും, മറ്റനേകം പേരും "ദാവീദുപുത്രാ, എന്നോടു കരുണ തോന്നേണമേ'' എന്നായിരുന്നു കർത്താവിനോടു പ്രാർത്ഥിച്ചത് (മത്തായി 15:22). യെരൂശലേമിലേക്കു കർത്താവു സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ, ജനം ആർപ്പിട്ടത്, ''ദാവീദുപുത്രനു ഹോശന്നാ, കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ" എന്നായിരുന്നു (മത്തായി 21:9). ദൈവാലയത്തിലെ ശിശുക്കൾ അന്നേ ദിവസം, ആ സന്തോഷഗാനം ഏറ്റുപാടി. എന്നാൽ യേശുവിനെ ദാവീദുപുത്രൻ എന്നു വിളിച്ചവർ അവന്റെ ദൈവിക പ്രകൃതത്തെ തിരിച്ചറിഞ്ഞില്ല. ദാവീദുപുത്രൻ ദൈവത്തിന്റെ പുത്രൻകൂടെ ആകുന്നു എന്ന വസ്തുത അവർ മനസ്സിലാക്കിയിരുന്നില്ല.

ക്രിസ്തു ദാവീദിന്റെ പുത്രൻ എന്നു പറഞ്ഞപ്പോൾ യേശു പറഞ്ഞു: "എന്നാൽ ദാവീദ് ആത്മാവിൽ അവനെ കർത്താവ് എന്നു വിളിക്കുന്ന

തെങ്ങനെ? ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം, എന്റെ വലത്തുഭാഗത്തിരിക്ക എന്നു കർത്താവ്, എന്റെ കർത്താവിനോട് അരുളിച്ചെയ്തു എന്നു പറയുന്നുവല്ലോ. ദാവീദ് അവനെ കർത്താവ് എന്നു പറയുന്നുവെങ്കിൽ അവന്റെ പുത്രൻ ആകുന്നതെങ്ങനെ എന്നു ചോദിച്ചു. അവനോട് ഉത്തരം പറവാൻ ആർക്കും കഴിഞ്ഞില്ല; അന്നുമുതൽ ആരും അവനോട് ഒന്നും ചോദിപ്പാൻ തുനിഞ്ഞതുമില്ല.”

# 67

# പരീശന്മാർക്കു ഹാ കഷ്ടം!

അവലംബം: മത്തായി 23; മർക്കൊസ് 12:41-44; ലൂക്കൊസ് 20:45-47; 21:1-4

അന്ന്, യെരൂശലേം ദൈവാലയത്തിൽവച്ചു യേശു നടത്തിയ വേദപഠനത്തിന്റെ ഒടുവിലത്തെ ദിനമായിരുന്നു. യെരൂശലേമിൽ കൂടിയ ജനത്തിന്റെ കണ്ണുകൾ യേശുവിന്റെ മേൽ പതിഞ്ഞിരുന്നു. അവിടെ നടന്ന വാദപ്രതിവാദങ്ങൾ ശ്രദ്ധിച്ച ജനം യേശു പറഞ്ഞ കാര്യങ്ങളെ നല്ലവണ്ണം ഗ്രഹിച്ചു. ഇപ്രകാരമൊരു രംഗം ഇതിനു മുമ്പൊരിക്കലും അവിടെ ഉണ്ടായിട്ടില്ല. രാജകീയ അധികാരമോ, ഭൗതികമായ ബഹുമതിയോ കൂടാതെ, ആ യുവഗലീലിയൻ അവിടെ എഴുന്നേറ്റുനിന്നു. വസ്ത്രാലങ്കാരവിഭൂഷിതരായ പുരോഹിതന്മാർ, തങ്ങളുടെ സ്ഥാനത്തിനനുസരിച്ചുള്ള മുദ്രാങ്കിതങ്ങളായ സ്ഥാനവസ്ത്രം ധരിച്ചിരുന്ന പ്രമാണികൾ, ചുരുളുകൾ പിടിച്ചുകൊണ്ടും അതിൽ കൂടക്കൂടെ നോക്കിക്കൊണ്ടുമിരുന്ന ശാസ്ത്രിമാർ തുടങ്ങിയവരാൽ യേശു വലയം ചെയ്യപ്പെട്ടിരുന്നു. ഒരു രാജാവിന്റെ പ്രൗഢിയോടെ യേശു ശാന്തനായി അവരുടെ ഇടയിൽനിന്നു. തന്റെ ഉപദേശങ്ങളെ നിരാകരിക്കുകയും അവഹേളിക്കുകയും, തന്റെ ജീവനുവേണ്ടി ദാഹിക്കുകയും

ചെയ്ത ശത്രുക്കളുടെ മുഖത്തേക്ക്, സ്വർഗ്ഗത്തിൽനിന്ന് അധികാരം ലഭിച്ചവനെപ്പോലെ, നിർഭയനായി യേശു നോക്കി. അവർ സംഖ്യയിൽ കൂടുതൽ ആയിരുന്നുവെങ്കിലും, യേശുവിനെ കുടുക്കിലാക്കുവാനുള്ള അവരുടെ തന്ത്രങ്ങളെല്ലാം വിഫലമായി. ഒന്നിനു പുറകെ ഒന്നായി വന്ന അവരുടെ വെല്ലുവിളികളെ യേശു നേരിട്ടു. പുരോഹിതന്മാരുടെയും, പരീശന്മാരുടെയും അബദ്ധപ്രസ്താവനകൾക്കു മറുപടിയായി പ്രകാശം പൊഴിക്കുന്ന സത്യവചനങ്ങൾ യേശു നല്കി. അവരുടെ ശോച്യാവസ്ഥയെ യേശു തുറന്നുകാട്ടി. പുരോഹിതന്മാരും പ്രമാണികളും പിന്തുടർന്നുവന്ന തെറ്റായ പ്രവൃത്തികൾമൂലം അവർക്കു വരുവാൻ പോകുന്ന ന്യായവിധിയെ ക്കുറിച്ചു കർത്താവു മുന്നറിയിപ്പു നല്കി. എന്നാൽ യേശുവിനു വേറൊരു പ്രവൃത്തികൂടെ പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നു. അതിനൊരു ഉദ്ദേശ്യവും ഉണ്ടായിരുന്നു.

ക്രിസ്തുവിലും, ക്രിസ്തുവിന്റെ ശുശ്രൂഷയിലും ജനങ്ങൾക്കുണ്ടായി രുന്ന താൽപര്യം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരുന്നു. യേശുവിന്റെ ഉപദേശങ്ങളിൽ ജനങ്ങൾ തൽപരരായിരുന്നു. എങ്കിലും അവരുടെ മനസ്സു ചഞ്ചലപ്പെട്ടിരുന്നു. റബ്ബിമാരുടെയും പുരോഹിതന്മാരുടെയും ബുദ്ധികൂർമ്മത യിലും ഭക്തിപ്രകടനങ്ങളിലും അവർക്കു മതിപ്പുണ്ടായിരുന്നു. പുരോഹിത ന്മാരുടെ അധികാരത്തെ ചോദ്യം ചെയ്യാതെ, പരിപൂർണ്ണ അനുസരണം അവർക്കു നല്കിപ്പോന്നു. പുരോഹിതന്മാരുടെയും പ്രമാണികളുടെയും ആക്രമണത്തിന്റെ മൂർച്ച കൂടുന്തോറും യേശു കൂടുതൽ ശോഭയുള്ളവനായി ത്തീർന്നു. നിഷ്കളങ്കനായ യേശുവിന്റെമേൽ പുരോഹിതന്മാരും പ്രമാണി കളും അപവാദം ചുമത്താൻ മുതിരുന്നതു ജനം ശ്രദ്ധിച്ചു. കുറ്റബോധത്താൽ നമ്രശിരസ്കരായ പുരോഹിതവൃന്ദത്തെയും ജനം വീക്ഷിച്ചു. അവരുടെ ഇടയിൽ കലക്കവും അസ്വസ്ഥതയും പരന്നു. യേശുവിന്റെ ഉപദേശം വളരെ ലളിതവും വ്യക്തവുമായിരുന്നിട്ടും ജനപ്രമാണികൾ യേശുവിൽ വിശ്വസി ക്കാതിരുന്നതിൽ ജനം അത്ഭുതപ്പെട്ടു. ഏതു മാർഗ്ഗമാണു തെരഞ്ഞെടു ക്കേണ്ടതെന്നറിയാതെ സാധാരണ ജനം കുഴങ്ങി. നേതാക്കന്മാരെ അവർ നിരീക്ഷിച്ചു.

പ്രമാണികൾക്കു മുന്നറിയിപ്പു നല്കുവാനും, പഠിക്കുവാൻ താൽപര്യ മുള്ളവർക്കു പഠനം നല്കുവാനുമുള്ള ഉദ്ദേശ്യത്തോടെയാണു ക്രിസ്തു ഉപമകൾ പറഞ്ഞത്. എന്നാൽ അവ കൂടുതൽ വ്യക്തമായി പറയേണ്ടതിന്റെ ആവശ്യം ഉണ്ടായിരുന്നു. ദുഷിച്ച പൗരോഹിത്യത്തിലുള്ള യെഹൂദരുടെ അന്ധമായ ബഹുമാനവും, പാരമ്പര്യത്തോടുള്ള അമിതഭക്തിയും അവരുടെ സ്വാതന്ത്ര്യത്തെ കെടുത്തിക്കളഞ്ഞു. ഈ ചങ്ങലകളെ ക്രിസ്തുവിനു ഭേദി ക്കേണ്ടതായിട്ടുണ്ടായിരുന്നു. പുരോഹിതന്മാരുടെയും, പ്രമാണികളുടെയും, പരീശന്മാരുടെയും സ്വഭാവം കൂടുതൽ തുറന്നുകാട്ടേണ്ടതുണ്ടായിരുന്നു.

യേശു പറഞ്ഞു: “ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ പീഠത്തിൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോടു പറയുന്നത് ഒക്കെയും പ്രമാണിച്ചു ചെയ്വിൻ; അവരുടെ പ്രവൃത്തികൾപോലെ ചെയ്യരുതുതാനും.” മോശെ യുടേതുപോലെയുള്ള ദൈവിക അധികാരം തങ്ങളും പ്രാപിച്ചിട്ടുള്ളവരാണ്

എന്നു പരീശന്മാരും ശാസ്ത്രിമാരും അവകാശപ്പെട്ടു. കല്പനയെ വ്യാഖ്യാനിക്കുന്നവരും ജനത്തിന്റെ നീതിപാലകരുമായി മോശെയുടെ സ്ഥാനം അവർ ഏറ്റെടുത്തു. ജനത്തിന്റെ ബഹുമാനാദരവുകൾ തങ്ങൾക്കവകാശപ്പെട്ടതാണെന്ന് അവർ വാദിച്ചു. ദൈവകല്പനയ്ക്കനുസൃതമായ കാര്യങ്ങൾ റബ്ബിമാർ ഉപദേശിച്ചത് അനുസരിപ്പാൻ യേശു തന്റെ ശ്രോതാക്കളോടു പറഞ്ഞു. എന്നാൽ റബ്ബിമാരുടെ സ്വാർത്ഥതയുടെ മാതൃക ഒരിക്കലും സ്വീകരിക്കരുതെന്നും യേശു പറഞ്ഞു. തങ്ങളുടെ ഉപദേശങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നവരായിരുന്നില്ല റബ്ബിമാർ.

തിരുവെഴുത്തുകൾക്ക് അനുസൃതമല്ലാത്ത അനവധി കാര്യങ്ങൾ റബ്ബിമാരുടെ ഉപദേശത്തിലുണ്ടായിരുന്നു. "അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വയ്ക്കുന്നു; ഒരു വിരൽകൊണ്ടുപോലും അവയെ തൊടുവാൻ അവർക്കു മനസ്സില്ല." അന്യായമായി വ്യക്തിസ്വാതന്ത്ര്യങ്ങളെ നിയന്ത്രിക്കുകയും, പാരമ്പര്യത്തിൽ മാത്രം അധിഷ്ഠിതമായ ബഹുസഹസ്രം നിബന്ധനകളെ അവർ മനുഷ്യരുടെ മേൽ അടിച്ചേല്പിക്കുകയും ചെയ്തു. തങ്ങൾക്കു പാലിക്കാനാവാത്ത ചട്ടങ്ങളെ മറ്റുള്ളവർ പാലിപ്പാൻ പരീശന്മാർ നിർബ്ബന്ധിച്ചു. എന്നാൽ തങ്ങൾ അവയിൽനിന്നെല്ലാം ഒഴിവുള്ളവരെന്നു പരീശന്മാർ പറഞ്ഞു.

പരീശന്മാരുടെ ലക്ഷ്യം തങ്ങളുടെ ഭക്തി മറ്റുള്ളവർ കാണുവാൻവേണ്ടി പ്രകടിപ്പിക്കുക എന്നതായിരുന്നു. ഇതിനെക്കാൾ പ്രധാനമായി മറ്റൊന്നുമില്ലായിരുന്നു. ദൈവം മോശെയോടു പറഞ്ഞു: അവയെ (എന്റെ കല്പനകളെ) അടയാളമായി നിന്റെ കൈമേൽ കെട്ടേണം; "അവ നിന്റെ കണ്ണുകൾക്കു മദ്ധ്യേ പട്ടമായി ഇരിക്കേണം" (ആവ. 6:8). ഈ വാക്കുകൾക്ക് ആഴമായ ഒരർത്ഥമുണ്ട്. ദൈവത്തിന്റെ വചനം ഒരുവൻ ധ്യാനിക്കുകയും, പ്രായോഗികമാക്കുകയും ചെയ്യുമ്പോൾ അവൻ ശ്രേഷ്ഠത ആർജ്ജിക്കുന്നു. നീതിയും കരുണയും ഉള്ള പ്രവൃത്തികൾ ചെയ്യുമ്പോൾ, ആ കരങ്ങൾ ദൈവകല്പനയുടെ തത്വങ്ങളെ പ്രകടമാക്കും. വഞ്ചനയും മ്ലേച്ഛവുമായ വഴികളിൽനിന്ന് ആ കരങ്ങൾ അകന്നിരിക്കും. ആ കരങ്ങൾ കൈക്കൂലിയാൽ മലിനമാകുകയില്ല. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രവൃത്തികൾ ചെയ്വാൻ അവ ശുഷ്കാന്തി കാണിക്കും. ഉന്നതമായ ലക്ഷ്യത്തിലേക്കു നോക്കുന്ന കണ്ണുകൾ തെളിവും നേർമ്മയുമുള്ളതായിരിക്കും. അപ്രകാരമുള്ള സ്വഭാവത്തിന്റെ ഉടമകളുടെ മുഖം ചൈതന്യപൂർണ്ണമായിരിക്കും; അവരുടെ കണ്ണുകൾ സംസാരിക്കുന്നവയായിരിക്കും. എന്നാൽ യെഹൂദനേതൃത്വം ഇതൊന്നും മനസ്സിലാക്കിയിരുന്നില്ല. മോശെയ്ക്കു ദൈവം നല്കിയ നിർദ്ദേശങ്ങളുടെ അന്തസ്സത്തയെ അവർ മനസ്സിലാക്കാതെ അക്ഷരത്തെ അനുസരിച്ചു. യെഹൂദന്മാർ ദൈവകല്പനകൾ തുകൽക്ഷണങ്ങളിൽ എഴുതി തലയിലും, കൈത്തണ്ടയിലും എല്ലാവർക്കും കാണത്തക്കവിധത്തിൽ ബന്ധിച്ചു. എന്നാൽ ഈ പ്രവൃത്തികൊണ്ടു ദൈവകല്പനയെ കൂടുതൽ ആകർഷകമാക്കുവാൻ അവർക്കു കഴിഞ്ഞില്ല. മറ്റുള്ളവരെ കാണിപ്പാൻ ഭക്തിയുടെ വേഷം അവർ ധരിക്കുകയാണു ചെയ്തത്. ഈ വ്യർത്ഥമായ നാട്യത്തെ യേശു വിമർശിച്ചു.

“അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതിനത്രേ ചെയ്യുന്നത്; തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി, തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാനസ്ഥലവും, പള്ളിയിൽ മുഖ്യാസനവും, അങ്ങാടിയിൽ വന്ദനവും, മനുഷ്യർ റബ്ബീ എന്നു വിളിക്കുന്നതും അവർക്കു പ്രിയമാകുന്നു. നിങ്ങളോ റബ്ബീ എന്ന പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു; നിങ്ങളോ, എല്ലാവരും സഹോദരന്മാർ. ഭൂമിയിൽ ആരെയും പിതാവ് എന്നു വിളിക്കരുത്; ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്, സ്വർഗ്ഗസ്ഥൻ തന്നെ. നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുത്; ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നെ.” ഹൃദയം അത്യാഗ്രഹത്താലും, അസൂയയാലും നിറഞ്ഞിരിക്കുമ്പോൾ, കാപട്യത്തോടു കൂടെയുള്ള വിനയം പ്രകടിപ്പിച്ചു കൊണ്ടു സ്ഥാനത്തിനും അധികാരത്തിനുംവേണ്ടി, എപ്പോഴും കൊതിക്കുന്ന പരീശന്മാരുടെ സ്വാർത്ഥപരമായ തൃഷ്ണയെ യേശു നിശിതമായി വിമർശിച്ചു. ഒരു വിരുന്നിലേക്ക് ആളുകളെ ക്ഷണിക്കുമ്പോൾ, അതിഥികളെ അവരുടെ സ്ഥാനമനുസരിച്ച് ഇരുത്താറുണ്ടായിരുന്നു. ഏറ്റവും ബഹുമാന്യമായ സ്ഥാനം ലഭിച്ചവർക്കു പ്രധാനപ്പെട്ട പരിഗണനയും പ്രത്യേക ബഹുമാന ങ്ങളും ലഭിച്ചിരുന്നു. ഈ ബഹുമതികൾ ലഭിപ്പാൻ പരീശന്മാർ എപ്പോഴും ആഗ്രഹിച്ചിരുന്നു. ഈ മനോഭാവത്തെയാണു ക്രിസ്തു വിമർശിച്ചത്.

റബ്ബീ അഥവാ ഗുരു എന്നു വിളിക്കപ്പെടുവാൻ മോഹിച്ചതിനെയും ക്രിസ്തു ശകാരിച്ചു. ഈ സ്ഥാനം മനുഷ്യർക്കല്ല, ദൈവത്തിനുള്ളത് എന്നു യേശു പഠിപ്പിച്ചു. പുരോഹിതന്മാരും, ശാസ്ത്രിമാരും, പ്രമാണികളും, നിയമജ്ഞന്മാരും, ഭരണകർത്താക്കളുമെല്ലാം സഹോദരന്മാരും ഏക പിതാവിന്റെ മക്കളുമെന്നു യേശു പഠിപ്പിച്ചു. ഒരു മനുഷ്യനും മറ്റൊരുവന്റെ മനസ്സാക്ഷിയെയോ, വിശ്വാസത്തെയോ നിയന്ത്രിക്കുന്ന സ്ഥാനം നല്കേണ്ട തില്ലായെന്നു യേശു പറഞ്ഞു.

റവറന്റ് അഥവാ റൈറ്റ് റവറന്റ് എന്നീ സ്ഥാനപ്പേരുകളുള്ള ആളുകളുടെ ഇടയിൽ ഇന്നു ക്രിസ്തു വന്നാൽ “നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുത്; ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നെ” എന്നു കർത്താവു വീണ്ടും ആവർത്തിക്കയില്ലയോ? തിരുവെഴുത്തുകൾ ദൈവത്തെക്കുറിച്ചു പറയുന്നു: “അവന്റെ നാമം വിശുദ്ധവും, ഭയങ്കരവു മാകുന്നു” (സങ്കീ. 111:10). ഏതൊരു മനുഷ്യന് ഈ സ്ഥാനം ഏറ്റെടുക്കാൻ കഴിയും? ഈ സ്ഥാനം പ്രദർശിപ്പിക്കുന്ന ജ്ഞാനവും നീതിയും ഏതൊരു വ്യക്തിക്കു പ്രതിഫലിപ്പിക്കുവാൻ കഴിയും? ഈ ബഹുമതി എടുത്തിരിക്കുന്ന എത്ര പേരാണ്, ദൈവത്തിന്റെ നാമത്തെയും സ്വഭാവത്തെയും തെറ്റായി പ്രതിനിധീകരിക്കുന്നത്. കഷ്ടം, പലപ്പോഴും ലൗകികതയും, സ്വേച്ഛാധി പത്യവും, ഹീനപാപങ്ങളും വിശുദ്ധ സ്ഥാനങ്ങൾ വഹിക്കുന്ന ആളുകളുടെ അലങ്കാരവസ്ത്രങ്ങളുടെ ഉള്ളിൽ മറയ്ക്കപ്പെട്ടിരിക്കുന്നു. രക്ഷകൻ തുടർന്നു:

“നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ

താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും.” സാന്മാർഗ്ഗിക മാനദണ്ഡം അടിസ്ഥാനമാക്കിയാണു യഥാർത്ഥ മഹത്വം അളക്കപ്പെടുന്നത് എന്നു ക്രിസ്തു പഠിപ്പിച്ചു. സ്വർഗ്ഗത്തിന്റെ കണക്കുകൂട്ടലിൽ സ്വഭാവമഹത്വം വെളിപ്പെടുന്നത് ഒരുവൻ തന്റെ സമസൃഷ്ടങ്ങൾക്കുവേണ്ടി ജീവിക്കുമ്പോഴാണ്. കരുണയുടെയും സ്നേഹത്തിന്റെയും പ്രവൃത്തികൾ ചെയ്തു മനുഷ്യരുടെ ക്ഷേമത്തിനുവേണ്ടി ജീവിക്കുകയാണു സ്വർഗ്ഗം വിലയിരുത്തുന്ന സ്വഭാവശ്രേഷ്ഠത. മഹത്വത്തിന്റെ രാജാവായ ക്രിസ്തു മനുഷ്യന്റെ ദാസനായിത്തീർന്നു.

“കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ മനുഷ്യർക്കു സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു; നിങ്ങൾ കടക്കുന്നില്ല, കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നതുമില്ല.” യഥാർത്ഥ വിശുദ്ധിക്ക് ആവശ്യമായ ആന്തരിക വിശുദ്ധിയും, ക്രിസ്തുവിന്റെ രാജ്യത്തെക്കുറിച്ചുള്ള പരിജ്ഞാനവും, ഏതെങ്കിലും വിധത്തിൽ കരസ്ഥമാക്കാൻ കഴിയുമായിരുന്ന വ്യക്തികൾക്ക്, കപടഭക്തിക്കാരായ ഈ യെഹൂദ നേതാക്കൾ, തിരുവെഴുത്തുകളെ സംബന്ധിച്ചു തെറ്റായ ധാരണ നല്കി അവരെ സ്വർഗ്ഗരാജ്യത്തിൽനിന്ന് അകറ്റി.

“കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ വിധവമാരുടെ വീടുകളെ വിഴുങ്ങുകയും, ഉപായരൂപേണ ദീർഘമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു; ഇതു ഹേതുവായി നിങ്ങൾക്കു കടുപ്പമേറിയ ശിക്ഷാവിധി വരും.” പരീശന്മാർക്കു ജനങ്ങളുടെ ഇടയിൽ നല്ല സ്വാധീനമുണ്ടായിരുന്നു. തങ്ങളുടെ സ്വന്തതാൽപര്യത്തിനുവേണ്ടി, ഈ സ്വാധീനശക്തിയെ അവർ ദുർവിനിയോഗം ചെയ്തു. നിഷ്കളങ്കരായ വിധവമാരുടെ വിശ്വാസം ആർജ്ജിച്ചശേഷം, അവരുടെ വസ്തുവകകൾ മതപരമായ കാര്യങ്ങൾക്കുവേണ്ടി കൊടുക്കേണ്ടത് അവരുടെ ചുമതലയാണെന്നു പുരോഹിതന്മാർ അവരെ പറഞ്ഞു ധരിപ്പിച്ചു. ആ പാവപ്പെട്ട വിധവമാരുടെ പണം കൈവശമാക്കിയ ശേഷം, വഞ്ചകരായ ഈ ദുഷ്ടന്മാർ സ്വന്ത ആവശ്യത്തിനായി ഈ പണം ഉപയോഗിച്ചു. തങ്ങളുടെ അവിശ്വസ്തതയെ മറയ്ക്കുന്നതിനായി പരസ്യസ്ഥലങ്ങളിൽവച്ചു പരീശന്മാർ ദീർഘപ്രാർത്ഥന നടത്തി, ഭക്തിയുള്ളവർ എന്നു നടിച്ചു. ഇത്തരത്തിലുള്ള കപടഭക്തിക്കു തക്ക ശിക്ഷ കിട്ടുമെന്നു യേശു പരീശന്മാരോടു പറഞ്ഞു. ഭക്തിയെ ഒരു പ്രദർശനവസ്തുവായി കൊണ്ടുനടക്കുന്നവർക്കെതിരായിരുന്നു ഈ ശകാരം. ഇന്നും ക്രിസ്തുവിന്റെ ശകാരത്തിനു പ്രസക്തിയുണ്ട്. കപടഭക്തിക്കാരുടെ ജീവിതം അത്യാർത്തിയാലും സ്വാർത്ഥതയാലും കളങ്കപ്പെട്ടിരിക്കുന്നു. എങ്കിലും ഭക്തിയുടെ ഒരാവരണം തങ്ങളുടെ മേൽ ഇട്ടിരിക്കുന്നു. അവർക്കു മനുഷ്യരെ കുറെ നാളത്തേക്കു വഞ്ചിക്കുവാൻ കഴിഞ്ഞേക്കും. എന്നാൽ ദൈവത്തെ വഞ്ചിക്കുവാൻ അവർക്കു കഴിയുന്നതല്ല. ഹൃദയത്തിന്റെ ഉള്ളറകളിലെ ലക്ഷ്യം ദൈവം കാണുന്നു. ഓരോ മനുഷ്യന്റെ പ്രവൃത്തിക്കും തക്കതായ ന്യായവിധി ലഭിക്കും.

പാപത്തെ യേശു നിർദ്ദാക്ഷിണ്യം കുറ്റപ്പെടുത്തി. കർത്തവ്യങ്ങളെ ചെറുതായി കാണുവാൻ യേശുവിനു കഴിഞ്ഞില്ല. വിധവമാരുടെ ദാനങ്ങളെ പിഴിഞ്ഞെടുക്കുകയും അപഹരിക്കുകയും ചെയ്യുന്ന സ്വാർത്ഥതയെ യേശു വിമർശിച്ചു. എങ്കിലും ദൈവത്തിന്റെ ഭണ്ഡാരത്തിൽ ഇടുവാൻ വഴിപാടുകളുമായി വന്ന വിധവയെ യേശു അഭിനന്ദിച്ചു. ദൈവത്തിനു സമർപ്പിക്കപ്പെട്ട വഴിപാടുകളെ ആരെങ്കിലും അപഹരിച്ചു എന്നുവച്ച്, വഴിപാടു നല്കിയ വ്യക്തിക്കു ദൈവാനുഗ്രഹം കിട്ടാതെ പോകുന്നില്ല.

യേശു ദൈവാലയത്തിലെ ഭണ്ഡാരം വച്ചിരുന്ന പ്രാകാരത്തിൽ നില്ക്കുകയായിരുന്നു. അവിടെ വഴിപാടുകളുമായി വന്നവരെ യേശു നിരീക്ഷിച്ചു. അനേകം പണക്കാർ മറ്റുള്ളവരെ കാണിക്കുന്നതിനായി വലിയ തുകകൾ ഭണ്ഡാരത്തിലിട്ടു. യേശു ദുഃഖത്തോടെ അവരെ നോക്കി. അവർ നല്കിയ വലിയ വഴിപാടുകളെക്കുറിച്ച് ഒരഭിപ്രായവും യേശു പ്രകടിപ്പിച്ചില്ല. ഒരു പാവപ്പെട്ട വിധവ, മറ്റുള്ളവർ തന്നെ കാണുമോ എന്ന ഭയത്തോടെ ഭണ്ഡാരത്തിനടുത്തേക്കു വരുന്നതു കണ്ടപ്പോൾ യേശുവിന്റെ മുഖം പെട്ടെന്നു പ്രകാശിതമായി. ധനാഢ്യരായ ആളുകൾ, അഹംഭാവത്തോടെ വഴിപാടുകൾ ഇടുവാൻ മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നപ്പോൾ, ഈ വിധവ മുമ്പോട്ടു പോകാൻ ഭയപ്പെട്ടു പിന്നിലേക്കു വലിഞ്ഞു. എങ്കിലും ദൈവവേലയ്ക്കു വേണ്ടി അവളുടെ എളിയ ഭാഗം നിവർത്തിക്കുവാൻ അവൾ തീരുമാനിച്ചു. തന്റെ കയ്യിലുണ്ടായിരുന്ന സ്തോത്രക്കാഴ്ചയിലേക്ക് അവൾ നോക്കി. അവളുടെ ചുറ്റുപാടും നിന്നവർ നല്കുന്ന തുകകളുമായി താരതമ്യപ്പെടുത്തുമ്പോൾ അവളുടെ കയ്യിൽ ഉണ്ടായിരുന്നതു വളരെ ചെറുതായിരുന്നു. എങ്കിലും അതവളുടെ മുഴുവൻ സമ്പാദ്യമായിരുന്നു. അവൾ വേഗത്തിൽ കയ്യിൽ ഉണ്ടായിരുന്ന രണ്ടു വെള്ളിക്കാശു ഭണ്ഡാരത്തിൽ നിക്ഷേപിച്ചശേഷം പോകുവാനായി തിരിഞ്ഞു. അവളുടെ പ്രവൃത്തി യേശു നിരീക്ഷിക്കുകയായിരുന്നു.

തന്റെ ശിഷ്യന്മാരെ യേശു അരികിൽ വിളിച്ചു. ആ പാവപ്പെട്ട സ്ത്രീയെ ശ്രദ്ധിക്കുവാൻ യേശു ശിഷ്യന്മാരോടു പറഞ്ഞു. യേശുവിന്റെ അഭിനന്ദനത്തിന്റെ വാക്കുകൾ ആ പാവപ്പെട്ട സ്ത്രീ കേട്ടു. "ഈ ദരിദ്രയായ വിധവ എല്ലാവരെക്കാളും അധികം ഇട്ടിരിക്കുന്നുവെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു." തന്നെ മനസ്സിലാക്കുവാനും അഭിനന്ദിക്കുവാനും ആളുണ്ടായപ്പോൾ, ആ വിധവയുടെ കണ്ണുകളിൽനിന്നു സന്തോഷാശ്രുക്കൾ ഒഴുകി. അവളുടെ ചെറിയ സമ്പാദ്യത്തെ, സ്വന്ത ഉപയോഗത്തിനായി എടുക്കുവാൻ അനേകർ ഉപദേശിച്ചിരിക്കാം. സമ്പന്നരായ പുരോഹിതന്മാർക്ക് ഈ ചെറിയ തുക പ്രാധാന്യമുള്ളതല്ലായിരുന്നു. എന്നാൽ അവളുടെ ഹൃദയത്തിലെ അഭിലാഷം യേശു മനസ്സിലാക്കി. ദൈവാലയശുശ്രൂഷ ദൈവം സ്ഥാപിച്ചതാണെന്ന് അവൾ വിശ്വസിച്ചു. അതിനെ നിലനിർത്തുവാൻ തന്നാലായതു ചെയ്വാൻ അവൾ തൽപരയായിരുന്നു. നിത്യതയിൽ അവൾക്ക് ആനന്ദിപ്പാനും, അവളുടെ പ്രവൃത്തി എല്ലാ കാലങ്ങളിലും സ്മരിക്കപ്പെടുന്നതിനും കാരണമായിത്തീർന്നു. അവൾ നല്കിയ ദാനത്തോടൊപ്പം അവളുടെ ഹൃദയം ഉണ്ടായിരുന്നു. അവൾ നല്കിയ നാണയത്തിന്റെ മൂല്യമായിരുന്നില്ല,

അവളുടെ വഴിപാടിന്റെ വില. ദൈവത്തോടുള്ള അവളുടെ സ്നേഹത്തെയും, ദൈവവേലയോടുള്ള അവളുടെ താൽപര്യത്തെയും അടിസ്ഥാനമാക്കിയായി രുന്നു അവൾ അർപ്പിച്ച വഴിപാടിന്റെ വില നിർണ്ണയിക്കപ്പെട്ടത്.

പാവപ്പെട്ട ആ വിധവയെക്കുറിച്ചു യേശു പറഞ്ഞു: "അവൾ എല്ലാ വരെക്കാളും അധികം ഇട്ടിരിക്കുന്നു." ധനികർ അവരുടെ സമൃദ്ധിയിൽനിന്ന് ഇട്ടു. അവരിൽ അനേകം പേരും തങ്ങളുടെ വഴിപാടുകളെ മറ്റുള്ളവരെ കാണിക്കുന്നതിനും, മറ്റുള്ളവരുടെ ബഹുമാനം ലഭിക്കുന്നതിനുവേണ്ടിയു മാണിട്ടത്. അവരുടെ വഴിപാടുകൾ മൂലം അവരുടെ സുഖലോലുപതയ്ക്കോ ആഡംബരത്തിനോ ഒരു കുറവും ഉണ്ടായില്ല. അവർക്കു ത്യാഗം അനുഭവി ക്കേണ്ടിവന്നില്ല. അവർ നല്കിയ കാണിക്കകൾക്കു വിധവയുടെ വഴിപാടിന്റെ മൂല്യവുമായി ഒരു ബന്ധവുമില്ലായിരുന്നു.

നമ്മുടെ പ്രവൃത്തികളെ മറ്റുള്ളവർ വിലയിരുത്തുന്നതു നമ്മുടെ ഉദ്ദേശ്യ ശുദ്ധിയെ അടിസ്ഥാനപ്പെടുത്തിയാണ്. മനുഷ്യർ കാണുന്നതും, പ്രശംസി ക്കുന്നതുമായ കാര്യങ്ങളല്ല, ദൈവം വിലയേറിയതായി കാണുന്നത്. സന്തോഷ ത്തോടെ ചെയ്യുന്ന ചെറിയ കാര്യങ്ങൾ, പ്രകടനത്തിനു വേണ്ടിയല്ലാതെ ചെയ്യുന്ന എളിയ സഹായങ്ങൾ ഇവയെല്ലാം ദൈവത്തിന്റെ ദൃഷ്ടിയിൽ വിലയേറിയവയാണ്. വിശ്വാസവും സ്നേഹവുമുള്ള ഒരു ഹൃദയമാണ്, ഏറ്റവും വിലയേറിയ ദാനത്തെക്കാൾ ദൈവം വില മതിക്കുന്നത്. വിധവ അവൾക്കുള്ളതെല്ലാമാണു ഭണ്ഡാരത്തിൽ ഇട്ടത്. അവൾ ഹൃദയപൂർവ്വം സ്നേഹിച്ച ദൈവവേലയ്ക്കുവേണ്ടി ത്യാഗമനോഭാവത്തോടെ അവളുടെ സമ്പാദ്യം നല്കി. ദൈവം അവളുടെ ആവശ്യങ്ങളെ നിറവേറ്റിക്കൊടുക്കു മെന്ന ഉത്തമവിശ്വാസം ആ വിധവയ്ക്കുണ്ടായിരുന്നു. ശിശുവിനെപ്പോലെ യുള്ള ഈ വിശ്വാസവും, നിസ്വാർത്ഥതയുമായിരുന്നു യേശുവിന്റെ അഭിനന്ദനത്തിന് അവളെ പാത്രവതിയാക്കിയത്.

ദൈവത്തിന്റെ കൃപയ്ക്കും സത്യത്തിനുംവേണ്ടി ദൈവത്തോടു നന്ദി പ്രദർശിപ്പിക്കുവാൻ ആഗ്രഹിക്കുന്ന അനേകം പാവപ്പെട്ടവർ ഉണ്ട്. ദൈവ ശുശ്രൂഷയെ നിലനിർത്തുന്നതിന്, തങ്ങളുടെ സഹോദരരായ സമ്പന്ന രോടൊത്തു പ്രവർത്തിക്കുവാൻ അവർ ആഗ്രഹിക്കുന്നു. ഇങ്ങനെയുള്ള വരെ ഒരിക്കലും നിരാശപ്പെടുത്തരുത്. സ്വർഗ്ഗീയഭണ്ഡാരത്തിൽ അവരുടെ സ്തോത്രക്കാഴ്ചകളെ ഇട്ടുകൊള്ളട്ടെ. ദൈവസ്നേഹത്താൽ പ്രേരിത രായിട്ടാണ് അവർ നൽകുന്നതെങ്കിൽ, ഈ ചെറിയ തുകകൾ പ്രതിഷ്ഠിക്കപ്പെട്ട, വിലയേറിയ കാണിക്കകളായിത്തീരുകയും, ദൈവം അവയെ അനുഗ്രഹി ക്കുകയും ചെയ്യുന്നു.

"ഈ ദരിദ്രയായ വിധവ, എല്ലാവരെക്കാളും അധികം ഇട്ടിരിക്കുന്നു" വെന്നു യേശു പറഞ്ഞതു വളരെ പ്രസക്തമായ ഒരു തത്വമായിരുന്നു. അവളുടെ ഉദ്ദേശ്യശുദ്ധിയെ മാത്രമല്ല കർത്താവ് അനുമോദിച്ചത്, അവൾ നല്കിയ വഴിപാടു കൊണ്ടുവരുന്ന ഫലങ്ങളും ശ്രേഷ്ഠമായിരിക്കുമെന്നു യേശു പറഞ്ഞു. ആ വിധവ ഇട്ട "രണ്ടു കാശ്" സമ്പന്നരായ മറ്റാളുകൾ ഇട്ടതിനെ ക്കാൾ വലിയ തുകയായിരുന്നു. ചെറിയ ദാനത്തിന്റെ സ്വാധീനശക്തി

ഒരു അരുവിയെപ്പോലെ ആയിരുന്നു. ഒരു അരുവിയുടെ ഉത്ഭവസ്ഥാനം വളരെ ചെറുതായിരിക്കും. എന്നാൽ ആണ്ടുകളായി ആ അരുവി ഒഴുകിക്കൊണ്ടിരിക്കുമ്പോൾ, അതിന്റെ വീതിയും ആഴവും വർദ്ധിച്ചുകൊണ്ടിരിക്കും. വിവിധ മാർഗ്ഗങ്ങളിലൂടെ ദരിദ്രരുടെ ആശ്വാസത്തിന് ഇപ്രകാരമുള്ള സംഭാവനകൾ കാരണമായിത്തീർന്നിട്ടുണ്ട്. മാത്രമല്ല സുവിശേഷത്തിന്റെ പ്രചാരണത്തിനും അതു സഹായിച്ചിട്ടുണ്ട്. ആ സാധു വിധവ നൽകിയ രണ്ടു കാശിന്റെ സ്വാധീനശക്തി കാലദേശഭേദമെന്യേ പ്രശോഭിച്ചുകൊണ്ടിരിക്കുന്നു. അവൾ കാണിച്ച മാതൃക കുബേര കുചേല ഭേദം കൂടാതെ ഏവരെയും ആകർഷിച്ചിട്ടുണ്ട്. ആ വിധവയുടെ സ്വാധീനശക്തിയാൽ മുന്നോട്ടുവന്നവർ നൽകിയ ദാനങ്ങൾ, അവൾ നല്കിയ ദാനത്തെക്കാൾ അനവധി മടങ്ങു വലുതായിരുന്നു. അവൾ നൽകിയ കാണിക്കയെ ദൈവം അനുഗ്രഹിച്ചതിനാൽ അതു പതിന്മടങ്ങു ഫലങ്ങൾ പുറപ്പെടുവിച്ചു. ദൈവത്തെ മഹത്വപ്പെടുത്തുന്ന ഏതൊരു പ്രവൃത്തിയും ഇതുപോലെ അനുഗ്രഹിക്കപ്പെടും. ദൈവത്തിന്റെ ഉദ്ദേശ്യവുമായി അതു താദാത്മ്യം പ്രാപിക്കുന്നു. അതു പുറപ്പെടുവിക്കുന്ന നന്മ അളക്കുവാൻ ആർക്കും കഴിയുകയില്ല.

പരീശന്മാരുടെയും ശാസ്ത്രിമാരുടെയും കപടഭക്തിയെ യേശു നിഷ്കരുണം അപലപിച്ചു. "ആരെങ്കിലും മന്ദിരത്തെച്ചൊല്ലി സത്യം ചെയ്താൽ ഏതുമില്ലായെന്നും മന്ദിരത്തിലെ സ്വർണ്ണത്തെച്ചൊല്ലി സത്യം ചെയ്യുന്നവനോ കടക്കാരൻ എന്നും പറയുന്ന കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾക്കു ഹാ കഷ്ടം. മൂഢന്മാരും കുരുടന്മാരുമായുള്ളോരേ, ഏതു വലിയത്? സ്വർണ്ണമോ, സ്വർണ്ണത്തെ ശുദ്ധീകരിക്കുന്ന മന്ദിരമോ? യാഗപീഠത്തെച്ചൊല്ലി സത്യം ചെയ്താൽ ഏതുമില്ല; അതിന്മേലുള്ള വഴിപാടു ചൊല്ലി സത്യം ചെയ്യുന്നവനോ, കടക്കാരൻ എന്നു നിങ്ങൾ പറയുന്നു. കുരുടന്മാരായുള്ളോരേ, ഏതു വലിയത്? വഴിപാടോ വഴിപാടിനെ ശുദ്ധീകരിക്കുന്ന യാഗപീഠമോ?" തങ്ങളുടെ തെറ്റായതും ഇടുങ്ങിയതുമായ മാനദണ്ഡംവച്ചു ദൈവത്തിന്റെ കല്പനകളെ പുരോഹിതന്മാർ വ്യാഖ്യാനിച്ചു. വിവിധ തരത്തിലുള്ള പാപങ്ങളെ തരംതിരിച്ചു ചിലവയെ നിസ്സാര കുറ്റങ്ങളെന്നും, മറ്റു ചിലവയെ ക്ഷമിക്കപ്പെടുവാൻ പാടില്ലാത്ത വലിയ കുറ്റമെന്നും അവർ വ്യാഖ്യാനിച്ചു. പണം ലഭിക്കുന്നതനുസരിച്ച്, പുരോഹിതന്മാർ പല വ്യക്തികളെ അവരുടെ നേർച്ചയിൽനിന്ന് ഒഴിവാക്കിയിരുന്നു. കഠിന കുറ്റങ്ങൾപോലും, പണം ലഭിക്കുന്നതനുസരിച്ച്, പുരോഹിതന്മാർ ലഘുവാക്കിക്കളഞ്ഞിരുന്നു. അതേസമയം ചെറിയ കുറ്റങ്ങൾക്ക് ഇവർ കഠിന ശിക്ഷകളും നല്കിയിരുന്നു.

"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ തുളസി, ചതകുപ്പ, ജീരകം ഇവയിൽ പതാരം കൊടുക്കുകയും ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ചുകളയുകയും ചെയ്യുന്നു. അതു ചെയ്യുകയും, ഇതു ത്യജിക്കാതിരിക്കുകയും വേണം." വിശുദ്ധമായ ഉത്തരവാദിത്വങ്ങളെ

ദുർവിനിയോഗം ചെയ്യുന്നതിനെ ക്രിസ്തു, ഇവിടെ, കുറ്റപ്പെടുത്തുന്നു. ഉത്തരവാദിത്വങ്ങളെ ക്രിസ്തു മാറ്റുന്നില്ല. ദശാംശം സ്ഥാപിച്ചതു ദൈവമാണ്. പുരാതനകാലം മുതൽ അത് ആചരിച്ചുപോരുന്നു. വിശ്വാസികളുടെ പിതാവായ അബ്രാഹാം തനിക്കുള്ളതൊക്കെയിൽനിന്നു ദശാംശം കൊടുത്തു. ദശാംശാർപ്പണം യെഹൂദനേതാക്കൾ അംഗീകരിച്ചിരുന്നു. അതു ശരിയായ കാര്യമായിരുന്നു. എന്നാൽ അവർ ശരിയായ കാര്യങ്ങൾ ചെയ്യുവാൻ ജനങ്ങളെ അനുവദിച്ചിരുന്നില്ല. ഓരോ കാര്യത്തിനും, അവർക്കു ബോധിച്ചതുപോലെയുള്ള നിയമങ്ങൾ ഉണ്ടാക്കിയിരുന്നു. അവർ ഉണ്ടാക്കിയ നിയമാവലികൾ, പാലിക്കാൻ പ്രയാസമാകുംവിധം സങ്കീർണ്ണമായിരുന്നു. അവരുടെ ചുമതലകൾ എപ്പോൾ നിർവഹിച്ചുവെന്ന് ആർക്കും അറിഞ്ഞുകൂടായിരുന്നു. ദൈവം തന്റെ കല്പനകളെ നല്കിയപ്പോൾ അതു ന്യായയുക്തവും, ബുദ്ധിക്കു നിരക്കുന്നതുമായിരുന്നു. എന്നാൽ യെഹൂദനേതാക്കൾ ദൈവകല്പനയെ ഭാരമുള്ളതാക്കിത്തീർത്തു.

ദൈവം കല്പിക്കുന്നതൊക്കെയും പ്രാധാന്യമുള്ളതാകുന്നു. ദശാംശാർപ്പണം മനുഷ്യൻ നിർവ്വഹിക്കേണ്ട ഒരു ചുമതലയാകുന്നു. എന്നാൽ മറ്റു കർത്തവ്യങ്ങൾ നിറവേറ്റുന്നതിന് ഇതൊരു വിലങ്ങുതടിയാകരുത്. പരീശന്മാർ തുളസി, ചതകുപ്പ, ജീരകം എന്നീ സസ്യങ്ങളിൽ ദശാംശം കൊടുക്കുന്നതിൽ തീക്ഷ്ണത കാണിച്ചിരുന്നു. ഇതിനു വലിയ പണച്ചെലവ് ഇല്ലായിരുന്നു. മതപരമായ കാര്യങ്ങളിൽ പരീശന്മാർ കൃത്യനിഷ്ഠയുള്ളവരെന്ന് ഈ പ്രവൃത്തികൾ അവർക്കു പേരുണ്ടാക്കിക്കൊടുത്തു. എന്നാൽ അവരുടെ നിയന്ത്രണങ്ങൾ സാധാരണക്കാരെ കഷ്ടത്തിലാക്കി. അതു കാരണം ദൈവം ഏർപ്പെടുത്തിയ വിശുദ്ധനിയമങ്ങളോടു ജനങ്ങൾക്കു ഭക്തി കുറയുവാൻ കാരണമായി. ചെറിയ കാര്യങ്ങൾക്ക് അതിർകടന്ന പ്രാമുഖ്യം നൽകിക്കൊണ്ട്, ഘനമേറിയ കാര്യങ്ങളായ ന്യായം, കരുണ, സത്യം തുടങ്ങിയവയെ അവർ ത്യജിച്ചുകളഞ്ഞു. ക്രിസ്തു അവരെ ഓർമ്മിപ്പിച്ചു: “അതു ചെയ്കയും, ഇതു ത്യജിക്കാതിരിക്കയും വേണം.”

ഇതുപോലെ റബ്ബിമാർ, മറ്റു കല്പനകളെയും വളച്ചൊടിച്ചു. അശുദ്ധമായതൊന്നും ഭക്ഷിക്കരുതെന്നു ദൈവം മോശെയ്ക്കു നല്കിയ കല്പനകളിൽ പറഞ്ഞിരുന്നു. പന്നിയുടെ മാംസവും മറ്റുചില ജന്തുക്കളുടെ മാംസവും അശുദ്ധമായവയെന്നു വിലക്കപ്പെട്ടിരുന്നു. ഈ ജന്തുക്കളുടെ മാംസം, രക്തത്തെ അശുദ്ധമാക്കുകയും ആയുസ്സിനെ കുറയ്ക്കുകയും ചെയ്യുന്നതുകൊണ്ടായിരുന്നു അവയെ മനുഷ്യനു വിലക്കിയിരുന്നത്. എന്നാൽ പരീശന്മാർ ഈ കല്പനകളെ ജനങ്ങൾക്കു ഭാരമുള്ളതാക്കിത്തീർത്തു. ഉദാഹരണമായി കുടിവെള്ളം അരിച്ചുപയോഗിക്കുവാൻ ജനത്തെ അവർ നിർബന്ധിച്ചു. വെള്ളം അരിക്കുമ്പോൾ, അശുദ്ധ ജീവികളിൽപ്പെട്ട ഏതെങ്കിലും പ്രാണികൾ വെള്ളത്തിലുണ്ടെങ്കിൽ അതു കുടിക്കുന്നവന്റെ ഉള്ളിൽ പോകാതിരിക്കുന്നതിനു വേണ്ടിയാണ് ഈ ചട്ടം ഏർപ്പെടുത്തിയത്. ഈ വക തീവ്രവാദത്തെ യേശു അംഗീകരിച്ചില്ല. ഇത്തരത്തിൽ ചെറിയ കാര്യങ്ങളിൽ സൂക്ഷ്മത കാണിക്കുകയും വലിയ പാപങ്ങൾ പ്രവർത്തിക്കുകയും ചെയ്തിരുന്ന

പരീശന്മാരെക്കുറിച്ചു യേശു പറഞ്ഞു: "കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കുകയും, ഒട്ടകത്തെ വിഴുങ്ങിക്കളകയും ചെയ്യുന്നു."

"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ, കഷ്ടം; വെള്ളതേച്ച ശവക്കല്ലറകളോടു നിങ്ങൾ ഒത്തിരിക്കുന്നു. അവ പുറമേ അഴകായി ശോഭിക്കുന്നുവെങ്കിലും അകമേ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു." വെള്ളതേച്ച് അലങ്കരിച്ചിരിക്കുന്ന കല്ലറയ്ക്കുള്ളിൽ അഴുകിയ ശരീരങ്ങൾ മറഞ്ഞിരിക്കുന്നതുപോലെ, പുരോഹിതന്മാരുടെയും പ്രമാണികളുടെയും പുറമേയുള്ള വിശുദ്ധിക്കുള്ളിൽ പാപം മറഞ്ഞിരുന്നു. യേശു തുടർന്നു:

"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ, കഷ്ടം; നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകളെ പണിതും, നീതിമാന്മാരുടെ കല്ലറകളെ അലങ്കരിച്ചുംകൊണ്ട്: ഞങ്ങൾ പിതാക്കന്മാരുടെ കാലത്ത് ഉണ്ടായിരുന്നുവെങ്കിൽ പ്രവാചകന്മാരെ കൊല്ലുന്നതിൽ കൂട്ടാളികൾ ആകയില്ലായിരുന്നു എന്നു പറയുന്നു. അങ്ങനെ നിങ്ങൾ പ്രവാചകന്മാരെ കൊന്നവരുടെ മക്കൾ എന്നു നിങ്ങൾതന്നെ സാക്ഷ്യം പറയുന്നുവല്ലോ." മരിച്ച പ്രവാചകന്മാരോടുള്ള ബഹുമാനം കാണിപ്പാനായി അവരുടെ കല്ലറകളെ മോടിപിടിപ്പിക്കുന്നതിൽ യെഹൂദർ വളരെ താൽപര്യം കാണിച്ചിരുന്നു. എന്നാൽ പ്രവാചകന്മാരുടെ ഉപദേശങ്ങളെ അവർ ചെവിക്കൊണ്ടില്ല.

ക്രിസ്തുവിന്റെ കാലത്ത്, മരിച്ചവരെ അടക്കിയിരുന്ന കല്ലറകൾക്ക്, ജനം വളരെ ഭക്തിബഹുമാനങ്ങൾ അർപ്പിച്ചിരുന്നു. അന്ധവിശ്വാസത്തിൽനിന്ന് ഉടലെടുത്ത ഒരു വികാരപ്രകടനമായിരുന്നു അത്. ദൈവത്തിന്റെ ദൃഷ്ടിയിൽ അത് ഒരുതരത്തിലുള്ള വിഗ്രഹാരാധനയായിരുന്നു. മരിച്ചവർക്കുവേണ്ടി അതിർവിട്ടുള്ള ബഹുമാനം കാട്ടുകവഴി, മനുഷ്യൻ പ്രഥമമായി ദൈവത്തെ സ്നേഹിക്കുന്നില്ലായെന്നും, തന്റെ കൂട്ടുകാരനെ തന്നെപ്പോലെ സ്നേഹിക്കുന്നില്ലായെന്നും പ്രകടമാകുന്നു. ഈ വിധത്തിലുള്ള വിഗ്രഹാരാധന ഇന്നും വലിയ തോതിൽ നടക്കുന്നു. മരിച്ചവർക്കുവേണ്ടി ഏറിയ സ്മാരകങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി, വിധവകളെയും, അനാഥരെയും, രോഗികളെയും, സാധുക്കളെയും മറന്നുകളയുന്നുവെന്ന കുറ്റം അനേകം പേർ ചെയ്തുകൊണ്ടിരിക്കുന്നു. മരിച്ചവർക്കുവേണ്ടി സമയവും, പണവും, പരിശ്രമവും വാരിക്കോരി ചെലവാക്കുമ്പോൾ ജീവിച്ചിരിക്കുന്നവരോടുള്ള കടമകൾ നിർവഹിക്കാതെ വിട്ടുകളയുന്നു.

പരീശന്മാർ പ്രവാചകന്മാരുടെ കല്ലറകൾ പണിതു; അവയെ മോടി പിടിപ്പിച്ചു. "നമ്മുടെ പിതാക്കന്മാരുടെ കാലത്തു നാം ജീവിച്ചിരുന്നുവെങ്കിൽ ദൈവത്തിന്റെ ദാസന്മാരുടെ രക്തം ചൊരിയിക്കുന്നതിൽ നാം പങ്കാളികളാകയില്ലായിരുന്നു എന്ന് അവർ തമ്മിൽ തമ്മിൽ പറഞ്ഞു." അതേസമയം അവർ ദൈവപുത്രന്റെ ജീവനെ എടുക്കുവാൻ ഗൂഢാലോചന ചെയ്തുകൊണ്ടിരുന്നു. നമുക്കിതൊരു പാഠമായിരിക്കണം. സത്യത്തിന്റെ പ്രകാശ

ത്തിൽനിന്നു പിന്മാറുന്ന മനുഷ്യനെ വഞ്ചിക്കുവാൻ ഒരുങ്ങിനിൽക്കുന്ന സാത്താന്റെ കുടിലതയെ കാണുവാൻ നാം കണ്ണുകളെ തുറക്കണം. അനേകം പേർ പരീശന്റെ പാതയെ പിൻചെല്ലുന്നു. മരിച്ചവരെ അവർ ബഹുമാനിക്കുന്നു. ക്രിസ്തുവിനെ തിരസ്കരിച്ച യെഹൂദന്മാരുടെ അജ്ഞത യിൽ അവർ അത്ഭുതപ്പെടുന്നു. അവർ പറയുന്നു: "നാം കർത്താവിന്റെ കാലത്തു ജീവിച്ചിരുന്നുവെങ്കിൽ സന്തോഷത്തോടെ അവന്റെ ഉപദേശം സ്വീകരിക്കുമായിരുന്നു. യേശുവിനെ നിരസിച്ചവരുടെ കുറ്റത്തിൽ ഞങ്ങൾ ഒരിക്കലും പങ്കാളികളാവില്ലായിരുന്നു." എന്നാൽ ദൈവത്തോടുള്ള അനു സരണം, സ്വയത്യാഗവും വിനയവുമാവശ്യപ്പെടുമ്പോൾ, ഈ ആളുകൾ, തങ്ങളുടെ മനസ്സാക്ഷിയെ ത്യജിച്ചിട്ട്, ദൈവത്തെ അനുസരിപ്പാൻ വിസമ്മതം കാട്ടുന്നു. പരീശന്മാരുടെ അതേ സ്വഭാവം ഇവരും കാണിക്കുന്നു.

ക്രിസ്തുവിനെ നിരാകരിച്ചത്, എത്ര വലിയ തെറ്റായിരുന്നുവെന്നു യെഹൂദന്മാർ മനസ്സിലാക്കിയിരുന്നില്ല. ഒന്നാമത്തെ നിരപരാധി വധിക്ക പ്പെട്ടതു മുതൽ ചരിത്രം കൂടുതൽ ഭയങ്കരമായി ആവർത്തിക്കപ്പെടുകയാണ്. ദൈവത്തിന്റെ പ്രവാചകന്മാർ എല്ലാ കാലങ്ങളിലും, ദൈവത്തിന്റെ വക്താ ക്കൾ എന്ന നിലയിൽ ജനത്തിന്റെയും ഭരണകർത്താക്കളുടെയും പാപങ്ങളെ ചൂണ്ടിക്കാണിക്കുകയും, തങ്ങളുടെ ജീവനെ ഒട്ടും സ്നേഹിക്കാതെ ദൈവിക ശബ്ദത്തിനു കീഴ്പ്പെടുകയും ചെയ്തു. സത്യത്തിന്റെ പ്രകാശം നിഷേധി ക്കുന്നവർ, തലമുറതലമുറയായി ശിക്ഷ കൂട്ടിവയ്ക്കുകയാണ്. ക്രിസ്തു വിന്റെ ശത്രുക്കൾ തങ്ങളുടെ മേൽ ശിക്ഷ വിളിച്ചുവരുത്തുന്നു. ക്രിസ്തു വിന്റെ കാലത്തുണ്ടായിരുന്ന പുരോഹിതന്മാരുടെയും പ്രമാണികളുടെയും പാപങ്ങൾ മുൻകാലങ്ങളിൽ ജീവിച്ചിരുന്നവരുടെ പാപങ്ങളെക്കാൾ വലുതാ യിരുന്നു. ക്രിസ്തുവിനെ നിരാകരിച്ചതിലൂടെ ഹാബേൽ മുതൽ ക്രിസ്തു വരെ കൊല്ലപ്പെട്ട നീതിമാന്മാരുടെ രക്തത്തിനു തങ്ങളെത്തന്നെ ഉത്തരവാദി കളാക്കുകയായിരുന്നു യെഹൂദപ്രമാണികൾ. തങ്ങളുടെ പാപത്തിന്റെ പാന പാത്രം യെഹൂദന്മാർ വക്കോളം നിറച്ചുകഴിഞ്ഞിരുന്നു. അതിന്റെ കരാളഫല ങ്ങൾ അവർ അനുഭവിക്കാൻ പോകുകയായിരുന്നു. അതിനെക്കുറിച്ചു യേശു അവർക്കു മുന്നറിയിപ്പു നല്കി.

"നീതിമാനായ ഹാബേലിന്റെ രക്തം മുതൽ നിങ്ങൾ മന്ദിരത്തിനും യാഗ പീഠത്തിനും നടുവിൽവച്ചു കൊന്നവനായി ബെരെഖ്യാവിന്റെ മകനായ സെഖര്യാവിന്റെ രക്തംവരെ ഭൂമിയിൽ ചൊരിഞ്ഞ നീതിയുള്ള രക്തം എല്ലാം നിങ്ങളുടെമേൽ വരേണ്ടതാകുന്നു. ഇതൊക്കെയും ഈ തലമുറമേൽ വരും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."

യേശുവിനെ ശ്രദ്ധിച്ച പരീശന്മാർക്കും ശാസ്ത്രിമാർക്കും, അവന്റെ വാക്കുകൾ സത്യമെന്ന് അറിയാമായിരുന്നു. സെഖര്യാപ്രവാചകൻ എങ്ങനെ കൊല്ലപ്പെട്ടുവെന്ന് അവർ അറിഞ്ഞിരുന്നു. ദൈവത്തിങ്കൽനിന്നുള്ള മുന്നറിയിപ്പു സെഖര്യാവ് നല്കിക്കൊണ്ടിരുന്നപ്പോൾ, വിശ്വാസത്യാഗിയായ ഒരു രാജാവ്, പൈശാചികക്രോധം പൂണ്ടു സെഖര്യാവിനെ കൊലചെയ്തു.

ദൈവാലയത്തിന്റെ പ്രാകാരത്തിലെ കല്ലുകളിൽ പ്രവാചകന്റെ രക്തം പതിച്ചു. അതു മായിച്ചുകളയുവാൻ കഴിഞ്ഞില്ല. വിശ്വാസത്യാഗിനിയായ യിസ്രായേലിന് എതിരായി ആ രക്തക്കറ മായാതെ കിടന്നു. യെരൂശലേം ദൈവാലയം ഉണ്ടായിരിക്കുന്നിടത്തോളം കാലം ആ നീതിമാന്റെ രക്തക്കറ അവിടെത്തന്നെ ഉണ്ടായിരിക്കും. ന്യായം നടത്തുന്നതിനുവേണ്ടി ആ രക്തം യഹോവയോടു നിലവിളിച്ചുകൊണ്ടിരിക്കും. യിസ്രായേലിന്റെ ഭയങ്കര പാപങ്ങളെ യേശു ഓർമ്മിപ്പിച്ചപ്പോൾ, ജനം ഭയവിഹ്വലരായി.

യെഹൂദന്മാരുടെ കഠിനമാക്കപ്പെട്ട മനസ്സും, ദൈവജനത്തോട് അവർ കാണിക്കുന്ന അസഹിഷ്ണുതയും കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്നതു പോലെ ഭാവിയിലും ഉണ്ടായിരിക്കുമെന്നു യേശു പറഞ്ഞു.

"അതുകൊണ്ടു ഞാൻ പ്രവാചകന്മാരെയും ജ്ഞാനികളെയും ശാസ്ത്രി മാരെയും നിങ്ങളുടെ അടുക്കൽ അയയ്ക്കുന്നു; അവരിൽ ചിലരെ നിങ്ങൾ ക്രൂശിച്ചു കൊല്ലുകയും, ചിലരെ നിങ്ങളുടെ പള്ളികളിൽ ചമ്മട്ടികൊണ്ട് അടി ക്കുകയും, പട്ടണത്തിൽനിന്നു പട്ടണത്തിലേക്ക് ഓടിക്കുകയും ചെയ്യും." പരി ശുദ്ധാത്മനിറവുള്ളവരും, വിശ്വാസവീരന്മാരുമായ പ്രവാചകന്മാരെയും, ജ്ഞാനി കളെയും - സ്തേഫാനോസ്, യാക്കോബ് തുടങ്ങി മറ്റനേകരെയും - കുറ്റം വിധിക്കുകയും കൊല്ലുകയും ചെയ്യും. സ്വർഗ്ഗത്തിലേക്കു കൈ ഉയർത്തി ക്കൊണ്ട്, ദൈവികശോഭയോടുകൂടി, ഒരു ദിവ്യന്യായാധിപനെപ്പോലെ യേശു പറഞ്ഞു. പലപ്പോഴും ശാന്തതയോടും, താഴ്മയോടുംകൂടെ സംസാരിക്കാറു ണ്ടായിരുന്ന യേശു, സംസാരിച്ചത് അധികാരത്തോടും, ശിക്ഷാവിധി പ്രസ്താവിക്കുന്ന ന്യായാധിപനെപ്പോലെയുമായിരുന്നു. കേൾവിക്കാർ അതു കേട്ടു ഞെട്ടിവിറച്ചു. തന്റെ വാക്കുകളും, തീക്ഷ്ണമായ നോട്ടവും ജനത്തി ന്മേൽ പതിച്ച പാടുകൾ ഒരിക്കലും മായിച്ചുകളയാവുന്നവയായിരുന്നില്ല.

ആളുകളെ വഞ്ചിക്കുകയും, ദൈവത്തെ അപമാനിക്കുകയും, തങ്ങളുടെ ആത്മാക്കളെ നശിപ്പിക്കുകയും ചെയ്യുന്നതായ കപടഭക്തിക്കും ഭയങ്കര പാപങ്ങൾക്കും നേരെയാണു ക്രിസ്തുവിന്റെ കോപാഗ്നി തൊടുത്തുവിട്ടത്. പുരോഹിതന്മാരുടെ വഞ്ചനയും മാലിന്യവും കലർന്ന വാദഗതികളിൽ പൈശാചികശക്തികളുടെ പ്രവർത്തനം ക്രിസ്തു വ്യക്തമായി കണ്ടു. പാപത്തിനെതിരായുള്ള ക്രിസ്തുവിന്റെ ഭർത്സനം തുളച്ചിറങ്ങുന്നതായിരുന്നു. എങ്കിലും പ്രതികാരേച്ഛയോടല്ല ക്രിസ്തു സംസാരിച്ചത്. അന്ധകാര പ്രഭുവിനോടു ക്രിസ്തുവിന്, നീതീകരിക്കപ്പെടാവുന്ന ക്രോധം ഉണ്ടായിരുന്നു. എങ്കിലും വെറുപ്പിന്റെ ആത്മാവു യേശുവിലില്ലായിരുന്നു. അതുപോലെ, സ്നേഹത്തിന്റെയും കൃപയുടെയും മധുരിമയേറുന്ന സ്വഭാവഗുണങ്ങൾ ഉള്ള, ദൈവിക സ്വഭാവത്തോടു താദാത്മ്യം പ്രാപിച്ചുകൊണ്ടിരിക്കുന്ന ക്രിസ്ത്യാ നിക്ക്, പാപത്തോടു ദൈവികമായ ക്രോധം ഉണ്ടായിരിക്കും. എങ്കിലും തന്നെ അധിക്ഷേപിക്കുന്നവരെ, തിരിച്ച് ഒരു ക്രിസ്ത്യാനി അധിക്ഷേപിക്കയില്ല. പൈശാചികന്റെ നിയന്ത്രണത്തിൽ കഴിയുന്ന, കാപട്യം വച്ചുപുലർത്തുന്ന ഒരുവനെ കാണുമ്പോൾപോലും ഒരു യഥാർത്ഥ ക്രിസ്ത്യാനി ശാന്തതയും സ്വയനിയന്ത്രണവും ഉള്ളവനായിരിക്കും.

തന്റെ ശ്രോതാക്കളെയും ദൈവാലയത്തെയും യേശു വീക്ഷിച്ചുകൊണ്ടിരുന്നപ്പോൾ, സഹജമായുണ്ടായിരുന്ന സഹാനുഭൂതി യേശുവിന്റെ മുഖത്തു പരന്നു. കണ്ണുനീർ വാർത്തുകൊണ്ടു ഗദ്ഗദകണ്ഠനായി യേശു പറഞ്ഞു: "യെരൂശലേമേ, പ്രവാചകന്മാരെ കൊല്ലുകയും, നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുമ്പോലെ, നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു; നിങ്ങൾക്കോ മനസ്സായില്ല." വേർപാടിന്റെ തീവ്രമായ വേദനയായിരുന്നു ഇത്. ക്രിസ്തുവിന്റെ വേദനയിൽക്കൂടെ ദൈവത്തിന്റെ ഹൃദയം മനുഷ്യനുവേണ്ടി ഒഴുകുകയാണ്. ദീർഘമായി ക്ഷമിക്കുന്ന, മനുഷ്യബുദ്ധിക്കു പ്രയാസമായ ദൈവിക സ്നേഹത്തിന്റെ വിടവാങ്ങലായിരുന്നു ക്രിസ്തുവിന്റെ വാക്കുകളിലൂടെ കേട്ടത്.

പരീശന്മാരും സദൂക്യരും ഒരുപോലെ നിശ്ശബ്ദരായി. യേശു ശിഷ്യന്മാരെയും കൂട്ടിക്കൊണ്ടു ദൈവാലയത്തിൽനിന്നു പോകുവാൻ ഒരുങ്ങി. ശത്രുക്കളുടെ മുമ്പിൽ പരാജിതനായി പിൻവാങ്ങുന്ന ഒരുവനെപ്പോലെ ആയിരുന്നില്ല കർത്താവ്. നേരെമറിച്ച്, തന്റെ വേല പൂർത്തീകരിച്ച ഒരുവനെപ്പോലെ ആയിരുന്നു. മത്സരത്തിൽ വിജയിയായി യേശു മടങ്ങി.

സംഭവബഹുലമായ ആ ദിവസത്തിൽ, കർത്താവിന്റെ അധരങ്ങളിൽനിന്നു പൊഴിഞ്ഞ സത്യത്തിന്റെ മുളകൾ, അനവധി ഹൃദയങ്ങളിൽ നിധിപോലെ കാത്തുസൂക്ഷിക്കപ്പെട്ടു. അവരെ സംബന്ധിച്ചിടത്തോളം ജീവിതത്തിൽ പുതുമയുടെ തുടക്കമായിരുന്നു. അവരിൽ പുതിയ അഭിലാഷങ്ങൾ ഉണർത്തപ്പെട്ടു. ഒരു പുതിയ ചരിത്രം അവർ കുറിക്കുവാൻ തുടങ്ങി. ക്രിസ്തുവിന്റെ ക്രൂശുമരണത്തിനും, പുനരുത്ഥാനത്തിനും ശേഷം ഇവർ മുൻനിരയിലേക്കു വന്നു. ദൈവവേലയുടെ മഹത്വത്തിനനുസരിച്ചു ജ്ഞാനത്തോടും ഉത്സാഹത്തോടും കൂടെ ദൈവികാജ്ഞ അവർ നിറവേറ്റി. അനേകായിരങ്ങളുടെ ജീവിതത്തെ മുരടിപ്പിച്ചുകളഞ്ഞ പഴയ അന്ധവിശ്വാസങ്ങളെ തകർത്തുകൊണ്ട്, മനുഷ്യഹൃദയങ്ങളെ ആകർഷിക്കുന്ന ദൈവിക ദൂത് അവർ വഹിച്ചു. അവരുടെ സാക്ഷ്യത്തിനു മുമ്പിൽ, മാനുഷിക തത്വജ്ഞാനങ്ങളും മറ്റും കെട്ടുകഥകൾ പോലെയായി. യെരൂശലേം ദൈവാലയത്തിൽ അന്നു കൂടിയിരുന്ന, അത്ഭുതസ്തബ്ധരായ ജനങ്ങൾക്ക്, രക്ഷകനിൽനിന്നു നിർഗളിച്ച ദൂതുകൾ അത്ഭുതകരമായ ഫലങ്ങൾ ഉളവാക്കി.

എന്നാൽ ഒരു രാഷ്ട്രമെന്ന നിലയിൽ യിസ്രായേൽ ദൈവത്തിൽനിന്ന് അകന്നു. ഒലിവുമരത്തിന്റെ സ്വാഭാവിക കൊമ്പുകൾ വെട്ടി നീക്കപ്പെട്ടു. അവസാനമായി ദൈവാലയത്തിന്റെ ഉള്ളിലേക്കു നോക്കിക്കൊണ്ടു ശോകരസം അലയടിക്കുന്ന ശബ്ദത്തോടെ യേശു പറഞ്ഞു: "നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ എന്നു നിങ്ങൾ പറയുവോളം നിങ്ങൾ ഇനി എന്നെ കാണുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു." ഇതുവരെയും യെരൂശലേം ദൈവാലയത്തെ "എന്റെ പിതാവിന്റെ ഭവനം" എന്നു യേശു വിളിച്ചിരുന്നു. എന്നാൽ

ദൈവനാമമഹത്വത്തിനായി നിർമ്മിക്കപ്പെട്ട ആ ദൈവാലയത്തിൽനിന്നു ദൈവപുത്രൻ ഇറങ്ങിപ്പോകുമ്പോൾ ദൈവസാന്നിദ്ധ്യം എന്നേക്കുമായി അവിടെനിന്നു പിൻവലിക്കപ്പെടാൻ പോകുകയായിരുന്നു. അതിനുശേഷം അവിടത്തെ ചടങ്ങുകൾ അർത്ഥമില്ലാത്തതായിത്തീർന്നു. അതിൽ നടന്ന ശുശ്രൂഷകൾ പരിഹാസ്യമായി.

# 68

# പ്രാകാരത്തിനു പുറത്ത്

അവലംബം: യോഹന്നാൻ 12:20-43

"പെരുന്നാളിൽ നമസ്കരിപ്പാൻ വന്നവരിൽ ചില യവനന്മാർ ഉണ്ടായിരുന്നു. ഇവർ ഗലീലയിലെ ബേത്ത്സയിദക്കാരനായ ഫിലിപ്പൊസിന്റെ അടുക്കൽ ചെന്ന് അവനോട്: യജമാനനേ, ഞങ്ങൾക്കു യേശുവിനെ കാൺമാൻ താൽപര്യമുണ്ട് എന്ന് അപേക്ഷിച്ചു. ഫിലിപ്പൊസ് ചെന്ന് അന്ത്രെയാസിനോടു പറഞ്ഞു. അന്ത്രെയാസും ഫിലിപ്പൊസും കൂടെ ചെന്നു യേശുവിനോടു പറഞ്ഞു."

യേശുവിന്റെ ദൗത്യം തികഞ്ഞ പരാജയമടയുമോ എന്നു തോന്നിപ്പോകുന്ന അവസരത്തിലായിരുന്നു ഈ യവനന്മാർ യേശുവിനെ കാൺമാൻ വന്നത്. പുരോഹിതന്മാരോടും പരീശന്മാരോടുമുള്ള വിവാദത്തിൽ ക്രിസ്തു വിജയശ്രീലാളിതനായി. എന്നാൽ അവർ യേശുവിനെ മശീഹയായി അംഗീകരിക്കുകയില്ലായെന്നതു വ്യക്തമായിരുന്നു. യേശുവിന്റെ വേർപാടിന്റെ സമയം ഏതാണ്ട് അടുത്തെത്തിക്കഴിഞ്ഞു. ശിഷ്യന്മാർക്കു നൈരാശ്യമുളവാക്കുന്ന തരത്തിലായിരുന്നു കാര്യങ്ങൾ നീങ്ങിക്കൊണ്ടിരുന്നത്. എന്നാൽ

യേശു തന്റെ വേലയുടെ പൂർത്തീകരണത്തിലേക്ക് അടുക്കുകയായിരുന്നു. യെഹൂദജനതയെ മാത്രമല്ല, മുഴുലോകത്തെയും ബാധിക്കുന്ന വലിയ സംഭവം നടക്കുവാൻ സമയമായിക്കഴിഞ്ഞു. "ഞങ്ങൾക്കു യേശുവിനെ കാൺമാൻ താൽപര്യമുണ്ട്" എന്ന അപേക്ഷ യേശു കേട്ടപ്പോൾ, യേശുവിന്റെ മുഖം പ്രകാശിതമായി. അതു ലോകത്തിന്റെ പ്രത്യാശയുടെ ഒരു ധ്വനിയായിരുന്നു. യേശു പറഞ്ഞു: "മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു." തന്റെ യാഗത്താലുണ്ടാകുന്ന ഫലത്തിന്റെ മുൻകുറിയായിരുന്നു യവനന്മാരുടെ അപേക്ഷ.

യേശുവിന്റെ ഇഹലോകജീവിതത്തിന്റെ അവസാനസമയമടുത്തപ്പോൾ, യവനന്മാർ പടിഞ്ഞാറുനിന്നു വന്നു. യെഹൂദജനത സ്വന്തവഴികളിൽ മുഴുകിയിരുന്നതുകൊണ്ടു ക്രിസ്തുവിന്റെ ആഗമനം അറിഞ്ഞില്ല. ജാതികളുടെ ഇടയിൽനിന്ന്, രക്ഷകനെ ആദരിക്കുവാനായി വിദ്വാന്മാർ തിരുമുൽക്കാഴ്ചകളുമായി വന്നു. അതുപോലെ ക്രിസ്തുവിന്റെ ജീവിതാന്ത്യം അടുത്തപ്പോൾ യവനന്മാർ തന്നെ കാണുവാനായി വന്നു. ക്രിസ്തുവിന്റെ ക്രൂശു കാലദേശഭേദമെന്യേ ഏവരെയും ആകർഷിക്കും. "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്ന് അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടുംകൂടെ സ്വർഗ്ഗരാജ്യത്തിൽ പന്തിക്കിരിക്കും" (മത്തായി 8:11).

ക്രിസ്തുവിന്റെ യെരൂശലേം പ്രവേശനത്തെക്കുറിച്ചു യവനന്മാർ കേട്ടിരുന്നു. ദാവീദിന്റെ സിംഹാസനം കരസ്ഥമാക്കി, യിസ്രായേലിലെ രാജാവായി വാഴുന്നതിനുവേണ്ടി ക്രിസ്തു പുരോഹിതന്മാരെയും പ്രമാണികളെയും ദൈവാലയത്തിൽനിന്നു പുറത്താക്കി എന്ന് അവരുടെ ഇടയിൽ ശ്രുതി പരന്നിരുന്നു. ക്രിസ്തുവിന്റെ ദൗത്യത്തെക്കുറിച്ചറിയുവാൻ യവനന്മാർ ആഗ്രഹിച്ചു. "ഞങ്ങൾക്കു യേശുവിനെ കാൺമാൻ താൽപര്യമുണ്ട്," അവർ പറഞ്ഞു. യേശു അവരുടെ അഭീഷ്ടം സാധിച്ചുകൊടുത്തു. യവനന്മാരുടെ അപേക്ഷ യേശുവിന്റെ കാതിലെത്തിയപ്പോൾ, യേശു, യെഹൂദന്മാർക്കു മാത്രം പ്രവേശനാനുമതിയുള്ള ദൈവാലയഭാഗത്തു നില്ക്കുകയായിരുന്നു. യേശു വേഗത്തിൽ യവനന്മാർ നിന്നിടത്തേക്കു പോയി. അവരുമായി യേശു കൂടിക്കാഴ്ച നടത്തി.

ക്രിസ്തു തേജസ്കരിക്കപ്പെടേണ്ട നാഴിക അടുത്തുവന്നിരിക്കുന്നു. കുരിശിന്റെ നിഴൽ യേശുവിന്റെമേൽ പതിച്ചിരുന്നു. തന്റെ യാഗം മൂലം അനേകം പേർ ദൈവസന്നിധിയിലേക്ക് ആകർഷിക്കപ്പെടുമെന്ന് ഈ യവനന്മാരുടെ അന്വേഷണം ക്രിസ്തുവിനു ബോദ്ധ്യമാക്കിക്കൊടുത്തു. ഇവർ ഒരിക്കലും പ്രതീക്ഷിക്കാത്ത ഇടത്ത്, അധിക താമസം കൂടാതെ, താൻ നിൽക്കുന്നതു കാണുമെന്നു ക്രിസ്തുവിന് അറിയാമായിരുന്നു. കുപ്രസിദ്ധ കൊള്ളക്കാരനും, കൊലപാതകിയുമായ ബറബ്ബാസിന്റെ സ്ഥാനത്തു കുറ്റവാളിയെന്നവണ്ണം താൻ നിൽക്കുന്നതും, തന്നെ ക്രൂശിക്കയെന്നും ബറബ്ബാസിനെ മോചിപ്പിക്ക എന്നും ജനം അട്ടഹസിക്കുന്നതും ഇവർ കാണുകയും കേൾക്കുകയും ചെയ്യുമെന്നും ക്രിസ്തുവിന് അറിയാമായിരുന്നു. പുരോഹിതന്മാരുടെയും യെഹൂദപ്രമാണികളുടെയും പ്രേരണ

മൂലമായിരിക്കും ജനം അപ്രകാരം ആവശ്യപ്പെടുന്നത്. "ക്രിസ്തു എന്ന യേശുവിനെ എന്തു ചെയ്യേണ്ടു" എന്ന ഭരണാധികാരിയുടെ ചോദ്യത്തിന് (മത്തായി 27:22) "അവനെ ക്രൂശിക്കേണം" എന്ന് ആർത്തട്ടഹസിച്ചു ജനം പറയുന്നത് അവർ (യവനർ) കേൾക്കും. മനുഷ്യരുടെ പാപത്തിനു താൻ നല്കുന്ന പ്രായശ്ചിത്തംമൂലം തന്റെ രാജ്യം പൂർണ്ണത പ്രാപിക്കുകയും ലോകം മുഴുവൻ അതു വളർന്നു വ്യാപിക്കുകയും ചെയ്യുമെന്നും ക്രിസ്തു അറിഞ്ഞിരുന്നു. യഥാസ്ഥാനപ്പെടുത്തുന്ന ഒരുവനെപ്പോലെ താൻ പ്രവർത്തിക്കും; ആ സംരംഭത്തിൽ താൻ വിജയി ആകുകയും ചെയ്യും. ക്രിസ്തു ഭാവിയിലേക്കു നോക്കി. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29) എന്ന് ഉച്ചൈസ്തരം വിളിച്ചുപറയുന്ന ശബ്ദം യേശു കേട്ടു. അപരിചിതരായവരിൽ, വലിയ കൊയ്ത്തിന്റെ വാഗ്ദാനം യേശു ദർശിച്ചു. യെഹൂദനും ജാതികളിൽപ്പെട്ടവരും തമ്മിലുള്ള "വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളകയും" എല്ലാ ജാതികളും ഭാഷയും വംശങ്ങളും രക്ഷയുടെ ദൂതു കേൾക്കയും ചെയ്യുന്ന വലിയ കൊയ്ത്തു യേശു ദർശിച്ചു. "മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു" എന്ന ക്രിസ്തുവിന്റെ വാക്കുകളിൽ, തന്റെ പ്രതീക്ഷയുടെ ഉറപ്പാണു പ്രതിഫലിച്ചത്. ഈ തേജസ്കരണം നടക്കുന്ന വിധം എപ്പോഴും ക്രിസ്തുവിന്റെ മനസ്സിൽ ഉണ്ടായിരുന്നു. തന്റെ മരണത്തിനുശേഷം ജാതികളെ കൂട്ടിച്ചേർക്കുന്നതു നടക്കേണ്ടതാണ്. യേശുവിന്റെ മരണത്തിൽക്കൂടെ മാത്രമേ ലോകരക്ഷ സാദ്ധ്യമാവുകയുള്ളൂ. ഒരു കോതമ്പു മണിയെപ്പോലെ മനുഷ്യപുത്രൻ നിലത്തുവീണു ചാകുകയും അടക്കപ്പെടുകയും ചെയ്യേണ്ടതാണ്. എന്നാൽ അവൻ വീണ്ടും ജീവിക്കും.

ശിഷ്യന്മാർക്കു മനസ്സിലാകേണ്ടതിന്, പ്രകൃതിയിൽനിന്ന് ഉദാഹരണങ്ങൾ എടുത്തുകൊണ്ടു ക്രിസ്തു പഠിപ്പിച്ചു. തന്റെ മരണത്തിൽക്കൂടെ വേണ മായിരുന്നു തന്റെ ദൗത്യത്തിന്റെ യഥാർത്ഥ ഫലം കൈവരിക്കേണ്ടി യിരുന്നത്. യേശു പറഞ്ഞു: "കോതമ്പുമണി നിലത്തുവീണു ചാകുന്നില്ലാ യെങ്കിൽ അതു തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവ് ഉണ്ടാകും." കോതമ്പുമണി നിലത്തുവീണു ചാകുമ്പോൾ അതു ധാരാളം ഫലം പുറപ്പെടുവിക്കും. അതുപോലെ ക്രിസ്തു മരിക്കുമ്പോൾ ദൈവ രാജ്യത്തിനു വളരെ പ്രയോജനം ഉണ്ടാകും. സസ്യലോകത്തിലെ തത്വം അനുസരിച്ചു ക്രിസ്തുവിന്റെ മരണത്തിന്റെ ഫലം ജീവൻ ആയിരുന്നു.

മണ്ണിൽ കൃഷിചെയ്യുന്നവർക്ക് ഈ പാഠം എപ്പോഴും ഓർമ്മയിൽ ഇരിക്കും. വർഷംതോറും മനുഷ്യൻ തന്റെ ധാന്യശേഖരം നിലനിർത്തിപ്പോരുന്നത് ഏറ്റവും നല്ല വിത്തിനെ മണ്ണിൽ വിതച്ചുകൊണ്ടാണ്. കുറച്ചുകാലത്തേക്കു ധാന്യം ഉഴവുചാലിൽ മറഞ്ഞിരിക്കുന്നു. അപ്പോഴും അതു ദൈവത്തിന്റെ സംരക്ഷണത്തിൽ കഴിയുന്നു. പിന്നീടു ഞാറും, അതിനുശേഷം കതിരും, പിന്നെ കതിരിൽനിന്നു മണിയും ഉണ്ടാവുന്നു. എന്നാൽ വിത്തു മണ്ണിൽ കുഴിച്ചിടപ്പെട്ടെങ്കിൽ മാത്രമേ ഈ വളർച്ച സാധ്യമാവുകയുള്ളൂ.

മണ്ണിൽ കുഴിച്ചിടപ്പെട്ട വിത്തു ഫലം പുറപ്പെടുവിക്കുന്നു. വീണ്ടും ആ ഫലം മണ്ണിൽ കുഴിച്ചിടപ്പെടുന്നു. ഇങ്ങനെ ഫലശേഖരം വളരെ മടങ്ങു വർദ്ധിക്കുന്നു. അതുപോലെ ക്രിസ്തുവിന്റെ ക്രൂശുമരണം നിത്യജീവങ്കലേക്കു ഫലം പുറപ്പെടുവിക്കുന്നു. മഹത്തായ യാഗത്തെക്കുറിച്ചുള്ള ചിന്ത, ഇതിന്റെ ഫലമായി ജീവനിലേക്കു കടക്കുന്നവർക്ക്, നിത്യതയിൽ സന്തോഷപ്രദമായിരിക്കും.

നിലത്തുവീണു ചാകാത്ത കോതമ്പുമണിക്കു ഫലം പുറപ്പെടുവിക്കുവാൻ കഴിയുന്നതല്ല. അതു തനിയേ ജീവിക്കുന്നു. ക്രിസ്തുവിന്, വേണമായിരുന്നുവെങ്കിൽ മരണം ആസ്വദിക്കാതെ ജീവിക്കാമായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ കർത്താവിനു മനുഷ്യരുടെ കൂട്ടായ്മ അനുഭവിപ്പാൻ കഴിയാതെവരുമായിരുന്നു; ആരെയും ദൈവത്തിങ്കലേക്ക് ആനയിക്കുവാൻ കഴിയാതെ വരുമായിരുന്നു. തന്റെ ജീവൻ നൽകുന്നതിലൂടെ മാത്രമേ മനുഷ്യവർഗ്ഗത്തിന്റെ ജീവനെ രക്ഷിക്കുവാൻ ക്രിസ്തുവിനും കഴിയുകയുള്ളൂ. താൻ നിലത്തുവീണു ചാകേണ്ടത്, അതിനാവശ്യമായിരുന്നു. അങ്ങനെ മാത്രമേ ആത്മാക്കളുടെ വിളവെടുപ്പു സാദ്ധ്യമായിത്തീരുമായിരുന്നുള്ളൂ. എല്ലാ ജാതിയിൽനിന്നും, വംശത്തിൽനിന്നും, ഭാഷയിൽനിന്നുമുള്ള വലിയ പുരുഷാരത്തെ വീണ്ടെടുക്കുന്ന കൊയ്ത്ത്, ക്രിസ്തുവിന്റെ മരണത്തിൽക്കൂടെയാണു സാദ്ധ്യമായിത്തീരുന്നത്.

എല്ലാവരും പഠിച്ചിരിക്കേണ്ട സ്വയത്യാഗത്തിന്റെ പാഠം, ക്രിസ്തു ഈ സത്യവുമായി ബന്ധിപ്പിച്ചു. "തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും; ഇഹലോകത്തിൽ തന്റെ ജീവനെ പകയ്ക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും." ക്രിസ്തുവിന്റെ കൂട്ടുവേലക്കാരായി ഫലം പുറപ്പെടുവിക്കുന്ന ഏവരും ആദ്യം നിലത്തുവീണു ചാകേണ്ടിയിരിക്കുന്നു. ലോകത്തിന്റെ ആവശ്യമാകുന്ന ഉഴവുചാലിൽ ജീവിതമാകുന്ന വിത്തിനെ വിതയ്ക്കേണ്ടതാകുന്നു. സ്വന്തതാൽപര്യങ്ങളും സ്വയസ്നേഹവും നശിക്കേണം. സ്വയത്യാഗത്തിന്റെ നിയമം സ്വയസംരക്ഷണത്തിന്റെ നിയമം തന്നെയാണ്. കൃഷിക്കാരൻ തന്റെ ധാന്യത്തെ ഉഴവുചാലിൽ എറിയുന്നതിലൂടെ തന്റെ കൃഷിയെ സംരക്ഷിക്കുന്നു. മനുഷ്യജീവിതവും അപ്രകാരമാണ്. നൽകുക എന്നാൽ ജീവിക്കുക എന്നാണ്. ദൈവത്തിനും മനുഷ്യനുംവേണ്ടി ജീവനെ നൽകുന്നവൻ യഥാർത്ഥത്തിൽ ജീവിക്കുന്നു. സംരക്ഷണം ലഭിക്കുന്ന ജീവിതമാണത്. ക്രിസ്തുവിനുവേണ്ടി ജീവനെ അർപ്പിക്കുന്നവർ, നിത്യജീവനുവേണ്ടി ജീവനെ സംരക്ഷിക്കുന്നു.

സ്വയത്തിനുവേണ്ടി നിലകൊള്ളുന്ന ജീവിതം ഭക്ഷിക്കപ്പെടുന്ന ധാന്യം പോലെ ആകുന്നു. അത് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അതിനു വർദ്ധനയില്ല. ഒരുവന്, സ്വയത്തിനുവേണ്ടി കൂട്ടിവയ്ക്കുവാൻ കഴിയും. അയാൾ സ്വയത്തിനുവേണ്ടി ജീവിക്കുകയും ചിന്തിക്കുകയും, പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തേക്കാം. എന്നാൽ ജീവിതം അവസാനിക്കുമ്പോൾ അവന് ഒന്നുമില്ല. സ്വയത്തെ സേവിക്കുക എന്നാൽ സ്വയം നശിക്കുക എന്നതാണ്. യേശു പറഞ്ഞു: "എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ

എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും." യേശുവിനോടുകൂടെ ത്യാഗത്തിന്റെ കുരിശു വഹിച്ചിട്ടുള്ളവരും തന്നോടുകൂടെ മഹത്വത്തിന്റെ പങ്കാളികളാവും. യേശുവിന്റെ കഷ്ടതയിൽ തനിക്കുണ്ടായിരുന്ന സന്തോഷം തന്റെ അനുഗാമികൾ, തന്നോടുകൂടെ മഹത്വീകരിക്കപ്പെടും എന്ന ഉറപ്പായിരുന്നു. യേശുവിന്റെ സ്വയത്യാഗത്തിന്റെ ഫലമായിരുന്നു തന്റെ അനുഗാമികൾ. തന്റെ സ്വഭാവവും ആത്മാവും തന്റെ അനുഗാമികളിൽ പ്രവർത്തിക്കുന്നതു കാണുന്നതായിരുന്നു ക്രിസ്തുവിന്റെ വലിയ പ്രതിഫലം. നിത്യതയിൽ ക്രിസ്തുവിന്റെ സന്തോഷകാരണവും അതായിരിക്കും. തങ്ങളുടെ ത്യാഗത്തിന്റെയും പ്രയത്നത്തിന്റെയും ഫലം മറ്റുള്ളവരുടെ ജീവിതത്തിൽ കാണുമ്പോൾ, ഈ സന്തോഷം ശിഷ്യന്മാർ യേശുവുമായി പങ്കിടുന്നു. അവർ യേശുവിന്റെ കൂട്ടുവേലക്കാർ ആകുന്നു. പിതാവു പുത്രനെ മാനിക്കുന്നതുപോലെ, പുത്രൻ അവരെയും മാനിക്കുന്നു.

യവനന്മാരുടെ കടന്നുവരവ്, ജാതികൾ സുവിശേഷത്തിലേക്കു കടന്നുവരുന്നതിന്റെ മുന്നോടിയായിരുന്നു. ആ സംഭവം, തന്റെ ദൗത്യത്തെ പൂർണ്ണതയിൽ കാണുന്നതിനു യേശുവിനെ സഹായിച്ചു. സ്വർഗ്ഗത്തിൽ രക്ഷയുടെ പദ്ധതിക്കു തുടക്കം ഇട്ടതുമുതൽ, ആസന്നമായിരിക്കുന്ന തന്റെ ക്രൂശുമരണംവരെയുള്ള രക്ഷണ്യവേല, ക്രിസ്തുവിന്റെ മനസ്സിലൂടെ കടന്നുപോയി. അസാധാരണമായ ഒരു മേഘം യേശുവിനെ മറയ്ക്കുന്നതുപോലെ തോന്നി. ക്രിസ്തുവിന്റെ അടുക്കൽ നിന്നവർക്കു ക്രിസ്തുവിനുണ്ടായ മ്ലാനത അനുഭവപ്പെട്ടു. ചിന്താമഗ്നനായി കർത്താവ് ഇരുന്നു. ഒടുവിൽ വിലാപത്തോടുകൂടിയ തന്റെ വാക്കുകൾ മൗനത ഭേദിച്ചു. "ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു; ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ നാഴികയിൽ നിന്ന് എന്നെ രക്ഷിക്കണമേ." ദുഃഖത്തിന്റെ പാനപാത്രം ക്രിസ്തു കുടിക്കുവാൻ തുടങ്ങിയിരിക്കുന്നു. താൻ ത്യജിക്കപ്പെട്ടു എന്നറിഞ്ഞ നാഴികമുതൽ തന്റെ മനുഷ്യത്വം ദുഃഖനിമഗ്നമായി. സ്വർഗ്ഗീയ പിതാവുപോലും തന്നിൽ നിന്ന് അകന്നിരിക്കുന്നതുപോലെ തോന്നി. "ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചും" ഇരിക്കുന്നതായി മറ്റുള്ളവർ കാണുവാൻ പോകുകയാണ്. പൊതുരംഗങ്ങളിൽനിന്നു യേശു പിൻവാങ്ങുന്നതും, ഏറ്റവും ഹീനനായ കുറ്റവാളിയെപ്പോലെ കരുതപ്പെടുന്നതും മറ്റുള്ളവർ കാണുവാൻ പോകുകയായിരുന്നു. ഏറ്റവും അപമാനകരമായ മരണം അനുഭവിക്കുവാൻ യേശു ഒരുങ്ങുകയായിരുന്നു. അന്ധകാരശക്തികളുമായുള്ള പോരാട്ടത്തിന്റെ അപകടസൂചനയും, മനുഷ്യന്റെ അകൃത്യഭാരം വഹിക്കേണ്ടിവരുന്നതിന്റെ ഭയാനകത്വവും, പാപത്തോടുള്ള ദൈവത്തിന്റെ ക്രോധവും ചിന്തിച്ചപ്പോൾ യേശുവിന്റെ ആത്മാവു ക്ഷീണിച്ചു. യേശുവിന്റെ മുഖം വിവർണ്ണമായി.

തന്റെ പിതാവിന്റെ ഹിതത്തിന് ഉടൻതന്നെ യേശു കീഴ്പ്പെട്ടു. "ഇതു നിമിത്തം ഞാൻ ഈ നാഴികയിലേക്കു വന്നിരിക്കുന്നു. പിതാവേ, നിന്റെ നാമത്തെ മഹത്വപ്പെടുത്തേണമേ." ക്രിസ്തുവിന്റെ മരണത്തിൽക്കൂടെ മാത്രമേ, സാത്താന്റെ രാജ്യം തകർക്കുവാൻ കഴിയുകയുള്ളൂ. മനുഷ്യന്റെ വീണ്ടെടുപ്പും, ദൈവത്തിന്റെ നാമം മഹത്വീകരിക്കപ്പെടുന്നതും ഇങ്ങനെ

മാത്രമേ സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. സ്വയത്യാഗത്തിനുവേണ്ടി ക്രിസ്തു തയ്യാറായി. ലോകത്തിന്റെ പാപത്തെ ചുമക്കുവാൻ സ്വർഗ്ഗത്തിലെ രാജ കുമാരൻ ഒരുങ്ങിക്കഴിഞ്ഞു. "പിതാവേ, നിന്റെ നാമത്തെ മഹത്വപ്പെടു ത്തേണമേ." യേശു പ്രാർത്ഥിച്ചു. യേശു ഈ വാക്കുകൾ ഉച്ചരിച്ചപ്പോൾ, തനിക്കു മുകളിലുണ്ടായിരുന്ന മേഘത്തിൽനിന്ന് ഇപ്രകാരം കേട്ടു: "ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു; ഇനിയും മഹത്വപ്പെടുത്തും." പശുത്തൊട്ടിയിൽ നിന്നും, ഈ നാഴികവരെയുള്ള ക്രിസ്തുവിന്റെ ജീവിതത്തിൽ ദൈവത്തെ മഹത്വപ്പെടുത്തിയിരുന്നു. ഇനിയും വരുവാൻ പോകുന്ന പരീക്ഷയിൽ, ക്രിസ്തു തന്റെ പിതാവിനെ മഹത്വപ്പെടുത്തുക തന്നെ ചെയ്യും.

ആ ശബ്ദം കേട്ടപ്പോൾ, മേഘത്തിൽനിന്ന് ഒരു പ്രകാശനാളം പുറപ്പെട്ടു ക്രിസ്തുവിനെ വളഞ്ഞു. ദൈവത്തിന്റെ കരങ്ങൾ യേശുവിനെ വലയം ചെയ്തതുപോലെ കാണപ്പെട്ടു. ഭയാത്ഭുതങ്ങളോടെയാണു ജനങ്ങൾ ഈ രംഗം വീക്ഷിച്ചത്. സംസാരിപ്പാൻ ആരും തുനിഞ്ഞില്ല. നിശ്ശബ്ദരായി, ശ്വാസം അടക്കി, കണ്ണുകൾ യേശുവിന്മേൽ ഉറപ്പിച്ചുകൊണ്ടു ജനം നിർന്നിമേഷരായി നിന്നു. പിതാവിന്റെ സാക്ഷ്യം കേട്ട ഉടനെ മേഘം നീങ്ങി, ആകാശവീഥി തെളിഞ്ഞു. തത്ക്കാലത്തേക്കു പിതാവും പുത്രനും തമ്മിലുള്ള പരസ്യമായ ബന്ധം നിലച്ചു.

"അതു കേട്ടിട്ട് അരികെ നില്ക്കുന്ന പുരുഷാരം ഇടി ഉണ്ടായി എന്നു പറഞ്ഞു; മറ്റു ചിലർ: ഒരു ദൈവദൂതൻ അവനോടു സംസാരിച്ചു എന്നു പറഞ്ഞു." എന്നാൽ അന്വേഷകരായി വന്ന യവനർ മേഘം കണ്ടു. ശബ്ദം കേട്ടു. അതിന്റെ അർത്ഥം ഗ്രഹിച്ചു. ക്രിസ്തുവിനെ അവർ യഥാർത്ഥത്തിൽ മനസ്സിലാക്കുകയും ചെയ്തു. യേശു ദൈവത്താൽ അയയ്ക്കപ്പെട്ടവൻ എന്നു യവനർക്കു ബോദ്ധ്യമായി.

യേശുവിന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്ന വേളയിൽ, യേശു സ്നാനം ഏറ്റപ്പോൾ, ദൈവത്തിന്റെ ശബ്ദം മുഴങ്ങി. വീണ്ടും മറുരൂപമലയിൽവച്ചും ആ ശബ്ദം മുഴങ്ങി. യേശുവിന്റെ ശുശ്രൂഷയുടെ അന്തിമവേളയിൽ, മൂന്നാമത്തെ പ്രാവശ്യം അനേകർ കേൾക്കത്തക്കവണ്ണം ആ ശബ്ദം വീണ്ടും മുഴങ്ങി. യെഹൂദന്മാരുടെ ദയനീയ അവസ്ഥയെക്കുറിച്ചു ക്രിസ്തു വീണ്ടും പറഞ്ഞപ്പോഴാണു ദൈവത്തിന്റെ ശബ്ദം മുഴങ്ങിയത്. യേശു അവസാന ത്തെ ക്ഷണം അവർക്കു നല്കി. യെഹൂദന്മാർക്കു വരുവാൻ പോകുന്ന നാശത്തെക്കുറിച്ചു യേശു പറഞ്ഞു. തന്റെ പുത്രന്റെ ദൗത്യത്തിന്റെ അംഗീ കാരമുദ്ര ദൈവം അംഗീകരിച്ചു. "ഈ ശബ്ദം എന്റെ നിമിത്തമല്ല, നിങ്ങളുടെ നിമിത്തമത്രേ ഉണ്ടായത്," യേശു പറഞ്ഞു. താൻ മശീഹ യാണെന്നുള്ളതിന്റെ യഥാർത്ഥ തെളിവായിരുന്നു അത്. യേശു ദൈവപുത്ര നാണെന്നും, താൻ പറഞ്ഞതു സത്യമാണെന്നുമുള്ള പിതാവായ ദൈവ ത്തിന്റെ ഉറപ്പായിരുന്നു അത്.

"ഇപ്പോൾ ലോകത്തിന്റെ ന്യായവിധി ആകുന്നു," ക്രിസ്തു തുടർന്നു: "ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തു തള്ളിക്കളയും. ഞാനോ

ഭൂമിയിൽനിന്നുയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും... ഇതു താൻ മരിപ്പാനുള്ള മരണവിധം സൂചിപ്പിച്ചു പറഞ്ഞതത്രേ." ഇതു ലോകത്തിന്റെ ഏറ്റവും ദുർഘടകാലഘട്ടം ആകുന്നു. ഞാൻ മനുഷ്യരുടെ പാപത്തിനു പരിഹാരബലി ആയിത്തീരുന്നുവെങ്കിൽ, ലോകം പ്രകാശിതമാകും; മനുഷ്യന്റെമേലുള്ള സാത്താന്റെ ആധിപത്യം തകരും; വിരൂപമാക്കപ്പെട്ട ദൈവത്തിന്റെ സാദൃശ്യം മനുഷ്യനിൽ പുനഃസ്ഥാപിക്കപ്പെടും. വിശ്വസിക്കുന്ന വിശുദ്ധന്മാരുടെ കുടുംബം ഒടുവിൽ സ്വർഗ്ഗീയ ഭവനം അവകാശമാക്കും. ഇവയാണു ക്രിസ്തുവിന്റെ മരണത്തിന്റെ ഫലങ്ങൾ. ഈ രംഗങ്ങൾ, ക്രിസ്തു കണ്ടുകൊണ്ടു നിന്നു. ക്രൂരവും അപമാനകരവുമായ കുരിശ്, മഹത്വത്തിന്റെ പ്രഭ അണിഞ്ഞു നില്ക്കുന്നതു കർത്താവു കണ്ടു.

മനുഷ്യന്റെ വീണ്ടെടുപ്പു മാത്രമല്ല കുരിശു നേടിത്തരുന്നത്. പ്രപഞ്ചത്തിന്റെ മുമ്പാകെ ദൈവസ്നേഹം വെളിപ്പെടുത്തിയതു കുരിശായിരുന്നു. ഈ ലോകത്തിന്റെ പ്രഭുവായ സാത്താൻ തോല്പിക്കപ്പെട്ടു. അവൻ ദൈവത്തിന് എതിരായി കൊണ്ടുവന്ന എല്ലാ ആരോപണങ്ങളും തെറ്റെന്നു തെളിയിക്കപ്പെട്ടു. സ്വർഗ്ഗത്തിന്റെമേൽ സാത്താൻ കൊണ്ടുവന്ന നിന്ദ എന്നേക്കുമായി തുടച്ചുനീക്കപ്പെട്ടു. "ഞാനോ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്കു ആകർഷിക്കും" എന്നു യേശു പറഞ്ഞു.

ഈ വചനങ്ങൾ യേശു പറഞ്ഞപ്പോൾ അനേകർ യേശുവിനു ചുറ്റും ഉണ്ടായിരുന്നു. ഒരുവൻ പറഞ്ഞു: "ക്രിസ്തു എന്നേക്കും ഇരിക്കും എന്നു ഞങ്ങൾ ന്യായപ്രമാണത്തിൽ വായിച്ചുകേട്ടിരിക്കുന്നു; പിന്നെ മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടതെന്നു നീ പറയുന്നത് എങ്ങനെ? ഈ മനുഷ്യപുത്രൻ ആർ?" അപ്പോൾ യേശു അവരോടു പറഞ്ഞു: "ഇനി കുറയകാലം മാത്രം വെളിച്ചം നിങ്ങളുടെ ഇടയിൽ ഇരിക്കും; ഇരുൾ നിങ്ങളെ പിടിക്കാതിരിപ്പാൻ നിങ്ങൾക്കു വെളിച്ചം ഉള്ളേടത്തോളം നടന്നുകൊൾവിൻ. ഇരുളിൽ നടക്കുന്നവൻ താൻ എവിടെപ്പോകുന്നുവെന്ന് അറിയുന്നില്ലല്ലോ. നിങ്ങൾ വെളിച്ചത്തിന്റെ മക്കൾ ആകേണ്ടതിനു വെളിച്ചം ഉള്ളേടത്തോളം വെളിച്ചത്തിൽ വിശ്വസിപ്പിൻ."

"അവൻ ഇത്ര വളരെ അടയാളങ്ങളെ ചെയ്തിട്ടും അവർ അവനിൽ വിശ്വസിച്ചില്ല." ഒരിക്കൽ അവർ യേശുവിനോടു ചോദിച്ചു: "ഞങ്ങൾ കണ്ട്, നിന്നെ വിശ്വസിക്കേണ്ടതിനു നീ എന്ത് അടയാളം ചെയ്യുന്നു?" (യോഹ. 6:30). അനവധി അടയാളങ്ങൾ യെഹൂദന്മാർക്കു നല്കപ്പെട്ടു. എന്നാൽ അവർ കണ്ണുകളെ അടച്ചുകളഞ്ഞു. അവരുടെ ഹൃദയങ്ങളെ കഠിനമാക്കുകയും ചെയ്തു. ഇപ്പോൾ പിതാവു തന്നെ സംസാരിച്ചിരിക്കയാൽ അവർക്ക് അതിൽ കൂടുതൽ അടയാളങ്ങൾ ചോദിപ്പാനില്ലായിരുന്നു. എങ്കിലും അവർ അവനിൽ വിശ്വസിച്ചില്ല.

"എന്നിട്ടും പ്രമാണികളിൽ തന്നെയും അനേകർ അവനിൽ വിശ്വസിച്ചു; പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റുപറഞ്ഞില്ലതാനും." അവർ ദൈവത്തിന്റെ അംഗീകാരത്തെക്കാൾ മനുഷ്യരുടെ സ്തുതിയെ

കൂടുതൽ സ്നേഹിച്ചു. അപമാനത്തിൽനിന്നും പരിഹാസത്തിൽനിന്നും രക്ഷനേടാൻ അവർ ക്രിസ്തുവിനെ ത്യജിച്ചു. നിത്യജീവന്റെ വാഗ്ദാനത്തെ അവർ ത്യജിച്ചുകളഞ്ഞു. ഇതുതന്നെ എത്രയോ പേർ നൂറ്റാണ്ടുകളായി ചെയ്തുപോരുന്നു. അവർക്കെല്ലാം രക്ഷകന്റെ മുന്നറിയിപ്പു വളരെ അന്വർത്ഥ മാണ്. "തന്റെ ജീവനെ സ്നേഹിക്കുന്നവൻ, അതിനെ കളയും," "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധി ക്കുന്നവൻ ഉണ്ട്; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും" (യോഹ. 12:48).

തങ്ങളുടെ സന്ദർശനദിനം അറിയാത്തവർക്കു ഹാ, കഷ്ടം. യേശു സാവധാനത്തിൽ, ഹൃദയഭാരത്തോടെ, എന്നേക്കുമായി, ദൈവാലയത്തെ വിട്ടുപോയി.

# 69

# ഒലിവുമലയിൽ

അവലംബം: മത്തായി 24; മർക്കൊസ് 13; ലൂക്കൊസ് 21:5-38

"നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും" (മത്തായി 23:38) എന്ന ക്രിസ്തുവിന്റെ വാക്കുകൾ പരീശന്മാരെയും പ്രമാണികളെയും ഭയചകിതരാക്കിത്തീർത്തു. തങ്ങൾ ഇതിൽ തൽപരരല്ല എന്നു പരീശന്മാരും പ്രമാണികളും ഭാവിച്ചെങ്കിലും, ഈ വാക്കുകളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ അവരുടെ മനസ്സിൽ ഉയർന്നുകൊണ്ടിരുന്നു. അദൃശ്യമായ ഏതോ ഒന്ന് അവരെ ഭയപ്പെടുത്തുന്നതുപോലെ തോന്നി. യെഹൂദജാതിയുടെ പ്രശംസയായ യെരൂശലേം ദൈവാലയം വേഗത്തിൽ നാശനഷ്ടങ്ങളുടെ ഒരു കൂമ്പാരമായിത്തീരാൻ പോവുകയാണോ? ശിഷ്യന്മാരും വരുവാൻ പോകുന്ന നാശത്തെക്കുറിച്ചു ഭയമുള്ളവരായിരുന്നു. കർത്താവിനോടുകൂടെ ശിഷ്യന്മാർ ദൈവാലയം വിട്ടുപോകുമ്പോൾ ദൈവാലയത്തിന്റെ സൗന്ദര്യവും ഭംഗിയും കാണുവാൻ, അവർ യേശുവിനെ ക്ഷണിച്ചു. ദൈവാലയത്തിന്റെ കല്ലുകൾ ശുദ്ധമായ മാർബിൾ കല്ലുകൾ ആയിരുന്നു. തൂവെൺമ വെട്ടിത്തിളങ്ങിയ ആ കല്ലുകളിൽ ചിലതിന് അസാമാന്യവലിപ്പമുണ്ടായിരുന്നു. നെബൂഖദ്

നേസരിന്റെ പടയാളികളുടെ ആക്രമണത്തെ അതിജീവിച്ച ഒന്നായിരുന്നു മതിലിന്റെ ഒരു ഭാഗം. അതിന്റെ മനോഹരമായ ശില്പചാതുരി, അതിനെ ഖനിയിൽനിന്നു വെട്ടിയെടുത്ത ഒറ്റക്കല്ല് എന്നപോലെ തോന്നിപ്പിക്കുമായിരുന്നു. ഇത്രയും ശക്തമായ മതിലിനെ എങ്ങനെ നശിപ്പിക്കുവാൻ കഴിയുമെന്നു ശിഷ്യന്മാർ സംശയിച്ചു. അതു ഗ്രഹിപ്പാൻ അവർക്കു കഴിഞ്ഞില്ല.

ദൈവാലയത്തിന്റെ സൗന്ദര്യം ദർശിച്ചുകൊണ്ടിരുന്നപ്പോൾ, യെഹൂദന്മാരാൽ തിരസ്കരിക്കപ്പെട്ട യേശുവിന്റെ മനസ്സിലെ വിചാരങ്ങൾ എന്തായിരുന്നു? തന്റെ മുമ്പിൽ കാണപ്പെട്ട ദൃശ്യം ഹൃദയാവർജ്ജകമായിരുന്നുവെങ്കിലും യേശു ദുഃഖിതനായിരുന്നു. ദൈവാലയം സത്യത്തിൽ മനോഹരമായിരുന്നു. ഈ മതിലുകളെ തകർക്കുക അസാദ്ധ്യമെന്നു നിങ്ങൾക്കു തോന്നുന്നുവോ? യേശു ശിഷ്യന്മാരോടു ചോദിച്ചു. "ഇടിഞ്ഞുപോകാതെ, കല്ലിന്മേൽ കല്ലു ശേഷിക്കാത്ത" കാലം വരുമെന്നു യേശു പറഞ്ഞു.

ഒരു വലിയ ജനക്കൂട്ടത്തോടാണു യേശു സംസാരിച്ചത്. എന്നാൽ ഒലിവു മലയിൽ കർത്താവു തനിച്ചായിരുന്നപ്പോൾ പത്രൊസും യോഹന്നാനും യാക്കോബും അന്ത്രെയാസും കർത്താവിന്റെ അടുക്കൽ ചെന്നു. "അത് എപ്പോൾ സംഭവിക്കുമെന്നും, നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്നും പറഞ്ഞുതരേണം എന്ന് അപേക്ഷിച്ചു." തന്റെ വരവും, യെരൂശലേമിന്റെ നാശവും വെവ്വേറെ കാണിച്ചുകൊണ്ടു യേശു ഉത്തരം നല്കിയില്ല. ഈ രണ്ടു സംഭവങ്ങളെയും യേശു ഒന്നായി വിവരിച്ചുകൊണ്ടാണു ശിഷ്യന്മാരോടു സംസാരിച്ചത്. താൻ കണ്ടതുപോലെ ഭാവികാര്യങ്ങളെ ശിഷ്യന്മാർക്കു തുറന്നുകാണിച്ചിരുന്നെങ്കിൽ അത് അവർക്കു വഹിപ്പാൻ കഴികയില്ലായിരുന്നു. ശിഷ്യന്മാർ അവയുടെ അർത്ഥം മനസ്സിലാക്കുന്നതിനുവേണ്ടി തന്റെ കരുണയിൽ ഈ രണ്ടു സംഭവങ്ങളെ - യെരൂശലേമിന്റെ നാശത്തെയും, ലോകാവസാനത്തെയും - സംയോജിപ്പിച്ചു. യെരൂശലേമിനു സംഭവിപ്പാൻ പോകുന്ന നാശത്തെക്കുറിച്ചു യേശു വിവരിച്ചപ്പോൾ, തന്റെ വാക്കുകൾ ഭാവിയിൽ ഭൂമിക്കു വരാൻ പോകുന്ന അന്തിമമായ നാശത്തെപ്പറ്റി വിവരിച്ചു. താൻ ഭൂമിയെ അഗ്നികൊണ്ടു നശിപ്പിക്കുന്ന നാളിനെക്കുറിച്ചു വിവരിച്ചപ്പോൾ ഭൂമി താൻ കുടിച്ച രക്തം ഒക്കെയും വെളിപ്പെടുത്തുകയും, അതിലുള്ള ഹതന്മാരെ മൂടിവയ്ക്കാതിരിക്കയും ചെയ്യുന്ന നാളിനെക്കുറിച്ച്, കർത്താവു സംസാരിച്ചു. ശിഷ്യന്മാർക്കു വേണ്ടി മാത്രമല്ല കർത്താവ് ഇതു വെളിപ്പെടുത്തിയത്. ലോകചരിത്രത്തിന്റെ അന്ത്യനാളുകളിൽ ജീവിക്കുന്നവർക്കു വേണ്ടിയും ആയിരുന്നു.

ശിഷ്യന്മാരിലേക്കു തിരിഞ്ഞുകൊണ്ടു യേശു പറഞ്ഞു: "ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ക്രിസ്തു എന്നു പറഞ്ഞ് അനേകർ എന്റെ പേർ എടുത്തു വന്നു പലരെയും തെറ്റിക്കും." യെഹൂദജാതിയുടെ വിടുതലിന്റെ നാൾ വന്നിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട്, അത്ഭുതപ്രവൃത്തികൾ ചെയ്യുമെന്ന അവകാശവാദവുമായി അനേകം കള്ളക്രിസ്തുക്കൾ പ്രത്യക്ഷപ്പെടുകയും അനേകരെ വഴിതെറ്റിക്കുകയും ചെയ്യുമെന്നു കർത്താവു പറഞ്ഞു. ക്രിസ്തുവിന്റെ വാക്കുകൾ നിറവേറി.

ക്രിസ്തുവിന്റെ ക്രൂശുമരണത്തിനും യെരൂശലേമിന്റെ ഉപരോധത്തിനും ഇടയ്ക്ക് അനവധി കള്ളക്രിസ്തുക്കൾ പ്രത്യക്ഷപ്പെട്ടു. ലോകത്തിന്റെ അന്ത്യനാളുകളിൽ ജീവിച്ചിരിക്കുന്നവർക്കും കൂടെയാണ്, ഈ മുന്നറിയിപ്പു നല്കിയിരിക്കുന്നത്. യെരൂശലേമിന്റെ നാശത്തിനുമുമ്പു നടമാടിയിരുന്ന അതേ വഞ്ചനകൾ യുഗങ്ങളായി തുടർന്നുപോരികയാണ്. അതു ഭാവിയിലും തുടരും.

"നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അതു സംഭവിക്കേണ്ടതു തന്നെ; എന്നാൽ അത് അവസാനമല്ല." യെരൂശലേമിന്റെ നാശത്തിനു മുമ്പായി മനുഷ്യർ മേൽക്കോയ്മയ്ക്കുവേണ്ടി മത്സരിച്ചു. ഭരണാധികാരികൾ കൊല്ലപ്പെട്ടു. അടുത്ത അവകാശികളും വധിക്കപ്പെട്ടു. യുദ്ധങ്ങളും യുദ്ധ ശ്രുതികളും സർവ്വസാധാരണമായിരുന്നു. "അതു സംഭവിക്കേണ്ടതുതന്നെ; എന്നാൽ അത് (യെഹൂദരാഷ്ട്രത്തിന്റെ) അവസാനമല്ല," യേശു പറഞ്ഞു: "ജാതി ജാതിയോടും, രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇതൊക്കെയും ഈറ്റു നോവിന്റെ ആരംഭമത്രേ." ഈ അടയാളങ്ങൾ റബ്ബിമാർ കാണുമ്പോൾ, യിസ്രാ യേലിനെ അടിമത്തത്തിൽ പാർപ്പിച്ചതുകൊണ്ട്, ദൈവത്തിന്റെ ശിക്ഷാവിധി ജാതികളുടെ മേൽ വന്നിരിക്കുകയാണെന്ന് അവർ പറയും. ഈ അടയാള ങ്ങൾ മശീഹയുടെ വരവിന്റെ സൂചനകളാണെന്നു റബ്ബിമാർ പറയുമെന്നു ക്രിസ്തു പറഞ്ഞു. ക്രിസ്തു തുടർന്നു പറഞ്ഞു: വഞ്ചിക്കപ്പെടരുത്; ജനം തങ്ങളിലേക്കു മാത്രം നോക്കുന്നു. ഞാൻ അവരെ സൗഖ്യമാക്കേണ്ടതിന്, അവർ അനുതപിക്കുകയോ, മാനസാന്തരപ്പെടുകയോ ചെയ്തിട്ടില്ല. അടിമത്തത്തിൽനിന്നുള്ള തങ്ങളുടെ വിമോചനത്തിന്റെ സൂചനകളായി അവർ വ്യാഖ്യാനിക്കുന്ന അടയാളങ്ങൾ അവരുടെ നാശത്തിന്റെ അടയാള ങ്ങളാണെന്നു കർത്താവു പറഞ്ഞു.

"അന്ന് അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പിക്കുകയും കൊല്ലുകയും ചെയ്യും. എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകയ്ക്കും. പലരും ഇടറി അന്യോന്യം ഏല്പിച്ചുകൊടുക്കുകയും അന്യോന്യം പകയ്ക്കു കയും ചെയ്യും." ക്രിസ്ത്യാനികൾ ഈ കഷ്ടതകളെല്ലാം അനുഭവിച്ചു. മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ ഏല്പിച്ചു കൊടുത്തു. ക്രൂര ന്മാരായ പീഡകന്മാർ, സ്തേഫാനോസ്, യാക്കോബ് തുടങ്ങിയ ക്രിസ്തീയ വീരന്മാരെ കൊലചെയ്തു തങ്ങളുടെ ഉദ്ദേശ്യം നിവർത്തിച്ചു.

യെഹൂദജനം മാനസാന്തരപ്പെടുവാൻ ഒരു സന്ദർഭംകൂടെ കൊടുത്തു. തന്റെ വിശ്വസ്തസാക്ഷികളിലൂടെ ദൈവം തന്നെത്താൻ വെളിപ്പെടുത്തി. അവരുടെ ബന്ധനവും, വിചാരണയും, കാരാഗൃഹവാസവും ദൈവത്തെ വെളിപ്പെടുത്തുവാൻ നല്ല മാർഗ്ഗങ്ങളായിരുന്നു. വിധികർത്താക്കൾ അവർക്കു വധശിക്ഷ നല്കി. ലോകം ഈ ഭക്തന്മാർക്കു യോഗ്യമായിരുന്നില്ല. ദൈവജനത്തെ കൊലചെയ്യുന്നതിലൂടെ, ആ ദുഷ്ടന്മാർ ദൈവപുത്രനെ വീണ്ടും ക്രൂശിക്കയായിരുന്നു. ഈ ക്രൂരതകൾ വീണ്ടും ആവർത്തിക്കപ്പെടും.

മതസ്വാതന്ത്ര്യം ഇല്ലായ്മ ചെയ്യുന്ന നിയമങ്ങൾ ഇനിയുമുണ്ടാകും. ദൈവ കല്പനകളെ മനുഷ്യർ മാറ്റിമറിക്കാൻ ശ്രമിക്കും. മറ്റുള്ളവരുടെ മനസ്സാക്ഷിയെ നിയന്ത്രിക്കുവാൻ പീഡകന്മാർ ശ്രമിക്കും. ഇപ്പോൾത്തന്നെ അതിന്റെ ആരംഭം ഇട്ടുതുടങ്ങി. അവരുടെ കഴിവിന്റെ പരമാവധി ദൈവ കല്പനയ്ക്കെതിരായും ദൈവജനത്തിനെതിരായും പ്രവർത്തിക്കും. തന്റെ വിശ്വസ്തസാക്ഷികൾക്കുവേണ്ടി ദൈവം ഇടപെടും.

പീഡനം നടക്കുമ്പോൾ, അതു കാണുന്നവർ ഒന്നുകിൽ ക്രിസ്തുവിനു വേണ്ടി അല്ലെങ്കിൽ ക്രിസ്തുവിനെതിരായി തീരുമാനം എടുക്കും. അന്യായമായി പീഡിപ്പിക്കപ്പെടുന്നവരോട് അനുഭാവപൂർവ്വം ഇടപെടുന്നവർ, ക്രിസ്തുവിനോടു തങ്ങൾക്കുള്ള ബന്ധം കാണിക്കുന്നു. സത്യത്തിന്റെ തത്വങ്ങൾ തങ്ങൾക്കെതിരാകുന്നതുകൊണ്ട് അനേകർ തെറ്റിപ്പോകുന്നു. ഒരിക്കൽ തങ്ങൾ ഉയർത്തിക്കാട്ടിയ വിശ്വാസത്തിൽനിന്ന് അനേകർ വിശ്വാസത്യാഗികളായി വീണുപോകുന്നു. വൻ പരീക്ഷാകാലങ്ങളിൽ അനേകർ വിശ്വാസം വിട്ടുപോകയും, തങ്ങളുടെ സ്വന്തരക്ഷയ്ക്കുവേണ്ടി കള്ളസാക്ഷ്യം പറകയും സ്വന്തസഹോദരങ്ങളെ ഒറ്റിക്കൊടുക്കുകയും ചെയ്യും. ഇങ്ങനെ സംഭവിക്കുമ്പോൾ യഥാർത്ഥ വിശ്വാസികൾ നിരാശപ്പെട്ടു പോകാതിരിപ്പാൻ ഇങ്ങനെയെല്ലാം സംഭവിക്കുമെന്നു മുന്നറിയിപ്പു നല്കിയിട്ടുണ്ട്.

യെരൂശലേമിനു സംഭവിപ്പാൻ പോകുന്ന നാശത്തെക്കുറിച്ച് ഒരു അടയാളം യേശു തന്റെ ശിഷ്യന്മാർക്കു നല്കി. ആ നാശത്തിൽനിന്ന് എപ്രകാരം രക്ഷപ്പെടണമെന്നു യേശു ശിഷ്യന്മാരോടു പറഞ്ഞു: “സൈന്യങ്ങൾ യെരൂശലേമിനെ വളഞ്ഞിരിക്കുന്നതു കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നുവെന്ന് അറിഞ്ഞുകൊൾവിൻ. അന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ. അതിന്റെ നടുവിലുള്ളവർ പുറപ്പെട്ടുപോകട്ടെ; നാട്ടുപുറങ്ങളിലുള്ളവർ അതിൽ കടക്കരുത്. എഴുതിയിരുന്നതെല്ലാം നിവൃത്തിയാകേണ്ടതിന്, ആ നാളുകൾ പ്രതികാരകാലം ആകുന്നു.” നാല്പതു വർഷങ്ങൾക്കുശേഷം യെരൂശലേം നാശത്തെ അഭിമുഖീകരിക്കുമ്പോൾ, ജനം അനുസരിക്കേണ്ട മുന്നറിയിപ്പായിരുന്നു ഇത്. ക്രിസ്ത്യാനികൾ ഈ മുന്നറിയിപ്പിനെ അനുസരിച്ചു. ആ നഗരം നശിച്ചപ്പോൾ ഒരു ക്രിസ്ത്യാനി പോലും പട്ടുപോയില്ല.

“എന്നാൽ നിങ്ങളുടെ ഓടിപ്പോക്കു ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ.” ശബ്ബത്തിനെ സൃഷ്ടിച്ചവൻ അതിനെ ക്രൂശിൽ തറച്ചു നീക്കിയില്ല. ക്രിസ്തുവിന്റെ മരണത്തോടുകൂടി ശബ്ബത്തിന്റെ പ്രസക്തി അവസാനിച്ചില്ല. യേശുവിന്റെ ക്രൂശീകരണത്തിനുശേഷം 40 വർഷം കഴിഞ്ഞിട്ടും ശബ്ബത്ത് വിശുദ്ധമായി ആചരിക്കപ്പെടും. തങ്ങളുടെ ഓടിപ്പോക്കു ശബ്ബത്തുദിനത്തിൽ വരാതിരിപ്പാൻ, ക്രിസ്തുശിഷ്യന്മാർ 40 വർഷം മുമ്പുതന്നെ പ്രാർത്ഥന ആരംഭിക്കേണ്ടതുണ്ടായിരുന്നു.

യെരൂശലേമിന്റെ നാശത്തെക്കുറിച്ചുള്ള വിവരണത്തിൽനിന്നും, അതിലും വലിയ സംഭവത്തിലേക്കു ക്രിസ്തു കടന്നു. ദൈവപുത്രൻ മഹത്വത്തിൽ പ്രത്യക്ഷപ്പെടുന്ന രംഗം. ഈ രണ്ടു സംഭവങ്ങൾക്കിടയിലായി അന്ധകാര

ത്തിന്റെ നീണ്ട നൂറ്റാണ്ടു കിടക്കുന്നതു ക്രിസ്തു ദർശിച്ചു. ഈ നൂറ്റാണ്ടുകളിൽ ക്രിസ്തുവിന്റെ സഭ രക്തച്ചൊരിച്ചിലിന്റെയും കണ്ണുനീരിന്റെയും തീവ്രമായ വേദനയിലൂടെ കടന്നുപോകേണ്ടിയിരുന്നു. ഈ രംഗങ്ങൾ കാണുവാനുള്ള കരുത്ത്, ശിഷ്യന്മാർ അപ്പോൾ ആർജ്ജിച്ചിരുന്നില്ല. അവയെ അല്പംമാത്രം സ്പർശിച്ചുകൊണ്ടു ക്രിസ്തു സംസാരിച്ചു. “ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും, ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം അന്നുണ്ടാകും. ആ നാളുകൾ ചുരുങ്ങാതെ ഇരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല. വൃതന്മാർ നിമിത്തമോ, ആ നാളുകൾ ചുരുങ്ങും. ലോകം അതിനു മുമ്പു കണ്ടിട്ടില്ലാത്ത വലിയ പീഡനം ക്രിസ്ത്യാനികളുടെമേൽ ഉണ്ടാകും. ലക്ഷക്കണക്കിനു വിശ്വസ്ത സാക്ഷികൾ കൊല്ലപ്പെടും. തന്റെ ജനത്തെ രക്ഷിപ്പാൻ ദൈവം കൈനീട്ടുന്നില്ലായെങ്കിൽ എല്ലാവരും നശിച്ചുപോകും.” കർത്താവു പറഞ്ഞു: “വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും.”

തന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചു യാതൊരു സംശയത്തിനും ഇടകൊടുക്കാതെ കർത്താവു സംസാരിച്ചു. തന്റെ വരവിനു മുമ്പു നടക്കേണ്ട സംഭവങ്ങളെക്കുറിച്ചു കർത്താവു മുന്നറിയിപ്പു നല്കി. “അന്ന് ആരാനും നിങ്ങളോട്: ഇതാ, ക്രിസ്തു ഇവിടെ, അല്ല അവിടെ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. ഓർത്തുകൊൾവിൻ; ഞാൻ മുൻപുകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങളോട്: അതാ, അവൻ മരുഭൂമിയിൽ എന്നു പറഞ്ഞാൽ പുറപ്പെടരുത്; ഇതാ, അറകളിൽ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങുമ്പോലെ മനുഷ്യപുത്രന്റെ വരവ് ആകും.” യെരൂശലേമിന്റെ നാശത്തിന്റെ അടയാളങ്ങളിലൊന്നായി ക്രിസ്തു പറഞ്ഞു: “കള്ളപ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും.” കള്ളപ്രവാചകന്മാർ എഴുന്നേറ്റു ജനത്തെ വഞ്ചിച്ചു. അനേകരെ മരുഭൂമിയിലേക്കു നയിച്ചു. മന്ത്രവാദികളും ആഭിചാരകന്മാരും തങ്ങൾക്കു ദിവ്യശക്തിയുണ്ടെന്ന് അവകാശപ്പെട്ടു. ആളുകളെ വിജനപ്രദേശത്തേക്കു നയിച്ചു. എന്നാൽ ഈ പ്രവചനം അന്ത്യകാലത്തേക്കുകൂടിയാണു നല്കിയത്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ അടയാളമായി ഈ പ്രവചനം നൽകപ്പെട്ടു. ഈ കാലഘട്ടത്തിലും കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും ക്രിസ്ത്യാനികളെ വഞ്ചിപ്പാനായി അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കും. “അതാ, അവൻ മരുഭൂമിയിൽ” എന്ന വിളി നാം കേൾക്കുന്നില്ലേ? മരിച്ചവരുടെ ആത്മാക്കളുമായി സമ്പർക്കം പുലർത്തുവാൻ കഴിയുമെന്ന് അവകാശവാദം മുഴക്കുന്ന, ആയിരക്കണക്കിന് ആളുകൾ കൂടുന്ന സമ്മേളനങ്ങളിൽ “ഇതാ, അറയ്ക്കുള്ളിൽ” എന്ന പ്രസ്താവന കേൾക്കുന്നില്ലേ? പ്രേതാത്മവാദം ഉയർത്തുന്ന അവകാശവാദമാണിത്. എന്നാൽ ക്രിസ്തു എന്താണു പറയുന്നത്? അവൻ പറയുന്നതു

വിശ്വസിക്കരുത് എന്നാണ്. കർത്താവു പറയുന്നു: “മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രന്റെ വരവ് ആകും.”

രക്ഷകൻ തന്റെ വരവിന്റെ അടയാളങ്ങൾ നൽകുന്നു. ഏത് അടയാളമാണ് ആദ്യം സംഭവിക്കേണ്ടതെന്നും കർത്താവ് ഉറപ്പിച്ചു പറയുന്നു. “ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതെയിരിക്കും. നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ട്, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നതു കാണും. അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടുംകൂടെ അയയ്ക്കും. അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലു ദിക്കിൽ നിന്നും കൂട്ടിച്ചേർക്കും.”

മഹാപീഡനകാലത്തിന്റെ അവസാനം “സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും” എന്നു ക്രിസ്തു പറഞ്ഞു. അടുത്ത്, “നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും.” “അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ. അതിന്റെ കൊമ്പ് ഇളതായി ഇല തളിർക്കുമ്പോൾ, വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ, അവൻ, അടുക്കെ, വാതിൽക്കൽ തന്നെ ആയിരിക്കുന്നുവെന്ന് അറിഞ്ഞുകൊൾവിൻ” (മത്തായി 24:32,33).

തന്റെ വരവിന്റെ അടയാളങ്ങൾ ക്രിസ്തു നൽകിയിരിക്കുന്നു. അവൻ, അടുക്കെ, വാതിൽക്കൽ തന്നെ ആയിരിക്കുന്നുവെന്നു നാം അറിയേണ്ടതിന്, ഇതു നല്കിയിരിക്കുന്നു. ഈ അടയാളങ്ങൾ കാണുന്നവരെക്കുറിച്ചു കർത്താവു പറയുന്നു: “ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.” ഈ അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞു. കർത്താവിന്റെ വരവ് ഏറ്റവും സമീപമായിരിക്കുന്നുവെന്നു നാമറിയുന്നു. “ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല.”

ക്രിസ്തു മേഘങ്ങളിൽ മഹിമയോടുകൂടെ വരും. ശോഭയേറിയ അസംഖ്യം ദൂതന്മാർ ക്രിസ്തുവിന് അകമ്പടിയായിട്ടുണ്ടാവും. ക്രിസ്തു മരിച്ചവരെ ഉയിർപ്പിപ്പാനും, ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരെ തേജസ്കരിക്കുവാനും, തന്നെ സ്നേഹിക്കുകയും തന്റെ കല്പനകളെ പാലിക്കുകയും ചെയ്ത തന്റെ കുഞ്ഞുങ്ങളെ ചേർപ്പാനുമായി കർത്താവു വരും. കുടുംബശൃംഖലകൾ പുതുതായി കൂട്ടിയിണക്കപ്പെടും. “മരിച്ചവർ അക്ഷയരായി ഉയിർക്കുകയും, നാം രൂപാന്തരപ്പെടുകയും” ചെയ്യുന്ന പ്രഭാതത്തെക്കുറിച്ചു നമുക്കു ചിന്തിക്കാം (1 കൊരി. 15:52). അധികം താമസിയാതെ “രാജാവിനെ അവന്റെ സൗന്ദര്യത്തോടെ” നമുക്കു കാണാം. അവൻ നമ്മുടെ കണ്ണിൽ നിന്നു കണ്ണുനീരെല്ലാം തുടയ്ക്കും. “തന്റെ മഹിമാസന്നിധിയിൽ കളങ്ക

മില്ലാത്തവരായി ആനന്ദത്തോടെ" അവൻ നമ്മെ നിർത്തും. തന്റെ വരവിന്റെ അടയാളങ്ങൾ കർത്താവു ശിഷ്യന്മാർക്കു നല്കിയപ്പോൾ പറഞ്ഞു: "ഇതു സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തുവരുന്നതു കൊണ്ടു നിവർന്നു തലപൊക്കുവിൻ."

എന്നാൽ തന്റെ വരവിന്റെ നാളും നാഴികയും കർത്താവു വെളിപ്പെടുത്തിയിട്ടില്ല. അതു താൻ മാത്രമായി വെളിപ്പെടുത്തുവാൻ കഴികയില്ലായെന്നു ശിഷ്യന്മാരോടു പറഞ്ഞു. ഇതു വെളിപ്പെടുത്തുവാൻ തനിക്കു സ്വാതന്ത്ര്യമുണ്ടായിരുന്നുവെങ്കിൽ എപ്പോഴും കാത്തിരിപ്പിന്റെ ഒരു മനോഭാവത്തിൽ ഇരിപ്പാൻ കർത്താവ് എന്തിന് ഉപദേശിക്കണം? കർത്താവിന്റെ വരവിന്റെ നാളും നാഴികയും അറിയാമെന്ന് അവകാശപ്പെടുന്നവർ ഉണ്ട്. ഭാവിയെ വരച്ചുകാട്ടുന്നതിൽ വളരെ ഔത്സുക്യം അവർ പ്രദർശിപ്പിക്കുന്നു. എന്നാൽ അത് അവരുടെ കർത്തവ്യമല്ല എന്നു കർത്താവു വ്യക്തമാക്കിയിട്ടുണ്ട്. മനുഷ്യപുത്രന്റെ വരവ് എപ്പോഴാണെന്നുള്ളതു ദൈവത്തിന്റെ നിഗൂഢമർമ്മമാകുന്നു.

അന്ത്യകാലത്തെ ലോകത്തിന്റെ അവസ്ഥയിലേക്കു വിരൽ ചൂണ്ടിക്കൊണ്ടു കർത്താവു പറയുന്നു: "നോഹയുടെ കാലംപോലെതന്നെ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിനു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും, വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു; ജലപ്രളയം വന്ന് എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെതന്നെ ആകും." ക്രിസ്തു ഇവിടെ ഒരു താല്ക്കാലിക സഹസ്രാബ്ദത്തെ നമ്മുടെ മുമ്പാകെ കൊണ്ടുവരുന്നില്ല. നിത്യതയ്ക്കുവേണ്ടി എല്ലാവരും ഒരുങ്ങുന്നതിനു കർത്താവ്, അന്ത്യകാലത്തു ലോകത്തിന്റെ അവസ്ഥയെ പരാമർശിക്കുകയാണു ചെയ്തത്. മനുഷ്യപുത്രൻ വരുമ്പോൾ ലോകത്തിന്റെ അവസ്ഥ, നോഹയുടെ നാളിലേതുപോലെ ആയിരിക്കുമെന്നു കർത്താവു പറഞ്ഞു.

നോഹയുടെ നാളിൽ ലോകത്തിന്റെ അവസ്ഥ എപ്രകാരമായിരുന്നു? "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും, അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രേയെന്നും യഹോവ കണ്ടു" (ഉല്പത്തി 6:5). പ്രളയത്തിനുമുമ്പുള്ള മനുഷ്യർ, യഹോവയിൽനിന്ന് അകന്നു. അവർ ദൈവയിഷ്ടത്തിനു വിരുദ്ധമായി പ്രവർത്തിച്ചു. അവരുടെ ഹൃദയനിരൂപണങ്ങൾക്കനുസൃതമായി അവർ പ്രവർത്തിച്ചു. അവരുടെ ദുഷ്പ്രവൃത്തികൾ മൂലം ദൈവം ലോകത്തെ നശിപ്പിച്ചു. ലോകം ഇന്നും അതേ പാത പിന്തുടരുന്നു. സഹസ്രാബ്ദത്തിന്റെ പ്രാധാന്യതയെ അല്ല അതു കാണിക്കുന്നത്. ദൈവകല്പന ലംഘിക്കുമ്പോൾ ലോകം വഷളത്വത്താൽ നിറയുന്നു. വാതുകെട്ടൽ, കുതിരപ്പന്തയം, ചൂതാട്ടം, ധൂർത്ത്, അധമവികാരങ്ങൾക്ക് അടിമപ്പെടുക തുടങ്ങിയ പാപങ്ങൾ ഇന്നു ലോകത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്നു.

യെരൂശലേമിനു വരുവാൻ പോകുന്ന നാശത്തെക്കുറിച്ചു യേശു പറഞ്ഞു: "അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും. എന്നാൽ അവസാനത്തോളം സഹിച്ചുനില്ക്കുന്നവൻ രക്ഷിക്കപ്പെടും. രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും." ഈ പ്രവചനം നിവൃത്തിയാകും. അന്നാളിലെ തികഞ്ഞുകവിയുന്ന അകൃത്യം ഈ തലമുറയിലും പ്രത്യക്ഷമാകും. സുവിശേഷദൂത് എല്ലായിടത്തും പ്രഘോഷിക്കപ്പെടും. "ആകാശത്തിൻകീഴെ സകല സൃഷ്ടികളുടെയും ഇടയിൽ ഘോഷിച്ചു"വെന്ന്, സുവിശേഷത്തെക്കുറിച്ച്, യെരൂശലേമിന്റെ പതനത്തിനു മുമ്പ്, പരിശുദ്ധാത്മപ്രേരിതനായി പൗലൊസ് എഴുതിയിരിക്കുന്നു (കൊലൊ. 1:23). അതുപോലെ മനുഷ്യപുത്രന്റെ വരവിനു മുമ്പായി "സകലജാതിയും ഗോത്രവും ഭാഷയും വംശവുമായവരോട്" (വെളി. 14:6,14) സുവിശേഷം അറിയിക്കേണ്ടിയിരിക്കുന്നു. "ലോകത്തെ നീതിയിൽ ന്യായം വിധിക്കാൻ ദൈവം ഒരു ദിവസത്തെ നിശ്ചയിച്ചിരിക്കുന്നു" (അപ്പൊ. 17:31). ആ ദിവസം എപ്പോൾ സമാഗതമാകുമെന്നു ക്രിസ്തു നമ്മോടു പറയുന്നു. മുഴുലോകവും മാനസാന്തരപ്പെടുമെന്നു കർത്താവു പറയുന്നില്ല. എന്നാൽ "രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും. അപ്പോൾ അവസാനം വരും." നമ്മുടെ കർത്താവിന്റെ വരവിനെ ശീഘ്രപ്പെടുത്തുന്നതു നമ്മെ ആശ്രയിച്ചിരിക്കുന്നു. ലോകത്തിനു സുവിശേഷം നല്കേണ്ടതു നാമാണ്. നാം കർത്താവിന്റെ വരവിനെ കാത്തിരുന്നാൽ മാത്രം പോരാ, നാം അതിനെ ബദ്ധപ്പെടുത്തുകയും വേണം (2 പത്രൊസ് 3:12). കർത്താവ് ആജ്ഞാപിച്ചതുപോലെ, കർത്താവിന്റെ സഭ, തന്നെ ഭരമേല്പിച്ചിരിക്കുന്ന വേല തീർത്തിരുന്നുവെങ്കിൽ, മുഴുലോകത്തിനും ഇതിനകം മുന്നറിയിപ്പു ലഭിക്കുകയും, കർത്താവായ യേശുക്രിസ്തു മഹത്വത്തോടും ശക്തിയോടും കൂടെ പ്രത്യക്ഷനാകയും ചെയ്യുമായിരുന്നു.

തന്റെ വരവിന്റെ അടയാളങ്ങൾ നൽകിയ ശേഷം കർത്താവു പറഞ്ഞു: "അവ്വണ്ണം തന്നെ ഇതു സംഭവിക്കുന്നതു കാണുമ്പോൾ, ദൈവരാജ്യം അടുത്തിരിക്കുന്നുവെന്നു ഗ്രഹിപ്പിൻ." സൂക്ഷിച്ചുകൊൾവിൻ; ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ; വരുവാനുള്ള ന്യായവിധികളെക്കുറിച്ചു ദൈവം എപ്പോഴും മുന്നറിയിപ്പു നല്കിയിട്ടുണ്ട്. തങ്ങളുടെ കാലത്തേക്കുള്ള ദൂതിൽ വിശ്വസിക്കുകയും ദൈവകല്പനകളെ അനുസരിക്കുന്നതിലും കൂടെ തങ്ങളുടെ വിശ്വാസത്തെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്യുന്നവർ, അവിശ്വാസികളുടെയും അനുസരണംകെട്ടവരുടെയുംമേൽ പതിക്കുന്ന ന്യായവിധികളിൽനിന്നു രക്ഷ പ്രാപിച്ചിട്ടുണ്ട്. നോഹയ്ക്കു ദൈവത്തിന്റെ അരുളപ്പാടു ലഭിച്ചു. "നീയും സർവ്വകുടുംബവുമായി പെട്ടകത്തിൽ കടക്ക; ഞാൻ നിന്നെ ഈ തലമുറയിൽ എന്റെ മുമ്പാകെ നീതിമാനായി കണ്ടിരിക്കുന്നു." നോഹ ദൈവത്തെ അനുസരിച്ചു രക്ഷ പ്രാപിച്ചു. ലോത്തിനോടു ദൈവം കല്പിച്ചു: "നിങ്ങൾ എഴുന്നേറ്റ് ഈ സ്ഥലം

വിട്ടു പുറപ്പെടുവിൻ; യഹോവ ഈ പട്ടണത്തെ നശിപ്പിക്കും." സ്വർഗ്ഗീയദൂതന്മാരുടെ സംരക്ഷണയ്ക്കു ലോത്ത് തന്നെത്താൻ വിട്ടുകൊടുത്തു. അങ്ങനെ ലോത്ത് രക്ഷ പ്രാപിച്ചു (ഉല്പത്തി 7:1; 19:14). അതുപോലെ ക്രിസ്തുവിന്റെ അനുയായികൾക്കു യെരൂശലേമിന്റെ നാശത്തെക്കുറിച്ചു മുന്നറിയിപ്പു നല്കി. വരുവാൻ പോകുന്ന നാശത്തിന്റെ അടയാളങ്ങൾ കാത്തിരുന്ന്, നഗരത്തിൽ നിന്ന് ഓടിപ്പോയവർ, ആപത്തിൽനിന്നു രക്ഷപ്പെട്ടു. ക്രിസ്തുവിനെക്കുറിച്ചും ലോകത്തിനു ഭവിക്കാൻ പോകുന്ന നാശത്തെക്കുറിച്ചും നമുക്കു മുന്നറിയിപ്പു നല്കപ്പെട്ടിരിക്കുന്നു. ഈ മുന്നറിയിപ്പിനെ ശ്രദ്ധിക്കുന്നവർ രക്ഷ പ്രാപിക്കും.

കർത്താവിന്റെ വരവിന്റെ കൃത്യസമയം നമുക്കറിയാൻ പാടില്ലാത്തതുകൊണ്ട്, നമ്മോടു കാത്തിരിക്കുവാൻ ആജ്ഞാപിച്ചിരിക്കുകയാണ്. "യജമാനൻ വരുന്നേരം ഉണർന്നിരിക്കുന്നവരായി കാണുന്ന ദാസന്മാർ ഭാഗ്യവാന്മാർ" (ലൂക്കൊസ് 12:37). കർത്താവിന്റെ വരവിനെ കാത്തിരുന്നവർ അലസരായി കാത്തിരുന്നവരല്ല. ക്രിസ്തുവിന്റെ വരവിനെക്കുറിച്ചുള്ള കാത്തിരിപ്പ്, ദൈവത്തെ ഭയപ്പെടുവാനും പാപത്തിന്മേൽ ദൈവം അയയ്ക്കുന്ന ന്യായവിധികളെ ഭയപ്പെടുവാനും പ്രേരിപ്പിക്കുന്നു. ദൈവത്തിന്റെ കൃപയെ അലക്ഷ്യമാക്കിക്കളയുന്ന വലിയ പാപത്തെക്കുറിച്ച് അതു നമ്മെ ജാഗ്രതയുള്ളവരാക്കുന്നു. യഹോവയെ കാത്തിരിക്കുന്നവർ സത്യത്തോട് അനുസരണമുള്ളവരായി തങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുന്നു. ജാഗ്രതയോടുകൂടിയ കാത്തിരിപ്പ്, ശുഷ്കാന്തി നിറഞ്ഞ പ്രവർത്തനം പുറപ്പെടുവിക്കുന്നു. കർത്താവിന്റെ വരവ് അടുക്കെ, വാതിൽക്കൽ ആയിരിക്കുമെന്ന് അവർ അറിയുന്നതുകൊണ്ട്, ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗീയദൂതന്മാരുമായി ഒന്നിച്ചു പ്രവർത്തിക്കുവാൻ അവർ തീക്ഷ്ണതയുള്ളവരായിരിക്കുന്നു. ദൈവഗൃഹത്തിൽ "തങ്ങളുടെ ആഹാരവീതം നല്കുന്ന" വിശ്വസ്തനും, ബുദ്ധിമാനുമായ ദാസൻ ഇവരാകുന്നു (ലൂക്കൊസ് 12:42). ഇപ്പോൾ പ്രസക്തമായ സത്യം ഇവർ പരസ്യമായി പ്രസ്താവിക്കുകയാണ്. ഹാനോക്കും, നോഹയും, അബ്രാഹാമും, മോശെയും തങ്ങളുടെ കാലത്തെ പ്രസക്തമായ സത്യം പ്രസ്താവിച്ചതുപോലെ, ക്രിസ്തുവിന്റെ ദാസന്മാർ തങ്ങളുടെ തലമുറയിൽ ആവശ്യമായ പ്രത്യേക മുന്നറിയിപ്പു നല്കുന്നു.

വേറൊരു വിഭാഗത്തെയും യേശു നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. "എന്നാൽ അവൻ ദുഷ്ടദാസനായി: യജമാനൻ വരുവാൻ താമസിക്കുന്നു എന്നു ഹൃദയംകൊണ്ടു പറഞ്ഞ്, കൂട്ടുദാസന്മാരെ അടിപ്പാനും, കുടിയന്മാരോടുകൂടി തിന്നുകുടിപ്പാനും തുടങ്ങി."

ആ ദുഷ്ടദാസൻ ഹൃദയത്തിൽ പറഞ്ഞു: "എന്റെ യജമാനൻ വരുവാൻ താമസിക്കുന്നു." ക്രിസ്തു വരികയില്ലായെന്ന് അവൻ പറയുന്നില്ല. കർത്താവിന്റെ രണ്ടാം വരവിന്റെ ആശയത്തെ അവൻ പരിഹസിച്ചുതള്ളുന്നില്ല. എന്നാൽ അവന്റെ ഹൃദയത്തിലും, പ്രവർത്തനത്തിലും, വാക്കിലും കൂടെ പ്രസ്താവിക്കുന്നത്, "യജമാനൻ വരുവാൻ താമസിക്കുന്നു" എന്നാണ്.

കർത്താവു വേഗം വരുന്നുവെന്ന വിശ്വാസം മറ്റുള്ളവരുടെ ഹൃദയത്തിൽനിന്നു പുറന്തള്ളാൻ അവൻ പ്രേരിപ്പിക്കുന്നു. അവന്റെ പ്രേരണാശക്തി മറ്റുള്ളവരെ തന്നിഷ്ടത്തിലേക്കും അലക്ഷ്യമായ ഒരുക്കമില്ലായ്മയിലേക്കും നയിക്കുന്നു. ലൗകികതയിലേക്കും, അലസതയിലേക്കും അവർ തങ്ങളെ ഉറപ്പിക്കുന്നു. ജഡികാഭിലാഷങ്ങളും മ്ലേച്ഛചിന്തകളും അവരുടെ മനസ്സുകളെ കവർന്നെടുക്കുന്നു. ദുഷ്ടദാസൻ കുടിയന്മാരോടുകൂടി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. സുഖലോലുപതയെ തേടി അവർ ലോകവുമായി ബന്ധപ്പെടുന്നു. തങ്ങളുടെ യജമാനനോടു വിശ്വസ്തത പാലിക്കുന്നവരായ കൂട്ടുവേലക്കാരെ അവൻ അടിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നു. അവൻ ലോകവുമായി ഇടകലരുന്നു. ഓരോ തരത്തിലുമുള്ളവർ പാപവഴികളിൽ ഒന്നായിത്തീരുന്നു. ഭയാനകമായ ഒരു കൂടിച്ചേരലാണത്. ലോകത്തോടുകൂടി അവനും വലയിൽ വീഴുന്നു. "ആ ദാസൻ നിരൂപിക്കാത്ത നാളിലും, അറിയാത്ത നാഴികയിലും യജമാനൻ വന്ന് അവനെ ദണ്ഡിപ്പിച്ച് അവനു കപടഭക്തിക്കാരോടുകൂടെ പങ്കു കല്പിക്കും."

"നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും; ഏതു നാഴികയ്ക്കു നിന്റെ മേൽ വരുമെന്നു നീ അറിയുകയുമില്ല" (വെളി. 3:3). വ്യാജ ഉപദേഷ്ടാക്കന്മാർക്കു ക്രിസ്തുവിന്റെ വരവു നിനച്ചിരിക്കാത്ത നാഴികയിലായിരിക്കും. അവർ സമാധാനമെന്നും നിർഭയമെന്നും പറയുന്നു. യെരൂശലേമിന്റെ പതനത്തിനുമുമ്പുണ്ടായിരുന്ന പുരോഹിതന്മാരെയും ഉപദേഷ്ടാക്കന്മാരെയും പോലെ സഭ ലൗകികമായ ഐശ്വര്യവും മഹത്വവും പ്രാപിക്കുവാൻ അവർ കാംക്ഷിക്കുന്നു. ഇതിന്റെ മുന്നോടി ആയിട്ടാണ്, കാലത്തിന്റെ അടയാളങ്ങളെ അവർ വ്യാഖ്യാനിക്കുന്നത്. എന്നാൽ തിരുവെഴുത്തുകൾ എന്തു പറയുന്നു? "അവർക്കു പെട്ടെന്നു നാശം വന്നു ഭവിക്കും" (1 തെസ്സ. 5:3). ഭൂമുഖത്തു പാർക്കുന്ന ഏവരുടെമേലും, ഈ ലോകത്തെ തങ്ങളുടെ സർവ്വസ്വമാക്കിയിരിക്കുന്ന ഏവർക്കും, കർത്താവിന്റെ ദിവസം പ്രതീക്ഷിക്കാത്ത സമയത്തായിരിക്കും. ആ ദിവസം പതുങ്ങിനടക്കുന്ന ഒരു കള്ളനെപ്പോലെ അവർക്ക് അനുഭവമാകും.

അമിതാഹ്ലാദത്തിൽ, ജഡികോല്ലാസങ്ങളിൽ മുഴുകിക്കഴിയുന്ന ലോകം ഇന്ന് ആത്മീയമായ നിദ്രയിലാണ്. ജഡിക ഭദ്രതയിലാശ്രയിച്ചു ലോകം നിദ്രയിലാണ്ടിരിക്കുകയാണ്. കർത്താവിന്റെ വരവിനെ ലൗകിക മനുഷ്യർ പ്രതീക്ഷിക്കുന്നതേ ഇല്ല. മുന്നറിയിപ്പുകളെ അവർ പരിഹസിച്ചു തള്ളുകയാണ്. "സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നെ ഇരിക്കുന്നു'' എന്ന് അവർ നിർഭയരായി സംസാരിക്കുന്നു. "ഇന്നത്തെപ്പോലെ നാളെയും കേമത്തിൽ തന്നെ'' എന്നവർ പറയുന്നു (2 പത്രൊസ് 3:4; യെശ. 56:12). ലോകസ്നേഹത്തിൽ മനുഷ്യർ കൂടുതൽ മുഴുകും. ക്രിസ്തു പറയുന്നു: "ഞാൻ കള്ളനെപ്പോലെ വരും" (വെളി. 16:15). "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ?" എന്നു ലോകം ചോദിക്കുമ്പോൾ, അടയാളങ്ങൾ നിറവേറുകയാണ്. സമാധാനമെന്നും നിർഭയമെന്നും അവർ പറയുമ്പോൾ, പെട്ടെന്നുള്ള നാശം അടുത്തുകൊണ്ടിരിക്കുകയാണ്.

പരിഹാസിയും സത്യത്തെ നിഷേധിക്കുന്നവനും സ്വന്ത ഇഷ്ടത്തിൽ ആശ്രയിക്കുമ്പോൾ, മനുഷ്യൻ ന്യായരഹിതമായി ധനസമ്പാദനത്തിൽ മുഴുകുമ്പോൾ, മനുഷ്യർ വേദപുസ്തകത്തെ നിഷേധിച്ച്, ലോകത്തിന്റെ ജ്ഞാനം നേടുവാൻ ബദ്ധശ്രദ്ധരായിരിക്കുമ്പോൾ, ക്രിസ്തു കള്ളനെ പ്പോലെ വരുന്നു.

ലോകത്തിലുള്ളതെല്ലാം ഇളകിമറിഞ്ഞുകൊണ്ടിരിക്കുകയാണ്. കാല ത്തിന്റെ അടയാളങ്ങൾ വരുവാൻ പോകുന്ന വിപത്തിന്റെ സൂചന നൽകുന്നു. ഭാവിയിൽ നടക്കേണ്ട സംഭവങ്ങളുടെ നിഴൽ ഇപ്പോഴേ പതിക്കുവാൻ തുടങ്ങിയിരിക്കുന്നു. ദൈവത്തിന്റെ ആത്മാവിനെ ലോകത്തിൽനിന്നു പിൻവലിച്ചുകൊണ്ടിരിക്കുന്നു. കരയിലും കടലിലും ആപത്തുകൾ വർദ്ധി ക്കുന്നു. കൊടുങ്കാറ്റും, ഭൂകമ്പങ്ങളും, അഗ്നിബാധകളും, ജലപ്രളയവും, കൊലപാതകങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഭാവിയെ ആർക്കു വായി പ്പാൻ കഴിയും? എവിടെയാണു സുരക്ഷിതത്വം. മാനുഷികമോ, ഭൗതികമോ ആയ യാതൊന്നിലും ഒരു സുരക്ഷിതത്വവുമില്ല. മനുഷ്യർ, തങ്ങൾ തെരഞ്ഞെടു ത്തിട്ടുള്ള കൊടിക്കീഴിൽ അണിനിരക്കുകയാണ്. തങ്ങളുടെ നേതാക്കന്മാരെ, ജനം താൽപര്യത്തോടുകൂടി കാത്തിരിക്കുകയും, നിരീക്ഷണം ചെയ്കയും ചെയ്യുന്നു. കർത്താവിന്റെ പ്രത്യക്ഷതയ്ക്കുവേണ്ടി കാത്തിരിക്കുകയും ജാഗരിക്കുകയും ചെയ്യുന്നവർ ഉണ്ട്. എന്നാൽ അനേകരും ഒന്നാമത്തെ വിശ്വാസത്യാഗിയുടെ കൊടിക്കീഴിൽ അണിനിരക്കുന്നു. തങ്ങൾക്ക് ഉപേക്ഷി ക്കുവാൻ ഒരു നരകവും, നേടുവാൻ ഒരു സ്വർഗ്ഗവും ഉണ്ടെന്നു വളരെ കുറച്ചുപേർ മാത്രമേ, സർവ്വാത്മനാ വിശ്വസിക്കുകയുള്ളൂ.

ദുർഘടസമയം ആരുടെയും ദൃഷ്ടിയിൽപ്പെടാതെ അടുത്തുകൊണ്ടിരി ക്കുന്നു. സൂര്യൻ ഇപ്പോഴും, ആകാശത്തിൽ അതിന്റെ നിശ്ചിത ദൗത്യം നിർവ്വഹിച്ചുകൊണ്ടു പ്രശോഭിക്കുന്നു. ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. മനുഷ്യൻ ഭക്ഷിക്കുകയും പാനം ചെയ്യുകയും, നടുകയും പണികയും, വിവാഹം കഴിക്കുകയും വിവാഹത്തിനു കൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കച്ചവടക്കാർ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നു. ഉന്നതസ്ഥാനം കരസ്ഥമാക്കുവാൻ വേണ്ടി മനുഷ്യർ മത്സരി ക്കുകയും പോരാടുകയും ചെയ്യുന്നു. ആഹ്ലാദം അന്വേഷിക്കുന്നവർ വിനോദ ശാലകളിലും, കുതിരപ്പന്തയസ്ഥലത്തും, ചൂതാട്ടങ്ങൾ നടക്കുന്നിടത്തും തിങ്ങിക്കൂടുന്നു. എങ്ങും വികാരാവേശം അത്യുച്ചനിലയിലെത്തുമ്പോൾ, കൃപയുടെ കാലം വേഗത്തിൽ അവസാനിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ മനുഷ്യന്റെ വിധിയും എന്നെന്നേക്കുമായി തീരുമാനിക്കപ്പെടുകയാണ്. തന്റെ സമയം കുറച്ചു മാത്രമേ അവശേഷിക്കുന്നുള്ളൂവെന്നു സാത്താന് അറിയാം. കൃപാകാലം അവസാനിക്കുകയും, കൃപയുടെ വാതിൽ എന്നേക്കുമായി അടയ്ക്കപ്പെടുകയും ചെയ്യുന്നതുവരെ, മനുഷ്യരെ വഞ്ചിക്കുന്നതിനും, വ്യാമോഹിപ്പിക്കുന്നതിനും, ലൗകിക കാര്യങ്ങളിലേക്കു ചായ്ക്കുന്നതിനും, സാത്താൻ എല്ലാ ശക്തികളുമെടുത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

ഒലിവുമലയിൽവെച്ചു യേശു നല്കിയ മുന്നറിയിപ്പ്, നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും നമ്മുടെ കാതുകളിൽ മുഴങ്ങുന്നു. "നിങ്ങളുടെ ഹൃദയം അതി ഭക്ഷണത്താലും, മദ്യപാനത്താലും, ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട്, ആ ദിവസം നിങ്ങൾക്കു പെട്ടെന്നു കെണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ." "ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞു പോകുവാനും മനുഷ്യപുത്രന്റെ മുൻപിൽ നില്പാനും നിങ്ങൾ പ്രാപ്ത രാകേണ്ടതിനു സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ."

# 70

# എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാർ

അവലംബം: മത്തായി 25:31-46

“മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ അവൻ, തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും, കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതു പോലെ” വേർതിരിക്കും. ഒലിവുമലയിൽവച്ചു ക്രിസ്തു ഇപ്രകാരം ന്യായവിധിദിവസത്തെ രംഗം ശിഷ്യന്മാർക്കു വിവരിച്ചുകൊടുത്തു. ഒരു പ്രധാനപ്പെട്ട കാര്യത്തെ ആശ്രയിച്ചായിരിക്കും ദൈവത്തിന്റെ വിധിയുടെ തീർപ്പു കല്പിക്കുന്നതെന്നു യേശു ശിഷ്യന്മാരോടു പറഞ്ഞു. സകല ജാതികളും ക്രിസ്തുവിന്റെ മുമ്പിൽ കൂട്ടിച്ചേർക്കപ്പെടുമ്പോൾ, രണ്ടേ രണ്ടു വിഭാഗങ്ങൾ മാത്രമേ അവിടെയുണ്ടായിരിക്കുകയുള്ളൂ. സാധുക്കൾക്കും കഷ്ടപ്പെടുന്നവർക്കും വേണ്ടി അവർ എന്തു ചെയ്തു അല്ലെങ്കിൽ എന്തു

ചെയ്തില്ല എന്നതിനെ ആശ്രയിച്ചായിരിക്കും നിത്യതയിലെ അവരുടെ ഭാവി തീരുമാനിക്കപ്പെടുന്നത്.

അന്നാളിൽ അവരുടെ വീണ്ടെടുപ്പിനുവേണ്ടി തന്റെ ജീവൻ നല്കേണ്ടി വന്നതിനെക്കുറിച്ചു ക്രിസ്തു അവരോടു പറകയില്ല. അവർ ചെയ്ത പ്രവൃത്തിയെ ആയിരിക്കും ക്രിസ്തു അവരുടെ മുമ്പാകെ അവതരിപ്പിക്കുക. തന്റെ വലത്തുഭാഗത്തുള്ളവരോടു കർത്താവു പറയും: "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാൺമാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു." എന്നാൽ തങ്ങൾ ശുശ്രൂഷിച്ചതു കർത്താവിനെ ആയിരുന്നുവെന്ന് അവർ അറിഞ്ഞിരുന്നില്ല. അവരുടെ ചോദ്യത്തിന് ഉത്തരമായി കർത്താവു പറയുന്നു: "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."

തങ്ങൾ മറ്റുള്ളവരാൽ പീഡിപ്പിക്കപ്പെടുകയും വെറുക്കപ്പെടുകയും ചെയ്യുമെന്നു ശിഷ്യന്മാരോടു ക്രിസ്തു പറഞ്ഞിരുന്നു. അനേകം പേർ തങ്ങളുടെ ഭവനങ്ങളിൽനിന്നു പുറത്താക്കപ്പെടുകയും ദാരിദ്ര്യം അനുഭവിക്കുകയും ചെയ്യും. അനേകം പേർ പീഡനങ്ങളും കഷ്ടതകളും അനുഭവിക്കും. അനേകം പേർ തടവിലാക്കപ്പെടും. ക്രിസ്തുവിനുവേണ്ടി വീടിനെയോ, സ്നേഹിതന്മാരെയോ ത്യജിച്ചവർക്ക് ഈ ജീവിതത്തിൽ തന്നെ നൂറു മടങ്ങു കൊടുക്കുമെന്നു വാഗ്ദാനം നല്കപ്പെട്ടിരിക്കുന്നു. തങ്ങളുടെ സഹോദരങ്ങളെ ശുശ്രൂഷിച്ച ഏവർക്കും പ്രത്യേകാനുഗ്രഹം കർത്താവു വാഗ്ദാനം ചെയ്തിരുന്നു. യേശു പറഞ്ഞു: എന്റെ നാമത്തിൽ കഷ്ടപ്പെടുന്നവരെ, എന്റെ നാമം ധരിച്ചിരിക്കുന്നവർ ശുശ്രൂഷിക്കണം. നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നുവെന്നതിന്റെ തെളിവാണത്.

സ്വർഗ്ഗീയ കുടുംബത്തിൽ ജനിച്ചിരിക്കുന്ന ഏവരും, ഒരു പ്രത്യേക അർത്ഥത്തിൽ ക്രിസ്തുവിന്റെ സഹോദരങ്ങളാണ്. ക്രിസ്തുവിന്റെ സ്നേഹം, കുടുംബാംഗങ്ങളെ ഒന്നാക്കിത്തീർക്കുന്നു. എവിടെ ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടുന്നുവോ, അവിടെ ദിവ്യബന്ധം പ്രകാശിക്കുന്നു. "സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറിയുകയും ചെയ്യുന്നു" (1 യോഹ. 4:7).

ന്യായവിധിനാളിൽ ക്രിസ്തുവിന്റെ അഭിനന്ദനം ലഭിക്കുന്നവർ എല്ലാം വേദശാസ്ത്രത്തിൽ നൈപുണ്യം നേടിയവരല്ല. എന്നാൽ ക്രിസ്തീയ തത്വങ്ങൾ ജീവിതത്തിൽ പകർത്തിയവരാണ്. പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ അവർ തങ്ങളുടെ ചുറ്റുപ്പാടുമുള്ളവർക്ക് ഒരനുഗ്രഹമായിരുന്നു. അജ്ഞാനികളുടെ ഇടയിൽപ്പോലും ദയാതൽപരരായവർ ഉണ്ട്.

ജീവന്റെ വചനം അവരുടെ കാതുകളിൽ പതിക്കുന്നതിനും മുമ്പുതന്നെ, അവർ ദൈവമക്കളെ ശുശ്രൂഷിച്ചു. മനുഷ്യരിൽനിന്നു സത്യത്തിന്റെ വെളിച്ചം ലഭിച്ചിട്ടില്ലാത്ത ജാതികളിൽനിന്നുമുള്ളവർ, തങ്ങൾ അജ്ഞരാണെങ്കിലും, സത്യദൈവത്തെയാണ് ആരാധിക്കുന്നത്. അവർ നശിച്ചുപോകയില്ല. എഴുതപ്പെട്ട ദൈവകല്പനയെക്കുറിച്ച് അവർക്കറിവില്ലെങ്കിലും, ദൈവത്തിന്റെ ശബ്ദം പ്രകൃതിയിലൂടെ അവർ കേട്ടിട്ടുണ്ട്. ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ അവർ ചെയ്തിട്ടുണ്ട്. പരിശുദ്ധാത്മാവ് അവരുടെ ഹൃദയങ്ങളെ സ്പർശിച്ചിട്ടുണ്ടെന്ന് അവരുടെ പ്രവൃത്തികൾ തന്നെ തെളിയിക്കുന്നു. ദൈവം അവരെ, തന്റെ മക്കളായി അംഗീകരിക്കുന്നു.

“എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു” എന്ന രക്ഷകന്റെ പ്രസ്താവന കേൾക്കുമ്പോൾ അധഃസ്ഥിതരായ ജനതകളും ജാതികളും എത്ര ആനന്ദതുന്ദിലരാവും! ക്രിസ്തുവിന്റെ അഭിനന്ദനം കേട്ടു ദൈവജനം സന്തോഷിക്കുമ്പോൾ ദൈവവും ആനന്ദിക്കും.

ക്രിസ്തുവിന്റെ സ്നേഹം മനുഷ്യവർഗ്ഗത്തിലെ ഏതെങ്കിലും ഒരു വിഭാഗത്തിനായി പരിമിതപ്പെടുത്തിയിട്ടില്ല. മനുഷ്യവർഗ്ഗത്തിലെ എല്ലാവരുമായി ഒന്നിച്ചുപോകാൻ ക്രിസ്തുവിനു കഴിയും. നമ്മെ സ്വർഗ്ഗീയ കുടുംബത്തിലെ അംഗമാക്കിത്തീർക്കുന്നതിന്, കർത്താവു ഭൗമിക കുടുംബത്തിൽ പിറന്നു. യേശു മനുഷ്യപുത്രനായിത്തീരുകയാൽ, ആദാമിന്റെ പുത്രീപുത്രന്മാരുടെ സഹോദരൻ കൂടിയാണ്. തനിക്കു ചുറ്റുമുള്ളവർ എല്ലാം പാപികളും, താൻ മറ്റുള്ളവരിൽനിന്നു വേർപ്പെട്ടവനുമാണ് എന്നു സ്വയം പുകഴ്ചയോടെ ഒരു ക്രിസ്ത്യാനി ചിന്തിക്കരുത്. മനുഷ്യവർഗ്ഗത്തിന്റെ ഒരു ഭാഗമാണു ക്രിസ്തുവിന്റെ ശിഷ്യന്മാർ. പാപികളുടെയും വിശുദ്ധന്മാരുടെയും സഹോദരന്മാരായിട്ടത്രേ സ്വർഗ്ഗം അവരെ നോക്കുന്നത്. ക്രിസ്തുവിന്റെ സ്നേഹം ഒരുത്തരെയും ഒഴിവാക്കുന്നില്ല. എല്ലാവരെയും ക്രിസ്തു സ്നേഹിക്കുന്നു. വീണുപോയ ഒരു സഹോദരനെ കൈപിടിച്ചുയർത്തുമ്പോൾ, അതു കർത്താവിനു ചെയ്ത ശുശ്രൂഷയായി സ്വർഗ്ഗം കണക്കിടുന്നു.

രക്ഷയുടെ അവകാശികളായിത്തീരുന്നവരെ ശുശ്രൂഷിക്കുവാൻ ദൈവദൂതന്മാരെ സ്വർഗ്ഗം അയയ്ക്കുന്നു. അവർ ആരൊക്കെയാണെന്ന് ഇപ്പോൾ നമുക്കറിഞ്ഞുകൂടാ. ആരൊക്കെ ജയാളികൾ ആയിരിക്കുമെന്നും, വിശുദ്ധന്മാരുടെ അവകാശത്തിൽ പങ്കാളികളായിത്തീരുമെന്നും ഇപ്പോൾ വെളിപ്പെടുത്തപ്പെട്ടിട്ടില്ല. എന്നാൽ ദുഃഖിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിനും, ആപത്തിൽപ്പെട്ടവരെ സംരക്ഷിക്കുന്നതിനും, ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുന്നതിനുമായി ദൂതന്മാർ ഭൂമിക്കു നെടുകെയും കുറുകെയുമായി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ദൈവം ഒരു വ്യക്തിയെപ്പോലും അവഗണിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നില്ല. ദൈവം മുഖപക്ഷമുള്ളവനല്ല. താൻ സൃഷ്ടിച്ച എല്ലാവർക്കും തുല്യ കരുതൽ ദൈവം നല്കുന്നു.

നിങ്ങൾ, അശരണരായ നിങ്ങളുടെ സഹോദരങ്ങൾക്കായി നിങ്ങളുടെ കതകുകളെ തുറക്കുമ്പോൾ, അദൃശ്യരായ ദൂതന്മാർ സന്തോഷിക്കുന്നു.

അവരുടെ സഖിത്വം നിങ്ങൾക്കു ലഭിക്കും. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും വിശുദ്ധ അന്തരീക്ഷം നിങ്ങൾക്കായി അവർ കൊണ്ടുവരുന്നു. അധരങ്ങളിൽ ദൈവസ്തോത്രവുമായി അവർ വരുന്നു. അതിന്റെ പ്രത്യുത്തരം സ്വർഗ്ഗത്തിൽ ധ്വനിക്കുന്നു. കൃപയുടെ ഓരോ പ്രവർത്തനവും സ്വർഗ്ഗത്തിൽ മന്ദ്രധ്വനി ഉതിർക്കുന്നു. നിസ്വാർത്ഥതയോടുകൂടി ദൈവത്തിനുവേണ്ടി വേലചെയ്യുന്നവരെ, സ്വർഗ്ഗീയ പിതാവ് ഏറ്റവും വിലമതിക്കുന്നു.

ക്രിസ്തുവിന്റെ ഇടത്തുഭാഗത്തുള്ളവർ, തങ്ങളുടെ സമസൃഷ്ടങ്ങളോടു യാതൊരു സ്നേഹവും കാട്ടാത്തവരാണ്. സമസൃഷ്ടങ്ങളെ അവഗണിച്ച അവർ ക്രിസ്തുവിനെയായിരുന്നു അവഗണിച്ചത്. തങ്ങളുടെ പാപങ്ങളെക്കുറിച്ച് അവർ ബോധവാന്മാരായിരുന്നില്ല. സാത്താൻ അവരെ അന്ധരാക്കിത്തീർത്തു. തങ്ങളുടെ സഹോദരങ്ങളോടുള്ള കടപ്പാട് അവർ ഗ്രഹിച്ചില്ല. സ്വാർത്ഥത അവരെ ഗ്രസിച്ചിരുന്നു. മറ്റുള്ളവരുടെ ഞെരുക്കങ്ങളെ അവർ ഗണ്യമാക്കിയില്ല.

ദൈവം ധനികരെ, സമ്പത്ത് ഏല്പിച്ചിരിക്കുന്നത്, കഷ്ടപ്പെടുന്ന തന്റെ മക്കളെ സഹായിക്കുന്നതിനുവേണ്ടിയാണ്. എന്നാൽ മിക്ക ധനികരും മറ്റുള്ളവരുടെ ഞെരുക്കങ്ങളിൽ ഒരുതരം നിസ്സംഗത്വമാണു പ്രദർശിപ്പിക്കുന്നത്. ദാരിദ്ര്യം അനുഭവിക്കുന്ന തങ്ങളുടെ സഹോദരന്മാരെക്കാൾ, തങ്ങൾ ശ്രേഷ്ഠതയേറിയവരാണ് എന്നവർ കരുതുന്നു. പാവപ്പെട്ടവന്റെ സ്ഥാനത്തു തങ്ങളെത്തന്നെ അവർ നിർത്തുന്നില്ല. പാവപ്പെട്ടവന്റെ പ്രയാസങ്ങളും പരീക്ഷകളും അവർ മനസ്സിലാക്കുന്നില്ല. അവരുടെ ഹൃദയത്തിൽ കരുണയ്ക്ക് ഒരു സ്ഥാനവുമില്ല. ആർഭാടമേറിയ വീടുകളിലും ദൈവാലയങ്ങളിലുമായി അവർ ദരിദ്രരിൽനിന്ന് അകന്നുകഴിയുന്നു. സാധുക്കൾക്കുവേണ്ടി ചെലവഴിക്കേണ്ട തുക, ആർഭാടത്തിനും സ്വാർത്ഥതയ്ക്കും വേണ്ടി അവർ ചെലവഴിക്കുന്നു. ദൈവത്തിന്റെ ആർദ്രമായ കരുണയെക്കുറിച്ച് അറിവു ലഭിക്കേണ്ടവരായ ദരിദ്രർക്ക്, ധനികസഹോദരങ്ങൾ ബോധപൂർവ്വം ആ അറിവു നിഷേധിക്കുകയാണു ചെയ്യുന്നത്. ദരിദ്രരുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടുന്ന കാര്യങ്ങൾ ദൈവം ഒരുക്കീട്ടുണ്ട്. ദാരിദ്ര്യം മൂലം മനുഷ്യർ പ്രയാസം അനുഭവിപ്പാൻ നിർബന്ധിതരായിത്തീരുന്നു. അവരുടെ ചിന്തകൾ അതുമൂലം വിദ്വേഷവും അസൂയയുംകൊണ്ടു മലിനമായിത്തീരുന്നു. ദാരിദ്ര്യത്തിന്റെ വേദന അറിഞ്ഞിട്ടില്ലാത്തവർ ദരിദ്രരെ പലപ്പോഴും നിന്ദാപൂർവ്വം വീക്ഷിക്കുന്നു. അതു കാരണം ദരിദ്രരായ സഹോദരങ്ങൾ സ്വയബഹുമാനം ഇല്ലാത്തവരായിത്തീരുകയും ചെയ്യുന്നു.

ക്രിസ്തു പറയുന്നു: ദാഹിച്ചവനായും വിശന്നവനായും വന്നതു ഞാനായിരുന്നു. ഞാനായിരുന്നു പരദേശിയായി വന്നത്. രോഗിയായി കിടന്നവൻ ഞാനായിരുന്നു. ഞാനായിരുന്നു തടവിൽ കിടന്നത്. നിങ്ങൾ വിഭവസമൃദ്ധമായ വിരുന്നുകൾ നടത്തി ആഹ്ലാദിച്ചപ്പോൾ, തെരുവീഥിയിൽ ഞാൻ പട്ടിണികിടക്കുകയായിരുന്നു. ആഡംബരത്തിൽ മതിമറന്നു നിങ്ങൾ, നിങ്ങളുടെ വീടുകളിൽ സുഖിച്ചപ്പോൾ, ഞാൻ തല ചായ്ക്കുവാൻ ഇടമില്ലാതെ വലയുകയായിരുന്നു. നിങ്ങളുടെ അലമാരകളിൽ നിറയെ വസ്ത്രം ഇരിക്കു

മ്പോൾ, ആവശ്യത്തിനു വസ്ത്രം ഇല്ലാതെ ഞാൻ വിഷമിക്കുകയായിരുന്നു. നിങ്ങൾ ആഹ്ലാദിച്ചു കഴിഞ്ഞപ്പോൾ, ഞാൻ തടവിൽ കിടന്നു ക്ഷയിക്കുക യായിരുന്നു.

ദരിദ്രരായവർക്കു നിങ്ങളുടെ അപ്പക്കഷണങ്ങൾ കൊടുത്തപ്പോൾ, വസ്ത്ര മില്ലാതെ വലഞ്ഞവനു നിങ്ങളുടെ പഴയ വസ്ത്രങ്ങൾ കൊടുത്തപ്പോൾ മഹത്വരാജനു കൊടുക്കുകയായിരുന്നുവെന്നു നിങ്ങൾ ഓർത്തുവോ? ആ ദരിദ്രരുടെ ഇടയിൽ നിങ്ങളുടെ സമീപം ഞാൻ ഉണ്ടായിരുന്നു. പക്ഷേ, നിങ്ങൾ എന്നെ അന്വേഷിച്ചില്ല. നിങ്ങൾ എന്നോടു കൂട്ടായ്മ ആചരിച്ചില്ല. "നിങ്ങളെ ഞാൻ അറിയുന്നില്ല."

ക്രിസ്തു ജീവിച്ചിരുന്ന സ്ഥലങ്ങൾ സന്ദർശിപ്പാനും, ക്രിസ്തു നടന്ന പാതകളിലൂടെ നടക്കുവാനും, ക്രിസ്തുവിന്റെ പ്രവർത്തനകേന്ദ്രമായ ഗലീല പ്രദേശങ്ങൾ കാണുവാനും, ക്രിസ്തുവിന്റെ കണ്ണുകൾ ദർശിച്ച കുന്നുകളും താഴ്വരകളും കണ്ടു സംതൃപ്തി അടയുവാനും ചിലർ ആഗ്രഹിക്കുന്നു. എന്നാൽ യേശുവിന്റെ കാലടികളെ പിന്തുടരുന്നതിനു നസ്രേത്തിലോ, കഫർന്നഹൂമിലോ, ബേഥാന്യയിലോ പോകേണ്ട ആവശ്യമില്ല. രോഗക്കിട ക്കയ്ക്കരികിലും, ദാരിദ്ര്യം കടിച്ചു തുപ്പിയ ചെറ്റപ്പുരകളിലും, വൻനഗര ങ്ങളിലെ ഇരുളടഞ്ഞ ഇടവഴികളിലും, മനുഷ്യഹൃദയം ആശ്വാസം കൊതി ക്കുന്ന സ്ഥലങ്ങളിലും യേശുവിന്റെ കാല്പാടുകൾ നമുക്കു കാണാൻ കഴിയും. യേശു ഭൂമിയിലായിരുന്നപ്പോൾ ചെയ്ത കാര്യങ്ങൾ, നാം പിന്തുടരു മ്പോൾ, നാം അവന്റെ കാലടികളിൽ നടക്കുകയാണ്.

എന്തെങ്കിലും ചെയ്യുവാൻ എല്ലാവർക്കും കഴിയും. "ദരിദ്രന്മാർ നിങ്ങൾക്ക് എല്ലായ്പോഴും അടുക്കെ ഉണ്ടല്ലോ" (യോഹ. 12:8). യേശുവിനുവേണ്ടി പ്രവർത്തിക്കുവാൻ സ്ഥലമില്ലായെന്ന് ആരും കരുതേണ്ടതില്ല. ആയിരമായിരം മനുഷ്യർ, പാപത്തിന്റെ അജ്ഞതയിൽ, ക്രിസ്തുവിന്റെ നിസ്തുലസ്നേഹം രുചിച്ചറിയാതെ മരണത്തെ വരിക്കുന്നു. നാം അവരുടെ അവസ്ഥയിലായിരി ക്കുകയും, അവർ നമ്മുടെ അവസ്ഥയിൽ കഴിയുകയും ചെയ്തിരുന്നു വെങ്കിൽ അവർ നമുക്കുവേണ്ടി എന്തു ചെയ്യണമെന്നു നാം ആഗ്രഹിക്കുമായി രുന്നു? നമ്മുടെ കഴിവിനൊത്തവണ്ണം നാം അവർക്കുവേണ്ടി പ്രവർത്തിക്കു വാൻ ബാദ്ധ്യസ്ഥരാണ്. "മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്യുവിൻ" (മത്തായി 7:12). ഇതാണു ക്രിസ്തുവിന്റെ കല്പന. ഈ നിയമം അനുസരിച്ചാ യിരിക്കും ന്യായവിധിദിവസത്തിൽ, നമ്മുടെ വിധി നിർണ്ണയിക്കപ്പെടുന്നത്.

ദുഃഖിക്കുന്നവരെയും പരിക്ഷീണിതരെയും ആശ്വസിപ്പിക്കുകയും, സംരക്ഷിക്കുകയും ചെയ്യുന്ന ഒരു സഭ സ്ഥാപിക്കുവാനാണു കർത്താവു തന്റെ വിലയേറിയ ജീവൻ നല്കിയത്. വിശ്വാസികളുടെ കൂട്ടം ദരിദ്രരോ, വിദ്യാഹീനരോ, അറിയപ്പെടാത്തവരോ ആയിരുന്നേക്കാം. എന്നാൽ ക്രിസ്തുവിനുവേണ്ടി ഭവനത്തിലോ, അയൽപക്കത്തോ, ദൂരസ്ഥലത്തോ അവർക്കു പ്രവർത്തിക്കാവുന്നതാണ്. അതിന്റെ ഫലങ്ങൾ നിത്യതവരെ എത്തുന്നതായിരിക്കും.

ഈ പ്രവൃത്തി ഉപേക്ഷിക്കുന്നതു കാരണമാണ് അനേക യുവശിഷ്യന്മാർ ക്രിസ്തീയ അനുഭവത്തിന്റെ ബാലപാഠങ്ങളിൽനിന്നു മുന്നേറാത്തത്. “നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു” എന്നു യേശു അവരോടു പറഞ്ഞപ്പോൾ, അവരുടെ ഹൃദയത്തിൽ തെളിഞ്ഞു പ്രകാശിച്ച വെളിച്ചം, പ്രയാസത്തിൽ ഇരിക്കുന്നവരെ സഹായിക്കുന്നതിൽക്കൂടെ കാത്തു സൂക്ഷിക്കാമായിരുന്നു. യുവാക്കളുടെ അടങ്ങാത്ത ഊർജ്ജശക്തി പല പ്പോഴും അവരെ അപകടങ്ങളിൽ കൊണ്ടുചാടിക്കുമെങ്കിലും, മറ്റുള്ളവർക്ക് അനുഗ്രഹം പകരുന്ന ചാലുകളായി തിരിച്ചുവിടേണ്ടതാണ്. മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി താൽപര്യത്തോടെ പ്രവർത്തിക്കുമ്പോൾ, സ്വയത്തെ നാം മറക്കുന്നു.

മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവർക്ക്, നല്ല ഇടയൻ ശുശ്രൂഷകൻ ആയിരിക്കും. അവർ ജീവന്റെ ജലം പാനം ചെയ്തു തൃപ്തരാകും. അങ്ങനെയുള്ളവർ ലോകത്തിന്റെ വെറിക്കൂത്തുകൾ ഇഷ്ടപ്പെടുകയില്ല. അവരുടെ ഹൃദയഭാരം, മനുഷ്യാത്മാവിന്റെ രക്ഷയായിരിക്കും. സമൂഹത്തിന് അവരുടെ സേവനം പ്രയോജനകരമായിരിക്കും. യേശുവിനോടുള്ള സ്നേഹം മനുഷ്യരെ പരസ്പരം അടുപ്പിക്കുന്നു.

നാം ദൈവത്തിന്റെ കൂട്ടുവേലക്കാർ എന്ന ബോധത്തോടെ പ്രവർത്തിക്കു മ്പോൾ, ദൈവവാഗ്ദത്തത്തെക്കുറിച്ച് ഉദാസീനത കാട്ടുകയില്ല. അതു നമ്മുടെ ഹൃദയത്തെ പ്രകാശിപ്പിക്കുകയും, അധരങ്ങളെ ജ്വലിപ്പിക്കുകയും ചെയ്യും. അജ്ഞരും, ശിക്ഷണബോധമില്ലാത്തവരും, അനുസരണമില്ലാത്ത വരുമായ ഒരു ജനത്തെ ശുശ്രൂഷിപ്പാനായി മോശെയെ വിളിച്ചപ്പോൾ, ദൈവം നല്കിയ വാഗ്ദത്തം, “എന്റെ സാന്നിദ്ധ്യം നിന്നോടു കൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നല്കും” എന്നതായിരുന്നു. യഹോവ അരുളിച്ചെയ്തു: “ഞാൻ നിന്നോടുകൂടെ ഇരിക്കും” (പുറ. 33:14; 3:12). കഷ്ടപ്പെടുന്ന തന്റെ മക്കളെ ശുശ്രൂഷിക്കുന്ന ഏവർക്കും അവകാശമാക്കാവുന്നതാണു ദൈവ ത്തിന്റെ ഈ വാഗ്ദത്തം.

മനുഷ്യരോടു മനുഷ്യൻ കാണിക്കുന്ന സ്നേഹം, ദൈവസ്നേഹത്തിന്റെ ഒരു പ്രതിഫലനമാണ്. നമ്മിൽ ഈ സ്നേഹം സംജാതമാക്കുവാൻ വേണ്ടിയാണ്, മഹത്വത്തിന്റെ രാജാവു നമ്മിൽ ഒരാളായിത്തീർന്നത്. “ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ അന്യോന്യം സ്നേഹിപ്പിൻ” (യോഹ. 15:12). ക്രിസ്തുവിന്റെ ഈ ആജ്ഞ നമ്മിൽ നിറവേറപ്പെടുമ്പോൾ, നാമും നമ്മുടെ സമസൃഷ്ടങ്ങളെ സ്നേഹിക്കുകയും, കർത്താവിന്റെ ദൗത്യം പൂർത്തീകരിക്കപ്പെടുകയും ചെയ്യും. നാം സ്വർഗ്ഗത്തിൽ പ്രവേശിപ്പാൻ യോഗ്യതയുള്ളവരായിത്തീരും. സ്വർഗ്ഗം നമ്മിൽ വന്നുകഴിഞ്ഞുവെന്നും നമുക്കുറപ്പിക്കാം.

“മരണത്തിനു കൊണ്ടുപോകുന്നവരെ വിടുവിക്ക; കുലയ്ക്കായി വിറച്ചു ചെല്ലുന്നവരെ രക്ഷിപ്പാൻ നോക്കുക. ഞങ്ങൾ അറിഞ്ഞില്ലല്ലോ എന്നു നീ പറഞ്ഞാൽ ഹൃദയങ്ങളെ തൂക്കിനോക്കുന്നവൻ ഗ്രഹിക്കയില്ലയോ? നിന്റെ

പ്രാണനെ കാക്കുന്നവൻ അറികയില്ലയോ? അവൻ മനുഷ്യനു പ്രവൃത്തിക്കു തക്കവണ്ണം പകരം കൊടുക്കയില്ലയോ?" (സദൃശ. 24:11,12). ക്രിസ്തുവിനു വേണ്ടി പ്രവർത്തിക്കാത്തവരും, തങ്ങൾക്കായി മാത്രം ചിന്തിക്കുകയും, തങ്ങൾക്കുവേണ്ടി മാത്രം കരുതുകയും ചെയ്തവരെ, ന്യായവിധിദിവസത്തിൽ നീതിയുള്ള ന്യായാധിപതി, തിന്മ ചെയ്തവരുടെ കൂട്ടത്തിൽ അയയ്ക്കും. അവർക്ക് ഒരുപോലെയുള്ള ശിക്ഷ ലഭിക്കും.

ഓരോ ആത്മാവിനും ഓരോ ചുമതല ഭരമേല്പിച്ചിട്ടുണ്ട്. "നിനക്കു നല്കിയിരുന്ന കൂട്ടം, നിന്റെ മനോഹരമായ ആട്ടിൻകൂട്ടം എവിടെ" (യിരെ. 13:20) എന്ന് ഇടയശ്രേഷ്ഠൻ ചോദിക്കുമ്പോൾ നീ എന്തുത്തരം നല്കും?

# 71

# ദാസന്മാരുടെ ദാസൻ

അവലംബം: ലൂക്കൊസ് 22:7–18,24; യോഹ. 13:1–17

യെരൂശലേമിലെ ഒരു വീടിന്റെ മാളികമുറിയിൽ, ക്രിസ്തു ശിഷ്യന്മാരോടൊപ്പം മേശയ്ക്കരികിൽ ഇരിക്കയായിരുന്നു. പെസഹ ആചരിപ്പാനായിരുന്നു അവർ അവിടെ കൂടിയത്. തന്റെ പന്ത്രണ്ടു ശിഷ്യന്മാരോടുംകൂടെ സ്വകാര്യമായി ഈ വിരുന്നു കഴിപ്പാൻ ക്രിസ്തു ആഗ്രഹിച്ചു. തന്റെ അന്ത്യനാഴിക വന്നെത്തിയിരുന്നുവെന്നു കർത്താവിനറിയാമായിരുന്നു. യഥാർത്ഥ പെസഹാക്കുഞ്ഞാടു ക്രിസ്തു ആയിരുന്നു. പെസഹാദിനത്തിൽത്തന്നെ ക്രിസ്തു യാഗമായിത്തീരാൻ പോകുകയായിരുന്നു. ദൈവക്രോധത്തിന്റെ പാനപാത്രം കുടിക്കേണ്ട നാഴിക വന്നെത്തി. കഷ്ടതയുടെ സ്നാനം കർത്താവ് ഏല്ക്കുവാൻ പോകുകയായിരുന്നു. എന്നാൽ അതിനുമുമ്പായി ശാന്തതയുടെ ഏതാനും മണിക്കൂറുകൾ കർത്താവിനു ലഭിച്ചു. ആ വിലയേറിയ സമയം ശിഷ്യന്മാരോടൊത്തു ചെലവഴിക്കുവാൻ കർത്താവാഗ്രഹിച്ചു.

ക്രിസ്തുവിന്റെ ജീവിതം മുഴുവനും നിസ്വാർത്ഥസേവനജീവിതമായിരുന്നു. "ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിക്കുവാനത്രേ കർത്താവു വന്നത്"

(മത്തായി 20:28). തന്റെ ഓരോ പ്രവൃത്തിയും നൽകിയ പാഠം അതായിരുന്നു. എങ്കിലും ശിഷ്യന്മാർ ഈ പാഠം ഇതുവരെ പഠിച്ചിരുന്നില്ല. ഈ അന്ത്യ അത്താഴവിരുന്നിൽ ഈ പാഠം യേശു പ്രായോഗികമാക്കിക്കൊണ്ടു ശിഷ്യന്മാരെ പഠിപ്പിച്ചു. അത് അവരുടെ മനസ്സിൽ ആഴമായി പതിഞ്ഞു.

യേശുവും ശിഷ്യന്മാരും തമ്മിലുള്ള കൂടിക്കാഴ്ച ശാന്തമായ സന്തോഷവേളകളായിരുന്നു. അവർ ഈ സന്ദർഭങ്ങളെ ഏറ്റവും വിലയേറിയതായി കരുതി. പെസഹാ അത്താഴം പ്രത്യേക സന്തോഷമുള്ള ഒരു സമയമായിരുന്നു. എന്നാൽ ഈ അവസരത്തിൽ യേശുവിന്റെ ഹൃദയം കലങ്ങിയും ഭാരപ്പെട്ടുമിരുന്നു. ക്രിസ്തുവിന്റെ മനസ്സിനെ എന്തോ ഭാരപ്പെടുത്തുന്നതായി ശിഷ്യന്മാർക്കു മനസ്സിലായി. അതിന്റെ കാരണമെന്തെന്ന് അവർക്കറിവില്ലായിരുന്നുവെങ്കിലും യേശുവിനോടുകൂടെ അവരും സഹതപിച്ചു.

മേശയ്ക്കരികിൽ അവർ ഉപവിഷ്ടരായപ്പോൾ, യേശു ദുഃഖം കലർന്ന സ്വരത്തിൽ പറഞ്ഞു: "ഞാൻ കഷ്ടം അനുഭവിക്കും മുമ്പേ, ഈ പെസഹ നിങ്ങളോടു കൂടെ കഴിപ്പാൻ വാഞ്ഛയോടെ ആഗ്രഹിച്ചു. അതു ദൈവരാജ്യത്തിൽ നിവൃത്തിയാകുവോളം ഞാൻ ഇനി അതു കഴിക്കയില്ല. പിന്നെ പാനപാത്രം എടുത്തു വാഴ്ത്തി: ഇതു വാങ്ങി പങ്കിട്ടുകൊൾവിൻ. ദൈവരാജ്യം വരുവോളം ഞാൻ മുന്തിരിവള്ളിയുടെ അനുഭവം ഇന്നുമുതൽ കുടിക്കയില്ല."

തനിക്കു ലോകത്തിൽനിന്നു വേർപെട്ടു പിതാവിന്റെ സമീപത്തേക്കു പോകാൻ സമയം വന്നുകഴിഞ്ഞെന്നു ക്രിസ്തു ഗ്രഹിച്ചു. ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ, അവസാനത്തോളം അവരെ സ്നേഹിച്ചു. കുരിശിന്റെ നിഴൽ യേശുവിന്റെ മേൽ പതിച്ചിരുന്നു. വേദന തന്റെ ഹൃദയത്തെ കാർന്നുകൊണ്ടിരുന്നു. തന്നെ കാണിച്ചുകൊടുക്കുന്ന നാഴികയിൽ എല്ലാവരാലും താൻ തൃജിക്കപ്പെടുമെന്നും ക്രിസ്തുവിനറിയാമായിരുന്നു. കുറ്റവാളികളെ എങ്ങനെ നിഷ്കരുണം കൊലചെയ്തിരുന്നുവോ അതുപോലെ തന്നെയും കൊലപ്പെടുത്തുമെന്നും ക്രിസ്തുവിനറിയാമായിരുന്നു. ആരെ രക്ഷിപ്പാൻ താൻ വന്നുവോ, അവരുടെ നന്ദിയില്ലായ്മയും ക്രൗര്യവും യേശു മുൻകൂട്ടി കണ്ടു. തന്റെ ത്യാഗത്തിന്റെ മഹത്വവും, അനേകർ അതിനെ വിലമതിക്കാതിരുന്നതും യേശു ദർശിച്ചു. തനിക്കു ഭവിക്കുവാൻ പോകുന്ന കഷ്ടതകളെയും, അപമാനത്തെയും കുറിച്ചോർത്തപ്പോൾ, സ്വാഭാവികമായും ദുഃഖപരവശനായി. താൻ സ്നേഹിച്ച പന്ത്രണ്ടു ശിഷ്യന്മാരെ കർത്താവു നോക്കി. തന്റെ കഷ്ടപ്പാടുകൾക്കും മരണത്തിനും ശേഷം, ശിഷ്യന്മാർ ഏകരായി സഹിപ്പാൻ പോകുന്ന കഷ്ടതകളെക്കുറിച്ചും കർത്താവ് ഓർത്തു. തന്നെക്കുറിച്ചു മാത്രം കർത്താവു ചിന്തിച്ചില്ല. ശിഷ്യന്മാരെക്കുറിച്ചുള്ള കരുതൽ തന്റെ മനസ്സിൽ എപ്പോഴുമുണ്ടായിരുന്നു.

ശിഷ്യന്മാരുമായി സമയം ചെലവഴിച്ച ഒടുവിലത്തെ രാത്രിയിൽ, യേശുവിന് അവരോടു വളരെ പറയാനുണ്ടായിരുന്നു. അവർക്കു കർത്താവു നല്കുവാനുള്ളതെല്ലാം അവർ സ്വീകരിച്ചിരുന്നുവെങ്കിൽ, അവർക്ക് അതി

ദുഃഖത്തിൽനിന്നും നിരാശയിൽനിന്നും അവിശ്വാസത്തിൽനിന്നും രക്ഷ പ്രാപിക്കാമായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ഉപദേശങ്ങളെല്ലാം ഉൾക്കൊള്ളാനുള്ള കഴിവ് അവർക്കില്ലായിരുന്നു. അവരുടെ മുഖത്തേക്കു നോക്കിയപ്പോൾ മുന്നറിയിപ്പിന്റെയും സമാശ്വസിപ്പിക്കലിന്റെയും വാക്കുകൾ കർത്താവിന്റെ അധരങ്ങളിൽനിന്നു പുറത്തേക്കുവന്നില്ല. നിശ്ശബ്ദത അവിടെ വ്യാപിച്ചു. യേശു എന്തിനോ കാത്തുനില്ക്കുന്നതുപോലെ കാണപ്പെട്ടു. ശിഷ്യന്മാരും അസ്വസ്ഥരായിരുന്നു. തങ്ങളിലുണ്ടായ അനുകമ്പയും അലിവും നഷ്ടപ്പെട്ടതുപോലെ ശിഷ്യന്മാർക്കു തോന്നി. തനിക്ക് അനുഭവപ്പെടാൻ പോകുന്ന കഷ്ടതകളെക്കുറിച്ചു യേശു സൂചിപ്പിച്ചിട്ടും ശിഷ്യന്മാർ ഗ്രഹിച്ചതായി കാണപ്പെട്ടില്ല. ശിഷ്യന്മാർ പരസ്പരം നോക്കിക്കൊണ്ടിരുന്നു. ആ നോട്ടത്തിൽ വിനയത്തിന്റെയും സ്നേഹത്തിന്റെയും പ്രതിഫലനം ഇല്ലായിരുന്നു.

തങ്ങളുടെ കൂട്ടത്തിൽ വലിയവൻ ആരാകുന്നു എന്ന ഒരു തർക്കം ശിഷ്യന്മാരിൽ നിലനിന്നിരുന്നു. ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിലും ഈ തർക്കം അവർ തുടർന്നു. ക്രിസ്തുവിനെ ഇതു വളരെ വേദനിപ്പിച്ചു. ക്രിസ്തു, രാജ്യം സ്ഥാപിക്കുകയും ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുകയും ചെയ്യുമെന്നു ശിഷ്യന്മാർ ഉറപ്പായി വിശ്വസിച്ചു. ക്രിസ്തു സ്ഥാപിക്കുന്ന രാജ്യത്തിൽ ഏറ്റവും ഉന്നതമായ സ്ഥാനം തനിക്കു ലഭിക്കണമെന്ന് ഓരോ ശിഷ്യനും ആഗ്രഹിച്ചു. അവർ തന്നെത്താൻ വളരെ വിലപ്പെട്ടവനെന്നു കരുതുകയും മറ്റുള്ളവരെ തന്നെക്കാൾ കുറഞ്ഞവർ എന്നു കണക്കാക്കുകയും ചെയ്തു. സഹോദരനെ ശ്രേഷ്ഠനായി കരുതുന്നതിനു പകരം, അവർ സ്ഥാനമോഹികളായിത്തീർന്നു. ക്രിസ്തുവിന്റെ സിംഹാസനത്തിന്റെ ഇടത്തും വലത്തും ഇരിക്കുവാൻ തങ്ങളെ അനുവദിക്കേണം എന്ന യോഹന്നാന്റെയും യാക്കോബിന്റെയും അപേക്ഷ മറ്റു ശിഷ്യന്മാരെ കോപിപ്പിച്ചിരുന്നു. ഈ രണ്ടു പേരുടെ അപേക്ഷ മറ്റു ശിഷ്യന്മാരിൽ അസൂയയും വിദ്വേഷവും ഉളവാക്കി. തങ്ങളുടെ വിശ്വസ്തതയും കഴിവുകളും കാര്യമായിട്ടെടുത്തിട്ടില്ലായെന്ന് അവർ കരുതി. യാക്കോബിനോടും യോഹന്നാനോടും ഏറ്റവും ക്രൂരമായി പെരുമാറിയതു യൂദാ ആയിരുന്നു.

ശിഷ്യന്മാർ പെസഹ കഴിപ്പാനായി മുറിയിൽ കയറിയപ്പോൾ അവരുടെ ഹൃദയം വിദ്വേഷത്താൽ നിറഞ്ഞിരുന്നു. ക്രിസ്തുവിന്റെ ഇടത്തു വളരെ അടുത്ത്, യൂദാ ഇരുന്നു. യോഹന്നാൻ വലത്തുവശത്ത് ഇരുന്നു. ഏറ്റവും ഉന്നതമായ ഒരു ഇരിപ്പിടം ഉണ്ടായിരുന്നുവെങ്കിൽ അതു യൂദാ കരസ്ഥമാക്കുമായിരുന്നു. ക്രിസ്തുവിന്റെ ഇരിപ്പിടം കഴിഞ്ഞാൽ അടുത്തതു സ്വായത്തമാക്കുവാൻ യൂദാ ആഗ്രഹിച്ചു. അവൻ വഞ്ചകനായിരുന്നു.

ശിഷ്യന്മാരുടെ ഇടയിൽ തർക്കത്തിനു വേറൊരു കാരണവുമുണ്ടായിരുന്നു. വിരുന്നു നടക്കുന്ന അവസരങ്ങളിൽ ഒരു ദാസൻ അതിഥികളുടെ കാലുകൾ കഴുകുന്ന പതിവുണ്ടായിരുന്നു. ഈ ചടങ്ങിനുള്ള ഒരുക്കങ്ങൾ തയ്യാറായിരുന്നു. വെള്ളം സംഭരിച്ചിരുന്ന കലം, പാത്രം, തൂവാല തുടങ്ങിയവ കാലുകൾ കഴുകുന്നതിനുവേണ്ടി തയ്യാറാക്കിയിരുന്നു. എന്നാൽ ഈ ശുശ്രൂഷ

ചെയ്‌വാൻ ഒരു ദാസൻ ഉണ്ടായിരുന്നില്ല. ദാസൻ ഇല്ലാതിരുന്ന ആ സന്ദർഭത്തിൽ ശുശ്രൂഷ ചെയ്യേണ്ടിയിരുന്നതു ശിഷ്യന്മാരായിരുന്നു. എന്നാൽ ദാസന്റെ ഭാഗം നിർവ്വഹിക്കുവാൻ ഒരു ശിഷ്യനും മനസ്സുണ്ടായിരുന്നില്ല. അതു തന്റെ ചുമതലയല്ല എന്ന മനോഭാവം ഓരോ ശിഷ്യനും പ്രകടിപ്പിച്ചു. തികഞ്ഞ ഒരു നിർവികാരതയാണ് ഇത്തരുണത്തിൽ ശിഷ്യന്മാർ പ്രകടിപ്പിച്ചത്. അവരുടെ മൗനം, താഴ്മയുടെ പ്രവൃത്തി ചെയ്‌വാനുള്ള വൈമുഖ്യമാണു കാട്ടിയത്.

ഈ സാധുക്കളായ ശിഷ്യന്മാരെ സാത്താന്റെ നിയന്ത്രണത്തിൽനിന്ന് എപ്രകാരം അകറ്റുവാൻ കഴിയും? ശിഷ്യത്വത്തെക്കുറിച്ചു സംസാരിക്കുന്നതല്ല യഥാർത്ഥ ശിഷ്യത്വം എന്ന് അവരെ എങ്ങനെ മനസ്സിലാക്കിക്കൊടുക്കുവാൻ സാധിക്കും? യഥാർത്ഥ മഹത്വം സ്ഥിതിചെയ്യുന്നത്, സ്നേഹത്തോടുകൂടിയ സേവനത്തിലും, താഴ്മയിലുമാണെന്ന് എപ്രകാരം അവരെ കാണിക്കുവാൻ സാധിക്കും? എപ്രകാരം അവരുടെ ഹൃദയത്തിൽ സ്നേഹം ജ്വലിപ്പിക്കുവാനും, തന്റെ ആശയങ്ങൾ അവരെ ബോദ്ധ്യപ്പെടുത്തുവാനും കഴിയും? ഈ ചോദ്യങ്ങൾ യേശുവിന്റെ മനസ്സിലൂടെ കടന്നുവന്നു.

പരസ്പരം സേവനം അനുഷ്ഠിക്കുന്നതിനു ശിഷ്യന്മാർ ഒരു ശ്രമവും നടത്തിയില്ല. അവർ എന്തു ചെയ്യുമെന്നു കാണുവാൻ ക്രിസ്തു കുറച്ചുനേരം കാത്തിരുന്നു. അതിനുശേഷം ക്രിസ്തു തന്റെ ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റു. തന്റെ അങ്കി ഊരിവച്ചു. ഒരു തൂവാല എടുത്ത് അരയിൽ ചുറ്റി. ശിഷ്യന്മാർ അത്ഭുതത്തോടുകൂടി നോക്കിനിന്നു. എന്താണു സംഭവിക്കാൻ പോകുന്നതെന്ന് അറിയാൻ കാത്തിരുന്നു. "ഒരു തുവർത്ത് എടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ടു തുവർത്തുവാനും തുടങ്ങി." ഈ പ്രവൃത്തി ശിഷ്യന്മാരുടെ കണ്ണുകളെ തുറന്നു. അവരുടെ ഹൃദയങ്ങൾ അപരാധബോധവും ലജ്ജയുംകൊണ്ടു നിറഞ്ഞു. ക്രിസ്തു വിന്റെ നിശ്ശബ്ദമായ ശകാരം ശിഷ്യന്മാർ നല്ലവണ്ണം മനസ്സിലാക്കി. ഒരു പുതിയ വെളിച്ചത്തിൽ ശിഷ്യന്മാർ സ്വയം കണ്ടു.

യേശു ശിഷ്യന്മാരോടുള്ള സ്നേഹം പ്രദർശിപ്പിച്ചു. അവരുടെ സ്വയചിന്ത യേശുവിനെ ദുഃഖിതനാക്കിയെങ്കിലും, അവരിൽ ഉണ്ടായിരുന്ന അഹന്തയെ യേശു കുറ്റപ്പെടുത്തിയില്ല. അതിനു പകരമായി, അവർ ഒരിക്കലും മറക്കാത്ത ഒരു മാതൃക, ക്രിസ്തു അവർക്കു നല്കി. ശിഷ്യന്മാരോടുള്ള യേശുവിന്റെ സ്നേഹം അചഞ്ചലമായിരുന്നു. പിതാവു തന്റെ കയ്യിൽ എല്ലാം ഭരമേല്പിച്ചിരിക്കുന്നുവെന്നു ക്രിസ്തുവിനറിയാമായിരുന്നു. തന്റെ ദൈവികത്വത്തെക്കുറിച്ചു ക്രിസ്തുവിനു പൂർണ്ണബോദ്ധ്യം ഉണ്ടായിരുന്നു. എങ്കിലും തന്റെ രാജകീയസ്ഥാനമാനങ്ങൾ മാറ്റിവച്ചശേഷം, ഒരു ദാസന്റെ രൂപം എടുത്തു, ഭൗമിക ജീവിതത്തിലെ, ക്രിസ്തുവിന്റെ അവസാനപ്രവൃത്തികളിലൊന്ന്, ഒരു ദാസന്റെ ഭാഗം നിർവ്വഹിക്കുക എന്നതായിരുന്നു.

പെസഹയ്ക്കു മുമ്പു യൂദാ, പുരോഹിതന്മാരെയും ശാസ്ത്രിമാരെയും രണ്ടാമതും കണ്ട്, ക്രിസ്തുവിനെ അവരുടെ കയ്യിൽ ഏല്പിച്ചുകൊടു

ക്കുന്നതിനെ സംബന്ധിച്ച് ഒരു കരാർ ഉറപ്പിച്ചിരുന്നു. അതിനുശേഷം താൻ നിരപരാധി എന്ന ഭാവേന, ശിഷ്യന്മാരുടെ കൂടെ ഇടകലരുകയും പെസഹ ഒരുക്കുന്ന പ്രവൃത്തിയിൽ താൽപര്യം കാട്ടുകയും ചെയ്തു. യൂദയുടെ ഉദ്ദേശ്യത്തെക്കുറിച്ചു മറ്റു ശിഷ്യന്മാർക്ക് ഒരറിവും ഇല്ലായിരുന്നു. അവന്റെ രഹസ്യോദ്ദേശ്യം ക്രിസ്തുവിനു വായിക്കുവാൻ കഴിഞ്ഞു. എങ്കിലും ക്രിസ്തു, യൂദയെ പരസ്യമായി ശകാരിച്ചില്ല. എങ്കിലും അവന്റെ ആത്മരക്ഷയ്ക്കു വേണ്ടി യേശു ആഗ്രഹിച്ചു. നാശോന്മുഖമായിനിന്ന യെരൂശലേമിനെ ഓർത്തു കരഞ്ഞപ്പോഴുണ്ടായ ഹൃദയഭാരം യേശുവിന്, യൂദയെക്കുറിച്ചുണ്ടായി: "എങ്ങനെ നിന്നെ ഉപേക്ഷിക്കാനാവും?" യേശുവിന്റെ ഹൃദയം അവനു വേണ്ടി വിതുമ്പി. യേശുവിന്റെ "നിർബന്ധിക്കുന്ന സ്നേഹം" യൂദയ്ക്ക് അനുഭവവേദ്യമായി. അഴുക്കുപിടിച്ച തന്റെ കാലുകൾ രക്ഷകൻ കഴുകി ത്തുടച്ചപ്പോൾ, തന്റെ പാപം ഏറ്റുപറയണമെന്ന ഒരു തോന്നൽ യൂദയ്ക്കു വളരെ ശക്തമായി അനുഭവപ്പെട്ടു. എങ്കിലും യൂദാ ഹൃദയത്തെ വിനയപ്പെടു ത്തിയില്ല. അനുതപിക്കുന്നതിനു പകരം അവൻ തന്റെ ഹൃദയത്തെ കഠിന പ്പെടുത്തി. ഹൃദയത്തിൽ പൊന്തിവന്ന സദ്വികാരങ്ങളെ അടിച്ചമർത്തിയിട്ടു മനസ്സിനെ, യൂദാ കഠിനമാക്കി. യേശുവിന്റെ വിനയപ്രവൃത്തിയിൽ യൂദാ താൽപര്യം കാണിച്ചില്ല. ഇത്ര താഴ്മ കാട്ടുന്ന ഒരാൾക്കു യിസ്രായേലിന്റെ രാജാവായിരിക്കാൻ കഴിയുകയില്ലായെന്ന് അവൻ ചിന്തിച്ചു. ഒരു ഭൗതിക രാജ്യത്തിൽ ലഭിക്കാവുന്ന പദവികളെക്കുറിച്ചുള്ള എല്ലാ പ്രതീക്ഷകളും യൂദയെ സംബന്ധിച്ചിടത്തോളം അസ്തമിച്ചു. ക്രിസ്തുവിനെ അനുഗമി ക്കുന്നതിൽക്കൂടെ ഒന്നും നേടാനില്ലെന്ന് അവൻ വിശ്വസിച്ചു. സ്വയം താഴ് ത്തുന്ന ക്രിസ്തുവിനെ ഉപേക്ഷിക്കുവാൻ തന്നെ യൂദാ തീരുമാനിച്ചു. താൻ വഞ്ചിതനായി എന്ന് അവൻ ഉറപ്പായി വിശ്വസിച്ചു. യൂദയുടെ മേൽ സാത്താൻ ആധിപത്യം ഉറപ്പിച്ചു. യേശുവിനെ കാണിച്ചുകൊടുക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുവാൻ യൂദാ ഉറച്ചു.

യൂദാ അത്താഴത്തിനു മേശയ്ക്കരികിൽ ഇരുന്നപ്പോൾ ഒന്നാമത്തെ സ്ഥാനം തെരഞ്ഞെടുത്തു. ഒരു ദാസനെപ്പോലെ ക്രിസ്തു യൂദയുടെ കാലുക ളാണ് ആദ്യം കഴുകിയത്. യൂദാ ഏറ്റവും അധികം വെറുത്തിരുന്ന യോഹന്നാന് ഏറ്റവും ഒടുവിൽ മാത്രമേ ശുശ്രൂഷ ലഭിക്കുമായിരുന്നുള്ളൂ. എന്നാൽ ഇതൊരു തരംതാഴ്ത്തലായി യോഹന്നാൻ കരുതിയില്ല. ക്രിസ്തു ചെയ്ത സേവനം എല്ലാ ശിഷ്യന്മാരുടെയും ഹൃദയങ്ങളെ സ്പർശിച്ചു. പത്രൊസിന്റെ അടുത്തു കർത്താവു ചെന്നപ്പോൾ, പത്രൊസ് ചോദിച്ചു: "കർത്താവേ, നീ എന്റെ കാൽ കഴുകുന്നുവോ?" ക്രിസ്തുവിന്റെ താഴ്മ പത്രൊസിന്റെ ഹൃദയത്തെ തകർത്തു. ഈ ശുശ്രൂഷ ശിഷ്യന്മാരിലൊരാൾ ചെയ്യാത്തതിൽ പത്രൊസ് ലജ്ജിതനായി. യേശു പത്രൊസിനോടു പറഞ്ഞു: "ഞാൻ ചെയ്യുന്നതു നീ ഇപ്പോൾ അറിയുന്നില്ല; പിന്നെ അറിയും." ദൈവ ത്തിന്റെ പുത്രൻ എന്നു താൻ വിശ്വസിച്ച തന്റെ കർത്താവ് ഒരു ദാസന്റെ ഭാഗം നിർവ്വഹിക്കുന്നതു സഹിക്കുവാൻ പത്രൊസിനു കഴിഞ്ഞില്ല. കർത്താ വിന്റെ ഈ വിനയപ്രവൃത്തിയിൽ പത്രൊസ് ഇളകിവശായി. ഉറച്ച തീരുമാന ത്തോടെ പത്രൊസ് പറഞ്ഞു: "നീ ഒരുനാളും എന്റെ കാൽ കഴുകുകയില്ല."

യേശു പറഞ്ഞു: "ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്ക് എന്നോടുകൂടെ പങ്കില്ല." പത്രൊസ് നിരസിച്ച ശുശ്രൂഷ, ഉന്നതമായ ഒരു ശുദ്ധീകരണത്തിന്റെ പ്രതീകമായിരുന്നു. പാപക്കറകൾ ഹൃദയത്തിൽനിന്നു കഴുകിനീക്കുവാനാണു ക്രിസ്തു വന്നത്. തന്റെ പാദങ്ങൾ കഴുകുവാൻ ക്രിസ്തുവിനെ അനുവദിക്കാതിരുന്നതിൽക്കൂടെ പത്രൊസ്, പ്രധാനപ്പെട്ട ഒരു ശുദ്ധീകരണത്തെയാണു നിഷേധിച്ചത്. ഒരു വിധത്തിൽ പറഞ്ഞാൽ പത്രൊസ് കർത്താവിനെ നിരസിക്കുകയാണു ചെയ്തത്. നമ്മെ കഴുകുന്നതു കർത്താവിന് അപമാനകരമായ ഒരു പ്രവൃത്തി അല്ല. നമുക്കുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്നത് എന്തായിരുന്നാലും അതു നന്ദിയോടെ സ്വീകരിക്കുകയും, ക്രിസ്തുവിനായി താൽപര്യത്തോടുകൂടി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണു യഥാർത്ഥ വിനയം.

"ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്ക് എന്നോടുകൂടെ പങ്കില്ല" എന്ന കർത്താവിന്റെ വാക്കുകൾ കേട്ടപ്പോൾ, പത്രൊസിന്റെ അഹങ്കാരവും സ്വേച്ഛയുമെല്ലാം അവനെ വിട്ടുപോയി. പത്രൊസ് പൂർണ്ണമായി തന്നെത്താൻ കർത്താവിനു സമർപ്പിച്ചു. ക്രിസ്തുവിൽനിന്നു വേർപെട്ടിരിക്കുക എന്ന ചിന്തപോലും വച്ചുപുലർത്താൻ പത്രൊസിനു ത്രാണിയില്ലായിരുന്നു. ക്രിസ്തുവിൽനിന്നുള്ള വേർപാടു തനിക്കു മരണംപോലെ ആയിരുന്നു. "കർത്താവേ, എന്റെ കാൽ മാത്രമല്ല, കയ്യും തലയും കൂടെ കഴുകേണമേ," പത്രൊസ് യാചിച്ചു. യേശു പ്രതിവചിച്ചു: "കുളിച്ചിരിക്കുന്നവനു കാൽ അല്ലാതെ കഴുകുവാൻ ആവശ്യം ഇല്ല. അവൻ മുഴുവനും ശുദ്ധിയുള്ളവൻ."

ശാരീരികമായ ശുദ്ധീകരണത്തെക്കാൾ വലുതായ ഒന്നിനെ കർത്താവിന്റെ വാക്കുകൾ അർത്ഥമാക്കി. കാല്പാദങ്ങൾ കഴുകുന്നതിലൂടെ ശ്രേഷ്ഠമായ ഒരു ശുദ്ധീകരണത്തെ കർത്താവു സൂചിപ്പിച്ചു. കുളിച്ചിരിക്കുന്ന ഒരുവൻ ശുദ്ധിയുള്ളവനാണ്. എന്നാൽ പാദങ്ങളിൽ വേഗം അഴുക്കുപറ്റുന്നു. അതുകൊണ്ടു പാദങ്ങൾ വീണ്ടും കഴുകേണ്ടതായി വരുന്നു. പാപത്തെ കഴുകുവാനായി തുറക്കപ്പെട്ട വലിയ ഉറവയിൽ സ്നാനം ചെയ്തവരായിരുന്നു പത്രൊസും മറ്റു ശിഷ്യന്മാരും. കർത്താവു ശിഷ്യന്മാരെ സ്വന്തമായി കരുതിയിരുന്നു. പക്ഷേ, പരീക്ഷകൻ അവരെ കളങ്കമേല്പിച്ചു. ക്രിസ്തുവിന്റെ ശുദ്ധീകരിക്കുന്ന കൃപ അവർക്ക് ആവശ്യമായിരുന്നു. അവരുടെ കാലുകളിലെ അഴുക്കുകൾ കഴുകിക്കളയുവാനായി കർത്താവ് അരയിൽ തുണി ചുറ്റിയപ്പോൾ, കർത്താവ് ആഗ്രഹിച്ചത്, ആ പ്രവൃത്തിയിലൂടെ ശിഷ്യന്മാരുടെ ഹൃദയത്തിലുണ്ടായിരുന്ന അകൽച്ചയും, അസൂയയും, അഹങ്കാരവും കഴുകിക്കളയുകയായിരുന്നു. പൊടിപിടിച്ച തങ്ങളുടെ കാലുകൾ കഴുകുന്നതിനെക്കാൾ വളരെ അധികം പ്രാധാന്യമുള്ളതായിരുന്നു അത്. ആ സന്ദർഭത്തിൽ അവർ ആരും തന്നെ, ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപരായിരുന്നില്ല. താഴ്മയുടെയും സ്നേഹത്തിന്റെയും ആത്മാവ് അവരിൽ വന്നുവെങ്കിൽ മാത്രമേ, ക്രിസ്തുവിന്റെ മരണത്തെ പ്രഖ്യാപിക്കുന്ന, ക്രിസ്തു അപ്പോൾ സ്ഥാപിക്കുവാൻ പോകുകയായിരുന്ന കർത്തൃമേശയിൽ പങ്കെടുക്കുവാൻ അവർ യോഗ്യതയുള്ളവരായിത്തീരുമായിരുന്നുള്ളൂ. ശിഷ്യന്മാരുടെ ഹൃദയങ്ങൾക്കു വിശുദ്ധീകരണം ആവശ്യമായി

രുന്നു. അഹംഭാവവും സ്വേച്ഛയുമാണു വിദ്വേഷത്തെയും, പകയെയും കൊണ്ടുവരുന്നത്. എന്നാൽ യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകിയ തോടൊപ്പം അവരുടെ ഹൃദയങ്ങളിലെ മാലിന്യവും കഴുകിക്കളഞ്ഞു. അവരുടെ ചിന്തയിൽ മാറ്റം ഉണ്ടായി. "നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവർ" എന്ന് അവരെ നോക്കിക്കൊണ്ടു യേശുവിനു പറവാൻ കഴിഞ്ഞു. ഐക്യവും പരസ്പരസ്നേഹവും അവരുടെ ഹൃദയങ്ങളിൽ രൂപംകൊണ്ടു. അവർ വിനയമുള്ളവരും കേൾപ്പാൻ മനസ്സുള്ളവരും ആയിത്തീർന്നു. യൂദാ ഒഴികെ മറ്റു ശിഷ്യന്മാരെല്ലാം തങ്ങളുടെ സ്ഥാനം മറ്റുള്ളവർക്കു കൊടുപ്പാൻ തയ്യാറായി. ക്രിസ്തുവിന്റെ ഉപദേശങ്ങൾ വിനയത്തോടെ സ്വീകരിപ്പാൻ അവരുടെ ഹൃദയങ്ങൾ ഒരുങ്ങി.

പത്രൊസിനെയും മറ്റു സഹോദരന്മാരെപ്പോലെയും നാമും ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ടവരാണ്. എന്നാൽ തിന്മയുമായുള്ള സമ്പർക്കത്തിൽ നമ്മുടെ ഹൃദയശുദ്ധി നഷ്ടപ്പെടുന്നു. നമ്മെ ശുദ്ധീകരിക്കുന്ന തന്റെ കൃപ യ്ക്കുവേണ്ടി, ക്രിസ്തുവിന്റെ സമീപത്തേക്കു നാം വരണം. തന്റെ അഴുക്കു പിടിച്ച കാലുകൾ കർത്താവിനെക്കൊണ്ടു കഴുകിപ്പിക്കുവാൻ പത്രൊസിനു സമ്മതമില്ലായിരുന്നു. നമ്മുടെ ഹൃദയങ്ങൾ പാപങ്ങളാൽ മലിനപ്പെട്ടിരി ക്കുന്നു. നമ്മുടെ കോപവും, അഹംഭാവവും, സ്വയചിന്തയുമെല്ലാം നമ്മുടെ കർത്താവിനെ വേദനിപ്പിക്കുന്നവയാണ്. എങ്കിലും നമ്മുടെ കുറവുകളുമായി കർത്താവിന്റെ സന്നിധിയിൽ ചെല്ലണം. കർത്താവിനു മാത്രമേ നമ്മെ കഴുകി ശുദ്ധീകരിപ്പാൻ കഴികയുള്ളൂ. കർത്താവു നമ്മെ ശുദ്ധീകരിക്കാഞ്ഞാൽ, അവനുമായി നമുക്കു ബന്ധം പുലർത്താൻ കഴിയുകയില്ല.

യേശു പറഞ്ഞു: "നിങ്ങൾ ശുദ്ധിയുള്ളവരാകുന്നു; എല്ലാവരും അല്ലതാനും." യൂദയുടെ കാലുകൾ യേശു കഴുകിയെങ്കിലും യൂദയുടെ ഹൃദയം യേശു വിനു കീഴ്പ്പെടുത്തിയിട്ടില്ലായിരുന്നു. അവന്റെ ഹൃദയം ശുദ്ധീകരിക്ക പ്പെട്ടിട്ടില്ലായിരുന്നു. യൂദാ ക്രിസ്തുവിനുവേണ്ടി സ്വയം സമർപ്പിച്ചില്ല.

ക്രിസ്തു ശിഷ്യന്മാരുടെ കാലുകൾ കഴുകിയശേഷം, വസ്ത്രങ്ങൾ ധരിച്ച് ഇരിപ്പിടത്തിൽ ഉപവിഷ്ടനായി. അവരോടായി യേശു പറഞ്ഞു: "നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ടു നിങ്ങൾ പറയുന്നതു ശരി. കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ട താകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു. ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ദാസൻ യജമാനനെക്കാൾ വലിയവനല്ല; ദൂതൻ തന്നെ അയച്ചവനെക്കാൾ വലിയവനുമല്ല."

താൻ ശിഷ്യന്മാരുടെ കാൽ കഴുകിയെങ്കിലും ആ പ്രവൃത്തി തനിക്ക് ഒരു താഴ്ചയും വരുത്തിയില്ലായെന്നു ശിഷ്യന്മാർ മനസ്സിലാക്കുവാൻ ക്രിസ്തു ആഗ്രഹിച്ചു. "നിങ്ങൾ എന്നെ ഗുരുവെന്നും, കർത്താവെന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ടു നിങ്ങൾ പറയുന്നതു ശരി." ശ്രേഷ്ഠതയേറിയ

ഒരു വ്യക്തി ഈ ശുശ്രൂഷ ചെയ്തതുകൊണ്ട് അതിന് ആകർഷകത്വവും പ്രാധാന്യതയുമേറി. ക്രിസ്തുവിനെപ്പോലെ ശ്രേഷ്ഠൻ ആരുമില്ല. എങ്കിലും ദാസൻ ചെയ്യേണ്ട ജോലി താൻ ഏറ്റെടുത്തു. സ്വാർത്ഥചിന്തയാൽ മനുഷ്യൻ തെറ്റിപ്പോകാതിരിക്കുവാൻ, ക്രിസ്തു, വിനയത്തിന്റെ പ്രതീകമായ ഈ പാദശുശ്രൂഷ സ്ഥാപിച്ചു. ഇതു കർത്താവു തന്നെ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നു. മറ്റുള്ളവരെ ഏല്പിക്കുവാൻ കർത്താവ് ആഗ്രഹിച്ചില്ല. അത്ര പ്രാധാന്യം കർത്താവ് ഈ ശുശ്രൂഷയ്ക്കു നല്കി. ദൈവപുത്രൻ ദാസനെപ്പോലെ ശുശ്രൂഷിച്ചു. ശ്രേഷ്ഠമായ സ്ഥാനങ്ങൾക്കു വേണ്ടി ശിഷ്യന്മാർ കിടമത്സരം നടത്തിയപ്പോൾ, കർത്താധികർത്താവും രാജാധിരാജാവുമായവൻ അവരുടെ അഴുക്കുപിടിച്ച പാദങ്ങൾ കഴുകുവാൻ കുനിഞ്ഞു. തന്നെ ശത്രുക്കൾക്കു കാണിച്ചുകൊടുക്കുവാൻ പോകുന്നവന്റെയും പാദങ്ങൾ ക്രിസ്തു കഴുകി.

ദൈവത്തിൽനിന്ന് ഉൽഭവിക്കുന്ന നിസ്വാർത്ഥ ശുശ്രൂഷയുടെ പൂർണ്ണതയുള്ള മാതൃക, ക്രിസ്തു തന്റെ ജീവിതത്തിൽക്കൂടെയും ഉപദേശത്തിൽക്കൂടെയും നൽകി. ദൈവം നിസ്വാർത്ഥതയുടെ മൂർത്തിമദ്ഭാവമാണ്. ലോകസൃഷ്ടി, പരിപാലനം തുടങ്ങിയവകളിലൂടെ ദൈവം മറ്റുള്ളവർക്കു ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നു. "അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലോ" (മത്തായി 5:45). സേവനത്തിന്റെ ഈ ആദർശമാണു പിതാവ്, പുത്രനും നല്കിയിരിക്കുന്നത്. സേവനത്തിന്റെ അർത്ഥമെന്തെന്നു ശിഷ്യന്മാരെ പഠിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു, മനുഷ്യവർഗ്ഗത്തിന്റെ നേതൃസ്ഥാനത്തു നില്പാനുള്ള ചുമതല ക്രിസ്തുവിനു നല്കിയത്. സേവനത്തിന്റെ നിയമമായിരുന്നു കർത്താവിന്റെ ജീവിതത്തിന്റെ മുഖ്യധാര. കർത്താവു ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നു. എല്ലാവർക്കും തന്റെ സേവനം നല്കി. അങ്ങനെ ദൈവകല്പനയെ താൻ നിവർത്തിച്ചു. നാം എപ്രകാരം സേവനം ചെയ്യണമെന്നു ക്രിസ്തു മാതൃക കാണിച്ചുതന്നു.

സേവനത്തിന്റെ തത്വം ശിഷ്യന്മാരിലുറപ്പിക്കാൻ കർത്താവു പലവുരു ശ്രമിച്ചു. യാക്കോബും യോഹന്നാനും ശ്രേഷ്ഠസ്ഥാനത്തിനുവേണ്ടി അപേക്ഷിച്ചപ്പോൾ, യേശു പറഞ്ഞു: "നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം" (മത്തായി 20:26). എന്റെ രാജ്യത്തിൽ മുൻഗണനയ്ക്കോ, പ്രാമാണികത്വ ത്തിനോ സ്ഥാനമില്ല. എന്റെ രാജ്യത്തിൽ ഏതിനെങ്കിലും മഹത്വമുണ്ടെങ്കിൽ അതു വിനയത്തിനു മാത്രമുള്ളതാണ്. ഏതിനെങ്കിലും പ്രത്യേക പരിഗണന നല്കുന്നെങ്കിൽ, അതു മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിലുള്ള ഭക്തിക്കു മാത്രമാണ്.

ശിഷ്യന്മാരുടെ കാലുകൾ കഴുകിയശേഷം, യേശു പറഞ്ഞു: "ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു." അതിഥിസൽക്കാരം ആചരിക്കണമെന്നു മാത്രമല്ല കർത്താവ് ഇവിടെ അർത്ഥമാക്കുന്നത്. അതിഥികളുടെ കാൽ

കഴുകുന്നതിനെക്കാൾ ഉപരിയായ കാര്യം അതിൽ അടങ്ങിയിരിക്കുന്നു. മതപരമായ ഒരു ശുശ്രൂഷ സ്ഥാപിക്കയായിരുന്നു കർത്താവ് ഇവിടെ ചെയ്തത്. കർത്താവ് അതു ചെയ്തതുകൊണ്ട്, താഴ്മയുടെ ഈ ശുശ്രൂഷ ഒരു പരിശുദ്ധ ശുശ്രൂഷയായിത്തീർന്നു. താഴ്മയുടെയും സേവനത്തിന്റെയും പാഠങ്ങൾ തന്റെ ഭക്തന്മാർ ഓർക്കുന്നതിന്, ക്രിസ്തു അവർക്കുവേണ്ടി ഈ ശുശ്രൂഷ സ്ഥാപിച്ചു.

തിരുവത്താഴ ശുശ്രൂഷയിലേക്കു പ്രവേശിക്കുന്നതിനു മുമ്പായി, ഒരുക്കത്തിന്റെ ഒരു ശുശ്രൂഷയായിട്ടാണു കാൽ കഴുകൽ ശുശ്രൂഷ സ്ഥാപിച്ചത്. അഹംഭാവവും, വിദ്വേഷവും, സ്ഥാനമോഹവും ഹൃദയത്തിൽ കുടികൊള്ളുമ്പോൾ, ക്രിസ്തുവുമായുള്ള സംസർഗ്ഗത്തിനു ഹൃദയം ഒരുക്കമായിരിക്കയില്ല. അപ്പോൾ, കർത്താവിന്റെ ശരീരത്തെയും രക്തത്തെയും സ്വീകരിപ്പാൻ നാം ഒരുക്കമുള്ളവരായിരിക്കയില്ല. അതുകൊണ്ടാണു പാദശുശ്രൂഷയുടെ സ്മാരകം യേശു സഭയിൽ സ്ഥാപിച്ചത്. അതു തിരുവത്താഴ ശുശ്രൂഷയ്ക്കു മുമ്പ് ആചരിക്കേണ്ടതാണ്.

ദൈവമക്കൾ ഈ ശുശ്രൂഷയ്ക്കായി കടന്നുവരുമ്പോൾ കർത്താവു നല്കിയ ജീവന്റെയും മഹത്വത്തിന്റെയും വചനങ്ങൾ ഓർക്കണം. “ഞാൻ നിങ്ങൾക്കു ചെയ്തത് ഇന്നത് എന്നറിയുന്നുവോ? നിങ്ങൾ എന്നെ ഗുരുവെന്നും, കർത്താവെന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ടു നിങ്ങൾ പറയുന്നതു ശരി. കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു. ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ദാസൻ യജമാനനെക്കാൾ വലിയവനല്ല; ദൂതൻ തന്നെ അയച്ചവനെക്കാൾ വലിയവനുമല്ല. ഇതു നിങ്ങൾ അറിയുന്നുവെങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ.” തന്റെ സഹോദരനെക്കാൾ താൻ ശ്രേഷ്ഠനാകുന്നുവെന്ന ചിന്ത അനേകമാളുകളിൽ ഉണ്ട്. സ്വാർത്ഥതയും സ്ഥാനമോഹവും അനേകരെ ഭരിക്കുന്നു. ദുഷ്ടചിന്തകളിലേക്കും പകയിലേക്കും ഇതു നയിക്കുന്നു. തിരുവത്താഴത്തിനു മുമ്പുള്ള പാദശുശ്രൂഷ, തെറ്റിദ്ധാരണകൾ നീക്കുന്നതിനും, നിസ്വാർത്ഥതയുടെ ബന്ധനത്തിൽനിന്നു പുറത്തുവരുന്നതിനും, സ്വയമഹിമയാകുന്ന പൊയ്ക്കാലിയിൽനിന്നു താഴെ ഇറങ്ങുന്നതിനും, മനുഷ്യസേവനത്തിനാവശ്യമായ വിനയം ഉണ്ടാകുന്നതിനും സഹായിക്കുന്നു.

ആത്മപരിശോധനയ്ക്കും, പാപബോധം കൈവരുത്തുന്നതിനും, പാപക്ഷമ ലഭിച്ചിരിക്കുന്നു എന്ന ഉറപ്പിനുംവേണ്ടിയുള്ള ഈ പരിശുദ്ധ ശുശ്രൂഷാവേളയിൽ, അവ സാക്ഷാത്കരിക്കുന്നതിനു ദൈവിക സാന്നിദ്ധ്യം അവിടെ ഉണ്ട്. ഇതുവരെയും സ്വാർത്ഥതയുടെ ചാലിൽക്കൂടെ ഒഴുകിക്കൊണ്ടിരുന്ന ചിന്താധാരയെ, ശരിയായ ചാലിലൂടെ ഒഴുക്കുന്നതിന്, ക്രിസ്തു തന്റെ കൃപയുടെ പൂർണ്ണതയിൽ അവിടെ സന്നിഹിതനാണ്. കർത്താവിന്റെ മാതൃകയെ പിന്തുടരുന്നവരുടെ ബോധമനസ്സിനെ പരിശുദ്ധാത്മാവു ജീവസമാക്കുന്നു. നമുക്കുവേണ്ടി കർത്താവ് അനുഭവിച്ച അപമാനത്തെ

ക്കുറിച്ചോർക്കുമ്പോൾ, ചിന്തയുടെ ശകലങ്ങൾ ഒന്നായി ബന്ധിക്കപ്പെടുന്നു. അങ്ങനെ സ്മരണയുടെ ശൃംഖല ഉണ്ടാവുന്നു. ദൈവം ചെയ്ത നന്മകളെയും, ഭൗമിക സ്നേഹിതർ ചെയ്ത സഹായങ്ങളെയും അവരുടെ സ്നേഹത്തെയും കുറിച്ചോർക്കുന്നു. വിസ്മരിക്കപ്പെട്ട അനുഗ്രഹങ്ങൾ, ദൈവകൃപകളെ അഗണ്യമാക്കിയ സന്ദർഭങ്ങൾ, ദൈവത്തിന്റെ ദയയെ തിരസ്കരിച്ച സന്ദർഭങ്ങൾ, ഇവയെല്ലാം ഒന്നൊന്നായി മനസ്സിൽ കടന്നുവരുന്നു. നമ്മുടെ സ്വഭാവത്തിലെ വൈകല്യങ്ങൾ, ചുമതലകൾ നിറവേറ്റാതിരുന്ന വേളകൾ, ദൈവത്തോടു നന്ദി കാട്ടാതിരുന്ന സമയങ്ങൾ, സഹോദരങ്ങളോടു സ്നേഹം പ്രകടിപ്പിക്കാതിരുന്ന സന്ദർഭം തുടങ്ങിയവ നമ്മുടെ മനോമുകുരത്തിൽ തെളിഞ്ഞുവരുന്നു. പാപം വെളിവാകുകയും ദൈവം അവയെ കാണുകയും ചെയ്യുന്നു. നാം സ്വയത്തെ സമാശ്വസിപ്പിക്കുവാൻ ശ്രമിക്കുന്നില്ല. നേരെമറിച്ചു നമുക്കു പാപബോധം ശക്തിയായി തോന്നുകയും, ദൈവസന്നിധിയിൽ നാം താഴുകയും ചെയ്യുന്നു. ദൈവത്തെ നമ്മിൽനിന്ന് അകറ്റിയ മതിൽക്കെട്ടുകളെ തകർക്കുവാൻ നാം ശക്തരായിത്തീരുന്നു. ദുശ്ചിന്തകളും ദുർഭാഷണങ്ങളും നമ്മിൽനിന്ന് അകലുന്നു. നാം പാപങ്ങൾ ഏറ്റുപറയുകയും, പാപമോചിതരായിത്തീരുകയും ചെയ്യുന്നു. സകലത്തെയും കീഴടക്കുന്ന ദൈവകൃപ നമ്മിലേക്കു കടന്നുവരികയും, ക്രിസ്തുവിന്റെ സ്നേഹം നമ്മെ ഒന്നാക്കിത്തീർക്കുകയും ചെയ്യുന്നു.

ഒരുക്കത്തിന്റെ ശുശ്രൂഷയെ നാം മനസ്സിലാക്കിക്കഴിയുമ്പോൾ, ശ്രേഷ്ഠമായ ഒരു ആത്മീയ ജീവിതത്തിന്റെ വാഞ്ഛ നമ്മിലുണ്ടാവുന്നു. ഈ ആഗ്രഹത്തെ സംതൃപ്തമാക്കാൻ ദൈവം എപ്പോഴും ഒരുക്കമാണ്. നമ്മുടെ ആത്മാവ് ഉന്നതമായ ഒരു മണ്ഡലത്തിലേക്ക് ഉയർത്തപ്പെടുന്നു. പാപങ്ങൾ മോചിച്ചുകിട്ടിയെന്ന ഉറപ്പോടെ വിശുദ്ധ തിരുവത്താഴത്തിൽ നമുക്ക് അപ്പോൾ പങ്കെടുക്കുവാൻ സാധിക്കും. നീതിസൂര്യനാകുന്ന ക്രിസ്തുവിന്റെ പ്രകാശം മനസ്സിന്റെ ഉള്ളറകളെ പ്രകാശമാനമാക്കുന്നു. "ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ" കാണുന്നു (യോഹ. 1:29).

കർത്തൃമേശയുടെ ആത്മാവിനെ ഉൾക്കൊള്ളുന്നവർക്ക് ഇതൊരു വെറും ചടങ്ങായി അനുഭവപ്പെടുകയില്ല. "സ്നേഹത്താൽ അന്യോന്യം സേവിപ്പിൻ" (ഗലാ. 5:13) എന്ന മഹത്തായ പാഠമാണ് ഈ ശുശ്രൂഷ നല്കുന്നത്. പാദശുശ്രൂഷയിലൂടെ ക്രിസ്തു മനസ്സിലാക്കിത്തന്ന പാഠം, തന്റെ ശിഷ്യന്മാരെ സ്വർഗ്ഗീയ ഭണ്ഡാരത്തിലെ അനന്തമായ സമ്പത്തിന് അവകാശികളാക്കിത്തീർക്കുന്നതിന്, ഏതു സ്വയത്യാഗത്തിനും താൻ ഒരുക്കമായിരുന്നു എന്നതാണ്. ശിഷ്യന്മാരും അതേ സേവനസന്നദ്ധത കാണിക്കുമെന്നു ക്രിസ്തുവിന്റെ മുമ്പാകെ പ്രതിജ്ഞയെടുത്തു. ഈ ശുശ്രൂഷയിൽ ദൈവമക്കൾ പങ്കെടുക്കുമ്പോൾ, പരസ്പരം അവർ സ്നേഹബന്ധത്താൽ ഏകീഭവിക്കപ്പെടുന്നു. തമ്മിൽ തമ്മിൽ അവർ സഹായഹസ്തം നീട്ടുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു. നിസ്വാർത്ഥമായ സേവനത്തിനായി അവർ ജീവിതത്തെ സമർപ്പിക്കുന്നു. ഈ സേവനം നമ്മുടെ ചുരുങ്ങിയ വൃത്തത്തിനുള്ളിൽ ഒതുക്കരുത്. കർത്താവിന്റെ വയൽപ്രദേശംപോലെ വിസ്തൃതമായിരിക്കണം ദൈവമക്കളുടെ സേവനമാകുന്ന വയൽപ്രദേശം.

നമ്മുടെ ശുശ്രൂഷ ലഭിക്കാൻ ആവശ്യമുള്ളവരാണു ലോകം മുഴുവനും. പാവപ്പെട്ടവരും, നിസ്സഹായരും, അജ്ഞരും ലോകം മുഴുവൻ ഉണ്ട്. ക്രിസ്തുവിനോടു മാളികമുറിയിൽ സമ്പർക്കം പുലർത്തിയവർ ക്രിസ്തു ചെയ്തതുപോലെ ലോകത്തെ ശുശ്രൂഷിപ്പാനായി പോകും.

യേശു എല്ലാവർക്കും ശുശ്രൂഷ ചെയ്തു. എല്ലാവരുടെയും ദാസനായി വന്നു. എല്ലാവരെയും ശുശ്രൂഷിച്ചതുകൊണ്ട് എല്ലാവരാലും ക്രിസ്തു ശുശ്രൂഷിക്കപ്പെടുകയും, ബഹുമാനിക്കപ്പെടുകയും ചെയ്യും. കർത്താവിന്റെ ദിവ്യസ്വഭാവത്തിൽ പങ്കാളികളാകുവാൻ ആഗ്രഹിക്കുന്നവരും, വീണ്ടെടുക്കപ്പെട്ടവരെ കാണുമ്പോൾ കർത്താവിനെപ്പോലെ സന്തോഷിക്കുന്നവരും കർത്താവിന്റെ നിസ്വാർത്ഥസേവനമാതൃക പിന്തുടരണം.

“ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ, നിങ്ങളും ചെയ്യേണ്ടതിന്, ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു.” താൻ സ്ഥാപിച്ച ശുശ്രൂഷയുടെ ഉദ്ദേശ്യം ഇതായിരുന്നു. കർത്താവു വീണ്ടും പറയുന്നു: “ഇതു നിങ്ങൾ അറിയുന്നുവെങ്കിൽ, ചെയ്താൽ ഭാഗ്യവാന്മാർ.”

# 72

# എന്റെ ഓർമ്മയ്ക്കായി

അവലംബം: മത്തായി 26:20-29; മർക്കൊസ് 14:17-25;
ലൂക്കൊസ് 22:14-23; യോഹ. 13:18-30

"ഞാൻ കർത്താവിങ്കൽനിന്നു പ്രാപിക്കയും നിങ്ങൾക്ക് ഏല്പിക്കയും ചെയ്തത് എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി: ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം, അവൻ പാനപാത്രവും എടുത്തു: ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്‌വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും, പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" (1 കൊരി. 11:23-26).

രണ്ടു നിയമങ്ങളിൽ ഒന്ന് അവസാനിക്കുകയും മറ്റേത് ആരംഭിക്കുകയും ചെയ്യുന്ന ഒരു മാറ്റത്തിന്റെ ഘട്ടത്തിൽ യേശു നില്ക്കുകയായിരുന്നു. രണ്ടു

വ്യവസ്ഥകളുടെയും അവയെ പ്രതിനിധീകരിക്കുന്ന രണ്ട് ഉൽസവങ്ങളുടെയും മദ്ധ്യേ യേശു നിന്നു. ദൈവത്തിന്റെ കളങ്കമറ്റ കുഞ്ഞാടായ ക്രിസ്തു പാപയാഗമായി അർപ്പിക്കപ്പെടാൻ പോകുകയായിരുന്നു. നാലായിരം കൊല്ലങ്ങളായി ക്രിസ്തുവിന്റെ മരണത്തെ ചൂണ്ടിക്കാണിച്ചിരുന്ന ചടങ്ങാചാരങ്ങളും നിഴലുകളും ക്രിസ്തുവിന്റെ മരണത്തോടുകൂടെ സമാപിക്കുവാൻ പോവുകയായിരുന്നു. ശിഷ്യന്മാരോടൊത്തു ക്രിസ്തു പെസഹ ഭക്ഷിച്ചപ്പോൾ, പെസഹ എന്നേക്കുമായി അവസാനിക്കുകയും, തൽസ്ഥാനത്തു തന്റെ മരണത്തെ പ്രസ്താവിക്കുന്ന തിരുവത്താഴ ശുശ്രൂഷ പുതുതായി ശുശ്രൂഷിക്കുകയും ചെയ്തു. യെഹൂദരുടെ ദേശീയ ഉൽസവമായ പെസഹ ഇങ്ങനെ അവസാനിച്ചു. തിരുവത്താഴശുശ്രൂഷ ദേശകാലഭേദമെന്യേ എല്ലാ ക്രിസ്തുവിന്റെ അനുയായികളും അനുഷ്ഠിക്കേണ്ടതാണ്.

മിസ്രയീമ്യ അടിമത്തത്തിൽനിന്നു യിസ്രായേല്യർക്കു ലഭിച്ച മോചനത്തിന്റെ ഓർമ്മയ്ക്കായിട്ടാണു പെസഹ ആചരിച്ചിരുന്നത്. യിസ്രായേല്യ ശിശുക്കൾ ഈ കർമ്മത്തിന്റെ അർത്ഥമെന്താണ് എന്നു ചോദിക്കുമ്പോൾ, മാതാപിതാക്കൾ അതിന്റെ ചരിത്രം ആവർത്തിച്ചു പറഞ്ഞുകൊടുക്കണമെന്നു ദൈവം നിർദ്ദേശിച്ചിരുന്നു. അത്ഭുതകരമായ ആ വിടുതൽ പുതുമയോടെ എപ്പോഴും എല്ലാവരുടെയും മനസ്സിൽ കാത്തുസൂക്ഷിക്കേണ്ട ഒന്നായിരുന്നു. തിരുവത്താഴ ശുശ്രൂഷ ക്രിസ്തുവിന്റെ മരണം മൂലം പാപത്തിൽനിന്നുള്ള വിടുതലിനെയാണു ചൂണ്ടിക്കാണിച്ചത്. കർത്താവിന്റെ രണ്ടാമത്തെ വരവുവരെയും ഈ ശുശ്രൂഷ കൊണ്ടാടേണ്ടതാണ്. ക്രിസ്തു നടത്തിയ പാപപരിഹാരയാഗം എല്ലാ ക്രിസ്ത്യാനിയും പുതുമയോടെ സ്മരിക്കുന്നതിനുവേണ്ടി ക്രിസ്തു സ്ഥാപിച്ച ശുശ്രൂഷയാണു തിരുവത്താഴം.

മിസ്രയീമിൽനിന്നു യിസ്രായേൽമക്കൾ പുറപ്പെട്ടുപോന്നപ്പോൾ, യാത്രയുടെ തിടുക്കത്തിൽ, അര കെട്ടിയും, കയ്യിൽ വടി പിടിച്ചുകൊണ്ടുമായിരുന്നു പെസഹ ഭക്ഷിച്ചത്. മരുഭൂമിയിലൂടെയുള്ള വേദനാപൂർണ്ണവും ക്ലേശഭൂയിഷ്ഠവുമായ ഒരു യാത്ര യിസ്രായേൽജനത ആരംഭിക്കുകയായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ കാലത്ത്, അങ്ങനെ ഒരു യാത്ര ആരംഭിക്കേണ്ട ആവശ്യമില്ലായിരുന്നു. അവർ സ്വന്ത മണ്ണിൽ താമസിക്കുകയായിരുന്നു. അതുകൊണ്ട് ആളുകൾ ഇരുന്നുകൊണ്ടായിരുന്നു പെസഹ ഭക്ഷിച്ചത്. മേശയുടെ സമീപം വലിയ കിടക്കകൾ ഇട്ടിരുന്നു. കിടക്കകളിൽ കിടന്നുകൊണ്ട്, ഇടതുകൈകൊണ്ടു ശരീരം താങ്ങി പെസഹ ഭക്ഷിച്ചിരുന്നു. ചിലർ സ്നേഹിതരുടെ തോളിൽ തല ചായ്ച്ചു കാലുകൾ നീട്ടി കിടക്കുമ്പോൾ, മറ്റൊരാൾക്ക് അതിഥിയുടെ കാലുകൾ കഴുകുവാൻ സാധിക്കുമായിരുന്നു.

പെസഹ വിളമ്പിയശേഷം മേശയുടെ അടുത്തു യേശു ഇരുന്നു. പെസഹയ്ക്കു പുളിപ്പില്ലാത്ത അപ്പമായിരുന്നു ഉപയോഗിച്ചിരുന്നത്. അതുപോലെതന്നെ പുളിക്കാത്ത മുന്തിരിരസം പാത്രങ്ങളിൽ വിളമ്പിയിരുന്നു. കുറ്റമറ്റ തന്റെ സ്വന്തയാഗത്തിന്റെ പ്രതീകങ്ങളായിരുന്നു അപ്പവും വീഞ്ഞും. പാപത്തെയും മരണത്തെയും പ്രതിനിധാനം ചെയ്യുന്ന പുളിപ്പിന്, “നിർദ്ദോഷവും നിഷ്കളങ്കവുമായ” കുഞ്ഞാടിന്റെ രക്തത്തെ പ്രതിനിധീകരിക്കാൻ സാധിക്കുകയില്ല.

“അവർ ഭക്ഷിക്കുമ്പോൾ, യേശു അപ്പമെടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു: വാങ്ങി ഭക്ഷിപ്പിൻ; ഇത് എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു: എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ. ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം; എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടു കൂടെ പുതുതായി കുടിക്കുംനാൾ വരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽനിന്ന് ഇനി കുടിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.”

യേശുവിനെ ശത്രുക്കൾക്കു കാണിച്ചുകൊടുക്കാൻ പോകുന്ന യൂദയും ശിഷ്യന്മാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. യേശുവിന്റെ തകർന്ന ശരീരത്തെയും ചൊരിയുവാൻ പോകുന്ന രക്തത്തെയും സൂചിപ്പിക്കുന്ന പ്രതീകങ്ങളായ അപ്പവും വീഞ്ഞും യൂദാ, യേശുവിൽനിന്നു വാങ്ങി ഭക്ഷിച്ചു. “എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ” എന്ന കല്പനയും അവൻ കേട്ടു. ദൈവത്തിന്റെ കുഞ്ഞാടായ യേശുവിന്റെ അരികിലിരുന്നുകൊണ്ട്, തന്റെ മനസ്സിലെ കുടിലചിന്തകളെ യൂദാ ഒരിക്കൽക്കൂടെ ഓർത്തു.

യൂദയുടെ സ്വഭാവം കർത്താവ് അറിഞ്ഞിരുന്നു എന്നതിന്റെ ശരിയായ തെളിവ്, കാൽകഴുകൽവേളയിൽ കർത്താവു നല്കി. കർത്താവു പറഞ്ഞു: “നിങ്ങൾ എല്ലാവരും ശുദ്ധിയുള്ളവർ അല്ലതാനും” (യോഹ. 13:11). യൂദയുടെ ഉള്ളിലെ നിഗൂഢമായ ഉദ്ദേശ്യം യേശു അറിഞ്ഞിരുന്നുവെന്നു കർത്താവിന്റെ വാക്കുകൾ യൂദയെ ബോദ്ധ്യപ്പെടുത്തി. കർത്താവു കുറേക്കൂടി വ്യക്തമായി സംസാരിച്ചു. അവർ മേശയ്ക്കു ചുറ്റും ഇരിക്കുമ്പോൾ, ശിഷ്യന്മാരോടു ക്രിസ്തു പറഞ്ഞു: “നിങ്ങളെ എല്ലാവരെയും കുറിച്ചു പറയുന്നില്ല; ഞാൻ തെരഞ്ഞെടുത്തവരെ ഞാൻ അറിയുന്നു. എന്നാൽ എന്റെ അപ്പം തിന്നുന്നവൻ എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു എന്നുള്ള തിരുവെഴുത്തിനു നിവൃത്തി വരേണ്ടതാകുന്നു.”

അപ്പോഴും മറ്റു ശിഷ്യന്മാർക്കു യൂദയെ സംശയിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ക്രിസ്തു വ്യഥ അനുഭവിച്ചുകൊണ്ടിരിക്കുകയാണെന്ന് അവർ ഗ്രഹിച്ചു. തങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയാത്ത ഏതോ ഒരാപത്തു സംഭവിക്കുവാൻ പോകുന്നുവെന്ന ഒരു ചിന്ത അവരെ പിടികൂടി. നിശ്ശബ്ദരായി അവർ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ യേശു പറഞ്ഞു: “ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളിൽ ഒരുത്തൻ എന്നെ കാണിച്ചുകൊടുക്കും.” ഈ വാക്കുകൾ കേട്ടപ്പോൾ ശിഷ്യന്മാർ അത്ഭുതവും ഭയവും നിറഞ്ഞവരായിത്തീർന്നു. തങ്ങളുടെ ഗുരുവിനോടു തങ്ങൾക്കെങ്ങനെ വഞ്ചന കാട്ടാൻ കഴിയുമെന്ന് അവർക്കു മനസ്സിലായില്ല. എന്തു കാരണത്താൽ ഗുരുവിനെ ഒറ്റിക്കൊടുക്കും? ആർക്കാണു കാണിച്ചുകൊടുക്കുന്നത്? ആർക്കങ്ങനെ ചിന്തിക്കുവാൻ കഴിയും? കർത്താവിന്റെ ഉപദേശങ്ങൾ മറ്റാരെയുംകാൾ കൂടുതൽ കേട്ടവരും, കർത്താവിന്റെ സ്നേഹത്തെ ശരിയായി മനസ്സിലാക്കുകയും ചെയ്ത തങ്ങൾ അപ്രകാരം ചെയ്യുമോ എന്നു ശിഷ്യന്മാർ ചിന്തിച്ചു.

കർത്താവിന്റെ വാക്കുകളുടെ ഗൗരവം മനസ്സിലാക്കുകയും കർത്താവിന്റെ വാക്കുകൾ വാസ്തവമായിരിക്കും എന്ന് അറികയും ചെയ്തിരുന്ന ശിഷ്യന്മാർക്കു ഭയവും ആത്മവിശ്വാസക്കുറവും ബാധിച്ചു. തങ്ങളുടെ ഗുരുവിനെതിരായി ഏതെങ്കിലും ചിന്ത തങ്ങളിലുണ്ടായിട്ടുണ്ടോ എന്നു യൂദയൊഴിച്ചുള്ള ശിഷ്യന്മാർ, തങ്ങളുടെ ഹൃദയങ്ങളെ ശോധന ചെയ്തു. വേദന നിറഞ്ഞ ഹൃദയത്തോടെ ഓരോരുത്തർ യേശുവിനോടു ചോദിച്ചു: "കർത്താവേ, അതു ഞാനാണോ?" എന്നാൽ യൂദാ നിശ്ശബ്ദത പാലിച്ചു. യോഹന്നാൻ അതീവ ദുഃഖത്തോടെ ചോദിച്ചു: "കർത്താവേ, അത് ആർ?" യേശു പറഞ്ഞു: "എന്നോടുകൂടെ കൈ താലത്തിൽ മുക്കുന്നവൻ തന്നെ എന്നെ കാണിച്ചുകൊടുക്കും. തന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ മനുഷ്യപുത്രൻ പോകുന്നു, സത്യം. മനുഷ്യപുത്രനെ കാണിച്ചുകൊടുക്കുന്ന മനുഷ്യനോ ഹാ കഷ്ടം; ആ മനുഷ്യൻ ജനിക്കാതിരുന്നുവെങ്കിൽ അവനു കൊള്ളാമായിരുന്നു." "കർത്താവേ, അതു ഞാനോ" എന്ന് ഓരോ ശിഷ്യനും ചോദിച്ചപ്പോൾ, മറ്റു ശിഷ്യന്മാർ ചോദിച്ച ശിഷ്യനെ വീക്ഷിച്ചുകൊണ്ടിരുന്നു. യൂദയുടെ നിശ്ശബ്ദത, ഏവരുടെ ശ്രദ്ധയെയും അവനിലേക്കാകർഷിച്ചു. ഇതിനിടയിൽ യോഹന്നാന്റെ ചോദ്യത്തിന്, യേശു നല്കിയ മറുപടി യൂദാ കേട്ടിരുന്നില്ല. മറ്റു ശിഷ്യന്മാരുടെ സംശയദൃഷ്ടിയിൽനിന്നു രക്ഷപ്പെടുവാനായി യൂദയും ചോദിച്ചു: "ഞാനോ റബ്ബീ." യേശു പറഞ്ഞു: "നീ തന്നെ."

തന്റെ ഹൃദയനിരൂപണം വെളിവായതിലുള്ള അത്ഭുതത്തിലും, പരിഭ്രമത്തിലും യൂദാ വേഗത്തിൽ മുറി വിട്ടു പുറത്തുപോയി. അപ്പോൾ യേശു അവനോട്, "നീ ചെയ്യുന്നതു വേഗത്തിൽ ചെയ്യുക... ഖണ്ഡം വാങ്ങിയ ഉടനെ അവൻ എഴുന്നേറ്റുപോയി; അപ്പോൾ രാത്രി ആയിരുന്നു." ക്രിസ്തുവിനെ തിരസ്കരിച്ച് അന്ധകാരത്തിലേക്കിറങ്ങിയ യൂദയുടെ ജീവിതചക്രവാളത്തിൽ, നീതിസൂര്യൻ അസ്തമിച്ചു കഴിഞ്ഞു.

ഈ സന്ദർഭം വരെയും യൂദയ്ക്ക് അനുതപിച്ചു തിരിച്ചുവരുവാനുള്ള സാദ്ധ്യത ഉണ്ടായിരുന്നു. എന്നാൽ യേശുവിന്റെ സന്നിധിയിൽനിന്ന് എഴുന്നേറ്റുപോയ യൂദയ്ക്ക്, തിരിച്ചുവരവിന്റെ സാദ്ധ്യതകൾ അടഞ്ഞുകഴിഞ്ഞു.

പരീക്ഷയിൽ വീണുപോയ യൂദയോടു ക്രിസ്തുവിനുണ്ടായിരുന്ന ദീർഘക്ഷമ, അത്ഭുതാവഹമായിരുന്നു. യൂദയുടെ രക്ഷയ്ക്കായുള്ള വാതിലുകൾ എല്ലാം അടഞ്ഞു. തന്നെ കാണിച്ചുകൊടുക്കുവാൻ, യൂദാ ഇതിനുമുമ്പു രണ്ടു പ്രാവശ്യം ഉടമ്പടി ഉണ്ടാക്കിയപ്പോഴും അനുതപിക്കുവാനുള്ള സന്ദർഭം യേശു യൂദയ്ക്കു നല്കി. ഒരിക്കലും വഴങ്ങാത്ത യൂദയുടെ അഹംഭാവം, ദൈവകൃപയാകുന്ന തിരമാലകളെ തള്ളി പിന്നോട്ടു പായിച്ചപ്പോൾ, ഹൃദയങ്ങളെ കീഴടക്കുന്ന ദൈവസ്നേഹം ഒരു വേലിയേറ്റംപോലെ വീണ്ടും മടങ്ങിവന്നു. തന്റെ തെറ്റു കണ്ടുപിടിക്കപ്പെട്ടുവെന്നു യൂദാ അറിഞ്ഞപ്പോൾ, അവൻ അത്ഭുതവും ഭയവും ഉള്ളവനായിത്തീർന്നുവെങ്കിലും, ഒടുവിൽ അവന്റെ ഹൃദയം കഠിനപ്പെടുകയാണുണ്ടായത്. തിരുവത്താഴത്തിൽനിന്നു യൂദാ എഴുന്നേറ്റുപോയത്, ഗുരുവിനെ ശത്രുക്കൾക്കു കാണിച്ചുകൊടുക്കുന്നതിനാണ്.

യൂദയെ യേശു ശപിച്ചുവെങ്കിലും, ശിഷ്യന്മാരുടെമേൽ കൃപ വർഷിച്ചതിനു യേശുവിനൊരുദ്ദേശ്യമുണ്ടായിരുന്നു. താൻ മശീഹയാണെന്നതിന്റെ തെളിവായിരുന്നു അത്. യേശു പറഞ്ഞു: "അതു സംഭവിക്കുമ്പോൾ ഞാൻ തന്നെ മശീഹ എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്, ഞാൻ ഇപ്പോൾ അതു സംഭവിക്കുംമുമ്പേ, നിങ്ങളോടു പറയുന്നു." തനിക്കു സംഭവിക്കുവാൻ പോകുന്നതിനെക്കുറിച്ച് അജ്ഞതയിൽ കഴിയുകയും ഒന്നും പറയാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ, തങ്ങളുടെ ഗുരുവിനു ഭാവിയെ കാണുവാൻ കഴിയുകയില്ലായെന്നും, ദുഷ്ടന്മാരായ ആളുകളുടെ കയ്യിൽ താൻ അറിയാതെ വീണു എന്നും ശിഷ്യന്മാർ കരുതുമായിരുന്നു. തന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവൻ തന്നെ ഒറ്റിക്കൊടുക്കുമെന്നു താൻ പിടിക്കപ്പെടുന്നതിന് ഒരു വർഷം മുമ്പു യേശു പറഞ്ഞിരുന്നു. മനുഷ്യന്റെ ഹൃദയരഹസ്യങ്ങളെ കാണുവാനുള്ള യേശുവിന്റെ കഴിവ്, ശിഷ്യന്മാരുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുവാൻ കാരണമായിത്തീർന്നു. യൂദയെക്കുറിച്ചു യേശു പറഞ്ഞ വാക്കുകൾ, അവന്റെ ജീവിതത്തിൽ നിറവേറിയപ്പോൾ, ശിഷ്യന്മാർ അവയെ അത്ഭുതത്തോടെ ഓർത്തു.

യൂദാ വഞ്ചകനെന്ന് അറിഞ്ഞിട്ടും, അവന്റെ രക്ഷയ്ക്കുവേണ്ടി കർത്താവു പ്രവർത്തിക്കാതിരുന്നില്ല. പാദശുശ്രൂഷാവേളയിൽ "നിങ്ങൾ എല്ലാവരും ശുദ്ധിയുള്ളവരല്ല" എന്നു കർത്താവു പറഞ്ഞതും, "എന്റെ അപ്പം തിന്നുന്നവൻ എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു" എന്നു പറഞ്ഞതും (യോഹ. 13:11,18) ശിഷ്യന്മാർക്കു മനസ്സിലായില്ല. പിന്നീടു കർത്താവ് അതിനെക്കുറിച്ചു ശിഷ്യന്മാരോടു പറഞ്ഞപ്പോൾ, ദൈവത്തിനു പാപികളോടുള്ള സ്നേഹത്തെയും കരുണയെയും കുറിച്ച് അവർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു.

ആരംഭം മുതലേ യേശു യൂദയെ മനസ്സിലാക്കിയിരുന്നു എങ്കിലും യൂദയുടെയും കാലുകൾ യേശു കഴുകി. വിശുദ്ധ തിരുവത്താഴത്തിൽ പങ്കെടുത്തപ്പോൾ, യൂദയ്ക്കു യേശുവുമായി ഏകീഭവിക്കാനുള്ള സന്ദർഭം ഉണ്ടായിരുന്നു. യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിപ്പാനും, പാപങ്ങളെക്കുറിച്ച് അനുതപിക്കുവാനും, ശുദ്ധീകരണം പ്രാപിക്കുവാനുമുള്ള എല്ലാ സന്ദർഭങ്ങളും യൂദയ്ക്കു നല്കപ്പെട്ടു. ഓരോ വ്യക്തിക്കും ഇങ്ങനെയുള്ള സന്ദർഭങ്ങൾ ലഭിക്കുന്നു. ഒരുവൻ തെറ്റിലും പാപത്തിലും വീണു എന്നു നാം വിചാരിക്കുമ്പോൾ നാം അവനെ വെറുക്കുകയും അവനുമായുള്ള ബന്ധം വിച്ഛേദിക്കുകയും ചെയ്യരുത്. സ്നേഹരഹിതമായി അയാളോടിടപെട്ടാൽ, ആ സഹോദരനെ സാത്താന്റെ കയ്യിലേക്കു നാം തള്ളിവിടുകയാണു ചെയ്യുന്നത്. ക്രിസ്തു അതൊരിക്കലും ചെയ്യുകയില്ല. ശിഷ്യന്മാർ തെറ്റിപ്പോകുന്നവരും കുറ്റവും കുറവും ഉള്ളവരുമാക യാലായിരുന്നു ക്രിസ്തു അവരുടെ പാദങ്ങൾ കഴുകിയത്. അത് അവരെ അനുതാപത്തിലേക്കു നയിച്ചു.

തിരുവത്താഴത്തിൽനിന്ന് ആരെയും ഒഴിവാക്കിനിർത്തുക ക്രിസ്തുവിന്റെ മാതൃകയായിരുന്നില്ല. പരസ്യമായ പാപം കുറ്റക്കാരെ അകറ്റിനിർത്തുന്നു എന്നതു വാസ്തവം തന്നെ. പരിശുദ്ധാത്മാവ് ഇതു വ്യക്തമായി പഠിപ്പിക്കുന്നു. എന്നാൽ ഇതിനപ്പുറം ആരും ന്യായം വിധിക്കരുത്. തിരുവത്താഴ

ത്തിൽ ആർ പങ്കെടുക്കണം, ആർ പങ്കെടുക്കരുത് എന്ന് ആധികാരികമായി പറയുവാൻ മനുഷ്യനെ ദൈവം ചുമതലപ്പെടുത്തിയിട്ടില്ല. ഹൃദയങ്ങളെ വായിപ്പാൻ ആർക്കു കഴിയും? കളയെ ഗോതമ്പിൽനിന്നു വേർതിരിച്ച് അറിയാൻ ആരാൽ സാധിക്കും? "മനുഷ്യർ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം, ഈ അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കയും ചെയ്യുവാൻ." "അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. തിന്നുകയും കുടിക്കയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു" (1 കൊരി. 11:28,27,29).

വിശ്വാസികൾ വിശുദ്ധ കർമ്മങ്ങൾ ആചരിപ്പാനായി കൂടിവരുമ്പോൾ, മനുഷ്യദൃഷ്ടികൾക്കഗോചരമായി ദൂതന്മാർ സന്നിഹിതരാവുന്നു. വിശ്വാസികളുടെ ഇടയിൽ ഒരു യൂദാ കടന്നുകൂടിയിട്ടുണ്ടെങ്കിൽ, അന്ധകാരപ്രഭുവിന്റെ ദൂതന്മാർ അവിടെ ഉണ്ടായിരിക്കും. കാരണം പരിശുദ്ധാത്മാവിനു കീഴ്പ്പെടാത്ത ഏതൊരുവനോടുകൂടെയും ദുഷ്ടാത്മസേനകൾ ഉണ്ടായിരിക്കും. സ്വർഗ്ഗീയ ദൂതന്മാരും അവിടെ ഉണ്ടായിരിക്കും. അദൃശ്യരായ ഈ സന്ദർശകന്മാർ ഇങ്ങനെയുള്ള എല്ലാ സന്ദർഭങ്ങളിലും ഉണ്ടായിരിക്കും. സത്യത്തിന്റെയും വിശുദ്ധിയുടെയും സേവകരല്ലാത്തവരും, എന്നാൽ ശുശ്രൂഷയിൽ പങ്കെടുപ്പാൻ താൽപര്യമുള്ളവരും തിരുവത്താഴ ശുശ്രൂഷയിൽ പങ്കെടുപ്പാൻ കടന്നുവരും. അവരെ നാം വിലക്കരുത്. യേശു ശിഷ്യന്മാരുടെയും യൂദയുടെയും കാലുകൾ കഴുകിയപ്പോൾ, സന്നിഹിതരായിരുന്ന സാക്ഷികൾ ഇപ്രകാരമുള്ള ശുശ്രൂഷകളിലുണ്ട്. മാനുഷ ദൃഷ്ടികൾ മാത്രമല്ല ഈ രംഗം വീക്ഷിക്കുന്നത്.

തിരുവത്താഴ ശുശ്രൂഷയിൽ, പരിശുദ്ധാത്മാവിലൂടെ, ക്രിസ്തുവും സന്നിഹിതനാണ്. ഹൃദയത്തെ വിനയപ്പെടുത്തുവാനും, കുറ്റബോധമുളവാക്കുവാനുമായിട്ടാണു യേശുക്രിസ്തു സന്നിഹിതനാകുന്നത്.

നുറുങ്ങിയ ഹൃദയത്തിന്റെ ഞരക്കങ്ങൾ കർത്താവിന്റെ ദൃഷ്ടിയിൽ പെടാതിരിക്കുന്നില്ല. അനുതപിക്കുന്നവരെയും, ഹൃദയം നുറുങ്ങിയവരെയും യേശു കാത്തിരിക്കുന്നു. അപ്രകാരമുള്ളവരെ സ്വീകരിക്കാനായി കർത്താവു വേണ്ട ഒരുക്കങ്ങൾ ചെയ്തിരിക്കുന്നു. യൂദയുടെ കാലുകൾ കഴുകിയ കർത്താവ് ഏതൊരു പാപിയുടെയും പാപത്തെ കഴുകി വെടിപ്പാക്കുവാൻ ഒരുക്കത്തോടിരിക്കുന്നു.

അനർഹരായ ആരെങ്കിലും തിരുവത്താഴത്തിൽ പങ്കെടുക്കുന്നുയെന്ന കാരണത്താൽ ആരും തിരുവത്താഴത്തിൽനിന്നു മാറിനില്ക്കാൻ പാടില്ല. ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചിരിക്കുന്ന ഏതൊരു ശിഷ്യനും ഈ ശുശ്രൂഷയിൽ പങ്കെടുക്കാം. ഇങ്ങനെയുള്ള സമയങ്ങളിലാണ്, ക്രിസ്തു തന്റെ ജനത്തെ സന്ധിക്കുകയും അവരെ ശക്തീകരിക്കുകയും ചെയ്യുന്നത്. അയോഗ്യമായ ഹൃദയങ്ങളും കരങ്ങളും ഈ ശുശ്രൂഷ നിർവ്വഹിച്ചേക്കാം.

എങ്കിലും ദൈവകുഞ്ഞുങ്ങളെ ശുശ്രൂഷിപ്പാനായി ക്രിസ്തുവിന്റെ സാന്നിദ്ധ്യം അവിടെയുണ്ട്. വിശ്വാസം ക്രിസ്തുവിലർപ്പിച്ചുകൊണ്ടു വരുന്ന ഏവരും അനുഗ്രഹിക്കപ്പെടും. ഈ സന്ദർഭങ്ങളെ വൃഥാവാക്കുന്നവർക്കു വലിയ നഷ്ടമാണുണ്ടാകുന്നത്. അങ്ങനെയുള്ളവരെക്കുറിച്ചു പറയാം, "നിങ്ങൾ എല്ലാവരും ശുദ്ധിയുള്ളവരല്ലതാനും."

ശിഷ്യന്മാരോടുകൂടി ക്രിസ്തു അപ്പവും വീഞ്ഞും ഭക്ഷിച്ചപ്പോൾ, താൻ അവരുടെ വീണ്ടെടുപ്പുകാരൻ എന്ന ഉറപ്പ് അവർക്കു നല്കി. തന്നെ സ്വീകരിക്കുന്ന ഏവരും ദൈവത്തിന്റെ മക്കളും ക്രിസ്തുവിന്റെ കൂട്ടവകാശികളുമായി ത്തീരുന്ന പുതിയനിയമം യേശു അവർക്കു കൊടുത്തു. ഈ നിയമത്താൽ, ഇഹലോകത്തിൽ മാത്രമല്ല വരുവാനുള്ള ലോകത്തിലെ അനുഗ്രഹങ്ങളും അവർക്കു വാഗ്ദത്തം ചെയ്യപ്പെട്ടു. ക്രിസ്തുവിന്റെ രക്തത്തിലായിരുന്നു ഈ നിയമങ്ങളെ ഉറപ്പാക്കിയത്. വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ ഭാഗമെന്ന നിലയിൽ തങ്ങൾക്ക് ഓരോരുത്തർക്കു വേണ്ടിയും നിർവ്വഹിച്ച അനന്തമായ ത്യാഗത്തെ ശിഷ്യന്മാരുടെ ഓർമ്മയിൽ നിലനിർത്തുന്നതിനുവേണ്ടിയാണു തിരുവത്താഴ ശുശ്രൂഷ ക്രിസ്തു സ്ഥാപിച്ചത്.

ദുഃഖിക്കുവാൻ വേണ്ടിയല്ല ഈ ശുശ്രൂഷ സ്ഥാപിച്ചത്. കർത്തൃശിഷ്യന്മാർ തിരുമേശയ്ക്കു ചുറ്റും കൂടുമ്പോൾ, തങ്ങളുടെ തെറ്റുകളെക്കുറിച്ചു വിലപിക്കുവാനുള്ള ഒരു സന്ദർഭമല്ല അത്. കഴിഞ്ഞകാലത്തെ ആത്മീയ അനുഭവങ്ങളെക്കുറിച്ച് - അവ വിജയമോ, പരാജയമോ ആയിക്കൊള്ളട്ടെ - ഓർക്കുവാനുള്ള സമയവുമല്ല തിരുവത്താഴം. തങ്ങളുടെ സഹോദരന്മാരുമായുള്ള പ്രശ്നങ്ങളെ പുറത്തുകൊണ്ടുവരുവാനുള്ള സമയവുമല്ല അത്. പാദശുശ്രൂഷയിൽ അവയെല്ലാം പരിഹരിക്കപ്പെട്ടു. സ്വയപരിശോധനയും, പാപങ്ങളുടെ ഏറ്റുപറച്ചിലും, നിരപ്പാകലുമെല്ലാം അപ്പോൾ പൂർത്തീകരിക്കപ്പെട്ടു. മേശയ്ക്കു ചുറ്റും ഇരിക്കുമ്പോൾ, ക്രൂശിന്റെ നിഴലിലല്ല, പ്രത്യുത രക്ഷയുടെ പ്രകാശത്തിലാണു നാം. നീതിസൂര്യന്റെ പ്രഭാ കിരണങ്ങളെ സ്വീകരിക്കുവാൻ ഹൃദയകവാടങ്ങളെ തുറന്നുകൊടുക്കുന്ന സന്ദർഭമാണിപ്പോൾ. ക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടവർ, ദൈവിക സാന്നിദ്ധ്യബോധത്തോടുകൂടി ഇരിക്കുന്ന സമയമാണത്. ദൃഷ്ടിഗോചരമല്ലെങ്കിൽത്തന്നെയും ദൈവിക സാന്നിദ്ധ്യം നമ്മുടെ മദ്ധ്യേ ഉണ്ട്. യേശുവിന്റെ വാക്കുകൾ നാം കേൾക്കുന്നു: "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്" (യോഹ. 14:27).

നമ്മുടെ കർത്താവു നമ്മോടു പറയുന്നു: പാപബോധം വന്നശേഷം ഞാൻ നിങ്ങൾക്കുവേണ്ടി മരിച്ചുവെന്ന് ഓർമ്മിക്കുക. എനിക്കുവേണ്ടിയും സുവിശേഷത്തിനുവേണ്ടിയും നിങ്ങൾ പീഡനവും കഷ്ടതയും സഹിക്കുമ്പോൾ, എന്റെ ജീവനെ നിങ്ങൾക്കുവേണ്ടി നല്കുവാൻ എന്നെ പ്രേരിപ്പിച്ച എന്റെ സ്നേഹത്തെ ഓർത്തുകൊൾക. നിങ്ങളുടെ ചുമതലകൾ അസഹ്യവും ഭാരമേറിയതുമായി അനുഭവപ്പെടുമ്പോൾ, നിങ്ങൾക്കുവേണ്ടി അപമാനം അലക്ഷ്യമാക്കി, ഞാൻ ക്രൂശിനെ സഹിച്ചത് ഓർക്കുക. കഠിന പ്രയാസങ്ങ

ളാൽ നിങ്ങളുടെ ഹൃദയം ക്ഷീണിക്കുമ്പോൾ, നിങ്ങൾക്കുവേണ്ടി വാദിക്കുവാൻ നിങ്ങളുടെ മദ്ധ്യസ്ഥൻ ജീവിക്കുന്നുവെന്ന് ഓർത്തുകൊൾക.

തിരുവത്താഴ ശുശ്രൂഷ കർത്താവിന്റെ രണ്ടാം വരവിനെ ചൂണ്ടിക്കാണിക്കുന്നു. ഈ പ്രത്യാശയെ പുതുമയോടെ ദൈവമക്കളുടെ മനസ്സിൽ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടിയാണ്, കർത്താവ് ഈ ശുശ്രൂഷ സ്ഥാപിച്ചത്. കർത്താവിന്റെ മരണത്തെ ഓർമ്മിക്കുവാനായി ശിഷ്യന്മാർ കൂടിവന്നപ്പോഴെല്ലാം, അവർ കർത്താവിന്റെ വാക്കുകളെ ഓർത്തു. "പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു: എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ. ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം; എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കും നാൾവരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽനിന്ന് ഇനി കുടിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നുവെന്നു പറഞ്ഞു." ശിഷ്യന്മാരുടെ പീഡാനുഭവങ്ങളിൽ, തങ്ങളുടെ രക്ഷകന്റെ വരവിനെക്കുറിച്ചുള്ള പ്രത്യാശയിൽ അവർ ആശ്വാസം കണ്ടെത്തി. "അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" (1 കൊരി. 11:26). ഈ ചിന്ത അവർക്ക് അവർണ്ണനീയമായ ഒരനുഭവമായിരുന്നു.

ഒരിക്കലും വിസ്മരിക്കാൻ പാടില്ലാത്ത കാര്യങ്ങളാണിവ. യേശുവിന്റെ നിർബന്ധിക്കുന്ന സ്നേഹം എപ്പോഴും പുതുമയോടെ നാം നമ്മുടെ സ്മരണയിൽ കാത്തുസൂക്ഷിക്കണം. ദൈവസ്നേഹത്തെക്കുറിച്ച്, ക്രിസ്തു സ്ഥാപിച്ച ഈ ശുശ്രൂഷ, നമ്മോടു സംസാരിക്കുന്നു. ക്രിസ്തുവിൽക്കൂടിയല്ലാതെ ദൈവവുമായി നമുക്ക് ഐക്യം സാദ്ധ്യമല്ല. സഹോദരനും സഹോദരനും തമ്മിലുള്ള സ്നേഹവും ഐക്യവും അരക്കിട്ട് ഉറപ്പിക്കുന്നതു യേശുവിന്റെ സ്നേഹത്തിലാണ്. ക്രിസ്തുവിന്റെ മരണമല്ലാതെ മറ്റൊന്നിനും, തനിക്കു നമ്മോടുള്ള സ്നേഹത്തെ ഫലവത്താക്കാൻ കഴിയുമായിരുന്നില്ല. ക്രിസ്തുവിന്റെ മരണമൊന്നു മാത്രമാണ്, തന്റെ രണ്ടാമത്തെ വരവിനെ കാത്തിരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത്. നമ്മുടെ പ്രത്യാശയുടെ കേന്ദ്രം ക്രിസ്തുവിന്റെ യാഗമാണ്. നമ്മുടെ വിശ്വാസത്തിന്റെ നങ്കൂരം ഉറപ്പിക്കേണ്ടതും അതിന്മേലാണ്.

നമ്മുടെ കർത്താവ് അപമാനിതനായതിനെയും പങ്കപ്പാടുകൾ അനുഭവിച്ചതിനെയും ചൂണ്ടിക്കാണിക്കുന്ന തിരുവത്താഴ ശുശ്രൂഷകൾ ഒരു ചടങ്ങാചാരംപോലെ ആക്കിത്തീർക്കരുത്. അവ വലിയ ഒരു ഉദ്ദേശ്യത്തോടുകൂടിയാണു സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ദൈവഭക്തിയുടെ മർമ്മങ്ങളെ ഗ്രഹിക്കേണ്ടതിനു നമ്മുടെ ഇന്ദ്രിയങ്ങളെ ഉണർത്തേണ്ടതാവശ്യമാണ്. പാപപരിഹാരാർത്ഥമുള്ള ക്രിസ്തുവിന്റെ കഷ്ടപ്പാടുകളെ ഗ്രഹിക്കേണ്ടതു മനുഷ്യന്റെ ഒരു പദവിയാകുന്നു. അക്കാര്യത്തിൽ നാം വളരെയേറെ ചെയ്യേണ്ടതായിട്ടുണ്ട്. "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യ

ജീവൻ പ്രാപിക്കേണ്ടതിനു തന്നെ" (യോഹ. 3:14,15). മരിച്ചുകൊണ്ടിരിക്കുന്ന രക്ഷകനെ വഹിക്കുന്ന കാൽവരി ക്രൂശിലേക്കു നമ്മുടെ കണ്ണുകളെ ഉയർത്തണം. നിത്യതയിലെ, നമ്മുടെ താൽപര്യങ്ങൾ നമ്മോടാവശ്യപ്പെടുന്നതു ക്രിസ്തുവിൽ വിശ്വസിക്കുക എന്നാണ്.

കർത്താവു പറഞ്ഞു: "നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും, അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല... എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു" (യോഹ. 6:53-55). നമ്മുടെ ശാരീരിക സ്വഭാവത്തെ സംബന്ധിച്ചിടത്തോളം ഇതു സത്യമാകുന്നു. നമ്മുടെ ജീവിതം ക്രിസ്തുവിന്റെ മരണത്തിനു കടപ്പെട്ടിരിക്കുകയാണ്. നാം ഭക്ഷിക്കുന്ന അപ്പം കർത്താവിന്റെ നുറുക്കപ്പെട്ട ശരീരത്താൽ വാങ്ങിയതാണ്. നാം കുടിക്കുന്ന ജലം കർത്താവു ചൊരിഞ്ഞ രക്തത്താൽ വിലയ്ക്കു വാങ്ങിയതാണ്. ക്രിസ്തുവിന്റെ ശരീരത്താലും രക്തത്താലും അത്രേ പാപിയും വിശുദ്ധനും പോഷിപ്പിക്കപ്പെടുന്നത്. ഓരോ അപ്പത്തിന്മേലും കാൽവരിയിൽ ഉയർത്തപ്പെട്ട കുരിശിന്റെ അടയാളം ഉണ്ട്. ഓരോ ഉറവയിലും അതു പ്രതിഫലിക്കുന്നു. താൻ നടത്തിയ വലിയ യാഗത്തിന്റെ അടയാളങ്ങളെ സ്ഥാപിക്കുമ്പോൾ ക്രിസ്തു ഇതെല്ലാം പഠിപ്പിച്ചിരുന്നു. മാളികമുറിയിലെ തിരുവത്താഴ ശുശ്രൂഷയിൽ നിന്നു പുറത്തേക്കുവരുന്ന പ്രകാശം, നമ്മുടെ ദൈനംദിനജീവിതത്തിനാവശ്യമായ ദൈവിക ദാനങ്ങളെ വിശുദ്ധീകരിക്കുന്നു. വീട്ടിലെ ഭക്ഷണം വിളമ്പിവയ്ക്കുന്ന മേശ കർത്താവിന്റെ വകയായിത്തീരുന്നു. ഓരോ നേരത്തെ ആഹാരവും വിശുദ്ധ ശുശ്രൂഷയായിത്തീരുന്നു.

നമ്മുടെ ആത്മിക സ്വഭാവത്തെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ വാക്കുകൾ എത്ര വാസ്തവമാണ്! കർത്താവു പറയുന്നു: "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്." കാൽവരി ക്രൂശിൽ നമുക്കുവേണ്ടി ഒഴുക്കപ്പെട്ട ജീവനെ സ്വീകരിക്കുന്നതിൽക്കൂടെയാണ്, നമുക്കു വിശുദ്ധിയുടെ ജീവിതം നയിപ്പാൻ കഴിയുന്നത്. കർത്താവിന്റെ വചനം സ്വീകരിക്കുന്നതിലൂടെയും, കർത്താവിന്റെ കല്പന നാം പ്രമാണിക്കുന്നതിലൂടെയും നമുക്കു വിശുദ്ധിയുടെ ജീവൻ ലഭിക്കുന്നു. അങ്ങനെ നാം യേശുവുമായി ഏകീഭവിക്കുന്നു. "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവനുള്ള പിതാവ് എന്നെ അയച്ചിട്ടു ഞാൻ പിതാവിൻമൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എൻമൂലം ജീവിക്കും" (യോഹ. 6:54,56,57). ഈ തിരുവെഴുത്ത് ഒരു പ്രത്യേക അർത്ഥത്തിൽ വിശുദ്ധ തിരുവത്താഴ ശുശ്രൂഷയെക്കുറിച്ചാകുന്നു പ്രസ്താവിക്കുന്നത്. നമ്മുടെ കർത്താവിന്റെ വലിയ യാഗത്തെക്കുറിച്ചു ധ്യാനിക്കുമ്പോൾ, ക്രിസ്തുവിന്റെ ആത്മിക ജീവിതം നമ്മുടെ ആത്മാവിൽ അലിഞ്ഞുചേരുന്നു. ഓരോ വിശുദ്ധ സംസർഗ്ഗത്തിലും ആ ആത്മാവ് ആത്മിക ബലം പ്രാപിക്കുന്നു. വിശ്വാസി ക്രിസ്തുവും പിതാവുമായി ഏകീഭവിക്കുന്നതിന് ഈ വിശുദ്ധ ശുശ്രൂഷ, ജീവിക്കുന്ന ഒരു ഐക്യം സൃഷ്ടിക്കുന്നു. ആശ്രിതനായ

മനുഷ്യനും, ആശ്രിതവൽസലനായ ദൈവവും തമ്മിൽ ഒന്നായി ചേരാൻ ഇത് ഒരു പ്രത്യേകാർത്ഥത്തിൽ സഹായിക്കുന്നു.

ക്രിസ്തുവിന്റെ നുറുക്കപ്പെട്ട ശരീരത്തിന്റെയും, ചൊരിയപ്പെട്ട രക്തത്തിന്റെയും പ്രതീകങ്ങളായ അപ്പവും വീഞ്ഞും നാം സ്വീകരിക്കുമ്പോൾ, നാം ഭാവനയിലൂടെ, രണ്ടായിരം വർഷങ്ങൾക്കുമുമ്പ്, മാളികമുറിയിൽ വച്ചു നടന്ന തിരുവത്താഴ ശുശ്രൂഷയിൽ പങ്കാളികളാവുകയാണ്. ലോകത്തിന്റെ പാപം ചുമന്ന ദൈവകുഞ്ഞാടിന്റെ ഹൃദയവേദനയാൽ വിശുദ്ധീകരിക്കപ്പെട്ട ഗെത്ശേമന തോട്ടത്തിൽക്കൂടെ കടന്നുപോകുന്നതുപോലെ നമുക്ക് അനുഭവപ്പെടുന്നു. നമ്മെ ദൈവത്തോടു നിരപ്പിക്കുന്നതിനു കർത്താവ് അനുഭവിച്ച തീവ്രവേദന നമുക്കു ദർശിപ്പാൻ കഴിയുന്നു.

ക്രൂശിതനായ യേശുവിനെ നാം കാണുന്നു. സ്വർഗ്ഗത്തിലെ രാജകുമാരൻ നിർവ്വഹിച്ച ത്യാഗത്തിന്റെ മഹത്വം കൂടുതൽ പൂർണ്ണതയോടെ നമുക്കു ഗ്രഹിപ്പാൻ കഴിയുന്നു. ദൈവത്തിന്റെ രക്ഷാപദ്ധതി മഹത്വീകരിക്കപ്പെട്ടതായി നാം കാണുന്നു. കാൽവരിയെക്കുറിച്ചുള്ള ധ്യാനം നമ്മുടെ ഹൃദയങ്ങളിൽ പരിപാവനവും ജീവനുള്ളതുമായ വികാരങ്ങൾ ഉണർത്തുന്നു. ദൈവത്തിനും കുഞ്ഞാടിനും സ്തോത്രാർപ്പണം ചെയ്യുവാൻ നമ്മുടെ ഹൃദയവും അധരങ്ങളും വെമ്പൽപൂണ്ടു നിലകൊള്ളുന്നു. കാൽവരിയുടെ ദർശനമുള്ള വ്യക്തിയിൽ അഹങ്കാരവും സ്വാർത്ഥയും കാണുകയില്ല.

രക്ഷകന്റെ അതുല്യ സ്നേഹത്തെ ദർശിക്കുന്ന ഒരുവന്റെ ചിന്തകൾ ഉന്നതമായതും, ഹൃദയശുദ്ധീകരണം പ്രാപിച്ചതും, സ്വഭാവം രൂപാന്തരം വന്നതുമായിരിക്കും. ലോകത്തിന് അവൻ ഒരു ദീപമായിരിക്കും. ദൈവസ്നേഹം ഒരളവിലെങ്കിലും അവൻ പ്രതിഫലിപ്പിക്കും. ക്രിസ്തുവിന്റെ ക്രൂശിനെ നാം ധ്യാനിക്കുമ്പോൾ, അപ്പൊസ്തലന്റെ ഭാഷയിൽ നാമും പറയും: "എനിക്കോ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്; അവനാൽ ലോകം എനിക്കും, ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" (ഗലാ. 6:14).

# 73

# നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്

അവലംബം: യോഹന്നാൻ 13:31–38; 14–17

ദിവ്യസ്നേഹത്തോടും, ആർദ്രതയോടുംകൂടെ യേശു ശിഷ്യന്മാരോടു പറഞ്ഞു: “ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു; ദൈവവും അവനിൽ മഹത്വപ്പെട്ടിരിക്കുന്നു.” യൂദാ മാളികമുറിയിൽനിന്നു പൊയ്ക്കഴിഞ്ഞിരുന്നു. ക്രിസ്തു പതിനൊന്നു ശിഷ്യന്മാരോടുകൂടെ തനിച്ചായി. തന്റെ ആസന്നമായ വേർപാടിനെക്കുറിച്ചു യേശു പറയുവാൻ തുടങ്ങുകയായിരുന്നു. എന്നാൽ അതിനുമുമ്പു തന്റെ ദൗത്യത്തിന്റെ ലക്ഷ്യത്തെ വിശദീകരിച്ചു. യേശു ഏറ്റവും വിലയേറിയതായി കരുതിയത് ഈ ദൗത്യമായിരുന്നു. താൻ അനുഭവിപ്പാൻ പോകുന്ന അപമാനവും പങ്കപ്പാടുകളും ദൈവത്തിന്റെ നാമമഹത്വത്തിനു കാരണമായിത്തീരുമെന്നുള്ളതു കർത്താവിനു സന്തോഷം നല്കി. ശിഷ്യന്മാരുടെ ചിന്തകളെ ഇതിലേക്കു യേശു തിരിച്ചു.

"കുഞ്ഞുങ്ങളേ" എന്നു സ്നേഹത്തോടെ വിളിച്ചുകൊണ്ടു യേശു ശിഷ്യന്മാരോടു പറഞ്ഞു: "ഞാൻ ഇനി കുറഞ്ഞോന്നുമാത്രം നിങ്ങളോടു കൂടെ ഇരിക്കും; നിങ്ങൾ എന്നെ അന്വേഷിക്കും; ഞാൻ പോകുന്ന ഇടത്തു നിങ്ങൾക്കു വരുവാൻ കഴിയുകയില്ല എന്നു ഞാൻ യെഹൂദന്മാരോടു പറഞ്ഞതുപോലെ ഇന്നു നിങ്ങളോടും പറയുന്നു."

ഈ വാക്കുകൾ കേട്ടപ്പോൾ ശിഷ്യന്മാർക്കു സന്തോഷിപ്പാൻ കഴിഞ്ഞില്ല. അവരെ ഭയം ബാധിച്ചു. യേശുവിനോട് അവർ ഏറ്റവും അടുത്തിരുന്നു. അവരുടെ നാഥനും കർത്താവുമായവൻ അവർക്കു ജീവനെക്കാൾ വിലയേറിയവനായിരുന്നു. തങ്ങളുടെ പ്രയാസവേളകളിൽ സഹായകനായും, ദുഃഖത്തിൽ ആശ്വാസദായകനായും അവർ യേശുവിനെ നോക്കിയിരുന്നു. തങ്ങളെ വിട്ടു കർത്താവു പോകാൻ തുടങ്ങുകയാണെന്ന് അവർക്കു മനസ്സിലായി. ശിഷ്യന്മാരുടെ ഹൃദയങ്ങളിൽ അന്ധകാരം നിറഞ്ഞു.

എന്നാൽ യേശുവിന്റെ വാക്കുകൾ പ്രത്യാശ നല്കുന്നവയായിരുന്നു. ശത്രു അവരെ ആക്രമിക്കുമെന്നു യേശുവിനറിയാമായിരുന്നു. നിരാശരുടെ മേൽ സാത്താന് എളുപ്പത്തിൽ ആക്രമിക്കുവാൻ കഴിയും. അതുകൊണ്ട് "കാണുന്നതിനെ അല്ല കാണാത്തതിനെ" നോക്കുവാനായി ശിഷ്യന്മാരുടെ ശ്രദ്ധ തിരിച്ചു (2 കൊരി. 4:18).

"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്," കർത്താവു പറഞ്ഞു: "ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു." നിങ്ങൾക്കുവേണ്ടി ഞാൻ ഈ ലോകത്തിൽ വന്നു. ഞാൻ നിങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നു. ഞാൻ പൊയ്ക്കഴിഞ്ഞാലും നിങ്ങൾക്കുവേണ്ടി താൽപര്യത്തോടെ പ്രവർത്തിക്കും. നിങ്ങൾ വിശ്വസിക്കേണ്ടതിന്, എന്നെ നിങ്ങൾക്കു വെളിപ്പെടുത്തുവാനായി ഞാൻ ലോകത്തിൽ വന്നു. നിങ്ങൾക്കുവേണ്ടി, പിതാവുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടതിനു പിതാവിന്റെ സന്നിധിയിലേക്കു ഞാൻ പോകുന്നു. ക്രിസ്തു പോകുന്നതിന്റെ ഉദ്ദേശ്യം ശിഷ്യന്മാർ മനസ്സിലാക്കിയതുപോലെ ആയിരുന്നില്ല. അത് എന്നേക്കുമായുള്ള ഒരു വേർപാട് അല്ലായിരുന്നു. തന്റെ മക്കൾക്കുവേണ്ടി ഒരു സ്ഥലമൊരുക്കുന്നതിനായിരുന്നു കർത്താവു പോകുന്നത്. കർത്താവു തന്റെ ഭക്തന്മാർക്കുവേണ്ടി വാസസ്ഥലങ്ങൾ ഒരുക്കുമ്പോൾ, അവർ ചെയ്യേണ്ടത്, കർത്താവിന്റെ സ്വഭാവത്തിനനു രൂപമായ ഒരു സ്വഭാവം കെട്ടിപ്പടുക്കുക എന്നതായിരിക്കണം.

ഇത്രയും വിശദമാക്കിയിട്ടും ശിഷ്യന്മാർക്ക് അതു ഗ്രഹിപ്പാൻ പ്രയാസം തോന്നി. സംശയങ്ങൾ വച്ചുപുലർത്തിയിരുന്ന തോമസ് പറഞ്ഞു:

“കർത്താവേ, നീ എവിടെപ്പോകുന്നുവെന്നു ഞങ്ങൾ അറിയുന്നില്ല; പിന്നെ വഴി എങ്ങനെ അറിയും?” യേശു തോമസിനോടു പറഞ്ഞു: “ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞുവെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു. ഇന്നുമുതൽ നിങ്ങൾ അവനെ അറിയുന്നു; അവനെ കണ്ടുമിരിക്കുന്നു.”

സ്വർഗ്ഗത്തിലേക്ക് അനേക വഴികൾ ഇല്ല. ഓരോരുത്തർക്കു സ്വന്ത വഴികൾ തെരഞ്ഞെടുക്കുവാനും സാദ്ധ്യമല്ല. യേശു പറയുന്നു: “ഞാൻ വഴി... ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.” “സ്ത്രീയുടെ സന്തതി” സർപ്പത്തിന്റെ തല തകർക്കുമെന്ന് ഏദെൻതോട്ടത്തിൽവച്ചു നല്കിയ ഒന്നാമത്തെ സുവിശേഷപ്രസംഗം മുതൽ, ക്രിസ്തുവിനെ “വഴിയും സത്യവും ജീവനു”മായി ഉയർത്തിക്കാണിച്ചിരിക്കുകയാണ്. ആദാം ജീവിച്ചിരുന്നപ്പോഴും, വീണ്ടെടുപ്പുകാരന്റെ രക്തത്തെ പ്രതിനിധാനം ചെയ്യുന്ന കുഞ്ഞാടിന്റെ രക്തം ഹാബേൽ അർപ്പിച്ചപ്പോഴും ക്രിസ്തു മാത്രമായിരുന്നു ഏകവഴി. ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും രക്ഷയിലേക്കു പ്രവേശിച്ചതും ക്രിസ്തുവാകുന്ന വഴിയിലൂടെയായിരുന്നു. നമുക്കും ദൈവത്തെ സമീപിക്കുവാനുള്ള ഏകമാർഗ്ഗം ക്രിസ്തുവത്രേ.

“നിങ്ങൾ എന്നെ അറിഞ്ഞുവെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു. ഇന്നുമുതൽ നിങ്ങൾ അവനെ അറിയുന്നു; അവനെ കണ്ടുമിരിക്കുന്നു.” ഇത്രയും വിശദീകരിച്ചിട്ടും, ശിഷ്യന്മാർക്കു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ഫിലിപ്പൊസ് കർത്താവിനോട്, “കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം; എന്നാൽ ഞങ്ങൾക്കു മതി” എന്നു പറഞ്ഞു.

ഫിലിപ്പൊസിന്റെ അറിവില്ലായ്മയിൽ അത്ഭുതപ്പെട്ടുകൊണ്ടു ക്രിസ്തു ചോദിച്ചു: “ഞാൻ ഇത്ര കാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും, നീ എന്നെ അറിയുന്നില്ലയോ, ഫിലിപ്പൊസേ?” എന്നിൽക്കൂടെ പിതാവു ചെയ്യുന്ന പ്രവൃത്തികൾ നീ കാണുന്നില്ല എന്നതു വാസ്തവമോ? ഞാൻ പിതാവിനെ സാക്ഷീകരിപ്പാൻ വന്നുവെന്നു നീ വിശ്വസിക്കുന്നില്ലയോ? “പിന്നെ പിതാവിനെ കാണിച്ചുതരേണം എന്നു നീ പറയുന്നത് എങ്ങനെ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു.” ക്രിസ്തു മനുഷ്യനായിത്തീർന്നപ്പോൾ ദൈവമല്ലാതായിത്തീർന്നില്ല. മനുഷ്യവേഷം ധരിക്കുവാൻ കർത്താവു താണിറങ്ങിയപ്പോഴും ക്രിസ്തു ദൈവമായിരുന്നു. ക്രിസ്തുവിനു മാത്രമേ ദൈവത്തെ മനുഷ്യന്റെ മുമ്പിൽ പ്രതിനിധീകരിക്കുവാൻ കഴിയുകയുള്ളൂ. ദൈവത്തെക്കുറിച്ചുള്ള ഈ വെളിപ്പെടുത്തൽ കാണു വാനുള്ള ഭാഗ്യം ശിഷ്യന്മാർക്കു ലഭിച്ചു.

“ഞാൻ പിതാവിലും, പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? അല്ലെങ്കിൽ പ്രവൃത്തി നിമിത്തം എന്നെ വിശ്വസിപ്പിൻ.” ഒരു മനുഷ്യനും ഒരിക്കലും ചെയ്തിട്ടില്ലാത്തതും, ഒരിക്കലും ചെയ്‌വാൻ

കഴിയാത്തതുമായ ക്രിസ്തുവിന്റെ പ്രവൃത്തിയിൽ ശിഷ്യന്മാർക്കു വിശ്വാസം അർപ്പിക്കാമായിരുന്നു. ക്രിസ്തുവിന്റെ പ്രവൃത്തി, തന്റെ ദൈവികത്വത്തെ സാക്ഷ്യപ്പെടുത്തി. ക്രിസ്തുവിലൂടെ പിതാവു വെളിപ്പെടുത്തപ്പെട്ടു.

പിതാവും പുത്രനും തമ്മിലുള്ള സജീവബന്ധം ശിഷ്യന്മാർ ഗ്രഹിച്ചിരുന്നുവെങ്കിൽ, ക്രിസ്തുവിന്റെ രക്ഷണ്യവേലയിൽ അഭിമുഖീകരിക്കേണ്ടിവന്ന ത്യാഗങ്ങൾ കണ്ടപ്പോൾ, അവരുടെ വിശ്വാസം മന്ദീഭവിക്കയില്ലായിരുന്നു. വചനം ജഡമായിത്തീർന്നു എന്ന മഹൽസത്യം ശിഷ്യന്മാർ വിശ്വസിച്ചിരുന്നുവെങ്കിൽ, തങ്ങൾക്ക് എത്തിച്ചേരാമായിരുന്ന ഉന്നത ശൃംഗത്തിലേക്കു ക്രിസ്തു അപ്പോൾ തന്നെ അവരെ നയിക്കുമായിരുന്നു. ശിഷ്യന്മാരുടെ വിശ്വാസം വികാസം പ്രാപിച്ചു ദൈവത്തിങ്കലേക്ക് അവരെ നയിക്കുവാനും, അവർ വിശ്വാസത്തിൽ സ്ഥിരപ്പെടുന്നതു കാണുവാനും കർത്താവ് ആഗ്രഹിച്ചു. ശിഷ്യന്മാർ ആസന്നഭാവിയിൽ അഭിമുഖീകരിക്കുവാൻ പോകുന്ന അതിശക്തമായ പരീക്ഷകളെ നേരിടുന്നതിന് അവരെ ഒരുക്കുവാൻ കരുണയുള്ളവനായ കർത്താവ് ആത്മാർത്ഥമായി പ്രവർത്തിച്ചു. ദൈവത്തിന്റെ വീതിയുള്ള പക്ഷങ്ങളിൽ തന്നെപ്പോലെ അവരും അഭയം കണ്ടെത്തുവാൻ കർത്താവ് ആഗ്രഹിച്ചു.

യേശുവിന്റെ വാക്കുകൾ താൽപര്യത്തോടെ ശ്രദ്ധിച്ചപ്പോൾ, അവിടെ കൂടിയിരുന്നവർക്കെല്ലാം ദൈവിക സാന്നിദ്ധ്യം അനുഭവപ്പെട്ടു. ക്രിസ്തുവിന്റെ മുഖം ദൈവിക തേജസ്സുകൊണ്ടു പ്രകാശിതമായി. ശിഷ്യന്മാർ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കപ്പെട്ടു. ക്രിസ്തുവിന്റെ സ്നേഹം തങ്ങളിൽ വന്നപ്പോൾ, ശിഷ്യന്മാർ തമ്മിൽ തമ്മിലും അടുത്തു. സ്വർഗ്ഗീയ സാമീപ്യം അവർക്കനുഭവമായി. ക്രിസ്തുവിൽനിന്നു ശിഷ്യന്മാർ കേട്ട വചനങ്ങൾ, പിതാവിൽനിന്നുള്ള വചനങ്ങളായി അവർക്കനുഭവപ്പെട്ടു.

കർത്താവു തുടർന്നു പറഞ്ഞു: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും." തന്റെ ദൈവികത്വം മനുഷ്യത്വവുമായി ഐക്യപ്പെട്ടിരിക്കുന്നതിന്റെ ഉദ്ദേശ്യം എന്തുകൊണ്ടാണെന്നു ശിഷ്യന്മാർ അറിയുന്നതിനു ക്രിസ്തു ആഗ്രഹിച്ചു. വീണ്ടെടുക്കുവാനുള്ള ദൈവതേജസ്സിന്റെ ശക്തി പ്രകടമാക്കേണ്ടത് ആവശ്യമായിരുന്നതിനാൽ കർത്താവു ഭൂമിയിൽ വന്നു. ക്രിസ്തു, ശിഷ്യന്മാരിൽക്കൂടെ വെളിപ്പെടേണ്ടിയിരുന്നതുകൊണ്ട്, ദൈവം ക്രിസ്തുവിൽക്കൂടെ വെളിപ്പെട്ടു. തന്നിലുള്ള വിശ്വാസത്താൽ മനുഷ്യനു ലഭ്യമാകുവാൻ കഴിയാത്തതൊന്നും യേശു പ്രകടമാക്കുകയോ, വെളിപ്പെടുത്തുകയോ ചെയ്തില്ല. ക്രിസ്തു പിതാവിനു കീഴ്പ്പെട്ടതുപോലെ, ശിഷ്യന്മാരും ദൈവത്തിനു പൂർണ്ണമായി കീഴ്പ്പെടുമെങ്കിൽ, ക്രിസ്തുവിന്റെ പൂർണ്ണതയുള്ള മനുഷ്യത്വം അവർക്കും സ്വായത്തമാക്കുവാൻ കഴിയും. "ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും" (യോഹ. 14:12). ഇതുകൊണ്ടു ശിഷ്യന്മാരുടെ പ്രവൃത്തി തന്റേതിൽനിന്നു ശ്രേഷ്ഠതയേറിയതായിരിക്കുമെന്നല്ല കർത്താവ് അർത്ഥമാക്കിയത്.

നേരെമറിച്ച് അതു കൂടുതൽ വ്യാപകമായിരിക്കുമെന്നാണു കർത്താവ് ഉദ്ദേശിച്ചത്. അത്ഭുതപ്രവൃത്തികളെക്കുറിച്ചല്ല കർത്താവു സൂചിപ്പിച്ചത്, പരിശുദ്ധാത്മാവിന്റെ പ്രവർത്തനംമൂലം നടക്കുന്ന എല്ലാ കാര്യങ്ങളെയും പരാമർശിച്ചുകൊണ്ടാണു കർത്താവു സംസാരിച്ചത്.

കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം തന്റെ വാഗ്ദത്തങ്ങളുടെ നിറവേറൽ, ശിഷ്യന്മാർ മനസ്സിലാക്കി. ക്രിസ്തുവിന്റെ ക്രൂശാരോഹണ ത്തിന്റെയും, പുനരുത്ഥാനത്തിന്റെയും, സ്വർഗ്ഗാരോഹണത്തിന്റെയും രംഗങ്ങൾ ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം ജീവിക്കുന്ന യാഥാർത്ഥ്യ ങ്ങളായിരുന്നു. പ്രവചനങ്ങൾ അക്ഷരികമായി നിറവേറുന്നത് അവർ കണ്ടു. തിരുവെഴുത്തുകളെ അവർ ശോധന ചെയ്തു. ഇതിനുമുമ്പ് അവർക്ക് അജ്ഞാതമായിരുന്ന വിശ്വാസത്തോടും ഉറപ്പോടും കൂടെ അവർ തിരുവെഴുത്തുകളെ സ്വീകരിച്ചു. തങ്ങളുടെ ഗുരുവിനെ അവർ പൂർണ്ണമായി മനസ്സിലാക്കി തങ്ങളുടെ സാക്ഷ്യങ്ങൾ മറ്റുള്ളവരോടു പറകയും ദൈവസ്നേഹത്തെ ഉയർത്തിക്കാട്ടുകയും ചെയ്തപ്പോൾ, ശ്രോതാക്കളുടെ ഹൃദയം ഉരുകുകയും അനേകായിരങ്ങൾ യേശുവിനെ വിശ്വസിക്കയും ചെയ്തു.

ശിഷ്യന്മാർക്കു കർത്താവു നല്കിയ വാഗ്ദത്തം തന്റെ സഭയ്ക്ക് അന്ത്യ കാലത്തേക്കുള്ള വാഗ്ദത്തങ്ങളാണ്. മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാനുള്ള ദൈവത്തിന്റെ അത്ഭുതകരമായ പദ്ധതി, ചെറിയ ഫലങ്ങൾ പുറപ്പെടുവി ക്കുന്നതിനു വേണ്ടിയല്ല, ദൈവം രൂപകല്പന ചെയ്തത്. തങ്ങളുടെ ശക്തിയിൽ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിച്ചു ദൈവിക ശുശ്രൂഷയി ലേർപ്പെടുന്നവർ ദൈവത്തിന്റെ വാഗ്ദത്തനിവൃത്തി മനസ്സിലാക്കും. "ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവർ ചെയ്യും."

രക്ഷകന്റെ അപരിമിതമായ ശക്തിയെയും, കഴിവുകളെയും ശിഷ്യന്മാർ അപ്പോഴും ഗ്രഹിച്ചിരുന്നില്ല. യേശു അവരോടു പറഞ്ഞു: "ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല" (യോഹ. 16:24). തന്റെ നാമത്തിൽ ശക്തിക്കും കൃപയ്ക്കുംവേണ്ടി യാചിക്കുന്നതിലാണ് അവരുടെ വിജയരഹസ്യം സ്ഥിതിചെയ്യുന്നതെന്നു യേശു ശിഷ്യന്മാർക്കു വിശദീകരിച്ചു കൊടുത്തു. ശിഷ്യന്മാർക്കുവേണ്ടി പക്ഷവാദം ചെയ്യുവാൻ കർത്താവു പിതാവിന്റെ സന്നിധിയിൽ ഉണ്ടായിരിക്കും. താഴ്മയോടുകൂടി ഒരുവൻ പ്രാർത്ഥിക്കുമ്പോൾ, കർത്താവു തന്റെ സ്വന്തം പ്രാർത്ഥനയായി അതിനെ പിതാവിന്റെ മുമ്പിൽ എത്തിക്കുന്നു. ആത്മാർത്ഥതയോടുകൂടിയ എല്ലാ പ്രാർത്ഥനയും സ്വർഗ്ഗത്തിൽ ശ്രദ്ധിക്കപ്പെടുന്നു. ഒരുപക്ഷേ വാചാലമായി അത് അവതരിപ്പിക്കപ്പെട്ടിട്ടില്ലായിരിക്കാം. എന്നാൽ ആത്മാർത്ഥതയോടു കൂടിയ പ്രാർത്ഥനയാണതെങ്കിൽ യേശുവിന്റെ വിശുദ്ധമന്ദിരത്തിൽ അതു കടന്നുചെല്ലുന്നു. കർത്താവിന്റെ പൂർണ്ണതയാകുന്ന സുഗന്ധവർഗ്ഗത്തിന്റെ സൗരഭ്യത്തോടെ ഒരു കുറവും കൂടാതെ അതു പിതാവിന്റെ സന്നിധിയിൽ എത്തിച്ചേരുന്നു.

ആത്മാർത്ഥതയുടെയും സത്യസന്ധതയുടെയും പാത, തടസ്സങ്ങൾ അനവധിയുള്ള പാതയാണ്. എന്നാൽ ഓരോ തടസ്സങ്ങളിലും പ്രാർത്ഥനയ്ക്കുള്ള സന്ദർഭം നാം കാണേണ്ടതാണ്. ദൈവത്തിൽനിന്ന് അല്ലാതെ മറ്റുറവിടങ്ങളിൽനിന്നു ശക്തി തേടുന്നവരാരും യഥാർത്ഥത്തിൽ ജീവൻ ഉള്ളവരല്ല. ഏറ്റവും ബലഹീനനായവനുപോലും സ്വർഗ്ഗീയ ഉറവ പ്രാപ്യമാണ്. യേശു പറഞ്ഞു: "നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നത് ഒക്കെയും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിനു ഞാൻ ചെയ്തുതരും. നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും ഞാൻ ചെയ്തുതരും."

"എന്റെ പിതാവിന്റെ നാമത്തിൽ അപേക്ഷിക്കുക" എന്നു ക്രിസ്തു ശിഷ്യന്മാരോടു പറഞ്ഞു. ക്രിസ്തുവിന്റെ അനുയായികൾ ക്രിസ്തുവിന്റെ നാമത്തിൽ വേണം ദൈവത്തിന്റെ മുമ്പാകെ നില്ക്കേണ്ടത്. ശിഷ്യന്മാർക്കു വേണ്ടി അർപ്പിച്ച യാഗത്തിന്റെ മൂല്യത്താൽ, ശിഷ്യന്മാരും മൂല്യമുള്ളവരായിത്തീർന്നു. വിശ്വസിക്കുന്നവരുടെ പാപക്കടം വീട്ടിയ ക്രിസ്തുവിന്റെ നീതിയാൽ ശിഷ്യന്മാർ വിലയേറിയവരായി. ക്രിസ്തുവിനുവേണ്ടി, ദൈവം, തന്നെ ഭയപ്പെടുന്നവരുടെ പാപം ക്ഷമിച്ചു. പാപി തന്റെ പാപത്തെക്കുറിച്ച് അനുതപിക്കുമ്പോൾ ദൈവം അവന്റെ പാപം മായിച്ചുകളയുന്നു. ക്രിസ്തുവിനെ, ദൈവം അവനിൽ കാണുന്നു.

സ്വന്തമൂല്യത്തെക്കുറിച്ച് അറിവാൻ പാടില്ലാത്ത തന്റെ ജനത്തെക്കുറിച്ചു കർത്താവു ദുഃഖിക്കുന്നു. താൻ അവർക്കു നല്കിയ മൂല്യത്തെ അവർ തിരിച്ചറിവാൻ യേശു ആഗ്രഹിക്കുന്നു. അവരെ ദൈവത്തിന് ആവശ്യമുണ്ട്. അല്ലായിരുന്നുവെങ്കിൽ ഇത്രയും വില കൊടുക്കേണ്ടിവരുന്ന ദൗത്യത്തിനായി തന്റെ പുത്രനെ അയയ്ക്കുകയില്ലായിരുന്നു. അവരെക്കൊണ്ടു ദൈവത്തിനു പ്രയോജനമുണ്ട്. തന്റെ നാമമഹത്വത്തിനായി അവർ ശ്രേഷ്ഠമായ കാര്യങ്ങൾ ദൈവത്തോടു ചോദിക്കുമ്പോൾ, ദൈവം അവരിൽ പ്രസാദിക്കുന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ അവർക്കു വിശ്വാസ മുണ്ടെങ്കിൽ, വലിയ കാര്യങ്ങൾ അവർക്കു പ്രതീക്ഷിക്കാവുന്നതാണ്.

'ക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുക' എന്നാൽ വളരെ അധികം കാര്യങ്ങൾ അത് അർത്ഥമാക്കുന്നു. നാം യേശുവിന്റെ സ്വഭാവം സ്വീകരിക്കുകയും യേശുവിന്റെ പ്രവൃത്തി നാം പ്രവർത്തിക്കുകയും ചെയ്യുക എന്ന് അത് അർത്ഥമാക്കുന്നു. യേശുവിന്റെ വാഗ്ദത്തങ്ങൾ എല്ലാം വ്യവസ്ഥയിന്മേലാണു നമുക്കു നല്കിയിട്ടുള്ളത്. കർത്താവു പറയുന്നു: "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ പ്രമാണിക്ക." പാപത്തിൽ നിന്നുമാണു കർത്താവു നമ്മെ രക്ഷിക്കുന്നത്. പാപത്തിൽ നാം തുടരുവാൻ കർത്താവാഗ്രഹിക്കുന്നില്ല. ദൈവത്തെ സ്നേഹിക്കുന്നവർ ദൈവത്തെ അനുസരിക്കുന്നതിൽക്കൂടെ അവരുടെ സ്നേഹം പ്രദർശിപ്പിക്കും.

എല്ലാ നിർവ്യാജ അനുസരണവും ഹൃദയാന്തർഭാഗത്തുനിന്നു വരുന്നു. നാം അനുവദിക്കുന്നുവെങ്കിൽ കർത്താവു നമ്മുടെ ചിന്തകളും ലക്ഷ്യങ്ങളുമെല്ലാം തന്റേതിനോട് അനുരൂപമാക്കും. നമ്മുടെ മനസ്സും ഹൃദയവുമെല്ലാം

തന്റേതുമായി അലിഞ്ഞുചേരുമാറാക്കും. അപ്പോൾ നമ്മുടെ അനുസരണം ആത്മാർത്ഥതയോടെയായിരിക്കും. നിർമ്മലീകരിക്കപ്പെട്ടതും വിശുദ്ധീ കരണം പ്രാപിച്ചതുമായ മനസ്സ്, ദൈവത്തെ സേവിക്കുന്നതിൽ ഏറ്റവും പ്രമോദിക്കും. ദൈവത്തെ അറിയുക എന്നതു വലിയ പദവി ആകുന്നു. ആ രീതിയിൽ നാം ദൈവത്തെ അറിയുമ്പോൾ, നാം അനുസരണത്തിന്റെ പാതയി ലായിരിക്കും. ക്രിസ്തുവിന്റെ സ്വഭാവത്തെ നാം ഏറ്റവും വിലമതിക്കുമ്പോൾ, ദൈവവുമായുള്ള സമ്പർക്കത്തിൽ നാം ആയിരിക്കുമ്പോൾ പാപത്തെ നാം ഏറ്റവും അധികം വെറുക്കും.

മനുഷ്യനായിത്തീർന്ന കർത്താവ്, ദൈവകല്പനയെ അനുസരിച്ചതുപോലെ, നാമും ദൈവത്തിൽ ആശ്രയിക്കുകയാണെങ്കിൽ കർത്താവിനെപ്പോലെ നമുക്കും അനുസരിപ്പാൻ കഴിയും. എന്നാൽ നമ്മുടെ ചുമതലകളെ മറ്റുള്ള വരെ ഏല്പിച്ചശേഷം നാം അവരുടെ ആജ്ഞാനുവർത്തികളായിത്തീരരുത്. മനുഷ്യനെ നാം ആശ്രയിക്കരുത്. നമ്മുടെ കർത്തവ്യങ്ങളെ അനുസ്മരിപ്പി ക്കുവാൻ കർത്താവ് എപ്പോഴും ഒരുക്കമുള്ളവനാണ്. വിശ്വാസത്തോടെ നാം കർത്താവിന്റെ അടുക്കൽ ചെല്ലുമ്പോൾ, തന്റെ അത്ഭുതമർമ്മങ്ങളെ കർത്താവു നമുക്കു വെളിപ്പെടുത്തിത്തരും. ഹാനോക്കിനോടു ദൈവം വ്യക്തി പരമായി ഇടപെട്ടതുപോലെ, നമ്മോടും ദൈവം സമ്പർക്കം പുലർത്തുവാൻ അടുത്തുവരുമ്പോൾ നമ്മുടെ ഹൃദയങ്ങൾ നമ്മിൽ കത്തിക്കൊണ്ടിരിക്കും. ദൈവത്തിന് അനിഷ്ടമായത് ഒന്നും പ്രവർത്തിക്കയില്ലായെന്നു തീരുമാനി ക്കുന്നവർ, തങ്ങളുടെ ആവശ്യങ്ങൾ ദൈവസന്നിധിയിൽ സമർപ്പിക്കുമ്പോൾ, ഏതു വഴിയാണു പിന്തുടരേണ്ടതെന്നു ദൈവം കാണിച്ചുകൊടുക്കും. അവർക്കു ജ്ഞാനവും ശക്തിയും ദൈവം നല്കും. അനുസരിക്കുന്നതിനും, സേവനം നടത്തുന്നതിനും ആവശ്യമായ ശക്തി, ക്രിസ്തു വാഗ്ദത്തം ചെയ്തതു പോലെ നല്കും. ക്രിസ്തുവിനു നല്കപ്പെട്ടതെല്ലാം, വീഴ്ച ഭവിച്ച മനുഷ്യനും നല്കപ്പെടും. മനുഷ്യവർഗ്ഗത്തിന്റെ തലവനും, പ്രതിനിധിയും എന്ന നിലയി ലാണു ക്രിസ്തു, ദൈവത്തിൽനിന്ന് അനുഗ്രഹം പ്രാപിച്ചത്. “അവന്റെ കല്പനകളെ നാം പ്രമാണിച്ച്, അവനു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട് എന്തു യാചിച്ചാലും അവങ്കൽനിന്നു ലഭിക്കും” (1 യോഹ. 3:22).

തന്നെത്താൻ യാഗമായി അർപ്പിക്കുന്നതിനുമുമ്പു തന്റെ അനുയായി കൾക്ക് ഏറ്റവും ആവശ്യമായതും, പൂർണ്ണതയുള്ളതുമായ ദാനം - കൃപ യുടെ അനന്തമായ ശക്തി സ്വായത്തമാക്കാൻ സഹായിക്കുന്ന ദാനം - നൽകുവാൻ കർത്താവ് ആഗ്രഹിച്ചു. “എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും. ലോകം അവനെ കാണുകയോ, അറിയുകയോ ചെയ്യായ്കയാൽ അതിന് അവനെ ലഭിപ്പാൻ കഴികയില്ല; നിങ്ങളോ, അവൻ നിങ്ങളോടുകൂടെ വസിക്കുകയും നിങ്ങളിൽ ഇരിക്കുകയും ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും” (യോഹ. 14:16-18).

ഇതിനുമുമ്പും ലോകത്തിൽ പരിശുദ്ധാത്മാവ് ഉണ്ടായിരുന്നു. വീണ്ടെടുപ്പിൻ പ്രവർത്തനത്തിന്റെ പ്രാരംഭം മുതൽ പരിശുദ്ധാത്മാവു മനുഷ്യഹൃദയങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ക്രിസ്തു ലോകത്തിലായിരുന്നപ്പോൾ വേറെ ഒരു സഹായകനെയും ശിഷ്യന്മാർ ആഗ്രഹിച്ചില്ല. ക്രിസ്തേശുവിന്റെ വ്യക്തിപരമായ സാന്നിദ്ധ്യം ശിഷ്യന്മാർക്ക് ഇല്ലാതാകുംവരെ, പരിശുദ്ധാത്മാവിന്റെ ആവശ്യം അവർക്കു ബോദ്ധ്യമായിരുന്നില്ല. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ആവശ്യമാണെന്നു ബോദ്ധ്യമാവുമ്പോൾ മാത്രമേ പരിശുദ്ധാത്മാവ് ഒരുവനിലേക്കു കടന്നുവരികയുള്ളു.

പരിശുദ്ധാത്മാവു ക്രിസ്തുവിന്റെ പ്രതിനിധി ആകുന്നു. എന്നാൽ മാനുഷിക വേഷം പരിശുദ്ധാത്മാവ് എടുത്തിട്ടില്ല. അതുകൊണ്ടു പരിശുദ്ധാത്മാവു സ്വതന്ത്രനാണ്. മാനുഷവേഷം സ്വീകരിച്ചതിനാൽ ക്രിസ്തുവിനു വ്യക്തിപരമായ സാന്നിദ്ധ്യം എല്ലായിടത്തും ഒരേ സമയം നല്കുവാൻ സാദ്ധ്യമായിരുന്നില്ല. അതുകൊണ്ടു ശിഷ്യന്മാർക്കുവേണ്ടി ക്രിസ്തു പിതാവിന്റെ അടുത്തേക്കു പോകുവാനും, പരിശുദ്ധാത്മാവിനെ ലോകത്തിലേക്ക് അയയ്ക്കേണ്ടതും ആവശ്യമായിത്തീർന്നു. ക്രിസ്തുവുമായി വ്യക്തിപരമായ സാമീപ്യമുള്ളതുകൊണ്ടോ, ഒരുവന്റെ വാസസ്ഥലം ക്രിസ്തു താമസിച്ചതിന്റെ അടുത്തായിരിക്കുന്നതുകൊണ്ടോ പ്രത്യേക പ്രയോജനമില്ല. പരിശുദ്ധാത്മാവിൽക്കൂടെ ഏവർക്കും ക്രിസ്തു സമീപസ്ഥനാണ്. ഈ അർത്ഥത്തിൽ കർത്താവ് ഈ ഭൂമിയിൽ ഉണ്ടായിരുന്ന സമയത്തെക്കാൾ ഏവർക്കും കൂടുതൽ സമീപസ്ഥനാണിപ്പോൾ.

“എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ച് അവന് എന്നെത്തന്നെ വെളിപ്പെടുത്തും.” ശിഷ്യന്മാർക്കു വരുവാൻ പോകുന്ന അനുഭവങ്ങളെ യേശു മുൻകൂട്ടി കണ്ടു. ഒരു ശിഷ്യൻ കഴുമരത്തിലേക്കും, മറ്റൊരുവൻ കുരിശിലേക്കും, വേറൊരുവൻ പാറകൾ നിറഞ്ഞ ദ്വീപിൽ ഏകാന്തവാസമനുഭവിക്കുന്നതും, മറ്റുള്ളവർ വിവിധങ്ങളായ പീഡനങ്ങളിലേക്കും നയിക്കപ്പെടുന്നതു യേശു മുൻകൂട്ടി ദർശിച്ചു. എല്ലാ ശോധനകളിലും തന്റെ സാന്നിദ്ധ്യം ശിഷ്യന്മാരോടുകൂടി ഉണ്ടായിരിക്കുമെന്ന വാഗ്ദാനം നല്കിക്കൊണ്ടു യേശു അവരെ ധൈര്യപ്പെടുത്തി. ആ വാഗ്ദാനത്തിന്റെ ശക്തിക്ക് ഒരു കുറവും ഭവിച്ചിട്ടില്ല. തനിക്കുവേണ്ടി തടവറകളിൽ കഴിയുന്നവരുടെയും, ഏകാന്തദ്വീപുകളിലേക്കു നാടുകടത്തപ്പെടുന്നവരുടെയും ആവശ്യങ്ങളെല്ലാം കർത്താവിനറിയാം. തന്റെ സാന്നിദ്ധ്യത്താൽ കർത്താവ് അവരെ അഭ്യസിപ്പിക്കുന്നു. സത്യത്തിനുവേണ്ടി ഒരു വിശ്വാസി, അനീതിയുള്ള ന്യായാധിപന്മാരുടെ മുമ്പിൽ നിൽക്കുമ്പോൾ, കർത്താവ് അവനോടു കൂടെയുണ്ട്. അവൻ ഏൽക്കേണ്ടിവരുന്ന പരിഹാസങ്ങളെല്ലാം ക്രിസ്തു ഏൽക്കുന്നു. തന്റെ ശിഷ്യന്മാരിലൂടെ കർത്താവു വീണ്ടും കുറ്റം വിധിക്കപ്പെടുന്നു. ഒരു വ്യക്തി ക്രിസ്തുവിനുവേണ്ടി തടവറയിൽ ആകുമ്പോൾ, അവന്റെ ഹൃദയം ക്രിസ്തുവിന്റെ സ്നേഹത്താൽ ആകർഷിക്കപ്പെടുന്നു. ക്രിസ്തുവിനുവേണ്ടി ഒരുവൻ മരിക്കുമ്പോൾ ക്രിസ്തു പറയുന്നു: “ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈ

വശമുണ്ട്" (വെളി. 1:18). എനിക്കുവേണ്ടി അർപ്പണം ചെയ്ത ജീവൻ നിത്യ മഹത്വത്തിനായി സൂക്ഷിക്കപ്പെടുന്നു.

എല്ലാ കാലത്തും, എല്ലാ സ്ഥലങ്ങളിലും ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് അയയ്ക്കപ്പെടും. ദുഃഖവേളകളിലും, കഷ്ടതകളുടെ നാളുകളിലും, ചുറ്റും അന്ധകാരം വ്യാപിക്കയും ഭാവി ഇരുളടഞ്ഞതായി കാണപ്പെടുമ്പോഴും, നാം നിസ്സഹായരും ആരുമില്ലാത്തവരുമായിത്തീരുമ്പോഴും നമ്മുടെ പ്രാർത്ഥനയ്ക്കുത്തരമായി ആശ്വാസപ്രദൻ നമ്മുടെ സമീപത്തു വരും. സാഹചര്യങ്ങൾ നമ്മെ ഭൗമിക സ്നേഹിതന്മാരിൽനിന്ന് അകറ്റിയേക്കാം. എന്നാൽ സ്വർഗ്ഗീയ ആശ്വാസപ്രദനിൽനിന്ന് അകറ്റുവാൻ ഒന്നിനും സാദ്ധ്യമല്ല. നാം എവിടെ ആയിരുന്നാലും, എവിടെ പോയാലും നമ്മെ താങ്ങുവാനും, സംരക്ഷിക്കുവാനും, ഉയർത്തുവാനും, സന്തോഷിപ്പിപ്പാനും പരിശുദ്ധാത്മാവു നമ്മുടെ സമീപെ ഉണ്ട്.

ക്രിസ്തുവിന്റെ വാക്കുകൾ, അവയുടെ ആത്മികാർത്ഥത്തിൽ ഗ്രഹിക്കുവാൻ ശിഷ്യന്മാർ അപ്പോഴും പ്രാപ്തർ അല്ലായിരുന്നു. കർത്താവു തന്റെ വാക്കുകളെ അവർക്കു വിശദീകരിച്ചുകൊടുത്തു. പരിശുദ്ധാത്മാവിൽക്കൂടെ ശിഷ്യന്മാർക്കു തന്നെ വെളിപ്പെടുത്തിക്കൊടുക്കുമെന്നു ക്രിസ്തു പറഞ്ഞു. "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും." എനിക്കു ഗ്രഹിപ്പാൻ കഴിയുന്നില്ലായെന്നു നിങ്ങൾ ഇനി ഒരിക്കലും പറകയില്ല. ഇനിമേൽ നിങ്ങളുടെ കാഴ്ച അവ്യക്തമായിരിക്കയില്ല. നിങ്ങൾ "വീതിയും നീളവും ഉയരവും ആഴവും എന്ത് എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാൻ" കഴിവുള്ളവരാകും (എഫെ. 3:18,19).

ക്രിസ്തുവിന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയുംകുറിച്ചു സാക്ഷീകരണം നടത്തേണ്ടവർ ആയിരുന്നു ശിഷ്യന്മാർ. അവരിൽക്കൂടെ വേണമായിരുന്നു ലോകത്തെമ്പാടുമുള്ള ആളുകളോടു ക്രിസ്തു സംഭാഷിക്കേണ്ടിയിരുന്നത്. എന്നാൽ ക്രിസ്തുവിന്റെ അപമാനത്തിലും മരണത്തിലുംകൂടെ, ശിഷ്യന്മാർ വലിയ ശോധനയെ അഭിമുഖീകരിക്കേണ്ടവരായിരുന്നു. ഈ അനുഭവത്തിനുശേഷം, തങ്ങൾ പറയുന്ന കാര്യങ്ങൾ വളരെ കൃത്യമായിരിക്കേണ്ടതുമായിരുന്നു. അതുകൊണ്ടു കർത്താവ് ഇപ്രകാരം വാഗ്ദത്തം നല്കി: "പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും, ഞാൻ നിങ്ങളോടു പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും."

യേശു തുടർന്നു പറഞ്ഞു: "ഇനിയും വളരെ നിങ്ങളോടു പറയുവാൻ ഉണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ, അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും

വരുവാനുള്ളതു നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും. അവൻ എനിക്കുള്ള തിൽനിന്ന് എടുത്തു നിങ്ങൾക്ക് അറിയിച്ചുതരുന്നതുകൊണ്ട് എന്നെ മഹത്വ പ്പെടുത്തും." സത്യത്തിന്റെ ആ വലിയ മാർഗ്ഗം യേശു തന്റെ ശിഷ്യന്മാർക്കു തുറന്നുകൊടുത്തു. എന്നാൽ പരീശന്മാരുടെയും ശാസ്ത്രിമാരുടെയും പാരമ്പര്യങ്ങളിൽനിന്നു ക്രിസ്തുവിന്റെ ഉപദേശങ്ങളെ വേർതിരിച്ച് അനു സരിപ്പാൻ ശിഷ്യന്മാർക്കു പ്രയാസമായിരുന്നു. റബ്ബിമാരുടെ ഉപദേശം ദൈവ ത്തിന്റെ ശബ്ദമായി സ്വീകരിക്കണമെന്ന പഠനം ലഭിച്ചവരായിരുന്നു ശിഷ്യ ന്മാർ. ഇപ്പോഴും അവരുടെമേൽ അതിന്റെ സ്വാധീനശക്തി ഉണ്ടായിരുന്നു. അവരുടെ ചിന്തകൾ ആ രീതിയിൽ രൂപാന്തരപ്പെട്ടിരുന്നു. ഭൗമിക ചിന്ത കളും ഭൗമിക കാര്യങ്ങളും അവരുടെ മനസ്സിൽ രൂഢമൂലമായിരുന്നു. ക്രിസ്തു വിന്റെ രാജ്യത്തിന്റെ ആത്മീയസ്വഭാവത്തെ, ക്രിസ്തു പലതവണ വിശദീ കരിച്ചുകൊടുത്തിരുന്നുവെങ്കിലും, ശിഷ്യന്മാർ ഗ്രഹിച്ചില്ല. അവരുടെ മനസ്സു കലങ്ങിയിരുന്നു. തങ്ങൾക്കു ലഭിച്ച തിരുവെഴുത്തുകളുടെ മൂല്യം അവർ ഗ്രഹിച്ചില്ല. ക്രിസ്തു പഠിപ്പിച്ച നല്ല ഉപദേശങ്ങൾ അവർക്കു നഷ്ടപ്പെട്ടതു പോലെ തോന്നി. തന്റെ വചനങ്ങളുടെ യഥാർത്ഥ അർത്ഥം ശിഷ്യന്മാർ ഗ്രഹി ക്കുന്നില്ല എന്നു യേശു മനസ്സിലാക്കി. താൻ നല്കിയ പാഠങ്ങൾ പരിശു ദ്ധാത്മാവ് അവരുടെ ഓർമ്മയിൽ കൊണ്ടുവരുമെന്നു യേശു ശിഷ്യന്മാർക്കു വാഗ്ദത്തം നല്കി. ശിഷ്യന്മാർക്കു ഗ്രഹിക്കുവാൻ പ്രയാസമായ അനവധി കാര്യങ്ങൾ യേശു അവരോടു പറഞ്ഞില്ല. പരിശുദ്ധാത്മാവ് അതും പിൽ ക്കാലത്തു പഠിപ്പിച്ചുകൊടുക്കും. പരിശുദ്ധാത്മാവു ശിഷ്യന്മാരുടെ ബുദ്ധിയെ ഉണർത്തേണ്ട ആവശ്യമുണ്ടായിരുന്നു. "സത്യത്തിന്റെ ആത്മാവു വരു മ്പോഴോ, അവൻ നിങ്ങളെ സകലസത്യത്തിലും വഴിനടത്തും."

ആശ്വാസപ്രദനെ സത്യത്തിന്റെ ആത്മാവ് എന്നു വിളിക്കുന്നു. സത്യ ത്തിന്റെ ആത്മാവായി അവൻ ആദ്യം നമ്മിൽ വസിക്കുകയും, അങ്ങനെ ആശ്വാസപ്രദനായിത്തീരുകയും ചെയ്യുന്നു. സത്യം, ആശ്വാസത്തെയും സമാ ധാനത്തെയും പ്രദാനം ചെയ്യുന്നു. എന്നാൽ വ്യാജത്തിൽ യഥാർത്ഥ സമാ ധാനമോ, ആശ്വാസമോ കണ്ടെത്തുവാൻ കഴിയുകയില്ല. വ്യാജമായ തത്വ സംഹിതകളിലും, പാരമ്പര്യങ്ങളിലും കൂടെയാണു സാത്താൻ മനുഷ്യ മനസ്സുകളിൽ തന്റെ ശക്തി ഉറപ്പിക്കുന്നത്. തെറ്റായ മാർഗ്ഗങ്ങളിലേക്കു മനു ഷ്യനെ നയിച്ചുകൊണ്ട് അവൻ മനുഷ്യസ്വഭാവത്തെ വികലമാക്കുന്നു. തിരു വെഴുത്തുകളിൽക്കൂടെ പരിശുദ്ധാത്മാവു മനുഷ്യനോടു സംവാദിക്കുകയും, സത്യത്തെ ഹൃദയത്തിൽ ഉറപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ തെറ്റിനെ തുറന്നുകാട്ടുകയും മനുഷ്യനെ അതിൽനിന്നു മോചിപ്പിക്കുകയും ചെയ്യുന്നു. ക്രിസ്തു തന്റെ ജനത്തെ ആകർഷിക്കുന്നത്, സത്യത്തിന്റെ ആത്മാവിലൂടെ, ദൈവവചനം പ്രാവർത്തികമാക്കിക്കൊണ്ടാണ്.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ ശിഷ്യന്മാർക്കു വിശദീകരിച്ചു കൊടുക്കുമ്പോൾ, തന്നെ ആവേശഭരിതമാക്കിയ സന്തോഷവും പ്രത്യാശയും ശിഷ്യന്മാർക്കു പകർന്നുകൊടുക്കുവാൻ യേശു ശ്രമിച്ചു. തന്റെ സഭയ്ക്കു നല്കിയ നിസ്സീമമായ സഹായത്തെക്കുറിച്ചു ക്രിസ്തു സന്തോഷത്തോടും

സംതൃപ്തിയോടുംകൂടെ ഓർത്തു. തന്റെ ജനത്തിന്റെ ഉന്നതിക്കുവേണ്ടി പിതാവിനോടു യാചിക്കാവുന്ന ഏറ്റവും വലിയ സഹായമായിരുന്നു പരിശുദ്ധാത്മാവ്. നവജീവൻ നൽകുന്ന ഒരു ഉപാധിയായിട്ടായിരുന്നു പരിശുദ്ധാത്മാവിനെ നൽകിയത്. പരിശുദ്ധാത്മാവിനെ ലഭിക്കുന്നില്ലായെങ്കിൽ ക്രിസ്തുവിന്റെ യാഗം ഒരുവന് ഒരു പ്രയോജനവും ചെയ്യുന്നില്ല. നൂറ്റാണ്ടുകളായി ദുഷ്ടതയുടെ ശക്തി ബലം പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. സാത്താന്യ അടിമത്തത്തിലേക്കുള്ള മനുഷ്യന്റെ ഓടിപ്പോക്കു വിസ്മയം ജനിപ്പിക്കുന്നതാണ്. പരിശുദ്ധാത്മാവു മാറ്റമില്ലാത്തവനും ദൈവിക ശക്തിയുടെ നിറവ് ഉള്ളവനുമാണ്. ത്രിത്വത്തിലെ മൂന്നാമത്തെ വ്യക്തിയായ പരിശുദ്ധാത്മാവിന്റെ സഹായത്തോടുകൂടി മാത്രമേ പാപത്തെ എതിർത്തുനില്പാനും ജയിപ്പാനും നമുക്കു കഴിയുകയുള്ളു. കർത്താവു നേടിയെടുത്തതിനെ ഫലവത്താക്കിത്തീർത്തിരിക്കുന്നതു പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവാലത്രേ ഹൃദയം ശുദ്ധീകരിക്കപ്പെടുന്നത്. പരിശുദ്ധാത്മാവിൽ ക്കൂടെ വിശ്വാസി ദിവ്യസ്വഭാവത്തിന്റെ പങ്കാളിയായിത്തീരുന്നു. തിന്മ ചെയ്യുവാനുള്ള പ്രണതകളെ - പാരമ്പര്യമായി സിദ്ധിച്ചിട്ടുള്ളതായാലും സ്വയം നേടിയിട്ടുള്ളതായാലും - കീഴ്പ്പെടുത്തി കർത്താവിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുന്നതിനുവേണ്ടിയാണു കർത്താവു പരിശുദ്ധാത്മാവിനെ തന്റെ ജനത്തിനു നല്കിയിരുന്നത്.

പരിശുദ്ധാത്മാവിനെക്കുറിച്ചു യേശു പറഞ്ഞു: "അവൻ എന്നെ മഹത്വപ്പെടുത്തും." തന്റെ സ്നേഹത്തെ പ്രാവർത്തികമാക്കിക്കൊണ്ടു പിതാവിനെ മഹത്വപ്പെടുത്തുവാൻ രക്ഷകൻ വന്നു. അതുപോലെ ക്രിസ്തുവിന്റെ കൃപ ലോകത്തിനു വെളിപ്പെടുത്തിക്കൊണ്ടു ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാൻ പരിശുദ്ധാത്മാവു വന്നു. ദൈവത്തിന്റെ തനി സ്വരൂപം മനുഷ്യവർഗ്ഗത്തിനു മേൽ പുനഃസ്ഥാപിക്കപ്പെടണം. പിതാവും പുത്രനും മാനിക്കപ്പെടുന്നതു ദൈവജനത്തിന്റെ സ്വഭാവം പൂർണ്ണതയിലെത്തുമ്പോഴാണ്.

"അവൻ (സത്യത്തിന്റെ ആത്മാവ്) വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും." പരിശുദ്ധാത്മാവിന്റെ തുടർച്ചയായ സാന്നിദ്ധ്യവും സഹായവും കൂടാതെ ദൈവവചനം ഘോഷിക്കുന്നതു നിഷ്ഫലമാണ്. ദിവ്യസത്യത്തെ പ്രയോജനകരമായി മറ്റുള്ളവർക്കു വിളമ്പിക്കൊടുക്കണമെങ്കിൽ പരിശുദ്ധാത്മസഹായം ആവശ്യമാണ്. പരിശുദ്ധാത്മാവിന്റെ സഹായത്തോടുകൂടി സത്യം ഹൃദയത്തിൽ പ്രവേശിക്കുമ്പോൾ, അത് അന്തഃകരണത്തെ ഉണർത്തുകയും, ജീവിതത്തിനു രൂപാന്തരം വരികയും ചെയ്യും. ഒരുവനു ദൈവവചനതത്വങ്ങളെ പ്രസംഗിപ്പാനുള്ള കഴിവുണ്ടായിരിക്കാം. ദൈവവചനത്തിൽ നല്കിയിട്ടുള്ള ആജ്ഞകളും വാഗ്ദത്തങ്ങളും ഒരുവനു പരിചിതമായിരിക്കാം. എന്നാൽ പരിശുദ്ധാത്മാവു സത്യത്തെ ഹൃദയങ്ങളിൽ ഉറപ്പിക്കുന്നില്ലായെങ്കിൽ, ക്രിസ്തുവാകുന്ന പാറയിന്മേൽ ഒരാത്മാവും വീണു നുറുക്കപ്പെടുകയില്ല. ദൈവാത്മാവിന്റെ സഹകരണം കൂടാതെ വിദ്യാഭ്യാസത്തിനോ മറ്റു കഴിവുകൾക്കോ - അവ എത്ര വലുതായിരുന്നാൽത്തന്നെയും - ഒരു നുറുക്കു വെളിച്ചംപോലും നല്കുവാൻ കഴികയില്ല. സ്വർഗ്ഗത്തിലെ മഞ്ഞു

തുള്ളികൊണ്ടു സുവിശേഷവിത്തു മുളയ്ക്കുന്നില്ലായെങ്കിൽ, വിത്തു വിതയ്ക്കുന്നതുകൊണ്ട് ഒരു പ്രയോജനവും ഇല്ല. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം, പുതിയനിയമത്തിലെ ഏതെങ്കിലുമൊരു പുസ്തകം എഴുതപ്പെടുന്നതിനു മുമ്പേ, ഏതെങ്കിലുമൊരു സുവിശേഷപ്രസംഗം അപ്പൊസ്തലന്മാർ ചെയ്യുന്നതിനു മുമ്പേ അപ്പൊസ്തലന്മാരുടെമേൽ പരിശുദ്ധാത്മാവു വന്നു. പരിശുദ്ധാത്മാവ് അവരുടെമേൽ വന്നപ്പോൾ, അവരുടെ ശത്രുക്കൾ പറഞ്ഞത് ഇപ്രകാരമായിരുന്നു: "നിങ്ങളോ, യെരൂശലേമിനെ നിങ്ങളുടെ ഉപദേശംകൊണ്ടു നിറച്ചിരിക്കുന്നു" (അപ്പൊ. 5:28).

തന്റെ സഭയ്ക്ക്, ക്രിസ്തു പരിശുദ്ധാത്മാവിനെ വാഗ്ദത്തം ചെയ്തിരിക്കുന്നു. ആദിമശിഷ്യന്മാർക്ക് ആ വാഗ്ദത്തം എത്രമാത്രം സ്വായത്തമാക്കാമായിരുന്നുവോ, അത്രയും നമുക്കും അവകാശപ്പെട്ടതാണ്. എന്നാൽ എല്ലാ വാഗ്ദത്തങ്ങളുംപോലെ, അതും വ്യവസ്ഥയിന്മേലാണു നല്കപ്പെട്ടിരിക്കുന്നത്. കർത്താവിന്റെ വാഗ്ദത്തത്തെ അനേകർ വിശ്വസിക്കയും അവകാശപ്പെടുകയും ചെയ്യുന്നതായി പറയാറുണ്ട്. അവർ ക്രിസ്തുവിനെയും പരിശുദ്ധാത്മാവിനെയുംകുറിച്ചു പറയാറുണ്ട്. എങ്കിലും അവർ അനുഗ്രഹം പ്രാപിക്കുന്നില്ല. ദൈവിക മാർഗ്ഗങ്ങളാൽ നിയന്ത്രിക്കപ്പെടാനും നയിക്കപ്പെടാനും അവർ തങ്ങളെത്തന്നെ കീഴ്പ്പെടുത്തുന്നില്ല. നമുക്കു പരിശുദ്ധാത്മാവിനെ നമ്മുടെ അഭീഷ്ടപ്രകാരം നയിപ്പാൻ കഴികയില്ല. പരിശുദ്ധാത്മാവു നമ്മെയത്രേ നിയന്ത്രിക്കേണ്ടത്. പരിശുദ്ധാത്മാവിൽക്കൂടെ ദൈവം തന്റെ ജനത്തിൽ പ്രവർത്തിക്കുന്നു. "ഇച്ഛിക്ക എന്നതും, പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളമുണ്ടായിട്ടു പ്രവർത്തിക്കുന്നത്" (ഫിലി. 2:13). എന്നാൽ അനേകർ ഇതിനു കീഴ്പ്പെടുന്നില്ല. അവർ സ്വയം കാര്യങ്ങൾ ചെയ്‌വാൻ ആഗ്രഹിക്കുന്നു. ഇതുകൊണ്ടാണു അവർക്കു സ്വർഗ്ഗീയ ദാനം ലഭിക്കാതെ പോകുന്നത്. താഴ്മയോടുകൂടി ദൈവത്തെ കാത്തിരിക്കുകയും ദൈവത്തിന്റെ കൃപയ്ക്കും നടത്തിപ്പിനുമായി ജാഗരിക്കുകയും ചെയ്യുന്നവർക്കു മാത്രമേ പരിശുദ്ധാത്മാവിനെ നല്കുകയുള്ളു. ദൈവശക്തി, അവരുടെ യാചനയെയും സ്വീകരിക്കലിനെയും കാത്തിരിക്കുകയാണ്. വാഗ്ദത്തം ചെയ്യപ്പെട്ട ഈ അനുഗ്രഹം വിശ്വാസത്തോടെ അവകാശപ്പെടുമ്പോൾ, അതോടൊപ്പം അനവധി അനുഗ്രഹങ്ങളെയും കൊണ്ടുവരുന്നു. ക്രിസ്തുവിന്റെ കൃപാധനത്തിനൊത്തവണ്ണം അവ നല്കപ്പെടുന്നു. ഓരോ വ്യക്തിക്കും, സ്വീകരിപ്പാനുള്ള അവരുടെ കഴിവ് അനുസരിച്ച് അനുഗ്രഹങ്ങൾ കൊടുപ്പാൻ കർത്താവ് ഒരുക്കമാണ്.

ശിഷ്യന്മാരുമായുള്ള സംഭാഷണമദ്ധ്യേ, തനിക്കു വരാൻപോകുന്ന തീവ്രമായ കഷ്ടതകളെക്കുറിച്ച്, ശിഷ്യന്മാരുടെ സഹതാപം ആർജ്ജിക്കുവാൻ യേശു ഒരു പരാമർശവും നടത്തിയില്ല. അവസാനമായി ശിഷ്യന്മാർക്കു നല്കുവാനുണ്ടായിരുന്നതു തന്റെ സമാധാനമായിരുന്നു. യേശു പറഞ്ഞു: "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്; നിങ്ങളുടെ ഹൃദയം കലങ്ങരുത്; ഭ്രമിക്കയും അരുത്."

മാളികമുറി വിടുന്നതിനുമുമ്പായി കർത്താവു തന്റെ ശിഷ്യരുമൊത്ത് ഒരു സ്തോത്രഗാനം പാടി. ഒരു വിലാപഗാനംപോലെയല്ല കർത്താവു പാടിയത്. പ്രത്യുത പെസഹയുടെ സന്തോഷം ആ ഗാനത്തിൽ നിഴലിച്ചിരുന്നു.

“സകല ജാതികളുമായുള്ളോരേ, യഹോവയെ സ്തുതിപ്പിൻ;
സകല വംശങ്ങളുമായുള്ളോരേ, അവനെ പുകഴ്ത്തുവിൻ.
നമ്മോടുള്ള അവന്റെ ദയ വലുതായിരിക്കുന്നു;
യഹോവയുടെ വിശ്വസ്തത എന്നേക്കുമുള്ളത്.
യഹോവയെ സ്തുതിപ്പിൻ” (സങ്കീ. 117).

പാട്ടുപാടിയതിനുശേഷം അവർ പുറത്തേക്കു പോയി. ജനത്തിരക്കുണ്ടായിരുന്ന വീഥികളിൽക്കൂടെ അവർ മുന്നോട്ടു നടന്നു. നഗരവാതിലും പിന്നിട്ട് അവർ ഒലിവുമലയിലേക്കു നടന്നുനീങ്ങി. സാവധാനത്തിൽ അവർ നടന്നുകൊണ്ടിരുന്നപ്പോൾ, ഓരോരുത്തരും ചിന്തയിലാണ്ടു. ഒലിവുമലയുടെ താഴ്വാരത്തിലെത്തിയപ്പോൾ കഠിന ദുഃഖം നിഴലിക്കുന്ന ശബ്ദത്തോടുകൂടി കർത്താവു പറഞ്ഞു: “ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറും; ഞാൻ ഇടയനെ വെട്ടും; കൂട്ടത്തിലെ ആടുകൾ ചിതറിപ്പോകും” (മത്തായി 26:31). ദുഃഖത്തോടുകൂടി ശിഷ്യന്മാർ ക്രിസ്തുവിന്റെ വാക്കുകൾ കേട്ടു. കഫർന്നഹൂമിലെ ദൈവാലയത്തിൽവച്ച്, താൻ ജീവന്റെ അപ്പമാകുന്നു എന്നു പറഞ്ഞപ്പോൾ അനേകർ അത് ഇഷ്ടപ്പെടാതിരിക്കുകയും കർത്താവിനെ വിട്ടുപോയതും ശിഷ്യന്മാർ ഓർത്തു. എങ്കിലും അവർ യേശുവിനോടു ചേർന്നുനിന്നു. പത്രൊസ് മറ്റു ശിഷ്യന്മാരെയും പ്രതിനിധീകരിച്ചുകൊണ്ടു യേശുവിങ്കലുള്ള ഭക്തിയും വിശ്വസ്തതയും പ്രകടിപ്പിച്ചു. അപ്പോൾ കർത്താവു ശിഷ്യന്മാരോടായി പറഞ്ഞു: “നിങ്ങളെ പന്ത്രണ്ടുപേരെ ഞാൻ തെരഞ്ഞെടുത്തില്ലയോ? എങ്കിലും നിങ്ങളിൽ ഒരുത്തൻ ഒരു പിശാച് ആകുന്നു” (യോഹ. 6:70). പന്ത്രണ്ടുപേരിൽ ഒരുവൻ തന്നെ കാണിച്ചുകൊടുക്കുമെന്നും, പത്രൊസ് തന്നെ തള്ളിപ്പറയുമെന്നും യേശു മാളികമുറിയിൽവച്ചു പറഞ്ഞു. എന്നാൽ യേശു എല്ലാവരെയും ഉൾപ്പെടുത്തി ആയിരുന്നു സംസാരിച്ചത്.

പത്രൊസ്, തന്നിലുള്ള പൂർണ്ണ വിശ്വാസത്തോടെ പറഞ്ഞു: “എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല.” മാളികമുറിയിൽവച്ചു പത്രൊസ് പറഞ്ഞു: “ഞാൻ എന്റെ ജീവനെ നിനക്കുവേണ്ടി വച്ചുകളയും.” ആ രാത്രിയിൽത്തന്നെ പത്രൊസ് തന്റെ ഗുരുവിനെ തള്ളിപ്പറയുമെന്നു യേശു പറഞ്ഞു. ആ മുന്നറിയിപ്പ് ഒരിക്കൽക്കൂടി ആവർത്തിച്ചുകൊണ്ടു യേശു പറഞ്ഞു: “ഇന്നു രാത്രിയിൽത്തന്നെ കോഴി രണ്ടുവട്ടം കൂകുംമുമ്പേ, നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു” എന്നു പറഞ്ഞു. “നിന്നോടുകൂടി മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ തള്ളിപ്പറകയില്ല” എന്നു പത്രൊസ് മറുപടി പറഞ്ഞു. “അങ്ങനെതന്നെ എല്ലാവരും പറഞ്ഞു” (മർക്കൊസ് 14:29–31). തങ്ങളുടെ ആത്മവിശ്വാസത്തെ മുറുകെപ്പിടിച്ചിരുന്നതുകൊണ്ട്, കർത്താവു പറഞ്ഞ സത്യത്തെ ശിഷ്യന്മാർ സ്വീകരിച്ചില്ല. അവർ നേരിടുവാൻ പോകുന്ന കഠിന ശോധനയ്ക്കായി അവർ

ഒരുങ്ങിയിരുന്നില്ല. അവർ പരാജിതരാകുമ്പോൾ മാത്രമേ, തങ്ങളുടെ ബല ഹീനതയെ അവർ മനസ്സിലാക്കുകയുള്ളൂ.

തന്റെ കർത്താവിനെ കാരാഗൃഹത്തിലും, മരണത്തോളവും അനുഗമിക്കു മെന്നു പത്രൊസ് പറഞ്ഞപ്പോൾ, പത്രൊസ് ആത്മാർത്ഥതയോടെയാണതു പറഞ്ഞത്. എങ്കിലും പത്രൊസ്, തന്നെ പൂർണ്ണമായി മനസ്സിലാക്കിയി രുന്നില്ല. തിന്മയുടെ ലാഞ്ഛനകൾ അവന്റെ ഹൃദയത്തിൽ അപ്പോഴുമുണ്ടാ യിരുന്നു. അനുകൂല സാഹചര്യം വരുമ്പോൾ, അവ ശക്തി പ്രാപിക്കുമാ യിരുന്നു. തന്റെ ബലഹീനതയെക്കുറിച്ചു പത്രൊസ് അറിയാതിരുന്നെങ്കിൽ അവന്റെ നിത്യമായ നാശത്തിന് അതു വഴിയൊരുക്കുമായിരുന്നു. സ്വസ്നേ ഹവും അമിതമായ ആത്മവിശ്വാസവുമായിരുന്നു പത്രൊസിൽ കണ്ട പോരാ യ്മകൾ. ഈ രണ്ടു ബലഹീനതകൾ, ക്രിസ്തുവിനോടുള്ള സ്നേഹത്തെ ക്കാൾ, വലുതാകാനുള്ള സാദ്ധ്യതകൾ ഉണ്ടായിരുന്നു. മരിപ്പിച്ചിട്ടില്ലാത്ത പാപങ്ങൾ, ആത്മാവിലെ സൂക്ഷ്മതയില്ലായ്മ, വിശുദ്ധീകരിക്കപ്പെട്ടിട്ടില്ലാത്ത കോപം, പരീക്ഷയിൽ തോറ്റുപോകാൻ ഇടയാക്കുന്ന അശ്രദ്ധ, ഇങ്ങനെ തന്നിലുള്ള അനവധി ബലഹീനതകൾ പത്രൊസിനു കർത്താവു വെളി പ്പെടുത്തിക്കൊടുത്തു. ക്രിസ്തു നല്കിയ ഗൗരവമായ മുന്നറിയിപ്പു ഹൃദയപരി ശോധനയ്ക്കുള്ള ഒരാഹ്വാനമായിരുന്നു. അമിതമായ സ്വയാശ്രയം വെടി യേണ്ടതിന്റെയും, ക്രിസ്തുവിൽ ആഴമായി വിശ്വാസം ഉറപ്പിക്കേണ്ടതിന്റെയും ആവശ്യകത പത്രൊസിന് ഉണ്ടായിരുന്നു. താഴ്മയോടുകൂടി ആ മുന്നറിയിപ്പു സ്വീകരിച്ചിരുന്നുവെങ്കിൽ, പത്രൊസ് തന്റെ ഇടയനോടു സംരക്ഷണത്തിനു വേണ്ടി യാചിക്കുമായിരുന്നു. ഗലീലക്കടലിൽ മുങ്ങുവാൻ തുടങ്ങിയപ്പോൾ "കർത്താവേ, എന്നെ രക്ഷിക്കേണമേ" (മത്തായി 14:30) എന്നു പത്രൊസ് നില വിളിച്ചു. അപ്പോൾ പത്രൊസിന്റെ കരങ്ങളെ പിടിക്കുവാനായി കർത്താവു കരങ്ങളെ നീട്ടി. അതുപോലെ 'സ്വയത്തിൽനിന്ന് എന്നെ രക്ഷിക്കണമേ' എന്നു പത്രൊസ് പ്രാർത്ഥിച്ചിരുന്നുവെങ്കിൽ കർത്താവ് അവനെ കാത്തു കൊള്ളുമായിരുന്നു. എന്നാൽ കർത്താവു തന്നെ അവിശ്വസിക്കുന്നുവെന്നു പത്രൊസിനു തോന്നി. അതു തികച്ചും ക്രൂരമെന്നു പത്രൊസ് ചിന്തിച്ചു. അപ്പോൾത്തന്നെ പത്രൊസ് കർത്താവിങ്കൽ ഇടറി. തന്നിൽത്തന്നെ പത്രൊസ് ആശ്രയിച്ചു.

യേശു അനുകമ്പയോടെ ശിഷ്യന്മാരെ നോക്കി. അവർ പരിശോധനകളെ നേരിടേണ്ടത് ആവശ്യമായിരുന്നു. എങ്കിലും അവരെ അനാഥരായി വിടുവാൻ കർത്താവ് ആഗ്രഹിച്ചില്ല. ശവക്കല്ലറയുടെ ചങ്ങലയെ താൻ പൊട്ടിക്കു മെന്നും, ശിഷ്യന്മാരോടുള്ള തന്റെ സ്നേഹത്തിന് ഒരു കുറവും വരികയില്ലാ യെന്നും കർത്താവ് അവർക്ക് ഉറപ്പുകൊടുത്തു. യേശുവിന്റെ മരണത്തിനും പുനരുത്ഥാനത്തിനും ശേഷം, തങ്ങളോടുള്ള ക്രിസ്തുവിന്റെ സ്നേഹം എത്ര ആഴമേറിയതായിരുന്നുവെന്നു ശിഷ്യന്മാർക്കു ബോദ്ധ്യമായി. മാത്രമല്ല തങ്ങളുടെ പാപങ്ങൾ ക്ഷമിച്ചുകിട്ടിയെന്നും അവർ വിശ്വസിച്ചു.

യേശുവും ശിഷ്യന്മാരും ഒലിവുമലയുടെ താഴ്വാരത്തിൽ സ്ഥിതിചെയ്തി രുന്ന ഗെത്ശേമനത്തോട്ടത്തിലേക്കു പോകുകയായിരുന്നു. അവിടെ

യായിരുന്നു കർത്താവു പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി സാധാരണ പൊയ്ക്കൊണ്ടിരുന്നത്. ലോകത്തിനു തനിക്കു നല്കുവാനുള്ള ദൗത്യത്തെക്കുറിച്ചും, ശിഷ്യന്മാർ തന്നോടു പുലർത്തേണ്ട ആത്മീയ ഐക്യത്തെക്കുറിച്ചും യേശു അവർക്ക് ഒരു ഉപമയിലൂടെ വ്യക്തമാക്കിക്കൊടുത്തു. ആ രാത്രി ചന്ദ്രികയിൽ കുളിച്ചുനിന്ന ഒരു രാത്രിയായിരുന്നു. തഴച്ചുവളരുന്ന ഒരു മുന്തിരിച്ചെടി യേശുവിന്റെ ദൃഷ്ടിയിൽപ്പെട്ടു. ആ മുന്തിരിച്ചെടിയെ ഒരു സാധനപാഠമാക്കി യേശു ഉപയോഗിച്ചു.

യേശു പറഞ്ഞു: "ഞാൻ സാക്ഷാൽ മുന്തിരിവള്ളി ആകുന്നു." മനോഹരമായ ഒരു ഈന്തപ്പനയോ, മഹാവൃക്ഷമായ ദേവദാരുവോ, ബലിഷ്ഠമായ കരുവേലകമോ അല്ല തന്നെ ചിത്രീകരിക്കുവാൻ യേശു തെരഞ്ഞെടുത്തത്. ഒരു മുന്തിരിവള്ളിയായിരുന്നു തന്റെ പ്രതീകമായി യേശു തെരഞ്ഞെടുത്തത്. ഈന്തപ്പനയും, ദേവദാരുവും, കരുവേലകവും തനിയേ നില്ക്കും. അവയ്ക്ക് ഒന്നിന്റെയും താങ്ങ് ആവശ്യമില്ല. എന്നാൽ മുന്തിരിവള്ളിക്കു പടർന്നുകയറാൻ താങ്ങ് ആവശ്യമാണ്. അതുപോലെതന്നെ ക്രിസ്തു തന്റെ മാനുഷികാവസ്ഥയിൽ ദൈവശക്തിയിൽ ആശ്രയിച്ചു. "എനിക്കു സ്വതവേ ഒന്നും ചെയ്വാൻ കഴിയുന്നതല്ല," യേശു പറഞ്ഞു (യോഹ. 5:30).

"ഞാൻ സാക്ഷാൽ മുന്തിരിവള്ളി ആകുന്നു." മുന്തിരിച്ചെടി എല്ലാ സസ്യങ്ങളിലുംവച്ചു ശ്രേഷ്ഠതയേറിയതാണെന്നു യെഹൂദന്മാർ കരുതിയിരുന്നു. ശക്തിയും, ശ്രേഷ്ഠതയും, ഫലപൂർണ്ണതയുമുള്ള ഏതൊന്നിന്റെയും പ്രതീകം കൂടിയായിരുന്നു മുന്തിരിച്ചെടി. വാഗ്ദത്തനാട്ടിൽ ദൈവം നട്ട മുന്തിരിവള്ളിയായിട്ടാണു യിസ്രായേലിനെ ഉപമിച്ചത്. യിസ്രായേലുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലായിരുന്നു യെഹൂദന്മാർ, തങ്ങളുടെ രക്ഷയെക്കുറിച്ചുള്ള പ്രത്യാശ ഉറപ്പിച്ചിരുന്നത്. എന്നാൽ യേശു പറയുന്നു: "ഞാൻ സാക്ഷാൽ മുന്തിരിവള്ളി ആകുന്നു." യിസ്രായേലുമായുള്ള ബന്ധത്തിൽക്കൂടെ നിങ്ങൾക്കു ദൈവത്തിന്റെ ജീവിതപങ്കാളികളും ദൈവവാഗ്ദത്തത്തിന്റെ അവകാശികളുമായിത്തീരാമെന്നു കരുതരുത്. എന്നിൽക്കൂടി മാത്രമാണ് ആത്മീയജീവിതം ലഭിക്കുന്നത്.

"ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവു തോട്ടക്കാരനും ആകുന്നു." പലസ്തീനിലെ മലകളിൽ നമ്മുടെ സ്വർഗ്ഗീയ പിതാവ് ഈ നല്ല മുന്തിരിവള്ളി നട്ടു. ദൈവം തന്നെയായിരുന്നു അതിന്റെ തോട്ടക്കാരനും. ഈ മുന്തിരിവള്ളിയുടെ സൗന്ദര്യം കണ്ട് അനേകർ ആകർഷിതരായി. അവർ അതിന്റെ സ്വർഗ്ഗവുമായുള്ള ബന്ധത്തെക്കുറിച്ചു പറഞ്ഞു. എന്നാൽ യിസ്രായേലിലെ പ്രമാണിമാർക്ക് അതു വരണ്ട ദേശത്തെ വേരുപോലെ കാണപ്പെട്ടു. അവർ ചെടിയെ എടുത്തു; അതിനെ മുറിപ്പെടുത്തി. അവരുടെ അവിശുദ്ധ കാലുകൾകൊണ്ട് അതിനെ ചവിട്ടിമെതിച്ചു. അതിനെ എന്നേക്കുമായി നശിപ്പിക്കുവാനായിരുന്നു അവരുടെ ഉദ്ദേശ്യം. എന്നാൽ സ്വർഗ്ഗീയ തോട്ടക്കാരൻ താൻ നട്ടുവളർത്തിയ ചെടിമേലുള്ള നോട്ടം ഒരിക്കലും വിട്ടുകളഞ്ഞില്ല. തങ്ങൾ അതിനെ നശിപ്പിച്ചുവെന്നു ജനങ്ങൾ കരുതിയപ്പോൾ,

ദൈവം അതിനെ എടുത്തു മതിലിന്റെ അങ്ങേപ്പുറത്തു നട്ടു. മുന്തിരിവള്ളി ആർക്കും കാണാൻ പാടില്ലായിരുന്നു. മനുഷ്യന്റെ ആക്രമണത്തിൽനിന്ന് അതു മറയ്ക്കപ്പെട്ടു. എന്നാൽ അതിന്റെ ശിഖരങ്ങൾ ഭിത്തിക്കപ്പുറത്തേക്കു വ്യാപിച്ചുകിടന്നു. അവർ മുന്തിരിച്ചെടിയെ പ്രതിനിധീകരിക്കേണ്ടവരാകുന്നു. അവരിൽക്കൂടെ മറ്റു മുന്തിരിശിഖരങ്ങൾ ഒട്ടിച്ചു ചേർക്കപ്പെടും. അവയിൽ നിന്നു ഫലങ്ങൾ ലഭിക്കും. കടന്നുപോകുന്നവർ അടർത്തി എടുക്കേണ്ടതിന് ഒരു വിളവെടുപ്പുണ്ടായിരുന്നു.

"ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു," ക്രിസ്തു, ശിഷ്യന്മാരോടു പറഞ്ഞു. താൻ അവരിൽനിന്നു മാറ്റപ്പെടുവാൻ പോകുകയായിരുന്നെങ്കിലും, തന്നോടുള്ള അവരുടെ ബന്ധം ഒരിക്കലും വിച്ഛേദിക്കപ്പെടുവാൻ പാടുള്ളതല്ല. ഒരു ശാഖയ്ക്കു മുന്തിരിവള്ളിയോടുള്ള ബന്ധം പോലെയാണ് എന്നോടു നിങ്ങൾക്കുള്ള ബന്ധം. ജീവനുള്ള ഒരു മുന്തിരിവള്ളിയോട് ഒരു മുളയെ ഒട്ടിച്ചുചേർക്കുമ്പോൾ, ആ മുളയുടെ കോശങ്ങളും എല്ലാ ഭാഗങ്ങളും പ്രധാന തണ്ടിനോട് ഒന്നായി ചേരുന്നു. മുന്തിരിവള്ളിയുടെ ജീവൻ ശാഖയുടെയും ജീവനായിത്തീരുന്നു. അതുപോലെ പാപത്തിലും അതിക്രമത്തിലും മരിച്ച ആത്മാവു ക്രിസ്തുവുമായുള്ള ബന്ധത്തിൽക്കൂടെ ജീവൻ പ്രാപിക്കുന്നു. സ്വന്തരക്ഷകൻ എന്ന നിലയിൽ ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ, ഒരുവൻ ക്രിസ്തുവുമായി ആത്മബന്ധം ഉറപ്പിക്കുന്നു. പാപിയായ മനുഷ്യൻ, തന്റെ ബലഹീനത ക്രിസ്തുവിന്റെ ശക്തിയുമായി ഏകീഭവിപ്പിക്കുന്നു. അവന്റെ ഒന്നുമില്ലായ്മയെ ക്രിസ്തുവിന്റെ പൂർണ്ണതയു മായി ബന്ധിക്കുന്നു. അവന്റെ അസ്ഥിരതയെ ക്രിസ്തുവിന്റെ നിലനില്ക്കുന്ന ശക്തിയുമായി കൂട്ടിയിണക്കുന്നു. അങ്ങനെ പാപിയായിരുന്ന മനുഷ്യനു ക്രിസ്തുവിന്റെ മനസ്സു ലഭിക്കുന്നു. ക്രിസ്തുവിന്റെ മനുഷ്യാവസ്ഥ നമ്മുടെ മാനുഷികതത്വത്തെ സ്പർശിച്ചു. നമ്മുടെ മാനുഷികതത്വം ക്രിസ്തുവിന്റെ ദൈവികതത്വത്തെയും സ്പർശിച്ചു. പരിശുദ്ധാത്മാവാകുന്ന മദ്ധ്യവർത്തിയിലൂടെ മനുഷ്യൻ ഇപ്രകാരം, ദൈവിക സ്വഭാവത്തിന്റെ പങ്കാളിയായിത്തീരുന്നു. ക്രിസ്തുവിലൂടെ മനുഷ്യൻ അംഗീകരിക്കപ്പെടുന്നു.

ക്രിസ്തുവുമായുള്ള ബന്ധം ഒരിക്കൽ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞാൽ അതു നിലനിർത്തേണ്ടതാണ്. ക്രിസ്തു പറഞ്ഞു: "എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല." ഇത് അവിചാരിതമായ ഒരു ബന്ധവുമല്ല. വല്ലപ്പോഴും മാത്രമുണ്ടാകുന്ന ഒരു ബന്ധമല്ല. ശാഖ, ജീവനുള്ള മുന്തിരിവള്ളിയുടെ ഭാഗമായിത്തീരുന്നു. വേരിൽനിന്നു വരുന്ന ജീവന്റെയും, ശക്തിയുടെയും, ഫലം പുറപ്പെടുവിക്കാനുള്ള കഴിവിന്റെയും സമ്പർക്കം അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നു. ശാഖ, തായ്ത്തടിയിൽനിന്നു വേർപെട്ടാൽ ഉണങ്ങിപ്പോകുന്നു. എന്നെക്കൂടാതെ നിങ്ങൾക്കു ജീവിപ്പാൻ കഴിയുകയില്ല. എന്നിൽ നിന്നു ലഭിച്ച ജീവൻ തുടർച്ചയായ ജീവൻ, തുടർച്ചയായ സമ്പർക്കം മൂലമേ നിലനിർത്താൻ കഴിയൂ. എന്നെക്കൂടാതെ നിങ്ങൾക്കു പാപത്തെ ജയിപ്പാൻ കഴിയുകയില്ല. പരീക്ഷകളോട് എതിർത്തുനില്പാനും സാദ്ധ്യമല്ല.

"എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും." ക്രിസ്തുവിൽ വസിക്കുക എന്നാൽ ക്രിസ്തുവിന്റെ ആത്മാവിനെ എപ്പോഴും ഉൾക്കൊള്ളുക എന്നതാണ്. കർത്താവിന്റെ സേവനത്തിനായി പൂർണ്ണമായി കീഴ്പ്പെട്ട ജീവിതമെന്നാണതിന്റെ അർത്ഥം. മനുഷ്യനും ദൈവവും തമ്മിലുള്ള സമ്പർക്കത്തിന്റെ നീർച്ചാലു തടസ്സം കൂടാതെ ഒഴുകിക്കൊണ്ടിരിക്കണം. മുന്തിരിവള്ളിയുടെ കൊമ്പു തായ്ത്തടിയിൽനിന്ന്, ജീവൻ നല്കുന്ന സത്ത് ഇടതടവില്ലാതെ സ്വീകരിക്കുന്നതുപോലെ, നാം യേശുവിനോട് ഐക്യം പുലർത്തുകയും, യേശുവിന്റെ സ്വഭാവത്തിന്റെ പൂർണ്ണതയും ശക്തിയും വിശ്വാസത്താൽ സ്വീകരിക്കുകയും വേണം.

വേരു പോഷകമൂല്യം മണ്ണിൽനിന്ന് എടുത്തു ശാഖകളിൽക്കൂടെ ഏറ്റവും ചെറിയ കൊമ്പുകളിലേക്ക് അയയ്ക്കുന്നു. അതുപോലെ ക്രിസ്തു, ആത്മീയ ശക്തിയുടെ ഒഴുക്കിനെ എല്ലാ വിശ്വാസിക്കും പകർന്നുകൊടുക്കുന്നു. മനുഷ്യൻ ക്രിസ്തുവിനോടു ബന്ധപ്പെട്ടിരിക്കുന്ന കാലത്തോളം അവൻ ജീർണ്ണിച്ചുപോകുമെന്നോ, ഉണങ്ങിപ്പോകുമെന്നോ ഭയപ്പെടേണ്ടതില്ല.

മുന്തിരിവള്ളിയുടെ ജീവൻ പ്രകടമാകുന്നതു കൊമ്പുകളിലുള്ള സൗരഭ്യപൂർണ്ണമായ ഫലങ്ങളിലൂടെയാണ്. "ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ അവൻ വളരെ ഫലം കായിക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴികയില്ല." ദൈവപുത്രനിലുള്ള വിശ്വാസത്താൽ നാം ജീവിക്കുമ്പോൾ, ആത്മാവിന്റെ ഫലങ്ങൾ നമ്മുടെ ജീവിതത്തിൽ കാണപ്പെടും. ആത്മാവിന്റെ ഫലങ്ങളിൽ ഒന്നുപോലും നമ്മിൽ ഇല്ലാതെ വരികയില്ല.

"എന്റെ പിതാവു തോട്ടക്കാരൻ ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കിക്കളയുന്നു." ബാഹ്യമായി ശാഖയ്ക്കു മുന്തിരിവള്ളിയുമായി ബന്ധമുണ്ടെന്നു തോന്നുകയും അതേസമയംതന്നെ സജീവമായ ബന്ധം ഇല്ലാതിരിക്കുകയും ചെയ്യുന്ന കൊമ്പുകളുണ്ട്. അപ്രകാരമുള്ള കൊമ്പുകൾ വളരുകയോ, ഫലം പുറപ്പെടുവിക്കയോ ചെയ്യുന്നില്ല. അതുപോലെ ക്രിസ്തുവുമായി ഐക്യപ്പെടാതെ, ഉപരിപ്ലവമായ ബന്ധം പുലർത്തുന്നവർ ഉണ്ട്. ബാഹ്യമായ മതഭക്തി, സഭയിൽ സ്ഥാനം നേടിക്കൊടുത്തേക്കാം. എന്നാൽ ഒരുവന്റെ സ്വഭാവവും പ്രവൃത്തിയുമാണ് അവൻ ക്രിസ്തുവുമായി ഐക്യപ്പെട്ടിരിക്കുന്നുവോ എന്നു തെളിയിക്കുന്നത്. അവൻ ഫലം പുറപ്പെടുവിക്കുന്നില്ലായെങ്കിൽ വ്യാജശാഖകളാണ്.

"എന്റെ പിതാവു തോട്ടക്കാരൻ ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കിക്കളയുന്നു." മുന്തിരിവള്ളിയുമായി, ശാഖ പുറമേ ബന്ധപ്പെട്ടിരിക്കുന്നുവെന്നു കണ്ടാലും സജീവമായ ഏകീഭാവം ഇല്ലാത്ത അവസ്ഥ ഉണ്ട്. അപ്പോൾ വളർച്ചയോ, ഫലം പുറപ്പെടുവിക്കലോ ഉണ്ടായിരിക്കയില്ല. വിശ്വാസത്തോടുകൂടിയ യഥാർത്ഥ ഏകീഭാവം ഉണ്ടാകാതെ, ക്രിസ്തുവുമായി ബന്ധം ഉണ്ട് എന്ന നാട്യത്തിൽ കഴിയുന്നവരുണ്ട്. മതഭക്തിയുടെ വേഷം സഭയിൽ സ്ഥാനം നേടിക്കൊടുക്കുന്നു. എന്നാൽ ക്രിസ്തു

വുമായി ഏകീഭവിച്ചവരാണോ എന്നു കാട്ടുന്നത് അവരുടെ സ്വഭാവവും പ്രവൃത്തികളുമാണ്. അവർ ഫലം പുറപ്പെടുവിക്കുന്നില്ലായെങ്കിൽ വ്യാജ ശിഖരങ്ങളാണ്. ക്രിസ്തുവിൽനിന്നുള്ള അവരുടെ അകൽച്ച, മൃതമായ ശാഖ കാണിച്ചതുപോലെ അവരുടെ പൂർണ്ണ നാശത്തിനു കാരണമായിത്തീരുന്നു. "എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പുപോലെ പുറത്തു കളഞ്ഞിട്ട് അവൻ ഉണങ്ങിപ്പോകുന്നു; ആ വക ചേർത്തു തീയിൽ ഇടുന്നു; അതു വെന്തു പോകും."

"കായ്ക്കുന്നത് ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിനു ചെത്തി വെടിപ്പാക്കുന്നു." യേശുവിനെ അനുഗമിച്ച, തെരഞ്ഞെടുക്കപ്പെട്ടവരായ പന്തിരു വരിൽ ഒരുവൻ, ഛേദിക്കപ്പെട്ട കൊമ്പുപോലെ തള്ളിക്കളയപ്പെടാൻ പോകുക യായിരുന്നു. ശേഷിച്ച പതിനൊന്നു പേരും, കഠിന ശോധനയാകുന്ന ചെത്തി വെടിപ്പാക്കലിന്റെ അനുഭവത്തിലൂടെ കടന്നുപോകേണ്ടവരായിരുന്നു. യേശു സ്നേഹത്തോടെ തോട്ടക്കാരന്റെ ഉദ്ദേശ്യത്തെ വിശദീകരിച്ചു. ചെത്തി വെടി പ്പാക്കൽ വേദനാപൂർണ്ണമാണ്. എന്നാൽ കത്തി, സ്വർഗ്ഗീയ പിതാവിന്റെ കയ്യി ലാണിരിക്കുന്നത്. ഏറ്റവും കരുതലോടും സ്നേഹത്തോടുംകൂടി മാത്രമേ സ്വർഗ്ഗീയ പിതാവു കത്തി ഉപയോഗിക്കാറുള്ളു. ചില ശിഖരങ്ങൾ നിലത്തു മുട്ടിക്കിടക്കും. ഭൂമിയിൽ പടർന്നുപിടിച്ചിരിക്കുന്ന ഈ ശിഖരങ്ങളെ അറുത്തു മാറ്റേണ്ടതായിട്ടുണ്ട്. അവ സ്വർഗ്ഗത്തിലേക്കാണു വളർന്നുയരേണ്ടത്. ദൈവ ത്തിൽനിന്നുവേണം അതിന്റെ താങ്ങു ലഭിക്കേണ്ടത്. ഫലങ്ങൾക്കു ലഭി ക്കേണ്ട ജീവൽപ്രവാഹത്തെ കവർന്നെടുക്കുന്ന, ആവശ്യത്തിൽ കവിഞ്ഞ ഇലക്കൂട്ടങ്ങളെ വെട്ടിമാറ്റേണ്ടതായിട്ടുണ്ട്. നീതിസൂര്യന്റെ രോഗസൗഖ്യം നല്കുന്ന രശ്മികൾക്കു നിർബാധം കടന്നുവരേണ്ടതിനായി അമിതമായ ഇല ക്കൂട്ടങ്ങളെ വെട്ടിനീക്കേണ്ടതായിട്ടുണ്ട്. നല്ല ഫലങ്ങൾ ഉണ്ടാകേണ്ടതിനും, അവ സമൃദ്ധിയായി വളരേണ്ടതിനും ദോഷകരമായ കാര്യങ്ങളെ മാത്രമേ തോട്ടക്കാരൻ വെട്ടിനീക്കുകയുള്ളു.

"നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവു മഹത്വപ്പെടുന്നു," യേശു പറഞ്ഞു. അവരുടെ വിശുദ്ധിയിൽക്കൂടെ, തന്റെ സ്വഭാവത്തിലെ ആർദ്ര തയും ദയയും പ്രകടമാക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. എങ്കിലും ഫലം കായ്ക്കുന്നതിനുവേണ്ടി പ്രയത്നിക്കുവാൻ ശിഷ്യന്മാരോടു യേശു പറയു ന്നില്ല. "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും." വചന ത്തിൽക്കൂടെയാണു ദൈവം തന്റെ അനുയായികളിൽ വസിക്കുന്നത്. തന്റെ മാംസം തിന്നുകയും തന്റെ രക്തം കുടിക്കുകയും ചെയ്യുക എന്നത് അർത്ഥ മാക്കുന്നത് ഈ ഏകീഭവിക്കലിനാണ്. ക്രിസ്തുവിന്റെ വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. അവയെ നിങ്ങൾ സ്വീകരിക്കുമ്പോൾ, മുന്തിരി വള്ളിയുടെ ജീവനെ, കൊമ്പു സ്വീകരിക്കുന്നതുപോലെയാണ്. "ദൈവ ത്തിന്റെ വായിൽക്കൂടെ വരുന്ന സകല വചനംകൊണ്ടും" നാം ജീവിക്കുന്നു (മത്തായി 4:4). ക്രിസ്തുവിൽ എന്നപോലെ, നിങ്ങളിലും ക്രിസ്തുവിന്റെ ജീവൻ, അതേ ഫലം പുറപ്പെടുവിക്കുന്നു. ക്രിസ്തുവിൽ ജീവിച്ചുകൊണ്ട്,

ക്രിസ്തുവിന്റെ സഹായത്തോടുകൂടി ക്രിസ്തുവിനെപ്പോലെ നിങ്ങൾക്കും ഫലം പുറപ്പെടുവിക്കാം.

ക്രിസ്തു, ശിഷ്യന്മാരെ സ്നേഹിച്ചതുപോലെ, അവരും തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നായിരുന്നു അന്ത്യവേളയിലും ക്രിസ്തു ആഗ്രഹിച്ചത്. പലതവണ ക്രിസ്തു ഇതിനെക്കുറിച്ചു പറഞ്ഞു: "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണ്ടതിനു ഞാൻ ഇതു നിങ്ങളോടു കല്പിക്കുന്നു." ശിഷ്യന്മാരോടു മാത്രമായി യേശു മാളികമുറിയിൽവച്ചു നല്കിയ കല്പന ഇതായിരുന്നു: "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു." ശിഷ്യന്മാർക്ക് ഇതു പുതിയോരു കല്പന ആയിരുന്നു. ക്രിസ്തു അവരെ സ്നേഹിച്ചതുപോലെ അവർ തമ്മിൽ തമ്മിൽ സ്നേഹിച്ചിരുന്നില്ല. പുതിയ ആശയങ്ങളും ചിന്തകളും അവർക്കുണ്ടാകേണ്ടത് ആവശ്യമെന്നു യേശു മനസ്സിലാക്കി. പുതിയ ജീവിതതത്വങ്ങൾ അവർ പ്രായോഗികമാക്കേണ്ടതുണ്ടെന്നും യേശുവിനറിയാമായിരുന്നു. കർത്താവിന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും സ്നേഹത്തിന്റെ ഒരു പുതിയ മാനം അവർക്കു കിട്ടേണ്ടതുണ്ടായിരുന്നു. ക്രിസ്തുവിന്റെ സ്വയത്യാഗത്തിന്റെ വെളിച്ചത്തിൽ, തമ്മിൽ തമ്മിൽ സ്നേഹിക്ക എന്ന കല്പനയ്ക്കു പുതിയ അർത്ഥം ഉണ്ടായിരുന്നു. കൃപയുടെ മുഴുവൻ പ്രവൃത്തിയും സ്നേഹത്തിന്റെ ഇടമുറിയാത്ത സേവനമാണ്. തന്നെത്താൻ ത്യജിച്ചു പ്രവർത്തിക്കുന്നതാണു കൃപ. ക്രിസ്തുവിന്റെ ഭൗമിക ജീവിതകാലത്തു ദൈവസ്നേഹം തന്നിലൂടെ മറ്റുള്ളവരിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. ക്രിസ്തുവിന്റെ ആത്മാവ് ഉള്ളവൻ, ക്രിസ്തു സ്നേഹിച്ചതുപോലെ സ്നേഹിക്കും. മറ്റുള്ളവരുമായുള്ള ഇടപാടുകളിൽ ക്രിസ്തുവിനെ ഏതു തത്വം സ്വാധീനിച്ചുവോ, അതേ തത്വം ക്രിസ്തുവിന്റെ ആത്മാവുള്ളവനെയും സ്വാധീനിക്കും.

ഈ സ്നേഹമാണു ക്രിസ്ത്യാനിയുടെ ശിഷ്യത്വത്തിന്റെ തെളിവ്. "നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും." സ്വാർത്ഥതാൽപര്യം കൂടാതെ മനുഷ്യർ ഒന്നായി പ്രവർത്തിക്കുമ്പോൾ, മാനുഷിക ശക്തിയെക്കാൾ ഉപരിയായ ഒരു സ്വാധീനശക്തി തങ്ങളിലുണ്ടെന്ന് അവർ തെളിയിക്കുന്നു. ഈ തരത്തിലുള്ള ഐക്യം നിലനിൽക്കുന്നിടത്തെല്ലാം ദൈവസാദൃശ്യം മനുഷ്യന്റെമേൽ പുനഃസ്ഥാപിച്ചിരിക്കുന്നുവെന്നും അവനിൽ ഒരു പുതിയ ജീവിതതത്വം രൂപം കൊണ്ടിരിക്കുന്നു എന്നും കാൺമാൻ കഴിയും. തിന്മയുടെ ശക്തികളെ ചെറുത്തു തോല്പിക്കുവാൻ കഴിയുന്ന ശക്തി ദിവ്യസ്വഭാവത്തിനുണ്ടെന്നും, മനുഷ്യനിൽ സ്വാഭാവികമായുള്ള സ്വാർത്ഥതയെ ദൈവകൃപ കീഴ്പ്പെടുത്തുന്നുവെന്നും അതു കാണിക്കുന്നു.

സഭയിൽ ഈ സ്നേഹം പ്രദർശിപ്പിക്കപ്പെടുമ്പോൾ സാത്താൻ അസന്തുഷ്ടനാവും. ശിഷ്യന്മാർ നടക്കേണ്ടുന്ന പാത അത്ര സുഗമമല്ല. യേശു പറഞ്ഞു: "ലോകം നിങ്ങളെ പകയ്ക്കുന്നുവെങ്കിൽ, അതു നിങ്ങൾക്കു മുമ്പേ എന്നെ പകച്ചിരിക്കുന്നു എന്നറിവിൻ. നിങ്ങൾ ലോകക്കാർ ആയിരുന്നുവെങ്കിൽ, ലോകം തനിക്കു സ്വന്തമായിരുന്നതിനെ സ്നേഹിക്കുമായിരുന്നു;

എന്നാൽ നിങ്ങൾ ലോകക്കാർ ആയിരിക്കാതെ, ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തെരഞ്ഞെടുത്തതുകൊണ്ടു ലോകം നിങ്ങളെ പകയ്ക്കുന്നു. ദാസൻ യജമാനനെക്കാൾ വലിയവനല്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞ വാക്ക് ഓർപ്പിൻ. അവർ എന്നെ ഉപദ്രവിച്ചുവെങ്കിൽ നിങ്ങളെയും ഉപദ്രവിക്കും. എന്റെ വചനം പ്രമാണിച്ചുവെങ്കിൽ നിങ്ങളുടെതും പ്രമാണിക്കും. എങ്കിലും എന്നെ അയച്ചവനെ അവർ അറിയായ്കകൊണ്ട് എന്റെ നാമം നിമിത്തം ഇത് ഒക്കെയും നിങ്ങളോടു ചെയ്യും." എതിർപ്പിന്റെയും ആപത്തിന്റെയും മദ്ധ്യത്തിൽ ഒരു കടന്നാക്രമണംപോലെ വേണം സുവിശേഷപ്രയത്നം നടത്തേണ്ടത്. കർത്താവിന്റെ കാലടികളെ വേണം സുവിശേഷകൻ പിന്തുടരേണ്ടത്.

ലോകത്തിന്റെ വീണ്ടെടുപ്പുകാരൻ എന്ന നിലയിൽ ക്രിസ്തു ഭയാനകമായ ഒരവസ്ഥയെ ആയിരുന്നു നേരിട്ടുകൊണ്ടിരുന്നത്. കാരുണ്യത്തിന്റെ ദൗത്യവുമായി ലോകത്തിലേക്കു വന്ന കർത്താവിനു വളരെ കുറച്ചു മാത്രമേ പ്രവർത്തിക്കുവാൻ കഴിഞ്ഞുള്ളൂ എന്നു തോന്നുമായിരുന്നു. തന്റെ പ്രവർത്തന മാർഗ്ഗത്തിൽ തടസ്സമുണ്ടാക്കാനായി സാത്താന്യശക്തികൾ അനവരതം പ്രവർത്തിച്ചുകൊണ്ടിരുന്നു. എന്നാൽ യേശു അവരുടെമേൽ ജയം നേടി. യെശയ്യാവിന്റെ പ്രവചനത്തിൽ കർത്താവിന്റെ വേലയെക്കുറിച്ച് ഇപ്രകാരം പറയുന്നു: "ഞാനോ, ഞാൻ വെറുതെ അദ്ധ്വാനിച്ചു; എന്റെ ശക്തിയെ വ്യർത്ഥമായും നിഷ്ഫലമായും ചെലവഴിച്ചിരിക്കുന്നു എന്നു പറഞ്ഞു; എങ്കിലും എന്റെ ന്യായം യഹോവയുടെ പക്കലും, എന്റെ പ്രതിഫലം എന്റെ ദൈവത്തിന്റെ പക്കലും ഇരിക്കുന്നു... ഞാൻ യഹോവയ്ക്കു മാന്യനും എന്റെ ദൈവം എന്റെ ബലവും ആകുന്നു." ക്രിസ്തുവിനാണ് ഈ വാഗ്ദത്തം നൽകിയിരിക്കുന്നത്. "യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനും അവന്റെ പരിശുദ്ധനുമായ യഹോവ സർവ്വനിന്ദിതനും ജാതിക്കു വെറുപ്പുള്ളവനും... ആയവനോട് ഇപ്രകാരം അരുളിച്ചെയ്യുന്നു... രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു; ദേശത്തെ ഉയർത്തുവാനും ശൂന്യമായി കിടക്കുന്ന അവകാശങ്ങളെ കൈവശമാക്കിക്കൊടുപ്പാനും ബന്ധിക്കപ്പെട്ടവരോട്: ഇറങ്ങിപ്പൊയ്ക്കൊൾവിൻ എന്നും അന്ധകാരത്തിൽ ഇരിക്കുന്നവരോട്: വെളിയിൽ വരുവിൻ എന്നു പറവാനും ഞാൻ നിന്നെ കാത്തു; നിന്നെ ജനത്തിന്റെ നിയമമാക്കി വച്ചിരിക്കുന്നു... അവർക്കു വിശക്കയില്ല, ദാഹിക്കയുമില്ല; മരീചികയും വെയിലും അവരെ ബാധിക്കുകയില്ല. അവരോടു കരുണയുള്ളവൻ അവരെ വഴിനടത്തുകയും നീരുറവകൾക്കരികെ അവരെ കൊണ്ടുപോകയും ചെയ്യും" (യെശ. 49:4,5,7-10).

ഈ വചനത്തിന്മേൽ യേശു ആശ്രയിച്ചു; സാത്താനു ജയിപ്പാൻ ഒരവസരവും അവൻ നല്കിയില്ല. ക്രിസ്തുവിനു നേരിടുവാൻ പോകുന്ന തീവ്രശോധനയുടെ നാഴിക അടുത്തുകൊണ്ടിരുന്നപ്പോൾ തന്റെ ശിഷ്യന്മാരോടു ക്രിസ്തു പറഞ്ഞു: "ലോകത്തിന്റെ പ്രഭു വരുന്നു; അവന് എന്നോട് ഒരു കാര്യവുമില്ല." ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കുന്നു. "ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തു തള്ളിക്കളയും" (യോഹ. 14:30;

16:11; 12:31). തന്റെ അവസാന പോരാട്ടത്തിൽ നടക്കുവാൻ പോകുന്ന രംഗങ്ങൾ യേശു പ്രവചനദൃഷ്ടിയിലൂടെ ദർശിച്ചു. "ഇതു നിവൃത്തിയായി" എന്നു താൻ പറയുമ്പോൾ, സ്വർഗ്ഗം മുഴുവനും വിജയം നേടുന്നതു യേശുവിനു കാണുവാൻ കഴിഞ്ഞു. സ്വർഗ്ഗീയ രാജധാനിയിലെ വിജയത്തിന്റെ ആർപ്പും സംഗീത ധ്വനിയും തന്റെ കാതുകളിൽ പ്രതിധ്വനിച്ചു. സാത്താന്റെ സാമ്രാജ്യത്തിന്റെ മരണമണി മുഴങ്ങുന്നതും, പ്രപഞ്ചം മുഴുവനും തന്റെ നാമം കീർത്തിക്കുന്നതും യേശുവിനു കാണുവാൻ കഴിഞ്ഞു.

തന്റെ ശിഷ്യന്മാർ ചോദിക്കുന്നതിലും, ചിന്തിക്കുന്നതിലും ഉപരിയായി തനിക്കു ചെയ്‌വാൻ കഴിയുന്നതിൽ യേശു സന്തോഷിച്ചു. ലോകം സൃഷ്ടിക്കപ്പെടുന്നതിനു മുമ്പുതന്നെ സർവ്വശക്തനായ ദൈവത്തിന്റെ കല്പന നല്കപ്പെട്ടിരിക്കുന്നുവെന്ന് അറിഞ്ഞുകൊണ്ട്, ഉറപ്പോടെ ക്രിസ്തു സംസാരിച്ചു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ബലപ്പെടുത്തപ്പെട്ട സത്യം, സാത്താനുമായുള്ള പോരാട്ടത്തിൽ ജയം നേടുമെന്നും രക്താങ്കിതമായ വിജയക്കൊടി തന്റെ ശിഷ്യന്മാരുടെ മീതെ പാറിക്കളിക്കുമെന്നും ക്രിസ്തുവിനറിയാമായിരുന്നു. തന്നിൽ ആശ്രയിക്കുന്ന ശിഷ്യന്മാരും ഇതുപോലെ വിജയം വരിക്കുമെന്നും, ഈ ലോകത്തിൽ അവർ അംഗീകരിക്കപ്പെട്ടിട്ടില്ലെങ്കിലും വരുവാനുള്ള ലോകത്തിൽ അവർ അംഗീകരിക്കപ്പെടുമെന്നും കർത്താവിനറിയാമായിരുന്നു.

യേശു പറഞ്ഞു: "നിങ്ങൾക്ക് എന്നിൽ സമാധാനമുണ്ടാകേണ്ടതിന് ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." ക്രിസ്തു പരാജിതനായില്ല; നിരാശപ്പെട്ടുമില്ല. അതേ വിധത്തിൽ സഹിച്ചുനിൽക്കുന്ന വിശ്വാസമാണു തന്റെ അനുഗാമികളും പ്രകടമാക്കേണ്ടത്. അവൻ ജീവിച്ചതുപോലെ അവരും ജീവിക്കണം. അവൻ പ്രവർത്തിച്ചതുപോലെ അവരും പ്രവർത്തിക്കണം. എന്തുകൊണ്ടെന്നാൽ ഏറ്റവും വലിയ പ്രവർത്തകൻ എന്ന നിലയിലാണു ക്രിസ്തുവിനെ അവർ കാണുന്നത്. ധീരതയും, ഊർജ്ജസ്വലതയും, തളർന്നുപോകാത്ത മനസ്സും അവർക്കുണ്ടായിരിക്കണം. അസാദ്ധ്യമെന്നു തോന്നിപ്പിക്കുന്ന കാര്യങ്ങൾ അവരുടെ വഴിയിൽ വിഘ്നങ്ങൾ സൃഷ്ടിച്ചാലും ദൈവകൃപയിൽ അവർ മുമ്പോട്ടു പോകേണ്ടവരാണ്. പ്രയാസങ്ങളെ പഴിക്കുന്നതിനു പകരം അവയെ പരാജയപ്പെടുത്താൻ അവർ വിളിക്കപ്പെട്ടിരിക്കുകയാണ്. ഒന്നിനെക്കുറിച്ചും അവർ നിരാശരാകരുത്. എല്ലാറ്റിനുംവേണ്ടി പ്രത്യാശിക്കുകയത്രേ വേണ്ടത്. ക്രിസ്തു തന്റെ അതുല്യ സ്നേഹത്തിന്റെ ശൃംഖലകൊണ്ട് അവരെ ദൈവത്തിന്റെ സിംഹാസനത്തോടു ബന്ധിപ്പിക്കുകയാണു ചെയ്തിരിക്കുന്നത്. എല്ലാ ശക്തിയുടെയും ഉറവിടത്തിൽ നിന്നുത്ഭവിക്കുന്ന പ്രപഞ്ചത്തിലെ ഏറ്റവും വലിയ സ്വാധീനശക്തി തന്റെ അനുഗാമികൾക്കുണ്ടായിരിക്കണം എന്നു കർത്താവ് ആഗ്രഹിക്കുന്നു. താൻ ജയിച്ചതുപോലെ അവരെയും ജയത്തിനു പ്രാപ്തരാക്കുന്ന, ഭൂമിക്കോ, മരണത്തിനോ, പാതാളത്തിനോ തോല്പിക്കുവാൻ കഴിയാത്ത, പിശാചിനെ എതിർത്തുനില്പാൻ സഹായിച്ചിരുന്ന അതുല്യശക്തി തന്റെ ശിഷ്യന്മാർ സ്വായത്തമാക്കണമെന്നായിരുന്നു ക്രിസ്തുവിന്റെ ലക്ഷ്യം.

ഭൂമിയിലെ തന്റെ സഭ സ്വർഗ്ഗത്തിലെ ക്രമവും, സ്വർഗ്ഗത്തിലെ ഭരണ സംവിധാനവും, സ്വർഗ്ഗത്തിലെ ദൈവികമായ ഐക്യവും പ്രതിഫലിപ്പിക്കുന്ന ഒന്നായിരിക്കണമെന്നു ക്രിസ്തു ആഗ്രഹിക്കുന്നു. ഇപ്രകാരം തന്റെ ജന ത്തിൽക്കൂടെ താൻ മഹത്വീകരിക്കപ്പെടുന്നു. അവരിലൂടെ നീതിസൂര്യൻ ഒളി മങ്ങാത്ത ശോഭയോടുകൂടി പ്രകാശിക്കുന്നു. താൻ വിലയ്ക്കു വാങ്ങിയ, വീണ്ടെടുക്കപ്പെട്ട ജനത്തിൽനിന്നു വലിയ മഹത്വം ലഭിക്കേണ്ടതിനു തന്റെ സഭയ്ക്ക് അനവധി അനുഗ്രഹങ്ങൾ കർത്താവു നല്കിയിരിക്കുന്നു. തന്റെ തികവിനെ പ്രതിനിധീകരിക്കുവാൻ തന്റെ ജനത്തിനു കഴിവുകളും അനുഗ്രഹ ങ്ങളും കർത്താവു ധാരാളമായി നല്കിയിരിക്കുന്നു. ക്രിസ്തുവിന്റെ നീതിയാൽ ശക്തീകരിക്കപ്പെട്ടിരിക്കുന്ന സഭ തന്റെ നിധിയാകുന്നു. അതിൽനിന്നുമത്രേ ക്രിസ്തുവിന്റെ ധനവും കരുണയും കൃപയും സ്നേഹവും പൂർണ്ണമായും ആത്യന്തികമായി പ്രകടമാക്കപ്പെടേണ്ടത്. സകല മഹത്വവും എങ്ങും ചൊരി യുന്ന ക്രിസ്തു, തന്റെ അപമാനത്തിന്റെ പ്രതിഫലവും, തന്റെ മഹത്വത്തിന്റെ പൂരകവുമായ ജനത്തെ പരിശുദ്ധിയിലും പൂർണ്ണതയിലും നോക്കുന്നു.

ശക്തവും പ്രത്യാശ നൽകുന്നതുമായ വാക്കുകളാൽ കർത്താവു തന്റെ ഉപദേശം അവസാനിപ്പിച്ചു. അതിനുശേഷം തന്റെ ശിഷ്യന്മാർക്കുവേണ്ടി, തന്റെ ആത്മാവിന്റെ ഭാരത്തെ ദൈവസന്നിധിയിൽ സമർപ്പിച്ചു. സ്വർഗ്ഗ ത്തേക്കു കണ്ണുകളുയർത്തിക്കൊണ്ടു ക്രിസ്തു പറഞ്ഞു: "പിതാവേ, നാഴിക വന്നിരിക്കുന്നു. നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിനു പുത്രനെ മഹത്വപ്പെടുത്തേണമേ. നീ അവനു നൽകീട്ടുള്ളവർക്കെല്ലാവർക്കും അവൻ നിത്യജീവനെ കൊടുക്കേണ്ടതിന്, നീ സകല ജഡത്തിന്മേലും അവന് അധി കാരം നൽകിയിരിക്കുന്നുവല്ലോ. ഏകസത്യദൈവമായ നിന്നെയും, നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതുതന്നെ നിത്യജീവൻ ആകുന്നു."

തനിക്കു നല്കിയ വേല കർത്താവു തികച്ചു. ഭൂമിയിൽ ദൈവത്തെ ക്രിസ്തു മഹത്വപ്പെടുത്തി. പിതാവിന്റെ നാമം അവൻ വെളിപ്പെടുത്തി. ഭൂമി യിൽ തന്റെ വേല തുടർന്നുചെയ്യേണ്ടവരെ യേശു വിളിച്ചുകൂട്ടി. അതിനു ശേഷം യേശു പറഞ്ഞു: "ഞാൻ അവരിൽ മഹത്വപ്പെട്ടിരിക്കുന്നു. ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല; ഇവരോ ലോകത്തിൽ ഇരിക്കുന്നു; ഞാൻ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധ പിതാവേ, അവർ നമ്മെപ്പോലെ ഒന്നാ കേണ്ടതിനു നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തു കൊള്ളേണമേ." "ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു... അവർ എല്ലാവരും ഒന്നാകേണ്ടതിന്, പിതാവേ, നീ എന്നിലും, ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനുതന്നെ... നീ എന്നെ അയച്ചിരിക്കുന്നുവെന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നുവെന്നും, ലോകം അറിയാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്, ഞാൻ അവരിലും, നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നെ."

ദിവ്യ അധികാരമുള്ള അവന്റെ ഭാഷയിൽ ക്രിസ്തു തന്റെ തെരഞ്ഞെടുക്കപ്പെട്ട സഭയെ പിതാവിന്റെ കരങ്ങളിൽ ഏല്പിക്കുന്നു. പ്രതിഷ്ഠിക്കപ്പെട്ട ഒരു മഹാപുരോഹിതനെപ്പോലെ, തന്റെ ജനത്തിനുവേണ്ടി ക്രിസ്തു മദ്ധ്യസ്ഥത വഹിക്കുന്നു. വിശ്വസ്തനായ ഒരു നല്ല ഇടയനെപ്പോലെ, സർവ്വശക്തന്റെ സുരക്ഷിതമായ സങ്കേതത്തിലേക്കു തന്റെ ആട്ടിൻകൂട്ടത്തെ നയിക്കുന്നു. സാത്താനുമായുള്ള അന്തിമസമരം കർത്താവിനെ കാത്തിരിക്കുകയായിരുന്നു. അതിനെ നേരിടുവാൻ കർത്താവു പോകുകയായിരുന്നു.

# 74

# ഗെത്ശേമന

അവലംബം: മത്തായി 26:36-56; മർക്കൊസ് 14:32-50;
ലൂക്കൊസ് 22:39-53; യോഹ. 18:1-12

ശിഷ്യന്മാരോടൊരുമിച്ചു യേശു സാവധാനത്തിൽ ഗെത്ശേമനത്തോട്ടത്തിലേക്കു പോയി. മേഘരഹിതമായ ആകാശത്തിൽ പെസഹാരാത്രിയിലെ പൂർണ്ണചന്ദ്രൻ പ്രകാശം പൊഴിഞ്ഞുകൊണ്ടിരുന്നു. തീർത്ഥാടകരുടെ കൂടാരങ്ങൾ ഉയർന്നിരുന്ന യെരൂശലേം നഗരം സുഖസുഷുപ്തിയിലാണ്ടിരുന്നു.

യേശു താൽപര്യപൂർവ്വം ശിഷ്യന്മാരോടു സംഭാഷിച്ചുകൊണ്ടിരിക്കുകയും ഉപദേശങ്ങൾ നല്കുകയും ചെയ്തു. എന്നാൽ ഗെത്ശേമനത്തോട്ടത്തെ സമീപിച്ച വേളയിൽ യേശു അത്ഭുതപൂർവ്വമായ നിശ്ശബ്ദതയിലാണ്ടു. പലപ്പോഴും പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി കർത്താവ് ഈ സ്ഥലം സന്ദർശിക്കുമായിരുന്നു. എന്നാൽ ഇതിനുമുമ്പ് ഈ സ്ഥലം സന്ദർശിച്ചിട്ടുള്ളപ്പോൾ യേശു ദുഃഖിതനായിരുന്നില്ല. ദൈവിക സാന്നിദ്ധ്യത്തിന്റെ വെളിച്ചത്തിലാണു യേശു ഇതുവരെയും നടന്നിരുന്നത്. സാത്താന്റെ പിടിയിലമർന്നവരുമായി പോരാട്ടത്തിലായിരുന്നപ്പോൾ യേശു പറഞ്ഞു: “എന്നെ

അയച്ചവൻ എന്നോടുകൂടെ ഉണ്ട്; ഞാൻ എല്ലായ്പോഴും അവനു പ്രസാദ മുള്ളതു ചെയ്യുന്നതുകൊണ്ട് അവൻ എന്നെ ഏകനായി വിട്ടിട്ടില്ല" (യോഹ. 8:29). എന്നാൽ ഈ നാഴികയിൽ ദൈവിക സംരക്ഷണം തന്നിൽനിന്നു മാറ്റ പ്പെട്ടിരിക്കുന്നു എന്നു കർത്താവിന് അനുഭവപ്പെട്ടു. അകൃത്യം ചെയ്തവ രോടുകൂടെ താൻ എണ്ണപ്പെടാൻ പോകുകയായിരുന്നു. വീണുപോയ മനുഷ്യ വർഗ്ഗത്തിന്റെ പാപഭാരം മുഴുവൻ താൻ വഹിക്കേണ്ടതായി വന്നു. പാപം അറിയാത്തവനായ തന്റെ മേൽ മനുഷ്യവർഗ്ഗത്തിന്റെ അകൃത്യം മുഴുവനും ചുമത്തപ്പെടുവാൻ പോകുകയായിരുന്നു. പിതാവിന്റെ സ്നേഹത്തിൽനിന്നു താൻ എന്നേക്കുമായി വീണുപോകുമോ എന്ന ഭയം കർത്താവിനുണ്ടായി. മനുഷ്യന്റെ പാപം അത്രമാത്രം ദുസ്സഹമായി കർത്താവിനനുഭവപ്പെട്ടു. പാപത്തെ ദൈവം എത്ര അധികം വെറുക്കുന്നു എന്നു മനസ്സിലാക്കിക്കൊണ്ടു കർത്താവു പറയുന്നു: "എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിത മായിരിക്കുന്നു."

ഗെത്ശേമനത്തോട്ടത്തോടടുത്തപ്പോൾ ഗുരുവിനുണ്ടായ മാറ്റം ശിഷ്യന്മാർ ശ്രദ്ധിച്ചു. ഇത്ര ദുഃഖിതനായും നിശ്ശബ്ദനായും തങ്ങളുടെ ഗുരുവിനെ ഇതു വരെ അവർ കണ്ടിരുന്നില്ല. ഈ അത്യപൂർവ്വമായ ദുഃഖം ക്രമേണ വർദ്ധിച്ചു കൊണ്ടിരുന്നു. അതിന്റെ കാരണം എന്ത് എന്നു ചോദിപ്പാൻ ശിഷ്യന്മാർ മുതിർ ന്നില്ല. വീഴുവാൻ പോകുന്നതുപോലെ യേശുവിന്റെ ശരീരം ഉലഞ്ഞുകൊണ്ടി രുന്നു. ഓരോ ചുവടും വളരെ ആയാസത്തോടുകൂടെയാണു കർത്താവ് എടു ത്തിരുന്നത്. ഗെത്ശേമനയിൽ എത്തിയപ്പോൾ യേശു സാധാരണ വിശ്രമി ക്കാറുണ്ടായിരുന്ന സ്ഥലം എവിടെയെന്നു ശിഷ്യന്മാർ നോക്കി. വലിയ ഭാരം വഹിക്കുന്നവനെപ്പോലെ യേശു നിലവിളിച്ചു. രണ്ടുപ്രാവശ്യം വീഴാൻ പോയ യേശുവിനെ ശിഷ്യന്മാർ കൈകളിൽ താങ്ങി. അപ്രകാരം ചെയ്തി ല്ലായിരുന്നുവെങ്കിൽ കർത്താവു നിലംപതിക്കുമായിരുന്നു.

തോട്ടത്തിന്റെ കവാടത്തിലെത്തിയപ്പോൾ മറ്റുള്ളവരെ വിട്ടിട്ടു മൂന്നു ശിഷ്യ ന്മാരുമായി യേശു മുമ്പോട്ടു നടന്നു. അതിനുശേഷം അവരോട്, തങ്ങൾക്കു വേണ്ടിയും തനിക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ കർത്താവ് ആവശ്യ പ്പെട്ടു. പത്രൊസും യോഹന്നാനും യാക്കോബുമായിരുന്നു ഈ ശിഷ്യന്മാർ. ഇവർ കർത്താവിനോട് ഏറ്റവും അടുത്തു പെരുമാറിയിരുന്നു. ഈ മൂവർ ക്കാണ്, മറുരൂപമലയിൽവച്ചു കർത്താവിന്റെ തേജസ്കരണം കാൺമാനുള്ള പദവി ലഭിച്ചത്. മോശെയും ഏലീയാവും കർത്താവിനോടു സംസാരി ക്കുന്നത് അവർ കണ്ടു. സ്വർഗ്ഗത്തിൽനിന്നുള്ള ശബ്ദം അവർ കേട്ടു. സാത്താനു മായുള്ള തന്റെ പോരാട്ടത്തിൽ അവർ അടുത്തുണ്ടായിരിപ്പാൻ യേശു ആഗ്രഹിച്ചു. ഈ സ്ഥലത്ത് അവർ പലപ്പോഴും യേശുവിനോടൊപ്പം പ്രാർത്ഥന യിൽ പങ്കെടുത്തിട്ടുണ്ട്. കർത്താവിനോടുകൂടെ കുറെ സമയം പ്രാർത്ഥിച്ച ശേഷം അവർ അല്പം മാറി ഉറങ്ങുമായിരുന്നു. ശിഷ്യന്മാരെ രാവിലെ ഉണർത്തിയിരുന്നതു കർത്താവായിരുന്നു. എന്നാൽ ഇപ്പോൾ, അവർ തന്നോ ടൊപ്പം പ്രാർത്ഥനയിൽ രാത്രി കഴിച്ചുകൂട്ടുവാൻ കർത്താവാഗ്രഹിച്ചു. എങ്കിലും അവർപോലും തന്റെ ഹൃദയവേദന കാണരുതെന്നു കർത്താവിനു താൽപര്യമുണ്ടായിരുന്നു.

“ഇവിടെ താമസിച്ച് എന്നോടുകൂടെ ഉണർന്നിരിപ്പിൻ,” കർത്താവു ശിഷ്യന്മാരോടു പറഞ്ഞു.

അവരിൽനിന്ന് അല്പം അകലെ - തന്നെ കാണുകയും കേൾക്കുകയും ചെയ്യാവുന്ന ദൂരത്തിൽ - കർത്താവു ചെന്നു കവിണ്ണുവീണു. മനുഷ്യവർഗ്ഗത്തിന്റെ പാപംമൂലം പിതാവിൽനിന്നു താൻ അകറ്റപ്പെട്ടുകൊണ്ടിരിക്കുകയാണെന്നു യേശുവിനു ബോദ്ധ്യമായി. ആ അകൽച്ച വളരെ വിസ്തൃതവും, അന്ധകാരാവൃതവും, ആഴമേറിയതുമായി ക്രിസ്തുവിന് അനുഭവപ്പെട്ടു. അതിങ്കൽ ക്രിസ്തുവിന്റെ ആത്മാവു നടുങ്ങി. തന്റെ ഹൃദയവ്യഥയിൽനിന്നു രക്ഷപ്പെടുവാൻ, തന്റെ ദൈവിക സ്വഭാവം ഉപയോഗിക്കുവാൻ പാടില്ലാത്തതുകൊണ്ട്, മനുഷ്യൻ ചെയ്ത പാപത്തിന്റെ ഫലങ്ങൾ ഒരു മനുഷ്യൻ എന്ന നിലയിൽ യേശുക്രിസ്തു വഹിക്കേണ്ടതായി വന്നു. പാപത്തോടുള്ള ദൈവത്തിന്റെ ക്രോധം മനുഷ്യനുവേണ്ടി ക്രിസ്തു, ഒരു പൂർണ്ണമനുഷ്യൻ എന്ന നിലയിൽ വഹിച്ചേ മതിയാകുമായിരുന്നുള്ളു.

ഇതിനുമുമ്പ് ഇതുപോലൊരു സ്ഥാനത്തു ക്രിസ്തുവിനു നിൽക്കേണ്ടിവന്നിട്ടില്ല. പ്രവാചകന്റെ വാക്കുകളിൽ ക്രിസ്തുവിനു നേരിടേണ്ടിവന്ന പങ്കപ്പാടുകളെ വരുംപ്രകാരം താഴെ വിവരിച്ചിരിക്കുന്നു. “വാളേ, എന്റെ ഇടയന്റെ നേരെയും, എന്റെ കൂട്ടാളിയായ പുരുഷന്റെ നേരെയും ഉണരുക എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്” (സെഖ. 13:7). പാപിയായ മനുഷ്യനുവേണ്ടി അവന്റെ പകരക്കാരനായും, ജാമ്യക്കാരനായും ക്രിസ്തു ആയിത്തീർന്നു. അങ്ങനെ ദൈവത്തിന്റെ നീതി നിർവ്വഹിക്കപ്പെടേണ്ടതായിരുന്നു. ദൈവനീതി എന്ത് എന്നു കർത്താവു ശരിയായി മനസ്സിലാക്കി. ഇതുവരെയും യേശു മറ്റുള്ളവരുടെ മദ്ധ്യസ്ഥൻ ആയിരുന്നു. ഇപ്പോൾ തനിക്കുവേണ്ടി വാദിക്കുവാൻ ഒരു മദ്ധ്യസ്ഥൻ ഉണ്ടായിരുന്നെങ്കിൽ എന്നു കർത്താവ് ആശിച്ചു.

സ്വർഗ്ഗീയ പിതാവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടപ്പോൾ, അന്ധകാരശക്തികളുമായുള്ള പോരാട്ടത്തിൽ, തന്റെ മാനുഷിക പ്രകൃതിയിൽ പിടിച്ചു നിൽക്കാൻ പറ്റുമോ എന്നു കർത്താവു ഭയപ്പെട്ടു. മരുഭൂമിയിൽവച്ചു യേശു പരീക്ഷിക്കപ്പെട്ടപ്പോൾ, മനുഷ്യവർഗ്ഗത്തിന്റെ ഭാവി ഒരു അപകടസന്ധിയെ നേരിടുകയായിരുന്നു. ഇപ്പോൾ പരീക്ഷകൻ അന്തിമപോരാട്ടത്തിനായി വന്നിരിക്കുകയാണ്. പിശാചിനെ സംബന്ധിച്ചിടത്തോളം ഇതു ജീവന്മരണ പോരാട്ടമായിരുന്നു. സാത്താൻ പരാജയപ്പെടുകയാണെങ്കിൽ അവന്റെ ആധിപത്യം എന്നേക്കും തകരുകയാണ്. ലോകം ക്രിസ്തുവിന്റേതായിത്തീരും. മനുഷ്യവർഗ്ഗം തന്റെ ആധിപത്യത്തിൻകീഴിൽനിന്നു മോചിക്കപ്പെടുകയും ചെയ്യും. പിശാച് എന്നേക്കുമായി തള്ളപ്പെടുകയും സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും ചെയ്യും. ക്രിസ്തു പരാജിതനാവുകയാണെങ്കിൽ, ഭൂമി സാത്താന്റേതായിത്തീരുകയും, മനുഷ്യവർഗ്ഗം എന്നേക്കും സാത്താന്റെ അടിമത്തം അനുഭവിച്ചു കഴിയേണ്ടതായും വരുമായിരുന്നു. ഈ പോരാട്ടത്തിന്റെ അർത്ഥം മനസ്സിലാക്കിയ, ക്രിസ്തുവിന്റെ ആത്മാവ്, താൻ പിതാവിൽനിന്ന് അകറ്റപ്പെട്ടതിൽ കിടിലംകൊണ്ടു. അധർമ്മം നിറഞ്ഞ ലോകത്തിന്റെ ജാമ്യക്കാരനായി ക്രിസ്തു നിൽക്കേണ്ടിവരികയാണെങ്കിൽ പിതാവുമായുള്ള തന്റെ

അകൽച്ച എന്നേക്കുമുള്ളതായിരിക്കുമെന്നു ക്രിസ്തുവിനോടു പിശാചു പറഞ്ഞു. അങ്ങനെ സംഭവിച്ചാൽ ക്രിസ്തു സാത്താന്റെ ആധിപത്യത്തിൻ കീഴിലുള്ള രാജ്യത്തെ ഒരാളായി കണക്കാക്കപ്പെടുകയും മേലിൽ ദൈവവു മായി ഏകീഭവിപ്പാൻ കഴിയാതെവരികയും ചെയ്യുമെന്നു സാത്താൻ ഭീഷണിപ്പെടുത്തി.

ഈ യാഗംമൂലം എന്താണു നേടുവാൻ പോകുന്നത്? മനുഷ്യന്റെ നന്ദി യില്ലായ്മയും, പാപവും അത്രകണ്ടു വലുതായിരുന്നു. ക്രിസ്തുവിനു നിരാശ യുളവാക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി ഈ അവസ്ഥയെ സാത്താൻ, ക്രിസ്തുവിന്റെ മുമ്പിൽ അവതരിപ്പിച്ചു. ഭൗതികമായും ആത്മികമായും മറ്റു ള്ളവരെക്കാൾ, തങ്ങൾ മെച്ചപ്പെട്ടവരാണ് എന്ന് അഹങ്കരിച്ചിരുന്നവർ, യേശു വിനെ തിരസ്കരിച്ചിരിക്കുന്നുവെന്നു സാത്താൻ ക്രിസ്തുവിനെ ഓർമ്മിപ്പിച്ചു. ദൈവവാഗ്ദത്തത്തിന്റെ മുദ്രയും, കേന്ദ്രവും, അടിസ്ഥാനവുമായ യേശുവിനെ നശിപ്പിക്കുവാൻ അവർ തക്കം പാർക്കുന്നുവെന്നു സാത്താൻ പറഞ്ഞു. യേശുവിന്റെ ഉപദേശങ്ങൾ കേൾക്കുകയും, മതപരമായ കാര്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുകയും ചെയ്തിരുന്ന യേശുവിന്റെ ശിഷ്യന്മാരി ലൊരുവൻ, തന്നെ കാണിച്ചുകൊടുക്കുമെന്നു പറഞ്ഞു സാത്താൻ യേശു വിനെ ഭയപ്പെടുത്തുവാൻ ശ്രമിച്ചു. അതുപോലെ ഏറ്റവും തീക്ഷ്ണതയുള്ള ശിഷ്യൻ ക്രിസ്തുവിനെ തള്ളിപ്പറയുമെന്നും സാത്താൻ പറഞ്ഞു. എല്ലാവ രാലും ക്രിസ്തു പരിത്യജിക്കപ്പെടുമെന്നും സാത്താൻ ഓർമ്മിപ്പിച്ചു. ക്രിസ്തു ഈ ചിന്തകളെ ഇഷ്ടപ്പെട്ടില്ല. താൻ ഉറ്റു സ്നേഹിക്കുന്നവർ സാത്താനു മായി പങ്കുചേരുന്നതു കർത്താവിന്റെ ഹൃദയത്തെ കുത്തിത്തുള യ്ക്കുന്നതായിരുന്നു. യേശു അഭിമുഖീകരിച്ച പോരാട്ടം ഏറ്റവും ഭീതിജനക മായിരുന്നു. തന്റെ സ്വന്തം ജനതയുടെയും, തന്നെ കുറ്റപ്പെടുത്തിയവരു ടെയും, ഒറ്റിക്കൊടുത്തവന്റെയും, എല്ലാറ്റിനും ഉപരി ലോകത്തിന്റെയും പാപ മായിരുന്നു കർത്താവിന്റെ ഹൃദയത്തെ തകർത്തത്. മനുഷ്യരുടെ പാപഭാരം മുഴുവൻ കർത്താവിന്റെ മേൽ പതിച്ചു. പാപത്തോട്, ദൈവക്രോധം എത്ര തീക്ഷ്ണമായിരിക്കുമെന്ന ചിന്ത യേശുവിന്റെ ജീവന്റെ ജീവനെ ഞെരിച്ചു കൊണ്ടിരുന്നു.

മനുഷ്യാത്മാവിനുവേണ്ടി നൽകുവാൻ പോകുന്ന അതിഭീമമായ വിലയെക്കുറിച്ചു ചിന്തിക്കുന്ന ക്രിസ്തുവിനെ നോക്കുക. ദൈവത്തിന്റെ സന്നിധിയിൽനിന്നു തന്നെ അകറ്റിക്കൊണ്ടു പോകാതിരിക്കാനെന്നവണ്ണം കർത്താവു മഞ്ഞിൽ കുതിർന്ന ഭൂമിയെ മുറുകെപ്പിടിക്കുവാൻ ശ്രമിച്ചുകൊണ്ടു നിലത്തുകിടന്നു. കൊടുംതണുപ്പുള്ള രാത്രിയിൽ, ഹിമകണങ്ങൾ നിലംപരി ചായി കിടന്ന ക്രിസ്തുവിന്റെമേൽ പതിച്ചുകൊണ്ടിരുന്നു. എന്നാൽ കർത്താവ് അതിനെക്കുറിച്ച് അറിയുന്നില്ല! വിളറി വെളുത്ത തന്റെ ചുണ്ടു കളിൽനിന്നു ഹൃദയഭേദകമായ ഒരു നിലവിളി ഉയർന്നു: “പിതാവേ, കഴിയു മെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുംപോലെ അല്ല, നീ ഇച്ഛിക്കുംപോലെ ആകട്ടെ.”

കഷ്ടതയിൽ മനുഷ്യഹൃദയം അനുകമ്പയ്ക്കും സഹതാപത്തിനും വേണ്ടി വാഞ്ഛിക്കുന്നു. കർത്താവിന്റെ ഹൃദയത്തിൽ ഈ വാഞ്ഛ ഉണ്ടായി. തന്റെ ആത്മാവ് അതിദുഃഖിതമായപ്പോൾ കർത്താവു തന്റെ ശിഷ്യന്മാരുടെ അടുത്തേക്ക് ആശ്വാസത്തിന്റെ വാക്കുകൾ കേൾക്കുവാനായി വന്നു. അവരുടെ ദുഃഖങ്ങളിൽ കർത്താവ് അവരെ ആശ്വസിപ്പിച്ചിരുന്നു. എന്നാൽ മനുഷ്യർക്കതീതമായ വേദന താൻ അനുഭവിക്കുകയായിരുന്നു. ഈ ദുഃഖവേളയിൽ ശിഷ്യന്മാർ തനിക്കുവേണ്ടിയും അവർക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ കർത്താവാഗ്രഹിച്ചു. പാപത്തിന്റെ കഠോരത എത്ര അസഹനീയമാണ്. മനുഷ്യവർഗ്ഗം സ്വന്തപാപത്തിന്റെ ഫലം അനുഭവിച്ചുകൊള്ളട്ടെ. തനിക്കു പാപരഹിതനായി പിതാവിന്റെ മുമ്പിൽ നിൽക്കാമല്ലോ എന്ന ചിന്ത കർത്താവിനുണ്ടായി. എന്നാൽ ശിഷ്യന്മാർ ക്രിസ്തുവിന്റെ ത്യാഗത്തിന്റെ മഹത്വം മനസ്സിലാക്കുകയും, ക്രിസ്തുവിന്റെ ഹിതം അറിഞ്ഞു പ്രവർത്തിക്കുകയും ചെയ്തിരുന്നുവെങ്കിൽ, ആ സന്ദർഭത്തിൽ അതു ക്രിസ്തുവിനു ശക്തി പകരുമായിരുന്നു.

കഠിനവേദന സഹിച്ചുകൊണ്ടു യേശു എഴുന്നേറ്റു, ശിഷ്യന്മാരുടെ അടുത്തേക്കു പോയി. എന്നാൽ അവർ മൂവരും "ഉറങ്ങുന്നതു കണ്ടു." അവർ പ്രാർത്ഥനയിൽ ജാഗരിച്ചിരുന്നുവെങ്കിൽ കർത്താവിന് അതാശ്വാസം നൽകുമായിരുന്നു. സാത്താന്യശക്തികൾ തങ്ങളെ തോല്പിക്കാതിരിക്കേണ്ടതിനു ശിഷ്യന്മാർ ദൈവത്തോടു പ്രാർത്ഥിച്ചിരുന്നുവെങ്കിൽ അവരുടെ വിശ്വാസസ്ഥിരത ക്രിസ്തുവിനു ധൈര്യം പകരുമായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ മുന്നറിയിപ്പ് അവർ വിട്ടുകളഞ്ഞു. ശാന്തനും മാന്യനുമായ തങ്ങളുടെ ഗുരു അനുഭവിക്കുന്ന പ്രയാസം ശിഷ്യന്മാരെ ആകുലപ്പെടുത്തിയിരുന്നു. അവർ ആദ്യം ഗുരുവിനുവേണ്ടി പ്രാർത്ഥിച്ചു. ഗുരുവിനെ ത്യജിക്കുവാൻ അവർ ഒരിക്കലും ചിന്തിക്കപോലും ചെയ്തില്ല. എങ്കിലും അവർ പ്രാർത്ഥനയിൽ ജാഗരിക്കാതെ ഉറക്കത്തിന് അടിമകളായി. പരീക്ഷയെ ജയിക്കുന്നതിനു ജാഗ്രതയോടും തീക്ഷ്ണതയോടുംകൂടെയുള്ള പ്രാർത്ഥന എന്തുമാത്രം ആവശ്യമാണെന്ന കാര്യം അവർ മനസ്സിലാക്കിയില്ല.

ഗെത്ശേമനയിൽ പ്രവേശിക്കുന്നതിന് അല്പം മുമ്പു യേശു ശിഷ്യന്മാരോടു പറഞ്ഞു: "ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറും." കർത്താവിനോടുകൂടെ കാരാഗൃഹവാസം നയിപ്പാനും മരണത്തെ നേരിടുവാനും തങ്ങൾ തയ്യാറാണെന്നു ശിഷ്യന്മാർ പറഞ്ഞിരുന്നു. ധീരത കാട്ടിയിരുന്ന പത്രൊസ് പറഞ്ഞു: "എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല" (മർക്കൊസ് 14:27,29). ശിഷ്യന്മാർ സ്വന്തശക്തിയിൽ ആശ്രയിച്ചു. ക്രിസ്തുവിന്റെ ഉപദേശമനുസരിച്ച് അവർ ശക്തനായ സഹായകനിലേക്കു നോക്കിയില്ല. ശിഷ്യന്മാരുടെ പ്രാർത്ഥനകളും അനുകമ്പയും കർത്താവിന് ഏറ്റവും അധികം ആവശ്യമായിരുന്നപ്പോൾ, അവർ നിദ്രാഭാരത്താൽ ഉറങ്ങുകയായിരുന്നു. പത്രൊസ് പോലും നിദ്രയ്ക്കു വശംവദനായി.

കർത്താവിന്റെ പ്രിയങ്കരനായ യോഹന്നാനും ഉറക്കമായിരുന്നു. തന്റെ ഗുരുവിന്റെ പ്രയാസഘട്ടത്തിൽ യോഹന്നാൻ ഉറങ്ങുവാൻ പാടില്ലായിരുന്നു.

യേശുവിന്റെ പ്രാർത്ഥനയോടുകൂടെ യോഹന്നാന്റെ തീക്ഷ്ണതയേറിയ പ്രാർത്ഥനയും ഉയരേണ്ടതായിരുന്നു. ശിഷ്യന്മാരുടെ വിശ്വാസം നഷ്ടപ്പെടാതിരിക്കേണ്ടതിനു കർത്താവ് അനേക രാത്രികളിൽ മുഴുസമയവും പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നു. “ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം നിങ്ങൾക്കു കുടിപ്പാൻ കഴിയുമോ?” (മത്തായി 20:22) എന്നു കർത്താവ് ഒരിക്കൽ യാക്കോബിനോടും യോഹന്നാനോടും ചോദിച്ചിരുന്ന ചോദ്യം ഇപ്പോൾ ചോദിച്ചിരുന്നെങ്കിൽ “ഞങ്ങൾക്കു കഴിയും” എന്നു പറയുവാൻ അവർ മുതിരുകയില്ലായിരുന്നു.

യേശുവിന്റെ ശബ്ദം കേട്ട ശിഷ്യന്മാർ ഉണർന്നു. എന്നാൽ യേശുവിന്റെ മുഖം തിരിച്ചറിയുവാൻ പാടില്ലാത്തവണ്ണം മാറിപ്പോയിരുന്നു. പത്രൊസിനെ സംബോധന ചെയ്തുകൊണ്ടു കർത്താവു ചോദിച്ചു: “ശിമോനേ, നീ ഉറങ്ങുന്നുവോ? ഒരു നാഴിക ഉണർന്നിരിപ്പാൻ നിനക്കു കഴിഞ്ഞില്ലയോ? പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ; ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രേ.” തന്റെ ശിഷ്യന്മാരുടെ ബലഹീനത ക്രിസ്തുവിന്റെ അനുകമ്പയെ ഉണർത്തി. താൻ ശത്രുക്കൾക്ക് ഒറ്റിക്കൊടുക്കപ്പെടുകയും, ഒടുവിൽ കൊല്ലപ്പെടുകയും ചെയ്യുമ്പോൾ, ആ തീവ്രശോധനയെ അതിജീവിക്കുവാൻ കഴിയാതെ ശിഷ്യന്മാർ തകർന്നുപോകുമെന്നു യേശു ഭയപ്പെട്ടു. യേശു ശിഷ്യന്മാരെ ഒട്ടുംതന്നെ ശകാരിച്ചില്ല. എന്നാൽ അവരോട് ഇപ്രകാരം പറഞ്ഞു: “പരീക്ഷയിൽ അകപ്പെടാതെ ഇരിപ്പാൻ, ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ.” തന്റെ ഭയങ്കരമായ വേദനയിൽപ്പോലും ശിഷ്യന്മാരെ സഹതാപത്തോടെ വീക്ഷിക്കുകയാണു കർത്താവു ചെയ്തത്. “ആത്മാവ് ഒരുക്കമുള്ളത്; ജഡമോ ബലഹീനമത്രേ.”

വീണ്ടും ദൈവപുത്രൻ മനുഷ്യാതീതമായ വേദന അനുഭവിച്ചുകൊണ്ട്, ക്ഷീണിതനും തളർന്നവനുമായി പൂർവ്വസ്ഥാനത്തേക്കു പ്രയാസപ്പെട്ടു നടന്നുചെന്നു. മുമ്പിലത്തേതിനെക്കാൾ കൂടുതലായ വേദനയായിരുന്നു താൻ ഇപ്പോൾ അനുഭവിച്ചത്. അതിവേദനയുടെ ഫലമായി “അവന്റെ വിയർപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയി.” ഈന്തപ്പനകളും സൈപ്രസ് വൃക്ഷങ്ങളും യേശുവിന്റെ വേദനയിൽ നിശ്ശബ്ദ സാക്ഷികളായി. അന്ധകാരശക്തികളുമായി ഏകനായി പോരാടിക്കൊണ്ടിരുന്ന സ്രഷ്ടാവിനെ കണ്ടുകൊണ്ടു പ്രകൃതിതന്നെയും കണ്ണുനീർ വാർത്തു. വാടിത്തളർന്ന രക്ഷകന്റെമേൽ വൃക്ഷശിഖരങ്ങളിൽനിന്നു ഹിമകണങ്ങൾ പൊഴിഞ്ഞുകൊണ്ടിരുന്നു.

കുറച്ചു സമയത്തിനുമുമ്പ് എതിർപ്പുകളെ തനിയേ അഭിമുഖീകരിച്ച യേശു ഒരു വലിയ ദേവതാരുവൃക്ഷംപോലെ നിലകൊണ്ടിരുന്നു. ദുഷ്ടരും കുടിലരുമായ ആളുകൾ യേശുവിനെ ചിന്താക്കുഴപ്പത്തിലാക്കുവാനും തോല്പിക്കുവാനും വൃഥാ ശ്രമിച്ചിരുന്നു. ദൈവപുത്രനെന്ന നിലയിൽ ദിവ്യമഹിമയോടുകൂടി അവരുടെ തന്ത്രങ്ങളെല്ലാം കർത്താവ് എതിർത്തുനിന്നു. എന്നാൽ ഈ അവസരത്തിൽ, കൊടുങ്കാറ്റിൽപ്പെട്ട ഒരു ബലഹീനവൃക്ഷംപോലെ കർത്താവ് ആടിയുലഞ്ഞു. തന്റെ വേലയുടെ പരിസമാപ്തിയിലേക്കുള്ള ഓരോ ചുവടും അന്ധകാരശക്തികളെ തോല്പിച്ചുകൊണ്ടായി

രുന്നു കർത്താവ് എടുത്തത്. തേജസ്കരണം പ്രാപിച്ച വ്യക്തി എന്ന നിലയിൽ ദൈവത്തോടു താദാത്മ്യം താൻ പ്രാപിച്ചിരുന്നു. ശിഷ്യന്മാർക്കു പ്രത്യാശയും ധൈര്യവും നല്കിക്കൊണ്ടു കർത്താവ് അവരെ പ്രബോധിപ്പിച്ചിരുന്നു. എന്നാൽ ഇപ്പോൾ അന്ധകാരപ്രഭുവിന്റെ നാഴികയാണു വന്നെത്തിയത്. ഇപ്പോൾ കർത്താവിന്റെ വാക്കുകളിൽ വിജയധ്വനി മുഴങ്ങിയില്ല. മനുഷ്യവർഗ്ഗത്തിന്റെ രോദനംപോലെ യേശുവിന്റെ വാക്കുകൾ ധ്വനിച്ചു. "പിതാവേ, ഞാൻ കുടിക്കാതെ അതു നീങ്ങിക്കൂടാ എങ്കിൽ, നിന്റെ ഇഷ്ടം ആകട്ടെ."

കർത്താവിന്റെ അടുത്തേക്കു പോകുക എന്ന ചിന്തയായിരുന്നു ശിഷ്യന്മാരിൽ ഉണ്ടായ ചിന്ത. എന്നാൽ കർത്താവ് അവരോടു കല്പിച്ചത്, ഉണർന്നും പ്രാർത്ഥിച്ചുംകൊണ്ട് അവിടെ കഴിയുവാനായിരുന്നു. യേശു അവരുടെ സമീപത്തു വന്നപ്പോൾ അവർ വീണ്ടും ഉറങ്ങുന്നതായി കണ്ടു. ശിഷ്യന്മാരുടെ സാമീപ്യം യേശു ആഗ്രഹിച്ചു. അവരുടെ വാക്കുകൾ തനിക്ക് ആശ്വാസം നല്കുമെന്നു യേശു പ്രതീക്ഷിച്ചു. എന്നാൽ അവരുടെ കണ്ണുകൾക്ക് ഉറക്കം തടുക്കുവാൻ കഴിഞ്ഞില്ല. "അവനോട് എന്തുത്തരം പറയണമെന്ന് അറിഞ്ഞില്ല." കർത്താവ് അവരുടെ അടുത്തു വന്നപ്പോൾ അവരുണർന്നു. കർത്താവിന്റെ മുഖത്തു രക്തം വിയർപ്പുപോലെ ഒഴുകിയതിന്റെ പാടു ശിഷ്യന്മാർ കണ്ടു. അവർ ഭയപരവശരായി. കർത്താവിന്റെ ഹൃദയഭാരം മനസ്സിലാക്കുവാൻ അവർക്കു കഴിഞ്ഞില്ല. "അവന്റെ രൂപം കണ്ടാൽ ആളല്ല എന്നും, അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറു വിരൂപമായി" (യെശ. 52:14).

വീണ്ടും കർത്താവ്, താൻ പ്രാർത്ഥിച്ച സ്ഥലത്തേക്കു പോയി. അന്ധകാരം യേശുവിനെ ചുറ്റിനിന്നു. ഭയചകിതനായ കർത്താവ് അവിടെ കമഴ്ന്നു വീണു. ആ പരീക്ഷാഘട്ടത്തിൽ ദൈവപുത്രനിലെ മനുഷ്യത്വം വിറപൂണ്ടു. ഈ സന്ദർഭത്തിൽ കർത്താവു പ്രാർത്ഥിച്ചതു ശിഷ്യന്മാർക്കുവേണ്ടിയായിരുന്നില്ല; പിന്നെയോ പരീക്ഷിതനും, വേദന അനുഭവിക്കുന്നവനുമായ തനിക്കുവേണ്ടിയായിരുന്നു. ലോകത്തിന്റെ വിധി നിർണ്ണയിക്കപ്പെടുന്ന ഭയങ്കര നിമിഷം വന്നുചേർന്നു. മനുഷ്യവർഗ്ഗത്തിന്റെ വിധി തുലാസിൽ തൂങ്ങുകയായിരുന്നു. പാപിയായ മനുഷ്യൻ കുടിക്കേണ്ട പാനപാത്രം യേശുവിനു വേണമെങ്കിൽ ഉപേക്ഷിക്കാമായിരുന്നു. അതിന്റെ സമയം കടന്നുപോയിരുന്നില്ല. മനുഷ്യൻ ചെയ്ത പാപത്തിന്റെ ഫലം അവൻതന്നെ അനുഭവിക്കുന്നതിനു വിട്ടശേഷം, തന്റെ മുഖത്തെ രക്തം തുടച്ചു നീക്കിയിട്ടു കർത്താവിനു പോകാമായിരുന്നു. അകൃത്യം ചെയ്തവൻ അതിന്റെ ഫലം അനുഭവിക്കട്ടെ. ഞാൻ എന്റെ പിതാവിന്റെ അടുത്തേക്കു പോകുന്നുവെന്നു കർത്താവിനു പറയാമായിരുന്നു. ദൈവപുത്രൻ അപമാനത്തിന്റെയും കൈപ്പിന്റെയും പാനപാത്രം കുടിക്കുമോ? പാപിയെ രക്ഷിക്കുന്നതിനുവേണ്ടി, പാപം അറിഞ്ഞിട്ടില്ലാത്ത ദൈവപുത്രൻ പാപത്തിന്റെ ഫലമായ ശാപം വഹിക്കുമോ? യേശുവിന്റെ വിളറിയ ചുണ്ടുകളിൽനിന്നു വാക്കുകൾ പൊഴിഞ്ഞുവീണു: "പിതാവേ, ഞാൻ കുടിക്കാതെ അതു നീങ്ങിക്കൂടാ എങ്കിൽ നിന്റെ ഇഷ്ടം ആകട്ടെ."

ആ പ്രാർത്ഥന മൂന്നു പ്രാവശ്യം കർത്താവ് ഉരുവിട്ടു. മൂന്നു പ്രാവശ്യം കർത്താവിന്റെ മനുഷ്യത്വം, ഈ മഹദ്യാഗത്തിൽനിന്നു പിൻവാങ്ങുവാൻ ശ്രമിച്ചു. എന്നാൽ തന്റെ തീരുമാനം തുലാസിൽ തൂങ്ങിയപ്പോൾ മനുഷ്യ വർഗ്ഗത്തിന്റെ ശോഭനമായ ഭാവി യേശുവിന്റെ മുമ്പിൽ തെളിഞ്ഞു. ദൈവ കല്പന ലംഘിക്കുന്നവർക്കു നിത്യനാശം വരുമെന്നു രക്ഷകൻ ഓർത്തു. നിസ്സഹായനായ പാപിയുടെ അവസ്ഥ യേശു കണ്ടു. പാപത്തിന്റെ ഫലം എത്ര ഭയാനകമെന്നു യേശുവിനറിയാമായിരുന്നു. പാപപങ്കിലമായ ലോക ത്തിന്റെ വേദനകൾ കർത്താവിന്റെ മുമ്പിൽ തെളിഞ്ഞു. ലോകത്തിനു സംഭവി പ്പാൻ പോകുന്ന ന്യായവിധി യേശു കണ്ടു. ഉടനെത്തന്നെ കർത്താവു തീരു മാനമെടുത്തു. നിത്യനാശത്തിനു വിധിക്കപ്പെട്ട അനവധി ആളുകൾ രക്ഷ യുടെ വഴിയിലേക്കു വരേണ്ടതിന്, യേശു രക്തസ്നാനം എടുക്കുവാൻ തീരു മാനിച്ചു. നഷ്ടപ്പെട്ട ലോകത്തെ വീണ്ടെടുക്കുവാൻ യേശു സന്തോഷവും വിശുദ്ധിയും നിറഞ്ഞുനിന്ന സ്വർല്ലോകത്തെ വെടിഞ്ഞു. തന്റെ ദൗത്യനിർവ്വ ഹണത്തിൽനിന്നു കർത്താവ് ഒരിക്കലും പിന്തിരിയുമായിരുന്നില്ല. അറിഞ്ഞു കൊണ്ടു പാപം ചെയ്ത മനുഷ്യവർഗ്ഗത്തിന്റെ പ്രായശ്ചിത്തമായിത്തീരാൻ കർത്താവു സ്വയം അർപ്പിക്കുവാൻ തീരുമാനിച്ചു. കർത്താവിന്റെ പ്രാർത്ഥന പൂർണ്ണ അനുസരണത്തിന്റേതായിരുന്നു. “പിതാവേ, ഞാൻ കുടിക്കാതെ അതു നീങ്ങിക്കൂടായെങ്കിൽ നിന്റെ ഇഷ്ടം ആകട്ടെ.”

ഉറച്ച ഈ തീരുമാനം എടുത്ത ഉടനെത്തന്നെ കർത്താവു മോഹാലസ്യ പ്പെട്ടു തറയിൽ വീണു. വീണ കർത്താവു സാവധാനം എഴുന്നേൽക്കാൻ ശ്രമിച്ചു. ക്ഷീണിതനായി വീണ കർത്താവിനെ താങ്ങുവാനോ, ആ നെറ്റി ത്തടം ഒന്നു തുടയ്ക്കുവാനോ ആരും അടുത്തില്ലായിരുന്നു. യേശു “മുന്തിരി ച്ചക്ക് ഏകനായി ചവിട്ടി.”

എന്നാൽ ദൈവപുത്രനോടുകൂടി, പിതാവായ ദൈവവും വേദന സഹിച്ചു. യേശു അനുഭവിച്ച മനഃപീഡ ദൂതന്മാർ കണ്ടു. ആയിരമായിരം ദുഷ്ടാത്മ സേനകൾ യേശുവിനെ ചുറ്റിയിരിക്കുന്നതും, യേശു കടുത്ത മാനസികവ്യഥ അനുഭവിക്കുന്നതും അവർ കണ്ടു. സ്വർഗ്ഗം നിശ്ശബ്ദമായി യേശുവിന്റെ വേദനാപൂർണ്ണമായ നിമിഷങ്ങൾ വീക്ഷിച്ചുകൊണ്ടിരുന്നു. സ്വർഗ്ഗത്തിലെ ഗാനാലാപനങ്ങൾ നിലച്ചു. സ്വർഗ്ഗീയപിതാവു തന്റെ പ്രിയ പുത്രനിൽനിന്നു സ്നേഹത്തിന്റെയും തേജസ്സിന്റെയും പ്രകാശരശ്മികൾ പിൻവലിക്കുന്ന രംഗം അടക്കിയ ദുഃഖത്തോടെ സ്വർഗ്ഗീയസൈന്യം വീക്ഷിക്കുന്നതു മനു ഷ്യർ കണ്ടിരുന്നുവെങ്കിൽ, പാപം ദൈവദൃഷ്ടിയിൽ എത്ര വെറുപ്പുള വാക്കുന്നതെന്നു മനസ്സിലാക്കുമായിരുന്നു.

യേശുവും ദുഷ്ടാത്മസേനയും തമ്മിലുള്ള പോരാട്ടം അതിന്റെ അന്ത്യത്തി ലേക്കു നീങ്ങുന്നത്, സ്വർഗ്ഗീയ ദൂതന്മാർ അത്യുത്കണ്ഠയോടെ വീക്ഷിച്ചു കൊണ്ടിരുന്നു. വീണ്ടെടുപ്പിന്റെ നിർണ്ണായക നിമിഷത്തെ, സാത്താനും അവന്റെ കൂട്ടാളികളും ശ്രദ്ധിച്ചുകൊണ്ടിരുന്നു. മൂന്നുപ്രാവശ്യം ആവർത്തിക്ക പ്പെട്ട ക്രിസ്തുവിന്റെ പ്രാർത്ഥനയ്ക്ക് എന്തുത്തരം ലഭിക്കുമെന്നറിവാ നായി നന്മയുടെയും തിന്മയുടെയും ശക്തികൾ അളവറ്റ താൽപര്യത്തോടെ

കാത്തിരുന്നു. കർത്താവിന് ആശ്വാസം പകരുവാൻ ദൂതന്മാർ ആഗ്രഹിച്ചു. എന്നാൽ അപ്രകാരം ചെയ്തുകൂടായിരുന്നു. ക്രൂശുമരണത്തിൽനിന്നു തന്നെ ഒഴിവാക്കുവാൻ ദൈവപുത്രന് ഒരു മാർഗ്ഗവുമില്ലായിരുന്നു. ദൈവ പുത്രൻ തീരുമാനമെടുക്കുന്നതിനു മുമ്പു ലോകത്തിന്റെ ഭാവി തുലാസിൽ തൂങ്ങിയപ്പോൾ, ദുഃഖത്തിന്റെ പാനപാത്രം കർത്താവിന്റെ വിറപൂണ്ട കര ങ്ങളിൽ ആയിരുന്നപ്പോൾ, സ്വർഗ്ഗം തുറക്കപ്പെട്ടു. അന്ധകാരനിബിഡമായ ഗെത്ശേമനത്തോട്ടത്തിൽ, യേശുവിന്റെ അടുത്തേക്കു സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ കടന്നുവന്നു. ലൂസിഫറിന്റെ വീഴ്ചയ്ക്കുശേഷം, അവന്റെ സ്ഥാനം ഏറ്റെടുത്തിരുന്ന ദൂതനായിരുന്നു അത്. യേശുവിന്റെ കയ്യിൽനിന്നു പാന പാത്രം വാങ്ങുവാനല്ല ദൂതൻ വന്നത്; പിന്നെയോ, സ്വർഗ്ഗീയ പിതാവിന്റെ സ്നേഹത്തെയും കരുതലിനെയും കുറിച്ചു യേശുവിന് ഉറപ്പുകൊടുക്കുന്ന തിനും, ആ പാനപാത്രത്തിൽനിന്നു കുടിക്കുവാൻ ദൈവപുത്രനു ധൈര്യം പകരുന്നതിനുമായിരുന്നു. തന്റെ യാഗത്തിന്റെ ഫലമായി രക്ഷിക്കപ്പെടുവാൻ പോകുന്ന അനവധി ആത്മാക്കളെക്കുറിച്ച്, തുറന്ന സ്വർഗ്ഗത്തെ ചൂണ്ടി ക്കാണിച്ചുകൊണ്ട് ആ ദൂതൻ സംസാരിച്ചു. സ്വർഗ്ഗസ്ഥനായ പിതാവ് എല്ലാറ്റിനും മതിയായവൻ എന്നു ദൂതൻ പറഞ്ഞു. തന്റെ മരണംമൂലം സാത്താൻ എന്നെ ന്നേക്കുമായി തോല്പിക്കപ്പെടുമെന്നും ഈ ലോകം ദൈവത്തിന്റെ വിശുദ്ധ ന്മാർക്കായി നൽകപ്പെടുമെന്നും കർത്താവിനോടു ദൂതൻ പറഞ്ഞു. 'അവൻ തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും.'

ക്രിസ്തുവിന്റെ ഹൃദയവ്യഥ തീർന്നിരുന്നില്ല. എന്നാൽ വിഷാദവും നിരാ ശയും തന്നെ വിട്ടുപോയി. തന്റെമേൽ ചീറിയടിച്ചിരുന്ന കൊടുങ്കാറ്റിന്റെ ശക്തിക്ക് ഒരു കുറവും വന്നതായി യേശു കണ്ടില്ല. എന്നാൽ ഇപ്പോൾ അതിനെ നേരിടുവാൻ ക്രിസ്തു ശക്തനായിത്തീർന്നു. ശാന്തതയും സമാ ധാനവും ക്രിസ്തുവിന്റെ മുഖത്തു കളിയാടി. രക്തപങ്കിലമായ മുഖത്തു സ്വർഗ്ഗീയ സമാധാനം ആവസിച്ചു. ഒരു മനുഷ്യനും വഹിക്കുവാൻ കഴി യാത്ത ഭാരം കർത്താവു വഹിച്ചു. മനുഷ്യജാതിക്കുവേണ്ടി കർത്താവു മരണവേദന അനുഭവിച്ചു.

കർത്താവിനെ ആവരണം ചെയ്തിരുന്ന പ്രകാശധോരണിയാൽ നിദ്രാ വിവശരായിരുന്ന ശിഷ്യന്മാർ ഉണർത്തപ്പെട്ടു. വീണുകിടന്ന തങ്ങളുടെ ഗുരു വിന്റെ അടുത്തേക്കു ദൂതൻ കുനിയുന്നതു ശിഷ്യന്മാർ കണ്ടു. ദൂതൻ യേശു വിന്റെ തല തന്റെ മാർവിലേക്കുയർത്തുന്നതും തുറന്ന സ്വർഗ്ഗത്തേക്കു ചൂണ്ടി ക്കാട്ടുന്നതും അവർ കണ്ടു. ആശ്വാസത്തിന്റെയും പ്രത്യാശയുടെയും വാക്കു കൾ ദൂതൻ ഉരുവിടുന്നത് ഒരു മധുരസംഗീതത്തിന്റെ ധ്വനിപോലെ അവർ കേട്ടു. മറുരൂപമലയിലെ രംഗം ശിഷ്യന്മാർ ഓർത്തു. ദൈവാലയത്തിൽവച്ചു യേശുവിനെ ചുറ്റിയിരുന്ന തേജസ്സും മേഘത്തിൽനിന്നു മുഴങ്ങിയ പിതാ വിന്റെ ശബ്ദവും ശിഷ്യന്മാരുടെ ഓർമ്മയിലെത്തി. അതേ തേജസ്സുതന്നെ ഈ സന്ദർഭത്തിലും അവർ കണ്ടു. തങ്ങളുടെ ഗുരുവിനെക്കുറിച്ച് അവർക്കു ണ്ടായിരുന്ന ഉത്കണ്ഠ മാറി. തങ്ങളുടെ ഗുരു ദൈവത്തിന്റെ കയ്യിലാ ണെന്നും, ഗുരുവിനെ രക്ഷിപ്പാൻ ശക്തനായ ഒരു ദൂതനെ ദൈവം അയച്ചിരി

ക്കുന്നുവെന്നും ശിഷ്യന്മാർ മനസ്സിലാക്കി. വീണ്ടും ശിഷ്യന്മാർ നിദ്രയ്ക്കു വിധേയരായി.

ദുഃഖത്തോടെ ശിഷ്യന്മാരെ നോക്കിക്കൊണ്ടു യേശു പറഞ്ഞു: "ഇനി ഉറങ്ങി ആശ്വസിച്ചുകൊൾവിൻ; നാഴിക അടുത്തു; മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏല്പിക്കപ്പെടുന്നു."

യേശു ഇതു പറയുമ്പോൾത്തന്നെ തന്നെ പിടിപ്പാനായി വരുന്ന ആളുകളുടെ കാലൊച്ച അടുത്തുകൊണ്ടിരുന്നു. യേശു പറഞ്ഞു: "എഴുന്നേല്പിൻ, നാം പോക; ഇതാ, എന്നെ കാണിച്ചുകൊടുക്കുന്നവൻ അടുത്തിരിക്കുന്നു."

തന്നെ കാണിച്ചുകൊടുക്കുന്നവനെ അഭിമുഖീകരിപ്പാനായി യേശു മുമ്പോട്ടു നടക്കുമ്പോൾ, നേരത്തേയുണ്ടായിരുന്ന ഹൃദയഭാരത്തിന്റെ ലാഞ്ഛനപോലും കാൺമാനില്ലായിരുന്നു. ശിഷ്യന്മാർക്കു മുമ്പായി നടന്നുകൊണ്ടു യേശു പുരുഷാരത്തോടു ചോദിച്ചു: "നിങ്ങൾ ആരെ തിരയുന്നു?" "നസറായനായ യേശുവിനെ" എന്ന് അവർ ഉത്തരം പറഞ്ഞു. ഇതു പറഞ്ഞു കഴിഞ്ഞയുടനെ, യേശുവിനോടുകൂടെ ഉണ്ടായിരുന്ന ദൂതൻ, ജനക്കൂട്ടത്തിനും യേശുവിനും മദ്ധ്യേ നിലകൊണ്ടു. സ്വർഗ്ഗീയമായ ഒരു പ്രഭ യേശുവിന്റെ മുഖത്തെ പ്രകാശിപ്പിച്ചു. പ്രാവിനെപ്പോലെ ഒരു രൂപം കർത്താവിന്റെമേൽ ആവസിച്ചു. ദിവ്യതേജസ്സിന്റെ സാന്നിദ്ധ്യത്തിൽ രക്തദാഹികളായ ജനക്കൂട്ടത്തിന് ഒരു നിമിഷം നില്പാൻ സാധിച്ചില്ല. അവർ പിന്നോക്കം മാറി. പുരോഹിതന്മാരും, മൂപ്പന്മാരും, പടയാളികളും, യൂദാ പോലും മരിച്ചവരെപ്പോലെ നിലത്തുവീണു.

ദൂതൻ പിന്മാറിയപ്പോൾ, പ്രകാശം ക്രമേണ മാഞ്ഞു. യേശുവിനു രക്ഷപ്പെടുവാൻ സന്ദർഭമുണ്ടായിരുന്നെങ്കിലും, ശാന്തനായി സ്വയം നിയന്ത്രിച്ച് അവിടെത്തന്നെ നിന്നു. തന്റെ മുമ്പിൽ നിസ്സഹായരായി വീണുകിടന്ന നിഷ്കണ്ടകന്മാരുടെ മുമ്പിൽ തേജസ്സോടെ കർത്താവു നിന്നു. അത്ഭുതാതിശയങ്ങളോടെ ശിഷ്യന്മാർ ഈ രംഗം നോക്കിനിന്നു.

എന്നാൽ വേഗത്തിൽ ഈ രംഗം മാറി. പുരുഷാരം എഴുന്നേറ്റു. റോമൻ പടയാളികളും, പുരോഹിതന്മാരും, യൂദയും ക്രിസ്തുവിന്റെ സമീപത്തേക്കു വന്നു. തങ്ങൾക്കു പറ്റിയ ബലഹീനതയിൽ അവർ ലജ്ജിച്ചു. യേശു രക്ഷപ്പെട്ടേക്കുമെന്ന് അവർ ഭയപ്പെട്ടു. കർത്താവു വീണ്ടും അവരോടു ചോദിച്ചു: "നിങ്ങൾ ആരെ തിരയുന്നു?" തങ്ങളുടെ മുമ്പാകെ നിൽക്കുന്ന ആൾ ദൈവപുത്രൻ എന്നു തെളിഞ്ഞിട്ടും യെഹൂദപ്രമാണികൾക്ക് അതംഗീകരിപ്പാൻ മനസ്സുണ്ടായിരുന്നില്ല. "നസറായനായ യേശുവിനെ" എന്ന് അവർ ഉത്തരം പറഞ്ഞു. "ഞാൻ തന്നെ എന്നു നിങ്ങളോടു പറഞ്ഞുവല്ലോ." പിന്നീടു ശിഷ്യന്മാരെ ചൂണ്ടിക്കൊണ്ടു യേശു പറഞ്ഞു: "എന്നെ ആകുന്നു തിരയുന്നതെങ്കിൽ, ഇവർ പൊയ്ക്കൊള്ളട്ടെ." ശിഷ്യന്മാരുടെ വിശ്വാസം എത്ര ബലഹീനമെന്നു കർത്താവ് അറിഞ്ഞിരുന്നു. അവരെ പരീക്ഷയിൽനിന്നു രക്ഷിപ്പാൻ കർത്താവ് ആഗ്രഹിച്ചു. അവർക്കുവേണ്ടി തന്റെ ജീവനെ ത്യാഗം ചെയ്യുവാൻ യേശു ഒരുക്കമായിരുന്നു.

യേശുവിനെ ഒറ്റിക്കൊടുക്കുവാൻ വന്ന യൂദാ തന്റെ ഭാഗം നിർവ്വഹിപ്പാൻ വിട്ടുപോയില്ല. ജനക്കൂട്ടം തോട്ടത്തിൽ പ്രവേശിച്ച ഉടനെ യൂദാ അവർക്കു വഴികാട്ടുവാനായി മുമ്പിൽ നടന്നു. തൊട്ടുപിൻപിൽ മഹാപുരോഹിതൻ നടന്നിരുന്നു. യേശുവിനെ പിടിക്കുവാൻ വന്നവർക്കു യൂദാ ഒരു അടയാളം നല്കിയിരുന്നു. "ഞാൻ ഏവനെ ചുംബിക്കുമോ, അവൻ തന്നെ ആകുന്നു; അവനെ പിടിച്ചുകൊൾവിൻ" (മത്തായി 26:48). പുരുഷാരവുമായി തനിക്ക് ഒരു ബന്ധവുമില്ലായെന്നു യൂദാ നടിച്ചു. യേശുവിന്റെ അരികെ വന്ന് ഒരു സ്നേഹിതനെപ്പോലെ കരങ്ങളെ പിടിച്ച്, "റബ്ബീ, വന്ദനം" എന്നു പറഞ്ഞു ചുംബിച്ചു. ആപൽഘട്ടങ്ങളിൽ സഹതപിക്കുന്നവനെപ്പോലെ കരയുന്നതായി യൂദാ ഭാവിച്ചു.

യേശു യൂദയോട്, "സ്നേഹിതാ, നീ വന്ന കാര്യം എന്ത്? എന്നു ചോദിച്ചു.'' ''യൂദയേ, മനുഷ്യപുത്രനെ ചുംബനംകൊണ്ടോ കാണിച്ചുകൊടുക്കുന്നത്?" ദുഃഖത്തോടുകൂടിയാണു കർത്താവിതു പറഞ്ഞത്. കർത്താവിന്റെ വാക്കുകൾ യൂദയുടെ മനസ്സാക്ഷിയെ തീർച്ചയായും സ്പർശിച്ചിരിക്കണം. എന്നാൽ അന്തസ്സും, വിശ്വസ്തതയും, മനുഷ്യത്വവുമെല്ലാം യൂദയെ വിട്ടുപോയിരുന്നു. യൂദാ ധൈര്യം നടിച്ച്, ധാർഷ്ട്യത്തോടെ നിന്നു. അവന്റെ നിലപാടിൽനിന്നു പിന്തിരിയുവാനുള്ള ഒരു ശ്രമവും അവൻ നടത്തിയില്ല. അവൻ സ്വയം സാത്താനു വിറ്റുകളഞ്ഞു.

തങ്ങളുടെ കൺമുമ്പിൽ മഹത്വീകരിക്കപ്പെട്ട ഒരു വ്യക്തിയെ യൂദാ സ്പർശിക്കുന്നതു ജനം കണ്ടപ്പോൾ അവർക്കു കൂടുതൽ ധൈര്യമുണ്ടായി. അവർ യേശുവിനെ പിടിച്ചു മറ്റുള്ളവരെ ശുശ്രൂഷിച്ച അവന്റെ കൈകളെ ബന്ധിച്ചു.

യേശു ബന്ധനസ്ഥനായി അവിടെനിന്നു നീക്കപ്പെടുന്നതിനെ എതിർക്കുമെന്നു ശിഷ്യന്മാർ കരുതി. യേശുവിനെ പിടിക്കുവാൻ വന്ന പുരുഷാരത്തെ മരിച്ചവരെപ്പോലെ ആക്കുവാൻ കഴിവുള്ള അതേ ശക്തിക്ക്, യേശുവും ശിഷ്യന്മാരും രക്ഷപ്പെടുന്നതുവരെ, അവരെ നിശ്ചലരാക്കി നിർത്തുവാൻ കഴിയുമായിരുന്നു. തങ്ങളുടെ ഗുരുവിനെ ബന്ധിച്ചപ്പോൾ ശിഷ്യന്മാർ കോപവും നിരാശയും നിറഞ്ഞവരായി. പത്രൊസ് യേശുവിനെ രക്ഷിക്കുന്നതിനുവേണ്ടി വാളൂരി, മഹാപുരോഹിതന്റെ ഭൃത്യന്റെ കാതു വെട്ടിവീഴ്ത്തി. യേശു അതു കണ്ടപ്പോൾ തന്നെ പിടിച്ചിരുന്ന പടയാളികളോടു പറഞ്ഞു: "ഇത്രയ്ക്കു വിടുവിൻ." ഭൃത്യന്റെ കാതു തൊട്ടു സൗഖ്യമാക്കിയശേഷം യേശു പത്രൊസിനോടു പറഞ്ഞു: "വാൾ ഉറയിലിടുക; വാൾ എടുക്കുന്നവൻ ഒക്കെയും വാളാൽ നശിച്ചുപോകും. എന്റെ പിതാവിനോട് ഇപ്പോൾത്തന്നെ പന്ത്രണ്ടു ലെഗ്യോനിലും അധികം ദൂതന്മാരെ എന്റെ അരികെ നിറുത്തേണ്ടതിന് എനിക്ക് അപേക്ഷിച്ചുകൂടാ എന്നു തോന്നുന്നുവോ?" ഓരോ ശിഷ്യനെയും കാവൽ ചെയ്യുന്നതിന് ഒരു ലെഗ്യോൻ ദൂതന്മാർ. എന്തുകൊണ്ടു കർത്താവു തന്നെയും തങ്ങളെയും രക്ഷിക്കുന്നില്ലായെന്നു ശിഷ്യന്മാർ ചിന്തിച്ചു. അവരുടെ ചിന്തകൾക്കുത്തരമായി യേശു പറഞ്ഞു: "എന്നാൽ ഇങ്ങനെ സംഭവി

ക്കേണം എന്നുള്ള തിരുവെഴുത്തുകൾക്ക് എങ്ങനെ നിവൃത്തി വരും? പിതാവ് എനിക്കുതന്ന പാനപാത്രം ഞാൻ കുടിക്കേണ്ടയോ?"

യെഹൂദനേതാക്കന്മാരുടെ ഔദ്യോഗിക പദവി യേശുവിനെ പിന്തുടരുന്നതിൽനിന്ന് അവരെ വിലക്കിയില്ല. കീഴുദ്യോഗസ്ഥന്മാരെ ഏല്പിക്കത്തക്കവണ്ണം ചെറിയ സംഗതി അല്ലായിരുന്നു, യേശുവിനെ തടവിലാക്കുക എന്നത്. കൗശലക്കാരായ പുരോഹിതന്മാരും മൂപ്പന്മാരും ദൈവാലയഭടന്മാരെ അനുഗമിച്ചുകൊണ്ടു ഗെത്ശേമനത്തോട്ടത്തിലേക്കു വന്നു. ആ ശ്രേഷ്ഠപുരോഹിതന്മാർക്കു യോജിക്കാത്ത ഒരു കൂട്ടമായിരുന്നു അവിടെ കൂടിയത്. ഒരു കാട്ടുമൃഗത്തെ വേട്ടയാടുന്നതുപോലെ എല്ലാവിധമായ ആയുധങ്ങളുമേന്തി, ആഹ്ലാദത്തിമിർപ്പിനും, രസത്തിനുംവേണ്ടി ഇറങ്ങിത്തിരിച്ചവരായിരുന്നു അവരിൽ പലരും.

അന്തരാത്മാവിലേക്കു തുളച്ചുകയറുന്ന ക്രിസ്തുവിന്റെ നോട്ടം മൂപ്പന്മാരുടെമേലും പുരോഹിതന്മാരുടെമേലും പതിച്ചു. കർത്താവ് അവരോടു സംസാരിച്ച കാര്യങ്ങൾ ഒരിക്കലും അവർക്കു മറക്കുവാൻ സാദ്ധ്യമല്ലായിരുന്നു. സർവ്വശക്തന്റെ മൂർച്ചയുള്ള അസ്ത്രങ്ങളായിരുന്നു അവ. അധികാരമുള്ളവനെപ്പോലെ യേശു പറഞ്ഞു: നിങ്ങൾ ഒരു കള്ളനെയോ, കൊള്ളക്കാരനെയോ പിടിക്കാൻ വരുന്നതുപോലെ, എന്റെ നേരെ വാളും വടിയുമായി വരുന്നു. ദിനംതോറും ഞാൻ ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരുന്നു. അപ്പോൾ നിങ്ങൾക്ക് എന്റെമേൽ കൈവയ്ക്കുവാൻ സന്ദർഭങ്ങളുണ്ടായിരുന്നു. എങ്കിലും നിങ്ങൾ അപ്പോൾ ഒന്നും ചെയ്തില്ല. നിങ്ങളുടെ പ്രവൃത്തിക്കു യോജിച്ചതു രാത്രിയാണ്. "ഇതു നിങ്ങളുടെ നാഴികയും ഇരുളിന്റെ അധികാരവും ആകുന്നു."

യേശു ബന്ധിക്കപ്പെടുവാൻ സ്വയം സമ്മതിച്ചതു കണ്ടപ്പോൾ ശിഷ്യന്മാർ ഭയപരവശരായി. ഈ അപമാനം തങ്ങൾക്കും ഗുരുവിനും വരുവാൻ ക്രിസ്തു അനുവദിച്ചപ്പോൾ, ശിഷ്യന്മാർ ക്രിസ്തുവിങ്കൽ ഇടറി. ക്രിസ്തുവിന്റെ പെരുമാറ്റം മനസ്സിലാക്കുവാൻ അവർക്കു കഴിഞ്ഞില്ല. അവർ യേശുവിനെ കുറ്റപ്പെടുത്തി. തങ്ങളുടെ നില അപകടത്തിൽ എന്നു കണ്ടപ്പോൾ സ്വയരക്ഷ നേടിക്കൊള്ളാൻ പത്രൊസ് പറഞ്ഞു. "ഉടനെ ശിഷ്യന്മാർ എല്ലാവരും ഓടിപ്പോയി." ഈ സംഭവത്തെക്കുറിച്ചു യേശു മുൻകൂട്ടി പറഞ്ഞിരുന്നു. "നിങ്ങൾ ഓരോരുത്തൻ താന്താന്റെ സ്വന്തത്തിലേക്കു ചിതറിപ്പോകയും എന്നെ ഏകനായി വിടുകയും ചെയ്യുന്ന നാഴിക വരുന്നു; വന്നുമിരിക്കുന്നു; പിതാവ് എന്നോടുകൂടെ ഉള്ളതുകൊണ്ടു ഞാൻ ഏകനല്ലതാനും" (യോഹ. 16:32).

# 75

# ഹന്നാവിന്റെയും കയ്യഫാവിന്റെയും മുമ്പിൽ

അവലംബം: മത്തായി 26:57-75; 27:1; മർക്കൊസ് 14:53-72; 15:1; ലൂക്കൊസ് 22:54-71; യോഹ. 18:13-27

കിദ്രോൻ തോട്ടിനക്കരെ, ഒലിവുതോട്ടങ്ങളും പിന്നിട്ട് ഉറക്കം ഉണർന്നിട്ടില്ലാത്ത നഗരവീഥികളിലൂടെ അവർ യേശുവിനെ നടത്തിക്കൊണ്ടുപോയി. അപ്പോൾ പാതിരാവു കഴിഞ്ഞിരുന്നു. അട്ടഹസിച്ചുകൊണ്ടു യേശുവിന്റെ പിന്നാലെ പോയ ജനം രാത്രിയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചു. യേശു ബന്ധനസ്ഥനായിരുന്നു. പടയാളികളാൽ അനുഗതനായി യേശു നടന്നു. യേശുവിനെയുംകൊണ്ട് അവർ മുൻമഹാപുരോഹിതനായിരുന്ന ഹന്നാവിന്റെ ഭവനത്തിലേക്കു പോയി.

ഹന്നാവ് പുരോഹിതകുടുംബത്തിലെ തലവനായിരുന്നു. തന്റെ പ്രായത്തെ ആദരിച്ച് ഏവരും ഹന്നാവിനെ മഹാപുരോഹിതനായി അംഗീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ ഉപദേശം ദൈവശബ്ദമായി കരുതപ്പെടുകയും

എല്ലാവരും അതിനെ അനുസരിക്കുകയും ചെയ്തിരുന്നു. പുരോഹിത ശക്തിയുടെ തടവുകാരനായി പിടിക്കപ്പെട്ട യേശുവിനെ ആദ്യം ഹന്നാവിന്റെ മുമ്പിലേക്കാണു കൊണ്ടുവന്നത്. യേശുവിനെ ചോദ്യം ചെയ്യുമ്പോൾ, പരിചയസമ്പന്നനായ ഹന്നാവിന്റെ സാന്നിദ്ധ്യം നല്ലതെന്ന് അവർ കരുതി. കയ്യഫാവിന് അനുഭവസമ്പത്തു കുറവായതുകൊണ്ട്, ഹന്നാവിന്റെ കൗശലവും തന്ത്രങ്ങളും ഉപയോഗപ്പെടുത്തുവാൻ യേശുവിനെ പിടിച്ചുകൊണ്ടുവന്നവർ തീരുമാനിച്ചു. എന്തായിരുന്നാലും യേശുവിനെ ശിക്ഷിക്കണമെന്നു തന്റെ ശത്രുക്കൾ തീരുമാനിച്ചുറച്ചു.

സൻഹെദ്രിന്റെ മുമ്പാകെ ആയിരുന്നു യേശു വിചാരണ ചെയ്യപ്പെടേണ്ടത്. എന്നാൽ പ്രാഥമിക വിചാരണ ഹന്നാവിന്റെ മുമ്പിൽ നടത്തുന്നതിനു യേശുവിനെ അന്നാസിന്റെ അരമനയിലേക്കു കൊണ്ടുവന്നു. റോമൻ ഭരണം നടക്കുമ്പോൾ, സൻഹെദ്രിൻസംഘത്തിനു മരണശിക്ഷ നടപ്പാക്കാനുള്ള അധികാരം ഇല്ലായിരുന്നു. ഒരു തടവുകാരനെ ചോദ്യം ചെയ്യുവാനും വിധിക്കുവാനും സൻഹെദ്രിന് അധികാരം ഉണ്ടായിരുന്നു. പക്ഷേ റോമൻ നീതിന്യായത്തിന്റെ സമ്മതം നേടിയിരിക്കണമെന്നു മാത്രം. അതുകൊണ്ടു റോമാക്കാർ കുറ്റകൃത്യമെന്നു കരുതുന്ന ആരോപണങ്ങൾ ക്രിസ്തുവിന്റെമേൽ ചുമത്തി തെളിയിക്കേണ്ടതാവശ്യമായിരുന്നു. യെഹൂദന്മാരുടെ ദൃഷ്ടിയിലും യേശു കുറ്റക്കാരനെന്നു ബോദ്ധ്യം വരത്തക്ക ആരോപണങ്ങൾ കണ്ടെത്തേണ്ടതുണ്ടായിരുന്നു. പുരോഹിതന്മാരുടെയും പ്രമാണികളുടെയും ഇടയിൽ ധാരാളം പേർ ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ ആകൃഷ്ടരായിരുന്നു. സമുദായഭ്രഷ്ടു ഭയന്നാണ് അവർ ക്രിസ്തുവിനെ പരസ്യമായി സ്വീകരിക്കാതിരുന്നത്. "ഒരു മനുഷ്യന്റെ വാമൊഴി ആദ്യം കേട്ട് അവൻ ചെയ്യുന്നത് ഇന്നത് എന്ന് അറിഞ്ഞിട്ടല്ലാതെ നമ്മുടെ ന്യായപ്രമാണം അവനെ വിധിക്കുന്നുവോ?" (യോഹ. 7:51). നിക്കോദേമൊസ് ചോദിച്ച ഈ ചോദ്യം പുരോഹിതന്മാർ ഓർത്തു. ഈ ചോദ്യം സൻഹെദ്രിൻസംഘത്തെ കുഴയ്ക്കുകയും യേശുവിനെ വധിക്കാനുള്ള അവരുടെ പദ്ധതിയെ പരാജയപ്പെടുത്തുകയും ചെയ്തിരുന്നു. ഈ നിർണ്ണായക സന്ദർഭത്തിൽ നിക്കോദേമൊസിനെയും അരിമഥ്യ യോസേഫിനെയും വിളിച്ചിരുന്നില്ല. എങ്കിലും നീതിയുടെ പേരിൽ ചോദിക്കുവാൻ തുനിയുന്ന മറ്റ് ആളുകൾ ഉണ്ടായിരുന്നു. ക്രിസ്തുവിനെതിരായി സൻഹെദ്രിൻസംഘത്തെ ഒന്നായി നിർത്തത്തക്കവിധത്തിൽ വേണമായിരുന്നു വിചാരണ നടത്തേണ്ടത്. പുരോഹിതന്മാർ ക്രിസ്തുവിനെതിരായി ഉന്നയിക്കാൻ ആഗ്രഹിച്ച രണ്ട് ആരോപണങ്ങൾ ഉണ്ടായിരുന്നു. യേശുവിന്റെമേൽ ഒരു ദൈവദൂഷണക്കുറ്റം ചുമത്തിയാൽ യെഹൂദന്മാർ അതു സ്വാഗതം ചെയ്തുകൊള്ളും. രാജ്യദ്രോഹക്കുറ്റം ചുമത്തിയാൽ റോമാക്കാരെ യേശുവിനെതിരെ തിരിക്കുവാൻ സഹായിക്കും. രണ്ടാമത്തെ കുറ്റാരോപണമാണു ഹന്നാവ് ആദ്യമായി ഉന്നയിക്കാൻ ശ്രമിച്ചത്. തന്റെ പദ്ധതി വിജയിപ്പിക്കുവാൻ എന്തെങ്കിലും കിട്ടുമെന്ന പ്രതീക്ഷയോടെ ഹന്നാവ് യേശുവിനോട്, യേശുവിന്റെ ശിഷ്യന്മാരെക്കുറിച്ചും, ഉപദേശങ്ങളെക്കുറിച്ചും ചോദിച്ചു. ഒരു പുതിയ രാജ്യം കെട്ടിപ്പടുക്കുന്നതിന് ഒരു രഹസ്യസംഘടന സ്ഥാപിക്കുകയാണെന്നു തെളിയിക്കുവാൻ യേശുവിൽനിന്ന് എന്തെങ്കിലും

ലഭിക്കുമെന്നു ഹന്നാവ് പ്രതീക്ഷിച്ചു. അപ്രകാരമൊരു തെളിവു യേശുവിൽ നിന്നു കിട്ടിയാൽ, യേശുവിനെ സമാധാനഭഞ്ജകൻ എന്നും, വിപ്ലവകാരി എന്നും മുദ്രകുത്തി റോമാക്കാരെ ഏല്പിക്കുവാൻ കഴിയുമെന്നു ഹന്നാവ് വിചാരിച്ചു.

ഹന്നാവിന്റെ ഗൂഢലക്ഷ്യം ഒരു തുറന്ന പുസ്തകംപോലെ യേശു വായിച്ചു. ചോദ്യകർത്താവിന്റെ അന്തരാത്മാവിലേക്കു യേശു നോക്കുന്നതുപോലെ ഹന്നാവിനെ നോക്കി. താനും ശിഷ്യന്മാരും ഒരു ഗൂഢലക്ഷ്യവും വച്ചല്ല പ്രവർത്തിക്കുന്നതെന്നു ഹന്നാവിനോടു കർത്താവു പറഞ്ഞു. തന്റെ തത്വ സംഹിതകളെയോ, ലക്ഷ്യങ്ങളെയോ സംബന്ധിച്ചു ക്രിസ്തുവിന് ഒരു രഹസ്യവുമില്ലായിരുന്നു. ക്രിസ്തു പറഞ്ഞു: "ഞാൻ ലോകത്തോടു പരസ്യ മായി സംസാരിച്ചിരിക്കുന്നു; പള്ളിയിലും എല്ലാ യെഹൂദന്മാരും കൂടുന്ന ദൈവാലയത്തിലും ഞാൻ എപ്പോഴും ഉപദേശിച്ചു; രഹസ്യമായി ഒന്നും സംസാരിച്ചിട്ടില്ല."

തന്റെ പ്രവർത്തനരീതിയും, തന്നിൽ കുറ്റം കണ്ടെത്താൻ ശ്രമിച്ചവരുടെ പ്രവർത്തനരീതിയും തമ്മിൽ ഒരു താരതമ്യം കർത്താവു നടത്തി. ന്യായ മായ മാർഗ്ഗങ്ങളിലൂടെ നേടുവാൻ കഴിയാത്തതിനെ കള്ളസാക്ഷ്യംകൊണ്ടു നേടിയെടുക്കുന്നതിനുവേണ്ടി യേശുവിനെ കുടുക്കുവാനും, ഒരു രഹസ്യ ക്കോടതിയുടെ മുമ്പിൽ കൊണ്ടുവരുവാനും, അനേക നാളുകളായി യെഹൂദ ന്മാർ ശ്രമിച്ചുകൊണ്ടിരിക്കയായിരുന്നു. അവരുടെ ലക്ഷ്യം നേടുകയായിരുന്നു അവരുടെ ഉദ്ദേശ്യം. ഒരു ജനക്കൂട്ടം വന്നു പിടികൂടുക; വിചാരണയ്ക്കു മുമ്പായി പരിഹസിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുക; ഇതെല്ലാ മായിരുന്നു അവരുടെ മാർഗ്ഗങ്ങൾ. നിയമങ്ങളെ കാറ്റിൽ പറത്തിക്കൊണ്ടുള്ള പ്രവർത്തനമായിരുന്നു അവരുടേത്. ഒരുവൻ കുറ്റക്കാരനായി തെളിയിക്ക പ്പെടുന്നതുവരെ നിർദ്ദോഷിയായി കരുതണമെന്നാണ് അവരുടെ നിയമങ്ങൾ പ്രഖ്യാപിച്ചിരുന്നത്. തങ്ങളുടെ സ്വന്തനിയമങ്ങൾതന്നെ പുരോഹിതന്മാരെ കുറ്റക്കാരെന്നു വിധിച്ചു.

ചോദ്യകർത്താവിന്റെ നേരെ തിരിഞ്ഞു യേശു പറഞ്ഞു: "നീ എന്നോടു ചോദിക്കുന്നത് എന്ത്?" പുരോഹിതന്മാരും പ്രമാണികളും യേശുവിന്റെ നീക്ക ങ്ങളെ നിരീക്ഷിക്കുവാനും, യേശുവിന്റെ സംസാരം ശ്രദ്ധിപ്പാനും ചാരന്മാരെ അയച്ചിരുന്നു. "ഞാൻ സംസാരിച്ചത് എന്തെന്നു കേട്ടവരോടു ചോദിക്ക; ഞാൻ പറഞ്ഞത് അവർ അറിയുന്നു," യേശു മഹാപുരോഹിതനോടു പറഞ്ഞു.

യേശുവിന്റെ വാക്കുകളുടെ മൂർച്ച ഹന്നാവിനെ നിശ്ശബ്ദനാക്കി. താൻ ഒളിച്ചുവയ്ക്കുവാൻ ആഗ്രഹിച്ച പ്രവർത്തനരീതിയെക്കുറിച്ചു യേശു എന്തെ ങ്കിലും പറയുമെന്നു ഭയപ്പെട്ട്, ഹന്നാവ് കൂടുതലായി ഒന്നും സംസാരിച്ചില്ല. ഹന്നാവിനെ നിശ്ശബ്ദനാക്കിയതു കണ്ട് ഒരു ഉദ്യോഗസ്ഥൻ, "മഹാ പുരോഹിതനോട് ഇങ്ങനെയോ ഉത്തരം പറയുന്നത് എന്നു പറഞ്ഞു യേശുവിന്റെ കന്നത്ത് ഒന്നടിച്ചു."

യേശു ശാന്തനായി പറഞ്ഞു: “ഞാൻ ദോഷമായി സംസാരിച്ചുവെങ്കിൽ തെളിവു കൊടുക്ക; അല്ലെങ്കിൽ എന്നെ തല്ലുന്നത് എന്ത്?” കർത്താവു വിദ്വേഷം നിറഞ്ഞ വാക്കുകൾ ഉച്ചരിച്ചില്ല. പ്രതികാരത്തിന്റെ വാക്കുകളും തന്നിൽനിന്നു പുറപ്പെട്ടില്ല. ഒരിക്കലും കോപകലുഷിതമാക്കാൻ കഴിയാത്ത കർത്താവിന്റെ ഹൃദയത്തിൽനിന്നു മുറിപ്പെടുത്തുന്ന വാക്കുകളൊന്നും വന്നില്ല. വിശുദ്ധിയും സഹിഷ്ണുതയും ശാന്തതയുമുള്ള കർത്താവിന്റെ ഹൃദയത്തിൽനിന്നു പുറത്തുവന്ന വാക്കുകൾ ശാന്തമായതും മാന്യതയുള്ളതുമായിരുന്നു.

അധിക്ഷേപത്തിന്റെയും പരിഹാസത്തിന്റെയും കൂരമ്പുകളേറ്റു കർത്താവു വേദന സഹിച്ചു. തന്റെ സൃഷ്ടിയായ മനുഷ്യനിൽനിന്നു കർത്താവു വളരെ പീഡനം അനുഭവിച്ചു. കർത്താവിന്റെ വിശുദ്ധിയുടെ പൂർണ്ണത, കഷ്ടതയുടെ തീക്ഷ്ണതയെ വർദ്ധിപ്പിച്ചു. അതുപോലെതന്നെ പാപത്തിന്റെ കൊടുംക്രൂരത ഒരു വശത്ത്; പാപം അറിയാത്ത ദൈവകുഞ്ഞാടു മറുവശത്ത്; ഇതു ദൈവകുഞ്ഞാടായ ക്രിസ്തുവിന്റെ കഷ്ടപ്പാടുകളെ അതിന്റെ പാരമ്യത്തിലെത്തിച്ചു. ക്രിസ്തുവിനെ പീഡിപ്പിച്ചവർ പിശാചിന്റെ നിയന്ത്രണത്തിലായിരുന്നു. ക്രിസ്തു നടത്തിയ സ്വയത്യാഗമെന്നയാഗം അതുല്യമായ ഒന്നായിരുന്നു. ദൈവപുത്രനായ ക്രിസ്തുവിന്, തന്റെ ശത്രുക്കളെ ഒരു നിമിഷംകൊണ്ടു ഭസ്മമാക്കുവാൻ കഴിയുമായിരുന്നു. ഇതു തനിക്കറികയും ചെയ്യാമായിരുന്നു. ഈ അറിവു ക്രിസ്തുവിന്റെ ക്ഷമയെ കൂടുതൽ പരീക്ഷിച്ചു.

യെഹൂദന്മാർ പ്രതീക്ഷിച്ചിരുന്നതു ശക്തിയും അധികാരവും പ്രകടമാക്കുന്ന ഒരു മശീഹയെ ആയിരുന്നു. സകലത്തെയും കീഴടക്കുകയും, തന്റെ ഇച്ഛാശക്തിയാൽ അധികാരം ഉറപ്പിക്കുകയും ചെയ്യുന്ന മശീഹയായിരുന്നു അവർ വിഭാവനം ചെയ്തത്. പുരുഷാരം യേശുവിനെ അവഹേളിച്ചപ്പോൾ, യേശുവിനുണ്ടായ സമ്മർദ്ദം, തന്റെ ദൈവിക ശക്തി പ്രകടിപ്പിക്കാതിരുന്നതുകൊണ്ടായിരുന്നു. ഒരു നിമിഷംകൊണ്ട് എല്ലാവർക്കും തന്റെ ശക്തി തെളിയിച്ചുകൊടുക്കുവാൻ ക്രിസ്തുവിനു കഴിയുമായിരുന്നു. ക്രിസ്തുവിന്റെ ഏറ്റവും വലിയ പരീക്ഷ, താൻ സ്വീകരിച്ച മനുഷ്യത്വം നിലനിർത്തുക എന്നതായിരുന്നു.

തങ്ങളുടെ നായകനെതിരായ ഓരോ നീക്കവും സ്വർഗ്ഗത്തിലെ ദൂതന്മാർ വീക്ഷിച്ചു. ക്രിസ്തുവിനെ മോചിപ്പിക്കുവാൻ അവർ ആഗ്രഹിച്ചു. ദൈവത്തിന്റെ മേൽനോട്ടത്തിൽ ദൂതന്മാർ അതിശക്തരാണ്. ഒരിക്കൽ കർത്താവിന്റെ കല്പനപ്രകാരം, ഒറ്റ രാത്രികൊണ്ട് ഒരു ലക്ഷത്തി എൺപത്തി അയ്യായിരം പേരെ ദൂതന്മാർ കൊന്നു. ക്രിസ്തുവിന്റെ അപഹാസ്യമായ വിചാരണ കണ്ടുകൊണ്ടിരുന്ന ദൂതന്മാർക്ക് എത്ര എളുപ്പത്തിൽ ദൈവത്തിന്റെ ശത്രുക്കളെ നശിപ്പിച്ചു തങ്ങളുടെ ക്രോധം പ്രകടമാക്കാമായിരുന്നു. എന്നാൽ അപ്രകാരം പ്രവർത്തിക്കുവാൻ അവർക്ക് ആജ്ഞ നൽകപ്പെട്ടിട്ടില്ലായിരുന്നു. തന്റെ ശത്രുക്കളെ പൂർണ്ണമായി നശിപ്പിക്കാൻ കഴിവുള്ള കർത്താവ്, അവരുടെ ക്രൂരതയെ ക്ഷമയോടെ സഹിച്ചു. തന്റെ പിതാവി

നോടുള്ള സ്നേഹം, ഈ ലോകത്തിന്റെ പാപവാഹകനായിക്കൊള്ളാമെന്നു ലോകസ്ഥാപനം മുതൽ താൻ ചെയ്ത പ്രതിജ്ഞ, ഇവയെല്ലാം, താൻ ആരെ രക്ഷിപ്പാൻ വന്നുവോ അവരുടെ ക്രൂരമായ പ്രവൃത്തികളെ പരാതി കൂടാതെ സഹിപ്പാൻ പ്രേരിപ്പിച്ചു. താൻ മനുഷ്യരൂപത്തിലായിരിക്കുമ്പോൾ തന്റെ മേൽ ചൊരിയപ്പെടുന്ന അധിക്ഷേപങ്ങളെയും പരിഹാസങ്ങളെയും സഹിക്ക എന്നത്, തന്റെ ദൗത്യത്തിന്റെ ഒരു ഭാഗമായിരുന്നു. ക്രൂരന്മാരായ മനുഷ്യ രുടെ പക്കൽനിന്നു വരുന്നതെന്തിനും മനുഷ്യവർഗ്ഗത്തിന്റെ ഏകപ്രത്യാശ നിലനിന്നിരുന്നത്.

ക്രിസ്തുവിന്റെ സംസാരത്തിൽ ശത്രുക്കൾക്ക് ഒരു കുറ്റവും കണ്ടെ ത്താൻ കഴിഞ്ഞില്ല. എന്നിട്ടും അവർ യേശുവിനെ കുറ്റക്കാരനെപ്പോലെ ബന്ധനസ്ഥനാക്കി. നീതി നടത്തുന്നു എന്നു മറ്റുള്ളവരെപ്പോലെ ബോദ്ധ്യ പ്പെടുത്തുവാനായി മാത്രം അവർ യേശുവിനെ വിചാരണ ചെയ്തു. അതു വേഗത്തിൽ തീർക്കുവാൻ അവർ തിടുക്കം കാണിച്ചു. സാധാരണക്കാർക്കു യേശുവിനോടുണ്ടായിരുന്ന ആദരവിനെക്കുറിച്ചു യെഹൂദനേതാക്കൾക്ക് അറിയാ മായിരുന്നു. യേശുവിനെ രക്ഷിപ്പാൻ സാധാരണക്കാർ ഒരുമ്പെട്ടേക്കുമെന്ന ഒരു ഭയവും അവർക്കുണ്ടായിരുന്നു. പെസഹയ്ക്കു മുമ്പു യേശുവിനെ വധി ക്കണമെന്നു യെഹൂദപ്രമാണികൾ ആഗ്രഹിച്ചു. പെസഹാപ്പെരുന്നാൾ നട ക്കുമ്പോൾ തങ്ങളുടെ പദ്ധതികൾക്കു വിളംബമുണ്ടാകയും തന്മൂലം യേശു വിന്റെ വധം നടക്കാതെ പോകയും ചെയ്യുമെന്നു യെഹൂദനേതാക്കൾ ഭയ പ്പെട്ടു. യേശുവിൽ കുറ്റം ചുമത്തുവാൻ പുരോഹിതന്മാർ മുഖ്യമായി ആശ്ര യിച്ചതു യെരൂശലേമിലെ ജനത്തെ ആയിരുന്നു. ജനങ്ങളുടെ വികാരങ്ങൾ കെട്ടടങ്ങാതെ സൂക്ഷിക്കേണ്ടതും പുരോഹിതന്മാരുടെ ആവശ്യമായിരുന്നു. ജനങ്ങൾ തങ്ങൾക്കെതിരായി തിരിഞ്ഞാൽ ക്രിസ്തുവിനതു പ്രയോജന പ്പെടുമെന്നും അവർ ഭയപ്പെട്ടു. അതുകൊണ്ടു കഴിവതും വേഗത്തിൽ ക്രിസ്തു വിനെ റോമൻ അധികാരികളെ ഏല്പിക്കുന്നതിനു യെഹൂദനേതാക്കൾ തീരുമാനിച്ചു.

യെഹൂദപ്രമാണികളുടെ ഒന്നാമത്തെ പ്രശ്നം യേശുവിനെതിരായി ഒരു കുറ്റം കണ്ടെത്തുക എന്നതായിരുന്നു. യേശുവിനെ കയ്യഫാവിന്റെ അടുക്ക ലേക്കു കൊണ്ടുപോകുവാൻ ഹന്നാവ് കല്പിച്ചു. കയ്യഫാവ് സദൂക്യരിൽ പ്പെട്ടവനായിരുന്നു. സദൂക്യരിൽ ഒരു നല്ല പങ്ക്, ക്രിസ്തുവിന്റെ ബദ്ധശത്രുക്ക ളായിരുന്നു. ഹന്നാവിനെപ്പോലെതന്നെ ഹൃദയശൂന്യനും, കഠിനനും, എന്തും ചെയ്യാൻ മടിയില്ലാത്തവനുമായിരുന്നു കയ്യഫാവ്. യേശുവിനെ കൊല ചെയ്യു വാൻ സകല കഴിവുകളും കയ്യഫാവ് ഉപയോഗിച്ചു. യേശു കയ്യഫാവിന്റെ ആസ്ഥാനത്തേക്കു പോകുമ്പോൾ, നേരം പുലരാറായിരുന്നു. എങ്കിലും ഇരുട്ടു വിട്ടുമാറിയിരുന്നില്ല. ആയുധധാരികളായ സംഘം, പന്തങ്ങളും വിളക്കുകളും തെളിയിച്ച്, ക്രിസ്തുവിനെ നടത്തിക്കൊണ്ടു കയ്യഫാവിന്റെ അരമനയിലേക്കു പോയി. സൻഹെദ്രിൻസംഘത്തിലെ അംഗങ്ങൾ അവിടെ വന്നുകൊണ്ടി രുന്നപ്പോൾ, ഹന്നാവും കയ്യഫാവും ക്രിസ്തുവിനെ വീണ്ടും ചോദ്യം ചെയ്തു. പക്ഷേ, ക്രിസ്തുവിനെതിരെ ഒരു കുറ്റവും കണ്ടെത്താൻ അവർക്കു കഴിഞ്ഞില്ല.

ന്യായവിസ്താരസഭ കൂടിയപ്പോൾ കയ്യഫാവ് അദ്ധ്യക്ഷപീഠത്തിൽ ഇരുന്നു. അദ്ദേഹത്തിന്റെ ഇരുവശങ്ങളിലുമായി വിചാരണയിൽ പ്രത്യേക താൽപര്യമുള്ളവർ ഇരുന്നു. സിംഹാസനത്തിനു താഴെയുള്ള ഉയർന്ന തട്ടിൽ റോമൻ പടയാളികൾ നിലയുറപ്പിച്ചു. സിംഹാസനത്തിന്റെ ചുവട്ടിൽ യേശു നിന്നു. എല്ലാവരുടെയും കണ്ണുകൾ യേശുവിന്റെമേൽ പതിഞ്ഞിരുന്നു. അവരെല്ലാവരും തീവ്രമായ വികാരവിചാരങ്ങൾക്ക് അടിമകളായിരുന്നു. യേശു മാത്രം പ്രശാന്തനും അക്ഷോഭ്യനുമായി നിലകൊണ്ടു. കയ്യഫാവിന്റെ വീട്ടിലെ അന്തരീക്ഷംപോലും യേശുവിന്റെ സാന്നിദ്ധ്യത്താൽ അനുഗൃഹീതമായി.

കയ്യഫാവ് യേശുവിനെ, തന്റെ ശത്രുവായി കരുതി. യേശുവിന്റെ ഉപദേശം കേൾപ്പാൻ ജനം കാണിച്ച താൽപര്യവും, അവ സ്വീകരിപ്പാൻ അവർ പ്രദർശിപ്പിച്ച ഉത്സാഹവും കയ്യഫാവിൽ അസൂയ ജനിപ്പിച്ചിരുന്നു. കയ്യഫാവ് യേശുവിനെ സൂക്ഷിച്ചുനോക്കി. യേശുവിന്റെ ഉൽക്കൃഷ്ടവും അന്തസ്സുറ്റതുമായ പെരുമാറ്റം കയ്യഫാവിൽ പോലും ആദരവുളവാക്കി. യേശു ദൈവത്തോടു തുല്യനായവൻ എന്ന ബോദ്ധ്യം കയ്യഫാവിലുണ്ടാക്കി. അടുത്ത നിമിഷം നല്ല ചിന്തകളെ കയ്യഫാവ് അടിച്ചമർത്തി. കയ്യഫാവ് യേശുവിനോട്, തന്റെ മുമ്പാകെ ഒരത്ഭുതം പ്രവർത്തിക്കണമെന്നാവശ്യപ്പെട്ടു. എന്നാൽ യേശു, ഇതു കേട്ടതായി ഭാവിച്ചില്ല. വികാരങ്ങൾക്കു അടിമപ്പെടുന്നവരും, ദുഷ്ടത പ്രതിഫലിപ്പിക്കുന്നവരുമായ ഹന്നാവിന്റെയും കയ്യഫാവിന്റെയും മുഖഭാവവും, ശാന്തതയും കുലീനത്വവും പ്രതിഫലിപ്പിക്കുന്ന യേശുവിന്റെ മുഖഭാവവും തമ്മിലുള്ള അന്തരം ജനക്കൂട്ടത്തിനു വ്യക്തമായി കാണാമായിരുന്നു. ദൈവിക സാന്നിദ്ധ്യം പ്രതിഫലിപ്പിക്കുന്ന ഈ മനുഷ്യൻ, ഒരു കുറ്റവാളിയെപ്പോലെ ശിക്ഷിക്കപ്പെടേണ്ടിവരുമോ എന്ന് അനേകം ആളുകൾ ചിന്തിച്ചു.

ക്രിസ്തുവിന്റെ സ്വാധീനശക്തി വർദ്ധിക്കുന്നുവെന്നു കണ്ട കയ്യഫാവ്, വേഗത്തിൽ വിചാരണ ആരംഭിച്ചു. ക്രിസ്തുവിന്റെ ശത്രുക്കൾ വലിയ ചിന്താക്കുഴപ്പത്തിലായിരുന്നു. എപ്രകാരമെങ്കിലും യേശുവിനെ കുറ്റക്കാരനായി വിധിക്കണമെന്ന് അവർ നിശ്ചയിച്ചു. എന്നാൽ എപ്രകാരം അതു സാദ്ധ്യമാകുന്നുവെന്ന് അവർക്കറിയാൻ പാടില്ലായിരുന്നു. സൻഹെദ്രിൻസംഘത്തിലെ അംഗങ്ങൾ സദൂക്യവിഭാഗത്തിലും പരീശവിഭാഗത്തിലും പെട്ടവർ ആയിരുന്നു. അവർ തമ്മിൽ അഭിപ്രായ ഐക്യം ഉണ്ടായിരുന്നില്ല. തർക്കവിഷയങ്ങൾ ഒഴിവാക്കാൻ അവർ എപ്പോഴും ശ്രദ്ധിച്ചിരുന്നു. യേശുവിനു വേണമെങ്കിൽ അവർ തമ്മിലുള്ള സ്പർദ്ധ ഇളക്കിവിടാമായിരുന്നു. അങ്ങനെ തന്നിൽനിന്ന് അവരുടെ ശ്രദ്ധ മാറ്റുവാൻ യേശുവിനു കഴിയുമായിരുന്നു. കയ്യഫാവ്, തന്റെ എതിരാളികളായ പരീശന്മാരോട് ഈ അവസരത്തിൽ ഒരു ശണ്ഠയിൽ ഏർപ്പെടുവാൻ ഇഷ്ടപ്പെട്ടില്ല. പുരോഹിതന്മാരെയും ശാസ്ത്രിമാരെയും ക്രിസ്തു ശാസിക്കുകയും, അവരെ കപടഭക്തിക്കാരെന്നും കൊലപാതകികൾ എന്നും വിളിക്കുകയും ചെയ്തതിനു ധാരാളം സാക്ഷികൾ ഉണ്ടായിരുന്നു. എന്നാൽ ഇതു വലിയ ഒരു കാര്യമായിരുന്നില്ല. പരീശന്മാരുമായി വാഗ്വാദം ഉണ്ടാകുമ്പോൾ സദൂക്യരും ഇതുപോലെയുള്ള ശകാരങ്ങൾ നടത്തിയിരുന്നു. പരീശന്മാരുടെ കപടഭക്തിയിൽ സദൂക്യരും

അസന്തുഷ്ടരായിരുന്നു. യെഹൂദന്മാരുടെ പാരമ്പര്യങ്ങളെ യേശു അവഗണിച്ചിരുന്നു എന്നുള്ളതിനു ധാരാളം തെളിവുകളുണ്ടായിരുന്നു. അവരുടെ അർത്ഥമില്ലാത്ത ആചാരാനുഷ്ഠാനങ്ങളെ സംബന്ധിച്ചു സദൂക്യരും പരീശന്മാരും തമ്മിൽ വലിയ അഭിപ്രായഭിന്നതകളുണ്ടായിരുന്നു. റോമാക്കാർ യെഹൂദന്മാരുടെ വിശ്വാസാചാരങ്ങൾക്കു വലിയ പ്രാധാന്യം കൊടുത്തിരുന്നില്ല. ക്രിസ്തുവിന്റെ സ്വഭാവം വെളിപ്പെടുമെന്നു ഭയപ്പെട്ടു പരീശന്മാർ ക്രിസ്തു ശബ്ബത്ത് ലംഘിച്ചു എന്ന ആരോപണവും മുമ്പോട്ടു കൊണ്ടുവന്നില്ല. ക്രിസ്തുവിന്റെ രോഗശാന്തിപ്രവർത്തനങ്ങളെ സംബന്ധിച്ചും ആരും ഒന്നും ചോദിച്ചില്ല. അവയെക്കുറിച്ചുള്ള അന്വേഷണം നടന്നിരുന്നുവെങ്കിൽ പുരോഹിതന്മാരുടെ ലക്ഷ്യംതന്നെ പരാജയപ്പെടുമായിരുന്നു.

യേശു വിപ്ലവം ഇളക്കിവിടുന്നുവെന്നും, വേറൊരു ഭരണകൂടം സ്ഥാപിക്കുവാൻ ശ്രമിക്കുന്നുവെന്നും ആരോപണം ഉന്നയിക്കുവാൻ കള്ളസാക്ഷികളെ കൈക്കൂലി കൊടുത്തു കൊണ്ടുവന്നിരുന്നു. എന്നാൽ അവർ നൽകിയ സാക്ഷ്യം അവ്യക്തവും പരസ്പരവിരുദ്ധവും ആയിരുന്നു. പരിശോധനയിൽ അവരുടെ പ്രസ്താവനകൾ വ്യാജമെന്നു തെളിഞ്ഞു.

തന്റെ പരസ്യശുശ്രൂഷയുടെ ആരംഭകാലത്തു ക്രിസ്തു പറഞ്ഞു: “ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും.” തന്റെ മരണത്തെയും പുനരുത്ഥാനത്തെയുംകുറിച്ചു ക്രിസ്തു മുൻകൂട്ടി പറഞ്ഞതായിരുന്നു അത്. “അവനോ, തന്റെ ശരീരം എന്ന മന്ദിരത്തെക്കുറിച്ചത്രേ പറഞ്ഞത്” (യോഹ. 2:19,21). യെരൂശലേം ദൈവാലയത്തെക്കുറിച്ചാണു ക്രിസ്തു പറയുന്നതെന്നു യെഹൂദന്മാർ വിശ്വസിച്ചു. ക്രിസ്തുവിനെതിരായി ഉന്നയിക്കുവാൻ ഇതല്ലാതെ മറ്റൊരു കുറ്റവും കണ്ടെത്തുവാൻ പുരോഹിതന്മാർക്കു കഴിഞ്ഞില്ല. ക്രിസ്തുവിന്റെ വാക്കുകളെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട്, ക്രിസ്തുവിനെതിരായി തെളിവുണ്ടാക്കാമെന്നു യെഹൂദനേതാക്കൾ കരുതി. റോമാക്കാർ യെരൂശലേം ദൈവാലയത്തെ പുതുക്കിപ്പണിയുകയും അലങ്കരിക്കുകയും ചെയ്തു. അതിൽ അവർ അഭിമാനിച്ചു. യെരൂശലേം ദൈവാലയത്തെക്കുറിച്ച് എന്തെങ്കിലും അതൃപ്തി ഉളവാക്കുന്ന തരത്തിൽ സംസാരിച്ചാൽ അതു റോമാക്കാരുടെ രോഷം ക്ഷണിച്ചുവരുത്തുവാൻ കാരണമാകുമായിരുന്നു. റോമാക്കാർക്കും സദൂക്യർക്കും പരീശന്മാർക്കും യോജിപ്പ് ഉണ്ടാക്കുന്ന ഒന്നായിരുന്നു യെരൂശലേം ദൈവാലയം. ഇവരെല്ലാവരും യെരൂശലേം ദൈവാലയത്തിനു വലിയ ആദരവു നല്കിയിരുന്നു. മുമ്പു ക്രിസ്തുവിനെതിരായി നല്കപ്പെട്ട സാക്ഷ്യങ്ങൾപോലെ പരസ്പരം വൈരുദ്ധ്യങ്ങൾ നിറഞ്ഞതായിരുന്നില്ല യെരൂശലേം ദൈവാലയത്തെ സംബന്ധിച്ചു സാക്ഷികൾ നല്കിയ പ്രസ്താവനകൾ. യേശുവിനെതിരായി കള്ളസാക്ഷ്യം പറവാൻ കൈക്കൂലി വാങ്ങിയ ഒരുവൻ പറഞ്ഞു: “ദൈവമന്ദിരം പൊളിച്ചു മൂന്നു ദിവസംകൊണ്ടു വീണ്ടും പണിയുവാൻ എനിക്കു കഴിയും എന്ന് ഇവൻ പറഞ്ഞു.” ഇപ്രകാരം ക്രിസ്തുവിന്റെ വാക്കുകളെ അവർ തെറ്റായി ഉദ്ധരിച്ചു. ക്രിസ്തു കാര്യം അതേ പടി പറഞ്ഞിരുന്നുവെങ്കിൽ, സൻഹെദ്രിൻസംഘത്തിൽനിന്നുപോലും, ക്രിസ്തുവിനെതിരായി വിധി നേടുവാൻ അവർക്കു കഴിയുമായിരുന്നില്ല. യെഹൂദന്മാർ പറഞ്ഞതുപോലെ

ക്രിസ്തു ഒരു വെറും മനുഷ്യൻ മാത്രമായിരുന്നെങ്കിൽ, ക്രിസ്തു പറഞ്ഞ വാക്കുകളെ സാധാരണ ബുദ്ധിക്കു നിരക്കാത്ത, അഹന്ത നിറഞ്ഞ, വാക്കുകളായി കണക്കാക്കാവുന്നതേയുണ്ടായിരുന്നുള്ളൂ. ദൈവദൂഷണമായി വ്യാഖ്യാനിക്കപ്പെടുവാൻ അതിൽ ഒന്നുമില്ലായിരുന്നു. കള്ളസാക്ഷികൾ ആരോപണമുന്നയിച്ചിട്ടും മരണശിക്ഷ നല്കേണ്ട ഒരു കുറ്റവും ക്രിസ്തുവിന്റെ വാക്കുകളിൽ റോമാക്കാർ കണ്ടില്ല.

തനിക്കെതിരായി പറഞ്ഞ പരസ്പരവിരുദ്ധങ്ങളായ സാക്ഷ്യങ്ങൾ യേശു അക്ഷോഭ്യനായി കേട്ടു. സ്വയരക്ഷയ്ക്കുവേണ്ടി യേശു ഒരു വാക്കുപോലും ഉച്ചരിച്ചില്ല. ഒടുവിൽ കർത്താവിന്റെമേൽ ആരോപണം ഉന്നയിച്ചവർ കുഴയുകയും കോപാന്ധരായിത്തീരുകയും ചെയ്തു. യേശുവിന്റെ വിചാരണയിൽ ഒരു പുരോഗതിയും ഉണ്ടായില്ല. തങ്ങളുടെ ഗൂഢാലോചന തകരുമെന്നു യെഹൂദപ്രമാണികൾ ഭയപ്പെട്ടു. കയ്യഫാവ് നിരാശനായി. അവസാനം ഒരു മാർഗ്ഗം അവശേഷിച്ചു. യേശുവിനെക്കൊണ്ടു സ്വയം കുറ്റം വിധിപ്പാൻ നിർബന്ധിക്കുന്ന ഒരു മാർഗ്ഗമായിരുന്നു അത്. മഹാപുരോഹിതൻ ന്യായാസനത്തിൽനിന്ന് എഴുന്നേറ്റു. കോപംകൊണ്ട് അയാളുടെ മുഖം വികൃതമായിരുന്നു. ബന്ധനസ്ഥനായ ക്രിസ്തുവിനോടുള്ള കോപം അയാളുടെ ശബ്ദവും മുഖഭാവവും വിളിച്ചറിയിച്ചു. “നീ ഒരു ഉത്തരവും പറയുന്നില്ലയോ? ഇവർ നിന്റെ നേരെ സാക്ഷ്യം പറയുന്നത് എന്ത്?” മഹാപുരോഹിതൻ യേശുവിനോടു ചോദിച്ചു.

യേശു നിശ്ശബ്ദനായിത്തന്നെ നിലകൊണ്ടു. “തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെ ഇരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും, രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു” (യെശ. 53:7).

ഒടുവിൽ കയ്യഫാവ് തന്റെ വലതുകരം സ്വർഗ്ഗത്തിലേക്കുയർത്തിക്കൊണ്ട്, പാവനമായ പ്രതിജ്ഞ എടുക്കുന്നതുപോലെ യേശുവിനോടു ചോദിച്ചു: “നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ? പറക എന്നു ഞാൻ ജീവനുള്ള ദൈവത്തെക്കൊണ്ടു നിന്നോട് ആണയിട്ടു ചോദിക്കുന്നു.”

ഈ ചോദ്യത്തിനുത്തരം നൽകാതിരിപ്പാൻ യേശുവിനു കഴിഞ്ഞില്ല. നിശ്ശബ്ദനായിരിക്കുവാൻ ഒരു സമയമുണ്ട്. സംസാരിപ്പാനും ഒരു സമയമുണ്ട്. തന്നോടു നേരിട്ടു ചോദിക്കുന്നതുവരെ യേശു മിണ്ടാതിരുന്നു. ഇപ്പോൾ ഉത്തരം നൽകിയാൽ അതു തന്റെ മരണത്തെ ഉറപ്പിക്കുമെന്നു യേശുവിനറിയാമായിരുന്നു. ദേശത്തിലെ പ്രമാണിയാണു ചോദ്യം ചോദിച്ചിരിക്കുന്നത്. അതും അത്യുന്നതന്റെ നാമത്തിലും. ദൈവകല്പനയെ യേശു ഒരിക്കലും അനാദരിച്ചിരുന്നില്ല. മഹാപുരോഹിതന്റെ ചോദ്യത്തിൽ തനിക്കു പിതാവുമായുള്ള ബന്ധത്തെയും ചോദ്യം ചെയ്തിരിക്കുകയായിരുന്നു. ഈ അവസരത്തിൽ തന്റെ ദൗത്യത്തെ വ്യക്തമാക്കേണ്ടത് ആവശ്യമെന്നു ക്രിസ്തുവിനറിയാമായിരുന്നു. യേശു ശിഷ്യന്മാരോടു പറഞ്ഞിരുന്നു, “മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ

പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും" (മത്തായി 10:32). യേശു തന്റെ ഉപദേശം ഇവിടെ പ്രാവർത്തികമാക്കി.

യേശുവിന്റെ വാക്കുകൾ എല്ലാവരും ശ്രദ്ധിച്ചുകേട്ടു. എല്ലാ കണ്ണുകളും യേശുവിനെ ഉറ്റുനോക്കി. യേശു പറഞ്ഞു: "ഞാൻ ആകുന്നു; ഇനി മനുഷ്യ പുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തിരിക്കുന്നതും, ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും." ഇതു പറഞ്ഞപ്പോൾ യേശു വിന്റെ മുഖം സ്വർഗ്ഗീയശോഭയാൽ വിളങ്ങി.

ഒരു നിമിഷം, ക്രിസ്തുവിന്റെ ദൈവികത്വം തന്റെ മാനുഷികത്വത്തിലൂടെ മിന്നിത്തിളങ്ങി. മഹാപുരോഹിതൻ ക്രിസ്തുവിന്റെ നോട്ടത്തിൽ നടുങ്ങി. തന്റെ ഹൃദയത്തിലെ ഗൂഢോദ്ദേശ്യങ്ങൾ യേശുവിന്റെ മുമ്പാകെ തുറക്ക പ്പെട്ടതായി കയ്യഫാവിന് അനുഭവപ്പെട്ടു. അന്തരാത്മാവിനെ കാണുന്ന ക്രിസ്തുവിന്റെ നോട്ടം കയ്യഫാവിന് ഒരിക്കലും വിസ്മരിക്കുവാൻ കഴിഞ്ഞില്ല.

യേശു പറഞ്ഞു: "ഇനി മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തിരി ക്കുന്നതും, ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും." ഈ വാക്കുകളിലൂടെ, അപ്പോൾ നടന്നുകൊണ്ടിരുന്ന സംഭവങ്ങ ളുടെ, നേരെ വിപരീതമായ ഒരു രംഗത്തെയാണു യേശു ചിത്രീകരിച്ചത്. ജീവന്റെയും, മഹത്വത്തിന്റെയും നാഥനായ ക്രിസ്തു ദൈവത്തിന്റെ വലത്തു ഭാഗത്തിരിക്കും. സർവ്വ ഭൂമിയെയും ന്യായം വിധിക്കുന്ന വിധികർത്താ വായിട്ടായിരിക്കും താൻ അപ്പോൾ കാണപ്പെടുന്നത്. താൻ നൽകുന്ന വിധി അന്തിമമായിരിക്കും. എല്ലാ രഹസ്യങ്ങളും ദൈവത്തിന്റെ മുമ്പാകെ കൊണ്ടുവരപ്പെടും. ഓരോരുത്തന്റെ പ്രവൃത്തിക്കുതക്ക വിധി നല്കപ്പെടും.

ക്രിസ്തുവിന്റെ വാക്കുകൾ, പുരോഹിതപ്രമാണിയെ നടുക്കിക്കളഞ്ഞു. മരിച്ചവരുടെ പുനരുത്ഥാനവും, പ്രവൃത്തിക്കുതക്ക പ്രതിഫലവും ലഭി ക്കേണ്ടതിന് എല്ലാവരും ദൈവത്തിന്റെ ന്യായവിസ്താരസഭയെ അഭിമുഖീകരി ക്കുന്നതും, കയ്യഫാവിനെ ഭയചകിതനാക്കി. പ്രവൃത്തിക്കുതക്ക പ്രതിഫലം ലഭിക്കുമെന്ന വസ്തുത വിശ്വസിക്കുവാൻ കയ്യഫാവ് ആഗ്രഹിച്ചില്ല. അന്ത്യ ന്യായവിധിയുടെ ചിത്രങ്ങൾ കയ്യഫാവിന്റെ മനസ്സിൽ തെളിഞ്ഞു. എന്നേക്കും ഒളിച്ചുവയ്ക്കാമെന്നു വിചാരിച്ച രഹസ്യങ്ങളുമായി, മരിച്ചവർ ഉയിർക്കുന്ന രംഗം കയ്യഫാവ് കണ്ടു. മരിച്ചവരോടുകൂടെ അടക്കപ്പെടുന്ന നിഗൂഢ രഹസ്യ ങ്ങൾ പുറത്തുകൊണ്ടുവരികയും, മറച്ചുവച്ചിരിക്കുന്നത് എല്ലാം കാണുകയും ചെയ്യുന്ന നിത്യനായ ഒരു ന്യായാധിപതിയുടെ മുമ്പാകെയാണു താൻ നിൽക്കുന്നതെന്നു കയ്യഫാവിനു തോന്നി. ആ ന്യായാധിപതി കയ്യഫാവിന്റെ ഹൃദയത്തെ വായിക്കുകയായിരുന്നു.

ക്രിസ്തുവിന്റെ വാക്കുകൾ കയ്യഫാവിനെ ഉണർത്തി. പുനരുത്ഥാനം, ന്യായവിധി, മരണാനന്തരജീവിതം തുടങ്ങിയ വേദസത്യങ്ങൾ കയ്യഫാവ് വിശ്വസിച്ചിരുന്നില്ല. കയ്യഫാവ് പൈശാചിക സ്വാധീനത്താൽ ഭ്രാന്തനെ പ്പോലെ ആയിത്തീർന്നു. തന്റെ മുമ്പിൽ ബന്ധനസ്ഥനായി നിൽക്കുന്ന മനുഷ്യൻ, താൻ വിശ്വസിക്കുന്ന തത്വസംഹിതകളെ തകിടംമറിക്കുകയോ? ആത്മാർത്ഥതയില്ലാത്ത കോപം പ്രകടിപ്പിച്ചുകൊണ്ടു കയ്യഫാവ് തന്റെ

വസ്ത്രം കീറി. കയ്യഫാവ് പറഞ്ഞു: “ഇനി സാക്ഷികളെക്കൊണ്ടു നമുക്ക് എന്താവശ്യം? നിങ്ങൾ ഇപ്പോൾ ദൈവദൂഷണം കേട്ടുവല്ലോ; നിങ്ങൾക്ക് എന്തു തോന്നുന്നു?” “അവൻ മരണയോഗ്യൻ” എന്ന് എല്ലാവരും പറഞ്ഞു.

കയ്യഫാവ് ഒരു വികാരജീവി ആയിരുന്നു. എങ്കിലും അയാൾ ഒരു ദൃഢമാനസനുംകൂടെ ആയിരുന്നു. യേശുവിന്റെ വാക്കുകൾ ഒരളവുവരെ കയ്യഫാവിനെ സ്പർശിച്ചു. എങ്കിലും സ്വന്ത തെറ്റുകളെക്കുറിച്ചു പശ്ചാത്തപിക്കുന്നതിനു പകരം കോപം പ്രകടിപ്പിക്കുന്നതിനു തന്റെ പൗരോഹിത്യവസ്ത്രത്തെ കീറുകയാണു കയ്യഫാവ് ചെയ്തത്. അതിന്റെ അർത്ഥം അവൻ മനസ്സിലാക്കിയില്ല. ന്യായാധിപന്മാരെ സ്വാധീനിക്കുവാനും, ക്രിസ്തുവിനെ കുറ്റക്കാരൻ എന്നു മുദ്രയടിക്കുവാനും വേണ്ടിയായിരുന്നു കയ്യഫാവ് അപ്രകാരം ചെയ്തത്. എന്നാൽ ആ പ്രവൃത്തിയിലൂടെ തന്റെമേൽ ശിക്ഷ വിധിക്കുകയായിരുന്നു കയ്യഫാവ് ചെയ്തത്. ദൈവകല്പനപ്രകാരം കയ്യഫാവ് പൗരോഹിത്യസ്ഥാനത്തിനു യോഗ്യനല്ലാതെ ആയിത്തീർന്നു. താൻ മരണശിക്ഷയ്ക്കു യോഗ്യൻ എന്ന വിധി ആയിരുന്നു, വസ്ത്രംകീറലിലൂടെ കയ്യഫാവ് പ്രഖ്യാപിച്ചത്.

ഒരു പുരോഹിതൻ തന്റെ വസ്ത്രം കീറുവാൻ പാടില്ലാത്തതായിരുന്നു. ലേവ്യർക്കു നല്കിയ കല്പനപ്രകാരം, അപ്രകാരം ചെയ്യുന്നവനു മരണശിക്ഷ നല്കേണ്ടതായിരുന്നു. ഒരു സാഹചര്യത്തിലും പുരോഹിതൻ തന്റെ വസ്ത്രം കീറുവാൻ പാടില്ല. സ്നേഹിതന്മാർ മരിക്കുമ്പോൾ, യെഹൂദന്മാരുടെ പതിവനുസരിച്ച്, വസ്ത്രം കീറുമായിരുന്നു. പുരോഹിതന്മാർ ഇതിൽനിന്ന് ഒഴിവുള്ളവരായിരുന്നു (ലേവ്യ. 10:6).

പുരോഹിതൻ ധരിക്കേണ്ട വസ്ത്രം പൂർണ്ണതയുള്ളതും കുറ്റമറ്റതുമായിരിക്കണം. പുരോഹിതന്റെ ഔദ്യോഗിക ചിഹ്നങ്ങൾ ക്രിസ്തുവിനെ ചൂണ്ടിക്കാട്ടിയിരുന്നു. വസ്ത്രധാരണത്തിലും, മനോഭാവത്തിലും, വാക്കിലും, ആത്മാവിലും, സമ്പൂർണ്ണതയിൽക്കുറഞ്ഞ ഒന്നും ദൈവത്തിനു സ്വീകാര്യമല്ല. ദൈവം സമ്പൂർണ്ണനാകുന്നു. തന്റെ മഹത്വവും സമ്പൂർണ്ണതയും ഭൗമിക ശുശ്രൂഷകളിലും പ്രതിബിംബിക്കണം. സ്വർഗ്ഗീയ ശുശ്രൂഷയുടെ പാവനതയെ ശരിയായി പ്രതിനിധീകരിക്കുവാൻ പൂർണ്ണതയിൽ കുറഞ്ഞ ഒന്നിനും സാദ്ധ്യമല്ല. പരിമിതിയുള്ള മനുഷ്യൻ, തന്റെ വിനയത്തെ പ്രകടമാക്കുവാൻ, ഹൃദയത്തെ അനുതാപമാകുന്ന കീറലിനു വിധേയമാക്കണം. ഇതു ദൈവം അംഗീകരിക്കുന്നു. എന്നാൽ ഒരു പുരോഹിതൻ തന്റെ വസ്ത്രം കീറുവാൻ പാടുള്ളതല്ല. അപ്രകാരം ചെയ്യുന്നതു സ്വർഗ്ഗീയ കാര്യങ്ങളെ വികലമായി പ്രതിഫലിപ്പിക്കുന്നതിനു തുല്യമാണ്. കീറിയ വസ്ത്രങ്ങളോടെ ഒരു പുരോഹിതൻ വിശുദ്ധ സ്ഥലത്തു കടന്നുവരികയോ, ശുശ്രൂഷകളിൽ പങ്കെടുക്കുകയോ ചെയ്താൽ അയാളെ ദൈവത്തിൽനിന്നു വേർപെട്ട ഒരാളായി ജനം കണക്കാക്കും. ദൈവത്തിൽനിന്നു വിച്ഛേദിക്കുന്നതിനു തുല്യമാണ് ഒരു പുരോഹിതൻ തന്റെ സ്ഥാനവസ്ത്രം കീറുന്നത്. ശുശ്രൂഷ നിർവഹിപ്പാൻ അയാൾ യോഗ്യനല്ലാതാവുക എന്നതാണ്, വസ്ത്രം കീറുമ്പോൾ സംഭവിക്കുന്നത്. കയ്യഫാവിന്റെ പ്രവൃത്തി മനുഷ്യന്റെ അപക്വതയെയും, അപൂർണ്ണതയെയും ചൂണ്ടിക്കാണിച്ചു.

കയ്യഫാവ് ദൈവകല്പനയെ നിസ്സാരമായി ഗണിക്കുകയും മനുഷ്യന്റെ പാരമ്പര്യങ്ങളെ പിന്തുടരുകയുമാണു വസ്ത്രം കീറലിലൂടെ പ്രകടമാക്കിയത്. ദൈവദൂഷണം കേൾക്കുമ്പോൾ, ഒരു പുരോഹിതൻ വെറുപ്പും രോഷവും പ്രകടിപ്പിക്കുന്നതിനു വസ്ത്രം കീറുന്ന ഒരു മനുഷ്യനിർമ്മിതമായ കീഴ്‌വഴക്കം ഉണ്ടായിരുന്നു. കയ്യഫാവ് ദൈവകല്പനയെ അവഗണിച്ച്, മനുഷ്യ നിർമ്മിതമായ പാരമ്പര്യത്തിനു പ്രാമുഖ്യം നൽകി.

മഹാപുരോഹിതന്റെ ഓരോ പെരുമാറ്റവും ജനം ശ്രദ്ധയോടെ വീക്ഷിച്ചു. കയ്യഫാവ് ഭക്തിപ്രകടനത്തിൽ മാത്രം വിശ്വസിച്ചു. ക്രിസ്തുവിനെ കുറ്റ വാളിയെന്നു സ്ഥാപിക്കുവാനാണു കയ്യഫാവ് ശ്രമിച്ചത്. “എന്റെ നാമം അവനി ലുണ്ട്” (പുറ. 23:21) എന്നു ദൈവം പറഞ്ഞതു ക്രിസ്തുവിനെക്കുറിച്ചായി രുന്നു. ആ ക്രിസ്തുവിനെയാണു കയ്യഫാവ് ദൈവദൂഷണം പറയുന്നുവെന്നു കുറ്റപ്പെടുത്തിയത്. ദൈവദൂഷണം യഥാർത്ഥത്തിൽ ചെയ്തതു കയ്യഫാ വായിരുന്നു.

കയ്യഫാവ് വസ്ത്രം കീറിയപ്പോൾ, യെഹൂദജാതിക്കു ദൈവവുമായുള്ള ബന്ധം അറ്റുപോകുന്ന അവസ്ഥയെ വെളിപ്പെടുത്തുകയാണു ചെയ്തത്. ഒരിക്കൽ ദൈവത്തിനു പ്രിയങ്കരരായിരുന്ന ജനം ദൈവത്തിൽനിന്ന് അകലുക യായിരുന്നു. യഹോവയാൽ ത്യജിക്കപ്പെട്ടവർ എന്നറിയപ്പെടാൻ പോകുക യായിരുന്നു. ക്രൂശിൽവച്ച് “നിവൃത്തിയായി” എന്നു ക്രിസ്തു പറഞ്ഞപ്പോൾ, യെഹൂദജനത, തങ്ങളുടെ രക്ഷകനെ തള്ളിക്കളഞ്ഞു എന്ന ദൈവത്തിന്റെ പ്രഖ്യാപനംകൂടെ ഉൾക്കൊണ്ടിരുന്നു. ക്രിസ്തുവിന്റെ പ്രതിനിധിയായിരി ക്കേണ്ട മഹാപുരോഹിതൻ തന്റെ സ്ഥാനവസ്ത്രം കീറിയതു സംഭവി ക്കേണ്ടതുതന്നെയായിരുന്നു. എന്തുകൊണ്ടെന്നാൽ ആ വസ്ത്രത്തിന്റെ പ്രാധാന്യം യെഹൂദജാതിയെ സംബന്ധിച്ചിടത്തോളം ഇല്ലാതെയായി. യെഹൂദ ന്മാർക്കു വരുവാൻ പോകുന്ന ന്യായവിധി എന്തായിരുന്നുവെന്നറിയുമ്പോൾ കയ്യഫാവിന്റെ പ്രവൃത്തി അന്വർത്ഥമായിരുന്നുവെന്നു മനസ്സിലാകും.

യേശു മരണയോഗ്യൻ എന്നു സൻഹെദ്രിൻ തീർപ്പു കല്പിച്ചു. എന്നാൽ രാത്രിയിൽ ഒരു തടവുകാരനെ വിചാരണ ചെയ്യുന്നതു യെഹൂദനിയമം അനുവദിച്ചിരുന്നില്ല. നിയമപരമായ ശിക്ഷാവിധി നടത്തുമ്പോൾ, എല്ലാ അംഗ ങ്ങളും ഹാജരായിരിക്കണമെന്നും അതു പകലായിരിക്കണമെന്നും നിയമം അനുശാസിച്ചിരുന്നു. ഇങ്ങനെയെല്ലാമായിരുന്നിട്ടും വിചാരണയ്ക്കു മുമ്പു തന്നെ ക്രിസ്തുവിനെ കുറ്റവാളിയെപ്പോലെ കണക്കാക്കുകയും, അധിക്ഷേപി ക്കുകയും ചെയ്തു. മഹാപുരോഹിതന്റെ അരമനയ്ക്കു ചുറ്റും ഉണ്ടായിരുന്ന തുറസ്സായ അങ്കണത്തിൽ പടയാളികളും ജനവും കൂടിയിരുന്നു. ഈ ജനക്കൂട്ട ത്തിനിടയിലൂടെയാണു ക്രിസ്തുവിനെ പടയാളികളുടെ കാവൽ അറയി ലേക്കു കൊണ്ടുപോയത്. ‘ദൈവപുത്രൻ’ എന്നു ക്രിസ്തു തന്നെക്കുറിച്ചു പറഞ്ഞതിനെ യെഹൂദന്മാർ പരിഹസിച്ചു. “ഇനി മനുഷ്യപുത്രൻ സർവ്വ ശക്തന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും” എന്ന ക്രിസ്തുവിന്റെ വാക്കുകളെ പരിഹാസ പൂർവ്വം അവർ ആവർത്തിച്ചു. പടയാളികളുടെ ഇടയിൽ, വിചാരണ

കാത്തിരുന്നപ്പോഴും, ക്രിസ്തുവിനു നിയമപരമായ സംരക്ഷണം ലഭിച്ചില്ല. സൻഹെദ്രിൻസംഘം അധാർമ്മികമായി യേശുവിനോടു പെരുമാറുന്നതു കണ്ട ജനം, ക്രിസ്തുവിനെ അധിക്ഷേപിക്കുവാൻ സ്വാതന്ത്ര്യം കാട്ടി. ക്രിസ്തുവിന്റെ ശ്രേഷ്ഠതയും, ദൈവികത്വവും ജനത്തെ കോപാന്ധന്മാർ ആക്കിത്തീർത്തു. യേശുവിന്റെ സൗമ്യഭാവവും, നിഷ്കളങ്കതയും, സഹിഷ്ണുതയും ജനത്തെ കൂടുതൽ ക്രുദ്ധരാക്കുകയാണു ചെയ്തത്. കാരുണ്യവും നീതിയും അവർക്ക് അന്യമായിത്തീർന്നു. ക്രിസ്തുവിനോടു യെഹൂദന്മാർ കാണിച്ചതുപോലെ ഇത്ര മനുഷ്യത്വരഹിതമായ പെരുമാറ്റം ഒരു മനുഷ്യനോടും ആരും കാണിച്ചിട്ടില്ല.

യേശുവിന്റെ ഹൃദയത്തെ ഭേദിക്കുന്ന ഒരു സംഭവം അപ്പോഴുണ്ടായി. ശത്രുക്കളിൽനിന്നുണ്ടായ ആക്രമണത്തെക്കാൾ അസഹനീയമായിരുന്നു അത്. കയ്യഫാവിന്റെ മുമ്പിൽ, പരിഹാസ്യമായ വിചാരണ നടന്നുകൊണ്ടിരിക്കുമ്പോൾ, ക്രിസ്തുവിന്റെ ശിഷ്യന്മാരിലൊരുവൻ ക്രിസ്തുവിനെ 'അറിയുന്നില്ലായെന്ന്' പറഞ്ഞു.

ഗെത്ശേമനത്തോട്ടത്തിൽവച്ചു ഗുരുവിനെ ശത്രുക്കൾ പിടിച്ചപ്പോൾ ഓടിപ്പോയ ശിഷ്യന്മാരിൽ രണ്ടുപേർ ധൈര്യം സംഭരിച്ച്, ക്രിസ്തുവിനെ പിടിച്ചുകൊണ്ടുപോയവരെ അനുഗമിച്ചു. ഈ രണ്ടു ശിഷ്യന്മാർ പത്രൊസും യോഹന്നാനുമായിരുന്നു. യോഹന്നാൻ പുരോഹിതന്മാർക്കു സുപരിചിതനായിരുന്നു. യേശുവിനു നേരിടുന്ന അപമാനം കാണുമ്പോൾ, യേശുവിനെ ദൈവപുത്രനായി അംഗീകരിക്കുകയില്ലായിരിക്കും എന്ന പ്രതീക്ഷയിലായിരുന്നു പുരോഹിതന്മാർ യോഹന്നാനെ അകത്തേക്കു കടത്തിവിട്ടത്. പത്രൊസിനു വേണ്ടി യോഹന്നാൻ സംസാരിച്ചു. പത്രൊസിനും അകത്തേക്കു പ്രവേശനം കിട്ടി.

അകത്തളത്തിൽ തീ കൂട്ടിയിട്ടിരുന്നു. നേരം ഏതാണ്ടു പുലരാൻ പോകുകയായിരുന്നു. തണുപ്പു നല്ലവണ്ണം ഉണ്ടായിരുന്ന രാത്രിയായിരുന്നു അത്. കുറച്ചുപേർ തീ കായുന്നതിനായി തീക്കു ചുറ്റും കൂടി. ആ കൂട്ടത്തിൽ ചേരുവാൻ പത്രൊസ് ഒരുങ്ങി. യേശുവിന്റെ ശിഷ്യൻ എന്നറിയപ്പെടാൻ പത്രൊസും ആഗ്രഹിച്ചില്ല. ജനക്കൂട്ടത്തിൽ ഇടകലർന്ന് അവരിൽ ഒരാളെപ്പോലെ കാണപ്പെടുവാൻ പത്രൊസ് ആഗ്രഹിച്ചു.

എന്നാൽ പത്രൊസിന്റെ മുഖം തീജ്ജ്വാലയുടെ പ്രകാശത്തിൽ കണ്ടപ്പോൾ, വാതിൽക്കൽ കാവൽ നിന്നിരുന്ന സ്ത്രീ, അവനെ തുറിച്ചുനോക്കി. യോഹന്നാനോടു കൂടെ പത്രൊസ് അകത്തുകടക്കുന്നത് അവൾ കണ്ടിരുന്നു. പത്രൊസിന്റെ മുഖത്തു നിഴലിട്ട നിരാശ അവളുടെ ദൃഷ്ടിയിൽപ്പെട്ടു. അവൻ യേശുവിന്റെ അനുയായി ആയിരിക്കുമെന്ന് അവൾ ഊഹിച്ചു. അവൾ കയ്യഫാവിന്റെ വീട്ടിലെ ഒരു ഭൃത്യ ആയിരുന്നു. അവൾ ജിജ്ഞാസയോടുകൂടി പത്രൊസിനോടു ചോദിച്ചു: "നീയും ഈ മനുഷ്യന്റെ ശിഷ്യന്മാരിൽ ഒരുവനോ?" ഇതു കേട്ടപ്പോൾ പത്രൊസ് ഞെട്ടുകയും കുഴങ്ങുകയും ചെയ്തു. അവിടെ കൂടിയിരുന്നവരുടെ കണ്ണുകൾ പത്രൊസിന്റെമേൽ പതിഞ്ഞു. അവൾ പറഞ്ഞതു മനസ്സിലാവുന്നില്ലായെന്ന ഭാവം പത്രൊസ്

കാണിച്ചു. പക്ഷേ അവൾ പിന്തിരിയാൻ ഒരുക്കമല്ലായിരുന്നു. "ഈ മനുഷ്യൻ യേശുവിനോടു കൂടെയുള്ളവൻ" എന്നു ചുറ്റുമുള്ളവരോട് ആ സ്ത്രീ പറഞ്ഞു. അപ്പോൾ പത്രൊസ് ഉത്തരം പറവാൻ നിർബന്ധിതനായി. കോപത്തോടെ പത്രൊസ് പറഞ്ഞു: "സ്ത്രീയേ, ഞാൻ അവനെ അറിയുന്നില്ല." ഇത് ഒന്നാമത്തെ തള്ളിപ്പറച്ചിലായിരുന്നു. പെട്ടെന്നു കോഴി കൂവി. പത്രൊസേ, ഇത്ര വേഗം നിന്റെ ഗുരുവിനെ നീ തള്ളിപ്പറയുകയോ?

ശിഷ്യനായ യോഹന്നാൻ ന്യായവിസ്താരസഭയിൽ കടന്നപ്പോൾ, താൻ യേശുവിന്റെ ശിഷ്യനാണെന്ന വസ്തുത ഒളിക്കുവാൻ ശ്രമിച്ചില്ല. തന്റെ ഗുരുവിനെ പരിഹസിക്കുന്നവരുടെകൂടെ ഇടകലരുവാനും യോഹന്നാൻ ശ്രമിച്ചില്ല. താൻ വേറൊരാളാണെന്നു നടിക്കാത്തതുകൊണ്ട് ആരും യോഹന്നാനെ ചോദ്യം ചെയ്തില്ല. താൻ ക്രിസ്തുവിന്റെ ശിഷ്യനാണെന്നു സംശയരഹിതമായി മനസ്സിലാക്കാവുന്ന നിലയിലായിരുന്നു യോഹന്നാൻ. യേശുവിനോടു കഴിവതും അടുത്തും, എന്നാൽ ജനക്കൂട്ടത്തിൽനിന്ന് അകന്നുമുള്ള സുരക്ഷിതമായ സ്ഥാനം യോഹന്നാൻ തെരഞ്ഞെടുത്തു. അവിടെ നിന്നുകൊണ്ടു തന്റെ കർത്താവിന്റെ വിചാരണയിൽ സംഭവിച്ചതെല്ലാം കാണുവാനും കേൾക്കുവാനും യോഹന്നാനു കഴിഞ്ഞു.

പത്രൊസ് തന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തുവാൻ ആഗ്രഹിച്ചില്ല. അനാസ്ഥയുടെ ഒരു മുഖാവരണം തന്റെമേൽ ഇട്ടതിനാൽ, പത്രൊസ് ശത്രുവിന്റെ വലയിൽ സ്വയം ചെന്നു പെടുകയാണു ചെയ്തത്. അങ്ങനെ പരീക്ഷയിൽ വീഴുവാൻ പത്രൊസിന് ഇടയായി. തന്റെ ഗുരുനാഥനുവേണ്ടി സമരം ചെയ്യേണ്ട ഒരു ധീരപോരാളിയായിരുന്നു പത്രൊസ്. എങ്കിലും പരിഹാസത്തിന്റെ വിരൽ തന്റെ നേർക്കു ചൂണ്ടപ്പെട്ടപ്പോൾ, പത്രൊസ് ഭീരുവായിത്തീർന്നു. കർത്താവിനുവേണ്ടി ധീരതയോടെ പോരാടുവാൻ കഴിവുള്ള അനേകർ, പരിഹാസം നേരിടുവാൻ കഴിയാതെ വിശ്വാസത്തെ ത്യജിച്ചുകളയുന്നു. ദൈവഭയമില്ലാത്തവരുമായി കൂട്ടുകൂടുമ്പോൾ, തങ്ങളെത്തന്നെ പരീക്ഷയുടെ പാതയിലേക്കു നയിക്കയാണ് അവർ ചെയ്യുന്നത്. ശത്രുവിനെ അവർ ക്ഷണിച്ചുവരുത്തുന്നു. അവർ ആവശ്യമില്ലാത്ത തെറ്റുകളിലേക്കു വീഴുന്നു. പത്രൊസിനെപ്പോലെ പരിഹാസത്തെയോ, കഷ്ടപ്പാടിനെയോ ഭയന്ന്, തങ്ങളുടെ വിശ്വാസത്തെ ഒളിക്കുന്ന ക്രിസ്തുവിന്റെ ശിഷ്യന്മാർ ഇന്നും ഉണ്ട്. അവർ നിർണ്ണായകഘട്ടങ്ങൾ വരുമ്പോൾ ക്രിസ്തുവിനെ തള്ളിപ്പറയുന്നു.

തന്റെ ഗുരുനാഥനിൽ ഒരു താൽപര്യവുമില്ലാത്ത വ്യക്തി എന്നു കാണിപ്പാൻ പത്രൊസ് ശ്രമിച്ചു. എങ്കിലും കർത്താവിനെ അധിക്ഷേപിക്കുന്നതു കണ്ടപ്പോൾ പത്രൊസ് ദുഃഖഭാരത്താൽ തകർന്നു. അപമാനിക്കപ്പെടുവാൻ സ്വയം സമ്മതിച്ചതിൽ പത്രൊസിനു കലശലായ കോപം ഉണ്ടായിരുന്നു. തന്റെ യഥാർത്ഥ വികാരങ്ങൾ മറയ്ക്കുന്നതിന്, യേശുവിന്റെ ശത്രുക്കളുടെ കൂട്ടത്തിൽ പത്രൊസ് ഇടകലർന്നു. എന്നാൽ പത്രൊസിന്, തന്റെ ഹൃദയത്തെ ഒളിക്കുവാൻ സാധിച്ചില്ല. യേശുവിനെക്കുറിച്ചു താൽപര്യമില്ലാത്തവനായി ഭാവിച്ചു സംസാരിച്ചപ്പോഴും, യേശുവിനെ അധിക്ഷേപിക്കുന്നവരോടുള്ള കോപം അടക്കുവാൻ പത്രൊസിനു കഴിഞ്ഞില്ല.

വീണ്ടും പത്രൊസിന്റെ മേൽ കാണികളുടെ ശ്രദ്ധ പതിഞ്ഞു. രണ്ടാമതും പത്രൊസിന്, താൻ ക്രിസ്തുവിന്റെ അനുയായി എന്ന ആരോപണം കേൾക്കേണ്ടിവന്നു. "ആ മനുഷ്യനെ ഞാൻ അറിയുന്നില്ല" എന്നു വീണ്ടും പത്രൊസ് ആണയിട്ടു പറഞ്ഞു. വീണ്ടും ഒരവസരം കൂടി പത്രൊസിനു നല്കപ്പെട്ടു. ഒരു നാഴിക കഴിഞ്ഞപ്പോൾ പത്രൊസ് കാതറുത്ത മഹാപുരോഹിതന്റെ ദാസന്മാരിലൊരുവന്റെ ചാർച്ചക്കാരനായ ഒരുത്തൻ, "ഞാൻ നിന്നെ അവനോടുകൂടെ തോട്ടത്തിൽ കണ്ടില്ലയോ?" എന്നു ചോദിച്ചു. "നീ ആ കൂട്ടരിൽ ഉള്ളവൻ സത്യം; ഗലീലക്കാരനല്ലോ. നിന്റെ ഉച്ചാരണവും നിന്നെ വെളിവാക്കുന്നുവല്ലോ" എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ പത്രൊസ് വളരെ കോപിച്ചു. യേശുവിന്റെ ശിഷ്യന്മാർ നല്ല രീതിയിലുള്ള സംഭാഷണങ്ങൾക്കു പേരുകേട്ടവരായിരുന്നു. എന്നാൽ പത്രൊസ്, തന്നോടു ചോദിച്ചവരെ കുഴയ്ക്കുന്നതിനും, താൻ ക്രിസ്തുവിന്റെ ശിഷ്യനല്ല എന്നു മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുന്നതിനും, തന്റെ ഗുരുവിനെ പ്രാകിക്കൊണ്ടും ആണയിട്ടുകൊണ്ടും തള്ളിപ്പറഞ്ഞു. കോഴി വീണ്ടും കൂവി. "കോഴി രണ്ടുവട്ടം കൂവും മുമ്പേ, നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും" (മർക്കൊസ് 14:30) എന്നു യേശു പറഞ്ഞ വാക്കുകൾ പത്രൊസ് ഓർത്തു.

മോശമായ ആണയിടൽ പത്രൊസിന്റെ അധരങ്ങളിൽനിന്നു മായുന്നതിനു മുമ്പേ, കോഴി കൂവുന്നതിന്റെ ശബ്ദം കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കവേ, ബന്ധനസ്ഥനായ കർത്താവ്, പത്രൊസിനെ ഒന്നു നോക്കി. പത്രൊസിന്റെ കണ്ണുകൾ കർത്താവിന്റെ കണ്ണുകളുമായി ഇടഞ്ഞു. യേശുവിന്റെ മുഖത്തു കോപത്തിന്റെയോ, വെറുപ്പിന്റെയോ ലാഞ്ഛനപോലുമില്ലായിരുന്നു. നേരെമറിച്ച് ആ മുഖത്ത് അനുകമ്പയും ആർദ്രതയും നിഴലിട്ടിരുന്നു.

സ്നേഹസ്വരൂപനായ യേശുവിന്റെ നോട്ടം ഒരമ്പുപോലെ പത്രൊസിന്റെ ഹൃദയത്തെ തുളച്ചു. പത്രൊസിന്റെ മനസ്സാക്ഷി ഉണർത്തപ്പെട്ടു. ഓർമ്മ സജീവമായി. മരിക്കുവാനോ, കാരാഗൃഹത്തിൽ കഴിയുവാനോ കർത്താവിനോടൊപ്പം പോകാമെന്നു കുറച്ചു മണിക്കൂറുകൾക്കു മുമ്പു ചെയ്ത വാഗ്ദത്തം പത്രൊസ് ഓർത്തു. ഇതേ രാത്രിയിൽത്തന്നെ തന്റെ കർത്താവിനെ മൂന്നുവട്ടം തള്ളിപ്പറയുമെന്നു മാളികമുറിയിൽവച്ചു യേശു പറഞ്ഞതും പത്രൊസ് ഓർത്തു. താൻ കർത്താവിനെ അറിയുന്നില്ലായെന്നു പറഞ്ഞെങ്കിലും, കർത്താവു തന്നെ എത്ര നന്നായി അറിയുന്നുവെന്നും, തന്റെ ഹൃദയത്തിന്റെ കാപട്യം തനിക്കുതന്നെ അജ്ഞാതമായിരിക്കവേ, അതെത്ര വ്യക്തമായി കർത്താവു കാണുന്നുവെന്നും പത്രൊസ് മനസ്സിലാക്കി.

ഓർമ്മകളുടെ ഒരു വേലിയേറ്റം പത്രൊസിനുണ്ടായി. കർത്താവിന്റെ ദയ, ദീർഘക്ഷമ, ശാന്തത, സഹിഷ്ണുത തുടങ്ങിയ സൽഗുണങ്ങളെ പത്രൊസ് ഓർത്തു. "ശിമോനേ, ശിമോനേ, സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ടതിനു കല്പന ചോദിച്ചു. ഞാനോ, നിന്റെ വിശ്വാസം പൊയ്പ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു" (ലൂക്കൊസ് 22:31,32) എന്ന കർത്താവിന്റെ വാക്കുകൾ പത്രൊസിന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. തന്റെ നന്ദിയില്ലായ്മയെയും, കള്ളംപറച്ചിലിനെയും പത്രൊസ് വീണ്ടും

ഓർത്തു. ഒരിക്കൽക്കൂടി കർത്താവിന്റെ മുഖത്തേക്കു പത്രൊസ് നോക്കി. ഒരു അവിശ്വാസിയുടെ കരം കർത്താവിനുനേരെ ഉയർത്തിയിരിക്കുന്നതു പത്രൊസ് കണ്ടു. ആ രംഗം കണ്ടുനിൽക്കാനാവാതെ, തകർന്ന ഹൃദയത്തോടെ പത്രൊസ് അവിടെനിന്നു പോയി.

എങ്ങോട്ടു പോകുന്നുവെന്നറിയാതെ പത്രൊസ് ഏകനായി അന്ധകാരത്തിലൂടെ നടന്നു. ഒടുവിൽ ഗെത്ശേമനത്തോട്ടത്തിൽ എത്തിച്ചേർന്നു. കുറച്ചു മണിക്കൂറുകൾക്കു മുമ്പ് അവിടെ നടന്ന സംഭവങ്ങൾ പത്രൊസ് ഓർത്തു. കർത്താവു തനിയേ പ്രാർത്ഥിച്ചതും, വേദന അനുഭവിച്ചതും, തങ്ങൾ ഉറങ്ങിപ്പോയതുമെല്ലാം പത്രൊസിന്റെ മനസ്സിലേക്കു വീണ്ടും കടന്നുവന്നു. "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ" (മത്തായി 26:41) എന്ന കർത്താവിന്റെ സ്നേഹത്തോടുകൂടിയ ഉപദേശം പത്രൊസ് ഓർത്തു. ന്യായവിസ്താരവേളയിലെ സംഭവങ്ങളും പത്രൊസിന് ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല. താൻ മൂലം കർത്താവു കൂടുതൽ വേദനിക്കുവാൻ കാരണമായതിനെ ഓർത്തു പത്രൊസ് ദുഃഖിച്ചു. തന്റെ രക്ഷകൻ വേദനയനുഭവിച്ച സ്ഥാനത്തു വീണുകിടന്നു പത്രൊസ് വിലപിച്ചു. മരിച്ചിരുന്നെങ്കിൽ കൊള്ളായിരുന്നുവെന്ന് അവൻ ആശിച്ചു.

ഉണർന്നിരുന്നു പ്രാർത്ഥിക്കുവാൻ കർത്താവ് ആവശ്യപ്പെട്ടപ്പോൾ പത്രൊസ് ഉറക്കത്തിന് അടിമയായി. തന്റെ വീഴ്ചയ്ക്കു കാരണമായതു പ്രാർത്ഥന ഇല്ലായ്മ ആയിരുന്നു. നിർണ്ണായക നാഴികയിൽ ഉറങ്ങിയതു കാരണം എല്ലാ ശിഷ്യന്മാർക്കും വലിയ നഷ്ടം സഹിക്കേണ്ടതായി വന്നു. ശിഷ്യന്മാർക്കു നേരിടേണ്ടി വരാൻ പോകുന്ന അഗ്നിശോധനയെക്കുറിച്ചു കർത്താവ് അറിഞ്ഞിരുന്നു. വരാൻ പോകുന്ന പരീക്ഷയെ നേരിടുവാൻ തക്ക ഒരുക്കമില്ലാതെയിരിക്കുവാൻ സാത്താൻ തന്റെ ശിഷ്യന്മാരെ സ്വാധീനിക്കുമെന്നു ക്രിസ്തുവിനറിയാമായിരുന്നു. അതുകൊണ്ടായിരുന്നു കർത്താവ്, ശിഷ്യന്മാർക്കു മുന്നറിയിപ്പു നല്കിയത്. ഗെത്ശേമനത്തോട്ടത്തിൽ ആയിരുന്നപ്പോൾ, പ്രാർത്ഥനയിലും ധ്യാനത്തിലും പത്രൊസ് സമയം ചെലവഴിച്ചിരുന്നുവെങ്കിൽ, പത്രൊസിനു പരാജയം വരികയില്ലായിരുന്നു. കർത്താവിനെ തള്ളിപ്പറയേണ്ടിവരികയില്ലായിരുന്നു. കർത്താവിനോടൊന്നിച്ചു പ്രാർത്ഥിച്ചിരുന്നുവെങ്കിൽ ക്രിസ്തുവിന്റെ ക്രൂശീകരണത്തെ നേരിടുവാനുള്ള ശക്തിയും ഒരുക്കവും ശിഷ്യന്മാർക്കു ലഭിക്കുമായിരുന്നു. കർത്താവിന് അനുഭവിക്കേണ്ടതായി വന്ന വേദനയെ, അല്പമായിട്ടെങ്കിലും അവർ ഗ്രഹിക്കുമായിരുന്നു. തനിക്കു വരാൻ പോകുന്ന പീഡനങ്ങളെയും, മരണത്തെയും, പുനരുത്ഥാനത്തെയും കുറിച്ചു കർത്താവു മുൻകൂട്ടി പറഞ്ഞത് അവർ ഓർമ്മിക്കുമായിരുന്നു. തങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന നിരാശയുടെ അന്ധകാരത്തിൽ, പ്രത്യാശയുടെ തൂവെളിച്ചം ശിഷ്യന്മാരെ ധൈര്യപ്പെടുത്തുമായിരുന്നു. നേരം പുലർന്ന ഉടനെ സൻഹെദ്രിൻ വീണ്ടും കൂടി. യേശുവിനെ വീണ്ടും ന്യായവിസ്താരമുറിയിലേക്കു കൊണ്ടുവന്നു. താൻ ദൈവപുത്രനെന്നു പറഞ്ഞതിനെ യേശുവിനെതിരെയുള്ള കുറ്റമായി അവർ വ്യാഖ്യാനിച്ചു. എന്നാൽ രാത്രിയിലെ ന്യായവിസ്താരത്തിൽ സൻഹെദ്രി

നിലെ അംഗങ്ങളിൽ പലരും ഹാജരില്ലായിരുന്നതുകൊണ്ട്, യേശുവിന്റെ വാക്കുകൾ കേട്ടിരുന്നില്ല. തന്മൂലം കേൾക്കാത്ത വാക്കുകളെ അടിസ്ഥാന മാക്കി അവർക്കു കുറ്റംവിധിപ്പാൻ കഴിയുകയില്ലായിരുന്നു. റോമൻ ന്യായാ ധിപസംഘത്തിനും യേശുവിനെതിരെ മരണയോഗ്യമായ കുറ്റമൊന്നും കണ്ടെത്താൻ കഴിയുകയില്ലെന്നു സൻഹെദ്രിൻസംഘാംഗങ്ങൾക്ക് അറിയാമായിരുന്നു.

"എന്നാൽ നീ ദൈവപുത്രൻ തന്നെയോ എന്ന് എല്ലാവരും ചോദിച്ചതിന്: നിങ്ങൾ പറയുന്നതു ശരി; ഞാൻ ആകുന്നുവെന്ന് അവൻ പറഞ്ഞു. അപ്പോൾ അവർ: ഇനി സാക്ഷ്യംകൊണ്ടു നമുക്ക് എന്ത് ആവശ്യം? നാം തന്നെ അവന്റെ വാമൊഴി കേട്ടുവല്ലോ."

അങ്ങനെ യെഹൂദനേതാക്കന്മാരുടെ മൂന്നാമത്തെ ശിക്ഷാവിധിയോടെ, യേശു മരണത്തിനേല്പിക്കപ്പെട്ടു. ഇനി ആവശ്യമായിരിക്കുന്നത്, റോമൻ ഭരണകൂടത്തിന്റെ അനുമതി ലഭിക്കുകയും, യേശുവിനെ റോമാക്കാരുടെ കയ്യിൽ ഏല്പിക്കുകയും ചെയ്യുക എന്നതുമായിരുന്നു.

യേശുവിനെ പരിഹസിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന മൂന്നാമ ത്തെ രംഗം ആരംഭിച്ചു. അജ്ഞരായ ജനക്കൂട്ടത്തിൽനിന്നു ലഭിച്ചതിനെ ക്കാൾ മോശമായ പെരുമാറ്റമാണു യെഹൂദപ്രമാണികളിൽനിന്നു യേശു വിനു ലഭിച്ചത്. അനുകമ്പാരഹിതമായ, മനുഷ്യത്വമില്ലാത്ത പെരുമാറ്റമായി രുന്നു അവർ ക്രിസ്തുവിനു നല്കിയത്. ഏതു പ്രകാരമെങ്കിലും യേശു വിനെ കുറ്റം വിധിപ്പാൻ അവർ ഒരുങ്ങിയിരുന്നു. ശരിയായ തെളിവുകളി ല്ലെങ്കിൽ, മർദ്ദനമുറയുപയോഗിച്ചു കുറ്റം സമ്മതിപ്പിക്കുവാൻ അവർ തീർച്ച പ്പെടുത്തിയിരുന്നു.

സൻഹെദ്രിൻസംഘം യേശുവിനെതിരെ വിധി പ്രസ്താവിച്ചപ്പോൾ, ജനം ഉന്മത്തരെപ്പോലെ പെരുമാറി. വന്യമൃഗങ്ങളെപ്പോലെ അവർ അട്ടഹസിച്ചു. റോമൻ പടയാളികൾ അവരെ തടഞ്ഞില്ലായിരുന്നുവെങ്കിൽ, അവർ യേശു വിനെ പിച്ചിച്ചീന്തുമായിരുന്നു.

ഒരു കുറ്റവും ചെയ്തതായി തെളിയിക്കപ്പെടാത്ത ഒരു വ്യക്തിയോട് ഇത്ര ഹീനമായി പെരുമാറുന്നതിൽ റോമൻ ഉദ്യോഗസ്ഥർ അതൃപ്തരായി. യേശു വിന്റെമേൽ യെഹൂദന്മാർ ശിക്ഷാവിധി പ്രസ്താവിച്ചതിലൂടെ, അവർ റോമൻ അധികാരത്തെ കടന്നാക്രമിക്കുകയായിരുന്നുവെന്നും, ഒരു മനുഷ്യന്റെ സ്വന്ത സാക്ഷ്യത്തിന്മേൽ അയാൾക്കു മരണശിക്ഷ നല്കുന്നതു യെഹൂദനിയമ ത്തിനുപോലും നിരക്കാത്തതാണെന്നും റോമാക്കാർ പറഞ്ഞു. റോമാക്കാരുടെ ഈ നിലപാടു നിയമനടപടികളിൽ ഒരു താൽക്കാലിക മാന്ദ്യം സൃഷ്ടിച്ചു. പക്ഷേ, യെഹൂദനേതാക്കളിൽ അല്പം പോലും സഹതാപമോ, കരുണയോ അവശേഷിച്ചിരുന്നില്ല.

പുരോഹിതന്മാരും പ്രമാണികളും തങ്ങളുടെ ഔദ്യോഗിക സ്ഥാന ത്തിന്റെ അന്തസ്സുപോലും മറന്നു. മോശമായ പദപ്രയോഗങ്ങൾകൊണ്ട്

അവർ ദൈവപുത്രനെ അവഹേളിച്ചു. താൻ മശീഹയാണെന്നു പറഞ്ഞതു കൊണ്ട് ഏറ്റവും ദയാരഹിതമായ മരണത്തിന് അർഹനാണെന്ന് അവർ പറഞ്ഞു. ക്രിസ്തുവിനെ പരിഹസിക്കുന്നതിൽ അവർ ഉത്സുകരായിരുന്നു. ഒരു പഴയ വസ്ത്രം യേശുവിന്റെ തലമേൽ ഇട്ടു മുഖം മൂടിയതിനു ശേഷം യേശുവിന്റെ കന്നത്തടിച്ചു, എന്നിട്ടു പറഞ്ഞു: "ഹേ ക്രിസ്തുവേ, നിന്നെ തല്ലിയത് ആർ എന്നു ഞങ്ങളോടു പ്രവചിക്ക." മുഖത്തെ ആവരണം നീക്കിയപ്പോൾ ഒരു നികൃഷ്ടൻ കർത്താവിന്റെ മുഖത്തു തുപ്പി.

സ്വർഗ്ഗത്തിലെ രാജകുമാരൻ അനുഭവിക്കേണ്ടിവന്ന പീഡനങ്ങൾ ദൈവ ദൂതന്മാർ വീക്ഷിക്കുന്നുണ്ടായിരുന്നു. സ്വർഗ്ഗത്തിൽ അവ രേഖപ്പെടുത്തപ്പെട്ടു. കർത്താവിനെ നിന്ദിക്കുകയും അപമാനിക്കുകയും ചെയ്ത അതേ ജനം, ഒരു നാളിൽ, കർത്താവിന്റെ മുഖം സൂര്യനെ വെല്ലുന്ന ശോഭകൊണ്ടു പ്രകാശിക്കുമ്പോൾ, ലജ്ജിതരായി കാണുവാനിടയാകും.

# 76

# യൂദാ

ദൈവം ഉയർത്തുമായിരുന്ന ഒരു ജീവിതത്തിന്റെ ദുഃഖപര്യവസാനമാണു യൂദയുടെ ചരിത്രം കാഴ്ച വയ്ക്കുന്നത്. യെരൂശലേമിലേക്കുള്ള തന്റെ ഒടുവിലത്തെ യാത്രയ്ക്കു മുമ്പായി യൂദാ മരിച്ചിരുന്നുവെങ്കിൽ പന്തിരുവരുടെ ഇടയിൽ അവന് ഒരു സ്ഥാനം ലഭിക്കുകയും ഏവർക്കും പ്രിയങ്കരനായിരിക്കുകയും ചെയ്യുമായിരുന്നു. യൂദയുടെ ജീവിതസായാഹ്നത്തിൽ പ്രകടമാക്കപ്പെട്ട സ്വഭാവവൈകല്യങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇന്നു യൂദയുടെ പേരിനുള്ള കളങ്കം ഒരിക്കലുമുണ്ടാകയില്ലായിരുന്നു. ലോകത്തിന്റെ മുമ്പിൽ യൂദയുടെ സ്വഭാവം പ്രദർശിപ്പിച്ചിരിക്കുന്നതിന് ഒരു ഉദ്ദേശ്യമുണ്ട്. പാവനമായ ഉത്തരവാദിത്വങ്ങളോട് അവഗണന കാട്ടുന്നവർക്ക് അവന്റെ ചരിത്രം ഒരു മുന്നറിയിപ്പാണ്.

യേശുവിനെ ഏല്പിച്ചുകൊടുക്കാമെന്നു പെസഹയ്ക്കു മുമ്പു യൂദാ പുരോഹിതന്മാരുമായി ഉണ്ടാക്കിയ കരാർ വീണ്ടും പുതുക്കി. യേശു പതിവായി ധ്യാനത്തിനു പോകാറുള്ള സ്ഥലങ്ങളിലൊരിടത്തുവച്ചു തടങ്കലിലാക്കണ

മെന്ന് അവർ തമ്മിൽ പറഞ്ഞൊത്തു. പുരോഹിതന്മാരുമായി ഉണ്ടാക്കിയ കരാറിൽനിന്നു പിന്മാറുവാൻ, ശീമോന്റെ വീട്ടിൽവച്ചു നടന്ന വിരുന്നിനുശേഷം പല സന്ദർഭങ്ങൾ ഉണ്ടായെങ്കിലും യൂദയുടെ മനസ്സിന് ഒരു മാറ്റവുമില്ലായിരുന്നു. ഒരു അടിമയ്ക്കു ലഭിക്കുന്ന വിലയായ മുപ്പതു വെള്ളിക്കാശിന്, മഹത്വരാജാവായ ക്രിസ്തുവിനെ, യൂദാ കൊലയ്ക്ക് ഏല്പിച്ചുകൊടുത്തു.

യൂദാ ഒരു ദ്രവ്യാഗ്രഹി ആയിരുന്നു. എന്നാൽ ഇത്ര അധമമായ ഒരു പ്രവൃത്തി ചെയ്യുവാൻ തക്കവണ്ണം യൂദാ മുമ്പു ഹീനനായിരുന്നില്ല. എന്നാൽ പണത്തോടുള്ള താൽപര്യം വർദ്ധിച്ച്, അതു ജീവിതത്തിന്റെ ലക്ഷ്യമായിത്തീരുവാൻ യൂദാ അനുവദിച്ചു. ക്രിസ്തുവിനെ സ്നേഹിക്കുന്നതിനെക്കാൾ കൂടുതൽ യൂദാ പണത്തെ സ്നേഹിച്ചു. ഒരു തിന്മയ്ക്ക് അടിമയായതു മൂലം യൂദാ തന്റെ സ്വാതന്ത്ര്യത്തെ സാത്താന് അടിയറവച്ചു.

ക്രിസ്തുവിന്റെ ജനസ്വാധീനം വർദ്ധിക്കുന്നതുകൊണ്ടാണു യൂദാ ക്രിസ്തുവിന്റെ ശിഷ്യഗണത്തിലൊരുവനായത്. യേശുവിന്റെ ഉപദേശം ജനത്തെ ഹഠാദാകർഷിച്ചു. ജനങ്ങൾ യേശുവിനെ കാണ്മാൻ ദൈവാലയത്തിലും മലമ്പ്രദേശങ്ങളിലും കടല്ക്കരയിലും തടിച്ചുകൂടി. രോഗികളും അംഗഹീനരും എല്ലായിടങ്ങളിൽനിന്നും യേശുവിനെ കാണ്മാൻ വന്നുകൊണ്ടിരുന്നു. രോഗികളെ സൗഖ്യമാക്കുകയും പിശാചുക്കളെ പുറത്താക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്യുന്നതുമായ യേശുവിന്റെ അത്ഭുതപ്രവൃത്തികൾ യൂദാ കണ്ടു. താൻ കേട്ടിട്ടുള്ളതിലേക്കും ശ്രേഷ്ഠമായ ഉപദേശമായിരുന്നു ക്രിസ്തുവിന്റേത്. യൂദാ യേശുവിനെ വളരെ സ്നേഹിച്ചിരുന്നു. യേശുവിനോടുകൂടെ ഇരിപ്പാൻ യൂദാ താൽപര്യമുള്ളവനായിരുന്നു. തന്റെ ജീവിതത്തിന് ഒരു മാറ്റമുണ്ടാകുവാൻ യൂദാ ആഗ്രഹിച്ചു. കർത്താവു യൂദയെ ഒരിക്കലും തള്ളിക്കളഞ്ഞില്ല. പന്തിരുവരിൽ ഒരു സ്ഥാനം യേശു അവനു നല്കി. സുവിശേഷകനായിരിപ്പാനുള്ള സന്ദർഭം യേശു അവനു കൊടുത്തു. രോഗികളെ സൗഖ്യമാക്കുവാനും പിശാചുക്കളെ പുറത്താക്കുവാനുമുള്ള അധികാരം യേശു യൂദയ്ക്കു പ്രദാനം ചെയ്തു. എന്നാൽ തന്റെ സ്വയത്തെ ക്രിസ്തുവിനു സമർപ്പിക്കുവാൻ യൂദാ വിസമ്മതം കാട്ടി. ലോകമോഹവും ദ്രവ്യാഗ്രഹവും യൂദാ വിട്ടുകളഞ്ഞില്ല. ക്രിസ്തുവിന്റെ ഒരു സുവിശേഷകൻ എന്ന സ്ഥാനം താൻ സ്വീകരിച്ചപ്പോൾ, ദൈവിക രൂപപ്പെടുത്തലിനു സ്വയം വിധേയനാകുവാൻ യൂദാ തയ്യാറായില്ല. സ്വന്ത ആലോചനയും, തീരുമാനങ്ങളും യൂദാ വച്ചുപുലർത്തി. വിമർശനവും കുറ്റപ്പെടുത്തലും ഒരു സ്വഭാവമായി യൂദാ വളർത്തിയെടുത്തു.

മറ്റു ശിഷ്യന്മാർ യൂദയെ വളരെ ആദരവോടെ കരുതിയിരുന്നു. അവന് അവരുടെമേൽ സ്വാധീനവും ഉണ്ടായിരുന്നു. തന്റെ കഴിവിൽ യൂദാ സ്വയം അഭിമാനിച്ചിരുന്നു. മറ്റുള്ള ശിഷ്യന്മാർ തന്നെക്കാൾ കഴിവു കുറഞ്ഞവരാണെന്നും അവൻ കരുതിയിരുന്നു. അവസരങ്ങളെ തക്കത്തിൽ പ്രയോജനപ്പെടുത്താത്തവർ എന്നു സഹോദരങ്ങളെക്കുറിച്ചു യൂദാ ചിന്തിച്ചു. ഇങ്ങനെയുള്ളവരുടെ നേതൃത്വം ക്രൈസ്തവസഭയ്ക്കു ഗുണം ചെയ്യുകയില്ലായെന്നു യൂദാ കരുതി. അവന്റെ ദൃഷ്ടിയിൽ പത്രൊസ് ഒരു വികാരജീവിയും, യോഹ

ന്നാൻ അപക്വതയുള്ള ഒരു പണമിടപാടുകാരനുമായിരുന്നു. ഭക്തനായ മത്തായി ദൂരദൃഷ്ടിയോ, ബുദ്ധിസാമർത്ഥ്യമോ ഇല്ലാത്ത ആളെന്നു യൂദാ വിലയിരുത്തി. ഓരോ ശിഷ്യനെക്കുറിച്ചും യൂദാ മോശമായിട്ടാണു കരുതിയത്. തന്നെക്കാൾ ശ്രേഷ്ഠനായി ശിഷ്യന്മാരിൽ ആരുമില്ലെന്നു യൂദാ വിചാരിച്ചു.

തന്റെ സ്വഭാവത്തിലെ പോരായ്മകളെ കാണുവാൻ യൂദയ്ക്കു കഴിഞ്ഞില്ല. തന്റെ തെറ്റുകളെ തിരുത്തുവാനുള്ള സന്ദർഭം ക്രിസ്തു അവനു നല്കി. ശിഷ്യന്മാരുടെ ഇടയിലെ പണംസൂക്ഷിപ്പുകാരൻ എന്ന നിലയിൽ, അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ചുമതല യൂദയുടേതായിരുന്നു. സാധുക്കളെ സഹായിക്കുക എന്ന ചുമതലയും യൂദയ്ക്കുണ്ടായിരുന്നു. "നീ ചെയ്യുന്നതു വേഗത്തിൽ ചെയ്യുക" (യോഹ. 13:27) എന്നു പെസഹാരാത്രിയിൽ യേശു യൂദയോടു പറഞ്ഞപ്പോൾ, വിരുന്നിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനോ, ദരിദ്രന്മാരെ സഹായിക്കുവാനോ യൂദയ്ക്കു യേശു നിർദ്ദേശം നല്കുകയായിരുന്നു എന്നാണു മറ്റു ശിഷ്യന്മാർ വിചാരിച്ചത്. മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിലൂടെ യൂദയ്ക്കു സേവനത്തിന്റെ ആത്മാവിനെ തന്നിൽത്തന്നെ വളർത്തിയെടുക്കാമായിരുന്നു. എങ്കിലും അവൻ ദുരാഗ്രഹത്തിന്റെ ആത്മാവിനു വഴിപ്പെടുകയാണു ചെയ്തത്. തന്റെ കയ്യിൽ വന്നുകൊണ്ടിരുന്ന ദ്രവ്യം തനിക്ക് ഒരു പരീക്ഷയായിരുന്നു. പൊതുധനത്തിൽനിന്നു സ്വാർത്ഥപരമായ ആവശ്യങ്ങൾക്കു യൂദാ പണം എടുത്തുപോന്നു. തന്റെ നോട്ടത്തിൽ അവ ന്യായമായിട്ടുള്ളതെന്ന് അവൻ കരുതി. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ ഒരു കള്ളൻ തന്നെയായിരുന്നു.

തന്റെ രാജ്യം ഐഹികമല്ല എന്ന ക്രിസ്തുവിന്റെ പ്രസ്താവന യൂദയെ നീരസപ്പെടുത്തിയിരുന്നു. ക്രിസ്തുവിന്റെ പ്രവർത്തനം താൻ ആഗ്രഹിച്ച രീതിയിൽ നടക്കണമെന്ന്, യൂദാ താൽപര്യപ്പെട്ടു. യോഹന്നാൻ സ്നാപകനെ തടവിൽനിന്നു ക്രിസ്തു മോചിപ്പിക്കേണ്ടതായിരുന്നുവെന്നു യൂദാ ആഗ്രഹിച്ചു. എന്നാൽ യൂദയുടെ ആഗ്രഹനിവൃത്തി ഉണ്ടായില്ല. യോഹന്നാന്റെ തല ഛേദിക്കപ്പെട്ടു. യോഹന്നാന്റെ മരണത്തിനു പ്രതിക്രിയ ചെയ്യാതെ, യേശു ശിഷ്യന്മാരുമൊത്തു വിജനപ്രദേശത്തേക്കു പോയതും യൂദാ ഇഷ്ടപ്പെട്ടില്ല. യോഹന്നാൻ വധിക്കപ്പെട്ടപ്പോൾ, യേശു അതിനു തക്ക ശിക്ഷ നല്കി തന്റെ ഭൗമികരാജ്യം ഉറപ്പിക്കുമെന്നു യൂദാ പ്രതീക്ഷിച്ചു. എന്നാൽ യേശു വിജനപ്രദേശത്തേക്കു വാങ്ങിപ്പോകുകയാണു ചെയ്തത്. ഒരു കടന്നാക്രമണമായിരുന്നു യൂദാ കണക്കുകൂട്ടിയത്. യേശു ശിഷ്യന്മാരെ പിന്തിരിപ്പിക്കാതിരിക്കുകയാണെങ്കിൽ വിജയം സുനിശ്ചിതമെന്നും യൂദാ വിശ്വസിച്ചു. യെഹൂദനേതാക്കളുടെ വർദ്ധിച്ചുവരുന്ന ശത്രുത്വം യൂദാ ശ്രദ്ധിച്ചു. യെഹൂദനേതാക്കൾ, ക്രിസ്തുവിനോട് ആകാശത്തിൽനിന്ന് ഒരടയാളം കാണിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അതു പരിഗണിക്കാതെ തള്ളിയതു ശരിയായില്ല എന്നു യൂദാസ് കരുതി. അവിശ്വാസത്തിന്റെ ചുഴിയിൽ യൂദാ പെട്ടുകഴിഞ്ഞു. സംശയവും ചോദ്യംചെയ്യലും യൂദയെ കീഴ്പ്പെടുത്തി. യേശു എന്തിനു നിരാശ ഉളവാക്കുന്ന പാത തെരഞ്ഞെടുത്തു എന്ന ചോദ്യം യൂദയെ മഥിച്ചു. എന്തിനു പരിശോധനയുടെയും കഷ്ടപ്പാടിന്റെയും പാതയി

ലൂടെ സഞ്ചരിക്കണമെന്നു ശിഷ്യന്മാരോടു യേശു കല്പിച്ചു. ക്രിസ്തുവിന്റെ രാജ്യത്തിൽ അധികാരമുള്ള ഒരു സ്ഥാനം കിട്ടുമെന്ന പ്രതീക്ഷയായിരുന്നു, ക്രിസ്തുവിനോടുകൂടെ പ്രവർത്തിക്കാൻ യൂദയെ പ്രേരിപ്പിച്ചത്. ക്രിസ്തു ദൈവപുത്രനാണെന്നു യൂദാ വിശ്വസിച്ചിട്ടില്ലായിരുന്നു. സംശയാലുവായിരുന്ന യൂദാ, ക്രിസ്തു പ്രവർത്തിച്ച അത്ഭുതങ്ങൾക്കു വിശദീകരണം തേടുകയായിരുന്നു.

ക്രിസ്തു, ഒരു ഭൗമിക രാജാവായി യെരൂശലേമിൽ വാഴുമെന്നു യൂദാ പ്രതീക്ഷിക്കുകയും, ആ ആശയം പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അയ്യായിരം പേർക്കു കർത്താവ് ആഹാരം നല്കിക്കൊണ്ടിരുന്നപ്പോൾ, ഈ ആശയം പ്രചരിപ്പിക്കുവാൻ യൂദാ ശ്രമിച്ചു. വിശന്നിരുന്ന ജനത്തിന് ആഹാരം വിളമ്പുന്നതിൽ യൂദാ പങ്കെടുത്തു. മറ്റുള്ളവരെ ശുശ്രൂഷിക്കുമ്പോൾ ലഭിക്കുന്ന സ്വർഗ്ഗീയാനുഗ്രഹം കാണുവാനുള്ള സന്ദർഭം യൂദയ്ക്കു ലഭിച്ചു. ദൈവത്തെ ശുശ്രൂഷിക്കുമ്പോൾ ലഭിക്കുന്ന സംതൃപ്തി യൂദയും അനുഭവിച്ചിരുന്നു. പുരുഷാരത്തിൽനിന്നു രോഗികളെയും കഷ്ടപ്പെടുന്നവരെയും ക്രിസ്തുവിന്റെ അടുത്തേക്ക് ആനയിച്ചതു യൂദയായിരുന്നു. പുനരുജ്ജീവിപ്പിക്കുന്നവനിൽനിന്നു വരുന്ന രോഗശാന്തിയിലൂടെ മനുഷ്യനു ലഭിക്കുന്ന ആശ്വാസവും സന്തോഷവും യൂദാ കണ്ടു. ക്രിസ്തുവിന്റെ ആശയങ്ങളെ മനസ്സിലാക്കുവാൻ കഴിയുമായിരുന്നുവെങ്കിലും, സ്വാർത്ഥതാൽപര്യം യൂദയെ അന്ധനാക്കിയിരുന്നു. അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ സംതൃപ്തരാക്കിയ ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തിയിൽ ഉണ്ടായ ജനതാൽപര്യത്തെ പ്രയോജനപ്പെടുത്തുവാൻ മുമ്പോട്ടു വന്നതു യൂദാ ആയിരുന്നു. ക്രിസ്തുവിനെ രാജാവാക്കാനുള്ള ശ്രമത്തിന്റെ പിന്നിൽ പ്രവർത്തിച്ചതും യൂദാ തന്നെയായിരുന്നു. പ്രതീക്ഷകളെ വളരെ ഉയരത്തിലേക്കയച്ച യൂദയുടെ നിരാശ വളരെ കയ്പേറിയതായിരുന്നു.

ജീവന്റെ അപ്പത്തെക്കുറിച്ചു യേശു ദൈവാലയത്തിൽവച്ചു നടത്തിയ പ്രഭാഷണം യൂദയുടെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. "നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും, അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കുള്ളിൽ ജീവനില്ല" (യോഹ. 6:53). യൂദാ ഈ പ്രസ്താവന ശ്രദ്ധിച്ചു. ക്രിസ്തു ആത്മീയകാര്യങ്ങളെക്കുറിച്ചാണു പറയുന്നതെന്നു യൂദാ മനസ്സിലാക്കി. താൻ വളരെ ദൂരവ്യാപകമായ കാര്യങ്ങളെ ഗ്രഹിപ്പാൻ കഴിവുള്ളവനാണെന്നു യൂദാ സ്വയം അഭിമാനിച്ചു. അന്നത്തെ സമൂഹത്തിൽ യേശുവിന് ഒരു സമ്മതിയും ലഭിപ്പാൻ പോകുന്നില്ലായെന്നു യൂദാ ഗ്രഹിച്ചു. തന്റെ അനുയായികൾക്ക് ഒരു സ്ഥാനവും കൊടുപ്പാൻ യേശുവിനു കഴിയുകയില്ലായെന്നും യൂദാ മനസ്സിലാക്കി. ക്രിസ്തുവുമായുള്ള ബന്ധം അവസാനിപ്പിക്കുവാൻ യൂദാ തീരുമാനിച്ചു. യേശുവിന്റെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നവനായി പ്രവർത്തിപ്പാൻ അവൻ ഉറച്ചു.

അപ്പോൾ മുതൽ യൂദാ സംശയത്തിന്റെ കരാളാവസ്ഥയിൽ അകപ്പെട്ടു. യൂദയുടെ ഈ മാറ്റം ശിഷ്യന്മാരെയും ചിന്താക്കുഴപ്പത്തിലാക്കി. വിവാദങ്ങളും വഴിതെറ്റിക്കുന്ന ആലോചനകളും യൂദാ നടത്തുവാൻ തുടങ്ങി. ശാസ്ത്രി

മാരും പരീശന്മാരും കൊണ്ടുവന്ന അവിശ്വാസത്തിന്റെ ചോദ്യങ്ങൾ അവൻ ആവർത്തിച്ചു. ചെറുതും വലുതുമായ എല്ലാ പ്രശ്നങ്ങളെയും, സുവിശേഷത്തിന്റെ വിലങ്ങുതടിയെന്നു തോന്നിപ്പിക്കുന്ന കാര്യങ്ങളെയും ക്രിസ്തുവിന്റെ വേലയ്ക്ക് എതിരായുള്ള തെളിവുകളായി യൂദാ വ്യാഖ്യാനിച്ചു. ക്രിസ്തു നല്കിയ വസ്തുതകളുമായി ഒരു ബന്ധവുമില്ലാത്ത ഭാഗങ്ങൾ തിരുവെഴുത്തുകളിൽനിന്ന് ഉദ്ധരിച്ചിട്ട് അതിന്റെ പശ്ചാത്തലത്തെ ബോദ്ധ്യപ്പെടുത്താതെ ശിഷ്യന്മാരെ ചിന്താക്കുഴപ്പത്തിലാക്കി. ഇതു ശിഷ്യന്മാരെ കൂടുതൽ നിരാശയിലേക്കു നയിക്കുവാൻ കാരണമായി. ഇങ്ങനെ ആത്മീയതയുടെ മൂടുപടമണിഞ്ഞു യേശു നല്കിയ പാഠങ്ങളിൽനിന്നു വ്യത്യസ്തമായ പാഠങ്ങൾ യൂദാ മറ്റു ശിഷ്യന്മാർക്കു നല്കി. ഭൗതികമായ നേട്ടങ്ങൾക്കു താൽപര്യം ജനിപ്പിക്കുന്ന തരത്തിലുള്ള ആശയങ്ങളാണു യൂദാ പ്രചരിപ്പിച്ചുകൊണ്ടിരുന്നത്. തങ്ങളിൽ ആരാണു ശ്രേഷ്ഠൻ എന്ന ചിന്ത അവരിലുണ്ടാക്കിയതു യൂദയായിരുന്നു.

ശിഷ്യത്വത്തിന്റെ വ്യവസ്ഥയെക്കുറിച്ചു ധനവാനായ ന്യായശാസ്ത്രിയോടു യേശു പറഞ്ഞപ്പോൾ, യൂദാ അത് ഇഷ്ടപ്പെട്ടില്ല. യേശു ചെയ്തത് ഒരു തെറ്റായിപ്പോയി എന്ന് അവൻ ചിന്തിച്ചു. അപ്രകാരമൊരു ധനികനെ യേശുവിന്റെ ശിഷ്യനായി ലഭിക്കുന്നതു വലിയ നേട്ടമായിരിക്കുമെന്നു യൂദാ കരുതി. തന്റെ ഉപദേശം കർത്താവു തേടിയിരുന്നെങ്കിൽ നല്ല ആലോചനകൾ പറഞ്ഞുകൊടുക്കാമായിരുന്നുവെന്നും അവൻ ആശിച്ചു. യൂദയുടെ ആശയങ്ങളും തത്വസംഹിതകളും ക്രിസ്തുവിന്റേതിൽനിന്നു തികച്ചും വിഭിന്നമായിരുന്നു.

ക്രിസ്തു നല്കിയ ഉപദേശങ്ങളിൽ പലതിനോടും യൂദയ്ക്കു യോജിപ്പുണ്ടായിരുന്നില്ല. അതെല്ലാം അവൻ ഹൃദയത്തിൽ ഒതുക്കി. യൂദയുടെ ഗൂഢമായ പ്രവർത്തനഫലമായി വിയോജിപ്പിന്റെ വിത്തുകൾ വേഗം വളരുവാനിടയായി. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ശക്തി എന്തെന്നു ശിഷ്യന്മാർ അറിഞ്ഞിരുന്നില്ല. എന്നാൽ സാത്താൻ യൂദയിൽക്കൂടെ പ്രവർത്തിക്കുന്നതു യേശു കണ്ടു. മറ്റു ശിഷ്യന്മാരെയും വഴിതെറ്റിക്കുകയായിരുന്നു അവന്റെ ഉദ്ദേശ്യം. യൂദാ തന്നെ കാണിച്ചുകൊടുക്കുന്നതിന് ഒരു വർഷം മുമ്പു യേശു പറഞ്ഞു: "നിങ്ങളെ പന്ത്രണ്ടുപേരെ ഞാൻ തിരഞ്ഞെടുത്തില്ലയോ? എങ്കിലും നിങ്ങളിൽ ഒരുത്തൻ ഒരു പിശാചാകുന്നു" (യോഹ. 6:70).

എങ്കിലും യൂദാ പരസ്യമായി യേശുവിനോട് ഒരെതിർപ്പും കാണിച്ചില്ല. യേശുവിന്റെ ഉപദേശങ്ങളെ ചോദ്യം ചെയ്യുന്നതായും ഭാവിച്ചില്ല. ശീമോന്റെ വീട്ടിൽവച്ചു നടന്ന വിരുന്നിന്റെ സമയംവരെ യൂദാ പരസ്യമായി പിറുപിറുക്ക പോലും ചെയ്തിരുന്നില്ല. കർത്താവിന്റെ പാദങ്ങളെ മറിയ പരിമളതൈലം കൊണ്ട് അഭിഷേകം ചെയ്തപ്പോൾ, അവൻ അത്യാഗ്രഹത്തിന്റെ ആത്മാവിനെ പ്രദർശിപ്പിച്ചു. യേശു അവനെ ശാസിച്ചപ്പോൾ യൂദയ്ക്കു വളരെ അനിഷ്ടം തോന്നി. മുറിവേറ്റ അഹന്തയും, പ്രതികാരവാഞ്ഛയും, അത്യാഗ്രഹവും എല്ലാ മറകളും നീക്കി പുറത്തുവന്നു. പാപവുമായി ഇടപഴകുന്ന ഏവർക്കും യൂദയുടെ അനുഭവമാണ് ഉണ്ടാകാൻ പോകുന്നത്. കീഴടക്ക

പ്പെടാത്ത എല്ലാ ദുസ്സ്വഭാവങ്ങളും പിശാചിന്റെ പരീക്ഷയ്ക്കു വിധേയമാകുകയും, ആ വ്യക്തി പിശാചിന്റെ അടിമത്തത്തിൽ നിപതിക്കുകയും ചെയ്യുന്നു.

യൂദാ പൂർണ്ണമായും കഠിനചിത്തനായിക്കഴിഞ്ഞിരുന്നില്ല. യേശുവിനെ കാണിച്ചുകൊടുക്കാമെന്നു യേശുവിന്റെ ശത്രുക്കൾക്കു രണ്ടു പ്രാവശ്യം വാക്കുകൊടുത്തിരുന്നെങ്കിലും, അനുതപിക്കുവാനുള്ള സന്ദർഭം അവനുണ്ടായിരുന്നു. പെസഹ ആചരിച്ച രാത്രിയിൽ അവന്റെ ഹൃദയനിരൂപണം കർത്താവു ഗ്രഹിച്ചു. മറ്റു ശിഷ്യന്മാരുടെ കാലുകൾ കഴുകിയപ്പോൾ, യേശു യൂദയുടെ കാൽ ഒഴിവാക്കിയില്ല. എന്നാൽ സ്നേഹത്തോടുകൂടിയ യേശുവിന്റെ അഭ്യർത്ഥന യൂദാ തിരസ്കരിച്ചു. അതോടുകൂടി അവന്റെ വിധി നിർണ്ണയിക്കപ്പെട്ടുകഴിഞ്ഞു. യേശുവിന്റെ കരങ്ങൾകൊണ്ടു കഴുകിയ കാലുകൾ, സാത്താന്റെ ഇഷ്ടം നിറവേറ്റാനായി പുറപ്പെട്ടുപോയി.

യൂദാ ഇപ്രകാരം ചിന്തിച്ചു: യേശുക്രിസ്തു ക്രൂശിക്കപ്പെടേണ്ടവനാണെങ്കിൽ അതു നടന്നേ മതിയാവൂ. യേശുവിനെ കാണിച്ചുകൊടുക്കുന്ന തന്റെ പ്രവൃത്തിമൂലം അതിനൊരു മാറ്റവും വരുന്നില്ല. യേശു മരിക്കേണ്ടവനല്ലെങ്കിൽ, തന്റെ പ്രവൃത്തി യേശുവിനു രക്ഷപ്പെടുവാനുള്ള ഒരു പ്രേരകശക്തിയായിരിക്കും. എന്തുതന്നെയായിരുന്നാലും, യേശുവിനെ കാണിച്ചുകൊടുക്കുന്നതിലൂടെ തനിക്കു നേട്ടങ്ങളാണ് ഉണ്ടാകാൻ പോകുന്നതെന്ന് അവൻ ചിന്തിച്ചു.

ബന്ധനസ്ഥനാക്കപ്പെടുന്നതിനു ക്രിസ്തു സമ്മതിക്കയില്ലെന്നായിരുന്നു യൂദാ കരുതിയത്. ക്രിസ്തുവിനെ കാണിച്ചുകൊടുക്കുന്നതിലൂടെ, ഒരു പാഠം പഠിപ്പിക്കാമെന്നു യൂദാ ചിന്തിച്ചു. തനിക്കു ലഭിക്കേണ്ട ബഹുമാനം നൽകുവാൻ യേശു ഇനിയും മറക്കുകയില്ലായെന്ന് അവൻ കരുതി. ക്രിസ്തു വധിക്കപ്പെടുമെന്ന് അവൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. യേശുവിനെ കൊല്ലുവാനായി വന്ന യെഹൂദപ്രമാണികൾ എത്രയോ പ്രാവശ്യം, തങ്ങളുടെ ഉദ്ദേശ്യം മറന്ന്, യേശുവിന്റെ ഉപദേശങ്ങളിൽ ആകൃഷ്ടരായി നിന്നിട്ടുണ്ട്! കോപാലുക്കളായി അവർ യേശുവിനെ കല്ലെറിഞ്ഞു കൊല്ലുവാൻ എത്ര തവണ ശ്രമിച്ചിട്ടുണ്ട്! പക്ഷേ യേശു അവരുടെ കൈകളിൽനിന്നെല്ലാം രക്ഷപ്പെട്ടു. ഇത്തവണയും യേശു ശത്രുക്കളുടെ കയ്യിൽനിന്നു രക്ഷപ്പെടുമെന്നു യൂദാ വിചാരിച്ചു.

യൂദാ ഇപ്രകാരം ചിന്തിച്ചു: യേശു യഥാർത്ഥത്തിൽ മശീഹ ആയിരുന്നുവെങ്കിൽ, ജനം അവനെ രാജാവായി വാഴിക്കുമായിരുന്നു. അത് അനിശ്ചിതത്വത്തിൽ കഴിയുന്ന അനേക മനസ്സുകൾക്കു ധൈര്യം പകരുമായിരുന്നു. ദാവീദിന്റെ സിംഹാസനത്തിൽ ഒരു രാജാവിനെ വാഴിച്ചുവെന്ന ഖ്യാതി തനിക്കും ലഭിക്കുമായിരുന്നു. മാത്രമല്ല ക്രിസ്തു രാജാവായാൽ തനിക്ക് ആ രാജ്യത്തിൽ അസൂയാർഹമായ ഒരു സ്ഥാനം ലഭിക്കുമായിരുന്നു.

ക്രിസ്തുവിനെ പിടികൂടിയവരെ യൂദാ നോക്കി. തന്റെ വാക്ക് അനുസരിച്ച് അവർ യേശുവിനെ ബലമായി പിടിച്ചുകെട്ടി. യേശു എതിർപ്പുകളൊന്നും കാണിക്കാതിരുന്നതിൽ യൂദാ അത്ഭുതപ്പെട്ടു. യെഹൂദപ്രമാണികളുടെ

മുമ്പിൽ വിസ്തരിക്കപ്പെടുവാനായി യേശുവിനെ കൊണ്ടുപോയപ്പോൾ യൂദാ, യേശുവിനെ അനുഗമിച്ചു. അവൻ കരുതിയത്, യേശു ശത്രുക്കളെയെല്ലാം അത്ഭുതപ്പെടുത്തിക്കൊണ്ടു രക്ഷപ്പെടുമെന്നാണ്. എന്നാൽ യേശു രക്ഷപ്പെടാനുള്ള ശ്രമമൊന്നും ചെയ്യുന്നില്ലായെന്നു കണ്ടപ്പോൾ യൂദാ പരിഭ്രാന്തനായി. ഗുരുവിനെ മരണത്തിനേല്പിച്ചുകൊടുത്തുവെന്ന കുറ്റബോധം അവനെ തകർത്തു.

വിചാരണ അവസാനിപ്പിച്ചപ്പോഴേക്കും, യൂദാ തന്റെ മനസ്സാക്ഷിയുടെ, കുറ്റബോധം ഒട്ടും സഹിക്കവയ്യാതെയായി. പെട്ടെന്ന് ഒരു ശബ്ദം അവിടെ മുഴങ്ങി. അതു കേൾവിക്കാരുടെ ഹൃദയങ്ങളിൽ ഭീതിയുടെ തീനാളങ്ങൾ ഉയർത്തി. “അവൻ കുറ്റമില്ലാത്തവൻ; അവനെ വെറുതെ വിടുക.”

അത്ഭുതസ്തബ്ധരായി നിന്ന ജനക്കൂട്ടത്തിനിടയിലൂടെ യൂദാ തിക്കിത്തിരക്കി മുമ്പോട്ടുപോയി. അവന്റെ മുഖം വിളറിയും ക്ഷീണിച്ചും ഇരുന്നു. അവന്റെ നെറ്റിത്തടത്തിൽനിന്നു വിയർപ്പുതുള്ളികൾ വീണുകൊണ്ടിരുന്നു. നീതിന്യായാസനത്തിന്റെ അടുത്തേക്കു പാഞ്ഞുചെന്ന്, മഹാപുരോഹിതന്റെ മുമ്പിൽ, ഗുരുവിനെ കാണിച്ചുകൊടുത്തതിനു പ്രതിഫലമായി ലഭിച്ച മുപ്പതു വെള്ളിക്കാശു യൂദാ എറിഞ്ഞു. കയ്യഫാവിന്റെ വസ്ത്രാഗ്രത്തിൽ പിടിച്ചുകൊണ്ടു യേശുവിന്റെ മോചനത്തിനായി യൂദാ കേണപേക്ഷിച്ചു. മരണത്തിനു കാരണമായതൊന്നും തന്റെ ഗുരു പ്രവർത്തിച്ചിട്ടില്ലെന്നു യൂദാ പറഞ്ഞു. കയ്യഫാവ് കോപത്തോടെ അവന്റെ പിടി വിടുവിച്ചു. എങ്കിലും എന്തു ചെയ്യണമെന്നറിയാതെ ചഞ്ചലഹൃദയനായി കയ്യഫാവ് നിന്നു. പുരോഹിതന്മാരുടെ വഞ്ചന പുറത്തായി. ഗുരുവിനെ ഒറ്റിക്കൊടുക്കാൻ ശിഷ്യനു കൈക്കൂലി നൽകിയെന്നതു വ്യക്തമായി.

“ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു” എന്നു യൂദാ നിലവിളിച്ചു. മഹാപുരോഹിതന്മാർ സമനില വീണ്ടെടുത്തുകൊണ്ടു പറഞ്ഞു: “അതു ഞങ്ങൾക്ക് എന്ത്? നീ തന്നെ നോക്കിക്കൊൾക” (മത്തായി 27:4). പുരോഹിതന്മാർ യൂദയെ ഒരു ഉപകരണമായി ഉപയോഗിക്കുവാൻ ഉദ്ദേശിച്ചു. എന്നാൽ അവന്റെ അധമസ്വഭാവത്തെ അവർ വെറുത്തു. യൂദാ തകർന്ന ഹൃദയത്തോടെ തന്റെ തെറ്റിനെക്കുറിച്ചു പരിതപിച്ചപ്പോൾ പുരോഹിതന്മാർ യൂദയെ തള്ളിക്കളഞ്ഞു.

യൂദാ യേശുവിന്റെ പാദത്തിൽ വീണു കേണു. യേശുവിനെ ദൈവപുത്രനെന്ന് അംഗീകരിച്ചു. ദുഷ്ടന്മാരുടെ കയ്യിൽനിന്നു രക്ഷപ്പെട്ടുകൊൾവാൻ യൂദാ യേശുവിനോട് അപേക്ഷിച്ചു. തന്നെ ശത്രുക്കൾക്ക് ഒറ്റിക്കൊടുത്തവനെ യേശു കുറ്റപ്പെടുത്തിയില്ല. യൂദയ്ക്കുണ്ടായ അനുതാപം യഥാർത്ഥമല്ലെന്നു യേശുവിനറിയാമായിരുന്നു. യൂദയുടെ അനുതാപം ഭയങ്കരമായ കുറ്റബോധത്തിന്റെ സമ്മർദ്ദത്താൽ ഉണ്ടായ ഒന്നായിരുന്നു. കളങ്കമില്ലാത്ത ദൈവകുഞ്ഞാടിനെ ഒറ്റിക്കൊടുക്കുകയും, യിസ്രായേലിന്റെ പരിശുദ്ധനെ നിരസിക്കുകയും ചെയ്തതിൽ യൂദയ്ക്കു പശ്ചാത്താപം ഉണ്ടായില്ല. എങ്കിലും അവനെ കുറ്റപ്പെടുത്തുന്ന ഒരു വാക്കുപോലും യേശു പറഞ്ഞില്ല. അനു

കമ്പാപൂർവ്വം യൂദയെ നോക്കിക്കൊണ്ടു യേശു പറഞ്ഞു: “ഈ നാഴികയ്ക്കു ഞാൻ ലോകത്തിൽ വന്നിരിക്കുന്നു.”

തന്നെ ഒറ്റിക്കൊടുത്തവന്റെ നേരെ ക്രിസ്തു സ്വീകരിച്ച ദീർഘക്ഷമ ജനം അത്ഭുതത്തോടെ വീക്ഷിച്ചു. മർത്യതയുള്ള മനുഷ്യനെക്കാൾ ശ്രേഷ്ഠനാണു യേശു എന്ന മനുഷ്യൻ എന്ന് അവർക്കു ബോദ്ധ്യമായി. യേശു ദൈവപുത്രനെങ്കിൽ എന്തുകൊണ്ടു തന്റെ ശത്രുക്കളെ നശിപ്പിച്ചശേഷം, തന്നെത്താൻ രക്ഷിക്കുന്നില്ലായെന്ന് അവർ അത്ഭുതപ്പെട്ടു.

തന്റെ അഭ്യർത്ഥനകൾ വൃഥാവിലായെന്നു യൂദാ മനസ്സിലാക്കിയപ്പോൾ, ‘താമസിച്ചുപോയി’ എന്നു നിലവിളിച്ചുകൊണ്ടു ന്യായവിസ്താരസഭയിൽനിന്നും അവൻ ഓടിപ്പോയി. യേശുവിന്റെ ക്രൂശീകരണം കാണ്മാൻ കഴിവില്ലാതെ അവൻ തൂങ്ങിമരിച്ചു.

ആ ദിവസം പീലാത്തൊസിന്റെ ആസ്ഥാനത്തുനിന്നു കാൽവരിയിലേക്കു യേശുവിനെ ക്രൂശിപ്പാനായി കൊണ്ടുപോയപ്പോൾ ജനക്കൂട്ടത്തിന്റെ ആരവം പെട്ടെന്നു ശമിച്ചു. വിജനമായ ഒരു സ്ഥലത്തെത്തിയപ്പോൾ ഒരു വൃക്ഷച്ചുവട്ടിൽ യൂദയുടെ തകർന്ന മൃതശരീരം കിടക്കുന്നതായി കണ്ടു. ഏറ്റവും അറപ്പുളവാക്കുന്ന ഒരു കാഴ്ചയായിരുന്നു അത്. യൂദയുടെ ശരീരത്തിന്റെ ഭാരംകൊണ്ടു മരത്തിൽ തൂങ്ങുവാൻ ഉപയോഗിച്ച കയർ പൊട്ടി; വീഴ്ചയിൽ ശരീരം തകർന്നു. തകർന്ന ശരീരത്തിന്റെ ഭാഗങ്ങൾ നായ്ക്കൾ ഭക്ഷിക്കയായിരുന്നു. അവശിഷ്ടങ്ങൾ വേഗത്തിൽ കുഴിച്ചിട്ടു. ആൾക്കൂട്ടത്തിലെ പരിഹാസം കുറച്ചു ശമിച്ചു. അനവധി ഭയംപൂണ്ട മുഖങ്ങൾ അവരുടെ മനസ്സിലെ വികാരങ്ങൾ വിളിച്ചറിയിച്ചു. യേശുവിന്റെ രക്തം ചൊരിയുവാൻ കാരണക്കാരായവരുടെമേൽ പ്രതിക്രിയ ആരംഭിച്ചുകഴിഞ്ഞുവെന്ന് അവർക്കു തോന്നി.

# 77

# പീലാത്തൊാസിന്റെ അരമനയിൽ

അവലംബം: മത്തായി 27:2; 11–31; മർക്കൊാസ് 15:1–20; ലൂക്കൊാസ് 23:1–25; യോഹ. 18:28–40; 19:1–16

റോമൻ നാടുവാഴിയായ പീലാത്തൊാസിന്റെ ആസ്ഥാനത്തു ബന്ധനസ്ഥനായി ക്രിസ്തു നിന്നു. ക്രിസ്തുവിനു ചുറ്റും കാവൽപ്പടയാളികളുടെ ഒരു നിരതന്നെ ഉണ്ടായിരുന്നു. വളരെ അധികം കാഴ്ചക്കാർ ഗലീലക്കാരനായ തടവുകാരനെ കാൺമാൻ കൂടിയിരുന്നു. പ്രധാന കവാടത്തിനു വെളിയിൽ സൻഹെദ്രിൻസംഘത്തിലെ അംഗങ്ങളും പുരോഹിതന്മാരും യെഹൂദ പ്രമാണികളും മൂപ്പന്മാരും ജനക്കൂട്ടവും നിലയുറപ്പിച്ചു.

യേശു കുറ്റക്കാരനെന്നു സൻഹെദ്രിൻസംഘം വിധി പ്രസ്താവിച്ചു. ആ വിധി ഉറപ്പിക്കുവാനും, നടപ്പാക്കുവാനുമാണു പീലാത്തൊാസിന്റെ മുമ്പാകെ യേശുവിനെ ആനയിച്ചത്. റോമാക്കാരുടെ ആസ്ഥാനത്തു യെഹൂദന്മാർ

കയറുകയില്ല. അതവർക്കു അശുദ്ധസ്ഥലമാണ്. അതുകൊണ്ടാണ് അവർ വെളിയിൽ നിന്നത്. അവരുടെ ആചാരപ്രകാരം അവർ ആസ്ഥാനത്തു പ്രവേശിച്ചാൽ അശുദ്ധരാവുകയും പെസഹയിൽ പങ്കെടുക്കാൻ കഴിയാതെ വരികയും ചെയ്യുമായിരുന്നു. എന്നാൽ തങ്ങളുടെ ഹൃദയങ്ങൾ വിദ്വേഷത്തിന്റെയും പകയുടെയും ഇരിപ്പിടങ്ങൾ ആക്കിത്തീർത്തതിലൂടെ തങ്ങൾ അശുദ്ധരായി എന്നു യെഹൂദശ്രേഷ്ഠർ അറിഞ്ഞില്ല. ക്രിസ്തുവിനെ നിരാകരിച്ചതിലൂടെ പെസഹയുടെ പ്രസക്തി അവരെ സംബന്ധിച്ചിടത്തോളം ഇല്ലാതെയായിത്തീർന്നു.

യേശുവിനെ അതിരാവിലെ പീലാത്തൊസിന്റെ മുമ്പാകെ കൊണ്ടുവന്നു. പീലാത്തൊസ് ഉറക്കമുണർന്നതേയുണ്ടായിരുന്നുള്ളു. അതിരാവിലെ തന്നെ ഒരാളെ വിചാരണ ചെയ്യേണ്ടിവന്നതിൽ പീലാത്തൊസ് അസന്തുഷ്ടനായിരുന്നു. ആരോപണവിധേയനായ ക്രിസ്തുവിനെ അത്ര താൽപര്യപൂർവ്വമല്ല പീലാത്തൊസ് നോക്കിയത്. യെഹൂദന്മാരുടെ അപ്രീതിക്കു പാത്രവാനായ ഒരാളായിരുന്നു, തന്റെ മുമ്പാകെ നിൽക്കുന്നതെന്നു പീലാത്തൊസ് മനസ്സിലാക്കി.

യേശുവിനെ പീലാത്തൊസ് വീക്ഷിച്ചു. പല തരക്കാരായ കുറ്റവാളികളെ പീലാത്തൊസ് കണ്ടിട്ടുണ്ടായിരുന്നു. എന്നാൽ യേശുവിനെപ്പോലെ ശാന്തതയും ആഭിജാത്യവും മുഖത്തു വിളങ്ങുന്ന ഒരു മനുഷ്യനെയും പീലാത്തൊസ് കണ്ടിരുന്നില്ല. കുറ്റത്തിന്റെ ലാഞ്ഛനപോലും യേശുവിൽ കാണുവാൻ പീലാത്തൊസിനു കഴിഞ്ഞില്ല. ശാന്തത കളിയാടുന്ന ഒരു മുഖമായിരുന്നു പീലാത്തൊസിന്റെ ദൃഷ്ടിയിൽ പെട്ടത്. സ്വർഗ്ഗത്തിന്റെ മുദ്ര ആ മുഖത്തു വിളങ്ങിയിരുന്നു.

ക്രിസ്തുവിന്റെ മുഖം പീലാത്തൊസിൽ നല്ല മതിപ്പുളവാക്കി. പീലാത്തൊസിലുള്ള സത്ചിന്തകളെ ഉണർത്തുവാൻ പോന്നതായിരുന്നു യേശുവിന്റെ ഭാവം. യേശുവിനെക്കുറിച്ചു പീലാത്തൊസ് കേട്ടിരുന്നു. ഗലീലക്കാരനായ പ്രവാചകൻ രോഗികളെ സൗഖ്യമാക്കുന്നുവെന്നും, മരിച്ചവരെ ഉയിർപ്പിക്കുന്നുവെന്നും ഉള്ള വാർത്തകൾ പീലാത്തൊസിന്റെ ഭാര്യ, തന്നോടു പറഞ്ഞിരുന്നു. യേശുവിനെ കണ്ടപ്പോൾ അതെല്ലാം പീലാത്തൊസ് ഓർത്തു. യേശുവിനെതിരായുള്ള ആരോപണങ്ങൾ അറിയുവാൻ താൻ ജിജ്ഞാസുവായിരുന്നു.

യേശുവിലുള്ള ആരോപണങ്ങൾ എന്ത് എന്നു പീലാത്തൊസ് ചോദിച്ചപ്പോൾ, യെഹൂദനേതാക്കൾ കുപിതരായി. ക്രിസ്തുവിനെതിരായി തങ്ങൾ കൊണ്ടുവന്ന ആരോപണങ്ങളെ ന്യായീകരിപ്പാൻ തങ്ങൾക്കു സാദ്ധ്യമല്ലായെന്ന് അറിയാമായിരുന്നതുകൊണ്ട് ഒരു പരസ്യവിചാരണ യെഹൂദന്മാർ ആഗ്രഹിച്ചില്ല. നസ്രായനായ യേശു ഒരു വഞ്ചകനാണ് എന്ന് അവർ മറുപടി പറഞ്ഞു.

“ഈ മനുഷ്യന്റെ നേരെ എന്തു കുറ്റം ബോധിപ്പിക്കുന്നുവെന്ന്,” പീലാത്തൊസ് വീണ്ടും ചോദിച്ചു. ആ ചോദ്യത്തിനു മഹാപുരോഹിതന്മാർ മറു

പടി ഒന്നും പറഞ്ഞില്ല. എന്നാൽ കോപം പുറത്തുകാണിച്ചുകൊണ്ട് അവർ പറഞ്ഞു: “കുറ്റക്കാരൻ അല്ലാഞ്ഞുവെങ്കിൽ ഞങ്ങൾ അവനെ നിന്റെ പക്കൽ ഏല്പിക്കയില്ലായിരുന്നു.” രാഷ്ട്രത്തിലെ ഒന്നാം നിരക്കാരായ സൻഹെ ദ്രിൻസംഘത്തിലെ അംഗങ്ങൾ മരണയോഗ്യനെന്നു വിധിച്ച ഒരാളെ നിങ്ങളുടെ അടുത്തു കൊണ്ടുവരുമ്പോൾ, അവനെതിരായ കുറ്റമെന്ത് എന്നു ചോദിക്കേണ്ട ആവശ്യമുണ്ടോ? തങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചു പീലാത്തൊസിനെ ധരിപ്പിക്കണമെന്നു പുരോഹിതനേതാക്കൾ ആഗ്രഹിച്ചു. വിശദാംശങ്ങളിലേക്കു കടക്കാതെ, തങ്ങളുടെ ആവശ്യം പീലാത്തൊസിനെക്കൊണ്ടു സമ്മതിപ്പിക്കുവാൻ അവർ തുനിഞ്ഞു. തങ്ങൾ നൽകിയ വിധി, പീലാത്തൊസിനെക്കൊണ്ട് അംഗീകരിച്ചു കിട്ടുവാൻ അവർ വളരെ ആഗ്രഹിച്ചു. തങ്ങൾ ചമച്ചുണ്ടാക്കിയ കഥയിൽനിന്നു വ്യത്യസ്തമായ ഒന്നായിരിക്കും ക്രിസ്തുവിന്റെ അത്ഭുതങ്ങൾ കണ്ടിട്ടുള്ളവർ നല്കുന്നതെന്ന് അവർക്കറിയാമായിരുന്നു.

ദുർബലനും, അസ്ഥിരനുമായ പീലാത്തൊസിനെക്കൊണ്ടു തങ്ങളുടെ പദ്ധതി നടപ്പാക്കാമെന്നു പുരോഹിതന്മാർ കരുതി. ഇതിനുമുമ്പും ശിക്ഷ അർഹിക്കാത്തവർക്കു മരണശിക്ഷ വിധിച്ചുകൊണ്ടു ത്വരിതഗതിയിൽ പീലാത്തൊസ് വിധി നടപ്പാക്കിയിരുന്നു. ഒരു തടവുകാരന്റെ ജീവനു പീലാത്തൊസ് ഒരു വിലയും കല്പിച്ചിരുന്നില്ല. യേശുവിനെ വിചാരണ ചെയ്യാതെ മരണശിക്ഷയ്ക്ക് ഏല്പിച്ചുകൊടുക്കണമെന്നായിരുന്നു യെഹൂദപ്രമാണികളുടെ ആഗ്രഹം. പീലാത്തൊസിൽനിന്നു തങ്ങളുടെ ഉത്സവദിനമായ പെസഹയോടനുബന്ധിച്ച് ഒരു പാരിതോഷികമെന്നവണ്ണം യേശുവിനെ കൊല ചെയ്യുന്നതിനു വിട്ടുകിട്ടുവാൻ യെഹൂദന്മാർ ശ്രമിച്ചു.

എന്നാൽ തന്റെ മുമ്പാകെ നിന്ന അസാധാരണക്കാരനായ തടവുകാരൻ, പീലാത്തൊസിന്റെ ഹൃദയത്തെ ആകർഷിച്ചു. യേശുവിനെ ഉടനടി വിട്ടുകൊടുക്കാൻ പീലാത്തൊസിന്റെ മനസ്സാക്ഷി അനുവദിച്ചില്ല. പുരോഹിതന്മാരുടെ ഇംഗിതം പീലാത്തൊസ് മനസ്സിലാക്കി. മരിച്ചു നാലുദിവസം കഴിഞ്ഞ ലാസറിനെ ഉയിർപ്പിച്ച കഥ പീലാത്തൊസ് കേട്ടിരുന്നു. യേശുവിനെതിരായുള്ള ആരോപണങ്ങൾ എന്തെല്ലാമാണെന്നും അവ ശരിയായിരുന്നുവോ എന്നും പരിശോധിക്കുന്നതിനു പീലാത്തൊസ് തീരുമാനിച്ചു.

പുരോഹിതന്മാരോടു പീലാത്തൊസ് ചോദിച്ചു: “നിങ്ങളുടെ ന്യായതീർപ്പു മതിയെങ്കിൽ, പിന്നെ എന്തിന് അവനെ എന്റെ അടുക്കൽ കൊണ്ടുവന്നു?” “നിങ്ങൾ അവനെ കൊണ്ടുപോയി നിങ്ങളുടെ ന്യായപ്രമാണപ്രകാരം വിധിപ്പിൻ.” പുരോഹിതന്മാർ മറുപടി പറഞ്ഞു: ഞങ്ങൾ അവനെ കുറ്റക്കാരൻ എന്നു കണ്ടെത്തിയിരിക്കുന്നു. എന്നാൽ ഞങ്ങളുടെ വിധി പ്രാബല്യത്തിൽ വരണമെങ്കിൽ അങ്ങയുടെ അനുമതികൂടെ വേണ്ടിയിരിക്കുന്നു. “നിങ്ങളുടെ വിധി എന്താകുന്നു?” പീലാത്തൊസ് ചോദിച്ചു. അവനു മരണശിക്ഷ നല്കണമെന്നാകുന്നുവെന്ന് അവർ ഉത്തരം പറഞ്ഞു. “എന്നാൽ മരണശിക്ഷ നടപ്പിൽ വരുത്തുവാൻ നിയമം ഞങ്ങളെ അനുവദിക്കുന്നില്ല. ഞങ്ങളുടെ ശിക്ഷ നടപ്പാക്കുവാൻ അങ്ങ് അനുമതി തരണം. അതിനുണ്ടാകുന്ന

ഭവിഷ്യൽഫലങ്ങൾ ഞങ്ങൾ അനുഭവിച്ചുകൊള്ളാം," യെഹൂദപ്രമാണികൾ ഒന്നടങ്കം പറഞ്ഞു.

പീലാത്തൊസ് നീതിന്യായബോധമുള്ളവനായിരുന്നില്ലെങ്കിലും, പുരോഹിതന്മാരുടെ ആവശ്യം ഉടനടി കൈക്കൊണ്ടില്ല. യേശുവിനെതിരായി തെളിവു വേണമെന്നു പീലാത്തൊസ് ആവശ്യപ്പെട്ടു.

പുരോഹിതന്മാർ കുഴങ്ങി. തങ്ങളുടെ ഗൂഢലക്ഷ്യം വെളിച്ചത്താകുമെന്ന് അവർ ഭയപ്പെട്ടു. മതപരമായ അഭിപ്രായവ്യത്യാസങ്ങളാലാണു യേശു ശിക്ഷിക്കപ്പെടാൻ പോകുന്നതെന്ന് ആരും അറിയരുതെന്നു പുരോഹിതവൃന്ദം ആഗ്രഹിച്ചു. മതപരമായ കാരണത്താലാണു യേശു ശിക്ഷിക്കപ്പെടേണ്ടതെങ്കിൽ പീലാത്തൊസിന് അതിൽ താൽപര്യമില്ലായിരുന്നു. യേശു ഒരു രാഷ്ട്രീയ കുറ്റവാളി ആണെന്നു തെളിയിക്കപ്പെട്ടെങ്കിൽ മാത്രമേ റോമൻ ഗവൺമെന്റിനു ശിക്ഷിക്കാനാവുമായിരുന്നുള്ളു. യെഹൂദന്മാരുടെ ഇടയിൽ റോമൻ ഭരണത്തിനെതിരായി അടിക്കടി വിപ്ലവങ്ങളും പൊതുജനമുന്നേറ്റങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. റോമൻ ഭരണകൂടം ഇപ്രകാരമുള്ള ലഹളകളെ നിർദ്ദാക്ഷിണ്യം അടിച്ചമർത്തുന്നുണ്ടായിരുന്നു. സമരങ്ങൾക്കെതിരായി അവർ സദാ ജാഗരൂകരായിരുന്നു.

ആ സമയത്താണ്, പരീശന്മാർ ഒരു ചോദ്യവുമായി യേശുവിനെ കുരുക്കിൽ പിടിക്കുവാൻ ശ്രമിച്ചത്. "നാം കൈസർക്കു കരം കൊടുക്കുന്നതു വിഹിതമോ, അല്ലയോ?" എന്നാൽ യേശു അവരുടെ തന്ത്രത്തെ പൊളിച്ചു. "കൈസർക്കുള്ളതു കൈസർക്കും, ദൈവത്തിനുള്ളതു ദൈവത്തിനും കൊടുപ്പിൻ" (ലൂക്കൊസ് 20:22-25). ക്രിസ്തു നല്കിയ ഉത്തരം നയശാലികളായ യെഹൂദന്മാരെ പരാജിതരാക്കി. യേശു അവരെ പരാജയപ്പെടുത്തിയത് അവിടെ സന്നിഹിതരായിരുന്ന റോമൻ ജനതയും കണ്ടിരുന്നു.

ക്രിസ്തുവിന്റെ വാക്കുകളെ തെറ്റായി ചിത്രീകരിക്കുവാൻ പരീശന്മാർ കള്ളസാക്ഷികളെ വരുത്തി. അവർ പറഞ്ഞു: "ഇവൻ ഞങ്ങളുടെ ജാതിയെ മറിച്ചുകളകയും, താൻ ക്രിസ്തു എന്ന രാജാവാകുന്നു എന്നു പറഞ്ഞുകൊണ്ടു കൈസർക്കു കരം കൊടുക്കുന്നതു വിരോധിക്കയും ചെയ്യുന്നതായി ഞങ്ങൾ കണ്ടു." മൂന്നു കുറ്റങ്ങളാണ് അവർ ക്രിസ്തുവിന്റെമേൽ ചുമത്തിയത്. എന്നാൽ ഒന്നിനും അടിസ്ഥാനമില്ലായിരുന്നു.

അവരുടെ അന്തർഗതം പീലാത്തൊസ് മനസ്സിലാക്കി. റോമൻ ഭരണകൂടത്തിനെതിരായി യേശു പ്രവർത്തിച്ചു എന്നു പീലാത്തൊസ് വിശ്വസിച്ചില്ല. ക്രിസ്തുവിന്റെ മുഖഭാവവും, തന്നിൽ ആരോപിക്കപ്പെട്ട കുറ്റവും തമ്മിൽ ഒരു പൊരുത്തവും പീലാത്തൊസ് കണ്ടില്ല. യെഹൂദപ്രമാണികളുടെ പാതയിൽ വിലങ്ങുതടിയായി നിന്ന ഒരു നിർദ്ദോഷിയായ മനുഷ്യനെ വധിക്കുവാൻ ഒരു ഭയങ്കര ഗൂഢാലോചന നടന്നിരിക്കുന്നുവെന്നു പീലാത്തൊസിനു ബോദ്ധ്യമായി. യേശുവിങ്കലേക്കു തിരിഞ്ഞുകൊണ്ടു പീലാത്തൊസ് ചോദിച്ചു: "നീ യെഹൂദന്മാരുടെ രാജാവോ?" യേശു മറുപടി പറഞ്ഞു: "ഞാൻ ആകുന്നു." യേശു സംസാരിച്ചപ്പോൾ യേശുവിന്റെ മുഖം സൂര്യശോഭപോലെ പ്രകാശിച്ചു.

ക്രിസ്തുവിന്റെ ഉത്തരം കയ്യഫാവും മറ്റു പ്രമാണികളും കേട്ടപ്പോൾ, ക്രിസ്തു കുറ്റം സമ്മതിച്ചിരിക്കുന്നു എന്നു പീലാത്തൊസിനോടു പറഞ്ഞു. എല്ലാവരും യേശുവിനെ ക്രൂശിക്ക എന്നാർത്തു വിളിച്ചു. ജനങ്ങളുടെ രോഷം കണ്ട പീലാത്തൊസ് ഭയചകിതനായി. തന്റെമേൽ കുറ്റം ആരോപിച്ചവരോടു യേശു ഒരു ഉത്തരവും പറയുന്നില്ലായെന്നു കണ്ടപ്പോൾ, പീലാത്തൊസ് യേശുവിനോടു ചോദിച്ചു: "ഇവർ നിന്റെ നേരെ എന്തെല്ലാം സാക്ഷ്യം പറയുന്നു എന്നു കേൾക്കുന്നില്ലയോ?" അവൻ ഒരു വാക്കിനും ഉത്തരം പറയായ്കയാൽ നാടുവാഴി അത്യന്തം ആശ്ചര്യപ്പെട്ടു.

പീലാത്തൊസിന്റെ പിന്നിൽ നിന്നുകൊണ്ടു കോടതിയെ വീക്ഷിച്ച ക്രിസ്തു, തന്റെമേൽ ചൊരിഞ്ഞ ദൂഷണങ്ങൾ എല്ലാം കേട്ടു. തനിക്കെതിരായി പറഞ്ഞ കള്ളസാക്ഷ്യങ്ങൾക്കൊന്നും യേശു പ്രതികരിച്ചില്ല. യേശുവിന്റെ രൂപംതന്നെ, തന്റെ നിരപരാധിത്വത്തിനു സാക്ഷിയായിരുന്നു. യേശുവിന്റെമേൽ ആഞ്ഞടിച്ച കോപാവേശത്തിന്റെ അലകൾ യേശുവിനെ ഒട്ടും ചലിപ്പിച്ചില്ല. തിരമാലകൾ കണക്കേ, മനുഷ്യന്റെ ക്രോധം കർത്താവിനെതിരെ ഉയർന്നുകൊണ്ടിരുന്നു. യേശു നിശ്ശബ്ദനായി ഇതെല്ലാം കേട്ടു. പക്ഷേ ആ നിശ്ശബ്ദത വാചാലമായിരുന്നു. അകമേയുള്ള മനുഷ്യനിൽനിന്നു പുറമേയുള്ള മനുഷ്യന്റെമേൽ പ്രകാശിക്കുന്ന വെളിച്ചംപോലെ ആയിരുന്നു അത്.

ക്രിസ്തുവിന്റെ നിശ്ശബ്ദതയിൽ പീലാത്തൊസ് അത്ഭുതപ്പെട്ടു. തന്റെ ജീവനിൽ താൽപര്യമില്ലാത്തതുകൊണ്ടു കോടതിനടപടികളെ ഈ മനുഷ്യൻ അവഗണിക്കുകയാണോ? പീലാത്തൊസ്, ആർത്തട്ടഹസിക്കുന്ന ജനത്തെയും, യെഹൂദപ്രമാണികളെയും, ശാന്തനും അക്ഷോഭ്യനുമായി നിൽക്കുന്ന യേശുവിനെയും മാറിമാറി നോക്കി. പുരോഹിതന്മാരെപ്പോലെ അനീതിയും ദുഷ്ടതയുമുള്ള ആളല്ല യേശു എന്നു പീലാത്തൊസിനു മനസ്സിലായി. യേശുവിൽനിന്നു സത്യം ലഭിക്കുമെന്നു പ്രതീക്ഷിച്ചും ജനങ്ങളുടെ ആരവാരത്തിൽനിന്ന് അല്പം മോചനം ലഭിക്കുന്നതിനുമായി, പീലാത്തൊസ് യേശുവിനെ കുറച്ചു മാറ്റിനിർത്തി ചോദിച്ചു: "നീ യെഹൂദന്മാരുടെ രാജാവോ?"

യേശു ഈ ചോദ്യത്തിനു പ്രത്യക്ഷമായ ഉത്തരം നല്കിയില്ല. പീലാത്തൊസിനോടു പരിശുദ്ധാത്മാവു സംവാദിച്ചുകൊണ്ടിരിക്കയാണെന്നു യേശു മനസ്സിലാക്കി. തന്റെ ഹൃദയത്തിലുണ്ടായ ബോദ്ധ്യം അംഗീകരിപ്പാൻ പീലാത്തൊസിനു യേശു അവസരം കൊടുത്തു. യേശു പീലാത്തൊസിനോടു ചോദിച്ചു: "ഇതു നീ സ്വയമായി പറയുന്നതോ, മറ്റുള്ളവർ എന്നെക്കുറിച്ചു നിന്നോടു പറഞ്ഞിട്ടോ?" പുരോഹിതപ്രമാണികളുടെ പ്രേരണയിലാണോ, അതോ എന്നിൽനിന്ന് അറിവു പ്രാപിക്കാനുള്ള ആഗ്രഹത്തിന്റെ ഫലമായിട്ടാണോ പീലാത്തൊസ് തന്നോടു ചോദിച്ചത് എന്നതായിരുന്നു യേശുവിന്റെ ചോദ്യത്തിന്റെ അർത്ഥം. പീലാത്തൊസിന്, ക്രിസ്തുവിന്റെ ചോദ്യത്തിന്റെ ആന്തരാർത്ഥം മനസ്സിലായി. എങ്കിലും അഹംഭാവം പീലാത്തൊസിനെ കീഴ്പ്പെടുത്തി. യേശുവിനെ സ്വീകരിക്കാൻ അവനു മനസ്സില്ലായിരുന്നു. "ഞാൻ യെഹൂദനോ?" പീലാത്തൊസ് പറഞ്ഞു. "നിന്റെ ജനവും മഹാ

പുരോഹിതന്മാരും നിന്നെ എന്റെ പക്കൽ ഏല്പിച്ചിരിക്കുന്നു; നീ എന്തു ചെയ്തു?"

പീലാത്തൊാസിന്റെ നല്ല അവസരം നഷ്ടപ്പെട്ടു. എങ്കിലും അതു നല്ല പ്രകാശം കൊടുക്കാതിരുന്നില്ല. പീലാത്തൊാസിന്റെ ചോദ്യത്തിനുത്തരമായി തന്റെ ദൗത്യത്തെക്കുറിച്ചു യേശു പറഞ്ഞു. താൻ ഭൗമികമായ അധികാരം അന്വേഷിക്കുന്നവനല്ല എന്നു പീലാത്തൊാസിനെ ക്രിസ്തു ബോദ്ധ്യപ്പെടുത്തി.

"എന്റെ രാജ്യം ഐഹികമല്ല," യേശു പറഞ്ഞു. "എന്റെ രാജ്യം ഐഹികമായിരുന്നെങ്കിൽ എന്നെ യെഹൂദന്മാരുടെ കയ്യിൽ ഏല്പിക്കാതവണ്ണം എന്റെ ചേവകർ പോരാടുമായിരുന്നു; എന്നാൽ എന്റെ രാജ്യം ഐഹികമല്ല." "പീലാത്തൊാസ് അവനോട്: എന്നാൽ നീ രാജാവു തന്നെയല്ലോ എന്നു പറഞ്ഞതിനു യേശു: നീ പറഞ്ഞതുപോലെ ഞാൻ രാജാവു തന്നെ; സത്യത്തിനു സാക്ഷിനിൽക്കേണ്ടതിനു ഞാൻ ജനിച്ചു, അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു; സത്യതൽപരനായവൻ എല്ലാം എന്റെ വാക്കു കേൾക്കുന്നു എന്നുത്തരം പറഞ്ഞു."

സ്വീകരിക്കുവാനൊരുക്കമുള്ളവർക്കു ഗൂഢമർമ്മങ്ങളെ തുറക്കുന്ന ഒരു താക്കോലാണു തന്റെ വചനമെന്നു ക്രിസ്തു പറഞ്ഞു. ദൈവവചനത്തിനു ശക്തിയുണ്ട്. ക്രിസ്തുവിന്റെ രാജ്യം വികസിക്കുന്നതിന്റെ കാരണം അതു വചനത്തിൽ അടിസ്ഥാനമിട്ടിരിക്കുന്നതിനാലാകുന്നു. തകർന്നടിഞ്ഞ പീലാത്തൊാസിന്റെ ജീവിതത്തെ കെട്ടിപ്പടുക്കുവാൻ കഴിവുള്ള ഏകവഴി സത്യത്തെ സ്വീകരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതായിരുന്നുവെന്നു പീലാത്തൊാസ് മനസ്സിലാക്കണമെന്നു ക്രിസ്തു ആഗ്രഹിച്ചു.

സത്യം അറിവാൻ പീലാത്തൊാസിന് ആഗ്രഹമുണ്ടായിരുന്നു. പീലാത്തൊാസിന്റെ മനസ്സ് ആകെ പതറിയിരുന്നു. യേശു പറഞ്ഞ വാക്കുകൾ പീലാത്തൊാസ് ഗ്രഹിച്ചു. സത്യം എന്താണെന്നും, അത് എപ്രകാരം സ്വായത്തമാക്കാൻ കഴിയുമെന്നും അറിവാൻ പീലാത്തൊാസിന് ആഗ്രഹമുണ്ടായി. "സത്യം എന്നാൽ എന്ത്?" പീലാത്തൊാസ് കർത്താവിനോടു ചോദിച്ചു. എന്നാൽ ക്രിസ്തുവിൽനിന്ന് ഒരു ഉത്തരം ലഭിക്കുന്നതിനു പീലാത്തൊാസ് കാത്തുനിന്നില്ല. വെളിയിൽ നടക്കുന്ന കോലാഹലം ജനത്തിന്റെ താൽപര്യമെന്തെന്നു പീലാത്തൊാസിനെ അനുസ്മരിപ്പിച്ചു. പെട്ടെന്നുള്ള നടപടിക്കു വേണ്ടി പുരോഹിതന്മാർ മുറവിളി കൂട്ടുകയായിരുന്നു. പീലാത്തൊാസ് മുമ്പോട്ടു നടന്നു പറഞ്ഞു: "ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല."

രക്ഷിതാവായ ക്രിസ്തുവിനെതിരായി മുറവിളി കൂട്ടുന്ന യെഹൂദപ്രമാണികളുടെ കാപട്യത്തിനും ദുഷ്ടതയ്ക്കും നൽകിയ ഒരു ശകാരമായിരുന്നു, സത്യദൈവത്തെ അറിയാത്ത പീലാത്തൊാസിന്റെ വാക്കുകൾ. പുരോഹിതന്മാരും മൂപ്പന്മാരും പീലാത്തൊാസിന്റെ വാക്കുകൾ കേട്ടപ്പോൾ വളരെ ക്രുദ്ധരായി. അവർക്കു കോപവും നിരാശയുമുണ്ടായി. യേശുവിനെ ബന്ധനസ്ഥനാക്കി ശിക്ഷിക്കുവാൻ ഒരവസരത്തിനുവേണ്ടി കാത്തിരിക്കുകയായിരുന്നു

അവർ. പീലാത്തൊസ് യേശുവിനെ കുറ്റവിമുക്തനാക്കി വിട്ടയയ്ക്കുമെന്ന് അവർക്കു തോന്നിയപ്പോൾ, യേശുവിനെ പിച്ചിച്ചീന്തുവാനുള്ള കോപം അവർക്കുണ്ടായി. പീലാത്തൊസിനെ അവർ കുറ്റപ്പെടുത്തി. റോമാ ഗവൺമെന്റ് പീലാത്തൊസിന് എതിരാകുമെന്നു യെഹൂദന്മാർ മുന്നറിയിപ്പു നൽകി. യേശു കൈസരിന്റെ പ്രതിയോഗി ആയിരിക്കെ എന്തുകൊണ്ട് അവ നെതിരായി പീലാത്തൊസ് നടപടി എടുക്കുന്നില്ലായെന്നു കുറ്റപ്പെടുത്തി.

വിദ്വേഷം എങ്ങും പ്രതിഫലിച്ചു. യേശു ഒരു രാജ്യദ്രോഹിയെന്നു യെഹൂദ ന്മാർ ആക്രോശിച്ചു. "അവൻ ഗലീലയിൽ തുടങ്ങി യെഹൂദ്യയിൽ എങ്ങും ഇവിടത്തോളവും പഠിപ്പിച്ചു ജനത്തെ കലഹിപ്പിക്കുന്നു."

ഈ സന്ദർഭത്തിൽ യേശുവിനെ ഒരു കുറ്റവാളിയായി പ്രഖ്യാപിക്കുവാ നുള്ള ഒരു ചിന്തയും പീലാത്തൊസിനില്ലായിരുന്നു. അസൂയയും മുൻവിധിയു മാണ്, യേശുവിനെതിരായി പ്രകോപിതരാകുവാൻ യെഹൂദന്മാരെ പ്രേരി പ്പിച്ചതെന്നു പീലാത്തൊസിന് അറിയാമായിരുന്നു. തന്റെ ചുമതലയെ ക്കുറിച്ചും പീലാത്തൊസ് ബോധവാനായിരുന്നു. ക്രിസ്തുവിനെ ഉടനടി മോചിപ്പി ക്കേണ്ടതാണെന്ന നീതിബോധം അവനെ ഉണർത്തി. എന്നാൽ പീലാ ത്തൊസ് ജനത്തിന്റെ അപ്രീതിയെ ഭയപ്പെട്ടു. യേശുവിനെ ജനത്തിനു വിട്ടു കൊടുക്കാതിരുന്നാൽ വലിയ ബഹളം ഉണ്ടാകുമെന്നു പീലാത്തൊസ് ഭയ പ്പെട്ടു. ജനരോഷത്തെ നേരിടുവാൻ പീലാത്തൊസിനു ധൈര്യമില്ലായിരുന്നു. ക്രിസ്തു ഗലീലക്കാരനെന്നു കേട്ടപ്പോൾ ഹെരോദാവിന്റെ അടുത്തേക്കു ക്രിസ്തുവിനെ അയയ്ക്കുവാൻ പീലാത്തൊസ് തീരുമാനിച്ചു. താനും ഹെരോ ദാവും തമ്മിലുണ്ടായിരുന്ന പഴയ വൈരം തീർക്കുവാൻ പീലാത്തൊസ് ഈ സന്ദർഭം ഉപയോഗിച്ചു. ക്രിസ്തുവിന്റെ വിചാരണമൂലം ആ ഭരണാധികാരി കൾ വൈരം അവസാനിപ്പിച്ചു സ്നേഹിതന്മാരായിത്തീർന്നു.

പീലാത്തൊസ് വീണ്ടും യേശുവിനെ പടയാളികളെ ഏല്പിച്ചു. ജനക്കൂട്ട ത്തിന്റെ പരിഹാസശബ്ദങ്ങൾ മുഴങ്ങിക്കൊണ്ടിരിക്കെ, യേശുവിനെ ഹെരോ ദാവിന്റെ അരമനയിലേക്കു കൊണ്ടുപോയി. "ഹെരോദാവ് യേശുവിനെ കണ്ടിട്ട് അത്യന്തം സന്തോഷിച്ചു." ഇതിനുമുമ്പു ഹെരോദാവ് യേശുവിനെ കണ്ടിരുന്നില്ല. "അവനെക്കുറിച്ചു കേട്ടിരുന്നതുകൊണ്ട് അവനെ കാൺമാൻ വളരെക്കാലമായി ഇച്ഛിച്ചു; അവൻ വല്ല അടയാളവും ചെയ്യുന്നതു കാണാം എന്ന് ആശിച്ചിരുന്നു." യോഹന്നാൻ സ്നാപകന്റെ രക്തം ചൊരിയിച്ച ഹെരോദാവായിരുന്നു ഇയാൾ. യേശുവിനെക്കുറിച്ച് ആദ്യം കേട്ടപ്പോൾ ഹെരോദാവ് ഭയചകിതനായി പറഞ്ഞു: "ഞാൻ തലവെട്ടിച്ച യോഹന്നാൻ ആകുന്നു അവൻ; അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. അതുകൊണ്ടാകുന്നു ഈ ശക്തികൾ അവനിൽ വ്യാപരിക്കുന്നത്" (മർക്കൊസ് 6:16; മത്തായി 14:2). എങ്കിലും ഹെരോദാവ് യേശുവിനെ കാൺമാൻ ആഗ്രഹിച്ചു. യോഹന്നാനെ കൊന്നതിന്റെ ഭയപ്പെടുത്തുന്ന ഓർമ്മ ഹെരോദാവിനെ വേട്ടയാടിയിരുന്നു. ഒരു താലത്തിനകത്തു യോഹന്നാന്റെ ഛേദിക്കപ്പെട്ട ശിരസ്സു തന്റെ മുമ്പിൽ പ്രദർശിപ്പിക്കപ്പെട്ട സംഭവം മറക്കുവാൻ ഹെരോദാവ് ആശിച്ചിരുന്നു. ക്രിസ്തു വിനെ മോചിപ്പിക്കുകയാണെങ്കിൽ താൻ ചോദിക്കുന്നതെന്തും നിറവേറ്റി ക്കൊടുക്കുമെന്നു ഹെരോദാവ് പ്രതീക്ഷിച്ചു.

പുരോഹിതന്മാരും മൂപ്പന്മാരും യേശുവിനെ, ഹെരോദാവിന്റെ കൊട്ടാരത്തിലേക്ക് ആനയിച്ചു. അവർ ഹെരോദാവിനോടു ക്രിസ്തുവിനെതിരേ ആരോപണങ്ങൾ കൊണ്ടുവന്നു. എന്നാൽ ഹെരോദാവ് ആരോപണങ്ങളെ ഗണ്യമാക്കിയില്ല. ക്രിസ്തുവിനോടു ചില ചോദ്യങ്ങൾ ചോദിക്കേണ്ടതിന് ഏവരോടും നിശ്ശബ്ദരായിരിപ്പാൻ ഹെരോദാവ് ആവശ്യപ്പെട്ടു. ക്രിസ്തുവിനെ ബന്ധനവിമുക്തനാക്കുവാൻ അവൻ ആജ്ഞാപിച്ചു. ക്രിസ്തുവിനോടു നിർദ്ദയമായി പെരുമാറിയവരെ ഹെരോദാവ് കുറ്റപ്പെടുത്തുകയും ചെയ്തു. ഹെരോദാവ് ക്രിസ്തുവിന്റെ മുഖത്തു ദർശിച്ചതു ജ്ഞാനവും വിശുദ്ധിയുമായിരുന്നു. അസൂയയും വിദ്വേഷവുമാണു ക്രിസ്തുവിനെ എതിർക്കുന്നവരെ നയിക്കുന്നതെന്നു പീലാത്തോസിനെപ്പോലെ ഹെരോദാവിനും ബോദ്ധ്യമായി.

ഹെരോദാവ് ക്രിസ്തുവിനോട് അനേകം ചോദ്യങ്ങൾ ചോദിച്ചു. എന്നാൽ ക്രിസ്തു നിശ്ശബ്ദത പാലിക്കയാണു ചെയ്തത്. ഹെരോദാവിന്റെ ആജ്ഞ പ്രകാരം ക്ഷീണിതരെയും അംഗഹീനരെയും അവിടെ കൊണ്ടുവന്നു. അത്ഭുതം പ്രവർത്തിച്ചുകൊണ്ടു തന്റെ ദൈവികത്വം തെളിയിക്കുവാൻ യേശുവിനോടു ഹെരോദാവ് ആവശ്യപ്പെട്ടു. യേശുവിൽനിന്ന് ഒരത്ഭുത പ്രവൃത്തി കാണുവാൻ ഹെരോദാവ് വളരെ സമ്മർദ്ദം ചെലുത്തി. എന്നാൽ യേശു, ഹെരോദാവിന്റെ അഭീഷ്ടത്തിനൊത്തു പ്രവർത്തിച്ചില്ല. ദൈവ പുത്രൻ പൂർണ്ണമനുഷ്യനായി പരീക്ഷകളെ നേരിട്ടു. തന്റെ ദൈവികത്വം ഉപയോഗിച്ചു ക്രിസ്തു പരീക്ഷകളെ അഭിമുഖീകരിച്ചില്ല.

തന്റെ മുമ്പാകെ ഒരത്ഭുതം പ്രവർത്തിച്ചാൽ ക്രിസ്തുവിനെ സ്വതന്ത്രനായി വിടാമെന്നു ഹെരോദാവ് വാഗ്ദാനം ചെയ്തു. ക്രിസ്തുവിന്റെ അത്ഭുത പ്രവൃത്തികൾ, ക്രിസ്തുവിനെ കുറ്റം വിധിച്ചവർ തന്നെ കണ്ടിട്ടുള്ളതാണ്. മരിച്ചവർ ക്രിസ്തുവിന്റെ ശബ്ദം കേട്ടു ജീവൻ പ്രാപിക്കുന്നത് അവർ കണ്ടിരുന്നു. ക്രിസ്തു എന്തെങ്കിലും അത്ഭുതം പ്രവർത്തിച്ചേക്കുമോ എന്നു യെഹൂദന്മാർ ഭയപ്പെട്ടു. അവർ ഏറ്റവും ഭയപ്പെട്ടിരുന്നതു ക്രിസ്തുവിന്റെ ശക്തി പ്രകടനമാണ്. യേശു അത്ഭുതം പ്രവർത്തിച്ചാൽ തങ്ങളുടെ തന്ത്രങ്ങൾ എല്ലാം താറുമാറാകുമെന്നു യെഹൂദന്മാർ ഭയപ്പെട്ടു. ക്രിസ്തു, വഞ്ചകനും ദൈവദൂഷണം പറയുന്നവനുമാണെന്ന് അവർ ഉറക്കെ പറഞ്ഞുകൊണ്ടിരുന്നു. ബെയൽസെബൂലിന്റെ സഹായത്തോടെയാണു ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികളെന്ന് അവർ പറഞ്ഞുകൊണ്ടിരുന്നു. ഹെരോദാവിന്റെ മന്ദിരം ശബ്ദായമാനമായിരുന്നു.

ക്രൂരനായ ഹെരോദാവിന്റെ മനസ്സാക്ഷി മരവിച്ചുകഴിഞ്ഞു. യോഹന്നാനെ വധിച്ചതിന്റെ കുറ്റബോധം ഹെരോദാവിനെ കുറച്ചുകാലം പീഡിപ്പിച്ചിരുന്നു. എന്നാൽ ഭോഗാസക്തനായ ഹെരോദാവ് ധാർമ്മിക മൂല്യങ്ങൾക്ക് ഒരു വിലയും കല്പിച്ചിരുന്നില്ല. യോഹന്നാനെ വധിച്ചതു തന്നെ ധിക്കരിച്ചതിന്റെ ഫലമായിട്ടായിരുന്നുവെന്നു പറയുവാൻ ഹെരോദാവ് ഒരുമ്പെട്ടു. ക്രിസ്തുവിനെ വിടുവിക്കാനും ശിക്ഷിക്കുവാനും തനിക്കു കഴിയുമെന്നു ഹെരോദാവ് വീമ്പിളക്കി. എന്നാൽ യേശു നിശ്ശബ്ദത പാലിച്ചതേയുള്ളു.

യേശുവിന്റെ നിശ്ശബ്ദത ഹെരോദാവിന് അസഹ്യമായി തോന്നി. തന്നെ അവഗണിക്കുകയാണു യേശു ചെയ്യുന്നതെന്നു ഹെരോദാവിന് അനുഭവപ്പെട്ടു. ഹെരോദാവിന്റെ ഭീഷണികളൊന്നും യേശുവിനെ ചഞ്ചലചിത്തനാക്കിയില്ല.

മനുഷ്യന്റെ വ്യർത്ഥമായ ജിജ്ഞാസ ശമിപ്പിക്കുകയായിരുന്നില്ല, യേശുവിന്റെ ഉദ്ദേശ്യം. ഹൃദയം തകർന്നവരെ സൗഖ്യമാക്കുവാനാണു യേശു വന്നത്. പാപരോഗത്താൽ വലയുന്നവരെ സൗഖ്യമാക്കേണ്ട സന്ദർഭത്തിൽ യേശു നിശ്ശബ്ദത പാലിക്കയില്ല. അഹങ്കാരത്തോടെ സത്യത്തെ ചവിട്ടിമെതിച്ചു കളയുന്നവർക്ക് ഒരു ഉപദേശവും നല്കുവാൻ യേശുവിനില്ലായിരുന്നു.

കഠിനഹൃദയനായ ഹെരോദാവിനെ കുത്തിത്തുളയ്ക്കുന്ന വാക്കുകൾ പറയുവാൻ യേശുവിനു കഴിയുമായിരുന്നു. ഹെരോദാവിന്റെ ജീവിതത്തിലെ പുഴുക്കുത്തുകളെ തുറന്നുകാണിക്കുവാനും, അവനു വരുവാൻ പോകുന്ന ഭയങ്കര ശിക്ഷയെ പ്രസ്താവിക്കുവാനും ക്രിസ്തുവിനു കഴിയുമായിരുന്നു. എന്നാൽ ഹെരോദാവിനു നല്കാമായിരുന്ന കഠിനശിക്ഷ നിശ്ശബ്ദത ആയിരുന്നു. പ്രവാചകന്മാരിൽ ഏറ്റവും ശ്രേഷ്ഠനായ യോഹന്നാന്റെ ഉപദേശം തിരസ്കരിച്ചവനായിരുന്നു ഹെരോദാവ്. സ്വർഗ്ഗത്തിൽനിന്നു വന്ന രാജകുമാരൻ ഹെരോദാവിനോടു സംസാരിപ്പാൻ കൂട്ടാക്കിയില്ല. മനുഷ്യവർഗ്ഗത്തിന്റെ ദുരിതങ്ങൾ കേൾക്കുവാൻ കാത്തിരുന്ന കാതുകൾ ഹെരോദാവിന്റെ ആജ്ഞകൾ കേൾക്കുവാൻ ഒരുക്കമല്ലായിരുന്നു. ഹൃദയനൊമ്പരത്തോടെ കടന്നുവരുന്ന പാപിക്ക്, പാപക്ഷമയും കാരുണ്യവും ചൊരിയുന്ന ആ കണ്ണുകൾക്കു ഹെരോദാവിനു നല്കുവാൻ ഒന്നുമില്ലായിരുന്നു. സ്നേഹത്തിന്റെ വാക്കുകൾക്കായി മാത്രം തുറക്കപ്പെട്ടിട്ടുള്ള ആ അധരങ്ങൾ, ഹെരോദാവിനോടു സംസാരിപ്പാൻ തയ്യാറല്ലായിരുന്നു.

ഹെരോദാവിന്റെ മുഖം കോപംകൊണ്ടു കറുത്തു. പുരുഷാരത്തിന്റെ നേരെ തിരിഞ്ഞ്, യേശു കാപട്യം നിറഞ്ഞവനാണ് എന്നു പറഞ്ഞു. പിന്നീടു ഹെരോദാവ് ക്രിസ്തുവിനോടു പറഞ്ഞു: നിന്റെ അവകാശവാദങ്ങൾക്കു നീ തെളിവു നല്കുന്നില്ലെങ്കിൽ നിന്നെ പടയാളികൾക്കും ജനത്തിനും ഏല്പിക്കും. അവർ നിന്നെക്കൊണ്ടു സംസാരിപ്പിക്കും. നീ കാപട്യം നിറഞ്ഞവനാണെങ്കിൽ അവരുടെ കയ്യാലുള്ള മരണമാണു നീ അർഹിക്കുന്നത്. നീ ദൈവപുത്രനാണെങ്കിൽ ഒരത്ഭുതം പ്രവർത്തിച്ചു നിന്നെത്തന്നെ രക്ഷിക്ക.

ഹെരോദാവ് ഇത്രയും സംസാരിച്ചുകഴിഞ്ഞ ഉടനെ ക്രിസ്തുവിന്റെ നേരെ ജനം പാഞ്ഞുചെന്നു. യേശുവിനെ അങ്ങോട്ടുമിങ്ങോട്ടും വലിച്ചു. ദൈവപുത്രനെ അപമാനിക്കുന്നതിൽ ഹെരോദാവും കൂടി. റോമൻ പടയാളികൾ ഇടപെട്ട് അവരെ പിന്നോക്കം പായിച്ചില്ലായിരുന്നുവെങ്കിൽ കോപാക്രാന്തരായ ജനം യേശുവിനെ പിച്ചിച്ചീന്തുമായിരുന്നു.

ഹെരോദാവ് യേശുവിനെ "പരിഹസിച്ചു നിസ്സാരനാക്കി ശുഭ്രവസ്ത്രം ധരിപ്പിച്ചു." റോമൻ പടയാളികളും ഈ പരിഹാസത്തിൽ പങ്കുചേർന്നു. ഹെരോദാവിന്റെയും യെഹൂദനേതാക്കളുടെയും പ്രോത്സാഹനം ലഭിച്ച

പ്പോൾ, ദുഷ്ടന്മാരായ പടയാളികൾ യേശുവിനെ കഠിനമായി പീഡിപ്പിച്ചു. കർത്താവ് എല്ലാം ക്ഷമയോടെ സഹിച്ചു.

തങ്ങളുടെ സ്വഭാവത്തെ അടിസ്ഥാനമാക്കിയാണു ക്രിസ്തുവിന്റെ ശത്രുക്കൾ അവന്റെ സ്വഭാവത്തെ അളക്കുവാൻ ശ്രമിച്ചത്. തങ്ങളെപ്പോലുള്ള ഒരാളാണു ക്രിസ്തുവെന്ന് അവർ കരുതി. എന്നാൽ ആ രംഗം അവിടെ അവസാനിച്ചു. ക്രിസ്തുവിന്റെ ദിവ്യസ്വഭാവം അവിടെ കൂടിനിന്നവർക്ക് അനുഭവവേദ്യമായി. ദൈവികത്വം ക്രിസ്തുവിന്റെ മാനുഷികത്വത്തിൽ പ്രകാശിതമായി. ക്രിസ്തുവിനെ പരിഹസിച്ചുകൊണ്ടിരുന്നവർ ഭയചകിതരും നിശ്ശബ്ദരുമായി. അസ്തമനസൂര്യന്റെ ചെങ്കതിരുകൾ പോലെ ക്രിസ്തുവിൽ നിന്നുള്ള പ്രഭാപൂരം ഹെരോദാവിൽ പതിച്ചു. ക്രിസ്തു ഒരു അസാധാരണ വ്യക്തിയാണെന്നു ഹെരോദാവിനു മനസ്സിലായി. താൻ ദൈവസന്നിധിയിൽ നിൽക്കുകയാണെന്ന തോന്നൽ ഹെരോദാവിനുണ്ടായി.

കഠിനഹൃദയനായിട്ടും ഹെരോദാവിനു ക്രിസ്തുവിനെ ഒരു കുറ്റവാളി എന്നു പ്രസ്താവിക്കുവാനുള്ള ധൈര്യം ഉണ്ടായില്ല. ആ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ ഹെരോദാവിനു ധൈര്യം ഉണ്ടായില്ല. ഹെരോദാവ് യേശുവിനെ വീണ്ടും പീലാത്തൊസിന്റെ അടുത്തേക്കയച്ചു.

പീലാത്തൊസ് തികച്ചും നിരാശനും സമാധാനമില്ലാത്തവനുമായിരുന്നു. യെഹൂദന്മാർ വീണ്ടും യേശുവിനെയുംകൊണ്ടു തിരികെ വന്നപ്പോൾ താൻ എന്താണു ചെയ്യേണ്ടതെന്ന് അവരോടു ചോദിച്ചു. യേശുവിനെ താൻ വിചാരണ ചെയ്തു കഴിഞ്ഞുവെന്നും യേശുവിൽ താൻ ഒരു കുറ്റവും കാണുന്നില്ലായെന്നും പീലാത്തൊസ് യെഹൂദന്മാരോടു പറഞ്ഞു. യേശുവിനെതിരായി ആരോപണങ്ങൾ ഉന്നയിച്ചതല്ലാതെ അവ വാസ്തവമെന്നു തെളിയിക്കുവാൻ ഒരാൾക്കും കഴിഞ്ഞില്ല. ഹെരോദാവിനും യേശുവിൽ മരണയോഗ്യമായ കുറ്റമൊന്നുപോലും കാൺമാൻ കഴിഞ്ഞില്ല. “അതുകൊണ്ടു ഞാൻ അവനെ അടിപ്പിച്ചു വിട്ടയയ്ക്കും,” പീലാത്തൊസ് പറഞ്ഞു.

പീലാത്തൊസ് തന്റെ ബലഹീനത പ്രകടമാക്കി. യേശു നിരപരാധിയെന്ന് അയാൾ പ്രസ്താവിച്ചെങ്കിലും, യേശുവിനെതിരേ ആരോപണം കൊണ്ടുവന്നവരെ പ്രീതിപ്പെടുത്തുന്നതിനു യേശുവിനെ അടിപ്പിക്കുന്നതിന് ഒരുങ്ങി. ജനങ്ങളുടെ പ്രീതിക്കുവേണ്ടി ന്യായത്തെയും സാന്മാർഗ്ഗികതത്വങ്ങളെയും വെടിയുവാൻ പീലാത്തൊസ് ഒരുക്കമായിരുന്നു. ഈ നിലപാടു പീലാത്തൊസിനെ കുഴപ്പത്തിലാക്കി. തീരുമാനമെടുക്കുവാനുള്ള പീലാത്തൊസിന്റെ കഴിവില്ലായ്മ ജനത്തിനു മനസ്സിലായി. ക്രിസ്തുവിനെ ക്രൂശിലേറ്റുന്നതിനു വേണ്ടി ആളുകൾ നിർബന്ധിച്ചുകൊണ്ടിരുന്നു. നിരപരാധിയായ ഒരാളെ ശിക്ഷിക്കുവാൻ വിടുകയില്ലായെന്ന തന്റെ ആദ്യത്തെ നിലപാടിൽ ഉറച്ചുനിന്നിരുന്നുവെങ്കിൽ പീലാത്തൊസിനു മനസ്സാക്ഷിയുടെ കുറ്റപ്പെടുത്തലിൽനിന്നു രക്ഷപ്പെടാമായിരുന്നു. താൻ ഉറച്ച ഒരു നിലപാടു സ്വീകരിച്ചിരുന്നെങ്കിൽ തന്റെമേൽ ആധിപത്യം പുലർത്തുവാൻ ആരും മുതിരുകയില്ലായിരുന്നു. ക്രിസ്തുവിന്റെ വധത്തിൽ പീലാത്തൊസിനു കുറ്റം ഉണ്ടാവുക

യില്ലായിരുന്നു. സ്വന്ത മനസ്സാക്ഷിക്കു വിരുദ്ധമായിട്ടാണു പീലാത്തൊസ് ഓരോ ചുവടും എടുത്തത്. തന്റെ നീതിബോധത്തെ പീലാത്തൊസ് ദൂരത്തു വലിച്ചെറിഞ്ഞുകളഞ്ഞു. തൽഫലമായി പീലാത്തൊസ് പുരോഹിതന്മാരുടെയും യെഹൂദപ്രമാണികളുടെയും ആജ്ഞാനുവർത്തിയായി. തന്റെ അസ്ഥിരതയും സ്വയം തീരുമാനമെടുക്കുവാനുള്ള കഴിവില്ലായ്മയും പീലാത്തൊസിന്റെ നാശത്തിനു വഴിതെളിയിച്ചു.

അവസാനനിമിഷംവരെയും പീലാത്തൊസിനു ശരിയായതു ചെയ്യാനുള്ള സന്ദർഭം ഉണ്ടായിരുന്നു. തെറ്റിൽനിന്നു പിൻവാങ്ങുന്നതിനു ദൈവം അവനു മുന്നറിയിപ്പു നല്കി. ക്രിസ്തുവിന്റെ പ്രാർത്ഥനയ്ക്കുത്തരമായി വന്ന ദൂതൻ, പീലാത്തൊസിന്റെ ഭാര്യയെ സന്ദർശിച്ചു. അവൾ ദർശനത്തിൽ യേശുവിനെ കണ്ടു. അവൾ ഒരു യെഹൂദസ്ത്രീ ആയിരുന്നില്ല. എങ്കിലും യേശുവിനെ, ദൈവത്തിന്റെ അടുക്കൽനിന്നുവന്ന രാജകുമാരൻ എന്ന് അവൾ മനസ്സിലാക്കി. യേശുവിന്റെ സ്വഭാവവും ദൗത്യവും അവൾ ശരിയായി ഗ്രഹിച്ചു. യേശു ഒരു കുറ്റവാളിയെപ്പോലെ ബന്ധനസ്ഥനായി വിചാരണ ചെയ്യപ്പെടുന്നതും ഹെരോദാവും പടയാളികളും അവനെ പീഡിപ്പിക്കുന്നതുമെല്ലാം അവൾ ദർശനത്തിലൂടെ ഗ്രഹിച്ചു. “ഞങ്ങൾക്ക് ഒരു ന്യായപ്രമാണം ഉണ്ട്... ആ ന്യായപ്രമാണപ്രകാരം അവൻ മരിക്കേണ്ടതാകുന്നു” എന്നു യെഹൂദജനം പറയുന്നതും “ഞാനോ, അവനിൽ കുറ്റം കാണുന്നില്ല” എന്നു പീലാത്തൊസ് പറഞ്ഞശേഷം യേശുവിനെ അടിപ്പാനായി വിട്ടുകൊടുക്കുന്നതും പീലാത്തൊസിന്റെ ഭാര്യ ദർശനത്തിൽ കണ്ടു. ക്രിസ്തുവിനെ ശത്രുക്കൾക്ക് ഏല്പിച്ചുകൊടുക്കുന്നതും ക്രൂശിൽ ക്രിസ്തു കിടക്കുന്നതും ഭൂമി അന്ധകാരത്താൽ മൂടപ്പെട്ടിരിക്കുന്നതും അവൾ കണ്ടു. “നിവൃത്തിയായി” എന്നു യേശുവിന്റെ അധരങ്ങളിൽനിന്നു പുറത്തുവന്ന വാക്കുകളും അവൾ കേട്ടു. വേറൊരു രംഗവും പീലാത്തൊസിന്റെ ഭാര്യ ദർശനത്തിൽ കണ്ടു. ക്രിസ്തു ഒരു വലിയ വെളുത്ത നിറമുള്ള മേഘത്തിൽ ഇരിക്കുന്നതും, ഭൂമി മത്തനെപ്പോലെ ചാഞ്ചാടുന്നതും, യേശുവിനെ ക്രൂരമായി വധിച്ചവർ യേശുവിന്റെ പ്രഭയുടെ മുമ്പിൽ നിൽക്കുവാൻ കഴിയാതെ ഓടിപ്പോകുന്നതും പീലാത്തൊസിന്റെ ഭാര്യ ദർശനത്തിൽ കണ്ടു. അവൾ ഭയപ്പെട്ടു സ്വപ്നത്തിൽനിന്ന് ഉണർന്നു. പീലാത്തൊസിനു സ്വപ്നവിവരം എഴുതിക്കൊടുക്കുകയും ചെയ്തു.

എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങിനിന്നിരുന്ന പീലാത്തൊസിനു ഭാര്യ കൊടുത്തയച്ച എഴുത്തു കിട്ടി. ആ എഴുത്ത് ഇപ്രകാരമായിരുന്നു: “ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്; അവൻ നിമിത്തം ഞാൻ ഇന്നു സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചു.”

പീലാത്തൊസിന്റെ മുഖം വിവർണ്ണമായി. പരസ്പരവിരുദ്ധങ്ങളായ വികാരങ്ങളുടെ സംഘട്ടനത്താൽ അവൻ ഉഴറി. പീലാത്തൊസ് തീരുമാനമെടുക്കാൻ വൈകുന്നതു കണ്ട പുരോഹിതന്മാരും പ്രമാണികളും ജനത്തെ ഇളക്കിക്കൊണ്ടിരുന്നു. ക്രിസ്തുവിനെ മോചിപ്പിക്കുന്നതിന്, അന്നു നിലവിലിരുന്ന

ഒരു പതിവുസമ്പ്രദായത്തെക്കുറിച്ചു പീലാത്തൊസ് ഓർത്തു. യെഹൂദന്മാരുടെ ഉത്സവസമയത്തു ജനങ്ങൾക്കു താൽപര്യമുള്ള ഒരു തടവുകാരനെ മോചിപ്പിക്കുന്ന പതിവുണ്ടായിരുന്നു. ജാതികളിൽനിന്നു സ്വീകരിച്ച ഒരു പതിവായിരുന്നു ഇത്. ഇതു നീതിയെ അടിസ്ഥാനമാക്കിയായിരുന്നില്ല. എങ്കിലും യെഹൂദന്മാർ ഈ പതിവു സ്വീകരിച്ചിരുന്നു. ബറബ്ബാസ് എന്നു പേരുള്ള കുപ്രസിദ്ധനായ ഒരു കുറ്റവാളി ഈ അവസരത്തിൽ തടവിലുണ്ടായിരുന്നു. അയാളും മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട്, തടവിൽ കിടക്കുകയായിരുന്നു. ബറബ്ബാസ് മശീഹയെന്ന അവകാശവാദം ഉന്നയിച്ചിരുന്നു. സാത്താന്യശക്തികൊണ്ട് അവൻ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും അനുയായികളെ നേടുകയും ചെയ്തു. അവൻ റോമാ ഗവൺമെന്റിനെതിരെ ജനത്തെ ഇളക്കുകയും കലഹങ്ങൾ ഉണ്ടാക്കുകയും ചെയ്തിരുന്നു. ക്രൂരനായ ബറബ്ബാസിനെയും, നിരപരാധിയായ യേശുവിനെയും നിർത്തിക്കൊണ്ട് ഇവരിൽ ആരെ വിട്ടയയ്ക്കേണം എന്നു ജനത്തോടു പീലാത്തൊസ് ചോദിച്ചു. ജനത്തിന്റെ സഹതാപം യേശുവിനോടായിരിക്കുമെന്നു പീലാത്തൊസ് കരുതി.

"ബറബ്ബാസിനെ മോചിപ്പിക്കുക" എന്നു ജനം ആക്രോശിച്ചു. ജനത്തിനു തന്റെ ചോദ്യം മനസ്സിലായിക്കാണുകയില്ല എന്ന വിചാരത്താൽ പീലാത്തൊസ് വീണ്ടും ചോദിച്ചു: "യെഹൂദന്മാരുടെ രാജാവിനെ വിട്ടുതരുന്നതു സമ്മതമോ?" ജനം അട്ടഹസിച്ചു പറഞ്ഞു: "ഇവനെ വേണ്ടാ; ബറബ്ബാസിനെ മതി." "എന്നാൽ ക്രിസ്തു എന്ന യേശുവിനെ എന്തു ചെയ്യേണ്ടു" എന്നു പീലാത്തൊസ് ചോദിച്ചു. ഇളകിമറിയുന്ന ജനം പിശാചുക്കളെപ്പോലെ ഗർജ്ജിച്ചു: "അവനെ ക്രൂശിക്കണം." ദുഷ്ടാത്മസേന തന്നെ മനുഷ്യവേഷത്തിൽ ആ കൂട്ടത്തിലുണ്ടായിരുന്നു. പൈശാചികമായ ജനക്കൂട്ടത്തിൽനിന്ന് ഇതിനപ്പുറം എന്തു പ്രതീക്ഷിക്കാനാണ്?

പീലാത്തൊസ് കുഴങ്ങിവശായി. കാര്യങ്ങൾ ഇത്രത്തോളം ഗൗരവമാകുമെന്ന് അയാൾ പ്രതീക്ഷിച്ചിരുന്നില്ല. നിർദ്ദോഷിയായ ഒരു മനുഷ്യനെ ഹീനമായ ക്രൂശുമരണത്തിൽനിന്നു രക്ഷിക്കുവാൻ പീലാത്തൊസ് ആഗ്രഹിച്ചു. ജനത്തിന്റെ ആരവം അടങ്ങിയപ്പോൾ പീലാത്തൊസ് ചോദിച്ചു: "അവൻ ചെയ്ത ദോഷമെന്ത്?" എന്നാൽ ബുദ്ധിക്കു നിരക്കുന്ന വിശദീകരണം നൽകാൻ കഴിയാത്തവിധം കാര്യങ്ങൾ നീങ്ങിക്കഴിഞ്ഞു. ക്രിസ്തുവിന്റെ നിരപരാധിത്വത്തിന്റെ തെളിവ് അവർക്കാവശ്യമായിരുന്നില്ല. ക്രിസ്തുവിനെ വധിക്കുക എന്നതായിരുന്നു യെഹൂദന്മാരുടെ ആവശ്യം.

പീലാത്തൊസ് യേശുവിനെ വധിക്കുന്നതിൽനിന്നു രക്ഷപ്പെടുത്താൻ വീണ്ടും ശ്രമിച്ചു. "അവൻ മൂന്നാമതും അവരോട്: അവൻ ചെയ്ത ദോഷം എന്ത്? മരണയോഗ്യമായത് ഒന്നും അവനിൽ കണ്ടില്ല; അതുകൊണ്ടു ഞാൻ അവനെ അടിപ്പിച്ചു വിട്ടയയ്ക്കും എന്നു പറഞ്ഞു." അവനെ വിട്ടയയ്ക്കും എന്നു പറഞ്ഞപ്പോൾ ജനം വളരെ ഇളകി. "അവനെ ക്രൂശിക്ക, ക്രൂശിക്ക" എന്ന് അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു. തീരുമാനമെടുക്കുവാനുള്ള പീലാത്തൊസിന്റെ കഴിവില്ലായ്മ വിളിച്ചുവരുത്തിയ പ്രതിഷേധത്തിന്റെ കൊടുങ്കാറ്റു ചീറി അടിച്ചുകൊണ്ടിരുന്നു.

ദേഹം മുഴുവനും മുറിവേറ്റവനും, ക്ഷീണിതനുമായിരുന്ന യേശുവിനെ പടയാളികൾ പിടിച്ചുകൊണ്ടുപോയി ചാട്ടവാറുകൊണ്ട് അടിച്ചു. “പടയാളികൾ അവനെ ആസ്ഥാനമായ മണ്ഡപത്തിനകത്തു കൊണ്ടുപോയി പട്ടാളത്തെ എല്ലാം വിളിച്ചുകൂട്ടി. അവനെ രക്താംബരം ധരിപ്പിച്ചു, മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞ് അവനെ ചൂടിച്ചു: യെഹൂദന്മാരുടെ രാജാവേ, ജയ ജയ എന്നു പറഞ്ഞു വന്ദിച്ചു... അവനെ തുപ്പി, മുട്ടുകുത്തി അവനെ നമസ്കരിച്ചു.” ഇടയ്ക്കിടെ ചില ദുഷ്ടരായ ആളുകൾ, യേശുവിന്റെ കയ്യിൽ കൊടുത്തിരുന്ന കോൽ വാങ്ങി തലയിൽ വച്ചിരുന്ന മുൾക്കിരീടത്തിൽ അടിച്ചു. അപ്പോൾ മുള്ളുകൾ ചെന്നിത്തടങ്ങളിലേക്ക് ആഴ്ന്നിറങ്ങുകയും രക്തച്ചാലുകൾ മുഖത്തേക്കും താടിരോമങ്ങളിലേക്കും വാർന്നൊഴുകുകയും ചെയ്തു.

ആകാശമേ, അതിശയിക്ക! ഭൂമിയേ, അത്ഭുതപ്പെടുക! പീഡിതനെയും പീഡിപ്പിക്കുന്നവനെയും കാണുക. കോപാന്ധരായ ഒരു കൂട്ടം ആളുകൾ ലോകരക്ഷകനെ ചുറ്റിവളയുന്നു. പരിഹാസവും അധിക്ഷേപങ്ങളും ദൈവദൂഷണത്തോടൊപ്പം കലർന്ന്, മുഴങ്ങുന്നു. താഴ്ച ഭവിച്ച തന്റെ ജനനത്തെ സംബന്ധിച്ചും, എളിമയിലുള്ള തന്റെ ജീവിതത്തെക്കുറിച്ചും സ്നേഹവികാരം തൊട്ടുതീണ്ടിയിട്ടില്ലാത്ത ജനം വിളിച്ചു പറയുന്നു. ദൈവപുത്രനാണു താൻ എന്ന ക്രിസ്തുവിന്റെ അവകാശപ്പെടലിനെ ജനം പരിഹസിക്കുന്നു. മ്ലേച്ഛമായ പരിഹാസവും കളിയാക്കലുകളും ഓരോ അധരങ്ങളിൽനിന്നു വീഴുന്നു.

യേശുവിനെ ദുഷിക്കുവാൻ ജനത്തെ നയിച്ചതു സാത്താനായിരുന്നു. യേശുവിൽനിന്നു പ്രതിഷേധശബ്ദം പുറത്തേക്കു വരുത്തുവാൻ സാത്താൻ വളരെ ശ്രമിച്ചു. അതല്ലെങ്കിൽ സ്വയരക്ഷയ്ക്കുവേണ്ടി എന്തെങ്കിലും അത്ഭുതം പ്രവർത്തിപ്പാൻ യേശുവിനെ പ്രേരിപ്പിച്ചുകൊണ്ടു യേശുവിന്റെ ദൗത്യത്തെ എങ്ങനെയെങ്കിലും തകർക്കുവാൻ സാത്താൻ ശ്രമിച്ചു. യേശുവിനെ എങ്ങനെയെങ്കിലും പരീക്ഷയിൽ തോല്പിച്ച്, യേശുവിന്റെ രക്ഷാദൗത്യം തകർക്കുവാൻ സാത്താൻ കഴിവുറ്റു ശ്രമിച്ചു.

യേശുവിന്റെ ദൈവികത്വം തെളിയിച്ചു കാട്ടുന്നതിനുവേണ്ടിയാണു യേശുവിനോട് ഒരത്ഭുതം പ്രവർത്തിപ്പാൻ ശത്രുക്കൾ ആവശ്യപ്പെട്ടത്. യെഹൂദന്മാർ അന്വേഷിച്ചതിലും കൂടുതലായ തെളിവ് അവർക്കു ലഭിച്ചു. തങ്ങളുടെ ക്രൂരത, തങ്ങളുടെ മനുഷ്യത്വം ഇല്ലാതാക്കി തങ്ങളെ സാത്താനു തുല്യരാക്കിയതുപോലെ, യേശു പ്രകടിപ്പിച്ച സൗമ്യതയും ക്ഷമയും തന്റെ ദൈവികത്വത്തെ തെളിയിച്ചുകൊടുത്തു. കർത്താവിനു വന്ന താഴ്ചയായിരുന്നു തന്റെ ശ്രേഷ്ഠതയുടെ വാഗ്ദത്തമായിത്തീർന്നത്. യേശുവിന്റെ നെറ്റിത്തടത്തിൽനിന്നു മുഖത്തേക്ക് ഒലിച്ചിറങ്ങിയ രക്തം, തന്നെ മഹാപുരോഹിതനായി അഭിഷേകം ചെയ്യുന്ന “ആനന്ദതൈല” (എബ്രാ. 1:9) ത്തിന്റെ വാഗ്ദത്തപൂർത്തി ആയിരുന്നു.

ഇത്രയധികം പരിഹാസവും പിറുപിറുപ്പും യേശുവിന്റെമേൽ ചൊരിഞ്ഞിട്ടും, യേശു ഒരു പ്രതിഷേധവാക്കുപോലും ഉച്ചരിക്കാഞ്ഞതിൽ സാത്താൻ

ക്രുദ്ധനായി. പൂർണ്ണമനുഷ്യത്വം എടുത്തിരുന്ന കർത്താവ്, തന്റെ പിതാവിന്റെ ഹിതം നിവർത്തിക്കുന്നതിൽ അണുവിട വ്യതിചലിച്ചില്ല.

യേശുവിനെ വാറുകൊണ്ട് അടിപ്പാനും പരിഹസിക്കുവാനും പീലാത്തൊസ് അനുവദിച്ചത്, അതു മുഖാന്തരം യേശുവിനനുകൂലമായി ജനവികാരം തിരിച്ചുവിടാമെന്ന പ്രതീക്ഷയിലായിരുന്നു. ആ ശിക്ഷകൊണ്ടു ജനം തൃപ്തരായേക്കുമെന്നു പീലാത്തൊസ് കരുതി. യേശുവിന്റെ ജീവനെ രക്ഷിപ്പാൻ പീലാത്തൊസ് ശ്രമിക്കുകയാണെന്നു യെഹൂദന്മാർ മനസ്സിലാക്കി. ഒരു കാരണവശാലും യേശുവിനെ മോചിപ്പിക്കരുതെന്ന് അവർ തീരുമാനിച്ചിരുന്നു. തങ്ങളെ തൃപ്തരാക്കുന്നതിനുവേണ്ടിയാണു ക്രിസ്തുവിനെ വാറുകൊണ്ട് അടിപ്പിച്ചതെന്നു യെഹൂദന്മാർക്കു മനസ്സിലായി. യേശുവിനെ വധിക്കേണ്ടതു തങ്ങളുടെ ആവശ്യമാണെന്ന്, നിർബന്ധിച്ചാൽ തങ്ങളുടെ ലക്ഷ്യം കണ്ടെത്താനാകുമെന്നു യെഹൂദന്മാർ കരുതി.

ബറബ്ബാസിനെ ആസ്ഥാനത്തേക്കു കൊണ്ടുവരുവാൻ പീലാത്തൊസ് ആളയച്ചു. ബറബ്ബാസിനെയും ക്രിസ്തുവിനെയും അടുത്തടുത്തു നിർത്തിയ ശേഷം, ക്രിസ്തുവിന്റെ നേരെ കൈചൂണ്ടിക്കൊണ്ടു പീലാത്തൊസ് പറഞ്ഞു: "ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല എന്നു നിങ്ങൾ അറിയേണ്ടതിന്, അവനെ നിങ്ങളുടെ അടുക്കൽ ഇതാ പുറത്തുകൊണ്ടുവരുന്നു." ഗൗരവവും അപേക്ഷാസ്വരവും ഇടകലർന്ന വിധത്തിലാണു പീലാത്തൊസ് മേല്പറഞ്ഞ പ്രസ്താവന നടത്തിയത്. പരിഹാസ്യമായ വിധത്തിൽ വസ്ത്രം ധരിപ്പിക്കപ്പെട്ട ദൈവപുത്രൻ മുൾക്കിരീടവുമണിഞ്ഞു ജനത്തിന്റെ മുമ്പിൽ നിന്നു. ചാട്ടവാറുകൊണ്ടുള്ള അടിയുടെ ഫലമായി ക്രിസ്തുവിന്റെ പുറത്തു നിന്നു ധാരധാരയായി രക്തമൊഴുകിക്കൊണ്ടിരുന്നു. രക്തക്കറ ഉണങ്ങിപ്പിടിച്ചിരുന്ന മുഖത്തു ക്ഷീണവും വേദനയും പ്രതിഫലിച്ചിരുന്നു. എന്നാൽ യേശുവിന്റെ മുഖസൗന്ദര്യം കൂടുതൽ ആകർഷകമായി കാണപ്പെട്ടു. ശാന്തതയും, ക്ഷമയും ആ മുഖത്തു വിളങ്ങിയിരുന്നു. തന്നെ ഉപദ്രവിച്ചവരെയും പരിഹസിച്ചവരെയും അനുകമ്പയോടെ യേശു നോക്കി. ഭീരുത്വം ഒട്ടും തന്നെ ബാധിച്ചില്ലായിരുന്നു. ബറബ്ബാസിന്റെ മുഖത്തു ക്രൂരതയുടെ ഭാവം പ്രതിഫലിച്ചിരുന്നു. ക്രിസ്തുവും ബറബ്ബാസും തമ്മിലുള്ള വൈരുദ്ധ്യം വളരെ പ്രകടമായിരുന്നു. കാഴ്ചക്കാരിൽ ചിലർ യേശുവിനെ നോക്കി വിലപിച്ചു.

റോമാ പടയാളികളിൽ എല്ലാവരും കഠിനഹൃദയരായിരുന്നില്ല. യേശുവിനെയും ബറബ്ബാസിനെയും അവർ സശ്രദ്ധം വീക്ഷിച്ചു. ക്രിസ്തുവിന്റെ രൂപം ഏവരുടെയും ഹൃദയത്തെ ആകർഷിക്കുന്ന ഒന്നായിരുന്നു. ബറബ്ബാസിനെ ഒറ്റനോട്ടത്തിൽ കുറ്റവാളിയെന്നു മനസ്സിലാക്കാമായിരുന്നു. ക്രിസ്തുവിനെ സ്വീകരിക്കുകയോ, തിരസ്കരിക്കുകയോ ചെയ്യുന്നതിന്റെ ദൂരവ്യാപകമായ ഫലം, അവിടെ കൂടിയിരുന്നവരെ സംബന്ധിച്ചിടത്തോളം നിർണ്ണയിക്കപ്പെടുന്ന സമയമായിരുന്നു അത്. ക്രിസ്തുവിന്റെ വിനയം ഏവരെയും അത്ഭുതപ്പെടുത്തി.

ക്രിസ്തുവിന്റെ ദീർഘക്ഷമ, പീലാത്തൊസിൽ വിസ്മയമുളവാക്കി. ഇത്ര നല്ലവനായ മനുഷ്യനെ യെഹൂദന്മാർ കൊല്ലുകയില്ലായെന്ന ചിന്ത പീലാ

ത്തൊസിനുണ്ടായിരുന്നു. യേശുവിനോടുള്ള പുരോഹിതപ്രമാണികളുടെ വിദ്വേഷം ഗ്രഹിക്കുവാൻ പീലാത്തൊസിനു കഴിഞ്ഞില്ല. യേശുവിനെ ക്രൂശിക്ക, ക്രൂശിക്ക എന്നു വീണ്ടും യെഹൂദന്മാർ ആർത്തുവിളിച്ചു. ഒടുവിൽ പീലാത്തൊസ് ജനത്തിന്റെ ഇഷ്ടത്തിനു കീഴ്വഴങ്ങി. "നിങ്ങൾ അവനെ കൊണ്ടുപോയി ക്രൂശിപ്പിൻ; ഞാനോ അവനിൽ കുറ്റം കാണുന്നില്ല."

തഴമ്പിച്ച ഒരു മനസ്സിന്റെ ഉടമയായിരുന്നെങ്കിലും പീലാത്തൊസ് യേശുവിനെക്കുറിച്ചു ദുഃഖിച്ചു. ശിക്ഷാവിധിയിൽ ആകുകയും മർദ്ദിക്കപ്പെടുകയും ചെയ്തിട്ടും യേശുവിന്റെ മുഖം ആരിലും മതിപ്പുളവാക്കുന്ന തരത്തിലായിരുന്നു. പുരോഹിതന്മാർ പറഞ്ഞു: "ഞങ്ങൾക്ക് ഒരു ന്യായപ്രമാണം ഉണ്ട്; അവൻ തന്നെത്താൻ ദൈവപുത്രൻ ആക്കിയതുകൊണ്ട് ആ ന്യായപ്രമാണപ്രകാരം അവൻ മരിക്കേണ്ടതാകുന്നു."

പീലാത്തൊസ് ഭയചകിതനായി. ക്രിസ്തുവിന്റെ ദൗത്യത്തെക്കുറിച്ചോ, ക്രിസ്തുവിനെക്കുറിച്ചോ അവനു ശരിയായ രൂപമില്ലായിരുന്നു. എന്നാൽ ദൈവത്തിന്റെ അസ്തിത്വത്തിൽ അവൻ വിശ്വസിച്ചിരുന്നു. മുമ്പു തന്റെ ഹൃദയത്തിലുണ്ടായിരുന്ന അവ്യക്തമായ ചിന്തയ്ക്കു വ്യക്തമായ ഒരു രൂപം ഇപ്പോൾ ലഭിച്ചു. തന്റെ മുമ്പാകെ മുൾക്കിരീടവുമണിഞ്ഞ്, ധൂമ്രവസ്ത്രവും ധരിച്ചു നിൽക്കുന്ന വ്യക്തി ദൈവിക സ്വഭാവമുള്ള വ്യക്തിയല്ലേയെന്നു പീലാത്തൊസ് സ്വയം ചോദിച്ചു.

പീലാത്തൊസ് വീണ്ടും യേശുവിനോടു ചോദിച്ചു: "നീ എവിടെനിന്ന് ആകുന്നു?" യേശു മറുപടി പറഞ്ഞില്ല. സത്യത്തിനു സാക്ഷിയായ ക്രിസ്തു തന്റെ ദൗത്യം ഇന്നതെന്നു വെളിവാക്കിയിരുന്നു. എന്നാൽ പീലാത്തൊസ് സത്യം സ്വീകരിപ്പാൻ ഒരുക്കമായിരുന്നില്ല. താൻ നല്കിയതിൽ കൂടുതലായി നല്കുവാൻ ക്രിസ്തുവിനു വേറൊന്നുമില്ലായിരുന്നു. ക്രിസ്തുവിന്റെ നിശ്ശബ്ദതയിൽ ഈർഷ്യപൂണ്ടു പീലാത്തൊസ് പറഞ്ഞു: "നീ എന്നോടു സംസാരിക്കുന്നില്ലയോ? എനിക്കു നിന്നെ ക്രൂശിപ്പാൻ അധികാരമുണ്ടെന്നും, നിന്നെ വിട്ടയപ്പാൻ അധികാരമുണ്ടെന്നും നീ അറിയുന്നില്ലയോ?"

ക്രിസ്തു പറഞ്ഞു: "മേലിൽനിന്നു നിനക്കു കിട്ടീട്ടില്ലായെങ്കിൽ എന്റെ മേൽ നിനക്ക് ഒരധികാരവും ഉണ്ടാകയില്ലായിരുന്നു; അതുകൊണ്ട് എന്നെ നിന്റെ പക്കൽ ഏല്പിച്ചവന് അധികം പാപം ഉണ്ട്."

തീവ്രമായ വേദന അനുഭവിക്കുന്നതിനിടയിൽ പീലാത്തൊസിനോടു ദയ കാണിപ്പാൻ യേശു മറന്നില്ല. ഒരിക്കലും മറക്കാൻ പാടില്ലാത്ത ഒരു രംഗമായിരുന്നു അത്. ആ രംഗം യേശുവിന്റെ സ്വഭാവത്തിലേക്കു പ്രകാശം പരത്തി.

"അതുകൊണ്ട് എന്നെ നിന്റെ പക്കൽ ഏല്പിച്ചവന് അധികം പാപം ഉണ്ട്," യേശു പറഞ്ഞു. മഹാപുരോഹിതനായ കയ്യഫാവ് യെഹൂദജാതിയെ ആകമാനം പ്രതിനിധീകരിച്ചിരുന്നു. റോമൻ ഭരണാധികാരികളുടെ ജീവിത തത്വങ്ങൾ യെഹൂദന്മാർക്കറിയാമായിരുന്നു. ക്രിസ്തുവിന്റെ ഉപദേശങ്ങളെ

സംബന്ധിച്ചും അവന്റെ ദൈവത്വത്തെ സംബന്ധിച്ചും യെഹൂദന്മാർക്കു പ്രകാശം ലഭിച്ചിരുന്നു. അവർക്കു ലഭിച്ച പ്രകാശത്തിനനുസരിച്ചായിരിക്കും അവർക്കു വരുവാൻ പോകുന്ന ന്യായവിധി.

തങ്ങൾക്കു ലഭിച്ച ദൈവിക ജ്ഞാനത്തെ നിരസിച്ചവർക്കും യെഹൂദ ജനതയെ തെറ്റിലേക്കു നയിച്ചവർക്കുമായിരുന്നു ഏറ്റവും വലിയ ശിക്ഷാവിധി ലഭിക്കുവാൻ പോകുന്നത്. പീലാത്തൊാസിനും, ഹെരോദാവിനും, റോമൻ പടയാളികൾക്കും യേശുവിനെക്കുറിച്ചുള്ള അറിവു താരതമ്യേന വളരെ കുറവായിരുന്നു. ക്രിസ്തുവിനെ അപ മാനിക്കുന്നതിലൂടെ പുരോഹിത ന്മാരെയും യെഹൂദപ്രമാണികളെയും പ്രീണിപ്പിക്കാമെന്ന് അവർ വിചാരിച്ചു. യെഹൂദന്മാർക്കു ലഭിച്ചത്ര വെളിച്ചം അവർക്കു ലഭിച്ചിട്ടില്ലായിരുന്നു. റോമൻ പടയാളികൾക്കു യഥാർത്ഥ വെളിച്ചം ലഭിച്ചിരുന്നുവെങ്കിൽ അവർ യേശുവി നോടു ക്രൂരമായി പെരുമാറുകയില്ലായിരുന്നു.

യേശുവിനെ മോചിപ്പിക്കുവാൻ പീലാത്തൊാസ് വീണ്ടും ശ്രമിച്ചു. "നീ ഇവനെ വിട്ടയച്ചാൽ കൈസരുടെ സ്നേഹിതൻ അല്ല," യെഹൂദന്മാർ പറഞ്ഞു. കൈസരുടെ അധികാരത്തെ പരിരക്ഷിക്കുന്നവരാണു തങ്ങളെന്നു യെഹൂദന്മാർ അവകാശപ്പെട്ടു. എന്നാൽ അതിൽ ഒട്ടും സത്യമില്ലായിരുന്നു. അവസരം കിട്ടുമ്പോഴൊക്കെ, തങ്ങളുടെ ദേശീയവും മതപരവുമായ താൽ പര്യങ്ങളെ മറ്റുള്ളവരുടെമേൽ അടിച്ചേല്പിക്കുന്നവരായിരുന്നു യെഹൂദന്മാർ. എന്നാൽ യേശുവിനോടുള്ള വിദ്വേഷംകൊണ്ട് അവർ കൈസർക്കുവേണ്ടി സംസാരിച്ചു. അവർ ഏറ്റവും വെറുത്തിരുന്ന കൈസരെ ബഹുമാനിക്കുന്നവ രായി നടിച്ചു.

"തന്നെത്താൻ രാജാവാക്കുന്നവൻ എല്ലാം കൈസരോടു മത്സരിക്കുന്നു," യെഹൂദപ്രമാണികൾ പീലാത്തൊാസിനോടു പറഞ്ഞു. പീലാത്തൊാസിനെ പരോക്ഷമായി കുറ്റപ്പെടുത്തുന്നതായിരുന്നു ഈ പ്രസ്താവന. റോമൻ ഭരണകൂടം നേരത്തേതന്നെ പീലാത്തൊാസിൽ ചില തെറ്റുകൾ കണ്ടിരുന്നു. തന്നെക്കുറിച്ച് എന്തെങ്കിലും പരാതി ഭരണകേന്ദ്രത്തിൽ ലഭിച്ചാൽ തന്റെ നാശത്തിനു വഴിതെളിക്കുമെന്നു പീലാത്തൊാസ് ഭയപ്പെട്ടു. യെഹൂദന്മാരുടെ താൽപര്യത്തിനു വിലങ്ങുതടിയായാൽ തനിക്കെതിരായി യെഹൂദന്മാരുടെ രോഷം ആളിക്കത്തുമെന്നു പീലാത്തൊാസ് ഭയപ്പെട്ടു. എന്തു ചെയ്വാനും അവർക്കു മടിയില്ലായിരുന്നു. ഒരു ദോഷവും പ്രവർത്തിക്കാത്ത യേശുവി നോടു പ്രവർത്തിച്ച ക്രൂരത പീലാത്തൊാസ് കണ്ടു.

പീലാത്തൊാസ് തന്റെ സിംഹാസനത്തിൽ ഇരുന്നശേഷം ക്രിസ്തുവിനെ ജനത്തിന് ഏല്പിച്ചുകൊണ്ടു പറഞ്ഞു: "ഇതാ, നിങ്ങളുടെ രാജാവ്." ജനം ആർത്തു വിളിച്ചു: "അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക." പീലാത്തൊാസ് ചോദിച്ചു: "നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമോ?" ജനം മറുപടി പറഞ്ഞു: "ഞങ്ങൾക്കു കൈസരല്ലാതെ മറ്റൊരു രാജാവില്ല."

യെഹൂദജനത തങ്ങളുടെ കർത്താവിനെ പരിത്യജിച്ചു. അജ്ഞാനിയായ ഭരണാധികാരിയെ തങ്ങളുടെ രാജാവായി സ്വീകരിച്ചു. ദൈവത്തെയാണ്

അവർ തള്ളിക്കളഞ്ഞത്. അവരുടെ രക്ഷിതാവിനെ അവർ ഉപേക്ഷിച്ചു. കൈസരെ തെരഞ്ഞെടുത്തു. യെഹൂദപുരോഹിതന്മാരായിരുന്നു ഇതിനു കാരണം.

"ആരവാരം അധികമാകുന്നതല്ലാതെ ഒന്നും സാധിക്കുന്നില്ലെന്നു പീലാത്തൊസ് കണ്ടിട്ട്, വെള്ളം എടുത്തു പുരുഷാരം കാൺകെ കൈ കഴുകി: ഈ നീതിമാന്റെ രക്തത്തിൽ എനിക്കു കുറ്റം ഇല്ല; നിങ്ങൾ തന്നെ നോക്കിക്കൊൾവിൻ." ഭയത്തോടും കുറ്റബോധത്തോടുംകൂടെ പീലാത്തൊസ് യേശുവിനെ നോക്കി. ക്രിസ്തുവിന്റെ മുഖത്തു ശാന്തിയും സമാധാനവും കളിയാടിയിരുന്നു. തന്റെ ശിരസ്സിനു ചുറ്റും പ്രകാശം വലയം ചെയ്തിരുന്നു. പീലാത്തൊസ് അടക്കത്തിൽ പറഞ്ഞു: "അവൻ ദൈവമാകുന്നു." ജനത്തിന്റെ നേരെ തിരിഞ്ഞുകൊണ്ടു പീലാത്തൊസ് പറഞ്ഞു: "അവന്റെ രക്തത്തിൽ എനിക്കു കുറ്റമില്ല. നിങ്ങൾ കൊണ്ടുപോയി അവനെ ക്രൂശിപ്പിൻ." പീലാത്തൊസ് യേശുവിൽ ഒരു കുറ്റവും കണ്ടില്ല. കുറ്റമില്ലാത്ത രക്തം ചൊരിഞ്ഞതിന്റെ ശിക്ഷ യെഹൂദന്മാരുടെമേൽ വരുമെന്ന് അവൻ വിശ്വസിച്ചു. യേശുവിനെ രക്ഷിപ്പാൻ കഴിയാഞ്ഞതിൽ പീലാത്തൊസ് സ്വയം പഴിച്ചു. പീലാത്തൊസ് യെഹൂദന്മാരുടെ ഇഷ്ടത്തിനു വഴങ്ങി ക്രിസ്തുവിനെ ക്രൂശിപ്പാൻ ഏല്പിച്ചു.

പീലാത്തൊസ് ജനസമ്മതിയും ഉന്നതസ്ഥാനവും നഷ്ടപ്പെടുത്തുവാൻ ആഗ്രഹിച്ചില്ല. അനേകം ആളുകൾ പീലാത്തൊസിനെപ്പോലെയാണ്. അവർ ശ്രേഷ്ഠതത്വങ്ങളെ ബലികഴിക്കുന്നു. തെറ്റായ ദിശയിലേക്കാണു ശക്തിയായ ഒഴുക്കുള്ളത്. ദുഷ്ടതയുമായി കൂട്ടുകൂടുന്നവൻ തെറ്റിന്റെ കൂരിരുളിലേക്ക് ഒഴുകിപ്പോകുന്നു.

ജനക്കൂട്ടത്തിന്റെ നിർബന്ധത്തിനു പീലാത്തൊസ് വഴങ്ങി. തന്റെ സ്ഥാനം നഷ്ടപ്പെടുത്തുന്നതിനു പകരം, യേശുവിനെ ക്രൂശിപ്പാനായി വിട്ടുകൊടുത്തു. പക്ഷേ, പീലാത്തൊസ് തന്റെ തെറ്റിനു കനത്ത വില നല്കേണ്ടിവന്നു. തന്റെ സ്ഥാനമാനങ്ങൾ എല്ലാം നഷ്ടമായി. യേശുവിന്റെ വധത്തിനുശേഷം, കുറ്റബോധത്താൽ തകർന്ന പീലാത്തൊസ് സ്വജീവൻ നഷ്ടപ്പെടുത്തി. "ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നും; അതിന്റെ അവസാനമോ, മരണവഴികൾ അത്രേ" (സദൃശ. 14:12).

ക്രിസ്തുവിന്റെ രക്തത്തിൽ തനിക്കു പങ്കില്ലായെന്നു പറഞ്ഞപ്പോൾ, ധിക്കാരത്തോടെ കയ്യഫാവ് പറഞ്ഞു: "അവന്റെ രക്തം ഞങ്ങളുടെമേലും, ഞങ്ങളുടെ മക്കളുടെമേലും വരട്ടെ." മറ്റുള്ള യെഹൂദന്മാർ അത് ഏറ്റുചൊല്ലി.

യിസ്രായേൽജനത തെറ്റായ തെരഞ്ഞെടുപ്പു നടത്തി. യേശുവിനെ നോക്കിക്കൊണ്ട് അവർ പറഞ്ഞു: "ഇവനെ നീക്കിക്കളക; ബറബ്ബാസിനെ വിട്ടുതരിക." ദൈവപുത്രനായ ക്രിസ്തുവിനെ അവർ തള്ളി. സാത്താന്റെ പ്രതിനിധിയായ ബറബ്ബാസിനെ അവർ സ്വീകരിച്ചു.

ചാട്ടവാറിന്റെ അടിയാൽ നുറുക്കപ്പെട്ട ദൈവകുഞ്ഞാടിനെ നോക്കിക്കൊണ്ടു യെഹൂദന്മാർ അലറി: "അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങ

ളുടെ മക്കളുടെമേലും വരട്ടെ." സ്വയം അവർ നൽകിയ വിധി സ്വർഗ്ഗത്തിൽ രേഖപ്പെടുത്തപ്പെട്ടു. ദൈവപുത്രന്റെ രക്തം ചൊരിഞ്ഞതിന്റെ ശാപം അവരുടെമേൽ വന്നു.

യെരൂശലേം നശിപ്പിക്കപ്പെട്ടപ്പോൾ, യെഹൂദന്മാർ തങ്ങൾ ചെയ്ത തെറ്റിന്റെ കയ്പായ ഫലം അനുഭവിച്ചു. യെഹൂദജനതയ്ക്ക് ഇന്നോളം ഉണ്ടായ അനുഭവങ്ങളിൽ, തങ്ങൾ സ്വയം വരുത്തിയ ശാപം വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. മുന്തിരിവള്ളിയുടെ തായ്ത്തണ്ടിൽനിന്നു വിച്ഛേദിക്കപ്പെട്ട, മൃതമായ ഒരു കൊമ്പായി യെഹൂദജനത കഴിയുന്നു.

അന്ത്യവിധിയുടെ നാളിൽ യെഹൂദപ്രമാണികൾ നടത്തിയ പ്രാർത്ഥന പൂർണ്ണമായി നിറവേറപ്പെടും. യേശു രണ്ടാമതു ഭൂമിയിലേക്കു വരുമ്പോൾ മഹത്വത്തിന്റെ രാജാവായിട്ടായിരിക്കും. ആയിരമായിരം ദൂതന്മാർ അപ്പോൾ യേശുവിന് അകമ്പടി സേവിക്കും. തന്റെ വിശുദ്ധന്മാരെ കൂട്ടിച്ചേർപ്പാനായിട്ടാണു ക്രിസ്തു വീണ്ടും വരുന്നത്. "എല്ലാ കണ്ണും അവനെ കാണും. അവനെ കുത്തിത്തുളച്ചവരും അവനെ കാണും." മുൾക്കിരീടധാരിയായി അല്ല ക്രിസ്തു ഇനിയും വരുന്നത്, പൊൻകിരീടമണിഞ്ഞുകൊണ്ടായിരിക്കും. "ഭൂമിയിൽ ഒരലക്കുകാരനും വെളുപ്പിപ്പാൻ" കഴിയാത്തവിധത്തിലുള്ള വെൺമയേറിയ വസ്ത്രം ക്രിസ്തു ധരിച്ചിരിക്കും. "രാജാധിരാജാവും കർത്താധികർത്താവുമെന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതി" (വെളി. 19:16) യിരിക്കും. യേശുവിനെ പരിഹസിച്ചവരും അടിച്ചവരും പുരോഹിതന്മാരും പ്രമാണികളും ഈ രംഗം കാണും. തങ്ങൾ നടത്തിയ അപേക്ഷ - "അവന്റെ രക്തം ഞങ്ങളുടെമേലും, ഞങ്ങളുടെ മക്കളുടെമേലും വരട്ടെ" - യുടെ ഫലം അപ്പോൾ പൂർണ്ണമായി ലഭിക്കും. തങ്ങൾ ആരോടായിരുന്നു മത്സരിച്ചതെന്ന് അന്ന് അവർ മനസ്സിലാക്കും. അന്ന് അവരുടെ നിലവിളി ഇപ്രകാരമായിരിക്കും: "അവർ മലകളോടും പാറകളോടും: ഞങ്ങളുടെമേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും, കുഞ്ഞാടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറപ്പിൻ. അവരുടെ മഹാകോപദിവസം വന്നു; ആർക്കു നില്പാൻ കഴിയും" (വെളി. 6:16,17).



ക്രിസ്തുവിന്റെ മരണത്തോടുകൂടി യാഗകർമ്മാദികൾ അവസാനിക്കുന്നു

# 78

# കാൽവരി

അവലംബം: മത്തായി 27:31–53; മർക്കൊസ് 15:20–38; ലൂക്കൊസ് 23:26–46; യോഹ. 19:16–30

“തലയോടിടം എന്ന സ്ഥലത്തെത്തിയപ്പോൾ അവർ അവിടെ അവനെയും, ദുഷ്പ്രവൃത്തിക്കാരെയും ഒരുത്തനെ വലത്തും, ഒരുത്തനെ ഇടത്തുമായി ക്രൂശിച്ചു.”

“അങ്ങനെ യേശുവും സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിനു നഗരവാതിലിനു പുറത്തുവച്ചു കഷ്ടം അനുഭവിച്ചു” (എബ്രാ. 13:12). കല്പനാലംഘനത്താൽ ആദാമും ഹവ്വയും ഏദെൻതോട്ടത്തിൽനിന്നു പുറത്താക്കപ്പെട്ടു. നമ്മുടെ പാപം വഹിക്കുന്ന ക്രിസ്തു യെരൂശലേമിനു പുറത്തുവച്ചു കഷ്ടം അനുഭവിക്കേണ്ടതാവശ്യമായിരുന്നു. കുറ്റവാളികളും കൊലപാതകികളും വധിക്കപ്പെടുന്ന നഗരവാതിലിനു വെളിയിൽവച്ചു ക്രിസ്തുവും കൊല്ലപ്പെട്ടു. “ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു നമ്മെ വിലയ്ക്കു വാങ്ങി” (ഗലാ. 3:13). എത്ര അർത്ഥവത്തായ വാക്കുകൾ!

ന്യായവിസ്താരസഭയിൽനിന്നു വലിയ ഒരു ജനക്കൂട്ടം കാൽവരിയിലേക്കു യേശുവിനെ അനുഗമിച്ചു. യേശുവിനെ വധശിക്ഷയ്ക്കു വിധിച്ചിരിക്കുന്നുവെന്ന വാർത്ത യെരൂശലേമിലെങ്ങും പരന്നു. എല്ലായിടത്തുനിന്നും ആളുകൾ കാൽവരിയിലേക്കു പോയി. യേശുവിന്റെ ഭാഗത്തുനിന്ന് എതിർപ്പുകൾ ഒന്നും ഉണ്ടാകാതിരുന്നാൽ തന്റെ ശിഷ്യന്മാർക്ക് ഒരു ഉപദ്രവവും ഉണ്ടാകയില്ലെന്ന ഉറപ്പു പുരോഹിതന്മാർ നല്കിയിരുന്നു. അതുകൊണ്ടു ക്രൂശീകരണസ്ഥലത്തേക്കു ശിഷ്യന്മാരും പോയിരുന്നു.

യേശു പീലാത്തൊസിന്റെ അരമനയിൽനിന്നു പുറത്തുകടന്നപ്പോൾ ബറബ്ബാസിനുവേണ്ടി ഉണ്ടാക്കപ്പെട്ടിരുന്ന കുരിശു തന്റെ തോളിന്മേൽ വച്ചു. ബറബ്ബാസിന്റെ കൂട്ടുകാരായിരുന്ന രണ്ടു കള്ളന്മാർ, യേശുവിനോടുകൂടെ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്നു. അവരുടെ തോളിലും കുരിശുകൾ വച്ചിരുന്നു. ക്ഷീണിതനായ യേശുവിനു കുരിശിന്റെ ഭാരം താങ്ങുവാൻ വളരെ പ്രയാസമായിരുന്നു. പെസഹാരാത്രിക്കുശേഷം കർത്താവ് ഒരാഹാരവും കഴിച്ചിട്ടില്ലായിരുന്നു. ഗെത്ശേമനത്തോട്ടത്തിൽവച്ചു യേശു വലിയ വേദന അനുഭവിച്ചു. തന്റെ ശിഷ്യൻ തന്നെ കാണിച്ചുകൊടുത്തതു യേശുവിന്റെ ഹൃദയത്തെ വേദനിപ്പിച്ചു. ശിഷ്യന്മാരുടെ ഓടിപ്പോക്കും, തള്ളിപ്പറച്ചിലും കർത്താവിന്റെ ദുഃഖത്തെ ദ്വിഗുണീഭവിപ്പിച്ചു. ഓരോ ഭരണാധികാരിയുടെ ഭവനത്തിലും ആ രാത്രിയിൽ വിചാരണയ്ക്കായി യേശുവിനെ കൊണ്ടുപോയതു പരിക്ഷീണിപ്പിക്കുന്ന പ്രവൃത്തികളായിരുന്നു. ഇങ്ങനെയെല്ലാമായിരുന്നിട്ടും ക്രിസ്തു ഒരിക്കൽ പോലും പരാജയപ്പെട്ടില്ല. ദൈവത്തെ മഹത്വപ്പെടുത്തുന്നതല്ലാത്ത ഒരു വാക്കും യേശു ഉച്ചരിച്ചില്ല. ലജ്ജാവഹമായ, വിചാരണയെന്ന പ്രഹസനത്തെ യേശു, പതറാതെയും അന്തസ്സോടുംകൂടെ അഭിമുഖീകരിച്ചു. എങ്കിലും രണ്ടാമത്തെ ചമ്മട്ടി അടിക്കുശേഷം ക്രൂശു തന്റെമേൽ വച്ചപ്പോൾ മനുഷ്യനായ യേശുവിനു താങ്ങാവുന്നതിലപ്പുറമായിരുന്നു. കർത്താവു മോഹാലസ്യപ്പെട്ടു കുരിശിനടിയിൽ വീണു.

യേശുവിനെ പിന്തുടർന്ന ജനം യേശുവിന്റെ കാലിടറുന്നതു കണ്ടിട്ടും ഒരു അനുകമ്പയും പ്രദർശിപ്പിച്ചില്ല. ഭാരമേറിയ കുരിശു കർത്താവിനു വഹിപ്പാൻ കഴിയാതെ വന്നപ്പോൾ അവർ കർത്താവിനെ പരിഹസിച്ചു. കുരിശു വീണ്ടും കർത്താവിന്റെമേൽ വച്ചു. പിന്നെയും കർത്താവു മോഹാലസ്യപ്പെട്ടു നിലത്തുവീണു. യേശുവിനു ക്രൂശു ചുമപ്പാൻ കഴിയുകയില്ലായെന്നു പീഡിപ്പിച്ചവർ അപ്പോൾ മനസ്സിലാക്കി. അപമാനത്തിന്റെ ചിഹ്നമായ ക്രൂശു വഹിപ്പാൻ ആരെയും കണ്ടെത്താൻ അവർക്കു കഴിഞ്ഞില്ല. കുരിശു തൊടുന്നവൻ അശുദ്ധൻ എന്നു യെഹൂദന്മാർ കരുതിയിരുന്നു. അപ്രകാരം അശുദ്ധനാവുന്ന ഒരാൾക്കു പെസഹയിൽ പങ്കെടുപ്പാൻ കഴിയാതെ വരുമായിരുന്നു. അതുകൊണ്ടു കുരിശു വഹിപ്പാൻ ആരും ഒരുക്കമല്ലായിരുന്നു.

കുറേനക്കാരനായ ശീമോൻ വയലിൽനിന്നു വരികയായിരുന്നു. യേശുവിനെ അനുഗമിച്ചിരുന്ന ജനക്കൂട്ടത്തെ അവൻ കണ്ടു. അവരുടെ പരിഹാസവും അധിക്ഷേപവാക്കുകളും അവൻ കേട്ടു. ഇതു കണ്ടു ശീമോൻ അവിടെനിന്നു. പടയാളികൾ ശീമോനെക്കൊണ്ടു ക്രിസ്തുവിന്റെ ക്രൂശു ചുമപ്പിച്ചു.

യേശുവിന്റെ ഉപദേശങ്ങൾ ശീമോൻ കേട്ടിരുന്നു. ശീമോന്റെ പുത്രന്മാർ യേശുവിൽ വിശ്വസിച്ചിരുന്നു. എങ്കിലും ശീമോൻ യേശുവിന്റെ ശിഷ്യൻ ആയിരുന്നില്ല. യേശുവിന്റെ കുരിശു വഹിപ്പാൻ ശീമോനു കഴിഞ്ഞു എന്നത് അവന് ഒരു അനുഗ്രഹമായി. ഈ ഭാഗ്യം ശീമോനു ലഭിച്ചതിൽ അവൻ അതീവ സന്തുഷ്ടനായിരുന്നു. ക്രിസ്തുവിന്റെ കുരിശു സ്വമനസ്സാലെയായിരുന്നു ശീമോൻ വഹിച്ചത്. അതിന്റെ ഭാരം അവനു സന്തോഷം നല്കി.

യേശുവിന്റെ വധസ്ഥലത്തേക്കു പോയിരുന്ന ജനക്കൂട്ടത്തിൽ സ്ത്രീജനങ്ങളും ഉണ്ടായിരുന്നു. അവരുടെ ശ്രദ്ധ കൊല്ലപ്പെടുവാൻ കൊണ്ടുപോകുന്ന ക്രിസ്തുവിലായിരുന്നു. അവരിൽ ചിലർ ക്രിസ്തുവിനെ മുമ്പു കണ്ടിട്ടുണ്ടായിരുന്നു. രോഗസൗഖ്യം പ്രാപിച്ചിട്ടുള്ളവരും, രോഗികളെയുംകൊണ്ടു യേശുവിന്റെ അരികിൽ പോയിരുന്നവരും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. ജനം യേശുവിനോടു കാട്ടിയ അനാദരവിൽ അവർ അത്ഭുതപ്പെട്ടു. അവരുടെ ഹൃദയങ്ങൾ കർത്താവിനുവേണ്ടി ഉരുകുകയായിരുന്നു. പുരോഹിതപ്രമാണികളുടെ കോപത്തെ അവർ കൂട്ടാക്കിയില്ല. യേശു മോഹാലസ്യപ്പെട്ടു കുരിശിനടിയിൽ വീണപ്പോൾ ഇവർ വിലപിച്ചു.

സ്ത്രീകളുടെ വിലാപം ക്രിസ്തുവിന്റെ ശ്രദ്ധയെ ആകർഷിച്ചു. ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്, അതിവേദനയിൽ ആയിരുന്നിട്ടും ദുഃഖിതരെ മറന്നില്ല. കാരുണ്യം തുടിക്കുന്ന മുഖത്തോടുകൂടെ ക്രിസ്തു വിലപിക്കുന്നവരെ നോക്കി. ക്രിസ്തുവിനെ ദൈവപുത്രൻ എന്നു വിശ്വസിച്ചുകൊണ്ടായിരുന്നില്ല, ആ സ്ത്രീകൾ ദുഃഖിച്ചത്. എങ്കിലും അവരുടെ കണ്ണുനീരിനെ യേശു അവഗണിച്ചില്ല. യേശു പറഞ്ഞു: "യെരൂശലേം പുത്രിമാരേ, എന്നെച്ചൊല്ലി കരയേണ്ടാ, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ." യെരൂശലേം നഗരത്തിനു വരുവാൻ പോകുന്ന നാശത്തെ യേശു മുൻകൂട്ടി കണ്ടു. ആ ഭയാനകമായ നാളിൽ തനിക്കുവേണ്ടി കരയുന്ന പലരും തങ്ങളുടെ കുഞ്ഞുങ്ങളോടൊപ്പം നാശത്തിനിരയായിത്തീരുമെന്നു കർത്താവിനറിയാമായിരുന്നു.

യെരൂശലേമിനു വരുവാൻ പോകുന്ന നാശത്തെ മുന്നിൽ കണ്ട ക്രിസ്തുവിന്, ലോകത്തിനു സംഭവിപ്പാൻ പോകുന്ന ന്യായവിധിയെയും ദർശിപ്പാൻ കഴിഞ്ഞു. യേശു ആ നാളിനെക്കുറിച്ചു പറഞ്ഞു: "അന്നു മലകളോട്: ഞങ്ങളുടെമേൽ വീഴുവിൻ എന്നും, കുന്നുകളോട്: ഞങ്ങളെ മൂടുവിൻ എന്നും പറഞ്ഞുതുടങ്ങും. പച്ചമരത്തോട് ഇങ്ങനെ ചെയ്താൽ ഉണങ്ങിയതിന് എന്തു ഭവിക്കും?" പച്ചമരം എന്നു യേശു പറഞ്ഞതു തന്നെക്കുറിച്ചായിരുന്നു. പാപത്തോടുള്ള ദൈവത്തിന്റെ ക്രോധം, തന്റെ ഏകജാതനായവന്റെമേൽ പതിക്കുവാൻ ദൈവം അനുവദിച്ചു. മനുഷ്യരുടെ രക്ഷ, സാദ്ധ്യമാക്കിത്തീർക്കുവാൻ ദൈവപുത്രൻ മരിക്കേണ്ടതാവശ്യമായിരുന്നു. ദൈവപുത്രൻ ഇത്ര ക്രൂരമായ ശിക്ഷ അനുഭവിക്കേണ്ടിവന്നെങ്കിൽ ദൈവകൃപയെ ത്യജിക്കുന്ന ഒരുവനു വരുവാൻ പോകുന്ന ശിക്ഷ എത്ര വലുതായിരിക്കും. ചിന്തിപ്പാൻ കഴിവില്ലാത്ത തരത്തിലുള്ള കഷ്ടതകളായിരിക്കും അനുതപിക്കാത്ത ലോകത്തിന്റെമേൽ വരിക.

കാൽവരിയിലേക്കു പോയ ജനക്കൂട്ടത്തിൽ പലരും യേശു കഴുതക്കുട്ടിയുടെ പുറത്തു യെരൂശലേം ദൈവാലയത്തിലേക്കു പോയപ്പോൾ, യേശുവിനു രാജകീയ വരവേല്പു നല്കിയവരായിരുന്നു. അന്നു യേശുവിനു ഹോശന്നാ പാടിയവർ, കാൽവരിയിലേക്കു പോയ യേശുവിനെ നോക്കി, “ക്രൂശിക്ക, ക്രൂശിക്ക” എന്നാർത്തു വിളിച്ചു. യേശു യെരൂശലേം സന്ദർശനം നടത്തിയപ്പോൾ ശിഷ്യന്മാരുടെ പ്രതീക്ഷകൾ അത്യുച്ചകോടിയിലെത്തി. കർത്താവിനു ലഭിച്ച സ്വീകരണത്തിൽ ആഹ്ലാദിച്ച ശിഷ്യന്മാർ ആ സന്ദർഭത്തിൽ കർത്താവിനോടു ചേർന്നുനിന്നു. എന്നാൽ കർത്താവ് അപമാനിതനായ വേളയിൽ അവർ കർത്താവിൽനിന്ന് അകന്നുമാറി കർത്താവിനെ അനുഗമിച്ചു. പ്രതീക്ഷകൾ തകർന്ന ശിഷ്യന്മാരുടെ തലകൾ അപമാനഭാരത്താൽ താണിരുന്നു. യേശു പറഞ്ഞത് എത്ര ശരിയായിരുന്നു. “ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറും; ഞാൻ ഇടയനെ വെട്ടും; കൂട്ടത്തിലെ ആടുകൾ ചിതറിപ്പോകും” (മത്തായി 26:31).

വധസ്ഥലത്ത് എത്തിയപ്പോൾ, രണ്ടു കള്ളന്മാരും വളരെ എതിർപ്പും ബഹളവും കാണിച്ചു. എന്നാൽ യേശു തികച്ചും ശാന്തനായിരുന്നു. പ്രിയ ശിഷ്യനായ യോഹന്നാന്റെ സഹായത്തോടുകൂടി യേശുവിന്റെ അമ്മയും കാൽവരിയിലേക്കു വന്നിരുന്നു. തന്റെ ഓമനപുത്രൻ കുരിശിന്റെ അടിയിൽ മോഹാലസ്യപ്പെട്ടു വീഴുന്നത് ആ അമ്മ കണ്ടു. മുറിവേറ്റ തന്റെ പുത്രന്റെ ശിരസ്സു കൈകൊണ്ടു താങ്ങുവാൻ ആ അമ്മ വെമ്പൽ പൂണ്ടു. തന്റെ മാർവ്വോടു ചേർത്ത് ആ മുഖം തുടയ്ക്കുവാൻ അമ്മ ആഗ്രഹിച്ചു. എങ്കിലും ആരും അവരെ അതിനനുവദിച്ചില്ല. ശത്രുക്കളെ തന്റെ ദൈവിക ശക്തി ഉപയോഗിച്ചു നശിപ്പിച്ചു യേശു രക്ഷ പ്രാപിക്കുമെന്ന്, ശിഷ്യന്മാരെപ്പോലെ ആ അമ്മയും വിചാരിച്ചിരുന്നു. തനിക്കു സംഭവിപ്പാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചു യേശു മുൻകൂട്ടി പറഞ്ഞതു മറിയ ഓർത്തു. അത് ആ സ്നേഹവതിയായ മാതാവിനെ തളർത്തി. മരിച്ചവർക്കു ജീവൻ നല്കിയ തന്റെ പുത്രൻ ശത്രുക്കളാൽ ക്രൂശീകരിക്കപ്പെടാൻ അനുവദിക്കുമോ? ദൈവപുത്രൻ ഇപ്രകാരം ക്രൂരമായി കൊല്ലപ്പെടുവാൻ സ്വയം വിട്ടുകൊടുക്കുമോ? തന്റെ പുത്രൻ മശീഹ ആയിരിക്കുമോ? തനിക്ക് ഒന്നും ചെയ്വാൻ കഴിയാത്ത അവസ്ഥയിൽ മകനു നേരിടുന്ന അപമാനവും ദുഃഖവും കണ്ടുകൊണ്ടിരിക്കേണ്ടതായി വരുമോ? എന്തെല്ലാം ആ അമ്മ ചിന്തിച്ചു. യേശുവിന്റെ കരങ്ങൾ, കുരിശിന്മേൽ വിരിക്കുന്നതു മറിയ കണ്ടു. കൈകൾ കുരിശിന്മേൽ തറയ്ക്കുന്നതിനുള്ള ആണികളും ചുറ്റികയും കൊണ്ടുവരപ്പെട്ടു. മൃദുലമായ ആ മാംസത്തിൽക്കൂടെ ഇരുമ്പാണികൾ തുളച്ചുകയറിയപ്പോൾ തളർന്നു വീണ അമ്മയെ ശിഷ്യന്മാർ അവിടെനിന്നു നീക്കി.

യേശു, തനിക്കു നേരിട്ട വേദനകളെല്ലാം ക്ഷമയോടെ സഹിച്ചു. യേശുവിന്റെ മുഖത്തു ശാന്തതയും നിർഭയത്വവും കളിയാടിയിരുന്നു. ആ നെറ്റിത്തടങ്ങളിൽ പളുങ്കുമണികൾപോലെ വിയർപ്പുതുള്ളികൾ പൊടിഞ്ഞുകൊണ്ടിരുന്നു. യേശുവിന്റെ മുഖം തുടയ്ക്കുവാൻ ഒരു കരവും മുമ്പോട്ടു വന്നില്ല. അനുകമ്പയുടെ ഒരു വാക്കുപോലും എങ്ങും കേട്ടില്ല. യേശുവിനെ ആശ്വസിപ്പിക്കാനായി ആരും ഉണ്ടായിരുന്നില്ല. പടയാളികൾ ക്രൂരമായി തന്നെ

പീഡിപ്പിച്ചുകൊണ്ടിരുന്നപ്പോൾ യേശു ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു: “പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ.” കർത്താവിന്റെ മനസ്സു സ്വന്ത വേദനകളെ മറന്നു തന്നെ ഉപദ്രവിക്കുന്നവർക്കു വരുവാൻ പോകുന്ന ഭയാനകമായ ശിക്ഷാവിധിയെക്കുറിച്ച് ഓർത്തു. തന്നെ പീഡിപ്പിച്ചുകൊണ്ടിരുന്ന പടയാളികളുടെമേൽ ഒരു ശാപവും കർത്താവു ചൊരിഞ്ഞില്ല. സ്വന്ത താൽപര്യങ്ങൾ നേടിയെടുത്തതിൽ മതിമറന്നാഹ്ലാദിച്ച പുരോഹിതന്മാരോടും യെഹൂദപ്രമാണികളോടും കർത്താവിന് ഒരു പ്രതികാരചിന്തയുമില്ലായിരുന്നു. അവരുടെ അജ്ഞതയിൽ കർത്താവിന് അവരോടു സഹതാപമാണുണ്ടായിരുന്നത്. “അവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ അവരോടു ക്ഷമിക്കേണമേ” എന്നു സ്വർഗ്ഗസ്ഥനായ പിതാവിനോടു യേശു പ്രാർത്ഥിച്ചു.

പാപികളായ മനുഷ്യവർഗ്ഗത്തെ നിത്യമരണത്തിൽനിന്നു വീണ്ടെടുക്കുവാൻ വന്ന ദൈവപുത്രനെയാണു തങ്ങൾ പീഡിപ്പിക്കുന്നതെന്ന് അവർ അറിഞ്ഞിരുന്നെങ്കിൽ അവർ ഭയവും പശ്ചാത്താപവുമുള്ളവരായിത്തീരുമായിരുന്നു. എന്നാൽ അജ്ഞത അവരുടെ കുറ്റത്തെ ഇല്ലാതാക്കിയില്ല. എന്തുകൊണ്ടെന്നാൽ ക്രിസ്തുവിനെ അറിയുവാനും, സ്വീകരിപ്പാനുമുള്ള ചുമതല അവരുടേതായിരുന്നു. അവരിൽ ചിലർ പിൽക്കാലത്തു തങ്ങളുടെ പാപത്തെക്കുറിച്ച് അറിയുകയും പശ്ചാത്തപിക്കുകയും മാനസാന്തരപ്പെടുവാൻ പോകുന്നവരുമായിരുന്നു. അനുതാപരഹിതമായ ജീവിതംമൂലം അവരിൽ ചിലർ, ക്രിസ്തുവിന്റെ പ്രാർത്ഥന പ്രയോജനപ്പെടുത്താത്തവരും ആയിരുന്നു. എങ്കിലും ദൈവോദ്ദേശ്യം പൂർത്തീകരണത്തിലെത്തുകയായിരുന്നു. അതോടൊപ്പം യേശു, മനുഷ്യന്റെ പ്രതിപുരുഷനായിത്തീരുകയും ചെയ്തു.

ശത്രുക്കൾക്കുവേണ്ടി ക്രിസ്തു നടത്തിയ പ്രാർത്ഥന മുഴുലോകത്തിനും വേണ്ടിയുള്ളതായിരുന്നു. ലോകാരംഭം മുതൽ കാലത്തിന്റെ അന്ത്യം വരെ ജീവിക്കുന്ന എല്ലാ പാപികൾക്കും വേണ്ടിയുള്ളതായിരുന്നു യേശുവിന്റെ പ്രാർത്ഥന. ദൈവപുത്രനെ ക്രൂശിച്ചതിൽ സർവ്വ മനുഷ്യരും കുറ്റക്കാരാണ്. എന്നാൽ സകല മനുഷ്യർക്കും പാപക്ഷമ സൗജന്യമായി വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു. ഏതൊരു മനുഷ്യനും ദൈവവുമായി നിരപ്പു പ്രാപിക്കാനും നിത്യജീവൻ പ്രാപിക്കാനും സാധിക്കും.

യേശുവിനെ കുരിശിൽ തറച്ചതിനുശേഷം, ബലിഷ്ഠന്മാരായ ആളുകൾ കുരിശ് ഉയർത്തി. പിന്നീടു ശക്തിയോടെ, കുരിശ്, ഉറപ്പിക്കുന്നതിനുവേണ്ടി കുഴിയിലേക്ക് ഇട്ടു. അതിന്റെ ആഘാതം ക്രൂശിന്മേൽ കിടന്നിരുന്ന കർത്താവിനു ദുസ്സഹമായ വേദന ഉളവാക്കി. പീലാത്തൊസ് ഒരു മേലെഴുത്ത് എബ്രായ, ഗ്രീക്ക്, ലത്തീൻ ഭാഷകളിൽ എഴുതി യേശുവിന്റെ തലയ്ക്കു മുകളിൽ കുരിശിൽ പതിപ്പിച്ചു. “നസ്രായനായ യേശു, യെഹൂദന്മാരുടെ രാജാവ്” എന്നായിരുന്നു മേലെഴുത്ത്. ഈ മേലെഴുത്തു യെഹൂദന്മാരെ കുപിതരാക്കി. പീലാത്തൊസിന്റെ അരമനയിൽവച്ചു ജനം ആക്രോശിച്ചു: “ഞങ്ങൾക്കു കൈസരല്ലാതെ മറ്റൊരു രാജാവില്ല” (യോഹ. 19:15). ആരെങ്കിലും മറ്റൊരുവനെ രാജാവായി അംഗീകരിച്ചാൽ, അയാൾ രാജ്യദ്രോഹി

യായിരിക്കുമെന്ന് അവർ പറഞ്ഞു. അവർ പ്രകാശിപ്പിച്ച വികാരം പീലാത്തൊസ് എഴുതിവച്ചു. "യേശു യെഹൂദന്മാരുടെ രാജാവ്" എന്നു മാത്രം പീലാത്തൊസ് എഴുതി. യെഹൂദന്മാർക്കു റോമാ അധികാരത്തോടുള്ള ബന്ധത്തെ കാണിക്കുന്നതായിരുന്നു ആ മേലെഴുത്ത്. ആരെങ്കിലും യിസ്രായേലിന്റെ രാജാവ് എന്നവകാശപ്പെട്ടാൽ മരണശിക്ഷയായിരിക്കും ഫലമെന്ന് ആ മേലെഴുത്തു വ്യക്തമാക്കി. ക്രിസ്തുവിനെ വധിക്കുന്നതിനുവേണ്ടി യെഹൂദന്മാർ ഗൂഢാലോചന നടത്തിക്കൊണ്ടിരുന്നപ്പോൾ, ഒരു ജാതിക്കു വേണ്ടി ഒരുവൻ മരിക്കുന്നതു നല്ലത് എന്നു കയ്യഫാവ് പ്രഖ്യാപിച്ചു. യെഹൂദന്മാരുടെ ഗൂഢാലോചന പുറത്തായി. ക്രിസ്തുവിനെ വധിക്കുന്നതിനു വേണ്ടി, തങ്ങളുടെ രാഷ്ട്രത്തെവരെ പണയം വയ്ക്കുവാൻ യെഹൂദന്മാർ തയ്യാറായിരുന്നു.

തങ്ങളുടെ ഗൂഢാലോചന പുറത്തായി എന്നു പുരോഹിതന്മാർ മനസ്സിലാക്കി. ആ മേലെഴുത്തു മാറ്റുവാൻ അവർ പീലാത്തൊസിനോടാവശ്യപ്പെട്ടു. അവർ പറഞ്ഞു: "യെഹൂദന്മാരുടെ രാജാവ് എന്നല്ല, ഞാൻ യെഹൂദന്മാരുടെ രാജാവ് എന്ന് അവൻ പറഞ്ഞു എന്നത്രേ എഴുതേണ്ടത്." എന്നാൽ പീലാത്തൊസ് ആകെ ക്ഷുഭിതനായിരിക്കുകയായിരുന്നു. അസൂയാലുക്കളും, കാപട്യം മൂടിവച്ചിരിക്കുന്നവരുമായ യെഹൂദപുരോഹിതന്മാരെ പീലാത്തൊസ് വെറുത്തു. "ഞാൻ എഴുതിയത് എഴുതി" എന്നു പീലാത്തൊസ് പറഞ്ഞു.

കുരിശിന്മേൽ പതിപ്പിച്ച ആ മേലെഴുത്ത് അവിടെ വയ്ക്കുവാൻ കാരണമായതു പീലാത്തൊസിന്റെ തീരുമാനമായിരുന്നു. ദൈവാത്മാവിന്റെ നിയോഗപ്രകാരമാണ് അപ്രകാരം എഴുതി പതിപ്പിക്കുവാൻ കാരണമായത്. ക്രിസ്തുവിനെ കുരിശിലേറ്റിയ സ്ഥലം പട്ടണത്തിനു വളരെ അടുത്തായിരുന്നു. പല ദേശങ്ങളിൽനിന്നുള്ള ആളുകൾ യെരൂശലേമിൽ ഉണ്ടായിരുന്നു. നസ്രായനായ യേശുവിനെ മശീഹയായി പ്രഖ്യാപിക്കുന്ന ആ മേലെഴുത്ത് അനേകർ വായിക്കുവാനിടയായി.

ക്രൂശിന്മേൽ കർത്താവ് അനുഭവിച്ച പീഡനങ്ങളിലൂടെ പ്രവചനം നിറവേറി. ക്രൂശുമരണത്തിനു നൂറ്റാണ്ടുകൾക്കുമുമ്പു ക്രിസ്തു അനുഭവിക്കേണ്ട കഷ്ടതകളെക്കുറിച്ചു പ്രവാചകന്മാർ ദൈവാത്മാവാൽ പ്രേരിതരായി എഴുതിയിരുന്നു. "നായ്ക്കൾ എന്നെ വളഞ്ഞു; ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുറ്റിയിരിക്കുന്നു. അവർ എന്റെ കൈകളെയും കാലുകളെയും തുളച്ചു. എന്റെ അസ്ഥികളൊക്കെയും എനിക്ക് എണ്ണാം. അവർ എന്നെ ഉറ്റുനോക്കുന്നു. എന്റെ വസ്ത്രം അവർ പകുത്തെടുത്തു; എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു" (സങ്കീ. 22:16-18). യേശുവിന്റെ വസ്ത്രങ്ങളെ സംബന്ധിച്ച പ്രവചനവും നിറവേറി. യേശുവിനെ ക്രൂശിച്ച പടയാളികൾക്ക്, തന്റെ വസ്ത്രങ്ങൾ ലഭിച്ചു. വസ്ത്രം പങ്കുവച്ചപ്പോഴുണ്ടായ വാഗ്വാദം യേശു കേട്ടു. യേശുവിന്റെ അങ്കി തുന്നൽ ഇല്ലാതെ, മേൽതൊട്ട് അടിയോളം നെയ്തതായിരുന്നു. "ഇതു കീറരുത്; ആർക്കു വരും എന്നു ചീട്ടിടുക" എന്നു പറഞ്ഞു.

യേശുവിനെ സംബന്ധിച്ച വേറൊരു പ്രവചനവും നിവൃത്തിയായി. "നിന്ദ എന്റെ ഹൃദയത്തെ തകർത്തു; ഞാൻ ഏറ്റവും വിഷാദിച്ചിരിക്കുന്നു; വല്ല വനും സഹതാപം തോന്നുമോ എന്നു ഞാൻ നോക്കിക്കൊണ്ടിരുന്നു; ആർക്കും തോന്നിയില്ല; ആശ്വസിപ്പിക്കുന്നവരുണ്ടോ എന്നും നോക്കി ക്കൊണ്ടിരുന്നു; ആരെയും കണ്ടില്ലതാനും. അവർ എനിക്കു തിന്നുവാൻ കൈപ്പു തന്നു; എന്റെ ദാഹത്തിന് അവർ എനിക്കു ചൊറുക്ക കുടിപ്പാൻ തന്നു" (സങ്കീ. 69:20,21). ക്രൂശുമരണം അനുഭവിക്കുന്നവർക്കു മയക്കം ഉളവാക്കുന്നതിനായി ഒരുതരം പാനീയം കൊടുക്കുമായിരുന്നു. വേദനയെ ക്കുറിച്ച് അറിയാതിരിക്കുവാനാണ് ആ പാനീയം നൽകിയിരുന്നത്. എന്നാൽ കർത്താവ് അതു രുചിച്ചുനോക്കിയാറെ, കുടിപ്പാൻ വിസമ്മതിച്ചു. തന്റെ മന സ്സിനെ മരവിപ്പിക്കുന്ന ഒന്നും സ്വീകരിപ്പാൻ കർത്താവ് ഒരുക്കമായിരുന്നില്ല. ദൈവത്തിലുള്ള വിശ്വാസം മുറുകെപ്പിടിക്കേണ്ടതാവശ്യമായിരുന്നു. തന്റെ ഏകബലം അതു മാത്രമായിരുന്നു. ബോധമനസ്സിനെ മന്ദീഭവിപ്പി ക്കുന്നത്, സാത്താനു സൗകര്യം ഉണ്ടാക്കിക്കൊടുക്കലാണ്.

യേശു ക്രൂശിന്മേൽ കിടന്നപ്പോൾ, ശത്രുക്കൾ തങ്ങളുടെ രോഷം മുഴുവൻ പ്രകടിപ്പിച്ചു. മരിച്ചുകൊണ്ടിരുന്ന കർത്താവിനെ പുരോഹിതന്മാരും യെഹൂദപ്രമാണികളും ജനവും പരിഹസിച്ചു. യേശുവിന്റെ സ്നാനസമയത്തും, മറുരൂപ മലയിലുംവച്ച്, "ഇവൻ എന്റെ പ്രിയപുത്രൻ" എന്നു പിതാവായ ദൈവം സാക്ഷീകരിച്ചിരുന്നു. യൂദാ യേശുവിനെ കാണിച്ചുകൊടുക്കുന്നതിനുമുമ്പ്, ക്രിസ്തുവിന്റെ ദൈവിക സ്വഭാവത്തെ ഉറപ്പാക്കിക്കൊണ്ടു സ്വർഗ്ഗത്തിൽനിന്നു വന്ന ദൂതൻ സംസാരിച്ചു. എന്നാൽ യേശു ക്രൂശിന്മേൽ ആയിരുന്നപ്പോൾ സ്വർഗ്ഗത്തിൽനിന്നുള്ള ശബ്ദം നിലച്ചിരുന്നു. ക്രിസ്തുവിനെ ശക്തീകരി ക്കുന്ന ഒന്നും സ്വർഗ്ഗത്തിൽനിന്നു കേൾപ്പാനില്ലായിരുന്നു. ദുഷ്ടന്മാ രിൽനിന്നുള്ള അധിക്ഷേപവചനങ്ങളും പരിഹാസവും മാത്രമാണ് അപ്പോൾ കേട്ടത്. അതെല്ലാം കർത്താവ് ഏകനായി സഹിച്ചു. "നീ ദൈവപുത്ര നെങ്കിൽ കുരിശിൽനിന്ന് ഇറങ്ങിവാ, ഇവൻ ദൈവം തെരഞ്ഞെടുത്ത ക്രിസ്തു വെങ്കിൽ, തന്നെത്താൻ രക്ഷിക്കട്ടെ," ഇങ്ങനെയെല്ലാമായിരുന്നു പരിഹാസ ങ്ങൾ. മരുഭൂമിയിൽവച്ചു ക്രിസ്തുവിനെ സാത്താൻ പരീക്ഷിച്ചപ്പോൾ, സാത്താൻ പറഞ്ഞു: "നീ ദൈവപുത്രനെങ്കിൽ, ഈ കല്ല് അപ്പമായിത്തീരു വാൻ കല്പിക്ക," "നീ ദൈവപുത്രനെങ്കിൽ, താഴോട്ടു ചാടുക" (മത്തായി 4:3,6). സാത്താനും അവന്റെ ദൂതന്മാരും മാനുഷവേഷത്തിൽ കുരിശിനു ചുറ്റും ഉണ്ടായിരുന്നു. പുരോഹിതന്മാരും, പരീശന്മാരും, കഠിനചിത്തരായ ജനവും സാത്താന്റെ സ്വാധീനവലയത്തിലായിരുന്നു.

മരണത്തിലേക്കു വീണുകൊണ്ടിരുന്ന കർത്താവു പുരോഹിതന്മാർ പറ യുന്നതു കേട്ടു: "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെത്താൻ രക്ഷിപ്പാൻ കഴിയുകയില്ല. ഇവൻ യിസ്രായേലിന്റെ രാജാവാകുന്നുവെങ്കിൽ, ഇപ്പോൾ ക്രൂശിൽനിന്ന് ഇറങ്ങിവരട്ടെ; എന്നാൽ ഞങ്ങൾ അവനിൽ വിശ്വസിക്കും." ക്രിസ്തുവിനു ക്രൂശിൽനിന്ന് ഇറങ്ങിവരുവാൻ കഴിയുമായിരുന്നു. എന്നാൽ സ്വയം മരണത്തിനു വിട്ടുകൊടുത്തതുകൊണ്ടാണ്, പാപിയായ മനുഷ്യനു പാപമോചനവും രക്ഷയും ലഭിക്കുന്നത്. പ്രവചനത്തിന്റെ വ്യാഖ്യാതാക്കൾ

എന്നു സ്വയം അവകാശപ്പെട്ടിരുന്ന പുരോഹിതപ്രമാണികൾ, പ്രവചനത്തിൽ പറഞ്ഞിട്ടുള്ള പ്രകാരം ക്രിസ്തുവിനെ ആക്ഷേപിക്കുന്നതിൽ വളരെ താൽപര്യം കാണിച്ചു. തങ്ങളുടെ പ്രവൃത്തി, പ്രവചനത്തിന്റെ നിറവേറലായിരുന്നുവെന്നു യെഹൂദപ്രമാണികൾ അറിഞ്ഞില്ല. "അവൻ ദൈവത്തിൽ ആശ്രയിക്കുന്നു; അവന് ഇവനിൽ പ്രസാദമുണ്ടെങ്കിൽ ഇപ്പോൾ വിടുവിക്കട്ടെ; ഞാൻ ദൈവപുത്രൻ എന്ന് അവൻ പറഞ്ഞുവല്ലോ" എന്നു പരിഹസിച്ചവർ, തങ്ങളുടെ സാക്ഷ്യം നൂറ്റാണ്ടുകൾക്കു ശേഷവും മുഴങ്ങിക്കൊണ്ടിരിക്കും എന്നു മനസ്സിലാക്കിയില്ല. പരിഹസിക്കുന്നതിനുവേണ്ടിയാണ് അവർ അതു പറഞ്ഞതെങ്കിലും, മറ്റുള്ളവർ തിരുവചനം അതിശ്രദ്ധയോടെ ശോധന ചെയ്യുന്നതിന് അതു പ്രേരകമായി. ബുദ്ധിമാന്മാരായ ആളുകൾ അവ കേട്ടു; തിരുവെഴുത്തുകളെ ശോധന ചെയ്തു. ധ്യാനിച്ചു പ്രാർത്ഥിച്ചു. ക്രിസ്തുവിന്റെ ദൗത്യത്തിന്റെ അർത്ഥം ഗ്രഹിക്കുന്നതുവരെ, തിരുവെഴുത്തുകളെ അതിശ്രദ്ധയോടെ ശോധന ചെയ്യുന്നവർ ഉണ്ടായിരുന്നു. ക്രൂശിന്മേൽ കിടന്ന ക്രിസ്തു ഏവരുടെയും ശ്രദ്ധ ആകർഷിച്ചു. ക്രൂശീകരണരംഗം വീക്ഷിച്ചവർക്കും, ക്രിസ്തുവിന്റെ വാക്കുകൾ കേട്ടവർക്കും സത്യത്തിന്റെ പ്രകാശം ഗ്രഹിക്കുവാൻ കഴിഞ്ഞു.

ക്രൂശിൽവച്ച് അതിവേദന അനുഭവിച്ചുകൊണ്ടിരുന്നപ്പോൾ, ആശ്വാസത്തിന്റെ കൈത്തിരി കാണുവാൻ ക്രിസ്തുവിനു കഴിഞ്ഞു. അനുതപിച്ച കള്ളന്റെ പ്രാർത്ഥനയായിരുന്നു അത്. യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാരും ആദ്യം യേശുവിനെ ദുഷിച്ചു. ഒരു കള്ളൻ തന്റെ കഷ്ടതയിൽ കൂടുതൽ ആശയറ്റവനും ധിക്കാരിയുമായിത്തീർന്നു. എന്നാൽ അവന്റെ കൂട്ടുകാരൻ അങ്ങനെയായിരുന്നില്ല. അവൻ ഒരു കഠിനഹൃദയനായിരുന്നില്ല. മോശമായ കൂട്ടുകെട്ടുമൂലം വഴിപിഴച്ചുപോയ ഒരുവനായിരുന്നു. യേശുവിനെ പഴിച്ച അനേകരെക്കാൾ അവൻ നല്ലവനായിരുന്നു. അവൻ യേശുവിനെ കാണുകയും കേൾക്കുകയും ചെയ്തിരുന്നു. യേശുവിന്റെ ഉപദേശം അവനിൽ സ്വാധീനം ചെലുത്തിയിരുന്നു. എന്നാൽ പുരോഹിതന്മാരുടെയും യെഹൂദപ്രമാണികളുടെയും പ്രേരണയാൽ അവൻ ക്രിസ്തുവിൽനിന്ന് അകന്നു. മനസ്സാക്ഷിയുടെ ശബ്ദത്തെ ഇല്ലാതാക്കുവാൻ അവൻ പാപജീവിതത്തിൽ മുഴുകി. ഒടുവിൽ ഒരു കുറ്റവാളിയായിത്തീരുകയും കുരിശുമരണത്തിനു വിധിക്കപ്പെടുകയും ചെയ്തു. ന്യായവിസ്താരവേളയിലും, കാൽവരിയിലേക്കുള്ള യാത്രയിലും അവൻ ക്രിസ്തുവിനോടുകൂടെ ആയിരുന്നു. "ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല" എന്നു പീലാത്തൊസ് യേശുവിനെക്കുറിച്ചു പറയുന്നത് അവൻ കേട്ടു (യോഹ. 19:4). യേശുവിൽ, ആ കള്ളൻ, ദൈവപുത്രനെ കണ്ടു. തന്നെ പീഡിപ്പിച്ചവർക്ക് അനുകമ്പാപൂർവ്വം ക്ഷമ നല്കുന്ന ആ മഹൽവ്യക്തിയെ അവൻ ബഹുമാനത്തോടെ നോക്കി. മറ്റുള്ളവർ യേശുവിനെ വേദനിപ്പിക്കുന്ന തരത്തിൽ അധിക്ഷേപവാക്കുകളും മറ്റും ചൊരിയുന്നത് അവൻ കണ്ടു. തന്റെ സ്നേഹിതനായ മറ്റേ കുറ്റവാളിയെ നോക്കി, അവൻ പറഞ്ഞു: "സമശിക്ഷാവിധിയിൽത്തന്നെ ആയിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ?" മരണത്തെ പ്രതീക്ഷിച്ചുകിടന്നിരുന്ന ആ കുറ്റവാളികൾക്കു മനുഷ്യനെ ഭയപ്പെടേണ്ട ആവശ്യമില്ലാ

യിരുന്നു. എന്നാൽ അവരിൽ ഒരുവനു ദൈവത്തെ ഭയപ്പെടേണ്ടതാണ് എന്ന മനോബോദ്ധ്യം ഉണ്ടായി. അവന്റെ ഭാവിയെക്കുറിച്ച് അവൻ ഉത്കണ്ഠ യുള്ളവനായി. "നാമോ ന്യായമായിട്ടു ശിക്ഷ അനുഭവിക്കുന്നു. നാം പ്രവർത്തിച്ചതിനു യോഗ്യമായതല്ലോ കിട്ടുന്നത്; ഇവനോ, അരുതാത്തത് ഒന്നും ചെയ്തിട്ടില്ല."

തന്റെ കൂടെ ശിക്ഷ അനുഭവിക്കുന്ന ആൾ ദൈവപുത്രൻ എന്ന് ആ കള്ളൻ വിശ്വസിച്ചു. യേശുവിൽ വിശ്വസിക്കുന്നതിനുമുമ്പേ, ആ കള്ളൻ പ്രത്യാശയില്ലാത്തവനും, നിരാശയുള്ളവനുമായിരുന്നു. ക്രിസ്തുവിൽ വിശ്വ സിച്ചതുമുതൽ അവന്റെ ഹൃദയത്തിനു സമാധാനം കണ്ടെത്തുവാൻ കഴിഞ്ഞു. യേശുവിന്റെ അത്ഭുതപ്രവൃത്തികൾ അവന്റെ ഓർമ്മയിൽ കടന്നു വന്നു. യേശുവിൽ വിശ്വസിച്ചവരുടെ അനുഭവസാക്ഷ്യം അവൻ കേട്ടി രുന്നു. യേശുവിന്റെ കുരിശിൽ പതിച്ചിരുന്ന മേലെഴുത്ത് അവൻ വായിച്ചു. പരിശുദ്ധാത്മാവ് അവനെ പ്രകാശിതനാക്കി. സത്യത്തെക്കുറിച്ചുള്ള പരി ജ്ഞാനം അവനു ക്രമേണ ലഭിച്ചു. അപമാനിതനും ക്ഷീണിതനുമായി കുരി ശിൽ കിടന്ന യേശുവിൽ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ കള്ളനായിരുന്ന ആ മനുഷ്യൻ കണ്ടു. ദൈവകുഞ്ഞാടിൽ അവൻ സ്വയം സമർപ്പിച്ചു. അവൻ പ്രാർത്ഥിച്ചു: "യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ, എന്നെ ഓർത്തുകൊള്ളേണമേ." പ്രത്യാശയും ഉറപ്പും നല്കുന്ന കർത്താവിന്റെ മറുപടി വേഗത്തിലായിരുന്നു. കർത്താവു പറഞ്ഞു: "നീ എന്നോടുകൂടെ പരദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി (ഇന്ന്) നിന്നോടു പറയുന്നു."

തീവ്രമായ വേദനയുടെ നീണ്ട മണിക്കൂറുകളിൽ ആക്ഷേപങ്ങളും പരി ഹാസവും യേശുവിന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. തന്റെ ശിഷ്യ ന്മാരിൽനിന്നു പ്രത്യാശയുടെ വാക്കുകൾ കേൾക്കുവാൻ കർത്താവ് ആഗ്ര ഹിച്ചു. എന്നാൽ അവിശ്വാസത്തിന്റെയും പരാജയത്തിന്റെയും ധ്വനി അവ രുടെ വാക്കുകളിൽ മുഴങ്ങിക്കേട്ടു. "ഞങ്ങളോ അവൻ യിസ്രായേലിനെ വീണ്ടെടുപ്പാൻ ഉള്ളവൻ എന്ന് ആശിച്ചിരുന്നു." എന്നാൽ മരണത്തിലേക്കു പൊയ്ക്കൊണ്ടിരുന്ന കള്ളന്റെ വാക്കുകളിൽ സ്നേഹവും വിശ്വാസവും നന്ദിയും പ്രതിഫലിച്ചിരുന്നു. യെഹൂദപ്രമാണികൾ രക്ഷകനെ തള്ളുകയും, ശിഷ്യന്മാർ പോലും ക്രിസ്തുവിന്റെ ദൈവികത്വത്തെ സംശയിക്കുകയും ചെയ്തപ്പോൾ, മരണത്തിന്റെ വക്കിൽ നിന്നിരുന്ന ഒരു കള്ളൻ, യേശുവിനെ കർത്താവ് എന്നു സംബോധന ചെയ്തു. താൻ അത്ഭുതം പ്രവർത്തിച്ച പ്പോഴും, താൻ കല്ലറയിൽനിന്നു പുനരുത്ഥാനം ചെയ്തശേഷവും അനേകർ യേശുവിനെ കർത്താവെന്നു വിളിക്കുവാൻ തയ്യാറായിരുന്നു. എന്നാൽ തന്റെ അന്ത്യനിമിഷത്തിൽ, രക്ഷയിലേക്കു കടന്ന കള്ളൻ ഒഴികെ ആരും, യേശു ക്രൂശിൽ മരണാസന്നനായി കിടന്നപ്പോൾ, കർത്താവെന്നു വിളിക്കുവാൻ ഒരുക്കമായിരുന്നില്ല.

കള്ളൻ യേശുവിനെ 'കർത്താവേ' എന്നു വിളിക്കുന്നത് അവിടെ കൂടി നിന്നവർ കേട്ടു. ക്രിസ്തുവിന്റെ വസ്ത്രങ്ങൾക്കുവേണ്ടി ക്രൂശിന്റെ ചുവട്ടി

ലിരുന്നുകൊണ്ടു വഴക്കുകൂടുകയും, ചീട്ടിടുകയും ചെയ്തവർ അവന്റെ പ്രാർത്ഥന കേട്ടു. അവർ നിശ്ശബ്ദരായി യേശുവിന്റെ മുഖത്തേക്കു നോക്കി. എന്തു മറുപടിയാണ് അവൻ നല്കുവാൻ പോകുന്നത്?

വാഗ്ദത്തത്തിന്റെ വാക്കുകൾ ക്രിസ്തു നൽകിയ ഉടൻതന്നെ കാർമേഘം വലയം ചെയ്തിരുന്ന ക്രൂശിങ്കലേക്ക്, കാർമേഘത്തെ തുളച്ചുകൊണ്ട് ഒരു സ്വർഗ്ഗീയ പ്രകാശം കടന്നുവന്നു. ദൈവം തന്നെ സ്വീകരിച്ചു എന്നതിന്റെ ഉറപ്പ് അനുതപിച്ച കള്ളനു ലഭിച്ചു. ക്രിസ്തു അവിടെവച്ചു മഹത്വീകരിക്കപ്പെട്ടു. പരാജിതൻ എന്ന് ഏവർക്കും തോന്നിയ ക്രിസ്തു ഒരു ജേതാവായിത്തീർന്നു. പാപവാഹകനായി ക്രിസ്തു അംഗീകരിക്കപ്പെട്ടു. ക്രിസ്തുവിന്റെ ഭൗതിക ശരീരത്തിൽ മനുഷ്യൻ ആധിപത്യം പുലർത്തിയേക്കാം. മുൾക്കിരീടംകൊണ്ടു കർത്താവിന്റെ ശിരസ്സിനെ മുറിപ്പെടുത്തിയേക്കാം. കർത്താവിന്റെ വസ്ത്രം മറ്റുള്ളവർ അവകാശപ്പെടുത്തിയേക്കാം. എന്നാൽ പാപക്ഷമ നൽകുവാനുള്ള തന്റെ അധികാരത്തെ ആർക്കും അപഹരിക്കുവാൻ സാദ്ധ്യമല്ല. തന്റെ മരണത്തിൽക്കൂടെ കർത്താവു തന്റെ ദൈവികത്വത്തിനും, പിതാവിന്റെ മഹത്വീകരണത്തിനും സാക്ഷീകരണം നല്കി. "കേൾക്കാതിരിക്കത്തക്കവണ്ണം തന്റെ ചെവി മന്ദമായിട്ടില്ല; രക്ഷിപ്പാൻ കഴിയാതവണ്ണം തന്റെ കൈ കുറുകീട്ടുമില്ല." തന്നിൽക്കൂടെ പിതാവിലേക്കു കടന്നുവരുന്ന ഏവരെയും പൂർണ്ണമായി രക്ഷിക്കുവാനുള്ള അവകാശം കർത്താവിനുള്ളതാണ്.

"നീ എന്നോടുകൂടെ പരദീസയിൽ ഇരിക്കും എന്ന് (ഇന്ന്) ഞാൻ സത്യമായി നിന്നോടു പറയുന്നു." ആ ദിവസം കള്ളൻ തന്നോടുകൂടെ പരദീസയിൽ ഇരിക്കുമെന്നു ക്രിസ്തു വാഗ്ദത്തം ചെയ്തില്ല. ക്രിസ്തു തന്നെയും ആ ദിവസം പരദീസയിൽ പോയില്ല. ക്രിസ്തു അന്നു കല്ലറയിൽ ഉറങ്ങി. പുനരുത്ഥാനം ചെയ്ത പ്രഭാതത്തിൽ കർത്താവു പറഞ്ഞു: "ഞാൻ ഇതുവരെ, പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല" (യോഹ. 20:17). എന്നാൽ ക്രൂശീകരണദിവസം, ക്രിസ്തു പരാജിതനായി എന്നു ലോകം കരുതിയ നാളിൽ, ആ വാഗ്ദത്തം നൽകി. ഒരു കുറ്റവാളിയെപ്പോലെ ക്രൂശിന്മേൽ മരണവുമായി മല്ലിട്ടുകൊണ്ടിരിക്കുമ്പോൾ ഒരു പാവപ്പെട്ട പാപിക്കു ക്രിസ്തു, രക്ഷയുടെ ഉറപ്പു നൽകി: "നീ എന്നോടുകൂടെ പരദീസയിൽ ഇരിക്കും."

"കള്ളന്മാരിൽ ഒരുത്തനെ അപ്പുറത്തും ഒരുത്തനെ ഇപ്പുറത്തും യേശുവിനെ നടുവിലുമായി ക്രൂശിച്ചു." പ്രമാണികളുടെയും പുരോഹിതന്മാരുടെയും നിർദ്ദേശപ്രകാരമാണ് ഇപ്രകാരം ചെയ്തത്. കള്ളന്മാരുടെ നടുവിൽ ക്രിസ്തുവിനു സ്ഥാനം നല്കിയത്, ആ മൂവരിൽ ഏറ്റവും പ്രധാനി ക്രിസ്തുവാണെന്നു കാണിക്കുവാനായിരുന്നു. "അവൻ അതിക്രമക്കാരോടുകൂടെ എണ്ണപ്പെട്ടു" (യെശ. 53:12). ഈ തിരുവചനം ഇപ്രകാരം നിറവേറി. എന്നാൽ തങ്ങളുടെ പ്രവൃത്തിയുടെ മുഴുവൻ അർത്ഥവും ഗ്രഹിപ്പാൻ പുരോഹിതന്മാർക്കു കഴിഞ്ഞില്ല. യേശു കള്ളന്മാരുടെ നടുവിൽ ക്രൂശിക്കപ്പെട്ടതുപോലെ, പാപലോകത്തിന്റെ നടുവിൽ ക്രിസ്തുവിന്റെ ക്രൂശ് ഉയർത്തപ്പെട്ടു. ലോക

ത്തിന്റെ ഏതു കോണിലും എത്തിച്ചേരുന്ന ഒരു പ്രകാശരശ്മിയായിരുന്നു, അനുതപിച്ച കള്ളനോടു ക്രിസ്തു അരുളിച്ചെയ്ത പാപക്ഷമയുടെ വാക്കുകൾ.

അതിതീവ്രമായ വേദന മനസ്സിനെയും ശരീരത്തെയും കാർന്നുതിന്നു കൊണ്ടിരുന്നപ്പോൾ, ക്രിസ്തുവിന്റെ മനസ്സു മറ്റുള്ളവർക്കുവേണ്ടി കേണു കൊണ്ടിരുന്നു. അനുതപിച്ച കള്ളൻ കർത്താവിന്റെ മനസ്സിനു കുളിർമ്മ നല്കി. യേശുവിന്റെ അത്ഭുതസ്നേഹത്തെ ദൂതന്മാർ വിസ്മയത്തോടെ വീക്ഷിച്ചുകൊണ്ടിരുന്നു. യേശുവിനെ മറ്റുള്ളവർ അപഹസിച്ചപ്പോൾ, ഒരു പ്രവാചകനെന്ന നിലയിൽ, സീയോൻ പുത്രിമാരെ കർത്താവു സംബോധന ചെയ്തു. ഒരു പുരോഹിതനും മദ്ധ്യസ്ഥനുമെന്ന നിലയിൽ തന്നെ നശിപ്പി ക്കുവാൻ ശ്രമിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചു. ഒരു രക്ഷകനെന്ന നിലയിൽ അനുതപിച്ച കള്ളന്റെ പാപങ്ങളെ മോചിപ്പിച്ചു.

തന്റെ ചുറ്റിലും നിന്നിരുന്ന ജനക്കൂട്ടത്തെ കുരിശിൽ കിടന്നുകൊണ്ടു യേശു നോക്കിയപ്പോൾ, ഒരു വ്യക്തി തന്റെ ശ്രദ്ധയെ ആകർഷിച്ചു. തന്റെ പ്രിയ ശിഷ്യനായ യോഹന്നാന്റെ കരങ്ങളിൽ ചാഞ്ഞുകൊണ്ട്, യേശുവിന്റെ അമ്മ ക്രൂശിന്റെ ചുവട്ടിൽ നില്പുണ്ടായിരുന്നു. മകന്റെ അടുത്തുനിന്നു പോകു വാൻ ആ അമ്മയ്ക്കു കഴിയുകയില്ലായിരുന്നു. യേശുവിന്റെ അന്ത്യനിമിഷ ങ്ങൾ അടുത്തിരിക്കുന്നുവെന്നു ഗ്രഹിച്ച യോഹന്നാൻ, അമ്മയെ വീണ്ടും ക്രൂശിന്റെ അടുത്തേക്കു കൊണ്ടുവന്നു. മരണത്തിന്റെ നാഴികയിൽ യേശു തന്റെ മാതാവിനെക്കുറിച്ചോർത്തു. ദുഃഖാർത്തയായ മാതാവിന്റെ മുഖ ത്തേക്കും, പിന്നീടു യോഹന്നാന്റെ മുഖത്തേക്കും നോക്കിയിട്ടു യേശു അമ്മയോടു പറഞ്ഞു: “സ്ത്രീയേ, ഇതാ, നിന്റെ മകൻ.” പിന്നീടു യോഹന്നാനോടു യേശു പറഞ്ഞു: “ഇതാ, നിന്റെ അമ്മ.” ക്രിസ്തുവിന്റെ അഭീഷ്ടം എന്തെന്നു യോഹന്നാൻ മനസ്സിലാക്കി. തന്നെ ഭരമേല്പിച്ച കർത്തവ്യം, വിശ്വസ്തത യോടെ യോഹന്നാൻ സ്വീകരിച്ചു. ആ നാഴിക മുതൽ ആ അമ്മയെ യോഹ ന്നാൻ തന്റെ വീട്ടിൽ കൈക്കൊണ്ടു. ഏറ്റവും സ്നേഹത്തോടെയുള്ള പരി ചരണം ആ അമ്മയ്ക്കു യോഹന്നാൻ നല്കി. അനുകമ്പാർദ്രനായ കർത്താ വിന്, തന്റെ ശാരീരികവും മാനസികവുമായ വേദനയിലും ദുഃഖത്തിലും, അമ്മയെക്കുറിച്ചുള്ള ചിന്ത ഉണ്ടായിരുന്നു. അമ്മയുടെ സംരക്ഷണത്തിനു വേണ്ടി കൊടുപ്പാൻ തനിക്കു പണമില്ലായിരുന്നു. എന്നാൽ യോഹന്നാന്റെ ഹൃദയത്തിൽ യേശുവിനു സ്ഥാനമുണ്ടായിരുന്നു. യോഹന്നാന്, തന്റെ അമ്മയെ വിലയേറിയ സമ്മാനമായി നല്കി. തന്റെ അമ്മയ്ക്ക് ഏറ്റവും ആവശ്യമായിരുന്ന സുരക്ഷിതത്വവും സംരക്ഷണവും തന്റെ പ്രിയ ശിഷ്യനെ ചുമതലപ്പെടുത്തി. യോഹന്നാനും അതു വലിയ ഒരനുഗ്രഹമായിരുന്നു. തന്റെ കർത്താവിനെ എപ്പോഴും ഓർക്കുവാൻ അമ്മയുടെ സാന്നിദ്ധ്യം യോഹന്നാനെ സഹായിച്ചു.

യുഗങ്ങൾക്കു മായിച്ചുകളയാവുന്ന ഒന്നായിരുന്നില്ല, മാതാപിതാക്കളോ ടുള്ള യേശുവിന്റെ സ്നേഹം. ഏതാണ്ടു മുപ്പതു വർഷക്കാലത്തോളം യേശു

വീട്ടിൽ താമസിച്ചുകൊണ്ടു മാതാപിതാക്കളെ ബഹുമാനിച്ച് അനുസരിച്ചു പോന്നു. അവരുടെ ജീവിതഭാരങ്ങൾ ലഘൂകരിക്കുന്നതിനു തന്നാലാവതു ചെയ്തു. തന്റെ മരണസമയത്തു ദുഃഖിതയും വിധവയുമായിരുന്ന മാതാവിനെക്കുറിച്ചു കർത്താവു ചിന്തയുള്ളവനായിരുന്നു. കർത്താവിന്റെ എല്ലാ ശിഷ്യന്മാരിലും ഈ ആത്മാവു വ്യാപരിച്ചിരുന്നു. മാതാപിതാക്കളെ ബഹുമാനിക്കയും അവരുടെ ആവശ്യങ്ങളെ നിറവേറ്റുകയും ചെയ്യുക എന്നതു തങ്ങളുടെ മതത്തിന്റെ ഒരു ഭാഗമെന്നു ക്രിസ്തുവിനെ അനുഗമിക്കുന്നവർ കരുതുന്നു. ഇങ്ങനെയുള്ളവരിൽനിന്നു മാതാപിതാക്കളെക്കുറിച്ചുള്ള ചിന്തയും കരുതലും ഒരിക്കലും വറ്റിപ്പോകയില്ല.

മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പു സാദ്ധ്യമാക്കിത്തീർക്കുവാൻ മഹത്വത്തിന്റെ രാജാവു മരണത്തെ നേരിടുകയായിരുന്നു. മ്ലാനത എങ്ങും പരന്നു. മരണത്തെക്കുറിച്ചുള്ള ഭയമായിരുന്നില്ല കർത്താവിന്റെമേൽ ഉണ്ടായിരുന്നത്. പാപത്തിന്റെ ഭീകരതയായിരുന്നു കർത്താവിനെ വേദനിപ്പിച്ചത്. പാപം മനുഷ്യന്റെ മനസ്സിനെ മരവിപ്പിച്ചിരുന്നു. അതിന്റെ ഭയാനകതയെക്കുറിച്ചു മനുഷ്യൻ അന്ധനായിത്തീർന്നിരുന്നു. പാപം മനുഷ്യന്റെ ഹൃദയങ്ങളിൽ വേരൂന്നിയിരിക്കുന്നുവെന്നതും, അതിന്റെ ആകർഷണവലയത്തിൽനിന്നു മോചനം പ്രാപിക്കുവാൻ വളരെ കുറച്ചുപേർ മാത്രമേ ആഗ്രഹിക്കുന്നുള്ളൂവെന്നും കർത്താവു കണ്ടു. മനുഷ്യവർഗ്ഗത്തിന്റെ മോചനത്തിനു ദൈവകൃപ വളരെ ആവശ്യമായിരുന്നു.

ക്രിസ്തു മനുഷ്യന്റെ പാപം മുഴുവൻ വഹിച്ചു. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു മനുഷ്യനെ മോചിപ്പിക്കുന്നതിനു ക്രിസ്തു, അതിക്രമക്കാരോടുകൂടെ എണ്ണപ്പെട്ടു. ആദാമിന്റെ വംശത്തിൽപ്പെട്ട ഓരോരുത്തന്റെയും പാപം കർത്താവിന്റെമേൽ ചുമത്തപ്പെട്ടു. പാപത്തോടുള്ള ദൈവക്രോധം, അതിന്റെ പൂർണ്ണമായ അളവിൽ ദൈവപുത്രന്റെമേൽ പതിച്ചു. അതു കർത്താവിന്റെ ഹൃദയത്തെ നടുക്കി. ദൈവസ്നേഹത്തെ വെളിപ്പെടുത്തിയ ദൈവപുത്രന്, തന്റെ മരണനാഴികയിൽ ദൈവസ്നേഹം കാൺമാൻ കഴിഞ്ഞില്ല. യേശുവിന്റെ ഹൃദയം വർണ്ണനാതീതമായ ദുഃഖത്താൽ നിറഞ്ഞു. ഈ മാനസിക ദുഃഖത്തിന്റെ കാഠിന്യം ശാരീരിക വേദനയെ ലഘുവാക്കി.

തന്റെ മരണനാഴികയിൽ, യേശുവിന്റെ ഹൃദയം സാത്താന്റെ പരീക്ഷകളാൽ വലഞ്ഞു. ശവക്കല്ലറയ്ക്കപ്പുറം കാൺമാൻ യേശുവിനു കഴിവില്ലായിരുന്നു. താൻ മരണത്തെ ജയിച്ചു പുറത്തുവരുന്നതും, തന്റെ മഹത്തായ യാഗത്തിൽ പിതാവു പ്രസാദിക്കുന്നതും തനിക്കു മറവായിരുന്നു. തന്റെ പിതാവുമായുള്ള വേർപാട് എന്നേക്കുമുള്ളതായിരുന്നുവോ എന്നു യേശു ഭയപ്പെട്ടു. പാപത്തോടു ദൈവത്തിന്റെ അകൽച്ച അത്ര വലുതായിരുന്നു. കൃപയുടെ വാതിൽ അടയുമ്പോൾ, അനുതപിക്കാത്ത പാപികൾക്കുണ്ടാവുന്ന നടുക്കവും നൈരാശ്യവും ക്രിസ്തു അനുഭവിച്ചു. മനുഷ്യന്റെ പകരക്കാരനെന്ന നിലയിൽ കർത്താവു വഹിക്കേണ്ടതായി വന്ന ലോകത്തിന്റെ മുഴുവൻ പാപഭാരവും, അതിനോടുള്ള ദൈവത്തിന്റെ ക്രോധവുമായിരുന്നു, ദൈവപുത്രൻ കുടിക്കേണ്ടതായി വന്ന പാനപാത്രം. അതു കൈപ്പു നിറഞ്ഞതും യേശുവിന്റെ ഹൃദയത്തെ തകർക്കുന്നതുമായിരുന്നു.

നിരാശയിലേക്കു നയിക്കത്തക്കവണ്ണമുള്ള രക്ഷകന്റെ ഹൃദയവേദന, ദൂതഗണങ്ങൾ നിർന്നിമേഷരായി വീക്ഷിച്ചു. ഈ ദുഃഖരംഗം കാണാനാവാതെ അവർ തങ്ങളുടെ മുഖം മറച്ചു. പ്രകൃതി തന്നെയും, തന്റെ സ്രഷ്ടാവിനോടുള്ള സഹതാപം പ്രകടമാക്കി. ഭയാനകമായ ഈ കാഴ്ച കാണുവാൻ അശക്തനെന്നവണ്ണം സൂര്യൻ തന്റെ രശ്മികളെ മറച്ചു. നട്ടുച്ചയ്ക്കു ഭൂമി അന്ധകാരത്താൽ ആവൃതമായി. ഒരു ശവപ്പെട്ടിയെ മൂടുന്ന കറുത്ത ശീല പോലെ, അന്ധകാരം കാൽവരിയിലെ ക്രൂശിനെ മൂടി. "ഒമ്പതാം മണി നേരം വരെ ദേശത്ത് എല്ലാം ഇരുട്ട് ഉണ്ടായി." സൂര്യഗ്രഹണമോ മറ്റു പ്രകൃതിയിലെ പ്രതിഭാസങ്ങളോ ആയിരുന്നില്ല ആ ഇരുട്ടിനു കാരണം. നക്ഷത്രചന്ദ്രാദികൾ ഇല്ലാത്ത കൂരിരുട്ടുപോലെയായിരുന്നു അത്. കാൽവരിയിൽ മരിച്ചതു ദൈവപുത്രനായിരുന്നുവെന്നു ലോകത്തിനു നല്കപ്പെട്ട ഒരു തെളിവായിരുന്നു ആ സംഭവം.

ആ കനത്ത കൂരിരുട്ടു ദൈവത്തിന്റെ സാന്നിദ്ധ്യത്തെ മറച്ചു. ദൈവം അന്ധകാരത്തെ തന്റെ മറവും, ജലതമസ്സിനെയും ആകാശമേഘങ്ങളെയും തന്റെ കൂടാരവുമാക്കിയിരുന്നു. മനുഷ്യദൃഷ്ടിയിൽനിന്നു ദൈവം തന്റെ തേജസ്സിനെ മറച്ചിരിക്കുന്നു. ദൈവദൂതന്മാർ ക്രൂശിനരികെ ഉണ്ടായിരുന്നു. വേദന അനുഭവിക്കുന്ന തന്റെ പ്രിയപുത്രന്റെ സമീപത്തുതന്നെ പിതാവും ഉണ്ടായിരുന്നു. എങ്കിലും തന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തിയില്ല. ദൈവതേജസ്സു വെളിപ്പെടുത്തിയിരുന്നെങ്കിൽ സർവ്വമനുഷ്യരും നശിക്കുമായിരുന്നു. ആ ഭയാനകമായ നാഴികയിൽ പുത്രൻ തനിയേ കഷ്ടം അനുഭവിക്കേണ്ടതായിരുന്നു. അവൻ "ഏകനായി മുന്തിരിച്ചക്കു ചവിട്ടി."

കനത്ത കൂരിരുട്ടിൽ, പിതാവു തന്റെ പ്രിയപുത്രന്റെ മാനുഷികദുഃഖത്തെ മറച്ചു. ക്രിസ്തുവിന്റെ കഷ്ടാനുഭവത്തെ കണ്ടവർക്കെല്ലാം, ക്രിസ്തുവിന്റെ ദൈവിക പ്രകൃതത്തെക്കുറിച്ചു സംശയലേശമെന്യേ ബോദ്ധ്യം വന്നു. ഒരിക്കൽ ആ മുഖം ദർശിച്ചവർക്ക് അതു മറക്കുവാൻ സാദ്ധ്യമല്ലായിരുന്നു. കയീന്റെ മുഖം ഒരു കൊലപാതകിയുടെ ഭാവം പ്രകടമാക്കിയതുപോലെ, ക്രിസ്തുവിന്റെ മുഖം നിഷ്കളങ്കതയും, ശാന്തതയും, സ്നേഹവും പ്രകടമാക്കി. എന്നാൽ ക്രിസ്തുവിന്റെ ശത്രുക്കൾ അതൊന്നും ഗണ്യമാക്കിയില്ല. അവർ ക്രിസ്തുവിനെ പരിഹസിക്കുകയും, വേദനിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ കരുണയുള്ള ദൈവം ഇരുട്ടുകൊണ്ടു തന്റെ പുത്രനെ പൊതിഞ്ഞു.

ശവക്കല്ലറയുടെ നിശ്ശബ്ദത കാൽവരിക്കുന്നിൽ അനുഭവപ്പെട്ടു. ക്രൂശിനു ചുറ്റും നിന്ന ജനാവലിയെ ഏതോ ഭയം പിടികൂടിയതുപോലെ കാണായി. ശാപവചനങ്ങളും പരിഹാസങ്ങളുമെല്ലാം പെട്ടെന്നു നിന്നു. ഭയചകിതരായ ജനം നിലംപതിച്ചു. ഇടയ്ക്കിടെ പ്രകാശിച്ച മിന്നൽപ്പിണരുകൾ, ക്രൂശിതനായ രക്ഷകനെ ലോകത്തിനു കാണിച്ചുകൊടുത്തു. തങ്ങളുടെമേൽ പ്രതികാരദിവസം വന്നുകഴിഞ്ഞുവെന്നു യേശുവിന്റെ ശത്രുക്കൾ വിചാരിച്ചു. യേശു ക്രൂശിൽനിന്ന് ഇറങ്ങിവരുമെന്ന് ആരോ മന്ത്രിച്ചു. ചിലർ മാറത്തടിച്ചു

കൊണ്ടും ഭയവിഹ്വലരായി വിലപിച്ചുകൊണ്ടും നഗരത്തിലേക്കു പോകുവാൻ ശ്രമിച്ചു.

ഒമ്പതാം മണി നേരമായപ്പോൾ ഇരുൾ നീങ്ങി. എങ്കിലും കുരിശിനു ചുറ്റും ഇരുൾ ഉണ്ടായിരുന്നു. കർത്താവിന്റെ തീവ്രവേദനയുടെയും ഹൃദയഭാരത്തിന്റെയും പ്രതീകമായിരുന്നു ക്രൂശിനു ചുറ്റുമുണ്ടായിരുന്ന ഇരുൾ. ആ ഇരുളിനെ ഭേദിക്കുവാൻ ഒന്നിനും സാദ്ധ്യമല്ലായിരുന്നു. ക്രൂശിതനായി കിടക്കുന്ന ക്രിസ്തുവിന്റെമേൽ മിന്നൽപ്പിണരുകൾ കോപിച്ചിരിക്കുകയാണോ എന്നു തോന്നുമാറ് ഒന്നിനുമേൽ ഒന്നായി പതിച്ചുകൊണ്ടിരുന്നു. യേശു, ''എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത് എന്നർത്ഥമുള്ള എലോഹീ, എലോഹീ, ലമ്മാ ശബ്ബക്താനീ എന്ന് അത്യുച്ചത്തിൽ നിലവിളിച്ചു.'' രക്ഷകന്റെ ചുറ്റും ഇരുൾ പരന്നപ്പോൾ അനേകർ ഒത്തുചേർന്നു പറഞ്ഞു: സ്വർഗ്ഗത്തിന്റെ കോപം അവന്റെമേൽ വന്നിരിക്കുന്നു. ദൈവകോപത്തിന്റെ ഇടിത്തീ അവന്റെമേൽ വന്നിരിക്കുന്നു. അവൻ തന്നെത്താൻ ദൈവപുത്രനാക്കിയതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ നിസ്സഹായതയുടെ നിലവിളി തന്നിൽ വിശ്വസിച്ചിരുന്ന പലരും കേട്ടു. പ്രത്യാശ അവർക്കു നഷ്ടമായി. ദൈവം തന്റെ പുത്രനെ കൈവിട്ടെങ്കിൽ തങ്ങൾക്ക് ഇനി ആരിൽ ആശ്രയിക്കാം?

ക്രിസ്തുവിന്റെ പീഡിപ്പിക്കപ്പെട്ട ആത്മാവിൽനിന്ന് അന്ധകാരം നീങ്ങിയപ്പോൾ, തനിക്കു ശാരീരിക വേദന അനുഭവപ്പെടാൻ തുടങ്ങി. യേശു പറഞ്ഞു: ''എനിക്കു ദാഹിക്കുന്നു.'' ദാഹത്താൽ വരണ്ട യേശുവിന്റെ ചുണ്ടുകളിലേക്കു നോക്കി, ദയ തോന്നിയ റോമൻ പടയാളികൾ, ഈസോപ്പു തണ്ടിന്മേൽ ഒരു സ്പോഞ്ച് പുളിച്ച വീഞ്ഞു നിറച്ചു യേശുവിന്റെ വായോട് അടുപ്പിച്ചു. എന്നാൽ യേശുവിന്റെ പ്രയാസങ്ങൾ പുരോഹിതപ്രമാണികളിൽ ഒരു അനുകമ്പയും ഉണർത്തിയില്ല. നേരെമറിച്ച് അവർ പരിഹസിക്കുകയാണു ചെയ്തത്. കുറച്ചുമുമ്പ് അന്ധകാരം അവിടെയെല്ലാം പരന്നപ്പോൾ യേശുവിന്റെ ശത്രുക്കൾ ഭയവിഹ്വലരായിരുന്നു. എന്നാൽ ഭയം നീങ്ങിയപ്പോൾ യേശു തങ്ങളുടെ കയ്യിൽനിന്നു രക്ഷപ്പെട്ടേക്കുമെന്ന് അവർ സംശയിച്ചു. എലോഹീ, എലോഹീ, ലമ്മാ ശബ്ബക്താനീ എന്നു ക്രിസ്തു നിലവിളിച്ചപ്പോൾ അവർ ധരിച്ചതു വേറൊന്നാണ്. അവർ പറഞ്ഞു: ''അവൻ ഏലീയാവെ വിളിക്കുന്നു.'' ഈ അവസാനനിമിഷത്തിൽ പോലും ക്രിസ്തുവിനെ ആശ്വസിപ്പിക്കുവാൻ അവർക്കു മനസ്സില്ലായിരുന്നു. ''നില്ക്ക, ഏലീയാവ് അവനെ രക്ഷിപ്പാൻ വരുമോ എന്നു നോക്കാം,'' അവർ പറഞ്ഞു.

നിഷ്കളങ്കനായ ദൈവപുത്രൻ ക്രൂശിന്മേൽ തൂങ്ങിക്കിടന്നു. ക്രിസ്തുവിന്റെ ശരീരം ചമ്മട്ടിയാലുള്ള അടിയാൽ പിച്ചിച്ചീന്തപ്പെട്ടിരുന്നു. സ്നേഹപ്രവൃത്തികൾക്കായി സമർപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ കരങ്ങളും കാലുകളും കാരിരുമ്പാണികൊണ്ടു കുരിശിന്മേൽ തറയ്ക്കപ്പെട്ടിരുന്നു. രാജകീയ പ്രഭാവമുള്ള ആ തലയിൽ ഒരു മുൾക്കിരീടം മെനഞ്ഞു വച്ചിരുന്നു. വിറപൂണ്ട ചുണ്ടുകൾ വേദന കടിച്ചിറക്കിക്കൊണ്ടിരുന്നു. കർത്താവനുഭവിച്ച വേദനകളെല്ലാം ഒരു കാര്യമാണു മനുഷ്യനോടു പറയുന്നത്: ''ഞാൻ സഹിച്ച വേദനകളെല്ലാം

നിനക്കു വേണ്ടിയാണ്; നിനക്കു വേണ്ടിയാണ്, ഞാൻ മരണത്തെ തകർത്തത്. നിനക്കു വേണ്ടിയാണു പരദീസയുടെ വാതിലുകളെ ഞാൻ തുറന്നത്! ഇളകിമറിയുന്ന തിരമാലകളുടെ മീതെ നടന്നതു നിനക്കു വേണ്ടിയായിരുന്നു. രോഗികളെ സൗഖ്യമാക്കിയതും, കുരുടരെയും ബധിരരെയും മോചിപ്പിച്ചതും, മരിച്ചവരെ ഉയിർപ്പിച്ചതും നിനക്കു വേണ്ടിയായിരുന്നു. പാപരഹിതനായ ദൈവപുത്രൻ നിനക്കുവേണ്ടി പാപം ആക്കപ്പെട്ടു."

ഈ ഭയാനകരംഗത്തിന്റെ അന്ത്യം കാണുവാൻ കാഴ്ചക്കാർ ഉത്കണ്ഠാഭരിതരായി നിന്നു. സൂര്യൻ പ്രത്യക്ഷമായെങ്കിലും, കുരിശിന്റെ ചുറ്റും അന്ധകാരം ഉണ്ടായിരുന്നു. പുരോഹിതന്മാരും ജനസഞ്ചയവും യെരൂശലേമിലേക്കു നോക്കി. കാർമേഘങ്ങൾ യെരൂശലേം നഗരത്തെയും ചുറ്റുപാടുമുള്ള സ്ഥലങ്ങളെയും മൂടിയിരുന്നു. നീതിസൂര്യന്റെ കിരണങ്ങൾ യെരൂശലേമിൽനിന്നു പിൻവലിക്കപ്പെട്ടിരുന്നു.

പെട്ടെന്നു കുരിശിനു ചുറ്റുമുണ്ടായിരുന്ന ഇരുൾ നീങ്ങി. യേശുവിന്റെ ശബ്ദം പെട്ടെന്നു കേൾക്കായി. അതു വളരെ സ്ഫുടവും വ്യക്തവുമായിരുന്നു. യേശു പറഞ്ഞു: "നിവൃത്തിയായി. പിതാവേ, ഞാൻ ആത്മാവിനെ തൃക്കയ്യിൽ ഭരമേല്പിക്കുന്നു." കുരിശിനു ചുറ്റും ഒരു പ്രകാശം പരന്നു. ക്രിസ്തുവിന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു. അടുത്ത നിമിഷത്തിൽ നെഞ്ചിലേക്കു തല ചായ്ച്ചുകൊണ്ടു യേശു ജീവനെ വിട്ടു.

അന്ധകാരത്തിന്റെ മദ്ധ്യത്തിൽ, പിതാവു തന്നെ കൈവിട്ടു എന്നു കർത്താവിനു തോന്നിപ്പോയിരുന്നു. ആ സന്ദർഭത്തിൽ, യേശു മനുഷ്യൻ കുടിക്കേണ്ടിയിരുന്ന പാനപാത്രത്തിലെ മട്ടുവരെ കുടിച്ചുതീർത്തു. ഭയാനകമായ ആ നാഴികയിൽ, കർത്താവാശ്രയിച്ചതു തന്റെ പിതാവിലായിരുന്നു. പിതാവിന്റെ സ്വഭാവം കർത്താവു നല്ലവണ്ണം അറിഞ്ഞിരുന്നു. ദൈവത്തിന്റെ നീതിയും കരുണയും സ്നേഹവും എത്ര ആഴമായതെന്നു യേശു മനസ്സിലാക്കി. ദൈവത്തിൽ പൂർണ്ണമായി കർത്താവ് ആശ്രയിച്ചു. പിതാവിന്റെ ഇഷ്ടം ചെയ്യുക എന്നതായിരുന്നു പുത്രന്റെ ജീവിതലക്ഷ്യം. തന്റെ മേലുണ്ടായിരുന്ന പിതാവിന്റെ പ്രീതി പിൻവലിച്ചുവെന്നു ക്രിസ്തു അറിഞ്ഞപ്പോഴുണ്ടായ വേദനയെ, താൻ പിതാവിനെ ഭരമേല്പിക്കുകയാണു ചെയ്തത്. വിശ്വാസത്താൽ ക്രിസ്തു വിജയശ്രീലാളിതനായി.

ലോകം ഇതിനുമുമ്പ് ഇങ്ങനെ ഒരു രംഗം കണ്ടിട്ടില്ല. എല്ലാവരും അത്ഭുതസ്തബ്ധരായി യേശുവിനെ മാത്രം നോക്കിക്കൊണ്ടിരുന്നു. വീണ്ടും ഇരുൾ ഭൂമിയെ മൂടി. ഭൂമി കുലുങ്ങുന്നതായി അനുഭവപ്പെട്ടു. ഒരു വലിയ ഭൂകമ്പം ആ പ്രദേശത്തെ പ്രകമ്പനം കൊള്ളിച്ചു. കൂടിയിരുന്ന ഏവരും ഭയപ്പെട്ടു. ചുറ്റുമുള്ള പാറകളും മറ്റും പിളർന്നുവീണു. ശവക്കല്ലറകൾ ചിലതു തുറന്നു. മരിച്ചവർ ഉയിർത്തെഴുന്നേറ്റു. കൊല നടത്തുന്നതിൽ പങ്കാളികളായവർ ഭയന്നു നിലംപതിച്ചു.

"നിവൃത്തിയായി" എന്നു യേശു പറഞ്ഞപ്പോൾ പുരോഹിതന്മാർ യെരൂശലേം ദൈവാലയത്തിൽ ശുശ്രൂഷ നടത്തുകയായിരുന്നു. അപ്പോൾ സന്ധ്യാ

യാഗത്തിനുള്ള സമയമായിരുന്നു. യാഗത്തിനുള്ള ആട്ടിൻകുട്ടിയെ കൊണ്ടു വന്നിരുന്നു. വിശേഷവസ്ത്രാലംകൃതനായി പുരോഹിതൻ കത്തിയുയർത്തി ആടിനെ ബലികഴിക്കുവാൻ തയ്യാറായി. ഈ ശുശ്രൂഷ വളരെ ഭക്ത്യാദരങ്ങ ളോടെ ജനം വീക്ഷിച്ചുകൊണ്ടിരുന്നു. എന്നാൽ ഭൂമി കുലുങ്ങിക്കൊണ്ടി രുന്നു. ദൈവാലയത്തിന്റെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തി പ്പോയി. ഒരിക്കൽ ദൈവസാന്നിദ്ധ്യം നിറഞ്ഞുനിന്നിരുന്ന അതിവിശുദ്ധസ്ഥലം ഇപ്പോൾ ജനത്തിനു കാണത്തക്കവണ്ണം തുറക്കപ്പെട്ടു. ദൈവത്തിന്റെ ഷെഖൈനാ (തേജസ്സ്) നിറഞ്ഞിരുന്ന സ്ഥലമായിരുന്നു അത്. കൃപാസനം അവിടെ ആയിരുന്നു വച്ചിരുന്നത്. അതിവിശുദ്ധസ്ഥലത്തെ, വിശുദ്ധസ്ഥലത്തു നിന്നു വേർതിരിച്ചിരുന്ന തിരശ്ശീല എപ്പോഴെങ്കിലും ഉയർത്തിയിരുന്നതു മഹാപുരോഹിതൻ മാത്രമായിരുന്നു. ജനത്തിന്റെ പാപപരിഹാരത്തിനായി വർഷത്തിലൊരിക്കൽ മാത്രമായിരുന്നു മഹാപുരോഹിതൻ അതിവിശുദ്ധ സ്ഥലത്തു കയറിയിരുന്നത്. എന്നാൽ ക്രിസ്തുവിന്റെ ക്രൂശാരോഹണ വേളയിൽ തിരശ്ശീല രണ്ടായി ചീന്തപ്പെട്ടു. ഭൗമിക ദൈവാലയത്തിൽ അതിവിശുദ്ധസ്ഥലത്തിന്റെ പ്രസക്തി ക്രിസ്തുവിന്റെ ബലിയോടെ അവസാനിച്ചു.

എങ്ങും ഭയവും പരിഭ്രാന്തിയും പരന്നു. കുഞ്ഞാടിനെ ബലികഴിക്കാൻ പോകുന്ന പുരോഹിതന്റെ കയ്യിൽനിന്നു കത്തി താഴെ വീണു. ആട്ടിൻകുട്ടി ഓടിപ്പോവുകയും ചെയ്തു. യേശുക്രിസ്തുവിന്റെ മരണത്തോടുകൂടി, പ്രതീകമായിരുന്നത്, യഥാർത്ഥമായതിനെ കണ്ടെത്തി. ക്രിസ്തു യാഗമായി ത്തീർന്നു. സ്വർഗ്ഗീയ, അതിപരിശുദ്ധസ്ഥലത്തേക്കുള്ള വഴി തുറക്കപ്പെട്ടു. സകലർക്കുംവേണ്ടി ജീവന്റെ പാത തുറക്കപ്പെട്ടു. ഇനി അനുതപിക്കുന്ന വർ, വേറൊരു മഹാപുരോഹിതനുവേണ്ടി കാത്തിരിക്കേണ്ടതില്ല. കർത്താ വായ യേശുക്രിസ്തുവാണ് ഇനി നമ്മുടെ മദ്ധ്യസ്ഥൻ. ക്രിസ്തുയേശു നമുക്കു വേണ്ടി ഇനി സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ ശുശ്രൂഷ ചെയ്യും. ദൈവാലയത്തിൽ ആരാധനയ്ക്കായി വന്നവർ, സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദം കേട്ടു: "ഇതാ, ഞാൻ വരുന്നു; ദൈവമേ, നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ വരുന്നു." "സ്വന്ത രക്തത്താൽ തന്നെ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ച് എന്നേക്കുമുള്ളൊരു വീണ്ടെടുപ്പു സാധിപ്പിച്ചു" (എബ്രാ. 10:7; 9:12).

# 79

# നിവൃത്തിയായി

ചെയ്തുതീർപ്പാൻ വന്ന ശുശ്രൂഷ പൂർത്തിയാകുന്നതുവരെ, കർത്താവ്, തന്റെ ജീവനെ വെടിഞ്ഞില്ല. തന്റെ അവസാനശ്വാസം പോകുമ്പോൾ കർത്താവു പറഞ്ഞു, "നിവൃത്തിയായി" (യോഹ. 19:30). തന്റെ പോരാട്ടത്തിൽ കർത്താവു വിജയശ്രീലാളിതനായി. തന്റെ വിശുദ്ധഭുജംകൊണ്ടു കർത്താവു വിജയം നേടി. നിത്യതയുടെ ഉയരങ്ങളിൽ കർത്താവു തന്റെ വിജയക്കൊടി ഉറപ്പിച്ചു. ദൂതന്മാർ ആഹ്ലാദചിത്തരായി. സാത്താൻ എന്നേക്കുമായി തോല്പിക്കപ്പെട്ടു. അവന്റെ രാജ്യസ്ഥാപനമോഹം തകർന്നു.

ദൂതന്മാർക്കും, വീഴ്ച ഭവിച്ചിട്ടില്ലാത്ത മറ്റു ലോകങ്ങൾക്കും "നിവൃത്തിയായി" എന്ന പദത്തിനു വലിയ അർത്ഥമാണുള്ളത്. നമ്മെ സംബന്ധിച്ചെന്നപോലെ അവർക്കും, വീണ്ടെടുപ്പിന്റെ പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടു. അവരും, നമ്മോടൊപ്പം ക്രിസ്തുവിന്റെ വിജയത്തിന്റെ ഫലം പങ്കിടുമായിരുന്നു.

ക്രിസ്തുവിന്റെ ജീവൻ നല്കപ്പെടുന്നതുവരെ ദൂതന്മാർക്കോ വീഴ്ച ഭവിച്ചിട്ടില്ലാത്ത മറ്റു ലോകങ്ങളിലെ സൃഷ്ടികൾക്കോ, സാത്താന്റെ യഥാർത്ഥ സ്വഭാവം വെളിവാക്കപ്പെട്ടിട്ടില്ലായിരുന്നു. വലിയ വിശ്വാസത്യാഗിയായ സാത്താൻ, കൗശലപൂർവ്വം, വിശുദ്ധദൂതഗണങ്ങൾക്കും, വീഴ്ച ഭവിച്ചിട്ടില്ലാത്ത മറ്റു സൃഷ്ടികൾക്കും തെറ്റിദ്ധാരണ ഉളവാക്കുംവിധം, തന്റെ കൗടില്യങ്ങളെ ഒളിച്ചുവച്ചിരുന്നു. സാത്താന്റെ എതിർപ്പിന്റെ രഹസ്യം അവർക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

സാത്താൻ വളരെ പ്രഭയും ശക്തിയുമുള്ള ഒരു സൃഷ്ടിയായിരുന്നു. ലൂസിഫറിനെക്കുറിച്ചു ദൈവവചനം പറയുന്നത്, "നീ മാതൃകാമുദ്രയാകുന്നു; നീ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യസമ്പൂർണ്ണനും തന്നെ" (യെഹെ. 28:12). ലൂസിഫർ മറയ്ക്കുന്ന കെരൂബായിരുന്നു. ദൈവത്തിന്റെ പ്രഭാവലയത്തിൽ നിന്നവനായിരുന്നു അവൻ. സൃഷ്ടികളിൽവച്ച് അവൻ ഏറ്റവും ശ്രേഷ്ഠനായിരുന്നു. പ്രപഞ്ചത്തിനു ദൈവോദ്ദേശ്യത്തെ വെളിപ്പെടുത്തിക്കൊടുക്കുന്നതിൽ പ്രധാനി, ലൂസിഫറായിരുന്നു. തന്റെ പാപത്തിനുശേഷം വഞ്ചിക്കുവാനുള്ള അവന്റെ കഴിവു വളരെ അധികം വർദ്ധിച്ചു. ദൈവം അവനു നൽകിയിരുന്ന ഉയർന്ന പദവിമൂലം അവന്റെ സ്വഭാവത്തെ തുറന്നുകാട്ടുക വളരെ പ്രയാസകരമായ ഒന്നായിരുന്നു.

സാത്താനെയും അവന്റെ സഹപ്രവർത്തകരെയും ഒരു നൊടിക്കുള്ളിൽ ദൈവത്തിനു നശിപ്പിക്കാമായിരുന്നു. എന്നാൽ ദൈവം അതു ചെയ്തില്ല. ശക്തികൊണ്ട് അനുസരണക്കേടിനെ കീഴടക്കുവാൻ ദൈവം ആഗ്രഹിച്ചില്ല. സാത്താന്റെ ഭരണശൈലിയിൽ മാത്രമേ, ശക്തി ഉപയോഗിച്ച് അനുസരിപ്പിക്കുന്ന രീതി കാണുകയുള്ളു. ദൈവത്തിന്റെ ഭരണരീതി അപ്രകാരമല്ല. നന്മയിലും കരുണയിലും സ്നേഹത്തിലുമാണ്, ദൈവത്തിന്റെ ഭരണകൂടം അധിഷ്ഠിതമായിരിക്കുന്നത്. ധാർമ്മികതയിൽ അത് ഉറച്ചിരിക്കുന്നു. സത്യവും സ്നേഹവുമാണ് അതിന്റെ അടിസ്ഥാനം.

എന്നേക്കും നിലനിൽക്കുന്ന ശ്രേഷ്ഠതത്വങ്ങളിൽ വേണം ഏതു കാര്യവും അടിസ്ഥാനപ്പെട്ടിരിക്കേണ്ടതെന്നു ദൈവം ആഗ്രഹിക്കുന്നു. സാത്താന്റെ ഭരണകൂടത്തിന്റെ അടിസ്ഥാനതത്വങ്ങൾ പ്രയോഗിക്കുവാൻ അവനു സമയം കൊടുക്കണമെന്നു സ്വർഗ്ഗീയ കൗൺസിൽ നിശ്ചയിച്ചു. തന്റെ തത്വങ്ങൾ ദൈവിക ഭരണകൂടത്തിന്റേതിനെക്കാൾ മെച്ചമാണെന്നു സാത്താൻ അവകാശപ്പെട്ടു. താൻ സ്വേച്ഛാധിപതിയല്ല, നീതിയുള്ളവനാണ് എന്നു വീഴ്ച ഭവിക്കാത്ത ലോകങ്ങളും, ദൂതന്മാരും മനസ്സിലാക്കുന്നതിനു ദൈവം സാത്താനോടു ദീർഘക്ഷമ കാണിച്ചു.

സാത്താൻ മനുഷ്യനെ പാപത്തിലേക്കു നയിച്ചു. ദൈവത്തിന്റെ രക്ഷാപദ്ധതി അതോടെ നിലവിൽവന്നു. നാലായിരം വർഷത്തോളം മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി ദൈവം പ്രവർത്തിക്കുകയായിരുന്നു. സാത്താനാവട്ടെ, മനുഷ്യന്റെ നാശത്തിനും, അധഃപതനത്തിനുംവേണ്ടി പ്രവർത്തിച്ചു. പ്രപഞ്ചം ഇതെല്ലാം വീക്ഷിച്ചുകൊണ്ടിരുന്നു.

യേശു ലോകത്തിൽ അവതരിച്ചപ്പോൾ, സാത്താൻ തന്റെ എല്ലാ ശക്തിയും അവനെതിരായി തിരിച്ചു. യേശു ബെത്ലേഹെമിൽ ഒരു ശിശുവായി പ്രത്യക്ഷപ്പെട്ട നാൾ മുതൽ, സാത്താൻ യേശുവിനെ നശിപ്പിക്കുവാനായി ശ്രമിച്ചുകൊണ്ടിരുന്നു. യേശു, ശിശുവായിരുന്നപ്പോഴും പ്രായപൂർത്തിയായപ്പോഴും, തന്റെ ജീവനെ യാഗമായി അർപ്പിച്ച വേളയിലും സാത്താൻ, യേശുവിനെ പരാജയപ്പെടുത്താൻ കഴിവതു ശ്രമിച്ചു. എന്നാൽ സാത്താൻ അവയിലെല്ലാം പരാജിതനായി; യേശുവിനെ പാപത്തിലേക്കു നയിക്കുവാൻ അവന് ഒരിക്കലും കഴിഞ്ഞില്ല. മരുഭൂമി മുതൽ കാൽവരിയോളം സാത്താന്റെ ക്രോധത്തിന്റെ കൊടുങ്കാറ്റു യേശുവിന്റെമേൽ ചീറി അടിച്ചുകൊണ്ടിരുന്നു. എന്നാൽ യേശു തന്റെ പിതാവിന്റെ കരങ്ങളെ മുറുകെപ്പിടിച്ചിരുന്നു. രക്തപങ്കിലമായ പാതയിലൂടെ യേശു വിജയക്കൊടി പാറിച്ചു.

ഈ വൻവിവാദത്തിന്റെ സാക്ഷികളായിരുന്നു മുഴുലോകവും. വീഴ്ച ഭവിക്കാത്ത മറ്റു ലോകങ്ങളും, സ്വർഗ്ഗവും ഈ പോരാട്ടം വീക്ഷിച്ചു. ഈ പോരാട്ടത്തിന്റെ അന്തിമരംഗങ്ങൾ ഉദ്വേഗം നിറഞ്ഞതായിരുന്നു. ഗെത്ശേമനത്തോട്ടത്തിലെ കർത്താവിന്റെ അവസാനനിമിഷങ്ങൾ സാത്താനുമായുള്ള പോരാട്ടത്തിലെ ഉദ്വേഗഭരിതമായ രംഗങ്ങളായിരുന്നു. "പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീങ്ങിപ്പോകേണമേ" എന്ന കർത്താവിന്റെ പ്രാർത്ഥന മറ്റു ലോകങ്ങൾ നടുക്കത്തോടെയാണു കേട്ടത്. താൻ ക്രൂശിന്മേൽ ആയിരുന്നപ്പോൾ, പിതാവിന്റെ സാന്നിദ്ധ്യം താൻ അറിയാതിരുന്നപ്പോൾ, കർത്താവിനുണ്ടായ അതിവേദന പാപം പ്രവേശിക്കാത്ത ലോകത്തിലെ ആളുകൾ കണ്ടു. തന്റെ രക്തം വിയർപ്പുതുള്ളികൾപോലെ നിലത്തു വീഴുന്നതും, കർത്താവു വിടുതലിനുവേണ്ടി വീണ്ടും വീണ്ടും പ്രാർത്ഥിക്കുന്നതും അവർ കേട്ടു. ദൈവപുത്രനെ ആശ്വസിപ്പിക്കാൻ ഒരു ദൈവദൂതൻ വരുന്നതും അവർ കണ്ടു.

കുറ്റവാളികളായ ജനക്കൂട്ടം യേശുവിന്റെ രക്തത്തിനുവേണ്ടി മുറവിളി കൂട്ടി. അപഹാസങ്ങളും, അധിക്ഷേപങ്ങളും യേശുവിന്റെമേൽ വർഷിക്കപ്പെട്ടു. തന്റെ ശിഷ്യന്മാരിലൊരുവൻ യേശുവിനെ അറിയുന്നില്ലായെന്നു തള്ളിപ്പറഞ്ഞു. സാത്താന്റെ പ്രേരണയ്ക്കു വിധേയരായ ജനക്കൂട്ടം യേശുവിനെ രാത്രിയിൽ പിടിച്ചു പലയിടങ്ങളിൽ വിചാരണയ്ക്കായി കൊണ്ടുപോയി. പരിഹാസവു, ചമ്മട്ടികൊണ്ടുള്ള അടിയും ഏറ്റ ക്രിസ്തുവിനെ ഒടുവിൽ മരണശിക്ഷയ്ക്കു വിധിച്ചു. ഭാരമേറിയ കുരിശും തോളിലേറ്റി കാൽവരിയിലേക്കു യേശുവിനെ നടത്തി.

രക്തം വാർന്നുകൊണ്ടു യേശു കുരിശിൽ കിടന്നു. ശരീരത്തിന്റെ ഭാരം കൊണ്ട് ആണികളടിച്ചു കയറ്റിയ ഭാഗങ്ങൾ വലിഞ്ഞു മുറിവുകൾ വലുതായി. ശ്വാസോച്ഛ്വാസം ദീർഘമായിക്കൊണ്ടിരുന്നു. ലോകത്തിന്റെ പാപഭാരം വഹിച്ച കർത്താവ് ഇപ്രകാരം പ്രാർത്ഥിച്ചു: "ഇവർ ചെയ്യുന്നത് ഇന്നതെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ." ക്രിസ്തുവിന്റെ പ്രാർത്ഥന സ്വർഗ്ഗത്തിനിമ്പകരമായിരുന്നു. എങ്കിലും മനുഷ്യന്റെ ക്രൂരത കണ്ടു സ്വർഗ്ഗം നടുങ്ങി.

പൈശാചികശക്തികൾ കുരിശിനു ചുറ്റും കൂടിയിരുന്നു. അവർ അവിശ്വാസത്തിന്റെ നിഴലുകൾ മനുഷ്യമനസ്സിൽ വിരിച്ചു. ദൈവം ദൂതന്മാരെ തേജോമയരും സൗന്ദര്യസമ്പൂർണ്ണരുമായിട്ടായിരുന്നു സൃഷ്ടിച്ചത്. അവരുടെ ഉന്നത പദവിക്കനുസൃതമായിരുന്നു അവരുടെ സൗന്ദര്യവും പരിശുദ്ധിയും. ദൈവിക പരിജ്ഞാനത്താൽ അവർ സമ്പുഷ്ടരായിരുന്നു. സ്വർഗ്ഗീയ മഹത്വം അവരെ ചുറ്റിയിരുന്നു. ഒരിക്കൽ സ്വർഗ്ഗീയ അരമനകളിൽ ശുശ്രൂഷ ചെയ്തിരുന്ന സാറാഫുകളായിരുന്നു വീഴ്ച ഭവിച്ച ദൂതന്മാർ.

ക്രിസ്തുവിനെ പാപികളിൽ പ്രധാനിയായി ചിത്രീകരിപ്പാനും, പരിഹാസപാത്രമാക്കുവാനും മനുഷ്യരെ പ്രേരിപ്പിക്കുന്നതിനു സാത്താന്യശക്തികൾ ദുഷ്ടമനുഷ്യരോടു കൂട്ടുചേർന്നു. ക്രൂശിന്മേൽ കിടന്ന ക്രിസ്തുവിനെ പരിഹസിച്ചവർ സാത്താന്റെ നിയന്ത്രണത്തിനു വിധേയരായിരുന്നവരാണ്. അവർ യേശുവിനെ കഠിനമായി പരിഹസിച്ചു. എന്നാൽ ഇതുകൊണ്ടു സാത്താനു വിജയം ഉണ്ടായില്ല.

സാത്താന്റെ കഠിനമായ പീഡനങ്ങളിൽനിന്നു മോചനം കിട്ടുവാനായി ഏതെങ്കിലും തരത്തിൽ ക്രിസ്തു അവനു കീഴ്പ്പെട്ടിരുന്നുവെങ്കിൽ, സാത്താൻ വിജയിക്കുമായിരുന്നു. എന്നാൽ കർത്താവ് ഒരു പാപവും ചെയ്തില്ല. പിശാചിനെ കർത്താവു ജയിച്ചു. ഒടുവിൽ യേശു തല ചായ്ച് ജീവനെ വിട്ടു. വെളിപ്പാടുകാരനായ യോഹന്നാൻ പറയുന്നു: "അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞുകേട്ടത്: ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു; നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലോ" (വെളി. 12:10).

തന്റെ പൊയ്മുഖം പിച്ചിച്ചീന്തപ്പെട്ടുവെന്നു സാത്താനു മനസ്സിലായി. സ്വർഗ്ഗീയ പ്രപഞ്ചത്തിന്റെ മുമ്പിലും, വീഴ്ച ഭവിക്കാത്ത ദൂതന്മാരുടെ മുമ്പാകെയും സാത്താന്റെ ഭരണത്തിന്റെ ഉള്ളുകള്ളി പുറത്തായി. സാത്താൻ ഒരു കൊലപാതകിയായി പ്രത്യക്ഷപ്പെട്ടു. ദൈവപുത്രന്റെ രക്തം ചൊരിഞ്ഞതുകൊണ്ട്, സാത്താനു സ്വർഗ്ഗീയഗണങ്ങളുടെ സഹതാപം പൂർണ്ണമായി നഷ്ടപ്പെട്ടു. സാത്താന്റെ പ്രവർത്തനങ്ങൾക്കു ചില നിയന്ത്രണങ്ങൾ വന്നു. ദൂതഗണങ്ങളുടെ ഇടയിൽ സാത്താനുണ്ടായിരുന്ന സ്വാതന്ത്ര്യങ്ങൾ നഷ്ടമായി. ദൂതന്മാരെ പ്രലോഭിപ്പിക്കുവാൻ ഇനിമേൽ അവനു സാദ്ധ്യമല്ലായിരുന്നു. ദൂതന്മാർക്ക്, മനുഷ്യവർഗ്ഗത്തെക്കുറിച്ച് അവർ പാപത്തിന്റെ അടിമത്തത്തിൽ കഴിയുന്നുവെന്ന് ഇനിമേൽ പറയുവാൻ കഴിയുകയില്ല. സാത്താനു ദൂതന്മാരുടെ മുമ്പാകെ, വീരനായകൻ എന്ന പരിവേഷം ഇനിമേൽ ഉണ്ടായിരിക്കുകയില്ല.

എന്നിരിക്കിലും സാത്താനെ ഉടനടി ദൈവം നശിപ്പിച്ചില്ല. ദൈവവും സാത്താനും തമ്മിലുള്ള വൻപോരാട്ടത്തിൽ ഉൾക്കൊണ്ടിരിക്കുന്ന എല്ലാ തത്വങ്ങളും ദൂതന്മാർ ഗ്രഹിച്ചിരുന്നില്ല. സാത്താൻ ചോദ്യം ചെയ്ത തത്വങ്ങളെല്ലാം പൂർണ്ണമായി അവർ ഗ്രഹിക്കേണ്ടതുണ്ടായിരുന്നു. മനുഷ്യന്റെ നന്മ

യ്ക്ക്, സാത്താനെ ഉടനടി നശിപ്പിക്കുവാൻ പാടില്ലായിരുന്നു. ദൂതന്മാരെപ്പോലെ മനുഷ്യരും വെളിച്ചത്തിന്റെ പ്രഭുവും അന്ധകാരപ്രഭുവും തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കേണ്ടതുണ്ടായിരുന്നു. മനുഷ്യൻ ആരോടു വിധേയത്വം ഉള്ളവനായിരിക്കുമെന്നുള്ളതു സ്വയം തെരഞ്ഞെടുക്കേണ്ട ഒരു കാര്യമാണ്.

ദൈവവും സാത്താനും തമ്മിലുള്ള വൻ വിവാദം ആരംഭിച്ചപ്പോൾ സാത്താൻ പറഞ്ഞു: ദൈവകല്പന അനുസരിക്കുക സാദ്ധ്യമല്ല. നീതിയും കരുണയും ഒന്നിച്ചു പോകുക അസാദ്ധ്യമാണ്. കല്പനാലംഘിക്കു പാപക്ഷമ നല്കുന്ന രീതി, നീതിക്കു നിരക്കുന്നതല്ലായെന്നു സാത്താൻ വാദിച്ചു. എല്ലാ പാപവും ശിക്ഷാർഹമാണ്. പാപത്തിനു ശിക്ഷ നല്കാതിരുന്നാൽ, ദൈവം, സത്യത്തിന്റെയും നീതിയുടെയും ദൈവമല്ലാതായിത്തീരുകയാണെന്നു സാത്താൻ പറഞ്ഞു. മനുഷ്യൻ ദൈവകല്പന ലംഘിച്ചപ്പോൾ സാത്താൻ സന്തോഷിച്ചു. ദൈവകല്പന അനുസരിക്കുക സാദ്ധ്യമല്ലെന്നു താൻ പറഞ്ഞതു ശരിയാണെന്നു സ്ഥാപിക്കുവാൻ സാത്താൻ വ്യഗ്രത കാണിച്ചു. മനുഷ്യർ പാപക്ഷമ അർഹിക്കുന്നില്ലായെന്നു സാത്താൻ വാദിച്ചു. സ്വർഗ്ഗത്തിൽനിന്നു താൻ പുറന്തള്ളപ്പെട്ടതുപോലെ, മനുഷ്യവർഗ്ഗവും എന്നേക്കുമായി ദൈവകൃപയിൽനിന്നു പുറന്തള്ളപ്പെടണമെന്നും സാത്താൻ പറഞ്ഞു. പാപിയായ മനുഷ്യനു ദൈവം കൃപ കാണിക്കുമ്പോൾ ദൈവം നീതി പ്രവർത്തിക്കുകയല്ല ചെയ്യുന്നതെന്നും സാത്താൻ പറഞ്ഞു.

എന്നാൽ ഒരു പാപി എന്ന നിലയിൽ മനുഷ്യൻ, സാത്താന്റെ സ്ഥാനത്തല്ല നിൽക്കുന്നത്. ലൂസിഫർ, സ്വർഗ്ഗത്തിൽ ജീവിക്കുമ്പോൾ, ദൈവതേജസ്സു നിറഞ്ഞുനിന്ന സ്ഥലത്താണു പാപം ചെയ്തത്. മറ്റൊരു സൃഷ്ടിക്കും നല്കപ്പെടാത്ത ദൈവസ്നേഹം കാണുവാനും രുചിച്ചറിയുവാനും ലൂസിഫറിനു കഴിഞ്ഞിരുന്നു. ദൈവത്തിന്റെ സ്വഭാവത്തെ നേരിട്ട് അറിഞ്ഞിരുന്ന ലൂസിഫർ തെരഞ്ഞെടുത്തതു സ്വാർത്ഥതയുടെ വഴിയായിരുന്നു. ഈ തെരഞ്ഞെടുപ്പ് ആത്യന്തികമായ തെരഞ്ഞെടുപ്പായിരുന്നു. ദൈവകൃപയെ അവൻ നിഷേധിക്കുകയാണു ചെയ്തത്. എന്നാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം, അവൻ വഞ്ചിക്കപ്പെടുകയായിരുന്നു. മനുഷ്യന്റെ മനസ്സ്, സാത്താൻ കൗശലപൂർവ്വം ഇരുളടഞ്ഞതാക്കിത്തീർത്തു. ദൈവസ്നേഹത്തിന്റെ ഉയരവും ആഴവും മനുഷ്യൻ ഗ്രഹിച്ചില്ല. മനുഷ്യനു ദൈവസ്നേഹത്തിന്റെ പരിജ്ഞാനം ലഭിക്കുമ്പോൾ പ്രത്യാശയുണ്ടാവാൻ സാദ്ധ്യത ഉണ്ടായിരുന്നു. ദൈവത്തിന്റെ യഥാർത്ഥ സ്വഭാവം മനുഷ്യൻ ഗ്രഹിക്കുമ്പോൾ, അവൻ ദൈവത്തിങ്കലേക്ക് ആകർഷിക്കപ്പെടുമെന്നതിനെക്കുറിച്ചു തീർച്ചയുണ്ടായിരുന്നു.

ദൈവത്തിന്റെ കരുണ, യേശുവിലൂടെ വെളിപ്പെടുത്തപ്പെട്ടു. എന്നാൽ ദൈവത്തിന്റെ കരുണ, നീതിയെ ഒരിക്കലും നീക്കിക്കളയുന്നില്ല. ദൈവകല്പന, ദൈവത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. പാപത്തിൽ നിപതിച്ച മനുഷ്യനെ രക്ഷിക്കുന്നതിനുവേണ്ടി, ദൈവകല്പനയിൽ അണുവിട മാറ്റം ദൈവം വരുത്തിയില്ല. വീണുപോയ മനുഷ്യന്റെ വീണ്ടെടുപ്പു സാദ്ധ്യമാക്കിത്തീർത്തതു ദൈവത്തിന്റെ ത്യാഗത്തിലൂടെയാണ്. ക്രിസ്തു, മനുഷ്യനുവേണ്ടി മരിച്ചു. "ദൈവം ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചുപോന്നു" (2 കൊരി. 5:19).

ദൈവകല്പന എപ്പോഴും നീതിക്കുവേണ്ടി നിലകൊള്ളുന്നു. നീതി കൊണ്ട് അർത്ഥമാക്കുന്നതു വിശുദ്ധീകരിക്കപ്പെട്ട ജീവിതം അഥവാ സമ്പൂർണ്ണമായ സ്വഭാവം എന്നാകുന്നു. കല്പനയുടെ ആവശ്യം നിറവേറ്റാൻ മനുഷ്യനു സാദ്ധ്യമല്ല. എന്നാൽ ക്രിസ്തു ഭൂമിയിൽ ഒരു പൂർണ്ണ മനുഷ്യനായി വന്ന്, പാപരഹിതമായ ജീവിതം നയിച്ചു. സമ്പൂർണ്ണതയുള്ള ഒരു സ്വഭാവം ക്രിസ്തുവിനുണ്ടായിരുന്നു. ക്രിസ്തുവിനെ സ്വീകരിക്കുന്ന ഏതൊരാളിനും ക്രിസ്തുവിന്റെ സമ്പൂർണ്ണത സൗജന്യമായി നല്കപ്പെടും. ദൈവം മനുഷ്യന്റെ പാപങ്ങൾക്കു ക്ഷമ നല്കുന്നു. ഇതിനുപുറമേ ദൈവത്തിന്റെ സ്വഭാവവിശേഷവും ക്രിസ്തു മനുഷ്യനു നൽകുന്നു. ആത്മികമായ ശക്തിയും സൗന്ദര്യവും മനുഷ്യനിൽ ക്രിസ്തു നെയ്തു ചേർക്കുന്നു. ഇപ്രകാരം ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവനിൽ ന്യായപ്രമാണത്തിന്റെ നീതി നിവർത്തിക്കപ്പെടുന്നു. ദൈവത്തിനു നീതിമാനായിരിപ്പാൻ കഴിയും. "താൻ നീതിമാനും, യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന്..." (റോമർ 3:26).

ദൈവം, തന്റെ കൃപയിൽ മാത്രമല്ല, നീതിയിലും തന്റെ സ്നേഹം പ്രദർശിപ്പിക്കുന്നു. നീതി ദൈവസിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു. ദൈവസ്നേഹത്തിന്റെ ഫലംകൂടെ ആകുന്നു നീതി. സത്യത്തിൽനിന്നും നീതിയിൽനിന്നും കൃപയെ വേർതിരിച്ചുനിർത്തുന്നതു സാത്താന്റെ പ്രവൃത്തിയാണ്. ദൈവത്തിന്റെ ന്യായപ്രമാണത്തിൽ കാണുന്ന നീതി, സമാധാനത്തിന്റെ ശത്രു ആണെന്നു സ്ഥാപിക്കുവാൻ, സാത്താൻ കഴിവുള്ള ശ്രമങ്ങൾ നടത്തി. ദൈവത്തിന്റെ പദ്ധതിയിൽ നീതിയും സമാധാനവും മനോഹരമായി സംയോജിക്കപ്പെട്ടിരിക്കുന്നു. ഒന്നില്ലാതെ മറ്റേതിനു നിലനില്പില്ല. "ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു; നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു" (സങ്കീ. 85:10).

ദൈവത്തിന്റെ നീതി, ദൈവത്തിന്റെ കരുണയെ നശിപ്പിച്ചില്ലായെന്നു ക്രിസ്തുവിന്റെ ജീവിതംകൊണ്ടും മരണംകൊണ്ടും തെളിയിച്ചു. പാപം ക്ഷമിക്കപ്പെടാവുന്നതാണെന്നും, ദൈവത്തിന്റെ ന്യായപ്രമാണം നീതിയുള്ളവയാണെന്നും, അതു പാലിക്കപ്പെടാവുന്നതാണെന്നും കർത്താവു കാണിച്ചുതന്നു. സാത്താന്റെ ആരോപണങ്ങൾ എല്ലാം അടിസ്ഥാനരഹിതമായിരുന്നു. ദൈവം തന്റെ സ്നേഹത്തിന്റെ ഒരിക്കലും തെറ്റുപറ്റാത്ത തെളിവു മനുഷ്യനു നല്കി.

വേറൊരു വഞ്ചനയുമായി സാത്താൻ മുന്നോട്ടുവന്നു. ദൈവത്തിന്റെ കൃപ അഥവാ കരുണ, നീതിയെ മറിച്ചുകളഞ്ഞുവെന്ന് അവൻ ആരോപിച്ചു. ക്രിസ്തുവിന്റെ മരണം ദൈവത്തിന്റെ ന്യായപ്രമാണത്തെ അസാധുവാക്കിയെന്ന് അവൻ ഘോഷിച്ചു. കല്പന അഥവാ ന്യായപ്രമാണം മാറ്റുവാനോ നീക്കിക്കളയുവാനോ കഴിയുമായിരുന്നുവെങ്കിൽ, ക്രിസ്തു മരിക്കേണ്ടി വരികയില്ലായിരുന്നു. കല്പനയെ നീക്കുക എന്നാൽ, പാപത്തെ എന്നേക്കും നിലനിൽക്കുവാൻ അനുവദിക്കുക എന്നതാണ്. വേറൊരു വിധത്തിൽ പറ

ഞ്ഞാൽ ലോകത്തെ ഭരിക്കുവാൻ സാത്താനെ അനുവദിക്കുക എന്നതാണ്. ദൈവത്തിന്റെ കല്പന മാറ്റമില്ലാത്തതാകയാലും, കല്പന അനുസരിക്കുന്നതിൽക്കൂടെ മാത്രം മനുഷ്യരക്ഷ സാദ്ധ്യമായതിനാലും ആയിരുന്നു, ക്രിസ്തു ക്രൂശിൽ മരിക്കേണ്ടിവന്നത്. ക്രിസ്തു, കല്പനയെ ഉറപ്പിക്കുവാൻ ശ്രമിച്ചപ്പോൾ, സാത്താൻ അതിനെ നശിപ്പിക്കുവാൻ ശ്രമിച്ചു. ക്രിസ്തുവും സാത്താനും തമ്മിലുള്ള അവസാന പോരാട്ടം ആരംഭിക്കുന്നത് ഇവിടെയാണ്.

ദൈവം നല്കിയ കല്പന കുറവുള്ളതാണെന്നും അവയിൽ ചിലവ നീക്കം ചെയ്യപ്പെട്ടുവെന്നും സാത്താൻ വാദിക്കുന്നു. സാത്താന്റെ അവസാനത്തെ വലിയ വഞ്ചനയാണിത്. ദൈവകല്പന പൂർണ്ണമായും അവൻ ആക്രമിക്കുന്നില്ല. ഏതെങ്കിലും ഒരു കല്പന ലംഘിക്കുന്നതിനു മനുഷ്യനെ പ്രേരിപ്പിക്കുവാൻ കഴിഞ്ഞെങ്കിൽ അവന്റെ ലക്ഷ്യം നേടുവാൻ കഴിയും. “ഒരുത്തൻ ന്യായപ്രമാണം മുഴുവനും അനുസരിച്ചു നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു” (യാക്കോബ് 2:10). ഒരു കല്പന ലംഘിക്കുന്നതിലൂടെ മനുഷ്യൻ സാത്താന്റെ കീഴിൽ വരുന്നു. ദൈവകല്പനയ്ക്കു പകരമായി മാനുഷകല്പന സ്ഥാപിക്കുന്നതിലൂടെ, ദൈവത്തെ ധിക്കരിക്കുവാൻ സാത്താൻ ശ്രമിക്കും. സാത്താന്റെ ഈ ശ്രമത്തെക്കുറിച്ചു തിരുവചനത്തിൽ മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. സാത്താന്റെ പ്രതിനിധിയും, വലിയ വിശ്വാസത്യാഗിയുമായ ഒരു ശക്തിയെക്കുറിച്ചു തിരുവചനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: “അവൻ അത്യുന്നതനായവനു വിരോധമായി വമ്പു പറയുകയും, അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളകയും, സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കുകയും ചെയ്യും” (ദാനീ. 7:25).

ദൈവകല്പനകൾക്ക് എതിരായി പ്രവർത്തിക്കുവാൻ മാനുഷനിർമ്മിതമായ കല്പനകൾ സ്ഥാപിക്കും. മറ്റുള്ളവരുടെ മനസ്സാക്ഷിയെ നിർബന്ധിച്ചു തങ്ങളുടെ നിയമങ്ങൾ അടിച്ചേല്പിക്കുവാൻ ആ ശക്തി ശ്രമിക്കും.

ദൈവകല്പനയ്ക്ക് എതിരായി സ്വർഗ്ഗത്തിൽ ആരംഭിച്ച പോരാട്ടം കാലത്തിന്റെ അന്ത്യംവരെ തുടരും. ഓരോ മനുഷ്യനും പരീക്ഷയെ അഭിമുഖീകരിക്കേണ്ടതായി വരും. ദൈവത്തെ അനുസരിക്കേണമോ, അനുസരിക്കേണ്ടയോ എന്ന പ്രശ്നത്തിന് ഓരോ വ്യക്തിയും തീരുമാനം എടുക്കേണ്ടതായി വരും. ഒന്നുകിൽ ദൈവത്തോടുകൂടെ അല്ലെങ്കിൽ സാത്താനോടുകൂടെ എന്ന തെരഞ്ഞെടുപ്പ് ഓരോരുത്തരും എടുക്കേണ്ടിവരും. വേർപാടിന്റെ രേഖ ഒടുവിൽ വരയ്ക്കപ്പെടും. രണ്ടു പക്ഷമായി മനുഷ്യർ തിരിയും. എല്ലാ വ്യക്തിത്വവും പൂർണ്ണവികാസം പ്രാപിക്കും. ദൈവത്തോടു വിശ്വസ്തതയുള്ളവരോ അല്ലാത്തവരോ എന്ന് ഓരോ വ്യക്തിയും പ്രകടനമാക്കും.

ലോകത്തിന്റെ അവസാനം അപ്പോൾ സംഭവിക്കും. തന്റെ കല്പനകൾ നീതിയും സത്യവും ഉള്ളവയെന്നു ദൈവം തെളിയിക്കുകയും, തന്റെ വിശ്വസ്ത ജനത്തെ ദൈവം വിടുവിക്കുകയും ചെയ്യും. സാത്താനും അവന്റെ കൂട്ടരും എന്നെന്നേക്കുമായി നശിപ്പിക്കപ്പെടും. അതു പൂർണ്ണമായ നാശം

ആയിരിക്കും. പാപവും പാപിയും "വേരും കൊമ്പും ശേഷിപ്പിക്കാതെ" നശിക്കും (മലാഖി 4:1). വേരു സാത്താനും കൊമ്പു സാത്താന്റെ അനുയായികളും ആയിരിക്കും. അങ്ങനെ സാത്താനെ സംബന്ധിച്ച് എഴുതിയിരിക്കുന്ന ദൈവവചനം നിറവേറും. "നീ ദൈവഭാവം നടിക്കയാൽ... മറയ്ക്കുന്ന കെരൂബേ, ഞാൻ നിന്നെ അഗ്നിമയരഥങ്ങളുടെ മദ്ധ്യേനിന്നു മുടിച്ചുകളഞ്ഞും... നിനക്കു ശീഘ്രനാശം ഭവിച്ചിട്ടു നീ സദാകാലത്തേക്കും ഇല്ലാതെയാകും." "കുറഞ്ഞോന്നു കഴിഞ്ഞിട്ടു ദുഷ്ടൻ ഇല്ല; നീ അവന്റെ ഇടം സൂക്ഷിച്ചു നോക്കും; അവനെ കാണുകയില്ല." "അവൻ ജനിക്കാത്തവരെപ്പോലെ ആകും" (യെഹ. 28:6-19; സങ്കീ. 37:10; ഓബ. 16).

ഇതു ദൈവം സ്വേച്ഛാപരമായി ചെയ്യുന്ന ഒരു പ്രവൃത്തി അല്ല. ദൈവത്തിന്റെ കൃപയെ ത്യജിച്ചുകളഞ്ഞവർ, തങ്ങൾ വിതച്ചതിന്റെ ഫലം കൊയ്യുകയാണ്. ജീവന്റെ ഉറവ ദൈവമാകുന്നു. ഒരുവൻ പാപവഴികളെ തെരഞ്ഞെടുക്കുമ്പോൾ, അവൻ ദൈവത്തിൽനിന്നു സ്വയം വേർപിരിയുകയാണ്. അങ്ങനെ അവൻ ജീവനിൽനിന്നു വിച്ഛേദിക്കപ്പെടുന്നു. അവർ "ദൈവത്തിന്റെ ജീവനിൽനിന്ന് അകന്നു മനം തഴമ്പിച്ചു പോയവർ" ആകുന്നു (എഫെ. 4:18). "എന്നെ ദ്വേഷിക്കുന്നവർ ഒക്കെയും മരണത്തെ ഇച്ഛിക്കുന്നു" (സദൃശ. 8:36). തങ്ങളുടെ സ്വഭാവം വികസിപ്പിക്കുവാനും ജീവിതതത്വങ്ങൾ പ്രകടമാക്കുവാനും അവർക്കു ജീവിതകാലം ദൈവം നല്കുന്നു. ഈ കാലം കഴിയുമ്പോൾ, തങ്ങളുടെ തെരഞ്ഞെടുപ്പിനു യോജിച്ച ഫലം അവർക്കു കിട്ടുന്നു. അനുസരണക്കേടിന്റെ ജീവിതം നയിച്ചതു കാരണം സാത്താനും കൂട്ടർക്കും ദൈവവുമായി ഒത്തുചേർന്നു പോകുവാൻ കഴിയാത്ത സ്ഥാനത്തു സ്വയം ചെന്നെത്തുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യം അവർക്ക് "ദഹിപ്പിക്കുന്ന അഗ്നി" പോലെയാണ്. ദൈവം സ്നേഹമാകുന്നു. എന്നാൽ ദൈവതേജസ്സിന്റെ മുമ്പാകെ ദുഷ്ടതയ്ക്കു നില്പാൻ സാദ്ധ്യമല്ല.

ദൈവവും സാത്താനുമായുള്ള വൻ പോരാട്ടം ആരംഭിച്ചപ്പോൾ ദൂതന്മാർക്ക് അതു മനസ്സിലായില്ല. സാത്താനെയും കൂട്ടരെയും അവരുടെ പാപത്തിന്റെ ഫലം അനുഭവിപ്പാൻ വിട്ടിരുന്നുവെങ്കിൽ അവർ നശിക്കുമായിരുന്നു. എന്നാൽ അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ, വീഴ്ച ഭവിക്കാത്ത ലോകത്തിലെ അംഗങ്ങൾക്കും ദൂതന്മാർക്കും ഇതു പാപത്തിന്റെ അനിവാര്യഫലമായിരുന്നുവെന്നു ഗ്രഹിക്കുക സാദ്ധ്യമായിരുന്നില്ല. ദൈവത്തിന്റെ നന്മയെക്കുറിച്ച് ഒരു സംശയം അവശേഷിക്കുമായിരുന്നു. അതു പാപത്തിന്റെയും കഷ്ടതയുടെയും മാരകമായ ദുരന്തഫലങ്ങൾ ഉളവാക്കുമായിരുന്നു.

എന്നാൽ ദൈവവും സാത്താനും തമ്മിലുള്ള വൻ പോരാട്ടം അവസാനിക്കുമ്പോൾ, അങ്ങനെ ഒരു സംശയവും അവശേഷിക്കുകയില്ല. വീണ്ടെടുപ്പിന്റെ വേല പൂർത്തീകരിക്കപ്പെടുമ്പോൾ, ദൈവത്തിന്റെ സ്വഭാവം എല്ലാ സൃഷ്ടികൾക്കും വെളിപ്പെട്ടുകഴിഞ്ഞിരിക്കും. ദൈവകല്പന തികവുള്ളതും, സുസ്ഥിരവുമാണെന്നും തെളിയും. പാപത്തിന്റെ ബീഭത്സമായ മുഖവും, സാത്താന്റെ കാപട്യം നിറഞ്ഞ മുഖവും അനാവരണം ചെയ്യപ്പെടും. പാപം എന്നെന്നേക്കുമായി പ്രപഞ്ചത്തിൽനിന്നു തുടച്ചുനീക്കിക്കളയുമ്പോൾ,

ദൈവത്തിന്റെ സ്നേഹം എല്ലാ സൃഷ്ടികൾക്കും ബോദ്ധ്യമാകും. ദൈവ ഹിതം നിവർത്തിപ്പാൻ ഇഷ്ടപ്പെടുകയും ദൈവകല്പന ഹൃദയത്തിൽ എഴുതിയിരിക്കയും ചെയ്യുന്നവരുടെ ഇടയിൽ ദൈവത്തിന്റെ യശസ്സ് സ്ഥാപിക്കപ്പെടും.

യേശുവിന്റെ കുരിശിൽ നോക്കിയ ദൂതഗണങ്ങൾ സന്തോഷിച്ചേക്കാം. എല്ലാക്കാര്യങ്ങളും അപ്പോൾ അവർക്കു ഗ്രഹിപ്പാൻ കഴിയുന്നില്ലെങ്കിലും, പാപത്തിന്റെയും സാത്താന്റെയും പതനം തീർച്ചയായിക്കഴിഞ്ഞുവെന്ന് അവർ അറിയും. അതുപോലെതന്നെ മനുഷ്യന്റെ വീണ്ടെടുപ്പ് ഉറപ്പായെന്നും, ലോകം ഇനി ഒരിക്കലും പാപത്തിൽ നിപതിക്കുകയില്ലായെന്നും അവർ ഗ്രഹിച്ചു. കാൽവരിയിൽ നിറവേറ്റിയ യാഗത്തിന്റെ ദൂരവ്യാപകമായ ഫല ങ്ങൾ ഗ്രഹിക്കുവാൻ യേശുവിനു കഴിഞ്ഞു. “നിവൃത്തിയായി” എന്നു യേശു ഉച്ചത്തിൽ നിലവിളിച്ചതു ഭാവി തന്റെ മുമ്പാകെ തുറക്കപ്പെട്ടപ്പോഴായിരുന്നു.

# 80

# യോസേഫിന്റെ കല്ലറയിൽ

യേശുവിന്റെ ഭൂമിയിലെ ദൗത്യം അവസാനിച്ചു. യേശു വിശ്രമത്തിലേക്കു പ്രവേശിച്ചു. അപമാനവും പീഡനവും സഹിച്ച കർത്താവ്, വെള്ളിയാഴ്ച ഉച്ചകഴിഞ്ഞു മരിച്ചു. അണയാൻ പോകുന്ന കതിരവന്റെ അന്തിമരശ്മികൾ ശബ്ബത്തിനെ സ്വാഗതം ചെയ്തപ്പോൾ, കർത്താവിന്റെ ഭൗതിക ശരീരം, യോസേഫിന്റെ കല്ലറയിൽ അടക്കപ്പെട്ടു. ശബ്ബത്തിന്റെ വിശുദ്ധ മണിക്കൂറുകളിൽ കർത്താവു സ്വസ്ഥതയിൽ പ്രവേശിച്ചു.

ലോകത്തിന്റെ സൃഷ്ടി പൂർത്തിയാക്കിയശേഷം പിതാവും പുത്രനും പരിശുദ്ധാത്മാവും ശബ്ബത്തിൽ വിശ്രമിച്ചു. "ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞപ്പോൾ" (ഉല്പത്തി 2:1) സ്രഷ്ടാവും, സ്വർഗ്ഗീയവാസികളും ആ രംഗം കണ്ടു സന്തോഷിച്ചു. "പ്രഭാത നക്ഷത്രങ്ങൾ ഒന്നിച്ചു ഘോഷിച്ചുല്ലസിക്കുകയും ദൈവപുത്രന്മാർ എല്ലാം സന്തോഷിച്ച് ആർക്കുകയും ചെയ്തു" (ഇയ്യോബ് 38:6). യേശുവിന്റെ മരണത്തോടുകൂടി വീണ്ടെടുപ്പിന്റെ വേല പൂർത്തീകരിക്കപ്പെട്ടു. ക്രിസ്തുവിന്റെ

മരണത്തിൽ ഭൂമിയിലുള്ള തന്റെ പ്രിയപ്പെട്ടവർ ദുഃഖിച്ചുവെങ്കിലും സ്വർഗ്ഗം സന്തോഷിച്ചു. ഭാവി അവർക്കു ശോഭനമായിരുന്നു. ക്രിസ്തുവിന്റെ വീണ്ടെടുപ്പു നേടിയെടുത്ത ഫലങ്ങൾ സ്വർഗ്ഗീയവൃന്ദങ്ങൾക്ക് ആഹ്ലാദം പകരുന്നതായിരുന്നു. പുതുതാക്കപ്പെട്ട ദൈവസൃഷ്ടി, പാപത്തിന്റെ മാലിന്യത്തിൽനിന്നു മോചനം നേടിയ മനുഷ്യവർഗ്ഗം, ഇനി ഒരിക്കലും പാപം വാഴാത്ത അവസ്ഥ, ഇതെല്ലാമായിരുന്നു ക്രിസ്തുവിന്റെ വീണ്ടെടുപ്പിലൂടെ സാധിച്ചത്. അതുകൊണ്ടു ക്രിസ്തുവിന്റെ വിശ്രമം മേല്പറഞ്ഞ അനുഗ്രഹങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. "അവന്റെ പ്രവൃത്തി അത്യുത്തമം," "ദൈവം പ്രവർത്തിക്കുന്നതൊക്കെയും ശാശ്വതം" (ആവ. 32:4; സഭാ. 3:14). "ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തത് ഒക്കെയും യഥാസ്ഥാനത്താകു"വോളം (അപ്പൊ. 3:21) സൃഷ്ടിപ്പിന്റെ സ്മാരകമായ ശബ്ബത്ത്, സ്വസ്ഥതയുടെയും സന്തോഷത്തിന്റെയും ദിനമായിരിക്കും. ദൈവത്തെയും കുഞ്ഞാടിനെയും ആരാധിക്കുവാൻ വീണ്ടെടുക്കപ്പെട്ടവർ സന്തോഷത്തോടുകൂടെ "ശബ്ബത്തുതോറും" കൂടിവരുമ്പോൾ സ്വർഗ്ഗവും ഭൂമിയും ഒന്നുചേർന്നു ദൈവത്തെ മഹത്വപ്പെടുത്തും (യെശ. 66:23).

ക്രൂശീകരണദിനത്തിൽ നടന്ന സംഭവങ്ങൾ പ്രവചനനിറവേറലിന്റെ പുതിയ തെളിവുകൾ നല്കി. ക്രിസ്തുവിന്റെ ദൈവികത്വത്തെ അതു വിളംബരം ചെയ്തു. കുരിശിന്റെ ചുറ്റുംനിന്ന് അന്ധകാരം നീങ്ങുകയും കർത്താവു ജീവനെ പിതാവിനു സമർപ്പിക്കുകയും ചെയ്തപ്പോൾ ഒരു ശബ്ദം അവിടെ മുഴങ്ങിക്കേട്ടു: "അവൻ ദൈവപുത്രൻ ആയിരുന്നു സത്യം" (മത്തായി 27:54).

വളരെ ഉച്ചത്തിലായിരുന്നു ഈ പ്രസ്താവന മുഴങ്ങിയത്. അത് എവിടെനിന്നു വന്നു എന്ന് അറിവാനായി എല്ലാവരും ചുറ്റും നോക്കി. ഒരു റോമാപടയാളി ആയിരുന്നു ആ സാക്ഷ്യം പറഞ്ഞത്. യേശുവിന്റെ അത്ഭുതകരമായ സഹിഷ്ണുതയും, പെട്ടെന്നുള്ള മരണവും, വിജയപ്രഖ്യാപനവും സത്യദൈവത്തെ അറിയാതിരുന്ന ആ മനുഷ്യനെ വളരെ ആകർഷിച്ചു. കുരിശിന്മേൽ തൂങ്ങിക്കിടന്നിരുന്ന ആ യെഹൂദയുവാവിൽ, ദൈവത്തിന്റെ പുത്രനെ ആ റോമൻ പടയാളി കണ്ടു. തന്റെ വിശ്വാസത്തെ ഉറച്ചു പ്രസ്താവിക്കാതിരിക്കാൻ ആ മനുഷ്യനു കഴിഞ്ഞില്ല. "തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും" (യെശ. 53:11) എന്നു മശീഹയെക്കുറിച്ചു പറഞ്ഞിട്ടുള്ള പ്രവചനം ക്രിസ്തുവിന്റെ മരണത്തിൽ നിറവേറി. വ്യത്യസ്തങ്ങളായ തുറകളിൽ പെട്ടിരുന്ന മൂന്നുപേർ യേശുവിലുള്ള തങ്ങളുടെ വിശ്വാസത്തെ സാക്ഷീകരിച്ചു. യേശുവിന്റെ കുരിശു ചുമന്ന കുറേനക്കാരനായ ശീമോൻ, ക്രൂശിൽ കിടന്നു മരിച്ച കള്ളൻ, റോമാക്കാരനായ ശതാധിപൻ ഇവരായിരുന്നു ആ മൂന്നുപേർ.

സമയം സന്ധ്യയോടടുത്തപ്പോൾ, അഭൗമമായ ഒരു നിശ്ശബ്ദത കാൽവരിയിൽ ഉയർത്തപ്പെട്ട ക്രൂശിനു ചുറ്റും അനുഭവപ്പെട്ടു. ജനക്കൂട്ടം പിരിഞ്ഞുപോയിരുന്നു. അവരിൽ അനേകരും മനസ്സിനു രൂപാന്തരം ഭവിച്ചവരായിട്ടാണ്

അവിടെനിന്നു പോയത്. ക്രൂശീകരണം കാൺമാൻ എത്തിയവരിൽ അധിക പങ്കിനെയും അവിടെ കൊണ്ടെത്തിച്ചതു ക്രിസ്തുവിനോടുള്ള ശത്രുത യായിരുന്നില്ല, പ്രത്യുത ജിജ്ഞാസ മാത്രമായിരുന്നു. അവർ പിന്നീടു പുരോ ഹിതന്മാർ ഉന്നയിച്ച ആരോപണങ്ങൾ വിശ്വസിക്കയും, യേശുവിനെ ഒരു കുറ്റവാളിയായി കരുതുകയും ചെയ്തു. അവരും ജനക്കൂട്ടത്തോടൊപ്പം ക്രിസ്തുവിനെ പരിഹസിക്കുന്നതിൽ പങ്കുചേർന്നു. എന്നാൽ ഭൂമിയിൽ അന്ധ കാരം വ്യാപിക്കുകയും, മനസ്സാക്ഷിയുടെ കുറ്റപ്പെടുത്തൽ അനുഭവപ്പെടു കയും ചെയ്തപ്പോൾ, തങ്ങൾ ചെയ്ത തെറ്റിനെക്കുറിച്ച് അവർക്കു ബോധ മുണ്ടായി. ഭയമുളവാക്കുന്ന അന്ധകാരം വ്യാപിച്ചപ്പോൾ പരിഹാസശബ്ദ ങ്ങൾ നിലച്ചു. അന്ധകാരം നീങ്ങിയപ്പോൾ ജനക്കൂട്ടം തങ്ങളുടെ വീടുകളി ലേക്കു മടങ്ങിപ്പോയി. പുരോഹിതന്മാരുടെ ആരോപണങ്ങൾ വ്യാജ മായിരുന്നു എന്നവർക്കു മനസ്സിലായി. ക്രിസ്തു ദൈവത്തിന്റെ പുത്രനെന്നും അവർക്കു ബോദ്ധ്യപ്പെട്ടു. പിന്നീടു പെന്തെക്കൊസ്തുനാളിൽ പത്രൊസ് പരിശുദ്ധാത്മാവു നിറഞ്ഞവനായി പ്രസംഗിച്ചപ്പോൾ മാനസാന്തരപ്പെട്ടവരുടെ കൂട്ടത്തിൽ, ക്രൂശീകരണത്തിനു സാക്ഷികളായിരുന്ന ജനങ്ങളിൽ പലരു മുണ്ടായിരുന്നു.

എന്നാൽ യെഹൂദനേതാക്കൾക്ക് ഒരു മനഃപരിവർത്തനവും ക്രൂശിലെ കാഴ്ചകൾ വരുത്തിയില്ല. യേശുവിനോടുണ്ടായിരുന്ന അവരുടെ വിദ്വേഷ ത്തിന് ഒരു കുറവും വന്നില്ല. ക്രൂശീകരണസമയത്തു ഭൂമിയെ ആവരണം ചെയ്തിരുന്ന അന്ധകാരം, പരീശന്മാരുടെയും യെഹൂദനേതാക്കളുടെയും മനസ്സുകളെ മൂടിയിരുന്ന ഇരുളിനോളം കനത്തതായിരുന്നില്ല. ക്രിസ്തു ജനിച്ച പ്പോൾ ഒരു നക്ഷത്രം, വിദ്വാന്മാരെ, ക്രിസ്തു കിടന്നിരുന്ന പശുത്തൊഴുത്തി ലേക്കു നയിച്ചു. സ്വർഗ്ഗീയ ദൂതന്മാർ ക്രിസ്തുവിന്റെ ജനനത്തിൽ സന്തോ ഷിച്ചു. അവരുടെ ഗാനങ്ങൾ ബെത്ലേഹെമിൽ മാറ്റൊലിക്കൊണ്ടു. ഗലീല ക്കടൽ യേശുവിന്റെ ആജ്ഞയെ അനുസരിച്ചു ശാന്തമായി. രോഗവും മരണവും യേശുവിന്റെ അധികാരത്തെ അംഗീകരിച്ചു മരണാസന്നരെ കർത്താവിനു വിട്ടുകൊടുത്തു. യേശുവിന്റെ മരണവേദന കണ്ടുനിൽക്കുവാൻ ശക്തിയില്ലാതെ, സൂര്യൻ തന്റെ മുഖം മറച്ചു. പാറകൾ യേശുവിന്റെ മരണ ത്തിങ്കൽ വിറയ്ക്കുകയും, പൊട്ടിത്തകരുകയും ചെയ്തു. അചേതനമായ ഭൂമി ക്രിസ്തുവിനെ അറിഞ്ഞിരുന്നു. തന്റെ ദൈവികത്വത്തിന് അവ സാക്ഷി നിന്നു. എന്നാൽ യിസ്രായേലിലെ പുരോഹിതന്മാരും, നേതാക്കളും ക്രിസ്തു വിനെ തിരിച്ചറിഞ്ഞില്ല.

പുരോഹിതന്മാരും പ്രമാണികളും അസ്വസ്ഥരായിരുന്നു. ക്രിസ്തുവിനെ വധിക്കുന്നതിൽ അവർ വിജയിച്ചുവെങ്കിലും, അവർക്ക് ആഹ്ലാദിക്കുവാൻ കഴിഞ്ഞില്ല. അടുത്ത് എന്തു സംഭവിപ്പാൻ പോകുന്നുവെന്ന ഭയം അവരെ അലട്ടിക്കൊണ്ടിരുന്നു. "നിവൃത്തിയായി; പിതാവേ, ഞാൻ എന്റെ ആത്മാ വിനെ തൃക്കൈയിൽ ഏല്പിക്കുന്നു" (യോഹ. 19:30; ലൂക്കൊസ് 23:46) എന്നു ക്രിസ്തു നിലവിളിച്ചപ്പോൾ പാറകൾ പിളർന്നതും വലിയ ഭൂകമ്പം ഭൂമിയെ കുലുക്കുന്നതും അവർ കണ്ടു. അവർ അസ്വസ്ഥരും സമാധാനരഹിതരും ആയിത്തീർന്നു.

ക്രിസ്തുവിനു ജനത്തിനിടയിലുണ്ടായിരുന്ന സ്വാധീനത്തിൽ പുരോഹിതന്മാർ അസൂയ പൂണ്ടിരുന്നു. ക്രിസ്തുവിന്റെ മരണത്തിനുശേഷവും അവരുടെ അസൂയയ്ക്ക് ഒരു കുറവുമുണ്ടായിരുന്നില്ല. ജീവിച്ചിരുന്ന ക്രിസ്തുവിനെക്കാൾ മരിച്ച ക്രിസ്തുവിനെ അവർ കൂടുതൽ ഭയപ്പെട്ടു. ക്രൂശീകരണസമയത്തുണ്ടായ സംഭവങ്ങളിൽ ജനങ്ങളുടെ താൽപര്യം കൂടുതൽ വർദ്ധിക്കുമോ എന്നവർ ഭയപ്പെട്ടു. ആ ദിവസത്തെ സംഭവങ്ങൾ അവരെ കൂടുതൽ ഭയാകുലരാക്കി. ശബ്ബത്തുദിവസം ഒരു കാരണവശാലും ക്രൂശിക്കപ്പെട്ടവരുടെ ശരീരം കുരിശിൽ ഇരിക്കരുത് എന്നവർ തീരുമാനിച്ചു. ശബ്ബത്തിൽ, കുരിശിന്മേൽ ശരീരങ്ങൾ കിടക്കുന്നതു ശബ്ബത്തു ലംഘനമെന്ന് അവർ കരുതി. അതുകൊണ്ടു യെഹൂദന്മാർ, പീലാത്തൊസിനെ സമീപിച്ചു കുറ്റവാളികളുടെ കൊല വേഗത്തിൽ നടത്തുവാനും ശരീരങ്ങൾ കുരിശിൽ നിന്ന് ഇറക്കുവാനും ആവശ്യപ്പെട്ടു.

യേശുവിന്റെ ശരീരം കുരിശിൽ കിടക്കുന്നതു പീലാത്തൊസിനും ഇഷ്ടമുള്ള ഒന്നായിരുന്നില്ല. പീലാത്തൊസിന്റെ അനുവാദം കിട്ടിയ ഉടനെ കള്ളന്മാരുടെ മരണം വേഗത്തിൽ സംഭവിപ്പാൻ അവരുടെ കാലുകൾ ഒടിച്ചു. എന്നാൽ യേശു മരിച്ചുകഴിഞ്ഞിരുന്നു. യേശുവിന്റെ മരണം കണ്ട ക്രൂരന്മാരായ പടയാളികളിലും ചില മാറ്റങ്ങൾ സംഭവിച്ചിരുന്നു. അവരുടെ ഹൃദയം അലിഞ്ഞു. അവർ ക്രിസ്തുവിന്റെ കാലുകൾ ഒടിച്ചില്ല. അങ്ങനെ ക്രിസ്തുവിന്റെ മരണത്തിൽ പെസഹയുടെ നിയമം പൂർത്തിയാക്കപ്പെട്ടു. “രാവിലത്തേക്ക് അതിൽ ഒന്നും ശേഷിപ്പിച്ചു വയ്ക്കരുത്. അതിന്റെ അസ്ഥി ഒന്നും ഒടിക്കുകയും അരുത്; പെസഹയുടെ ചട്ടപ്രകാരമൊക്കെയും അവർ അത് ആചരിക്കേണം” (സംഖ്യാ. 9:12).

ക്രിസ്തു മരിച്ചുവെന്നു കണ്ടപ്പോൾ പുരോഹിതന്മാരും പ്രമാണികളും അത്ഭുതപ്പെട്ടു. കുരിശുമരണം വളരെ സമയമെടുക്കുന്ന ഒന്നായിരുന്നു. കുരിശിലേറ്റപ്പെട്ട ഒരാൾ എപ്പോൾ മരിക്കുമെന്നു മുൻകൂട്ടി പറയുക പ്രയാസമായിരുന്നു. ക്രൂശീകരണത്തിനുശേഷം ആറു മണിക്കൂറിനുള്ളിൽ മരിക്കുക എന്നത് അത്യപൂർവ്വമായ ഒരു സംഭവമായിരുന്നു. യേശു മരിച്ചുവോ എന്നു സുനിശ്ചിതമായി അറിയുവാൻ പുരോഹിതന്മാർ ആഗ്രഹിച്ചു. അവരുടെ നിർദ്ദേശപ്രകാരം ഒരു പടയാളി യേശുവിന്റെ വിലാപ്പുറത്തു കുന്തംകൊണ്ടു കുത്തി. ഇപ്രകാരമുണ്ടായ മുറിവിൽനിന്നു രക്തവും വെള്ളവും ധാരധാരയായി ഒഴുകി. രണ്ടു വ്യത്യസ്ത പ്രവാഹങ്ങളായി ഇതൊഴുകി. കാഴ്ചക്കാരെല്ലാം ഇതു കണ്ടു. യോഹന്നാൻ ഇതിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു: “പടയാളികളിൽ ഒരുത്തൻ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്തു കുത്തി; ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. ഇതു കണ്ടവൻ സാക്ഷ്യം പറഞ്ഞിരിക്കുന്നു; അവന്റെ സാക്ഷ്യം സത്യം ആകുന്നു. നിങ്ങളും വിശ്വസിക്കേണ്ടതിനു താൻ സത്യം പറയുന്നുവെന്ന് അവൻ അറിയുന്നു. അവന്റെ ഒരു അസ്ഥിയും ഒടിഞ്ഞുപോകയില്ല എന്നുള്ള തിരുവെഴുത്തു നിവൃത്തിയാകേണ്ടതിന് ഇതു സംഭവിച്ചു. അവർ കുത്തിയവങ്കലേക്കു നോക്കും എന്നു മറ്റൊരു തിരുവെഴുത്തും പറയുന്നു” (യോഹ. 19:34-37).

ക്രിസ്തു ക്രൂശിൽ മരിച്ചില്ലായെന്നും, മോഹാലസ്യപ്പെടുകയായിരുന്നു വെന്നും, പിന്നീടു മയക്കമുണർന്നുവെന്നുമുള്ള കഥകൾ പുരോഹിതന്മാരും മറ്റും, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുശേഷം പ്രചരിപ്പിക്കുവാൻ ശ്രമിച്ചു. ക്രിസ്തുവിന്റെ യഥാർത്ഥ ശരീരമായിരുന്നില്ല, ശരീരത്തിന്റെ ഒരു മാതൃക കല്ലറയിൽ വയ്ക്കുകയായിരുന്നുവെന്നാണു വേറൊരു ഭാഷ്യം. എന്നാൽ റോമൻ പടയാളികളുടെ പ്രവൃത്തി ഈ വ്യാജ ആരോപണങ്ങളുടെ പൊള്ള ത്തരം തുറന്നുകാട്ടുന്നു. ക്രിസ്തു മരിച്ചിരുന്നതുകൊണ്ടു ക്രിസ്തുവിന്റെ കാൽ ഒടിച്ചില്ല. പുരോഹിതന്മാരെ തൃപ്തിപ്പെടുത്താൻ പടയാളി ക്രിസ്തു വിന്റെ വിലാപ്പുറത്തു കുത്തി. നേരത്തേ മരിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഈ മുറിവുതന്നെ പെട്ടെന്നുള്ള മരണത്തിനു കാരണമാകുമായിരുന്നു.

യേശു പെട്ടെന്നു മരിക്കുവാൻ കാരണമായതു ക്രൂശിലെ വേദനയോ, കുന്തം ഉപയോഗിച്ചുള്ള കുത്തോ ആയിരുന്നില്ല. മരണസമയത്തു യേശു പുറപ്പെടുവിച്ച ഉറക്കെയുള്ള നിലവിളിയും, മുറിവിൽനിന്നു പുറപ്പെട്ട രക്തവും വെള്ളവും തെളിയിക്കുന്നതു യേശുവിന്റെ മരണകാരണം ഹൃദയം തകർന്ന തായിരുന്നു എന്ന വസ്തുതയാണ്. വലിയ മാനസിക വ്യഥയാൽ യേശു വിന്റെ ഹൃദയം പൊട്ടിത്തകർന്നു. ലോകത്തിന്റെ പാപഭാരത്താൽ യേശു വിന്റെ ഹൃദയം തകർന്നു.

ക്രിസ്തുവിന്റെ മരണത്തോടുകൂടി ശിഷ്യന്മാരുടെ പ്രതീക്ഷകൾ ഛിന്ന ഭിന്നമായി. ക്രിസ്തുവിന്റെ അടഞ്ഞ കണ്ണുകളും ചാഞ്ഞുകിടക്കുന്ന തലയും രക്തത്തിൽ കുതിർന്ന തലമുടിയും ആണികളാൽ തുളയ്ക്കപ്പെട്ട കൈകാലു കളും കണ്ടപ്പോൾ ശിഷ്യന്മാരുടെ ദുഃഖത്തിന് അതിരില്ലായിരുന്നു. തങ്ങളുടെ ഗുരുനാഥൻ മരിക്കുമെന്ന് അവർ അവസാനംവരെ ചിന്തിച്ചതുപോലുമില്ല. ക്രിസ്തുവിന്റെ മരണം അവർക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. താൻ മരിക്കു മെന്നു ക്രിസ്തു മുൻകൂട്ടിപ്പറഞ്ഞത് അവർ ഓർമ്മിച്ചില്ല. ക്രിസ്തുവിന്റെ വാക്കുകൾക്ക്, അവരെ ആശ്വസിപ്പിക്കാൻ കഴിഞ്ഞില്ല. കുരിശും അതിന്മേൽ മരിച്ച തങ്ങളുടെ ഗുരുവും ശിഷ്യന്മാരുടെ മനസ്സിൽ നിറഞ്ഞുനിന്നു. ഭാവി അവരെ സംബന്ധിച്ചിടത്തോളം ഇരുൾ മൂടിയതായി കാണപ്പെട്ടു. കർത്താ വിന്റെ വാക്കുകളെ അവർ വിശ്വസിച്ചിരുന്നുവെങ്കിൽ അവർക്കു നിരാശയുടെ അനുഭവത്തിൽക്കൂടെ പോകേണ്ടിവരികയില്ലായിരുന്നു. എങ്കിലും തങ്ങളുടെ കർത്താവിനെ അവർ ഏറ്റവുമധികം സ്നേഹിച്ചു. യേശു ശിഷ്യന്മാർക്ക് ഏറ്റവും വിലയേറിയവനായി കാണപ്പെട്ടു. യേശു അവരോടുകൂടെ ഉണ്ടായി രുന്നെങ്കിൽ എന്ന് അവർ ആഗ്രഹിച്ചു.

ക്രിസ്തുവിന്റെ മൃതശരീരം ശിഷ്യന്മാർക്കു വളരെ വിലയേറിയതായി രുന്നു. ഏറ്റവും മാന്യമായ രീതിയിൽ ആ ശരീരം സംസ്കരിക്കുവാൻ അവർ ആഗ്രഹിച്ചു. എന്നാൽ അത് എങ്ങനെ സാക്ഷാൽക്കരിക്കുമെന്ന് അവർ ക്കറിയാൻ പാടില്ലായിരുന്നു. റോമാ ഗവൺമെന്റിനെതിരായുള്ള കുറ്റമായി രുന്നു യേശുവിന്റെമേൽ ആരോപിക്കപ്പെട്ടിരുന്നത്. ഇപ്രകാരമുള്ള കുറ്റം ചെയ്തവരെന്നു കരുതപ്പെടുന്നവരെ അടക്കുന്നതിന് ഒരു പ്രത്യേക സ്ഥല മുണ്ടായിരുന്നു. ശിഷ്യനായ യോഹന്നാനും ഗലീലയിലെ ചില സ്ത്രീകളും

കുരിശിനരികെ നിന്നിരുന്നു. ഹൃദയശൂന്യരായ റോമൻ പടയാളികളെ ക്രിസ്തുവിന്റെ ശരീരം അടക്കുന്നതിന് ഏല്പിച്ചിട്ടുപോവാൻ അവർ ആഗ്രഹിച്ചില്ല. എങ്കിലും സാധുക്കളായ അവർക്ക് ഒന്നിനും കഴിവില്ലായിരുന്നു. യെഹൂദ പ്രമാണികളുടെ സഹായമോ പീലാത്തൊസിന്റെ സഹായമോ തേടുവാനും അവർക്കു കഴിഞ്ഞില്ല.

ഈ വിഷമം പിടിച്ച അവസ്ഥയിൽ അരിമഥ്യയിലെ യോസേഫും, നിക്കോദേമൊസും ശിഷ്യന്മാരുടെ സഹായത്തിനെത്തി. ഇവർ ഇരുവരും സൻഹെദ്രിൻസംഘത്തിലെ അംഗങ്ങളും പീലാത്തൊസിന്റെ അടുപ്പക്കാരും ആയിരുന്നു. യേശുവിന്റെ ശരീരം നല്ല രീതിയിൽ സംസ്കരിക്കണമെന്ന് അവർ ഇരുവരും തീരുമാനിച്ചു.

അരിമഥ്യക്കാരനായ യോസേഫ് ധൈര്യത്തോടെ പീലാത്തൊസിനെ സമീപിച്ചു യേശുവിന്റെ ശരീരം ചോദിച്ചു. യേശുവിന്റെ മരണവിവരം അപ്പോഴാണു പീലാത്തൊസ് അറിയുന്നത്. ക്രൂശീകരണത്തിനു ശേഷം പീലാത്തൊസിനു ലഭിച്ച വാർത്തകൾ പരസ്പരവിരുദ്ധങ്ങളായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ മരണവിവരം പീലാത്തൊസിനെ ആരും അറിയിച്ചിരുന്നില്ല. ക്രിസ്തുവിന്റെ ശരീരത്തെ സംബന്ധിച്ചു ശിഷ്യന്മാർ എന്തെങ്കിലും കാപട്യം കാണിക്കുമെന്നു പുരോഹിതപ്രമാണികൾ പീലാത്തൊസിനു മുന്നറിയിപ്പു നല്കിയിരുന്നു. അരിമഥ്യക്കാരനായ യോസേഫിൽനിന്നു യേശുവിന്റെ മരണത്തെക്കുറിച്ച് അറിഞ്ഞ പീലാത്തൊസ്, ക്രൂശീകരണത്തിന്റെ ചുമതല വഹിച്ചിരുന്ന ശതാധിപനെ വരുത്തി വാസ്തവസ്ഥിതി മനസ്സിലാക്കി.

യോസേഫിന്റെ അപേക്ഷ പീലാത്തൊസ് അനുവദിച്ചു. തന്റെ ഗുരുവിന്റെ ശരീരം എങ്ങനെ സംസ്കരിക്കുമെന്നു യോഹന്നാൻ വിഷമിച്ചു നിൽക്കുമ്പോൾ പീലാത്തൊസിന്റെ അനുമതിയുമായി യോസേഫ് തിരിച്ചെത്തി. ആ മൃതദേഹത്തിൽ ആലേപനം ചെയ്യേണ്ടതിനു നൂറു റാത്തൽ മൂരും അകിലും കൊണ്ടുള്ള ഒരു വിശേഷസുഗന്ധദ്രവ്യം നിക്കോദേമൊസ് കൊണ്ടുവന്നു. യെരൂശലേമിലെ ഏറ്റവും ബഹുമാന്യനുപോലും ഇത്ര അന്തസ്സുറ്റ സംസ്കാരം ലഭിച്ചിട്ടില്ല. ക്രിസ്തുവിന്റെ ശവസംസ്കാരത്തിൽ തങ്ങളെപ്പോലെ താൽപര്യം കാണിച്ച യോസേഫിനെയും നിക്കോദേമൊസിനെയും കണ്ടപ്പോൾ ശിഷ്യന്മാർ അത്ഭുതപ്പെട്ടു.

യേശു ജീവിച്ചിരുന്നപ്പോൾ നിക്കോദേമൊസും യോസേഫും പരസ്യമായി യേശുവിന്റെ ശിഷ്യന്മാരായിരുന്നില്ല. അവർ അങ്ങനെ ചെയ്തിരുന്നുവെങ്കിൽ സൻഹെദ്രിൻസംഘത്തിൽനിന്ന് അവർ നിഷ്കാസിതരാവുമായിരുന്നു. സൻഹെദ്രിൻസംഘാംഗങ്ങളായിരുന്നാൽ, തങ്ങളുടെ സ്വാധീനമുപയോഗിച്ചു യേശുവിനെ സംരക്ഷിക്കാമെന്ന് അവർ കരുതി. കുറെ നാളത്തേക്കു തങ്ങൾ വിജയിക്കുന്നുവെന്ന് അവർക്കു തോന്നി. എന്നാൽ മറ്റുള്ളവർ, പ്രത്യേകിച്ചു പുരോഹിതന്മാർ അവരുടെ പദ്ധതികളെ അട്ടിമറിച്ചു. നിക്കോദേമൊസിന്റെയും അരിമഥ്യക്കാരനായ യോസേഫിന്റെയും അസാന്നിദ്ധ്യത്തിൽ യേശുവിനെ ക്രൂശിപ്പാനായി വിട്ടുകൊടുത്തു. ക്രിസ്തുവിന്റെ മരണത്തോടുകൂടി

തങ്ങൾക്കു ക്രിസ്തുവിനോടുണ്ടായിരുന്ന ഭക്ത്യാദരവുകൾ മറച്ചുവയ്ക്കാൻ നിക്കോദേമൊസും യോസേഫും തുനിഞ്ഞില്ല. യേശുവിന്റെ മരണത്തിൽ ശിഷ്യന്മാരെ സഹായിപ്പാൻ അവർ മുമ്പോട്ടുവന്നു. നിക്കോദേമൊസും യോസേഫും ശിഷ്യന്മാർക്ക്, പുരോഹിതന്മാരിൽനിന്ന് ഉപദ്രവങ്ങൾ ഉണ്ടാകാതിരിക്കാൻ കഴിവതു പ്രയത്നിച്ചു.

സാവധാനത്തിലും, ഭക്ത്യാദരവോടുകൂടിയും തങ്ങളുടെ കരങ്ങൾകൊണ്ടു യേശുവിന്റെ ശരീരത്തെ നിക്കോദേമൊസും യോസേഫും കുരിശിൽനിന്ന് ഇറക്കി. തകർന്നും മുറിവേറ്റുമിരിക്കുന്ന കർത്താവിന്റെ ശരീരം കണ്ടപ്പോൾ അവർ വളരെ ദുഃഖിച്ചു. പാറയിൽ വെട്ടിയുണ്ടാക്കിയ ഒരു പുതിയ കല്ലറ യോസേഫിനുണ്ടായിരുന്നു. സ്വന്ത ആവശ്യത്തിനായി യോസേഫ് ഉണ്ടാക്കിയതായിരുന്നു ആ കല്ലറ. അതു യേശുവിനെ സംസ്കരിക്കുവാൻ യോസേഫ് ഒരുക്കി. നിക്കോദേമൊസ് കൊണ്ടുവന്ന സുഗന്ധദ്രവ്യങ്ങൾ യേശുവിന്റെ ശരീരത്തിൽ ലേപനം ചെയ്തശേഷം തുണികൊണ്ടു ശരീരം പൊതിഞ്ഞു. പിന്നീടു ശരീരം കല്ലറയിലേക്കു കൊണ്ടുപോയി. അവിടെ മൂന്നു ശിഷ്യന്മാരും ചേർന്നു യേശുവിന്റെ ശരീരം നിവർത്തി കിടത്തി. കർത്താവിന്റെ മുറിവേറ്റ കരങ്ങൾ മാർവിനു മുകളിൽ മടക്കിവച്ചു. കർത്താവിനു നല്കേണ്ട അന്തിമ ശുശ്രൂഷകൾ ചെയ്യുവാൻ ഗലീലയിൽനിന്നു സ്ത്രീജനങ്ങൾ വന്നിട്ടുണ്ടായിരുന്നു. ശവക്കല്ലറയുടെ പ്രവേശനകവാടം ഒരു വലിയ കല്ലുകൊണ്ട് അടച്ചു. അതിനുശേഷം അവരെല്ലാവരും അവിടം വിട്ടുപോയി. കുരിശിന്റെ സമീപത്ത് അവസാനംവരെ നിന്നവരിൽ അധികംപേരും സ്ത്രീകളായിരുന്നു. സന്ധ്യയുടെ നിഴലുകൾ എങ്ങും പരന്നുകൊണ്ടിരുന്നപ്പോൾ, മഗ്ദലക്കാരത്തി മറിയയും മറ്റു സ്ത്രീകളും തങ്ങളുടെ കർത്താവിന്റെ കല്ലറയ്ക്കരികിൽ കണ്ണുനീർ വാർത്തുകൊണ്ടു നിന്നു. "ഗലീലയിൽനിന്ന് അവനോടുകൂടെ പോന്ന സ്ത്രീകളും പിന്നാലെ ചെന്നു കല്ലറയും അവന്റെ ശരീരം വച്ച വിധവും കണ്ടിട്ടു മടങ്ങിപ്പോയി സുഗന്ധവർഗ്ഗവും പരിമളതൈലവും ഒരുക്കി; കല്പന അനുസരിച്ചു ശബ്ബത്തിൽ സ്വസ്ഥമായിരുന്നു" (ലൂക്കൊസ് 23:55,56).

ദുഃഖിതരായ ശിഷ്യന്മാർക്ക് ഒരിക്കലും മറക്കാനാവാത്ത ഒരു ശബ്ബത്തായിരുന്നു അത്. അതുപോലെതന്നെ പുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും ജനത്തിനും ആ ശബ്ബത്ത് മറക്കുക സാദ്ധ്യമായിരുന്നില്ല. ഒരുക്കനാൾ കഴിഞ്ഞ്, ശബ്ബത്ത് ആരംഭിക്കുന്ന സന്ധ്യാവേളയിൽ കാഹളങ്ങൾ മുഴങ്ങി. നൂറ്റാണ്ടുകളായി യിസ്രായേൽജനത ആചരിക്കുന്ന പെസഹാപ്പെരുന്നാൾ ആചരിച്ചപ്പോൾ, പെസഹാക്കുഞ്ഞാടു ചൂണ്ടിക്കാണിച്ചിരുന്ന, ക്രിസ്തു യോസേഫിന്റെ കല്ലറയിൽ വിശ്രമിക്കുകയായിരുന്നു. യെരൂശലേം ദൈവാലയത്തിൽ, ശബ്ബത്തിൽ ആരാധനയ്ക്കായി അനേകം പേർ കൂടിയിരുന്നു. ക്രൂശീകരണരംഗത്തുനിന്നു മഹാപുരോഹിതൻ മനോഹരവസ്ത്രം ധരിച്ചുകൊണ്ടു യെരൂശലേം ദൈവാലയത്തിലേക്കു വന്നു. വെള്ളത്തലപ്പാവു ധരിച്ച പുരോഹിതന്മാർ, തങ്ങളുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ വ്യാപൃതരായിരുന്നു. കാളകളുടെയും, കോലാട്ടുകൊറ്റന്മാരുടെയും രക്തം പാപപരിഹാരത്തിനുവേണ്ടി അർപ്പിച്ചപ്പോൾ, അതർപ്പിച്ചവർക്ക് അതുമൂലം പാപപരിഹാരം ലഭിച്ചില്ല. നിഴലായിരുന്ന ഈ കർമ്മങ്ങൾ പൊരുളായിട്ടുള്ളതു വന്നതോടു

കൂടി അപ്രസക്തങ്ങളായിത്തീർന്നു എന്ന് അനേകരും മനസ്സിലാക്കിയില്ല. ലോകത്തിന്റെ പാപത്തിനുവേണ്ടി അമൂല്യമായ യാഗം കാൽവരിയിൽ അർപ്പിച്ചു കഴിഞ്ഞുവെന്ന വസ്തുത പലരും ഗ്രഹിച്ചില്ല. അപ്രസക്തങ്ങളായ കർമ്മാനുഷ്ഠാനങ്ങൾ ജനം പലവിധത്തിലാണു സ്വീകരിച്ചത്. കാഹളനാദവും സംഗീതാലാപനങ്ങളും പതിവുപോലെ ഉണ്ടായിരുന്നുവെങ്കിലും എന്തോ ഒരു അസാധാരണത്വം ദൃശ്യമായിരുന്നു. ഇതുവരെയും അതിവിശുദ്ധസ്ഥലം സാധാരണക്കാരിൽനിന്നു മറയ്ക്കപ്പെട്ടിരുന്നു. എന്നാൽ അതിനെ മറച്ചിരുന്ന തിരശ്ശീല മേൽതൊട്ട് അടിയോളം ചീന്തിപ്പോയതിനാൽ, അതിപരിശുദ്ധസ്ഥലം ഏവർക്കും കാണത്തക്കവണ്ണം തുറന്നുകിടന്നു. ഇനിമേൽ അതിപരിശുദ്ധസ്ഥലത്തു ദൈവിക സാന്നിദ്ധ്യം പ്രത്യേകം ഉണ്ട് എന്ന് അവകാശപ്പെടാൻ കഴികയില്ലായിരുന്നു. പുരോഹിതന്മാർ ഭയാശങ്കകളോടെ യാഗപീഠത്തിന്റെ മുമ്പിൽനിന്നു ശുശ്രൂഷ ചെയ്തു. അതിപരിശുദ്ധസ്ഥലത്തെ അനാവൃതമാക്കിയതു വരുവാൻ പോകുന്ന ആപത്തിന്റെ നാന്ദിയായി അവർ കരുതി.

കാൽവരിയിലെ രംഗങ്ങൾ അനേകരെ ചിന്താകുലരാക്കി. ക്രൂശീകരണംമുതൽ പുനരുത്ഥാനംവരെ അനവധി ഉറക്കം നഷ്ടപ്പെട്ട കണ്ണുകൾ പ്രവചനങ്ങളെ ഗാഢമായി ശോധന ചെയ്തുകൊണ്ടിരുന്നു. പെസഹയുടെ അർത്ഥം എന്തെന്ന് അവർ പഠിച്ചു. ചിലർ യേശുവിനെ തിരസ്കരിക്കുവാനുള്ള ഉപാധികൾ കണ്ടുപിടിക്കുന്നതിനുവേണ്ടി ശ്രമിച്ചു. മറ്റു ചിലർ യേശു യഥാർത്ഥ ദൈവപുത്രനായിരുന്നു എന്നു മനസ്സിലാക്കുന്നതിനുവേണ്ടി തിരുവചനങ്ങളെ ശോധന ചെയ്തു. അങ്ങനെ പല ലക്ഷ്യങ്ങളോടെ അവർ പ്രവചനങ്ങൾ പഠിച്ചെങ്കിലും, ക്രിസ്തു ദൈവപുത്രനായിരുന്നുവെന്ന് അവർക്കു ബോദ്ധ്യമായി. അന്നത്തെ പെസഹയിൽ പങ്കെടുത്ത പലരും പിന്നീടു നടന്നിട്ടുള്ള പെസഹാശുശ്രൂഷയിൽ പങ്കെടുത്തിട്ടില്ല. പുരോഹിതന്മാരിൽ ചിലരും യേശുവിന്റെ ദൈവികത്വത്തെ വിശ്വസിച്ചു. അവർ പ്രവചനം ശോധന ചെയ്തതു വൃഥാവായില്ല. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു ശേഷം അനേകം പേർ ക്രിസ്തുവിൽ വിശ്വസിച്ചു.

യേശു ക്രൂശിന്മേൽ ഉയർത്തപ്പെട്ടപ്പോൾ, നിക്കോദേമൊസ് കർത്താവു തന്നോട് ഒരു രാത്രിയിൽ പറഞ്ഞ വാക്കുകൾ ഓർത്തു. "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ" (യോഹ. 3:14,15). യേശു കല്ലറയിൽ നിദ്രചെയ്ത സമയത്ത്, നിക്കോദേമൊസ് പഴയ കാര്യങ്ങൾ ഓർത്തു. ഒരു പുതിയ വെളിച്ചം തന്റെ മനസ്സിനെ പ്രകാശിതമാക്കി. യേശുവിന്റെ വാക്കുകൾ നിക്കോദേമൊസിനു ഗ്രഹിപ്പാൻ പ്രയാസമുണ്ടായില്ല. യേശു ജീവിച്ചിരുന്നപ്പോൾ തനിക്ക്, യേശുവുമായി കൂടുതൽ ബന്ധപ്പെടുവാൻ കഴിഞ്ഞില്ലല്ലോ എന്നു നിക്കോദേമൊസ് ദുഃഖിച്ചു. കാൽവരിയിലെ രംഗങ്ങൾ നിക്കോദേമൊസിന്റെ മനസ്സിലൂടെ ഒന്നൊന്നായി കടന്നുപോയി. ശത്രുക്കൾക്കു വേണ്ടിയുള്ള കർത്താവിന്റെ പ്രാർത്ഥന, കുരിശിൽ കിടന്ന കള്ളനു നല്കിയ വാഗ്ദത്തം, "നിവൃത്തിയായി" എന്ന കർത്താവിന്റെ മൊഴി ഇതെല്ലാം നിക്കോദേമൊസ് ഓർത്തു. ഇളകിയാടുന്ന ഭൂതലവും, ഇരുളടഞ്ഞ ആകാശവും, ചീന്തപ്പെട്ട

ദൈവാലയത്തിലെ തിരശ്ശീലയും, പൊട്ടിപ്പിളരുന്ന പാറകളും നിക്കോദേമൊസിന്റെ വിശ്വാസത്തെ ഉറപ്പിച്ചു. ശിഷ്യന്മാരുടെ വിശ്വാസത്തെ ഹനിച്ച അതേ സംഭവങ്ങൾ നിക്കോദേമൊസിന്റെയും യോസേഫിന്റെയും വിശ്വാസത്തെ സ്ഥിരപ്പെടുത്തി.

ക്രിസ്തു ശവക്കല്ലറയിൽ ആയിരുന്നപ്പോൾ, താൻ ജീവിച്ചിരുന്നപ്പോൾ ഉണ്ടായിരുന്നതിനെക്കാൾ, കൂടുതൽ ജനശ്രദ്ധ ആകർഷിച്ചു. അനേകം ആളുകൾ തങ്ങളുടെ രോഗികളായ പ്രിയപ്പെട്ടവരെയും കൊണ്ടുവന്ന് "നസ്രായനായ യേശു എവിടെ?" എന്ന് അന്വേഷിച്ചു. "സൗഖ്യമാക്കുന്ന ക്രിസ്തുവിനെ ഞങ്ങൾക്കു കാണണം" എന്ന് എല്ലാ ഭാഗത്തുനിന്നും ശബ്ദമുയർന്നു. ഈ സന്ദർഭത്തിൽ കുഷ്ഠരോഗലക്ഷണങ്ങൾ ഉള്ളവരെ പുരോഹിതന്മാർ പരിശോധിച്ചുകൊണ്ടിരുന്നു. തങ്ങളുടെ പ്രിയപ്പെട്ടവർ കുഷ്ഠരോഗികളെന്നു കേൾക്കുവാനുള്ള ദൗർഭാഗ്യത്തെ പ്രതീക്ഷിക്കുന്നവരായിരുന്നു അവിടെ കൂടിയിരുന്ന പലരും. കുഷ്ഠരോഗികളെന്നു പുരോഹിതന്മാർ വിധിക്കുന്നവർ 'അശുദ്ധൻ, അശുദ്ധൻ' എന്ന് ഉച്ചത്തിൽ വിളിച്ചുകൊണ്ടു സ്വന്തഭവനത്തെ വിട്ടുപോകേണ്ടവർ അവിടെ കൂടിയ കൂട്ടത്തിൽ ഉണ്ടായിരുന്നു. അറപ്പുളവാക്കുന്ന കുഷ്ഠരോഗികളെ തൊട്ടു സൗഖ്യമാക്കുവാൻ മടി കാട്ടാതിരുന്ന ക്രിസ്തുവിന്റെ കരങ്ങൾ ചലനമറ്റിരിക്കുകയായിരുന്നു. ഒരു കുഷ്ഠരോഗിയുടെ പ്രാർത്ഥന കേട്ടപ്പോൾ "എനിക്കു മനസ്സുണ്ട്; നീ ശുദ്ധമാക" എന്ന സ്നേഹവചനങ്ങൾ ഉരുവിട്ട ചുണ്ടുകൾ നിശ്ചലമായിരുന്നു. അനേകം ഹതഭാഗ്യർ രോഗസൗഖ്യത്തിനുവേണ്ടി പുരോഹിതപ്രമാണികളോടപേക്ഷിച്ചു. എന്നാൽ ആ അപേക്ഷകൾക്ക് ഉത്തരം ലഭിച്ചില്ല. ജീവിക്കുന്ന ക്രിസ്തു വീണ്ടും അവരുടെ ഇടയിൽ വന്നെങ്കിൽ എന്നവരാശിച്ചു. അവർ യേശുവിനെ വളരെ താൽപര്യത്തോടെ അന്വേഷിച്ചു. എന്നാൽ അവർ ദൈവാലയ പരിസരങ്ങളിൽനിന്നു പുറത്താക്കപ്പെട്ടു. രോഗികളെയുംകൊണ്ടു വന്ന ജനക്കൂട്ടത്തെ ദൈവാലയകവാടത്തിൽ തടഞ്ഞുനിർത്തി.

യേശുവിനെക്കണ്ടു സൗഖ്യമാകുവാൻ വന്നവർ നിരാശരായി. അവർ മരണത്തെ മുഖാമുഖം കണ്ടു. ലോകം അന്ധകാരപൂർണ്ണമായി. "അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക" എന്നട്ടഹസിച്ചവർ ഭയചകിതരായി. യേശു ജീവിച്ചിരുന്നെങ്കിൽ അവർ "ഞങ്ങൾക്കു യേശുവിനെ തരിക" എന്നു നിലവിളിക്കുമായിരുന്നു.

പുരോഹിതന്മാർ യേശുവിനെ കൊലചെയ്തുവെന്ന് അവർ മനസ്സിലാക്കിയപ്പോൾ, മരണവിവരങ്ങളെക്കുറിച്ച് അവർ അന്വേഷിക്കുവാൻ തുടങ്ങി. യേശുവിന്റെ വിസ്താരത്തെക്കുറിച്ചു കഴിവുള്ളിടത്തോളം ഗോപ്യമാക്കി വയ്ക്കുവാൻ പുരോഹിതന്മാർ ആഗ്രഹിച്ചു. യേശുവിനോടു കാണിച്ചത് അന്യായമായിപ്പോയി എന്നു ജനം പറയുവാൻ തുടങ്ങി. തിരുവെഴുത്തുകളിൽ തൽപരരായവർ മശീഹയെക്കുറിച്ചുള്ള പ്രവചനങ്ങൾ തിരുവെഴുത്തുകളിൽനിന്നു വിശദീകരിച്ചുകൊടുക്കുവാൻ പുരോഹിതന്മാരോട് ആവശ്യപ്പെട്ടു. അതിന്റെ ഉത്തരം ശരിയായ രീതിയിൽ നൽകാൻ കഴിയാതിരുന്ന പുരോഹിതപ്രമാണികൾ ബുദ്ധിസ്ഥിരത നഷ്ടപ്പെട്ടവരെപ്പോലെ പെരുമാറി.

തിരുവെഴുത്തുകളിൽ ക്രിസ്തുവിനെ സംബന്ധിച്ച പ്രവചനങ്ങൾ നിറ വേറിയതായി ജനങ്ങൾക്കു ബോദ്ധ്യമായി.

പ്രതികാരം മധുരമായിരിക്കുമെന്നു കരുതിയ യെഹൂദപ്രമാണികൾക്ക് അതേറ്റവും കയ്പേറിയതാണെന്നു മനസ്സിലാക്കുവാൻ അധികം താമസി ക്കേണ്ടിവന്നില്ല. ജനങ്ങളുടെ കോപത്തിനു തങ്ങൾ ഇരയായിത്തീരുമെന്നു പുരോഹിതന്മാർ ഭയപ്പെട്ടു. പുരോഹിതന്മാരുടെ പ്രേരണയ്ക്കു വശംവദരായി യേശുവിനെ പീഡിപ്പിച്ച ജനങ്ങൾക്കു തങ്ങൾ ചെയ്ത തെറ്റു മനസ്സിലായി. യേശുവിനെ ഒരു വഞ്ചകനായി ചിത്രീകരിക്കുവാൻ പുരോഹിതന്മാർ ശ്രമി ച്ചെങ്കിലും ജനങ്ങളുടെ മുമ്പിൽ അതു വിലപ്പോയില്ല. മരിച്ച ലാസറിനെ യേശു ഉയിർപ്പിച്ചതു ജനങ്ങളിൽ പലരും കണ്ടിരുന്നു. യേശുവും മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേൽക്കുമെന്ന് അവരിൽ പലരും ഭയപ്പെട്ടു. “ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും” (യോഹ. 2:19) എന്നു യേശു പറഞ്ഞത് അവർ ഓർത്തു. “നാം യെരൂശലേമി ലേക്കു പോകുന്നുവല്ലോ; അവിടെ മനുഷ്യപുത്രൻ മഹാപുരോഹിത ന്മാർക്കും, ശാസ്ത്രിമാർക്കും ഏല്പിക്കപ്പെടും; അവർ അവനു മരണശിക്ഷ കല്പിച്ചു പരിഹസിപ്പാനും തല്ലുവാനും ക്രൂശിപ്പാനും അവനെ ജാതികൾക്ക് ഏല്പിക്കും; എന്നാൽ മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേൽക്കും” (മത്തായി 20:18,19). യേശു പറഞ്ഞ ഈ വാക്കുകൾ യൂദാ പുരോഹിത ന്മാരോടു പറഞ്ഞിരുന്നു. എന്നാൽ അവർ അതിനെ പുച്ഛിച്ചു തള്ളിക്കളഞ്ഞു. ക്രിസ്തു പറഞ്ഞ പ്രവചനങ്ങൾ ഒന്നും നിറവേറാതെ പോയില്ല. താൻ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുമെന്നു പറഞ്ഞതു നടക്കുകയില്ലായെന്ന് ആർക്കു പറവാൻ കഴിയും? പുരോഹിതന്മാരുടെ മനസ്സുകൾ ഇളകിമറിഞ്ഞു കൊണ്ടിരുന്നു. തങ്ങളുടെ പിതാവായ പിശാചിനെപ്പോലെ അവർ വിശ്വസി ക്കുകയും ഭയപ്പെടുകയും ചെയ്തു.

വികാരങ്ങൾ കെട്ടടങ്ങിയപ്പോൾ, യേശുവിന്റെ രൂപം ജനങ്ങളുടെ മന സ്സിൽ തെളിഞ്ഞുനിന്നു. യേശുവിൽ കണ്ട അന്യാദൃശമായ ക്ഷമ അവരെ ആകർഷിച്ചു. യേശുവിന്റെ ദൈവികത്വം, തന്റെ വിചാരണവേളയിലും മരണസമയത്തും വളരെ വ്യക്തമായി മനുഷ്യർക്കു ബോദ്ധ്യപ്പെട്ടു. മരിച്ച യേശു, തങ്ങളെ വിധിപ്പാനായി ഏതുനേരത്തും പ്രത്യക്ഷപ്പെടുമെന്നു യെഹൂദ പ്രമാണികൾ ഭയപ്പെട്ടു. തങ്ങൾ കുറ്റക്കാരനായി മുദ്രയടിച്ച ക്രിസ്തു, തങ്ങളുടെ വിധികർത്താവായി വരുന്നതു യെഹൂദശ്രേഷ്ഠന്മാർ ഭാവനയിൽ കണ്ടു. തങ്ങൾ കൊലയ്ക്കു വിധിച്ചവൻ തങ്ങളെ വിധിപ്പാൻ വരുന്നത് അവർ ദർശിച്ചു.

യേശുവിനെ ശവക്കല്ലറയിൽ വച്ച ശബ്ബത്തിൽ യെഹൂദപ്രമാണികൾക്കു സ്വസ്ഥത അനുഭവിപ്പാൻ കഴിഞ്ഞില്ല. തങ്ങൾ അശുദ്ധരാകുമെന്ന ഭയത്താൽ ജാതികളായവരുടെ പടിക്കൽപോലും പ്രവേശിക്കാത്തവർ, ശബ്ബത്തിൽ ക്രിസ്തുവിന്റെ ശരീരത്തിനുവേണ്ടി പീലാത്തൊസിനെ കാണുന്നതിനു പോയി. തങ്ങൾ ക്രൂശിച്ച യേശുവിനെ ശവക്കല്ലറയ്ക്കു പിടിച്ചുവയ്ക്കാൻ കഴിയുമെന്നു യെഹൂദപുരോഹിതന്മാർ പ്രതീക്ഷിച്ചു. “ഒരുക്കനാളിന്റെ പിറ്റേ

ദിവസം മഹാപുരോഹിതന്മാരും പരീശന്മാരും പീലാത്തൊസിന്റെ അടുക്കൽ ചെന്നു കൂടി: യജമാനനേ, ആ ചതിയൻ ജീവനോടിരിക്കുമ്പോൾ: മൂന്നു നാൾ കഴിഞ്ഞിട്ടു ഞാൻ ഉയിർത്തെഴുന്നേൽക്കുമെന്നു പറഞ്ഞ പ്രകാരം ഞങ്ങൾക്ക് ഓർമ്മവന്നു. അതുകൊണ്ട് അവന്റെ ശിഷ്യന്മാർ ചെന്ന് അവനെ മോഷ്ടിച്ചിട്ട്, അവൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നു ജനത്തോടു പറകയും ഒടുവിലത്തെ ചതിവു മുമ്പിലത്തേതിലും വിഷമ മായിത്തീരുകയും ചെയ്യാതിരിക്കേണ്ടതിനു മൂന്നാം നാൾ വരെ കല്ലറ ഉറപ്പാക്കുവാൻ കല്പിക്ക എന്നു പറഞ്ഞു. പീലാത്തൊസ് അവരോട്: കാവൽക്കൂട്ടത്തെ തരാം; പോയി നിങ്ങളാൽ ആകുന്നിടത്തോളം ഉറപ്പുവരുത്തുവിൻ എന്നു പറഞ്ഞു" (മത്തായി 27:62–65).

കല്ലറ ഉറപ്പാക്കുവാൻ പുരോഹിതന്മാർ നിർദ്ദേശങ്ങൾ നല്കി. പ്രവേശന ദ്വാരത്തിങ്കൽ ഒരു വലിയ കല്ലു വച്ച് അടച്ചു. കല്ലിനു കുറുകെ കയറുകൾ വച്ചു റോമൻ ഗവൺമെന്റിന്റെ മുദ്ര പതിപ്പിച്ചു. മുദ്ര പൊട്ടിക്കാതെ കല്ലു മാറ്റുവാൻ അസാദ്ധ്യമായിരുന്നു. നൂറുപേർ വരുന്ന ഒരു സംഘം പടയാളി കളെ കല്ലറയ്ക്കു ചുറ്റും കാവൽ നിർത്തി. ക്രിസ്തുവിന്റെ ശരീരം, അതു വച്ച സ്ഥലത്തുതന്നെ ഇരിക്കുവാൻ പുരോഹിതന്മാർ കഴിവുള്ളതെല്ലാം ചെയ്തു.

ബലഹീനരായ മനുഷ്യർ ആലോചിക്കുകയും പരിപാടികൾ തയ്യാറാക്കുകയും ചെയ്തു. എന്നാൽ അതു പരാജയപ്പെടുമെന്ന് അവർ ചിന്തിച്ചതു പോലുമില്ല. അവരുടെ പ്രവൃത്തിമൂലം ദൈവനാമം മഹത്വീകരിക്കപ്പെട്ടു. ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ തടയുവാൻ ചെയ്ത പ്രയത്നങ്ങളാണ്, അതിന്റെ ഏറ്റവും ശക്തമായ തെളിവുകൾ. പടയാളികളുടെ എണ്ണം കൂടിയതു കൊണ്ട്, യേശുവിന്റെ പുനരുത്ഥാനത്തിന്റെ തെളിവു വളരെ കൂടി. വർഷങ്ങൾക്കുമുമ്പു സങ്കീർത്തനക്കാരൻ പരിശുദ്ധാത്മപ്രേരിതനായി എഴുതി: "ജാതികൾ കലഹിക്കുന്നതും വംശങ്ങൾ വ്യർത്ഥമായതു നിരൂപിക്കുന്നതും എന്ത്? യഹോവയ്ക്കും അവന്റെ അഭിഷിക്തനും വിരോധമായി ഭൂമിയിലെ രാജാക്കന്മാർ എഴുന്നേൽക്കയും അധിപതികൾ തമ്മിൽ ആലോചിക്കയും ചെയ്യുന്നത്... സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു; കർത്താവ് അവരെ പരിഹസിക്കുന്നു" (സങ്കീ. 2:1–4). റോമൻ ശക്തിക്കു ജീവന്റെ നാഥനെ കല്ലറയ്ക്കുള്ളിൽ പിടിച്ചുവയ്ക്കാനായില്ല. അവന്റെ വിമോചനത്തിന്റെ നാഴിക അടുത്തിരുന്നു.

# 81

# കർത്താവ് ഉയിർത്തെഴുന്നേറ്റിരിക്കുന്നു

അവലംബം: മത്തായി 28:2–4; 11–15

ആഴ്ചവട്ടത്തിലെ ഒന്നാംദിനത്തിന്റെ രാത്രി സാവധാനം കടന്നുപോയി. പുലരിക്കു മുമ്പുള്ള ഇരുൾ വന്നണഞ്ഞു. ക്രിസ്തു അപ്പോഴും കല്ലറയ്ക്കുള്ളിലെ തടവുകാരനായിരുന്നു. കല്ലറയെ മൂടിയ കല്ല് അതു വച്ചിരുന്ന സ്ഥാനത്തുതന്നെ ഇരുന്നിരുന്നു. റോമൻ പടയാളികൾ കല്ലറയെ കാവൽ ചെയ്തിരുന്നു. അദൃശ്യരായ കാവൽക്കാരും അവിടെ ഉണ്ടായിരുന്നു. ദുഷ്ടാത്മസേനകളും അവിടെ കൂടിയിരുന്നു. ദൈവപുത്രനെ അടക്കം ചെയ്തിരുന്ന കല്ലറ എന്നേക്കുമായി മുദ്രവച്ച് അടച്ച അവസ്ഥയിൽത്തന്നെ തുടരുവാൻ, സാത്താന്യശക്തികൾക്കു കഴിവുണ്ടായിരുന്നുവെങ്കിൽ അവർ അതു ചെയ്യുമായിരുന്നു. എന്നാൽ വീരന്മാരായ ദൈവദൂതസൈന്യം യേശുവിന്റെ കല്ലറയെ കാത്തുകൊണ്ടിരുന്നു. ജീവന്റെ നായകനെ സ്വാഗതം ചെയ്വാൻ അവർ ഒരുങ്ങിനിന്നു.

"പെട്ടെന്നു വലിയോരു ഭൂകമ്പമുണ്ടായി; കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നു." അവൻ ദൈവത്തിന്റെ സർവ്വായുധം ധരിച്ചിരുന്നു. ദൈവതേജസ്സ് അവനെ ചുറ്റിയിരുന്നു. അവന്റെ പാതയെ അതു പ്രകാശിപ്പിച്ചു. "അവന്റെ രൂപം മിന്നലിന് ഒത്തതും, അവന്റെ ഉടുപ്പു ഹിമംപോലെ വെളുത്തതുമായിരുന്നു. കാവൽക്കാർ അവനെ കണ്ടു പേടിച്ചു വിറച്ചു മരിച്ചവരെപ്പോലെ ആയി."

പുരോഹിതപ്രമാണികളേ, നിങ്ങളുടെ കാവൽക്കാരുടെ ശക്തി എവിടെ? ഭയം ലേശം തീണ്ടിയിട്ടില്ലാത്ത റോമൻ പടയാളികൾ, പേടിച്ചു വിറച്ചു. അവർ കണ്ട മുഖം മനുഷ്യന്റേതായിരുന്നില്ല. യഹോവയുടെ സൈന്യത്തിലെ ഏറ്റവും ശക്തനായ യോദ്ധാവിന്റെ മുഖമായിരുന്നു അവർ കണ്ടത്. ലൂസിഫർ അനുസരണക്കേടു നിമിത്തം സ്വർഗ്ഗത്തിൽനിന്നു നിഷ്കാസിതനായപ്പോൾ ആ സ്ഥാനത്തേക്കു നിയോഗിക്കപ്പെട്ട ദൂതനായിരുന്നു യേശുവിന്റെ കല്ലറ സൂക്ഷിപ്പാൻ വന്നത്. അതേ ദൂതൻ തന്നെയായിരുന്നു യേശുവിന്റെ ജനനത്തെക്കുറിച്ചു ബെത്ലേഹെമിലെ ആട്ടിടയന്മാരോടു സംസാരിച്ചത്. അവന്റെ ആഗമനത്തിൽ ഭൂമി വിറച്ചു. അന്ധകാരസൈന്യം അവന്റെ മുമ്പിൽ നിന്ന് ഓടി. അവൻ ക്രിസ്തുവിന്റെ കല്ലറ തുറന്നപ്പോൾ സ്വർഗ്ഗം ഭൂമിയോട് ഏറ്റവും അടുത്തു. ഒരു ചെറിയ ചരൽക്കല്ലു നീക്കുന്ന ലാഘവത്തോടുകൂടി കല്ലറയെ മൂടിയിരുന്ന കല്ലു ദൂതൻ എടുത്തുമാറ്റിയശേഷം ഇപ്രകാരം പറഞ്ഞു: "ദൈവപുത്രാ, എഴുന്നേറ്റു വരിക; നിന്റെ പിതാവു നിന്നെ വിളിക്കുന്നു." തുറന്ന കല്ലറയുടെ മുമ്പിൽ നിന്നുകൊണ്ടു ക്രിസ്തു സംസാരിച്ചതു പടയാളികൾ കേട്ടു. "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു." യേശു രാജകീയപ്രഭാവത്തോടുകൂടി കല്ലറയ്ക്കു പുറത്തേക്കു വരുമ്പോൾ, സ്വർഗ്ഗീയസൈന്യം ബഹുമാനസൂചകമായി യേശുവിന്റെ മുമ്പിൽ താണുവണങ്ങി. സ്തോത്രഗാനങ്ങൾ ആലപിച്ചുകൊണ്ട് അവർ രക്ഷകനെ സ്വാഗതം ചെയ്തു.

ക്രിസ്തു ജീവനെ വെടിഞ്ഞപ്പോൾ ഒരു ഭൂകമ്പമുണ്ടായി. ക്രിസ്തുവിന്റെ പുനരുത്ഥാനവേളയിൽ ആ സംഭവത്തെ സ്വാഗതം ചെയ്യുന്നതിനു വേറൊരു ഭൂകമ്പവും ഉണ്ടായി. മരണത്തെയും പാതാളത്തെയും ജയിച്ച കർത്താവു കല്ലറയിൽനിന്ന് ഒരു ജേതാവിനെപ്പോലെ പുറത്തുവന്നപ്പോൾ ഭൂമി കുലുങ്ങുകയും, ആകാശത്തിൽ മിന്നൽപ്പിണർ തെളിയുകയും, അത്യുച്ചത്തിൽ ഇടിനാദം മുഴങ്ങുകയും ചെയ്തു. ഇനിയും കർത്താവു വീണ്ടും വരുമ്പോൾ "ഭൂമിയും ആകാശവും ഇളകു"മെന്നു തിരുവചനം പ്രഘോഷിക്കുന്നു: "ഭൂമി മത്തനെപ്പോലെ ചാഞ്ചാടുന്നു; കാവൽമാടംപോലെ ആടുന്നു." "ആകാശവും ഒരു ചുരുൾ പോലെ ചുരുണ്ടുപോകും." "മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകുകയും ചെയ്യും." "എന്നാൽ യഹോവ തന്റെ ജനത്തിനു ശരണവും യിസ്രായേൽ മക്കൾക്കു ദുർഗ്ഗവും ആയിരിക്കും" (എബ്രാ. 12:26; യെശ. 24:20; 34:4; 2 പത്രൊസ് 3:10; യോവേൽ 3:16).

യേശുവിന്റെ മരണം നടന്ന നട്ടുച്ചയ്ക്കു ഭൂമിയിൽ ഇരുട്ടു വ്യാപിച്ചു. അതു റോമൻ പടയാളികൾ കണ്ടു. എന്നാൽ ക്രിസ്തുവിന്റെ പുനരുത്ഥാനം

നടന്നപ്പോൾ, രാത്രി പ്രകാശപൂരിതമായിരിക്കുന്നതും സ്വർഗ്ഗീയദൂതന്മാർ വിജയ ത്തിന്റെ പാട്ടുപാടുന്നതും പടയാളികൾക്ക് അനുഭവമായി. ദൂതന്മാരുടെ ശോഭ യായിരുന്നു രാത്രിയെ പകൽ തുല്യമാക്കിയത്. ദൂതന്മാരുടെ വിജയഗാനവും അവർ കേട്ടു. “നീ സാത്താനെയും അന്ധകാരശക്തികളെയും തോല്പിച്ചിരി ക്കുന്നു; മരണത്തെ നീ കീഴടക്കിയിരിക്കുന്നു;” ദൂതർ പാടി.

ക്രിസ്തു തേജസ്കരിക്കപ്പെട്ടവനായി കല്ലറയ്ക്കു പുറത്തുവന്നു. പടയാളി കൾ ആ കാഴ്ച കണ്ടു. അവർ പരിഹസിച്ച യേശു പുനരുത്ഥാനം ചെയ്തിരി ക്കുന്നു. പീലാത്തൊസിന്റെയും ഹെരോദാവിന്റെയും മുമ്പാകെ പരിഹസി ക്കപ്പെട്ടവനായി, വായ് തുറക്കാതെ നിന്ന യേശു; “ഇവൻ മറ്റുള്ളവരെ രക്ഷിച്ചു; തന്നെത്താൻ രക്ഷിപ്പാൻ കഴികയില്ല” (മത്തായി 27:42) എന്ന് ആക്ഷേപിക്കപ്പെട്ട യേശു; കല്ലറയിൽ അടക്കപ്പെട്ടവനായ യേശു; കല്ലറയെ ഭേദിച്ചു ജീവനുള്ളവനായി പുറത്തുവന്നതു റോമൻ പടയാളികൾ കണ്ടു. ഒരു ശക്തിക്കും യേശുവിനെ കല്ലറയ്ക്കുള്ളിൽ പിടിച്ചുവയ്ക്കുക സാദ്ധ്യ മായിരുന്നില്ല.

സ്വർഗ്ഗീയ ദൂതന്മാരെയും, തേജസ്കരിക്കപ്പെട്ട കർത്താവിനെയും കണ്ട പ്പോൾ റോമൻ പടയാളികൾ പേടിച്ചു വിറച്ചു മരിച്ചവരെപ്പോലെയായി. സ്വർഗ്ഗീയ സൈന്യം തങ്ങളുടെ ദൃഷ്ടിയിൽനിന്നു മറഞ്ഞപ്പോൾ പടയാളി കൾ എഴുന്നേറ്റുനിന്നു. പിന്നീടു യേശുവിന്റെ ശരീരം അടക്കം ചെയ്തി രുന്ന തോട്ടത്തിന്റെ പ്രവേശനകവാടത്തിലേക്ക് അവർ ഓടി. ഭയചകിത രായിത്തീർന്ന പടയാളികൾ യേശുവിന്റെ പുനരുത്ഥാനവാർത്ത എല്ലാ യിടത്തും പരത്തി. മഹാപുരോഹിതനും മറ്റു യെഹൂദപ്രമാണികളും തങ്ങളുടെ സമീപത്തേക്ക് ആദ്യം വരുവാനായി ക്ഷണിച്ചു. പടയാളികൾ വല്ലാതെ പരിഭ്രമിച്ചവശരായിരുന്നു. യേശുവിന്റെ പുനരുത്ഥാനം കണ്ട അവർ നടന്ന തെല്ലാം മഹാപുരോഹിതനെയും പ്രമാണികളെയും ബോധിപ്പിച്ചു. സത്യ മല്ലാതെ മറ്റെന്തെങ്കിലും ഉണ്ടാക്കി പറയുവാനുള്ള അവസ്ഥയിലായിരുന്നില്ല അവർ. അവർ പുരോഹിതപ്രമാണികളോടു പറഞ്ഞു: “ക്രൂശിക്കപ്പെട്ടതു ദൈവത്തിന്റെ പുത്രനായിരുന്നു. സ്വർഗ്ഗീയ രാജാവേ എന്നും മഹത്വത്തിന്റെ രാജാവേ എന്നും ദൂതൻ പുനരുത്ഥാനം ചെയ്ത യേശുവിനെ സംബോധന ചെയ്യുന്നതു ഞങ്ങൾ കേട്ടു.”

പുരോഹിതന്മാരുടെ മുഖങ്ങൾ ഇതു കേട്ടപ്പോൾ മരിച്ചവരുടെ മുഖ ങ്ങൾ പോലെ ആയിത്തീർന്നു. കയ്യഫാവ് സംസാരിക്കുവാൻ ശ്രമിച്ചു. അവന്റെ ചുണ്ടുകൾ ചലിച്ചതല്ലാതെ ശബ്ദം പുറത്തുവന്നില്ല. പടയാളികൾ പുരോഹിതന്മാരുടെ സമീപത്തുനിന്നു പോകാൻ തുടങ്ങിയപ്പോൾ ഒരു ശബ്ദം അവരെ തടഞ്ഞു. കയ്യഫാവ് പറഞ്ഞു: “നിൽക്കൂ, നിൽക്കൂ, നിങ്ങൾ കണ്ടത് ആരോടും പറയരുത്.”

ഒരു വ്യാജകഥ പുരോഹിതപ്രമാണികൾ, പടയാളികൾക്കായി ഉണ്ടാക്കി ക്കൊടുത്തു. പുരോഹിതന്മാർ പറഞ്ഞു: “അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്നു ഞങ്ങൾ ഉറങ്ങുമ്പോൾ അവനെ കട്ടുകൊണ്ടുപോയി എന്നു പറവിൻ.”

ഇവിടെ പുരോഹിതന്മാർ പരാജയം ഏറ്റുവാങ്ങുകയായിരുന്നു. "ഞങ്ങൾ ഉറങ്ങിയപ്പോൾ ശിഷ്യന്മാർ ശരീരം മോഷ്ടിച്ചുകൊണ്ടുപോയി" എന്ന് എങ്ങനെ പടയാളികൾക്കു പറയാൻ കഴിയും? അവർ ഉറങ്ങുകയായിരുന്നുവെങ്കിൽ അവർക്കെങ്ങനെ അതറിയാൻ കഴിയും? ക്രിസ്തുവിന്റെ ശരീരം മോഷ്ടിച്ചതു ശിഷ്യന്മാരാണെന്നു തെളിഞ്ഞാൽ അവരെ വിധിപ്പാൻ ഒന്നാമതായി പുരോഹിതന്മാർ തന്നെ വരുകില്ലേ? അഥവാ പടയാളികൾ കാവൽ സ്ഥലത്ത് ഉറങ്ങിയിരുന്നുവെങ്കിൽ പുരോഹിതന്മാർ തന്നെ അവരെക്കുറിച്ചു പീലാത്തൊസിനോട് ആവലാതിപ്പെടുകയില്ലേ?

തങ്ങൾ ജോലിസ്ഥലത്ത് ഉറങ്ങിയെന്ന ഗുരുതരമായ ആരോപണം സ്വയം ചുമത്തുന്നതിനെക്കുറിച്ചു ചിന്തിച്ചപ്പോൾ പടയാളികൾ ഭയപ്പെട്ടു. മരണ ശിക്ഷയ്ക്ക് അർഹമായ കൃത്യവിലോപമായിരുന്നു അത്. ജനങ്ങളെ വഞ്ചിക്കുകയും തങ്ങളെ അപകടത്തിലാക്കുകയും ചെയ്യുന്ന കള്ളസാക്ഷ്യം അവർ പറയുമോ? ഉറങ്ങാതെ ജാഗ്രതയോടെ രാത്രിമുഴുവനും അവർ കാവൽ ചെയ്തതല്ലയോ? പണം മോഹിച്ചാണെങ്കിൽപോലും അവർ കള്ളസാക്ഷ്യം പറഞ്ഞെങ്കിൽ അവർക്ക് എങ്ങനെ വിചാരണയെ നേരിടുവാൻ കഴിയും?

പടയാളികളെ സമാധാനിപ്പിക്കുവാൻ പുരോഹിതന്മാർ അവർക്കു സുരക്ഷിതത്വം വാഗ്ദാനം ചെയ്തു. പീലാത്തൊസ് ഒരിക്കലും ഈ കഥ പരത്തുവാൻ ആഗ്രഹിക്കുകയില്ലായെന്നും അവർ പറഞ്ഞു. പണക്കൊതിയരായ റോമൻ പടയാളികൾ, തങ്ങളുടെ സത്യസന്ധതയെ യെഹൂദന്മാർക്കു വിറ്റുകളഞ്ഞു. അത്ഭുതപ്പെടുത്തുന്ന ഒരു സത്യം ഹൃദയത്തിൽ വച്ചുകൊണ്ടാണു പടയാളികൾ യെഹൂദനേതാക്കളുടെ മുമ്പാകെ വന്നത്. അവർ തിരികെ പോയതു നിറഞ്ഞ പണസഞ്ചിയോടും പുരോഹിതന്മാർ പറഞ്ഞ കഥ പരത്തുവാനുള്ള താൽപര്യത്തോടുംകൂടി ആയിരുന്നു.

ഈ സമയംകൊണ്ടു ക്രിസ്തു പുനരുത്ഥാനം ചെയ്ത വാർത്ത പീലാത്തൊസ് അറിഞ്ഞുകഴിഞ്ഞു. ക്രിസ്തുവിനെ കൊലയ്ക്കു വിധിച്ചതിന്റെ ഉത്തരവാദിത്വം പീലാത്തൊസിനായിരുന്നുവെങ്കിലും, പ്രത്യക്ഷത്തിൽ പീലാത്തൊസ് ക്രിസ്തുവിന്റെ ക്രൂശീകരണത്തിൽ താൽപര്യം കാണിച്ചില്ല. മനസ്സില്ലായ്മയോടെയായിരുന്നു പീലാത്തൊസ്, ക്രിസ്തുവിനെ ശിക്ഷയ്ക്കു വിധിച്ചതെങ്കിലും ഇതുവരെയും യഥാർത്ഥ പശ്ചാത്താപം പീലാത്തൊസിനുണ്ടായില്ല. ഭയചകിതനായ പീലാത്തൊസ് ആരെയും കാണാനിഷ്ടമില്ലാതെ വീട്ടിനുള്ളിൽത്തന്നെ കഴിഞ്ഞിരുന്നു. എന്നാൽ പുരോഹിതന്മാർ, തങ്ങൾ നിർമ്മിച്ച കഥയുമായി പീലാത്തൊസിനെ ചെന്നു കാണുകയും, കാവൽഭടന്മാരുടെ കൃത്യവിലോപത്തെ കണ്ണടച്ചുകളയുവാൻ ഉപദേശിക്കുകയും ചെയ്തു. ഇതിനു സമ്മതിക്കുംമുമ്പു പീലാത്തൊസ് കാവൽക്കൂട്ടത്തെ രഹസ്യമായി വിളിച്ചു ചോദ്യം ചെയ്തു. അവർ ഒന്നും മറച്ചുവയ്ക്കാതെ, തങ്ങൾ കണ്ടതു പീലാത്തൊസിനോടു പറഞ്ഞു. എന്നാൽ പീലാത്തൊസ് കൂടുതലായി വിശദീകരണം ആവശ്യപ്പെട്ടില്ല. ആ സമയം മുതൽ പീലാത്തൊസ് അസ്വസ്ഥനായിത്തീർന്നു.

യേശുവിനെ കല്ലറയിൽ വച്ചപ്പോൾ സാത്താൻ വിജയഭേരി മുഴക്കി. യേശു പുനരുത്ഥാനം ചെയ്കയില്ലായെന്ന് അവൻ കരുതി. കർത്താവിന്റെ ശരീരത്തിന്മേൽ അവൻ അവകാശം ഉന്നയിച്ചു. കല്ലറയ്ക്ക് അവൻ തന്റെ അനുയായികളെ കാവൽ നിർത്തി. ക്രിസ്തു കല്ലറയിൽ കഴിയുമെന്ന് അവൻ ചിന്തിച്ചു. എന്നാൽ സ്വർഗ്ഗീയ ദൂതന്റെ ആഗമനത്തോടുകൂടി ദുഷ്ടസേനകൾ ഓടിയൊളിച്ചു. സാത്താൻ കോപാക്രാന്തനായി. ക്രിസ്തു ഉയിർത്തെഴുന്നേറ്റതോടുകൂടി സാത്താന്റെ മോഹനപ്രതീക്ഷകൾ തകർന്നു.

ക്രിസ്തുവിനെ ക്രൂശിച്ച യെഹൂദനേതാക്കൾ സാത്താന്റെ ഉപകരണങ്ങളായി മാറി. തങ്ങൾ രക്ഷപ്പെടാനാകാത്ത ഒരു കെണിയിൽ പെട്ടിരിക്കുകയാണെന്ന് അവർ മനസ്സിലാക്കി. ക്രിസ്തുവിനോടുള്ള യുദ്ധം പെട്ടെന്ന് അവസാനിക്കുന്നതല്ലായെന്നും അവർ അറിഞ്ഞു. ക്രിസ്തു പുനരുത്ഥാനം ചെയ്ത വാർത്ത ജനം അറിയുമ്പോൾ, അവർ തങ്ങൾക്കെതിരാവുമെന്നു യെഹൂദനേതാക്കൾ ഭയപ്പെട്ടു. ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ നിഷേധിക്കുകയും പടയാളികളെ കൈക്കൂലി കൊടുത്തു വശത്താക്കുകയും ചെയ്തതു ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ ജനത്തിൽനിന്നു മറയ്ക്കുന്നതിനായിരുന്നു. എന്നാൽ അവർക്കു മറയ്ക്കാനാകാത്ത തെളിവുകൾ ധാരാളമുണ്ടായിരുന്നു. ക്രിസ്തു പുനരുത്ഥാനം ചെയ്തുവെന്ന പടയാളികളുടെ സാക്ഷ്യം പലർ കേട്ടിരുന്നു. കൂടാതെ ക്രിസ്തുവിനോടുകൂടി ഉയിർത്തെഴുന്നേറ്റവരിൽ ചിലർ, മറ്റുള്ളവർക്കു പ്രത്യക്ഷരായി ക്രിസ്തുവിന്റെ ഉയിർപ്പിനെ സാക്ഷീകരിച്ചു. ഇതു പുരോഹിതന്മാരും അറിഞ്ഞു. പുരോഹിതന്മാർ അവരിൽ ചിലരെ നേരിട്ടു കാണുകയും ചെയ്തു. പുരോഹിതന്മാരും യെഹൂദപ്രമാണികളും എപ്പോഴും ഭയത്തിൽ കഴിഞ്ഞു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടുമുട്ടുമോ എന്ന ഭയമായിരുന്നു അവർക്കുണ്ടായിരുന്നത്. “അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ” (മത്തായി 27:25) എന്ന് അട്ടഹസിച്ച രംഗം അവരെ വേട്ടയാടിക്കൊണ്ടിരുന്നു. അവർ ആകെ അസ്വസ്ഥരായിരുന്നു.

ക്രിസ്തുവിന്റെ കല്ലറയ്ക്കരികിൽ നിന്നുകൊണ്ടു ദൂതൻ ഉച്ചത്തിൽ പറഞ്ഞു: “നിന്റെ പിതാവു നിന്നെ വിളിക്കുന്നു.” തന്നിൽത്തന്നെ ജീവൻ ഉള്ള പുത്രൻ തന്റെ ജീവൻ സ്വീകരിച്ചുകൊണ്ടു കല്ലറയ്ക്കു വെളിയിലേക്കു വന്നു. “എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന്... ഞാൻ തന്നെ അതിനെ കൊടുക്കുന്നു. അതിനെ കൊടുപ്പാൻ എനിക്ക് അധികാരം ഉണ്ട്; വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ട്.” ക്രിസ്തു പറഞ്ഞ ഈ വാക്കുകൾ, തന്റെ പുനരുത്ഥാനവേളയിൽ നിറവേറി. “ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും” എന്ന ക്രിസ്തുവിന്റെ പ്രവചനവും തന്റെ പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നതായിരുന്നു (യോഹ. 10:17,18; 2:19).

തുറക്കപ്പെട്ട ശവക്കല്ലറയിൽ നിന്നുകൊണ്ടു ക്രിസ്തു പ്രഖ്യാപിച്ചു: “ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു.” ദൈവത്തിനു മാത്രമേ ഇപ്രകാരം സംസാരിപ്പാൻ കഴിയുകയുള്ളു. എല്ലാ സൃഷ്ടിജാലങ്ങളും ജീവി

ക്കുന്നതു ദൈവത്തിന്റെ ഇഷ്ടത്താലും ശക്തിയാലുമാണ്. ശ്രേഷ്ഠനായ സാറാഫു മുതൽ ഏറ്റവും താഴേക്കിടയിലുള്ള സൃഷ്ടി വരെ ജീവനു വേണ്ടി ആശ്രയിക്കുന്നതു ദൈവത്തിലാണ്. ക്രിസ്തുവിനു മാത്രമേ, ജീവന്റെമേൽ അധികാരം ഉള്ളൂ. ക്രിസ്തു പറയുന്നു: "അതിനെ കൊടുപ്പാൻ എനിക്ക് അധികാരം ഉണ്ട്; വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ട്." മരണത്തിന്റെ ബന്ധനങ്ങളെ തകർക്കുവാനുള്ള ശക്തി യേശുവിനു മാത്രമായിരുന്നു.

മരിച്ചവരിൽനിന്ന് ആദ്യഫലമായിട്ടായിരുന്നു ക്രിസ്തു ഉയിർത്തെഴുന്നേറ്റത്. നീരാജനം ചെയ്യപ്പെട്ട കറ്റ യേശുവിന്റെ ഒരു പ്രതിരൂപമായിരുന്നു. യഹോവയുടെ മുമ്പാകെ നീരാജനം ചെയ്യപ്പെടേണ്ട കറ്റ സമർപ്പിക്കേണ്ട അതേ ദിവസമായിരുന്നു ക്രിസ്തുവിന്റെ പുനരുത്ഥാനം. ആയിരത്തിലധികം വർഷമായി കറ്റയുടെ നീരാജനം നടത്തിപ്പോരുന്നു. കൊയ്ത്തിനു പാകമായ വയലിൽനിന്നു വിളഞ്ഞ ആദ്യ കതിരുകൾ എടുത്തു ദൈവാലയത്തിൽ കൊണ്ടുപോയി, സ്തോത്രയാഗമായി ഈ കതിരുകളെ നീരാജനം ചെയ്തു പോന്നു. ഈ ശുശ്രൂഷ കഴിയുന്നതുവരെ കൊയ്ത്ത് ആരംഭിക്കുകയോ, കറ്റകൾ ശേഖരിക്കുകയോ ചെയ്യുകയില്ലായിരുന്നു. ദൈവത്തിനു സമർപ്പിക്കപ്പെട്ട കറ്റ കൊയ്ത്തിനെ പ്രതിനിധീകരിച്ചു. അതുപോലെ ആദ്യഫലമായ ക്രിസ്തു, ദൈവരാജ്യത്തിലേക്കു കൂട്ടിച്ചേർക്കപ്പെടുന്ന ആത്മീയ കൊയ്ത്തിനെയാണു പ്രതിനിധീകരിക്കുന്നത്. ക്രിസ്തുവിന്റെ പുനരുത്ഥാനം മരിച്ച എല്ലാ നീതിമാന്മാരുടെയും പുനരുത്ഥാനത്തിന്റെ പ്രതിരൂപമാകുന്നു. മാത്രമല്ല അവർ ഉയിർക്കുമെന്ന വാഗ്ദത്തവുമാണ്. "യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നെ ദൈവം നിദ്രകൊണ്ടവരെയും യേശു മുഖാന്തരം അവനോടു കൂടെ വരുത്തും" (1 തെസ്സ. 4:14).

യേശു പുനരുത്ഥാനം ചെയ്ത നാളിൽ, മരണത്തിന്റെ തടങ്കലിലായിരുന്ന അനേകരെ മോചിപ്പിച്ചു. യേശുവിന്റെ മരണസമയത്തുണ്ടായ ഭൂകമ്പം അനേകം കല്ലറകളെ തുറന്നു. യേശു പുനരുത്ഥാനം ചെയ്തപ്പോൾ അനേകം വിശുദ്ധന്മാർ ഉയിർത്തെഴുന്നേറ്റു. അവർ ദൈവത്തിന്റെ സഹഭൃത്യരും, പ്രാണത്യാഗം ചെയ്ത സത്യത്തിന്റെ സാക്ഷികളുമായിരുന്നു. തങ്ങളെ മരണത്തിൽനിന്ന് ഉയിർപ്പിച്ചവന്, അവർ സാക്ഷികൾ ആകേണ്ടവരായിരുന്നു.

തന്റെ പരസ്യശുശ്രൂഷയുടെ കാലത്തു യേശു മരിച്ചവരെ ഉയിർപ്പിച്ചിരുന്നു. നയിൻപട്ടണത്തിലെ വിധവയുടെ മകനും, യായിറോസിന്റെ മകളും, മറിയയുടെയും മാർത്തയുടെയും സഹോദരനായ ലാസറും അപ്രകാരം ഉയിർപ്പിക്കപ്പെട്ടവരായിരുന്നു. ഇവർക്ക് അമർത്യത നൽകുകയായിരുന്നില്ല. ഉയിർപ്പിനു ശേഷവും അവർ മരണത്തിനു വിധേയരായിരുന്നു. എന്നാൽ കർത്താവിന്റെ പുനരുത്ഥാനസമയത്തു ശവക്കല്ലറ വിട്ടു പുറത്തുവന്നവർ നിത്യജീവനിലേക്ക് ഉയിർക്കപ്പെട്ടവരായിരുന്നു. മരണത്തിന്മേലും, പാതാളത്തിന്മേലും ക്രിസ്തു നേടിയ വിജയത്തിന്റെ സമ്മാനങ്ങളായിരുന്നു അവർ. അവർ ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗാരോഹണം ചെയ്തു.

ഈ ഉയിർപ്പിക്കപ്പെട്ടവർ പട്ടണത്തിൽ ചെന്ന് അനേകർക്കു പ്രത്യക്ഷരായി. ക്രിസ്തു ഉയിർത്തെഴുന്നേറ്റിരിക്കുന്നു; ഞങ്ങളും അവനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നവർ പ്രഖ്യാപിച്ചു. പുനരുത്ഥാനത്തെക്കുറിച്ചുള്ള വിശുദ്ധസത്യം യേശു എന്നേക്കുമായി സ്ഥാപിച്ചു. "നിന്റെ മൃതന്മാർ ജീവിക്കും; എന്റെ ശവങ്ങൾ എഴുന്നേൽക്കും." ഈ വാക്യത്തിന്റെ വാസ്തവികത ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാർ സാക്ഷീകരിച്ചു. "പൊടിയിൽ കിടക്കുന്നവരേ, ഉണർന്നു ഘോഷിപ്പിൻ; നിന്റെ മഞ്ഞു പ്രഭാതത്തിലെ മഞ്ഞു പോലെ ഇരിക്കുന്നു; ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ" (യെശ. 26:19). മൃതന്മാരുടെ പുനരുത്ഥാനം, ഈ പ്രവചനത്തിന്റെ നിറവേറലായിരുന്നു.

വിശ്വാസിക്കു ക്രിസ്തു പുനരുത്ഥാനവും ജീവനുമാകുന്നു. പാപത്തിൽക്കൂടെ നഷ്ടപ്പെട്ട നിത്യജീവൻ, നമ്മുടെ കർത്താവു വീണ്ടെടുത്തു. തനിക്ക് ഇഷ്ടമുള്ളവരെ ജീവിപ്പിക്കുവാൻ ക്രിസ്തുവിനു ജീവനുണ്ട്. അമർത്യത നൽകുവാനുള്ള അധികാരം ക്രിസ്തുവിൽ നിക്ഷിപ്തമായിരിക്കുന്നു. മനുഷ്യനായിത്തീർന്ന കർത്താവു ജീവൻ അർപ്പിച്ചശേഷം, ആ ജീവനെ തിരികെ എടുത്തു. യേശു മനുഷ്യനു നിത്യജീവൻ നല്കുന്നു. കർത്താവു പറഞ്ഞു: "അവർക്കു ജീവൻ ഉണ്ടാകുവാനും, സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്." "ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ, ഒരു നാളും ദാഹിക്കുകയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവ ആയിത്തീരും." "എന്റെ മാംസം തിന്നുകയും, എന്റെ രക്തം കുടിക്കയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും" (യോഹ. 10:10; 4:14; 6:54).

ഒരു വിശ്വാസി മരണത്തെ ഭയപ്പെടുന്നില്ല. നിമിഷനേരത്തേക്കുള്ള ഒരു ഉറക്കമായിട്ടാണു ക്രിസ്തു അതിനെക്കുറിച്ചു പറയുന്നത്. "എന്റെ വചനം പ്രമാണിക്കുന്നവൻ ഒരുനാളും മരണം കാണുകയില്ല." "ഒരുനാളും മരണം ആസ്വദിക്കുകയില്ല." ക്രിസ്ത്യാനിക്കു മരണം ഒരു ഉറക്കം മാത്രമാണ്. നിമിഷനേരത്തേക്കു നിശ്ശബ്ദതയും അന്ധകാരവും മാത്രം. "നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു." "നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടു കൂടെ തേജസ്സിൽ വെളിപ്പെടും" (യോഹ. 8:51,52; കൊലൊ. 3:4).

"നിവൃത്തിയായി" എന്നു ക്രൂശിൽ കിടന്നുകൊണ്ടു യേശു പറഞ്ഞ ശബ്ദം മരിച്ചവർ കേട്ടു. ആ ശബ്ദം കല്ലറകളെ ഭേദിച്ചു. മരിച്ചുപോയ വിശുദ്ധന്മാരെ അതുണർത്തി. ക്രിസ്തുവിന്റെ ശബ്ദം ഇനിയും സ്വർഗ്ഗത്തിൽനിന്നു കേൾക്കുമ്പോൾ അതു കല്ലറകളെ ഭേദിക്കും; വിശുദ്ധന്മാർ ഉയിർക്കും. യേശുവിന്റെ പുനരുത്ഥാനസമയത്തു കുറച്ചു കല്ലറകൾ തുറന്നു. എന്നാൽ യേശു വീണ്ടും പ്രത്യക്ഷനാകുമ്പോൾ, മരിച്ചുപോയ എല്ലാ വിശുദ്ധന്മാരും അവന്റെ ശബ്ദം കേൾക്കും; അവർ അമർത്യത ധരിച്ചുകൊണ്ടു തേജസ്കരിക്കപ്പെട്ടവ

രായി കല്ലറകളിൽനിന്നു പുറത്തുവരും. ക്രിസ്തുവിനെ മരിച്ചവരിൽനിന്നു യിർപ്പിച്ച അതേ ശക്തി, തന്റെ ജനത്തെ ഉയിർത്തെഴുന്നേൽപ്പിക്കും. തന്നോടൊന്നിച്ചു തന്റെ സഭയെയും എല്ലാ വാഴ്ചകൾക്കും അധികാരങ്ങൾക്കും, എല്ലാ നാമത്തിനും മേലായി, ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ള ലോകവും മഹത്വീകരിക്കും.

# 82

# നീ കരയുന്നതെന്ത്?

അവലംബം: മത്തായി 28:1, 5–8; മർക്കൊസ് 16:1–8;
ലൂക്കൊസ് 24:1–12; യോഹ. 20:1–18

കുരിശിനരികെ ക്രിസ്തുവിന്റെ മരണസമയത്തു നിന്നിരുന്ന സ്ത്രീകൾ ശബ്ബത്തിന്റെ നാഴികകൾ കടന്നുപോകുന്നതു കാത്തിരുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ അതികാലത്തുതന്നെ കർത്താവിന്റെ ശരീരത്തിൽ ലേപനം ചെയ്യുവാനുള്ള സുഗന്ധവർഗ്ഗങ്ങളുമായി അവർ കല്ലറയ്ക്കൽ പോയി. യേശു മരിച്ചവരിൽനിന്ന് ഉയിർക്കുമെന്ന കാര്യം അവർ ചിന്തിച്ചില്ല. അവരുടെ പ്രത്യാശ അസ്തമിച്ചിരുന്നു. കൂരിരുൾ അവരുടെ ഹൃദയങ്ങളെ മൂടിയിരുന്നു. കല്ലറയുടെ സമീപത്തേക്ക് അവർ പൊയ്ക്കൊണ്ടിരുന്നപ്പോൾ, ക്രിസ്തുവിന്റെ കാരുണ്യപ്രവൃത്തികളും, ആശ്വാസവചനങ്ങളും അവർ ഓർത്തു എങ്കിലും, "ഞാൻ പിന്നെയും നിങ്ങളെ കാണും" (യോഹ. 16:22) എന്ന കർത്താവിന്റെ വാഗ്ദത്തം അവർ ഗ്രഹിച്ചിരുന്നില്ല.

അന്നു സംഭവിച്ചതൊന്നും അറിയാതെ അവർ യേശുവിന്റെ കല്ലറ ഇരുന്ന തോട്ടത്തിൽ എത്തി. "നമുക്കുവേണ്ടി ആർ കല്ല് ഉരുട്ടിക്കളയും" എന്ന് ഉദ്വേഗ

ഭരിതരായി അവർ പറഞ്ഞു. കല്ലുരുട്ടി മാറ്റുവാൻ അവർക്കു കഴിവില്ലായിരുന്നു. എങ്കിലും അവർ മുമ്പോട്ടു നടന്നു. പെട്ടെന്ന് ആകാശം ശോഭാപൂരിതമാകുന്നത് അവർ കണ്ടു. അതു സൂര്യോദയം ആയിരുന്നില്ല. ഭൂമി വിറച്ചുകൊണ്ടിരുന്നു. കല്ലറയെ മൂടിയിരുന്ന കല്ല് ഉരുട്ടി നീക്കിയിരിക്കുന്നതായി സ്ത്രീകൾ കണ്ടു. ശവക്കല്ലറ ഒഴിഞ്ഞിരുന്നു.

ഒരേ ദിശയിൽനിന്നുമായിരുന്നില്ല സ്ത്രീകൾ കല്ലറയ്ക്കരികിൽ വന്നത്. അവിടെ ആദ്യമെത്തിയതു മഗ്ദലക്കാരത്തി മറിയ ആയിരുന്നു. കല്ല് ഉരുട്ടി നീക്കിയതായി മറിയ കണ്ടപ്പോൾ, ശിഷ്യന്മാരെ അറിയിപ്പാൻ അവൾ വേഗത്തിൽ പോയി. ആ സമയം മറ്റു സ്ത്രീകൾ കല്ലറയ്ക്കു സമീപം എത്തി. കല്ലറയ്ക്കു ചുറ്റും ഒരു പ്രകാശമുണ്ടായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ശരീരം അവിടെ ഉണ്ടായിരുന്നില്ല. കല്ലറയ്ക്കു സമീപം മിന്നുന്ന വസ്ത്രം ധരിച്ച ഒരു പുരുഷൻ ഇരിക്കുന്നത് അവിടെ വന്ന സ്ത്രീകൾ കണ്ടു. അവർക്കു ഭയമുണ്ടാകാതിരിക്കുന്നതിനു മനുഷ്യവേഷമായിരുന്നു ആ ദൂതൻ എടുത്തിരുന്നത്. എങ്കിലും സ്വർഗ്ഗീയ തേജസ്സ് അവന്റെ ചുറ്റുമുണ്ടായിരുന്നു. സ്ത്രീകൾ ആ പുരുഷനെ കണ്ടു ഭയപ്പെട്ടു. ദൂതൻ പറഞ്ഞു: "ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നുവെന്നു ഞാൻ അറിയുന്നു; അവൻ ഇവിടെ ഇല്ല; താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു. അവൻ കിടന്ന സ്ഥലം വന്നു കാൺമിൻ. അവൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നു വേഗം ചെന്ന് അവന്റെ ശിഷ്യന്മാരോടു പറവിൻ." സ്ത്രീകൾ വീണ്ടും കല്ലറയിലേക്കു കയറി നോക്കി. വീണ്ടും അവർ ഒരു അത്ഭുതവാർത്ത കേട്ടു. മനുഷ്യരൂപം എടുത്ത വേറൊരു ദൂതൻ അവരോടു പറഞ്ഞു: "നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്ത്? അവൻ ഇവിടെ ഇല്ല; ഉയിർത്തെഴുന്നേറ്റിരിക്കുന്നു; മുമ്പേ ഗലീലയിൽ ഇരിക്കുമ്പോൾ തന്നെ അവൻ നിങ്ങളോട്: മനുഷ്യപുത്രനെ പാപികളായ മനുഷ്യരുടെ കയ്യിൽ ഏല്പിച്ചു ക്രൂശിക്കയും അവൻ മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുകയും വേണം എന്നു പറഞ്ഞത് ഓർത്തുകൊൾവിൻ."

"അവൻ ഉയിർത്തെഴുന്നേറ്റു." സ്ത്രീകൾ വീണ്ടും വീണ്ടും ആ വാക്കുകൾ ഉരുവിട്ടു. ഇനി സുഗന്ധദ്രവ്യം ഇടേണ്ട ആവശ്യമില്ല. കർത്താവു മരിച്ചിട്ടില്ല. താൻ വീണ്ടും ജീവിക്കുമെന്നു കർത്താവു പറഞ്ഞ കാര്യം അവർ ഓർത്തു. ലോകത്തിന് എത്ര മനോഹരമായ ഒരു ദിവസം! വേഗത്തിൽ ആ സ്ത്രീകൾ കല്ലറയുടെ സമീപത്തുനിന്നു "ഭയത്തോടും മഹാസന്തോഷത്തോടുംകൂടെ ശിഷ്യന്മാരെ അറിയിപ്പാൻ ഓടിപ്പോയി."

മഗ്ദലക്കാരത്തി മറിയ ഈ സദ്വാർത്ത അറിഞ്ഞിരുന്നില്ല. അവൾ പത്രൊസിന്റെയും യോഹന്നാന്റെയും അടുത്തേക്കു പോയി ദുഃഖത്തോടുകൂടി പറഞ്ഞു: "എന്റെ കർത്താവിനെ എടുത്തുകൊണ്ടുപോയി; അവനെ എവിടെ വച്ചു എന്നു ഞാനറിയുന്നില്ല." ശിഷ്യന്മാർ അതു കേട്ടപ്പോൾ വേഗത്തിൽ കല്ലറയുടെ സമീപത്തേക്കു വന്നു. മറിയ പറഞ്ഞതു നേരെന്ന് അവർക്കു

ബോദ്ധ്യമായി. യേശുവിനെ ചുറ്റിയിരുന്ന ശീലകളും റൂമാലും അവിടെ ചുരുട്ടി വച്ചിരിക്കുന്നത് അവർ കണ്ടു. എന്നാൽ തങ്ങളുടെ കർത്താവിനെ അവർ കണ്ടില്ല. ശരീരത്തിൽ ചുറ്റിയിരുന്ന ശീലകൾ സൂക്ഷ്മതയില്ലാതെ അവിടെ ഇട്ടിരിക്കുകയായിരുന്നില്ല. അതു ഭദ്രമായി ചുരുട്ടിവച്ചിരുന്നു. യോഹന്നാൻ അതു കണ്ടു വിശ്വസിച്ചു. ക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്ന് എഴു ന്നേൽക്കും എന്ന വേദഭാഗം എന്നിട്ടും യോഹന്നാൻ ഗ്രഹിച്ചില്ല. എന്നാൽ തന്റെ പുനരുത്ഥാനത്തെക്കുറിച്ചു യേശു മുൻകൂട്ടി പറഞ്ഞതു യോഹന്നാൻ ഓർത്തു.

ശവശരീരത്തിൽ പൊതിഞ്ഞിരുന്ന തുണികൾ ഭദ്രമായി ചുരുട്ടിവച്ചി രുന്നതു ക്രിസ്തുതന്നെയായിരുന്നു. ശക്തനായ ദൂതൻ കല്ലറയുടെ കല്ലു നീക്കിയശേഷം കല്ലറയ്ക്കുള്ളിലേക്കു കടന്നപ്പോൾ ശരീരത്തിന്റെ കാവലിൽ ഏർപ്പെട്ടിരുന്ന മറ്റൊരു ദൂതൻ അവനോടുകൂടെ ചേർന്നു. ആ ദൂതൻ കർത്താവിനെ ചുറ്റിയിരുന്ന ശീലകൾ അഴിക്കുവാൻ സഹായിച്ചു. എന്നാൽ കർത്താവുതന്നെ ആ തുണികൾ മടക്കി അതതിന്റെ സ്ഥാനത്തുവച്ചു. നക്ഷത്രത്തെയും പരമാണുവിനെയും നയിക്കുന്ന കർത്താവിന് ഒന്നും അപ്രധാനമല്ല. കർത്താവിന്റെ എല്ലാ പ്രവൃത്തിയിലും അടുക്കും ചിട്ടയും ഉണ്ടായിരുന്നു.

കല്ലറയ്ക്കുള്ളിലേക്കു കടന്ന പത്രൊസിനെയും, യോഹന്നാനെയും മഗ്ദലക്കാരത്തി മറിയ അനുഗമിച്ചു. ശിഷ്യന്മാർ യെരൂശലേമിലേക്കു മടങ്ങിയ പ്പോൾ അവൾ കല്ലറയ്ക്കൽത്തന്നെ നിന്നു. ഒഴിഞ്ഞ കല്ലറയെ നോക്കി മറിയ നിന്നപ്പോൾ, അവളുടെ ഹൃദയം ദുഃഖഭാരത്താൽ തേങ്ങുകയായി രുന്നു. മറിയ രണ്ടു ദൂതന്മാരെ കണ്ടു. ഒരാൾ കല്ലറയുടെ തലയ്ക്കരികിലും മറ്റേ ദൂതൻ എതിർദിശയിലും നിന്നിരുന്നു. "സ്ത്രീയേ, നീ കരയുന്നതെന്ത്" എന്ന് അവർ അവളോടു ചോദിച്ചു. "എന്റെ കർത്താവിനെ എടുത്തു കൊണ്ടുപോയി; അവനെ എവിടെ വച്ചു എന്ന് അറിയുന്നില്ല" എന്നു മറിയ മറുപടി പറഞ്ഞു.

പിന്നീട് അവൾ അവിടെനിന്നു തിരിഞ്ഞു. കർത്താവിന്റെ ശരീരത്തിന് എന്തു ഭവിച്ചുവെന്നു പറയുവാൻ കഴിയുന്ന ആരെയെങ്കിലും കണ്ടിരുന്നെ ങ്കിൽ എന്നാശിച്ചുകൊണ്ട് മറിയ, കല്ലറയിൽനിന്നു തിരികെ ഇറങ്ങി. അപ്പോൾ വേറൊരു ശബ്ദം അവളോടു ചോദിച്ചു: "സ്ത്രീയേ, നീ കരയുന്ന തെന്ത്? ആരെ തിരയുന്നു?" കണ്ണുനീരിന്റെ മറവിലൂടെ മറിയ ഒരു മനുഷ്യ രൂപത്തെ കണ്ടു. അവൻ തോട്ടക്കാരൻ എന്നു മറിയ ചിന്തിച്ചു. അവൾ പറഞ്ഞു: "യജമാനനേ, നീ അവനെ എടുത്തുകൊണ്ടുപോയി എങ്കിൽ അവനെ എവിടെ വച്ചു എന്നു പറഞ്ഞുതരിക; ഞാൻ അവനെ എടുത്തു കൊണ്ടു പൊയ്ക്കൊള്ളാം." യോസേഫിന്റെ കല്ലറയിൽ യേശുവിനെ സൂക്ഷിക്കുവാൻ പാടില്ലാത്തവിധം അത്ര മാന്യമായ സ്ഥലമാണെങ്കിൽ, യേശുവിന്റെ ശരീരം അടക്കുവാൻ മറിയ തയ്യാറായിരുന്നു. യേശുവിന്റെ ശബ്ദത്താൽ ശൂന്യമാക്കപ്പെട്ട ഒരു കല്ലറ മറിയയ്ക്കുണ്ടായിരുന്നു. അവളുടെ

സഹോദരനായ ലാസരിനെ വച്ച കല്ലറ. തന്റെ കർത്താവിനെ ആ കല്ലറയിൽ വയ്ക്കുവാൻ മറിയ ഒരുക്കമായിരുന്നു. അങ്ങനെ ചെയ്യുവാൻ കഴിഞ്ഞിരുന്നെങ്കിൽ അവളുടെ ദുഃഖത്തിന് അതൊരാശ്വാസമാകുമായിരുന്നു.

യേശു, മറിയയ്ക്കു പരിചിതമായ ശബ്ദത്തിൽ "മറിയയേ" എന്നു വിളിച്ചു. അപ്പോൾ അവൾ തിരിഞ്ഞുനോക്കി. പുനരുത്ഥാനം ചെയ്ത യേശുവിനെ അവൾ കണ്ടു. യേശു ക്രൂശിൽ മരിച്ച കാര്യം, സന്തോഷാധിക്യത്താൽ മറിയ മറന്നുപോയി. "റബ്ബീനൂ" എന്നു വിളിച്ചുകൊണ്ട്, തന്റെ രക്ഷകന്റെ പാദങ്ങൾ ചുംബിപ്പാനായി മറിയ മുമ്പോട്ട് ആഞ്ഞു. എന്നാൽ ക്രിസ്തു തന്റെ കരങ്ങൾ ഉയർത്തിക്കൊണ്ട്, "എന്നെ തൊടരുത്; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല. എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്ന്: എന്റെ പിതാവും, നിങ്ങളുടെ പിതാവും, എന്റെ ദൈവവും, നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നുവെന്ന് അവരോടു പറക എന്നു പറഞ്ഞു." ആ സന്തോഷ വാർത്തയുമായി ശിഷ്യന്മാരുടെ അടുക്കലേക്കു മറിയ പോയി.

തന്റെ യാഗം ദൈവത്താൽ അംഗീകരിക്കപ്പെട്ടു എന്ന ഉറപ്പു ലഭിക്കുന്നതുവരെ തന്റെ ജനത്തിന്റെ ഭക്ത്യാദരവുകൾ കർത്താവു സ്വീകരിച്ചില്ല. കർത്താവു സ്വർഗ്ഗത്തിൽ കയറിച്ചെന്നു. മനുഷ്യരുടെ പാപങ്ങൾക്കുവേണ്ടിയുള്ള, താൻ നിർവ്വഹിച്ച പൂർണ്ണതയുള്ള യാഗം സ്വർഗ്ഗീയ പിതാവ് അംഗീകരിച്ചു. അനുതപിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിയെയും ഏകജാതനായ തന്റെ പുത്രനെ സ്നേഹിക്കുന്നതുപോലെ, സ്നേഹിക്കുമെന്നു ദൈവം ഉറപ്പുനല്കി. "ഒരു പുരുഷനെ തങ്കത്തെക്കാളും... ഓഫീർ തങ്കത്തെക്കാളും ദുർല്ലഭമാക്കും" (യെശ. 13:12) എന്ന ദൈവത്തിന്റെ വാഗ്ദാനം നിറവേറ്റുവാൻ കർത്താവു തന്റെ വേല പൂർത്തിയാക്കേണ്ടതുണ്ടായിരുന്നു. ജീവന്റെ നാഥനായ ക്രിസ്തുവിനു സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും നൽകപ്പെട്ടിരിക്കുന്നു. തന്റെ അധികാരവും മഹത്വവും പാപം നിറഞ്ഞ ഈ ഭൂമിയിൽ വസിക്കുന്ന തന്റെ അനുയായികൾക്കു നല്കുവാൻ കർത്താവു മടങ്ങിവന്നു.

രക്ഷകൻ, പിതാവിന്റെ സന്നിധിയിൽനിന്നു തന്റെ സഭയ്ക്കുവേണ്ടി നൽവരങ്ങൾ വാങ്ങിക്കൊണ്ടിരിക്കുമ്പോൾ ശിഷ്യന്മാർ കാണാതായ തങ്ങളുടെ ഗുരുവിനെ ഓർത്തു വ്യാകുലപ്പെടുകയായിരുന്നു. സ്വർഗ്ഗത്തിനു വിജയാഹ്ലാദത്തെ നല്കിയ ആ നാൾ, ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം അനിശ്ചിതത്വത്തിന്റെയും ഉത്കണ്ഠയുടെയും ദിനമായിരുന്നു. സ്ത്രീകളുടെ സാക്ഷ്യം അംഗീകരിക്കുവാൻ മടികാട്ടിയ ശിഷ്യന്മാരുടെ വിശ്വാസം വളരെ ബലഹീനമായിരുന്നു. തങ്ങൾ പ്രതീക്ഷിക്കാതിരുന്ന കർത്താവിന്റെ പുനരുത്ഥാനത്തെക്കുറിച്ചുള്ള വാർത്ത കേട്ടപ്പോൾ ശിഷ്യന്മാർക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അത് അവിശ്വസനീയമാംവണ്ണം, അത്രയ്ക്കു നല്ല വാർത്തയായിരുന്നു. പുനരുത്ഥാനത്തെക്കുറിച്ച് അവർക്കുണ്ടായിരുന്ന വിശ്വാസം അവ്യക്തമായിരുന്നു. സദൂക്യരുടെ ചിന്തകൾ അവരെ വലുതായി സ്വാധീനിച്ചിരുന്നു.

"നിങ്ങൾ പോയി അവന്റെ ശിഷ്യന്മാരോടും പത്രൊസിനോടും: അവൻ നിങ്ങൾക്കുമുമ്പേ ഗലീലയ്ക്കു പോകുന്നു എന്നു പറവിൻ; അവൻ നിങ്ങളോടു പറഞ്ഞതുപോലെ അവിടെ അവനെ കാണും എന്നു പറവിൻ," ദൈവദൂതൻ പറഞ്ഞു. ഈ ദൂതന്മാർ യേശുവിന്റെ ഭൗമിക ജീവിതകാലത്ത് അവന്റെ കാവൽമാലാഖമാരായിരുന്നു. യേശുവിന്റെ വിചാരണയും ക്രൂശീകരണവും അവർ കണ്ടു. യേശു ശിഷ്യന്മാരോടു പറഞ്ഞ കാര്യങ്ങളും അവർ കേട്ടിരുന്നു. ശിഷ്യന്മാരോട് ഇതു കർത്താവു പറഞ്ഞിരുന്നു. എങ്കിലും ദൂതന്റെ വാക്ക് അവർ വിശ്വസിച്ചില്ല. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ദൂതന്മാർക്കല്ലാതെ അപ്രകാരം സംസാരിക്കുവാൻ കഴിയുമായിരുന്നില്ല.

"നിങ്ങൾ പോയി അവന്റെ ശിഷ്യന്മാരോടും പത്രൊസിനോടും പറവിൻ." ക്രിസ്തുവിന്റെ മരണശേഷം പത്രൊസ്, പശ്ചാത്താപഭാരത്താൽ ശിരസ്സുയർത്തുവാൻ കഴിയാതെ ഇരിക്കുകയായിരുന്നു. കർത്താവിനെ അറിയുന്നില്ലായെന്നു താൻ പറഞ്ഞതും, കർത്താവിന്റെ ആ സമയത്തെ നോട്ടവും എല്ലാം പത്രൊസിന്റെ മനസ്സിൽ മറയാതെ കിടന്നിരുന്നു. എല്ലാ ശിഷ്യരിലും വച്ചു കൂടുതൽ മാനസിക പീഡ അനുഭവിച്ചതു പത്രൊസായിരുന്നു. തന്റെ പശ്ചാത്താപം കർത്താവ് അംഗീകരിച്ചു എന്ന ഉറപ്പു പത്രൊസിനു ലഭിച്ചു.

"നിങ്ങൾ പോയി അവന്റെ ശിഷ്യന്മാരോടും പത്രൊസിനോടും അവൻ നിങ്ങൾക്കു മുമ്പേ ഗലീലയ്ക്കു പോകുന്നു എന്നു പറവിൻ. അവൻ നിങ്ങളോടു പറഞ്ഞതുപോലെ അവിടെ അവനെ കാണും." എല്ലാ ശിഷ്യന്മാരും യേശുവിനെ വിട്ടുപോയി. എന്നാൽ എല്ലാവരെയും കർത്താവു ക്ഷണിച്ചു. മഗ്ദലക്കാരത്തി മറിയ യേശുവിനെ കണ്ടു എന്നു പറഞ്ഞപ്പോൾ, ഗലീലയിൽവച്ചു വീണ്ടും കാണാമെന്നുള്ള യേശുവിന്റെ ക്ഷണം ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയായിരുന്നു. മൂന്നാമതൊരു പ്രാവശ്യം ഈ ക്ഷണം ആവർത്തിച്ചു. പിതാവിന്റെ സന്നിധിയിലേക്കു കരേറിയതിനുശേഷം യേശു മറ്റേ സ്ത്രീകൾക്കു പ്രത്യക്ഷപ്പെട്ടു. "നിങ്ങൾക്കു വന്ദനം" എന്നു പറഞ്ഞു. അവർ അടുത്തുചെന്നു യേശുവിന്റെ കാൽതൊട്ടു വന്ദിച്ചു. "യേശു അവരോട്: ഭയപ്പെടേണ്ടാ; നിങ്ങൾ പോയി എന്റെ സഹോദരന്മാരോടു ഗലീലയ്ക്കു പോകുവാൻ പറവിൻ; അവിടെ അവർ എന്നെ കാണും എന്നു പറഞ്ഞു."

തന്റെ പുനരുത്ഥാനത്തിനുശേഷം ക്രിസ്തു ഒന്നാമതായി ചെയ്തത്, ശിഷ്യന്മാരോടുള്ള തന്റെ സ്നേഹത്തെയും കരുതലിനെയും കുറിച്ച് അവരെ ബോധവാന്മാരാക്കുക എന്നതായിരുന്നു. താൻ ജീവിക്കുന്ന രക്ഷകനാണെന്നും, ശവക്കല്ലറയുടെ ചങ്ങലകളെ താൻ ഭേദിച്ചിരിക്കുന്നുവെന്നും, മരണത്തെ താൻ ജയിച്ചിരിക്കുന്നുവെന്നും ശിഷ്യന്മാരെ ബോദ്ധ്യപ്പെടുത്തുന്നതിനു കർത്താവു വീണ്ടും അവർക്കു പ്രത്യക്ഷനായി. അവരെ താൻ സ്നേഹിക്കുന്നുവെന്ന് അവർ മനസ്സിലാക്കാൻ ക്രിസ്തു ആഗ്രഹിച്ചു. "എന്നെ ഗലീലയിൽവച്ചു കാണുവാൻ എന്റെ സഹോദരന്മാരോടു പറയുക" എന്നു കർത്താവു പറഞ്ഞു.

ഈ പ്രത്യേക ക്ഷണം ശിഷ്യന്മാർക്കു ലഭിച്ചപ്പോൾ, തന്റെ പുനരുത്ഥാന ത്തെക്കുറിച്ചു ക്രിസ്തു നേരത്തെ പറഞ്ഞിട്ടുള്ളത് അവർ ഓർത്തു. എന്നിട്ടും അവർ സന്തോഷിച്ചില്ല. സംശയവും അവിശ്വാസവും അവരെ വിട്ടു മാറാതെ പിന്തുടർന്നു. സ്ത്രീകൾ യേശുവിന്റെ പുനരുത്ഥാനത്തെക്കുറിച്ച് അവരോട് പറഞ്ഞത് അവർ വിശ്വസിച്ചില്ല. സ്ത്രീകൾ ഭാവനയിലൂടെ കണ്ട താണു യേശുവിന്റെ പുനരുത്ഥാനമെന്ന് അവർ വിചാരിച്ചു.

പ്രശ്നങ്ങൾ ഒന്നിനൊന്നായി വർദ്ധിച്ചുകൊണ്ടിരുന്നു. യേശു വെള്ളി യാഴ്ച മരിച്ചതു ശിഷ്യന്മാർ കണ്ടിരുന്നു. മരിച്ചതിനുശേഷം, ആഴ്ചയുടെ ഒന്നാം ദിവസത്തിൽ തങ്ങളുടെ ഗുരുവിന്റെ ശരീരം കാണാതെ ആയി. തങ്ങൾ അതെടുത്തു മാറ്റിയെന്ന ആരോപണവും ശിഷ്യന്മാർക്കെതിരായി ഉയർന്നു. അതു തിരുത്തുന്നതിനു ശിഷ്യന്മാർ ശ്രമിച്ചില്ല. പുരോഹിതന്മാരുടെ എതിർപ്പും, ജനരോഷവും യേശുവിന്റെ ശിഷ്യന്മാർ ഭയപ്പെട്ടു. “ഞങ്ങളോ, അവൻ യിസ്രായേലിനെ വീണ്ടെടുപ്പാനുള്ളവൻ എന്ന് ആശിച്ചിരുന്നു,” ശിഷ്യന്മാർ പറഞ്ഞു. “പച്ചമരത്തോട് ഇങ്ങനെ ചെയ്താൽ, ഉണങ്ങിയതിന് എന്തു ഭവിക്കും?” യേശുവിന്റെ ഈ വാക്കുകൾ ശിഷ്യന്മാർ ഓർത്തു (ലൂക്കൊസ് 24:21; 23:31). അവർ മാളികമുറിയിൽ പ്രവേശിച്ചു വാതിലുകൾ ബന്ധിച്ചു. യെഹൂദന്മാരുടെ ആക്രമണത്തെ അവർ ഭയപ്പെട്ടു.

പുനരുത്ഥാനം ചെയ്ത രക്ഷകന്റെ വിജയത്തിൽ ഘോഷിക്കേണ്ട സമയ മായിരുന്നു അപ്പോൾ. യേശു സമീപത്തുണ്ടായിരുന്നതറിയാതെ, മഗ്ദല ക്കാരത്തി മറിയ രക്ഷകനെ ഓർത്തു വിലപിച്ചു. അശ്രുകണങ്ങൾ മറിയയുടെ കാഴ്ചയ്ക്കു മങ്ങലേല്പിച്ചു. അവൾക്കു കർത്താവിനെ തിരിച്ചറിയുവാൻ കഴിഞ്ഞില്ല. ശിഷ്യന്മാരുടെ ഹൃദയങ്ങൾ ദുഃഖസാന്ദ്രമായതുകൊണ്ട്, ദൂതന്മാർ നല്കിയ സദ്വർത്തമാനമോ, ക്രിസ്തു മുൻകൂട്ടി പറഞ്ഞിരുന്ന വാഗ്ദത്ത ങ്ങളോ അവർ വിശ്വസിച്ചില്ല.

ഇന്നും അനേകർ ക്രിസ്തുവിന്റെ ശിഷ്യന്മാരെപ്പോലെയാണ്. മറിയയുടെ നിരാശ ഇന്ന് അനേകം പേർ ആവർത്തിക്കുന്നു. “അവർ എന്റെ കർത്താ വിനെ എടുത്തുകൊണ്ടുപോയി; അവനെ എവിടെ വച്ചു എന്നറിയുന്നില്ല.” എത്ര പേരോടു കർത്താവു ചോദിക്കുന്നു: “നീ കരയുന്നതെന്ത്?” കർത്താ വിന്റെ സാന്നിദ്ധ്യം അവർ മനസ്സിലാക്കുന്നില്ല. കർത്താവ് അവരോടു സംസാരിക്കുന്നെങ്കിലും അവർ തിരിച്ചറിയുന്നില്ല.

നിരാശാഭാരത്താൽ കുനിഞ്ഞിരിക്കുന്ന തലകൾ ഉയർത്തുകയും, അടഞ്ഞിരിക്കുന്ന കണ്ണുകൾ തുറക്കുകയും, കാതുകൾ കർത്താവിന്റെ ശബ്ദം കേൾക്കുകയും ചെയ്തിരുന്നുവെങ്കിൽ! ദൂതൻ പറഞ്ഞു: “അവൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നു വേഗം ചെന്ന് അവന്റെ ശിഷ്യന്മാരോടു പറവിൻ.” കല്ലറയിലേക്കു നോക്കേണ്ട ആവശ്യം ഇല്ല. യേശു കല്ലറയെ വിട്ടു പുറത്തുവന്നു. പ്രത്യാശയില്ലാത്തവരും നിസ്സഹായരുമായവരെ പ്പോലെ നാം വിലപിക്കരുത്. യേശു ജീവിക്കുന്നു. യേശു ജീവിക്കുന്നതി

നാൽ നാമും ജീവിക്കും. “ക്രിസ്തു മരണത്തെ ജയിച്ച് എഴുന്നേറ്റു” എന്ന ഗാനം നമ്മിൽ ഉയരട്ടെ. നമുക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്‌വാൻ ക്രിസ്തു ജീവിക്കുന്നു. ഈ പ്രത്യാശയിൽ മുറുകെപ്പിടിച്ചുകൊൾക. ഒരു നങ്കൂരമെന്നപോലെ, ആടിയുലയുന്ന നമ്മുടെ ജീവിതനൗകയെ ഉറപ്പിക്കും. വിശ്വസിക്കുക, എന്നാൽ നീ ദൈവത്തിന്റെ മഹത്വം കാണും.

# 83

# എമ്മവുസിലേക്ക്

അവലംബം: ലൂക്കൊസ് 24:13–33

ക്രിസ്തു പുനരുത്ഥാനം ചെയ്ത ദിവസം, വൈകാറായപ്പോൾ, രണ്ടു ശിഷ്യന്മാർ യെരൂശലേമിൽനിന്ന് ഏതാണ്ട് എട്ടു മൈൽ അകലെയുള്ള എമ്മവുസ് എന്ന ചെറുപട്ടണത്തിലേക്കു നടന്നുപോകുകയായിരുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ, അത്ര പ്രാധാന്യമുള്ള ചുമതലകൾ വഹിച്ചവ രായിരുന്നില്ല ഇവർ ഇരുവരും. എങ്കിലും അവർ ക്രിസ്തുവിനെ വളരെ സ്നേഹിച്ചിരുന്നു. യെരൂശലേമിൽ, പെസഹാപ്പെരുന്നാളിൽ പങ്കെടുക്കാൻ വന്ന ഇവരെ, അവിടെ നടന്ന സംഭവങ്ങൾ വളരെ വേദനിപ്പിച്ചു. ക്രിസ്തു വിന്റെ ശരീരം കല്ലറയിൽനിന്നു നീക്കപ്പെട്ടു എന്ന വാർത്ത അവരുടെ കാതിലും എത്തി. അതുപോലെ ചില സ്ത്രീകൾ ദൂതന്മാരെ കണ്ടുവെന്നും യേശുവുമായി സന്ധിച്ചുവെന്നുമുള്ള വാർത്തകളും അവർ കേട്ടിരുന്നു. അവ രുടെ തിരിച്ചുള്ള യാത്രയിൽ പ്രധാന ചർച്ചാവിഷയം ക്രിസ്തു ആയിരുന്നു. നിരാശരും ധൈര്യഹീനരുമായിത്തീർന്ന ഈ രണ്ടു ശിഷ്യന്മാർ കുരിശിന്റെ നിഴലിൽ എമ്മവുസിലേക്കു നടന്നു.

അധികം താമസിയാതെ ഒരു അപരിചിതൻ അവരോടു ചേർന്നു നടക്കുവാൻ തുടങ്ങി. നിരാശരും തരളിതഹൃദയരുമായ ക്രിസ്തുവിന്റെ ശിഷ്യന്മാർ തങ്ങളോടുകൂടെ സഞ്ചരിച്ച അപരിചിതനെ ആദ്യം ശ്രദ്ധിച്ചില്ല. തങ്ങളുടെ ഹൃദയത്തിന്റെ അവസ്ഥയെ വെളിപ്പെടുത്തുമാറ് അവർ സംസാരിച്ചുകൊണ്ടു നടന്നു. ക്രിസ്തു സംസാരിച്ചതും തങ്ങൾക്കു ഗ്രഹിപ്പാൻ കഴിയാത്തതുമായ കാര്യങ്ങളെക്കുറിച്ച് അവർ സംസാരിച്ചു. യെരൂശലേമിൽ നടന്ന സംഭവങ്ങൾ അവർ ദുഃഖത്തോടെ വിവരിച്ചപ്പോൾ, അവരെ ആശ്വസിപ്പിപ്പാൻ ആ വഴിയാത്രക്കാരൻ ആഗ്രഹിച്ചു. യേശുവിനുണ്ടായ കഷ്ടങ്ങളെ അവർ വിവരിച്ചപ്പോൾ അവർക്കുണ്ടായിരുന്ന അവിശ്വാസം പ്രസ്പഷ്ടമാകുന്നുണ്ടായിരുന്നു. തങ്ങളുടെ നിരാശയെ മറച്ചുവയ്ക്കുവാൻ ആ ശിഷ്യന്മാർക്കു കഴിഞ്ഞില്ല. അവരുടെ കണ്ണുനീർ തുടയ്ക്കുവാനും പ്രത്യാശ പ്രദാനം ചെയ്യുവാനും അവരുടെ സഹയാത്രികന് ആഗ്രഹമുണ്ടായി. എന്നാൽ അതിനു മുമ്പായി അവർ ചില പാഠങ്ങൾ പഠിക്കേണ്ടതുണ്ടായിരുന്നു.

“അവൻ അവരോട്: നിങ്ങൾ വഴിനടന്നു തമ്മിൽ വാദിക്കുന്ന ഈ കാര്യം എന്ത് എന്നു ചോദിച്ചു; അവർ വാടിയ മുഖത്തോടെ നിന്നു. ക്ലെയൊപ്പാവ് എന്നു പേരുള്ളവൻ: യെരൂശലേമിലെ പരദേശികളിൽ നീ മാത്രം ഈ നാളുകളിൽ അവിടെ സംഭവിച്ച കാര്യം അറിയാതിരിക്കുന്നുവോ? എന്നുത്തരം പറഞ്ഞു.” തങ്ങളുടെ ഗുരുവിന്റെ മരണത്തിൽ അവർക്കുണ്ടായ നിരാശ അവർ, അവനോടു പറഞ്ഞു. “ദൈവത്തിനും സകല ജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്നു” തങ്ങളുടെ ഗുരുവെന്ന് അവർ ആ അപരിചിതനോടു വിവരിച്ചു. “നമ്മുടെ മഹാപുരോഹിതന്മാരും പ്രമാണികളും അവനെ മരണവിധിക്ക് ഏല്പിച്ചു ക്രൂശിച്ചു. ഞങ്ങളോ, അവൻ യിസ്രായേലിനെ വീണ്ടെടുപ്പാനുള്ളവൻ എന്ന് ആശിച്ചിരുന്നു; അത്രയുമല്ല, ഇതു സംഭവിച്ചിട്ട് ഇന്നു മൂന്നാം നാൾ ആകുന്നു.”

യേശുവിന്റെ വാക്കുകൾ ശിഷ്യന്മാർ ഓർക്കാതിരിക്കുകയും യെരൂശലേമിൽ സംഭവിച്ച കാര്യങ്ങൾ യേശു മുൻകൂട്ടി പറഞ്ഞിരുന്നത് അവർ ഗ്രഹിക്കാതിരിക്കുകയും ചെയ്തത് അത്ഭുതമായിരിക്കുന്നു! മരിച്ചു മൂന്നാം നാളിൽ താൻ പുനരുത്ഥാനം ചെയ്യുമെന്നു യേശു മുമ്പേ പറഞ്ഞിരുന്നതു നിറവേറിയ വസ്തുത ശിഷ്യന്മാർ അറിഞ്ഞില്ല. എന്നാൽ പുരോഹിതന്മാരും പ്രമാണികളും ക്രിസ്തുവിന്റെ വാക്കിനെ അവഗണിച്ചില്ല. “ഒരുക്കനാളിന്റെ പിറ്റേ ദിവസം മഹാപുരോഹിതന്മാരും പരീശന്മാരും പീലാത്തൊസിന്റെ അടുക്കൽ ചെന്നുകൂടി: യജമാനനേ, ആ ചതിയൻ ജീവനോടിരിക്കുമ്പോൾ: മൂന്നു നാൾ കഴിഞ്ഞിട്ടു ഞാൻ ഉയിർത്തെഴുന്നേൽക്കുമെന്നു പറഞ്ഞപ്രകാരം ഞങ്ങൾക്ക് ഓർമ്മവന്നു” (മത്തായി 27:62,63).

ആ രണ്ടു ശിഷ്യന്മാരോടുകൂടെ നടന്ന അപരിചിതൻ പറഞ്ഞു: “അയ്യോ, ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതെല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ, ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ?” തങ്ങളോടുകൂടെ നടന്ന ആ അപരിചിതൻ

ആരെന്ന് ആ ശിഷ്യന്മാർ അത്ഭുതപ്പെട്ടു. തങ്ങളുടെ ആത്മാവിനെ സ്പർശിക്കുന്ന വിധം സ്നേഹത്തോടും, അനുകമ്പാപൂർവ്വമായും സംസാരിക്കുന്ന ആൾ ആരെന്ന് അവർ ചിന്തിച്ചു. അവർ അദ്ദേഹത്തെ കൂടക്കൂടെ നിരീക്ഷിച്ചു. ക്രിസ്തുവിന്റെ വാക്കുകൾ ഉദ്ധരിക്കുന്ന ഇദ്ദേഹം ആരാണ്?

തിരുവെഴുത്തുകളിൽ ക്രിസ്തുവിനെക്കുറിച്ചു പറയുന്ന ഭാഗങ്ങൾ ആ നവാഗതൻ അവർക്കു വിവരിച്ചുകൊടുത്തു. അദ്ദേഹം ആരെന്നു പ്രഥമദർശനത്തിൽ തന്നെ മനസ്സിലാക്കിയിരുന്നെങ്കിൽ, തിരുവെഴുത്തുകൾ ശ്രദ്ധിപ്പാൻ അവരുടെ താൽപര്യം കുറയുമായിരുന്നു. തിരുവെഴുത്തുകളിൽ ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന പ്രവചനങ്ങളും പ്രതിരൂപങ്ങളും മനസ്സിലാക്കേണ്ടത് അവർക്കാവശ്യമായിരുന്നു. അവരുടെ വിശ്വാസം ഉറപ്പിക്കേണ്ടതു തിരുവചനത്തിലായിരുന്നു. അവരെ തൃപ്തിപ്പെടുത്തുവാൻ ക്രിസ്തു അത്ഭുതമൊന്നും പ്രവർത്തിച്ചില്ല. തന്റെ കർത്തവ്യം തിരുവെഴുത്തുകൾ വിശദമാക്കുക എന്നതായിരുന്നു. ക്രിസ്തുവിന്റെ ക്രൂശുമരണം ശിഷ്യന്മാരിൽ വലിയ നിരാശ ഉളവാക്കി. എന്നാൽ തിരുവചനം ദൈവജനത്തിന്റെ വിശ്വാസത്തെ ഉറപ്പിക്കുന്ന നങ്കൂരമാണ്. തിരുവചനം കർത്താവു ശിഷ്യന്മാർക്കു ബോദ്ധ്യമാക്കിക്കൊടുത്തു.

ക്ലെയൊപ്പാവിനെയും സ്നേഹിതനെയും ധൈര്യപ്പെടുത്തിയ ആ വഴിയാത്രക്കാരൻ, പഴയനിയമത്തിന്റെ പ്രാധാന്യതയെ അവർക്കു മനസ്സിലാക്കിക്കൊടുത്തു. അനേക ക്രിസ്ത്യാനികളും പഴയനിയമത്തിന് ഇന്നു പ്രസക്തി ഇല്ലെന്നു പറഞ്ഞു പഴയനിയമത്തെ അവഗണിക്കാറുണ്ട്. എന്നാൽ ക്രിസ്തു പഴയനിയമത്തെ വിലമതിച്ചു. ക്രിസ്തു ഒരിക്കൽ പറഞ്ഞു: "അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽനിന്ന് ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല" (ലൂക്കൊസ് 16:31).

ആദാമിന്റെ കാലം മുതൽ ഗോത്രപിതാക്കന്മാരിൽക്കൂടെയും പ്രവാചകന്മാരിൽക്കൂടെയും സംസാരിച്ച ദൈവശബ്ദം, ക്രിസ്തുവിന്റെ ശബ്ദമായിരുന്നു. പുതിയനിയമത്തിലെന്നപോലെ പഴയനിയമത്തിലും രക്ഷകനെയാണു വെളിപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുവിന്റെ ജീവിതവും, പുതിയനിയമ ഉപദേശങ്ങളും സുവ്യക്തമായി കാണപ്പെടുന്നതു പഴയനിയമത്തിന്റെ പ്രകാശത്തിലാണ്. ക്രിസ്തുവിന്റെ ദൈവികത്വം തെളിയിക്കുന്നത്, തന്റെ അത്ഭുതപ്രവൃത്തികൾ മൂലമാണ്. എന്നാൽ ക്രിസ്തു ലോകരക്ഷിതാവാണ് എന്നതിന്റെ തെളിവു പഴയനിയമവും പുതിയനിയമവും ഒന്നിച്ചു പഠിക്കുമ്പോൾ ലഭിക്കുന്നു.

ക്രിസ്തു പഴയനിയമത്തിലെ പ്രവചനങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട്, തന്റെ വരവിന്റെ ഉദ്ദേശ്യം ശിഷ്യന്മാരെ പഠിപ്പിച്ചു. ലോകത്തിന്റെ ഭരണാധിപനായി വരുന്ന ഒരു മശീഹയെയാണു യെഹൂദന്മാർ കാത്തിരുന്നത്. അവരുടെ പ്രതീക്ഷ, തെറ്റായ ഒരടിസ്ഥാനത്തിൽനിന്നു രൂപംകൊണ്ടതായിരുന്നു. ക്രിസ്തുവിന്റെ ദൗത്യത്തെ മനസ്സിലാക്കുന്നതിന് ഇതു വിഘാതമായി

ത്തീർന്നു. ക്രിസ്തു സ്വർഗ്ഗമഹിമ വെടിഞ്ഞ്, ഏറ്റവും താഴ്ചയുള്ള മാനുഷ വേഷം തെരഞ്ഞെടുത്തു. തന്റെ ശിഷ്യന്മാരുടെ ആശയങ്ങൾ എല്ലാ കാര്യ ത്തിലും വിശുദ്ധവും സത്യവുമായിരിക്കണമെന്നു ക്രിസ്തു ആഗ്രഹിച്ചു. ലോകസ്ഥാപനത്തിനുമുമ്പുതന്നെ, തന്റെ പിതാവുമായി എടുത്ത ഉടമ്പടി യുടെ പൂർത്തീകരണം ഒരു വലിയ പോരാട്ടത്തിൽക്കൂടെയായിരുന്നു നേടി യെടുക്കേണ്ടിയിരുന്നത്. ആ പോരാട്ടത്തിന്റെ ഗൗരവം ശിഷ്യന്മാർക്കു പൂർണ്ണ മായി ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ഒരു പാപിയായ മനുഷ്യൻ അനുഭവിക്കേണ്ട മരണമായിരുന്നു കർത്താവ് അനുഭവിച്ചത്. കർത്താവ് അനുഭവിച്ച മരണം ഒരു പരാജയമായിരുന്നില്ല. നേരെമറിച്ചു ശാശ്വതമായ ഒരു വിജയമായിരുന്നു അതു നേടിയെടുത്തത്. ലോകത്തെ പാപത്തിൽനിന്നു രക്ഷിക്കുന്നതിനു സർവ്വശക്തിയും ഉപയോഗിക്കേണ്ടതാണെന്നു യേശു പറഞ്ഞു. താൻ ജീവി ച്ചതുപോലെ ഓരോ ക്രിസ്ത്യാനിയും ജീവിക്കേണ്ടതാകുന്നു. യേശുവിന്റെ പ്രവൃത്തി ഓരോ ക്രിസ്ത്യാനിയിലും പ്രതിഫലിക്കണം.

തിരുവെഴുത്തുകളിലേക്കു തന്റെ കേൾവിക്കാരെ, ആ സഹയാത്രികൻ ക്ഷണിച്ചു. ശിഷ്യന്മാർ ക്ഷീണിതരായിരുന്നെങ്കിലും അദ്ദേഹത്തിന്റെ വാക്കു കൾ നിരുത്സാഹപ്പെടുത്തിയില്ല. ജീവന്റെ വചനങ്ങൾ അദ്ദേഹത്തിൽനിന്ന് അവർ കേട്ടു. അദ്ദേഹത്തിന്റെ വാക്കുകൾ ആ ശിഷ്യന്മാർക്ക് ആത്മവിശ്വാസം നല്കി. യെരൂശലേമിന്റെ നാശത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞപ്പോൾ, അവർ ആ നഗരത്തെ നോക്കി കരഞ്ഞു. തങ്ങളോടുകൂടെ സംസാരിച്ചുകൊണ്ടു നടന്ന യാത്രക്കാരനെക്കുറിച്ച് അവർക്കു പ്രത്യേകതയായി ഒന്നും തോന്നിയില്ല. എന്നാൽ തങ്ങളുടെ സർവ്വസ്വവുമായിരുന്ന കർത്താവായിരുന്നു തങ്ങ ളോടുകൂടെ നടന്നിരുന്നതെന്നു മനസ്സിലാക്കുവാൻ അവർക്കു കഴിഞ്ഞില്ല. അദ്ദേഹവും തങ്ങളെപ്പോലെ യെരൂശലേമിലെ പെസഹാപ്പെരുന്നാളിനു സംബന്ധിക്കുവാൻ പോയ ഒരാളായിരുന്നു വെന്നാണ് അവർ കരുതിയത്. കല്ലുകൾ നിറഞ്ഞ പാതയിലൂടെ അവരോടൊപ്പം അദ്ദേഹം നടന്നു. "സ്വർഗ്ഗ ത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു" (മത്തായി 28:18) എന്ന് അവകാശപ്പെടാൻ കഴിയുന്ന വ്യക്തിയായിരുന്നു അവരോടൊപ്പം നടന്നത്.

അവർ യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ സൂര്യൻ അസ്തമയത്തോട് അടുത്തിരുന്നു. വയലുകളിൽ വേല ചെയ്തുകൊണ്ടിരുന്നവർ തങ്ങളുടെ വേല തീർത്ത് അവരവരുടെ വീടുകളിലേക്കു മടങ്ങുവാൻ തുടങ്ങി. രണ്ടു ശിഷ്യന്മാരും തങ്ങളുടെ ഭവനങ്ങളിലേക്കു പ്രവേശിക്കുന്നതിനു തിരിഞ്ഞ പ്പോൾ, അവരോടുകൂടെ നടന്നിരുന്ന അപരിചിതൻ മുമ്പോട്ടു പോകുവാൻ ശ്രമിച്ചു. അദ്ദേഹത്തെ രാപാർക്കുന്നതിനു തങ്ങളുടെ ഭവനത്തിലേക്കു ശിഷ്യന്മാർ വിളിച്ചു. "ഞങ്ങളോടുകൂടെ പാർക്കുക," അവർ യാത്രക്കാരനെ ക്ഷണിച്ചു. എന്നാൽ യാത്രക്കാരൻ കടന്നുപോകാനുള്ള തിടുക്കം കാണിച്ചു. അവർ വീണ്ടും ക്ഷണിച്ചു. "നേരം വൈകി അസ്തമിക്കാറായല്ലോ." അവരുടെ ക്ഷണം സ്വീകരിച്ച് അദ്ദേഹം അവരുടെ ഭവനത്തിലേക്കു ചെന്നു.

അവർ ഹൃദയപൂർവ്വം ക്ഷണിച്ചില്ലായിരുന്നുവെങ്കിൽ, പുനരുത്ഥാനം ചെയ്ത ക്രിസ്തുവായിരുന്നു തങ്ങളോടുകൂടെ നടന്നതെന്ന് അവർ മനസ്സിലാക്കുകയില്ലായിരുന്നു. ക്രിസ്തു ഒരുത്തരെയും നിർബന്ധിച്ചു തന്റെ ശിഷ്യന്മാരാക്കുകയില്ല. തന്നെ സന്തോഷത്തോടെ സ്വീകരിക്കുന്നവരെ കർത്താവു നിരാശപ്പെടുത്തുകയില്ല. എന്നാൽ ക്ഷണിക്കാതെ കർത്താവ് ഒരു ഭവനത്തിലും പ്രവേശിക്കയില്ല. തന്നെ ക്ഷണിക്കാത്ത ഭവനങ്ങളെ വിട്ടു കർത്താവു കടന്നുപോകുന്നു. ഇങ്ങനെ അനേകം പേർക്കു നഷ്ടം സംഭവിക്കുന്നു. തങ്ങളോട് ഒരുമിച്ചു നടന്നിട്ടും ക്രിസ്തുവിനെ മനസ്സിലാക്കാതെ ഇരുന്ന ശിഷ്യന്മാരെപ്പോലെ, ക്രിസ്തുവിനെ ജീവിതത്തിലേക്കു കടന്നുവരുവാൻ ക്ഷണിക്കാത്തവർക്കു ക്രിസ്തുവിനെ അറിവാൻ കഴിയുകയില്ല.

വൈകുന്നേരത്തെ ലളിതമായ അത്താഴം അവർ പെട്ടെന്ന് ഒരുക്കി. മേശയുടെ പ്രധാന ഭാഗത്ത് ഇരുന്ന വിരുന്നുകാരന്റെ മുമ്പിൽ അത്താഴം വിളമ്പി. ആഹാരത്തെ അനുഗ്രഹിപ്പാനായി അദ്ദേഹം കൈകൾ ഉയർത്തി. ആ ശിഷ്യന്മാർ അത്ഭുതത്തോടുകൂടി പിന്നോട്ടു മാറി. തങ്ങളുടെ ഗുരു ചെയ്തിരുന്ന അതേ രീതിയിലായിരുന്നു അദ്ദേഹവും കൈകൾ ഉയർത്തിയത്. അവർ അത്ഭുതത്തോടുകൂടി ആ കൈകളിലേക്കു നോക്കി. ആണിപ്പഴുതുകളുള്ള കരങ്ങൾ! "അതു കർത്താവായ യേശു ആകുന്നുവല്ലോ. അവൻ മരിച്ചവരിൽനിന്ന് ഉയിർത്തിരിക്കുന്നു," അവർ അത്ഭുതത്തോടെ പറഞ്ഞു.

കർത്താവിന്റെ പാദത്തിൽ വീണു നമസ്കരിക്കുവാൻ ആ ശിഷ്യന്മാർ എഴുന്നേറ്റു. പക്ഷേ അവരുടെ മദ്ധ്യേനിന്നു കർത്താവ് അപ്രത്യക്ഷനായി. കർത്താവ് ഇരുന്ന സ്ഥലം ഒഴിഞ്ഞുകിടക്കുന്നതു കണ്ടിട്ട് അവർ തമ്മിൽ പ്പറഞ്ഞു: "അവൻ വഴിയിൽ നമ്മോടു സംസാരിച്ചു തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ, നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ?"

ഈ സന്തോഷവാർത്തയുമായി അവർക്ക് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. അവരുടെ ക്ഷീണവും വിശപ്പും അവർ മറന്നു. ഭക്ഷണംപോലും കഴിക്കാതെ, മഹാസന്തോഷത്തോടെ അവർ വന്ന വഴിയിലൂടെ യെരൂശലേമിലേക്കു മടങ്ങി. മറ്റു ശിഷ്യന്മാരെ ഈ വിവരം അറിയിക്കുവാനാണ് അവർ പോയത്. വഴി ദുർഘടപൂർണ്ണവും അപകടം പിടിച്ചതുമായിരുന്നു. എന്നാൽ തങ്ങളോടുകൂടെ നടന്ന കർത്താവ് അപ്പോഴും കൂടെ ഉണ്ടായിരിക്കുമെന്ന് അവർ അറിഞ്ഞിരുന്നില്ല. അവർ ധൃതിയിൽ പൊയ്ക്കൊണ്ടിരുന്നു. അപകടവേളയിൽ അദൃശ്യനായ കർത്താവ് അവരെ താങ്ങി.

കൂരിരുട്ടിൽക്കൂടെ പൊയ്ക്കൊണ്ടിരുന്നപ്പോൾ നീതിസൂര്യൻ അവർക്കു കൂട്ടായിരുന്നു. അവരുടെ ഹൃദയങ്ങളിൽ സന്തോഷം നിറഞ്ഞിരുന്നു. ക്രിസ്തു ജീവിക്കുന്ന രക്ഷകനായി അവർക്കനുഭവപ്പെട്ടു. ഇനിമേൽ, മരിച്ച കർത്താവിനെ ഓർത്തു കരയേണ്ടതില്ല. "കർത്താവ് ഉയിർത്തെഴുന്നേറ്റിരിക്കുന്നു." വീണ്ടും വീണ്ടും അവർ അതാവർത്തിച്ചു പറഞ്ഞു. ദുഃഖിച്ചിരിക്കുന്നവർക്കു

നല്കുവാനായി കൊണ്ടുപോയ വാർത്ത അതായിരുന്നു. എമ്മവുസിലേക്കു പോയപ്പോൾ തങ്ങൾക്കുണ്ടായ അനുഭവം എല്ലാവരെയും അറിയിക്കുവാൻ അവർക്കു തിടുക്കമായിരുന്നു. തങ്ങളോടൊപ്പം നടന്ന കർത്താവിനെക്കുറിച്ചു പറവാൻ അവർ അക്ഷമരായിരുന്നു. ലോകത്തിനു ലഭിച്ചിട്ടുള്ളതിലേക്കും ഏറ്റവും മഹത്തായ സന്തോഷവാർത്ത ആ രണ്ടു ശിഷ്യന്മാർ തങ്ങളോടൊപ്പം കൊണ്ടുപോയി.

# 84

# നിങ്ങൾക്കു സമാധാനം

അവലംബം: ലൂക്കൊസ് 24:33–48; യോഹ. 20:19–29

ഉത്സവകാലത്ത്, രാത്രിയിൽ സാധാരണ തുറന്നിട്ടിരിക്കുന്ന കിഴക്കു വശത്തെ വാതിലിൽക്കൂടെ, ആ രണ്ടു ശിഷ്യന്മാർ യെരൂശലേം നഗരത്തിൽ പ്രവേശിച്ചു. അവിടെ വീടുകളെല്ലാം സുഖനിദ്രയിൽ ലയിച്ചിരുന്നു. വീഥികളിൽ ഇരുൾ പരന്നിരുന്നു. ഉദിച്ചുയരുന്ന ചന്ദ്രന്റെ വെളിച്ചത്തിൽ അവർ ഇടുങ്ങിയ പാതയിലൂടെ സഞ്ചരിച്ചു. യേശു അവസാനമായി ശിഷ്യന്മാരോടൊത്തു കൂടിയ മാളികമുറിയിലേക്കായിരുന്നു അവർ പോയത്. രാത്രി ഏറെ വൈകിയിരുന്നുവെങ്കിലും, തങ്ങളുടെ സഹോദരന്മാരെ അവിടെ കണ്ടെത്താൻ കഴിയുമെന്ന് അവർ പ്രതീക്ഷിച്ചു. യേശുവിന്റെ ശരീരത്തിന് എന്തു ഭവിച്ചു എന്ന് ഉറപ്പുവരുത്തുന്നതുവരെ ശിഷ്യന്മാർ ഉറങ്ങുകയില്ലായെന്ന് അവർ ഇരുവരും വിശ്വസിച്ചു. അവർ ചെന്ന മാളികമുറിയുടെ വാതിൽ ബന്ധിച്ചിരുന്നു. അവർ വാതിൽക്കൽ മുട്ടി. എങ്കിലും ഉത്തരമൊന്നും ലഭിച്ചില്ല. എങ്ങും നിശ്ശബ്ദത തളംകെട്ടിനിന്നു. തങ്ങൾ ആരെന്നു വ്യക്തമാക്കിയ

പ്പോൾ, വാതിൽ പതുക്കെ തുറന്നു. വന്നവർ ഉള്ളിൽ പ്രവേശിച്ചു, വാതിൽ ബന്ധിച്ചു. അവരെല്ലാവരും ശത്രുക്കളെ ഭയപ്പെട്ടിരിക്കുകയായിരുന്നു.

മുറിയിലുള്ളവർ ആരും ഉറങ്ങിയിരുന്നില്ല. അത്ഭുതം പ്രതിഫലിപ്പിക്കുന്ന മുഖങ്ങളോടെ ഇരുന്ന ശിഷ്യന്മാർ ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. അവർ, തങ്ങളോടുകൂടെ ചേർന്ന ഇരുവരോടും പറഞ്ഞു: "കർത്താവു വാസ്തവമായി ഉയിർത്തെഴുന്നേറ്റു ശിമോനു പ്രത്യക്ഷനായി." തങ്ങൾ എമ്മവുസിലേക്കു യാത്ര ചെയ്തപ്പോൾ, ക്രിസ്തു തങ്ങളോടുകൂടെ നടന്നതും, തങ്ങളുടെ വീട്ടിൽവച്ചു സ്വയം വെളിപ്പെടുത്തിയതും, അത്ഭുതത്തോടുകൂടി ആ ഇരുവരും പറഞ്ഞു. അവിശ്വസനീയമാംവിധം, നല്ല ഒരു വാർത്തയായിരുന്നു അത്. ഒട്ടും താമസിയാതെ വേറൊരാൾ അവരുടെ ഇടയിൽ നിന്നു. എല്ലാ കണ്ണുകളും അദ്ദേഹത്തിന്റെമേൽ പതിഞ്ഞു. ആരും വാതിൽക്കൽ മുട്ടുന്ന ശബ്ദം കേട്ടില്ല. ആരുടെയും കാലൊച്ചയും കേട്ടില്ല. ആരും വാതിൽ തുറന്നതുമില്ല. എല്ലാവരും അത്ഭുതപ്പെട്ടു. എന്താണിതിന്റെ അർത്ഥം? പിന്നീട് അകത്തുകടന്ന അപരിചിതന്റെ ശബ്ദം കേട്ടു. അവർക്കു ചിരപരിചിതമായ ശബ്ദം. തങ്ങളുടെ ഗുരുവിന്റെ മാധുര്യസ്വരം. "നിങ്ങൾക്കു സമാധാനം."

"ശിഷ്യന്മാർ ഞെട്ടി, ഭയപ്പെട്ടു. ഒരു ഭൂതത്തെ കാണുന്നുവെന്ന് അവർക്കു തോന്നി." പ്രത്യക്ഷനായവൻ അവരോടു ചോദിച്ചു: "നിങ്ങൾ കലങ്ങുന്നത് എന്ത്? നിങ്ങളുടെ ഹൃദയത്തിൽ സംശയം പൊങ്ങുന്നതും എന്ത്? ഞാൻ തന്നെ ആകുന്നുവെന്ന് എന്റെ കയ്യും കാലും നോക്കി അറിവിൻ; എന്നെ തൊട്ടു നോക്കുവിൻ; എന്നിൽ കാണുന്നതുപോലെ ഭൂതത്തിനു മാംസവും അസ്ഥിയുമില്ലല്ലോ? ഇങ്ങനെ പറഞ്ഞിട്ട് അവൻ കയ്യും കാലും അവരെ കാണിച്ചു."

ക്രൂരമായ ഇരുമ്പാണികളാൽ തുളയ്ക്കപ്പെട്ട കൈകളും കാലുകളും അവർ കണ്ടു. കർത്താവിന്റെ ശബ്ദം അവർ തിരിച്ചറിഞ്ഞു. "അവർ സന്തോഷത്താൽ വിശ്വസിക്കാതെ അതിശയിച്ചു നിൽക്കുമ്പോൾ: തിന്നുവാൻ വല്ലതും ഇവിടെ നിങ്ങളുടെ പക്കലുണ്ടോ എന്നു ചോദിച്ചു. അവർ ഒരു ഖണ്ഡം വറുത്ത മീനും തേൻകട്ടയും അവനു കൊടുത്തു. അത് അവൻ വാങ്ങി അവർ കാൺകെ തിന്നു." "കർത്താവിനെ കണ്ടിട്ടു ശിഷ്യന്മാർ സന്തോഷിച്ചു." വിശ്വാസവും സന്തോഷവും അവരുടെ അവിശ്വാസത്തെ പുറന്തള്ളി. അവർണ്ണനീയ സന്തോഷത്താൽ, പുനരുത്ഥാനം ചെയ്ത കർത്താവിനെ അവർ സ്വാഗതം ചെയ്തു.

ക്രിസ്തു ജനിച്ചപ്പോൾ ദൂതൻ പറഞ്ഞു: "ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം." പുനരുത്ഥാനത്തിനുശേഷം, ആദ്യമായി ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ അതേ ആശീർവാദമാണു കർത്താവു നല്കിയത്, "നിങ്ങൾക്കു സമാധാനം." സംശയവും ഭയവും വച്ചുപുലർത്തുന്ന ഏവരോടും സമാധാനത്തെക്കുറിച്ചു സംസാരിക്കുവാൻ കർത്താവ് ഒരുക്കമാണ്. "ഞങ്ങളോടുകൂടെ പാർക്കുക" എന്നു പറഞ്ഞു കർത്താവിനെ ഹൃദയ

ത്തിലേക്കു ക്ഷണിക്കുന്നവരെ കാത്തുനിൽക്കുകയാണു ജീവിക്കുന്ന കർത്താവ്. യേശു പറയുന്നു: "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ ചെന്ന്, അവനോടും, അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും" (വെളി. 3:20).

കർത്താവിൽ നിദ്രപ്രാപിക്കുന്ന ഏവരുടെയും പുനരുത്ഥാനത്തിന്റെ ഒരു മാതൃകയായിരുന്നു ഉയിർത്തെഴുന്നേറ്റ ക്രിസ്തു. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ മുഖവും, പെരുമാറ്റവും, സംസാരവും എല്ലാം ശിഷ്യന്മാർക്കും പരിചിതമായിരുന്നു. യേശു മരിച്ചവരിൽനിന്നു ജീവിച്ചെഴുന്നേറ്റതുപോലെ, ക്രിസ്തുവിൽ നിദ്രകൊള്ളുന്നവൻ വീണ്ടും എഴുന്നേൽക്കും. ശിഷ്യന്മാർ യേശുവിനെ തിരിച്ചറിഞ്ഞതുപോലെ നാമും നമ്മുടെ പ്രിയപ്പെട്ടവരെ തിരിച്ചറിയും. ഈ മർത്യജീവിതത്തിൽ അംഗവൈകല്യമോ, കുറവുകളോ ഉണ്ടായിരുന്നാലും, വിശുദ്ധന്മാർ നിത്യജീവങ്കലേക്ക് ഉണരുമ്പോൾ, പൂർണ്ണാരോഗ്യവും ആകാരഭംഗിയുമുള്ളവരായിരിക്കും. തേജസ്കരിക്കപ്പെട്ട ശരീരത്തിൽ അവരെ തിരിച്ചറിയുവാൻ കഴിയും. "അപ്പോഴോ, ഞാൻ അറിയപ്പെട്ടതുപോലെതന്നെ അറിയും" (1 കൊരി. 13:12). യേശുവിന്റെ മുഖത്തുനിന്നു വരുന്ന പ്രകാശത്തിൽ നമ്മുടെ പ്രിയപ്പെട്ടവരുടെ മുഖം നമുക്കു തിരിച്ചറിയുവാൻ സാധിക്കും.

മോശെയുടെ ന്യായപ്രമാണത്തിലും, പ്രവാചകന്മാരുടെ പുസ്തകങ്ങളിലും തന്നെക്കുറിച്ചു പറഞ്ഞിരിക്കുന്നതെല്ലാം നിറവേറേണ്ടതാണെന്ന്, യേശു തന്റെ മരണത്തിനുമുമ്പു പ്രസ്താവിച്ച കാര്യം, പുനരുത്ഥാനത്തിനുശേഷം ശിഷ്യന്മാരെ ഓർമ്മിപ്പിച്ചു. "തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിന് അവരുടെ ബുദ്ധിയെ തുറന്നു. ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാംനാൾ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും, അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരൂശലേമിൽ തുടങ്ങി, സകല ജാതികളിലും പ്രസംഗിക്കുകയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു."

തങ്ങളുടെ വേലയുടെ വ്യാപ്തിയും സ്വഭാവവും ശിഷ്യന്മാർ മനസ്സിലാക്കുവാൻ തുടങ്ങി. ക്രിസ്തു അവരെ ഭരമേല്പിച്ച സത്യം, അവർ ലോകത്തെമ്പാടും അറിയിക്കുവാനുള്ളതായിരുന്നു. യേശുവിന്റെ ജീവിതകഥ, ദൈവകല്പനയുടെ പ്രാധാന്യം, രക്ഷാപദ്ധതിയുടെ നിഗൂഢമർമ്മങ്ങൾ, പാപമോചനം നൽകുവാനുള്ള യേശുവിന്റെ അധികാരം - ഇവയെല്ലാം ലോകത്തെ അറിയിക്കുക ശിഷ്യന്മാരുടെ കർത്തവ്യമായിരുന്നു. അനുതാപഹൃദയങ്ങളോടും, ദൈവത്തിൽനിന്നു പ്രാപിച്ച ശക്തിയോടും കൂടെ സമാധാനസുവിശേഷവും, രക്ഷാദൂതും ലോകത്തിനു വിളംബരം ചെയ്യേണ്ടതു ശിഷ്യന്മാരായിരുന്നു.

"ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെമേൽ ഊതി അവരോട്: പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ; ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ, അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ

നിർത്തുന്നുവോ, അവർക്കു നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു." പരിശുദ്ധാത്മാവിനെ പൂർണ്ണമായും അപ്പോൾ വെളിപ്പെടുത്തിയിരുന്നില്ല. കാരണം ക്രിസ്തു അതുവരെയും തേജസ്കരിക്കപ്പെട്ടില്ലായിരുന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണംവരെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി ശക്തമായി ആരംഭിച്ചിട്ടില്ലായിരുന്നു. പരിശുദ്ധാത്മദാനം ലഭിക്കുന്നതുവരെ ലോകത്തോടു സുവിശേഷം അറിയിക്കേണ്ട ചുമതല നിറവേറ്റുവാൻ ശിഷ്യന്മാർക്കു കഴിയുകയില്ല. എന്നാൽ കർത്താവ്, ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയായിരുന്നു, അപ്പോൾ പരിശുദ്ധാത്മാവിനെ നല്കിയത്. ശിഷ്യന്മാരിലായിരുന്നു, സഭയുടെ ഔദ്യോഗിക ചുമതലകൾ നിക്ഷിപ്തമായിരുന്നത്. അതു കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനു പരിശുദ്ധാത്മശക്തി ആവശ്യമായിരുന്നു. പരിശുദ്ധാത്മാവിന്റെ സഹായം കൂടാതെ സഭയുടെ ചുമതലകൾ ഭംഗിയായി നിർവ്വഹിപ്പാൻ കഴിയുകയില്ലെന്നു ശിഷ്യന്മാർ മനസ്സിലാക്കണമെന്നു കർത്താവ് ആഗ്രഹിച്ചു.

ഒരു വ്യക്തിയുടെ ആത്മീയ ജീവിതത്തിനു ജീവശ്വാസംപോലെ പ്രാധാന്യം അർഹിക്കുന്നതാണു പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം. പരിശുദ്ധാത്മാവിനെ നല്കുക എന്നാൽ ക്രിസ്തുവിന്റെ ജീവിതത്തെ നല്കുക എന്നതാണ്. പരിശുദ്ധാത്മാവിനെ ലഭിക്കുന്ന ആൾ ക്രിസ്തുവിന്റെ സ്വഭാവഗുണങ്ങൾ സ്വീകരിക്കുന്നു. ദൈവത്താൽ പരിശീലിക്കപ്പെടുന്നവരും, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ജീവിതത്തിൽ ഉള്ളവരും, ക്രിസ്തുവിന്റെ സ്വഭാവം ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്നവരുമായിരിക്കണം ക്രിസ്തുവിന്റെ വേലയ്ക്കായി മുമ്പോട്ടു വരേണ്ടത്.

"ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ, അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ, അവർക്കു നിർത്തിയിരിക്കുന്നു." മറ്റുള്ളവരെ വിധിക്കുവാനുള്ള സ്വാതന്ത്ര്യം ഇവിടെ നൽകുകയല്ല ക്രിസ്തു ചെയ്യുന്നത്; ഗിരിപ്രഭാഷണത്തിൽ കർത്താവ് അതു വിലക്കിയിട്ടുണ്ട്. വിധിക്കുക എന്നതു ദൈവത്തിന്റേതായ പ്രത്യേക അധികാരമാണ്. എന്നാൽ സഭയ്ക്ക് - വിശ്വാസികളുടെ വ്യവസ്ഥാപിതമായ കൂട്ടമെന്ന നിലയ്ക്ക് - അംഗങ്ങളായ വ്യക്തികളുടെമേൽ ചില ചുമതലകൾ കർത്താവു ഭരമേല്പിച്ചിട്ടുണ്ട്. പാപത്തിൽ പതിക്കുന്നവർക്കു മുന്നറിയിപ്പു നല്കുവാനും, അവരെ ഉപദേശിപ്പാനും, കഴിയുമെങ്കിൽ യഥാസ്ഥാനപ്പെടുത്തുവാനും സഭയ്ക്ക് ഒരു ചുമതലയുണ്ട്. കർത്താവു പറയുന്നു: "സകല ദീർഘക്ഷമയോടും ഉപദേശത്തോടുംകൂടെ ശാസിക്ക; തർജ്ജനം ചെയ്യുക; പ്രബോധിപ്പിക്കുക" (2 തിമൊ. 4:2). തെറ്റിനെ വിശ്വസ്തതയോടെ കൈകാര്യം ചെയ്യുക, അപകടത്തിലായിരിക്കുന്ന ഓരോ ആത്മാവിനും മുന്നറിയിപ്പു നല്കുക, തന്നെത്താൻ വഞ്ചിക്കപ്പെടുവാൻ ഓരോരുത്തരെയും അനുവദിക്കാതിരിക്കുക, പാപത്തെ തർജ്ജനം ചെയ്യുക, കല്പനാലംഘനത്തെ ശാസിക്ക; ഇതെല്ലാം സഭയുടെ ചുമതലകളാണ്. ദൈവവചനം പറയുന്നു: "ഈ വക പ്രവർത്തിക്കുന്നവൻ ദൈവരാജ്യം അവകാശമാക്കുകയില്ല" (ഗലാ. 5:21). നിങ്ങൾ ഉപദേശിച്ചിട്ടും അവർ പാപത്തിൽത്തന്നെ തുടരുകയാണെങ്കിൽ, തിരുവചനപ്രകാരം നിങ്ങൾ പ്രഖ്യാപിച്ച വിധി, സ്വർഗ്ഗത്തിലും പ്രഖ്യാപിക്ക

പ്പെട്ടിരിക്കും. പാപത്തെ തെരഞ്ഞെടുക്കുന്നവർ ക്രിസ്തുവിനെ തിരസ്കരിക്കുന്നു. അവരുടെ പ്രവൃത്തികളെ സഭ അംഗീകരിക്കുന്നില്ലായെന്നു പരസ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം സഭയും ദൈവത്തെ അപമാനിക്കുകയാണ്. പാപത്തെക്കുറിച്ചു ദൈവം എന്തു പറഞ്ഞിരിക്കുന്നുവോ അതു സഭയും പറയേണ്ടതാണ്. ദൈവം നിർദ്ദേശിക്കുന്നതുപോലെ സഭ അതിനെ കൈകാര്യം ചെയ്യണം. അപ്പോൾ സഭയുടെ പ്രവൃത്തി സ്വർഗ്ഗം ശരിവയ്ക്കുന്നു. സഭയുടെ അധികാരത്തെ അവഗണിക്കുന്നവൻ, ക്രിസ്തുവിന്റെ അധികാരത്തെയും അവഗണിക്കുന്നു.

ഈ ചിത്രത്തിന്റെ കൂടുതൽ പ്രകാശപൂർണ്ണമായ വേറൊരു വശമുണ്ട്. "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ, അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു." ഈ ആശയം ക്രിസ്തുവിന്റെ ശിഷ്യന്മാർ പരമപ്രധാനമായി കാത്തുസൂക്ഷിക്കട്ടെ. തെറ്റിൽ അകപ്പെടുന്നവർക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ, എല്ലാ കണ്ണുകളും ക്രിസ്തുവിങ്കലേക്കു തിരിയട്ടെ. കർത്താവിന്റെ മേച്ചിൽപ്പുറത്തെ ആട്ടിൻകൂട്ടത്തെ, സ്നേഹത്തോടെ ഇടയന്മാർ കാക്കട്ടെ. കർത്താവിന്റെ പാപക്ഷമയെക്കുറിച്ച്, തെറ്റിൽ പതിക്കുന്നവരോട്, കർത്തൃദാസന്മാർ പറയട്ടെ. പാപിയുടെ അനുതാപത്തിനും, ക്രിസ്തുവിൽ വിശ്വാസം അർപ്പിക്കുന്നതിനും പ്രോത്സാഹനം നൽകട്ടെ. "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ, അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹ. 1:9). ഈ സത്യം ശക്തിയോടെ അവർ പ്രഖ്യാപിക്കട്ടെ. "അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും; നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും; അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും" (മീഖാ 7:19). അനുതപിക്കുന്ന ഏവർക്കും ഈ അനുഭവം ലഭിക്കും.

പാപി അനുതപിക്കുമ്പോൾ, സഭ സന്തോഷത്തോടെ അത് അംഗീകരിക്കണം. അനുതപിക്കുന്ന പാപിയെ പാപത്തിന്റെ അന്ധകാരത്തിൽനിന്നു വിശ്വാസത്തിന്റെയും നീതിയുടെയും പ്രകാശത്തിലേക്കു നയിക്കണം. ബലഹീനമായ അവന്റെ കരത്തെ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് ഏല്പിക്കണം. ഇപ്രകാരമുള്ള പാപമോചനം സ്വർഗ്ഗം അംഗീകരിക്കുന്നു.

ഈ അർത്ഥത്തിൽ മാത്രമേ മറ്റുള്ളവർക്കു പാപമോചനം നല്കുവാൻ സഭയെ അധികാരപ്പെടുത്തിയിട്ടുള്ളു. ക്രിസ്തുവിൽക്കൂടെ മാത്രമേ പാപമോചനം സാദ്ധ്യമാകുകയുള്ളു. പാപത്തിൽനിന്ന് ഒരു വ്യക്തിയെ മോചിപ്പിക്കുവാനുള്ള അധികാരം ഒരു വ്യക്തിക്കോ, സമൂഹത്തിനോ നൽകിയിട്ടില്ല. സകല ജാതികളുടെയും ഇടയിൽ ക്രിസ്തു നല്കുന്ന പാപമോചനത്തെക്കുറിച്ചു പ്രസംഗിക്കുവാൻ ശിഷ്യന്മാർക്ക് അധികാരം ലഭിച്ചു. എന്നാൽ പാപത്തിന്റെ ഒരു കറ പോലും നീക്കുവാനുള്ള അധികാരം അവർക്കു നല്കപ്പെട്ടിട്ടില്ല. യേശുവിന്റെ നാമമല്ലാതെ, "നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല" (അപ്പൊ. 4:12).

പുനരുത്ഥാനത്തിനുശേഷം മാളികമുറിയിൽവച്ചു ശിഷ്യന്മാരെ യേശു ആദ്യമായി കണ്ടപ്പോൾ തോമസ് എന്ന ശിഷ്യൻ അവരോടുകൂടെ ഇല്ലായിരുന്നു. മറ്റുള്ളവരിൽനിന്നു തോമസ് യേശു പുനരുത്ഥാനം ചെയ്ത വാർത്ത അറിഞ്ഞു. യേശു ഉയിർത്തെഴുന്നേറ്റു എന്നതിനു ധാരാളം തെളിവുകൾ തോമസിനു ലഭിച്ചുവെങ്കിലും, അവൻ വിശ്വസിപ്പാൻ ഒരുക്കമുള്ളവനായിരുന്നില്ല. ഉയിർത്തെഴുന്നേറ്റ ക്രിസ്തു, ശിഷ്യന്മാർക്കു പ്രത്യക്ഷമായി എന്നു തോമസ് കേട്ടപ്പോൾ, തോമസ് വിശ്വസിച്ചില്ല. മരിച്ചവരിൽനിന്നു യേശു യഥാർത്ഥമായി ഉയിർത്തെഴുന്നേറ്റുവെങ്കിൽ, ഭൗമിക രാജ്യസ്ഥാപനത്തെക്കുറിച്ച് ഇനി പ്രതീക്ഷിക്കേണ്ടതില്ലായെന്നു തോമസ് വിചാരിച്ചു. താൻ ഒഴിച്ചു മറ്റെല്ലാവർക്കും ക്രിസ്തു പ്രത്യക്ഷനായി എന്ന വാർത്ത, തോമസിന്റെ അഹന്തയെ മുറിപ്പെടുത്തി. ഈ വാർത്ത താൻ വിശ്വസിക്കുന്നില്ലായെന്നു തോമസ് തീരുമാനിച്ചു. ഒരാഴ്ച മുഴുവൻ തോമസ് നിരാശയിൽ കഴിച്ചുകൂട്ടി. തോമസിന്റേതിൽനിന്നു വ്യത്യസ്തമായിരുന്നു, മറ്റു ശിഷ്യന്മാരുടെ അനുഭവം. അവർ പ്രത്യാശയും, വിശ്വാസവും ഉള്ളവരായിരുന്നു.

ഈ കാലഘട്ടത്തിൽ തോമസ് പലവുരു ആവർത്തിച്ചു പറഞ്ഞു: "ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും, ആണിപ്പഴുതിൽ വിരൽ ഇടുകയും, അവന്റെ വിലാപ്പുറത്തു കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല." തന്റെ സഹോദരന്മാരുടെ സാക്ഷ്യം സ്വീകരിപ്പാൻ തോമസിനു മനസ്സുണ്ടായിരുന്നില്ല. തന്റെ കർത്താവിനെ തോമസ് വളരെ സ്നേഹിച്ചിരുന്നു. എങ്കിലും തോമസിന്റെ ഹൃദയത്തിൽ അവിശ്വാസത്തിനു സ്ഥാനമുണ്ടായിരുന്നു.

ശിഷ്യന്മാരിൽ പലരും, തങ്ങൾക്കു സുപരിചിതമായ മാളികമുറി, തങ്ങളുടെ താൽക്കാലിക വസതിയാക്കി മാറ്റി. തോമസ് ഒഴികെ മറ്റെല്ലാവരും വൈകുന്നേരങ്ങളിൽ അവിടെ കൂടിവന്നിരുന്നു. അവിശ്വാസം തന്നെ ഗ്രസിച്ചിരുന്നുവെങ്കിലും, ആ സദ്വാർത്ത സത്യമായിരിക്കാമെന്ന നേരിയ ഒരു ചിന്ത തോമസിനുണ്ടായിരുന്നു. അന്നു വൈകുന്നേരം തോമസും അവിടെ ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ വൈകുന്നേരത്തെ ആഹാരം കഴിച്ചുകൊണ്ടിരുന്നപ്പോൾ, ക്രിസ്തു പഠിപ്പിച്ചിരുന്ന പ്രവചനഭാഗങ്ങൾ അവർ ചർച്ച ചെയ്തുകൊണ്ടിരുന്നു. അപ്പോൾ, "വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നുകൊണ്ട്: നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു."

"പിന്നെ തോമസിനോട്: നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാൺക; നിന്റെ കൈ നീട്ടി എന്റെ വിലാപ്പുറത്ത് ഇടുക; അവിശ്വാസി ആകാതെ വിശ്വാസി ആയിരിക്കുക എന്നു പറഞ്ഞു." ഈ വാക്കുകൾ തെളിയിച്ചതു തോമസിന്റെ ഹൃദയനിരൂപണങ്ങളെയും വാക്കുകളെയും കർത്താവു നല്ലവണ്ണം അറിഞ്ഞിരുന്നുവെന്നാണ്. തന്റെ സഹോദരന്മാരാരുംതന്നെ ഒരാഴ്ചയായി കർത്താവിനെ കണ്ടിരുന്നില്ലായെന്നു തോമസ് മനസ്സിലാക്കി. തന്റെ അവിശ്വാസത്തെക്കുറിച്ച് അവരാരും തന്നെ കർത്താവിനോടു പറഞ്ഞിട്ടില്ലായെന്നു തോമസിന് അറിയാമായിരുന്നു. തോമസ് കർത്താവിനെ കണ്ടു, തിരിച്ചറിഞ്ഞു. അതിൽ കൂടുതൽ തെളിവ് അവനാവശ്യമില്ലായിരുന്നു. അവന്റെ

ഹൃദയം സന്തോഷംകൊണ്ടു ത്രസിച്ചു. “എന്റെ കർത്താവും, എന്റെ ദൈവവുമായുള്ളോവേ” എന്നു നിലവിളിച്ചുകൊണ്ടു തോമസ് കർത്താവിന്റെ പാദങ്ങളിൽ വീണു.

തോമസ് തന്നെ സ്വീകരിച്ചു എന്ന വസ്തുത ക്രിസ്തു അംഗീകരിച്ചു. എങ്കിലും അവന്റെ അവിശ്വാസത്തെ കർത്താവു സ്നേഹപൂർവ്വം ശാസിച്ചു. “നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ.” തോമസ്, തന്റെ സഹോദരന്മാരുടെ സാക്ഷ്യം വിശ്വസിച്ചിരുന്നുവെങ്കിൽ, അവന്റെ വിശ്വാസം കർത്താവിനു കൂടുതൽ പ്രസാദകരമാകുമായിരുന്നു. തോമസിന്റെ മാർഗ്ഗം ഇന്നു ലോകം സ്വീകരിക്കയാണെങ്കിൽ ഒരുത്തനും വിശ്വാസത്തിലൂടെ രക്ഷയിലേക്കു കടന്നുവരികയില്ല. ക്രിസ്തുവിനെ സ്വീകരിക്കുന്നത്, മറ്റുള്ളവരുടെ സാക്ഷ്യത്തിലൂടെയാണ്.

സംശയത്തെ താലോലിക്കുന്നവർ തോമസിനെപ്പോലെ, പറയുന്നത്, “തെളിവുണ്ടെങ്കിൽ ഞങ്ങളും വിശ്വസിക്കു”മെന്നാണ്. എന്നാൽ ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ വിശ്വസിക്കുവാൻ തെളിവു ധാരാളമുണ്ട്. തോമസിനെപ്പോലെ, സംശയങ്ങളെല്ലാം തീർത്തിട്ടു വിശ്വസിക്കാമെന്നു കരുതിയാൽ, അങ്ങനെയുള്ളവർക്ക് ആഗ്രഹനിവൃത്തി വരുത്തുവാൻ കഴികയില്ല. അവർ ക്രമേണ അവിശ്വാസത്തിൽ പതിച്ചുപോകും. എപ്പോഴും ഇരുണ്ട വശത്തേക്കു നോക്കുകയും പരാതിയും അസംതൃപ്തിയും വച്ചുപുലർത്തുകയും ചെയ്യുന്നവർ സ്വയം മനസ്സിലാക്കുന്നില്ല. അവിശ്വാസത്തിന്റെ വിത്തുകൾ അവർ വിതയ്ക്കുകയാണ്. അവർ കൊയ്തെടുക്കുന്നത് അവിശ്വാസം തന്നെയാകുന്നു. വിശ്വാസവും സ്ഥിരതയും ആവശ്യമായിരിക്കുമ്പോൾ, മേല്പറഞ്ഞ തരത്തിലുള്ളവർ ആടിയുലഞ്ഞുപോകും.

തോമസിനു നല്കിയ ഉത്തരത്തിലൂടെ, കർത്താവ് എല്ലാവർക്കും ഒരു പാഠം നൽകുകയായിരുന്നു. തങ്ങളുടെ സംശയത്തെ വലുതാക്കുകയും, വിശ്വാസത്തെ ക്ഷീണിപ്പിക്കുകയും ചെയ്യുന്നവരോട്, നമ്മുടെ പെരുമാറ്റം എപ്രകാരമായിരിക്കണമെന്ന്, തോമസിനോടുള്ള പെരുമാറ്റത്തിലൂടെ കർത്താവു പഠിപ്പിച്ചു. യേശു തോമസിനെ ശകാരിച്ചില്ല. തോമസുമായി വാഗ്വാദത്തിലേർപ്പെടുകയും ചെയ്തില്ല. സംശയാലുവായ തോമസിന്, കർത്താവ്, തന്നെത്താൻ വെളിപ്പെടുത്തിക്കൊടുത്തു. തോമസ്, തന്റെ വിശ്വാസം ഉറപ്പിക്കുന്നതിന്, ചില വ്യവസ്ഥകൾ വച്ചു. ഇതു ദൈവികസ്വഭാവത്തിനു ചേരുന്ന ഒന്നായിരുന്നില്ല. എങ്കിലും, സ്നേഹനിധിയായ കർത്താവ്, തോമസിനോടു സ്നേഹത്തോടും ആർദ്രതയോടുംകൂടെ ഇടപെട്ടു. വാഗ്വാദംകൊണ്ട് അവിശ്വാസത്തെ തോല്പിക്കുക സാദ്ധ്യമല്ല. അവിശ്വാസം വച്ചുപുലർത്തുന്നതിന്, അനവധി ന്യായീകരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാധിച്ചേക്കും. എങ്കിലും ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ, ഉയർത്തിക്കാണിക്കയും അവന്റെ അതുല്യസ്നേഹത്തെ മറ്റുള്ളവർക്കു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുമ്പോൾ, അനേകം അവിശ്വസിക്കുന്ന അധരങ്ങളിൽനിന്ന്, “എന്റെ കർത്താവും, എന്റെ ദൈവവുമായുള്ളോവേ” എന്ന വിളി ഉയരും.

# 85

# ഒരിക്കൽക്കൂടി കടലിനരികെ

അവലംബം: യോഹന്നാൻ 21:1–22

യേശു ഗലീലയിൽവച്ചു ശിഷ്യന്മാരെ കാണുമെന്നു പറഞ്ഞിരുന്നു. പെസഹാപ്പെരുന്നാളിന്റെ ആഴ്ച കഴിഞ്ഞ ഉടനെത്തന്നെ അവർ ഗലീലയിലേക്കു പുറപ്പെട്ടു. പെസഹ ആചരിക്കുമ്പോൾ യെരൂശലേമിൽ ആയിരിക്കുക എന്നത് ഓരോ യെഹൂദനും ഒരു പദവിയായി കരുതിയിരുന്നു. പെസഹയിൽ പങ്കെടുക്കാതിരിക്കുക എന്നതു യെഹൂദനെ സംബന്ധിച്ചിടത്തോളം ഭക്തിരാഹിത്യവും ദൈവനിഷേധവുമായിരുന്നു. പെസഹാപ്പെരുന്നാൾ അവസാനിച്ചപ്പോൾ കർത്താവു പറഞ്ഞതനുസരിച്ചു ശിഷ്യന്മാർ ഗലീലയിലേക്കു പോയി.

ശിഷ്യന്മാരിൽ ഏഴുപേർ ആ കൂട്ടത്തിലുണ്ടായിരുന്നു. മീൻപിടുത്തക്കാരുടെ എളിമയെ വിളിച്ചറിയിക്കുന്ന വസ്ത്രമായിരുന്നു അവർ ധരിച്ചിരുന്നത്. ഭൗമികമായി അവർ സാധുക്കളായിരുന്നുവെങ്കിലും സത്യത്തിന്റെ പരിജ്ഞാനത്തിലും പ്രായോഗികതയിലും അവർ സമ്പന്നരായിരുന്നു. സ്വർഗ്ഗം അവർക്കു ഗുരുക്കന്മാരുടെ സ്ഥാനം നല്കി. പ്രവാചകന്മാരുടെ അദ്ധ്യ

യനശാലയിൽ അവർ പഠിച്ചിട്ടില്ലായിരുന്നു. എന്നാൽ ലോകം കണ്ടിട്ടുള്ളതിലേക്കും വലിയവനായ ഗുരുവിന്റെ കീഴിൽ അവർ മൂന്നുകൊല്ലം അഭ്യസനം നടത്തി. അങ്ങനെ അവർ ശ്രേഷ്ഠരും, സംസ്കാരസമ്പന്നരും, ബുദ്ധിമാന്മാരുമായി. അവർ മറ്റുള്ളവരെ സത്യത്തിന്റെ പരിജ്ഞാനത്തിലേക്കു നയിക്കുവാൻ കഴിവുള്ള ക്രിസ്തുവിന്റെ പ്രതിനിധികളായി.

ഗലീലക്കടലിന്റെ തീരത്തായിരുന്നു, ക്രിസ്തുവിന്റെ ശുശ്രൂഷയുടെ നല്ല പങ്കു നടന്നിരുന്നത്. ഗലീലയുടെ തീരത്തു വിജനമായ ഒരു സ്ഥലത്തു ശിഷ്യന്മാർ സമ്മേളിച്ചു. തങ്ങളുടെ ഗുരു തങ്ങളോടുകൂടെ നടന്നിരുന്നപ്പോൾ ഉണ്ടായ ചില അനുഭവങ്ങളെ ശിഷ്യന്മാർ ഓർത്തു. ഗലീലക്കടലിലെ കൊടുങ്കാറ്റിൽനിന്നു തങ്ങളെ രക്ഷിച്ചത് അവരുടെ സ്മരണയിൽ കടന്നുവന്നു. ഗലീലക്കടലിലൂടെ യേശു നടന്നത് അവർ ഓർത്തു. തിരമാലകൾ യേശുവിന്റെ ആജ്ഞ അനുസരിച്ചതും, പതിനായിരത്തിലധികം വരുന്ന ഒരു ജനസഞ്ചയത്തെ ഭക്ഷണം കൊടുത്തു തൃപ്തരാക്കിയ സംഭവവും അവരുടെ ഓർമ്മയിൽ ഓടിയെത്തി. അത്ഭുതങ്ങൾ അനവധി നടന്ന കഫർന്നഹൂമും അകലെയായിരുന്നില്ല. യേശു ശിഷ്യന്മാരുടെ മനസ്സിൽ നിറഞ്ഞുനിന്നിരുന്നു.

പ്രശാന്തമായ ഒരു സായം സന്ധ്യയായിരുന്നു അത്. മീൻപിടുത്തക്കാരനായ പത്രൊസ് മറ്റു ശിഷ്യന്മാരെയും മീൻപിടുത്തത്തിലേക്കു തിരികെപ്പോകുവാൻ ആഹ്വാനം ചെയ്തു. പത്രൊസിന്റെ അഭിപ്രായത്തോട് ഏവരും യോജിച്ചു. അവർക്കു ജീവസന്ധാരണം നടത്തേണ്ടതുണ്ടായിരുന്നു. ഒരു രാത്രിയിലെ മത്സ്യബന്ധനംകൊണ്ട് ആവശ്യത്തിനു പണം ഉണ്ടാക്കാൻ അവർക്കറിയാമായിരുന്നു. അതുകൊണ്ട് അവർ പടകിൽ കയറി മീൻ പിടിക്കുന്നതിനായി പോയി. രാത്രി മുഴുവനും അവർ പ്രയത്നിച്ചുവെങ്കിലും അവർക്ക് ഒറ്റ മീൻപോലും കിട്ടിയില്ല. ക്ഷീണിച്ച ശിഷ്യന്മാർ കർത്താവിനെക്കുറിച്ചു സംസാരിച്ചു. കർത്താവിന്റെ അത്ഭുതങ്ങളെ അവർ ഓർത്തു. തങ്ങളുടെ ഭാവിയെക്കുറിച്ച് അവർ ആശങ്കാകുലരും അജ്ഞരും ആയിരുന്നു.

ഈ സമയമെല്ലാം ഒരാൾ ഏകനായി നിന്നുകൊണ്ട് അവരെ വീക്ഷിക്കുന്നുണ്ടായിരുന്നു. അവൻ, അവർക്കു ദൃഷ്ടിഗോചരനായിരുന്നില്ല. നേരം പ്രഭാതമായി വരുന്നതേ ഉണ്ടായിരുന്നുള്ളു. ശിഷ്യന്മാരുടെ പടകു കരയ്ക്ക് അടുത്തപ്പോൾ ഒരപരിചിതൻ കരയിൽ നിൽക്കുന്നത് അവർ കണ്ടു. അവൻ അവരോടു ചോദിച്ചു: “കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ?” “ഇല്ലാ” യെന്ന് അവർ ഉത്തരം പറഞ്ഞു. “പടകിന്റെ വലത്തുഭാഗത്തു വല വീശുവിൻ; എന്നാൽ നിങ്ങൾക്കു കിട്ടും എന്ന് അവൻ അവരോടു പറഞ്ഞു. അവർ വീശി; മീനിന്റെ പെരുപ്പം ഹേതുവായി അതു വലിപ്പാൻ കഴിഞ്ഞില്ല.”

യോഹന്നാൻ, ആ അപരിചിതനെ മനസ്സിലാക്കി. “അതു കർത്താവ് ആകുന്നു,” യോഹന്നാൻ പത്രൊസിനോടു പറഞ്ഞു. അതു കേട്ടപ്പോൾ സന്തോഷാധിക്യത്താൽ പത്രൊസ് കടലിൽ ചാടി; പെട്ടെന്നു കർത്താവിന്റെ സന്നിധിയിൽ ചെന്നുനിന്നു. മറ്റു ശിഷ്യന്മാർ പടകിൽത്തന്നെ ഇരുന്നു. അവർ

മീൻ നിറഞ്ഞ വല ഇഴച്ചുംകൊണ്ടു കരയ്ക്കെത്തി. "കരയ്ക്ക് ഇറങ്ങിയപ്പോൾ, അവർ തീക്കനലും അതിന്മേൽ മീൻ വച്ചിരിക്കുന്നതും അപ്പവും കണ്ടു."

തീയും ആഹാരവും എവിടെനിന്നു വന്നുവെന്നു ചോദിപ്പാൻ പോലും കഴിയാതെ ശിഷ്യന്മാർ അത്ഭുതസ്തബ്ധരായി. "ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടുവരുവിൻ" എന്നു യേശു പറഞ്ഞു. ശിമോൻ പത്രൊസ്, താൻ ഇട്ടിട്ടു പോന്ന വലയ്ക്കു പിടിക്കുവാൻ ഓടി. വല വലിച്ചു കരയ്ക്കു കയറ്റുവാൻ സഹോദരന്മാരെ പത്രൊസ് സഹായിച്ചു. ജോലി തീർന്നശേഷം യേശു ഭക്ഷണത്തിനായി ശിഷ്യന്മാരെ ക്ഷണിച്ചു. യേശു അപ്പം വിഭാഗിച്ചു വിളമ്പിക്കൊടുത്തു. അവിടെ ഉണ്ടായിരുന്ന ഏഴു ശിഷ്യന്മാരും യേശുവിനെ തിരിച്ചറിഞ്ഞു. ഒരു സ്ഥലത്തുവച്ചു യേശു അയ്യായിരം പേരെ ആഹാരം നല്കി സംതൃപ്തരാക്കിയ സംഭവം അവർ ഓർത്തു. എന്നാൽ അത്ഭുതപൂർവ്വമായ ഒരു ഭയം അവരെ ഗ്രസിച്ചിരുന്നു. പുനരുത്ഥാനം ചെയ്ത രക്ഷകനെ അവർ നിർന്നിമേഷരായി നോക്കിനിന്നു.

"എന്നെ അനുഗമിക്ക" എന്നു യേശു മുമ്പു പറഞ്ഞത് അവരുടെ സ്മരണയിൽ കടന്നുവന്നു. കർത്താവു പറഞ്ഞപ്പോൾ അവർ ആഴത്തിലേക്കു വലയിറക്കിയതും മീനിന്റെ പെരുപ്പംകൊണ്ടു വല പൊട്ടിപ്പോകുമെന്നു ഭയപ്പെട്ടതുമെല്ലാം അവരുടെ മനസ്സിൽക്കൂടെ കടന്നുപോയി. വലയും പടകും എല്ലാം ഉപേക്ഷിച്ചിട്ടു തന്നെ അനുഗമിപ്പിൻ എന്നു കർത്താവു കല്പിച്ചതും "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" എന്ന കർത്താവിന്റെ വാഗ്ദത്തവും അവർ ഓർത്തു. ഇതെല്ലാം ഓർക്കുന്നതിനുവേണ്ടിയും തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ഓർമ്മ പുതുക്കുന്നതിനുവേണ്ടിയുമായിരുന്നു ഈ അത്ഭുതം പ്രവർത്തിച്ചത്. തന്റെ മരണം നിമിത്തം ശിഷ്യന്മാരുടെ ഉത്തരവാദിത്വം കുറയുകയല്ല, കൂടുകയാണ് ഉണ്ടായിട്ടുള്ളതെന്നു കർത്താവിന്റെ അത്ഭുതം അവരെ അനുസ്മരിപ്പിച്ചു. ഇനിമേൽ താൻ അവരോടുകൂടെ ആളത്വത്തിൽ കൂടെയില്ലെങ്കിലും, അവർ മുഴുസമയവും തന്റെ വേലയിൽ വ്യാപൃതരാകുമ്പോൾ, അവരുടെ ഭൗമികമായ ആവശ്യങ്ങളെല്ലാം നിറവേറ്റിക്കൊടുക്കുമെന്നു കർത്താവു തന്റെ ശിഷ്യന്മാർക്ക് ഉറപ്പുനല്കി. പടകിന്റെ വലത്തുവശത്തു വലയിറക്കുവാൻ ആജ്ഞാപിച്ചതിന് ഒരു ഉദ്ദേശ്യമുണ്ടായിരുന്നു. ആ വശം കരയിൽ കർത്താവു നിന്നിരുന്ന സ്ഥാനത്തെ അഭിമുഖീകരിച്ചിരുന്നു. അതു വിശ്വാസത്തിന്റെ വശമായിരുന്നു. കർത്താവിനോടു ചേർന്നു പ്രവർത്തിക്കുമ്പോൾ വിജയം സുനിശ്ചിതമാണ് എന്ന് അതു പഠിപ്പിച്ചു.

വേറൊരു പാഠവും പഠിപ്പിക്കുവാൻ കർത്താവ് ഈ സന്ദർഭം ഉപയോഗിച്ചു. പത്രൊസിനെ പ്രത്യേകം ഉദ്ദേശിച്ചായിരുന്നു ഈ പാഠം നല്കിയത്. കർത്താവിനെ ഒരിക്കലും തള്ളുകയില്ലായെന്നു പറഞ്ഞ പത്രൊസിനെ വളരെ സ്പർശിക്കുന്ന ഒരു പാഠമായിരുന്നു അത്. ക്രിസ്തുവിനെ തള്ളിപ്പറഞ്ഞ പത്രൊസ്, മറ്റു ശിഷ്യന്മാരുടെ അവിശ്വാസം സമ്പാദിച്ചു. തങ്ങളുടെ ഇടയിൽ മുമ്പുണ്ടായിരുന്ന സ്ഥാനം പത്രൊസിന് ഇനിയും നല്കുകയില്ലായെന്ന്

അവർ തീരുമാനിച്ചു. മറ്റുള്ളവരുടെ വിശ്വാസം നഷ്ടപ്പെടുത്തിയ പത്രൊസിന് അതു വീണ്ടെടുക്കാൻ കഴിയുമോ എന്ന സംശയം ഉണ്ടായിരുന്നു. ഇനിയും കർത്താവു തന്നെ വിളിക്കുന്നതിനുമുമ്പായി മറ്റുള്ളവരുടെ മുമ്പിൽ യഥാർത്ഥ അനുതാപത്തിന്റെ തെളിവു കാണിക്കുവാൻ പത്രൊസ് ആഗ്രഹിച്ചു. കർത്താവു തന്റെ പാപം ക്ഷമിച്ചുവെന്നു പത്രൊസിനറിയാമായിരുന്നുവെങ്കിലും, തന്റെ സഹോദരന്മാരുടെ വിശ്വാസം നേടുന്നതിനു പരസ്യമായ ഒരു അനുതാപം ആവശ്യമാണെന്നു പത്രൊസ് കരുതി. അതിനൊരവസരം കർത്താവു നല്കുകയും ചെയ്തു. പത്രൊസിന്റെ അവിശ്വാസം വരുത്തിവച്ച പരാജയം മാറ്റുവാൻ, ഈ അവസരം പത്രൊസ് പ്രയോജനപ്പെടുത്തിയതുകൊണ്ട്, ഒരളവുവരെ സാധിച്ചു.

എല്ലാ ക്രിസ്തീയ വിശ്വാസികൾക്കും ഇതൊരു പാഠമാണ്. തിന്മയുമായി സുവിശേഷത്തിന് ഒരു പങ്കുമില്ല. പാപത്തിന് ഒഴികഴിവു കണ്ടുപിടിക്കാൻ സുവിശേഷത്തിനു കഴിയുകയില്ല. രഹസ്യപാപങ്ങൾ രഹസ്യത്തിൽ ദൈവത്തോട് ഏറ്റുപറഞ്ഞു മാപ്പിരക്കണം. എന്നാൽ പരസ്യപാപങ്ങൾ പരസ്യമായിത്തന്നെ ഏറ്റുപറയണം. ഒരു വിശ്വാസി ചെയ്യുന്ന പാപത്തിന്റെ അപമാനം ക്രിസ്തു വഹിക്കേണ്ടിവരുന്നു. ഒരുവൻ പാപം ചെയ്യുമ്പോൾ സാത്താൻ വിജയിക്കുന്നു. ബലഹീനരായ മറ്റുള്ളവരുടെ വീഴ്ചയ്ക്കും അതു കാരണമാകുന്നു. ഒരു ക്രിസ്തീയ വേലക്കാരൻ അനുതപിക്കുമ്പോൾ, താൻ ക്രിസ്തുവിനുമേൽ കൊണ്ടുവന്ന അപമാനം ഒരളവുവരെ ഇല്ലാതാവുന്നു.

ക്രിസ്തു ശിഷ്യന്മാരോടൊത്തു പ്രാതൽ കഴിച്ചുകൊണ്ടിരുന്നപ്പോൾ, പത്രൊസിനോടു ചോദിച്ചു: “ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?” പത്രൊസ് മുമ്പൊരിക്കൽ പറഞ്ഞു: “എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഒരുനാളും ഇടറുകയില്ല” (മത്തായി 26:33). എന്നാൽ പത്രൊസ് ഈ സന്ദർഭത്തിൽ കുറേക്കൂടി ശരിയായ സ്വയം വിലയിരുത്തൽ നടത്തി. പത്രൊസ് പറഞ്ഞു: “ഉവ്വ്, കർത്താവേ, എനിക്കു നിന്നോടു പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലോ.” പത്രൊസിന്റെ പ്രസ്താവനയിൽ സ്വയം പുകഴ്ത്തൽ ഒട്ടും ഇല്ലായിരുന്നു. തന്നെക്കുറിച്ച് അമിതമായ ആത്മവിശ്വാസം പത്രൊസ് കാണിച്ചില്ല. തന്നെ നല്ലവണ്ണം അറിയുന്ന കർത്താവു തന്റെ ആത്മാർത്ഥതയെ വിധിക്കേണമേ എന്നായിരുന്നു പത്രൊസ് അർത്ഥമാക്കിയത്. “എനിക്കു നിന്നോടു പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലോ?” യേശു പത്രൊസിനോടു പറഞ്ഞു: “എന്റെ കുഞ്ഞാടുകളെ മേയ്ക്ക.”

യേശു വീണ്ടും ആ ചോദ്യംതന്നെ ആവർത്തിച്ചു: “യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?” “ഇവരിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ” എന്നു കർത്താവു ചോദിച്ചില്ല. പത്രൊസിന്റെ ഉത്തരത്തിൽ ഒട്ടും ആത്മപ്രശംസ ഇല്ലായിരുന്നു. പത്രൊസ് പറഞ്ഞു: “ഉവ്വ്, കർത്താവേ, എനിക്കു നിന്നോടു പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലോ.” യേശു വീണ്ടും പറഞ്ഞു: “എന്റെ ആടുകളെ പാലിക്ക.” ഒരിക്കൽക്കൂടി കർത്താവ് ഈ ചോദ്യം ആവർത്തിച്ചു: “യോഹന്നാന്റെ മകനായ ശിമോനേ,

നിനക്ക് എന്നോടു പ്രിയമുണ്ടോ?" മൂന്നാമതും ഇതേ ചോദ്യം കർത്താവു ചോദിക്കയിൽ പത്രൊസ് ദുഃഖിച്ചു. യേശു തന്റെ ആത്മാർത്ഥതയെ സംശയിക്കുന്നുവെന്നു പത്രൊസ് വിചാരിച്ചു. തന്നെ അവിശ്വസിക്കുവാൻ മതിയായ കാരണമുണ്ടെന്നു പത്രൊസിന് അറിയാമായിരുന്നു. തേങ്ങുന്ന ഹൃദയത്തോടെ പത്രൊസ് പറഞ്ഞു: "കർത്താവേ, നീ സകലവും അറിയുന്നു; എനിക്കു നിന്നോടു പ്രിയമുണ്ട് എന്നും നീ അറിയുന്നു." യേശു അവനോട്: "എന്റെ ആടുകളെ മേയ്ക്ക" എന്നു പറഞ്ഞു.

മൂന്നു പ്രാവശ്യം പത്രൊസ് പരസ്യമായി തന്റെ കർത്താവിനെ തള്ളിപ്പറഞ്ഞു. മൂന്നു പ്രാവശ്യം പത്രൊസ്, കർത്താവിനോടുള്ള തന്റെ സ്നേഹത്തെ ഏറ്റുപറഞ്ഞു. കർത്താവിന്റെ ചോദ്യം കൂർത്ത അമ്പുപോലെ പത്രൊസിന്റെ ഹൃദയത്തിലൂടെ കടന്നുപോയി. മറ്റു ശിഷ്യന്മാരുടെ മുമ്പാകെ പത്രൊസിന്റെ അനുതാപത്തിന്റെ ആഴം കർത്താവു കാണിച്ചുകൊടുത്തു.

പത്രൊസ് ഒരു വികാരജീവിയും ധൃതഗതിക്കാരനും ആയിരുന്നു. പത്രൊസിനെ വീഴിക്കുവാൻ, സാത്താൻ അവന്റെ ബലഹീനതകളെ മുതലെടുത്തു. പത്രൊസിന്റെ വീഴ്ചയ്ക്കുമുമ്പ്, കർത്താവു പത്രൊസിനോടു പറഞ്ഞു: "ശിമോനേ, ശിമോനേ, സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ടതിനു കല്പന ചോദിച്ചു. ഞാനോ, നിന്റെ വിശ്വാസം പൊയ്പ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു; എന്നാൽ നീ ഒരു സമയം തിരിഞ്ഞുവന്നശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക" (ലൂക്കൊസ് 22:31,32). പത്രൊസിന്റെ തിരിച്ചുവരവിന്റെ സമയമായിരുന്നു ഇപ്പോൾ. പത്രൊസിന്റെ രൂപാന്തരം വളരെ വ്യക്തമായിരുന്നു. കർത്താവിന്റെ ചോദ്യങ്ങൾക്ക്, ആത്മാർത്ഥതയുള്ള ഉത്തരമാണു കർത്താവു പ്രതീക്ഷിച്ചത്. പത്രൊസിന്റെ നിരുപാധികമായ കീഴ്പ്പെടൽ, തന്നെ നല്ല ഒരു ഇടയനാക്കി രൂപാന്തരപ്പെടുത്തുവാൻ വളരെ സഹായിച്ചു.

പത്രൊസിനെ കർത്തൃശുശ്രൂഷയിലേക്കു വീണ്ടും നിയോഗിച്ചപ്പോൾ, കർത്താവു പത്രൊസിനെ ഏല്പിച്ച ഒന്നാമത്തെ ജോലി തന്റെ ആടുകളെ മേയ്ക്കുവാനായിരുന്നു. പത്രൊസിനു തികച്ചും അപരിചിതമായ വേലയായിരുന്നു അത്. ആർദ്രതയോടുകൂടിയ കരുതലും, സൂക്ഷ്മതയും സഹിഷ്ണുതയും അതിന് ആവശ്യമാണ്. വിശ്വാസത്തിൽ പക്വത പ്രാപിക്കാത്തവരെയും അറിവില്ലാത്തവരെയും ശുശ്രൂഷിപ്പാനും തിരുവചനം അഭ്യസിപ്പിക്കുവാനുമുള്ള പരിശീലനം ലഭിക്കുവാനായിരുന്നു പത്രൊസിനെ കർത്താവു വിളിച്ചത്. ഇതുവരെയും പത്രൊസ് അതിനു യോഗ്യനായിരുന്നില്ല. സുവിശേഷവേലയുടെ പ്രാധാന്യം മനസ്സിലാക്കുവാൻപോലും പത്രൊസിനു കഴിവില്ലായിരുന്നു. എന്നാൽ പത്രൊസിന്റെ അനുതാപവും, നുറുങ്ങിയ ഹൃദയവും, വിനയവും ഈ വേലയ്ക്കു തന്നെ യോഗ്യനാക്കിത്തീർത്തു.

പത്രൊസ് പെട്ടെന്നുണ്ടാകുന്ന വികാരത്തിനടിമപ്പെടുന്നവനും ചിന്തിക്കാതെ സംസാരിക്കുന്ന സ്വഭാവക്കാരനുമായിരുന്നു. മറ്റുള്ളവരെ തിരുത്തുവാൻ പത്രൊസ് തിടുക്കം കാട്ടിയിരുന്നു. എന്നാൽ മാനസാന്തരപ്പെട്ട പത്രൊസ് ഒരു വ്യത്യസ്ത വ്യക്തിയായിത്തീർന്നു. മുമ്പുണ്ടായിരുന്ന

തീക്ഷ്ണതയും ഊർജ്ജസ്വലതയും തനിക്കു നഷ്ടപ്പെട്ടില്ല. എന്നാൽ ക്രിസ്തുവിന്റെ കൃപ അവനെ നയിച്ചിരുന്നു. അമിതമായ ആത്മവിശ്വാസം, ആവേശം, സ്വയപ്പുകഴ്ച ഇതെല്ലാം പത്രൊസിൽനിന്ന് അപ്രത്യക്ഷമായി. ശാന്തതയും, പക്വതയും, അനുസരിപ്പാനുള്ള മനസ്സും പത്രൊസിൽ പ്രകടമായി. ക്രിസ്തുവിന്റെ ആട്ടിൻകൂട്ടത്തെ മേയിപ്പാനുള്ള പ്രാപ്തി പത്രൊസിനു ലഭിച്ചു.

കർത്താവു പത്രൊസിനു നല്കിയ ഉപദേശത്തിൽനിന്നും മറ്റു ശിഷ്യന്മാർക്കും പഠിക്കുവാനുണ്ടായിരുന്നു. തെറ്റിൽ പതിക്കുന്നവരോടു ദയയും സഹിഷ്ണുതയും സ്നേഹവും കാട്ടണമെന്നു ക്രിസ്തു പഠിപ്പിച്ചു. പത്രൊസ് കർത്താവിനെ തള്ളിപ്പറഞ്ഞപ്പോഴും പത്രൊസിനോടുള്ള കർത്താവിന്റെ സ്നേഹത്തിന് ഒരു കുറവും വന്നില്ല. അതേ സ്നേഹമായിരിക്കണം ഓരോ ശുശ്രൂഷകനും തന്നെ ഭരമേല്പിച്ചിട്ടുള്ള ആട്ടിൻകൂട്ടത്തോടു കാണിക്കേണ്ടത്. പത്രൊസിന് ഉണ്ടാകേണ്ടിയിരുന്ന മാറ്റം എപ്രകാരമായിരിക്കണമെന്നു ക്രിസ്തു മാതൃക കാണിച്ചുകൊടുത്തു.

പത്രൊസിനോടുള്ള ക്രിസ്തുവിന്റെ ചോദ്യം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ശിഷ്യത്വത്തിന്റെയും സേവനത്തിന്റെയും അടിസ്ഥാന വ്യവസ്ഥ അതിൽ അടങ്ങിയിരിക്കുന്നു. “നീ എന്നെ സ്നേഹിക്കുന്നുവോ?” ഒരു ശുശ്രൂഷകന് ഏറ്റവും അത്യന്താപേക്ഷിതമായ യോഗ്യതയാണത്. മറ്റെല്ലാ ഗുണങ്ങളും ഉണ്ടായിരുന്നാലും, ക്രിസ്തുവിനെ സ്നേഹിക്കാതെ, കുഞ്ഞാടുകളെ മേയ്പാൻ സാദ്ധ്യമല്ല. അറിവ്, ദാനശീലം, വാഗ്മിത്വം, നന്ദി, തീക്ഷ്ണത ഇവയെല്ലാം നല്ല വേല ചെയ്യുന്നതിനു സഹായിക്കും. എന്നാൽ ക്രിസ്തുവിനോടു സ്നേഹമില്ലായെങ്കിൽ, ക്രിസ്തീയ വേലക്കാരന്റെ പ്രവർത്തനം പരാജയമാണ്.

യേശു പത്രൊസിനെയും കൂട്ടി അല്പം ദൂരത്തേക്കു നടന്നു. പത്രൊസിനോടു മാത്രമായി ചില കാര്യങ്ങൾ പറയുവാനുണ്ടായിരുന്നു. ക്രൂശുമരണത്തിനുമുമ്പു കർത്താവ്, പത്രൊസിനോടു പറഞ്ഞു: “ഞാൻ പോകുന്ന ഇടത്തേക്കു നിനക്ക് ഇപ്പോൾ എന്നെ അനുഗമിപ്പാൻ കഴിയുകയില്ല; പിന്നത്തേതിൽ നീ എന്നെ അനുഗമിക്കും.” പത്രൊസ് ഇപ്രകാരം പറഞ്ഞു: “കർത്താവേ, ഇപ്പോൾ എനിക്കു നിന്നെ അനുഗമിപ്പാൻ കഴിയാത്തത് എന്ത്? ഞാൻ എന്റെ ജീവനെ നിനക്കുവേണ്ടി വച്ചുകളയും” (യോഹ. 13:37). പത്രൊസ് ഇങ്ങനെ പറഞ്ഞപ്പോൾ ഭാവിയെക്കുറിച്ചു തികച്ചും അജ്ഞനായിരുന്നു. ക്രിസ്തു, തന്നെ എവിടേക്കെല്ലാം നയിക്കുമെന്ന് അവൻ അറിഞ്ഞിരുന്നില്ല. പരീക്ഷിക്കപ്പെട്ടപ്പോൾ, പത്രൊസ് പരാജയമടഞ്ഞു. എങ്കിലും തന്റെ ഗുരുവിനോടുള്ള സ്നേഹം തെളിയിക്കുവാൻ വീണ്ടും അവസരം ലഭിച്ചു. ക്രിസ്തു ഭാവിയെ, പത്രൊസിനു വെളിപ്പെടുത്തി: “നീ യൗവനക്കാരനായിരുന്നപ്പോൾ, നീ തന്നെ അരകെട്ടി ഇഷ്ടമുള്ളേടത്തു നടന്നു; വയസ്സനായ ശേഷമോ നീ കൈ നീട്ടുകയും, മറ്റൊരുത്തൻ നിന്റെ അരകെട്ടി നിനക്ക് ഇഷ്ടമില്ലാത്ത ഇടത്തേക്കു നിന്നെ കൊണ്ടുപോകുകയും ചെയ്യും. അതി

നാൽ തന്റെ മരണംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുമെന്ന് അവൻ സൂചിപ്പിച്ചു."

പത്രൊസിന്റെ മരണത്തെക്കുറിച്ചു കർത്താവു സൂചന നല്കി. പത്രൊസ് കുരിശിന്മേൽ വധിക്കപ്പെടുമെന്നു കർത്താവിന് അറിയാമായിരുന്നു. യേശു പത്രൊസിനോടു തുടർന്നു പറഞ്ഞു: "എന്നെ അനുഗമിക്ക." തന്റെ മരണം ഇന്ന വിധമായിരിക്കുമെന്നറിഞ്ഞതിൽ പത്രൊസ് അധൈര്യപ്പെട്ടില്ല. തന്റെ രക്ഷകനുവേണ്ടി എന്തും സഹിപ്പാൻ പത്രൊസ് ഒരുക്കമായിക്കഴിഞ്ഞു.

മറ്റനേകരെപ്പോലെ ക്രിസ്തുവിനെ പത്രൊസ് ശരിയായി അറിഞ്ഞിരുന്നില്ല. എന്നാൽ ക്രിസ്തുവുമായുള്ള സംഭാഷണം കഴിഞ്ഞതോടുകൂടെ, പത്രൊസിന്റെ കാഴ്ചപ്പാടു മാറി. ക്രിസ്തു ജഡത്തിൽ ആയിരുന്നപ്പോൾ, താൻ അറിഞ്ഞിരുന്നതുപോലെയും സഹകരിച്ചതുപോലെയും ഇനിയും തുടരുവാൻ സാദ്ധ്യമല്ലായെന്നു പത്രൊസ് മനസ്സിലാക്കി. ഒരു മനുഷ്യനെന്ന നിലയിലും, സ്വർഗ്ഗത്തിൽനിന്നു വന്ന ഗുരുവെന്ന നിലയിലും യേശുവിനെ പത്രൊസ് സ്നേഹിച്ചിരുന്നു. എന്നാൽ ഇപ്പോൾ മുതൽ, തന്റെ ദൈവമെന്ന നിലയിൽ പത്രൊസ്, ക്രിസ്തുവിനെ സ്നേഹിച്ചു. ക്രിസ്തു തനിക്ക് എല്ലാറ്റിലും എല്ലാമെന്നു പത്രൊസ് മനസ്സിലാക്കി. തന്റെ അരുമനാഥന്റെ ത്യാഗോജ്ജ്വലമായ ദൗത്യത്തിൽ ഒരു പങ്കാളി ആകുവാൻ പത്രൊസ് ഒരുങ്ങിക്കഴിഞ്ഞു. പത്രൊസിന്റെ ക്രൂശീകരണസമയത്തു സ്വന്ത അപേക്ഷപ്രകാരം പത്രൊസിനെ തലകീഴായി ക്രൂശിച്ചു. തന്റെ ഗുരുവിനെപ്പോലെ ക്രൂശിക്കപ്പെട്ടാൽ താൻ അർഹിക്കുന്നതിനെക്കാൾ വലിയ ഒരു ബഹുമതിയായിരിക്കും എന്ന വിചാരമാണു തലകീഴായി ക്രൂശിക്കപ്പെടാൻ പത്രൊസിനെ പ്രേരിപ്പിച്ചത്.

"എന്നെ അനുഗമിക്ക" എന്ന കർത്താവിന്റെ ആജ്ഞ പത്രൊസിനെ സംബന്ധിച്ചിടത്തോളം വിലയേറിയ ഒന്നായിരുന്നു. തന്റെ മരണത്തിനുവേണ്ടി മാത്രമല്ല, ജീവിതത്തിന്റെ ഓരോ ചുവടുവയ്പിനും വേണ്ടതായ ഉപദേശം അതിലടങ്ങിയിരിക്കുന്നു. ഇതുവരെയും സ്വതന്ത്രമായി പ്രവർത്തിക്കുവാനുള്ള പ്രവണതയായിരുന്നു പത്രൊസിനുണ്ടായിരുന്നത്. ദൈവത്തിന്റെ സമയത്തിനുവേണ്ടി കാത്തിരിക്കാതെ ദൈവവേല ചെയ്യുവാൻ പത്രൊസ് സ്വയം പദ്ധതി തയ്യാറാക്കി. എന്നാൽ പത്രൊസ് കർത്താവിന്റെ സമയത്തിനുവേണ്ടി കാത്തുനിൽക്കാഞ്ഞതിനാൽ ഒന്നും നേടുവാൻ കഴിഞ്ഞില്ല. യേശു പറഞ്ഞത്, "എന്നെ അനുഗമിക്ക" എന്നായിരുന്നു. യേശുവിന്റെ മുമ്പിൽ കയറിപ്പോകുവാൻ യേശു ആവശ്യപ്പെട്ടില്ല. യേശുവിന്റെ പിന്നിൽ നിൽക്കുമ്പോൾ സാത്താന്റെ കൂരമ്പുകളെ നേരിടേണ്ടിവരികയില്ല. യേശു നമുക്കുമുമ്പായി പോയാൽ ശത്രുവിന്റെ ആക്രമണത്തെ പേടിക്കേണ്ടതില്ല.

പത്രൊസ് യേശുവിനോടുകൂടെ നടന്നപ്പോൾ, യോഹന്നാൻ പിന്നാലെ വരുന്നതു പത്രൊസ് കണ്ടു. യോഹന്നാന്റെ ഭാവി എന്തായിരിക്കുമെന്ന് അറിയുവാനുള്ള ജിജ്ഞാസ പത്രൊസിനുണ്ടായി. പത്രൊസ് യേശുവിനോടു ചോദിച്ചു: "കർത്താവേ, ഇവന് എന്തു ഭവിക്കും?" യേശു അവനോട്: "ഞാൻ

വരുവോളം ഇവൻ ഇരിക്കണമെന്ന് എനിക്ക് ഇഷ്ടമുണ്ടെങ്കിൽ അതു നിനക്ക് എന്ത്? നീ എന്നെ അനുഗമിക്ക" എന്നു പറഞ്ഞു. തന്റെ നന്മയ്ക്ക് അറിയേണ്ട എല്ലാ കാര്യങ്ങളും കർത്താവു തനിക്കു വെളിപ്പെടുത്തിത്തരുന്നുവെന്നു പത്രൊസ് ഓർക്കേണ്ടതായിരുന്നു. മറ്റുള്ളവരുടെ ചുമതലകളെക്കുറിച്ച് ഉത്കണ്ഠാകുലരാകാതെ തങ്ങളുടെ ചുമതലകൾ നിർവ്വഹിച്ച്, കർത്താവിനെ അനുഗമിക്കുകയാണ് ഓരോ വ്യക്തിയും ചെയ്യേണ്ടത്. "ഞാൻ വരുവോളം ഇവൻ ഇരിക്കേണമെന്ന് എനിക്ക് ഇഷ്ടമുണ്ടെങ്കിൽ" എന്നു യോഹന്നാനെക്കുറിച്ചു പറയുമ്പോൾ, താൻ വരുന്ന നാൾവരെ യോഹന്നാൻ ജീവിച്ചിരിക്കുമെന്ന അർത്ഥമല്ല കർത്താവുദ്ദേശിച്ചത്. തനിക്ക് അതിനും കഴിയുമെന്നു മനസ്സിലാക്കിക്കുക മാത്രമാണു കർത്താവു ചെയ്തത്. അപ്രകാരം സംഭവിക്കണമെന്നു ക്രിസ്തു ആഗ്രഹിച്ചിരുന്നെങ്കിൽത്തന്നെയും അതു പത്രൊസിന്റെ കർത്തവ്യങ്ങളെ ബാധിക്കേണ്ടതല്ല. യോഹന്നാന്റെയും പത്രൊസിന്റെയും ഭാവി ക്രിസ്തുവിന്റെ കരങ്ങളിലായിരുന്നു. തന്നെ അനുഗമിക്കുക എന്നതായിരുന്നു ഇരുവരുടെയും കർത്തവ്യമെന്ന് അവർ മനസ്സിലാക്കണമെന്നു കർത്താവാഗ്രഹിച്ചു.

ഇന്നും അനേകം പേർ, പത്രൊസിനെപ്പോലെ, മറ്റുള്ളവരുടെ കാര്യങ്ങളെക്കുറിച്ചു ഭാരപ്പെടുകയാണു ചെയ്യുന്നത്. സ്വന്ത കർത്തവ്യങ്ങളെ അവർ മറന്നുകളയുകയും ചെയ്യുന്നു. ക്രിസ്തുവിനെ അനുഗമിക്കുകയാണു നമ്മുടെ പ്രധാന ചുമതല. മറ്റുള്ളവരിൽ കുറ്റങ്ങളും കുറവുകളും കണ്ടെത്താൻ കഴിഞ്ഞേക്കാം. മനുഷ്യവർഗ്ഗത്തിനു കുറവുകളുണ്ട്. എന്നാൽ ക്രിസ്തുവിൽ നമുക്കു പൂർണ്ണത കണ്ടെത്താൻ കഴിയും. യേശുവിനെ നോക്കുന്ന ഒരാൾ രൂപാന്തരം പ്രാപിക്കുന്നു.

യോഹന്നാൻ വളരെ പ്രായം ചെല്ലുന്നതുവരെ ജീവിച്ചു. യെരൂശലേമിന്റെ നാശം യോഹന്നാൻ കണ്ടു. മഹത്തായ യെരൂശലേം ദൈവാലയത്തിന്റെ നാശം ലോകത്തിനു വരുവാൻ പോകുന്ന നാശത്തിന്റെ ഒരു പ്രതിരൂപമായിരുന്നു. തന്റെ അന്ത്യംവരെ യോഹന്നാൻ ക്രിസ്തുവിനെ അനുഗമിച്ചു. സഭകൾക്കു നല്കിയ ദൂതിൽ യോഹന്നാൻ പറഞ്ഞു: "പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക," "സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു" (1 യോഹ. 4:7,16).

പത്രൊസിനെ അപ്പൊസ്തലനായി കർത്താവു യഥാസ്ഥാനപ്പെടുത്തി. എന്നാൽ തന്റെ സഹോദരന്മാരുടെമേൽ ഒരു തരത്തിലുള്ള പ്രത്യേക അധികാരവും പത്രൊസിനു നല്കപ്പെട്ടില്ല. "കർത്താവേ, ഇവനെന്തു ഭവിക്കും" എന്ന ചോദ്യത്തിനുത്തരം നൽകിയപ്പോൾ കർത്താവു വ്യക്തമായി പറഞ്ഞു: "അതു നിനക്ക് എന്ത്? നീ എന്നെ അനുഗമിക്ക." ക്രിസ്തീയസഭയുടെ തലവൻ എന്ന നിലയിലേക്കു പത്രൊസിനെ ഉയർത്തിയില്ല. പത്രൊസിന്റെ വിശ്വാസത്യാഗത്തെ കർത്താവു ക്ഷമിച്ചു. പത്രൊസിനെ കർത്താവു സ്നേഹിച്ചു. തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുവാനുള്ള ചുമതല പത്രൊസിനു നല്കി. പത്രൊസിന്റെ തിരിച്ചുവരവ് എല്ലാ ശിഷ്യന്മാർക്കും സന്തോഷമുളവാക്കി. സഭയിൽ പത്രൊസിനു നല്ല സ്വാധീനമുണ്ടായിരുന്നു. ഗലീല

ക്കടലിനരികെവച്ചു ക്രിസ്തു പഠിപ്പിച്ച പാഠം പിന്നീടൊരിക്കലും പത്രൊസ് മറന്നില്ല. പരിശുദ്ധാത്മപ്രേരിതനായി പത്രൊസ് സഭകൾക്കെഴുതി: "നിങ്ങളിലുള്ള മൂപ്പന്മാരെ, ഒരു കൂട്ടുമൂപ്പനും, ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷിയും വെളിപ്പെടുവാനുള്ള തേജസ്സിനു കൂട്ടാളിയുമായ ഞാൻ പ്രബോധിപ്പിക്കുന്നത്: നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബന്ധത്താലല്ല, ദൈവത്തിനു ഹിതമാംവണ്ണം മനഃപൂർവ്വമായും ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും ഇടവകകളുടെമേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല, ആട്ടിൻകൂട്ടത്തിനു മാതൃകകളായിത്തീർന്നുകൊണ്ടും അദ്ധ്യക്ഷത ചെയ്വിൻ. എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും" (1 പത്രൊസ് 5:1–4).

# 86

# പോയി സകല ജാതികളെയും ഉപദേശിപ്പിൻ

അവലംബം: മത്തായി 28:16-20

സ്വർഗ്ഗീയസിംഹാസനത്തിന് ഏറ്റവും അടുത്തുനിന്നുകൊണ്ടു യേശു തന്റെ ശിഷ്യന്മാരെ ദൗത്യം ഏല്പിച്ചുകൊണ്ടു പറഞ്ഞു: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കൊസ് 16:15). ശിഷ്യന്മാർ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനുവേണ്ടി കർത്താവ് ഈ ആജ്ഞയെ വീണ്ടും ആവർത്തിച്ചു. പണ്ഡിതപാമരഭേദമെന്യേ ധനികദരിദ്രവ്യത്യാസമില്ലാതെ സകല ഭൂവാസികളുടെമേലും സ്വർഗ്ഗീയ പ്രകാശം ശക്തമായും വ്യക്തമായും പതിപ്പിക്കേണ്ടതാണ്. ലോകത്തിന്റെ വീണ്ടെടുപ്പിൽ തന്നോടൊപ്പം ശിഷ്യന്മാരും കൂട്ടുവേലക്കാരായിരിക്കണമെന്നു ക്രിസ്തു ആഗ്രഹിച്ചു.

മാളികമുറിയിൽവച്ചു ക്രിസ്തു തന്റെ ശിഷ്യന്മാർക്കു സുവിശേഷം എങ്ങും എത്തിക്കുവാനുള്ള അധികാരം നല്കി. എന്നാൽ യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പായി, ഒരു വലിയ കൂട്ടം വിശ്വാസികൾക്ക് ഈ ചുമതല കർത്താവു നല്കുവാൻ പോകുകയായിരുന്നു. ഗലീലയിലെ ഒരു മലയിൽ വന്നുചേരുവാൻ കഴിവുള്ള എല്ലാ വിശ്വാസികളെയും വിളിച്ചുകൂട്ടിയിരുന്നു. ഈ സമ്മേളനത്തിന്റെ സമയവും സ്ഥലവും ക്രിസ്തുതന്നെ തന്റെ മരണത്തിനുമുമ്പു നിശ്ചയിച്ചുറപ്പിച്ചിരുന്നു. ഗലീലയിൽവച്ചു ശിഷ്യന്മാരെ കാണുമെന്നു കല്ലറയ്ക്കൽ ഉണ്ടായിരുന്ന ദൂതൻ അറിയിച്ചിരുന്നു. പെസഹാപ്പെരുന്നാളിനു കൂടിയിരുന്ന വിശ്വാസികളോടും ഈ വാർത്ത പറഞ്ഞിരുന്നു. അവരിലൂടെ, ഈ വാർത്ത, ക്രിസ്തുവിന്റെ മരണത്തിൽ ദുഃഖിച്ചിരുന്ന അനേകം വിശ്വാസികൾക്കും ലഭിച്ചു. ഈ സമ്മേളനത്തിനുവേണ്ടി വിശ്വാസികൾ അതീവ താൽപര്യത്തോടെ കാത്തിരുന്നു. വളഞ്ഞുപോകുന്ന പാതവക്കിലൂടെ, പല ഭാഗങ്ങളിൽനിന്നു ജനം ഗലീലയിലേക്കു പൊയ്ക്കൊണ്ടിരുന്നു. അസൂയാലുക്കളായ യെഹൂദന്മാർക്കു സംശയം ഉണ്ടാകാതിരിപ്പാൻ രഹസ്യമാർഗ്ഗങ്ങളിലൂടെ അവർ യാത്ര ചെയ്തു. ക്രിസ്തുവിനെക്കുറിച്ച് അവർക്കു ലഭിച്ച വാർത്തകൾ പരസ്പരം കൈമാറിക്കൊണ്ടു പ്രതീക്ഷാനിർഭരരായി അവർ വന്നുകൊണ്ടിരുന്നു.

നിർണ്ണയിക്കപ്പെട്ട സമയത്ത് ഏതാണ്ട് അഞ്ഞൂറോളം വിശ്വാസികൾ ചെറുസംഘങ്ങളായി ഗലീലയിലെ ആ കുന്നിൽ വന്നുചേർന്നു. പുനരുത്ഥാനത്തിനുശേഷം, ക്രിസ്തുവിനെ കണ്ടവരിൽനിന്നു കഴിയുന്നത്ര വിവരങ്ങൾ ശേഖരിക്കുവാൻ അവിടെ എത്തിച്ചേർന്നവർ ആഗ്രഹിച്ചു. ശിഷ്യന്മാർ ഓരോ സംഘങ്ങളോടും തങ്ങൾ യേശുവിൽനിന്നു കണ്ടതും കേട്ടതും പറയുകയും, യേശു തങ്ങൾക്കു ബോദ്ധ്യപ്പെടുത്തിയതുപോലെ, തിരുവചനങ്ങളിൽനിന്നു യേശുവിനെ സംബന്ധിച്ച കാര്യങ്ങൾ അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. തന്റെ അവിശ്വാസത്തിന്റെ കഥ തോമസ് അവരോടു പറഞ്ഞു. തന്നിലുണ്ടായ കറ എപ്രകാരം കഴുകിക്കളഞ്ഞുവെന്നും തോമസ് വിശദീകരിച്ചു. പെട്ടെന്നു യേശു അവരുടെ മദ്ധ്യേ നിന്നു. യേശു എവിടെനിന്നു വന്നുവെന്നോ, എങ്ങനെ വന്നുവെന്നോ ആർക്കും വിശദീകരിപ്പാൻ കഴിഞ്ഞില്ല. അവിടെ കൂടിയിരുന്നവരിൽ അനേകർ യേശുവിനെ മുമ്പു കണ്ടിരുന്നില്ല. എന്നാൽ അവന്റെ കൈകളിലും കാലുകളിലും അവർ ആണിപ്പാടുകൾ കണ്ടു. യേശുവിന്റെ മുഖം ദൈവത്തിന്റേതുപോലെ പ്രശോഭിച്ചു. അവർ യേശുവിനെ കണ്ടയുടനെ അവനെ ആരാധിച്ചു.

എന്നാൽ ചിലർ അവിശ്വസിച്ചു. എപ്പോഴും അങ്ങനെ സംഭവിക്കും. വിശ്വാസത്തെ പ്രയോജനപ്പെടുത്തുവാൻ ചിലർക്കു കഴികയില്ല. അവർ സംശയത്തിന് അടിമകളായിത്തീരുന്നു. അവരുടെ അവിശ്വാസംമൂലം നഷ്ടമുണ്ടാകുന്നത് അവർക്കാണ്.

തന്റെ പുനരുത്ഥാനത്തിനുശേഷം ഇത്രയും വലിയ ഒരു കൂട്ടത്തിൽ ക്രിസ്തു പ്രത്യക്ഷനായത് ഈ സന്ദർഭത്തിൽ മാത്രമായിരുന്നു. യേശു അവിടെ കൂടി

വന്നവരോടു സംസാരിച്ചു. "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു." കർത്താവു സംസാരിക്കുന്നതിനു മുമ്പായി ശിഷ്യന്മാർ അവനെ ആരാധിച്ചു. മരണാവസ്ഥയിൽ നിശ്ചലമായിരുന്ന ആ അധരങ്ങളിൽനിന്നു പുറത്തേക്കുവന്ന വാക്കുകൾ ശിഷ്യന്മാർക്ക് ഒരു പ്രത്യേക ശക്തി നല്കി. കർത്താവ്, ഇപ്പോൾ അവർക്കു പുനരുത്ഥാനം ചെയ്ത രക്ഷകനായിരുന്നു. രോഗികളെ സൗഖ്യമാക്കുവാനും, പൈശാചിക ശക്തികളെ നിയന്ത്രിക്കുവാനും കർത്താവു തന്റെ ശക്തി ഉപയോഗിക്കുന്നത് അവിടെ കൂടിയിരുന്നവരിൽ ചിലർ കണ്ടിരുന്നു. സർവ്വശക്തനായ കർത്താവു യെരൂശലേമിൽ ഒരു രാജ്യം സ്ഥാപിക്കുമെന്ന് അവർ കരുതി. കടലിനെ കർത്താവു ശാന്തമാക്കി. ഇരമ്പിമറിയുന്ന തിരമാലകളിന്മീതെ അവൻ നടന്നു. മരിച്ചവരെ കർത്താവ് ഉയിർപ്പിച്ചു. "സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു" എന്നു താൻ പറയുക ചെയ്തിരിക്കുന്നു. ഭൗമികവും താൽക്കാലികവുമായ കാര്യങ്ങളിൽനിന്നു സ്വർഗ്ഗീയവും നിത്യവുമായ കാര്യങ്ങളിലേക്കു ശ്രോതാക്കളെ ഉയർത്തുവാൻ കർത്താവിന്റെ വാക്കുകൾക്കു കഴിഞ്ഞു. കർത്താവിന്റെ ഔന്നത്യത്തെയും മഹത്വത്തെയും കുറിച്ചുള്ള ഒരു യഥാർത്ഥ ധാരണയിലേക്ക് അവർ ഉയർത്തപ്പെട്ടു.

മനുഷ്യനുവേണ്ടി താൻ നിർവഹിച്ച യാഗം പൂർണ്ണതയുള്ളതും, തികവുറ്റതുമാണെന്നു ക്രിസ്തു അവിടെവച്ചു പറഞ്ഞു. മനുഷ്യന്റെ പാപപരിഹാരത്തിനുവേണ്ട നിബന്ധന കർത്താവു പൂർത്തീകരിച്ചു. ഭൂമിയിലെ തന്റെ ദൗത്യം ക്രിസ്തു പൂർണ്ണമായി നിറവേറ്റി. സ്വർഗ്ഗീയമഹത്വത്തിലേക്കു പ്രവേശിക്കേണ്ടതിന്, താൻ ഒരുങ്ങിക്കഴിഞ്ഞു. ക്രിസ്തുവിന്റെ സ്വർഗ്ഗത്തിലെ മദ്ധ്യസ്ഥവേല ആരംഭിച്ചുകഴിഞ്ഞിരുന്നു. ദൈവികശക്തി ധരിച്ചുകൊണ്ടു യേശു, ശിഷ്യന്മാരെ ഉത്തരവാദിത്വങ്ങൾ ഏല്പിച്ചു. "ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്" (മത്തായി 28:19,20).

പരിപാവനമായ സത്യത്തിന്റെ സൂക്ഷിപ്പുകാരായിരിപ്പാനാണു യെഹൂദജാതിയെ ദൈവം തെരഞ്ഞെടുത്തത്. എന്നാൽ അവരുടെ പരീശത്വം, അവരെ ഒറ്റപ്പെട്ടവരും അസഹിഷ്ണുതയുള്ള മതഭ്രാന്തന്മാരും ആക്കിത്തീർത്തു. യെഹൂദപുരോഹിതന്മാരുടെയും പ്രമാണികളുടെയും ജീവിതരീതികൾ അവരെ ലോകത്തിന്റെ വെളിച്ചമായിത്തീരാൻ സഹായിച്ചില്ല. അവരുടെ ചിന്ത വളരെ സങ്കുചിതമായിരുന്നു. തങ്ങൾ കഴിഞ്ഞാൽ മറ്റുള്ളവരെല്ലാം താണവർ എന്നായിരുന്നു അവരുടെ ധാരണ. എന്നാൽ വർഗ്ഗവ്യത്യാസമോ, രാജ്യാതിർത്തികളോ ഒന്നുമില്ലാത്ത, എല്ലാ ജനതയ്ക്കും ഒരുപോലെ യോജിച്ച വിശ്വാസവും ആരാധനയുമാണു കർത്താവു തന്റെ ശിഷ്യരെ ഭരമേല്പിച്ചത്.

ശിഷ്യന്മാരെ പിരിയുന്നതിനു മുമ്പായി തന്റെ രാജ്യത്തിന്റെ സ്വഭാവ ത്തെക്കുറിച്ചു ക്രിസ്തു വ്യക്തമാക്കി. മുമ്പു താൻ പറഞ്ഞിട്ടുള്ളതു ശിഷ്യ ന്മാരെ ഓർമ്മിപ്പിക്കുകയാണു ചെയ്തത്. ഒരു ഭൗമിക രാഷ്ട്രമല്ല, ഒരു ആത്മിക രാജ്യം സ്ഥാപിക്കുകയാണു തന്റെ ലക്ഷ്യമെന്നു കർത്താവു പറഞ്ഞു. ദാവീദിന്റെ സിംഹാസനത്തിൽ ഒരു ലോകഭരണാധിപനായി താൻ വാഴാൻ പോകുന്നില്ലായെന്നു ക്രിസ്തു, ശിഷ്യന്മാരോടു പറഞ്ഞു. താൻ അനുഭവിച്ച കഷ്ടങ്ങളെല്ലാം, താനും പിതാവും തമ്മിലുള്ള മുൻ തീരുമാനം അനുസരി ച്ചായിരുന്നുവെന്നും, ഇതെല്ലാം സ്വർഗ്ഗത്തിൽ മുൻനിയമിക്കപ്പെട്ടതായിരുന്നു വെന്നും കർത്താവു തിരുവചനം ഉദ്ധരിച്ചുകൊണ്ടു ശിഷ്യന്മാരെ ധരിപ്പിച്ചു. പരിശുദ്ധാത്മപ്രേരിതരായി ദൈവദാസന്മാർ ഇതെല്ലാം മുൻകൂട്ടി വെളിവാക്കി യിരുന്നു. ക്രിസ്തു പറഞ്ഞു: ഞാൻ മശീഹ അല്ലെന്നു പറഞ്ഞ് എന്നെ തിരസ്കരിക്കുമെന്നു ഞാൻ മുൻകൂട്ടി പറഞ്ഞതു സംഭവിച്ചിരിക്കുന്നു. ഞാൻ സഹിക്കേണ്ട അപമാനത്തെയും മരണത്തെയും സംബന്ധിച്ചു ഞാൻ പറ ഞ്ഞിട്ടുള്ളതെല്ലാം സത്യമാണെന്നു തെളിഞ്ഞിരിക്കുന്നു. മൂന്നാംനാൾ ഞാൻ ഉയിർത്തെഴുന്നേറ്റു. തിരുവെഴുത്തുകളെ ശ്രദ്ധയോടെ ശോധന ചെയ്വിൻ. പ്രവചനങ്ങളിൽ എന്നെക്കുറിച്ചു പറഞ്ഞിട്ടുള്ളതെല്ലാം നിറവേറിയിരിക്കുന്നു വെന്നു കാൺമാൻ കഴിയും.

യെരൂശലേമിൽ താൻ ആരംഭിച്ച വേല തുടരുന്നതിനു ക്രിസ്തു ശിഷ്യ ന്മാരെ ഏല്പിച്ചു. മനുഷ്യവർഗ്ഗത്തിനുവേണ്ടി തന്നെത്താൻ അർപ്പിച്ച സ്ഥലമായിരുന്നു യെരൂശലേം. അവിടെ ക്രിസ്തു കഷ്ടം അനുഭവിച്ചു; എല്ലാവരാലും തള്ളപ്പെടുകയും മരണത്തിനു വിധേയനാവുകയും ചെയ്തു. യെഹൂദ്യ ക്രിസ്തുവിന്റെ ജന്മദേശമായിരുന്നു. അവിടെ വച്ചായിരുന്നു കർത്താവു മനുഷ്യവേഷം ധരിച്ചു മനുഷ്യരോടുകൂടെ നടന്നത്. യേശു മനുഷ്യ രുടെ ഇടയിൽ പാർത്തപ്പോൾ, സ്വർഗ്ഗം ഭൂമിയെ ആശ്ലേഷിച്ചിരിക്കുന്നുവെന്നു വളരെ കുറച്ചുപേർ മാത്രമേ മനസ്സിലാക്കിയുള്ളു. ശിഷ്യന്മാർ വേല ആരംഭി ക്കേണ്ടിയിരുന്നതു യെരൂശലേമിൽത്തന്നെ ആയിരുന്നു.

യെരൂശലേമിൽവച്ചു ക്രിസ്തുവിനുണ്ടായ അനുഭവങ്ങളെയും യെരൂശ ലേമിലുള്ളവർ കർത്തൃവേലയോടു കാട്ടിയ അനാദരവിനെയുംകുറിച്ചു ചിന്തിക്കുമ്പോൾ, ശിഷ്യന്മാർക്കു തീർച്ചയായും കുറേക്കൂടി വിജയസാദ്ധ്യത യുള്ള സ്ഥലം ചോദിക്കാമായിരുന്നു. പക്ഷേ അവർ അതു ചോദിച്ചില്ല. ക്രിസ്തു സത്യത്തിന്റെ വിത്തുകൾ പാകിയ സ്ഥലത്തുതന്നെ, ശിഷ്യന്മാർ തുടർന്നു പ്രവർത്തിച്ചുവെങ്കിൽ മാത്രമേ, വിത്തു വളർന്നു സമൃദ്ധിയായ വിളവെടുപ്പു സാദ്ധ്യമാകുമായിരുന്നുള്ളു. യെഹൂദന്മാരുടെ വിദ്വേഷവും അസൂയ യും മൂലം ശിഷ്യന്മാർക്കു തങ്ങളുടെ വേലയിൽ വലിയ പീഡനങ്ങൾ സഹി ക്കേണ്ടതുണ്ടായിരുന്നു. തങ്ങളുടെ പ്രിയങ്കരനായ ഗുരു അതു സഹിച്ചു. അതു കൊണ്ട് അവർ ഭയപ്പെട്ടു പോകാൻ ഒരുക്കമല്ലായിരുന്നു. രക്ഷിതാവിന്റെ കൊലയാളികൾക്കാണു കരുണയുടെ ഉറവ് ആദ്യം തുറന്നുകൊടുക്കേണ്ടി യിരിക്കുന്നത്.

യെരൂശലേമിൽ യേശുവിനെ രഹസ്യമായി, സ്വന്തരക്ഷകനായി അംഗീകരിച്ചിരുന്ന പലരുണ്ടായിരുന്നു. അനേകർ പുരോഹിതന്മാരാലും പ്രമാണികളാലും വഞ്ചിക്കപ്പെട്ടിരുന്നു. ഇവർക്കും സുവിശേഷത്തിന്റെ വിത്തുകൾ നൽകപ്പെടേണ്ടതാവശ്യമായിരുന്നു. അവരും അനുതാപത്തിലേക്കു കടന്നുവരേണ്ടതുണ്ടായിരുന്നു. ക്രിസ്തുവിൽക്കൂടെ മാത്രമേ പാപക്ഷമ ലഭിക്കുകയുള്ളു എന്ന സത്യം അവർക്കും വ്യക്തമാക്കിക്കൊടുക്കേണ്ടതിന്റെ ആവശ്യം ഉണ്ടായിരുന്നു. മുൻദിവസങ്ങളിൽ നടന്ന സംഭവങ്ങളാൽ യെരൂശലേം ഇളകിയിരിക്കുന്നതുകൊണ്ടു സുവിശേഷപ്രസംഗം ആഴത്തിൽ പതിയുവാനുള്ള സാഹചര്യം നിലവിലിരുന്നു.

എന്നാൽ വേല ഇവിടെ അവസാനിക്കേണ്ടതല്ല. ഭൂമിയുടെ അറ്റങ്ങളോളം അത് എത്തിച്ചേരേണ്ടതാണ്. ശിഷ്യന്മാരോടു കർത്താവു പറഞ്ഞു: ലോകത്തിനു വേണ്ടിയുള്ള എന്റെ ത്യാഗം നിങ്ങൾ കണ്ടു. യിസ്രായേലിനുവേണ്ടി ഞാൻ ചെയ്തതും നിങ്ങൾ കണ്ടു. യിസ്രായേൽ, അവർക്കു തോന്നിയത് എന്നോടു പ്രവർത്തിക്കുകയും, തിരുവെഴുത്തുകൾ മുമ്പെഴുതിയതുപോലെ അവർ എന്നെ തിരസ്കരിക്കയും ചെയ്തുവെങ്കിലും, ദൈവപുത്രനെ സ്വീകരിപ്പാൻ അവർക്ക് ഇനിയും വേറൊരു അവസരംകൂടി ലഭിക്കും. തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ട് ആരെങ്കിലും എന്റെ അടുത്തുവരുന്നുവെങ്കിൽ, ഞാൻ അവരെ സ്നേഹത്തോടെ സ്വീകരിക്കുന്നതു നിങ്ങൾ കണ്ടിട്ടുണ്ടല്ലോ. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല. ഇച്ഛിക്കുന്ന ഏവർക്കും ദൈവവുമായി നിരപ്പു പ്രാപിക്കുകയും, നിത്യജീവനെ നേടുകയും ചെയ്യാം. എന്റെ ശിഷ്യരായ നിങ്ങളെ ഈ കൃപയുടെ ദൂത് ഏല്പിക്കുകയാണ്. ആദ്യം യിസ്രായേലിന് അതു നല്കണം. പിന്നീട് എല്ലാ ജാതിയും ഭാഷയും വംശവുമായവരോട് അത് അറിയിക്കണം. യെഹൂദന്മാർക്കും ജാതികൾക്കും അതു നല്കണം. വിശ്വസിക്കുന്ന ഏവരെയും സഭയിൽ ചേർക്കണം.

പരിശുദ്ധാത്മദാനത്തിൽക്കൂടെ ശിഷ്യന്മാർക്ക് അത്ഭുതകരമായ ശക്തി ലഭിക്കുവാൻ പോകുകയായിരുന്നു. അവരുടെ സാക്ഷ്യം അടയാളങ്ങളാലും അത്ഭുതങ്ങളാലും ഉറപ്പിക്കേണ്ടതുണ്ടായിരുന്നു. അത്ഭുതങ്ങൾ നടത്തേണ്ടത് അപ്പൊസ്തലന്മാർ മാത്രമായിരുന്നില്ല. അവരിൽക്കൂടെ ദൂതു ലഭിച്ചവരും അത്ഭുതങ്ങൾ പ്രവർത്തിക്കും. യേശു പറഞ്ഞു: “വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല; രോഗികളുടെ മേൽ കൈവച്ചാൽ അവർക്കു സൗഖ്യം വരും” (മർക്കൊസ് 16:17,18).

ആ കാലഘട്ടത്തിൽ എതിരാളികൾക്കു വിഷം നല്കുന്ന പതിവു സാധാരണയായിരുന്നു. തങ്ങളുടെ ദുർമ്മോഹങ്ങൾക്കു വിലങ്ങുതടിയായി നില്ക്കുന്നവരെ നീക്കംചെയ്യുവാൻ ദുഷ്ടരായ ആളുകൾ ഈ മാർഗ്ഗം ഉപയോഗിച്ചിരുന്നു. തന്റെ ശിഷ്യന്മാരുടെ ജീവൻ ഇങ്ങനെയുള്ളവർ മൂലം അപകടത്തി

ലാകുമെന്നു കർത്താവിനറിയാമായിരുന്നു. ദൈവത്തിന്റെ സാക്ഷികളെ മരണത്തിനേല്പിക്കുന്നതിലൂടെ ദൈവത്തിനു പ്രസാദകരമായ ഒരു സേവനം ചെയ്യുകയാണു തങ്ങളെന്ന് അനേകർ കരുതും. അതുകൊണ്ടു കർത്താവു തന്റെ ശിഷ്യന്മാർക്ക് ഈ അപകടത്തിൽനിന്നുള്ള സംരക്ഷണം വാഗ്ദാനം ചെയ്തു.

"ജനത്തിലുള്ള സകല ദീനത്തെയും, വ്യാധിയെയും സൗഖ്യമാക്കുവാൻ" കഴിയുന്ന യേശുക്രിസ്തുവിനുണ്ടായിരുന്ന അതേ ശക്തിതന്നെ ശിഷ്യന്മാർക്ക് ഉണ്ടായിരിക്കും. ക്രിസ്തുവിന്റെ നാമത്തിൽ ശരീരത്തിന്റെ രോഗങ്ങളെ സൗഖ്യമാക്കുന്നതിലൂടെ, ആത്മാവിനെ സൗഖ്യമാക്കുന്ന ദൈവശക്തിയെ അവർ സാക്ഷീകരിക്കേണ്ടതാണ് (മത്തായി 4:23; 9:6). കർത്താവ്, ശിഷ്യന്മാർക്ക് ഒരു പുതിയ ദാനം നല്കാമെന്നു വാഗ്ദാനം ചെയ്തു. മറ്റു രാജ്യങ്ങളിൽ ശിഷ്യന്മാർക്കു പ്രസംഗിക്കേണ്ടതുണ്ടായിരുന്നു. അതിനു മറ്റു ഭാഷകളിൽ സംസാരിക്കേണ്ടതുണ്ടായിരുന്നു. അപ്പൊസ്തലന്മാരും അവരുടെ സഹപ്രവർത്തകരും വലിയ വിദ്യാഭ്യാസം ലഭിച്ചിരുന്ന വ്യക്തികൾ ആയിരുന്നില്ല. എന്നാൽ പെന്തെക്കൊസ്തുനാളിലെ പരിശുദ്ധാത്മവർഷത്തിനു ശേഷം അവരുടെ പ്രസംഗം സ്വന്തമാതൃഭാഷയിലായിരുന്നാലും അന്യഭാഷയിലായിരുന്നാലും, ശുദ്ധവും ലളിതവും ആശയങ്ങളെ ശരിയായി പ്രതിഫലിപ്പിക്കുന്നതുമായിരുന്നു.

ഇപ്രകാരം ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് അവർ നൽകേണ്ട ദൂതു കൊടുത്തു. അവരുടെ വേല പൂർണ്ണമായി ചെയ്യുന്നതിനുവേണ്ട എല്ലാ കാര്യങ്ങളും കർത്താവു ചെയ്തുകൊടുത്തു. അതിന്റെ വിജയത്തിന്റെ ഉത്തരവാദിത്വം കർത്താവുതന്നെ ഏറ്റെടുത്തു. കർത്താവിന്റെ വചനം അനുസരിച്ചു പ്രവർത്തിക്കുകയും, കർത്താവുമായി സഹകരിക്കുകയും ചെയ്യുന്നിടത്തോളം കാലം, പരാജയമെന്തെന്ന് അറിവാൻ പോലും കഴികയില്ല. സകല ജാതികളോടും പോയി പ്രസംഗിപ്പാനാണു കർത്താവ് ആജ്ഞ കൊടുത്തത്. ഭൂമിയിൽ ആൾപ്പാർപ്പുള്ള എല്ലായിടങ്ങളിലും പോകുവാൻ കർത്താവു പറഞ്ഞു. തന്റെ സാന്നിദ്ധ്യവും അവരോടുകൂടെ ഉണ്ടായിരിക്കുമെന്നു കർത്താവ് ഉറപ്പു നല്കി. വിശ്വാസത്തോടും ഉറപ്പോടുംകൂടെ വേല ചെയ്ക. കർത്താവിന്റെ വാഗ്ദത്തം, താൻ എല്ലായ്പോഴും തന്റെ ജനത്തോടുകൂടെ ഉണ്ടായിരിക്കുമെന്നാണ്.

ശിഷ്യന്മാർക്കു നല്കിയ ഉത്തരവാദിത്വം എല്ലാ വിശ്വാസികൾക്കും നല്കിയിരിക്കുകയാണ്. കാലാന്ത്യം വരെയുള്ള വിശ്വാസികൾ ഇതിലുൾപ്പെടുന്നു. അഭിഷേകം ചെയ്തു വേർതിരിച്ച ശുശ്രൂഷകനിലാണ് ആത്മാക്കളെ രക്ഷിപ്പാനുള്ള ഉത്തരവാദിത്വം സ്ഥിതിചെയ്യുന്നത് എന്നു കരുതുന്നത് അപകടകരമായ തെറ്റാണ്. സ്വർഗ്ഗീയ പ്രകാശം ലഭിച്ച ഏവരും സുവിശേഷം അറിയിപ്പാൻ കടപ്പെട്ടവരാണ്. ക്രിസ്തുവിന്റെ ജീവിതം പകർത്തിയിട്ടുള്ള ഏവരും തങ്ങളുടെ സഹോദരങ്ങളുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിപ്പാൻ നിയോഗിക്കപ്പെട്ടിരിക്കയാണ്. ഈ വേലയ്ക്കുവേണ്ടിയാണു സഭ രൂപീകരിക്ക

പ്പെട്ടിരിക്കുന്നത്. സഭയുടെ വിശുദ്ധ അനുശാസനങ്ങൾ ഏറ്റെടുക്കുന്ന ഏവരും ക്രിസ്തുവിന്റെ കൂട്ടുവേലക്കാരായി പ്രവർത്തിക്കാമെന്നു പ്രതിജ്ഞ എടുത്തിരിക്കുന്നവരാണ്.

“വരിക എന്ന് ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും: വരിക എന്നു പറയട്ടെ” (വെളി. 22:17). കേൾക്കുന്ന ഏവനും ഈ ക്ഷണം ആവർത്തിക്കേണ്ടതാണ്. ഒരു ജീവിതവിളി എന്തുമായിരിക്കട്ടെ, അവന്റെ പ്രഥമ താൽപര്യം ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ ആദായപ്പെടുത്തുക എന്നതായിരിക്കണം. അവന് ഒരുപക്ഷേ വലിയ കൂട്ടങ്ങളോടു സംസാരിക്കുവാൻ കഴിവില്ലായിരിക്കാം. പക്ഷേ, അവനു വ്യക്തികൾക്കുവേണ്ടി പ്രവർത്തിക്കുവാൻ കഴിയും. പ്രസംഗം മാത്രമല്ല, ക്രിസ്തീയ ശുശ്രൂഷ; രോഗികളെയും കഷ്ടപ്പെടുന്നവരെയും ശുശ്രൂഷിക്കുക, പ്രയാസത്തിൽ കഴിയുന്നവരെ സഹായിക്കുക, നിരാശയിൽ വീണുപോയവരോട് ആശ്വാസവാക്കുകൾ പറയുക, വിശ്വാസത്തിൽ തളർന്നവരെ പ്രോത്സാഹിപ്പിക്കുക, ഇവയെല്ലാം ദൈവശുശ്രൂഷകളാണ്. കുറ്റബോധത്താൽ ഭാരപ്പെടുന്നവർ നമ്മുടെ ചുറ്റുപാടും ഉണ്ട്. മനുഷ്യവർഗ്ഗത്തെ അധഃപതിപ്പിക്കുന്നതു ദാരിദ്ര്യമോ, കഷ്ടതയേറിയ പ്രയത്നമോ, യാതനകളോ അല്ല. കുറ്റബോധവും തിന്മ പ്രവൃത്തികളുമാണു മനുഷ്യന്റെ വലിയ ശത്രു. ഇവ അസ്വസ്ഥതയും നൈരാശ്യവും ജീവിതത്തിൽ കൊണ്ടുവരുന്നു. പാപരോഗത്താൽ കഷ്ടപ്പെടുന്ന ആത്മാക്കൾക്കുവേണ്ടി ക്രിസ്തു ശിഷ്യന്മാർ പ്രവർത്തിക്കുവാൻ ക്രിസ്തു ആഗ്രഹിക്കുന്നു.

തങ്ങൾ ആയിരിക്കുന്ന സ്ഥലത്തുതന്നെ ശിഷ്യന്മാർ വേല ആരംഭിക്കണമെന്നു കർത്താവു പറഞ്ഞു. വേല ചെയ്വാൻ പ്രയാസമുള്ളതും വിജയസാദ്ധ്യത കുറവുള്ളതുമായ സ്ഥലങ്ങളും അവഗണിക്കപ്പെടാൻ പാടുള്ളതല്ല. അതുപോലെ ക്രിസ്തുവിന്റെ എല്ലാ വേലക്കാരും, അവർ ആയിരിക്കുന്ന സ്ഥലത്തു ക്രിസ്തുവിനുവേണ്ടി വേല തുടങ്ങണം. നമ്മുടെ സ്വന്ത കുടുംബങ്ങളിൽത്തന്നെ ദയയോടെയുള്ള പെരുമാറ്റത്തിനു ദാഹിക്കുന്നവർ കണ്ടേക്കും. ജീവന്റെ അപ്പത്തിനുവേണ്ടി വിശക്കുന്നവർ കണ്ടേക്കാം; ക്രിസ്തുവിനു വേണ്ടി പരിശീലിപ്പിക്കപ്പെടേണ്ട കുഞ്ഞുങ്ങൾ ഉണ്ടെന്നു വരാം. നമ്മുടെ പടിവാതിൽക്കൽ സത്യദൈവത്തെ അറിയാത്ത ജാതികൾ കണ്ടെന്നു വരാം. നമ്മുടെ തൊട്ടടുത്തുള്ള വേല നമുക്കു വിശ്വസ്തതയോടെ ചെയ്യാം. ദൈവത്തിന്റെ കരങ്ങൾ നമ്മെ നയിക്കുന്നിടത്തോട്ടു നമ്മുടെ പ്രയത്നങ്ങൾ വ്യാപിപ്പിക്കാം. സാഹചര്യങ്ങൾ മൂലം അനേകരുടെ വേല പരിമിതപ്പെടുത്തിയതായി തോന്നിയേക്കാം. പക്ഷേ അതെവിടെയായിരുന്നാലും ഉത്സാഹത്തോടും വിശ്വസ്തതയോടും കൂടെ ചെയ്യുകയാണെങ്കിൽ, അതിന്റെ സ്വാധീനശക്തി ഭൂമിയുടെ അറ്റത്തോളം എത്തുന്നതായിരിക്കും. ക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ, ഒരു ചെറിയ സ്ഥലത്തു പരിമിതപ്പെട്ടിരുന്നെങ്കിലും, എല്ലാ സ്ഥലങ്ങളിൽനിന്നുമുള്ള അനേകം ആളുകൾക്കു ക്രിസ്തുവിന്റെ ദൂതു കേൾക്കുവാനിടയായി. ഏറ്റവും വലിയ ഫലം ലഭിക്കുന്നതിനു ദൈവം പലപ്പോഴും

ഏറ്റവും ലളിതമായ ഉപാധി ആയിരിക്കും ഉപയോഗിക്കുക. എല്ലാ ഭാഗങ്ങളും പരസ്പരബന്ധത്തിൽ പ്രവർത്തിക്കണമെന്നുള്ളതു ദൈവത്തിന്റെ പരിപാടിയാണ്. ഒരു ചക്രത്തിനുള്ളിൽ മറ്റൊരു ചക്രം പ്രവർത്തിക്കുന്നതുപോലെ, എല്ലാം യോജിപ്പോടുംകൂടെ പ്രവർത്തിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ഒരെളിയ പ്രവർത്തകൻ പരിശുദ്ധാത്മനിറവുള്ളവനാകുമ്പോൾ, അവൻ സ്പർശിക്കുന്നതു സ്വർഗ്ഗീയ വീണക്കമ്പിയിലാണ്. അതിൽനിന്ന് ഉയരുന്ന മന്ദ്രധ്വനി ഭൂമിയുടെ അറ്റത്തോളം എത്തുകയും, ആ ശ്രുതി നിത്യതവരെ വ്യാപിക്കയും ചെയ്യുന്നു.

"നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോകുക" എന്ന ആജ്ഞയുടെ പ്രാധാന്യം ഒരിക്കലും നഷ്ടപ്പെടുത്തരുത്. മറ്റു പ്രദേശങ്ങളിലേക്കു നമ്മുടെ കണ്ണുകളെ ഉയർത്തുവാൻ കർത്താവു നമ്മോട് ആവശ്യപ്പെടുന്നു. മനുഷ്യരെ തമ്മിൽ വേർപിരിക്കുന്ന ദേശീയ ചിന്തയാകുന്ന വേർപാടിന്റെ നടുച്ചുമർ ക്രിസ്തു ഇടിച്ചുകളകയും, മനുഷ്യകുടുംബത്തിലെ അംഗങ്ങൾ പരസ്പരം സ്നേഹിക്കണമെന്നു പഠിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ സ്വാർത്ഥതയുടെ ചെറിയ വൃത്തത്തിൽനിന്നു കർത്താവു മനുഷ്യരെ പുറത്തേക്കു കൊണ്ടുവരുന്നു. മനുഷ്യൻ നിർമ്മിച്ചിട്ടുള്ള എല്ലാ അതിർവരമ്പുകളും സമൂഹത്തിലെ കൃത്രിമമായ വിഭാഗീയതകളും കർത്താവു തുടച്ചുനീക്കുന്നു. കർത്താവിന് അയൽക്കാരെന്നോ, അപരിചിതനെന്നോ, സ്നേഹിതനെന്നോ, ശത്രുവെന്നോ ഉള്ള വ്യത്യാസമില്ല. ലോകത്തെ നമ്മുടെ വയൽപ്രദേശമായും ഞെരുക്കത്തിൽ കഴിയുന്ന ഏതൊരു വ്യക്തിയെയും നമ്മുടെ സഹോദരനായി കാണുവാനും കർത്താവു നമ്മെ പഠിപ്പിക്കുന്നു.

"നിങ്ങൾ പോയി... സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" എന്നു കർത്താവു പറഞ്ഞപ്പോൾ, ഇതുകൂടെ പറഞ്ഞു: "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല. രോഗികളുടെമേൽ കൈവച്ചാൽ അവർക്കു സൗഖ്യം വരും." യേശുവിന്റെ ദൗത്യം പോലെതന്നെ ദൂരവ്യാപകമാണ്, ഈ വാഗ്ദത്തവും. ഓരോ വിശ്വാസിക്കും എല്ലാ വരങ്ങളും നല്കിയിരിക്കുന്നു എന്നല്ല അതിന്റെ അർത്ഥം. പരിശുദ്ധാത്മാവ് "ഇച്ഛിക്കുംപോലെ അവനവന് അതതു വരം പകുത്തുകൊടുക്കുന്നു" (1 കൊരി. 12:11). എന്നാൽ എല്ലാ വിശ്വാസികൾക്കും അവരവരുടെ ആവശ്യമനുസരിച്ചു ദൈവവേലയ്ക്കുവേണ്ട ആത്മീയ വരങ്ങൾ വാഗ്ദത്തം ചെയ്തിരിക്കുന്നു. അപ്പൊസ്തലന്മാരുടെ കാലത്തെന്നപോലെ ഇപ്പോഴും ആ വാഗ്ദത്തം ഉറപ്പുള്ളതും ആശ്രയിക്കാവുന്നതുമാകുന്നു. "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും." ദൈവമക്കൾക്കുള്ള പ്രത്യേക പദവിയാണിത്. വിശ്വാസം മൂലം എല്ലാം സാധിക്കും.

"രോഗികളുടെമേൽ കൈവച്ചാൽ അവർക്കു സൗഖ്യം വരും." ഈ ലോകം വലിയ ഒരു തടവറയാണ്. എന്നാൽ ക്രിസ്തു രോഗികളെ സൗഖ്യമാക്കു

വാനും ബദ്ധന്മാരെ വിടുവിപ്പാനും ഈ ലോകത്തിലേക്കു വന്നു. ക്രിസ്തു തന്നിൽത്തന്നെ ആരോഗ്യവും ശക്തിയുമുള്ളവനായിരുന്നു. രോഗബാധിതർക്കും ഭൂബാധിതർക്കും കർത്താവു തന്റെ ജീവൻ പകർന്നുകൊടുത്തു. തന്നിൽനിന്നു സൗഖ്യം പ്രാപിപ്പാൻ വന്ന ഒരുത്തനെപ്പോലും കർത്താവു തള്ളിക്കളഞ്ഞില്ല. തന്നോടു സഹായം അഭ്യർത്ഥിച്ചു വന്നവർ, സ്വയം രോഗം വരുത്തിവച്ചവരായിരുന്നുവെന്നു കർത്താവിനറിയാമായിരുന്നു. എങ്കിലും അന്തരസൗഖ്യമാക്കുവാൻ കർത്താവു വിസമ്മതം കാട്ടിയില്ല. ക്രിസ്തുവിൽ നിന്നുമുള്ള ശക്തി സാധുക്കളായ ഈ മനുഷ്യരുടെമേൽ വന്നപ്പോൾ, തങ്ങളുടെ പാപങ്ങളെക്കുറിച്ച് അവർക്കു ബോധമുണ്ടായി. ശാരീരികമായ സൗഖ്യം ലഭിച്ചതോടൊപ്പം അവർക്ക് ആത്മീയ സൗഖ്യവും ലഭിച്ചു. സുവിശേഷത്തിന് ഇന്നും അതേ ശക്തിയുണ്ട്. എന്തുകൊണ്ടു നമുക്ക് ഇന്ന് അതേ ഫലങ്ങൾ സാക്ഷീകരിച്ചുകൂടാ?

കഷ്ടപ്പെടുന്ന ഓരോരുത്തന്റെയും വേദനകൾ ക്രിസ്തു അറിയുന്നു. ഒരു മനുഷ്യനെ ദുഷ്ടാത്മാക്കൾ പിച്ചിച്ചീന്തുമ്പോൾ ക്രിസ്തു അതിന്റെ വേദന മനസ്സിലാക്കുന്നു. താൻ ഈ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ, രോഗികളെ സൗഖ്യമാക്കിയതുപോലെ ഇന്നും രോഗികളെ സൗഖ്യമാക്കുവാൻ മനസ്സും ശക്തിയുമുള്ളവനാണ്. ക്രിസ്തുവിന്റെ ശുശ്രൂഷക്കാർ, ക്രിസ്തുവിന്റെ പ്രതിനിധികളും അവന്റെ പ്രവർത്തനത്തിന്റെ ചാലുകളുമാണ്. രോഗം സൗഖ്യമാക്കുന്ന തന്റെ ശക്തി അവരിൽക്കൂടെ പ്രായോഗികമാക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു.

സൗഖ്യം നല്കുന്ന കർത്താവിന്റെ ശൈലിയിലും, ശിഷ്യന്മാർക്കു ധാരാളം പഠിക്കുവാനുണ്ടായിരുന്നു. ഒരവസരത്തിൽ ആ കുരുടന്റെ കണ്ണിൽ കർത്താവു ചേറു പൂശിയശേഷം അവനോടു പറഞ്ഞു: "നീ ചെന്നു ശീലോഹാംകുളത്തിൽ കഴുകുക." അവൻ പോയി കഴുകി, കണ്ണു കാണുന്നവനായി മടങ്ങി വന്നു (യോഹ. 4:7). ശ്രേഷ്ഠനായ വൈദ്യനു മാത്രമേ സൗഖ്യം നല്കുവാൻ കഴിയുകയുള്ളൂവെങ്കിലും, ക്രിസ്തു പ്രകൃതിയുടെ ലളിതങ്ങളായ കാര്യങ്ങളെ ഉപയോഗപ്പെടുത്തി. ഔഷധ ഉപയോഗം കർത്താവു പ്രോത്സാഹിപ്പിച്ചിരുന്നില്ലെങ്കിലും, ലളിതവും പ്രകൃതിയിൽനിന്നുള്ളതുമായ പ്രതിവിധികളെ കർത്താവ് അംഗീകരിച്ചിരുന്നു.

സൗഖ്യം പ്രാപിച്ച അനേകരോടു കർത്താവു പറഞ്ഞു: "അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത്" (യോഹ. 5:14). ദൈവം സ്ഥാപിച്ച പ്രകൃതിനിയമങ്ങളും ആത്മീയനിയമങ്ങളും ലംഘിക്കുന്നതിന്റെ ഫലമായിട്ടാണു രോഗം വരുന്നതെന്നു കർത്താവു പഠിപ്പിച്ചു. സ്രഷ്ടാവിന്റെ പരിപാടിക്കനുസൃതമായി മനുഷ്യൻ ജീവിച്ചിരുന്നുവെങ്കിൽ, ലോകത്തിൽ ഇന്നു കാണുന്ന വലിയ കഷ്ടതകൾ കാണുകയില്ലായിരുന്നു.

പുരാതന യിസ്രായേലിന്റെ വഴികാട്ടിയും ഗുരുവുമായിരുന്നു ക്രിസ്തു. ദൈവകല്പനകൾ പാലിക്കുന്നതിനുള്ള പ്രതിഫലമാണ് ആരോഗ്യമെന്നു

ക്രിസ്തു പഠിപ്പിച്ചു. പലസ്തീനിൽ രോഗികളെ സൗഖ്യമാക്കിയ വലിയ ഭിഷഗ്വരൻ ആയിരുന്നു, മേഘസ്തംഭത്തിൽ നിന്നുകൊണ്ടു തന്റെ ജനത്തോട് അവർ എന്തു ചെയ്യണമെന്നും, ദൈവം അവർക്ക് എന്തു ചെയ്യുമെന്നും സംസാരിച്ചത്. ക്രിസ്തു പറഞ്ഞു: "നിന്റെ ദൈവമായ യഹോവയുടെ വാക്കു നീ ശ്രദ്ധയോടെ കേട്ട് അവനു പ്രസാദമുള്ളതു ചെയ്കയും അവന്റെ കല്പനകളെ അനുസരിച്ച് അവന്റെ സകല വിധികളും പ്രമാണിക്കയും ചെയ്താൽ ഞാൻ മിസ്രയീമ്യർക്കു വരുത്തിയ വ്യാധികളിൽ ഒന്നും നിനക്കു വരുത്തുകയില്ല" (പുറ. 15:26). തങ്ങളുടെ ജീവിതക്രമത്തെ സംബന്ധിച്ചു യിസ്രായേലിനു വ്യക്തമായ നിർദ്ദേശങ്ങൾ ക്രിസ്തു നല്കി. "യഹോവ സകല രോഗവും നിങ്കൽനിന്ന് അകറ്റിക്കളയും" (ആവ. 7:15). ദൈവത്തിന്റെ വ്യവസ്ഥകൾ പാലിച്ചപ്പോൾ വാഗ്ദത്തം അവർക്കു നിറവേറ്റിക്കൊടുത്തു. "അവരുടെ ഗോത്രങ്ങളിൽ ഒരു ബലഹീനനും ഉണ്ടായിരുന്നില്ല" (സങ്കീ. 105:37).

നമുക്കുവേണ്ടിയത്രേ ഈ പാഠങ്ങൾ നല്കപ്പെട്ടിരിക്കുന്നത്. ആരോഗ്യം പരിരക്ഷിക്കുവാനാഗ്രഹിക്കുന്ന എല്ലാവരും പാലിക്കേണ്ട വ്യവസ്ഥകളുണ്ട്. ഈ വ്യവസ്ഥകൾ എന്താണെന്നു പഠിക്കേണ്ടതാണ്. തന്റെ നിയമങ്ങളെക്കുറിച്ച് - പ്രകൃതിനിയമങ്ങളും ആത്മീയനിയമങ്ങളും - ജനം അജ്ഞരായിരിക്കുന്നതിൽ ദൈവത്തിനു പ്രസാദമില്ല. ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യം യഥാസ്ഥാനപ്പെടുത്തുന്നതിനുവേണ്ടി നാം ദൈവത്തോടു സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്.

ആരോഗ്യത്തെ എപ്രകാരം പരിരക്ഷിക്കാമെന്നും, നഷ്ടപ്പെട്ട ആരോഗ്യത്തെ എങ്ങനെ വീണ്ടെടുക്കാമെന്നും നാം മറ്റുള്ളവരെ പഠിപ്പിക്കേണ്ടതാകുന്നു. ദൈവം പ്രകൃതിയിൽ നൽകിയിട്ടുള്ള രോഗപ്രതിവിധികളെ നാം രോഗികളുടെ സൗഖ്യത്തിനുവേണ്ടി പ്രയോജനപ്പെടുത്തേണ്ടതാണ്. സൗഖ്യമാക്കുവാൻ കഴിവുള്ളവനെ നാം ചൂണ്ടിക്കാണിച്ചുകൊടുക്കണം. നമ്മുടെ വിശ്വാസത്തിന്റെ കരങ്ങളിൽ വഹിച്ചുകൊണ്ടു രോഗികളെയും കഷ്ടപ്പെടുന്നവരെയും ക്രിസ്തുവിനു സമർപ്പിക്കുക എന്നതു നമ്മുടെ ചുമതലയാകുന്നു. വലിയ വൈദ്യനിൽ വിശ്വസിപ്പാൻ നാം അവരെ പഠിപ്പിക്കണം. നാം ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ മുറുകെപ്പിടിക്കയും അവന്റെ ശക്തിയുടെ പ്രകടനത്തിനായി പ്രാർത്ഥിക്കയും ചെയ്യണം. സുവിശേഷത്തിന്റെ സാരാംശം യഥാസ്ഥാനപ്പെടുത്തലാണ്. രോഗിയെയും നൈരാശ്യത്തിൽ നിപതിച്ചവനെയും കഷ്ടപ്പെടുന്നവനെയും ദൈവത്തിന്റെ ശക്തിയിൽ ആശ്രയിക്കുവാൻ നാം ഉപദേശിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു.

ക്രിസ്തുവിന്റെ സൗഖ്യപ്പെടുത്തലുകളിലെല്ലാം സ്നേഹത്തിന്റെ ശക്തി പ്രകടമായിരുന്നു. വിശ്വാസത്തിലൂടെ ആ സ്നേഹത്തിന്റെ പങ്കാളികളാകുമ്പോൾ മാത്രമേ നമുക്കു ദൈവവേലയുടെ ഉപകരണങ്ങൾ ആയിത്തീരുവാൻ കഴിയുകയുള്ളു. ക്രിസ്തുവിനോടു ചേരുവാൻ നാം വിസമ്മതിക്കുന്നുവെങ്കിൽ നാം ഒരിക്കലും ദിവ്യസ്നേഹം ഒഴുകുന്ന ചാലുകളായിത്തീരുകയില്ല. അവിശ്വാസികളായ ജനത്തിനിടയിൽ കർത്താവിനുതന്നെയും അത്ഭുത

ങ്ങൾ പ്രവർത്തിക്കുവാൻ കഴിയാതെ പോയ സ്ഥലങ്ങൾ ഉണ്ടായിരുന്നു. അവിശ്വാസമാണു ജനത്തെ ദൈവത്തിൽനിന്ന് അകറ്റുന്നത്. നിത്യസത്യങ്ങളെ അവർ ബലമായി പിടിക്കുന്നില്ല. സഭയുടെ വിശ്വാസരാഹിത്യത്തിൽ ദൈവം ദുഃഖിക്കുന്നു. തന്റെ മഹത്വം വേണ്ടവണ്ണം സഭ ഉപയോഗിക്കുന്നില്ല.

ക്രിസ്തുവിന്റെ വേല ചെയ്യുന്നതിലൂടെ, ക്രിസ്തുവിന്റെ വാഗ്ദത്തം സഭയ്ക്കു ലഭിക്കുന്നു. "പോയി സർവ്വജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ," കർത്താവ് അരുളിച്ചെയ്തു. "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്." ക്രിസ്തുവിന്റെ ശക്തി ലഭിക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഒന്നാമത്തേതു ക്രിസ്തുവിന്റെ നുകം എടുക്കുക എന്നതായിരുന്നു. ദൈവിക ദൗത്യം നിറവേറ്റുന്നതിൽ സഭ കാട്ടുന്ന വിശ്വസ്തതയാണു സഭയുടെ ജീവൻ നിലനിർത്തുന്നത്. ഈ വേലയെ ഉപേക്ഷിക്കുക എന്നാൽ ആത്മീയ തളർച്ചയും ജീർണ്ണതയും ക്ഷണിച്ചുവരുത്തുക എന്നതാണ്. മറ്റുള്ളവർക്കുവേണ്ടി സജീവമായ പ്രവർത്തനം ഇല്ലാത്ത ഇടങ്ങളിൽ സ്നേഹം തണുത്തുപോകയും വിശ്വാസം മങ്ങുകയും ചെയ്യുന്നു.

സുവിശേഷവേലയിൽ സഭയെ അഭ്യസിപ്പിക്കുന്നവരായിരിക്കണം തന്റെ ശുശ്രൂഷകരെന്നു ക്രിസ്തു ആഗ്രഹിക്കുന്നു. നഷ്ടപ്പെട്ടവരെ എപ്രകാരം കണ്ടെത്തണമെന്നും, നേടണമെന്നും ജനത്തെ അവർ പഠിപ്പിക്കണം. എന്നാൽ അവർ ഈ വേല ചെയ്യുന്നുവോ? മരണത്തിന് ഒരുങ്ങിയിരിക്കുന്ന ഒരു സഭയിൽ ജീവന്റെ സ്ഫുലിംഗത്തെ ജ്വലിപ്പിക്കുവാൻ എത്ര പേർ ശ്രമിക്കുന്നു? കാണാതെപോയ ആടുകളെ പോയി കണ്ടെത്തേണ്ടവർ എത്ര സഭകളെയാണു രോഗം പിടിച്ച സഭകളായി കരുതി തള്ളിയിരിക്കുന്നത്! അനേകായിരങ്ങൾ ക്രിസ്തുവില്ലാതെ നശിച്ചുകൊണ്ടിരിക്കുന്നു.

മനുഷ്യനുവേണ്ടി ദൈവം തന്റെ അളവില്ലാത്ത സ്നേഹം ഉദാരമായി പകർന്നുകൊടുത്തു. ഇത്രയും സ്നേഹം ലഭിച്ച മനുഷ്യർ അവിശ്വസ്തരായി ജീവിക്കുന്നതു കാണുമ്പോൾ സ്വർഗ്ഗീയദൂതന്മാർ അത്ഭുതപ്പെടുന്നു. ദൈവസ്നേഹത്തെ ആഴത്തിൽ മനസ്സിലാക്കാത്ത മനുഷ്യർ ദൈവദൂതന്മാരെ ആശ്ചര്യപ്പെടുത്തുകയാണ്. മനുഷ്യൻ, മനുഷ്യനോടു കാട്ടുന്ന അവഗണനയിൽ സ്വർഗ്ഗം രോഷം കൊള്ളുന്നു. ക്രിസ്തു അതിനെ എപ്രകാരം കരുതുന്നു എന്നു നാം അറിയുന്നുണ്ടോ? സ്നേഹസമ്പന്നരായ മാതാപിതാക്കൾക്ക്, തങ്ങളുടെ കുഞ്ഞുങ്ങൾ മറ്റുള്ളവരുടെ അവഗണനമൂലം മരിക്കുവാൻ ഇടയായി എന്നറിഞ്ഞാൽ അവരുടെ പ്രതികരണം എപ്രകാരമായിരിക്കും? ദുഃഖത്താൽ അവരുടെ ഹൃദയം തകരുകയില്ലേ? തങ്ങളുടെ കുഞ്ഞുങ്ങൾ മരിക്കുവാൻ കാരണക്കാരായവരോട് ഒരിക്കലും അടങ്ങാത്ത വിദ്വേഷം തോന്നുകയില്ലേ? ഓരോ മനുഷ്യന്റെയും കഷ്ടതകൾ, ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം സ്വന്തം കഷ്ടതകൾപോലെ കാണുന്നു. നശിച്ചുകൊണ്ടിരിക്കുന്ന സഹജീവികൾക്കു സഹായഹസ്തം നീട്ടാത്തവരുടെമേൽ ദൈവിക കോപം വരുമെന്നുള്ളതു തീർച്ചയാണ്. ഇതാണു കുഞ്ഞാടിന്റെ കോപം. ക്രിസ്തുവിനോടു കൂട്ടായ്മ ഉണ്ടെന്നവകാശപ്പെടു

കയും സഹജീവികളുടെ പ്രയാസങ്ങളിൽ അനാസ്ഥ കാട്ടുകയും ചെയ്യുന്നവരോട്, ന്യായവിധിദിവസത്തിൽ കർത്താവു പറയും: "നിങ്ങൾ എവിടെ നിന്ന് എന്നു ഞാൻ അറിയുന്നില്ല. അനീതി പ്രവർത്തിക്കുന്ന ഏവരുമായുള്ളോരേ, എന്നെ വിട്ടുപോകുവിൻ."

ശിഷ്യന്മാർക്കു ചുമതലകൾ വിഭാഗിച്ചു കൊടുത്തപ്പോൾ ക്രിസ്തു അവരുടെ വേലയെക്കുറിച്ചു മാത്രമല്ല പറഞ്ഞത്; അവർ നല്കേണ്ട ദൗത്യവും അവരെ ഏല്പിച്ചു. "ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ജനത്തെ ഉപദേശിക്കുക" എന്നു കർത്താവു പറഞ്ഞു. ക്രിസ്തു പഠിപ്പിച്ചതു ജനത്തെ പഠിപ്പിക്കുവാൻ ശിഷ്യന്മാരെ ചുമതലപ്പെടുത്തി. ക്രിസ്തു സംസാരിച്ചതെല്ലാം ഇവിടെ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. മാനുഷിക ഉപദേശങ്ങൾക്ക് ഇവിടെ സ്ഥാനമില്ല. പാരമ്പര്യാചാരങ്ങൾക്കും സ്ഥാനമില്ല. അതുപോലെ മനുഷ്യന്റെ തത്വചിന്തകൾക്കും, തീരുമാനങ്ങൾക്കും, സഭയുടെ തീരുമാനങ്ങൾക്കു മാത്രമല്ല ഇവിടെ സ്ഥാനം. സഭയുടെ ഉന്നതാധികാരികൾ ഏർപ്പെടുത്തിയിട്ടുള്ള നിയമങ്ങൾ, ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്രിസ്തുവിന്റെ ശുശ്രൂഷക്കാർ മനുഷ്യനിർമ്മിതമായ ഉപദേശങ്ങളെയല്ല ഉയർത്തിക്കാണിക്കേണ്ടത്. ന്യായപ്രമാണവും, പ്രവാചകന്മാരും, അതോടൊപ്പം ക്രിസ്തുവിന്റെ ഉപദേശങ്ങളും പ്രവൃത്തികളുമത്രേ, ലോകത്തിനു നല്കുവാനായി ക്രിസ്തു, തന്റെ ശിഷ്യന്മാരെ ഏല്പിച്ച നിധി. ക്രിസ്തുവിന്റെ നാമം അവരുടെ കാവൽ വാക്യവും, അവരെ വേർതിരിച്ചു കാട്ടുന്ന മുദ്രയും, അവരുടെ ഐക്യത്തിന്റെ ഉറപ്പും, അവരുടെ പ്രവർത്തനത്തിന്റെ അധികാരവും, അവരുടെ വിജയത്തിന്റെ ഉറവിടവും ആയിരുന്നു. ക്രിസ്തുവിന്റെ മുദ്ര ഇല്ലാത്ത ഒന്നിനും, ക്രിസ്തുവിന്റെ രാജ്യത്തിൽ അംഗീകാരമില്ല.

ജീവൻ മുരടിച്ച, ഒരു തത്വസംഹിതയല്ല സുവിശേഷം. നേരെമറിച്ച്, ജീവിതത്തിനു പരിവർത്തനം വരുത്തുവാൻ കഴിവുള്ള, ചൈതന്യവത്തായ ശക്തിയാണു സുവിശേഷം. തന്റെ കൃപ പ്രാപിക്കുന്നവർ, അതിന്റെ ശക്തിയുടെ സാക്ഷികളായിരിപ്പാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിന് ഏറ്റവും അനിഷ്ടമായത് പ്രവർത്തിക്കുന്നവരെ, ദൈവം സ്നേഹത്തോടെ സ്വീകരിക്കുന്നു. അവർ യഥാർത്ഥമായി അനുതപിക്കുമ്പോൾ, ദൈവം തന്റെ ആത്മാവിനെ അവർക്കു നല്കുന്നു. അവർക്കു ശ്രേഷ്ഠമായ സ്ഥാനം നല്കുകയും, തന്റെ ദിവ്യകൃപയെക്കുറിച്ചു പാപികളോടു പ്രസംഗിപ്പാൻ അവരെ അയയ്ക്കുകയും ചെയ്യുന്നു. ദൈവകൃപ ലഭിക്കുന്ന ഏതൊരാൾക്കും ക്രിസ്തുവിന്റേതുപോലുള്ള സ്വഭാവം സ്വായത്തമാക്കാനും ക്രിസ്തുവിന്റെ സ്നേഹം രുചിച്ചറിയുവാനും കഴിയുന്നുവെന്ന സത്യം തന്റെ ദാസന്മാർ, സാക്ഷീകരിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. മനുഷ്യവർഗ്ഗം വീണ്ടെടുക്കപ്പെടുകയും, ദൈവത്തിന്റെ പുത്രീപുത്രന്മാർ എന്ന പദവിയിലേക്കു പുനഃസ്ഥാപിക്കപ്പെടുകയും ചെയ്യുന്നതുവരെ ക്രിസ്തു സംതൃപ്തനല്ല എന്നു നാം സാക്ഷീകരിക്കുവാൻ കർത്താവാഗ്രഹിക്കുന്നു.

ക്രിസ്തുവിൽ ഒരിടയന്റെ ആർദ്രതയും, ഒരു പിതാവിന്റെ വാത്സല്യവും, ഒരു രക്ഷകന്റെ അതുല്യ കൃപയും കുടികൊള്ളുന്നു. ഏറ്റവും ആകർഷകമായ വ്യവസ്ഥകൾ കർത്താവു നമുക്കു നല്കുന്നു. ഈ അനുഗ്രഹങ്ങളെ ഒരു പ്രഖ്യാപനം മാത്രമാക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നില്ല. അവയെ സ്വന്തമാക്കുവാനുള്ള താൽപര്യം മനുഷ്യരിൽ ഉളവാക്കുവാനുമായി ഏറ്റവും ആകർഷകമായ വിധത്തിൽ, കർത്താവ് അവതരിപ്പിക്കുന്നു. കർത്താവിന്റെ ശിഷ്യന്മാരും, ഈ വിധത്തിലായിരിക്കണം, അവന്റെ പറഞ്ഞുതീരാത്ത ദാനത്തിന്റെ മഹത്വത്തെ അവതരിപ്പിക്കേണ്ടത്. വേദശാസ്ത്രങ്ങളുടെ വിരസമായ ആവർത്തനം ഒന്നും നേടുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ അത്ഭുതസ്നേഹം ഹൃദയങ്ങളെ സ്പർശിക്കുകയും ആകർഷിക്കുകയും ചെയ്യുന്നു. "എന്റെ ജനത്തെ ആശ്വസിപ്പിപ്പിൻ, ആശ്വസിപ്പിപ്പിൻ എന്നു നിങ്ങളുടെ ദൈവം അരുളിച്ചെയ്യുന്നു." "സുവാർത്താദൂതിയായ സീയോനേ, നീ ഉയർന്ന പർവ്വതത്തിലേക്കു കയറിച്ചെല്ലുക; സുവാർത്താദൂതിയായ യെരൂശലേമേ, നിന്റെ ശബ്ദം ശക്തിയോടെ ഉയർത്തുക; ഭയപ്പെടാതെ ഉയർത്തുക; യെഹൂദനഗരങ്ങളോട്: ഇതാ, നിങ്ങളുടെ ദൈവം എന്നു പറയുക... ഒരിടയനെപ്പോലെ അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുകയും, കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തു മാർവ്വിടത്തിൽ ചേർത്തു വഹിക്കുകയും, തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും" (യെശ. 40:1; 9–11). "പതിനായിരം പേരിൽ അതിശ്രേഷ്ഠനും," "സർവ്വാംഗസുന്ദരനുമായ"വനെക്കുറിച്ചു (ഉത്തമ. 5:10,16) ജനത്തോടു പറയുക. വാക്കുകൾകൊണ്ടു മാത്രമല്ല അതു പറയേണ്ടത്. സ്വഭാവത്തിൽ അതു പ്രതിഫലിക്കുകയും ജീവിതത്തിൽ അതു വെളിപ്പെടുകയും വേണം. ഓരോ ശിഷ്യനിലും ക്രിസ്തുവിന്റെ പ്രതിച്ഛായ മുദ്രണം ചെയ്യപ്പെടുന്നതു കാൺമാൻ ക്രിസ്തു ആഗ്രഹിക്കുന്നു. എല്ലാവരും "അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചുമിരിക്കുന്നു" (റോമർ 8:29). എല്ലാവരിലും ക്രിസ്തുവിന്റെ സ്നേഹം, വിശുദ്ധി, സൗമ്യത, കരുണ, സത്യം തുടങ്ങിയ ഗുണങ്ങൾ ലോകത്തിനു കാണുവാൻ തക്കവണ്ണം പ്രതിഫലിക്കേണ്ടതാണ്.

ആദിമ ശിഷ്യന്മാർ ദൈവവചനം പ്രസംഗിച്ചു. ക്രിസ്തുവിനെ ജീവിതത്തിൽ പ്രതിഫലിപ്പിച്ചു. കർത്താവ് അവരോട് ഒന്നിച്ചു വേല ചെയ്തു. "കർത്താവ് അവരോടു കൂടെ പ്രവർത്തിച്ചും, അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു" (മർക്കൊസ് 16:20). തങ്ങളുടെ വേലയ്ക്കുവേണ്ടി ഈ ശിഷ്യന്മാർ തങ്ങളെത്തന്നെ ഒരുക്കി. പെന്തെക്കൊസ്തു നാളിനു മുമ്പുതന്നെ ഒരുമിച്ചുകൂടി ഏകമനസ്സുള്ളവരായിത്തീർന്നു. അവർ ക്രിസ്തുവിന്റെ വാക്കു വിശ്വസിച്ചു. അവർ വിശ്വാസത്തോടുകൂടി പ്രാർത്ഥിച്ചു. സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി അവർ പ്രാർത്ഥിച്ചില്ല. മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടിയുള്ള ഒരു ഭാരം അവർക്കുണ്ടായിരുന്നു. ഭൂമിയുടെ അറ്റത്തോളം സുവിശേഷം എത്തിക്കേണ്ട ചുമതല അവരിൽ നിക്ഷിപ്തമായിരുന്നു. ക്രിസ്തു വാഗ്ദത്തം ചെയ്ത ശക്തി തങ്ങൾക്കു ലഭിച്ചുവെന്ന് അവർ വിശ്വസിച്ചു. പരിശുദ്ധാത്മാവെന്ന ദാനം അവർക്കു ലഭിച്ചു. ആയിരക്കണക്കിന് ആളുകൾ ഒരു ദിവസം മാനസാന്തരപ്പെട്ടു.

ഇന്നും അങ്ങനെ സംഭവിക്കുന്നു. മനുഷ്യന്റെ ചിന്തയ്ക്കുപരിയായി ദൈവവചനം പ്രസംഗിക്കപ്പെടട്ടെ. ക്രിസ്ത്യാനികൾ തങ്ങളുടെ ഭിന്നതകൾ കൈവെടിഞ്ഞിട്ട്, നഷ്ടപ്പെട്ടവരെ രക്ഷിക്കുന്നതിനുവേണ്ടി തങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിക്കട്ടെ. വിശ്വാസത്തോടുകൂടി അനുഗ്രഹത്തിനായി പ്രാർത്ഥിക്കട്ടെ. അപ്പൊസ്തലിക കാലത്ത് ഉണ്ടായ പരിശുദ്ധാത്മവർഷം "മുൻമഴയായിരുന്നു." അതിന്റെ ഫലം വിസ്മയകരമായിരുന്നു. എന്നാൽ "പിൻമഴയുടെ ഫലം" അതിലും സമൃദ്ധമായിരിക്കും (യോവേൽ 2:23).

ആത്മാവിനെയും ശരീരത്തെയും പ്രാണനെയും ദൈവത്തിനു സമർപ്പിക്കുന്ന ഏവർക്കും, ശാരീരികവും മാനസികവുമായ ശക്തിയുടെ പുതിയ ദാനങ്ങൾ ഇടമുറിയാതെ ലഭിച്ചുകൊണ്ടിരിക്കും. ഒരിക്കലും വറ്റിപ്പോകാത്ത സ്വർഗ്ഗീയാനുഗ്രഹങ്ങൾ അവരുടെമേൽ ചൊരിയപ്പെടും. ക്രിസ്തു തന്റെ ആത്മാവിനെയും ജീവനെയും അവരുടെമേൽ പകരുന്നു. പരിശുദ്ധാത്മാവ് അവരുടെ മനസ്സിലും ഹൃദയത്തിലും ഊർജ്ജശക്തി നിറയ്ക്കുന്നു. ദൈവം അവരുടെ കഴിവുകളെ വികസിപ്പിക്കുന്നു. ദൈവിക ശക്തിയുടെ പൂർണ്ണത അവർക്കായി നൽകപ്പെടും. ക്രിസ്തുവിനോടുകൂടെ ചേർന്നു പ്രവർത്തിക്കുമ്പോൾ, അവർ പൂർണ്ണതയുള്ളവരായിത്തീരുന്നു. മാനുഷിക ബലഹീനതകൾ അവരിൽ ഉണ്ടായിരിക്കുമ്പോൾത്തന്നെ, സർവ്വശക്തന്റെ പ്രവൃത്തി ചെയ്യാൻ അവർ കരുത്തുള്ളവരായിത്തീരുന്നു.

തന്റെ കൃപ, ലോകത്തിനു വെളിപ്പെടുത്തുവാനും, ലോകത്തിന്മേൽ തന്റെ സ്വഭാവം പതിപ്പിക്കുവാനും കർത്താവ് ആഗ്രഹിക്കുന്നു. താൻ ജീവൻ നല്കി വിലയ്ക്കു വാങ്ങിയതാണു ലോകം. മനുഷ്യനെ സ്വതന്ത്രനും, കളങ്കമില്ലാത്തവനും, വിശുദ്ധനുമാക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. കർത്താവിന്റെ ഈ ലക്ഷ്യത്തെ തടസ്സപ്പെടുത്തുവാൻ സാത്താൻ ശ്രമിക്കുന്നുവെങ്കിൽ, ലോകത്തിനുവേണ്ടി ചിന്തിയ കർത്താവിന്റെ തിരുരക്തത്താൽ വിജയങ്ങൾ കൈവരിക്കേണ്ടതായിട്ടുണ്ട്. വിജയം പൂർണ്ണമാകുന്നതുവരെ ക്രിസ്തു സംതൃപ്തനാകയില്ല. "അവൻ തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും" (യെശ. 53:11). ഭൂമിയിലെ സകല ജാതികളും കൃപയുടെ സുവിശേഷം കേൾക്കും. എന്നാൽ എല്ലാവരും യേശുവിന്റെ കൃപ സ്വീകരിക്കയില്ല. എന്നാൽ "ഒരു സന്തതി അവനെ സേവിക്കും; വരുന്ന തലമുറയോടു യഹോവയെക്കുറിച്ചു കീർത്തിക്കും" (സങ്കീ. 22:30). "പിന്നെ രാജത്വവും ആധിപത്യവും ആകാശത്തിൻകീഴ് എല്ലായിടവുമുള്ള രാജ്യങ്ങളുടെ മഹത്വവും അത്യുന്നതന്റെ വിശുദ്ധന്മാരായ ജനത്തിനു ലഭിക്കും." "സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ടു പൂർണ്ണമായിരിക്കയാൽ" "അങ്ങനെ അവർ പടിഞ്ഞാറു യഹോവയുടെ നാമത്തെയും, കിഴക്ക് അവന്റെ മഹത്വത്തെയും ഭയപ്പെടും" (ദാനീ. 7:27; യെശ. 11:9; 59:19).

"സമാധാനത്തെ ഘോഷിച്ചു നന്മയെ സുവിശേഷിക്കുകയും രക്ഷയെ പ്രസിദ്ധമാക്കുകയും, സീയോനോട്: നിന്റെ ദൈവം വാഴുന്നു എന്നു പറകയും

ചെയ്യുന്ന സുവാർത്താദൂതന്റെ കാൽ പർവ്വതങ്ങളിന്മേൽ എത്ര മനോഹരം!... യെരൂശലേമിന്റെ ശൂന്യപ്രദേശങ്ങളേ, പൊട്ടി ആർത്തുകൊൾവിൻ; യഹോവ തന്റെ ജനത്തെ ആശ്വസിപ്പിച്ചു... സകല ജാതികളും കാൺകെ യഹോവ തന്റെ വിശുദ്ധ ഭുജത്തെ നഗ്നമാക്കിയിരിക്കുന്നു; ഭൂമിയുടെ അറ്റങ്ങളൊക്കെയും നമ്മുടെ ദൈവത്തിന്റെ രക്ഷയെ കാണും" (യെശ. 52:7–10).

# 87

# എന്റെ പിതാവും നിങ്ങളുടെ പിതാവും

അവലംബം: ലൂക്കൊസ് 24:50–53; അപ്പൊ. 1:9–12

പിതാവിന്റെ സന്നിധിയിലേക്കു കരേറിപ്പോകുവാനുള്ള സമയം ക്രിസ്തുവിനു വന്നുചേർന്നു. ഒരു ജേതാവെന്ന നിലയിൽ വിജയത്തിന്റെ ഉപഹാരങ്ങളുമായി സ്വർഗ്ഗീയ അരമനയിലേക്കു കർത്താവു മടങ്ങിപ്പോകുവാൻ സമയമായി. മരണത്തിനു മുമ്പു യേശു പിതാവിനോടു പറഞ്ഞു: "നീ എനിക്കു ചെയ്‌വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു" (യോഹ. 17:4). പുനരുത്ഥാനം ചെയ്തതും, മഹത്വീകരിക്കപ്പെട്ടതുമായ തന്റെ ശരീരത്തെ ശിഷ്യന്മാർ കാണുന്നതിന്, കർത്താവ്, പുനരുത്ഥാനത്തിനുശേഷം കുറച്ചുനാളുകൾ കൂടി ഭൂമിയിൽ പാർത്തു. ഈ ലോകം വിട്ടുപോകുവാൻ കർത്താവ് ഒരുങ്ങിക്കഴിഞ്ഞു. ജീവിക്കുന്ന രക്ഷകനാണു താൻ എന്ന സത്യം യേശു തെളിയിച്ചുകൊടുത്തു. തന്നെ ഇനി ശവക്കല്ലറയുമായി ശിഷ്യന്മാർ ബന്ധപ്പെടുത്തേണ്ടതില്ല. പ്രപഞ്ചത്തിനു മുമ്പാകെ തേജസ്കരിക്കപ്പെട്ടവനാണു തങ്ങളുടെ കർത്താവെന്ന്, ശിഷ്യന്മാർക്കു സംശയലേശമെന്യേ വിശ്വസിക്കാം.

താൻ മനുഷ്യരുടെ ഇടയിൽ പാർത്തിരുന്നപ്പോൾ, തന്റെ സന്ദർശനത്താൽ പാവനമാക്കപ്പെട്ട ഒരു സ്ഥലമായിരുന്നു, കർത്താവു സ്വർഗ്ഗാരോഹണത്തിനായി തെരഞ്ഞെടുത്തത്. ദാവീദിന്റെ നഗരമായ സീയോൻമല ആയിരുന്നില്ല കർത്താവു സ്വർഗ്ഗാരോഹണത്തിനായി തെരഞ്ഞെടുത്തത്. യെരൂശലേം ദൈവാലയം നിലനിന്നിരുന്ന മോറിയാ മലയുമായിരുന്നില്ല; അവിടെവച്ചു കർത്താവ് അപമാനിതനാവുകയും, നിരാകരിക്കപ്പെടുകയും ചെയ്തു. കരുണയുടെ കുഞ്ഞോളങ്ങൾ, സ്നേഹത്തിന്റെ വേലിയേറ്റങ്ങളായി രൂപാന്തരപ്പെട്ടിട്ടും അവിടെവച്ച്, കരിങ്കല്ലുപോലുള്ള ഹൃദയങ്ങളിൽ തട്ടി, അവ പിന്നോക്കം പായിക്കപ്പെട്ടു. അവിടെനിന്നു ഹൃദയഭാരത്തോടും തളർച്ചയോടുംകൂടെ, കർത്താവു വിശ്രമസ്ഥലം തേടി ഒലിവുമലയിലേക്കു പോയി. ഒന്നാമത്തെ ദൈവാലയത്തിൽനിന്നു യഹോവയുടെ തേജസ്സു മാറി, കിഴക്കുവശത്തെ മലമുകളിൽ പ്രകാശിച്ചു. തെരഞ്ഞെടുത്ത നഗരത്തെ തള്ളിക്കളയാൻ മനസ്സില്ലാത്തതുപോലെ, യേശു യെരൂശലേമിനെ സ്നേഹത്തോടെ നോക്കിക്കൊണ്ട് ഒലിവുമലയിൽ നിന്നു. അവിടെയുള്ള മരത്തോപ്പുകളും തരുനിരകളും യേശുവിന്റെ പ്രാർത്ഥനയാലും കണ്ണുനീരിനാലും വിശുദ്ധീകരിക്കപ്പെട്ടിരുന്നു. തന്നെ രാജാവാക്കുവാൻ ആഗ്രഹിച്ച ജനസഞ്ചയത്തിന്റെ ഹോശന്നാ വിളികൾ, ആ മലനിരകളിൽ തട്ടി പ്രതിധ്വനിച്ചിട്ടുണ്ട്. അതിന്റെ താഴ്വാരത്തിലുള്ള ബേഥാന്യയിലാണു തന്റെ സ്നേഹിതനായ ലാസരിന്റെ ഭവനം. ഒലിവുമലയുടെ ചുവട്ടിലുള്ള ഗെത്ശേമനത്തോട്ടത്തിൽ കർത്താവു കഠിനവ്യഥ അനുഭവിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഈ മലയിൽ നിന്നുമാണു യേശു സ്വർഗ്ഗാരോഹണം ചെയ്യുവാൻ പോകുന്നത്. യേശു വീണ്ടും വരുമ്പോൾ ഈ മലയുടെ നെറുകയിലായിരിക്കും തന്റെ പാദങ്ങൾ ആദ്യം സ്പർശിക്കുക. "വ്യസനപാത്രമായും രോഗം ശീലിച്ചവനുമാ"യിട്ടായിരിക്കുകയില്ല, ഇനി കർത്താവ് ഒലിവുമലയിൽ നിൽക്കുക. നേരെമറിച്ചു തേജസ്സ് ഉള്ളവനും, ജേതാവിനെപ്പോലെയുമായിരിക്കും. അപ്പോൾ ഹല്ലേലൂയ്യാ വിളികൾ, ജാതികളുടെ ഹോശന്നാ വിളികളുമായി ഒന്നിച്ചു ലയിച്ചു ചേരും. ആയിരമായിരം വീണ്ടെടുക്കപ്പെട്ടവരുടെ കണ്ഠങ്ങളിൽനിന്ന്, അവനെ കർത്താധികർത്താവും രാജാധിരാജാവുമായി വാഴിക്ക എന്ന ശബ്ദമുയരും.

പതിനൊന്നു ശിഷ്യന്മാരുമായി യേശു ഒരുമിച്ച് ഒലിവുമലയിലേക്കു നടന്നു. യെരൂശലേമിന്റെ വാതിൽക്കൽക്കൂടെ അവർ നടന്നുപോയപ്പോൾ അത്ഭുതസ്തബ്ധരായി അനേകർ ഈ ചെറിയ കൂട്ടത്തെ നോക്കി. ആഴ്ചകൾക്കുമുമ്പു പുരോഹിതന്മാരാലും, പ്രമാണികളാലും ക്രൂശീകരിക്കപ്പെട്ട ആൾ ആ ചെറിയ കൂട്ടത്തെ നയിച്ചുകൊണ്ടുപോകുന്നത് അവർ കണ്ടു. തങ്ങളുടെ ഗുരുവുമായുള്ള അവസാനത്തെ കൂടിക്കാഴ്ചയാണിതെന്നു ശിഷ്യന്മാർ അറിഞ്ഞിരുന്നില്ല. യേശു അവരുമായി സംഭാഷണത്തിലേർപ്പെട്ടു. നേരത്തെ നല്കിയ ഉപദേശങ്ങൾ കർത്താവ് ആവർത്തിച്ചു. ഗെത്ശേമനയിൽ അവർ എത്തിയപ്പോൾ കർത്താവ് അവിടെ അല്പസമയം നിന്നു. അവിടെവച്ചു തീവ്രമായ മനോവേദന അനുഭവിച്ച രാത്രിയിൽ, താൻ നല്കിയ പാഠങ്ങൾ ശിഷ്യന്മാരുടെ ഓർമ്മയിൽ കൊണ്ടുവരുന്നതിനാണു കർത്താവ് അവിടെ

നിന്നത്. സഭയും ക്രിസ്തുവും പിതാവുമായുള്ള ബന്ധത്തെ വിശദീകരിക്കുന്നതിനു താൻ മാതൃകയായി എടുത്ത മുന്തിരിവള്ളിയെ വീണ്ടും കർത്താവ് ആവർത്തിച്ചു. പ്രതിഫലം ഇച്ഛിക്കാത്ത തന്റെ സ്നേഹത്തെ ഓർമ്മിപ്പിക്കുന്ന കാര്യങ്ങൾ കർത്താവിന്റെ ചുറ്റും ഉണ്ടായിരുന്നു. തന്റെ ഏറ്റവും അടുത്ത സ്നേഹിതന്മാരായ ശിഷ്യന്മാർപോലും കർത്താവിന്റെ അപമാനത്തിന്റെ നാഴികയിൽ തന്നെ കുറ്റപ്പെടുത്തുകയും, തള്ളിക്കളയുകയും ചെയ്തു.

ലോകത്തിൽ കർത്താവു മുപ്പത്തിമൂന്നു വർഷം ജീവിച്ചു. പരിഹാസവും അധിക്ഷേപവും ഒക്കെ സഹിച്ചു. എല്ലാവരാലും ത്യജിക്കപ്പെട്ടു. ഒടുവിൽ ക്രൂശിതനായി. തനിക്കായി ഒരുക്കിയിരിക്കുന്ന മഹത്വസിംഹാസനത്തിലേക്കു കരേറുവാൻ തുടങ്ങുന്ന ഈ വേളയിൽ, തന്റെ ജനത്തിന്റെ നന്ദിയില്ലായ്മയെക്കുറിച്ചോർക്കുമ്പോൾ, തന്റെ അനുകമ്പയും സ്നേഹവും അവരിൽനിന്നു പിൻവലിക്കുമോ? തന്റെ ശുശ്രൂഷയെ വിലമതിക്കുന്നിടത്ത്, സ്വർഗ്ഗീയ ദൂതഗണങ്ങൾ തന്റെ ആജ്ഞാനുവർത്തികളായി നിൽക്കുന്നിടത്ത്, തന്റെ സ്നേഹവും വാത്സല്യവും കേന്ദ്രീകരിക്കുമോ? ഒരിക്കലുമില്ല. താൻ ഭൂമിയിൽ വിട്ടേച്ചുപോകുന്ന സ്നേഹഭാജനങ്ങളോടു കർത്താവിന്റെ വാഗ്ദത്തം ഇപ്രകാരമായിരുന്നു: “ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്” (മത്തായി 28:20).

ഒലിവുമലയിൽ എത്തിച്ചേർന്ന ശിഷ്യന്മാരെ ബഥാന്യയുടെ പരിസരത്തേക്കു യേശു നയിച്ചു. ഇവിടെ യേശു നിന്നു. ശിഷ്യന്മാർ യേശുവിന്റെ ചുറ്റുംകൂടി. പ്രിയങ്കരരായ ശിഷ്യന്മാരെ സ്നേഹത്തോടെ വീക്ഷിച്ചപ്പോൾ, യേശുവിന്റെ മുഖം പ്രകാശിതമായി. തന്റെ ശിഷ്യന്മാരുടെ തെറ്റുകളെയും തോൽവികളെയും ഓർത്തു യേശു അവരെ കുറ്റപ്പെടുത്തിയില്ല. യേശുവിന്റെ അധരങ്ങളിൽനിന്നു ശിഷ്യന്മാർ കേട്ട വാക്കുകൾ, ആഴമേറിയ സ്നേഹത്തെ പ്രതിഫലിപ്പിക്കുന്ന വാക്കുകളായിരുന്നു. ശിഷ്യന്മാരെ അനുഗ്രഹിക്കുന്നതിനു വേണ്ടി കരങ്ങൾ നീട്ടിക്കൊണ്ടു കർത്താവു സാവധാനത്തിൽ സ്വർഗ്ഗാരോഹണം ചെയ്തു. ഭൂമിയുടെ ആകർഷണശക്തിയെ അതിലംഘിക്കുന്ന ഒരു ശക്തി, കർത്താവിനെ സ്വർഗ്ഗത്തിലേക്കുയർത്തി. കർത്താവു മുകളിലേക്കു പോയപ്പോൾ, ശിഷ്യന്മാർ നിർന്നിമേഷരായി മുകളിലേക്കു നോക്കി നിന്നു. തേജസ്സു നിറഞ്ഞ ഒരു മേഘം വന്നു കർത്താവിനെ അവരുടെ കണ്ണിൽനിന്നു മറച്ചു. ദൂതന്മാരുടെ രഥം കർത്താവിനെ സ്വീകരിച്ചപ്പോൾ, “ഞാനോ, ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്” എന്ന കർത്താവിന്റെ വാക്കുകൾ അവരുടെ കാതുകളിൽ ധ്വനിച്ചുകൊണ്ടിരുന്നു. ദൂതസംഘത്തിന്റെ ഇമ്പകരമായ ഗാനവും അതോടൊപ്പം അവർക്കു കേൾപ്പാൻ കഴിഞ്ഞു.

ശിഷ്യന്മാർ മുകളിലേക്കു നോക്കിക്കൊണ്ടിരിക്കുമ്പോൾ തന്നെ, സംഗീതധോരണിപോലെയൊരു ശബ്ദം അവരോടു സംസാരിക്കുന്നതായി അവർ കേട്ടു. അവർ തിരിഞ്ഞുനോക്കിയപ്പോൾ, മനുഷ്യരൂപത്തിൽ നിന്ന രണ്ടു

ദൂതന്മാർ പറഞ്ഞു: "ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കിനിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും."

യേശുവിനെ സ്വർഗ്ഗീയഭവനത്തിലേക്കു കൊണ്ടുപോകുവാൻ കാത്തു നിന്ന മേഘത്തേരിലെ ദൂതഗണങ്ങളിൽ പെട്ടവരായിരുന്നു ഈ രണ്ടു ദൂതന്മാർ. ദൂതഗണങ്ങളിലെ ഏറ്റവും ശ്രേഷ്ഠരായ ഈ രണ്ടു പേരായിരുന്നു, ക്രിസ്തുവിന്റെ പുനരുത്ഥാനവേളയിൽ കല്ലറയ്ക്കൽ ഉണ്ടായിരുന്നത്. ക്രിസ്തുവിന്റെ ഭൗമിക ജീവിതകാലത്ത് ഈ രണ്ടു ദൂതന്മാരും അവനോടു കൂടെ ഉണ്ടായിരുന്നു. പാപപങ്കിലമാക്കപ്പെട്ട ഒരു ലോകത്തിലെ വാസം കർത്താവ് അവസാനിപ്പിക്കുന്നതിനെ സ്വർഗ്ഗം മുഴുവനും അക്ഷമയോടെ കാത്തിരിക്കുകയായിരുന്നു. സ്വർഗ്ഗീയവാസികൾക്കു തങ്ങളുടെ രാജാവിനെ സ്വീകരിക്കുന്നതിനുള്ള സമയം വന്നുകഴിഞ്ഞു. യേശുവിനെ സ്വാഗതം ചെയ്ത ദൂതഗണത്തിൽ ചേരുവാൻ ഈ രണ്ടു ദൂതന്മാർക്ക് ആഗ്രഹമില്ലേ? എന്നാൽ കർത്താവിന്റെ സ്നേഹഭാജനങ്ങളായ ശിഷ്യന്മാർക്ക് ആശ്വാസം നല്കാൻ അവർ, സ്വന്തതാൽപര്യങ്ങളെ മാറ്റിവച്ച്, ക്ഷമയോടെ കാത്തു നിന്നു. "അവർ ഒക്കെയും രക്ഷ പ്രാപിക്കാനുള്ളവരുടെ ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ?" (എബ്രാ. 1:14).

മനുഷ്യരൂപത്തിലായിരുന്നു കർത്താവു സ്വർഗ്ഗാരോഹണം ചെയ്തത്. അവരോടൊപ്പം നടക്കുകയും, സംസാരിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്ത അതേ യേശു; അവരോടുകൂടെ അപ്പം മുറിച്ച യേശു, തടാകത്തിൽ അവരോടൊപ്പം പടകിൽ യാത്ര ചെയ്ത യേശു; അവരോടൊപ്പം ഒലിവുമല കയറിയ യേശു; ആ യേശു ഇപ്പോൾ പിതാവിന്റെ അടുത്തേക്കു കയറിപ്പോകുന്നതു ശിഷ്യന്മാർ കണ്ടു. ആ യേശു, സ്വർഗ്ഗത്തിലേക്കു പോകുന്നവനായി, ശിഷ്യന്മാർ കണ്ടതുപോലെ വീണ്ടും വരുമെന്നു ദൂതന്മാർ ഉറപ്പുനല്കി. "ഇതാ, അവൻ മേഘാരൂഢനായി വരുന്നു. ഏതു കണ്ണും... അവനെ കാണും." "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും." "മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധദൂതന്മാരുമായി വരുമ്പോൾ, അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും" (വെളി. 1:7; 1 തെസ്സ. 4:16; മത്തായി 25:31). ശിഷ്യന്മാർക്കു കർത്താവു നല്കിയ വാഗ്ദത്തം ഇപ്രകാരം നിറവേറപ്പെടും. "ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്, പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" (യോഹ. 14:3). തങ്ങളുടെ കർത്താവിന്റെ തിരിച്ചുവരവിന്റെ പ്രത്യാശയിൽ ശിഷ്യന്മാർക്കു സന്തോഷിപ്പാനുള്ള എല്ലാ കാരണങ്ങളും ഉണ്ടായിരുന്നു.

ശിഷ്യന്മാർ യെരൂശലേമിലേക്കു മടങ്ങിച്ചെന്നപ്പോൾ ആളുകൾ, അവരെ അത്ഭുതത്തോടുകൂടെ നോക്കി. ക്രിസ്തുവിന്റെ വിചാരണയ്ക്കും, ക്രൂശീ

കരണത്തിനുംശേഷം അവർ ലജ്ജിതരും, നിരാശരുമായിരിക്കുമെന്ന് എല്ലാവരും കരുതിയിരുന്നു. തങ്ങളുടെ മുഖത്തു പരാജയത്തിന്റെയും ദുഃഖത്തിന്റെയും നിഴൽ കാണുമെന്നു ശിഷ്യന്മാരുടെ ശത്രുക്കൾ കരുതിയിരുന്നു. ഇതിനു പകരം അവരിൽ കണ്ടതു സന്തോഷവും വിജയാഹ്ലാദവുമായിരുന്നു. അഭൗമമായ സന്തോഷത്താൽ അവരുടെ മുഖങ്ങൾ പ്രകാശിതമായിരുന്നു. നിരാശരെപ്പോലെ അവർ വിലപിച്ചില്ല; അവർ സന്തോഷഭരിതരും, ദൈവത്തോടു നന്ദിയുള്ളവരും ആയിരുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചും, സ്വർഗ്ഗാരോഹണത്തെക്കുറിച്ചും അവർ സന്തോഷത്തോടെ വിവരിച്ചു പറഞ്ഞു. അവരുടെ സാക്ഷ്യം അനേകർ സ്വീകരിച്ചു.

ഭാവിയെക്കുറിച്ചു ശിഷ്യന്മാർക്ക് ഒരു ഭീതിയുമുണ്ടായിരുന്നില്ല. യേശു സ്വർഗ്ഗത്തിലാണെന്ന് അവർക്കറിയാമായിരുന്നു. കർത്താവിന്റെ സ്നേഹം അവരോടുകൂടെ ഉണ്ടെന്നും, അവർ അറിഞ്ഞിരുന്നു. ദൈവത്തിന്റെ സന്നിധിയിൽ തങ്ങൾക്കൊരു സ്നേഹിതൻ ഉണ്ടെന്ന് അവർക്കറിയാമായിരുന്നു. തങ്ങളുടെ അപേക്ഷകൾ യേശുവിന്റെ നാമത്തിൽ പിതാവിനോടു സമർപ്പിക്കുവാൻ അവർക്കു തിടുക്കമായിരുന്നു. “നിങ്ങൾ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും. ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല; അപേക്ഷിപ്പിൻ; എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും” (യോഹ. 16:23,24). വിശ്വാസത്തിന്റെ കരത്തെ കൂടുതൽ ഉയരങ്ങളിലേക്കു നീട്ടി അവർ ശാന്തമായി പ്രതിഫലിച്ചു. “ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നെ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുകയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കുകയും ചെയ്യുന്നു” (റോമർ 8:34). ക്രിസ്തു വാഗ്ദത്തം ചെയ്തതുപോലെ, പെന്തെക്കൊസ്തു നാളിൽ പരിശുദ്ധാത്മാവു വന്ന് അവരുടെ സന്തോഷം പൂർണ്ണമാക്കി.

രക്ഷകനെ സ്വർഗ്ഗീയ കൊട്ടാരത്തിലേക്കു സ്വാഗതം ചെയ്വാൻ സ്വർഗ്ഗം മുഴുവൻ കാത്തിരിക്കുകയായിരുന്നു. കർത്താവു സ്വർഗ്ഗത്തിലേക്കു കരേറിയപ്പോൾ, തന്റെ പുനരുത്ഥാനവേളയിൽ ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാർ അവനെ അനുഗമിച്ചു. സ്തോത്രാലാപങ്ങളാലും, സ്വർഗ്ഗീയ ഗാനങ്ങളാലും അലംകൃതമായ ആ ഘോഷയാത്രയിൽ സ്വർഗ്ഗീയ സൈന്യം പങ്കുചേർന്നു.

ദൈവനഗരത്തോട് അടുത്തപ്പോൾ, അകമ്പടി സേവിച്ച ദൂതന്മാർ പാടി:

“വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ;

പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ;

മഹത്വത്തിന്റെ രാജാവു പ്രവേശിക്കട്ടെ.”

സന്തോഷത്തോടുകൂടി കാത്തുനിന്ന ദൂതന്മാർ പ്രതിവചിച്ചു:

“മഹത്വത്തിന്റെ രാജാവ് ആർ?”

അവൻ ആർ എന്ന് അവർക്കറിയാൻ പാടില്ലാഞ്ഞിട്ടല്ല, അവർ ഈ ചോദ്യം ചോദിച്ചത്; പിന്നെയോ സ്തുതിസ്തോത്രത്തിന്റെ ഉത്തരം കേൾക്കാൻ ആഗ്രഹിച്ചിട്ടാണ് അവർ ചോദിച്ചത്.

"ബലവാനും വീരനുമായ യഹോവ,

യുദ്ധവീരനായ യഹോവ തന്നെ.

വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ;

പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ;

മഹത്വത്തിന്റെ രാജാവു പ്രവേശിക്കട്ടെ."

വീണ്ടും ആ ചോദ്യം ഉയർന്നു: "മഹത്വത്തിന്റെ രാജാവ് ആർ?" ക്രിസ്തുവിന്റെ നാമത്തെ പുകഴ്ത്തുന്നതിൽ ദൂതന്മാർക്ക് ഒരിക്കലും മുഷിവു തോന്നുകയില്ല. അകമ്പടി സേവിച്ച ദൂതന്മാർ മറുപടി നല്കുന്നു:

"സൈന്യങ്ങളുടെ യഹോവ തന്നെ;

അവനാകുന്നു മഹത്വത്തിന്റെ രാജാവ്" (സങ്കീ. 24:7-10).

അപ്പോൾ ദൈവനഗരത്തിന്റെ വാതിലുകൾ വിസ്താരത്തിൽ തുറക്കപ്പെട്ടു. ദൂതസൈന്യം സ്വർഗ്ഗീയഗാനം ആലപിച്ചുകൊണ്ടു വാതിലിലൂടെ അകത്തു പ്രവേശിക്കുന്നു.

അവിടെ സിംഹാസനം കാണുന്നു. സിംഹാസനത്തിനു ചുറ്റും വാഗ്ദത്തത്തിന്റെ മഴവില്ലു സ്ഥിതിചെയ്യുന്നു. കെരൂബുകളും സാറാഫുകളും അവിടെ ഉണ്ട്. സ്വർഗ്ഗീയസേനയുടെ അധിപതിമാർ, ദൈവപുത്രന്മാർ, വീഴ്ച ഭവിക്കാത്ത ലോകങ്ങളിൽനിന്നുള്ള പ്രതിനിധികൾ എല്ലാവരും അവിടെ കൂടിയിട്ടുണ്ട്. ലൂസിഫർ ദൈവത്തെയും ദൈവപുത്രനെയും, ഏതു സ്വർഗ്ഗീയ സംഘത്തിൽവച്ചു കുറ്റപ്പെടുത്തിയോ, ആ സ്വർഗ്ഗീയസംഘം അവിടെയുണ്ട്. സാത്താൻ തന്റെ സ്വാധീനം ഉറപ്പിക്കുവാൻ ആഗ്രഹിച്ച, പാപം പ്രവേശിക്കാത്ത ലോകത്തിലെ പ്രതിനിധികൾ അവിടെ സന്നിഹിതരായിട്ടുണ്ട്. ലോകരക്ഷകന്റെ വിജയം ആഘോഷിക്കുവാനും തങ്ങളുടെ നായകനെ മഹത്വപ്പെടുത്തുവാനും അവർ അത്യാകാംക്ഷയോടെ കാത്തിരിക്കുന്നു.

എന്നാൽ സമയമായില്ല എന്ന് അർത്ഥം വരത്തക്കവിധം കർത്താവ് അവരുടെ നേരെ കൈ വീശുന്നു. മഹത്വത്തിന്റെ കിരീടവും രാജകീയവസ്ത്രവും അണിയുവാൻ സമയമായില്ല. കർത്താവു പിതാവിന്റെ സന്നിധിയിലേക്കു പ്രവേശിക്കുന്നു. മുറിവേറ്റ ശിരസ്സും, തുളയ്ക്കപ്പെട്ട വിലാപ്പുറവും, ആണികളാൽ നുറുങ്ങപ്പെട്ട കാലുകളും, ആണിപ്പഴുതുകളുള്ള കരങ്ങളും തന്റെ പിതാവിനെ കാണിക്കുന്നു. തന്റെ വിജയത്തിന്റെ അടയാളങ്ങളാണവ. തന്റെ രണ്ടാമത്തെ വരവിങ്കൽ പുനരുത്ഥാനം ചെയ്യാൻ പോകുന്ന വലിയ പുരുഷാരത്തെ പ്രതിനിധീകരിക്കുന്നവരായ തന്നോടുകൂടെ പുനരുത്ഥാനം

ചെയ്ത വിശുദ്ധന്മാരെ യേശു, നീരാജനക്കറ്റയായി പിതാവിനു സമർപ്പിക്കുന്നു. ഒരു പാപിയുടെ രക്ഷയിൽ സന്തോഷിക്കുന്ന പിതാവിന്റെ സമീപത്തേക്കു പുത്രൻ കടന്നുചെല്ലുന്നു. മനുഷ്യൻ സാത്താനു കീഴ്പ്പെടുകയാണെങ്കിൽ അവനെ രക്ഷിക്കുവാൻ ഒരു ഉടമ്പടി പിതാവും പുത്രനും ഉണ്ടാക്കിയിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി പുത്രൻ യാഗമായിത്തീരാമെന്ന പരിപാവനമായ ഉടമ്പടി പിതാവും പുത്രനും കൈകോർത്തു പിടിച്ച് ഉറപ്പിച്ചു. പുത്രൻ ഈ വാഗ്ദത്തം നിറവേറ്റി. ക്രൂശിൽ കിടന്നുകൊണ്ട് "നിവൃത്തിയായി" എന്നു യേശു നിലവിളിച്ചപ്പോൾ തന്റെ ദൗത്യം നിറവേറ്റി എന്നു പുത്രൻ പിതാവിനെ അറിയിക്കുകയായിരുന്നു. എന്റെ ദൈവമേ, നിന്റെ ഇഷ്ടം ഞാൻ തികച്ചിരിക്കുന്നു. വീണ്ടെടുപ്പിന്റെ ദൗത്യം ഞാൻ നിറവേറ്റിയിരിക്കുന്നുവെങ്കിൽ, "ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെ ഇരിക്കേണമെന്നു ഞാൻ ഇച്ഛിക്കുന്നു" (യോഹ. 19:30; 17:24).

ദൈവനീതി നിർവ്വഹിക്കപ്പെട്ടിരിക്കുന്നുവെന്ന ദൈവത്തിന്റെ ശബ്ദം കേട്ടു. സാത്താൻ തോല്പിക്കപ്പെട്ടിരിക്കുന്നു. ഭൂമിയിൽ കഷ്ടതയിലും അരിഷ്ടതയിലും കഴിയുന്ന ക്രിസ്തുവിനുള്ളവർ, യേശുക്രിസ്തു മുഖാന്തരം ദത്തെടുക്കപ്പെട്ടിരിക്കുന്നു (എഫെ. 1:6). സ്വർഗ്ഗീയദൂതഗണങ്ങളുടെയും വീഴ്ച ഭവിക്കാത്ത ലോകങ്ങളിൽനിന്നുള്ള പ്രതിനിധികളുടെയും മുമ്പിൽ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർ നീതീകരിക്കപ്പെട്ടവർ എന്നു പ്രഖ്യാപിക്കപ്പെടുന്നു. അവൻ എവിടെയായിരിക്കുന്നുവോ, അവിടെ അവന്റെ സഭ ഉണ്ടായിരിക്കും. "ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു; നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു" (സങ്കീ. 85:10). പിതാവിന്റെ കരങ്ങൾ പുത്രനെ ചുറ്റുന്നു. "ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്കരിക്കേണം" (എബ്രാ. 1:6) എന്ന ആജ്ഞ കൊടുക്കപ്പെടുന്നു.

അവർണ്ണനീയമായ സന്തോഷത്തോടെ കർത്തൃത്വങ്ങളും വാഴ്ചകളും അധികാരങ്ങളും ജീവനായകന്റെ മേൽക്കോയ്മ അംഗീകരിക്കുന്നു. "അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ" (വെളി. 5:12) എന്ന സന്തോഷ ആർപ്പുവിളി അത്യുച്ചത്തിൽ മുഴങ്ങവേ, ദൂതസൈന്യം കർത്താവിന്റെ മുമ്പിൽ നമസ്കരിക്കുന്നു.

ദൂതന്മാരുടെ വീണകൾ മീട്ടിയ സംഗീതത്തോടു വിജയഗാനങ്ങൾ അലിഞ്ഞുചേരുന്നു. സ്വർഗ്ഗം സ്തുതികളാലും ആനന്ദത്താലും നിറഞ്ഞു കവിയുന്നു. സ്നേഹം കീഴടക്കി. നഷ്ടപ്പെട്ടതു കണ്ടെടുത്തു. "സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലുമുള്ള സകല സൃഷ്ടിയും അവയിലുള്ളത് ഒക്കെയും: സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ" (വെളി. 5:13) എന്ന ഉച്ചത്തിലുള്ള പ്രഖ്യാപനം സ്വർഗ്ഗത്തിൽ മുഴങ്ങിക്കേൾക്കുന്നു.

സ്വർഗ്ഗസന്തോഷത്തിന്റെ ഈ രംഗത്തുനിന്ന്, ക്രിസ്തുവിന്റെ വാക്കുകളുടെ പ്രതിദ്ധ്വനി ഭൂമിയിലുള്ള നമുക്ക്, നമ്മുടെ കാതുകളിൽ പതിക്കുന്നു: "എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു" (യോഹ. 20:17). സ്വർഗ്ഗീയ കുടുംബവും ഭൗമിക കുടുംബവും ഒന്നാകുന്നു. നമുക്കുവേണ്ടി നമ്മുടെ കർത്താവു സ്വർഗ്ഗത്തിൽ കരേറി. നമുക്കുവേണ്ടി കർത്താവു സ്വർഗ്ഗത്തിൽ ജീവിക്കുന്നു. "താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവൻ ആകയാൽ (നമ്മെ) പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു" (എബ്രാ. 7:25).